കുഞ്ചൻ നമ്പ്യാരുടെ

തുള്ളൽക്കഥകൾ

കേരള സാഹിത്യ
അക്കാദമി

तुल्लल कथा कल

की०

കുഞ്ചൻ നമ്പ്യാരുടെ

തുള്ളൽക്കഥകൾ

Kunchan Nambiarute thullalkkathakal Edited by P. K. Sivasankara
pillai Cover design Asok First published 1970, Reprinted 1976,
December 1979 Printed at C M S Press Kottayam Rights reserved
3—3000 Published by Kerala Sahitya Akademi Trichur B N 110
Distributors: National Book stall Kottayam Price Rs. 40.00

കുഞ്ചൻ നമ്പ്യാരുടെ

തുള്ളൽക്കഥകൾ

സംശോധിത സംസ്കരണം

പി. കെ. ശിവശങ്കരപ്പിള്ള

കേരള സാഹിത്യ അക്കാദമി
തൃശൂർ

പ്രസാധകക്കുറിപ്പ്

കുഞ്ചൻ നമ്പ്യാരുടെ തുള്ളൽക്കഥകൾ അക്കാദമി ആദ്യമായി പ്രസിദ്ധപ്പെടുത്തിയത് 1970–ലാണ്. ശ്രീ പി. കെ. ശിവശങ്കരപ്പിള്ളയുടെ സംശോധനത്തോടും പഠനത്തോടും കൂടി പ്രസിദ്ധീകരിക്കപ്പെട്ട ആ തുള്ളൽക്കഥാസമാഹാരത്തിനു ഹൃദയപൂർവ്വമായ സ്വാഗതമാണ് സഹൃദയരിൽനിന്നു ലഭിച്ചത്. തുടർന്ന്, 1976–ൽ അതിന്റെ രണ്ടാം പതിപ്പ് പ്രസിദ്ധപ്പെടുത്തി. പ്രൊഫ: സുകുമാർ അഴീക്കോടിന്റെ അവതാരിക ആ പതിപ്പിന്റെ സവിശേഷതയായിരുന്നു.

ഇത് തുള്ളൽക്കഥകളുടെ മൂന്നാം പതിപ്പാണ്. ഓട്ടൻതുള്ളലിൽ ഇരുപത്തൊന്നും ശീതങ്കനിൽ പതിനൊന്നും പറയനിൽ ഒമ്പതും ഉൾപ്പെടെ നാല്പത്തിയൊന്നു തുള്ളൽക്കഥകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുള്ളൽക്കഥകളുടെ ഇതര മുദ്രിത സമാഹാരങ്ങളിൽ കടന്നുകൂടിയിട്ടുള്ള സങ്കീർണ്ണതകളിൽനിന്നു നമ്പ്യാരുടെ വാങ്മയങ്ങളെ വേർതിരിച്ചെടുത്തു പരിശോധിച്ചും, പാഠാപപാഠങ്ങളെ വിവേചിച്ചും, വിട്ടുപോയ കണ്ണികളെ കണ്ടെടുത്തു കൂട്ടിച്ചേർത്തും, നൃത്തഗാനകാവ്യമെന്ന നിലയിൽ നമ്പ്യാർ പ്രയോഗിച്ചിരിക്കുന്ന വൃത്ത–താള–രാഗ കലാ വൈചിത്ര്യങ്ങളെ ഉരുത്തിരിച്ചു ചിട്ടപ്പെടുത്തിയും പദവാക്യശൈലികളെ വ്യാഖ്യാനിച്ചുമാണ് ഈ കൃതി പ്രസാധനം ചെയ്യപ്പെട്ടിരിക്കുന്നത്.

ഡെമ്മി ഒക്ടാവോ സൈസിൽ ആയിരത്തിമുന്നൂറിൽപരം പേജുകൾ വരുന്നതും വിലകൂടിയ

നല്ല വെള്ളക്കടലാസിൽ അച്ചടിച്ച് ആകർഷകമായി പ്രസാധനം ചെയ്യപ്പെട്ടിട്ടുള്ളതുമായ ഈ പുസ്തകത്തിനു സാധാരണഗതിയിൽ ഏററവും കുറഞ്ഞത് 65.00 രൂപയെങ്കിലും വില വയ്ക്കാവുന്നതാണ്. എന്നിട്ടും 40.00 രൂപയേ ഇതിനു വിലവച്ചിട്ടുള്ളു.

ഈ കൃതിയുടെ അച്ചടി ഭംഗിയായി നിർവ്വഹിച്ച കോട്ടയത്തെ സി. എം. എസ്. പ്രസ്സിനും, പ്രൂഫ് നോക്കിയ ശ്രീ. കൊടുപ്പുന്നയ്ക്കും ഇതിന്റെ പ്രസാധനവുമായി ബന്ധപ്പെട്ട മററുള്ളവർക്കും ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു.

തൃശ്ശൂർ,
15. 12. 1979.

ഉള്ളടക്കം

രണ്ടാം പതിപ്പിന്റെ അവതാരിക
—പ്രൊഫ. സുകുമാർ അഴീക്കോട് 13

ഒന്നാം പതിപ്പിന്റെ ആമുഖം
—പി. കെ. ശിവശങ്കരപ്പിള്ള 21

ഭാഗം ഒന്ന്

ഓട്ടൻതുള്ളൽ

സ്യമന്തകം 65
ഘോഷയാത്ര 137
കിരാതം 192
നളചരിതം 230
രുക്മിണീസ്വയംവരം 294
സത്യാസ്വയംവരം 343
രാമാനുചരിതം 378
ഗോവർദ്ധനചരിതം 405
സന്താനഗോപാലം 424
ബാണയുദ്ധം 451
പാത്രചരിതം 478
ശീലാവതീചരിതം 500
അഹല്യാമോക്ഷം 530
സീതാസ്വയംവരം 558
രാവണോദ്ഭവം 590
കാർത്തവീര്യാർജ്ജുനവിജയം 620
ബാലിവിജയം 648
പ്രദോഷമാഹാത്മ്യം 691
ഹിഡിംബവധം 737
ബകവധം 759
നിവാതകവചവധം 770

ഭാഗം രണ്ട്

ശീതങ്കൻതുള്ളൽ

കല്യാണസൗഗന്ധികം 803
സുന്ദോപസുന്ദോപാഖ്യാനം 843
ഗണപതിപ്രാതൽ 870
ധ്രുവചരിതം 880
നൃഗമോക്ഷം 912
പൗണ്ഡ്രകവധം 936
കൃഷ്ണലീല 959
കാളിയമർദ്ദനം 984
ഹരിണീസ്വയംവരം 997
ബാല്യുദ്ഭവം 1071
ഹനുമദുദ്ഭവം 1093

ഭാഗം മൂന്ന്

പറയൻതുള്ളൽ

ത്രിപുരദഹനം 1105
പാഞ്ചാലീസ്വയംവരം 1139
നാളായണീചരിതം 1145
പഞ്ചേന്ദ്രോപാഖ്യാനം 1157
കീചകവധം 1182
പുളിന്ദീമോക്ഷം 1198
സഭാപ്രവേശം 1207
കുംഭകർണ്ണവധം 1234
ഹരിശ്ചന്ദ്രചരിതം 1249

പദസൂചി 1283
പര്യായസൂചി 1298
സംഗീതികാനുക്രമണിക 1305
താളഗീതാനുക്രമണിക 1306

രണ്ടാം പതിപ്പിന്റെ അവതാരിക

സാഹിത്യത്തിന്റെ ആരോഗ്യപൂർണ്ണമായ സുസ്‌ഥിതിക്ക് രണ്ടു കാര്യം ഒഴിച്ചുകൂടാത്തതത്രേ—പുതിയപുതിയ പുസ്‌തകങ്ങളുടെ പ്രസിദ്‌ധീകരണവും പഴയ ശ്രേഷ്‌ഠഗ്രന്‌ഥങ്ങളുടെ സംശോധിതവും സുപരിഷ്‌കൃതവുമായ പുനഃപ്രസാധനവും. ആദ്യത്തേതു ശുദ്‌ധമായ സൃഷ്‌ടിയാണെങ്കിൽ, രണ്ടാമത്തേതു സൃഷ്‌ടി നഷ്‌ടമായിപ്പോകാതിരിക്കാനുള്ള പരിപാലനപരിപാടിയാണ്. ജൻമവും പുനർജൻമവുമെന്നപോലെ ഇടർച്ചയില്ലാത്ത തുടർച്ചയോടേ പ്രസിദ്‌ധീകരണവും പുനഃപ്രസിദ്‌ധീകരണവും സാഹിത്യപ്രപഞ്ചത്തിൽ നിരന്തരം നടക്കേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ നിത്യപ്രകാശമായ സാഹിത്യഭൂവിലെ ചില മണ്‌ഡലങ്ങൾ ക്രമേണ നിഴലുകൾ നിറഞ്ഞ് ഇരുട്ടുറഞ്ഞുപോവുകയും, നിത്യധാരയായ സാഹിത്യനദിയുടെ തരംഗശക്‌തി തളർന്നു ഗതിവേഗം കുറഞ്ഞുതുടങ്ങുകയും ചെയ്യും. ഈ സൃഷ്‌ടിപരിപാലന ക്രിയകളിൽ ഏതിന്നാണു കൂടുതൽ പ്രാധാന്യമെന്നു തർക്കിച്ചുനില്‌ക്കേണ്ടതില്ല. എന്നാൽ ഒന്നുറപ്പിച്ചുപറയാം, പ്രസാധനത്തെയും പുനഃപ്രസാധനത്തെയും താരതമ്യപ്പെടുത്തുകയാണെങ്കിൽ, ഉദ്‌ബുദ്‌ധമായ ശ്രദ്‌ധയും ജാഗരൂകതയും കൂടുതൽ ആവശ്യമുള്ള കൃത്യം രണ്ടാമത്തേതാണ്. കാരണം സൃഷ്‌ടിനടത്താൻ നിയുക്‌തരായിവരുന്ന പ്രതിഭകൾക്ക് ഒരു ജീവൽക്കാലവും ഊഷരമല്ല. നല്ലതോ ചീത്തയോ എന്താകട്ടെ, പുതിയ കൃതികൾ ഏതോ പ്രകൃതിനിയോഗംകൊണ്ടെന്നവണ്ണം അനുസ്യൂതമായി ഉണ്ടായിക്കൊണ്ടിരിക്കുകതന്നെ ചെയ്യും. എഴുതാൻ എഴുത്തുകാരും വായിക്കാൻ വായനക്കാരും സുലഭമായുള്ള ഒരു സചേതനസമുദായത്തിൽ അവരെ വേണ്ടവണ്ണം ഇണക്കിച്ചേർക്കാനായി വാണിജ്യതാത്‌പര്യപ്രേരിതരായ പുസ്‌തകപ്രസാധകർ പ്രത്യക്‌ഷപ്പെട്ടു പ്രവർത്തിക്കാതിരിക്കുകയുമില്ല. ഋതുവിലാസങ്ങളിൽപെട്ടു താരും തളിരും കായും കനിയും അണിയാത്ത തരുസസ്യങ്ങളുണ്ടോ?

കുഴപ്പം പുതിയ പുസ്‌തകങ്ങളെച്ചൊല്ലിയല്ല. പഴയ കൃതികൾ—വിശേഷിച്ച് ക്ലാസ്‌സിക്കുകൾ എന്ന പ്രതലത്തിലേക്ക് ഉയർന്നുകഴിഞ്ഞ പ്രാചീനങ്ങളായ പ്രവരഗ്രന്‌ഥങ്ങൾ—പ്രസിദ്‌ധീകരിക്കുന്നതിന്ന് മുൻകൈ എടുക്കാൻ ആളെക്കിട്ടാനാണ് പ്രയാസം. അവയുടെ രചയിതാക്കൾ സജീവവേഷത്തിൽ വർത്തമാനരംഗത്തിൽ ഇല്ലാത്തതുകൊണ്ടും, അഭിരുചിവ്യത്യാസവും മററുംകൊണ്ടു നവീനപുസ്‌തക പാരായണത്തിനുള്ളത്ര ത്വര പ്രാക്‌തനഗ്രന്‌ഥപാനത്തിൽ വായനക്കാർക്ക് ഉണ്ടാകാനിടയില്ലാത്തതുകൊണ്ടും, നവരചനയ്‌ക്കുള്ള മാനസികമായ ഉത്‌സാഹപ്രകർഷം പാഠഗവേഷണനിഷ്‌ഠമായ സംശോധന പരിഷ്‌കരണങ്ങൾക്കില്ലാത്തതുകൊണ്ട് ഇതിൽ വ്യാപരിക്കുന്ന വ്യക്‌തികൾ കുറവായതുമൂലവും ഉത്‌കൃഷ്‌ടങ്ങളായ പഴയ കൃതികൾ വീണ്ടും പ്രകാശഭാസിതമാകാതെ ഇരുളിൽ വളരെക്കാലം ചുരുണ്ടികഴിയേണ്ടിവന്നുവെന്നു വരാവുന്നതാണ്. അന്നന്നത്തെ പുസ്‌തകവിപണിയുടെ അഭിരുചിശൃംഗങ്ങൾ ഏ

തൊക്കെയാണെന്നു വിദഗ്ധമായി മനസ്സിലാക്കിയ പുസ്തകശാലക്കാർ, പാഠ്യപുസ്തകങ്ങളാകാൻ പററാത്ത അത്തരം മഹാഗ്രന്ഥങ്ങളെ ജീർണ്ണോദ്ധാരണംചെയ്യാൻ അത്ര ഉത്സുകരായിരിക്കുകയുമില്ലല്ലോ. എന്നാൽ നവീനമുദ്രണരീതിയിലുള്ള പുസ്തകപ്രസിദ്ധീകരണത്തിന്റെ തുടക്കക്കാലത്തിൽ കേരളത്തിലെ പുസ്തകശാലക്കാർ കൃഷ്ണപ്പാട്ടും കിളിപ്പാട്ടും മററും അച്ചടിച്ചിറക്കാൻ വളരെ ഉത്സാഹികളായിത്തുനിഞ്ഞിറങ്ങിയിരുന്നുവെന്നു പറയാതെ വയ്യ. പുരാണകൃതികൾ വായിക്കാൻ താത്പര്യമുള്ളവരുടെ അന്നത്തെ ആധിക്യവും പുത്തൻകൃതികളുടെ വൈരള്യവുമാകാം അതിന്നു കാരണം.

താളിയോല, കൈയെഴുത്ത്, ആദ്യപതിപ്പ് മുതലായവ സുസൂക്ഷ്മം പരിശോധിച്ച് അപപാഠശോധനയും ശുദ്ധിനിർണ്ണയവും വരുത്തി പ്രാചീനകൃതികളെ പുനഃപ്രകാശിപ്പിക്കുന്ന വിദ്യ സാങ്കേതികജ്ഞാനം അത്യന്താപേക്ഷിതമായ ഒരു വലിയ ഗവേഷണശാസ്ത്ര വിഭാഗമായി ഇന്നു വികസിച്ചുകഴിഞ്ഞിട്ടുണ്ട്. ബൈബിൾ, ഷെയ്ക്സ്പിയർ കൃതികൾ ഇവയുടെ ആദിപ്രസാധനങ്ങൾ ഈ ശാസ്ത്രത്തിന്റെ അടിത്തറപാകിയ യത്നങ്ങളായിരുന്നു. ആധുനികകാലത്ത് പോളാർഡ്, മാക്കെറൊ, ഗ്രെഗ്ഗ് എന്നീ വിദ്വാൻമാരുടെ പ്രവർത്തനങ്ങൾവഴി അനേകം ആംഗലകൃതികൾ സുഖാസ്വാദ്യങ്ങളായി വായനക്കാർക്കു ലഭിച്ചു. റോബിൻസന്റെ ചാസർപ്രസാധനംപോലുള്ള കൃതികൾ ആംഗലസാഹിത്യത്തിന്റെ വമ്പിച്ച നേട്ടങ്ങളായി കണക്കാക്കപ്പെട്ടിരിക്കുന്നു.

മലയാളത്തിൽ പുനഃപ്രസാധനം ഇത്രത്തോളമൊന്നും വളർന്നിട്ടില്ല. ഇവിടെ പുനഃപ്രസിദ്ധീകരണം എന്നുവച്ചാൽ ഏറെക്കാലം അച്ചടിച്ചത് അതുപോലെ വീണ്ടും അച്ചടിച്ചിറക്കുക എന്നേ അർത്ഥമുള്ളു. പിഷ്ടപേഷണംതന്നെ. ഇവിടെ നടന്നിരുന്നത് അല്പശ്രമമായ പുനർമുദ്രണം (Reprint) മാത്രമായിരുന്നു. പ്രതിബിംബസദൃശമായ പുനർമുദ്രണംകൊണ്ട് വലിയ പ്രയോജനമില്ല. പുനർമുദ്രണം ജഡമാണ്. പഴയ പ്രസിദ്ധീകരണത്തെയപേക്ഷിച്ച് അതിൽ അർത്ഥപരമായ ഒരു പുരോഗതിയുമില്ല. സംശോധിതസംസ്കരണം ചൈതന്യപൂർണ്ണമാണ്. അവിടെ വ്യക്തമായ അർത്ഥപുരോഗതിയും ഭാവോത്കർഷവും കാണാം. സഹൃദയത്വവും വിദ്വത്ത്വവും സമീചീനമായി സമ്മേളിച്ച ഒരു ഗവേഷകന്നല്ലാതെ പുനഃപ്രസാധനം വിജയിപ്പിക്കുക സാദ്ധ്യമല്ല. ഈ സമീചീനസമ്മേളനത്തിന്റെ ദാരിദ്ര്യമാണ് മലയാളത്തിൽ പുനഃപ്രകാശനങ്ങൾ വേണ്ടത്ര പുറപ്പെടാതിരിക്കുന്നതിന്നുള്ള ഒരു ഹേതു.

ഏറെക്കാലമായിട്ടു കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥാസാഹിത്യം മുദ്രണത്തിന്റെ ആവൃത്തിചക്രത്തിലൂടെ കറങ്ങിത്തിരിഞ്ഞുകൊണ്ടു മിക്കവാറും ഗ്രന്ഥശുദ്ധിപരമായ പുരോഗതിയിൽ പര്യവസാനിക്കാതെ കഴിയുകയായിരുന്നല്ലോ. തുള്ളൽക്കലാകാരൻമാരുടെയും സഹൃദയൻമാരുടെയും നാവിൻതുമ്പത്ത് ഒന്നര നൂററാണ്ടോളം നലമോടേ നടനംചെയ്ത നമ്പ്യാർസരസ്വതി, പ്രാതഃസ്മരണീയനായ എസ്. ടി. റെഡ്യാരുടെ വ്യവസായാശ്ലേഷത്തിൽപ്പെട്ടപ്പോഴാണ് ആദ്യമായി മുദ്രണപ്രതിഷ്ഠയ്ക്കു വശംവദയായത്. അതിനിടയ്ക്ക് അവൾ ശബ്ദത്തിലും അർത്ഥത്തിലും നാനാവിധമായിത്തീർന്നിരുന്നെങ്കിൽ, അതിലൊട്ടും വിസ്മയിക്കാനില്ല. മുഹൂർത്തം മൂർത്തവും മൂത്രവും മററുമാകുന്നതുപോലെ അപ്പോഴേയ്ക്ക് പലതരം അപപാഠങ്ങളും അക്ഷരലോപങ്ങളും അർത്ഥവികലതകളും തുള്ളൽക്കഥകളിൽ കടന്നുകൂടി. കുഞ്ചന്റെ

തല്ലാത്ത പൗണ്ഡ്രകകൃതികളും ഇക്കൂട്ടത്തിൽ നുഴഞ്ഞു കയറിക്കൂടി. പക്ഷേ റെഡ്യാർപ്പതിപ്പ് തുള്ളൽക്കഥകളുടെ ആദിമസമാഹരണയത്നമെന്ന നിലയ്ക്ക് അർഹിക്കുന്ന പ്രശസ്തി പ്രസാധന ശുദ്ധിയിൽ അത് അർഹിക്കുന്നുണ്ടെന്നു പറയാൻ വയ്യ. പിന്നീടുണ്ടായ പ്രസിദ്ധീകരണങ്ങൾ റെഡ്യാർമാർഗ്ഗത്തെ ഏറെക്കുറെ പിന്തുടർന്നുപോന്നു. ശ്രീരാമവിലാസപ്പതിപ്പും മംഗളോദയപ്പതിപ്പും ആദ്യത്തെ പതിപ്പിന്റെ പുനർമുദ്രണങ്ങൾ എന്ന നിലവിട്ടു തീർത്തും നവപ്രസാധനങ്ങളോ പരിഷ്കൃതപ്രകാശനങ്ങളോ സംശോധിതസംസ്കരണങ്ങളോ ആയില്ലെന്നു സഖേദം പറയേണ്ടിയിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ കുഞ്ചൻനമ്പ്യാരുടെ നിത്യപ്രീതിശേവധികളായ തുള്ളൽക്കഥകൾക്കു സംശോധിതവും പരിഷ്കൃതവുമായ ഒരു പുത്തൻപ്രസാധനം കൈവന്നാൽ, മലയാളസാഹിത്യത്തിന്റെ ഗ്രന്ഥാരോഗ്യം മൊത്തത്തിൽത്തന്നെ വർദ്ധിപ്പിക്കുന്ന ഒരു ഭേഷജ പ്രയോഗമായി അതിനെ നിശ്ശങ്കം വാഴ്ത്താവുന്നതാണ്. ശ്രീ പി. കെ. ശിവശങ്കരപ്പിള്ള സംസ്കർത്താവായി, കേന്ദ്രവിദ്യാഭ്യാസവകുപ്പിന്റെ സമ്പൽസഹായത്തോടേ, കേരളസാഹിത്യഅക്കാദമി 1970–ൽ പ്രസിദ്ധീകരിച്ച തുള്ളൽക്കഥാസമാഹാരം സഹൃദയർ ഒരു ചിരകാമിതസിദ്ധിയായി അന്നേ കൊണ്ടാടിയിരുന്നു. എത്രയോ മുമ്പു പുറത്തു വരേണ്ടതായിരുന്നുവെങ്കിലും, 1976–ൽ മാത്രമേ അതിന്റെ ഒരു രണ്ടാംപതിപ്പ് ഇറക്കുവാൻ അക്കാദമിക്കു സാധിച്ചുള്ളു. വ്യാഖ്യാനത്തിലുംമററും ചില മാററങ്ങൾ വരുത്താമായിരുന്നുവെന്ന് അന്നേ ഈ ലേഖകൻ സൂചിപ്പിച്ചിരുന്നുവെങ്കിലും* ആദ്യസമ്പാദകന്റെ വ്യക്തിത്വപൂർണ്ണമായ വീക്ഷണവിശേഷംകൊണ്ടു മുൻപതിപ്പിന്നു കൈവന്ന നിസ്തുലതയെ നിലനിറുത്തുന്നതായിരിക്കും തത്ക്കാലം നല്ലതെന്ന അഭിപ്രായത്തെ ആദരിച്ചുകൊണ്ട് ഒരു പുനർമുദ്രണമായിട്ടാണ് ഈ പതിപ്പ് ഇപ്പോൾ പ്രകാശിപ്പിച്ചിട്ടുള്ളത്. വീക്ഷണാന്തരങ്ങൾ പ്രതിഫലിപ്പിക്കുന്ന പ്രസാധനങ്ങൾ വേറെയും ആകാമല്ലോ. മാത്രമല്ല തുള്ളൽകൃതികളുടെ അക്കാദമി പ്രസാധനത്തിന്റെ യുക്തിപൂർവമായ സാഫല്യങ്ങളിലൊന്ന്, അതിനെ പിന്തുടർന്ന് നിഴൽപ്പടിയല്ലാത്ത വേറെ പ്രസാധനങ്ങൾ ഇറങ്ങുന്നു എന്നതുതന്നെയായിരിക്കും.

ഓട്ടൻതുള്ളലിൽ ഇരുപത്തൊന്നും ശീതങ്കനിൽ പതിനൊന്നും പറയനിൽ ഒമ്പതും കഥകൾ അടങ്ങുന്നതും ആയിരത്തിരുനൂറിൽപ്പരം പുറങ്ങളിൽ പരന്നുകിടക്കുന്നതുമായ ഒരു തുള്ളൽകഥാസരിൽ സാഗരമാണ് ഈ പ്രസിദ്ധീകരണം. റെഡ്യാർ തൊട്ടുള്ള പ്രസാധകൻമാർ കുഞ്ചന്റെ പേരിൽ കുഞ്ചന്റെ പേരിൻമേൽ കൊളുത്തിപ്പിടിപ്പിച്ച വ്യാജകൃതികളെ സയുക്തികം ഇതിൽ വേർതിരിച്ചു കാണിച്ചിട്ടുണ്ട്. വ്യാജകർത്തൃത്വത്തെക്കുറിച്ചുള്ള അവസാനവാക്ക്, എത്ര സൂക്ഷ്മമായ ഗവേഷണത്തിനുശേഷവും, വല്ലവർക്കും പറയാറാകുമോ? മുഖ്യകൃതികളെസ്സംബന്ധിച്ചു നിശ്ചയബുദ്ധി ഉണ്ടായാലും, ചില കൃതി സീമകളിൽ വിശദമായ രേഖ വരച്ചു വേർതിരിക്കാൻ കഴിയാതെവരുമെന്നു ഷെയ്ക്സ്പിയർകൃതികൾപോലെ കുഞ്ചൻകൃതികളും തെളിയിച്ചുകൊണ്ടേ ഇരിക്കുമായിരിക്കാം. സത്കൃതിനിർദ്ധാരണത്തോടൊപ്പം, അതിന്റെ മാനദണ്ഡമെന്നനിലയ്ക്കു, കുഞ്ചൻസാഹിത്യത്തിന്റെ സവിശേഷതകൾ എന്തെല്ലാമെന്ന് അപൂർവവൈശദ്യത്തോടെ ആമുഖത്തിൽ

---

* 'കുഞ്ചൻനമ്പ്യാരുടെ നവപ്രസാധനം' (സാഹിത്യലോകം, പുസ്തകം 1, ലക്കം, 6, മെയ്-ജൂൺ 1970)

സംസ്കർത്താവ് പ്രകാശിപ്പിച്ചിട്ടുണ്ട്. അവിടവിടെ അടിക്കുറിപ്പുകൾ വഴി അപപാഠങ്ങൾ തിരുത്തുകയും അർത്ഥബോധത്തിന്നാവശ്യമായ സൂചനകൾ നല്കുകയും ചെയ്തിട്ടുമുണ്ട്.

കുഞ്ചനെ ഏററവും പുതിയ ഒരു കാഴ്ചപ്പാടിലൂടെ നോക്കുന്നുവെന്നതാണ് ഈ പതിപ്പിന്റെ അന്യാദൃശമായ വിശേഷം. 'സാരി ധരിച്ചാൽ നാരി' എന്ന ന്യായമനുസരിച്ച് ഏറെക്കുറെ തുള്ളിച്ചാടാവുന്ന കഥയെല്ലാം കുഞ്ചന്റെ തുള്ളൽ എന്നു കരുതിയവരായിരുന്നു പഴയ പ്രസാധകർ എന്നു നാം കണ്ടല്ലോ. സാഹിത്യപഞ്ചാനനനും ഉള്ളൂരും രംഗത്തു വന്നപ്പോഴാണു വിമർശനപരമായ ചില വിവേകോദയങ്ങൾ കുഞ്ചൻ പഠനത്തിൽ അനുപ്രവേശിക്കുന്നത്. പക്ഷേ അവർപോലും തുള്ളൽ സാഹിത്യത്തെ കേവലം സാഹിത്യദൃഷ്ടിയിലൂടെയാണു നോക്കിക്കണ്ടത്. ഈ സംസ്കരണത്തിന്നുള്ള പ്രമുഖ്യമായ വ്യതിരിക്തത, തുള്ളൽ പാട്ടും ആട്ടവും എല്ലാം അടങ്ങുന്ന ഒരു സങ്കീർണ്ണകലയാണെന്ന് അറിഞ്ഞു, തുള്ളൽപ്പാട്ടുകളിലെ ഗാനാദികലാംശങ്ങളെ തുള്ളലിന്റെ മുഖമുദ്രകളായി ഉയർത്തിപ്പിടിച്ച്, അവയുടെ അടിസ്ഥാനത്തിൽ കുഞ്ചൻസാഹിത്യത്തെ പതിരിൽനിന്നു വേർതിരിക്കാൻ തുനിഞ്ഞു എന്നതത്രേ. സൂക്ഷ്മമായ ഗാനതാളലയബോധമുള്ള ഒരു കലാകാരനായിരുന്നു കുഞ്ചൻനമ്പ്യാരെന്നും അദ്ദേഹത്തിന്റെ അനുകർത്താക്കൾ പരാജയപ്പെട്ടത് അവിടംതൊട്ടായിരുന്നുവെന്നും ശ്രീ ശിവശങ്കരപ്പിള്ള സമർത്ഥിക്കുന്നു: ''ഒരു സാഹിത്യരൂപമെന്ന നിലയിൽ കാണുന്നതോടൊപ്പം ഒരു ജനകീയദൃശ്യകലാരൂപമെന്ന നിലയിൽ തുള്ളലിനെ പഠിച്ചു വിലയിരുത്താൻ സാഹിത്യചരിത്രകർത്താക്കൻമാരോ സാഹിത്യനിരൂപകൻമാരോ കാര്യമായി ശ്രമിച്ചിട്ടില്ല. നമ്പിയാരാകട്ടെ തന്റെ വാങ്മയം നൃത്തഗാനമാണെന്ന് ഉറച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. സാഹിത്യാംശവും കലാംശവും അന്യോന്യം മത്സരിച്ചുകൊണ്ടാണു തുള്ളലിൽ നിലകൊള്ളുന്നത്. അത്രകണ്ടു താളങ്ങളും ഈണങ്ങളും രാഗങ്ങളും തുള്ളൽപ്പാട്ടുകളിൽ നമ്പിയാർ പ്രയോഗിച്ചിരിക്കുന്നു... തുള്ളൽപ്പാട്ടുകളിൽ മിന്നിത്തിളങ്ങുന്ന കവിയുടെ ഈ കലാകടാക്ഷം കാണുന്നില്ലെങ്കിൽ കുഞ്ചൻനമ്പ്യാരെ പൂർണ്ണമായും കാണുന്നില്ലതന്നെ.''

ഇപ്രകാരം ശ്രീ ശിവശങ്കരപ്പിള്ള സപ്രമാണമായും സയുക്തികമായും ആവിഷ്കരിച്ചിരിക്കുന്ന സിദ്ധാന്തം കുഞ്ചനെ പഠിക്കുവാൻ ഏററവും പററിയ സമഗ്രവീക്ഷണം പ്രദാനം ചെയ്യുന്നുണ്ടെന്ന് ആരും സമ്മതിക്കും. വളരെ വ്യുത്പാദകമായ ഈ സിദ്ധാന്തത്തിൽ, നമ്മുടെ സാഹിത്യവിമർശകൻമാരും സാഹിത്യവിദ്യാർത്ഥികളും സഗൗരവം ചർച്ചചെയ്യേണ്ട ഒരു കുഞ്ചപ്രതിഭാസം അടങ്ങിയിട്ടുണ്ട്.

അതിന്റെ ഒരു ചെറിയ തുടക്കം ഈ കുറിപ്പിൽ വച്ചുതന്നെ ആകുമെന്നു തോന്നി. തുള്ളലിനെസ്സംബന്ധിച്ചു ചിലേടത്തു ഗാനനൃത്തമെന്നും അന്യത്ര നൃത്തഗാനമെന്നും വ്യാമിശ്രമായി പ്രതിപാദിച്ചതിലടങ്ങിയ സൂക്ഷ്മത ചിന്തനീയമാണ്. 'സുന്ദോപസുന്ദോപാഖ്യാന'ത്തിൽ നമ്പ്യാർ തുള്ളലിനെപ്പററി 'ഗാനനൃത്തം' എന്നു പ്രസ്താവിക്കുന്നുണ്ട്. മറിച്ചു വല്ലേടത്തും 'നൃത്തഗാനം' എന്നും പ്രസ്താവിച്ചിട്ടുണ്ടോ? കണ്ടതായോർക്കുന്നില്ല. കുഞ്ചൻ, അഥവാ, അങ്ങനെ രണ്ടു വാക്കുകൾ ഉപയോഗിച്ചിട്ടുണ്ടെങ്കിൽപ്പോലും അവ പര്യായങ്ങളായി ഉപയോഗിക്കാവുന്ന സംജ്ഞകളാണോ? ഗാനനൃത്തം എന്നു പറയുമ്പോൾ നൃത്തം വിശേഷ്യവും ഗാനം വിശേഷണവുമാണ്. ഗാനപ്രധാനമായ നൃത്തവിശേഷം എന്നർത്ഥം. നൃത്തഗാനം എന്ന പ്രയോഗത്തിലാകട്ടെ,

വിശേഷണവിശേഷ്യങ്ങൾ മറിച്ചുവരികയും നൃത്തപ്രധാനമായ ഗാനം എന്ന് അർത്ഥം സിദ്ധിക്കുകയും ചെയ്യുന്നു. തുള്ളൽ നൃത്തമാകയാൽ തുള്ളലിനെ പരാമർശിക്കുമ്പോൾ ഗാനനൃത്തം എന്നും, തുള്ളൽക്കഥ അഥവാ തുള്ളൽപ്പാട്ട് എന്ന സാഹിത്യരൂപത്തെ ഉദ്ദേശിക്കുമ്പോൾ നൃത്തഗാനം (നൃത്തഗാനസാഹിത്യം) എന്നും വകതിരിവ് ആകാം എന്നു തോന്നുന്നു. കഥകളിയെയും ആട്ടക്കഥയെയും വേർതിരിക്കുന്നതുപോലെ തുള്ളലിനെയും തുള്ളൽക്കഥയെയും സംജ്ഞാന്തരങ്ങളാൽ വേർതിരിക്കുന്നതാവും ഭംഗി.

നിരങ്കുശനായ കുഞ്ചൻനമ്പ്യാർ തുള്ളലിനെ ഗാനനൃത്തമെന്നു വിളിച്ചതുപോലെ പലേടത്തു പല മട്ടിൽ വിളിച്ചിട്ടുണ്ട്. തുള്ളൽ എന്ന കലയെ ഉദ്ദേശിച്ചുതന്നെ നമ്പ്യാർ 'കവിഗുംഭം' എന്നു 'സ്യമന്തക'ത്തിലും 'സരസകഥാകഥനം' എന്നു 'കിരാത'ത്തിലും പാടുന്നുണ്ട്. ഇതൊന്നും സമഗ്രനിർവചനങ്ങളല്ല, ലാക്ഷണികപ്രയോഗങ്ങൾ മാത്രമേ ആകുന്നുള്ളു. നമ്പ്യാരുടെ സ്വച്ഛന്ദവിവരണങ്ങളെ തത്ക്കാലം മാററിവച്ചുകൊണ്ടു, തുള്ളലിൽ എന്തെല്ലാം കലാംശങ്ങൾ അടങ്ങിയിട്ടുണ്ടെന്നു ശാസ്ത്രീയമായി നിരീക്ഷിക്കുന്നതു കൊള്ളാം. അങ്ങനെ നിരീക്ഷിക്കുമ്പോൾ ആട്ടവും പാട്ടും (സാഹിത്യം) കൊട്ടും തുള്ളലിൽ ഉൾച്ചേർന്നിരിക്കുന്നുവെന്നു കാണാം. ഇത്ര സങ്കീർണ്ണമായ ഒരു കലാരൂപത്തെ ഗാനനൃത്തമെന്നുമാത്രം പറഞ്ഞാൽ ശാസ്ത്രീയമായ സംജ്ഞാസമഗ്രത സിദ്ധിക്കുകയില്ല. ആട്ടവും പാട്ടും കൊട്ടും (നൃത്തഗീതവാദ്യങ്ങൾ) കൂടിച്ചേർന്ന കലയെ ഭാരതീയർ വ്യവഹരിച്ചുപോന്നിട്ടുള്ളതു തൗര്യത്രികം എന്ന സാങ്കേതികമായ പേരിലാണല്ലോ. കഥകളിപോലെ സാഹിത്യപ്രാമുഖ്യം ചേർന്ന ഒരു തൗര്യത്രിക വിശേഷമാണു തുള്ളൽ എന്നു ശാസ്ത്രീയസമഗ്രതയോടേ പറയാം. ഗാനനൃത്തം എന്നു പറയുമ്പോൾ തുള്ളൽ ഒരു കലായുഗ്മകം എന്നാണു തോന്നുക. സത്യത്തിൽ ഇതു യുഗ്മകമോ ത്രികമോ അല്ല, ഒരു കലാചതുഷ്കംതന്നെയാണ്. കേരളീയ കലകളിൽ തുള്ളലിന്നുള്ള സ്ഥാനപ്രൗഢി എന്തെന്നു ഗ്രഹിക്കാൻ ഇത്രയും അറിഞ്ഞുവയ്ക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ഇത്രത്തോളം ശ്രീ ശിവശങ്കരപ്പിള്ള ആമുഖത്തിൽ സൂചിപ്പിച്ചുപോയിട്ടുണ്ടുതാനും. തൻെറ കൃതികളെ നമ്പ്യാർ ''ഉച്ചത്തിൽ പ്രയോഗിക്കുന്ന'' ''അനുഷ്ഠേയപ്രതിഷ്ഠാ വിശ്രുതഗ്രന്ഥങ്ങൾ'' ആയി കണക്കാക്കുന്നുവെന്ന് ആമുഖത്തിൽ അദ്ദേഹം ആദ്യമേ എടുത്തുപറഞ്ഞിട്ടുണ്ട്.

ടിപ്പണിപ്രായമായ അടിക്കുറിപ്പുകൾ പാഠഭേദങ്ങൾ സൂചിപ്പിക്കുവാനും അർത്ഥശങ്കകൾ പരിഹരിക്കുവാനും പര്യാപ്തമായിരിക്കുന്നു. 'സ്യമന്തക'ത്തിൽ ''കംബുകരോപരിശോഭിതകരനാം'' എന്ന മുദ്രിതപാഠം പണ്ഡിതമാരണമായിക്കിടക്കുകയായിരുന്നല്ലോ. ''കംബുകശാപരിശോഭിതകരനാം'' എന്ന പുതിയ പാഠം, ഒരൊററ അക്ഷരം മാത്രം തിരുത്തിക്കൊണ്ടു, ഉചിതമായ അർത്ഥം സമ്മാനിച്ചിരിക്കുന്നു. 'അളികൾനടേ തിരുമിഴിയുടെ വടിവും'' എന്ന 'കിരാത'ഭാഗം പഠിപ്പിച്ചിരുന്ന അധ്യാപകൻമാർ അതിന്ന് അർത്ഥമാക്കാൻ പെട്ടിരുന്ന പാട് പലരും ഓർക്കുന്നുണ്ടാവും. ''അളികതടേ തിരുമിഴിയുടെ വടിവും'' എന്ന ശുദ്ധീകരണം എത്ര ഔചിത്യഭാസുരമായിരിക്കുന്നു! ഇതുപോലെ ''അതികൃശമുദരതലം പുനരഘനജഘനതലം'' ('സുന്ദോപസുന്ദോപാഖ്യാനം') എന്നത് ''അതികൃശമുദരതലം പുനരതിഘന ജഘനതലം'' എന്ന് ഒരക്ഷരം ചേർന്നപ്പോളുണ്ടായ അർത്ഥവൈശദ്യവും ''ഇടന്തല താഴ്ത്തിവെച്ചൂത്തും കലാശവും'' എന്ന ഭാഗം ('ബാല്യുദ്ഭവം') ''ഇടന്തല താഴ്ത്തിവെച്ചോത്തും കലാശവും'' എന്നു തിരുത്തിയപ്പോൾ

വന്നുകൂടിയ ശാസ്ത്രീയനിഷ്കൃഷ്ടതയും പ്രത്യേകം പരിചിന്തിക്കുമ്പോൾ പരിതോഷപ്രദമായിത്തീരാതിരിക്കില്ല. ഇങ്ങനെ എത്രയെത്ര വൃത്തികേടുകളാണ് ഈ അടിക്കുറിപ്പുകൾ എരിച്ചുകളഞ്ഞതെന്നോർത്താൽ ഈ സംസ്കർത്താവിന്റെ പാണ്ഡിത്യപ്രയത്നങ്ങളുടെ മുമ്പിൽ ആരും തലകുനിച്ചു നിന്നുപോകും. ഇതോടെ എല്ലാം തെളിഞ്ഞുകഴിഞ്ഞെന്നു പറയുന്നില്ല. അർത്ഥസന്ദേഹത്തിന്നു വകയുള്ള ഭാഗങ്ങൾ ഇനിയും ധാരാളമുണ്ടെന്ന് അദ്ദേഹം തുറന്നുപറയുമ്പോൾ, മേപ്പടി ഗുണങ്ങളുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെ വിനയവും തുല്യോച്ചമായി തെളിഞ്ഞുനില്ക്കുന്നു.*

ഇപ്രകാരം ശ്രീ ശിവശങ്കരപ്പിള്ള കലാവല്ലഭനായ ഒരു സരസ കവിയുടെ ഗ്രഹണമോചനവും പുനഃപ്രതിഷ്ഠയുമാണ് ഈ പ്രസാധനത്തിലൂടെ ഹൃദയംഗമമായി സാധിച്ചിട്ടുള്ളതെന്നു സഹൃദയർ സമ്മതിക്കാതിരിക്കയില്ല. നമ്പ്യാരെയും തുള്ളലിനെയുംപറ്റി അദ്ദേഹം ഇതിൽ അതിപ്രത്യഗ്രങ്ങളായ അഭിപ്രായങ്ങളല്ലാതെ വേറൊന്നും ആവിഷ്കരിച്ചിട്ടില്ല. അതിനാൽ ഈ പരിഷ്കൃതപ്രസാധനത്തെ അഭിനന്ദിച്ചു പറയുവാനല്ലാതെ, ചർവ്വിതചർവ്വണം ചെയ്യുന്ന അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിന്നുവേണ്ടി ഈ സന്ദർഭം ഉപയോഗപ്പെടുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കുഞ്ചൻനമ്പ്യാരെപ്പറ്റി പറയാവുന്നതിന്റെയൊക്കെ പ്രാഗ്രൂപങ്ങളോ അങ്കുരങ്ങളോ സാഹിത്യപഞ്ചാനനന്റെ എഴുപതുകൊല്ലം പഴയ പ്രഭാഷണരൂപമായ ആ പ്രബന്ധത്തിൽ പ്രതിഭാസിച്ചു കാണാം. † നമ്പ്യാർ ‘ജനസാമാന്യ കവി’ ആണെന്നും ജൂവനൽ, ബട്ളർ എന്നീ പാശ്ചാത്യകവികളെപ്പോലെ ഒരു സറ്റിറിസ്റ്റ് ആണെന്നും ചെറുശ്ശേരി, എഴുത്തച്ഛൻ എന്നീ മലയാളകവികളിൽനിന്നു വ്യത്യസ്തനായി പൂർവാചാരധിക്കാരം നടത്തിയ നിരങ്കുശനാണെന്നും മറ്റുമുള്ള അഭിപ്രായങ്ങൾ പഞ്ചാനനോപജ്ഞങ്ങളും ഇന്നും കുഞ്ചൻ വിമർശകൻമാർ സാദരം ആവർത്തിച്ചുപോരുന്നവയുമത്രേ. ശ്രീ പിള്ളയുടെ പഠനത്തിലാണു തദ്ഭിന്നമായ ഒരു സ്വതന്ത്രസ്വരം ഏറെക്കാലംകൂടി നമുക്കു കേൾക്കാൻ കഴിഞ്ഞത് എന്ന വസ്തുത സർവഥാ അനുമോദനീയമായിരിക്കുന്നു.

ശ്രീ പിള്ള ചൂണ്ടിക്കാണിച്ചതുപോലെ, ഇങ്ങനെ വിവിധ കലാസഹായനായി നമ്പ്യാർ കവിതയെഴുതിയതു തന്റെ സമൂഹ പരിഹാസ പരിപാടിയെ നിശിതവും സഫലവുമാക്കുക എന്ന ഏകോദ്ദേശ്യത്തോടുകൂടിയായിരുന്നു. കുഞ്ചന്റെ കവിതയുടെ അനിതരസാധാരണത്വം അതാണല്ലോ. പഞ്ചാനനൻ അതിനെപ്പറ്റി പറഞ്ഞിട്ടുള്ള വാക്യം വളരെ ശ്രദ്ധാർഹമാണ്. “അന്യമലയാള കവികൾക്കെന്നു മാത്രമല്ല, സംസ്കൃതകവികൾക്കും ഇല്ലാത്തതായ ഒരംശം നമ്പ്യാരിൽ വളരെ അഭിവൃദ്ധമായി കാൺമാനുണ്ട്. ഇത് അദ്ദേഹത്തിന്റെ പരിഹാസകവനമാകുന്നു.” കുഞ്ചനെ അദ്ദേഹം മറ്റു മലയാളകവികളിൽനിന്നു മാത്രമല്ല, ഭാരതീയകവികളിൽനിന്നും വേർതിരിച്ചു നിറുത്തിയിരിക്കയാണ്. കുഞ്ചൻസാഹിത്യത്തിന്റെതന്നെ ഉത്കൃഷ്ടമായ മഹിമ ഈ അഭാരതീയസാമാന്യ

---

* “മന്ദേതര രുചിമാലതമാലൻ” (‘സ്യമന്തകം’) ‘ജലതപമേറിന തനിച്ച നായർ’ (‘സ്യമന്തകം’), ‘വികടമണി’ (‘സ്യമന്തകം’), ‘ധനദാംബരം’ (നളചരിതം’), ‘ദമഘോഷസുതാരിസഖൻ’ (‘സന്താനഗോപാലം’), ‘തൃഷ്ണാസുഖം’ (‘സന്താനഗോപാലം’) എന്നീ പദങ്ങൾക്കു കൊടുത്ത അർത്ഥത്തെപ്പറ്റി ഈ ലേഖകൻ പ്രകടിപ്പിച്ച ഭിന്നാഭിപ്രായങ്ങൾ മുമ്പുദ്ധരിച്ച ‘സാഹിത്യലോക’ നിരൂപണത്തിൽ കാണാം.

† ‘കുഞ്ചൻനമ്പ്യാർ’ ‘പി. കെ. നാരായണപിള്ള’ (ഒന്നാംപതിപ്പ്, 1906).

മായ സമുദായപരിഹാസസ്വഭാവമത്രേ. സംസ്കൃതാദരമുഗ്ദ്ധനായ സാഹിത്യപഞ്ചാനനനെപ്പോലുള്ള ഒരു പണ്ഡിതശ്രേഷ്ഠൻ, സംസ്കൃതസാഹിത്യത്തിന്റെ ഈ ന്യൂനതകളെപ്പററി എടുത്തു പറഞ്ഞത് വെറുതെ തള്ളിക്കളയാവുന്നതല്ല. സംസ്കൃതസാഹിത്യത്തിൽ 'സററയർ' എന്നൊരു തരമേയില്ലെന്നു റോളിൻസൺ പ്രസ്താവിച്ചിരുന്നത് ഇവിടെ ഓർക്കാം. അങ്ങനെയല്ല, സംസ്കൃതത്തിൽ സമൂഹ പരിഹാസകൃതികൾ ഉണ്ടെന്നു വളരെ വാശിയായി വാദിക്കുന്നവർപോലും ഒടുവിൽ സമാധാനിക്കേണ്ടിവരുന്നതു, ശാകുന്തളമൃച്ഛകടികാദി നാടകങ്ങളിലെ വിദൂഷകഹാസ്യം കണ്ടുകൊണ്ടായിരിക്കും. ഇത്രയും നമ്മുടെ പാരമ്പര്യത്തിന്ന് അപരിചിതമായ ഒരു സാഹിത്യരീതിയിൽ മികച്ച കുറെ കൃതികൾ ചാക്യാർപ്രബന്ധങ്ങളുടെ മാത്രം പിൻബലത്തോടെ ആവിഷ്കരിച്ച കുഞ്ചൻനമ്പ്യാരുടെ പ്രതിഭയുടെ സ്വതന്ത്രമഹിമ ലോകോത്തരമാണെന്നു പറയുന്നതു വെറുംവാക്കല്ല.

സംസ്കൃതത്തിലെ സാഹിത്യരചന രസനിഷ്ഠമാണല്ലോ. രസങ്ങൾ ആത്യന്തികാനുഭൂതിയിൽ ഏകവും അഖണ്ഡവുമാണെങ്കിലും, ആചാര്യൻമാർ രസങ്ങൾക്കു തമ്മിൽ പ്രാധാന്യത്തിൽ ചില താരതമ്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ഭവഭൂതി കരുണത്തിന്നും അഭിനവഗുപ്തൻ ശാന്തത്തിന്നും ഭോജൻ ശൃംഗാരത്തിന്നും നാരായണൻ അദ്ഭുതത്തിന്നും സമസ്തപ്രാമുഖ്യം കല്പിച്ചിരുന്നുവെന്നു നമുക്കറിയാം. നവരസങ്ങളിൽ ശൃംഗാരവും രൗദ്രവും വീരവും ശാന്തവും പുരുഷാർത്ഥപ്രയോജകങ്ങളായ രസങ്ങളാകയാൽ പ്രധാനങ്ങളാണെന്നും ഹാസ്യാദികൾക്കു നേരിട്ടു പുരുഷാർത്ഥസാധകത്വം ഇല്ലാത്തതിനാൽ അവ ഉപരഞ്ജകങ്ങൾ മാത്രമാണെന്നും 'അഭിനവ ഭാരതി'യിൽ പറഞ്ഞുകാണുന്നുണ്ട്— ''ഏവം രത്യാദീനാം പ്രാധാന്യം. ഹാസാദീനാന്തു സാതിശയം സകലലോകസുലഭവിഭാവതയോപരഞ്ജകത്വം ഇതി പ്രാധാന്യം.'' 'നാട്യശാസ്ത്ര'ത്തിലെ അഭിപ്രായമനുസരിച്ചു ശൃംഗാരം തുടങ്ങിയ നാലു രസങ്ങൾ മൗലികരസങ്ങളും ഹാസ്യം തുടങ്ങിയവ അവയിൽനിന്നു ജനിക്കുന്നവയുമാണ്. ഏതായാലും ഭരതന്റെയും അഭിനവഗുപ്തന്റെയും പരിഗണനയിൽ ഹാസ്യത്തിന്നു രസവേദിയിൽ ഒരു തരംതാഴ്ചയുണ്ട്. അതു 'സകലലോകസുലഭം' ആണ്. 'സാഹിത്യദർപ്പണ'ത്തിൽ ശൃംഗാരവീരകരുണാദ്ഭുതങ്ങൾക്ക് ഉത്തമനായകനിപുണത്വം, ലോകാതിഗത്വം തുടങ്ങിയ ശ്രേഷ്ഠതകൾ പറയപ്പെടുന്നുണ്ട്. ഹാസ്യം തനി ജനസാധാരണമാണ്. അരിസ്റ്റോട്ടിലും, കോമഡി ട്രാജഡിയെ അപേക്ഷിച്ചു, സാധാരണ മനുഷ്യന്റെ വികാരങ്ങളോടു ബന്ധപ്പെട്ടതാണെന്നു പറയുന്നുണ്ടെന്ന് ഓർക്കുക.

ധീരോദാത്താദികളായ ഉത്തമനായകൻമാരാൽ വിഭാവിതമായ ശൃംഗാരവീരാദികൾ പ്രഫുല്ലനംചെയ്ത ഒരു സാഹിത്യപ്രപഞ്ചമായിരുന്നു ഭാരതീയരുടേത്. കേരളത്തിലെ സാഹിത്യം അതേ മാതൃക അനുവർത്തിച്ചു. സാഹിത്യപഞ്ചാനനൻ ചൂണ്ടിക്കാട്ടിയതുപോലെ, കുഞ്ചൻനമ്പ്യാർ ഈ ഭാരതീയകേരളീയപാരമ്പര്യങ്ങളെ ഉല്ലംഘിച്ചു സാഹിത്യം സൃഷ്ടിച്ചു. രസചക്രത്തിലെ ശൃംഗാരപ്രമുഖമായ ഒരു പകുതിയെ വിട്ടുകൊണ്ടു ഹാസ്യപ്രമുഖമായ അപരാർദ്ധത്തിന്റെ ചക്രവർത്തിയായി അദ്ദേഹം നിസ്സപത്നനായി വിരാജിച്ചു. ശൃംഗാരപ്രമുഖമായ രസങ്ങളെ പ്രവരരസങ്ങളെന്നു പറയാമെങ്കിൽ, ഹാസ്യപ്രമുഖമായ രസങ്ങളെ അവരരസങ്ങൾ എന്നു വിളിച്ചുകൂടായ്കയില്ല. പ്രാകൃതമനുഷ്യന്റെ ഭാവസാമ്രാജ്യമാണ് ഈ രണ്ടാമത്തേത്. നാട്ടിലും നഗരത്തിലും പൊട്ടിച്ചിരിച്ചും കൊള്ളരുതായ്മകാട്ടിയും കഴിഞ്ഞുകൂടുന്ന സാധാരണമനുഷ്യരുടെ

നിത്യജീവിതത്തിൽ പരന്നുകിടക്കുന്ന പ്രാകൃതഭാവങ്ങൾ നമ്മുടെ സാഹിത്യത്തിൽ കേന്ദ്രസ്ഥാനത്തിൽ പ്രതിഷ്ഠിക്കപ്പെട്ടത് ആദ്യമായി കുഞ്ചന്റെ കൃതികളിൽവച്ചാണ്. അങ്ങനെ അദ്ദേഹത്തെ ഭാരതീയസാഹിത്യത്തിലെ രസവിപ്ലവത്തിന്റെ ഉദ്ഘാടകനായി കണക്കാക്കേണ്ടതത്രേ! അതിനെത്തുടർന്നു മനുഷ്യഹൃദയത്തിലെ തമോഭാഗങ്ങളിൽ വ്യാപിച്ചിരിക്കുന്ന എത്രയെത്ര അവരഭാവങ്ങൾ സാഹിത്യത്തിൽ പ്രവേശം നേടിക്കഴിഞ്ഞുവെന്ന് ആലോചിച്ചുനോക്കുക. ഇത്രയൊക്കെ ചിന്തിക്കുമ്പോൾ ഭാരതീയസാഹിത്യത്തിലെ ആധുനികയുഗത്തിന്റെ അരുണോദയം കാണാൻ തുള്ളൽകൃതികളുടെ പൂർവചക്രവാളത്തിലാണു നോക്കേണ്ടതു, മറ്റെങ്ങുമല്ല, എന്നുവരെ പറഞ്ഞുകൂടായ്കയില്ല.

തുള്ളൽകൃതികളുടെ നവാവതാരപ്രായമായ ഈ പ്രസാധനത്തിന്റെ സ്വതന്ത്രതയ്ക്കനുരൂപമാകുമാറുള്ള രസപരമായ ഒരു നൂതനവ്യാഖ്യാനം കുഞ്ചന്റെ ഹാസ്യപ്രസ്ഥാനത്തെക്കുറിച്ച് ഇവിടെ നിർദ്ദേശിച്ചതു വെറും ആനുഷംഗികമായിട്ടാണ്. അതെന്തായാലും, മലയാളിയുടെ നിദ്രയെപ്പോലും പൊട്ടിച്ചിരികൊണ്ടു ജാഗരിതമാക്കുന്ന രസോത്തേജകശക്തിയുള്ള കുഞ്ചസാരസ്വതത്തിന്റെ ഒരു 'റണേസാൻസി'ന്ന് ഈ പ്രകാശനം നിമിത്തമായിത്തീരുമാറാകട്ടെ!

കാലിക്കറ്റ് യൂണിവേർസിറ്റി,
കോഴിക്കോട്, 1–8–1976.

സുകുമാർ അഴീക്കോട്

ഒന്നാംപതിപ്പിന്റെ ആമുഖം

കേരളസംസ്കാരത്തിനു രൂപഭാവങ്ങൾ നല്കിയ മുഖ്യങ്ങളായ എല്ലാ അക്ഷരവിദ്യാ പ്രസ്ഥാനങ്ങളും കേരളത്തിന്റെ കലാപാരമ്പര്യത്തിൽ പ്രതിഷ്ഠിതങ്ങളാണ്. നമ്മുടെ പാട്ടുസാഹിത്യത്തിലാണല്ലോ മലയാളഭാഷയുടെ മൗലികപ്രതിഭയുൾക്കൊള്ളുന്ന ഉത്കൃഷ്ടകൃതികളെല്ലാം അന്തർഭവിച്ചിരിക്കുന്നത്. ചെറുശ്ശേരിയുടെ കൃഷ്ണപ്പാട്ട്; നിരണംകവികളുടെ കണ്ണശ്ശൻപാട്ടുകൾ; എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ; കോട്ടയത്തു തമ്പുരാൻ, അശ്വതി തിരുനാൾ തമ്പുരാൻ, ഉണ്ണായി വാരിയർ, ഇരയിമ്മൻതമ്പി എന്നീ കവിശ്രേഷ്ഠന്മാരുടെ കഥകളിപ്പാട്ടുകൾ: കുഞ്ചൻനമ്പിയാരുടെ തുള്ളൽപ്പാട്ടുകൾ; രാമപുരത്തുവാരിയരുടെ വഞ്ചിപ്പാട്ട് എന്നിങ്ങനെ ലഭിച്ചിട്ടുള്ള പാട്ടുസാഹിത്യകൃതികളാണു നമ്മുടെ സാഹിതീയസംസ്കാരത്തിന്റെ നിത്യവളർച്ചയ്ക്കാധാരമായ ഈടുവയ്പുകൾ. ജനതയുടെ കാലഘട്ടങ്ങളിലൂടെയുള്ള സാംസ്കാരിക പുരോഗതിയെ സഹായിക്കുന്ന സമൂഹകലയെന്ന നിലയിൽ സാഹിത്യത്തെ പരിഗണിക്കുമ്പോൾ സാഹിത്യത്തിന്റെ ചരിത്രപരമായ കർത്തവ്യനിർവഹണത്തിൽ തികച്ചും സാഫല്യം കൈവരിച്ചവയാണു മേല്പറഞ്ഞ പ്രസ്ഥാനകൃതികൾ. പാടിക്കേട്ടോ, ആടിക്കണ്ടോ, തുള്ളിപ്പാടിയോ, പാടിക്കളിച്ചോ ജനസമൂഹം കരണത്രയംകൊണ്ടും ആചരിച്ചനുഭവിക്കുന്ന ഈദൃശ സാഹിത്യകൃതികൾക്ക് 'ഉച്ചത്തിൽ പ്രയോഗിക്കു'ന്ന 'അനുഷ്ഠേയപ്രതിഷ്ഠാവിശ്രുതഗ്രന്ഥങ്ങൾ' എന്നാണു കുഞ്ചൻനമ്പിയാർ നല്കിയിരിക്കുന്ന നിർവചനം. ഇപ്രകാരം അനുഷ്ഠേയപ്രതിഷ്ഠാവിശ്രുതങ്ങളായ മലയാളസാഹിത്യഗ്രന്ഥങ്ങളുടെ ശുദ്ധവും പ്രാമാണികവുമായ പതിപ്പുകൾ യഥോചിതം തയ്യാറാക്കി, അവയെ മനോഹരമായി മുദ്രണംചെയ്തു കൂടുതൽ അനുശീലനയോഗ്യമാക്കി പ്രചരിപ്പിക്കുന്നപക്ഷം, ആയതു ഭാഷയുടെ ആഴവും വിസ്തൃതിയും അന്തസ്സത്തയും വർദ്ധിപ്പിക്കുന്നതിനു പ്രയോജനപ്പെടുമെന്നുള്ളതിനു സംശയമില്ല.

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും സർവതോമുഖമായ വികാസത്തിനുവേണ്ടി അനവരതം യത്നിച്ചുകൊണ്ടിരിക്കുന്ന കേരള സാഹിത്യ അക്കാദമി, ഭാഷാസാഹിത്യത്തിന്റെ സ്ഥാവരസ്വത്തുക്കളെന്നു പറയാവുന്ന സുപ്രശസ്തങ്ങളായ പ്രാക്തനകൃതികൾ നിഷ്കൃഷ്ടമായി പരിശോധിച്ചു പാഠശോധനചെയ്ത് അവയുടെ മേത്തരം പതിപ്പുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ചു പല വിശിഷ്ടഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തി അക്കാദമി ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥമാണു കുഞ്ചൻനമ്പിയാരുടെ തുള്ളൽക്കഥകളുടെ ഈ സംശോധിതസംസ്കരണം.

കുഞ്ചൻനമ്പിയാരുടെ പേരിൽ ഭാഷയിലിന്നു പ്രചരിച്ചുപോരുന്ന തുള്ളലുകൾ സൂക്ഷ്മമായി പരിശോധിച്ച് അവയിൽ നമ്പിയാരുടേതെന്നു നിർവിശങ്കം നിർണ്ണയിക്കാവുന്ന തുള്ളലുകൾ തിരഞ്ഞെടുത്ത്

അവയുടെ പാഠം ശുദ്ധമാക്കി ഒരു പരിഷ്കരിച്ച പതിപ്പു തയ്യാറാക്കുകയെന്ന കൃത്യമാണ് അക്കാദമി എന്നെ ഏല്പിച്ചത്. അതുകൊണ്ട് എന്നിൽ നിക്ഷിപ്തമായ പ്രസ്തുത കർമ്മപരിപാടിയുടെ നിർവഹണവിവരങ്ങൾ മാത്രമേ ഈ ആമുഖത്തിനു വിഷയമാകുന്നുള്ളു. നമ്പിയാരുടെ കാവ്യജീവിതത്തെയോ ബഹുമുഖമായ കവിപ്രഭാവത്തെയോ ഉത്തുംഗമായ കലാവൈഭവത്തെയോ സവിസ്തരം പ്രതിപാദിക്കുന്ന ഒരു അവതാരിക നിർദ്ദിഷ്ടമോ ഉദ്ദിഷ്ടമോ അല്ലെന്നു സാരം. എന്നിരുന്നാലും നമ്പിയാരുടെ തുള്ളലുകൾ ഏതെല്ലാമെന്നു നിർണ്ണയിക്കുന്നതിനു സ്വീകരിച്ച മാനദണ്ഡങ്ങളെ വിശദീകരിക്കുന്ന സന്ദർഭത്തിൽ, കവിയുടെ മുഖച്ഛായ പിടിച്ചെടുക്കാനുതകിയ കാവ്യകലാമുദ്രകളെക്കുറിച്ചു യഥോചിതം നിരൂപിച്ചിട്ടുണ്ട്.

കവിയും കാലവും

ഇന്നത്തെനിലയിൽ നാം കാണുന്ന തുള്ളൽക്കലാപ്രസ്ഥാനത്തിന്റെയും സുപ്രസിദ്ധങ്ങളായ അനവധി തുള്ളൽക്കഥകളുടെയും പ്രണേതാവ് കലക്കത്തു കുഞ്ചൻനമ്പിയാരാണെന്നും ആ കലാസാഹിത്യപ്രസ്ഥാനത്തിന്റെ ജൻമഭൂമി അമ്പലപ്പുഴയാണെന്നുമുള്ളതിനെപ്പററി ആർക്കും വിവാദമില്ല.

കുഞ്ചൻനമ്പിയാരുടെ ജീവിതകാലം, കൊ. വ. 880 മുതൽ 945 വരെയാണെന്നു സാഹിത്യചരിത്രകർത്താക്കൻമാരും, മുഖ്യൻമാരായ മററു സാഹിത്യനിരൂപകൻമാരും രേഖപ്പെടുത്തിയിട്ടുള്ളതു സാധുവാണെന്നു സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പ്രബലങ്ങളായ ഐതിഹ്യങ്ങൾ, തിരുവനന്തപുരം വലിയ കൊട്ടാരത്തിലെ രേഖകളിൽ അങ്ങിങ്ങായി നമ്പിയാരെക്കുറിച്ചു കാണുന്ന ചില പ്രസ്താവങ്ങൾ, കവിയുടെ ജീവിതവുമായി ബന്ധപ്പെട്ട കാലദേശങ്ങളെ പ്രതിഫലിപ്പിച്ചുകൊണ്ടു തുള്ളൽക്കഥകളിൽ കാണുന്ന ദേവതാഗുരുസ്തുതിസ്മരണങ്ങൾ എന്നിവയെ കൂട്ടിയിണക്കിവച്ചു പരിശോധിച്ചാൽ നമ്പിയാരുടെ ജീവിതചരിത്രത്തിലേക്കും തുള്ളൽക്കഥകളുടെ കർത്തൃത്വത്തിലേക്കും വെളിച്ചംവീശുന്ന ചില സാമാന്യ വിവരങ്ങൾ നമുക്കു ലഭിക്കുന്നതാണ്.

അദ്ദേഹം കിള്ളിക്കുറിശ്ശിമംഗലത്തു കലക്കത്തു ഭവനത്തിൽ ജനിച്ചു. കിള്ളിക്കുറിശ്ശിമംഗലം ശിവക്ഷേത്രത്തിൽ ശാന്തിയുണ്ടായിരുന്ന കിടങ്ങൂർ കല്ലമ്പിള്ളി മനയ്ക്കലെ ഒരു നമ്പൂരിയായിരുന്നു അദ്ദേഹത്തിന്റെ അച്ഛൻ. ചെറുപ്പകാലത്ത് അച്ഛന്റെകൂടെ കിടങ്ങൂർ വന്നുചേർന്ന നമ്പിയാർ കോട്ടയത്തടുത്തുള്ള കുടമാളൂർ ഗ്രാമത്തിലെ തെക്കേടത്തു ഭട്ടതിരിയെ ആശ്രയിച്ച് ഒട്ടുതാമസിച്ചതിനുശേഷം അതുവഴി ചെമ്പകശ്ശേരി രാജാവായ ദേവനാരായണന്റെ ആസ്ഥാനമായ അമ്പലപ്പുഴെ ചെന്നുചേർന്നു. ചെമ്പകശ്ശേരി രാജാവിന്റെയും മാത്തൂർപണിക്കരുടെയും ആശ്രിതനായി അമ്പലപ്പുഴെ താമസമാക്കി. അക്കാലത്തു തകഴിയിൽ കണ്ടങ്കരി മുറിയിൽ നന്തിക്കാട്ട് *ഉണ്ണിരവി

---

* മന്ദേതരഗുണമന്ദിരനെൻഗുരു
നന്ദിതനാകിയ ബാലരവിക്ക്
നന്ദിവരുത്തും പരദൈവതമേ! (സ്യമന്തകം)
നന്ദികാരണ്യമാം മന്ദിരേ വാഴുന്ന
മന്ദാരദാരുവാം ബാലരവിയുടെ
നന്ദിവരുത്തുന്ന കണ്ടങ്കരിക്കാവി-
ലിന്ദുചുഡപ്രിയേ വന്ദേ ഭഗവതി. (കല്യാണസൗഗന്ധികം)
ചണ്ഡികാദേവിയെസ്സേവിച്ചുമേവീടു-
മുണ്ണിരവിയെന്നു പേരായ പുരുഷൻ
പുണ്യപുരാകരൻ നമ്മുടെ ദേശികൻ (സുന്ദോപസുന്ദോപാഖ്യാനം)

ക്കുറുപ്പിന്റെ ശിഷ്യനായി അക്‌ഷരവിദ്യയും, അമ്പലപ്പുഴ ‡ദ്രോണമ്പള്ളിനായ്‌ക്കന്റെ ശിഷ്യനായി കായികകലയും അഭ്യസിച്ചു. ചെമ്പകശ്‌ശേരി രാജാവിന്റെ സേനാനായകനായിരുന്ന മാത്തൂർപ്പണിക്കരോടും ദേശവാഴിപ്രഭുവായിരുന്ന തന്തിക്കാട്ടു കുറുപ്പിനോടും ഉണ്ടായ വേഴ്‌ചയുടെ ഫലമായി, കൃഷിയും സൈനികവൃത്തിയും പ്രധാനതൊഴിലാക്കി ജീവിച്ചുപോന്ന അന്നത്തെ സാമാന്യജനതയുമായി നമ്പിയാർക്കു നിരന്തരസമ്പർക്കം ലഭിക്കുന്നതിനു സംഗതിയുണ്ടായി. ആയോധനകലയോടു ബന്‌ധപ്പെട്ടു ജനങ്ങളുടെയിടയിൽ പ്രചരിച്ചുപോന്ന നിരവധി നാടൻ തുള്ളൽക്കലാരൂപങ്ങളും അവയ്‌ക്കാധാരമായ നാടൻ ഗാനസാഹിത്യസമ്പത്തും ജന്മനാ സരസനായിരുന്ന നമ്പിയാരുടെ കാവ്യകലാസരണിയിൽ സ്വാധീനം ചെലുത്തി. ചാക്യാർകൂത്തിനു മിഴാവു കൊട്ടുകയെന്ന തന്റെ കുലവൃത്തിവശാൽ ഫലിതോക്‌തിരസപ്രധാനമായ കൂത്തിന്റെയും കൂടിയാട്ടത്തിന്റെയും കഥാകഥനപ്രകടനരീതികൾ നമ്പിയാർക്കു സ്വായത്തമായി. തത്‌ഫലമായി നമ്പിയാർ തന്റെ കാലഘട്ടത്തിൽ പ്രചാരത്തിലിരുന്ന അഭിജാത കലാരൂപങ്ങളുടെയും നാടോടിക്കലാരൂപങ്ങളുടെയും സർവാകർഷകമായ സകലകലാസങ്കേതങ്ങളേയും സമന്വയിപ്പിച്ചു തുള്ളൽ എന്ന ബഹുജനപ്രീതികരമായ ഒരു കലാപ്രസ്‌ഥാനത്തിനു ജന്മം നല്‌കുകയും അമ്പലപ്പുഴയിലെ താമസക്കാലത്തു നിരവധി തുള്ളൽക്കഥകൾ രചിക്കയും ചെയ്‌തു. ഇക്കാലത്തുതന്നെ പലപ്പോഴും നമ്പിയാർ തിരുവനന്തപുരം സന്‌ദർശിച്ചു തിരുവിതാംകൂർ മഹാരാജാവിന്റെ പരിചയം സമ്പാദിച്ചു. കൊ. വ. 923—ൽ ചെമ്പകശ്‌ശേരി രാജ്യം തിരുവിതാംകൂറിലേക്കടങ്ങിയപ്പോൾ മാത്തൂർപണിക്കർ മുഖേന നമ്പിയാർ തിരുവനന്തപുരത്തുചെന്നു മാർത്താണ്‌ഡവർമ്മരാജാവിന്റെയും തുടർന്നു കാർത്തികതിരുനാൾ മഹാരാജാവിന്റെയും ആശ്രിതനായി പാർത്തു. തിരുവനന്തപുരത്തെ താമസക്കാലത്തും നമ്പിയാർ തുള്ളൽക്കഥകൾ പലതും രചിച്ച് തന്റെ കലാപ്രസ്‌ഥാനത്തെ പോഷിപ്പിച്ചു. വാർദ്‌ധക്യത്തിൽ കാർത്തികതിരുനാൾ മഹാരാജാവിനോടു വിടവാങ്ങി (940-ാമാണ്ടോടടുപ്പിച്ച്) നമ്പിയാർ അമ്പലപ്പുഴെപ്പോയി സ്‌ഥിരമായി താമസം തുടങ്ങി. നാലഞ്ചു വർഷത്തിനുള്ളിൽ അമ്പലപ്പുഴെവച്ചു ചരമം പ്രാപിച്ചു. ലഭ്യമായ തെളിവുകളും ഭദ്രമായ യുക്‌തികളുംകൊണ്ടു സ്‌ഥിരീകരിക്കപ്പെട്ടുകഴിഞ്ഞവയാണ് ഇത്രയും കാര്യങ്ങൾ.

തുള്ളൽക്കഥകളുടെ പ്രസാധനചരിത്രം

തുള്ളൽ എന്ന ദൃശ്യശ്രവ്യോഭയാത്‌മകമായ ഒരു കലാപ്രസ്‌ഥാനത്തിനാധാരമായ കാവ്യമായിട്ടാണു നമ്പിയാർ തുള്ളൽപ്പാട്ടുകൾ രചിച്ചത്. അതുകൊണ്ടു പ്രസ്‌തുത കലാപ്രസ്‌ഥാനത്തോടൊപ്പം നമ്പിയാരുടെ ജീവിതകാലത്തുതന്നെ തുള്ളൽപ്പാട്ടുകൾക്കു പ്രചുരപ്രചാരം കൈവന്നു. കൊല്ലവർഷം 919-ാമാണ്ടു മുതല്‌ക്കേ അമ്പലമുററങ്ങളിൽ ഉത്‌സവക്കാലത്തു തുള്ളൽ പ്രവേശിച്ചുതുടങ്ങിയെന്നും, 926—ാമാണ്ടോടുകൂടി ക്‌ഷേത്രകലകളിൽ ഒരു പ്രധാന ഇനമായി അത് പ്രചരിച്ചിരു

നന്‌ദികാടവിനായകൻ ഗുരുബാലരവിപരദൈവതം (ത്രിപുരദഹനം)
ആചാര്യോത്തമൻ ബാലരവിയെന്നു പുകഴ്‌ന്നോരു
ശ്രീചാരുസ്വരൂപന്റെ ചരണാംഭോരുഹം രണ്ടും
ആചാരോചിതം കൂപ്പിക്കവിതചൊൽവാൻതുടങ്ങുന്നേൻ (സഭാപ്രവേശം)

‡ ക്‌ഷോണീമണ്‌ഡലം തന്നിലൊക്കവേ പുകഴ്‌ന്നോരു
ക്‌ഷോണീവാനവൻ വീരൻ ദ്രോണമ്പള്ളിയാചാര്യൻ
ക്‌ഷീണമെന്നിയേ കാത്തീടേണമിപ്പുരിഷയ്‌ക്കു
പ്രാണപഞ്ചകത്തിന്റെ ത്രാണത്തിനനുകൂലൻ (സഭാപ്രവേശം)

ന്നെന്നും, നാട്ടിലുടനീളം തുള്ളൽക്കളരികളും തുള്ളൽക്കാരും വളർന്നു വന്നിരുന്നെന്നുമുള്ളതിനു മതിയായ തെളിവുകളുണ്ട്.

‘‘921—ൽ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ അല്പശി ഉത്സവത്തിന് അമ്പലപ്പുഴ കുഞ്ചുനാരായണക്കുറുപ്പും, ശൂരനാട്ടു പൂവാണക്കുറുപ്പും അവരുടെ തുള്ളൽക്കാരോടുകൂടി സന്നിഹിതരായിരുന്നു.’’

‘‘926—ാമാണ്ട് അല്പശിയുത്സവത്തിന് ആ രണ്ടുപേർക്കും പുറമേ, തലവൂർ, കാട്ടൂർ, ഞാറയ്ക്കാട്, മാന്നാറ്, ഇലഞ്ഞിയൂർ, മാറനാട്, നൂറനാട്, പന്തളം, കരിക്കാലാ എന്നീ സ്ഥലങ്ങളിൽനിന്നു തുള്ളൽക്കാർ എത്തി.’’[1]

‘‘നമ്പിയാരുടെ ശിഷ്യൻമാരായി അനേകം ഓട്ടൻതുള്ളൽക്കാർ ഉണ്ടായിരുന്നു. ഇവരിൽ പ്രധാനൻ ഉമ്പക്കാട്ട് അച്ഛോമച്ചാർ എന്നൊരുവനായിരുന്നു.’’[2]

ഇതിൽനിന്നും ഒരു കാര്യം സ്പഷ്ടമാണ്. കുഞ്ചൻനമ്പിയാർ സാഹിത്യത്തെ പരിപോഷിപ്പിച്ച ഒരു കവി മാത്രമായിരുന്നില്ല. ബഹുജനാടിസ്ഥാനത്തിലുള്ള ഒരു കലാപ്രസ്ഥാനത്തിൻെറ പ്രണേതാവും ആചാര്യനും പരിഷ്കർത്താവും പ്രവർത്തകനും നേതാവുമായിരുന്നു. ആ കലാരൂപമാകട്ടെ, ജനങ്ങളിൽ പ്രചരിച്ചിരുന്ന നാടൻ കലാരൂപങ്ങളോടു സാഹിത്യസംഗീതനൃത്തതാളമേളങ്ങളിൽ ഏററവും അടുത്ത ബന്ധം പുലർത്തുന്നതും. ഒരു കലാപ്രസ്ഥാനത്തിനു ജനിച്ചനാൾതൊട്ടു ജനങ്ങളിൽ കടന്നുകൂടാനും അതിൻെറ സാഹിത്യത്തിനു ജനങ്ങളുടെ നാവിൽ സ്ഥാനമുറപ്പിക്കാനും ഇതിൽക്കൂടുതൽ എന്തു സാഹചര്യമാണു കിട്ടാനുള്ളത്?

ആധികാരികമായ താളിയോലഗ്രന്ഥങ്ങളുടെ അഭാവം

തുള്ളൽപ്രസ്ഥാനത്തിൻെറ മേൽവിവരിച്ച സവിശേഷതകൾകൊണ്ടു നമ്പിയാരുടെ കാലത്തുതന്നെ തുള്ളൽപ്പാട്ടുകൾ കവിയുടെ തൂലികയിൽനിന്നു നേരെ തുള്ളൽക്കാരുടെ നാവുകളിലെത്തി സജീവമായി നിലകൊണ്ടു. സാഹിതീയസംസ്കാര സംരക്ഷണവിഷയത്തിൽ കുത്തക വഹിച്ചിരുന്ന അഭിജാതവർഗ്ഗത്തിൻെറ ഗ്രന്ഥപ്പുരകളിൽ, ഉയിർത്തെഴുന്നേല്പിനുവേണ്ടി അച്ചടിവിദ്യ സമാഗതമാകുന്ന കാലവും പാർത്തു താളിയോലകളിൽ ‘ശരശയന’ത്തിൽ കിടക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല തുള്ളൽക്കഥകൾക്ക്. ഇങ്ങനെ കവിയുടെ കാലത്തുതന്നെ തുള്ളൽപ്രസ്ഥാനത്തെ ജനങ്ങൾ ഏറെറടുത്തുവെന്നൊരു മേൻമ പറയാമെങ്കിലും അതോടുകൂടി ഉളവായ ദോഷഫലങ്ങളും ചില്ലറയല്ല. തുള്ളലുകളുടെ മൂലപാഠങ്ങളോ അവയുടെ വിശ്വസനീയമായ പകർപ്പുകളോ പൂർണ്ണമായും നഷ്ടപ്പെട്ടു. അരങ്ങത്തു പ്രയോഗിക്കേണ്ട ആവശ്യത്തിലേക്കു തുള്ളൽക്കാർ കാവ്യം ഹൃദിസ്ഥമാക്കിക്കഴിഞ്ഞാൽ പിന്നെ അതിൻെറ മൂലമോ പകർപ്പുകളോ സൂക്ഷിച്ചുവയ്ക്കുന്ന കാര്യത്തിൽ അവർ ശ്രദ്ധിച്ചിരുന്നില്ല. ഗുരുമുഖത്തുനിന്നു ചൊല്ലിക്കേട്ടു പഠിക്കുകയെന്നതായിരുന്നു തുള്ളൽക്കളരികളിലെ ശിക്ഷാപാരമ്പര്യം. ബഹുജനമ

---

1. ഉള്ളൂർ, കേരളസാഹിത്യചരിത്രം, മൂന്നാംഭാഗം; പേജ് 363, 364.
2. സാഹിത്യപഞ്ചാനനൻ പി. കെ നാരായണപിള്ളയുടെ ‘കുഞ്ചൻനമ്പിയാർ’ എന്ന ഗ്രന്ഥം. (കൊല്ലവർഷം 1090-ാമാണ്ടത്തെ പതിപ്പ്; പേജ് 13)

ദ്ധ്യത്തിൽനിന്നു നിരവധി തുള്ളൽക്കലാകാരൻമാർ ഉയർന്നുവരികയും തുള്ളലുകളെല്ലാം അവരുടെ നാവിൽ പാഠമായി പ്രചരിക്കയും ചെയ്തതോടുകൂടി തുള്ളലുകളുടെ പകർപ്പുകൾ തയ്യാറാക്കി തങ്ങളുടെ ഗ്രന്ഥപ്പുരകളിൽ സൂക്ഷിക്കുന്ന കാര്യത്തിൽ അക്കാലത്തെ സാഹിത്യസംരക്ഷകരായിരുന്ന സമൂഹത്തിലെ അഭിജാതവർഗ്ഗം ഉദാസീനരായി. അങ്ങനെ ഇതരസാഹിത്യശാഖകളിലെ കാവ്യങ്ങളുടെ താളിയോലഗ്രന്ഥങ്ങൾ സൂക്ഷിച്ചുപോന്ന ഗ്രന്ഥപ്പുരകളിൽ തുള്ളലുകൾക്കു മാത്രം മാററിത്തം സംഭവിച്ചു. ആട്ടക്കഥകളും, രാമായണ, ഭാരത, ഭാഗവതാദി കിളിപ്പാട്ടുകളും അച്ചടിച്ച കാലത്തുപോലും ആ സാഹിത്യപ്രസ്ഥാനങ്ങളെക്കാൾ എത്രയോ കൂടുതൽ പ്രചാരം ബഹുജനമദ്ധ്യത്തിൽ നേടിയ തുള്ളൽപ്പാട്ടുകൾക്ക് അച്ചടിയോഗം സിദ്ധിക്കാതെപോയതു പ്രാമാണികങ്ങളായ താളിയോലഗ്രന്ഥങ്ങളുടെ അഭാവത്താലായിരുന്നിരിക്കണം.

ആദ്യപ്രസാധനം—എസ്. ടി. റെഡ്യാരുടെ സേവനം

ഈ പശ്ചാത്തലത്തിൽ വേണം പല ദിക്കുകളിൽ ചിന്നിച്ചിതറിക്കിടന്നിരുന്ന തുള്ളൽക്കഥകളെ ശേഖരിച്ചു പ്രസാധനംചെയ്ത് ആദ്യമായി പ്രകാശിപ്പിച്ച എസ്. ടി. റെഡ്യാരുടെ മഹത്തായ ഭാഷാസേവനത്തെ നാം വിലയിരുത്തുവാൻ. മുപ്പത്തിരണ്ടു കഥകളടങ്ങിയ തുള്ളൽക്കഥകൾ 1—ാം ഭാഗം എന്ന പുസ്തകം, കൊല്ലവർഷം 1084—ൽ ആണ് റെഡ്യാർ ആദ്യമായി പ്രസിദ്ധീകരിച്ചത്. പിന്നീടു സംഭരിച്ച 26 കഥകളടങ്ങിയ 2—ാം ഭാഗം പ്രസിദ്ധീകരിച്ചത് 1086—ലാണ്. ശ്രീ കാവുങ്കൽ നീലകണ്ഠപ്പിള്ളയാണ് ഈ രണ്ടു ഭാഗങ്ങളുടെയും പ്രസാധനകൃത്യം നിർവഹിച്ചത്. അതിൽപ്പിന്നെ 2 ഭാഗങ്ങളിലുംകൂടിയുള്ള 58 കഥകളെയും ഒന്നിച്ചുചേർത്ത് ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിവയെ ഇനംതിരിച്ച് അനുക്രമം ചേർത്ത് ഒററ വാല്യത്തിലുള്ള പരിഷ്കരിച്ച പതിപ്പ് 1088—ൽ പ്രസിദ്ധീകരിച്ചു. തെങ്ങിലഴിയത്തു നാണുപിള്ള ആശാനാണു പരിഷ്കരിച്ച ഈ സമ്പൂർണ്ണപതിപ്പിന്റെ സംശോധിതസംസ്കരണം നിർവഹിച്ചത്. എസ്. ടി. റെഡ്യാരുടെ 1088—ലെ പ്രസ്തുത ഒററവാല്യപ്പതിപ്പത്രേ തുടർന്ന് എസ്. ടി. റെഡ്യാർ ഇറക്കിയ നിരവധി പതിപ്പുകൾക്കും, സാഹിത്യപഞ്ചാനനൻ പി. കെ. നാരായണ പിള്ള, ചേപ്പാട്ട് അച്യുതവാരിയർ എന്നിവർ പരിശോധിച്ചു ശ്രീരാമവിലാസം പ്രസ്സുകാർ തയ്യാറാക്കി പ്രസിദ്ധീകരിച്ചു പ്രചരിച്ചുപോരുന്ന പതിപ്പുകൾക്കും, കെ. വി. എം.—ന്റെ പ്രസാധകത്വത്തിൽ മംഗളോദയം പ്രസിദ്ധീകരിച്ച പതിപ്പിന്നും, അങ്ങനെ കേരളത്തിലെങ്ങും പ്രചരിച്ചുപോരുന്ന തുള്ളൽക്കഥകളുടെ വിഭിന്നപ്പതിപ്പുകൾക്കും അച്ചടിച്ച പൂർവമാതൃകയെന്ന നിലയിൽ മുഖ്യമായ അവലംബം.* റെഡ്യാർക്കു സമ്പാദിക്കാൻ കഴിയാതെപോയ സുന്ദോപസുന്ദോപാഖ്യാനം ശീതങ്കൻതുള്ളൽകൂടെ തങ്ങളുടെ പതിപ്പിൽ ചേർക്കാൻ ശ്രീരാമവിലാസക്കാർക്കു കഴിഞ്ഞെന്ന വസ്തുത പ്രത്യേകം പ്രസ്താവയോഗ്യമാണ്.

മുദ്രിതസമാഹാരങ്ങളിൽ കടന്നുകൂടിയ കള്ളച്ചരക്കുകൾ

തുള്ളൽക്കഥകളുടെ പ്രസാധനവും പ്രകാശനവുംവഴി എസ്. ടി. റെഡ്യാർ അനുഷ്ഠിച്ച സേവനത്തെ കേരളവർമ്മ വലിയ കോയിത്തമ്പു

---

* സുന്ദോപസുന്ദോപാഖ്യാനം കണ്ടെടുത്തു മലയാളത്തിൽ പ്രകാശിപ്പിച്ചതു സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ളയാണ്. കൊല്ലവർഷം 1087-ൽ പി. കെ. കോട്ടയത്ത് അഭിഭാഷകവൃത്തിയിലേർപ്പെട്ടു താമസിക്കുമ്പോൾ കോട്ടയത്തുനിന്നു പുറപ്പെട്ടിരുന്ന 'കേരളം' എന്ന സാഹിത്യമാസികയിൽ ആദ്യം പ്രകാശിപ്പിച്ചു.

രാൻ, എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ എന്നിവർ തുടങ്ങി അക്കാലത്തെ പ്രശസ്ത സാഹിത്യ നായകൻമാരെല്ലാവരും മുക്തകണ്ഠം പ്രശംസിച്ചു. അതേയവസരത്തിൽ പ്രകാശിത സമാഹാരങ്ങളിലടങ്ങിയ തുള്ളൽക്കഥകളെല്ലാം കുഞ്ചൻനമ്പിയാരുടെ വാങ്മയങ്ങളാണോ എന്ന സംശയം അവരിൽ പലർക്കുമുണ്ടായി. സരസകവി മൂലൂർ എസ്. പദ്മനാഭപ്പണിക്കർ, കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി എന്നിവർ അക്കാലത്തു റെഡ്യാർക്കയച്ച എഴുത്തുകളിൽ, ചില തുള്ളലുകളുടെ കർത്തൃത്വത്തെ സംബന്ധിച്ച് അവർക്കുണ്ടായ സന്ദേഹങ്ങൾ പ്രകടമാക്കിയിരുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണിയാകട്ടെ രണ്ടു കള്ളച്ചരക്കുകൾ കൈയോടേ കണ്ടുപിടിച്ചു വെളിച്ചത്തു കൊണ്ടുവരികയും ചെയ്തു.

കൊട്ടാരത്തിൽ ശങ്കുണ്ണി 1086 കുംഭം 7—നു- റെഡ്യാർക്കയച്ച എഴുത്തിലെ പ്രസക്ത ഭാഗം:

†‘‘എന്നാൽ നിങ്ങൾ രണ്ടാംഭാഗമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 24 തുള്ളൽക്കഥകളും പ്രായേണ കവിത വളരെ നന്നായിട്ടുള്ളവയാണെങ്കിലും അവയെല്ലാം കുഞ്ചൻനമ്പ്യാരുടെ കൃതികളാണെന്ന് എനിക്കു വിശ്വാസമില്ല. അവയിൽ അംബരീഷചരിതം ഓട്ടനും നിവാതകവചകാലകേയവധം ശീതങ്കനും പ്രസിദ്ധ സരസകവിയായിരുന്ന പൂന്തോട്ടത്തു നമ്പൂരിയുടെ കൃതികളാണെന്നു നിസ്സംശയം എനിക്കറിയാവുന്നതാണ്. എങ്കിലും നിങ്ങളുടെ പ്രധാനോദ്ദേശ്യം നല്ല കവിതകളായിട്ടുള്ള തുള്ളൽക്കഥകൾ ആർക്കും ഉപയോഗപ്പെടാതെ അങ്ങുമിങ്ങും കിടന്നു ചിതലിന്നും പുഴുക്കൾക്കും ഇരയായി നശിച്ചുപോകാതെകണ്ട് അവയെ കഴിവുള്ളിടത്തോളം ശേഖരിച്ചു കേരളഭാഷയ്ക്കും കേരളീയജനങ്ങൾക്കും ഗുണകരവും ഉപകാരപ്രദവുമാകുന്നവിധത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നാകയാൽ, ഇവ കുഞ്ചൻനമ്പിയാരുടെ കൃതികളല്ലെങ്കിലും ഈ ശേഖരത്തിൽ ചേർത്തു പ്രസിദ്ധപ്പെടുത്തീട്ടുള്ളത് ഒട്ടും അസ്ഥാനത്തിലും അനാവശ്യകവുമായിപ്പോയിട്ടില്ലെന്നുള്ളതിനു സംശയമില്ല.’’

സരസകവി മൂലൂർ എസ്. പദ്മനാഭപ്പണിക്കർ 1086 കുംഭം 10—നു- റെഡ്യാർക്കയച്ച എഴുത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

*‘‘ഭാഷയുടെ അമൂല്യധനങ്ങളായ കഥകളിപ്പാട്ടുകളെയെല്ലാം ഏകത്ര സംഗ്രഹിച്ചു പ്രസിദ്ധീകരിച്ചതുപോലെതന്നെ ഭാഷാദേവിയുടെ രത്നാഭരണങ്ങളായി അങ്ങുമിങ്ങും ചിന്നിച്ചിതറിക്കിടന്നിരുന്ന ശ്രീമൽ കുഞ്ചൻനമ്പിയാരുടെ തുള്ളൽക്കഥകളെയും സർവതോമുഖമായ പരിശ്രമവും ദ്രവ്യവ്യയവും സഹിച്ച് ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പാരദേശികനായ റെഡ്യാർ അവർകളോടു കേരളീയരായ നാം എത്രമാത്രം കൃതജ്ഞതയുള്ളവരായിരിക്കണം എന്നാമ്രേഡനം ചെയ്യേണ്ടുന്ന ആവശ്യമില്ലെന്നാണു തോന്നുന്നത്. നളചരിതത്തിന്റെ ഉത്തരഭാഗം മുതലായ രണ്ടുമൂന്നു കഥകൾ നമ്പിയാരുടെ കൃതികളാണെന്നു വിചാരിക്കത്തക്ക തെളിവോടുകൂടിയവയല്ലെങ്കിലും ആ കഥകൾക്കുകൂടെ പ്രസ്തുത പുസ്തകത്തിൽ ഇടംകൊടുത്തുപോയതുകൊണ്ടു മററുള്ള കഥകൾക്ക് ഒരു അവജ്ഞയും സംഭവിക്കാനിടയില്ല.’’

1086 കുംഭം 27—നു- മഹാകവി ഉള്ളൂർ റെഡ്യാർക്കയച്ച ഒരെഴുത്തിൽ:
*‘‘നിവാതകവചവധം മുതലായ ചില കഥകൾ നമ്പിയാരുടെ അല്ലെന്നു

---

† എസ്. ടി. റെഡ്യാർ 1088-ൽ പ്രസിദ്ധീകരിച്ച ഒററവാല്യപ്പതിപ്പിന്റെ ആദ്യഭാഗത്തു ചേർത്തിരിക്കുന്ന അഭിപ്രായങ്ങൾ.

* 1088-ലെ ടി. റെഡ്യർ പതിപ്പ്—അഭിപ്രായങ്ങൾ.

തീർച്ചയായിപ്പറയാം'' എന്നഭിപ്രായപ്പെട്ടിട്ടുള്ളതും ഈ അവസരത്തിൽ സ്മർത്തവ്യമത്രേ.

അങ്ങനെ നമ്പിയാരുടെ പേരിൽ പതിച്ചു മുദ്രണംചെയ്ത തുള്ളൽസമാഹാരങ്ങളുടെ പ്രഥമപ്രകാശനവേളയിൽത്തന്നെ അവയിൽ പലതിന്റെയും കർത്തൃത്വത്തെക്കുറിച്ചു പണ്ഡിതൻമാർ സന്ദേഹിച്ചിരുന്നു. അന്നു തുടങ്ങി ഇന്നോളം കുഞ്ചൻനമ്പിയാരെയും തുള്ളൽപ്രസ്ഥാനത്തെയും പുരസ്കരിച്ചു ഗവേഷണപഠനനിരൂപണങ്ങൾ ചെയ്തിട്ടുള്ള പ്രശസ്ത നിരൂപകൻമാരും സാഹിത്യചരിത്രപണ്ഡിതൻമാരും ഇന്നു പ്രചാരത്തിലിരിക്കുന്ന മുദ്രിതസമാഹാരങ്ങളിലെ തുള്ളലുകളിൽ നമ്പിയാരുടെ വാങ്മയങ്ങൾ ഏവയെന്നും അല്ലാത്തവയേവയെന്നും വിവേചിച്ചറിയാൻ പരിശ്രമിച്ചിട്ടുണ്ട്. സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ളയും മഹാകവി ഉള്ളൂരുമാണ് അവരിൽ ആദ്യവസാനക്കാർ.

[1]അംബരീഷചരിതം ഓട്ടനും നിവാതകവചകാലകേയവധം ശീതങ്കനും കൊല്ലം 11—ാം ശതകത്തിന്റെ പൂർവാർദ്ധത്തിൽ ജീവിച്ചിരുന്ന പൂന്തോട്ടത്തു വലിയ ദാമോദരൻനമ്പൂരിയുടെ പ്രബന്ധങ്ങളാണെന്നു പണ്ഡിതൻമാർ അസന്ദിഗ്ധമായി അഭിപ്രായപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

[2]കൃഷ്ണാർജ്ജുനവിജയം ഓട്ടൻതുള്ളൽ നമ്പിയാരുടെ ശിഷ്യനായ അമ്പയാററു പണിക്കരുടെ കൃതിയാണെന്നുള്ള നിഗമനത്തിനും ഇപ്പോൾ സാഹിത്യപണ്ഡിതൻമാരുടെയിടയിൽ സർവസമ്മതി ലഭിച്ചിരിക്കുന്നു. വിശിഷ്ടങ്ങളായ കവിതാഗുണങ്ങൾ കാണാത്ത 'ഗോവർദ്ധനചരിതം', 'കിർമ്മീരവധം', 'ബകവധം', 'ധേനുകവധം' എന്നീ കൃതികളുടേയും, നമ്പിയാർക്കു വിശേഷ പ്രതിപത്തിക്കു കാരണമില്ലാത്ത ഗുരുവായൂരപ്പനെ സ്തുതിച്ചുകാണുന്ന 'ലങ്കാമർദ്ദനം', 'പ്രഹ്ലാദചരിതം' എന്നീ തുള്ളലുകളുടേയും കർത്തൃത്വത്തെക്കുറിച്ചു സാഹിത്യപഞ്ചാനനൻ സന്ദേഹം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും അവയിൽ തികച്ചും നമ്പിയാരുടേതല്ലാത്തവയെ വേർതിരിച്ചു കാണാൻ അദ്ദേഹത്തിനു കഴിയുന്നില്ല.

മഹാകവി ഉള്ളൂർ തന്റെ സാഹിത്യചരിത്രത്തിൽ ഈ വിഷയത്തെ പുരസ്കരിച്ചു സാമാന്യം സമഗ്രമായി ചർച്ചചെയ്തു നിലവിലിരിക്കുന്ന സമാഹാരങ്ങളിൽ പ്രകാശിപ്പിച്ചിരിക്കുന്ന തുള്ളലുകളിൽ താഴെ ചേർത്തിരിക്കുന്ന 15 എണ്ണം നമ്പിയാരുടേതല്ലെന്ന് അഭിപ്രായപ്പെടുന്നു.

1. നിവാതകവചകാലകേയവധം (ശീതങ്കൻ), 2. അംബരീഷചരിതം (ഓട്ടൻ), 3. ഗജേന്ദ്രമോക്ഷം (പറയൻ), 4. ഐരാവണവധം (ഓട്ടൻ), 5. കൃഷ്ണാർജ്ജുനവിജയം (ഓട്ടൻ), 6. ഐരാവതപൂജ (ഓട്ടൻ), 7. സുന്ദരീസ്വയംവരം (ഓട്ടൻ), 8. ലങ്കാമർദ്ദനം (ഓട്ടൻ), 9. കിർമ്മീരവധം (ഓട്ടൻ), 10. ദുര്യോധനവധം (ശീതങ്കൻ),

[1] അവലംബം: (1) 1086-ൽ കൊട്ടാരത്തിൽ ശങ്കുണ്ണി റെഡ്യാർക്കയച്ച എഴുത്ത്. (2) സഹിത്യ പഞ്ചാനനൻ പി. കെ. ശ്രീരാമവിലാസക്കാരുടെ തുള്ളൽ സമാഹാരത്തിനെഴുതിയ അവതാരിക. (3) മഹാകവി ഉള്ളുരിന്റെ സാഹിത്യചരിത്രം.

[2] അവലംബം: (1) സാഹിത്യപഞ്ചാനനന്റെ അവതാരിക. ശ്രീരാമവിലാസം പതിപ്പ്. (2) മഹാകവി ഉള്ളൂർ—സാഹിത്യചരിത്രം.

11. അന്തകവധം (ശീതങ്കൻ), 12. പ്രഹ്ലാദചരിതം (ശീതങ്കൻ), 13. പാത്രചരിതം (ശീതങ്കൻ), 14. ധേനുകവധം (ശീതങ്കൻ), 15. പാഞ്ചാലീസ്വയംവരം (പറയൻ).

തുള്ളൽക്കഥകളിൽ നമ്പിയാരുടെ വാങ്മയങ്ങൾ വേർതിരിച്ചു കാണുവാൻ സാഹിത്യപണ്ഡിതൻമാരിൽ പ്രമുഖൻമാർ ചെയ്ത പരിശ്രമങ്ങളുടെയും അവർ എത്തിച്ചേർന്ന നിഗമനങ്ങളുടെയും അതിസംക്ഷിപ്തവിവരണമാണു മുകളിൽ ചേർത്തത്. പ്രസ്തുത പണ്ഡിതൻമാരുടെ ഗവേഷണദൃഷ്ടിക്കു വിഷയമാകാത്ത മറേറതെങ്കിലും കാവ്യകലാമാനദണ്ഡങ്ങളെ കണ്ടെത്തി അവയുടെ സഹായത്തോടുകൂടി ഈ വിഷയത്തിൽ അല്പംകൂടി വെളിച്ചം വീശുവാൻ സാധിക്കുമോ എന്നാണ് ഉപരി ചിന്തിക്കേണ്ടത്.

കവിതന്നെ ഉച്ചത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സവിശേഷ കലാസങ്കേതങ്ങളും കാവ്യോൽക്കർഷങ്ങളും

കവി, തന്റെ ആത്മബന്ധങ്ങളെയും ജീവിതദശകളെയും പ്രതിഫലിപ്പിച്ചുകൊണ്ടു ചെയ്തിരിക്കുന്ന ദേവതാഗുരുവന്ദനങ്ങളും കാലദേശചരിത്രസൂചനകളുമാണു നിരൂപകൻമാരെ സംബന്ധിച്ചിടത്തോളം തുള്ളൽക്കഥകളുടെ കർത്തൃത്വത്തിലേക്കു വിരൽചൂണ്ടിനില്ക്കുന്ന മുഖ്യതെളിവുകൾ. സാമൂഹ്യവിമർശനം, ഫലിതം, പരിഹാസം, അയവും വിശാലതയുമുള്ള ജനകീയഭാഷാശൈലി എന്നിവയാകട്ടെ, നമ്പിയാരുടെ സവിശേഷകാവ്യമുദ്രകളും.

നമ്പിയാരുടെ കൃതികളെ വിവേചിച്ചറിയാൻ ഇത്രയും സവിശേഷതകളെ മാത്രം അവലംബിച്ചു കാവ്യാന്തരംഗപരിശോധന ചെയ്താൽ മതിയോ? ഇവയെക്കാൾ വിശ്വാസശക്തി ഉൾക്കൊള്ളുന്ന ഇതരമാനദണ്ഡങ്ങൾ കണ്ടെത്താൻ കഴികയില്ലേയെന്നു പരിശോധിച്ചുനോക്കാം. കുടിലുമുതൽ കൊട്ടാരംവരെ ആബാലവൃദ്ധം ജനങ്ങളെ പ്രീണിപ്പിക്കാനുതകുന്ന ദൃശ്യശ്രവ്യോഭയാത്മകമായ കാവ്യകലാവിഭൂതിയാണു തന്റെ കവികർമ്മത്തിന്റെ ആത്മലക്ഷ്യമെന്നു നമ്പിയാർ പേർത്തും പേർത്തും പറയുന്നുണ്ട്. ഈ ലക്ഷ്യപ്രാപ്തിക്കുതകുംവണ്ണം താൻ സ്വീകരിച്ചിരിക്കുന്ന കാവ്യലക്ഷണങ്ങളെന്തെല്ലാം? കലാസങ്കേതങ്ങളെന്തെല്ലാം? എങ്ങനെയുള്ള ഗാനശൈലി? ഏതെല്ലാം പാണികളിലുള്ള താളപ്രമാണങ്ങൾ? ഇവയെല്ലാം നമ്പിയാർ സവിസ്തരം ഉച്ചത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. താഴെചേർക്കുന്ന ഭാഗങ്ങൾ ശ്രദ്ധിക്കുക:

‘‘വലിപ്പമുള്ളവർകൾക്കും വയസ്സുചെന്നവർക്കും നൽ–
ക്കുലത്തിലുള്ളവർകൾക്കും നാരിമാർക്കും ശിശുക്കൾക്കും
ചിരിപ്പാൻ സംഗതിയുള്ള കവിതകൾ ചൊല്ലിയാൽ കേ–
ട്ടിരിപ്പാൻ ആഗ്രഹമുണ്ടാ,മെന്നിയേ സത്കഥ കേട്ടാൽ
തിരിപ്പാനെന്തൊരു മാർഗ്ഗമെന്നു നോക്കുന്നവരേറും’’ (ഹനുമദുദ്ഭവം)
‘‘ഭടജനങ്ങടെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതം വരൂ
ഭാഷയേറിവരുന്ന നല്ല മണിപ്രവാളമതെങ്കിലോ
ദൂഷണം വരുവാനുമില്ല; വിശേഷഭൂഷണമായ്‌വരും
വേഷസംഗതിയോടുചേർന്നൊരു ഭാഷവേണമതെങ്കിലേ
ശേഷമുള്ള ജനത്തിനും പരിതോഷമെന്നുവരൂ ദൃഢം.’’ (സഭാപ്രവേശം)

‘‘ചിരിക്കുന്ന കഥകേട്ടാലിരിക്കും ആയതല്ലെങ്കിൽ—
ത്തിരിക്കുമങ്ങനെ ഭാവിച്ചിരിക്കുന്ന ഭടൻമാരെ...’’ (കുംഭകർണ്ണവധം)
‘‘കവിതകൾ കേൾക്കുന്നേരംതന്നെ
ചെവിയുള്ളോർക്കാനന്ദം വേണം’’ (രുക്മിണീസ്വയംവരം)

‘‘അക്ഷരമീവക കൂട്ടിച്ചേർത്തതി—ലക്ഷതമാകിയ രസമുളവാക്കി
പ്രാസവുമർത്ഥവുമിടചേർത്തതിലു—ള്ളാസ്യരസങ്ങളുമങ്ങുളവാക്കി
തീർക്കും നല്ലൊരു കവിയുടെ കവിതകൾ—കേൾക്കും പരിഷകളെത്ര
രസിക്കും’’ (സ്യമന്തകം)

‘‘കള്ളമകന്ന കവിത്വവിശേഷം
തള്ളിത്തള്ളിവരുന്ന ദശായാം
ഉള്ളിൽക്കപടതയുള്ള ജനങ്ങടെ
ഭള്ളും വിരുതും നിഷ്ഫലമാക്കാം. (സത്യാസ്വയംവരം)

‘‘താളം പിഴയ്ക്കാത്ത പാട്ടുകാരും നല്ല
മേളം കുഴപ്പാത്ത മദ്ദളക്കാരരും
എല്ലാമൊരുമിച്ചുകൂടി മേളിച്ചെങ്കിൽ
എല്ലാജനങ്ങൾക്കുമുണ്ടാം കുതൂഹലം’’ (ഹരിണീസ്വയംവരം)

‘‘മർമ്മതാളത്തിൽ കവിതകൾ കെട്ടണം
കുംഭതാളത്തിലെന്നാകിലുമാമെടോ’’ (ബാല്യുദ്ഭവം)

‘‘നിർമ്മലാംഗി നിന്നുടെ വിരുതുകളിന്നു ഫലിക്കണമെങ്കിൽ
മർമ്മതാളമിങ്ങനെ വിരവൊടു നിന്നു പ്രയോഗിച്ചാലും’’
(ഹരിണീസ്വയംവരം)

‘‘മാധുര്യഗുണങ്ങളും അക്ഷരവ്യക്തിയും വേണം
സാധുത്വം പദങ്ങൾക്കും സതതം സംഭവിക്കേണം
ബോധിപ്പിപ്പതിനുള്ള കുശലത്വമതും വേണം
ബോധമുള്ളവർക്കുള്ളിൽ ബഹുമാനം വരുത്തേണം.
ഹാസത്തിന്നൊരു മാർഗ്ഗം ചിലദിക്കിലതും വേണം.
പ്രാസത്തിന്നൊരേടത്തും കുറവില്ലാതിരിക്കേണം
വാസനയ്ക്കൊത്തതുപോലെ വചനപ്രക്രമം വേണം
സംസർഗ്ഗഗുണംകൊണ്ടു സകലം സിദ്ധമാക്കേണം
ഇച്ചൊന്ന ഗുണമെല്ലാം വഴിപോലെ വരുത്തിക്കൊ—
ണ്ടുച്ചത്തിൽ പ്രയോഗിച്ചാൽ ഫലിക്കും സംശയം വേണ്ടാ
മെച്ചത്തിലൊരു കഥ പറവാനാഗ്രഹമെങ്കിൽ
ഇച്ഛയ്ക്കു ചേർന്നപോലെ താളവും മേളവും വേണം.
കഥയിൽ സംഗതി ചേർത്തു കഥിക്കുമ്പോളതിൽക്കൂടി
കഥിക്കേണ്ടിവരും കുത്തുകവികളും ചില ദിക്കിൽ
....
....
ഒരുത്തർക്കും ലഘുത്വത്തെ വരുത്തുവാൻ മോഹമില്ല
ഒരുത്തന്നു ഹിതമായിപ്പറവാനും ഭാവമില്ല’’
(പഞ്ചേന്ദ്രോപാഖ്യാനം)

മേലുദ്ധരിച്ച ഭാഗങ്ങളിൽ തന്റെ ദൃശ്യകാവ്യപ്രസ്ഥാനത്തിന്റെ ലക്ഷ്യലക്ഷണങ്ങൾ കവി ഉച്ചൈസ്തരം പ്രഖ്യാപിച്ചിരിക്കുന്നു. ചുരുക്കത്തിൽ എന്തൊക്കെയാണവ?

കാവ്യമാനദണ്ഡങ്ങൾ

1. കഥയിൽ സംഗതിചേർത്തു പറയുക—സാമൂഹ്യവിമർശനമെന്നു സാരം.
2. കഥിക്കേണ്ടിവരുന്ന കുത്തുകവികൾ—ക്രൂരമായ പരിഹാസങ്ങളും പേക്കഥകളും.
3. വടിവിയന്ന ചാരുകേരളഭാഷ.
4. ഭാഷയേറിവരുന്ന മണിപ്രവാളം.
5. കേൾക്കുന്നേരംതന്നെ ആനന്ദം.
6. പ്രാസത്തിനും അർത്ഥത്തിനും കുറവില്ലാതിരിക്കുക.
7. മാധുര്യഗുണങ്ങളും അക്ഷരവ്യക്തിയും.
8. പദങ്ങൾക്കു സാധുത്വം.
9. ഹാസം.
10. വചനപ്രക്രമം.
11. വേഷസംഗതിയോടുചേർന്ന ഭാഷ—ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിവ നാടൻ നൃത്തസമ്പ്രദായമനുസരിച്ചു സംവിധാനം ചെയ്തിട്ടുള്ളവയാകയാൽ നാടോടിപ്പഴഞ്ചൊല്ലുകളും ജനകീയ വായ്മൊഴിപ്പദശൈലികളും ധാരാളമുണ്ടാവണമെന്നു സാരം.
12. തള്ളിത്തള്ളിവരുന്ന കവിത്വവിശേഷം.

കലാമാനദണ്ഡങ്ങൾ

1. താളം പിഴയ്ക്കാത്ത പാട്ട്.
2. മേളം കുഴപ്പാത്ത വാദ്യം.
3. കാരിക, പഞ്ചകാരിക, മർമ്മം, കുംഭം, ലക്ഷ്മി തുടങ്ങിയ നാടൻ താളവൃത്തങ്ങളിലുള്ള നിബന്ധങ്ങൾ.
4. ഇച്ഛയ്ക്കു ചേർന്നപോലെ താളവും മേളവും.

‘‘തുള്ളല്, ചൊല്ലിപ്പാടി കേൾക്കണം; തുള്ളിക്കളിച്ചു കാണണം’’ എന്നിങ്ങനെ കേരളത്തിലെ ഗ്രാമവൃദ്ധൻമാരുടെയിടയിൽ ഒരു ചൊല്ലുണ്ട്. നമ്പിയാരുടെ കൃതികൾ തിരിച്ചറിയണമെങ്കിൽ മുൻചൊന്ന എല്ലാ കാവ്യകലാമാനദണ്ഡങ്ങളുടെയും സമഗ്രാനുഭൂതി സിദ്ധിക്കുന്നുണ്ടോ എന്നു പരീക്ഷിക്കണമെന്നാണ് അതിന്റെ സാരം. ഓരോ തുള്ളലുമെടുത്ത് ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായി വീക്ഷിച്ചാൽ സാക്ഷാൽ കുഞ്ചൻനമ്പിയാരുടെ വിശ്വരൂപം തെളിഞ്ഞവതരിക്കുന്ന യഥാർത്ഥ വാങ്മയങ്ങൾ വേർതിരിച്ചെടുക്കാം.

പദവാക്യച്ഛന്ദസ്സുകളിൽ

ജനങ്ങളോടടുപ്പം; ജനങ്ങളോടു സഖിത്വം

തുള്ളൽക്കഥകളുടെ നിർമ്മിതിയിൽ കവിയുടെ ആത്യന്തികലക്ഷ്യം ബഹുജനാടിസ്ഥാനത്തിലുള്ള ഒരു സാംസ്കാരിക നവോത്ഥാനമാണെന്നതു സുവ്യക്തമത്രേ. ആഖ്യാനശൈലി, പ്രതിപാദനരീതി, സാമൂഹ്യവിമർശനം, ഫലിതപ്രയോഗം, പരിഹാസശരവർഷം, ഗാനശൈലി, ചൊല്ലുഭേദങ്ങൾ, വൃത്തഭേദങ്ങൾ, താളഭേദങ്ങൾ, പദമട്ടുകൾ, അലങ്കാരങ്ങൾ, വർണ്ണനകൾ എന്നിങ്ങനെയുള്ള സകലവിധ കാവ്യകലാപ്രകരണങ്ങളിലും നാടോടിത്തസാരസ്യങ്ങൾ ഓളംകളിക്കുന്നതു നമുക്കു കാണാം.

സാമാന്യജനങ്ങളുടെ സംഭാഷണശൈലിയിൽനിന്ന് ഇത്രയേറെ പഴഞ്ചൊല്ലുകളും പദശൈലികളും സ്വീകരിച്ച്, അവയ്ക്കു സാഹിതീയ സാധുത്വം നല്കിയ മറ്റൊരു കവി മലയാളഭാഷയിലില്ല. നാടോടിസംഭാഷണങ്ങളിൽ പ്രചരിച്ചിരുന്ന പഴഞ്ചൊല്ലുകളുടെയും പദശൈലികളുടെയും നിരന്തരവും നിഷ്പ്രയാസവും എന്നാൽ ഔചിത്യപൂർവവുമായ വാരിവിതറൽകൊണ്ടു കവി തന്റെ കാവ്യഭാഷയുടെ സരളീകരണവും മസൃണീകരണവും ഏറ്റവും വിദഗ്ധമായി സാധിച്ചിരിക്കുന്നു. എന്നുമാത്രവുമല്ല, ജനങ്ങൾ കവിയിലേക്കും കവി ജനങ്ങളിലേക്കും അലിഞ്ഞുചേരുകയെന്ന അതിമഹത്തായ കാവ്യസാഫല്യവും ഈ പ്രക്രിയയിൽക്കൂടി കവി കൈവരിച്ചിരിക്കുന്നു. ഇപ്രകാരമുള്ള ചൊല്ലുകളെ സുലഭമായി പ്രയോഗിച്ചു കവി തന്റെ ജനകീയകാവ്യമുദ്ര പതിപ്പിച്ച നിരവധി തുള്ളലുകളിലെ സുലഭസന്ദർഭങ്ങൾ ഉദാഹരിക്കുന്നതു നമ്പ്യാരെ തൊട്ടുരുമ്മി അറിയുന്നതിന് ഉപകരിക്കുമെന്നതിനാൽ ആയതിലേക്കു യത്നിച്ചുകൊള്ളുന്നു.

പഴഞ്ചൊല്ലുകൾ

സ്യമന്തകം

1. തള്ള പിരിഞ്ഞൊരു കുഞ്ഞുകളൊന്നിനു
കൊള്ളരുതെന്നതു കേട്ടിട്ടില്ലേ.
2. തട്ടും കൊട്ടും ചെണ്ടയ്ക്കത്രേ
കിട്ടും പണമതു മാരാൻമാർക്കും
വെട്ടും കുത്തും പരിശയ്ക്കത്രേ
കിട്ടും വിരുതു പണിക്കർക്കെന്നും
ഇത്തരമുള്ള പഴഞ്ചൊല്ലോട–
ഞൊത്തീടുന്നീ വാർത്തകളെല്ലാം.
3. വേലികൾതന്നേ വിളവു മുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു.
4. കപ്പലകത്തൊരു കള്ളനിരുന്നാ–
ലെപ്പൊഴുമില്ലൊരു സുഖമറിയേണം.
5. ആയിരവർഷം കുഴലിലിരുന്നൊരു
നായുടെ വാലു വളഞ്ഞേ തീരൂ.
6. എമ്പ്രാനപ്പം കട്ടുഭുജിച്ചാ–
ലമ്പലവാസികളൊക്കെക്കക്കും.
7. പാമ്പിനു പാലു കൊടുത്തെന്നാകിൽ
കമ്പിരിയേറിവരാറേയുള്ളു.

ഘോഷയാത്ര

1. തോണികടന്നാൽ തുഴകൊണ്ടെന്നൊരു
നാണിയമുണ്ടതു ഭോഷ്കല്ലേതും.
2. കുറുനരി ലക്ഷം കൂടുകിലും ഒരു–
ചെറുപുലിയോടു ഫലിക്കില്ലേതും
3. പൊട്ടക്കുളമതു വിട്ടു തിരിച്ചാ–
ലട്ടയ്ക്കൊരുഗതിയില്ലെന്നറിക.
4. നായുടെ വാലൊരു പന്തീരാണ്ടേ–
ക്കായതമാകിന കുഴലതിലാക്കി
പിന്നെയെടുത്തതു നോക്കുന്നേരം
മുന്നേപ്പോലെ വളഞ്ഞെയിരിപ്പൂ.

5. യഷ്ടികളെ ഭയമില്ല കുരയ്ക്കും
   പട്ടി കടിക്കില്ലെന്നു പ്രസിദ്ധം.

കിരാതം

1. മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും
   കല്ലിനുമുണ്ടാമൊരുസൗരഭ്യം.
2. തള്ളയ്ക്കിട്ടൊരു തല്ലു വരുമ്പോൾ
   പിള്ളയെടുത്തു തടുക്കേയുള്ളു.
3. വല്ലാമക്കളിലില്ലാമക്കളി–
   തെല്ലാവർക്കും സമ്മതമല്ലോ.
4. ദുഷ്ടു കിടക്കെ വരട്ടും വ്രണമതു
   പൊട്ടും പിന്നെയുമൊരുസമയത്തിൽ.
5. ശകുനം കൊള്ളാമെന്നു നിനച്ചു
   പുലരെക്കട്ടുകവർന്നാലുടനെ
   തലപോമെന്നതു ബോധിച്ചാലും.

നളചരിതം

1. തോണികടന്നാൽ തുഴകൊണ്ടെന്നൊരു
   നാണിയമുണ്ടതുപോലെ സമസ്തം.
2. കൈയ്യിൽ കിട്ടിയ കനകമുപേക്ഷി–
   ച്ചീയംകൊൾവാനിച്ഛിക്കുന്നു!
3. കുവലയമലരുടെ പരിമളസാരം
   തവളകളറിവാൻ സംഗതിവരുമോ?
4. ശ്ലോകം ചൊല്ലിപ്പൊരുൾ പറയുമ്പോൾ
   കാകനതിങ്കലൊരിരയുണ്ടാമോ?
5. അങ്ങാടികളിൽ തോലി പിണഞ്ഞാൽ
   അമ്മയൊടപ്രിയമെന്നതുപോലെ.

രുക്മിണീസ്വയംവരം

1. ഉപ്പു ചുമന്നു നടക്കുന്നവനൊരു
   കപ്പലു കടലിലിറക്കാൻ മോഹം
2. അണ്ടികൾ ചപ്പി നടക്കുന്നവനൊരു
   തണ്ടിലിരിപ്പാനാശകണക്കേ.
3. കുണ്ടുകിണറ്റിൽ തവളക്കുഞ്ഞിനു
   കുന്നിൻമീതെപറക്കാൻ മോഹം.
4. ചൊട്ടച്ചാൺവഴി ദൂരം മാത്രം
   കഷ്ടിച്ചങ്ങു പറക്കും കോഴികൾ
   ഗരുഡനു പിറകേ ചിറകും വീശി–
   ഗ്ഗഗനേ ഗമനം വാഞ്ഛിക്കുന്നു.

സത്യാസ്വയംവരം

1. എന്നെ വേണങ്കിലെന്റെ കുന്തം വിഴുങ്ങണം താൻ
   എന്നുള്ള സംസാരമായ്വന്നല്ലോ തോഴിമാരേ!
2. ഗതികെട്ടാൽ പുലി പുല്ലും തിന്നും.
3. കുറുനരി ലക്ഷം വന്നാലിന്നൊരു
   ചെറുപുലിയോടു പിണങ്ങാനെളുതോ?

4. കടിയാപ്പട്ടികൾ നിന്നു കുരച്ചാൽ
വടിയാലൊന്നു തിരിച്ചാൽ മണ്ടും
5. തന്റെ പെരുക്കാൽ മണ്ണിലൊളിച്ചപ–
രന്റെ പെരുക്കാൽ കണ്ടു ചിരിക്കും.

രാമാനുചരിതം

1. കൊന്നതിനേക്കാൾ കോതയിരിക്കൽ
നിന്നു വിളിക്കുന്നതു ബഹു ദുഃഖം.
2. കടിയാപ്പട്ടി കുരയ്ക്കുമ്പോളൊരു
വടിയാൽ നില്ക്കുമതല്ലാതെന്തിഹ.
3. കടുതായ് ശബ്ദിക്കും കുറുനരിയെ
കടുവായുണ്ടോ പേടിക്കുന്നു?

ഗോവർദ്ധനചരിതം

1. വല്ലാമക്കളിലില്ലാമക്കളി–
തെല്ലാവർക്കും സമ്മതമല്ലോ.
2. ഗർഭത്തിൽകിടക്കുന്നോരർഭകൻ ചവിട്ടുമ്പോ–
ളുർവിയിൽ ജനനിക്കങ്ങുദ്ഭവിക്കുമോ കോപം?

സന്താനഗോപാലം

1. ആന പിടിച്ചാലിളകാത്തൊരു തടി
ശ്വാവിനു കൊണ്ടുഗമിക്കായ്‌വരുമോ?
2. തന്റെ വലിപ്പം താൻ പറയരുതതു–
കൊണ്ടുമിതിങ്ങറിയാഞ്ഞിട്ടല്ലാ.
3. അങ്ങാടീത്തോറ്റെന്നാലങ്ങതി–
നമ്മയൊടെന്ന പഴഞ്ചൊല്ലൊത്തു.

ശീലാവതീചരിതം

1. ആശാനക്ഷരമൊന്നു പിഴച്ചാൽ
അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്.
2. ഓതിക്കോനൊരു മന്ത്രമിളച്ചാൽ
ഒരു പന്തിക്കാരൊക്കെയിളയ്ക്കും.
3. അമരക്കാരനു തല തെറ്റുമ്പോൾ
അണിയക്കാരുടെ തണ്ടുകൾ തെറ്റും.
4. താളക്കാരനു മാത്ര പിഴച്ചാൽ
തകിലറിയുന്നവനവതാളത്തിൽ.
5. പടനായകനൊരു പടയിൽതോറ്റാൽ
ഭടജനമെല്ലാം ഓടിയൊളിക്കും.
6. കാര്യക്കാരൻ കളവു തുടർന്നാൽ
കരമേലുള്ളവർ കട്ടുമുടിക്കും.
7. അറുപതിലാരാൻ ചുരികപയറ്റു തുട–
ങ്ങാറുണ്ടോ ശിവ ശിവ കഷ്ടം!

അഹല്യാമോക്ഷം

1. അങ്ങാടീന്നൊരു തോലി പിണഞ്ഞാൽ
തങ്ങടെയമ്മയൊടെന്നുണ്ടല്ലോ.
2. കരമതിലകപ്പെട്ട കനകക്കട്ട
പരിചൊടു കളയുന്നതുചിതമല്ല.

സീതാസ്വയംവരം

1. ഉമ്മാൻ വകയില്ലാത്തൊരു തൊമ്മൻ
   സമ്മാനിപ്പാനാളായ്‌വരുമോ?
2. ആന വലിക്കാതുള്ള മരത്തടി
   പൂനവലിപ്പാനാളായ്‌വരുമോ?
3. എന്നെ വേണങ്കിലെന്റെ കുന്തം വിഴുങ്ങണം താൻ
   എന്നുള്ള സംസാരംപോൽ വന്നു കാര്യങ്ങളെല്ലാം.

രാവണോദ്‌ഭവം

1. വല്ലാമക്കളിലില്ലാമക്കളി—
   തെല്ലാജനവും ചൊല്ലുന്നല്ലോ.
2. തന്നുടെ കൈയ്യു തലയ്‌ക്കതുവച്ചാ—
   ലൊന്നും വളരെയസഹ്യതയില്ലാ.
3. ആന മദിച്ചുവരുന്നേരത്തൊരു
   കൂനനിറുമ്പു തടുപ്പാനെളുതോ?

ബാലിവിജയം

1. മുള്ളു കുത്തിയാൽ മററു മുള്ളുകൊണ്ടെടുക്കേണം
   രാക്‌ഷസരെജ്‌ജയിപ്പാൻ രാക്‌ഷസൻമാരേ നല്ലൂ.
2. കണ്ണില്ലാത്തൊരു പൊണ്ണൻ, കാഴ്‌ചകൾ
   കാണാനിച്‌ഛിക്കുന്നതുപോലെ.

പ്രദോഷമാഹാത്‌മ്യം

1. ചെന്നുകെടുകയേക്കാൾ നിന്നുകെടുക നല്ലൂ
   എന്നുള്ള ചൊല്ലിനിപ്പോൾ എങ്ങുമേ നീക്കമില്ല.
2. കാട്ടുകോഴികൾക്കെന്തു സംക്രാന്തിയെന്നപോലെ
   നാട്ടുപിള്ളർക്കു നമ്മുടെ നാണയം ഗ്രഹിക്കാമോ?
3. ചാത്തുവെലിക്കരിയില്ലാത്തവനി—
   ച്ഛാത്തത്തിനുമതിമോഹം പാരം
4. പണമെന്നുള്ളതു കൈയ്യിൽ വരുമ്പോൾ
   ഗുണമെന്നുള്ളതു ദൂരത്താകും.

ഹിഡിംബവധം

1. ചതിപെട്ടാൽ പുനരെന്തരുതാത്തു
   ഗതികെട്ടാൽ പുലി പുല്ലും തിന്നും.
2. കെട്ടിക്കൊലചെയ്‌തു നിന്നെ ഞാൻ തിന്നുവൻ
   കാട്ടുകോഴിക്കു സംക്രാന്തിയുണ്ടോ നരാ!

ബകവധം

1. ചോളച്ചോററിനു ചേനത്തൊലി കറി
   നീളെക്കേളി പഴഞ്ചൊല്ലിങ്ങനെ.

നിവാതകവചവധം

1. ഇട്ട കരത്തിനു കടികൂട്ടുന്നതി—
   നൊട്ടും സംശയമില്ലിഹ നൂനം.

കല്യാണസൗഗന്ധികം

1. കൊറ്റിനില്ലാത്തവൻ കോപ്പു മോഹിക്കുമോ?
2. വീട്ടിലുണ്ടെങ്കിൽ വിരുന്നുചോറും കിട്ടു—
മൂട്ടിലും കിട്ടാ ദരിദ്രനെന്നാകിലോ.
3. കൂനൻ മദിക്കുകിൽ ഗോപുരം കുത്തുമോ?

സുന്ദോപസുന്ദോപാഖ്യാനം

1. ക്ലേശങ്ങൾകൂടാതെ കാര്യം ലഭിക്കുമോ?
കാശഴിയാതെ കുറിക്കൂട്ടു കിട്ടുമോ?
2. മെച്ചമേറീടുന്ന പൊന്നിന്റെ മുന്നില-
പ്പിച്ചളയ്ക്കുണ്ടോ പ്രകാശം ഭവിക്കുന്നു?
3. ചോറിട്ട പാണിയിൽ കേറിക്കടിക്കുന്ന
കൂററ്റ പട്ടിയെപ്പോലെ തുടങ്ങുന്നു.

ഗണപതിപ്രാതൽ

1. ഈറ്റുനോവിന്റെ പരമാർത്ഥമൊക്കെയും
പെറ്റ പെണ്ണുങ്ങൾക്കുതന്നെയറിയാവു.
2. കാട്ടുകോഴിക്കെന്തു സംക്രാന്തിയെന്നതും
കൂട്ടം കവിപ്രൗഢരൊക്കെ ധരിച്ചിടും.
3. ആടിന്നറിയുമോ അങ്ങാടിവാണിഭം?
4. ദുഷ്ടെന്നിയേ മറ്റൊന്നും ഗ്രഹിക്കില്ല
പൊട്ടക്കുളത്തിൽ കളിച്ചീടുമട്ടകൾ.

ധ്രുവചരിതം

1. കട്ടിലു കണ്ടു പനിച്ചാൽ കണക്കല്ല
കിട്ടുമെന്നാകിലേ മോഹം തുടങ്ങാവു.

നൃഗമോക്ഷം

1. കാച്ചിത്തിളപ്പിച്ച പാലിൽക്കഴുകിയാൽ
കാഞ്ഞിരക്കായിന്റെ കയ്പു ശമിക്കുമോ?
2. പോത്തുകൾ വെട്ടുവാൻ പാഞ്ഞടുക്കുന്നേര—
മോത്തു കേൾപ്പിച്ചാലൊഴിഞ്ഞുമാറീടുമോ?
3. തള്ളയ്ക്കുനേരേ വരുന്നോരു വഹ്നിയെ
പിള്ളയെക്കൊണ്ടു തടുക്കുമന്നേരമെ—
ന്നുള്ള പഴഞ്ചൊല്ലു പാഴിലായിടുമോ?

പൗണ്ഡ്രകവധം

1. തോണികടന്നാൽ തുഴകൊണ്ടുപിന്നെ യ—
ന്നാണിയമുള്ളതു താനറിഞ്ഞീലയോ?
2. എന്നാൽ പുലികളോടങ്കംപൊരുതേണ—
മെന്നുള്ള മോഹമിപ്പൂച്ചയ്ക്കു ചേരുമോ?

കൃഷ്ണലീല

1. വല്ലാത്ത മക്കളിലില്ലാത്ത മക്കളി—
ന്നെല്ലാം പരക്കവേ ചൊല്ലുന്നതില്ലയോ?

കാളിയമർദ്ദനം

1. തനിക്കുള്ള ബലം മുമ്പിൽ നിനയ്ക്കേണം മനക്കാമ്പിൽ
തനിക്കൊത്ത ജനത്തോടേ പിണക്കത്തിന്നടുക്കാവൂ.

ഹരിണീസ്വയംവരം

1. കർമ്മദോഷത്താൽ വരുന്ന രോഗങ്ങൾക്കു
ചെമ്മേ കഷായം കുടിച്ചാൽ ഫലിക്കുമോ?
2. നാണിയെക്കണ്ടാലെളുപ്പമാമെന്നൊരു
നാണിയം നാട്ടിൽ നടത്താതിരിക്കണം.
3. കുരയ്ക്കും പട്ടികളുണ്ടോ കടിക്കുന്നു, നിജസ്തോത്ര-
മുരയ്ക്കുന്നോരുടെ വിദ്യയ്ക്കിരിക്കും ദൂഷണമെല്ലാം.
4. ഉണ്ണാത്ത പാഴനെയൂട്ടുവാൻ മേലെന്നി-
വണ്ണം പറയുന്നതൊക്കാതിരിക്കുമോ?
5. മണ്ണും തുരന്നു കിണററിൽ കിടക്കുന്ന
മണ്ഡൂകമെന്തോന്നു കണ്ടറിയുന്നതും

ഹനുമദുദ്ഭവം

1. കുരുടന്റെ മുന്നിൽനിന്നു കൂത്തുകാട്ടുന്നതുപോലെ.

ത്രിപുരദഹനം

1. അന്നുവെട്ടുംവാളിനു നെയ്യിട്ടിരുന്നു ലോകമെല്ലാം.
2. ചുമരുണ്ടെങ്കിലേ നല്ല ചിത്രമുള്ളു ധരിച്ചാലും.
3. പടിക്കൽ പാറ പൊന്നെങ്കിൽ പാതിതേവർക്കെന്നപോലെ
4. വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടെന്നപോലെ.
മേളമേറും പ്രഭുക്കൻമാരെന്ന ഭാവം ചിലർക്കുണ്ട്.
5. കുംഭകോണേ കൃതം പാപം കുംഭകോണേ വിനശ്യതി.
6. ഈററപ്പാമ്പിൻ വിഷമെല്ലാം പാററകൾക്കു സഹിക്കാമോ?
7. കൈയിൽപ്പുണ്ണിനു പിന്നെക്കണ്ണാടികൂടെ വേണോ?

പാഞ്ചാലീസ്വയംവരം

1. കൊമ്പൻപോയതുതന്നെ മോഴയ്ക്കു വഴിയാകും.

നാളായണീചരിതം

1. കാലത്തുതുഴയാഞ്ഞാൽ കടവിൽച്ചെന്നടുക്കില്ല.
2. കാലൻ വന്നടുക്കുമ്പോൾ കയർത്തെന്നാൽ ഫലമില്ല.
3. തന്നത്താനറിയാഞ്ഞാൽ പിന്നെത്താനറിഞ്ഞീടും.

പഞ്ചേന്ദ്രോപാഖ്യാനം

1. അണ്ടിയോടടുക്കുമ്പോൾ പുളിക്കുമെന്നു ബോധിപ്പിൻ.
2. ഈററപ്പാമ്പു കടിപ്പാനായ് ചീററിവന്നങ്ങടുക്കുമ്പോൾ
ഏററുനിന്നു നല്ലവാക്കു പറഞ്ഞാൽ പററുകില്ലേതും.
3. ഉറപ്പില്ലാനിലക്കൂററിലുറപ്പിക്കാൻ തുടങ്ങുന്ന
കുറുപ്പിന്നു നില തെററുമെന്നു ബോധിച്ചുകൊള്ളേണം.
4. കണ്ണടച്ചങ്ങിരുട്ടാക്കി നടന്നാൽ മററു ലോകർക്കു
കണ്ണുകാണാതാകയില്ല, താൻ മറിഞ്ഞു കുണ്ടിൽ വീഴും.

സഭാപ്രവേശം

1. അറിഞ്ഞാലും നിങ്ങളാടാച്ചാക്കിയാർക്കേ കോപ്പു വേണ്ടു.
2. ആനവിററു പണമുണ്ടാക്കുന്നവരെത്തെളിയിപ്പാൻ
ചേനവിററു പൊറുക്കുന്ന ചങ്ങാതി മതിയാമോ?
3. പാമ്പിനു പാൽകൊടുത്തോനെപ്പാഞ്ഞുവന്നു കടികൂട്ടും
ചേമ്പിനു നെയ്യൊഴിച്ചാകിൽ ചൊറിഞ്ഞു കൂട്ടുവാൻമേല.
4. ഉറക്കത്തിൽ പണിക്കത്തം തനിക്കുമില്ലെനിക്കുമി–
ല്ലറക്കൊട്ടിലകംപുക്കാൽ നമ്മളെല്ലാമൊരുപോലെ.

കുംഭകർണ്ണവധം

1. ഇരുമ്പുകട്ടിയെത്തട്ടിമറിക്കാമെന്നു മോഹിച്ചാൽ
ഉറുമ്പിൻകൂട്ടത്തിനുണ്ടോ തരിമ്പും സാധ്യമാകുന്നു?
2. കൂത്തിന്റെ വിധമെല്ലാം കുഴിയാനയ്ക്കറിയാമോ?

ഹരിശ്ചന്ദ്രചരിതം

1. കാട്ടുകോഴിക്കെന്തു സംക്രാന്തിപ്രകാരം, മഹാമൂഢൻ
കാട്ടുമഗ്ഗോഷ്ടികൾ കാൺമാൻ ഞങ്ങളാരും വരുന്നീല.
2. പോത്തു വെട്ടാനടുക്കുമ്പോൾ അന്തണൻമാരെന്തുചെയ്വൂ
ഓത്തുകളാലൊഴിഞ്ഞങ്ങു മാറുമോ കാട്ടുജന്തുക്കൾ?

പദശൈലികൾ

പ്രയോഗസന്ദർഭങ്ങൾക്കനുസരിച്ചു പ്രത്യേകാർത്ഥങ്ങളെയും പ്രത്യേകഭാവങ്ങളെയും അനായാസമായും അതിശക്തമായും അഭിവ്യഞ്ജിപ്പിക്കാൻ സമർത്ഥങ്ങളായ ചില സവിശേഷപദശൈലികൾ സാമാന്യജനങ്ങളുടെ സംഭാഷണശൈലിയിൽനിന്നു നമ്പിയാർ സ്വീകരിച്ചു തുള്ളൽക്കഥകളിൽ ധാരാളം പ്രയോഗിച്ചിട്ടുണ്ട്. ഇത്തരം പദശൈലികൾ വഹിക്കുന്ന അർത്ഥവ്യാപ്തിയും ഭാവാഭിവ്യഞ്ജകത്വവും ആയിരം ഉറച്ച പദങ്ങളെക്കൊണ്ടുപോലും വരുത്തുവാൻ പ്രയാസമായിരിക്കും.

കുഞ്ചൻനമ്പിയാരുടെ വാങ്മയത്തിൽ തികച്ചും പ്രയോഗസാഫല്യം കൈവരിച്ച ചില പദശൈലികളാണു താഴെ ചേർക്കുന്നത്. നമ്പിയാരുടെ വാങ്മയങ്ങളെ വേർതിരിച്ചറിയാനുള്ള സവിശേഷപദമുദ്രകളും കൂടിയാണവ.

ആനകളിക്കുക=പരിഹസിക്കുക; കളിയാക്കുക.

1. ഇങ്ങനെ പലരും പലവിധമായി–
ത്തങ്ങളിലിതുകൊണ്ടാനകളിച്ചും (സ്യമന്തകം)
2. ഉരിയരിപോലും ചോദിച്ചാലവർ
തരികില്ലെന്നല്ലാനകളിക്കും. (ഘോഷയാത്ര)
3. കച്ചയുടുപ്പാനില്ലാത്തവളെ–
ക്കാഴ്ചക്കായികൊണ്ടുതിരിച്ചാൽ
ആനന്ദിച്ചുനടക്കും വിപ്രർ–
ക്കാനകളിപ്പാൻ വകയുണ്ടാകും. (രുക്മിണീസ്വയംവരം)
4. കള്ളുകുടിച്ചാനകളിക്കും പൊണ്ണൻമാരിവരാരും
കൊള്ളരുതു പടയ്ക്കിന്നവരുടെ ചെള്ളയ്ക്കടികൊള്ളേണം.
(ബാണയുദ്ധം)

5. അന്തണരെക്കൊണ്ടാനകളിച്ചാൽ
അന്തരമുണ്ടാമഖിലൻമാർക്കും. (പാത്രചരിതം)
6. നൂനം കണ്ടജനങ്ങൾക്കെല്ലാം
ആനകളിപ്പാനൊരുവകയായി. (അഹല്യാമോക്ഷം)
7. പലനാളിങ്ങനെ പട്ടിണിയിട്ടും
പലരും കണ്ടുടനാനകളിച്ചും (കാർത്തവീര്യാർജ്ജുനവിജയം)
8. ആനകളിപ്പാൻ തുടങ്ങുന്നു നിങ്ങൾ
ഞാനതറിഞ്ഞീല വേദിയൻമാരേ! (ഹരിണീസ്വയംവരം)
9. വാനരത്തെയിന്നു പെററാൽ ചിതം വന്നി–
താനകളിപ്പാൻ വഴിവീണു ലോകർക്ക് (ഹനുമദുദ്ഭവം)

ആരോമൽ=അരുമയായ; സന്തോഷപൂർവം

1. ഓരോ സഖിമാരെ പ്രത്യക്ഷം
ആരോമൽക്കനിവോടു കൊടുത്താൻ. (നളചരിതം)
2. വീരാ! വസിച്ചീടുന്നു ദ്വാരാവതീപുരിയിൽ
പാരാതെ പോക നമുക്കാരോമൽഭക്തിയോടേ.
(രാമാനുചരിതം)
3. നാരീമണിയായുള്ളൊരഹല്യയെ
ആരോമൽക്കണ്ടിന്നലെ ഞാനും. (അഹല്യാമോക്ഷം)
4. പാരാതെ മൂത്താശാരിപ്പണിക്കനെ വേറെ വിളി–
ച്ചാരോമലുരചെയ്തു അതിദുഷ്ടൻ ശകുനിയും.
(ഹിഡിംബവധം)
5. ഓരോ രജനികളിലോരോ പാണ്ഡുസുതൻമാ–
രാരോമലുറങ്ങാതെ നേരം പുലർത്തീടുന്നു. (ടി)
6. ഈരേഴുലോകങ്ങളൊക്കെജ്ജയിപ്പതി–
ന്നാരോമലുത്സാഹമുണ്ടു ഞങ്ങൾക്കെടോ.
(സുന്ദോപസുന്ദോപാഖ്യാനം)
7. സ്വൈരമാംവണ്ണം മനസ്സിലാക്കീടുവാ–
നാരോമലാഗ്രഹിക്കുന്നു മാലോകരേ! (കൃഷ്ണലീല)
8. ആരോമലംബുധിതന്നിലതുനേര–
മോരോ പദാർത്ഥങ്ങൾ വന്നു പൊങ്ങിത്തദാ (ബാല്യുദ്ഭവം)
9. ചേരുന്ന സുഖമെല്ലാമാരോമൽക്കനിവോടേ
സ്വൈരമേ വരുത്തിക്കൊണ്ടാരോടും കുറയാതെ
(ത്രിപുരദഹനം)
10. ആരുള്ളു ധരണിയിലധുനാ ധർമ്മകർമ്മങ്ങൾ
ആരോമൽക്കനിവോടെയനുഷ്ഠിച്ചു വസിക്കുന്നു?
(ഹരിശ്ചന്ദ്രചരിതം)

ഊർദ്ധ്വമാകുക=വിഫലമാകുക; നഷ്ടപ്പെടുക; തോല്ക്കുക; ഇല്ലാതാകുക; മുടങ്ങുക.

1. ഉള്ളംതന്നിലഹംഭാവം കണ–
കൊള്ളുന്നേരമതൂർദ്ധ്വമതാകും. (ഘോഷയാത്ര)
2. ഊർദ്ധ്വചാരി വരരോടമർച്ചെയ്താൽ
ഊർദ്ധ്വമാമവനിചാരികളെല്ലാം. (ടി)
3. കാളകൾ കുത്തിക്കാലുമുടക്കി
വേലിയുമില്ല പ്രതിഗ്രഹമൂർദ്ധ്വം. (സത്യാസ്വയംവരം)
4. പാർത്ഥൻമാരു വനംപുക്കപ്പോൾ
ഊർദ്ധ്വം നമ്മുടെ ധർമ്മമിതെല്ലാം (പാത്രചരിതം)

5. സത്ക്കർമ്മങ്ങളശേഷം മുട്ടി
സ്വർഗ്ഗിജനങ്ങൾക്കഷ്ടിയുമൂർദ്ധ്വം. (ശീലാവതീചരിതം)
6. ദണ്ഡുമെടുത്തു കുലപ്പാൻ വളരെ—
ദണ്ഡിച്ചൂർദ്ധ്വമതായെന്നല്ലീ (സീതാസ്വയംവരം)
7. അല്ലൽപിണഞ്ഞു സാധിക്കില്ലെന്നുറച്ചു മണ്ടി
നല്ലാർമണിയുടെ കല്യാണമൂർദ്ധ്വവുമായി. (ടി)
8. തന്നെക്കാൾ വലിയോനെ താണു സേവിച്ചിടാഞ്ഞാൽ
പിന്നെത്താനൂർദ്ധ്വമായി പിന്നോക്കം പോകേയുള്ളു.
(പ്രദോഷമാഹാത്മ്യം)
9. വേട്ടയ്ക്കു നല്ല മിടുക്കുള്ള നമ്മുടെ
ചേട്ടന്റെ വക്കാണമിക്കാലമൂർദ്ധ്വമായ്.
(കല്യാണസൗഗന്ധികം)
10. യുദ്ധമിങ്ങനെ കൂട്ടി വൃദ്ധൻമാരതിൽ ചില—
രുത്തമരതിൽ ചിലരൂർദ്ധ്വമായതുനേരം (ടി)
11. അപ്പോളുരചെയ്തു കെല്പോടിരുവരും
മുല്പാടപേക്ഷിച്ചതൂർദ്ധ്വമാക്കിബ്ഭവാൻ
(സുന്ദോപസുന്ദോപാഖ്യാനം)
12. അർദ്ധരാത്രിക്കു വരുന്നവർക്കത്താഴ—
മൂർദ്ധ്വമാക്കീടരുതെന്നുമുറപ്പിച്ചു (നൃഗമോക്ഷം)
13. അർദ്ധരാജ്യം തരാമെന്നു പറഞ്ഞതു—
മൂർദ്ധ്വമാക്കും മഹാലുബ്ധൻ സുദക്ഷിണൻ
(പൗണ്ഡ്രകവധം)
14. പാരിൽ പരന്നോരു വീരനെന്നിങ്ങനെ
പേരുള്ളതൂർദ്ധ്വമായ്പ്പോയതു സങ്കടം (ഹരിണീസ്വയംവരം)
15. ഊർദ്ധ്വമായിട്ടങ്ങു പോകുന്ന കാൺമാൻ
പാർത്തൊരുദിക്കിൽ നില്ക്കേണം നമുക്കും. (ടി)
16. മൂർദ്ധാഭിഷിക്തരായുള്ള നൃപൻമാരു—
മൂർദ്ധ്വരായ്പ്പോകുമിവിടെ വന്നാൽ. (സഭാപ്രവേശം)
17. പാർത്തലേ പോർക്കളംതന്നിൽ ധൂർത്തരാം പാർത്ഥിവൻമാരും
ആർത്തുടൻ നേർത്തുവന്നെന്നാലൂർദ്ധ്വമാമോർത്തു—
കൊണ്ടാലും. (കുംഭകർണ്ണവധം)
18. തന്റെ പക്ഷമൂർദ്ധ്വമായാൽ പന്തയംതാൻ ചൊല്കവേണം
എന്റെ പക്ഷമൂർദ്ധ്വമായാൽ പണയം പിന്നെ ഞാൻ
ചൊല്ലാം. (ഹരിശ്ചന്ദ്രചരിതം)

ക്ലേശിക്കുക=ചോദിക്കുക; അന്വേഷിക്കുക; കാര്യവിചാരംചെയ്യുക.

1. ക്ലേശിച്ചാലിതു തുമ്പുണ്ടാമെ—
ന്നാശ നമുക്കു വളർന്നീടുന്നു. (സ്യമന്തകം)
2. നിന്നോടവരുടെ ഗുണദോഷങ്ങളി—
ലൊന്നും ഞാനിഹ ക്ലേശിച്ചീല. (ഘോഷയാത്ര)
3. എന്നതു കേട്ടു സുരേന്ദ്രൻ ചൊന്നാൻ
എന്നൊടു മുനിയതു ക്ലേശിക്കേണ്ടാ. (നളചരിതം)
4. ഇങ്ങനെ കഴിയും രാവും പകലും
എങ്ങനെ കാര്യം ക്ലേശിക്കുന്നു. (പാത്രചരിതം)
5. എന്നൊരു കണിയാനോടൊരുദിവസം
ചെന്നു പതുക്കെ ക്ലേശിച്ചപ്പോൾ (പ്രദോഷമാഹാത്മ്യം)
6. നിങ്ങടെ നമ്പൂരിക്കു പണം വര—
വെങ്ങനെയെന്നതു ക്ലേശിച്ചോ നീ? (ടി)

7. വാശിയുള്ളന്തണനേകിയ ഗോവിനെ
ക്ലേശിക്കവേണ്ട ഭവാനും മഹാമതേ? (നൃഗമോക്ഷം)
8. രാജ്യകാര്യങ്ങളെ ക്ലേശിക്കയെന്നൊരു
വ്യാജംനടിച്ചു സമസ്തസാധുക്കളെ. (ഹരിണീസ്വയംവരം)
9. വർണ്ണിച്ചു വസിക്കുന്നു വൈരിയാം സുയോധനൻ
കണ്ണില്ലാ ജനകനു കാര്യക്ലേശവുമില്ല. (സഭാപ്രവേശം)
10. അങ്ങനെയല്ലെടോ ചണ്ഡാലൻെറ യാഗമെന്നു കേട്ടു
എങ്ങനെയെന്നറിഞ്ഞില്ല, ഞങ്ങൾ ക്ലേശിച്ചതുമില്ല.
(ഹരിശ്ചന്ദ്രചരിതം)

ചെണ്ട, ചെണ്ടത്തം, ചെണ്ടപിണയുക, ചെണ്ടകൊട്ടിക്ക, ചെണ്ടക്കാരൻ = അമളി; അബദ്ധം; ചതി; ചതിക്കുക; കബളിപ്പിക്കുക; ചതിയൻ; മൂഢൻ; വിഡ്ഢി.

1. ചെണ്ടക്കാരുടെ ദീനമൊഴിച്ചുട-
നവരുടെ ദിക്കിനയയ്ക്കേവേണ്ടൂ. (ഘോഷയാത്ര)
2. കൊണ്ടൽക്കുഴൽമണിയാളേ നിന്നുടെ
ചെണ്ടത്തം പുനരധികംതന്നെ. (നളചരിതം)
3. ചെണ്ടക്കാരും ചെകിടൻമാരും
ശണ്ഠയിടുന്നൊരു ശുണ്ഠിക്കാരും (രുക്മിണീസ്വയംവരം)
4. കണ്ടകവാക്കുകൾ പറയുന്നവനിഹ
ചെണ്ടക്കാരനതെന്നു ഭവിക്കും. (ടി)
5. കണ്ടച്ചാരേ! വലുതായിട്ടൊരു
ചെണ്ടപിണഞ്ഞതറിഞ്ഞില്ലേ താൻ? (ഗോവർദ്ധനചരിതം)
6. കാക്കരനായരു ചേർച്ചതുടങ്ങി
പോക്കിരിയവനൊരു ചെണ്ടപിണഞ്ഞു (അഹല്യാമോക്ഷം)
7. തിങ്ങിന മോദാൽ വാണൊരു കാലം
പങ്ങച്ചാർക്കൊരു ചെണ്ടപിണഞ്ഞു. (ടി)
8. ചെണ്ടക്കാരനു മരണത്തിന്നൊരു
രണ്ടോ നാലോ ദിവസം താമസ-
മുണ്ടാമായതിലേററംവേണ്ടാ. (കാർത്തവീര്യാർജ്ജുനവിജയം)
9. നേരറിയാതെ പുറപ്പെട്ടെന്നാ-
ലാരെങ്കിലുമൊരു ചെണ്ടപിണയ്ക്കും. (ബാലിവിജയം)
10. തൊണ്ടനാകുന്ന ദശകണ്ഠൻെറ വാക്കുകേട്ടു
ചെണ്ടക്കാരനാം മുനി വീണ്ടുമരുളിച്ചെയ്തു. (ടി)
11. ചെണ്ടക്കാരൻ ഞാനിഹ നിന്നെ-
ക്കൊണ്ടാടീടുകകൊണ്ടല്ലേ നീ. (ടി)
12. ശണ്ഠയ്ക്കങ്ങൊരുമ്പെട്ടു കുണ്ഠൻമാർ പലർകൂടി
ചെണ്ടക്കാർക്കഭിമാനംകൊണ്ടാപത്തിടകൂടി.
(കല്യാണസൗഗന്ധികം)
13. എന്നിങ്ങനെ പരാധീനം പറഞ്ഞങ്ങു
നിന്നീടിനാലങ്ങു ചെണ്ടകൊട്ടും സഖേ! (ടി)
14. കുണ്ഠിതംകൂടാതിരിക്കുന്ന ഞങ്ങളെ
ചെണ്ടകൊട്ടിപ്പാൻ ഭവാനെളുതല്ലെടോ!
(സുന്ദോപസുന്ദോപാഖ്യാനം)
15. ചെണ്ടകൊട്ടിപ്പാൻ വിരുതുള്ളവർ ചൊല്ലു-
കൊണ്ടല്ലയോ വന്നുകേറി നീ ബാലകാ! (ധ്രുവചരിതം)
16. ചെണ്ടകൊട്ടിച്ചൊരു കള്ളൻെറ മുഞ്ഞിക്കു
രണ്ടു തൊഴിക്കാതടങ്ങുകില്ലിന്നു ഞാൻ. (നൃഗമോക്ഷം)

17. നമ്മുടെ വേഷം ചമഞ്ഞു ഭവാനെയും
ചെണ്ടകൊട്ടിച്ചു ഗമിച്ചുവെന്നാലിന്നു (ഹരിണീസ്വയംവരം)
18. ചെട്ടിയെക്കെട്ടിയെന്നങ്ങു കേട്ടു ചെട്ടിച്ചിയുമപ്പോൾ
യഷ്ടിയെ ചെണ്ടകൊട്ടിക്കുന്നുണ്ടുഞാനെന്നങ്ങുറച്ചു (ടി)
19. ഞങ്ങളൊട്ടും ഭോഷരല്ല ചെണ്ടകൊട്ടിക്കയുംവേണ്ട
(ത്രിപുരദഹനം)
20. ചെണ്ടത്തം പിണയ്ക്കുന്ന ചെങ്ങാതിക്കൊരു പന്തി
കണ്ട പെണ്ണിനെയെല്ലാം കാംക്ഷയുണ്ടൊരുപോലെ
(പഞ്ചേന്ദ്രോപാഖ്യാനം)
21. ധാർമ്മികൻമാർക്കിതുമാത്രം ചെണ്ടകൊട്ടിത്തരംതന്നെ (ടി)
22. കണ്ടുകൊൾക രിപുക്കളിസ്സഭതന്നിൽ വന്നു കരേറുകിൽ
ചെണ്ടകൊട്ടി മറിഞ്ഞുവീണിഹ പല്ലുപോമതു നിശ്ചയം.
(സഭാപ്രവേശം)
23. രണ്ടു പക്ഷം നമുക്കില്ല രാജരാജാക്കളെക്കൊണ്ടു
ചെണ്ടകൊട്ടിപ്പതിനുള്ള ചാതുരിയും നമുക്കുണ്ട്.
(ഹരിശ്ചന്ദ്രചരിതം)

തനിച്ച=ഉത്കൃഷ്ടമായ, ശ്രേഷ്ഠമായ, തനിക്കുതാൻപോന്ന, താൻപ്രമാണിത്തം നടിക്കുന്ന, വലിയ, മേൻമയുള്ള.

1. തനിച്ച കാട്ടിൽ ജനിച്ച ഘോഷം
നിനപ്പതിന്നും പ്രയാസമല്ലോ (സ്യമന്തകം)
2. തനിച്ച മാനുഷജനത്തിനിപ്പോൾ
അനേകമുണ്ടേ മനോരഥങ്ങൾ (ടി)
3. തളത്തിലേറിച്ചരിഞ്ഞുറങ്ങും
ജളത്വമേറിന തനിച്ചനായർ (ടി)
4. പുല്ലും തനിച്ച രത്നക്കല്ലും ഭേദമില്ലൊരു
വല്ലന്തിയെന്നുള്ളതുമില്ലന്തിനേരമായാൽ (സത്യാസ്വയംവരം)
5. തനിച്ച പാത്രത്തിൽനിന്നു ജനിച്ചോരിലക്കെട്ടുകൊ–
ണ്ടൊരിക്കലേ വിപ്രൻമാർക്കു നിരക്കേയിലയുംവച്ചു
(പാത്രചരിതം)
6. തടികൊണ്ടൊരു ഫലമില്ല തനിച്ചൊരു
തടിയൻ തിന്നുമുടിക്കാൻ കൊള്ളാം. (പ്രദോഷമാഹാത്മ്യം)
7. ശിക്ഷയിലങ്ങു ധരിച്ചു തനിച്ച ശി–
വക്ഷേത്രേ മരുവീടുകവേണം. (ടി)
8. ചീർത്തു മരിക്കാതെ മരിച്ചു തനിച്ച പെരുത്തൊരു ഭോഷൻ
(കല്യാണസൗഗന്ധികം)
9. തനിച്ച ഭാരതംതന്നിൽ ജനിച്ച പാണ്ഡവൻമാരെ
നിനച്ചാലപ്പൊഴേ പാപം നശിച്ചീടും നരൻമാരേ!
(സുന്ദോപസുന്ദോപാഖ്യാനം)
10. ക്രുദ്ധനാം പൗണ്ഡ്രകൻതാനും തനിച്ചൊരു
വൃദ്ധനായുള്ളൊരു കാശീനരേന്ദ്രനും (പൗണ്ഡ്രകവധം)
11. കലഹത്തിൽ കരുത്തെല്ലാം ഫലംകൊണ്ടങ്ങറിയിക്കാം
തനിച്ചോരിന്ദ്രനെപ്പോലും പിടിച്ചങ്ങു വരുത്തീടാം
(കൃഷ്ണലീല)
12. എനിക്കെന്റെ പട്ടരച്ചാ! മിനക്കേടില്ലൊരിക്കലും
തനിച്ച നായരെൻ വീട്ടിൽ പിരിയാതെയിരിക്കുന്നു (ടി)
13. തനിച്ച വേശ്യമാരെല്ലാം കുറിച്ച നായരെത്തന്നെ
നിനച്ചുംകൊണ്ടകച്ചൂടും തികച്ചങ്ങനെ വസിക്കുന്നു. (ടി)

14. തനിക്കുള്ള ഗുണങ്ങളെത്തനിയേ വർണ്ണനംചെയ്യും
തനിച്ച സത്ക്കവി മന്നിൽ ജനിച്ചാലാവതില്ലേതും
(ഹരിണീസ്വയംവരം)
15. രണഭീരുക്കളെ വേണ്ടാ തനിച്ച മന്നവൻമാർക്കും
(ത്രിപുരദഹനം)
16. തരംനോക്കീട്ടൊരു ദിക്കിൽ മഴുകൊണ്ടൊന്നു കുത്തുമ്പോൾ
പുരം താനേ ജനിച്ചീടും തനിച്ച പർവതംപോലെ (ടി)
17. ജംഭശാസനനും തനിച്ച നിലിമ്പവൃന്ദമശേഷവും
ഡംഭുകാട്ടി ഞെളിഞ്ഞിരിപ്പതുമിന്നെനിക്കിഹ കാണണം (ടി)
18. എനിക്കത്രേ രാജ്യമെന്നും എനിക്കത്രേ രാജ്യമെന്നും
നിനച്ചേററം ഞെളിയുന്നു തനിച്ച ബുദ്ധിമാൻമാരും. (ടി)
19. നിറമുള്ള പട്ടുചേല ചകലാസെന്നിവകൊണ്ടു
പുറമെല്ലാം വിതാനിച്ചു തനിച്ച തോരണം കെട്ടി.
(പഞ്ചേന്ദ്രോപാഖ്യാനം)
20. ജനിച്ചു പണ്ടൊരു വേടൻ വനത്തിൽ പാണ്ഡ്യകാഖ്യൻപോൽ
തനിച്ച ശക്തിയാൽ ധീരൻ മൃഗങ്ങൾക്കൊക്കവേ കാലൻ
(പുളിന്ദീമോക്ഷം)
21. ധരിത്രീവാനവൻമാർക്കും ധരിത്രീപാലകൻമാർക്കും
തനിച്ച വൈശ്യശൂദ്രാദി പ്രജാവർഗ്ഗത്തിനുമെല്ലാം
(ഹരിശ്ചന്ദ്രചരിതം)
22. തനിച്ച നരവരപുരങ്ങളും
തണുത്ത തണലുള്ള മരങ്ങളും (ടി)

പള്ളിശ്രാമ്പി=രാജകൊട്ടാരത്തിൽനിന്നുള്ള കല്പന; രാജകൊട്ടാരത്തിലെ മണിമാളിക.

1. പള്ളികെട്ടറിയിക്കണമെന്നാ—
പ്പള്ളിശ്രാമ്പി കൊടുത്തു നൃപാലൻ (സീതാസ്വയംവരം)
2. പള്ളിശ്രാമ്പി കരേറിദ്ദശമുഖ—
നുള്ളമഴിഞ്ഞു സുഖിച്ചു വസിച്ചു. (രാവണോദ്ഭവം)
3. ഉള്ളിൽ പേടിയുംതേടി ചില മന്ത്രിപ്രവരൻമാർ
പള്ളിശ്രാമ്പിമേലേറിത്തിരുമുമ്പിൽ ചെന്നുനിന്നു
(ത്രിപുരദഹനം)
4. പാർത്ഥിവൻമാരിരിക്കുന്ന പള്ളിശ്രാമ്പിമേൽ ചെന്നു
പാർത്ഥൻമാർ കരയേറി കൃതാർത്ഥൻമാരിവരെല്ലാം
(പാഞ്ചാലീസ്വയംവരം)

പൊക്കം, പൊക്കമാകുക, പൊക്കിവിടുക=വിഫലം, നഷ്ടം, നഷ്ടമാകുക എന്നിങ്ങനെ 'ഊർദ്ധ്വമാകുക'യെന്ന പ്രയോഗത്തിന്റെ അർത്ഥപ്രതിപത്തിതന്നെ ഇതിനും.

1. ഇക്കഥകൊണ്ടു പിരിഞ്ഞെന്നാകിൽ
പൊക്കമെവർക്കൊരു സദ്ഗതി മാർഗ്ഗം (ശീലാവതീചരിതം)
2. നേരുള്ളവനെശ്ശനെന്നുള്ളൊരു
പേരും നല്കിപ്പൊക്കിയയക്കും (ടി)
3. വിക്രമശാലിയായിരിക്കുന്ന പുത്രൻ നിന—
ക്കിക്കാലം പൊക്കംതന്നെ ദുഷ്കാലം നീക്കാവതോ?
(ബാലിവിജയം)

4. ചൊല്ലാം പിന്നെ മനോരാജ്യങ്ങള–
തെല്ലാമിന്നിഹ പൊക്കംതന്നെ. (ബാലിവിജയം)
5. പൊക്കം പിന്നെ സ്ത്രീജനസംഗം
പൊക്കണമൊന്നിഹ തോളിലുമേറും. (പ്രദോഷമാഹാത്മ്യം)
6. ഇക്കണ്ടുണ്ണികൾ ഞങ്ങൾക്കായതു
പൊക്ക,മൊരിത്തിരി കിട്ടുകയില്ല. (ഹിഡിംബവധം)
7. ഇക്കാലമായതു പൊക്കം പിടിപ്പിപ്പൻ
ഇക്കണ്ട രാത്രിഞ്ചരേന്ദ്രൻ മഹാബലൻ.
(കല്യാണസൗഗന്ധികം)
8. ചക്രവും നെല്ലും കരസ്ഥമാക്കിക്കൊണ്ടു
പൊക്കം പിടിപ്പിച്ചയയ്ക്കും പ്രജകളെ (നൃഗമോക്ഷം)
9. ഇക്കാരിയക്കാർക്കതും സമ്മതമല്ല
പൊക്കായയയ്ക്കണമെന്നിവർക്കാഗ്രഹം. (പൗണ്ഡ്രകവധം)
10. പൗരുഷത്തോടങ്ങു ചെന്നു ഞാനിങ്ങോട്ടു
പൊക്കമായ്ത്തന്നെ തിരിച്ചുപോന്നേനൊരു
(ഹരിണീസ്വയംവരം)
11. പൊക്കത്തിൽ നില്ക്കുമൊരു മരത്തിൽ ചെന്നി–
ളക്കുവാനായി പ്രയത്നങ്ങൾ ചെയ്തവൻ
പൊക്കമായ് നിന്നതേയുള്ളു തരിമ്പു കു–
ലുക്കമില്ല മരക്കൊമ്പുകൾക്കെന്നല്ല (ഹനുമദുദ്ഭവം)
12. വെക്കമെങ്ങളകാപുരത്തിലിരിപ്പുമമ്പൊടു പൊക്കണം
പൊക്കണങ്ങളണിഞ്ഞുകൊണ്ടവനിന്നിരന്നു നടക്കണം
(ത്രിപുരദഹനം)
13. യന്ത്രക്കാരൻമാർ കലവറയിൽച്ചെന്നു
മന്ത്രിച്ചു മറ്റോരെപ്പൊക്കിയയയ്ക്കയും (കുംഭകർണ്ണവധം)

മാറ്റി, മാറ്റിക്കണ്ടൻ, മാറ്റിത്തം=അല്പൻ; മൂഢൻ; ചതിയൻ; ഉപദ്രവി; കൊള്ളരുതാത്തവൻ; ഭാഗ്യദോഷി.

1. മാറ്റികളെപ്പുനരെന്തിനു നാമിഹ
മാറ്റിക്കൊൾവാൻ പണിചെയ്യുന്നു. (ഘോഷയാത്ര)
2. കൊറ്റിനു വകയില്ലെന്നോ ശിവ! ശിവ!
മാറ്റികൾ നിങ്ങൾക്കെന്തറിയാവു: (കിരാതം)
3. മാറ്റികളാകിന ഭൂപതിമാരിൽ
നൂറ്റിലൊരുത്തനു തോന്നിയതല്ലീ (നളചരിതം)
4. ചോറ്റിനുപുറമേ കറികൾ വരാഞ്ഞാൽ
മാറ്റികൾ നിന്നു ശകാരംകൂട്ടും (രുക്മിണീസ്വയംവരം)
5. ഏതാനൊരു തടവുണ്ടാം മാറ്റികൾ
യാതൊന്നിനു കോപ്പിട്ടു തിരിച്ചാൽ (ടി)
6. മാറ്റികൾ വന്നു പടയേറ്റെന്നാലവരെയീ–
ക്കാറ്റിൻമകന്റെ തമ്പി പാറ്റപോൽ പറപ്പിക്കും
(സത്യാസ്വയംവരം)
7. മറ്റുള്ളരചൻമാരെപ്പോലെ
മാറ്റിത്തം മുകിൽവർണ്ണനു വരുമോ? (ടി)
8. നമ്മുടെ മാറ്റിത്തംകൊണ്ടരചനു
ധർമ്മംചെയ്വാൻ മടിതുടരേണം (ടി)
9. പെണ്ണിന്റെ രൂപംകണ്ടു കാംക്ഷിച്ച നിങ്ങൾക്കിപ്പോൾ
കണ്ണിന്റെ മാറ്റിത്തത്താൽ കാൺമാനുംകൂടെക്കിട്ടാ. (ടി)

10. മാറ്റിയെ മാറത്തിട്ടു തൊഴിച്ചു
മാറ്റിത്തം പലതെന്നേവേണ്ടു (ഗോവർദ്ധനചരിതം)
11. മാറ്റികളായിട്ടൊരുവക വളരെ–
പ്പോറ്റികളിങ്ങനെ നൃപനെ വലപ്പാൻ (പാത്രചരിതം)
12. പോറ്റികളന്തിക്കവിടെച്ചെന്നാൽ
മാറ്റികളെന്നൊരു പേരും കിട്ടും (ടി)
13. മാറ്റിത്തം പിണയാതെ പ്രദോഷം
നോറ്റുംകൊണ്ടൊരു സംവത്സരമതി (പ്രദോഷമാഹാത്മ്യം)
14. മറ്റുള്ള മാലോകരും മാറ്റിക്കണ്ടൻമാർക്കൊരു
വറ്റും കൊടുക്കയില്ല. മുറ്റുമിവർകൾക്കെങ്ങും (ടി)
15. മാറ്റിത്തമുള്ളോരു നീയുമിന്നെന്റെ വ–
യറ്റിൽ പിറന്നു. പറഞ്ഞാൽ ഫലമില്ല (ധ്രുവചരിതം)
16. കെട്ടിക്കരേറ്റുവാൻ മുട്ടിച്ചുദണ്ഡിച്ച
കുട്ടികൾക്കും വന്നുതട്ടി മാറ്റിത്തവും (നൃഗമോക്ഷം)
17. മാറ്റിത്തമുള്ളവൻ കന്യകാരോദനം
മാറ്റിവയ്പാൻ പ്രയത്നം തുടങ്ങീടിനാൻ
(ഹരിണീസ്വയംവരം)
18. നീറ്റിലുള്ള മുതലകൾ ചീറ്റിവന്നങ്ങടുക്കുമ്പോൾ
മാറ്റിയാകും തവളയ്ക്കങ്ങേറ്റുപോവാനെളുതാമോ?
(ത്രിപുരദഹനം)
19. മാറ്റികൾക്കിന്നിതല്ലാതെ ചെറ്റുമുറ്റും ഫലമില്ല
കൂറ്റുകാരുമവർക്കില്ല ദുരിതം കണ്ടുകൊണ്ടാലും (ടി)
20. ഏറ്റം സംഭ്രമത്തോടേ മാറ്റികൾ യുദ്ധമെല്ലാം
മാറ്റിദ്ധാവതിചെയ്തു മാറ്റലർ ഭയപ്പെട്ടു
(പഞ്ചേന്ദോപാഖ്യാനം)
21. മാറ്റിത്തം വരുത്താതെ ചതിച്ചുകൊൽകിലേ നമ്മെ–
പ്പോറ്റും ഭൂമിപനെ ധിക്കരിക്കാതെ കഴിക്കാവൂ. (കീചകവധം)

യന്ത്രി=സൂത്രശാലി

1. മന്ത്രികളും യജമാനൻമാരും
യന്ത്രികളാകിന കർണ്ണൻ ശകുനി (കിരാതം)
2. മന്ത്രികളൊന്നിനു മുതിരുന്നേര–
ത്തെന്ത്രികളൊന്നു മുടിപ്പാൻ നോക്കും (നളചരിതം)
3. മന്ത്രികളുംകൂടി ഗൂഢം മന്ത്രിക്കുന്നുപോലുമയ്യോ
യന്ത്രികളെല്ലാരും നമ്മെ വഞ്ചിച്ചീടുന്നു
(രുക്മിണീസ്വയംവരം)
4. മന്ത്രികളും യജമാനൻമാരും
യന്ത്രികളാകിന മേനോൻമാരും (സത്യാസ്വയംവരം)
5. യന്ത്രക്കാരൻമാർ കലവറയിൽ ചെന്നു
മന്ത്രിച്ചു മറ്റോരെപ്പൊക്കിയയയ്ക്കയും (കുംഭകർണ്ണവധം)

യഷ്ടി=ഭോഷൻ; അല്പൻ; കൊള്ളരുതാത്തവൻ; ചതിയൻ.

1. യഷ്ടിജനങ്ങളിൽ മൂത്തവനാം ഞാൻ
ദുഷ്ടതതന്നെ നിനച്ചേയുള്ളു (സ്യമന്തകം)
2. വെട്ടമെടുക്കും മുമ്പേ യഷ്ടികൾ
ഘട്ടിസ്സാദമെടുത്തു ഭുജിക്കും (ഘോഷയാത്ര)
3. ഒട്ടുമകംപുറമില്ലാതുള്ളോരു
യഷ്ടീ! നില്ലു നിനക്കെന്തെറിയാം? (ടി)

4. യഷ്ടികളെ ഭയമില്ല കുരയ്ക്കും—
പട്ടി കടിക്കില്ലെന്നു പ്രസിദ്ധം. (ഘോഷയാത്ര)
5. അഷ്ടി കഴിച്ചു തിമിർത്തുനടക്കും
യഷ്ടികളൊരുവക ദുർവിനയൻമാർ (ടി)
6. അഷ്ടി കഴിക്കാം പണവും കിട്ടും
യഷ്ടികളെന്തിന്നമളിക്കുന്നു. (സത്യാസ്വയംവരം)
7. ചെണ്ടക്കാരൊരുകൂട്ടം യഷ്ടികൾ
ഉണ്ടിഹ നിന്നെബ്ബഹുമാനിപ്പാൻ (ടി)
8. അഷ്ടികഴിപ്പാൻതന്നേയിരുവരു—
മെഷ്ടികളിങ്ങനെ വന്നുണ്ടായി. (രാവണോദ്ഭവം)
9. യഷ്ടീ! യെന്തൊരു ഗോഷ്ടികൾ നിന്നുടെ
ധൃഷ്ടതയെല്ലാമെവിടെയൊളിച്ചു? (ടി)
10. യഷ്ടികൾ തമ്മിൽ പൂശനകൂട്ടി
ചട്ടികലങ്ങൾ പകുക്കുന്നയ്യോ! (പ്രദോഷമാഹാത്മ്യം)
11. കുട്ടിയെങ്കിലും കുഷ്ഠിയെങ്കിലും
യഷ്ടിയെങ്കിലും വിഡ്ഢിയെങ്കിലും (ടി)
12. യഷ്ടിത്വമുള്ളൊരു നമ്മുടെ കൂട്ടത്തെ
ഇഷ്ടമല്ലാർക്കുമെന്നായി മഹാമതേ!
(സുന്ദോപസുന്ദോപാഖ്യാനം)
13. ധൃഷ്ടതയേറും വസുലക്ഷ്മിയാമവൾ
യഷ്ടിയെപ്പാട്ടിൽ പിടിച്ചങ്ങിരുത്തിനാൾ (ധ്രുവചരിതം)
14. കൂട്ടുവാൻ പോരാഞ്ഞു ഗർവിച്ചു നമ്മുടെ
പട്ടരെദ്ദൂഷണംചൊല്ലുന്നു യഷ്ടികൾ (ടി)
15. യഷ്ടിക്കു തുല്യരായ് വഡ്ഢിക്കുവേണ്ടീട്ടു
വിഡ്ഢിത്തമോരോന്നു കാട്ടി ഫലിക്കാഞ്ഞു
(പൗണ്ഡ്രകവധം)
16. ചെട്ടിയെക്കെട്ടിയെന്നങ്ങു കേട്ടു ചെട്ടിച്ചിയുമപ്പോൾ
യഷ്ടിയെച്ചെണ്ടകൊട്ടിക്കുന്നുണ്ടു ഞാനെന്നങ്ങുറച്ചു
(ഹരിണീസ്വയംവരം)
17. അഷ്ടി നന്നായ് കഴിച്ചുകൊണ്ടേഷണിക്കു നടക്കുന്ന
യഷ്ടികളുമതിൽത്തന്നെ പലരുണ്ടെന്നറിഞ്ഞാലും
(ത്രിപുരദഹനം)
18. അത്രമാത്രം വെട്ടമുള്ള യഷ്ടി മിന്നാമിനുങ്ങിപ്പോൾ
മിത്രനേക്കാൾ വലുതെന്നു നടിച്ചാൽ കൂടുമോ മൂഢാ:
(പഞ്ചേന്ദ്രോപാഖ്യാനം)
19. ഇഷ്ടമാടിക്കനിഞ്ഞു ചോറിട്ട കൈക്കു കടിക്കുന്ന
പട്ടികൾക്കു കൊടുക്കുന്ന യഷ്ടികൾക്കു നമസ്കാരം
(സഭാപ്രവേശം)
20. പെട്ടെന്നു നാണവുംകെട്ടു വസിക്കുന്ന
യഷ്ടിയാം കുഞ്ഞുരാമന്റെ വിശേഷം (കുംഭകർണ്ണവധം)
21. കൊട്ടിച്ചിരിക്കുന്ന കാണാനഹോ നല്ല
യഷ്ടിക്കു വിഡ്ഢിത്തമിത്ഥം ഭവിച്ചു.
(ഹരിശ്ചന്ദ്രചരിതം)

വല്ലന്തി=വല്ലായ്മ, ആപത്ത്, ദോഷം, ചതി, ഉപദ്രവം, വൈഷമ്യം.

1. വല്ലാത്ത ദേഹമൊരു വല്ലന്തി പ്രയോഗിക്കും
നമ്പൂരിയച്ചനോടു വമ്പു തുടങ്ങീടൊല്ല.
(രുക്മിണീസ്വയംവരം)

2. പുല്ലും തനിച്ച രത്നക്കല്ലും ഭേദമില്ലൊരു
വല്ലന്തിയെന്നുള്ളതുമില്ലന്തിനേരമായാൽ (സത്യാസ്വയംവരം)
3. മെല്ലെന്നു തരിക നീ കില്ലൊന്നുമിന്നു വേണ്ട
നല്ലന്തിനേരമൊരു വല്ലന്തിയുണ്ടാക്കാതെ (രാമാനുചരിതം)
4. നില്ലെടാ! വില്ലെടുത്താഹവംചെയ്കിൽ നീയില്ലെന്നുവന്നു–
കൂടും—ദൃഢ–
മില്ലതിനിങ്ങൊരു വല്ലന്തി തെല്ലുമേ കല്യ! കഠോര! ശഠാ!
(ബാണയുദ്ധം)
5. വല്ലാതുള്ളൊരു ശഠത തുടർന്നാൽ
വല്ലന്തിയുമിഹ വന്നു ഭവിക്കും
(കാർത്തവീര്യാർജ്ജുനവിജയം)
6. വാശ്ശതെന്നാകിലും വല്ലന്തി തീരുവ–
നീശ്വരാനുഗ്രഹമുണ്ടാക കാരണാൽ. (നൃഗമോക്ഷം)
7. കല്ലെങ്കിലതും തിന്നും നെല്ലെങ്കിലതും തിന്നും
വല്ലന്തിയൊഴിയട്ടെയെന്നു ഭാവം നിനക്കിപ്പോൾ
(നാളായണീചരിതം)
8. വല്ലാത്ത കവികെട്ടി വഷളാക്കിച്ചമയ്ക്കുന്ന
വല്ലന്തിശ്ശഠൻമാർക്കു വഴിവച്ചുകൊടുക്കൊല്ല
(ഹരിശ്ചന്ദ്രചരിതം)
9. വല്ലന്തി വന്നുഭവിക്കാതെ പൊയ്ക്കൊൾക–
നല്ലൂ നിനക്കിന്നു നാണംകെടാതെ (ടി)

വാലെടുക്കുക = പരിഹസിക്കുക; കളിയാക്കുക.

1. നാൽവർകൂടും സഭതന്നിൽ വാലെടുപ്പാനുള്ളമൂലം
ബാലചന്ദ്രചൂഡ! നീതാൻ കാരണം ശംഭോ! (കിരാതം)
2. പൊടുക്കെന്നു കാളകുത്തിക്കിടക്കുന്ന ഭോഷൻമാരേ–
പ്പടിക്കൽ ചെന്നുനിന്നു വാലെടുക്കാമാകുന്നവണ്ണം
(സത്യാസ്വയംവരം)
3. മാററിക്കണ്ടൻമാരെന്നു മാലോകർ വാലെടുക്കും
മാററിക്കൊൾകയേ നല്ലൂ നമ്മുടെ വൃന്ദമെല്ലാം
(പ്രദോഷമാഹാത്മ്യം)
4. കാഴ്ചയ്ക്കു വന്നീടുമംഗനമാരിൽ
പൂച്ചക്കണ്ണിമാരുമേതാനുമുണ്ടാം
ചാർച്ചയുണ്ടെങ്കിലും ചേർച്ചയുണ്ടെങ്കിലും
വാലെടുപ്പാനിങ്ങു സംശയമില്ല (ഹരിണീസ്വയംവരം)
5. വാലെടുത്തു നശിപ്പിക്കും ബാലവിപ്രൻമാരതിന്റെ
മൂലമെങ്ങും സമക്ഷത്തു സഞ്ചരിപ്പാനെളുതല്ല (ടി)
6. അർജ്ജുനനഗ്രജനാകും ഭീമസേനൻ മഹാദുഷ്ടൻ
ലജ്ജകൂടാതവൻ നമ്മെ വാലെടുക്കും തത്ര ചെന്നാൽ
(സഭാപ്രവേശം)

വാശ്ശതും = വല്ലതും; വല്ലതെന്നാകിലും; വല്ലതരത്തിലും; എന്തെങ്കിലും; എന്തുതന്നെയായാലും; എന്തെന്നാലത് എന്നെല്ലാമുള്ള അർത്ഥങ്ങളിൽ.

1. കുററം വാശ്ശതുമൊന്നുണ്ടാക്കി
കൊററു മുടക്കാൻ മടിയില്ലവനും (ഘോഷയാത്ര)
2. വാശ്ശതുമെന്നൊരുപേക്ഷ കണക്ക–
ല്ലിശ്ശനെക്കൊലചെയ്തേ പോവൂ. (ടി)

3. ഈശ്വരകോപമറിഞ്ഞാൽപ്പിന്നെ
വാശ്ശതുമെന്നൊരുപേക്ഷ തുടങ്ങും (നളചരിതം)
4. വാശ്ശതുമാട്ടതുമെന്തിനിദാനീം
വേശ്യകൾവൃത്തി നമുക്കറിയേണ്ട. (ടി)
5. പൂണൂൽക്കാരനു വാശ്ശേടത്തും
ഊണു കഴിപ്പാൻ തടവില്ലേതും. (രുക്മിണീസ്വയംവരം)
6. ചെണ്ടക്കാരൻ ചെല്ലുന്നേട—
ത്തുണ്ടാം വാശ്ശതുമൊരു വൈഷമ്യം. (ടി)
7. മിണ്ടരുതീവക വാശ്ശതുമായതു
കണ്ടുരസിച്ചു നമുക്കു വസിക്കാം (സത്യാസ്വയംവരം)
8. വാശ്ശതുമെന്നത്തലമുടി ചുററി
വലിച്ചു പുറത്തു മറിച്ചുടനവനെ (ടി)
9. വാശ്ശതുമസ്തു നമുക്കെന്തതിനാൽ
ഈശ്വരവിലസിതമാർക്കറിയാവൂ! (രാമാനുചരിതം)
10. വാശ്ശതുമങ്ങു ഗമിച്ചീടാം പുന—
രീശ്വരവിധിപോലൊത്തുവരട്ടെ. (സന്താനഗോപാലം)
11. മുററും നമ്മുടെ ചന്ത്രക്കാരനു
കുററം വാശ്ശതുമൊന്നുണ്ടാക്കും (പാത്രചരിതം)
12. വാശ്ശതുമൊന്നു കുളിച്ചുവരാം പുന—
രീശ്വരവിലസിതമാർക്കറിയാവൂ! (ടി)
13. കാച്ചിയ മോരും നീരും വേണം
വാശ്ശതുമൊരു കൂട്ടാനും വേണം (ശീലാവതീചരിതം)
14. ഈശ്വരകൃപയാലതുകൂടാതെ
വാശ്ശതുമൊരുവഴിപോന്നിഹ പററി (ടി)
15. കാഴ്ച നരേശ്വരനുണ്ടെന്നാകിൽ
വാശ്ശതുമിങ്ങനെ ചെയ്യണമിപ്പോൾ (സീതാസ്വയംവരം)
16. വരിക വിരവോടു നാം വില്ലെടുത്തീടുക
വരുവതുവരും ഫലം വാശ്ശതെന്നാകിലും (ടി)
17. അടിയങ്ങളുമതു വാശ്ശതുമെന്നൊരു
മടികൊണ്ടത്ര കുഴപ്പംവന്നു (രാവണോദ്ഭവം)
18. വാശ്ശതുമവനൊടു ക്ലേശിക്കാം പുന—
രീശ്വരകല്പിതമാർക്കറിയാവൂ
(കാർത്തവീര്യാർജ്ജുനവിജയം)
19. വാശ്ശതുമസ്തു നമുക്കൊരു നന്ദന—
നീശ്വരകൃപകൊണ്ടുളവായല്ലോ (ബാലിവിജയം)
20. ഇക്കോമളാംഗിയെക്കൈവിടുന്നീല ഞാൻ
ധിക്കാരമെന്നാകിലാകട്ടെ വാശ്ശതും
(സുന്ദോപസുന്ദോപാഖ്യാനം)
21. വാശ്ശതെന്നാകിലും വല്ലന്തി തീരവ—
നീശ്വരാനുഗ്രഹമുണ്ടാകകാരണാൽ (നൃഗമോക്ഷം)
22. വേശ്യമാരെപ്പോലെ ജീവിക്ക നന്നല്ല
വാശ്ശതെന്നാലും ശരീരം ത്യജിക്കണം (പൗണ്ഡ്രകവധം)
23. വാശ്ശതും കാണാമതുനേരമെല്ലാർക്കു—
മീശ്വരനല്ലോ പ്രമാണമാകുന്നതും. (ഹരിണീസ്വയംവരം)
24. വാശ്ശതെന്നാകിലും വേണ്ടതില്ലിങ്ങെടോ
വേശ്യയായ്‌വന്നാൽ നമുക്കു സാധിക്കണം (ബാല്യുദ്ഭവം)
25. വേശ്യമാർക്കുള്ള ധൂളിത്തം മൻമകൾക്കു ചേർച്ചയില്ല
വാശ്ശതെന്നാകിലുമിപ്പോളിപ്രസംഗം തുടങ്ങൊല്ല.
(പാഞ്ചാലീസ്വയംവരം)

26. ഈശ്വരാനുഗ്രഹമെന്നേ പറയാവൂ, നില്ക്കതെന്നാൽ
വാശ്ശതും രണ്ടു ചേട്ടൻമാരിരിക്കെ ഫൽഗുനൻ വേട്ടോ?
(പഞ്ചേന്ദ്രോപാഖ്യാനം)
27. വാശ്ശതെങ്കിലുമൊന്നു വന്നു സഭാസ്ഥലങ്ങളിലോതിനാ–
ലീശ്വരസ്തുതിയായ് വരേണമതെങ്കിലേ ശുഭമായ്വരൂ.
(പുളിന്ദീമോക്ഷം)
28. വാശ്ശതെന്നാകിലുമൊന്നു തീർത്തു കാട്ടാൻ കുറവില്ല
ഈശ്വരാനുഗ്രഹംപോലെ സംഭവിക്കുമതേവേണ്ടു
(സഭാപ്രവേശം)
29. വാശ്ശതെന്നാകിലും സത്ക്കർമ്മങ്ങളാശു തുടങ്ങേണം
ഈശ്വരൻമാർ പ്രസാദിപ്പാനതുകൊണ്ടേ മതിയാവൂ.
(ഹരിശ്ചന്ദ്രചരിതം)

ഇങ്ങനെ നിരവധി പദവാക്യമുദ്രകൾ ഇനിയും പരക്കെ നിരന്നു കിടക്കുന്നുണ്ട്.

ജനവായ്മൊഴിയിൽനിന്നു തിരഞ്ഞെടുത്ത പാദശൈലികളെക്കൊണ്ടു, കവി, തന്റെ കാവ്യദേവതയെ 'പൂവാരിയാരാധിക്കു'ന്നതിന്റെ മാതൃക കാണിക്കാൻ ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രമാണു മുകളിൽ ഉദ്ധരിച്ചത്.

താളവൃത്തവിശേഷങ്ങൾ

സർവജനപ്രീതികരമായ ഒരു ഗാനനൃത്തകലാപ്രസ്ഥാനത്തെ അവതരിപ്പിച്ചു പ്രചരിപ്പിക്കുകയാണു കവിയുടെ ലക്ഷ്യമെന്നതിനു സാക്ഷ്യം വഹിക്കുന്നവയാണു തുള്ളൽക്കഥകളിലെ പല പ്രസ്താവങ്ങളും.

''ഗാനനൃത്തംകൊണ്ടു സർവജനങ്ങൾക്കു–
മാനന്ദമുള്ളത്തിലുണ്ടാക്കുവാൻ പണി''
....
''വേഷങ്ങൾ കണ്ടു രസിക്കും ചില ജനം
ഘോഷങ്ങൾ കണ്ടു രസിക്കും ചില ജനം''
....
''നാനാപ്രകാരമായുള്ള ജനത്തിന്റെ
മാനസമെന്നു ധരിക്കേണമേവരും''

എന്ന പ്രസ്താവങ്ങൾ ഇതിനുത്തമോദാഹരണങ്ങളാണ്.

അങ്ങനെ ജനത്തെ മുമ്പിൽ കണ്ടുകൊണ്ടു പ്രയോഗിക്കുന്ന ദൃശ്യപ്രബന്ധത്തിന്നു വൈവിധ്യവും വൈചിത്ര്യവും ചടുലതയും ചൈതന്യവും ചലനാത്മകതയും വരുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു കവി അങ്ങേയറ്റം ബോധവാനാണ്. ആയതിലേക്കു താൻ അംഗീകരിച്ചിരിക്കുന്ന കലാസങ്കേതങ്ങളെ കവിതന്നെ വ്യക്തമാക്കിയിരിക്കുന്ന നിരവധി ഭാഗങ്ങൾ നേരത്തെ ഉദ്ധരിച്ചിട്ടുണ്ടല്ലോ. തദനുസരണം തുള്ളലുകളിൽ അതിസമർത്ഥമായി പ്രയോഗിച്ചിരിക്കുന്ന താളവൃത്തങ്ങളിൽ താളസൂക്ഷ്മത വരുത്തിക്കൊണ്ടു സാധിച്ചിരിക്കുന്ന രചനാശില്പമാണു നമ്പിയാർകൃതികളെ വേർതിരിച്ചറിയാൻ സഹായിക്കുന്ന മറ്റൊരു മതിയായ മാനദണ്ഡം. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ ഇനങ്ങളിൽ പ്രാധാന്യേന പ്രയോഗിച്ചിരിക്കുന്ന ഭാഷാവൃത്തങ്ങൾക്കു പുറമെ തന്റെ കാലത്തു പ്രചരിച്ചിരുന്ന നാടൻ നൃത്തകലാരൂപങ്ങളിൽ പ്രയോഗിച്ചുപോന്ന കാരിക, പഞ്ചകാരിക, മർമ്മം, കുംഭം, ലക്ഷ്മി, കുണ്ടനാച്ചി

തുടങ്ങിയ സങ്കീർണ്ണതാളവൃത്തങ്ങളും നമ്പിയാർ സുലഭമായി കൈകാര്യം ചെയ്തിട്ടുണ്ട്. പ്രസ്തുത താളവൃത്തങ്ങളിൽ കെട്ടുന്ന കവിതകൾ ആവഹിക്കേണ്ട ചലനാത്മകമായ വചനപ്രക്രമസൗഭാഗ്യമുണ്ടല്ലോ, അതാണു നമ്പിയാരുടെ കൃതികളെ വേർതിരിച്ചറിയാനുതകുന്ന ഉറപ്പുള്ളൊരുപാധി. ആഖ്യാനശൈലിയിലും പ്രതിപാദനരീതിയിലും രസികത്വത്തിലും നമ്പിയാരെ വിദഗ്ധമായി അനുകരിക്കാൻ കഴിഞ്ഞിട്ടുള്ള മററു കവികൾ സങ്കീർണ്ണതാളവൃത്തപ്രയോഗങ്ങളിൽ അവതാളത്തിൽ കലാശിക്കുന്നതു കാണാം.

ഈദൃശ താളവൃത്തങ്ങൾ പ്രയോഗിക്കുന്നതിൽ ശരിക്കു ശിക്ഷണം ലഭിക്കാതെ തുള്ളൽ രചിച്ചു താളം പിഴപ്പിക്കുന്ന കവികളെ ‘ലക്ഷണകുംഭതാളം പിഴയ്ക്കും വിലക്ഷണക്കൂട്ടത്തിനില്ലൊരു നാണവും’ എന്നു നമ്പിയാർ പരിഹസിക്കുന്നതും ശ്രദ്ധേയമാണ്.

മേൽവിവരിച്ച ഉപാധിധർമ്മങ്ങളുടെയും സൂക്ഷ്മാവലോകനവ്യാപാരങ്ങളുടെയും സഹായത്തോടുകൂടി, താഴെപ്പറയുന്ന തുള്ളലുകൾ നമ്പിയാരുടെ കൃതികളാണെന്നു നിസ്സംശയം പറയാമെന്ന നിഗമനത്തിലെത്തിച്ചേർന്നിരിക്കുന്നു.

ഓട്ടൻതുള്ളൽ: ഇഷ്ടദേവതാവന്ദനം, ഗുരുക്കൻമാരെയും ഉപകർത്താക്കളെയും മുൻനിറുത്തിയുള്ള സ്തുതി, കാലദേശസ്ഥിതികളുടെ സൂചന എന്നീ മുഖമുദ്രകളിൽ ഏതെങ്കിലും ചിലതു പതിഞ്ഞിട്ടുള്ളവയും കാവ്യകലാമാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി നിരൂപിക്കുമ്പോൾ സഹൃദയസമ്മതി നേടുന്നവയുമായ ഓട്ടൻതുള്ളലുകൾ:

1. സ്യമന്തകം, 2. ഘോഷയാത്ര, 3. കിരാതം, 4. നളചരിതം, 5. രുക്മിണീസ്വയംവരം, 6. സത്യാസ്വയംവരം, 7. സന്താനഗോപാലം, 8. പ്രദോഷമാഹാത്മ്യം.

ദേവതാവന്ദനമോ ഗുരുസ്മരണങ്ങളോ ഒന്നുംകൂടാതെ ‘‘എങ്കിലോ പണ്ട്’’; ‘‘അങ്ങനെയിരിക്കും കാലത്തുങ്കൽ’’ എന്നിങ്ങനെ ചാക്യാൻമാർ കഥാകഥനം ആരംഭിക്കുന്ന മാതൃക പിടിച്ചു നേരേ കഥയിലേക്കു കടക്കുന്നവയും കാവ്യകലാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കാവ്യാന്തരംഗപരിശോധന നടത്തുമ്പോൾ സഹൃദയസമ്മതി നേടുന്നവയുമായ ഓട്ടൻതുള്ളലുകൾ:

9. രാമാനുചരിതം, 10. ഗോവർദ്ധനചരിതം, 11. ബാണയുദ്ധം, 12. പാത്രചരിതം, 13. ശീലാവതീചരിതം, 14. അഹല്യാമോക്ഷം, 15. സീതാസ്വയംവരം, 16. രാവണോദ്ഭവം, 17. കാർത്തവീര്യാർജ്ജുനവിജയം, 18. ബാലിവിജയം, 19. ഹിഡിംബവധം, 20. ബകവധം, 21. നിവാതകവചവധം.

ശീതങ്കൻതുള്ളൽ: ഇഷ്ടദേവതാസ്തുതി, ഗുരുവന്ദനം, ഉപകർത്താക്കളെ പ്രകീർത്തിക്കൽ, കാലദേശസ്ഥിതികളുടെ സൂചന എന്നീ മുഖമുദ്രകളിൽ ഏതെങ്കിലും ചിലതു പതിഞ്ഞിട്ടുള്ളവയും കാവ്യകലാമാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി നിരൂപിക്കുമ്പോൾ സഹൃദയസമ്മതി ലഭിക്കുന്നവയുമായ ശീതങ്കൻതുള്ളലുകൾ:

1. കല്യാണസൗഗന്ധികം, 2. സുന്ദോപസുന്ദോപാഖ്യാനം, 3. ഗണപതിപ്രാതൽ, 4. ധ്രുവചരിതം, 5. നൃഗമോക്ഷം, 6. പൗണ്ഡ്രകവധം, 7. കൃഷ്ണലീല, 8. ഹരിണീസ്വയംവരം, 9. ഹനുമദുദ്ഭവം.

നേരേ കഥയിലേക്കു കടക്കുന്നവയും കാവ്യാന്തരംഗപരിശോധനയിൽ സഹൃദയസമ്മതി ലഭിക്കുന്നവയുമായ ശീതങ്കൻതുള്ളലുകൾ:

10. കാളിയമർദ്ദനം, 11. ബാല്യുദ്ഭവം.

പറയൻതുള്ളൽ: നേരത്തെ വിവരിച്ചിട്ടുള്ള മുഖമുദ്രകളിൽ ഏതെങ്കിലും ചിലതു പതിഞ്ഞിട്ടുള്ളവയും കാവ്യലക്ഷണങ്ങൾ തികഞ്ഞിട്ടുള്ളവയുമായ പറയൻതുള്ളലുകൾ:

1. ത്രിപുരദഹനം, 2. പാഞ്ചാലീസ്വയംവരം, 3. നാളായണീചരിതം, 4. പഞ്ചേന്ദ്രോപാഖ്യാനം, 5. കീചകവധം, 6. പുളിന്ദീമോക്ഷം, 7. സഭാപ്രവേശം, 8. കുംഭകർണ്ണവധം, 9. ഹരിശ്ചന്ദ്രചരിതം.

ചന്ദ്രാംഗദചരിതം (ഓട്ടൻ), നളചരിതം രണ്ടാം സ്വയംവരം (ഓട്ടൻ) ദക്ഷയാഗം (പറയൻ) ഈ മൂന്നു കഥകളും നമ്പിയാരുടെ തുള്ളലുകളായി മഹാകവി ഉള്ളൂർ തൻെറ സാഹിത്യചരിത്രത്തിൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇവ നമ്പിയാരുടെ കൃതികളെന്ന് അസന്ദിഗ്ധമായി പറയുക വയ്യ.

സോമവാരവ്രതമാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന ചന്ദ്രാംഗദ ചരിതം ശിവപുരാണത്തിൽ നമ്പിയാർ വർണ്ണിച്ചിട്ടുള്ള കഥയാണെങ്കിലും നമ്പിയാരുടെ മററു തുള്ളൽക്കഥകളുമായി തട്ടിച്ചുനോക്കുമ്പോൾ ചന്ദ്രാംഗദചരിതംതുള്ളൽ കാവ്യഗുണങ്ങളിൽ വളരെ പിന്നിലാണു നില്ക്കുന്നത്. നമ്പിയാരുടെ വചഃപ്രസരവുമായി പരിചയം സിദ്ധിച്ച ഒരു സഹൃദയനു ചന്ദ്രാംഗദചരിതം നമ്പിയാരുടെ കൃതിയെന്നു സമ്മതിക്കുക പ്രയാസം.

''സദ്യപൊടിച്ചു തകർത്തുകഴിഞ്ഞില്ലേ കർണ്ണത്തിന്നേക—
പുത്തരിയായ്പ്പലവട്ടവുമതിലില്ലേ
ചിത്തസുഖത്തോടു കുക്ഷി നിറച്ചില്ലേ
മുല്ലപ്പൂമാല, മേൽത്തരമത്തറിതൊക്കെ ലഭിച്ചില്ലേ''

എന്നിങ്ങനെ അരോചകവും ശുഷ്കവുമായ സദ്യവർണ്ണന നമ്പ്യാരുടേതെന്ന് എങ്ങനെ സമ്മതിക്കും?

''എന്നുറച്ചു വിപ്രനിവിടെ മന്നിടാധിപൻെറ നികടേ
ഊന്നിരുന്നു കെട്ടഴിച്ചു നോക്കി ജാതകം''
''അല്ലൽവിടർത്തിച്ചെയ്തളവിൽ ജഗ—
ജില്ലിയായ സുതരങ്ങു ജനിച്ചു''

'ജഗജില്ലിയും' 'ഊന്നിരിപ്പും' മററും നമ്പിയാരുടെ പ്രയോഗശൈലികളല്ല. സഹൃദയൻ നെററിചുളിക്കുന്ന ഇത്തരം സന്ദർഭങ്ങൾ കാവ്യത്തിലുടനീളമുണ്ട്. ഇതു നമ്പിയാരുടെ ഏതോ ഒരു ശിഷ്യൻെറ കൃതിയായിരിക്കണമെന്നു തോന്നുന്നു.

നളചരിതം രണ്ടാംസ്വയംവരത്തിൻെറ കർത്തൃത്വം സന്ദേഹാസ്പദമാണെന്നു തുള്ളൽക്കഥകളുടെ പ്രഥമ പ്രസിദ്ധീകരണവേളയിൽത്തന്നെ സരസകവി മൂലൂർ അഭിപ്രായപ്പെട്ടതു നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. സാമാന്യം ഭേദപ്പെട്ട തുള്ളൽശൈലിയിൽ കഥ അടുക്കിനു പറഞ്ഞുകൊണ്ടുപോകുന്നുവെന്നല്ലാതെ നമ്പിയാരുടെ ഫലിതപരിഹാസരസികത്വവ്യക്തിമുദ്രകളൊന്നും അതിൽ പതിഞ്ഞിട്ടില്ല. മററു ക്ലേശ

ങ്ങളൊന്നുംകൂടാതെ കേവലം കഥ ചൊല്ലി അരങ്ങു നടത്താൻ സൗകര്യമുള്ള തുള്ളലെന്ന നിലയിൽ തുള്ളൽക്കാർക്ക് ഇതിനോടു വളരെ പ്രതിപത്തിയുണ്ട്. ഇതും നമ്പിയാരുടെ ഏതോ ഒരു ശിഷ്യന്റെ കൃതിയായിരിക്കാനാണു ന്യായം.

അതുപോലെതന്നെ ദക്ഷയാഗം പറയൻതുള്ളലിൽ നമ്പിയാരുടേതെന്നു ഗ്രഹിക്കാൻ വിഷമമുള്ള ക്ലിഷ്ടഭാഗങ്ങൾ ധാരാളം കാണുന്നു. നമ്പിയാരുടെ ശിഷ്യനായ കോയിപ്പുറത്തു പണിക്കരുടെ കൃതിയാണിതെന്നു തുള്ളൽക്കാരിൽ ചിലർ പരമ്പരാഗതമായ കേട്ടുകേൾവിയെ അടിസ്ഥാനമാക്കി വിശ്വസിച്ചുപോരുന്നു.

*‘‘ദക്ഷയാഗം പണിക്കരുടെ വാങ്മയമാണെന്നു ചിലർ പറയുന്നുണ്ടെങ്കിലും’’ തനിക്കതു ‘‘സമ്മതിക്കുവാൻ തോന്നുന്നില്ലെ’’ന്നാണ് ഉള്ളൂരിന്റെ അഭിപ്രായം. എന്നാൽ ശരിക്കും തുള്ളൽപ്പരിചയം നേടിയ ഒരു സഹൃദയന് ഉള്ളൂരിന്റെ അഭിപ്രായത്തോടു വിയോജിക്കാനേ തോന്നൂ.

എങ്കിലോ കേട്ടുകൊണ്ടാലും പ്രജാപതിയായ ദക്ഷൻ
തങ്കഥയൊട്ടടിയനും അറിഞ്ഞപോലുരചെയ്യാം

എന്ന ആരംഭംതന്നെ നമ്പിയാരുടെ രീതിക്കു ചേർന്നതല്ല.

‘‘എഴുന്നള്ളീടുകിൽ തത്ര കലശലായ്പ്പിരിയുമൊ–
രുഴുന്നോളം ബഹുമാനം ശിവനെ ദക്ഷനില്ലിപ്പോൾ’’
‘‘തെറിയൊളവളിവിടേക്കു വരുവതിനെന്തു സംഗതി, ദുർഭഗേ!
കുറവനവനറുകുടിലനെവിടെയിരുന്നു ചൊല്ലിയയച്ചെടീ!
ചെറുമി! തവ പതി ദുർവിദഗ്ധതയറിയുമെറിയുമതിന്നു ഞാൻ’’

‘ഉഴുന്നോളം ബഹുമാനം’ ‘തെറിയൊൾ’, ‘ചെറുമി’ ഇതൊന്നും നമ്പിയാരുടെ രസികത്വത്തിനു ചേർന്ന പ്രയോഗങ്ങളല്ല.

‘‘അത്ര നില്പാൻ പാത്രമല്ല കുത്ര ഗച്ഛാമ്യഹമദ്യ
പേർത്തുമത്രൈവ യോഗ്യം സാ ചിത്തതാരിലുറച്ചുടൻ’’
‘‘ഇതെന്തേ ലേഷമെന്നിട്ടു വദന്തി കേചന കേചിൽ’’
‘‘ഭ്രമിച്ചു കേചന കേചിൽ വചിക്കയുമിടയിടെ
ജപിച്ചു രാമരാമേതി വിളിച്ചു വല്ലഭൻമാരെ’’

നെല്ലും മോരും കൂട്ടിക്കലർത്തിയതുപോലുള്ള ഇത്തരം ഭാഷാസംസ്കൃതയോഗം ഈ പ്രബന്ധത്തിൽ വേണ്ടുവോളമുണ്ട്. ‘‘ഭാഷയേറിവരുന്ന മണിപ്രവാളം’’ ‘‘മധുരപദാകലിതം മണിപ്രവാളം’’ എന്നൊക്കെ തന്റെ മണിപ്രവാളബോധത്തെ വ്യക്തമാക്കിയിട്ടുള്ള നമ്പിയാർക്കു നിരക്കാത്തതാണു ദക്ഷയാഗത്തിലെ ഭാഷാസംസ്കൃതയോഗം. ദക്ഷയാഗം പറയൻതുള്ളൽ കോയിപ്പുറത്തു പണിക്കരുടെ കൃതിയാണെന്നു ചില തുള്ളൽക്കാർ പറയുന്നതിനോടു യോജിക്കാനാണു തോന്നുക, അതു സൂക്ഷ്മമായി പഠിച്ചു പാടിച്ചൊല്ലി നോക്കുമ്പോൾ.

---

* ഉള്ളൂർ, കേരളസാഹിത്യചരിത്രം.

നമ്പിയാരുടേതല്ലെന്നു തീർത്തുപറയാവുന്ന തുള്ളലുകൾ

1. അംബരീഷചരിതം (ഓട്ടൻ), 2. നിവാതകവചകാലകേയവധം (ശീതങ്കൻ) ഇവ രണ്ടും പൂന്തോട്ടത്തു നമ്പൂരിയുടേതെന്നു തെളിഞ്ഞു കഴിഞ്ഞു.

3. കൃഷ്ണാർജ്ജുനവിജയം (ഓട്ടൻ) കുഞ്ചൻനമ്പിയാരുടെ ശിഷ്യനായ അമ്പയാററുപണിക്കരുടെ കൃതിയാണെന്നു സമ്മതമായിക്കഴിഞ്ഞു.

4. ഗജേന്ദ്രമോക്ഷം (പറയൻ) വെൺമണിനമ്പൂരിയുടെ കൃതിയെന്ന് ഉള്ളൂർ സ്ഥാപിച്ചിട്ടുണ്ട്. ഉള്ളൂരിന്റെ അഭിപ്രായത്തിന് ഉറപ്പു നല്കുന്നവയാണു മററു പല നിരൂപകൻമാരും ഈ വിഷയത്തിൽ ഹാജരാക്കിയിട്ടുള്ള തെളിവുകൾ.

5. ഐരാവണവധം (ഓട്ടൻ). കുഞ്ചൻനമ്പിയാരുടെ ആഖ്യാനശൈലിയെ അതിവിദഗ്ധമായി അനുകരിക്കുന്ന ഒരു പ്രബന്ധമാണ് ഐരാവണവധം. കഥ പൂർത്തിയായിട്ടില്ല. ഒരിടത്തും ഒരു തടവില്ലാതെ അനുസ്യൂതം അനുഭവപ്പെടുന്ന വൃത്തബന്ധവും ഭാഷയുടെ ഒഴുക്കും വിചാരിക്കുമ്പോൾ നമ്പിയാരുടെ കൃതിയാണെന്നു നാം ഭ്രമിച്ചുപോകും. തുള്ളിക്കളിച്ചു കഥ പറഞ്ഞുപോകുന്നുവെന്നല്ലാതെ നമ്പിയാരുടെ പ്രത്യക്ഷമുദ്രകളൊന്നുംതന്നെ പതിഞ്ഞുകാണുന്നില്ല. ഐരാവണവധം രാമപുരത്തു വാരിയരുടെ വാങ്മയമാണെന്നൊരഭിപ്രായം ഉള്ളൂർ തന്റെ സാഹിത്യചരിത്രത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ''ഈ വിഷയത്തിൽ ഉപരിഗവേഷണത്തിന്റെ ആവശ്യമുണ്ടെന്നുള്ള ഭാഗം ഞാൻ വിസ്മരിക്കുന്നില്ല,''[1] എന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു.

6. ഐരാവതപൂജ (ഓട്ടൻ), 7. സുന്ദരീസ്വയംവരം (ഓട്ടൻ) ഇവ രണ്ടും[2] നമ്പിയാരുടെ ശിഷ്യനായ കോയിപ്പുറത്തുപണിക്കരുടെ കൃതികളെന്ന് ഉള്ളൂർ അഭിപ്രായപ്പെടുന്നു. കാവ്യാന്തരംഗപരിശോധനയിൽ നമ്പിയാരുടേതല്ലെന്നു തീർച്ചപ്പെടുത്താം. നമ്പിയാരെ അനുകരിക്കാൻ ശ്രമിച്ചു പരാജയപ്പെടുന്ന ഭാഗങ്ങൾ സുലഭം.

8. ലങ്കാമർദ്ദനം (ഓട്ടൻ). നമ്പിയാർക്കു വിശേഷപ്രതിപത്തിക്കു കാരണമില്ലാത്ത തിരുവില്വാമല ശ്രീരാമനെയും ഗുരുവായൂരപ്പനെയും സ്മരിച്ചിരിക്കുന്നു. പല ഭാഗങ്ങളിലും എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തെ ഉപജീവിക്കുന്നെന്നു മാത്രമല്ല, സുന്ദരകാണ്ഡത്തിലെ പദപാദങ്ങൾ അപഹരിക്കുകകൂടെ ചെയ്തിരിക്കുന്നു. ഏതോ ഒരു കവിയശഃപ്രാർത്ഥിയിൽ ആരോപിക്കേണ്ടിയിരിക്കുന്നു ഇതിന്റെ കർത്തൃത്വം.

9. കിർമ്മീരവധം (ഓട്ടൻ)
10. ദുര്യോധനവധം (ശീതങ്കൻ)
11. അന്തകവധം (ടി)
12. പ്രഹ്ലാദചരിതം (ടി)
13. പാത്രചരിതം (ടി)
14. ധേനുകവധം (ടി)

---

[1] ഉള്ളൂർ, കേ. സാ. ചരിത്രം മൂന്നാംഭാഗം, പേജ് 411.

[2] ഉള്ളൂർ, കേ. സാ. ചരിത്രം മൂന്നാംഭാഗം പേജ് 412.

നമ്പിയാരുടെ പ്രത്യക്ഷമുദ്രകളാൽ പ്രകാശപൂർണ്ണമായ തുള്ളൽക്കഥകളെ സാധകംചെയ്തു കവിയുടെ മുഖച്ഛായ പിടിച്ചെടുക്കാൻ കഴിവു സമ്പാദിച്ച ഒരു സഹൃദയനും ടി കൃതികൾ നമ്പിയാരുടേതാണെന്നു സമ്മതമാകയില്ല. അത്രകണ്ടു നിർജീവങ്ങളും വിരസങ്ങളുമാണവ.

ഈ സംശോധിതസംസ്കരണത്തെക്കുറിച്ച്

പ്രാക്തനകൃതികളുടെ സംശോധിതസംസ്കരണം തയ്യാറാക്കുന്നതിന് ഏറ്റവും ആവശ്യമായതു പാഠശുദ്ധിവരുത്താനുള്ള ഗ്രന്ഥമാതൃകകളാണ്. അച്ചടിച്ച പതിപ്പുകളും താളിയോലപ്പകർപ്പുകളും സുലഭമായ കൃതികളുടെ പ്രസാധനത്തിൽപ്പോലും പാഠാന്തരങ്ങൾ പഠിച്ചു മൂലപാഠം ക്ലിപ്തപ്പെടുത്തുന്ന കാര്യം അതീവ ദുഷ്കരമായിട്ടാണല്ലോ അനുഭവം. അങ്ങനെയിരിക്കെ താളിയോലപ്പകർപ്പുകൾ കിട്ടാനില്ലാത്ത ഗ്രന്ഥങ്ങളുടെ കാര്യം പറയേണ്ടതില്ല. ഈ വിഷയത്തിൽ കുഞ്ചൻനമ്പിയാരുടെ തുള്ളൽക്കഥകൾക്കു വന്നു ഭവിച്ചതുപോലെ ഒരവസ്ഥ മലയാളത്തിലെ മറ്റൊരു പ്രതിഷ്ഠിതകാവ്യശാഖയ്ക്കും ഉണ്ടായില്ല. തുള്ളൽക്കഥകളുടെ സംശോധിതസംസ്കരണത്തിനു തയ്യാറാകുന്ന ഒരാൾക്ക് 'എസ്. റ്റി. റെഡ്യാർ ശേഖരിച്ച കലക്കത്തു കുഞ്ചൻനമ്പിയാരുടെ തുള്ളൽക്കഥകൾ' എന്ന മുദ്രിതസമാഹാരത്തിന്റെ ആദ്യകാല പതിപ്പുകളാണു പഴയ മാതൃകകളെന്ന നിലയിൽ മുഖ്യാവലംബം. കവിയുടെ യൗവനകാലത്തുതന്നെ—കൊ. വ. 926–ാമാണ്ടോടുകൂടി—തുള്ളൽ ഒരു ബഹുജനകലാപ്രസ്ഥാനമായി നാടാകെ പ്രചരിച്ചതിനെക്കുറിച്ചും തുള്ളൽക്കാരുടെ കൈയിലകപ്പെട്ട ആദ്യകാലതാളിയോലപ്പകർപ്പുകൾ നഷ്ടപ്പെട്ടിരിക്കാവുന്ന സാഹചര്യങ്ങളെക്കുറിച്ചും നേരത്തെ പറഞ്ഞുകഴിഞ്ഞു. നാടിന്റെ പല ഭാഗങ്ങളിൽനിന്നു തുള്ളൽക്കാരുടെ വായ്പാഠത്തിൽനിന്നോ, വായ്പാഠത്തിന്റെ ഇടക്കാലപ്പകർപ്പുകളിൽനിന്നോ ആയിരിക്കണം എസ്. റ്റി. റെഡ്യാർ തുള്ളലുകൾ ശേഖരിച്ച് ആദ്യപതിപ്പ് അച്ചടിച്ചു പ്രകാശിപ്പിച്ചത്. അതു കൊ. വ. 1084–ലാണ്. 158 വർഷക്കാലം തുള്ളൽക്കാരുടെ പല തലമുറകൾ വായ്പാഠമായി അരങ്ങത്തു പ്രയോഗിച്ചതിനുശേഷമാണു തുള്ളൽസാഹിത്യത്തിന് അച്ചടിയോഗം കൈവന്നതെന്നു സാരം. കലാപ്രസ്ഥാനത്തെ വളർത്തിയ നമ്പിയാരുടെ നേരിട്ടുള്ള ശിഷ്യപ്രധാനൻമാർ അക്ഷരവിദ്യാസമ്പന്നരായിരുന്നിരിക്കാമെങ്കിലും അനന്തരകാലങ്ങളിൽ വ്യാപകമായ തോതിൽ അരങ്ങുകളിലേക്കു കടന്നുവന്ന തുള്ളൽക്കാർ ഭാഷാഭിജ്ഞതയോ വേണ്ടുവോളം അക്ഷരപരിജ്ഞാനമോ ഉള്ളവരായിരുന്നിരിക്കാനിടയില്ല. അവരുടെ വായ്പാഠത്തിൽക്കൂടെ ഒന്നര നൂറ്റാണ്ടിലേറെക്കാലം നാടുനീളെ തുള്ളിക്കളിച്ച ഒരു കാവ്യശാഖയുടെ പാഠത്തിന് ഏതെല്ലാം തരത്തിലും വിധത്തിലും വ്യത്യാസങ്ങളും വികലതകളും വന്നുചേരാനിടയുണ്ടെന്ന് ഊഹിച്ചുകൊള്ളുകയേ വേണ്ടു. ഗ്രന്ഥപ്പുരകളിൽ സംരക്ഷണം ലഭിച്ച താളിയോലപ്പകർപ്പുകൾക്കുപോലും ഗ്രന്ഥം മൂന്നു പകർത്തുമ്പോഴുണ്ടാകുന്ന കൈപ്പിഴകൾ വന്നു ഭവിക്കുന്നു. ആ നിലയ്ക്ക് ആശാനക്ഷരമൊന്നു പിഴയ്ക്കുമ്പോൾ ശിഷ്യന് അമ്പത്തൊന്നു പിഴയ്ക്കുന്ന ഞായപ്രകാരം ഒന്നര നൂറ്റാണ്ടിലേറെക്കാലം അരങ്ങാടി പലവിധത്തിലും കേടുപാടുകൾ വന്ന തുള്ളൽക്കഥകൾ ശേഖരിച്ച് എസ്. റ്റി. റെഡ്യാർ ഇദംപ്രഥമമായി പ്രകാശിപ്പിച്ച സമാഹാരങ്ങളിൽ അപപാഠങ്ങളും ചോർച്ചകളും വീഴ്ചകളും കാണുന്നെങ്കിൽ അദ്ഭുതപ്പെടേണ്ടതില്ല. ആദ്യകാലപ്പതിപ്പുകളെത്തുടർന്നു നിരവധി റെഡ്യാർ പ്രസ് പതിപ്പുകളുണ്ടായെങ്കിലും അവയെല്ലാം ആദ്യപതിപ്പുകളുടെ പുനഃപ്രസിദ്ധീ

കരണമായിട്ടാണു കാണുന്നത്. തുള്ളൽക്കഥകളുടെ ഇന്നു പ്രചാരത്തിലിരിക്കുന്ന മററു രണ്ടു മുദ്രിതസമാഹാരങ്ങളാണു ശ്രീരാമവിലാസപ്പതിപ്പും മംഗളോദയപ്പതിപ്പും. റെഡ്യാർപതിപ്പിലെ പാഠങ്ങളിൽനിന്നു ഗണ്യമായ വ്യത്യാസങ്ങൾ അവയിലും കാണാനില്ല. ഈ അവസ്ഥയിൽ മൂലപാഠത്തോട് ഒട്ടൊക്കെയെങ്കിലും അടുത്തെത്തുന്ന സ്വച്ഛപാഠങ്ങൾ കണ്ടെത്തുന്നതിനു മററു മാർഗ്ഗങ്ങൾ അവലംബിച്ചേ മതിയാവൂ എന്നു വന്നു. താളിയോലപ്പകർപ്പുകൾ കിട്ടാനില്ലാത്ത സ്ഥിതിക്കു പിന്നീടുള്ള ഏകമാർഗ്ഗം നമ്പിയാരുടെ കാലം മുതല്ക്കേ നമ്പിയാരുടെ ഭാവനയ്ക്കും ചിട്ടയ്ക്കും അനുസരിച്ചു തുള്ളലഭ്യസിച്ചുപോന്ന കളരി പാരമ്പര്യത്തിലെ ഇന്നു ജീവിച്ചിരിക്കുന്ന കലാവൃദ്ധൻമാർ പാരമ്പര്യവഴിക്കു നിലനിറുത്തിപ്പോരുന്ന വായ്പാഠം പകർത്തിയെടുത്തു മുദ്രിതപാഠങ്ങളുമായി ഒത്തുനോക്കുകയെന്നതാണ്.

കോട്ടയം ജില്ലയിലെ നീണ്ടൂർ വില്ലേജിലാണു മദ്ധ്യതിരുവിതാംകൂറിൽ പ്രശസ്തിയാർജിച്ച നീണ്ടൂർ തുള്ളൽക്കളരി. കുഞ്ചൻനമ്പിയാരുടെ ശിഷ്യപ്രധാനനായിരുന്ന ഉമ്പക്കാട്ട് അച്ചോമച്ചാരുടെ പിൻതുടർച്ച ഇവിടത്തെ തുള്ളൽക്കാർ അവകാശപ്പെടുന്നുണ്ട്. അടുത്തകാലത്തു നിര്യാതരായ ഉമ്പക്കാട്ടു കൊച്ചുകുട്ടനാശാനും പുളിക്കൽ പരമേശ്വരൻ പിള്ളയും ഈ പരമ്പരയിലെ പ്രമുഖ കലാകാരൻമാരായിരുന്നു. ശ്രീ സി. എസ്. നീലകണ്ഠപ്പിള്ളയാണ് ഈ പരമ്പരയിൽ ഇന്നു ജീവിച്ചിരിക്കുന്ന പ്രമുഖനായ തുള്ളൽക്കാരൻ. അമ്പലപ്പുഴയ്ക്കു സമീപമുള്ള തലവടി വില്ലേജാണ് തുള്ളലിൻെറ നമ്പിയാർ പാരമ്പര്യം നിലനിറുത്തുന്ന മറെറാരു പ്രദേശം. പതിനെട്ടുവർഷം മുമ്പു നിര്യാതനായ തലവടി കൊച്ചുരാമപ്പണിക്കർ എന്ന പ്രശസ്ത തുള്ളൽക്കാരനെക്കുറിച്ചു കേൾക്കാത്തവരായി തുള്ളൽപ്രേമികളിലാരുംതന്നെ തിരുവിതാംകൂർ ഭാഗത്തുണ്ടാകുമെന്നു തോന്നുന്നില്ല. കൊച്ചുരാമപ്പണിക്കരുടെ അമ്മാവൻമാർ, തലവടി കേശവപ്പണിക്കരും ആണ്ടിപ്പണിക്കരും, ഈ രംഗത്തു ചരിത്രം സൃഷ്ടിച്ച കലാകോവിദൻമാരായിരുന്നു. ആണ്ടിപ്പണിക്കരുടെ ശിഷ്യനും കൊച്ചുരാമപ്പണിക്കരുടെ സമകാലികനുമായി പറയൻതുള്ളലിൽ പ്രത്യേക പ്രാവീണ്യം നേടിയ കൊടുപ്പുന്ന രാമക്കണിയാർ എന്നൊരു തുള്ളൽക്കാരൻ കുട്ടനാട്ടിൽ ഉണ്ടായിരുന്നതായും അറിയുന്നു. തലവടി ശ്രീ സി. എം. പത്മനാഭൻനായരാണ് ഈ പരമ്പരയിൽ ഇന്നു ജീവിച്ചിരിക്കുന്ന കലാകാരൻ. മുകളിൽപ്പറഞ്ഞ നീണ്ടൂർ കളരി പാരമ്പര്യത്തിലെ വായ്പാഠപ്പകർപ്പാണ് ഇപ്പോഴത്തെ ഈ സംശോധിത സംസ്കരണത്തിനു സ്വീകരിച്ച വായ്പാഠമാതൃക. നീണ്ടൂർപാഠവും തലവടിപ്പാഠവും തമ്മിൽ കാര്യമായ വ്യത്യാസം കാണുന്നില്ല.

അങ്ങനെ ഈ സംശോധിതസംസ്കരണത്തിന് അവലംബമായ പ്രധാന മാതൃകകൾ:

1. 'എസ്. ററി. റെഡ്യാർ ശേഖരിച്ച കലക്കത്തു കുഞ്ചൻനമ്പിയാരുടെ തുള്ളൽക്കഥകൾ' (ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ മൂന്നു ഭാഗങ്ങളിലായി 58 കഥകളടങ്ങിയ ഒററവാല്യപ്പതിപ്പ്—കൊല്ലവർഷം 1088–ൽ പ്രസിദ്ധീകരിച്ചത്).

2. നീണ്ടൂർ തുള്ളൽക്കളരിയിലെ പാരമ്പര്യവഴിക്കുള്ള വായ്പാഠം. (സുന്ദോപസുന്ദോപാഖ്യാനം ശീതങ്കൻതുള്ളൽ റെഡ്യാർ പതിപ്പിലില്ല. അതുകൊണ്ട് അതിനു പ്രധാനാവലംബം വായ്പാഠമാതൃക.)

പാഠശോധനയ്ക്കു പരിശോധിച്ച മററു മുദ്രിത ഗ്രന്ഥങ്ങൾ

1. ‘ശ്രീ കലക്കത്തു കുഞ്ചൻനമ്പിയാരുടെ 60 തുള്ളൽക്കഥകൾ.’ ശ്രീരാമവിലാസപ്പതിപ്പ് (കൊ. വ. 1127–ൽ 5–ാം പതിപ്പായി പ്രസിദ്ധീകരിച്ചത്.)

2. മംഗളോദയം ഗ്രന്ഥാവലിയിൽ തൃശ്ശിവപേരൂർ മംഗളോദയം അച്ചുകൂടത്തിൽ അച്ചടിച്ച ‘കുഞ്ചൻനമ്പിയാരുടെ തുള്ളൽക്കഥകൾ’ (ഒന്നാംഭാഗം) പ്രസാധകൻമാർ യോഗക്ഷേമം കമ്പനി ക്ലിപ്തം (കൊ. വ. 1104–ൽ പ്രസിദ്ധീകരിച്ചത്.)

3. ടി. രണ്ടും മൂന്നും ഭാഗങ്ങൾ.

മുദ്രിതഗ്രന്ഥങ്ങളിൽക്കണ്ട പല അപപാഠങ്ങൾക്കു സാമാന്യം സ്വച്ഛപാഠങ്ങൾ നിർണ്ണയിക്കാനും വിട്ടുപോയ ചില ഭാഗങ്ങൾ പൂരിപ്പിക്കാനും, സ്ഥാനംതെററി അച്ചടിച്ചുപോയ ചില ഭാഗങ്ങൾ യഥാസ്ഥാനം നിബന്ധിക്കുന്നതിനും വായ്പാഠം സഹായിച്ചു. ഈ വഴിക്കു ചെയ്ത സംസ്കരണങ്ങളുടെ വിവരങ്ങൾ യഥാസ്ഥാനം അടിക്കുറിപ്പുകളിൽ ചേർത്തിരിക്കുന്നു.

നമ്പിയാരുടെ പദവാക്യശൈലികളോട് അടുത്തു പരിചയിക്കയും പാട്ടുകളുടെ ശ്രാവ്യതയ്ക്കിണങ്ങിയ പ്രവാഹമാധുര്യത്തോടു ലയം പ്രാപിക്കയുംചെയ്തുകഴിഞ്ഞാൽ, മുദ്രിതഗ്രന്ഥങ്ങളിൽ അച്ചടിപ്രമാദവും ലേഖകപ്രമാദവുംകൊണ്ടു പാഠങ്ങൾക്കു പററിയിരിക്കുന്ന കേടുകൾ മാററി അവയെ സംസ്കരിച്ചെടുക്കാൻ ഒരു സംശോധകന് ഏറെക്കുറെ സാധിക്കും. അങ്ങനെ പാഠം ശുദ്ധമാക്കിയ ഒട്ടേറെ ഭാഗങ്ങൾ ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഈ പതിപ്പിലുണ്ട്. ഗ്രന്ഥവിസ്തരത്തെ ഭയന്ന് അവയ്ക്കൊന്നുംതന്നെ അടിക്കുറിപ്പുകൾ കൊടുത്തു വിവരിച്ചിട്ടില്ല. അവയിൽ ചിലത് ഉദാഹരണത്തിനുവേണ്ടി താഴെച്ചേർക്കുന്നു:

	നിലവിലുള്ള എല്ലാ മുദ്രിത പുസ്തകങ്ങളിലെയും പാഠം	സംശോധിതപാഠം	സംശോധിതപാഠത്തിന്റെ പേജ്
1	ഓരായിരമിക്കൈകൾ നിനക്കോ ഭാരമതായിത്തീർന്നുചമഞ്ഞു മാനിനിമാരെപ്പുണരാൻ മാത്രം മററൊരു പോരിനു പോരാ താനും	ഓരായിരമിക്കൈകൾ നിനക്കൊരു മാരായുധമായ്ത്തീർന്നുചമഞ്ഞു നാരിജനത്തെപ്പുണരാൻ; മററൊരു പോരിനുമാത്രം പോരാതാനും.	593
2	ചക്കപ്പെഴമാരാൻ കൊണ്ടുവന്നാ– ലൊക്കെമുറിച്ചു ചെലുത്തും ഭീമൻ ഇക്കണ്ടുണ്ണികൾഞങ്ങൾക്കായതു വെക്കമൊരിത്തിരികിട്ടുകയില്ലാ	ചക്കപ്പെഴമാരാൻ കൊണ്ടുവന്നാ– ലൊക്കെമുറിച്ചു ചെലുത്തും ഭീമൻ ഇക്കണ്ടുണ്ണികൾ ഞങ്ങൾക്കായതു പൊക്കമൊരിത്തിരികിട്ടുകയില്ലാ	692
3	ധർമ്മേശ്വരനുടെ സുതനാ– യുള്ളൊരു ധർമ്മജനും നാലനുജൻമാരും ഭവനമവർക്കു വസിപ്പാനൊരിടം നലമൊടു തീർത്തു കൊടുക്കണമുണ്ണീ!	ധർമ്മേശ്വരനുടെ സുതനായു ള്ളൊരു ധർമ്മജനും നാലനുജൻമാരും നർമ്മമൊടങ്ങു വസിപ്പാനൊരിടം നലമൊടു തീർത്തുകൊടുക്കണ മുണ്ണീ!	695

നിലവിലുളള എല്ലാ മുദ്രിത പുസ്തകങ്ങളിലെയും പാഠം	സംശോധിതപാഠം	സംശോധിതപാഠത്തിന്റെ പേജ്
4 വൈദേഹിയെക്കട്ടുകൊണ്ടു പോയീടിനാൻ വൈദേശികവ്യാജസന്യാസി രാവണൻ	വൈദേഹിയെക്കട്ടുകൊണ്ടു പോയീടിനാൻ വൈദേഹികവ്യാജസന്യാസി രാവണൻ.	763
5 ഭരിപ്പിൻ നിഷ്ഠുരം പൊട്ടി— ച്ചിരിപ്പിൻ, വല്ലതുംഘോഷി— ച്ചിരിപ്പിൻ കിങ്കരൻമാരേ!	ഭരിപ്പിൻ നിഷ്ഠുരം പൊട്ടി— ച്ചിരിപ്പിൻ വല്ലഭം ഘോഷി— ച്ചിരിപ്പിൻ കിങ്കരൻമാരേ!	811
6 ചെമ്പകപ്പൂമലർതന്നുടെ സാരവും ചേരുന്ന മററും പലതിന്റെ സാരവും	ചെമ്പകപ്പൂമലർതന്നുടെ സാരവും മാൺപെഴുംമററുപലതിന്റെ സാരവും	816
7 അർക്കായുധപ്രഭാജാലം ജയിച്ചോരു തത്ക്കാലതേജോവിശേഷ— പ്രകാശേന	അർക്കായുതപ്രഭാജാലം ജയിച്ചോരു തത്ക്കലൊതേജോവിശേഷ— പ്രകാശേന	911
8 സേനകളായുള്ള മാനിനീ വൃന്ദവും സേനാപതിയായ രാകാ ശശാങ്കനും സ്യന്ദനമാകുന്ന ചന്ദന ച്ഛായകൾ മന്ദം പുറപ്പെട്ടുവന്നു വിലസുന്നു	സേനകളായുള്ള മാനിനീ വൃന്ദവും സേനാപതിയായ രാകാ ശശാങ്കനും സ്യന്ദനമാകുന്ന മന്ദപ വനനും മന്ദം പുറപ്പെട്ടുവന്നു വിലസുന്നു	1029
9 ആപത്തു വലിച്ചിട്ടതിനിയും പോന്നവർക്കിക്ഷു— ചാപത്തെക്കുലകൂട്ടി നടക്കുന്ന മഹാപാപി	ആപത്തു വലിച്ചിട്ടു തനി— ക്കാംപോന്നവർക്കിക്ഷു— ചാപത്തെക്കുലകൂട്ടി നടക്കുന്ന മഹാപാപി.	1096
10 ബ്രഹ്മസ്വം മുടിപ്പാനും ദേവസ്വം മുടിപ്പാനും ഡംഭൻമാർക്കൊരുനാളും മടിയില്ല മനക്കാമ്പിൽ	ബ്രഹ്മസ്വം മുടിപ്പാനും ദേവസ്വം മുടിപ്പാനും ജിഫ്മൻമാർക്കൊരുനാളും മടിയില്ല മനക്കാമ്പിൽ	1060
11 ഗുരുത്വമുണ്ടെന്നുവന്നാൽ ഫലിക്കും വാക്കുകളെല്ലാം ഒരുത്തർക്കും തനിക്കൊ— ത്തോരല്ലൽവന്നു ഭവിച്ചാലും	ഒരുത്തന്നു തനിക്കൊത്തോര— ല്ലൽ വന്നു ഭവിച്ചാലും ഗുരുത്വമുണ്ടെന്നുവന്നാൽ ഫലിക്കും വാക്കുകളെല്ലാം	
12 മാമുനിശ്രേഷ്ഠനാം ധൗമ്യൻ ഹോമമാദി ക്രിയചെയ്തു ഹേമമോടേ തുടർന്നോരോദാന— ധർമ്മങ്ങൾ ചെയ്യിച്ചു ഹേമവും വെള്ളിയും പട്ടും രത്നവും വസ്ത്രവുമെല്ലാം.	മാമുനിശ്രേഷ്ഠനാം ധൗമ്യൻ ഹോമമാദിക്രിയചെയ്തു ഏമ*മോടേ തുടർന്നോരോ ദാന— ധർമ്മങ്ങൾ ചെയ്യിച്ചു ഹേമവും വെള്ളിയും പട്ടും രത്നവും വസ്ത്രവുമെല്ലാം.	1128

* ഏമം=ഇമ്പം; സന്തോഷം

മേല്പറഞ്ഞപ്രകാരം പരിശ്രമിച്ചിട്ടും അർത്ഥഗ്രഹണത്തിനു പ്രതിബന്ധമായി നില്ക്കുന്നതും സ്വച്ഛത വരാത്തതുമായ പല പാഠങ്ങളും ഈ ഗ്രന്ഥത്തിൽ ഇനിയും അവശേഷിക്കുന്നുണ്ട്.

കുഞ്ചൻനമ്പിയാരെന്ന നൃത്തഗാനഗന്ധർവൻ: നമ്പിയാരുടെ തുള്ളൽക്കഥകളെ കേവലം ഒരു സാഹിത്യപ്രസ്ഥാനമെന്ന നിലയിൽ മാത്രം വീക്ഷിച്ചുകൊണ്ടേ ഇന്നോളം പ്രസാധനംചെയ്തിട്ടുള്ളു. ഒരു സാഹിത്യരൂപമെന്ന നിലയിൽ കാണുന്നതോടൊപ്പം ഒരു ജനകീയ ദൃശ്യകലാരൂപമെന്ന നിലയിൽ തുള്ളലിനെ പഠിച്ചു വിലയിരുത്താൻ സാഹിത്യചരിത്രകർത്താക്കൻമാരോ സാഹിത്യനിരൂപകൻമാരോ കാര്യമായി ശ്രമിച്ചിട്ടില്ല. നമ്പിയാരാകട്ടെ തന്റെ വാങ്മയം നൃത്തഗാനമാണെന്ന് ഉറച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. സാഹിത്യാംശവും കലാംശവും അന്യോന്യം മത്സരിച്ചുകൊണ്ടാണു തുള്ളലിൽ നിലകൊള്ളുന്നത്. അത്രകണ്ടു താളങ്ങളും ഈണങ്ങളും രാഗങ്ങളും തുള്ളൽപ്പാട്ടുകളിൽ നമ്പിയാർ പ്രയോഗിച്ചിരിക്കുന്നു. നമ്പിയാരുടെ ദൃഢമായ സംസ്കൃതപാണ്ഡിത്യത്തേയും വിശാലമായ ഗ്രന്ഥപരിചയത്തേയും ഉദാഹരിക്കാൻ എല്ലാ നിരൂപകൻമാരും താഴെക്കാണുന്ന ഭാഗം ഉദ്ധരിക്കാറുണ്ട്.

> ''മാലതീമാധവം ശാകുന്തളം പിന്നെ
> ബാലരാമായണം കർപ്പൂരമഞ്ജരി
> മാളവികാഗ്നിയും മിത്രാംബുരാശിയും
> മേളം കലർന്നൊരു മുദ്രികാരാക്ഷസം
> മല്ലികാമാരുതം നല്ല ധനഞ്ജയം
> കല്യാണസൗഗന്ധികം പ്രിയദർശിക
> വേണിസംഹാരം പ്രബോധചന്ദ്രോദയം
> ഭാണം പ്രഹസനം പിന്നെ രത്നാവലി
> ഉത്തരരാമചരിതം നളോദയം
> ഇത്തരം നാടകം കൂടെ വായിക്കയും;
> ....
> .... (ധ്രുവചരിതം)

എന്നാൽ അതേ അവസരത്തിൽ, മർമ്മതാളത്തിൽ,

> ''തിത്തി കുഴലിടയ്ക്കയുടുക്കുമൊടൊത്തുമടക്കമടുക്കും
> ഒത്തിന മൃദുമദ്ദളമുരുതര മുരളികരം മുഖവീണകളും
> തിത്തിമിത, ദ്ധിമിതക, തകധിമി, കിടധണ, തകതിങ്ങിണത്തോം
> തത്തളാങ്ക, തകത, ത്തിങ്ങിണ, തിങ്ങിണ, തതിങ്ങിണത്തോംതോം
> ....
> പാടി മലയ പന്തുവരാടി മുഖാരി വരാടി സുരുട്ടി
> തോടി നാട്ട മലഹരി ബലഹരി മോഹനമാഹരിരാഗം
> ഭൈരവി കാമോദരി മാളവി കല്യാണിയുമന്തരിയും
> സാരംഗം വേകട ധനാശി കന്നടമഥ ഘണ്ടാരം
> ഇന്ദിശ മല്ലാരിയുമിന്ദളമാർത്തൻ നീലാംബരിയും
> എന്നിവ പല രാഗം പരിചൊടു പാടിയുമാടിയുമധികം
> നിന്നിഹ ചില കരണം ചാടിയുമാടിയുമാടലകന്നും
> സുന്ദരമുഖിമാരുടെനാടകനടനമിതെത്രമനോജ്ഞം!''
> (ഹരിണീസ്വയംവരം)

എന്നിങ്ങനെ തന്റെ കലാദേവതയെ പാടിയാടിക്കുന്ന നൃത്തഗാനഗന്ധർവനായ നമ്പിയാരെ ശരിക്കു നോക്കിക്കാണാൻ ആരും ശ്രമിച്ചിട്ടില്ല. തുള്ളൽപ്പാട്ടുകളിൽ മിന്നിത്തിളങ്ങുന്ന കവിയുടെ ഈ കലാകടാ

ക്ഷം കാണുന്നില്ലെങ്കിൽ കുഞ്ചൻനമ്പിയാരെ പൂർണ്ണമായും കാണുന്നില്ലതന്നെ.

നമ്പിയാർ തുള്ളലിൽ പ്രയോഗിച്ചിരിക്കുന്ന എല്ലാ താളവൈവിദ്ധ്യങ്ങളും ഗാന വൈചിത്ര്യങ്ങളും സമുചിതസംസ്കരണത്തോടുകൂടി സംവിധാനം ചെയ്തു മുദ്രണസങ്കേതങ്ങളെക്കൊണ്ടു വ്യക്തമാക്കിയിട്ടുണ്ട് ഈ പ്രസാധനത്തിൽ.

കേരളത്തിനു സ്വന്തമായ താളപ്രസ്ഥാനവും സംഗീതപദ്ധതിയുമുണ്ടോ? ഈ സന്ദേഹത്തിനു തുള്ളൽക്കഥകളുടെ ഈ പ്രസാധനം ഒട്ടൊക്കെ സമാധാനം നല്കുമെന്നാണ് എന്റെ വിശ്വാസം. കേരളത്തിൽ പ്രചരിച്ചിരുന്ന നാടോടിനൃത്തങ്ങളുടെ താളങ്ങൾ, താളക്കെട്ടുകൾ, നാടോടിപ്പാട്ടുകളുടെ ഈണത്തിലുള്ള പദമട്ടുകൾ, രാഗതാളനിബദ്ധമായ ശാസ്ത്രീയസംഗീതത്തിന്റെ പദവിയിലെത്തിയ പദങ്ങൾ എന്നിങ്ങനെ കേരളത്തിന്റെ തനതു സംഗീതപാരമ്പര്യത്തെ വ്യക്തീകരിക്കുന്ന ഒരു ഗാനപ്രപഞ്ചം തുള്ളലിൽ വ്യാപരിക്കുന്നുണ്ട്. ഇതുവരെയുള്ള പ്രസാധനങ്ങളിൽ തുള്ളൽസാഹിത്യത്തിലെ ഈ സംഗീതാംശം ശരിക്കു സംവിധാനംചെയ്തിട്ടില്ല. ഈ പ്രസാധനത്തിൽ ആ കുറവു പരിഹരിക്കാൻ യഥാമതി യത്നിച്ചിരിക്കുന്നു. അറുപത്തിരണ്ടു സംഗീതികയും നൂററിയെട്ടു താളഗീതവും ഇതിൽ സംവിധാനം ചെയ്തിട്ടുണ്ട്. (അനുബന്ധമായി ചേർത്തിരിക്കുന്ന സൂചീപത്രത്തിലെ സംഗീതികാനുക്രമണികയും താളഗീതാനുക്രമണികയും നോക്കുക).

തുള്ളലിലെ താളഗീതങ്ങളും പദമട്ടുകളും പദങ്ങളും പ്രസാധനം ചെയ്യുന്നതിനു വളരെയേറെ പ്രയോജനപ്പെട്ടു തുള്ളൽക്കളരിയിൽനിന്നു സമ്പാദിച്ച വായ്പാഠം. വായ്പാഠം ചൊല്ലിത്തന്നും ആവശ്യമായ സന്ദർഭങ്ങളിൽ തുള്ളിക്കാണിച്ചു രാഗതാളങ്ങൾ വിശദീകരിച്ചും എന്നെ സഹായിച്ചതു നീണ്ടൂർ തുള്ളൽക്കാരിൽ ഇന്നു മുഖ്യ ഗുരുസ്ഥാനം വഹിക്കുന്ന ശ്രീ സി. എസ്. നീലകണ്ഠപ്പിള്ളയും, പാഠങ്ങൾ പകർത്തിയെഴുതുന്നതിൽ സഹായിച്ചത് അവിടെത്തന്നെയുള്ള ഒരു ഭാഷാധ്യാപകൻ ശ്രീ പി. ജി. നാരായണപിള്ളയുമാണ്. ഇവർ നല്കിയ സഹായത്തെ ഞാൻ കൃതജ്ഞതാപൂർവം സ്മരിക്കുന്നു.

ഈ പ്രസാധനത്തിൽ നെടുനാളത്തെ തീവ്രയത്നം ആവശ്യമായിത്തീർന്ന ഒരു കർമ്മപരിപാടി അന്തർഭവിച്ചുവെന്നു മേൽവിവരിച്ച കാര്യങ്ങളിൽനിന്നു കാണാവുന്നതാണ്. അതുകൊണ്ട് പരിപാടിയുടെ പൂർത്തീകരണത്തിനു വിചാരിച്ചതിലേറെ കാലതാമസം നേരിട്ടു. ഞാൻ അക്കാദമിയുടെ ഉപകാര്യദർശിയായി സേവനമനുഷ്ഠിക്കുന്ന കാലത്തുതന്നെ നിർദ്ദിഷ്ടമായ പരിപാടിയാണിത്. ഇപ്പോൾ യശഃശരീരനായിരിക്കുന്ന സർദാർ കെ. എം. പണിക്കരായിരുന്നു അന്നത്തെ അക്കാദമി അദ്ധ്യക്ഷൻ. നമ്പിയാരുടെ സാരസ്വതങ്ങളെന്നു പൂർണ്ണമായി വിശ്വസിക്കാവുന്ന തുള്ളലുകളുടെ ഒരു സംശോധിതപ്പതിപ്പ് അക്കാദമിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കി മനോഹരമായി മുദ്രണംചെയ്തു പ്രസിദ്ധീകരിച്ചു കാണാൻ അദ്ദേഹം അതിയായി അഭിലഷിക്കുകയും സംശോധനവിഷയത്തിൽ യത്നിക്കുവാൻ എന്നോടാവശ്യപ്പെടുകയും ചെയ്തു. എന്നാൽ 1966–ൽ അക്കാദമിയുടെ ഔദ്യോഗികസ്ഥാനത്തുനിന്നു വിരമിച്ചതിനുശേഷമാണ് സംശോധനപ്രക്രിയ എനിക്കു നിർവിഘ്നം തുടരാൻ കഴിഞ്ഞത്. അക്കാദമിയോട് എനിക്കുണ്ടായ ദീർഘകാല ഔദ്യോഗികബന്ധവും പ്രാതഃസ്മരണീയനായ സർദാർ കെ. എം. പണിക്കർ അക്കാലത്തു പ്രകടിപ്പിച്ച അഭിലാഷത്തെക്കുറിച്ച്

എന്നിൽ പതിഞ്ഞുനിന്ന സ്മരണയും എന്റെ യത്നത്തിന് ഒരു ഗുരുപ്രേരിതകൃത്യത്തിന്റെ ഗൗരവം നല്കി. അക്കാലങ്ങളിൽ അക്കാദമി എക്സ് ഒഫിഷ്യോ സെക്രട്ടറിയും കോളേജുവിദ്യാഭ്യാസ ഡയറക്ടറുമായിരുന്ന ഡോ. കെ. ഭാസ്കരൻനായരും അക്കാദമിയുടെ ഇപ്പോഴത്തെ ഉപകാര്യദർശി ശ്രീ വി. എ. എ. അസീസും പ്രസാധനകൃത്യനിർവഹണത്തിൽ എന്നെ നിരന്തരം ഉത്സാഹിപ്പിച്ചുകൊണ്ടുമിരുന്നു. എന്റെ പ്രയത്നത്തിന്റെ പിന്നിലെ ഈ പ്രചോദനമൂല്യങ്ങളെ ഞാൻ സാദരം സ്മരിക്കുന്നു.

മുദ്രണം: കോട്ടയത്തെ സാഹിത്യപ്രവർത്തക സഹകരണസംഘം വക ഇന്ത്യാ പ്രസ് ഗ്രന്ഥത്തിന്റെ അച്ചടി നിർവഹിക്കാൻ തയ്യാറായപ്പോൾ അക്കാദമിയുടെ അഭിമതമനുസരിച്ചു പ്രൂഫ്പരിശോധനയുടെ ചുമതല എനിക്കേറ്റെടുക്കേണ്ടതായിവന്നു. അങ്ങനെ ഈ പ്രസാധനത്തിന്റെ സർവ ഗുണദോഷങ്ങൾക്കുമുള്ള ഉത്തരവാദിത്വം എന്നിൽ നിക്ഷിപ്തമായി. ഈദൃശഗ്രന്ഥങ്ങളുടെ പ്രസാധനവിജയം വലിയൊരളവിൽ അച്ചടിയെ ആശ്രയിച്ചിരിക്കുന്നു. അവ പരസ്പര പൂരകങ്ങളാണ്. ആ നിലയ്ക്ക് ഈ പ്രസാധനത്തിന്റെ മുദ്രണത്തെ സംബന്ധിച്ചും രണ്ടു വാക്കു പറയേണ്ടത് എന്റെ കർത്തവ്യമായി ഞാൻ കരുതുന്നു. മുദ്രണകലയുടെ ജാഗരൂകവും വിദഗ്ധവുമായ സേവനം ഏറ്റവും കൂടുതൽ ആവശ്യമുള്ള മലയാളത്തിലെ പദ്യശാഖയാണ് കുഞ്ചൻനമ്പിയാരുടെ തുള്ളൽപ്പാട്ടുകൾ. അച്ചുപിഴവരാതെ സൂക്ഷിക്കുകയെന്നതു പ്രാഥമികകൃത്യമേയാകുന്നുള്ളു. വൃത്തഭേദങ്ങളും ചൊല്ലുഭേദങ്ങളും താളഭേദങ്ങളും താളക്കെട്ടുകളും പദമട്ടുകളും പദങ്ങളും അംഗപ്രത്യംഗം കെട്ടുപിണഞ്ഞു നിരന്തരം ഇളകിമറിഞ്ഞുകൊണ്ടിരിക്കുന്നതാണു തുള്ളലിന്റെ കാവ്യശരീരം. ഈ ചടുലതയുടെയും ചലനാത്മകതയുടെയും വൈവിധ്യവൈചിത്ര്യങ്ങൾ കടലാസ്സിൽ പകർത്തണമെങ്കിൽ പാഠങ്ങളുടെ പത്തിതിരിച്ചുള്ള സംവിധാനക്രമങ്ങളിലും താളഖണ്ഡങ്ങളെയും പദഖണ്ഡങ്ങളെയും മുദ്രണസങ്കേതങ്ങളുപയോഗിച്ചു വേർതിരിച്ചു കാണിക്കുന്നതിലും സ്പേസിങ്ങിലും പ്രസ്ജോലിക്കാരുടെ കണ്ണും കൈയ്യും അതിനിപുണമായി പ്രവർത്തിക്കണം. ആട്ടക്കഥകൾക്കു സംഗീതാംശം സംവിധാനംചെയ്ത് അച്ചടിച്ച പൂർവ മാതൃകകൾ എത്ര വേണമെങ്കിലും കിട്ടും. തുള്ളൽക്കഥകൾക്ക് അങ്ങനെയൊരു പ്രസാധനമേയുണ്ടായിട്ടില്ല. ഇതിനെല്ലാം പുറമെയാണു നമ്പിയാരുടെ ശബ്ദപ്രപഞ്ചത്തിന്റെ സവിശേഷത. തന്റെ കാലഘട്ടത്തിലെ കേരളീയജനസാമാന്യത്തിന്റെ മുഖത്തുനിന്നുച്ചരിതമായ സകല ശബ്ദരൂപങ്ങളും നമ്പിയാർ വാരിയെടുത്തു ഗാനയോഗ്യവിധികളോടിണക്കിക്കൊരുത്തിട്ടുണ്ട്. ഇവയ്ക്കിടയിൽ കണ്ണെഴുതിക്കുറിയിട്ടുനിന്ന് ആടിക്കളിക്കുന്ന തരളായതങ്ങളായ സമാസപദങ്ങളൊരുവകയങ്ങനെ വേറെയും. ഈ ശബ്ദപ്രളയത്തിൽ അച്ചുപിഴകൾക്ക് ഒളിച്ചുകിടക്കാൻ നല്ല തഞ്ചമാണ്. അച്ചടിയിൽ ഓരോ പേജിന്റെ പാഠസംവിധാനവും പ്രൂഫ് പരിശോധനയും എത്രമാത്രം ക്ഷമാപൂർവം ജാഗരൂകതയോടെ ചെയ്യേണ്ടതാണെന്നു സൂചിപ്പിക്കാനാണ് ഇത്രയും പറഞ്ഞത്...

ഉപസംഹാരം

കവിത്വത്തെ തന്റെ ഏറ്റവും മഹത്തായ ആത്മപൂരണമായി ദർശിച്ച മഹാകവിയാണ് കുഞ്ചൻനമ്പിയാർ. ജീവിതസങ്കല്പത്തെ വികസിപ്പിക്കുന്നതിനുള്ള കവിയുടെ സർഗ്ഗനിപുണത ജീവിതവും കാവ്യകലയും തമ്മിലുള്ള അഭേദ്യബന്ധത്തെ പൂർണ്ണമായും വെളിപ്പെ

ടുത്തിത്തരുന്നു. അപാരമായ കാവ്യസംസാരത്തിൽ ജനാധിപത്യം സ്ഥാപിക്കേണ്ടതിലേക്കു പുരാണേതിഹാസങ്ങളിലെ അഭൗമലോകത്തെ തന്റെ നാടിന്റെ മണ്ണിലേക്കും താനുൾപ്പെട്ട ജനസമുദായത്തിലേക്കും ഇറക്കിക്കൊണ്ടുവരാൻ കവിക്കു യാതൊരു മടിയുമില്ല. പ്രകൃതിവർണ്ണനങ്ങളിൽപ്പോലും കാല്പനികവൈചിത്ര്യങ്ങളൊന്നും കൂടാതെ തന്റെ നാടിന്റെ യഥാർത്ഥ പ്രകൃതിവൈശിഷ്ട്യങ്ങളെ അനാവരണം ചെയ്യുന്നതിലാണു കവിക്കു താത്പര്യം. തന്റെ കാലഘട്ടത്തിലെ ജനജീവിതത്തെ കാർന്നുതിന്നുന്ന സാമൂഹിക വൈകൃതങ്ങളുടെ നേർക്കു കവിക്കുണ്ടായ ക്ഷോഭാകുലതയുടെ രൂപാന്തരമാണു കാവ്യത്തിലെമ്പാടും കാണുന്ന അതിക്രൂരമായ പരിഹാസം. കലയുടെ ഗാനാത്മകവും ചലനാത്മകവുമായ രൂപശില്പമാകട്ടെ ജനങ്ങളുടെ വാങ്മയവും കായികവുമായ ചൈതന്യവിശേഷങ്ങളുടെ പുനഃസൃഷ്ടിയും. തനി നാടോടി മലയാളത്തിന്റെ ശക്തിയും ഊർജ്ജസ്വലതയും മെയ്വഴക്കവും; ചൊൽമുഴക്കവും ഇത്ര വാഗ്വൈഭവത്തോടെയും കൈപ്പുണ്യത്തോടെയും പ്രയോഗിച്ചു ഫലിപ്പിച്ച മറ്റൊരു കവി നമുക്കില്ലതന്നെ. ഇങ്ങനെ മലയാളസാഹിത്യത്തിലെ ഒരു യുഗത്തിന്റെ ദൗത്യമേറ്റെടുത്ത അതികായനായ ഈ ജനകീയകവിസത്തമന്റെ കാവ്യകലാപ്രപഞ്ചത്തോടു പരിചയബന്ധം പുലർത്തുവാൻ എനിക്കവസരം നല്കിയ കേരള സാഹിത്യ അക്കാദമിയോടു ഞാൻ അതീവ കൃതജ്ഞനായിരിക്കുന്നു. ആ കാവ്യകലാപ്രപഞ്ചത്തിന്റെ പല ഭാഗത്തും പറ്റിയിരിക്കുന്ന മാറാലയിൽ കുറച്ചെങ്കിലും തുടച്ചു നീക്കാനും കവിയുടെ ഗാനനൃത്തദേവതയുടെ ഗാത്രലാവണ്യവും മുഖരാഗവും ആവുന്നത്ര തെളിച്ചുകാണിക്കാനും ഈ സംശോധിതസംസ്കരണത്തിൽക്കൂടെ ഞാൻ സർവാത്മനാ യത്നിച്ചിട്ടുണ്ട്. അപ്രമാദിത്വം അവകാശപ്പെടുന്നില്ല. നമ്പിയാരുടെ അക്ഷരാർത്ഥക്കടലിന്റെ അപാരവിസ്തൃതി ഒന്നു നോക്കിക്കാണാൻ പാകത്തിൽ വായനക്കാരെ അതിന്റെ തീരത്തോളം കൊണ്ടെത്തിക്കാൻ ഈ പ്രസാധനത്തിനു കഴിയുന്നെങ്കിൽ ഞാൻ കൃതാർത്ഥനായി. ആ കടലിന്റെ മറുകരയെത്താനുള്ള തോണിയായ് ഭവിക്കുന്ന ഭാവിപ്രസാധനങ്ങൾക്ക് ഇത് ഏതെങ്കിലുംതരത്തിൽ സഹായകമാകുമെങ്കിൽ എന്റെ യത്നം സഫലമായിയെന്നു ഞാൻ വിചാരിക്കുന്നു.

കോട്ടയം,
1–12–1969.

പി. കെ. ശിവശങ്കരപ്പിള്ള

ഭാഗം ഒന്ന്

ഓട്ടൻതുള്ളൽ

സ്യമന്തകം

വാരണമദഹരനന്ദനനാകിയ
വാരണവദനൻ നിഖിലജനാശുഭ—
വാരണനിപുണൻ സമദാസുരരിപു—
വാരണസേവിതചരണസരോജൻ
കാരണഭൂതൻ വിമലസരോജദ—
ളാരുണനയനൻ ചാരണനമിതൻ
പ്രണതജനാഭയദാനനിധാനൻ
പ്രണതപരായണനാകിയദേവൻ
ഗുണഗണനിലയൻ നിത്യവുമെന്നെ—
ഗ്ഗണപതിഭഗവാൻ കാത്തരുളേണം.
വേണീവിജിതകലാപാ നതജന—*
വേണീചടുലയതാകിയ ഭഗവതി
വാണീദേവിമനോഹരയാകിയ
വാണി ജനിപ്പാനെന്നുടെനാവിൽ
വാണീടേണം സന്തതവും കള—
വാണീമണിയാം ദേവി! നമസ്തേ.
വീണാപാണേ! നിൻപദകമലേ
വീണോരടിയനു വരമരുളേണം.
ഏണീശാബവിലോചനയാളേ!
വീണാലാപിനി! നിൻകൃപയാലേ

---

* പഴയ തുള്ളൽക്കളരികളിലെ വായ്പാഠമാണ് സ്വീകരിച്ചിരിക്കുന്നത്. വേണി (തലമുടിയാൽ) ജയിച്ചു കീഴടക്കപ്പെട്ട കലാപ (മയിൽപ്പീലി) ത്തോടുകൂടിയവൾ (മയിൽപ്പീലിയുടെ അഴകിനെ ജയിക്കുന്ന മനോഹാരിതയോടുകൂടിയ തലമുടിയുള്ളവൾ) എന്നർഥം പറയാം.

'വേണീജിത കളവേണീനതജന—
വേണീചടുലയതാകിയ ഭഗവതി'

എന്നും ഒരു വായ്പാഠം ചൊല്ലിപ്പോരുന്നുണ്ട്. നതജനവേണീചടുല= നമസ്കരിക്കുന്ന ജനങ്ങളുടെ പ്രവാഹത്തിൽ അവരോടൊപ്പം ഇളകിക്കൊണ്ടിരിക്കുന്നവൾ (ഭക്തജനങ്ങൾക്ക് അനുഗ്രഹം നല്കുന്നവൾ) എന്നു സാരം.

'വേണീവിജിതകളേണീ' എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠത്തിന്റെ അർഥം സ്പഷ്ടമല്ല; കല്പിക്കാനും പ്രയാസം.

വാണീഭംഗിതരംഗിണിതന്നുടെ
വേണീമധുരത[1] യാൽ മധുപോലും
കേണീടേണമതിന്നായടിയൻ
ക്ഷോണീതലമതിൽ വീണതിവേലം
പാണികൾകൂപ്പി വണങ്ങീടുന്നേൻ.

''സംഗീതമപി സാഹിത്യം
സരസ്വത്യാഃ സ്തനദ്വയം
ഏകമാപാതമധുര
മന്യദാലോചനാമൃതം''

മംഗലയാകിയ ഭാരതിതന്നുടെ
തുംഗകുചങ്ങളിലൊന്നിൽ നിറഞ്ഞൊരു
സംഗീതാമൃതസാരംതന്നെ
ഭംഗിയൊടങ്ങു വിളങ്ങീടുന്നു,
മററതിലൻപൊടു സാഹിത്യാമൃത–
മററമകന്നുവസിച്ചീടുന്നു;
മുററും കേൾക്കുന്നേരംതന്നേ
പററുന്നൂ രസമൊന്നിലമന്ദം,
മററതുപിന്നെവിചാരിക്കുമ്പോ–
ളേററം തെളിവുവരുത്തീടുന്നു.
എന്നതുകൊണ്ടീ രണ്ടുകുചങ്ങളിൽ–
നിന്നുഗളിക്കും പീയൂഷത്തെ
ഇന്നടിയത്തിനു ബുദ്ധികുളുർപ്പാൻ
തന്നരുളേണമൊരല്പംപോലും.
വൃന്ദാരകകുലവന്ദിതനാകിന
നന്ദതനൂജൻ സുന്ദരവദനൻ
വൃന്ദാവനതലലീലാലോലൻ
മന്ദാരകകുസുമാഞ്ചിതമാലൻ
മന്ദേതരരുചിമാലതമാലൻ[2]
വൃന്ദാരകപശുപാലനശീലൻ
മന്ദേതരമദദാനവകാലൻ
ഇന്ദീവരദളലോചന നീലൻ
ഇന്ദ്രോപമകലിതാചലലീലൻ
നന്ദിതപശുപവധൂജനജാലൻ

---

[1] വേണീമധുരത = പ്രവാഹമാധുര്യം.

[2] മന്ദേതരരുചി (വർധിച്ച ശോഭ) യോടുകൂടിയ തമാലത്തിന്റെ (പച്ചിലമരത്തിന്റെ) ഇലകൾകൊണ്ടുള്ള മാലയോടുകൂടിയവൻ. വനമാല ധരിച്ചവൻ എന്നു സാരം. 'വന്ദേയിരുൾരുചിമാലതമാലം' എന്നൊരു ക്ലിഷ്ടപാഠം മുദ്രിതസമാഹാരങ്ങളിൽ കാണുന്നു.

നന്ദജനനുപമപീതദുകൂലൻ
പാർത്ഥനുസാരഥിയായിക്കനിവൊടു
തേർത്തടമേറിപ്പടകളിലുടനേ
പാർത്ഥിവരാമരിജാലമൊടുക്കി
പാർത്തലമഞ്ഞു കവിഞ്ഞുവിളങ്ങിന
കീർത്തിനടത്തീട്ടഖിലജനാനാം
ആർത്തികളെല്ലാം തീർത്തരുളീടിന
മൂർത്തിനമുക്കിഹ കീർത്തിവരുത്താൻ
ചീർത്തൊരു കരുണനിവർത്തീടേണം[1]
ധൂർത്തുപെരുത്തൊരു കുരുകുലമെല്ലാം
പാർത്തിരിയാതെയമർത്തതുപോലെ
നമ്മുടെവൈരിസമൂഹമമർത്താൻ
അംബരതടിനീപുരവരമമരും
കംബുകശാപരിശോഭിതകരനാ[2]—
മംബുജനയനൻ കനിവൊടുനമ്മെ—
കൺമുനകൊണ്ടു കടാക്ഷിക്കേണം,
കാട്ടിലണഞ്ഞൊരു വേട്ടയ്ക്കായി—
പ്പാട്ടിലിണങ്ങിന പടയൊടുകൂടി
ചട്ടയുമിട്ടൊരു വേലുമെടുത്തഥ
ചട്ടറ്റീടിന പച്ചപ്പട്ടും,
കെട്ടിയുടുത്തൊരു വാലുംതൂക്കി—
ച്ചട്ടറ്റീടിനകുതിരയുമേറി
കാട്ടുമൃഗങ്ങടെ കൂട്ടമശേഷം
വെട്ടിവധിച്ചു വിശിഷ്ടതയോടേ
വാട്ടമകന്നിഹ തകഴിയിൽമരുവും
വിഷ്ടപനായകനാകിയ ശാസ്താ—
വിഷ്ടംനല്കിപ്പുഷ്ടിവരുത്തി
ദുഷ്ടവിനാശകനാകിയ ദേവൻ
തുഷ്ടി നമുക്കു വരുത്തീടേണം

ജംഭാരിപുരത്തിന്റെ സംഭോഗകരമായ
സംഭാരമെല്ലാംകൂട്ടി സമ്പാദിച്ചുണ്ടായൊരു

---

[1] 'ചീർത്തൊരു കരുണ ചൊരിഞ്ഞീടേണം' എന്നു പഴയ വായ്പാഠഭേദവും ഉണ്ട്.

'മൂർത്തി നമുക്കിഹ കീർത്തി വരുത്താൻ
ചീർത്തൊരു കരുണ വരുത്തീടേണം'

എന്നു ചില പതിപ്പുകളിൽ കാണുന്ന പാഠത്തിനു 'വരുത്തുക'ശബ്ദത്തിന്റെ ആവർത്തനംകൊണ്ട് അഭംഗിയുണ്ട്.

[2] കംബുകശാപരിശോഭിതകരൻ=ശംഖ്, ചമ്മട്ടി എന്നിവകൊണ്ടു ശോഭിക്കുന്ന കൈകളുള്ളവൻ. 'കംബുകരോപരിശോഭിതകരനാം'— എന്നു മുദ്രിതസമാഹാരങ്ങളിൽ കാണുന്നത് അപപാഠം.

ചെമ്പകശ്ശേരിനാട്ടിലിമ്പമായ് വാണരുളും
തമ്പുരാനെന്റെ ദേവനാരായണഭൂപാലൻ
കെല്പോടു കരുണയാലെപ്പേരും കാത്തിടേണ–
മിപ്പാരിലശുഭങ്ങളെപ്പേരും കളഞ്ഞെന്നെ
സത്പാത്രമാക്കിപരിപാലിക്ക വണങ്ങുന്നേൻ.

അംഭോജാലയനായ വിരിഞ്ചനു–
മംഭോജായതനയനൻ വിഷ്ണുവു–
മംഭോജാകരബന്ധു ദിനേശനു–
മംഭോജാകരവൈരിശശാങ്കനു–
മംഭോജാത്മജയാകിയ ലക്ഷ്മിയു–
മംഭോവായുമഹീദഹനൻ ബത
സംഭാവിതമാം ഭൂതമശേഷം
ജംഭാരാതിയുമമരൻമാരും
കുംഭജനാദി മഹാമുനിവരരും
കുംഭിവരാനനനാമവനും ശര–
സംഭവ* നായ കുമാരൻതാനും
കുംഭോദരമുഖഭൂതഗണങ്ങളു–
മമ്പൊടു നമ്മുടെ കവിഗുംഫത്തെ–
സ്സംഭാവിച്ചു തുണച്ചീടേണം.
ഗുരുചരണാംബുജയുഗളം നമ്മുടെ
കരളിൽപരിചൊടു മരുവീടേണം
ഗുരുപരിചരണംകൊണ്ടു ലഭിക്കാം
സുരവരമന്ദിരവാസംപോലും
ധരണിസുരൻമാർമകുടമഹാമണി–
വരനല്ലോ മമ ഗുരുവായ്‌വന്നതു
സരസഗുണാകരനഖിലനരാണാം
ദുരിതനിവാരണകാരണഭൂതൻ
തന്തിരുവടിയുടെ കൃപയുണ്ടെന്നാ–
ലെന്തു നമുക്കിഹ വശമല്ലാത്തൂ?
അന്തണരെല്ലാം സന്തതമെന്നെ
ചിന്ത തെളിഞ്ഞിഹ കാത്തീടേണം.
ചെന്തളിരടികളിലടിയൻ വിരവൊടു
ശാന്തൻമാരെ വണങ്ങീടുന്നേൻ.
മന്ദേതരഗുണമന്ദിരനെൻഗുരു
നന്ദിതനാകിയ ബാലരവിക്ക്
നന്ദിവരുത്തും പരദൈവതമേ!
സുന്ദരികണ്ടങ്കരിപുരമമരും

---

* ശരസംഭവൻ=സുബ്രഹ്മണ്യൻ (ശരവണത്തിൽ പിറന്നവൻ. ശരവണഭവൻ.)

വൃന്ദാരകകുലവന്ദിതചരണേ!
വന്ദേ ഭഗവതി നന്ദിതഭുവനേ!
മന്ദാശയനാമടിയനെ വിരവൊടു
നന്ദിച്ചാശു തുണച്ചീടേണം.

''ചീയതേ ബാലിശസ്യാപി
സുക്ഷേത്രപതിതാ കൃഷിഃ
നശാലേഃ സ്തംബകരിതാ
വപ്തുർഗുണമപേക്ഷതേ.''

കുറവില്ലാതുള്ളക്ഷരവിദ്യക–
ളറിവാൻമാത്രം ബുദ്ധിയുമില്ല;
അറിവുള്ളതിനെസ്സഭയിൽ ചെന്നാൽ
പറവാൻ വാക്കിനു കൗശലമില്ല;
ചിലവക നാടകകാവ്യാദികളിൽ
ചിലവുംകവിതാമാർഗ്ഗവുമില്ല;
ചില വസ്തുക്കൾ ചമയ്ക്കാമതിനൊരു
വിലപിടിയാ ചിലർ കേൾക്കുംനേരം;
അങ്ങനെയുള്ളൊരു മാനുഷനാകിലു–
മിങ്ങനെയുള്ള മഹാജനസഭയിൽ
ചെന്നൊരു വിദ്യ പ്രയോഗിച്ചാലതു
നന്നെന്നുള്ളതു വന്നുഭവിപ്പതു
സജ്ജനസഭയുടെ സത്ഗുണഗണ്യത;
ഇജ്ജനമതിനാളായിട്ടല്ല.
വളമേറിന കണ്ടത്തിൽ വിതച്ചാൽ
വിളവൊരു പത്തിനു സംശയമില്ല;
വളമില്ലാത്ത പറമ്പിൽ വിതച്ചാൽ
അളവേവിത്തും കിട്ടുകയില്ല;
കണ്ടത്തിന്റെ ഗുണംകൊണ്ടേവിള–
വുണ്ടാവുള്ളു വിതച്ചതിലധികം;
കൊണ്ടിഹ ചെന്നുവിതയ്ക്കുന്നവനെ–
ക്കൊണ്ടൊരു കാര്യം വരുവാനില്ല;
നല്ലകൃഷിക്കാരൻതാൻ വിത്തൊരു
കല്ലിൽവിതച്ചാൽ കരികേയുള്ളു;
നല്ലൊരുവയലിലതുഴുതുവിതച്ചാൽ
നെല്ലൊരുനാഴിക്കൊരുപറവിളയും.
എന്ന കണക്കേ കേൾക്കുന്നവരറി–
യുന്ന ജനങ്ങൾ മഹത്തുകളെങ്കിൽ
ഇന്നവനെന്നില്ലവനുടെ വാക്കുകൾ
നന്നെന്നും വരുമിതിനുടെയർഥം.

അക്ഷരമെന്നാലമ്പതുമൊന്നുമ—
തിൽപരമെങ്ങാൻ കേൾപ്പാനുണ്ടോ?
പ്രാകൃതമെന്നും സംസ്കൃതമെന്നും
വ്യാകരണം പതിനെട്ടുപുരാണം
സൂത്രംനാടകകാവ്യശ്ലോകം
ശാസ്ത്രം പലവക ചമ്പുബൃഹത്ക്കഥ
ഗദ്യഗ്രന്ഥം പദ്യഗ്രന്ഥം
ഗണിതം വൈദ്യം വൈദികതന്ത്രം[1]
ഇത്തരമനവധി പുസ്തകജാലസ—
മസ്തവുമമ്പത്തൊന്നിലടങ്ങും.
അക്ഷരമീവക കൂട്ടിച്ചേർത്തതി—
ലക്ഷതമാകിയ രസമുളവാക്കി
പ്രാസവുമർത്ഥവുമിടചേർത്തതിലു—
ള്ളാസ്യരസങ്ങളുമങ്ങുളവാക്കി
തീർക്കും നല്ലൊരു കവിയുടെ കവിതകൾ
കേൾക്കും പരിഷകളെത്ര രസിക്കും?
കർണ്ണങ്ങൾക്കു സഹിക്കാതുള്ളൊരു—
വർണ്ണമതാക്കിച്ചൊല്ലും ദുഷ്കവി;
ഇത്ഥം സൽക്കവി ദുഷ്കവിഭേദം
സിദ്ധമതായ്‌വരുമെന്നതിനർത്ഥം
ശിക്ഷയിലൊരു സാദൃശ്യം ചൊല്ലി
തൽക്ഷണമിഹ ഞാൻ ബോധിപ്പിക്കാം;
പൃഥിയുമപ്പും വഹ്നിമരുത്തും
പ്രഥുവാമാകാശം[2] ഇവയഞ്ചും
സാധനമഖിലശരീരം തീർപ്പാൻ
സാധുവതാകിയ ബ്രഹ്മാവിന്നും
ചട്ടി കലം കുടമെന്നിവയെല്ലാം
കൊട്ടിത്തീർക്കും കുശവൻമാർക്കും
ചട്ടമിതെല്ലാമൊരുപോലിരുവരു—
മൊട്ടും ഭേദവുമില്ല നിനച്ചാൽ.
മണ്ണും വേണം ജലവും വേണം
മണ്ണതു ചുടുവാൻ തീയും വേണം
ആയതു തീർത്താൽ വെള്ളം വലിവാൻ

---

1. ഗണിതം വൈദ്യം വൈശികതന്ത്രം'—എന്നാണ് കളരിവൃദ്ധൻമാരായ ആശാൻമാരുടെ വായ്പാഠം.

2. പഴയ തുള്ളൽക്കളരിയിലെ വായ്പാഠമാണ് സ്വീകരിച്ചിരിക്കുന്നത്. പ്രഥുവാമാകാശം=വിസ്തൃതമായ ആകാശം 'പ്രഭയാമാകാശം', 'വിഭുവാമാകാശം' എന്നിങ്ങനെ രണ്ടു പാഠങ്ങളാണ് മുദ്രിതപുസ്തക'ങ്ങളിൽ കാണുന്നത്. പ്രാസപ്രിയനായ നമ്പിയാർ 'പ്രഥുവാമാകാശം—എന്നു പ്രാസത്തിനു ചേർച്ചവരുത്തി പ്രയോഗച്ചെന്നു കരുതണം.

വായുവുമതിലുള്ളാകാശവുമാം
ഭൂതമതഞ്ചും കുശവനു വേണം
ബ്രഹ്മാവിനുമതുതന്നേ സാധനം
ഇന്ദ്രാദികളാമമരൻമാരും
ചന്ദ്രദിവാകരചാരണഗണവും
മനുജൻമാരും ദനുജൻമാരും
മനുമുതലായ മഹീശൻമാരും
ഫണികളുമനവധി പലപല ഭുവനേ
പണികൂടാതെ ചമയ്ക്കും ബ്രഹ്മൻ;
ആയതുപോലേ വരുമേ കുശവൻ—
നായർ ചമയ്ക്കും കലവും കുടവും?
സാധനമൊന്നെന്നാലുമതിങ്ങനെ
ഭേദവിശേഷം വരുവാൻ സംഗതി;
ഇത്ഥം സൽക്കവിദുഷ്കവിഭേദം
സിദ്ധമതായ്‌വരുമെന്നിതിനർത്ഥം.

‘‘പണ്ടു സ്യമന്തകമെന്നതു കാരണ—
മുണ്ടായോരപവാദകളങ്കം
പണി പലചെയ്തു സമസ്തമൊഴിച്ചു
കരുണാകരനതു കേട്ടിട്ടില്ലേ’’?
അരുളിച്ചെയ്താനുലകുടെ പെരുമാ
‘‘ളതു ഞാനേതും കേട്ടിട്ടില്ല
അക്കഥ നമ്മോടറിയിക്കേണം
സൽക്കഥകേട്ടാൽ ദുരിതം നീങ്ങും’’
എന്നതു കേട്ടു തെളിഞ്ഞാസ്സചിവൻ
വന്ദിച്ചങ്ങു പറഞ്ഞുതുടങ്ങി;
ലക്ഷ്മീകുചതടകുങ്കുമരേഖാ
ലക്ഷ്മീലളിതഭുജാന്തരനാകിയ
ലക്ഷ്മീപതി നിജഭക്തജനാനാം
ലക്ഷ്മീവിതരണശീലൻ ഭഗവാൻ
ലക്ഷ്മീഭഗവതി രുക്മിണിയോടും
ലക്ഷ്മീവാനൊരുമിച്ചു വസിച്ചു;*
മന്ദിരപൂർത്തികൾ കീർത്തിപ്പാൻ മമ
മന്ദതകൊണ്ടതിദുർഘടമല്ലോ;
മന്ദരശൈലമഹാശിഖരങ്ങളു—
മന്നതിനോടെതിരാകരുതേതും;
ചന്ദനവാടിയിലിടചേർന്നീടിന
സാന്ദ്രാലയശതമുണ്ടൊരു ഭാഗേ

---

* ‘ലക്ഷ്മീവരനൊരുമിച്ചു വസിച്ചു’ എന്നു പാഠാന്തരം.

ചന്ദ്രികതട്ടിയലിഞ്ഞൊഴുകീടിന
ചന്ദ്രോപലമയമതിലുകളതുലം;
ചന്ദ്രാനനമാർ പതിനാറായിര–
മിന്ദ്രാവരജമനോഹാരിണിമാർ
സാന്ദ്രമനോഹര ഗാനാരംഭേ
മന്ദമണഞ്ഞു പുണർന്നുപുണർന്നും
കുന്ദകുരണ്ഡകമാലകൾചൂടി
കന്ദുകതാഡനലീലകളാടി
ഇന്ദിശ മലഹരി ബലഹരി പാടി
ഇന്ദളമെന്നിവ സരസംപാടി[1]

അങ്ങാടിയതുതന്നിലെങ്ങാനുമൊരു ദിശി
വിങ്ങുന്നപാതിരാവിലെങ്ങും നടക്കുന്നേരം
പാടേ കനകപ്പൊടികൂടെയിടകലർന്നു
മുത്തുമണിപലതുമുത്തുംഗകാന്തിയോടെ
കണ്ടാലതിങ്കലൊട്ടുമുണ്ടാകയില്ല രുചി;
കാണാതപഹരിക്ക കാണിപോലുമില്ലന്നു
പ്രാണികൾക്കെല്ലാമുണ്ടു പ്രാണാപായത്തിൽ ഭയം.
നാടുമകന്നു നിശി കാടുകൾതോറും നല്ല
ചോടുമിറക്കി ചില കേഴമിഴിമാർ താനേ
പേടിയും വെടിഞ്ഞങ്ങു താനേ കിടക്കുന്നേരം
വേടക്കുലങ്ങളെല്ലാമോടിയകന്നീടുന്നു;
അത്രയുമല്ലതിലും ചിത്രമിതെത്രപാരം
പെട്ടന്നുറങ്ങുന്നേരം ചട്ടററവായുതാനും
പെട്ടെന്നിളകുന്നില്ല തട്ടാതെപോയിടുന്നു[2].
ഏവം നിജപുരിയിൽ ദേവൻസുഖിച്ചു ബല–
ദേവൻ തന്നോടുകൂടെ മേവുന്ന കാലമങ്ങു
വൃത്രാരിസഹജന്നു മിത്രമായ് വസിക്കുന്ന
സത്രാജിത്തൊരുദിനം മിത്രനെസ്സേവിപ്പാനായ്
കാലേകുളിച്ചുചിതം[3] മൂലമന്ത്രം ജപിച്ചു.

---

1. ഇന്ദിശ, മലഹരി, ബലഹരി, പാടി, ഇന്ദളം എന്നിവ അവർ സരസം പാടിയ രാഗങ്ങളുടെ പേരുകൾ

2. 'തൊട്ടൊന്നിളക്കുന്നില്ല തട്ടാതെ പോയീടുന്നു'—എന്നു തുള്ളൽക്കാരുടെ വായ്പാഠം. കാട്ടുവഴിവക്കിൽ ചുമടിറക്കി വിശ്രമിച്ചു കിടന്നുറങ്ങുന്ന സ്ത്രീകളെ തൊട്ടിളക്കാതെ വായു അകലെക്കൂടെ കടന്നുപോയി എന്നർഥം. ഈ പാഠം കുറച്ചുകൂടെ വ്യംഗ്യപുഷ്ടിയുള്ളതാണ്.

3. ദേവതകൾ ഓരോന്നിനെ ധ്യാനിക്കുന്നതിനും പ്രത്യേകം പ്രത്യേകം മൂലമന്ത്രങ്ങളുണ്ട്. ഇവിടെ സൂര്യനെ ധ്യാനിക്കുന്നതിനുചിതമായ മൂലമന്ത്രം ജപിച്ചു എന്നു സാരം.
'കാലേ കുളിച്ചു ചില മൂലമന്ത്രം ജപിച്ചു'—എന്നു പാഠാന്തരം.

ചാലേ സമുദ്രംതന്റെ കൂലേ വസിച്ചു രവി–
തന്നെ സ്തുതിച്ചാനവനന്നേരമാടലോടെ.
‘‘അംഭോജാകരതോഷണം ത്രിജഗതാ–
        മാനന്ദസംപോഷണം
ഗംഭീരാമയശോഷണം രിപുവര–
        ശ്രീമന്മഹാഭീഷണം
ഡംഭാഹമ്മതിദൂഷണം സുരഗിരേ–
        രേകം മഹാഭൂഷണം
സംഭിന്നാരിഷു രോഷണം പ്രതിദിനം
        വന്ദാമഹേ പൂഷണം.’’
‘‘അംബരചാരിൻ! അംബുജധാരിൻ!
ഉരുതരദുരിതമഹാമയഹാരിൻ!
മണ്ഡനധാരിൻ! ഖണ്ഡിതവൈരിൻ!
ദിനമനുനിഖിലചരാചരഹാരിൻ!
കാമവിസാരിൻ! കോമളധാരിൻ!
ജയ ജയ! ദിനകരവാതാഹാരിൻ!
ഒട്ടൊഴിയാതെ ചരാചരമെല്ലാം
ഒട്ടുപുലർച്ച തുടങ്ങുന്നേരം
ഒട്ടും താഴ്ചവരാതെ ഗമിച്ചുട–
നോട്ടംതേടി നടന്നീടുകയും
വാട്ടമകന്നു പിടിച്ചു കളിച്ചും
വേട്ടകളാടി നടന്നു രസിച്ചും
പാട്ടിലിരുന്നു രസിച്ചു മുടിച്ചും
തണ്ടാർമലർശരമേററു വലഞ്ഞും
തണ്ടാർമിഴികളെയങ്ങു തിരഞ്ഞും
തേടിനടന്നു നടന്നു വലഞ്ഞും
തണ്ടിലിരുന്നു ശരീരമുലഞ്ഞും
ഭക്ഷണമാശു കഴിച്ചു കിടന്നും
ഭിക്ഷകളേററു വിശന്നുതളർന്നും
രക്ഷകരം ചെയ്തവനങ്ങു തുനിഞ്ഞും
രൂക്ഷമതാം ചില കുന്നു കടന്നും
ദുഷ്ടവിചേഷ്ടിതമൊക്കെ ലഭിച്ചും
ശിഷ്ടജനത്തെയടിച്ചു പിടിച്ചും
കഷ്ടമഹോ ചിലർ കള്ളുകുടിച്ചും
പുഷ്ടമിറച്ചിയെടുത്തു കടിച്ചും
നിന്തിരുവടിയുടെ ചരിതമിതെല്ലാം
സന്തതമഖിലം കാണാകുന്നു.
സൃഷ്ടിക്കുന്നു ഭവാനിഹ ലോകേ

പുഷ്ടതയാ പരിപാലിക്കുന്നു,
ദുഷ്ടരെയൊക്കെയൊടുക്കീടുന്നു
വിഷ്ടപമൊക്കെ ഹനിച്ചീടുന്നു.
ജനനംചെയ്‌വതുമവനംചെയ്‌വതു–
മഖിലചരാചരഹനനംചെയ്‌വതു–
മനവരതം ദിനനാഥ! കൃപാലോ
നനു കലയാമി ഭവാനിഹ നൂനം.
ശങ്കരനായതു നിന്തിരുവടിതാൻ,
ശങ്കയെനിക്കിഹ തോന്നുന്നില്ല;
പങ്കജനാഭൻ നിന്തിരുവടിതാൻ
പങ്കജഭവനം നിന്തിരുവടിതാൻ,
വൃന്ദാരകപതിയാദിയതാം സുര–
വൃന്ദമശേഷം നിന്തിരുവടിതാൻ,
നിൻകഴലിന്നിഹ കൂപ്പീടുന്നേൻ
നിൻകൃപയെങ്കലുദിച്ചീടേണം.''
എന്നിവ പലവക ചൊല്ലി നമിച്ചും
ഇന്ദ്രിയമഖിലമടക്കി ജയിച്ചും
ഘോരമതായ തപസ്സിലുറച്ചും
വാരിജബന്ധു മനസ്സിലുറച്ചും
ചഞ്ചപാവകമദ്ധ്യഗനിന്ദ്രിയ–
പഞ്ചകത്തെ ജയിച്ചു നിതാന്തം
പഞ്ചലത്തെ വെടിഞ്ഞൊരുനേരം
നെഞ്ചകത്തുമുദിച്ചു ദിനേശൻ
അഞ്ചിതായതലോചനനാമവ–
നഞ്ചുനാളിനകത്തൊരുഭേദം
തഞ്ചിനാനൊരു കാന്തിവിശേഷം
പഞ്ചസായകനോടു സമാനൻ.
നെഞ്ചിലെപ്പൊഴുമഞ്ചിതമാകിന
വാഞ്ഛിതം മമ നല്കണമിപ്പോൾ
കന്ദമൂലഫലങ്ങൾ ദലങ്ങളി–
ലൊന്നിലും രുചിയില്ലവനന്ന്.
മന്ദവാതമതെന്നിയെ മററവ–
യൊന്നു വേണ്ട ഭുജിപ്പതിനായി,
ഡംബരങ്ങളകന്നിതു ദേവാ–
ലംബനം രവിയെന്നുമുറച്ചു
''ദേവ ദേവ ദിവാകര! പാലയ!
കേവലാഗമമാകിയ മൂർത്തേ!
ദേവസേവിതനായ ഭവാനുടെ

സേവ ചെയ്‌വതിനാരിഹ പോരും?''
ഇത്തരം പല വാക്കു പറഞ്ഞതി—
ഭക്‌തിയോടെ വണങ്ങി വണങ്ങി
ആർത്തമോദം തപസ്‌സു തുടങ്ങിനാ—
നാർത്തിതീർക്കന്നമെന്നവനപ്പോഴം.

അന്നേരം ദിനനാഥനവന്റെ
മുന്നിൽ പരിചൊടു കാണായ്‌വന്നു
മന്‌ദസ്‌മിതവും തൂകി നികാമം
മന്‌ദമൊരക്‌ഷര മരുളിച്ചെയ്‌തു!
''ഹന്ത കുമാരക! ചൊല്ലേണം നീ
ചിന്തയിലെന്തു നിനക്കഭിലാഷം?
സന്താപങ്ങളകന്നീടേണം
സന്തതമോദം വന്നീടേണം
ആർത്തികളൊക്കെയകററീടേണം
കീർത്തി നിനക്കു നടന്നീടേണം
ചീർത്ത ഗുണങ്ങളിണങ്ങീടേണം*
പൂർത്തികളാശു വിളങ്ങീടേണം.''
ഇത്തരമുള്ള ദിവാകരവചനം
സത്വരമവിടെക്കേട്ടു ദശായാം
അത്തലകന്നിഹ സത്രാജിത്തും
ഉത്തരമിത്‌ഥമുണർത്തിച്ചു മുദാ!
''ദുർഗ്‌ഗതികൊണ്ടു ഗൃഹത്തിലിരിപ്പാൻ
ദുർഘടമെന്നതറിഞ്ഞീടേണം
സർവമറിഞ്ഞൊരു നിന്തിരുവടിയൊടു
സാമ്പ്രതമെന്തിനുണർത്തിക്കുന്നു?
പാരിടമൊക്കെയടഞ്ഞു നിറഞ്ഞൊരു
കൂരിരുളൊക്കെയടക്കിക്കളവാൻ
കാരണമായൊരു തേജസ്‌സുണ്ടു
ചാരുതരം ത്വയി കാണാകുന്നു;
അടിയനുമൊന്നതു തന്നരുളേണം
മടിയരുതേതും കരുണാസിന്‌ധോ!
അടിമലർ കൂപ്പുന്നോർക്കഭിലാഷം
വടിവൊടു നിന്തിരുവടി നല്‌കുന്നു.''
ഇത്തരമുള്ളൊരു സത്രാജിത്തിൻ
ചിത്തമനോരഥസാരമറിഞ്ഞ്
ഉത്തമനാകിയ സൂര്യൻഭഗവാൻ
ഉത്തരമൊന്നിദമരുളിച്ചെയ്‌തു!

---

* 'ചിത്തഗുണങ്ങളിണങ്ങീടേണം'—എന്നു പാഠാന്തരം

''ഭോ! ഭോ! സത്രാജിദത്രാജിതപദകമലാ—
ലംബനം സാമ്പ്രതം തേ
ദാതും ചോതോനുകൂലം കിമപി പടുതരം
നൈവ ലോകേ വിലോകേ;
കാമം കാമപ്രദായീ വപുഷി വിജയതേ
കോപി ചിന്താമണിർമ്മേ
സ്വർണ്ണാനാമഷ്‌ടഭാരം ദിനമനു ജനയേ—
ദേഷ, ദാസ്യാമി ചൈനം.''

ഇത്തരമുള്ളൊരു പദ്യം ചൊന്നാ—
നുത്തമനാകിയ സൂര്യൻ ഭഗവാൻ;
അർത്‌ഥമിതിന്നറിവാൻ പണിയെങ്കിൽ
അർത്‌ഥം ഭാഷയിലങ്ങറിയിക്കാം,
കൈകൊണ്ടൊട്ടറിയിച്ചീടേണം
മെയ്‌കൊണ്ടൊട്ടു നടിക്കേ്യം വേണം
എന്നതുകൊണ്ടുമറിഞ്ഞില്ലെങ്കിൽ
ചൊന്നതിനർത്‌ഥം ചൊല്ലുന്നുണ്ട്‌.
സത്രാജിത്തേ! കേട്ടാലും! നീ
ചിത്രം ചിത്രം! നിന്നുടെ ധൈര്യം
വല്ലവിമാരുടെ വല്ലഭനാകിയ
മല്ലവിലോചനനുല്ലാസേന
വാണീടുമ്പോൾ നിങ്ങൾക്കെല്ലാം
കാണിപോലും ഖേദവുമില്ല;
എന്നതിലേററവുമൊന്നു തരുന്നതി—
നെന്തിഹ വേണ്ടിതി ചിന്തിതമിങ്ങ്‌
പണ്ടേയുണ്ടെൻറംഗംതന്നിൽ
കണ്ടാലും നീ കുണ്‌ഠതയെന്യേ
ഹന്ത! സ്യമന്തകമെന്ന മഹാമണി
കാന്തികൾകൊണ്ടതികാന്തമിതല്ലോ.
നിത്യം നിത്യം പൂജിക്കേണം
ചിത്താനന്‌ദം സേവിക്കേണം
എട്ടെട്ടു ഭരം പൊന്നു ദിനംപ്രതി
മുട്ടാതേ തരുമിമ്മണിരാജൻ;
എന്നാലിതു നീ മേടിച്ചാലും!
തന്നീടുന്നേനിന്നിതുതന്നെ.
ശിക്‌ഷയിലിന്നിതു സൂക്‌ഷിച്ചങ്ങനെ
രക്‌ഷിക്കേണമിതെന്നരുൾചെയ്‌തു.

സ്യമന്തകംമണി കൊടുത്തു സൂര്യൻ
സമന്ത്രമങ്ങനെ മറഞ്ഞ നേരം

അമന്ദവേഗമൊടവൻ നടന്നു
ക്രമേണ കാനനതലം കടന്നു
ഗളത്തിലമ്മണി വിളങ്ങിയപ്പോൾ
കുളുർത്ത ശോഭകൾ നിറഞ്ഞു കണ്ടു;
പുരത്തിലങ്ങവനടുക്കുമപ്പോൾ
കടുക്കനെച്ചിലരകന്നുനിന്നു.
തെരുക്കനെച്ചിലരൊരുക്കിയെല്ലാ—
മുരുത്തിരിപ്പിന്നൊരുമ്പെടുന്നു;
ദിനേശനുണ്ടിഹ വരുന്നു താനേ
ജനേശനെപ്പുനരണഞ്ഞു കാൺമാൻ
ജനങ്ങളിങ്ങനെ നിനച്ചു തൽക്ഷണ—
മനേകസംഭ്രമമകന്നു നിന്നു.

അർക്കനെഴുന്നള്ളുന്നതു കാൺമാൻ
വെക്കം ചെന്നു നിറഞ്ഞു ജനങ്ങൾ
ദിക്കുകളിൽ ചിലതിക്കു തുടങ്ങി
പൊക്കത്തിൽ ചിലരേറി നിരന്നു;
അച്ചികളെല്ലാം കാഴ്ചയിതെന്നി—
ട്ടുച്ചത്തിൽ ചില വാക്കു തുടങ്ങി!
‘‘ഇച്ചിരിയമ്മേ! നിച്ചിരിയത്തീ!
ഇച്ചിരിയൊട്ടും നന്നല്ലേടീ!
കൊച്ചുകളോടു കളിച്ചിരിയാ മൽ
കാഴ്ചയിലിച്ഛ നിനക്കുണ്ടെങ്കിൽ
കാച്ചിയ പുടവയുടുക്കരുതായോ?
പച്ചപ്പുഴുവും തേയ്ക്കരുതായോ
കുഞ്ഞിപ്പെണ്ണിനു കഞ്ഞികുടിപ്പാൻ
കുഞ്ഞുകരഞ്ഞിട്ടാവതുമില്ല
മഞ്ഞത്തുകിലും കഞ്ഞിപ്പുടവയു[1]
മാഞ്ഞു പിടിച്ചൊരു കുഞ്ഞച്ചാരും
കുഞ്ഞിക്കാവും അവളുടെ മകളും
പാഞ്ഞിത പോണൂ കാഴ്ചകൾ കാൺമാൻ.
മായച്ചിക്കൊരു നായർ വരാനു—
ണ്ടായതുകൊണ്ടവൾ പോരുന്നില്ലാ
മായം വേണ്ടയിതേറെ മദിച്ചാൽ
തായം തെററു[2] മതോർത്തീടേണം.
ചക്കിക്കുണ്ടൊരു ചക്കരവായൻ
ചക്കച്ചാരെന്നക്കരവീടൻ

---

1. കഞ്ഞിപ്പുടവ=അലക്കിയ പുടവ.
2. തായം തെററുക=ഉന്നം പിഴയ്ക്കുക.

തക്കംനോക്കിയടുക്കുന്നേരം
വെക്കമൊടവനെപ്പോക്കണമെന്നും;
നീലിപ്പെണ്ണവൾ താലിയണിഞ്ഞും
ചേല ഞൊറിഞ്ഞും മാലയണിഞ്ഞും
കേളച്ചാരുടെ കോലം കണ്ടും
കാലം പോയതറിഞ്ഞില്ലവളും.''

ഇങ്ങനെയോരോ വാക്കുകളോരോ-
ന്നംഗനമാരു പറഞ്ഞുതുടങ്ങി.
തെക്കൻകത്തിയെടുത്തൊരു തോളിൽ
തൂക്കിക്കൊണ്ടൊരു കൂക്കു വിളിച്ചു

ചെക്കനെയങ്ങു മറഞ്ഞഥ നോക്കി-
ച്ചിക്കെന്നങ്ങു നടന്നുതുടങ്ങി
പൗരൻമാരതുനേര,മതെല്ലാം
നാരായണനോടറിയിപ്പാനായ്

ദ്വാരകതന്നിൽച്ചെന്നൊരു സമയേ
നാരായണനെക്കാൺമാറായി;
വൃഷ്ണികുലത്തിൻമകുടമഹാമണി
കൃഷ്ണൻതിരുവടിതാനതുനേരം

വല്ലഭയാകിയരുക്മിണിയോടും
നല്ല വിശേഷം ചൊല്ലി രസിച്ചു
ശീതളമായൊരു മണിയറതന്നിൽ
ചൂതും പടവുമെടുത്തു നിരത്തി

ചൂതായുധസമനാകിയ ഭഗവാൻ
ചൂതും പൊരുതു കളിച്ചുരസിച്ചു.
ഇരുമൂന്നാറു കളിച്ചാലിന്നീ-
ക്കരുവതെനിക്കിഹ വെട്ടാമെന്നും

പെട്ടെന്നിപ്പോളൊരെട്ടു കളിച്ചാൽ
പെട്ട പിരിച്ചതു വെട്ടാമെന്നും
പകിടകളിച്ചതു കപടംതന്നെ
പകിടികളെന്നോടു കൂടായെന്നും

തോലി പിണഞ്ഞു നമുക്കെന്നാലെൻ
താലിയിലൊന്നു തരുന്നേൻ പണയം
കൊങ്കകൾ രണ്ടും പണയം തന്നാ-
ലെങ്കിലൊരിക്കൽ പൊരുതാമെന്നും

ഇത്തരമോരോ വാക്കരുൾചെയ്തു
ചിത്തവിനോദത്തോടു വസിക്കും
പുരുഷോത്തമനെച്ചെന്നുവണങ്ങി-
പ്പുരുജനമേവമുണർത്തിച്ചു മുദാ:

''രാകാശശിവദന! ദേവ ശൗരേ! ജയ
ലോകാഭിരാമഗുണ! ദേവ ശൗരേ!

ലക്ഷ്മീരമണ! ജയ ദേവ ശൗരേ!
അക്ഷീണഭുജബല ദേവ ശൗരേ!

ലീലാരസികതനോ! ദേവ ശൗരേ! വന-
മാലാവലിഭൂഷണ ദേവ ശൗരേ!

ആദിത്യദേവനിങ്ങെഴുന്നരുളീ താനേ
മോദേന ഗോപുരത്തിൽ പാർത്തിടുന്നു.

കാന്തിപടലംകൊണ്ടീ രാജധാനിയിലുള്ള
കാന്താരമഖിലം വിളങ്ങീടുന്നു;

നിന്നടിമലർവന്നു കൂപ്പുവാനായവ-
നിന്നിഹ വന്നീടുന്നു മോദമോടെ;

എന്നാലവനെയിന്നു കാണിക്കേണം
നന്നായിട്ടൊരു ദിക്കിൽ പാർപ്പിക്കേണം.''
എന്നീ വാക്കുകൾ കേട്ടു മുകുന്ദൻ
മന്ദസ്മിതമൊടുമൊന്നരുൾചെയ്തു:
''എന്നും ദിനകരനല്ല വരുന്നതു
മന്ദൻമാരതു ബോധിച്ചാലും!
അംബരമാർഗ്ഗംതന്നിൽ വിളങ്ങുമൊ-
രംബരമണിയുടെ ബിംബമൊരുനാൾ
അവനിതലത്തിലിറങ്ങുകയില്ലെ-
ന്നറിയരുതായോ! ഭോഷൻമാരേ?
സത്രാജിത്തു തപസ്സു തുടങ്ങി-
ത്തത്ര വസിക്കുന്നെന്നതു കേട്ടു
മിത്രവരംകൊണ്ടവനുടെ കാന്തികൾ
ഇത്ര വിളങ്ങിയതെന്നറിയേണം;''
ഇത്തരമൊന്നരുൾചെയ്ത ദശായാം
സത്രാജിത്തുമണഞ്ഞു വണങ്ങി
വൃത്രാരാതി സഹോദരനോടാ-
വൃത്താന്തങ്ങളുണർത്തിച്ചു മുദാ;
ചെന്താർമാനിനിതന്നുടെ കണവൻ
ചിന്തതെളിഞ്ഞൊന്നരുളിച്ചെയ്തു:
''യാദവ! നിന്നുടെ ഭാഗ്യംകൊണ്ടു
സാദരമാശു ലഭിച്ചിതു മണിയും
ഭൂമിയിലുള്ള ജനങ്ങൾക്കിമ്മണി-
കാണ്മാൻപോലും പണിയാകുന്നു
അർക്കനു നിങ്കലുദിച്ചോരു കരുണയ
തോർക്കുംതോറും ചിത്രം! ചിത്രം!

പരമമഹാധനമാകിയ രത്നം
പരിപാലിപ്പാനെളുതല്ലേതും
ചോരൻമാരുണ്ടനവധി പാർത്താ-
ലാരെന്നാലും സൂക്ഷിക്കേണം;
നിങ്കലൊരമളി വരാതെയിരിപ്പാ-
നെങ്കലതെങ്കിലിരുന്നീടട്ടേ!
ആശയതിങ്കൽ നമുക്കില്ലേതും—
നാശം വരു,മതുകൊണ്ടു പറഞ്ഞു.
ചിത്താനന്ദം മണിയിൽ വിളഞ്ഞൊരു
വിത്തമതൊക്കെ നിനക്കു തരുന്നേൻ.''
ഇത്തരമൊന്നരുൾചെയ്തതു കേട്ടതി-
നുത്തരമൊന്നവനുരിയാടാതെ
ചിത്തംകൊണ്ടു ചിരിച്ചുതുടങ്ങി
സത്വരമങ്ങു നടന്നു തുടങ്ങി:
''ദ്രവ്യത്തിങ്കലെയാഗ്രഹമെന്നതു
ഭവ്യൻമാർക്കുമിളയ്ക്കരുതേതും
വിത്തത്തിൽ കൊതിയുണ്ടാ, മെന്നാൽ
ഇത്രയതെന്നൊരു നിയമം വേണം;
കാറ്റും മഴയും വെയിലും മഞ്ഞും
ഏറ്റുംകൊണ്ടുടനാടലിനോടേ
ഏറ്റമുറക്കം മാറ്റിപ്പരിചൊടു
നോറ്റുകിടന്നുടനേറ്റമിരന്നും
പണിപെട്ടിങ്ങു നമുക്കു ലഭിച്ചൊരു
മണി പെട്ടെന്നു പിടിച്ചുപറിപ്പാൻ
മടികൂടാതരുൾചെയ്തൊരു വചനം
കടുതായ്‌വന്നുടനോർക്കുന്തോറും;
സ്വർണ്ണമശേഷം തരുവനിതെന്നൊരു
കർണ്ണാനന്ദം ചൊല്ലുകയത്രേ;
പാട്ടിലണഞ്ഞ ധനത്തിലൊരല്പം
കാട്ടുകയില്ലീ യജമാനൻമാർ;
'പെട്ടി തുറപ്പാനിന്നെളുതല്ലാ
പൂട്ടിയ പുരുഷൻ വീട്ടിൽപോയി
നാളെ വരേണം വേണമതെങ്കിലൊ-
രാളെയയച്ചാലതുമതിതാനും;'
ഇങ്ങിനെയുള്ളൊരു ശാതപറഞ്ഞി-
ട്ടിങ്ങു ലഭിപ്പാൻ കൂടുകയില്ല.''
ഇത്ഥം മനസി നിനച്ചുംകൊണ്ടു
സത്രാജിത്തും ഭവനം പുക്കാൻ;

നിത്യവുമമ്മണിവച്ചൊരുപീഠേ
ഭക്തിമുഴുത്തഥ പൂജകൾ ചെയ്തു
ചിത്താനന്ദം മണിയിൽ വിളഞ്ഞൊരു
വിത്തമെടുത്തുസുഖിച്ചുവസിച്ചു.
പ്രസേനനെന്നൊരു സഹോദരൻതാൻ
പ്രസാദമോടവനടുത്തുവന്നു
വണങ്ങിയമ്മണിഗുണങ്ങൾകൊണ്ടവ–
നിണങ്ങിനിന്നഥ പറഞ്ഞു കിഞ്ചന:
‘‘കനത്ത കൗതുകമെനിക്കു ചേതസി
ജനിക്കകൊണ്ടിതു നിനച്ചിടുന്നു
മനക്കുരുന്നതിലനുഗ്രഹം മയി
നിനക്കു കിഞ്ചന ജനിച്ചിടേണം;
നിരാകുലം മമ തരേണമിമ്മണി
ചിരേണ വാഞ്ഛിതമെനിക്കു ചേതസി
സരോജവല്ലഭവരേണ വന്നതു
കരേണ ഞാനതു ധരിക്കണം
ഗളത്തിലമ്മണി വിളങ്ങണം മമ
കുളുർത്ത ശോഭകൾ നിറയ്ക്കണം
നെടുത്ത കാനനമടക്കി വാഴും
മൃഗങ്ങളെപ്പലതൊടുക്കണം
ഉടക്കിയമ്പുകൾ തൊടുക്കണം മൃഗ–
നടിപ്പതും ചില മുടക്കണം.’’
സാദരമിങ്ങനെ സോദരവചനം
യാദവനൻപൊടു കേട്ട ദശായാം
ഖേദം മനസി ജനിച്ചതടക്കി–
സ്സോദരനമ്മണിയുടനേ നല്കി:
അപ്പോഴമ്മണിമേടിച്ചവനും
ശില്പമെടുത്തു കഴുത്തിലണിഞ്ഞു
പച്ചവിളങ്ങിന കച്ചമുറുക്കി
പച്ചപ്പട്ടുമുടുത്തഥകെട്ടി
പച്ചപ്പരിചയുമസിയുമെടുത്തൊരു
പച്ചക്കുതിരമൈലേറിനടന്നു;
വേട്ടയ്ക്കിളമയെഴുന്നള്ളുന്നതു–
കേട്ടതുനേരം നായൻമാരൊരു
കൂട്ടമിരുന്നു പറഞ്ഞുതുടങ്ങി
കൂട്ടിവിളിച്ചുപറഞ്ഞുതുടങ്ങി:
‘‘നായാട്ടെന്നതു കേൾക്കുന്നേരം
നായൻമാർക്കതൊരുത്സവമല്ലോ
മായം ചിലവക ബോധിക്കേണം
തായംകൊണ്ടതു സാധിക്കേണം

നായ്ക്കളെനേകം കൂട്ടംവേണം
നായാടികളും ഒരുവക വേണം
വലയുംകെട്ടിയുറപ്പിക്കേണം
മലയും കാടുമിളക്കീടേണം
കലഹിക്കുന്ന മൃഗങ്ങളെയൊക്കെ—
ക്കൊലചെയ്‌വാനൊരു വിരുതും വേണം;
കണ്ടച്ചാരു മരിച്ചേപ്പിന്നെ—
ത്തെണ്ടിപ്പെല്ലാം[1] കൂടെമറന്നു.
വേട്ടക്കളരിയിലെത്തുമ്പോഴും
കോട്ടമിതൊന്നും നമ്മുടെ കണ്ട—
ജ്യേഷ്ഠനിരുന്നന്നുണ്ടായില്ല;
നമ്പൻനായെക്കൊണ്ടൊരുകൂട്ടം
വമ്പെന്നാലതു മതിയാകില്ല
വമ്പടയൊക്കെക്കൂട്ടിക്കൊണ്ടു
മുമ്പിൽനടപ്പാൻ പോരാ താനും;
പണ്ടു പടയ്ക്കു മുറിഞ്ഞേപ്പിന്നെ—
ത്തണ്ടലെനിക്കോ നേരായില്ല[2]
കേളച്ചാരു കൊടുത്തുവളർത്തൊരു
കാളൻനായവനെങ്ങു തിരിച്ചു
ചീളെന്നെത്തിപ്പന്നിത്തടിയൻ
ചേള[3] കടിച്ചുപൊളിപ്പാൻപോയി
കേളച്ചാരുടെ കാളൻനായുടെ
ശീലം നിങ്ങളറിഞ്ഞിട്ടില്ല;
ചാലേ പന്നികൾകോലം കണ്ടാൽ
വാലും തററു പറക്കും കള്ളൻ.
കറുമ്പനെന്നൊരു നായുണ്ടവനൊരു
തരിമ്പു പേടിയുമില്ലൊരു നേരവും.
ഉരമ്പി നല്ലൊരു വരമ്പുപററി
തരം വരുമ്പോൾ കടിയും കൂട്ടും;
വെളുമ്പനൻപൊടു മൃഗങ്ങളോടേ
കലമ്പുവാൻ മതി ബലം കെടാതെ
പെരുത്ത വൻപുലിയുരത്തുവന്നാൽ
കഴുത്തറുപ്പാൻ കരുത്തുപോരും.

---

[1] തെണ്ടിപ്പ് = ദണ്ഡിപ്പ് (ഞാണിൻമേൽക്കളി). ഭടജനങ്ങളുടെ കളരിയഭ്യാസത്തിലെ ഒരിനമായിരുന്നു 'ഞാണിൻമേൽദണ്ഡിപ്പ്'.

[2] പണ്ടു പടയ്ക്കുമുറിഞ്ഞേപ്പിന്നെത്തണ്ടലെനിക്കോ നേരായില്ല = പടയിൽ മുറിവേററതിനുശേഷം തണ്ടെല്ലു നേരെയായിട്ടില്ല.

[3] ചേള = ചെകിള (ചെവിയുടെ കീഴ്ഭാഗം). 'വേള കടിച്ചു പൊളിപ്പാൻ പോയി'—എന്നു മുദ്രിതസമാഹാരങ്ങളിൽ കാണുന്നത് അപപാഠം.

കടുവായോടൊരു കടികൊണ്ടന്നേ
നെടുവാലൻതന്നുടലുമുറിഞ്ഞു
അടവിയിലിന്നുരുനടനം ചെയ്‌വാൻ
ഉടനേയിന്നാ പടുവല്ലേതും[1]
ചാത്തച്ചാരുടെ ചാത്തൻനായും
തൊമ്മച്ചാരുടെ തൊമ്മൻനായും
കണ്ടച്ചാരുടെ കണ്ടൻനായും
കോരച്ചാരുടെ വീരൻനായും
എന്നിവ നായ്ക്കളനേകം വേണം
നിന്നുപിണങ്ങുമിണങ്ങരു[2] വേണം;
പടയ്ക്കുനല്ലവനിടയ്ക്കുമാകാ—
യിടയ്ക്കു നല്ലവൻ പടയ്ക്കുമാകാ
പടയ്ക്കടുക്കും കണക്കുതന്നെ
കടുത്ത വേട്ടയ്ക്കൊരുമ്പെടേണം;
വെളുക്കുമപ്പോൾ കുളിച്ചുനല്ല
വെളുത്ത മുണ്ടും ഞൊറിഞ്ഞുടുത്തു
വെളുത്ത വെണ്ണീറെടുത്തണിഞ്ഞു
കുളുർത്തചോറും[3] ചെലുത്തിനന്നായ്
തളത്തിലേറിച്ചരിഞ്ഞുറങ്ങും
ജളത്വമേറിന തനിച്ചനായർ[4]
പടയ്ക്കുചെന്നങ്ങടുക്കുമപ്പോൾ
പടയും കുടയും വടിയും പൊടിയും
പൊടുപൊടെ വെടിയും ചാക്കും മുറിവും
വാക്കും തെറിയും ചോരപ്പുഴയും
തീരാപ്പഴിയും കണ്ടൊരുനേരം
തൊണ്ടനവന്റെ തുടകളുരണ്ടും
കിടുകിടനെന്നു വിറച്ചുവിറച്ചും
ഉടലുതളർന്നും പേടിവളർന്നും
പടലു തടഞ്ഞിട്ടവിടെ മറിഞ്ഞും
വെക്കം വീട്ടിലടുക്കളതന്നിൽ
പുക്കൊരു വമ്പൻ കതകുമടച്ചു
കഴല പനിച്ചു കിടക്കേയുള്ളു;
കിട്ടച്ചാരൊരു വേട്ടയ്ക്കിടയിൽ
കാട്ടിൽ ചെന്നൊരു കോട്ടിലുറച്ചു

[1] ഇന്നാ പടുവല്ല = ഈ + നായ + പടു (സമർഥൻ) അല്ല.

[2] നിന്നുപിണങ്ങുമിണങ്ങർ = പിൻമാറാതെ നിന്നു പൊരുതുന്ന കൂട്ടുകാർ.

[3] കുളുർത്ത ചോറ് = പഴഞ്ചോറ്.

[4] ജളത്വമേറിന തടിച്ച നായർ എന്നു ചില പതിപ്പിൽ കാണുന്ന പാഠം ശരിയല്ല. തനിച്ച നായർ = തനിക്കു താൻപോന്ന നായർ.

കൂട്ടം പന്നികൾ ചാട്ടം കണ്ടി—
ട്ടോട്ടംകൊണ്ടിഹ വീട്ടിൽ പോന്നു;
അഷ്ടികൊതിച്ചു വസിച്ചീടുന്നൊരു
യഷ്ടിയുമെന്തിനുപോന്നീടുന്നു?
കണ്ണൻപഴവും ചോറും കറിയും
പൊണ്ണത്തടിയാ കാട്ടിൽ കിട്ടാ!
സുന്ദരനെന്നൊരു ഭാവത്തോടേ
സിന്ദൂരക്കുറിയിട്ടുംകൊണ്ട്
വേട്ടയ്ക്കെന്തിനു താൻ പോരുന്നു?
കാട്ടിലിരിപ്പതു വേശ്യകളെന്നോ?
കള്ളാ! ചെന്നു കളത്രം തന്നുടെ
പിള്ളയെടുത്തു കളിപ്പിച്ചാലും!
തുള്ളിവരുന്ന കുരങ്ങുകണക്കേ*
തുള്ളിവരുന്നൊരു കോന്തച്ചാരുടെ
പിള്ളേരുടയൊരു നായാട്ടങ്ങനെ
വള്ളികളേറിയിരുന്നു വിറയ്ക്കും
തള്ളപിരിഞ്ഞൊരു കുഞ്ഞുകളൊന്നിനു
കൊള്ളരുതെന്നതു കേട്ടിട്ടില്ലേ?
ചേന്നച്ചാർക്കു തിടുക്കം വന്നു
തന്നുടെ മകളവൾ പെററതുകൊണ്ട്
ഉള്ളിയരച്ചും മുക്കുടിവെച്ചും
വെള്ളംവെച്ചും കൊള്ളിപിടിച്ചും
ഉള്ളൊരുനേരമടങ്ങിയിരിപ്പാൻ
കള്ളപ്പാഴന്നെളുതല്ലേതും;
കൊട്ടാരത്തിൽ കൊച്ചുപണിക്കരു
വേട്ടയ്ക്കായി പോകണമെന്നാൽ
മുമ്പിലൊരമ്പതകമ്പടി വേണം
പിന്നെച്ചിലവക വേറേ വേണം
പെട്ടിയെടുപ്പാൻ പട്ടരുവേണം
കാലു തിരുമ്മാൻ നായരു വേണം
വേലുക്കോരനുമരികേ വേണം
സഞ്ചിയെടുപ്പാൻ പൊതുവാൾ വേണം.
ചന്തംകൂട്ടി വനത്തിൽ ചെന്നാൽ
എന്തൊരുകാര്യം ചിന്തിക്കുന്നു!

---

* കുരങ്ങിനെപ്പോലെ തുള്ളിച്ചാടിവരുന്ന കോന്തച്ചാരുടെ പിള്ളേരോടു കൂടിയ നായാട്ട് അങ്ങനെ വള്ളികളിൽ കയറിയിരുന്നു വിറയ്ക്കും. തന്റെ പിള്ളേരോടുകൂടി വള്ളികൾക്കിടയിൽ കയറിയിരുന്നു പേടിച്ചു വിറയ്ക്കുകയാണ് കോന്തച്ചാരുടെ നായാട്ടെന്നു പരിഹസിക്കുന്നു.

കാട്ടിൽച്ചെന്നു മഹാഷ്ടം പറവാൻ[1]
കൂട്ടിക്കൊണ്ടിഹ പോകയുമല്ല;
കല്പിക്കുന്നതുമെന്തിനു പാഴിൽ
കല്പന വന്നതു ബോധിച്ചില്ലേ?''
തങ്ങളിലിങ്ങനെയോരോ വാക്കുകൾ
അങ്ങുപറഞ്ഞു നിറഞ്ഞാപ്പടയിട-
തിങ്ങിയിടഞ്ഞു നടന്നുതുടങ്ങി
ഭംഗിയിണങ്ങിന കോപ്പുംകൂട്ടി;
തപ്പു മദ്ദള മിടയ്ക്ക യുടുക്കുകൾ
തിത്തിവീണ മുഖവീണാ മുരശും
ചേങ്ങലാ തിമില നല്ല മൃദംഗം
ചെണ്ട കടുന്തുടി കണ്ഠജാലം[2]
ഡിണ്ഡിമമംക്യമിടയ്ക്കയുടുക്കുകൾ
മഡ്ഡു ഝല്ലരി ഝർഝരവാദ്യം
ഇത്തരം വിവിധ വാദ്യസമൂഹം
പത്തുലക്ഷമിവയൊക്കെ മുഴക്കി;
തിത്തിമ തത്തത്തരികിട കിടതക
തികധകിടധിമി തത്തധരികിട
കിടതകി ജംഝോം കിടതകി ജംഝോം
ധിത്താഝഝന കിടതകിധത്തീം
ധക്ക ധരിക്കുധരിക്കു ധകഝണ
തക്കു തിക്കു തക്കിട്ടേ തക്കിടകിടതകിതാം;
ഇത്തരമുള്ളൊരു ഘോഷം പലവക
സത്വരമങ്ങു തുടങ്ങീടുന്നു.
വില്ലും നല്ല ശരങ്ങളും ചുരികയും
        ചക്രങ്ങൾ ശൂലങ്ങളും
ചൊല്ലേറും ചില കത്തി വാളു ചവളം
        തോക്കും മുനക്കത്തിയും
ഉല്ലാസത്തൊടെടുത്തടുത്തിതുടനേ
        മെല്ലേ പടക്കൂട്ടമ-
ങ്ങെല്ലാം കൂക്കിവിളിച്ചു കാട്ടിനരികേ
        വേട്ടയ്ക്കൊരുമ്പെട്ടുതേ
പടയിളകീടിനസമയേ ശിവ ശിവ!

---

[1] മഹാഷ്ടം പറയുക = വെടി പറയുക.

[2] ചെണ്ട കടുന്തുടി വെണ്ടകജാലം'—പാഠാന്തരം. തപ്പ്, മദ്ദളം, ഇടയ്ക്ക, ഉടുക്കു, തിത്തി, വീണ, മുഖവീണ, മുരശ്, ചേങ്ങല, തിമില, മൃദംഗം, ചെണ്ട, കടുന്തുടി, കണ്ഠജാലം, ഡിണ്ഡിമം, മഡ്ഡു, ഝല്ലരി, ഝർഝരം ഇവയെല്ലാം ഓരോതരം വാദ്യവിശേഷങ്ങളുടെ പേരുകൾ. അവയിൽ ചിലത് ഇന്നു പ്രചാരത്തിലില്ലാതായിരിക്കുന്നു.

ഭടജനമുടനേ ഝടിതി ചവിട്ടി
ധരണിതലങ്ങളിടിഞ്ഞുപൊടിഞ്ഞും
പൊടിപടലങ്ങളുമവിടെ നിറഞ്ഞു
അഖിലമെഴുന്നു നിരന്നുപരന്ന—
ങ്ങംബരസീമനി രവികിരണങ്ങളു—
മൊക്കെ മറച്ചുടനവിടെയടങ്ങാ—
ഞ്ഞമരപുരത്തിനകത്തു കടന്നാ—
ഗ്ഗംഗാജലവും ചെന്നു കലക്കി.
വട്ടപ്പരിച തുടയ്ക്കിടു[1]മപ്പോൾ
ചടുപടനെന്നൊരു കടുതരഘോഷം;
എട്ടുദിഗന്തം പൊട്ടിച്ചീടിന
കൊട്ടും വെടികളുമൊട്ടൊഴിയാതെ
കേട്ടദശായാമഷ്ടമഹാഗജ—
കൂട്ടവുമുടനേ ഞെട്ടീടുന്നു,
മലകളുമാശു കുലുങ്ങീടുന്നു
ജലധികളാശു കലങ്ങീടുന്നു
വിടപികളൊക്കെയുലഞ്ഞീടുന്നു
തടിനികളൊക്കെയലഞ്ഞീടുന്നു
ധരണിധരിപ്പാനെളുതല്ലാഞ്ഞി
ട്ടുരഗാധിപതി വലഞ്ഞീടുന്നു
കമഠാധീശൻതന്നുടെയുടലും
ചടുചടനെന്നു തകർന്നീടുന്നു;
ചാടിച്ചിലരു പിടിച്ചു കളിച്ചും
കൂടെച്ചിലരു പിടിച്ചു തടുത്തും
വടികൾ വലിച്ചും തടികളൊടിച്ചും
പടലിലടിച്ചും പൊടികൾ തുടച്ചും
ശിലകൾ പൊടിച്ചും വലകൾ പടുത്തും
വഴികൾ തടുത്തും വികടമടുത്തും[2]
നായാട്ടിന്നിഹ നായന്മാരവർ
കാട്ടിൽ ചെന്നു നിറഞ്ഞൊരു സമയേ
നായാടികളും കാടുമിളക്കി
ദിക്കുകളിൽ ചില വലയും കെട്ടി
തക്കമെറിഞ്ഞു തിരഞ്ഞു മൃഗങ്ങളെ
വക്കാണത്തിനടുത്തൊരു സമയേ
സത്രാജിത്തിൻറനുജനുമപ്പോൾ
തത്ര ജനത്തോടൊന്നരുൾചെയ്തു:
‘‘വേടന്മാരിതു ബോധിക്കേണം

---

[1] പരിച തുടയ്ക്കിടുക = പരിച തുടയിലടിക്കുക.

[2] വികടമടുത്തും = വികടപ്രകൃതിയോടുകൂടി അടുത്തും.

കാടുകളൊക്കെയുറപ്പിക്കേണം
കാട്ടീന്നൊരു മൃഗമോടിപ്പോയാൽ
കോട്ടം നിങ്ങൾക്കെന്നറിയേണം
പേടികുറഞ്ഞ ഭടൻമാരിൽ ചില–
രോടിയണഞ്ഞു പിണങ്ങീടേണം;
വേടൻമാരൊടുകൂടിനടക്കണ–
മാടൽ മനസ്സതിലുള്ളവരെല്ലാം;
അമ്പൊടു കുന്തക്കാരൊരുമിച്ചു
മുമ്പിൽ നടന്നു പിണങ്ങീടേണം
വമ്പടയൊക്കെയുറപ്പിക്കേണം
വമ്പുപറഞ്ഞാലെളുതാകില്ല
വമ്പുലി വന്നിഹ ചാടീടുന്നതു–
മമ്പൊടു കരുതി നടന്നീടേണം.''
പ്രസേനനിങ്ങനെ ഗഭീരമായി
സ്വസേനയോടഥ പറഞ്ഞനേരം
പടജ്ജനങ്ങൾ വനത്തിലപ്പോൾ
അടുത്തു കാടുകളിളക്കിമെല്ലെ
തുടങ്ങി നായാട്ടനേകമപ്പോ–
ളൊടുക്കമില്ലാ മൃഗങ്ങളപ്പോൾ
പൊടുക്കനെച്ചില പരിഭ്രമിച്ചും
കടുക്കനെച്ചില തിരിഞ്ഞുറച്ചും
നടുക്കമോടുടനൊളിച്ചൊളിച്ചും
നെടുത്ത പല്ലുകളിളിച്ചിളിച്ചും
കടുത്ത മാനുകളകന്നകന്നും
തടിച്ച പന്നികളകന്നകന്നും
തനിച്ച കാട്ടിൽ ജനിച്ച*ഘോഷം
നിനപ്പതിന്നും പ്രയാസമല്ലോ;
കൊമ്പിൻമേൽ ചില കൊമ്പുകളുള്ളൊരു
അമ്പതുലക്ഷം കലകളണഞ്ഞു
ഒന്നിച്ചനവധി പന്നിക്കൂട്ടം
നിന്നു പിണഞ്ഞൂ ചെന്നായ്ക്കൂട്ടം

---

* തനിച്ച കാട്ടിൽ = വൻകാട്ടിൽ. 'തനിച്ചു കാട്ടിൽ ജനിച്ച ഘോഷം'– എന്ന് എല്ലാ മുദ്രിതപുസ്തകങ്ങളിലും കാണുന്നത് അപപാഠമാണ്. വലിയ, ശ്രേഷ്ഠമായ, തനിക്കു താൻപോന്ന എന്നിങ്ങനെ നാനാർഥത്തിൽ 'തനിച്ച' എന്ന വിശേഷണം ('തനിച്ച നായർ', 'തനിച്ച ഭൂസുരൻ', 'തനിച്ചൊരിന്ദ്രൻ',) നമ്പിയാർ ധാരാളമായി പ്രയോഗിച്ചിട്ടുണ്ട്.

കടമാനും ചില മറിമാനും പല
നെടുമാനും ചില കുറുമാനുകളും
പുള്ളിപ്പുലിയും വൻപുലി ചെമ്പുലി
വള്ളിപ്പുലിയും വരിയൻപുലിയും
ഘനതരമാകിന വനമഹിഷങ്ങളു–
മെട്ടടിമാൻ പല കേഴക്കൂട്ടം
ന്യങ്കുകൾ[1] രങ്കുകൾ[2] ഗന്ധമൃഗങ്ങളു[3]–
മളവില്ലാതൊരു കടമാനുകളും
ചമരിമൃഗങ്ങളനേകക്കൂട്ടം
കടുവാ കരടികൾ കേഴക്കൂട്ടം
ഋക്ഷ[4]തരക്ഷുകൾ[5]ഭല്ലൂക[6]ങ്ങളു–
മക്ഷതബലമാർന്നാനക്കൂട്ടം
സിംഹം പലവക വികടകരാളം[7]
വ്യാളസമൂഹം നരകരടി[8]കളും
മുയലുകളും ചില മയിലുകളും ബഹു
കുറുനരിയെന്നിവ ജന്തുസമൂഹം
ഒക്കെച്ചാടിക്കാടുകൾതോറും
തക്കത്തിൽ ചില പോട്ടിലൊളിച്ചും
വെക്കം ചിലവകയോടിയണഞ്ഞും
നായ്ക്കളെടുത്തു കടിച്ചുപൊളിച്ചും
വെട്ടുകൾ കുത്തുകൾ നീട്ടുകളെന്നിവ
വക്കാണങ്ങളനേകവിധങ്ങൾ
വെടികൊണ്ടങ്ങു മൃഗങ്ങൾ മറിഞ്ഞും
കടികൊണ്ടങ്ങു ജനങ്ങൾ മുറിഞ്ഞും
കരടികളെത്തിയടിച്ചു കടിച്ചും
കടുവാക്കൂട്ടമടുത്തുപിടിച്ചും
വ്യാഘ്രങ്ങളുമതിശീഘ്രമടുത്തും
ഊറ്റത്തിൽ ചിലർ പന്നികൾതന്നുടെ
തേറ്റകളേറ്റു മരിച്ചുതുടങ്ങി
ഏറ്റമടുത്ത ഭടന്മാരെല്ലാം
തോറ്റുമടങ്ങി നടന്നുതുടങ്ങി.
അപ്പോളതിബലനാം യദുബാലൻ[9]
കെല്പൊടണഞ്ഞഥ വില്ലുമെടുത്തു

---

[1] ന്യങ്കു=ഒരു തരം മാൻ. [2] രങ്കു=കൃഷ്ണമൃഗം. [3] ഗന്ധമൃഗം=കസ്തൂരിമൃഗം. [4] ഋക്ഷം=കരടി. [5] തരക്ഷു=ചെറുപുലി. [6] ഭല്ലൂകം=കരടി. [7] വികടകരാളം=അത്യന്തം ഭയങ്കരം. [8] നരകരടി=മനുഷ്യക്കരടി. [9] യദുബാലൻ=പ്രസേനൻ.

അദ്ഭുതമായ് ശരമാരി ചൊരിഞ്ഞു
ഉൽഭടവേഗമശേഷമൃഗങ്ങടെ

ദർപ്പമടക്കി മുടക്കിച്ചിലവഴി
ചാപമെടുത്തു തൊടുത്തഥ വേഗാൽ
കോപമൊടാശു കടന്നു വനാന്തേ
മത്തഗജങ്ങടെ മസ്തകസീമനി

പത്തും മുപ്പതുമമ്പുകളുടനേ
ഒത്തു തറച്ചാനുത്തമവീരൻ.
ഇത്തരമുള്ള ഗജങ്ങളുമെല്ലാ—
മത്തൽപിണഞ്ഞിഹ ചത്തുമറിഞ്ഞു;

ശരമേററൻപൊടു ശരഭസമൂഹം
പരവശരായി മരിച്ചീടുന്നു
പന്നിക്കൂട്ടമതൊന്നിച്ചനവധി
വന്നതശേഷം കൊന്നീടുന്നു;

'കല വന്നിങ്ങൊരു വലയിൽ ചാടി,
പലരുംകൂടിക്കൊലചെയ്യേണം'
'പന്നിക്കുന്തമെനിക്കുണ്ടെന്നാൽ
പന്നികളേച്ചില കൊന്നീടുന്നേൻ'

'കുന്തമെനിക്കു മുറിഞ്ഞതുകൊണ്ടുട—
നന്തരമിപ്പോളുണ്ടായ് വന്നു'
'മെല്ലെക്കരടി വരുന്നതു കണ്ടി—
ട്ടല്ലലൊടും പുനരോടുന്നേരം

കല്ലു തടഞ്ഞു മറിഞ്ഞുടനെന്നുടെ
പല്ലുകളൊട്ടു കൊഴിഞ്ഞും പോയി'
'കടുവായെന്നതു കേട്ടൊരുനേരം
ഝടിതി നടന്നിതു ഞാനും പരിചൊടു

പടലിൽ പോന്നു കടന്നു കിടന്നു
കടുവായച്ചതി കണ്ടതുമില്ല.'
ഇങ്ങനെയോരോ ജളത പറഞ്ഞും
തങ്ങളിലൊട്ടു വിളിച്ചു തെളിച്ചും

നായൻമാരിഹ കാടുകൾ തോറും
നായാട്ടാടി നടക്കുന്നേരം
കൊമ്പുകൾകൊണ്ടു ശിലാതലമെല്ലാം
അമ്പൊടു കുത്തിയടർത്തുപൊടിച്ചും

തുമ്പിക്കൈകൊണ്ടഖിലമരങ്ങടെ
കൊമ്പുകളാശു പിടിച്ചുമൊടിച്ചും
സംഭ്രമമോടു വനത്തിൽ നടക്കും
കുംഭികൾതന്നുടെ കുംഭതടങ്ങളി—

ലുടനേ ചാടിയടുത്തു കടിച്ചും
തുടുതുടെയുള്ളൊരു ചോര കുടിച്ചും
കഠിനരവംകൊണ്ടടവികളെല്ലാം
കിടുകിടനെന്നു കുലുക്കി നടന്നും
വികടതടാകുലകടുതരമാകിന
മുഖമതുയർത്തിയെടുത്തൊരു നോക്കും
കടുതരമാകിന കണ്ണിലുദിച്ചൊരു
തീക്കനലുകളുടെ കൂട്ടംകൊണ്ടും
കാടും പടലുകളൊക്കെ ദഹിച്ചും
കുടിലനഖങ്ങളിലുടനേ ചിലവക
കടുവാകരടികളെന്നിവ കോർത്തും
സംഹാരാനലഭീഷണനാമൊരു
സിംഹത്തടിയൻ ഝടിതിയടുത്താൻ.
രുണ്ഠം രുണ്ഠം കഠോരാരവപരകരിണോ
മസ്തകം മണ്ഠമാനോ
ലുണ്ഠം ലുണ്ഠഞ്ച കണ്ഠദ്ധ്വനി കഠിനതയാ
കുണ്ഠതാം ഭൂമിമുണ്ഠൻ
ശുണ്ഠം ശുണ്ഠഞ്ച കുണ്ഠേതരമഗനിലയോ
ഹന്ത കണ്ഠീരവോ സാ
വാനണ്ഠേ മണ്ഠകോരി വികട ഇവ ശനൈർ
വണ്ഠയൻ കണ്ഠനാളം,
കല്ലു കടിച്ചു പൊടിച്ചീടുന്നൊരു
പല്ലുകളൊക്കെ വളഞ്ഞു പിരിഞ്ഞും
സ്ഫുടതരമാകിന സടകൾ കുടഞ്ഞും
വിടപികളോടഥ ഝടിതി തടഞ്ഞും
കൊടിമരമോടിഹ പടപൊരുതീടിന
നെടിയൊരു വാലുമുയർത്തിക്കൊണ്ടും
അടവി തകർത്തു തിമിർത്തു നടന്നും
മൃഗപടലത്തെയമർത്തുപിടിച്ചും
മൃഗയാജത്തെയെടുത്തു പിടിച്ചും*
തുടുതുടെയുള്ളൊരു ചോരയണിഞ്ഞും
യദുസുതനോടതിഘോരമണഞ്ഞാൻ
ഭാസുരനാമൊരു കേസരിവീരൻ.
പഞ്ചാനനനെക്കണ്ടൊരുനേരം
നെഞ്ചിനകത്തൊരു ഭീതി വളർന്നു

---

*മൃഗയാജത്തെയെടുത്തുപിടിച്ചും = യാജ(ആഹാര)മാക്കിയ മൃഗത്തെ കടിച്ചെടുത്തുപിടിച്ചുകൊണ്ട്. 'മൃഗയജനത്തെയെടുത്തുപിടിച്ചും', 'മൃഗയാജനത്തെയെടുത്തുപിടിച്ചും' എന്നിങ്ങനെ മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠങ്ങൾ അബദ്ധം.

ചഞ്ചലരാകിന ഭടജനമെല്ലാം
തഞ്ചമിളച്ചവർ പാഞ്ഞുതുടങ്ങി.
വാളുംപരിച കടുത്തില തോക്കുക–
ളാദികളാകുമൊരായുധമെല്ലാം
കൈകളിൽനിന്നു കളഞ്ഞുകളഞ്ഞും
കാടുകളിൽ ചിലരോടിയൊളിച്ചും
യജമാനനെയുമുപേക്ഷിച്ചവരും
അളവേ പുരി പുക്കങ്ങു വസിച്ചാർ,
സിംഹം ഝടിതിയടുത്തുപിടിച്ചു
പ്രസേനനേയും കുതിരയുമെല്ലാം
കഠോരമാകിന കരയുഗളംകൊ–
ണ്ടടിച്ചു കൊന്നങ്ങവനിയിലിട്ടാൻ;
സ്യമന്തകംമണി പറിച്ചുകൊണ്ടുട–
നമന്ദസാഹസമവൻ നടന്നു.
പെരുത്ത കാനനതലത്തിലമ്പൊടു–
കരുത്തനങ്ങനെ ചരിക്കുമപ്പോൾ

ചമ്പതാളം

സകലകപികുലതിലകഭൂപനാം ജാംബവാൻ
സപദി നിജ ഗുഹയിൽനിന്നിങ്ങു പോന്നേകദാ
വനഭുവി ഫലങ്ങളെത്തേണ്ടിമേവുംവിധൗ
ഘനകുതുകമോടവൻ കണ്ടൂ മൃഗേന്ദ്രനെ
വികടമണിഘൃണിപടലവിലസിതശരീരനാം*
മൃഗപതിയൊടെത്തി നേർത്തീടിനാൻ ജാംബവാൻ
കുതുകമൊടുടൻ കളിച്ചൊന്നടിച്ചീടിനാൻ
അതുപൊഴുതു തവിടുപൊടിയായി സിംഹേന്ദ്രനും;
മണിയതുമെടുത്തുടൻ പുക്കു ഗുഹാന്തരേ
മഹിതഗുണശാലിയാം വാനരാധീശനും
ഉചിതതരകാന്തിയുള്ളൊരു രത്നമതും
കൊച്ചിനു കളിപ്പതിന്നായി നല്കീടിനാൻ.

എട്ടെട്ടുഭാരം ധനം വിളഞ്ഞീടുന്ന
ചട്ടറ്റ രത്നത്തിനൊട്ടല്ല സങ്കടം
പെട്ടെന്നു കുഞ്ഞുങ്ങളങ്ങുമിങ്ങും വലി–
ച്ചിട്ടും വലിച്ചും കളിക്കുമാറാകയാൽ.

സത്രാജിത്തതുനേരം സോദര–
നത്ര വരാഞ്ഞതുകൊണ്ടകതാരിൽ

---

* വികടമണിയുടെ (വൈഷമ്യമേറിയ രത്നത്തിന്റെ) ഘൃണിപടലം (രശ്മിസമൂഹം)കൊണ്ടു വിലസിത (ശോഭിക്കുന്ന) ശരീരൻ.

ചിത്തവിഷാദം പൂണ്ടുടനവനുടെ
വൃത്താന്തങ്ങൾ തിരഞ്ഞൊരു സമയേ

സത്യമൊരുത്തരുമുരചെയ്യാഞ്ഞി–
ട്ടത്തൽ മുഴുത്തു വനത്തിൽ നടന്നു
കാട്ടിൽ നടന്നു തിരഞ്ഞുതിരഞ്ഞൊരു
കോട്ടിലുമവനെക്കാണാഞ്ഞിട്ടു

പെട്ടെന്നുടലുതളർന്നു മനസ്സും
കെട്ടു കരഞ്ഞു പുരംപുക്കചിരാൽ
ഉദകക്രിയകൾ കഴിച്ചൊരു വിജനേ
വദനംതാഴ്ത്തി വസിക്കുന്നേരം

ബന്ധുജനങ്ങളുമളവേ ചെന്നിവ–
നന്തികസീമനി നിന്നു പറഞ്ഞു:
''സന്താപിച്ചു കരഞ്ഞു വിരഞ്ഞാ–
ലെന്തൊരു ഫലമിനി വരുവാനുള്ളു?

ചിന്തിച്ചാലതു ഞങ്ങൾക്കേററമൊ–
രന്തരമിന്നിഹ തോന്നുന്നില്ല;
ഈശ്വരകല്പിതമെന്നതു പാർത്താൽ
വിശ്വജനത്തിനൊഴിക്കാവോന്നോ?

കർമ്മത്താലെ വരുന്നതുമെല്ലാം
ശർമ്മമിതെന്നു നിനച്ചീടേണം;
ജനനമിതെന്നും മരണമിതെന്നും
മനുജൻമാർക്കു വിധിച്ചതിതെല്ലാം;

അനുജവിനാശം കല്പിതമെന്നാൽ
അനുഭവിയാതെയിരുന്നീടാമേ?
വീരനിവണ്ണം വരുവാനെന്തൊരു
കാരണമെന്നതു തോന്നീലേതും

ക്ലേശിച്ചാലിതു തുമ്പുണ്ടാമെ–
ന്നാശ നമുക്കു വളർന്നീടുന്നു.''
ഇത്തരമുള്ളൊരു ബന്ധുജനാനാം
ചിത്തശ്രമഹരവചനം കേട്ടഥ

നേത്രജലങ്ങളടക്കിക്കഥമപി
സത്രാജിത്തു പറഞ്ഞുതുടങ്ങി:
''എല്ലാമെന്നുടെ ദുരിതംതന്നെ
വല്ലാതുള്ളൊരവസ്ഥ ഭവിച്ചു;

നല്ല ജനത്തൊടുകൂടി വസിപ്പാൻ
ഇല്ല നമുക്കൊരു ഭാഗ്യമതോർത്താൽ;
ബാലനെയങ്ങു വനത്തിലയച്ചതു–
മൂലമെനിക്കിതു വന്നുഭവിച്ചു;

കാലമടുത്താലെവിടെയിരുന്നെ–
ന്നാലും വരുവതു വന്നേ പോവൂ
എന്നു മനസ്സിലുറച്ചെന്നാകിലു–
മിന്നിതുകൊണ്ടൊന്നോർപ്പാനുണ്ട്.
വന്നതു വന്നു നമുക്കിനി മേലിൽ
നിന്നുപൊറുപ്പാനെളുതല്ലേതും;

സഹജവിനാശമതിന്നൊരു തുമ്പു–
ണ്ടിന്നതു ചൊന്നാൽ തലപോയേക്കും;
എന്തിനതെല്ലാം ശങ്കിക്കുന്നു
എന്നുടെ കർമ്മമിതെന്നേ വേണ്ടൂ''

''ചൊല്ലുക ചൊല്ലുക സത്രാജീത്തേ!
ഖിന്നതയേതും വേണ്ട മനസ്സിൽ
തുമ്പുള്ളതിനെ മറിച്ചീടേണ്ടാ
വമ്പില്ലാഞ്ഞാൽ പിന്നെയടങ്ങാം

ജീവസമൻമാരാകിയ ഞങ്ങളൊ–
ടീവക പറവാൻ മടിയെന്തയ്യോ!
ഇത്തരമുള്ളൊരു ബന്ധുജനങ്ങടെ
നിർബന്ധംകൊണ്ടവനുരചെയ്തു:

''ചൊല്ലരുതെന്നതുകൊണ്ടല്ലേതും
ചൊന്നതുകൊണ്ടിനിയെന്തൊരുകാര്യം?
പെട്ടെന്നൊരുവക ബോധിക്കേണം
പെട്ടതിതെല്ലാം മണിയുടെമൂലം

മൂഢതകൊണ്ടു പറഞ്ഞീടുന്നു
ഗൂഢമിതെന്നു ധരിച്ചീടേണം.
കൃഷ്ണനൊരുന്നാളിമ്മണിമേലൊരു
തൃഷ്ണഭവിച്ചു കുറഞ്ഞൊരുനേരം

ഇപ്പൊ നമുക്കു തരേണമിതെന്നൊരു
കല്പന ഞാനതു കൂട്ടാക്കീലാ
ഊണുമുറക്കമിളച്ചു ലഭിച്ചതു
വേണമെനിക്കെന്നോതീടാമോ?

തട്ടും കൊട്ടും ചെണ്ടയ്ക്കത്രേ
കിട്ടും പണമതു മാരാൻമാർക്കും;
വെട്ടുംകുത്തും പരിശയ്ക്കത്രേ
കിട്ടും വിരുതു പണിക്കർക്കെന്നും;

ഇത്തരമുള്ള പഴഞ്ചൊല്ലോട–
ണ്ടൊത്തീടുന്നീ വാർത്തകളെല്ലാം.
വിത്തത്തിൽ കൊതിയുണ്ടാമെന്നാൽ
ഇത്രയതെന്നൊരു നിയമം വേണ്ടേ?

എന്നതുകൊണ്ടിഹ ശങ്കിപ്പാൻ വഴി
വന്നു നമുക്കുടനെന്നേ വേണ്ടൂ.

വന്ദിക്കേണ്ട ജനങ്ങളെയെല്ലാം
നിന്ദിക്കുന്നതു കഷ്ടംതന്നെ
സുകൃതമശേഷമൊടുങ്ങുകകൊണ്ടീ
പ്രകൃതികളൊക്കെ നമുക്കു വരുന്നു;

സുകൃതികളെക്കൊണ്ടരുതരുതേതും
സുകൃതവിനിന്ദകളെന്നറിയേണം.''
ഇത്ഥം കിമപി പറഞ്ഞു വിശേഷം
സത്രാജിത്തു വസിച്ചൊരു സമയേ

മിത്രജനങ്ങളുമാദരവോടേ
യാത്രപറഞ്ഞു തിരിച്ചുനടന്നു.
അവരതിഗൂഢം ചിലരൊടു ചൊല്ലി,
അവരും ചിലരൊടു ചെന്നു പറഞ്ഞു;

അവരപ്പോളതു പലരൊടു ചൊല്ലി,
അവരതുമൊക്കെ നടന്നുപറഞ്ഞു;
ഇരുവരുകൂടി നടക്കുന്നേരം
ചരിതമിതൊന്നേ കേൾപ്പാനുള്ളു:

കുരള പറഞ്ഞു നടന്നുവരുന്നൊരു
വിരുതൻമാർക്കൊരു വകയുണ്ടായി.
ചെവിയിൽ ചിലരു പറഞ്ഞുതുടങ്ങി
ചിലരതു കേൾപ്പാൻ ചെന്നുതുടങ്ങി

ചെവിപൊത്തിച്ചിലർ നിന്നുതുടങ്ങി
ചിലരതു കേട്ടു ചിരിച്ചുതുടങ്ങി;
ബാലൻമാരും വൃദ്ധൻമാരും
യൗവ്വനമുള്ളൊരു ഭവ്യൻമാരും

കളമൊഴിമാരും കന്യകമാരും
വൃഷളികളും ചില വിഷരൂപികളും
ചിത്തഗുണത്തിന്നൊത്തതുപോലെ
തത്ത്വമിളച്ചു പറഞ്ഞുതുടങ്ങി:

''കാലത്തിന്റെ പകർച്ച നിനച്ചാൽ
മാലോകർക്കു പൊറുപ്പാൻ മേലാ.
വേലികൾതന്നെ വിളവു മുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു?

കപ്പലകത്തൊരു കള്ളനിരുന്നാൽ
എപ്പൊഴുമില്ലൊരു സുഖമറിയേണം;
വീട്ടിലിരിപ്പാൻ തരമില്ലാഞ്ഞാൽ
കാട്ടിലിരിക്കാം പണ്ടൊരു കാലം;

കാട്ടിൽ ചെന്നും കൊന്നു പറിക്കും.
കൂട്ടമതിപ്പോളുണ്ടായ്‌വന്നു.
നാലുപണത്തിനു മുതലുണ്ടെന്നാൽ
നാട്ടിലിരിപ്പാനെളുതല്ലേതും;
നല്ല മനോഗുണമുള്ള ജനത്തെ—
ക്കൊല്ലാനിന്നൊരു മടിയില്ലേതും;
പത്തമ്പതുപറ നെല്ലുണ്ടെന്നുടെ
പത്തായങ്ങളിലളവേകണ്ടതെ—
ടുത്തു കൊടുത്തെൻ വിത്തും കൂലിയു—
മെത്താനൊരുവഴി കണ്ടതുമില്ല;
പത്തായത്തിനുറപ്പും പോരാ
കാത്തുകിടപ്പാനാളും പോരാ
കട്ടുനടക്കും ദുഷ്‌ടജനത്തിനു
കിട്ടിയതെല്ലാം കൊള്ളാംതാനും;
തൂമ്പ കിളച്ചും ചേമ്പുകൾ നട്ടും
തുവരകൾ വഴുതിന വാഴകൾ വച്ചും
നമ്പൂരാരുടെ പുറകെ നടന്നി—
ട്ടിമ്മിണി മുതലു നമുക്കുണ്ടായതു
പാടേ കട്ടു മുടിച്ചെന്നാകിൽ
പാളപിടിച്ചു നടക്കേയുള്ളു;*
നെല്ലേതാനും പൊലികടമുള്ളതു—
മെല്ലാമിങ്ങു വശത്തായില്ല;
ഒരു മേനികളും പല മേനികളും
സ്വരുപിച്ചൊട്ടു കളത്തിലുമായി
പലിശ കൊടുപ്പാനുള്ളൊരു നെല്ലും
പലതരമാക്കിയളന്നും വച്ചു
ഇപ്പോൾ നമ്മുടെ വീട്ടിൽ കള്ളനു
കപ്പാൻ നല്ലൊരു തരമായ്‌വന്നു;
ഏതാനും ചില കാളകളുള്ളതു—
മേതൊരുദിക്കിൽ സൂക്‌ഷിക്കേണ്ടു?
കാളകളേയും മൂരികളേയും
കള്ളനു കപ്പാൻ വിരുതേറീടും;
എള്ളു വിതച്ചിട്ടുള്ളതുമെല്ലാം
കള്ളൻമാരുടെ വായിൽത്തന്നെ;
കള്ളൻമാരതു കട്ടുഭുജിച്ചാൽ
പള്ള പൊറുപ്പാനാവതുമില്ല.''
മംഗലഗുണനാം ഭഗവാനെക്കൊ—
ണ്ടിങ്ങനെ ചിലരു ദുഷിച്ചീടുന്നു

---

* 'പാളയെടുത്തു നടക്കേയുള്ളു' എന്നു പാഠാന്തരം.'

ഉള്ളിലസൂയ മുഴുത്തിട്ടുള്ളവർ
ഭള്ളുനടിച്ചു ദുഷിച്ചുതുടങ്ങി:
''സത്രാജിത്തൊരു മണിയുംകൊണ്ടതി–
ശുദ്ധതയാ ഹരിമുന്നിൽ ചെന്നു
കൃഷ്ണനവററിൽ തൃഷ്ണയുമുണ്ടായ്
സത്രാജിത്തു കൊടുത്തതുമില്ല;
പെട്ടെന്നനുജൻ മണിയുംകൊണ്ടൊരു
കാട്ടിൽചെന്നു മരിച്ചുംപോയി;
ചിത്തംകൊണ്ടു വിചാരിക്കുമ്പോൾ
കൊത്തുംകോളുമതൊത്തുചമഞ്ഞു;
ശൈശവകാലത്തുണ്ടായീടിന
കൈതവമുണ്ടോ മാറീടുന്നു?
ആയിരവർഷം കുഴലിലിരുന്നൊരു
നായുടെ വാലു വളഞ്ഞേ തീരൂ;
കൊച്ചുകളോടു പിടിച്ചുപറിച്ചും
മച്ചിലൊളിച്ചഥ പാലു കുടിച്ചും
ആച്ചിക*ളങ്ങു കുളിക്കുന്നേരം
കച്ചകളൊക്കെയെടുത്തു മറച്ചും
പച്ചപ്പാലും മോരും തൈരും
നിത്യവുമങ്ങനെ കട്ടു ഭുജിച്ചും
പൂച്ചയ്ക്കൊട്ടു കൊടുത്തും പലവക
പിച്ചകളിച്ചു നടന്നവനല്ലേ?
കണ്ണൻ കണ്ണനിതെന്നെല്ലാർക്കും
തിണ്ണം തേടിന ഭക്തിയുമോർത്താൽ
വെണ്ണകൾ കട്ടുനടന്നപ്പോഴേ
കള്ളനിതെന്നൊരു പേരവനുണ്ട്;
മത്തുവലിച്ചക്കുംഭത്തേലൊരു
കുത്തു കൊടുത്താപ്പാലുകുടിച്ചും
ഇത്തരമുള്ളൊരു കള്ളംകാട്ടീ–
ട്ടുത്തമയാകിയ ജനനിയൊരുന്നാൾ
സത്വരമവനെയണഞ്ഞു പിടിച്ചവ–
ളുരലൊടു കൂട്ടിക്കെട്ടീട്ടില്ലേ?
പൂതനയെന്നൊരു പെണ്ണിനെയും കൊല–
ചെയ്തതു നിങ്ങൾ ധരിച്ചിട്ടില്ലേ?
മാതുലനായൊരു കംസനെ വെന്നൊരു
കൈതവമെല്ലാം ബോധിച്ചില്ലേ?
കാടുകൾതോറും കാലികൾ മേപ്പാ–
നാടലകന്നു കടന്നുനടന്നും

---

*ആച്ചികൾ=ഗോപസ്ത്രീകൾ. ചില പതിപ്പുകളിൽ 'അച്ചി'കളെന്ന് കാണുന്നത് അപപാഠം.

പേടമൃഗാക്ഷികളോടിടകൂടി
കൂടുന്നവരെത്തന്നെ ചതിച്ചും
കൂട്ടരുമായിക്കൂടി നടന്നും
കാടുകൾ പലതും കാട്ടീടുന്നൊരു
കടുതരനാകിയ കണ്ണൻതന്നുടെ
നാടകമെല്ലാം കേട്ടിട്ടില്ലേ:
എടയൻമാരുടെ ജാതിക്കുണ്ടോ
എട*മെന്നുള്ളതുമുണ്ടാകുന്നു?
തടിയുമെടുത്തു ഞെളിഞ്ഞുനടക്കും
തടിയൻമാരവർ കാടുകൾ തോറും
എടയാ! നില്ലെന്നോതുന്നേരം
തുടയും തുള്ളി ഝടിതി പറക്കും
കപ്പാനുള്ളൊരു തക്കം നോക്കീ—
ട്ടെപ്പോഴും പണിചെയ്കേയുള്ളു;
പെണ്ണുങ്ങൾക്കിഹ കണ്ണനെയോർത്താൽ
ഉണ്ണണമെന്നുമുറങ്ങണമെന്നും
തങ്ങടെ തങ്ങടെ വീടുകളെന്നും
ചങ്ങാതികളെക്കാണണമെന്നും
അമ്മ പറഞ്ഞാൽ കേൾക്കണമെന്നും
നമ്മെച്ചിലരെപ്പേടിയതെന്നും
നാണമിതെന്നുമടക്കമിതെന്നും
കാണിക്കൊരു കുറി കാൺമാനില്ല;
രാവെന്നുണ്ടോ പകലെന്നുണ്ടോ
കാടെന്നുണ്ടോ വീടെന്നുണ്ടോ
കയ്യെച്ചെന്നു പിടിക്കുമൊരുത്തി
മെയ്യിൽച്ചെന്നു വസിക്കുമൊരുത്തി
മടിയിൽച്ചെന്നു മലയ്ക്കുമൊരുത്തി
അടിയിൽച്ചെന്നു കിടക്കുമൊരുത്തി;
മെല്ലെയിരുന്നു കളിച്ചുചിരിച്ചാ
വല്ലവിമാരെപ്പാട്ടിലണച്ചാൽ
നല്ലതിനല്ല തുനിഞ്ഞീടുന്നു
മെല്ലെക്കൊന്നു കഴുത്തുപറിയ്ക്കും;
മല്ലാക്ഷികളെക്കൊല്ലരുതെന്നാ—
മല്ലാരാതിക്കില്ല വിചാരം''
ഇത്തരമോരോ ദുർവാക്കുകളെ—
ച്ചിലരു പറഞ്ഞു ദുഷിച്ചുതുടങ്ങി
അച്ചികളും ചിലരങ്ങുവിളിച്ച—
ക്കൊച്ചുകളോടു പറഞ്ഞുതുടങ്ങി;

---

*എടം = സ്ഥലം. എടമെന്നുള്ളത് = ഇന്ന സ്ഥലമെന്നുള്ള വകതിരിവ്.

''ഉണ്ണികളൊന്നു ധരിച്ചീടേണം
കണ്ണനനേകം വിദ്യകളുണ്ട്
എന്നതുകൊണ്ടവനന്തികസീമനി
നിന്നുകളിക്കരുതെന്നറിയേണം
കാലേലുള്ള ചിലമ്പും മണിയും
ചാലേവന്നു പിടിച്ചുപറിക്കും
കണ്ഠത്തിൽ ചില മോതിരമുണ്ടതു
കൊണ്ടുനടപ്പാനെളുതല്ലേതും;
കണ്ടവരോടു പിടിച്ചുപറിപ്പാ—
നുണ്ടൊരു വിരുതക്കൃഷ്ണനു പാർത്താൽ
സത്രാജിത്തിൻറനുജനെയെത്തി—
ക്കുത്തിക്കൊന്നാൻ മണിയുടെമൂലം;
അരയിൽക്കെട്ടിയ മണികൾ പറിപ്പാൻ
പരിചൊടു നിങ്ങളെയങ്ങു വിളിക്കും
അപ്പവുമടയും പഴവും കാട്ടി—
ശ്ശില്പമണച്ചു മയക്കിക്കൊള്ളും;
അച്ചതി കണ്ടാൽ പോന്നീടേണം
അച്ഛൻ വേണ്ടതു തരുമിഹ വന്നാൽ''
അച്ചികൾതമ്മിൽ പേരുവിളിച്ചി—
ട്ടിച്ഛയ്ക്കൊത്തു പറഞ്ഞുതുടങ്ങി:
''ചിരുതപ്പെണ്ണേ! കരുതിക്കോ നീ
ചരതം നിന്നുടെ കോപ്പുകളെല്ലാം
എന്തൊരുകഷ്ടമിടയ്ക്കാത്താലി ക—
ഴുത്തിൽ നിന്നതഴിപ്പാൻ മേലാ;
കള്ളൻമാരവർ രാവും പകലും
ഭള്ളുപറഞ്ഞു നടന്നീടുന്നു;
എളയച്ചിക്കൊരിളക്കവുമില്ല
കയ്യതിലുള്ളതു കളയാറായി,
കേളച്ചാരു നിനക്കുണ്ടാക്കിയ
താലികളെല്ലാമെങ്ങടിപെണ്ണേ?
കാലികൾമേച്ചു നടക്കുംകൂട്ടം
തോലി പിണയ്ക്കുമതോർത്തീടേണം;
കുമ്മിണിയമ്മേ! നമ്മുടെ നാട്ടിൽ
പൊൻമണി കെട്ടി നടപ്പാൻമേലാ
മണി കണ്ടാലും തുണികണ്ടാലും
മടികൂടാതെ പിടിച്ചുപറിക്കും
യജമാനൻമാർ കട്ടുതുടർന്നാൽ
മററുജനത്തിനു മടിയുണ്ടാമോ?

നിന്നോതിക്കോൻ മുള്ളുന്നേരം
ഉണ്ണികൾ മരമേറിട്ടും മുള്ളും;
എമ്പ്രാനപ്പം* കട്ടുഭുജിച്ചാ—
ലമ്പലവാസികളൊക്കെക്കക്കും;
ഇട്ടിപ്പെണ്ണേ കേട്ടായോ നീ?
കഷ്ടം കഷ്ടമിതോർക്കുംതോറും
കലിയുഗമെന്നതു നന്നെ മുഴുത്തു
കപടമതൊന്നേ കേൾപ്പാനുള്ളു.’’
ഇങ്ങനെ പലരും പലവിധമായി—
ത്തങ്ങളിലിതുകൊണ്ടാനകളിച്ചും
അംഗനമാരുടെ കോപ്പുകളെല്ലാം
അങ്ങൊരുദിക്കിൽ ഗൂഢമൊളിച്ചും
വളയും തളയും മണിമോതിരവു—
മിടയ്ക്കാത്താലി മടക്കാത്താലികൾ
പൂത്താലികളും മാലകൾ നൂലുകൾ
മിടുകും കുഴലും കടകം കാതില
തൂക്കും മണികൾ പതക്കം തോൾവള
തുടലും കൂട്ടമരഞ്ഞാണുകളും
അരമണികൂട്ടം മണികിങ്ങിണി പൊൻ—
മണിയും മിന്നുമിരട്ടക്കുഴലും
പവിഴക്കുലയും മുത്തുക്കുലയും
കുരലാരം പല കാശ്താലികളും
മററും പല പല കോപ്പുകളെല്ലാം
പെട്ടിയിലിട്ടവർ പൂട്ടിക്കെട്ടി
പെട്ടെന്നുടനേ നാടുകടത്തി—
പ്പാട്ടിലുറപ്പിച്ചാനതുകാലം;
ഭവനങ്ങളിലും നഗരങ്ങളിലും
മാടപ്പുരയിലുമങ്ങാടിയിലും
മാളികകളിലും മച്ചിട്ടറയിലു—
മാനക്കൊട്ടിലിലണിയറകളിലും
നെൽപ്പുരകളിലുമറപ്പുരകളിലും
നാടകശാലകൾ നടുമുററത്തും
പെരുവഴികളിലും തെരുവിലുമെല്ലാ—
ഭുവനങ്ങളിലും ഗഗനങ്ങളിലും
ഇക്കഥ തന്നേ കേൾപ്പാനുള്ളു.
വിപ്രൻമാരു കുളപ്പുരതന്നിൽ
സന്ധ്യാവന്ദന സമയത്തിങ്കൽ
സംസ്കൃതമായിട്ടിക്കഥതന്നെ

---

* ‘എമ്പ്രാനല്പം കട്ടുഭുജിച്ചാൽ’—എന്നു പാഠാന്തരം.

തങ്ങളിലങ്ങു പറഞ്ഞുതുടങ്ങി;
''സത്രാജിത് കില മിത്രവരാദതി–
ചിത്രതരം മണിമത്ര സ ലേഭേ
യത്ര ഗൃഹീതേ പുത്രഫലഞ്ച ക–
ളത്രഫലഞ്ച സുമിത്രഫലഞ്ച പ–
വിത്രഫലഞ്ച ജഗത്ത്രയമംഗല–
പാത്രമയം ഖലു തത്ര സുഖാദതി–
മാത്രമുവാച ചരിത്രമുദാരം;
കഷ്ടതരം കില ശിഷ്ടതരം പരി–
പുഷ്ടഗുണം ശിശുശിഷ്ടതരാൻമണി
ഘൃഷ്ടിസമൂഹവിശിഷ്ടരുചോ ഘന
കഷ്ടനിവാരണമിഷ്ടതരം ഹരി
രിഷ്ടഗുണോവതി ഭിഷ്ടപരാജം;
സത്യം കിമിദസത്യം വാ കിമു
സത്യധനോ നനു നിത്യമിഹാസൗ
ബഹുലഗുണേഭ്യോ ബഹുകരണേഭ്യോ
വിഗതഭയേഭ്യോ മനുജഹിതേഭ്യോ
നിപുണതരേഭ്യോ ലളിതപദേഭ്യോ
ലപിതതമേഭ്യോ ജഗതിഹിതേഭ്യോ
ദനുജഹരേഭ്യോ ദലിതപരേഭ്യോ
പരപുരുഷേഭ്യോ ഹന്ത നമോസ്തു
ചരിതമഹായജനേഭ്യോ നിതരാം.''
സംസ്കൃതമായിച്ചൊല്ലുകകൊണ്ടതു
പലരുമറിഞ്ഞതുമില്ലന്നേരം.
പങ്കജനയനൻതങ്കലിവണ്ണം
ശങ്ക പലർക്കുമതുണ്ടായ്‌വന്നു
അച്യുതനെക്കാണുന്നതുനേരം
കൊച്ചുകളോടിയൊളിച്ചുതുടങ്ങി
അണയത്തങ്ങു വിളിക്കുന്നേരം
മണിയുംപൊത്തിപ്പാഞ്ഞുതുടങ്ങി
കയ്യേച്ചെന്നു പിടിക്കും നേരം
അയ്യോ!യെന്നു കരഞ്ഞുതുടങ്ങി;
തിമ്മാനായിട്ടടയും പഴവും
സമ്മാനിപ്പാൻ തുനിയുന്നേരം
'അമ്മ കലമ്പും മേടിച്ചാ'ലെ–
ന്നാക്കുഞ്ഞുങ്ങൾ പറഞ്ഞുതുടങ്ങി;

‘എന്തിഹ നമ്മെശ്ശങ്കിപ്പാനൊരു
ബന്ധമിതെ’ന്നരുൾ ചെയ്യുന്നേരം
‘‘പ്രസേനനെത്താൻ കൊലചെയ്തില്ലേ?
സ്യമന്തകംമണി മോഷ്ടിച്ചില്ലേ?
ഞങ്ങടെ മണിയും മോതിരമെല്ലാ—
മങ്ങുപറിപ്പാൻ കൂടുകയില്ല;
അച്ഛനുമമ്മയുമൊന്നു പറഞ്ഞു
അച്യുതനരികെച്ചെല്ലുന്നാകിൽ
തച്ചുപറിക്കും കോപ്പുകളെല്ലാം
കൊച്ചുകളറിയണമെന്നീവണ്ണം;
മണിപോയാലതുമുണ്ടാക്കീടാം
തുണിപോയാലതുമുണ്ടാക്കീടാം
പ്രാണൻ പോയാലുണ്ണികളേ! പുന—
രുണ്ടാകില്ലെന്നമ്മ പറഞ്ഞു
പണ്ടേതന്നെ പാലും തൈരും
വെണ്ണയുമെല്ലാം കക്കുംപോൽ നീ
എന്നീവണ്ണം പലരും പലവക
നിന്നെക്കൊണ്ടു ദുഷിച്ചീടുന്നു.’’
ഇത്തരമെല്ലാം ബാലൻമാരുടെ
വാക്കുകൾ കേട്ടൊരുനേരം കൃഷ്ണൻ
ചിത്തംകൊണ്ടു വിചാരിച്ചരുളീ
‘‘സത്രാജിത്തിൻ കപടമിതെല്ലാം;
പാപികളോടു ഹിതത്തെച്ചൊന്നാ—
ലാപത്തായിത്തന്നേതീരും;
പാമ്പിനു പാലു കൊടുത്തെന്നാകിൽ
കമ്പിരി*യേറി വരാറേയുള്ളു;
പരമാർത്ഥത്തെ വിചാരിക്കാതെ
പരിഹാസത്തെ നടത്തീടരുത്;
പരിചൊടു സർവ്വജനങ്ങളുമിപ്പോൾ
പരിപന്ഥികളുമതായിത്തീർന്നു;
നമ്മെക്കൊണ്ടും ദൂഷണമിങ്ങനെ
നിർമ്മിച്ചോ ബത! പലരുംകൂടി?
കർമ്മഫലങ്ങളൊഴിക്കാവല്ല
ഇമ്മണിമൂലമെനിക്കുംവന്നു.’’

---

* കമ്പിരി=വിഷം.

രണ്ടാം കളം

''എന്നാലമ്മണി പോയതുകാരണ—
മൊന്നു തിരഞ്ഞേ മതിയാവുള്ളു
മന്ദൻമാരിതു ബോധിക്കാഞ്ഞാ—
ലെന്നും തീരാ ദുഷ്ക്കീർത്തികളും''
ഇത്തരമൊക്കെ മനസ്സിൽ നിരൂപി—
ച്ചുത്തമപുരുഷൻ ഭഗവാനൊരുനാൾ
പത്തമ്പതു യദുവീരൻമാരൊടു—
മൊത്തു പുറപ്പെട്ടടവികൾതോറും
സത്വരമാരാഞ്ഞങ്ങെഴുനള്ളി
സ്വസ്ഥതയോടു നടക്കും കാലം
ചത്തുകിടക്കും കുതിരയുമവിടെ—
സ്സത്രാജിത്തിൻറനുജൻതന്നെയു—
മംഗംതന്നിൽ കേസരിതന്നുടെ
തുംഗനഖങ്ങൾ പതിഞ്ഞുകലങ്ങി
തിങ്ങി വരുന്നൊരു ചോരയണിഞ്ഞും
കണ്ണു തുറിച്ചു മരിച്ചുകിടപ്പതു
കണ്ണൻതിരുവടി കണ്ടാനപ്പോൾ;
കാടുകൾതോറും കേസരിതന്നുടെ
ചോടുകൾ നോക്കി ഗമിച്ചാൻ പിന്നെ
അവിടെച്ചത്തുമറിഞ്ഞുകിടക്കും
സിംഹത്താനെക്കണ്ടാനുടനെ.
വാനരവരനുടെ ചുവടുകൾ നോക്കി—
ക്കാനനഭാഗേ ചെല്ലുന്നേരം
പാതാളത്തൊടു സദൃശമതായി
ഭീതിക്കങ്ങൊരു ഭാജനമായി
കൂരിരുളിന്നൊരു കുലഗൃഹമായി
ക്രൂരമൃഗങ്ങൾക്കാലയമായി
കുലഗിരിരന്ധ്രപ്രതിനിധിയായി
ചടുചടെ പടുതരഭീഷണമായി
കണ്ടാനൊരു ഗുഹ കാട്ടിൻനടുവിൽ!
യാദവവീരൻമാരൊടുമെല്ലാം
സാദരമരുളിച്ചെയ്തു മുകുന്ദൻ:
''നിങ്ങളുമെല്ലാമിവിടെ വസിപ്പിൻ!
അങ്ങു കടപ്പാൻ ഞാനേവേണ്ടൂ
ഘോരമതായ ഗുഹാന്തരമെല്ലാ—
മാരാഞ്ഞിങ്ങു വരുന്നേനുടനേ;
ദിവസം പലതുകഴിഞ്ഞെന്നാലും
അതുകൊണ്ടൊന്നു കുഴങ്ങീടേണ്ട;''

എന്നരുൾചെയ്താഗ്ഗുഹയുടെയുള്ളിൽ
ചെന്നു കടന്നു നടന്നു തുടങ്ങി.
മുന്നിൽ പരിചൊടു കാണായ്‌വന്നു
മിന്നി വിളങ്ങും മണിഗോപുരവും
ഉന്നതമാകിന മതിലുകൾ പലവക
തന്നിൽചേർന്ന മഹാമണികിരണം—
കൊണ്ടാക്കൂരിരുളോടിയൊളിക്കും
ഘണ്ടാപഥമതിനുള്ളൊരു ദൈർഘ്യം
കണ്ടാലധികമനോഹരമല്ലോ;
ഇത്ഥം വിലസിന മണിഗോപുരമതി—
ലുത്തമപുരുഷൻ ചെന്നു കടന്നു
തത്ര വലത്തേ ഭിത്തിതലത്തിൽ*
ചിത്രമെഴുത്തുകൾ കണ്ടാൻ ദേവൻ;
ചിത്രം തത്ര വിചിത്രാകാരം
ചിത്തവിനോദം രാമചരിത്രം.
പൂർവ്വചരിത്രം കണ്ടു മുകുന്ദനു
പൂർവ്വസ്മരണയുമുണ്ടായ് വന്നു;
ചിത്രം കണ്ടു രസിച്ചതിമന്ദം
സുന്ദരവദനനെഴുന്നള്ളുമ്പോൾ
കുണ്ഠതതീർന്നുപിണങ്ങീടും ദശ—
കണ്ഠൻതന്നുടെ നിധനം കണ്ടാൻ
കണ്ഠം പലകുറി നിശിതശരൗഘം—
കൊണ്ടു മുറിച്ചങ്ങിടണതു കണ്ടാൻ
ഇന്ദ്രതുല്യനഥ ലക്ഷ്മണനപ്പോ—
ളിന്ദ്രജിത്തിനെ വധിക്കണകണ്ടാൻ
ജൃംഭമാനഗുണനാകിയ രാമൻ
കുംഭകർണ്ണനെ വധിപ്പതു കണ്ടാൻ
കുംഭനികുംഭാദികളെയുമെല്ലാം
അമ്പുകൾകൊണ്ടു വധിക്കണ കണ്ടാൻ
രാക്ഷസരും പല കപികളുമായി
രൂക്ഷതപെരുകിന യുദ്ധം കണ്ടാൻ
സുഗ്രീവൻ ദശകണ്ഠൻതന്നുടെ
മകുടം തച്ചുപറിക്കണ കണ്ടാൻ
നീലൻ ചെന്നാശ്ശുകസാരണരെ—
ച്ചാലേ കെട്ടിമുറുക്കണ കണ്ടാൻ
ഝടിതി കുരങ്ങുകൾ ലങ്കാപുരിയിൽ
പടവീടുകളും കെട്ടണ കണ്ടാൻ
നിറയും ഗിരികളെടുത്തു സമുദ്രേ

---

* 'തത്ര വലത്തേ ഭിത്തിതലാന്തേ'—എന്ന് പഴയ വയ്പാഠം.

ചിറയും കെട്ടി മുറുക്കണെ കണ്ടാൻ
വരുണൻ വന്നിഹ ചരണാംഭോജേ
ശരണം ചൊല്ലി നമിക്കണെ കണ്ടാൻ
ആഗ്നേയാസ്ത്രമെടുത്തു തൊടുത്തഥ
സാഗരശോഷണഘോഷം കണ്ടാൻ
ദർഭകൾകൊണ്ടു പരത്തിവിരിച്ചതി–
ലദ്ഭുതമാകിന ശയനം കണ്ടാൻ
രാവണസോദരനായ വിഭീഷണ–
നാവൊളമങ്ങു നമിക്കണെ കണ്ടാൻ
ഹനുമാൻ വന്നാച്ചൂഡാമണിയും
മനുകുലവരനു കൊടുക്കണെകണ്ടാൻ
ധൃഷ്ടതയോടേ ലങ്കാനഗരം
ചുട്ടുപൊടിക്കണെ ഘോഷം കണ്ടാൻ
അക്ഷകുമാരക നിധനം കണ്ടാൻ
വൃക്ഷലതാദികൾനാശം കണ്ടാൻ
ചൂഡാമണി മേടിപ്പതു കണ്ടാൻ
മോതിരമങ്ങു കൊടുപ്പതു കണ്ടാൻ
സിംഹികയെക്കൊലചെയ്യണകണ്ടാൻ
മൈനാകത്തെയമർപ്പതു കണ്ടാൻ
പർവ്വതമുകളീന്നാശു കപീന്ദ്രൻ
ഉർവ്വികുലുക്കിയുയർന്നതു കണ്ടാൻ
ഗുഹയിൽചെന്നു കടപ്പതു കണ്ടാൻ
സീതാദേവിയെയാരാഞ്ഞക്കപി
ഖേദത്തോടു നടപ്പതു കണ്ടാൻ
ദിക്കുകൾ നാലിലു മക്കപിവീരരെ
യർക്കകുലേശനയപ്പതു കണ്ടാൻ
ചാതുർമ്മാസ്യമിരുന്നതു കണ്ടാൻ
സുഗ്രീവനെ വാഴിപ്പതു കണ്ടാൻ
ബാലിയെയും കൊല ചെയ്യണകണ്ടാൻ
സാലച്ഛേദവുമുടനേ കണ്ടാൻ
ദുന്ദുഭിഗാത്രമിളക്കണെ കണ്ടാൻ
സുഗ്രീവനുമായ് സഖ്യം കണ്ടാൻ
ഹനുമാനൊന്നു തൊഴുന്നതു കണ്ടാ–
നനുജനുമായി നടപ്പതു കണ്ടാൻ–
പമ്പയുമുടനെ കടന്നതു കണ്ടാ–
നമ്പൊടു ശബരീമോക്ഷം കണ്ടാൻ
അരുണകബന്ധവിനാശം കണ്ടാൻ
അരുണജസഹജവിനാശം കണ്ടാൻ

രൂക്ഷത പെരുകിന രാക്ഷസരാജൻ
പക്ഷിയെ വെട്ടി മുറിക്കണ കണ്ടാൻ
ഭിക്ഷുശരീരം പൂണ്ടവനുടനേ
ഭിക്ഷയെടുപ്പാൻ ചെല്ലണ കണ്ടാൻ
മാരീചാദികൾ നിധനം കണ്ടാൻ
സീതാലക്ഷ്മണസഹിതൻ രാമൻ
വീതായാസമിരുന്നതു കണ്ടാൻ
വിരവൊടു ഖരനെക്കൊല്ലണ കണ്ടാൻ
അവനുടെ പടയുമൊടുക്കണ കണ്ടാൻ
രാവണസോദരിതന്നുടെ മൂക്കും
മുലയും ചെത്തിയയപ്പതു കണ്ടാൻ
ലളിതാകൃതിയാമവളെക്കൊണ്ടൊരു
കളിയാടുന്നതുമവിടെക്കണ്ടാൻ
ഗോദാവരിയുടെ തീരേ രാമൻ
മോദത്തോടു വസിപ്പതു കണ്ടാൻ
പക്ഷീശ്വരനൊടു സഖ്യം കണ്ടാൻ
രാക്ഷസനിഗ്രഹസമയം കണ്ടാൻ
കുംഭജമുനിയെ വണങ്ങണ കണ്ടാ-
നമ്പിൽ വിരാധവധത്തെക്കണ്ടാൻ
ശരഭംഗാശ്രമവാസം കണ്ടാ-
നോരോമുനിപദ നമനം കണ്ടാൻ
അത്രിമഹാമുനിനമനം കണ്ടാൻ
ചിത്രകൂടാചലവാസം കണ്ടാൻ
ദശരഥമരണം കേട്ടു കുളിച്ചവ-
നുദകക്രിയയും ചെയ്യണകണ്ടാൻ
പാദുകമങ്ങു കൊടുക്കണെ കണ്ടാൻ*
ഭരതൻപോന്നു തൊഴുന്നതു കണ്ടാൻ
തരസാ ഗംഗകടക്കണെ കണ്ടാൻ
വിരവൊടുചെന്നു ഗുഹാശ്രമസവിധേ
ജടകൾ ധരിച്ച വിശേഷം കണ്ടാൻ
സരയു കടന്നു നടന്നതു കണ്ടാൻ
പുരിയിലിരുന്നരുളുന്നതു കണ്ടാൻ
അഭിഷേകത്തെ മുടക്കണെ കണ്ടാൻ
മന്ഥരയോടിനടക്കണെകണ്ടാൻ

---

* പഴയ തുള്ളൽക്കാരുടെ വായ്പാഠത്തിൽ ഇങ്ങനെയൊരു ശീലുകൂടിയുണ്ട്. നിലവിലുള്ള പതിപ്പുകളിലൊന്നും കാണുന്നില്ല. രാമായണകഥയിലെ ഹൃദയസ്പർശിയായ ഒരു സംഭവമാണ് ഭരതൻ ശ്രീരാമന്റെ പാദുകം വാങ്ങിക്കൊണ്ടു പോകുന്നത്. നമ്പിയാരുടെ വാങ്മയത്തിൽ അത് വിട്ടുപോകാൻ തരമില്ല. ആദ്യപ്രസാധനത്തിൽ വിട്ടുപോയ ഒരു കണ്ണിയായി ഇതിനെ കണക്കാക്കാം.

നാലവരുമവരുടെ ഭാര്യകളോടും
ചാലെ സുഖിച്ചു വസിക്കണ കണ്ടാൻ
മാർഗ്ഗേ ഭാർഗ്ഗവജയവും കണ്ടാൻ
സീതാപാണിഗ്രഹണം കണ്ടാൻ
ഹരനുടെ വില്ലു മുറിക്കണ കണ്ടാൻ
ത്വരിതമഹല്യാമോക്ഷം കണ്ടാൻ
മുനിവരയാഗത്രാണം കണ്ടാൻ
താടകയെക്കൊലചെയ്യണ കണ്ടാൻ,
കാടകമേറി നടപ്പതു കണ്ടാൻ,
വിശ്വാമിത്രമഹാമുനിയോടും
വിശ്വാസത്തോടു ചെന്നതു കണ്ടാൻ
വിശ്വനൃപാധിപദശരഥനോടും
വിശ്വാമിത്രനിരുന്നതു കണ്ടാൻ
നാലവരുമവിടെയയോദ്ധ്യാപുരിയിൽ
ബാലതയോടു വളർന്നതു കണ്ടാൻ
ശത്രുഘ്നനുടേ ജനനം കണ്ടാൻ
ലക്ഷ്മണനുടെയും ജനനം കണ്ടാൻ,
ഭരതൻതന്നുടെ ജനനം കണ്ടാൻ
രഘുപതിതന്നുടെ ജനനം കണ്ടാൻ
രാമായണമതനുക്രമമായി—
ദ്ദാമോദരനഥ കണ്ടുനടന്നു
ചാലേയങ്ങെഴുനള്ളിനനേരം
ബാലകരങ്ങളിൽ മണിയും കണ്ടു;
മണി മേടിപ്പാനുടനേ മാധവ—
നണയുന്നേരം പേടിയൊടവനും
അച്ഛനെയങ്ങു വിളിച്ചു കരഞ്ഞു
അച്യുതനതു മേടിച്ചതുമില്ല;
ബ്രഹ്മപ്രളയമടുക്കുന്നേരം
ബ്രഹ്മാണ്ഡത്തെ മുടിപ്പാനായി
സാഹസമോടു നടക്കും പുരഹര—
വാഹനമാകിയ വൃഷഭേന്ദ്രന്റെ
കണ്ഠദ്ധ്വനിയേക്കുണ്ഠിതമാക്കും
കണ്ഠദ്ധ്വനിയതു കേൾക്കായ്‌വന്നു
ഗുഹകളിലൊക്കെ നിറഞ്ഞുകവിഞ്ഞൊരു
ഘുമുഘുമുഘോഷം പെരുതായ് വന്നു.

ഘനതരഭുജദണ്ഡം ഗാത്രമത്യന്തചണ്ഡം
പ്രചലിതജഗദണ്ഡം ഖണ്ഡിതാരാതിഷണ്ഡം

ഹൃദി നിശിചരമുണ്ഡം ബിംബിതാലോലഗണ്ഡം
വികടകഠിനതുണ്ഡം ജാംബവാനാജിഹിണ്ഡേ

ഉറച്ചകോപമൊടകത്തുനിന്നഥ
പുറത്തുവന്നുടനെതിർത്തു ജാംബവാൻ
അടച്ച കണ്ണിണ തുറന്നതില്ലവ—
നുറച്ച* വാക്കുകൾ പറഞ്ഞുകൊണ്ടുട—
നടുത്തു കണ്ണനെത്തടുത്തുതേ ‘‘മൽ—
പുരത്തിലെന്നൊടു വരുന്നതാരിഹ?
കരുത്തനെന്നതു വരുത്തുവാനൊരു
ജളത്വമിങ്ങനെ നടിക്കയോ? മമ
കരങ്ങടേ പുരുതരിപ്പു തീർപ്പതി—
നൊരുത്തനില്ലിഹ ജഗത്ത്രയേ ജള!
പൊടുക്കനെപ്പുനരടുത്തു വന്നിഹ
അടിച്ചു നിൻമദമടക്കുവൻ, തവ—
നടിപ്പുഞാനിഹ മുടക്കുവൻ ഭൂവി
പടയ്ക്കു നല്ലൊരു പടുത്വമുള്ളൊരു
കുരങ്ങു ഞാനതു ധരിക്ക നീ;
കുരങ്ങനെന്നതു നിനയ്ക്കകൊണ്ടൊട്ടും
കുറച്ചുകാണരുതൊരിക്കലും നടേ;
പെരുത്ത രാവണപുരത്തിലുള്ളൊരു
പരാക്രമങ്ങളെ നിനയ്ക്ക നീ
തടിച്ച രാക്ഷസരടുത്തു നിന്നഹ
തൊടുത്തൊരമ്പുകൾ തടുത്തതും ചില—
തടിച്ച വീരരെയടിച്ചതും തല
കടിച്ചതും മല പൊടിച്ചതും ചില—
പിടിച്ചതും ചില പുരങ്ങളെപ്പൊടി—
പൊടിച്ചതും പലതരത്തിലങ്ങടി—
കൊടുത്തതും കപിബലേന കൊന്നിഹ
കളിച്ചതും പുനരരക്കരൊക്കെയു—
മൊളിച്ചതും പടവിളിച്ചതും മുറ—
വിളിച്ചതും നിലവിളിച്ചതും;
അതൊക്കെയങ്ങനെ നിനയ്ക്ക നീ തവ
മനക്കരുത്തിഹ നിലയ്ക്കയില്ലതു
ധരിയ്ക്ക നീയിഹ തിരിയ്ക്ക നീ;
അടക്കമെന്നിയെ കടന്നുവന്നൊരു
മിടുക്കു കാട്ടുകിലടങ്ങുമോ?

---

* അടച്ച കണ്ണിണ തുറന്നതില്ലവ—
നുരത്തവാക്കുകൾ പറഞ്ഞുകൊണ്ടുട....എന്നു പാഠാന്തരം

മിടുക്കനെന്നൊരു നടിപ്പു താൻ മണി—
യടക്കുവാനിഹ തുടർന്നിതോ?
ശിശുക്കളൻപൊടു കളിക്കുമമ്മണി—
പിടിപ്പതിന്നുടനടുക്കയാൽ
അടുത്തു നിന്നുടലൊടുക്കുമെന്നതു
ധരിക്ക നീ ലഘു നടക്കെടോ!

ചമ്പതാളം

മനുജനെന്നാകിലും ദനുജനെന്നാകിലും
മദമൊടുടനിവിടെവരുമമരനെന്നാകിലും
യക്ഷിയെന്നാകിലും പക്ഷിയെന്നാകിലും
യമവരുണനിരൃതി പുരവൈരിയെന്നാകിലും
കാലനെന്നാകിലും ബാലനെന്നാകിലും
കടുതകളൊടിടപെടുമരക്കനെന്നാകിലും
വീരനെന്നാകിലും ശൂരനെന്നാകിലും
വിരവിലിഹ വരുമളവുഝടിതിപൊടിയാക്കുവൻ
ഋക്ഷനെന്നാകിലും യക്ഷനെന്നാകിലും
പടയിടയിലടൽ കരുതുമേവനെന്നാകിലും
ഇന്ദ്രനെന്നാകിലും ചന്ദ്രനെന്നാകിലും
ചതിയുടയ ഭൂതവേതാളമെന്നാകിലും
വൃദ്ധനെന്നാകിലും ക്രുദ്ധനെന്നാകിലും
കുടിലഗതി കലരുമുരഗേശനെന്നാകിലും
പേടികൂടാതെ നീ ചാടിവന്നീടിനാ—
നിഹ സപദി ജാംബവനെന്നു കേളായ്കയോ?
സൂര്യവംശേ പണ്ടു ജാതനായുള്ളൊരു
ശ്രീരാമഭദ്രനെന്നങ്ങു കേൾപ്പില്ലയോ?''

ഇത്തരമുള്ളൊരു വാക്കു പറഞ്ഞവ
നുത്തമപുരുഷൻ തന്നുടെ നേരെ
സത്വരമലറിയണഞ്ഞതിഘോരാൽ
മുഷ്ടിമടക്കിത്തിരുമാറിൽ ചില
കുത്തുകൾ കുത്തിയമർത്തുപിടിച്ചു
മങ്കകൾതന്നുടെ കൊങ്കയിലിഴുകും
കുങ്കുമമതുകൊണ്ടങ്കിതമാകിന
പങ്കജനയനൻതന്നുടെ മാറിൽ
തൻ കൈകൊണ്ടവനാരെന്നുള്ളൊരു
ശങ്കവെടിഞ്ഞുടനടി തട്ടീടിന
ഹുംകൃതിയോർത്താലത്ഭുതമത്രേ!
ഗോപീനായകനതുകൊണ്ടേതും

കോപം മനസി ജനിച്ചതുമില്ല
‘‘നമ്മുടെ ഭക്തൻ നമ്മെച്ചൊല്ലി–
പ്പലകുറി പലരോടേററു പിണങ്ങി–
ക്കലപെട്ടീടിന ഗാത്രത്തോടേ
കലഹത്തിന്നണയുന്നൊരുനേരം
കലഹിക്കുന്നതു ചിതമല്ലെ’’ന്നി–
ട്ടവനുടെയടിയും കടിയും പിടിയും
തൃക്കൈകൊണ്ടു തടുത്തുതടുത്താ–
വൻകരുമനകളടക്കാനുള്ളൊരു
വക്കാണത്തിനു ഭാവിച്ചില്ലാ;
ഉൽക്കടനാകിയ മർക്കടനപ്പോൾ
ധിക്കാരത്തെയകത്തുനിറച്ചു
‘‘ഇക്കുഴിയൻ മമ തല്ലും കുത്തും
വെക്കമെടുത്തു തടുപ്പാററായോ?
നോക്കെട പാഴാ! നിന്നുടെയുടലു ക–
ടിച്ചു പൊളിച്ചുവരുന്നൊരു ചോര കു–
ടിച്ചു കളിച്ചീടുന്നേ’’നെന്നവ–
നിടയിടെ ഘോഷിച്ചുംകൊണ്ടുടനേ
അടലിലണഞ്ഞു പിണങ്ങുന്നേരം
പുരുഷോത്തമനും മനസി കുരുത്തൊരു
കോപത്തോടെയടിച്ചു തുടങ്ങി;
യദുനായകനും കപിനായകനും
ഘനതരമാകിന യുദ്ധം ചെയ്തതു
ഫണിനായകനും വർണ്ണിപ്പാനതി
പണിയെന്നത്രേ തോന്നീടുന്നു.

തടിച്ച മരശതമൊടിച്ചു കരമതിൽ
പിടിച്ചുമുടനുടനടിച്ചുമുടലുകൾ
കടിച്ചുമിടെയിടെ പിടിച്ചും കടുംചോര
തുടച്ചും ഗിരികളുമുടച്ചും പലവിധ–
മുരച്ചും തരംനോക്കിച്ചിരിച്ചുമിരുവരു–
മുറച്ചു പിണങ്ങുമ്പോൾ വിറച്ചു ധരണിയി–
ലുറച്ച ഗിരികളും നിറച്ച ഭയമുള്ളി–
ലുറച്ചു ദിഗ്ഗജങ്ങൾ വിറച്ചു താപമോടേ.

നരവരവാനരവീരന്മാരവ–
രുരുതരയുദ്ധം ചെയ്തുതുടങ്ങി;
കടുതരകഠിനമരങ്ങളുതങ്ങളി–
ലുടനുടനവിടെയടിഞ്ഞു തടഞ്ഞും
ദൃഢതരമുടലിലടിച്ചു ഞെരിച്ചും

ചടചടരവമൊടു തമ്മിലടിച്ചും
തക്കംനോക്കിച്ചാടിയടിച്ചും
വെക്കം ചെന്നൊരു കുത്തു കൊടുത്തും
മുട്ടു തകർത്തും മുഷ്‌ടിയടിച്ചും
കാട്ടിലടുത്തു മരങ്ങൾ പറിച്ചും
കോട്ടിലടുത്തു പിടിച്ചുപറിച്ചും
　　പർവ്വതശിഖരമെടുത്തുപിടിച്ചും
ഗർവ്വൊടു ധരണി ചവിട്ടിയിടിച്ചും
വട്ടത്തിൽ പലമട്ടുമണഞ്ഞും
കെട്ടിത്തങ്ങളിലൊട്ടു പിണഞ്ഞും
കാലൊടു കാലും കൈയൊടു കൈയും
മുട്ടൊടു മുട്ടും തട്ടൊടു തട്ടും
തല്ലൊടു തല്ലും പല്ലൊടു പല്ലും
മാറൊടും മാറും തലയൊടു തലയും
മലയൊടു മലയും മരമൊടു മരവും
തങ്ങളിലവിടെയിടഞ്ഞുതുടർന്നൊരു
ചടചടരടിതം ഝടിതി നിറഞ്ഞൊരു
ഭുവനകടാഹമുടഞ്ഞീടുന്നു.
ജലധികളങ്ങു കലങ്ങിമറിഞ്ഞും
ജലമതുപൊങ്ങി മരങ്ങൾ മറിഞ്ഞും
ജലജകുലങ്ങളൊടിഞ്ഞുനിറഞ്ഞും
ജലമതിൽ മുങ്ങിബ്‌ഭംഗി കുറഞ്ഞും
മലകൾ കുലുങ്ങിയുലഞ്ഞുപതിഞ്ഞും
മലയാചലവും പേടിപിടിച്ചും
മലയജവൃക്‌ഷമശേഷമൊടിച്ചും*
മലനദിയങ്ങു കലങ്ങിമറിഞ്ഞും
ഭൂമി നടുങ്ങി ഭൂതി മുടങ്ങീ
ഭൂതമടങ്ങീ ഭീതി തുടങ്ങീ
രവമതു പൊങ്ങീ രവിരുചി മങ്ങീ
രഭസമടങ്ങീ രാഗമിണങ്ങീ.
ഗോപീനായകനാകിയ ദേവൻ
കോപംകൊണ്ടു മഹാകപിതന്നുടെ
കവിളിലടിച്ചു പിടിച്ചുപറിച്ചും
മാർവ്വിലണഞ്ഞു നഖങ്ങൾ തറച്ചും
മാററുതെന്നൊരു സമരമുറച്ചും
വാലു പിടിച്ചു വലിച്ചുമുലച്ചും
കാലു പിടിച്ചുമലച്ചു പതിച്ചും
ചാട്ടുതുടർന്നും ചാടിയകന്നും

---

* 'മലജലവൃക്‌ഷമശേഷമൊടിച്ചും'—എന്നു മുദ്രിതപുസ്‌തകങ്ങളിൽ കാണുന്നതു അപപാഠം.

നിഖിലചരാചരനാഥൻ തന്നൊടു്
നിജഭാവത്തെ നടിച്ചു ഭവിച്ചൊരു
നിഖിലഭയങ്കരമാകിയ യുദ്ധം
ദിവസംതോറും വർദ്ധിക്കുന്നു;
ഋക്ഷേശ്വരനും തൽക്ഷണമങ്ങഥ
ലക്ഷ്മീപതിയുടെ വക്ഷോഭാഗേ
വൃക്ഷംകൊണ്ടഥ രൂക്ഷമടിച്ചും
ദക്ഷതതേടിന ദക്ഷിണപാണിയി–
ലക്ഷതമാകിന വൃക്ഷമെടുത്തു
ഇക്ഷുകണക്കേ തൽക്ഷണമോടവ–
നൃക്ഷാധിപനാമക്ഷയസാരൻ
ശിക്ഷയിലങ്ങു പൊടിച്ചുതകർത്തും
സാക്ഷാൽഭുവനം രക്ഷിച്ചീടിന
പക്ഷിവരാസനനിക്ഷിതിതന്നിൽ
ദുക്ഷിതിപാലകശിക്ഷയ്ക്കായി
തൽക്ഷണമങ്ങു സമക്ഷേ വന്നതു
മൃക്ഷകുലാധിപനോർത്തീലേതും.
തിരുമാറിടമതിലിരുമാറുള്ളൊരു
വനമാലകളഥ മണിമാലകളും
കഷ്ടമവൻ ചില മുഷ്ടികൾകൊണ്ടതി–
ധൃഷ്ടതയോടുടനെത്തിപ്പലവക
കുത്തുന്നേരമലഞ്ഞുപിരിഞ്ഞു
പൊട്ടിച്ചിതറി വിതറീടുന്നു;
ഉദ്ധതരാമവരിദ്ധാടോപം
ബദ്ധരസം ബഹുയുദ്ധം ചെയ്തു.
വൃദ്ധകപീന്ദ്രൻ ക്രുദ്ധതയോടേ
ബുദ്ധികുലുങ്ങി സിദ്ധിമടങ്ങി
ബദ്ധവിമന്ഥക്ഷുബ്ധമതാകിന
ദുഗ്ദ്ധാംബുധിതന്നുദ്ധതനാദമ–
നുദ്ധതമാകിന ഹിക്കാനാദമിടിച്ചുമുഴക്കി
ധിക്കൃത നിഖിലചരാചരനാകിന
മർക്കടമകുടശിരോമണി തന്നുടെ
ഉത്ക്കടകഠിനനഖാഗ്രമുദാരം
സുന്ദരനാകിയ നന്ദസുതന്റെ
സുന്ദരിമാരുടെ കോമളമാം നഖ–
രേഖകൾ തട്ടുന്നേരം കീറിന–
സരസശരീരം തന്നിലുറച്ചു
തറയ്ക്കുന്നളവു മുറിഞ്ഞു മുറിഞ്ഞു
തെറിച്ചീടുന്നു.

''നോക്കടെ ഭോഷാ! ദിക്കറിയാതെ
കൊക്കുമുണങ്ങി നരച്ചു കുരച്ചൊരു
മർക്കടനെന്നു നിനച്ചിഹ നമ്മോ–
ടിക്കളിയൊക്കെയിളക്കാറായോ?[1]
ഗിരികടകങ്ങളടിച്ചുപൊളിപ്പാൻ
വിരുതു നടിച്ച തടിച്ച കരംകൊ–
ണ്ടടികൊണ്ടുടനേ ചെകിടുടയുമ്പോ–
ളിടയുണ്ടാകുമതെന്നേ വേണ്ടൂ.
ഇക്കണ്ടതുകൊണ്ടറിയാറായി–
ല്ലിക്കപിതന്റെ പരാക്രമമെല്ലാം
അർക്കനുദിക്കും നേരം വെയിലിനു
രൂക്ഷതയില്ല സഹിക്കാം താനും
ഉച്ചയ്ക്കുള്ള പകർച്ച നിനച്ചാൽ
പിച്ചയിലല്ലെന്നോർത്തീടേണം''
''നന്നു കുരങ്ങേ! നമ്മൊടു നേർത്തിഹ
നിന്നുപിണങ്ങാമെന്നൊരു മോഹം
നിന്നുടെ ശക്തികളൊക്കെയെടുത്തി–
ട്ടിങ്ങിഹ വന്നാലെന്തൊരു ചേതം!
ഭല്ലൂകങ്ങടെ മല്ലു നിലപ്പാൻ
മെല്ലെയടുത്തൊരു തല്ലേ വേണ്ടു.[2]
എല്ലുഞെരിഞ്ഞും പല്ലു പൊടിഞ്ഞും
കൊല്ലാക്കൊലതാൻ ചെയ്യാവല്ലാ.
ഗർവ്വുകൾ മതിമതി പൊണ്ണത്തടിയാ!
ദുർവ്വിധവചനംകൊണ്ടെന്തുഫലം?
സർവ്വമഹീതലവാസികൾ ചരിതം
സർവ്വമെനിക്കു മനസ്സിലുദിക്കും
ദുർവ്വഹമായിദ്ദിക്കുകളെന്നും
സർവ്വശിവങ്കരമംബരമെന്നും
ഭേദമെനിക്കൊരു നേരവുമില്ലാ
മോദമിതൊന്നേ സന്തതമുള്ളു.''
തങ്ങളിലിങ്ങനെയോരോ വചനം
തിങ്ങിന മദമൊടു തമ്മിലുരച്ചും
ഭംഗിയിൽ മാറിയൊരടവു പിടിച്ചും
തുംഗമരാമരശിഖരമൊടിച്ചും
ജലധികലക്കിദ്ധരണികുലുക്കി
ഭുവനമിളക്കിഗ്ഗുഹകളിളക്കി
ത്രിഭുവനമാടി മുഖമതു വാടി
ഭയമതു തേടി രസമതുമോടി

---

1. 'ടിക്കളിയൊക്കെയെടുക്കാറായോ'—എന്നൊരു വായ്പാഠഭേദം.
2. 'മെല്ലെയെടുത്തൊരു കല്ലേ വേണ്ടൂ'—പാഠാന്തരം.

മലകളുമാടി ജലമതു ചാടി
കലുഷത തേടി ബഹു രണമാടി
ഭരമിഹ കൂടി സുരജനമാടി
യുവതികൾ പാടി കപികുലമോടി
മനമതു പേടീരസമതു തേടി
ഹരിവരചേടീജനമപി കോടീ
കലുഷത തേടി സരഭസമോടി
മലകളുമാടി ഭരമതു കൂടി
ഹരിവരനാടി ബഹു രണധാടി;
ഇരവും പകലും പലതു കഴിഞ്ഞതു—
മിരുവരുമേതും ബോധിച്ചില്ലാ.
മാറൊടു മാറിട പായുന്നേരം
മാധവനുടെ തിരുമാറിൽ വിളങ്ങിന—
തുളസീമാലയിലുളവാം പരിമളം
തെളുതെളെയോടഥ കളകളലളിതം
വിളയാടീടുമൊരളിനിറമളവേ
ചിതറിച്ചിതറിപ്പൊടിയാകുന്നു—
കപടനരൻേറ കടകം മകുടവു—
മുടഞ്ഞാണും ചില പടിയരഞ്ഞാണും
കപിയുടെയുടലിൽ പൊടുപൊടെ വികട··
മിടഞ്ഞു തടഞ്ഞു പൊടിഞ്ഞു കുടഞ്ഞു,
പൊടിപടലങ്ങളുമടവിയിലങ്ങുട—
നുടനേയിളകിപ്പൊടിയാകുന്നു;
ദിവസം ദിവസം ചെല്ലുന്തോറും
രണമതിദാരുണമായിവരുന്നു;
ഒരുദിവസത്തിലെടുത്ത വിധങ്ങൾ
കുറിനാളിലുമതു കാണുന്നില്ലാ.
ഇരുവരുമിങ്ങനെ യുദ്ധംചെയ്തി—
ട്ടിരുപത്തെട്ടു കഴിഞ്ഞു ദിനങ്ങൾ;
പുരുഷോത്തമനിനി മതിയാക്കേണം
വിരവൊടു സംഗരമെന്നുമുറച്ചു;
നിത്യവുമിങ്ങനെ നിന്നുപിണങ്ങാൻ
മൂത്തകുരങ്ങിനു ദീനവുമില്ലാ
തല്ലിനു പകരം തല്ലീടുന്നു
കുത്തിനു പകരം കുത്തീടുന്നു
മല്ലിനു പകരം മല്ലും കാട്ടും
കല്ലിനു പകരം കല്ലുമെടുക്കും
എന്നാലിന്നു തടുപ്പാനാള—

ല്ലെന്നുവരുന്ന പ്രയോഗംകൊണ്ടേ
ഇന്നിവനുള്ളിൽ തള്ളിവരുന്നൊരു
ദുർവ്വഹമായൊരു ഗർവ്വു ശമിക്കൂ.
ചിത്തംതന്നിൽ ചൂടുപിടിച്ചേ
മൂത്തകുരങ്ങൻ കണ്ണുതുറക്കൂ.

ഇത്ഥം മനസി നിനച്ചുംകൊണ്ടുട-
നുത്തമപുരുഷൻ ഝടിതിയടുത്താൻ
അഷ്ടകുലാചലമൊത്തു തടുപ്പാൻ
നിഷ്ഠുരമാം ചില മുഷ്ടിമടക്കി
ശിഷ്ടശിഖാമണിയാം കപിരാജൻ
ഞെട്ടണമെന്നിട്ടുദ്ധതമാം ചില
കുത്തുകൾ കുത്തിയമർത്തു പിടിച്ചാൻ;
തട്ടുകൾ മുട്ടുകൾ നീട്ടു ചവിട്ടുകൾ
തള്ളുകൾ കിള്ളുകളെററുകളേറുക-
ളെന്നിവകൊണ്ടു തളർച്ചവരുത്തി-
ച്ചെന്നിഹ വാലും കാലും കരവും
ഒന്നിച്ചുടനേ കുത്തിയമർത്തൊരു
പിണ്ഡംപോലെയുരുട്ടിദ്ധരണിയി-
ലിട്ടാനവനെക്കൈടഭമഥനൻ;
മന്ദസ്മിതവും തൂകി നികാമം
സുന്ദരവദനൻ നിന്നാനരികേ.
അന്നേരം കപിരാജനുമുള്ളിൽ
സന്താപം പെരുതായ് വർദ്ധിച്ചു;
ചിന്തതുടങ്ങീ ''യെന്തീവണ്ണം
ഹന്ത നമുക്കു വരാനൊരു കാരണ
മെന്തൊരു ദുരിതം ചെയ്തിതു നാ, മിവ
നെന്തൊരു സുകൃതം ചെയ്തവനെന്നും;
ധീരതയോടേ വന്നീവണ്ണം
നമ്മെക്കുത്തിയമർത്തുചമച്ചവ-
നാരെന്നുള്ളതറിഞ്ഞില്ലിവനൊരു
വീരശിഖാമണിതന്നേ നൂനം''.
ഇത്ഥം മനസി വിഷാദംപൂണ്ടു
കുത്തുകൾ കൊണ്ടു തളർന്നുകിടക്കും
ഗാത്രമൊരേടമിളക്കാൻ മേലാ-
ഞ്ഞത്ര കിടക്കുന്നേരംതന്നെ
നേത്രങ്ങളുടേ പോളകളുളവേ
കരയുഗളംകൊണ്ടേററമുയർത്തി-
പ്പാർത്തിടുമ്പോൾ കാണായ്‌വന്നു

വിശ്വങ്ങൾക്കൊരു കാരണഭൂതം
വിശ്വഗുണങ്ങൾക്കുത്തമഭൂതം
വിശ്വജനങ്ങൾക്കയനീഭൂതം
വിശ്വാനന്ദം വിശ്വമനോജ്ഞം
വൈഷ്ണവമാകിന രൂപമുദാരം
കൃഷ്ണനിതെന്നൊരു നാമത്തോടേ
വൃഷ്ണികുലത്തിൽ വളർന്നുണ്ടാകിയ
തേജഃപുഞ്ജമിതെന്നേ വേണ്ടൂ.
അഞ്ചൽകാഞ്ചനകാഞ്ചിമഞ്ജനനിഭം
        പ്രാലംബപീതാംബരം
ചഞ്ചൽകേകിശിഖണ്ഡമണ്ഡലമിള—
        ദ്ധമ്മില്ലവല്ലീഭരം
കിഞ്ചിൽ ശിഞ്ജിതകങ്കണാങ്കിതകരം
        സാനന്ദമന്ദസ്മിതം
ജ്യോത്സ്നാനന്ദമുഖേന്ദുസുന്ദരമമും
        സംദൃഷ്ടവാൻ ജാംബവാൻ.
നീലപയോധരജാലംപോലെ
വിലസിതമായിപ്പലനിറമായി
പീലിയണിഞ്ഞും മാലയണിഞ്ഞും
തണ്ടാർമണമതു തെണ്ടിയണഞ്ഞൊരു
വണ്ടുകൾ മണ്ടി മുരണ്ടുനടന്നും
കണ്ടാലധികമനോഹരമാകിയ
തണ്ടാർമാനിനികാന്തൻതന്നുടെ
കൊണ്ടയുമവിടെക്കണ്ടാനുടനേ,
സുലളിതമാകിന കുവലയകലിതം
ഭംഗികലർന്നു വിടർന്നു വിളങ്ങും
തിരുമിഴി രണ്ടും സുഖമേ കണ്ടാൻ
തില കുസുമത്തിനു കലഹം തേടും*
തിരുനാസികയുമുദാരം കണ്ടാൻ
തുടുതുടെയങ്ങു വിളങ്ങീടുന്നൊരു
ചൊടികളുരണ്ടും കണ്ടാനുടനെ
ഗണ്ഡസ്ഥലമതിലൊളി മിന്നീടിന
കുണ്ഡലയുഗളവുമളവേ കണ്ടാൻ
മധുരസുധാകര ബിംബത്തിന്നൊരു
വിധുരത നല്കും മുഖവും കണ്ടാൻ
ശംഖിനു തോലി വളർത്തീടുന്നൊരു
ശങ്ക വളർക്കും ഗളവും കണ്ടാൻ
ലക്ഷ്മീകുചതട കുങ്കുമരേഖാ

---

* 'തില കുസുമത്തൊടു കലഹം തേടും'–പാഠാന്തരം.

ലക്ഷിതമാകിന വക്ഷോഭാഗേ
ശ്രീവത്സം ബത കൗസ്തുഭരത്നം
വനമാലയുമവനെല്ലാം കണ്ടാൻ;
ഭുജഗശരീരവിരാജിതമാകിന
ഭുജയുഗളത്തെയുമളവേ കണ്ടാൻ;
കൃശതരമാകുമൊരുദരം കണ്ടാ—
നതിഘനമാകിന ജഘനം കണ്ടാൻ
പീതദുകൂലമുടഞ്ഞാണുകളും
ജാതകുതൂഹലമഖിലം കണ്ടാൻ
കുംഭികരത്തിനു ഡംഭമടക്കും
കെല്പേറുന്ന മുഴങ്കാൽ കണ്ടാൻ
ശക്രാദികളാലർച്ചിതമാകിന
തൃക്കാലടിമലരണിയും കണ്ടാൻ
അടിമലർതൊട്ടത്തിരുമുടിയോളം
തിരുമുടിതൊട്ടങ്ങടിമലരോളം
തിരുവുടൽ കണ്ടകതാരിലുദിച്ചൊരു
കരുണാലേശംകൊണ്ടു ഹരീശൻ
കണ്ണിണതന്നിൽ നിറഞ്ഞുപൊഴിഞ്ഞതി—
തിണ്ണം വഴിയും കണ്ണീർകൊണ്ടു കു—
ളിച്ചു കുളുർത്തശരീരത്തോടും
വിണ്ണോർപതികളിലുത്തമനാകിയ
കണ്ണൻ തിരുവടിതന്നുടെ ചേവടി
പുണ്യംകൊണ്ടു ലഭിച്ചതുമൂലം
പൂർണ്ണാനന്ദപയോനിധിസലിലേ
മുങ്ങിപ്പൊങ്ങിത്തിരകൾ കളിച്ചൊരു
പുളകപ്പാളി കളിച്ചുവിളങ്ങും
വെളുവെളെയുള്ളൊരു ദേഹത്തോടും
ധരണിയിൽനിന്നെഴുനേററൊരുവണ്ണം
കരുണാകരനുടെയടിമലർതാഴെ
വടിവൊടുവീണുവണങ്ങിവണങ്ങി
സ്തുതിവചനങ്ങളുമങ്ങുതുടങ്ങി:

''നന്ദനന്ദന! സുന്ദരാനന! നന്ദനീയഗുണാംബുധേ!
കുന്ദസുന്ദരമന്ദഹാസമുകുന്ദമാധവ! പാഹി മാം
ചഞ്ചലായതചാരുലോചന! പഞ്ചബാണസമാകൃതേ!
ചഞ്ചലാമലനീലകുന്തള! മഞ്ജുളാനന! പാഹി മാം.
ഗോകുലേശ! നമോസ്തുതേ ജയ ഗോപബാല നമോസ്തുതേ
ഗോപികേശ! നമോസ്തു തേ ജയ ഗോധനായ നമോസ്തു തേ
സാധുലോകശിഖാമണേ! പരമാർത്ഥമൊക്കെയുമിങ്ങനേ

ബോധിയാഞ്ഞടിയൻ പിഴച്ച പിഴയ്ക്കൊടുക്കവുമില്ലഹോ
മുഷ്ടികൊണ്ടു ഹനിച്ചതും ബഹുകഷ്ടമായ്‌വിടകൊണ്ടതും
നിഷ്ഠുരം പിടിപെട്ടതും ചില തട്ടുമുട്ടുകൾ ചെയ്തതും
വാലുകൊണ്ടടിയിട്ടതും മമ കാലുകൊണ്ടിഹ തൊട്ടതും
പീലിജാലമൊടിച്ചതും വനമാല വന്നു പിടിച്ചതും
എന്നുവേണ്ട മമാപരാധമിതൊക്കെയിന്നതിദാരുണം
എന്നെനിക്കു ശമിക്കുമീ ദുരിതങ്ങളൊക്കെ ദയാനിധേ!
കണ്ട ഗോഷ്ടികൾ കാട്ടുവാൻ മികവുള്ളകൂട്ടമിതെന്നതും
കൊണ്ടൽവർണ്ണനറിഞ്ഞുകൊണ്ടു സഹിക്കിലേശതിയുള്ളു മേ
പണ്ടു നിൻകൃപകൊണ്ടുതന്നെ ജഗത്തിൽ നിന്നുപൊറുത്തതും
കണ്ട ധീരതയും നടിച്ചു രിപുക്കളോടു മറുത്തതും
രാക്ഷസപ്പടയിൽ കടന്നതി രൂക്ഷമായി നടന്നതും
വൃക്ഷപടലി തകർത്തതും ചില രാക്ഷസൗഘമമർത്തതും
വൈരിയോടടിയിട്ടതും പിടിപെട്ടതും കടിപെട്ടതും
വീരരെക്കൊലചെയ്തതും ചിലരെയ്തതും പല ചെയ്തതും
നിൻപദാംബുജസേവനായി നടന്നു ഞാൻ മുതുവാനരൻ
സാമ്പ്രതം പരമാർത്ഥബോധമശേഷവും മമ ജൃംഭതേ.
പണ്ടു നിന്നവതാരമൊക്കെയുമോർക്കിലെത്ര മനോഹരം
കണ്ടുനിന്നടിയൻ സുഖിച്ചതുമുണ്ടു ചേതസിയൊക്കവേ;
മത്സ്യമായി ജനിച്ചതും മനുകൂർമ്മമായി ജനിച്ചതും
മത്സരിച്ചരിഖണ്ഡനായ വരാഹമായി ജനിച്ചതും
ഭീമവിക്രമമോടുടൻ നരസിംഹമായി ജനിച്ചതും
വാമനാകൃതിപൂണ്ടുകൊണ്ടഥ വിഷ്ടപങ്ങളെ വീണ്ടതും
ഭാർഗ്ഗവാകൃതി പൂണ്ടശേഷനരേന്ദ്രവൃന്ദമമർത്തതും
ഭാർഗ്ഗവീപതി രാമനായ് ദശകണ്ഠനെക്കൊലചെയ്തതും
വൃഷ്ണിവംശശിഖാമണേ! ബലഭദ്രനഗ്രജനായതും
കൃഷ്ണനാകിയ നീയൊരുത്തനിതൊക്കെ ഞാനറിയുന്നുതേ.
പുത്രമിത്രകളത്രമെന്ന വലയ്ക്കകത്തു വലയ്ക്കയാൽ
ഇത്ര തത്ത്വമറിഞ്ഞിടാതെ പിണഞ്ഞു മേ ബഹു സാഹസം
ഇത്തൊടുത്ത പണിക്കു ഹേതു സ്യമന്തകം മണി കാരണം
ഇപ്പൊഴേക്കു നമുക്കു ബോധമകത്തുറച്ചു വിരാജതേ
ദുര്യശസ്സുകൾ പോക്കുവാനെഴുന്നള്ളിയെന്നതറിഞ്ഞു ഞാൻ
കർമ്മദോഷമതെന്നിയേ ചിലരുണ്ടു കണ്ടതു ചൊല്ലുവാൻ
കഷ്ടമിന്നടിയത്തിനും തവ തത്ത്വമൊക്കെ മറന്നുടൻ
ദുഷ്ടകർമ്മമകപ്പെടാനിഹ കാരണം കരുണാനിധേ!''

ഭക്തിയൊടിസ്തുതി ചൊല്ലി വണങ്ങും
ഭക്തശിരോമണിയാം കപിരാജനെ
ഉത്തമപുരുഷൻ തൃക്കൈകൊണ്ടിഹ

തൊട്ടുതലോടിത്തടവിത്തന്നുടെ–
യുടലിൽ ചേർത്തുടനമിതാനന്ദം
തടവുന്നേരം കപിയുടെ കണ്ണീ–
ന്നൊഴുകീടുന്നൊരു വിമലജലങ്ങളിൽ
മുഴുകിമുകുന്ദൻ ചന്ദനപങ്കം
കഴുകിയൊഴിച്ചുടനവനീതലവും
മെഴുകിപ്പൊടികളുമടിമലർതന്നിൽ
ഇഴുകിപ്പരിചൊടു കാണായ്‌വന്നു.
ഗോപീനായകനരുളിച്ചെയ്തു:
''കോപം മനസി നമുക്കില്ലേതും
ഗോപികളോടു കളിച്ചുനടക്കും
ഗോപാലാകൃതി നിന്നെക്കാട്ടാൻ
എന്തൊരുപായമിതെന്നീവണ്ണം
ചിന്തിച്ചങ്ങനെ മരുവുന്നേരം
സത്രാജിത്തൊരു മണിയുംകൊണ്ടു
തത്രവരുന്നതു കാണായ്‌വന്നു;
വേട്ടയ്ക്കായിട്ടവനുടെ സഹജൻ
കാട്ടിൽച്ചെന്നു മരിച്ചുംപോയി.
മണിയും സഹജനുമിങ്ങു വരാഞ്ഞി–
ട്ടത്തൽ മുഴുത്തൊരു സത്രാജിത്തും
ഇഷ്ടജനങ്ങളുമൊക്കെക്കൂടി–
ക്കെട്ടിത്തീർത്തു നമുക്കപരാധം;
'കൃഷ്ണൻതന്നേ മണി കട്ടെന്നും
തൃഷ്ണയവററിലവന്നുണ്ടെന്നും
പണ്ടേതന്നെ കട്ടുമുടിക്കും
പണ്ടമിതെ,ന്നും പലവിധമിങ്ങനെ
നമ്മെക്കൊണ്ടു ചമച്ചപരാധം
തീർപ്പതിനെന്നൊരു ഭാവത്തോടേ
നമ്മുടെ ഭക്തരിലഗ്രേസരനാം
നിന്നെക്കാൺമാനിന്നിഹ വന്നേൻ''
ഇത്തരമരുളിച്ചെയ്തതുനേരം
ചിത്താനന്ദം പൂണ്ടു കപീന്ദ്രൻ
'അംബുജമുഖിയാംജാംബവതിക്കി–
ന്നംബുജനാഭൻ പതിയാകേണം;
അംബരചരപുരസുന്ദരിമാരുടെ*
ഡംബരമൊന്നു നിലപ്പിക്കേണം';
എന്നു മനസ്സിലുറച്ചുടനേ നിജ–
നന്ദിനിതന്നെ വിളിച്ചുവരുത്തി

---

*അംബരപുരചരസുന്ദരിമാരുടെ–പാഠാന്തരം.

നന്ദതനൂജനു നൽകിപ്പരിചൊടു–
വന്ദിച്ചമ്പൊടു മണിയും നൽകി.
‘‘നിന്തിരുവടിയുടെ കൃപയെന്നുള്ളതു
സന്തതമെങ്കലുറച്ചീടേണം;
സുന്ദരിമാർ തവ പലരുണ്ടിപ്പോ–
ളെന്നതുമടിയൻ ബോധിക്കുന്നു
എന്നതിലൊന്നായ് വെച്ചീടേണം
നമ്മുടെ മകളെയുമെന്നേവേണ്ടു’’
എന്നു പറഞ്ഞു വലത്തുകരംവച്ചു
നന്നായ്ത്തൊഴുതു പദാന്തേ വീണു
തൃക്കാലടിമേൽ പരിചൊടു വിലസും
പൊടികളെടുത്തു ശിരസ്സിലണിഞ്ഞു
നിന്നീടുന്നൊരു വാനരപതിയൊടു
നന്ദതനൂജൻ യാത്രയുമരുളി
തൃക്കൈക്കൊണ്ടഥ ജാംബവതീകര–
കമലം താങ്ങിയെഴുന്നള്ളി മുദാ,
ഗുഹയിൽനിന്നു പുറത്തുമിറങ്ങി
സ്വജനത്തോടുംകൂടി മുകുന്ദൻ
ഝടിതി മഹാവനമങ്ങു കടന്നു
ഭഗവാൻ ദ്വാരകതന്നിൽ പുക്കു
മിത്രജനത്തൊടുകൂടി മുകുന്ദൻ
സത്രാജിത്തിൻ ഭവനം പുക്കു.
സത്രാജിത്തതുനേരം വിരവൊടു
വൃത്രാരാതിസഹോദരനെക്ക–
ണ്ടുരുത്രാസത്തോടു കൂടെച്ചെന്നു
സത്രപമങ്ങു വണങ്ങുന്നേരം
നന്ദതനൂജൻ സുന്ദരവദനൻ
മന്ദസ്മിതരുചിവൃന്ദംകൊണ്ടു
മന്ദിരമൊക്കെ വെളുപ്പിച്ചുടനെ
സാന്ദ്രകുതൂഹലമരുളിച്ചെയ്തു:
‘‘സത്രാജിത്തിതു ബോധിച്ചാലും!
ചിത്രമിതെല്ലാം വിധിയുടെ ചരിതം;
സോദരമരണം കൊണ്ടുളവാകിയ
ഖേദം മനസി ചുരുക്കീടേണം
സാദരമെൻമൊഴി കേട്ടീടേണം
മോദം മനസി വളർന്നീടേണം
നിന്നുടെ സഹജൻ ഗഹനംതന്നിൽ
ചെന്നൊരു കോട്ടിലണഞ്ഞൊരുനേരം

വന്നൊരു സിംഹമടിച്ചു ഹനിച്ചു പി—
ടിച്ചുപറിച്ചാൻ മണിയെയുമുടനേ;
അവനെക്കൊന്നു പിടിച്ചാനമ്മണി
ജാംബവനെന്നൊരു വാനരരാജൻ
കുഞ്ജരബലനാമവനും തന്നുടെ
കുഞ്ഞിനുമങ്ങു കളിപ്പാൻ നല്കി;
എന്തിതു വരുവാനെന്നു നമുക്കെ—
ന്നന്തസ്താപംപൂണ്ടൊരു ദിവസം
കാന്താരങ്ങളിലെങ്ങും ചെന്നു തി—
രഞ്ഞു വിരഞ്ഞു നടക്കുന്നേരം
വാനരവരനുടെ ഗുഹയിൽ കണ്ടേൻ
ഭാനുകരേണ ലഭിച്ചൊരു മണിയെ;
മാനിച്ചവനൊരു തരുണീമണിയും
മണിയുംകൂടെത്തന്നാനുടനെ;
എന്നാലിതു നീ മേടിച്ചാലും
നന്നായ്‌വരു''മെന്നരുളിച്ചെയ്തതു
കേട്ടൊരുനേരം തലയും താഴ്ത്തി—
പ്പെട്ടെന്നവിടെ വസിച്ചു നിനച്ചു:
'കഷ്ടമിതെന്നുടെ സാഹസമെല്ലാം
ദുഷ്ടതകൊണ്ടിതു ശങ്കിച്ചേൻ ഞാൻ
ഇഷ്ടജനത്തെക്കൊണ്ടൊരുനാളും
നിഷ്ഠുരമായി നിനയ്ക്കരുതല്ലോ;
വിഷ്ടപപതിയാം നന്ദസുതന്റെ
തുഷ്ടിവരുത്താനെന്തൊരുപായം?
ഇഷ്ടക്കേടുമിവന്നുണ്ടായാൽ
നഷ്ടമിതല്ലോ നമ്മുടെ വംശം;
വിഷ്ടപവാസികളൊക്കെയിവന്റെ
തുഷ്ടിവരുത്താനായിപ്പലതര—
മിഷ്ടികൾകൊണ്ടു വിശിഷ്ടതയോടേ
തുഷ്ടിവരുത്തി വസിച്ചീടുന്നു.
യഷ്ടി*ജനങ്ങളിൽ മൂത്തവനാം ഞാൻ
ദുഷ്ടതതന്നെ നിനച്ചേയുള്ളു;
സകലമഹാജനഭൂഷണനായി—
സ്സകലനിശാചരശോഷണനാകിയ
യദുനായകനെക്കൊണ്ടിഹ ഞാനും
മോഷണമെന്നൊരു ദൂഷണമെല്ലാം
ശങ്കിച്ചേനതികഷ്ടം കഷ്ടം!
ഇത്ഥം മനസി വിഷാദംപൂണ്ടതി—

---

*യഷ്ടി = ഭോഷൻ

പശ്ചാത്താപവിഷണ്ണതയോടേ
സത്രാജിത്തു വണങ്ങി വണങ്ങിയു–
ണർത്തിച്ചാനിതു ഭഗവാനോടായ്;
‘‘അടിയൻ ചെയ്തപരാധമിതെല്ലാം
വടിവൊടു പോററി സഹിച്ചീടേണം
അടിമലരെന്നിയെ മററുമൊരാശ്രയ–
മടിയന്നില്ലതുണർത്തിക്കുന്നേൻ;
അനുജവിനാശവിഷാദംകൊണ്ടുട–
നനുചിതമായി നിനച്ചുംപോയീ.
അനുഗുണമാകിന ചിലരുടെ വാക്കുക–
ളനുമതമെന്നു നടിച്ചും പോയീ’’
ഇത്തരമുള്ളൊരു വചനം കേട്ടി–
ട്ടുത്തരമരുളിച്ചെയ്തു മുകുന്ദൻ:
‘‘അത്തൽ കളഞ്ഞു തെളിഞ്ഞാലും നീ
ചിത്തവിഷാദമിതൊട്ടും വേണ്ടാ;
തത്ത്വമറിഞ്ഞീടാഞ്ഞാലനുദിന–
മിത്തരമെല്ലാമുണ്ടായീടും;
ചിത്തവികാരമെനിക്കില്ലേതും
സത്യംതന്നെ പറഞ്ഞീടുന്നു.
യത്നം വളരെച്ചെയ്തു ലഭിച്ചൊരു
രത്നം പോയതിളച്ചീടാമോ?’’
എന്നരുൾചെയ്തു കൊടുത്തൊരു രത്നം
വാങ്ങി വണങ്ങിസ്സത്രാജിത്തും
ദാനവസൂദനനായിക്കൊണ്ടു*
ദാനംചെയ്താൻ തന്നുടെ മകളെ.
കല്യാണഗുണമേറും നല്ല സത്യഭാമയെ–
ന്നല്ലോയിവൾക്കു നാമം ഉല്ലാസത്തോടേ കണ്ടു
മല്ലാരി മനതാരിൽ നല്ലോരു മോദംപൂണ്ടു
മെല്ലെ നിരൂപിക്കുന്നു ‘നല്ലാരിൽമണിയോടു
തുല്യമായ് പാരിലെങ്ങും ഇല്ലൊരു തരുണികൾ
കില്ലേതുമില്ലതിനു അല്ലിത്താർബാണനുടെ
വില്ലിനുമിനിമേലിൽ മുല്ലവിശിഖങ്ങൾക്കു–
മില്ലൊരുനേരംപോലും നല്ലൊരു വിശ്രമമെ–
ന്നല്ലോ മമ തോന്നുന്നു, വില്ലും കുലച്ചുകൊണ്ടു
മല്ലീശരം തൊടുത്തു കൊല്ലാനണഞ്ഞീടുന്നു
മെല്ലേ മലർവിശിഖൻ, നല്ലൊരു വദനവും
ചില്ലീലതകൾ രണ്ടും, ഫുല്ലാരവിന്ദത്തേയും
വെല്ലും നയനങ്ങളും, ചൊല്ലേറുമധരവും

---

* ‘ദാനവസൂദനനായിസ്സരസം’—എന്നു പാഠാന്തരം.

പല്ലും മന്ദസ്മിതവും മെല്ലെയഴിഞ്ഞുലഞ്ഞ
നല്ല തലമുടിയും പങ്കജമുകുളത്തോ–
ടങ്കം പൊരുതീടുന്ന കൊങ്കയുഗളമതും
കങ്കേളിദളങ്ങളോടൊത്ത കൈവിരലുകൾ
കാഞ്ചീഗുണങ്ങളെക്കൊണ്ടഞ്ചിതമായീടുന്ന
കാഞ്ചീസദനം മമ നെഞ്ചിൽ വിളയാടുന്നു.
നാട്ടിൽ മികവേറീടും മട്ടലർമിഴിയാളെ–
ക്കിട്ടും മമ സുകൃതമൊട്ടല്ല നിനയ്ക്കുമ്പോൾ,
ഏവം നിരൂപിക്കുന്ന ദേവേശനായിക്കൊണ്ടു
സത്രാജിത്തതുനേരം സത്യഭാമയെ നൽകി.
പിന്നെ സ്യമന്തകവും കന്യാദാനമായ് നൽകി.
''ബാലജനങ്ങളുടെ ശീലക്കേടുകളെല്ലാം
ചാലേ സഹിച്ചീടേണം നീലനയനാ പോററീ!''

ഇത്തരമുരചെയ്തങ്ങു വണങ്ങും
സത്രാജിത്തിൻ പാണി പിടിച്ചു
ഗാത്രത്തേലുമണച്ചു മുകുന്ദൻ;
ചിത്താനന്ദം തടവിക്കനിവൊടു
ചിത്രതരം മണിയവനായ്ത്തന്നെ
സത്വരമങ്ങു കൊടുത്തു മുകുന്ദൻ
യാത്രയുമുരചെയ്തവനൊടുമുടനേ
മിത്രജനങ്ങളുമായെഴുന്നള്ളീ;
കളമൊഴിമാരുടെ കരതലയുഗളം
കനിവൊടു കോർത്തു പിടിച്ചെഴുന്നള്ളീ.
കളികളുമരുളിച്ചെയ്തതിമധുരം
കളിയൊളിവിലസും ലളിതകടാക്ഷം
യദുവരനളവേ തൂകീട്ടവരുടെ
കരളിൽ തെളിവു വരുത്താനായി
തെളുതെളെ വിലസും മന്ദസ്മിതമാം
കുളുർചന്ദ്രികയെക്കൊണ്ടവനിതലം*
വെളുവെളെയാക്കി നടന്നാൻ കൃഷ്ണൻ
ലളിതവധൂജനലീലാതൃഷ്ണൻ.

അപ്പോഴങ്ങദ്വാരകതന്നിൽ
കെല്പോടുടനെ പൗരൻമാരും
ചിൽപുരുഷോത്തമനെഴുന്നള്ളത്തു–
ണ്ടിപ്പോഴെന്നതു കേട്ടൊരുനേരം

---

*'കുളുർചന്ദ്രികയെക്കൊണ്ടടവിതടം' — എന്നു ചില പതിപ്പുകളിൽ കാണുന്നു.

തൽപുരമൊക്കെയടിച്ചു കുടഞ്ഞു*ട—
നദ്ഭുതമായൊരലങ്കാരത്തിനു
കോപ്പുകൾകൂട്ടിപ്പാർത്തുതുടങ്ങീ
കല്പന ചിലരു പറഞ്ഞു തുടങ്ങി:
''നമ്മുടെ ഭഗവാനെഴുന്നള്ളുന്നു
പെൺമണിമാരുണ്ടിരുവരുപോലും
വെൺമയിലിവിടെ വിവാഹോത്സവമതി—
രമ്യമതായിഗ്ഘോഷിക്കേണം
പൊൻമയമാം ചില മണിമാളികയും
വെൺമാടങ്ങളുമുളവാക്കേണം
ഹർമ്മ്യങ്ങളുമഥ മണിഭവനങ്ങളു—
മിനിയും പലതു ചമച്ചീടേണം
പന്തലുമുയരെത്തീർത്തീടേണം
ചന്തത്തോടു വിതാനിക്കേണം
രണ്ടതു വേണം മുല്ലപ്പന്തലു
രണ്ടു വിവാഹം കൂടീട്ടല്ലോ
കാഴ്ചക്കാർക്കു വസിപ്പാൻ ചുററും
കാഴ്ചത്തട്ടുകളിട്ടീടേണം
തട്ടുകളെല്ലാമൊട്ടൊഴിയാതെ
പട്ടുകൾകൊണ്ടു വിതാനിക്കേണം
കെട്ടീടേണം പല കുടിലുകളും
വെട്ടീടേണം കാടുകളെല്ലാം;
നാട്ടീടേണം കൊടിമരനികരം
കൂട്ടീടേണം കൊടിയടയാളം
കൂറകൾ പലതും തൂക്കീടേണം
കൂറുണ്ടെങ്കിലിതിപ്പോൾ വേണം
അങ്ങാടികളതു പലവക വേണം
ചങ്ങാതികളെ! കാലം പോയി
കോടിസഹസ്രം പീടിക വേണം
കോടികളിൽ ചില തൂണുകൾ വേണം
കോടികൾ പട്ടുകൾ തൂക്കീടുമ്പോൾ
കോടിപ്പോമിഹ തൂണില്ലാഞ്ഞാൽ
കോടുകളിന്നു ജനങ്ങൾ നിറഞ്ഞഴ—
കോടു ചമഞ്ഞു വരുന്നൊരു നേരം
കോടരുതേതും സ്ഥലമില്ലാതെ
കോടുകളധികം കരുതീടേണം
കൊട്ടിലു പലതും കെട്ടീടേണം
കൊട്ടത്തളവും തീർത്തീടേണം,

*അടിച്ചു കുടയുക = അടിച്ചു വെള്ളം കുടയുക (അടിച്ചു തളിക്കുക എന്ന അർത്ഥത്തിൽ പഴയ നാടൻ ശൈലി)

കൊട്ടകൾ വട്ടികൾ തൊട്ടികളെല്ലാം
കോട്ടമകന്നു ചമച്ചീടേണം
പന്തിപ്പലകകൾ പലതും വേണം
മന്തും കഴല മരക്കോരികയും
കലവറ വേണം നിലവറവേണം
കലവറയിൽ ചില നിലവറ വേണം
ഇല കണ്ടിപ്പാൻ പലരും വേണം
കുല കണ്ടിപ്പാനങ്ങനെതന്നെ
പാലും തൈരും നെയ്യും മോരും
ചാലെപ്പെരികെ വരുത്തീടേണം
അരിയും പെരികെ വരുത്തീടേണം
പൊരിയും മലരവിലിവയും വേണം
ചന്ത്രക്കാരനുമൂഴ്യക്കാരും
ചന്തം നോക്കി നടന്നാൽ പോരാ
സന്തതമോരോ കോപ്പുകൾകൂട്ടാൻ
സന്തതമാർന്നു നിവർന്നീടേണം;
അന്തണരനവധി വരുമെന്നാലവർ
ചെന്തളിരടിമലരുടനേ കൂപ്പി
പന്തി നിരത്തിയിരുത്തീട്ടവരെ–
ച്ചിന്തതെളിഞ്ഞു ഭുജിപ്പിക്കേണം;
എന്തിനു പലതു പറഞ്ഞീടുന്നു?
ചെന്താർമാനിനി വല്ലഭനാകിയ
തന്തിരുവടിയുടെ വേളിയതെന്നതു
ചിന്തിച്ചെല്ലാമുത്"സാഹിപ്പിൻ''.
ഇത്തരമോരോ വാക്കു പറഞ്ഞും
സത്വരമവിടെ നടന്നു ശ്രമിച്ചും
ചിത്താനന്ദത്തോടേ പുരജന–
മൊത്തു സമസ്തം കോപ്പുകൾകൂട്ടി.
അനവധിജനമഥകുതുകമൊടേ
ദനുജമഥനപുരമണഞ്ഞു പാടേ
പുനരപിപുനരപി ജലധിതടേ
ഘനരസമോടുടൻ നിറഞ്ഞവിടേ
ചിറതന്നിലിടഞ്ഞിടഞ്ഞുടൻ നടന്നു
പിറകിൽനിന്നുന്തിത്തള്ളിച്ചിലർ കടന്നു
പുരങ്ങളിലകംപുക്കു ചിലരിരുന്നു
പരിചൊടു കുടിലുകളൊക്കെപ്പെരന്നു
ഭടജനമൊരുവക നടന്നീടുന്നു

ചടചടപരിചകൾ തുടയ്ക്കിടുന്നു[1]
പൊടുപൊടെ വെടി ചിലർ മുഴക്കീടുന്നു
ഒരു ദിശി മുനിജനമെഴുന്നള്ളുന്നു
പരിഹാസം പറഞ്ഞങ്ങു ചിരിച്ചീടുന്നു
പരിചൊടവരെച്ചിലർ വണങ്ങീടുന്നു
ഒരുദിശി വിപ്രൻമാരും വസിച്ചീടുന്നു.
പരമപുരുഷനുടെ വരവു കാൺമാൻ
തരുണികളൊരുമിച്ചു പുറപ്പെടുന്നു;
തരിവളകടകങ്ങൾ ഉടഞാണുകൾ
തരമായ കുരലാരമരഞ്ഞാണുകൾ
കരയുള്ള പുടവകൾ കുറിമുണ്ടുകൾ
തെരുതെരെയെടുത്തുടനണഞ്ഞീടുന്നു
തിലകങ്ങൾ പലതരം ചമച്ചീടുന്നു
തലമുടി വടിവൊടു തിരുകീടുന്നു
വിലസിന മധുഗണം പൊഴിഞ്ഞീടുന്നു
മലർശരനവരോടു പിണങ്ങീടുന്നു
കളമൊഴിജനങ്ങളും തെളിവിനോടേ
കളികളും പറഞ്ഞങ്ങു കളിച്ചു മെല്ലേ
വളഭി[2]കൾ മുകളേറിയിരുന്നീടുന്നു
കളകളമോരോ വാക്കു പറഞ്ഞീടുന്നു:
''പെണ്ണായിട്ടു പിറന്നവരാരും
പെണ്ണെന്നേതും ഭാവിക്കേണ്ടാ
കണ്ണൻതിരുവടിതന്നൊടു ചേരും
പെണ്ണത്രേയൊരു പെണ്ണായുള്ളു
എണ്ണില്ലാത്ത ഗുണങ്ങളിണങ്ങും
കണ്ണൻതിരുവടിതന്നൊടു ചേരാൻ
പുണ്യംകൂടാതിങ്ങനെ നമ്മെ—
ത്തിണ്ണം തീർത്തവനെന്തൊരു പാഴൻ?
നന്ദാത്മജനുടെ രണ്ടു വശത്തും
സുന്ദരിമാരെക്കാണാകുന്നു;
ധന്യകളാമക്കന്യകമാരെ—
ത്തന്നേ മന്നിലിവണ്ണം കാണൂ
അന്യജനത്തിനു ഭാഗ്യം പോരാ
ധന്യജനത്തൊടുകൂടി വസിപ്പാൻ
മുന്നം ചെയ്തൊരു സുകൃതംകൊണ്ടേ
നന്നായിട്ടൊരു വരനുണ്ടാവൂ;

---

[1] 'പരിചകൾ തുടക്കീടുന്നു'—എന്ന പാഠം ശരിയല്ല. ഭടജനങ്ങൾ പരിച തുടയിൽ അടിച്ചുകൊണ്ടു നടക്കുന്നതാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്.

[2] വളഭി = മട്ടുപ്പാവ്.

നോക്കുണ്ട്[1]ഞ്ഞൊരു നായരവന്റെ
വാക്കുകൾ കേട്ടാലെന്തൊരു കഷ്ടം!
മൂക്കോളം ബത കള്ളുകുടിച്ചി—
ട്ടൂക്കുകൾ കാട്ടണമത്രേ വേണ്ടൂ
ചേന്നൻനായരു വന്നാനിന്നലെ
നമ്മുടെ വീട്ടിൽച്ചെരിവാനായി—
ട്ടെന്നാറയ്ക്കൽ[2] ഞാനുമവന്നൊരു
പായുമെടുത്തു പുറത്തു കൊടുത്തു
ആയതുനേരം നമ്മുടെ നായരു
വന്നിട്ടെന്നോടൊന്നു കലമ്പി
‘കള്ളച്ചെറുമീയാരാണിന്നീ
കള്ളപ്പാഴനു പാ നല്കിയത്?
കൊള്ളാമെന്നു പറഞ്ഞുംകൊണ്ടവ—
നുള്ള കലങ്ങളശേഷമുടച്ചു.
കൊച്ചിനെ വന്നു പിടിച്ചു പറിച്ചാ—
ദുഷ്ടനെനിക്കിട്ടൊന്നു പിടച്ചു
ഇങ്ങനെയുള്ളൊരു കള്ളൻമാരേ—
യിങ്ങുനമുക്കുണ്ടാകത്തുള്ളു.’
മറെറാരു നാരി പറഞ്ഞാളപ്പോൾ
‘‘ഉററവരെങ്കിലിവണ്ണം വേണം
വല്ലവിമാരെപ്പരിപാലിപ്പാൻ
മല്ലാരിക്കൊരു കൗശലമേറും,
നല്ല ജനത്തൊടു കൂടിവസിപ്പാൻ
നല്ലൊരു ഭാഗ്യം വേണം തോഴി!
അണ്ണൻപട്ടരു കൂടിനടന്നാ—
ലെണ്ണയ്ക്കേതും ഞാനറിയേണ്ടാ
കാഴ്ചകൾ കാണാൻ കൊണ്ടുനടപ്പാൻ
കൊച്ചുപണിക്കരു താനേ പോരും.
താച്ചൻനായരു കച്ചയെടുത്തേ—
യിച്ഛയ്ക്കൊക്കൂ പണ്ടൊരുകാലം
പണ്ടു സുഖിച്ചു വളർന്നവൾ ഞാനെ—
ന്നുണ്ടാകേണം മാനിനിമാരേ
തരുണികളിത്തരമുരചെയ്തുടനേ
പരിചൊടു കണ്ടു രസിക്കുന്നേരം
സരസിജനയനനകംപുക്കുടനെ
സരസമൊരാലയമതിലെഴുന്നള്ളി.

---

[1] നോക്കുണ്ട് = നമുക്കുണ്ട്.
[2] എന്നാറയ്ക്കൽ = എന്നാറെ (അപ്പോൾ)

വിവാഹമാകിയ മഹോത്സവത്തിനു്
മുഹൂർത്തമന്പൊടു വിധിച്ചനേരം
മഹാജനങ്ങളുമണഞ്ഞു പാരം
മഹാപുരങ്ങളിൽ നിറഞ്ഞിരുന്നു;
മഹീതലങ്ങളിൽ വിളങ്ങി മേവും
മഹീസുരേശ്വരരശേഷമപ്പോൾ
വിഹീനസംഭ്രമമകന്നു യാദവ–
മഹീശമന്ദിരമലങ്കരിച്ചു;

തനിച്ച മാനുഷജനത്തിനപ്പോൾ
അനേകമുണ്ടേ മനോരഥങ്ങൾ
വിനോദമങ്ങനെ നിനയ്ക്കയാലഥ
മനസ്സിലുണ്ടതി കുതൂഹലങ്ങൾ
മുരാരിതൻ പദസരോരുഹങ്ങളെ
നിരാകുലം കില വണങ്ങുവാനായ്

തരംവരേണമതിരുന്നു കാണണ–
മതൊക്കെയെന്നവർ നിനച്ചിടുന്നു.
കെട്ടുകൾ പലതുണ്ടതിനുടെ ചുററും
കൊട്ടിലു പലതും കെട്ടിത്തീർത്തു
ഒട്ടല്ലുയരം മാനത്തന്പൊടു
മുട്ടുമതെന്നേ കണ്ടാൽ തോന്നൂ;

ചന്ദനവിടപികൾകൊണ്ടു ചമച്ചോ–
രുന്നതമാകിന തൂണുകളെല്ലാം;
അകിലുമരംകൊണ്ടഖിലം തീർത്തു
അകലം നീളവുമളവില്ലേതും;

അപ്പോളങ്ങൊരു മന്ത്രിപ്രവരൻ
കല്പനകൊണ്ടു പറഞ്ഞുതുടങ്ങി:
‘‘പത്തും രണ്ടും മന്ത്രികളുള്ളവ–
രൊത്തുപ്രയത്നം ചെയ്തീടേണം
ഉത്തമമാം ജനമിവിടെപ്പലവക–
യെത്തുമതെന്നതു ബോധിച്ചാലും!
സത്രത്തിന്നു കൊഴുപ്പുവരുത്താൻ
ചിത്തമുറച്ചു ശ്രമിച്ചീടേണം;

മറുനാട്ടീന്നു വരുന്ന ജനത്തെ–
പ്പരിപാലിപ്പാൻ പലരും വേണം;
നരവരമന്ത്രികൾ വന്നാലവരെ–
പ്പുരമുറിതന്നിൽപ്പാർപ്പിക്കേണം
മേളംകൂടി നൃപൻമാർ വന്നാൽ
മാളികതന്നിലിരുത്തീടേണം;

അക്കിത്തിരിമാർ ചോമാതിരിമാർ
ചൊലല്ക്കൊണ്ടീടിന പട്ടേരികളും
ആഢ്യൻമാരും മന്ത്രികൾ തന്ത്രികൾ
മൗഢ്യമിയന്നൊരു നമ്പൂരാരും
സകലരുമങ്ങെഴുന്നള്ളുന്നേരം
തേവാരികൾ[1] പരിപാലിക്കേണം:
വൈദ്യക്കാരും ഗണിതക്കാരും
വന്നാലവരെപ്പാർപ്പിക്കേണം;
ആട്ടക്കാരുടെ പെട്ടികൾവയ്പാൻ
കൊട്ടിലു വേറേ കെട്ടീടേണം;
ശാസ്ത്രപ്പിള്ളേർ[2]ക്കരിയും കോപ്പും
പാത്രവുമങ്ങു കൊടുത്തീടേണം
കള്ളുകുടിക്കും കള്ളൻമാരുടെ
തൊള്ളയിലുടനേ മുള്ളീടേണം
വാടയ്ക്കുള്ളിൽ[3] കാടുകൾ കാട്ടും
ചേടൻമാരെത്താഡിക്കേണം;
ഒട്ടൊട്ടസ്തമയത്തിനടുത്താൽ
വെട്ടം നീളെ നിരത്തീടേണം:
വാടയ്ക്കകമേ മുള്ളുന്നവരെ
വടിയിട്ടങ്ങു മറിച്ചീടേണം;
കല്പന കേൾപ്പാനെളുതല്ലെന്നാൽ
കല്പിതമാർക്കുമൊഴിക്കാവല്ലാ
കൃഷ്ണൻതിരുവടിശാസനമെന്നതു
വൃഷ്ണികളെല്ലാം ബോധിക്കേണം.''
    ഗഭീരമിങ്ങനെ പറഞ്ഞനേരം
സഭാജനങ്ങടെ മനം തെളിഞ്ഞു
മഹോത്സവങ്ങളുമുടൻ തുടങ്ങി
മുഹൂർത്തവും പുനരടുത്തുവന്നു;
കുമാരിമാരെയുമലങ്കരിപ്പാൻ
പ്രമോദമോടിഹ മൃഗാക്ഷിമാരും
കുളിച്ചുവന്നുടനിളച്ചിടാതെ
കളിച്ചു കൈകളിൽ പിടിച്ചു മന്ദം
ഇരുണ്ടുനീണ്ടതി ചുരുണ്ടതലമുടി
കരങ്ങൾകൊണ്ടവർ വിടുർത്തു തിരുകി

---

[1] തേവാരികൾ = തേവാരം നടത്തുന്നവർ; ഈശ്വരപൂജ നടത്തുന്നവർ.

[2] ശാസ്ത്രപ്പിള്ളേർ = ചത്തിരർ (ശാസ്ത്രവിദ്യാർത്ഥികൾ). ഇവിടെ യാത്രനമ്പൂരിക്കുട്ടികൾ. 'ശാസ്ത്രിപ്പിള്ളേർ' എന്നു മുദ്രിതസമാഹാരങ്ങളിൽ കാണുന്നത് അപപാഠം.

[3] വാടയ്ക്കുള്ളിൽ = കോട്ടയ്ക്കകത്ത്.

കുരണ്ഡമാലകളണിഞ്ഞുമെല്ലെ—
പ്പരന്ന കുറുനിര നിരക്കെ വെട്ടി
തരത്തിൽ നല്ലൊരു തിലകം ചേർത്തു
വിലോലപങ്കജദളങ്ങൾപോലെ
വിലാസമുള്ളൊരു വിലോചനങ്ങളിൽ
വിലാസമാകിന ശലാകചേർത്തു
വിലാസിനീജനമുദാരഭാവം
തെളിഞ്ഞു കുണ്ഡലമണിഞ്ഞു കാതിൽ
ഗളത്തിൽ മാലകളെടുത്തണിഞ്ഞു
കരങ്ങളിൽ തരിവളകളുമിട്ടു
വിരൽക്കു മോതിരനികരമണിഞ്ഞു
അവർണ്ണ്യമാകിന പദതളിരുകളിൽ
സുവർണ്ണനൂപുരനികരമണിഞ്ഞു
സുവർണ്ണകൗതുകമവരു ചമഞ്ഞു
കുമാരിമാരൊടുമിട ചേർന്നങ്ങനെ
പ്രമോദമോടിഹസഖികളുമെല്ലാം.
മല്ലവിലോചനനായ മുകുന്ദൻ
മുല്ലപ്പന്തലിലങ്ങെഴുനള്ളി
കല്യാണികളാം കന്യകമാരുടെ
കല്യാണോത്സവസമയത്തിങ്കൽ
ഉല്ലാസത്തൊടു വേണ്ടും വിധികളു—
മെല്ലാമങ്ങു കഴിഞ്ഞ ദശായാം
ഭൂമിസുരൻമാർക്കനവധി ധനവും
കാർമുകിൽവർണ്ണൻ ദാനംചെയ്തു;
ആമോദത്തൊടു മംഗലസമയേ
ഭാമാപാണിഗ്രഹണംചെയ്തു;
ജാംബൂനദ*വും പട്ടും വളയും
താംബൂലങ്ങളുമവനിസുരൻമാർ—
ക്കംബുജനയനൻ ദാനം ചെയ്തഥ
ജാംബവതിയെയും വേട്ടാനുടനേ;
പാവകസാക്ഷികമാകിയ കർമ്മം
പാവനമാശു കഴിച്ചു മുകുന്ദൻ
ദേവകിവസുദേവാദികളോടും
ദേവിയതാകിയ രുക്മിണിയോടും
സേവകരാകിയ വൃഷ്ണികളോടും
കേവലമൊരുമിച്ചങ്ങെഴുനള്ളി
പള്ളിമഹാമണിസൗധംപുക്കതി—
നുള്ളിൽ പരിചൊടു വാണീടുന്നു.

---

* ജാംബുനദം = സ്വർണ്ണം.

സൂര്യനുദിച്ചു വെളുക്കുന്നേരം
കാര്യക്കാർ പലരെണ്ണയെടുപ്പാൻ
എണ്ണത്തട്ടേലേറിയിരുന്നു
എണ്ണയെടുത്തുകൊടുത്തുതുടങ്ങി:
കെട്ടൊരുദിക്കിലിറക്കീട്ടനവധി
പട്ടൻമാർ വന്നാർത്തുവിളിച്ചു
തട്ടിനുതാഴേ നിന്നു ശിരസ്സുകൾ
കാട്ടിപ്പരിചൊടു തേച്ചു തുടങ്ങി;
ചടപടനെന്നവർ മുടിയിലടിച്ചും
വടിവൊടു തേച്ചങ്ങടിയിലൊലിച്ചും
താളിത്തട്ടിനു താഴെച്ചെന്ന-
ത്താളിക്കാരൊടു മുള്ളുപറഞ്ഞും
താളി പിഴിഞ്ഞവർ കണ്ണിലൊഴിച്ചും
താളിച്ചെളിയിൽ തെററി വിയച്ചും[1]
ഇഞ്ചകളൊട്ടു പിടിച്ചുപറിച്ചും
സഞ്ചികളിൽ ചിലരാക്കിയൊളിച്ചും
വഞ്ചിച്ചവരുടെ സഞ്ചി പിടിച്ചും
വഞ്ചിയിലേററിക്കരപററിച്ചും
കടവിലിടഞ്ഞു തടഞ്ഞു കുടഞ്ഞും
ചിലരവ തേച്ചും ചിലരു കുളിച്ചും
സോമൻപുടവകൾ നാർപ്പട്ടുകളും
കെട്ടിയുടുത്തൊരു പാളത്താറും
കൂട്ടിത്തെരുതെരെയോടിയടുക്കും
കൊട്ടിലു പുക്കും രെട്ടു പിരിച്ചും
വട്ടംകൂട്ടും പട്ടൻമാരുടെ
ചട്ടം കണ്ടാലെത്ര വിചിത്രം!
അപ്പൊളടുക്കളതന്നിൽ വിളങ്ങുമൊ-
രദ്ഭുതമെങ്ങനെ വാഴ്ത്തീടേണ്ടു
കൊള്ളിയടുപ്പിൽ തള്ളുന്നൂ ചിലർ
വെള്ളം കോരി നിറയ്ക്കുന്നൂ ചിലർ
ഭള്ളുനടിച്ചു നടക്കുന്നൂ ചിലർ
പൊള്ളുപറഞ്ഞു ചിരിക്കുന്നൂ ചിലർ:
''ആത്രശ്ശേരി ചിത്രമ്പള്ളി[2]
പാത്രമെടുത്തിതു വാർപ്പാറായി
പാത്രത്തണ്ടു പിടിപ്പാൻ നല്ലൊരു
പാത്രംതന്നേ നിങ്ങളിതെന്നും

---

1. വിയച്ചും = വേച്ചു വീഴാൻതുടങ്ങിയും.
2. നമ്പൂരാരെ അവരുടെ ഇല്ലപ്പേരു പറഞ്ഞു വിളിക്കുകയാണ്.

തൊട്ടാശ്‌ശ്യേരി എരിശ്‌ശേരിക്കു
ചട്ടുകമായിക്കൂടീടേണം
കടുകശ്‌ശ്യേരി കടുകു വറുക്ക
വേങ്ങാശ്‌ശ്യേരി തേങ്ങ വറുക്ക
ചക്കപ്രഥമൻ വെക്കണമെന്നാൽ
തെക്കത്തിന്നൊരു തക്കവുമേറും
ചീരക്കാടിനു സരസതയേറും
ചീരക്കറികൾ ചമപ്പാനെന്നും
വഴുതക്കാടും വഴുതിപ്പോമേ
വഴുതിനങ്ങാക്കറി വെക്കുന്നേരം
നെല്ലിക്കാടു മഹൻ മൂന്നാമൻ,
നെല്ലിക്കാക്കറിവയ്‌പാൻ കൊള്ളാം;
ഉപ്പുകൾ നോക്കാനപ്‌ഫൻ വേണം
വമ്പൻമാരിൽ മികച്ചൊരു വമ്പൻ
ഉപ്പേരികളുടെ പാകം നോക്കാൻ
കൊയ്‌പള്ളിക്കു ശരിക്കില്ലാരും;
വെള്ളം പോരാ വെള്ളമൊഴിപ്പാൻ
കള്ളൻമാരവരെങ്ങിഹ പോയി;
ചെമ്പുകളിനിയുമൊരമ്പതു വേണം
ചെമ്പുകിടാരം മുമ്പിൽ വരേണം
ഊഴക്കാരേ പാഴൻമാരേ!
വാഴയ്‌ക്കായിതു മതിയാകില്ല
മുപ്പറകൊള്ളും കൊട്ടനിറച്ചിനി
ഉപ്പേരിക്കു നുറുക്കീടേണം;
മാങ്ങാക്കാടി ചമയ്‌ക്കണമെന്നാൽ
തേങ്ങയരച്ചതു മതിയായില്ല.''
ഇങ്ങനെ പലതു പറഞ്ഞുംകൊണ്ടു
ഭംഗിയൊടങ്ങു പചിച്ചുതുടങ്ങി
അഞ്ചെട്ടാളുകൾ കൂടീട്ടങ്ങൊരു
സഞ്ചിയഴിച്ചു മുറുക്കുതുടങ്ങി:
''തൂക്കുപുകേല തരിമ്പില്ലാഞ്ഞാൽ
നോക്കു[1] മുറുക്കിനു സുഖമില്ലേതും
പാക്കും വെററിലയുണ്ടെന്നാകിൽ
തൂക്കം നോക്കണമെന്നുടെ കുഴലിൽ''
''തന്നുടെ കുഴലിൽ പുകയിലയെന്നതു
മുന്നം ഞാനോ കണ്ടിട്ടില്ല
വെററില പാററാനുള്ളൊരുപായം
മുററുമതേതും നമ്മൊടുകൂടാ''

---

[1] നോക്കു = നമുക്ക്.

''തന്നെപ്പോലെ കണ്ടതുപററി—
ത്തിന്നു മുടിക്ക നമുക്കില്ലേതും''
''തിന്നു മുടിക്കും ഞാനെന്നിങ്ങനെ
വന്നു പറഞ്ഞാലടിയും കൊള്ളും''
''അച്ചികരംമുമ്പിൽ പിച്ചകളിച്ചും
കച്ച കൊടുത്തും മച്ചിലൊളിച്ചും
നായൻമാരോടടിയും കൊണ്ടിഹ
പായും നീയോ നമ്മെയടിപ്പാൻ?''
''നിന്നെയടിച്ചാലാരു തടുപ്പാ—
നെന്നുടെ മുമ്പിൽ വരുന്നവനെന്നും''
''കന്നത്തോടേ ഞാനടികൊണ്ടാൽ
നിന്നെക്കൂടെയതൊപ്പിക്കണമോ?''
''നില്ലെട പാഴാ നില്ലെട പോഴാ
നല്ലതിനല്ല തുനിഞ്ഞീടുന്നു''
''എല്ലുകളെല്ലാം തല്ലിയൊടിപ്പൻ
വല്ലതുകൊണ്ടും പല്ലു കൊഴിപ്പൻ''
ഇത്തരമോരോ വാക്കു പറഞ്ഞും
ശാസ്ത്രമഹീസുരരിരുവരു[1]തമ്മിൽ
സത്വരമുടനെയടിപ്പതിനായി—
പ്പലകവലിച്ചു പിടിച്ചതിഘോരാൽ
വഡ്ഢികളിൽ കുറിമുണ്ടു മുറുക്കി
വിഡ്ഢിത്തങ്ങൾ നടിച്ചുതുടങ്ങി;
കിടുകിടെ മേനി വിറച്ചുതുടങ്ങി
കുടുകുടെയുടലു വിയർത്തു വിയർത്തും
വടിവൊടു തങ്ങളിൽ മുണ്ടു പിടിച്ചും
തണ്ടുതടഞ്ഞവർ മണ്ടിനടന്നൊരു
രണ്ടുംകൂടെ മറിഞ്ഞഥ വീണു;
കണ്ടുവസിക്കുന്നാളുകളെല്ലാം
കൈകൊട്ടിക്കൊണ്ടാർത്തുവിളിച്ചു.
ഇലവയ്പാനുമടുത്തൊരു നേരം
പലരും വന്നു ശ്രമിച്ചുതുടങ്ങി
സ്ഥലവുംവച്ചു വസിക്കുന്നാളുകൾ
കലഹിച്ചങ്ങു പറഞ്ഞുതുടങ്ങി:
''ഞാൻ വച്ചോരു നിലത്തു വസിപ്പാൻ
താനോ വേണ്ടതു കശ്മലചിത്താ!''
''തന്നുടെ നിലമല്ലേതുമതോർത്താൽ

---

1. 'ശാസ്ത്രിമഹീസുരൻ' എന്നു പല പതിപ്പുകളിലും കാണുന്നതു ശരിയല്ല.
ശാസ്ത്രമഹീസുരർ = യാത്രനമ്പൂരാര്. നമ്പൂരിമാരിൽ ആയുധാഭ്യാസമുള്ളവർ അവരാണ്.

മുന്നം ഞാനൊരു മുണ്ടു വിരിച്ചു;’’
‘‘മുണ്ടു വിരിക്കുംമുമ്പേ ഞാനും
രണ്ടു വരച്ചതു കണ്ടില്ലേ താൻ?’’
‘‘രണ്ടു വരച്ചതു പണ്ടേഞാനും
കണ്ടില്ലാ ഞാ’’നെന്നൊരു ഘോഷം.
കൊട്ടിലിലിങ്ങനെ സർവജനങ്ങളു—
മൂട്ടിനു വന്നു നിരന്നൊരു സമയേ
കൂട്ടുകുറിക്കാർ[1] വരവുതുടങ്ങി;
കൊട്ടവുമകിലും മുരളും മാഞ്ചിയു—
മൊട്ടൊഴിയാതെ പൊടിച്ചുകലക്കി
തട്ടുപുഴുപ്പൊടി പച്ചകൊഴുന്നും
വാട്ടമകന്നൊരു പച്ചപ്പുഴുവും
രാമച്ചപ്പൊടി പിച്ചകമലരും
ചട്ടററീടിന ചെമ്പകമൊട്ടും
മട്ടലർ പലതും പനിനീരെന്നിവ
കൂട്ടിയിളക്കിപ്പരിമളമോടിട—
കൂട്ടിന ചന്ദനപങ്കം പരിചൊടു
തട്ടുകലത്തിലെടുത്തുംകൊണ്ടൊരു—
കൂട്ടമെടുത്തുകൊടുത്തു തുടങ്ങി;
ചാന്തും മലയജകുങ്കുമമെല്ലാ—
മന്തണർപന്തിയിൽ വന്നുതുടങ്ങി;
ഇലവച്ചങ്ങു നിരന്നുതുടങ്ങി
ജലവുമെടുത്തു കൊടുത്തുതുടങ്ങി.
മലരതുപോലെ വെളുത്തൊരു ചോറു
വിളമ്പിവിളമ്പിയടുത്തുതുടങ്ങി;
ഉപ്പേരികളും പലവകയുണ്ടതു
കെല്പോടങ്ങു വിളമ്പീടുന്നു
പപ്പടമെന്നതു പത്തും മുപ്പതു—
മൊപ്പിച്ചങ്ങു വിളമ്പീടുന്നു;
ആനച്ചുവടൻ പപ്പടമൊരുവക
മാനിച്ചങ്ങു വിളമ്പീടുന്നു.
‘‘ചക്കപ്രഥമനുമമൃതം കൂടി—
ത്തൂക്കിക്കണ്ടാലമൃതേ പൊങ്ങൂ’’
‘‘പ്രഥമൻമാരിലടപ്രഥമൻപോൽ
പ്രഥമനിതെ’’ന്നൊരു ധൂളിപറഞ്ഞു
‘‘വച്ചുണ്ടാക്കിയ കറികിറിയൊന്നിലു—
മിച്ഛയെനിക്കില്ലെന്നുടെ ഘടുവാ!
പച്ചടിസാറുപരിപ്പുണ്ടാനാ—

---

[1] കൂട്ടുകുറിക്കാർ=കറിക്കൂട്ട് ഉണ്ടാക്കുന്നവർ.

ലാച്ചിതു സാപ്പാടെ''ന്നാനൊരുവൻ;
''അട നമ്പൂതിരി! പീത്തായോളീ!
റമ്പം പോടു പുളിശ്ശാംകറിയെ
ഒന്നുടെ മുതലോ സാമ്പ്രതമായി–
സ്സാപ്പാട്ടുക്കായ് വന്തോ''നെന്നും
''പഞ്ചാരപ്പൊടി പോട്ടതു പോരും
വേപ്പില ചെത്തെ[1]പ്പോടെടെ ഘടുവാ!''*
''സാറും കീറും പച്ചടികിച്ചടി
പളവും കിളവും പോടെ''ന്നൊരുവൻ
''കത്തിരിക്കാക്കറിയുണ്ടാമാനാൽ
ചെത്തെ വിളമ്പണ''മെന്നാനൊരുവൻ;
''ഹടനാ ഹണ്ണാ മണിയാ സ്വാമീ
അബ്ബാ സുബ്ബാ വെങ്കിട്രാമാ
സീതാരാമ കൊളത്തൂരാനും
ആനപിടുങ്കൻ മണിയൻ ഞാഞ്ഞാൻ[2]''
''അപ്പപ്പാ ചില മുഷ്ക്കുക''ളെന്നും
''അപ്പൻമാരുടെ മുതലോ''യെന്നും
''പോടികല പോടികല പോട്
ചോറൊരിടങ്കഴിയിങ്കപ്പോട്.''
ഇത്തരമോരോ വിപ്രൻമാരുടെ
ഭുക്തിമഹോത്സവമെത്ര വിചിത്രം!
പാലുകുറുക്കിയെടുക്കുന്നൂ ചിലർ
പാരിച്ചങ്ങു നടക്കുന്നൂ ചിലർ
നാരങ്ങാക്കറി മാങ്ങാക്കറിയും
മോരും തൈരുമെടുക്കുന്നൂ ചിലർ
'വെല്ലപ്പായസമുണ്ടു വരുന്നു
മെല്ലെയിരുന്നു ചെലുത്തണ'മെന്നും
'കന്നുംതൈരു കുടിപ്പതിനിന്നീ
വന്നജനങ്ങളിൽ മുമ്പിങ്ങെ'ന്നും
'കൊണ്ടാ രണ്ടുകുലപ്പഴമെ'ന്നും
'കൊണ്ടാ പപ്പടമിവിടേ'ക്കെന്നും
കൊണ്ടാടുന്ന ജനങ്ങളിൽനിന്ന–
ങ്ങുണ്ടായീടിന കൗതുകമോർത്താൽ
കണ്ടാലെത്ര മനോഹര മതിനെ–
ക്കൊണ്ടു പുകഴ്ത്താനെളുതല്ലേതും.
ഗോസായികളുണ്ടങ്ങൊരു ദിക്കിൽ

---

[1] ചെത്തെ=അല്പം.

* 'വേപ്പില കൊഞ്ചം പോടെടെ ഘടുവാ!'–എന്നു പാഠാന്തരം.

[2] ഞാഞ്ഞാൻ=ഞാൻ, ഞാൻ.

തങ്ങളിലോരോന്നുരചെയ്യുന്നു.
വമ്പൻമാരെ വിളിക്കയുമുണ്ടവ-

രൊപ്പമിരുന്നു ഭുജിക്കുന്നേരം
''ജെ ജെ റാമ്രാം സീതാറാമ്രാം

ജെ ജെ റാമ്രാം കോദണ്ഡറാമ്രാം-
തുമാറ മുലുക്കു കോനു മുലുക്കു

അമാറ മുലുക്കു കാശി മുലുക്കു
തുമാറട്ടിക്കാണി കാഹറേ ബാവാ

അമാറട്ടിക്കാണി സീതാറാമ്രാം
ബ്രഹ്മാദേവോ ദാവൻ ദാറോ

അച്ഛാ പാനീ ഡാലോ ഡാലോ
പത്താ ലാവോർക്കാരീ ലാവോ

മെസ്തു ലാവോ കേലീ ലാവോ
തൂ ഹീ ലാവോ ദുറുദേ ലാവോ

സുപാരി ലാവോ സക്കരി ലാവോ
പൂരീ ധാറൊ ദസ്തൂ ലാവോ

ധിക്രാധാറൊ തമാക്കു ധാറൊ
സുണ്ട ധാറൊ കാഘാ ലാവോ

റേപോ ധാറൊ ഭാജിക്കറൊബ്
പാനീ പീയോ മേരാ പേട്ബ്രം

ഊട്ടുറുമായി കുംകുറു കുംകുറു
ജാ റെ ഹർ ജാ മുർജാ ഹർജാ റെ''

ഇത്തരമോരോ കോലാഹലമു-
ണ്ടുത്തമപുരുഷപുരങ്ങളിലെല്ലാം;

വാണിയർ കൊങ്കണി ചെട്ടികളൊരുവക
വാണിഭവും വച്ചങ്ങു വസിച്ചു
വാണീടുന്നതു വാഴ്ത്താൻ നമ്മുടെ
വാണിക്കേതും പ്രൗഢത പോരാ.

ഇത്തരമോരോ ഘോഷത്തോടേ
രാത്രി കഴിച്ചും പകലു കഴിച്ചും

മികവേറുന്ന വിവാഹമഹോത്സവ-
മഴകോടങ്ങു കഴിഞ്ഞ ദശായാം

വന്ന മഹാജനമൊക്കെയുമുടനെ
നന്ദികലർന്നവർ ഗമനം ചെയ്തു-

നന്ദതനൂജൻ സുന്ദരവദനൻ
സുന്ദരിമാരൊടുകൂടിസ്സുഖമേ
കന്ദർപ്പോത്സവകേളികളാടി
നന്ദികലർന്നു സുഖിച്ചു വസിച്ചു.
എന്നതുകൊണ്ടു പറഞ്ഞിതു ഞാനും
യത്നം ചെയ്തു വരുത്താമെല്ലാം;
ഇക്കഥ കേൾക്കണമെന്നരുൾചെയ്തു
മിക്കതുമടിയനുണർത്തിച്ചേനേ.
ഉലകുടെപെരുമാളോടൊരു സചിവൻ
പലതുമുണർത്തിച്ചിവിടെ വസിച്ചു.

സ്യമന്തകം ഓട്ടൻതുള്ളൽ
സമാപ്തം

ഘോഷയാത്ര

അണിമതികലയും സുരവാഹിനിയും
ഫണിപതിഗണഫണമണികളുമണിയും
ഗുണഗണമേറിന പുരിചിടയുടയോൻ
പ്രണതശിവങ്കരനഗജാരമണൻ
കരിണീവടിവു ചമഞ്ഞു വിളങ്ങിന
തരുണീമണിയാം ഗിരിസുതയാ സഹ–
കരിവരവേഷം പൂണ്ടൊരു ദിവസം
കരി ഹരി ശരഭ വരാഹ മഹാമൃഗ–
പരിവൃതമാകിന വിപിനംതന്നിൽ
പരിചൊടു വിഹരിച്ചീടിന സമയേ
പെരുകിന മടുമലർവാസനകൊണ്ടും
സുരഭിലമയ* പവനാഗതികൊണ്ടും
പരിസരമിളദളിഝംകൃതികൊണ്ടും
പരഭൃതപഞ്ചമരാഗംകൊണ്ടും
പരിണതശശധരകിരണംകൊണ്ടും
സരളബകുളമുകുളാവലികൊണ്ടും
സരസിജശര ശരനികരംകൊണ്ടും
സരസി കുമുദവനധൂളികൾ കൊണ്ടും
പരവശമാനസരാമവരുടനേ
പരിചൊടണഞ്ഞു പുണർന്നൊരുനേരം
തരസാ വന്നു പിറന്നു വിളങ്ങും
തരുണദിവാകരകോടി സമാനൻ
കരിമുഖമാകിന പരദൈവതമേ!
വരമരുളീടുക വന്ദിക്കുന്നേൻ.
കല്യാണവാരിരാശി കല്ലോലജാലംപോലെ
നല്ലൊരു തിരുമിഴിവില്ലാട്ടം കൊണ്ടു മമ
കല്യാണമരുളുക കല്യാണീ വാണീദേവീ!
ഫുല്ലാരവിന്ദരുചി വെല്ലുന്ന ഭംഗിയുള്ള
സല്ലോചനങ്ങളുടെ തല്ലോടിടകലരും
മല്ലായുധന്റെ പടവില്ലോടു തുലിതമാം
ചില്ലീമയകനകവല്ലീവിലാസംകൊണ്ടു–
മുല്ലാസഗുണമളവില്ലാതെ വിലസുന്ന
സല്ലാപമധുരസസല്ലാളനങ്ങൾകൊണ്ടു–
മെല്ലാനേരവുമെന്നെ കല്യാണി! കാത്തരുൾക
കല്യേ ഭഗവതി! നീയല്ലാതെനിക്കു ഗതി–

---

* 'സുരഭിമലയപവനാഗതികൊണ്ടും'—പാഠാന്തരം.

യില്ലാ മമ മനസി വല്ലായ്മ വന്നീടുന്ന–
തെല്ലാമകററി പ്രതിമല്ലൻമാരുടെ മദ–
മെല്ലാം കുറപ്പതിനു നല്ലൊരു വചനകൗ–
ശല്യം തരിക മമ ശല്യങ്ങൾ തീർത്തരുൾക
മല്ലാധിവാസജായേ മല്ലാക്ഷി സരസ്വതീ!
ചൊല്ലേറുമൊരു കഥ ചൊല്ലേണമെന്നു രുചി–
തെല്ലുണ്ടിനിക്കു ചെററു കില്ലുണ്ടതിനു പിന്നെ
നല്ലോരമൃതരസകല്ലോലജാലങ്ങൾക്കു
തുല്യങ്ങളാം കവികൾ ചൊല്ലും ജനങ്ങളുടെ
ചൊല്ലുകൾ കേൾക്കതന്നേ നല്ലൂ നമുക്കതിനു–
തുല്യം കവിതാഗുണമില്ലെന്നറിഞ്ഞീടേണം.
വല്ലാത്ത കവിതകൾ ചൊല്ലുന്നവനേക്കാട്ടിൽ
ചൊല്ലാതിരിക്കുന്നവൻ നല്ലൂ നിരൂപിച്ചാല–
തല്ലാതെ ദുസ്സാമർത്ഥ്യമെല്ലാം തുടങ്ങുന്നേര–
മെല്ലാർക്കും പരിഹാസമല്ലാതെ വരികില്ല;
ഒല്ലാത്ത വാക്കു വന്നു ചൊല്ലുന്ന പുരുഷനെ
കൊല്ലാതെ കൊല്ലുമുടനെല്ലാ മഹാജനങ്ങൾ;
വല്ലാത്ത ദുഷിവാക്കു തെല്ലും സഹിച്ചുകൂടാ
തല്ലുകൊണ്ടെന്നാലതു തെല്ലു ദിവസമങ്ങു
ചെല്ലുമ്പോൾ വേദനകളെല്ലാം ശമിച്ചുപോകും,
വല്ലാത്ത വാക്കു ഹൃദി ശല്യം തറച്ചപോലെ
അല്ലൽവരുത്തുമതിനില്ലങ്ങവസാനമ–
തെല്ലാം വിചാരിക്കുമ്പോൾ ചൊല്ലാനുമെളുതല്ല;
നല്ല ഗുരുകടാക്ഷമല്ലാതൊരു ശരണ–
മില്ലാ മനുഷ്യർക്കതു ചൊല്ലാമൊടുക്കമിനി.
ധരണീസുരകുലമകുടമഹാമണി
ഗുരുനാഥൻ മമ വരമരുളേണം
ധരണിസുരപ്രഭു ചെമ്പകനാടാം
അരവിന്ദാകരദിനകരനരശൻ
ധരണീധരനുടെ ചരണാംബുജയുഗ[1]–
ശരണീകൃത നിജ കരണീയൻ ഗുരു
കരുണാമൃതരസവരുണാലയനതി–
തരുണാമിതരുചി പരിണാഹംകൊ–
ണ്ടരുണാമലനവകിരണാവലിയുടെ

1. ധരണീധരനുടെ ....
....
ചരണം പരിചൊടു വന്ദിക്കുന്നേൻ—
ധരണീധരനുടെ (മഹാവിഷ്ണുവിന്റെ) ചരണാംബുജങ്ങളിൽ (കാൽത്താരിൽ) ശരണീകൃതമായ (ശരണീകരിക്കപ്പെട്ട = അർപ്പിക്കപ്പെട്ട) നിജ (തന്റെ) കരണീയനും (കർത്തവ്യകർമ്മങ്ങളോടുകുടിയവനും) ഗുരുകരുണാമൃതരസവരുണാലയനും

പരിണാമായിതകരുണാകാരൻ;
അരുണാംഗുലിനവചരണാംഭോരുഹ-
നരുണാപാംഗസ്ഫുരണാനന്ദൻ
ഹരിണാ കനകവിതരണാദിഷു സുര-
തരുണാ നീതിഷു ഗുരുണാധൈര്യേ
ഗിരിണാ സമഗുണനുരുണാ, സുമധുര-
തരുണീമാനസഹരണോചിത നിജ-
കരണോന്നതഗുണഭരണോദാരവി-
ഹരണോദാത്തൻ, സുരണോദഗ്രൻ,
ചരണോൻമുഖജനശരണോന്നിദ്രൻ,
ധരണീപാലനശീലൻ നരപതി
ചരണം പരിചൊടു വന്ദിക്കുന്നേൻ
വരണം മമ ഗതി പരിണാമസുഖം.
ഗോഷ്ഠീ സാ വിരളാ ന യത്ര ഘടതേ
സത്താ പുരോഭാഗിനാം
നാരീ സാ ഖലു ദുർല്ലഭാ ന കുസൃതി-
ശ്ലിഷ്ടം യദീയം മനഃ
ദുഷ്പ്രാപഞ്ചതദംബുതീരജരജോ
രാജിർന്നയദ്ഭൂഷയേ

(മഹത്തായ കരുണയാകുന്ന അമൃതരസത്തിനു സമുദ്രമായിട്ടുള്ളവനും); അതിതരുണമായ (പൂർണ്ണവളർച്ച പ്രാപിച്ച) അമിതരുചിയുടെ (അതിയായ കാന്തിയുടെ) പരിണാഹംകൊണ്ടു (വിസ്തൃതികൊണ്ട്) അരുണന്റെ (ബാലസൂര്യന്റെ) അമലവും നവവുമായ (സ്വച്ഛവും പുതിയതുമായ) കിരണാവലിയുടെ പരിണാമായിത കരുണാകാരനും (രശ്മിസമൂഹത്തിനു തുല്യം പരിണമിച്ചവനും കരുണാമൂർത്തിയായിട്ടുള്ളവനും); അരുണാംഗുലിനവചരണാംഭോരുഹനും (ചുവപ്പുനിറം കലർന്ന കാൽവിരലുകളോടുകൂടിയ പുതു താമരപ്പൂവോടൊത്ത പാദതലങ്ങളും ഉള്ളവനും); അരുണാപാംഗസ്ഫുരണാനന്ദനും (ചുവന്ന കടക്കണ്ണുകളുടെ ഇളക്കംകൊണ്ട് ആനന്ദിപ്പിക്കുന്നവനും); ഉരുണാ ഹരിണാ (ശരീരത്തിന്റെ വടിവുകൊണ്ടു സിംഹത്തോടും) കനകവിതരണാദിഷു സുരതരുണാ (കനകവിതരണാദികളിൽ കല്പകവൃക്ഷത്തോടും) നീതിഷു ഗുരുണാ (നീതികളിൽ ബൃഹസ്പതിയോടും) ധൈര്യേ ഗിരിണാ (ധൈര്യത്തിൽ പർവ്വതത്തോടും) സമഗുണനും (സമമായ ഗുണത്തോടുകൂടിയവനും); സുമധുരതരുണീമാനസ .... വിഹരണോദാത്തനും (സുമധുരങ്ങളായ തരുണീമാനസങ്ങളുടെ ഹരണത്തിന് ഉചിതങ്ങളായ തന്റെ ഇന്ദ്രിയങ്ങളുടെ ഉന്നതഗുണഭരണത്തിന്റെ ഉത്കൃഷ്ടമായ വിഹരണത്താൽ ഉദാത്തനായിട്ടുള്ളവനും—പ്രേമത്തിന്റെ അത്യുത്കൃഷ്ട ഭാവങ്ങളെക്കൊണ്ടു തരുണീമാനസങ്ങളെ രമിപ്പിക്കുന്നവനെന്നു സാരം); സുരണോദഗ്രനും (ധർമ്മയുദ്ധത്തിൽ അത്യുന്നതനായിട്ടുള്ളവനും); ചരണോൻമുഖജനശരണോന്നിദ്രനും (തന്റെ പാദങ്ങളെ ആശ്രയിച്ച ജനങ്ങളെ രക്ഷിക്കുന്നതിൽ സദാ ജാഗരൂകനും); ധരണീപാലനശീലനും (രാജ്യഭരണത്തിൽ നല്ല കാര്യബോധമുള്ളവനും—ഉത്തമഭരണാധികാരി); ആയ നരപതിയുടെ (ചെമ്പകശ്ശേരി രാജാവായ ദേവനാരായണന്റെ) പാദങ്ങളെ ഞാൻ വന്ദിക്കുന്നു.

ദുസ്സാധഞ്ച സുഖം തദാ വിലയതേ
ദുഃഖാനുവൃത്തിർന്ന യൽ;
ഇതിനുടെ പൊരുളു പറഞ്ഞീടാമതു
മതിമാൻമാരറിയേണമിദാനീം;
അതിയായുള്ള ഗുണങ്ങൾ വരുമ്പോ—
ളതിലൊരു ദോഷമകപ്പെടുമല്ലോ;
മുററും നല്ല മഹാജനമെല്ലാം
ചുററും വന്നു നിറഞ്ഞ സഭായാം
കുററംനോക്കിപ്പറവാൻ വലിയൊരു
കുററികണക്കിനെ നില്ക്കും ചിലരിഹ;
ദോഷഗ്രാഹികളില്ലാതുള്ളൊരു
ദോഷജ്ഞൻമാരുടെ സഭ തുച്ഛം;
വേഷമനോഹരിയാകിയ പെണ്ണിനു
ദൂഷണമൊന്നുണ്ടതുമുരചെയ്യാം;
പല്ലവമെന്നതുപോലേ ദേഹം
പല്ലും ചുണ്ടുമതെത്ര മനോജ്ഞം!
നല്ല കടാക്ഷം നല്ലൊരു ഭാവം
സല്ലാപങ്ങളുമാനന്ദകരം
എല്ലാമിങ്ങനെ മംഗലമെങ്കിലു—
മല്ലാതുണ്ടൊരു ദോഷമവൾക്കും
കല്ലുകണക്കേ കഠിനം ഹൃദയമ—
തല്ലാതുള്ളവൾ ദുർല്ലഭമല്ലോ;
ചാരുതയുള്ളൊരു സലിലത്തിന്നൊരു
നീരസമുണ്ടതു ബോധിക്കേണം,
തീരത്തുള്ളൊരു പൊടിപടലം ബത
ചേരുംനേരമതൊന്നു കലങ്ങും
എന്നതുപോലെ നല്ലസുഖത്തിനു—
മൊന്നുവിരുദ്ധം ദുഃഖാഗമനം
അന്നന്നോരോ ദുഃഖാനുഭവം
വന്നിടകൂടാതുള്ള സുഖം ബഹു—
ദുർല്ലഭമെന്നു ധരിച്ചീടേണം
നല്ല ബുധൻമാരഖിലമിദാനീം.
ചൊല്ലിയ പദ്യത്തിൻേറ പൊരുളിതു
വല്ലഭമോടു ഗ്രഹിച്ചീടേണം.
ദൂഷണവാക്കുകൾ ചൊല്ലുകയത്രേ
ഭൂഷണമെന്നു നടിച്ചുനടക്കും
ഭോഷൻമാർ പലരുണ്ടതിനാലി—
ബ്ഭാഷാകവിത മഹാവൈഷമ്യം.
ശുകപുരമമരും പരമശിവൻ മമ

സുകരതവരുവാൻ വരമരുളേണം;*
തകഴിയിലമരും ഹരിഹരസുതനും
സകലഗുണങ്ങൾ നമുക്കു തരേണം;
നഗവരനന്ദിനി മാത്തൂരമരും
ഭഗവതി സതതം കാത്തരുളേണം;
വിഗതകളങ്കം കവികളുരപ്പാൻ
മികവു നമുക്കു ലഭിപ്പിക്കേണം;
അംബരതടിനീ നിലയനിലീനമൊ—
രംബുജനയനം നയനാനന്ദം
കംബുകശാപരിശോഭിതമാകിന
ബിംബമെനിക്കവലംബനമേകം.
ഉലകു ജയിച്ചു ജയശ്രീകൾക്കൊരു
കുലഗൃഹമാകിന കുവലയനയനൻ,
ഉലകുടെ പെരുമാളവനീപതികുല—
തിലകമതാകിന മന്നരിൽ മന്നൻ,
വലരിപുസന്നിഭനംബുധികാഞ്ചീ—
വലയിതമാകിന വസുധാചക്രം
കുലബലധനജനപൗരുഷശാലീ
നലമേ വാണു വസിക്കും കാലം;
പാരിൽ ദ്രവ്യവിഭൂതി പെരുത്തും
ദാരിദ്ര്യം ബത കേൾപ്പാനില്ലാ
ചാരുസ്ത്രീകുലബാലികമാരുടെ
ചാരിത്രത്തിനു ഭംഗവുമില്ലാ;
ദുർമ്മദമില്ലാ ദൂഷണമില്ലാ
ദുർമ്മുഖമുള്ള ജനങ്ങളുമില്ലാ
കല്മഷമില്ലാ കശ്മലരില്ലാ
കർമ്മങ്ങൾക്കൊരു ബാധകളില്ലാ;
വഞ്ചനമില്ലാ വൈരമതില്ലാ
വാഞ്ഛിതമൊന്നു വരായ്കയുമില്ലാ;
ചഞ്ചലമില്ലാ ചാപലമില്ലാ
ചഞ്ചലമിഴിമാർക്കല്ലലുമില്ലാ,
നിന്ദകളില്ലാ നിഷ്ഠുരമില്ലാ
നിന്നനിലയ്ക്കൊരിളക്കവുമില്ലാ,
മന്ദതയില്ലാ മത്സരമില്ലാ
മന്ദിരഭൂതിവിനാശമതില്ലാ;
ഭീഷണിയില്ലാ ഭീതിയുമില്ലാ
ഭീഷണഭാഷണഘോഷണമില്ലാ

---

* 'സുകവിത വരുവാൻ', 'സുഖമിത വരുവാൻ'—എന്നു് പാഠഭേദങ്ങൾ. 'ഭാഷാകവിത മഹാവൈഷമ്യം' എന്നു പറഞ്ഞതിനെത്തുടർന്നാകയാൽ 'സുകരത വരുവാൻ' എന്ന പാഠംതന്നെയാണു സാധു.

ഏഷണിയില്ലാ എതിർപടയില്ലാ
ഏഷണ[1]ദോഷവിശേഷമതില്ലാ
മോഷണമില്ലാ മോഹവുമില്ലാ
മോഷ്ടാവെന്നൊരു നാമവുമില്ലാ;
കുണ്ഠിതമില്ലാ കുടിലതയില്ലാ
കുണ്ഠഭുജാബലഭടജനമില്ലാ;
ശണ്ഠകളില്ലാ ശഠതകളില്ലാ
ചണ്ടികളാകിന മാനുഷരില്ലാ;
സങ്കടമില്ലാ സംഭ്രമമില്ലാ
സംഘ[2]വിരോധമൊരുത്തനുമില്ലാ
സങ്കരമില്ലാ സാഹസമില്ലാ
സംഗരഭീതിപരാഭവമില്ലാ
വ്യാകുലമില്ലാ വ്യാധികളില്ലാ
വ്യാകരണം പഠിയാത്തവരില്ലാ
ലാഘവമില്ലാ ലാലസമില്ലാ
രാഘവസേവകരല്ലാതില്ലാ
വിഷഭയമില്ലാ വിഷമമതില്ലാ
വിഷയഭ്രാന്തുപിടിച്ചവരില്ലാ;
പിഴകളുമില്ലാ പീഡകളില്ലാ
പിഴുകിപ്പോയ ജനങ്ങളുമില്ലാ,
കണ്ടകനില്ലാ കർക്കശനില്ലാ
കണ്ടാലഴകില്ലാത്തവനില്ലാ;
കാതരനില്ലാ കപടമതില്ലാ
കാതരമിഴിമാർക്കൊരു വിനയില്ലാ;
ധർമ്മപ്പെരുമാൾ പണ്ടു നടന്നൊരു
ധർമ്മത്തിന്നൊരു പിഴകൂടാതെ
തൻമകനതിലൊരു പത്തുമടങ്ങു സു-
ധർമ്മസമൃദ്ധി വരുത്തി വസിച്ചാൻ.
നെല്ലും പണവും പാത്രങ്ങളുമിവ-
യെല്ലാമനവധി വർദ്ധിച്ചതിനാൽ
ഇല്ലങ്ങളിലൊരുദിക്കുമൊഴിഞ്ഞി-
ട്ടില്ലെന്നായിതു വിപ്രൻമാർക്കും;
വിത്തും നെല്ലും വാരിക്കോരി
പത്തായങ്ങൾ നിറച്ചൊരുശേഷം
പത്തായിരമിനിയുണ്ടതിനാലാ-
പത്തായെന്നുഗൃഹസ്ഥനു ഭാവം.

[1] ഏഷണ = ആഗ്രഹം. ഏഷണത്രയം: പുത്രൈഷണ, വിത്തൈഷണ, ദാരൈഷണ.

[2] സംഘം = അക്കാലങ്ങളിൽ നിലവിലിരുന്ന തറക്കൂട്ടങ്ങൾ. തറക്കൂട്ടത്തിൽ ചേരാതെ തെററിനില്ക്കുന്നവരെ സംഘവിരോധികൾ എന്നു വിളിച്ചിരുന്നു.

പെരുവഴിപോക്കർക്കഷ്ടി കൊടുപ്പാ—
നൊരുവനുമില്ലൊരു ദുർമ്മുഖലേശം;
ഒരു നാഴിക പുലരുന്നതിൽമുമ്പേ
അരിയും കറിയും വെച്ചുളവാക്കി
പെരുവഴിപോക്കർ വരാഞ്ഞിട്ടവരുടെ
പെരുവഴി നോക്കിയിരിക്കും സരസൻ,
അരമനതന്നിൽ വരും പഥികൻമാർ—
ക്കൊരു വൈഷമ്യമൊരിക്കലുമില്ലാ
നിരുപിക്കുമ്പോൾ കൊററുകഴിക്കാ—
മൊരുകുറിയല്ലതു രായും പകലും;
കുറിയരിവെച്ചു വെളുത്തൊരു ചോറും
കറികളുമാജ്യം ദധിയുംകൂട്ടി
നിറയെക്കൊററുകഴിക്കും പരിഷകൾ
കുറയില്ലൻപതു ലക്ഷം ദിനവും.
പട്ടൻമാർക്കിഹ ചോറു കൊടുപ്പാ—
നൊട്ടല്ലാദരമുലകുടെ മന്നനു,
വട്ടം പലവക പച്ചടി കിച്ചടി
ചട്ടററീടിന ചാറു പരിപ്പും
വണ്ണൻപഴവും പർപ്പടവും പല—
കണ്ണൻപഴവും കറികളു നാലും
തിണ്ണം ദധി മധു പാലും ഗുളവുമി—
വണ്ണം പ്രാതലിനുള്ളൊരു ഘോഷം
അത്താഴത്തിനു കാച്ചിയ മോരും
പുത്തൻമാങ്ങാ നാരങ്ങാക്കറി
മത്തങ്ങാക്കറി മററും പലവക
നിത്യവുമിങ്ങനെ ഭോജനദാനം.
കൂത്തുണ്ടൊരു ദിശി പാട്ടുണ്ടൊരു ദിശി
ഓത്തുണ്ടൊരു ദിശി കീർത്തനമൊരു ദിശി
ആട്ടമൊരേടത്തഭ്യാസികളുടെ—
ചാട്ടമൊരേടത്തായുധവിദ്യ
കൊട്ടും കോലടി ചെപ്പടി തപ്പടി
തട്ടുമ്മേൽക്കളി തകിലും മുരശും
നാടകനടനം നർമ്മവിനോദം
പാഠകപാഠനം പാവക്കൂത്തും
മാടണിമുലമാർ മോഹിനിയാട്ടം
പാടവമേറിന പലപല മേളം
ചന്തംതടവിന ചതുരംഗങ്ങളു—
മന്തരഹീനം പകിടക്കളിയും

പന്തടി വീണാ വേണു മൃദംഗം
ചിന്തുംപേരണിപോരണി[1] വിധവും
അന്തണവരരുടെ ശാസ്ത്രവിചാരം
ഗ്രന്ഥികളുടെ പടുമത്സരവാദം
സന്ധിതുടങ്ങിന നയശാസ്ത്രങ്ങളു-
മെന്തിതു ചൊന്നാലില്ലവസാനം.
ദന്തികളനവധി കാലാളുകളും
പന്തി നിറഞ്ഞൊരു കുതിരപ്പടയും
ലന്തത്തോക്കു പറങ്കിത്തോക്കുകൾ
കുന്തം ചവളം വില്ലും ശരവും
ആയുധവാഹനവിഭവം പറവാ-
നായിരമാനനമുള്ളവനും പണി;
മായവിതന്നുടെ മകനാം മന്നവ-
നായതനയനൻ വാണൊരു കാലം
നായൻമാരുടെ വീടുകൾതോറും
മായാഭഗവതി വിളയാടുന്നു;
കായസ്ഥൻമാ[2]രച്ചൻമാർക്കൊരു
കായക്ലേശവുമില്ലക്കാലം.
അഞ്ചു പറയ്ക്കുള്ളൊരു കണ്ടത്തിൽ
പുഞ്ച വിതച്ചു വിളഞ്ഞതു കൊയ്താൽ
അഞ്ചു ജനത്തിനു ചെലവുകഴിക്കാ-
മഞ്ചുമൊരേഴും മാസം മുഴുവൻ
തഞ്ചിലവുകളും വിത്തും കൂലിയു-
മഞ്ചാതേകണ്ടങ്ങു കഴിച്ചാൽ
അഞ്ചോ പത്തോ വായ്പ കൊടുപ്പാൻ
വാഞ്ഛരിച്ചാലതുമതിലുണ്ടാവും;
കണ്ടങ്ങളിലുഴവെന്നതുകൂടാ-
തുണ്ടാമനവധി നെല്ലതുകാലം
കണ്ടങ്ങളിലുളവാം വിളവളവേ-
കണ്ടവരില്ല കൃഷിക്കാരൻമാർ;
പ്രജകളെ രക്ഷിപ്പാൻ വിരുതുള്ളോ-
രെജമാനൻമാരതി സരസൻമാർ,
ദ്വിജവരഭക്തിയുമൈത്രവിശേഷം
വിജയസമർത്ഥൻമാരവരെല്ലാം
നാരികളോടു വിചാരിച്ചിട്ടൊരു
കാര്യക്ലേശവുമന്നില്ലേതും.

---

1. പേരണി പോരണി = പേരയെന്ന വാദ്യവിശേഷത്തോടുകൂടിയ പടയണി.
2. കായസ്ഥൻമാർ = കണക്കപ്പിള്ളമാർ.

നേരല്ലാതൊരു സംസാരങ്ങളി—
ലാരംഭങ്ങളുമില്ലക്കാലം;
അപരാധികളോടർത്ഥം വാങ്ങീ—
ട്ടപരാധത്തെ മറയ്ക്കയുമില്ലാ
ഉപകാരം ചെയ്തവരേത്തന്നേ
കൃപകൂടാതെ ചതിക്കയുമില്ലാ;
ദൂഷണമുള്ളതു ധനവാനെങ്കിൽ
ഭൂഷണമെന്നൊരു ഭാവവുമില്ലാ
ഏഷണി കേട്ടിട്ടെജമാനൻ ചില
ഭീഷണി കാട്ടുകയില്ലതു കാലം;
ജാതിക്കർഹതയില്ലാതുള്ളതു
ചെയ്തീടുന്ന ജനങ്ങളുമില്ലാ;
കോട്ടക്കച്ച മണപ്പാടൻവക
കോട്ടാറൻ പല തുപ്പട്ടികളും
കട്ടിക്കവണികൾ പട്ടുതരങ്ങളു—
മെട്ടുമുളം പല സോമൻമുറിയും
കെട്ടി കാച്ചിയമുണ്ടുകളെന്നിവ
കെട്ടിയെടുക്കും പട്ടൻമാർ ചിലർ
നാട്ടിൽ നടന്നൊരു വാണിഭമെന്നതു
കേട്ടിട്ടില്ലക്കാലത്തുങ്കൽ;
ഏഴുവെളുപ്പിന്നേററു കുളിച്ചൊരു
പാഴുവരാതെ കഴിക്കും നിയമം
താഴുകയില്ലൊരുദിക്കിലുമന്നാ—
ളൂഴിയിലുള്ള മഹാവിപ്രൻമാർ[1];
ഉലകിനിവണ്ണം പൊലിമവരുത്തി—
ക്കുലബലഭൂഷണമുലകുടെ പെരുമാൾ
പലപല മന്ത്രികളോടിടകൂടി
പല സുഖസുമുഖം വാണരുളുന്നാൾ*
ഒരുദിനമരചൻ നരവരസഭയിൽ
പരിചൊടു മണിസിംഹാസനമേറി
പരിണിതരാകിന മന്ത്രികളോടൊ—
ന്നരുളിച്ചെയ്താനമിതോത്സാഹൻ:
''മധുരയിൽ മന്നവനെന്നൊടു ചെയ്തൊരു
മതികപടങ്ങളശേഷമിദാനീം
മതിമാൻമാരാം മന്ത്രിവരൻമാർ
മതിയിൽ മറന്നിഹ മരുവീടുകയോ?

---

1. 'താഴുകയില്ലൊരുദിക്കിലുമെന്നാ—
ലൂഴിയിലുള്ള മഹാവിപ്രൻമാർ'—എന്ന മുദ്രിതപാഠത്തിന് ഔചിത്യം പോരാ.

* 'പല സുഖസമുദം വാണരുളുന്നാൾ'—എന്നു തുള്ളൽക്കാരുടെ വായ്പാഠം

മതിയാകില്ലവനേക്കൊലചെയ്‌വാ—
നിതിലൊരു പുരുഷനുമെന്നൊരു മതമോ?
മതിമതിയെന്തിനനർത്ഥമിതെന്നൊരു
മതിമാന്ദ്യേന വസിച്ചീടുകയോ?
അതിനു തുടർന്നാൽ ചെലവിടുവാൻ ഞാൻ,
മതിയല്ലെന്നൊരു ദുർബ്ബോധം കൊ—
ണ്ടതിയായിട്ടൊരു സന്നാഹത്തിനു
മതിമാൻമാരു മടിച്ചീടുകയോ?
മാതുലരയ്‌വരെ വെട്ടിക്കൊന്നൊരു
പാതകിയാമവനവനി വെടിഞ്ഞ—
പ്രേതപുരത്തിലിരിക്കണമെന്നതി—
നേതുമെനിക്കൊരു സംശയമില്ലാ.
ക്ഷോണീപതിയെന്നിങ്ങനെയുള്ളൊരു
നാണിയമിങ്ങു നശിച്ചുതുടങ്ങി
നാണംകെട്ടൊരു കോണിലിരുന്നാൽ
ആണുങ്ങൾക്കതു ഗുണമായ് വരുമോ?
ഊണുമുറക്കവുമെന്യേയൊരു തൊഴിൽ
കാണുന്നീലിഹ യജമാനൻമാർ—
ക്കേണവിലോചനമാരെപ്പോലെ
വാണാൽ മതിയോ? മതിമാൻമാരേ!
ഊണുകഴിപ്പാനടവിയിലുടനേ
നൂണുനടക്കും ക്രോഷ്ടാവും മതി,
ആണുങ്ങൾക്കു പിറന്നവനീവിധ—
മൂണുകളൊന്നുമൊരൂണായീലാ.
ക്ഷീണമകന്നുടനരിഭടപടയെ—
ബ്ബാണംകൊണ്ടു തകർത്തങ്ങവരുടെ
ശോണിതശോണമതാകിന ദേഹം
ക്ഷോണിയിലിട്ടു പിരട്ടി ശ്വാവിനൊ—
രൂണിനു നല്കി സ്വാമിയെ വന്നഥ
താണുവണങ്ങിത്തരസാ കിട്ടുമൊ—
രോണപ്പുടവയുടുത്തുടനുളവാ—
മൂണത്രേ പുനരൂണെന്നറിവിൻ.’’
ഇത്ഥം നൃപനുടെ വാക്കുകൾ കേട്ടതി—
വൃദ്ധനതാകിന മന്ത്രിപ്രവരൻ
സത്വരമെഴുനേറ്റടിമലർ കൂപ്പീ—
ട്ടുത്തരമിത്തരമൊന്നറിയിച്ചാൻ;
‘‘അരുളിച്ചെയ്തതു സത്യമിതൊന്നും—
നിരുപിക്കായ്കയുമില്ലടിയങ്ങൾ,

കുരുസുതരാകിന നൂററുവരെപ്പോ—
ലരുതൊരു സാഹസമെന്നൊരുപക്ഷം;
നരപതി ധർമ്മജനനുജൻമാരും
പരിചൊടു വിപിനേ വാഴുംകാലം
ഉരഗദ്ധ്വജനും സഹജൻമാരും
തരസാ തങ്ങടെ വിഭവം കാട്ടാൻ
പെരുകിന പടയും കുടയും തഴയും
കരിതുരഗങ്ങളുമെന്തൊരു ഘോഷം
നിരുപമപൗരുഷമവിടെച്ചെന്നാർ
നിരുപിക്കാതൊരു നാണക്കേടഥ
വിരവൊടു കിട്ടിത്തലയും താഴ്ത്തി—
പ്പുരിപുക്കാരതു കേട്ടിട്ടില്ലേ?''
അരുളിച്ചെയ്താനുലകുടെപെരുമാൾ:
''അതുമാത്രം ഞാൻ കേട്ടിട്ടില്ലാ
പെരുകിന കൗതുകമുണ്ടതു കേൾപ്പാൻ
പരിചൊടു തൽക്കഥ കഥനം ചെയ്ക.''
അരുളപ്പാടതു കേട്ടൊരു സചിവൻ
കരതളിർകൂപ്പിക്കഥനം ചെയ്താൻ:
''എങ്കിലൊരുന്നാളുരഗദ്ധ്വജനും
ഹുംകൃതിയേറിന ശകുനിയുമുടനേ
പങ്കജലോചനപാദാംബുജമധു—
ഭൃംഗമതാകിന ധർമ്മാത്മജനെ
കള്ളച്ചൂതുകൾകൊണ്ടു ചതിച്ച—
ക്കള്ളൻമാരുടനടവിയിലാക്കി;
വെള്ളക്കുടയും പടയും രാജ്യവു—
മുള്ളപദാർത്ഥമശേഷമടക്കി
ഭള്ളു നടിച്ചു തടിച്ച മദംകൊ—
ണ്ടുള്ളു നിറഞ്ഞുകവിഞ്ഞീടും മല—
വെള്ളത്തിരപോലിരവും പകലും
തള്ളിയലയ്ക്കും പരിതോഷത്താ—
ലുള്ളത്തിൽ പുനരുത്തമപുരുഷരി—
ലെള്ളോളം ബഹുമാനം കൂടാ—
തുള്ള ശഠൻമാരോടിടകൂടി—
ത്തള്ളലിയന്നു വസിക്കും കാലം;
ധർമ്മതനൂജനുമനുജൻമാരും
പെൺമണിയാളാം ദ്രൗപദിതാനും
നിർമ്മലരാകിന വിപ്രൻമാരും
ശർമ്മദമാകിന ധർമ്മാരണ്യേ

നിർമ്മലതീർത്ഥജലങ്ങളുമാടി
ധാർമ്മികരാകിന താപസവരരുടെ
സമ്മാനത്തെ ലഭിച്ചുലഭിച്ചും
കിർമ്മീരാസുരനിധനാനന്തര—
മന്തരിതാഖിലചിന്താഭാരം
സന്തോഷാംബുധി വൻതിര നീന്തി—
ശ്ശാന്തൻമാരവരന്തണരോടേ
ഹന്തസുഖിച്ചു നിതാന്തമനോഹര—
കാന്താരേ നിജ കാന്താസഹിതം
ക്ലാന്തിവെടിഞ്ഞതികാന്തിയുതൻമാ—
രന്തസ്സുഖമൊടു ചെന്താർമകളുടെ
കാന്തൻ തന്നുടെ കാന്തം തിരുവുടൽ
ചിന്തിച്ചധിഗതസന്തതമോദമ—
നന്തദുരന്തനിരന്തരമാം ഭവ—
സിന്ധുതരംഗ നിബന്ധനമൻപൊടു
സന്തരണം ചെയ്തവിടെ വസിച്ചാർ.

അക്കാലം ദുര്യോധനൻ ചൊല്കൊണ്ടനുജൻമാരും
അർക്കാത്മജൻ കർണ്ണനും ധിക്കാരി ശകുനിയും
ഉൾക്കാമ്പിലുള്ള വൈരമൊക്കെ പ്രകാശിപ്പിച്ചു
തക്കത്തിലൊരു ദിക്കിലൊക്കെത്തികഞ്ഞുകൂടി
പൊക്കത്തിലുള്ള പുരിപുക്കാശു ചെന്നിരുന്നു
സത്കാരങ്ങളും ചെയ്തു സത്കൗതുകവും പൂണ്ടു—
നില്ക്കുന്ന കർണ്ണനുടെ കൈയ്ക്കുപിടിച്ചു മെല്ലെ
ചിക്കെന്നു പലപല വാക്കുകളുരചെയ്തു
വെക്കെന്നു സുയോധനൻ, ‘‘ഇക്കണ്ട നമുക്കെല്ലാം
ഇക്കാലം നിരൂപിച്ചതൊക്കെസ്സഫലമായി;
ഭോഷ്കല്ല ബോധിക്കേണം ഓർക്കുമ്പോളിപ്രയോഗം—
ആർക്കും വരുന്നതല്ലാ; പാർക്കാതവരെക്കാട്ടി—
ലാക്കാനുള്ളുപദേശ മാർഗ്ഗം മാതുലനല്ലാ—
താർക്കാനും സാധിക്കുമോ!
ഊക്കുള്ള ഭീമസേനൻ തോല്ക്കുമെന്നിത്രനാളും
ആർക്കും നിനവില്ലതും ഇക്കാലം സാധിച്ചല്ലോ.

വണ്ണൻവാഴകണക്കു തടിച്ചൊരു
പൊണ്ണൻ മാരുതി മലയുടെ മൂട്ടിൽ
കണ്ണു മയങ്ങി വിശന്നു തളർന്നൊരു
മണ്ണിൽ മലർന്നു കിടന്നുഴലുന്നതു
കണ്ണുകൾകൊണ്ടതു കണ്ടു രസിപ്പാൻ
കർണ്ണാ! കൗതുകമിയലുന്നല്ലീ?

കർണ്ണസുഖം പുനരവരുടെ വാർത്താ—
കർണ്ണനമാത്രമതും മതിതാനും
ഓട്ടൻമാരിലൊരുത്തനെ വിരവൊടു
വിട്ടീടുക നാമെങ്കിലിദാനീം
കാട്ടിൽചെന്നവനവരുടെ ഗോഷ്ടികൾ
ഒട്ടൊഴിയാതെ ഗ്രഹിച്ചുവരേണം;
കാട്ടിൽനടക്കും കാട്ടുമൃഗത്തെ—
ക്കാട്ടിൽ പരവശഭാവത്തോടേ
പട്ടിണിയിട്ടു നടക്കുന്നവരുടെ
ചട്ടമശേഷം കേട്ടു രസിക്കണ—
മൊട്ടുംതാമസമരുതരുതതിനിഹ
വട്ടംകൂട്ടുക വടിവൊടു കർണ്ണാ!
കോട്ടമതില്ലാത്തോട്ടനെയുടന—
ക്കാട്ടിനു പോവാൻ വിട്ടീടുക നീ,*
നന്നായ് വകതിരിവുള്ളൊരു പുരുഷനെ—
യിന്നു നിയോഗിച്ചീടണമതിനായ്;
ഒന്നും തിരിയാത്താളുകളുണ്ടിഹ
മന്ദൻമാരവരെന്തിനു കൊള്ളാം?
തിന്നുമുടിപ്പാനല്ലാതവരാൽ
ഒന്നുമെനിക്കൊരു ലാഭമതില്ലാ.
ഒന്നിനയച്ചാലതുസാധിക്കി—
ല്ലെന്നല്ലമളിയുമൊന്നു വരുത്തും,
തന്നത്താനറിയാത്തൊരു കൂട്ടം
വന്നുനിറഞ്ഞൂ നമ്മുടെ നാട്ടിൽ;
എന്നുടെ മുതലു മുടിപ്പാനെപ്പൊഴു—
മെന്നുടെ ഭൃത്യൻമാർ മുതിരുന്നു,
അഷ്ടി കണക്കിനു കൂടാഞ്ഞാലവർ
കുട്ടിപ്പട്ടരെയേത്തമിടീക്കും,
പട്ടിണിയെന്നതു നമ്മുടെ പിള്ളേർ—
ക്കൊട്ടുംതന്നെ സഹിപ്പാൻ മേലാ,
വെട്ടമടുക്കുംമുമ്പേ യഷ്ടികൾ
ഘട്ടിസ്സാദമെടുത്തു ഭുജിക്കും
കട്ടത്തൈരും കൂട്ടിയുരുട്ടിയ—
തൊട്ടല്ലതുമൊരു പഞ്ചപ്രസ്ഥം,[1]
കൊറ്റുകഴിച്ചൊരു തെക്കൻമുണ്ടും
ചുറ്റിയുടുത്തൊരു തൊങ്കലുതൂക്കി

* 'ക്കോട്ടിനു പോവാൻ വിട്ടീടുക'—എന്നു പാഠഭേദം

[1] പഞ്ചപ്രസ്ഥം = അഞ്ചിടങ്ങഴി.

വെററില തിന്നു മുഴുപ്പിച്ചുംകൊ—
ണ്ടേററു തിരിക്കും രസികൻമാരായ്;
കററക്കുഴൽമണിമാരുടെ വീടുകൾ
പററിപ്പകിടി[1] പറഞ്ഞു രസിച്ചും,
വെററപിടുങ്ങിത്തിന്നുടനവരുടെ
കുററമുരച്ചു ചിരിച്ചു തിരിച്ചും,
പകയുള്ളവരെപ്പിഴചെയ്യിച്ചൊരു
വകയുണ്ടാക്കും പുകയിലകൊൾവാൻ
പകലുംരാവുമഹങ്കാരത്തിനു
മികവുള്ളവരിവരെന്തൊരു കഷ്ടം!
തിരുവുള്ളക്കാരിവരെന്നോർത്തി—
ട്ടുരിയാടുകയില്ലറിവുള്ളവരും;
തിരിയാത്തവരിവരൊരുവർക്കും വഴി—
തിരിയാ പെരിയജനത്തിനുപോലും;
മുടിയൻമാരിവരാകൃതികണ്ടാൽ
തടിയൻമാരൊരുവേലയെടുപ്പാൻ
മടിയൻമാർ പലജനമുണ്ടിഹ കൾ—
കുടിയാൻമാരവരൊന്നിനുമാകാ,
ചോറു കൊടുക്കും യജമാനങ്കൽ
കൂറുള്ളവരിഹ പാരം കുറയും
മാറുകയില്ലപറഞ്ഞാ ലെന്ന—
ല്ലേറുകയേ വരു ദിവസംതോറും,
ഏറുകൊടുപ്പാൻ തോന്നുമെനിക്കി—
പ്പോറകളുടെ ധിക്കാരം കണ്ടാൽ;
നൂറുജനത്തിലൊരുത്തനു നേരി—
ല്ലീറവരുന്നതു പെരുതോ കർണ്ണാ!
തോണി കടന്നാൽ തുഴകൊണ്ടെന്നൊരു *
നാണിയമുണ്ടതു ഭോഷ്കല്ലേതും,
ഊണുകഴിച്ചു തിരിച്ചാലവരെ—
കാണുകയില്ലൊരുദിക്കിൽപ്പോലും,
കാണുകയില്ലെന്നല്ല തിരഞ്ഞാ—
ലേണാക്ഷികളുടെ വീട്ടിൽ കാണാം.
അത്താഴത്തിന്നിലവയ്ക്കുമ്പോൾ
എത്താത്തവരുടെ പുലകൊണ്ടീടാം
ചത്താലും വരുമഷ്ടിയെടുത്താൽ
ഓർത്താലിങ്ങു വെറുപ്പാകുന്നു.

---

[1] പകിടി=നേരമ്പോക്ക്.

* 'തോണി കടന്നാൽ തുഴ വേണ്ടെന്നൊരു നാണിയമുണ്ട്'—എന്നു ചില പതിപ്പുകളിൽ പാഠഭേദം കൊടുത്തിരിക്കുന്നതു ശരിയല്ല 'തോണികടന്നാൽ തുഴകൊണ്ട്'' എന്നാണ് ചൊല്ല്.

കൂറില്ലാത്തവരെങ്കിലുമിവരുടെ
ചോറു മുടക്കാൻ മടിയാകുന്നു.
നീറും ക്ഷുത്തു വളർന്നീടുമ്പോൾ
ആരും ഭേദമതില്ലെന്നറിക.
ഈവിധമോരോന്നുരചെയ്തെന്നാൽ
കേവലമതിനേ നേരവുമുള്ളു;
ദൈവികമുള്ളൊരു ദൂതനെ വിരവൊടു
പോവതിനാശു നിയോഗിച്ചാലും.''
അതുകേട്ടൻപൊടു രാധാതനയൻ
മതിമാനാകുമൊരോട്ടനെ വിരവൊടു
ഹിതമൊടു മെല്ലെ വിളിച്ചു വരുത്തി
ക്ഷിതിപതി ശാസനമങ്ങുരചെയ്താൻ.

ഓട്ടൻ, വചനമതു കേട്ടൻപൊടു സരസ—
നൊട്ടും മടികൂടാതെ ഓട്ടംതുടങ്ങി, യൊരു
കോട്ടംവരാതെ ചെന്നു കാട്ടിലങ്ങകംപുക്കു
കാട്ടുമൃഗങ്ങളുടെ കൂട്ടത്തെയവനേതും
കൂട്ടാക്കാതെ കണ്ടോരോകോട്ടിൽ തിരഞ്ഞു മല—
മൂട്ടിൽനടന്നു പല തോട്ടിൽ ചില വലിയ
മേട്ടിൻമുകളിലോരോ കോട്ടിൽ മുനികളുടെ
കൂട്ടത്തെക്കണ്ടു കണ്ടങ്ങൊട്ടുനേരം ചെന്നപ്പോൾ
കേട്ടു ദ്വൈതകമെന്ന കാട്ടിൽ മരുവീടുന്നു
ശ്രേഷ്ഠൻമാരായുള്ള യുധിഷ്ഠിരാദികളെന്ന്.

ദ്വൈതേതരസുഖരസികൻമാരായ്
ദ്വൈതവനത്തിൽ വസിച്ചരുളീടും
ശീതകിരണകുലതിലകൻമാരാം
ഭൂതല നൂതന ചൂതശരൻമാർ
പാർത്ഥൻമാരവരമിതാനന്ദകൃ—
താർത്ഥൻമാരതി പാവനമാകിന
തീർത്ഥസ്നാനംചെയ്തു സുഖിച്ചൊര—
നർത്ഥംകൂടാതിഹ വിലസുന്നു.
വാർത്തകളിങ്ങനെ ഗൂഢമറിഞ്ഞതി—
ധൂർത്തനതാകിന കുരുസുതദൂതൻ
പാർത്തിരിയാതെ തിരിച്ചു നടന്നഥ
പാർത്ഥിവനഗരംപുക്കാനുടനെ
കർണ്ണാദികളൊടുകൂടിസ്സഭയിൽ
സ്വർണ്ണാസനവരമേറിവസിക്കും
കർണ്ണേജപനാം ധൃതരാഷ്ട്രജനുടെ
കർണ്ണേ ചെന്നു പറഞ്ഞറിയിച്ചാൻ:

പദം. ആനന്ദഭൈരവി—ചെമ്പട

പല്ലവി

''കേട്ടാലും വീരാ! കേട്ടാലും!

അനുപല്ലവി

കേട്ടാലും ദുരിതശാന്തി
കേവലം നമുക്കുണ്ടാകും
ഗുരുകടാക്ഷപരമഭാഗ്യമുള്ളവ—
നൊരു ദുരാധി വരികയില്ല മന്നവ! (കേട്ടാലും)

ചരണങ്ങൾ

1. കൗന്തേയൻമാർക്കു സന്തോഷം
കാന്താരേ വസിക്കുമ്പോഴും
സന്താപമവർക്കില്ലേതും
കനിവിയന്ന മുനിജനങ്ങളോടവ—
രനിശമേവ ഘനശമേന ചേർന്നിതു (കേട്ടാലും)
2. ദ്വൈതകാരണ്യേ മേവുന്നു,
കൈതവങ്ങളവരോടു
ചെയ്തതേതും ഫലിച്ചീല
കരുണയുള്ള നരകവൈരിതന്നുടെ—
ചരണമുണ്ടു ശരണമിന്നവർക്കിഹ (കേട്ടാലും)
3. തീർത്ഥങ്ങൾതോറും പാർത്ഥൻമാർ
സാർത്ഥമാക്കി നാലാം പുരു—
ഷാർത്ഥമവരാത്തമോദം
സരസിജാക്ഷചരിതസാർത്ഥകീർത്തന—
വിരതമായി ദുരിതമായതൊക്കവേ (കേട്ടാലും)
4. കാടുകൾതന്നേ വീടുകൾ
തോടുകൾ നദികൾ നല്ല
കോടുകൾ പലതുമുണ്ട്
അരിവിയാറുമരികെയുണ്ടു നല്ലൊരു
വരിയിൽവേണ്ടുമരിയുമുണ്ടു കൊററിനു (കേട്ടാലും)
5. ജന്തുക്കളെല്ലാം ബന്ധുക്കൾ
അന്തിക്കുമുച്ചയ്ക്കും വന്നോർ—
ക്കത്താഴം പ്രാതലും നല്കും
അടവിവാസമടവു നന്നു നന്നൊരു
കടവുമില്ല തടവുമില്ലവർക്കിഹ (കേട്ടാലും)
6. ഉത്സാഹം പൂണ്ടു മേവുന്നു
മത്സരംകൂടാതവർക്കു
വത്സരം പതിനൊന്നായി

വിരവിലിങ്ങു വരുവതിന്നു സംഗതി
വരുമവർക്കു കരുതി വാണുകൊള്ളുക!'' (കേട്ടാലും)
ഓട്ടൻ വന്നു പറഞ്ഞൊരു വാക്കുകൾ
കേട്ടു കയർത്തുരചെയ്തു സുയോധനൻ:
''ഒട്ടുമകംപുറമില്ലാതുള്ളൊരു
യഷ്ടീ! നില്ലു നിനക്കെന്തറിയാം?
നിന്നോടവരുടെ ഗുണദോഷങ്ങളി—
ലൊന്നും ഞാനിഹ ക്ലേശിച്ചീല*
ഒന്നിനയച്ചാലക്കഥമാത്രം
വന്നു പറഞ്ഞീടുകിലതു പോരും
പോടാ നിന്നുടെ ദുസ്സാമർത്ഥ്യം
കൂടാ നമ്മൊടു കുടിലകരോരാ!
പാടവമേറിന പാണ്ഡുസുതൻമാ—
രോടിടകൂടി നടന്നാലും നീ;
നമ്മുടെ ചോർ തിന്നുന്നൊരു ദുഷ്ടനു
നമ്മുടെ വൈരികളിൽ ബഹുമാനം,
നമ്മുടെ ദോഷവുമവരുടെ ഗുണവും
വെൺമയിലുരചെയ്തീടിന മൂഢാ!
കാട്ടിൽ ചെന്നുടനവരൊടുകൂടി
കായ്കനി തിന്നു കിടന്നാലും നീ.
കൂട്ടക്കാരെക്കൂറില്ലാത്തൊരു—
ചേട്ടക്കാരനൊരിടയില്ലേതും
ചോറൊരിടത്തിൽ കൂറൊരിടത്തിൽ
വേറുതിരിച്ചു ഗ്രഹിപ്പാറായി;
ഏറിപ്പോം പറയുമ്പോളിക്കഴു—
വേറിക്കിട്ടു തൊഴിപ്പാൻ തോന്നും.
മാററാരിൽ കനിവേററമതുള്ളൊരു
കൂററാരേക്കാൾ മാററാർ നല്ലൂ;
ഉപ്പുപിടിച്ച പദാർത്ഥത്തേക്കാൾ
ഉപ്പിനു പുളി കുറയും; പറയുമ്പോ—
ളപ്രിയമായ്‌വരുമതുകൊണ്ടും ഭയ—
മിപ്പരിഷയ്ക്കു തരിമ്പില്ലറിവിൻ.
ഇക്കൂട്ടത്തിൽ പരിചയമുള്ളവ—
നക്കൂട്ടം ചിതമെന്നിഹ തോന്നും;
അക്കൂട്ടത്തിൽ ചെന്നിടപെട്ടാ—
ലിക്കൂട്ടം ചിതമെന്നും തോന്നും.

---

* 'ഒന്നും ഞാനിഹ ചോദിച്ചീല'—എന്നു ചില പതിപ്പുകളിൽ പാഠഭേദം ചെയ്തു കാണുന്നു. എന്നാൽ ചോദിക്കുകയെന്ന അർത്ഥത്തിൽ നമ്പിയാർ ധാരാളം പ്രയോഗിച്ചിട്ടുള്ള പഴയ നാടൻ ശൈലിയാണ് 'ക്ലേശി' ക്കുക.'

ദുഷ്ക്കൂറുള്ള മഹാപാപികൾ വ–
ന്നിക്കൂട്ടത്തിൽ നിറഞ്ഞുകഴിഞ്ഞു;
ഭോഷ്ക്കല്ലൊരുവനെ വിശ്വാസം പുന–
രിക്കാലത്തു നമുക്കില്ലേതും.
ഇജ്ജനമൊന്നിനിറങ്ങുന്നേരം
ദുർജ്ജനമതിനൊരു ദൂഷണമേശും;
സജ്ജനമെന്നതു പാരം കുറയും
വജ്രമനസ്സുകളേറെസ്സഭയിൽ;
ഇതുകൊള്ളാമെന്നൊരുവനു പക്ഷം
അതു കൊള്ളാമെന്നപരനു പക്ഷം
ഇതു രണ്ടും ചിതമല്ലെന്നും ചില
മതമുണ്ടായ്‌വരുമങ്ങനെയുള്ളു;
കള്ളച്ചൂതുകൾ മാതുലനുണ്ടെ–
ന്നുള്ളതു ഞാനോ കേട്ടിട്ടില്ലാ,
കള്ളൻമാരുടെ വാർത്തകളെല്ലാം
കള്ളൻമാർക്കേ ബോധമതുള്ളു,
ഹേതുകഥിക്കാമന്തകതനയനു
ചൂതുകൾ പൊരുവാൻ വാസനയില്ല,
കൗതുകമെന്നതു പാരംതാനും
വാതുകൾ പറവാൻ കാരണമതുതാൻ.
വാതുപറഞ്ഞു കൊടുത്തതശേഷം
മാതുലനിങ്ങു കരസ്ഥമതാക്കി
കൈതവമെന്നതു മാതുലനിവിടെ–
ച്ചെയ്തതിലൊന്നും തോന്നുന്നീലാ.
പണയംതന്നതു വാങ്ങരുതെങ്കിൽ
പണയം പറയുന്നെന്തിനു പാഴിൽ?
പണമെന്നുള്ളതിനോടിടപെട്ടാൽ
പ്രണയംകൊണ്ടൊരു ഫലമില്ലേതും,
ഗുണവാൻമാരൊരബദ്ധം ചെയ്താൽ
തുണചെയ്തവനുമബദ്ധക്കാരൻ;
പണമുള്ളവനെപ്പാട്ടിൽ വരുത്താൻ;
പണിചെയ്യുന്നതു പാർത്ഥിവധർമ്മം;
ചൂതിൽ ചെകുതി[1] പിണഞ്ഞൊരുനേരം
കൈതവമെന്നൊരു വാർത്ത നടത്തി;
ഏതും തിരിയാത്തവർ പറയുന്നതി–
ലേതുമെനിക്കൊരു ഭീതിയുമില്ലാ;
ഇവനും പുനരതുനേരെന്നോർത്തി–
ട്ടവരുടെ ഗുണഗണമുരചെയ്യുന്നു.

---

1. ചെകുതി = തോൽവി.

ഭവതു നമുക്കതിലും നഹി ഖേദം
ഇവനല്ലീശ്വരനെന്നെ വലപ്പാൻ''
ഇത്തരമങ്ങു കയർത്തുപറഞ്ഞതി–
നുത്തരമവനൊന്നുരചെയ്തീലാ.
സത്വരമവനിയിൽ വീണുവണങ്ങീ
ശുദ്ധനു കോപവുമൊന്നു ശമിച്ചു.
ഗാന്ധാരീസുതനുടനെ പുനരപി
ഗാന്ധാരാദികളോടുരചെയ്താൻ:
''കൗന്തേയൻമാരവർ പുനരിനിയും
കാന്താരാടനമങ്ങു കഴിഞ്ഞാൽ
മാററാരവരിഹ മററൊരുകൂട്ടം
കൂററാർ ചിലരെക്കൂട്ടിക്കെട്ടി
ഏററം കോപിച്ചിഹ വന്നൊരു പട–
യേററന്നാലിനി നില്പാൻ വിഷമം.
കാററിൻമകനൊരു വൻപുലിപോലെ
ചീററിയണഞ്ഞു പിണങ്ങുന്നേരം
തോററു മടങ്ങുകയില്ലല്ലീ നാം?
ഊററക്കാരവർ പലരുണ്ടല്ലോ,
ഇക്കൂട്ടത്തിനൊരമളി പിണപ്പാൻ
നോക്കിയിരിക്കുന്നുണ്ടിഹ പലരും,
തെക്കുവടക്കു കിഴക്കുപടിഞ്ഞാർ
ദിക്കതുമുള്ളതിൽ വൈരികളേറും
ഇക്കാലം ചില കലശലുകൂട്ടാ–
നൊക്കെക്കൂടി വിചാരിക്കുന്നു;
ഇക്കണ്ടോളുകളൊക്കെ വരുമ്പോൾ
ഇക്കഥയൊന്നുമറിഞ്ഞേ പോവൂ.''
ദുര്യോധനനുടെ വചനം കേട്ടഥ
വീര്യഗുണാംബുധി കർണ്ണനുരത്താൻ:
''ധൈര്യംപൂണ്ടു വസിച്ചരുളേണം
കാര്യംകൊണ്ടു വിഷാദിക്കേണ്ടാ.
നേർത്തുവരും പരിപന്ഥിജനങ്ങടെ
ധൂർത്തുകളൊന്നും നമ്മൊടു കൂടാ
കൂർത്ത ശരാവലികൊണ്ടുടനവരുടെ
മൂർത്തി പിളർപ്പാൻ ഞാനൊരുവൻ മതി,
മറുപക്ഷത്തു വരുന്ന ജനങ്ങളെ
അറുതിപെടുപ്പാനെന്തിഹ ദണ്ഡം?
കുറുനരി ലക്ഷം കൂടുകിലും ഒരു
ചെറുപുലിയോടു ഫലിക്കില്ലേതും;

അറിവുള്ളവനിഹ നമ്മുടെ വിരുതുക—
ളറിയുമതിന്നൊരു സംശയമില്ലാ;
അറിവില്ലാത്തവർ ദൂഷണവാക്കുകൾ
പറയുന്നതിനൊരു സങ്കടമില്ലാ;
കണ്ടാലറിയാതുള്ള ശഠൻമാർ
കൊണ്ടാലറിയും കളിയല്ലരശാ!
വേണ്ടാത്തതിനു തുടങ്ങരുതാരും
വേണ്ടാസനമൊന്നെന്നൊടുകൂടാ;
ശുണ്ഠികടിച്ചു പടയ്ക്കു വരുന്നൊരു
ചണ്ഡിപ്പരിഷകൾ മണ്ടിയൊളിക്കും;
ശണ്ഠ തുടർന്നാലതിനുമൊരതിശയ—
മുണ്ടു നമുക്കതു ബോധിക്കേണം,
കുണ്ഠൻമാരിനി വന്നിഹ നേർത്താൽ
ചെണ്ടക്കാരെന്നൊരു പേരുണ്ടാം.
പണ്ടേക്കാൾ പല വിക്രമപൗരുഷ—
മുണ്ടിപ്പോൾ മമ കൗരവവീരാ!''
ശകുനിയുമപ്പോളുരചെയ്താൻ, ''മരു—
മകനേ! മതി മതി ഭീതികളെല്ലാം,
പ്രകൃതിഗഭീരൻമാർക്കും ഞാനൊരു
വികൃതി വരുത്തുവതിനു സമർത്ഥൻ,
പാർത്ഥൻമാരിനി വന്നാലുടനേ
തീർത്തുരചെയ്യാ, മില്ല വിവാദം
തീർത്ഥസ്നാനമൊരിരുപതു വർഷം
പാർത്ഥൻമാർക്കിനിയും കല്പിക്കാം.
പിന്നെ വരുമ്പോൾ പിന്നെയുമുണ്ടാ—
മെന്നുടെ കൗശലമതിലുമൊരധികം
ചേട്ടനുമനുജനുമനുജൻമാരും
ചേട്ടകളൈവരുമുള്ളൊരു കാലം
കാട്ടിലിരുന്നു പിരിഞ്ഞീടേണം
നാട്ടിൽ കേറാനിനിയെളുതല്ലാ.''
ഇങ്ങനെ ശകുനിയുമുരചെയ്തപ്പോൾ
തിങ്ങിന മോദം മനസിജനിച്ചു
തുംഗമഹാഹങ്കാരം പൂണ്ടു ഭു—
ജംഗദ്ധ്വജനഥ പുനരുരചെയ്താൻ:
''കാട്ടിലിരിക്കും പാർത്ഥൻമാർക്കിഹ
കാട്ടീടേണം നമ്മുടെ വിഭവം
കൂട്ടീടേണം ബഹുപുരുഷാരം
കേട്ടീടേണമിതെല്ലാജ്ജനവും;

കൊട്ടീടേണം ഭേരീ ഡമരം
ഞെട്ടീടേണം ഭുവനമശേഷം
തട്ടീടേണമകമ്പടി വടിവൊടു
പൊട്ടീടേണം കുലഗിരികുഹരം
ചട്ടകൾ തൊപ്പികളിട്ടുമുറുക്കി
ചട്ടററീടിന വട്ടംകൂട്ടി
തട്ടിനടത്തിക്കൊട്ടിമുഴക്കി
പെട്ടികളും പല പെട്ടകവും ചില
കുട്ടകമെന്നിവ കെട്ടിയെടുപ്പി—
ച്ചൊട്ടകവും ചില പട്ടിക്കുതിരകൾ,
പട്ടാണികൾ പല ചെട്ടികളും കോ—
മട്ടികളും പല പട്ടൻമാരും
വട്ടംകൂട്ടി വനത്തിനു പോവാ—
നൊട്ടും താമസമരുതിനി നമ്മുടെ
പുഷ്ടശ്രീഭരപൗരുഷമവരേ—
ക്കാട്ടുവതിന്നു നമുക്കുത്സാഹം.
നായൻമാരെ വരുത്തിടുവതിനു
പോയാലും ചിലർ വേഗമിദാനീം
ആയുധവാഹനകോപ്പുകളെല്ലാ—
മായതുപോലെ വരുത്തീടേണം;
നാട്ടിലൊരുത്തനിതിന്നു വരാഞ്ഞാൽ
വീട്ടിൽ ചോദ്യം കല്പിക്കേണം;
കേട്ടവർ കേട്ടവർ കൂട്ടത്തോടേ
കോട്ടയിലെത്തി സ്വരൂപിക്കേണം;
എങ്ങൂ നമ്മുടെ ചന്ത്രക്കാരൻ?
ചങ്ങാതിക്കൊരുണർച്ചയുമില്ലാ
അങ്ങാടിത്തെരുവിൽച്ചെന്നരിയും
തേങ്ങാ മുളകും വാഴയ്ക്കായും
നായൻമാർക്കിഹ ചോറുകൊടുപ്പാ—
നായതിനുള്ള പദാർത്ഥമശേഷം
വിരവൊടു കൊണ്ടുവരേണമതിന്നാ—
യിരുനൂറുജനം പോയീടേണം
പുകയില വെററില കഞ്ചാവും പല—
വകയിൽ കള്ളു കറുപ്പും വേണം
സകല പദാർത്ഥവുമിങ്ങു വരുത്തി—
സ്സന്നാഹം പല കൂട്ടീടേണം.''
    എന്നതു കേട്ടൊരു രാജഭടൻമാ—
രൊന്നൊഴിയാതെ പദാർത്ഥം കൂട്ടി

സന്നദ്ധൻമാർ കല്പന പറവാ–
നൊന്നു മുതിർന്നു നടന്നുതുടങ്ങി;
പുരുഷാരത്തെയറീപ്പാനായി–
പ്പുരുഷൻമാരെയയച്ചുതുടങ്ങി;
വിരുതൻമാരവർ നാട്ടിലശേഷം
നരപതികല്പനയങ്ങു നടത്തി;
കല്പന കേട്ടൊരു നായൻമാരും
കെല്പൊടു വന്നു നിറഞ്ഞുതുടങ്ങി;
അല്പമതല്ലൊരു ജലധികണക്കേ
തൽപുരസീമ്നി പരന്നു നിരന്നു
തങ്ങളിലങ്ങു പറഞ്ഞുതുടങ്ങി:
''സംഗതിയെന്തിതു കേട്ടോ കൂവാ
ഇങ്ങനെ പുരുഷാരത്തെ വരുത്തീ–
ട്ടെങ്ങു പടയ്ക്കു തുടങ്ങീടുന്നു?
കടുവാ പന്നികളേതാൻ തലമേൽ
വെടികൊണ്ടെങ്ങാൻ വീണിട്ടുണ്ടോ?
ഉടനേ മറുതല നാടുപിടിപ്പാൻ
പടയും കൂട്ടിയടുക്കുന്നുണ്ടോ?
പടയിൽച്ചെന്നു മരിപ്പാനിങ്ങൊരു
മടികൊണ്ടല്ല പറഞ്ഞീടുന്നു;
കടമുണ്ടമ്പതു പുത്തനെനിക്കതു
തടവുണ്ടതുകൊണ്ടവസരമില്ല.
തൂക്കുപുകേല തരിമ്പില്ലാഞ്ഞ–
ത്തോക്കൊരു ദിക്കിൽ പണയംവെച്ചു
മാക്കോച്ചാരുടെ മരുമകനിന്നൊരു
തോക്കുതരാമെന്നെന്നൊടു ചൊല്ലി
ആർക്കാനുള്ളൊരു തോക്കുംകൊണ്ടു പ–
ടയ്ക്കായ്ച്ചെന്നു മരിച്ചെന്നാകിൽ
തോക്കവർ കൊണ്ടുതിരിക്കും വന്നു ക–
ടക്കാർ വീട്ടിൽ പാടുകിടക്കും.
ചേട്ടൻ പണ്ടു പടയ്ക്കു മരിച്ചതു
കേട്ടിട്ടില്ലേ നിങ്ങളിലാരും?
എട്ടുജനങ്ങളെ വെട്ടിക്കൊന്നൊരു
കോട്ട പിടിച്ചേപ്പിന്നെ മരിച്ചു;
മണ്ടുന്നേരം പിടരിക്കൊരു വെടി–
കൊണ്ടു മരിച്ചെന്നുണ്ടൊരു കേളി;
വാളില്ലെന്നല്ലെന്നുടെ വീട്ടിലൊ–
രാളില്ലിന്നിതു കൊണ്ടുനടപ്പാൻ

കാളകൃഷിക്കു നടക്കയിതെന്യേ
കേളച്ചാർക്കൊരു തൊഴിലില്ലിപ്പോൾ, .
നായൻമാരായ് വന്നുപിറന്നാൽ
ആയുധമൊന്നു തനിക്കായ് വേണം
ആയതിനൊരു വകയില്ലാത്തവനുടെ
കായംകൊണ്ടൊരു ഫലമില്ലറിവിൻ!
നെല്ലും പണവും മോഹിച്ചെന്നുടെ
വില്ലും കണയും പണയംവച്ചു;
നല്ലചിതക്കാരൻതാൻ താനിനി—[1]
യില്ലം വിററു കറുപ്പും തിന്നുമ—
തില്ലെന്നില്ല, മുടിയൻമാരുടെ
യില്ലന്നില്ല, നശിച്ചേ നിൽപ്പൂ.
വല്ലാതുള്ള വിശപ്പുവരുമ്പോൾ
വല്ലതു വിററും കൊററു കഴിക്കാം!
ഇക്കഥയെല്ലാം മതിമതി നാമിനി
വെക്കംചെന്നു മുഖംകാട്ടേണം.
നോക്കട നമ്മുടെ യജമാനൻമാർ
വക്കാണിക്കുമതോർത്തീടേണം;
രായും പകലും കല്പന കേൾക്കും
നായൻമാർക്കൊരു കാശു കൊടുപ്പാ—
നീയെജമാനൻമാർക്കു മനസ്സി—
ല്ലായതു ചൊന്നാൽ കുററവുമുണ്ടാം.
ഇഷ്ടംചെന്നു പറഞ്ഞു മറിപ്പാൻ
ഒട്ടും മടിയില്ലാത്ത സമർത്ഥനു
കിട്ടും പലകുറി പട്ടും വളയും
വെട്ടും കൂട്ടുമനിഷ്ടമുരച്ചാൽ
പണമുള്ളവനെപ്പാട്ടിൽവരുത്തി—
ഗ്ഗുണദോഷങ്ങൾ പറഞ്ഞു പതുക്കെ
പണമെപ്പേരും കൈയ്ക്കലുമാക്കും
ക്ഷണമവനെത്തൻ വീട്ടിലുമാക്കും
അമ്മാവൻ കൃഷികൊണ്ടുനടന്ന—
ന്നുമ്മാനില്ലെന്നറിയുന്നീല

---

[1] താനിനിയില്ലം...മില്ലെന്നില്ല=താനിനി ഇല്ലംവിററു കറുപ്പും തിന്നു കൂടായ്കയില്ല. മുടിയൻമാരുടെയില്ലന്നില്ല = മുടിയൻമാരുടെ ഇല്ലം നിലനില്ക്കുകയില്ല.

'നല്ല ചിതക്കാരൻ ഞാൻ താനിനി
ഇല്ലം വിററു കറുപ്പും തിന്നും
ഇല്ലെന്നല്ലിതു മുടിയൻമാരുടെ
ഇല്ലന്നില്ല നശിച്ചേ നിൽപ്പൂ'—എന്നു മുദ്രിത സമാഹാരങ്ങളിൽ കാണുന്നത് അപപാഠം. വില്ലും കണയും പണയംവെച്ചെന്നു പറഞ്ഞവനെ ആക്ഷേപിച്ച് അപരൻ പറയുന്ന ഭാഗമാണിത്.

നമ്മുടെ കാലത്തതിനും പിന്നെ
ജൻമാന്തരമായ് ചൊല്ലുന്നീല;
ഇപ്പോൾ നമ്മുടെ കണ്ടമെടുപ്പാൻ
കല്പന വന്നെന്നൊരുവഴി കേട്ടു
കല്പന പറയുന്നോൾക്കൊരു കാശു കൊ—
ടുപ്പാനിങ്ങൊരു വകയില്ലിപ്പോൾ.
പണ്ടു പ്രവൃത്തിനടത്തിയ പരിഷകൾ
ഉണ്ടെന്നാലിതു വരികില്ലനിയാ!
കണ്ടച്ചാരുടെ കണ്ടമെടുത്തതു—
കണ്ടന്നീ വരവുണ്ടെന്നോർത്തു
കണ്ടം പോയതുകൊണ്ടു നമുക്കൊരു
കുണ്ഠിതമില്ലിനിയുണ്ടാമൊരുനാൾ;
കണ്ഠം പോയാലുണ്ടാകില്ലതു—
കൊണ്ടുകുറഞ്ഞൊന്നുണ്ടു വിഷാദം.
കണ്ടാലറിയാം കണ്ടവർ കൂടു—
ന്നുണ്ടിതിനേഷണി ചെണ്ടപിണപ്പാൻ
ചണ്ടികൾ പലരുമുരുണ്ടുകരേറി—
ക്കൊണ്ടു മരിക്കുന്നുണ്ടിഹ നാട്ടിൽ.''
ഇങ്ങനെ പല പല വാക്കുകൾ ഘോഷി—
ച്ചങ്ങിനെ വന്നിടകൂടി ഭടൻമാർ
തിങ്ങിന പടയുടെ സംഖ്യ ഗണിപ്പാ—
നെങ്ങനെ കുശലത മതിയാകുന്നു?
തോക്കുള്ളവർ പുനരൊക്കെച്ചെന്നു വെ—
ടിക്കോട്ടയ്ക്കൽ പാർക്കണമുടനെ
ആക്കംപൂണ്ടു വെടിക്കു മരുന്നു കൊ—
ടുക്കുന്നുണ്ടു തിടുക്കമനേകം.
തിക്കും വലിയ തിരക്കും പല പല
വാക്കും ചിലരുടെ മുഷ്ക്കും ചുടുമിഴി—
നോക്കും വിരവൊടു വായ്ക്കും വികൃതിക—
ളാർക്കും പറവതിനാക്കം പോരാ;
ഇത്തരമൊരുദിശി ഘോഷം പലവിധ—
മെത്രയുമദ്ഭുതമെന്നുരചെയ്യാം.
ഹസ്തിരഥാദികൾ വസ്തുസമസ്തം
ഹസ്തിനപുരമതിലെത്തി നിറഞ്ഞു
നായൻമാർക്കിലവച്ചുതുടങ്ങി,
ആയതു പറവാനവസരമില്ലാ.
ആയിരമായിരമോരോ കൊട്ടിലി—
ലായുധപാണികളിലവെപ്പിപ്പാൻ
പന്തി നിരത്തിയിരുത്തുവതിന്നായ്

മന്ത്രികൾ പലരും കൂടിയിറങ്ങി
ഉന്തിയലച്ചുപിടിച്ചു വലിച്ചൊരു–
പന്തി പരാക്രമമൊക്കെയെടുത്തു;
പാലുകുടിച്ചു തടിച്ച ജനത്തിനു
നാലുപദം വെക്കുമ്പോൾ വിയർക്കും
വെയിലും കാററും കൊള്ളാതുള്ളവർ
പോലുമിതിന്നു ശ്രമിച്ചേ പോവൂ.
ഇലവച്ചങ്ങു നിരന്നുതുടങ്ങി
വലിയരിവെച്ചു വെളുത്തൊരു ചോറും
പലപല കറിയും പഴവും നെയ്യും
നലമൊടു വളരെ വിളമ്പീടുന്നു.
വട്ടച്ചക്കര ചേർത്തുകലക്കി
ചട്ടംകൂട്ടിന തേങ്ങാപ്പാലും
ഒട്ടല്ലൂണിനു വട്ടം പലവിധ–
മിഷ്ടമറിഞ്ഞു കൊടുത്തീടുന്നു,
കടൽവാഴയ്ക്കാ[1]ക്കറിയുണ്ടൊരുവക
ഭടഭോജനമതുകൂടാതില്ല.
വടിവൊടു ഭക്ഷണമങ്ങു പിരിഞ്ഞഥ*
പടഹമടിച്ചു വിളിച്ചൊരുമിച്ചു
കുരുപതിസുതനാം ദുര്യോധനനഥ
തരസാ തന്നുടെ സഹജൻമാരെ
പരിചൊടു ചെന്നു വിളിപ്പിച്ചപ്പോൾ
തെരുതെരെയവരും വരവുതുടങ്ങി.
ദുശ്ശാസനനും ദുർദ്ധർഷണനും
ദുശ്ശേശരനും ദുർമ്മർഷണനും
ദുർമ്മുഖനും ദുഷ്കർണ്ണനുമഥ ദുർ–
മ്മേധാവും ദുഷ്പ്രസഹൻതാനും,
ദുർമ്മതിയും ജളസന്ധൻ കർണ്ണൻ
ദുർബുദ്ധിയുമഥ ദുർബോധകനും
ചിത്രൻ വികടൻ ചിത്രരഥൻതാൻ
ചിത്രദ്ധ്വജനും കനകദ്ധ്വജനും
ചിത്രശരാസന ചിത്രകനും സുവി–
ചിത്രൻ പിന്നെച്ചിത്രാംഗദനും,
നന്ദൻ പുനരുപനന്ദൻ പിന്നെ
കുന്ദോദരനും ദൃഢവർമ്മാവും
കുണ്ഡൻ പിന്നെ മഹാകുണ്ഡൻതാൻ
കുണ്ഡവിഭേദിയുമപരാജിതനും
ദീർഘഭുജൻ താൻ ദീർഘദ്ധ്വജനും

---

[1] കടൽവാഴയ്ക്കാ=മത്സ്യം (നമ്പിയാരുടെ സ്വന്തം സൃഷ്ടിയാണ് ഈ പേര്)

* 'വടിവൊടു ഭക്ഷണമങ്ങു കഴിഞ്ഞഥ'—പാഠഭേദം

ദീർഘൻ ദീർഘരഥൻ ദീർഘാക്ഷൻ
ദീർഘഹനുസ്സും, വ്യൂഢോരസ്കൻ,
ദീർഘായുസ്സും, ബഹ്വാശനനും,
ഭീമരഥൻ, ദൃഢഹസ്തൻ ഭീമൻ
ഭീമപരാക്രമനഭയൻതാനും
എന്നുതുടങ്ങീട്ടുള്ളനുജൻമാർ
തൊണ്ണൂററൊൻപതുപേരും വന്നാർ
വിരവൊടു ഭോജനമങ്ങു കഴിച്ചവർ
പരിചൊടു കോപ്പുകളിട്ടുതുടങ്ങി
പരിമളമേറിന കളഭമിഴുക്കി
പുരികുഴൽമാലകൾകൊണ്ടു മുറുക്കി
പെരുകിന കുറിതിലകങ്ങളൊരുക്കി–
ത്തരമൊടു തലമുടി ചിക്കിമിനുക്കി
തരിവള, പിരിവള, കാഞ്ചി, പതക്കം
വിരുതുകൾ പലവക വിരൽമോതിരവും.
അരമണി, കുടമണി, തുടർമണി, കങ്കണ–
മരഞ്ഞാണം, ചില തോൾപൂട്ടുകളും
മകുടം, കടകം, മണികുണ്ഡലവും,
വികടകിരീടം, വിദ്രുമഹാരം,
വികസിതസുരഭിലമലർമാലകളും
സകലമണിഞ്ഞു ഞെളിഞ്ഞു നടന്നാർ.
പട്ടുകൾ പലതും കെട്ടിയുടുത്തുട–
നെട്ടുമുളം ചില ചേലകൾ ചുററി
പട്ടുറുമാലും തലയിൽ കെട്ടി
തട്ടുപുഴുകുമഥ നാടൻപുഴുകും
തൊട്ടു മുഖത്തിനു ഭംഗിവരുത്തി
ചട്ടം പലവക കൂട്ടിത്തരസാ
പെട്ടികൾ പെട്ടകമെന്നിവ പലതിൽ
ചട്ടററീടിന കനകപ്പൊടികളു–
മിട്ടു നിറച്ചതു കെട്ടിയെടുപ്പി–
ച്ചെട്ടുദിഗന്തം പൊട്ടുംപടി പല
കൊട്ടും, വെടിയും, തട്ടിമുഴക്കി–
ത്തട്ടി നടത്തി നടന്നുതുടങ്ങി.

ഉച്ചത്തിലുള്ള ഘോഷം മെച്ചത്തിൽ കേട്ടനേരം
അച്ചിമാരൊക്കെക്കൂടി കാഴ്ചയ്ക്കു പുറപ്പെട്ടു;
‘‘നിച്ചിരിയത്തി നിന്റെ കൊച്ചിനെയെവിടത്തിൽ
വച്ചേച്ചു പുറപ്പെട്ടു കാഴ്ചയ്ക്കു താനേതന്നേ?
അച്ഛനു ചെവി വെടിവെച്ചാലും കേട്ടുകൂടാ

ഉച്ചയ്ക്കുപോലും കിഴവച്ചാർക്കു കണ്ണുകാണാ
കൊച്ചിന്നേ നാ കേറിക്കടിച്ചെങ്കിലീ മുതുക്ക—
നൊച്ചപോലും കേൾക്കില്ലേ'ന്നച്ചിമാരുടെ ഘോഷം
''എന്തൊരു പുറപ്പാടെന്നേതാനും ബോധിച്ചോ നീ?
എന്തെന്റെ ചേട്ടത്തീ ഞാനേതുമേ ബോധിച്ചീല
ഇപ്പോൾ തിരുമാടം പുറപ്പാടെന്നെന്റെ പക്ഷം
ഇപ്പോളല്ലതു പണ്ടു കെല്പോടു കഴിഞ്ഞല്ലോ;
മൂപ്പു വാഴ്ചയ്ക്കുള്ളൊരു കോപ്പുകൾ കൂട്ടുകയോ
മൂപ്പു ധൃതരാഷ്ട്രരിരിപ്പൊണ്ടു മരിച്ചില്ലാ,
എങ്കിൽ പടയ്ക്കുള്ളൊരു സന്നാഹമെന്നുവരും
ശങ്കയില്ലെനിക്കതു സംഗതിയിപ്പോളില്ലാ
ബാണങ്ങൾ പടക്കങ്ങൾ ചേണാർന്ന പൂക്കുറ്റികൾ,
ഏണാക്ഷിമാരും ചില വീണക്കാർ പാട്ടുകാരും
വേണമോ പടയ്ക്കായിപ്പോണെങ്കിലെന്റെ തോഴീ!
കാണാം നമുക്കു വെക്കം പോണം പുറപ്പെട്ടാലും.''

അങ്ങേക്കുറ്റുള്ളച്ചികളെല്ലാം
അങ്ങു നടന്നിതു കാഴ്ചകൾ കാൺമാൻ.
''നിങ്ങൾ ചമഞ്ഞും ചന്തം നോക്കിയു—
മിങ്ങനെതന്നിതു പിരികേയുള്ളു
ഘോഷമതെല്ലാം പിരിയുന്നേരം
ഭോഷികളവിടെച്ചെന്നിഹ ചാടും
ഭാഷിപ്പാൻ വിരുതുള്ള ജനത്തിനു
ശേഷിയതാമൊരു കൂട്ടമശേഷം.
ചിറ്റമ്മയ്ക്കിതു പത്തു പിറന്നു
മറ്റൊരു പൂതരുമില്ലെൻവീട്ടിൽ
പെറ്റന്നാകിലൊരമളിയതായ്‌വരു—
മീറ്റില്ലത്തിലിരുന്നേപോവൂ''
മറ്റൊരു നാരി പറഞ്ഞാളപ്പോൾ:
''മറ്റൊരു ചിന്ത നമുക്കില്ലേതും
മറ്റൊരു പുരുഷൻ വീട്ടിൽ വരുമ്പോൾ
ഏറ്റം നമ്മുടെ നായർ കലമ്പും;
കുറ്റം വാശ്ശതുമൊന്നുണ്ടാക്കി
കൊറ്റു മുടക്കാൻ മടിയില്ലവനും
പെറ്റമ്മയ്ക്കിട്ടടികൂട്ടുന്നവർ
മറ്റുള്ളവരൊടു നേരായ്‌വരുമോ?
മുള്ളല്ലാതൊരു വാക്കില്ലങ്ങോർ—
ക്കുള്ളിൽ കൂറെന്നുള്ളതുമില്ല
ഉള്ളൊരു നെല്ലും പണവും പാടേ

കള്ളുകുടിച്ചു കുടിച്ചു മുടിച്ചും
കഞ്ഞി കുടിപ്പാനില്ലാഞ്ഞെന്നുടെ
കുഞ്ഞുകളേററു നടക്കാതായി
ഇങ്ങനെ തലയിലെഴുത്തെന്നാകില—
തെങ്ങനെ ഞാനതൊഴിച്ചീടേണ്ടു?''
അതു കേട്ടപ്പൊളൊരച്ചി പറഞ്ഞാൾ:
''ഇതു കേട്ടാലും കൊച്ചനിയത്തി,
അതിയായിട്ടൊരു വീടു പുലർത്താൻ
മതിയായിട്ടൊരു നായരെ നിർത്താൻ
അമ്മയ്ക്കാഗ്രഹമുണ്ടായപ്പോൾ
അമ്മാവിക്കതു സമ്മതമല്ലാ,
അമ്മാവൻെറ മനസ്സു മറിപ്പാൻ
അമ്മാപാപിക്കെത്ര വിശേഷം;
വല്ലാതൊരു ഭോഷച്ചാർ നമ്മെ—
ഇല്ലത്തേക്കും കൊണ്ടുതിരിച്ചാൻ
നെല്ലു കൊടുത്തു കറുപ്പും തിന്നൊരു
കല്ലുകണക്കിനു കുത്തിയിരിക്കും
കണ്ണു തുറക്കെന്നുള്ളതുമില്ലി—
പ്പെണ്ണച്ചാർക്കൊരു ബോധവുമില്ല.
കിണ്ണം കിണ്ടിയുമിത്യാദികളിലൊ—
രെണ്ണം കാൺമാനില്ലാതായ്;
അരിയും കറിയും വച്ചുകൊടുപ്പാൻ
അരുതാതായി നമുക്കും പിന്നെ
ഒരു സുഖമെന്നതു ഞാനറിയുന്നി—
ല്ലൊരു കൂററാരുമെനിക്കില്ലിപ്പോൾ
അങ്ങേക്കൂററുള്ളച്ചികളെല്ലാ—
മിങ്ങോട്ടേക്കു വിരോധംതന്നെ
ഉരിയരിപോലും ചോദിച്ചാലവർ
തരികില്ലെന്നല്ലാനകളിക്കും,
തിരിയാത്തവനൊടു ഞാനുമൊരക്ഷര—
മുരിയാടാറില്ലെന്തിനു പാഴിൽ
പരിഹാസത്തിനു വകയില്ലാഞ്ഞവർ
പെരുവഴിനോക്കിയിരുന്നീടുന്നു''
ഇങ്ങനെയോരോ വാക്കു പറഞ്ഞുട—
നംഗനമാരും വന്നു നിറഞ്ഞു
അങ്ങാടികളിലുമാൽത്തറമേലും
ഭംഗ്യാ നിന്നിതു ഘോഷം കാൺമാൻ.

കുരുപതിതനയനുമനുജൻമാരും
പെരുകിന പടകളുമിളകി മെല്ലെ
പെരുവഴി തിങ്ങി വിങ്ങി നടന്നീടുന്നു,
പെരിയൊരു വിരുതുകളറിയിച്ചെങ്ങും
തുടി, പറ, കിടുപിടി, പടഹ[1]ങ്ങളും
പൊടുപൊടെ വെടികളുമുടമയൊടേ
ഇടിപൊടി തകരുമൊരടവുടനേ
വടിവൊടു നടന്നിതു പടകളെല്ലാം
കടലുടെ വടിവൊരു കലശലഹോ
പടലുടനടവികളിടിഞ്ഞുടനെ
പൊടിയുടെ പടലവുമുലകിലെല്ലാം
പടുതരമുയരുന്നു പലവഴിയിൽ
കുട, തഴ, കൊടികളുമിടകലരും
ഭടജനപടകടെ നടനവിധൗ
തടമുലതടവിന തരുണികളും
മടുമലർ മലരവൽ ചൊരിഞ്ഞീടുന്നു.
അനവധി കുതിരകളതിനിടയിൽ
ഘനരുചികരികളുമളവില്ലേതും
ധനജനവിഭവങ്ങളിവണ്ണം കണ്ടാൽ
ധനപതി ഭയപ്പെട്ടങ്ങൊളിച്ചു മണ്ടും.
കനകമണിഞ്ഞൊരു കരിവരകണ്ഠേ
കനിവൊടു കേറിയിരുന്നാൻ കുരുപതി
പനിമതിസമമൊരുവെള്ളക്കുടയും
കനകാഞ്ചിതമാം വെൺചാമരവും
അനവധി തഴയും മുത്തുക്കുടയും
ധനവിഭവങ്ങളനേകമനേകം
അനുജൻമാരുടെ മോടിയുമെന്നിവ
മനുജൻമാർക്കു മനോഹരമെല്ലാം.
ആടുകയും ചിലർ പാടുകയും ചില-
രോടുകയും ചിലർ ചാടുകയും ചിലർ
വാടുകയും ചിലർ തേടുകയും ചിലർ
ചോടുകൾവച്ചിടകൂടുകയും ചിലർ
വീടുകളും പല നാടുകളും പല
തോടുകളും പല കോടുകളും പല
കാടുകളും പല മാടുകളും മല-
മൂടുകളും മലർവാടികളും പല
മേടുകളും പല വേടുകളും പല
പാടവമോടു കടന്നു കടന്നവ-

---

[1] തുടി, പറ, കിടുപിടി, പടഹം—എന്നിവ വാദ്യവിശേഷങ്ങൾ.

രാടലകന്നു തകർത്തു തിമിർത്തു മ–
ഹാടവി പുക്കു ഗമിക്കുന്നേരം
ബന്ധൂകദ്യുതിബന്ധുരമാകിന
സന്ധ്യാസമയം വന്നിടകൂടി,
അന്ധമതാകിന തിമിരം വന്നനു–
ബന്ധിച്ചടവിതടങ്ങൾ നിറഞ്ഞു.
ഗന്ധർവൻമാർക്കുള്ളൊരു സമയം
ചന്തമൊടവിടെസ്സംഗതമായി.
ഗന്ധർവൻമാരതിസുഖമോടേ
പന്തണിമുലമാരോടിടകൂടി
കാന്താരത്തിലിറങ്ങിക്കനിവൊടു
ചെന്താമരമലർവാപികൾതോറും
സന്തോഷേണ ജലക്രീഡാദി നി–
താന്താനന്ദമിയന്ന ദശായാം
കുന്തീതനയൻമാർ മരുവീടിന
കാന്താരാന്തികഭൂമൗ ചെന്നാർ
ഗാന്ധാരീതനയൻമാർ പടയും
ഗാന്ധാരേശ്വരനംഗാധിപനും–
വഞ്ചനശീലനതാകിന കുരുപതി
പുഞ്ചിരിപൂണ്ടു പറഞ്ഞാനുടനേ:
''നെഞ്ചിൽ നമുക്കൊരുപായം തോന്നി
കിഞ്ചിൽ ഗുണമതിനുണ്ടാമിപ്പോൾ.
നഞ്ചു കലക്കണമിവിടത്തിൽ പല
വഞ്ചോലകളിലെ വാരിയിലെല്ലാം.
ചഞ്ചലമിന്നിഹ പാണ്ഡുസുതൻമാ–
രഞ്ചുജനങ്ങളുമതികുടിലൻമാർ
പാഞ്ചാലിയുമടനംബു കുടിച്ചിഹ
പഞ്ചതയെ പ്രാപിച്ചീടേണം;
നഞ്ചു കലക്കുവി''നെന്നീവണ്ണം
പഞ്ചമഹാപാപി പറഞ്ഞപ്പോൾ
പാപികളൊരുവക രാജഭടൻമാർ
വാപികൾ തന്നിൽ മരുന്നു കലക്കി
കോപികളായവർ കാട്ടിയതെല്ലാം
പാപത്തിന്നൊരു വഴിയായ്‌വരുമേ.

വൃത്രനെക്കൊന്നവന്റെ മിത്രമായ് മരുവുന്ന
ചിത്രസേനഗന്ധർവൻ ധാത്രിയിലങ്ങിറങ്ങി
രാത്രിയിൽ തന്റെ ചാരുഗാത്രിമാരോടുകൂടി
തത്ര വന്നൊരു ശതപത്രിണീതോയംതന്നിൽ

ചിത്രമാം കേളികൾക്കു പാത്രമാമവനപ്പോൾ
മാത്രാധികാനന്ദവിചിത്രം വിഹരിക്കുമ്പോൾ
വെള്ളപ്പളുങ്കിനൊത്ത വെള്ളത്തിൽ നഞ്ചിടുവാ–
നുള്ള കുതുകംകൊണ്ടു തള്ളിവരുന്ന ചില
കള്ളൻമാരേക്കണ്ടപ്പോളുള്ളംകയർത്തു ബല–
മുള്ള ചിത്രസേനൻതാൻ വെള്ളത്തിൽനിന്നു കേറി
''കള്ളക്കുടിലൻമാരേ! കൊള്ളാമിക്കാടുതന്നി–
ലുള്ള മുനികളുടെ വെള്ളത്തിൽ നഞ്ചിടുവാ–
നുള്ളൊരുത്സാഹമിപ്പോൾ.
കള്ളുകുടിച്ചുവന്നു ഭള്ളുനടിക്കും നിങ്ങൾ
തുള്ളുന്നതെല്ലാമിത്രേയുള്ളു എന്നിങ്ങുറച്ചു;
കൊള്ളും പ്രഹരമതിനുള്ള വഴികൾ വീണു
കൊള്ളിവാക്കുകൾകൊണ്ടു തുള്ളിക്കുന്നുണ്ടു പിന്നെ
കൊള്ളിക്കുന്നുണ്ടു ബാണം കൊള്ളിക്കും ബഹുമാന–
മെള്ളോളമില്ലെന്നോർപ്പിൻ!
    കുരുകുലമൂഢൻമാരേ, നിങ്ങടെ
    പരമാർത്ഥം ഞാനഖിലമറിഞ്ഞേൻ,
    തരമില്ലിങ്ങനെ ചതിയും കൊതിയും
    തരസാ മനമതിലേറെ മുഴുത്താൽ
    പൗരവകുലമതിലഴകേറീടിന
    വീരൻമാരാം പാർത്ഥൻമാരൊടു
    വൈരം മനസി മുഴുത്തതിനാൽ നിജ–
    പൗരുഷമവരെക്കാട്ടുവതിന്നായ്
    പൗരൻമാരും പടയും കുടയും
    വാരണഘട[1]യും കൂട്ടിക്കെട്ടി
    പാരിടമൊക്കെ മുഴക്കിവരുന്നതു
    നേരായ്‌വരികില്ലധമൻമാരേ!
    അഞ്ചിതമാകിന ശുദ്ധജലങ്ങളിൽ
    നഞ്ചിടുവാനായ് വന്നൊരു നിങ്ങടെ
    നെഞ്ചകമെന്നതു കല്ലോ ശിവ! ശിവ!
    പഞ്ചമഹാപാതകിമാർ നിങ്ങൾ;
    നേരേ നിന്നു പ്രയോഗിപ്പാനായ്
    ഭീരുക്കൾക്കൊരു വൈഭവമില്ലാ;
    നേരല്ലാതെ ചതിപ്പാൻ പെരുവഴി–
    യോരോന്നിങ്ങനെ നോക്കിനടന്നാൽ
    സ്വൈരക്കേടുകൾ വളരെ വരുമ്പോൾ
    ആരുമൊരാശ്രയമില്ലാതാകും.
    നീരസമല്ലാതുള്ള പ്രയോഗം

---

[1] വാരണഘട=ആനകളുടെ നിര.

പാരം കുറയും നിങ്ങൾക്കിപ്പോൾ.
തന്നേക്കാൾ ബലവിക്രമമുള്ളൊരു
ധന്യൻമാരൊടു ചെന്നിഹ നേർത്താൽ
ഒന്നും തരമായ്‌വരുകില്ലതുകൊ–
ണ്ടെന്നും തീരാ ദുഷ്കീർത്തികളും
ആണുങ്ങൾക്കു പിറന്നവരെങ്കിൽ
പ്രാണൻ കളവിൻ നമ്മുടെ നേരേ;
ബാണംകൊണ്ടു സഹിക്കാഞ്ഞുടനേ
നാണംകെട്ടു നടക്കും നിങ്ങൾ;
ഇക്കൂട്ടത്തിനു ബലമില്ലെന്നൊരു
ധിക്കാരംകൊണ്ടിവിടെ വരുന്നു
വക്കാണത്തിനടുക്കുന്നേരം
കൈക്കാണം ഞാൻ വാങ്ങുകയില്ലാ.
വാക്കിനു വാക്കും വമ്പിനു വമ്പും
മുഷ്ക്കിനു മുഷ്ക്കും മുള്ളിനു മുള്ളും
നോക്കിനു നോക്കും തല്ലിനു തല്ലും
ഭോഷ്ക്കിനു ഭോഷ്ക്കുമെനിക്കുണ്ടറിവിൻ!
കള്ളൻമാരാം നിങ്ങളെ ഞങ്ങൾ–
ക്കെള്ളോളം ബഹുമാനമതില്ലാ,
ഉള്ളം തന്നിലഹംഭാവം കണ–
കൊള്ളുന്നേരമതൂർദ്ധ്വമതാകും;
പുള്ളിപ്പുലിയുടെ മുന്നിൽ ചെന്നിഹ
തുള്ളിനടക്കും കുറുനരിയേപ്പോൽ
കൊള്ളാം നീയിഹ കൗരവമൂഢാ!
കള്ളാ, നിന്നുടെ നാശമടുത്തു.''
ഇത്തരമുള്ളൊരു ദുഷ്ടവാക്യം ബത
സത്വരമൻപൊടു കേട്ടൊരുനേരം
ക്രുദ്ധനതാകിന ധൃതരാഷ്ട്രാത്മജ–
നുത്തരമുദ്ധതമിത്ഥമുരത്താൻ:
''നില്ലെട മൂഢാ! മതിമതി നിന്നുടെ
വല്ലാതുള്ളൊരു വാക്കുകളെല്ലാം
മല്ലുനടിച്ചു ചൊടിച്ചു പറഞ്ഞാൽ
കൊല്ലുവതിന്നൊരു സംശയമില്ലാ;
ജളനാം നിന്നുടെ കരളിലഹംമതി
കളവാൻ വിരവിലഹം മതി ഭോഷാ
വളരെപ്പറവാൻ കുറവില്ലെന്നൊരു
വെളിവുണ്ടുള്ളിൽ നിനക്കതു വിഫലം.
പെണ്ണുങ്ങൾക്കൊരു ബഹുമാനത്തിനു–

പൊണ്ണൻ പലവക ജല്‌പിക്കുന്നു,
വിണ്ണവർ നാട്ടിലെ വിരുതുംകൊണ്ടിഹ
വന്നു പറഞ്ഞാലിവിടെപ്‌ഫലിയാ,
മറുനാട്ടീന്നൊരു വിരുതൻ വന്നിഹ
തിറമൊടു നിന്നു ഫലിപ്പിക്കുന്നതു
കുറയുമതോർത്തു പറഞ്ഞീടുക നീ
കുറവു വരുത്തിയയയ്‌ക്കും ഞങ്ങൾ;
സംഗതികൂടാതുള്ളൊരു വാക്കുകൾ
നിങ്ങടെ നാട്ടിൽത്തന്നേ നല്ലൂ
ഇങ്ങനെയുള്ളൊരു നല്ലസമക്‌ഷ—
ത്തെങ്ങും നിങ്ങടെ വിദ്യകളൊക്കാ;
പൊട്ടക്കുളമതു വിട്ടു തിരിച്ചാ—
ലട്ടയ്‌ക്കൊരു ഗതിയില്ലെന്നറിക.*
യഷ്‌ടികളെ ഭയമില്ല കുരയ്‌ക്കും—
പട്ടി കടിക്കില്ലെന്നു പ്രസിദ്‌ധം.
ഗന്‌ധർവൻ നീയെങ്കിലുമിങ്ങനെ
ബന്‌ധംകൂടാതുരചെയ്‌തെന്നാൽ
ബന്‌ധുവിഹീനനതാകിന നിന്നെ
ബന്‌ധിച്ചീടുന്നുണ്ടിഹ ഞങ്ങൾ;
പന്തണിമുലമാരാകുമിവർക്കൊരു
സന്താപത്തിനു സംഗതിയില്ലാ
ചന്തമിയന്നൊരു പുരുഷൻമാർ പല—
ബന്‌ധുതചെയ്‌വാനിവിടെയുമുണ്ടാം.
അഞ്ചാറനുജൻമാരു നമുക്കു—
ണ്ടഞ്ചായുധനേക്കാൾ വിരുതൻമാർ
അഞ്ചാതവരൊടുകൂടി വസിക്കാം
കഞ്‌ജത്താർമിഴിമാരേ! വരുവിൻ!
കണ്ടകനാമിക്കണവൻ കേറി
ശണ്‌ഠയിടുന്നതു ശങ്കിക്കേണ്ട,
ശുണ്‌ഠികടിച്ചാൽ ഫലമില്ലവനതു
കണ്ടൊരു കോണിലിരിക്കേയുള്ളു.
നടുമുററത്തൊരു കുററി തറച്ചൊരു
നെടുപാശംകൊണ്ടരയിൽ മുറുക്കി
തടിയനെയതിനൊടു ബന്‌ധിക്കുന്നു—
ണ്ടുടനൊരു മൂത്തകുരങ്ങതുപോലെ;
വാടാ നിന്നുടെ വിരുതുകളെന്നൊടു
കൂടാ മൂഢാ! കുടിലകുശീലാ!
പാടവമോടിഹ പടപൊരുതീടുക

---

* 'അട്ടയ്‌ക്കൊരു ശരണില്ലെന്നറിക'—പാഠാന്തരം.

നാടകമല്ലിതു വീരവിനോദം.
കർണ്ണാ! നീയിതു കേൾക്കുന്നീലേ
കർണ്ണാരുന്തുദമിവനുടെ വചനം
കർണ്ണാകൃഷ്ടമതാക്കുക ചാപം
കീർണ്ണമതാക്കണമിവനുടെ ഗാത്രം
ഘോരശരങ്ങളെടുത്തു തൊടുത്തൊരു
മാരികണക്കിനെ വർഷിച്ചാലും
വടിവൊടു ഖേചരഖേടൻതന്നുട–
ലടിമുടി പൊടിയാക്കീടുക കർണ്ണാ!
ദുശ്ശാസനനും ദുർമ്മുഖനും പുന–
രിശ്ശാസനമനുമാനിച്ചാലും!
വാശ്ശതുമെന്നൊരുപേക്ഷ കണക്ക–
ല്ലിശ്ശരനെക്കൊലചെയ്തേ പോവൂ.
നമ്മുടെ നേരേ വന്നൊരുകൂട്ടം
നിർമ്മരിയാദം ജല്പിക്കുന്നൊരു
ദുർമ്മതിയാമിവനുള്ളിലിരിക്കുമ–
ഹമ്മതിയിന്നു ശമിപ്പിക്കേണം.
രണ്ടു ശരങ്ങൾ കണക്കിനു കൊണ്ടാൽ
മണ്ടും വിരവൊടു മറുതലവീരൻ
തൊണ്ടൻമാരിവർ പടയെന്നുള്ളൊരു
രണ്ടക്ഷരമതു കേട്ടിട്ടില്ലാ
ശണ്ഠയിടാനല്ലാതൊരുവസ്തു
ചെണ്ടക്കാരൻ ഗ്രഹിച്ചിട്ടില്ലാ,
ചണ്ടികൾ പറയുന്നതിനെക്കൂടെ–
ക്കൊണ്ടാടാൻ ചില മൂഢരുമുണ്ട്.

അടുക്ക വിരവൊടു തടുക്ക ചിലർ ചെന്നു
പിടിക്ക ശരവരമെടുക്ക പരിചൊടു
കൊടുക്കയിവനുടെ മിടുക്കുകൊണ്ടുതന്നെ
നടക്കുമെന്ന രുചി മുടക്കുവതിനിന്നു
മടിക്കരുതു ഗതി മുടക്കി മദഭര–
മടക്കിയുടനതിപടുക്കളൊരുവക
പടയ്ക്കു തുടരുക പൊടുക്കെന്നിവനുടെ
മിടുക്കു ഫലിക്കാഞ്ഞു നടക്കുമല്ലെന്നാകി–
ലടുക്കുമതുകൊണ്ടു നടുക്കമെനിക്കില്ലാ
പടുക്കളിവരെല്ലാമൊടുക്കം തോററു മണ്ടും.''

ഇങ്ങനെയുള്ളൊരു ദുർഭാഷണമവർ
തങ്ങളിലങ്ങു പറഞ്ഞൊരുശേഷം
സംഗരമാശു തുടങ്ങി പ്രകട ശ–

രങ്ങൾ ചൊരിഞ്ഞു മറഞ്ഞിതു ഗഗനം;
ചൊല്ലേറീടിന ഗന്ധർവൻ നിജ—
വില്ലു വലിച്ചു ചെവിക്കിടചേർത്തു,
നല്ല ശരങ്ങളുതിർത്തുതുടങ്ങി
നല്ലൊരു സമരമതെന്നേവേണ്ടൂ;
ഊററക്കാരവർ നൂററുവരെല്ലാം
ഏററം ചാടിയടുത്തുതുടങ്ങി;
കാററുകൾതട്ടി കരപററീടുമൊ—
രാററിലെ വെള്ളത്തിരകൾകണക്കെ
കേററം പാരമതാരംഭേ പുന—
രേററം പേടിയുമുടനേകൂടി
തോററു തിരിച്ചുതുടങ്ങി പതുക്കെ
പാററകൾപോലെ പടജ്ജനമെല്ലാം.
മാററലർബാണഗണങ്ങളുമുടനുട—
നേററു മുറിഞ്ഞു മറിഞ്ഞഥ വീണു,
ഏററുതിരിപ്പാനെളുതല്ലാഞ്ഞവ—
രേററം ഭൂമിയിൽ വീണുമുരുണ്ടും
പേടികലർന്നൊരു നായൻമാര—
ങ്ങോടിച്ചെന്നു മരങ്ങടെ മൂട്ടിൽ
കൂടിക്കരിയിലകൊണ്ടു ശരീരം
മൂടിയൊളിച്ചു ശയിച്ചാരുടനേ.
നായൻമാരുടനോടുന്നേര—
ത്തായുധമെല്ലാം വഴിയിൽ പോയി
ആയതു പിന്നെയുമുണ്ടാക്കീടാം
കായം കിട്ടുകിലതു ബഹു ലാഭം.
മലയുടെ ഗുഹയിൽ ചെന്നു കടന്നാർ
ചിലരന്നേരം പ്രാണഭയത്താൽ
വലിയൊരു പുലി വന്നടിയുംകൂട്ടി—
ത്തലയും കൊണ്ടു തിരിച്ചാനപ്പോൾ;
കലയും മാനും വരുമൊരു മാർഗ്ഗേ
വലയും കെട്ടിക്കാട്ടാളൻമാർ
മലയിലൊളിച്ചിഹ പാർക്കുന്നേരം
വലയിൽ ചെന്നു വലഞ്ഞാനൊരുവൻ!
വലയിൽ പെട്ടതു കണ്ടൊരു വേടൻ
കലയെന്നോർത്തൊരു ബാണമയച്ചാൻ
തലയിൽക്കൊണ്ടു തറച്ചതു കണ്ടോ—
മലയൻ വന്നിഹ നോക്കുന്നേരം
കലയല്ലിവനൊരു വലിയൊരു തടിയൻ

മലയാളത്തിലെ മാനുഷനൊരുവൻ!
വലയീന്നിങ്ങു വലിച്ചു പതുക്കെ–
ത്തലയീന്നമ്പു പറിച്ചാൻ വേടൻ
പേടിത്തൊണ്ടൻ മററൊരു മാനുഷ–
നോടിപ്പോംവഴിയറിയാറാക്കി
കാടുതകർത്തൊരു വാരിക്കുഴി[1]യിൽ
ചാടിയൊളിച്ചു കിടന്നാനപ്പോൾ;
ഉള്ളത്തിൽ ഭയമേറുകമൂലം
വെള്ളത്തിൽ ചിലർ ചാടിയൊളിച്ചു,
വള്ളിക്കെട്ടുകൾതോറും ചെന്നതി–
നുള്ളിൽ പുക്കിതു പലജനമപ്പോൾ;
മണ്ണിൽ പലപല കുഴിയുണ്ടാക്കി–
പ്പൊണ്ണൻമാർ ചിലരവിടെയൊളിച്ചു
കണ്ണുമടച്ചു പുതച്ചുകിടന്നൊരു–
വണ്ണമുറക്കവുമങ്ങു തുടങ്ങി;
കൊമ്പുകുഴൽക്കാർ ചെണ്ടക്കാരരു–
മമ്പു ഭയപ്പെട്ടോടിനടന്നാർ,
കൊമ്പൻമാരുടെ കൊമ്പു മരത്തിൻ–
കൊമ്പു തടഞ്ഞുടനമ്പതു ഭിന്നം;
മദ്ദളമരയിലുറപ്പിച്ചീടിന–
വിദ്വാനോടുക പാരം ദണ്ഡം
മദ്ദളമങ്ങൊരു കാട്ടിലെറിഞ്ഞി–
ട്ടദ്ദിക്കീന്നഥ ധാവതിചെയ്തു.
ഒരുഭാഗത്തെത്തോലുപിളർന്നി–
ട്ടൊരുവൻ ചെണ്ടയ്ക്കകമേ പുക്കാൻ,
പെരുവഴിതന്നിലുരുണ്ടുതിരിച്ചാൻ
പെരുതായുള്ളൊരു ചെണ്ടക്കാരൻ;
ഉടുക്കും കൊട്ടിക്കൊണ്ടഗ്രേ നടക്കുന്ന മേളക്കാരൻ
ഉടുക്കും മുണ്ടും കളഞ്ഞു മിടുക്കും ഭാവിച്ചു മണ്ടി–
തിടുക്കം പൂണ്ടൊരു വീട്ടിൽ കടപ്പാൻ ഭാവിക്കുന്നേരം
കടുത്തനായർതാൻ വന്നു തടുത്താനത്രയുമല്ലാ,
മുടിക്കും പിടിച്ചു നാലഞ്ചടിക്കുന്ന ഘോഷം കേട്ടു;
പൊടുക്കെന്നു കാട്ടിൽ പുക്കു കിടക്കുന്ന നായൻമാർ വ–
ന്നടുക്കുന്ന കോലാഹലം കടുക്കുന്നുണ്ടൊരുദിക്കിൽ
പടയ്ക്കു തോററു മണ്ടുന്ന ഭടൻമാർ വന്നു കേറുമ്പോൾ
പടിക്കൽ കാവലുംവച്ചു കടപ്പാനെളുതല്ലെന്നും
വനത്തിൽനിന്നോടിവന്ന ജനത്തിൻെറ ഭാവം കണ്ടു
മനസ്സിൽ നിന്ദിക്കും നാരീജനത്തിൻെറ വാക്കുണ്ടായി:

---

1. വാരിക്കുഴി=ആനയെപ്പിടിക്കാൻ തീർക്കുന്ന കുഴി.

‘‘വമ്പൻമാരായ മീശക്കൊമ്പൻമാരെല്ലാമോരോ
വമ്പും പറഞ്ഞു വില്ലുമമ്പുമെടുത്തുകൊണ്ടു
തമ്പുരാൻമാർക്കു തിരുമുമ്പിലകമ്പടിക്ക–
ങ്ങിമ്പം കലർന്നു ചെന്നു വമ്പിച്ച കാനനത്തിൽ
ഗന്ധർവൻമാരെപ്പേടിച്ചന്ധൻമാരായ നിങ്ങ–
ളെന്തിപ്പോളോടിപ്പോരാൻ ബന്ധമെൻ ഭോഷൻമാരേ!
ചന്തം പെരിയ തൊങ്കൽകുന്തം കളഞ്ഞുവീണു
ദന്തങ്ങളും തകർന്നു എന്തൊരു സാഹസങ്ങൾ,
തോല്ക്കുന്ന കൂട്ടം നിങ്ങൾ തോക്കും കളഞ്ഞു പോന്ന–
താർക്കുമടുത്തതല്ലിതോർക്കുമ്പോൾ ചിരിയാകും.
നേർക്കും മാററാരോടു പോരേല്ക്കുന്നനേരം പല
ചാക്കും മുറിവും പുനരാർക്കും വരാത്തതല്ലോ:
ചാട്ടം പിഴച്ച കപിക്കൂട്ടംകണക്കേ നിങ്ങൾ
കൂട്ടം പിരിഞ്ഞു പാരം കോട്ടം പിണഞ്ഞമൂലം
ഓട്ടം തുടങ്ങിയതു വാട്ടം വരുവാൻതന്നെ,
കേട്ടാലുടനേതന്നെ നാട്ടാർ പരിഹസിക്കും;
കാട്ടിൽനിന്നോടിപ്പോന്നു വീട്ടിൽ പുക്കൊളിക്കയേ–
ക്കാട്ടിൽ മരിക്ക നല്ലൂ കേട്ടീലേ നായൻമാരേ!
ഗോഷ്ടികൾ പതിന്നാലു നാട്ടിലും കേൾക്കുമയ്യോ!
കാട്ടിയ കർമ്മമേതും പാട്ടിലായതുമില്ല.’’
പെണ്ണുങ്ങളുടെ വാക്കീവണ്ണം കേൾക്കുന്ന ചില–
പൊണ്ണൻമാർ വീടുകളിൽ കണ്ണുമടച്ചിരുന്നാർ,
കർണ്ണൻ ദുര്യോധനൻ വികർണ്ണൻ ദുശ്ശാസനനും
കണ്ണും ചുവത്തിച്ചാപദണ്ഡം കുലച്ചുകൊണ്ടു
ചണ്ഡമായുള്ള ശരഷണ്ഡമുതിർത്തുകൊണ്ടു
തത്ര വന്നടുക്കുന്ന ചിത്രസേനന്റെ കൂട്ട–
മെത്ര വളരെയുണ്ടമിത്രൻമാരവരോടു
യുദ്ധം തുടങ്ങിയവരിത്ഥം പറഞ്ഞീടുന്നു
ക്രുദ്ധൻമാരായ കുരുവൃദ്ധന്റെ നന്ദനൻമാർ:

‘‘ഗന്ധർവൻമാരാകിന നിങ്ങടെ
ഗന്ധംപോലും നാസ്തിയതാമൊരു
ബന്ധം കൂടാതിങ്ങനെ നേർപ്പാ–
നെന്തൊരു കാരണമധമൻമാരേ!
അംബരചാരികളാകിന നിങ്ങടെ
ഡംബരമിന്നു ശമിക്കുമശേഷം
സംഗരമിവിടെച്ചെയ്‌വതിനുള്ളൊരു
സംഗതി വന്നതു നന്നിതുകാലം
അംഗമഹീപതി കർണ്ണൻ ഞാനതു

നിങ്ങളറിഞ്ഞീലെങ്കിലിതറിവിൻ,
അംഗങ്ങളിലുടനമ്പുകൾ കൊണ്ടിഹ
ഭംഗംവരുമളവറിയാമെല്ലാം;
നിങ്ങടെ വിരുതുകളൊന്നുമിദാനീം
ഞങ്ങടെ നേരെ ഫലിക്കയുമില്ലാ;
കുരുകുലതിലകൻ ദുര്യോധനനൃപ-
നരികുലശലഭദവാനലസാരൻ
കരബലശാലികളനുജൻമാരും
പരബലമാശു തകർക്കുമശേഷം.''

കുംഭീന്ദ്രപ്രൗഢകുംഭസ്ഥലദലനകലാ-
ചണ്ഡദോർദ്ദണ്ഡസാരാൻ

ഗംഭീരാരാവഘോരാൻ കിമു ശശനികര-
സ്സംഹരേത്സിംഹവീരാൻ
കിം ഭോ! ഗന്ധർവ്വവൃന്ദം സകലമപി സമം
സംഗതം സംഗരാന്തേ
ഡംഭോപേതം വിജേതും പ്രഭവതി വിമതോൽ-
കർത്തനാൻ ധാർത്തരാഷ്ട്രാൻ.

ശ്ലോകംകൊണ്ടു പറഞ്ഞാലറിവാൻ
ആകുലമെങ്കിൽ പൊരുളും ചൊല്ലാം
ലോകരശേഷം ബോധിക്കേണം
ലൗകികമിതു കഥനം ചെയ്യുന്നു.
ആനത്തലവൻമാരുടെ മസ്തക-
മാശു പിളർന്നു കിളർന്നൊരു രുധിരം
പാനംചെയ്തു മദിച്ചുനടക്കും
പരുഷമതാകിന സിംഹകുലത്തെ
താനേചെന്നൊരുകൂട്ടം മുയലുകൾ
താഡിച്ചാശു വധിപ്പാൻ മതിയോ:
അതുപോലെ ബഹു ഗന്ധർവൻമാ-
രതുലപരാക്രമശാലികളാകും
ധൃതരാഷ്ട്രാത്മജരോടമർ ചെയ്വാൻ
മതിയാമോ ബത ശിവ ശിവ! മോഹം!
കൂടലർകുലബലമറുതിപെടുക്കും
കൂട്ടം കുരുകുലമെന്നു ധരിപ്പിൻ
ആടലശേഷമകന്നു പടയ്ക്കതി-
പാടവമേറിന കർണ്ണാദികളൊടു
കൂടാ നിങ്ങടെ നികൃതികളൊന്നും
വാടാ ഖേചരമൂഢാ! രണഭുവി
വാടാ ഞങ്ങളിലൊരുവൻപോരും

പ്രൗഢാഹംകൃതി ഹുംകൃതിയാലതി
മൂഢൻമാരുടെ വാക്കിതിവണ്ണം
രൂഢമതല്ലിഹ പൊരുളിതു കിഞ്ചിൽ*
മിത്രനന്ദന സുയോധനവൃന്ദം
തത്ര വന്നുടനടുത്ത ദശായാം
ചിത്രസേനനഥ സേനകളോട—
ങ്ങൊത്തുകൂടിയവരോടുരചെയ്താൻ!
''നില്ലുനില്ലെട സുയോധന! കർണ്ണാ!
നിങ്ങൾ ചൊന്ന മൊഴി നിന്ദിതമെല്ലാം
വില്ലെടുത്തു വിളയാടിന ഞങ്ങൾ—
ക്കില്ല തെല്ലുമൊരു വാട്ടമിദാനീം
കൂർത്തുമൂർത്ത ശരമാരികളെല്ലാം
പേർത്തു പേർത്തുടനുതിർത്തു തുടർന്നാൽ
ചീർത്ത മൂർത്തികളിലാശു സമസ്തം
കോർത്തു കോർത്തു ശകലീകൃതമാകും;
ധാർത്തരാഷ്ട്ര! കുടിലാശയ നിന്റെ
ധൂർത്തുകൊണ്ടു ഫലമില്ലെട! മൂഢാ!
ഓർത്തകൊൾക മമ ബാഹുബലം നീ
നേർത്തുവന്നതതിസാഹസമല്ലോ
ഊർദ്ധ്വചാരിവരരോടമർചെയ്താ—
ലൂർദ്ധ്വമാമവനിചാരികളെല്ലാം
മൂർദ്ധഭാഗമതിലമ്പുകളേറ്റി—
ട്ടൂർദ്ധ്വലോകഗതി വന്നുഭവിക്കും.
കാട്ടിൽ വന്നു നിജപൗരുഷഭാവം—
കാട്ടുവാനിഹ തുടർന്നൊരു കള്ള—
ക്കൂട്ടമിങ്ങനെ തിമിർത്തതുമൂലം
കോട്ടമിന്നു വരുവാൻ വഴികൂടി
നൂറ്റുപേരുമിഹ നിങ്ങളശേഷം
കൂറ്റുകാരുമുടനൻപൊടു പോരിൽ
തോറ്റുപോം ഝടിതിയത്രയുമല്ലാ
കാറ്റുപോലെ ദൃഢമാശു പറക്കും.
അഷ്ടികഴിച്ചു തിമിർത്തു നടക്കും
യഷ്ടികളൊരുവക ദുർവിനയൻമാർ
നഷ്ടിവരാനൊരു വഴിയും നോക്കി
കഷ്ടിച്ചിങ്ങനെ പടയും കൂട്ടി
കെട്ടിച്ചുറ്റിയണിഞ്ഞു ഞെളിഞ്ഞിഹ
കൊട്ടിഘോഷിച്ചാർത്തു വിളിച്ചും,
പെട്ടികളും ചില പെട്ടകവും പല

---

* 'ഗൂഢമതല്ലിഹ പൊരുളിതു കിഞ്ചിൽ'—പാഠഭേദം.

ചട്ടമിതങ്ങനെ വട്ടംകൂട്ടി
ചെട്ടികളും ചില കുട്ടികളും കോ-
മട്ടികളും പല പട്ടൻമാരും
നാട്ടിലിരിക്കും പ്രജകളെയെല്ലാം
കൂട്ടിസ്വരുപിച്ചെന്തൊരു കാര്യം?
കാട്ടിൽ വരാനിഹ കുടിലൻമാരേ!
കാട്ടിയ വിരുതുകളൊക്കെയബദ്ധം;
കാട്ടിലിരിക്കും പാർത്ഥൻമാരെ-
ക്കാട്ടീടുവതിന്നിങ്ങനെ നിങ്ങടെ
ഗോഷ്ഠികളോർത്താൽ ചിരിയാകുന്നു
ഗോഷ്ഠി[1] വിലോകനമെന്നൊരു കപടം,
പുഷ്ടി നടിക്കും നിങ്ങളെയിപ്പോൾ
പട്ടിക്കും ബഹുമാനം നാസ്തി;
കൊട്ടിക്കൊണ്ടിഹ വരുവാനിങ്ങനെ
സൃഷ്ടിച്ചാനൊരു കുസൃതിക്കാരൻ
രാഷ്ട്രവിനാശത്തിന്നുടനേ ധൃത-
രാഷ്ട്രസുതൻമാർ നിങ്ങൾ പിറന്നു.
നാടിനു നാശം നിങ്ങടെമൂലം
നാണക്കേടിനു നല്ലൊരു മാർഗ്ഗം
പടയും നിങ്ങടെ പദവികളും പല
കുടയും കൊടിയും തഴചാമരവും
പടഹംതുടി പറ കൊമ്പും കുഴലും
പടുതരഘോഷമശേഷവുമിപ്പോൾ
ഝടിതി നശിച്ചിതു ജളരേ! നിങ്ങടെ
തടിമാത്രം ശേഷിച്ചിതു സമരേ;*
തടിയൻമാരേ! പടപൊരുതീടുക
കുടിലൻമാരേ! മൂഢൻമാരേ!
മടിയൻമാരുടെ മദവും മതവും
പട തുടരുമ്പോൾ തീരുമതറിവിൻ''
ഇത്ഥം പറഞ്ഞുകൊണ്ടു യുദ്ധം തുടങ്ങീ തത്ര
ചിത്രസേനാദികളും ധാർത്തരാഷ്ട്രാദികളും
അസ്ത്രങ്ങളനവധി ശസ്ത്രങ്ങൾ പലവിധം
ചിത്രപ്രകാരമതു മാത്രം പറവാൻ വേല,
വെട്ടും തടവും ചില മുട്ടും മുറികൾ പുന-
രൊട്ടും കുറവില്ലാത്ത കൊട്ടും കുഴൽവിളിയും;
എട്ടു ദിഗന്തങ്ങളും പൊട്ടുംപ്രകാരം പട-
വെട്ടും കുരുക്കളെമ്പത്തെട്ടും മുപ്പതും നാലു-

---

[1] ഗോഷ്ഠി=ബന്ധുജനം. ഗോഷ്ഠിവിലോകനം=ബന്ധുജനങ്ങളെ കാണൽ.

* 'ഝടിതി നശിക്കും ജളരേ! നിങ്ങടെ
തടിമാത്രം ശേഷിക്കും സമരേ'—പഴയ വായ്പാഠം.

മെട്ടും തളർന്നു വില്ലുമിട്ടുംകളഞ്ഞു നല്ല
പട്ടും വെടിഞ്ഞു പിറകോട്ടു തിരിച്ചനേരം
കൂട്ടംകലമ്പിപ്പടക്കൂട്ടം പലവഴിക്കും
ഓട്ടം തുടങ്ങിപ്പല കോട്ടങ്ങൾ കണ്ടുനില്ക്കും
ധീരൻ ചിത്രസേനൻ ഗഭീരൻ ഗന്ധർവരാജ—
വീരൻ നൂററുപേരുടെ നേരേ പാഞ്ഞടുത്താശു
‘‘രേ രേ മൂഢരേ! നിങ്ങളാരേക്കാൺമാനോടുന്നു
പോരാടുവാൻ മിടുക്കുപോരാത്ത നിങ്ങളിപ്പോൾ
ആരുചൊല്ലിത്തങ്ങടെ പൗരുഷം കാട്ടാൻ വന്നു?
നില്പിൻ തരിമ്പെങ്കിലും കെല്പില്ലാത്തവർ നിങ്ങൾ
ജല്പിപ്പാൻമാത്രം കൊള്ളാം അല്പൻമാരയ്യോ കഷ്ടം!
ചൊല്പൊങ്ങും ദേവരാജൻ കല്പിച്ചു വന്നൂ ഞങ്ങൾ
സർപ്പദ്ധ്വജന്റെ കൂട്ടമെപ്പേരുമിന്നുതന്നെ
സ്വർഗ്ഗത്തിൽ വന്നീടേണം ഭർഗ്ഗ്[1]ല്ലാ പറയുന്നു*
പട്ടും വളയുമെല്ലാം കിട്ടുമത്രയുമല്ലാ
വീരശൃംഖല നിങ്ങൾക്കോരോന്നു കൈക്കു പോടും
പാരാതെ പോന്നുകൊൾവിൻ വീരാളിപ്പട്ടും കിട്ടും.’’

ഇത്തരം മൊഴി പറഞ്ഞു സമർത്ഥൻ
ചിത്രസേനനതിവേഗമടുത്തു
തോററു ദൂരമഥ ധാവതിചെയ്യും
നൂററുപേരെയുമടുത്തുതടുത്തു,
വാറുകൊണ്ടുടനടിച്ചുപിടിച്ച—
ക്കയറുകൊണ്ടുടൽ വരിഞ്ഞഥ കെട്ടി
തേരിലെക്കൊടിമരത്തൊടുകൂടി—
ച്ചേരുമാറു പല കെട്ടു മുറുക്കി
ക്ഷിപ്രമംബരതലത്തിലുയർന്നാ—
നപ്രമേയബലനാകിന ദിവ്യൻ
ധാർത്തരാഷ്ട്രശതവും പുനരപ്പോൾ
ആർത്തരായി മുറയിട്ടുതുടങ്ങീ;
‘‘ധൂർത്തരാമരികൾ ഞങ്ങളെയെല്ലാം
തേർത്തടത്തിലുടനിട്ടു വരിഞ്ഞു
ഊർദ്ധ്വദിക്കിനിഹ കൊണ്ടുതിരിച്ചു
പാർത്തുകാൺക മമ ധർമ്മതനൂജാ!
പാർത്ഥ! ഹാ നകുല! ഹാ സഹദേവാ!
കാത്തുകൊൾക കനിവോടതിവേഗാൽ,
ഭീമസേന വരികാശു തരിമ്പും
താമസിക്കരുതു നിങ്ങളിദാനീം

---

[1] ഭർഗ്ഗ് = വ്യാജം; വഞ്ചന.
* സ്വർഗത്തിൽ വന്നീടണം ഭോഷ്കല്ലാ പറയുന്നു`— എന്നു പാഠഭേദം.

സീമയില്ല മമ സങ്കടമയ്യോ!
ധീമതാം വര! യുധിഷ്ഠിരവീര!

ഇന്ദിശരാഗം—കുണ്ടനാച്ചിതാളം

തടിച്ചൊരു ഗന്ധർവൻ മഹാകശ്മലൻ അടിച്ചു
പിടിച്ചുകെട്ടിക്കൊണ്ടു തിരിച്ചു ശിവശിവ!
ഒരുത്തൻ വരുത്തുന്നൊരനർത്ഥങ്ങളാൽ കരത്തി—
ന്നൊരു കരുത്തുമില്ലാ ഞങ്ങൾ കനക്കെ തരംകെട്ടു.
വലഞ്ഞു വശംകെട്ടു വയം കേവലം വലയ്ക്കകത്തു
പതിച്ച മൃഗങ്ങളെക്കണക്കെ ശിവശിവ!
സഖേ! ധർമ്മജ! വീര സമീരാത്മജ! സരസ പാർത്ഥ!
നകുല! സഹദേവാ! വരിക വിരവോടേ.
നിരാധാരമായുള്ള ജനങ്ങൾക്കഹോ നിങ്ങളെ—
ന്നിയേ മറെറാരു ജനമില്ല ശരണമതു ദൃഢം,
കുരുക്കൾക്കു വന്നീടും തരക്കേടഹോ കുലത്തി—
ലുള്ള ജനങ്ങൾക്കൊക്കെത്തന്നെ സമമെന്നറികെടോ.’’
ഇത്തരമുള്ളൊരു മുറവിളികൊണ്ടഥ
പത്തു ദിഗന്തരമൊക്കെ മുഴങ്ങി
സ്വരമതുകേട്ടധികദയാനിധി
സ്വഗുണാംബുധി ധർമ്മതനൂജൻ
ഗന്ധവഹാത്മജനോടരുൾചെയ്തു:
‘‘ഗന്ധർവൻമാർ വന്നിഹ നമ്മുടെ
ബന്ധുജനങ്ങളെയെല്ലാം വിരവൊടു
ബന്ധിച്ചുംകൊണ്ടങ്ങു തിരിച്ചു
ബന്ധംകൂടാതിങ്ങനെ ചെയ്‌വതി—
നന്ധതതാനൊരു കാരണമിപ്പോൾ
അന്ധൻ ജനകനുമിക്കഥ കേട്ടാൽ
അന്തസ്താപംകൊണ്ടു മരിക്കും
എന്തെങ്കിലുമുടനനുജൻമാരുടെ
സന്താപങ്ങളൊഴിക്കണമിപ്പോൾ,
അന്തരമില്ലതു ചെയ്തീലെന്നാൽ
എന്തിനു നമ്മുടെ ധർമ്മവിചാരം?
ദുര്യോധനനും ദുശ്ശാസനനും
ദൂഷണമനവധി ചെയ്തവരെങ്കിലു—
‘മയ്യോ! ഞങ്ങൾ വലഞ്ഞെ’ന്നിങ്ങനെ
കയ്യും മെയ്യും വശമല്ലാഞ്ഞവർ
നമ്മെ വിളിച്ചു കരഞ്ഞതു കേട്ടിഹ
ചുമ്മയിരിപ്പതു ചിതമോ സഹജ?
ധർമ്മം നൃപതിക്കാശ്രിതരക്ഷണ—
കർമ്മമതല്ലോ സഹജൻമാരെ!

ദുർമ്മദമിപ്പോളരുതരുതുരുതര—
ദുരിതംവരുമതിനനവധി മേലിൽ.''
അഗ്രജവചനം കേട്ടൊരുനേരമു—
ദഗ്രപരാക്രമിയാകിയ ഭീമൻ
അഗ്രേ നിന്നു പറഞ്ഞുതുടങ്ങി സ—
മഗ്രാഹംകൃതിശാലി ഗഭീരൻ:
''അടിയങ്ങൾക്കിഹ നാലുജനത്തിനു—
മരുളിച്ചെയ്തൊരു കല്പന കേൾപ്പാൻ
മടിയെന്നുള്ളതുമില്ലിഹ ധർമ്മം
പിടിപാടില്ലാത്താളുകളല്ലാ;
കള്ളച്ചൂതുകൾകൊണ്ടു ചതിച്ചൊരു
കള്ളൻമാരുടെ കപടമതോർത്താൽ
ഉള്ളംതന്നിലൊരല്പം കനിവെ—
ന്നുള്ളതു സമ്പ്രതി തോന്നുന്നീലാ;
തള്ളലുമവരുടെ തുള്ളലുമൊരുവക
ഭള്ളും പെരുകിന കള്ളവുമോർത്താൽ
കൊള്ളാമിത്തൊഴിൽ താനേ വന്നതു
കോലാഹലമെന്നെന്നുടെ പക്ഷം;
ഗന്ധർവൻമാർ സരസൻമാരവ—
രെന്തെന്നില്ലാത്താളുകളല്ലവർ
ബന്ധംകൂടാതല്ലവരിവരെ—
ബന്ധിച്ചങ്ങനെ കൊണ്ടുതിരിച്ചു.
പാലു കുടിച്ചു തടിച്ചൊരു കൂട്ടം
വാലില്ലാത്ത കുരങ്ങച്ചൻമാർ
നാലഞ്ചല്ലൊരു നൂറു ജളൻമാർ
നാടു മുടിപ്പാൻ വന്നുപിറന്നു;
ചന്തംകാട്ടി നടക്കുന്നവരുടെ
ദന്തം തല്ലിയുതിർപ്പാൻ നല്ലൊരു
ബന്ധം കാണാഞ്ഞങ്ങു വസിക്കും
ഗന്ധർവൻമാർക്കിന്നു കണക്കിൽ
ബന്ധിപ്പാനൊരു സംഗതിവന്നതു
സന്ധിക്കാതവർ വിടുകയുമില്ലവ—
രെന്തെങ്കിലുമൊന്നാരംഭിച്ചാൽ
അന്തരമില്ലതു ചെയ്തേ നില്പൂ.
വിണ്ണവർനാട്ടിലിരിക്കും വേശ്യ—
പ്പെണ്ണുങ്ങടെ നടുമുറ്റമടിപ്പാൻ
പൊണ്ണൻമാരിവർ കൊള്ളാമവരുടെ
പെണ്ണുങ്ങടെ വിടുപണിചെയ്യിക്കാം.
കാളിപ്പെണ്ണു കുളിക്കുന്നേരം

താളി പതയ്ക്കാനൊരുവൻ കൊള്ളാം
നീലിപ്പെണ്ണിനു നിദ്രാസമയേ
കാലിണ ഞെക്കാനപരൻ കൊള്ളാം
ഉർവ്വശിതന്റെ പടിക്ക[1]മെടുപ്പാൻ
ഉർവ്വിയിലുള്ളവരിവർ ചിലർ കൊള്ളാം
അരുവയർമൗലി തിലോത്തമതന്നുടെ
പുരമുറി തൂപ്പാനൊരുവൻ കൊള്ളാം
സ്വർഗ്ഗസ്ത്രീകടെ വൃഷലികൾവേലയെ—
ടുക്കേണ്ടുന്നതിനിവരെക്കൊള്ളാം
പച്ചിലയുള്ളൊരു പദവിക്കാരുടെ*
എച്ചിലെടുപ്പാനിവർചിലർ കൊള്ളാം.
ചന്ത്രക്കാരന് വെററതെറുപ്പാൻ
ചന്തക്കാര[2]രിലൊരുവൻ കൊള്ളാം
കുട്ടിപ്പട്ടൻമാരുടെ ചുമടുകൾ
കെട്ടിപ്പേറാനൊരുവക കൊള്ളാം
കല്പകവൃക്ഷം കാപ്പാനുള്ളൊരു
കല്പന കേൾപ്പാനൊരുവക കൊള്ളാം
ആമ്പടികൂടുന്നവരുടെ വീട്ടിൽ
തൂമ്പകിളപ്പാനും ചിലർ കൊള്ളാം
ഗോക്കളെ മേപ്പാനും ചിലർ കൊള്ളാം
ശ്വാക്കളെ നോക്കാനും ചിലർ കൊള്ളാം
കാക്ക വരുമ്പോൾ വക്കാണിപ്പാ—
നാക്കണമെങ്കിലുമിവരെക്കൊള്ളാം;
ഈവക വിടുപണി ചെയ്യിപ്പാനിഹ
ദേവകൾ ചൊല്ലാൽ ഗന്ധർവൻമാർ
ഇവരെക്കെട്ടി കൊണ്ടുതിരിപ്പാ—
നവകാശമിതെന്നടിയനു തോന്നി.
മററൊരു കാര്യക്ലേശം ചെയ്വാൻ
നൂററിലൊരുത്തനുമില്ലിഹ നൂനം,
മാററികളെപ്പുനരെന്തിനു നാമിഹ
മാററിക്കൊൾവാൻ പണിചെയ്യുന്നു?
കുരുടച്ചാരുടെ മക്കളെയൊക്കെ—
ത്തെരുതെരെ മമ ഗദകൊണ്ടടികൂട്ടി
പ്പരിചൊടു കൊന്നുമുടിപ്പാനായി—
പ്പലകുറിയടിയൻ ഭാവിച്ചപ്പോൾ

---

1. പടിക്കം = കോളാമ്പി

* 'പാർച്ചിലയുള്ളൊരുപദവിക്കാരുടെ'—എന്നു തുള്ളൽക്കാരുടെ പാഠം. പകർച്ചകൊടുത്തയയ്ക്കേണ്ട പദവിക്കാരെന്ന് അർത്ഥം. ഈ പാഠമാണ് സ്വീകാര്യമെന്നു തോന്നുന്നു.

2. ചന്തക്കാർ = അഴകുള്ളവർ.

അരുതരുതെന്നിഹ ജ്യേഷ്ഠൻ നമ്മൊടു
തിരുവുള്ളക്കേടായതുമൂലം
കുററംവരുമെന്നോർത്തുടനടിയൻ
മുററുമടങ്ങിപ്പാർക്കുന്നിപ്പോൾ;
മറെറാരു കൂട്ടക്കാർ വന്നേററീ—
നൂററുവരേയും കൊണ്ടുതിരിച്ചതു
മാററുന്നെന്തിനു നല്ലകണക്കിലി—
തേററമൊഴിപ്പാനെന്താവശ്യം?
താനൊന്നിനു കല്പിക്കയുമില്ലിഹ
താനേ വന്നതുമൊക്കെ മുടക്കും;
ജ്ഞാനികളാകിന നിങ്ങടെ മദ്ധ്യേ
ഞാനിങ്ങനെയൊരു മൂഢൻ തീർന്നു
ജ്യേഷ്ഠനുമനുജൻമാരുംകൂടി
കാട്ടിലിരുന്നു തപംചെയ്താലും
ശാന്തൻമാരൊടുകൂടിയിരിപ്പതു
താന്തോന്നിക്കിഹ തരമല്ലിപ്പോൾ;
തടിയൻ ഭീമൻ ഞാനിനി നിങ്ങടെ—
യിടയിലിരുന്നു തരങ്ങൾകെടാതെ
വാശ്ശൊരു ദിക്കിനു പോകേയുള്ളു
വാച്ചൊരു പരിഭവമൊഴിയണമുടനേ;
ഗദയും കൈയിലെടുത്തൊരു പൊണ്ണൻ
ഉദയേ കുളിയും പുഷ്പാഞ്ജലിയും
ഉപവാസങ്ങളുമുപരി തുടർന്നാൽ
അപവാദങ്ങൾ നമുക്കു ഭവിക്കും;
ചേട്ടനുമനുജൻമാരും ചെന്ന—
ച്ചെണ്ടക്കാരുടെ ദീനമൊഴിച്ചുട—
നവരുടെ ദിക്കിനയയ്ക്കേ വേണ്ടൂ;
ഭവനേ ചെന്നവർ കേറുംമുൻപേ
കാററിൻമകനുടനവിടെച്ചെന്നിഹ
നൂററിനെയും പൊടി ഭസ്മമതാക്കി
കാലത്തിങ്ങു വരുന്നുണ്ടവരെ
കാലപുരത്തിൽ ചെന്നാൽ കാണാം.''
കടുത്ത വാക്കുകളുരത്തു ഭീമൻ
കരത്തിലഗ്ഗദയെടുത്തു വെക്കം
നടപ്പതിന്നഥ തുടർന്നനേര—
ത്തിടയ്ക്കു നരപതി കഥിച്ചിതേവം:
''കടുപ്പമായ്‌വരുമടക്കമില്ലാ
തടുത്തു സോദര! തുടങ്ങൊലാ നീ
പൊടുക്കനെക്കഥയൊടുക്കുകെന്നതു

നടക്കയില്ലിഹ മിടുക്കനെങ്കിലു—
മൊടുക്കമെമ്പൊടു മടക്കവും ചില—
മുടക്കവും വരു, മടക്കമേ ശുഭ—
മിടയ്ക്കു സോദര! പടയ്ക്കുകാലമ—
തടുക്കുമന്നിതു നടക്കുമായതു
തടുക്കയില്ലഹമെടുക്കിലുംഗദ
മുടിക്കിലും പുനരടിക്കിലും പൊടി—
പെടുക്കിലും പുരമടക്കിലും പഥി
വടക്കുതെക്കിഹ നടക്കിലും തവ
മതം നമുക്കനുമതം വൃകോദര:
ഹിതം പറഞ്ഞതു ചിതം ഗ്രഹിക്ക നീ.
കുരുകുലമതിലിഹ ജാതൻമാരവർ
ഒരു നൂറും നാമൈവരുമല്ലോ;
ഒരുമ നമുക്കുമവർക്കും തങ്ങളിൽ
വരുവാൻ വിഷമമതെങ്കിലുമിപ്പോൾ
മാററാർ വന്നു വിരോധിക്കുമ്പോൾ
നൂററഞ്ചും പുനരൊന്നെന്നേ വരൂ.
ഊററക്കാർക്കും വരുമൊരബദ്ധം
കൂററാർ വേണമൊഴിപ്പതിനിപ്പോൾ
കൂററാരൊരുവരുമില്ലാതൊരു ദിശി
മാററാരെങ്കിലുമുപകൃതിചെയ്യാം
കാററിൻമകനേ! മടിയാതവർകളെ
മാററിക്കൊണ്ടിഹ വരിക കുമാരാ!
    പണ്ടൊരു പൂച്ചയുമെലിയുംതങ്ങളി—
ലുണ്ടായ്‌വന്നു സഖിത്വമൊരുന്നാൾ
മലയുടെ മൂട്ടിൽ കാട്ടാളൻമാർ
വലയും കെട്ടിയുറപ്പിച്ചങ്ങനെ
കലയും മാനും പുലിയും വന്നതിൽ
വലയുന്നേരം കൊലചെയ്‌വാനായ്
ഒരു ദിശി പാർത്തിതു പകൽ കഴിവോളം
ഒരു മൃഗമന്നിഹ വന്നതുമില്ലാ;
വരുമിനി രാത്രിയിൽ നാളെ വെളുത്താൽ
വിരവൊടു വന്നു വധിക്കാമെന്നവർ
കരുതിത്തങ്ങടെ ഭവനേ ചെന്നുട—
നൊരുമിച്ചവിടെയുറക്കവുമായി,
ഒരു മാർജ്ജാരം വനഭൂവി രാത്രിയി—
ലിരയും തെണ്ടി നടക്കുന്നേരം
തരസാ ചെന്നൊരു വലയിൽ ചാടി

കരവും കാലുമിളക്കാൻമേലാ;
പരവശനപ്പോൾ ങ്യാവൂ, ങ്യാവൂ,
കരവൂതുംചെയ്തവിടെ വലഞ്ഞു.
അരികേയുണ്ടൊരു പോട്ടിലിരിക്കും
പെരുതായുള്ളൊരു മൂഷികനപ്പോൾ
അരിയായുള്ളൊരു പൂച്ചത്തടിയൻ
കരയുന്നതു കേട്ടൊന്നു വിരണ്ടു,
ഉരിയാടാതെ മുഖം കാട്ടുന്നതു—
മൊരുകുറി കണ്ടാൻ പൂച്ചയുമപ്പോൾ
സരസതയോടു വിളിച്ചാനവനെ—
''പ്പരവശനായ് ഞാൻ മൂഷികവീര!
വലയിൽ ചാടി വലഞ്ഞിതു ഞാനൊരു
ഫലമില്ലാതെ മരിപ്പാറായി,
കലമാൻ പന്നികൾ വന്നുപതിച്ചാൽ
മലയൻമാർക്കതു തിൻമാൻ കൊള്ളാം
വിലപിടിയാത്തൊരു പൂച്ച ലഭിച്ചാൽ
മലയനുമായതു തിൻമാനാകാ
തലയിലെഴുത്തിൻ ബലമതുകൊണ്ടിഹ
വലയിൽ പെട്ടു വലഞ്ഞു സഖേ! ഞാൻ
എലിയും പൂച്ചയുമന്യോന്യം ബഹു
കലഹികളെന്നൊരു ചൊല്ലതുകൊള്ളാം
കലഹമെനിക്കു ഭവാനോടില്ലതു
നലമൊടു നീയിഹ ബോധിക്കേണം.
വലയുടെ ചരടു കടിച്ചു മുറിപ്പാൻ
പലപല കൗശലമങ്ങുണ്ടല്ലൊ
മലയൻ പോന്നു വരുന്നതിൽമുമ്പേ
വല കണ്ടിപ്പാൻ കനിവിയലേണം
വലയുന്നവരുടെ പാലനമല്ലോ
വലിയ ജനങ്ങടെ ധർമ്മമതറിക.
എലിയെന്നല്ല ഭവാനൊരു ദശയിൽ
പുലിയെക്കാളതി വമ്പനതാകും.''
പലവിധമിങ്ങനെ മാർജ്ജാരകനുടെ
പരവശവാക്കുകൾ കേട്ടൊരുനേരം
എലിയതു ബോധിച്ചരികേ ചെന്നഥ
വല കണ്ടിപ്പാൻ വട്ടംകൂട്ടി
ഓരോ ചരടു കടിച്ചുമുറിപ്പാ—
നോരോ നാഴിക നേരം വേണം;
തെരുതെരെയങ്ങു കടിച്ചുമുറിച്ചാൽ

തരമല്ലെന്നുണ്ടെലിയുടെ ഹൃദയേ
മെച്ചമിവന്നിതു ചെയ്യാനെന്നതു
പൂച്ചയറിഞ്ഞാലുപകാരത്തിനു
താഴ്ചവരാനുണ്ടെന്നുകനക്കെ—
ക്കാഴ്ചയവന്നുണ്ടെന്നതുമൂലം
താമസമായതുകൊണ്ടൊരു പൂച്ച—
യ്ക്കാമയമേറി ക്ലേശവുമേറി
'തെരുതെരെ വേണമതല്ലെന്നാലിഹ
വരുമതിദുഷ്ടൻ മലയപ്പാഴൻ
പുലരുന്നേരം മലയൻമാരും
പലരും കലശലുകൂട്ടുംമുൻപേ
വല കണ്ടിച്ചു വിടേണം നീ'യെ—
ന്നെലിയോടു പൂച്ച പറഞ്ഞുതുടങ്ങി;
വെട്ടമടുത്തൊരു സമയേ മൂഷിക—
നൊട്ടും താമസിയാതെ വലയും
പൊട്ടിച്ചൻപൊടു പോട്ടിലൊളിച്ചു
ധൃഷ്ടൻ പൂച്ചയുമങ്ങുനടന്നു.
ഒട്ടുദിനങ്ങൾ കഴിഞ്ഞൊരുദിവസം
കിട്ടീലെങ്ങുമൊരേടത്തശനം
അഷ്ടിക്കെന്തൊരു വകയുള്ളെന്നിഹ
കാട്ടിൽ നടന്നപ്പൂച്ചത്തടിയൻ
കൂട്ടുസഖിത്വം ഭാവിച്ചെലിയുടെ
പോട്ടിന്നരികേ ചെന്നുവിളിച്ചാൻ.
'പണ്ടുപകാരം ചെയ്തൊരു മൂഷിക—
നുണ്ടോ സുഷിരംതന്നിലിദാനീം?'
എലിയതു കേട്ടു വിലത്തിന്നുള്ളിൽ
തല കാട്ടാതെ വസിച്ചുപറഞ്ഞാൻ:

''കാര്യാർത്ഥമാവയോഃ സഖ്യം
തസ്മിന്നവസിതേ പുനഃ
മാർജ്ജാരസ്ത്വം ഹി മാർജ്ജാരോ
മൂഷികോഹഞ്ച മൂഷികഃ''

'കാര്യംകൊണ്ടിഹ നീയും ഞാനും
കനിവൊടു സഖ്യംചെയ്തിതു മുന്നം
കാര്യമതന്നു കഴിഞ്ഞു പിരിഞ്ഞു
വൈരമതിനിയും മുന്നേപ്പോലെ
പൂശകനാം നീ പൂശകനിനിമേൽ
മൂഷികനാം ഞാൻ മൂഷികനിനിമേൽ
ഇനി നാം തങ്ങളിലെത്തുന്നേരം

കനിവുമതില്ലൊരു ചേർച്ചയുമില്ലാ.'
ഇങ്ങനെയുള്ളൊരു ശ്ലോകം ചൊല്ലീ–
ട്ടങ്ങു നടന്നിതു മൂഷികനുടനേ
എന്നതുകൊണ്ടു പറഞ്ഞു വൃകോദര–
നന്നിതു മാർഗ്ഗം നയശാലികളാൽ
നിന്ദിതമല്ലിതു നന്ദിതമത്രേ[1]
ചെന്നുടനവരുടെ മോചനമുചിതം
ഇന്നിസ്സങ്കടമമ്പൊടു തീർത്താൽ
പിന്നെ നടേത്തെപ്പോലേതന്നെ
കൗന്തേയൻമാർ കൗന്തേയൻമാർ
കൗരവ്യൻമാർ കൗരവ്യൻമാർ.''
''ആര്യനിദാനീമരുളിച്ചെയ്തതു
കാര്യമിതെ''ന്നുരചെയ്തിതു നകുലൻ.
ഏഷണി പറവാൻ വിരുതുപെരുത്തവ–
നേഷ സുയോധനനനുജൻമാരും
ദൂഷണമിങ്ങനെ വരുവാനൊക്കെയു–
മേഷണിദോഷമിതെന്നറിയേണം.
    ''പുരാ കശ്ചന ഗോമായുർ
    ദുരാഗ്രഹവശംവദഃ
    പരാൻ വിനാശയൻ ഭൂയോ
    ദുരാപദമുപേയിവാൻ.''
പണ്ടൊരു കുറുനരി തിൻമാനുള്ളതു
തെണ്ടിനടന്നു മനസ്സും മുട്ടി–
ക്കണ്ടകമുള്ള വനങ്ങളിലെല്ലാം
മണ്ടിനടന്നു തളർന്നു ശരീരം
കണ്ടാനൊരുദിശി നല്ല കരിമ്പുക–
ളുണ്ടാക്കിപ്പല വേലികൾ കെട്ടി
കാത്തു കിടപ്പാൻ പുരയും കെട്ടി–
പ്പാർത്തീടുന്നൊരു നായരുമുണ്ട്.
കേളച്ചാരെന്നവനുടെ പേരും
കേട്ടു ഗ്രഹിച്ചാൻ കുറുനരിയൊരുനാൾ
കേളച്ചാരൊടു ചെന്നുപറഞ്ഞു:
''കേളച്ചാ! ഞാനുരചെയ്യുന്നതു
നാളെപ്പത്തുവെളുപ്പിനുമുമ്പേ
കോളല്ലാതൊരു ദൂഷണമുണ്ടാം;
കാട്ടിൽനടക്കുമൊരാനത്തലവൻ
കേട്ടു കരിമ്പുകളുള്ള വിശേഷം

---

1. 'നന്ദിതമല്ലിതു നിന്ദിതമത്രേ'—എന്ന് ചില പതിപ്പുകളിൽ കാണുന്നത് അപപാഠം.

രക്ഷിച്ചിവിടെ വളർത്ത കരിമ്പുകൾ
ഭക്ഷിപ്പാനായ് വരുമത്തടിയൻ
രക്ഷിക്കുന്നൊരു തന്നെക്കൂടെ
ഭക്ഷിക്കാതെയടങ്ങുകയില്ല.''
അതു കേട്ടപ്പോൾ നേരെന്നോർത്തൊരു
മുതുകേളച്ചാരൊന്നു വിരണ്ടു,
''കുറുതായുള്ളൊരു കൗശലമുണ്ടിഹ
കുറുനരി ഞാനതു ബോധിപ്പിക്കാം;
അമ്പുകൾ ചുട്ടുപഴുപ്പിച്ചെയ്താൽ
കുംഭിത്തടിയനെയിന്നു വധിക്കാം,
ചെററു വടക്കൊരു പൊക്കം പെരുകിന
പുററിന്നരികെച്ചെന്നു പതുക്കെ
പററിക്കൊണ്ടാലമ്പുകളവനുടെ
നെററിക്കിട്ടു പ്രയോഗിച്ചീടാം
പത്തുവെളുപ്പിനുമുമ്പേയവിടേ–
ക്കെത്തിക്കൊണ്ടാലതു സാധിക്കും.''
എന്നതു കേട്ടഥ കേളച്ചാരതു
നന്നെന്നോർത്തുടനവിടെപ്പാർത്താൻ
കുറുനരിചെന്നഗ്ഗജവരനോട–
ങ്ങറിയിച്ചാനതുസമയേതന്നെ.
''കരിമ്പുതിൻമാൻ കരിവരനിപ്പോൾ
തരിമ്പു മോഹമതുണ്ടെന്നാകിൽ,
തരംവരുത്താം പത്തുവെളുപ്പിനു
വരമ്പിനുള്ളിൽ ചെന്നാലവിടെ,
കരിമ്പു കാണാമായതു തുമ്പി–
ക്കരത്തിലാക്കി തിന്നു മുടിപ്പാ–
നൊരുമ്പെടേണം നീയിഹ ഞാനു–
ണ്ടകമ്പടിക്കായ് മുന്നിൽ നടപ്പാൻ;''
ഇത്തരമുരചെയ്തീടിന കുറുനരി
മത്തഗജത്തെക്കൊണ്ടുവരുമ്പോൾ
ചിത്താമോദമൊടിത്ഥം കരുതി: *
പത്തമ്പതു ദിവസത്തിനു ഭക്ഷണ–
മിത്തടിയന്റെ ശരീരം മതിയാം.
ഇത്തൊഴിൽ നല്ല കണക്കിനുകൂടീ;
കേളച്ചാരുടെ തടികൊണ്ടിന്നും
നാളേക്കും തടവില്ല ഭുജിപ്പാൻ;
എന്നു വിചാരിച്ചവനും തെളിവൊടു
ചെന്നൊരു ദിക്കിലൊളിച്ചഥ നിന്നാൻ

---

* 'ചിത്താമോദമൊടിത്ഥം കരുതി'—എന്നൊരു ശിലുകൂടെ തുള്ളൽക്കാരുടെ വായ്പാഠത്തിലുണ്ട്. അതുകൂടെ ചേരുമ്പോഴാണ് ആശയത്തിനു മിഴിവ്.

വന്നുടനാന കരിമ്പു തകർത്തഥ
തിന്നുതുടർന്നൊരു സമയേ കേളൻ
ചുട്ടുപഴുത്തൊരു ശരവും വില്ലും
വട്ടംകൂട്ടിപ്പാതിരനേരം
പുററിൻമേലൊരു കാലും വെച്ചഥ
തെറെറന്നക്കണ വിട്ടൊരുനേരം
മസ്തകഭാഗേ ബാണംകൊണ്ടൊരു
മത്തകരീന്ദ്രൻ ചത്തു മറിഞ്ഞു:
വമ്പനതാകിന കേളച്ചാരെ
പാമ്പു കടിച്ചുടനവനും ചത്തു.
പത്തിപ്പുറമേ വില്ലിൻമുനയതു
കുത്തുകയാലാപ്പാമ്പും ചത്തു.
ഒക്കെച്ചത്തതു കണ്ടു പ്രസാദി—
ച്ചക്കുറുനരിയരികെച്ചെന്നുടനേ
അക്കുലവില്ലിൻ മുനമേലുള്ളൊരു
രക്തം ചെന്നഥ നക്കുന്നേരം
പല്ലുകൾതട്ടി മുറിഞ്ഞിതു ഞാണും
വില്ലു നിവർന്നുടനവനുടെ വായിൽ
കൊണ്ടുകരേറിക്കുറുനരി ഭോഷൻ
രണ്ടു പിളർന്നുടനവനും ചത്തു.
ഏഷണിയുള്ളവനിങ്ങനെ വരുമതു
ദോഷങ്ങളിലതിദോഷം നിയതം;
ഭോഷൻമാർക്കതുകാരണമിപ്പരി—*
യേഷണയിങ്ങനെ സംഗതിവന്നു.’’
അഥ പുനരഗ്രജനരുളിച്ചെയ്തു:
‘‘കഥകൾ പറഞ്ഞഥ കാലം പോയാൽ
രഥമതിലധുനാ യന്ത്രിതരാമവ—
രതി ദൂരം ഗതരായെന്നുവരും
വിരയെപ്പോക വൃകോദരവീരാ!
ഹരിസുത! നീയുംകൂടിച്ചെല്ലുക
ഇരുവരുമൊരുമിച്ചംബരചരരെ
പരിചൊടു ചെന്നു ജയിച്ചുംകൊണ്ടഥ
കുരുസുതശതവും വീണ്ടുംകൊണ്ടിഹ
വരിക തരിമ്പുവിചാരം വേണ്ടാ.’’

---

* തുള്ളൽക്കാരുടെ വായ്പാഠം സ്വീകരിച്ചു.
ഏഷണ = യാചന. ഏഷണിക്കാരനായ കുറുക്കനെപ്പോലെ ദുര്യോധനാദികൾക്കും ഏഷണിദോഷമുള്ളതുകൊണ്ടാണ് അവർക്കിപ്പോൾ ഇപ്രകാരം നമ്മെ വിളിച്ചു യാചിക്കാൻ സംഗതിവന്നതെന്നർത്ഥം.

‘ഭോഷൻമാർക്കതുകാരണമിപ്പരി—
വേഷണമിങ്ങനെ സംഗതി വന്നു’—എന്ന് മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠം ക്ലിഷ്ടം.

ഗുരുശാസനമതു കേട്ടങ്ങിരുവരു—
മുരുതരവേഗം ചെന്നു വിളിച്ചു.

ചമ്പതാളം

''ഗഗനചരമൂഢരേ! ഗന്ധർവകീടരേ!
ഗമനമിതു വിരവിനൊടു വിഫലതരമാക്കുവൻ!
വിരുതുകളിതൊക്കവേ വിരതതരമാക്കുവൻ,
വരിക യുധി പൊരുവതിനു പെരികമദശീലരേ![1]
കുരുകുലമഹീശരോടരുതരുതു സാഹസം
കരികളൊടു പൊരുവതിനു കുറുനരികൾ പോരുമോ?
ഹരിതനയനർജ്ജുനൻ പരിശമിതദുർജ്ജനൻ
പരുഷതരശരനികരനിരകൾ ചൊരിയും വിധൗ
ഝടിതി പൊടിഭസ്മമാം കുടിലകുലമൊക്കവേ
പടപൊരുകിലുടലുടയ മുടവുമുടനേവരും
പടയിലധികാദരൻ പടുമതി വൃകോദരൻ
കഠിനതരഗദയുടയ കരുമനകൾകൊണ്ടുടൻ
അടിതുടരുമാഹവേ പൊടിയുമുടനാകവേ
അടിമുടികളഖിലമപി തിലതുലിതമായ്‌വരും.''

ഇത്ഥം പറഞ്ഞുകൊണ്ടു യുദ്ധം തുടങ്ങീ പാർത്ഥൻ
ഊർദ്ധ്വപ്രദേശങ്ങളിൽ കൂർത്തുള്ള സായകങ്ങൾ
ചേർത്തു പ്രയോഗിച്ചതു നേർത്തുപോകാതെ കൊണ്ടു
കോർത്തു ഗന്ധർവൻമാർക്കു പാർത്തുകൂടാതെയാക്കി—
ത്തീർത്തു വിജയ നിനി ധൂർത്തു ഫലിക്കയില്ലെ—
ന്നോർത്തു, ചിത്രസേനനുമാർത്തു വിളിച്ചടുത്തു;
മാരികണക്കേ വീരൻമാരിലസ്ത്രങ്ങളങ്ങു
വാരിച്ചൊരിഞ്ഞു വ്യോമചാരി ഗന്ധർവരാജൻ
പോരിലുടനെ വലവൈരിതനയനപ്പോൾ
ഭൂരിശസ്ത്രങ്ങൾകൊണ്ടു ദൂരീകരിച്ചു സർവ്വം
ദിവ്യൻ പലവിധത്തിൽ ദിവ്യാസ്ത്രം പ്രയോഗിച്ചു
സവ്യസാചിതാനതു സർവ്വം തടുത്തുനിന്നു,
വമ്പുള്ളർജ്ജുനനുടെ വമ്പു തടുപ്പാനും ത—
രിമ്പു ശക്തിയില്ലാഞ്ഞു കമ്പം തുടങ്ങീ ദിവ്യൻ
വിട്ടുപോവാനും വഴി കിട്ടുന്നതില്ലാ പട —
വെട്ടുവതിന്നു പുനരൊട്ടുമെളുതുമല്ലാ;
പെട്ടെന്നു നാമിവിടെ പെട്ടുപോമെന്നുറച്ചു
കൊട്ടും ഘോഷവും നിർത്തിയൊട്ടും താമസിക്കാതെ
തേരും പടയും നൂററുപേരും താനും ഭൂമിയിൽ

---

[1] 'പെരിക ദമശീലരെ' എന്നു ചില പതിപ്പിൽ കാണുന്ന പാഠം സന്ദർഭത്തിനു യോജിക്കുന്നില്ല.

ചേരുവാൻ വന്നിറങ്ങി ചാരുഗന്‌ധർവ്വരാജൻ–
മാരുതാത്‌മജനതുനേരം പറഞ്ഞു ''പാർത്‌ഥാ!
പോരും കലഹമിനി ചേരുകയെന്നേ വേണ്ടു.
പാരം വലഞ്ഞു നിന്റെ കൂരമ്പുകൊണ്ടിക്കൂട്ടം
വൈരം വെടിഞ്ഞിവരെ സ്വൈരം സംഭാവിക്കേണം.
ഭീമസേനന്റെ വാക്കു കേട്ടൊരു സവ്യസാചി
താമസംകൂടാതെകണ്ടായുധമങ്ങു വച്ചു;
''ഭൂമിയിലിറങ്ങുക വൈകാതെ ചിത്രസേന!
നാമിരുവരും തമ്മിലേതും കലഹമില്ല.''

ഗന്‌ധവഹാത്‌മജവിജയൻമാരൊടു
ഗന്‌ധർവാധിപനിദമരുൾചെയ്‌തു;
''ബന്‌ധുപ്രീതിബലംകൊണ്ടിവരെ
ബന്‌ധിപ്പതിനിഹ ബന്‌ധം വന്നു
ഒരുവസ്‌തു പിടിപാടില്ലാത്തൊരു *
കുരുസുതമൂഢൻമാരിവർ നൂനം
നിരുപണമില്ല ജളപ്രഭുഭാവം
പെരുതായ്‌വന്നു ശിരസ്‌സിൽ കേറി
മുററും നമ്മുടെ വിദ്യകൾ ഭദ്രം
മററുള്ളവരുടെ നിന്‌ദിതമെന്നും
ഏററം മദഭരമുള്ളതശേഷം
മാററണമെന്നിട്ടഹമിതി ചെയ്‌തു.
വീരവൃകോദര! വരിക ധനഞ്‌ജയ!
വൈരം നമ്മൊടു കരുതീടൊല്ല
വൈരജനങ്ങടെ ബന്‌ധനമോക്‌ഷം
വിരവൊടു ചെയ്‌ക വൃകോദരവീര!''
എന്നതു കേട്ടു വൃകോദരനുടനെ
സ്യന്‌ദനമേറിച്ചെന്നു പതുക്കെ
കെട്ടുകളൊക്കെയഴിപ്പാൻ രഥമതി–
ലിട്ടുപിരട്ടിയുരുട്ടിച്ചിലരുടെ
കുടുമ പിടിച്ചു വലിച്ചും ചിലരുടെ
പിടരി പിടിച്ചു തിരിച്ചും ചിലരുടെ
താടി പറിച്ചും മീശ മുറിച്ചും
മോടി കുറച്ചും തട്ടിമറിച്ചും
കെട്ടഴിയാഞ്ഞതു പൊട്ടിച്ചും പണി–
പെട്ടു രഥത്തേൽനിന്നു നിലത്തേ–
ക്കിട്ടുതുടങ്ങി മടങ്ങാതെ തല–
തൊട്ടെണ്ണി സ്വരുപിച്ചങ്ങൊരു ദിശി
ദുര്യോധനനും ദുശ്‌ശാസനനും

---

* 'ഒരുവകയും പിടിപാടില്ലാത്തൊരു'—എന്നു പാഠഭേദം.

ദുർമ്മുഖനും ദുർശ്ശേശ്വരനിവനും
ദുർമ്മർഷണനും ദുർമ്മേധാവും
ദുർദ്ധർഷണനും ദുർഭാഷണനും
ദുഷ്കർഷണനും ദുഷ്കണ്ടകനും
ദുശ്ശീലൻ ദുർബ്ബുദ്ധി ദുരീശൻ
എണ്ണം നൂറുമിതൊപ്പിപ്പാൻ ബഹു
ദണ്ണമെനിക്കിഹ കൈ തളരുന്നു;
ഉണ്ണീ! വരിക ധനഞ്ജയ! നീയിനി–
യെണ്ണിയൊരിക്കൽ സൂക്ഷിക്കേണം
അണ്ണൻ തമ്പിയുമവനുടെ തമ്പിയു–
മെണ്ണത്തിൽ പിഴകൂടാതെണ്ണുക!
കണ്ണില്ലാത്തൊരു ജനകനിനിത്തൊ–
ട്ടെണ്ണിയൊരേടത്താക്കുന്നേരം
തൊണ്ണൂററൊൻപതിലേററം കണ്ടീ–
ലെന്നുള്ളമലിവരാതെയിരിപ്പാൻ
ധൂർത്തൻമാരെയൊരോലയിലൊക്കെ–
ച്ചാർത്തി വിടാഞ്ഞാൽ ദൂഷണമുണ്ടാം.
കാണുന്നീല കണക്കപ്പിള്ളകൾ
മേനോക്യച്ചൻമാരുമതില്ലാ,
നല്ല ചിതത്തിൽ കൂടി നമുക്കെളു–
തല്ലിനിയിവരുടെ വേറുതിരിപ്പാൻ.'' *
എന്നു പറഞ്ഞു ചിരിച്ചു വൃകോദര–
നൊന്നൊഴിയാതിഹ നൂററുവരേയും
കെട്ടുമഴിച്ചഥ വിട്ടു പതുക്കെ
തൊട്ടുതലോടിക്കൊണ്ടുരചെയ്താൻ:
''ദുര്യോധന! ശൃണു വചനം നിന്നുടെ
ദുര്യോഗംകൊണ്ടിങ്ങനെ സംഗതി
വന്നുഭവിച്ചതു നന്നായ്‌വരുമിനി
നിന്നുടെ ദുർമ്മദമൊട്ടു ശമിക്കും.
ആയതു വരുവാൻ നിമിഷം നിന്നുടെ
മായമതുണ്ടോ മാററീടുന്നു? [1]
നായുടെ വാലൊരു പന്തീരാണ്ടേ–
ക്കായതമാകിന കുഴലതിലാക്കി,
പിന്നെയെടുത്തതു നോക്കുന്നേരം
മുന്നേപ്പോലെ വളഞ്ഞേ കാണൂ **
വെൺമതികുലമതിലീശ്വരനാകിന
ധർമ്മാത്മജനുടെ ചരണസമീപേ

---

* 'എളുതല്ലിനിയിവരേ വേറുതിരിപ്പാൻ'—പഴയ വായ്പാഠം.

[1] നിൻെറ മായം ഒരു നിമിഷംകൊണ്ടൊന്നും മാറാൻപോകുന്നില്ലെന്നു സാരം.

** 'മുന്നേപ്പോലെ വളഞ്ഞെയിരിപ്പൂ'—എന്നു പാഠാന്തരം.

ചെന്നുവണങ്ങിക്കരവും കൂപ്പി
മൂന്നുവലത്തും വച്ചു പതുക്കെ
പൊയ്ക്കൊണ്ടാലും ഹസ്തിനപുരമതി–
ലിക്കണ്ടനുജൻമാരൊടുകൂടെ.''
ഇങ്ങനെയുള്ള വൃകോദരവചനം
തിങ്ങിന നാണംകൊണ്ടു മുഖത്തെ
താഴ്ത്തിക്കൊണ്ടഥ കേട്ടു മനസ്സിലൊ–
രാർത്തി മുഴുത്തു സുയോധനനുടനേ
ഉത്തരമുരിയാടാതേ തന്നെ
സത്വരമനുജൻമാരൊടുകൂടി
ഹസ്തിനപുരവഴി നോക്കിനടന്നാൻ
അസ്ഥിരമതിയാമതിശയകുടിലൻ.
വിരവൊടു വീരൻ വായുതനൂജൻ
നരനൊടുകൂടെച്ചെന്നു വനാന്തേ
നരപതികുലപതിയാകിന തങ്ങടെ
ഗുരുവരനാകിന ധർമ്മാത്മജനുടെ
ചരണസമീപേ ചെന്നു വണങ്ങി–
പ്പരമാനന്ദമയാകൃതിയാകിന
മുരരിപുഭഗവാൻതന്നുടെ രൂപ–
സ്മരണംചെയ്തു വസിച്ചിതു ഭദ്രം.

ചിത്രസേനനും വൃന്ദവുമെല്ലാം
ചിത്തസമ്മതം പൂണ്ടു ഗമിച്ചു
വൃത്രവൈരിയെച്ചെന്നു വണങ്ങി
തത്ര മേവിനാനതുമതി ഭദ്രം.

ഘോഷയാത്ര ഓട്ടൻതുള്ളൽ
സമാപ്തം

ധരണിസുരോത്തമനരുളുകമൂലം
സരസകഥാകഥനത്തിനെനിക്കൊരു
പെരുവഴിമാത്രം കാണാറായി;
കിള്ളിക്കുറിശ്ശി മഹേശ്വരനും പുന–
രുള്ളിലിരുന്നരുളുന്നു സദാ മേ*;
തുള്ളലിനുള്ള രസങ്ങളറിഞ്ഞവ–
രുള്ളംതന്നിൽ രസിച്ചീടേണം;
വെള്ളിച്ചുരികയിളക്കി പ്പലപല
പുള്ളിപ്പുലി കടുവാ മഹിഷാദിക–
ളുള്ള വനങ്ങളിൽ വേട്ടയുമാടി–
പ്പള്ളിക്രീഡാതല്പരനാകിന
തകഴിയിൽ വാണരുളീടിന ഭഗവാൻ
അകളാകൃതി[1]യാം ഹരിഹരതനയൻ
സകല വരപ്രദനപ്രതിമാനൻ
സുകൃതി ഗുണങ്ങൾ വരുത്തീടേണം;
കവിമാതാവേ! ദേവി സരസ്വതി!
കവിതാഭാവേ കാത്തരുളേണം.
സജ്ജനസഭയുടെ സുഭഗത്വംകൊ–
ണ്ടിജ്ജനമൊന്നു പ്രയോഗിക്കുമ്പോൾ
ദുർജ്ജനമെങ്കിലുമതിനെക്കൊണ്ടൊരു
ദൂഷണമൊരുവൻ ചൊല്ലുകയില്ല;
നല്ല ജനങ്ങടെ സഭയിൽ ചെന്നാൽ
വല്ലതുമവിടെശ്ശോഭിതമാവും;
മുല്ലപ്പൂമ്പൊടിയേററു കിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം;
സുജനഗുണം കൊണ്ടുളവാകും ബഹു–
മാനവിശേഷം വരുമെന്നുള്ളതു
ഞാനൊരു പദ്യം ചൊല്ലാമായതു
മാനുഷരെല്ലാം കേട്ടറിയേണം

കർണ്ണാരുന്തുദമന്തരേണ രടിതം
ഗാഹസ്വ കാക! സ്വയം
മാകന്ദം മകരന്ദശാലിനമിഹ
ത്വാം മന്മഹേ കോകിലം
രമ്യാണി സ്ഥലവൈഭവേന കതിചി–
ദ്വസ്തൂനി കസ്തൂരികാം
നേപാളക്ഷിതിപാലഫാലപതിതേ
പങ്കേ ന ശങ്കേത കഃ.

---

* 'രുള്ളിലിരുന്നരുളുന്നു സദാ മമ'—എന്നു പാഠാന്തരം.

[1] അളകാകൃതി=അഖണ്ഡസ്വരൂപൻ.

''നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ വലിപ്പം പറവാൻ
പണ്ടൊരു കവിതക്കാരൻ പദ്യമ-
തുണ്ടാക്കി സ്തുതിചെയ്തതു കേൾപ്പിൻ:
''പിതൃപിണ്ഡത്തെക്കൊത്തിത്തിൻമാൻ
കൊതിയേറുന്നൊരു കാക്കേ! കേൾ നീ
കൂരിരുൾപോലെ കറുത്ത ശരീരം
ക്രൂരമിതയ്യോ! നിന്നുടെ ശബ്ദം;
പാരമസഹ്യം കേൾക്കുന്നോർക്കൊരു-
നേരവുമില്ലൊരു സൗഖ്യമിദാനീം;
കർണ്ണങ്ങൾക്കിതു കേൾക്കുന്നേരം
പുണ്ണിലൊരമ്പു തറച്ചതുപോലെ;
ഉരിയാടാതൊരു തേൻമാവിൻമേൽ
മരുവുന്നാകിൽ നിനക്കിഹ കാക്കേ!
പെരുതായിട്ടൊരു ഗുണമുണ്ടായ്‌വരു-
മരുതാത്തതു പറകല്ല സഖേ! ഞാൻ;
കുയിലും കാകനുമൊരുനിറമെന്നതു
കുറവില്ലതിനു പലർക്കും ബോധം
നാദംകൊണ്ടേ നിങ്ങളുതമ്മിൽ
ഭേദമതുള്ളൂ ബലിഭോക്താവേ!
മാവിന്നഗ്രേ ചെന്നു വസിച്ചാൽ
കാകൻ നീയൊരു കോകിലമാകും
കാണികൾ നിന്നെക്കുയിൽ കുയിലെന്നൊരു
നാണിയമങ്ങു നടത്തിക്കൊള്ളും;
ആയതു വരുമോ എന്നൊരു സംശയ-
മകതാരിൽ പുനരുണ്ടാകേണ്ട!
നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ ലലാടംതന്നിൽ
ചേറു പിരണ്ടതു കണ്ടാലതു വില-
വേറില്ലാത്തൊരു കസ്തൂരിക്കുറി
എന്നല്ലാതൊരു മനുജൻമാർക്കും
തോന്നുകയില്ല വിചാരിക്കുമ്പോൾ;
കുങ്കുമമണിയും തിരുനെററിക്കൊരു
പങ്കം പിരൾവാനെന്തവകാശം?
ശങ്കര ശിവശിവ! ചേരാതുള്ളതു
ശങ്കിച്ചവനൊരബദ്ധക്കാരൻ
ഏറെപ്പോന്ന ജനങ്ങടെ പാലനു
ചേറെന്നുള്ളതിനെന്തവകാശം?
ചെളിയെന്നുള്ളതൊരുത്തനുപോലും
കളിയായിപ്പറവാനും മേല;

ജളനെന്നാലും സ്ഥലഭേദംകൊ—
ണ്ടുളവാകും ഗുണമെന്നിതിനർത്ഥം.''

ശാസ്ത്രങ്ങൾ വ്യാകരണസൂത്രങ്ങൾ നല്ല തർക്ക—
വാദങ്ങൾ പിന്നെ ധർമ്മശാസ്ത്രങ്ങൾ പുരാണങ്ങൾ
വേദം ഗണിതം മന്ത്രവാദം ചികിത്സാഗ്രന്ഥ—
ഭേദം ശാസ്ത്രവിദ്യാവിനോദമെന്നിവകളും
ആട്ടം കളികൾ പിന്നെ ച്ചാട്ടംഞാണിൻമേലേറി,
ഓട്ടംതുള്ളലും[1]പലകൂട്ടം ഗ്രഹിച്ചവനും,
കോട്ടംകൂടാതെ കവിക്കൂട്ടം ചമച്ചുണ്ടാക്കി
വാട്ടംകൂടാതെ വിദ്വൽകൂട്ടത്തെ ബോധിപ്പിപ്പാൻ
ഒട്ടുമെളുതല്ലെന്നു ഞെട്ടും, സഭയെക്കണ്ടാൽ—
മുട്ടും മനസ്സു പാരം ചുട്ടുപഠിച്ചതെല്ലാം
വിട്ടുപോമത്രയല്ല കിട്ടും പരിഹാസങ്ങൾ;
കെട്ടും കവികൾ ചിലർ കേട്ടും പ്രയോഗിക്കുമ്പോൾ
തട്ടുമ്മേലേറുന്നേരം തട്ടുമവനു ഭംഗം,
ഇഷ്ടം ലഭിക്കയില്ലനിഷ്ടം ലഭിക്കും താനും;*
ഇത്ഥം വിചാരിക്കുമ്പോളിത്തൊഴിലെളുതല്ല
ചിത്തം ഗുരുക്കൻമാരിൽ നിത്യമുറപ്പിക്കുന്ന
സത്തുക്കൾക്കൊരു ഭാഗ്യമെത്തുമെന്നതേ വേണ്ടൂ.

ഉലകുടെ പെരുമാൾ വാഴുംകാലം
പല കുടിയില്ല ധരിത്രിയിലെങ്ങും
വിലപിടിയാത്ത ജനങ്ങളുമില്ല
ചെലവിടുവാൻ മടിയൊരുവനുമില്ല;
തലമുടി ചൊടിയും പല്ലും മുഖവും
മുലയും കണ്ടാലഴകില്ലാത്തൊരു
ചലമിഴിമാരിലൊരുത്തരുമില്ല
മലയാളം പരദേശങ്ങളിലും;
സ്ഥലമില്ലാത്ത ഗൃഹങ്ങളുമില്ല
ജലമില്ലാത്ത കുളങ്ങളുമില്ല
ഫലമില്ലാത്ത മരങ്ങളുമില്ല
ഫലമില്ലാത്ത വിവാദവുമില്ല
ഓത്തില്ലാത്ത മഹീസുരരില്ല
കൂത്തില്ലാത്ത നടൻമാരില്ല
പോത്തില്ലാത്ത കൃഷിക്കാരില്ല
ചാർത്തി[2]ല്ലാത്ത ധനവ്യയമില്ല;

---

[1] ഓട്ടൻതുള്ളലും.

* 'ഇഷ്ടം ലഭിക്കയില്ലനിഷ്ടം ഭവിക്കുംതാനും'—പഴയ വായ്പാഠം.

[2] ചാർത്ത് = പ്രമാണം. പഴയകാലത്തു കരണങ്ങൾ ചെയ്യുന്നതിനു 'ചാർത്തുക' എന്നു പറയും. 'ഭൂമി ചാർത്തിക്കൊടുത്തു.'

ഭള്ളു പറഞ്ഞു നടക്കുന്നവരും
കള്ളു കുടിച്ചു മുടിക്കുന്നവരും
പൊള്ളു പറഞ്ഞു ഫലിപ്പിപ്പവരും
ഉള്ളിലസൂയ മുഴുക്കുന്നവരും
കള്ളൻമാരും കശ്മലജാതികൾ
ഉള്ളൊരു ദിക്കുകൾ കാൺമാനില്ല;
എള്ളും നെല്ലും പൊന്നും പണവും
എങ്ങുമൊരേടത്തില്ലാതില്ല.
ഉത്തമഗുണനാമുലകുടെപെരുമാൾ
ഇത്തരമവനിസുഖത്തെ വരുത്തി
പത്തനസീമനി പരമാനന്ദം
സ്വസ്ഥതയോടെ വസിക്കുംകാലം;
ശാസ്ത്രിബ്രാഹ്മണനൊരുവൻ വന്നഥ
ശാസ്ത്രമൊരല്പം വായിച്ചൻപൊടു
ധാത്രീശ്വരനെബ്ബോധിപ്പിച്ചതു
മാത്രം ഞാനിഹ കഥനംചെയ്യാം:

ശ്രീമധുസൂദനഭക്തശിരോമണി
സോമകുലാംബുധി പൂർണ്ണശശാങ്കൻ
ഭൂമിപുരന്ദരനായ യുധിഷ്ഠിര—
ഭൂമിപനടവിയിലാദരവോടേ
ഭീമാദികളാമവരജരോടും
ഭാമിനിയാകിയ ദ്രൗപദിയോടും
മാമുനിമാരുടെ വേഷം പൂണ്ടഥ
യാമിനിതന്നിലുറക്കമിളച്ചു
''രാമ ഹരേ! വരദേ'' തി മുദാ തിരു—
നാമജപങ്ങൾ മുടങ്ങീടാതെ
ആമയഹരരുചി തീർത്ഥജലങ്ങളി—
ലാമഗ്നൻമാരായി നടന്നു;
കൈതവരഹിതൻമാരവർ സുഖമൊടു
ദ്വൈതവനത്തിലിരിക്കും കാലം
കൈതവമിയലും കുരുകുലകുമതികൾ
ചെയ്തൊരു കള്ളച്ചൂതുനിമിത്തം
ജാതമതാകിന വൈരമൊഴിപ്പാ—
നേതൊരുമാർഗ്ഗം സമുചിതമെന്നായ്
ചേതസി കിമപി വിചാരിക്കുമ്പോൾ
പ്രീതനതാകിന വേദവ്യാസൻ
പരിചൊടുവന്നുപദേശം ചെയ്തു;
പരമേശ്വരനൊടു പാശുപതാസ്ത്രം

വിശ്വാസത്തോടു വാങ്ങിക്കൊണ്ടഥ
ശത്രുജയത്തിനു വരവും വാങ്ങി
സത്വരമിങ്ങു വരേണം വിജയൻ;
വിരവൊടു പോകെന്നരുൾചെയ്തീടിന
പരവചനത്തെ കേട്ടഥ വിജയൻ*
ഗുരുവന്ദനവും ചെയ്തു കരത്തിൽ
ശരവും വില്ലുമെടുത്തുതിരിച്ചു;
ഗിരിശൻ ഭഗവാൻ വാണരുളുന്നൊരു
ഗിരിയുടെ മുകളിൽചെന്നു കരേറി;
സുരവരതടിനീസലിലേ മുഴുകി
തരസാ നിന്നു തപസ്സുതുടങ്ങി.
പഞ്ചായുധരിപുതന്നുടെ നാമം
പഞ്ചാക്ഷര[1]മതു പഠനംചെയ്തു
പഞ്ചാഗ്നികളുടെ നടുവിലനാരത-
മഞ്ചാതേകണ്ടവിടെ വസിച്ചു;
പഞ്ചാനനസമധീരനതാകിന
പാഞ്ചാലീപതി, പാണ്ഡുതനൂജൻ
പഞ്ചേന്ദ്രിയവുമടക്കി, മനസ്സിൽ
സഞ്ചാരത്തിനു വഴികൾ മുടക്കി,
ചഞ്ചലഭാവവുമഖിലമകന്നു ക-
രാഞ്ചലയുഗളം മുകുളിതമാക്കി,
കിഞ്ചനസംശയമിടകൂടാതെ
നെഞ്ചിലുറച്ചു ശിവോഹമതെന്ന്
സഞ്ചിതഭാവവിശുദ്ധജ്ഞാനവു-
മഞ്ചിതമാകിന ശിവനുടെ രൂപം
അഞ്ചും മൂന്നും മൂർത്തികളു[2]ള്ളൊരു
സഞ്ചിതഗുണനാമഖിലേശ്വരനുടെ
ചെഞ്ചിടമുടിയും നിടിലത്തടവും
സഞ്ചിതപാവകനേത്രപ്രഭയും
ചഞ്ചലഫണമണികുണ്ഡലയുഗവും
പുഞ്ചിരി തഞ്ചിന തിരുമുഖവടിവും
ഗരളസ്ഫുരിതമഹാഗളതലവും
പരിലസിതംഫണി തിരുമാറിടവും
പരശുമൃഗാഭയവരദകടുന്തുടി
ശരശൂലാഞ്ചിത കരനാളികയും
കരിചർമ്മാവൃതവികടകടീതട-
പരിലസിതോരഗമണിമേഖലയും

---

* 'വരവചനത്തെ കേട്ടഥ വിജയൻ'—തുള്ളൽക്കാരുടെ വായ്പാഠം.

[1] പഞ്ചാക്ഷരം = അഞ്ചക്ഷരങ്ങൾ അടങ്ങീട്ടുള്ള മന്ത്രം—നമശ്ശിവായ.

[2] അഞ്ചും മൂന്നും മൂർത്തികളുള്ളവൻ = അഷ്ടമൂർത്തി (ശിവൻ).

പരിമൃദു തുടകളുമടിമലരിണയും
പരിചൊടുചേതസി ചേർത്തു കിരീടി
പരമാനന്ദസമുദ്രേ മുഴുകി
പരമേശ്വരനഹമെന്നുമുറപ്പി–
ച്ചുരുതരഭക്തിമുഴുത്തു മുനീശ്വര–
ചരിതത്തേക്കാളൊന്നു കവിഞ്ഞു;[1]
ഫലമൂലാദികൾ ഭക്ഷണമില്ലാ
ജലപാനത്തിനുമാഗ്രഹമില്ലാ
നിലമതിലൊരു കാലൂന്നിക്കൊണ്ടൊരു
നിലയും നിഷ്ഠയുമെത്ര സുഘോരം!
വലരിപുസുതനുടെ ജടയുടെ നടുവിൽ
പലപല പക്ഷികൾ കൂടുകൾ കെട്ടി
കല, പുലി, പന്നികളെന്നിവ വന്നൂ
പലരും ചെന്നു വണങ്ങീടുന്നു;*
ചുററും വള്ളികൾ വന്നുടനിടയിൽ
ചുററുന്നതുമവനറിയുന്നില്ല;
പുററു ചുഴന്നു കിളർന്നതിനകമേ
മുററുന്നതുമവനറിയുന്നില്ല;[2]
ചുററും പാമ്പുകൾ വന്നു നിറഞ്ഞു
മുററും ജിഷ്ണു മറഞ്ഞുചമഞ്ഞു.

ചന്ദ്രക്കലാധരന്റെ സാന്ദ്രമാം സേവചെയ്‌വാൻ
ചന്ദ്രപ്രതിമൻ വീരൻ സാന്ദ്രപ്രസാദത്തോടെ
അന്നുള്ള ചങ്ങലകളഞ്ചും വെവ്വേറെയാക്കി
ആറിൽ കടന്നു പിന്നെ ഏഴുള്ള മാർഗ്ഗത്തൂടെ
എട്ടുള്ള പെട്ടകങ്ങളെട്ടും തുറന്നുവച്ചു
ഒമ്പതാം വാതിലപ്പോൾ ബന്ധനംചെയ്തു ധീരൻ
പത്തുള്ള ദിക്കിൽകൂടെ പേർത്തും സഞ്ചാരംചെയ്തു;
ആയിരമിതളുള്ള താമരയിതൾ പല
ഭൃംഗം പറന്നു പല ഭൃംഗികയായുള്ളൊരു**
പിംഗലയിഡതന്നിൽ പിന്നെ സുഷുമ്നതന്നിൽ
ഒക്കെക്കടന്നു പിന്നെ ദുർഘടനദികളും
ജിഹ്വാഗ്രഖണ്ഡത്തിന്റെ അഗ്രേ കടന്നു വീരൻ;
സൂര്യന്റെ ദിക്കിൽചെന്നു സൂര്യപ്രതിമൻ ധീരൻ;

---

[1] വേദവ്യാസൻ നിർദേശിച്ച കൃത്യങ്ങളെയും കവിഞ്ഞു എന്നു സാരം. വാല്മീകിയുടെ തപസ്സിനെയും കവിഞ്ഞു എന്നും അർത്ഥം പറയാം.

* 'പലവുരു ചെന്നു വണങ്ങീടുന്നു'—പഴയ വായ്പാഠം.

[2] പുററും വന്നുയരുന്ന പുററിനകത്തു മുററി (ഞെരുങ്ങി)പ്പോകുന്നതും അവൻ അറിയുന്നില്ല. 'ചുററുന്നതുമവനറിയുന്നില്ല'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠം.

**'ഭൃംഗം പറന്നു പല ഭൃംഗികളായുള്ളൊരു'—പാഠാന്തരം.

പഞ്ചാരപ്പായസങ്ങൾ കൂടിക്കലർന്നിട്ടുള്ള—
തഞ്ചാതെ സേവചെയ്തു പായസപ്രിയസഖൻ.

അത്രഭയങ്കരമായ തപസ്സിനു—
പാത്രമതാകിയ പാർത്ഥൻതന്നുടെ
വാർത്തകൾ കേട്ടഥ വാസവനുള്ളിൽ
ചീർത്തൊരു ഭീതി മുഴുത്തുതുടങ്ങി;
പാർത്ഥിവവരനിവനെന്നുടെ രാജ്യം
പാർത്തിരിയാതെ കരസ്ഥമതാക്കും
പാർത്തലമൊക്കെയടക്കി സുയോധന—
നോർത്താലിനിയതു വരുവോന്നല്ല;
സ്വർഗ്ഗമശേഷമടക്കാമെന്നൊരു
ദുർഗ്ഗർവ്വെന്നുടെ മകനു തുടങ്ങി
ഭർഗ്ഗനെ വന്നു തപസ്സു തുടങ്ങി
ദുർഗ്ഗതി നീക്കാമെന്നുമുറച്ചു;
തൻകഴൽ വന്നു വണങ്ങുന്നവരുടെ
സങ്കടമൊക്കെയൊഴിക്കണമെന്നു
ശങ്കരനൊന്നു കടാക്ഷിക്കുമ്പോൾ
കിങ്കരരായ്‌വരുമിജ്ജനമെല്ലാം;
നിർജ്ജരരാജൻ നീയല്ലിനിമേൽ
അർജ്ജുനനിഹ ഞാൻ വാളു കൊടുത്തു
അച്ഛനടങ്ങിയിരിക്കേ വേണ്ടു
വെച്ചാലും വാളെന്നു ഗിരീശൻ
കല്പിച്ചെങ്കിലെറാനെന്നല്ലാ—
തിപ്പരിഷയ്ക്കൊന്നുരിയാടാമോ?
ഇത്തൊഴിലൊക്കെ വരുത്തും നമ്മുടെ
പുത്രൻ ഫൽഗുനനെത്ര സമർത്ഥൻ;
ധനമെന്നുള്ളതു മോഹിക്കുമ്പോൾ
വിനയമൊരുത്തനുമില്ലിഹ നൂനം;
തനയൻ ജനകനെ വഞ്ചനചെയ്യും
ജനകൻ തനയനെ വധവും കൂട്ടും
അനുജൻ ജ്യേഷ്ഠനെ വെട്ടിക്കൊല്ലും
മനുജൻമാരുടെ മാർഗ്ഗമിതെല്ലാം;
കനകംമൂലം കാമിനിമൂലം
കലഹം പലവിധമുലകിൽ സുലഭം;
ഉഗ്രത പെരുകിന ധൃതരാഷ്ട്രാത്മജ—
നഗ്രജനാകിന ധർമ്മാത്മജനുടെ
നിഗ്രഹമല്ലാതുള്ളൊരു തൊഴിലുക—
ളൊക്കെയെടുത്തു തടുത്തു വലച്ചും

പലരും കാൺകെ ദ്രൗപദിതന്നുടെ
തലമുടി പിടിപെട്ടടിയുംകൂട്ടി
ഝടിതി പൊടിച്ചും പുടവയഴിച്ചും
പൊടിയിലിഴച്ചും പൂജകഴിച്ചും
ദുശ്ശാസനനെന്നവനെപ്പോലെ
കശ്മലനായിട്ടൊരുവനുമില്ല;
മര്യാദയ്ക്കു നടക്കണമെന്നു
ദുര്യോധനനൊരു ഭാവവുമില്ല;
ജ്യേഷ്ഠനിരിക്കെക്കുരുവംശത്തിൽ
ജ്യേഷ്ഠൻ ഞാനെന്നവനുടെ ഭാവം
ജ്യേഷ്ഠനെ നാട്ടിൽ കണ്ടെന്നാകിൽ
ചേട്ടകൾ തല്ലിപ്പല്ലു പൊഴിക്കും;
നാടും നഗരവുമൊക്കെ വെടിഞ്ഞിഹ
കാടും വാണു വസിച്ചു യുധിഷ്ഠിരൻ*
അവനുടെ തമ്പി ധനഞ്ജയനിപ്പോൾ
ശിവനെസ്സേവതുടങ്ങി പതുക്കെ;
ഭുവനം മൂന്നുമടക്കി വസിപ്പാ—
നവനുണ്ടാഗ്രഹമതു സാധിക്കും;
ശിവനും പിന്നെ സേവിപ്പോരെ
ശിരസികരേററാനൊരു മടിയില്ല;
കുടിലതയുള്ളൊരു ചന്ദ്രക്കലയും
മുടിയിലെടുത്തു നടക്കുന്നില്ലേ?
ഭുവനദ്രോഹം ചെയ്‌വാനായി
ശിവനെച്ചെന്നു ഭജിക്കനിമിത്തം
ഭവനംമൂന്നു ലഭിച്ച പുരൻമാർ
ഭുവനംമൂന്നും ഭസ്മമതാക്കി;
നമ്മുടെ മകനെന്നാകിലുമിങ്ങനെ
നിർമ്മര്യാദം ഭാവിച്ചാലതു
സമ്മതമല്ല നമുക്കൊരുനാളും
തൻമതഭംഗം ചെയ്തേ പോരൂ;[1]
തള്ളയ്ക്കിട്ടൊരു തല്ലു വരുമ്പോൾ
പിള്ളയെടുത്തു തടുക്കേയുള്ളൂ;
തന്നേക്കാൾ പ്രിയമല്ല ജനത്തിനു
തന്നുടലീന്നു പിറന്നതുപോലും[2]

---

* 'കാടും വാണു വലഞ്ഞു യുധിഷ്ഠിരൻ'—പഴയ വായ്പാഠം.

[1] 'തൻവ്രതഭംഗം ചെയ്തേ പോരൂ'—എന്നു പഴയ വായ്പാഠം.

[2] തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചിരിക്കുന്നു.
'തന്നേക്കാൾ പ്രിയമുള്ള ജനത്തിനു
തന്നുടലിന്നു പിറന്നതുപോലും'—എന്ന് നിലവിലുള്ള പതിപ്പുകളിലെല്ലാം കാണുന്നത് അബദ്ധപാഠം.

വല്ലാമക്കളിലില്ലാമക്കളി–
തെല്ലാവർക്കും സമ്മതമല്ലോ;
എന്നു മനസ്സിലുറച്ചുടനെ സുര–
സുന്ദരിമാരെ വിളിച്ചുവരുത്തി;
''സുരകുലതരുണിമനോഹരയാകിയ
സുരുചിരതരുണി തിലോത്തമയെങ്ങ്?
ഉർവ്വശിയെങ്ങ്? മേനകയെങ്ങ്?
സർവ്വഗുണാംബുധി രംഭയുമെങ്ങ്?
സർവ്വരുമിങ്ങു വരട്ടേ നിങ്ങടെ
സാരസ്യാദിഗുണങ്ങടെ ഭംഗികൾ
പാരാതൊരു ദിശി കാട്ടണമെങ്കിൽ
സംഗതിവരുമൊരു പുരുഷനുടെ വ്രത–
ഭംഗംചെയ്‌വാനൊരുവഴിയുണ്ടാം;
നമ്മുടെ മകനാമർജ്ജുനനിപ്പോൾ
മൻമഥഹരനെസ്സേവതുടങ്ങി;
നമ്മുടെ രാജ്യമടക്കിവസിപ്പാ–
നെൻമകനുള്ളിലൊരാശ തുടങ്ങി;
ഭക്തപ്രിയനാം ഭഗവാനും പുന–
രൊത്ത വരങ്ങൾ കൊടുക്കും നിയതം;
സത്വരമവനുടെ ചിത്തമിളക്കാ–
നിത്തിരി പണിയെന്നാകിലുമുടനേ
ചെന്നതു സാധിച്ചില്ലെന്നാൽ പുന–
രെന്നുടെ പൗരുഷമൊക്കെ നശിക്കും;

ഉല്ലാസത്തോടേ നിങ്ങളെല്ലാമവിടെച്ചെന്നു
വില്ലാളിവീരനോടു സല്ലാപം പേശിക്കൊണ്ടു
മല്ലീവിശിഖനുടെ വില്ലിനെതിരായുള്ള
ചില്ലീവിലാസംകൊണ്ടു* തല്ലി വശംകെടുപ്പിൻ;
കല്ലോലംപോലെയുള്ള നല്ലൊരു കൺമുനകൾ
മെല്ലെന്നവൻെറ നേരെ ചെല്ലുന്ന നേരമുള്ളിൽ
തെല്ലും വികാരമുണ്ടായില്ലെന്നു വരത്തില്ലാ;
മുല്ലമൊട്ടിൻെറ ഭംഗി വെല്ലും നിങ്ങടെ നല്ല
പല്ലും ചൊടിയും മിഴിത്തെല്ലും കാണുന്നനേരം
കല്ലും മയങ്ങിപ്പോമെന്നല്ലോ ജഗൽപ്രസിദ്ധം;
കില്ലു നമുക്കു ചെററും ഇല്ലിതു നിങ്ങളങ്ങു
ചെല്ലുന്ന താമസമതല്ലാതെ മററൊന്നില്ല;
നല്ലാർമണികൾ നിങ്ങളല്ലാതിന്നൊരുത്തരു–
മില്ലാ നമുക്കെന്നുള്ളതെല്ലാരും ബോധിക്കേണം;
വല്ലാതെ ശങ്കിച്ചിങ്ങു നില്ലാതെ ചെന്നടുത്തു

---

* 'ചില്ലീമുനകൾകൊണ്ടു' എന്ന് പഴയ വായ്പാഠം.

നല്ല കടാക്ഷംകൊണ്ടു കൊല്ലാക്കൊലചെയ്യേണം;
നല്ല പാട്ടുകൾ കൂത്തുമെല്ലാം പ്രയോഗിക്കുമ്പോൾ
നല്ല രസികൻ പാർത്ഥൻ മെല്ലവേ കൺമിഴിച്ചു
കല്യാണിമാരെക്കണ്ടാലില്ലാതെയാകും ധൈര്യം
ചൊല്ലാമന്നേരം കാര്യമെല്ലാം നമുക്കു വന്നു.''
ഏവമരുൾചെയ്തോരു ദേവാധിരാജനുടെ
ഭാവമറിഞ്ഞുടനെ ദേവസ്ത്രീകൾ പറഞ്ഞു:
''നിന്തിരുവടിയുടെ ചിന്തിതം സാധിപ്പിപ്പാൻ
ദന്തിഗാമിനിമാർക്കങ്ങെന്തു സന്ദേഹം നിന്റെ—
യന്തികേ സർവ്വകാര്യം സാധിച്ചുപോരും ഞങ്ങൾ;
ചെന്തീയിൽചെന്നു ചാടി നീന്തീടാൻ കല്പിച്ചെന്നാൽ
അന്തരംഗത്തിലേതും അന്തരമില്ലിതിനു;
കുന്തീസുതന്റെ ചിത്തഭ്രാന്തി വരുത്താനൊരു
പന്തികൾ[1] നിരൂപിച്ചാൽ സാധിക്കുന്നതുമല്ല;
എന്നുവരികിലുമതിന്നു മടികൂടാതെ
ചെന്നു സാധിച്ചുപോരാമെന്നു ധരിച്ചീടേണം;
കിന്നരൻമാരും കൂടെ പിന്നാലെ പോന്നീടേണം
പിന്നെ ഗന്ധർവൻമാരും മുന്നിൽ നടന്നീടേണം;
എന്നാലടിയങ്ങൾക്കു നന്നായ്‌വരുവാൻ വരം
തന്നാലും! തമ്പുരാനേ'' ''വന്നാലു''മെന്നു ചൊല്ലി
ഒന്നിച്ചു നാരീവൃന്ദം വന്ദിച്ചു വഴിപോലെ
നന്ദിച്ചു പുറപ്പെട്ടു മന്ദിച്ചീടാതെ തന്നെ.

സുരതരുണികളങ്ങു നടന്നു,
സുരഗിരികടകങ്ങൾ കടന്നു,[2]
പരിമൃദുവചനങ്ങൾ തുടർന്നു,
പരിചൊടു മനമൊന്നു വിടർന്നു.

കുംഭതാളം

വരവാണിജനങ്ങടെ തലമുടി പടുതര—
മഴികയും—മലർ പൊഴികയും,

മണമൻപൊടു വിലസുകയും,
ഹരിസുതനുടെ മുന്നിലടുത്തു,
കരതലമതിൽ വീണയെടുത്തു,
സരസിജശരനൊന്നു കയർത്തു,
പരിചൊടു മലരമ്പു തൊടുത്തു.

---

1. പന്തികൾ = ക്രമപ്പെടുത്തിയ പദ്ധതികൾ.
2. 'സുരഗിരിതടാകങ്ങൾ കടന്നു'—എന്നു ചില പതിപ്പുകളിൽ കാണുന്നതു തെററാണ്. കടകം = പർവ്വതത്തിന്റെ മധ്യപ്രദേശം.

കുംഭതാളം

വിധമൊന്നു പകർന്നു വിളങ്ങിനകാലം
പുലി കരടികളും—കുറുനരികളും
മറിമാനുകൾ പന്നികളും;

മദമിളകി നടന്നുതുടങ്ങി.
മലയുടെ തടമൊന്നു നടുങ്ങി,
മലയരുമുടനങ്ങു നടുങ്ങി,[1]
പല വഴികളുമങ്ങു മുടങ്ങി,

കുംഭതാളം

സുരസുന്ദരിമാരഥ, മലഹരിബലഹരി
പാടുകയും—ചിലരാടുകയും*
ഒളിമുഖവീണകളോതുകയും;

ഒളിമിഴിയുടെ ഭംഗി വരുത്തി,
തെളിവൊടു ചിലർ ചൂതു നിരത്തി,
കളിപുതുമ തുടങ്ങിയൊരുത്തി,
കളമൊഴികളെ മുന്നിലിരുത്തി,

കുംഭതാളം

കനിവോടു തുടർന്നിതു പടുതരമൊരുവക
താളവും—ചില മേളവും
ചില കൊട്ടുകൾ പാട്ടുകളും;

ഒരു കാമിനി വെററില തെറുത്തു,
ഒരു സുന്ദരി പുഷ്പമിറുത്തു,
ഒരുവൾക്കതു കണ്ടു വെറുത്തു
ഒരുവൾക്കഥ മുഞ്ഞി കറുത്തു,
പല ഭാവമതിങ്ങനെ

ലക്ഷ്മീതാളം

കാട്ടുന്നു—കനിയുന്നു
കാടും പടലും—കടന്നു വലയുന്നു;[2]

---

[1] 'മലയരും പുനരൊക്കെ നടുങ്ങി'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠത്തിനു വൃത്തഭംഗമുണ്ട്.

* 'പാടിയും—ചിലരാടിയും
മുഖവീണകളോതുകയും'—എന്ന് തുള്ളൽക്കാർക്ക് ഒരു വായ്പാഠമുണ്ട്.

[2] 'കാടും പടലും കടന്നു വലയുന്നു—എന്നു തുള്ളൽക്കാരുടെ വായ്പാഠം സ്വീകരിച്ചെങ്കിലേ പാദപൂർത്തിയും താളപൂർത്തിയും വരുന്നുള്ളൂ. മുദ്രിതപുസ്തകങ്ങളിലൊന്നും ''കടന്നുവലയുന്നു'' എന്ന ശീല് ഇല്ല.

സുരതരുണികളൊന്നു തളർന്നും,
നരവീരനെ മാടിവിളിച്ചും,
സരസം പുനരൊന്നു കളിച്ചും,
വിരവോടൊരു ദിക്കിലൊളിച്ചും,
ചിലരൻപൊടു നെററി ചുളിച്ചും,
കലഹിച്ചു പറഞ്ഞിതു:

ലക്ഷ്മിതാളം

‘‘കൊട്ടിന്നും—പാട്ടിന്നും
ഒട്ടും വിജയാ! നിനക്കു രസമില്ലേ?

അതിമോഹനമെന്നുടെ യാനം,
അതിശോഭനമെന്നുടെ ഗാനം,
ചിതമല്ലിതു നിന്നുടെ ധ്യാനം,
അതിലൊക്കെ നിനക്കഭിമാനം,
ഇതിനെന്തൊരു സംഗതി

ലക്ഷ്മിതാളം

കണ്ടാലും—കളിയല്ലേ
തണ്ടാർമിഴിമാരശേഷമിഹ വന്നു;

തവ കണ്ണുകളാശു തുറക്കു!
നവ ലീല മനസ്സിലുറയ്ക്കു!
ശിവസേവയിലാശ കുറയ്ക്കു!
അവമാനമിതൊക്കെ നിനയ്ക്കു!
നരവീര! ധനഞ്ജയ!

ലക്ഷ്മിതാളം

വന്നാലും—വിരവോടേ
വാമാക്ഷിമാരെ വിരഞ്ഞു വിഹരിക്കാം.

പല്ലവാധരിമാരേക്കണ്ടാൽ*
നല്ല വാക്കു പറഞ്ഞീടേണം
മുല്ലസായകതുല്യനാകിയ
നല്ല സുന്ദരനല്ലയോ നീ

കുന്തീനന്ദനനായ ഭവാൻ
എന്തിനിങ്ങനെ ദുഃഖിക്കുന്നു?

---

* മട്ടു മാറുന്നു.. ‘പല്ലവാധരിമാരേക്കണ്ടാൽ’—എന്ന പഴയ വായ്പാഠം കൂടുതൽ സ്വീകാര്യം.
‘വല്ലഭാ! നാരിമാരേക്കണ്ടാൽ’—എന്നാണ് എല്ലാ പതിപ്പുകളിലും കാണുന്ന പാഠം.

പന്തണിക്കുളുർകൊങ്കമാരുടെ
ചന്തമമ്പൊടു കണ്ടാലും നീ

കണ്ണുകളായിരമുള്ളവനും
കണ്ണനും പ്രിയനായ ഭവാൻ
കണ്ണടച്ചതു വിണ്ണിലുള്ളൊരു
പെണ്ണുങ്ങൾക്കതിദണ്ഡമയ്യോ!

ഖാണ്ഡവത്തെക്കരിച്ചവനേ!
ഗാണ്ഡിവത്തെ ധരിച്ചവനേ
പാണ്ഡവാ! കളവാണിമാരുടെ
താണ്ഡവങ്ങളെ കണ്ടുകൊൾക.*
വാശി ഒന്നും തുടങ്ങീടാതെ
വേശ്യമാരെ പരിഗ്രഹിക്ക
ഈശസേവയിലാശ വേണ്ട സു-
രേശനന്ദന! ക്ലേശമയ്യോ!''

ഇങ്ങനെ പലവിധമുരചെയ്തും പുന-
രംഗജശരതതിയേററു വലഞ്ഞും,
അംഗനമാരവർ ചെയ്തൊരു യത്നം
ഭംഗമതായി മനസ്സും മുട്ടി;
അതിഘനഭാവസമാധിയുറപ്പി**-
ച്ചവിടെ സ്ഥിതനാമർജ്ജുനവീരൻ
ഇക്കഥയൊന്നുമറിഞ്ഞതുമില്ലവ-
നുൾക്കടധൈര്യപയോധിഗഭീരൻ;
അർജ്ജുനമാനസബന്ധമൊഴിപ്പാ-
നിജ്ജനമോർത്താലെളുതല്ലെന്നിഹ
നിർജ്ജരനാരികളെല്ലാം തരസാ
ലജ്ജിതമാരായങ്ങു നടന്നു.
ഹസ്തിനപുരമതിലതുകാലം പല-
രൊത്തുവിചാരവുമങ്ങു തുടങ്ങി;
കാട്ടിലിരിക്കും ധർമ്മാത്മജനുടെ

---

* 'താണ്ഡവങ്ങളെ കണ്ടുകൊൾക'—എന്ന ശീലു കഴിഞ്ഞാൽ'

'തള്ളലേറിയ ഞങ്ങളുടെ
തുള്ളലിത്തിരി കാണുന്നേരം
ഉള്ളിലുള്ളൊരു ഭള്ളു പോമതി-
നുള്ള കൗശലം ഞങ്ങൾക്കുണ്ട്''—എന്നിങ്ങനെ ഒരു ഖണ്ഡം കൂടെ തുള്ളൽക്കാരുടെ പഴയ വായ്പാഠത്തിലുണ്ട്.

** 'അതിഘനഭാവസമാധി'—ഒരു പഴയ പതിപ്പിലും തുള്ളൽക്കാരുടെ വായ്പാഠത്തിലും കാണുന്ന പാഠം.

അഥ 'ഘനഭാവസമാധി'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠം ക്ലിഷ്ടം.

പാട്ടിലിരിക്കും ബ്രാഹ്മണർ ചൊല്ലി—
ക്കേട്ടു വിശേഷം ദുര്യോധനനും
കൂട്ടക്കാരും കുരുസഭ തന്നിൽ
മന്ത്രികളും യജമാനൻമാരും
യന്ത്രികളാകിന കർണ്ണൻ ശകുനി
‘‘അന്തണവരരേ കാട്ടിലിരിക്കും
കുന്തീസുതരുടെ വാർത്തകൾ പറവിൻ’’;
‘‘നാട്ടിലവർക്കു പുരസ്ഥിതിയേക്കാൾ
കാട്ടിൽ പെരുകിന പരമാനന്ദം;’’
‘‘കാററിൻമകനുടെ കായമതിപ്പോൾ
കാററും മഴകളുമേററു വലഞ്ഞു
കൊററിനു വകയില്ലാഞ്ഞിട്ടവനൊരു
കൊററിപ്പക്ഷികണക്കെ മെലിഞ്ഞു;’’
‘‘കൊററിനു വകയില്ലെന്നോ? ശിവശിവ!
മാററികൾ നിങ്ങൾക്കെന്തറിയാവൂ?
ഊററക്കാർക്കൊരിടത്തും ചെന്നാൽ
ഊനം വരുമാറില്ലെന്നറിവിൻ.’’
‘‘ഫലമൂലാദികൾ വളരെത്തിന്നാം
മലയിലതല്ലാതെന്തോന്നുള്ളു?’’
‘‘ഫലമില്ലാത്ത വിവാദംകൊണ്ടിഹ
കലഹിക്കുന്നതുമെന്തിനു വെറുതെ?
കറി നാലും കൂടാതൊരു ഭക്ഷണ—
മറിയുന്നില്ല വനങ്ങളിലെങ്ങും;’’
‘‘കറി വെപ്പാനെന്തുള്ളതു കാട്ടിൽ?
വിറകിനു മാത്രം മുട്ടില്ലവിടെ
അരിയും മോരും പാത്രവുമീവക—
യൊരു വസ്തുക്കളുമവിടെക്കിട്ടാ;
കൂറു പറഞ്ഞാൽ ബോധം വരുമോ
ചോറുണ്ണുന്നവരുണ്ടോ കാട്ടിൽ?’’*
‘‘ചോറു തരും യജമാനൻമാരിൽ
കൂറുണ്ടായതു കുററമതാണോ?
കാര്യം പറയാമറിയണമെങ്കിൽ
സൂര്യനവർക്കൊരു പാത്രം നല്കി;
എന്തൊരു വസ്തു നിരൂപിച്ചെന്നാൽ
അന്തരമില്ലതിലുണ്ടാമപ്പോൾ;
അരിയും വേണ്ടാ വിറകും വേണ്ടാ
കറിവെപ്പാനായൊന്നും വേണ്ടാ
ഉപ്പും വേണ്ടാ മുളകും വേണ്ടാ

---

* ‘ചോറുണ്ണുന്നവരുണ്ടോ വിപിനേ’—എന്നു പഴയ വായ്പാഠഭേദം.

വെപ്പാനുള്ളവരാരും വേണ്ടാ
നിരുപിക്കുമ്പോൾ ചോറും കറിയും
പരിചൊടു പാത്രംതന്നിൽ കാണാം
ഇലയും മോരും പഴവും തൈരും*
ചെലവഴിയാതവിടത്തിൽ കാണാം.[1]

തോരൻപരിപ്പുചാറും ചീരക്കറിയുമിഞ്ചി—
ത്തൈരും പച്ചടിയതിൽ ചേരും വേപ്പിലക്കട്ടി
നാരങ്ങാ മാങ്ങാ ചിലനേരം ശാപ്പാടിങ്ങനെ
ഓരോ ദിവസമോരോ ഘോഷം വിശേഷിച്ചുണ്ടാം
'കണ്ണൻപഴവും പൊന്നിൻകിണ്ണം നിറച്ചു പാലും
വെണ്ണയും നല്ല ചോറും ഉണ്ണാതെ പോകുന്നെന്തേ?
പൊണ്ണാ വന്നാലു'മെന്നീവണ്ണം വിളിക്കും ഭീമൻ
തിണ്ണം വഴിമേൽ വന്നു കണ്ണിൽ കണ്ടോരെയെല്ലാം;
ചക്രപ്രഥമനോടു വക്കാണിക്കുന്നവരെ
തക്കത്തിൽ വിളിച്ചില വയ്ക്കുന്നു ഭീമസേനൻ;
ഒക്കെപ്പറവതിനു വാക്കിന്നു ഭംഗിപോരാ
പാക്കിനും വെററിലയ്ക്കും തൂക്കുപുകയിലയ്ക്കും
ആർക്കും മുഷിച്ചിലില്ല പാർക്കും പരിഷകൾക്കു
ഭോഷ്കല്ലവിടെയുള്ള സൗഖ്യത്തിനെതിരില്ല;[2]

സമ്പത്തിങ്കലുമാപത്തിങ്കലു—
മെമ്പത്തെട്ടു സഹസ്രം ബ്രാഹ്മണ—
രെപ്പൊഴുമവരൊടുകൂടി നടക്കുമ—
തില്പരമെന്തൊരു ഭാഗ്യം വേണ്ടൂ;
ഇപ്പോഴർജ്ജുനനവിടത്തില്ല
അല്പം നീരസമതുകൊണ്ടുണ്ട്.''
''എങ്ങു ഗമിച്ചു ഫൽഗുനനിപ്പോൾ?''
''നിങ്ങളതാരും ബോധിച്ചില്ലേ?''
പാരാശര്യൻ വന്നരുൾചെയ്തു
പാരാതെകണ്ടർജ്ജുനനിപ്പോൾ
മാരാന്തകനുടെ ചരണാംഭോരുഹ—
മാരാധിച്ചു തപം ചെയ്തുടനെ
പശുപതിതന്നൊടു പാശുപതാഖ്യം
ശരവും വാങ്ങി[3] ശത്രുജയത്തിനു
വരവും വാങ്ങി വരേണം വിജയൻ
അല്ലാതേകണ്ടരികളെയെല്ലാം

---

* 'ഇലയും പഴവും തൈരുമിതെല്ലാം'—വായ്പാഠം.

[1] 'ചെലവഴിയാതങ്ങവിടെക്കാണാം.'—പാഠാന്തരം.

[2] 'സൗഖ്യത്തിനതിരില്ല'—പാഠാന്തരം.

[3] 'പാശുപതാസ്ത്രം ശരവുംവാങ്ങി'—എന്നു കാണുന്ന പാഠം തെററ്.

കൊൽവാനെളുതല്ലെന്നരുൾചെയ്തു;
തെല്ലും മടികൂടാതേ പർത്ഥൻ
വില്ലും ശരവുമെടുത്തു തിരിച്ചു
കൈലാസാചലമൂലേ ചെന്നഥ
കാലാന്തകനെസ്സേവതുടങ്ങി:
ശരവും വാങ്ങിക്കൊണ്ടു ധനഞ്ജയ—
നൊരുമാസത്തിനകത്തു വരുമ്പോൾ
കുരുവംശത്തെ മുടിപ്പാനുള്ളൊരു
പെരുവഴിയാമൊരു സംശയമില്ലാ.''
അന്തണരുടെ മൊഴി കേട്ടു സുയോധന—
നന്തസ്താപം വളരെ മുഴുത്തു;
''കൗന്തേയന്റെ തപസ്സു മുടക്കാ—
നെന്തൊരു കുസൃതി വിചാരിക്കേണ്ടു?
അമ്മാവന്റെ പ്രയത്നമിതെന്ന്യേ
നമ്മാലൊരു കഴിവില്ലെന്നറിവിൻ;
ധർമ്മാത്മജനും സഹജന്മാർക്കും
ഉമ്മാനും വകയുണ്ടെന്നല്ലവർ
സമ്മാനങ്ങളുമാശു തുടങ്ങി*
സമ്മോദാൽ മരുവുന്നിതുപോലും!
നിർമ്മാനുഷവിപിനത്തിലിരുന്നവർ
ധർമ്മംചെയ്തു തുടർന്നതു കൊള്ളാം!
അതിനേക്കാളൊരു ദുർഘടമിപ്പോൾ
അതിയായിട്ടു നമുക്കു ലഭിക്കും;**
ഹരനെച്ചെന്നു തപസ്സുംചെയ്തൊരു
ശരവും വാങ്ങി വരുമ്പോൾ വിജയൻ
കുരുവംശത്തെ മുടിപ്പാനുള്ളൊരു
പെരുവഴിയാമൊരു സംശയമില്ല.''
വിരുതൻ ശകുനി പറഞ്ഞാനപ്പോൾ:
''മരുമകനേ! നീ ഖേദിക്കേണ്ടാ
നമ്മുടെ കൂട്ടിൽ പ്രാണനിരിക്കെ
ധർമ്മജനിവിടെ വരത്തില്ലുണ്ണീ!
മർമ്മം നോക്കിക്കൊണ്ടു ചതിപ്പാൻ
നമ്മെപ്പോലൊരു മാനുഷനില്ല;
മറുതല തല പൊക്കാതെയിരിപ്പാൻ
മരുമകനേ! ചില വിദ്യയെടുക്കാം;
അറുതി കൊടുപ്പാൻ കൂടീല്ലെങ്കിൽ
പൊറുതി കെടുപ്പാൻ ഞാൻ മതിയാകും;

---

* 'ഉമ്മാൻ വകയുണ്ടെന്നല്ലവർ ബഹു
സമ്മാനങ്ങളുമാശു തുടങ്ങി'—പഴയ വായ്പാഠം.

** 'അതിയായിട്ടു നമുക്കുഭവിക്കും'—വായ്പാഠം.

ഏതും ഭയമില്ലെന്നുടെ കൈയിൽ
ചൂതും പടവുമിരിക്കുന്നുണ്ട്;
വാതു പറഞ്ഞു പിടിച്ചു പറിപ്പാൻ
മാതുലനൊരു വിരുതുണ്ടു വിശേഷാൽ;''

കർണ്ണനുമതുകേട്ടൊന്നു പറഞ്ഞു:
''കർണ്ണസുഖം പറകല്ല നരേന്ദ്രാ!
പൊണ്ണൻ മാരുതി പോരിൽ മടങ്ങും
അണ്ണൻ ധർമ്മജനങ്ങനെതന്നെ;
ഉണ്ണികൾ നകുലൻ സഹദേവനുമിഹ
പെണ്ണിനു തുല്യമിതൊക്കെയമർത്താം;
പാശുപതാസ്ത്രം വാങ്ങി ഫൽഗുന—
നാശുവരുമ്പോളിത്തിരി വിഷമം;
ക്ലേശത്തിനു പുനരർജ്ജുനനോടൊരു
വീശത്തിനു ഞാൻ കുറകയുമില്ല;
ഈശപ്രീതി ലഭിച്ചു വരുമ്പോൾ
ആശു തടുപ്പാനാരും പോരാ.
കീശദ്ധ്വജനുടെ ചിത്തമിളക്കാൻ
കൗശലമെന്തതു ചിന്തിച്ചാലും;
കിങ്കരഭടരെ*യയച്ചുടനവനുടെ
ശങ്കരസേവ മുടക്കാമെങ്കിൽ
സങ്കടമൊന്നു ലഭിക്കയുമില്ലിഹ △
ശങ്കവെടിഞ്ഞു നിയോഗിച്ചാലും.''
ആയതു കേട്ടു പറഞ്ഞു സുയോധന,—
''നായതിനൊന്നു പ്രയത്നം ചെയ്‌വാൻ
നായൻമാരെക്കൊണ്ടൊരു ഫലമി—
ല്ലായുധമുള്ളവർതന്നെ ചുരുക്കം;
കള്ളുകുടിപ്പാനല്ലാതൊന്നിനു
കൊള്ളരുതാത്ത ജളൻമാരേറും;
തടിയൻമാരിവർ വീട്ടിലശേഷം
മുടിയൻമാർ ചിലരൊടിയൻമാരും
കുടിയൻമാരിവരെന്തിനു കൊള്ളാം;

കറുപ്പുതിന്നുന്നവൻ വരുമ്പോൾ
വെറുപ്പു പാരം നമുക്കു തോന്നും;
കുറുപ്പു[1]താനെങ്കിലും കണക്കെ

---

* 'കിങ്കരവരരെ'—എന്നു വായ്പാഠഭേദം.
△ 'സങ്കടമൊന്നു ഭവിക്കയുമില്ലിഹ'—വായ്പാഠം.
[1] കുറുപ്പ്—സ്ഥാനമാനിയായ നായർ.
'കറുപ്പുതാനെങ്കിലും കണക്കെ'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അബദ്ധം.

'പുറത്തു നില്ലെ'ന്നിറക്കി നിർത്തും;
മറുത്തുവന്നാലവന്റെ കണ്ഠം
അറുത്തുകൊൾവാൻ മടിക്കയില്ല;
ചെറുപ്പകാലത്തു ഞാൻ വരുത്തി-
പ്പൊറുപ്പതിന്നും കൊടുത്തു പെട്ടികൾ
തുറപ്പതിന്നും നമുക്കു വെററില
തെറുപ്പതിന്നും തെളിഞ്ഞുനില്ക്കും*
ചെറുക്കനും കൾ കുടിച്ചു വന്നാൽ
കുറുക്കനെപ്പോലടിച്ചുദൂരെ-
പ്പറക്കുമാറാകും പ്രകാരം
മറക്കുവോളം പുറത്തുനാട്ടിൽ
കറുത്തു കീറിപ്പറിച്ച മുണ്ടും
തെറുത്തു കെട്ടി തരംകെടേണം; △
തരത്തിലെന്റെ പുരത്തിലിപ്പോൾ
കരുത്തരായിട്ടൊരുത്തരില്ല
സമർത്ഥരെന്നു നടിച്ചു പാരം
തിമിർത്തുനില്ക്കും ജനങ്ങളേക്കൊ-
ണ്ടനർത്ഥമല്ലാതൊരിക്കലില്ല
കിമർത്ഥമേവം പറഞ്ഞിടുന്നു; ○
പെരുത്ത കാര്യം വരുത്തുവാനി-
ന്നൊരുത്തനേ ഞാനുരത്തുവിട്ടാൽ
അരപ്പണംപോലെനിക്കു കിട്ടാ,
നിരപ്പിലെല്ലാം കരസ്ഥമാക്കും;
കടുത്തൊരിക്കൽ പിടിച്ചുകെട്ടി
കടുത്ത വെയിലിൽ കിടത്തുമപ്പോൾ
അടുത്ത തമ്പിക്കടുത്തവൻ വ-
ന്നടുത്തുടൻ വേർപെടുത്തുകൊള്ളും;
കുററമൊരേടത്തുണ്ടാകുമ്പോൾ
മററവരെസ്സേവിച്ചു പൊറുക്കാം;
ജ്യേഷ്ഠനു തിരുവുള്ളക്കേടെന്നതു
കേട്ടാലനുജൻ രണ്ടോ നാലോ
കാട്ടുന്നേരത്തായാളവനുടെ
പാട്ടിലതായ്‌വരുമെന്നേ വേണ്ടൂ.
കൂട്ടത്തിൽ പലരുണ്ടാകുന്നതു

---

* 'തെറുപ്പതിന്നും കനിഞ്ഞു നില്ക്കും'—എന്നു തുള്ളൽക്കാരുടെ വായ്‌പാഠം.

△ 'മരിക്കുവോളം പുറത്തു നാട്ടിൽ
കറുത്തു കീറിപ്പറിഞ്ഞ മുണ്ടും
തെറുത്തുകെട്ടി തിറംകെടേണം—പഴയ വായ്‌പാഠം.

○ 'കിമർത്ഥമേവം പറഞ്ഞിടുന്നു'—എന്നുകൂടി പഴയ വായ്‌പാഠം.
അതുകൂടെ ചേരുമ്പോൾ ഈരടി പൂർത്തിയാകുന്നു.

കോട്ടം നമ്മുടെ കൂട്ടക്കാർക്ക്,
നാട്ടിലിരിക്കും പരിഷകളേഷണി
കൂട്ടിത്തമ്മിൽ കലഹിപ്പിക്കും;
ചോറുകൊടുക്കും യജമാനനെയൊരു
കൂറില്ലാർക്കും നമ്മുടെ നാട്ടിൽ
ഏറുകൊടുപ്പാൻ തോന്നുമെനിക്കീ—
പ്പോറകൾകാട്ടും തൊഴിലുകൾ കണ്ടാൽ;
ഈറവരുമ്പോളിന്നതു ചെയ്യരു—
തെന്നു നമുക്കില്ലെന്നുടെ കർണ്ണാ!
എന്തിനു പലരെശ്ശണ്ഠയിടുന്നു*
കുന്തീസുതനുടെ സേവ മുടക്കാ—
നെന്തൊരുപായമിതെന്നല്ലാതൊരു
ചിന്ത നമുക്കിഹ ചിതമല്ലിപ്പോൾ''
''മൂകാസുരനെച്ചൊല്ലിയയച്ചാ—
ലാകാത്തൊരു വഴിയില്ലിഹ ജ്യേഷ്ഠാ!
ഇശ്ശാസന സാധിക്കുമവൻ'' ഇതി
ദുശ്ശാസനനും വന്നുരചെയ്തു.
''എങ്കിൽ ചെന്നു വിളിച്ചുവരുത്തിൻ;'
മൂകൻ വന്നു വണങ്ങിചൊന്നാൻ;
''മൂകൻ ഞാനിഹ കല്പന കേട്ടാൽ
ആകെച്ചെന്നു ജയിച്ചുവരുന്നേൻ;
നാകം മേദിനി പാതാളവുമിഹ
ലോകം മൂന്നിലുമുള്ള ജനത്തിനു
പാകം വരുവാനുള്ള വിധങ്ങളി—
ലേകംപോലും ഗ്രഹിയാതില്ല.''[1]
''ശകുനി പറഞ്ഞതു കൊള്ളാ മൂകാ!''[2]
ശകുനം കൊള്ളാമെന്നു നിനച്ചു
പുലരെക്കട്ടുകവർന്നാലുടനെ**
തലപോമെന്നതു ബോധിച്ചാലും;
നിർജ്ജനമാകിന ഹിമഗിരിവനമതി—
ലർജ്ജുനനുണ്ടു തപംചെയ്യുന്നു

---

* 'എന്തിനു പലവക ശണ്ഠയിടുന്നു.'—പഴയ വായ്പാഠം.

1. 'പാകം വരുവാനുള്ള വിധങ്ങളി—
തൊക്കെപ്പോലും ഗ്രഹിയാതില്ല'—എന്നു ചില പതിപ്പുകളിൽ കാണുന്ന പാഠം ക്ലിഷ്ടം.

2. 'ശകുനി പറഞ്ഞതു കൊള്ളാം മൂകാ!' എന്നു മുദ്രിത സമാഹാരങ്ങളിൽ കാണുന്ന പാഠം അബദ്ധം. പാണ്ഡവൻമാർ തിരിച്ചുവരുന്നെങ്കിൽ 'ചൂതും പടവുമിരിക്കുന്നുണ്ട്' എന്ന ശകുനിയുടെ അഭിപ്രായം കൊള്ളാ' (കൊള്ളുകയില്ല). ശകുനം കൊള്ളാമെന്നുവെച്ചു പുലരെ കക്കാമെന്നു കരുതുന്നപോലെയാണ് എപ്പൊഴും ചൂതുകളിച്ചു ചതിക്കാമെന്നു വിചാരിക്കുന്നത്, എന്നാണിവിടെ വിവക്ഷ.

** 'പുലരെ കട്ടുതുടർന്നാലുടനെ'—എന്നും ഒരു പഴയ വായ്പാഠം.

അവനെച്ചെന്നു വധിച്ചു വരാനുട—*
നവകാശം വരുമെങ്കിലിദാനീം
കെല്പൊടു ഝടിതി ഗമിക്ക ഭവാനിഹ
കല്പന ഞാൻ പറയുന്നിതു മൂകാ!''
അതു കേട്ടവനും തൊഴുതറിയിച്ചു:
''അതു ഞാൻ സാധിച്ചിങ്ങു വരുന്നേൻ
ചതികൂട്ടീടാൻ നമ്മെക്കാട്ടിൽ**
ക്ഷിതിയിലൊരുത്തരുമില്ല നരേന്ദ്രാ!
തടിയൻ കിടിയുടെ വടിവു ധരിച്ചുട—
നടിയൻ ചെന്നിഹ മടികൂടാതെ
കണ്ണുമടച്ചു തപംചെയ്യുന്നൊരു
പാണ്ഡുകുമാരൻ തന്റെ ശരീരം
വിരവൊടു ചെന്നു പിളർന്നു വരുന്നു—
ണ്ടരനിമിഷംകൊണ്ടസുരവരൻ ഞാൻ,''
ഇത്തരമവനൊടു സമയംചെയ്തഥ
മത്തനതാകിയ മൂകൻ വലിയൊരു
പന്നിത്തടിയനതായിച്ചെന്നൊരു
കുന്നിൻമുകളിലൊളിച്ചുവസിച്ചു.

ചമ്പതാളം

അമരവരതനയനുടെ യുരുതരതപോബലാൽ
ആകേ ദഹിച്ചുതുടങ്ങീ മഹീതലം
കരടി, കരി, ഹരി, ഹരിണ, ശരഭ, മഹിഷങ്ങളും
കാട്ടുതീ തട്ടിദ്ദഹിക്കുംകണക്കിനേ;
മനുജനുടെ പരവശത വിരവിനൊടു കണ്ടുടൻ
മാമുനീന്ദ്രൻമാർ പുറപ്പെട്ടു മെല്ലവേ;
തരണിമുനി, ഹരിണമുനി, കുശികമുനി, യെന്നിവർ
വാമദേവൻ, ദണ്ഡി, നാരദൻ, വ്യാസനും,
കലശഭവമുനിതിലക, നധികനിശിതൻ തഥാ
കണ്വൻ, പുലസ്ത്യനും, പിന്നെ വാല്മീകിയും
പല മുനികളിവരധികമതിരയമിയന്നുടൻ
പാർവ്വതീകാന്തനെക്കാൺമാൻ പുറപ്പെട്ടു;
വിരവിനൊടു രജതഗിരിയുടെ മുകളിലേറിനാർ,
വിശ്വൈകനാഥനെ വാഴ്ത്തിനിന്നീടിനാർ;
ഭുവനപതിഭവനമതിലിയലുമതിവീരരാം
ഭൂതങ്ങൾ ചെന്നങ്ങുണർത്തിച്ചു മെല്ലവേ:
''അരവകുലമതികലയുമണിയുമഖിലേശ്വരാ!
ആവലാതിക്കാർ വരുന്നുണ്ടൊരുവിധം

---

* 'അവനെച്ചെന്നു ജയിച്ചുവരാ'—നെന്നു മുദ്രിത പുസ്തകങ്ങളിൽ പാഠഭേദം.

** 'ചതി കൂട്ടീടാൻ നമ്മെപ്പോലി'—പഴയ വായ്പാഠം.

രുചിരതരജടമുടിയുമധികമിഹ താടിയും
ചാരുരുദ്രാക്ഷവും യോഗപട്ടങ്ങളും
സുരമുനികൾ പലരുമുടനപി ച ജലപാത്രവും
മാമുനിമാരുടെ വേഷം മനോഹരം;
വിരവിനൊടു മുനികൾ തവ കഴലിണ വണങ്ങുവാൻ
കാലവും പാർത്തു വാഴുന്നു ബാഹ്യാങ്കണേ.''

ഇങ്ങനെയുള്ളൊരു ഗിരമാകർണ്ണ്യ
കഞ്ജശരാരിയുമരുളിച്ചെയ്തു;
''ആശ്രിതരാകിന താപസവരരെ
ആശു വരുത്തുക വിരവിനൊടേ പോയ്.''
കിങ്കരവരരതു കേട്ടുടനെ മുനി—
സംഘങ്ങളെയും ചെന്നു വരുത്തി.

ചമ്പതാളം

മുനിവരരുമതുപൊഴുതു മുഹുരപി നമിച്ചുടൻ
മുഗ്ദ്ധേന്ദുചൂഡനോടേവമോതീടിനാർ;
''പരമശിവ! പുരമഥന! വരദ! കരുണാനിധേ
പാർവ്വതീകാന്ത! നമസ്തേ നമോസ്തു തേ!
കനകനിറമുടയഫണിനികരമണികുണ്ഡല!
കാലാരിദേവ! നമസ്തേ നമോസ്തു തേ''
നിടിലതടനയനപടു! നിഹതകുസുമായുധ!
നിർമ്മലാകാര! നമസ്തേ നമോസ്തു തേ!
സകല സുരമുനി മനുജദനുജകുലവന്ദിത!
സർവ്വേശശംഭോ! നമസ്തേ നമോസ്തു തേ!

ദന്തിമഹാസുരനിധനംചെയ്തൊരു
നിന്തിരുവടി വടിവോടറിയേണം
കുന്തീസുതനുടെ നിയമമതാകിന
ചെന്തീക്കനലതിലയ്യോ! ശിവശിവ!
വെന്തീടുന്നു ജഗത്രയമെല്ലാം
നിന്തിരുവടിയറിയാത്തതുമല്ലാ;
ചിന്തിതമാകിയ വരദാനത്തിനു—
മെന്തിഹ താമസമഖിലാധീശ!
ഭവനായ ഭവാൻ* ത്രിപുരൻമാരുടെ
ഭവനം മൂന്നേ ചുട്ടതുമുള്ളു;
തവ പദസേവകനാകിയ പാർത്ഥൻ
ഭുവനം മൂന്നും ഭസ്മമതാക്കും;
അവനും പാരം മേനി മെലിഞ്ഞു
ശിവനേ! യൊരുപിടിയെല്ലേയുള്ളു;

---

* 'ഭവനാം ഭഗവാൻ'—പാഠഭേദം.

ദിവസംതോറും കൃശനായാൽ പുന-
രവസാനം വരുവാനുമടുത്തു;
'വരമവനേകീലെന്നല്ലവനുടെ
മരണവുമാശു വരുത്തി മഹേശൻ;
തരമല്ലാത്തവനെസ്സേവിക്കരു-
തെ'ന്നൊരു ദൂഷണമങ്ങു ഭവിക്കും;
എന്തിനു ശിവനെസ്സേവിക്കുന്നു?
ചിന്തിതമൊന്നു ലഭിക്കയുമില്ല
അന്തംവരുവാനെളുതാം നമ്മുടെ
കുന്തീസുതനു പിണഞ്ഞതുപോലെ;
ശത്രുജയത്തിനു ശിവനെക്കണ്ടാ-
ലെത്രയുമെളുതെന്നൊരു മുനി ചൊല്ലി;
ആയതു നേരെന്നോർത്തൊരു ഭോഷൻ
രാവും പകലും മടികൂടാതെ
കായക്ലേശം ചെയ്തുതുടങ്ങി
കായും കനിയുംകൂടെ വെടിഞ്ഞു
ഊണുമുറക്കവുമൊക്കെ വെടിഞ്ഞൊരു
തൂണുകണക്കേ നിന്നു ഭജിച്ചു;
എങ്ങും ശിവനേക്കണ്ടതുമില്ലവ-
നങ്ങനെ നിന്നു മരിച്ചേയുള്ളു.[1]
സേവിച്ചവരെ കൂറില്ലാത്തൊരു*
ദേവൻമാരെച്ചെന്നു ഭജിച്ചാൽ
ഏവം ഫലമെന്നുള്ളപവാദം
കേവലമിന്നു ഭവാനു ഭവിക്കും;
നിങ്കലപശ്രുതി കേൾക്കുംപൊഴുതിൽ
സങ്കടമടിയങ്ങൾക്കു മഹേശാ!
ശങ്കരശംഭോ! ശതമഖതനയനു
ശങ്കരനായി വരേണം ഭഗവാൻ.''

''ഹരഹര പുരഹര പരമശിവ!''

ലക്ഷ്മിതാളം

''ശ്രീകണ്ഠ! ശിതികണ്ഠ: ശംഭോ ശരണം
ഫണീന്ദ്രമണികണ്ഠ! ജയ ജയ!
വിശ്വേശ! വിജിതാശ! വിത്തേശസഖ!
പ്രസീദ പരമേശ! ജയ ജയ!''

---

[1] 'നിങ്ങനെ നിന്നു മരിക്കേയുള്ളു'—എന്ന പാഠത്തിന് ചേർച്ച പോരാ. അർജ്ജുനൻ തപസ്സുചെയ്തിട്ട് ഇന്നവിധം ഭവിച്ചെന്ന് അപവാദമുണ്ടാകുമെന്നാണല്ലോ പറയുന്നത്.

* 'സേവിച്ചവരിൽ കൂറില്ലാത്തൊരു'—പാഠഭേദം.

കുംഭതാളം

‘‘പരിഹതസുരരിപുമണ്ഡല! ഫണികുണ്ഡല!
പരിപാലയ! പാണ്ഡുസുതം;
മനസിജമദഭരഖണ്ഡന! ശശിമണ്ഡന!
മദവാരണദണ്ഡധര! ജയജയ!’’

താളഭേദം

‘‘ടങ്കവും മൃഗവും പരശുവും
തിങ്കളും തിരുനീർഫണികളും
ഗംഗയും ജടയും പലവിധം
മംഗലാഭരണം തവ വിഭോ!
ജയജയ! ഹരഹര!
പുരഹര പരമശിവ!
ജയജയ! ഹരഹര!’’

കുണ്ടനാച്ചിതാളം

‘‘മനക്കാമ്പിലുറയ്ക്കുന്നവർക്കെല്ലാം കൊടുക്കും
മടിക്കാതെ വരം നീ മഹാദേവ!
പടയ്ക്കും മിടുക്കുണ്ടായിവരുത്തീടുവാനസ്ത്രം
കൊടുക്കാതിരിപ്പാനെന്തഹോ കാരണം? ജയജയ!’’

ചമ്പതാളം

‘‘കരബലം തടിക്കും കുരുബലം മുടിക്കും
സുരകുലം പുകഴ്ത്തും—വരഫലം കരുത്തും
പലഗുണം വരുത്തും വിജയനു.’’

പഞ്ചാരിതാളം

‘‘വിജയകരം വിപുലതരം
വിശിഖവരം വിമതഹരം
വിമലതരം വിതര! പരം
വിഹിതവരം ജയജയ!
ഹരഹര! പുരഹര! പരമശിവ!’’

അടന്തതാളം

‘‘തവ വര വരബലംകൊണ്ടും
ഗുരുതരം ശരബലംകൊണ്ടും
പുനരവൻ കരബലംകൊണ്ടും
ഘനതരം ഹരിബലംകൊണ്ടും

---

1. മുദ്രിതസമാഹാരങ്ങളിൽ ഈ ഖണ്ഡത്തിനു മർമ്മതാളം കൊടുത്തിരിക്കുന്നു. എന്നാൽ ഇവിടെ മർമ്മതാളം ചേരുന്നില്ല. തുള്ളൽക്കാർ അവരുടെ യുക്തംപോലെ ചൊല്ലുന്നു.

ഹരിസുതൻ വരബലംകൊണ്ടും
വിരുതനായി വരുമതേ വേണ്ടു.''
ഇത്ഥം മുനികളുടെ സിദ്ധാന്തമെല്ലാം കേട്ടു
മുഗ്ദ്ധേന്ദുചൂഡൻ മൃദുമന്ദസ്മിതവും തൂകി
ഉത്തരമൊന്നവർകൾക്കുൾത്താപം* തീരുവാനാ-
യത്രമാത്രമെങ്കിലുമൊന്നരുൾ ചെയ്തില്ലേതും;
''ചെററും തിരുമനസ്സിൽ പററുന്ന ഭാവമില്ല,[1]
കുററംവരാതെ കണ്ടു തെറെറന്നു പോക നല്ലു,
വമ്പുള്ള ഭൃംഗിരിടി വന്നു പുറത്തിറക്കും—
മുമ്പേ ഗമിച്ചുകൊൾകനല്ലൂ നമുക്കെന്ന''വർ
കുമ്പിട്ടു കൂപ്പിത്തിരുമുമ്പിൽനിന്നിങ്ങു പോന്നു;
വമ്പിച്ച താപസൻമാരെല്ലാരുമൊരുമിച്ചു
ചിന്തിച്ചുറച്ചവരും പാർവ്വതീദേവിയുടെ
അന്തികേ ചെന്നുനിന്നുണർത്തിച്ചു വൃത്താന്തങ്ങൾ;
''കുന്തീതനയനെത്രനാളുണ്ടു സേവിക്കുന്നു
നിന്തിരുവടിയേതും ബോധിച്ചില്ലയോ ദേവി!
ചെന്തീകണക്കവൻെറ ദേഹം ജ്വലിച്ചീടുന്നു
വെന്തീടുമാറായല്ലോ മൂന്നു ഭുവനങ്ങളും;
ഇന്നു മുനികൾ ഞങ്ങൾ ചെന്നങ്ങുണർത്തിച്ചിട്ടും
ഒന്നുമരുൾചെയ്യാഞ്ഞു പോന്നു ഞങ്ങളെല്ലാരും;
കന്നിൻമകളേ! നീതാൻ ചെന്നങ്ങുണർത്തിച്ചെന്നാൽ
നന്നായ് ഫലിക്കുമെന്നു തോന്നുന്നു ഞങ്ങൾക്കെല്ലാം;
തൃക്കൺമുനകൾകൊണ്ടു വക്കാണിക്കുന്നനേരം
മുക്കണ്ണൻ തമ്പുരാൻെറ മുഷ്കൊന്നു താണുപോകും;
ഇക്കണ്ട പുരുഷൻമാർ നെയ്ക്കുംഭംപോലെതന്നെ
മൈയ്ക്കണ്ണിമാരെല്ലാരും തീക്കട്ടയെന്നപോലെ;
ചൊൽക്കൊള്ളും വിദ്വാൻമാരുരയ്ക്കുന്ന വാക്കിന്നുണ്ടോ
ഭോഷ്കായ് വരുന്നൂ നീയിളകാതിരുന്നാൽ പോരാ;
ശ്രോത്രപ്രിയം പറകമാത്രമല്ലിതു നിൻെറ
നേത്രപ്രസാദമതിമാത്രം പ്രസിദ്ധമല്ലോ;
നേത്രം മൂന്നുള്ളവൻെറ ഗാത്രം പാതി മേടിപ്പാൻ
പാത്രമായല്ലോ നീയും ഗോത്രാധിരാജപുത്രീ!'' △
എന്നതു കേട്ടു ഗിരിനന്ദിനി ഭഗവതി
മന്ദഹാസവും ചെയ്തു മന്ദമായരുൾചെയ്തു! ○

---

* 'ഉത്തരമൊന്നുമവർക്കുൾത്താപം'—പാഠഭേദം.

[1] തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു.
'മുററും തിരുമനസ്സിൽ പററുന്ന ഭാവമെല്ലാം'—എന്ന മുദ്രിതസമാഹാരങ്ങളിലെ പാഠം ക്ലിഷ്ടം.

△ 'പാത്രമായില്ലയോ നീ ഗോത്രാധിരാജപുത്രീ'—വായ്പാഠം.

○ 'മന്ദഹാസവുംചെയ്തു മന്ദമൊന്നരുൾചെയ്തു'—പാഠഭേദം.

''ഇന്നു ഞാൻ മടിയാതെ ചന്ദ്രശേഖരനോട്
എല്ലാമുണർത്തിച്ചീടാമൊന്നൊഴിയാതെതന്നെ
എന്നാലറിയാമല്ലൊ എന്നേ പറഞ്ഞുകൂടൂ
എന്നോടും കോപിച്ചെങ്കിൽ അന്നേരം മാറിപ്പോരാം''
എന്നരുൾചെയ്തു ദേവി ചെന്നു ഗിരീശൻമുമ്പിൽ
വന്ദനംചെയ്തു നിന്നാൾ മന്ദസ്മിതവും തൂകി.*

പദം. ആനന്ദഭൈരവി—ചെമ്പടതാളം

പല്ലവി

നിരുപമഗുണവസതേ! ശ്രീനീലകണ്ഠ!
നിശമയ മേ വചനം

അനുപല്ലവി

സുരവരസുതനെന്തേ വരമരുളീടാത്തു
പുരഹര നാഥാ! വിഭോ!
സുരവരപരിനുതപദ!—○ (നിരുപമഗുണ)

ചരണങ്ങൾ

1. പെരികക്കാലമുണ്ടർജ്ജുനൻ ഭർത്താവേ! നിന്നെ
പരിചോടു സേവിച്ചീടുന്നു
സുരപതിസുതനുടെ പരിഭവം പോക്കുവാൻ
പെരികെയുണ്ടിങ്ങാഗ്രഹം
സുരവരപരിനുതപദ! (നിരുപമഗുണ)
2. ഘോരനിയമങ്ങൾ കാരണം, പാർത്ഥന്റെ ദേഹം
പാരം മെലിഞ്ഞുപോയയ്യോ!
പാരാതെ ചെന്നവനു പാശുപതാസ്ത്രം നല്കി—
പ്പോരേണമിന്ദുശേഖരാ!
സുരവരപരിനുതപദ! (നിരുപമഗുണ)
3. ഊണുമുറക്കവുമെല്ലാം വെടിഞ്ഞു കാട്ടിൽ
വാണു തപംചെയ്തീടുന്നു
പ്രാണങ്ങൾ പോകുംമുമ്പേ ബാണം കൊടുത്തീടേണം
ബാണന്റെ വാതിൽ കാത്തവനേ!
സുരവരപരിനുതപദ!' (നിരുപമഗുണ)
4. തിരുവുള്ളമെങ്കലുണ്ടെങ്കിൽ താമസിയാതെ
നരനിന്നു വരം നല്കേണം

---

* 'എന്നെല്ലാമരുൾചെയ്തു ചെന്നു ഗിരീശൻമുമ്പിൽ
വന്ദനം ചെയ്തു ദേവി മന്ദമൊന്നരുൾചെയ്തു'—എന്നു തുള്ളൽക്കാരുടെ വായ്പാഠം. സന്ദർഭത്തിന് ഈ പാഠമല്ലേ കൂടുതൽ യോജിക്കുക?

1. ഈ പദത്തിന്റെ സംശോധിതസംസ്കരണത്തിൽ, രാഗതാളങ്ങൾക്കു ചേരുന്ന പാകത്തിൽ, തുള്ളൽക്കാരുടെ വായ്പാഠഭേദങ്ങൾ സ്വീകരിച്ചു.

○ 'സുരവരപരിനുതപദ' എന്നുകൂടി ചേർത്തു കലാശം ചവിട്ടാൻപാകത്തിനുള്ള പഴയ വായ്പാഠം സ്വീകരിച്ചു. ഓരോ ചരണം അവസാനിക്കുമ്പൊഴും പ്രസ്തുത പാഠവുംകൂടെ ചൊല്ലി താളം മുഴുമിക്കുന്നു.

അരയ്ക്കാൽനാഴികപോലും ഇളച്ചങ്ങിരുന്നുപോയാൽ
തരക്കേടു വന്നുകൂടുമേ
സുരവരപരിനുതപദ! (നിരുപമഗുണ)

ഗിരിവരമകളുടെ കളവചനം
പരിചൊടു കരുതിന പുരമഥനൻ
സരസമൊരു വചനമരുളി മുദാ:
''സരസിജായതദലസമനയനേ!
സുരവരസുതനുടെ മനസ്സിൽ മദം
പെരുതതു കരുതുക ഗിരിതനയേ!
പരവശമവനൊരു തരിമ്പുമില്ലാ
കരളിലഹമ്മതിക്കു കുറവുമില്ലാ
സുരകുലവരനുടെ തനയനെന്നും
സരസിജശരനൊടു സദൃശനെന്നും
സരസചരിതങ്ങളിൽ പടുത്വമെന്നും*
മരുത്തിൻെറ മകനുടെ സഹജനെന്നും
കുരുപതികളിലേററം പ്രസിദ്ധനെന്നും
മരുത്തിൻെറ മകനേക്കാൾ വലിപ്പമെന്നും
കരുത്തുള്ള പരിഷയിലധീശനെന്നും
ഗുരുത്വമുള്ളവർകളിൽ പ്രഥമനെന്നും
കരത്തിൽ വില്ലെടുത്തോരിൽ പ്രമുഖനെന്നും ○
ഗുരുക്കൻമാരെക്കാട്ടിൽ പ്രഥിതനെന്നും
നരകമഥനനോടു സഖിത്വമെന്നും
നരപതികളിലേററം പ്രസിദ്ധനെന്നും
തരുണീകുലമണിക്കു രമണനെന്നും
തരണിഗുണമുടയപുരുഷനെന്നും
പൊരുവതിനതിതരാം വിരുതനെന്നും
പടുതരമമരരാൽ ഭരിതനെന്നും

ഇത്തരമുള്ളൊരു ഗർവ്വു ശമിപ്പാൻ
ഇത്തിരി പാകം വന്നേതീരൂ
യുദ്ധംചെയ്തു തളർച്ചവരുമ്പോൾ
ബുദ്ധിയിൽ നല്ല വിവേകവുമുണ്ടാം;
പാരംവന്നു പഴുത്തോരൊടുകിനു
നീരുകെട്ടിയുറച്ചുചമഞ്ഞാൽ
ക്ഷാരംവച്ചു പഴുപ്പിച്ചവിടെ
ദ്വാരംവച്ചു മൃദുത്വംവന്നാൽ
വ്യാധിയെടുത്തു കളഞ്ഞതിനകമേ

---

* 'സരസചരിതങ്ങളിൽ മിടുക്കനെന്നും'—പാഠാന്തരം.

○ 'കരത്തിൽ വില്ലെടുത്തോരിൽ മുമ്പെനെന്നും'—പാഠാന്തരം.

ശോധനവന്നാലുടനേതന്നെ*
വരളാനുള്ള കുഴമ്പുമതിൻമേൽ
പിരളുന്നേരം താനേ വരളും;
തരളാംബുജദളനയനേ! നിന്നോടു
കുരളപറഞ്ഞിട്ടെന്തൊരുകാര്യം!
ദുഷ്ടു കിടക്കെ വരട്ടും വ്രണമതു
പൊട്ടും പിന്നെയുമൊരുസമയത്തിൽ;
ഒട്ടുംവൈകാതവനൊടു യുദ്ധം
പെട്ടെന്നുണ്ടതു കണ്ടാലും നീ;
എലിയെപ്പോലെയിരിക്കുന്നവനൊരു
പുലിയെപ്പോലെ വരുന്നതു കാണാം
നോററു വിശന്നുകിടക്കും ഫൽഗുന—
നേററുവരുമ്പോഠം ഭൂമി കുലുങ്ങും;
കാററിൻമകനുടെ സോദരനെന്നതു
കാട്ടിത്തരുവൻ കണ്ടാലും നീ;
കാട്ടാളാകൃതി കൈക്കൊണ്ടിഹ ഞാൻ
വേട്ടയുമാടി നടക്കുന്നേരം
കോട്ടം കൂടാതവനൊടു സമരം
കൂട്ടുവതിന്നും സംഗതിയുണ്ടാം;
മട്ടോലുംമൊഴിയാളേ നീയൊരു
കാട്ടാളസ്ത്രീവേഷമെടുക്ക;
കൂട്ടക്കാരിവർ ഭൂതഗണം പല
കാട്ടാളൻമാർ കൂടെ വരേണം ○
കുംഭോദരനും കുംഭീധരനും,
കുംഭാണ്ഡകനും കുംഭീലകനും,
സിംഹീരണനും, ശൂലാംഘ്രിപനും,
ശൂലാവൃതനും, കുംഭനികുംഭൻ
കുണ്ഡീവരദൻ കുഞ്ജരജംഘ—
നുദഗ്രൻ വീരൻ, ഗണ്ഡൂകാക്ഷൻ,
കണ്ഠീരവനും ഭൃംഗീരിടിയും
ഘണ്ടാരവനും ഭയിർപ്പീരജനും
തുംഗരാജ, നസുരമർദ്ദനഭദ്രൻ
വീരഭദ്രനതിഭദ്രനുദഗ്രൻ
ഭൈരവൻ, മണിവരൻ, മണികണ്ഠൻ
നന്ദികേശ്വരനിവർക്കെജമാനൻ
നന്നിതൊക്കെ വനചാരികളാവാൻ;
ശ്വാക്കളായി ചിലരൊട്ടു കുരച്ചും
പോർക്കുപോലെ ചിലരൊട്ടു തടിച്ചും

---

* 'ശോധനചെയ്താലുടനെതന്നെ'—പാഠാന്തരം.
○ 'കാട്ടാളൻമാരായി വരേണം'—തുള്ളൽക്കാരുടെ പാഠം.

വെക്കമെമ്പൊടു നടപ്പിനശേഷം
തക്കമിന്നു മമ വേട്ടകളാടാൻ.''

ഇത്തരമരുളിച്ചെയ്‌തു മഹേശൻ
സത്വരമങ്ങൊരു വനചരനായി
തത്ര സുവർണ്ണകവർണ്ണശരീരൻ
തത്ര വിളങ്ങി വിശേഷമനോജ്‌ഞം;
ജടമുടി നല്ലൊരു തലമുടിയായി
നിടിലത്തിരുമിഴി തിലകമതായി
ഫണിമണിമാലകൾ പീലികളായി
ഫണിപതിവാസുകി കടകമതായി
അസ്‌ഥികൾ ശംഖാഭരണവുമായി
അത്തൊഴിൽകണ്ടാലെത്രമനോജ്‌ഞം;
കരിത്തോൽ നല്ല കറുത്ത ദുകൂലം
വരിത്തോൽ ഭുജഗം പൊന്നരഞ്ഞാണം
വെൺമഴു ശൂലം ചാപം ശരവും
വെൺമയിലവപുനരങ്ങനെയല്ലോ:
കുന്നിൻമകളുമതിന്നനുകൂലം
കുന്നിക്കുരുകുലമാലയണിഞ്ഞു
ഒട്ടു കറുത്തൊരു പുടവയുടുത്തു
കൊട്ടയെടുത്തൊരു കോലുമെടുത്തു
ശങ്കരഭാമിനി കൈകളിലങ്ങഥ
ശംഖുംമുടുകുകൾകൊണ്ടു നിറച്ചു
മെച്ചമിയന്നൊരു കൈവിരൽ മുഴുവൻ*
പിച്ചളമോതിരമിട്ടു വിളങ്ങി;

നടന്നു കാനനതടത്തിലമ്പൊടു
കടന്നു വേട്ടകൾ തുടങ്ങി, നല്ലൊരു
കറുത്ത പട്ടുകളുടുത്തുകൊണ്ടിരു
പുറത്തു തൊങ്ങലു നിരത്തിയൻപൊടു
ഉരത്ത കാർമുകമെടുത്തു താൻ കണ—
തൊടുത്തു കാനനതടത്തിലെത്തിന
കടുത്തപന്നികളടുത്തപോത്തുകൾ
അടക്കമെന്നിയെ നടക്കുമാനകൾ
തുടങ്ങിയിങ്ങനെ മൃഗങ്ങളിൽ വിട—
ത്തുടങ്ങി ലീലകളൊടുങ്ങി കേഴകൾ.

''പാണ്ടൻനായുടെ പല്ലിനു ശൗര്യം
പണ്ടേപ്പോലെ ഫലിക്കുന്നില്ലാ;
പണ്ടിവനൊരു കടിയാലൊരു പുലിയെ—

---

* 'കൈവിരൽ പത്തിനു'—വായ്‌പാഠം.

ക്കണ്ടിച്ചതു ഞാൻ കണ്ടറിയുന്നേൻ;
കാളൻനായും കാട്ടിൽ വരുമ്പോൾ
കോളല്ലാതൊരു പേടിതുടങ്ങും
വീട്ടിൽവരുന്നവരെപ്പലരേക്കടി—
കൂട്ടിയ ചെണ്ടക്കാരനെ ഞാനൊരു
കൂട്ടിലതാക്കി ചങ്ങലയിട്ടഥ
പൂട്ടിപ്പിന്നെക്കഞ്ഞികൊടുക്കും;
വെള്ളൂ, വാ വായെന്നു വിളിച്ചാൽ
തൊള്ളതുറന്നു പറന്നുവരുംതാൻ
കള്ളനു തുള്ളി കഞ്ഞികൊടുപ്പാ—
നുള്ളൊരുപായം കാൺമാനില്ല;
കാററുംകൊണ്ടവനെപ്പൊഴുമങ്ങനെ
കൂററൻപോലിറയത്തു കിടക്കും
തിൻമാനല്ലാതൊന്നിനുപോലും
നമ്മുടെ വീട്ടിൽ കാൺമാനില്ല;
വണ്ണൻവാഴകണക്കെ തടിച്ചൊരു
പൊണ്ണൻനായുണ്ടെന്നുടെ വീട്ടിൽ
അണ്ണനുമാത്രം ചോറുണ്ടവിടവ—
നുണ്ണുമ്പോൾ നല്ലുരുള കൊടുക്കും;
പന്നിയിറച്ചികൾ പണ്ടേ വേണ്ടാ
ദുർന്നിലകൊണ്ടൊരു പൊറതിയുമില്ലാ;
കുററിച്ചെവിയൻ നായേക്കൊണ്ടൊരു
കുററം പറവാൻ കാണുന്നില്ലാ*
വേട്ടയ്ക്കായി വിളിക്കുന്നേരം
ചേട്ടക്കാരനു ചെവിയും കേളാ
വേട്ടക്കാർക്കു വിളിച്ചു കൊടുത്താൽ
ചേട്ടൻ കേട്ടാൽ കലശലുകൂട്ടും.''
ഇത്തരമൊരുവക കാട്ടാളൻമാർ
ചിത്തരസേന പറഞ്ഞുചിരിച്ചും
ഒക്കെച്ചാടിക്കാടു തകർത്തും
ബദ്ധപ്പെട്ടു നടന്നു തിമിർത്തും
ചാടിവരുന്ന മൃഗങ്ങളെയെല്ലാം
കുത്തിക്കൊന്നു കളിച്ചു പുളച്ചും
ചത്തമൃഗത്തെക്കെട്ടിയെടുത്തും
മത്തഗജത്തെച്ചെന്നു തടുത്തും
വരിയൻപുലിയെച്ചുരികകൾകൊണ്ടും
കരടിമൃഗത്തെപ്പരിഘംകൊണ്ടും
ദന്തികുലത്തെക്കുന്തംകൊണ്ടും

---

* 'കുററം പറവാൻ കാൺമാനില്ല'—പാഠാന്തരം.

ബാലമൃഗത്തെ വേലുകൾകൊണ്ടും
വ്യാഘ്രകുലത്തെ ചക്രംകൊണ്ടും
വ്യാളമൃഗത്തെ വാളുകൾകൊണ്ടും
മർക്കടവരരെ കർക്കടകൊണ്ടും
ഗന്ധമൃഗത്തെഗ്ഗദയെക്കൊണ്ടും
ഖഡ്ഗമൃഗത്തെ ഖഡ്ഗംകൊണ്ടും
കണ്ഠീരവരെ മുസൃണ്ഠികൾകൊണ്ടും
കാടും പടലു കടുത്തിലകൊണ്ടും
തെരുതെരെയങ്ങു വധിച്ചുതുടങ്ങി
വിരുതുപെരുത്തൊരു ഹരഭൃത്യൻമാർ;
തടിയൻപന്നിയെ വെടിവെപ്പാനാ—
യൊരുവൻ ചെന്നൊരു പടലിലൊളിച്ചു
പടലിൽ കണ്ടതു പന്നിയതെന്നൊരു
ഭടനൊരു വെടിയും വച്ചാനുടനെ
തടിയൻ വെടികൊണ്ടവിടെ മറിഞ്ഞു
ഓടിച്ചെന്നിതു വെടി വച്ചവനും
ആ കിടിയല്ലിവനയ്യോ! നമ്മുടെ
മക്കടെ മാതുലനിങ്ങനെ കർമ്മം!
മലയൻമാരൊരുദിക്കിൽച്ചെന്നു
വലയുംകെട്ടി പാർക്കുന്നേരം
കലയെക്കണ്ടു ഭയപ്പെട്ടൊരുവൻ
തലയും കുമ്പിട്ടോടിപ്പോയി
വലയിൽപ്പെട്ടു വലഞ്ഞതുകണ്ടു
മലയനൊരമ്പു പ്രയോഗിച്ചുടനെ
തലയിൽക്കൊണ്ടു തറച്ചു വിറച്ചൊരു
ഫലമില്ലാതെ മരിച്ചാൻ ഭോഷൻ;
നായൻമാരുടെ നായാട്ടിങ്കല—
പായം പലവിധമിങ്ങനെയുണ്ടാം.
ആയതിനൊന്നും സംഗതിയില്ല വി—
നായകജനകൻ കളിയാടുമ്പോൾ.

കാട്ടാളരാജന്താനും കാട്ടാളസ്ത്രീയും തന്റെ
കൂട്ടാളിവൃന്ദത്തോടേ വേട്ട വിനോദംപൂണ്ടു
കുന്തീകുമാരനുടെ അന്തികംതന്നിൽച്ചെന്നു
പന്തി നിരന്നുനിന്നങ്ങന്തിയും വന്നണഞ്ഞു;

തടിച്ചോരു പന്നിവേഷം നടിച്ചോരു മൂകാസുരൻ
കടുത്തോരു കോപത്തോടങ്ങടുത്തു പാർത്ഥനെക്കൊൽവാൻ
ഉരത്ത പന്നിക്കൂറ്റന്റെ പെരുത്ത ഘോഷങ്ങൾ കേട്ടു
കരുത്തുള്ളർജ്ജുനൻതന്റെ ഗുരുത്വംകൊണ്ടതുനേരം

അഴിച്ചു സമാധി നേത്രം മിഴിച്ചു നോക്കുന്നനേരം
ഉറച്ചു തന്നുടെ ദേഹം മറച്ചുകൊണ്ടൊരു ശത്രു
ചതിച്ചു നമ്മെക്കൊല്ലുവാൻ കുതിച്ചുവന്നിതു മൂഢൻ
വധിപ്പാൻ വരുന്നവനെ വധിച്ചാൽ മൽഗുരുനാഥൻ
വിധിച്ച കർമ്മങ്ങൾക്കേതും വിരുദ്ധമല്ലതു നൂനം
പടുത്വമോടേവം ചിന്തിച്ചെടുത്തുഗാണ്ഡീവംകൈയി—
ലെടുത്തു നല്ലൊരു ബാണം തൊടുത്തു കോപംനടിച്ചു.

ഘോണിത്തടിയനെ നോക്കിയയച്ചൊരു
ബാണമതുൽക്കടമക്കിടിതന്നുടെ
ഘോണാം[1] ചെന്നു പിളർന്നൊരു നേരം
പ്രാണങ്ങൾക്കു പ്രയാണമടുത്തു;
സംഗതികൊള്ളാമെന്നുമുറച്ചി—*
ട്ടംഗജരിപുവും ബാണമയച്ചു;
പൃഷ്ഠേ ചെന്നു തറച്ചൊരു ബാണം
പൃഷ്ഠം ഝടിതി പിളർന്നു തിരിച്ചു
വന്നു പതിച്ചെന്നോർത്തു കിരീടി
ചെന്നു കരത്തിലെടുത്തൊരുസമയം
വന്നു സമീപേ നിന്നു കിരാതൻ
ഒന്നു കയർത്തു പറഞ്ഞുതുടങ്ങി:
''നമ്മുടെ ബാണം മോഷ്ടിപ്പാനോ
ദുർമ്മതി വന്നു തപംചെയ്യുന്നു?
അമ്പുകളില്ല നിനക്കെന്നാലതി—
നമ്പുകൾകൊണ്ടു വരുത്തിക്കോ നീ;
അമ്പൊടു നമ്മൊടു യാചിച്ചാൽ പ—
ത്തമ്പതു കണകൾ തരുന്നുണ്ടിഹ ഞാൻ;
കട്ടു കവർന്നാലുടനേതന്നെ
വെട്ടും തരുമതു സംശയമില്ലാ.
ഭള്ളു നിനച്ചിഹ കണ്ണുമടച്ചൊരു
കള്ളൻനിന്നു തപംചെയ്യുന്നു
കൊള്ളാമിതുമിന്നിതു വഴിപോക്കർ—
ക്കുള്ള ധനങ്ങൾ പിടിച്ചുപറിപ്പാൻ;
പകൽ കഴിവോളം കപ്പാനെങ്ങും
കഴിവില്ലാഞ്ഞു തപോധനഭാവം
അർക്കൻ പോയി മറഞ്ഞൊരുസമയേ
തസ്കരണത്തിനു സമയംനോക്കും ○
ദിക്കുകളൊക്കെ നടന്നു ദിനേശ—

---

[1] ഘോണാ=മൂക്ക്.

* '..നിനച്ചിട്ട്''—എന്നു പാഠാന്തരം.

○ 'തസ്കരണത്തിനു തക്കംനോക്കും—എന്നു പഴയ വായ്പാഠം.

നുദിക്കുംമുമ്പേ വന്നു കുളിക്കും
കണ്ണുമടച്ചു വിചാരിക്കുന്നതു
പൊന്നുള്ളേടം പണമുള്ളേടം
പെണ്ണുള്ളേടമതല്ലാതിന്നൊരു
നിനവു നിനക്കില്ലെന്തൊരു കഷ്ടം!
നാണം കൂടാതയ്യോ! നമ്മുടെ
ബാണം കട്ടവനേതിൽ കൂട്ടും?
ആണുങ്ങൾക്കു പിറന്നവനെങ്കിൽ
പ്രാണത്തേക്കാൾ നാണം വലുതേ.''
വ്യാധവചസ്സുകൾ കേട്ടുടനപ്പോൾ
ക്രോധമിയന്നുരചെയ്തു കിരീടി:
''നില്ലെട വേടാ, നിന്നുടെ പല്ലുകൾ
തല്ലിയുതിർപ്പാൻ ഞാൻ മതിയാകും
ഇല്ലൊരുസംശയ''മെന്നു പറഞ്ഞു
വില്ലുവലിച്ചു കുലച്ചു കിരീടി
നല്ലൊരു ബാണമെടുത്തു തൊടുത്തു
മുല്ലശരാരിക്കിട്ടഥ വിട്ടു.
തെല്ലും പഴുതാതവനുടെ നേരെ
ചെല്ലുന്നതു കണ്ടംബരചാരികൾ
അല്ലൽമുഴുത്തു വിരണ്ടുതുടങ്ങി
തെല്ലു കുലുങ്ങീലന്തകവൈരി;
വില്ലിൻമുനകൊണ്ടവനുടെ ബാണം
തല്ലിയൊടിച്ചു പൊഴിക്കണ കണ്ടു;
അതു കണ്ടപ്പോളതിപരുഷത്തോ—
ടതിലധികം ശരവരിഷഞ്ചെയ്തു
അതിശയമവനുടെ ശരനികരത്താൽ
കതിരവനുടെ കിരണങ്ങൾ മറഞ്ഞു.

നാടു നടുങ്ങി, നാലു നിലയും കുലുങ്ങി, മാനും
കലയും നടുങ്ങി, തമ്മിൽ കലഹം മുഴുത്തനേരം
മലമകളതുനേരം തലയുമഴിഞ്ഞു കുത്തു—
മുലയും തുളുമ്പിച്ചെന്നു കലഹം ശമിപ്പിപ്പാനായ്
പല വാക്കുമരുൾചെയ്തു ഫലമില്ലെന്നോർത്തു മാറി
പരിചോടേ പാർവ്വതിയും, കലശൽ പിന്നെയുമേറി.

മലമകൾ ഭഗവതി പുനരതുനേരം[1]
വലരിപുസുതനുടെ ബാണമശേഷം

---

[1] 'മലമകൾഭഗവതി പുനരരുൾചെയ്തു'—എന്നു മുദ്രിതസമാഹാരങ്ങളിലെ പാഠം സ്വീകാര്യമല്ല. കാരണം, തുടർന്നുള്ള ശീലുകളിൽ തക്കസ്ഥാനത്ത് 'അരുളിച്ചെയ്തു' എന്ന ക്രിയാശബ്ദം വരുന്നുണ്ട്.

മലർസമമാകെന്നരുളിച്ചെയ്തു
മലർശരനായി മഹേന്ദ്രതനൂജൻ;
ശരധിയിലൊരു ശരമില്ലാതാകെ—
ന്നരുൾചെയ്തൂ ഗിരിനന്ദിനിയപ്പോൾ
ഇല്ലെന്നാകിൽ ശരവും വേണ്ടാ
നല്ല തരം പുനരെന്നു കിരീടി
വില്ലുവലിച്ചഥ തല്ലുതുടങ്ങി
മുല്ലശരാരിയെ വിരവൊടു പാർത്ഥൻ;
ഹരനുടെ ജടയിൽ കുടികൊണ്ടീടിന
സുരനദിയാകിയ ഭഗവതിയപ്പോൾ
വലരിപുസുതനുടെ വില്ലു പിടുങ്ങി—
ത്തരസാ തന്നുടെ തിരയിലൊളിച്ചു;
ചാപം പോയൊരു സമയേ വിജയൻ
കോപം പൂണ്ടു മരങ്ങൾ പറിച്ചു
താപസവന്ദിതനാകിയ ശിവനെ
ത്താഡനപീഡനമഞ്ഞു തുടങ്ങി;
ത്രീക്ഷണനും ഹരിസുതനും തമ്മിൽ
വൃക്ഷംകൊണ്ടുമടിച്ചു പിടിച്ചും
വട്ടംതിരിക ചവിട്ടുക മുട്ടുക
കട്ടയിലിട്ടു ചവിട്ടിയുരുട്ടുക
തള്ളുക കിള്ളുക തങ്ങളിലിങ്ങനെ
തുള്ളിയലഞ്ഞു വലഞ്ഞു കിരീടി.
തല്ലും ചവിട്ടും കൊണ്ടങ്ങെല്ലും പൊടിഞ്ഞു പിന്നെ
പല്ലും കൊഴിഞ്ഞു മദമെല്ലാം ശമിച്ചു പാർത്ഥൻ
വല്ലാതെ ഭൂമൗ വീണാൻ വില്ലാളിമാരിൽ മുമ്പൻ
അല്ലൽ മുഴുത്തു പാർത്ഥൻ ഉള്ളിൽ വിചാരംപൂണ്ടു

പദം: ദ്വിജാവന്തി—ആദി

പല്ലവി

ചാരുമൂർത്തേ ഗൗരീനാഥാ! കാരുണ്യാംബുരാശേ നാഥാ!
കാരുണ്യം കുറവാനെന്തു കാരണം! ശംഭോ!

ചരണങ്ങൾ

1. എത്രനാളുണ്ടയ്യോ ഞാനും സേവിച്ചുകൊണ്ടിരിക്കുന്നു
ഇത്രനാളുമെന്റെ കാമം പൂരിച്ചില്ലയ്യോ!
2. കേടനേകമുണ്ടെന്നാലും കേവലം നീ ശിക്ഷിയാതെ
വേടനേക്കൊണ്ടെന്നെത്തല്ലിക്കൊല്ലിക്കുന്നെന്തേ?
3. അത്രയല്ല കാട്ടാളന്റെ തല്ലുകൊണ്ടും കുത്തുകൊണ്ടും
എത്രയും തളർന്നു ദേഹം ധാത്രിയിൽ വീണു

4. നാൽവർകൂടും സഭതന്നിൽ വാലെടുപ്പാനുള്ള മൂലം
ബാലചന്ദ്രചൂഡാ! നീതാൻ കാരണം ശംഭോ!
5. കർണ്ണനും ശകുനിയുമാകർണ്ണനംചെയ്യുന്നേരം
കർണ്ണസൗഖ്യം വന്നുകൂടും കൗരവൻമാർക്ക്
6. ഊററക്കാരൻ പാർത്ഥൻ പോരിൽ തോററുപോൽ
വേടനോടെന്ന–
തേററവും കുറവായ്‌വന്നൂ നൂററുവർ കേട്ടാൽ.

കൃത്വാ മൃത്തികയാ കഥഞ്ചന പൃഥാ–
പുത്രസ്ത്രിണേത്രാകൃതിം
ഭക്ത്യാ യോഽതി സമർച്ചനന്തു കൃതവാൻ
പത്രാണി തത്രാദരാൽ
ചിത്രം തത്ര കിരാതപുംഗവശിരോ
ഭ്രഷ്ടാനി സംദൃഷ്ടവാൻ
തത്രൈവേന്ദുകലാജടോഽപി ച മൃഡോ–
നോഽരണ്യചര്യാർച്ചനാൽ.

മൃത്തികകൊണ്ടൊരു ശിവലിംഗത്തെ
തത്ര ധരിത്രിയിലങ്ങുളവാക്കി;
തത്ര പഴുത്തു കൊഴിഞ്ഞുകിടക്കും
പത്രമെടുത്തുടനർച്ചനചെയ്തു;
മൃത്തികലിംഗംതങ്കൽ വണങ്ങി
മൃത്യുഞ്ജയനെ സേവ തുടങ്ങി;
മൃത്യുഞ്ജയ ജയ ശങ്കരശംഭോ!
ഇത്ഥം തൊഴുതു വണങ്ങിന പാർത്ഥനു
പത്രമതെല്ലാം വേടൻതന്നുടെ
മസ്തകസീമനി കാൺമാറായി.
എന്തൊരു വിസ്മയമെന്നു വിചാരി–
ച്ചന്തികസീമനി മേവും വേടനെ
മുഴുവൻ നോക്കിക്കാണുന്നേരം
മഴുവും മാനും പുരിജടമുടിയതി–
ലൊഴുകും സുരനദിതന്നുടെ തിരയിൽ
മുഴുകും ചന്ദ്രക്കലയും തുമ്പയു–
മളികതടേ തിരുമിഴിയുടെ വടിവും[1]
തിരുനാസികയും തൃക്കണ്ണിണയും

---

[1] 'അളികാം നടേ തിരുമിഴിയുടെ വടിവും'—എന്നു മുദ്രിതപുസ്തകങ്ങളിലെല്ലാം കാണുന്ന പാഠം അബദ്ധം. ഇവിടെ ശിവന്റെ മൂന്നാം തൃക്കണ്ണിനെയാണു വർണ്ണിക്കുന്നതെന്നു വ്യക്തം. 'തിരുനാസികയും തൃക്കണ്ണിണയും' എന്നു അടുത്ത വരിയിൽ മററു രണ്ടു കണ്ണുകളെ വർണ്ണിക്കുന്നു. അതുകൊണ്ടു ശുദ്ധമായ പാഠം 'അളികതടേ തിരുമിഴിയുടെ വടിവും' എന്നാണ്. അളികം=നെററി. നെററിത്തടത്തിലുള്ള മിഴിയുടെ ആകാരസൗഭാഗ്യം എന്നു സാരം.

തിരുമുഖവും മൃദുമന്ദസ്മിതവും
ഗളരുചിതലവും തിരുമാറിടവും
ഉദരം നാഭീകുഹരം കടിതട—
മതി രമണീയം ഫണികാഞ്ചിഗുണം
കരിചർമ്മാംബരമൂരുദ്വയവും
പരിമൃദുജാനുക ജംഘായുഗവും
തിരുവടി മലരും നഖപംക്തികളും
ഗിരിമകൾതാനും കരിമുഖനറുമുഖ—
നുടനേ ഹരിഹരസുതനും വേട്ട—
യ്ക്കൊരുമകനും ബഹു ഭൂതഗണങ്ങളു—
മൊരുമിച്ചങ്ങനെ കാൺമാറായി;
പങ്കജശരനുടെ ഹുംകൃതി തീർത്തൊരു
ശങ്കര ജയജയ! സങ്കടമദഹര!

ഏതും ഗ്രഹിയാതെ ഞാൻ ചെയ്തോരപരാധങ്ങൾ
എല്ലാം ക്ഷമിച്ചുകൊൾക കല്യാണാകര ശംഭോ!
അംഗങ്ങളടിയത്തിന്നെങ്ങുമിളക്കാവല്ല;
അങ്ങു വന്നു വന്ദിപ്പാനിങ്ങു ശക്തിയുമില്ലാ
മഞ്ജുളനേത്ര! വന്ദേ ഗംഗാഭൂഷണാ! വന്ദേ
തുംഗാനുഭാവാ വന്ദേ! മംഗല്യാകാരാ വന്ദേ!

അതിശയഭക്ത്യാ വിവശനതാകിയ
ഹരിസുതവചനം കേട്ടു ഗിരീശൻ
മതിതളിർത്തെളിവൊടു ചെന്നു കരംകൊ—
ണ്ടതിമോദേന പിടിച്ചെഴുന്നേല്പി—
ച്ചംഗമശേഷം തൊട്ടുതലോടി
തുംഗപരാക്രമപുഷ്ടി വരുത്തി
പുംഗവകേതനനാകിയ ഭഗവാ—
നംഗജശാസനനിദമരുൾചെയ്തു:*
''വത്സ! ധനഞ്ജയ! തുംഗകളേബര!
വത്സരമനവധി ജീവിച്ചീടുക!
മത്സരമുള്ള രിപുക്കളെയെല്ലാം
ഭസ്മമതാക്കാൻ നീ മതിയാകും;
ഭീമസഹോദരനാകിയ നിന്നുടെ
ഭീമപരാക്രമമറിവാനായി
ഭീമകിരാതശരീരം പൂണ്ടു
ഭീമതരം ബഹു യുദ്ധംചെയ്തു;
സോമകുലോത്തമനാകിയ നിങ്കൽ
പ്രേമപ്രീതി വരുന്നു നമുക്ക്

---

* 'അംഗജനാശനനിദമരുൾചെയ്തു'—വായ്പാഠം.

കാമാധികസുകുമാരാ നിന്നെ—
ക്കാൺമാനിത്തൊഴിലൊക്കെയെടുത്തു;
പാശുപതാസ്ത്രം വാങ്ങുക തവ ഹിത—
മാശു ലഭിക്കും ഫൽഗുനവീരാ!
കർണ്ണസുയോധനഭീഷ്മാദികളാ—
മർണ്ണവമാശു കടപ്പാൻ നല്ലൊരു
കപ്പൽ മരക്കലമെന്നുടെ ബാണം
കെല്പൊടു കൊണ്ടു ഗമിക്ക ധനഞ്ജയ!''
പുരരിപുഭഗവാനിദമരുൾചെയ്തു
ശരവും വരവും ദാനംചെയ്തു;
ഗിരിമകളോടും പ്രമഥാദികളൊടു—
മങ്ങുഗമിച്ചു മറഞ്ഞ ദശായാം
തിരയിൽ മറച്ചൊരു വില്ലു ലഭിപ്പാൻ
സുരനിമ്നഗയെസ്സേവതുടങ്ങി.

പദം. രാഗം—പുറനീര്. താളം—ചെമ്പട

നമസ്തേ ഗംഗായൈ തുഭ്യം രണത്തിൽ മയാ കൃതമാം
സമസ്താപരാധമെല്ലാം ക്ഷമിച്ചു വരം നല്കേണം
അരികളെ വെൽവതിന്നായ് പരമശിവൻ നല്കിയ
ശരമിതു പാശുപതം പഴുതേയാം വില്ലില്ലാഞ്ഞാൽ.
ഇത്തരം സ്തുതി കേട്ടു സത്വരം പ്രസാദിച്ചു
ഉത്തമനാമവനോടുത്തരമരുൾചെയ്തു:
വില്ലാളിവീരാ! പാർത്ഥാ! വില്ലിതാ ധരിച്ചാലും
മല്ലീശരാന്തകനെസ്സേവിച്ചു വസിച്ചാലും
ഇത്തരം വരം നല്കി സത്വരം മറഞ്ഞവൾ.

സുരവരനരുളാൽ രഥവുംകൊണ്ടു
സുരവരസൂതൻ മാതലി വന്നു
പെരുകിന മോദം കൈക്കൊണ്ടുടനെ
സുരവരസൂനു രഥമതിലേറി
സുരലോകംപ്രതി യാത്രതുടങ്ങി
കുരുകുലകമലദിനേശൻ പാർത്ഥൻ
മംഗലമിക്കഥ കേൾക്കുന്നോർക്കും
മംഗലമനവധി വന്നു ഭവിക്കും.

കിരാതം ഓട്ടൻതുള്ളൽ

സമാപ്തം

നളചരിതം

പുരരിപുവാകിയ ഭഗവാൻ തന്നുടെ
തിരുമടിതന്നിൽ വസിക്കും പാർവ്വതി
തിരുമുടിജടയിൽ സുരവാഹിനിയുടെ
തിരുമുഖവും കുളുർകൊങ്കദ്വയവും
പരിചൊടു കണ്ടു സഹിക്കരുതാഞ്ഞു
പുരഹരനോടഥ ചോദ്യംചെയ്തു:
''തിരുമുടിജടയുടെ നടുവിൽ വിളങ്ങി–
പ്പരിചൊടു കാണുവതെന്തൊരുവസ്തു?†''
ഹരനരുൾ ചെയ്തിതു ''നമ്മുടെ ജടയിൽ
പെരുകിന വെള്ളം വേർപെടുകില്ല.''
''കുരള കഥിക്കരുതെന്നൊടു നാഥ!
സരസം മുഖമിഹ കാണാകുന്നു''
''മുഖമല്ലതഹോ ജലമതിലുളവാം
വികചസരോജമിതെന്നുവരേണം;''
''വികചസരോജേ കുറുനിരനികരം
പരിചൊടു കാൺമാനെന്തവകാശം?''
''കുറുനിരയല്ലതു മധുപാനത്തിനു
വരിവണ്ടുകൾ വന്നിണകൂടുന്നു;''
''പുരികക്കൊടിമുനയുഗളമിദാനീം
പരിചൊടു കാൺമാനെന്തവകാശം?''
'പുരികക്കൊടിയല്ലവിരളമിളകും
ചെറുതിരയത്രേ അചലതനൂജേ!'' ↕
''സരസമതാകിന ലോചനയുഗളം
പരിചൊടു കാൺമാനെന്തവകാശം?''
''ഗിരിവരതനയേ! ലോചനമല്ലതു
കരിമീനിണ കളിയാടുകയത്രേ!''
''കരികുംഭാകൃതി കുളുർമുലയുഗളം
പരിചൊടു കാൺമാനെന്തവകാശം?''
''കുളുർമുലയല്ലതു കോകദ്വന്ദ്വം
നളിനസമീപേ വിളയാടുന്നു;''*
''കളിവചനം വാ കാര്യമിദം വാ
കരളിലെനിക്കു വിവാദമിദാനീം.''

---

† 'പരിചൊടു കാണുന്നെന്തൊരു വസ്തു'—പാഠാന്തരം.
↕ 'ചെറുതിരയായ്‌വരുമചലതനൂജേ'—തുള്ളൽക്കാരുടെ പഴയ വായ്പാഠം.
* 'നളിനസമീപേ കളിയാടുന്നു'—തുള്ളൽക്കാരുടെ പഴയ വായ്പാഠം.

ഇങ്ങനെ കപടഗിരാ ഗിരിവരസുത—
തന്നുടെ മാനസവഞ്ചന ചെയ്തും
ഗംഗാധരനാം കിള്ളികുറിശ്ശിയ—
മർന്ന മഹേശൻ കാത്തരുളേണം.

ഉലകുടെപെരുമാൾ മന്ത്രികളോടും
കലിയുടെ കടുത വിചാരിക്കുമ്പോൾ
വലിയൊരു വൃദ്ധൻ തൊഴുതുരചെയ്തിതു
കലിയുടെ ശക്തി കുറയ്ക്കുമുപായം;
നളചരിതാമൃതമുരചെയ്താലും
തെളിവൊടു കേട്ടു രസിച്ചെന്നാലും
പൊളിയല്ലവനുടെ കലിമലമഖിലം*
ജളനെന്നാകിലുമാശു നശിക്കും;
കലിയുഗശക്തി മുഴുത്തു ജനാനാം
തലയിൽ കേറി മനസ്സും മുട്ടി
പാപികൾ പകിടകൾ പൊരുവതിനായി—
ഗ്ഗോപികൾകൊണ്ടു വരച്ചു തുടങ്ങും[1]
കഷ്ടം! സാളഗ്രാമസ്ഥാനേ
കുട്ടിച്ചാത്തനമർന്നുതുടങ്ങും,
വിളവുകളൊന്നു കുറഞ്ഞുതുടങ്ങും,
കളവുകളൊന്നു മുഴുത്തുതുടങ്ങും,
വിലയും പാരമിടിഞ്ഞുതുടങ്ങും,
മലയും കാടുമുരത്തുതുടങ്ങും;
നിലയും വിട്ടു മനുഷ്യരശേഷം
വലയും കലിയുഗമേറെ മുഴുത്താൽ.
കളമൊഴിമാരുടെ തലയും മുലയും
വളയും തളയും കളിയും ചിരിയും
വളയും പുരികകൊടിയും കണ്ടിഹ
വലയും വലയതിൽ മാനുഷരെല്ലാം;
യജമാനന്നൊരു ചെകുതി[2]പിണപ്പാൻ
പ്രജകൾക്കൊക്കെ മനസ്സുതുടങ്ങും;
യജനംചെയ്തു ജഗത്തു പുലർത്തും
ദ്വിജവരവൃത്തികൾ ചെയ്തുതുടങ്ങും;
രാജസമീപേ ചെന്നൊരു കൂട്ടം
ഏഷണി പറവാനാളുകളേറും;
ഭോജനമാത്രം കിട്ടുന്നവനൊരു
രാജാവെന്നു നടിച്ചുതുടങ്ങും;

---

* 'പൊളിയല്ലവനുടെ കലിമലദോഷം'—പാഠാന്തരം.

[1] ഗോപീചന്ദനംകൊണ്ടു പകിടക്കളം വരയ്ക്കും.

[2] ചെകുതി=തോൽവി, അമളി.

ഭൂഷണമുള്ളൊരു നൃപനെക്കണ്ടാൽ
ഭാഷിപ്പാനങ്ങാർത്തുതുടങ്ങും;
ഭൂഷണമണിവാൻ വകയില്ലാഞ്ഞാൽ
മോഷണമൊരുവക ചെയ്തുതുടങ്ങും;
വല്ലഭമാരുടെ വീടു പുലർത്താ—
നില്ലം പണയംവച്ചുതുടങ്ങും;
നെല്ലും പണവും പൊന്നും പാത്രവു—
മില്ലെന്നാമിനി ദിവസേ ദിവസേ.
ചൊല്ലും പലവിധമപരാധം പലർ
കൊല്ലും പശുവിനെ മടികൂടാതെ;
തല്ലും നല്ലൊരു സാധുജനത്തെ[1]—
ത്തെല്ലും ഭയവും മാനുഷനില്ല;
പുല്ലും പുഴുവും ഭൂമിയിലിങ്ങതു
മെല്ലെന്നങ്ങു നടന്നുതുടങ്ങും;
ചൊല്ലുന്നതിനെക്കേട്ടു നടപ്പാൻ
വല്ലഭമുള്ളവരില്ലെന്നാമേ;
മൂത്തുതുടങ്ങും കപടതയിനിമേ—
ലോത്തുതുടങ്ങും ശൂദ്രാദികളും;
ഓർത്തുതുടങ്ങും വിപ്രൻമാരതു
പേർത്തു തുടങ്ങും മററുള്ളവരും;
ചേർത്തുതുടങ്ങും വികടസരസ്വതി
കൂർത്തുതുടങ്ങും മോഹാദികളും;
ചീർത്തുതുടങ്ങും ദ്രവ്യത്തിൽ കൊതി
പേർത്തുതുടങ്ങും വരവും ചെലവും
പാർത്തുതുടങ്ങും നെല്ലും പണവും
ആർത്തുതുടങ്ങും പലരുംകൂടി—
പ്പാർത്തുതുടങ്ങും കുത്തികവെരാൻ
ചീർത്തുതുടങ്ങും ദുഷ്ക്കവി കെട്ടി—
ത്തീർത്തുതുടങ്ങും ദുഷ്ടജനങ്ങൾ.
ആർത്തി വളർന്നും പൂർത്തി തളർന്നും
കീർത്തികുറഞ്ഞും പൂർത്ത[2]മെരിഞ്ഞും
വൃത്തി[3] പെരുത്തും കുത്തിയെടുത്തും
കൂർത്തുവരും പല ജാതികളിനിമേൽ.,
വ്യാധിപിടിച്ചു കിടക്കും ചിലരുടെ
നാഡിപിടിച്ചു നടക്കും പലരും

---

1. 'തെല്ലും നല്ലൊരു സാധുജനത്തെ'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠം.
2. പൂർത്തം = സൽക്കർമ്മങ്ങൾ, പൂർത്തമെരിഞ്ഞും = സൽക്കർമ്മങ്ങൾ നശിച്ചും.
3. വൃത്തി = അർത്ഥലാഭം മാത്രം കരുതിയുള്ള ജീവിതം.

സാധിക്കരുതാതുള്ളതിമോഹം
ബാധിക്കും ചില മർത്ത്യജനാനാം;
അപമൃത്യുക്കളുമവതാളങ്ങളു—
മപമാനങ്ങളുമുണ്ടായ്‌വരുമേ;
വിശ്വജനത്തിനുമീശ്വരനെന്നൊരു
വിശ്വാസത്തിനു കുറവുതുടങ്ങും;
കുടിലൻമാരും ജടിലൻമാരും
കുരുടൻമാരും ജരാൻമാരും
കുരയൻമാരും കുനയൻമാരും
പലവിധമുണ്ടായ്‌വരുമിനി മേലിൽ
ഈശ്വരകോപമറിഞ്ഞാൽ പിന്നെ
വാശ്ശതുമെന്നൊരുപേക്ഷതുടങ്ങും;[1]
വരവും തരവും ജനവും ധനവും
കുറവും മറവും കൊതിയും ചതിയും
മനുജരിൽവച്ചതിനീചൻമാരാം
മനുജപുഴുക്കൾക്കേറിച്ചമയും;
മതിയും കൊതിയും മതികപടങ്ങളു—
മതിയായിട്ടു ബുധൻമാർക്കുളവാം;
ഗതിയില്ലാത്ത ജനങ്ങളിലൊരു കൃപ
മതിമാൻമാർക്കിനി വരികില്ലരച!
അമ്പലമെന്നു മറന്നതിനുള്ളിൽ
തമ്പലമിടുമിനി മടികൂടാതെ;
ചെമ്പുപൊളിച്ചഥ വിററുതുടങ്ങും
അമ്പലമുടയവർ പുകയില തിൻമാൻ;
ലന്തപറങ്കിയുമിങ്കിരയേസും
ബന്ധുവതാമിനിയരചൻമാർക്കും;
ഗ്രന്ഥികളൊന്നു കുറഞ്ഞുതുടങ്ങും
ഗ്രന്ഥമെഴുത്തും നാസ്തിയതാമേ!
ശാസ്ത്രികളെന്നൊരു ഭാവത്തോടെ
ശാസ്ത്രമെടുക്കും പകൽ കഴിവോളം
രാത്രിയടുത്താലവരെപ്പിന്നെ
ക്ഷേത്രംതന്നിലൊരേടം കാണാ.
ഇത്രയനിഷ്ടഫലപ്രദകലിബല—
മത്ര ജനങ്ങളുണർത്തിച്ചീടാം.
ഉലകുടെപെരുമാളൊന്നറിയേണം
കലിയുടെ ദോഷം തീരണമെങ്കിൽ
വലിയൊരു കഥയിതു നളനുടെ ചരിതം
കലിതകുതൂഹലമുരചെയ്തീടാം;

---

1. വാശ്ശതു...തുടങ്ങും=എന്തെങ്കിലുമാകട്ടെയെന്ന ഉദാസീന ഭാവമുണ്ടാകും.

ഫലിതം കുറയുമിതെങ്കിലുമോർത്താൽ
കലിമലഹരമെന്നൊരു ഗുണമധികം.
പലരുമെനിക്കു സഹായിച്ചീടിൽ
പലദിക്കൊട്ടു ചുരുക്കിപ്പറയാം.

കരുണാമൃതരുചിവദനനുദാരൻ
തരുണാരുണഗണഗുരുകരസാരൻ
തരുണാംബുജദളനയനൻ സുരവര-
തരുണാ സമധനവിതരണശീലൻ
കരുണാമലജലവരുണാവാസൻ
ഹരിണാന്തകബലഹരിണാവാസൻ
ഹരിണാങ്കാഗതചരണാശോഭിത
ഭരണായാം ഭുവി ഹരിണാസദൃശൻ[1]
ചരണാംബുജയുഗശരണാഗതജന
ശരണായിതനവ കരുണാധരണൻ.
മരണം ഭവഭയഹരണാദികരൻ
കരുണാകരഗുരു കരുണാശരണൻ
ധരണീപതികുലധരണീയാരുടെ
ധരണി ധരിച്ചൊരു ധരണീപാലൻ
ധരണീവിലസിതതരുണീമാനസ-
ഹരണീകൃതതനു ധരണീമദനൻ;
അളകാപതിസമഘനതരവിഭവൻ
അളകാഞ്ചിതപുടനിടിലകപാലൻ[2]
നളകൂബരനെക്കാളതിസുഭഗൻ
നളനെന്നൊരു നൃപനുളവായ് വന്നു,

---

[1] ഹരിണാങ്കാഗത (ചന്ദ്രനിൽ ഉദ്ഭവിച്ച) ചരണാശോഭിത (രശ്മിയാൽ ശോഭിതമായ) ഭരണായാം ഭുവി (ഭരണത്തോടുകൂടിയ ഭൂമിയിൽ)ഹരിണാസദൃശൻ (ഇന്ദ്രനോടു തുല്യൻ). ചന്ദ്രരശ്മിയാൽ ശോഭിതമായ ഭരണം. ചന്ദ്രവംശത്തിന്റെ ഭരണമെന്നു ധ്വനി. ചരണത്തിന് വംശം എന്നുകൂടെ അർത്ഥം നിഘണ്ടുക്കളിൽ കാണുന്നു. അതനുസരിച്ചു ചന്ദ്രനിൽനിന്നു ഭവിച്ച ചരണത്താൽ (ചന്ദ്രവംശത്താൽ) ആശോഭിതമായ ഭരണത്തോടുകൂടിയ എന്നർത്ഥം പറയാം. ചന്ദ്രവംശരാജാക്കൻമാരിൽ ഇന്ദ്രനു തുല്യൻ എന്നു സാരം. 'ഹരിണാങ്കാടകചരിണീശോഭിത'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠം. ആദ്യപ്രസാധനത്തിലെ അച്ചടിപ്രമാദം ('ഗ' 'ട' യും, 'ത' 'ക' യും, 'ചരണാ' 'ചരിണീ'യുമായി) തുടർന്നുണ്ടായ എല്ലാ പതിപ്പുകളിലും ആവർത്തിച്ചു. 'ഹരിണാങ്കാടക' 'ഹരിണാങ്കാടവി'യാക്കി 'തിങ്കാക്കാട്ടു(വടക്കാഞ്ചേരിക്കടുത്തുള്ള എങ്കക്കാട്ട്) ദേവിയാൽ ശോഭിതമായ ഭരണം' എന്നും മററും വിചിത്രമായ വ്യാഖ്യാനങ്ങൾ കല്പിക്കാൻ പണ്ഡിതൻമാരെ ഈ അപപാഠം പ്രേരിപ്പിക്കയും ചെയ്തു.

[2] അളകങ്ങളെക്കൊണ്ടു ശോഭിക്കുന്ന വിസ്തൃതമായ നെററിത്തടത്തോടുകൂടിയവൻ. കപാലം = പരന്ന അസ്ഥി.

നളിനകുലാരികുലാലങ്കരണൻ[1]
കളമധുരാകൃതി നിഷധനരേന്ദ്രൻ
കളകളതരധനദാംബര[2]ഭൂഷണ–
ലളിതകളേബരനതിസുകുമാരൻ
കളിയൊടു നിഷധപുരേ പുരുമോദാൽ
കളിരുചിതേടി വളർന്നതുകാലം
കളമൊഴിമാരുടെ കരളിൽ പരിചൊടു
കമലശരാർത്തി വളർന്നുതുടങ്ങി;
തെളുതെളെ വിലസിന പനിമതിരുചിയാൽ
വെളുവെളെ വിളയാടീടിന ഗാത്രേ
തളവളമകുടമണിഞ്ഞു നരേന്ദ്രൻ
കളികളുമാടി നടക്കുംനേരം;
നളിനസരസ്സിന്നരികേ നല്ലൊരു
പുളിനംതന്നിൽ ചെല്ലുന്നേരം
നളിനംതന്നിലുറങ്ങീടുന്നൊരു
കളഹംസത്തെക്കണ്ടാനരചൻ;
പങ്കമകന്നൊരു തങ്കംപൊന്നിനൊ–
ടങ്കം പൊരുതുമൊരംഗപ്രഭയും
കുംകുമനിറമാം ചിറകും കൊക്കും
പങ്കജരുചിരം ചരണദ്വയവും
കണ്ടതുനേരം നൃപനു കുതൂഹല–
മുണ്ടായ്‌വന്നൂ മനതാരിങ്കൽ
കൊണ്ടാടിത്തൻ കരകമലത്തെ–
ക്കൊണ്ടു പിടിച്ചു മുറുക്കിക്കൊണ്ടാൻ.
അരചൻ ചെന്നിഹ തൊട്ടതുനേരം*
അരയന്നംതാൻ ഝടിതിയുണർന്നു;
''അരുതരുതെന്നെക്കൊല്ലരുതെ''ന്നും;
തെരുതെരെയങ്ങു പറഞ്ഞുതുടങ്ങി;
''അപരാധത്തെച്ചെയ്യാത്തവനെ–
ക്കൃപകൂടാതെ വധിച്ചെന്നാകിൽ
നൃപതേ! നിന്നുടെ നാടും ധനവും
സപദി നശിക്കുമതോർത്തീടേണം:
പക്ഷികളെക്കൊലചെയ്തൊരു മാംസം

---

1. 'നളിനകുലാരികുലാലങ്കരണൻ'—എന്ന പഴയ വായ്പാഠം സ്വീകരിച്ചു. 'നളിനകുലാരികൃപാലങ്കരണൻ'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠം ക്ലിഷ്ടം.

2. ധനദാംബരം=ധനദ (ധന്യത്തെ നിലനിർത്തുന്ന=മഹത്ത്വത്തെ നിലനിർത്തുന്ന) അംബരം (വസ്ത്രം). സ്ഥാനമഹിമയ്ക്കു ചേർന്ന വസ്ത്രം.

* അരചൻ ചെന്നഥ തൊട്ടതുനേരം'—പാഠാന്തരം.

ഭക്ഷിപ്പാനൊരു രുചിയുണ്ടെങ്കിൽ
ഇക്ഷിതിയിൽ പല കുക്കുടമുണ്ടതു
ഭക്ഷിച്ചാലും മതിവരുവോളം;
മാനത്തങ്ങു പറന്നുനടക്കും
ഞാനെന്തൊരു പിഴ ചെയ്തതു നിങ്കൽ?
മാനുഷകുലവരമകുടമണേ! നീ
ഹാനി നമുക്കു വരുത്തീടൊല്ലേ.
എല്ലും തോലും ചിറകും കൊക്കുമി–
തെല്ലാം നീക്കി നുറുക്കിക്കൊണ്ടാൽ*
തെല്ലു ഭുജിപ്പാനുണ്ടെന്നും വരു–
മില്ലെന്നും വരുമെന്നുടെ മാംസം.
എന്നുടെ മാതാവിന്നു വയസ്സൊരു
മുന്നൂററുപതിലിപ്പുറമല്ല
എന്നു വരുമ്പോളവളുടെ ദുഃഖമ–
തെന്നു ശമിക്കും നിഷധനരേന്ദ്ര!
നിന്നുടെ കൈയാൽ മരണംവരുമിനി–
യെന്നു ശിരസ്സിൽ നമുക്കുണ്ടെങ്കിൽ
എന്നുമൊരുത്തനുമാവതുമില്ലതു
വന്നുഭവിച്ചാൽ ഖേദവുമില്ല;
എന്നുടെ പിടയും തനയൻമാരും
നമ്മുടെ കുലവും ബന്ധുജനങ്ങളും
അമ്മയുമച്ഛനുമനുജൻമാരും
കർമ്മബലാലിതുകാലമൊടുങ്ങും;
അന്നത്തരുണികൾ പണിയും നമ്മുടെ
കന്നൽക്കുളിർമൊഴി കാന്തയുമിപ്പോൾ
എന്നുടെ വരവും നോക്കിപ്പരിചിനൊ–
ടുന്നതദിക്കിലിരുന്നീടുന്നു;
അയ്യോ! നരവര! സാഹസമിങ്ങനെ
ചെയ്യരുതേ ദുരിതം വരുമെന്നാൽ,
പൊയ്യല്ലൊരുപൊഴുതരുതിതു പരിഭവ–
മിയ്യൽകണക്കെ നടക്കുമൊരെങ്കൽ.
'കൊന്നാൽ പാപം തിന്നാൽ പോ'മുട–
നെന്നൊരു വലുതാം മൂഢതയുണ്ടേ;
നിന്നുടെ കരളിലതഴകല്ലേതും
മന്നിൽ മികച്ചൊരു ബുധനല്ലേ നീ?''
അവനുടെ വാക്കുകളിങ്ങനെ കേട്ടഥ
കുവലയനയനൻ നളനരപാലൻ
ശിവശിവയെന്നുടനരയന്നത്തെ–

---

* '...നുറുക്കിക്കണ്ടാൽ'—പാഠാന്തരം

ജ്ജവമൊടു വിട്ടുരചെയ്തു പതുക്കെ:
‘‘കനകമയാകൃതിയാകിയ നിന്നെ—
ക്കനിവൊടു കണ്ടതുകൊണ്ടകതാരിൽ
ഘനതരമായൊരു കൗതുകമുളവായ്
മനസാ വാചാ സത്യംതന്നെ;
ക്ഷോണിതലങ്ങളിലിങ്ങനെയൊരുവക
കാണുന്നില്ലതുകൊണ്ടു ഭവാനെ
പാണിതലത്തിലെടുപ്പാൻ ബന്ധം
പ്രാണവധത്തിനു ഭാവിച്ചല്ലേ.’’
മന്നവനിങ്ങനെയുരചെയ്തപ്പോ—
ളന്നം ധരണിയിൽനിന്നെഴുന്നേററു;
ഒന്നു കുടഞ്ഞു ശരീരമശേഷം
തന്നുടെ ചിറകും വീശിയിരുന്നു;
ചിറകിനകത്തു കടിച്ചുകിടക്കും
ചെറുപേൻ കൊതുകുകൾ ഈച്ചകൾ പുഴുവും
തിറവിയ കൊക്കുകൾകൊണ്ടു കടിച്ചതു
കൊറുകൊറെയങ്ങു കൊറിച്ചുതുടങ്ങി;
ഒരു കാൽകൊണ്ടു ശിരസ്സിൽ പരിചൊടു
ചൊറുകിത്തത്തി നടന്നുതുടങ്ങി:
നരവരനാകിയ നളനുടെ മുമ്പിൽ
തരസാ നിന്നു പറഞ്ഞുതുടങ്ങി:

ശ്രീമൻ! നൈഷധഭൂപതേ! തവ യശോ—
ഗായന്തി ദേവാംഗനാഃ
ഹേമാംഭോജരജോവിരാജിതഗണൈ—
രാകാശഗംഗാതടേ
യാവത്താവദസാവമന്ദവിലസൻ—
മന്ദാക്ഷമന്ദാകൃതാ
മന്ദാരദ്രുമവാടികാ ഹി ഭവതഃ
കാരുണ്യവാരാന്നിധേ!

‘‘പാർത്ഥിവ! നിന്നുടെ വാർത്തകൾ കേട്ടു കൃ—
താർത്ഥതയിങ്ങു വരുത്തീടേണം,
അർത്ഥിജനത്തിനു മതിയാംവണ്ണം*
അർത്ഥമെടുത്തു കൊടുക്കണെ നിന്നുടെ
കീർത്തി വളർന്നു വളർന്നു പതുക്കെ
പ്പാർത്തലമൊക്കെ നിറഞ്ഞു സഭാന്തേ;
പാർത്തിരിയാതെ വളർന്നു സുരോത്തമ—

---

* ‘അർത്ഥിജനത്തിനു മതിയാംവണ്ണം’—എന്നു പഴയ വായ്പാഠഭേദം സ്വീകാര്യം. ‘ആർത്തജനത്തിനു മതിയാംവണ്ണം’—എന്ന പാഠാന്തരം.

തീർത്ഥമതാകിന ഗംഗാപുളിനേ
വാർത്തകളീവക കീർത്തനമാക്കി—
ത്തീർത്തുതുടങ്ങീ സുരനാരികളും;
പാർത്തലവാസികൾ മററുള്ളവരുടെ
കീർത്തികളെല്ലാം നേർത്തു ചമഞ്ഞു;
ധൂർത്തല്ലതുപൊഴുതമരതരുക്കൾ—
ക്കാർത്തിപിടിച്ചുതുടങ്ങീ പതുക്കെ;
ചീർത്തൊരു നാണംകൊണ്ടു ശിരസ്സുകൾ—
താഴ്ത്തിക്കഥമപി വാണീടുന്നു;
പൂർത്തിപെരുത്തൊരു ചാരുദയാമല—
മൂർത്തേ! ജയജയ! നളനരപാല!''
രാജസ്തുതിയുടെ പൊരുളീവണ്ണം
യോജിപ്പിച്ചു പറഞ്ഞരയന്നം
രാജമനസ്സു കുളുർപ്പാൻ പുനരിഹ
വ്യാജവിഹീനം കഥനംചെയ്തു.

ചമ്പതാളം

''നിഷധകുലകമലവനദിനകര! ധരാപതേ!
നീതിശാസ്ത്രാംബുധേ! കേൾക്ക മേ വാക്കുകൾ
വിഭവമൊടു വിലസിന വിദർഭഭൂമണ്ഡലേ
വീരനാം ഭൂമിപാലൻ തന്റെ പുത്രിയായ്
സുമുഖി ദമയന്തിയെന്നുണ്ടൊരു കന്യകാ
സുന്ദരികളിന്നവളെ വന്ദിക്കുമാകവേ;
നിറമുടയ തലമുടി ചുരുണ്ടുനീണ്ടങ്ങനേ
നീലമേഘങ്ങൾക്കു തോലി നല്കുന്നിതേ;
കുറുനിരയുമൊരു കുറിയുമുരുനിടിലഭംഗിയും
കൂത്താടുമോമനച്ചില്ലിവില്ലാട്ടവും
കമലദളവിമലചലലോചനദ്വന്ദ്വവും
കാമാസ്ത്രതുല്യകടാക്ഷവീക്ഷങ്ങളും
തിലകുസുമസമസുഷമനാസികാശോഭയും
തിങ്കളോടൊക്കും കപോലസ്ഥലങ്ങളും
മധുമധുരമൃദുലതരമധരസൗഭാഗ്യവും
മാലതീമൊട്ടിനോടൊത്ത ദന്തങ്ങളും
വലയകുല കിലുകിലിത കരയുഗളകേളിയും
വാഴ്ത്തി സ്തുതിപ്പാൻ നമുക്കെളുതല്ലെടോ!
കൊടിനടുവുമതിവികടകടിതടവിലാസവും
കോമളാഡംബരം കാഞ്ചീകലാപവും
കദളിയൊടു മൃദുതയൊടു കദനമിടകൂടുന്ന*

---

* 'കദളിയുടെ മൃദുതയൊടു...'എന്ന് വായ്പാഠഭേദമുണ്ട്.

കാലു രണ്ടും വിഭോ! കണ്ടാൽ മനോഹരം
ശശിയൊടെതിർപൊരുതു വിരുതേറുന്ന വക്ത്രവും
ശംഖിനോടൊക്കുന്ന കണ്ഠപ്രദേശവും
മലകളൊടു പലപൊഴുതു കലഹരുചി തേടുന്ന
മാർവത്തു തിങ്ങും കുചങ്ങടെ ഭംഗിയും
കിളികളുടെ കളവചനമിളയുമൊരു വാണിയും
കീർത്തിപ്പതിന്നു ഞാൻ സർപ്പേന്ദ്രനല്ലെടോ!

പല വടിവും വന്നു ചമഞ്ഞു
തലമുടിയും വന്നു തികഞ്ഞു
മുലയിണയും മാറു കവിഞ്ഞു
മലർശരനും മെല്ലെയണഞ്ഞു
ശിശുത കഴിഞ്ഞു വശത വഴിഞ്ഞു
മറവു മൊഴിഞ്ഞു മനമതഴിഞ്ഞു;
കിളിമൊഴിതാനൊന്നു പകർന്നൂ
കളിപുതുമയ്ക്കാശ വളർന്നു
കളവചനപ്രൗഢി മുതിർന്നൂ[1]
നളനൃപതേ! കാമമുയർന്നു
മിഴികൾ വിടർന്നൂ വഴിയിലമർന്നൂ
അഴകുകലർന്നു കഴലിണ ചേർന്നു;*
പ്രിയസഖിമാരോടുമിണങ്ങി
പ്രിയതമനെച്ചിന്തതുടങ്ങി
പ്രിയമധുരം വാക്കിലിണങ്ങി
പ്രിയമിദമെന്നോർത്തു വണങ്ങി
കഥകൾ തുടങ്ങി കപടമടങ്ങി
കളികൾ തുടങ്ങി കമനി വിളങ്ങി;
പല ചരിതം കേട്ടു രസിച്ചും
പല കുതുകം വന്നുഭവിച്ചും
പല പദവും കേട്ടു രസിച്ചും†
പല ഗുണവും ചേർന്നു വസിച്ചും
മദനനുദിച്ചൂ മദമതിളച്ചൂ
മനസി രസിച്ചൂ അവിടെ മറച്ചൂ.

1. 'കളിവചനപ്രൗഢിമുതിർന്നൂ—എന്ന മുദ്രിതപുസ്തകങ്ങളിലെ പാഠത്തിന് സന്ദർഭസാധുത്വം കുറയും. കളവചനപ്രൗഢി = മധുരഭാഷണ കുശലത.

* 'അഴിവുകലർന്നു കഴലിണ ചേർന്നു'— എന്നാണ് തുള്ളൽക്കാരുടെ പഴയ വായ്പാഠം. ഈ പാഠമായിരിക്കയില്ലേ ശരി? കണ്ണുകൾ വിടർത്തി വഴിയിലേക്കയച്ച നോട്ടത്തെ അധീരയായി ലജ്ജയോടുകൂടി പെട്ടെന്നു പിൻവലിച്ച് തന്റെ പാദത്തിലേക്കു ചേർത്തു എന്നർത്ഥം പറയാം.

† 'പല പദവും പാടി രസിച്ചും'—പാഠാന്തരം.

ദമനുടെ സോദരിയാകിയ കന്യക
ദമയന്തിക്കു വിവാഹമടുത്തു
കമലവിലോചനയാളെ നിനച്ചാൽ
ഭൂവിതിലതിനൊരു പുരുഷരുമില്ല;
മലർശരപരവശരായ് വന്നീടിന
പലപല നൃപതികളവളെ ലഭിപ്പാൻ
പലതരമങ്ങു പ്രയത്നംചെയ്തു
ഫലമതു പിന്നെക്കണ്ടാലറിയാം;
ഒരുവൻ കൊണ്ടു തിരിക്കുംമുമ്പേ
തരസാ ചെന്നു വശത്താക്കേണം;
തരുണിമണിക്കിഹ തരമായിട്ടൊരു
പുരുഷൻ ധരണിയിലില്ല ചുരുക്കം;
മന്നിൽ പലപല മന്നവരുണ്ടതി–
ലൊന്നുമവൾക്കിഹ സമ്മതമല്ല;
നിന്നൊടുകൂടി രമിപ്പാനൊരു ഗതി–
വന്നു ഭവിക്കിലതവളുടെ ഭാഗ്യം.''
ഇത്തരമുരചെയ്തരയന്നത്തോട്
ഉത്തരമരുളീ നളനരപാലൻ:
''ഉത്തമനാകിയ കളഹംസസഖേ!
ചിത്തസുഖം മമ നിന്നുടെ വാർത്ത,
കനകസമാനകളേബരനാം നീ
കനിവൊടിതിങ്കലിറങ്ങീടേണം;
പനിമതിമുഖിയെ നമുക്കു ലഭിപ്പാൻ
മനമതഴിഞ്ഞിഹ പണിചെയ്താലും;
നിന്നുടെ കൃപയുണ്ടെന്നുവരുമ്പോൾ
ഒന്നുമെനിക്കു വരാത്തതുമില്ലാ,
എന്നുടെ വാർത്തകളിന്നവളോടു
ചെന്നു പറഞ്ഞു ധരിപ്പിക്കേണം,''
പിന്നെ, മനസ്സു തെളിഞ്ഞരയന്നം
മന്നവനോടുരചെയ്തുതുടങ്ങി;
''നിന്നുടെ വചനം കേട്ടു നടപ്പാ–
നെന്നുമെനിക്കൊരു സംശയമില്ല.
അറിയാം നാലു ദിനത്തിലതപ്പുറ–
മറിവുള്ളരചാ! പൊളിയല്ലേതും;
കുറിനാൾ കഴികെ'ക്കാണാമെ''ന്നൊരു
കുറിയും വച്ചു തിരിച്ചിതു ഹംസം.

---

1. കുറിനാൾ കഴികെ='നാലുദിനത്തിലതപ്പുറ'മെന്നു കുറിച്ച (വ്യവസ്ഥപ്പെടുത്തിയ)നാൾ കഴിയുമ്പോൾ.
'കുറുനാൾ കഴികെ'—എന്നു മുദ്രിതപുസ്തകളിൽ കാണുന്നത് അപപാഠം.

കുണ്ഡിനനഗരം നോക്കിപ്പരിചിനൊ—
ടണ്ഡജനാശു പറന്നുതുടങ്ങി;
അണ്ഡജഗമനം കണ്ടാലൊരു ശശി—
മണ്ഡലമെന്നിഹ തോന്നും ഗഗനേ.

ചരിച്ചു ഗഗനത്തിൽ തിരിച്ചു കളഹംസം
സ്മരിച്ചു നളനെയും ധരിച്ചു ഹൃദയത്തിൽ
കടന്നു പല ദിക്കും നടന്നു വിരവോടേ
എടങ്ങൾ നഗരങ്ങൾ മഠങ്ങൾ കിടങ്ങുകൾ
വിടങ്ങൾ വിപിനങ്ങൾ തടങ്ങൾ തടാകങ്ങൾ
തുടങ്ങി പലവസ്തു കടന്നു പറക്കുമ്പോൾ

നാടുകൾ കണ്ടു വീടുകൾ കണ്ടു
കൂടുകൾ കണ്ടു കോടുകൾ കണ്ടു
ചാടുകൾ കണ്ടു പോടുകൾ കണ്ടു
ചോടുകൾ കണ്ടു വീടുകൾ കണ്ടു
വീടുകളിൽ ചില നായൻമാരുടെ
മൂഢതകൊണ്ടൊരു ഘോഷം കണ്ടു;
അച്ചികളോടു കലമ്പിച്ചില കല—
മെച്ചിലിലിട്ടു തകർക്കിണ കണ്ടു;
കച്ചകൾ പുടവകൾ ഒരുവൻ ചെന്നു—
വലിച്ചു കരിച്ചു തിരിച്ചതു കണ്ടു;
ഇല്ലംകൊണ്ടപന്നവളെത്തല്ലി
പല്ലു തകർത്തൊരു പങ്ങച്ചാരുടെ
തള്ള കയർത്തൊരുലക്കയെടുത്തു
ചെള്ളയ്ക്കൊന്നു ചിമുക്കിണ കണ്ടു;
മററാരിടത്തൊരു ഘോഷം കണ്ടു
തെററന്നവിടെച്ചെന്നരയന്നം
മുററത്തുള്ളൊരു തെങ്ങിൻമുകളിൽ
പററിച്ചെവിയും പാർത്തു വസിച്ചു;
നായർ വിശന്നു വലഞ്ഞു വരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല;
ആയതു കേട്ടു കലമ്പിച്ചെന്ന—
ങ്ങായുധമുടനേ കാട്ടിലെറിഞ്ഞു
ചുട്ടുതിളയ്ക്കും വെള്ളമശേഷം
കുട്ടികൾതന്നുടെ തലയിലൊഴിച്ചു
കെട്ടിയ പെണ്ണിനെ മടികൂടാതെ
കിട്ടിയ വടികൊണ്ടൊന്നു പിടച്ചു
ഉരുളികൾ കിണ്ടികളൊക്കെയുടച്ചു
ഉരലു വലിച്ചു കിണററിൽ മറിച്ചു

ചിരവയെടുത്തഥ തീയിലെരിച്ചു
അരകല്ലങ്ങു കുളത്തിലെറിഞ്ഞു
അതുകൊണ്ടരിശം തീരാഞ്ഞവന-
പ്പുരയുടെ ചുററും മണ്ടിനടന്നു;
അരയന്നം പുനരതു കണ്ടുടനെ
ഹരഹര! ശിവശിവയെന്നു പറഞ്ഞു
അരനാഴികവഴി ചെല്ലുന്നേര-
ത്തരികേ നല്ലൊരു പെരുവഴി കണ്ടു;
അരയാലുകളും പേരാലുകളും
അരമനതെരുവുകളങ്ങാടികളും
മരവും നല്ല നടക്കാവുകളും
പുരയും പുഴയും വഴിയമ്പലവും
നറുമലർ വിലസിന പൂങ്കാവുകളും
തറകളുമാപണമത്താണികളും[1]
കിണറും തളവും കളവും കുളവും
തണലും മണലും മണിഗോപുരവും
അണയും തോറും തുളസിദളങ്ങടെ
മണവും ഗുണവുമിതെത്ര മനോജ്ഞം!
അമ്പലമവിടെക്കണ്ടുതുടങ്ങീ
വൻപടഹദ്ധ്വനി കേട്ടുതുടങ്ങി
കമ്പവിളക്കു കൊളുത്തി വിളങ്ങീ
വമ്പുര പലതും കണ്ടുതുടങ്ങി;
കൊടിയേററുണ്ടിഹ വിഷ്ണുക്ഷേത്രേ
കൊടിമരമുയരെക്കാണാകുന്നു
തടിയൻമാർ പലരുണ്ടു വരുന്നു
കൊടിയ മഹോത്സവഘോഷം കാൺമാൻ
എന്നു മനസ്സിലുറച്ചരയന്നം
ചെന്നരയാലിൻ മുകളിലിരുന്നു;
അന്നേരം പല ദിക്കീന്നും ചിലർ
വന്നുതുടങ്ങി നിരന്നുതുടങ്ങി;
ആൽത്തറമേൽ ചിലർ വന്നു കരേറി-
പ്പാർത്തുതുടങ്ങീ ഘോഷം കാൺമാൻ
ആർത്തുവിളിച്ചു കളിച്ചു പുളച്ചിഹ
പാർത്തലവാസികൾ വന്നു നിറഞ്ഞു.

ഇളകിനനരവരപടയും—ചില
വെളുവെളെ വിലസിന കുടയും—പല
കളമൊഴിമാരുടെ നടയും—ചെറു

---

[1] 'തറകളുമന്തണമത്താണികളും'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നതു അപപാഠം.

കിളികളുമവരുടെ പിടയും—ചില
കരികളുമവരുടെ പിടിയും—പല
പരിമളമിളകിന മുടിയും—ചില
കലഹവുമുടനുടനടിയും—ചില
പുരികളിലനവധി കൊടിയും—പല
പലദിശി പൊടുപൊടെ വെടിയും—നറു
മലരതിലതിമൃദുപൊടിയും—പുന—
രൊരുവകതടവടിപടയും

കൊട്ടും കുഴൽവിളിയുമൊട്ടും കുറവില്ലയാ—
ഞ്ഞിട്ടു മനുജർ ചെവി പൊട്ടും പരിചിനോടേ
തട്ടും മുകളിൽ കൊതി കിട്ടും പ്രയോഗം കണ്ടി—
ട്ടൊട്ടും വിരുതു ചിലരിട്ടും വഴുതുകില്ലാ;
പട്ടും പുടവ മലർമൊട്ടും തരിവളയു—
മിട്ടുംകൊണ്ടൊരുകൂട്ടം വാട്ടം കലരുമാല—
വട്ടം കുട തഴയും വട്ടംപടവടികൾ
ചട്ടം പലതരങ്ങൾ വട്ടംതെളിഞ്ഞെരിയും
വെട്ടങ്ങളുടെ നല്ല വട്ടങ്ങളൊരു ദിശി;
പട്ടൻമാരുടെ പല കൂട്ടങ്ങളോരോ ദിശി;
ബാലത്തരുണികടെ നീലത്തലമുടിയും
ചേലൊത്ത മുലകളും ഫാലതിലകങ്ങളും
ചേലത്തരങ്ങളുടുത്താലോലമിഴികളും
ആലാപവടിവതും[1] മേലേ കണ്ടൊരു കൂട്ടം
ബാലപ്പുരുഷർ ചെന്നു നാലു വശത്തും നിന്നു
ആലോകിച്ചോരോ കേളിജാലങ്ങളോരോ ദിശി;
ആനക്കഴുത്തിൽ ഭഗവാനെയെഴുന്നള്ളിച്ചു
നാനാപടഹങ്ങളും സേനാപടജ്ജനവും
ആനന്ദംവരുത്തുന്ന ഗാനങ്ങളോരോ ദിശി.

ഇങ്ങനെ പലവിധമുത്സവഘോഷം
തിങ്ങിന മോദാൽ കണ്ടരയന്നം
അംഗനമാരും പുരുഷൻമാരും
അങ്ങൊരു ദിക്കിൽ വന്നതു കണ്ടാൻ
നെടുതായുള്ള മണപ്പാടൻ മു—
ണ്ടടികവിയോളം ഞാത്തിയുടുത്തൊരു
വടിയും കൈയിലെടുത്തുവരുന്നൊരു
തടിയൻ പുറകെയൊരുത്തിയുമുണ്ട്;
ചെണ്ടക്കാരൊടു, കല്പന പറകയു—

---

[1] 'ആലാപവടിവതും'—എന്ന വായ്പാഠം സ്വീകരിച്ചു. 'ആലാപവടിവുകളും'—എന്ന പാഠത്തിന് വൃത്തഭംഗം.

മുണ്ടൊരു ദിക്കിൽ കോൾക്കാകുന്നു;
''മാരായൻമാരൊന്നറിയേണം
നാരായണനുടെ കൊടിയേററുന്നാൾ
നേരായുള്ളൊരു പാണി പിഴച്ചാൽ
തീരാതുള്ളൊരു കുററംവരുമേ.
ശണ്ഠപ്പരിഷകൾ പലരുംകൂടി–
ശ്ശണ്ഠ തുടങ്ങി മുടങ്ങിപ്പോയാൽ
ചെണ്ടക്കാരേ! നിങ്ങടെ കൈവിരൽ
കണ്ടിച്ചെറിവാൻ കല്പന വരുമേ;
തിമിലയെടുത്തു നടപ്പാൻ നമ്മുടെ
കൊമരിക്കിന്നിഹ ശരിയല്ലാരും,
കുഴലുവിളിച്ചു ഫലിപ്പിക്കുന്നതു
കിഴവച്ചാരതു മതിയാക്കേണം,
നമ്പൻ വേണം കൊമ്പു വിളിപ്പാൻ
വമ്പനതിന്നൊരു മുമ്പൻതന്നെ,
കാളമെടുത്തു വിളിക്കണമെന്നാൽ
കേളനെവച്ചിട്ടൊരുവനുമില്ല,
മേളംകൂട്ടുകിലങ്ങവനല്പം
താളം തെററുമതുണ്ടൊരു ദോഷം,
ചേങ്ങലകൊണ്ടൊരു വട്ടം— നില്പാൻ
ചങ്ങാതിക്കൊരു വാസനയില്ലാ;
സകലജനങ്ങടെ നടുവിൽ ചെന്നഥ
തകിലു തകർത്തു തുടങ്ങുന്നേരം
അകലെപ്പോമവർ തങ്ങടെ ചെവിയിൽ
തുകിലും തുററു വിറച്ചുതുടങ്ങും,
പുതുവാളെന്നൊരു വിദ്വാനുണ്ട്
പുതുതായുള്ള വിധങ്ങളെടുപ്പാൻ
പുതുവൻമാരുടെയാളായതിനാൽ
പുതുവാളെന്നൊരു പേരവനുളവായ്;
അതിനായിട്ടവനിവിടെ വരേണ്ടാ
മതിയാമവനുടെ വിരുതുകളെല്ലാം;
കൊച്ചൻനിന്നിഹ ശംഖുവിളിച്ചാ—
ലതിനും പിന്നെ വിരോധം വേണ്ട
പാട്ടിനുചേരുമിടയ്ക്കക്കാരെ—
കൂട്ടിക്കൊള്ളണമവരേ വേണ്ടു,
ഊട്ടിനു വന്നു കിടക്കുന്നവരുടെ
കൂട്ടക്കാരെച്ചാർത്തുകയില്ല;
മദ്ദളമെന്നതു മൂന്നോ നാലോ

---

1. വട്ടം=താളവട്ടം.

തപ്പും വേണമതെട്ടോപത്തോ
അപ്പുറമുള്ളതു തിരിയെ നടക്കാം;
തുടിയും പറയുമുടുക്കും വേണം
തടിയനതിങ്കൽ മിടുക്കും വേണം.
ചെണ്ടക്കാരനടക്കം വേണം
കൊട്ടിനു നല്ലൊരടുക്കും വേണം.''
ഇങ്ങനെ പലവിധമുത്സവഘോഷം
ഭംഗിയൊടവിടെക്കണ്ടരയന്നം
തിങ്ങിന കുതുകമിയന്നു പറന്നൂ
അങ്ങു തിരിച്ചൂ പുനരതിവേഗം.

വിദഗ്ധനാകിന നളന്റെ ദൂതൻ
വിദർഭനൽപുരമടുത്തു കണ്ടു;
മദിച്ചു ദന്തികൾ നിറഞ്ഞുകണ്ടു:
കുതിച്ചുചാടും കുതിരകൾ കണ്ടു;
മണിപ്പുരങ്ങളുമുയർന്നു കണ്ടു;
മണീഗൃഹങ്ങളുമണഞ്ഞു കണ്ടു;
തണുത്ത ചന്ദനമരങ്ങൾ കണ്ടു;
മണത്തമേറിന വനങ്ങൾ കണ്ടു;
സ്ഥലങ്ങളും തരുഫലങ്ങളും
ദലങ്ങളും മണിനിലങ്ങളും
വിലങ്ങളും പല കലങ്ങളും
ധനങ്ങളും മുനിജനങ്ങളും
മൃഗങ്ങളും ചില നഗങ്ങളും
ശുകങ്ങളും ചില പികങ്ങളും
അറങ്ങളും പല നിറങ്ങളും
മഠങ്ങളും മണിപുരങ്ങളും
അഖണ്ഡിതായുധമുഖങ്ങളും
പറന്നുചെന്നുടനനേകവസ്തു
നിറഞ്ഞ കുണ്ഡിനവിഭൂതി കണ്ടു.

ദമനുടെ സോദരി സഖിമാരോടും
കമലസരസ്സിന്നരികേ നല്ലൊരു
രമണീയാങ്കണമണിശിലമുകളിൽ
കമനി കളിച്ചു വസിക്കുന്നേരം
കളഹംസം ചെന്നവളുടെ മുമ്പിൽ
കളമധുരാകൃതി മെല്ലെയിറങ്ങി;
കളമൊഴിയോടു കളിച്ചു വസിച്ചഥ
കിളിയെപ്പോലെ പറഞ്ഞുതുടങ്ങി;

പദം: എരിക്കിലക്കാമോദരി——ചെമ്പട

പല്ലവി
‘‘കല്യാണശീലേ! ബാലേ! നല്ലാരിൽമൗലിമാലേ!
ചൊല്ലേറും ഭീമനന്ദനേ!

അനുപല്ലവി
മല്ലീശരാസനവില്ലിനെ വെല്ലിന
ചില്ലീ! നിസ്തുല്യാകൃതേ! ശൃണു (കല്യാണശീലേ!)

ചരണങ്ങൾ
1. നല്ല വിശേഷം ധന്യേ നൃപതിവരകന്യേ!
നളനെന്നൊരു സുന്ദരനുണ്ടു ഭൂതലേ
മന്നരിലവനോടു സദൃശനാമൊരു
മന്നവനില്ല സുശീലേ! (കല്യാണശീലേ!)
2. ഈരേഴുലുകങ്ങളിലീ രാജാവിനെപ്പോലെ
വീരനായാരുമില്ലെടോ!
നാരികളവനുടെ ഗുണഗണരസം കേട്ടു
പാരം മയങ്ങീടുന്നൂ (കല്യാണശീലേ!)
3. വില്ലാളിവീരനാകും നല്ലൊരു നളനുടെ
സല്ലാപം പറക മോഹം
പല്ലവമൃദുതരമധരമധുരതയും
അധരിതവിധുരിതവിധുവാം മുഖവും (കല്യാണശീലേ!)
4. മട്ടോലും മൊഴിയാളേ! ഞാനേററവും ചിന്തിക്കുന്നു
മാനിയാം നൈഷധേശ്വരൻ
മാനിനീ! നിന്നുടയ വരനായി വരികി-
ലുരുതരസുകൃതമവനും നിനക്കും. (കല്യാണശീലേ!)
5. പന്തേലും മുലമാർക്കു സന്താപം വളർക്കുന്ന
കാന്തികൾ ചൊല്ലാവല്ലെടൊ!
സന്തതം പരിമളമിളകിന തലമുടി
ബന്ധനമതിഘനബന്ധുരമല്ലോ (കല്യാണശീലേ!)
6. കാമനു രതിപോലെ രാമനു സീതപോലെ
സോമനു രോഹിണിപോലെ
കോമളവദനനാം നളനരപാലനു
ഭീമസുതേ! നീ പ്രിയയായ്‌വരേണം. (കല്യാണശീലേ!)
കളഹംസം ഞാനംബരചാരി
നളനുടെ ദൂതനതോർത്തീടേണം;
കളമൊഴി നിന്നുടെ ചരിതം കേട്ടിഹ
പൊളിയല്ലരചൻ പരവശനായി;
കാമശരാർത്തി പിടിച്ചു ദഹിച്ചൊരു
കോമളതനുവാം നളനരപാലൻ

താമരയിലകൾ വിരിച്ചുശയിച്ചഥ
ഭൂമിയിലനിശമുറങ്ങീടുന്നു;
മടുമലർപരിമളമേല്ക്കുന്നേരം
കിടുകിടെ മേനി വിറച്ചീടുന്നു;
ഉടലിൽ ചന്ദനമണിയുന്നേരം
ചുടുകനലെന്നവനോർത്തീടുന്നു;
ശശിയുടെ കാന്തികളാന്തിവരുമ്പോൾ
വിശറിയെടുത്തഥ വീശീടുന്നു;
ആശ്രയനിധിയാം സുന്ദരനൃപനെ
ശശിവദനേ! നീയോർത്തീടേണം;
അയ്യോ! കഷ്ടമവസ്ഥയിതൊന്നും
നീയറിയാത്തതിനെന്തിഹ ബന്ധം!
അവനുടെ രൂപഗുണങ്ങൾ നിനച്ചാൽ
ശിവ ശിവ! യെന്നതുമാത്രം പറയാം;
ഭുവനം മൂന്നിലുമോർത്തുവരുമ്പോൾ
അവനൊടു സമമിന്നവനേയുള്ളു;
ആണല്ലാത്തൊരു മലർശരനിപ്പോൾ
നാണംകെട്ടൊരു കോണിലൊളിക്കും
ഏണാങ്കൻ പുനരംബുദപടലേ
നൂണുനടപ്പതു കാണുന്നീലേ!
നളനുടെ മുഖവും ചന്ദ്രനുമോർത്താൽ
വളരെ വിശേഷം കാൺമാനുണ്ട്;
അളിനിറമായ കളങ്കംകൊണ്ടൊരു
തെളിവൊരുനേരവുമിന്ദുവിനില്ല;
ഒളിമിന്നീടുമൊരധരപ്രഭയാൽ
നളനുടെ വദനമിതെത്ര മനോജ്ഞം!
ചഞ്ചൽപുരികുഴൽ തഞ്ചും നളനുടെ
കൊഞ്ചൽ പുതുമയൊടഞ്ചിതമാകിന
പുഞ്ചിരികണ്ടുടനഞ്ചിമയങ്ങിന
ചഞ്ചലമിഴികടെ നെഞ്ചിൽ പരിചൊടു
പഞ്ചായുധനുടെ ചഞ്ചൽകണകള—
തഞ്ചും കൊണ്ടുടനഞ്ചും വിഷരസ—
സഞ്ചിതപാവകവഞ്ചനയാലെരി—
യുഞ്ചിതയും ചിലർ വാഞ്ഛരിക്കുന്നു*

---

* കാമാഗ്നിയുടെ വഞ്ചന കത്തിക്കാളുന്ന ചിതയിൽ പതിച്ചു മരിക്കാനും ചില യുവതികൾ ആഗ്രഹിക്കുന്നു.

''സഞ്ചിതപാവകവഞ്ചിതയാലെരി—
യുഞ്ചതിയുംചിലർ വാഞ്ഛരിക്കുന്നു.''—എന്നൊരു പാഠഭേദം ചൊല്ലി കേൾക്കുന്നു. കാമാഗ്നി കൊണ്ടുള്ള വലിയ ചിതയിൽ വീണെരികയെന്ന ചതിയിലകപ്പെടാൻപോലും ചില യുവതികൾ ആഗ്രഹിക്കുന്നു എന്ന് അർത്ഥം പറയാം.

ഏററം പടകളിലൂററം പെരുകിന*
മാററാർപടയും മററങ്ങവനുടെ
കൂററാർപടയും മുററും നളനുടെ
ചുററും നിന്നുടനേററുപിണങ്ങും
മാററികളെല്ലാം തോററു ശരങ്ങളു—
മേററു മുറിഞ്ഞങ്ങേററം ഭയമൊടു
കാററത്തിളകിന പാററകൾപോലെ
തെറെറന്നടവികൾ പററീടുന്നു;
എട്ടു ദിഗന്തരവട്ടം പൊരുതും
ദുഷ്ടരിപുക്കടെ കോട്ടകളെല്ലാം
തട്ടിനിരത്തിക്കെട്ടുകൾ പലതും
മുട്ടിമുറിച്ചുടനിട്ടാലവയും
ചുട്ടു ജയക്കഴ നാട്ടിക്കാടുകൾ
വെട്ടിമുറിച്ചും നാട്ടിൽ വിളങ്ങിന
പുഷ്ടികളവരുടെ വെട്ടിയടക്കി—
ച്ചട്ടംകെട്ടിന ശിഷ്ടൻ നളനുടെ
ചട്ടം കണ്ടവർ കൂട്ടത്തോടേ
കെട്ടുംകെട്ടിക്കെട്ടിയ പെണ്ണും
കുട്ടികളും ചില ചട്ടികളും ചില
പെട്ടികളും ചില പൊട്ടിയ കലവും
ചട്ടുകവും ചില വട്ടികളും ചില
കൊട്ടകളെന്നിവ കെട്ടിപ്പേറി
കാട്ടിൽ പലപല കോട്ടിൽ നടന്നും
പട്ടികൾപോലേ പട്ടിണിയിട്ടും
പെട്ടെന്നുടലിനു കോട്ടംതട്ടി—
ക്കഷ്ടമനർത്ഥപ്പെട്ടീടുന്നു.
അത്ര പരാക്രമമുള്ളൊരു നളനാം
ധാത്രീപതികുലമകുടശിരോമണി
തത്ര മനോഭവബന്ധം കൊണ്ടതി—
മാത്രം പരവശനായിസ്സരസിജ—
പത്രേ വീണു മയങ്ങീടുന്നു;
ഗാത്രം പോയി മെലിഞ്ഞീടുന്നു
മാത്രം ഭക്ഷണമെന്നതുമില്ലാ
അത്ര പകർന്നൂ നിഷധനരേന്ദ്രൻ
ധാത്രിയിലായീ ശയനവുമിപ്പോൾ
രാത്രിയിലല്പമുറക്കവുമില്ല
നേത്രജലങ്ങൾ പൊഴിഞ്ഞുവഴിഞ്ഞതു

---

* 'ഏററം പടകളിലുററതയുള്ളൊരു'—പാഠാന്തരം.

ഗാത്രം മുഴുവൻ മുഴുകീടുന്നു;
നളിനാസനനുടെ വാഹനമാകിന
കളഹംസം ഞാനംബുജനയനേ!
പൊളിവചനങ്ങൾ പറഞ്ഞിട്ടില്ലേ
കളമൊഴിയാളേ! കരുതുകിതെല്ലാം.''

പരിചോടരയന്നം പറഞ്ഞ മൊഴിയെല്ലാം
തരസാ ദമയന്തി ധരിച്ചു ഹൃദയത്തിൽ
നളിനമുഖനാകും നളനെ നിരൂപിച്ചു
വളർന്നു കാമരസം തളർന്നു ശരീരവും
ഗളിച്ച കണ്ണുനീററിൽ കുളിച്ചു വഴിപോലെ
മുളച്ച കുതൂഹലം ഇളച്ചു കളിയെല്ലാം
വിറച്ചു മുല രണ്ടും തറച്ചു മലർശരം
ഉറച്ചു പരിതാപമണച്ചു ക്‌ഷണനേരം

കയർത്തു മലരമ്പൻ വിയർത്തുമുഖമപ്പോൾ
നിറഞ്ഞ ലജ്‌ജയോടേ പറഞ്ഞുതുടങ്ങിനാൾ:

''കനകപയോരുഹമധുപാനം ചെ-
യ്‌തനവധി സുഖമൊടു സുരലോകങ്ങളിൽ
അനവരതം മരുവീടും നിന്നുടെ
കനിവു നിനച്ചഹമുരചെയ്യുന്നേൻ;
മനസിജസുന്‌ദരനാകിയ നളനെൻ-
മനസികരേറി വസിച്ചീടുന്നു;
മനുജ ശിരോമണി മാണിക്യം മമ
മനസിജതാപവുമുളവാക്കുന്നു:
നളനല്ലാതൊരു പുരുഷനിലെൻമന-
മിളകുന്നീലതു ബോധിച്ചാലും!
നളനുടെ ഗളമതിൽ മാലയിടുന്നതി-
നെളുതായൊരു വഴി നിരുപിച്ചാലും;
ജനകനിതിങ്കലിറങ്ങീലെങ്കിലു-
മിനി മറെറാരുവനെനിക്കിഹ വേണ്ടാ;
കനകം കോരിച്ചൊരിയുന്നവനെയു-
മനുരാഗം മമ മനമതിലില്ലാ,
എന്നുടെ പ്രാണനുമവനുടെ പ്രാണനു-
മിന്നുതുടങ്ങിയതൊന്നായ്‌വന്നു;
സുന്‌ദരനാകിയ നളനെക്കാൺമാ-
നെന്നു നമുക്കിഹ സംഗതിയുള്ളു?
അന്നപ്പരിഷയിൽ മികവുള്ളവനേ!
നിന്നെയൊഴിഞ്ഞൊരു ഗതിയില്ലിഹ മേ!
എന്നുടെ വാർത്തകളൊന്നൊഴിയാതെ

മന്നവർമണിയോടറിയിച്ചാലും.
എന്നെക്കാൾ ഗുണമേറും തരുണികൾ
മന്നിൽ പലവിധമുണ്ടെന്നാലും
എന്നെ വെടിഞ്ഞീടരുതെന്നരചനൊ—
ടിന്നു ഭവാൻ ചെന്നുരചെയ്യേണം;
ശരണം നീ മമ നളനെ വരുത്തി—
ത്തരണം വിരവൊടു മടികൂടാതെ
മരണമെനിക്കു വരുത്തും മുമ്പേ
വരണം നരപതി വരണം ചെയ്‌വാൻ;
കരുമനപെരുകിന കാമക്കള്ളനു
കരളിലൊരല്പം കരുണയുമില്ല;
നരപതി വിരവിൽ വരവില്ലെങ്കിൽ
മരണമനംഗനെനിക്കു വരുത്തും.

പദം. ആനന്ദഭൈരവി—ചെമ്പട

പല്ലവി

കളഹംസ കാരുണ്യരാശേ! ലളിതാകൃതേ!
കളഹംസ കാരുണ്യരാശേ!

അനുപല്ലവി

കളങ്കമെല്ലാമൊഴിക്ക നീ നളങ്കലെന്നെക്കൊടുക്ക നീ
വിളംബിതത്തെക്കുറയ്ക്ക നീ തെളിഞ്ഞു നമ്മെ
ത്തുണയ്ക്ക നീ (കളഹംസ)

ചരണങ്ങൾ

1. മനക്കുരുന്നു വെന്തുരുകീടുന്നു, നളനെത്തന്നെ
നിനയ്ക്കമൂലം മാൽ പെരുകീടുന്നു, പിരിഞ്ഞിരിപ്പാൻ
എനിക്കു ധൈര്യം പാരം നേർത്തീടുന്നു, മനസി മമ
നിനച്ചതെല്ലാം വരുത്തുവാൻ
നിനക്കുപായം പെരുക്കയാൽ
തനിച്ചു നിന്നോടിരന്നു ഞാ—
നിനിച്ചിതം നീ വരുത്തുക (കളഹംസ)
2. അടുത്തുവന്നു നിന്നു കാമദേവൻ, കുസുമബാണം
തൊടുത്തുകൊണ്ടാനെന്നു തോന്നുന്നു, അതിനെയിന്നു
തടുത്തു നിർത്താനാളല്ല ഞാൻ, പരമബന്ധോ!
പടുതമേറും നരേന്ദ്രനോ—
ടടുത്തിവണ്ണം പറഞ്ഞു നീ
അടുത്ത നാളേയ്ക്കകം പരം
കടുത്ത താപം കുറയ്ക്ക നീ (കളഹംസ)
3. നിറഞ്ഞ കാന്തി കോലും കാന്തൻതന്റെ, രൂപസൗന്ദര്യം
പറഞ്ഞുകേട്ടതുനേരംതന്നെ ഞാൻ, കണ്ടതുപോലെ

അറിഞ്ഞിതെല്ലാമിന്നു രാജഹംസമേ! അവന്റെ ചിത്തം
മറിഞ്ഞുപോകാതറിഞ്ഞവണ്ണം
പറഞ്ഞു പാരം തുണയ്ക്ക നീ![1]
പറഞ്ഞ വാക്കിതിലൊരേടവും
കുറഞ്ഞുപോകാതുരയ്ക്ക നീ.'' (കളഹംസ)

ഭീമാത്മജയുടെ വചനം കേട്ടതി—
ധീമാനാമരയന്നം ചൊന്നാൻ:
''ഭൂമീപതിവരനായ നളങ്കൽ
പ്രേമമുറച്ചോ! ശശധരവദനേ!
നിങ്കലുറപ്പുണ്ടെന്നതുവന്നാൽ
സങ്കടമഖിലമൊഴിക്കുന്നേൻ ഞാൻ;
പങ്കജനയനേ! നളനരപാലനു
നിങ്കൽ കനിവിനു കുറവില്ലേതും;
സ്ത്രീപുരുഷൻമാർക്കന്യോന്യം ഭുവി
രൂപഗുണങ്ങൾ തികഞ്ഞുവരുമ്പോൾ
സന്ധിപറഞ്ഞിഹ ചേർച്ചവരുത്തും
ബന്ധുക്കൾക്കൊരു ക്ലേശവുമില്ല;
നീററിലിരിക്കും വള്ളങ്ങൾക്കൊരു
കാററു കണക്കെ പിടിച്ചെന്നാകിൽ
തണ്ടുവലിക്കുന്നാളുകളെല്ലാം
മിണ്ടാതവിടെയിരുന്നാൽ പോരും;
അമരക്കാരൻ തല തെററാതെ
കിമപി സഹായം ചെയ്താൽക്കൊള്ളാം.
ദമയന്തീനളയുഗളം ചേർപ്പാൻ
ശ്രമമില്ലേതുമെനിക്കു വിശേഷാൽ;
ചുട്ടുപഴുപ്പിച്ചീടിന കനകം
കൂട്ടിവിളക്കാമെന്നു വരുമ്പോൾ
തട്ടാനരികിലിരുന്നതു തമ്മിൽ
കൂട്ടുകമാത്രം ചെയ്താൽപോരും;
എന്നതുപോലെ ഞാനുമിതിങ്കൽ
സുന്ദരവദനേ! പണിചെയ്യുന്നേൻ;
ഇങ്ങനെ നിന്നുടെ ഹൃദയമറിഞ്ഞാൽ
ചങ്ങാതിക്കിനിയില്ലൊരു വികൃതി.''
ഇത്തരമുരചെയ്തരയന്നംതാൻ
സത്വരമങ്ങു പറന്നു തിരിച്ചു
ഉത്തമനാകിയ നളനുടെ മുമ്പിൽ
എത്തിക്കഥകൾ പറഞ്ഞറിയിച്ചു.

---

[1] ഈ ഒരു ശീല് തുള്ളൽക്കാരുടെ വായ്പാഠത്തിൽനിന്നു കിട്ടിയതാണ്. അതുകൂടെയുണ്ടെങ്കിലേ ചരണം പൂർത്തിയാകൂ.

ചൊൽക്കൊണ്ടീടിന ഭീമനരാധിപ–
നക്കാലം നിജ കന്യകതന്നുടെ
യോഗ്യമതായ സ്വയംവരഘോഷം
ഭാഗ്യഗുണോത്തമനാരംഭിച്ചു;
പത്തുമൊരെട്ടും ദ്വീപുകളുള്ളൊരു
ധാത്രിക്കോണുകൾ വാണു വസിക്കും
ധാത്രീപതികൾക്കെല്ലാം വിരവൊടു
പത്രികയെഴുതിയയച്ചുതുടങ്ങി;
നാരായണനുടെ ഭക്തരിൽ മുമ്പാം
നാരദമുനിയും പർവ്വതമുനിയും
പാരിടമഖിലം പുനരതുകാലം
പോരു തിരഞ്ഞു നടക്കും സമയേ
കടലിടതടവിന ധരണിയിലെങ്ങും
പടയുടെ നാമം കേൾപ്പാനില്ല;
ഉടനേ മുനിവരരിരുവരുമങ്ങനെ
നെടുവീർപ്പിട്ടു തിരിച്ചു നടന്നു;
ഇരുവരുതമ്മിൽ കലഹിക്കാഞ്ഞാൽ
ഒരു രസമെന്നതു നാരദനില്ല;
ഒരുവിധമേഷണികൂട്ടുവതിന്നൊരു
പെരുവഴിനോക്കി നടക്കുന്നേരം,
സരസിജമുഖി ദമയന്തിനിമിത്തം
പരവശരാമിനി മന്നവരെല്ലാം
തരമിതുകൊള്ളാമിവിടെ വരുത്തി–
സ്സുരപതിയേക്കൊണ്ടൊന്നു മറിക്കാം
പലപല നൃപതികൾ തമ്മിൽ പെരുകിന
കലശലുമിവിടെ വരുത്തീടാം ഞാൻ
ഫലമിനിയവളുടെ ചരിതമിതെല്ലാം
വലരിപുതന്നോടറിയിക്കേണം.
എന്നു മനസ്സിൽ കരുതീ മുനിമാർ
ചെന്നു സുരേശ്വരനഗരം പുക്ക്
ഇന്ദ്രനിരുന്നരുളുന്നൊരു സഭയിൽ
നന്ദികലർന്നെഴുന്നള്ളീ മുനിമാർ.
ഝടിതി സുരോത്തമനെഴുന്നേറ്റവരുടെ
അടിമലർ തൊഴുതു വണക്കത്തോടേ
അടിമലർ പൊടി നിജ മുടിയിലണിഞ്ഞു
പടുതരപൂജകളുടനേ ചെയ്തു
കനകാസനമതിലവരെയിരുത്തി
കനിവൊടു വിശറിയെടുത്തഥ വീശി

മുനിയുടെ വചസാ താനുമിരുന്നു
മനസി തെളിഞ്ഞു പറഞ്ഞു മഹേന്ദ്രൻ:
‘‘നിങ്ങളെയിവിടെക്കാൺമാനധുനാ
സംഗതിവരുമെന്നോർത്തില്ലേതും;
ഞങ്ങടെ സുകൃതംകൊണ്ടിനിമേലിൽ
മംഗലമനവധി വരുമിഹ നൂനം
കണ്ണുകളായിരമുള്ളതുമിപ്പോൾ
നിർണ്ണയമഖിലം സഫലമതായി.
പൂർണ്ണാനന്ദം മനസി ഭവിച്ചു
കർണ്ണാനന്ദം പറകയുമല്ല;
അന്തകരിപുപദഭക്തമണേ! ഞാ–
നന്ധതകൊണ്ടൊന്നുരചെയ്യുന്നേൻ,
നിന്തിരുവടിയൊടു ചോദിച്ചെന്നാ–
ലന്തരമില്ലതു ബോധിച്ചീടും;
മന്നിലിരിക്കും മന്നവരിപ്പോ–
ളെന്നുടെ നഗരേ വരുമാറില്ലാ;
മുന്നം പലരും ഭൂമിയിൽനിന്നിഹ
വന്നു സുഖിച്ചു വസിക്കാറുണ്ട്
പെരുവഴിപോക്കനു ഭവനമതായി;
പെരുകിന സാധനസമ്പത്തുകളാൽ
ഒരുഫലമില്ല നമുക്കിതുകാലം
ഒരുവനുമില്ലതുകൊണ്ടു സുഖിപ്പാൻ.
അർത്ഥം വളരെ സമ്പാദിച്ച–
തനർത്ഥത്തിന്നൊരു പെരുവഴിയായി;
അർത്ഥികളൊരുവരുമിങ്ങു വരാഞ്ഞാൽ
വ്യർത്ഥമിതെന്തിനു രക്ഷിക്കുന്നു?
ദാനവരിപുതൻ തൃക്കാലാണെ
ദാനംചെയ്‌വാൻ മടിയില്ലടിയന്;
മേനിക്കാഗ്രഹമുണ്ടായാൽ ചിലർ
ദാനംചെയ്യുമെനിക്കതുമില്ല;
ചുങ്കമെടുത്തും പിഴ ചെയ്യിച്ചും
ശങ്ക വെടിഞ്ഞു ഗൃഹങ്ങൾ കവർന്നും
വൻകരമേൽ മരുവുന്ന ജനത്തിനു
സങ്കടമന്നന്നുളവാക്കിച്ചും
കമ്പോളത്തിലിരിക്കുന്നവരൊടു
വമ്പു പറഞ്ഞു പിടിച്ചുപറിച്ചും
വമ്പെഴുതിച്ചും വിരൽ മുക്കിച്ചും
മുമ്പിൽവരുത്തിപ്പണമൊപ്പിച്ചും

കൈക്കാണത്തിനു കൺമുനയിട്ടും
കൈക്കൽവരുത്തിയതല്ലവയൊന്നും;
കല്പകവൃക്ഷംതന്നിൽ വിളഞ്ഞോര—
നല്പധനങ്ങൾ മുനീന്ദ്രൻമാരേ!
യജമാനന്നു പിശുക്കുണ്ടായാൽ
പ്രജകൾ പൊറുപ്പാനെളുതല്ലേതും;
സ്വജനങ്ങൾക്കു കൊടുത്തതുകൊണ്ടും
സുജനങ്ങൾക്കിഹ മതിയാകില്ല;
കൂറുള്ളവരെ വിളിച്ചുവരുത്തി—
ച്ചോറുകൊടുത്തു പുലർത്തീടുകയും
വേറുതിരിക്കയുമന്യജനത്തൊടു
മാറീടുകയും ചില വിദ്വാൻമാ—
രോടു കടന്നൊരസൂയാദികളും
കേടുവരുന്നോർക്കനുഭാവനയും
വിദ്യ പഠിച്ചതു വിററു ഭുജിക്കയു—
മിദ്ദിക്കുകളിലൊരേടവുമില്ലാ;
ആശ്രിതപാലകനിഹ ഞാനതുമിഹ
വിശ്രുതവിദ്വാൻമാർക്കും ബോധം
കാര്യമശേഷം ബോധിപ്പാനൊരു
കാര്യക്കാരനെ ഞാൻ കല്പിക്കും
വൈരമവങ്കലൊരുത്തനുമില്ലാ
വൈരികളവനെശ്ശങ്കിക്കേണം;
ശേഷം പ്രജകളിലൊരുവനവന്നൊടു
ദൂഷണമുള്ളതു പററുകയില്ല;
ഏഷണികൊണ്ടു ദിനങ്ങൾ കഴിക്കും
ഭോഷജനങ്ങളുമില്ലിഹ നാട്ടിൽ;
അരുതാതുള്ള വിധങ്ങളിലൊന്നും
സുരലോകങ്ങളിലില്ല മുനീന്ദ്രാ!
എന്നായിട്ടു സുഖിപ്പാനാളുകൾ
പോന്നു വരുന്നില്ലെന്തൊരു കഷ്ടം:
പടയുടെ നടുവിലണഞ്ഞുപിണങ്ങി
കടകം ഓതിരമെന്നിവ പലതര—
മടവുകൾകൊണ്ടു തടുത്തും വെട്ടി
ഝടിതി കഴുത്തു മുറിക്കുന്നേരം
തടികൾ മുറിഞ്ഞും പൊടികളണിഞ്ഞവ—
രുടനേ ദേവകളായിവരുമ്പോൾ
മടവാർമണികളുമിന്നിഹ ഞാൻ ഞാ—
നിടണം മാല കഴുത്തിലിതെന്നോർ—

ത്തുടലുകൾ തമ്മിലിടഞ്ഞു തടഞ്ഞും
തടമുലയിണ പുനരൊന്നു കുളുർന്നും
പൊടുപൊടെ മാലകൾ പൊട്ടിയുതിർന്നും
മുടികളഴിഞ്ഞു കിഴിഞ്ഞുമുതിർന്നും
പരിചൊടു വീര്യമെഴുന്നൊരു പുരുഷരെ
വിരവിൽ ചെന്നു വരിച്ചു വരുന്നൊരു
വടിവുകളമ്പൊടു കണ്ടു രസിപ്പാ-
നടിയനു കണ്ണുകളിനിയുമൊരായിര-
മിടകൂടുകിലേ മതിയാകുള്ളു.
സമരമതിങ്കൽ മരിച്ച നരൻമാ-
രമരൻമാരാമുടനേതന്നെ;
അമരവധുക്കൾക്കവരെ വരിപ്പാ-
നമിതമൊരാഗ്രഹമുണ്ടു വിശേഷാൽ;
പുതുപുരുഷൻമാരോടു രമിപ്പാൻ
മതിമുഖിമാർക്കിഹ കൗതുകമേറും;
മുതു പുരുഷൻമാരായി സുരൻമാ-
രതുകൊണ്ടവരും ദുഃഖിക്കുന്നു;
അരുളിച്ചെയ്തതു കേൾക്കണമെല്ലാം
കരളിലെനിക്കൊരു വെളിവില്ലേതും;
പണ്ടേപ്പോലേ ഞങ്ങടെ ലീലകൾ
കണ്ടു രസിക്കണമെന്നില്ലാർക്കും
മന്നിൽ വസിക്കും യജമാനൻമാർ-
ക്കിന്നു പതുക്കെയുപേക്ഷതുടങ്ങി;
എന്നുടെ കുററമിതെങ്കിൽ പലരുടെ
മുന്നിലുടൻ പരമാർത്ഥം ചെയ്യാം.''
ഇന്ദ്രവചസ്സുകൾ കേട്ടു മുനീന്ദ്രൻ
മന്ദസ്മിതമുഖനരുളിച്ചെയ്തു:
''സകലസുധാശനമകുടമണേ! നീ
സകലമഹീതലചരിതം കേൾക്ക
സുകലവിദർഭനരേന്ദ്രൻ ഭീമൻ[1]
സുഖമൊടു നഗരേ വാഴും കാലം
സന്തതിയില്ലാഞ്ഞവനു മുഹുർമ്മുഹു-
രന്തസ്താപം പെരുതായ്‌വന്നു;
സന്തതമോരോ സൽകൃതിയും ചെ-
യ്തന്തണവരരെ വണങ്ങി വസിച്ചു.
ദമനമുനീശ്വരവരവചനത്താൽ

---

1. സുകല=തനിക്കുള്ള വിഭവത്തെ അന്യൻമാർക്കു കൊടുക്കുകയും താനനുഭവിക്കയും ചെയ്യുന്നു.
'സകലവിദർഭനരേന്ദ്രൻ ഭീമൻ'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠത്തിനു സ്വാരസ്യം കുറയും.

ദമനെന്നൊരു സുതനുളവായ്‌വന്നു,
കമലശരാസനജയലക്ഷ്മിയതാം
ദമയന്തീതി കുമാരിയുമുളവായ്,
ഈരേഴുലകിലുമവളേപ്പോലൊരു
നാരീമണിയെക്കാൺമാനില്ലാ;
വാരിജഭവനിന്നഖിലചരാചര—
സാരമെടുത്തുടനവളെത്തീർത്തു;
കൂരിരുൾകൊണ്ടവൾ പുരികുഴൽ തീർത്തു
വാരിരുഹംകൊണ്ടക്ഷികൾ തീർത്തു
വാരിജസായകചാപംകൊണ്ട*—
സ്സരസിജമിഴിതൻ പുരികം തീർത്തു
കാമശരേണ കടാക്ഷം തീർത്തു
സോമനെയവളുടെ വദനവുമാക്കി
ബിംബഫലംകൊണ്ടധരം തീർത്തു
കംബുവിനാൽ ഗളതലവും തീർത്തു
കനകപയോരുഹമുകുളം കൊണ്ടുട—
നനുപമകുളുർമുലയുഗളം തീർത്തു
അരയാലിലകൊണ്ടുദരം തീർത്തു
നവമാലികയാൽ കരവും തീർത്തു
പുളിനംകൊണ്ടവൾ ജഘനം തീർത്തു
നളിനംകൊണ്ടവൾ തുടകൾ ചമച്ചു
മദനരസേന മനസ്സു ചമച്ചു
ചെമ്പകമൊട്ടിന്നിതളൊളികൊണ്ടുട—
നിമ്പമൊടംഗപ്രഭയും തീർത്തു
രംഭതിലോത്തമയെന്നിവരെല്ലാം
കുമ്പിടുമവളെക്കാണും നേരം.
ഇന്ദ്രാ നിന്നുടെ വല്ലഭയാകും
ഇന്ദ്രാണിക്കുമിളപ്പം തട്ടും;
കണ്ട ജനങ്ങടെ കണ്ണും മനവും
വണ്ടാർകുഴലി കവർന്നീടുന്നു.
ഏഴു സമുദ്രദ്വീപുകളധുനാ
വാഴും നൃപതികളവിടെ വിശേഷം
ചാരൻമാരു പറഞ്ഞു ധരിച്ചും
മാരശരാതുരമാനസരായി;
ദമയന്തീടെ വിശേഷമതൊന്നേ
ദേശാദികളിൽ കേൾപ്പാനുള്ളു;
ഇങ്ങു ലഭിക്കണമിങ്ങു ലഭിക്കണ—

---

* 'വാരിജസായകചാപംകൊണ്ടു സരോരുഹമിഴിതൻ പുരികം തീർത്തു'—പാഠാന്തരം.

മെന്നിഹ സർവ്വജനത്തിനുമാഗ്രഹം.
എങ്ങുമൊരേടമടങ്ങിയിരിപ്പാ–
നംഗജനിപ്പോളവസരമില്ല;
വില്ലു വലിച്ചു കുലച്ചു പിടിച്ചവ–
നെല്ലാദ്ദിക്കിലുമോടീടുന്നു;
അമ്പുകൾ പോരാഞ്ഞിരവും പകലും
ചെമ്പകബാണനനുഴന്നീടുന്നു.
ആയോധനകലഹാദികൾ തങ്ങളി–
ലായതുമൊന്നിഹ കേൾപ്പാനില്ല;
ആയതമിഴിയെ നിനച്ചു നൃപൻമാ–
രായുധവിദ്യകളൊക്കെ മറന്നു;
പടയെന്നുള്ള വിധങ്ങളിതൊന്നും
തടിയൻമാർക്കും സമ്മതമില്ല;
തടിയുടെ ഭംഗി വരുത്തിത്തന്നെ
മുടിവാനുള്ളൊരു പെരുവഴി കൂട്ടി;
ചലമിഴിയാൾക്കു മനസ്സിലിണങ്ങും
പലതരമോരോ കോപ്പുകൾ തീർത്തും
എന്തൊരുവസ്തുവിലഭിലാഷം ദമ–
യന്തിക്കുള്ളിലതറിവാനായി
സന്തതമാരും ബോധിക്കാതെ
ബന്ധുജനങ്ങളെ യാത്രയുമാക്കി;
ഒരുവനവൾക്കു തരത്തിനു ചേരും
തരിവളതീർപ്പിച്ചങ്ങനെ പാർത്തു:
ഗ്രന്ഥികളെബ്ബഹുമാനമവൾക്കു–
ണ്ടന്തരമില്ലെന്നറിയുന്നേരം
ഗ്രന്ഥമഴിച്ചു പഠിച്ചുതുടങ്ങും
ചിന്തിച്ചർത്ഥമുരച്ചുതുടങ്ങും;
സ്വരമുള്ളവനിൽ കൗതുകമെന്നാൽ
സരിഗമപധനിസ എന്നു തുടങ്ങും;
ആട്ടക്കാരിൽ കനിവുണ്ടതു കേ–
ട്ടാട്ടവുമങ്ങു തുടങ്ങുംതാനും;
ചതുരംഗപ്പോരുള്ളൊരു പുരുഷൻ
ഹിതമെന്നവടെ മനസ്സുണ്ടെങ്കിൽ
ചതുരംഗത്തിനു വിരുതുണ്ടാവാൻ
കൊതിയനിരുന്നു പ്രയത്നം ചെയ്യും.
മാലയിലാഗ്രഹമെന്നതു കേട്ടാൽ
മാലകൾ തീർത്തുതുടങ്ങുമൊരുത്തൻ
നാലു ദിഗന്തരവാസികളാം ക്ഷിതി–

പാലൻമാരുടെ തൊഴിലീവണ്ണം
സംഗരമെന്നതു ഭൂമിയിലെങ്ങും
സംഗതിവരുവാനിനിയെളുതല്ല.
എടുതലയിൽ പുലി വീണെന്നാലും
പടുകോടാലി വലിച്ചെന്നാലും*
പിഴയുള്ളവനെക്കണ്ടെന്നാലും
വഴിയിൽ വിരോധം ചെയ്തെന്നാലും
നാടൊരു ദിക്കു തകർത്തെന്നാലും
വാടയിടിച്ചു മുടിച്ചെന്നാലും
മൂഢൻമാർക്കൊരിളക്കവുമില്ല
കൂടലരോടു പിണക്കവുമില്ല;
പാർത്ഥലവാസികളാകിന നൃപരുടെ
വാർത്തകളെല്ലാമിങ്ങനെതന്നെ:
ധൂർത്തനതാകിയ മദനൻതന്നുടെ
കൂർത്ത ശരംകൊണ്ടാതുരരായി:
മതിമുഖിമാരിലുമതിപടുവാകിയ
മതിമുഖിയാളുടെ മടിയിലിരിപ്പാൻ
മതിയാംവണ്ണം പുണ്യം ചെയ്തൊരു
മതിമാനുണ്ടാരു ദിക്കിലിദാനീം;
വിശ്വത്തിങ്കലൊരേടത്തുണ്ട്
ഈശ്വരനറിയാമാരെന്നുള്ളത്.
വാശ്ശതുമാട്ടതുമെന്തിനിദാനീം.
വേശ്യകൾവൃത്തി നമുക്കറിയേണ്ടാ
യുദ്ധം കാൺമാൻ വകയില്ലാഞ്ഞു
ബുദ്ധിക്കൊരു തെളിവില്ലിഹയിപ്പോൾ:
ഉദ്ധതമാകിന ദേവാസുരമാം
യുദ്ധമിദാനീമുണ്ടായ്വരുമോ?''
എന്നതുകേട്ടു സുരേന്ദ്രൻ ചൊന്നാൻ
''എന്നൊടു മുനിയതു ക്ലേശിക്കേണ്ട;
എന്നുടെയനുജൻ കമലാകാന്തൻ—
തന്നുടെഘോരസുദർശനചക്രം
നിന്നമരാപുരി രക്ഷിക്കുമ്പോൾ
എന്നും ദാനവർ വരികയുമില്ല:
നമ്മുടെ വജ്രം നിഷ്ഫലമാക്കിയി—

---

* എടുതലയിൽ പുലി വീണെന്നാലും
പടുകോടാലി വലിച്ചെന്നാലും'—എന്നു പഴയ വായ്പാഠം സ്വീകരിച്ചു. ഉയർത്തിപ്പിടിച്ച തലയിൽ പുലിയങ്കത്തിന്റെ അടവുകൾ പ്രയോഗിക്കുക, കഴുത്തിൽ കോടാലി വലിക്കുക ഇതെല്ലാം യുദ്ധമുറകളിലെ ചതിപ്രയോഗങ്ങൾ.

'എഴുകും തലയിൽ പുലി വീണാലും
പൊഴുകോടാലി വലിച്ചെന്നാലും'—എന്നു പാഠാന്തരം.

തംബുജലോചനനെന്നുടെ സഹജൻ;
ചണ്ഡമതാകിന കോദണ്ഡം മമ
മണ്ഡനമാക്കീ മേഘങ്ങൾക്ക്;
ദേവാസുരരണമില്ല മുനീന്ദ്ര!
കേവലമതിനിഹ മോഹിക്കേണ്ട,''[1]
ദേവാധിപനുടെ വചനം കേട്ടു
ദേവമുനീന്ദ്രൻ പുനരരുൾചെയ്തു:
''ഇങ്ങു ഗ്രഹപ്പിഴയുള്ളൊരുകാലം,
നിങ്ങടെ കുററമതല്ല സുരേന്ദ്ര!
ഞങ്ങളിദാനീം പോകുന്നൂ തവ
മംഗലമസ്തു! സമീഹിതമസ്തു!''
നാരദപർവ്വതരേവം ചൊല്ലി
ധീരതയോടു ഗമിച്ചൊരു ശേഷം
സ്വർപ്പതിയാകിന വാസവനുടനെ
ദിക്പതിമാരെ വിളിച്ചരുൾ ചെയ്തു:
''ഭീമാത്മജയുടെ കല്യാണത്തെ–
ക്കാൺമാനഭിരുചി നിങ്ങൾക്കുണ്ടോ!
നാമിനിയവിടെച്ചെല്ലുന്നേരം
കാമിനി നമ്മെ വരിക്കില്ലല്ലീ?''
എന്നതു കേട്ടുടനഗ്നിയുമിളകി
പിന്നെക്കാലനുമൊന്നു പകർന്നു.
തരുണീമണിയെക്കേട്ടതുനേരം
വരുണൻ വിരുണൻ[2] മുമ്പിൽ നടന്നു
ധനദനു പോവതിനാഗ്രഹമുണ്ട്
ഖനി വിട്ടേച്ചു ഗമിപ്പാൻ മേലാ;
പവനനൊരിക്കലുമവസരമില്ല
ഭുവനതലത്തിൽ നടക്കനിമിത്തം;
ദനുജൻമാരിൽ ചേരുകയില്ല
മനുജൻമാരിതി നിരൃതിയടങ്ങി;
ഗിരിമകൾതന്നെശ്ശങ്കിച്ചിട്ട്
ഗിരിശനുമങ്ങു പുറപ്പെട്ടില്ലാ,
ഇന്ദ്രനുമഗ്നിയുമന്തകനപ്പതി[3]
നന്ദികലർന്നവർ നാൽവരുമുടനേ
ഒന്നിച്ചനവധി കൗതുകമോടേ
മന്ദമിറങ്ങി നടന്നുതുടങ്ങി;
ഉർവ്വശി മേനക രംഭ തിലോത്തമ

---

1. 'കേവലമതു മമ ബോധിക്കേണ്ട'— എന്നു മുദ്രിത പുസ്തകങ്ങളിൽ കാണുന്നത് അപപാഠം.
2. വിരുണൻ = കൊതിയൻ.
3. അപ്പതി = വരുണൻ.

സർവ്വസുരാംഗനമാരതുനേരം
പർവ്വതശാസനഗമനം കണ്ടവർ
ദുർവ്വചനങ്ങൾ പറഞ്ഞുതുടങ്ങി:
''സുരപതി പിതൃപതി ജലപതി വഹ്നിയു–
മൊരുനരതരുണിയിലാഗ്രഹമോടേ
തെരുതെരെയങ്ങു തിരിച്ചതു കാൺമാൻ
വരുവിൻ! വരുവിൻ! സുരനാരികളേ!
വിണ്ണവർനാട്ടിൽ തരമായിട്ടൊരു
പെണ്ണില്ലാഞ്ഞവരങ്ങു ഗമിച്ചു
തന്നുടെ നാട്ടിലെയംഗനമാരെ
ച്ചെങ്ങാതിക്കു തരംപോരാഞ്ഞി–
ട്ടങ്ങൊരുദിക്കിൽ ചെന്നൊരു പെണ്ണിനെ
ഇങ്ങു വരുത്താമെന്നൊരു മോഹം;
ഇന്ദ്രനു പിന്നെ വിചാരിക്കുമ്പോൾ
ഇന്നു തുടങ്ങിയ ശീലവുമല്ല;
സുന്ദരിയാകുമഹല്യയിലഭിരുചി
വന്നു ഭവിച്ചൊരു ഗോഷ്ടികൾകൊണ്ടുട–
നന്നു പിണഞ്ഞ ജളത്വമതോർത്താ–
ലിന്നിതിനൊട്ടും സംഗതിയില്ല.
മുററും സുരവരനിങ്ങനെയുള്ളു
മററവരെന്തിനു കൂടെപ്പോയി?
കററാർകുഴലിയതൊന്നേയുള്ളു
തെറെറന്നവളിതിലാരെ വരിപ്പൂ?''
മററവളതുകേട്ടൊന്നുരചെയ്തു:
''കുററം വരുമവർ കേട്ടെന്നാകിൽ
മുററും മനസിയസൂയ മുഴുത്തി–
ട്ടുററവരേക്കൊണ്ടിതു പറയുമ്പോൾ.''
അററംവിട്ടന്യാമരനാരികൾ
തെറെറന്നങ്ങു പറഞ്ഞുതുടങ്ങി:
''നാരദമുനിയുടെ കപടത്തൊഴിലുക–
ളാരറിയാത്തതു വിശ്വത്തിങ്കൽ?
വീരൻമാരതു ബോധിച്ചുള്ളിൽ
നേരെന്നോർത്തു തിരിച്ചു നടന്നു.
ധീരതയുള്ളിലവർക്കില്ലെന്നതു
പാരാതിന്നു തികച്ചുരചെയ്യാം.
കാണാമുടനേ നമ്മുടെയാളുക–
ളേണാപാംഗിയെ ലഭിയാഞ്ഞിട്ടു
വീണാധരനേ മുഷിയും ചൊല്ലി

നാണംകെട്ടു തിരിച്ചു വരുന്നത്.''
ഏണവിലോചനയായ തിലോത്തമ
നാണമിളച്ചവളുരചെയ്തപ്പോൾ:
''നല്ലൊരു തരുണികൾ നമ്മുടെ നാട്ടിലു–
മില്ലാഞ്ഞിട്ടവർ ദണ്ഡിക്കുന്നു.
യജമാനൻമാരെന്തിനു പോയീ
നിജ ദൂതൻമാരില്ലാഞ്ഞിട്ടോ?
മാനക്കേടു വരുത്തിക്കൊൾവാൻ
താനേ ചെന്നേ മതിയാവുള്ളു.
മാനവവീരൻമാരിൽ വിശേഷ–
ജ്ഞാനമതുള്ളവനവളെ ലഭിക്കും.
വാനോർക്കീശൻ മുതലായുള്ളവർ
മാനമുപേക്ഷിച്ചിങ്ങു ഗമിക്കും.''
ഇങ്ങനെയൊരുവിധമമരസ്ത്രീകടെ
തിങ്ങിന പരിഹാസങ്ങൾ ഭവിച്ചു.
അങ്ങതുകാലം ഭീമനരേന്ദ്രൻ
മംഗലസമയമടുത്തൊരു സമയേ
നളനൃപതിക്കുടനൊരു കുറിയെഴുതി–
ത്തെളിവൊടു ദൂതനെ യാത്രയുമാക്കി.
നളനഗരത്തിൽ ചെന്നഥ ദൂതൻ
നളനെ വണങ്ങിക്കുറിയും നല്കി.
അറിവു പെരുത്തൊരു മേനവനപ്പോൾ
കുറിയിലെ വാചകമങ്ങറിയിച്ചു:
''ഭീമനരേശ്വരനെഴുതിയ വടിവിതു
സോമകുലേശ്വരനറിയണമെന്നാൽ
ധനുമാസം പതിനാറാംതീയതി
ശനിവാരത്തേ മകരം രാശി
നമ്മുടെ മകൾ ദമയന്തിയതാകിയ
കന്യകതന്റെ വിവാഹമുഹൂർത്തം;
അതിനു ഭവാനും മന്ത്രികൾ നാലും
ചതുരംഗിണിയാം സേനയുമായി
നിഷധപതേ! പതിനഞ്ചാംതീയതി
ഉഷസി കുളിപ്പാനിവിടെ വരേണം.
ശേഷമവസ്ഥകളെല്ലാം നമ്മുടെ
ദൂതൻ പറയുമിതേവമെഴുത്ത്.''
വാചകമിങ്ങനെ കേട്ടു നരേന്ദ്രൻ
വാഞ്ഛിതമഖിലം വരുമെന്നായി
ദൂതനു പട്ടും വളയും നല്കി

പ്രീതി വരുത്തിയയച്ചു പുരത്തിൽ.
കളമൊഴിയാളെക്കാണാമെന്നഥ
വളരെ മനസ്സിൽ കൗതുകമോടെ
നളനരപാലൻ തെളിവൊടു ചെന്നു
കുളിയും ഭക്ഷണമാശു കഴിച്ചു
പുരുഷാരത്തെ വരുത്താനായൊരു
പുരുഷനെ നിഷധനരേന്ദ്രനയച്ചു.
പരിചൊടു പെരുകിന നായൻമാരവർ
പുരമതിൽ വന്നു നിറഞ്ഞൊരു സമയേ,

മർമ്മതാളം

ഭടജനമുടനിളകിന മദമൊടു പടുതര വരവു തുടങ്ങി
പടലുടെനടുതട[1]മുടനിടിപൊടി പൊടികൾ പറന്നുതുടങ്ങി
തെളിവൊടു പല വാളുകൾ കർക്കട തോക്കുകൾ വില്ലുകൾ
ശൂലം
വെളുവെളെ വിലസുന്ന കടുത്തില ശക്തികൾ പത്രി
കൃപാണം
ശരധികൾ പല പരശു മുസൃണ്ഠികൾ വില്ലുകൾ
ചുരികകൾ കുന്തം
പരിചകൾ ഗുരുപരിഘം, തോമര പട്ടസ മീട്ടികൾ പോള—
ച്ചുരികകൾ എമതാടകൾ വെൺമഴു കത്തികൾ വേലുകൾ മററും
പെരുകിന പല കാളം തോക്കുകൾ ചക്രവുമുൽക്കടകുന്തം
ഉടവാളുകൾ പടവാളുകളൊടു വാളുകളിങ്ങനെ പലതും[2]
പടയാളികൾ വടിവോടാശുപിടിച്ചവരവിടെ നിറഞ്ഞു
നളനൃപനുടെ പുരമതിൽ വിരവൊടു പെരുകിന പുരുഷ
സമൂഹം
കളകളമൊടു പലതരമൊരുവക മന്ത്രികൾ മാടമ്പികളും
പലപല കൊലയാനകൾ കുതിരകൾ തേരുകൾ കാലാളുകളും
പലതരമണിചാമരകുടതഴ പൂങ്കൊടി വെള്ളക്കൊടിയും
പരിചൊടു പല നായൻമാരവർ വന്നൊരുദിക്കിലിരുന്നു.
നരവരപുരസീമനി കൂട്ടമിരുന്നു പറഞ്ഞുതുടങ്ങി:
''കുണ്ഡിനനരപതിതന്നുടെ മകളാം
പെണ്ണിനെ വേൾപ്പാനെഴുനള്ളുന്നു
നമ്മുടെ സ്വാമി ജഗത്രയവീരൻ,
സമ്മതമോയിതു നായൻമാരേ!
പെരിയ പടജ്ജനസഞ്ചയമാനസ—
മറിയണമെന്നിട്ടുരചെയ്യുന്നു

---

1. പടലുടെനടുതടം = കുററിക്കാടുകളുടെ നടുവിൽ കിടക്കുന്ന നിരപ്പുള്ള സ്ഥലം. പടല് = കുററിക്കാട്.
2. 'ഉടവാളുകൾ പടവാളുകളിവയൊടു വാളുകളിവ പലതും'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠത്തിനു താളഭംഗം.

ഒരുവനു സമ്മതമല്ലെന്നാലതു
ശരിയേ കേൾക്കണമെന്നരുൾചെയ്തു;
തന്തിരുവടിയുടെ കല്പനയെന്നാ—
ലൊന്നിനുമൊരുവനു സംശയമില്ലാ:
മന്ത്രികളൊന്നിനു മുതിരുന്നേര—
ത്തെന്ത്രിക[1]ളൊന്നു മുടിപ്പാൻ നോക്കും;
തങ്ങടെ കാര്യം നോക്കിനടക്കും
ചങ്ങാതികൾ പലരുണ്ടിഹ നാട്ടിൽ;
ഇങ്ങൊരുകൂട്ടം വന്നുരചെയ്യും
അങ്ങുരചെയ്യും മറ്റൊരുകൂട്ടം
ഇരുവരുതമ്മിൽ കടിപിടികൂട്ടി—
പ്പരിചൊടു കണ്ടുരസിക്കുമൊരുത്തൻ;
കുരളപറഞ്ഞു നടക്കുമൊരുത്തൻ
പരിഹാസങ്ങൾ നടത്തുമൊരുത്തൻ;
ചോറു കൊടുത്തൊരു കൈയ്ക്കു കടിക്കു—
ന്നോരും പലവിധമേറിവരുന്നു;
തോണി കടന്നാൽ തുഴകൊണ്ടെന്നൊരു
നാണിയമുണ്ടതുപോലെ സമസ്തം;
ആണിനു ചേരുമവസ്ഥകളല്ലേ
കാണുന്നൂ ചില വസ്തുതകൊണ്ടും;
സന്ധിച്ചവനെത്തന്നെ പിടിച്ചഥ
ബന്ധിപ്പാനൊരു മടിയില്ലേതും;
ബന്ധുതചെയ്യും മതിമാൻമാർക്കൊര—
പന്തി[2]പിണപ്പാൻ വഴിയുണ്ടാക്കും;
പടയെന്നുള്ളതു കേൾക്കുമ്പോളവർ
പടലിൽചാടിയൊളിച്ചുകിടക്കും;
ഇടയില്ലാത്തൊരു കൂട്ടം പലവക
തടിയൻമാരവരെന്തിനുകൊള്ളാം?
മറുനാട്ടിന്നു ഗമിക്കുന്നേരം
കുറവുവരാതെയിരിപ്പാനീവക
പറയുന്നൂ ഞാനെന്നുടെ വാർത്തക—
ളറിവുള്ളാളുകളറിയുമശേഷം;
വൻപു പെരുത്ത കരക്കാരെല്ലാം
മുമ്പിലകമ്പടികൂടീടേണം;
കൊമ്പും കുഴലും തകിലും മുരശും
വൻപടഹങ്ങളുമനവധി വേണം
കരങ്ങൾ വീശിക്കൊണ്ടു വരുന്നതെന്തെടോ ത: ൻ
മരങ്ങൾ ചുമപ്പാനോ? മരുന്നു പറിപ്പാനോ?

---

1. എന്ത്രികൾ=യന്ത്രികൾ=സൂത്രശാലികൾ.
2. അപന്തി=പന്തികേട്.

കരത്തിലായുധങ്ങൾ തരത്തിൽ കരുതാതെ
ഗുരുത്വമില്ലാത്ത നീ പുരത്തിൽ വരുന്നാകിൽ
അടിച്ചു ചെപ്പ രണ്ടും പൊടിച്ചേ മതിയാവൂ
കുടിച്ചു ബോധമില്ലാ, തടിച്ച നിനക്കിപ്പോൾ
കടുത്തിലയും തോക്കും കൊടുത്തു പണയം നീ
അടുത്ത നാളിലതു തടുത്തു മേടിച്ചേക്കാം;
ഭടത്വം പറയാതെ നടക്ക താനങ്ങോട്ടു
മിടുക്കു പറഞ്ഞെന്നാലൊടുക്കം തനിക്കില്ല;
കറുപ്പു സഞ്ചിക്കുള്ളിൽ കറുപ്പു നിറച്ചുടൻ
കറുത്ത പുകയില തെറുത്തു പിടിച്ചുംകൊ—
ണ്ടുറച്ചു തൂക്കിത്തൂക്കി വിറച്ചു വരുന്നൊരു
നരച്ച കിഴവനെ തറച്ചു മറിച്ചാലും!
ഇണങ്ങരാരും തമ്മിൽ പിണങ്ങിത്തുടങ്ങല്ലേ
പണത്തേക്കൊതിക്കല്ലേ ഗുണത്തേ ത്യജിക്കൊല്ലേ!
സ്വയംവരത്തിൽച്ചെന്നങ്ങഹംകരിച്ചെന്നാകിൽ
മയംവരുത്തുവാൻ ഞാൻ മതിയെന്നറിഞ്ഞാലും.
കോയിക്കൽ ചെല്ലുന്നേരം വായിൽ കൈ പുതയ്ക്കേണം
ഭാവിക്കാതിരുന്നെന്നാൽ സേവയ്ക്കും മതിയല്ലാ.

അവിടെ വരും ചില യജമാനൻമാ—
രവരെപ്പരിചൊടു ശങ്കിക്കേണം
അവസരമറിയാതവരോടൊരുവരു—
മവതാളങ്ങൾ തുടങ്ങീടൊല്ലാ;
ഗണിതക്കാരും കവിതക്കാരും
ഗണികാജനവും വൈദ്യൻമാരും
മണിഹാരൻമാരെന്നുതുടങ്ങി—
ഗ്ഗുണമുള്ളാളുകൾ വളരെ വരുമ്പോൾ
നമ്മുടെയാളുകളൊന്നിച്ചൊരു ദിശി
സമ്മുഖമവിടെപ്പാർത്തീടേണം;
നന്നിവരെന്നതു വന്ന ജനത്തിനു
തോന്നിക്കേണം നായൻമാരേ!
പട്ടും മുണ്ടും പണവും പുടവ—
ക്കെട്ടും പലവിധമവിടെക്കണ്ടാൽ
ഒട്ടും കൊതിയതിലുണ്ടാകൊല്ല
കിട്ടുന്നതിലേ മോഹമതാവൂ;
കട്ടുനടക്കും തിരുവാളികളുടെ[1]
ചട്ടമിതിൽ ചിലരറിയുന്നില്ലേ?

---

[1] 'കട്ടുനടക്കുമിരപ്പാളികടെ'—എന്നു ചില പതിപ്പുകളിൽ പാഠം പരിഷ്ക്കരിച്ചു കാണുന്നത് അനാവശ്യം. തിരുവാളികൾ എന്നാൽ ഇരപ്പാളികൾ എന്നർത്ഥം. തെരുവാളികൾ ഉച്ചാരണത്തിൽ തിരുവാളികളായതാണ്. ഇരപ്പാളി എന്ന അർത്ഥത്തിൽ പഴയ പ്രയോഗമാണ് തിരുവാളി.

കൂട്ടക്കാർ ചിലരതിനു തുനിഞ്ഞാൽ
കിട്ടും വെട്ടതു ബോധിച്ചാലും;
ഒരുവൻ ചെന്നൊരബദ്ധം കാട്ടീ—
ട്ടരചനറിഞ്ഞുപിടിച്ചു വരിഞ്ഞാൽ
വിരവൊടു വീണ്ടുവരുത്തിക്കൊൾവാൻ
വിരുതു നമുക്കിഹ മതിയാകില്ല;
മനമതിൽ നല്ലൊരടക്കം വേണം
കനിവൊടു ചേർന്നമിടുക്കും വേണം
ധനികളിലവിടെ വണക്കം വേണം
കനിവൊടു തമ്മിലിണക്കം വേണം
സരസത വേണം ധീരത വേണം
തരസാസമയോചിതവും വേണം
കളമൊഴിമാരെത്തേടിനടന്നൊരു
കളിചിരിജ്ജളത തുടങ്ങുന്നവനെ
കളവാൻ കുറവില്ലെന്നതുമറിക
തളയിലിടുന്നുണ്ടെന്നതുമറിവിൻ.''
ഇങ്ങനെയൊരുവൻ കല്പനയുരചെ—
യ്തങ്ങുനടന്നുതുടങ്ങി തദാനീം,
തിങ്ങിന പടയും പരിചൊടു നളനെ വ--
ണങ്ങി നിരന്നു വരുന്നൊരു സമയേ

നളനൃപനതുപൊഴുതതികുതുകാൽ
വളതള മകുടമണിഞ്ഞു തദാ,
തെളിവൊടു വലിയൊരു കരിവരന്റെ
ഗളമതിലെഴുന്നള്ളിയിരുന്നരുളി
കുട കൊടി തഴ വെഞ്ചാമരകൾ കെട്ടി
പടഹങ്ങൾ കിടുപിടി തുടിമുഖങ്ങൾ
ഇടിയൊടു പടപൊരുമടി മുഴക്കി
പൊടുപൊടെ വെടികളുമിടയിടയിൽ
പടജനപടലവുമിടവകയും
നടയിട ചടചട രടിതങ്ങളും
തടമുല തടവിന തരുണികളും
മടുമലരുടയൊരു പരിമളവും
നടകളിലിളകിന കരി ഘടയും
പടകടെ കലശലും നിലവിളിയും
പടുതരവടിവുകളിവ പലതും
ഇടതിങ്ങിപ്പുറപ്പെട്ടു നടനം ചെയ്തു.
''ജയ ജയ! നരവരനളനൃപതേ!
ജയ ജയ! വിഹരണചതുരമതേ!

ജയ ജയ! ഗുരുതരഗുണനൃപതേ!
ജയ ജയ! കരിവരസരസഗതേ!''

ഇങ്ങനെ പാടി സ്തുതിചെയ്യുന്നൊരു
ഭംഗികലർന്നൊരു വിപ്രൻമാരിട—
തിങ്ങിന പടയൊടുകൂടി നരേന്ദ്രൻ
മംഗലസമയേ യാത്രതുടങ്ങി.
അന്നേരം പുനരംബരമാർഗ്ഗേ
ഇന്ദ്രാദികളും വരവുതുടങ്ങി
സുന്ദരനാകിയ നളനും പടയും
പോന്നുവരുന്നതു കണ്ടൊരു സമയേ*
സുരപതിവരുണനുമന്തകനഗ്നിയു—
മൊരുമിച്ചവിടെ ക്ഷിതിയിലിറങ്ങി;
കരളിൽ പെരുകിന കുണ്ഠിതമോടെ
തരസാ തമ്മിലുരച്ചുതുടങ്ങി;
''ഭുവനമനോഹരസുന്ദരവരനാ—
മിവനെക്കന്യകകണ്ടെന്നാകിൽ†
ഇവനെത്തന്നെ വരിക്കേയുള്ളു
ശിവശിവ! കണ്ടാലെത്ര മനോജ്ഞൻ!
രണ്ടുപ്രകാരം നിരുപിച്ചാലും
തണ്ടാർമിഴിയെ നമുക്കിഹ വേണ്ടാ;
കണ്ടാലഴകുള്ളിവനെ വരിച്ചാ—
ലുണ്ടോ പിന്നെ നമുക്കു വരുന്നു?
പ്രണയിനിയിവനെ വരിച്ചില്ലെങ്കിൽ
ഗുണമറിയാത്തവളവളെന്നുവരും
ഗുണമറിയാത്ത നിതംബിനിമാരും
തൃണവും സമമെന്നെന്നുടെ പക്ഷം;
അതുകൊണ്ടിവിടെ വിചാരിക്കുമ്പോൾ
ചതികൊണ്ടിവനെയെടുത്തുമറിക്കാം;
അതിനുപദേശം ഞാനുരചെയ്യാം
മതിമുഖിയാളെക്കാട്ടരുതിവനെ;
ദൂതുരചെയ്‌വാനിവനെയയ്ക്കണ—

---

* 'അന്നേരം പുനരംബരമാർഗ്ഗേ
ഇന്ദ്രാദികളും വരവുതുടങ്ങി
സുന്ദരനാകിയ നളനും പടയും
പോന്നുവരുന്നതു കണ്ടൊരു സമയേ'—ഈ നാലുവരികൾ തുള്ളൽക്കാരുടെ പഴയ വായ്പാഠമനുസരിച്ചുള്ളതാണ്. സന്ദർഭത്തിനും കഥയുടെ അടുക്കിനും എത്രയും അനുയോജ്യമാകയാൽ നമ്പിയാരുടെ വാങ്മയമെന്നു കരുതണം.

† 'ഭുവന മനോഹര സുന്ദരനാകിയൊ—
രിവനെക്കന്യക കണ്ടെന്നാകിൽ'—എന്നു തുള്ളൽക്കാരുടെ പഴയ വായ്പാഠം.

മേതുമതിന്നൊരു സംശയമില്ല.
കാതരമിഴിയെ ലഭിക്കണമെന്നാൽ
കൈതവമൊട്ടു തുടങ്ങേണ്ടിവരും.''
പഞ്ചശരോപമനാം നളഭൂപനെ
വഞ്ചിപ്പതിനവർ നാലരുമുടനേ
നെഞ്ചിലുറച്ചു നരേന്ദ്രാഗമനം
കിഞ്ചിൽ പാർത്തു വസിക്കുന്നേരം
നളനും പടയും കുടയും തഴയും
പരിചൊടു പെരുവഴിതന്നിലിറങ്ങി.
കളവു മനസ്സിൽ കരുതിന ദേവകൾ
തെളിവിൽ ചെന്നവർമുന്നിലിറങ്ങി.
ദിവ്യൻമാരെക്കണ്ടതുനേരം
ഭവ്യനതാകിനനളനരപാലൻ
കരിവരഗളമതിൽനിന്നു നിതാന്തം
ത്വരിതമിറങ്ങിച്ചെന്നു വണങ്ങി
അരുളിച്ചെയ്തൂ സുരവരനപ്പോൾ
''നരവരപുംഗവ! നളനല്ലേനീ!
പെരുവഴിമദ്ധ്യേ നിന്നെക്കണ്ടതു
പരിചൊടു ഞങ്ങടെ ഭാഗ്യംതന്നെ;
ഒരു കാര്യം ഞാൻ നിന്നോടിരന്നാൽ
തരുവതിനെളുതോ? നളനരപാലാ?
വിരവൊടു തരണം മടികൂടാതെ
അരുതെന്നാകിലതും കേൾക്കേണം.''
കളവും പൊളിയുമറിഞ്ഞീടാത്തൊരു
നളനരപാലൻ തൊഴുതുരചെയ്തു:
''അടിയനു നിങ്ങടെ കല്പന കേൾപ്പാൻ
മടിയില്ലറിയണമമരൻമാരെ!
തിരുമനതാരിൽ നിനച്ചതുപോലി—
ന്നരുളിച്ചെയ്താലെന്തു വിവാദം?
വാനവരാകിയ നിങ്ങൾക്കെന്തിഹ
മാനവനാകിയ ഞാനുതകേണ്ടു?
ഞാനതു ചെയ്‌വാൻ മതിയാമെങ്കിൽ
ദാനംചെയ്‌വാൻ മടിയില്ലടിയന്.
ക്ഷിതിപതിവചനം കേട്ടരുൾചെയ്തു
ചതി കരുതീടിന ദേവശ്രേഷ്ഠൻ:
''മതിമുഖിയാം ദമയന്തിയിലധികം
പ്രതിദിനമാശ വളർന്നീടുന്നു;
അതുകാരണമിഹ ഞങ്ങളിദാനീം

ക്ഷിതിയിലറങ്ങി നടന്നീടുന്നു;
അതിയായിട്ടു പ്രയത്നംചെയ്‌വാൻ
മതിയായിട്ടൊരു ബന്ധവുമില്ല;
ആതുരരാകിയ ഞങ്ങടെ വചസാ
ദൂതുപറഞ്ഞശ്ശാതോദരിയുടെ
ചേതസി ഞങ്ങളിലനുരാഗംപരി—
ചോടവിളംബിതമുളവാക്കേണം
നാലുജനത്തിനുമുണ്ടഭിരുചിയെ—
ന്നാലതുമവളെക്കേൾപ്പിക്കേണം*
നാലുജനങ്ങളിലൊരുവനെയിന്നവൾ
മാലയിടേണം മടികൂടാതെ
നീലക്കാർകുഴലാളൊടിതെല്ലാം
ചാലേ ചെന്നു പറഞ്ഞീടുക നീ.''
വലരിപുവചനം കേട്ടു നരേന്ദ്രൻ
വലിയ വിഷാദംപൂണ്ടരുൾചെയ്തു:
''മടുമലർ മിഴിയെ വിവാഹംചെയ്‌വാ—
നടിയനുമധുനാ വിടകൊള്ളുന്നേൻ;
പന്തണിമുലയാളാമവളെന്നെ—
ച്ചിന്തയിലാക്കി വരിച്ചിതുപോലും!
കാന്തയെനിക്കവളെന്നിഹ ഞാനും
കാന്തനെനിക്കിവനെന്നുടനവളും
ചന്തമൊടന്തഃകരണവിവാഹം
ഹന്ത! കഴിച്ചിതു പണ്ടേതന്നെ;
പൂന്തേൻമൊഴിയൊടു സന്ധിപറഞ്ഞിഹ
സാധിപ്പിപ്പാനിങ്ങെളുതല്ലാ;
കൊതിയൻമാരെ ദൂതിനയച്ചാൽ
ചിതമായ്‌വരുമോ വിബുദ്ധൻമാരേ?
അതിനെക്കാളുണ്ടൊരു വൈഷമ്യം
അതുമുരചെയ്യാം മതിമാൻമാരേ!
മതിലുകളേഴു കടന്നു നടന്നേ
മതിമുഖിയാളുടെ ഭവനേ ചെല്ലൂ;
അതിനിടയിൽ ചില കാവൽക്കാരു—
ണ്ടതിയായിട്ടു കയർത്തുതടുപ്പാൻ;
അവരിൽ ചിലരെക്കൊലചെയ്യാതെ
അവിടെച്ചെന്നു കടപ്പാൻ വിഷമം;
കുത്തുകളടിയും വെട്ടും മുട്ടും—

---

* നാലു ജനത്തിനുമുണ്ടഭിരുചിയെ—
ന്നാലതുമവളെക്കേൾപ്പിക്കേണം'—ഈ രണ്ടുവരി തുള്ളൽക്കാരുടെ പഴയ വായ്പാഠമനുസരിച്ചുള്ളതാണ്. സന്ദർഭത്തിൽ രസവത്താകയാൽ മൂലപാഠത്തിലുള്ളതെന്നു കരുതണം.

കൂട്ടിവരുന്നൊരു നരനെക്കണ്ടാൽ
പെട്ടന്നവിടെ വസിച്ചീടുന്നൊരു
മട്ടോൽമൊഴിമാരോടിയൊളിക്കും;
വൈരസ്യം പല കാട്ടും പുരുഷനെ
സാരസ്യത്തിനു കൊള്ളരുതേതും:
ചേരുകയില്ലെന്നല്ലവളധുനാ
വൈരമവങ്കലുറച്ചേ തീരൂ;*
കാവൽക്കാരറിയാതെ പതുക്കെ
കേവലമവളുടെ മുമ്പിൽ ചെല്ലാം;
എന്നാലും പുനരുണ്ടൊരു വിഷമം†
ഇന്ദ്രാദികളതു ബോധിക്കേണം;
കളമൊഴിയാളെക്കാണുന്നേര—
ത്തിളകിപ്പോം മമ മാനസധൈര്യം;
നളനെന്നുള്ളതുമവൾ ബോധിച്ചാൽ
തെളിവൊടു മാലയുമിടുമവളെന്നെ;
എന്നെത്തന്നേ വാഴ്ത്തുകയല്ലെ—
ന്നിന്നു കനിഞ്ഞോർത്തരുളീടേണം‡
എന്നിവ പല പല ദുർഘടമുണ്ട്
എന്നതുകൊണ്ടു പറഞ്ഞീടുന്നു;
ദുസ്സാദ്ധ്യങ്ങളിലടിയനെ വിടുവാ—
നുത്സാഹിക്കരുതമരൻമാരേ!
വത്സലയാമവൾ നിങ്ങൾ നിനച്ചാൽ
ഉത്സംഗേ വരുമുടനേതന്നെ.’’
വിണ്ണവർവരനതു കേട്ടതുനേരം
കണ്ണുകളായിരമൊന്നു ചുവന്നു;
ദണ്ഡു കരത്തിലിളക്കീ യമനും[3]
തിണ്ണം വരുണനുമൊന്നു പകർന്നു;
അനലനുമൊന്നു ജ്വലിച്ചുതുടങ്ങി
കനലെരികണ്ണു തുറന്നു മിഴിച്ചു;
മനസി കയർത്തു സുരോത്തമനപ്പോൾ
കനിവുവെടിഞ്ഞു പറഞ്ഞുതുടങ്ങി:
‘‘ശാതകളോരോന്നുരചെയ്യുന്നൊരു
കഠിനമനസ്സാം പടുവേ കേൾ നീ
കുടിലത മനസി നിനച്ചുനിറച്ചൊരു
പടുത നടിച്ചു പറഞ്ഞതറിഞ്ഞു;

---

* ‘വൈരമവങ്കലുറച്ചും തീരും’—പാഠാന്തരം.

† ‘ചെന്നാലും പുനരുണ്ടൊരു ദോഷം’—പഴയ വായ്പാഠം.

‡ ‘എന്നെത്തന്നേ വാഴ്ത്തുകയല്ലേ
പിന്നെ നിനച്ചാലാവതുമില്ല’—പഴയ വായ്പാഠഭേദം.

[3] ‘ദണ്ഡു കരത്തിലെടുത്തൂ യമനും’—പാഠാന്തരം.

സോമകുലത്തിൽ പിറവി ലഭിച്ചോരു
ഭൂമിപതിക്കിഹ പൊളി പറയാമോ?
ഭീമാത്മജയാം കന്യകതന്നിൽ
പ്രേമംകൊണ്ടു പറഞ്ഞതിതെല്ലാം;
സാധിപ്പിക്കാമെന്നു പറഞ്ഞതു
ബോധിച്ചപ്പോളെളുതല്ലെന്നും*
ഒരു നാഴികയുടെയിടയിൽ പല വാ–
ക്കുരചെയ്യുന്നതു ചിതമോ? മൂഢാ!
തിരിയാത്താളുകൾ ഞങ്ങളിതെന്നൊരു
പരിഹാസത്തിനു നീ തുനിയുന്നു;
മര്യാദയ്ക്കൊരു നീക്കം വന്നാൽ
ഇരിയാ നീയീ ഭൂമിയിലെങ്ങും;
ഇന്നവരോടേ പൊളി പറയാവൂ
എന്നൊരു ബുദ്ധി നിനക്കില്ലല്ലോ.†
'സുന്ദരനാകിയ നമ്മെക്കണ്ടാൽ
സുന്ദരി വന്നിഹ മടിയിൽ കേറും'
എന്നിഹ കണ്ട ജളത്വം പറവാൻ
എന്നു പഠിച്ചെട! മനുജകിശോരാ?
നളനെന്നല്ല നിനക്കിനി നാമം
ജളനെന്നുള്ളതു ബോധിച്ചാലും;
കളവും പൊളിയും ഞെളിവുമിതെല്ലാം
അളവില്ലാതെ മനസ്സിലുറച്ചു;
മേനി പറഞ്ഞാൽ മററുള്ളവർ ബഹു–
മാനിച്ചീടുമതെന്നൊരുപക്ഷം.
നീയാരെന്നും ഞാനാരെന്നും
താനറിയാത്തവനെത്ര കുബുദ്ധി!
തന്നെത്താനറിയുന്നതിനേക്കാൾ
പിന്നെ വിശേഷിച്ചൊരു ഗുണമില്ലാ.
നിന്നുടെ വൃത്തികൾ ഞാനറിയുന്നു
എന്നുടെ വൃത്തികൾ നീയറിവീലാ.
ധാർമ്മികനാകിയ ധരണിപതിക്കിഹ
ധർമ്മത്തിന്നൊരു നീക്കം വന്നാൽ ‡

---

* 'ബോധിച്ചപ്പോളെളുതല്ലെന്നോ?'—പഴയ വായ്പാഠം.

† 'ഇന്നവരോടേ പൊളി പറയാവൂ
എന്നൊരു ബുദ്ധി നിനക്കില്ലല്ലോ.'—ഈ രണ്ടുവരി തുള്ളൽക്കാരുടെ പഴയ വായ്പാഠമനുസരിച്ചുള്ളതാണ് സന്ദർഭത്തിൽ രസവത്താകയാൽ മൂലപാഠത്തിലുള്ളതെന്നു കരുതണം.

‡ 'ധാർമ്മികരാകിന ധരണിപതീനാം
ധർമ്മങ്ങൾക്കൊരു നീക്കം വന്നാൽ'—പഴയ വായ്പാഠം.

കർമ്മികളാകിന വിപ്രൻമാരുടെ
കർമ്മത്തിന്നും കുറവു ഭവിക്കും.''
കണ്ണുകൾ രണ്ടുമുരുട്ടി മിഴിച്ചു
ദണ്ഡും കയറുമെടുത്തു പിടിച്ചു
ചണ്ഡമതാകിന മീശ വിറച്ചു
ദണ്ഡധരൻ യമനരുളിച്ചെയ്തു:
''എന്തുപറഞ്ഞെട മനുജപ്പുഴുവേ!
ബന്ധുതചെയ്‌വാനെളുതല്ലെന്നോ?
അന്തകനാകിയ നമ്മുടെ വാർത്തകൾ
ചിന്തിക്കാതെ പറഞ്ഞീടുകയോ?
ചെമ്പുകിടാരം ചുട്ടുപഴിപ്പി—
ച്ചമ്പതുചോതന നെയ്യു തിളപ്പി—
ച്ചമ്പതുലക്ഷം കിങ്കരജനമു—
ണ്ടെൻപുരിതന്നിൽ വസിച്ചീടുന്നു;
ദുഷ്ടത കാട്ടും മനുജരെയിന്നതി—
ലിട്ടു വറുത്തു പൊരിച്ചീടുന്നു;
ചേട്ടത്തങ്ങൾ പറഞ്ഞെന്നാൽ തവ—
പെട്ടീടും ചില സങ്കടമിപ്പോൾ;
പലപല ദുരിതം ചെയ്യുന്നവരുടെ
തലയിലടിച്ചു പിളർപ്പാനുള്ളൊരു
വലിയൊരു ദണ്ഡിതു കണ്ടാലും നീ
നള! ദുർബുദ്ധേ! പാശവുമുടനേ
കണ്ടജനങ്ങടെ കണ്ഠംതന്നിൽ
കുണ്ഠേതരമായ്ക്കെട്ടിമുറുക്കി
കണ്ടങ്ങളിലും കണ്ടകമതിലും
കുണ്ടിലുമിട്ടു വലിച്ചു പലേടം
കൊണ്ടുനടന്നും കരചരണാദികൾ
കണ്ടിച്ചും കടുചോര പുരണ്ടും
നീണ്ടുതടിച്ചൊരു നെടുപാശത്തെ—
ക്കണ്ടതുകൊണ്ടൊരു ഭയമില്ലല്ലീ?
ശുണ്ഠികടിക്കും നമ്മെക്കൊണ്ടൊരു
ശണ്ഠയിടീപ്പാൻ വകയുണ്ടാക്കിയ
ചെണ്ടക്കാരാ! ശഠത പറഞ്ഞാ—
ലിണ്ടൽ പിണപ്പാൻ ഞാൻ മതിയാകും.''
വരുണനണഞ്ഞു പറഞ്ഞുതുടങ്ങി:
''കരുണ നമുക്കു തരിമ്പില്ലൊട്ടും*
തരുണീമണിയിൽ കൊതികൊണ്ടല്ലേ
വരുണൻ നമ്മൊടു പൊളി പറയുന്നു?

---

* 'കരുണ നമുക്കു തരിമ്പില്ലരചാ'—പാഠാന്തരം.

കോപമെനിക്കു മനസ്സിലുദിച്ചാൽ
ശാപംതരുവാൻ സംശയമില്ലാ.
ആപത്തൊന്നു വരുത്തിക്കൊണ്ടാൽ
താപമൊഴിപ്പാനെളുതല്ലേതും.''
അഗ്നിയുമരുളിച്ചെയ്തു: ''തരുണിയിൽ
മഗ്നതകൊണ്ടു കണക്കില്ലരചാ!
കശ്മലവൃത്തി പറഞ്ഞാൽ നിന്നെ
ഭസ്മമതാക്കും ഞാനുമിദാനീം.''
ഇത്തരമവരുടെ വാക്കുകൾ കേട്ടുട-
നത്തൽമുഴുത്തൊരു നളനുരചെയ്തു:
''ഭക്തനതാകുമൊരടിയനിലീവക*
യുക്തമതല്ല സുരേന്ദ്രൻമാരേ!
നിങ്ങടെ ശാസനമെന്തെന്നാലതു
മംഗലമായ്‌വരുമധികജനാനാം.
കല്പിക്കുന്നതു കേൾക്കാമിതിനു വി-
കല്പവുമില്ലിഹ കനിവരുളേണം.''
എന്നതു കേട്ടു മനസ്സു തെളിഞ്ഞു സ-
മന്ദസ്മിതമരുൾചെയ്തു സുരേന്ദ്രൻ:
''നല്ലതുവരിക നിനക്കു നരേന്ദ്രാ!
ചൊല്ലിയവണ്ണം ദണ്ഡിച്ചാലും
സാധിക്കും തവ കാര്യമശേഷം
ബോധിക്കയുമില്ലാരും നിന്നെ.
ദമനുടെ സോദരിയെന്യേ മററൊരു
സുമുഖികൾപോലും നിന്നെക്കാണാ.
കളഭാഷിണിയും നിന്നെക്കണ്ടാൽ
നളനെന്നുള്ളതു ബോധിച്ചീടാ.
നിങ്ങളുതമ്മിൽ പറയും വാക്കുക-
ളെങ്ങുമൊരുത്തരു കേൾക്കയുമില്ലാ.
എന്നാൽ ഞങ്ങടെ കാര്യമശേഷം
നിന്നുടെ പക്കലുറപ്പിക്കുന്നേൻ.
ചെന്നു പറഞ്ഞു മനസ്സുമിളക്കി-†
സ്സുന്ദരി ഞങ്ങടെ പാട്ടിൽ വരേണം.
അഞ്ചല്ലോ ശരമംബുജബാണന-
തഞ്ചുമെടുത്തു തൊടുത്തീടുന്നു.
അഞ്ചു ജനങ്ങടെ നെഞ്ചു പിളർപ്പാൻ
പഞ്ചായുധനിഹ ഭാവിക്കുന്നു.
നാലു ശരത്തിനു ലാക്കായിട്ടതു

---

* 'ഭക്തനതാകുമൊരടിയനൊടീവക'— പാഠാന്തരം.

† 'ചെന്നു പറഞ്ഞു മനസ്സു മയക്കി'—പഴയ വായ്പാഠം.

നാലു ശരീരം ഞങ്ങടെതന്നെ;
അഞ്ചാമത്തെക്കണ്ണകൊണ്ടുടനെ
ചഞ്ചലമിഴിയെ പ്രഹരിക്കേണം;
ഗുണഗണസിന്ധോ! നിഷധനരേന്ദ്രാ!
ക്ഷണനേരം നീ വൈകിക്കരുതേ!
പ്രണയിനിയാം ദമയന്തിയൊടേവം
മതിമോഹങ്ങളും പറഞ്ഞീടുക പോ–
യണിമതിമുഖിയുടെ മണിമയഭവനേ
രണചണനരവര! ശുദ്ധാന്തേ നീ.''*

ശചിപതികല്പന നടത്തുവാനും
മുഖദർശനം ക്ഷണമകപ്പെടാനും
ഉറച്ചു ചേതസി നളക്ഷിതീശൻ
മറച്ചു തന്നുടെ മനോവികാരം
പടജ്ജനങ്ങളെ വനത്തിലപ്പോ–
ളടക്കിവച്ചഥ നടന്നു ധീരൻ;
കടന്നു കുണ്ഡിനപുരത്തിനുള്ളിൽ
കിടങ്ങു ഗോപുര മതിൽ കടന്നു;
നിറഞ്ഞ മാനുഷജനങ്ങളാരും
അറിഞ്ഞതില്ലിഹ നളന്റെ യാനം;
മറഞ്ഞു ഭൂപതി നടന്നു മെല്ലെ
പറഞ്ഞ ദിക്കിനുമടുത്തുചെന്നു.

ഏണാക്ഷികളൊരു പത്തുസഹസ്രം
വാണീടുന്നതു കാണായ്‌വന്നു;
ആണായിട്ടൊരു ഭൂതരെയവിടെ–
ക്കാണാനില്ലൊരു കോണിൽപ്പോലും!
നാളീകാക്ഷി വിദർഭജതാനും
ആളീപാളികളോടുംകൂടി
കേളിവിനോദവിശാരദഗതിയായ്
മാളികമുകളിൽ വസിക്കുന്നേരം,
കോമളഗാത്രൻ സോമകുലേശൻ
മേളമിയന്ന മനോഭവചിത്തൻ
താപമകററിദ്ദേവാദികളുടെ
കാമനിവൃത്തിക്കാഗ്രഹമോടേ
മാനവവീരൻ മതിമുഖിതന്നുടെ
മണിമഞ്ചത്തിനടുത്തൊരു സമയേ

---

* 'രണചണനരവര! യാഹി ശുഭം തേ!'—എന്ന് വായ്പാഠം.

ശ്യാമവിഹീനസുകോമളഗഗനേ[1]
പാവനമാകിന പഞ്ചമദശിനാം
നക്ഷത്രങ്ങടെ നടുവിൽ വിളങ്ങും
സാക്ഷാൽ പനിമതിബിംബംപോലെ
ലക്ഷണയുതമാം ദമയന്തീമുഖ—
മക്ഷിതിപാലനു കാണായ്‌വന്നു;
അടിമലർ തുടയിണ കടിതടമോടും
പടകൊടിനടു തലമുടിവടിവുകളും;
മുടിയടിയുടലുകളുടമകളുടനതി[2]
പടുതരമരചനു കാണായ്‌വന്നു
വാങ്ങിയലയ്ക്കുമൊരമൃതുസമുദ്രേ*
മുങ്ങിയപോലെ മനസ്സു തണുത്തു
അംഗനമാർ മണിമകുടപ്പൂമണി
മംഗലദീപിക ശുകകുലവാണി
എങ്ങനെയിവളുടെ മുമ്പിൽ ചെന്നാൽ
തിങ്ങിന വികൃതി മറച്ചീടേണ്ടൂ!
ഇങ്ങനെയുള്ളൊരു പെൺകൊടിയാളുടെ
സംഗമസുഖരസമാർക്കു ലഭിപ്പൂ?†
കൂറുപെരുത്തോരന്നം ചൊന്നതിൽ
നൂറൂമടങ്ങു മഹാഗുണമേറും
കാറൊളിതലമുടിവടിവും മുഖവും
മാറണിമുലകളുമിങ്ങനെ കണ്ടിഹ
നീറുന്നൂ മമ ഹൃദയമിദാനീം
ഏറുന്നൂ പുനരലർശരതാപം
കാറൊളികുഴൽമണിയാളൊടെനിക്കിനി‡
വേറുപിരിഞ്ഞു വസിപ്പാൻ ദണ്ഡം!
ഇത്ഥം പലവക നളനരപാലൻ
ചിത്തംകൊണ്ടു വിചാരിച്ചുടനെ
മത്തമതംഗജഗാമിനിതന്നുടെ
പത്തനസീമനി ചെന്നു കരേറി;

---

1. 'ശ്യാമവിഹീനസുകോമളഗഗനേ'—ശ്യാമവിഹീനം = കറുപ്പില്ലാത്ത; തെളിഞ്ഞ. നിർമ്മലവും മനോഹരവുമായ ആകാശത്തിൽ.

2. മുടിയടിയുടലുകളുടമകൾ=മുടിമുതൽ അടിവരെ ഉടലിനുള്ള (ശരീരത്തിനുള്ള) ഉടമകൾ (ഭംഗികൾ).

* 'പൊങ്ങിയലയ്ക്കുമൊരമൃതസമുദ്രേ'—തുള്ളൽക്കാരുടെ വായ്പാഠം.

† 'സംഗമസുഖകരമാർക്കു ലഭിപ്പൂ?'—പാഠാന്തരം.

‡ 'കാറൊളികുഴൽമണിയാളൊടെനിക്കിനി'—എന്ന പഴയ വായ്പാഠം സ്വീകാര്യം. 'മാറണി കുഴൽമണി—എന്ന മുദ്രിതപുസ്തകപാഠം അബദ്ധം. 'മാറണി കുഴൽമണിയാൾ'—എന്നും ഒരു പാഠം കാണുന്നു.

അതിസുന്ദരനാം പുരുഷനെയരികിൽ
പ്രതിമുഖമവിടെക്കണ്ടതുനേരം
മതിമുഖിതന്നുടെ മനതളിരിൽ പുന–
രതിയായിട്ടൊരു വിസ്മയമുളവായ്.

എഴുനേററവളൊരു മണിപീഠത്തെയു–
മഴകൊടു നല്കിയിരുത്തിയതിൻമേൽ

ശശിമുഖി മൃദുതരകുശലപ്രശ്നം
വിശദമറിഞ്ഞു പറഞ്ഞാളേവം:
‘‘മാരസമാനശരീര! ഭവാൻ പുന–
രാരെന്നുള്ളതു ചൊല്ലീടേണം;
കാരണമെന്തിഹ വരുവാനെന്നും
സാരമതാം തവ കുലമേതെന്നും
ആരിഹ നിന്നുടെ ജനകനതെന്നും
പാരിതിലെങ്ങധിവാസമിതെന്നും
പേരെന്തെന്നും കഥയ! മഹാത്മൻ!
പാരം കൗതുകമിന്നുളവായി.’’
കളിമൊഴിയാളുടെ വാക്കുകൾ കേട്ടു
നളനരപാലൻ പുനരരുൾചെയ്തു:
‘‘നളിനദളായതനയനേ! കാമിനി!
കളിയല്ലിതു കേൾ ഞാനൊരു ദൂതൻ;
കുലനാമാദികളുരചെയ്തിട്ടൊരു
ഫലമില്ലല്ലോ കുവലയനയനേ!
അലർശരപരവശരായിട്ടുണ്ടിഹ
ചില യജമാനൻമാരിതുകാലം;
നിന്നുടെ ഭാഗ്യമിതതിശയമത്രേ
മന്നിലൊരംഗനമാർക്കിതു ലഭിയാ;

ഇന്ദ്രനു നിങ്കൽ കാംക്ഷതുടങ്ങി
സുന്ദരി! നിന്നുടെ സുകൃതംതന്നെ;

എന്നതുമല്ലാ, പ്രേതാധിപനും
പിന്നെദ്ദഹനനുമംഭോനിധിയും
എന്നിവർ നാലു മഹാപുരുഷൻമാർ
നിന്നെ നിനച്ചു മരിപ്പാറായി;
ഇന്നതിലൊരുവനെ മാലയിടേണം
നിന്നുടെ മനമതിലൊത്തതുപോലെ;

സുരപതി പാരം പരവശനായീ
വരുണനുമഗ്നിയുമങ്ങനെതന്നെ,
അന്തകനതിയായിട്ടനുരാഗം
അന്തമടുത്തു കടുത്തൊരു താപാൽ;

അമരാവതിയിലിരുന്നു രമിപ്പാൻ
ദമയന്തീ തവ കൗതുകമില്ലേ?
അമരാധിപനെ വരിച്ചെന്നാകിൽ
അമരസ്ത്രീകളുമമരും നിങ്കൽ;
ഗംഗാസലിലേ സ്നാനംചെയ്യാം
ഗംഗാപുളിനേ കളികളുമാടാം;
ശൃംഗാരാദി രസങ്ങൾ നടിച്ചമ–
രംഗനമാരുടെ നൃത്തം കാണാം;
കല്പകകുസുമംകൊണ്ടു ചമച്ചൊരു
തല്പംതന്നിൽ നിനക്കു ശയിക്കാം;
അല്പമതല്ല സുഖങ്ങൾ നിനച്ചാ–
ലുല്പലനയനേ! ഹരിയെ വരിച്ചാൽ.
വരുണനെയോർത്താലവനെത്തന്നെ
വരണംചെയ്യണമെന്നും തോന്നും
തരണം വളരെ ദ്രവ്യമതെന്നാൽ
വരുണനു ചെററും സംശയമില്ല;
തരുണിമണിക്കിനി യമനെ വരിപ്പാൻ
കരുണ മനസ്സിലുദിച്ചെന്നാകിൽ,
മരണഭയം പുനരൊട്ടും വേണ്ടാ
പെരിയ ബ്രഹ്മൻകാല–മിരിക്കാം;
തേജസ്സുള്ള ജനങ്ങളിലത്രേ
തേൻമൊഴിമാർക്കനുരാഗമിരിപ്പൂ–
എന്നാലഗ്നിയെ മാലയിടേണം
നന്നായിട്ടവനുണ്ടു പ്രകാശം.

പദം. മോഹനം—ചായ്പുതാളം

പല്ലവി:

പൂന്തേൻമൃദുവാണീ! ദമയന്തീ!
ചിന്തിതമെന്തിഹ തേ?

അനുപല്ലവി:

ചിന്താമണിയാകും, സുരേന്ദ്രൻെറ
കാന്തയായീടണം നീ! കൃശോദരി! (പൂന്തേൻമൃദുവാണീ!)

ചരണങ്ങൾ:

1. പങ്കജബാണൻെറ ബാണങ്ങളേററവ–
നംഗം തളർന്നീടുന്നു, പിന്നെ

---

1. ബ്രഹ്മൻകാലം = ബ്രഹ്മാവുള്ളിടത്തോളംകാലം; വളരെക്കാലം (നാടൻ സംഭാഷണശൈലി.)

* 'തേൻമൊഴിമാർക്കനുരാഗമുദിപ്പൂ'—എന്ന് തുള്ളൽക്കാരുടെ പഴയ വായ്പാഠം.

തിങ്കളുദിച്ചു വരുന്നേരം സങ്കടം
പാരം വളർന്നീടുന്നു, നവ–
കുങ്കുമപങ്കം പനിനീരു ചന്ദനാൽ
മേനി ദഹിച്ചീടുന്നു, ഇനി
നിൻ കൃപയില്ലെങ്കിലെങ്ങനെ വാസവൻ
പ്രാണൻ വഹിച്ചീടുന്നു! കൃശോദരി!
(പൂന്തേൻമൃദുവാണീ!)
2. നന്ദനകാനനംതന്നിലിരുന്നാലു–
മില്ലൊരു ചിത്തസുഖം ഹരി–
ചന്ദനവൃക്ഷത്തണലിൽ കിടന്നാലാ–
നന്ദവുമില്ലധുനാ, നിജ
മന്ദിരം തന്നിലിരിപ്പാനും മേലാ പു–
രന്ദരനെന്നു വന്നു, സുര–
സുന്ദരിമാരുടെ കൂത്തിലും പാട്ടിലും
കൗതുകമില്ലപോലും കൃശോദരി! (പൂന്തേൻമൃദുവാണീ!)
3. നിന്നുടെ നാമം ജപിക്കും കളിക്കും
ചിരിക്കും തിരിക്കുമുടൻ, പിന്നെ
നിന്നുടെ രൂപം സ്മരിക്കും ചരിക്കും
ഇരിക്കും മരിക്കുംപോലെ, നല്ല–
മന്ദിരംതോറും നടക്കും കിടക്കും
മടക്കും മനോമദനൻ, സ്മരൻ–
തന്നുടെ ബാണം തറയ്ക്കും വിറയ്ക്കും
കുറയ്ക്കും മറക്കുമുടൻ കൃശോദരി! (പൂന്തേൻമൃദുവാണീ!)
4. അങ്ങനെതന്നേ വരുണനുമഗ്നിയു–
മന്തകദേവൻതാനും, അവർ–
തങ്ങടെ സങ്കടമിങ്ങനെ ചൊല്ലുകിൽ
ഇല്ലൊരൊടുക്കമഹോ, നര–
പുംഗവനന്ദിനീ സുന്ദരീ നീയതു
നന്ദിച്ചയയ്ക്കണമേ, പല
ഭംഗി പറഞ്ഞു മയക്കി ചമയ്ക്കരു–
തെന്നെയുമിന്നിഹ നീ കൃശോദരി!'' (പൂന്തേൻമൃദുവാണീ!)

നളനുടെ വചനം കേട്ട ദശായാം
കളമൊഴി മുഖവും താഴ്ത്തിച്ചൊന്നാൾ;
''വളരെപ്പറയരുതെന്നോടു ദൂത!–
കളിവചനങ്ങൾ കുറച്ചാലും നീ;
ഹൃദയംകൊണ്ടൊരു പുരുഷനെ മുന്നം
സദയം ഞാനിഹ വരണംചെയ്തു,
അവനല്ലാതൊരു പുരുഷനെ ഞാനീ–
ഭുവനം മൂന്നിലുമിച്ഛിച്ചീടാ;

---

* 'വളരെപ്പറയുന്നെന്തിനു ദൂത'—പാഠാന്തരം.

ദൃഢമതിയാകിയ പതിവ്രത ഞാനും
ദൃഢവതി പലരെ കാംക്ഷിച്ചീടാ;
പടുമതിയാം മമ വല്ലഭനിപ്പോൾ
ഝടിതി വരും മമ വേളി കഴിപ്പാൻ
എന്നുടെ രമണനു ശരിയായിട്ടൊരു
സുന്ദരനില്ല ജഗത്ത്രയവാടേ;
നിന്നുടെ ചെവിയിൽ കേളാഞ്ഞെന്തേ
മന്നവമണിയാം നിഷധേശ്വരനെ!
കളമധുരാകൃതി നളനരപാലൻ
നളിനവിലോചനനളിരുചികേശൻ
തെളിവൊടു മുന്നിൽ വരുന്നാളവനുടെ
ഗളമതിൽ മാല കരേററി വരിക്കും;
ഇന്ദ്രാദികളും ചന്ദ്രാദികളും
ചന്ദ്രമുഖൻമാർ മററുള്ളവരും
കുന്നിച്ചീടിന പണമുള്ളവരും
സുന്ദരനെന്നു നടിക്കുന്നവരും
ഈരേഴുലകിലുമമരും പുരുഷരി—
ലാരുമെനിക്കിഹ വരനാകേണ്ടാ;
വീരശിരോമണി നളഭൂപാലൻ
ചാരുഗുണാകരനെന്നുടെ കാന്തൻ;
നളനുടെ രൂപം വഴിയാംവണ്ണം
നളിനദലത്തിൽ നഖംകൊണ്ടെഴുതി
തെളിവൊടു തന്നൂ കളഹംസം മമ
കളിയല്ലതു ഹൃദി മരുവീടുന്നു;
നിന്നുടെ രൂപവുമെഴുതിയ രൂപവു—
മിന്നൊരുപോലേ തോന്നീടുന്നു;
എന്തൊരു കാരണമതിനെന്നുള്ളതു
ചിന്തിച്ചിട്ടതു കാണുന്നില്ല;
കോടിസഹസ്രം മദനൻമാരുടെ
മോടികലർന്ന ഭവാനെദ്ദൂതിനു
ചാടിച്ചവരുടെ മനതാരിങ്കലെ
മൂഢതയോർത്താൽ ചിരിയാകുന്നു;
വാശ്ശതുമതുകൊണ്ടെന്തിനു വളരെ
ദുശ്ശാഠ്യങ്ങൾ കഥിച്ചീടുന്നു!
ഈശ്വരകൃപയുണ്ടെങ്കിലുടൻ നിഷ—
ധേശ്വരവരനെ വരണം ചെയ്യാം.

നളനൃപനെന്നുടെ വരനായ്വരുവാൻ
തെളിവൊടു ദേവവരൻമാർ

പെരുകിന കൃപയൊടു വരമരുളേണം
വരമിദമേവഹിതം മേ
സുരവധുമാരുടെ നടുവിലിദാനീം
നരവധു ചേരുകയില്ല
ഉച്ചയകാഞ്ചനവളയുടെ നടുവിൽ
പിച്ചളവളയതുപോലെ,
പൊൻമയഹംസികൾതന്നുടെയിടയിൽ
പൊൻമാൻപിടയതുപോലെ,
മറിമാൻപേടകൾതന്നുടെയിടയിൽ
കുറുനരിതൻ പിടപോലെ
അഴകിയ ഹരിണികൾ അരികിൽ ചെല്ലും
കഴുതപ്പെൺകൊടിപോലെ;
നിഷധനരാധിപനെന്നുടെ രമണൻ
ഇഷുധരബാഹുമനോജ്ഞൻ
മദനമനോഹരസുന്ദരവദനൻ
മദകളകോമളലീലൻ
സരസശിരീഷശരീരനുദാരൻ
സരസിജലോചനനല്ലോ;
സുരവരസേവകനായ ഭവാനും
നരവരനളനുമിദാനീം
ഇരുവരുമൊരുവൻതന്നുടെ സുതരോ?
കരളിൽ വിചാരമിദം മേ
ഇതിലധികം മമ നിന്നൊടു പറവാൻ
മതിബലമില്ലിഹ ദൂതാ!''

അതുകേട്ടുടനേ നളനരുൾചെയ്തു!
''അതു മതിയാകില്ലംബുജനയനേ!
അതിസുന്ദരനാമിന്ദ്രങ്കൽ തവ–
കൊതിയില്ലെന്നു പറഞ്ഞതു ഭോഷ്ക്ക്.
ഇന്ദ്രൻതന്നുടെ രസമുണ്ടാവാൻ
സുന്ദരിമാർ പലരിച്ഛരിക്കുന്നു,
ഇന്നതു സാധിക്കില്ലെന്നോർത്തവ–
രൊന്നുമനങ്ങുന്നില്ലെന്നത്രേ.
അണ്ടർകുലത്തിൽ മികച്ചൊരു വമ്പനെ–
വേണ്ട നിനക്കെന്നുരചെയ്യാമോ?
കൊണ്ടൽക്കുഴൽമണിയാളേ! നിന്നുടെ
ചെണ്ടത്തം പുനരധികംതന്നെ.
നളനെന്നുള്ളൊരു പുരുഷൻ ഭോഷൻ
ജളനെന്നുള്ളതു ബോധിച്ചാലും;

പൊളിയല്ലവനെക്കാണുന്നേരം
തെളികയുമില്ല നിനക്കു സുശീലേ!
മനസി നളൻ നളനെന്നു നിനച്ചി—
ട്ടനുദിനമിങ്ങു വസിച്ച നിനക്കും
അവനെക്കണ്ണിൽക്കാണുംനേരം
ഇവനോ! എന്നൊരു നിന്ദയുമുണ്ടാം.
കൈയ്യിൽ കിട്ടിയ കനകമുപേക്ഷി—
ച്ചീയം കൊൾവാനിച്ഛിക്കുന്നു!*
അയ്യോ ഭോഷി നീയെന്തിങ്ങനെ
കാര്യാകാര്യം തിരിയാത്തവളോ!
മംഗലശീലേ! നീയും നളനും!
തങ്ങളിലൊട്ടും ചേരുകയില്ലാ;
നല്ല മിനുത്ത കഷണ്ടിക്കാരൻ
മുല്ലപ്പൂമലർ ചൂടിയപോലെ,
കുന്നിക്കുരുവും പവിഴവുമിടചേർ—
ത്തുന്നതമുലകളിലണിയുംപോലെ,
കൊന്നപ്പൂവും മാറേററുന്നൊരു
പൊന്നും തമ്മിൽ ചേരുംപോലെ,
കാഞ്ചനമുടുകിൻനടുവിലണിഞ്ഞൊരു†
മഞ്ചാടിക്കുരുവെന്നതുപോലെ,
ചഞ്ചലനയനേ സുന്ദരി നിന്നുടെ
നെഞ്ചിൽ നിനച്ചതു ചിതമല്ലൊട്ടും;
സകലകുലാമലശീലാശയയാം
ശുകമൊഴി! നിന്നുടെ ലീലകളറിവാൻ!
വികൃതി ജളൻ നളനാളായ്‌വരുമോ
വികൃതികളെന്തിനു ചിന്തിക്കുന്നു!
കുവലയമലരുടെ പരിമളസാരം
തവളകളറിവാൻ സംഗതി വരുമോ!
പെണ്ണിൻ ഭാവവിശേഷമശേഷം
കണ്ണില്ലാത്തവനനുഭവമാമോ?
നല്ലൊരു പാട്ടും കൊട്ടും കേട്ടാൽ
കല്ലിനു ഭാവവികാരമതുണ്ടോ?
ശ്ലോകം ചൊല്ലിപ്പൊരുൾ പറയുമ്പോൾ
കാകനതിങ്കലൊരിരയുണ്ടാമോ!
മാടണിമുലമാർ മധുരതയറിവാൻ
മാടപ്രാവിനു സംഗതിവരുമോ!
മൂഢനതാകിന നളനീവകയിൽ

---

* 'ച്ചീയംകൊൾവാനിച്ഛിക്കരുതേ!'—എന്നു പഴയ വായ്‌പാഠം.

† 'കാഞ്ചനമുടുകിൻ നടുവിലമഴ്ത്തിന'—എന്നു പഴയ വായ്‌പാഠം.

പ്രൗഢതയില്ലതു ബോധിച്ചാലും.
സുരപതിവിരുതൻ നല്ലൊരു രസികൻ
സുരതരസങ്ങളറിഞ്ഞൊരു വിരുതൻ!
ഒരുവനെ മാലയിടേണമിതെന്നാൽ
പുരുഷോത്തമനാമിന്ദ്രനെ വേണം.''
തരുണീമണിയാളതു കേട്ടപ്പോൾ
ചെവിയും പൊത്തീട്ടൊന്നുരചെയ്തു!
''മതി! മതി! നിന്നുടെ കടുവചനാദികൾ
മതിതാപം മമ പെരുകീടുന്നു;
മതിമുഖനാകിന നളനരപാലനെ
അതിയായിട്ടു ദുഷിച്ചതു മതിമതി!
തിരിയെ നടക്കാമിനിയുമൊരക്ഷര—
മുരിയാടുകിൽ ഞാനങ്ങു ഗമിക്കും;
പരിഹാസാദികൾ പറയുന്നവനും
അരികിലിരുന്നതു കേൾവുന്നവനും
ദുരിതാനുഭവം സമമായ്‌വരുമെ—
ന്നുരചെയ്യുന്നൂ മുനിതിലകൻമാർ.
തരുണീതരുണൻമാരന്യോന്യം
തരമായ്‌വരുവാൻ ദുർഘടമത്രേ;
ഒരുവനിലാഗ്രഹമൊരുനാരിക്കതു
പരഹൃദയത്തെയുമൊപ്പിക്കേണ്ടാ.
ഇരുവരുതമ്മിൽ ചേർന്നുവരുമ്പോൾ
പരമാനന്ദമവർക്കു ലഭിക്കും;
മററുള്ളവരു പറഞ്ഞാലും ഹൃദി—
പററുകയില്ല കുലുക്കവുമില്ല.
കുററം നളനൃപനുണ്ടെന്നാകിലു—
മേററമവങ്കൽ നമുക്കഭിലാഷം;
മറെറന്തിനു വളരെപ്പറയുന്നു
മറെറാരുവനെ ഞാൻ മനസി നിനയ്ക്കാ.
പെററുവളർത്തൊരു ജനനിയുമെന്നെ—
പ്പോററിവളർത്തൊരു ജനകൻതാനും
മറെറാരു പുരുഷനെ മാലയിടീപ്പാൻ
മുററുംനിന്നു പ്രയത്നംചെയ്താൽ
തെറെറന്നവിടെ മരിക്കും ഞാനതി—
ലേററം മറെറാരുപായവുമില്ല,''

ഇത്തരമവളുടെ വാക്കുകൾ കേട്ടതി—
നുത്തരമില്ലെന്നോർത്തു നരേന്ദ്രൻ
''സ്വസ്തി നിനക്കെ''ന്നരുൾചെയ്തവളുടെ

പത്തനമതിൽനിന്നാശു ഗമിച്ചു.
നിർജ്ജരവരരുടെ മുമ്പിൽചെന്നതി–
ലജ്ജിതനായിത്തൊഴുതുരചെയ്തു:
''ഇജ്ജനമോർത്താലിതിനെളുതല്ലേ
സജ്ജനനികരശിരോമണിമാരേ!
ദൃഢതരമവളുടെ ചിത്തമിളക്കാ–
നടിയനു മതിബലമില്ലെന്നറിവിൻ;
ചതിവു പറഞ്ഞു മനസ്സു മറിപ്പാൻ
പടുതപെരുത്തൊരു പെൺകൊടിയാളവൾ
മതിമുഖിതാനൊരു പുരുഷനെ മനസാ
പതിയായിട്ടു വരിച്ചിതുപോലും!
അതിയായിട്ടിഹ ക്ലേശിച്ചാലും
സതിയാമവളൊടു കൂടുകയില്ല;
അടിയൻ വളരെ ക്ലേശം ചെയ്തു
മടിയെന്നുള്ളതു ബോധിക്കേണ്ടാ.
മറിവുണ്ടെങ്കിലതെല്ലാം നിങ്ങൾ–
ക്കറിയാമല്ലോ വിബുധൻമാരേ!
സകലജനങ്ങടെ ഹൃദയമശേഷം
മുകുരതലത്തിൽ കാണുംപോലെ
അകതാരിങ്കൽ വിചാരിച്ചറിവാൻ
മികവു ഭാവാൻമാർക്കെന്നു പ്രസിദ്ധം.''
ഭക്തിമഹാനിധിയാകിയ നളനുടെ
യുക്തികൾ കേട്ടു തെളിഞ്ഞമരൻമാർ
യുക്തമിതിവനുടെ ദോഷവുമല്ലെ–
ന്നോർത്തു ജവേന മറഞ്ഞാരവരും.

നളനുമതുനേരം കളഭവരനുടെ
ഗളമതിങ്കലേറിത്തെളിഞ്ഞു പുറപ്പെട്ടു
കളിച്ചു പടജ്ജനം വിളിച്ചു പുറപ്പെട്ടു
വളച്ച വഴി വെട്ടിത്തെളിച്ചു, ജലംകൊണ്ടു
തളിച്ചു, പടകളും വിളിച്ചു കുഴൽ കൊമ്പും
വിളിച്ചു പടഹങ്ങൾ അടിച്ചു വിരുതൻമാർ
പിടിച്ചു, കളിച്ചൊക്കെ നടിച്ചു നടകൊണ്ടു.

ഭൂപശിരോമണി നളനും പടയും
താപമകന്നഥ കുണ്ഡിനപുരിയുടെ
സവിധേ ചെന്നുടനവിടെ നിറഞ്ഞനു
രൂപം നൃപനെ വണങ്ങി ഭടൻമാർ.*

---

* 'സവിധേ ചെന്നുടനവിടെ നിറഞ്ഞാർ
ത്വരിതം നൃപനെ വണങ്ങി ഭടൻമാർ'—പഴയ വായ്പാഠം.

പരിചൊടു നിഷധനരേന്ദ്രൻ തരസാ
കരിവരഗളമതിൽനിന്നു പതുക്കെ
പരിജനകരതലമവലംബിച്ചുട—
നുരുതരകുതുകം ക്ഷിതിയിലിറങ്ങി.
മുപ്പതു നാല്പതു നായൻമാരും
കെല്പൊടു നാലെജമാനൻമാരും
ഉല്പലനയനൻ നളഭൂപാലൻ
അപ്പുരിപുക്കഥനൃപനെക്കണ്ടു;
ഭീമനരേന്ദ്രൻ വിരവൊടു നളനെ
പ്രേമമുയർന്നു പിടിച്ചഥ തഴുകി
കോമളമാകിന മണിമാളികമേൽ
ആമോദേന കരേററിയിരുത്തി.
പാർത്തലസീമനി മരുവീടുന്നൊരു
പാർത്ഥിവവരരും വന്നുതുടങ്ങീ.
തങ്ങടെതങ്ങടെ പരിവാരത്തൊടു—
മങ്ങനെ നൃപകുലവീരൻമാരും.
ഭംഗിവരുത്തിയണിഞ്ഞുതുനിഞ്ഞു മ—
തംഗജമഞ്ജുളഗാമിനിയാളുടെ
ശോണാധരസുഖപാനാമല നിർ—
വ്വാണാനന്ദമനസി മഹീശൻ
താനാരാൽ മുന്നണിയായ് കുണ്ഡിന—
ലീനാത്മാവായ് യാത്രതിരിച്ചു.
'മധുരസമങ്ങനെ വാർന്നൊഴുകീടിന
മധുരാധരിയുടെ മടിയിലിരിപ്പാൻ
മധുരാകൃതി ഞാൻ മതിയാം ഭൂവിനു—
മധിരാട്ടാണെൻ സമത വഹിപ്പാൻ
പാർത്തലമതിലാരുള്ളെ'ന്നിങ്ങനെ
ധൂർത്തനുമോർത്തു ഗമിച്ചുതുടങ്ങി.
പിൻപിൽ നടക്കും നൃപനതുനേരം
തുമ്പികണക്കെ പറന്നുതുടങ്ങി
''പടയും വേണ്ടാ, കുടയും വേണ്ടാ,
മടുമലർമിഴിയെ ലഭിച്ചാൽപോരും;
ഉടലു മുറിഞ്ഞാലന്തരമുണ്ടോ?
തടമുല പുൽകാൻ സൗഖ്യം കുറയും;
മന്നവർ പലരും പോരുന്നെന്തിനു
കന്യക നമ്മുടെ കൈയ്ക്കൽ പോരും
എന്നെപ്പോലേ സുന്ദരനായി—
പ്പിന്നെയൊരുത്തൻ ഭൂമിയിലില്ല;

അതുമല്ലെന്നുടെ കോപ്പുകളിട്ടാ—
ലതിലൊരു ശോഭ നമുക്കേയുള്ളു.
ചോദ്യംകൊണ്ടു പരീക്ഷിച്ചെന്നാ—
ലായതു നമ്മൊടു പോരെന്നില്ല;*
വിരുതൻമാരിൽ കൗതുകമേറും
നാരീമണിമാർക്കെന്നു പ്രസിദ്ധം.
ജാതിശ്രേഷ്ഠതയുള്ള ജനത്തെ
കാതരമിഴിമാർ കാംക്ഷിച്ചീടും;
ജാതിവലിപ്പം നിരുപിച്ചെന്നാ—
ലേതും കുറവു നമുക്കില്ലിപ്പോൾ.
ഇദ്ദിക്കിൽ പുനരെന്നിൽ മികച്ചൊരു
വിദ്വാനില്ല തികച്ചുരചെയ്യാം;
വിദ്വാനാകിന വരനെവരിപ്പാ—
നുദ്യോഗിക്കും ദമസോദരിയും,
കവികളിലേററം കൗതുകമേറും
കുവലയമിഴിമാർക്കില്ല വിവാദം;
കവിതക്കാരിഹ പലരുണ്ടെങ്കിൽ
അവരിൽ മികച്ചതു ഞാനിഹതന്നെ.
അംഗനമാർക്കു മനസ്സു തണുപ്പാൻ
സംഗീതത്തിനു ശരിയല്ലൊന്നും;
സംഗീതങ്ങടെ ഭംഗിവരുത്താ—
നിങ്ങൊരുകൂട്ടം വാസനയേറും.''
ഇങ്ങനെയോരോന്നോർത്തു നൃപൻമാ—
രംഗജബാണം കൊണ്ടു മയങ്ങി
തങ്ങടെ തങ്ങടെ പൗരുഷചിന്ത തു—
ടങ്ങി ക്ഷിതിപതിഭവനം പുക്കാർ.
ഇന്ദ്രാദികളവർ നാലുജനം നള—
ചന്ദ്രനു നാലു വരങ്ങൾ കൊടുപ്പാൻ
സാന്ദ്രകുതൂഹലസരസൻമാരവർ
സവിധേ വന്നുരചെയ്തുതുടങ്ങി:
''ഇന്ദുബിംബമുഖിയാം ദമയന്തി—
ക്കിന്നു നീ രമണനായതുമൂലം
നന്നുനന്നു സുകൃതം പരിപൂർണ്ണം
പൂർണ്ണചന്ദ്രസുമുഖാ നരവീര!
നിന്നുടേ ദൃഢമനസ്സറിവാനായ്
വന്നു ഞങ്ങളിഹ നാലവരുമായി;
മന്നിടത്തിൽ മഹിളാമണിയാകിയ
കന്യയേ ഝടിതി കൈക്കലെതാക്കാൻ

---

* ലാദ്യത നമ്മൊടു പോരെന്നില്ല:—തുള്ളൽക്കാരുടെ പാഠം.

മോഹമില്ല ദമയന്തിയിലേററം
സ്നേഹമുണ്ടതിനുമില്ല വിവാദം;
മുഗ്ധഗാമിനികുലോത്തമതന്നുടെ
ചിത്തസാരമറിയുന്നതിനായി
അത്രമാത്രമിഹ ചെയ്തിതു ഞങ്ങളു—
മത്രതന്നെ, പോകുന്നു നരേന്ദ്ര!

കല്യാണീ കമലാലയാ ഭഗവതീ
        കാന്തം പ്രപേദേ ഹരിം
കല്യാ സാചലബാലികാ ഭഗവതീ
        ചാർദ്ധേന്ദുചൂഡം യഥാ
മല്ലീപുഷ്പസുഹാസിനീ രതിരപി
        പ്രാപ്താ യഥാ ചിത്തജം
മല്ലാക്ഷീ ദമസോദരീ വ്രതവതീ
        കാന്തം ഭവന്തം തഥാ

പദ്യമതിങ്ങനെ കേട്ടാലുടനേ
വിദ്വാൻമാർക്കിഹ പൊരുളുണ്ടാകും
വിദ്യാരഹിതൻമാർക്കു ഗ്രഹിപ്പാൻ
വിരവൊടു പൊരുളുരചെയ്തീടുന്നേൻ
''നളനൃപതേ: നീ നമ്മുടെ വചനം
നലമൊടു കേട്ടു രസിച്ചീടേണം
നളിനംതന്നിൽ പണ്ടുപിറന്നൊരു
കളമൊഴി കുലമണി ലക്ഷ്മീ ഭഗവതി
നരകാന്തകനാം നാരായണനെ—
ത്തരസാ ചെന്നു വരിച്ചതുപോലെ.
വരവർണ്ണിനി ദമയന്തി ഭവന്തം
വരനായ് വരണം ചെയ്തിതു ഭദ്രം.
യമനിയമാദിഗുണങ്ങൾ നിറഞ്ഞൊരു
സുമശരരിപുവാം പരമേശ്വരനെ
ഹിമഗിരിവരസുത വരണം ചെയ്തൊരു
സുമഹിതമംഗലകർമ്മംപോലെ,
കമിതാവായി ശ്രീരതിയും പുന—
രമിതരസാന്വിതനാകിയ മദനം
രമണനതാക്കി വരിച്ചതുപോലെ
ദമയന്ത്യാസഹ നിഷധപതേ! നീ''
''നിഷധപതേ! കേൾ നിന്നുടെ യാഗേ
നിഖില സുരൻമാരോടുംകൂടെ
നിജ നിജ രൂപത്തോടും വന്നു
നൃപവരസഭയിലിറങ്ങിക്കൊണ്ട്

മർത്ത്യപ്പരിഷകൾ കാൺകെത്തന്നെ
പ്രത്യക്ഷേണ ഹവിർഭാഗത്തെ
ഭുക്തികഴിക്കുന്നുണ്ടിഹ ഞാൻ തവ
ഭക്തിമഹത്തുകൾ ബോധിക്കേണം.''
വരുണൻ ഭഗവാനരുളിച്ചെയ്തു:
''വരിക സഖേ നള! നൃപതികുലേന്ദ്രാ!
പുരുഗുണരാശേ! മരുഭൂമിയിലും
പെരിയ മഹാമലയുടെ തടമതിലും
ഒരുനാളൊരുദിശി ചെന്നു ഭവാനും
മരുവുന്നേരം നമ്മെക്കനിവൊടു
നിരുപിക്കുമ്പോളവിടെ വരുന്നേൻ
ഒരുദിക്കിലുമിഹ ജലമില്ലെന്നു
പരവശഭാവം വേണ്ട നിനക്ക്!
പെരുകിന വാർപ്പും ചെമ്പു ചരക്കുകൾ[1]
പരിചൊടടുപ്പിൽ കേററിക്കൊണ്ടതിൽ
അരിയും പോട്ടാലധികമവററിൽ
പെരികജ്ജലവും തനിയേ നിറയും;''
''എരിയും തീയെ''ന്നഗ്നിയുമരുളി;
''അരിയും കറികളുമമൃതിനു സമമെ—
ന്ന''രുളിച്ചെയ്താനന്തകഭഗവാൻ;
''പെരുകിന സുഖമിനി ദമയന്ത്യാസഹ
പുരിയിൽച്ചെന്നു വസിച്ചീടുക നീ.''

ഏവമരുളിച്ചെയ്തു ദേവൻമാർ നാലുപേരും
ദേവലോകത്തെ നോക്കിപ്പോവാൻ മുതിർന്നു തത്ര,
മറഞ്ഞു, മഞ്ചങ്ങൾതോറും നിറഞ്ഞുമേവും നൃപൻമാർ;
പറഞ്ഞുതുടങ്ങി ''ഭാഗ്യം കുറഞ്ഞുസംസാരവായ്പു—
മറിഞ്ഞുകൂടാതെ ദൈവം ചതിച്ചു പെണ്ണിനെ വേൾപ്പാൻ
കൊതിച്ചുവന്നൊരു നമ്മേ ത്യജിച്ചു വൈരസേനിയേ
വരിച്ചു ദമയന്തിയും ധരിച്ചു വിപ്രൻമാരെല്ലാം
തിരിച്ചു സ്വർണ്ണവും കെട്ടിത്തിരിച്ചുകൊണ്ടങ്ങുമിങ്ങും
ഭ്രമിച്ചു വന്നൊരു നമ്മൾ ശ്രമിച്ചു നില്ക്കയോ വേണ്ടു
ഗമിച്ചുകൊൾകയോ വേണ്ടു നടപ്പിൻ ഭൂപാലൻമാരേ!
നടപ്പിൻ കുണ്ഡിനംതന്നിൽ കടപ്പിൻ ഭീമനെച്ചെന്നു
പിടിപ്പിൻ! കന്യകേപ്പാഞ്ഞങ്ങടുപ്പിൻ കാർമുകം കൈയ്യിൽ—
എടുപ്പിൻ, ഘോരബാണങ്ങൾ തൊടുപ്പിൻ ഓർത്തുകൊണ്ടെല്ലാ
മടുപ്പിൻ പത്തനം കുത്തിത്തകർപ്പിൻ സർവ്വത്ര ചെന്നു
ഹരിപ്പിൻ! പേടിയുള്ളോരിങ്ങിരിപ്പിൻ പെണ്ണിനേച്ചൊല്ലി
മരിപ്പിൻ മന്നവൻമാരേ! സ്മരിപ്പിൻ നാണക്കേടെല്ലാം.

---

1. ചരക്കുകൾ=വാർപ്പുകൾ.

പടഹമെങ്ങു പടകളെങ്ങു നമ്മുടെ
കൊടികളെങ്ങു കുടകളെങ്ങു സംഗര–
ഘടനഘോഷമുടനെവേണമരികുല–
മടിപെടുക്ക പൊടിപൊടിക്ക നല്ലൊരു
മിടുമിടുക്കനുടനടുക്ക വിരവൊട്.

നലമൊടു വിലസിന ചലമിഴിമണിയുടെ
തലമുടിവടിവൊടു പിടിപെടുവതിനൊരു
മടി തുടരരുതിഹ പടുതരനരവര
പരിഷകളുടെയൊരു പുരിയതിൽ വിരവൊടു
ഉരുതരമിതു ബത കരുതിയ പുരുഷരെ
വിരവൊടു ശരവരനിരകൾക്കിരയാ–
ക്കീടവേണമാടലെന്തു സംപ്രതി
മൂഢഭാവമൂഢമായതെന്തിഹ?
ഗൂഢമല്ല ഗാഢവൈരമിന്നതി–
ഗൂഢമായി രൂഢമായി ശിവ! ശിവ!''

ഇത്ഥം നൃപതിസമൂഹമശേഷം
യുദ്ധമതായിതു കുണ്ഡിനനൃപനൊടു
യുദ്ധംചെയ്‌വതിനെത്തിനിറഞ്ഞവ–
രുദ്ധതകളകളഘോഷത്തോടും
അംഗൻ നൃപതി കലിംഗൻ നരപതി
വംഗൻ വരഗുണ തുംഗൻ ദ്രമിളൻ
കുന്തളനരപതി കുരുകുലഭൂപതി
കുന്തിമഹീപതി വിന്ധ്യനരേന്ദ്രൻ
പൂർണ്ണകനരപതി പുഷ്കരനരപതി
പാണ്ഡ്യമഹീപതി പാഞ്ചാലനൃപൻ
ചോളക്ഷിതിപതി ലാടനരേന്ദ്രൻ
സിന്ധുമഹീപതി സിംഹളഭൂപതി
കർണ്ണാടപ്രഭു കാശ്മീരപ്രഭു
കാശിമഹീപതി കാമപുരപ്രഭു
ഭദ്രമഹീപതി ഭദ്രപുരേശൻ
ഇങ്ങനെയുള്ള നൃപൻമാരനവധി
തിങ്ങിന പുരുഷാരങ്ങളുമിളകി
തങ്ങടെ തങ്ങടെ നായൻമാരെയു–
മങ്ങു സ്വരൂപിപ്പിച്ചുതുടങ്ങി.
ചന്ത്രക്കാരൻ രാമച്ചാരൊരു
കുന്തമെടുത്തുപിടിച്ചു കരത്തിൽ
വാളുമെടുത്തു താളത്തിൽ ചില–
മേളം കൂട്ടിച്ചോടുകൾ വച്ചു;

കാക്കരനായർ കടുത്തില കൈയ്യി—
ലെടുത്തുപിടിച്ചു നടന്നുതുടങ്ങി;
ലന്തക്കുഴലും തോളിലെടുത്തൊരു
കുന്തക്കാരണിയിട്ടുതുടങ്ങി;
കാപ്പീററെന്നൊരു ഭാഷ പറഞ്ഞു[1]
കലശലൊരേടത്തങ്ങുതുടങ്ങി;
''കണ്ടച്ചാരേ കൂവാ തന്നുടെ
കൈയ്യിലൊരായുധമില്ലാത്തന്ത്യേ?''
''ചെണ്ടക്കാര്യമെനിക്കുപിണഞ്ഞതു
ജ്യേഷ്ഠാ താനതു ബോധിച്ചില്ലേ?
നമ്മുടെ വീട്ടിൽ പത്തുപണത്തിനു
ചൊവ്വുള്ളതുമില്ലൊക്കെ നശിച്ചു
അമ്മ മരിച്ചേപ്പിന്നെക്കാര്യം
അമ്മാവൻ ക്ലേശിച്ചുതുടങ്ങി;
അമ്മായിക്കും മക്കൾക്കും പുന—
രുമ്മാനുമുടുപ്പാനും വെററില
തിമ്മാനും തേപ്പാനും പുനര—
ങ്ങമ്മാത്രം ചില തീർപ്പിപ്പാനും
അമ്മുതലെല്ലാം ചെലവിട്ടിപ്പോൾ
ഉമ്മാനും വകയില്ലാതാക്കി;
അമ്മാപാപി കടംകൊണ്ടതുമിഹ
നമ്മാലോർത്താൽ പോക്കുക വിഷമം.
ഗണപതിപട്ടർക്കമ്പതുപണവും
പലിശയുമങ്ങു കൊടുപ്പാനുണ്ട്;
പണമില്ലാഞ്ഞിട്ടെന്നുടെ കുന്തം
പണയംവച്ചു പലിശ കൊടുപ്പാൻ.
കേളിപെരുത്തൊരു കന്യാമണിയുടെ
വേളിക്കോള മെഴുന്നള്ളുന്നെ—
ന്നായതു കേട്ടവർ കേട്ടവരെല്ലാ—
മായുധമേന്തി നടന്നുതുടങ്ങി
ആയുധമില്ല നമുക്കെന്നുള്ളതു
നായൻമാർക്കു പറഞ്ഞീടാമോ?
ആയതുമൂലം മിണ്ടാതെ ഞാൻ
കൈയ്യുംവീശിക്കൊണ്ടുതിരിച്ചു.''
''കേട്ടോ താനക്കന്യകയെപ്പോയ്
വേട്ടോ നമ്മുടെ സ്വാമിയുമിപ്പോൾ?''
''നമ്മുടെ സ്വാമിക്കവളെ ലഭിപ്പാൻ

---

1. ലന്തക്കുഴൽ തോളിലേററിയ നായൻമാർ ലന്തക്കാരുടെ (ഡച്ചുകാരുടെ) ഭാഷയെ കളിയായിട്ട് അനുകരിച്ചു ശബ്ദം പുറപ്പെടുവിച്ചതിനെ സൂചിപ്പിക്കുന്നു.

കർമ്മമതില്ല തനിക്കെന്തറിയാം?''
''നമ്മുടെ രാജാവെന്തൊരുകാര്യം
നമ്മളെയൊക്കെ സ്വരുപിക്കുന്നു?''
''മാല കഴുത്തേലേററ നൃപൻെറ
മൂലവിനാശം ചെയ്‌വതിനിപ്പോൾ
നാലംബുധിയുടെ നടുവിലിയന്നൊരു
നായൻമാരവരൊക്കെ മുതിർന്നു.''
''ആയതു പാരം നിർമ്മര്യാദം;
ആയവനെന്തു പിഴച്ചു നരേന്ദ്രർ—
ക്കായവരം തന്നെ വരിപ്പാൻ ചെന്നാ—
ലായതുപേക്ഷിച്ചീടുകയുണ്ടോ?''
''ആയിരമമ്പതുകോടി നൃപൻമാ—
രായവളൊരുവളെ മോഹിച്ചെന്നാൽ
ആയവളെങ്ങനെ വേണ്ടൂ ദേഹം
കണ്ടിച്ചെല്ലാം വിഭജിക്കെന്നോ?''
''മെല്ലെപ്പറക നൃപൻമാർ കേട്ടാൽ
കൊല്ലും തന്നെത്താമസിയാതെ;
മല്ലവിലോചനമാരെക്കാമി—
ച്ചുള്ളമലിഞ്ഞുഴലുന്ന നൃപൻമാർ—
ക്കുള്ളിൽ വിചാരം ചെല്ലുകയില്ലെ—
ന്നുള്ളതു താനുമറിഞ്ഞിട്ടില്ലേ?''
''വല്ലതുമവിടൊരുപായമതുണ്ടോ?''
''ചെല്ലണമിജ്ജനമെന്നേ വേണ്ടൂ.''
''പടയിൽ ചെന്നു മരിപ്പാനൊട്ടും
മടിയില്ലിങ്ങതു ബോധിച്ചാലും;
ഇടയില്ലാതെ കഥിക്കയുമല്ലി—
പ്പട ഭാവിച്ചതു ചിതമല്ലിപ്പോൾ;
ഒരു പെൺകൊടിയിൽ കൊതികൊണ്ടൊരുവക
നിരുപണമില്ലാതുള്ള നൃപൻമാർ
നരപതി ഭീമനു കുററമതാക്കിയ—
തൊരുവൻ കേട്ടാലാനകളിക്കും;
അങ്ങാടികളിൽ തോലി പിണഞ്ഞാൽ
അമ്മയൊടപ്രിയമെന്നതുപോലെ,
ചെങ്ങാതികടെ ജളത്വമതിങ്ങനെ—
യെങ്ങാനുണ്ടോ പണ്ടുളവായി?''

ഇത്തരമോരോ വാക്കു പറഞ്ഞവ–
രെത്തി നിറഞ്ഞിതു നായൻമാരും.
സത്വരമനവധി നൃപതികൾ കുണ്ഡിന–
പത്തനമൊക്കെയടിച്ചു തകർപ്പാൻ
വട്ടംകൂട്ടിയ വാർത്തകളമ്പൊടു
കേട്ടു മഹീപതി ഭീമൻ നളനും
എന്തിഹ സമുചിതമെന്നു മനസ്സിൽ
ചിന്തിച്ചവിടെ വസിച്ചീടുമ്പോൾ,
ഭാരതവംശാധിപനാം നളനൊടു
ഭാരതിഭഗവതിയരുളിച്ചെയ്തു:
വീരാ! നൃപകുലമകുടമണേ! തവ
ധീരതകൊണ്ടു ശമിക്കുമനർത്ഥം
നൃപതിജനങ്ങടെ കലഹാരംഭം
സപദി ശമിപ്പാനുണ്ടൊരുപായം
വിപദമൊഴിപ്പാനിന്ദ്രാണിക്കൊരു
വിരുതുണ്ടവളെസ്സേവിക്കേണം.

ഇന്ദ്രന്റെ ഭാര്യയാകുമിന്ദ്രാണിദേവിയേ ന–
രേന്ദ്ര! ഭവാൻ മനസ്സിൽ നന്നായി ഭജിച്ചാലും;
എന്നാലുടനേതന്നെ നന്നായിവരും ഭവാ''–
നെന്നങ്ങരുളിച്ചെയ്തു മന്ദം മറഞ്ഞു ദേവി,
എന്നുള്ളരുളപ്പാടു കേട്ടു നരേന്ദ്രൻതാനും
ചെന്നു കുളിച്ചു വേഗം വന്നു പുലോമജയെ
പുഷ്പങ്ങൾ കൊണ്ടുവന്നു പൂജിച്ചു വിധിയോടേ
നിഷ്പന്ദഭാവത്തോടേ നിന്നു സ്തുതി തുടങ്ങി;

[1] പദം: ആനന്ദഭൈരവി—ചെമ്പട

പല്ലവി:

''വന്ദേഹം ദേവീ: വന്ദേഹം,.

അനുപല്ലവി:

സന്ദേഹംകൂടാതെയെന്നെ
സന്തോഷിപ്പിക്കേണം ദേവീ!
സങ്കടം നമുക്കൊഴിച്ചിഹ
ശങ്കയെന്യേ, നിൻ കടാക്ഷമേ ഗതി (വന്ദേഹം)

ചരണങ്ങൾ

1. ഭൂപൻമാർ ബഹുകോപൻമാർ,
ഭൂപാലൻ ഭീമന്റെ നാട്ടിൽ

---

[1] തുള്ളൽക്കാരുടെ വായ്പാഠവുമായി ഒത്തുനോക്കി ഉചിത സംസ്കരണത്തോടുകൂടി ഈ പദം ചേർത്തിരിക്കുന്നു.

ആപത്തു വരുത്തീടാതെ
കല്യാണം ദിശ കല്യാണീ!
കലഹഭാവകലുഷഭാവമൻപൊടു
ശമയ ദേവി! ശതമഖപ്രിയേ! തവ (വന്ദേഹം)

2. ദുർല്ലഭേ! ശക്രവല്ലഭേ!
വല്ലാതെ നൃപൻമാർ നമ്മെ
വെല്ലാതെ ശമിപ്പതിന്നു
കല്യേ നീ കാത്തരുളേണം
കമലലോചനേ! ശമലമോചനേ! തവ
കരുണവേണമരുണപല്ലവാധരി!'' (വന്ദേഹം)

ജംഭാന്തകനുടെ വല്ലഭതന്നുടെ
സംഭാവനകൊണ്ടഖിലനൃപാണാം
ജൃംഭിതകോപവികാരമശേഷം
സാമ്പ്രാതമമ്പൊടു സംഭൃതമോദാൽ
സംഭ്രമമാശു ശമിച്ചു നൃപൻമാർ
സമ്പ്രതി വന്നു സുഖേന പറഞ്ഞു!
''എന്തു പിഴച്ചൂ ഭീമനരേന്ദ്രൻ?
എന്തു പിഴച്ചൂ മഹാമതി നളനും?
എന്തിക്കുവലയദളമിഴിയാം ദമ–
യന്തിക്കും പുനരപരാധമെടോ?
മുററും നമ്മുടെ നിർഭാഗ്യത്തെ
മാററിക്കൊൾവാനാർക്കെളുതാവൂ?
പോററിക്കും കൃപയില്ലിനി നമ്മെ:
മാററികളാകിന ഭൂപതിമാരിൽ
നൂററിലൊരുത്തനു തോന്നിയതില്ലീ–
ഗോഷ്ടികൾ കാട്ടരുതെന്നു മനസ്സിൽ
നീററിൽ നടക്കും മുതലകൾപോലെ
ചീററിയടുപ്പാനെന്തവകാശം?
നളിനായുധസന്നിഭമുഖനാകിയ†
നളനൃപവരനെക്കണ്ടാൽ നല്ലൊരു
കളമൊഴികുലമണി മററൊരു നൃപനുടെ
ഗളമതിൽ മാല നിബന്ധിപ്പവളോ?
പല നൃവരൻമാരുണ്ടെങ്കിലുമിഹ*

---

† നളിനശശീസന്നിഭമുഖനാകിയ'—എന്നു കാണുന്ന പാഠം ക്ലിഷ്ടം.
* 'പല നൃപതിലകരുമുണ്ടെങ്കിലുമിഹ'—പാഠാന്തരം.

നളനൊടു തുല്യമൊരുത്തനുമില്ല;
തെളിവൊടുമവനെ വരിച്ചില്ലെങ്കിൽ
കളമൃദുമൊഴിയാൾക്കൊരു വകതിരുവി-
ല്ലെന്നൊരു കുറവു ഭവിച്ചേനേ; അതു-
വന്നില്ലവളുടെ ഭാഗ്യവിശേഷാൽ.''
നളനേത്തന്നെയസംഗതമിങ്ങനെ
നരവരവൃന്ദമശേഷവുമപ്പോൾ
തെളിവൊടു വാഴ്ത്തി സ്തുതിചെയ്യുന്നതു
നരപതി ഭീമൻ കേട്ടതിമോദാൽ
പൗലോമിയുടെ കൃപാബലമദ്ഭുത-
മാലോകിതമിതി മനസ്സിലുറച്ചു
കാലോചിതമാമുപചാരത്തെ-
ക്കനിവൊടുചെയ്തുതുടങ്ങി നരേന്ദ്രൻ.
സ്വർണ്ണാഭരണം രത്നാഭരണം
കുണ്ഡലവും കങ്കണവും തോൾവള
കാഞ്ചി ദുകൂലം തരിവള പിരിവള
കാഞ്ചനകുംഭം കനകച്ഛത്രം
പൂഞ്ചേലകളും കുപ്പായം ബഹു-
വാഞ്ഛിതമൊക്കും പല്ലക്കുകളും
അനവധി പണവും മണിഗണവും ബഹു-
കനകപ്പൊടിയും വാരിക്കോരി
നരപതി സകല നരേന്ദ്രൻമാർക്കും*
കനിവൊടു ഝടിതി കൊടുത്തുതുടങ്ങി;
ദമയന്തിയുടെ സഖിമാരുണ്ടവർ
കമനീയാംഗികൾ കോടിസഹസ്രം;
ഓരോ നരവരവീരൻമാർക്കതിൽ
ഓരോ സഖിമാരെ പ്രത്യക്ഷം
ആരോമൽകനിവോടു കൊടുത്താൻ
ധീരോദാത്തൻ ഭീമനരേന്ദ്രൻ;
ദമയന്തിക്കു സമാനമതാകിയ
കന്യാരത്നം കിട്ടുകമൂലം

---

* തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു. 'ധനപതി സകല നരേന്ദ്രൻമാർക്കും'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നു.

പ്രമുദിതഹൃദയൻമാരായ് നൃപതികൾ
സമമഥ യാത്രപറഞ്ഞു തിരിച്ചു.

കല്യാണിയതാം ദമസോദരിയുടെ
കല്യാണോത്സവകോലാഹലമഥ
നല്ലമുഹൂർത്തേ നലമൊടുചെയ്‌വാൻ
ഉല്ലാസേന തുടങ്ങി നരേന്ദ്രൻ.

ഉലകുടെപെരുമാളിക്കഥയെല്ലാം
നലമൊടു മനസി നിനച്ചു വസിച്ചു
ഉലകുടെ പൊലിമ വരുത്തി രമിക്കാം
കുലബലപുഷ്ടിയുമുളവാം ഭദ്രം.[1]

നളചരിതം ഓട്ടൻതുള്ളൽ
സമാപ്തം

[1] ഉലകുടെ പെരുമാളിക്കഥയെല്ലാം
....
കുലബലപുഷ്ടിയുമുളവാം ഭദ്രം.
ഇത്രയും ഭാഗം കഥയുടെ സമാപ്തിയിൽ ഇവിടെ ചേരേണ്ടതാണ്.
''ഉലകുടെപെരുമാളൊന്നറിയേണം
കലിയുടെ ദോഷം തീരണമെങ്കിൽ
വലിയൊരു കഥയിതു നളനുടെ ചരിതം
കലിതകുതൂഹലമുരചെയ്തീടാം''
എന്നിങ്ങനെ ഉലകുടെപെരുമാളെ കഥപറഞ്ഞു കേൾപ്പിക്കുംപ്രകാരമാണ് നളചരിതം തുള്ളൽ ആരംഭിക്കുന്നത്. അതുകൊണ്ട് കഥയുടെ സമാപ്തിക്ക് എത്രയും ചേർന്നതാണ് ഈ ഭാഗം.
എന്നാൽ മുദ്രിതസമാഹാരങ്ങളിലെല്ലാം ഈ വരികൾ രുക്മിണീ സ്വയംവരം ഓട്ടൻതുള്ളലിന്റെ അവസാനഭാഗത്തു ചേർത്ത് അച്ചടിച്ചു കാണുന്നു. ഉലകുടെ പെരുമാളെക്കുറിച്ചു യാതൊരു പ്രസ്താവവും രുക്മിണീ സ്വയംവരം തുള്ളലിലില്ല. അതുകൊണ്ട് ഈ വരികൾ രുക്മിണീ സ്വയംവരത്തിന്റെ അവസാനം ചേരേണ്ടതല്ലെന്നു സ്പഷ്ടം. ആദ്യപ്രസാധനത്തിൽ അനവധാനതകൊണ്ട് ഈ വരികൾ രുക്മിണീ സ്വയംവരം ഓട്ടൻതുള്ളലിന്റെ അവസാനഭാഗത്ത് അച്ചടിച്ചു ചേർത്തു. തുടർന്നുള്ള മുദ്രിത സമാഹാരങ്ങളെല്ലാം അത് അതുപോലെ പകർത്തി.

രുക്മിണീസ്വയംവരം

അഖിലഭുവനകന്ദം ഹാസനിർദ്ധൂതകുന്ദം
ശമിതവിമതവൃന്ദം ധാര്യമാണാരവിന്ദം
സമുചിതമുചുകുന്ദം പൂതപാദാരവിന്ദം
സുരവരതടിനീന്ദം സാധു വന്ദേ മുകുന്ദം.

ഭൂപാലി[1]

പദം—ഏകതാളം

ഇന്ദുകാനനസ്ഥലേ[2] വിളങ്ങിടുന്നൊരംബികേ!
തിരുമനസ്സൊടൊരു കടാക്ഷമരുളിയടിയനിൽദൃഢം
ചന്ദ്രബിംബസന്നിഭാനനേ ഭവപ്രിയതമേ!
പരമഭക്തചിത്തനത്തൽ തീർക്കണം മഹേശ്വരീ!

1. 'ഭൂപാലി'യെന്ന പദത്തിന്റെ അർത്ഥമെന്തെന്നു വ്യക്തമല്ല. തുള്ളലിന്റെ ആരംഭത്തിലുള്ള ഒരു ചടങ്ങിനാണ് തുള്ളൽക്കാർ ഭൂപാലിയെന്നു പറഞ്ഞുപോരുന്നത്. ഗണപതിത്താളം ചവിട്ടി, മുന്നരങ്ങു നടത്തി, ഭൂപാലി ചൊല്ലി, കഥയാരംഭിക്കുകയെന്നിങ്ങനെയാണു തുള്ളലിന്റെ പാരമ്പര്യവഴിക്കുള്ള അവതരണരീതി. തുള്ളൽ രചിക്കുകയോ അവതരിപ്പിക്കുകയോ ചെയ്യുന്ന സ്ഥലത്തിന്റെയും സമീപപ്രദേശങ്ങളുടെയും അധിദേവതകളെ പ്രകീർത്തിച്ചു ചൊല്ലുന്ന സ്തുതികൾക്കാണ് ഭൂപാലിയെന്നു പറയുന്നതെന്നത്രേ തുള്ളൽക്കാരുടെ മതം.

2. എസ്. ടി. റെഡ്യാരുടെ ആദ്യപ്രസാധനത്തിലെ പാഠം 'ഇന്ദുകാതരസ്ഥലേ' എന്നാണ്. പിന്നീടു പുറത്തുവന്ന എല്ലാ പതിപ്പുകളിലും ഇതേ പാഠം ആവർത്തിച്ചിരിക്കയാണ്. ഇത് അച്ചടിപ്രമാദമാണെന്നും 'ഇന്ദുകാനനസ്ഥലേ'യെന്നതാണു ശരിയായ പാഠമെന്നും ഇപ്പോൾ സമ്മതമായിട്ടുണ്ട്. സാഹിത്യചരിത്ര പണ്ഡിതൻമാരുടെയിടയിൽ പല അഭ്യൂഹങ്ങൾക്കും വഴിവെച്ച ഒരു പാഠമാണിത്. വടക്കാഞ്ചേരിക്കു സമീപമുള്ള തിങ്കൾക്കാട് (ഇപ്പോൾ എങ്കക്കാട് എന്നു വിളിക്കുന്നു) എന്ന സ്ഥലത്തെയാണ് നമ്പിയാർ ഉദ്ദേശിച്ചിട്ടുള്ളതെന്നത്രേ ഇപ്പോൾ പൊതുവിലുള്ള അഭ്യൂഹം. എന്നാൽ ഈ ഭൂപാലിയിൽ സ്തുതിക്കപ്പെടുന്ന ദേവി കുമാരനല്ലൂർ കാർത്ത്യായനിയാണെന്നാണ് കളരിവൃദ്ധൻമാരായ തുള്ളലാശാൻമാർ പരമ്പരയാ വിശ്വസിച്ചുപോരുന്നത്. കുമാരനല്ലൂർ എന്നതു ക്ഷേത്രത്തിന്റെമാത്രം പേരാണ്, ദേശത്തിന്റെ പേരല്ല. കുമാരനല്ലൂർ ക്ഷേത്രം സ്ഥിതിചെയ്യുന്ന കരയുടെ പേർ 'പെരുമ്പായ്ക്കാട്ടുചേരി'യെന്നാണ്. ഈ കരയുൾപ്പെട്ട വില്ലേജിന്റെ പേർ 'പെരുമ്പായ്ക്കാട്'' എന്നും. വില്ലേജ് ആഫീസിന്റെ പേർ ഇന്നും 'പെരുമ്പായ്ക്കാട് എന്നാണ്. പെരുമ്പായ്ക്കാട്ടുചേരിയെ സംസ്കൃതീകരിച്ചു 'സിന്ധുകാനനസ്ഥല'മെന്നാക്കി. പെരുമ്പായം(=വലിയ ജലാശയം; സിന്ധു) കാട്(കാനനം) ചേരി(സ്ഥലം) പായം=ജലം. സിന്ധുകാനനത്തെ ഭാഷാഭേദംവരുത്തി ഇന്ദുകാനനമാക്കി. സിന്ധുകാനനം = ഇന്തു(ന്ദു)കാനനം. സംസ്കൃതത്തിലെ 'സിന്ധു' ദ്രാവിഡത്തിൽ 'ഇന്തു' ആകും. സിന്ധൂത്ഥം = ഇന്തുപ്പ് ആയതു കാണുക. ഭൂപാലിയിൽ ദേശത്തിന്റെ പേരിനു പ്രാധാന്യം കല്പിക്കേണ്ടതിനാൽ ക്ഷേത്രം സ്ഥിതിചെയ്യുന്ന കരയുടെ ശരിയായ പേരു പറഞ്ഞുതന്നെ കുമാരനല്ലൂർ ഭഗവതിയെ സ്തുതിക്കുന്നെന്നു കരുതണം. ഭൂപാലിയിൽ അടുത്തു സ്തുതിക്കുന്നതു 'കുടമാളൂർ വേട്ടയ്ക്കൊരുമകനേ'യാണുതാനും. മാത്രമല്ല 'അംബികേ' 'ഭവപ്രിയതമേ' 'മഹേശ്വരീ' 'പന്നഗാധിനാഥശായിതന്നുടെ സഹോദരീ' എന്നെല്ലാമുള്ള സംബോ

പന്നഗാധിനാഥശായിതന്നുടെ സഹോദരീ!
പരമഭക്തചിത്തനത്തൽ തീർക്കണം മഹേശ്വരീ!
വന്നെതിർത്ത ദുരിതദുർഗ്ഗതിക്കു ജനനീ! നീയൊരു
വഹ്നിയായ് ഭവിച്ചെനിക്കു സർവ്വഭൂതി നല്കണം.

പദം. മോഹനം—ചെമ്പട

പല്ലവി

കൊണ്ടാടിയുടൻ കുടമാളൂരമർന്ന വേട്ടയ്ക്കൊരുമകനേ!
കൊണ്ടാടണമേ കവിതയ്ക്കിന്നമന്ദമോദം പരിചൊടു മേ

അനുപല്ലവി

കണ്ടാലനിശം സുഖമേറും കളേബരം തേ മധുരതരം
കണ്ടാവിതു ഞാനൊരുനാളിൽ കനത്ത മോദം
വരുവതിനായ് (കൊണ്ടാടി)

ചരണങ്ങൾ

1. കടുത്ത വൻപട തടുപ്പതിന്നൊടുക്കമെന്നിയെ പടുത്വവും
തൊടുത്തയമ്പുകൾ തൂകി വമ്പൊടു
പടക്കളങ്ങളിലടുക്കയും[1]
കഠിനരടിതമൊടു നടനമുടനുടനെ
വടിവിലിടകലരുമടവുടയോനേ! (കൊണ്ടാടി)

2. കല്യാണഗുണാകരനേ! നീ കനത്ത കീർത്തിയരുളണമേ
കല്യാണമെനിക്കരുളേണം കളങ്കമെല്ലാം കളയണമേ
കിളുർത്ത കൗതുകമുറയ്ക്കണം
കുളുർത്ത ശോഭകൾ നിറയ്ക്കണം
കളിച്ചുകൊണ്ടിഹ വസിക്കണം മമ
മുളച്ച സമ്മതമടുക്കണം
വരവുമരുളു മമ കരളിലരുളു ഗതി
അരുണചരണയുഗമതു മമ ശരണം. (കൊണ്ടാടി)

3. ഇണക്കമോടിഹ തുണയ്ക്കണം
വണക്കമെന്നുടൻ ഗണിക്കണം;
കണക്കിൽ വന്നിഹ വസിക്കണം,
തുണയ്ക്കുമാഗ്ഗുണമണയ്ക്കണം.
വെളിവിലെഴുന്നരുളി വെളുവെളെ വിലസിന
ഹസിതരസമൊടിഹ വിലസണമനിശം (കൊണ്ടാടി)

ധനകരം കുമാരനല്ലൂർ കാർത്ത്യായനീപ്രതിഷ്ഠയെ ശരിക്കറിഞ്ഞു ചെയ്യുന്നതുമാണ്. നമ്പിയാരുടെ 'ശ്രീകുമാരാലയസ്തോത്ര'ത്തിലെ സംബോധനകളോട് ഇവയ്ക്കു ശരിക്കു സാദൃശ്യവുമുണ്ട്. ഇക്കാരണങ്ങളാൽ 'ഇന്ദുകാനനസ്ഥലേ വിളങ്ങിടുന്നൊരംബിക' കുമാരനല്ലൂർ ഭഗവതിയാണെന്നുതന്നെ കരുതണം.

[1] 'തൂകിയമ്പുകൾ തൊടുത്തു വമ്പൊടു പടക്കളങ്ങളിലടുക്കയും'— എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠം ക്ലിഷ്ടം.

4. വണ്ടാർ കുഴലോടിടചേരും കരണ്ഡമാലാവിലസിതനായ്
തണ്ടാർശരനും പരിതാപം വളർത്ത ഭംഗിക്കുടയോനേ!
സുഗന്ധിചന്ദനവിലേപവും
സുബന്ധുരാനനവിലാസവും
സുബന്ധമാകിന കിരീടവും കില
സുഗന്ധിയാകിന ശരീരവും
വിമലകരവലയചലനകിലുകിലിത
പല സകലനമതിവിലസിതഗതിയും* (കൊണ്ടാടി)

ഫണിപതിഭൂഷണനാകിയ ഭഗവാ—
നണികലയാണ്ട മഹേശ്വരനൊരുന്നാൾ
ഗുണവതിയാകിയ പാർവ്വതിയോടും
ഗുണമിയലുന്നൊരു കരിവടിവായി
അടവിയിലങ്ങു കടന്നു നടന്നും
മടികൂടാതെ കളിച്ചു രസിച്ചും
തരുണിയെ വിരവിലടുത്തു വിളിച്ചും
പെരുകിന സരസസുഖേന കളിച്ചും
മരുവിന മലർശരഹരനുടെ ബീജം
ഉരുതരമുടനതു കരിമുഖമായി
ധരണിയിൽ വന്നു പിറന്നൊരു മൂർത്തേ!
കരിവദന! ഭവാൻ കാത്തരുളേണം.

വാണീഭഗവതീ! കല്യാണീ! ഘനവേണീ! സു—
ശ്രോണീ! സുന്ദരീ! ശുകവാണീ! വാരിദവേണീ!
കാണി പിരിഞ്ഞിടാതെ വാണീടേണം നീയെന്റെ
വാണിയിൽ വഴിപോലെ താണു വണങ്ങുന്നേൻ ഞാൻ
ഏണാങ്കാനനയാളേ! വേണം നിൻകൃപയെങ്കൽ
നാണമകറ്റി മമ ക്ഷീണമൊഴിച്ചിടേണം.
ക്ഷോണീവാസികൾക്കൊരു ഭൂഷണമെന്നപോലെ
വാണീവിശേഷംകൊണ്ടങ്ങാനന്ദിക്കേണം ദേവീ!
അംബരനദീവാസനംബുജവിലോചനൻ
ചിൻമയൻ ജഗൻമയൻ കല്മഷവിനാശനൻ
തുംബുരുനാരദാദി സേവിതൻ മഹാവന്ദ്യൻ

---

* വിമലകരവലയ......... വിലസിതഗതിയും = ശ്രേഷ്ഠമായ കൈവളകളുടെ ചലനംകൊണ്ടുള്ള കിലുകില ശബ്ദം എന്നിങ്ങനെ പലതും (മുമ്പു പറഞ്ഞ ചന്ദന വിലേപം, ആനനവിലാസം, കിരീടം ഇത്യാദി) സങ്കലനം ചെയ്ത (കൂട്ടിച്ചേർത്ത) മതിയോടുകൂടി (ഭാവപൂർണ്ണിമയോടുകൂടി) വിലസുന്ന ഗതിയോടുകൂടിയവൻ.

ശംബരരിപുതാതൻ[1] കാത്തുകൊൾകടിയനെ,
പീലിത്തിരുമുടിയും മാലയും ചില്ലികളും
നീലോല്പലത്തെ വെല്ലും ലോചനപ്രഭാവവും
ചേലൊത്ത നാസികയും ബാലത്തരുണിമാർതൻ
ചേതസ്സെ വഞ്ചിച്ചീടും ലോലമാമധരവും
കർണ്ണാലങ്കാരമത്സ്യകുണ്ഡലവിലാസവും
കണ്ണാടി വെല്ലുന്നോരു ഗണ്ഡസ്ഥലവും നല്ല
പൂർണ്ണചന്ദ്രനും പുനരർണ്ണോജവും നമിക്കും
പൂർണ്ണമായീടുന്നോരു സ്വർണ്ണരമ്യാനനവും
ഓമൽക്കഴുത്തിൽ മുത്തുമാലയും വനമാലാ—
ശ്രീമൽപ്രകാശങ്ങളും ശ്രീവത്സ കൗസ്തുഭവും
ചേരുന്ന മാർവ്വിടവും ചേർച്ചയുള്ളുദരവും
ചാലേ വിളങ്ങീടുന്നോരോമനക്കൈകൾ രണ്ടും
മഞ്ഞപ്പട്ടുടയാട കാഞ്ചിയും കലാപവും
മഞ്ജുളമായുള്ളൊരു പാദപങ്കജങ്ങളും
ശോഭിച്ച കരങ്ങളിൽ ചേരും ചമ്മട്ടി ശംഖും
ചാലേ ധരിച്ചു രഥമേറി തിരിച്ചു പണ്ടു
പാരാതെ വിജയന്റെ തേരുതെളിച്ച കൃഷ്ണൻ
പാലിച്ചീടേണമെന്നെ ഞാനിതാ വണങ്ങുന്നേൻ.
ഏവം സുഖിച്ചു വാസുദേവൻ വസിച്ചു ബല—
ദേവൻ വിവാഹമൊന്നു ചെയ്വൻ ഞാനെന്നുറച്ചു*
രേവതാത്മജയാകും രേവതിയുടെ വേളി
ആവോളം ഘോഷത്തോടെ ആശു കഴിച്ചുംകൊണ്ടു
ഭാവംതെളിഞ്ഞു തത്ര മേവുന്ന കാലമങ്ങു
ഭീഷ്മകനെന്നുള്ളോരു ഭൂമിപാലേന്ദ്രൻ പാരം
ഊഷ്മയുള്ളോരു വീരനൂഴി വാഴുന്ന കാലം
രുക്മിയെന്നൊരു പുത്രനുണ്ടായി ഭീഷ്മകന്ന്
രുക്മിക്കനുജൻമാരും മൂന്നുപേരുണ്ടായ്പിന്നെ
രുക്മിണിയെന്നുപേരായുള്ളൊരു കന്യകയും
രുക്മപ്രകാശംപോലെ രൂപപ്രകാശത്തോടും
ഉണ്ടായിതവൾ പിന്നെ കണ്ടാലെത്രയും സുഖ—
മുണ്ടാമാകൃതി കണ്ടു തണ്ടാർമാനിനിതന്റെ
രണ്ടാമവതാരംപോൽ വണ്ടാർവേണിമാരൊക്കെ

[1] ശംബരരിപുതാതൻ = ശ്രീകൃഷ്ണൻ. ശംബരരിപു = ശംബരാസുരന്റെ ശത്രു (പ്രദ്യുമ്നൻ). പ്രദ്യുമ്നൻ ശംബരാസുരനെ വധിച്ചതുകൊണ്ടാണ് പ്രദ്യുമ്നനു ശംബരരിപുവെന്നു പേരുണ്ടായത്. പ്രദ്യുമ്നന്റെ പിതാവു ശ്രീകൃഷ്ണൻ. ശ്രീകൃഷ്ണനു രുക്മിണിയിൽ ജനിച്ച പുത്രനാണു പ്രദ്യുമ്നൻ. അതുകൊണ്ട് രുക്മിണീസ്വയംവരം കഥയുടെ പ്രാരംഭത്തിന് ശ്രീകൃഷ്ണനെ പ്രദ്യുമ്നതാതനായി സ്മരിക്കുന്നതിന് ഔചിത്യം കൂടും.

*'ദേവൻ വിവാഹമൊന്നു ചെയ്വൻ താനെന്നുറച്ചു—പഴയ വായ്പാഠം.

കൊണ്ടാടി സ്തുതിക്കുന്നു കണ്ടാൽ തൃപ്തിയുമില്ല.
വണ്ടിന്നുമകതാരിലിണ്ടലുളവാക്കുന്ന
കൊണ്ടൽപുരികുഴൽ ചുരുണ്ടു വിളങ്ങീടുന്നു;
തൊണ്ടിപ്പഴങ്ങൾ മണ്ടിമണ്ടിയൊളിക്കുമല്ലോ
ചുണ്ടിന്റെ ഭംഗിയതു കണ്ടുവെന്നാകിലുടൻ;
രണ്ടു കൺമുനകളെക്കൊണ്ടു കടാക്ഷമതു
കണ്ടു പുരുഷൻമാർ വിരണ്ടു വശംകെടുന്നു*
മല്ലീശരന്റെ പടവില്ലിൻ വിലാസമൊക്കെ
തല്ലിയമർക്കും കുനുചില്ലിയുഗവും നല്ല
മുല്ലമുകുളംപോലെ പല്ലും മന്ദസ്മിതവും
ഉല്ലാസമേറുന്നൊരു നല്ലാർമണീജനങ്ങ–
ളെല്ലാമവളെ വന്നു നില്ലാതെ വണങ്ങേണം,
അല്ലാതെയൊന്നുമിന്നു ചൊല്ലുവാനെളുതല്ല.
ചൊല്ലേറുമവളുടെ കല്യാണകാലം വന്നു
നല്ലോരു പുരുഷനു നല്കീടവേണമെന്ന–
ങ്ങെല്ലാവരോടും നൃപനുല്ലാസഭാവത്തോടേ
മെല്ലെന്നു ചോദിച്ചിതു നല്ല കുതുകത്തോടേ;
''കുണ്ഡിനവാസികൾ ബോധിക്കേണം
പെണ്ണിനു പത്തു വയസ്സു തികഞ്ഞു
മന്നിൽ പലഗുണമുള്ളൊരു പുരുഷനു
മൻമകളെ പ്രതിപാദിക്കേണം.[1]
ജാതിശ്രേഷ്ഠത മുമ്പിൽ വരേണം
ജാതിഗുണങ്ങളിണങ്ങീടേണം
ശില്പവിധങ്ങളിൽ നിപുണത വേണം
കല്പനതങ്കലുറപ്പും വേണം.
കണ്ടാൽ നല്ലൊരു രൂപഗുണം പുന–
രുണ്ടായ് വരിക വിശേഷാവശ്യം
ധനസമ്പത്തും ഗുണസമ്പത്തും
ജനസമ്പത്തും ജയസമ്പത്തും
കനിവേറീടിന ശാസ്ത്രജ്ഞാനവു–
മനുപമമായുധവിദ്യാവിധവും
കനിവും കാന്തിയുമതിസരസതവു–
മിനിയും പലഗുണമുണ്ടായ്‌വരണം
കീർത്തികൾ വേണം കുശലത വേണം
പൂർത്തികൾ വേണം പൂജ്യത വേണം

* 'കണ്ടു പുരുഷൻമാർ വിരണ്ടു വലംകെടുന്നു'—പാഠഭേദം. വലംകെടുക=ശക്തി ക്ഷയിക്കുക.

[1] പുരുഷനു. . . .പ്രതിപാദിക്കേണം = പുരുഷനു കന്യാദാനം ചെയ്യണം. (പ്രതിഫലം വാങ്ങാതെ മകളെ വിവാഹം ചെയ്തു കൊടുക്കുകയാണു കന്യാദാനം.) പ്രതിപാദനം=ദാനം.

ശത്രുജനത്തെയമർപ്പാനുള്ളൊരു
ശക്‌തി വിശേഷിച്ചുണ്ടായ്‌വരണം
നാടകകാവ്യപുരാണാദികളിൽ
പാടവമവനുണ്ടായിവരേണം.
തർക്കവ്യാകരണാദികളിൽ പടു–
കർക്കശബുദ്‌ധിവിചാരം വേണം
കവിതകൾ കേൾക്കുന്നേരംതന്നേ
ചെവിയുള്ളോർക്കാനന്‌ദം വേണം
കവിടിക്രിയയിൽ വിദഗ്‌ധത വേണം
കവിയണമീവക മററുള്ളവരെ.
സംഗീതം പുനരധികം വേണം
ഭംഗിയിലോരോ കുശലത വേണം
വൈദ്യം വേണം ഗണിതം വേണം
വൈദികവിധി ബഹുമാനിക്കേണം.
ദേവബ്രാഹ്‌മണവിശ്വാസത്തിനു
കേവലമവനൊരു പാത്രതവേണം
രത്‌നപരീക്‌ഷ കനകപരീക്‌ഷ
യത്‌നംചെയ്‌തു വരുത്തീടേണം
എന്തിനു പലവിധമുരചെയ്യുന്നു
ചിന്തിതമിനിയും പലവിധമുണ്ടു,
സകലഗുണങ്ങളുമുള്ളവനെന്നുടെ
മകളെവിവാഹം ചെയ്‌വാനുചിതൻ,
ഇങ്ങനെയുള്ളവനവനിതലങ്ങളി–
ലെങ്ങാനും പുനരുണ്ടെന്നാകിൽ
അവനെ വരുത്തുവിനാദരവോടേ
അവനുകൊടുപ്പാൻ മടയില്ലേതും
അല്ലാതുള്ളവരാരും മകളുടെ
കല്യാണത്തിനു യോഗ്യരതല്ല.
മടിയൻമാരും തടിയൻമാരും
മുടിയൻമാരും കുടിയൻമാരും
ജരയൻമാരും ജരഠൻമാരും
മുണ്ടൻമാരു മുരണ്ടൻമാരും
ചെണ്ടക്കാരും ചെകിടൻമാരും
ശണ്‌ഠയിടുന്നൊരു ശുണ്‌ഠിക്കാരും
ശണ്‌ഠികൾ നല്ല കഷണ്ടിക്കാരും
ദുഷ്‌കവികെട്ടി നടക്കുന്നവരും
ഭോഷ്‌ക്കു പറഞ്ഞു നടക്കുന്നവരും*
ദുസ്‌സാമർത്‌ഥ്യക്കാരും പലവക

---

* 'ഭോഷ്‌ക്കുപറഞ്ഞു വലയ്‌ക്കുന്നവരും'—പഴയ വായ്‌പാഠം.

ദുസ്തർക്കം പറയുന്ന ജനങ്ങളും
ഏഷണിപറയുന്നവരും ചിലരൊടു
ഭീഷണികാട്ടി വലയ്ക്കുന്നവരും
ദൂഷണവാക്കുകൾ ഘോഷിക്കുന്നൊരു
ഭോഷൻമാരും വിഷമൻമാരും
ഇങ്ങനെയുള്ളവരാരും മകളുടെ
മംഗലകർമ്മം മോഹിക്കേണ്ട.''
രുക്മിണിതന്നുടെ സോദരനാകിയ
രുക്മിപറഞ്ഞു പിതാവിനോടപ്പോൾ:
''കുററംകൂടാതുള്ള നരൻമാർ
കുറയും ഭൂമിയിലെന്നുടെ താത!
ലക്ഷം മാനുഷർ കൂടുമ്പോളതിൽ
ലക്ഷണമുള്ളവരൊന്നോ രണ്ടോ
ഉടലതിരമ്യമൊരുത്തനു കാല്ക്കൊരു
മുടവുണ്ടവനു നടക്കുന്നേരം
മററൊരു പുരുഷൻ സുന്ദരനെങ്കിലു–
മൊററക്കണ്ണനതായതു ദോഷം;
ചേർച്ചകൾ പലതുണ്ടൊരുവനു കിഞ്ചിൽ
പൂച്ചക്കണ്ണുണ്ടെന്നൊരുദോഷം
കാഴ്ചക്കാരു ചിരിച്ചുതുടങ്ങും
ചേർച്ചയ്ക്കവനും ചിതമല്ലല്ലോ
നല്ലൊരു വിദ്വാനവനുടെ വായിൽ
പല്ലുകളൊന്നും കാൺമാനില്ല
പലഗുണമുള്ളൊരു പുരുഷനവൻെറ
തലമുടിയൊക്കെ നരച്ചുവെളുത്തു.
തിലകക്കുറിയും ചൊടിയും കൊള്ളാം*
തലയിലവന്നൊരു രോമവുമില്ല;
ശാസ്ത്രമശേഷം വശമൊരു പുരുഷനു
ഗാത്രം കണ്ടാലയ്യോ! വികൃതം
ശ്രോത്രം രണ്ടും വെടിവെച്ചാലണു†
മാത്രംപോലും കേൾപ്പാൻ വഹിയാ.
വ്യാകരണങ്ങടെ വ്യാഖ്യാനങ്ങളു–
മാകെത്തന്നെ മുഖസ്ഥമൊരുത്തനു
വാക്കിനു ഫലിതവുമുണ്ടവനല്പം
കാക്കക്കണ്ണുണ്ടെന്നൊരുദോഷം;

---

* 'തിലകക്കുറിയും മോടികൾ കൊള്ളാം.'—പഴയ വായ്പാഠം.

† തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു.
'വെടിവെച്ചാലൊരു മാത്രം പോലും'—എന്നാണ് മുദ്രിതസമാഹാരങ്ങളിലെ പാഠം.

തർക്കം പലതും കണ്ടവനൊരുവനു
വർക്കത്തില്ല ശരീരം കണ്ടാൽ;
മിക്കതുമൊരുവനു ലക്ഷം ശ്ലോകമൊ—
രിക്കൽ കേട്ടാലങ്ങു ഗ്രഹിക്കാം
വിക്കുകൾകൊണ്ടതു പറവാൻ വഹിയാ
സത്കഥ വളരെയറിഞ്ഞൊരു ദേഹം;
കകകക കംസൻ കി കി കി കി കൃഷ്ണൻ
പു പു പു പു പൂതനയെന്നാം കഥയിൽ;
നല്ലൊരു ജാതിയിൽ വന്നുപിറന്നു
നല്ലൊരു രൂപഗുണങ്ങളുമുണ്ട്
ഹരിയെന്നാദിയൊരക്ഷരമവനുടെ—
യരികേകൂടെപ്പോയിട്ടില്ല
പ്രൗഢതയെല്ലാം കണ്ടാൽ തോന്നും
മൂഢതയല്ലാതവനറിവില്ല
ഗണിതഗ്രന്ഥം വൈദ്യവുമുണ്ടതി—
ഗുണവാനെന്നു പ്രസിദ്ധൻതാനും
ലോകതയെന്നതു കണികാൺമാനി—
ല്ലേകനു ദോഷമതേവമസംഖ്യം;
കണ്ടാൽ നല്ലൊരു പുരുഷനവന്നു
വേണ്ടാതനവും കോപവുമേറും
കണ്ടജനത്തൊടു ശുണ്ഠികടിച്ചും
രണ്ടാംവാക്കിനു കേറിയടിച്ചും
മീശക്കൊമ്പും ലന്തക്കുഴലും
ദേശത്തേക്കൊരു മുമ്പും വമ്പും
ഊശാന്താടിയുമുള്ളവനങ്ങൊരു
കാശിനു പിടിയാ പടയിൽ ചെന്നാൽ
പഞ്ഞികണക്കെ നരച്ചൊരു വൃദ്ധനു
കഞ്ഞി കുടിപ്പാനൊരു വകയില്ല
മുഞ്ഞിയതങ്ങനെ മൂക്കും താടിയു—
മൊന്നിച്ചമ്പതു വർഷമതായി
അക്കിഴവച്ചാർക്കിന്നും പടകളിൽ
വക്കാണിപ്പാനൊരു കുറവില്ല*
തോക്കുമെടുത്തു നടക്കുവനിന്നും,
ചാക്കെന്നുള്ളതുമായാൾക്കില്ല;
ഊട്ടുകളിൽ ചെന്നഷ്ടി കഴിക്കും
പാട്ടുംപാടി നടക്കുമൊരിക്കൽ
വീട്ടിലിരുന്നാൽ കടമുണ്ടാമതു
വീട്ടിക്കൊൾവാൻ മുതലും നാസ്തി;

---

* 'വക്കാണിപ്പാനൊരു തടവില്ല'—പഴയ വായ്പാഠം.

അമ്മാവൻ പണ്ടക്ഷരവിദ്യയി–
ലമ്മാത്രം പിടിപെട്ടൊരുദേഹം
സമ്മാനക്കവി ചൊൽവാനുചിതൻ
ഉമ്മാനും വകയില്ലെന്നല്ല
അമ്മാവിക്കും മക്കൾക്കും പല–
സമ്മാനങ്ങൾ കൊടുത്തു പുലർത്തി
തിൻമാനില്ലാതിങ്ങനെയാക്കിയ–
തമ്മാപാപി പിണച്ചൊരനർത്ഥം;
ഇങ്ങനെ പൂർവ്വൻമാരെക്കൊണ്ടൊരു
ഭംഗിക്കാരൻ ഭാഷിക്കുന്നു.
മററും പല ഗുണമുണ്ടെന്നാലും
കുററം വരുമിതു ഗുരുനിന്ദകളാൽ
അടിയനിതൊക്കെ വിചാരിച്ചാലി–*
ത്തടിയൻമാർ പലരുള്ളതിലിപ്പോൾ
മടിയാതൊരുവനു പെൺകൊടിയാളെ
ഝടിതി കൊടുപ്പാൻ തോന്നുന്നില്ല;
ശിശുവാമെന്നുടെ സോദരിതന്നെ
ശിശുപാലന്നു കൊടുത്താൽ കൊള്ളാം;
ശിശിരാചലപതി തന്നുടെ മകളെ
ശിശുശശിചൂഡനു വേൾപ്പാൻ നല്കി;
എന്നതുപോലേ നന്നായ്‌വരുമതി–†
സുന്ദരനാമവനോടിവൾ ചേർന്നാൽ.
വേദിയർ പലരും ബഹുമാനിച്ചു
ആദിയിലവനുടെ ജനനദശായാം
ജനനീഗർഭേ നിന്നു ജനിച്ചുട–
നവനീഭാഗേ വീഴുന്നേരം
അവനീപാലനു മൂന്നു ഭുജങ്ങളു–
മവയവശോഭയുമെത്രവിചിത്രം:
അവനുടെ വൈരിയൊരുത്തൻ ചെന്ന–
ങ്ങവനെക്കൈയ്യിലെടുത്തൊരു സമയേ
മൂന്നാംഭുജമതു സപദി മറഞ്ഞും
മൂന്നുലകൊക്കെ നിറഞ്ഞൊരെശസ്സും
അതിശയമുള്ളൊരു പുരുഷനവൻ പുന–
രതിബലവീര്യപരാക്രമശാലി;
പ്രതിഭടപടലമശേഷമമർപ്പാൻ

---

* അടിയനിതൊക്കെ വിചാരിച്ചിട്ടി'—പഴയ വായ്പാഠഭേദം.

† തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചിരിക്കുന്നു.
'ചേദിമഹീപതിയെന്നതുപോലെ
നന്നായ്‌വരുമവനോടിവൾ ചേർന്നാൽ'—എന്നാണ് മുദ്രിത സമാഹാരങ്ങളിലെ പാഠം.

മതിമാനവനിഹ മതിയാമൊരുവൻ;
മതിലും ഗോപുരമെത്രമനോഹര—
മതിലും വിസ്മയമെഴുനിലമാടം
മതിയുടെ മണ്ഡലമതിലംഘിപ്പാൻ
മതിയുള്ളോരു മഹാസൗധങ്ങളു—
മതിരേകം ധനധാന്യസമൃദ്ധിയു—
മതിലൊരുപാതി നമുക്കില്ലർത്ഥം;
അതിമാനുഷനവനവനീവല്ലഭ—
നതിസുന്ദരനവനതിസുകുമാരൻ
ഗതിയും നല്ലൊരു മതിയും രാജ്യ—
സ്ഥിതിയും ക്രീഡാരതിയും കണ്ടാൽ
അഴൽപെടുമാ സുരപതിയും ധനപതി
ജനപതിമാരും മാമുനിമാരും
മതിമുഖിയാകിന രുക്മിണിതന്നുടെ
പതിയാവാനുചിതൻ ശിശുപാലൻ.''
ഇങ്ങനെ നിന്നുടെ മാനസമെങ്കില—
തങ്ങനെയെന്നു പിതാവരുൾചെയ്തു.
രുക്മിണിതന്നുടെ സഖിമാരക്കഥ
രുക്മിണിയോടും ചെന്നറിയിച്ചു:
''നരപതികന്യേ! നിന്നുടെ വേളി—
യ്ക്കൊരുനരപാലനെ വേസ്ഥ[1] വരുത്തി
ശിശുവാം നിന്നുടെ ഭർത്താവാവാൻ
ശിശുപാലൻതാനെന്നും കേട്ടു
മൂപ്പീന്നും പുനരെളമയുമങ്ങനെ
കല്പിക്കുന്നതു പലരും കേട്ടു
നാളെക്കഴിയെ വരാനായ്ക്കല്പി—
ച്ചാളെയയച്ചൂ നിന്നുടെയച്ഛൻ
നീളെക്കേളി തുടർന്നിതു മതിമുഖി—
യാളേ നിൻെറ വിവാഹവിശേഷം;
മേദിനിപതികളിലഴകേറുന്നതു[2]
ചേദിമഹീശ്വരനെന്നും കേട്ടു
ഖേദിക്കരുതേ രുക്മിണി നിൻമതി—
മോദിക്കേണമടുത്തു വിവാഹം.''

---

1. വേസ്ഥ = വ്യവസ്ഥ.
2. 'മേദിനിപതികളിലഴകേറുന്നൊരു
ചേദിമഹീശ്വരനെന്നും കേട്ടു'—എന്ന മുദ്രിതസമാഹാരങ്ങളിലെ പാഠത്തിനു സന്ദർഭത്തിൽ ചേർച്ചപോരാ.

ഈവണ്ണമവർ ചെന്നു പറഞ്ഞ മൊഴികേട്ടു*
വിഷണ്ണഭാവംപൂണ്ടു വിറച്ചു ശശിമുഖി
തളർന്നു തനുലത വളർന്നു വിവശത
ഗളിച്ച കണ്ണുനീററിൽ കുളിച്ചു പനിനീരും—
തളിച്ചു സഖിമാരും വിളിച്ചു രുക്മിണിയെ
എടുത്തു മടിതന്നിൽ കിടത്തി വിശറിയു—
മെടുത്തുമെല്ലെ വീശിത്തുടങ്ങീതവരെല്ലാം.
അടങ്ങിയിരുന്നപ്പോൾ പറഞ്ഞു കണ്ണുനീരും
നിറഞ്ഞു, ശക്തി പാരം കുറഞ്ഞു മതിമുഖി:
''വിരഞ്ഞു നിങ്ങൾ ചെന്നു തിരഞ്ഞു വെക്കമൊരു
സമർത്ഥൻ ഭൂസുരനെ വരുത്തീടേണമിപ്പോൾ;''
ഒരുത്തിയതു കേട്ടു തരത്തിൽ പുറപ്പെട്ടു
പുരത്തിലന്വേഷിച്ചു വരുത്തിയരികില—
ങ്ങിരുത്തി ഭൂസുരനെ വണങ്ങി രുക്മിണിയു—
മിണങ്ങി വിപ്രനോടു പറഞ്ഞു പല മൊഴി:

പദം: ദ്വിജാവന്തി—ഏകതാളം

ചരണങ്ങൾ

1. വേദിയേന്ദ്ര! കേട്ടാലും മേ ഖേദമുള്ളിലുള്ളതെല്ലാം†
സോദരനും താതൻതാനും മാതാക്കൻമാരും
മന്ത്രികളുംകൂടി ഗൂഢം മന്ത്രിക്കുന്നുപോലുമയ്യോ!‡
യന്ത്രികളെ[1]ല്ലാരും നമ്മെ വഞ്ചിച്ചീടുന്നു.
2. അശുഭമൂർത്തിയായുള്ളൊരു ശിശുപാലനു കല്പിച്ചു പോൽ
ശിശുവാമെന്നെ ദാനം ചെയ്‌വാൻ ശിവ ശിവ ശംഭോ!
3. പറയൻകൈയ്യിൽ പശുവേ മേപ്പാൻ പരിചിനൊടേ—കുന്നപോലെ
പറയുന്നിന്നു കേൾക്കുന്നൊരു മാനുഷരെല്ലാം;
4. കരുണയില്ലെൻമാതാവിനും ഗുരുവിനും സോദരൻമാർക്കും
മരണഖേദംപോലെ ഖേദം മനസി മേ ജാതം
5. കരുണാസിന്ധു കാർവർണ്ണൻെറ ചരണപങ്കജങ്ങൾ രണ്ടും
ശരണംതന്നെ രുക്മിണിക്കായ്‌വരണമിക്കാലം
6. പാരാതെ നീ ഭൂമിദേവ! ദ്വാരാവതിതന്നിൽ ചെന്നു
നാരായണനോടെൻ മോഹം ബോധിപ്പിക്കേണം—

---

* ഈവണ്ണമവർചെന്നു പറഞ്ഞനേരംതന്നെ'—എന്നു പാഠാന്തരം.

† 'വേദിയേന്ദ്രാ! കേട്ടാലും നീ'—പഴയ വായ്പാഠം.

‡ 'മന്ത്രികളുംകൂടി മന്ത്രിക്കുന്നുപോലുമയ്യോ!'—എന്ന മുദ്രിതപാഠത്തിനു വൃത്തപൂർത്തിയില്ല.

1. യന്ത്രികൾ=ഏഷണി പറയുന്നവർ.

7. വാരിജാക്ഷാ! നീയല്ലാതെ പാരിലാരുമില്ലാധാരം
ദാരികയാം രുക്മിണിക്കെന്നറിയിക്കേണം;
8. വൃഷ്ണിവംശേ ശോഭിക്കുന്ന കൃഷ്ണൻതന്നിലെനിക്കേററം
തൃഷ്ണ മേൻമേൽ വർദ്ധിക്കുന്നു ഭൂസുരാധീശാ!
9. വരനായിട്ടെൻ ഗോവിന്ദനെ വരണംചെയ്‌വാൻ കൂടില്ലെങ്കിൽ
മരണംതന്നെ രുക്മിണിക്കെന്നറിയിച്ചീടേണം;
10. മാരനാകും വീരൻതന്റെ കൂരമ്പുകൾ കൊണ്ടുകൊണ്ടു
പാരമയ്യോ! കേണീടുന്നു രുക്മിണിയെന്നും,
11. ഊണുമില്ലുറക്കമില്ല കാണിനേരം സൗഖ്യമില്ല
പ്രാണനാഥാ! ഗോപിനാഥാ! പാഹിമാമെന്നും.
12. കേശവാ! നിന്നുടെ രൂപം കേശാദിപാദാന്തം കാന്തം
ശൈശവേ ഞാൻ തന്നെയോർത്തു മേവുന്നേനെന്നും,*
13. ആശയം മററാരിലും മേ ആശയില്ലേ വാസുദേവാ!
ആശു വന്നിന്നെന്നെ നീയും കൊണ്ടുപോകേണം;
14. കുണ്ഠനാകും ശിശുപാലൻ കണ്ടിരിക്കെത്തന്നെയെന്നെ
കൊണ്ടുപോകേണം നീ കൃഷ്ണാ! വിരവിനോടേ
15. ഇപ്രകാരമെല്ലാം ചെന്നു ക്ഷിപ്രമങ്ങു ബോധിപ്പിക്ക
വിപ്രദേവാ! നിന്നെത്തന്നെ വിശ്വസിക്കുന്നേൻ.''

രുക്മിണിതന്നുടെ വാക്കുകളിങ്ങനെ
രുചിതമിതമ്പൊടു കേട്ടൊരു വിപ്രൻ
``രുക്മിണി! നിന്നുടെ മനസി വസിച്ചൊരു
രുചിപുനരധുനാ സാധിച്ചീടും
പരിചൊടു ശിശുപാലന്റെ മുഖത്തൊരു
കരി തേപ്പിപ്പാൻ ഞാൻ മതിയാകും!
കാർമുകിൽവർണ്ണനെ വിരവിനൊടും ചെ—
ന്നരുവയർമണിയേ! കൊണ്ടിഹ വരുവൻ
ക്ലേശം മതിമതി മതിമുഖി! നിന്റെ നി—
ദേശം കേൾപ്പാൻ മമ കുറവില്ല
കേശവനാണേ ശിശുപാലനെ ഞാൻ
മീശ കരിച്ചു വിടുന്നുണ്ടുടനേ;
കേശവനിങ്ങു വരുമ്പോൾ നൃപതികൾ
പൂശകനേക്കണ്ടെലികൾകണക്കെ
നാശത്തിന്നവകാശം വരുമൊരു—
വീശത്തിന്നും വിലപിടിയാത്തോർ;

---

* 'ശൈശവത്തിൽത്തന്നെ ഓർത്തുമേവുന്നേനെന്നും'—തുള്ളൽക്കാരുടെ പാഠം.

ആട്ടക്കാരുടെ കൂട്ടൊരു കൂട്ടം
കൂട്ടക്കാരൊടു കൂടിവരുന്നൊരു
ചേട്ടക്കാരെപ്പാടെ പിടിച്ച—
ക്കോട്ടക്കാരനു വിറേറ പോവൂ;
ചാട്ടക്കാരു[1] വിളക്കിനു മീതെ
ചാടിച്ചത്തു പതിക്കുംപോലെ
കൂട്ടത്തോടേ ശിശുപാലാദിക—
ളൊട്ടൊഴിയാതെ നശിക്കുമിദാനീം;
കേട്ടീടുക നീ യദുകുലവരനെ—
കൂട്ടിക്കൊണ്ടു വരുന്നുണ്ടിഹ ഞാൻ
ഒട്ടും താമസമില്ല നമുക്കൊരു—
കൂട്ടുംവേണ്ട വഴിക്കരി വേണ്ട
ഊട്ടുള്ളേടത്തഷ്ടി കഴിക്കാം
ചൂട്ടുമെരിച്ചു നടക്കാം രാവും
കുടയും പിന്നൊരു കുറിമുണ്ടും മതി
മടിയിലിരിക്കും വെററില പാക്കും
ഇടയിൽത്തെല്ലു ചരിഞ്ഞു കിടപ്പാ—
നിടമുള്ളാൽത്തറ കേറിക്കൊള്ളാം;
മടിയിലിരിക്കും വെററില പുകയില
പടലേയെത്തും നേരത്തേതും—
മടികൂടാതെയിരന്നും തിന്നാ—
മതിനൊരു സംശയമില്ല നമുക്ക്;
സഞ്ചിയെടുക്കാൻ ചെക്കൻ പോന്നാൽ
സഞ്ചാരത്തിനസഹ്യതയുണ്ടാം
സഞ്ചിക്കാരനു ചോർ കിടയാഞ്ഞാ—
ലിഞ്ചിക്കാരനവൻ താനപ്പോൾ
പൂണൂൽക്കാരനു വാശ്ശേടത്തും
ഊണു കഴിപ്പാൻ തടവില്ലേതും
ചെക്കനു ചോറു കൊടുക്കരുതെന്നു വി—
ലക്കു, മടുക്കളെവെക്കുന്നവരൊടു
വക്കാണത്തിനു വട്ടംകൂട്ടി ന—
ടക്കും, നമ്മുടെ ചന്ത്രക്കാരൻ;
നായൻമാർക്കും ചോറു കൊടുപ്പാൻ*
കോയിമ്മയ്ക്കതു സമ്മതമല്ല;
പട്ടൻമാരുടെ സദ്യ കഴിഞ്ഞാൽ
കിട്ടും ഭക്ഷണമെന്നുണ്ടൊരുവക

---

1. ചാട്ടക്കാര് = ചാടിനടക്കുന്ന ഒരുതരം പ്രാണി; വിട്ടിൽ; പച്ചക്കുതിരയെന്നു ചിലദിക്കിൽ വിളിക്കും.

* 'നായൻമാർക്കിഹ ചോറുകൊടുപ്പാൻ'—പഴയ വായ്പാഠം.

പട്ടിണിയിട്ടു പതിററടിയോളം
പാർത്ത ഭടൻമാർ പാടുപെടുന്നു;
അച്ചികൾ വന്നു വിളിച്ചെന്നാകിലൊ—
ളിച്ചു കൊടുക്കും ചോറും കറിയും
വെച്ചതു മിക്കതുമെത്തുമ്പോളില—
വെച്ചുതുടങ്ങും നായൻമാർക്ക്;
കഞ്ഞിയൊഴിച്ചൊരു കറിയുണ്ടാക്കും
വെള്ളമൊഴിച്ചൊരു മോരുണ്ടാക്കും
ചട്ടമിവണ്ണമടുക്കളെവെക്കും
പട്ടൻമാർക്കതു മാറുകയില്ല;
പൊട്ടൻമാരെയെടുത്തു മറിപ്പാൻ
പട്ടൻമാർക്കെതിരാരും പോരാ;
പിള്ളേർ കൂടെപ്പോന്നാലവരുടെ
പള്ള വിശന്നു നടക്കേയുള്ളു.
നല്ലതു താനേ കുടയുമെടുത്തിനി
വല്ലതുമങ്ങു തിരിക്ക നമുക്ക്.''

ചമ്പതാളം

യദുവരനിലതികുതുകമിയലുമവളോടുടൻ
യാത്രയും ചൊല്ലിപ്പുറപ്പെട്ടു ഭൂസുരൻ;
നഗരികളുമടവികളുമചലതടഭാഗവും
നാടും കടന്നു നടന്നു ചെന്നങ്ങനെ
കടലുടയതടനികടഭുവി ഝടിതി ചെന്നവൻ
കപ്പലേറിക്കടന്നക്കരെച്ചെന്നുടൻ
കനകമണിഭവനശതമനഘമണിമാടങ്ങ—
ളങ്ങാടി വാടി പൂങ്കാവും പുരങ്ങളും
മണിയറകളണിയറകളനവധി ധനങ്ങളും
മാണിക്യ വൈഡൂര്യ പത്മരാഗങ്ങളും
തെരുവുകളുമിരുപുറവുമൊരുകുറവു കൂടാതെ
തെങ്ങും കവുങ്ങും പുലാവു ചൂതങ്ങളും
മതിലുകളുമതിലുപരി മരതകപുരങ്ങളും
മാടമഞ്ചങ്ങളും മാളികാജാലവും
ഇവ പലതുമവനിസുരനഴികനൊടു കണ്ടുട—
നിന്ദിരാകാന്തന്റെ മന്ദിരേ ചെന്നുടൻ
പരിചിനൊടു നരകരിപു സതതമപി വാഴുന്ന
പള്ളിമാടം കേറിയങ്ങു ചെല്ലും വിധൗ
വിരവിനൊടു മുരമഥനനരികിലഥവന്നുടൻ
വിപ്രനെപ്പൂജിച്ചു സൽക്കരിച്ചാദരാൽ
രചിതസുഖമതിസുമുഖനവനിസുരനെത്തദാ—

രത്നസിംഹാസനത്തിലിരുത്തീടിനാൻ;
''അതികുശലമതിസുഗുണമവനിസുരപുംഗവാ!
ആഗമിപ്പാനുള്ള കാരണം ചൊൽകെടോ
കടലുടയനടുവിലിഹ മമ നഗരമിന്നു നിൻ-
കാല്പൊടികൊണ്ടഹോ ശുദ്ധമായീ വിഭോ!
വിമലതരഗുണമുടയ വിനയഗുണശീലരാം
വിപ്രരല്ലോ നമുക്കീശ്വരൻമാർ സഖേ!''
അതിസരസമഖിലപതിവചനമതു കേട്ടുട-
നാനന്ദമോടേ പറഞ്ഞു ഭൂമീസുരൻ:

പദം. വേകട—മുറിയടന്ത

ചരണങ്ങൾ

1. ''വല്ലവിമാരുടെ വല്ലഭനാകുന്ന
മല്ലരിപോ! ഭഗവൻ!—ശൃണു
മല്ലവിലോചന! പാപവിമോചന!
മാമകവാക്യമിദം,

2. കുണ്ഡിനമന്ദിരേനിന്നു വരുന്നു ഞാ-
നണ്ഡജവാഹന കേൾ—ഒരു
പെണ്ണിന്റെ ദൂതു പറവാനൊരുമ്പെട്ടു
വന്നിതു നന്ദസുതാ!

3. കണ്ണിന്റെ കാര്യം വരുത്തേണമെങ്കിലാ-
പെണ്ണിന്റെ രൂപഗുണം—കാൺമാൻ
ദണ്ഡിച്ചുകൊള്ളേണമേവനെന്നാകിലും
ഖണ്ഡിച്ചുചൊല്ലാമിദം

4. മണ്ണിലും വിണ്ണിലും മറ്റുള്ളുലകിലും
മേവുന്ന സുന്ദരിമാ—രിന്നു
കുണ്ഡിനഭൂപന്റെ നന്ദിനിയാകുമ-
പ്പെണ്ണിനെക്കുമ്പിടേണം;

5. ഉർവ്വശി മേനക രംഭ തിലോത്തമ
മുമ്പായ നാരിമാരു—മിപ്പോ-
ളുർവ്വീശപുത്രിയെക്കണ്ടുവെന്നാകി-
ലൊളിച്ചുനടക്കേയുള്ളു

6. നീണ്ടങ്ങിരുണ്ടു ചുരുണ്ട തലമുടി
കണ്ടാൽ മനോഭിരാമം—വരി-
വണ്ടിന്റെ വർണ്ണവും മണ്ടിയൊളിച്ചൊരു
കുണ്ടിൽ പതിക്കേയുള്ളു

7. തൊണ്ടിപ്പഴത്തിനങ്ങിണ്ടൽ വളർക്കുന്ന
ചുണ്ടിന്റെ ശോഭയതും—കണ്ണു-

രണ്ടിന്റെ ഭംഗിവിലാസങ്ങളും നല്ല
ചില്ലികരം വില്ലാട്ടവും

8. പൂർണ്ണശശാങ്കനെ തൂർണ്ണം ജയിക്കും
മുഖാംബുജസൗന്ദര്യവും—ഹേമ[1]—
ചൂർണ്ണപ്രകാരമമാമംഗപ്രകാശവു—
മെത്ര മനോജ്ഞമഹോ!

9. പങ്കജമൊട്ടിനോടങ്കം പൊരുതു
ജയിപ്പാൻ വിരുതുംകെട്ടി—മാർവ്വിൽ
കൊങ്കകരം വന്നുടനങ്കുരിച്ചീടുന്നു
പങ്കജനാഭാ വിഭോ!

10. പഞ്ചശരൻ തന്റെ പഞ്ചശരങ്ങളെ
അഞ്ചാതെ കൈയ്യിലാക്കി—വന്നു*
സഞ്ചരിച്ചീടുന്നു കാമുകൻമാരുടെ
നെഞ്ചു പിളർന്നീടുവാൻ

11. പങ്കജബാണനശേഷനൃപൻമാരെ
ശിങ്കുകളിപ്പിക്കുന്നു—ഒരു
ശങ്കയില്ലേ അവരം തങ്കലേ കല്പന
കേരംപ്പാനൊരുമ്പെടുന്നു

12. രുക്മിണിയെന്നു പുകഴ്ന്നോരു പെണ്ണിന്റെ
സോദരനുണ്ടൊരുവൻ—ദുഷ്ടൻ
രുക്മനെന്നിങ്ങനെ പേരുള്ളവനൊട്ടും
നേരില്ലേ നാരായണാ!

13. മൂഢനായുള്ള ശിശുപാലമന്നന—
ക്കന്യകാദാനം ചെയ്‌വാൻ—അതി
ഗൂഢപ്രയത്നം തുടങ്ങീ മഹാശാൻ
കൂടെപ്പലരുമുണ്ട്

14. അച്ഛനുമമ്മയ്ക്കുമിച്ഛയില്ലെങ്കിലു—
മായതു സമ്മതിപ്പാൻ—വഴി
വച്ചുപാലിച്ചതിൽ കൂട്ടിച്ചമച്ചതി—
ക്കശ്മലൻ മൂഢനവൻ

15. അക്കഥ കേട്ടിട്ടു ദുഃഖിച്ചിരിക്കുന്നു
രുക്മിണിതാനുമഹോ!—ഒരു

---

1. തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു. ഹേമചൂർണ്ണപ്രകാരമാമംഗ പ്രകാശം = സ്വർണ്ണപ്പൊടിയോടു തുല്യമായ ശരീരശോഭ. 'ഹേമപ്രകാശവുമംഗപ്രകാശവുമെത്രമനോജ്ഞമഹോ!'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത അപപാഠം.

* 'അഞ്ചാതെ കൈക്കലാക്കി—ക്കൊണ്ടു'—പഴയ വായ്പാഠം.

തക്കത്തിലെന്നെപ്പറഞ്ഞു നിയോഗിച്ചു*
നിന്നോടുണർത്തീടുവാൻ

16. രാമസഹോദരാ! നിൻ ഗുണമൊക്കവേ
കേട്ടവൾ മുമ്പേതന്നെ—പാരം
കാമപരവശയായ് മരുവീടുന്നു
കാമിനിരുക്മിണി താൻ.
ഗോവിന്ദമുകുന്ദ മുരാന്തക!
ഗോപാല ഹരേ! മധുസൂദന!
നീ വന്നു വിവാഹം ചെയ്യണ—
മേവമവൾക്കഭിമതമധുനാ.
കരുണാകര! മാധവ! നിന്നുടെ
ചരണാംബുജയുഗളമവൾക്കൊരു
ശരണം ഭുവി ശശിബിംബാനന!
വരണം ചെയ്‌വതിനധുനാ നീ
വരണം മേ രുചിരം വിരവൊടു
മരണം വരുമല്ലെന്നാകിൽ
മററൊരു ഗതിയില്ല നമുക്ക്
മധുസൂദന ബോധിച്ചാലും
ഉററവരും വിപരീതം മമ
പെററമ്മയുമച്ഛനുമേവം
കുററം വരുമവരറിയുമ്പോൾ
കുടിലൻമാരവരെല്ലാരും
തെററെന്നു ഹരിക്ക ഹരേ! ഗുണ—
മേററം വരുമതു ചെയ്‌തെന്നാൽ
ശിശുപാല ജരാസന്ധാദിക—
ളശുഭൻമാർ നോക്കിയിരിക്കെ
ശിശുവാമൊരു മറിമാൻപേടയെ
പഞ്ചാനനനെന്നതുപോലെ
വന്നു ഹരിച്ചീടുക വിരവൊടു
വരഗുണഗണഭൂഷണ! ഭഗവൻ!
എന്നിങ്ങനെ രുക്മിണി ചൊന്നതു
വന്നിഹ ഞാനുരചെയ്യുന്നേൻ
അവളുടെ ഹൃദി വിവശത ശിവ! ശിവ!
അവയവമതിയായി മെലിഞ്ഞു;
നവ ശശികലപോലേ കൃശതനു
തവ വിരഹംകൊണ്ടു തളർന്നു;
ഊണില്ലയുറക്കവുമില്ലാ
ഉരിയാട്ടവുമൊന്നു കുറഞ്ഞു

---

* 'തക്കത്തിലെന്നെ പറഞ്ഞിങ്ങയച്ചതു'—പഴയ വായ്പാഠം.

കാണുന്ന നമുക്കും ചേതസി
കളിയല്ല വിഷാദമനേകം;
നിന്നുടെയുടലടിമുടി പരിചൊടു
നിരുപിച്ചൊരു നെടുവീർപ്പുകളും
ഖിന്നതയും പറവതിനിഹ പണി
നിന്നുടെ കൃപതാനിഹ ശരണം.''

ധരണീസുരേന്ദ്രനുടെ സരസവാക്കുകൾ കേട്ടു
തരസാ സന്തോഷത്തോടേ നരകാരിയരുൾചെയ്തു!
''വരവാണി രുക്മിണിയെ വിരവോടു ചെന്നു കൊണ്ടു—
വരുവാനെനിക്കു മോഹം പെരുതായ് വളർന്നീടുന്നു
സ്മരതാപം വളരുന്നു പെരുതായീടുന്നു പണ്ടേ
സ്മരിച്ചുംകൊണ്ടെപ്പോഴും ഞാനിരിക്കുന്നു ഭൂമിദേവ!
തെരിക്കെന്നു ചെന്നു ഞാനും ഹരിക്കുന്നനേരം കണ്ട—
ങ്ങിരിക്കുന്ന രാജാക്കൻമാരൊരിക്കലേ[1] കോപത്തോടേ
അടുത്തു കൈകളിൽ വില്ലുമെടുത്തു സായകങ്ങളും
തൊടുത്തു വലിച്ചു വന്നു തടുത്തുവെന്നാകിൽ ഞാനും
മടങ്ങുകയില്ല യുദ്ധം തുടങ്ങുമന്നേരമവർ
മടങ്ങും നായൻമാരെല്ലാമൊടുങ്ങുമെന്നതേ വേണ്ടൂ;
ഒടുക്കം രാജാക്കൾ മണ്ടിത്തിരിക്കും ബ്രാഹ്മണരെല്ലാം
ചിരിക്കുമന്നേരം നാണിച്ചിരിക്കും സംശയം വേണ്ടാ

കൊണ്ടാ ദാരുക, തേരും കുതിരകൾ
വണ്ടി നടപ്പാനടി കൂട്ടീടുക
രണ്ടാംപടിമാർ[2] മാത്രം മതി പുന—
രുണ്ടാമാളുകൾ പെരുവഴിതോറും
തേരിൽ കേറുക വിപ്രാ! താനിനി
നേരംപോക്കു പറഞ്ഞു ഗമിക്കാം''
''തേരിൽ നമുക്കു കരേറുക വിഷമം
തേരിൽ നടന്നൊരു പരിചയമില്ല.''
''നമ്മുടെ പാണി പിടിച്ചു കരേറുക
സമ്മതമെങ്കിലതങ്ങനെ ചെയ്യാം.''
''തേരിഹ തെരുതെരെയോടുന്നേരം
തേരിലുറച്ചിഹ നില്പാൻ വിഷമം''
''കൊടിമരമാശു പിടിച്ചു മുറുക്കി—
പ്പടിമേൽവന്നു വസിക്കരുതായോ!''
''കൊടിമരമിളകി മുറിഞ്ഞെന്നാകിൽ
പൊടിയാമെന്നുടെ ദേഹമശേഷം''

---

1. ഒരിക്കലേ = ഒത്തുകൂടി, ഒരേ സമയത്ത്.
2. രണ്ടാംപടിമാർ = രണ്ടകമ്പടിക്കാർ.

''മരണഭയം പുനരെന്തിനു വിപ്രാ!
നരനു വിനാശം നിശ്ചയമല്ലോ''
''പത്തു പണത്തിനു മുതലില്ലാതെ
ചത്തുമറിഞ്ഞാലെന്തിനു കൊള്ളാം?''
''ചത്ത മനുഷ്യനു വിത്തംകൊണ്ടൊരു
കൃത്യമതുണ്ടോ പൃത്ഥ്വീദേവാ!''
''പിണ്ഡം വെപ്പാനാളുണ്ടാക്കുക—
ദണ്ഡമതാം ധനമില്ലെന്നാകിൽ.''
''സുതനുണ്ടെന്നാലവനിഹ തന്നുടെ
പിതൃപിണ്ഡത്തിനു മടിയുണ്ടാമോ?''
വേളികഴിപ്പാൻ മുതലില്ലാത്തൊരു
വേദിയനുണ്ടോ സുതനുണ്ടാവൂ?''
ഇത്തരമവനീസുരനും കൃഷ്ണനു—
മുത്തരമുത്തരമുരചെയ്തുടനെ
സത്വരമഥ രഥമേറിനടന്നു
ചിത്തരസേന വനങ്ങൾ കടന്നു
അണ്ഡജവാഹനനാകിയ ഭഗവാൻ
കുണ്ഡിനനഗരം പ്രാപിച്ചുടനെ
കുണ്ഡിനനരപതി ഭീഷ്മകനമ്പൊടു
കുണ്ഡികതന്നിൽ നിറച്ചൊരു ജലവും
ധൂപം ദീപം കുസുമം ചന്ദന—
ലേപനമെന്നിവയാൽ പൂജിച്ചും
ശ്രീപതിയെബ്ബഹുമാനിച്ചഴകൊടു
ഭൂപതി ദീർഘനമസ്കൃതിചെയ്തു.
കാഞ്ചനമണിഗണ ശോഭിതമാം മണി—
മഞ്ചംതന്നിലിരുത്തി വണങ്ങി.
വിപ്രൻ ചെന്നഥ രുക്മിണിയോടും
സുപ്രിയമാകിന വചനം ചൊല്ലി:

പദം. മോഹനം—മുറിയടന്ത

പല്ലവി

''രുക്മിണീ! ശുഭം തവ രുക്മിണീ!

ചരണങ്ങൾ

1. രുക്മീസോദരീ! നിന്റെ രുചിരം സാധുവായ്‌വന്നു
സുകൃതത്തിനൊരനുപമാനുഭവം മേലിൽ (രുക്മിണീ)
2. ദ്വാരകാപുരിതന്നിൽ പാരാതെയകംപുക്കു
നാരായണനെക്കണ്ടു നലമോടു ഞാനും (രുക്മിണീ)
3. സുന്ദരാംഗനെ, നിന്റെ സന്ദേശമറിയിച്ചു
സന്ദേഹമിനി വേണ്ടാ സാരസനയനേ! (രുക്മിണീ)

4. നമ്മുടെ മുഖേനിന്നു നിൻമൊഴി ശ്രവിച്ചപ്പോൾ
മൻമഥാർത്തി പൂണ്ടേററം മയങ്ങി ഗോവിന്ദൻ
(രുക്മിണീ)
5. ചന്തമേറിന നിൻെറ ചാരുരൂപസൗന്ദര്യം
ചിന്തിച്ചു പുറപ്പെട്ടു ചിരന്തനൻ നാഥൻ (രുക്മിണീ)
6. കുണ്ഡിനപുരംതന്നിൽ വന്നു നിന്നുടെ കാന്തൻ
കുണ്ഠിതം കളക നീ കുവലയനയനേ!'' (രുക്മിണീ)

ഭൂസുരവരനുടെ വാക്കുകളിങ്ങനെ
ഭാസുരസുഖമൊടു കേട്ടൊരുസമയേ
ഭൂമിപനന്ദിനി ഘനഭരമോദാൽ*
ഭൂമിയിൽ വീണു വണങ്ങിച്ചൊന്നാൾ:
''അത്യുപകാരം ചെയ്ത ഭവാനൊരു
പ്രത്യുപകാരം ചെയ്‌വതിനിപ്പോൾ
ക്ഷിതിതലമുടനുദകം ചെയ്താലും
മതിയാമെന്നതു തോന്നുന്നില്ല;
കൈതൊഴുകെന്യേ മററൊരു ദാനം
ചെയ്തു കടത്തെയൊഴിപ്പാൻ വിഷമം
കൈതവമല്ലിതു നിന്തിരുവടി മമ
ചെയ്തുപകാരമസാരവുമല്ല;
അറിവുള്ളൊരു നീ ചെയ്തുപകാരം
മറവില്ലെന്നുടെ മാനസി മഹത്ത്വം
കുറവില്ലിനി മമ കാര്യമശേഷം
തിറമൊടു സാധിച്ചീടും ഭൂസുര!
കന്യക ചൊന്നതു കേട്ടരുൾ ചെയ്താൻ
ധന്യതപെരുകിന ധരണിസുരേന്ദ്രൻ:
''നിന്നുടെ കൃപയുണ്ടെന്നാലതുകൊ–
ണ്ടെന്നുടെ ജൻമം സഫലമിദാനീം
അന്തർജ്ജനവും ഞാനും നമ്മുടെ
ബന്ധുക്കളുമടിയാർ കുടിയാരും
സന്തതിയും ബ്രഹ്മസ്വവുമെല്ലാം
സന്തതമിഹ തവ താതനധീനം;

ഇല്ലത്തെച്ചെലവിനു നെല്ലും പണവുമിവ–
യെല്ലാമിക്കോയിക്കൽനിന്നല്ലോ കൊണ്ടുപോകുന്നു
അല്ലാതൊരാശ്രയവുമില്ല രുക്മിണീ! നിങ്ങ–
ളല്ലാതൊരാധാരവുമില്ല നമുക്കു പിന്നെ
വല്ലോരാവശ്യത്തിങ്കൽ വല്ലോരോടും ചോദിച്ചാ–
ലില്ലെന്നവർ നമ്മോടു ചൊല്ലുകയുമില്ലിപ്പോൾ
തെല്ലു പേടിയുണ്ടവർക്കെല്ലാമീ നമ്മേയാശു

---

* 'ഭൂമിപനന്ദിനി ഘനതരമോദാൽ'—പാഠാന്തരം.

'വല്ലാത്ത ദേഹമൊരു വല്ലന്തി പ്രയോഗിക്കും
നമ്പൂരിയച്ഛനോടു വമ്പു തുടങ്ങീടൊല്ല
തമ്പുരാൻ തന്റെ തിരുമുമ്പിൽ നില്ക്കുന്ന ദേഹം
തമ്പുരാൻ തനിക്കുമീ നമ്പൂരാരറിയിച്ചാ—
ലമ്പോടു കല്പിപ്പാൻ തരിമ്പും സംശയമില്ലാ'*
എന്നുള്ള ബഹുമാനമിന്നും നമുക്കു മത—
മെന്നും കുറവില്ലതുതന്നെ നമുക്കു വേണ്ടൂ.

സദ്യ ശ്രമിപ്പാൻ പോകുന്നിനി ഞാ—
നദ്യ നമുക്കില്ലവസരമൊട്ടും
വിദ്വാൻമാരെസ്സമ്മാനിപ്പാൻ
വിദ്വാൻമാർക്കേയെളുതാവുള്ളു.''
ഇങ്ങനെ രുക്മിണിയോടു പറഞ്ഞുട—
നങ്ങു ഗമിച്ചാനവനിസുരേന്ദ്രൻ.

രണ്ടാം കളം

അക്കാലത്തദ്വാരകതന്നിൽ
ചൊൽക്കൊണ്ടീടിന ബലഭദ്രൻതാൻ
ചക്രായുധനെക്കാണാഞ്ഞഥ കാ—
വൽക്കാരൊടു വക്കാണവുമേശി:
''നമ്മുടെ സോദരനെങ്ങു ഗമിച്ചു?
നമ്മെയൊളിപ്പാനെന്തവകാശം?
നിങ്ങൾ ഗ്രഹിക്കാതൊരുദിശി പോവാൻ
സംഗതിയില്ലതിനില്ല വിവാദം;
പരമാർത്ഥം പറയാഞ്ഞാൽ നിങ്ങടെ
ശിരസി കലപ്പ പതിപ്പിപ്പൻ ഞാൻ;
ഇന്നലെയസ്തമയത്തിനുമുമ്പേ
നന്ദകുമാരനെയിവിടെക്കണ്ടു
രാവെങ്ങാനും പോയെന്നാലീ—
നായൻമാരിവരെന്തറിയാഞ്ഞു?
കള്ളൻമാരിവർ മൂക്കോളം ബത
കള്ളുകുടിച്ചു കുടിച്ചു മയങ്ങി
തൊള്ള തുറന്നു മലച്ചു കിടന്നുട—
നുള്ളൊരുകാലമുറങ്ങുവതിന്നോ
നിങ്ങളെയിവിടെക്കാവലിനാക്കീ?
നിങ്ങടെ നാശമടുത്തിഹകൂടി†
ഇങ്ങനെയുള്ള ജള്ളൻമാരല്ലാ—

---

* 'അമ്പോടു കല്പിപ്പാനൊരു തരിമ്പും സംശയമില്ല'—എന്ന പാഠത്തിനു വൃത്തഭംഗം.

† 'നിങ്ങടെ നാശമടുത്തിടകൂടി'—എന്നു പഴയ പതിപ്പ്; വായ്പാഠം

തിങ്ങൊരു ഭൃത്യരുമെത്തുന്നില്ല
തിന്നു മുടിപ്പാനിങ്ങനെയൊരുവക
വന്നു പിറന്നൂ നമ്മുടെ നാട്ടിൽ.
ഒന്നിനു കല്പിച്ചാലതു ചെയ്‌വാ—
നൊന്നിനുമില്ലൊരുണർച്ചയതിപ്പോൾ
തന്നു പുലർത്തുന്നവരെ വണങ്ങണ—
മെന്നുള്ളതുമിവരറിയുന്നില്ല;
തങ്ങടെ തങ്ങടെ സാമർത്ഥ്യങ്കൊ—
ണ്ടങ്ങനെ ചെലവു കഴിച്ചീടുന്നതു—
മെന്നൊരു ഭാവമിവർക്കുണ്ടായതു—
മൊന്നു കലമ്പുന്നേരത്തറിയാം;
പട്ടിണി രണ്ടു കിടക്കുന്നേരം
പട്ടികളേക്കാൾ പരവശഭാവം
കാട്ടി നടക്കും, കുററം തീർന്നാൽ
ഗോഷ്ടികൾ മുന്നേപ്പോലെ തുടങ്ങും;
ശണ്ഠകളിട്ടു ശകാരിച്ചാലൊരു
കുണ്ഠിതമെന്നതുമില്ലാതായി
കണ്ടാലറിയാത്താളുകളുടനടി—
കൊണ്ടാലറിയും പണ്ടൊരു കാലം
കൊണ്ടാലും പുനരറിയാത്തവനെ—
ക്കൊണ്ടൊരു വേലയെടുപ്പിക്കാമോ?
കണ്ടകവാക്കുകൾ പറയുന്നവനിഹ
ചെണ്ടക്കാരനതെന്നു ഭവിക്കും
കംസാന്തകനവനെങ്ങെന്നുള്ളതു—
സംസാരികളാം നിങ്ങൾ കഥിപ്പിൻ!
സംശയമില്ലതു ചൊല്ലീലെന്നാൽ
വംശമൊടുക്കും ബലഭദ്രൻ ഞാൻ.''
ഇങ്ങനെ ഭഗവാൻ നീലാംബരനഥ
തിങ്ങിന കോപാലരുൾചെയ്യുമ്പോൾ
ഭീതനതാമൊരു ദൂതൻ വിരവൊടു—
കൈതൊഴുതുരചെയ്താനതുനേരം.

നർമ്മതാളം

‘‘ഇന്നലെ നിശി ശശിയുടെ ബിംബമുദിച്ചു വിളങ്ങുന്നേരം
വന്നാനൊരു കുടയും നല്ലൊരു മേല്പുടവയുമായൊരുവൻ
നന്ദജനുടെ മണിമാളികമേൽ ചെന്നുകരേറിയിരുന്നു
വന്നതിനുടെ കാരണമാരണനന്നൃപനോടറിയിച്ചു*

---

* ‘വന്നതിനുടെ കാരണമാരണനനുജന്നൃപനോടറിയിച്ചു’—എന്ന മുദ്രിത പാഠത്തിനു താളഭംഗം.

കുണ്ഡിനപുരിതന്നിൽ വിളങ്ങിന കുളുർമതിമുഖി
രുക്മിണിയാം
പെണ്ണിനുടെ ഗുണഗണമഖിലവുമാശു പറഞ്ഞറിയിച്ചു;
സോദരനും ജനനിയുമച്ഛരനുമിച്ഛ മറിച്ചു തുടങ്ങീ
സാദരമഥ ശിശുപാലന്നു കൊടുക്കണമെന്നവർപക്ഷം;
ആയതു കേട്ടാധിപിടിച്ചവളെന്നെയയച്ചിതു ഗൂഢം
ആയതമിഴിയാകിയ രുക്മിണിയെന്നറിയിച്ചിതു വിപ്രൻ
ദാരുകനെ വിളിച്ചു പതുക്കെയുറക്കമുണർത്തി മുകുന്ദൻ
തേരും അവിടാശു വരുത്തിയൊരുത്തിനിമിത്തമതെല്ലാം;
അവരിരുവരുമൊരുമിച്ചമ്പൊടു ചെന്നഥ രഥവരമേറി
അവളുടെ കഥ കഥനംചെയ്തു കളിച്ചുരസിച്ചു തിരിച്ചു
അടിയനുമതുകണ്ടിഹ നിന്നിതു മിണ്ടുകിലച്യുതനപ്പോൾ
അടികൂട്ടുമതിന്നൊരു സംശയമങ്ങു ഭവിക്കയുമില്ല
ഇങ്ങനെയവരങ്ങു ഗമിച്ചു കുണ്ഡിനനഗരം നോക്കി
ഇങ്ങനെ പരമാർത്ഥമിതിൽപരമൊക്കെ വിചാരിച്ചാലും.''

കുംഭതാളം

ഇത്തരമവരുടെ മൊഴികളും—പല വഴികളും
പരമാർത്ഥമറിഞ്ഞളവേ
സത്വരമുടനഥ ഹലധരൻ—ഭുജബലധരൻ
പുരുഷോത്തമപൂർവ്വഭവൻ
യദുകുലപതികടെ പടകളും—ഗജ ഘടകളും
നലമേറിന മന്ത്രികളും
നലമൊടു ബഹുജനപതികളും—കുലപതികളും
പലരോടിടചേർന്നുടനെ*

ലക്ഷ്മിതാളം

ചിന്തിച്ചു—ചിരകാലം
ചിന്തയിലിയലുന്ന ഭാവമരുൾചെയ്തു:
''ആരാനും—അറിയുന്നോ
ആരും ഗ്രഹിക്കാതെ പോയി മമ സഹജൻ
വൈദർഭീ—വരണാർത്ഥം
വൈരികൾ മരുവുന്ന കുണ്ഡിനം പുക്കു
കുണ്ഠന്മാർ—കുടിലന്മാർ
കുമതികൾ പലരും കൊതിച്ചിരിക്കുന്നു
കർണ്ണാടൻ—ശിശുപാലൻ
കർണ്ണൻ കുരുപുംഗവൻ ജരാസന്ധൻ
അന്നേരം—അനുജൻതാൻ
അരുവയർമണിയെ സ്വയം ഹരിക്കുമ്പോൾ

---

* 'പലരോടിടചേർന്നു നടേ'—പാഠഭേദം.

എല്ലാരും—എഴുനേല്ക്കും
വില്ലും ശരവും തൊടുത്തു* പടതുടരും
ബാലൻ മേ—സഹജൻതാൻ
ബന്ധുവിഹീനൻ വലഞ്ഞുപോമല്ലീ?†

നാട്ടിലിരിക്കും നായൻമാരെ
കൂട്ടിസ്വരൂപിച്ചീടുക വിരവൊടു
കൊട്ടിഘോഷിച്ചാർത്തു വിളിച്ചു
കൂട്ടിക്കൊണ്ടു വരേണമിദാനീം
ആയുധപാണികളായിട്ടനവധി
നായൻമാരുമമാത്യൻമാരും
കാര്യസ്ഥൻമാരെജമാനൻമാ—
രായിരമായിരമാൾക്കധിപൻമാർ
പട്ടാണികൾ പല കുതിരക്കാരും
കോട്ടപ്പടയിൽ കാവൽക്കാരും
കാട്ടാളൻമാർ മുക്കോപ്പരിഷകൾ
കോട്ടക്കാരൻമാരും പലവക
നസ്രാണികളും ജോനകർ പത്തു സ—
ഹസ്രാധികമിഹ വന്നീടേണം.''
നീലാംബരനുടെ ശാസനയിങ്ങനെ‡
നീളെ നടത്താനാദരവോടേ
ഭൃത്യൻമാരെയയച്ചൂ വെക്കമെ—
മാത്യൻമാരിലധീശൻ സാത്യകി;
കല്പന പറവാൻ കുറവില്ലാത്തവർ
കെല്പൊടു നാട്ടിൽ നടന്നുപറഞ്ഞു;
കേട്ടവർ കേട്ടവർ വരവു തുടങ്ങി
കൂട്ടമിരുന്നു പറഞ്ഞുതുടങ്ങി;
'നായൻമാരെ വരുത്താനെന്തോ—
ന്നായതു താനതു കേട്ടോ കൂവ്വേ?''
''കല്പനയെന്നതുമാത്രം കേട്ടിത—
തില്പരമുള്ളതെനിക്കറിയാമോ?''
''ദ്വാരാവതിപുരി വെട്ടിയടക്കാൻ
വൈരികൾ വരവുണ്ടെന്നതു കേട്ടു.''
''നാരായണനുടെ നഗരമടക്കാ—
നാരെന്നാകിലുമെളുതല്ലിപ്പോൾ.''
''എന്തിനു താനിഹ ക്ലേശിക്കുന്നു

---

* 'എല്ലാരും—എഴുനേല്ക്കും വില്ലും ശരവും എടുത്തു'—എന്ന് പഴയ പതിപ്പ് വായ്പാഠം

† 'വലഞ്ഞുപോകില്ലല്ലീ'—എന്ന പാഠത്തിനു താളപ്പിഴ.

‡ 'നീലാംബരനുടെ കല്പനയിങ്ങനെ'—എന്നു പഴയ പതിപ്പ്; വായ്പാഠം.

തന്തിരുവടിയുടെ കല്പനയെന്നാൽ
എന്തെങ്കിലുമതു സാധിക്കാഞ്ഞാ—
ലെന്തിനു കൊള്ളാമിജ്ജനമെല്ലാം;''
''വീട്ടിലൊരമളി നമുക്കുണ്ടായതു
കേട്ടില്ലെങ്കിൽ പറയാമല്പം;
മാക്കോച്ചാരുടെ മകനും നമ്മുടെ
മൂക്കച്ചാരും തമ്മിലടിച്ചു
നാലുപണം കൊണ്ടെടവാടുണ്ടതു—
മൂലം തങ്ങളിലിങ്ങനെ നേർപ്പാൻ
മൂക്കും കോപമടക്കരുതാഞ്ഞവർ*
മൂക്കു കടിച്ചു മുടിക്കു പിടിച്ചു
ഇങ്ങനെയുള്ളൊരു കലശലു കേട്ടുട—
നങ്ങേക്കുറേച്ചിരികണ്ടച്ചാർ
ഓടിയടുത്തങ്ങവരുടെയിടയിൽ
ചാടിക്കൈയ്ക്കു പിടിച്ചു വലിച്ചു
വണ്ണൻവാഴകണക്കെയിഴച്ച—
പ്പൊണ്ണൻമാരേപ്പുറമേ നീക്കി;
നായൻമാർ ചിലരക്കഥയെല്ലാം
കോയിക്കൽ ചെന്നങ്ങറിയിച്ചു;
കാര്യക്കാരതു കേട്ടുടനേ നാ—
ലാര്യപ്പട്ടൻമാരെയയച്ചു
പട്ടൻമാർ വന്നെന്നുടെ വീട്ടിൽ
തൊട്ടതശേഷം തല്ലി മുടക്കി
തിരുവാണയുമിട്ടായവരോരോ
കരുമന ചെയ്തതു പറവാൻ വിഷമം
ഒന്നിനുപോയിട്ടല്ല നമുക്കതു
വന്നു ഭവിച്ചതുമെന്നറിയേണം
ആരാൻ തമ്മിലടിച്ചതിനെന്നൊടു
ചേരാനെന്തവകാശം പാർത്താൽ
വീട്ടിൽ വരുന്നവർ കാട്ടിയ ദോഷം
വീട്ടിലെ നായർക്കെന്നു വരാമോ?
ഇങ്ങനെയുള്ള തിടുക്കം വന്നാ—
ലെങ്ങനെ കല്പന കേട്ടീടേണ്ടൂ?
കല്പന കേൾക്കാത്തവനോ നിന്നു പൊ—
റുപ്പാനും പുനരെളുതല്ലല്ലോ.''
''പത്തു വിതച്ചാലതു പത്തും വിളയും കണ്ടം
പത്തു പറയ്ക്കുള്ളതെടുത്തു മററാർക്കാനും കൊ—

---

* 'ഊക്കും കോപമടക്കരുതാഞ്ഞവർ'—പാഠാന്തരം.

ടുത്തു യജമാനൻമാർ, പത്തു പണം കൈയ്യിലെ—
ടുത്തു കൊടുത്തെന്നാൽ പൊറുത്തു, അതല്ലെന്നാൽ പു—
റത്തുപോമെന്നല്ല മറുത്തു പണി തുടങ്ങും;
ശത്രുക്കളോടു പടയെത്തുന്ന നേരമങ്ങു
ചത്തുമറിഞ്ഞെന്നാകിലസ്തു പിന്നെയിങ്ങൊരു—
വസ്തുക്ലേശവുമില്ലെ''ന്നോർത്തു നടന്നാനേകൻ;
ഇത്ഥം പറഞ്ഞു മററൊരുത്തൻ ''നമുക്കു നൂറു—
പുത്തൻ കടമുണ്ടതിൽ പത്തെങ്കിലുമിപ്പോൾ കൊ—
ടുത്തേച്ചു പോയാൽ പിന്നെ ചത്തെങ്കിലും നമുക്കൊ—
രത്തൽ വിശേഷിച്ചു വരത്തില്ല നായൻമാരെ!''
''തൂക്കുപുകയിലയ്ക്കു തോക്കു പണയംവെച്ചു
പാക്കു കൊടുത്തക്കടം പോക്കുന്നതുണ്ടെ''ന്നൊരു
വാക്കും പറഞ്ഞുകൊണ്ടു പാർക്കുന്നു കണ്ടച്ചേട്ടൻ.
''തോക്കും കൂടാതെ ചെന്നാൽ തോല്ക്കുമബദ്ധക്കാരൻ
വായ്ക്കുന്ന പടതന്നിൽ നേർക്കുന്ന നേരം പല
ചാക്കും മുറിവുമുണ്ടാമാർക്കുമറിഞ്ഞുകൂടാ;''
''കല്യാണത്തിനു വീട്ടിൽ നെല്ലും പണവുമൊന്നു—
മില്ലാഞ്ഞു രണ്ടു വാളും വില്ലുമെടുത്തു വിററു
നെല്ലും പണവും വാങ്ങിക്കല്യാണവുംകഴിച്ചു
വില്ലാളിവിരുതൻമാരെല്ലാം പടയ്ക്കൊരുങ്ങി—
ച്ചെല്ലാൻ കല്പന വന്നു വല്ലാതെ നാണംകെട്ടു—
വല്ലോ ചെങ്ങാതി നിങ്ങൾക്കെല്ലാമായുധമുണ്ടോ?
രണ്ടു കൈകളും വീശിക്കൊണ്ടു പടയ്ക്കു ചെല്ലും
തണ്ടുതപ്പിക്കു വെടികൊണ്ടു മരിക്കയല്ലാ—
തുണ്ടോ മററൊരു കാര്യം? ചെണ്ടക്കാരെന്നു പേരും
കൊണ്ടു കാലന്റെ വീട്ടിൽ മുണ്ടു വിരിച്ചിരിക്കും
പണ്ടുള്ള പരാക്രമം കൊണ്ടുള്ള കീർത്തികൾക്കു—
മുണ്ടാമിളപ്പമയ്യോ? കണ്ടാലും കാലദോഷം.''

ഇങ്ങനെ പലപല നായൻമാർ വ—
ന്നങ്ങു പുരത്തിൽ നിറഞ്ഞൊരു സമയേ
ഉദ്ധവർ സാത്യകി കൃതവർമ്മാവു സ—
മർത്ഥയദുപ്രവരൻമാരോടും*
മത്തഗജപ്പട കുതിരപ്പടകളു—
മൊത്തു രഥങ്ങളുമനവധി കൂടി;
ബലദേവൻ നിജ കുലബലസഹിതൻ
ജലധി കടന്നു രഥത്തിൽക്കേറി
പുരുഷാരത്തൊടുകൂടിക്കുണ്ഡിന—

---

* 'സമത്വയദുപ്രവരൻമാരോടും', 'സമസ്തയദുപ്രവരൻമാരോടും'— എന്നു പാഠാന്തരങ്ങൾ.

പുരവരഗോപുരസീമനി ചെന്നു;
പടകൾക്കെല്ലാം പാളയവാടികൾ*
പലതരമവിടെക്കെട്ടിത്തീർത്തു;
പടഹം തുടി പറ താളം മേളം
പൊടുപൊടെ വെടിയും കലശലുകൂട്ടി
ഉടനേ ഹലധരനരമന പുക്കു—
കുട തഴ ചാമരമെന്നിവയോടേ
വെക്കം ചെന്നു വിദർഭനരേന്ദ്രൻ
സൽക്കാരാദികൾ ചെയ്തു വണങ്ങി;
പൊക്കമതേറിന മണിമഞ്ചാഗ്രേ
ചിക്കെന്നവിടെയിരുത്തി നിതാന്തം
ഉദ്ധവർ കൃതവർമ്മാദികൾ ചെന്ന—
ങ്ങുത്തമപുരുഷനെ വന്ദിച്ചുടനെ
ചിത്തസുഖേന വസിച്ചു സഭായാ—
മിത്ഥം ബഹുജനമവിടെ നിറഞ്ഞു;
കെട്ടും ചുമടുമെടുത്തൊരുകൂട്ടം
പട്ടൻമാരുടെ വരവുതുടങ്ങി
കുട്ടികളൊരുവക ദുസ്സാമർത്ഥ്യം
കാട്ടിക്കശപിശ വാക്കുപറഞ്ഞും
കൊട്ടിലിൽ വന്നു സ്ഥലംവയ്ക്കുന്നവ—
രൊട്ടല്ലതുമൊരു നൂറുസഹസ്രം;
കെട്ടുകളൊക്കെയഴിച്ചതിലുള്ളൊരു
പട്ടുകൾ പുടവകൾ തുപ്പട്ടി[1]കളും
രട്ടു[2]കരിമ്പടമുറുമാൽവകകളി—
രട്ടിപ്പട്ടു മണപ്പാടൻവക
കോട്ടാറൻമുറി[3] പാണ്ടിക്കവണികൾ
പട്ടാണിത്തുകിൽ പൂമുണ്ടുകളും
പെട്ടെന്നൊക്കെയഴിച്ചു നിരത്തി—
ച്ചെട്ടികളൊരുവക കൊങ്കണിജാതികൾ
കൊട്ടിൽ നിറഞ്ഞു പുറത്തു കവിഞ്ഞു;
കുടയും സഞ്ചിയുമൊരു മാറാപ്പും
വടിയുമെടുത്തിഹ മണ്ടിവരുന്നു
കൊടുവെയിൽ കൊണ്ടു വിയർത്തു തളർന്നിഹ
നെടുവീർപ്പിട്ടു പടിപ്പുര കേറി
നമ്പൂരാരൊരു ലക്ഷം കൂടിയ—
കമ്പുകുന്നൊരു തിക്കും മുഷ്ക്കും

---

* 'പാളയവാടകൾ' എന്നു പഴയ വായ്പാഠം. വാട = കോട്ട.

1. തുപ്പട്ടി = തുപ്പട്ടാവ്; കട്ടിയുള്ളതും ചരട്ടുകരയിട്ടതുമായ ഒരുതരം വസ്ത്രം.
2. രട്ട് = ഒരുതരം കട്ടിത്തുണി.
3. കോട്ടാറൻമുറി = കോട്ടാർ എന്ന സ്ഥലത്തു നെയ്ത പുടവ.

കുടകൾ തടഞ്ഞുമിടഞ്ഞു പൊടിഞ്ഞും
ഝടഝടഘോഷമഹങ്കാരികളുടെ
നടനംതമ്മിൽ തിക്കിഞ്ഞെരിച്ചുട—
നുടനേ ചെന്നു നെടുമ്പുര പുക്ക്;
ഊട്ടിനുമുമ്പു പ്രതിഗ്രഹമെന്നതു
കേട്ടുഴറിപ്പല കൂട്ടത്തോടേ
കൊട്ടിലിലിലഞ്ഞു കരേറിച്ചെന്നൊരു
കോട്ടിലിരുന്നു മഹീസുരവൃന്ദം;
രുക്മിണിതന്നുടെ സോദരനാകിയ
രുക്മിയുമവനുടെ സഹജൻമാരും
പെട്ടിനിറച്ചഥ പൊന്നും പണവും
കെട്ടിയെടുപ്പിച്ചാദരവോടേ
കൊട്ടിലിൽ വന്നു കൊടുത്തുതുടങ്ങി
വൃഷ്ടികണക്കിനെ വളരെ ദ്രവ്യം.
നമ്പൂരാർക്കു പ്രതിഗ്രഹമെന്നാ—
ലമ്പതുവഴിയൊരഹസ്സിൽ നടക്കാം;
വാര[1]മിളച്ചൊരു കലശമുഹൂർത്തമ—
താരംഭിക്കാൻ ഭാവിക്കുമ്പോൾ
കുടയും സഞ്ചിയുമായിക്കാണാ—
മുടനൊരു മുന്നൂറവനിസുരൻമാർ;
സോമാർത്തത്തിനു രാശിയെടുത്താൽ
ചോമാതിരിമാരക്കിത്തിരിമാർ,
നമ്പൂതിരിമാരെമ്പ്രാൻമാരുമ—
കമ്പൂകുന്നതു കാണാമുടനേ.
വേളിയൊരേടത്തുണ്ടെന്നുള്ളതു
കേളി പരക്കും മുമ്പേതന്നെ
വിപ്രൻമാരതു സപദി ഗ്രഹിക്കും
ക്ഷിപ്രം ചെന്നു പുറത്തളമേറും;
കാശീലെങ്കിലുമൊരു കലശത്തിനു
രാശിയെടുത്താലവിടെക്കാണാം;
രാശിക്കാഗ്രഹമെന്നല്ലായൊരു—
കാശിനു കാതംവഴി മണ്ടുന്നു;
അയ്യഞ്ചുപണം ചോമാതിരിമാർ—
ക്കങ്ങനെതന്നേ പട്ടേരിക്കും
അക്കിത്തിരിമാർക്കതിലൊന്നേററമ—
തൊക്കെ വിശേഷക്കാരുടെ വകയിൽ;
നന്നാലു പണം നമ്പൂരാർക്കും
എമ്പ്രാൻമാർക്കുമതങ്ങനെതന്നെ;

---

1. വാരം=ക്ഷേത്രങ്ങളിൽവച്ചു കഴിക്കുന്ന ഒരടിയന്തരം.

മുമ്മൂന്നു പണം പട്ടൻമാർക്കതി–
ലൊന്നുകുറച്ചു ചിലമ്പാണ്ടി[1]ക്ക്
അമ്പലവാസിക്കോരോപണമതി–
ലപ്പുറമുള്ളോർക്കഷ്ടി കൊടുക്കാം;
ഇങ്ങനെയുള്ളൊരു സംസാരത്തിനു
സംഗതിപോലുമിതവിടെക്കാണാ.
ഇരുകൈകൊണ്ടും വാരിക്കോരി–
തെരുതെരെയെങ്ങു കൊടുത്തുതുടങ്ങി;
കനകപ്പൊടിയും പണവും രാശിയു–
മനവധി രത്നവുമാഭരണങ്ങളു–
മവനിസുരൻമാരാർത്തുവിളിച്ചു
ശിവ! ശിവ! നല്ലൊരു പരമാനന്ദം;
രണ്ടു കരങ്ങൾ നിറഞ്ഞപ്പോൾ കുറി–
മുണ്ടു വിരിച്ചതിലാക്കി മുറുക്കി
കെട്ടിത്തലയിലെടുത്തു കരേററി
കുട്ടിപ്പട്ടർക്കിരുമുടിയാക്കി
കെട്ടിയെടുപ്പിച്ചങ്ങനെയവർ പണി–
പെട്ടു നടന്നാരവനിസുരൻമാർ;
സദ്യയ്ക്കിലവയ്പാനപ്പോൾ ചില–
രുദ്യോഗിച്ചു ശ്രമിച്ചുതുടങ്ങി;
വമ്പൻമാരെ വിളിച്ചുവരുത്തി
കല്പന പറവാൻ കാര്യക്കാർ പുന–
രപ്പൊഴുതൊരു ദിശി വന്നിടകൂടി
കെല്പൊടു നിന്നു പറഞ്ഞുതുടങ്ങി:
''സംഘങ്ങളിലെപ്പരിഷക്കാരെ–
ശ്ശങ്കിക്കാത്ത ശഠൻമാരെല്ലാം
സത്രക്കൊട്ടിലിൽ[2]നിന്നു ഗമിക്കണ
മത്ര നടന്നു കുഴയ്ക്കരുതാരും
ചോറും കറികളുമുപദംശങ്ങളു–
മാറുംമുമ്പെ വിളമ്പീടേണം
ചോററിനു പുറകേ കറികൾ വരാഞ്ഞാൽ
മാററികൾ നിന്നു ശകാരം കൂട്ടും
ഇലവെച്ചുടനേ ചോറു വരാഞ്ഞാൽ
കലഹിച്ചേററു തിരിക്കും ചിലര്
കരുതിക്കൊണ്ടു വിളമ്പി വിളമ്പി–
ത്തെരുതെരെയൊക്കെ നികത്തീടേണം
ഇലകളിൽ വളരെശ്ശേഷിപ്പിക്കും

---

[1] ചിലമ്പാണ്ടി = ബ്രാഹ്മണരിൽ ഒരു താണജാതി.
[2] സത്രക്കൊട്ടിൽ=ഊട്ടുപുര.

ചിലരതു നോക്കി നടത്തീടേണം
പിശകി വിളമ്പിശ്ശേഷിപ്പിച്ചാൽ
പിഴയുണ്ടായ്‌വരുമെന്നറിയേണം
കിട്ടിയതൊന്നും മതിയാകില്ലാ
പട്ടൻമാർക്കതു ബോധിക്കേണം
ഹടബടുവാവിടുവിണ്ടകണക്കോ?
പോടെട മെത്ത[1]ക്കറികിറിസാദം;'
ഇങ്ങനെ പിശകി വിളമ്പിച്ചങ്ങനെ
ചിങ്ങൻപഴവും തൈരും കൂട്ടി
ചളുപിളയാക്കി ശേഷിപ്പിച്ചതു
വളുവളെ വാരി വിതച്ചു തിരിച്ചും
പപ്പടവും പഴവും പഞ്ചാരയു-
മപ്പോൾത്തന്നൊരു മുണ്ടിൽ കെട്ടിയി-
ടത്തേക്കൈയ്യിലെടുത്തുംകൊണ്ടു പു-
റത്തേക്കങ്ങു പുറപ്പെട്ടുടനേ
വെറ്റില പുകയില കൊൾവാനായതു-
വിറ്റു പിരിച്ചു തിരിച്ചു നടക്കും;
കാവൽക്കാരെത്തിക്കി മറിച്ചവർ
ധാവതി ചെയ്യുമതോർത്തീടേണം;
സദ്യ കുഴപ്പമതെന്നു വരുത്താ-
നുദ്യോഗിച്ചു നടക്കുന്നാളുക-
ളിദ്‌ദിക്കിൽ പലരുണ്ടായ്‌വരുമവ-
രിത്തിരിപാകം വന്നേയറിയൂ.
നാനാവിധമിഹ കാട്ടുന്നവരുടെ
നാശം വരുമേ സംശയമില്ല
കൊല്ലാവുന്ന ജനങ്ങൾ പിഴച്ചാൽ
കൊല്ലാൻ കല്‌പനയുണ്ടെന്നറിവിൻ
കൊല്ലരുതാത്തവരേക്കൂട്ടത്തിൽ
കൊള്ളരുതാത്ത വഴിക്കും കൂട്ടും
മോഷ്‌ടിപ്പാൻ ചിലർ ഭാവിച്ചാലതു
ഗോഷ്‌ടിയതെന്നേ വന്നു ഭവിപ്പൂ;
കട്ടുംകൊണ്ടു പുറപ്പെട്ടാലൊരു
വെട്ടുംകൊണ്ടു മരിക്കാമുടനേ
അതുകൊണ്ടൊരു ഭയമില്ല നമുക്കി-
ന്നിതുകൊണ്ടേ പുനരാധിയുമുള്ളു;
ഊട്ടിനു ചെറ്റു കുഴപ്പുണ്ടായാൽ
നാട്ടിനു ഹാനി നമുക്കും ഹാനി

---

[1] മെത്ത = ധാരാളം, നിറയെ; ('മെത്തിയ' എന്നതിന്റെ പ്രാകൃതരൂപം) മെത്തിയ = വർദ്‌ധിച്ച.

സംഘങ്ങൾക്കതുറപ്പുണ്ടെന്നാൽ
സങ്കടമേതും വരുവാനില്ലാ
കല്‌പനപോലെ നടപ്പാൻ നിങ്ങൾ—
ക്കല്‌പം കുറവു ഭവിച്ചീടൊല്ലാ
എന്നാൽ ഞങ്ങൾ ഗമിച്ചീടുന്നേ—
നെണ്ണയെടുപ്പാൻ കാലം വൈകി.''
എന്നു പറഞ്ഞഥ യജമാനൻമാർ
മന്നവനോടറിയിപ്പാൻ പോയാർ.

കളിച്ചുമെണ്ണ തേച്ചും കുളിച്ചും പേരു ചൊല്ലി
വിളിച്ചും ജലംതന്നിൽ പുളച്ചും തെരുതെരെ
നടന്നും പുരകളിൽ കടന്നും സ്ഥലംവച്ചും
കിടന്നും ചിലരങ്ങു കടന്നു നെടുമ്പുര
വിളമ്പിവരുമ്മുമ്പേ കലമ്പിയൊരുകൂട്ടം
ചിലമ്പിയിരിക്കും സ്ഥലം പിടിച്ചങ്ങു ചിലർ.

കുറിയരിവെച്ചു വെളുത്തൊരു ചോറും[1]
കറികളുമാശു വിളമ്പി നിരന്നു
നറുനെയ് ശർക്കര നേന്ത്രപ്പഴവും
ചെറുപപ്പടമൊരു പത്തിരുനൂറും
ആനച്ചുവടൻ പപ്പടമൊരുവക
തേനും നല്ലൊരു പഞ്ചാരപ്പൊടി
ചേനക്കറി ചില പച്ചടി കിച്ചടി
പാനകമൊരുവക നാരങ്ങാക്കറി
മാങ്ങാപ്പച്ചടി ഇഞ്ചിപ്പച്ചടി
ചേന വറുത്തും പയറുവറുത്തും
ചക്കപ്രഥമനടപ്രഥമൻ വിധ—
മൊക്കെപ്പറവാൻ നേരം പോരാ;
പാലും തൈരും മോരും പലവക
കോലാഹലതരമെന്തുരചെയ്യാം
കൊണ്ടാ പഴമെന്നങ്ങൊരു ദിക്കിൽ
ചക്കപ്രധമൻ കൊണ്ടാ വളരെ
ശർക്കരയുണ്ടകളമ്പതു കൊണ്ടാ
പച്ചടി കൊണ്ടാ കിച്ചടി കൊണ്ടാ
പഞ്ചാരപ്പൊടിയൊരുപറ കൊണ്ടാ
മധുരക്കറിയോ മഥിതക്കറിയോ
മതിമതി പോരാ കോരിക്കൊണ്ടാ

---

1. 'കുറിയരിവെച്ചുവെളുത്തരി ചോറും'—എന്ന പാഠം ശരിയല്ല.

എരിച്ച കറി കൊണ്ടാ പുളിച്ച കറി കൊണ്ടാ
പരിപ്പു കൊണ്ടാ നല്ല കരിമ്പിൻനീരു കൊണ്ടാ
ഭരിപ്പുകരാ, തന്റെ ഇരുപ്പു ചിതമല്ല
നിരപ്പിൽ നടന്നൊന്നു ഭരിപ്പിലതേ നല്ലൂ
എരിച്ച കറിവെച്ചു കരിച്ചതെന്തേ? പിന്നെ—
പുളിച്ച കറിയൊന്നു തിളച്ചാലെന്തു ചേതം
പഴത്തിനൊന്നും നല്ല പഴുപ്പു മതിയല്ല
പഴപ്രഥമൻ പാരം കുഴപ്പമായിപ്പോയി;
കരിമ്പിൻനീരിനൊരു തരിമ്പു പുളിയുണ്ട്
വറുത്ത വിധമെല്ലാം കറുത്ത നിറമായി
കടിച്ചുകൂടാ, തെല്ലു പൊടിച്ചു കൊണ്ടന്നാലും
അടക്കമില്ലാത്തവർ കടക്ക പുറത്തോട്ട്
കടക്കുംനേരമങ്ങു തടുക്കുമെന്നു ചിലർ
കറിക്കു കുറവുകൾ കഥിക്കും നേരമിങ്ങു
വെറുപ്പു വരുമിനി മറിപ്പു വയ്ക്കുമിപ്പോൾ.

സദ്യ മനോഹരമെന്നിഹ വന്നവ—
രുദ്യതഘോഷം വർണ്ണിക്കുന്നൂ
നൂറുമൊരെട്ടും രാശിയെടുത്തു
വേറുതിരിച്ചൊരു കിഴിയായ് കെട്ടി
അങ്ങനെ ലക്ഷം കിഴിയുണ്ടാക്കി
ഭംഗിയൊടോരോ പൊന്നിൻതളികയി—
ലിട്ടു നിറച്ചതിലോരോരോ കിഴി
പട്ടൻമാർക്കു കൊടുത്തു തുടങ്ങി;
കിഴി മേടിക്കും പട്ടൻമാർക്കൊരു
വഴിയേയുള്ളു പുറത്തു കടപ്പാൻ
മേടിച്ചാളുകൾ മറ്റൊരു വഴിയേ
ചാടിച്ചെന്നു കരേറാൻ മേലാ.
ഇടയിൽചെന്നു കലമ്പുന്നവരുടെ
പിടലി പിടിച്ചു പുറത്തും തള്ളും;
വടിയും തടിയുമെടുത്തു നടക്കും
ഭടജനമനവധി ഇടയിൽ കാണാം;
സർവ്വാണിപ്പണമിങ്ങനെ വിരവൊടു
സർവ്വമഹീസുരനികരങ്ങൾക്കും
സപദി കൊടുത്തു പ്രസാദിപ്പിച്ചു
നൃപതികുമാരകനാകിയ രുക്മൻ;
കന്യാമണിയുടെ വേളിക്കുള്ളൊരു
സന്നാഹങ്ങൾ തുടങ്ങി പതുക്കെ
കാലമടുത്തു മുഹൂർത്തമഹോ ശിശു—

പാലമഹീപതിയോടറിയിക്കാം;
എന്നൊരു വാർത്തകൾ കേട്ടുടനപ്പോൾ
മന്നവനാകിന ശിശുപാലൻതാൻ
ക്ഷൗരംചെയ്യിപ്പിച്ചു കുളിച്ചു
ഗോരോചനവും തൊട്ടു ലലാടേ
തലമുടി നന്നായ് കെട്ടിമുറുക്കി
തിലകം ചാന്തും കുറികളുമിട്ടു
വളകളുമിട്ടു കരങ്ങളിൽ മുഴുവൻ
കളഭംകൊണ്ടു മുഴുക്കാപ്പിട്ടു
ചേലപ്പട്ടിണ കെട്ടിയുടുത്തു
ചാലേ മാലകൾ പലതുമണിഞ്ഞു
പൊന്നരഞ്ഞാണം തോൾവള കടകം
പൊൻമണിഹാരം കുണ്ഡലമെന്നിവ
കോപ്പുകളിട്ടു ഞെരിഞ്ഞുപിരിഞ്ഞു
കാപ്പുംകെട്ടിക്കരമതിലുടനേ
ആയിനിയൂണു[1]കഴിച്ചു പുറപ്പെ–
ട്ടായിരമാമ്പടി പിമ്പിൽനടന്നു
മുമ്പിൽ തന്നുടെ ബന്ധുപ്പടകളു*–
മമ്പിന കോലാഹലമിടകൂടി;
ആർത്തുവിളിച്ചുടനവനിസുരൻമാ–
രാൽത്തറ കേറി നിരക്കെയിരുന്നു;
രുക്മിയകമ്പടിയായഥ മുമ്പിൽ
തിഗ്മപരാക്രമശാലി[2] നടന്നു
മണിമഞ്ചത്തേൽ കേറിയിരുന്നു
മണിഗണഭൂഷിതനാം ശിശുപാലൻ.

തുടങ്ങീ മഹാഘോഷം തുടികൾ പടഹവും.
നടുങ്ങീ മഹീലോകം നഗരനികരവും
അണിഞ്ഞു പുറപ്പെട്ടാരലസമിഴികളും
കുനിഞ്ഞുനടക്കുന്ന മുതുവൃഷലികളും
വിടൻമാർ ഭടൻമാരും വികൃതഗതികളും
നടൻമാർ ശഠൻമാരും നഗരവാസികളും;

---

[1] ആയിനിയൂണ് = അയനിയൂണ്. (വിവാഹത്തിനു തലേദിവസം വരനോ വധുവോ അവരുടെ ബന്ധുജനങ്ങളുമൊരുമിച്ചുള്ള ഊണ്).

* 'ട്ടായിരമാമ്പടി മുൻപിൽ നടന്നു
പിമ്പിൽ തന്നുടെ ബന്ധുപ്പടകളും'—തുള്ളൽക്കാരുടെ വായ്പാഠം. രാജാവിൻെറ എഴുന്നള്ളത്തിന് ഈ ക്രമമാണു ശരിയെന്നു തോന്നുന്നു.

[2] തിഗ്മപരാക്രമശാലി = തീക്ഷ്ണപരാക്രമശാലി.

നിറഞ്ഞു പുരംതന്നിൽ ബഹളം; ഗളാഗളി[1]
പറഞ്ഞു മഹായോഗം പലതുമവിരളം.

പദമട്ട്[2]—ചെമ്പടതാളം

ഖണ്ഡങ്ങരം

1. നാളീകമുഖിതാനുമാളീജനങ്ങളുമായ്
മേളിച്ചു മെല്ലെ മെല്ലെ ലാളിച്ചു നടകൊണ്ടു
കാളീഭഗവതിയെക്കണ്ടു വണങ്ങീടുവാൻ;
''കാളമേഘരുചി മേളിതാളക—
കലാപയാമമലകേളി സുശീലേ![3]

2. വണ്ടാർകുഴലി! നീയും കണ്ടാലുമോരോവക
തണ്ടാർശരൻമാർ പലരുണ്ടായിവന്നധുനാ
കണ്ടാലഴകുള്ളൊരു കാമുകൻമാരാമിവർ
രണ്ടുപന്തി നിരകൊണ്ടു നിൻവടിവു
കണ്ടു കാമകണകൊണ്ടുഴലുന്നു.

3. ധന്യേ! രുക്മിണി! നീ കേരം നിന്നെക്കൊതിച്ചുകൊണ്ടു
തന്നെ വന്നിരിക്കുന്നു മന്നിലെ നൃവരൻമാർ
തന്നെത്താൻ മറക്കുന്ന മന്നവൻമാരാമിവർ
നിന്നെ വച്ചു പുനരന്യചിന്തകളു—
മൊന്നുമില്ലറിക നന്നിതു സകലം.

4. ഇങ്ങു നിന്നുടെ രമണൻ വന്നു വസിക്കുന്നു
നന്ദതനയനതിസുന്ദരസുവദനൻ
സുന്ദരീയിവൻതന്നെ നിന്നെ വിവാഹംചെയ്യും
നന്നുനന്നു തവ വന്നു കാര്യമിദമി—
ന്ദുബിംബമുഖി സുന്ദരനയനേ!''

5. ഇങ്ങനെ സഖിമാരുമിംഗിതമുരചെയ്തു
തിങ്ങിന രസംപൂണ്ടു മംഗലസമയേന
അംഗജരിപുതൻെറയംഗനയാകും ദേവി
ഭംഗിയോടിഹ വിളങ്ങി മേവുമൊരു
മംഗലാലയേ ചെന്നു കടന്നു.

---

[1] ഗളാഗളി പറഞ്ഞു = കഴുത്തോടു കഴുത്തു ചേർത്തു പറഞ്ഞു. യോഗക്കാർ കൂടിനിന്ന് അടക്കത്തിൽ സംസാരിച്ചെന്നു സാരം. 'ബഹളഗളഗളം'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠം.

[2] മാരൻപാട്ടുമട്ട്

[3] കാളമേഘരുചി......വണ്ടാർകുഴലി! = ഇരുണ്ടമേഘത്തിൻെറ കാന്തി കലർന്ന കുറുനിരച്ചാർത്തോടുകൂടിയ—ലീലാവിലാസങ്ങളിൽ സൗശീല്യം വിടാത്ത—വണ്ടാർകുഴലി! (സമുച്ചയസംബോധന). 'കാളമേഘരുചി കേളികാലകരപാളിയാമമലകേളിസുശീലേ'—എന്നു മുദ്രിതസമാഹാരങ്ങളിൽ കാണുന്നത് അബദ്ധപാഠം.

വേളിമഹോത്സവഘോഷം കാൺമാൻ
വേശ്യപ്പെൺകുലമെന്നൊരുകൂട്ടം
മേളിച്ചൊരു ദിശി വരവുതുടങ്ങി
മാളികകേറി നിരക്കെയിരുന്നു
അച്ചികൾ തങ്ങടെ വീട്ടിലിരുന്നു വി-
ളിച്ചു കയർത്തു പറഞ്ഞുതുടങ്ങീ:
''കൊച്ചനുജത്തി കൊതിച്ചു തിരിച്ചൂ
നിച്ചിരിയത്തിക്കില്ലൊരു നാണം
കോയിക്കൽ പോയ്ക്കാഴ്ചകൾ കാൺമാൻ
സ്ഥായിക്കാർ ചിലരുണ്ടെന്നാകിൽ
പോയിക്കണ്ടു വരാമെന്നാലതി-
നായിക്കൊണ്ടൊരു പുരുഷൻ വേണം,
കുഞ്ഞൂലിക്കൊരു നമ്പൂര്യച്ചൻ
അഞ്ഞൂററഞ്ചു പണത്തിനു നല്ലൊര-
രഞ്ഞാണം പണിയിച്ചു കൊടുത്തതു
കുഞ്ഞിക്കാളിക്കിരവു കൊടുത്തു
തന്നുടെയരയിലെടുത്തിടുവാനാ-
പ്പെണ്ണിനു സംഗതി വന്നതുമില്ല
അങ്ങനെ വരുമത്താന്തോന്നിത്തം
തങ്ങൾ തുടങ്ങുകകൊണ്ടതു വന്നു;
ഈച്ചരനായരൊഴിച്ചേപ്പിന്നെ
കാഴ്ചയ്ക്കെങ്ങും ഞാൻ പാറില്ല
താച്ചൻനായരുമായിപ്പോയാൽ
താഴ്ചവരും തരമല്ലിക്കാലം:
അങ്ങേക്കുററെ കൊച്ചിളയച്ചിയു-
മവളുടെ നായരുമൊരുമിച്ചമ്പൊടു
ചെന്നൊരു ദിക്കിലിരിക്കുന്നേരം
വന്നവരെല്ലാമാനകളിച്ചു
അങ്ങോരായതു കേട്ടു കയർത്തുട-
നങ്ങോട്ടും ചില വാക്കു പറഞ്ഞു
കൊച്ചിളയിച്ചി കരഞ്ഞുംകൊണ്ടൊരു
പച്ചപ്പട്ടരുമായിപ്പോയി
നിച്ചിരിയൻമാരായവരോടൊരു-
മിച്ചിരിയായ്ക നമുക്കിനി നല്ലൂ;
ഇക്കാലത്തൊരു കാഴ്ചകൾ കാൺമാ-
നിക്കൂട്ടത്തിനു വിഷമംതന്നെ
കൾകുടിയൻമാർ പലരുണ്ടവരുടെ
തിക്കുകൾകൊണ്ടു സഹിപ്പാൻ മേലാ;

പണ്ടൊരു പടയണി കാൺമാൻ നമ്മേ—
ക്കൊണ്ടു പുറപ്പെട്ടാനീ വിദ്വാൻ
ചെണ്ടക്കാരൻ ചെല്ലുന്നേട—
ത്തുണ്ടാം വാശ്ശതുമൊരു വൈഷമ്യം;
അക്കരയുണ്ടൊരു തുള്ളക്കാരൻ
തെക്കേത്തട്ടേൽ വന്നു കരേറി
പറയൻകഥ ചൊൽവാനൊരു ഗണപതി
കുറയെച്ചൊല്ലിത്തുള്ളുന്നേരം
ധൃഷ്ടനൊരുത്തൻ വന്നു വടക്കേ—
ത്തട്ടേൽക്കേറിത്തുള്ളൽ തുടങ്ങി
ശുണ്ഠികടിച്ചു മുറിക്കാർ[1] തമ്മിൽ
ശണ്ഠ തുടങ്ങി പ്രഹരംകൂട്ടി
കണ്ടു വസിക്കും നായൻമാരവർ
രണ്ടു മുറിക്കാരോടിടകൂടി
കല്ലും തടിയുമെടുത്തവർ തമ്മിൽ
തല്ലും തള്ളും കലശലുകൂട്ടി
നമ്മുടെ വിദ്വാനേററു നടന്നു
നമ്മെ മറന്നു പറന്നു തിരിച്ചു
മണ്ടുന്നേരം മുണ്ടും പോയൊരു
കുണ്ടുകിണററിൽ ചെന്നുപതിച്ചു
കൊണ്ടന്നവനെക്കാണാഞ്ഞിട്ട്
കണ്ടവരോടു കരഞ്ഞു പറഞ്ഞൊരു—
വണ്ണം ഞാനിഹ വീട്ടിൽ പോന്നു
പൊണ്ണനെയിന്നും ഞാൻ കണ്ടില്ലാ
ദോഷമതിങ്ങനെ വരുമുടനേ ചില
ഭോഷൻമാരുടെ കൂടെപ്പോയാൽ;
ചക്കിപ്പെണ്ണിനു ചങ്കരനെന്നൊരു
ചക്കരവായൻ ചേർച്ച തുടങ്ങി
കൈക്കലിരുപ്പതു ചങ്ങാതിക്ക—
ച്ചക്കച്ചുളയെന്നാകിലുമില്ല
കച്ചയുടുക്കാനില്ലാത്തവളെ—
ക്കാഴ്ചയ്ക്കായിക്കൊണ്ടു തിരിച്ചാൽ
ആനന്ദിച്ചു നടക്കും വിപ്രർ—
ക്കാനകളിപ്പാൻ വകയുണ്ടാകും;
ഞാനൊരു കാഴ്ചയ്ക്കിളകണമെങ്കിൽ
സ്ഥാനത്തുള്ളതിലൊരുവൻ വേണം;
പണ്ടു പണിക്കരു നില്ക്കും കാലം
കണ്ടതു കാര്യമതെന്നുമുറച്ചു

---

1. മുറിക്കാർ=കരക്കാർ.

കണ്ടവതാളൻമാരുടെ പുറകേ
മണ്ടിനടപ്പാനിവളൊടു കൂടാ;
കാൺമാൻ വിധിയില്ലാത്ത ജനത്തിനു
മാമാങ്കത്തിനു പോയാലും ശരി
ഏതാനൊരു തടവുണ്ടാം മാററികൾ
യാതൊന്നിനു കോപ്പിട്ടു തിരിച്ചാൽ;
തൊടുകുറിയിട്ടു ചമഞ്ഞൊരു കഞ്ഞി—
പ്പുടവയുടുത്തും മോടികൾ കൂട്ടി
കൊടുവെയിൽകൊണ്ടൊരു കാഴ്ചപ്പന്തലി—
ലുടനേ ചെന്നൊരു ദിക്കിലിരുന്നു
തടവില്ലിനിയെന്നോർത്തവളപ്പോൾ
തൊടുവാൻ വഹിയാതായി മടങ്ങി;
വിടുഭോഷീ! നീയെന്തിനുവന്നു?
ഉടനൊരു പരിഹാസത്തിനു മാത്രം
കൊച്ചിനു മാസം പത്തായില്ലവ—
ളിച്ചിരി കാഴ്ചയ്ക്കായിയൊരുങ്ങി
നിച്ചിരിയത്തി കടിഞ്ഞൂൽ പെററൊരു
കൊച്ചിനെയിന്നിവൾ കൊല്ലുംതാനും.
വേശ്യകളൊന്നു നടിക്കും നേരം
വാശ്ശതുമൊരു പരിഹാസവുമുണ്ടാം
നമ്പൂരാരിവർ നമ്മെക്കണ്ടാൽ
അമ്പതു ദൂഷണമൊരുവൻ ചൊല്ലും
വീട്ടിൽ വരുമ്പോൾ സരസൻമാര്
പാട്ടിൽവരുമ്പോൾ വിരസൻമാര്
കൂട്ടിക്കൊണ്ടൊരു സഭയിൽ ചെന്നാൽ
കോട്ടമറിഞ്ഞു പറഞ്ഞു ചിരിക്കും;
പട്ടൻമാരുടെ കൂടെപ്പോയാൽ
ഒട്ടു പൊറുപ്പുണ്ടെന്നൊരു പക്ഷം
ഗോഷ്ടികളാരാൻ ഭാവിച്ചാലവർ
കൂട്ടത്തോടേ വടിയുമെടുക്കും
പോടാ ഘടുവാ! പീത്തായോളീ!
കൂടാ കുസൃതികളെന്നു കയർക്കും;
കേടുകളോരോന്നോർത്തു തുടർന്നാൽ
കൂടുകയില്ലാ കാഴ്ചകൾ കാൺമാൻ
രുക്മിണിതൻെറ സ്വയംവരഘോഷം
രുചിരമനോഹരമായതു കാൺമാൻ
പെണ്ണുങ്ങളിലൊരു പെണ്ണിനുമാഗ്രഹ—
മെന്നുള്ളതിനൊരു കുറവില്ലേതും.''

പെണ്ണുങ്ങൾ വിരവൊടീവണ്ണം പറഞ്ഞു പല–
പൊന്നൻമാരോടും നല്ല ദണ്ഡൻമാരോടുംകൂടി
കുണ്ഡിനപുരം പുക്കു പെണ്ണിനേക്കാൺമാൻ വന്നു
തിണ്ണം നിറഞ്ഞു പല തിണ്ണപ്പുറങ്ങളേറി
കൊട്ടും കുഴൽവിളിയും പാട്ടും പല വിധങ്ങൾ
കേട്ടു രസിച്ചു പല കൂട്ടം വസിച്ചനേരം
വേളിയടുത്തനേരം നാളീകമുഖിയാളും
ആളീജനവുംകൂടി കേളീവിനോദത്തോടേ
കാളീഭഗവതിതൻ കേളീഭവനത്തിൻ പ്ര–
തോളീ[1] പ്രദേശത്തു പ്രവേശം തുടങ്ങി മെല്ലെ

ദുർഗ്ഗാദേവി വാണരുളും ചാരുഗേഹംതന്നിൽ
രുക്മിണിയും തോഴിമാരും വിപ്രനാരിമാരും
മന്ദമന്ദം ചെന്നുനിന്നു വന്ദനങ്ങൾ ചെയ്തു
സുന്ദരീരുക്മിണി തന്റെ കാമമുരചെയ്തു:
''ചന്ദ്രചൂഡജായേ! ദേവീ! ചണ്ഡീ ചാരുശീലേ!
വല്ലവീവല്ലഭൻ ദേവൻ വാസുദേവനെന്റെ
വല്ലഭനായ്വരവേണം വൈകിടാതെതന്നെ
ഇരേഴുഭുവനങ്ങൾക്കും വേരായൊരു മൂർത്തി
നാരായണനെന്നു നല്ല പേരായൊരു ദേഹം
കരുണാവാരിരാശി കൃഷ്ണൻ തരുണിമാർക്കു കാമൻ
തരുണാംബുവാഹാഭിരാമൻ വരനായ്വന്നീടേണം
ഹരജായേ! നിൻപാദാംഭോജം ശരണം മേ ഹേ ഗൗരീ!
പരമാനന്ദാകാരേ! ധീരേ! പരിപാലിക്ക ദേവീ!''*

വരമപി വിരവൊടു വാങ്ങി മനോഹരി
ഉരുതരസുഖമൊടു നടനം ചെയ്താൾ
നരവരകുലമുടനഖിലവുമവളുടെ
വരവതു കണ്ടു കുതൂഹലമോടേ
സരസിജശരനുടെ ശരതതിയേറ്റു
പരവശവികൃതികളാശു തുടങ്ങീ;
ഹര! ഹര! ശിവ! ശിവ! നരവരവികൃതിക–
ളുരചെയ്വാനുരഗേശനുമലസൻ;
കന്യകതന്നുടെ വദനസരോജേ
കണ്ണുകൾ രണ്ടുമുറപ്പിച്ചൊരുവൻ
തന്നത്താനെ മറന്നു വസിച്ചാ–
നുന്നതമായൊരു കുറ്റികണക്കേ;

---

[1] പ്രതോളീ = പെരുവഴി

* 'പരമാനന്ദാകാരേ! ധീരേ! പരിപാലിക്കേണം നീയെന്നെ'—എന്ന പാഠത്തിനു വൃത്തഭംഗം.

മററൊരു മന്നൻ വാല്യക്കാരൻ
വെററ്ല തെറുത്തു കൊടുത്തതു വാങ്ങി
തലമുടിതന്നിലതെല്ലാം ചൂടി
ചലമിഴിയാളെക്കണ്ടു വസിച്ചാൻ;
വെള്ളിയടപ്പനെടുത്തു തുറന്നതി—
നുള്ളിലിരിക്കും ചുണ്ണാമ്പെല്ലാം
പച്ചപ്പുഴുവെന്നോർത്തു മുഖത്തതു
തേച്ചു തുടങ്ങീ മററൊരു ഭൂപൻ;
അവളെക്കണ്ടു ഭ്രമിച്ചോരു ഭൂപതി
പവിഴം കോർത്തൊരു മാലയെടുത്തു
കണ്ടിച്ചോരോ മണികളെടുത്തതു—
കൊണ്ടുടനർച്ചനവിധികൾ തുടങ്ങി;
മററൊരു നരപതി മഞ്ചത്തിൽനി—
ന്നേററു പതുക്കെപ്പലരും കാൺകെ
ഏററം ഭോഷൻ കാതുപിടിച്ചുട—
നേത്തംവിട്ടു തുടർന്നാനപ്പോൾ;
ഗ്രന്ഥമഴിച്ചുപിടിച്ചോരു വിദ്വാൻ
ബന്ധംവിട്ടു പറഞ്ഞു തുടങ്ങീ:
''സുഗ്രീവൻ ധൃതരാഷ്ട്രൻ ശകുനി ദ—
ശഗ്രീവൻ ദമയന്തി വിരാധൻ
ലക്ഷ്മീഭഗവതി ശൂർപ്പണഖാ മുനി
ലക്ഷ്മണനർജ്ജുന'' 'നെന്നീവണ്ണം;
മദ്ദളമൊത്താൻ വിരുതനൊരുത്തൻ
മദനഭ്രാന്തുപിടിച്ചോരു ഭോഷൻ
കുട്ടിപ്പട്ടരെ മദ്ദളമാക്കി
കൊട്ടിദ്ധതിണത്തോം ഘോഷിച്ചു;
ഓടക്കുഴലെന്നോർത്തൊരു ഭൂപതി
കൂടെ നടക്കും ശാസ്ത്രി ദ്വിജനുടെ
പുസ്തകമൊന്നു വലിച്ചു മുഖത്ത്
ഹസ്തംകൊണ്ടഥ ചേർത്തുതുടങ്ങീ;
തപ്പിനു വിരുതുള്ളൊരു ധരണീശൻ
തപ്പില്ലാഞ്ഞിഹ തപ്പിത്തന്നുടെ
മുന്നിലിരിക്കും മുതുവിപ്രന്റെ ക—
ഷണ്ടിത്തലയിൽത്തടവിക്കൊട്ടി;
ശാതോദരിയുടെ രൂപം തന്നുടെ
ചേതോദർപ്പണമതിൽ നിഴലിച്ച്
കണ്ണുമടച്ചഥ രുക്മിണി രുക്മിണി!
എന്നു ജപിച്ചു വസിച്ചാനൊരുവൻ;

വിദ്വാൻ താനെന്നറിയിപ്പാനൊരു
വിദ്വാൻ ഗ്രന്ഥമഴിച്ചു പിടിച്ചു
‘പ്രദിശതു ഗിരിശസ്തിമിതാ’മെന്നഥ
പദവും പൊരുളും ചൊല്ലി രസിച്ചാൻ;
തുംബുരുതുല്യൻ താനെന്നൊരുവൻ
തംബുരു കൈയ്യിലെടുത്തു പതുക്കെ
സരിഗമപധനിസ എന്നും ചൊല്ലി
പരിചൊടു പാട്ടും പാടി രസിച്ചാൻ;
വണ്ടാർകുഴലി വരുന്നതുമരികെ—
ക്കണ്ടാനന്ദിച്ചവളുടെ രൂപം—
കൊണ്ടൊരു ശ്ലോകം കെട്ടിത്തീർത്തതു
കൊണ്ടാടിച്ചില പൊരുളുപറഞ്ഞും*
സുന്ദരിമാരുടെ രൂപം തീർപ്പാൻ
സൗന്ദര്യാദിഗുണങ്ങളെ വളരെ
പണ്ടേപണ്ടേ പങ്കജസംഭവ—
നുണ്ടാക്കിപ്പല പെട്ടീലിട്ടതു
പൂട്ടിത്തന്നുടെ പുരിയിൽ പരിചൊടു
പാട്ടിലിരിപ്പതശേഷവുമിപ്പോൾ
രുക്മിണിതന്നുടെ രൂപം തീർപ്പാൻ
രുചികൊണ്ടൊക്കെയടിച്ചു തുലച്ചിഹ
ചെലവിട്ടതിനാലെത്തിപ്പോയൊരു
തിലമാത്രംബത ശേഷിച്ചില്ല;
നഷ്ടിപിടിച്ചൂ നാൻമുഖനിപ്പോൾ
സൃഷ്ടിപ്പാനും സാധനമില്ലാ
എന്നതു കാരണമന്യസ്ത്രീകൾ—
ക്കൊന്നിനുമിപ്പോൾ പൂർണ്ണതയില്ല;
തലമുടിയുള്ളൊരു പെണ്ണിനു ചെററും
മുലയില്ലാതെ ചമഞ്ഞീടുന്നു;
നല്ല മുഖശ്രീയൊരുവൾക്കുണ്ട്
പല്ലുകളെല്ലാം വെളിയിൽ കാണാം;
വർണ്ണം കൊള്ളാമൊരു നാരിക്കൊരു
കർണ്ണം നാസ്തിയതങ്ങനെ കുററം;
ഇപ്പോഴുള്ളൊരു പെണ്ണുങ്ങൾക്കു
ചൊല്പൊങ്ങും ഗുണമെല്ലാമില്ലാ
വാരിജഭവനുടെ ദാരിദ്ര്യം ബത
കാരണമെന്നതിനർത്ഥവുമിത്ഥം;

ഏവം വികൃതിയുള്ള ഭാവം പ്രകാശിപ്പിച്ചു
ഭൂപാലകൻമാരെല്ലാം മേവുന്ന കാലമങ്ങു

---

* ‘പൊള്ളുപറഞ്ഞും’—എന്നു പാഠഭേദം.

ചേദിഭൂപാലനേറ്റം മോദിച്ചു തന്റെ കാര്യം
സാധിക്കുമെന്നുതന്നെ ബോധിച്ചു ശിശുപാലൻ
മാലയേല്ക്കാനുള്ളൊരു കാലമെന്നോർത്തുകൊണ്ടു
നാലുഭാഗത്തും വാദ്യകോലാഹലങ്ങൾ കൂട്ടി
മലോകരെല്ലാമെന്നെയാലോകനം ചെയ്യണം
നാലാഴിനടുവിലെ ഭൂലോകമൊക്കെ ശിശു–
പാലന്നധീനമനുകൂലം ദൈവമെന്നനു–
വേലം മദിച്ചു മദശീലൻ മരുവുന്നേരം;

ചമ്പതാളം

തദനു മധുസൂദനൻ തന്വംഗിയേക്കണ്ടു
മദനതരളാശയൻ മഞ്ചത്തിൽനിന്നാശു
അവനിയിലിറങ്ങിവന്നാനനന്ദമൂർത്തിതാൻ
കമലദളനേത്രയാം കന്യയേ പ്രാപിച്ചു
കരമതു പിടിച്ചുടൻ കാമമെന്നോതിനാൻ:
''രുചിരഗുണമോഹനേ! രുക്മിണീ മൽപ്രിയേ!
രുചിരമനുരാഗി ഞാൻ സുന്ദരീ കേളെടോ!
കനിവിനൊടു നിൻമുഖം കാൺമതിന്നേഷ ഞാൻ —
മനസി ബഹുകൗതുകാൽ മണ്ടിവന്നീടിനേൻ
മമ തരുണി നീയൊടോ! മാനിനീമാലികേ!
മമതയുടയോരു മാം മാനിക്ക നീ മുദാ
തരിക പരിരംഭണം താമ്രബിംബാധരേ!
പെരികെ വളരുന്നു ഹേ പ്രേമഭാരം പ്രിയേ!
കളികളഭ[1]ഗാമിനീ! കാമിതം ദേഹി മേ
തെളിവൊടു വിദർഭജേ! തേരിലേറീടുക
ലളിതതനു! വല്ലഭേ! ലജ്ജ മോചിക്ക നീ!''
സരസതരമിങ്ങനേ സാധുവാക്യം പറ–
ഞ്ഞനുമതിവരുത്തിനാനംബുജാക്ഷൻ മുദാ;
നരപതികളൊക്കവേ നോക്കിനില്ക്കും വിധൗ
നരകരിപു മാധവൻ നാരിയേക്കൈക്കൊണ്ടു
വിരവൊടു നടന്നുതേ വീരചൂഡാമണി
വിരചിതമഹോത്സവം വിശ്വലോകാധിപൻ.

അംഗമഹീപതി, മഹിഷമഹീപതി,
വംഗമഹീപതി, സിന്ധുമഹീപതി,
ആന്ധ്രമഹീപതി, സിംഹളഭൂപതി,
കുന്തിമഹീപതി കുരുധരണീപതി,
കൊങ്കണഭൂപതി, കോസലനരപതി,
മങ്കണമന്നവരെന്നിവരെല്ലാം
കന്യാഹരണം കണ്ടു കലമ്പി–

[1] കളികളഭം = മദത്തോടുകൂടിയ ആന.

സ്സന്നാഹത്തൊടുകൂടെയടുത്താർ;
''നില്ലെട കുടിലാ! നിന്നുടെ തൊഴിലിതു
നല്ലതിനല്ലേ വല്ലവബാലാ![1]
വല്ലവ[2]നെങ്കിലുമിങ്ങനെ ചെയ്താൽ
കൊല്ലുമതിന്നൊരു കില്ലുമതില്ല
ശിശുപാലന്റെ കളത്രമതിന്നൊരു
പശുപാലന്നു തൊടാമോ മൂഢാ!
അശുഭമഹോ തവ മോഷണമെന്നതു
ശിശുവായന്നേ ശീലമതല്ലോ†
പാലും തൈരും കട്ടു കവർന്നൊരു
ബാലാ! നില്ലെട! ഗോപകുമാരാ!
നാലു ജനങ്ങടെ സഭയിൽ നിനക്കൊരു—
നാളും വരുവാൻ സംഗതിയുണ്ടോ?
മാതുലനെക്കൊലചെയ്ത കുമാരാ!
പൂതനയെക്കൊലചെയ്ത കുമാരാ!
കൈതവമല്ലാതൊരു കർമ്മം നീ
ചെയ്തവനല്ല ജനിച്ചേപ്പിന്നെ
വെണ്ണ കവർന്നു ഭുജിച്ചു നടന്നും
പെണ്ണുങ്ങടെ വസനം മോഷ്ടിച്ചും
കണ്ണിൽ കണ്ടതു കട്ടുമുടിച്ചും
കഞ്ഞികുടിപ്പാനില്ലാതാക്കി
യജമാനൻമാർ പലരുണ്ടവരുടെ
പ്രജകളുമനവധി കാര്യക്കാരും
മേനോൻമാരു പണിക്കരുമെന്നിവർ
നാനാജാതികൾ നോക്കിയിരിക്കെ
എടയൻമാരിലൊരുത്തൻ വന്നു
മടികൂടാതിക്കന്യാരത്നം
ഝടിതി പിടിച്ചു രഥത്തേൽ കേററി
പടഹമടിച്ചു തിരിച്ചതു കൊള്ളാം!''

കൊടുപ്പിൻ താഡനം പാഞ്ഞ—
ങ്ങടുപ്പിൻ! കള്ളനെച്ചെന്നു
തടുപ്പിൻ! കന്യയേ മെല്ലെ—
പ്പിടിപ്പിൻ! ചേദിഭൂപന്നു
കൊടുപ്പിൻ! വില്ലുകളെല്ലാ—
മെടുപ്പിൻ! ബാണമെയ്താശു
തടുപ്പിൻ! യാദവൻമാരെ

---

1. വല്ലവബാലൻ=ഇടയച്ചെറുക്കൻ.
2. വല്ലവൻ = സമർത്ഥൻ.

† 'ശിശുവായന്നേ ശീലമിതെല്ലാം'—പാഠഭേദം.

മുടിപ്പിൻ! ഭൂപാലൻമാരേ
നടപ്പിൻ! തേർത്തടം തല്ലി–
പ്പൊടിപ്പിൻ! കൃഷ്ണൻെറ മാർവ്വിൽ
തൊഴിപ്പിൻ! പാരാതെ വേഗം
ഭരിപ്പിൻ! കൂട്ടത്തിൽവന്നു
മരിപ്പിൻ! പേടിയുള്ളൊരി–
ങ്ങിരിപ്പിൻ! പെണ്ണിനെച്ചൊല്ലി
മരിപ്പിൻ! മന്നവൻമാരെ!
ധരിപ്പിൻ! കംസനെക്കൊന്ന
ശഠനെ സംഹരിക്കേണ–
മുടനെ സംശയം വേണ്ടാ
വിടനേക്കൈക്കലെത്തുമ്പോൾ
വിടൊല്ലാ മന്നവൻമാരേ!''

ഇങ്ങനെ പല പല ദൂഷണവാക്കുകൾ
തിങ്ങിന മദമൊടു ഘോഷിച്ചങ്ങനെ
മുററും നൃപതികൾ വന്നു രഥത്തിനു
ചുററും നിന്നു തടുത്തൊരു സമയേ
സാത്യകിവീരൻ കൃതവർമ്മാവും
സാത്വതസംഘവു[1]മവരുടെ പടയും
ഉദ്ധവരും ബലദേവരുമമ്പൊടു
യുദ്ധം ചെയ്‌വതിനെത്തി മുതിർന്നു;
''ക്ഷത്രിയകീടകമൂഢൻമാരേ!
ശത്രുതകൊണ്ടൊരു ഫലമില്ലേതും
എലികളൊരായിരമുണ്ടെന്നാലൊരു
പുലിയൊടു കലഹിപ്പാനെളുതാമോ?
കുറുനരി ലക്ഷം വന്നാലിന്നൊരു
ചെറുകടുവായെ വധിപ്പാനെളുതോ?
നിങ്ങൾക്കീവക കന്യാലാഭം
സംഗതിവരുമോ! ചപലൻമാരേ?
തങ്ങടെ വാർത്തകൾ താനറിയാത്തവ–
രിങ്ങനെ വന്നു തരംകെടുമുടനെ
ഉപ്പു ചുമന്നു നടക്കുമവന്നൊരു
കപ്പലു കടലിലിറക്കാൻ മോഹം
അണ്ടികൾ ചപ്പിനടക്കുന്നവനൊരു
തണ്ടിലിരിപ്പാനാശ കണക്കേ
കുണ്ടുകിണററിൽ തവളക്കുഞ്ഞിനു
കുന്നിൻമീതെ പറക്കാൻ മോഹം
ചൊട്ടച്ചാൺവഴി വട്ടം മാത്രം

---

[1] സാത്വതസംഘം = യാദവസംഘം.

കഷ്ടിച്ചങ്ങു പറക്കും കോഴികൾ
ഗരുഡനു പിറകേ ചിറകും വീശി—
ഗ്ഗഗനേ ഗമനം വാഞ്ഛിക്കുന്നൂ.
ഞാഞ്ഞൂലെന്നൊരുകൂട്ടം ഭൂമിയി—
ലഞ്ഞൂറായിരമെണ്ണം കൂടി
സ്വരുപിച്ചെങ്കിലനന്തനെടുക്കും
ധരണിയെടുപ്പാനെളുതായ്‌വരുമോ?
കൊതിയൻമാരേ! ചതിയൻമാരേ!
മതി! മതി! നിങ്ങടെ മതിയിലെ മോഹം
മതിമുഖിയാകിയ രുക്മിണിതന്നിലെ
മതിരതിയൊക്കെ വൃഥാഫലമിപ്പോൾ
ആയനിയുണ്ടവനെങ്ങൂ? ദുർഭഗ—
നായവനാണോ പെണ്ണോ ചൊൽവിൻ
ചെങ്ങാതിക്കിനി വേളികഴിപ്പാ—
നെങ്ങാനൊരു പെണ്ണുണ്ടായ്‌വരുമോ?
ചേദിമഹീശനു വേളി മുടങ്ങി—
ച്ചേതംവന്നതുമൊട്ടു പൊറുക്കാം
മലയാളത്തും പരദേശത്തും
തലയുംപൊക്കി നടപ്പാൻമേലാ
ഭംഗിപറഞ്ഞുപ്രതിഗ്രഹമെല്ലാം
വാങ്ങിക്കൊണ്ടവർതന്നേയിപ്പോൾ
പരിഹാസത്തിനു വട്ടംകൂട്ടി—
പ്പഥി പഥി വന്നവർ പാർത്തീടുന്നു
യുദ്ധമഹോത്സവമുടനേ തുടരുകി—
ലുദ്ധതഭാവമശേഷം തീരും.''

മർമ്മതാളം

ഉദ്ധവർ കൃതവർമ്മാ സാത്യകി സകല യദുക്കളുമുടനെ
ഉദ്ധതമതിനൃപതിബലത്തൊടു യുദ്ധവിധങ്ങൾ തുടങ്ങി
വില്ലു ശരം ചുരിക കടുത്തില ശൂലം ചവളം കുന്തം
നല്ല ഗദകൾ വാളുമ്പരിചകൾ മുൾത്തടി ചക്രം പരിഘം
ലന്തക്കുഴലീട്ടികൾ ശക്തികളൊരുവക പീരങ്കികളും
ചന്തത്തൊടു പലവിധമായുധമഖിലമെടുത്തു ഭടൻമാർ
വെട്ടും പല വെടികളുമിടയിട ചടചടഘോഷത്തോടേ
തട്ടും ചില കുഴൽവിളി നിലവിളി കൊമ്പുകൾ വമ്പുകൾ കാട്ടി
ആനപ്പട കുതിരപ്പടകളുമിടവകമാടമ്പികളും
സേനാപതി മേനോക്കികളഥ മൂത്ത പടത്തലവൻമാർ
പട്ടാണികൾ പലതരമിങ്ങനെ കളകളമിളകി നിറഞ്ഞും
പെട്ടെന്നൊരു സമരമഹോഭുവിയതു പുനരതുലകരാളം.

സാത്യകിയുടെ ശരശതമേറ്റിഹ തോറ്റുമടങ്ങി നൃപൻമാർ
നൃപതികളുടെകണ്ണു പൊടിഞ്ഞഥ ചിലരുടെകാലുമൊടിഞ്ഞു
നൃപനൊരുവനു പല്ലു തകർന്നൊരു മല്ലനു മൂക്കു ചതഞ്ഞു
വസ്ത്രംപോയാഭരണംപോയുടലു ചിലർക്കു ലഭിച്ചു
ഛത്രം പോയ് നാണംകെട്ടഥ ഝടിതി നടന്നുതിരിച്ചു
പെണ്ണിനെ മോഹിച്ചു ലഭിച്ചൊരു മാനക്ഷയമധികമഹോ!
വന്നതുമിനി മതിമതി നമ്മുടെ വീട്ടിലിരുന്നാൽ പോരും
ഇത്തരമതിഭയമിടകൂടിന രാജസമൂഹമശേഷം
സത്വരമങ്ങോടിയൊളിച്ചു ഗമിച്ചു ശമിച്ചു വസിച്ചു.

വാളുമെടുത്തു പിടിച്ചു കളിച്ച്
ചീളെന്നോടിയടുത്തിതു രുക്മൻ
''വേളി മുടക്കിയ മൂഢാ! നില്ലെട
കേളിവിനോദമിതല്ലെട കൃഷ്ണാ!
ഗോക്കളെ മേച്ചു നടക്കുന്നവനി-
പ്പോർക്കളമെന്നു ഗ്രഹിച്ചിട്ടുണ്ടോ?
നോക്കെട! നിന്നുടെ കുലബലധനജന-
മൊക്കെയുമാശു മുടിക്കും രുക്മൻ
ശിശുപാലന്നു കൊടുപ്പാനായി
ശിശുവായന്നേ കല്പിതയാക്കിയ
മൽസോദരിയെക്കട്ടൊരു നിന്നുടെ
ദുസ്സാമർത്ഥ്യം നമ്മൊടു കൂടാ;
പാലും തൈരുമിതല്ലെട കൃഷ്ണ!
പോരും നിന്നുടെ പൗരുഷമെല്ലാം
അമ്മാ! നമ്മുടെ പെൺകൊടിയാളെ-
സ്സമ്മാനിപ്പാൻ നല്ലൊരു പാത്രം!
അമ്മാവനെയും കൊന്നുമുടിച്ചാ-
നുമ്മാനിപ്പോളൊരുവകയില്ല;
കട്ടു ഭുജിച്ചും കാലികൾ മേച്ചും
വട്ടു കളിച്ചും കാട്ടിലൊളിച്ചും
മട്ടോൽമൊഴികടെ പുടവ കവർന്നും
നാട്ടാരോടു പിടിച്ചുപറിച്ചും
പെരുവഴി പോകുന്നേരം ചെന്നൊരു
പെരുമണ്ണാനെക്കുത്തികൊന്നും
പെരുതെട! നിന്നുടെ വിരുതുകളിങ്ങനെ
കരുതിപ്പൊരുതിക്കൊള്ളെട കുടില!''
ഇങ്ങനെ വന്നു ശകാരം കൂട്ടി
സ്സംഗരസീമനി കണ്ടൊരു സമയേ

തിങ്ങിന കോപാലോടിയടുത്താൻ
മംഗലമൂർത്തി മുകുന്ദനുമപ്പോൾ.
പടയുടെ കലശലു കേട്ടപ്പോൾ ചിലർ
പടികളടച്ചു മുടക്കനുമിട്ടു
ഊട്ടിനു വന്നൊരു പട്ടൻമാർ ചിലർ
കേട്ടു ഭയപ്പെട്ടുഴറിത്തങ്ങടെ
കുട്ടികളെച്ചിലർ തോളിലെടുത്തും
കട്ടിസ്സാദം കെട്ടിനുമീതെ
കെട്ടിമുറുക്കിദ്ധാവതി ചെയ്തു
ചന്ത്രക്കാരൻ കലവറ പൂട്ടി
ചന്തത്തൊപ്പിയുമിട്ടു മുറുക്കി
കുന്തമെടുത്തു കുറുക്കുവിളിച്ചു കു—
തിച്ചഥ ചാടിപ്പാഞ്ഞു തിരിച്ചും
അച്ചികൾ ചൂലും മുറവുമെറിഞ്ഞും
മച്ചിലൊളിച്ചും മണ്ടിനടന്നും:
‘‘അച്ഛനെ വിളിയെടിയങ്ങോർക്കിപ്പോൾ
കൊച്ചിനെ വേണ്ടാ കോയിക്കൽ ചില
നിച്ചിരിയത്തികളുണ്ടവർമേനി കൊ—
തിച്ചുനടക്കുന്നെന്നിഹ കേട്ടു;
കള്ളൻമാർക്കു തനിക്കു പിറന്നൊരു
പിള്ളയെ വേണ്ടാതായാൽ പിന്നെ
തള്ളയിലൊരു കനിവുണ്ടായ്‌വരുമോ?
പള്ളപൊറുപ്പാനിങ്ങു വലഞ്ഞു;
പട വന്നെന്നുടെ വീട്ടിൽക്കേറി—
പ്പടിയും കതകും തല്ലിയൊടിച്ചു
കൊടിയും വാഴയുമൊക്കെ നശിക്കും
മുടിയും നമ്മുടെ നാടുകളെല്ലാം.
ഇങ്ങിനെയിവരെയെടുത്തും കൊണ്ടിനി—
യെങ്ങൊരു ദിക്കിനു പോയീടേണ്ടൂ?’’
ഖഡ്ഗമെടുത്തു കയർത്തുവരുന്നൊരു
രുക്മനെ വിരവിലടുത്തു മുകുന്ദൻ
വെക്കം ചെന്നു പിടിച്ചുടനവനുടെ
ഖഡ്ഗവുമിങ്ങു പിടിച്ചു പറിച്ചു
തലമുടി പിടിപെട്ടസികൊണ്ടവനെ—
ക്കൊലചെയ്‌വാനുടനാരംഭിച്ചു;
കാടൻപൂച്ച പിടിച്ചെലിപോലെ
മൂഢൻ നിന്നു വിറച്ചു തുടങ്ങി;
ആയതു കണ്ടു കരഞ്ഞു വിരഞ്ഞുട—
നായതമിഴിയാൾ രുക്മിണിയപ്പോൾ

തൃക്കാൽ ചെന്നു പിടിച്ചു പറഞ്ഞു
ചക്രായുധനോടു ചടുലാപാംഗി:

''കരുണാസാഗരനാഥാ! ശരണം നീ ശരണം
ചരണാന്തേ പണിയുന്നേനരുതയ്യോ കോപം
കുലനാശം വരുത്തൊല്ലാ കുവലയനയന!
കൊലചെയ്തീടരുതെന്റെ സഹജനാമിവനെ
ഇവൻ ചെയ്തോരപരാധം കഠിനമെന്നാലും
സഹിക്കേണം മുകിൽവർണ്ണാ! നമുക്കുള്ള മൂലം
ചെറുപ്പംകൊണ്ടിവനോരോ ജളത്വങ്ങൾ പറഞ്ഞതു
വെറുപ്പാമിന്നതു കേട്ടാൽ വധിപ്പാനും തോന്നും;
പൊറുപ്പാനുള്ളൊരു മോഹം വരുമോ കൊലചെയ്താൽ
പുറപ്പെട്ടു ഗമിക്കുമെൻ ജനകാദിസകലം
ഒരു ദോഷം പൊറുക്കേണം പെരുതായിവന്നാലും
നിരുപിച്ചു സഹിക്കേണം നിഖിലേശാ! കൃഷ്ണാ!
ഇതിനെല്ലാം നിമിത്തം ഞാനെന്നല്ലോ വരുന്നതും
അതു പാരം മമ ഖേദം മധുവൈരിൻ നാഥാ!
നമസ്തേ ശ്രീഗോവിന്ദാ! നമസ്തേ ശ്രീഗോപാല!
നമസ്തേ ശ്രീധര വീര! നമസ്തേ ശ്രീ ഭുവനേശ!''

ഇങ്ങനെ വന്നു കരഞ്ഞു പറഞ്ഞൊരു
മംഗലമധുമൊഴിയാളെക്കണ്ടുട—
നങ്ങനെയെന്നരുൾചെയ്തു കൃപാനിധി
അംഗനമാർമണിയോടനുരാഗാൽ:
''മൽപ്രിയകാന്തേ! രുക്മിണി തവ പുന—
രപ്രിയമുണ്ടോ ഞാൻ ചെയ്യുന്നു?
ദുഷ്പ്രഭുവാകിയ സോദരനിവനതി—
ദുഷ്കൃതമൂർത്തി മഹാശഠനധമൻ
ധിക്കാരങ്ങൾ പറഞ്ഞതശേഷവു—
മിക്കാലത്തു സഹിക്കാമിഹ ഞാൻ;
പങ്കജനയനേ! നിന്നുടെ ചേതസി—
സങ്കടമെങ്കിലെനിക്കും സങ്കടം
എന്നാലൊരു പിഴയിന്നു പൊറുക്കാ''—
മെന്നരുൾചെയ്തു പതുക്കെ മുകുന്ദൻ
പാണികൾകൊണ്ടഥ രുക്മിണിതന്നുടെ
പാണി പിടിച്ചു പുണർന്നു വസിച്ചു.
ദുഷ്ടത പെരുകിന രുക്മനെ വിരവൊടു
മുഷ്ടികൾകൊണ്ടു ശിരസ്സിലടിച്ചു
ഖഡ്ഗംകൊണ്ടുടനവനുടെ തലമുടി
ചിക്കെന്നങ്ങു ചിരച്ചൊരു ശേഷം

നാലുമൊരൊന്നും കുടുമകൾ വെച്ചൊരു
കോലം കണ്ടാൽ ചിരിയാമങ്ങനെ
നാണക്കേടു വരുത്തിയയച്ചു
പ്രാണൻമാത്രം പോയതുമില്ലാ
മൂന്നും രണ്ടും കുടുമക്കാരൻ
പോന്നു പുരത്തിൽപുക്കഥ രുക്മൻ
കതകുമടച്ചു പുതച്ചു കിടന്നു
ഹിതമല്ലാത്തതു ചെയ്കനിമിത്തം.
വീര്യാംബുരാശി കൃഷ്ണൻ ഭാര്യാസഹിതനായി
തേരിൽ കരേറി യദുവീരൻമാരോടുംകൂടി
സീരായുധനെച്ചെന്നു പാരാതെ കൈവണങ്ങി
ദ്വാരാവതിക്കു പോവാനാരംഭിച്ചഴകോടേ
കൊട്ടും കുഴൽവിളിയും പാട്ടും തഴകളാല—
വട്ടം തേവിടിശ്ശികളാട്ടം കൂത്താടികടെ
ഓട്ടം എന്നിവ ചെററു കൂട്ടംമേളങ്ങൾ പല
കൂട്ടി നടന്നു ചെന്നു ക്ഷിപ്രം കടൽ കടന്നു;
വിപ്രൻമാരോടുംകൂടി വപ്രം ഗോപുരം പല
സുപ്രദേശം ലംഘിച്ചു ഉള്ളിൽ കടന്നു കൃഷ്ണൻ
പുള്ളിമാൻമിഴിയാളും പള്ളിശ്രാമ്പിൻമേലേറി
പള്ളിക്കട്ടിലിൻമീതെ ചെന്നങ്ങധിവസിച്ചു;
നന്ദനനന്ദനൻ കൃഷ്ണൻ മേളിച്ചു പുലർകാലേ
നന്ദിച്ചു മാതാവിനെ ഒന്നിച്ചു താതനേയും
വന്ദിച്ചു വഴിപോലെ മേളിച്ചു രുക്മിണിയെ
ലാളിച്ചങ്ങവളുടെ വേളികഴിച്ചു നല്ല
കേളിയുമാടിക്കൊണ്ടു മാളികമീതേ വാണു;
നാളീകമുഖിയുടെ വ്രീളിതവുമകന്ന—
ങ്ങാളീകൗശലമൂലമെന്നതേ പറയാവൂ.
ഇങ്ങനെ രുക്മിണിഹരണംചെയ്തു
ഭംഗിയിലംബുജനയനൻ കൃഷ്ണൻ
മംഗലമിക്കഥ കഥനംചെയ്താൽ
സംഗതമായ്വരുമമിതാനന്ദം.*

രുക്മിണീസ്വയംവരം ഓട്ടൻതുള്ളൽ
സമാപ്തം

* 'ഉലകുടെ പെരുമാളക്കഥയെല്ലാം
നലമൊടു മനസി നിനച്ചു വസിച്ചു
ഉലകുടെ പൊലിമവരുത്തി രമിക്കാം
കുലബലപുഷ്ടിയുമുളവാം ഭദ്രം'— മുദ്രിതപുസ്തകങ്ങളിൽ തുടർന്നു ചേർത്തുകാണുന്ന ഈ ഭാഗത്തിന് ഇവിടെ പ്രസക്തിയില്ല. ഉലകുടെ പെരുമാളുടെ കഥ പറഞ്ഞല്ല രുക്മിണീ സ്വയംവരം ആരംഭിച്ചിട്ടുള്ളത്. നളചരിതത്തിൻെറ സമാപ്തിയിലുള്ളതാണ് ഇത്രയും ശീലുകൾ.

മംഗളം*

സുരതടിനീനിലയോത്തമ! മുരരിപോ!
സരസിജലോചന! പാഹി!
നരപതി വിജയൻരഥമണിയാം യദു–
വര! കരിവരദ! പാഹി
മത്സ്യ കൂർമ്മ സൂകര നരഹരി
വാമന ഭൃഗുവര! പാഹി
ശ്രീരാഘവ ജയ! സീതാവര ജയ!
പീതാംബര! ജയ ജയ പാഹി
ശ്രീവസുദേവാത്മജ ജയ ശൗരേ!
ശ്രീലക്ഷ്മീരമണ! മാം പാഹി
വാരിജഭവമുഖസുരവരവിനുത!
സാരസനയന! ശൗരേ!
നീരദമോഹനദിവ്യകളേബര!
ഹാരവിരാജിത കണ്ഠ!
ദേവകിനന്ദന! യാദവബാല!
ദേവജനാവനശീല!
വസുദേവാത്മജ! വാനവർപാല!
വാസവിസൂത മുരാരേ!
മഞ്ജുള കുണ്ഡലമണ്ഡിതഗണ്ഡ!
ഖണ്ഡാരിഷണ്ഡ! ലോലാ
രഞ്ജിതമഞ്ജുളകുന്തളശോഭിത
ബിംബഫലാധര! നാഥ!
മാററലർ പാശമറുത്തിഹ പാലയ!
ചോററാനിക്കര വാസ!
നളിനാസനമുഖസുരഗണപൂജിത!
അന്ധകജനപാലന! പാഹി
മനസിജനാശന! ജനിമൃതിമോചന!
മഹിതഗുണാലയ! പാഹി
ശിശുശശിശേഖര! ശിവമൃഡശങ്കര!
ശിതിഗള! ശംഭോ പാഹി
വാനോർസേവിത! വാസുകിഭൂഷണ!
വരമരുളീടുക വന്ദേ
യക്ഷേശ്വരവരദാ! നതജന–
മോക്ഷദ! മാം പരി പാഹി
ശ്രീപൂർണ്ണത്രയീമന്ദിര! നാഥാ!
ശ്രീപുരുഷോത്തമ വന്ദേ
ശ്രീഗുരുവായുപുരേശ! ഹരേ മാം
പരിപാലയ മാം ദേവാ!
നാരായണ ജയ! നാരായണ ജയ!
നാരായണ കൃഷ്ണ! ശരണം ശരണം

---

*മുദ്രിതഗ്രന്ഥങ്ങളിൽ രുക്മിണീസ്വയംവരത്തിന്റെ അവസാനം ചേർത്തിരിക്കുന്ന ഈ സ്തുതി പ്രക്ഷിപ്തമെന്നു കരുതണം. തനിക്കു വിശേഷ പ്രതിപത്തിക്കു കാരണമില്ലാത്ത ദേവൻമാരെ ('മംഗള'ത്തിന്റെ അവസാനഭാഗം) കേവലം നാമ ജപരൂപത്തിൽ സ്തുതിക്കുക നമ്പിയാരുടെ രീതിയല്ല.

സത്യാസ്വയംവരം

മത്തഗജാസുരവീരൻതന്നുടെ
മസ്തകമാശു പിളർന്ന മഹേശൻ
മത്തഗജാകൃതിപൂണ്ടുടനെ മദ–
മത്തവിലാസരസേന വനാന്തേ
തത്തനുസദൃശകളേബരയാകിയ
തത്തരുണീമണിമലമകളോടേ
തത്തദുദാരവിഹാരപരൻ മധു–
മത്തമധുവ്രതകോകിലവിലസിത–
തത്തദ്ദിശി വിലസുന്ന ദശായാം
തത്തരുണാകൃതി കണ്ടു രസിച്ചൊരു
ചിത്തജനവനുടെപിറകേ കൂടി
ചിത്തമിളക്കി മറിച്ചുടനുടനേ–
യത്തൽ വരുത്തുവനിതുസമയേ ഞാൻ
ഇത്തരമുള്ളിലുറച്ചു ശരാവലി
സത്വരമനവധി ചൊരിയുന്നേരം
സത്ത്വഗുണത്തെ മറന്നു മഹേശൻ
ഉത്തമഗുണയാമുമയും കൂടി*
ചിത്തസുഖേന പുണർന്നു രമിച്ചു മ–
ഹത്തരവിഹരണവിലസിതസമയേ
തത്രജനിച്ചൊരു തരുണമഹാകരി–
മസ്തകനാകിന ഗണപതിഭഗവാൻ
മത്തനുതാപമശേഷമൊഴിച്ചു സ–
മസ്തസമൃദ്ധി വരുത്തിയിരുത്തി വി–
പത്തുമകത്തി വിശുദ്ധിവരുത്തി വി–
മുക്തി നമുക്കു ലഭിപ്പതിനുള്ള പ–
വിത്രവിചിത്രചരിത്രമമുത്ര ക–
രുത്തു പെരുത്ത ഗുരുത്വമുരുത്വമ–
മിത്രലഘുത്വ സുമിത്രബഹുത്വ സു–
പുത്രകളത്രസുഖിത്വമിതൊക്കെ വ–
രുത്തുക സത്വരമത്തലകററുക
മാത്തൂരമരും ഭഗവതി ഭദ്രേ!
കാത്തരുളീടുക കഥകൾ കഥിപ്പാൻ
മാസ്തുവിവാദം മനസി മഹേശ്വരി!
മദകളകരിവരഗാമിനി! വന്ദേ.

---

* 'ഉത്തമഗുണയാമുമയൊടുകൂടി'—പഴയ വായ്പാഠം.

മംഗല്യാലയമമ്പലപ്പുഴെ വിള—
ങ്ങീടുന്ന ഗോവിന്ദനും
ഭംഗ്യാ നല്ലൊരു 'കള്ളർകോട' മരുമ—
ദ്ദേവൻ മഹാദേവനും
തുംഗപ്രാഭവശോഭയാ വിലസുമെൻ
മാത്തൂർ മഹാദേവിയും
രംഗത്തിൽ വിലസേണമെങ്കിലടിയൻ
തുള്ളൽക്കു കൊള്ളായ്‌വരും,
തുള്ളലിനാശു തുടങ്ങുമ്പോളൊരു
തെള്ളലുമുള്ളിലുദിച്ചീടേണം
ഉള്ളജനങ്ങൾക്കെല്ലാമിതുകൊ—
ണ്ടുള്ളം ഝടിതി കുളിർത്തീടേണം
വെള്ളസ്ഫടികവിശുദ്ധസരസ്വതി
വെള്ളത്തിൽ ശശിബിംബംപോലെ
ഉള്ളത്തിൽ പരിചോടുവിളങ്ങുകി—
ലുള്ള വിധങ്ങളശേഷം തോന്നും
കള്ളമകന്നു കവിതവിശേഷം
തള്ളിത്തള്ളി വരുന്ന ദശായാം
ഉള്ളിൽക്കപടതയുള്ള ജനങ്ങടെ
ഭള്ളും വിരുതും നിഷ്ഫലമാക്കാം;
കൊള്ളാമിവനുടെ വിദ്യകളെന്നൊരു
കോലണിവാർത്ത നടത്തുന്നേരം,[1]
കള്ളൻമാരുടെ കുസൃതികൾകൊണ്ടുമൊ—
രെള്ളോളം ഫലമില്ലെന്നറിവിൻ
ഉലകുടെപെരുമാളുത്സവഘോഷം
നലമൊടു കാൺമതിനാദരവോടേ
വലിയൊരു കരിവരഗളമതിലേറി—
ക്കലിതകുതൂഹലമാമ്പടിയോടേ
നിലവിളി[2] കൊട്ടും കൊമ്പും കുഴലും
പലപല മേളം കൂട്ടിനടന്ന—
മ്പലമതിലമ്പൊടു ചെന്നു കരേറി
പുലരുന്നേരം ഗോപുരസീമനി

---

[1] 'കോലണിവാർത്ത നടത്തുന്നേരം'—ഇവന്റെ വിദ്യ കൊള്ളാമെന്നു കോല (പ്രശസ്തമായ) അണിവാർത്ത (നിരക്കെയുള്ള വാർത്ത) പരത്തുമ്പോൾ.

[2] പഴയകാലത്തു ഘോഷയാത്രകളിൽ 'നിലവിളി', 'നടവിളി', ആർപ്പുവിളി' ഇങ്ങനെ മൂന്നിനം വിളികൾ. 'നില, നിലയോ നില'—നിലവിളി. 'നട, നടയോ നട'—നടവിളി. 'ആർപ്പോ'—ആർപ്പുവിളി. 'നില' വിളിക്കുമ്പോൾ ഘോഷയാത്ര നില്ക്കുക; പിന്നെ ആർപ്പുവിളിക്ക; 'നട' വിളിക്കുമ്പോൾ വീണ്ടും നടക്കുക—ഇതാണു ക്രമം.

പലരുംകൂടി വസിക്കുംദിക്കിൽ
കലരും കാഴ്ചകൾ കണ്ടുരസിച്ചഥ
പല രസമവിടെപ്പലജാതികടെ
കലശലു കണ്ടു രസിച്ചു നരേന്ദ്രൻ.

കോട്ടംകൂടാതെ ചിലർ ഓട്ടംതുടങ്ങി ചിലർ
കൂട്ടം നിരക്കെനിന്നു ചാട്ടം തുടങ്ങി ചിലർ
വാട്ടംവരാതെ ചിലരോട്ടൻതുള്ളലും നല്ല
പാട്ടും കവികൾ വിളയാട്ടും പ്രകടിക്കുന്നു;
കൊട്ടും കുഴൽവിളികൾക്കൊട്ടും കുറവുമില്ല
തട്ടുമ്മുകളിൽ ചില കൊട്ടുതപ്പിന്റെ ഘോഷം
വട്ടം കളികൾ പലവട്ടം സുവർണ്ണംകൊണ്ടു
പട്ടം കെട്ടിയ വാളും വട്ടപ്പരിശകളും
വട്ടം കൂട്ടിക്കൊണ്ടൊരു കൂട്ടം ദണ്ഡിപ്പുകാരും
ആട്ടം ഞാണിൻമേലേറിച്ചാട്ടം നല്ലൊരമ്മാന-
യാട്ടം നാരിമാർവിളയാട്ടങ്ങളും തുടങ്ങി;
ചരിക്കുന്നു ചിലർ വന്നങ്ങിരിക്കുന്നു ചിലർ കണ്ടു
ചിരിക്കുന്നു ചിലർ കൂട്ടം ഭരിക്കുന്നു ചിലരഹ-
ങ്കരിക്കുന്നു ചിലരപ്പോൾ തിരിക്കുന്നു ചിലർ മിണ്ടാ--
തിരിക്കുന്നു ചിലരങ്ങു വരിക്കുന്നു വിരവോടേ.

തുടിപടഹമടിച്ചു തുടങ്ങി
കിടുപിടികൾ തകർത്തു തുടങ്ങി
കുട തഴകളെടുത്തു തുടങ്ങി
ഭടപടലമടുത്തു തുടങ്ങി
കൊടികൾ വിളങ്ങി പൊടികളടങ്ങി
പടുരവഭംഗി ഝടിതി മുഴങ്ങി;

ചലമിഴികളടുത്തു തുടങ്ങി
തലമുടികൾ വിടർത്തു തുടങ്ങി
പല പരിഷ കയർത്തുതുടങ്ങി
മലകൾ കുലുങ്ങി നിലകൾ കലങ്ങി
പലരുമിണങ്ങി കലശലുപൊങ്ങി;

പല പരിഷകൾ തമ്മിലടിച്ചും
തലമുടിയിലണഞ്ഞു പിടിച്ചും
ചിലരിടെയിടെ കള്ളുകുടിച്ചും
പല പൊടികളിൽ വീണു പിടിച്ചും
കണ്ണുമടച്ചും മണ്ണു തുടച്ചും
കൈകൾ പിടിച്ചും കാലു പിടിച്ചും;

ബഹു വികൃതികളങ്ങൊരു ദിക്കിൽ
ബഹു സുകൃതികളിങ്ങൊരു ദിക്കിൽ
ബഹു സുലളിതമങ്ങൊരു ദിക്കിൽ
ബഹു വിലസിതമിങ്ങൊരു ദിക്കിൽ
ബഹുവിധ വാക്കും ബഹളത വായ്ക്കും
മദമുളവാക്കും വിധമതിഘോഷം

ഉത്സവമദ്ഭുതമുലകുടെപെരുമാൾ
ഉത്സുകമനസാ കണ്ടു രസിച്ചഥ
തൽസഭതന്നിൽ വസിക്കുന്നേരം
തൽസവിധത്തൊരു പാഠകവിപ്രൻ
സരസിജനേത്രൻ സത്യയെ വേട്ടൊരു
സരസകഥാമൃതമങ്ങുരചെയ്താൻ;
നരപതി നഗ്നജിദാഖ്യൻ കോസല—
പുരപതി വിരവൊടു സുഖമേ വാണു;

ചിത്തം തെളിഞ്ഞു നഗ്നജിത്തെന്നു പേരായുള്ള
ശക്തൻ നൃപതി ഗുണയുക്തൻ നാടുവാഴുന്നാൾ
നെല്ലും പണവും പൊന്നും തെല്ലു കുറവുമില്ല
പുല്ലും തനിച്ചരത്നക്കല്ലും ഭേദമില്ലൊരു
വല്ലന്തിയെന്നുള്ളതുമില്ലന്തിനേരമായാൽ
നല്ല പരമാനന്ദം എല്ലാപ്പരിഷകൾക്കും;
രമിച്ചു മനോരാജ്യങ്ങൾ ലഭിച്ചു കാലങ്ങളാശു
ഗമിച്ചീടുന്നതുമാരും ഗണിച്ചീടുന്നതുമില്ല;
സുഖിച്ചു പ്രജകളെല്ലാം വസിച്ചു കോസലരാജ്യം
ലഭിച്ചു സർവ്വസമ്പത്തുജ്ജ്വലിച്ചു വിളങ്ങും കാലം

നഗ്നജിദരചനു നല്ലൊരു ശുഭഗുണ—
ലഗ്നവിശേഷേ മകളുണ്ടായി.
നല്ലൊരു രൂപം നല്ല വിലാസം
നല്ല സ്വഭാവം നല്ല വികാസം
മല്ലായുധപടവില്ലിനെ വെല്ലും
ചില്ലീവല്ലിമതല്ലീയുഗവും
കല്ലോലിതപടുകുടിലകടാക്ഷം
സല്ലാപാമൃതമതിരമണീയം
പല്ലവകോമളപാണിപദങ്ങളു—
മുല്ലസിതാനനശശധരബിംബം
കാണുന്നവരുടെ കണ്ണിനു രണ്ടിനു—
മാനന്ദാമൃതമുളവാക്കീടിന
കന്യകതന്നുടെ യൗവനകാലം
ധന്യതയാ സഹ വന്നു ഭവിച്ചു.

സത്യയെന്നവൾക്കു പേരത്യന്തം പ്രസിദ്ധമായ്
സത്യപ്രതിജ്ഞനായ പൃത്ഥ്വീശനതുകാലം
ഭൃത്യൻമാരോടും തന്നമാത്യൻമാരോടുംകൂടി
കൃത്യത്തെ വിചാരിച്ചു സത്യപ്രതിജ്ഞ ചെയ്തു;
ഊററം പിണക്കമുള്ള കൂററൻമാരേഴിനേയും
തെറെറന്നു പിടിച്ചാശു കെട്ടുന്ന പുരുഷനു
കററക്കുഴൽമണിയാം കന്യകയെക്കൊടുക്കാം
മുററും പണയമിതു കുററമില്ലെന്നു ചൊല്ലി
നീളെ പ്രസിദ്ധമാക്കി നാളെ സ്വയംവരമെ–
ന്നാളെയയച്ചങ്ങേഴു കാളയേക്കൊണ്ടുവന്നു
കൂടുകളേഴുണ്ടാക്കി കൂററൻമാരേഴിനേയും
കൂടുകളിൽത്തളച്ചു കോലാഹലം തുടങ്ങി;
കൊട്ടിലു പല പല കോട്ടിലുമുളവാക്കി
കട്ടിലും പതിനെട്ടു കെട്ടിലും നിറച്ചിട്ടു
തട്ടുകൾതോറും ചീനപ്പട്ടുകൾ വിതാനിച്ചു
പെട്ടികൾ പെട്ടകങ്ങൾ പെട്ടെന്നു കൊണ്ടുവന്നു
ചട്ടററ പൊന്നിൻമണിക്കൂട്ടങ്ങൾ സ്വരൂപിച്ചു
പട്ടൻമാർ നംപൂരിമാർ പട്ടേരിമാരും വന്നു
വട്ടങ്ങളോരോദിക്കിൽ കൂട്ടിത്തുടങ്ങിവെക്കം.

ഇല കുല ചേന കിഴങ്ങിത്യാദികൾ
പല പല സാധനമവിടെ വരുത്തി
കലവറയൊക്കെ നിറച്ചുതുടങ്ങി
നിലവറ കെട്ടി മറച്ചുതുടങ്ങി
ചന്ത്രക്കാരുടെ പുരമുറിയെല്ലാം
നേന്ത്രക്കാക്കുല വന്നു നിറഞ്ഞു
മന്ത്രികളും യജമാനൻമാരും
യന്ത്രികളാകിന മേനോൻമാരും
കുന്തക്കാരുമകമ്പടികൂടിന
ചന്തക്കാരും ചവളക്കാരും
ലന്തക്കുഴലുകളേന്തി നടക്കും
തന്തപ്പടി പല നായൻമാരും
ബന്ധുപ്പടകളുമാനകൾ കുതിരകൾ
സിന്ധുകണക്കെ പരന്ന ദശായാം
സത്യാപാണിഗ്രഹണമഹോത്സവ–
മത്യാഘോഷമതാരംഭിച്ചു.
സദ്യയ്ക്കുള്ള പദാർത്ഥമശേഷം
സദ്യോ ബഹുവിധമത്ര വരുത്തി
ഉദ്യോഗിപ്പാനാളുകളനവധി

സദ്യോഗേന നടന്നുതുടങ്ങി
വിദ്യകളവിടെക്കാട്ടണമെന്നു
വിദ്വാൻമാരും വരവു തുടങ്ങി;
ആട്ടക്കാർ ചില പാവകളിക്കാർ
ചാട്ടക്കാർ ചില കൂത്താടികളും
കൂട്ടക്കാർ പലവക പുനരമ്മാ—
നാട്ടക്കാർ പല വീണക്കാരും
തപ്പടിവിരുതൻമാർ ചെണ്ടക്കാർ
ചെപ്പടിവിദ്യക്കാർ തിമിലക്കാർ
കൊമ്പൻമാർ ചിലർ കുഴലു വിളിപ്പതിൽ
മുമ്പൻമാർ ചില താളക്കാരും
വമ്പേറീടിന മദ്ദളവിദ്യയിൽ
വമ്പൻമാരുമിടയ്ക്കക്കാരും
ഗ്രന്ഥികളും ചില ഗണിതക്കാരും
ബന്ധുത പെരുകിന വൈദ്യക്കാരും
അഭ്യാസികളും കവിതക്കാരും
സഭ്യൻമാരാം ശാസ്ത്രിദ്വിജരും
പാഠകരും ചില മാരാൻമാരും
നാടകവേദികൾ നടഭടവിടരും
പാടവമോടും കോസലനൃപനുടെ
നാടക[1]മൊക്കെ നിറഞ്ഞു കവിഞ്ഞു
മഗധമഹീപതി നിഷധമഹീപതി
കൊങ്കണഭൂപതി കേകയഭൂപതി
അങ്കണഭൂപതി മാളവഭൂപതി
കർണ്ണാടാധിപനർണ്ണവഭൂപതി
പാണ്ഡ്യകഭൂപതി ചേദിമഹീപതി
വത്സമഹീപതി കാശിമഹീപതി
അശ്മകഭൂപതി സാല്വമഹീപതി
കാശ്മീരപതി കാഞ്ചനഭൂപതി
നേപാളക്ഷിതിപാലനുമെന്നിഹ
ഭൂപാലൻമാർ വന്നിതസംഖ്യം.
വിപ്രൻമാരുടെ വൃന്ദവുമവിടെ
ക്ഷിപ്രം വന്നു നിറഞ്ഞുതുടങ്ങി
താനിതു കേട്ടോ, വിസ്മയമിങ്ങനെ
ഞാനിതിൽ മുന്നം കേട്ടിട്ടില്ല
കാളകളെക്കെട്ടുന്നവനെന്യേ
കന്യകയെക്കെട്ടാനെളുതല്ല.*

---

[1] നാടകം=നാട്ടിനകത്ത്.

* 'കാളകളെക്കെട്ടുന്നവനേയീ—
കന്യകയെക്കെട്ടാനെളുതാവൂ—തുള്ളൽക്കാരുടെ പാഠം

ഗോഷ്ടികളിങ്ങനെ മററൊരു നാട്ടിൽ
കേട്ടറിവില്ല നമുക്കിഹ വിപ്രാ!
കന്യാവിന്റെ സ്വയംവരമെന്നോ
കാളകൾതന്റെ സ്വയംവരമെന്നോ
എന്തൊരു പേരിതിനുണ്ടാക്കേണ്ടൂ
എന്തൊരു മോഹമിതാരുടെ സൃഷ്ടി?
മിണ്ടരുതീവക വാശ്ശതുമായതു
കണ്ടു രസിച്ചു നമുക്കു വസിക്കാം.
കണ്ടാൽ പറവാൻ കുറവില്ലെന്നുടെ
കണ്ടമിവർക്കു വിലക്കിക്കൂടാ
കണ്ടമതുഴുവാൻ പൂട്ടിക്കെട്ടി—
കണ്ഠേ വലിയൊരു നുകവും വച്ചിഹ
കൊണ്ടുനടന്നു കലപ്പ വലിപ്പാൻ
കൊള്ളാം കാളകളതുകൂടാതേ
വേളികഴിപ്പാൻ വന്ന നൃപൻമാർ
കാളയെ മുന്നം കെട്ടണമെന്നൊരു
കേളി നടത്തിയ ദേഹം നല്ലവ—
താളിയതല്ലാതെന്തുരചെയ്യാം?
കാളകൃഷിക്കാരൻമാരിൽ ചില—
രാളായ്‌വരുമേ കാളകൾകെട്ടാൻ
കാളക്കാരനു കന്യാദാനം
കോളായ്‌വരുമോ കോസലനൃപനും.
വമ്പേറീടിന കൂററൻമാരുടെ
കൊമ്പേലേറി മരിപ്പാനിപ്പോൾ
അമ്പതിനായിരമരചൻമാരവ—
രമ്പൊടു വന്നാർ പെൺകൊതിയൻമാർ
ഊട്ടിനു മുമ്പേ കാളകളേഴും
കൂട്ടിക്കെട്ടാൻ ഭാവിച്ചെന്നാൽ
ഊട്ടു മുടങ്ങും പണവും കിടയാ
നൂനമെനിക്കതുകൊണ്ടു വിഷാദം.
സദ്യകഴിഞ്ഞു പ്രതിഗ്രഹവും പുന—
രദ്യ നമുക്കു ലഭിച്ചെന്നാകിൽ
സത്യേ വേൾപ്പാൻ വന്ന നൃപൻമാർ
ചത്തെങ്കിലുമിങ്ങില്ലൊരു ഖേദം.

നടക്കു വിപ്ര! താൻ ചെന്നു കടക്ക രാജധാനിയിൽ
അടക്കംകൂടാത്ത ഭാവം എടുക്കാതിരിക്ക നല്ലൂ
മുടക്കം വേളിക്കു വന്നാലൊടുക്കം ഭാഷിച്ചുകൊള്ളാം
കൊടുക്കും പ്രതിഗ്രഹവും കടുക്കെന്നു വാങ്ങിക്കൊണ്ടു

നടക്കുന്ന ദേഹമിപ്പോൾ മിടുക്കനെന്നു വന്നീടും
പൊടുക്കെന്നു കാള കുത്തിക്കിടക്കുന്ന ഭോഷൻമാരേ!*
പടിക്കൽ ചെന്നു നിന്നു വാലെടുക്കാമാകുന്നവണ്ണം
പടിക്കൽ കാവൽക്കാർ വന്നു തടുക്കുമ്പോൾ തടികൊണ്ടു
കൊടുക്കും താഡനമിങ്ങു മടക്കം തരിമ്പുമില്ല.

ധരണിസുരൻമാരിങ്ങനെ തങ്ങളി–
ലുരചെയ്തുംകൊണ്ടുപചിതഘോഷം
നരവരസഭയിൽ ചെന്നു സ്വയംവര–
സരസാരംഭം കണ്ടു വസിച്ചാർ.
കോസലനൃപനുടെ കല്പനകൊണ്ടൊരു
കൂസലുകൂടാതൊരു നരപാലൻ
വൃഷഭൻമാരെപ്പൂട്ടിക്കെട്ടാൻ
വിഷമമെനിക്കില്ലെന്നു നടിച്ചു;
ഏററുപുറപ്പെട്ടരയും തലയും
കെട്ടിമുറുക്കിത്താണുകളിച്ചഥ
കൂററൻമാരുടെ കൂടുകളേഴും
ചുററി വലംവെച്ചൊന്നു വണങ്ങി;
ഇടയൻമാരതുനേരം കൂടുക–
ളുടനേ ചെന്നു തുറന്നതുനേരം
തടിയൻമാരാം കാളകളേഴും
ഝടിതി പുറത്തുമിറങ്ങിച്ചാടി
മുക്കറയിട്ടഥ കൊമ്പുമുയർത്തി–
ത്തീക്കനൽനിറമാം കണ്ണു തുറിച്ചു
വക്കാണത്തിനു വട്ടംകൂട്ടി നി–
രക്കെ വരുന്നതു കണ്ടൊരു നരപതി
പേടി മുഴുത്തു വിറച്ചു വിയർത്തുട–
നോടിത്തന്നുടെ മഞ്ചം കേറി.
മറെറാരു നരപതി ചാടിയടുത്തു
കൂററൻമാരിലൊരുത്തനു നേരേ
കയറുമെടുത്തണയുമ്പോളവനുടെ
വയറു പിളർന്നു കിളർന്നാൻ കൂററൻ.
പാശമെടുത്താൻ മറെറാരു നരപതി
നാശമടുത്തതുകാരണമുടനെ
തുള്ളിവരുന്ന മഹാവൃഷഭത്തെ
തള്ളിമറിക്കാമെന്നൊരു മോഹാൽ
ഭള്ളുനടിച്ചു തടിച്ചൊരു മന്നൻ
വള്ളിയെടുത്തു വലത്തു തിരിഞ്ഞു

---

* 'പൊടുക്കെന്നു കാള കുത്തി കിടക്കുന്ന ഭോഷൻമാർതൻ'—തുള്ളൽക്കാരുടെ പാഠം.

പുള്ളിക്കൂററനെ ബന്ധിപ്പാനായ്
ഉള്ളിലുറച്ചുവരുന്ന നൃപന്റെ
പള്ളയ്ക്കിട്ടു തൊഴിച്ചാൻ കൂററൻ
തൊള്ളയ്ക്കിട്ടൊരു കുത്തും കുത്തി.

കൂററൻമാരുടെ കുത്തുമേററു നരാധിപൻമാർ
തോററുതിരിഞ്ഞു ചിലരേററു നടന്നു ചിലർ
കുത്തുകൾ കൊണ്ടപ്പോഴെ ചത്തുമറിഞ്ഞു ചിലർ
പെണ്ണിന്റെമൂലം തന്റെ കണ്ണിന്റെ ഭംഗം വന്നു
മൂക്കുന്ന മോഹംകൊണ്ടു മൂക്കും ചിലർക്കുപോയി
നാക്കും കണ്ടിച്ചു വന്നു വാക്കും പുറപ്പെടാതായ്
ചാക്കും ചിലർക്കു വന്നു കാൽക്കു മുടക്കം ചില—
ക്കാർക്കും വശമില്ലിനി പാർക്കുന്നതെന്തേപാഴിൽ
നേർക്കുന്നവരെക്കൊമ്പേൽ കോർക്കും വൃഷഭങ്ങളെ
ഓർക്കുമ്പോൾതന്നേ പേടി വായ്ക്കുന്നു വമ്പൻമാരേ
പൊയ്ക്കൊൾക നല്ലൂ നല്ല മൈക്കണ്ണിയാളെ നിങ്ങൾ—
ക്കാർക്കും ലഭിക്കയില്ലെന്നിത്ഥം ദ്വിജൻമാരുടെ
നിന്ദാവചനം കേട്ടു മന്ദാക്ഷവും വഹിച്ചു
വന്ന നൃപൻമാരെല്ലാം ചെന്നു ഭവനം പുക്കു
നഗ്നജിന്നരേന്ദ്രന്റെ നന്ദിനിയുടെ വേളി
ഭഗ്നമായ്‌വന്നു ലോകഭാഷണമായിത്തീർന്നു
കന്യകാകുലമണി തന്നുടെ തോഴിമാരും
ഖിന്നതാഭാവത്തോടെ അന്യോന്യമുരചെയ്തു:
''മൂപ്പിലെപ്പക്ഷമെന്തെന്നാരാനും കേട്ടോ നിങ്ങൾ
പാർപ്പിച്ചാളെത്രനാളും പാർപ്പിക്കാം കന്യാവിനെ
വേൾപ്പിപ്പാൻ വൈകിയെന്നു കേൾപ്പിപ്പാനാരുമില്ല
തോല്പിപ്പാൻ തുടങ്ങുന്നു താത്പര്യമില്ലാതവർ
കെട്ടാതെതന്നേ പെണ്ണു തെരണ്ടെന്നു വരുമെന്നാൽ
ഒട്ടല്ല പരിഹാസം ഒരുനാളും തീർച്ചയില്ലാ.
കണ്ടാലും കർമ്മദോഷം കനിവില്ല തമ്പുരാനും
പണ്ടാരും പറയാത്ത പണയത്തെപ്പറകയാൻ
കണ്ടിവാർകുഴലിക്കു കണവനായിട്ടൊരുത്തൻ
ഉണ്ടാകയില്ല കഷ്ടം! ഒരു ബന്ധുക്കളുമില്ല
വല്ലാത്ത നേരം വന്നു പിറന്നൊരു പെൺകിടാവെ—
ക്കൊല്ലാതെ കൊല്ലാനിപ്പോൾ തുടങ്ങുന്നു തമ്പുരാൻമാർ
വല്ലാത്ത പണയവും വലിച്ചിട്ടു തമ്പുരാനി—
ന്നെല്ലാർക്കും ശകാരിപ്പാൻ വഴിവീണു വഴിപോലെ
എന്നെ വേണങ്കിലെന്റെ കുന്തം വിഴുങ്ങണം താൻ
എന്നുള്ള സംസാരമായ് വന്നല്ലോ തോഴിമാരെ!

പെണ്ണിനെക്കൂറില്ലാത്ത കൂട്ടത്തിൽ വന്നുചാടി
ഖണ്ഡിച്ചു പറഞ്ഞീടാം കളിയല്ല കണ്ടുകൊൾവിൻ
ഇങ്ങനെതന്നിരുന്നു നരയ്ക്കേയുള്ളികന്യക
എങ്ങനെ ഭർത്താവുണ്ടായ് വരവേണ്ടു നാരിമാരേ!
കാളകളേഴും കൂട്ടി കയർകൊണ്ടു ബന്ധിപ്പാനി—
ന്നാളുണ്ടായ്വരത്തില്ലെന്നറിഞ്ഞാലും പെണ്ണുങ്ങളെ!
താളം പിഴച്ചുപോയാൽ തരമാകയില്ല പിന്നെ
കോളല്ലാതുള്ള മാർഗ്ഗം കൊടുതായി വന്നുചേർന്നു.

മതികെട്ടിങ്ങനെ മരുവുന്നേരം
മതിമുഖിവാശ്ശതുമൊരു ദേഹത്തെ
പതിയാക്കീടുകതാനേയായതു
ഗതികെട്ടാൽ പുലിപുല്ലും തിന്നും;
ചതിപെട്ടാലതൊഴിപ്പാൻ മാററൊരു
ഗതിയെന്തെന്നതു തോന്നുന്നീല;
അതിയായിട്ടൊരു സങ്കടമിങ്ങനെ
മതിയാംവണ്ണമിവൾക്കു ലഭിച്ചു.
വിധിയുടെ കല്പന നീക്കുവതിന്നീ—
ക്ഷിതിയിലൊരുത്തൻ മതിയായ്വരുമോ?
പെണ്ണിനു പത്തു വയസ്സു തികഞ്ഞു
കണ്ണിനു വിരിവും വന്നു തുടങ്ങി
തലമുടി വടിവിലിരുണ്ടു ചുരുണ്ടു
മുലയും വന്നു കുരുത്തുതുടങ്ങി
അരുവയറങ്ങു ചുരുണ്ടക്കടിതട—
മുരുതരമൊന്നു കനത്തുതുടങ്ങി
തുടകളുരുണ്ടുതടിച്ചു പതുത്തു
അടിമലരിണ തുടുതുടെ വിലസുന്നു
രണ്ടു കരങ്ങളുമതിമൃദുസരസം
പണ്ടിവളെപ്പോൽ മററൊരു കന്യക—
യുണ്ടായീല ധരിത്രിയിലെങ്ങും
കണ്ടും കേട്ടും കാമശരം ഹൃദി—
കൊണ്ടുതറച്ചു വിറച്ചു നൃപൻമാർ
മണ്ടിവരുമ്പോൾ കൂററൻമാർനില—
കണ്ടു വിരണ്ടു വിഷണ്ണതയോടേ
കുണ്ഠിതരാം, ചിലർ കൂററൻമാരൊടു
ശുണ്ഠികടിച്ചു പിടിച്ചിഹ കെട്ടാൻ
ഇത്തിരി ഭാവിച്ചുടനങ്ങവരുടെ
കുത്തുംകൊണ്ടു മടങ്ങിപ്പോയി.
ഇത്തരമാപത്തുണ്ടാകുന്നൊരു

ദുഃസ്ഥിതി സൃഷ്ടിച്ചതു ബഹു കഷ്ടം!
ഊററക്കാരുടെ കല്പന കടുതെ—
ന്നുരിയാടുകിലിഹ കുററവുമുണ്ടാം
കൂററൻമാരുടെ കുത്തുകൾ കൊണ്ടവർ
കുറവുപറഞ്ഞാലുത്തരമുണ്ടോ?''

ചമ്പതാളം

തരുണികുലമഖിലമിതി പരവശതകാരണം
തങ്ങളിൽത്തങ്ങളിൽ ചൊല്ലിനില്ക്കും വിധൗ
സരസിരുഹനയനനഥ സകലപതി മാധവൻ
സത്യാസ്വയംവരാഡംബരം കേൾക്കയാൽ
പരിചിനൊടു തിരുമനസി കുതുകമുളവാകയാൽ
പാർത്ഥനും താനും പുറപ്പെട്ടു മെല്ലവേ;
തെളിവിനൊടു വിജയനുടെ കരമതു പിടിച്ചുടൻ
തേരിൽക്കരേറിത്തിരിച്ചു നാരായണൻ;
കൊടികൾ കുടതഴകളിടകലരുമൊരു ഘോഷേണ
കോസലാധീശന്റെ രാജ്യം പ്രവേശിച്ചു.
നരകരിപുവരവുമഥ വിരവൊടു ധരിച്ചുടൻ
നഗ്നജിൻമന്നവൻ നന്നായ് പ്രസാദിച്ചു;
പുരിയുടയനികടഭുവി മരുവുമഖിലേശനെ
പൂജിച്ചു വന്ദിച്ചുകൊണ്ടുപോന്നാദരാൽ
മണികനകഘൃണിപടല[1]വിലസിതമതായൊരു
മഞ്ചേ വസിപ്പിച്ചു കൂപ്പിനിന്നീടിനാൻ.
വിരവിനൊടു വിജയനഥ നരപതിയെ വന്ദിച്ചു
വില്ലും നിലത്തൂന്നി നിന്നാൻ മഹാരഥൻ
കുതുകമൊടു മുരമഥന ചരണയുഗളത്തിനെ
കൂപ്പിപ്പറഞ്ഞിതു കോസലാധീശ്വരൻ;
''മമ സുകൃതമധികമിഹ ഫലിതമധുനാ വിഭോ
മാധവ! നിൻ പാദപത്മസന്ദർശനാൽ
ദുരിതശതമഖിലമപി മമ ഖലു രമാപതേ!
ദൂരവേ നീങ്ങി വിശുദ്ധനായേഷ ഞാൻ
അടിയനൊരു പണയമിഹ പഴുതിലുരചെയ്കയാൽ
ആധിമാത്രം ഫലം, സാധിക്ക ദുർഘടം
മകളുടെയ പരിണയനമതിവിഷമമായ്വന്നു
മന്നവൻമാരൊക്കെ മാറിത്തിരിച്ചിതു
പുരുഷവരനികരമതിലൊരുവനുമഹോ! നാസ്തി
പുംഗവൻമാരെപ്പിടിച്ചു കെട്ടീടുവാൻ
വരദജയ മുരമഥന വരമരുൾകഹന്ത! ഞാൻ

---

1. ഘൃണിപടലം=പ്രഭാപടലം

വന്ധ്യപ്രതിജ്ഞനായല്ലോ രമാപതേ!
സരസിരുഹനയന തവ കരുണയരുളീടിനാൽ
സാധിക്കുമിന്നുടൻ സത്യാസ്വയംവരം
പരിചിനൊടു തവ കരുണപരിണതിലഭിക്കയാൽ
പാഞ്ചാലിയെപ്പണ്ടിവൻ വേട്ടു ഫൽഗുനൻ.''
മന്ദസ്മിതവും തൂകി മാധവനരുൾചെയ്തു;
''മന്നവ! നിന്റെ കാര്യം വന്നീടുമിന്നുതന്നെ
സപ്തവൃഷഭങ്ങളെ സത്വരം പൂട്ടിക്കെട്ടി
സത്യയെ വേൾപ്പാൻതന്നേ സത്യം ഞാനിഹ വന്നു.
കൂററൻമാരോടു നേർത്തു തോററു മടങ്ങിപ്പോയോ—
രൂററക്കാരെല്ലാം വന്നു ചുററും നില്ക്കവേതന്നെ
ചെററും ശങ്കകൂടാതെ തെറെറന്നു കാളകളെ—
ച്ചുററിപ്പിടിച്ചു കെട്ടി മുററത്തു കളിപ്പിക്കാം.
മാററികൾ വന്നു പടയേറെറന്നാലവരെയീ—
കാററിൻമകന്റെ തമ്പി പാററപോൽ പറപ്പിക്കും
നീററിൽ കിടക്കും നക്രം ചീററിയടുക്കുന്നേരം
ആററിലെക്കഴുന്നായ്ക്കൾ മാററുവാൻ മതിയാമോ?
തടിച്ച കാളകളെച്ചെന്നടിച്ചുകൊണ്ടുവരുവാൻ
മടിച്ചുനില്ക്കവേണ്ടാ ഞാൻ പിടിച്ചുകെട്ടുന്നുതുണ്ട്.
മിടുക്കും ശൗര്യവുമേററം നടിച്ചു ശത്രുക്കൾ വന്ന—
ങ്ങടുക്കുന്ന നേരമേററം ചൊടിക്കും നമ്മുടെ പാർത്ഥൻ
കടുക്കും വക്കാണത്തിന്നായെടുക്കും ഗാണ്ഡീവം കൈയ്യിൽ
തൊടുക്കും ബാണങ്ങൾ പാഞ്ഞങ്ങടുക്കും വൈരികളെക്കൊ—
ന്നൊടുക്കും വിശ്വങ്ങളെല്ലാം ഞെടുക്കും നാടുകൾ വെട്ടി—
യടക്കും ഇവനെ ആരുമടക്കുവാൻ ഭാവിക്കേണ്ട.''

ഇത്തരമരുളപ്പാടതു കേട്ടു
സത്വരമരചർകുലോത്തമനേററം
ചിത്തമതാശു കുളുർത്തു സുഖത്തോടെ
കൈത്തളിർ കൂപ്പി വണങ്ങിച്ചെന്നഥ
മുന്നേക്കാളതി കോലാഹലമൊടു
സന്നാഹങ്ങൾ തുടങ്ങി പുരങ്ങളിൽ.
നിറപറമലരവിലടകളപൂപം[1]
തറകളിലറകളിലണിമണിദീപം
നിറമെഴുമലർകുലമൊരുമണികുംഭം,
തിറവിയ ഘനതരകനകസ്തംഭം;
കിടുപിടി തുടികടെ ചടചട രടിതം
നടഭടവിടരുടെ നടനസുഘടിതം
പൊടുപൊടെ വെടികളുമിടിയൊടു തുലിതം

[1] അപൂപം=അപ്പം.

തടമുല തടവിന നടികടെ ലളിതം[1];
അരുവയർമണികടെ കുരവകളൊരുദിശി
നരവരപടകടെ വിരുതുകളൊരുദിശി
ധരണിസുരനികരവരവുകളൊരുദിശി
തരുണിപുരുഷർകുലവിലസിതമൊരുദിശി
കുട്ടികളൊരുദിശി മുട്ടികളൊരുദിശി
ചെട്ടികളൊരുദിശി പട്ടികളൊരുദിശി
തട്ടുകളൊരുദിശി കൊട്ടുകളൊരുദിശി;

കോട്ടിലുമഥ കാട്ടിലുമൊരു കലശലു
നാട്ടിലുമഥ വീട്ടിലുമഥ കലശലു
പുഷ്ടിബഹള തുഷ്ടി ഭവതു ശിവശിവ!

വിപ്രൻമാരുടെ വരവുതുടങ്ങി
വിരവൊടു തമ്മിലുരത്തുതുടങ്ങി:
''ഓടുന്നെന്തിനു താനിഹ വിപ്രാ!
കൂടെ വരുന്നൂ ഞങ്ങളുമെല്ലാം''
''സത്രം വളരെ വരുന്നതിൽ മുമ്പെ
തത്ര കടന്നൊരു ദിക്കിലിരിപ്പാൻ
ഓരോ രാശി പ്രതിഗ്രഹമുണ്ടാം''
''ആരതറിഞ്ഞൂ കണ്ടാലറിയാം
ആരാകുന്നതു കാളകൾ കെട്ടാൻ?''
''നാരായണനെന്നുണ്ടിഹകേൾപ്പാൻ''
''മററുള്ളരചൻമാരെപ്പോലെ
മാററിത്തം മുകിൽവർണ്ണനു വരുമോ?''
''ശിവശിവ താനതു ശങ്കിക്കേണ്ടാ
ഭുവനപതിക്കൊന്നരുതാതുണ്ടോ?''
''കൊച്ചായന്നേ കണ്ണനു കന്നിനെ
മേച്ചിട്ടുള്ളൊരു പരിചയമേറും''
''ആയതുകൊള്ളാമിക്കാളകളുടെ
വക്കാണങ്ങൾ സഹിക്കായ്‌വരുമോ!
കൂററൻമാരുടെ കരുമനയോർത്താൽ
ഊററക്കാർക്കുമൊരമളി ഭവിക്കും
നമ്മുടെ നിർഭാഗ്യതയോർത്തെന്നാൽ
അംബുജനേത്രനുമമളിവരേണം''
''ഇപ്പെണ്ണിന്റെ വിവാഹംമൂലം
വിപ്രൻമാരു നടന്നു വലഞ്ഞു
ഇപ്പോൾ കിട്ടും പണമെന്നിട്ടൊരു
മുപ്പതെടുപ്പിഹ[2]വന്നിതു ഞാനും

---

1. ലളിതം=വിലാസവിശേഷം.
2. മുപ്പതെടുപ്പ്—മുപ്പതുപ്രാവശ്യം.

എപ്പൊഴുമിങ്ങനെ മണ്ടിനടപ്പാൻ
കെല്പു നമുക്കു കുറഞ്ഞു ധരിപ്പിൻ''
''മുതുവിപ്രൻമാർ പണമെന്നോർത്താൽ
പുതുവിപ്രൻ താനെന്നൊരു ഭാവം
കാശിക്കപ്പുറമെങ്കിലുമിന്നൊരു
കാശിനു വകയുണ്ടെന്നാൽ മണ്ടും
എഴുപത്തെട്ടു വയസ്സു തികഞ്ഞൊരു
കിഴവബ്രാഹ്മണനിത പോകുന്നു
കൊടുവെയിൽതട്ടിച്ചുട്ട കഷണ്ടിയിൽ
ഒരുപിടി നെല്ലാൽ മലരു പൊരിക്കാം
കുടയും നാസ്തി ചുമച്ചുചുമച്ചൊരു
വടിയും കുത്തിക്കൂന്നു കുനിഞ്ഞഥ
പൊടിയുമണിഞ്ഞിഹ വന്നാലിങ്ങൊരു
പൊടിയും കിട്ടാതങ്ങു ഗമിച്ചാൽ
മുടിയും ചുട്ടവനൊന്നു ശപിച്ചാൽ
മുടിയും കോസലരാജ്യവുമതിനാൽ''
''അപ്പൻനംപൂരിക്കു പണത്തിനൊ-
രല്പവുമാശ കുറഞ്ഞില്ലേതും
ഇപ്പൊഴുമൊരു പുത്തൻപണമോർത്താൽ
മുപ്പതുവഴി മണ്ടാൻ തടവില്ല''
''കീഴാണ്ടത്തെ ധനുമാസം പതി-
നേഴാംതീയതി തിരുവാതിരനാൾ
വേളിമഹോത്സവമുണ്ടെന്നിങ്ങനെ
കേളിനടത്തുന്നതു കേട്ടപ്പൊഴെ
ഞാനും മൂസ്സതുമവിടേക്കെത്തി
സ്നാനവുമർഘ്യവുമാശു കഴിച്ചഥ
കൊട്ടിലിൽ വന്നു സ്ഥലം വച്ചപ്പോൾ
കേട്ടു പുറത്തൊരു കോലാഹലവും
മാളവരാജകുമാരനെ നമ്മുടെ
കാളകൾ കുത്തിക്കാലുമുടക്കി
വേളിയുമില്ല പ്രതിഗ്രഹമൂർദ്ധ്വം;*
വേഗം പൊയ്ക്കൊൾകവനിസുരൻമാർ
അങ്ങനെ കേട്ടു ഭയപ്പെട്ടോടി-
ത്തങ്ങടെയില്ലം പുക്കു ദ്വിജൻമാർ
അന്നു ഗമിച്ചൊരു ഞാനും മൂസ്സതു-
മിന്നും വന്നു പണം മോഹിച്ച്;
ഇന്നത്തെത്തൊഴിലെന്താകുന്നു

---

* 'കാളകൾ കുത്തിക്കാലുമുടങ്ങി
വേളി മുടങ്ങി പ്രതിഗ്രഹമൂർദ്ധ്വം'—തുള്ളൽക്കാരുടെ പാഠം.

ഒന്നു ഗ്രഹിച്ചെന്നാകിൽ കൊള്ളാം''
''ഇന്നു വിവാഹം നിശ്ചയമെന്നതു
സന്ദേഹം മമ തോന്നുന്നില്ല
നന്ദകുമാരനുമർജ്ജുനനും പുന–
രൊന്നിച്ചിവിടെപ്പണിചെയ്തെന്നാൽ
പടുകൂററൻമാരായിരമെങ്കിലു–
മുടനേ ബന്ധിപ്പാൻ തടവില്ല''
''അഷ്ടി കഴിക്കാം പണവും കിട്ടും
യഷ്ടികളെന്തിന്നമളിക്കുന്നു
വൃഷ്ടികണക്കിനു രാശി പണം ചെല–
വിട്ടീടുന്നതിനില്ല വിവാദം''
''കോസലമന്നനു ചെലവിടുവാനൊരു
കൂസൽ തരിമ്പും കേൾക്കുന്നില്ല''
''നമ്മുടെ മാററിത്തംകൊണ്ടരചനു–
ധർമ്മം ചെയ്‌വാൻ മടി തുടരേണം''
''പെൺമകളിനിയൊന്നില്ലല്ലോയിതു
വെൺമയിലൊന്നു കഴിച്ചേ പോവൂ.''

ഇത്ഥം പറഞ്ഞുകൊണ്ടുപൃത്ഥ്വീസുരൻമാരെല്ലാം
എത്തിത്തികഞ്ഞിരുന്നു പൃത്ഥ്വീശൻമാരും വന്നു
കൂററൻമാർ വസിക്കുന്ന കൂടുകളേഴും തത്ര
തെറെറന്നു കൊണ്ടുവന്നു മുററത്തുറപ്പിച്ചപ്പോൾ
ചിക്കെന്നു കാളക്കാർ ചെന്നൊക്കവേ തുറന്നിട്ടു
അക്കൂററൻമാരുമപ്പോൾ പൊക്കത്തിൽ ചാടിവന്നു
വക്കാണത്തിനു പാഞ്ഞടുക്കുന്ന നേരം കൃഷ്ണൻ
സപ്തവൃഷഭങ്ങളെ സത്വരം ബന്ധിപ്പാനായ്
സപ്തവിഗ്രഹംപൂണ്ടു സത്വരമെഴുന്നള്ളി
കൂററൻമാരേഴിനേയും കൂട്ടി ബന്ധിച്ചുനിർത്തി
മററാരും ഗ്രഹിച്ചീല മായാപ്രയോഗമൊന്നും
ഏകസ്വരൂപനായി നിന്നരുളിനാൻ പിന്നേ
ലോകനാഥൻെറ മായ ലോകർക്കറിഞ്ഞിടാമോ?
ഗോപാലകൃഷ്ണൻതൻെറ രൂപസൗന്ദര്യം കണ്ടു
ഭൂപാലപുത്രിക്കുള്ളിലുണ്ടായ സന്തോഷങ്ങൾ
വർണ്ണിപ്പാനനന്തനും വൈഷമ്യമെന്നേ വേണ്ടു
കണ്ണിൻെറ ഫലം വന്നു കന്യകാരത്നത്തിനും

പീലിക്കാറണികൂന്തലുമഴകിന
നീലാംബുജരുചിതിരുനയനങ്ങളു–
മാലോലാമലചില്ലീലതകളു–
മളികതടേ ഗോരോചനതിലകവു–

മിളകിന മകരാകൃതിമണികുണ്ഡല—
കുസുമോപമതിരുനാസികയും മൃദു—
സുലളിതബിംബഫലാധരവടിവും
ദന്തമണിദ്യുതിമന്ദസ്മിതവും
ചന്തമെഴുന്ന മുഖേന്ദുവിലാസവു—
മുരുഘനനിറമാം തിരുമാറിടമതി—
ലരുണമഹാമണികൗസ്തുഭവും മൃദു—
കരലളിതം വനമാലാഹാരവു—
മരമണി കിങ്ങിണി പൊന്നുടഞ്ഞാണും
അരയാലിലപോലുദരപ്രഭയും
തരളിതകങ്കണകരകമലാഞ്ചിത
മുരളീശംഖവിശങ്കടരുചിയും
കടിതടസീമനി പീതാംബരമ—
ങ്ങടിയോളോമവലംബിതമങ്ങനെ
പടുമൃദുതൃത്തുടജംഘായുഗളവു—
മടിമലർവടിവും മണിനൂപുരവും
തിരുമുടിതൊട്ടങ്ങടിമലരോളം
തിരുവുടൽ കണ്ടഥ നരവരനന്ദിനി
മനസിജശരശതമേററു മയങ്ങി—
ക്കനിവൊടു സഖിമാരോടിടകൂടി
കനകാംബുജമലർമാലയുമായി—
ക്കഥമപി ചെന്നു മുകുന്ദസമീപേ;
പൃഥുകടിതടമുടയോരു വിലാസിനി
ലളിതമനോഹരനാകിന വരനുടെ
ഗളമതിൽ മാലയുമിട്ടു വണങ്ങി
പുളകിതതനുലതയാമവരാം നിന്നാൾ:
അളികുലകളകളസുലളിതവേണി
കിളിമൊഴിമണിയുടെ കരകമലത്തെ
തെളിവൊടു സപദി പിടിച്ചു മുകുന്ദൻ
കളിമൃദുപുഞ്ചിരി തൂകിപ്പരിചൊടു
വടിവിലെഴുന്നരുളീടിന സമയേ
പൃഥയുടെ നന്ദന[1]നാകിന വീരൻ
രഥവുംകൊണ്ടഥ ചെന്നു വണങ്ങി
മതിമുഖിയോടുസമേതൻ മാധവ—
നതികുതുകേന രഥത്തേലേറി
കോസലനൃപനൊടു യാത്രയുമരുളി
ഭൂസുരവരനികരത്തൊടുകൂടി
ഭാസുരവേഷവിശേഷമനോഹര—

---

[1] പൃഥയുടെ നന്ദനൻ=അർജ്ജുനൻ. പൃഥ=കുന്തി

നാം സുരകുലപതി യാത്രതുടങ്ങി.
കുടയും തഴയും കൊടിചാമരവും
പടയും കുതിരകളാനകളനവധി
കടകാംഗദമണി ഹാരകിരീടം
കുടർമണി തുടർമണി കനകാദികളും
പുടവകൾ പട്ടും മണിമെത്തകളും
തടമുലതടവിന തരുണീകുലവും
പടുതരമാകിന കോസലമന്നവ—
നുടനേ കൃഷ്ണനു നല്കി വണങ്ങി;
സ്ത്രീധനമിങ്ങനെ പലവക വാങ്ങി
മാധവനൻപൊടു പാർത്ഥസമേതൻ
സാധു[1]മഹോത്സവഘോഷത്തോടേ
സപദിയെഴുന്നരുളുന്ന ദശായാം
പട്ടുകൾ പൊന്നും പണവുമിതെല്ലാം
രെട്ടുകൾകൊണ്ടങ്ങിരുമുടിയാക്കി
കെട്ടിത്തലയിലെടുത്തുംകൊണ്ടൊരു
കൂട്ടം പെരുവഴിപോക്കബ്രാഹ്മണർ
നാട്ടിൽ നടന്നു പ്രശംസിക്കുന്നതു
കേട്ടുനൃപൻമാർ സഹിയാഞ്ഞനവധി
കൂട്ടംകൂടിക്കോസലനൃപനുടെ
കോട്ടപ്പുറമേ ചെന്നു നിറഞ്ഞു
തങ്ങളിലങ്ങു പറഞ്ഞു തുടങ്ങി:
''നിങ്ങളിതൊന്നും കേൾക്കുന്നില്ലേ?
എങ്ങിഹ നമ്മുടെ വംഗമഹീശനു—
മംഗാധിപതി കലിംഗനരേന്ദ്രൻ
കുന്തളഭൂപൻ കുരുനരപാലൻ
കുന്തിനരേന്ദ്രനവന്തിമഹീപതി
എന്തിഹ നിങ്ങളുറങ്ങുന്നോ ഒരു—
പന്തിക്കാർക്കൊരു നാണവുമില്ലാ
കേട്ടുവിശേഷമൊരുത്തൻ സത്യയെ
വേട്ടു ഗമിച്ചു തുടർന്നിതുപോലും!''
''ആരാണിവളെ വിവാഹം ചെയ്തത്?''
''നാരായണനെന്നൊരുവഴി കേട്ടു''
''നേരായതു പറവാൻ മടിയുണ്ടാം
പേരായതു പലതുണ്ടിഹ കേൾപ്പാൻ''
''പലപേരുള്ളതു കൊള്ളാമവനുടെ
കുലമേതെന്നിഹ കേട്ടോ താനിഹ''
''കുലമേതെന്നതു ക്ലേശിച്ചെന്നാൽ[2]

---

1. സാധു = വഴിപോലെ
2. ക്ലേശിച്ചെന്നാൽ = കേട്ടാൽ.

കലവും തവിയും കളകേവേണ്ടു''[1]
''അത്ര കിഴിഞ്ഞവനെ[2]ന്നാൽ നൃപനുടെ
പുത്രിയെ വേൾപ്പാനർഹതയുണ്ടോ?''
''എത്ര പകർന്നൂ കാലവിശേഷമ–
തത്ര ഭവാൻമാരറിയുന്നില്ലേ?
ആചാരത്തിനു താഴ്ച വരുമ്പോൾ
നീചപ്പരിഷകൾ തലയിൽ കേറും
ഊണിനു വകയില്ലെന്നാൽ ശൂദ്രൻ
പൂണൂലൊന്നു കഴുത്തേൽപ്പോടും
എമ്പ്രാന്തിരിയായ് മറുനാട്ടിൽ ചെ–
ന്നമ്പലമേറിശ്ശാന്തി തുടങ്ങും
അക്കിത്തിരിമാർ ചോമാതിരിമാർ
ഒക്കെയുമൊന്നിച്ചഷ്ടി തുടങ്ങും
ഇക്കാലങ്ങളിലുരിയാടാതൊരു–
ദിക്കിലിരിക്കിലനർത്ഥമതില്ല;
വാശ്ശതുമിക്കഥ മതിയാക്കാമതി–
നീശ്വരനെന്ന്യേ ശാസനയുണ്ടോ''
അപ്പോഴൊരു നൃപനുരചെയ്താനിഹ:
''കേൾപ്പാനുണ്ടതു കേട്ടാലറിയാം
ഇടയൻമാരിലൊരുത്തൻ കരിവര–
നടയാൾമണിയുടെ വേളികഴിച്ചു;
പടയും കുടയും കൊണ്ടു തിരിച്ചെ–
ന്നുടനൊരു വാർത്ത നടക്കുന്നുണ്ട്
ഓഹോ? മാതുലനെക്കൊലചെയ്തൊരു
ദേഹം താനവനെന്നതു ചേരും
മോഹമവന്നു പെരുത്തതു മൂലം
സാഹസമെന്നതു വർദ്ധിക്കുന്നു
എന്നാലവനുടെ പടയും കുടയും
ചെന്നു പിടിച്ചു പൊടിച്ചു തകർത്തഥ
കന്യാമണിയെ ഹരിപ്പതിനിപ്പോൾ
സന്നാഹേന നടപ്പിനശേഷം;
ഭൂപാലകനുടെ മകളായുള്ളവൾ
ഗോപാലന്നു കളത്രമതാമോ!
മെച്ചമിയന്നൊരു മണിമാണിക്യം
പിച്ചളവളമേൽ ചേർപ്പതുമുണ്ടോ!
കാഞ്ചനമാല ധരിപ്പാനിന്നു മ–
രഞ്ചാടിക്കിഹ സംഗതിവരുമോ!
കല്പകലതയൊടുകൂടി വസിപ്പാൻ

---

[1] കൂട്ടിത്തൊടീക്കാൻ കൊള്ളാത്തവനെന്നു സാരം.
[2] കിഴിഞ്ഞവൻ=താണജാതിക്കാരൻ.

കാഞ്ഞിരമരമതു തരമായ് വരുമോ?
കെല്പൊടു ചെന്നു ഹരിപ്പതിനിന്നു വി–
കല്പമൊരല്പമെനിക്കില്ലറിവിൻ''

ഇങ്ങനെ വീരവാദം തങ്ങളിലുരചെയ്തു
തിങ്ങിന പടകളും തങ്ങളിൽ വട്ടംകൂട്ടി
വില്ലും കുലച്ചുകൊണ്ടു തെല്ലും മടികൂടാതെ
പല്ലും കടിച്ചു പല മല്ലും നടിച്ചു പുന–
രൊട്ടും കുറകൂടാതെ കൊട്ടും വെടിയുമുല–
കെട്ടും മുഴക്കിത്തുടങ്ങീട്ടു പരിചു പല–
കൂട്ടം നൃപൻമാർ വന്നു കോട്ടപ്പുറം നിറഞ്ഞു.
കടുത്തുള്ള കോപത്തോടങ്ങടുത്തു കൃഷ്ണനെച്ചെന്നു
തടുത്തു ദുർഭാഷണങ്ങളെടുത്തു തൂകിത്തുടങ്ങി;

''നില്ലെടാ കൃഷ്ണാ! നിന്നുടെ കുസൃതികൾ
നല്ലടവല്ലിതു വല്ലവനാ[1]കിലു–
മില്ലൊരു കില്ലിഹ വല്ലവ![2] നിന്നുടെ
വല്ലഭയല്ലിവളെന്നു ധരിക്ക
നല്ലൊരു വംശേ വന്നു പിറന്നൊരു
നല്ലാർകുലമണി രാജകുമാരിയെ
വല്ലാതൊരു കുടിലൻ വന്നിങ്ങനെ
കല്യാണത്തിനു കാംക്ഷിച്ചതിനാൽ
പല്ലുകളിരുപതുമെട്ടും നാലും
എല്ലാമിങ്ങു തകർത്തീടും തട–
വില്ലാതുള്ളൊരു വിരുതൻമാർ പല–
വില്ലാളികളൊരുമിച്ചു വരുമ്പോൾ
മല്ലാദികളെക്കൊന്ന പരാക്രമ–
മല്ലാതൊരു വിരുതില്ല നിനക്കതു–
മെല്ലാമറിയാമമ്മാവനെയും
കൊല്ലാൻ മടിയില്ലാത്തൊരു മൂഢാ!
ചൊല്ലാമിനിയും പൂതനയെന്നൊരു
മല്ലാക്ഷിയെയും വധംചെയ്തൊരു നീ
നല്ലവനോ ശിവ! നരപതിസഭയിൽ
ചെല്ലാനൊരു ചിതമില്ല നിനക്കെടാ;
നോക്കെട നീ പുനരടവികൾതോറും
ഗോക്കളെ മേച്ചു നടന്നവനല്ലേ!
ശാക്കടെകൂട്ടു കലങ്ങളുടച്ചും
പാൽക്കൊതിയൻ നീ പാഞ്ഞുനടന്നും
വെണ്ണ കവർന്നുമൊളിച്ചുതിരിച്ചും

[1] വല്ലവൻ = ശക്തൻ.
[2] വല്ലവൻ = ഇടയൻ (ഗോപൻ).

പെണ്ണുങ്ങടെ മുണ്ടുകൾ മോഷ്ടിച്ചും
കണ്ണിൽ കണ്ടതു കട്ടുമുടിച്ചൊരു
കണ്ണാ! നിന്നുടെ കപടമിതെല്ലാം!
കണ്ടും കേട്ടും പെരുവഴി നിന്നെ–
ക്കൊണ്ടു ദുഷിക്കും ജനമേയുള്ളു.
ചെണ്ടക്കാരൊരുകൂട്ടം യഷ്ടികൾ
ഉണ്ടിഹ നിന്നെബ്ബഹുമാനിപ്പാൻ
അണ്ടികൾ ചപ്പിയഹസ്സു കഴിക്കും[1]
ചണ്ടികളൊരുവക ഗോപാലൻമാർ;
പണ്ടിവനെപ്പോൽ മററൊരു മാനുഷ–
നുണ്ടായീലെന്നിങ്ങനെ വാഴ്ത്തി–
ക്കൊണ്ടാടുന്നോരിടയൻമാരെ–
ക്കണ്ടാലുടനടികൂട്ടാൻ തോന്നും
വേണ്ടാസനമെന്നൊരു തൊഴിലേയിവ–
നുണ്ടായന്നേയറിയുന്നുള്ളു–
ഏതൊരു ജാതിയിലുള്ളവനെന്നതു–
മേതുമൊരുത്തനു പിടിപാടില്ലാ;
ആയുധവിദ്യയുമഭ്യാസങ്ങളു–
മായതിവർക്കറിവാൻ വശമില്ല;
വീര്യവുമില്ലൊരു ശൗര്യവുമില്ലൊരു
കാര്യാകാര്യവിചാരവുമില്ലാ.

ധനവുമില്ല ജനവുമില്ലിവർക്കൊരു
ഘനവുമില്ല നിനവുമില്ല നല്ലൊരു
ഗുണവുമില്ല പണവുമില്ല ബാന്ധവ–
ഗണവുമില്ല തൃണസമാനമിങ്ങനെ

സമർത്ഥനെന്നൊരു നടിപ്പുമുണ്ടതി–
ലനർത്ഥമെന്ന്യേ വരത്തുമില്ലിഹ
കിമർത്ഥമിങ്ങനെ തിമർത്തു വമ്പട
തകർത്തു വന്നതു തടുപ്പതിന്നൊരു
മിടുക്കുമില്ലങ്ങു നടപ്പിനമ്പൊടു
പടുക്കളെ! നല്ല കരുത്തനായവ–
നൊരുത്തനില്ലതി, നുരത്തുവന്നൊരു
മരത്തിനല്ലലു വരുത്തുവാനൊരു
പരുത്തി പോരുമോ! മരുത്തുതൻമക–
നടുത്ത സോദരനടുത്തു, ഫൽഗുന–
നടുത്തു വാ, പുനരുരത്തു നിന്നുടെ

[1] അഹസ്സു കഴിക്കുക (ശൈലി) = നിത്യവൃത്തികഴിക്കുക.

പടുത്വഭാവവുമെടുത്ത വില്ലിനു
കൊടുത്തനിൻ കണ മടുത്തുപോവതിനടുത്തു രണഭുവി

ഇത്ഥം പറഞ്ഞുകൊണ്ടു യുദ്ധം തുടങ്ങീടുവാൻ
നേർത്ത നൃപൻമാരെത്തടുത്തു ഗാണ്ഡീവവുമെ-
ടുത്തു കോപവുമുള്ളിലടുത്തു വിരവിനോട-
ടുത്തുചെന്നുരത്തു പടുത്വമുള്ള ഫൽഗുനൻ:

‘‘കുടിലൻമാരേ, മതിമതി നിങ്ങടെ
ചടുലതപെരുകിന ചാപലവാക്കുകൾ
പിടിപിടിപിടിയെന്നെത്തിക്കൊണ്ടാൽ
വിടുമുടനിവരിക്കന്യകയെപ്പുന-
രെന്നൊരു മോഹംകൊണ്ടു ജളൻമാർ
വന്നു വളഞ്ഞു പറഞ്ഞതു കൊള്ളാം
നന്നിതു നിങ്ങടെ ദുരഹങ്കാരമ-
തിന്നു ശമിക്കുമതോർത്തീടേണം.
കൂററൻമാരുടെ കുത്തുകൾകൊണ്ടഥ
തോററു ഗമിച്ച സമർത്ഥൻമാരുടെ
മാററിത്തം പുനരേവനുമോർത്താൽ
മാററിക്കൊൾവാനെളുതല്ലേതും
കുറുനരി ലക്ഷം വന്നാലിന്നൊരു
ചെറുപുലിയോടു പിണങ്ങാനെളുതോ?
മുറിമൊഞ്ചൻമാ[1]രാകിന നിങ്ങടെ
മറിമായംകൊണ്ടെന്തു ഫലിക്കും?
പൊറുതികെടുപ്പാൻ മോഹിച്ചവരുടെ
അറുതിപെടുപ്പാനർജ്ജുനനിഹ ഞാൻ
തുരുതുരെ ബാണമയയ്ക്കുന്നേരം
തെരുതെരെ മണ്ടിയൊളിക്കും നിങ്ങൾ
കർണ്ണൻ ശകുനി സുയോധനനും പുന-
രർണ്ണവമിവ ബഹു സഹജൻമാരും[2]
കർണ്ണാടാദികളാകിന പലപല
കർണ്ണേജപരാമരചൻമാരും
ദുർജ്ജനവൃന്ദമശേഷമണഞ്ഞിഹ
ഗർജ്ജനഘോഷം ചെയ്കനിമിത്തം
അർജ്ജുനനുടെ ശരവഹ്നിയിൽ വീണിഹ
ഭഞ്ജനമിന്നു ഭവിപ്പാറായി.
ഇജ്ജനമാരെന്നുള്ള വിചാരവു-

[1] മുറിമൊഞ്ചൻമാർ = മുറിശ്ശുണ്ഠിക്കാർ. മൊഞ്ച് = കോപം. ‘മുറി മഞ്ചൻമാർ’—എന്ന പാഠം ഉച്ചാരണഭേദംകൊണ്ട് വന്നതാണ്.

[2] അർണ്ണവമിവ ബഹുസഹജൻമാരും = കടലുപോലെ വർദ്ധിച്ച അനുജൻമാരും.

മിജ്ജളരാകിനനിങ്ങൾക്കില്ലാ
ലജ്ജയുമില്ല ലഘുത്വവുമില്ലാ
സജ്ജന ദുർജ്ജന ഭേദവുമില്ലാ
പിടിയാത്തവരുടെ വികൃതികൾ കണ്ടാൽ
മടിയാതവരുടെ തലമുടി ചുററി—
പിടിയാത്തവനതി ഭോഷൻ വടികൊ—
ണ്ടടിയാത്തവനതിനേക്കാൾ ഭോഷൻ;
മുടിയാനൊരുവക നോക്കീട്ടൊരുവക
തടിയൻമാരിവർ വന്നിഹ ചാടി
കടിയാപ്പട്ടികൾ നിന്നു കുരച്ചാൽ
വടിയാലൊന്നു തിരിച്ചാൽ മണ്ടും
ചതിയൻമാരിവർ കന്യാമണിയിൽ—
ക്കൊതിയൻമാരായ് വന്നതുമൂലം
മതിയാംവണ്ണം മാനക്കേടുക—
ളതിയായിട്ടു ലഭിച്ചേ പോവൂ
ഋഷിജനവന്ദിതനാം ഭഗവാനെ
ദുഷിവാക്യങ്ങൾ പറഞ്ഞ ശഠൻമാർ
കൃഷിയിൽ കെടുകാര്യങ്ങൾ പിണഞ്ഞൊരു
കൃഷികാരൻമാരെന്നതുപോലെ
കഞ്ഞികുടിപ്പാൻ വകയില്ലാഞ്ഞവർ
മുഞ്ഞിമയങ്ങി മുടങ്ങിയടങ്ങി
പഞ്ഞികൾപോലൊരു പശയില്ലാതെ
പാഞ്ഞു തളർന്നു നടന്നീടേണം.
ആർക്കും പറവാൻ ചിതമല്ലാത്തൊരു
വാക്കുകൾ വന്നു പറഞ്ഞൊരു നിങ്ങടെ
നാക്കുകൾ കണ്ടിച്ചതു പുനരഗ്നിയി—
ലാക്കിയെരിച്ചേ മതിയാവുള്ളു.
ലാക്കു മുറിച്ചതുപോലേ നിങ്ങടെ
മൂക്കു മുറിപ്പാനിന്നിഹ ഫൽഗുന—
നൂക്കുണ്ടെങ്കിലതും വരുമെന്നും
മൂർഖൻമാരേ ബോധിക്കേണം.
ആർക്കു പിറന്നവർ നിങ്ങളഹോ! കുല—
മോർക്കുമ്പൊഴുതു കുഴപ്പമിതെല്ലാം
പോർക്കുവിളിച്ചു രിപുക്കൾ വരുമ്പോൾ
പോർക്കുകണക്കിനെ ഓടിയൊളിക്കും.
ഉശിരുള്ളോർക്കു പിറന്നേ മക്കളു—
മുചിതസ്ഥാനേ ചെന്നു രമിപ്പൂ
അശുഭൻമാർക്കു പിറക്കനിമിത്തം

പശുവേപ്പോലൊരു വസ്തൂ തിരിയാ;
കിട്ടിയതെല്ലാം ഭക്ഷിക്കാമൊരു
പട്ടിക്കും ബഹുമാനവുമില്ലാ
നാടു മുടിപ്പാൻ വന്നു ജനിച്ചവർ
നാലഞ്ചല്ലൊരു നാല്പതുലക്ഷം
കാടുമുടിക്കും കപികൾകണക്കെ
നാടുകളൊക്കെ നിറഞ്ഞു ചമഞ്ഞു.''

ഇത്തരമർജ്ജുനവചനമിതെല്ലാം
സത്വരമമ്പൊടു കേട്ടു കയർത്തഥ
പാർത്ഥിവവീരൻമാർ വിരവോടേ
പാർത്ഥനെ നേർത്തുരചെയ്തുതുടങ്ങി:

''ആർക്കു പിറന്നവരെന്നു പറഞ്ഞൊരു
വാക്കു നിനക്കു പിഴച്ചിതു പാർത്ഥാ!
നിങ്ങടെകൂട്ടു പലർക്കു പിറന്നവർ
ഞങ്ങടെ കുലമതിലില്ലിഹ മൂഢാ!

കന്യക പെററൊരു ദേഹം, തന്നുടെ
തമ്പി വിവാഹം ചെയ്തൊരു സുന്ദരി—
തന്നെപ്പൂണ്ടവനന്നു ജനിച്ചൊരു—
തനയൻ നിന്നുടെ താതൻ പാണ്ഡു;

ചേട്ടൻ കുരുടനവന്നു സുതൻമാർ
ചിലരുണ്ടായതുമിങ്ങനെ കൊള്ളാം;
അനുജൻ പിന്നെ വിവാഹം ചെയ്തി—
ട്ടതിലുണ്ടായവരെവർ ഭവാൻമാർ

നിങ്ങടെ താതൻ നല്ലൊരു സുഭഗൻ
നിങ്ങടെ ജനിനയുമങ്ങനെതന്നെ
വേളികഴിഞ്ഞേപ്പിന്നവർതങ്ങളിൽ
മേളിച്ചൊരു സുഖമുണ്ടായില്ല;

ഭർത്താവവളെത്തൊട്ടിട്ടില്ലവൾ
ഭർത്താവിനെയും തൊട്ടിട്ടില്ലാ
മക്കളവൾക്കൊരു നാലഞ്ചുളവായ്
ആർക്കു പിറന്നെന്നാരറിയുന്നു!

കാട്ടാളൻമാരെന്ന്യേ മററൊരു
കൂട്ടക്കാറരുമില്ലാതുള്ളൊരു
കാട്ടിലിരിക്കും കാലത്തവളുടെ
ഗോഷ്ടികളാരാനറിയുന്നുണ്ടോ!

അന്നുപിറന്നവരൈവരുമായതി—
ലന്നൊരു തടിയനൊരാനകണക്കെ
അങ്ങനെയുള്ളവരഞ്ചുജനങ്ങളു—

മിങ്ങനെ വന്നു വളർന്നൊരു ശേഷം
വേളികഴിച്ചാരെവരുമായൊരു
ധൂളിപ്പെണ്ണിനെ മടികൂടാതെ;
ചേട്ടനുമനുജൻമാർകളുമവളുടെ
പാട്ടിലൊതുങ്ങി വസിക്കുന്നിപ്പോൾ
ചേട്ടയ്ക്കും പുനരില്ലൊരുനാണം
ചേട്ടനുമനുജനുമെല്ലാമൊക്കും;
ഇങ്ങനെയുള്ളൊരു വിജയാ! നീയിഹ
ഞങ്ങടെ ദോഷം ഘോഷിക്കുന്നോ?
തൻെറ പെരുക്കാൽ മണ്ണിലൊളിച്ചപ-
രൻെറ പെരുക്കാൽ കണ്ടു ചിരിക്കും
ദുർജ്ജനപടുവാമർജ്ജുന! നിന്നുടെ
ഗർജ്ജനമിതുമതി പോരും നന്ന്!
തന്നത്താനറിയാത്ത ജളൻമാർ
തന്നുടെ ഘനമതു താനേ കളയും.
'കഃ കാലഃ കാനി മിത്രാണി
കോ ദേശഃ കൗ വ്യയാഗമൗ
കശ്ചാഹം കാ ച മേ ശക്തി-
രിതി ചിന്ത്യം മുഹുർമ്മുഹുഃ'
കാലം മമ ശുഭമോ നമ്മുടെ
മൂലം ഭുവി ഗുണമോ സാംപ്രത-
മാലംബനമുളവാമോ അനു-
കൂലം പരദൈവമെനിക്കുപ-
ദേശം ഫലസിദ്ധിവരാനിതു
ദേശം ചിതമായിതുകൊണ്ടൊരു
നാശം ലഭിയാതെവരാനവ-
കാശം വരുമോ പുനരിന്നൊരു-
കാശും കിടയാതെ നമുക്കൊരു
മോശം വരുമോ ഇനി നല്ല പ്ര-
കാശം ഫലമോ ധനധാന്യവി-
നാശം ബലമോ ശിവശങ്കര!
ആയതു ഞാനും നമ്മുടെ പേ-
രായതുമെന്തയ്യോ! ഒരു പേ-
രായതുമാരാകുന്നതു പേ-
രായിരമുള്ളോനെന്നുടെ നാ-
രായണനല്ലാതിങ്ങൊരു പാ-
രായണമെന്തെന്നുള്ളതു പാ-
രാത്തവനാരാകും ബഹു പോ-
രാത്തവനെന്നല്ലോ വര നേ-
രായ വഴികൊണ്ടിന്നഥ

ചേരാത്ത വഴിക്കോ വന്നിഹ
പാരാതെ സമസ്തം സന്തത—
മോരാതെ നടക്കും യഷ്ടികൾ
തീരാത്തൊരു ദുർഘടസങ്കട
വാരാന്നിധിതന്നിലുഴന്നിടു—
മാരെങ്കിലുമിങ്ങനെയിതിനുടെ
സാരംപൊരുളെന്നു ധരിപ്പിൻ.''

മർമ്മതാളം

ഇത്തരമൊരു പരിഭവവചനമുരത്തുമടുത്തു തടുത്തും
സത്വരമഥ സകലമഹീപതിചംക്രമവിക്രമമോടേ
ഉദ്ധതശരനികരമുതിർത്തു മുതിർത്തു തകർത്തു തിമിർത്തു
യുദ്ധമധികമഖിലഭയങ്കരകളകളമത്ര തുടങ്ങി
കൊട്ടുകൾ പല കുഴൽവിളി നിലവിളി ശണ്ഠകളുണ്ടൊരു ദിക്കിൽ
വെട്ടുകൾ ചില തട്ടുകൾ മുട്ടുകൾ തടവുകൾ മററൊരുദിക്കിൽ
അടികളുമഥ പിടികളുമിടികളുമിളകിന പൊടികളുമുടനെ
അടിമുടി തടിപൊടിയുമൊരടവുകളുടനുടനങ്ങൊരുദിക്കിൽ
വില്ലുകളുടെ വിളയാട്ടം പടുതല്ലുകളെല്ലു തകർത്തും
കല്ലുകൾ മരമൊരുവക മല്ലുകൾ പല്ലുകടിച്ചു പൊടിച്ചും
പരിചകളുടെ ചടചടപടുരവമൊരു ദിശി പൊടുപൊടെ വെടിയും
കരികടെ കടുരടിതവുമടലതിലിടിപൊടി ഘടഘടഘോഷം
ചന്തമുടയ കുന്തമെടുത്തുപിടിച്ചു കളിച്ചു പുളച്ചും
ദന്തികളുടെ ദന്തമണച്ചുപിടിച്ചുമടിച്ചുമൊടിച്ചും
തുരുതുരെ വരുമുരുതരശരവരനിരകളുമൊരുദിശി ബഹളം
നരവരകുലവിരുതുകൾ ചിലരതു കരുതിന പാണ്ഡുതനൂജൻ
ഗാണ്ഡിവമഥ വില്ലുമെടുത്തു കുലച്ചു വലിച്ചുപിടിച്ചും
''പാണ്ഡവനൊടു പടപൊരുവാൻ വിരുതുള്ളവരൊക്കെ വരേണം
ഖാണ്ഡവവനമമ്പൊടു ചുട്ടുപൊടിച്ച മിടുക്കനെടുക്കും
താണ്ഡവമിഹ രണഭുവി വിരവൊടു കാണുവിനരചൻമാരേ!'

കുംഭതാളം

''പലപല വിരുതുകൾ പറയും—ചിലരുറകയും
ബഹുദൂഷണഭാഷണവും—പിന്നെ
പരിഭവമുടയൊരു പടകളും—പല കുടകളും
കൊടിയും പടവില്ലുകളും—തേരും
കുതിരകളനവധി കരികളും—പുനരരികളും
നിജ പൌരുഷവിരുതുകളും—എല്ലാം
മത, മതിയുടെ കൊതികളുംചില ചതികളും

ഇദമൊക്കെയുമിഹ—വിഫലം
പോരിനു വരികരിഖേടരേ—അതിമൂഢരേ!
അവിവേകികളായവരേ—ഇനി
പാരിടമതിലതി വീര്യവും—ഭുജശൗര്യവും
രിപുനരചംക്രമവിക്രമവും—ഇപ്പോഠ
മാരുതിസഹജനിലേല്ക്കുമോ—ബത തോല്ക്കുമോ
രിപുഖണ്ഡനചണ്ഡനഹം—ഏറ്റം
ദാരുണശരവരകോടിയും—പരിപാടിയും
പരിചോടിഹ—കാൺകധുനാ.*''
ഇത്തരമതികടുഭാഷണവും ഇടിയൊടു സമമുദ്ഘോഷണവും
സത്വരമൊരുവകദൂഷണവും സകലമിളകി മണിഭൂഷണവും
ഉദ്ധതമൊരുദിശി വെട്ടുകളും ഉരുതരമൊരുവക കൊട്ടുകളും
ഉദ്ധതപെരുകിന മുട്ടുകളും മുഹുരപി കരതലതട്ടുകളും
തങ്ങളിലൊരുദിശി തല്ലുകളും തടവുകളടവുകളള്ളുകളും
തിങ്ങിന ശരപടവില്ലുകളും തെരുതെരെയൊരുവഴി കല്ലുകളും
കുത്രചിദരികടെ ചാക്കുകളും കുഹചന പലപലവാക്കുകളും
ക്ഷത്രിയവരരുടെ നോക്കുകളും ക്ഷണമുടനൊരു
ദിശിനീക്കുകളും
വിക്രമമൊടു പടകൂടുകയും വിരവൊടുചിലരുടനോടുകയും
അക്രമമൊരുവകപാടുകയും അതിശയമൊടുചിലർചാടുകയും
താഡനമൊരുവക കൊള്ളുകയും തടിമുടിപിടിയൊടു
തള്ളുകയും
പാടവമൊടു ചിലർ തുള്ളുകയും;
കടുക്കനെച്ചിലരടുക്കയും കരത്തിലായുധമെടുക്കയും
കടന്നു വെട്ടുകഠ കൊടുക്കയും കരങ്ങഠകൊണ്ടതു തടുക്കയും
ഇടയ്ക്കിടെച്ചിലർ നടക്കയും;
ചിലരിരിക്കയും ചിലർ തിരിക്കയും
ചിലർ മരിക്കയും ചിലരുരയ്ക്കയും
ചിലർ കളിക്കയും ചിലരൊളിക്കയും
ചിലരിളിക്കയും ചിലർ പുളയ്ക്കയും
ചിലർ തെളയ്ക്കയും ചിലർ തുളുക്കയും
ചിലർ തളിക്കയും ചിലരടിക്കയും
ചിലർ പിടിക്കയും ചിലർ പൊടിക്കയും
ചിലർ കടിക്കയും ചിലർ മടിക്കയും
ചിലർ മുടിക്കയും മധു കുടിക്കയും
ചിലർ മരിക്കയും ചിലർ തിരിക്കയും.
വമ്പുകൊണ്ടു നേർത്തടുത്തു വന്നവ—
നമ്പുകൊണ്ടു കോർത്തുവീർത്തു വീഴുക

---

* 'പരിചോടിഹ കൺമതുമൂലം'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠത്തിനു താളഗുണം പോര.

തമ്പുരാനകമ്പടിക്കു വന്നവർ
മുമ്പിൽ വീണുരുണ്ടു മണ്ണുകപ്പുക
രണ്ടുകാലു രണ്ടു കൈകളും കണ—
കൊണ്ടു കോർത്തു വണ്ടുപോലുഴന്നൊരു
തണ്ടുതപ്പി രണ്ടുനാലു നാഴിക—
കൊണ്ടു കണ്ട കുണ്ടിൽ വന്നു ചാടുക
വില്ലുകൊണ്ടു തല്ലുകൊണ്ടൊരുത്തനു
പല്ലുമെല്ലുമൊക്കവേ തകർന്നിതു.

കല്ലുകൊണ്ടെറിഞ്ഞു കൊല്ലുക
കില്ലകന്നു മുഷ്ടികൊണ്ടു കുത്തുക
മുട്ടുകൊണ്ടു മൂക്കു പോയി വീഴുക
വെട്ടുകൊണ്ടു വേഗമോടു മണ്ടുക
പെട്ടുപോയ ഭൂമിപാലരെച്ചിലർ
പട്ടുകൊണ്ടു മൂടിയങ്ങെടുത്തൊരു
കട്ടിൽമീതിലിട്ടുകൊണ്ടു കെട്ടുക
വട്ടമിട്ടടുത്തുവന്നു കുത്തുക
വാട്ടമററ വാളെടുത്തു വെട്ടുക
കൂട്ടമോടണഞ്ഞുടൻ പിണങ്ങുക.

ഇങ്ങനെയുള്ളൊരു സമരാരംഭേ
തിങ്ങിനകോപമിയന്നൊരു പാർത്ഥൻ
തുംഗമതാകിന ഗാണ്ഡിവചാപം
ഭംഗിയിലാശു കുലച്ചു വലിച്ചഥ
ബാണമെടുത്തു തൊടുത്തുടനേ തിരു—
വാണയുമിട്ടു രണങ്ങൾ തുടങ്ങി.
സായകനികരംകൊണ്ടൊരു നൃപനുടെ
ആയുധമമ്പതുനൂറു നുറുക്കി;
കായത്തേലൊരു മുറിവെന്നുള്ളതു—
മായവനെങ്ങുമതുണ്ടായില്ലാ;
നായൻമാരുടെ ചട്ടകൾ തൊപ്പികൾ
ആയിരശകലമതാക്കി മുറിച്ചു;
കാതിലണിഞ്ഞ കടുക്കൻ പോയി
കാതിനു ഹാനി ഭവിച്ചതുമില്ലാ
കടകം പോയി കരം പോയില്ല
കടിസൂത്രങ്ങളശേഷം പോയി
കടിതടഭംഗം വന്നതുമില്ലാ
ഉടലിലൊരമ്പു തറച്ചതുമില്ലാ;
വെൺമയിലവരുടെ കോപ്പുകളെല്ലാം
എൺമണിപോലെ നുറുങ്ങിപ്പോയി

അസ്ത്രസമൂഹംകൊണ്ടങ്ങവരുടെ
വസ്ത്രമശേഷവുമാശു തകർന്നു
ഭഗ്നരഥൻമാരവനീശൻമാർ
നഗ്നൻമാരായ് നാണംകെട്ടഥ
ഭാവക്ഷയവുംപൂണ്ടുടനഖിലം
ധാവതിചെയ്തൂ ധരണിതലാന്തേ.

''നഗ്നജിൽപുത്രിതന്നിൽ മഗ്നൻമാരായി വന്നു
ഭഗ്നൻമാരായെന്നല്ല നഗ്നൻമാരായി നിങ്ങൾ
നാണയക്കേടും വന്നു നാണവുംകെട്ടു നല്ലോ—
രാണിനു പിറന്നവരല്ലെന്നും വന്നു നിങ്ങൾ
ഊണിനു മാത്രം കൊള്ളാമൂഴിക്കു നാഥൻമാരായ്
വാണീടുന്നെന്തിനയ്യോ! വല്ലാത്ത ഭോഷൻമാരേ!
പാണിയിലുള്ള വില്ലും ബാണവും കളഞ്ഞോരോ—
കോണിലൊളിച്ചുകൊണ്ടു വാണീടാമിനിമേലിൽ
പ്രാണങ്ങൾ പോയെങ്കിലോ പ്രാഭവം പോകയില്ല
ആണല്ലാതവർക്കുണ്ടോ ആയതു സാധിക്കുന്നു
കാളകളെബ്ബന്ധിപ്പാനാളല്ലാതായ നിങ്ങൾ
കോളല്ലാതെകണ്ടോരോ ഗോഷ്ടികൾ ഭാവിച്ചതു
താളമതില്ലാതൊരു മേളക്കാരനെപ്പോലെ
നാളേക്കുമാകാ നിങ്ങൾ നീളേക്കുമാകാ നിങ്ങൾ
വാശിക്കു വന്നു യുദ്ധം ഭാവിച്ചു തോററ നിങ്ങൾ
കാശിക്കുപൊയ്ക്കൊണ്ടാലും കശ്മലപ്പാഴൻമാരേ!
ക്ലേശിക്കുന്നെന്തേ നല്ല രാശിക്കു പിറക്കാഞ്ഞാൽ
മീശയ്ക്കു വീര്യമൊരു വീശത്തിനില്ലാതാകും
പെണ്ണിൻെറ രൂപം കണ്ടു കാംക്ഷിച്ച നിങ്ങൾക്കിപ്പോൾ
കണ്ണിൻെറ മാററിത്തത്താൽ കാൺമാനുംകൂടെ കിട്ടാ
പൊണ്ണൻമാരെന്തുമൂലം പോരിന്നു വന്നതിന്നു
കർണ്ണൻെറ വൈരിയുടെ കാഠിന്യമറിവാനോ
ഖാണ്ഡവം ചുട്ടെരിച്ച പാണ്ഡവവീരൻതൻെറ
ഗാണ്ഡീവചാപത്തിൻെറ താണ്ഡവം ഗ്രഹിപ്പാനോ
അയ്യയ്യോ! ഭോഷൻമാരേ! അയ്യയ്യോ! മൂഢൻമാരേ!
പൊയ്യല്ല നിങ്ങളുടെ മൈയങ്ങ[1]ളൊന്നും കൂടാ.''

ഇത്തരമുള്ളൊരു വിപ്രൻമാരുടെ
സത്വരപരിഹാസോക്തികൾ കേട്ടഥ
ക്ഷത്രിയരെല്ലാം ചെവിയും പൊത്തി
ക്ഷണമിഹ ധാവതിചെയ്തൊരു ശേഷം
ഭീമസഹോദരനാകിന വിജയൻ

---

[1] മൈയങ്ങൾ = മോഹങ്ങൾ.

രാമസഹോദരസവിധേ ചെന്നഥ
താമസരഹിതം താണുവണങ്ങി
താമരസേക്ഷണനോടുരചെയ്താൻ;

പദം 1. മോഹനം—മുറിയടന്ത

പല്ലവി

''ദേവമുകുന്ദ! ജയജയ ദേവമുകുന്ദ!

അനുപല്ലവി

കേവലപുരുഷ! കേട്ടരുളീടുക
കേവലമെൻ മൊഴി കേശവശൗരേ! (ദേവമുകുന്ദ!)

ചരണങ്ങൾ

1. പങ്കജനയന ഭവാനുടെ കിങ്കരനടിയൻ
ശങ്കവിട്ടു വരുന്ന നരപതിസംഘമാശു ജയിച്ചു രണഭുവി
നിൻകടാക്ഷബലേന വിജയനു
സങ്കടാദികൾ കിമപി നഹി നഹി (ദേവമുകുന്ദ!)

2. അസ്ത്രങ്ങൾ പോയി അവർക്കങ്ങു ശസ്ത്രങ്ങൾപോയി
അത്രയല്ലുടുക്കുന്ന വസ്ത്രങ്ങളും പോയി
ഗാത്രങ്ങൾ മുടങ്ങീലതു—
മാത്രമുള്ളൊരു ലാഭം (ദേവമുകുന്ദ!)

3. സരസഘനാഭ! സനാതന! സരസിജനാഭ!
ചരമവാരിധിതന്നിൽ പരിചൊടേ വിളങ്ങുന്ന
പുരിതന്നിലകം പുക്കു
പുരുമോദാൽ മരുവുക (ദേവമുകുന്ദ!)

4. സത്യാവിവാഹം കാൺമാൻ നമുക്കത്യന്തം മോഹം
സത്യസംഗരനാഥ! നിത്യ! നിർമ്മലാകാരാ!
നരകമോചന! നളിനലോചന!
നന്ദനന്ദന! സുന്ദരാനന! (ദേവമുകുന്ദ!)

5. വിരതസന്ദേഹം ഹരേകൃഷ്ണാ: വരദ: വന്ദേഹം
തരുണമേഘസമാകൃതേ: തവകരുണവേണമനാരതം മയി.
ചരണപങ്കജമേവ തേ മമ
ശരണമതുമിനി വരണമഴകൊടു'' (ദേവമുകുന്ദ:)
ദ്വാരവതീപുരിതന്നിൽ വസിക്കും
പൗരജനങ്ങളുമംഗനമാരും
സീരവരായുധനാം ബലദേവനു—
മാരണവൃന്ദവുമെന്നിവരെല്ലാം
കേളിപരായണനാകിന കൃഷ്ണൻ
വേളികഴിച്ചൊരു സുന്ദരിയോടേ

---

1. ഈ പദത്തിന്റെ ഉചിതസംസ്ക്കരണത്തിനവലംബം തുള്ളൽക്കാരുടെ പഴയ വായ്പാഠം.

മേളിതനായിയെഴുന്നരുളുന്നൊരു
കേളിനടന്നതു കേട്ടതിമോദാൽ
മാളിക മണിഗൃഹവാടികൾ മേടകൾ
കേളിമഹാമണിമണ്ഡപവീഥികൾ
കാളിനികേതനമങ്ങാടികളുടെ
പാളികളെന്നിവ മന്ദിരമെല്ലാം
വെള്ളികൾകൊണ്ടും കനകംകൊണ്ടും
വെള്ളപ്പുടവകൾ പട്ടുകൾകൊണ്ടും
വെള്ളരി മലരവിലെന്നിവകൊണ്ടും
വെള്ളക്കുട കൊടി കോടികൾ[1]കൊണ്ടും
സ്ഫുടതരമഖിലമലംകൃതമാക്കി–
പ്പടുപടഹങ്ങളടിച്ചു മുഴക്കി
ഭടജനപടകളുമിടചേർന്നൻപൊടു
കടലുടെ തടമതിൽ വന്നു നിറഞ്ഞു.
പടവുകൾ വഞ്ചികൾ വള്ളം തോണികൾ
പടവേറുഞ്ചില കപ്പലുമെന്നിവ
കടലിലിറക്കിപ്പായും കെട്ടി
അടനമ്പുകളും തണ്ടുകളും പുന–
രിടയിൽ നെടുത്ത കഴുക്കോലുകളും
വടിവിലെടുത്തു തുഴഞ്ഞുംകൊണ്ടഥ
ഭടജനമനവധി കടലുടെനടുവെ
കടൽനിറമുടയൊരു പുരുഷനകമ്പടി
കൂടുവതിന്നുടനക്കരെപററി
കാടുകൾ വെട്ടി വെളിപ്പിച്ചുടനെ
കോടുകളൊക്കെ നിറഞ്ഞഥ നിന്നാർ
പാടവമോടു യദുപ്രവരൻമാർ.
കോടക്കാർമുകിൽവർണ്ണൻ മാധവ–
നതികുതുകേന രഥത്തേലേറി
കോസലനൃപനൊടു യാത്രയുമരുളി
ഭൂസുരവരനികരത്തൊടുകൂടി
ഭാസുരവേഷവിശേഷമനോഹര–
നാസുരകുലരിപു യാത്ര തുടങ്ങി;
കോടക്കാർമുകിൽവർണ്ണൻതന്നൊടു
കൂടിവരുന്നൊരു കന്ന്യാമണിയുടെ
മോടികൾ കാൺമാൻ പൗരസ്ത്രീകളു–
മോടിവിയർത്തഥ വരവുതുടങ്ങി;
മാടണിമുലമാരുടനേ വെൺകളി–
മാടങ്ങളിലും മണിമേടകളിലു–

---

1. കോടികൾ = കോടി വസ്ത്രങ്ങൾ.

മാടലകന്നു കരേറിയിരുന്നിതു
പേടമൃഗീമിഴിമണിയെക്കാൺമാൻ
താച്ചപ്പെൺകൊടി[1]മാരവരപ്പോൾ
പൂച്ചക്കതകു തുറന്നഥ നോക്കി—
ച്ചേർച്ചക്കാരൊടുമല്ലാതുള്ളൊരു
ചാർച്ചക്കാരൊടുമുരചെയ്യുന്നു:
''നല്ലൊരു പെണ്ണിവൾ കൊച്ചനുജത്തി
തെല്ലൊരു ദോഷം പറവാനില്ലാ
പല്ലും ചൊടിയും കണ്ണും മുഖവും
എല്ലാമെത്രയുമതിരമണീയം
കാതുകൾ തലമുടി മുലയിണയും പുന—
രേതുമവൾക്കൊരു കുറവില്ലറിവിൻ
കാതില മോതിരമാമത്താലികൾ
ആദരവോടിഹ കോപ്പുകളെല്ലാം
കൗതുകമുണ്ടിതു കണ്ടാൽ നല്ലൊരു
ജാതകമെന്നേ പറവാനുള്ളു;
മാധവദേവനു മഹിഷിയതാവാ—
നേതും കുറവില്ലെന്നു ധരിപ്പിൻ
തണ്ടാർശരനും രതിയും തങ്ങളി—
ലുണ്ടായ്‌വന്നൊരു ചേർച്ചകണക്കിനെ
വണ്ടാർകുഴൽമണിയാളാമിവളെ—
ക്കൊണ്ടാടീടിന മധുസൂദനനെ—
ക്കണ്ടാൽ നല്ലൊരു പരമാനന്ദമ—
തുണ്ടാമഖിലജനത്തിനുമിപ്പോൾ.
പണ്ടുള്ളവരിലൊരുത്തനുമിക്കഥ—
കണ്ടു സുഖിപ്പാൻ കഴിവന്നീലാ
തലയിലെഴുത്തിനു ഗുണമുണ്ടെങ്കിൽ
തരമായുള്ളൊരു പുരുഷനുമുണ്ടാം
തലയും മുലയും നന്നെങ്കിലുമൊരു
വിലപിടിയാത്തവർ നാമെല്ലാരും
നമ്മുടെ നായർക്കൊരു തെളിവില്ലാ
ദുർമ്മുഖമല്ലാതില്ലൊരു നേരം
മറെറാരു പുരുഷൻ വീട്ടിൽ വരുമ്പോൾ
നെററിചുളിച്ചു വിളിച്ചുതുടങ്ങും
കുററം വരുമതു പേടിച്ചവനഥ
വെററ കൊടുപ്പാനിങ്ങെളുതല്ല
കള്ളനവൻ മുതലുള്ളതശേഷം

---

[1] താച്ചപ്പെണ്ണുങ്ങൾ = കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുക പ്രധാനജോലിയാക്കി പ്രഭുഗൃഹങ്ങളിൽ നില്ക്കുന്ന വേലക്കാരികൾ. ഇവരെ 'താച്ചികൾ' എന്നു പഴയ കാലത്തു വിളിച്ചുവന്നു. തായച്ചികൾ. ചേടികളെന്നു ചുരുക്കം.

കള്ളുകുടിച്ചു കുടിച്ചു മുടിച്ചു
പള്ളപൊറുപ്പാനില്ലാഞ്ഞവനുടെ
തള്ളയിരന്നു നടന്നീടുന്നു

കാളകൃഷിക്കവനാളല്ലേതും
വാളെല്ലാം പണയത്തിലുമാക്കി;
പാളപിടിച്ചു നടക്കെന്ന്യേയിനി
നാളേക്കൊരുവഴി കാണുന്നില്ല.''

എന്നതു കേട്ടു പറഞ്ഞൊരു നാരി:
''എന്നുടെ സങ്കടമാരറിയുന്നു;
ഇയ്യിട നമ്മുടെ നായർ പിണച്ചൊരു
വയ്യാവേലികൾ വളരെ വിശേഷം

അങ്ങേനിപ്പോളെന്നൊടു തെല്ലും
ചങ്ങാതിത്തമതില്ലെന്നല്ല
എങ്ങാനും ഞാൻ പോയി മുടിഞ്ഞാൽ
മംഗലമെന്നൊരു ഭാവവുമായി

നിച്ചിരിയച്ചാരിന്നാളെന്നുടെ
മച്ചിനകത്തു കടന്നഥ വന്നു
കച്ച വലിച്ചതു തീയിലെരിച്ചും
കൊച്ചിനെ വന്നു പിടിച്ചു വലിച്ചും

കൈക്കു പിടിച്ചും തമ്മിലടിച്ചുമ-
ടുക്കളപുക്കു കലങ്ങളുടച്ചും
തക്കത്തിൽ ചില കടിപിടികൂടി
ഉച്ചത്തിൽ ചിലർ കൂക്കുവിളിച്ചും

കോയിക്കൽ ചെന്നങ്ങറിയിച്ചു
സ്ഥായിക്കാർ ചിലരെന്നേ വേണ്ടു;
കാര്യക്കാരതു കേട്ടുടനേ നാ-
ലാര്യപ്പട്ടൻമാരെയയച്ചു;
പട്ടൻമാർ വന്നെന്നുടെ വീട്ടിൽ
തൊട്ടതശേഷം തച്ചുമുടക്കി;
അമ്മാവൻമാർ തൂമ്പകിളച്ചി-
ട്ടമ്മാത്രം മുതലുള്ളതശേഷം
അമ്മാപാപികൾകൊണ്ടു തിരിച്ചു
ഉമ്മാനില്ലാതായി നമുക്കും.
ഊററക്കാരവരെങ്കിലുമങ്ങേ-
ക്കൂററുള്ളോർക്കൊരബദ്ധം വന്നു;
ചിരികണ്ടച്ചാർ ചെയ്തതു കേട്ടാൽ
ചിരിയാമെന്നേ പറവാനുള്ളു.
അങ്ങേക്കുററെക്കൊച്ചിളയച്ചി-

ക്കങ്ങേൻ പാതിപ്പുടവ കൊടുത്തു
തിങ്ങളി'ലെട്ടോ പത്തോ പുത്തനു—
മങ്ങേനവിടെച്ചെലവുമിടീക്കും;
അങ്ങനെ വാഴുംകാലം നായർ—
ക്കങ്ങൊരു കാര്യക്ലേശമതായി—
ട്ടിങ്ങു വരാറില്ലെന്നതു കേട്ടി—
ട്ടിന്നലെ രാവൊരു മോടിക്കാരൻ
പൊളിയില്ലിതുമിളയച്ചിപ്പെണ്ണിനൊ—
ടൊളിശയനത്തിനു വട്ടംകൂട്ടി;
കതകുമടച്ചവരിരുവരുമായി—
പ്പുരയിൽ പുക്കു വിനോദിക്കുമ്പോൾ
ചിരികണ്ടച്ചാർ ചുരികയുമായി
പുരവാതുക്കൽ ചെന്നു കരേറി;
ആയതു കേട്ടു രഹസ്യക്കാരൻ
നായർ കിടന്നു വിറച്ചുതുടങ്ങി
പുരമുറിതന്നുടെ കോണിൽക്കാണാം
പെരുതായുള്ളൊരു മങ്ങലിയപ്പോൾ
നായരെയങ്ങു പിടിച്ചുവലിച്ചവ—
ളായതിനുള്ളിലൊതുക്കിയിരുത്തി
പായും തുണിയുംകൊണ്ടതു മൂടി
പ്പരവശഭാവമടക്കിക്കൊണ്ടവൾ
കതകു തുറന്നാൾ പെൺകൊടിതാനു—
മകത്തു കരേറി വെട്ടമെരിച്ചവർ
വെററിലതിൻമാൻ വട്ടംകൂട്ടി
വസിക്കുന്നേരം മങ്ങലിതന്നിൽ
മടിഞ്ഞുകിടക്കും ചങ്ങാതിക്കു
വലഞ്ഞുതുടങ്ങി വീർപ്പുമടങ്ങി;
വീർത്തതിനുള്ളിൽ പാർപ്പാൻ വശമ—
ല്ലാഞ്ഞു പതുക്കെത്തലപൊക്കുമ്പോൾ
'ഇളയച്ചീ! എടി മങ്ങലി ഇളകാ—
നെന്തൊരു കാരണമെന്നുരചെയ്ക'
'കാടൻപൂച്ച കലങ്ങളുടച്ചു
പാടുപെടുത്തീടുന്നതു തീർപ്പാൻ
കൊതിയൻ പൂച്ചത്തടിയനെ ഞാനൊരു
ചതിയാലിന്നു പിടിച്ചതിലാക്കി'
''എന്നാലവനെക്കാണണമിന്നെ'—
ന്നന്നായർക്കു മനസ്സിലുറച്ചൊരു
തിരിയും കത്തിച്ചരികേ ചെന്നുട—

. തിങ്ങളിൽ = മാസത്തിൽ

നൊരു കൈകൊണ്ടു തുറന്നഥ നോക്കി;
'പൂച്ചക്കാടനു തലമുടിയുണ്ടോ?
പുതുമലർചൂടിന മോടിയുമുണ്ടോ?'
വാശ്ശതുമെന്നത്തലമുടി ചുററി വ–
ലിച്ചു പുറത്തു മറിച്ചുടനവനുടെ
മാറത്തൊന്നു തൊഴിച്ചതുകൊണ്ടും
മാറീലവനുടെ കോപം പിന്നെ
തിരികൊണ്ടവനുടെ മീശ കരിച്ചു
ചിരികണ്ടച്ചാരെന്നതു കണ്ട–
ങ്ങച്ചി കയർത്തങ്ങിടയിൽച്ചാടി
കച്ചവലിച്ചു കഴുത്തേൽക്കെട്ടി
അച്ചിരികണ്ടനെയവിടെയിഴച്ചു മ–
റിച്ചു മുടിക്കു പിടിച്ചുമടിച്ചും
അങ്ങനെയുള്ളൊരു കലശലുകൂട്ടീ–
ട്ടങ്ങനെയവിടെപ്പാകം വന്നു.
'ഇളയച്ചീ! നീ ചൊന്നതു കേൾക്കാം
പൊളിയല്ലെന്നെക്കൊല്ലരുതിതിനുടെ
പരമാർത്ഥത്തെച്ചൊല്ലുക'യെന്ന–
ച്ചിരികണ്ടച്ചാരഭയം പുക്കാൻ;
'ചൊല്ലാമിതിനുടെ പരമാർത്ഥം ഞാൻ

വല്ലാതുള്ളൊരു പൂച്ചത്തടിയനെ
വല്ലകണക്കും കെണിയിൽ പെടുവാ–
നുള്ളൊരു കൗശലമിന്നുണ്ടാക്കി;
മങ്ങലിതന്നിൽക്കെണിയുംവച്ചേ–
ച്ചങ്ങു കുളിപ്പാൻ പോയിതു ഞാനും
ഇങ്ങു വരുമ്പോൾ കെണിയിൽ പെട്ടോ
എങ്ങനെയെന്നതറിഞ്ഞതുമില്ലാ
മങ്ങലിതന്നിലനക്കം കേട്ട്
അപ്പോളതു ഞാൻ മൂടിക്കെട്ടി
ഇങ്ങനെയിതിനുടെ സംഗതി'യെന്നവൾ
ഭംഗി പറഞ്ഞറിയിച്ചതു കേട്ടഥ
പരമാർത്ഥംതാനെന്നക്കൊതിയൻ
ചിരികണ്ടച്ചാർക്കും ബോധിച്ചു;
'എങ്ങനെ കൂവാ! താനും വന്നീ
മങ്ങലിതന്നിൽ സംഗതി വന്നു?'
നായർ പറഞ്ഞറിയിച്ചാനപ്പോൾ
'മായമെനിക്കില്ലെന്നുടെ ചേട്ടാ!
മുന്നം ഞാനൊരു മുനിയുടെ മുന്നിൽ

ചന്നൊരു മാനിനെ വെട്ടിക്കൊന്നു;
വേടൻമാരെപ്പോലേ നമ്മുടെ
പേടമൃഗത്തെക്കൊന്നതുമൂലം
കാടൻപൂച്ചയതായിപ്പോ നീ
മൂഢാ! എന്നു ശപിച്ചു മുനീന്ദ്രൻ.
താപസേന്ദ്രനൊടു ഞാനുമിരന്നു
കോപമമ്പൊടു കളഞ്ഞരുളേണം
ശാപമോക്ഷമടിയന്നു തരേണം
പാപമൂലമിഹ വന്നു ഭവിച്ചു.
ചിരികണ്ടച്ചാരെന്നൊരു സുന്ദര—
പുരുഷൻ ഭൂമിയിലുളവാമിനിമേൽ
കൊച്ചിളയച്ചിയുമദ്ദേഹത്തി—
ന്നച്ചിയതായ്‌വരുമായതുകാലം
പൂച്ചത്തടിയൻ നീയങ്ങവളുടെ
മച്ചിലിരിക്കും മങ്ങലിതന്നിൽ
എന്നൊരു നാളിൽ ചെന്നു പതിക്കും
അന്നു നിനക്കു ശമിക്കും ശാപം
തന്നുടെ വേഷവുമന്നു ലഭിക്കും
എന്നു മുനീശ്വരനരുളിച്ചെയ്തു
എന്നൊരു മാർഗ്ഗവുമരുളി മുനീന്ദ്രൻ
വന്നതു കൊള്ളാമിന്നു നമുക്കും'
ചിരികണ്ടച്ചാരായതുകേട്ടു
ചിരിച്ചു പിടിച്ചു പുണർന്നുരചെയ്തു
'മുനിവരനിങ്ങനെ അരുളിചെയ്താ—
ലിനിയെന്തിങ്ങൊരു സംശയമിപ്പോൾ
അനുജാ! നീയും ഞാനും കൂടീ—
ട്ടിവളൊടു മേലിൽക്കൂടിനടക്കാം'
ഇങ്ങനെ തമ്മിൽ സമയം ചെയ്തവർ
തങ്ങളിലവിടെച്ചേർന്നു പിരിഞ്ഞു.''
ഇത്തരമോരോ കഥകൾപറഞ്ഞും
ചിത്തരസേന മുകുന്ദാഗമനം
കണ്ടു സുഖിച്ചാരംഗനമാരവർ
രണ്ടുവശത്തും മാളികമീതെ.

സത്യാസ്വയംവരം ഓട്ടൻതുള്ളൽ
സമാപ്തം

---

1. ഇവിടെ കഥ അവസാനിച്ചിട്ടില്ല. വിവാഹമഹോത്സവത്തിന്റെയും സദ്യയുടെയും വർണ്ണനയോടുകൂടിയ രണ്ടാംകളം പഴയകാലത്തു തുള്ളിയിരുന്നെന്നും ഇപ്പോൾ പ്രസ്തുതഭാഗം തോന്നിക്കുന്ന തുള്ളൽക്കാരില്ലെന്നും അന്വേഷണത്തിൽ അറിയുന്നു.

ഉത്തമപുരുഷൻ വെററിലയും തി–
ന്നുത്തമകാമിനിമണിയൊടു ചേർന്നഥ
മെത്തകരേറി മനോഭവലീലകൾ
ചിത്തസുഖേന കഴിപ്പതു കണ്ടു;
ഇന്നുമുരാന്തകനിവളൊടുകൂടി–
ച്ചേർന്നു ശയിക്കും ദിവസമതല്ലോ
എന്നതറിഞ്ഞു മുനീന്ദ്രൻ മററൊരു
മന്ദിരസീമനി ചെല്ലുന്നേരം
അവിടത്തിൽ പുനരംബുജനേത്രനു–
മവികലസുന്ദരിയായൊരു പെണ്ണും
പകിടകളിച്ചുംകൊണ്ടു രസിച്ചും
വികടവിനോദം വാണരുളുന്നു;
മററൊരു ഭവനേ ചെന്നു മുനീന്ദ്രൻ
പററിയൊളിച്ചഥ നോക്കുന്നേരം
കററക്കുഴൽമണിയൊരുവൾ മുകുന്ദനു
വെററ തെറുത്തു കൊടുപ്പതു കണ്ടു;
എതിർഗേഹാന്തേ ചെന്നു മുനീന്ദ്രൻ
കതകിൻ നികടേ നോക്കുന്നേരം
ചതുരൻ കൃഷ്ണനുമൊരുസുന്ദരിയും
ചതുരംഗം വയ്ക്കുന്നതു കണ്ടു;
വീണാധരമുനി മററൊരു ഭവനേ
കാണാതവിടെയൊളിച്ചഥ നോക്കി;
ചേണാർന്നീടിന മധുസൂദനനും
ഏണായതമിഴിയാകിന പെണ്ണും
വീണാവേണുവിനോദത്തോടേ
കാണായവിടെ രമിക്കുന്നതുമഥ;
പരഭവനാന്തേ ചെന്നു മുനീന്ദ്രൻ
പരമപുമാനെയുമവിടെക്കണ്ടു;
പരിമളമിളകിന മലയജമൊഴുകും
പരഭൃതമൊഴിയുടെ കുചഭരയുഗളം
പരിചൊടു തിരുമാർവ്വിടമിടചേർത്തഥ
പരമസുഖേന പുണർന്നീടുന്നു;
പ്രാണാധിപനാം മാധവനങ്ങനെ
ഏണീമിഴിയുടെ പാദസരോജേ
വീണാശു വണങ്ങീടുന്നതുമഥ*
കാണായ്‌വന്നിതു മററൊരു ഭവനേ;
നലമൊടു മററൊരു ഗേഹേ കൃഷ്ണൻ
ചലമിഴിയേ നിജ മടിയിലിരുത്തി

---

* 'വീണുവണങ്ങീടുന്നതുമുടനേ'—പാഠാന്തരം.

തലമുടി ചിക്കി വിടുർത്തീടുന്നതു
സുലളിതമവിടെക്കാണായ്‌വന്നു;
കലിതകുതൂഹലമന്യഗൃഹത്തിൽ
കലിമുനി[1]ചെന്നു കരേറുന്നേരം
ജലജദലേക്ഷണനേവം നല്ലൊരു
ചലമിഴിയേ നിജ മടിയിലിരുത്തി
മലയജപങ്കിലകുങ്കുമകളഭം
മുലകളിലണിയിക്കുന്നതു കണ്ടു;
കലഹപ്രിയമുനിതാനഥ മറെറാരു
നിലയംതന്നിൽ ചെല്ലുന്നേരം
വലരിപുസഹജനൊരംഗനതന്നുടെ
മുലയിണ മെല്ലെത്തൊട്ടുതലോടി
കലഹിക്കരുതേ കാമിനി! നിന്നുടെ
മുലയിണയാണേ മറെറാരു നാരിയെ
വലനം[2]ചെയ്തില്ലാശു സുശീലേ!
കലുഷത കള കള കളമൊഴിമൗലേ!
കുലദൈവതമേ വരിക സമീപേ
ബലഭദ്രാനുജനിങ്ങനെയവളൊടു
പലമൊഴി ഹന്ത കനിഞ്ഞു പറഞ്ഞു
കലഹം തീർത്തുടനവടെ ലലാടേ
തിലകക്കുറി ചേർക്കുന്നതു കണ്ടു;*
തദ്ദിശി മറെറാരു ഗേഹേ കൃഷ്ണൻ
മദ്ദളമൊത്തിപ്പദവും പാടി
പദ്യം ചൊല്ലിപ്പൊരുളരുളീടിന
വിദ്യ, വിനോദവിലീനൻ കണ്ടാൻ;
ദോഷമകന്നഥ മറെറാരു ഭവനവി–
ശേഷമതറിവാൻ ചെല്ലുന്നേരം.

മല്ലാരി[3]ദേവനൊരു മല്ലാക്ഷിയോടുംകൂടി
മല്ലായുധകേളിയിലുല്ലാസത്തോടുംകൂടി
''മെല്ലെ വരിക തടവില്ലേതുമിന്നു മലർ–
വില്ലേന്തി വരുന്നൊരു മല്ലൻ മദനനെന്നെ

---

1. കലിമുനി=നാരദൻ. കലികാലം ഭൂമിയെ ഗ്രസിച്ച ഒരു ഘട്ടത്തിൽ നാരദൻ ഭൂമിയെച്ചുററി നടന്നെന്നും കലിദോഷം ബാധിച്ച് അവശരായിക്കിടന്ന ഭക്തിയെന്ന സ്ത്രീയേയും അവളുടെ പുത്രൻമാരേയും ഭാഗവതം വായിച്ചു കേൾപ്പിച്ച് അവരെ കലിദോഷത്തിൽനിന്നു മോചിപ്പിച്ചെന്നും ഒരു കഥ പത്മപുരാണത്തിലുണ്ട്. ഇതിനെ അടിസ്ഥാനമാക്കി നമ്പിയാരുടെ സ്വന്തം സൃഷ്ടിയാണ് ഈ പേര്.
2. വലനംചെയ്യുക = ഗമനംചെയ്യുക; പ്രാപിക്കുക.
'ബലനംചെയ്തില്ലാശു സുശീലേ'—എന്ന പാഠം ക്ലിഷ്ടം.
* 'തിലകക്കുറി ചാർത്തുന്നതു കണ്ടു'—പഴയ വായ്പാഠം.
3. മല്ലാരി = ശ്രീകൃഷ്ണൻ (ചാണൂരാദി മല്ലൻമാരെക്കൊന്നവൻ.)

കൊല്ലുന്നതിനുമുമ്പേ തെല്ലും മടികൂടാതെ
വെല്ലം പഞ്ചസാരയും വെല്ലുമധരമതും
മെല്ലെന്നു തരിക നീ കില്ലൊന്നുമിന്നു വേണ്ടാ;
നല്ലന്തിനേരമൊരു വല്ലന്തിയുണ്ടാക്കാതെ
നില്ലന്തികേ മനസി കില്ലേന്തിയുഴലാതെ[1]
മുല്ലവിശിഖനുടെ മല്ലാട്ട[2]ത്തിനു കാമ—
വല്ലീ! നീയെന്യേ ഗതിയില്ലല്ലോ നമുക്കിന്ന്.''

ഇങ്ങനെയൊരുപുരിതന്നിൽ മുകുന്ദനൊ—
രംഗനയോടരുളുംചെയ്തതു കേട്ടഥ
തിങ്ങിന മോദാൽ നാരദമാമുനി
യെങ്ങുമൊരേടമിളച്ചീടാതെ
ഊക്കേറും ഹരിചരിതം കണ്ടഥ
മൂക്കേൽ വിരലുംവെച്ചു നടന്നു നി—
രക്കെപ്പതിനാറായിരമെട്ടുമ—
തൊക്കെക്കണ്ടു സുവർണ്ണഗൃഹത്തിൽ;
എല്ലാ ശയനഗൃഹങ്ങളിലും ബത
മല്ലാന്തകനും മഹിഷിയുമായി
സല്ലാപാദി സുഖേന ശയിപ്പതു—
മുല്ലാസാലിഹ കണ്ടു മുനീന്ദ്രൻ;
''കൃഷ്ണ ഹരേ! മധുസൂദന മാധവ!
വൃഷ്ണികുലേശ്വര! വിശ്വംഭര ജയ
വിസ്മയമീശ്വര തവ മറിമായം
തസ്മിൻ സ്വാമിൻ നാഥ നമസ്തേ''
സുസ്മിതനാകിയ നാരദനിങ്ങനെ
വിസ്മിതനായി വണങ്ങീട്ടുടനേ
രുക്മിണിതാനഥ വാണരുളീടിന
രുക്മിനികേതേ ചെന്നു മുനീന്ദ്രൻ
ഒട്ടും മടിയാതേഷണി പറവാൻ
വട്ടംകൂട്ടി വസിച്ചരുളുംചെയ്തു!
''വരിക വിരവൊടു വിദർഭതനൂജേ!

വരഗുണശാലിനി വാരണഗമനേ!
ഹരിവല്ലഭമാർ പതിനാറായിര—
മരുണാധരിമാരതിസുന്ദരിമാർ
അതിലധികം പുനരെട്ടു നതാംഗിക—
ളതിലും സുന്ദരി നീയും ഭാമയും

---

[1] 'നില്ലന്തികേ മനസി കില്ലെന്തീയുഴലുന്നു?'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠം.
[2] മല്ലാട്ടം=പോരാട്ടം.

അതിശയമാകിന ഹരികാമിനിമാ–
രതിനൊരു സംശയമില്ല സുശീലേ!
അതിലും ഹന്ത നിനക്കു വിശേഷി–
ച്ചതിസൗഭാഗ്യമിതെന്നു പ്രസിദ്ധം;
എന്നിഹ പലരും പറയുന്നതു കേ–
ട്ടങ്ങനെതന്നെ നമുക്കും ബോധം.
സത്യഭാഷിണി രുക്മിണി നീയും
സത്യഭാമയും സമ്പ്രതി തുല്യം
സത്യസന്ധനാം കൃഷ്ണനു നിങ്ങളിൽ
നിത്യരാഗമൊരു നീക്കവുമില്ല;
എങ്കിലും കിമപി സംശയമിപ്പോ–
ളെങ്കലുള്ളതിഹ ഞാനുരചെയ്യാം
മങ്കമാർമണേ! നിങ്കലുറച്ചൊരു
പങ്കജാക്ഷനെത്തങ്കലതാക്കാൻ
സത്യഭാമ താനൊന്നു മുതിർന്നിതു
സത്യബുദ്ധിയാം നീയറിയുന്നോ?
ഗൂഢമന്ത്രമോ കിമപിയവൾക്കൊരു
ഗൂഢതന്ത്രമോ ഉണ്ടതു നൂനം;
പ്രൗഢനാകിയ ഹരിക്കവൾതങ്കൽ
ഗാഢരാഗമുളവായിതുകാലം;
പാരിനീശനമരേന്ദ്രബലത്തെ
പോരിലമ്പൊടു ജയിച്ചു മുകുന്ദൻ
പാരിജാതമപി ഹന്ത ഹരിച്ചു
പാരിടത്തിലതുകൊണ്ടിഹ പോന്നു
ആരുമാരുമറിയാതൊരു ദിക്കിൽ
പേരുമാററി വിധമൊന്നു പകർത്തി
തത്ര നട്ടു വളമിട്ടു നനച്ചു
ചിത്രരത്നശിലകൊണ്ടു പടുത്തു
പത്മരാഗതണിവും[1]മണവും ബഹു*
പത്മനാഭനുടെ ഭാമിനിയാകും
സത്യഭാമയുടെ മന്ദിരമിപ്പോൾ
സത്യലോകസുരലോകസമാനം

ഇരക്കുന്ന ജനങ്ങൾക്കു നിരക്കുന്ന ദ്രവ്യമെല്ലാം
തെരിക്കെന്നു ദാനം ചെയ്‌വാനൊരിക്കലും കുറവില്ലാ;
ഉരിക്കഞ്ഞി രണ്ടു വററുമൊരിക്കൽ ഭുജിച്ചുകൊണ്ടു
മരിപ്പാറായ്ക്കിടക്കുന്നോരിരപ്പാളിക്കൂട്ടമെല്ലാം

---

1. തണിവ് = മിനുസം; തണുപ്പ്.
* 'പത്മരാഗരുചിയും മണവും ബഹു'—പാഠാന്തരം.

നിരപ്പോടേ പാരിജാതത്തരുപ്രൗഢനോടു ചെന്ന-
ങ്ങിരക്കുംനേരമേ തൻെറ പരക്കുന്ന കൊമ്പുകളി-
ലിരിക്കുന്ന പട്ടും പൊന്നും പെരുക്കുന്ന നെല്ലും വിത്തും
കൊതിക്കുന്നതെല്ലാം താഴെപ്പതിക്കുന്നതാശു കാണാം.
ഉടുപ്പാനില്ലാത്തവൻ പട്ടുടുത്തു കങ്കണം കൈയ്യിൽ
തൊടുത്തു, കാതു രണ്ടിലും കടുക്കൻ പോട്ടുകൊണ്ടോരോ
മിടുക്കൻമാർ നെല്ലരിയും പൊടുക്കെന്നു ചാക്കിൽ കെട്ടി
നടക്കുന്നു വീട്ടിൽക്കൊണ്ടെക്കൊടുക്കുന്നു നാരിമാർക്കും;
കടക്കാരും പോന്നുവന്നു തടുക്കാതെ ദ്രവ്യം വാങ്ങി
അടക്കം പൂണ്ടങ്ങു മാറി നടക്കുന്നു സന്തോഷിച്ചു
കൊടുക്കുന്ന വേലയെല്ലാമെടുക്കുന്നവർക്കു കൂലി
കൊടുക്കുന്നതിനുമേതും മടിക്കുന്നോരില്ലിക്കാലം.

തരുണീകുലമണി ഭാമ വസിക്കും
പുരമതിൽ മരുവിനൊരുരുതര സുരത
ധനവസനാദികളെല്ലാം കരുതും
തെരുതെരെയങ്ങു കൊടുക്കും താനും
തെരുവുകരം വീടുകരം നാടുകളെല്ലാം
പെരുകിന ധനധാന്യാദികരം കൊണ്ടിഹ
പരിപൂർണ്ണാമൃതമായ് വന്നിതു ബത!
നരവരസുന്ദരി രുക്മിണി! ബാലേ!
ഇത്തരമുരുതരസുരവൃക്ഷത്തെ-
സ്സത്വരമിങ്ങിഹ കൊണ്ടുവന്നിപ്പോരം
പത്തുസഹസ്രവുമാറുസഹസ്രവു-
മുത്തമകാമിനിമണികളിലാർക്കും
ഉത്തമപുരുഷൻ ദാനം ചെയ്തി-
ല്ലത്തൊഴിൽ കൊള്ളാമായതു പോട്ടെ;
എട്ടു വധുക്കളിലേററം മുരഹര-
നിഷ്ടയതായൊരു രുക്മിണി! നിന്നുടെ
വീട്ടിലെ മുററത്തമരദ്രുമമതു
നട്ടു നനപ്പാൻ നിന്നുടെ വല്ലഭ-
നൊട്ടും കനിവില്ലാഞ്ഞതു കഷ്ടം!
ഹന്ത നിനക്കു തരാഞ്ഞതിനേക്കാ-
ളന്തസ്താപമവരംക്കു കൊടുത്തതു;
കൊന്നതിനേക്കാരം കോതയിരിക്കൽ![1]

---

[1] തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചിരിക്കുന്നു. 'കൊല്ലുന്നതിലുംമേലേ കോതേരിക്കലേ ആർപ്പ്' എന്ന പഴഞ്ചൊല്ലാണ് ഇവിടെ ആധാരം. കോഴിക്കോട്ടു സാമൂതിരിയുടെ മാമാങ്കവാഴ്ചയിൽ എതിർപക്ഷത്തുനിന്നു വരുന്ന ചാവേർപ്പണിക്കൻമാരെ സാമൂതിരിയുടെ പടയാളികരം വെട്ടിക്കൊല്ലും. അപ്പോരം സാമൂതിരിയുടെ ആസ്ഥാനത്തുനിന്ന് അദ്ദേഹത്തിൻെറ അനുയായികരം ആർപ്പു വിളിക്കും. വെട്ടി

നിന്നു വിളിക്കുന്നതു ബഹു ദുഃഖം.''
ഇത്തരമേഷണികൂട്ടി മുനീന്ദ്രൻ
സത്വരമങ്ങു ഗമിച്ചൊരുശേഷം
ബുദ്ധിക്ഷയവും പൂണ്ടഥ രുക്മിണി
ക്രുദ്ധിച്ചവിടെത്തന്നുടെ ഭവനേ
കതകുമടച്ചു കിടക്കുന്നേരം
കടൽനിറമുടയവനങ്ങെഴുനള്ളി.

പദമട്ട്—ഏകതാളം*

ഖണ്ഡങ്ങൾ

1. 'ബന്ധൂകാധരിമാർ കൂപ്പും ബന്ധുരാംഗി! വാതിൽ—
ബന്ധിച്ചു കിടപ്പാനെന്തു ബന്ധം ബാലേ!
2. അന്തിനേരവുമിരുട്ടും വന്നുകൂടി നിന്റെ—
അന്തികേ ശയിപ്പാനല്ലോ വന്നു ഞാനും
3. എന്തിനു കലഹിക്കുന്നു കല്യാണാംഗി! കൃഷ്ണൻ
എന്തൊരു പിഴ ചെയ്തിപ്പോളെന്നു ചൊൽക
4. മാരന്റെ ശരങ്ങളേററു മാഴ്കുന്നെന്റെ ചിത്തം
ആരെന്റെ മാലറിയുന്നു നീയല്ലാതെ
5. പന്തിടഞ്ഞ പോർമുലകൾ പുൽകാനല്ലോ വന്നു
ദന്തിഗാമിനി! നിൻ കാന്തൻ വാസുദേവൻ
6. മററുള്ള മാനിനിമാരെക്കൈവെടിഞ്ഞു ഞാനും
മുററും നിന്നോടു രമിപ്പാനല്ലോ വന്നു
7. കുററമെന്തെനിക്കു ബാലേ! കൂറില്ലാതായ് വന്നു
തെററെന്നു കതകടപ്പാനെന്തു മൂലം?
8. പാരമുണ്ടു പരിതാപം പങ്കജാക്ഷി, ബാലേ!
പാരാതെ വാതിൽ തുറക്ക രുക്മിണീ! നീ''

ഇങ്ങനെ മധുരിപുതന്നുടെ വചനം
തിങ്ങിന കലഹത്തോടേ കേട്ടഥ

കൊല്ലുന്നതിനെക്കാൾ സങ്കടം ഈ ആർപ്പുവിളിയെന്നു സാരം. കോതയിരിക്കൽനിന്നുള്ള വിളി=കോത (രാവ്) ഇരിക്കുന്നിടത്തുനിന്നുള്ള ആർപ്പുവിളി.
'കോതചിറയ്ക്കൽ ചെന്നു വിളിക്കുന്നത്''—എന്നാണ് മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠം.

* ആറൻമുള അമരുമെന്നാദിനാഥാ! എന്റെ
പാടും, പദത്തിന്നുതകീടവേണം.''—എന്നിങ്ങനെ മദ്ധ്യതിരുവിതാംകൂറിൽ പ്രചാരത്തിലിരുന്ന പഴയ അമ്മാനപ്പാട്ടുമട്ടിലാണ് ഈ പദം നിബന്ധിച്ചിരിക്കുന്നത്.

മങ്ങിന മുഖവും താഴ്ത്തിയിരുന്നു ക–
ലങ്ങിന മനസാ രുക്മിണി ചൊന്നാൾ;[1]

പദം. മോഹനം—മുറിയടന്ത

ചരണങ്ങൾ

1. ‘‘വണ്ടാർകുഴലിമാരെക്കൊണ്ടാടി വിനോദിപ്പാൻ
പണ്ടാരുമേവമില്ലല്ലോ കൊണ്ടൽനേർവ്വർണ്ണാ!
പണ്ടാരുമേവമില്ലല്ലോ

2. അംബുജമധുപാനമാദരിക്കുന്ന ഭൃംഗം*
നിംബത്തെ കാംക്ഷിച്ചീടുമോ? നിർമ്മലാകാര!
നിംബത്തേ കാംക്ഷിച്ചീടുമോ?

3. പാരാതെതന്നെ പതിനാറായിരം നാരിമാർ
വേറായ് നിനക്കുമുണ്ടല്ലോ വേദാന്തമൂർത്തേ!
വേറായ് നിനക്കുമുണ്ടല്ലോ?

4. പാരിജാതത്തേ നൽകിപ്പാലിച്ചുവച്ചിരിക്കും
വാരിജാക്ഷി ഞാനല്ലല്ലോ, വാരിധിവർണ്ണ!
വാരിജാക്ഷി ഞാനല്ലല്ലോ;

5. ദിവ്യസ്ത്രീയോടുംകൂടി ദിവ്യകുസുമം ചൂടി
നിർവ്യാജം ക്രീഡചെയ്താലും നീരജനേത്ര!
നിർവ്യാജം ക്രീഡചെയ്താലും

6. സാരങ്ങളായുള്ളൊരു ദാരങ്ങൾ നിൻവരവും
പാരം കൊതിച്ചു മേവുന്നു പാരാതെ പോക
പാരം കൊതിച്ചു മേവുന്നു’’
ഭീഷ്മകമകളുടെ വചനമതിങ്ങനെ
ഊഷ്മളതരമഥ കേട്ടു മുകുന്ദൻ
ശാന്തിദവാക്കരുൾചെയ്തു പതുക്കെ
ശാന്തത കിമപി വരുത്തിക്കൊണ്ടഥ
വാതിൽ തുറപ്പിച്ചാശു ഗൃഹം പു–
ക്കാധിപറഞ്ഞു കളഞ്ഞു തെളിഞ്ഞൊരു
ഭാവമിയന്നൊരു ഭാമിനിയോടും
ഭഗവാനത്ര ശയിച്ചു രമിച്ചു.

അവശതകൾ പറഞ്ഞു കളഞ്ഞു
അവളുടെ മുഖമാശു തെളിഞ്ഞു

[1] ‘കലങ്ങിന വചസാ’—എന്നു മുദ്രിത പുസ്തകങ്ങളിൽ കാണുന്ന പാഠത്തിനു ചേർച്ചപോരാ.

* ‘അംബുജ മധുപാനമാസ്വാദിക്കുന്ന ഭൃംഗം’—തുള്ളൽക്കാരുടെ പാഠം.

കുളുർമുലകളണച്ചു പുണർന്നു
ഇതി പലവിധലീല തുടർന്നു
രതിരമണൻബാണമിണങ്ങി
മതിമുഖിയുടെ കോപമടങ്ങി
മധുമലർഗണമാശു പൊഴിഞ്ഞു
തലമുടി വടിവോടുമഴിഞ്ഞു
പരിചോടും വീടി നുകർന്നു
രജനിയതു കഴിഞ്ഞു പുലർന്നു.

രജനി കഴിഞ്ഞു പുലർന്നൊരു സമയേ
രുചിരസുഖേന മുകുന്ദൻ ഭഗവാൻ
നിജ കൃത്യങ്ങൾ കഴിച്ചു ഭുജിച്ചഥ
നിജ മണിഭവനേ ചെന്നു വസിച്ചു
ഉള്ളിൽ നിനച്ചിതു രുക്മിണിദേവി–
ക്കുള്ളിലഹമ്മതി കൊണ്ടിഹ കിഞ്ചിൽ
ഉള്ള നതാംഗിജനങ്ങളിലതിശയ–
മുള്ളവൾ ഞാനെന്നുണ്ടൊരു ഭാവം;
എങ്കിലതൊട്ടു ശമിപ്പിക്കാഞ്ഞാ–
ലെങ്കലൊരൂനത വരുമിനി മേലിൽ
എന്നു മനസ്സിലുറച്ചു മുകുന്ദൻ
തന്നുടെ വാഹനമാകിയ ഗരുഡനെ
വിരവൊടു ചിന്തിച്ചീടിനസമയേ
ഗരുഡനുമമ്പൊടു വന്നു വണങ്ങി.
അരുളിച്ചെയ്തു മുകുന്ദൻ ഭഗവാൻ:
''ഗരുഡാ! വരിക സമീപേ സുമതേ!
കദളിവനത്തിലിരിക്കുന്നുണ്ടിഹ
കദനവിചക്ഷണ[1]നാകിന ഹനുമാൻ
മദനാന്തകനുടെ ബീജമവൻ ദശ–
വദനപുരത്തെ ദഹിപ്പിച്ചൊരുവൻ
രഘുനായകനുടെ ഭക്തൻ മാരുതി
ലഘുതരലംഘിതലവണസമുദ്രൻ
സുഗ്രീവപ്രിയനംഗദസേവി ദ–
ശഗ്രീവന്റെ കപോലസ്ഥലമതി–
ലുഗ്രനഖാവലി കുലിശകരാളക–
രാഗ്രംകൊണ്ടടികൂട്ടിയ വീരൻ;

---

[1] കദനവിചക്ഷണൻ=യുദ്ധവീരൻ. കദനം=യുദ്ധം. ഈ അർത്ഥത്തിൽ ഈ പദം നമ്പിയാർ പലേടത്തും പ്രയോഗിച്ചിട്ടുണ്ട്.
''പൊടുപൊടെ രടിതവും വിരുതുകളും
കദനവിധങ്ങളൊന്നു പകർന്നീടുന്നു.''
''കദളിയുടെ മൃദുതയൊടു കദനമിടകൂടിന''—എന്നീ ഉദാഹരണങ്ങൾ കാണുക.

അഞ്ജനതന്നുടെ തനയൻ നിശിചര–
ഭഞ്ജനമമ്പൊടു ചെയ്തൊരു വീരൻ
അക്ഷകുമാരനെ വിരവൊടു തന്നുടെ
കക്ഷംതന്നിലമർത്തി ഞെരിച്ചു വ–
ധിച്ചു വിചക്ഷണനായ് മരുവീടിന
മാരുതസുതനുടെ വീക്ഷണമായതു
പാരാതിങ്ങു ലഭിച്ചീടേണം.
ദക്ഷനതായ ഭവാനതിനധുനാ
പക്ഷികുലോത്തമ! പോയ് വരവേണം.

ഗന്ധമാദനമഹാഗിരിമുകളിൽ
ഗന്ധവാഹനതനൂജനിരിക്കു–
ന്നെന്നിന്ദ്രവാഹനസഹസ്രബലൻ മമ
ബന്ധുവാകുമവനാശു വരേണം;
മർക്കടാധിപനെയിങ്ങു വരുത്താൻ
ദുർഘടം തവ ഭവിക്കയുമില്ല
മൽക്കടാക്ഷമവനാഗ്രഹമുണ്ടതു
നീക്കമില്ല വരുമിങ്ങു നിനച്ചാൽ
പണ്ടു രാമനുടെ ചാരുകടാക്ഷം
കൊണ്ടു മൽപ്രിയനതാം ഹനുമാനെ
കണ്ടുകൊൾവതിനു കൗതുകമിപ്പോ–
ളുണ്ടു മേ മനസി പക്ഷികുലേന്ദ്ര!
രണ്ടുനാലു ദിവസത്തിനകം നീ
കൊണ്ടുവന്നു മമ കാട്ടുകവേണം
രണ്ടുപക്ഷമതിനില്ല ഭവാനെ–
ക്കണ്ടുവെങ്കിലവനിങ്ങിഹ പോരും.''

അരുളപ്പാടതു കേട്ടു ഗരുഡൻ, മുകുന്ദൻ തന്റെ
തിരുപ്പാദേ വീണു കൂപ്പി സ്തുതിച്ചു സന്തോഷത്തോടെ
*ചിറകും പരത്തിക്കൊണ്ടങ്ങുയർന്നു ഗഗനത്തിങ്കൽ–
പ്പരന്നു മാരുതവേഗമിയന്നു വടക്കു നോക്കി–
പ്പറന്നു നാടുകൾ കാടും കടന്നു കീഴ്പോട്ടു നോക്കി–
യറിഞ്ഞു ഗന്ധമാദനമണഞ്ഞു മാരുതിവീര–
നിരിക്കും കദളികൊണ്ടുല്ലസിക്കും പ്രദേശത്തു ചെ–
ന്നിറങ്ങിയരികേ കണ്ടു നിറഞ്ഞ വാഴക്കൂട്ടത്തിൽ
നിറംചേരും മണ്ഡപത്തിലിരിക്കും ശ്രീഹനുമാനെ;

---

* ഇവിടംമുതൽ ഏഴു വരികളിൽ തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു; മുദ്രിതപുസ്തകങ്ങളിലെ പാഠത്തെ അപേക്ഷിച്ചു കൂടുതൽ നന്നെന്നു കണ്ടതിനാൽ
''ചിറകും പരത്തിക്കൊണ്ടങ്ങുയർന്നു മാരുതവേഗ–
മിയന്നു ഗഗനത്തിങ്കൽ പരന്നു വടക്കു നോക്കി–

സ്മരിക്കും മാനുഷർക്കുള്ളിലിരിക്കും പാപങ്ങളെല്ലാം
തെരിക്കെന്നു നഷ്ടമാക്കും ഒരിക്കലേതന്നെ നൂനം.

ഇങ്ങനെയുള്ളൊരു ശ്രീഹനുമാനെ
തിങ്ങിന മോദാൽ കണ്ടു പതംഗമ—
പുംഗവനാകിയ ഗരുഡൻ കപികുല—
പുംഗവനോടറിയിച്ചിതു ഗൂഢം:*
‘‘ജനകസുതാപതിദൂത സഖേ! മണി—
കനകസുകുണ്ഡലമണ്ഡിതഗണ്ഡ!
അനഘമതേ! ശൃണു മാമകവചനം
വിനതാസുതനഹമണ്ഡജവീരൻ
അരുണസഹോദരനധികവിനീതൻ
കരുണാകരനുടെ വാഹനഭൂതൻ
അരുണാംബുജദളലോചനനാകിയ
ഹരിയുടെ ദൂതൻ ഞാനിഹ വന്നു;
അരുളിച്ചെയ്തു നിയോഗിച്ചിതു മാം
കരളിൽ കനിവൊടു കാർമുകിൽവർണ്ണൻ
സുരപുരിസമമാം ദ്വാരകതന്നിൽ
സുരുചിരവാസം ചെയ്തരുളുന്ന
യദുകുലനാഥൻ കൃഷ്ണൻതിരുവടി
മൃദുവാം ശ്രീമച്ചരണസരോജൻ.[1]
അഞ്ജനതന്നുടെ മകനാകുന്ന നി—
രഞ്ജനഹൃദയനതായ ഭവാനെ
അഞ്ജനവർണ്ണനു കാൺമാനാഗ്രഹ—
മധികമതുണ്ടെന്നറികയിദാനീം
തൻതിരുവടി താനെന്നെയയച്ചു
ചിന്തിതമെന്തെന്നാർക്കറിയാവൂ.
പങ്ക്തിമുഖാലയദാഹകനെ ദ്രുത—
മന്തികസീമനി കൂട്ടിക്കൊണ്ടിഹ

പ്പറന്നു നാടുകരം കാടും കടന്നു ഗന്ധമാദന—
മണഞ്ഞു കീഴ്പോട്ടു നോക്കിയറിഞ്ഞു മാരുതിവീര—
നിരിക്കും കദളികൊണ്ടുല്ലസിക്കും പ്രദേശത്തു ചെ—
ന്നിറങ്ങിയരികേയങ്ങു നിറഞ്ഞ വാഴക്കൂട്ടത്തിൽ
നിറംചേരും മണ്ഡപത്തിലിരിക്കും ശ്രീ ഹനുമാനെ’’—മുദ്രിതപുസ്തകങ്ങളിലെ പാഠം.

* രചനയുടെ പ്രവാഹമാധുര്യത്തെപ്പരിഗണിച്ചു തുള്ളൽക്കാരുടെ പഴയവായ്പാഠം സ്വീകരിച്ചു.
‘തിങ്ങിന മോദാൽ കണ്ടൊരുനേരം
പതംഗപുംഗവനാകിയ ഗരുഡൻ
കപികുലപുംഗവനോടരുരംചെയ്തു’—മുദ്രിതപുസ്തകങ്ങളിലെ
പാഠം.

[1] ‘സദുവാം ശ്രീമൃദുചരണസരോജൻ’ എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠം.

വരികെന്നെന്നെ നിയോഗിച്ചിതു ഹരി
പെരികെക്കൗതുകമോടിതുകാലം
വിരവൊടു പോന്നീടുക നീ കപിവര!
ഹരി വരമരുളും ഹന്ത നിനക്കും.''

ചമ്പതാളം

അരുണനുടെ സഹജനുടെ വചനമതു കേട്ടുടൻ
ആഞ്ജനേയൻ കപിശ്രേഷ്ഠൻ പറഞ്ഞിതു:
''പശുപകുലമതിൽ മരുവുമശുഭമതിയാമവൻ
പാർത്ഥനു തേർ തെളിപ്പാനിരിക്കുന്നവൻ
തെളിവുമൊരു വെളിവുമവനകതളിരിലില്ലെടോ!
വെണ്ണയും പാലും കവർന്നു ഭുജിപ്പവൻ
അവനുടയ ഭവനമതിൽ വരിക ചിതമല്ലെടോ
അഞ്ജനാപുത്രനാമിക്കപിശ്രേഷ്ഠനും;
വൃഷലികടെ വികൃതി ബത ശിവശിവ! നമുക്കഹോ
വീക്ഷണം ചെയ്‌വാൻ മനസ്സില്ല തെല്ലുമേ
ചടുലമിഴിപടലികടെ വിടുപണികൾ ചെയ്യുമ-
ച്ചങ്ങാതിയെച്ചെന്നു കാൺമാൻ ചിതം നഹി
രഘുനൃപതികുലതിലകനലഘുഭുജവിക്രമൻ
രാമഭദ്രസ്വാമി ദേവനെൻ ദൈവതം
അവനുടയ ചരണമൃദുകമലയുഗമാശ്രയം
അന്യനേസ്സേവിക്കയില്ല ഞാനണ്ഡജ!''

മർക്കടവരനുടെ വാക്കുകൾ കേട്ടുട-
നുൽക്കടരോഷമിയന്നഥ ഗരുഡൻ
''നോക്കെട മൂത്തകുരങ്ങച്ചാരേ!
ധിക്കാരം മമ കേൾക്കരുതിപ്പോൾ
ശക്രാദികളും വന്നു വണങ്ങും
ചക്രായുധനെക്കൊണ്ടു ദുഷിക്കും
വക്രാത്മാവേ നിന്നൊടു കിഞ്ചന
വക്കാണിച്ചേ മതിയാവിപ്പോൾ*
അർക്കനു തുല്യമശേഷജഗത്തിലി-
തൊക്കെപ്പൊലിമ വരുത്തിയിരിക്കും
വിക്രമജലനിധി വിശ്വജനേശ്വര-
നക്കടൽവർണ്ണൻ കർണ്ണാരിസഖൻ
മൽക്കുലദൈവതമദ്ദേഹത്തെ നി-
നക്കു ദുഷിപ്പാൻ യോഗ്യതയുണ്ടോ?
മർക്കടകീടാ! നില്ലെട നിന്നുടെ
മസ്തകമിന്നു തകർത്തേ പോകൂ.

---

* 'വക്കാണിച്ചേ മതിയാവുള്ളു'— തുള്ളൽക്കാരുടെ പാഠം.

ഉള്ള മരങ്ങടെ കായും കനിയും
തൊള്ളയിലിട്ടു കടിച്ചു ഭുജിച്ചഥ
പള്ള നിറച്ചു മരത്തേലേറി
പല്ലുമിളിച്ചു പുളച്ചുനടക്കും
കള്ളക്കൂട്ടം കപിചപലൻമാർ
മുള്ളു പറഞ്ഞാലതുപൊഴുതുട നടി—
കൊള്ളുമെടാ! മതി കലഹം നിന്റെ
തള്ളലുമുടനേ തീരുമശേഷം
കൊള്ളി വലിച്ചു തലക്കിട്ടുടനടി
കൊള്ളിക്കും ഞാൻ വാലു പിടിച്ചിഹ
തുള്ളിക്കുന്നുണ്ടത്രയുമല്ലിനി
വള്ളികൾകൊണ്ടു വരിഞ്ഞു കിണററിൽ
തള്ളിമറിച്ചൊരു തടികൊണ്ടുടലുകൾ
തല്ലി ഞെരിച്ചു തടിച്ച കുരങ്ങിനെ—
യെള്ളിനു തുല്യം പൊടിയാക്കാതെ—
ന്നുള്ളിൽ കോപമടങ്ങുകയില്ല.
തന്നെത്താനറിയാതെ ദുഷിക്കും
നിന്നെത്താമസിയാതെ വധിച്ചേ
പന്നഗരിപുവിനു മതിയാകുള്ളു
പന്നഗഭൂഷണപാദത്താണേ!''

എന്നതു കേട്ടരുൾ ചെയ്തു ഹനൂമാ—
''നെന്നുടെ നിധനം ചെയ്‌വതിനിപ്പോൾ
മന്നിലൊരുത്തനുമില്ലിഹ പിന്നെ
പന്നഗലോകംതന്നിലുമില്ല!
വിണ്ണിലുമില്ലെന്നറിയാതെന്നുടെ
ഉണ്ണി കയർക്കുന്നെന്തിനു പഴുതേ*
കണ്ണനുവേണ്ടിക്കലഹിച്ചാൽ നി—
ന്റണ്ണനു തുല്യമതാകും നീയും.
അണ്ഡജമൂഢാ! നിന്നുടെ ജ്യേഷ്ഠനൊ—
രണ്ഡജനല്ലേ സൂര്യനു സാരഥി?
പൊണ്ണനു തുടയിണയിലകൾ മുറിച്ചൊരു
വണ്ണൻവാഴ കണക്കേ രവിയുടെ
തേരു തെളിച്ചു നടക്കുന്നിപ്പോ—
ളാരും ഗ്രഹിയാതില്ലിഹ ഗരുഡാ!
ഊരുവിഹീനൻ തന്നുടെ തമ്പി—
ക്കൂരു മുറിഞ്ഞു കിടപ്പാറായി;†

---

* 'വിണ്ണിലുമില്ലെന്നതുമറിയാതെ—
ന്റുണ്ണി കയർക്കുന്നതെന്തിനു പാഴിൽ'—തുള്ളൽക്കാരുടെ പാഠം.

† 'ഊരുമുറിഞ്ഞു നടപ്പാറായി'—പാഠാന്തരം.

മാരുതിയോടു മറുത്തു വരുന്നവ—
രാരും തോററു മടങ്ങാതില്ല;
പോരും നിന്നുടെ പൗരുഷവാക്കുകൾ
ചേരുന്നില്ലിഹ ചെററുമിദാനീം
പോരു തുടർന്നു ജയിപ്പാൻ മാത്രം
പോരും ഞാനെന്നാഗ്രഹമെങ്കിൽ
ആരംഭിക്കണമാഹവമെന്നൊടു
സാരം വച്ചു പറഞ്ഞതു മതിമതി!
കൊക്കും മുഖവും നഖവും ചിറകുമെ—
നിക്കുണ്ടായുധമമർചെയ്‌വതിനെ—
ന്നുൾക്കമലത്തിൽ നിനക്കൊരു ഹുംകൃതി—
നില്ക്കും രണ്ടടി കൊള്ളുന്നേരം.
മുഷ്ക്കു ശമിച്ചുടനീയൽകണക്കു പ—
റക്കും നീപടയേററന്നാകിൽ
ദിക്കു ജയിച്ചൊരു രാവണവീരനി—
രിക്കും ലങ്കാനഗരം ചുട്ടുക—
രിച്ചൊരു കരുമന കേട്ടവരാരും
ഇക്കപിവരനൊടു നേർക്കയുമില്ല*
ഒക്കെയറിഞ്ഞൊരു പക്ഷിക്കെന്നെയ—
മർക്കാമെന്നു മുതിർന്നതു കൊള്ളാം
നിന്നെക്കൊല്ലുകയില്ലാ ഹനുമാൻ
പിന്നെദ്ദോഷം വരുമതുമൂലം
കിന്നര ചാരണ സന്നതനീശ്വര—
നെന്നുടെ നാഥൻ ശ്രീനാരായണ—
ദേവൻതന്നുടെ വാഹനമാകിയ
തദ്ദേഹത്തെ നശിപ്പിച്ചെന്നാ—
ലദ്ദോഷം മമ തീരുകയില്ലെ—
ന്നുദ്ദേശിച്ചു പറഞ്ഞിതു ഞാനും
സർപ്പാശനനായുള്ളൊരു നിന്നുടെ
ദർപ്പമശേഷമടക്കിയയപ്പാ—
നല്പം സംഗരമിവിടെച്ചെയ്യാ—
മപ്പുറമേതും ഭാവവുമില്ല.''†
ഇങ്ങനെയുള്ളൊരു പവനാത്മജനുടെ
ഭംഗികലർന്നൊരു മൊഴി കേട്ടിട്ടും

---

* തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു. 'ഇക്കപിവീരമെതിർക്കയുമില്ല'—എന്നു മുദ്രിതപുസ്തകങ്ങളിലെ പാഠം.

† 'സർപ്പാശനനായുള്ളൊരു നിന്നുടെ
ദർപ്പമടക്കിയയപ്പാനല്പം
സംഗരമിവിടെച്ചെയ്യാം പുനര—
ങ്ങപ്പുറമേതും ഭാവവുമില്ല—എന്നു പാഠാന്തരം.

സംഗരമെളുതല്ലെന്നതു ഹന്ത വി–
ഹംഗമരാജനു തോന്നീലേതും;
''കരുതിക്കൊളെളട കപികുലകീടാ!
പൊരുതിക്കൊളെളട പൊണ്ണത്തടിയാ
തരുമൃഗ[1]മാകിയ നിന്നുടെ തടിയൊരു
പെരുമലപോലെ തടിച്ചു തുടിച്ച–
തടിച്ചു തുലച്ചു പിടിച്ചു മിഴച്ചുമെ–
തിർത്തു വരുന്ന സമർത്ഥൻ ഗരുഡൻ;
ധൂർത്തുപെരുത്ത കുരങ്ങച്ചാരേ!
കൂർത്തുവളഞ്ഞൊരു കൊക്കിൻ മുകളിൽ
കോർത്തുംകൊണ്ടു പറന്നു തിരിച്ച–
ക്കാർത്ത്യായനിയുടെ സോദരനാകിയ
കീർത്ത്യാ വിലസിന സുലളിതകോമള–
മൂർത്ത്യാനന്ദജനാർത്ത്യാദിഹരൻ
മുരരിപുഭഗവാൻ വാണരുളുന്ന
പുരത്തിൽക്കൊണ്ടെ താഴ്ചവരാതിഹ
തന്തിരുമുമ്പിൽ കാഴ്ചയതായ്‌വ–
ച്ചന്തരമെന്യേ തൊഴുതീടുന്നേൻ.''

ഇത്ഥം പറഞ്ഞു ചെന്നു യുദ്ധം തുടങ്ങി പാരം
ക്രുദ്ധൻ ഗരുഡനതി ശുദ്ധൻ താനെന്നേ വേണ്ടു;
ശക്തൻമാരായുളെളാരു നക്തഞ്ചരേന്ദ്രൻമാരെ–
കുത്തിക്കൊലചെയ്തൊരു ശക്തിയിൽ പാതി വേണ്ടാ
മരുത്തിൻെറ പുത്രനാകും കരുത്തൻ ഹനുമാനെന്ന
പരമാർത്ഥമറിയാതെ ഗരുഡൻ പട തുടങ്ങി.
ചൊടിച്ചും ചിറകുകൾകൊണ്ടടിച്ചും, കൊക്കുകൾകൊണ്ടു
കടിച്ചും, വട്ടത്തിൽ പാഞ്ഞങ്ങടുത്തും, വല്ലാത്ത വാക്കു
പറഞ്ഞും, തങ്ങളിൽ കെട്ടിപ്പിണഞ്ഞും, ദൂഷണം ചൊല്ലി–
പ്പഴിച്ചും, ഘോഷിച്ചു ശുണ്ഠികടിച്ചും, പോരാടുന്നേരം
കുലുങ്ങി ഗന്ധമാദനം, കലങ്ങി വാരിധി നാലും
മുടങ്ങി മൃഗസഞ്ചാരം, നടുങ്ങി ഭൂചക്രവാളം
മടങ്ങീടാതെ തങ്ങളിൽ തുടങ്ങി മുഷ്ടിയുദ്ധങ്ങൾ.

അടികളുമിടികളുമുടനുടനെ
കടിപിടികലശലുമിഹ ഘടനെ
വടിതടിയൊക്കെയുമടവുകളും
പൊടുപൊടെ രടിതവും വിരുതുകളും
കദനവിധ[2]ങ്ങളൊന്നു പകർന്നീടുന്നു

---

1. തരുമൃഗം = മരത്തേൽക്കേറിനടക്കുന്ന മൃഗം (മരഞ്ചാടി)
2. കദനവിധങ്ങൾ = യുദ്ധവിധങ്ങൾ

കദളിവിപിനമൊക്കെത്തകർന്നീടുന്നു
മലകടെ ഗുഹകളും മുഴങ്ങീടുന്നു
കലപുലികളുമേററം കുഴങ്ങീടുന്നു
കലഹരസികൻ മുനി രസിച്ചീടുന്നു
ഭയമുടയവരൊക്കെത്തിരിച്ചീടുന്നു
ഭയമില്ലാത്തവർ കണ്ടു രസിച്ചീടുന്നു
വരഗിരിസമമൊന്നു വളർന്നീടുന്നു
പരിചൊടു കൈയ്യും കാലും തളർന്നീടുന്നു
ഗരുഡനു മദമൊന്നു കുറഞ്ഞീടുന്നു.
ഗമനമുചിതമെന്നങ്ങുറച്ചീടുന്നു.*
തെല്ലു കയർത്തൊരു മാരുതസുതനുടെ
തല്ലുകൾകൊണ്ടു തളർന്നു ശരീരം
അല്ലൽമുഴുത്തുടനരുണസഹോദര-
നാശു പറന്നു തിരിച്ചു തുടങ്ങി.
ഒന്നു വിളിച്ചരുൾചെയ്തു ഹനൂമാ-
''നെന്നുടെ ഗരുഡൻ ഖേദിക്കേണ്ട
എന്നെപ്പൊരുതു ജയിപ്പാനിപ്പോൾ
മന്നിലൊരുത്തരു മതിയാകില്ലാ
എന്നതുകാരണമെന്നൊടു തോററതി-
നെന്നുടെ ഗരുഡനൊരവമതി വേണ്ടാ
അങ്ങു പരാക്രമമില്ലാഞ്ഞല്ലിഹ
ഭംഗം വന്നു ഭവിച്ചു സഖേ! തവ
തുംഗപരാക്രമനാകിയ മനുകുല-
പുംഗവരാമസ്വാമികടാക്ഷം-
കൊണ്ടു നമുക്കു വിശേഷതയുള്ളതു-
കൊണ്ടു ഭവാനുമറിഞ്ഞീടേണം;
രണ്ടുവിധം വാക്കില്ല നമുക്കും
പണ്ടുമിദാനീമപി നഹി ഭേദം
ഗുരുവാമെന്നുടെ രഘുകുലനാഥൻ
ഒരു വാക്കിപ്പോൾ ചൊല്ലിയയച്ചാൽ
വരുവാൻ സംശയമില്ലിങ്ങായതു-
മൊരുവാക്കങ്ങു ധരിപ്പിക്കേണം
സജ്ജനസഭയിലിരുന്നരുളുകിലും
ദുർജ്ജനസഭയിലിരുന്നരുളുകിലും

---

* തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു. 'ഗഹനഭൂവതിൽനിന്നു പറന്നീടുന്നു'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠം സന്ദർഭത്തിനു ചേരുന്നില്ല. ഗരുഡൻ 'പറന്നു തിരിച്ചുതുടങ്ങി'-യ സന്ദർഭം വരുന്നേയുള്ളു.

അജ്ജനകസുതാപതിയരുൾചെയ്താ—
ലിജ്ജനമവിടെ വരാൻ കുറവില്ലാ.''*
ഇത്തരമുള്ളൊരു മാരുതിവചനം
ചിത്തരസത്തൊടു കേട്ടഥ ഗരുഡൻ
സത്വരമങ്ങു പറന്നു തിരിച്ച—
ങ്ങുത്തരമുരിയാടാതെ ഗമിച്ചു.
കാരണപുരുഷൻ വാണരുളീടിന
ദ്വാരവതീപുരി പുക്കഥ ഗരുഡൻ
വന്ദനചെയ്തിഹ നിന്നൊരു സമയേ
നന്ദകുമാരൻ ചോദ്യംചെയ്തു:
''എന്നുടെ ഗരുഡൻ വന്നോ ബത പുന—
രെങ്ങു ഹനൂമാൻ പിറകെ വരുന്നോ?
നിന്നൊടുകൂടി വരാതെയിരിപ്പാൻ
സംഗതിയില്ലവനെന്തിഹ വൈകി?
മർക്കടവരനിഹ ഗോപുരസീമനി
പാർക്കുന്നെന്തിനു പഴുതിലിദാനീം;
വെക്കം വരുവാൻ ചൊല്ലീടവനെ
അക്കപിവരനവസരമറിയേണ്ടാ.''
അർജ്ജുനസഖനുടെ വചനം കേട്ടിഹ
ലജ്ജിതനാകിയ വിനതാതനയൻ
അഞ്ജലികൂപ്പിയുണർത്തിച്ചാനുട—
നഞ്ജനതന്നുടെ മകനുടെ വചനം:
''ഉല്പലലോചന! നിന്തിരുവടിയുടെ
കല്പന ഞാൻ ചെന്നവനൊടു ചൊന്നേൻ
അല്പം ബഹുമാനിച്ചീലെന്ന—
ല്ലപ്രിയവചനമുരച്ചൂ ഹനുമാൻ
നിന്തിരുവടിയെക്കൊണ്ടു ദുഷിച്ചതു
ചിന്തിച്ചാലതികഠിനം കഠിനം
ഹന്ത നമുക്കതുണർത്തിപ്പാനെളു—
തല്ല മുകുന്ദ മുകുന്ദ നമസ്തേ!
'ഇടയില്ലാത്ത ഭടൻമാരാകുമൊ—
രിടയൻമാരുടെ നടുവിൽ വസിക്കും
മുടിയൻ ചൊല്ലിയയച്ചിഹ വന്നൊരു
തടിയൻ നീയെന്തറിയും? മൂഢാ?
മടവാർ ചൊല്ലിയ വിടുപണിയെല്ലാം
മടികൂടാതെയെടുത്തു പൊറുക്കും

---

* തുള്ളൽക്കാരുടെ പാഠം സ്വീകരിച്ചു.
' അജ്ജനകസുതാപതിയരുൾചെയ്താ—
ലവിടെ നമുക്കു വരാൻ കുറവില്ലാ'—മുദ്രിത പുസ്തകങ്ങളിലെ പാഠം.

പിടിയാത്തവരൊടു പരിയ[1]പ്പെട്ടോ—
നടിയാനല്ലിക്കപികുലവീരൻ
കടിയാപ്പട്ടി കുരയ്ക്കുമ്പോളൊരു
വടിയാൽ നില്ക്കുമതല്ലാതെന്തിഹ
പടുവാമവനെപ്പേടിയുമില്ലി -
പ്പടുവാം പവനതനൂജനുമിപ്പോം
കടുതായ് ശബ്ദിക്കും കുറുനരിയെ—
ക്കടുവായുണ്ടോ പേടിക്കുന്നു?
ചൊല്ലേറും രഘുനായകനല്ലാ—
തില്ലൊരു ദൈവമെനിക്കിഹ ഭുവനേ
കല്യാണാകൃതി സീതാരമണൻ
ചൊല്ലിയയച്ചെന്നാലവിടത്തിൽ
ചെല്ലുവതിന്നൊരു സംശയവും പുന—
രില്ല നമുക്കതു ബോധിച്ചാലും!
വല്ലതുമെങ്കിലുമസ്തു നമുക്കൊരു
വല്ലവശിശു[2]വെശ്ശങ്കയുമില്ല
പുല്ലും നിന്നുടെ സ്വാമിയുമൊക്കും
ചൊല്ലുക നീ ചെന്നവനൊടിതെല്ലാം
വെണ്ണ കവർന്നുഭുജിച്ചുനടക്കും
കണ്ണൻ ചൊല്ലിയയച്ചിവിശേഷം
കർണ്ണംകൊണ്ടു ശ്രവിക്കയുമില്ലീ—
യർണ്ണവതരണം ചെയ്തൊരു ഹനുമാൻ’
അക്കപിയിങ്ങനെ നിന്തിരുവടിയെ
ധിക്കാരേണ പറഞ്ഞൊരു വാക്കു സ—
ഹിക്കാഞ്ഞടിയൻ തടിയൻ കപിയൊടു
വക്കാണത്തിനു വട്ടംകൂട്ടി
കൊക്കും ചിറകുമുയർത്തിച്ചെന്നഥ
കൊത്തും തള്ളലുമടികളുമിടികളു—
മിത്തരമഖിലവിധങ്ങളിലവനൊടു
യുദ്ധം ചെയ്തു കുറഞ്ഞൊരു നേരം
ഉദ്ധതനാകിയ മാരുതസുതനൊടു
കുത്തും തള്ളലുമിടിയും കടിയും
തൊഴിയും പൊഴിയും കൊണ്ടുടനടിയൻ
മണ്ടിപ്പോന്നിഹ ഭവനം പുക്കേൻ;
പണ്ടൊരുനാളുമിവണ്ണമൊരവമതി—
യുണ്ടായിട്ടറിവില്ലടിയന്ന്
പണ്ടാരമുതൽ തിന്നു മുടിക്കും

---

1. പരിയപ്പെടുക = അടിമപ്പെടുക. പരിയപ്പാട് =ദാസ്യവൃത്തി.
2. വല്ലവശിശു = ഇടയച്ചെറുക്കൻ (ഗോപബാലൻ)

പണ്ടങ്ങൾക്കിതു കേട്ടാൽ പരിഭവ–
മുണ്ടെന്നാകിൽ തഴയും കൈയിൽ
കൊണ്ടു പുറപ്പെട്ടീടുക വേണം;*
യജമാനൻമാരെങ്ങൂ? നിങ്ങടെ
യജമാനത്വമിതെന്തിനു കൊള്ളാം?
തങ്ങടെ സ്വാമിയെയിന്നൊരു മൂത്ത കു–
രങ്ങച്ചൻ ദുഷിവാക്കു പറഞ്ഞാൽ
എങ്ങനെ കേട്ടു പൊറുത്തീടുന്നു?
ചങ്ങാതിക്കതു ചിതമായ്‌വരുമോ?
ലന്തക്കുഴലും വില്ലും കണയും
കുന്തവുമേന്തി നടക്കും നിങ്ങടെ–
ചന്തം കാൺമാനല്ലെജമാനൻ
ചോറും തന്നു പൊറുപ്പിക്കുന്നു;
എന്തെങ്കിലുമൊരു പടയിൽ ചെന്നുട–
നന്തം വരികിലതല്ലേ നല്ലൂ
അന്തരമില്ല ജനിച്ചപ്പോഴേ
അന്തവുമുണ്ടു ധരിച്ചീടേണം;
കർക്കടശൂലമുസൃണ്‌ഠികളെന്നിവ–
യൊക്കെയെടുത്തു പടയ്‌ക്കു പുറപ്പെ–
ട്ടുൽക്കടരോഷം മലമുകളേറി–
ദ്‌ദിക്കുകളൊക്കെ മുഴക്കിച്ചെന്നാൽ
അക്കപിയെങ്ങനെ നിന്നുപൊറുപ്പു?
ചുററുംനിന്നു ശരങ്ങളയയ്‌ക്കാം
എററും പിടിയും കലശലുകൂട്ടാം
കൊററു മുടക്കാം കൊട്ടു കൊടുക്കാം
തെററുമവൻെറ പരാക്രമമപ്പോൾ
ചെററും സംശയമതിനില്ലിപ്പോൾ
കുററംകൂടാതവനെച്ചെന്നിഹ
കുത്തിക്കൊന്നു നമുക്കിഹ പോരാം.''

ചമ്പതാളം

ഗരുഡനുടെ ഭാഷിതം കേട്ടു മന്‌ദസ്‌മിതം
മൃദുവദനപങ്കജേ ജാതമായീ മുദാ
മുരമഥനനൂചിവാ ''നെന്തെടോ നിന്നുടെ
കരളിലൊരു സാഹസമിങ്ങനെ തോന്നുവാൻ?
അസുരസുരസംഘവും മർത്യസംഘങ്ങളും
അഖിലമൊരുമിച്ചുചെന്നാഹവം ചെയ്‌കിലും

---

* 'മുണ്ടെന്നാകിൽ പടയും കുടയും–
കൊണ്ടു പുറപ്പെട്ടീടണമിപ്പോൾ'—തുള്ളൽക്കാരുടെ പഴയ വായ്‌പാഠം.

അതുലബലവീര്യനാമഞ്ജനാപുത്രന്റെ
വധമിതെളുതല്ലെടോ! വൈനതേയാ സഖേ!
മതിമതി മനോരഥ[1] മെൻമൊഴി കേൾക്ക നീ
മതിവിഭവശാലിയാം മാരുതിവാനരൻ
രജനിചരഭഞ്ജനൻ രാമചന്ദ്രപ്രിയൻ
സലിലനിധിലംഘനൻ സാരതേജോമയൻ
സുഖഗതവിഭീഷണൻ സൂക്തിസംഭാഷണൻ
അവനൊടു മറുത്തു നീയാഹവംചെയ്തതും
അധികമവിവേകമെന്നോർത്തുകൊൾക സഖേ!
ഇനിയുമൊരെടുപ്പു[2] നീ ചെന്നു പോന്നീടേണം
വിരവിനൊടു വീരനെക്കണ്ടു ചൊല്ലീടേണം
രജനിചരവൈരിയാം രാമചന്ദ്രൻ മുദാ
രചിതസുഖമെന്നോടു ചൊല്ലിവിട്ടൂ ഹിതം
ജനഹൃദയരഞ്ജനൻ ജാനകീവല്ലഭൻ
മനസിജമനോഹരൻ മാനഗാംഭീര്യവാൻ
ദശവദനഖണ്ഡനൻ ദ്വാരകാമന്ദിരേ
വിശദമെഴുനള്ളി മേവുന്നു ഹേ മാരുതേ!
ഇതി കിമപി ചൊല്ലിയാലിന്നുതന്നേ വരും
മതിഗുണമനോഹരൻ മാരുതന്റേ മകൻ.''
ഏവം കനിഞ്ഞു വാസുദേവനരുളിച്ചെയ്തു
ഭാവം തെളിഞ്ഞു വൈനതേയൻ വണങ്ങി മെല്ലെ
പക്ഷി പറന്നു പല വൃക്ഷത്തിൻമീതേകൂടി
വിക്ഷിപ്തവേഗമോടേ വീരൻ ഗമനം ചെയ്തു:
മാരുതി വസിക്കുന്ന ചാരു കദളിക്കാട്ടിൽ
പാരാതിറങ്ങിച്ചെന്നു പാരം കനിവിനോടേ
ശ്രീരാമഭക്തൻതന്റെ ശ്രീപാദസന്നിധിയി—
ലാരോമൽഭക്തിയോടേ നിന്നു പറഞ്ഞീവണ്ണം:
''വീര! വിജയഗുണ ധീര! പവനസുത!
ശ്രീരാമദേവനുണ്ടു ദ്വാരവതിപുരിയിൽ
വീരാ വസിച്ചീടുന്നു പാരാതെഴുനള്ളേണം!''

എന്നതു കേട്ടരുൾചെയ്തു ഹനൂമാ—
''നെന്നുടെ നാഥൻ രഘുകുലവരനെ
നിന്നുടെ കൺകൊണ്ടീക്ഷിതനായോ?
മുന്നമയോദ്ധ്യയിൽ വാണൊരു നാഥൻ

---

[1] മതിമതി മനോരഥം=പടയോടുകൂടിച്ചെന്ന് ഹനുമാനോടു യുദ്ധം ചെയ്യാമെന്ന അഭിലാഷം മതിയാക്കുക.
'മതിമതി മനോഹരമെൻമൊഴി കേൾക്ക'—എന്നു മുദ്രിതപുസ്തകങ്ങളിൽക്കാണുന്ന പാഠം സ്വീകാര്യമല്ല.

[2] എടുപ്പ്=പ്രാവശ്യം. ഇനിയുമൊരെടുപ്പ്=ഇനിയുമൊരു പ്രാവശ്യം.

പിന്നെയുമിങ്ങവതീർണ്ണനതായോ?
ലക്ഷ്മണനുണ്ടോ ഭരതനുമുണ്ടോ?
ലക്ഷണനാം ശത്രുഘ്നനുമുണ്ടോ?
ലക്ഷ്മീഭഗവതിയാകിയ സീതയു–
മക്ഷിതിപൻെറ സമീപത്തുണ്ടോ?’’
പക്ഷികുലോത്തമനിദമരുൾചെയ്തു:
‘‘ലക്ഷ്മണനില്ലാ ഭരതനുമില്ലാ
ലക്ഷണനാം[1]ശത്രുഘ്നനുമില്ലാ
ലക്ഷ്മീഭഗവതിയാകിയ സീതയു–
മക്ഷിതിപൻെറ സമീപത്തില്ലാ;’’
‘‘ജാനകിയില്ല സമീപത്തെങ്കിൽ
ഞാനങ്ങോട്ടു വരത്തില്ലിപ്പോൾ
നീയങ്ങോട്ടു നടന്നാലും ഹനു–
മാനങ്ങോട്ടു വരുന്നില്ലുണ്ണീ?
ഹനുമാനിങ്ങനെയുരചെയ്തെന്നതു
മനുകുലവരനോടറിയിച്ചാലും.’’
എന്നതു കേട്ടഥ ഗരുഡൻതാനും
പോന്നു പറന്നു തിരിച്ചവിടുന്നു
കാരണപുരുഷൻ വാണരുളീടിന
ദ്വാരവതീപുരി പുക്കഥ മെല്ലെ
വന്ദനചെയ്തിഹ നിന്നൊരു സമയേ
നന്ദകുമാരൻ ചോദ്യം ചെയ്തു:
‘‘ഹനുമാനെങ്ങു വിഹംഗമവീരാ?’’
‘‘ഹനുമാനങ്ങു മഹാഗിരിമുകളിൽ’’
‘‘ഇങ്ങോട്ടെന്തു വരാഞ്ഞൂ ഹനുമാൻ?
‘‘ഇങ്ങോട്ടു വരത്തില്ലാ ഹനുമാൻ’’
‘‘എന്തൊരു സംഗതിയിങ്ങനെ പറവാൻ?’’
‘‘എന്തെന്നടിയനറിഞ്ഞതുമില്ല’’*
‘‘പരമാർത്ഥം നീയറിയിച്ചില്ലേ?’’
‘‘പരമാർത്ഥം ഞാനറിയിച്ചത്രേ’’
‘‘രഘുപതിയെബ്ബഹുമാനമതില്ലേ?’’
‘‘രഘുപതിയെബ്ബഹുമാനമതുണ്ട്’’
‘‘കല്പിച്ചാലതു കേൾക്കരുതായോ?’’
‘‘കല്പിച്ചാലതു കേൾക്കുംതാനും’’
‘‘അതിനെന്തൊരു വൈഷമ്യമിദാനീം?’’
‘‘അതിനൊരു വൈഷമ്യം കുറയുണ്ട്’’
‘‘ആയതുമെന്നോടറിയിച്ചാലും’’

---

1. ലക്ഷണൻ=ലക്ഷണയുക്തൻ (ഗുണസമ്പന്നൻ)

* ‘എന്തെന്നേതുമറിഞ്ഞില്ലടിയൻ’–തുള്ളൽക്കാരുടെ പാഠം.

''ആയതുമടിയനുണർത്തിച്ചീടാം;
ആയതമിഴിയാളാകിയ ജാനകി
ലക്ഷ്മീഭഗവതിയാകിയ സീത,
രക്ഷോവരരിപുവാകിയ നൃപനുടെ
അന്തികഭാഗത്തില്ലെന്നാകിൽ
തന്തിരുവടിയെക്കാണുകയില്ലെ-
ന്നന്തരഹീനമുരച്ചിതു ഹനുമാൻ.''
എന്നതു കേട്ടു മുകുന്ദൻ താനും
''നന്നിതു കൊള്ളാമവനുടെ ഭാവം
എന്നാലിനിയുമൊരിക്കൽ കൂടെ
ചെന്നു വരേണം പക്ഷികുലേന്ദ്രാ!
ചാരുതയാ ജനകാത്മജയോടും
ദ്വാരകതന്നിൽ വസിച്ചീടുന്നു
ശ്രീരഘുനായകനെന്നതു നമ്മുടെ
മാരുതിയോടു പറഞ്ഞീടുക പോയ്.''
''കല്പന കേൾക്കാൻ മടിയില്ലടിയനു
ചിൽപുരുഷോത്തമ! കൃഷ്ണ മുരാരേ!
തൽ പദപങ്കജമല്ലാതൊരു ഗതി-
യിപ്പരിഷയ്ക്കില്ലഖിലജനേശാ!''
എന്നു പറഞ്ഞു പറന്നു തിരിച്ചു
പന്നഗഭക്ഷണപക്ഷി ശ്രേഷ്ഠൻ.*
പങ്കജാക്ഷനതുനേരം തന്നുടെ
മങ്കമാർകളെ വിളിച്ചരുൾചെയ്തു:
''ലങ്ക ചുട്ടു പൊടിയാക്കി നിശാചര-
സംഘമമ്പൊടു മുടിച്ചൊരു ഹനുമാൻ
ശങ്കരപ്രിയനശേഷജനങ്ങടെ
സങ്കടങ്ങളെയൊഴിച്ചു സുഖത്തെ-
സ്സംഘടിപ്പതിനു നല്ല സമർത്ഥൻ
ശങ്ക വേണ്ട ശശിനേർമുഖിമാരേ!
കല്യനാമവനെയിങ്ങു വരുത്താൻ
ചൊല്ലിവിട്ടു വിനതാത്മജനേ ഞാൻ;
നല്ല വീര്യബലശാലി ഹനൂമാ-
നില്ല കില്ലിഹ വരും വിരവോടേ
രാമഭദ്രനു നല്ലൊരു മേഘ-
ശ്യാമകോമളമുദാരശരീരം
ഞാനുമൻപൊടു ധരിച്ചീടുന്നേൻ;†

---

* 'പന്നഗദൂഷണപക്ഷിശ്രേഷ്ഠൻ'—പാഠാന്തരം.

† 'ഞാനുമൻപൊടു ധരിച്ചീടും, തന്നു-
ഭാഗ്യമുള്ള പതിനാറുസഹസ്രം
ഭാര്യമാരിലൊരു പങ്കജഗാത്രി'—എന്നു തുള്ളൽക്കാരുടെ പഴയ വായ്പാഠം.

ഭാഗ്യമുള്ള പതിനാറു സഹസ്രം
ഭാര്യമാരിലൊരു പങ്കജഗാത്രി
വേഗമിന്നു ജനകാത്മജ തന്നുടെ
വേഷമമ്പൊടു ധരിക്കണമിപ്പോൾ.''
നാരായണനുടെ കല്പന കേട്ടഥ
നാരികൾ പതിനാറായിരമുള്ളതി-
ലൊരു നാരിക്കും ജനകാത്മജയുടെ
തിരുമേനിക്കു സമാനശരീരം
വിരവൊടു ഹന്ത ധരിപ്പാൻ കൗശല-
മൊരു തെല്ലും പുനരുണ്ടായില്ലാ;
പരവശമവരുടെ ഭാവമതിങ്ങനെ
മുരരിപു ഭഗവാൻ കണ്ടു ചിരിച്ചു
എട്ടു നതാംഗികൾ പിന്നെ വിശേഷി-
ച്ചൊട്ടുമവർക്കൊരു താഴ്ചയുമില്ലാ
എന്നതിലാറു വിലാസിനിമാരൊടു
നന്ദകുമാരനുമരുളിച്ചെയ്തു:
''കാളിന്ദീ ജാംബവതി സത്യാ
കേളിയേറിയൊരു ഭാമ രുക്മിണി
മിത്രവിന്ദയെന്നുള്ളൊരു ഭാര്യമാ-
രത്ര വന്നു വണങ്ങുവിനേവരും
നേത്രരാഗമെനിക്കിഹ നിങ്ങടെ
ഗാത്രരത്നമതു കണ്ടു സുഖിപ്പാൻ
ജാനകിതന്നുടെ വേഷമെടുപ്പാൻ
മാനിനിമാർക്കിഹ കൗശലമുണ്ടോ?
ഞാനതുകാരണമിങ്ങു വിളിച്ചു
ആനനമെന്തേ താഴ്ത്തീടുന്നു?''
അംഗനമാരവരാറും ചൊന്നാർ:
''ഞങ്ങൾ നിനച്ചാലിന്നിതു മാത്രം
സാധിപ്പാനെളുതല്ല മുകുന്ദാ!
ബോധിച്ചീടുക തിരുമനതാരിൽ;''
മന്ദസ്മിതവും ചെയ്തഥ ഭീഷ്മക-
നന്ദിനിയോടരുൾചെയ്തു മുകുന്ദൻ:
''രുക്മിണി ബാലേ! മൈഥിലിതന്നുടെ
വേഷമതാശു ധരിക്കണമിപ്പോൾ
രഘുനായകനുടെ വേഷം ഞാനും
ലഘുതരമങ്ങു ധരിച്ചീടുന്നേൻ
വൈദർഭീ! ശൃണു നീയും വിരവൊടു
വൈദേഹീവടിവാശു ധരിക്ക

ഹനുമാനിങ്ങു വരുന്നതിനുള്ളിൽ
തനു മാറി സ്ഥിതിചെയ്യണമിപ്പോൾ.''
എന്നതു കേട്ടഥ പുരമുറിതന്നിൽ
ചെന്നു കരേറിയിരുന്നു പതുക്കെ
കതകുമടച്ചു കണ്ണുമടച്ചു
മാനമിയന്നു മനസ്സുമുറച്ചു;
ജാനകിതന്നുടെ തടമുല തുടയിണ
കടിതടമൃദുലസ്ഫുടതരമുടലുടെ
ഗുണഗണമഹിമാവതുമുടനോർത്തും
പേർത്തു ശരീരം പാർത്തു തരത്തിൽ
പണി പലതും ചെയ്താശു കാരാഗ്രേ
മണിദർപ്പണവുമെടുത്തഥ നോക്കി
കുനിഞ്ഞു നിവർന്നു പിരിഞ്ഞു വലഞ്ഞും
എളുതല്ലെന്നു മനസ്സിലുറച്ചും
കളമൊഴി രുക്മിണി കതകു തുറന്നു
വെളിയിൽ പോന്നു മുകുന്ദസമീപേ
തെളിവില്ലാതവൾ മുഖവും താഴ്ത്തി
ക്ഷീണമിയന്നു വണങ്ങിച്ചൊന്നാൾ:
''നാണക്കേടു നമുക്കു ഭവിച്ചു
രാമൻ തന്റെ കളത്രമതാകിയ
കാമിനിമണിയുടെ വേഷമെടുപ്പാൻ
പലപല യത്നം ചെയ്തേനതിനൊരു
ഫലമുണ്ടായതുമില്ല മുരാരേ!
അണുമാത്രം കൃപയുണ്ടെന്നാകിൽ
ഇതുമാത്രം കല്പിച്ചീടരുതേ!''
രുക്മിണിയിങ്ങനെ ചൊന്നതു കേട്ടൊരു
വിശ്വംഭരനാമംബുജനേത്രൻ
സത്യഭാമയെ വിളിച്ചരുൾചെയ്തു:
''സത്യഭാഷിണി നിനക്കു നിനച്ചാൽ
ജാനകീന്ദുമുഖിവേഷമെടുപ്പാൻ*
മാനിനീ! തവ ഹി കൗശലമുണ്ടോ?
ആമിതെങ്കിലതിസുന്ദരി തെല്ലും
താമസിക്കരുതു കാമിനിമൗലേ!''
    സത്യഭാമയതു കേട്ടൊരുനേരം
സത്യസന്ധനെ വണങ്ങി നടന്നു
അങ്ങു ചെന്നു ജനകാത്മജതന്നുടെ
അംഗഭംഗി വഴിപോലെ ചമഞ്ഞു

---

* 'ജാനകിതന്നുടെ വേഷമെടുപ്പാൻ'—പാഠാന്തരം.

അങ്ങു ചെന്നു മുകിൽവർണ്ണസമീപേ
ഇന്ദുബിംബമുഖി നിന്നു വണങ്ങി;
കാർമുകിൽവർണ്ണനുമപ്പോൾത്തന്നെ
കാർമുകവും തൃക്കൈയ്യിലെടുത്തു
അമ്പുമെടുത്തുപിടിച്ചു കരാഗ്രേ
വമ്പു പെരുത്ത ദശാനനവീരനെ
അന്തകപുരിയിലയച്ച പുമാനുടെ
ചന്തമിയന്നു ശരീരവുമപ്പോൾ.*

പക്ഷീന്ദ്രനങ്ങു ചെന്നു പവനാത്മജനെക്കണ്ടു
പക്ഷമിളക്കിക്കൊണ്ടു പറഞ്ഞു സന്തോഷത്തോടേ:
''ശ്രീരാമദേവനുണ്ടു സീതാദേവിയും കൂടി
വീരാ! വസിച്ചീടുന്നു ദ്വാരാവതീപുരിയിൽ
പാരാതെ പോക നമുക്കാരോമൽഭക്തിയോടേ.''
നാരായണവാഹനനേവം പറഞ്ഞനേരം
പാരം പ്രസാദിച്ചരുൾചെയ്തു ഹനുമാനപ്പോൾ:
''പോരുന്നതുണ്ടു ഞാനുമേതും സംശയം വേണ്ടാ
അഗ്രേ നടന്നാലും നീയധുനാ പക്ഷികുലേന്ദ്രാ!
വ്യഗ്രതരം ഞാനഥ പിറകേ വരുന്നുണ്ടല്ലോ
ചിറകുള്ള നിനക്കങ്ങു പറന്നു ഗമിക്കാമല്ലൊ
ചിറകില്ലാത്ത ഞാനങ്ങു നടന്നു നടന്നു ബഹു
കാടും മലയും കുന്നും തോടും കടന്നു ദേഹം
വാടി വലഞ്ഞു ബഹുനേരം കൂടിയേ പററൂ;
മുന്നേ നീയങ്ങു ചെന്നു രാമനോടറിയിക്ക
പിന്നാലെ വരുന്നുണ്ടു പിംഗാക്ഷനെന്നീവണ്ണം.''

ഹനുമാൻതന്നുടെ വാക്കുകൾ കേട്ടു
വിഹംഗമരാജൻ പോന്നൊരുശേഷം
ശ്രീഹനുമാനൊരു നൊടിനേരംകൊ—
ണ്ടതിവേഗാലാദ്വാരകപററി
സീതാസഹിതനതാകിയ രഘുകുല—
നാഥൻതന്നുടെ ചരണസരോജേ
വീണു നമസ്കൃതി ചെയ്തു പതുക്കെ
പാണികൾ മൗലിയിൽ വച്ചഥ കൂപ്പി
വാണികൾകൊണ്ടു ബഹുസ്തുതിചെയ്തു
നാണമൊഴിച്ചിതി മാരുതപുത്രൻ:
''രാമഹരേ ജയ രഘുകുലനായക!
രാവണനാശന! രാഘവ! ജയ ജയ
ജനകതനൂജേ ദേവി! നമസ്തേ!

---

* 'ചന്തമിയന്ന ശരീരംപൂണ്ടു'—എന്നു തുള്ളൽക്കാരുടെ പാഠം.

കനകമനോഹരകോമളകായേ!
മനുകുലപുംഗവമാനിനി മായേ!''
ഇത്തരമനവധി നുതിഗിരമോതി
ചിത്രവിചിത്രചരിത്രനതാകിയ
സീതാപതിയൊടു യാത്രയുമോതി
പ്രീത്യാ യാതനതായ് ഹനുമാനും
പവനജനങ്ങു ഗമിച്ചൊരു ശേഷം
പതഗകുലേന്ദ്രൻ വന്നു വണങ്ങി;
''ഹനുമാനെങ്ങു വിഹംഗമവീരാ!''
''ഹനുമാനുണ്ടിഹ പിറകെ വരുന്നു;''
''അയ്യോ ഭോഷാ! നീയറിയാതെ
അഞ്ജനതന്നുടെ തനയനിദാനീം
കണ്ടു പറഞ്ഞു മറഞ്ഞിട്ടിപ്പോൾ
രണ്ടരനാഴികയങ്ങു കഴിഞ്ഞു;
മാരുതനേക്കാൾ വേഗമതുള്ളൊരു
മാരുതസുതനെ ജയിപ്പാനിപ്പോൾ
പാരിലൊരുത്തരു മതിയാകില്ല
പോരും നിന്നുടെ ഗർവ്വുകളെല്ലാം.''
എന്നരുൾ ചെയ്തു മുകുന്ദൻ ഭഗവാൻ
രാഘവരൂപമുപേക്ഷിച്ചുടനേ
ഉന്നതമായൊരു മണിഭവനാന്തേ
ചെന്നു വസിച്ചിതു വാസവസഹജൻ.
ഗരുഡനുമേററം വിസ്മയമോടേ
മാരുതസുതനെബ്ബഹുമാനിച്ചു
ഹരിഹരമുരഹരചരണം കൂപ്പി–
ത്തിരുവൈകുണ്ഠത്തങ്ങു ഗമിച്ചു.

രാമാനുചരിതം ഓട്ടൻതുള്ളൽ
സമാപ്തം

ഗോവദർ്ധനചരിതം

ധരണീഭാരമൊഴിപ്പാൻ ദേവകൾ
കരുണാകരനാം നാരായണനൊടു
പരിതാപങ്ങളുണർത്തിയമൂലം
പരമാനന്ദശരീരി മുകുന്ദൻ
പരിചൊടു ദേവകിതന്നുടെ സുതനായ്
ധരണിയിൽ വന്നവതാരം ചെയ്തു.
പിരിയാതഗ്രജനാകിന രാമൻ—
തിരുവടിയോടും സഖിമാരോടും
പരിതോ ഗോകുലമതിൽ വിളയാടി—
പ്പരിതോഷവുമുളവാക്കി ജനാനാം.
സുരജനകാര്യനിമിത്തം കൈതവ—
നരശിശുഭാവാൽ വളരും കാലം
ഉന്നതഭാഗ്യഗുണാംബുധിനന്ദനു—
മന്നു യശോദാദേവിതനിക്കും
തന്നുടെ സുതനെന്നോർത്തു ദിനംപ്രതി
വന്നൊരു സമ്മതമെന്തുരചെയ്വൂ.
നന്ദാദികളാം ഗോപകുമാരരൊ—
ടൊന്നിച്ചോരോ ലീലകൾ ചെയ്തും
സാന്ദ്രാനന്ദം മുരളിയുമൂതി—
സ്സുന്ദരമൂർത്തി വസിച്ചളവൊരുനാൾ
നന്ദാദികളാം പശുപാലൻമാ—
രിന്ദ്രപ്രീതി വരുത്തുവതിന്നാ—
യൊന്നിച്ചൊരു മഖമാരംഭിച്ചതി—
നൊന്നൊഴിയാതേ കോപ്പുകൾ കൂട്ടി.
പുല്ലും ചമതകൾ മേലെരി[1] വിറകും
നല്ല വെളുത്തരി പുഷ്പാദികളും
ചൊല്ലേറുന്നൊരു നറുനൈ ശർക്കര
എള്ളും കദളിപ്പഴവും തേനും
എല്ലാമീവകയോരോ ദിശി ദിശി
മെല്ലെ വരുത്തി നിരക്കെക്കൂട്ടി.
ഫുല്ലാംബുജദളനയനൻ കൃഷ്ണനി—
തെല്ലാം കണ്ടറിയാത്തകണക്കേ
നല്ലൊരു സമയേ നന്ദാദികളൊടു
മെല്ലെയണഞ്ഞിദമരുളിച്ചെയ്തു:

---

[1] മേലെരി=ഹോമത്തിനുള്ള വിറക്; പ്ലാവിൻവിറക്.

''ഹന്ത! ഭവാൻമാരച്ഛനുമൊരുമി—
ച്ചെന്തൊരു കാര്യനിമിത്തമിദാനീം
അന്തരമെന്യേ പലവക കോപ്പുകൾ
സന്തതമിവിടെ വരുത്തീടുന്നു?
ഹന്ത കഥിക്കാമെങ്കിൽ ചൊല്ലുക
ചിന്തിച്ചറിയാനാളല്ലിഹ ഞാൻ;
അന്ധൻമാരായുള്ള കിടാങ്ങൾ—
ക്കെന്തിതറിഞ്ഞിട്ടെന്നു മനസ്സിൽ
ചിന്തിക്കുന്നു ഭവാൻമാരെങ്കിൽ ദു—
രന്തം നമ്മുടെ ചോദ്യം പഴുതേ.''
തന്നുടെ മകനുടെ വാക്കുകളിങ്ങനെ
നന്ദൻ കേട്ടു മനസ്സു തെളിഞ്ഞു
മന്ദം മടിയിലിരുത്തിത്തഴുകി
മന്ദസ്മിതമൊടിവണ്ണം ചൊന്നാൻ:

പദം നാട്ടക്കുറിഞ്ഞി—മുറിയടന്ത

പല്ലവി

''കടൽവർണ്ണാ! തനയാ! കണ്ണാ! കേൾക്ക മേ വാചം
കമനീയഗുണനിലയാ!

ചരണങ്ങൾ

1. എന്നുണ്ണിക്കിടാവാകും നിന്നോടു പറയാതെ
ഒന്നുമില്ലെനിക്കെന്നു നന്നായി ധരിച്ചാലും (കടൽവർണ്ണാ!)
2. വൃഷ്ടികൂടാതെ സസ്യപുഷ്ടികൾ ഭവിക്കുമോ
കഷ്ടം മാനുഷരെല്ലാം നഷ്ടിപെട്ടുഴലുന്നു
(കടൽവർണ്ണാ!)
3. പുല്ലും വെള്ളവും നല്ല പല്ലവാദികളൊന്നു—
മില്ലാതെ പശുക്കൂട്ടം വല്ലാതെ വലയുന്നു (കടൽവർണ്ണാ!)
4. എന്നതുകൊണ്ടു നമ്മൾ നന്നായി യജിക്കേണം
ഇന്ദ്രനും പ്രസാദിച്ചു തന്നീടും വരമെല്ലാം.''
(കടൽവർണ്ണാ!)

അച്ഛനിങ്ങനെ പറഞ്ഞതു കേട്ടു ചി—
രിച്ചു കൃഷ്ണനരുൾചെയ്തു പതുക്കെ:
''വാച്ച മൂഢരുരചെയ്‌വതുപോലെ—
ൻറച്ഛനിങ്ങനെ പറഞ്ഞതു ചിത്രം!
ചേർച്ചയില്ലിതിനു ചെററുമിനിക്കൊരു
നിശ്ചയം മനസി വന്നതുമില്ലാ;
മന്നിടത്തിൽ മഴ പെയ്യിക്കുന്നതു—
മിന്ദ്രനെന്നിഹ കഥിച്ചതു കൊള്ളാം!
മന്ദനായവനുമിക്കഥ നേര—

ല്ലെന്നുതന്നെയറിയാം മനതാരിൽ;
ഇന്നു കാടുകളിലും മലതോറും
നിന്നിടുന്നൊരു തരുക്കളശേഷം
ഇന്ദ്രനായ് ബലികൊടുപ്പതുമാർക്കും
മുന്നമെങ്ങുമൊരു കേളിയുമില്ലാ;
സർവ്വസമ്മതമദൃഷ്ടബലത്താ*
ലുർവ്വിതന്നിൽ മഴ പെയ്തീടുന്നു
ഗർവ്വുകൊണ്ടു പറയുന്നതുമല്ലിതു
നിർവ്വിവാദമതു വേണ്ടതു ചൊല്ലാം.

ഗോകുലമല്ലോ കുലധനമായതു
ഗോപജനങ്ങൾ നമുക്കെല്ലാർക്കും
ആകുലമതിനു ഭവിക്കുമ്പോൾ നാ—
മാകെപ്പരവശരായിത്തീരും
നല്ലൊരു ജലവും പുല്ലും തളിരുക—
ളില്ലെന്നാകിൽ പശുകുലമുടനെ
അല്ലൽ മുഴക്കും ജീവനകാരണ—
മെല്ലാവർക്കും ഭോജനമല്ലോ;
ചൊല്ലേറുന്നൊരു ഗോവർദ്ധനഗിരി—
യെല്ലാനാളും പശുവൃന്ദത്തിനു
തെല്ലും കുറവു വരാതെ തൃണാദിക—
ളുല്ലാസേന കൊടുത്തീടുന്നു;
അരുവികൾ തന്നിലെ ജലമൊരു ദിവസം
പിരികിൽ പരവശമീ പശുവൃന്ദം
പെരുകിന ദുഷ്ടമൃഗങ്ങളിൽനിന്നൊരു
പരിഭവവും പുനരില്ലിവിടത്തിൽ;
ജീവനപൂർത്തി കൊടുക്കുന്നവനെ
കേവലമേവനുമർച്ചിക്കേണം;
സേവിക്കാതെ ദിനംപ്രതി ഗോക്കൾ—
ക്കാവശ്യപ്രദനാകനിമിത്തം
ഭാവിക്കേണ്ടതിനേതും വിമുഖത
സേവിക്കേണ്ടതുമവനെത്തന്നെ;
ഗോവർദ്ധനഗിരിയത്രേ നമ്മുടെ
ശ്രീ വർദ്ധിപ്പാൻ കാരണഭൂതൻ
എന്നതുകൊണ്ടീ പർവ്വതരാജനു
നന്നായിട്ടൊരു ബലി നല്കേണം.
വന്ന പദാർത്ഥം പഴുതാക്കീടാ—
തിന്നേ തുടരുക പർവ്വതയാഗം;

---

* 'സർവ്വസമ്മതമദൃഷ്ടഫലത്താൽ'—തുള്ളൽക്കാരുടെ പഴയ പാഠം.

തന്നുടെ മൂർത്ത്യാ ഗോവർദ്ധനഗിരി
വന്നു ഹവിർഭാഗവുമിഹ വാങ്ങും;
മന്ദൻ ഞാനീ ചൊന്നതശേഷം
നന്നെന്നുള്ളിൽ തോന്നുന്നെങ്കിൽ
സന്നാഹങ്ങൾ തുടങ്ങുവിനതിനാ-
യന്നേരത്തറിയാം പരമാർത്ഥം.''
അന്ധതകൊണ്ടു ജഗൽപതി ഞാനെ-
ന്നന്തർഗ്ഗർവം വാസവനുള്ളതു-
മന്തരമെന്യേ കളവാനൊരു വഴി
ചിന്തിച്ചംബുജനാഭനിവണ്ണം
സന്ധിച്ചരുൾചെയ്തനവധി യുക്തികൾ
ഹന്ത മുടക്കീ വാസവയജ്ഞം;
സന്തോഷിപ്പിച്ചദ്രിമഖത്തിനു-
മെന്തൊരു ചിത്രമുറപ്പിച്ചവരെ.

നന്നിപ്പറഞ്ഞതെന്നു നന്ദാദിഗോപവൃന്ദം
നന്ദിച്ചു സംഭാരങ്ങളൊന്നിച്ചെടുപ്പിച്ചുടൻ
ചെന്നു ഗോവർദ്ധനാദ്രിസന്നിധൗ മഖത്തിന്റെ
സന്നാഹം പലവിധമൊന്നൊന്നായാരംഭിച്ചു.
ഒരുനാളും കാണാതുള്ള ഗിരിരാജമഖം കാൺമാൻ
തരസാ പോകേണമെന്നു കരുതി ഗോപികമാരും
നിറയേ ഭൂഷണമണിഞ്ഞൊരുമിച്ചു പുറപ്പെട്ടു
തരസാ യശോദയോടും ഗിരിസാനുവിങ്കലെത്തി
കൊണ്ടൽനേർവ്വർണ്ണനിപ്പോൾ പണ്ടില്ലാതൊരു യാഗ-
മുണ്ടു തുടങ്ങീട്ടെന്നു കണ്ടവർ ചൊല്ലികേട്ടു
കണ്ടുകൊള്ളുവാനുള്ളിലുണ്ടായ സന്തോഷത്താ-
ലിണ്ടലറിയാതാശു മണ്ടീ മഹീസുരൻമാർ;
കുണ്ഠതയെന്യേ ചെന്നു വേണ്ട ക്രിയകളെല്ലാം
കൊണ്ടാടിക്കഴിപ്പാനായ്ക്കൊണ്ടുടനുദ്യോഗിച്ചു;
ഉത്തമപുരുഷന്റെ ചിത്തമറിയും മുനി-
സത്തമൻമാരും പലരെത്തിയവിടെയപ്പോൾ
പാർത്തലവാസികളാം മർത്ത്യൻമാരനവധി
ചീർത്തമോദേന വന്നു പാർത്തു മഖത്തെക്കാൺമാൻ;
ആർത്തിനാശനൻ ജഗൻമൂർത്തി കൃഷ്ണന്റെ മായാ-
വിസ്താരം നിരൂപിച്ചാലെത്രയും ചിത്രമത്രേ.

ചില മുനികൾ കുളിച്ചു ജപിച്ചു
പല ക്രിയകളുമങ്ങു കഴിച്ചു
നലമൊടു മറയോതി രസിച്ചു
കുലഗിരിവരമന്ത്രമുരച്ചു

കുംഭതാളം

ബലിപൂജകളെന്നിവ ബഹുവിധ—
വിധികൾ തുടങ്ങിയും—ബത വാങ്ങിയും
ചിതമായവർ ചെയ്തുചിതം;

ചലമിഴികളശേഷമൊരുങ്ങി
പലപുതുമകളോടുമിറങ്ങി
ബലിവിധിയതു കണ്ടുതുടങ്ങി
അലർശരനുടെ കീർത്തി വിളങ്ങി

കുംഭതാളം

അതിമോഹനമവരുടെയനുപമ—
ഗുണഗണശീലവും—ശുഭശീലവും
കുടിലേക്ഷണവീക്ഷണവും;

മഖവിധിയതു കണ്ടുമിരുന്നും
സഖിമാരൊടു സപദി നടന്നും
സുഖമിടയിടെ ലീല തുടർന്നും
പരിതോഷവിധങ്ങൾ പകർന്നും

ഗിരീന്ദ്രബലിയതു കണ്ടാ പ്രഭൃതിക—
ളമന്ദമോദം ചെയ്യുന്നളവിൽ
മഹേന്ദ്രജാലത്തിലുമിതു നന്നെ—
ന്നുപേന്ദ്രനവരെ ബോധിപ്പിപ്പാൻ
നിനച്ചു മാനസതാരിലുപായവു—
മുറച്ചു മായാമൂർത്തി വസിച്ചു
ഉരച്ചു മന്ത്രപുരസ്സരമദ്രിയെ
വരിച്ചു ബലി നല്കന്നൊരു സമയേ
ധരിച്ചു താനേ പർവ്വതവേഷം
ധരിച്ചു ചെന്നാ സദസി സമക്ഷം
ഗ്രഹിച്ചു മോദാൽ തന്നുടെ ബലിയതു
തിരിച്ചു പോന്നഥ സപദി മറഞ്ഞു.
കടുത്തൊരദ്ഭുതമിങ്ങനെ കണ്ടള—
വടുത്തു നിന്ന മഹാജനമെല്ലാം
തടുത്തു ദാമോദരനൊടു ചൊല്ലീ
പടുത്വശാലികൾ ഗോപൻമാരും
പെരുത്ത വിശ്വാസേന: ''വിചിത്രം
വിചിത്ര! മിങ്ങനെ പണ്ടൊരുനാളും
ഒരുത്തരാൽ ഭുവി കണ്ടിട്ടില്ലീ—
ത്തരത്തിലുണ്ടോ മറെറാരു യാഗം!
നമസ്കരിപ്പിൻ ഗോവർദ്ധനഗിരി

നമുക്കു ദൈവം സംശയമില്ല;
മിടുക്കനുണ്ണികൃഷ്ണൻ ചൊല്ലിയ—
തൊടുക്കമത്രേ ബോധിച്ചുള്ളു.''
എടുത്തിവണ്ണം വാഴ്ത്തിബ്ബലിയതി—
നടുത്ത ദക്ഷിണയും ബഹു ചെയ്തു
മുകുന്ദനും ബലദേവൻ നന്ദനു—
മമന്ദമോദാൽ ഗോപൻമാരും
പുരന്ദരശ്രീ വിളയും ഗോകുല—
മമർന്നു നിജ ഭവനം പുക്കാർ.

അന്നു മഹേന്ദ്രൻ ദേവകളോടും
വന്നു സുധർമ്മയിൽ വാഴുംകാലം
തന്നുടെ യാഗത്തിന്നു വിഭംഗം
നന്ദതനൂജൻ ചെയ്തതറിഞ്ഞു
വന്നൊരു കോപാൽ കണ്ണുകളായിര—
മൊന്നു ചുവന്നു തുറിഞ്ഞു മറിഞ്ഞു;
ഒന്നു വിറച്ചു കറുത്ത മുഖത്തൊടു
നിന്നൊരു ദേവകളോടരുൾചെയ്തു:
''കഷ്ടം! കഷ്ടം! ഗോകുലവാർത്തകൾ
കേട്ടറിയുന്നോ നിങ്ങളിദാനീം
ധൃഷ്ടൻമാരാം നന്ദാദികളെ
ദുഷ്ടൻ കൃഷ്ണൻ ചൊല്ലിമയക്കി;
വട്ടംകൂട്ടിയ യാഗമശേഷം
മുട്ടിച്ചെന്നെയുമവമാനിച്ചു;
ദുഷ്ടാചാരം ചെയ്തു യഥേഷ്ടം
ഗോഷ്ടികൾ പലതും കാട്ടീടുന്നു.
കെട്ടിക്കാരാഗൃഹമതിൽ നിത്യവു—
മിട്ടു കിടക്കും മേഘപ്രവരരെ
വിട്ടുവരുത്തുക വേഗാലിവിടെ
ഗോഷ്ഠം ജലമയമാക്കീടേണം;
ഇഷ്ടി മുടക്കിയതിന്നുടെ പകരം
വൃഷ്ടികൾകൊണ്ടിഹ തീർത്തീടേണം.

നടക്കും മേഘങ്ങൾ ചെന്ന—
ങ്ങടുക്കുമബ്ധിയിൽ വെള്ളം
കുടിക്കും ഗോകുലേ വർഷം
തൊടുക്കും ഗോരസപാത്ര—
മുടയ്ക്കും സസ്യങ്ങളെല്ലാം
മുടിക്കും സഞ്ചാരമാർഗ്ഗം
മുടക്കും വീടുകളെല്ലാം—

മടയ്ക്കും മിന്നലും ചേർന്നോ
രിടിക്കും കുറവെന്നിയേ.

ലക്ഷ്മിതാളം

അന്നേരം—ഗോപാലൻമാർ
നന്ദാത്മജനും പടയ്ക്കു വരുമെങ്കിൽ
വരുത്തി ഐരാവതത്തെ
ഇരുത്തിഞ്ഞാനേറി വജ്രം
കരത്തിലെടുത്തു നല്ല
തരത്തിൽ പൊരുതു യമ—
പുരത്തിൽ നന്ദാത്മജനെ
ഇരുത്തി കോപശാന്തിയെ
വരുത്തി കീർത്തിയെ പാരിൽ
പരത്തീടുവൻ നിയതം.

ലക്ഷ്മിതാളം

കുണ്ഠൻമാർ—ക്കവമാനം
വന്നേ ബഹുമാനമെന്നതുളവാകൂ.

തുടങ്ങി യാഗവുമങ്ങു മുടങ്ങി അതു കണ്ടിങ്ങു
മടങ്ങി നാമെല്ലാമിപ്പോളടങ്ങിപ്പാർത്തീടിൽ നമ്മെ
വണങ്ങും മാനുഷരെല്ലാം വണങ്ങീടാതനുദിന—
മിണങ്ങി യാഗങ്ങൾ മേലിൽ മുടങ്ങുമെന്നറിഞ്ഞാലും,

ലക്ഷ്മിതാളം

വിട്ടാലും—വിന തീർപ്പാൻ
ഒട്ടും മടിയാതെ മേഘനിവഹത്തെ.''

മർമ്മതാളം

സംഭൃതബഹുരോഷമിവണ്ണം ജംഭനിഷൂദനവാക്യം
സംഭ്രമമൊടു കേട്ടു നടന്നതിലുമ്പർസമൂഹമശേഷം
മുമ്പേ ബഹു കാരാഗൃഹമതിൽ ശൃംഖലയിട്ടു കിടക്കും
വമ്പേറിന മേഘപ്രവരരെയമ്പൊടു വിട്ടാനുടനെ
ഉലകഖിലമഴിപ്പതിനേതുമൊരലസതയില്ലാത്തവർ പോയ്
പലപല നദി ജലധികളിൽ ജലമനവധി സപദി കുടിച്ചും
കുലശിഖരികൾപോലെ തടിച്ചു കറുത്തു മിനുത്തൊരു മൂർത്ത്യാ
പൊലിമയൊടുടനംബരസീമനി പൊങ്ങിനിരക്കൊണായ്
അഞ്ജനഗിരി പലതായ് മുകളിൽ പാഞ്ഞുനടക്കുംപോലെ
മഞ്ജുളനിറമൊടു മുകിൽമാലകൾ വന്നു നിറഞ്ഞൊരുനേരം
പൊടിപടലമൊടൊത്ത കൊടുങ്കാററടിയുടെ കൊടുമകളേ ല്ക്കിൽ

പൊടിയും ദൃഢമക്ഷികൾ ചെവികളുമടയും പുനരടി കേളാൽ
പ്രളയാംബുദനിവഹേ ഭാസ്കരനൊളിവായതു കണ്ടപ്പോൾ
കളിയല്ല തമസ്സുനിറഞ്ഞൊരു വെളിവില്ല ധരിത്രിയതിൽ
കരിരാജകരങ്ങൾകണക്കെ ചൊരിഞ്ഞൊരു ധാരാവർഷം
പരിതോദിശി ഗോകുലസീമനി വാരിദനിരകൾചൊരിഞ്ഞും.

തെരുതെരെ നിരവധി ചൊരിയും വാരികൾ
ധരണി നിറഞ്ഞു കവിഞ്ഞു വഴിഞ്ഞഥ
അരനിമിഷത്തിൽ പുരികളുമാഴികൾ
പെരുകിജ്ജലമയമായി ദിഗന്തം;
കരക[1]നിപാതാൽ കാലികളെല്ലാം
കരചരണങ്ങൾ മുറിഞ്ഞു വലഞ്ഞു;
അരണകളാലിപ്പഴമതു തിന്നു
മരണംപ്രാപിച്ചൊക്കെയൊടുങ്ങി;
ഗിരിവിപിനങ്ങളിൽ മരുവീടുന്നൊരു
കിരികളുമാനകൾ കരടികൾ പുലിയും
തെരുതെരെ വാരിയിലൊഴുകി നശിച്ചും
പുരകളശേഷം മുഴുകി നശിച്ചും
പെരികെ വളർന്ന തരുക്കളുമെല്ലാം
മുരടു പറിഞ്ഞു പതിച്ചു നിരക്കെ
കരുമനയിങ്ങനെ പലതും വന്നതു
പറവാനുരഗപതിക്കും വിഷമം.
ആച്ചികൾ നായൻമാരും വീടുമൊ—
ഴിച്ചുടനോടിക്കുന്നുകൾതോറും
കൊച്ചുകിടാങ്ങളെ മടിയിലിരുത്തി
വിറച്ചു കയർത്തു പറഞ്ഞുതുടങ്ങി:
‘‘കണ്ടച്ചാരേ! വലുതായിട്ടൊരു
ചെണ്ട പിണഞ്ഞതറിഞ്ഞില്ലേ താൻ
മണ്ടിപ്പോരുന്നേരത്തെന്നുടെ
പണ്ടേയുള്ളൊരു താലിക്കൂട്ടം
കൊണ്ടിഹ പോന്നില്ലയ്യോ! വീട്ടില—
തുണ്ടോ, കള്ളൻ കൊണ്ടു ഗമിച്ചോ?
ഇണ്ടലിനിക്കു നിനയ്ക്കുന്തോറും
ഉണ്ടാക്കാൻ ഞാനാളല്ലിനിമേൽ.’’
കണ്ടച്ചാരു പറഞ്ഞതുനേരം:
‘‘വേണ്ടിനി മോഹം താലിയിലേതും
വെള്ളം കേറിപ്പോയില്ലെങ്കിൽ
കള്ളൻ കൊണ്ടു ഗമിച്ചതു നൂനം

---

1. കരകം=ആലിപ്പഴം.

കള്ളം കാട്ടിക്കണ്ട ജനങ്ങളൊ—
ടുള്ള ധനങ്ങൾ പിടിച്ചുപറിക്കും
കള്ളികളുടെ മുതലിങ്ങനെ പോണം
കള്ളത്തൊഴിലുകളുടെ ഫലമത്രേ.
പരമതിനെന്തിനു ദുഃഖിക്കുന്നു
പുരുഷൻമാരിനിയും പലരുണ്ടാം
തരുമവരിൽ ചിലർ പൊന്നും പണവും
തരമായിനിയും തീർപ്പിച്ചീടാം
പരനാരികളാം നിങ്ങൾക്കെല്ലാം
പരധനജീവനമല്ലോ ധർമ്മം;
ചിരുതേ! കോപിക്കരുതേ വെറുതേ
പെരുതേ നിന്നുടെ ധൂളിത്തങ്ങൾ
നിന്നുടെ തോഴി ഇട്ടിക്കാളി—
പ്പെണ്ണന്നവളുടെ ഭവനേ ചരിവാൻ
ഇന്നലെ രാത്രിയിൽ മഴ ചൊരിയുമ്പോൾ
ചെന്നു കരേറി യദൃച്ഛയിൽ ഞാനും
ഒച്ചയുമൊളിയും കേൾക്കാതങ്ങു വി—
റച്ചു പുറത്തു കിടക്കുന്നേരം
വന്നൊരു സരസനുറക്കറവാതിലു
മന്ദം മുട്ടി വിളിച്ചുതുടങ്ങി;
ഇട്ടിക്കാളിയുമപ്പൊളുറങ്ങീ—
ട്ടക്കഥയേതും ബോധിച്ചീല
ദുഷ്കാലത്താലവളുടെ ഗുണദോ—
ഷക്കാരൻ കുഞ്ഞിട്ടിയുണർന്നു
തെരുതെരെ വാതിലു മുട്ടുന്നതു കേ—
ട്ടുരിയാടാതെ പതുക്കെയിരുട്ടിൽ
പരിചൊടു കതകു തുറന്നൊരു കോണിൽ
തരവും പാർത്തഥ നിന്നിതു വിരുതൻ;
ഗാത്രം മഴയിൽ നനഞ്ഞതശേഷം
തോർത്തിയുണക്കിദ്ധൂർത്തൻ കുമരി
പാർത്തീടാതേ കട്ടിൽ കരേറീ—
ട്ടാർത്തിപിടിച്ചു പുണർന്നു യഥേഷ്ടം;
'സരസിജമുഖി ഞാൻ മുന്നം ചൊല്ലിയ
പിരിയൻവളയിതു മേടിച്ചാലും
ഉരിയാടാതെ കിടക്കുന്നെന്തിനു
പരിഭവമൊക്കെക്കളക സുശീലേ!
ഇരുടൻ കുഞ്ഞിട്ടിക്കിതുപോലെ
കരമതിലില്ലൊരു പൊന്നും പണവും

വരികയുമില്ലവനീയിടെയെങ്ങും
വരികിലുമാട്ടിക്കളയണമുടനേ
വിരസതയെന്യേ തുടരുക വേഗാൽ
സരസിജശരനുടെ ലീലകൾ ബാലേ!'
പററിക്കേട്ടഥ കുഞ്ഞിട്ടിയുമതു
ചെററും മനസി പൊറുക്കാഞ്ഞതിനാൽ
ചീററിച്ചെന്നു കുടുമ്മ പിടിച്ചു
ചുററിവലിച്ചഥ താഴത്തിട്ടു
തെററന്നവനുടെ ചെവിയുമറുത്തു
പറെറച്ചെത്തി കുടുമയുമുടനേ
മാററിയെ മാറത്തിട്ടു തൊഴിച്ചു
മാററിത്തം പലതെന്നേ വേണ്ടു
കൂററൻമാരുടെ കലശലു കേട്ടു
മുററുമുണർന്നിക്കാളി[1]യുമപ്പോൾ
തെററിപ്പോമവളെന്നോർത്തു പിടി—
ച്ചെററു[2]വതിന്നായ് ഭാവിച്ചപ്പോൾ
'നല്ല കുടുംബക്കാരാ നീയ്യീ
വല്ലാത്തവളോടു ചേർന്നതു കൊള്ളാം!
നില്ലനുജാ! കുഞ്ഞിട്ടീയിവളെ—
ക്കൊല്ലരുതേ നീ മാറുക വേഗാൽ
മതിമാൻ നീയിക്കാളിയൊടിനിമേൽ
മതിയാക്കേണം ബന്ധുതയെല്ലാം
അതിസാഹസമരുതെ'ന്നു വിലക്കി—
ക്കഥമപി കുഞ്ഞിട്ടിയെ വശമാക്കീ—
ട്ടൊരുമിച്ചവനൊടു മററൊരു വീട്ടിൽ
തരസാ ചെന്നു കിടന്നു പുലർന്നു.
കുമരിയൊടവളും പിരിയൻവളയതു
വിമുഖതയെന്യേ വാങ്ങിക്കൊണ്ടു
മമത മുഴുത്തു വസിച്ചെന്നിപ്പോ—
ളുമയന്നൂരിക്കാളി[3] പറഞ്ഞു;
അതുകൊണ്ടത്രേ ഞാൻ പറയുന്നു
മതിമോഹത്താൽ നിങ്ങൾക്കെല്ലാം
അതിയായിട്ടുള്ളമളികൾ പിണയും
മതിമതി ചിരുതേ ദുസ്സാമർത്ഥ്യം.
ഇങ്ങനെ തങ്ങളിലവർ പറയുമ്പോ—
ളങ്ങൊരു കിഴവി പറഞ്ഞുതുടങ്ങീ:

---

1. 'ഇക്കാളി'—'ഇട്ടിക്കാളി'യുടെ ചുരുക്കപ്പേര്.
2. എററുക = അലക്കുക
3. ഉമയന്നൂരിക്കാളി = ഉമയന്നൂർവീട്ടിലെ ഇക്കാളി (ഇട്ടിക്കാളി).

''നങ്ങേലിക്കു കടിഞ്ഞൂൽഗർഭം
സംഗതമായിതു പത്താംമാസം
എങ്ങും മാറാതുള്ളൊരു മഴയിതി–
ലെങ്ങനെ പേറു കഴിച്ചീടേണ്ടു
വിറകും വേതും മഞ്ഞളുമുള്ളിയും
ചെറുകടുകെന്നിവ കൊണ്ടുവരാനും
തിറമുള്ളാളുകളുണ്ടെന്നാലും
പുറമേ പോവതിനെളുതല്ലേതും

എന്തൊരു കാരണമെന്നുടെ മകനേ!
സന്തതമിങ്ങനെ മഴ പെയ്തീടാൻ
എന്തെങ്കിലുമൊരു കാരണമുണ്ടിതു
ചിന്തിച്ചെന്നൊടു ചൊല്ലീടേണം.
അമ്മ പറഞ്ഞതു കേട്ടഥ മകനും
ചെമ്മേ ചെവിയിൽ ചെന്നു പറഞ്ഞൂ:
''നിർമ്മായം ഞാൻ കേട്ട വിശേഷമി–

തമ്മയൊഴിഞ്ഞു ഗ്രഹിക്കരുതാരും
നന്ദാദികളിവിടാരംഭിച്ചോ–
രിന്ദ്രമഖത്തെ മുടക്കീ കൃഷ്ണൻ
എന്നതുകൊണ്ടതിവൃഷ്ടി ഭവിച്ചു
എന്നൊടു ഗൂഢം ചിലരു പറഞ്ഞു!
അതുനേരത്താ വൃദ്ധ പറഞ്ഞു:
''മതിമതി കാരണമിതു നേരത്രേ

ചതിവേറുന്ന കിടാവാം കൃഷ്ണൻ
മതിയായ്‌വരുമതിനെന്നുമുറയ്ക്ക;
വല്ലാമക്കളിലില്ലാമക്കളി–
തെല്ലാവർക്കും സമ്മതമല്ലോ.''
എന്നതു കേട്ടഥ മകനുരചെയ്തു:
''നന്ദാത്മജനതിമാനുഷനത്രേ;
ഇന്നിതിനൊരു കഴിവുണ്ടാക്കീടും
സന്ദേഹം ചെറ്റില്ലിതിനമ്മേ!''
ഒന്നിച്ചീവക പലതും തങ്ങളിൽ
മന്ദതയോടു കഥിച്ചു തുടങ്ങി,
രോഷമിയന്ന മഹേന്ദ്രനെ വേഗാൽ
തോഷിപ്പിക്കണമെന്നു നിനച്ചു
ഘോഷിച്ചംബുദനിരകൾ ചൊരിഞ്ഞു–
മിടിത്തീ വീണു ഗൃഹങ്ങൾ ദഹിച്ചും
ഝടിതി മരങ്ങളെരിഞ്ഞു പതിച്ചും
ഇടിവെട്ടേറ്റു പശുക്കൾ മരിച്ചും

കിടുകിടെ മിന്നലു കണ്ടു വിറച്ചും
ഉല്ക്കകൾ മിന്നി വരുന്നതു കണ്ടി—
ട്ടുൾക്കരളിൽ ബഹു ഭീതി വളർന്നും
ഒക്കെജ്ജലമയമായൊരെടത്തും
നില്ക്കരുതാഞ്ഞു പകച്ചു നടന്നു
ഗൃഹഭരണത്തിനു കൂട്ടിയ വട്ടവു—
മഹഹ! ഗൃഹങ്ങളുമൊഴുകി നശിച്ചു;
ബഹുവിധമുള്ള പശുക്കൾ ജലത്തിൽ
മുഹുരപി മുങ്ങിപ്പൊങ്ങി വലഞ്ഞും
വലുതായ്‌വന്ന വിപത്തു പൊറാഞ്ഞൊരു
നിലവിളിയായിത്തീർന്നതു നേരം
അലസതപൂണ്ടപ്പശുപൻമാരുടെ
കുലവും നന്ദനുമൊരുമിച്ചവിടെ
ചലമിഴിമാരൊടുകൂടിയണഞ്ഞഥ
ബലദേവാനുജനോടുരചെയ്തു:

പദം ഇന്ദിശ—മുറിയടന്ത

ചരണങ്ങൾ

1. പാലയ പാലയ കൃഷ്ണ! ബാലക! നീ ഞങ്ങളേയും
കാലികളെയും വൈകാതെ പാലിച്ചീടേണം*
2. കഷ്ടമിപ്പോളതി വൃഷ്ട്യാ വിഷ്ടപങ്ങൾ കുഴങ്ങുന്നു
ഗോഷ്ഠവാസികളുമെല്ലാം നഷ്ടരാകുന്നു
3. ഇടികൾ വന്നു വീണിട്ടുള്ള കെടുതി നീയും കണ്ടില്ലയോ?
ഝടിതി ഘോഷം മന്നിൽ വന്നു കൊടിയ സന്താപം
4. ഇന്ദ്രനെത്തെളിയിക്കാഞ്ഞു മന്ദമായി ഭാഗ്യമെന്നോ?
ഒന്നറിയാവതുമല്ലാ വന്നു വൈഷമ്യം
5. പശുകുലത്തിനും ഞങ്ങൾക്കുമശുഭമെല്ലാം കളഞ്ഞാശു
കുശലമേകീടേണം കൃഷ്ണാ! പശുപാലക!†
6. പാഹി പാഹി ദയാസിന്ധോ! ദേഹി സൗഖ്യം
ദീനബന്ധോ ?
സാഹസം വേർപെടുത്താലും മോഹനകീർത്തേ!''

പങ്കജനേത്രൻ നന്ദാദികളുടെ
സങ്കടമിങ്ങനെ കേട്ടു തെളിഞ്ഞു
ശങ്കവെടിഞ്ഞിദമരുളിച്ചെയ്തു:
''ശങ്കരനാണിതു സത്യം കേൾപ്പിൻ
ദുർമ്മദമോടിന്നമരാധീശൻ

---

* 'കാലികളെയും വൈകാതെ പാലയ നാഥാ!'—തുള്ളൽക്കാരുടെ പാഠം.

† 'കുശലമേകീടേണം കൃഷ്ണാ പശുകുലപാലാ!'—തുള്ളൽക്കാരുടെ പാഠം.

നിർമ്മര്യാദം കോപിച്ചാലും
നമ്മൊടു തരസാ ബലി വാങ്ങീടിന
വൻമലയുണ്ടു നമുക്കു സഹായം
അമ്മയുമച്ഛനുമഖിലജനങ്ങളു–
മുൻമേഷത്തോടാധികൾ കളവിൻ;''
എന്നരുൾചെയ്തു മുകുന്ദൻതിരുവടി
ചെന്നഥ ഗോവർദ്ധനഗിരിവരനെ–
ത്തന്നുടെ കൈയ്യിലെടുത്തു സലീലം
മന്ദമുയർത്തിസ്സപദി പിടിച്ചു.

അന്നേരം പശുപാലകരും പശു–
വൃന്ദവുമതിനുടെ കീഴേ ചെന്നു
നന്ദാത്മജനെച്ചുററി വസിച്ചു
മറന്നൂ പീഡകളൊക്കെ മനസ്സിൽ–
നിറഞ്ഞൂ കൗതുകമെല്ലാവർക്കും.

കുണ്ഠതയെന്ന്യേ ഗോവർദ്ധനഗിരി–
കൊണ്ടൊരു കുടയുളവാക്കി മുകുന്ദൻ
ഇണ്ടലകററിസ്സകലജനാനാം
പണ്ടേതിലുമതി സുഖമായ്‌വന്നു.

വലുതായുള്ളൊരു ഗോവർദ്ധനഗിരി
അലസതയെന്ന്യേ കൈയ്യിലെടുത്ത–
ന്നിലയിളകാതെ വസിക്കുന്നതുക–
ണ്ടലസാക്ഷികളും പശുപൻമാരും

ഈശ്വരബുദ്ധ്യാ കേശവനിൽ ബഹു–
വിശ്വാസത്തൊടുകൂടെച്ചേർന്നു
വിശ്വേശ്വരനുടെ മായയിൽ മുഴുകീ–
ട്ടച്ഛൻ നന്ദനുമമ്മയുമപ്പോൾ
കൊച്ചുകിടാവിനു പീഡ വരായ്‌വതി–
നീശ്വരനായ് ബഹു നേർച്ചകൾ നേർന്നു,

ഒരു കൈകൊണ്ടാഗ്ഗിരിയെയുയർത്തീ–
ട്ടരികിൽ വരുന്നൊരു ഗോക്കളെ മെല്ലെ
മറുകൈകൊണ്ടു ചൊറിഞ്ഞു തലോടി–
പ്പരമാനന്ദം നിന്നു മുകുന്ദൻ.

ഇഷ്ടൻമാരാം ഗോപൻമാരൊടു
തുഷ്ടിവരുംപടി വെടികൾ പറഞ്ഞു:
''ഒട്ടിനി നിങ്ങളെടുപ്പിൻ ഞാൻ പോ–
യഷ്ടികഴിച്ചു വരാമിങ്ങുടനെ
ഇട്ടീടരുതേ നമ്മളശേഷം
മൊട്ടകൾപോലങ്ങൊട്ടിപ്പോകും.''

ധൃഷ്ടവചസ്സുകൾ കേട്ടു ശിശുക്കടെ—
കൂട്ടം കൈയ്യുമുയർത്തിച്ചെന്നു
ഒപ്പം താങ്ങിയ നേരം കൃഷ്ണനു
മല്പം കൈയ്യതു മെല്ലെയയച്ചു,
''അപ്പാ! വലിയൊരു മലയുടെ കനമിതെ—
ടുപ്പാൻ ഞങ്ങൾക്കെളുതല്ലേതും
ചെപ്പടിവിദ്യക്കാരൻ നിന്നോ—
ടല്പം നില്പാനരുതിതിലാർക്കും
ദുഷ്പ്രാഭവമുരചെയ്താൽ ഫലമെ—
ന്തിപ്പണി പാരം ദുർഘടമത്രേ
മുലകുടി മാറാതുള്ളൊരു ബാലൻ
മല കരതാരിലെടുത്തെന്നുള്ളതു—
മുലകതിൽ മുന്നം കേട്ടറിയുന്നി—
ല്ലലമലമാർക്കറിയാം മറിമായം!
വലയിക്കാതിനി ഞങ്ങളെയെല്ലാം
മല നീതന്നെയെടുക്ക മുകുന്ദാ!''
ശിശുജനവാക്കുകളിങ്ങനെ കൈതവ—
ശിശുവാം കൃഷ്ണൻ കേട്ടു തെളിഞ്ഞു
കുശലതയോടാ ഗിരിയെയുയർത്തി—
പ്പശുപശുപാലരെ മോദിപ്പിച്ചു.
അതിവൃഷ്ട്യാമയമറിയാതിങ്ങനെ
മതിമുഖിമാരും ഗോപൻമാരും
ക്ഷിതിതലവാസികൾ മററുള്ളവരും
പ്രതിദിനമവിടെ വസിച്ചു സുഖിച്ചു.

ഓടുകയും ചിലരാടുകയും ചിലർ
മുഹുരുടനടിപിടികൂടുകയും
പാടുകയും ചിലരാടുകയും ചിലർ
പടുതയൊടഥ വിളയാടുകയും
ചാടുകളും ചില വീടുകളും ബഹു
ചതുരഗുണമുടയ മാടുകളും
വാതുകളും ചില വാദികളും ബഹു
കവിജനമൊടു വിബുധാദികളും
തേടുകയും കരുതീടുകയും ഹൃദി
തിറമൊടു ഹരികഥ പാടുകയും

ചമ്പതാളം

മഴയുടയൊരഴിമതികൾ കിമപി നിനയാതവർ
മത്തരായ്ത്തത്ര പാർത്താരിത്ഥമേഴുനാൾ
നളിനിയുടെ രമണനഥ തെളിവിനൊടു കാണായി

നന്നായ്ത്തെളിഞ്ഞു ദിഗന്തങ്ങളൊക്കെയും
മുരമഥനനവനിധരമവനിയതിൽ വച്ചങ്ങു
മുന്നേക്കണക്കേയുറപ്പിച്ചു കേശവൻ.

ആയതമിഴിയാളായ യശോദയു—
മായാസം മകനുണ്ടെന്നോർത്തഥ
കായക്ലേശം തീരുവതിന്നായ്
പായസവും പാൽ വെണ്ണകളെന്നിവ
പ്രായമകന്നൊരു പുത്രസ്നേഹാ—
ലായകണക്കെ കൊടുത്തു പുണർന്നു.
നന്ദനുമുടനേ കൃഷ്ണനെ വേഗാൽ
മന്ദം മടിയിലിരുത്തിത്തഴുകി
ഇന്നിവനുടെയീ സാഹസകർമ്മം
നിന്നവരെല്ലാം കാൺകനിമിത്തം
വന്നീടരുതൊരു നാവിൻദോഷവു—
മെന്നു നിനച്ചതിനായി ലലാടേ
നന്നായ് ഗോമയതിലകവുമിട്ടു
മന്ദമുഴിഞ്ഞൂ പശുവിൻവാലാൽ
മണിമന്ത്രാദികൾകൊണ്ടും സുചിരം
പണിപെട്ടീടിന രക്ഷകൾ ചെയ്തു
അണിയിച്ചേറെ ഗോക്കളെ തൽക്ഷണ—
മവനവരനവധി ദാനം ചെയ്തു.
ഗോപികമാരും ഗോപൻമാരും
ശ്രീപതിതന്നുടെ ചുററും ചെന്നു
''ആപദി ഞങ്ങളെ രക്ഷിച്ചിങ്ങനെ
താപമകററുകയാൽ തവ മേലിൽ
മംഗലമഖിലം മേൻമേൽ വരുമൊരു
ഭംഗം വരികയുമില്ലൊരിടത്തും
മംഗലശീലാ! നീ വിളയാടുക
ഞങ്ങടെ ഭവനംതോറും നിത്യം
അംഗവുമീവിധമായി''പ്പലവിധ—
മിങ്ങനെ വാഴ്ത്തിത്തെളിവൊടു നിന്നു.
അത്തലു വന്നതൊഴിപ്പാനവിടേ—
ക്കെത്തിയ ലോകരശേഷവുമപ്പോൾ
ഉത്തമപുരുഷനെ വാഴ്ത്തിത്തങ്ങടെ
പത്തനനിരകളിലങ്ങു ഗമിച്ചു.
ആമോദിച്ചഥ പശുപൻമാരും
രാമയശോദാനന്ദാദികളും
ക്ഷേമം പെരുകിന ഘോഷേ വിരവൊടു

ദാമോദരനുടെ ലീലകൾ കണ്ടും
കോമളമുരളീനാദം കേട്ടും
ശ്യാമളതിരുവുടൽ നോക്കി രസിച്ചും
ആമയമെന്നൊരു കഥയറിയാതെ
കാമിതലാഭത്തോടുവസിച്ചു.

ശതമഖനതുപൊഴുതധികഭയാൽ
പതറിയ മനമൊടു പരവശനായ്
പരമപുരുഷനുടെ പരിഭവത്തെ
പരിചൊടു കളയണമിതി കരുതി
സുരുചിരം കനകകലശനിരയിൽ
സുരനദിയിലെ ജലമരനിമിഷാൽ
സുരകരി[1]കരംതന്നിലെടുപ്പിച്ചുടൻ
സുരഭി[2]യെ വിരവൊടു നടത്തിക്കൊണ്ടു
ധരണിയിൽ വിരവൊടു വിറച്ചിറങ്ങി
ശരണമെന്നടിയിണ പണിവതിന്നായ്
മനമതിൽ മദമുടനുടനകന്നു,
വിനയബഹുമതികളിടകലർന്നു;
'പിഴകൾ പലതുമതിശയമതിനാൽ
തൊഴുവതിനിഹ മമ കഴി വരുമോ?'
മുഹുരപി പലവക ഹൃദി നിനച്ചു
ഹ ഹ ഹ നയനജലമപി പൊഴിച്ചു
രഹസി ഹരിയുടയ അരികിൽ ചെന്നു
ബഹുലഭയമൊടടിമലരിൽ വീണു.

ലക്ഷ്മിതാളം

അന്നേരം—സുരഭി മുദാ
ചെന്നൂ പുരുഷോത്തമന്റെ സവിധമതിൽ
നിന്നീടാ—തുരു മോദാൽ
നന്നായ് ചൊരിയും ചുരന്ന പാൽകൊണ്ടു
നന്ദിപ്പി—ച്ചഭിഷേകം
നന്ദാത്മജമസ്തകത്തിലവൾ ചെയ്തു.
അന്നുമുതൽ—ക്കുണ്ടായി—
ത്തീർന്നൂ ഗോവിന്ദനെന്നു തിരുനാമം.
സുരതടിനീ—തീർത്ഥത്താൽ
സുരകരിവരനും കഴിച്ചിതഭിഷേകം
സുരപതിയും—പുനരുടനേ
സുഖമോടെഴുനേററു നിന്നു സ്തുതിചെയ്തു.

---

[1] സുരകരി = ഐരാവതം [2] സുരഭി = കാമധേനു.

പദം. മോഹനം—മുറിയടന്ത

പല്ലവി

ഏകസ്വരൂപാ! നമസ്തേ കൃഷ്ണാ!
ലോകത്രയേശ്വര ശൗരേ!

അനുപല്ലവി

നാകപ്രഭുത്വം നടിച്ചു ഞെളിഞ്ഞു ഞാ—
നാഗസ്സു[1]ചെയ്തവയൊക്കെ ക്ഷമിക്കണം
(ഏകസ്വരൂപാ!)

ചരണങ്ങൾ

1. മന്ദമതിയാകമൂലം ബോധ—
മെന്നിയേ ഞാൻ പ്രതികൂലം
ഒന്നു ചെയ്താലും പൊറുത്തു രക്ഷിപ്പതി—
നന്യനൊരുവനുമില്ലെന്നറിയണം (ഏകസ്വരൂപാ!)
2. ദാസനായീടുമെനിക്കു, നിത്യ—
മാശയശുദ്ധിവരുത്തി
ക്ലേശമൊഴിച്ചരുളേണം വരമതി—
നാശു തരുന്നതിനേഷ തൊഴുന്നഹം.'' (ഏകസ്വരൂപാ!)

ശ്ലോകം

വൃത്രാരാതി വണക്കമോടടിയിൽ വീ—
ണിത്ഥം പുകഴ്ന്നീശനെ
ഉത്ഥായാഥ വലത്തുവച്ചു മുടിയിൽ
ബദ്ധാഞ്ജലിസ്സാദരം
ഭക്ത്യാ കാൽത്തളിരോർത്തു നില്ക്കുമളവിൽ
പ്രീത്യാ ജഗന്നാഥനെ
ഭക്ത്യർത്ഥം പൊഴിയും ഗിരാ സുരഭിയും
സ്തോത്രങ്ങൾ ചെയ്താൾ ചിരം.

പദം. നീലാംബരി—ചായ്പ്

പല്ലവി

നാഥാ ഹരേ! കൃഷ്ണാ! നാഥാ! ഹരേ!

ചരണങ്ങൾ

1. പാരം വളർന്ന ഭൂമി ഭാരമൊഴിപ്പതിന്നായ്
നാരായണൻ നീ സാക്ഷാൽ പാരിലവതരിച്ചു
(നാഥാ ഹരേ!)
2. ഗർഭത്തിൽ കിടക്കുന്നോരർഭകൻ ചവിട്ടുമ്പോ—
ളുർവ്വിയിൽ ജനനിക്കുണ്ടുദ്ഭവിക്കുമോ കോപം
(നാഥാ ഹരേ!)
3. ഒന്നുണ്ടു വിശേഷിച്ചു നിന്നോടപേക്ഷിക്കുന്നു
മന്ദേതരയാം ഭക്തി വന്നീടേണം നിൻ പാദേ
(നാഥാ ഹരേ!)

---

[1] ആഗസ്സ് = പാപം; കുറ്റം.

4. എന്നതുമൂലം ഭവാൻ വൃന്ദാരകാധിപനെ
നന്നായനുഗ്രഹിച്ചങ്ങെന്നേയുമയയ്ക്കേണം (നാഥാ ഹരേ!)

കരുണാകരനാം മാധവനപ്പോൾ
സുരഭിയെ മെല്ലെത്തഴുകിക്കൊണ്ടു
ശരണാഗതനാമിന്ദ്രനെ നോക്കി—
ച്ചെറുചിരിയോടിദമരുളിച്ചെയ്തു:
''വരികരികേ സുരനാഥ! മഹേന്ദ്രാ!
നിരുപമഗുണഗണഭാഗ്യപയോധേ!
സുരജനബന്ധുതയേറുമിനിക്കൊരു
പരിഭവമിന്നു ഭവാനുടെ നേരെ
വരുവാൻ കാരണമില്ല നിനച്ചാൽ
പരിചൊടു കരുതുക മാനസതാരിൽ;
പരമൊരു കാര്യം സംഗതിയുണ്ടതു—
മറിവാനായഹമുരചെയ്തീടാം.
സർവ്വജനത്തിനുമുടയവനെന്നൊരു
ഗർവ്വം മനസി ഭവാനു തുടങ്ങി
ഗീർവ്വാണാധിപ ഞാനതറിഞ്ഞി—
ട്ടീവഴിയൊക്കെ വരുത്തിക്കൂട്ടി;
ഗർവ്വം വളരുകിലാരെന്നാലും
ദുർവ്വിധമോരോന്നാരംഭിക്കും
ആ വഴി കണ്ടാൽ നിന്ദിച്ചീടും
സർവ്വജനങ്ങളുമുടനേതന്നെ.
ശർവ്വനുനേരായുള്ള മുനീന്ദ്രൻ
ദുർവ്വാസസ്സും പണ്ടൊരു കാലം
നിർവ്വൈരനതാം നാഭാഗാത്മജ[1]—
നുർവ്വീപതിയൊടു, കാരണമെന്ന്യേ
ദുർവ്വൈരങ്ങൾ തുടങ്ങി വലഞ്ഞൊരു
ഗർവ്വുനിമിത്തമിതറിയുന്നില്ലേ?
എന്നതുപോലെ ഇന്നു ഭവാനും
വന്നീടരുതെന്നോർത്തതു കളവാൻ
ഇന്നീത്തൊഴിലു തുടങ്ങീ ഞാനും

---

[1] നിർവ്വൈരനതാം നാഭാഗാത്മജനുർവ്വീപതിയൊട് = നിർവ്വൈരനായ (ആരോടും വൈരമില്ലാത്തവനായ) നാഭാഗാത്മജനായ (നാഭാഗൻെറ പുത്രനായ) ഉർവ്വീപതിയൊട് (രാജാവിനോട്). ആരോടും വൈരമില്ലാത്തവനായ അംബരീഷമഹാരാജാവിനോടെന്നു സാരം. ഒരു സൂര്യവംശരാജാവായ നാഭാഗൻെറ പുത്രനാണ് അംബരീഷൻ.
''ദുർവ്വൈരാത്മജനാഭാഗനതാ—
മുർവ്വീപതിയൊടു കാരണമെന്ന്യേ
നിർവ്വൈരങ്ങൾ തുടങ്ങി വലഞ്ഞൊരു''—എന്നു മുദ്രിത പുസ്തകങ്ങളിലെല്ലാം കാണുന്നത് അപപാഠം.

വന്നു ഭവാനും ശാന്തി മനസ്സിൽ.
എന്നാൽ ത്രിദിവേ ചെന്നു ഭവാനിനി
എന്നെയുമുള്ളിൽ മറന്നീടാതെ
സാന്ദ്രസുഖേന വസിച്ചാലും തവ
വന്നീടും മദ് ഭക്തിയുമധികം.
നന്ദിനിമാതാവേ![1] സുരഭീ! നീ
ഇന്ദ്രനൊടും ചെന്നമരപുരത്തിൽ
വൃന്ദാരകജനവാഞ്ഛിതമൊക്കെയു—
മൊന്നൊഴിയാതെ കൊടുത്തു വസിക്ക.''
നന്ദാത്മജനുടെയനുമതിവാക്കുക—
ളിന്ദ്രനിവണ്ണം കേട്ടു തെളിഞ്ഞു
നന്ദിനിസുരഭിയൊടൊന്നിച്ചുടനെ
മൂന്നു വലത്തും വച്ചു വണങ്ങി
മന്ദം വിടയും വാങ്ങിക്കൊണ്ടു
ചെന്നമരാപുരി പുക്കു യഥേഷ്ടം
സാന്ദ്രസുഖേന വസിച്ചൂ സതതം
മംഗലശീലൻ കൃഷ്ണൻതിരുവടി
ഇംഗിതവേദികൾ സഖിമാരോടും
തുംഗഗുണാംബുധിയഗ്രജനോടും
സംഗതരായമ്പാടിയിലനിശം
മംഗലദേവതതന്നുടെ കാന്തൻ
ഭംഗ്യാ കളിവിളയാടി വസിച്ചു.

ഗോവർദ്ധനചരിതം ഓട്ടൻതുള്ളൽ
സമാപ്തം

---

[1] സുരഭിയുടെ (കാമധേനുവിന്റെ) മകളാണ് വസിഷ്ഠന്റെ പശുവായ നന്ദിനി. അതുകൊണ്ടാണ് 'നന്ദിനിമാതാവേ!' എന്ന സംബോധന.

സന്താനഗോപാലം

വെള്ളിക്കുന്നിലമർന്നെഴുന്ന ഭഗവാൻ
　　വെള്ളപ്പളുങ്കാഭയും
വെള്ളം നല്ലൊരു വെള്ളെരുക്കിവ ജട–
　　യ്ക്കുള്ളിൽ സദാ ചൂടുവോൻ
എള്ളോളം തിരുവുള്ളമെന്നിലധുനാ
　　തുള്ളക്കഥയ്ക്കേകുവാൻ
കിള്ളിക്കുർശ്ശിയമർന്ന ദേവമനിശം
　　കള്ളം വിനാ ഭാവയേ.

സന്തതിധനധാന്യാദി സമസ്തം
ചിന്തിച്ചതുപോലാശു കൊടുക്കും
സന്താനദ്രുമമാകിന സന്തതി–
ഗോപാലം കഥയതു കഥനീയം;
അതിമോദത്തോടുരചെയ്യാമതു
മതിമാൻമാർ കേട്ടരുളുക വേണം
മൽ കൃതികൾക്കൊരു പിഴവന്നാലും
സൽകൃതിയെന്നിഹ വരുവതിനായി
സുകൃതികളാകിന കൃതികളെയിന്നു ന–
മസ്കൃതി ചെയ്തേനെല്ലാവരെയും.
വികൃതി പറഞ്ഞു നടക്കും ദുർജ്ജന–
നികൃതികൾകൊണ്ടൊരു കൂസലുമില്ല;
നാരായണനുടെ കഥ പറയുമ്പോ–
ളോരോ ദൂഷ്യം വന്നെന്നാലും
പോരായ്മകളില്ലെന്നതുകൊണ്ടോ
ധീരതയുള്ളിൽ വളർന്നീടുന്നു!
കാരണപൂരുഷനാകിയ ഭഗവാ–
നാരണപൂജിതനതിസുകുമാരൻ
കാരുണ്യാലയനച്യുതനർജ്ജുന–
സാരഥി ഭക്തപ്രിയനാം കൃഷ്ണൻ
ഈരെണ്ണായിരവും പുനരെട്ടും
ദാരങ്ങളതാം തരുണികളോടും
ദ്വാരകയെന്ന മഹാപുരിതന്നിൽ
സ്വൈരം വാണരുളീടിന കാലം
ശതമഖമുഖസുരവന്ദ്യൻ കൃഷ്ണൻ
വിരവൊടു ഹയമേധം ചെയ്വാനായ്
ചിതമൊടു യജനപുരാദികൾ തീർത്തി–

ട്ടതിനു പ്രയത്നം ചെയ്തുതുടങ്ങി;
ജ്യേഷ്ഠനതാം ബലഭദ്രരൊടും പരി—
തുഷ്ടൻമാരാം വൃഷ്ണികളോടും
ഇഷ്ടൻമാരിൽ ശ്രേഷ്ഠനതായ യു—
ധിഷ്ഠിരസോദരനാം സഖിയോടും
എട്ടും നിജ പതിനാററായിരവും
മട്ടോൽമൊഴിമാർ പെററുളവാകും
എട്ടുസഹസ്രം മക്കളൊടും പരി—
തുഷ്ട്യാ ഗേഹം പുക്കതിമോദാൽ
സദ്യ ശ്രമിപ്പാനനിരുദ്ധാദികൾ
തദ്ദിശി പോകെന്നവരെയയച്ചു;
ശ്ലാഘ്യത പെരുകിന മാമുനിവരരുടെ
യോഗ്യതപോലെയിരുത്തി യഥാവൽ
യാഗത്തിന്നായ് വന്നൊരു നരവര—
യോഗത്തോടുമിരുത്തി മുകുന്ദൻ;
അന്തണവരരുമസംഖ്യം വന്നി—
ട്ടന്തികസീമ്നിയിരുന്നു തുടങ്ങി
അടിതിരിയക്കിത്തിരി ചോമാതിരി
പട്ടേര്യെമ്പ്രാൻ നമ്പൂതിരിയും
പട്ടൻമാരും കുട്ടികളൊരുവക
വട്ടം പറവാൻ കാലം പോരാ;
മററും പല പല സാധുജനങ്ങളു—
മററംകൂടാതസ്സഭതന്നുടെ
ചുററും വന്നു നിറഞ്ഞു ശശിയുടെ—
ചുററും നക്ഷത്രങ്ങൾകണക്കേ;
ഏററം ഘോഷിച്ചങ്ങനെ ജഗതീ—
പോററിയുമവിടെയിരുന്നരുളുമ്പോൾ
തത്ര സമീപത്തുള്ളൊരു ഭൂസുര—
സത്തമനും പുനരന്തർജ്ജനവും
എത്ര കൊതിച്ചിട്ടുണ്ടായ്‌വന്നൊരു
പുത്രൻ ചത്തു പിറന്നു ധരായാം.
അത്തലൊടദ്വിജവരനും തന്നുടെ
ഹസ്തതലത്തിലെടുത്തു കുമാരം
ഉത്തമപുരുഷപദാംബുജസേവക—
നുത്തമമാകിന വക്ഷസി താഡി—
ച്ചത്യുച്ചത്തിലിവണ്ണം ശിവ ശിവ!
പത്തിരുനൂറു വിലാപിച്ചിട്ടതി—
ചിത്ത വിഷാദാൽ ചൊന്നാനപ്പോൾ:

പദം. ദ്വിജാവന്തി—ചായ്പുതാളം

ചരണങ്ങൾ

1. ഹന്ത ഹന്ത മുരാന്തകാ! ബന്ധുരാംഗ! ദയാരാശേ!
ബന്ധമെന്തെനിക്കീവണ്ണം സംഭവിപ്പാനും
2. വിപ്രകർമ്മം പിഴയാതെ കിൽബിഷാംശമണയാതെ
ചിൽപുരുഷാർച്ചനസേവ ലുബ്ധമാക്കാതെ
3. കൃഷ്ണ കൃഷ്ണ! എന്നല്ലാതെ തൃഷ്ണയെന്യേ
യെൻമനസ്സിൽ
വൃഷ്ണിവംശശിഖാമണേ! ചിന്തയില്ല മേ
4. പാലയ കൃപാലയ ലോകാലയ ഗുണാലയ മാം
വേലയില്ല ഭവാനോർത്താൽ പാലനം ചെയ്‌വാൻ.

ഇത്ഥം ദുഃഖിച്ചു പുനരുത്ഥാനംചെയ്തു വിപ്രൻ
പുത്രനേയുമെടുത്തു പ്രസ്ഥാനം ചെയ്തു ശീഘ്രം
പേർത്തു ശയിച്ചു ദുഃഖമോർത്തു ശരീരം പാരം
നേർത്തും ആനനം പാരം വീർത്തും കണ്ണനോടു ക-
യർത്തും കണ്ണുനീരൊട്ടു വാർത്തും കൈകൊണ്ടു കൂടെ-
തോർത്തും ഭാര്യേടെ ദുഃഖമോർത്തും പാരാതെ യാത്ര
പേർത്തും പറഞ്ഞു ശീഘ്രം ആർത്തനായ് പുറപ്പെട്ടു.
സത്യസ്വരൂപനാം ശ്രീകൃഷ്ണന്റെ മുമ്പിൽക്കൊണ്ടെ-
സ്സത്വരം വച്ചു നിജ പുത്രനെയുമദ്ദേഹം.

നിരക്കും പന്തിയിൽ ചെന്നങ്ങിരിക്കും, നിർമ്മലൻമാരാ-
യിരിക്കും മാലോകർക്കുള്ളമെരിക്കും, കല്മഷത്തെ സം-
ഹരിക്കുംമാലോകർ മററുള്ളവർക്കും ഗൂഢമാനസ-
മിരിക്കും ശോകവഹ്നിയിൽ ദഹിക്കും ബ്രാഹ്മണ,നെന്നു
നടിക്കുമാറെല്ലാവരും, അടിക്കും കൈകൊണ്ടു മാറ-
ത്തിടിക്കും പേടിയാംവണ്ണം ചിരിക്കും ഒച്ചകൾകൊണ്ടും
നടുങ്ങും പാഞ്ഞങ്ങുമിങ്ങും നടക്കും ഉണ്ണിയേ മാറ-
ത്തെടുക്കും കണ്ണനു കൊണ്ടെക്കൊടുക്കുംകാൽത്താരിൽവീണു
കിടക്കും കാലിണ കെട്ടിപ്പിടിക്കും ഉണ്ണീടെ ജീവൻ-
കിടയ്ക്കുമെന്നുള്ള ഭാവം നടിക്കും ഭൂസുരൻതന്റെ
തിടുക്കമിങ്ങനെ കഷ്ടം!
തുഷ്ടമാനസരാകും ഭൂസുരരെല്ലാവരും
ഞെട്ടുമാറുരചെയ്തിടിവെട്ടും നാദംപോലെ:
''പാരം പരവശമാമെൻ പീഡകൾ
നേരംപോക്കായ്ത്തീർന്നു നിനക്കും
മരണമടുത്ത പുമാനുടെ ശ്വാസവി-
കാരം കണ്ടു രസിക്കുംപോലെ;
നാരികൾ നാലഞ്ചുണ്ടല്ലോ തവ

പുത്രൻമാരും മൂന്നാലില്ലേ?
കർക്കശമാനസ ഞങ്ങളുമിങ്ങനെ
ദുഃഖിച്ചിട്ടു കിടപ്പാറെന്നോ?
എണ്ണുകിലെത്താതുള്ളൊരു നിന്നുടെ
പെണ്ണുങ്ങൾക്കു പ്രതിപ്രതിയനവധി—
യുണ്ണികളും പെണ്ണുങ്ങളുമുള്ളതി—
നൊന്നിനുമില്ലൊരു സൗഖ്യക്കേടും
കണ്ടാലമ്പതുമറുപതുമൊരുദിന—
മുണ്ടാകുന്നു നിനക്കു സുതൻമാർ
കൊണ്ടാടിക്കൊണ്ടവരെപ്പരിചൊടു
കണ്ടു രസിച്ചും കൈകളിലാക്കി
കുണ്ഠത തീർന്നു വസിച്ചീടും വൈ—
കുണ്ഠാ! നിന്നുടെ നാട്യം കൊള്ളാം.
വിപ്രൻമാരുടെ ദുഃഖം കണ്ടാൽ
ഉൾപ്പൂവിങ്കൽ കൃപയില്ലാത്തൊരു
ദുഷ്പ്രഭുവേ നീയേറെ ഞെളിഞ്ഞാൽ
ക്ഷിപ്രം നിന്നെ ശപിക്കും ഞാനും
കുഴലുവിളിച്ചു രസിപ്പാൻ കൊള്ളാം
തോഴ്യെ വിളിച്ചു നടപ്പാൻ കൊള്ളാം
ചേലകൾ കട്ടു നടപ്പാൻ കൊള്ളാം
പാലു കവർന്നു ഭുജിപ്പാൻ കൊള്ളാം
അംഗനമാരെയൊളിപ്പാൻ കൊള്ളാം
ഇങ്ങനെയുള്ളതിനൊക്കെക്കൊള്ളാം
പാർത്ഥിവധർമ്മം തിരിയാതുള്ളൊരു
ധൂർത്തമതേ! യീവണ്ണം രാജ്യ—
ത്താർത്തിവളർന്നതു കാത്തു വസിച്ചാൽ
കീർത്തികളും തിറമായിത്തീരും!

നാട്ടിലിരിക്കുന്നോരു നാനാജനത്തിന്റേയും
പാട്ടിലിരിക്കും ദ്രവ്യം പാടേ കരസ്ഥമാക്കി
വീട്ടിലിരുന്നോരോരോ ഗോഷ്ടികൾ കാട്ടും നിന്നെ
ആട്ടിക്കളെവാനുമീ നാട്ടിലാരുമില്ലല്ലോ!''

അന്യായം പലതിങ്ങനെ ബ്രാഹ്മണ—
നന്യായം വച്ചുരചെയ്തിട്ടും
മന്നവവരനതിനുത്തരമായി—
ട്ടൊന്നുംതന്നേയുരിയാടീല;
ഖിന്നതപൂണ്ടു വിഷണ്ണൻമാരായ്
നിന്നു ചമഞ്ഞു മഹാജനമെല്ലാം
എന്നേ! വിസ്മയമെന്നു വിചാരി—

ച്ചന്യോന്യം ചില വാക്കു തുടങ്ങി:
‘‘ഈരേഴുലകിനു വേരായ് മരുവിന
നാരായണനും നരനുംകൂടി
പാരാതിവിടെയിരുന്നരുളുമ്പോൾ
നേരേ വന്നൊരു ഭൂസുരനിങ്ങനെ
ചേരാതുള്ളതു ചൊന്നതു നല്ലൊരു
നേരായ്‌വരുമോയെന്നും ചിലര്
നീരസമേതാൻ കാട്ടീട്ടുണ്ടോ
സാരസനാഭനൊടെന്നും ചിലര്
മാരണദേവത കൊല്ലുകയോ പല
ബാലകമരണമിതെന്നും ചിലര്
മാരണദേവത കൊല്ലുന്നതിനു നി–
വാരണമുണ്ടോ എന്നും ചിലര്
കുട്ടികൾ ചത്താലിവിടേയ്‌ക്കോ ബത
കെട്ടിക്കൊണ്ടു വരേണ്ടു ശവത്തെ
ഭൂസുരവരരുടെ ചുടലക്കളമോ
ഭാസുരമാമിദ്‌ദ്വാരകനഗരം?
അതുമല്ലിതുമല്ലിങ്ങനെയല്ല
മൃതിസംശയമതു നിശ്ചയമാക്കാം
ആറും രണ്ടും ചത്ത സുതന്മാ–
രാരെക്കാട്ടിസ്സംശയമാററി?
ബലഭദ്രാർജ്ജുനനാദികളാലൊരു
ഫലമില്ലാതായ്‌വന്നെന്നും ചിലർ
പലരും പലവിധമുരചെയ്യുന്നതു
ബലനും കേട്ടിട്ടുരിയാടീലാ.
കുലിശായുധസമനാകിന ഭൂപതി–
കുലമണി മകുടമഹാമണി വിജയൻ
കുലിശംപോലെ കഠോരവചസ്സുകൾ
കലശലൊടിങ്ങനെ കേട്ട ദശായാം
വളരും കോപമടക്കരുതാഞ്ഞക–
തളിരും കൂടെ വിറച്ചു തുടങ്ങി;
വളറും തൊട്ടിയുമാദരിയാതൊരു
കളഭം നിന്നു മദിക്കുംപോലെ
ബലവീര്യാംബുധി വിജയൻ നിജ കുല–
ചിലയും കൈയിലെടുത്തു പതുക്കെ
പലപല വിരുതുകളവിടെ നടിച്ചു
ഖലജനമദഹരനാകിയ വിജയൻ;
ദുഃഖംപൂണ്ടു കിടക്കും ദ്വിജനെ–

കൈയ്ക്കു പിടിച്ചെഴുന്നേല്പിച്ചുടനേ
ഭക്തിയോടേ ദ്വിജവരനെത്തൊഴുതു സ്വ–
ശക്തി നടിച്ചു പറഞ്ഞുതുടങ്ങി;

പദം. ബലഹരി—മുറിയടന്ത

പല്ലവി
‘‘ദുഃഖംകൊണ്ടുള്ളതു പോരും—മേലിൽ
സൗഖ്യം വരുത്താൻ ഞാൻ പോരും

അനുപല്ലവി
ഇക്കഥ കേട്ടിട്ടുമാരുമിളകാതെ
നില്ക്കുന്നതെന്തിതു ധിക്കാരമല്ലയോ
(ദുഃഖംകൊണ്ടുള്ളതു)

ചരണങ്ങൾ
1. ഇന്നിയൊരുണ്ണിയുണ്ടാകും—എങ്കിൽ
വന്നു രക്ഷിച്ചുതരുന്നേൻ
പന്നഗഭൂഷണകാരുണ്യംകൊണ്ടിപ്പോൾ
ഒന്നും നമുക്കു കഴിയാത്തതില്ലഹോ! (ദുഃഖംകൊണ്ടുള്ളതു)
2. പാരം പരിതാപത്തോടെ—യുള്ള
ഗീരുകളിങ്ങനെ കേട്ടാൽ
പൂരുകുലത്തിൽ പിറന്നു വളർന്നൊരു
പൂരുഷനേതും സഹിക്കയില്ലേതുമേ! (ദുഃഖംകൊണ്ടുള്ളതു)
3. പാർത്തലമൊക്കെ നിറഞ്ഞോ—രെൻറ
കീർത്തികൾ കേട്ടിട്ടില്ലയോ
മൂർത്തികൾ മൂന്നും മറുപക്ഷത്തായാലും
രക്ഷിപ്പൻ ബാലമെൻറച്ച്യുതനാണെ ഞാൻ’’
(ദുഃഖംകൊണ്ടുള്ളതു)

ഇത്തരമുള്ളൊരു വാക്കുകൾ കേട്ടു ക–
യർത്തു പറഞ്ഞുടനർജ്ജുനനോടേ:
‘‘മതിമതി നിന്നുടെ ഗർവ്വുകളെല്ലാം
ചതിവുകളും ഞാനറിയും മൂഢാ!
ക്ഷിതിപതിമാരുടെ ദുസ്സാമർത്ഥ്യം
ക്ഷിതിസുരവരരൊടു കൂടുകയില്ല;
അക്കടൽവർണ്ണനുമഗ്രജനും പുന–
രിക്കണ്ടാളുകൾ മററുള്ളവരും
ദുർഘടമാകിന കാര്യമിതെന്നു നി–
നച്ചിട്ടവരാൽ സാദ്ധ്യവുമല്ല;
ആനപിടിച്ചാലിളകാത്തൊരു തടി
ശ്വാവിനുകൊണ്ടു ഗമിക്കായ്‌വരുമോ?
ഊററക്കാരൻമാരാം നിങ്ങളെ
നൂററുവരാട്ടിപ്പായിച്ചന്ന്

ഊററംകൊണ്ടൊരു ഫലമില്ലാതെ
തോററുമടങ്ങാനെന്തൊരു ബന്ധം?
ഏണവിലോചനയാളാം നിന്നുടെ
മാനിനിയെപ്പിടിപെട്ടു സഭായാം
ദീനതയെന്നിയെ ദുശ്ശാസനനവ–
മാനമതോരോന്നേ ചെയ്യുമ്പോൾ
നാണംകൂടാതവിടെ വസിച്ചതു–
മാണുങ്ങൾക്കിഹ യോഗ്യമതാമോ?''
അക്ഷോണീസുരനാഥനിവണ്ണമ–
ധിക്ഷേപിച്ചു പറഞ്ഞതു കേട്ടു
വീര്യപരാക്രമശാലിയതായ കി–
രീടിയുമപ്പോളേവം ചൊന്നാൻ:
''കഷ്ടം! ഭൂസുരനിത്ഥമുരപ്പാ–
നൊട്ടും മടിയില്ലാത്തതുമെന്തേ?
കേട്ടിട്ടില്ലേ ഭൂസുരനെൻെറ വി–
ചേഷ്ടിതമൊട്ടുമറിഞ്ഞിട്ടില്ലേ?
മാരുതനന്ദനസോദരനാകിയ മ–
ഹാരഥനർജ്ജുനനെന്നറിയേണം
കാട്ടാളാകൃതിപൂണ്ടൊരു ഹരനൊടു
കാട്ടിയ ഘോരപരാക്രമമെല്ലാം
കിട്ടി നമുക്കിഹ പാശുപതാസ്ത്രം
ഒട്ടും ദ്വിജവര? കേട്ടിട്ടില്ലേ?
പാഞ്ചാലാന്വയഭൂപനൊടേററു ര–
ണഞ്ചെയ്താശു ജയിച്ചു പിടിച്ചഥ
കെട്ടിയെടുപ്പിച്ചെന്നുടെ ഗുരുവിനു
പുഷ്ടകുതൂഹലദക്ഷിണചെയ്തു;
വമ്പൻമാരാം ഭൂപതിമാരവർ
ഡംഭും കാട്ടി ഞെളിഞ്ഞങ്ങവരുടെ
ഡംഭത്തരവും വമ്പത്തരവും
കൊമ്പത്തരവും മുമ്പത്തരവും
പിമ്പിട്ടാശു മടക്കിദ്രൗപദി–
തൻ പാണിഗ്രഹണോത്സവകാലേ
യന്ത്രം ഭിത്ത്വാ വേളികഴിച്ചതു–
മന്തണനാഥാ! കേട്ടിട്ടില്ലേ?
യാദവകേളിയതെന്ന മഹാവിധി
മാധവിഹരണം കേട്ടിട്ടില്ലേ?
സുരലോകേ ചെന്നമരാരികളാം
അരിയ നിവാതകകവചൻമാരേ

വിരവിൽ വധിച്ചുടനവരെ വരിച്ചൂ
വിവശമൊഴിച്ചൂ പുരിയിലയച്ചൂ;
കേൾക്ക ദ്വിജേന്ദ്ര! വിരാടനൃപന്റെ പ–
ശുക്കളെയൊക്കെ ഹരിച്ചതുമൂലം
ഭീഷ്മദ്രോണകൃപാചാര്യന്മാർ
ഭീഷ്മപരാക്രമരാമവർ പലരും
പോരിനു വന്നവരോടു പിണങ്ങി
ധീരതയോടുടനവരു മടങ്ങി
അപ്പശുവൃന്ദമശേഷം വീണ്ടി–
ട്ടപ്പൃഥ്വീവരനാശു കൊടുത്തു;
ഭാരതമാകിന പോരതിലേറ്റം
ധീരതപുണ്ട മഹീപതിമാരെ
തേരതിലേറിയെതിർത്തു ജയിച്ചൊരു
വീരൻ വിജയൻ ഞാനറിയേണം;
ലോകാധീശ്വരനാകിന ഭഗവാൻ
ശ്രീകൃഷ്ണപ്രിയനഹമറിയേണം;
തന്റെ വലിപ്പം താൻ പറയരുതതു–
കൊണ്ടുമിതിങ്ങറിയാഞ്ഞിട്ടല്ലാ
ധാത്രീസുരരുടെ ദുഃഖം കാൺമതു
ക്ഷത്രിയഭൂപർക്കുചിതവുമല്ല
അതിനു ശ്രമിച്ചാലവരെ ദുഷിപ്പതു–
മനുചിതമയി തവ ഭുവനസുരേശാ!
സംശയമൊട്ടും വേണ്ട മഹീസുര–
വംശപരാക്രമ! പൊയ്ക്കൊണ്ടാലും.
പത്താം തനയനെ രക്ഷിപ്പൻ ഞാ–
നിത്ഥം ചൊല്ലിയ സത്യഗിരം മേ
വ്യർത്ഥമതാകിലരക്ഷണവും ബത
പാർത്തിരിയാതതിനുടനേ ഞാനും
കൈയ്യിലിരിക്കും ഗാണ്ഡീവമൊടും
തീയിൽ ചാടി ദഹിച്ചീടുന്നേൻ
സത്യം ഗുരുവരചരണത്താണ
സത്യം പൂർവ്വജപാദത്താണ
ശ്രീഗാണ്ഡീവം ചാപത്താണ
ശ്രീകൃഷ്ണൻ ശ്രീ പാദത്താണ
നിശ്ചയമായിദമുൾക്കൊണ്ടാലും
സജ്ജനനാഥാ! പൊയ്ക്കൊണ്ടാലും.''
മേദുരമർജ്ജുനവാക്കുകളിങ്ങനെ
ആദരവോടഥ കേട്ടൊരുനേരം

ദുർജ്ജനരിപുവാം പാർത്ഥൻതന്നോടു
വിപ്രൻതാൻ പുനരരുളിച്ചെയ്തു:

പദം. ദ്വിജാവന്തി—ചായ്പ്

ചരണങ്ങൾ

1. അറിവില്ലാതെ വല്ലതും ഞാൻപറഞ്ഞുപോയെന്നിരിക്കിലും
അറിവുള്ളോരു ഭവാനുള്ളിൽ കരുതിവയ്ക്കൊല്ലേ
2. സജ്ജനവന്ദിതനായൊരർജ്ജുനാ! നീയെന്യേ മുററു-
മിജ്ജനത്തിന്നാരുമൊരു ശരണവുമില്ലേ
3. പുത്രൻമാരൊമ്പതും ക്ഷിപ്രം ചത്തുപോയ ദുഃഖംകൊണ്ട്
ഇപ്രകാരം ദുർഭാഷണം ചെയ്തുപോയേൻ ഞാൻ
4. എന്നതുകൊണ്ടൊന്നുമിന്നു മന്നവ! നിന്നകതാരിൽ
കല്മഷങ്ങൾ തോന്നരുതേ നിർമ്മലമൂർത്തേ!''

ക്ഷീണവചസ്സുകളോരോന്നിങ്ങനെ
കേണുപറഞ്ഞതു കേട്ടുകിരീടി
പാണിതലംകൊണ്ടദ്ദേഹത്തെ
താണുതലോടിപ്പുനരതിസദയം
'പോണം ഭൂസുരനിനി'യെന്നങ്ങൊരു
വാണിയുമമ്പൊടു യാത്രപറഞ്ഞു;
മണ്ണിൽ മരിച്ചു മലർന്നുകിടക്കുമൊ-
രുണ്ണിയെ വേഗാൽ കോരിയെടുത്തൊരു-
വണ്ണം യാത്രപറഞ്ഞെല്ലാരും
ഉന്നതഗുണനിധി യാത്രതിരിച്ചു
വില്പാനായിക്കൊണ്ടു ഗമിച്ച മ-
രപ്പാവയ്ക്കിഹ വില ചേരാഞ്ഞാൽ
അപ്പൊഴുതുടനെ തിരിയെക്കൊണ്ടു ഗ-
മിപ്പാൻ ഭാവിച്ചെന്നകണക്കേ
അരനാഴികകൊണ്ടില്ലത്തെത്തി
തെരുതെരെ വേഗമകായിൽ പുക്ക്
ഉദകക്രിയവിധിയെല്ലാം ചെയ്തി-
ട്ടുടനേ തന്നുടെ കാന്തസമീപേ
പരിതാപേന വിമൂർച്ഛിതയായി-
ട്ടുരിയാടാതെ കിടക്കും പത്നിയെ
തരസാ കോരിയെടുത്തു മനോഹര-
ലീലാമന്ത്രവുമാശുതുടങ്ങി:
''ഖേദം മതി മതി! മതിമുഖി! നീയിനി
മോദിച്ചിട്ടുടനെഴുന്നേററാലും
നാഥേ! നമ്മുടെ കാര്യമിതെല്ലാം

സാധിപ്പാനൊരു യോഗം വന്നു;
പൊയ്യല്ലെന്നുടെ ദുഃഖം കണ്ടി–
ട്ടയ്യോ കഷ്ടമിതെന്നു പറഞ്ഞു
കൈയ്യേററാനിക്കാര്യം നമ്മുടെ
കൈയ്യൂക്കുള്ളൊരു പാർത്ഥനുമിപ്പോൾ.
ചൊന്നതിനിന്നൊരു നീക്കം വന്നാൽ
മന്നവവരനതിനുടനേതന്നെ
കൈയ്യിലിരിക്കും ഗാണ്ഡീവമൊടും
തീയിൽ ചാടി ദഹിക്കുമിദാനീം;
നമ്മുടെ സുകൃതവിശേഷംകൊണ്ടു
മന്നവവരനുടനിങ്ങനെ ചെയ്തു;
നന്നായിവിടെ വസിച്ചാലും നീ
മന്ദത പഴുതെ വൃഥാഫലമല്ലോ.''
ശാന്തിദവാക്കതു കേട്ടൊരുനേരം
കാന്തയുമാശു തെളിഞ്ഞെഴുന്നേററു
കാന്തനുമായിട്ടോരോരോ വൃ–
ത്താന്തം തമ്മിലുരച്ചുതുടങ്ങി:
''കണ്ണനെയുണ്ടോ കണ്ടെങ്ങാനും?''
''കണ്ണനെയും ഞാനവിടെക്കണ്ടു''
''ഉണ്ണിയെയുണ്ടോ കണ്ടു മുകുന്ദൻ?''
''ഉണ്ണിയെയും ഞാൻ കാട്ടിമുകുന്ദം'
''കല്പനയെന്തെല്ലാമുണ്ടായി?''
''കല്പനയൊന്നും ഞാൻ കേട്ടില്ലാ''
''കാരണപുരുഷൻ മിണ്ടാത്തതിനുടെ
കാരണമെന്തെന്നുണ്ടോ കാന്താ?''
''കാരണപുരുഷൻ മിണ്ടാത്തതിനുടെ
കാരണമെന്തെന്നാർക്കറിയാവൂ?''
''ബലഭദ്രാദികളെന്തു പറഞ്ഞു?''
''ബലഭദ്രാദികളുരിയാടീലാ''
''പാർത്ഥനുടെ ചരിതം കേൾക്കട്ടേ!''
''പാർത്ഥനുടെ ചരിതം കേട്ടാലും''
''ഹേ ഹേ! പാർത്ഥനിതിന്നെളുതാമോ?''
''ഓഹോ പാർത്ഥൻ പോരുമതിന്ന്''
''കുന്തീസുതനുടെ സത്യത്തിന്ന–
ങ്ങന്തരമുണ്ടായ്‌വരുമോ നാഥ!''
''കുന്തീസുതനു മരിപ്പാനുണ്ടോ
ഭ്രാന്തുപിടിച്ചു ശിരസ്സിലെഴുത്ത്''
നിശ്ചലഹൃദയൻമാരായിട്ടവ–

രച്യുതപൂജകൾ ചെയ്തു വസിച്ചും
ഹരനുടെ നാമവിശേഷമുരച്ചും
അവരുടനവിടെ വസിച്ചു സുഖേന.

ഏവം കഴിഞ്ഞെല്ലാരും മേവുന്ന കാലമങ്ങു
ഭാവം തെളിഞ്ഞു തത്ര ഭൂസുരൻ പത്നിയോടും
തോഷമിയന്നോരോരോവിശേഷങ്ങൾ ചോദിച്ചപ്പോൾ
യോഷമാർമൗലിതാനും ശേഷമരുളിച്ചെയ്തു:

അങ്ങനെ വളരെദ്ദിവസം ചെന്ന—
ങ്ങംഗനമണിമാർമൗലിക്കങ്ങ്
പത്താം ഗർഭവുമുണ്ടായ്‌വന്നു
പത്താം മാസവുമങ്ങു തികഞ്ഞു
ഭൂസുരവരനും താപമിയന്നു
കുന്തീസുതനെക്കൊണ്ടിഹ വരുവാൻ
സത്വരമങ്ങു ഗമിച്ചു നരവര—
പത്തനസീമനി ചെന്നിഹ കണ്ടു,

പദം. ബലഹരി—മുറിയടന്ത

പല്ലവി
ഇന്ദ്രാത്മജാ! ഇതു കേൾക്ക മനോഹര സാന്ദ്രവചനമിദം

ചരണങ്ങൾ
1. ചന്ദ്രാന്വയോൽഭൂത! പോരിക വൈകാതെ
മന്ദിരേ മോദമോടും—ഇന്നു
സൂതിസമയമടുത്തവിടെ എന്റെകൂടെപ്പോന്നീടുക നീ
(ഇന്ദ്രാത്മജാ!)
2. കൂടലർകാലനാം കൃഷ്ണന്റെ മുമ്പീന്നു
ചെയ്ത സമയമിപ്പോൾ—അതി—
ശൂരാ! മറന്നിതോ പോക നാം വൈകാതെ
മാനസേ മോദമോടേ (ഇന്ദ്രാത്മജാ!)
3. അയ്യോ എൻ മാനിനി താനേ വസിക്കുന്നു
പൊയ്യല്ലേ പാർത്ഥിവേന്ദ്രാ! ഒരു
കല്മഷംകൊണ്ടു വളരും പരിതാപം നന്ദസുതപ്രിയ!
കേൾ. (ഇന്ദ്രാത്മജാ!)
4. കൂടലർകാലനാം കൃഷ്ണനോടും നിന്റെ
കൂടിപ്പിറന്നോരോടും—ഇന്നു
കൂടിപ്പറഞ്ഞു നീ തേരിൽ കരേറുക പാടവശാലിൻ വിഭോ!
(ഇന്ദ്രാത്മജാ!)

എന്നുള്ള വാക്യം കേട്ടു നന്നായ് തെളിഞ്ഞു വീരൻ
അഗ്രജപാദാംബുജം വ്യഗ്രതവിട്ടു കൂപ്പി
ഭീമപാദാരവിന്ദം ഭീമമാം ഭക്തിയോടും
താണു തൊഴുതു നിജ മാതൃപാദാംബുജവും
സോദരൻമാരെ നന്നായാശ്ലേഷംചെയ്തുകൊണ്ടു:
''ഖേദംകൂടാതെ വാഴ്ക സോദരൻമാരേ നിങ്ങൾ
പാഞ്ചാലരാജകന്യേ! വന്നാലുമരികത്തു
ചാഞ്ചല്യംകൂടാതെ നീ മാതാവോടൊത്തു പാർക്ക
ഭദ്രേ! വരിക ശുഭേ! ഭദ്രം ഭവിച്ചീടുക
ഭദ്രം ഞാൻ ഭൂസുരന്റെ പത്തനേ ഗമിക്കുന്നു;
നിന്നുടെ സോദരന്റെ കാര്യണ്യമുണ്ടെന്നാകിൽ
കണ്ടീടാമല്ലെന്നാകിൽ കണ്ടതു കാര്യംതന്നെ.''

എന്നു പറഞ്ഞു പുറപ്പെട്ടു നിജ
മന്ദതവിട്ടു പരാക്രമശാലി:
''പോരിക വിപ്രാ! പക്ഷേ, നമ്മുടെ
പോരുകൾ കിഞ്ചന കാട്ടുന്നുണ്ട്.''
എന്നു പറഞ്ഞു രഥമതിലേറീ—
ട്ടുന്നതഗുണനിധി യാത്രതിരിച്ചു;
പൂച്ച വിലങ്ങെച്ചാടുകയും പല—
ദുശ്ശകുനം പുനരിങ്ങനെ കണ്ടു;
വാശ്ശമതുമങ്ങു ഗമിച്ചീടാം പുന—
രീശ്വരവിധിപോലൊത്തുവരട്ടെ''
എന്നുപറഞ്ഞു നടന്നു കടന്നു
മന്ദിരസീമനി ചെന്നു കരേറി
ഗർഭവിലാപവുമങ്ങു തുടങ്ങി
വിപ്രാംഗനമാർ വരവു തുടങ്ങി
ഈശ്വരസേവകൾ ചെയ്യുന്നൂ ജഗ—
ദീശ്വരനാമം ചൊല്ലുന്നൂ ചിലർ
സ്വാശ്രയമാകെന്നോതുന്നൂ വിബു—
ധേശ്വരനാദിയെ വാഴ്ത്തുന്നൂ ചിലർ
തൽഗ്രഹനിലഗതി പാർക്കുന്നൂ ചിലർ
നിഴലടി നോക്കിയളക്കുന്നൂ ചിലർ
വിരലുകൾകൊണ്ടു പിടിക്കുന്നൂ ചിലർ
മാറിടമാശു തലോടുന്നൂ ചിലർ
ആമയഹരരെത്തേടുന്നൂ ചിലർ
വേരു മുറിപ്പാനോടുന്നൂ ചിലർ
ഘോഷമതിങ്ങനെ കേട്ടു തദാ ദമ—

ഘോഷസുതാരിസഖൻ വിജയൻ[1] തൻ
ഗാണ്ഡിവചാപമുടൻ കുലപൂട്ടി
തൂണിയിലമ്പു നിറച്ചഥ കെട്ടി,
തൂർണ്ണം കൈച്ചരടഴകൊടു കെട്ടി
പാണ്ഡവനും ശരകൂടം കെട്ടി
ഭൂതലവാസികളാകവെ ഞെട്ടി
ഭൂമിയുമൊന്നു വിറച്ചഥ ഞെട്ടി
ഉമ്പരിൽ മുൻപൻ ഗാംഭീര്യാംബുധി
ഉമ്പർകുലാധിപതനയൻ വിജയൻ
ഉടനുടനേ ചെറുഞാണൊലിയിട്ടും
ഇടിനിനദങ്ങൾ വിറച്ചഥ ഞെട്ടി.
ഈററില്ലത്തിനകത്തു പുറത്തൊരെ—
ടത്തു കരത്തിൽ ധനുസ്സുമെടുത്തു വ—
ലത്തു കരത്തിലുരുതരമുററ ക—
രുത്തുപെരുത്ത ശരത്തെയുമേന്തി
അന്തകഭടരെ വിരോധിച്ചഴകോ—
ടന്തണബാലനെ രക്ഷിക്കേണം;
ഏവമുറച്ചു കിരീടി വസിച്ചു
മഹീസുരമാനിനിയും പ്രസവിച്ചു.
അതിശയമായൊരു സുതനുണ്ടായതു
വധുകുലമണിമാർ നോക്കിയിരിക്കെ
ഹാഹാ! കഷ്ടം! കഷ്ടം! ശിവശിവ!
ദേഹത്തോടെ മറഞ്ഞു കുമാരൻ.

പദം. ദുഃഖകണ്ഠാരം—അടന്ത

ചരണങ്ങൾ

1. ''ഹന്ത ഹന്ത! മരിച്ചു കുമാരകൻ
എന്തു ചെയ്‌വതു ഞാനെന്റെ ദൈവമേ!

2. കുന്തീനന്ദനൻതന്നുടെ സത്യവും
ഹന്ത പാഴിലായ്‌വന്നുചമഞ്ഞല്ലോ

3. പാർത്ഥനല്ലയോ ഇല്ലത്തിരിക്കുന്നു.
വാർത്തയേതുമറിഞ്ഞതുമില്ലയോ!

4. കർമ്മദോഷമിതെന്നുടെ ജാതകം
നിർമ്മലൻ പാർത്ഥൻതന്റെ പരാക്രമം

---

[1] ദമഘോഷസുതാരിസഖൻ=ദമഘോഷസുതന്റെ (ശിശുപാലന്റെ) അരിയുടെ (ശത്രുവിന്റെ), സഖനായ വിജയൻ (അർജ്ജുനൻ) ശിശുപാലന്റെ അച്ഛന്റെ പേരാണ് ദമഘോഷൻ. ശിശുപാലശത്രുവായ ശ്രീകൃഷ്ണന്റെ സഖാവായ അർജ്ജുനൻ എന്നു സാരം.

5. ഒന്നുമിപ്പോൾ ഫലിക്കാഞ്ഞതെന്നുടെ
കർമ്മദോഷമതെന്നേ പറയാവൂ;

6. മുന്നമൊന്നുമേയീവണ്ണം കണ്ടതി–
ല്ലെന്നെ വഞ്ചിച്ചുപോയാനോ ബാലകൻ

7. അയ്യോ! ബാലക! എന്തു നീയിങ്ങനെ
മെയ്യോടേ മറയുന്നു കുമാരകാ!

8. ഒച്ചയെങ്കിലും കേൾപ്പാനില്ലായിതു
നിശ്ചയം കൃഷ്ണൻതന്നുടെ മായകൾ

9. കൃഷ്ണനങ്ങു കൃപയേതുമില്ലാഞ്ഞാൽ
ജിഷ്ണു ഭാവിച്ചാൽ സാധിക്കുമോ കാര്യം!

10. കൃഷ്ണ കൃഷ്ണ! മുകുന്ദ! മുരാന്തക!
പത്മനാഭാ പരപുരുഷോത്തമ!''

മാനിനിമാരുടെ മുറവിളി കേട്ടഭി–
മാനി കിരീടി മഹേന്ദ്രതനൂജൻ
എന്തിതി വാർത്തകൾ ചെവിപാർക്കുമ്പോൾ
അന്തണനോടിവരുന്നതു കണ്ടാൻ
നിർദ്ദയമാനസനാകിന ഭൂസുര–
നർജ്ജുനനോടു പറഞ്ഞവയെല്ലാം
ഇജ്ജനമെങ്ങനെ ചൊല്ലീടേണ്ടു
ലജ്ജയുമുണ്ടിസ്സഭയിൽ പറവാൻ;
''പാർത്ഥാ! ശൃണു പടുധൂർത്താ! നിന്നുടെ
വാർത്താവൈഭവമതിശയമോർത്താൽ
ശശികുലജാതനൃപൻ ഞാനെന്നും
ശചിരമണന്റെ സുതൻ ഞാനെന്നും
ചൊല്ലി ഞെളിഞ്ഞു പറഞ്ഞതു നേരെ–
ന്നെന്നുള്ളത്തിൽ നിനച്ചതബദ്ധം;
അതിമാനവുമതി വമ്പും മുമ്പും
തവ മാനസമതിലമ്പും ഡംഭും
ചൊന്ന വലിപ്പമതെവിടെപ്പോയി?
മന്നവരിൽ ജള! ഹീനജളാഢ്യ!
തണ്ടുംതപ്പി നടക്കും നിന്നോടു
പണ്ടേ ഞാൻ വന്നുരചെയ്തിട്ടോ?
എന്നുടെ മക്കൾ മരിച്ചൊരു ദുഃഖം
നിന്നോടു ഞാൻ വന്നുരചെയ്തിട്ടോ?
സത്യംചെയ്തതുമെന്തിനെടാ! നീ
മദ്യം സേവ തുടങ്ങീട്ടുണ്ടോ?''
പേയാമീവക ദുഷിവചനം പല

ഭൂയോ ഭൂയോ ഭുവനസുരേശൻ,
വായിൽ തോന്നിയതഖിലമുരച്ചു
കായത്തിൽ കൊതി വിജയനൊഴിച്ചു
ചേതസ്സിൽ പുനരേവമുറച്ചു:
'ശ്രീകൃഷ്ണൻ ദൃഢമെന്നെയൊഴിച്ചു
ഹാ! കഷ്ടം! പോരായ്മ ഭവിച്ചു!
കേട്ടിട്ടില്ലാത്തവമാനോക്തികൾ
കേട്ടു സഹിപ്പാനെളുതല്ലേതും
കായത്തോടേ ദ്വിജവരബാലക—
മായത്തോടേ കൊണ്ടു തിരിച്ചതു
ഞായത്താലല്ലെന്നതു നൂനമു—
പായത്താലെന്നാകിലുമുടനേ
പോയെത്തീടിന ദേശത്തോളം
പോയിത്തിരവൻ കൊണ്ടിഹ വരുവൻ.'
ഏവമുറച്ചു കിരീടി വസിച്ചു
ദേവവരാത്മജനതിനു ശ്രമിച്ചു;
അംബരായണ[1] മഹാത്ഭുതവിദ്യാ—
ഡംബരേണ കപികേതനവീരൻ
ധർമ്മരാജപുരി നോക്കി നടന്നു
ധർമ്മജാനുജനുമീഷലകന്നു;
കണ്ണടച്ചഥ മിഴിക്കുമിടയ്ക്കാ—
ഖണ്ഡലാത്മജനുമന്തകദേശേ
ചെന്നടുത്തളവു കാലഭടൻമാർ
നിന്നു തങ്ങളിലിവണ്ണമുരച്ചാർ:
''ഏവനിന്നൊരു നരൻ പടു ധീരൻ
ഏകനായധികചാരുശരീരൻ
പ്രേതനായകപുരിക്കു വരുന്നു
ഭീതിഭാവമവനുള്ളിലകന്നു;
ചെന്നു കൊണ്ടിഹ വരാതെയൊരുത്തൻ
ഇന്നുവന്നതുമതീവ വിചിത്രം!
ആയുധങ്ങളൊടുമശ്രമമിപ്പോൾ
ആയവൻ വരവതാശു തടുപ്പൻ''
എന്നുറച്ചു ബത കാലഭടൻമാർ
നിന്നു ചാപവിശിഖാദികളോടും

അടുത്തു ഗോപുരദ്വാര മമർത്യനായകസൂനു
എടുത്തു ഗാണ്ഡിവചാപം കുലച്ചു പൂണിയുമേന്തി
ധിമന്തീം ധിം ധിമന്തീദം തകർത്തു ഞാണൊലി പാർത്ഥൻ
അമർന്ന സംഭ്രമംപൂണ്ടങ്ങുഴന്നാരന്തകദൂതർ;

---

[1] അംബരായണം = ആകാശഗമനം.

ഹുംകാരോദയചെറുഞാണൊലിയും
ശംഖാരവവും കേട്ടു കൃതാന്തൻ
''നമ്മുടെ തനയസഹോദരനാകിയ
വെൺമതികുലമണി ശക്രതനൂജൻ
അവനുടെ ശംഖധ്വനിയിതു നിർണ്ണയ—
മവനെ വിരോധിക്കായ്‌വിൻ വെറുതെ
ഗോഷ്ടിക്കവനൊടു കലഹിക്കാതെ
കൂട്ടിക്കൊണ്ടിഹ വരുവിൻ വിരവിൽ;''
അന്തകശാസന കേട്ടുടനവരും
കുന്തീസുതനെക്കൊണ്ടിഹ വരുവാൻ
നരനോടവരരുൾചെയ്തിതുദന്തം
സുരനാഥജനും കൂപ്പി കൃതാന്തം
വിരവിലനുഗ്രഹമരുളി മുദാ യമ—
നരുളിച്ചെയ്തു കപിധ്വജനോട്:
''കിമതോ ഉണ്ണി ധനഞ്ജയ! വരുവതി—
നെന്തൊരു കാരണമുരചെയ്താലും!
ഹരിസഖനാകിയ ഹരിസുതനപ്പോൾ
യമവചനം കേട്ടിദമുരചെയ്തു:

ചമ്പതാളം

''മതി മതി മഹാമതേ! മാധുര്യവാക്കുകൾ
ചതികളിഹ ചെയ്തതുമത്ഭുതമോർക്കിലോ!
ധരണിസുരവരനുടയ ബാലകൻതന്നെ ഞാൻ
ധരണീസുരാലയേ കാത്തുനില്ക്കുംവിധൗ
മമചരതശരനികരകൂടങ്ങൾ ഭേദിച്ചു
ചാരത്തു ബാലനെക്കൊണ്ടിങ്ങു പോന്നതും
അമരവരതനയനഹമെന്നെയോർക്കായ്കിലെ—
ന്റഗ്രജൻതന്നെ നീ ചിന്തചെയ്തീലയോ!
മധുമഥനനഖിലജഗദീശനാം കൃഷ്ണന്റെ
കാരുണ്യപീയൂഷമുണ്ടു നമുക്കഹോ!
തരിക മമ കരതളിരിലഴകൊടു കുമാരനെ
താത്പര്യമാമെന്റെ ഗംഭീരസത്യവും
ഓർത്തുകൊള്ളല്ലായ്കിലന്തകനെന്നുള്ള
ധൂർത്തു പോക്കീടുവാൻ പാർത്ഥൻ മടിക്കുമോ!

ദ്വാരകാതീരത്തൊരു ഭൂസുരബാലൻമാരെ
പാരാതൊമ്പതുപേരേ ചോരാ നീ കൊണ്ടുപോന്നു
പത്താം തനയനേ ഞാൻ രക്ഷിച്ചുകൊടുപ്പാനായ്
സത്യവുംചെയ്തുകൊണ്ടു പത്തനേ വസിക്കുമ്പോൾ
ചിത്തഭയംകൂടാതെ പൃഥ്വീസുരസുതനെ

അത്ര നീ കൊണ്ടുപോന്നതെത്രയും ധിക്കാരമായ്
ആയതിനിന്നു നിന്റെ നാശം വരുത്തുവാനായ്
ആശു ഞാൻ വന്നിതെന്നു കൂസാതെ കേട്ടുകൊൾക;
ശുദ്ധനാം പാർത്ഥനെന്ന് അത്ര നീ ശങ്കിക്കേണ്ടാ
പക്ഷേ രണത്തിന്നായി പക്ഷങ്ങൾകൂട്ടു നന്നായ്
കുന്തീനന്ദനനെന്നു കേട്ടിട്ടില്ലയൊ ഭൂപാ!
അന്തകവൈരി ഞാനും അന്തരമെന്നേ വേണ്ടു
കൂർത്തുള്ള ശരംകൊണ്ടു പോർക്കളംതന്നിൽ നിന്റെ
ധൂർത്തുകളവാനിന്നു പാർത്ഥൻ മടിക്കയില്ലാ.''

ഇത്തരമുള്ളൊരു വിജയൻതന്നുടെ
അത്തൽമുഴുത്തൊരു വാക്കുകൾ കേട്ടു
ആധിപിടിച്ചു വിയർത്തു കൃതാന്തനു—
മാദരവോടങ്ങരുളിച്ചെയ്തു:
''എന്തൊരു ഭൂസുരനെന്തൊരു ബാലക—
നേതൊരു ദിക്കിനു കൊണ്ടുതിരിച്ചു?
ഹേതുവതെന്തിഹ വരുവാനെന്നും
ഏതുമറിഞ്ഞിട്ടില്ലേ ഞാനും;
മദ്ഭടരാരും പോയിട്ടില്ലാ
മൽ പുരിയിൽ കൊണ്ടുവന്നിട്ടില്ലാ
നിന്നെക്കബളിപ്പിച്ചാരാണ്ടതി—
നെന്നൊടു കോപിച്ചാൽ ഫലമുണ്ടോ?
അങ്ങാടീത്തോറ്റെന്നാലങ്ങതി—
നമ്മെയൊടെന്ന പഴഞ്ചൊല്ലൊത്തു;
സംശയമുണ്ടെന്നാകിലഹോ രിപു—
വംശപരന്തപ പോരിക കൂടെ''
എന്നു പറഞ്ഞു തുറന്നിതു യമനും
തന്നുടെ വൻനരകൗഘലകവാടം
പാപംചെയ്തൊരു ജീവനെയങ്ങനെ
ദുഃഖിപ്പിപ്പതു കണ്ടു കിരീടി;

കണ്ടാലുമോരോ മഹാപാപികൾ കിടക്കുന്നു
കണ്ഠമറുത്തുകൊണ്ടു കുണ്ഠിതം പ്രാപിക്കുന്നു
ദേവസ്വം ബ്രഹ്മസ്വവും കേവലമടക്കിക്കൊ—
ണ്ടാരോമൽ പൂമേനിയായുള്ളൊരു കാന്തയോടും
സാദരം പുലർത്തുന്ന മൂഢൻമാരുടെ തനു
താഡനംചെയ്തുകൊണ്ടു വാട്ടി വലിച്ചീടുന്നു.

കള്ളുകുടിക്കും നായൻമാരുടെ
പള്ളയ്ക്കിട്ടു കൊടുക്കണ കണ്ടു
വള്ളികൾകൊണ്ടു വരിഞ്ഞതു കണ്ടു

പാശംകൊണ്ടു മുറുക്കണെ കണ്ടു
പിന്നെപ്പലപല ജീവനെയിങ്ങനെ
ദണ്ഡിപ്പിപ്പതു കണ്ടർജ്ജുനനും
അസ്ഥലമഖിലം പാർത്തു കിരീടി
നാസ്തി കുമാര, നതോർത്തഴൽ തേടി;
താതൻ പാദവുമാശു നമിച്ചു
ഖേദാദികളഖിലങ്ങളൊഴിച്ചു
അവിടെയുമില്ലെന്നുടനെ വിധിച്ചു
ദിക്പാലാഷ്ടകഭുവനംപുക്കു
തത്ര തിരിഞ്ഞും കാണാത്തതിനാൽ
നാണംകെട്ടു മനസ്സു മടങ്ങി
മാനംകെട്ടു മഹേന്ദ്രതനൂജൻ
നിശ്ചയമായി മനസ്സിലുറച്ചു
അച്യുതനെന്നെയുപേക്ഷിച്ചെന്ന്
മൽചരിതം പുനരഗ്നിയിൽവീണു ദ–
ഹിച്ചോരവസ്ഥ ഗ്രഹിച്ചീടേണം
ഏവം നിജ മനതാരിലുറച്ചു
ദേവവരാത്മജനതിനു ശ്രമിച്ചു;
അനവധി വിറകു വരുത്തി നിറച്ചു
മനമതിലതിശയഭക്തിയുറച്ചു;
ആശു കുളിച്ചു വിഭൂതി ധരിച്ചഖി–
ലേശപദേ നിജ ഭക്തിയുറച്ചു;
ഇന്ധനമാശു വരുത്തിയുയർത്തി
ഘനഘടയും പുനരതിശയമോടേ
അഗ്രജജനകസഹായനതായോ–
രഗ്നിയെ വിരവൊടു വിറകിൻനടുവേ
കുത്തിയടർത്തു ചുഴന്നു പിളർന്നഘ–
നാശയമാർഗ്ഗത്തോളമുയർത്തി;
ദിക്പതിമാരെയുമാരാധിച്ച–
ങ്ങഗ്നിയെ മൂന്നു വലത്തും വച്ചു
ശരവും ശരധിശരാസനസമയുഗ–
കരതലപരിചോടഞ്ജലിചെയ്തു
ദേവകദംബവരിഷ്ഠാധികനാം
പാവകദേവനൊടായറിയിച്ചു;

''പാഹി ധനഞ്ജയ![1] പാതമതന്വയ
പാഹി ധനഞ്ജയമയമിഹ ഭഗവൻ
ത്വദ്ദത്തായത ചാപസമേതം

---

1. ധനഞ്ജയൻ=അഗ്നി.

തദ്ദേഹത്തോടു ചേരുന്നേൻ ഞാൻ;''
എന്നുടെ കൃഷ്ണാ! യെന്നുവിളിച്ചു
വഹ്നിടെ നടുവേ ചെന്നുപതിപ്പാൻ
ആങ്ങിത്തൂങ്ങിയമർന്നു കുതിച്ചു ജ–
നങ്ങൾക്കനവധി ഭയവുമുറച്ചു;
ഉഷ്ണസമേതേ യജനനികേതേ
കൃഷ്ണനറിഞ്ഞാൻ ജിഷ്ണുജസമയം;
അയ്യോ! കഷ്ടം! നമ്മുടെ പാർത്ഥൻ
തീയിൽ ചാടി ദഹിക്കുമിദാനീം;
പേടിമുഴുത്തൊരു ഭാവത്തോടേ
ഓടി ജനാർദ്ദനനതിമതിഖേദാൽ;
മഞ്ഞപ്പട്ടുട കുത്തു കിഴിഞ്ഞും
മഞ്ജീരധ്വനി തത്ര പൊഴിഞ്ഞും
ഓടി വലഞ്ഞും നാടി കുഴഞ്ഞും
വാടിയുലഞ്ഞും മാടി വിളിച്ചും
''വിജയാ! വിജയാ!'' യെന്നു വിളിച്ചും
''അരുതേ സാഹസ''മെന്നു പറഞ്ഞും
വിജയൻ വഹ്നിയിൽ വീഴും മുൻപേ
തരസാ ചെന്നു പിടിച്ചു മുകുന്ദൻ;
മുൻനോക്കീട്ടു കുതിച്ചൊരു പാർത്ഥൻ
പിൻനോക്കീട്ടുമറിഞ്ഞഥ വീണു
അപ്പോഴത്തെയവസ്ഥ നിനച്ചാ–
ലദ്ഭുതമെന്നേ പറവാനുള്ളു!
വിഭ്രമമോടഥ നോക്കുന്നേരം
രുക്മിണിവരനെക്കാൺമാറായി
വ്രീളാവിവശതപൂണ്ടു കിരീടി
കാളാഭാംഗനെ വീണു വണങ്ങീ
തൊണ്ട വിറച്ചും നെഞ്ചു വിറച്ചും
മിണ്ടരുതാതെ വിയർത്തു തളർന്നും,
അണ്ടർവരാത്മജനിണ്ടൽ മുഴുത്തതു
കണ്ടു ദയാനിധി കാർമുകിൽവർണ്ണൻ
പുഞ്ചിരി പൂണ്ടിദമരുളിച്ചെയ്തു:
''നിഞ്ചരിതം ബഹു വിസ്മയമോർത്താൽ!

കുന്തീ കുമാരകാ! നീ എന്തിനായ്ക്കൊണ്ടീവണ്ണം
ഹന്ത നിനച്ചു ചെയ്തതന്ധകാരോദയമോ?
ചെന്തീയിൽ വീണു ദേഹം വെന്തു മരിപ്പാനൊരു–
ബന്ധം ഭവിച്ചീടുവാൻ കാരണമെന്തു പാർത്ഥ!
ബുദ്ധി തെളിഞ്ഞു കേൾക്ക തദ്വിധമായതെല്ലാം

സിദ്ധിദമാക്കിയ ഞാൻ പ്രസ്താപകാരിയായോ?
ഭാരതായോധനത്തിൽ തേരതിലേറി നിന്റെ
വീര്യവും പൂരിപ്പിപ്പാൻ സാരഥിയായില്ലേ ഞാൻ
പോരിന്നായാരംഭിച്ച വീരൻമാരുമായ് നേരെ
നേരിട്ട നേരത്തു നീ തേരിൽ പരിപതിച്ചു
അന്നേരം മോഹം തീർത്തു നന്നായുപദേശിച്ചു—
തന്നൊരുപനിഷത്തുമിന്നു മറന്നുപോയോ?
ലോകങ്ങളേഴു രണ്ടും കീഴ്മേൽ മറിപ്പതിനു—
മാകുലമില്ല ചിത്തേ മേ വിചാരിച്ചീടുമ്പോഴം;
ഭൂസുരബാലപരിപാലനവീരവാദ—
ഹേതുവതെന്നോടു പറയാഞ്ഞതെന്തു പാർത്ഥ!
പൃഥ്വീസുരേശൻതന്റെ പത്തു കുമാരൻമാരിൽ
പത്തിലൊരുത്തനേ നീ കാത്തുതരുന്നേനെന്ന
സത്യവചനമിന്നു വ്യർത്ഥമായ്വന്നതിന്നു
ബുദ്ധിക്ഷയവും വേണ്ടാ ചിത്തേ ഖേദവും വേണ്ടാ
പത്തു കുമാരൻമാരുമൊത്തു ധരിത്രീദേവ—
സത്തമനായ്ക്കൊണ്ടക്കൊടുത്താലുമർജ്ജുന! നീ
ദാഹകർമ്മത്തിനിന്നു മോഹമുണ്ടായതു നിൻ
സാഹസമെന്നല്ലാതെ ഹാ! ഹാ! പറഞ്ഞീടാമോ!''

ഇതി മാധവഗിരമമരാധിപസുത—
നതിമാധുര്യസമേതം ശ്രുത്വാ
നത്വാ മുരരിപുചരണസരോരുഹ—
മുക്ത്വാ ഭീമസഹോദരനേവം:
''കരുണാകര തവ തരുണാരുണസമ—
ചരണാംബുജയുഗമാധാരം മമ
പിഴകളശേഷമൊഴിച്ചരുളേണം
അടിയനെയോർത്തു ക്ഷമിച്ചീടേണം
മുട്ടീടുന്നീയഗ്നിജ്വാലയിൽ
പെട്ടീടുന്നു ഹരേ പരിതാപം
മുട്ടീടുന്നു വിവേകവുമകമേ
വൃഷ്ണിവംശജ! ജഗദീശമുരാരേ!''
ഇതിനരപതിഗിരമഖിലം കേട്ടു
അതിമോദേന ചിരിച്ചു മുകുന്ദൻ
അഗ്നിജ്വാലയിലുഷ്ണമകന്നു
ശക്രതനൂജനു ദുഃഖമകന്നു
ദാരുകനാം നിജ സൂതനെ മാനസ—
താരകമേ കരുതീ ജഗദീശൻ;
രഥവുംകൊണ്ടഥ വന്നവനും നിജ—

പദവും വന്ദിച്ചളവു തദാനീം
നരനോടു സഹിതം നാരായണനും
വിരവിനൊടദ്ഭുതരഥമതിലേറീ—
ട്ടംബരമാർഗ്ഗേ യാത്രതുടങ്ങി ജ—
വം ബഹുദൂരമകന്നുതുടങ്ങി.
രവിമണ്ഡലവും ശശിമണ്ഡലവും
ധ്രുവമണ്ഡലവും താഴെക്കാണായ്
വിബുധാധിപപുരി നിശനായകപുരി
നവ ഖേചരഗതി സുരദീർഘികയും
കല്പകവൃക്ഷം പുഷ്പോദ്യാനവു—
മബ്ധികളും കനകാചലശിഖരം
ഏറെത്താഴത്തേറെത്താഴെ
ദൂരേദൂരേ കാണായ്‌വന്നു;
ലോകാലോകവുമങ്ങു കടന്നു—
മഹാ കൂരിരുളായാധി മുഴുത്തു
കൺ കാണാഞ്ഞുമുടൻ കമലേശ—
മുഖം കാണാഞ്ഞു വലഞ്ഞു കിരീടി;
ശക്രതനൂജനു ദുഃഖമൊഴിപ്പാൻ
വിക്രമശാലി ജഗദ്ഗുരു കൃഷ്ണൻ
ചക്രപരായണനുൾക്കമലേ നിജ
ചക്രത്തെപ്പരി ശീഘ്രം സ്മൃത്വാ
ലോകൈകാഞ്ചിത ദീപാകൃതി ജഗ—
ദേകാശീതസുദർശനചക്രം[1]
തൂർണ്ണമുദിച്ചു കോപമൊഴിച്ചു
പാണ്ഡവനുള്ളിൽ വിഷാദമൊഴിച്ചു;
വൃത്രവിനാശനപുത്രനൊടൊത്തു ജ—
ഗത്ത്രയനായകനത്ര വിനോദാൽ
എത്രയകന്നിതു പദ്ധതി ദൂരമ—
തിത്രിദിവേശജനോർത്തരുൾ ചെയ്തു:
''യോജനദൂരമൊരൻപതിനായിര—
മനവധികൂടീട്ടപ്പുറമായിതു;''
ഓരോതരമിദമരുളിയ നേര—
ത്തേറിയ ദൂരമകന്നിതു തേരും
ശ്രീപാൽക്കടലുടെ തിരയടിനാദ—

---

1. ജഗദേകാശീതസുദർശനചക്രം = ജഗദേക + അശീതസുദർശനചക്രം. അശീത തണുപ്പില്ലാത്ത; ലോകത്തിലെ മികച്ച ആഗ്നികശക്തിയോടു കൂടിയ സുദർശനചക്രം.

മതാരാൽക്കേട്ടു മഹാദ്ഭുതജാതം*
വൈഷ്ണവരൂപമഹാദ്ഭുതപൂർണ്ണ സു-
ഖസ്ഥലമോഹനമാർഗ്ഗത്തൂടെ
ചെന്നണയുമ്പോളമ്പൊടു കണ്ടു
സുന്ദരമഞ്ജുളതേജോനിലയം;
ശ്രീകണ്ഠാദി നിഷേവിതമാം ഹരി–
വൈകുണ്ഠം ജഗദേകമനോജ്ഞം.
ക്ഷീരാർണ്ണവമതിൽ നാഗാധിപനുടെ
ചാരുഫണാഞ്ചിതമണിവരതല്പേ
നാരായണനധിവാസം കണ്ടു മു–
രാരി കിരീടിയൊടരുളിച്ചെയ്തു:
‘‘കുണ്ഠേതരമിതു കണ്ടീടുകവൈ–
കുണ്ഠപുരം പുരുഷോത്തമവാസം’’
എന്നു പറഞ്ഞഥ നന്ദസുതോപി പു–
രന്ദരനന്ദനനോടു സമേതം
സ്യന്ദനമതിൽനിന്നമ്പൊടിറങ്ങി ജ–
ഗന്നിലയസ്ഥലമാശു വണങ്ങി;
അതിമോദത്തൊടു നോക്കുന്നേരം
അതിശയമനവധി കണ്ടുതുടങ്ങി;
കനകക്കൊടിമരമുയരെക്കണ്ടു
ഖഗസത്തമസുനിവാസം കണ്ടു
ഹേമസമാനശയപ്രഭ കണ്ടു
സോമസമാനമതിൽ പ്രഭ കണ്ടു
നവരത്നോജ്ജ്വല പരിഭാസുരമാം
സുരവർദ്ധിത സോപാനം കണ്ടു
ഹരിപദഭക്തജനത്തെക്കണ്ടു
സുരമുനിമാരെയുമഴകൊടു കണ്ടു
ഓരോതരമവർ സേവകൾ കണ്ടു
നാരദമുനിയെ വിശേഷാൽ കണ്ടു
മേരുസമാനകിരീടം കണ്ടു
ചാരുഗളോന്നതമാലകൾ കണ്ടു
പുഷ്പോദ്യാനവിശേഷം കണ്ടു
ഷൾപ്പദജാലവിലാസം കണ്ടു
പീതാംബരമാമുടുപുട കണ്ടു
പാദാംബുജയുഗമഴകൊടു കണ്ടു
ലക്ഷ്മീദേവിയെയരികേ കണ്ടു

---

*‘നാദമതാരാൽക്കേട്ടു മഹാദ്ഭുതജാതം’
‘നാദമപാരാൽക്കേട്ടു മഹാദ്ഭുതജാതം’—ഇങ്ങനെ രണ്ടു പാഠം തുള്ളൽക്കാർ ചൊല്ലുന്നു. ‘നാദം തപാൽ കേട്ടു മഹാദ്ഭുതജാതം’—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠം.

അക്ഷ്മാപതിയുടെ വാസം കണ്ടു;
ശ്രീവൈകുണ്ഠവിശേഷമുരപ്പാ—
നാകാംക്ഷിതമെന്നാകിലുമിപ്പോൾ
ആവുന്നതിനേ മോഹിക്കാവൂ
ഭാവിച്ചാലെളുതല്ലതുരപ്പാൻ.
നരനൊടു സഹിതൻ നാരായണനും
ഹരിചരണാംബുജമാശു വണങ്ങി
ഭൂമാഭഗവതിമാരൊടുകൂടി
ആമോദേന വസിച്ചരുളുന്നൊരു
ഭഗവദ്രൂപവിലാസം കണ്ടു
പെരുകിന ഭക്ത്യാ സംസ്തുതിചെയ്തു.
മുരഹരനരനുതിഗിരമതു വിവിധം
ഹരികരുണാകര ജഗദഖിലേശൻ
ശ്രുത്വാ കൃത്വാ മുഗ്ദ്ധസ്മിതമിദ—
മുക്ത്വാ മധുരമനോഹരവാക്യം:
''രാമസഹോദര! ഭീമസഹോദര!
ഹേ! മമ ചാരുകുമാരൻമാരേ!
ഭൂതലവാസം സുഖമല്ലേ തവ?
സാധുജനത്തിനുമിഹ നിങ്ങൾക്കും
കൃഷ്ണാ[1] നമ്മുടെ ശൂരസുതാ[2]ദികൾ
തൃഷ്ണാസുഖ മൊടു വാഴുന്നില്ലേ?
മുസലി[4]ക്കും തവ ജനനിക്കും മന—
മൊരുമിക്കുന്ന യദുപ്രവരർക്കും
ഉപജനകനുമുപമാതാവിന്നും[5]
തവ സുഖവാസമതല്ലേ കൃഷ്ണാ!
നിർമ്മലഹൃദയാ! വിജയാ! നമ്മുടെ
ധർമ്മതനൂജനു സുഖമോ വാസം?
മാരുതസുതനും മാദ്രീസുതരും
ശൂരജസോദരി തവ മാതാവും
കുശലസമേതനിവാസരതല്ലേ?
വിശദമതേ ശതമന്യുതനൂജ!
ശത്രുഹരായുധ ചിത്തരസോദയ
നിത്യസുഖേന വസിക്കുന്നില്ലേ?''

---

1. കൃഷ്ണാ = പാഞ്ചാലി. 2. ശൂരസുത = കുന്തി (ശൂരസേനന്റെ പുത്രി).
3. തൃഷ്ണാസുഖം = ആഗ്രഹിക്കുന്ന സുഖം. 4. മുസലി = ബലരാമൻ
5. കൃഷ്ണന്റെ ഉപജനകനെന്നും ഉപമാതാവെന്നും പറഞ്ഞിരിക്കുന്നതു നന്ദഗോപരെയും യശോദയെയുമാണ്.
6. ശൂരജസോദരി = ശൂരജന്റെ (വസുദേവരുടെ) സഹോദരി. വസുദേവരുടെയും കുന്തിയുടെയും പിതാവാണ് ശൂരസേനൻ.

ഇതി മധുസൂദനനതിമധുരോദയ—
മുചിതകുതൂഹലമരുൾചെയ്യുമ്പോൾ
ഭക്‌തിനിറഞ്ഞു വഴിഞ്ഞു പൊഴിഞ്ഞനു
സൂക്‌ത[1]മുവാചജഗൽപതി കൃഷ്‌ണൻ;
''കുശലം സകലം കരുണാജലധേ!
കുശലമിതില്‌പരമറിയുന്നില്ലേ!
നിന്തിരുവടിയറിയാതഖിലാശയ!
കിഞ്ചിദുദന്തം നഹിനഹി ഭുവനേ.''
ഒന്നും പറവാൻ തോന്നാതേ ബത
നിന്നു കിരീടി മുകുന്‌ദസമീപേ;
അന്നേരം മധുകൈടഭനാശൻ
അന്യോന്യാദരമരുളിച്ചെയ്‌തു:
''ഉർവ്വീതലപരിതാപഹരാ! തവ—
ദുർവ്വാരബലം ചരിതവുമപരം
സർവ്വവിശേഷമശേഷമറിഞ്ഞേൻ
വസുദേവാത്‌മജവിജയൻമാരേ!
നിങ്ങളെയുള്ളൊരു വാത്‌സല്യം പുന—
രിങ്ങു മുഴുത്തു ഭവിച്ചതുമൂലം,
ഇരുവരുമെന്നുടെ മുമ്പിൽ വരേണം
പരിഭവരഹിതം കണ്ടീടേണം
അതിനൊരു പെരുവഴി ഞാനിഹ കരുതി
ക്‌ഷിതിസുരസുതരെക്കൊണ്ടിഹ പോന്നു;
ഇന്നു വരും ബത നിങ്ങളതും പുന—
രെന്നു നിനച്ചു വസിച്ചിതു ഞാനും
പത്തു കുമാരരെയൊത്തവനീസുര—
സത്തമനാശു കൊടുത്തു സുഖേന
ദമ്പതിമാരോടനുഗ്രഹവും ബഹു
സമ്പ്രതി വാങ്ങി വസിച്ചീടുക പോയ്‌.''
അതു കേട്ടുടനേ തൊഴുതു നിവർന്നള—
വതി കൗതുകമിഹ കാണായ്‌വന്നു;
പൃഥ്വീസുരനുടെ പത്തു കുമാരരു—
മത്ര കളിച്ചു വസിച്ചീടുന്നു;
അച്‌ഛൻ മക്കളെയെന്ന കണക്കെ
ആശ്‌ചര്യം ബഹു മായാസഹിതം
വാഞ്‌ഛാസാകമൊരുണ്ണിയെ ഭഗവാൻ
ചാഞ്ചാടിച്ചു കളിപ്പിക്കുന്നു;
'പൊക്കാക്കൈക്കൈ'യെന്നു പറഞ്ഞു
വിരലു പിടിച്ചു നിവർത്തി കുമാരൻ

---

1. അനുസൂക്‌തം=ഉത്തമമായ മറുപടി.

'ഇതി' 'ലിതി' 'ലിതി' 'ലിതി'ലെന്നു പറഞ്ഞു
വിരലുകൾ ചെന്നു പിടിച്ചു നിവർത്തും
കൗസ്തുഭമാശു പിടിച്ചുവലിച്ചു–
കഴുത്തിലുടൻ കരയേറിയിരുന്നും
മടിയിൽ പുക്കു സുഖേന ശയിച്ചും
മകരക്കാതില കണ്ടു രസിച്ചും
വിടുവിട മുട്ടുകൾ കുത്തി നടന്നും
ഫണിവരതല്പേ വീണുമറിഞ്ഞും
വലുസാ ധികമാം വചനമുരത്തും
കലിതരസേന കളിച്ചു രസിച്ചും
തൃക്കൈകൊണ്ടു പിടിച്ചു മുറുക്കി
ശീഘ്രം നിറുകയിലാഘ്രാണിച്ചും
ലക്ഷ്മീഭഗവതി പത്താം തനയനെ–
യാശ്ലേഷിച്ചു കുചങ്ങൾ കൊടുത്തും
അവനീദേവിയുമവനുടെ പൂർവ്വജ–
മാദരവോടഥ താലോലിച്ചും
ബാലകലീലാവിലസിതമഥ പശു–
പാലകിരീടികൾ കണ്ടു രസിച്ചും
പുഞ്ചിരിപൂണ്ടു പരൻപുരുഷൻ പുന–
രഞ്ചിതരൂപൻ കിഞ്ചിൽ ബഭാഷേ:
''വിശ്രുത വിപ്രകുമാരൻമാരേ
പശ്യത മുരഹരവിജയൻമാരേ!
പത്തു ശിശുക്കൾ ക്രമത്തെയുമവരുടെ
നിത്യവളർച്ചവയസ്സുകളും ബത''
ഉണ്ണികളെ പ്രതിപരിപാലിച്ചുട–
നർജ്ജുനോജാക്ഷനുമിദരുൾചെയ്തു;
''സുഖമായങ്ങു ഗമിച്ചു വസിപ്പിൻ!
സുകുമാരാകൃതിമാരേ! നിങ്ങൾ;
നിങ്ങൾക്കച്ഛനുമമ്മയുമുണ്ടു
നിങ്ങളെയോർത്തു വിലാപിക്കുന്നു
എന്നതുകൊണ്ടിനി വൈകാതവരെ–
ച്ചെന്നഥ കണ്ടു വരേണമിദാനീം.''

മധുകൈടഭാരിതൻെറ മധുരമാം വാക്കു കേട്ടു
അധിക സന്താപത്തോടും കരയുന്നു ബാലകൻമാർ
പൊഴിയുന്നു കണ്ണുനീരും കരിയുന്നു മാനസവും
പതറുന്ന ഖേദത്തോടേ പറയുന്നിതോരോതരം;
വിയർക്കുന്നു ദീർഘവീർപ്പും പിളുർത്തുന്നു ചുണ്ടു രണ്ടും
തളരുന്നു പാരവശ്യം പറയുന്നിതോരോതരം;

1. വലുസം = കളിവാക്ക്.

‘‘ജനകജനനിമാരും ഇവിടെയുണ്ടല്ലോ ഞങ്ങൾ—
ക്കിനിയേതൊരച്ഛനമ്മ! അറിയുന്നില്ലല്ലോ ഞങ്ങൾ;
ഒരുനാളും പോകയില്ലെ’’ന്നുരചെയ്തു നാഥൻതന്റെ
തിരുമുഖം നോക്കിനോക്കിക്കരയുന്നു ബാലകൻമാർ.

മഹിമാഭഗവതിമാരതുകണ്ടുട—
നാമോദേന സമാശ്ലേഷിച്ചു
ദുഃഖമൊഴിച്ചിദമരുളിച്ചെയ്തു:
‘‘മക്കളെ!യങ്ങു ഗമിക്ക സുഖേന
നിങ്ങൾക്കച്ഛനുമമ്മയുമുണ്ടു
നിങ്ങളെയോർത്തു വിലാപിക്കുന്നു
പിതൃമാതാക്കളെ ദുഃഖിപ്പിക്കരു—
തതിദോഷം വരുമതിനുണ്ണികളേ!’’
എന്നതു കേട്ടു കുമാരൻമാർക്കുട—
നൊന്നുപകർന്നു ചമഞ്ഞു സ്വഭാവം;
‘‘അങ്ങുള്ളവരെക്കണ്ടീടേണം;
ഞങ്ങൾക്കങ്ങു ഗമിച്ചീടേണം
അച്ഛനുമമ്മയുമുള്ളേടത്തേ—
ക്കിക്ഷണമിപ്പോളയച്ചീടേണം.’’
മായാമയനാം നാരായണനുടെ
മായാവൈഭവമതിശയമോർത്താൽ!
നിശ്ചലമാനസനാകിന ഭഗവാൻ
കുട്ടികളോടിദമരുളിച്ചെയ്തു:
‘‘എങ്കിൽ സുഖമായങ്ങു ഗമിപ്പിൻ
സങ്കടമുള്ളിലശേഷമൊഴിപ്പിൻ
ഓജസ്സോടേ ചെന്നുടനവരുടെ
തേജസ്സോടെ ലയിക്കുക നിങ്ങൾ;’’
ഇദമരുൾചെയ്തഥ ഭൂയോ ഭൂയോ
വിരവൊടു തഴുകിയനുഗ്രഹമേകി
യാത്രയയച്ചു മുകുന്ദൻ; കൃഷ്ണനു—
മാസ്ഥയൊടദ്ദ്വിജബാലൻമാരെ
തേരതിലേററിയുഴറെറാടു വേഗാൽ
ദ്വാരകതന്നിലിറങ്ങി വിളങ്ങി.
ധരണീസുരനുടെ ഭവനേ ചെന്ന—
ക്കരുണാകരനുടെ വചസാ വിജയൻ
പൃഥ്വീദേവനെയാശു വിളിച്ചു
അപ്പൊഴുതും കൃതമായി ശകാരം;
‘‘വേണ്ടാ പരിഭവഗിരമിനി ഭൂസുര—
നിണ്ടലശേഷമൊഴിപ്പതിനായി

പങ്കജനയനൻ ശ്രീകൃഷ്ണൻ വ–
ന്നങ്കണസീമനി മരുവീടുന്നു;
മുററത്തോളം വരിക ഭവാനിഹ
കുററം പറവാൻ പിന്നെയുമാമേ;''
എന്നതു കേട്ടു പുറത്തുമിറങ്ങി
മന്നിടദേവൻ മഹിഷീസഹിതൻ
ശ്രീധരദേവനുമിദമരുൾചെയ്തു
ഭൂസുരനാഥനൊ ''ടയി ഗുണരാശേ!
മൃത്യുഭവിച്ച സുതൻമാരെത്തവ
പത്തിനെയും ബത പശ്യ മഹാത്മൻ!
ഒന്നിനെ വിജയൻ രക്ഷിച്ചതുമതിൽ–
മുന്നേ പോയവരൊമ്പതു പേരും;
കൈക്കൊള്ളുക തവ പുത്രരെയതിസുഖ–
മായ്ക്കൊള്ളുക തവ നിത്യനിവാസം;''
എന്നരുൾ ചെയ്തഥ നന്ദജനാശു പു–
രന്ദരജാതൻ തന്നുടെ കൈയ്യാൽ
നന്ദിച്ചൻപൊടു നന്ദനദശകം
മന്നിടദേവനു നല്കിപ്പിച്ചു;
മേദിനിദേവൻ മാനിനിയോടും
മോദമുദിച്ചതു ചൊല്ലാവല്ലേ!
അദ്ഭുതമദ്ഭുതമെന്നു മഹാജന–
മുല്പലനേത്രനെ വാഴ്ത്തീടുന്നു;
ആലിംഗനമവർ ചുംബനമങ്ങവ–
രാവോളമവർ ചെയ്തീടുന്നു
അവനീസുരനും രമണീസഹിതം:
''കമലാകാമുകവിജയൻമാരെ!
മക്കൾ മരിച്ചൊരു ദുഃഖനിമിത്തമെ–
നിക്കു ഭവിച്ചൊരതിഭ്രമമൂലം
ദുഷ്കൃതവചനമുരത്തവയെല്ലാം
സൽകൃതമെന്നേ ബോധിക്കാവൂ;
ഭൂസുരവരരുടെ ശീലമിതെന്നേ
ചേതസി നിങ്ങൾ നിരൂപിക്കാവൂ;''
ആത്തകുതൂഹലമോടവനപ്പോൾ
വാഴ്ത്തി മുരാന്തകവിജയൻമാരെ
മേദിനിതന്നിൽ മാനിനിയോടും
സാദരമത്ര സുഖിച്ചു വസിച്ചു.

സന്താനഗോപാലം ഓട്ടൻതുള്ളൽ
സമാപ്തം

ബാണയുദ്ധം

പണ്ടു മഹാബലിതന്നുടെ സുതരാ—
യുണ്ടായ് നൂറു കുമാരൻമാരിൽ
കണ്ടാലധികഭയങ്കരഗാത്രൻ
കുണ്ഠൻ ബാണാസുരനെന്നൊരുവൻ
കണ്ടകനെങ്കിലു[1]മതി ശക്തൻ താൻ*
കുണ്ഠേതരബലബാഹുസഹസ്രൻ
കണ്ഠീരവമൃഗപടലികൾപോലും
രണ്ടടി കൊൾവാൻ മതിയാകില്ലാ.
അണ്ടർവരൻമുതലഖിലജനങ്ങളു—
മിണ്ടലൊടവനെ വണങ്ങീടുന്നു.
അത്ര മഹാഭുജവിക്രമമുള്ളവ—
നത്തൽ വെടിഞ്ഞു മഹേശ്വരനൃത്തേ
ചിത്തകുതൂഹലമോടു മിഴാവും
ശക്തനടിച്ചു സഹസ്രകരത്താൽ;
മുല്ലശരാന്തകനുള്ളു തെളിഞ്ഞി—
ട്ടുല്ലാസേന പറഞ്ഞീവണ്ണം:
''നല്ല സമർത്ഥനഹോ! നീയതിനൊരു
തെല്ലും സംശയമില്ല നിനച്ചാൽ
ചൊല്ലിക്കൊൾക വരം വേണ്ടുന്നതു
കില്ലില്ലതിനു തരുന്നുണ്ടിഹ ഞാൻ.''
എന്നതു കേട്ടു തെളിഞ്ഞഥ ബാണൻ
മന്ദസ്മിതവും തൂകിച്ചൊന്നാൻ:
''എന്നേ! വിസ്മയമെന്തൊരു വരമിതു
നിന്നോടിങ്ങു വരിച്ചീടേണ്ടു?
മുന്നം ഞാനോ കരുതിയതില്ലേ
നിന്നോടൊന്നു വരിക്കണമെന്നും?
ഇംഗിതമിങ്ങു വരേണ്ടതു ചൊല്ലാം
ഇന്നു ഭവാനും പാർവ്വതിതാനും
ഭംഗിയൊടെൻ ഗോപുരവാതുക്കൽ
പുംഗവവാഹന! പുത്രരുമൊത്തു
പേർത്തു നിതാന്തമുറക്കമിളച്ചിഹ†
പാർത്തീടേണമിതെല്ലാ നാളും.''

---

[1] എങ്കിലും=പിന്നെയും, എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു.

* 'കണ്ടകനെന്നിട്ടതിശക്തൻ താൻ'—തുള്ളൽക്കാരുടെ പാഠഭേദം.

† 'കാത്തു നിതാന്തമുറക്കമിളച്ചിഹ'—പാഠാന്തരം.

ശങ്ക വെടിഞ്ഞതുനേരം ബാണൻ
ഹുംകൃതിയോടീവണ്ണം ചൊന്നതു
പങ്കജശരരിപു കേട്ടിവനുള്ളി-
ലഹങ്കാരം പെരുതുണ്ടതിനിപ്പോൾ
നീക്കുവതിന്നൊരു കഴിവുണ്ടാമതു
നീങ്ങുകയും പുനരില്ല നിനച്ചാൽ';
നീരജശരരിപുതാനുമിവണ്ണം
നീതിയൊടും മനതാരിൽക്കരുതി
നീരജരിപുധരനുള്ളിൽ വളർന്നൊരു
നീരസമേതും കാട്ടീടാതെ
ശങ്കരശങ്കരിമാർ സുതരോടും
ശങ്കവെടിഞ്ഞഥ ബാണാസുരനുടെ
കിങ്കരഭാവമിയന്നു നടന്നു ഭ-
യങ്കരമാകിന ഗോപുരവാതിൽ
ശങ്കാഹീനം കാത്തു നിതാന്തം
തിങ്കൾധരാദികൾ വാണിതു പലനാൾ.
പലദിനമിങ്ങനെ ചെന്നൊരു കാലം
നലമൊടുബാണാസുരനുമതപ്പോൾ
കലിതകുതൂഹലമോടും ശിവപദ-
കമലം കൂപ്പിയുണർത്തിച്ചിങ്ങനെ:
''പാണിസഹസ്രമെനിക്കുണ്ടതിനാൽ
കാണിയുമില്ലുപകാരം പാർത്താൽ
ബാണനു സമരമൊഴിഞ്ഞാലുള്ളൊരു
നാണക്കേടെന്തുരചെയ്യുന്നു?
ചീർത്ത മഹാഭുജവിക്രമനൊരുവൻ
നേർത്തു വരുന്നീലെന്തൊരു കഷ്ടം!
പാർത്താലെന്നൊടു തുല്യനൊരുത്തൻ
പാർത്തലമതിലില്ലാഞ്ഞോ മാമക-
ധൂർത്തുകളോർത്തു ഭയപ്പെട്ടൊരു ദിശി
പാർത്തു വിറച്ചു വസിച്ചീടുകയോ?
നേർത്തൊരു വിക്രമനോടു രണത്തിനു
പാർത്തു കൊതിച്ചു വസിക്കുന്നിഹ ഞാൻ
നേർത്തിനി നമ്മിലുമിത്തിരിനേരം
കൂർത്ത ശരേണ കളിച്ചീടേണം.''
എന്നീ വചനം കേട്ടു മഹേശര-
നുന്നതമാകിന കോപമടക്കി
പന്നഗഭൂഷണനന്നവനോടഥ
നന്നായിട്ടരുൾചെയ്തീവണ്ണം:

‘‘ഉന്നതമാകിയ കേതുവിതൊരുനാൾ
ഖണ്ഡിച്ചാശു നിലത്തു പതിക്കും;.
അന്നൊരു പൂരുഷമകുടമഹാമണി
വന്നിഹ നിന്നൊടു സമരം ചെയ്യും
എന്നല്ലവനിഹ നിന്നുടെ ഹുംകൃതി
നന്നായിട്ടു ശമിപ്പിച്ചീടും,’’
എന്നതു കേട്ടു തെളിഞ്ഞിതു ബാണൻ
തന്നുടെ പുരമതു പുക്കു വസിച്ചാൻ.
‘കൊടിമരമെന്തു മുറിഞ്ഞീടാത്തൂ
കൊടിയ രണത്തിനു വൈകുന്നല്ലോ
ഝടിതിയടിച്ചു മുറിച്ചീടുകയോ
പൊടുപൊടെയങ്ങു പൊടിച്ചീടുകയോ
കടുതായുള്ളൊരു സംഗരമതിനിഹ
പടുവാം പൂരുഷനെന്തു വരാത്തൂ;
വിരുതേറുന്ന വിരോചനപൗത്രൻ[1]
തെരുതെരെ യീവകയുള്ളിൽ നിനച്ചു
മരുവുംകാലത്തൊരുനാളവനുടെ
മകളാമുഷയെന്നുള്ളൊരുതരുണി
ശീതളമായോരു മാളികമുകളിൽ
കോമളയാമവളാളികളോടും
കേളിവിനോദം ചെയ്തു സുഖിച്ചതി–
മേളമിയന്നൊരു നിദ്രാവേളയിൽ
നാളീകായുധനോടു സമാനൻ
കോമളരൂപൻ ശ്യാമളവർണ്ണൻ
നാളീകായതലോചനയാമവ–
ളോടിടചേർന്നു ശയിച്ചൊരു പുരുഷൻ
ചലമിഴിതന്നെയണച്ചഥ മാർവ്വിൽ
നലമൊടു ഗാഢാശ്ലേഷം ചെയ്തു
കലിതസുഖേന മുകർന്നധരാമൃത–
രസമവളുടെ ഹൃദയത്തിനു നല്കി;
അരുണാധരിയുമുണർന്നതുനേരം
കണവനെയാലിംഗനമിച്ഛിച്ച്
അണയുന്നേരം കാണാഞ്ഞവളും
അണയത്തെങ്ങും തപ്പി കരത്താൽ;
ഗുണവാനാമവനണയത്തില്ലാ–
ഞ്ഞകമതിലെല്ലാമാരാഞ്ഞുടനേ
തരുണീമണിയാമവളുടെയുള്ളിൽ

---

[1] വിരോചനപൗത്രൻ = ബാണൻ. (വിരോചനന്റെ പുത്രൻ മഹാബലി: മഹാബലിയുടെ പുത്രൻ ബാണൻ).

ക്ഷണനേരംകൊണ്ടുളവാമഴലതു
ഫണമായിരമുള്ളവനുമതോർത്താൽ
പണിപണി പറവാനെന്നേ വേണ്ടു
സരസിജശരനഥ മുഹുരപിമുഹുരപി
ശരനികരങ്ങൾ പൊഴിച്ചു തുടങ്ങി
പരഭൃതമൊഴിയതു കൊണ്ടു മയങ്ങി
പരവശഭാവമിയന്നു തളർന്നു
പരിചൊടു തല്പേ വീണു കരഞ്ഞൂ
അരുവയർമണിയാമുഷയതുനേരം.

പദം*. ആനന്ദഭൈരവി—ചെമ്പട

പല്ലവി

എന്തയ്യോ! ചെയ്തു ദോഷം ഞാൻ

ചരണങ്ങൾ

1. ചിന്തിക്കിലീവണ്ണമാർക്കാൻ
സന്താപമുണ്ടായിട്ടുണ്ടോ
ഹന്ത കഷ്ടമെന്തിവണ്ണമനുഭവ—
ബന്ധമിന്നെനിക്കു വന്നു ശിവ! ശിവ! (എന്തയ്യോ!)
2. എന്തെന്റെ കാന്താ! നീയെന്നെ
സന്തപിപ്പിച്ചീടുന്നേവം
കാര്യമെന്തു ന്യായമെന്തു നിന്നുടെ
മോഹമെന്തു സാഹസങ്ങളീദൃശം (എന്തയ്യോ!)
3. മായകൊണ്ടു മറഞ്ഞേവം
ന്യായമോ ദുഃഖിപ്പിപ്പതും
മായമാശു കൈവെടിഞ്ഞു മാമക
കായമാശു പുൽവതിന്നു വരികിഹ (എന്തയ്യോ!)
4. യോഗ്യനാം ഭവാനീവണ്ണം
യോഗ്യമോ ചെയ്തീടുന്നതും
യോഗ്യമിന്നു മാരതാപമെന്നൊടു
തീർപ്പതിന്നു ഭാഗ്യവാരിധേ ശൃണു! (എന്തയ്യോ!)
5. ദുഷ്ടതയോടെന്തീവണ്ണം
കഷ്ടമിന്നു ചെയ്തീടുന്നു!
ദുഷ്ടനായിടുന്ന നിന്നുടെ ബഹു—
ചേഷ്ടിതങ്ങളെത്ര കഷ്ടമോർക്കുകിൽ! (എന്തയ്യോ!)
6. കേൾക്കെടോ കുസുമേഷോ! നീ
വീരനെന്ന ഭാവം കൊണ്ടോ!

---

* തുള്ളൽക്കാരുടെ പഴയ വായ്പാഠവുമായി ഒത്തുനോക്കി ഉചിതസംസ്കരണത്തോടുകൂടി ചേർത്തിരിക്കുന്നു.

വീരനാകിൽ നേരെ വന്നു മാനസ—
ചോരനോടു ബാണമെയ്ക ദുർമ്മതേ! (എന്തയ്യോ!)

7. നാണമില്ലേ നാരിതന്നെ
ബാണമെയ്തീടുവാനിപ്പോൾ
കാണവേണമിന്നു ഞാനതും തവ—
പാണിവിക്രമങ്ങളൊക്കെ വിരവൊടു (എന്തയ്യോ!)

അംഭോരുഹദളലോചനയാമവൾ
ജൃംഭിച്ചീടിന താപത്തോടേ
സംഭോഗാധി നിനച്ചു കരഞ്ഞതു
കുംഭാണ്ഡാത്മജ കേട്ടുടനപ്പോൾ
തെരുതെരെയവടെ സമീപേ ചെന്നി—
ട്ടരുവയർമണിയുമിവണ്ണം ചൊന്നാൾ:
''എന്തൊരു കാരണമിന്നീവണ്ണം
സന്താപത്തിനു സംഗതിയെന്നും*
എന്തെങ്കിലുമുരചെയ്യണമെന്നോടു
ചെന്താമരദളലോചനയാളേ!
ചിന്തിതമെന്തു നിനക്കെന്നാലതി—
നന്തരമില്ലതു സാധിപ്പിപ്പൻ;
ഉണ്ടോ കണ്ടു കിനാവിൽ പുരുഷനെ?
ഉണ്ടെന്നാലതു പറക സുശീലേ!
വേണ്ട വിഷാദം ചെററുമിദാനീം
ഉണ്ടാക്കാമതിനുള്ളൊരുപായം
കുണ്ഠിതമെല്ലാമകലെവെടിഞ്ഞി—
ട്ടുണ്ടായൊരു വൃത്താന്തമശേഷം
വണ്ടാർകുഴലാളേ! പറകെന്നോ—
ടുണ്ടാകരുതേ മടിയതിനേതും.''
കുന്ദശരക്ഷതമാനസയാകും
സുന്ദരിയാമുഷതാനതുനേരം
ഇന്ദുമുഖീഗിരമേവം കേട്ടു
മന്ദാക്ഷിണി മന്ദാക്ഷരമൂചേ:

പദം. ദ്വിജാവന്തി—ചായ്പുതാളം

ചരണങ്ങൾ

1. ''ചിത്രലേഖേ! സഖീ! കേൾക്ക അത്രയെൻ ദുഃഖകാരണം
എത്ര ചിത്രമൊരു സ്വപ്നം കണ്ടു ഞാനിപ്പോൾ

2. സുന്ദരപൂരുഷനേകൻ വന്നിവിടെയെന്നരികിൽ
മന്ദമന്ദം തല്പംതന്നിൽ ചേർന്നുകൊണ്ടവൻ

---

* 'സന്താപത്തിനു സംഗതിയായി'—പാഠാന്തരം.

3. ഗാഢഗാഢം പുണർന്നിതു രൂഢമോദമവനെന്നെ
പ്രൗഢനാകുമവൻ പിന്നെ ഗൂഢനായ്‌വന്നു

4. പാരമുണ്ടു പരിതാപം മാരബാണഗണമേററു
നാരിമൗലേ! സഖി ഞാനും എന്തഹോ ചെയ്‌വൂ

5. ദേഹമെല്ലാം തളരുന്നു മോഹമുള്ളിൽ വളരുന്നു
ദാഹവും വളർന്നീടുന്നു ആഹന്ത! കഷ്ടം!

6. എന്തു വേണ്ടെന്നറിഞ്ഞീല ചിന്തകൊണ്ടു വലഞ്ഞു ഞാൻ
സിന്ധുരഗമനേ! തോഴി! ബന്ധുരഗാത്രീ''

7. ഇത്തരം പറയുന്നതിനുത്തരമായ് ചിത്രലേഖ
സത്വരം ചൊന്നതു കേട്ടാലെത്രയും ചിത്രം:

''കളക വിഷാദം കളമൊഴിമൗലേ!
കഴിവുണ്ടാക്കുവനഹമിതിനിപ്പോൾ
കളിയില്ലിഹ നിൻ വരനെയിദാനീം
ഒളിവിൽ വരുത്തുവനരികേ ഞാനും
കളഭാഷിണി നീ ദുഃഖിക്കരുതേ
കളകളമോഹനകുന്തളജാലേ!''
തെളിവിനൊടിങ്ങനെ ചൊന്നുടനവളും
കളി പറകല്ലേ തൂലികകൊണ്ട്
സുലളിതകോമളനാം സുരവരനെ
സരസിജലോചനയെഴുതുന്നേരം,
ഇന്ദ്രാകൃതി കണ്ടുടനേ സുന്ദരി
നിന്ദിച്ചിവനല്ലെന്നുരചെയ്താൾ;
ചന്ദ്രനെയെഴുതി, യതല്ലെന്നപ്പോൾ
സുന്ദരനാകും വരുണനെയെഴുതി
ഭാവംകൊണ്ടല്ലെന്നവൾ കാട്ടി
ഭാമിനിയുടനേ നിരൃതിയെഴുതി
ഭാസുരഗാത്രിയതല്ലെന്നപ്പോൾ
ഭാനുവിനെ ദ്രുതമെഴുതി മനോഹരി:
സരസിജസംഭവനെപ്പുനരെഴുതി
സരസിജമുഖിയാളതുമല്ലെന്നാൾ;
സുരലോകത്തെയശേഷവുമപ്പോൾ
സരസപ്പെൺകൊടിയാളെഴുതീട്ടും
അനുസരണം പുനരില്ലാഞ്ഞുടനെ
സുരരിപുവരരെയശേഷവുമെഴുതി;
ബുദ്ധിയവൾക്കവരാരിലുമപ്പോൾ
ബദ്ധമതല്ലാഞ്ഞുടനേതന്നെ
സിദ്ധൻമാരെ വരച്ചാൾ കിന്നര
കിംപുരുഷൻമാരെയുമതുനേരം:

ഗന്ധർവൻമാർ പലരെയുമപ്പോഠം
ബന്ധുരഗാത്രിയുമെഴുതിക്കാട്ടി
സിന്ധുരഗമനയ്ക്കതുകൊണ്ടുള്ളിൽ
അന്ധത തീർന്നില്ലെന്നതുകണ്ടു
ബന്ധുരഗാത്രിയുമുടനേയങ്ങു വ–
സുന്ധരവരരെ വരച്ചുതുടങ്ങി:*

കുന്തളാഖ്യനൃപവീരനുടേയുട–
ലന്തരംഗകുതുകേന വരച്ചു;
ദന്തിവാജികഠം പെരുത്തൊരു മാഗധ–
പംക്തിപാലനെ വരച്ചഥ കാട്ടി
ചന്തമേറെയുളവായൊരു ചോളൻ
കേരളൻ ഗുണമിയന്ന കലിംഗൻ
കൊങ്കണേശനെ വരച്ചഥ കാട്ടി
വങ്കണേശനെയുമങ്ങനെതന്നെ
പാണ്ഡ്യഭൂപനെ വരച്ചു മനോഹരി
പാണ്ഡുപുത്രനെയുമാശു വരച്ചു
കുണ്ഡിനാഖ്യനൃപവീരശരീരം
ദണ്ഡമെന്നിയെ വരച്ചഥ കാട്ടി
ഒന്നുകൊണ്ടുമവഠംതന്നുടെ താപം
തീർന്നതില്ല പുനരെന്നതു കണ്ടു
സുന്ദരാംഗിയവഠം തൂലികകൊണ്ടു
തീർത്തു മെല്ലെ യദുവംശമതപ്പോഠം;
കൃഷ്ണമായ മഷികൊണ്ടതിവേഗാൽ
വൃഷ്ണിവംശകുലനായകനാകും
ജിഷ്ണുതൻെറ സഖി കൃഷ്ണനുടേയുടൽ
തൃഷ്ണയോടവഠം വരച്ചു മനോഹരി;
ചേർച്ചയുണ്ടിവനുമാകൃതി കിഞ്ചിൽ
തീർത്തുരയ്ക്കിലിവനല്ലതു നൂനം
ഓർത്തിവണ്ണമിനിയും ചില രൂപം
തീർക്ക, പാർക്കരുതുശീഘ്രമിദാനീം''
എന്നു കേട്ടു പ്രദ്യുമ്നനുടേ തനു†
സുന്ദരാകൃതി വരച്ചു മനോഹരി
ഇന്ദുബിംബമുഖിയാളാമുഷയും

---

* തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു.
'ബന്ധുരഗാത്രിയുമുടനേ മാനുഷ–
വരരെ വരച്ചുതുടങ്ങി തദാനീം'—എന്നാണ് മുദ്രിത പുസ്തകങ്ങളിലെ പാഠം.

1. പംക്തിപാലൻ = ഭൂമിപാലൻ. പംക്തി = ഭൂമി.

† 'എന്നു കേട്ടുടനെ പ്രദ്യുമ്നനുടെ'—പഴയ വായ്പാഠം.

സുന്ദരാംഗമതു പാർത്തു പറഞ്ഞു:
''കുന്ദബാണനിവനെന്നതു ചൊല്ലാം
ഇന്നിതിന്നു കുറവില്ല നിനച്ചാൽ*
കാന്തിയേറെയുളവാമിവനെന്നുടെ
കാന്തനോടു സമനാകിലുമിപ്പോൾ
ഭ്രാന്തുകൊണ്ടു പറകല്ലൊരു കിഞ്ചന
പ്രാപ്തിഭേദ മിവനുണ്ടതു നൂനം;''
ബുദ്ധിശാലിയതുകേട്ടുടനേയനി–
രുദ്ധനെ ഝടിതി തീർത്തതു കണ്ടു
ബുദ്ധിതന്നിലുടനേയുളവായൊരു
ലജ്ജകാരണമധോമുഖിയായി–
ട്ടത്ര നിന്നു വിരൽകൊണ്ടു വരച്ചു
ചിത്രമെന്നതു മറന്നുടനെ മദ–
നാർത്തികൊണ്ടവൾ മതിഭ്രമമോടേ
ചിത്രമായ പതിതന്നുടെ രൂപം
ചിത്രമൻപിനൊടടുത്തിതു പുൽകാൻ;
ചിത്രലേഖയുടനേയുരചെയ്താൾ:
''ചിത്രമെന്നതു ധരിക്ക മനോജ്ഞേ!''
രാഗതോതിപരിതാപ[2]മതപ്പോൾ
നാരിമാർമണി തനിക്കുളവായി
ഭോഗവാഞ്ഛയിലഴിഞ്ഞമനസ്സൊടു
ഭാസുരാംഗി മരുവുന്നതു കണ്ടു
ചിത്രലേഖയുരചെയ്തു: ''സഖീ! തവ
ദുഃഖമൊക്കെയകലത്തു കളഞ്ഞതി–
സൗഖ്യമോടു മരുവീടാൻ സംഗതി
കൂട്ടുവൻ ധ്രുവമഹോ ശൃണു ബാലേ!''
എന്നു ചൊല്ലിയവൾ മന്ദതയെന്യേ;
സുന്ദരാംഗി നടകൊണ്ടതി വേഗാൽ
ഉന്നതാദ്രികൾ കടന്നിതു കാടും
നാടു തോടുകൾ മഠങ്ങളിടങ്ങൾ
ദ്വാരകാനഗരി കണ്ടു തെളിഞ്ഞവ–
ളാരുമാരുമറിയാതതുനേരം
ആദരേണ ഭവനങ്ങളുടേയിട–
കൂടിയമ്പൊടു നടന്നതിവേഗം;
ബദ്ധമോദമനിരുദ്ധനുറങ്ങും
ശുദ്ധമായ പുരി പുക്കു പതുക്കെ

---

* 'ഇന്നതിന്നു വിവദില്ല നിനച്ചാൽ'—പാഠഭേദം
1. പ്രാപ്തിഭേദം=പ്രായ ഭേദം.
2. രാഗതോതിപരിതാപം = രാഗതഃ + അതിപരിതാപം. രാഗത്തിൽനിന്നുള്ള അതിപരിതാപം; അനുരാഗത്തിൽനിന്നുള്ള അതിദുഃഖം.

ബുദ്ധിതന്നിലതികൗതുകമോടനി—
രുദ്ധനെ ഝടിതി കൈക്കലതാക്കി;
സിന്ധുരേന്ദ്രവരഗാമിനിയാകും
ബന്ധുകാധരി നടന്നതിവേഗം
സിന്ധുശായിയുടെ പൗത്രനെയപ്പോൾ
ബന്ധുരാംഗിയുഷയോടിടചേർത്തു.

കരുണാനിധി മാധവപൗത്രൻ
ഹരിണാക്ഷിയൊടും ഇടകൂടി
അരുണാധരമാശു നുകർന്നു
പരിണാമവു[1]മേററമിയന്നു
വിരവോടു കളിച്ചു പുളച്ചു
രസിച്ചു മദിച്ചു വസിച്ചു തദാ;

കളഭാഷിണിതാനതുനേരം
തെളിവോടു പുണർന്നതിവേഗം
കുളുർകോമളമാം കുചഭാരേ
തെളിവോടുടൽ ചേർത്തതുനേരം
കളഭങ്ങളണിഞ്ഞു തെളിഞ്ഞു
കുസുമങ്ങളണിഞ്ഞു വിളങ്ങി ധ്രുവം

കളിവാക്കു പറഞ്ഞു രസിച്ചും
കളിയല്ല പദങ്ങളുരച്ചും
തെളിവോടു സുമങ്ങൾ ധരിച്ചും
പരിഹസിച്ചു വസിച്ചു സുഖിച്ചു തദാ;

നല്ല വീടിക മെല്ലെ നുകർന്നും
പല്ലവാധരമിടയ്ക്കു നുകർന്നും
രതികലകളിടയ്ക്കു തുടർന്നും
മതിമറന്നു തളർന്നു കുളുർന്നു ഭൃശം;

മലർബാണനണഞ്ഞു തുടങ്ങി
മലർകണകൾ പൊഴിഞ്ഞു തുടങ്ങി
രതികണവനു കണകളൊടുങ്ങി
അതിവിവശതപൂണ്ടു മയങ്ങി
രതി മുതിർന്നു കിളർന്നു വളർന്നു ഭൃശം.

ചൊല്ലേറുമുഷ തന്നോടെല്ലാമീവണ്ണമോരോ
നല്ല വിലാസമാടി മെല്ലെ രസിച്ചു കള—
വല്ല വലഞ്ഞിതിക്ഷുവില്ലന്റെ നന്ദനൻ താൻ
നല്ല മണിയറയിൽ മല്ലാക്ഷിയോടുംകൂടി

---

[1] പരിണാമം=അവസ്ഥാഭേദം.

മല്ലായുധവിലാസമെല്ലാം നടിച്ചു തത്ര
കല്യൻ കമലബാണതുല്യൻ മദനകണ—
ശല്യം തറച്ചിട്ടുള്ളോരല്ലൽ കെടുത്തു രതി—
വല്ലിയാമുഷയോടു മെല്ലവേ ദാരങ്ങളെ—
ന്നെല്ലാം പറഞ്ഞുകൊണ്ടു നല്ലപോലെ സുഖിച്ചു
നല്ലാർമണിയാമുഷതാനും കണവനുമായ്.

ഇങ്ങനെ പലദിനമങ്ങു കഴിഞ്ഞു
മംഗലരൂപികളാം സഖിവൃന്ദം
ഒന്നൊഴിയാതെയടുത്തു പതുക്കെ—
ത്തങ്ങളിലിങ്ങനെ ചൊന്നു തുടങ്ങി:

പദമട്ട്*—ചായ്പുതാളം

''ബാലികയാമുഷ തന്റെ വാർത്ത
ചാലേ ധരിപ്പിനെല്ലാരും
ബാലികതന്നുടെ ആനനപങ്കജം
മെല്ലെത്തെളിഞ്ഞു വരുന്നു ദിനംപ്രതി
പങ്കജകോരകം പമ്പരം വെല്ലുന്ന
കൊങ്കകൾ ചാരത്തുമവ്വണ്ണം കാണുന്നു;
പണ്ടൊന്നും കാണാത്ത ഭൂഷണമുണ്ടിന്നു
കുണ്ഠേതരമവൾ കണ്ഠത്തിൽ കാണുന്നു;
ലീലകൾ കോലുവാൻ കാലം പുലരുമ്പോൾ
ചാലവേ നാമങ്ങു ചെല്ലുമതുനേരം
കെട്ടകം[1]തന്നിൽ നാമൊട്ടേടം ചെല്ലുമ്പോൾ†
പെട്ടെന്നു പെട്ടകം പൂട്ടിപ്പോരുന്നു;
മങ്ങി മയങ്ങിച്ചമഞ്ഞു കാണാമപ്പോൾ
ചങ്ങാതിതന്നുടെ കണ്ണുകൾ രണ്ടും;
രോഗമെന്നിങ്ങനെ ചൊല്ലുമാറുണ്ടവൾ
രോഗമല്ലേയതു രാഗമത്രേ നൂനം;
തേമ്പാതെയുള്ളൊരു ദന്താംബരങ്ങളും
തെളിഞ്ഞല്ലോ കാണുന്നു തേൻമൊഴിതന്നുടെ
ഇങ്ങനെയുള്ളൊരു ലാഞ്ഛനം കാണുമ്പോൾ
എങ്ങനെ കന്യകയെന്നു പറയുന്നു: (ബാലികയാ...)

---

* 'സുന്ദരിമാർമണിതന്റെ നല്ല
സന്ദേശവാക്കുകളെല്ലാം'—എന്ന (പത്തുവൃത്തം) തിരുവാതിരപ്പാട്ടിന്റെ മട്ട്.

[1] കെട്ടകം = കെട്ടിനകം; മുറിക്കകം.

† 'തട്ടകംതന്നിൽ നാമൊട്ടേടം ചെല്ലുമ്പോൾ'—പാഠാന്തരം.

ഇന്നിവൾതന്നുടെ കാമുകനായി–
ട്ടന്യനൊരുത്തനകത്തുണ്ടിപ്പോൾ
എന്നേ! വിസ്മയമെങ്ങനെ വന്നിവ–
നുന്നതമതിലു കടന്നിതിനുള്ളിൽ!
നമ്മളിതൊരുവരൊടും പറയാഞ്ഞാൽ
ചെമ്മേ വന്നു ഭവിക്കുമബദ്ധം;''
പക്ഷ്മളലോചനമാരീവണ്ണം
ലക്ഷണമോർത്തു നിരൂപിച്ചിട്ട്
അക്ഷതരാകിയ രക്ഷികളോടേ
തൽക്ഷണമങ്ങുരചെയ്തതുനേരം
രക്ഷികളീവക ബാണനൊടപ്പോൾ
ശിക്ഷയിലങ്ങു പറഞ്ഞാരേവം:
''കന്യാദൂഷകനായൊരു കാമുക–
നന്യനൊരുത്തനകത്തുണ്ടിപ്പോൾ,''
ധന്യൻ കേട്ടു കയർത്തതിവേഗം
കന്യാഭവനേ ചെന്നു കരേറി;
ചൂതേലുംമുലയാളതുനേരം
ചൂതും പടവുമെടുത്തു നിരത്തി
ചൂതായുധസുതനോടുംകൂടി
ചൂതും പൊരുതു വസിച്ചീടുന്നു;
കണ്ടു കയർത്തിതു ബാണൻ സ്മരജനൊ–
ടുണ്ടായൊരു കോപത്തോടപ്പോൾ
ശുണ്ഠിച്ചുടനെ ശരങ്ങൾ പൊഴിച്ചതു
കണ്ടു കയർത്തു മനോഭവപുത്രൻ
നന്നായിട്ടു ശരങ്ങൾ പൊഴിച്ചവ–
രൊന്നിഴിയാതെ കുറഞ്ഞൊരുനേരം;
പന്നഗപാശംകൊണ്ടു മുറുക്കി
ഖിന്നനതാമനിരുദ്ധനെയപ്പോൾ
അങ്ങൊരു പുരമുറിതന്നിലടച്ചു
ഉന്നതബാഹുസഹസ്രൻ പോന്നാൻ;
തന്നുടെ ഭവനം പുക്കതിവേഗം
നന്നായിട്ടു സുഖിച്ചു വസിച്ചാൻ.

പദമട്ട്—ചെമ്പടതാളം

ബദ്ധനായുള്ളോരനിരുദ്ധനെക്കണ്ടനേരം
മുഗ്ദ്ധവിലോചനയാൾ ഭൂതലത്തിൽ
വീണുമുരുണ്ടും പാണി മാറത്തു ചേർത്തുംകൊണ്ട്
ഏണവിലോചനയാൾ കേണതുനേരം;
ചലനലോചന തന്റെ സ്മരഖേദം മാറ്റീടുവാൻ.

---

* 'കല്യാണീ! കളവാണീ!........'എന്ന തിരുവാതിരപ്പാട്ടുമട്ട്.

പലപല വാക്കു ചൊന്നതതെല്ലാമപ്പോൾ
തൈലത്തിൽ കത്തീടുന്ന വഹ്നിതന്നിലങ്ങല്പം
സലിലം തളിക്കുംപോലെവന്നിതപ്പോൾ
ഫലമില്ലാതായിവന്നു വാരിധിയിൽ മേഘം
വർഷിക്കും വാരിപോലെയെന്നതേ വേണ്ടു;
നാണിച്ചു മാറാതവൾ പിന്നെയുമങ്ങോരോരോ
വാണീവിശേഷങ്ങളെയോതിയോതി
ഏണാങ്കാനനതന്റെ ഖേദവുമൊട്ടു മാററി
വാണൊരു കോണിൽ നാണിച്ചേണനേത്ര;
പഞ്ജരംതന്നിൽ അനിരുദ്ധനായോരു നല്ല
കുഞ്ജരവൈരിയെന്നപോലെതന്നെ
അന്ധകനായുള്ളോരനിരുദ്ധൻ കോപിച്ചഥ
ബന്ധുവിരോധനായി നിന്ന കാലം
ഭോജൻമാരെല്ലാവരും നിദ്ര വെടിഞ്ഞുകൊണ്ടു
രാജകുമാരൻതന്നെ കാണാഞ്ഞിട്ടു
എങ്ങുപോൽ ഗമിച്ചവനെത്ര കഷ്ടമാരു—
മെങ്ങും ഗ്രഹിച്ചിടാതെ പോവാനെന്ത്?
ഇന്നു വന്നീടുമവനിന്നു വന്നീടുമുണ്ണി
ഇന്നു വരുമെന്നേവം ചിന്തചെയ്തു;
സുന്ദരനാമവനെക്കാണാഞ്ഞിട്ടു നല്ല
സുന്ദരിമാരും ദുഃഖസാഗരത്തിൽ
മങ്ങി മയങ്ങി മുങ്ങിപ്പൊങ്ങി വീണുംകൊണ്ടു
തുംഗസ്തനങ്ങൾ നോക്കി സന്താപിച്ചും
നാലുമാസമിവണ്ണം ചെന്നവാറേയുമെങ്ങും
ബാലനെക്കാണാഞ്ഞിട്ടു ലോകരെല്ലാം
മാലു മുഴുത്തു മധുദ്വേഷിയോടങ്ങു ചെന്നു
ബാലന്റെ വാർത്ത ചൊല്ലി വാഴുംകാലം.

നാരദമാമുനി വീണയുമായി
പാരാതദ്വാരക പുക്കൊരു നാൾ;—
നാരായണനും വന്നു വണങ്ങി
സ്സാദരമർഘ്യാദികളും ചെയ്തു
ദ്വാരകവാസികളെല്ലാം നാരദ—
പാദസരോജേ വീണു വണങ്ങി;
ശ്രീനാരദമുനിയപ്പോൾത്തന്നെ
ശ്രീമാധവനൊടു കല്പിച്ചേവം
“ശ്രീപതി നിന്തിരുവടിയുടെ പൗത്രൻ
ശ്രീദ്വാരകയതിലില്ലാഞ്ഞല്ലീ
ഖേദം പൂണ്ടു ജഗദ്വാസികളതി—

മോദംകൂടാതേ മരുവുന്നു?
ബാണൻ സമരാങ്കണമതിലവനേ
നാണക്കേടു ഭവിപ്പിച്ചനവധി
ക്ഷീണിപ്പിച്ചൊരു കോണിലിരുത്തീ
പ്രാണൻ പോകാഞ്ഞതു തൽഭാഗ്യം;
ആദ്യമതായുള്ളക്ഷരഹീനന—[1]
താക്കി കുമാരം സമരേ ബാണൻ;
അപ്പുരി കാത്തു വസിച്ചീടുന്നതു
മുപ്പുരവൈരിയതെന്നറിയേണം.''
നാരദനിങ്ങനെ കല്പിച്ചുടനേ
ആദരവോടേ വീണ തെളിച്ചു[2]
നാരായണശിവയെന്നു ജപിച്ചു
നേരേ മീതെ കിളർന്നു തിരിച്ചു
വൃഷ്ണികളെല്ലാവരുമൊരുമിച്ചു
കൃഷ്ണൻതിരുവടിയോടുംകൂടി
ഉഷ്ണിച്ചസുരനെ വെൽവാനായി
കൃഷ്ണൻതിരുവടി യാത്രതുടങ്ങി.

ചമ്പതാളം

നരകരിപു നളിനദളലോചനൻ മാധവൻ
നരകദുരിതൗഘശാന്തിപ്രദൻ കേശവൻ
നരജരകളാദിമദ്ധ്യാന്തമില്ലാത്തവൻ
കരിമുകിലൊടിടയുമൊരു ചികുരമൊരുമിച്ചുടൻ
വിരവിനൊടു നിറുകയിൽ കൂട്ടിബന്ധിച്ചുടൻ
സരസമൊടു നിറമധികമുള്ള പീലിത്തരം
സരസിജവിലോചനൻ ചേർത്തു ചില പുഷ്പവും;
മധുമഥനനതുപൊഴുതു നെററിത്തടമതിൽ
മഹിമയൊടു ഗോപിയും ചേർത്തു തിലകവും
ഗളമതിലണിഞ്ഞു വനമാല ഹാരങ്ങളും
തുളസികൃതമാലജാലങ്ങളണിഞ്ഞുടൻ
കരമതിലെടുത്തു ശര ചാപ ഖഡ്ഗാദിയും
കരുണകരനമിതകുതുകേന പീതാംബരം
തിരുവുടയുമരയിലതികുതുകമൊടു ചേർത്തുടൻ
പരിചിനൊടു പൊന്നരഞ്ഞാണമിട്ടഞ്ജസാ
അരുണനൊടുസഹ തരുണതരണിയുയരുന്നപോൽ
കരുണനിധി മാധവൻ തേരിൽ കരേറിനാൻ.
മുനികളുടെ മനമതിലും വനിതകടെ മാർവ്വിലും

---

1. അനിരുദ്ധൻ—എന്നതിന്റെ ആദ്യക്ഷരം ഇല്ലാതാക്കി—നിരുദ്ധനാക്കിയെന്നർത്ഥം. നിരുദ്ധൻ = തടവിലാക്കപ്പെട്ടവൻ; ബന്ധനസ്ഥൻ.
2. വീണ തെളിച്ചു = വീണ മീട്ടി.

കനിവിനൊടു മമ മതിയിലും വിളങ്ങീടുന്ന
ആനന്ദമൂർത്തിയെക്കണ്ടു യദുവീരരും
ആനന്ദമോടു കൊണ്ടാടിപ്പുറപ്പെട്ടു;
ആന തേർ കാലാൾ കുതിരപ്പടകളും
അമിതകരബലമുടയ യദുവരരുമൊക്കെയും
മാനം നടിച്ചവർ തേരിൽ കരേറിനാർ
മഹിമകളൊടതുപൊഴുതു തെരുതെരെമദിച്ചുടൻ
ആലവട്ടങ്ങളും വെൺചാമരങ്ങളും
അഴകിനൊടു കൊടി തഴകൾപടലമിവയൊക്കെയും
ചുററും പിടിപ്പിച്ചു കുററങ്ങൾ കൂടാതെ
പററലരൊടേററു പടവെട്ടുവതിനായിട്ടു
കോട്ടങ്ങൾകൂടാതെ കണ്ടങ്ങതുനേരം
എട്ടു ദിശി പൊട്ടുമളവിട്ടു ചെറുഞാണൊലികൾ
ആരവാരങ്ങളും സിംഹനാദങ്ങളും
അമിതകരബലമുടയ യദുവര നിനാദവും
മററു ശൃംഗങ്ങൾ ചക്രങ്ങൾ തമ്മിട്ടവും
മധുരതരമൃദുലരസപൂങ്കുഴൽ കാഹളം
പെയ്ത മദത്തോടു കുംഭികൾ നാദവും
പെരിയ രഥമലറിയുടനിളകുമതിഘോഷവും
നാരദവീണാമനോഹരനാദവും
നരകരിപുകരഗളിതഗുണനിനദഘോഷവും
ഹരിയുടയ പടകളുടെ പടുതരനിനാദവും
അങ്ങോട്ടുമിങ്ങോട്ടുമുന്തിയും തള്ളിയും

മർമ്മതാളം

അംബുധിശയനോത്തമപുരുഷൻ അഖിലജനേശൻ കൃഷ്ണൻ
തുംബുരുസനകാദികൾസേവിതനമിതനനന്തൻതാനും
കംബു കരന്തന്നിലെടുത്തു കളിച്ചു ചിരിച്ചു വിളിച്ചും
പട പെരുതൊരു പടനായകരുടെ പട വന്നിങ്ങറിയേണം
പടയതിനൊരു കുറവു വരാതെ ഭരിച്ചു വഹിച്ചീടേണം
നെടുതാകിന കൊടിമരമുകളിൽ കൊടികളു ശോഭിക്കേണം
പടഹങ്ങളടിക്കേണം മതിപടുതകൾ കാട്ടീടേണം
പടയുടെയിട കണ്ടഥ ഘോടകപാളി നിരത്തീടേണം
കഠിനതരം മുൾത്തടിയുള്ളൊരു കരികൾ നിരത്തീടേണം
കല്ലുകൾ കവിണത്തരമെന്നിവ കൈയ്യിലെടുത്തൊരു കാലാൾ
തെല്ലും ഭയമില്ലാതനവധി വന്നു പരന്നീടേണം
വെള്ളത്തിര തള്ളിവരുന്നതുപോലെ പരക്കണമിപ്പോൾ
കള്ളമൊഴിഞ്ഞുള്ളൊരു വെള്ളക്കുതിരകളുള്ളതശേഷം
കൊള്ളരുതാതുള്ളൊരു ധൂളിപ്പടകളകററീടേണം

കള്ളുകുടിച്ചാനകളിക്കും പൊണ്ണന്മാരിവരാരും
കൊള്ളരുതു പടയ്ക്കിന്നവരുടെ ചെള്ളയ്ക്കടികൊള്ളേണം;
ഇത്തരമഖിലേശൻതന്നുടെ കല്പന കേട്ടവരെല്ലാം
സത്വരമവ്വണ്ണം പലപല കോപ്പുകൾ കൂട്ടി തദാനീം.

തിത്തിയിടയ്ക്കയുടുക്കും തിമിലകൾ
ഒത്തും മദ്ദളമെത്ര തരത്തിൽ
കാളം ചേങ്കില ചെണ്ടകൾ തിമിലകൾ
നീളംകുറയും കൊമ്പും കുഴലും
അമ്പിളിവളയും തമ്പേറെന്നിവ
മേളംകൊണ്ടു ജഗത്തു മുഴക്കി
ശക്തിപെരുത്ത ജനങ്ങളെടുക്കും
ശക്തി കടുത്തില മുൾത്തടി വാളും
വേലും വെൺമഴു ഗദയും കുന്തം
ശൂലം പരശു പരശ്വധ വട്ടക
ചക്രം നല്ല ശതഘ്നികളനവധി
വക്രതരം ചില ശസ്ത്രസമൂഹം
ചൊട്ടകൾ നല്ല കടുത്തില ചുരികക-
ളീട്ടികളോട്ടുളി ചാട്ടുളിയെന്നിവ-
യൊക്കെയെടുത്തു തിരിച്ചവർ തന്നുടെ
ചെക്കൻമാരൊടു കൂടീട്ടൊരുവക
വെക്കം ദ്വാരകനഗരിയിൽനിന്നഥ
ചിക്കെന്നങ്ങു കടന്നു നടന്നു;
പൊടിപടലങ്ങൾ കിളർന്നു ദിഗന്തം
പൊടിപെടുമാറുടനാർത്തു വിളിച്ചു
വട്ടപ്പരിശ തുടയ്ക്കിടുമപ്പോൾ
എട്ടു ജഗത്തുകൾ ഞെട്ടീടുന്നു
വെട്ടുമിടിക്കുസമാനം ഘോരം
നിഷ്ഠുരരാർത്തു കളിച്ചു പുളച്ചും
ധൃഷ്ടൻമാരു നടന്നീടുമ്പോ-
ളൊട്ടും പൊളിയല്ലവനി കുലുങ്ങും
അഷ്ടഗജങ്ങടെ ചെവികളശേഷം
കൊട്ടിയടഞ്ഞു* വലഞ്ഞുചമഞ്ഞു.

കളിച്ചും വീരവാദമുരച്ചുമോരോ ജനം
വിളിച്ചും പുളച്ചഹംകരിച്ചു മദിച്ചുടൻ
കഥിച്ചുമോരോ കഥ രസിച്ചുമതു കേട്ടു
ഭ്രമിച്ചു ചിലർ പട ഭരിച്ചു സന്തോഷിച്ചും
തടിച്ച ഗജത്തിന്റെ കഴുത്തിൽ കരയേറി

---

* 'പൊട്ടിയണഞ്ഞു'—അപപാഠം. ചെവി കൊട്ടിയടഞ്ഞു—എന്നാണ് സംഭാഷണശൈലി.

ചൊടിച്ചു വില്ലുമമ്പും ധരിച്ചു വിരുതൻമാർ;
ചിരിച്ചു രാഗദ്വേഷം ജ്വലിച്ചു മനതാരിൽ
സ്മരിച്ചു മുകുന്ദനെ കഴിച്ചു ബാണയുദ്ധം
തരത്തിലോരോ വാജി വരുത്തിത്തരം കണ്ടു
പരത്തിക്കരുത്തൻമാരൊരുത്തരൊഴിയാതെ
തരത്തിൽ വില്ലുമമ്പും കരത്തിലെടുത്തോരോ
രഥത്തിൽ കരയേറി ഉരത്തിലാവനാഴി
ധരിച്ചു വിരുതൻമാർ മരിപ്പാൻ മടിയെന്യേ
തരക്കേടായുള്ളോരെ തിരിച്ചു നിർത്തിപ്പട-
തിരിച്ചനേരം ബാണനിരിക്കും രാജ്യമെല്ലാം
വിറച്ചു പട കണ്ടു ഭ്രമിച്ചു നാടുവാസികൾ
തിരിച്ചും സംഗരമുള്ളിൽ കൊതിച്ചും ചിലർ കൂട്ടരെ-
വിളിച്ചും, കാടുകൾ തേടിച്ചിരിച്ചും കാട്ടിൽ കരേറി
ഒളിച്ചും കൂട്ടു പിരിഞ്ഞു വിളിച്ചും കൂട്ടുകാർ ചിലർ
ചൊരിച്ചും[1], കഷ്ടമിതെന്നു വദിച്ചും ഒട്ടേടമോടി-
ത്തിരിച്ചും കട്ടകൾ തട്ടിപ്പതിച്ചും കട്ടകാരങ്ങൾ
തറച്ചും ഒട്ടുപേർ കണ്ടു ചിരിച്ചും ദുഷ്ടൻമാർ ശൗര്യം
ജ്വലിച്ചും ഒട്ടല്ലഹോ! ജനങ്ങൾ വലഞ്ഞതോർത്താൽ.

പട കണ്ടോരോ ചേടൻമാരും
ഝടിതി നടന്നു പറഞ്ഞുതുടങ്ങി
പട വന്നിങ്ങു കരേറീ നമ്മുടെ
വടിയിങ്ങോട്ടെടു കുഞ്ഞിപ്പെണ്ണേ!
വടി ഞാനിവിടെക്കണ്ടില്ലെന്നും
പിടലിക്കൊന്നു തരുന്നുണ്ടെന്നും
പുടവയുടുത്തു ഞെളിഞ്ഞു നടന്നാ-
ലുടലു മുറിഞ്ഞു മരിക്കുമിതെന്നും
പാളയമവിടെക്കണ്ടൊരു തടിയൻ
വാളു കളഞ്ഞു തിരിച്ചു നടന്നു
കേളച്ചാരതുനേരം നമ്മുടെ
കാളിപ്പെണ്ണോടു കൂടി നടന്നു;
പെട്ടെന്നൊരുദിശി നോക്കി നടന്നു
കഷ്ടമിതെന്നു പറഞ്ഞുംകൊണ്ട്.
മട്ടോലും മൊഴിമാർ ചിലരപ്പോൾ
കെട്ടിയ പുരുഷം കാണാഞ്ഞിട്ട്
ഒട്ടു വിളിച്ചു കരഞ്ഞു വലഞ്ഞും
കുട്ടികളെച്ചിലരെളിയിലെടുത്തും.
കുട്ടിപ്പെണ്ണേ! വാ പറയട്ടേ
കുട്ടച്ചാരയലെങ്ങു ഗമിച്ചു

---

[1] ചൊരിക്കുക=ചിന്നിച്ചിതറിപ്പോവുക.

ഒട്ടല്ലയലുടെ താന്തോന്നിത്തം
കഷ്ടമിതെന്നേ പറവാനുള്ളു
കൊച്ചിളയച്ചീ! കേട്ടില്ലേ നീ
അച്ചുതനുടെ പട വന്നു കരേറി
കൊച്ചുകളോടു കളിക്കാം പിന്നെ
നിച്ചിരയത്തീ! വെക്കം വാ നീ
കുഞ്ഞച്ചാരേക്കണ്ടില്ലല്ലോ
പങ്ങച്ചാരയളെങ്ങു ഗമിച്ചു?
കുഞ്ഞിപ്പെണ്ണെന്നുള്ളൊരുവേശ്യ–
പ്പെണ്ണിനെയന്വേഷിച്ചു നടന്നു
നിച്ചലുമങ്ങേനവിടെച്ചെന്നാ–
നിച്ചിരിയത്ത്യേപ്പുണരാമെന്നും
കൊച്ചിക്കാളി പറഞ്ഞിതു നമ്മോ–
ടിച്ഛരയതല്ലെന്നപ്പോൾ തോന്നി;
മാടച്ചാരെന്നുള്ളൊരു വിരുതൻ
മാടണിമുലമാരോടുംകൂടി
പടിമേലേറിപ്പായുന്നേരം
പടയുടെ വിരുതേ കേൾപ്പാനുള്ളു
പട വന്നപ്പോളോടിയൊളിച്ചൊരു
വിടുഭോഷച്ചാരെന്നേവേണ്ടു
കുടിലാപാംഗികൾതന്നുടെ വീട്ടിൽ
വിടുപണിചെയ്തു വസിപ്പാനല്ലാ–
തൊരുഫലമില്ലീത്തടിയൻമാരുടെ
തടികൊണ്ടെന്നു ധരിക്കേവേണ്ടൂ
കെട്ടിയ പന്തലിൽ വന്നൊരു ദുഷ്ടൻ
കട്ടിക്കവെണ്ണി മുറിച്ചു നമുക്കു
കഷ്ടമൊരുത്തനൊടൊന്നു പറഞ്ഞാൽ
പെട്ടെന്നടികൂട്ടീടും തടിയൻ
വീട്ടിനകത്തൊരു പുരുഷൻ വന്നാൽ
വെട്ടുവതിന്നും മടിയില്ലെന്നും
ഒട്ടല്ലിങ്ങനെ പാടുപെടുന്നതി–
നററമതില്ല പറഞ്ഞെന്നാകിൽ
കുട്ടികൾ നാലഞ്ചുണ്ടായിട്ടും
ഒട്ടും മറുമുഖമറിയുന്നില്ല.
അങ്ങനെയുള്ള സമർത്ഥനിതാ പട–
വന്നെന്നുള്ളതു കേട്ടൊരുനേരം
തിങ്ങിന ഭീത്യാ തെരുതെരെ മണ്ടീ–
ട്ടെങ്ങാൻ പോയതു കണ്ടോ നിങ്ങൾ?
കൊച്ചുകിടാങ്ങളു നാലഞ്ചുണ്ടതി–

ലയ്യോ? കൊച്ചു കരഞ്ഞീടുന്നു.
ഒന്നിനെയെളിയിലെടുക്കാം പിന്നെ
ഒന്നിനെ കൈയ്ക്കുപിടിച്ചു നടത്താം
പിന്നുള്ളതിനെക്കൊണ്ടൊരുപായം
കണ്ടില്ലേ ഞാനെങ്ങനെവേണ്ടു
ഇങ്ങനെ പലപല തുംഗസ്തനിമാ—
രങ്ങുപറഞ്ഞു നടന്നുതുടങ്ങി:
മങ്ങാടാ! താനെവിടെപ്പോണു?
ഇങ്ങോട്ടേക്കു നടന്നീടുകെടോ!
അങ്ങോട്ടീവഴി ഓടിച്ചെന്നാൽ
തിങ്ങിനപടയിൽപെട്ടു മരിക്കാം;
കാലിനൊരേന്തു നമുക്കുണ്ടതിനാൽ
ഓടുവതിന്നും വശമില്ലാതായ്
പീലിക്കുന്തമെടുത്തൊരുവൻ ഗുരു—
കാലിണ വന്ദിച്ചങ്ങു നടന്നു
തെക്കൻകത്തിയെടുത്തൊരു വിദ്വാൻ
വെക്കം തോളതിലേററിക്കൊണ്ട്
ചെക്കനെയങ്ങു മറഞ്ഞഥ നോക്കി
ചിക്കെന്നങ്ങു കടന്നു നടന്നു
വില്ലും ശരവുമെടുത്തവരരിയെ—
ക്കൊല്ലാമെന്നു നിനച്ചിട്ടൊരുവൻ
നല്ലൊരു വിരുതുകൾ പലതും ചൊല്ലി—
ച്ചെല്ലുന്നേരം പട കണ്ടായാൾ
വില്ലൊരു കാട്ടിലെറിഞ്ഞൊരു വണ്ണം
മെല്ലെപ്പോന്നിഹ ഭവനം പുക്കു;
നാരായണനും പടകളുമെല്ലാം
പാരാതവിടെച്ചെന്നു നിറഞ്ഞൂ
ധീരൻമാരവർ ബാണപുരത്തിൻ
ഗോപുരസീമനി ചെന്നു കരേറി;
കണ്ണൻതിരുവടിയൊരുബാണംകൊ—
ണ്ടുന്നതമാകിന കൊടിമരമെയ്തു
മണ്ണിൽ മുറിച്ചു മറിച്ചതുനേരം
പൊണ്ണൻ ബാണനുമൊന്നു വിറച്ചു
മതിലുകൾ ഗോപുരമെന്നിവയെല്ലാ—
മതിബലവാൻമാർ കുത്തിയിടിച്ചതു
മതികലചൂടുമരൻ കണ്ടുടനേ
മകനാം ശരജൻമാവൊടു ചൊന്നാൻ:
‘‘ഒട്ടുദിനം നാമിവിടെപ്പാർത്തതി—

മൃഷ്ടതയോടു ഭുജിച്ചീടുന്നു
ദുഷ്ടൻമാരാം വൃഷ്ണികൾമൂലം
കഷ്ടം! ചോറു മുടങ്ങുകയുള്ളു;
യോഗ്യതയില്ലിനി നോക്കിയിരിപ്പതു–
മാക്കമൊടേററു പിണങ്ങീടേണം''
ഇങ്ങനെ കല്പിച്ചുടനേ തന്നുടെ
പുംഗവകണ്ഠേ കേറി ശിവൻ, ഹരി–
തന്നൊടു ചെന്നു പിണങ്ങിത്തങ്ങളിൽ
അങ്ങനെ നിന്നു കുറഞ്ഞൊരു നേരം
ആൺമയിലേറി ഷൺമുഖനും പ്ര–
ദ്യുമ്നനൊടേററു ശരങ്ങൾ പൊഴിച്ചു
ചെററു വലഞ്ഞിതു രുക്മിണിനന്ദന–
നേററു തുണച്ചാരുദ്ധവരപ്പോൾ
സിന്ധുരദാനവരിപുവായുള്ളോ–
രന്തകവൈരിയുമന്ധകനാഥനു–
മന്ധത കൈവിട്ടുടനേതന്നെ
ബന്ധുരമോദമിയന്നതു നേരം
അസ്ത്രംകൊണ്ടു കളിച്ചും തങ്ങളി–
ലസ്ത്രവിശാരദരാമവർ തമ്മിൽ
ഈരേഴുലകിനു കാരണരാകും
വീരൻമാരവർ നേരിട്ടപ്പോ–
ളീരേഴുലകും ഞെട്ടി വിറച്ചു
വാരിധിപൂരവുമൊന്നു കലങ്ങി.

പദം. ബലഹരി—മുറിയടന്ത

ചരണങ്ങൾ

1. ബാണനടുത്തിതു സാത്യകിതന്നൊടു
ബാണഗണം പൊഴിച്ചു—ഒരു–
ക്ഷീണം കൂടാതവൻതാനുമതുനേരം പ്രത്യസ്ത്ര
മെയ്തു നിന്നു.

2. ചൊല്ലിനാൻ ബാണനോടുല്ലാസ–
മോടവൻ ''നല്ല സമർത്ഥനെടാ—തട–
വില്ലാ തടി തകർത്തീടുന്നതുണ്ടതിനില്ല വികല്പമേതും
3. നില്ലെടാ വില്ലെടുത്താഹവം ചെയ്കിൽ–
നീയില്ലെന്നു വന്നുകൂടും—ദൃഢ–
മില്ലതിനിങ്ങൊരു വല്ലന്തി തെല്ലുമേ കല്യ! കഠോര! ശഠ!
4. മുല്ലബാണാരിതൻ ഭക്തനെന്നുള്ളൊരു–
ഭള്ളുകൊണ്ടല്ലേ ഭവാൻ*—മമ–
മല്ലവിലോചനൻ തന്നുടെ പുത്രൻെറപുത്രനെ
ബന്ധിച്ചതും;

---

* 'ഡംഭുകൊണ്ടല്ലേ ഭവാൻ'—പാഠാന്തരം.

5. ചൊല്ലിയന്നോരനിരുദ്ധനേയിന്നു നീ—
മല്ലാക്ഷിമൗലിയോടും—കൂടി—
മല്ലാരിതൻ മുമ്പിൽവച്ചു വണങ്ങുകിൽ—
കൊല്ലാതയയ്ക്കും നിന്നെ;''

6. ഇപ്രകാരം പറയുന്നൊരു സാത്യകിതന്നോട—
തിരോഷത്താൽ—ബാണൻ—
ക്ഷിപ്രം ശരങ്ങൾ പൊഴിച്ചതു കണ്ടവ—
നപ്രിയം പൂണ്ടതിനാൽ

7. ബദ്ധരോഷത്തോടു രണ്ടു പരിഷയും
ക്രുദ്ധൻമാരായി നിന്നു—കൊണ്ടു—
ബുദ്ധിമാൻമാരവർ തങ്ങളിലുണ്ടായ—
യുദ്ധമതെത്ര ചിത്രം.

പലരും പലവിധത്തിൽ രണംതുടങ്ങി
മലയ്ക്കുന്നു ചത്തു രണ്ടുപുറത്തുമുള്ളോർ
ചലിക്കുന്നു ചിത്തം കാണും ജനങ്ങൾക്കെല്ലാം
ഒലിക്കുന്നു ചോരപ്പുഴ പല വഴിക്കും
കരുത്തൻമാർ ഗദ കൈയ്യിലെടുത്തുകൊണ്ടു
കരുത്തേറും കരികളെപ്പൊടിച്ചീടുന്നു
കരത്തിൽ വാളിളക്കിക്കൊണ്ടടുത്തീടുന്നു ചിലർ
കഴുത്തു മുറിച്ചകലെക്കളഞ്ഞീടുന്നു
ശരങ്ങൾ ഗളങ്ങളൂടെ നടന്നീടുന്നു ചില—
രൊതുക്കം നോക്കിപ്പോരതിൽ കയർത്തീടുന്നു
സമരേ വീണു മരിക്കും ജനങ്ങളെല്ലാ—
മമരസ്ത്രീകളോടൊത്തു രസിച്ചീടുന്നു
കലഹം ഭയങ്കരമായ് ചമഞ്ഞിതപ്പോൾ
കലഹപ്രിയൻ മുനിയും രസിച്ചീടുന്നു
മലകളുലഞ്ഞിളകിച്ചമഞ്ഞീടുന്നു
കടൽ കലങ്ങുന്നൂ പാരു കുലുങ്ങീടുന്നു
ചിലർ ചിലരോടങ്ങേററു പിണങ്ങീടുന്നു
ചിലരൊഴിക്കുന്നു ചിലർ മരിച്ചീടുന്നു
കുട കൊടി തഴകളും മുറിച്ചീടുന്നു താഴെ—
പ്പതിച്ചീടുന്നൂ രക്തേ കുഴച്ചീടുന്നൂ
കാളികൂളി രക്തം കണ്ടു മദിച്ചീടുന്നു ചോര—
കുടിച്ചീടുന്നൂ അഹംകരിച്ചീടുന്നൂ
ഭയമുടയവരോടിത്തിരിച്ചീടുന്നു, പാരം
ഭയമില്ലാത്തവർ കണ്ടു രസിച്ചീടുന്നു
മിടുക്കുള്ളവർകൾ പാഞ്ഞടുത്തീടുന്നു, ബാണം—
പൊഴിച്ചീടുന്നൂ കാണെക്കഴിച്ചീടുന്നൂ;

വേലായുധനും പ്രദ്യുമ്നനുമായ്
കോലാഹലമൊടു സംഗരമുണ്ടായ്
വേലു മുറിഞ്ഞതുനേരം സ്കന്ദൻ
മേലാ സംഗരമെന്നഥ വാങ്ങി*
'ചോററിനു വേലയെടുത്തിതു ഞാനും
കൂററാനല്ലിവനെന്നതുതന്നെ
കൂററാനാം ശ്രീനാരായണനോ-
ടേററു പിണങ്ങീട്ടെന്താവശ്യം?
അച്ഛനു മാനസതാരതിലിപ്പോ-
ളിച്ഛാഭംഗം വന്നീടട്ടെ;
സ്വച്ഛമതാം മമ ദേഹം കീറി-
ട്ടയ്യോ! വേദന സഹിയായല്ലോ!'
എന്നു നിനച്ചഥ സുന്ദരഗാത്രൻ
പോന്നൊരു ദിക്കിലിരിക്കുന്നേരം
കുടവയറേന്തിന ഗണനായകനും
കുടവയറുംകൊണ്ടോടിയണഞ്ഞു
അടലിടപുക്കു ശരങ്ങൾ തറച്ചി-
ട്ടരുതരുതെന്നു തിരിച്ചു നടന്നു.
കളിക്കയും ചിലരൊളിക്കയും ചിലർ
വിളിക്കയും ചിലർ പുളയ്ക്കയും
ചിലർ ചരിക്കയും മോദമിളയ്ക്കയും
ഖേദം പെരുക്കയും പാരം ഹസിക്കയും
അട്ടഹസിക്കയും രണം സ്തുതിക്കയും
ചിലരൊഴിക്കയും ചിലർ പഴിക്കയും
പടുത്വമുള്ളവർ പിടിക്കയും പട-
ഭരിക്കയും ഭേരി അടിക്കയും
അടൽക്കളമൊക്കെപ്പൊടിക്കയും വെട്ടി-
നടുക്കയും ചിലർ തിരിക്കയും
കടുത്ത കരിഘടമുടിക്കയും വടി-
യെടുത്തു ചിലർ തച്ചു തകർക്കയും
ശരങ്ങൾ പലവിധമയയ്ക്കയും തല-
തെറിക്കയും ഉടൽ മുറിക്കയും
പരന്ന പട കേട്ടു തിരിക്കയും ചോര-
പരന്നു പലവഴിയൊലിക്കയും
നിരന്ന കുതിരകൾ മരിക്കയും ശരം

---

* തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു.
'വേലു മുറിഞ്ഞതുനേരം സരസൻ
മേലാ സംഗരമെന്നഥവാങ്ങി'—പാഠാന്തരം.

നിരന്നു ജനമൊക്കെ മറകയും വില്ലു—
മുറിച്ചു രഥികളും മദിക്കയും;

പടയ്ക്കു നാശം കണ്ടു കടുത്ത കോപം പൂണ്ടു
മിടുക്കുണ്ടെന്നു ബാണനടുത്തു കൃഷ്ണനോടു
കടക്കണ്ണും ചുവത്തിക്കൊണ്ടടുത്തു ദാമോദരന—
ങ്ങെടുത്തു ശരം വില്ലിൽ തൊടുത്തു പ്രയോഗിച്ചു
കടുത്ത മാർവ്വിടത്തിൽ കൊടുത്താനതുനേരം
തൊടുത്തു ചില ബാണം തടുത്തിതസുരനും
മടുത്താരമ്പൻതന്നെ കെടുത്ത ദേവന്റെ ഭക്തൻ
തടിച്ച ബാണനെന്നു നിനച്ചീടാതെ കൃഷ്ണൻ
ചൊടിച്ചു ബാണങ്ങളെ പൊടുക്കെന്നെയയ്ക്കുമ്പോൾ
പടയ്ക്കു മിടുക്കുണ്ടെന്നടുത്തങ്ങസുരനും
കടുത്ത രോഷത്തോടും മടിക്കാതെയ്തു ബാണം
തടിച്ച വൃത്രൻതാനും അമർത്ത്യനാഥൻതാനും
നടിച്ചു പണ്ടുണ്ടായ സമരംകണക്കെയും
ശ്രീപതി നാരായണൻ ശ്രീദശരഥപുത്രൻ
ശ്രീരാമദേവൻതാനും വീരനാം രാവണനും
ദാരുണതരം നേർത്തു തമ്മിൽ പൊരുമ്പോലെയും
ഘോരതരം സമരമുണ്ടായിതതുനേരം.

ലക്ഷ്മിതാളം

ചൊല്ലേറും—മുരവൈരി
ചൊല്ലിക്കൊണ്ടങ്ങയച്ചു ശരനികരം
മുൾത്തടി വാൾ—കുന്തങ്ങൾ
കർക്കടെ ശൂലം പരശ്വധം വിശിഖം
ഒക്കെയെടു—ത്തതുനേരം
തക്കംനോക്കിച്ചൊരിഞ്ഞിതസുരേശൻ
ബാണങ്ങൾ—വർഷിച്ചു
നാരായണനും പുനരതു ഖണ്ഡിച്ചു;
ഖണ്ഡിച്ചു—ഖണ്ഡിച്ചാ—
ഖണ്ഡലസഹജനു[1]മടുത്തിതതുനേരം
തേരെയ്തു—പൊടിയാക്കി
വാരിജനയനൻ സനാതനൻ കൃഷ്ണൻ;
അശ്വങ്ങൾ—കൊലചെയ്തു
വിശ്വപ്പെരുമാളമേയനവ്യക്തൻ

---

1. ആഖണ്ഡലസഹജൻ = ആഖണ്ഡലന്റെ (ഇന്ദ്രന്റെ) സഹജൻ (അനുജൻ) = ഇന്ദ്രാനുജൻ (ശ്രീകൃഷ്ണൻ). വാമനാവതാരത്തിൽ വിഷ്ണു, ഇന്ദ്രന്റെ മാതാവായ അദിതിയുടെ പുത്രനായി ജനിക്കയാൽ, വിഷ്ണുവിന് ഇന്ദ്രാനുജൻ എന്ന പേരുണ്ടായി.

ചൊല്ലിക്കൊ——ണ്ടതുനേരം
വില്ലും കുടയും മുറിച്ചു തഴപലതും
കൊല്ലാനാ——യതുനേരം
വില്ലും കുഴിയെക്കുലച്ചു മല്ലാരി
ചെല്ലുമ്പോൾ——ബാണന്റെ
മാതാവതി ഭീതിപൂണ്ടു വന്നോടി.
അംബുജനയനൻതന്നുടെ മുമ്പിൽ
അംബരമംബരമാക്കീട്ടവളും
നിന്നതു കണ്ടു മുകുന്ദൻതിരുവടി
നിന്ദിച്ചുടനേ പിമ്പുതിരിഞ്ഞു;
അന്നേരത്തുടനോടിച്ചാടി-
ച്ചെന്നൊരു മുറിയിലൊളിച്ചിതു ബാണൻ;
പുരനാശനഭഗവാനതുനേരം
പരിചൊടുടൻ പനി നിർമ്മിച്ചു[1]ടനെ
തെരുതെരെ വീണു വിറച്ചുതുടങ്ങി
കരി കാലാൾ കുതിരപ്പടയെല്ലാം
വൃഷ്ണികളെല്ലാം പനിപൂണ്ടുടനേ
വീണു വിറച്ചീടുന്നതു കണ്ട്
ഉഷ്ണിച്ചുടനേ വൻപനിതന്നെ
കൃഷ്ണൻതിരുവടിയും നിർമ്മിച്ചു;[2]
വിഷ്ണുജ്വരമതു വന്നുതുടങ്ങി.
വൻപനിതന്നൊടു സംഗരമേററു
തോററു തുടങ്ങി ശിവജ്വരമപ്പോ-
ളേററു തടുപ്പതിനെളുതല്ലാഞ്ഞു
പോററുവതിന്നൊരുവരുമില്ലാഞ്ഞു
പോററി വിളിച്ചു കരഞ്ഞതിവേഗം
നാരായണന്നുടെ പാദസരോജേ
ഇതി നുതിചെയ്തങ്ങതിഭയമോടേ:

പദം. മോഹനം——മുറിയടന്ത

പല്ലവി

നാഥാ മുകുന്ദ ശൗരേ! പരിപാഹി നാഥാ മുകുന്ദ ശൗരേ!

ചരണങ്ങൾ

1. നാഥാ നീയല്ലാതില്ലേയൊരാശ്രയം പാഥോജനേത്രാ! ഭവാൻ
ഭീതിയൊഴിച്ചു പരിപാലിച്ചീടേണം
ഭൂമീപതേ പുരുഷോത്തമ! കൃഷ്ണാ! (നാഥാ മുകുന്ദ)

---

1. പനി നിർമ്മിച്ചു=ശിവജ്വരത്തെ സൃഷ്ടിച്ചു.
2. വൻപനിതന്നെ കൃഷ്ണൻതിരുവടിയും നിർമ്മിച്ചു——കൃഷ്ണൻ വിഷ്ണുജ്വരത്തെ സൃഷ്ടിച്ചു.

2. അച്ച്യുതാനന്ദ ജയ ജയ ജയ! സരസീരുഹലോചന!
സച്ചിൽസ്വരൂപ! സനാതന കൃഷ്ണാ
സത്യസ്വരൂപാ വിഭോ! (നാഥാ മുകുന്ദ)
3. താവക പാദയുഗം ഗതി മമ പാവനശീല! വിഭോ മാധവ!
നിൻ കൃപാവൈഭവം കൊണ്ടിന്നെൻെറ
ആധിയും വ്യാധിയും നീക്കി രക്ഷിക്കണം
(നാഥാ മുകുന്ദ)
4. സർവ്വലോകേശ! പരാപര! വരദ! ദർവ്വീകരേന്ദ്രശയന!
സർവ്വസ്ഥിതികരാ! സർവ്വഭൂതാത്മക!
സർവ്വദാ പാഹി മാം! പാഹി ദയാലോ (നാഥാ മുകുന്ദ)

ഇങ്ങനെയുള്ളൊരു നുതി കേട്ടുടനെ
മംഗലമൂർത്തി മധുരിപു ഭഗവാൻ
തിങ്ങിന പരവശഭാവമിയന്നൊരു
വമ്പനിതന്നഭയത്തെയുമരുളി
നിന്നീടുന്നതു നേരത്തുങ്കൽ
വന്നിതു പോരിനു വീണ്ടഥ ബാണൻ;
നീണ്ടു തടിച്ച ഭുജങ്ങളൊരായിര–
മുള്ളതിൽ വില്ലും ശരവുമെടുത്തു
കുണ്ഠതയെന്യേ ദശകണ്ഠൻ വൈ–
കുണ്ഠൻതന്നോടു നേർത്തതുപോലെ
ആർത്തു തിമിർത്തു കളിച്ചു പുളച്ചുട–
നാർത്തി വെടിഞ്ഞു പടജ്ജനമോടും
നേർത്തിതു പടുവാക്യങ്ങൾ പറഞ്ഞതി
ധൂർത്തൻ പേർത്തുമടുത്തതുനേരം:
''രേ! രേ! ഗോകുലകീടാ! നില്ലെട
നേരേ നമ്മൊടു വാടാ പോരിനു
കൂടാ നിന്നുടെ വികൃതികളെന്നൊടു
രൂഢാമോദം പോരാടീടുക
നരകനല്ല മുരനുമല്ല വാരണ–
വര[1]നുമല്ല കംസനല്ലിതതിബല–
മേറെയുള്ള വീരനെന്നു കരുതുക;
വിരുതുകളൊരുവക തെരുതെരെ വളരുമ–
തഖിലമൊഴിപ്പാൻ ശരനിര തുരുതുരെ
വരുമതു വീരനെങ്കിൽ നേരെ നിന്നു സംഗര–
ശൂരനാകുമെന്നോടേല്ക്ക വിക്രമ–

1. ശ്രീകൃഷ്ണനാൽ കൊല്ലപ്പെട്ട 'കുവലയാപീഡം' എന്ന കൊലയാനയാണ് ഇവിടെ പറയുന്ന വാരണവരൻ.
മുദ്രിതപുസ്തകങ്ങളിൽ 'വാരണമുഖനുമല്ല' എന്നു കാണുന്ന പാഠത്തിനു ശുദ്ധി പോരാ. ഗണപതിയെന്ന അർത്ഥപ്രതീതിയുളവാകും.

മൊക്കെയിന്നു നിങ്കലെങ്കിലച്യുത!
കരുതിനിന്നു പൊരുതുകൊൾക മാധവ!
കൊടിയും കുടയും വിരുതുകൾ വടിവിലെടുത്തു
നിന്നുടലടലിൽ പൊടിപെടുത്തു
നിന്നുടെ തടി തകർത്തുനിന്നമർത്തി
വെക്കമിഹ ഝടിതി കുഴച്ചൊരു
പിണ്ഡമതാക്കി വയ്ക്കുമീ ഞാനൊരു
ദണ്ഡമെന്നിയേ വെണ്ണ തിന്നു
പൊണ്ണനായ നിന്നുടെ ചണ്ഡ—
ബാഹുവിക്രമങ്ങളൊക്കെയും
മുന്നിൽ നില്ക്കിലോർക്കിലിന്നു സങ്കടം
വന്നുകൂടുമെന്നു ധൂർത്തയാദവ!''

എന്നു പറഞ്ഞുടനെയ്തിതു ബാണൻ
കുന്നിൻമേൽ മഴ പെയ്യുംപോലെ
പന്നഗശായിയുമതു കണ്ടപ്പോൾ
സന്നാഹത്തോടടുത്തസുരൻ മെ—
യ്യൊന്നൊഴിയാതെ തറച്ചിതു ബാണം
വന്നൊരു കോപം സഹിയാഞ്ഞപ്പോൾ
പേരാൽത്തന്നുടെ വേടുകൾപോലെ
പെരുതായുള്ള കരങ്ങളശേഷം
നാരായണനഖിലേശൻ കൃഷ്ണൻ
നേരേനിന്നു മുറിച്ചുതുടങ്ങി;
പുരരിപുഭഗവാനതു കണ്ടുടനേ
മുരരിപുതന്റെ സമീപം പുക്ക്
അരുതരുതിവനെക്കൊല്ലരുതെന്നു
തെരുതെരെയരുളിച്ചെയ്താനപ്പോൾ
കരുണാകരനുടെ പാദസരോജേ
ശരണംചൊല്ലി വണങ്ങി മഹാഗുണ—
നിധിയായീടിന ഭഗവാൻ ഗണപതി—
ജനകൻ സ്തുതിചെയ്തിദമതുനേരം
''കൃഷ്ണ മുകുന്ദ! മുരാന്തക! മാധവ!
ജിഷ്ണുമുഖാമരവന്ദിത കേശവ!
ജിഷ്ണുസഖേ! ജഗദീശ മനോഹര!
വൃഷ്ണികുലോത്തമ! വിശ്വംഭര! ജയ
കൃഷ്ണപയോദനിഭാബ്ജവിലോചന!
തൃഷ്ണാതരളിതചിത്തമുനീനാം
തൃഷ്ണാശാന്തിദവിഗ്രഹ ഭഗവൻ!
വിഷ്ണോ ജയജയ! വിശ്വസ്ഥിതികര

തച്ചരണാംബുജചിന്താപരിവൃത
നിശ്ചലബുദ്ധി മഹാബലിതനയൻ
മച്ചരണാർച്ചനകാരണതോ ഹൃദി
തൽകൃതദോഷമശേഷമിദാനീം
വിസ്മരണം ചെയ്തിപ്പുരി പാലയ;
ഭക്തപരായണ! ദീനദയാലോ!''
കാലാന്തകനുടെ കല്പനയിങ്ങനെ
കോലാഹലമൊടു കേട്ടുടനപ്പോൾ
നീലക്കാർനിറമൊത്ത മുകുന്ദൻ
കാലോചിതതരമരുളിച്ചെയ്തു:
''തൽഭക്തനതാമിവനിനിമേലിൽ
മൽഭക്തനതായ് വന്നീടട്ടേ!
മിഞ്ചിന പാണികൾ നാലുംകൊണ്ടഥ
നിൻചരണങ്ങൾ പണിഞ്ഞിഹ പാർശ്വേ
കിഞ്ചന ഭീതി ഭവിക്കാതനിശം
സഞ്ചിതമോദം വാണീടട്ടെ.''
നാരായണനുടെ കല്പനയിങ്ങനെ
മാരാന്തകനും കേട്ടു തെളിഞ്ഞു.
പാരാതടിമലർ വീണു വണങ്ങി
നേരേ പുരിപുക്കുടനേ ബാണൻ
ബദ്ധനതാമനിരുദ്ധൻതന്നെ
ബദ്ധാനന്ദം ഉഷയൊടുകൂടി
മുഗ്ദ്ധവിലോചനഹസ്തേ നല്കി—
ബുദ്ധിയിൽ മോദമിയന്നു വണങ്ങി:

പദം. ഭൂപാളം—അടന്ത

ദേവദേവ! ദയാനിധേ! ദനുജാന്തക! പരിപാഹിമാം
വേദസാരമനോഹരാനന! മോദശീല! നമോസ്തുതേ
ആദിയിൽ മകരാകൃതീമഴകോടുപൂണ്ടു നിരാമയം
ചാരുകൂർമ്മകളേബരധര! ലോകനാഥ! നമോസ്തുതേ!
കോലകോലമിയന്ന കേശവ! നീലലോലവിലോചനാ!
മാലശേഷമൊഴിച്ചു പാലയ! പത്മനാഭ! നമോസ്തുതേ!
നരകനാശന: ദുരിതഹര മൃതിഭവഹര! കരുണാനിധേ!
നാരസിംഹമഹാകൃതീധര! ദേവ! പാഹി നമോസ്തുതേ!
പണ്ടു മൂവടിയായളന്നു ഭയങ്കരം ഭുവനത്രയം
ഭൂമികാന്ത മനോഹരാ! ഭുവനൈകനാഥ! നമോസ്തുതേ!
പരശുധരവടിവായതും ദശരഥനു നന്ദനനായതും
പരമപുരുഷനതായതും ബലദേവനായുളവായതും
വൃഷ്ണിവംശകുലോത്തമ പുരുഷോത്തമായ നമോസ്തുതേ!

ദുഷ്ടകർമ്മമഹോ ഭവാനൊടു ദുഷ്ടനായിഹ ചെയ്തതും
കഷ്ടവാക്കു പറഞ്ഞതും ശരമിട്ടടക്കിയയച്ചതും
ഒക്കെ നിന്തിരുമേനിതന്നെ ക്ഷമിക്കിലേ ഗതിയുള്ളു മേ
നിഷ്കളങ്കനിരാമയാ! നിഖിലേശ! നിർമ്മമ! നിർമ്മല!
നാളിൽ നാളിൽ വരും വിപത്തുകളൊക്കെയങ്ങു കളഞ്ഞുടൻ
നാളീകേക്ഷണ! നിത്യവും വരമേകണം കരുണാനിധേ!
നിസ്വരിൽ പ്രിയ നീരജാനന സത്യരൂപ! നമോസ്തുതേ!
മാധവാ! മധുരാധരാ! മധുകൈടഭോൻമഥനാ! വിഭോ!

ഈവണ്ണം സ്തുതിചെയ്ത ബാണനോടതുനേരം
ഈരേഴുലകിന്നീശൻ കാർവർണ്ണനരുൾചെയ്തു!
''ബാണാ! വരിക നല്ലവണ്ണംവരും നിനക്കു
ചണ്ഡൻമാർ വൈരികളാൽ ദണ്ഡമുണ്ടാകയില്ല
ശ്രീമഹാദേവൻതന്റെ ശ്രീപാദങ്ങളും കൂപ്പി
ശ്രീമാനായിവിടത്തിൽ ശോഭയിൽ വാഴ്ക നീയും.''
ശ്രീപതിയേവം കല്പിച്ചാമോദത്തോടുംകൂടെ
ശ്രീസുതാത്മജനോടും ശ്രീസമയുഷയോടും
ശ്രീമദ്ദ്വാരകപുക്കനേരം ജനങ്ങൾ ജയ—
ശ്രീയോടുമൊരുമിച്ചു വാണു സുഖിച്ചതപ്പോൾ.

ബാണയുദ്ധം ഓട്ടൻതുള്ളൽ
സമാപ്തം

പാത്രചരിതം

ധർമ്മപരായണമാനസനാകിന
ധർമ്മാത്മജനും പവനാത്മജനും
അർജ്ജുനനും നകുലൻ സഹദേവനു–
മജ്ജനമൈവരുമവരുടെ ഭാര്യയും
സമ്പത്തിങ്കലുമാപത്തിങ്കലു–
മൻപൊടുകൂടി വസിച്ചീടുന്നൊരു
എമ്പത്തെട്ടു സഹസ്രം വിപ്രരു–
മിമ്പമിയന്നു വനത്തിൽ പുക്കു
കള്ളം പെരുകിന ശകുനി ശഠൻ ബത
കള്ളച്ചൂതു കളിച്ചു ചതിച്ചുട–
നുള്ള ധനങ്ങൾ പിടിച്ചുപറിച്ചു
തള്ളിയയച്ചിതു കുന്തീസുതരെ
മുന്നമുടുത്തൊരു വസ്ത്രമതല്ലാ–
തൊന്നുമവർക്കു ലഭിച്ചതുമില്ലാ:
ഖിന്നതപൂണ്ടു വിശന്നു തളർന്നൊരു
മന്നവർനാഥനുമനുജൻമാരും
തന്വംഗീമണി പാഞ്ചാലിയുമവ–
രുന്നതമാകിന മലയുടെ നികടേ
ചെന്നു വസിച്ചു മഹാവിപിനേ പുന–
രൊന്നും പണ്ടറിയാത്ത നൃപൻമാർ
കൊടുവെയിൽകൊണ്ടു വിയർത്തു തളർന്നൊരു
കുടയുംകൂടെക്കിടയാതങ്ങനെ
നെടുതായുള്ളൊരു കാട്ടിൽ പുക്കു
നടപ്പാനുള്ളൊരു സംഗതി വന്നു.
കിഴവൻമാർക്കു കഷണ്ടി മറപ്പാൻ
പഴുതായുള്ളൊരു മുണ്ടും നാസ്തി
മഴ പെയ്തെങ്കിൽ നനഞ്ഞു നനഞ്ഞി–
ക്കിഴവൻമാർ ചിലർ ചാകേയുള്ളു.
''കുന്തീസുതരെ ക്ലേശിപ്പിപ്പാ–
നെന്തിനു താനിഹ കൂടെപ്പോന്നു?''
''നിങ്ങളശേഷം പോരുന്നേര–
ത്തങ്ങു നമുക്കു വസിപ്പതു ചിതമോ?''
''അങ്ങനെയോർത്തു പുറപ്പെട്ടെന്നാ–
ലിങ്ങനെ പട്ടിണിയിടുകേയുള്ളു''
''കൊററിനു വകയില്ലടവിയിലെന്നതു

മുററും ഞാനതു ചിന്തിച്ചില്ലാ''
''കലയും പുലിയും നിങ്ങൾക്കുൺമാ—
നിലയും വച്ചിഹ പാർത്തീടുവതോ?''
''നിലയില്ലാതെ പുറപ്പെട്ടെന്നാൽ
വലയുന്നതിനൊരു പോംവഴിയില്ല
മലയിൽ പോന്നുകിടപ്പാൻ നമ്മുടെ—
തലയിലെഴുത്തിദമെന്നേ വേണ്ടു
വലയിൽ പെട്ട മൃഗത്തെപ്പോലെ
വിലയം വിരവൊടു വന്നു ഭവിക്കും
മലയാളികളും പരദേശികളും
പലയാളുകളുണ്ടരമനതന്നിൽ
സ്ഥലവുംവച്ചുടനിരവും പകലും
നലമൊടു കൊററു കഴിച്ചീടുന്നു
ഫലമില്ലാതിഹ കാട്ടിൻനടുവിൽ
ജലവുംകൂടെ ലഭിക്കാതിങ്ങനെ
പലരും ഹന്ത കിടന്നുഴലുന്നൊരു
ഫലമൂലങ്ങളുമില്ലാതായി
കഷ്ടം കഷ്ടം! ദുര്യോധനനതി—
ധൃഷ്ടൻ ദുഷ്ടൻ ദുശ്ശാസനനും
അവരുടെയമ്മാവനുമതി ദുഷ്ടൻ
കപടക്കാരൻ ശകുനി കുശീലൻ
ധർമ്മാത്മജനെയുമനുജൻമാരെയു—
മമ്മാപാപികൾ കള്ളച്ചൂതെ—
ന്നുള്ളൊരു കപടംകൊണ്ടു വനത്തിൽ
തള്ളിമറിച്ചൊരു ശാഠതയ്ക്കിപ്പോൾ
കള്ളൻമാരുടെ വീടും പുരയും
കൊള്ളിയെരിച്ചു കരിച്ചേ തീരൂ;
കുറിയരി വെച്ചു വെളുത്തൊരു ചോറു
കറിയും നെയ്യും തൈരും കൂട്ടി
നിറയെക്കൊററു കഴിച്ചു വസിപ്പാൻ
കുറവല്ലന്തണരെൺപതിനായിരം
അങ്ങനെയുള്ള മഹാബ്രാഹ്മണരെ
ഇങ്ങനെ കാട്ടിൽ പട്ടിണിയിട്ടു വി—
ശന്നു തളർന്നു കിടന്നുഴലാൻ വഴി—
വച്ചവരൊക്കെ നശിക്കണമെന്നു ശ—
പിക്കണമിജ്ജനമൊക്കെക്കൂടീ—
ട്ടിക്കപടത്തിനിനിതേ മതിയാവൂ.''
''നമ്മുടെയില്ലത്തച്ഛനുമമ്മയു—

മന്തർജ്ജനവും മക്കളുമെല്ലാം
നമ്മുടെ മൂലം ചെലവു കഴിച്ചവർ
നൻമയിലവിടെപ്പാർത്തീടുന്നു
നെല്ലും പണവും വസ്ത്രവുമെല്ലാം
ഗുണവാൻമാരിവരെവരുമങ്ങു ത–
രുന്നതു കാരണമില്ലത്തങ്ങു വി–
രുന്നുവരുന്നോർക്കഷ്ടി കൊടുക്കും
പാർത്ഥൻമാരു വനം പുക്കപ്പോൾ
ഊർദ്ധ്വം നമ്മുടെ ധർമ്മമിതെല്ലാം.''

അപ്പോൾ പറഞ്ഞാനൊരു വിപ്രൻ ''നമ്മുടെയില്ല–
ത്തപ്പൻ മരിച്ചേപ്പിന്നെ സ്വല്പം കടം പിണഞ്ഞു
കണ്ടം കൃഷിചെയ്യുന്ന കണ്ടന്റെ താന്തോന്നിത്തം
കൊണ്ടെന്റെ കണ്ടമെല്ലാം കണ്ടോർ കരസ്ഥമാക്കി;
രണ്ടു കന്യകമാരുമുണ്ടു നമുക്കുമതു
രണ്ടുമൊരുമിച്ചു തിരണ്ടങ്ങവരേ വേട്ടു–
കൊണ്ടുപോവാനാരെയും കണ്ടില്ലാ നമുക്കതു–
കൊണ്ടു വിഷാദം പാരമുണ്ടു മനസ്സിൽ പിന്നെ
രണ്ടു പണം കിട്ടുന്ന ദിക്കിൽ കുടയുംകൊണ്ടു
മണ്ടുവാനെനിക്കൊട്ടുമാരോഗ്യമില്ലാതായി;
ശാന്തിചെയ്വാനുമെളുതല്ലെന്നുറച്ചു പോന്നു
കുന്തീതനയൻമാരെസ്സേവിച്ചിരിക്കും കാലം
കാട്ടിന്നു പോവാൻ വട്ടംകൂട്ടി പ്പുറപ്പെട്ടെന്നു–
കേട്ടു ഞാൻ കൂടെപ്പുറപ്പെട്ടുവെന്നതേ വേണ്ടു
കാട്ടിൽചെന്നാലും നമുക്കൂട്ടിൽ ചോറും കറിയും
കിട്ടുമെന്നോർത്തുപോയി കഷ്ടം! ഞാനെന്തു ചെയ്വൂ!
കായും കനിയും തിന്നു വായും കുഴഞ്ഞു കാട്ടിൽ
രാവും പകലുമങ്ങു പായുന്നതിന്റെ മൂലം
കായം പിടിക്കു[1]മൊരു പായും വിരിക്കാതൊരു
നായിന്റെകൂട്ടു തന്റെ കൈയ്യും തലയ്ക്കൽവച്ചു
മണ്ണിൽ കിടക്ക പാരം ദണ്ഡമയ്യോ! നമുക്കീ–
വണ്ണം വരുത്തിയതാപ്പൊണ്ണൻ ദുര്യോധനൻതാൻ''

മറ്റൊരു ഭൂസുരനുരചെയ്താനിഹ:
''കുറ്റമൊരുത്തനു പറവാനില്ല
മാറ്റികളായിട്ടൊരുവക വളരെ–
പ്പോറ്റികളിങ്ങനെ നൃപനെ വലപ്പാൻ
പാറ്റകൾപോലെ പുറപ്പെട്ടവരെ–
പ്പോറ്റുവതിന്നൊരു നൃപനെളുതാമോ?

[1] കായം പിടിക്കും=ശരീരത്തിനു ചേരുന്ന.

നൂററുവർ ചെയ്തൊരു കള്ളച്ചൂതിൽ
തോററു വനത്തിലിരിക്കുന്നവരുടെ
കൂററിനുവേണ്ടിക്കൂടെപ്പോന്നിതു
മാററിത്തത്തൊഴിലിൻെറ മഹത്ത്വം;
ഉണ്ണണമെന്നുമുറങ്ങണമെന്നും
പെണ്ണുങ്ങളൊടു രസിക്കണമെന്നും
കണ്ണിൽക്കണ്ട ജനങ്ങളെയെല്ലാം
എണ്ണിക്കൊണ്ടു ദുഷിക്കണമെന്നും
ഇത്തൊഴിലല്ലാതിപ്പരിഷയ്ക്കൊരു
വസ്തുവിചാരമൊരിക്കലുമില്ല
കൊററു കഴിഞ്ഞു വരുമ്പോളുടനേ
വെററില പുകയില കൊണ്ടുവരാഞ്ഞാൽ
മുററും നമ്മുടെ ചന്ത്രക്കാരനു
കുററം വാശ്ശതുമൊന്നുണ്ടാക്കും
മററുള്ളവരുടെ സങ്കടമെന്നതു
മുററും നമ്മൾ വിചാരിക്കില്ലാ;
പോററികളെന്നൊരു പേരറിയേണം
മാററികളായതു കാരണമറിവാൻ
അങ്ങനെ തിന്നു തിമിർത്തു കിടപ്പവ-
രിങ്ങനെ പട്ടിണിയിട്ടു കിടപ്പിൻ
തങ്ങടെ കൊററിനു വകയില്ലാത്തവ-
രെങ്ങനെ നമ്മേ രക്ഷിക്കേണ്ടൂ?
അങ്ങു സുയോധനനാദികളാരും
നിങ്ങടെ ചോറു വിലക്കുകയില്ല
ചങ്ങാതികളിഹ കാട്ടിൽ നടന്നു മ-
യങ്ങാതങ്ങു നടന്നാലും പുന-
രെങ്ങാനൂട്ടുള്ളേടത്തെത്തി മു-
ടങ്ങാതഷ്ടി കഴിച്ചു വസിപ്പിൻ
നിങ്ങടെ വസ്തു വിലക്കുകയില്ല ഭു-
ജംഗദ്ധ്വജനതു ബോധിച്ചാലും;
മതിമതി നിങ്ങടെ ദുസ്സാമർത്ഥ്യം
ഗതിയില്ലാത്തവരായിഹ ഞങ്ങൾ
അന്തണരെക്കൊണ്ടാനകളിച്ചാ-
ലന്തരമുണ്ടാമഖിലൻമാർക്കും
ഉൺമാൻ വകയില്ലാഞ്ഞിട്ടല്ലീ-
ഞങ്ങടെ കൂട്ടം നമ്പൂതിരിമാർ
ധർമ്മാത്മജനുടെ പുറകേ പോന്നതു
കർമ്മാധീനമതെന്നു ധരിപ്പിൻ!

ചോറും വസ്ത്രവുമെണ്ണയുമെല്ലാം
നാളുകൾതോറും തന്നു പുലർത്തും
ഭൂപതിവരരാം പാണ്ഡവരെപ്പുന–
രാപത്തിങ്കലുപേക്ഷിക്കാമോ?
ഗുണവാൻമാരാമിവരെ വെടിഞ്ഞൊരു
ക്ഷണമാത്രം വൈഷമ്യമിരിപ്പാൻ
മണമുള്ളൊരു കുസുമങ്ങൾ തിരഞ്ഞി–
ട്ടണയുന്നില്ലേ വണ്ടുകളെല്ലാം?
ഇവരൊടു ചേർന്നാൽ ദുഃഖം സുഖമാ–
മിവരെ വെടിഞ്ഞാൽ സർവ്വം ദുഃഖം?
ആയതുകൊള്ളാമഷ്ടിക്കെന്തൊരു–
പായമിതെന്നു നമുക്കു വിഷാദം
ഊണെന്നുള്ളതുപേക്ഷിച്ചാലി–
പ്രാണനെയെങ്ങനെ രക്ഷിക്കുന്നു;
ഫലമൂലാദികളഷ്ടികഴിച്ചാൽ
മലമൂത്രാദികളൊഴികയുമില്ലാ
ജലവും കുടിയാതിങ്ങനെ പാർത്താൽ
ബലവും കെട്ടു മരിക്കേയുള്ളു
താടിക്കാർക്കു വനത്തിൽ ചേരും
മോടിക്കാർക്കതു ചേരുകയില്ല
ചാടിക്കടികൂടും കടുവായെ–
പ്പേടിച്ചിട്ടിഹ പാർപ്പാൻ മേലാ;''
''താനിങ്ങനെ പറയുന്നതിനർത്ഥം
ഞാനിങ്ങൊക്കെയറിഞ്ഞിതു വിപ്രാ!
ഇപ്പോളൊരു ചെറുചക്കിപ്പെണ്ണിനു–
ടുപ്പാൻ പാതിപ്പുടവ കൊടുപ്പാൻ
ഭാവിച്ചമ്പതു ചക്രം സുപ്പൻ–
നമ്പൂതിരിയൊടു വാങ്ങിച്ചപ്പോൾ
അപ്പരമാർത്ഥം കേട്ടു കലമ്പി–
ട്ടപ്പൻനമ്പൂര്യച്ഛൻ തന്നെയ–
ടിപ്പാൻ വരവുണ്ടെന്നതു കേട്ടു ഭ–
യപ്പെട്ടോടിയൊളിച്ചില്ലേ താൻ?
പിന്നെപ്പലരും സംസാരിച്ചൊരു–
വണ്ണം മൂപ്പിലെയരിശമൊഴിച്ചു
പെണ്ണിനു പുടവകൊടുത്തെന്നുള്ളതു–
മുണ്ണിക്കിട്ടൻ പോററി പറഞ്ഞു;
അങ്ങനെയുള്ളൊരു ബാലപ്പെണ്ണിനെ–
യെങ്ങനെ ഞാനിഹ കാണാതടവിയിൽ

വാസംചെയ്യുന്നെന്നല്ലേ? വന—
വാസവിരക്തി തനിക്കിഹ വിപ്രാ!''
ഇങ്ങനെ പലരും പലപല വാക്കു പ—
റഞ്ഞു വിശന്നു തളർന്നു വനാന്തേ
തിങ്ങിന പരവശഭാവം പൂണ്ടു
മങ്ങിന മുഖമൊടു വാഴുംകാലം
ധർമ്മതനൂജനുമനുജൻമാരും
കർമ്മബ്രാഹ്മണവരരുടെ സങ്കട—
മൊന്നൊഴിയാതെയറിഞ്ഞു മുകുന്ദൻ—
തൻ കഴലിണ തുണയെന്നു മനസ്സിൽ
ചേർത്തുരുഭക്ത്യാ ചെന്നു കുളിച്ചുട—
നോത്തിനു നാലിനുമാശ്രയമാകിന
മാർത്താണ്ഡനെ വഴിപോലെ മനസ്സിൽ
ചേർത്തഥ നിന്നു തപസ്സു തുടങ്ങി:

പദം. മോഹനം—മുറിയടന്ത

പല്ലവി

നാഥാ ദിനേശ! നമോ നമോ നമോ നാഥാ ദിനേശ! നമോ.

അനുപല്ലവി

നാഥാ ദിവാകര! നാഥാ വിഭാകര!
നമസ്തേ ഹിതപൂരണത്തിനു കാരണ! (നാഥാ ദിനേശ)

ചരണങ്ങൾ

1. കാരുണ്യമൂർത്തേ! കരംബിതതാരുണ്യമൂർത്തേ!
ആരും നിനച്ചാലൊഴിച്ചുകൂടാതൊരു
ഘോരപാപനിവാരണത്തിനു
പോരുമിന്നു ഭവാനതീശ്വരാ (നാഥാ ദിനേശ)

2. പാർത്ഥൻമാർ ഞങ്ങൾ പരാധീനപാർത്ഥൻമാർ ഞങ്ങൾ
പാർത്ഥിവഭാവം വെടിഞ്ഞു വനംപുക്കു
പാർത്തു നിൻപദമോർത്തു ചേതസി
ചേർത്തു വീണിത കുമ്പിടുന്നേൻ (നാഥാ ദിനേശ)

3. ഉത്തമൻമാരാം മഹീസുരസത്തമൻമാരും
അത്ര വനംതന്നിൽവന്നു വിശന്നുട—
നത്തൽപൂണ്ടു വശംകെടുന്നു മഹത്വമുള്ള മഹാജനങ്ങൾ
(നാഥാ ദിനേശ)

4. നന്നിതാവർഷം മഹാ വിപ്രവൃന്ദമശേഷം
നന്ദിപ്പിച്ചീടുക നാഥാ! ദിവാകര
സുരൻമാർക്കും നരൻമാർക്കും വരം നല്കും നാഥാ!
(നാഥാ ദിനേശ)

പാർത്ഥൻമാരുടെ മനസി ഹിതം പര—
മാർത്ഥമറിഞ്ഞൊരു പാവനമൂർത്തി
മാർത്താണ്ഡൻ പുനരവരുടെ നികടേ
പൂർത്ത്യാ വന്നു പ്രസാദിച്ചരുളി:
''ധർമ്മതനൂജ! വൃകോദര! ഫൽഗുന!
നിർമ്മല നകുല! സഖേ സഹദേവാ!
കൻമഷരഹിതേ കൃഷ്ണേ! നിങ്ങടെ
നൻമ വരാനൊരു വരമേകുന്നേൻ;
ദിവ്യമതാകിന പാത്രമിതദ്ഭുത—
മവ്യയമഹമിദമാശു തരുന്നേൻ;
എന്തൊരു വസ്തു ലഭിക്കണമെന്നാൽ
ചിന്തിക്കുന്നവ കിട്ടുമിവററിൽ
സന്തതമുളവാം ചോറും കറികളു—
മന്തണവരരുടെ തുഷ്ടി വരുത്തുക
എമ്പത്തെട്ടു സഹസ്രം ദ്വിജരുടെ
സമ്പത്തൊക്കെ വരുത്തിക്കൊൾവിൻ;
അദ്യ തുടങ്ങി മുടങ്ങാതിവിടെ
സദ്യ തുടങ്ങിക്കൊൾക നരേന്ദ്ര!
പഥികൻമാർക്കും ചോറു കൊടുത്തുട—
നധികം പ്രീതി വരുത്തിക്കൊൾവിൻ;
പാഞ്ചാലീ! നീ വിപ്രൻമാർക്കിഹ
പഞ്ചാരപ്പാൽപ്പായസമധുനാ
അഞ്ചാതങ്ങു വിളമ്പീടുക ബഹു
പഞ്ചാമൃതവും ഗുളവും ദധിയും;
നിന്നുടെയഷ്ടി കഴിഞ്ഞാൽ പാത്രേ
അന്നംപാൽപഴമെന്നിത്യാദികൾ
ആ ദിവസം പുനരുണ്ടാകില്ലെ—
ന്നറിയണമരചൻമാരേ! നിങ്ങൾ;
പഥികൻമാരുടെ വരവു നിലച്ചേ
പാർഷതി നീയും ഭക്ഷിക്കാവൂ.
ചതിയൻമാർ ചിലർ കുസൃതി പിണയ്ക്കും
അതു നീ കരുതിപ്പാർത്തീടേണം''
ഇത്തരമരുൾ ചെയ്തീടിന സൂര്യൻ
സത്വരമുത്തമപാത്രം നല്കി—
ത്തത്ര മറഞ്ഞൊരു സമയേ പാണ്ഡവ—
രത്ര വനത്തിലുറങ്ങീടുന്നൊരു
ധാത്രീസുരരെച്ചെന്നു പതുക്കെ—
യുറക്കമുണർത്തിത്തൊഴുതുരചെയ്തു:

‘‘കാനനനദിയിൽ ബ്രാഹ്മണരെല്ലാം
സ്നാനം ചെയ്‌വാനാശു ഗമിക്ക;
മുണ്ടും പുടവയുമെല്ലാം കടവിൽ
ക്കൊണ്ടുവരും കൊച്ചനുജൻമാരും;
എണ്ണയുമവിടെത്താളിയുമിഞ്ചയു—
മെല്ലാവർക്കും വട്ടം കൂടീ;
ഇല വയ്‌പാനുമടുത്തു വനത്തിൽ—
സ്ഥലവും വച്ചു കുളിപ്പാൻ പോവിൻ;’’
എന്നതു കേട്ടൊരു വിപ്രൻ ചൊന്നാ—
‘‘നെന്തൊരു വാക്കിതു വിപ്രൻമാരേ?
കൗന്തേയേന്ദ്രനുമനുജൻമാർക്കും
ഭ്രാന്തുപിടിച്ചോ? പരിഹാസമിതോ?
അയ്യോ ശിവ ശിവ! കാട്ടിൻനടുവിൽ
തീയും പുകയും കാൺമാനില്ലാ;
വെപ്പും നാസ്തി മടപ്പള്ളിക്കാ—
രാരും കൂടെപ്പോന്നിട്ടില്ല,
അരി കഴുകുന്നതു കാൺമാനില്ലാ
കറി വയ്ക്കുന്നതു കാൺമാനില്ലാ;
തേങ്ങാ കണ്ടിക്കുന്നൊരു ശബ്ദവു—
മെങ്ങാനൊരു ദിശി കേൾപ്പാനില്ലാ;
ഇല വയ്‌പാനുമടുത്തെന്നിങ്ങനെ
ഫലിതം പറയുന്നെന്തു നരേന്ദ്രൻ!
വാശ്ശതുമൊന്നു കുളിച്ചു വരാം പുന—
രീശ്വരവിലസിതമാർക്കറിയാവൂ!’’
എന്നു പറഞ്ഞവർ കാനനനദിയിൽ
ചെന്നു നിറഞ്ഞൊരു നേരത്തിങ്കൽ
അന്നേരത്തൊരു വാർപ്പു നിറച്ചുട—
നെണ്ണയുമവിടെത്താളിയുമിഞ്ചയു—
മെന്നേ! വിസ്മയ വിസ്മയമെന്നവ—
രെണ്ണയെടുത്തഥ തേച്ചുതുടങ്ങി;
കണ്ണിലൊലിച്ചും കാതിലൊലിച്ചും
കണ്ണു കലിച്ചു കയർത്തു വിളിച്ചും
‘‘നോക്കിനടക്കും മീശക്കാരാ![1]
വെക്കം താളി പതച്ചിഹ കൊണ്ടുവാ’’
എന്നവരവിടെഗ്ഘോഷിക്കുമ്പോൾ

---

[1] ചട്ടവട്ടങ്ങൾ നോക്കിനടത്താൻ ചുമതലപ്പെട്ട മീശക്കാരനെയാണ് വിളിക്കുന്നത്.
‘തെക്കുവടക്കും മീശക്കാരാ!’—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അബദ്ധപാഠം.

ചെന്നഥ നകുലൻ താളി പിഴിഞ്ഞു
ഇങ്ങനെ സപദി കുളിച്ചു മഹാജന—
മങ്ങു വനത്തിൽ വരുന്നൊരു നേരം

തനിച്ച പാത്രത്തിൽനിന്നു ജനിച്ചോരിലക്കെട്ടുകൊ—
ണ്ടൊരിക്കലേ[1] വിപ്രൻമാർക്കു നിരക്കേയിലയുംവച്ചു
കുളുർത്ത ചന്ദനം കോരിക്കൊടുത്തു മാരുതി കൈയ്യിൽ
വെളുത്ത ചോർ കോരികയിൽ നിറച്ചു പാഞ്ചാലി മെല്ലെ
വിളമ്പിത്തുടങ്ങീ ചെററു വിളംബംകൂടാതെതന്നെ
ഇളം ചേന വാഴയ്ക്കയും ഇളവൻ വെള്ളരിക്കായും
ഇടചേർന്നൊരെരിശ്ശേരി ഇലയ്ക്കൊക്കെ വിളമ്പുന്നു;
വറുത്ത നേന്ത്രവാഴയ്ക്കാ കൂർക്ക ചുണ്ടയ്ക്കയും ചക്ക—
ച്ചുളയുപ്പേരിക്കൂട്ടം വളരെ വിളമ്പീടുന്നു;
ചെറിയപപ്പടം പിന്നെ വലിയപപ്പടങ്ങളും
കുറയാതെ പഞ്ചസാര ഗുളവും പായസം തേനും
പരിപ്പു പച്ചടിച്ചാറും കരിമ്പിൻനീർ നല്ല പാലും
പൊടിത്തൂവൽ കൂട്ടുകറി പൊടിച്ച വേപ്പിലക്കട്ടി
തടിച്ച കണ്ണനപഴവും തടിച്ച വണ്ണനപഴവും
പരിപ്പുപ്രഥമൻ ചക്കപ്രഥമനടപ്രഥമൻ
നിരപ്പിൽ വിളമ്പി മാങ്ങാപ്പുളിശ്ശേരി തൈരും മോരും

ചുക്കും ജീരകമിടചേർന്നങ്ങു കു—
റുക്കിയ മോരും കോരി വിളമ്പി
തൽക്ഷണമനവധി വിപ്രൻമാരുടെ
ഭക്ഷണഘോഷമിതെത്ര വിചിത്രം
''കൊണ്ടുവാ പപ്പട''മെന്നൊരു വിപ്രൻ
''കൊണ്ടുവാ പഴ''മെന്നങ്ങൊരു വിപ്രൻ
''കോരികകൊണ്ടുടനടമധുരക്കറി
കോരിവിളമ്പണ''മെന്നൊരു വിപ്രൻ
''ഇഞ്ചിത്തൈരും മാങ്ങാക്കറിയും
കിഞ്ചിൽ പോടണ''മെന്നൊരു വിപ്രൻ
''പഞ്ചപ്രസ്ഥം പഞ്ചാരപ്പൊടി
പഞ്ചാമൃതമതിലിട്ടു കലർന്നുട—
നഞ്ചാതിലയിൽ വിളമ്പുകിലെന്നുടെ
നെഞ്ചു കുളുർക്കു''മതെന്നൊരു വിപ്രൻ
''ചെണ്ടമുറിക്കു സമാനമതാക്കി—
ക്കണ്ടിച്ചീടിന നേന്ത്രപ്പഴമതു
കണ്ടംകണ്ടമെനിക്കു വിളമ്പുകി
ലുണ്ടൊരു കൗതുക''മെന്നൊരു വിപ്രൻ

---

[1] ഒരിക്കലേ=ഒരേസമയത്ത്.

‘‘ആലങ്ങാടൻ ശർക്കരയുണ്ടകൾ
നാലഞ്ചിങ്ങു വിളമ്പീടുകിലതി–
കോലാഹലമാമെന്നുടെ ഭക്ഷണ–
ലീലാവിധമിദ’’മെന്നൊരു വിപ്രൻ
‘‘മൂത്തു നരച്ചൊരു കുമ്പളഫലവും
മത്തനുമൊന്നു പറിച്ചൊരു കറിവ–
ച്ചെത്രയുമിഷ്ടമെനിക്കതു തന്നാൽ
സത്രം[1]വിസ്മയ’’മെന്നൊരു വിപ്രൻ
‘‘ഓലോലക്കറി ചിതമായ് വച്ചാൽ
പാലോടൊക്കുമിതെന്നു വടക്കൻ–
മാലോകർക്കൊരു പക്ഷമതിവിടെ–
ക്കാലോചിതതര’’മെന്നൊരു വിപ്രൻ
‘‘പച്ചടി കൊണ്ടാ കിച്ചടി കൊണ്ടാ
കച്ചതു കൊണ്ടാ പുളിച്ചതു കൊണ്ടാ
എരിച്ചതുമതു മധുരിച്ചതുമെല്ലാം
വച്ചതശേഷം ഹിത’’മെന്നൊരുവൻ;
‘‘വെരുകിൻ കടയും ചെറുകടലാടിയു–
മയമോദകവും കൂട്ടിയരച്ചൊരു
മുക്കുടിവച്ചു തരേണമെനിക്കരി–
ശസ്സു ശമിപ്പാ’’നെന്നൊരു വിപ്രൻ;
‘‘പിത്തംകൊണ്ടു വലഞ്ഞു നമുക്കതി–
നൊത്തൊരു മുക്കുടി കൊടവനുമിഞ്ചിയു–
മുത്തമമായതു മോരിലരച്ചത–
നത്തിജ്ജീരകമിട്ടു കലർന്നൊരു
കുത്തിലകുത്തിയവററിലൊഴിച്ചു ത–
രത്തിൽ ചൂടു ശമിപ്പിച്ചെൻെറ ക–
രത്തിൽ തന്നാലായതുമങ്ങു ചെ–
ലുത്തിക്കൊള്ളാമഹ’’മെന്നൊരുവൻ;
‘‘പുളിയാറിലയും മാവിൻതളിരും
പുളിവേർ മാതളനാരങ്ങായും
പുളിയല്ലീവകകൊണ്ടൊരു മുക്കുടി
തെളിവൊടു വേണമെനിക്കെ’’ന്നൊരുവൻ;
‘‘കാച്ചിയ മോരിൽ നവായസഗുളിക പൊ–
ടിച്ചു കലക്കിത്തരണമതിങ്ങു കു–
ടിച്ചെന്നാലിരുനാഴിച്ചോറു ഭു–
ജിച്ചീടാമിനി’’യെന്നൊരു വിപ്രൻ:
ഇത്തരമനവധി വിപ്രൻമാരുടെ
ചിത്തരസത്തെസ്സാധിപ്പിപ്പാൻ

---

[1] സത്രം=അന്നദാനം; ഊട്ട്.

പാത്രമതായതു പാർഷതി; നല്ലൊരു
പാത്രമവർക്കു ലഭിക്കനിമിത്തം
മുക്കുടിയും പല പൊടിയും ഗുളികയു–
മൊക്കെയുമോർക്കുന്നേരത്തുണ്ടാം;
അന്തണവരരുടെ ഭക്ഷണമിങ്ങനെ
ഹന്ത സുഖേന കഴിഞ്ഞൊരു സമയേ
ഭർത്താക്കൻമാരൈവരെയും പുന–
രത്യാദരവോടഷ്ടി കഴിപ്പി–
ച്ചുത്തമഗാമിനിയാമവൾതാനും
സത്വരമങ്ങു ഭുജിച്ചു വസിച്ചു.
മിത്രവരത്തെക്കൊണ്ടു ലഭിച്ചൊരു
പാത്രത്തിന്റെ മഹത്ത്വമിതെന്നു
വിപ്രൻമാരുമറിഞ്ഞു പതുക്കെ–
ത്തൽപ്രിയസുഖമൊടു തത്ര വസിച്ചു.
ഹസ്തിരഥാദി സമർത്ഥത പെരുകിന
ഹസ്തിനപുരിയിൽ പരിചൊടു വാഴും
ദുര്യോധനനും ദുശ്ശാസനനും
ദുർവ്വാരിഷനും ദുർദ്ധെരിഷനും
ദുർമ്മേധാവും ദുർമ്മോദനനും
ദുർന്നീലകനും ദുശ്ശേശ്വരനും
മിത്രങ്ങളുമായവരുടെ നല്ല ക–
ളത്രങ്ങളുമായതിസുഖമോടേ
ചിത്തവിനോദത്തോടും പല പല
രാത്രിദിനങ്ങൾ കഴിഞ്ഞൊരു സമയേ
പെരുവഴിയൂട്ടിനു വന്നു കിടക്കും
പെരുവഴിപോക്കർ പറഞ്ഞുതുടങ്ങി:
‘‘താനെങ്ങുന്നു വരുന്നിതു വിപ്രാ?’’
‘‘ഞാനെന്നുടെ ദിശിയീന്നു വരുന്നു’’
‘‘തന്നുടെ ദിശി പുനരെന്തു വിശേഷം?’’
‘‘എന്നുടെ പുരി ബത നല്ലവിശേഷം’’
‘‘ഇതുകാലം താനെവിടെ വസിച്ചു?’’
‘‘ഇതുകാലം ഞാൻ കാട്ടിൽ വസിച്ചു’’
‘‘കാട്ടിലിരുന്നാൽ ഭക്ഷണമെങ്ങനെ?’’
‘‘നാട്ടിലിരുന്നാൽ ഭക്ഷണമെങ്ങനെ?’’
‘‘നാട്ടിൽ പലെടവുമൂട്ടുണ്ടല്ലോ?’’
‘‘കാട്ടിലുമിപ്പോളൂട്ടു തുടങ്ങി’’
‘‘എന്തീവണ്ണമിതാരുടെ ധർമ്മം?’’
‘‘കുന്തീതനയൻമാരുടെ ധർമ്മം’’

‘‘അയ്യോ! ഭോഷ്ക്കു പറഞ്ഞതു മതിമതി!
ദുര്യോധനനൊടു ചൂതിൽ തോററു
നാടും നഗരവുമങ്കം ചുങ്കം
വീടും കുടികളുമെന്നിവയെല്ലാം
പാടെയുപേക്ഷിച്ചങ്ങു വസിപ്പവ–
രിന്നു നിനച്ചാലൂട്ടു കഴിപ്പാ–
നെന്തൊരു മുതലവർപക്കലിരിപ്പൂ?
ഹന്ത ഭവാനൊരു കുരള പറഞ്ഞതു
ചിന്തിച്ചാലിഹ ചിരിയാം വിവിധം’’
‘‘കുരള പറഞ്ഞു ഫലിപ്പിക്കുന്നൊരു
പുരുഷൻ ഞാനല്ലെന്നുടെ വിപ്രാ!
കുന്തീതനയരുമെൺപതിനായിര–
മന്തണവരരും കൂടിച്ചേർന്നൊരു
കാന്താരത്തിലകം പുക്കധികം
സന്താപപ്പെട്ടുഴലുന്നേരം
കുന്തീതനയൻമാർ ദിനകരനെ
ചിന്തിച്ചാശു തപസ്സുതുടങ്ങി;
കാന്ത്യാമോഹനനാകിന സൂര്യനു–
മന്തികസീമനി വന്നു വിളങ്ങി;
ശാസ്ത്രംകൊണ്ടും ദുർഗ്രഹമാകിന–
ഗാത്രംപൂണ്ട ദിനേശനവർക്കൊരു
പാത്രം ദാനംചെയ്ത വിശേഷ–
മ്മാത്രം കേട്ടു മഹീസുരവരരേ!
എന്തൊരു വസ്തു ലഭിക്കണമെന്നാൽ
കുന്തികുമാരൻമാർക്കതു സർവ്വം
ചന്തമിയന്ന ചരക്കിൽ[1] ക്കാണാം:
എന്തൊരു വിസ്മയമസ്മാദികളെ!
ചോറും കറിയും ചാറും പുളിയും
നൂറുസഹസ്രം ജനമെന്നാലും
ചോറു കൊടുപ്പാൻ തടവില്ലേതും;
ഭൂപതിമാരുടെ വല്ലഭയാകും
ദ്രൗപദിവേണമതൊക്കെ വിളമ്പാൻ
കൊററു കഴിഞ്ഞവരം പോന്നാൽ പിന്നൊരു
വററുമവററിൽ കാണുകയില്ലാ;
പോററികളന്തിക്കവിടെച്ചെന്നാൽ
മാററികളെന്നൊരു പേരും കിട്ടും;

---

[1] ചരക്ക് = വാർപ്പ്
കോട്ടയത്തടുത്ത കിളിരൂർക്ഷേത്രത്തിൽ പ്രത്യേകതരം വാർപ്പിൽ പാകം ചെയ്തെടുക്കുന്ന അട പ്രധാന നിവേദ്യമാണ്. ഇതിനു ‘ചരക്കിലട’ യെന്നാണ് പറയുന്നത്.

നൂററുവർ ചെയ്തൊരു കള്ളച്ചൂതിൽ
തോററു വനത്തിലിരിക്കുന്നവരുടെ
കൂററിനു പറകല്ലിന്ദ്രനുമതിലി—
ന്നേററം വിരുതു വിശേഷിച്ചില്ല.''
പെരുവഴിപോക്കരുമൊരു ദിശി ശുദ്ധ—
രിരുന്നു പറഞ്ഞൊരു വാക്കുകൾ കേട്ടു
കുരുപതിസൂനു സുയോധനനുള്ളിൽ
ഉരുതരമാധിയസൂയ മുഴുത്തു:
''അമ്മാവൻ പുനരിങ്ങു വരേണം
ധർമ്മാത്മജനും സഹജൻമാരും
നമ്മേക്കാൾ സുഖമായിട്ടടവിയിൽ
ധർമ്മംചെയ്തിയലുന്നിതുപോലും!
സൂര്യനവർക്കൊരു പാത്രം നല്കി,
കാര്യമവർക്കു കണക്കിനു കൂടി;
നിരുപമമാകിന പാത്രേ മനസി—
നിരൂപിക്കുന്നതശേഷവുമുണ്ടാം;
കർണ്ണാ! നിന്നുടെ താതൻ സൂര്യനി—
വണ്ണമവർക്കു സഹായം ചെയ്‌വാ—
നെന്തവകാശം മകനേക്കൂറു—
ണ്ടെങ്കിലതങ്ങനെ ചെയ്കയുമില്ല;
പട്ടികൾപോലവർ കാട്ടിൻനടുവിൽ
പട്ടിണിയിട്ടു കിടന്നുഴൽവാനായ്
പെട്ടെന്നങ്ങനെ മനസ്സിൽ വിചാരി—
ച്ചിട്ടിഹ ചെയ്തൊരു കൈതവകർമ്മം
ഒട്ടും ഹന്ത ഫലിച്ചതുമില്ലാ
പെട്ടെന്നിനിയും വന്നവർ ചാടും
രാജ്യം പാതി കൊടുക്കണമെന്ന—
പ്പൂജ്യൻമാരു വിധിച്ചു തുടങ്ങും;
യോഗ്യമിതെന്നുമയോഗ്യമിതെന്നും
പൂജ്യൻമാർക്കു വിചാരവുമില്ലാ;
നമ്മുടെ ചോറുണ്ണുന്ന ജനത്തിനു
നമ്മെക്കൂറു തരിമ്പില്ലിപ്പോൾ;
ധർമ്മാത്മജനുടെ പക്ഷക്കാരിവർ
നമ്മെപ്പേടിച്ചുരിയാടാതെ
ചുമ്മാ പാർക്കുന്നിതു കള്ളൻമാർ
അമ്മാവനുമിതറിഞ്ഞിട്ടില്ലേ?
നമ്മുടെ കാര്യക്കാരൻമാരില—
ഹമ്മതികൂടാതുള്ളവരില്ലാ;

ഉമ്മാൻ വകയില്ലാത്തവർ മുന്നം
ധർമ്മക്കഞ്ഞി കുടിച്ചു കിടന്നു;
നമ്മുടെ ശുദ്ധതകൊണ്ടു വരുത്തി–
സ്സമ്മാനിച്ചു സമീപത്താക്കി
ചെമ്മേ വാളു കൊടുത്താൽ പിന്നെ
നമ്മെക്കാളൊരു പൗരുഷമേറും;
എന്തിനു പലവഴി ഫലമില്ലാത്തതു
ചിന്തിക്കുന്നതു സഹജൻമാരേ?
കുന്തീസുതരുടെ സദ്യ മുടക്കാ–
നെന്തൊരുപായമെടുക്കേണ്ടുന്നത്?
ഭോജനസാധനമുണ്ടാകുന്നൊരു
ഭാജനമാശു നശിപ്പാനൊരുവഴി–
യുണ്ടായ്‌വരുമോ മാതുലനോർത്താ–
ലുചിതമതിപ്പോൾ ചെയ്തെന്നാകിൽ.

ചമ്പതാളം

ഇതി മനസി ചിന്തയാ ഹന്ത! ദുര്യോധനൻ
കൃതി[1]ശകുനി കർണ്ണനും തത്ര മേവും വിധൗ
സപദി പതിനായിരം ശിഷ്യരും താനുമായ്
സകലദിശി സഞ്ചരിക്കുന്ന യോഗീശ്വരൻ
ദുരിതഹരദർശനൻ ദുർവ്വാസതാപസൻ
ത്വരിതമിഹ മന്ദിരേ വന്നു കേറീടിനാൻ
സകലകനകാസനം നല്കിയിരുത്തിനാൻ
വചനമിദമോതിനാൻ വാരിജാരിപ്രിയൻ;
''ഹരിഹരസമൻ ഭവാനത്രാഗമിക്കയാൽ
കരിപുര[2]മിതെത്രയും ശുദ്ധമായീ ദൃഢം;
വിരവൊടു ഭവാനിനി സ്നാനകർമ്മാദിയും
വിധിവിഹിതമൊക്കെയും ചെയ്തുവന്നാദരാൽ
സരസമിഹ ഭിക്ഷ[3]ചെയ്തീടവേണം ഭവാൻ.''
ഇതി നൃപതിഭാഷിതം കേട്ടു യോഗീശ്വരൻ
മതിതളിർ തെളിഞ്ഞു തൻ ശിഷ്യരോടും മുദാ
വിരവൊടുകുളിച്ചു തൻ ദേവകാര്യങ്ങളും
പരമശിവപൂജയും ചെയ്തു വന്നീടിനാൻ.

പൊന്നും തളികകളൊരു പതിനായിര–
മൊന്നു വിശേഷിച്ചതിരമണീയം
സ്വർണ്ണക്കോരികകൊണ്ടതിലെല്ലാം

---

[1] കൃതി=സാമർത്ഥ്യമുള്ള. [2] കരിപുരം=ഹസ്തിനപുരം.
[3] ഭിക്ഷ=സന്യാസിയുടെ ഭക്ഷണം.

അന്നം വെളുവെളെയങ്ങു വിളമ്പി;
ഭിക്ഷയ്ക്കുള്ള പദാർത്ഥമശേഷം
ശിക്ഷയിൽ വട്ടംകൂട്ടി മുനീശൻ
തൽക്ഷണമനവധി ശിഷ്യരുമായി
ഭക്ഷണമങ്ങു കഴിഞ്ഞൊരു സമയേ
ശ്രീദുർവ്വാസമുനീശ്വരനപ്പോൾ
പ്രീതിമുഴുത്തുടനരുളിച്ചെയ്തു:
''ഭദ്രം ഭവതു സുയോധന നമ്മുടെ
ഭക്ഷണമെത്ര മനോഹരമായി;
സമ്മാനിപ്പാൻ നിന്നെപ്പോലൊരു
ധർമ്മികളില്ലിതു ബോധിച്ചാലും
എന്നാലിനിഞാൻ പോകുന്നൂ തവ
നന്നായ്‌വരു''മെന്നരുളിച്ചെയ്തതു
കേട്ടുവണങ്ങീ ദുര്യോധനനും
കേവലമാഗ്രഹമൊന്നറിയിച്ചു:
''ജ്യേഷ്ഠൻ നമ്മുടെ ധർമ്മതനൂജൻ
കാട്ടിലിരുന്നു തപം ചെയ്യുന്നു,
നാട്ടിലിരുന്നാൽ നാടു ഭരിപ്പാൻ
നമ്മുടെ ജ്യേഷ്ഠനൊരാഗ്രഹമില്ല,
അഞ്ചുവെളുപ്പിന്നേററു കുളിക്കണ-
മഞ്ചാതൊരു വിജനത്തിലിരിക്കണം
ഉച്ചയ്ക്കൊരു കുളി അന്തിക്കൊരുകുളി
നിത്യവുമിങ്ങനെ ജ്യേഷ്ഠനു നേമം;
ഹോമം ജപവും പുഷ്പാഞ്ജലിയും
നാമജപങ്ങൾ നമസ്കാരങ്ങളു-
മിങ്ങനെ കഴിയും രാവും പകലും
എങ്ങനെ കാര്യം ക്ലേശിക്കുന്നു?
ബൗദ്ധൻമാരേക്കണ്ടാൽ ദേഹമ-
ശുദ്ധമതൊന്നു കുളിച്ചേ പോവൂ
ശൂദ്രപ്പരിഷകളകലെപ്പോണം
ശുദ്ധിവരുത്തി വരുത്തിത്തന്നുടെ
ബുദ്ധിക്കൊരു വെളിവില്ലാതായതു*
വർദ്ധിക്കേ പുനരുള്ളു മുനീന്ദ്രാ!
എന്നതുകാരണമിവിടെ വസിച്ചാൽ
തന്നുടെ ദിനകൃത്യങ്ങൾ മുടങ്ങും;
'ഉണ്ണീ! വരിക സുയോധന! നീയും
കർണ്ണനുമമ്മാവനുമായ് നമ്മുടെ
നാടും നഗരവുമങ്കം ചുങ്കം

---

* ബുദ്ധിക്കൊരു തെളിവില്ലാതായത്'' —പാഠാന്തരം.

വീടും കുടികളുമെന്നിവയെല്ലാം
ക്ലേശിച്ചിവിടെ വസിക്ക നമുക്കിതു
ക്ലേശിപ്പാനെളുതല്ലെന്നി'ങ്ങനെ

നമ്മുടെ ജ്യേഷ്ഠൻ നമ്മോടു കല്പി—
ച്ചങ്ങു വനത്തിനു യാത്രയുമായി;
അങ്ങനെ ജ്യേഷ്ഠൻ കല്പിച്ചാൽ പുന—
രെങ്ങനെയടിയനുപേക്ഷിക്കേണ്ടു
ഭീമജ്യേഷ്ഠനുമെളുതല്ലിപ്പോൾ
ഭൂമിയെ രക്ഷിപ്പാനതുകൊണ്ടു

ഭാരമിതെല്ലാമിങ്ങു പിണഞ്ഞു
നേരമ്പോക്കല്ലിതു പരമാർത്ഥം.
ജ്യേഷ്ഠനുമനുജൻമാരവർ നാൽവർ
ജ്യേഷ്ഠത്തിയുമായ് കാട്ടിൽ പോയി
രാത്രി വിനോദത്തിന്നൊരു പന്തി
ശാസ്ത്രിബ്രാഹ്മണർ കൂടെപ്പോയി;

കാട്ടിലിരിക്കും പരിഷയ്ക്കെല്ലാ—
മൂട്ടിനു വേണ്ടും സാധനമെല്ലാം
അരിയും മോരും തൈരും പഴവും
കറിവയ്പാനുള്ളില കുലയെല്ലാം
മടികൂടാതേ സകലവുമവിടേ—
യ്ക്കടിയൻതന്നെ കൊടുത്തുവിടുന്നു;

നിന്തിരുവടിയും ശിഷ്യരുമായി
കുന്തികുമാരർ വസിക്കും വനമതിൽ
വെക്കമെഴുന്നെള്ളേണമിതവരുടെ—
സത്ക്കാരം ബഹുമാനിക്കേണം.
നിർമ്മലമാകിന സോമകുലത്തിനു
ധർമ്മജനല്ലോ നായകനായത്

അദ്ദേഹത്തെയനുഗ്രഹിയാഞ്ഞാ—
ലടിയങ്ങൾക്കതു മതിയാകില്ല;
അവിടെസ്സരസമെഴുന്നള്ളിപ്പുന—
രവരുടെ സമ്മാനത്തെ ലഭിച്ചുട—
നവരെയനുഗ്രഹമേകുവതിന്നവ—
കാശംവരുമെന്നാകിലിദാനീം

ഏറിയ വിപ്രജനങ്ങൾക്കെല്ലാം
ചോറു വിളമ്പി ദണ്ഡിക്കുന്നതു
ദ്രൗപദിതാനെന്നുള്ളതു കേട്ടു
ഭൂപതികല്പനയങ്ങനെ പോലും.
എന്നാലവളുടെ ഭക്ഷണമങ്ങു ക—

ഴിഞ്ഞേയവിടെയെഴുന്നള്ളാവു;
അല്ലെന്നാകിൽ വിശന്നു വലഞ്ഞവ—
ളെല്ലാവർക്കും വേണ്ടുംവണ്ണം
വെച്ചുവിളമ്പിദ്ദണ്ഡിപ്പാനും
കൊച്ചു കുടുംബിനിയാളാവില്ല;
കുളി തേവാരം മററാരു ദിക്കിൽ
തെളിവൊടു നിങ്ങൾ കഴിച്ചുംകൊണ്ടു
കിളിമൊഴിയാളുടെ കൊററു കഴിഞ്ഞെ—
ന്നളവേ കണ്ടാലവിടെച്ചെല്ലാം.''

ഇത്ഥം പറഞ്ഞ കുരുപുത്രൻെറ കൈതവത്താൽ
ശുദ്ധൻ മുനീന്ദ്രനപ്പോൾ തത്ത്വം വിചാരിച്ചില്ല;
സത്യമെന്നോർത്തുകൊണ്ടത്യന്ത മോദത്തോടും
യാത്രയും ചൊല്ലി മെല്ലെ യാത്ര തുടങ്ങിത്തൻെറ
ശിഷ്യൻമാരോടുകൂടി തുഷ്ട്യാ നടന്നു പല
കാടും മലയും കുന്നും തോടും കടന്നു സുഖ—
മാടും മയിലുകളും പാടും കുയിലുകളും
ഓടും മുയലുകളും ചാടും മർക്കടങ്ങളും
ഓടും വരാഹങ്ങളും മാനും മഹിഷങ്ങൾ ചെ—
ന്നായും നൽ സിംഹങ്ങളും രാവും പകലുമിരു—
ന്നാളുന്ന ദിക്കുകളും.*

ഇങ്ങനെയുള്ള പ്രദേശമശേഷവു—
മങ്ങു കടന്നു നടന്നു മുനീന്ദ്രൻ
കുന്തികുമാരർ വസിക്കും വനമതി—
ലന്തികസീമനി ചെന്നു പതുക്കെ
ദിവ്യൻ മുനികുലവര്യൻതന്നുടെ
ദിവ്യമതാകിന നേത്രംകൊണ്ടു
സൂക്ഷിച്ചപ്പോൾ ദ്രൗപദിതന്നുടെ
ഭക്ഷണമങ്ങു കഴിഞ്ഞതറിഞ്ഞു;
ലക്ഷണമുള്ള ജനത്തിനു തത്ത്വ
നിരീക്ഷണമെന്നതിനെന്തൊരു ദണ്ഡം!
പത്തു സഹസ്രം ശിഷ്യൻമാരൊടു—
മൊത്തു മഹാമുനി ദുർവ്വാസാവും
മന്നവവരനാം ധർമ്മാത്മജനുടെ
മുന്നിലെഴുന്നള്ളീടിന സമയേ
ശീഘ്രം നരപതി ധർമ്മതനൂജൻ
ദീർഘനമസ്കൃതി ചെയ്തു വണങ്ങി
അന്തണരും പുനരമ്പതിനായിര—

---

* 'ഇരുട്ടായുള്ള ദിക്കുകളും'—പാഠാന്തരം.

മന്തികസീമനി ചെന്നു വണങ്ങി
നിർമ്മലമാനസനാകിന ഭൂപതി
ധർമ്മതനൂജൻ തൊഴുതുരചെയ്തു:
''ആനന്ദാമലമൂർത്തേ! ഭവതഃ
സ്നാനംചെയ്തു വരാനെഴുനള്ളാം
പാനം ഭോജനമെന്നിവകൊണ്ടൊരു
ദീനമശേഷമൊഴിഞ്ഞല്ലാതെ
കുശലപ്രശ്നം തരമല്ലിപ്പോ—
ളശനാനന്തരമല്ലോ ഉചിതം.''
നരപതിവാക്കുകൾ കേട്ടു മുനീന്ദ്രൻ
വിരവൊടു ശിഷ്യസമൂഹത്തോടും
ഗിരിവരനദിയിൽ സ്നാനംചെയ്വാൻ
പരിചിനൊടങ്ങു ഗമിച്ചൊരുശേഷം
ഭൂപതിവരനാം ധർമ്മതനൂജൻ
ദ്രൗപദിയോടു വിളിച്ചരുൾചെയ്തു:
''പാഞ്ചാലാധിപതനയേ! നമ്മുടെ
വാഞ്ഛിതമിപ്പോളഖിലം വന്നു;
ശ്രീദുർവ്വാസാവെന്നു പ്രസിദ്ധൻ
ശ്രീപതിഭക്തജനങ്ങളിൽ മുമ്പൻ
പത്തു സഹസ്രം ശിഷ്യൻമാരും
ക്ഷുത്തും ദാഹവുമധികമവർക്ക്;
നമ്മുടെ സുകൃതംകാരണമവരെ—
സ്സമ്മാനിപ്പാൻ സംഗതി വന്നു;
സ്നാനംചെയ്തിഹ വെക്കം വരുവാൻ
ഞാനങ്ങവർകളെ യാത്രയുമാക്കി;
തേവാരത്തിനു പൂവും ചന്ദന—
മീവകയൊക്കെയൊരുക്കീടേണം
നൈവേദ്യത്തിനു പാൽപ്പായസവും
നെയ്യും ശർക്കര കദളിപ്പഴവും
ഭിക്ഷയ്ക്കുള്ള പദാർത്ഥമശേഷം
ശിക്ഷയിൽ വട്ടംകൂട്ടീടേണം;
നലമൊടു ശിഷ്യൻമാർക്കും സാദര—
മിലയും വഹിച്ച പാർത്തീടേണം.''
കല്പനയിപ്പടി കേട്ടു മനസ്സിൽ
തീ പിടിപെട്ടകണക്കേ ദ്രൗപദി
തന്നുടെ പതിയേത്തൊഴുതുംകൊണ്ടു
നിന്നു വിറച്ചു പറഞ്ഞുതുടങ്ങി:
''അയ്യോ! കഷ്ടമൊരമളി പിണഞ്ഞു

പൊയ്യല്ലെന്നുടെ ഭുക്തി കഴിഞ്ഞു
ഇനിയൊരു വസ്തുവുമിദ്ദിവസം മമ
ജനിയാ ശിവശിവ! കിം കരണീയം?
കോപശരീരനതാകിയ മാമുനി—
ശാപമഹാഗ്നിയിൽ നമ്മുടെ വംശം
സപദി ദഹിച്ചിഹ ഭസ്മമതാകും
വ്യവസിത[1] മയ്യോ! സർവ്വവിനാശം;
ദുർവ്വാസാവു ശപിച്ചാൽ പിന്നൊരു
നിർവ്വാഹവുമില്ലെന്നുടെ കാന്താ!
തരസാ പണ്ടൊരു മാലനിമിത്തം
സുരസംഘത്തെസ്സപദി ശപിച്ചു
ജരയും നരയും പൂണ്ടവരെല്ലാം
നരകക്കുഴിയിൽ ബഹു ബഹു കാലം
അങ്ങനെയുള്ളൊരു ദുർവ്വാസാവിനെ
ഇങ്ങനെയാക്കിത്തീർത്തതിനിപ്പോ—
ളെങ്ങനെയിനി ഞാൻ വേണ്ടതിദാനീം.''
ഇങ്ങനെ കണ്ണുമടച്ചു കൃശോദരി
തിങ്ങിന വേദനയോടുംകൂടി
മംഗലമൂർത്തി മുകുന്ദനെയങ്ങവൾ
മങ്ങാതമ്പൊടു സേവതുടങ്ങി.

പദം. ദുഃഖകണ്ഠാരം—ചമ്പ

ചരണങ്ങൾ

1. ആഹാ മുകുന്ദാ! മമ മോഹാംബുരാശിയുടെ
മാഹാത്മ്യമെന്തു തവ ദീനബന്ധോ!

2. ദുശ്ശാസനൻ പണ്ടു ദൂഷണംചെയ്ത തൊഴിൽ
വിശ്വനാഥാ! ബത കഠിനം അതികഠിനം

3. അന്നു തവ കരുണകൊണ്ടു നിന്നുപൊറുത്തൂ അടിയൻ
ഇന്നുമതിലധികമായ് വന്നുവല്ലോ

4. രാധാപതേ! നിരാധാരയാകുമെന്റെ
ബാധയതൊഴിച്ചരുൾക വാസുദേവാ!

മുറിയടന്ത

പാഹി പാഹി പങ്കജാക്ഷ!
പാഹി പാഹി പത്മേക്ഷണാ!
പാഹി പാഹി പത്മാകാന്താ! പാലയ ശൗരേ!
ഇങ്ങനെ കണ്ണുമടച്ചു കൃശോദരി
തിങ്ങിന വേദനയോടുംകൂടി

---

[1] വ്യവസിതം = നിശ്ചയിക്കപ്പെട്ടത്; തീർച്ച.

മംഗലമൂർത്തിമുകുന്ദനെയങ്ങവൾ
മങ്ങാതമ്പൊടു സേവിച്ചപ്പോൾ
നന്ദാത്മജനായുള്ള മുകുന്ദൻ
വന്നവളോടിദമരുളിച്ചെയ്തു:

പദം. വേകട—മുറിയടന്ത

ചരണങ്ങൾ

1. ''വാരണഗാമിനീ! ഭാമിനീ! പാഞ്ചാലീ
വാരിജചാരുമുഖീ! മമ
പാരം വിശക്കുന്നു പാത്രത്തിലേതാനു—
മുണ്ടെങ്കിൽ തന്നാലും നീ.

2. ക്ഷുത്തു ശമിപ്പിച്ചയയ്ക്കേണമെന്നെ നീ—
യുത്തമരാജസുതേ! എനി—
ക്കത്താഴമുൺമാൻ കഴിവന്നില്ലിന്നലെ
സത്യം പറയുന്നു ഞാൻ

3. വെള്ളംകുടിയാഞ്ഞെൻറുള്ളമുരുകുന്നു
കള്ളം പറകല്ലെടോ എനി—
ക്കുള്ള ചോർ തന്നാൽ മതി പിന്നെ ശേഷം ഞാൻ
വെള്ളം കുടിച്ചുകൊള്ളാം.''

4. ''നന്ദകുമാരക! ഇന്ദീവരേക്ഷണ!
ഇന്നു ഞാൻ ഭക്ഷിച്ചുപോയ് ഇനി
അന്നമിപ്പാത്രത്തിലുണ്ടായ്‌വരികയി—
ല്ലെന്നു ദിനേശവാക്യം.''

5. ''പാത്രമെടുത്തിങ്ങു കൊണ്ടുവരിക നീ
പാർഷതീ! വൈകീടാതെ അത്ര—
മാത്രമെന്നാകിലുമന്നമവററിലു—
ണ്ടായ്‌വരുമേ നിശ്ചയം.''

6. പാത്രമെടുത്തവൾ നോക്കുന്നനേരത്തു
പററിക്കിടന്നീടുന്ന ശാക—
പത്രമെടുത്തു ഭുജിച്ചു ജലവും കു—
ടിച്ചു ഗമിച്ചു കൃഷ്ണൻ.

'പാത്രേ പററിയ ചീരയിലക്കറി
മാത്രമെടുത്തു ഭുജിച്ചു മുകുന്ദൻ
യാത്രയുമരുൾചെയ്യാതെ ഗമിച്ചതു—
മോർത്താലെന്നുടെ ദുരിതംതന്നെ;
ഭർത്താവവരെ സ്നാനംചെയ്‌വാൻ
യാത്രയയച്ചതുമോർത്താലുചിതം

ക്ഷേത്രോപാസികളിവിടെ വരുമ്പോൾ
പാത്രേ ഭോജനമൊന്നും നാസ്തി;
ഗോത്രാരി[1] പ്രതിമൻ മുകിൽവർണ്ണൻ
മാത്രം രക്ഷേൻമാമിവിടധുനാ;'
ഏവം ചിന്തിച്ചുടനേ ദ്രൗപദി
താപംപൂണ്ടു വസിക്കും സമയേ

ചമ്പതാളം

തദനു മുനിപുംഗവൻ ശിഷ്യരോടും മുദാ
വനനദിയിൽനിന്നു കുളിച്ചു പൊങ്ങും വിധൗ
സപദി ബഹുഭുക്തികൊണ്ടത്യന്തതൃപ്തരായ്
മാമുനീന്ദ്രൻമാർക്കിതെന്തൊരു വിസ്മയം;
മധുരരസമന്നവും പൂവൻപഴങ്ങളും
മതിതളിർ തെളിഞ്ഞുനൽ പാൽപ്പായസങ്ങളും
കറി പലതുമഥ ദധിയുമധികമവർകുക്ഷിയിൽ
മാനസാനന്ദം കിളമ്പിത്തുടങ്ങിനാർ!
അതിചപലദുരിതമതി ദുര്യോധനൻതന്റെ
കൈതവംഹേതുവാൽ മാധവൻമായകൾ!
അതികപടദുഷ്ടരാം ധാർത്തരാഷ്ട്രാദികൾ
നഷ്ടമാകെന്നു ശപിച്ചു മുനീന്ദ്രനും;
അതുപൊഴുതു യമനിയമനാനന്ദമൂർത്തിയും
പാണ്ഡവൻമാർ പർണ്ണശാലാഗതനായി.

പാർത്ഥിവമകുടശിരോമണി ധർമ്മജ–
നാർത്തിയൊടും നിജ സോദരരോടും
ഭാമിനിയോടും മാമുനിതന്നുടെ
കഴലിണ ഭൂമിയിൽ വീണുവണങ്ങി;
കാരുണ്യാംബുധിയായ് മുനിവരനും
ഭാരതഭൂപതിതന്നുടെ മുടിയിൽ
പരമാനന്ദമനുഗ്രഹമേകി–
പ്പരമേശോദ്ഭവനിദമരുൾചെയ്തു:
'തുംഗപരാക്രമരാശേ! നൃപവര!
മംഗലമാശു ഭവിക്ക നിനക്ക്
മംഗലമൂർത്തി മുകുന്ദനു നിങ്ങളി–
ലങ്ങുളവാകിന വാത്സല്യത്താൽ
ഇംഗിതമൊക്കെ ലഭിച്ചെന്നുള്ളതു–
മിങ്ങു ധരിച്ചേൻ ധർമ്മതനൂജ!
പതിവ്രതയാളേ! പാഞ്ചാലീ! യവർ

---

[1] ഗോത്രാരി = ഇന്ദ്രൻ (പർവ്വതശത്രു)

ചതിവു പറഞ്ഞതറിഞ്ഞില്ലാ ഞാൻ
സോമകുലാവനിരമണൻമാരുടെ
കാമവിലോകിതമാശു ലഭിക്കെ''—
ന്നാമോദം വരുമാറരുൾചെയ്‌തു
താമസമെന്യേ യാത്രപറഞ്ഞു
ശിഷ്യൻമാരൊടുമൊരുമിച്ചമ്മുനി
തുഷ്യൻ മെല്ലെ മറഞ്ഞാനപ്പോൾ.

പാത്രചരിതം ഓട്ടൻതുള്ളൽ
സമാപ്‌തം

ശീലാവതീചരിതം

സരസിജഭവസുതനത്രിമുനീന്ദ്രൻ
പരിചൊടു ദക്ഷകുമാരിയതാകും
തരുണീമണിയാമനസൂയയെ വേ–
ട്ടുരുതരസുഖമൊടു മേവും കാലം
സുമഹിതമാകിന ഭൃഗുവംശത്തിൽ
സുതപസ്സെന്നൊരു മുനിയുണ്ടായി
സുതപസ്സിന്നൊരു സുതനുണ്ടായി
സുതനും കോപനനതി ദുശ്ശീലൻ
ഉഗ്രതപെരുകിന മുനിതനയനു പേ–
രുഗ്രതപസ്സെന്നറിക; മുനീന്ദ്രനു–
വിഗ്രഹഭംഗിയുമില്ല കറുത്തൊരു
ദുർഗ്രഹപീഡിതനെന്നകണക്കേ
വളരെ വയസ്സുംചെന്നു നരച്ചൊരു
വെളിവില്ലാതൊരു വേഷമതായി
കളിവചനങ്ങളുമറിയപ്പോകാ[1]
തെളിവില്ലാതെ കറുത്തൊരു ഭാവം;
അങ്ങനെയുള്ള മുതുക്കുമുനിക്കതി
മംഗലരൂപഗുണങ്ങളിണങ്ങും
അംഗനമാർമണി ശീലാവതിയിതി
സംഗതമാകിന നാമത്തോടേ
ഭംഗികലർന്നൊരു കന്യാമണിയെ
സംഗതിവന്നു വിവാഹംചെയ്‌വാൻ.
ദുർമ്മുഖനായ ഗൃഹസ്ഥനുമവളും
തമ്മിലഹോ ബഹു ഭേദം കണ്ടാൽ
തങ്കപ്പൊൻമണിയിടയിൽ ചേർത്തൊരു
ചെങ്കല്ലെന്നകണക്കിനു കാന്തൻ,
പങ്കജമുഖിയാൾക്കുള്ള ഗുണം മലർ–
മങ്കയ്ക്കും പുനരിങ്ങനെയില്ല;
പുരികുഴലഴകിയിരുണ്ടു ചുരുണ്ടുരു–
പരിമളമെത്രമനോഹരമതുമൊരു
കരിമുകിൽ കണ്ടാൽ മണ്ടിയൊളിച്ചഥ
ഗിരിഗുഹപുക്കു കിടക്കേയുള്ളു;
ചടുലവിശാലവിലോലവിലോചന–
കുടിലകടാക്ഷനിരീക്ഷണമോർത്താൽ

---

[1] അറിയപ്പോകാ — അറിയുകയില്ല.

അടവിയിലിയലും മറിമാൻകൂട്ടം
നെടുവീർപ്പിട്ടു മുഖം താഴ്ത്തീടും;
പല്ലവതുല്യം തുടുതുടെയധരം
പല്ലുകൾ മുല്ലപ്പൂമൊട്ടുകൾപോൽ
നല്ലൊരു മുത്തുകൾ ചേർത്തൊരു വിദ്രുമ–
മാല്യംപോലെ മനോഹരമധികം;
ചലമിഴിയാളുടെ ചാരുമുഖത്തൊടു
തുലനം മോഹിക്കുന്നൊരു ചന്ദ്രൻ
കലകളൊഴിച്ചും ചേർത്തും ശിവശിവ!
പലകുറിയുണ്ടിഹ പണിചെയ്യുന്നു;
പങ്കജമൊട്ടുകൾ മട്ടോൽമൊഴിയുടെ
കൊങ്കകളുടെ വടിവാശു ലഭിപ്പാൻ
കലിതരസേന കഴുത്തോളം ബഹു
സലിലേ നിന്നു തപം ചെയ്യുന്നു;
മടവാർമണിയുടെ പിടിയിലടങ്ങും
കൊടിനടു തുടിയൊടു പട പൊരുതുന്നു;
കടിതടമുടനഥ കരിമസ്തകരുചി
ഝടിതികലർന്നു വിളങ്ങീടുന്നു;
കൊമ്പൻകരിയുടെ തുമ്പിക്കരവും
കുമ്പിടുമവളുടെ തുടയിണ കണ്ടാൽ!
കാർകുഴലണികുഴലാളുടെ പുറവടി
കൂർമ്മത്തെക്കാളധികമനോജ്ഞം;
പാർമേലവളൊടു സമമായിട്ടൊരു
പാൽമൊഴിമാരെക്കാൺമാനില്ല;
അങ്ങനെയുള്ളൊരു ശീലവതിക്കിഹ
സംഗതിവന്നതു വൃദ്ധൻ ക്രുദ്ധൻ!
എങ്ങാനൊരു പിഴ കാട്ടാഞ്ഞാലും
ചങ്ങാതിക്കൊരു തെളിവില്ലൊട്ടും;
പാണ്ടുപിടിച്ചു വെളുത്തു ശരീരം
നീണ്ടു കഴുത്തും മുഞ്ഞി ചുളിഞ്ഞും
കോലുകൾപോലെ മെലിഞ്ഞു കുഴഞ്ഞൊരു
കാലും കൈയ്യും കണ്ടാൽ വികൃതം;
എല്ലു മികച്ചും പല്ലു വമിച്ചും
കണ്ണു കുഴിഞ്ഞും കാഴ്ച കുറഞ്ഞും
കണ്ണുമടച്ചും കാലു പിടിച്ചും
മൂക്കും താടിയുമൊന്നിച്ചിട്ടും
വാക്കിനു മൂർച്ച കുറഞ്ഞില്ലൊട്ടും;
താടിയുമൊട്ടു കൊഴിഞ്ഞുതുടങ്ങി

തലയിൽ കാൺമാനില്ലൊരു രോമം
കണ്ണാടിക്കു സമാനം നല്ല ക–
ഷണ്ടിപിടിച്ചു മിനുത്തു ശിരസ്സും;
കണ്ണിൽ പീള നിറഞ്ഞു നിറഞ്ഞൊരു
വെണ്ണകണക്കിനു കാണാം വെളിയിൽ;
പൊയ്യല്ലിവനുടെ വാനാററംകൊ–
ണ്ടയ്യോ! ശിവശിവ! പാരമസഹ്യം;
ചോറും കറിയും വച്ചു കൊടുത്താൽ
നൂറുവിധത്തിൽ കുററം പറയും;
ആറിപ്പോയാലീറയ്ക്കും[1] ചൂ–
ടേറിപ്പോയാൽ നിന്നു ശപിക്കും;
മാറിപ്പോയാലെളുതല്ലിവനെ–
പ്പേറിക്കൊണ്ടു നടന്നേ പോരു;
ചോറും വിരവിൽ പുളിയും മുളകും
ചാറുംകൊണ്ടിഹ ചെല്ലുന്നേരം
ചീറും ''നില്ലെടി! നിച്ചിരിയത്തീ!
കൂറില്ലാത്ത വിലക്ഷണമിപ്പോൾ
ചോറുംകൊണ്ടു വരുന്നതു കൊള്ളാം!
ചോറൊരു വററുമിറങ്ങുകയില്ല
ദാഹിക്കുമ്പോൾ കഞ്ഞി കുടിപ്പാൻ
മോഹമെനിക്കിതു സാധിക്കില്ല
സ്നേഹിച്ചിട്ടൊരു പെണ്ണുണ്ടെങ്കിലെ
മോഹിക്കുന്നതു സാധിപ്പിക്കൂ;
കറിവച്ചാലതിനുപ്പും മുളകും
കണികാൺമാനില്ലൊരുദിനമിങ്ങനെ
കളിയല്ലൊരുനാളുപ്പെങ്കിലുമാം
മുളകെങ്കിലുമാമെത്ര കടുപ്പം
കൈയ്പുണ്യത്തിനു ശീലവതിക്കെതി–
രിപ്പൊഴുതൊരു പെണ്ണുങ്ങളുമില്ല;
കയ്പുള്ളതു മധുരം മധുരിച്ചതു
കയ്പെന്നും വരുമീയിവൾ വെച്ചാൽ
കററരിയായിട്ടൊരുദിനമന്നം
കുററം പറകല്ലിതു പരമാർത്ഥം
പിറേറന്നാളതു ചളുപിളെയങ്ങനെ
വററും വെള്ളവുമൊന്നായ്ക്കാണാം;
മററൊരു പെണ്ണിനെ വേൾക്കാതിവിടെ–
ക്കൊററിനു സൗഖ്യമെനിക്കില്ലിനിമേൽ;
അന്തകവീട്ടിനു യാത്രയടുത്തൊരു

---

[1] ഈറയ്ക്കും = കോപിക്കും. ഈറ = കോപം.

തന്തക്കിഴവനു വേളികഴിപ്പാൻ
എന്തൊരു മോഹം പെണ്ണു കൊടുപ്പാൻ
ബന്ധുജനങ്ങളുമൊക്കെ മടിക്കും:
പത്തുപണത്തിനു മുതലുണ്ടെന്നാൽ
വൃദ്ധൻമാർക്കും പെണ്ണു കിടയ്ക്കും
അത്തൊഴിലിന്നെളുതല്ല നമുക്കൊരു
പുത്തൻ[1] പോലും നാസ്തി കരത്തിൽ;
പട്ടിണിതന്നെ കിടപ്പാനിന്നൊരു
വട്ടംകൂടി നമുക്കൊരു വസ്തു
കിട്ടുകയില്ല വിശക്കുന്നേരം
കിട്ടുകിലതിനൊരു രുചിതവുമില്ല;
തലമുടി പലകുറി ചിക്കി വിടർത്തും
തിലകം തൊട്ടും പുടക ഞൊറിഞ്ഞും
കണ്ണെഴുതിക്കണ്ണാടിയിൽ നോക്കി
തുണ്ഡം പല്ലും ചന്തം പാർത്തും
എണ്ണയെടുത്തും തേച്ചുകുളിച്ചും
പെണ്ണുങ്ങളുമായ് നിന്നു കളിക്കും
നമ്മുടെ ശീലവതിക്കൊരുനേരം
നമ്മളെ നോക്കാനവസരമില്ല;
രക്ഷിപ്പാനിവൾ കൊള്ളരുതൊട്ടും
ഭക്ഷിപ്പാനിവൾ കൊള്ളാംതാനും
ലക്ഷണമില്ലാതുള്ളൊരിവൾക്കിഹ
ഭക്ഷണമെന്നാൽ പഞ്ചപ്രസ്ഥം
ഭിക്ഷയുമേററു ലഭിച്ചതശേഷം
ശിക്ഷയിൽ വച്ചിവളഷ്ടികഴിക്കും
നിത്യവുമിങ്ങനെ ചട്ടമെനിക്കരി—
വച്ചു കരിച്ചു പൊരിച്ചു പുകച്ചുട—
നുച്ചയ്ക്കിത്തിരി കൊണ്ടുവന്നിലയും
വച്ചതിലിട്ടേച്ചങ്ങു തിരിക്കും;
കാച്ചിയ മോരും നീരും വേണം
വാശ്ശതുമൊരു കൂട്ടാനും വേണം
അത്രേയുള്ളു നമുക്കൊരു പഥ്യം
അതിനുമവൾക്കിഹ ദുർഘടമിപ്പോൾ;
എന്തൊരു തൊഴിലെന്നേതുമറിഞ്ഞി—
ല്ലെന്നുടെ മുമ്പിൽ വരുന്നതു കുറയും
ചന്തം നോക്കി ഞെളിഞ്ഞു പിരിഞ്ഞുമൊ—
രന്തസ്സാരമവൾക്കില്ലേതും;
എന്തിനു കൊള്ളാം, കഷ്ടമെനിക്കീ—

---

[1] പുത്തൻ = കൊച്ചിയിൽ നടപ്പുണ്ടായിരുന്ന ഒരു നാണയം,

ജന്തുവിനെക്കുടിവയ്പാൻ തോന്നി!
താന്തോന്നിത്തം പാരം പെണ്ണിനു
താനാരെന്നൊരു ഭേദവുമില്ല;
വലിയവരിത്തിരിലാളിക്കുമ്പോൾ
തലയിൽക്കേറും തരുണികള ളവേ;
തലയും മുലയും കണ്ണും കാതും
നിലയും നിറയും കണ്ടു ഭ്രമിച്ചിഹ
വലയും നല്ലെജമാനപ്പരിഷകൾ
മലയാളത്തും പരദേശത്തും;
വിലയേറുന്നൊരു ശീലത്തരവഴി[1]
കലിയൻ[2] ചെലവിട്ടിങ്ങു വരുത്തി–
ക്കലിതാനന്ദമവർക്കു കൊടുക്കും
പൊളിയല്ലിങ്ങനെ ചെയ്തെന്നാലും
തെളിയിപ്പാനെളുതല്ലൊരുനാളും
ഒളിശയനക്കാരുടെ സുഖമൊന്നും
വെളിശയനക്കാർക്കെത്തുകയില്ല;
കളമൊഴിമാരുടെ കളവറിയാതെ
വളരെ ദ്രവ്യമവർക്കു കൊടുക്കും
ജളനേക്കാൾ ഗുണ മോർക്കണ്ടങ്ങളിൽ[3]
വിളവിനു വിത്തു വിതയ്ക്കും ഭോഷൻ;
വളമതിൽനിന്നു വളർന്നൊരു വാഴകൾ
വളരെക്കിളരം പൂണ്ടു കുലച്ചാൽ
അളവേ കുലയിലൊരെട്ടോ പത്തോ
ഫലമുണ്ടാമതു പുഷ്ടിയുമില്ല;
കളവേറീടിന കാമിനിമാരെ–
ക്കളയും പുരുഷൻ കട്ടിക്കാരൻ;
കളപറിയാഞ്ഞാൽ കണ്ടങ്ങളിലൊരു
വിളവില്ലാതാമെന്നറിയേണം
എന്നതുകൊണ്ടു പറഞ്ഞൂ നമ്മുടെ
പെണ്ണിനു നമ്മെക്കൂറില്ലൊട്ടും;
കണ്ണും തിരിയാ കാതും കേളാ
ദണ്ഡം പലതു നമുക്കു ഭവിച്ചു;
കിണ്ണംപോലെ ശിരസ്സു മിനുത്തൊരു
ദണ്ഡും കുത്തി നടക്കും കിഴവനി–
വണ്ണം നിന്നു ശകാരിച്ചെന്നാൽ
പെണ്ണുങ്ങൾക്കൊരു കൂറുണ്ടാമോ?

1. ശീലത്തരവഴി = വഴിപോലുള്ള ശീലത്തരങ്ങൾ (തുണിത്തരങ്ങൾ)
2. കലിയൻ = ഒരുവക നാണയം—കലിയൻപണം.
3. ഓർക്കണ്ടം = ഓരുവെള്ളം കയറുന്ന കണ്ടം.

മുഞ്ഞി ചുളിഞ്ഞ മുതുക്കൻമാരെ–
ക്കുഞ്ഞിപ്പെണ്ണിനു കുശലുണ്ടാമോ?
പഞ്ഞികണക്കിനെ താടി വെളുത്താൽ
പരിഹാസത്തിനു കൊള്ളാം പുരുഷൻ
മൈക്കണ്ണികളൊടു സംസാരിപ്പാ–
നക്കിഴവച്ചാർ ചെല്ലരുതെങ്ങും:
അക്കഥയറിയാഞ്ഞല്ല പറഞ്ഞു ന–
മുക്കഥ സങ്കടമെന്നേ വേണ്ടു;
ശീലവതിക്കു ചെറുപ്പമവൾക്കൊരു
ബാലപ്പുരുഷനെയല്ല ലഭിച്ചു
ശീലക്കേടുകൾ കാട്ടുന്നതു മമ
കാലക്കേടെന്നേ പറയാവൂ;
ജാതകദോഷമിനിക്കിതുവന്നതു
പാതകദോഷമവൾക്കിതു വന്നത്
ഏതുമൊരുത്തനെ കുററം പറവാൻ
ഹേതുവുമില്ലിതു തലയിലെഴുത്ത്.''

ഇത്ഥം പല പ്രകാരം ക്രുദ്ധം പറഞ്ഞീടുന്ന
വൃദ്ധൻ മുനിയോടൊരബദ്ധം പറകയില്ല
ചിത്തേ വിനയത്തോടേ മത്തേഭഗാമിനി തൻ
ഭർത്താവേ ശുശ്രൂഷിച്ചു പാർത്താൾ കനിവിനോടേ;
'മുററുമെൻ ഭർത്താവിൻെറ കുററമല്ലിവയൊന്നും
പെററമ്മയാകുന്നതും കൂററുകാരാകുന്നതും
മററാരുമല്ലെനിക്കെൻ ഭർത്താവുതന്നേ സർവ്വം
ഉള്ളം തന്നിലെനിക്കു കള്ളം തരിമ്പുമില്ല
ഉള്ളന്നീനാഥൻതിരുവുള്ളം പ്രസാദിപ്പിപ്പാൻ*
ഉള്ള പ്രയത്നത്തിന്നെള്ളോളമുപേക്ഷയില്ല
ഉള്ളിലഹങ്കാരവും ഭള്ളും നമുക്കില്ലേതും;
വേഗമെൻ ഭർത്താവിൻെറ രോഗം ശമിപ്പാനുള്ള
യോഗം വരുമോ ദൈവയോഗമാർക്കറിയാവൂ?
നല്ല കഷായങ്ങളും നല്ല മുക്കുടികളും
എല്ലാം കൊടുക്കുന്നു ഞാനെല്ലാനേരവുമിപ്പോൾ
തെല്ലും വിശേഷം കാൺമാനില്ല ചോററൊരു വററും
ചെല്ലുന്നതില്ല രോഗം വെല്ലുന്നൗഷധജാലം
തെല്ലും നമുക്കു കഴിവില്ലെന്നു വന്നു കാന്ത–
നല്ലും പകലും കഴിവില്ലാതെ വലയുന്നു;
നില്ലാതെ വിഷമങ്ങൾ വല്ലാതെ വന്നു നമു–
ക്കെല്ലാമോർത്താലാരോടു ചൊല്ലുന്നു ഞാനിക്ലേശം?
ഇല്ലങ്ങളിൽ നടന്നു നെല്ലുമരിയും തെണ്ടി

---

* 'ഉള്ളന്നീനാഥൻതിരുവുള്ളം പ്രകാശിപ്പിപ്പാൻ'— പാഠാന്തരം.

ചൊല്ലുന്നപോലെ കുത്തിക്കല്ലു കളഞ്ഞു വച്ചു
നല്ല ചോറും കറിയുമെല്ലാമുണ്ടാക്കിക്കൊണ്ടു
ചെല്ലുന്നനേരമഞ്ഞു തെല്ലും രുചിയുമില്ല;
കൊല്ലുന്നതിനേക്കാളും ശല്യമായിട്ടുള്ളൊരു
കൊള്ളിവാക്കല്ലാതൊന്നും ചൊല്ലുകയില്ലദ്ദേഹം;
എടുത്തെന്നാലതും കുററം എടുക്കാഞ്ഞാലതും കുററം
കൊടുത്തെന്നാലതും കുററം കൊടുക്കുഞ്ഞാലതും കുററം
അടുത്തെന്നാലതും കുററം അടുക്കാഞ്ഞാലതും കുററം
കുളിച്ചെങ്കിലതും കുററം കുളിക്കാഞ്ഞാലതും കുററം
പറഞ്ഞെങ്കിലതുംകുററം പറയാഞ്ഞാലതും കുററം
എരിച്ചെങ്കിലതും കുററം എരിക്കാഞ്ഞാലതും കുററം

കുറവല്ലാതെ നമുക്കൊരു വസ്തു
പറവാനില്ല ജനിച്ചേപ്പിന്നെ
മറിമായങ്ങളുമവിനയവും ഞാൻ
അറിയുന്നവളല്ലച്യുതകൃഷ്ണാ!
പിറവീലുള്ളൊരു ജാതകദോഷം
കുറയല്ലതുകൊണ്ടിങ്ങനെ നമ്മെ—
ക്കുറവു പറഞ്ഞു നശിപ്പിക്കുന്നു
കുറവററീടിനമുനികുലനാഥൻ—

പദം. ദ്വിജാവന്തി—ചായ്പ്പ്

ചരണങ്ങൾ

1. പത്മനാഭ! വാസുദേവ! പരമബന്ധോ! ദേവദേവ!
പത്മപുത്രീജീവനാഥ! പാഹിമാം കൃഷ്ണാ!

2. അച്യുതാനന്ദ! ഗോവിന്ദ! സച്ചിദാനന്ദ! ഗോപാല!
നിശ്ചലാനുഭാവ! നിൻമെയ് കൈതൊഴുന്നേൻ ഞാൻ

3. വേഗമെൻെറ ഭർത്താവിൻെറ രോഗശാന്തി വന്നീടുവാൻ
യോഗമാവേശിച്ചീടേണം യോഗമായേശ!

4. ദൈവമാകുന്നതും ലോകേ ദേഹമാകുന്നതും നാഥാ!
ജീവനാകുന്നതുമെൻെറ ജീവനാഥൻതാൻ

5. ആധികൊണ്ടുഴന്നീടുന്നു വ്യാധികൊണ്ടുമെൻെറ നാഥൻ
വ്യാധിതങ്ങളെല്ലാം നീക്കിക്കാത്തരുളേണം

6. ജൻമജൻമങ്ങളിൽ ചെയ്യും കല്മഷങ്ങളെല്ലാംകൂടി
ജൻമികൾക്കു രോഗമായി സംഭവിക്കുന്നു

7. കർമ്മപാശംകൊണ്ടു കെട്ടിക്കളിപ്പിക്കുന്നു മർത്ത്യരെ
നിർമ്മലാകാര! നീയല്ലോ നിഖിലലോകേശ!

8. വെന്തീടുന്നു, സംസാരാംബുരാശിതന്നിലെല്ലാരെയും
നീന്തീടുന്നു, നീതാനല്ലോ നീലക്കാർവർണ്ണാ!

9. വാസുദേവ! നീതാനെന്റെ പാതിവ്രത്യത്തിന്റെ ഭംഗം
വന്നിടാതെ പാലിക്കണം വന്ദിച്ചീടുന്നേൻ

10. ഇന്ദിരാവല്ലഭ! നാഥ! ഇന്ദുബിംബാനനാ! ശൗരേ!
ഇന്നുമെന്നും നിൻ കാരുണ്യമിങ്ങൊരാധാരം!

ശീലമഹാഗുണശാലിനിയാകിയ
ശീലവതീ പുനരിങ്ങനെ മനസാ
ധ്യാനംചെയ്തു വസിക്കുംകാലം
ജ്ഞാനം പെരുകിന മുനികുലവരനുടെ
ദീനം കിമപി ശമിച്ചുതുടങ്ങി
മൂലം മുരഹര കരുണാമൂലം;
ഉഗ്രതപസ്സിനു കിമപി ഭുജിപ്പാൻ
ആഗ്രഹമുണ്ടെന്നുള്ളതു കേട്ടഥ
സൽഗൃഹമേകി മഹീസുരരെല്ലാം
സൽകൃതിപൂർവം വന്നു ക്ഷണിച്ചു;
'നമ്മുടെയില്ലത്തിന്നു പുറന്നാൾ
ഉമ്മാനവിടെ വരേണം മാമുനി
സമ്മാനിപ്പാൻ മാത്രമതില്ലൊരു
സംഗതിമാത്രമതെന്നേയുള്ളു;
എന്നൊരു വിപ്രൻ വന്നു ക്ഷണിച്ചു
'നന്നായ്വരു'മെന്നുഗ്രതപസ്സും;
'എന്നാലെന്നെയെടുത്തുംകൊണ്ടുട—
നെന്നുടെ ഭാര്യയുമങ്ങു വരുന്നു
പോയാലും താനെ'ന്നു മുനീശ്വര—
നായാളെദ്രുതമങ്ങഥ വിട്ടു;
ആയതമിഴിമണിയാകിയ തന്നുടെ
ജായയെ വിരവിൽ വിളിച്ചുവരുത്തി
അവടെ കഴുത്തേലേറിയിരുന്നാ—
നവികലമുഗ്രതപോമുനിവര്യൻ
അവയവമൊന്നുമനങ്ങാതേക—
ണ്ടവളും കൊണ്ടുതിരിച്ചു പതുക്കെ;
ചൊല്ലിയ സരസബ്രാഹ്മണവരനുടെ—
യില്ലം പുക്കഥ പടിമേൽ തന്നുടെ
വല്ലഭമുനിയെയിറക്കി വണങ്ങി
പല്ലവമൃദുനിജപാണികരംകൊണ്ടവൾ
മെല്ലെപ്പതിയുടെ കാലു തലോടി—
ക്കല്യതയോടഥ തേച്ചുകുളിപ്പി—

ച്ചല്ലൽവരാത്തൊരു ദിക്കിലിരുത്തി
നല്ലൊരു ചോറും നെയ്യും തൈരുമി–
തെല്ലാമഞ്ചു ഭുജിപ്പിച്ചുടനേ
വല്ലഭനുടെ ഭോജനശേഷംകൊ–
ണ്ടുല്ലസദമൃതസമം നിജ ഭോജന–
മെല്ലാമാശു കഴിച്ചു കഴുത്തേൽ
വല്ലഭനേയുമെടുത്തു കരേററി
കല്യാണീമണി വിരവൊടു തെരുവിൽ
ചെല്ലുന്നേരം പെരുവഴിമദ്ധ്യേ
വെള്ളമൊലിച്ചു വരുന്നതു കണ്ട്
'കൊള്ളരുതീവഴി തെല്ലു വലത്തു
വളച്ചു ഗമിച്ചേ ഗുണമാവുള്ളു;
നിശ്ചയ'മേവമുറച്ചു തിരിച്ചു വ–
ളച്ചു നടന്നുടനാശ്രമവും പ്രാ–
പിച്ചു സുഖിച്ചു വസിച്ചു തദാനീം.
ചോദിച്ചാനഥ പിറേറന്നാൾ മുനി:
''മോദിച്ചമ്പൊടു പറക സുശീലേ!
ഖേദിച്ചെന്നെയെടുത്തൊരു തെരുവിൽ
പാതിവഴിക്കിഹ ചെല്ലുന്നേരം
എന്തിനു വഴിവിട്ടൊരു കുന്തപ്പാ–
ടകലെ വളച്ചു ഗമിച്ചിതു നീയും:
ബന്ധമതെന്തതു കേൾക്കാൻ കൗതുക–
മുണ്ടു നമുക്കതു ചൊല്ലീടുക നീ.''
എന്നതിനുത്തരമവളുരചെയ്താൾ:
''ഉന്നതമാകിന മണിഗൃഹമവിടെ
സന്നിധിതന്നിൽ കണ്ടതു വേശ്യാ–
മന്ദിരമെന്നു ധരിക്ക മുനീന്ദ്ര!
'മണിമാണിക്ക'മതിങ്ങനെ നല്ലൊരു
ഗണികാരത്നവുമുണ്ടവിടത്തിൽ
കണവൻമാരൊരു മുപ്പതു നാല്പതു
ഗുണവാൻമാരുണ്ടവടെ സമീപേ;
കിണറും കുളവും തെങ്ങുകമുങ്ങും
മണമിയലും പല പൂമലർവാടികൾ
തണലും മണലും നല്ല പ്രദേശം
പണമുണ്ടെന്നാലെന്തരുതാത്തൂ!
മണിമാണിക്യപ്പെണ്ണിനു പാർത്താൽ
പണവും തൃണവും ഭേദമതില്ല;
പണിചെയ്യുന്ന ജനത്തിനു നെല്ലും

പണവും വാരിക്കോരി വിതയ്ക്കും
അൻപതു രാശിയെടുത്തുകൊടുത്താ—
ലവളെക്കാൺമാൻ സംഗതികൂടാ
അവളെയൊരിക്കൽ പുണരണമെങ്കിൽ
ഭുവനമവൾക്കുദകംചെയ്യേണം[1]
വമ്പനതാകിന വൈശ്രവണൻതാൻ
ഒമ്പതു നിധിയുമെടുത്തു കൊടുത്താൽ
ഒമ്പതു ദിവസം കുളുർമുല പുണരാൻ
ഒരു കഴി വരികിലതവനുടെ ഭാഗ്യം
പണമുള്ളവനും ഗുണമുള്ളവനും
ഗണികാഭവനം പുക്കു വസിച്ചാൽ
പണമുള്ളവനെയകത്തു കരേററും
ഗുണമുള്ളവനെത്തള്ളിയയയ്ക്കും;
ധനികൻമാർ പലരവളുടെ വീട്ടിൽ
പനിയുംകൊണ്ടു കുളുർന്നു വിറച്ചിഹ
പുറമുററത്തു കിടക്കുന്നുണ്ടവൾ—
കനിവും പാർത്തിഹ പത്തും നൂറും;
മണിമാണിക്കപ്പെൺകൊടിയാളുടെ
മണവാളൻമാർക്കില്ലൊരു നാണം
കണികാൺമാനില്ലവടെ വിഴുപ്പും
തുണിയുമെടുപ്പാനവർ വേണംപോൽ!
അങ്ങനെയുള്ളൊരു വേശ്യ കുളിപ്പാ—
നങ്ങു തുടങ്ങുന്നേരം വൃഷലികൾ
വെള്ളമനത്തി ചെമ്പുനിറച്ചതി—
നുള്ളിൽ കുങ്കുമ കസ്തൂരിപ്പൊടി
ഇട്ടുകലർന്നൊരു പരിമളശബളം
കളമൊഴിമണിയുടെ മെയ്യിലൊഴിച്ചഥ
കുളുർമുലയിണയും കൈയും കാലും
തെളിവൊടു തേച്ചു കുളിപ്പിക്കുന്നൊരു
കലശലു നിച്ചലുമിങ്ങനെതന്നെ
പെരുകിന വെള്ളമതൊഴുകിപ്പരിചൊടു
പെരുവഴിതന്നിൽ നിറഞ്ഞീടുന്നു;
പെരുവഴി പോക്കർ ചവിട്ടി നടന്നതു
പെരുകിപ്പലവഴി വന്നുപരന്നു;
അശുചിയതാകിന വെള്ളം തൊട്ടാൽ
ആശു കുളിച്ചാലും മതിയല്ല;
പുണ്യാഹം ചെയ്തീടുക യോഗ്യം
പുണ്യക്ഷയമതു തൊട്ട ജനാനാം;

---

[1] ഉദകംചെയ്യുക (ശൈലി) = ദാനംചെയ്യുക.

എന്നതുമൂലം ഞാനതു കണ്ടു—
ധന്യപഥേന വളച്ചിഹ പോന്നു;
എന്നുടെ സുകൃതവുമങ്ങേ സുകൃതവു—
മിന്നു നശിക്കും ജലമതു തൊട്ടാൽ
ഈശ്വരകൃപയാലതുകൂടാതെ
വാശ്ശതുമൊരുവഴി പോന്നിഹ പററി;
വേശ്യാജനസമ്പർക്കമതുള്ളവർ
ശാശ്വതദുഷ്കൃതഭാജനമല്ലോ!''

നല്ലാരിൽമണിയുടെ സല്ലാപം കേട്ടു മുനി
വല്ലാതെ കാമബാണശല്യം മനസ്സിലേററു
മല്ലാക്ഷിഗണികതന്നുല്ലാസമോർത്തു നിദ്ര—
യില്ലാ രജനികളിൽ തെല്ലും തെളിവുമില്ല.
ഉഗ്രതപസ്സിനുടെ വ്യഗ്രതകണ്ടു പാരം
ഖേദിച്ചു ശീലാവതി ചോദിച്ചു ഭർത്താവോടേ:
''ഇന്നെൻെറ ഭർത്താവിന്നു സന്താപമാകുന്നിപ്പോൾ
ചിന്താവിഷാദങ്ങൾക്കുമെന്തോന്നു മൂലം നാഥാ!
എന്നോടരുൾചെയ്യേണമേതും മടിക്കവേണ്ടാ
എന്നാലൊഴിക്കാമെങ്കിലെല്ലാമൊഴിക്കുന്നുണ്ട്;
ഭക്ഷണമില്ലാതായി പാരം മെലിഞ്ഞു ദേഹം
ലക്ഷണം കണ്ടാൽ കാമസന്താപമെന്നേവേണ്ടൂ!
സംഗതിയില്ലതിനുമെങ്ങും നിനച്ചാൽ സർവ്വ
സംഗനിവൃത്തിവന്ന ദേഹമല്ലോ ഭവാനും!
കുഷ്ഠം പിടിച്ചു ദേഹമൊട്ടും വിധേയമല്ല
കഷ്ടം! വയസ്സു പിന്നെയൊട്ടു വളരെച്ചെന്നു
എട്ടു ദിനത്തിനുള്ളിൽ ചട്ടം പകർന്നുപോയി
പെട്ടെന്നു ദീനമെല്ലാമൊട്ടു ശമിച്ചിരുന്നു
ഇഷ്ടമെന്തെന്നാലതുമൊട്ടും മറയ്ക്കവേണ്ടാ
പുഷ്ടിവരുത്താമെങ്കിലാശു വരുത്തുന്നുണ്ട്.''
പത്നീവചനമതു കേട്ടു മുനീന്ദ്രൻതാനും
പാരാതെകണ്ടു തൻെറ മാരാർത്തിയറിയിച്ചു;

''ശീലഗുണോദയശീലനശാലിനി
ശീലവതീ! ശൃണു! വചനമിദം മേ
ബാലജനങ്ങടെകൂട്ടു നമുക്കൊരു
മാലകതാരിലിയന്നീടുന്നു;
ആലസ്യങ്ങളുമരുചിയുമരതിയു—
മാലോലത്വമധീരതയും മേ
ശീലവിഭംഗവുമെന്നിവ ശിവ ശിവ!
നീലസരോരുഹനയനേ ബാലേ!

അനുചിതമാകുമൊരഭിലാഷം മമ
മനതളിരകമേ വന്നിടകൂടി
മനസിജസായകപാവകശിഖയാ—
ലനവരതം മമ ഹൃദയമിദാനീം
വെന്തുരുകിന്നിതു ബന്ധുരവദനേ!
ബന്ധുത നീ മമ ചെയ്തീടേണം;
അന്ധതമസ്സിലകപ്പെട്ടുഴലും
ബന്ധുജനത്തെപ്പരിചൊടു നല്ലൊരു
പന്തമെരിച്ചു പിടിച്ചു പതുക്കെ
പന്ഥാവോടിടകൂട്ടിക്കാട്ടി
ചിന്തിതദേശം പ്രാപിപ്പിപ്പതി—
നന്തരമില്ലാത്തവർ ബന്ധുക്കൾ;
നിന്നോടു പറയരുതാത്തൊരു ഗോഷ്ടികൾ
നിന്നോടുതന്നേ പറകേയുള്ളു;
പിന്നെ നമുക്കിഹ മററൊരു ഗതിയി—
ല്ലെന്നു ധരിക്കുന്നില്ലേ നീയും;
ഒരുദിനമെന്നെയെടുത്തുംകൊണ്ടൊരു
പെരുവഴി തന്നിൽ ചെല്ലുന്നേരം
നിരുപമമാകിന വേശ്യാഭവനം
പരിചൊടു നീ മമ കാട്ടിത്തന്നതു
നിരുപണമായി നമുക്കവിടത്തിൽ
സരസം മേവിന ഗണികാമണിയുടെ
കരികുംഭാകൃതികുളുർമുലയുഗളം
ഒരു കുറി പുണരാൻ സംഗതിവരുമോ?
കരളിലിനിക്കതിമോഹം ബാലേ!
അവളുടെ തലയും മുലയും മുഖവും
കവിളിണചേരും കർണ്ണാഭരണവു—
മവയവഭംഗിയുമധരമൃദുത്വവു—
മവയവ പലതും ചിലവക പിന്നെയു—
മവികലമോർത്തും നെടുവീർപ്പിട്ടും
ഭുവി ബത വീണുമുരുണ്ടും ദിശി ദിശി
രവിരുചിസമമാം ചന്ദ്രപ്രഭയാൽ
അവശതപൂണ്ടു വിയർത്തു ശരീരം
നയനജലങ്ങൾ പൊഴിഞ്ഞുമഴിഞ്ഞും
ശയനാശനനിദ്രാദി വെടിഞ്ഞും
നിയമത്തിനു ബഹു ഭംഗമിയന്നും
നിയതിബലേന വലഞ്ഞിതു ഞാനും;
മണിമാണിക്കപ്പെൺകൊടിയാളുടെ

മണിമാളികമേലെന്നെക്കൊണ്ട്
അണിമതിമുഖിയുടെ മുന്നിൽ ചെല്ലുക
പണിപെട്ടെങ്കിലുമിന്നുനിശായാം
വാശ്ശകണക്കിലുമെന്നെക്കൊണ്ടാ—
വേശ്യാസംഗമപരമാനന്ദം
സാധിപ്പിക്ക നിനക്കതുകൊണ്ടു
സാധുഗുണങ്ങൾ ഭവിക്കും മേലിൽ;
ഭർത്താവെന്തുപറഞ്ഞെന്നാലതു
ഭാര്യാജനമുടനേ കേൾക്കേണം;
ഗുണദോഷങ്ങൾ വിചാരിക്കേണ്ടാ
ഗുരുജനമൊന്നു നിയോഗിക്കുമ്പോൾ;
മരണമടുത്തുകിടക്കും കിഴവനു
തരുണൻമാരെപ്പോലേ ബാല—
ത്തരുണികളോടു രമിപ്പാൻ മോഹം
തരമില്ലിങ്ങനെ വിസ്മൃതിയൊന്നും
വരുമീവണ്ണമൊരാശ തുടർന്നാൽ
പരിഹാസത്തിനു നല്ലൊരു മാർഗ്ഗം!
അറുപതിലാരാൻ ചുരികപയററു തുട—
ങ്ങാറുണ്ടോ ശിവശിവ കഷ്ടം!
ഇങ്ങനെയുള്ള വിചാരം ഗുണമ—
ല്ലെങ്ങനെ ഭർത്താവിൻെറ നിയോഗം
അങ്ങനെ ചെയ്യുക പതിവ്രതമാരാ—
മംഗനമാർക്കുളവാകിന ധർമ്മം;
ഇഹലോകസുഖം പരലോകസുഖം
ഗൃഹിണി നിനക്കു ലഭിക്കണമെങ്കിൽ
ഗൃഹമേധി[1]യതാമെന്നെഗ്ഗണികാ—
ഗൃഹമതിലാക്കുക സന്ധ്യ കഴിഞ്ഞാൽ.''
ഇത്തരമുള്ളൊരു ഭർത്തൃഗിരം കേ—
ട്ടുത്തമതാപസി ചിന്ത തുടങ്ങി:
'വൃദ്ധനതാകിന ഭർത്താവിൻെറ
ബുദ്ധി മറഞ്ഞതു പാരം കഷ്ടം!
നിശ്ചലശീലമഹാബ്രാഹ്മണരെ
പുംശ്ചലിവീട്ടിൽ കൈയ്യാളിപ്പാൻ
ഇജ്ജനമെങ്ങനെ കൈയ്യേൽക്കേണ്ടു
സജ്ജനമെന്തുപറഞ്ഞാലും ശിവ!
ദുർജ്ജനമെന്നതുപോലെ നമുക്കതി
ദൂഷണമായ്‌വരുമങ്ങനെ ചെയ്താൽ;
എങ്കിലിതങ്ങനെ ചെയ്തീടാഞ്ഞാൽ

---

[1] ഗൃഹമേധി=ഗൃഹസ്ഥൻ.

ലംഘിതമാം മമ ഭർത്തൃനിയോഗം;
സംഘടിതം ബഹു പാതകമതിനാൽ
സങ്കടമെന്നേ പറവാനുള്ളു;
കുചരിതകാംക്ഷനിവൃത്തിവരുത്താ—
നുചിതമിതൊന്നു പറഞ്ഞേ പോരൂ
അതിനൊരു ഭേദം വന്നില്ലെങ്കിൽ
പതിയുടെ കല്പന കേൾക്കാം പിന്നെ;'
സുന്ദരിയിങ്ങനെ ചിന്തിച്ചുടനേ
വന്ദനചെയ്തു പറഞ്ഞുതുടങ്ങി:
''നിന്ദിതമാകിന വൃഷലീസംഗമ—
മെന്നതു പാരം ദൂഷണമയ്യോ!
അന്തേവാസികൾ ഗുരുവരനേയും
കാന്താജനമഥ ഭർത്താവിനെയും
ശാന്തിവരുത്താൻ ശാസിക്കുന്നതു
ശാസ്ത്രവിരുദ്ധം വേദവിരുദ്ധം
ശ്രുതിയും സ്മൃതികളുമാഗമവിധികളു—
മിതിഹാസങ്ങൾ പുരാണാദികളും
മതിയിലശേഷം ധാരണയുള്ളൊരു
മതിമാനല്ലോ നിന്തിരുവടിതാൻ;
ധർമ്മാധർമ്മമറിഞ്ഞു വസിക്കും
ധാർമ്മികവരനാം നിന്തിരുവടിയുമ—
ധർമ്മത്തിന്നു പുറപ്പെട്ടാലീ
ദുർമ്മതികൾക്കിനി നല്ലൊരു സൗഖ്യം!*
വമ്പൻമാരൊരു പെരുവഴിയിട്ടാൽ
പിമ്പിൽ വരുന്നവരതിലിടകൂടും
കൊമ്പൻ പോയതു മോഴയ്ക്കും വഴി
കോലാഹലമിനി വേണ്ടതുകാട്ടാം;
ആശാനക്ഷരമൊന്നു പിഴച്ചാൽ
അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യനു
കളരിക്കാരനു ചോടുപിഴച്ചാൽ
കാണികളൊക്കെപ്പെഴുതിൽ ചാടും
ഓതിക്കോനൊരു മന്ത്രമിളച്ചാൽ
ഒരുപന്തിക്കാരൊക്കെയിളയ്ക്കും
എമ്പ്രാനപ്പം കട്ടുഭുജിച്ചാൽ†
അമ്പലവാസികളൊക്കെക്കക്കും
പടനായകനൊരു പടയിൽ തോററാൽ
ഭടജനമെല്ലാമോടിയൊളിക്കും.

---

* 'ദുർമ്മതികൾക്കിനി നല്ലൊരു മാർഗം—വായ്പാഠഭേദം.

† 'എമ്പ്രാനല്പം കട്ടുഭുജിച്ചാൽ'—വായ്പാഠഭേദം.

അമരക്കാരനു തല തെററുമ്പോൾ
അണിയക്കാരുടെ തണ്ടുകൾ തെററും
കാര്യക്കാരൻ കളവു തുടർന്നാൽ
കരമേലുള്ളവർ കട്ടുമുടിക്കും
താളക്കാരനു മാത്ര പിഴച്ചാൽ
തകിലറിയുന്നവനവതാളത്തിൽ
കാമം ക്രോധം ലോഭം മോഹം
പ്രേമം പ്രവണം രാഗം ദ്വേഷം
മാമുനി കുലവരരാകിന നിങ്ങടെ
മാനസതാരിലിതൊന്നും നഹി നഹി
ആചാരത്തിൽ മികച്ചൊരു സാധന—
മാചാര്യൻമാർ പറയുന്നല്ലോ
നീചൻമാരുടെ സംഗത്തേക്കാൾ
നിന്ദിതമായിട്ടില്ലൊരു വസ്തു
പലഗുണമുള്ളൊരു വേശ്യാസ്ത്രീകടെ
വക്ത്രാംബുജവും രജകൻമാരുടെ
വസ്ത്രമലക്കാനുള്ളൊരു കല്ലും
വളരെബ്ഭേദമതില്ല മുനീന്ദ്ര!
നരപതിമാരുടെ നൻമ പെരുത്തൊരു
തിരുവുടയാടകളെററുമതിൻമേൽ[1]
നായൻമാരുടെ കൈക്കോണകവും
നാർപ്പട്ടും പുനരെററുമതിൻമേൽ
പട്ടൻമാരുടെ നാറിക്കീറിയ
രെട്ടും സോമനുമെററുമതിൻമേൽ
നമ്പൂരാരുടെ മുണ്ടും തോര—
ക്കോണകവും പുനരെററുമതിൻമേൽ
അച്ചികളുടയ ചവുണ്ടു കറുത്തൊരു
കച്ചത്തുണികളുമെററുമതിൻമേൽ
എമ്പ്രാരുടെ പുകനാറിപ്പുടവ—
ക്കൗപീനങ്ങളുമെററുമതിൻമേൽ
നല്ലതുമാകാത്തതുമെററുമ്പോൾ
കല്ലിനു ഭാവവിശേഷമതുണ്ടോ!
എന്ന കണക്കിനു വേശ്യാമുഖമതു—
മെന്നു ധരിക്കണമെല്ലാ ജനവും;
ഒരു പുരുഷൻ ചുംബിച്ചു തിരിച്ചാൽ
വരുമന്നേരം മറെറാരു പുരുഷൻ

---

1. 'തിരുവുടയാടകളെററുമതിൻമേൽ' — എന്നതാണ് ശരിയായ പാഠം. വസ്ത്രം നനച്ച് കല്ലിൻമേൽ അലക്കുന്നതിന് 'എററുക'യെന്ന് മധ്യ തിരുവിതാംകൂറിൽ ഇപ്പോഴും പറയും. 'ഏററുക'യെന്നു ചില മുദ്രിത പുസ്തകങ്ങളിൽ കാണുന്ന പാഠം അബദ്ധം.

അവനുമതിൻമേൽത്തന്നെ പ്രയോഗം
അവയവമതുതന്നെല്ലാവർക്കും;
ഊററക്കാരനൊരുത്തനൊരുന്നാൾ
പിറെറന്നാളൊരു വാല്യക്കാരൻ
വിപ്രൻ വന്നു ശയിക്കുമൊരുന്നാൾ
വൃഷലൻ വന്നു ശയിക്കുമൊരുന്നാൾ
വിപ്രൻമാരും വൃഷലൻമാരും
വൃദ്ധൻമാരും വികലൻമാരും
ബൗദ്ധൻമാരും ബാലൻമാരു–
മൊരുത്തരുമില്ലൊരു ഭേദമവൾക്ക്;
മുടിയനതാമൊരു പുരുഷൻതന്നുടെ
മടിയിൽ കാലിണ കേററും മററൊരു
തടിയൻതന്നുടെ മടിയിൽ തന്നുടെ
മുടിയും വച്ചു കിടക്കും വേശ്യ!
മടിയില്ലൊന്നിനുമന്തണരും കൾ–
കുടിയൻമാരുമവൾക്കൊരുപോലെ
തടമുലയിണയും പല്ലും ചൊടിയും
തടിയുടെ വടിവും തലമുടി തുടയും
കുടിലകടാക്ഷവുമോർത്തു നരൻമാർ
ഉടലു മെലിഞ്ഞും നെടുവീർപ്പിട്ടും
വിടുധൂളിക്കു വിടൻമാരായവർ
കടവുംകൊണ്ടു കഴുത്തില കാതില
കടകം മോതിരമെന്നിവ കോപ്പുകൾ
ഉടനേ തീർത്തു കൊടുത്തു പുറത്തേ–
പ്പടിമേൽ കൊതുകുകടിച്ചു കിടക്കും
വിടുഭോഷൻമാരെത്രതരത്തിൽ!
ശുദ്ധമിതെന്നുമശുദ്ധമിതെന്നും
കൃത്യമിതെന്നുമകൃത്യമിതെന്നും
സത്യമിതെന്നുമസത്യമിതെന്നും
യുക്തമിതെന്നുമയുക്തമിതെന്നും
നിത്യമിതെന്നുമനിത്യമിതെന്നും
ബദ്ധമിതെന്നുമബദ്ധമിതെന്നും
ഒരുവക നിലവില്ലാത്തൊരു വേശ്യകൾ
മരുവും ദിക്കുകളൊക്കെയശുദ്ധം;
ദുരിതസമൂഹമശേഷമെടുത്തിഹ
തരുണീരൂപം തീർത്തു വിരിഞ്ചൻ
തരുണൻമാരെദ്ദുരിതക്കുഴിയിൽ
തരസാ തള്ളി മറിപ്പാനുള്ളൊരു

പെരുവഴിയായതു തരുണീരൂപം
അരുവയർമീതേ രോമാവലിയെ—
ന്നൊരു തണലുള്ള നടക്കാവിടയിൽ
സരസമതാകിന നാഭീകൂപം
മല രണ്ടുണ്ടു വഴിക്കിരുപുറവും
മുലയെന്നുള്ളൊരു പേരുമതിന്നു

മുഞ്ഞിയതാകിനൊരമ്പലമവിടെ
കഞ്ഞിയുമുണ്ടധരാമൃതസംജ്ഞം
നാസികയാകിന ചിറമേൽക്കൂടെ
നയനമതാകിന തോടു കടന്ന്

തലമുടിയാകിന കാട്ടിൽ പുക്കാ—
ലലസതതീർന്നു തണുപ്പിലിരിക്കാം;
അക്കാടങ്ങു കടന്നാൽ കാണാം
അർക്കാത്മജനുടെ വീടുമടുക്കൽ;
അങ്ങനെയുള്ളൊരു പെരുവഴി പോവാൻ
സംഗതിവരുവാനാഗ്രഹമെങ്കിൽ

എങ്ങനെ ഞാനിതു നിർത്തീടേണ്ടു
നിങ്ങടെ നീതി നമുക്കറിയാമോ?
കുലഗുണമുള്ളൊരു വിപ്രൻമാർക്ക്
കുലടാസംഗമമൊരുകുറി ചെയ്താൽ

കുലനാശം ധനനാശം യൗവന—
ബലനാശം ഗുണനാശം സന്തതി—
ബലനാശം പലനാശം വരുമിവ
തപസ്സിന്നും യശസ്സിന്നും തന്നുടെ
വപുസ്സിന്നും വയസ്സിന്നും ഹാനികൾ

പരസ്ത്രീയെപ്പരിഗ്രഹിച്ചീടിന
ഗൃഹസ്ഥനങ്ങനർത്ഥമെന്നുള്ളതു
നിവൃത്തിയില്ലൊ,രുത്തിതന്നെന്നതു
മനസ്സിലോർത്തനക്കമില്ലാതിഹ
തപസ്സുചെയ്തിരിക്ക നീ മുനിവര;

മൂത്രമലാദി ധരിപ്പാനുള്ളൊരു
പാത്രമതാകിന വേശ്യാസ്ത്രീകടെ
ഗാത്രം കണ്ടു കൊതിപ്പാനേതൊരു
ശാസ്ത്രംകൊണ്ടു സമർത്ഥിക്കുന്നു!

മണ്ണുകൾകൊണ്ടൊരു പിണ്ഡമുരുട്ടി—
ക്കണ്ണും മൂക്കും വായും ചെവിയു—
മിവണ്ണം ചില തുളയങ്ങു തുളച്ചതു
പെണ്ണെന്നങ്ങനെ പേരുമതാക്കി

പൊണ്ണൻമാരുടെ ചിത്തമിളക്കാൻ
അണ്ഡജവാഹനഭഗവാൻ പലപല
ഖണ്ഡമതാക്കിത്തീർത്തിഹ വിട്ടതു
പണ്ഡിതരാകിന നിങ്ങടെ ചേതസി
നന്നെന്നുള്ളൊരു വ്യാമോഹത്തെ–
ത്തോന്നിക്കുന്നതു വിസ്മയമോർത്താൽ!

എന്നല്ലവരുടെ ധൂളിത്തങ്ങളി–
ലൊന്നു നിനച്ചു വിരക്തി വരുത്താൻ
കുലഗുണമുള്ളൊരു വിപ്രൻമാർക്കിഹ
കുലടാസംഗമമൊരുകുറി ചെയ്താൽ
പലജൻമങ്ങളിലുള്ളൊരു സുചരിത–
ഫലസമ്പത്തു നശിക്കുമശേഷം;

നാലും മൂന്നും ജൻമം മുഴുവൻ
നരകാനുഭവം വേണ്ടിവരും നിജ–
നാരിയെയങ്ങു വെടിഞ്ഞു പരസ്ത്രീ–
മാരിൽ രമിക്കും വിപ്രൻമാർക്ക്

എന്നതുകൊണ്ടീ ദുർവ്യവസായം
നന്നല്ലെന്നു നമുക്കിഹ തോന്നി;
എന്നുടെ ഭർത്താവോടിതിലപ്പുറ–
മൊന്നുമിനിക്കിഹ പറവാനില്ലാ’’

അരുളിച്ചെയ്താനുഗ്രതപോമുനി:
‘‘പരമാർത്ഥം നീ ചൊന്നതശേഷം
പരനാരീജനസംഗം ചെയ്താൽ
ദുരിതം പെരുതു ഗൃഹസ്ഥനു നൂനം
അറിയാഞ്ഞല്ല പറഞ്ഞിതു ഞാനും
മറിമാൻകണ്ണി ധരിച്ചീടേണം;

പറയാമെങ്കിൽ, മനുഷ്യജനങ്ങൾ–
ക്കറുപതുമറുപതുമായുസ്സല്ലേ?
ആയതിലറുപതുറക്കംകൊണ്ടും
പോയാലറുപതു പിന്നെശ്ശിഷ്ടം
വൃദ്ധതകൊണ്ടും ബാലതകൊണ്ടുമൊ–
രർദ്ധംകുറവറുപതിലും കാണാം;

മുപ്പതുവർഷം മുഴുവൻ കിട്ടുമ–
തിൽപ്പുനരൊട്ടും പോവതുമില്ലാ
അപ്പോൾ വേണം സുകൃതസമാർച്ചന–
തത്പരമാകിന കർമ്മം ചെയ്‌വാൻ;
അക്കാലങ്ങളിലംഗനമാരുടെ
ചൊൽക്കീഴായി വിഴുപ്പുംകെട്ടു ത–

ലയ്ക്കും വച്ചു കിടക്കയുമവരുടെ
മക്കളെയെളിയിലെടുത്തു നടക്കയു—
മിക്കഥകൊണ്ടു പിരിഞ്ഞെന്നാകിൽ
പൊക്കമെ'വർക്കൊരു സൽഗതിമാർഗ്ഗം;
ദുഃഖമതാം ദുരിതാംബുധിതന്നുടെ—
യക്കരപററാൻ കൂടുകയില്ല.
അപ്പരമാർത്ഥമെനിക്കുണ്ടെങ്കിലു—
മിപ്പോൾ നമുക്കൊരു മോഹം തോന്നിയ—
തിപ്പോൾതന്നതു സാധിക്കാതെയൊ—
ഴിപ്പാൻമാത്രം ക്ഷമയില്ലുള്ളിൽ;
കായത്തിന്നൊരു ദോഷം വന്നാൽ
പ്രായശ്ചിത്തംകൊണ്ടതു നീക്കാം
ആയതുമെളുതല്ലെന്നാലെന്തിനു
പ്രായശ്ചിത്തസ്മൃതിയുണ്ടാക്കി?
ആയിരമക്ഷികളുള്ള മഹേന്ദ്രനു—
മായതമിഴിയാളാകുമഹല്യയെ—
മായംകൊണ്ടു ലഭിച്ചു രസിച്ചൊര—
പായം വളരെ വരാതെ രമിച്ചു
മിത്രാവരുണൻമാരുർവ്വശിയെ
കുത്രചിൽനിന്നു പുണർന്നു നിഗൂഢം
ആയവരെല്ലാമുടനേതന്നെ
പ്രായശ്ചിത്തംചെയ്തു തെളിഞ്ഞു
ആയതുപോലെ നമുക്കും പിന്നെ
പ്രായശ്ചിത്തം ചെയ്യാമുടനെ;
ചലമിഴിയാളേ! ചാന്ദ്രായണവിധി
നലമൊടു ചെയ്തു വിശുദ്ധി വരുത്താം
നലമൊടു നമ്മെയെടുത്തു കഴുത്തിൽ
കലിതാനന്ദമിരുത്തിക്കൊണ്ട്
ആരും ഗ്രഹിയാതന്തികഴിഞ്ഞാൽ
വാരസ്ത്രീമണിഭവനംതന്നിൽ
കൊണ്ടിഹചെന്നെന്നാഗ്രഹമവളെ—
ക്കൊണ്ടു ലഭിപ്പിച്ചീടുകവേണം.''

ഏവം മുനീന്ദ്രനുടെ ഭാവമെന്നാകിലേതും
ആവതില്ലങ്ങു കൊണ്ടുപോകുവാൻ മടിക്കരുത്
എന്നങ്ങുറച്ചവളുമന്നു രജനിതന്നിൽ
ചന്ദ്രനുദിക്കും മുമ്പേ മന്ദം മുനിവരനെ
കണ്ഠത്തിലെടുത്തേററിക്കൊണ്ടങ്ങു പുറപ്പെട്ടു
വണ്ടുനിറത്തെപ്പോലിരുണ്ടുള്ള തിമിരങ്ങൾ—

കൊണ്ടുനിറഞ്ഞ വഴി കണ്ടുകൂടാഞ്ഞു പാദം—
കൊണ്ടു പതുക്കെത്തപ്പിക്കൊണ്ടു നടന്നുചെന്നു
കാട്ടിൽ മരങ്ങളുടെ മൂട്ടിൽ വഴി പിഴച്ചു
കല്ലിൻറിടയിൽ കാലും തല്ലിയലച്ചു കാട്ടു—
വള്ളികളിൽ തടഞ്ഞു വല്ലാതെ പോകുന്നേരം
കൊല്ലാതെ കഴുവേററിക്കള്ളൻമാർ കിടക്കുന്ന
കള്ളപ്പറമ്പിൽ ചെന്നു കേറി ശീലാവതിതാൻ*
അക്കഥ കിമപി ചുരുക്കിപ്പറയാം:
തസ്കരജാതികളങ്ങൊരുകൂട്ടം
തെക്കുവടക്കവർ കപ്പാനുള്ളൊരു
തക്കം നോക്കി നടക്കുന്നേരം
രാത്രിയിലൊരുനാളരമനതന്നില—
കത്തുകരേറിക്കട്ടുതുടങ്ങി
കാത്തുകിടക്കും കാവൽക്കാർക്കു
കള്ളുകുടിച്ചൊരു ബോധവുമില്ല
ചത്തശവത്തെപ്പോലൊരു കൂട്ടം
തത്ര നിരക്കെയുറങ്ങീടുന്നു.
കള്ളൻമാരബ്ഭണ്ഡാരങ്ങളി—
ലുള്ളതശേഷം മോഷ്ടിച്ചാൽ പല—
വെള്ളിക്കുടവും പൊന്നുംകുടവും
വെള്ളപ്പട്ടുകൾ ചകലാസുകളും
പൊന്നരഞ്ഞാണം മുടുകു കടുക്കൻ
പൊന്നുംകിണ്ടികൾ ചങ്ങലവട്ടക
ഇത്തരമെല്ലാം കട്ടുംകൊണ്ടവർ
സത്വരമങ്ങു ഗമിച്ചൊരുശേഷം
ഭൃത്യൻമാർ ചിലർ ബോധിച്ചുടനേ
പൃഥ്വീപതിയോടു ചെന്നറിയിച്ചു
കേട്ടവർ കേട്ടവർ ചൂട്ടുമെരിച്ചു:
''മോഷ്ടാക്കൻമാർ വന്നു സമസ്തം
മോഷ്ടിച്ചുംകൊണ്ടങ്ങു തിരിച്ചതു
ചട്ടക്കാരിവർ ബോധിച്ചില്ലാ
കട്ട ജനത്തെപ്പരിചൊടു ചെന്നിഹ
കെട്ടിക്കൊണ്ടു വരാഞ്ഞാൽ നിങ്ങടെ
അഷ്ടി മുടക്കും ചന്ത്രക്കാരൻ
വീട്ടിലുമുള്ളതു കുത്തിക്കവരും;''
പെട്ടെന്നിങ്ങനെ ഘോഷിച്ചും കൊ—
ണ്ടൊട്ടുവഴിക്കിഹ മണ്ടി ഭടൻമാർ;
തെക്കൻദിക്കിനു മണ്ടി വനത്തിൽ—

* 'കൊല്ലും കളത്തിൽ ചെന്നു കേറി ശീലാവതിതാൻ'—എന്നു വായ്പാഠം.

പുക്കിതു തസ്കരരതിഭയമോടേ
അർക്കനുദിച്ചു വെളിച്ചവുമായി ന—
മുക്കു തരക്കേടായ്‌വരുമെന്നവ—
രൊക്കെക്കൂടെയുഴന്നവിടത്തിൽ
നില്ക്കുന്നേരം കാണായ് മുന്നിൽ
കണ്ണുമടച്ചു തപം ചെയ്യുന്നൊരു
മാണ്ഡവ്യൻമുനിതന്നുടെ നികടേ
സ്വർണ്ണം കെട്ടിയെടുത്തു വലഞ്ഞൊരു—
വണ്ണമിറക്കിക്കാട്ടിലെറിഞ്ഞു
തങ്ങടെ പ്രാണനെയുംകൊണ്ടോടി—
ത്തരസാ പലപല കോട്ടിലൊളിച്ചു;
പാടവമേറിന നൃപഭടരെല്ലാം
പേടി വെടിഞ്ഞവർ സന്നാഹത്തൊടു
കൂടിപ്പലവക തോടുകൾ വേലികൾ
ചാടിക്കൂക്കുവിളിച്ചുംകൊണ്ടുട—
നോടിയടുത്തഥ പുറകേകൂടി—
ക്കാടുകൾ പുക്കു തിരഞ്ഞൊരു നേരം
കനകമഹാമണിഭൂഷണജാലവു—
മനവധി ഭാജനവസനാദികളും
വനഭുവി നിന്നു തപം ചെയ്തീടും
മുനിവരനികടേ കാണായ്‌വന്നു;
എല്ലാമായതു കെട്ടിയെടുത്തവ—
രുല്ലാസത്തൊടു ചൊല്ലീടുന്നു:
''നല്ലവനല്ലിത്താടിക്കാരനി—
തെല്ലാമിവനുടെ കപടമതായ്‌വരു—
മില്ലൊരു സംശയമിവനുടെ ഭള്ളുക—
ളെല്ലാമിന്നു ശമിപ്പിക്കേണം
എല്ലു നുറുങ്ങെത്തല്ലീടേണം
പല്ലുകൾ തച്ചു തകർത്തീടേണം
കൊല്ലാതിവനെക്കഴുവേററണമി—
ന്നെല്ലാം പുനരിങ്ങറിയിച്ചീടാം
കല്പനകൂടാതരുതിതിലൊന്നും
സ്വല്പം നിങ്ങൾ ക്ഷമിച്ചീടേണം
കെല്പൊടു തിരയണമിനിയുമതെന്നാൽ
തൽ പരമാർത്ഥമതെല്ലാമറിയാം;''
കുണ്ഠതവിട്ടു തിരഞ്ഞഥ പുനരപി
മണ്ടിനടന്നഥ കള്ളൻമാരെ—
ക്കണ്ടുപിടിച്ചഥ കോട്ടയ്ക്കുള്ളിൽ

കൊണ്ടപന്നവിടെ വിലങ്ങിലുമിട്ടു
തിരുവുള്ളക്കാര്യക്കാരൻമാർ
തിരുമുമ്പിൽ ചെന്നങ്ങറിവിച്ചു:
''തിരുപണ്ടാരപ്പെട്ടികളെല്ലാം
തിരുടി[1] ക്കൊണ്ടു തിരിച്ച ശഠൻമാർ
തിരുകള്ളൻമാർ പലരുണ്ടവരെ—
ത്തരസാ ചെന്നു തിരഞ്ഞു പിടിച്ചു
തിരിയാത്താളുകളടിയങ്ങൾക്കൊരു
തിരുവുള്ളംകൊണ്ടിവരെക്കിട്ടി.''
''ചോരൻമാരെക്കഴുവേററാനുട—
നാരാച്ചാരിൽ കൈയ്യാളിപ്പിൻ!''
പാരാതിങ്ങനെ കല്പിച്ചൂ നൃപ—
നാരോഹണവും തീർത്തു ഭടൻമാർ;
അന്നേരത്തൊരു കിങ്കരനവിടെ—
ച്ചെന്നു വണങ്ങിയുണർത്തിക്കുന്നു:
''കണ്ണുമടച്ചൊരു താടിക്കാരൻ
കാട്ടിൻനടുവിലിരിക്കുന്നുണ്ട്
ഞങ്ങളനേകം ചോദിച്ചിട്ടും
ചങ്ങാതിക്കൊരനക്കവുമില്ല;
അങ്ങേർകൂടെ മനസ്സറിയാത—
ല്ലിങ്ങനെ കള്ളൻമാരിതു ചെയ്തു;''
എന്നതു കേട്ടരുൾചെയ്തു നരേന്ദ്രൻ:
''വന്നതു വന്നു വനത്തിലിരിക്കും
മന്ദനതാമവനറിയാതില്ലിതു
വന്നതുമെന്നാലവനെക്കൂടെ
ക്കൊന്നില്ലെന്നാലിനിയും തസ്കര—
വൃന്ദം വന്നിഹ മോഷണമുണ്ടാം;
ഒന്നുമറിഞ്ഞീലാ നാം നിങ്ങടെ
സന്നാഹംപോലെല്ലാം ചെയ്വിൻ''
മന്നവനിങ്ങനെ മൗനംകൊണ്ടുപ—
പന്നമിതെന്നനുവാദം ചെയ്താൻ;
മന്നിൽ മഹീപതിഭാവത്തോടേ
വന്നു പിറന്നു വളർന്ന ജനത്തിനു—
മിന്നിഹ കാര്യാകാര്യവിചാരമി—
യന്ന മഹീപതിമാരും തുച്ഛം;
എന്നതുകൊണ്ടു വിവേകമൊരല്പവു—
മന്നുള്ളരചന്നുണ്ടായില്ല.
തല്ലും നൃപനിഹ കൊല്ലും സചിവൻ

---

[1] തിരുടി = മോഷ്ടിച്ചു. തിരുടൻ = കള്ളൻ

കൊല്ലും നൃപനിഹ തിന്നും സചിവൻ
ഒന്നും ഘോഷിക്കേണ്ടാ മുനിയെ—
ക്കൊന്നാൽ മതിയെന്നരചനു പക്ഷം;
കൊല്ലാതേ കഴുവേററാനവരൊടു
ചൊല്ലിയയച്ചിതു കാര്യക്കാരൻ;
ഉപ്പിലിടുന്ന പദാർത്ഥങ്ങൾക്കുട—
നുപ്പിലിരട്ടി പുളിപ്പുണ്ടാകും
കല്പിച്ചതിലൊരു പത്തുമടങ്ങു
കവിഞ്ഞുനടക്കും കാര്യക്കാരും;
വമ്പുപറഞ്ഞു പിടിച്ചു പറിച്ചു ത—
രിമ്പുമടിക്കാതൊരു സാധുവൊട—
ങ്ങമ്പതു രാശി പിടിച്ചുപറിച്ചതി—
ലൊമ്പതു രാശി നൃപന്നു കൊടുക്കും
ഇത്ഥം നൃപനൊടു ഭോഷ്ക്കുമെടുക്കും
ശുദ്ധൻ നൃപനതു ബോധിച്ചീടും;
രണ്ടു ജനങ്ങളുതമ്മിൽ കാര്യം—
കൊണ്ടു വിവാദിച്ചരമന പുക്കാൽ
രണ്ടു ജനത്തിനുമരചനെയെത്തി—
ക്കണ്ടറിയിപ്പാൻ സംഗതി കൂടാ;
കാര്യക്കാരുടെ മുമ്പിൽ ചെന്നവർ
കാര്യമതെല്ലാമങ്ങറിയിക്കും
കൈക്കാണത്തിനു കുറവു വരുമ്പോൾ
വക്കാണത്തിനു വട്ടംകൂട്ടും
നേരില്ലാത്തോൻ കാര്യക്കാരനു
ചേരും ദ്രവ്യമെടുത്തു കൊടുത്താൽ
നേരുള്ളവനെ ശഠനെന്നുള്ളൊരു
പേരും നല്കിപ്പൊക്കി[1]യയയ്ക്കും;
അക്കഥയൊന്നും നൃപനെബ്ബോധി—
പ്പിക്കയുമില്ലവരിങ്ങനെ ചട്ടം;
''താഴത്താരാണിരുവർ വരുന്നു?
താഴത്തെത്ര ജനങ്ങൾ വരുന്നു?''
''രണ്ടു കുടക്കാർ നമ്പൂരാരെ—
ക്കണ്ടു പടിപ്പുര കേറുന്നതു ഞാൻ
രണ്ടു കുടക്കാരൂട്ടിനു വന്നവ—
രുണ്ടുംകൊണ്ടവരങ്ങു നടന്നു;''
ഇങ്ങനെ പലവക ഭോഷ്കറിയിക്കും
തങ്ങടെ നായകനാകിയ നൃപനെ;
അങ്ങനെയുള്ളവനിഹ ധരണീതല—

---

1. പൊക്കിയയയ്ക്കും = കുററക്കാരനാക്കി വിടും.

മെങ്ങുമൊരേടവുമില്ലെന്നാലും
ഇങ്ങനെ മാണ്ഡവ്യൻമുനിതിലകനു
സംഗതിവന്നുവതെന്നേ വേണ്ടൂ;
അതിനൊരു കാരണമുണ്ടതുമിവിടെ
കഥനം ചെയ്തിട്ടന്തൊരു കാര്യം;
മതിമാൻ മാമുനിതിലകൻ കഴുവേ—
ലതിബഹുകാലമലഞ്ഞു കിടന്നു.
മതിമുഖിയാമവളർദ്ധനിശായാം
അതിനുടെ നേരെ തപ്പിത്തപ്പി
പതിയെത്തോളിലെടുത്തുംകൊണ്ടവ—
ളതിലേതന്നെ ചെന്നു കരേറി;
ഉഗ്രതപോമുനിതന്നുടെ മസ്തക—
മഗ്രസ്ഥിതമായുള്ളൊരു ശൂലേ
വ്യഗ്രതപൂണ്ടു കിടക്കും വിപ്രകു—
ലാഗ്രേസരനാം മാണ്ഡവ്യന്റെ
കാലേലമ്പൊടു തട്ടിയനേരം
ശൂലവുമൊന്നു കുലുങ്ങി കനക്കെ
മുറിയിളകീട്ടൊരു വേദന വന്നതു
കുറെയല്ലാഞ്ഞു പറഞ്ഞു മുനീന്ദ്രൻ;
‘‘കഷ്ടം! നമ്മുടെ പാദേ വന്നിഹ
മുട്ടുന്നവനിവനേതൊരു മൂഢൻ
പെട്ടെന്നാതുരനാകിന നമ്മെ—
ത്തൊട്ടെന്നല്ല കുലുക്കിശ്ശൂലം
ഒട്ടു ശമിച്ചൊരു വേദനയിപ്പോൾ
എട്ടുമടങ്ങു കടുത്തു കഠോരം!
ഉഗ്രതപസ്സല്ലേ നീ? നിന്നുടെ
വിഗ്രഹനാശമടുത്തു മുതുക്ക!
നിന്നുടെ ചപലത ഞാനറിയുന്നു
നന്നിതു വിസ്മയമെന്നതു പറയാം
വേളികഴിച്ച പതിവ്രതതന്നുടെ—
തോളിൽക്കേറിയിരുന്നുംകൊണ്ടതി
ധൂളിയതാകും വേശ്യയിരിക്കും
മാളികകേറാനല്ലേ ഗമനം?
അയ്യോ! കിഴവച്ചാരേ തന്നുടെ
കൈയ്യോ കാലോ കണ്ണോ മൂക്കോ
മെയ്യോ മുഖമോ നല്ലതു വേശ്യാ—
സംയോഗത്തിനു സാധനമിപ്പോൾ?
മണിമാണിക്കത്തിന്നിഹ നല്ലൊരു

മണിയായുള്ള രഹസ്യക്കാരൻ!
ഇത്ര മനോഹരനായൊരു പുരുഷനെ—
യെത്രകൊതിച്ചു ലഭിച്ചിതവൾക്കും!
തഴുകീടുവതിനു തപ്പിത്തപ്പി—
ക്കിഴവൻ മെല്ലെച്ചെല്ലുന്നേരം
ഒഴുകീടും ചലമവളുടെ മുലമേൽ
മിഴുകീടും മണമേറിന നാടൻ—
പുഴുവിന്നുള്ളൊരു പരിമളമൊക്കെ
പിഴുകിടുവതിനും സംഗതിവന്നു;
കഴുവേറീടിന നാമിനിയെന്തിനു
പഴുതേയവളെയുപേക്ഷിക്കുന്നു
നമ്മേത്തോളിലെടുപ്പാനിന്നൊരു
നൻമൊഴിയാളില്ലായതു ഭേദം
ധാർമ്മികനായി വയോധികനായി
കാർമ്മികനാകിന താനൊരു കുലടാ—
കാമുകനായതു കേട്ടാൽ മററിഹ
മാമുനിമാർക്കു ലഘുത്വമശേഷം
ഭാര്യയിലാഗ്രഹമുണ്ടെന്നല്ലവൾ
ഭാരംപോലെ ചുമന്നൊരു വൃഷലീ—
വീട്ടിലിറക്കിത്തന്നോടവളെ—
കൂട്ടിയിണക്കി കുത്സിതമാകിന
ഗോഷ്ടിക്കുള്ള ചടങ്ങും കാട്ടി—
ക്കൂട്ടണമെന്നൊരു ദുശ്ശീലത്തെ—
ക്കേട്ട ജനങ്ങൾ ചിരിക്കും നമ്മുടെ
കൂട്ടക്കാരേക്കൂടെ ദുഷിക്കും
പൂച്ചപ്പാൽകുടിപോലേ നേത്രമ—
ടച്ചുംകൊണ്ടിഹ താനിതി ചെയ്താൽ
കാഴ്ചക്കാരുടെ പരിഹാസത്തിനു
താഴ്ച വരുത്താൻ താൻ മതിയാമോ?
കാര്യംകൂടാതെന്തിനു പാഴിൽ
കലഹിക്കുന്നൂ നീയിനി നാളെ—
സൂര്യനുദിക്കും മുമ്പേ മരണം
പ്രാപിക്കും ദൃഢ''മെന്നു ശപിച്ചു;
കോപിതനാകിന മാണ്ഡവ്യന്റെ
ശാപമതേററുടനുഗ്രതപോമുനി
താപംപൂണ്ടു പറഞ്ഞു പതുക്കെ:
''ശാപം ഹന്ത! ഫലിച്ചു സുശീലേ!
നിന്നുടെ വാക്കിനെ ലംഘിച്ചിട്ടിഹ

വന്നു ഭവിച്ചു നമുക്കു വിനാശം;
നിന്നുടെ പാതിവ്രത്യബലംകൊ–
ണ്ടെന്നുടെ ജീവനെ രക്‌ഷിച്ചെങ്കിൽ
നമ്മുടെ ഭാഗ്യ,മതല്ലെന്നാൽ മമ
കർമ്മമതെന്നേ പറവാനുള്ളു;
ഇന്നിനി ഗണികാസംഗം വേണ്ട ന–
ടന്നാലും പുറകോട്ടിനി വേഗാൽ.''
ഉത്തമയാകിന ശീലവതീ പുന–
രുത്തരമേവം കിമപി പറഞ്ഞു:
''ഭർത്താവേതും ഖേദിക്കേണ്ടാ
പാർത്താലിതിനൊരുപായമതുണ്ടാം
മാർത്താണ്‌ഡൻ മമ വൈധവ്യത്തെ വ–
രുത്താതേ പരിപാലിക്കേണം;
അർക്കൻ നാളെയുദിക്കരുതെന്നു വി–
ലക്കാൻ ഭാവമിനിക്കുണ്ടധുനാ;
തൽകൃപ വരുവാനുൽക്കടമിന്നു ന–
മുക്കൊരു നിയമമെടുക്കണമുഗ്രം;
ആശ്രമവാടംതന്നിൽ ചെന്നാൽ
വാശ്‌ശതുമൊരു കഴിവുണ്ടായീടും;
വിശ്വാസം വരുമന്നേരം തവ
വിശ്വാധീശൻ സാക്‌ഷി ദിനേശൻ''
എന്നു പറഞ്ഞു തിരിച്ചുനടന്നു
ചെന്നു നിജാശ്രമവാടം പുക്കു
തന്നുടെ പതിയെത്തത്ര കിടത്തി–
ച്ചെന്നു കുളിച്ചു പതിവ്രത വേഗാൽ
തന്നുടെ നെടുമംഗല്യവിഭംഗം
വന്നീടരുതെന്നാദരവോടേ
വന്‌ദ്യൻമാരാമിന്‌ദ്രമരുൽസുര–
ചന്‌ദ്ര വിരിഞ്ച മഹേശാദികളുടെ
നന്‌ദനമമ്പൊടു ചെയ്‌തു നമിച്ചിതി
വന്‌ദനമാശു തുടങ്ങി കൃശാംഗി!

പദം. ആനന്‌ദഭൈരവി—ചെമ്പട

പല്ലവി

വന്‌ദേഹം ഭാനോ! വന്‌ദേഹം!

അനുപല്ലവി

സന്‌ദേഹം കൂടാതെ നമ്മുടെ
സന്താപം ശമിപ്പിക്കേണം
സങ്കടം വിശങ്കടം നിരാകുരു
നിൻകടാക്‌ഷമെങ്കൽ വേണമമ്പൊടു (വന്‌ദേഹം)

ചരണങ്ങൾ

1. മാർത്താണ്ഡാ! പാഹി ഭർത്താരം
ആർത്തികളകററി കാമിത—
പൂർത്തികൾ വരുത്തീടേണം
കീർത്തനീയമൂർത്തിയായ നിൻപദ—
മോർത്തുകൊണ്ടു പാർത്തുകൊൾക മമ ഗതി (വന്ദേഹം)

2. താപസേന്ദ്രന്റെ ശാപമേ
താപത്തിനു മൂലമുടൻ
ആപത്തിനു ഹേതുവായെൻ
പാപജാതപാതമായി വന്നിതു
പാവനാംഗ! പാഹി! പാഹി! ദിനകര! (വന്ദേഹം)

3. ഉദിക്കാതെ നാളെ വസിക്കേണം
ഉദിക്കുമ്പോളെന്നുടെ നാഥൻ
പതിക്കുമ്പോലെന്നു മാണ്ഡവ്യൻ
വിധിച്ചു ഹന്ത! ചതിച്ചു നമ്മെ മാമുനി
വധിച്ചുവെങ്കിലതിനു ഖേദമില്ലിഹ (വന്ദേഹം)

4. വൈഷമ്യം മമ വൈധവ്യം
വാരാതെ ലോകേശാ! നമ്മെ
പാരാതെ പാലിച്ചീടേണം
പരമയോഗിവരനുമിന്നു വന്നൊരു
മരണഖേദമറണമഞ്ജസാ വിഭോ! (വന്ദേഹം)

5. കല്യാത്മൻ പാഹി! കല്യാണം
ഉല്ലാസമിയന്നു മമ
ശല്യങ്ങളൊഴിച്ചീടേണം
ഉദയശൈലമുപരി വന്നിരിക്കിലും
ഉദയഭാവമരുതു ദേവ! ഭാസ്കര!'' (വന്ദേഹം)

ശീലവതീനുതിവചനമതിങ്ങനെ
മീലിതരസമൊടു കേട്ടു ദിനേശൻ
കാലവിധായകനെങ്കിലുമവളുടെ
ശീലഗുണാദികൾമൂലമവൾക്കനു—
കൂലമതാകിന കാലവിളംബന—
ലോലതയോദയശൈലവരന്റെ വി—
ശാലമതാകിന ശിഖരംതന്നിൽ
ബാലദിവാകരഭാവത്തോടേ
ശൂലസ്ഥിതനാം മുനിയുടെ ശാപാൽ
കാലവംശഗതനാകിന മുനിയുടെ
പാലനമൻപൊടു ചെയ്‌വതിനായി
ശീലവതീഹിതപൂരണനിരതൻ

തത്ര മറഞ്ഞു വസിച്ചരുളീ ശുഭ–
മാത്രചരിത്രൻ മിത്രൻ ഭഗവാൻ.

അർക്കോദയമില്ലാഞ്ഞതുകൊണ്ടു ജ–
ഗത്ത്രയമൊക്കെപ്പരവശമപ്പോൾ
ധാത്രിയിലുള്ള ജനങ്ങളശേഷം
രാത്രിവിരാമം കാണാഞ്ഞെത്രയു–
മാർത്തികലർന്നുമുറക്കമുണർന്നു പു–
രത്തിനകത്തു കിടന്നുഴലുന്നു;
പുറത്തു പുറപ്പെടുവാൻ ഭയമേററം
ഉരുത്തുകറുത്തു പരക്കുമിരുട്ടുകൾ–
കൊണ്ടു വിരണ്ടും തങ്ങളിലാർക്കും

കണ്ടുംകൂട മഹാവൈഷമ്യം;
കുണ്ടും കുന്നുമറിഞ്ഞുംകൂടതു–
കൊണ്ടുമിറങ്ങിനടപ്പാൻ മേലാ;
ഭൂമിയിലുള്ള മഹാബ്രാഹ്മണരും
മാമുനിമാരും മററുള്ളവരും
യാമിനിവിരതി വരാഞ്ഞതുമൂലം
കാമിതവിധിയുമിളച്ചു വസിച്ചു;

''നാമിനി നിയമമുപേക്ഷിച്ചതിനാൽ
നരകക്കുഴിയിൽ ചാടുകയായി;''
കാമിനിമാർക്കും പുരുഷൻമാർക്കും
കാമവിലാസംകൊണ്ടു മുഷിഞ്ഞു;
ഭൂമിമനോഹരമമൃതെന്നാലും
കോരിക്കോരിയൊഴിച്ചാൽ മുഷിയും;

അർക്കനുദിക്കാഞ്ഞപ്പോൾ ചന്ദ്രനു–
മക്കാലങ്ങളിലുദയം നാസ്തി
നക്ഷത്രങ്ങടെ ഗമനാഗമനം
തൽക്ഷണമില്ലാതായിതു കാലം
ഭൂതപ്രേതപിശാചാദികളും
ഭുവനംതന്നിൽ നിറഞ്ഞു ചമഞ്ഞു;

കള്ളൻമാർക്കിഹ കട്ടുമുടിപ്പാ–
നുള്ള പരാക്രമമെത്രയുമധികം
വേദിയവരരുടെ ധർമ്മാധർമ്മം
വേദാദ്ധ്യയനം സന്ധ്യാവന്ദന–
മോദനപാകം ശാസ്ത്രം തർപ്പണ–
മാദി സമസ്തം നാസ്തിയതായി
ദേവക്ഷേത്രേ പൂജകളീശ്വര–
സേവാവിധികൾ നമസ്കാരാദികൾ
നൈവേദ്യങ്ങൾ ജപങ്ങളുമെന്നിവ

കേവലമൊക്കെ മുടങ്ങി തദാനീം;
ധരണീസുരരുടെ യാഗാദികളാം
കരണീയങ്ങൾ നശിച്ചതുമൂലം
സുരവൃന്ദങ്ങൾക്കഷ്ടി മുടങ്ങി—
പ്പരവശമവരുമുഴന്നുതുടങ്ങി
അഷ്ടവസുക്കളുമശ്വനികളമര—
ശ്രേഷ്ഠൻമാരും കിംപുരുഷാദികൾ
അഷ്ടദിഗീശൻമാരുംകൂടി
ക്ലിഷ്ടതപൂണ്ടു മഹേന്ദ്രസമീപേ
ചെന്നഥ യോഗംകൂടി വിചാരി—
ക്കുന്നൊരു സമയേ നാരദമുനിയും
മന്ദസ്മിതവും തൂകിപ്പരിചൊടു
വന്നു വിശേഷം ബോധിപ്പിച്ചു;
''ഉഗ്രതപസ്സെന്നുള്ളൊരു മുനിയുടെ
സൽഗൃഹണീമണി ശീലവതീ നിജ
ഭർത്തൃവിനാശഭയം കൊണ്ടവൾതൻ
ഭർത്തൃപ്രീതി വരുത്താൻ ത്വരിതമു—
ദിക്കരുതെന്നു വിലക്കുകകാരണ—
മർക്കനുദിക്കുന്നില്ലതുമൂലം
സൽക്കർമ്മങ്ങളശേഷം മുട്ടി
സ്വർഗ്ഗിജനങ്ങൾക്കഷ്ടിയുമൂർദ്ധ്വം,
അർക്കനുദിച്ചാലവളുടെ ഭർത്താ—
വർക്കജവീട്ടിൽ പോമെന്നൊരു മുനി
കർക്കശമാകിന ശാപം നല്കി
ദുർഘടമെല്ലാമായതുമൂലം;
താടിക്കാരുടെ കുസൃതികൾ കണ്ടാൽ
താഡിക്കാത്തവർ വിടുഭോഷൻമാർ
പേടിക്കാതെ വനങ്ങളിലെല്ലാം
കൂടിക്കൊണ്ടവർ കണ്ടജനത്തെ
ശാപംകൊണ്ടു നശിപ്പിക്കുന്നു
കോപംകൊണ്ടൊരു പൊറുതിയുമില്ല
താപസവരരുടെ മുഷ്കു പൊറാഞ്ഞൊരു
ഭൂപൻ കല്പിച്ചൊരു താപസനെ
കഴുവേററിച്ചൂ പിന്നെയുമാ മുനി
കഴുവേലങ്ങു മലർന്നുകിടന്നിഹ
വഴിപോകുന്ന ജനത്തെത്താനൊരു
പിഴകൂടാതെ ശപിച്ചുതുടങ്ങി;
നമ്മുടെ കൂട്ടക്കാരേപ്പോലെ
ദുർമ്മര്യാദം മററാർക്കുള്ളു?

തനിയേ മരണമെടുത്ത മുതുക്കൻ
മുനിയേ സപദി ശപിക്കനിമിത്തം
മനുജ സുരാസുര മുനിവൃന്ദത്തിനു–
മനുഭവമിങ്ങനെ വന്നുഭവിച്ചു!''
നാരദവചനം കേട്ടു മഹേന്ദ്രൻ
നമ്മാലെളുതല്ലെന്നുരചെയ്തു
നീരജഭവനെക്കാൺമാൻ തന്നുടെ
വാരണവരഗളമേറി നടന്നു;
കുട തഴ ചാമരമെന്നിവ ചിഹ്നം
പടുപടഹദ്ധ്വനി കൊമ്പും കുഴലും
തുടി തകിൽ തിമിലയിടയ്ക്കയുടുക്കുകൾ
ഝടഝടരവമൊടു വാനവർസേനാ–
ഭടജനമൊക്കെ നടന്നിതു മുമ്പിൽ
ചൊൽക്കൊണ്ടീടിന മുപ്പതു കോടികൾ
മുക്കോടിയുമമരൻമാരുടെ കുല–
മൊക്കെക്കൂടി വിരിഞ്ചനികേതം
പുക്കു വിരിഞ്ചനെ വന്ദനചെയ്തു;
ജംഭനിഷൂദനനമ്പൊടു പങ്കജ–
സംഭവനോടു വിശേഷമശേഷം
സംഭ്രമസഹിതം ശീലവതീവ്രത–
സംഭൂതം ബത ബോധിപ്പിച്ചു;
''ഇങ്ങനെയുള്ളൊരു സങ്കടമെങ്കില–
തിങ്ങു നിനച്ചാലെളുതല്ലേതും
അംഗജനാശനനോടറിയിച്ചാൽ
സംഗതിവരുമീ ദുർഘടമൊഴിയാൻ
വിരവൊടു ഞാനും പോരാ''മെന്നുട–
നരവിന്ദാസനനരുളിച്ചെയ്തു.
അരയന്നപ്പുറമേറിനടന്നാ–
നരനാഴിക വൈകാതേ തരസാ
നാലാനനനും നാരദമുനിയും
കാലാനില വരുണേശാദികളും
ബാലാമൃതശേഖരനഥ മരുവും
കൈലാസാചലമമ്പൊടണഞ്ഞു
കോലാഹലമൊടു മണിമയഗോപുര–
ശാലാനികടേ നിന്ന ദശായാം
ശൈലാധീശ്വരനീശ്വരനോടനു–
കൂലാചാരം തൊഴുതറിയിച്ചു.
മംഗലദൈവതമർക്കനുദിച്ചു വി–
ളങ്ങിന സമയം സപദി ഭവിച്ചു.

ശീലാവതീചരിതം ഓട്ടൻതുള്ളൽ
സമാപ്തം

അഹല്യാമോക്‌ഷം

പണ്ടു മഹാഭുജവിക്രമനാം ദശ—
കണ്‌ഠനതെന്നൊരു രാക്‌ഷസരാജൻ
ഉണ്ടായ്‌വന്നു ധരിത്രിയിലവനെ—
ക്കണ്ടാലഞ്‌ജനശൈലസമാനൻ.
കുണ്‌ഠത പെരുകിന രാക്‌ഷസരെക്കൊ—
ണ്ടിണ്ടൽ തുടങ്ങി സുരൻമാർക്കെല്ലാം;
തൽക്‌ഷണമായവരൊക്കെക്കൂടി
ലക്‌ഷ്‌മീപതിയെച്ചെന്നു വണങ്ങി
രക്‌ഷോവരനാലുള്ളൊരസഹ്യത
ശിക്‌ഷയിലങ്ങറിയിച്ചൊരു സമയേ
പക്‌ഷിദ്‌ധ്വജനാമീശ്വരനവരെ—
രക്‌ഷിപ്പതിനു മുതിർന്നരുൾചെയ്‌തു:
‘‘ഇക്‌ഷുശരാസനരിപുതൻ കൃപയാൽ
രക്‌ഷോവരനതി ബലവാനെങ്കിലു—
മക്‌ഷയഭുജബലനാകുമൊരവനെ—
ശ്‌ശിക്‌ഷിച്ചിനി ഞാൻ നിങ്ങളെയെല്ലാം
രക്‌ഷിച്ചീടുവനെ’’ന്നരുൾചെയ്‌തു
മോക്‌ഷപ്രദനവിടത്തിൽ മറഞ്ഞു;
ഉത്തരകോസലരാജ്യേയത്രയു—
മുത്തമമായൊരയോദ്‌ധ്യാപുരിയിൽ
കീർത്തിപെരുത്തൊരു ദശരഥനാകും
പാർത്‌ഥിവമകുടശിരോമണിതന്നുടെ
പുത്രനതായ് രാമാഭിധയോടും
പൃഥിയിൽ വന്നവതാരം ചെയ്‌തി—
ട്ടത്ര വസിക്കുംകാലേ കൗശിക—
സത്രവിരോധികളെക്കൊലചെയ്‌വാൻ
പ്രാർത്‌ഥിതനായതുകാരണമഹിപനു
മൂർത്ത്യംശജനാം ലക്‌ഷ്‌മണനോടും
ആശ്രിതരക്‌ഷകനാകിന ഭഗവാൻ
വിശ്രുതമാകിന സിദ്‌ധാശ്രമഭുവി
പാർത്തു മഖദ്വേഷികളെക്കൊല ചെ—
യ്‌താർത്തികളഞ്ഞു മുനീന്‌ദ്രൻമാർക്കും.
ഭൂപകുമാരൻമാരുടനേ ഹര—
ചാപം കാൺമതിനാഗ്രഹമോടേ
വിശ്വാമിത്രമുനീശ്വരവചനാൽ
വിശ്വാസത്തോടു പോയൊരു ശേഷം;

വീരൻ ശ്രീരാമചന്ദ്രൻ ധീരൻ തരുണീജന—
മാരൻ തരുണഗുണശീലൻ സരസീരുഹ
നേത്രൻ മൃദുലതരഗാത്രൻ പരിപാലിത—
സത്രൻ പരിപഠിതശസ്ത്രൻ പ്രചലിതകാ—
മാസ്ത്രൻ പൂർണ്ണേന്ദുനിഭവക്ത്രൻ കുശികനൃപ—
പുത്രൻതന്നോടുകൂടി രസിച്ചു പോകുന്ന കാലം;

അഗ്രേ കണ്ടൊരു കാനനമെത്രയു—
മുഗ്രതരം തരുപൂരം വിമലം
സർഗ്ഗ[1] സ്ഥിതിലയകാരണനാം നൃപ
വർഗ്ഗശിരോമണി ചോദിച്ചുടനേ!
''ഏതൊരു കാനനമിന്നു പുരോഭുവി
ചേതോഹരമിതു കാണാകുന്നു?
പാതകനാശനമായ തപോവന—
മേതൊരു മുനിയുടെയെന്നരുൾചെയ്ക;
ഹരി കരി നരിമര[2] മഗ്രേ നടക്കും
ഹരി കുറുനരി ഹരിണങ്ങളുമീവക
പെരുകിന മോദാലിടചേർന്നിങ്ങനെ
പരിഭവരഹിതം കാണാകുന്നു;
ഇങ്ങനെയുള്ള മഹാസ്ഥലദർശന—
സംഗതിവരികയുമില്ല നരാണാം;
പുണ്യവിശേഷംകൊണ്ടല്ലാതിതു
മാന്യമതേ! യിടകൂടുകയില്ലാ!''

രാമചന്ദ്രഗിരമേവം കേട്ടൊരു
മാമുനീന്ദ്രനഴകോടരുൾചെയ്തു:
''ശ്യാമകോമളകബേര നിന്നുടെ
കാമിതം രുചിതമിന്നു നമുക്കു
വാമദേവപദഭക്തനതാകിന
സാമവേദനിധി ഗൗതമനെന്നൊരു
മാമുനീശ്വരവരന്നുളവായി
ഭൂമിതന്നിലൊരുകാലം പണ്ട്
സോമബിംബമുഖിയായൊരഹല്യാ—
കോമളാംഗി മൃദുഭാഷിണിയോടും
ശ്യാമകോമളകളേബര! വളരെ
ഭീമമായ തപമായവർ ചെയ്തൊരു

---

[1] സർഗ്ഗം=സൃഷ്ടി. 'സ്വർഗ്ഗസ്ഥിതിലയകാരണനാം'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠം.

[2] മരം = മരമാൻ എന്ന ഒരുതരം മാനുണ്ട്. അതായിരിക്കണം ഇവിടെ ഉദ്ദേശിക്കുന്നത്.

പുണ്യദേശമിതു കാൺക രഘൂത്തമ!
പുണ്ഡരീകവിമലായതനേത്ര!''

താപസവരനുടെ വാക്കുകൾ കേട്ടു
ഭൂപകുമാരനുമരുളിച്ചെയ്തു:
''ശാപവരാധിപ[1]ഗൗതമമുനിയുടെ
പാപവിമോചനവാസസ്ഥലമിതു

കണ്ടു വണങ്ങി ഗമിക്കാനാഗ്രഹ—
മുണ്ടു നമുക്കു മനസ്സിലിദാനീം;
ഇണ്ടലകന്നു ഗമിച്ചെന്നാലതു—
കൊണ്ടു നമുക്കൊരു മംഗലമുണ്ടാം.''

എന്നരുൾചെയ്തു മുനീശ്വരസഹിതം
ചെന്നു മഹാവനദേശംപുക്ക്
അന്നേരത്തൊരു മോഹനമാം ശില
മുന്നിൽ പരിചൊടു കാണായ്‌വന്നു;

അതിമോദേന പറഞ്ഞാൻ മാമുനി:
''ഇതു കണ്ടീടുക രാജകുമാരാ!
മതിമുഖിയായൊരഹല്യാദേവിയെ
ഇതുകാലത്തൊരു ശിലയായ് കാൺക!

തവ പദകമലംകൊണ്ടു ചവിട്ടുക
ഇവളുടെ പാപവിമോചനമല്ലോ!
അവൾ ബഹുകാലം ദുഃഖിച്ചിങ്ങനെ
അവനിയിലൊരു ശിലയായിസ്സതതം

ഹന്ത! ഭവാനുടെ പാദസരോരുഹ—
ചിന്തനകൊണ്ടതി വിമലാത്മാവാം
ചിന്തിതവിതരണസന്താനദ്രുമ!
നിന്തിരുവടിയുടെ വരവും പാർത്തു
പൂന്തേൻമൊഴിയിവൾ തന്റെയദൃഷ്ട[2]മ—
തെന്തിഹ ഞാനുരചെയ്‌വതിദാനീം.
'രാമ രമാവര രാഘവവീര!

കാമഫലപ്രദ! കാരുണികോത്തമ!
മാമക ദുഃഖനിവാരണമതിനൊരു
താമസമരുതിനിയരവിന്ദാക്ഷ!'
ഇങ്ങനെ വളരെ പ്രാർത്ഥിച്ചുംകൊ—
ണ്ടംഗനമണിയവൾ വാണീടുന്നു;
മംഗലനിലയയവൾക്കിനി വേഗാൽ
മംഗലമരുളുക കരുണാസിന്ധോ''

---

1. ശാപവരാധിപൻ=ശാപത്തിനും വരത്തിനും അധിപൻ. ശപിക്കാനും വരംകൊടുക്കാനും ശക്തൻ. 2. അദൃഷ്ടം=വിധി; ഭാഗ്യക്കേട്.

മാമുനിവചനം കേട്ടദശായാം
മനസി തെളിഞ്ഞിദമരുളിച്ചെയ്തു;
''കനിവൊടു മാമുനിപുംഗവ! വേഗാൽ
ഇതിനുടെ കാരണമരുൾ ചെയ്താലും;
മതിമുഖിയായൊരഹല്യാദേവി
സതിജനവംശശിരോമണിരത്നം
അതിസുഖമോടു തപസ്സുംചെയ്തു
പതിയൊടുകൂടി വസിക്കും കാലം
സംഗതിയിങ്ങനെ വരുവാൻ മുനികുല—
പുംഗവ! കാരണമരുൾചെയ്താലും.''
മംഗലമൂർത്തി രഘൂത്തമവചനം
ഭംഗിയൊടിങ്ങനെ കേട്ട ദശായാം
തിങ്ങിന മോദമൊടതിനുടെ കാരണ—
മിങ്ങനെ മുനിവരനരുളിച്ചെയ്തു:
''അമരാധിപനൊരുനാളിൽ കുതുകാൽ
ധരണീതലമതു കാൺമതിനായി
പരിചൊടു നല്ല വിമാനവുമേറി—
സ്സുരപതി ദിക്കുകൾ കണ്ടു രസിച്ചു;
അരികുലകാലനനേകം ദിക്കുകൾ
തരണംചെയ്തു ഗമിക്കുംകാലം
ലോകമഹാമണിദീപമതായൊരു
ഭാനുവുമബ്ധിയിലാശു മറഞ്ഞു;
താരഗണങ്ങളുദിച്ചു വിളങ്ങി
സാരസജാലവുമങ്ങഥ മങ്ങി
ചന്ദ്രനുദിച്ചഴകോടഥ പൊങ്ങി
ചന്ദ്രികയുലകിലശേഷം തിങ്ങി
അംഗനമാരൊടുകൂടിച്ചില ജന—
മംഗജനാടകമാടുവതിന്നായ്
ഭംഗികലർന്നൊരു പുരകളിൽ വാണവർ
ശൃംഗാരങ്ങൾ നടിച്ചുതുടങ്ങി;
തിങ്ങിന മോദമൊടമരേശൻ താൻ
ഇങ്ങനെയുള്ളൊരു രാത്രിയിൽ വേഗാ—
ലങ്ങു ഗമിക്കുംനേരമധോഭുവി
ഭംഗിയിലൊരു വനമവിടെക്കണ്ടു.
ഗൗതമമുനിയുടെയാശ്രമദേശം
കൗതുകമോടഥ കണ്ടു മഹേന്ദ്രൻ
അതിശയമോടൊരു പൂങ്കാവും പുന—
രതിലൊരു മതിമുഖി വിലസീടുവതും

പ്രതിമുഖമവിടെക്കണ്ടു സുരേശ്വര—
നതിമോദത്തോടു നോക്കും സമയേ;

ചമ്പതാളം

അതികുടിലഘനസദൃശനിറമുടയ വേണിയും
അദ്ഭുതമാകും നിടിലപ്രദേശവും
രതിരമണകരകമലചാപത്തിനേററവും
ആതങ്കമേകുന്ന ചില്ലിവില്ലാട്ടവും
കമലദളവിമലരുചി കണ്ണിണഭംഗിയും
കാമതൂണീരമോടൊത്ത കർണ്ണങ്ങളും,
തിലകസുമസമമുടയ നാസികാഭംഗിയും
തിങ്കൾക്കു തുല്യം നിരങ്കമാം വക്ത്രവും
വനജസമഘനസുഷമകുചകലശകുഗ്മളം
വക്ഷഃപ്രദേശം നിറഞ്ഞു തിങ്ങിത്തദാ
മൃദുലതരകരയുഗളവടിവുമതിമോഹനം
ആനന്ദമുണ്ടാം വലിത്രയശോഭയും
പുളിനമൊടുസമജഘനമതികൃശസുമദ്ധ്യവും
പൂന്തുകിൽ ചാർത്തുമക്കാഞ്ചിതൻ ശോഭയും
കദളിയൊടു കലഹമനുദിനവുമഥ ചെയ്തിടും
കാമിനീമൗലിതന്നൂരുപ്രദേശവും
കമലകുലമനിശമവൾപുറവടികൾ കാൺകയാൽ
കാമഭംഗേന ജലംപുക്കു മേവിനാർ
അരുതരുതു പറവതിനു നാഗാധിരാജനും
അദ്ഭുതസൗന്ദര്യമോഹനാഡംബരം
സുരതരുണിജനമഖിലമപ്സരസ്ത്രീകളും
പരിചിനൊടു കാൺകിലോ നാണമായോടിടും.

കമലാക്ഷിയെയിങ്ങനെ കണ്ടു
കാമാസ്ത്രവുമപ്പൊഴെ കൊണ്ടു
വലശാസനനൊന്നു വിരണ്ടു
ചലനാശയനായതു കൊണ്ടു
തലമുടി കണ്ടും മുലയിണ കണ്ടും
കളരുചി കണ്ടും മനമതുമാണ്ടും;

സുമബാണനുമൊന്നു കടുത്തു
സുമസായകമൊക്കെയെടുത്തു
വിരവോടതിലൊന്നു തൊടുത്തു
സുരനാഥനെയൊന്നു കൊടുത്തു
ശരമതെടുത്തു ഗുണമൊടു ചേർത്തു
സമയമതോർത്തു ചതിവതു പാർത്തു;

പുരുഹൂതനു ബുദ്ധി പകർന്നു
പരനാരിയിലാശ വളർന്നു
സുരകാമിനിമാരെ മറന്നു
സ്മരലീലയിൽ മോഹമിയന്നു
ധൃതിയതകന്നു വിവശത ചേർന്നു
തദനു തളർന്നു കാമമുയർന്നു.

ഉത്തമനായ സുരാധിപനിങ്ങനെ
ചിത്തവിചാരം വന്നു ഭവിച്ചു;
മത്തനതായ സുരാധിപനപ്പോ-
ളുത്തൽ വളർന്നു വിഷാദിച്ചുടനെ
കാമിനിമണികുലമകുടശിരോമണി
യാമിനിയതിലിവളേകയതായി
ഉല്പലലോചന,യാരുടെ ഭാമിനി
പുഷ്പമിറുത്തു വസിച്ചീടുന്നു!
നിഷ്ഫലമായിതു വരുമോ നമ്മുടെ
പുഷ്പശരാർത്തികളിവളൊടു ചൊന്നാൽ
എങ്കിലുമവളുടെ സവിധേ ചെന്നി-
സ്സങ്കടമഖിലം പറകേയുള്ളു;
എന്നു മനസ്സിലുറച്ചു മഹേന്ദ്രൻ
മന്നിടമതിലവതരണം ചെയ്തു.
സുന്ദരിമാർമണിതന്നുടെ സവിധേ
ചെന്നവളോടുരചെയ്തിതു മന്ദം
‘‘പരഭൃതമൊഴിജനമടിപണിയുന്നൊരു
സരസിജദളമിഴി! ശശിവദനേ! ക്ഷേമം
പെരുകിന വനമതിലിങ്ങനെ താനേ
പരിചൊടു വരുവാനെന്തൊരുമൂലം
വലുതായുള്ളൊരു സത്ത്വകുലം ബഹു
വിലസീടുന്നൊരു ഗഹനേ രാത്രൗ
ചലനമതെന്യേ നടകൊള്ളും തവ
കുലനാമങ്ങളുമുരചെയ്താലും;
സുലളിതകോമളഗാത്രേ! നിൻ വര-
നുലകിലതേതൊരു സുകൃതിയതെന്നും
പരിചൊടു ചൊല്ക മനോജ്ഞേ! നീയിഹ-
പരമാർത്ഥങ്ങളശേഷവുമിപ്പോൾ.’’
സുരകുലവരനുടെ ഗിരമതു കേട്ടഥ
സരസിജദളമിഴി ചൊന്നാളേവം!
‘‘മുനികുലമകുടശിരോമണിരത്നം
മമ പതി ഗൗതമമുനിയെന്നറിക!

നാമമഹല്യാ ഇതി പരമാർത്ഥം
മാമകമെന്നറിയേണമതിപ്പോൾ:
കാമസമാനകളേബരനാം തവ
നാമമതെന്തെന്നുരചെയ്താലും!''
ഇത്തരമവളുടെ വാക്കുകളഖിലം
ചിത്തരസത്തോടു കേട്ടമരേശൻ
സത്വരമത്തരുണാംഗിയൊടപ്പോൾ
ഉത്തരമരുൾചെയ്താനതി മോദാൽ:
''അമരാധിപനെന്നെന്നെപ്പരിചൊടു
കമലാനനയാം നീയറിയേണം!
വിമലമതേ തവ! കൊങ്കകൾ കണ്ടി–
ട്ടമിതകുതൂഹലമുളവാകുന്നു;
മട്ടോലും മൊഴിയാളേ! നിൻമുല–
മൊട്ടുകൾ രണ്ടും നമ്മുടെ മാറിൽ
പുഷ്ടാനന്ദം ചേർത്തു പുണർന്നി–
ട്ടൊട്ടു ശമിപ്പിച്ചീടുകതാപം!
കഷ്ടം! മടുമലർശരനുടെ ബാണം
പെട്ടെന്നനവധി കൊണ്ടിട്ടെന്നുടൽ
നഷ്ടംവന്നു ഭവിക്കുംമുമ്പേ
തുഷ്ടിയൊടാശു പുണർന്നാലും നീ.
രതിരമണാസ്ത്രമതേററതിവിവശാൽ
മതിയുംകെട്ടു ഭ്രമിക്കുന്നെന്നെ
മതിമുഖിയാളേ! യൊന്നുപുണർന്നാ–
ലതിയായിട്ടൊരു ദോഷവുമില്ല.
എന്നതു കേട്ടു മനോഹരഭാഷിണി
മന്ദസ്മിതമൊടു ചൊന്നാളേവം:
''ഉത്തമനായ ഭവാനുടെ ഹൃദയേ
ഇത്തരമുള്ളതു തോന്നീടുന്നതു
യുക്തമതല്ലെന്നറിക മഹാമുനി–
സത്തമനിന്നിതു ബോധിച്ചെന്നാൽ
കോപിച്ചമ്മുനിവരനിഹ നമ്മെ–
ശ്ശാപവചസ്സുകളരുളും നിയതം;
പാപവുമുണ്ടതിനെത്രയുമോർത്താൽ
താപവുമതിനാൽ വന്നു ഭവിക്കും
അറിവില്ലാത്ത ജനത്തോടീവക
പറയണമറിവുള്ളാളുകളെല്ലാം
പറവാൻമാത്രമൊരറിവു നമുക്കി–
ല്ലറിയണമല്ലോ സകലവുമോർത്താൽ.''

മറിമായങ്ങളെയറിയാതുള്ളൊരു
മറിമാൻമിഴിയുടെ വചനമിതേവം
സ്മരശരവിവശനതായീടുന്നൊരു
സുരകുലനാഥൻ കേട്ടൊരു നേരം
പെരുകിന പരവശമാനസനായി—
പ്പുനരപി സരസിജമുഖിയൊടു ചൊന്നാൻ:
''ഉരുതരഗുണഗണനിലയേ! നിന്നുടെ
ഗിരമിതു ദുസ്സഹമെത്രയുമോർത്താൽ;
ഒരുഗതിയില്ലിഹ നീയല്ലാതെ
പെരുകിന മലർശരതാപമൊഴിപ്പാൻ
എന്നുടെ ജീവനെ രക്ഷിച്ചീടുക
സുന്ദരിമാർകുലമകുടമണേ! നീ
വരമതിയായൊരു മാടപ്രാവിൻ
ചരിതമതിന്നിഹ ചൊല്ലിടാം ഞാൻ;
ഒരുദിനമൊരുവന തരുവിനു മുകളിൽ
പരിചൊടു താനും പിടയുംകൂടി
മനസിജതാപമൊടാ ഖഗമിഥുനം
മനമതഴിഞ്ഞു രമിക്കും സമയേ
വന്നൊരുവ്യാധനുമത്തരുമൂലേ
നിന്നൊരു ശരമെയ്താനതുമൂലം
പക്ഷിണിതന്നുടെ വക്ഷസ്ഥലമതു
ലക്ഷിതമാക്കിത്തീർത്തു ശരത്തിനു
പക്ഷവുമററു വിലാപിച്ചവളും
തൽക്ഷണമവനിയിലാശു പതിച്ചു;
ചെന്നതെടുത്തക്കാട്ടാളൻതാൻ
പിന്നെയുമവിടെച്ചെന്നു വസിച്ചു;
തന്നുടെ പിടയെ രതിയുടെ മദ്ധ്യേ
കൊന്നൊരു താപം സഹിയാഞ്ഞിട്ട—
ത്യുന്നതമാകിന തരുശാഖായാം
ഖിന്നതപൂണ്ടു വസിക്കുന്നേരം
വരവശനായ കിരാതൻതന്നെ—
പ്പരിചൊടു കണ്ടപ്പാരാവതവും
പെരുകിന കൃപയവനുള്ളിലുദിച്ചു
പരിഭവമേതും തോന്നീലപ്പോൾ;
പട്ടിണിയിട്ടു കിടന്നീടുന്നൊരു
കാട്ടാളന്നു ലഭിച്ചൊരു മാംസം
ചുട്ടു ഭുജിപ്പാനഗ്നിയുമുടനേ
പെട്ടെന്നവിടെക്കൊത്തിക്കൊണ്ട—

ന്നിട്ടുകൊടുത്തവനാദരവോടേ;
തുഷ്ടനതായ കിരാതനുമുടനേ
ചുട്ടു ഭുജിച്ചു കപോതിയെ വേഗാ—
ലൊട്ടും തൃപ്തിവരാഞ്ഞിട്ടവനും
ദൃഷ്ടി മിഴിച്ചഥ നോക്കുന്നേരം
ശിഷ്ടനതായൊരു പാരാവതവും
കഷ്ടമിതെന്നു മനസ്സിലുറച്ചു
തന്നുടെ ദേഹവുമവനു ഭുജിപ്പാൻ
ഖിന്നതയെന്നിയെ ദാനം ചെയ്തു;
വഹ്നിയിൽ വീണു മരിച്ചാനുടനേ
ധന്യനതായ കപോതപ്പക്ഷി.
ചെന്നതെടുത്തു ഭുജിച്ചൊരു സമയേ
വന്നിതു തൃപ്തിയുമായവനേററം
ഉന്നതമതിയായുള്ള ജനങ്ങൾ—
ക്കിന്നതു ചെയ്യാമെന്നില്ലല്ലോ.''

സുരകുലവരനുടെ ഗിരമഖിലം
പരിചൊടു ശ്രവിച്ചൊരു ചലമിഴിയും
സ്മരശരവിവശയായവളുമേററം
വിരവൊടു നിരൂപിച്ചു ശശിവദനാ
മരതകമണിമയതനു ലലനാ
'സരസിജമിഴികളോടിട കലർന്നു
വരസുമതതികൊണ്ടു ചമച്ച തല്പേ
പെരുകിന സുഖമൊടു രമിച്ചു വാഴും
ഹരിയുടെ മൃദുതനു തനുസംഗമം
തരുണിമാർക്കതു പാർത്താലതി ദുർല്ലഭം
കരമതിലിഹ വന്നതതി സുകൃതം
തരുണിമാർ സുഖലീല വെടിഞ്ഞീടുമോ?
കരമതിലകപ്പെട്ട കനകക്കട്ട
പരിചൊടു കളയുന്നതുചിതമല്ല.
ഇതിനാലെയൊരു ദോഷം വരികിലുടൻ
വിധിയെന്നു' നിനച്ചഥ ശശിമുഖിയും*

സുന്ദരനായ സുരേശൻതന്നൊടു
നന്ദി കലർന്നു പറഞ്ഞാളേവം:
''വരിക മനോഹരരൂപാ! നിന്നുടെ

---

*. പഴയ വായ്പാഠം സ്വീകരിച്ചിരിക്കുന്നു. വൃത്തഗതിയെ അനുസരിക്കുന്നത് ഈ പാഠമാണ്.
'ഇതിനാലൊരുദോഷം വന്നാലുടനെ
വിധിയെന്നോർത്താളഥ ശശിമുഖിയും'—മുദ്രിത പുസ്തകങ്ങളിൽ കാണുന്ന ഈ പാഠം ഗാനരീതിക്കു ചേരുന്നില്ല.

കരളിലുദിച്ചൊരു കാമിതമെല്ലാം
വിരവൊടു സാധിച്ചീടുക വേഗാ–
ലരുതിനിയതിനൊരു താമസമൊട്ടും.''
മതിമുഖിയാളുടെ വചനമിതേവം
മതിതളിർ തെളിവൊടു കേട്ടൊരു നേരം
സുതനുവതായൊരഹല്യയെ വേഗാ–
ലതിവേഗത്തൊടു പ്രാപിച്ചിന്ദ്രൻ;
പലവിധ ലീലകൾ ചെയ്തുതുടങ്ങി
രതിപതികരമതിൽ ബാണമൊടുങ്ങി;
കതിരവനുദയത്തിന്നു തുടങ്ങി
പനിമതിബിംബവുമങ്ങഥ മങ്ങി
സുഖമൊടുകൂടി രമിച്ചു സുരേശൻ
മതിമുഖിമണിയൊടു കൂടിയശേഷം
രതിയുടെ വിരതി ഭവിച്ചൊരു സമയേ
രതിരമണോപമനായ സുരേശൻ
മന്ദസ്മിതവും ചെയ്തു പുണർന്നു
മന്ദേതരമവളോടുരചെയ്തു:
''എന്നാലങ്ങു ഗമിക്കുന്നിഹ ഞാൻ
നിന്നാലതിനൊരു വിഷമമതുണ്ടാം
നിന്നുടെ വല്ലഭനിവിടെ വരുമ്പോൾ
എന്നെയുമിവിടെക്കണ്ടെന്നാകിൽ
ഉന്നതമതിയാമവനുടെ ഹൃദയേ
ഒന്നിനതൊന്നു ധരിക്കും നിയതം;
ആയതിനൊന്നിനുമിടകൂടാതെ
ആയതമിഴി! ഞാൻ പോയീടുന്നേൻ;
ഇന്നും രാത്രിയിലിവിടെ വരും ഞാൻ
ഒന്നും തൃപ്തി ഭവിച്ചതുമില്ല.
എന്നവളോടുരചെയ്തതിമോദാൽ
ഒന്നു പുണർന്നു നടന്നു മഹേന്ദ്രൻ;
സുന്ദരിമാർകുലമൗലിയുമുടനേ
ചെന്നു കുളിച്ചുടനാശ്രമദേശേ
വന്നു വസിച്ചു മുനീന്ദ്രനു വേണ്ടുവ–
തൊന്നൊഴിയാതെയൊരുക്കിയിരുന്നു;
അന്നു തുടങ്ങീട്ടമരാധിപനിൽ
സുന്ദരഗാത്രിക്കാശ മുഴുത്തു;
എന്നതുതന്നെയുമല്ല മുനീന്ദ്രനിൽ
നിന്ദയുമന്നുമുതൽക്കുതുടങ്ങീ!
അന്നും രാത്രിയിലമരാധീശൻ

സുന്ദരിമണിയുടെ സവിധേ ചെന്നു
നന്ദിച്ചതിസുഖമോടു വസിച്ചു
പിന്നെയുമങ്ങനെ നിത്യമതായി.
പല നാളിങ്ങനെ പുരുഹൂതൻ താ–
നലസാക്ഷീസമനായി രസിച്ചു;
പല കാലം വലയാനൊരു സംഗതി
ചലമിഴിയാൾക്കതുകൊണ്ടു ഭവിച്ചു;
അമരാധിപനിൽ കാംക്ഷ മുഴുത്തു
കമലവിലോചനയാൾക്കു ദിനംപ്രതി
വിമലാത്മാവാം മാമുനിതാനൊരു
കുമതിയതെന്നു മനസ്സിലുറച്ചു.

നേരം വെളുപ്പാറാകും നേരമമരവരൻ
ചാരത്തു ചെന്നു പരിചോടു കുക്കുടശബ്ദം
പാരം പുറപ്പെടീക്കും; നേരം വഴുകീതെന്ന–
ത്തീരം ഗമിക്കും മുനി, സാരംഗാക്ഷിയുമപ്പോൾ
പാരാതെ ചെന്നു സുരവീരനോടൊത്തു പല–
നേരം പോക്കുരയ്ക്കയും മാരമാലോടേ പരി–
ചോടേ രമിച്ചു, മുനിവീരൻ നിയമം തീർന്നു
ചാരത്തു വരുന്നേരം ദൂരത്തു ഗമിക്കയും;

കേഴക്കണ്ണീസംഗമമോർത്തവ–
നേഴരനാഴിക രാവുള്ളപ്പോൾ
കോഴി കരഞ്ഞുതുടങ്ങി മഹേന്ദ്രൻ
കോഴ കളഞ്ഞു മുനീന്ദ്രനുമപ്പോൾ
പ്രീതനതായെഴുനേററങ്ങുടനേ
പ്രാതഃസ്നാനത്തിന്നു ഗമിക്കും;
മാമുനി പോയതറിഞ്ഞാലുടനേ
വാമവിലോചനയാളൊടുകൂടി
കാമമഹോത്സവമാടീട്ടധികം
പ്രേമമിയന്നു രമിക്കും നിത്യം;
ഇങ്ങനെ പലനാൾ പുരുഹൂതൻതാൻ
മംഗലഗാത്രിയൊടൊത്തു രമിച്ചു
തിങ്ങിന മോദാൽ വാണൊരുകാലം
പങ്ങച്ചാർക്കൊരു ചെണ്ടപിണഞ്ഞു;
രാത്രിയിലൊരുനാൾ കുക്കുടശബ്ദം
പാർത്തിരിയാതെ ശ്രവിച്ചു മഹാമുനി
മാർത്താണ്ഡോദയസമയമിതെന്ന–
ങ്ങോർത്തു നടന്നു കുളിപ്പാൻ വേഗം;
ഗംഗാപുളിനേ ചെന്നൊരു നേരം

ഗംഗയുണർന്നതുമില്ലസ്സമയേ;
സംഗതിയെന്തെന്നോർത്തു മഹാമുനി–
പുംഗവനത്ര തപോവിഭവത്താൽ
ഒന്നൊഴിയാതെയറിഞ്ഞു ചരിത്രം
നന്നിത്തൊഴിലെന്നോർത്തു ഗമിച്ചു;
അന്നേരം പുരുഹൂതനുമവളോ–
ടൊന്നിച്ചോരോ കഥകൾ പറഞ്ഞു
നന്ദിച്ചവരു രമിക്കുന്നേരം
ചെന്നു കരേറി മുനീന്ദ്രനുമവിടെ;
സുന്ദരിയോടൊരുമിച്ചു രമിക്കും
സുന്ദരനായ സുരേശൻതന്നെ
ദൃഷ്ടനതായൊരു നേരത്തവനുടെ
ദൃഷ്ടികളൊന്നു കലങ്ങിമറിഞ്ഞു;
മാമുനിവരനെക്കണ്ടൊരുനേര–
ത്താമയമോടു സുരാധിപനുടനേ
ഭാമിനിയാമവളെയുപേക്ഷിച്ചൊരു
താമസമെന്നിയെയോടി ഭയേന;
വന്നൊരു കോപാൽ ദേവാധിപനോ–
ടൊന്നു വിളിച്ചരുൾചെയ്തു മുനീന്ദ്രൻ:
‘‘സുകൃതിയതായ സുരേശാ! നിന്നുടെ
വികൃതികൾ കണ്ടു രസിച്ചേനിഹ ഞാൻ
യാഗംചെയ്ത ഫലങ്ങളെയിന്നൊരു
ഭോഗംകൊണ്ടു നിവൃത്തിയതാക്കി
വേഗം പോകുന്നെന്തിനു നിന്നവി–
വേകംകൊണ്ടൊരു കോപവുമില്ല;
എന്നെക്കണ്ടതിനാലൊരു സമ്പ–
ത്തിന്നു ഭവാനു ലഭിച്ചീടേണം
പത്തുശതം സുരനാരികളോട–
ങ്ങൊത്തു രമിപ്പതിനായി നിനക്കു
പുത്തനതായൊരു ലിംഗസഹസ്രം
ഉത്തമനാകിയ നിന്റെ ശരീരേ
ഒത്തു മുളയ്ക്കണമെന്റെ തപസ്സൊരു
സത്യമതെന്നാലെന്നുടെ ശാപാൽ;’’
എന്നു ശപിച്ചു പുരന്ദരനെപ്പുന–
രൊന്നു പറഞ്ഞിതഹല്യയൊടപ്പോൾ
‘‘കഷ്ടം മാനിനിമൗലേ! നിന്നുടെ
ചേഷ്ടിതമെത്ര ജുഗുപ്സിതമോർത്താൽ
ഇഷ്ടനതായൊരു വരനില്ലാഞ്ഞി–

ട്ടൊട്ടു കൊതിച്ചഥ മരുവും സമയേ
കിട്ടിയ വരനൊടു കൂടിപ്പരിചിനൊ—
ടിഷ്ടസുഖങ്ങൾ ഭുജിച്ചാലും നീ!
കുവലയനയനേ നിന്റെ മനസ്സിൽ
കപടമതിങ്ങനെ തോന്നുകമൂലം
കപികളുമംഗനമാരും സമമെ—
ന്നുപമിക്കുന്നതു സൂക്ഷ്മമതോർത്താൽ
കുടിലവധൂജനമകുടമണേ! നിൻ
കുടിലതകാരണമിന്നുമുതൽക്കു
കഠിനമതായൊരു ശിലയായ്പ്പോക
കഠിനമതിങ്ങനെ കാട്ടുകമൂലം.
താപസവരനതി കോപമിയന്നു
പാവകനെന്നതുപോലെ ജ്വലിച്ചു
ശാപമതിങ്ങനെ കൂട്ടിയനേരം
താപമിയന്നു വിറച്ചിതഹല്യ!
'എന്നൊരു മോചനമിതിനെ'ന്നോർത്തതി
ഖിന്നതപൂണ്ടു വിലാപിച്ചവളും
തന്നുടെ പതിയുടെ ചരണസരോജേ
ഖിന്നത പൂണ്ടു കരഞ്ഞു വസിച്ചു.

പദം. ദ്വിജാവന്തി—ചമ്പതാളം

ചരണങ്ങൾ

1. ''കരുണജലരാശിയാം മാമുനീന്ദ്രാ വിഭോ!
കരുണ മയി തോന്നുവാനാശു നമിക്കുന്നേൻ;

2. ശരണമിഹ തൽകൃപയെന്നിയേ മററില്ല
തരണമിഹ ശാപമോക്ഷം ഭവാനിന്നു മേ;

3. കരളിൽ മരുവുന്നു മേ താപമിന്നേററവും
കുരള പറകല്ല ഞാൻ മാമുനിരത്നമേ!''

4. തരുണിമണിയിങ്ങനെ കേണുതൻ നാഥനെ
പരിചിനൊടു വീണു കൈ കൂപ്പി നമിക്കയാൽ

പ്രീതനതായി മഹാമുനിതാനും
കാതരമിഴിയോടരുൾചെയ്തേവം:
''ഇതിനൊരു മോക്ഷം തരുവൻ ഞാനിഹ
മതിമുഖിയാളേ! കേട്ടാലും നീ!
പാരാവാരസുതാരമണൻ ഭൂ—
ഭാരമശേഷം തീർപ്പതിനായി
ഉത്തരകോസലരാജ്യേ ദശരഥ—

പുത്രശിരോമണിയായുളവാകും;
അക്കാലത്തഖിലേശൻതന്നുടെ
തൃക്കാൽകൊണ്ടു ചവിട്ടും നിന്നെ
നീക്കാമിതിനുടെ ദോഷവുമപ്പോൾ
ഭോഷ്കായീടുകയില്ലെൻ വചനം.
ഇക്കാലത്തിതുതീരുകയില്ല
ധിക്കാരം നീ കാട്ടുകമൂലം
മൈക്കണ്ണാളേ! യെന്തിനു നിന്നുടെ
ഉൾക്കാമ്പിൽ പരിതാപം പഴുതേ?
എന്നൊരു മോക്ഷവുമരുളി നടന്നു
ധന്യനതായ മഹാമുനിതാനും;
കന്നൽമിഴിയാളായൊരഹല്യയു–
മന്നേയൊരു ശിലയായിത്തീർന്നു;
പിന്നീടസ്സുരനാഥൻ തന്നുടെ
ഖിന്നത ദാരുണമോർത്തതിഖേദാൽ,

മദിച്ച ദേവനു ശാപം ഭവിച്ചു താപവുമങ്ങു
വഹിച്ചു സങ്കടമേറെ നിറച്ചു മേനിയിലൊക്കെ
നിറച്ചു ലിംഗവും വന്നു മുളച്ചു താൻതന്നെ നോക്കി
വിറച്ചു വേഗത്തിലങ്ങു ഗമിച്ചു സ്വർഗ്ഗത്തിൽ പോയി
വിരിച്ചു കട്ടിൻമേൽ കേറി ശയിച്ചു മുണ്ടുകൾകൊണ്ടു
പുതച്ചു ശീലകൾകൊണ്ടു മറച്ചു വാതിലുമൊക്കെ–
യടച്ചു നിദ്രയും മന്ദമിളച്ചു തന്നെത്താനോർത്തു–
ച്ഛ്വസിച്ചു[1] വസിച്ചു നിത്യം.

ഗീർവ്വാണേശനെ വന്ദിപ്പാനാ–
യുർവ്വശി ചെന്നു വെളുപ്പാന്നേരം
വാതൽ തുറന്നു കടന്നൊരു സമയേ
ശാതോദരിയോടു ചൊന്നാനേവം:
‘‘അമരനിതംബിനിമാരേയിപ്പോൾ
സമയമതില്ലിഹ കാൺമാനൊട്ടും;
പനിമതിവദനേ! ഇന്നു നമുക്കൊരു
പനിയുടെ ദീനമതെന്നേ വേണ്ടു;
ആയതുകൊണ്ടു കിടക്കുന്നേൻ ഞാൻ
മായമതല്ല പറഞ്ഞീടുന്നു,
പോയാലും സുഖമില്ല നമുക്കിഹ
ന്യായമറിഞ്ഞവളല്ലോ നീയും;

---

[1] ഉറക്കംവരാതെ തനിക്കു പിണഞ്ഞ അമളിയോർത്തു നെടുവീർപ്പിട്ടു ശയിച്ചു. ‘രസിച്ചു വസിച്ചു നിത്യം’—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠം സന്ദർഭത്തിനു ചേരുന്നില്ല.

ട്ടൊട്ടു കൊതിച്ചഥ മരുവും സമയേ
കിട്ടിയ വരനൊടു കൂടിപ്പരിചിനൊ—
ടിഷ്ടസുഖങ്ങൾ ഭുജിച്ചാലും നീ!
കുവലയനയനേ നിന്റെ മനസ്സിൽ
കപടമതിങ്ങനെ തോന്നുകമൂലം
കപികളുമംഗനമാരും സമമെ—
ന്നുപമിക്കുന്നതു സൂക്ഷ്മമതോർത്താൽ
കുടിലവധൂജനമകുടമണേ! നിൻ
കുടിലതകാരണമിന്നുമുതൽക്കു
കഠിനമതായൊരു ശിലയായ്പ്പോക
കഠിനമതിങ്ങനെ കാട്ടുകമൂലം.
താപസവരനതി കോപമിയന്നു
പാവകനെന്നതുപോലെ ജ്വലിച്ചു
ശാപമതിങ്ങനെ കൂട്ടിയനേരം
താപമിയന്നു വിറച്ചിതഹല്യ!
‘എന്നൊരു മോചനമിതിനെ’ന്നോർത്തതി
ഖിന്നതപൂണ്ടു വിലാപിച്ചവളും
തന്നുടെ പതിയുടെ ചരണസരോജേ
ഖിന്നത പൂണ്ടു കരഞ്ഞു വസിച്ചു.

പദം. ദ്വിജാവന്തി—ചമ്പതാളം

ചരണങ്ങൾ

1. ‘‘കരുണജലരാശിയാം മാമുനീന്ദ്രാ വിഭോ!
കരുണ മയി തോന്നുവാനാശു നമിക്കുന്നേൻ;

2. ശരണമിഹ ത്വൽകൃപയെന്നിയേ മററില്ല
തരണമിഹ ശാപമോക്ഷം ഭവാനിന്നു മേ;

3. കരളിൽ മരുവുന്നു മേ താപമിന്നേററവും
കുരള പറകല്ല ഞാൻ മാമുനിരത്നമേ!’’

4. തരുണിമണിയിങ്ങനെ കേണുതൻ നാഥനെ
പരിചിനൊടു വീണു കൈ കൂപ്പി നമിക്കയാൽ

പ്രീതനതായി മഹാമുനിതാനും
കാതരമിഴിയോടരുൾചെയ്തേവം:
‘‘ഇതിനൊരു മോക്ഷം തരുവൻ ഞാനിഹ
മതിമുഖിയാളേ! കേട്ടാലും നീ!
പാരാവാരസുതാരമണൻ ഭൂ—
ഭാരമശേഷം തീർപ്പതിനായി
ഉത്തരകോസലരാജ്യേ ദശരഥ—

പുത്രശിരോമണിയായുളവാകും;
അക്കാലത്തഖിലേശൻതന്നുടെ
തൃക്കാൽകൊണ്ടു ചവിട്ടും നിന്നെ
നീക്കാമിതിനുടെ ദോഷവുമപ്പോൾ
ഭോഷ്കായീടുകയില്ലെൻ വചനം.
ഇക്കാലത്തിതുതീരുകയില്ല
ധിക്കാരം നീ കാട്ടുകമൂലം
മൈക്കണ്ണാളേ! യെന്തിനു നിന്നുടെ
ഉൾക്കാമ്പിൽ പരിതാപം പഴുതേ?
എന്നൊരു മോക്ഷവുമരുളി നടന്നു
ധന്യനതായ മഹാമുനിതാനും;
കന്നൽമിഴിയാളായൊരഹല്യയു–
മന്നേയൊരു ശിലയായിത്തീർന്നു;
പിന്നീടസ്സുരനാഥൻ തന്നുടെ
ഖിന്നത ദാരുണമോർത്തതിഖേദാൽ,

മദിച്ച ദേവനു ശാപം ഭവിച്ചു താപവുമങ്ങു
വഹിച്ചു സങ്കടമേറെ നിറച്ചു മേനിയിലൊക്കെ
നിറച്ചു ലിംഗവും വന്നു മുളച്ചു താൻതന്നെ നോക്കി
വിറച്ചു വേഗത്തിലങ്ങു ഗമിച്ചു സ്വർഗ്ഗത്തിൽ പോയി
വിരിച്ചു കട്ടിൻമേൽ കേറി ശയിച്ചു മുണ്ടുകൾകൊണ്ടു
പുതച്ചു ശീലകൾകൊണ്ടു മറച്ചു വാതിലുമൊക്കെ–
യടച്ചു നിദ്രയും മന്ദമിളച്ചു തന്നെത്താനോർത്തു–
ച്ഛ്വസിച്ചു[1] വസിച്ചു നിത്യം.

ഗീർവ്വാണേശനെ വന്ദിപ്പാനാ–
യുർവ്വശി ചെന്നു വെളുപ്പാന്നേരം
വാതൽ തുറന്നു കടന്നൊരു സമയേ
ശാതോദരിയൊടു ചൊന്നാനേവം:
‘‘അമരനിതംബിനിമാരേയിപ്പോൾ
സമയമതില്ലിഹ കാൺമാനൊട്ടും;
പനിമതിവദനേ! ഇന്നു നമുക്കൊരു
പനിയുടെ ദീനമതെന്നേ വേണ്ടു;
ആയതുകൊണ്ടു കിടക്കുന്നേൻ ഞാൻ
മായമതല്ല പറഞ്ഞീടുന്നു,
പോയാലും സുഖമില്ല നമുക്കിഹ
ന്യായമറിഞ്ഞവളല്ലോ നീയും;

---

[1] ഉറക്കംവരാതെ തനിക്കു പിണഞ്ഞ അമളിയോർത്തു നെടുവീർപ്പിട്ടു ശയിച്ചു. ‘രസിച്ചു വസിച്ചു നിത്യം’—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠം സന്ദർഭത്തിനു ചേരുന്നില്ല.

അല്പം ഭേദം വന്നാലുടനേ
ഉല്പലനയനേ! ആളെയയയ്ക്കാം;
കെല്പൊടു നിന്നുടെ ഭവനേ ചെന്നി—
ട്ടല്പേതരസുഖമോടു വസിക്ക.''
എന്നതു കേട്ടുരചെയ്തു സുഭാഷിണി:
''നന്നു ഭവാനുടെ വാക്കുകളെല്ലാം
മുന്നമൊരിക്കലുമുരചെയ്യാത്തതു—
മിന്നുരചെയ്യാനെന്തൊരുമൂലം?
നന്നായ് ബോധിച്ചില്ല നമുക്കതു
വന്നീടും ഞാനരികിലിദാനീം,''
ഇത്തരമുരചെയ്തായവൾ ചെന്ന—
സ്സത്തമനത്ര പുതച്ച പുതപ്പതു
സത്വരമങ്ങു വലിച്ചു കളഞ്ഞു
ചിത്തരസത്തോടു നോക്കുന്നേരം
അഭിനവമായൊരു ലിംഗസഹസ്രം
സുഭഗയതാമവൾ കണ്ടൊരുനേരം
അതികുതുകം പുനരുണ്ടായ്വന്നു
മതിമുഖിയാളുടെ മനതാരിങ്കൽ

പദം. മുഖാരി——ചായ്പുതാളം

പല്ലവി

''നിർജ്ജരനാഥ! സുമതേ——അതി—
ലജ്ജയാകുന്നിതു കണ്ടാൽ!

അനുപല്ലവി

സജ്ജനങ്ങൾക്കേവമുണ്ടാവാനെന്തഹോ
മുജ്ജന്മവാസനകൊണ്ടോ കഥിച്ചാലും (നിർജ്ജരനാഥ)

ചരണങ്ങൾ

1. എന്തോരബദ്ധത്തിൽ ചാടി——യെന്നു—
മെന്തൊരു കാരണമെന്നും
എന്തിനി നല്ലൊരുപായമെന്നുള്ളതും
ചിന്തിച്ചരുളുക ഹന്ത ഭവാനിഹ; (നിർജ്ജരനാഥ)
2. ഇങ്ങനെയുള്ളവനെ ഞാൻ——മുമ്പിൽ
എങ്ങുമേ കണ്ടിട്ടുമില്ല
തല്ക്കാലശാന്തി വരുത്താനിനി ഞങ്ങൾ—
ക്കുൾക്കാമ്പിലോർത്താൽ കഴിയുമറിഞ്ഞാലും. (നിർജ്ജരനാഥ)
3. എങ്കിലുമുണ്ടു വിഷമം——കിഞ്ചിൽ
മങ്കമാരായിരം വേണം

ശങ്കകൂടാതെയതിനു മുതിർന്നാലും
പങ്കജനാഭസഹോദരവീര!
(നിർജ്ജരനാഥ)

4. പത്തുശതം വലജമാരും* വ–
ന്നൊത്തു വിനോദിക്കുന്നേരം
ചിത്തത്തിലേററവും നാണമുണ്ടായ്‌വരും
മത്തേഭഗാമിനിമാർക്കുമസംശയം''
(നിർജ്ജരനാഥ)

''ഞാനിത പോകു''ന്നെന്നും ചൊല്ലി
മാനിനിതാൻ നടകൊണ്ടൊരുസമയേ
ഒന്നു വിളിച്ചുപറഞ്ഞു മഹേന്ദ്രൻ!
''വന്നാലും നീ! ഉർവ്വശീ ബാലേ!
നിന്നോടിതിനുടെ മൂലമശേഷം
ഒന്നൊഴിയാതെ പറഞ്ഞറിയിക്കാം;
നാരീമണിയായുള്ളൊരഹല്യയെ
ആരോമൽക്കണ്ടിന്നലെ ഞാനും
മാരശരാർത്തിയൊടവളൊടുകൂടി
സ്വൈരമതായി രമിക്കും സമയേ
പാരാതവളുടെ കണവൻ കണ്ടഥ
പാരം കോപിച്ചാശു ശപിച്ചു;
സാരംഗാക്ഷീ! നീയിനിയിക്കഥ–
യാരോടും പറയരുതേ ബാലേ!
ഒരുവനറിഞ്ഞാലപ്പോൾതന്നെ
പരിചിനൊടറിയും മററുള്ളവരും
പരിഹാസങ്ങളുമാരംഭിക്കും
വിരുതൻമാർ ചിലരന്നേരത്തു;
നാണംകെട്ടു വസിക്കുന്നതിലും
പ്രാണൻ കളകയതേററം നല്ലൂ;
ഏണാങ്കാനനയാളേ! ഞാനൊരു
കോണിലൊളിച്ചുവസിക്കെന്നായി;
നിന്നോടാരാൻ ചോദിച്ചെങ്കിൽ
എന്നെക്കണ്ടില്ലെന്നുരചെയ്ക;
സുന്ദരഗാത്രീ! നീയിനിവേഗാൽ
നിന്നുടെ ഭവനേ ചെന്നു വസിക്ക;''
എന്നതു കേട്ടവൾ പുഞ്ചിരിയോടേ
മന്ദമിറങ്ങി നടന്നുതുടങ്ങി;
ചെന്നവളക്കഥ തന്നുടെ ഭവനേ
വർണ്ണിച്ചന്പൊടു വാണീടുന്നാൾ
മേനക ഉർവ്വശിതന്നുടെ ഭവനേ

---

* 'പത്തുശതം വല്ലഭമാരും'—പാഠാന്തരം. വലജമാർ=സുന്ദരിമാർ.

ആനന്ദേന ഗമിച്ചൊരുനേരം
ആയവൾ മേനകതന്നൊടു സരസം
മായമൊഴിഞ്ഞു പറഞ്ഞുതുടങ്ങി:

മർമ്മതാളം

''വൃന്ദാരകനാഥൻതന്നുടെ വാർത്തകളൊക്കെയറിഞ്ഞേൻ
പെണ്ണായിരമൊരുമിച്ചരുകിൽ ചെല്ലണമെന്നരുൾചെയ്തു
ആയതിനൊരുകാരണമുണ്ടതു കേൾക്ക മനോഹരശീലേ!
ആയതമിഴിയായൊരഹല്യയിലാശ മുഴുത്തതുമൂലം
പോയവനവൾസവിധേ ചെന്നു രമിച്ചാരിരുവരുമായി
ആയതു കണ്ടവളുടെ കണവനുമൊന്നു കയർത്തു ശപിച്ചു
തുംഗമതായുള്ളൊരു ലിംഗമൊരായിരമിപ്പൊൾ വിശേഷാൽ
അത്യുന്നതമായോരേണിക്കമ്പുകൾപോലെ ഭവിച്ചു.''
ആയതുകേട്ടാശു പറഞ്ഞു മേനകയതിനുടെ ശേഷം:
''ആയതു വരണം ഭോഷനുമതു നന്നിഹ നമ്മെയശേഷം
നിന്ദ മുഴത്തതിനാൽ വന്നതുമിന്നു നമുക്കതിദോഷം
പോയവനുടെ സവിധേ ചെന്നഭിനവമായുള്ളൊരു വേഷം
കണ്ടീടണ''മെന്നു പറഞ്ഞവളൊന്നു ചിരിച്ചു നടന്നു.

അരയന്നപ്പിടതന്നോടിടയും
തരുണീമണിയുടെ നടയും പിന്നെ
കരിവരതുമ്പിക്കരമതിനഖിലം
പരിഭവമുളവാക്കീടിന തുടയും
അടിമുടിയിടയിലെ അഴകുകളെല്ലാം
വടിവൊടു പറവതിനിന്നു നമുക്കൊരു
പടുതയതില്ലൊരു പുരുഷൻ കണ്ടാൽ
ഉടനേ കാമഭ്രാന്തു പിടിക്കും;
അത്ര മനോഹരയാകിയ പങ്കജ-
പത്രവിലോചന മേനകതാനും
സുത്രാമാവു പുതച്ചു കിടക്കും
ചിത്രമതായൊരു ഭവനം പുക്കു
കതകു തുറന്നൊരു സമയേ വാസവ-
നതിപരുഷംപൂണ്ടിത്ഥം ചൊന്നാൻ:
''ആരുവരുന്നിതു ചൊല്ലുക വേഗാൽ
നേരംപോക്കിനു സമയമിതല്ല;
ദൂരെപ്പോകണമല്ലെന്നാൽ ചില-
സ്വൈരക്കേടു ഭവിക്കുമിദാനീം;
കാൺമാൻ നമ്മുടെയരികത്തിങ്കൽ
മാനിനിമാരു വരേണ്ടായിപ്പോൾ
മാനക്കേടു ഭവിക്കേണ്ടായ്കിൽ

മാനിനിമാരേ! പൊയ്ക്കൊണ്ടാലും;''
ഹരിയുടെ വാക്കുകൾ കേട്ടവളുടനെ
പരിഹാസത്തോടുമവനോടു ചൊന്നാൾ
''ഇത്ര കലമ്പുന്നെന്തിനു പാഴിൽ
തത്ര വരുന്നതുമില്ലിഹയിപ്പോൾ
വൃത്രനിഷൂദന! നിന്തിരുവടിയുടെ
വൃത്തമശേഷമറിഞ്ഞേനിഹ ഞാൻ;
അമ്മുനി ശാപം കൂട്ടിയതിന്ന്
നാമെന്തൊന്നു പിഴച്ചു ഭവാങ്കൽ?
അങ്ങാടീന്നൊരു തോലി പിണഞ്ഞാൽ
തങ്ങടെയമ്മയൊടെന്നുണ്ടല്ലോ;
ലക്ഷണമുള്ളൊരു നാരികളിന്നു
ലക്ഷമതല്ല ഭവാനുടെ നാട്ടിൽ
ദക്ഷനതായ ഭവാനതിലൊന്നും
ലക്ഷ്യമതായില്ലായതു പോട്ടെ,
സുരവര! നിന്നുടെ ഭാര്യയതാകും
പരഭൃതമൊഴിയാമിന്ദ്രാണിയെയും
പരിചിനൊടാശു മറന്നതിമോദാൽ
ധരണിയിലൊക്കെ നടന്നു തിരഞ്ഞു
പെരുകിന നിയമമഹാനിധിയായൊരു
വരമുനിപത്നിയിലാശ മുഴുത്തു!
പലനാളതിനായുദ്യോഗിച്ചു
ചലമിഴിയാളൊടുകൂടി രമിച്ചു;
സതിയാമവളുടെ ഹൃദയേയിത്തൊഴിൽ
ചിതമല്ലെന്നതു തോന്നീലപ്പോൾ;
പതിവ്രതമാരുടെ ധർമ്മമൊഴിച്ചാ—
ലതിനൊരു പാപം വരുവാനുള്ളതു
വലുതായിന്നു ഭവാനുടെ ദേഹേ
നലമൊടു വന്നു മുളച്ചെന്നറിക;
മർക്കടജാതിയിലൊരുവനു പണ്ടൊരു
ദുർഘടമിങ്ങനെ വന്നതു കേൾക്ക;
പെരിയൊരു വൃക്ഷമറുപ്പതിനുള്ളിൽ
പരിചിനൊടാപ്പുമടിച്ചു കരേററി
ഈർച്ചവാളുമുടനൂരിക്കൊണ്ട—
ത്തച്ചനങ്ങു നടകൊണ്ടൊരു സമയേ
മൊച്ച വന്നു വിരവോടത്തടിമേൽ
ഇച്ഛയോടു കരയേറിയിരുന്നു

അണ്ഡം രണ്ടും തടിയുടെയിടയിൽ*
പൊണ്ണക്കപിയവനിട്ടും കൊണ്ട്
ആപ്പു പിടുങ്ങിയെറിഞ്ഞൊരു സമയേ
കെല്പൊടു വന്നിടചേർന്നിതു തടിയും
എണ്ണയരിക്കുംപോലെയവനുടെ
അണ്ഡം പെട്ടു മരത്തിനുമുള്ളിൽ
ദണ്ഡപ്പെട്ടു വിലാപിച്ചവനും
ദണ്ഡധരന്നുടെ ഭവനം പുക്കാൻ;
എന്നതുപോലെയിന്നു ഭവാനും
വന്നു ഭവിച്ചൊരനർത്ഥമതോർത്താൽ
തന്നുടെ ദോഷം കാരണമെന്നതു
ധന്യമതേ! മനതാരിലുറയ്ക്ക;
നൂനം കണ്ട ജനങ്ങൾക്കെല്ലാ—
മാനകളിപ്പാനൊരുവകയായി;
സ്ഥാനത്തുള്ള ജനങ്ങൾക്കെല്ലാം
മാനക്കേടു ഭവിച്ചാൽ വിഷമം;
മുററും നിൻെറ ഹിതത്തെച്ചെയ്വാൻ
നോററുംകൊണ്ടു വസിക്കും ഞങ്ങളി—
ലേററം നിന്ദ മുഴുത്തതിനാലൊരു—
നേററിക്കാർക്കു[1]വരാത്തതു വന്നു.''
ഇങ്ങനെ പരിഹാസോക്തികൾ ചൊല്ലി—
അംഗനമണിയവൾ പോയൊരുശേഷം;
തിങ്ങിന ശോകാൽ വാണു പുരന്ദര—
നെങ്ങും പ്രതിവിധി കാണാഞ്ഞതിനാൽ;
ദണ്ഡം കാൺമാനായിപ്പലപല—
പെണ്ണുങ്ങളുമഥ യാത്രതുടങ്ങി;
വിണ്ണവർനാഥനു കാഴ്ചകളവരൊരു—
വണ്ണം പലവക സമ്പാദിച്ചു;
വെററില പുകയില ജാതിക്കായും
മററും പലവക കാഴ്ചദ്രവ്യം
തെറെറന്നീവക കൈയ്യിലെടുത്തഥ
കററക്കുഴൽമണിമാരു നടന്നു;
സുരപതി താനേ വാണരുളീടും
പെരിയൊരു മണിയറതന്നിൽ ചെന്നു
സരസിജമുഖിമാർ പുരവാതുക്കൽ

---

* 'അണ്ഡം രണ്ടുമറുക്കപ്പൊഴിയിൽ
പൊണ്ണക്കപിയവനിട്ടുംകൊണ്ട്'—തുള്ളൽക്കാരുടെ പാഠം.

[1] നേററിക്കാർ=നേരുകാര്; നേരുള്ളവർ.

പരിചൊടു ചെന്നു കടന്നൊരു സമയേ
അംഗമശേഷം തിങ്ങിമുളച്ചതി—
ഭംഗികലർന്നൊരു ലിംഗസഹസ്രം
അംഗനമാരവർ കണ്ടൊരുനേരം
തിങ്ങിന ലജ്ജ കലർന്നു വസിച്ചു;
മൂക്കേൽ വിരലുംവച്ചു പതുക്കെ
ചിക്കെന്നങ്ങു പുറത്തു കടന്നു
കളമൊഴിമാരവർ പലരുംകൂടി—
ക്കളിവചനങ്ങൾ പറഞ്ഞുതുടങ്ങി:

പദം—കുമ്മി

ഖണ്ഡങ്ങൾ

1. ''ഗീർവ്വാണനാരിമാർ കേട്ടുകൊൾവിൻ
ഗീർവ്വാണരാജന്റെ വൃത്തമെല്ലാം
സർവ്വമറിഞ്ഞു ഞാനുർവ്വശി ചൊൽകയാൽ
ഗർവ്വമതിന്നു നിദാനമല്ലോ
2. വൃന്ദാരകാധിപൻ മോദമോടേ
മന്ദാരപുഷ്പമലങ്കരിച്ചു
സുന്ദരരൂപം ധരിച്ചവനേകദാ
മന്നിടം തന്നിൽ ഗമിക്കുന്നേരം
3. മാമുനിയാകുന്ന ഗൗതമന്റെ
ഭാമിനിയാകുമഹല്യതന്നെ
യാമിനിയിൽ തത്ര കണ്ടു ഭ്രമിച്ചവൻ
കാമിനിതന്നുടെ മുമ്പിൽ ചെന്നു.
4. വണ്ടാർകുഴലിയെപ്പാട്ടിലാക്കി
തണ്ടാർശരലീലയാടി മോദാൽ
ഇണ്ടലതിന്നാലകപ്പെട്ടുവെന്നതു
രണ്ടുനാളായ് ശ്രവിച്ചീടുന്നു ഞാൻ''
5. ''മംഗലഗാത്രിയഹല്യയോടും
സംഗമംചെയ്താനുടനേതന്നെ
ഇങ്ങനെ വന്നു ഭവിച്ചതിനെന്തൊരു
സംഗതിയെന്നു പറക ബാലേ!
6. ഇങ്ങനെ പണ്ടു ഞാൻ കേട്ടിട്ടില്ലാ
എങ്ങുമൊരേടത്തും നിർണ്ണയംതാൻ
അംഗനമാരൊടുകൂടി വിനോദിച്ചാൽ
ലിംഗം വളരെ ഭവിക്കുംപോലും!''
7. ''അല്പമൊരു ഭേദമുണ്ടതിന്
ഉല്പലനേത്രയെ പുൽകുന്നേരം

തത്പതിയായ മുനിവരൻ കണ്ടുടൻ
കെല്പോടനുഗ്രഹിച്ചെന്നു കേട്ടു!''
ഇങ്ങനെ പലപല പരിഹാസം പുന–
രംഗനമാർകളുമങ്ങു തുടങ്ങി;
അങ്ങതു കേട്ടു സുരൻമാരും സുര–
പുംഗവനേ വന്ദിപ്പാനായി
തക്കത്തിൽച്ചെന്നളവേ മേനിയി–
ലൊക്കെക്കാണായെന്നേ വേണ്ടു
ആലുംമുകളിലണഞ്ഞു കിടക്കും
വാവലതെന്നതുപോലെ നിരക്കെ
ശക്രൻതന്നുടെ ദേഹത്തിങ്കൽ
ഒക്കെ നിറഞ്ഞഥ കാണാകുന്നു;
ആയതു കണ്ടൊരു വിബുധൻമാരവർ
വായും പൊത്തിക്കൊണ്ടു ചിരിച്ചു
പോയവരോരോ കോണിൽ ചെന്നി–
ക്കാര്യംകൊണ്ടു പറഞ്ഞുതുടങ്ങി:
''നമ്മുടെ സ്വാമിക്കിങ്ങനെ വരുവാൻ
സംഗതിയെന്തിതു വിബുധൻമാരേ!
ഇന്നലെയോളം ഇങ്ങനെയില്ല
ഇന്നിതു വരുവാനെന്തൊരുമൂലം?
ഇന്നു വെളുപ്പിനു ഞാനെഴുന്നേററു
ഇന്ദ്രനെ വന്ദിപ്പാൻ ചെന്നപ്പോൾ
എന്തെന്നേതുമറിഞ്ഞീലവനുടെ
ചന്തമിയന്ന ശരീരത്തിൻമേൽ
അവയവമൊന്നും കാൺമാനില്ല
അപജയമായ് വന്നല്ലോ കാര്യം!
കണ്ണും കാലും കൈയ്യും ചുണ്ടും
കർണ്ണം ദന്തം താടിയുമെല്ലാം
സൂക്ഷിച്ചങ്ങനെ നോക്കിക്കണ്ടാ–
ലാസകലം കോശാകൃതിയത്രേ?
തൃക്കോശാകൃതി കണ്ടതുതന്നെ
ചിക്കെന്നിങ്ങു വണങ്ങിപ്പോന്നു
ശക്രനിവണ്ണം വരുവാനെന്തൊര–
തിക്രമമേതാൻ ചെയ്തിട്ടുണ്ടോ?
വിക്രമമൊന്നു നിനച്ചെന്നല്ലാ
വക്രമനസ്സൊടു വാണീടുന്നു.''
നാരായണപദഭക്തനതാകിയ
നാരദമാമുനിയിക്കഥയെല്ലാം

പാരം കൗതുകമോടഥ കേട്ടു
പാരിടമൊക്കെ നടത്തി ചരിത്രം;
കേട്ടവർ കേട്ടവരൊക്കെക്കൂടി
കൂട്ടംകൂടി ഹസിച്ചുതുടങ്ങി:
''ഇട്ടിച്ചേട്ടാ! ദേവാധിപനൊരു
വിഡ്ഢിത്തം വന്നതു താൻ കേട്ടോ?''
''കേട്ടില്ലനുജാ! അങ്ങനെയെന്തൊരു
കോട്ടം വന്നു ഭവിച്ചതിദാനീം?''
''പൊട്ടനതായോരവനുടെ ചരിതം
കേട്ടാൽ ചിരിയാമെന്നേ വേണ്ടു;
കററക്കുഴൽമണിയായൊരഹല്യയി—
ലേററമൊരഭിരുചിയുണ്ടായതിനാൽ
ചുററിക്കൂടി നടന്നാക്കാര്യം
പററിച്ചവനും പല കുറിയവളേ:
കഷ്ടം! മാമുനിവരനുടെ വദനേ
മുട്ടാതവനും കരിതേപ്പിച്ചു;
മട്ടോൽമൊഴിയെക്കട്ടു രമിപ്പാൻ
പെട്ടെന്നവനുലകിങ്കൽ നടക്കും
കിട്ടിയ സമയമതിന്നായവനും
മട്ടലർബാണവിനോദം ചെയ്‌വോൻ;

ഇങ്ങനെ പലനാം ചെന്നൊരുശേഷം
മംഗലശീലനതായ മുനീന്ദ്രൻ
ഇങ്ങനെയുള്ളൊരു തൊഴിലു ഗ്രഹിച്ചി—
ട്ടങ്ങോർ നല്ലൊരനുഗ്രഹമരുളി;
അംഗത്തേലൊരു പത്തു സഹസ്രം
ലിംഗംവന്നു മുളച്ചിതുപോലും!

എങ്ങാനും പുനരിങ്ങനെയൊരു കഥ
ചങ്ങാതികളേ! കേട്ടിട്ടുണ്ടോ?
ഇങ്ങനെയുള്ളോരവതാളൻമാ—
രെങ്ങനെ വെളിയിൽ നടന്നീടുന്നു!

കാട്ടരുതാത്തതു കാട്ടിനടന്നാൽ
കൂട്ടും പരിഹാസം പലരപ്പോൾ;
വാട്ടമതിന്നില്ലെന്നതു വന്നാൽ
കോട്ടം വന്നുഭവിക്കും നൂനം

ഇന്ദ്രൻ താനെന്നാകിലുമിന്നീ
ദുർന്നയമിങ്ങനെ കാട്ടീടാമോ?
മന്ദിരമതിലൊരു കോണിലിരുന്നാൽ
വന്ദ്യനതെന്നു നടിച്ചു വസിക്കാം.

ശങ്കര! ശിവ ശിവ! യിങ്ങനെ പണ്ടൊരു
പെൺകൊതിയൻമാർ തീർന്നിട്ടില്ല;
എങ്കിലുമിന്നിതു ചേരും പണ്ടൊരു
വൻകപടത്തൊഴിൽ കാട്ടിയതോർത്താൽ!
സൂര്യൻതന്നുടെ തേരു തെളിപ്പാൻ
സാരഥിയായോരരുണൻ മുന്നം
പാരാതവനുടെ മുമ്പിൽ ചെന്നൊരു
വാരിജലോചനയെന്നതുപോലെ;
സ്ത്രീയുടെ വേഷം കണ്ടപ്പോളാ—
സ്ത്രീണനു കാമഭ്രാന്തുപിടിച്ചു
നാരിയതെന്നതുതന്നെ നിനച്ച—
ക്കാര്യപ്പാടു കഴിച്ചിതുപോലും!
പുരുഷൻമാരൊടുകൂടി രമിക്കും
പുരുഷനെയെങ്ങാൻ കേട്ടിട്ടുണ്ടോ!
വഷളൻമാരുടെ തൊഴിലുകൾ ചെയ്താൽ
വഷളായിട്ടു ഭവിക്കേയുള്ളു.''
ഇങ്ങനെ പലവക മനുജൻമാരുടെ
തിങ്ങിന പരിഹാസങ്ങൾ ഭവിച്ചു,
മങ്ങിന മുഖമൊടു വാണു പുരന്ദര—
നെങ്ങും പ്രതിവിധി കാണാഞ്ഞതിനാൽ;
അക്കാലത്തു ബൃഹസ്പതിയാകിയ
ചൊല്ക്കൊണ്ടീടും ദേവാചാര്യൻ
ഇക്കഥയഖിലം കേട്ടൊരുനേര—
ത്തുൾക്കമലത്തിൽ വളർന്നു വിഷാദം;
വെക്കം ചെന്നു സുധർമ്മയതാം സഭ—
പുക്കു സുരൻമാരോടൊരുമിച്ചു:
''വല്ലാതിങ്ങനെ നമ്മുടെ സ്വാമി—
യ്ക്കല്ലൽ പിണഞ്ഞതു തീർപ്പാൻ ചൊല്ലിൻ
നല്ലൊരു മാർഗ്ഗം, ചിന്തിച്ചീടണ—
മെല്ലാവരുമിനി വിബുധൻമാരേ!
ധർമ്മവിരോധമതായിട്ടുള്ളൊരു
കർമ്മമനുഷ്ഠിച്ചീടുകമൂലം
ദുർമ്മതിയാമിവനോർത്താലിതിനൊരു
ശർമ്മം വന്നുഭവിപ്പാൻ വിഷമം;
എങ്കിലുമതിനൊരുപായമിദാനീ—
മെങ്കലുദിച്ചതു ഞാനുരചെയ്യാം:
ശങ്കവെടിഞ്ഞിനി നമ്മളശേഷം
ശങ്കരഭക്തനതാകും മുനിപദ—

പങ്കജമതിൽ വീണാശു നമിച്ചാൽ
തൻകൃപകൊണ്ടു നമുക്കിനി മേലിൽ
സങ്കടമൊഴിവാൻ കഴിവുണ്ടാകും.
എങ്കിൽ നമുക്കു ഗമിക്കല്ലല്ലീ?
ശങ്ക മനസ്സിൽ തോന്നീടേണ്ട.''
ഇങ്ങനെ ഗുരുഗിരമേവം കേട്ടവ—
രൊക്കെ നടന്നു മുനീന്ദ്രസമീപേ;
മംഗലശീലൻമാരവർ മുനികുല—
പുംഗവനാകിയ ഗൗതമമുനിയുടെ
പാദസരോജം വന്ദിച്ചുടനവ—
രാദരവോടു നമസ്കൃതിചെയ്തു;
ഇരുപതുമഞ്ചുമൊരെട്ടും കോടി
പെരുകിന ശോഭ കലർന്ന കിരീടം
വിരവൊടു തന്നുടെ പാദസരോജേ
ഒരുമിച്ചങ്ങനെ കണ്ട ദശായാം
പരമദയാലുവതായ മുനീശ്വര—
നുരുതരമവരോടരുളിച്ചെയ്തു:
''സുരവരരഖിലരുമെന്നുടെ സവിധേ
പരിചൊടു വരുവാനെന്തൊരുമൂലം?
പെരുതായിട്ടൊരു കാരണമുണ്ടതു—
മുരചെയ്യാമതിനില്ല വിവാദം
കരണീയം പുനരെന്നാലെന്തോ—
ന്നുരചെയ്താൽ കഴിയുന്നതു ചെയ്യാം;''
എന്നതു കേട്ടു സുരൻമാരെല്ലാം
വന്ദനചെയ്തു പറഞ്ഞാരേവം:
''നിർജ്ജരരാജൻതന്നെക്കണ്ടതി—
ലജ്ജിതരായിഹ വന്നൂ ഞങ്ങൾ;
സജ്ജനമാനിതനായ ഭവാനാൽ
വർജ്ജിതനായവനവനുടെ ദോഷാൽ
ഊർജ്ജിതഭുജബലനാമവനിപ്പോ—
ളാർജ്ജിതമായിതു ലിംഗസഹസ്രം!
ധൂർത്തുകളൊക്കെ വെടിഞ്ഞരനിമിഷാ—
ലാർത്തിവളർന്നു തളർന്നു ശരീരം;
ചടുലവിലോചനയാളാം ശചിയുടെ
നടുവു മുറിഞ്ഞു കിടപ്പാനുള്ളൊരു
ഇടയാമെന്നതുതന്നെ നിനച്ചു
വിടകൊണ്ടേനിഹ കരുണാസിന്ധോ!
ജ്ഞാനിയതായ ഭവാനുടെയുള്ളിൽ

ജ്ഞാനമുദിച്ചതു കുററവുമല്ല;
ജലമതിൽനില്ക്കും കമലദലത്തിനു
വലിയൊരു ബന്ധുവതല്ലോ പാർത്താൽ
ജലപതിതാനും സൂര്യനുമെന്നതു
പലപല ശാസ്ത്രം ഘോഷിക്കുന്നു
സ്ഥാനഭ്രംശം വന്നുഭവിച്ചാൽ
നൂനമുണക്കിക്കളയും സൂര്യൻ;*
വരുണൻതാനതുപേക്ഷിപ്പിക്കും
കരുണയവർക്കു തരിമ്പില്ലപ്പോൾ;
ഗോവുകൾ വളരെ ഘോഷിച്ചാ[1]ലതു
സേവയ്ക്കെന്നു നടിക്കും ചിലര്;
ഭാവിയതെങ്കിൽ വിഷാദിക്കേണ്ടാ
ഏവനുമായതൊഴിപ്പാൻ മേലാ
അടിമലരിങ്കൽ നമിച്ചു കിടക്കും
അടിയങ്ങൾക്കൊരു വരമരുളേണം!
കുടിലത പെരുകിന ഞങ്ങടെ സ്വാമി—
യ്ക്കുടലിൽ മുളച്ചൊരു ലിംഗസഹസ്രം
വടിവൊടു പോവതിനായിക്കൃപയാൽ
ഉടനൊരു കല്പനയുണ്ടാകേണം.''
സുരവരരഖിലവുമഴകൊടു ചൊല്ലിയ
ഗിരമതു സകലം കേട്ടൊരു നേരം
പരമദയാലുവതായ മുനീശ്വര—
നൊരുഗിരമവരോടരുൾചെയ്തേവം:
''എന്നുടെ ശാപം നിഷ്ഫലമെന്നതു—
വന്നുഭവിക്കയുമില്ലെന്നറിക;
ലിംഗസഹസ്രം മറെറാന്നാക്കാം
നിങ്ങളിലുള്ളൊരു വാത്സല്യത്താൽ
അംഗങ്ങളിലൊന്നാക്കണമവനിനി—
യെങ്ങും കാട്ടരുതിത്തൊഴിൽ മേലിൽ
വിണ്ണവരഖിലരുമരുൾചെയ്തപ്പോൾ:
''കണ്ണുകളാക്കണമെങ്കിലതെല്ലാം.''
''അങ്ങനെയെങ്കിലതങ്ങനെതന്നെ
നിങ്ങടെയഭിരുചിപോലെ ഭവിക്കും.''
മംഗലനിലയനതായ മുനീന്ദ്രൻ

---

* 'സ്ഥാനഭ്രംശം വന്നുഭവിച്ചാൽ
നൂനമുണക്കിക്കളയും സൂര്യൻ'—എന്ന വായ്പാഠം സ്വീകരിച്ചിരിക്കുന്നു.
'നൂനമിളക്കിക്കളയും സൂര്യൻ'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠമാണ്.

1. ഗോവുകൾ വളരെ ഘോഷിച്ചാൽ=വളരെയേറെ പറഞ്ഞാൽ. ഗോ=വാക്ക്.

ഇങ്ങിനെ മോക്ഷവുമരുളിയ ശേഷം
തിങ്ങിന മോദമൊടാശു സുരൻമാ—
രങ്ങു സുരോത്തമസവിധേ ചെന്നു;
ലിംഗസഹസ്രം പോയിട്ടവനുടെ
അംഗംതന്നിൽ നിറഞ്ഞിതു നയനം
തുംഗമനസ്സൊടു വാണിതു സുരകുല—
പുംഗവനഖിലസുരൻമാരോടും.
ദേവാധിപനുടെ ശാപാനുഗ്രഹ—
മേവമിതെന്നു ധരിക്ക കുമാരാ!
നിന്തിരുമലരടിവച്ചിനിയിവളുടെ
സന്താപത്തെയൊഴിച്ചീടേണം.
മാമുനിവരനുടെ വാക്കുകളിങ്ങനെ
മാനവവീരൻ കേട്ട ദശായാം
താനങ്ങനെ മന്ദം പോയ്ച്ചെന്നഥ
സാനന്ദം നിജപാദസരോജം
ഉഗ്രതപസ്സൊടിരിക്കും ശിലമേ—
ലഗ്രേ വച്ചരുളീടിനനേരം
മാനവവരനാം രഘുവരമഗ്രേ
മാനിനിയാൾക്കഥ കാണായ്‌വന്നു:
ശ്യാമളഘനരുചിതടവിന തലമുടി
കോമളമാകിന നെററിത്തടവും
അഞ്ചിതമാകിന കമലദളത്തി—
ന്നഞ്ചൽ[1] വളർത്തും നയനപ്രഭയും
സഞ്ചിതശോഭകലർന്നൊരു തിലകുസു—
മാഞ്ചിതവന്ദിതനാസാപുടവം
ചഞ്ചലമിഴികടെ മനമതഴിക്കും
പുഞ്ചിരിയാം ചന്ദ്രികയും വടിവും
തൊണ്ടിപ്പഴരുചി തേടിനൊരധരം
നീണ്ടുതടിച്ചൊരു പാണിദ്വയവും
വിസ്തൃതമാകിന തിരുമാറിടവും
തത്ര മനോഹരഹാരാവലിയും
എത്രയുമദ്ഭുതമായോരുദരേ
ചാർത്തിന പൂന്തുകിലതിനുടെ മീതേ
ചേർത്തൊരു കാഞ്ചനകാഞ്ചീവടിവും
പാർത്താൽ വിശ്രുതമൂരുദ്വയവും
ആർത്തരതായ സുരൻമാർക്കാർത്തികൾ
തീർത്തു പരിത്രാണത്തിനു വാമന—
മൂർത്തിയതായി മഹാബലിതന്നുടെ

---

[1] അഞ്ചൽ=ലജ്ജ.

ചീർത്തൊരു ഗർവ്വു കുറപ്പാൻ മൂന്നടി
ധാത്രിയെ യാചിച്ചീടിന സമയേ
പാത്രതകൊണ്ടു കൊടുത്തന്നവനും
എത്രയുമുഗ്രമതായൊരു രൂപം
തത്ര ധരിച്ചിട്ടീരടിയാക്കീ—
ട്ടിത്രൈലോക്യമളന്നൊരു പാദം
മൂർത്തിയിലങ്ങനെ ചേർത്തൊരു നേര—
ത്തോർത്തു പുരാ മുനി ചൊല്ലിയ വചനം;
അതിശയഭക്തിയതായ സമുദ്രേ
മതിമുഖിയാളവൾ മുങ്ങിപ്പൊങ്ങി
കതിരവവംശജമഞ്ജുളപാദേ
പതിതയതായി നമസ്കൃതിചെയ്തു;
അതിവിനയത്തൊടു കൂപ്പി സ്തുതിഗിര—
മതിമോദേന തുടർന്നാളവളും

പദം. നീലാംബരി—ചായ്പ്

ചരണങ്ങൾ

1. ''രാമ രാമ ദയാസിന്ധോ! ശ്യാമളവിഗ്രഹ തവ—
നാമവും ജപിച്ചു വനസീമനി ഞാനും
2. ഭീമമായ ശിലയായി മാമുനിതൻ ശാപത്തിനാൽ
ആമയമോടാശു വാണേൻ കോമളഗാത്രാ!
3. നിന്നുടയ പാദരേണു എന്നുടെ മൂർദ്ധ്നി വീഴ്കയാൽ
ധന്യയായേനിന്നു ഞാനും പുണ്ഡരീകാക്ഷ!
4. എന്നുടെ ജൻമസാഫല്യം വന്നു നിന്നെക്കാൺകയാലേ
ഒന്നപേക്ഷിക്കുന്നേനഹമിന്നു രാഘവ!
5. അച്യുത! നിൻ നാമങ്ങളെ ഉച്ചരിക്കാറായ്വരേണം
നിത്യവുമെൻ നാവുകൊണ്ടു വിശ്വനായകാ!
6. കർണ്ണങ്ങളും നിന്റെ ഗുണവർണ്ണനം ശ്രവിപ്പാനായി
അർണ്ണോജാക്ഷ! ശ്രദ്ധിക്കേണം ചിത്തമോഹന!
7. പാണികളാലർച്ചനത്തെ ക്ഷോണിനാഥ! ചെയ്‌വതിന്നു
വേണമെങ്കൽ കൃപയിന്നക്ഷീണപുണ്യദ!
8. പുണ്ഡരീകായതനേത്ര! പൂർണ്ണചന്ദ്രനിഭവക്ത്ര!
ഖണ്ഡിതനിഖിലാമിത്ര! കാരുണ്യപാത്ര!
9. ചാപബാണധര! വന്ദേ ഭൂപബാലവേഷ! വന്ദേ
പാപനാശകര വന്ദേ പാവന! വന്ദേ!''

ഇത്തരമതിശയമാം സ്തുതി കേട്ടി—
ട്ടുത്തമപുരുഷൻ രാമൻ തിരുവടി

സത്വരമായവളോടുരചെയ്തു:
''സ്വസ്തി നിനക്കു ഭവിക്കും മേലിൽ;
തുച്ഛമതാകും വിഷയങ്ങളിലൊരു
ഇച്ഛ ഭവിക്കയുമരുതിനി മേലിൽ
സച്ചിന്മയനാമെന്നുടെ പാദേ
നിശ്ചലമായിവരേണം ചിത്തം;
അതിശയഭക്തിയുമെങ്കൽ സതതം
മതിമുഖിയായ നിനക്കുളവാകും
പതിശുശ്രൂഷപരായണയായി
പ്രതിദിവസം നീ വാഴ്ക സുഖേന!''
നരവരശിശുവാം നാരായണനൊടു
പരമഭിലാഷം വാങ്ങിയശേഷം
സരസിജനയന പ്രദക്ഷിണവും വ—
ച്ചുരുതരഭക്ത്യാ വീണു വണങ്ങി
അതുകൊണ്ടഖിലഗുണങ്ങളുമുണ്ടാം
പതിവ്രതമാർക്കതിനില്ല വിവാദം;
വിശ്വാമിത്രനെ വന്ദിച്ചുടനെ
വിശ്വാസത്തോടു പോയാളവളും
ഉത്തമനാകിയ ഹിമവാൻതന്നുടെ
പാർശ്വേതപസാ വാണീടുന്നൊരു
ഭർത്തൃപദത്തെച്ചെന്നു നമിച്ചി—
ട്ടത്ര വസിച്ചവനോടു സമേതം.
അതിമാനുഷനാം രാമൻതിരുവടി
മതിമാനാകിന കൗശികനോടും
അതിമോദേന ഗമിച്ചിതു തരസാ
മതിചൂഡന്നുടെ ചാപം കാൺമാൻ.

അഹല്യാമോക്ഷം ഓട്ടൻതുള്ളൽ
സമാപ്തം

സീതാസ്വയംവരം

വിശ്വാനന്ദകരാകൃതിയാകിയ
വിശ്വാധീശൻ വീരശിരോമണി
വിശ്വാമിത്രമഹാമുനിയോടും
വിശ്വാസേന ഗമിപ്പാനായി
വില്ലും ശരവുമെടുത്തുംകൊണ്ടഥ
തെല്ലും മടികൂടാതെ മഹാമതി
ചൊല്ലേറീടിന രാമനുമനുജനു-
മുല്ലാസേന പുറപ്പെട്ടുടനെ
ദശരഥനന്ദനനാകിയ രാമൻ
ദശമുഖരാവണകിങ്കരരാകിയ
നിശിചരരെക്കൊലചെയ്‌വാനുള്ളൊരു
വിശിഖം കൈയ്യിലെടുത്തൊരു സമയേ
ത്രിശിരസ്സും ഖരനും ദൂഷണനും
നിശിചരവരനാം ദശകണ്ഠനുമഥ
ഭൃശതരമാധി മനസ്സിൽ വളർന്നു
വിശദമറിഞ്ഞതുമില്ലവരാരും
ലക്ഷ്മണസഹിതൻ ശ്രീരാമൻ, ശുഭ-
ലക്ഷണസമയേ മുനിയൊടുകൂടെ
തൽക്ഷണമടവിയിലടനം[1]ചെയ്തഥ*
താടകയെക്കൊലചെയ്തു തദാനീം.
സിദ്ധാശ്രമഭുവി ചെന്നു വസിച്ചുട-
നിദ്ധാടോപം മുനിവരയാഗ-
പ്രധ്വംസത്തിനു വന്ന നിശാചര
വിധ്വംസത്തെ ചെയ്തു മഹാമതി
യാഗം രക്ഷിച്ചുടനെ നടന്നഥ
വേഗം ഗംഗ കടന്നു നടന്നു വി-
ദേഹമഹീപതി ജനകൻതന്നുടെ
ഗേഹസമീപേ ചെന്നു പതുക്കെ
ത്വരിതമഹല്യാമോക്ഷവുമേകി-
പ്പരിചൊടു പഥി പഥി പരമാനന്ദം
പെരിയ സുഖേന രമിച്ചുംകൊണ്ടഥ
പുരിയുടെ നികടംതന്നിലണഞ്ഞു.

---

[1] അടനം = സഞ്ചാരം.

* 'തൽക്ഷണമടവിയിൽ നടനം ചെയ്തഥ'—എന്നു മുദ്രിത പുസ്തകങ്ങളിൽ അപപാഠം.

അഥ ജനകനൃപൻെറ പുരത്തിൽ
പൃഥുകനകഘടങ്ങൾ നിരത്തി
ബഹുജനമവിടത്തിൽ വരുത്തി
ബഹുമതിയൊടു സാകമിരുത്തി
പുനരണിയറ മണിയറ കലവറ
നിലവറ പണിയറ തുണിയറയും;

നിലമൊക്കെയടിച്ചുതളിച്ചു
ചില ശില്പിജനത്തെ വിളിച്ചു
നൃപകല്പനയവരൊടുരച്ചു
നലമേറിന കല്ലു പൊളിച്ചു
പല തറകളുമറകളുമിറകളു–
മുറകളുമതി ബഹു മതിലുകളും;

കൊടിമരമൊരുപന്തി നിറച്ചു
പടികളുമവിടത്തിലുറച്ചു
പൊടിപടലവുമൊക്കെ മറച്ചു
പടുചെലവുകളൊട്ടു കുറച്ചു
പടകുടികളുമുടനുടനിടയിടെ
വടിവിനൊടുടനുടനിടകലരും

മണിമേടകൾ പലവക തീർത്തു
മണികാഞ്ചനമാലകൾ കോർത്തു
പണിതട്ടുകളിട്ടഥ ചേർത്തു
പല കുണ്ടുകളൻപൊടു തൂർത്തു
നരവരനുടെ പുരമതു സുരവര–
പുരിയൊടു പരിഭവതരമതുലം.

കട്ടിലു കൊട്ടിലു കൊട്ടത്തളവും
തടവുകളടവുകൾ കിണറും കുളവും
കെട്ടുകൾ തട്ടുകൾ പല കൊത്തളവും
ഘനമൊടു വിലസിന കനകത്തളവും
മാടപ്പുരകളുമങ്ങാടികളും
മതിലും ഗോപുരമതിലും വിസ്മയം;
ആട്ടിൻ കുടിലുകളാനപ്പന്തിക–
ളതിരമണീയം കുതിരപ്പന്തികൾ;
അണിതഞ്ചും പല മണിമഞ്ചങ്ങളു–
മണിമതിമുഖികടെ മണിയറ തുണിയറ

മഠങ്ങളും പുനരിടങ്ങളും പുര–
ത്തടങ്ങളും തരുപടങ്ങളും
ബഹുതരമിഹ വിരവൊടു നരവര–

പുരവരമതിലനവധി ജനതതി
മനതളിരിളകിന ഘനതരമനുപമ—
മുത്തരമിത്തരമുത്തമമുത്തമ—
പത്തനപംക്തികൾ തത്ര തത്ര ചിത്രമൈത്രയും ചിരം.
ജനകമഹീപതിതന്നുടെ മകളുടെ
ഘനതരകല്യാണോത്സവഘോഷം
കനിവൊടു തത്ര തുടർന്നൊരു സമയേ
മനസി കുതൂഹലമഖിലജനാനാം;
വിപ്ര ക്ഷത്രിയ വൈശ്യൻമാരും
വിവിധതരം ബഹു ശൂദ്രജനങ്ങളു—
മല്പേതരമഥ നാനാജാതിക—
ളെപ്പേരും ബത മിഥിലാപുരമതിൽ
വന്നു നിറഞ്ഞുതുടങ്ങി പതുക്കെ
തങ്ങടെ തങ്ങടെ വിഭവത്തോടേ;
ആനകൾ തേരുകളനവധി ജനതതി
മാനികളാമെജമാനൻമാരും
മേനോക്കികളും സേനാപതികളു—
മധിപൻമാരുമമാത്യൻമാരും
മാനിനിമാരും വൃഷലികളും ബഹു—
മാനിക്കേണ്ടും രാജസ്ത്രീകൾ
ആനന്ദിച്ചു കളിച്ചു ചിരിച്ചുട—
നൂനമകന്നു പരന്നു വരുന്നൊരു
മാനുഷഘോഷവിശേഷമതെങ്ങനെ
ഞാനുരചെയ്തു ധരിപ്പിക്കേണ്ടു?
ആനനമായിരമുള്ള ഫണീന്ദ്രൻ
താനുരചെയ്കിലുമില്ലവസാനം!

അങ്ങാടിത്തെരുവുകളങ്ങാശു കെട്ടിത്തീർത്തു
മങ്ങാതെ കൊങ്ങിണികൾ ചെങ്ങാതിമാരും വന്നു
കെട്ടും ചുമടുകളും ഒട്ടും കുറകൂടാതെ
കെട്ടിച്ചുമന്നുവച്ചു ചെട്ടിപ്പരിഷകൾ കോ—
മട്ടിപ്പരിഷകളും ചെട്ടിച്ചിമാരും കൊച്ചു—
കുട്ടികളേയും ചില ചട്ടി കലങ്ങൾ പല—
വട്ടിയും കുട്ടകളും കുട്ടിക്കവണി തോർത്തും.[1]
കട്ടിപ്പുടവ സോമൻ കോട്ടക്കച്ചകൾ പല—
കൂട്ടങ്ങളെന്നു വേണ്ടാ
കുപ്പായക്കൂട്ടങ്ങൾ മണപ്പാടൻ മുണ്ടുവക
തുപ്പട്ടുറുമാൽ ചെത്തിപ്പട്ടും വീരവാളിയും

---

[1] 'കട്ടിക്കവണി തെറുത്തു'—എന്നു മുദ്രിതപുസ്തകങ്ങളിൽ അപപാഠം. വൃത്തഭംഗം.

തൊപ്പി ചകലാസുകൾ കുപ്പി കണ്ണാടികളും
ചെപ്പും ചിമിഴുകൾ കറുപ്പും കരിമ്പടം പു–
തപ്പും കണ്ടാങ്കികൾ[1] വിരിപ്പും കോസടികൾ ചെ–
രിപ്പും പലവിധം പരിപ്പു പയറുഴുന്നും.

ഇത്തരമനവധി വാണിഭമവിടെ–
സ്സത്വരമങ്ങു തുടങ്ങി പലേടവു–
മെത്രമനോഹരമരചപുരത്തിൽ
വിചിത്രവിശേഷമഹോ ബഹുഘോഷം,
പട്ടൻമാരുടെ വാണിഭമൊരുവക
പട്ടുകൾ രട്ടുകൾ തിച്ചളമച്ചടി[2]
തട്ടുകൾതോറും തെക്കൻപുടവ–
ക്കെട്ടുകൾ പലതുമഴിച്ചു നിരത്തി
പത്തു പണത്തിനെടുത്തൊരു മുണ്ടിനു
പതിനഞ്ചു പണം വില പറയും ചില–
പുത്തൻകവണിതരത്തിന്നറുപതു
'പുത്തൻ വിലവയ്ക്കാ'മെന്നൊരുവൻ;
'പോടാ ഘടുവായപ്പടി നമ്മൊടു–
കൂടാ ഫോ ഫോ'യെന്നൊരു വിപ്രൻ;

അറുത്തു കെട്ടിപ്പുടവകളൊരുവക–
തെറുത്തു കെട്ടിത്തെരുവുകളിരുപുറ–
മുരുത്തിരുങ്ങി[3]ച്ചൊരു ദിശി വിരവൊടു
നിരത്തി വച്ചും മുറിച്ചു വിററും
തരത്തിലർത്ഥം കരസ്ഥമാക്കി–
ച്ചരക്കു വാങ്ങിപ്പരക്കെ വാണിഭ–
ത്തിരക്കു വർദ്ധിച്ചിരിക്കുമനവധി
പരദേശികളുടെ പല പല ഘോഷം
നരനാരികളുടെ വരവും കലശലു–
മൊരുവക കശപിശ പറയുക വാണിഭ–
മെടുക്കയും ചിലർ കൊടുക്കയും ചില–
രുടുക്കയും ചിലർ നടക്കയും ചില–
രാടുകയും ചിലർ പാടുകയും ചില–
രോടുകയും ചിലർ ചാടുകയും ചിലർ
മദിച്ചു വദിച്ചു നദിച്ചു രസിച്ചു

---

[1] 'കരിമ്പടവും തപ്പുകൊണ്ടങ്കികൾ'=എന്നിങ്ങനെ മുദ്രിതപുസ്തകങ്ങളിൽ അപപാഠം. കരിമ്പടം പുതപ്പും, കണ്ടാങ്കികൾ വിരിപ്പും—എന്നാണ് ശുദ്ധപാഠം. കണ്ടാങ്കികൾ—തമിഴത്തികളുടെ ഒരുതരം ചേലയ്ക്കു 'കണ്ടാങ്കികൾ' എന്നു പറയുന്നു.

[2] തിച്ചളം, അച്ചടി—ഇവ ശീലത്തരങ്ങളാണ്.

[3] ഉരുത്തിരുങ്ങിച്ച്—ഞെക്കിഞെരുക്കിവച്ച്.

പലവിധമിഹ നലമൊടു നരവര—
പുരമതിലതിശയമിതി ജാതം.

ചമ്പതാളം

ജനകനരവരനുടയ കനകമണിമന്ദിരേ
ജാനകീകല്യാണഘോഷം മനോഹരം
അരചർ വരുമൊരു വഴികൾ തെരുവുകളുമൊക്കവേ
ആടകൾകൊണ്ടു വിതാനിച്ചു ഭംഗിയിൽ;
മണികനകരജതശതമണിയുമണിപന്തലിൽ
മാലകൾ തൂക്കി വിളക്കുവച്ചാദരാൽ
നിറമുടയ കനകമണിനിറപറകൾ വച്ചുടൻ
നീളവേ ചന്ദനച്ചാറും കളഭവും
കനിവിനൊടു പനിജലവുമതിസുരഭി കുങ്കുമം
കസ്തൂരിയും തളിച്ചേറും പരിമളം
നടനടികളുടെ നടനപടുരവവിലാസവും
നല്ലോരു വേണുവീണാദിനാദങ്ങളും
കിടുപിടിക[1]ളുടെ ചടുലചടചടരവങ്ങളും
കിങ്കരൻമാരുടെ ഹുംകാരഘോഷവും
കളികൾ നിലവിയ[2] കുളികളാളികൾലീലയും
കസ്തൂരികുങ്കുമാമോദസംഭാരവും
നരപതികളുടെ വരവുമവിരതമതങ്ങനെ
നാലുദിക്കീന്നും തിരക്കും പരക്കവേ;
കുട തഴകൾ കൊടികൾ ബഹു തുടി പടഹശബ്ദവും
കൊമ്പും കുഴൽവിളികാളവും താളവും
തകിൽ മുരശു മദ്ദളം തപ്പും തിമിലയും
ചെണ്ടപ്രയോഗങ്ങൾ പാണ്ടിമേളങ്ങളും

ഇത്തരമനവധി കോലാഹലമിഹ
ചത്വരവാടികൾതോറുമുദാരം;
പത്തരമാററുള്ളാഭരണങ്ങൾ മ—
ഹത്തരമുടലിലണിഞ്ഞു വരുന്നൊരു
പെണ്ണുങ്ങളെയും കൊണ്ടുവരുന്നൊരു
പൊണ്ണൻമാർ ചില കാര്യക്കാരും
അവ്വണ്ണം പല പട്ടൻമാരുമി—
വണ്ണം വിസ്മയമെങ്ങാനുണ്ടോ?
അച്ചികളൊരുവക മുതുവേശ്യകളും
മച്ചികൾ കിഴവികൾ മക്കളുമൊക്കെ

---

[1] 'കിടുമുടികൾ'—അപപാഠം. കിടുപിടികൾ—ശുദ്ധപാഠം. കിടുപിടി = ഒരു വാദ്യവിശേഷം.

[2] നിലവിയ = ഭംഗിയായ.

കാഴ്ചകൾ കാൺമാൻ വട്ടംകൂട്ടി—
ത്താഴ്ചവരാതെ ചമഞ്ഞുതുടങ്ങി;
കച്ച ഞൊറിഞ്ഞുമുടുത്തും വിരലിൽ
പിച്ചളമോതിരമീയൻമോതിര
മിത്തരമോരോ കൊച്ചുക[1]ളിട്ടു ക—
ഴുത്തിൽ പൊൻമണിതാലികൾ കെട്ടി
കണ്ണിൽ കരിയും തേച്ചു മിനുക്കി—
ക്കണ്ണാടിയെടുത്തായതിൽ നോക്കി
കുറിയും തിലകവുമിട്ടു വെളുത്തൊരു—
കുറിമുണ്ട[2]ങ്ങനെ തോളിലുമിട്ടു
വെററില പാക്കും പുകയില നൂറുമി—
വററയതെല്ലാം മടിയിലുമാക്കി;
''കുട്ടേ! കുമ്മിണി കുഞ്ഞിപ്പെണ്ണേ!
ഇട്ടിളയച്ചീ! കോതേ! ചിരുതേ!
ചക്കീ! മാധവി! കാളീ! നീലീ
ചക്കച്ചാരുടെ മകളേ: നിങ്ങടെ—
ചന്തം നോക്കി ഞെളിഞ്ഞു ചമഞ്ഞു
മണിഞ്ഞു കനിഞ്ഞുമലഞ്ഞുമുലഞ്ഞും
കാലം പോയതു കാണുന്നീലേ?
കാഴ്ചകളെല്ലാം കഴിയും മുന്നേ—
വെക്കം ചെന്നൊരു ദിക്കിൽപ്പററിയി
രിക്കാഞ്ഞാലക്കോയിക്കൽ പല—
തിക്കും വലിയ തിരക്കും പലരുടെ—
മുഷ്ക്കും കലശൽ പെരുക്കുമ്പോളൊരു—
ദിക്കു നമുക്കു ലഭിക്കയുമില്ല വ—
സിക്കണമെങ്കിലിതൊക്കെ ധരിപ്പിൻ;
മുഞ്ഞി നരച്ചു വെളുത്തൊരു നല്ലൊരു
പഞ്ഞികണക്കിനെ മുതുകിഴവച്ചാർ
കുഞ്ഞിപ്പെണ്ണിനു കാഴ്ചകൾ കാൺമാൻ
കൂട്ടിക്കൊണ്ടുതിരിച്ചുതുടങ്ങി;
കഞ്ഞികുടിപ്പാനില്ലെന്നാലും
കണ്ടാൽ വർക്കത്തുള്ളവനെന്നാ—
ലിങ്ങനെ കൊള്ളാമതുമില്ലാഞ്ഞാ—
ലെങ്ങനെ പെണ്ണിനു തലപൊങ്ങേണ്ടു?
നിങ്ങളിതാരും ബോധിച്ചീലേ
സംഗതി''യെന്നൊരു നാരി പറഞ്ഞു.

---

1. കൊച്ചുകൾ—കൈവിരലുകളിലണിയുന്ന മോതിരങ്ങൾ, കാൽവിരലുകളിലണിയുന്ന മിഞ്ചികൾ ഈവക ചെറിയ ഇനം ആഭരണങ്ങൾക്ക് പഴയകാലത്ത് 'കൊച്ചുകൾ' എന്നു പറഞ്ഞുവന്നു.
2. കുറിമുണ്ട്=രണ്ടാംമുണ്ട്.

മററൊരു നാരി പറഞ്ഞാളപ്പോൾ
''മാക്കോച്ചാരുടെ മകളൊടുകൂടെ
കാക്കരനായരു ചേർച്ചതുടങ്ങി;
പോക്കിരിയവനൊരു ചെണ്ടപിണഞ്ഞു;
പത്തു പണത്തിനു പാതിപ്പുടവയെ—
ടുത്തുകൊടുത്തു പടയ്ക്കും പോയി
പത്താംതീയതി പണമുണ്ടാക്കി—
പ്പട്ടർക്കങ്ങു കൊടുത്തില്ലെങ്കിൽ
പത്തിനു രണ്ടര പലിശപ്പണമെ—
ന്നൊത്തുപറഞ്ഞു പിരിഞ്ഞിതുപോലും!
പത്താംതീയതി പുലരുന്നേരം
പട്ടർ തളത്തിൽ പാടു കിടന്നു;
'കാക്കരയാനവനെങ്കെപ്പോനാൻ?
കച്ചയെടുത്ത പണത്തെത്താരും;
പണമില്ലാട്ടാപ്പണയം താരും;
പട്ടരുകിട്ടേ വാരും പെണ്ണേ!
ഒമ്മെത്താനൊരു പണയം തന്നാ—
ലൊരുകുറി പാത്തതു വാങ്കിക്കൊൾവോം'
ഇങ്ങനെ പട്ടരു പട്ടിണിയിട്ടു
പാടുകിടക്കുന്നെന്നതു കേട്ടു;
കൊച്ചനുജത്തിയൊളിച്ചു പതുക്കെ—
ക്കച്ചയെടുത്തു പുതച്ചുംകൊണ്ടു
താച്ചൻനായരെ മുമ്പിൽ നടത്തി—
ക്കാഴ്ചകൾ കാൺമാനങ്ങു തിരിച്ചു;
കാഴ്ചപ്പന്തലിലെത്തുമ്പോളൊരു
താഴ്ചവരാനുണ്ടിങ്ങനുജത്തി!
നല്ല വെളുത്തൊരു പുടവയുടുപ്പാ—
നില്ലതുകൊണ്ടു നമുക്കു വിചാരം
മണിയും താലിയുമെന്തിനു നല്ലൊരു—
തുണിയുണ്ടെന്നാലായതു പോരും
കണികാൺമാനൊരു പണമില്ലാത്തവ—
ളണിവാനോർത്താലെന്തൊരു കാര്യം?
ഉമ്മാൻ വകയില്ലാത്തൊരു തൊമ്മൻ
സമ്മാനിപ്പാനാളായ്‌വരുമോ?
നമ്മുടെ വീട്ടിൽ പണ്ടൊരു മാതാ—
വമ്മാത്രം മുതൽ തേടിയതെല്ലാം
അമ്മാവിക്കു കൊടുത്തു കൊടുത്തുട—
നമ്മാവൻതാനൊക്കെ മുടിച്ചു;

അമ്മാമക്കളൊരഞ്ചെട്ടുണ്ടവ—
രുമ്മാനല്ലാതൊന്നിനു പോരാ
അമ്മാപാപികൾ രാവും പകലും
ഉമ്മാനിലയും വച്ചു നിരക്കെ
കോലെറയത്തുമടുക്കളയിലുമൊരു
കോലാഹലമേ കേൾപ്പാനുള്ളു;
ചോറു വിളമ്പെടി കോതേ! ചിരുതേ!
മോരു വിളമ്പെടി മാധവി! നിങ്ങടെ
വയ്പെല്ലാം ചിതമയ്യോ! കറികളി—
ലുപ്പും മുളകും ചേർത്തിട്ടില്ലാ!
കൈയ്പുണ്യം ചിത, മെരിപുളി[1]യെങ്ങനെ
കയ്പുണ്ടാവാൻ സംഗതിവന്നു?
കുട്ടികളിങ്ങനെ പിശകിപ്പിശകി—
ക്കിട്ടിയതൊന്നും മതിയില്ലിനിയും
ചട്ടിയിലുള്ളൊരു ചോറും കറിയും
കൊട്ടി വിളമ്പണമല്ലെന്നാകിൽ
പട്ടികൾപോലവർ പാഞ്ഞുകരേറി—
ച്ചട്ടികലങ്ങളുടപ്പാനും മതി
മുട്ടി നമുക്കു മനസ്സും പലപല
മുട്ടികണക്കിനു തിന്നു തടിച്ചൊരു
കൂട്ടക്കാരുടെ മൂലം നമ്മുടെ
വീട്ടിലിരുന്നു പൊറുപ്പാൻ മേലാ;
ചേട്ടക്കാർക്കരിവച്ചു വിളമ്പി—
ചേട്ടത്തിക്കുമെനിക്കും ഭാരം;
കോട്ടമൊരിക്കൽ കഞ്ഞികുടിപ്പാൻ
കൂടുകയില്ലൊരു നേരംപോലും;
കോയിക്കൽ പോയ്ക്കാഴ്ചകൾ കാൺമാൻ
സ്ഥായിക്കാർ[2]ചിലരുണ്ടെന്നാകിൽ
പോയിക്കണ്ടു വരേണമിനിക്കതി—
നായിക്കൊണ്ടു പുറപ്പെട്ടപ്പോൾ
അമ്മാവിക്കതു സമ്മതമല്ലാ
അമ്മാവനുമൊട്ടങ്ങനെതന്നെ
അമ്മയ്ക്കല്ലാതിദ്ദിക്കിലെടോ
നമ്മെക്കൂറു തരിമ്പില്ലാർക്കും;''
മോദിച്ചീടിന നാരികൾ തമ്മിൽ
ചോദിച്ചങ്ങു പറഞ്ഞുതുടങ്ങി:
''കല്യാണാംഗി വിദേഹാത്മജയുടെ

---

[1] എരിപുളി—ഒരു കറിയുടെ പേര്. [2] സ്ഥായിക്കാർ=സ്ഥിതിയുള്ളവർ.

കല്യാണോത്സവഘോഷം കാൺമാൻ
ഉല്ലാസേന ധരിത്രിയിലുള്ളവ—
രെല്ലാവരുമിഹ പോയീടുന്നു;’’
‘‘എല്ലാവരുമിഹ പോയതു കൊള്ളാം
തെല്ലു വിരോധം കേൾപ്പാനുണ്ട്
വില്ലാളികളാം വീരനൃപൻമാർ—
ക്കല്ലാതവളെക്കിട്ടുകയില്ലാ;
വില്ലു വലിച്ചു കുലച്ചു മുറിച്ചേ
വേളികഴിപ്പാൻ സംഗതികൂടൂ;
വില്ലെന്നുള്ളൊരു പണയം ചൊന്നതു
വില്ലങ്കമതായ് വന്നു ഭവിച്ചു
നല്ല സമർത്ഥൻമാരായുള്ളൊരു
നരപതിവിരുതൻമാർ പലർ വന്നു
വില്ലുമെടുത്തു വീണു മുറിഞ്ഞു
പല്ലു തകർന്നു എല്ലു ഞെരിഞ്ഞവ—
രെല്ലാം പരവശമെന്നേ വേണ്ടൂ;
പെണ്ണിനെ മോഹിച്ചയ്യോ ശിവശിവ!
പൊണ്ണൻമാർക്കങ്ങമളിപിണഞ്ഞതി—
വണ്ണമിതെന്നു പറഞ്ഞറിയിപ്പാൻ
ദണ്ഡമെനിക്കെൻ കൊച്ചനുജത്തീ!’’
‘‘ഇങ്ങനെ പണയം പറവാനെന്തൊരു
സംഗതിയായതു കേട്ടോ താനും?’’
‘‘നിങ്ങടെ ചെവിയിൽ പുക്കാലവിടെയ—
ടങ്ങുകയില്ല പരക്കും നാട്ടിൽ;’’
‘‘നിന്നാണെന്നുടെ കണ്ണാണേ ഞാ—
നിന്നിയൊരുത്തരെയറിയിക്കില്ല;’’
‘‘എന്നാൽ പറയാമച്ഛനുമമ്മയു—
മെന്നു തുടങ്ങിപ്പലരും കൂടെ
ദുഷ്കരമായൊരു പണയം ചൊല്ലി
ദുർഘടമാക്കിത്തീർത്തു വിവാഹം;’’
‘‘പെണ്ണിനെയച്ഛനു കൂറില്ലെന്നോ?’’
‘‘പെണ്ണിന്നുണ്ടോ അച്ഛനുമമ്മയും?’’
‘‘അച്ഛനുമമ്മയുമില്ലാതെങ്ങനെ
കൊച്ചുകുമാരി പിറന്നുണ്ടായി?’’
‘‘എങ്ങനെയുണ്ടായെന്നതറിഞ്ഞി—
ല്ലങ്ങനെ കിട്ടിയതെന്നേവേണ്ടൂ’’
‘‘കഞ്ഞികുടിപ്പാൻ വകയില്ലാഞ്ഞാൽ
കുഞ്ഞിനെ വില്ക്കും പാപികളുണ്ടോ?’’

‘‘പിള്ളേള വിററും പണമുണ്ടാക്കി—
പ്പള്ള പൊററുപ്പിപ്പാൻ മുതിരുന്നൊരു
തള്ളയിരിക്കും നാടു നശിക്കും
കൊള്ളരുതീവക ജാതികളൊന്നും;
അങ്ങനെയെങ്ങാൻ കിട്ടിയ പിള്ള—
യ്ക്കിങ്ങനെയനുഭവമെന്നായ് വരുമോ?’’
‘‘കുഞ്ഞു തനിക്കില്ലാഞ്ഞാൽ മററു കി—
ഴിഞ്ഞൊരു ജാതിയിലുള്ളൊരു ശിശുവെ—
ക്കുഴിയതിൽ വച്ചുകൊടുക്കാമെന്നൊരു
പഴമൊഴിയുണ്ടേ തെക്കൻ ദിക്കിൽ;’’
‘‘വലിയതമ്പുരാനിങ്ങനെവന്നൊരു
വഴിയിൽ വന്ന വൈദേഹിയതാകിയ
മകളെ വളർക്കുന്നെന്നതുകൊണ്ടൊരു
മകളെക്കൂറില്ലാതെ ഭവിച്ചോ?’’
‘‘എന്തൊരു കഷ്ടം! സാധിക്കാത്തൊരു
പന്തി പിടിച്ചൊരുപന്തി നൃപൻമാർ
ചന്തമിയന്നിഹ വന്നവരെല്ലാം
ദന്തമൊടിഞ്ഞു മടങ്ങിപ്പോയി;
എന്നുടെ ജാനകി തെരളാറായി
എന്നിനിയിവളുടെ വേളി കഴിപ്പൂ
മതിയായിട്ടൊരു മന്നവവീരൻ
അതിയായിട്ടു പ്രയത്നം ചെയ്താൽ
പതിയായിട്ടു വരാനും വിഷമം
ചതിയായിട്ടൊരു പണയംമൂലം;
അങ്ങനെ ജാതകമയ്യോ! ജാനകി!
യിങ്ങനെതന്നെയിരുന്നു നരയ്ക്കും
വല്ലാതുള്ളൊരു രാശിയിലയ്യോ!
വന്നു പിറന്നൊരു വൈദേഹിക്കു
കല്യാണത്തിനു വേണ്ടും ഭാഗ്യമ—
തില്ലാഞ്ഞാൽ പുനരെന്തിഹ ചെയ്യാം!’’

‘‘എന്നേ! നിർമ്മര്യാദമതെന്നേ പറവാനുള്ളു
എന്നെ വേണെങ്കിലെൻെറ കുന്തം വിഴുങ്ങേണം താൻ
എന്നുള്ള സംസാരംപോൽ വന്നു കാര്യങ്ങളെല്ലാം
ഒന്നും കണക്കിലാകില്ലെന്നു നമുക്കു പക്ഷം
വില്ലു കുലയ്ക്കുന്നോർക്കേ വേളി ലഭിക്കൂവെന്നു
തെല്ലും മടികൂടാതെ ചൊല്ലുന്ന തമ്പുരാനു
കല്യാണി സീതയുടെ കല്യാണം വേണമെന്നു—
തെല്ലോളമാശയില്ലെന്നല്ലോ തോന്നിക്കണ്ടായ

നല്ലൊരു പെണ്ണിരുന്നു നരച്ചുപോകുകേയുള്ളു;''
''വല്ലോരും വന്നു വേട്ടു കൊണ്ടുപോയില്ലെന്നാകിൽ
നല്ല തലമുടിയും കാതും മുഖവും നല്ല
പല്ലും ചൊടിയും കണ്ണും കണ്ടാലെത്ര മനോജ്ഞം;
ചാലേ പകിടച്ചൂതുപോലേ മുലകൾ രണ്ടും
ബാലയാം വൈദേഹിക്കു വന്നു കുരുത്തീടുന്നു;
ആലാപഭംഗികളും ലീലാകടാക്ഷങ്ങളും
പ്രാലേയരുചിബിംബംപോലെ വദനം പിന്നെ
നീലേന്ദീവരംപോലെ നീണ്ടുള്ള നേത്രങ്ങളും;
മല്ലീശരന്റെ പടവില്ലിന്റെ വൈഭവത്തെ
തല്ലി മണ്ടിക്കുന്നോരു ചില്ലീയുഗവും നല്ല
മുല്ലമുകുളംപോലെ പല്ലും മന്ദസ്മിതവും;
ബാലേന്ദുകലപോലെ ഫാലതിലകങ്ങളും;
എല്ലാമിവണ്ണം കണ്ടും കേട്ടും നൃപവരൻമാ–
രെല്ലാം മലരമ്പന്റെ മുല്ലക്കണകളേററു
വല്ലാതുഴന്നു ദേഹമെല്ലാം തളർന്നു ഖേദ–
മല്ലാതൊരുനേരവുമില്ലാതെ നാടും വീടു–
മെല്ലാം വെടിഞ്ഞു വെക്കമെല്ലാരുംകൂടിസ്സീതാ–
കല്യാണപ്പന്തൽക്കുള്ളിൽച്ചെല്ലുന്ന നേരം കേട്ടു:
'വില്ലു കുലയ്ക്കാമെന്നു വില്ലൻമാരൊത്തുചെന്നു
വില്ലുമെടുത്തു വീണു പല്ലുംതകർന്നു പാര–
മല്ലൽപിണഞ്ഞു സാധിക്കില്ലെന്നുറച്ചു മണ്ടി
നല്ലാർമണിയുടയ കല്യാണമൂർദ്ധ്വമായി'
വല്ലാത്ത കാലമെന്നേ ചൊല്ലാവു''യെന്നീവണ്ണം
എല്ലാ സ്ത്രീകളുംതമ്മിൽ സല്ലാപം ചെയ്യുന്നേരം;

മണ്ടിവന്നൊരു മനോഹരരൂപിണി
കണ്ടിവാർകുഴലിതാനുരചെയ്താൾ:
''കുണ്ഠിതം കളക മാനിനിമാരേ!
കണ്ടുകൊൾവിനിഹ വേളിമഹോത്സവം
രണ്ടു പക്ഷമതിനില്ല വിവാഹം
രണ്ടുനാളിലകമാശു ഭവിക്കും;
രണ്ടു സുന്ദരനരേന്ദ്രസുതൻമാ–
രുണ്ടു പോന്നിഹ പുരേ മരുവുന്നു
കണ്ടു ഞാനവരെയിന്നിഹ കണ്ടാൽ
രണ്ടുപേരുമതിവിസ്മയരൂപികൾ
പണ്ടു ശംഭുഭഗവാനതികോപം–
കൊണ്ടു ഫാലമിഴിതന്നിലെരിച്ചൊരു
വണ്ടുഞാണുടയ മൻമഥനിപ്പോൾ

രണ്ടു വിഗ്രഹമിയന്നിഹ വന്നു
കണ്ടിവാർകുഴലി സീതയെ വേട്ടു—
കൊണ്ടുപോകുവതിനെന്നിഹ തോന്നും;
രണ്ടുപേരിലൊരുവൻ വിരവോടാ—
കുണ്ഠരാകിന നൃപൻമാർ പലരും
കണ്ടിരിക്കവെ വില്ലുകുലച്ചു—
ങ്കൊണ്ടു ജാനകിയെ വേളി കഴിച്ചിഹ
കൊണ്ടുപോയിടുമതായതു നിശ്ചയ—
മുണ്ടെനിക്കു മമ കൊച്ചനുജത്തീ!
തണ്ടുതപ്പികടെ കുണ്ഠിതഭാവം
കണ്ടിരുന്നിഹ നമുക്കു ചിരിക്കാം;
രാമനെന്നുമഥ ലക്ഷ്മണനെന്നും
നാമധേയവുമവർക്കിഹ കേട്ടു;
കാമദേവനുടെ കാന്തിയെ വെല്ലും
കോമളാകൃതി മനോഹരനാകിയ
രാമനെന്ന ശിശു വില്ലു കുലപ്പാൻ

മാമുനീന്ദ്രനരുൾചെയ്തിതുപോലും.''
''അയ്യോ! ശിവശിവ! കൊച്ചുകുമാരനു
കൈയ്യോ കാലോ പോകാനുള്ളൊരു
ദുര്യോഗത്തെക്കല്പിച്ചൊരു മുനി—
വര്യനുമിപ്പോൾ ഭ്രാന്തുപിടിച്ചോ?
വണ്ണൻവാഴ കണക്കു തടിച്ചൊരു
പൊണ്ണൻമാർ ചിലർ വന്നിവിടേക്കു
ദണ്ഡുമെടുത്തു കുലപ്പാൻ വളരെ—
ദ്ദണ്ഡിച്ചൂർദ്ധ്വമതായെന്നല്ലീ
കണ്ണു പൊടിഞ്ഞും കാലുമൊടിഞ്ഞും
മണ്ണിൽ മറിഞ്ഞു മുറിഞ്ഞു ശരീരം
മന്നിലിരിക്കും മന്നവരനവധി
ഖിന്നതപൂണ്ടിഹ മാറിപ്പോന്നു;
അങ്ങനെയുള്ളൊരു വില്ലു കുലപ്പാ—
നിങ്ങനെ ശിശുവാം ദശരഥതനയൻ
എങ്ങനെ മതിയാകുന്നതികഠിനമി—
തംഗനമാരേ! നിങ്ങൾ ധരിപ്പിൻ;
ആന വലിക്കാതുള്ള മരത്തടി
പൂന വലിപ്പാനാളായ് വരുമോ?
ജാനകിമൂലം മനുകുലബാലനു
മാനക്കേടു വരുത്തും മാമുനി;
വിശ്വാമിത്രൻ കല്പിച്ചാലതു

വിശ്വാസമെനിക്കില്ലനുജത്തീ!
വിശ്വം മൂന്നിലുമെത്രയുമേററം
വിശ്രുതമാകിന സൂര്യകുലത്തിൽ
വന്നു പിറന്ന നൃപൻമാർക്കൊരു പിഴ
വന്നെന്നുള്ളതു കേൾപ്പാനില്ല;
ഇന്നിതു കേക്കാറാകില്ലല്ലീ–
യെന്നു നമുക്കിഹ തോന്നീടുന്നു:
നമ്മുടെ സ്വാമി വിദേഹനരേന്ദ്രനു
നല്ലതു ഞാനിഹ ചൊല്ലാമിപ്പോൾ
വില്ലെന്നുള്ളൊരു പണയം ചൊന്നതു
വില്ലങ്കത്തെ വെടിഞ്ഞു പൊടുക്കനെ
നല്ല കുമാരകനാകിയ രാമനെ
മെല്ലെ വിളിച്ചുവരുത്തിക്കനിവൊടു
കല്യാണാംഗിയതാകിയ മകളുടെ
കല്യാണം വഴിപോലെ കഴിച്ചഥ
ആരും വളരെ ഗ്രഹിയാതങ്ങൊരു
തേരിൻ മുകളിൽ കേററിയയോദ്ധ്യാ–
പുരിയിലയയ്ക്കണമിരുവരെയും പുന–
രരുതൊരു താമസമായതിനിപ്പോൾ,
നാമിഹ ചൊന്നതു ചെയ്തെന്നാലെൻ
സ്വാമിക്കേതും ദൂഷണമില്ല:
രാമനു മകളെദ്ദാനം ചെയ്താൽ
ഭൂമിയിൽ നല്ലൊരു കീർത്തി നടക്കും
ചാർച്ചയുമുണ്ടാം ചേർച്ചയുമുണ്ടാം
താഴ്ചയുമെങ്ങും വരികയുമില്ലാ
കാഴ്ച നരേശ്വരനുണ്ടെന്നാകിൽ
വാശ്ശതുമിങ്ങനെ ചെയ്യണമിപ്പോൾ.''
''പോടീ നിന്നുടെ സംസാരം മതി
പോകാം വിരവൊടു കാഴ്ചകൾ കാൺമാൻ;
കോപ്പച്ചാരു നിനക്കുണ്ടാക്കിയ
കോപ്പുകളെല്ലാമെങ്ങെടി പെണ്ണേ?''
''കോപ്പുകളെല്ലാം പണയംവച്ചു
കറുപ്പും കള്ളുംകൊണ്ടു മുടിച്ചൊരു–
മുടിയൻ നായർ നമുക്കൊരു മുണ്ടും
പുടവയുമിപ്പോൾ തരുമാറില്ല;
കടമെന്നുള്ളതു തലയിൽക്കേറി
കാട്ടിലൊളിച്ചു നടക്കുന്നിപ്പോൾ.''
''ഉമ്മിണിയച്ചീ! വാടീ നിന്നുടെ

പൊൻമണിയിന്നു നമുക്കു തരാമോ?''
''പൊൻമണി വിററു കടത്തെപ്പോക്കി
പൊളിയില്ലങ്ങനെ സംഗതിവന്നു

പൊന്നും വെള്ളിയുമെന്നുടെ വീട്ടില—
തൊന്നും കണികാൺമാനുമതില്ലാ
രാമച്ചാരുടെ മകടെ കഴുത്തിലൊ—
രാമത്താലി കിടക്കുന്നുണ്ട്

ആയതു കിട്ടും ചോദിച്ചെന്നാ—
ലായവൾ തരുമെന്നെന്നുടെ പക്ഷം;''
''അവൾ പോന്നില്ലേ കാഴ്ചകൾ കാൺമാൻ?''
''അവൾ പോന്നില്ലാ തൊടുവാൻ മേലാ;''

ഇങ്ങനെയോരോ വാക്കു പറഞ്ഞും
തങ്ങടെ മോടി വരുത്തിക്കൊണ്ടും

പെട്ടി തുറന്നും കോപ്പുകളെല്ലാം
കെട്ടിയണിഞ്ഞും പുടവ ഞൊറിഞ്ഞും
കണ്ണുകളെഴുതിത്തിലകം തൊട്ടും

മോതിരമിട്ടും കൈവളയിട്ടും
താലിയണിഞ്ഞും മാലയണിഞ്ഞും
നാടൻ പുഴുവു മുഖത്തു മിനുക്കി
കൂടെത്തലമുടി ചിക്കി വിടർത്തും

വെററ തെറുത്തും കൈയ്യിലെടുത്തും
മററുള്ളവർകളെ മാടിവിളിച്ചും
കൊച്ചിനെയെളിയിലെടുത്തും പലതര—
മച്ചികളങ്ങു നടന്നുതുടങ്ങി!

തെക്കു വടക്കു കിഴക്കു പടിഞ്ഞാ—
റൊക്കെ നിറഞ്ഞു കവിഞ്ഞു വരുന്നൊരു
വിപ്രൻമാരുടെ തിക്കുതിരക്കു നി—
രപ്പൊടു തത്ര വിചിത്രമതല്ലോ!
''ഹേ ഹേ! തന്നൊടു ചോദിക്കുന്നു വി—
ദേഹേശൻെറ മകൾക്കു സ്വയംവര—
ഘോഷമിതങ്ങു തുടങ്ങി ജനങ്ങള—
ശേഷവുമവിടെച്ചെന്നു നിറഞ്ഞു;

തത്ര നമുക്കു പ്രതിഗ്രഹമവിടൊ—
ട്ടെത്ര ലഭിക്കുമതുണ്ടോ കേട്ടു?''

''നമ്പൂതിരിമാർക്കമ്പതുമറുപതു—
മാൾക്കാശുണ്ടെന്നിങ്ങനെ കേട്ടു
ഓരോ പാതിപ്പട്ടും കിട്ടും

നേരോ പൊളിയോ കണ്ടാലറിയാം;
ധീരത്വം പുനരുള്ള മഹീപതി
പാരിൽ ധനവാൻമാരിലധീശൻ
ഭൂരി ദ്രവ്യമതുള്ളതശേഷം
വാരിക്കോരിച്ചെലവിട്ടിപ്പോൾ
ദാരിദ്ര്യം കണികാൺമാനില്ലാ—
തായ്‌വരുമെന്നാലിപ്പരിഷയ്ക്ക്;''
''പോരിക വിപ്ര സദ്യയടുത്തു
കോരികകൊണ്ടു വിളമ്പും പ്രഥമൻ
പപ്പടവും പഴവും പഞ്ചാരയു—
മപ്പം വടകളുമുപ്പേരികളും
നെയ്യും നല്ല പരിപ്പും പാലും
പച്ചടി കിച്ചടി വേപ്പില മാങ്ങാ
നാരങ്ങാക്കറി പുളിയിഞ്ചികളും
ചക്കപ്രഥമനടപ്രഥമൻ പുന—
രൊക്കെയുമോലോലക്കറിയിങ്ങനെ
ശർക്കര ചേർത്തു വറുത്ത പദാർത്ഥം
മുഷ്കരമാകിന* നേന്ത്രപ്പഴവും
കണ്ണൻപഴവും വണ്ണൻപഴവും
കാളിപ്പഴവും കദളിപ്പഴവും
കന്നിൻതൈരും കാച്ചിയ മോരുമി—
തൊന്നും കുറവില്ലെത്ര ചെലുത്താ—
മെന്നാലായതിലേറെ വിളമ്പും
ഇലയിലിടം പോരാതായ്‌വരുമേ;
എല്ലാമിലയിൽ ശേഷിപ്പവരൊടു
വല്ലാതങ്ങു ശകാരിച്ചീടും;
ഭരിപ്പുനടത്തും പരദേശികടെ
വലുപ്പവുമവിടെക്കാണുകയില്ല
വയ്പിനു നല്ല മടപ്പള്ളിക്കാ—
രല്പമതല്ലൊരു പത്തു സഹസ്രം
കല്പന കേട്ടു നടക്കാത്തവരുടെ
കൈയ്ക്കുപിടിച്ചു പുറത്തും തള്ളും;
ചന്ത്രക്കാരനുമേറെ ഞെളിഞ്ഞാൽ
ചന്തക്കേടു വരുത്തിയയയ്ക്കും;
കൊല്ലാവുന്ന ജനങ്ങൾ പിഴച്ചാൽ
കൊല്ലാൻ കല്പന വരുമെന്നറിക
കൊല്ലരുതാത്തവരെക്കൂട്ടത്തിൽ

---

* 'മുഖ്യമതാകിന'—എന്നായിരിക്കുമോ പാഠം?

കൊള്ളരുതാത്ത വഴിക്കും കൂട്ടും;[1]
വമ്പുള്ളോരെജമാനൻ മീശ—
ക്കൊമ്പുള്ളവനെന്നാകിലുമുടനേ
സംഭാരങ്ങൾ വരുത്താത്തവരെ
സ്തംഭത്തോടു വരിഞ്ഞിഹ കെട്ടും;
നമ്പൂതിരിമാർ ചോമാതിരിമാ—
രെമ്പ്രാന്തിരിമാർ പരദേശികളും
നമ്പിബ്രാഹ്മണരെന്നുള്ളവരുടെ
മുമ്പിൽ വരുമ്പോൾ വഴിതിരിയാഞ്ഞാൽ[2]
വമ്പൻമാരവരധികാരികളെയു—
മമ്പൊടു നരപതി പിഴചെയ്യിക്കും;
സമ്പ്രതി ജനകപുരത്തിലൊരുത്തനു
സംഭ്രമമെന്നതു കാൺമാനില്ല.''

ഇത്ഥം നാലു ദിക്കീന്നുമെത്തും മഹീസുരൻമാർ
ചിത്തം തെളിഞ്ഞു പല വൃത്തം പറഞ്ഞുകൊണ്ടു
ഛത്രം വിശറിയുമായത്ര നഗരിതന്നിൽ
ചിത്രമായുള്ള ബഹു സത്രങ്ങൾ കണ്ടുകണ്ട—
ങ്ങെത്രയും മോദമോടേ ധാത്രീശൻ ജനകന്റെ
പുത്രീവിവാഹഘോഷേ തത്ര സുഖിച്ചുവാണു;

ഇത്തരമനവധി ഘോഷം ദിശി ദിശി
ചിത്തരസങ്ങളനേകമനേകം
പത്തനമൊക്കെ നിറഞ്ഞു ജനങ്ങടെ
പലപല വിദ്യകളങ്ങു തുടങ്ങി;
ആട്ടം പലദിശി പാട്ടും കളികളു—
മോട്ടൻതുള്ളലു കൊമ്പും കുഴൽവിളി
തട്ടുമ്മേൽക്കളി തറയിൽ ചാട്ടവു—
മൊട്ടും കുറയാതമ്മാനാട്ടം
കമ്പക്കൂത്തുകൾ ഞാണിൻമേൽക്കളി
കമ്പമകന്നൊരു ദണ്ഡിപ്പുകളും

---

1. കൊല്ലാവുന്ന ജനങ്ങൾ=വധിക്കപ്പെടാവുന്നവർ. കൊല്ലരുതാത്തവർ=വധിക്കാൻ; പാടില്ലാത്തവർ (ബ്രാഹ്മണർ) മുൻകാലത്തു ബ്രാഹ്മണർക്ക് വധശിക്ഷ നല്കൻ പാടില്ലായിരുന്നുവല്ലോ. ബ്രാഹ്മണർക്കു നല്കിയിരുന്ന കഠിനമായ ശിക്ഷ ഭ്രഷ്ടു കല്പിക്കലായിരുന്നു.

കൊള്ളാവുന്ന ജനങ്ങൾ പിഴച്ചാൽ
കൊല്ലാൻ കല്പന വരുമെന്നറിക
കൊള്ളരുതാത്തവരെക്കൂട്ടത്തിൽ

കൊള്ളരുതാത്തവഴിക്കും കൂട്ടും--എന്നു ചില മുദ്രിതപുസ്തകങ്ങളിൽ പാഠം പരിഷ്കരിച്ചത് അബദ്ധം.

2. ആദരവുകാണിച്ചു വഴിമാറിപ്പോകാഞ്ഞാൽ.

കൊമ്പുകളും കിടുപിടിയും തകിലുമൊ—
രമ്പതുലക്ഷം തിമിലക്കാരും
പാണ്ടിവിധം മലയാളവിധങ്ങളു—
മാണ്ടിക്കളികളുമായുധവിദ്യകൾ
ചെണ്ട കടുന്തുടി മദ്ദളഘോഷവു—
മുണ്ടിഹ ദിശി ദിശി കേൾക്കാകുന്നു;
യാത്രബ്രാഹ്മണരവരുടെ കളിയും[1]—
മാത്രക്കോലും വാളും വടിയും[2]
ചെപ്പടിവിദ്യകൾ തപ്പടി കോലടി
കെല്പൊടു പൊടുപൊടെ വെടികളുമിടയിടെ—
യിപ്പടിബഹുവിധമത്രയുമദ്ഭുത—
മപ്പുരവരമതിലാശു നിറഞ്ഞും;
വിശ്വാമിത്രമഹാമുനിതാനും
വിരവൊടു രഘുസുതരോടുസമേതം
വിശ്വാസം ബഹുമാനം ഭക്തിയു—
മാശ്വാസവുമിയലും ജനകേന്ദ്രനെ
വേറെ വിളിച്ചുവരുത്തിസ്സാദര—
മേറെത്തെളിവൊടു ഗിരമുരചെയ്തു:

പദം. നാട്ടക്കുറിഞ്ഞി—ചായ്പ്

പല്ലവി

''വീരപുംഗവ ധീരമഹീപാല!
ശൗര്യവാരിധേ! കേൾക്ക ഗിരം ച മേ

ചരണങ്ങൾ

1. സൂര്യവംശതിലകൻ ദശരഥൻ
ഭാര്യമാരുമായ് മേവുന്നൊരുകാലം
പുത്രരില്ലാഞ്ഞു ദുഃഖം മുഴുക്കയാൽ
പുത്രകാമമഖവും തുടങ്ങിച്ചു
2. ഋശ്യശൃംഗമുനിയുടെ വൈഭവാൽ
വിശ്രുതൻമാരാം പുത്രൻമാരുണ്ടായി
കോസലനൃപൻതൻെറ മകളായ
കൗസല്യയ്ക്കു പിറന്നിതു രാമനും
3. കേകേയനൃപൻതൻെറ മകളായ
കൈകേയിക്കു പിറന്നു ഭരതനും

---

[1] 'ശാസ്ത്രിബ്രാഹ്മണരവരുടെ കുളിയും'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അബദ്ധം. യാത്രകളിയാണിവിടെ പരാമർശം. 'യാത്രനമ്പൂരിമാർ കൊട്ടിക്കളിച്ചുകൊണ്ടകംപുക്കു'—(ഹരിണീസ്വയംവരം ശീ. തു.)

[2] മാത്രക്കോൽ, വാള്, വടി എന്നിവ യാത്രകളിക്കോപ്പുകളിലുൾപ്പെട്ടവയാണ്.

മാഗധന്റെ കുമാരിയായുള്ളൊരു
ധന്യശീല സുമിത്രതനിക്കപ്പോൾ

4. ലക്ഷ്മണശത്രുഘ്നന്മാരെന്നിങ്ങനെ
ലക്ഷണമുള്ള പുത്രന്മാരുണ്ടായി
നാലു വേദവുമാറു ശാസ്ത്രങ്ങളും
നാലു നന്ദനന്മാരും ഗ്രഹിച്ചിതു;

5. ആയുധവിദ്യയാദികളൊക്കെയു—
മായവണ്ണം ഗ്രഹിച്ചാരവർകളും
മൂത്തവനായ രാമൻ മനോഹരൻ
മൂന്നാമൻ ബത ലക്ഷ്മണ വീരനും

6. നമ്മോടൊന്നിച്ചു പോന്നിതു യാഗവും
ചെമ്മേ രക്ഷിച്ചിതാശു ചതുരന്മാർ
പാടവമുള്ള രാമൻ വഴിതന്നിൽ
താടകയേക്കൊലചെയ്തതിവേഗം

7. പ്രൗഢരാകിന രാക്ഷസവീരരെ
താഡനംചെയ്തു ബാണങ്ങൾകൊണ്ടുടൻ
ഭൂപാലബാലൻ പിന്നെയഹല്യയ്ക്കു
ശാപമോക്ഷവുമമ്പോടു നല്കിനാൻ;

8. ഭൂപവര്യനാം നിന്റെ പുരേ ശിവ—
ചാപമുണ്ടെന്നു കേട്ടതു കാണുവാൻ
ജാതമോദമിവിടേക്കു വന്നിവർ
ഏതും വൈകാതെ കാണിക്ക നീ ചാപം.''

ഇത്തരമുരചെയ്തീടിന മുനിയോ—
ടുത്തരമുരചെയ്താനഥ ജനകൻ:
അയ്യോ! ശിവശിവ! ശിശുവാമിവനി—
ത്രൈയ്യംബകമാം വില്ലു കുലപ്പാൻ
കൈയ്യൂക്കുണ്ടോ സാഹസമാമിതു
ചെയ്യിപ്പിക്ക നമുക്കിതു ചിതമോ?
അയ്യായിരമവനീശന്മാരിതു
ചെയ്യാമെന്നു നടിച്ചിഹ വന്നീ—
ത്രൈയ്യംബകമൊടു തോററു മടങ്ങി—
കൈയ്യും കാലുമൊടിഞ്ഞു ചിലർക്കിഹ
മെയ്യു വളഞ്ഞു കൈയ്യു കളഞ്ഞു
പൊയ്യല്ലത്ര തരംകെട്ടാരവർ
ആയ്യാളുകളിലൊരുത്തനുമോർത്താൽ
വയ്യാതുള്ളൊരു ദുർഘടകാര്യം
ചെയ്യാമെന്നിക്കുഞ്ഞുങ്ങൾക്കും

ചെയ്യിപ്പിക്കാമെന്നു നമുക്കും
ദുർമ്മോഹംകൊണ്ടതിനു തുനിഞ്ഞാൽ
ധർമ്മോപക്ഷയമെന്നിഹ തീരും;
ത്രിപുരൻമാരെച്ചുട്ടുമുടിപ്പാൻ
ത്രിദശൻമാരുണ്ടാക്കിയ വില്ലിതു
നൃവരൻമാർക്കും സൂര്യകുലത്തിൽ
അപരൻമാർക്കുമെടുത്തു കുലപ്പാൻ
സാധിക്കാഞ്ഞൊരു കാര്യമിതടിയൻ
ബോധിക്കാഞ്ഞൊരു പണയം ചൊന്നത്
അധികം കഷ്ടമശേഷജനത്തിനു—
മാധിക്കുള്ളൊരു തൊഴിലായ്‌വന്നു.

സുഖക്കേടു പാരമെൻെറ മകൾക്കു വയസ്സു പത്തായ്;
'പൊടുക്കെന്നൊരൂഹത്തിനു കൊടുക്കെന്നുള്ളതിനൊരു
തിടുക്കമീക്കല്യാണത്തിൻമുടക്കം വരുന്നതാകി—
ലൊടുക്കം;' തെക്കും വടക്കും കിഴക്കും പടിഞ്ഞാറും വഴി—
നടക്കും ജനങ്ങൾ നമ്മെ പഴിക്കുന്നുണ്ടെന്നു പല—
വഴിക്കും കേൾപ്പാനുമുണ്ടതൊഴിക്കും പ്രകാരം കാര്യം—
കഴിക്കുന്നാകിലോ സൗഖ്യം ഭവിക്കും നമുക്കും പിന്നെ—
ചെവിക്കു പുത്തരിയായിട്ടുരയ്ക്കും ദുഷ്കീർത്തി കേട്ട—
ങ്ങിരിക്കുന്നതിനെക്കാട്ടിൽ മരിക്കുന്നതത്രേ നല്ലു;
തെരിക്കെന്നു കാശിക്കങ്ങു തിരിക്കാമെന്നതേവരു;
ഒരിക്കൽ ചാക്കുമുണ്ടല്ലോ ധരിക്കെൻെറ വിശ്വാമിത്ര!
തരക്കേടു വന്നു നമ്മെ പരക്കെ ദുഷിവാക്കുകൾ
ഉരയ്ക്കുന്നിതുപോൽ നാട്ടിലിരിക്കും മാനുഷരെല്ലാം
ചിരിക്കുന്നതുകൊണ്ടത്തൽ പെരുക്കുന്നു; നിങ്ങൾക്കെല്ലാം
നിരക്കുന്നതുപോൽ ചെയ്‌വാനെനിക്കും മോഹമുണ്ടതു—
മുനിക്കു സമ്മതമെങ്കിൽ കനക്കേടു ചിന്തിയാതെ
കനക്കെ ഗുണമുള്ളൊരു പുരുഷനേക്കൊണ്ടു വേളി
പരിചിൽ കഴിപ്പിച്ചുകൊണ്ടുരിയാടാതെ പോയാലും;''

വൈരാഗ്യംകൊണ്ടിങ്ങനെ പല മൊഴി
വൈദേഹൻ പറയുന്നതു കേട്ടു
ഗൗതമനായ ശതാനന്ദൻ മുനി
വീതവിശങ്കം പുനരരുൾ ചെയ്തു:
''സീരദ്ധ്വജ[1]നരപാല സഖേ! തവ
ധീരത്വം പുനരെങ്ങു ഗമിച്ചു?
വീരപരീക്ഷയ്ക്കുള്ളൊരു പണയം
വിരവൊടു പണ്ടു ഭവാനുരചെയ്തു

---

1. സീരദ്ധ്വജൻ=ജനകൻ.

ഭംഗം വരികയുമില്ല വിവാഹം
സംഗതി വരുമതിനില്ല വിവാദം;
പുംഗവകേതനചാപം[1] ദ്രുതമഥ
രംഗതലത്തിൽ വരുത്തീടേണം
രാമൻ വില്ലു കുലയ്ക്കുമതിന്നൊരു
താമസമില്ല തരിമ്പുമിദാനീം
മാമുനി വിശ്വാമിത്രൻതിരുവടി
രാമനു ഗുരുവെന്നറിക മഹീശാ!
ജൃംഭകമാദി മഹാസ്ത്രമശേഷം
സംഭൃതമോദം കൗശികമാമുനി
സമ്പ്രതി രാമനു ദാനംചെയ്തതു
സരസമതേ! നീ ബോധിച്ചീലാ;
താടകയെക്കൊലചെയ്തു; സുബാഹു–
നിശാടനമുഖ്യവധത്തെച്ചെയ്തു;
നാടകമല്ലിതു സകല ത്രിഭുവന–
നാടകമഖിലം പാലിച്ചീടാൻ
പാടവമുള്ളൊരു രാമനു കാർമുക–
പാടനമതിനിന്നെന്തൊരു ദണ്ഡം?
മൂഢജനങ്ങൾക്കെന്തറിയാമിതു
ഗാഢപരാക്രമനേഷ കുമാരൻ;
ശിശിരേതരകരകുലമതിലുളവാം
ശിശുവെന്നാലും വൈരകുലത്തെ
പ്രശമിതമാക്കാൻ മതിയാമെന്നതു
വിശദമതേ! നീ ബോധിച്ചാലും;
പൊക്കമിയന്ന മരങ്ങൾ നിറഞ്ഞതി–
ദുഷ്കരമാകിന കാടുകളെല്ലാം
ഒക്കെച്ചുട്ടു മുടിപ്പാനല്പം
തീക്കനൽ മാത്രം മതിയാകില്ലേ?
തെല്ലു വിഷാദം വേണ്ട സഖേ! തവ
നല്ലൊരു ചാർച്ചക്കാരനിവൻ തട–
വില്ലിഹ വിരവൊടു പരമേശ്വരനുടെ
വില്ലു വലിച്ചു കുലച്ചു മുറിച്ചഥ
ഉല്ലാസത്തൊടു ജനകാത്മജയുടെ
കല്യാണോത്സവമാശു കഴിച്ചഥ
കല്യനതാകിന തവ ഹൃദി പെരുകിന
ശല്യമൊഴിക്കും ദശരഥതനയൻ.''

---

1. പുംഗവകേതനചാപം=ശിവൻെറ വില്ല് (ത്രൈയംബകം വില്ല്).

ചമ്പതാളം

മുനിവരഗിരം മുദാ കേട്ടു സീരദ്ധ്വജൻ
മനതളിർ തെളിഞ്ഞുടൻ മാനശാലീ നൃപൻ
പുരഹരശരാസനം കൊണ്ടുവന്നീടുവാൻ
പുരുഷജനമായിരം യാത്രയാക്കീടിനാൻ.
തദനു പുനരായിരം കിങ്കരൻമാരുടൻ
മദനരിപുകാർമുകം ചെന്നു കണ്ടീടിനാർ:
''പെരിയൊരു മഹാമലയ്ക്കൊക്കുമിക്കാർമുകം
വിരവൊടു ചുമന്നുകൊണ്ടങ്ങു ചെൽവാൻ പണി
ഇനിയുമുടനായിരം നായരുണ്ടെങ്കിലേ
ഇതു തലയിലേററുവാനാളാവു നാമെടോ!
വലിയ മലയെച്ചുമന്നീടുവാനെങ്കിലും
വലിയ ജനമിങ്ങു കല്പിച്ചയച്ചാലതും*
ഒരു ദശയിലിന്നു നാം ചെയ്കയെന്നേ വരൂ
കുറവു പറയുംവിധൗ കുററമുണ്ടായ്‌വരും;
അരചനുടെ ചെമ്പിലെച്ചോറുതിന്നും നമു–
ക്കൊരു ശരണമില്ലെടോ തമ്പുരാനെന്നിയേ
തിരുമനസി കല്പിച്ച വേലയെല്ലാം നമു–
ക്കൊരു കുറവു കൂടാതെ ചെയ്കയെന്നേവരൂ;
വരിക വിരവോടു നാം വില്ലെടുത്തീടുക
വരുവതു വരും ഫലം വാശ്ശതെന്നാകിലും;
ചലമിഴികൾ കൂപ്പുമജ്ജാനകിപ്പെണ്ണിന്റെ
മുലയിണ കൊതിച്ചു വന്നീടുന്നവർക്കഹോ
മലകളെ മറിപ്പതിന്നും മടിയില്ലഹോ
ഫലമിനിവരുന്നതാർക്കെന്നറിഞ്ഞീല ഞാൻ;
ദശരഥനരാധിപൻതന്നുടെ പുത്രനായ്
ശിശുനൃപതി രാമനെന്നിങ്ങനെ പേരായ
പുരുഷനക്കൊച്ചുഭൂപാലനിക്കാർമുകം
വിരവൊടു കുലപ്പതിന്നായ്‌ത്തുടങ്ങുന്നുപോൽ!
ശിവ ശിവ! മഹാകഷ്ടമക്കുഞ്ഞുരാമനീ
ശിവനുടെ ശരാസനത്തെക്കുലച്ചീടുമോ!
ഒരു ശിശുവധത്തിനായ് നമ്മുടെ തമ്പുരാൻ
തിരുമനസി കല്പിച്ചിതയ്യോ! ശിവ ശിവ!''

ഇത്തരമോരോന്നുരചെയ്തുടനെ മ–
ഹത്തരമാകിന കാർമുകമമ്പൊടു
സത്വരമായിരമാളുകൾ കൂടിയെ–
ടുത്തുപിടിച്ചിഹ കൊണ്ടന്നുടനെ

---

* 'പെരിയ ജനമിങ്ങു കല്പിച്ചയച്ചാലതും'—പാഠാന്തരം.

തുംഗമതാകിയ രംഗത്തിന്നൊരു
ഭംഗം കൂടാതഴകൊടു വച്ചു;
മംഗലസമയേ മനുകുലനരവര—
പുംഗവനന്ദനനാകിയ രാമൻ
കുശികാത്മജനുടെ ശാസനകൊണ്ടതി—
കുശലമതാകിന കർമ്മം ചെയ്‌വാൻ
ഭൃശകുതുകേന പുറപ്പെട്ടപ്പോൾ
സുശകുനമഖിലവുമഞ്ജുളവായി;
ദക്ഷിണലോചനമിളകി തദാ ശുഭ—
ലക്ഷണമാമതു പുരുഷൻമാർക്ക്
ദക്ഷിണബാഹുപ്രചലനവും പുന—
രക്ഷണമേവ ഭവിച്ചു വിശേഷാൽ;
പക്ഷികൾ നല്ല ചകോരാദികളും
ദക്ഷിണദിശി ശബ്ദിച്ചുതുടങ്ങി
ലക്ഷ്മണപൂർവ്വജനാകിയ രാമൻ
തൽക്ഷണേ ഗുരുവാം കുശികാത്മജനെ*
പ്രദക്ഷിണവുംവച്ചാശു വണങ്ങി
ദക്ഷിണനാകിയ ജനകാധിപനാ—
മക്ഷിതിപതിയെ നമിച്ചു സുഖേന വി—
ചക്ഷണനാകിയ ലക്ഷ്മണസഹിതന—
രക്ഷണമവിടെത്താമസിയാതുട—
നക്ഷിതിപതിസുതനാശു നടന്നു;
ഖണ്ഡാമൃതകരമണ്ഡനനുടെ കോ—
ദണ്ഡമിരിക്കും മണ്ഡപസീമനി
മനുകുലബാലൻ ചെന്നുകരേറി;
ഘനമേറീടിന കോദണ്ഡത്തിനു
കനിവൊടു മൂന്നു വലംവച്ചുടനേ
മനസാ വാചാ മദനാന്തകനെ
പുനരപി പുനരപി തൊഴുതുവണങ്ങി
ഘനതരകഠിനമതാകിന ചാപം
വിവശതയെന്യെയെടുത്തഥ പൊക്കി
അനവധി നൃപതികൾ നോക്കിയിരിക്കെ
ധനുരാരോപണമാരംഭിച്ചു;
വില്ലിൻ മുന പുനരവനിയിലൂന്നി
തെല്ലും താമസിയാതെ വളച്ചഥ
നല്ലൊരു ഞാണു പിടിച്ചു മുറുക്കി
പാണിതലംകൊണ്ടടവു പിടിച്ചു—
പതുക്കെത്താഴ്ത്തി ഝടിതി കുലച്ചു

---

* 'ശിക്ഷണേ ഗുരുവാം കുശികാത്മജനെ'—പാഠഭേദം.

പടുതരമാകിന ചെറുഞാണൊലിയും
പൊടുപൊടെ വടിവൊടു സപദി മുഴക്കി;
കച്ചക്കെട്ടിലമർന്നൊരു നിലയുമു—
റച്ചഥ നിന്നു വലിച്ചുകരേറ്റി
പറ്റെത്താണു വലഞ്ചെവിയറ്റം
പറ്റിച്ചീടിന സമയത്തിങ്കൽ
ചട്ടറ്റീടിന ചാപം നടുവേ
പൊട്ടി മുറിഞ്ഞു മറിഞ്ഞു പതിച്ചു;
പൊട്ടുന്നേരമുദിച്ചൊരു ശബ്ദം
ഒട്ടും കുറവില്ലാഴിയുമൂഴിയു—
മെട്ടുദിഗന്തവു മൊന്നു കുലുങ്ങി
അഷ്ടദിഗന്തരദന്തികളുടെ ചെവി—
പൊട്ടിയലഞ്ഞവർ ഞെട്ടിയുഴന്നു;
സപ്തകുലാചലകുഹരേ മരുവിന
സുപ്തമതാകിന സിംഹസമൂഹം
സത്വരമഖിലമുണർന്നതിവേഗം
ബദ്ധപ്പെട്ടു ഭ്രമിച്ചു നടന്നു.

നരവീരശിഖാമണി രാമൻ
പരകാമിനിമാർക്കൊരു കാമൻ
അതിസുന്ദരനാകിയ ബാലൻ
അരിവൃന്ദകുലത്തിനു കാലൻ
അതിചതുരൻ മധുരൻ മഹിതൻ
സുഭഗൻ സുരുചിരസരസതരൻ;

ഹരചാപമെടുത്തു കുലച്ചു
പരിചോടു പിടിച്ചു വലിച്ചു
ധരണീതലമൊന്നു വിറച്ചു
ധരണീശ മദങ്ങളും നിലച്ചു
സുഖമുദിച്ചു രസിച്ചിതു സാധുജനം;

അഥ കാർമുകമായതു പൊട്ടി
അതു കേട്ടവരമ്പൊടു ഞെട്ടി
ജനകേന്ദ്രനു നല്ലൊരു തുഷ്ടി
തനയയ്ക്കു സുമംഗലപുഷ്ടി*
അതിതുംഗമംഗലം സപദി സമാപതിതം;

വരവാണിയതാകിയ സീതാ
വനമാലികയോടു സമേതാ

---

* 'സുവനിതയ്ക്കു സുമംഗലപുഷ്ടി'—പാഠാന്തരം.
'സുവനിതയ്ക്കു സുമബലപുഷ്ടി'—എന്നു മുദ്രിത പുസ്തകങ്ങളിൽ അപപാഠം.

വരനാകിയ രാമമുപേതാ
വരവാണിമണീ സുമവനിതാ
വരനുടെ ഗളഭുവി വിരവൊടു
മാലവച്ചു മാലൊഴിച്ചു വാണു സുഖം.
നരവരസുരനഥ വില്ലു കുലച്ചു
വരതനു ഗളഭുവി മാലയുമിട്ടു
ധരണീസുരരതു കണ്ടു രസിച്ചു
പെരുകിന സഭകളിലവിടെ വസിച്ചു;
ജനകമഹീപതി ഗൗതമമുനി[1]യോടു
ജനിതകുതൂഹലമിദമുരചെയ്തു:
''മുനികുലപുംഗവ! നിന്തിരുവടിതാൻ
കനിവൊടു മമ മൊഴി കേട്ടരുളേണം
ഇന്നിഹ വിരവിലയോദ്ധ്യാനഗരേ
ചെന്നിഹ വിരവൊടു ദശരഥനേയും
നന്ദനഭരതൻ ശത്രുഘ്നനെയും
നന്ദിച്ചിങ്ങു വരുത്തീടേണം;
കൗസല്യാ കൈകേയി സുമിത്രാ—
ദേവികൾ മൂവരുമവരുടെ സഖിമാർ
ദാസികളെന്നിവർ സകലജനത്തൊടു
ദശരഥനരവരനാശു വരേണം;
തരണികുലത്തിലുപാദ്ധ്യായൻ മുനി
ധരണിസുരോത്തമനായ വസിഷ്ഠൻ—
തിരുവടിതാനുമെഴുന്നള്ളേണം
ഗുരുഭൂതൻമാരപരൻമാരും.
ശ്രീരാമൻ ബത വില്ലു കുലച്ചു
സീതാ മമ മകൾ മാലയുമിട്ടു
പത്തു ദിനത്തിനകത്തു വിവാഹ മു—
ഹൂർത്തവുമവിടെക്കല്പിച്ചെന്നതി—
നെത്തുകവേണം ജനനികൾ ജനകനു—
മിത്ഥം ചെന്നു ധരിപ്പിക്കേണം;
കുറിയെഴുതീട്ടൊരു പുരുഷനെ വിട്ടാൽ
കുറയെത്താമസമുണ്ടാമായതു
തരമില്ലിപ്പോൾ നിന്തിരുവടിതാൻ
കനിവൊടു ദണ്ഡിച്ചേ മതിയാവൂ;
തേരും കുതിരയുമാശു വരുത്താം
ചേരുമകമ്പടി കൂടെയയയ്ക്കാം
പേരുപുകഴ്ന്നൊരു മേനോക്യച്ചൻ—
മാരും നാലു പണിക്കൻമാരും

---

[1] ഗൗതമമുനി = ശതാനന്ദൻ; ജനകന്റെ പുരോഹിതൻ.

പോരുന്നാളുകൾ പലരുംകൂടെ—
പ്പോരും നിന്തിരുവടിയുടെകൂടെ;
കാരുണ്യാംബുധിയായ ഭവാനുപ—
കാരം ചെയ്യണമിന്നിതുമാത്രം.’’

എന്നുള്ള വാക്കുകേട്ടു നന്നായ്ത്തെളിഞ്ഞു ശതാ—
നന്ദൻ മുനീന്ദ്രനാശു സ്യന്ദനമേറിക്കൊണ്ടു
കായക്ലേശംകൂടാതെ രായും പകലും വീട്ടിൽ
പായും വിരിച്ചുകൊണ്ടു വായും പിളർന്നുറങ്ങും
നായൻമാർ കുറുപ്പശ്ശൻ കാര്യസ്ഥൻമാരും വെക്ക—
മായുധം തപ്പിയെടുത്താശു കണ്ണും തിരുമ്മി—
ത്തിരിച്ചു തേരിന്റെ പിമ്പേ ചരിച്ചു കാണികൾ കണ്ടു
ചിരിച്ചു തോക്കും കുന്തവും ധരിച്ചുകൊണ്ടൊരുകൂട്ടം
കാടും മലയും കുന്നും തോടും പുഴകൾ മല
മൂടും കടന്നയോദ്ധ്യാപുരിയിലകത്തുപുക്കു.

ജനകമഹീപതിനഗരംതന്നിൽ
ജനിതമതാകിന വൃത്താന്തത്തെ
മുനിവരനാകിയ ഗൗതമനഖിലം
കനിവൊടു തത്ര പറഞ്ഞറിയിച്ചു;
തന്നുടെ തനയൻ വില്ലു കുലച്ചതു
വന്നു പറഞ്ഞ ഭടൻമാർക്കെല്ലാം
പൊന്നും പണവും പട്ടും വളയും
മന്നവനനവധി സമ്മാനിച്ചു.
വീര്യമുള്ള യജമാനൻമാർക്കും
വീരചങ്ങല കൊടുത്തു നരേന്ദ്രൻ
കാര്യമിങ്ങനെ ശ്രവിച്ചതു തന്നുടെ
ഭാര്യമാരൊടു പറഞ്ഞറിയിച്ചൂ;
മിത്രവംശമണി ദശരഥനരപതി
മിത്രബന്ധുജനമൊക്കെ വരുത്തി
തത്രനിന്നുഷസി യാത്രപുറപ്പെ—
ട്ടെത്രയും കുതുകമോടു നടന്നു;
ആനപ്പടയും കുതിരപ്പടയും
സേനാപതികളമാത്യൻമാരും
മാനത്തോളമുയർന്ന രഥങ്ങളു—
മാനകൾ ദുന്ദുഭിവാദ്യക്കാരും
നായൻമാരൊരുകോടി സഹസ്രം
കാര്യസ്ഥൻമാരെജമാൻമാരും
ആയുധപാണികളായിരമായിര—
മായതിനോരോ യജമാൻമാരും

കൊട്ടും വെടിയും കൊമ്പും കുഴലും
തട്ടും മുട്ടും തിക്കു തിരക്കും
ചട്ടറ്റീടിന കുട തഴ ചാമര—
മൊട്ടല്ലനവധി യോഗം കൂടി:
''കേളച്ചാരേ! കൂവാ! നമ്മുടെ
വാളും പരിചയമിങ്ങു തരാമോ?''
''ആയതു കൊള്ളാം നിന്നുടെ കൈയ്യിലൊ—
രായുധമില്ലേ രാമച്ചേട്ടാ!''
''എന്നുടെ കുന്തം പണയം വെച്ചു;''
''എന്തിനു താനതു പണയം വെച്ചു?''
''വെറ്റില പുകയില കൊൾവാനിങ്ങൊരു
വകയില്ലാഞ്ഞതു പണയം വെച്ചു;''
''അയ്യോ! താനുമകമ്പടികൂടാൻ
കൈയ്യും വീശിപ്പോകേയുള്ളു
അമ്മാവനുമെന്നമ്മായിയുമായ്
ചുമ്മാ വീട്ടിലിരിക്കുന്നുണ്ട്
അങ്ങേലുണ്ടൊരു പീലിക്കുന്തം
എങ്ങും നമ്മെക്കാട്ടുകയില്ല;''
ചുമടു ചുമപ്പാൻ പോരുമ്പോലെ
കുമരിച്ചേട്ടനുമങ്ങു നടന്നു.
''നായൻമാരായ് വന്നു പിറന്നാ—
ലായുധമെല്ലാം കൈയ്ക്കലിരിക്കണ—
മായതു കൂടാതുള്ളൊരു നമ്മെ
നായിനുമില്ലൊരു ബഹുമാനമെടോ;
നാട്ടിലിരുന്നു പൊറുക്കണമെന്നാൽ
നരവരകല്പന കേട്ടേ തീരൂ
വീട്ടിലിരുന്നു കടംകൊണ്ടാലതു
വീട്ടിക്കൊൾവാൻ വകയും നാസ്തി:
ആട്ടക്കാരുടെ പെട്ടി ചുമപ്പാൻ
ചേട്ടക്കാർക്കൊരു നാണവുമില്ല
കൂട്ടക്കാരെജമാനൻമാരൊടു
കൂടിനടപ്പാനായുധവും കൊ—
ണ്ടെത്തി സ്വരൂപിക്കുന്നതു കണ്ടാൽ
ഇത്തിരിയുശിരു തരിമ്പില്ലോർത്താൽ
ചത്ത കണക്കേ വിലപിടിയാത്ത സ—
മർത്ഥൻമാരിവരെന്തിനു കൊള്ളാം;''
''ഇപ്പോഴെന്തൊരു സംഗതി ചേട്ടാ!
ഇപ്പുരുഷാരത്തെ സ്വരുപിപ്പാൻ?
''ഭോഷൻമാരതു കേട്ടില്ലേ ബഹു''

ഘോഷിച്ചുള്ളൊരു വേളിമഹോത്സവം;''
''ഞാനതു കേട്ടില്ലാരുടെ വേളി?''
''താനല്ലാത്തവരൊക്കെക്കേട്ടു;
മക്കളിൽ മൂപ്പിലെ വേളിമഹോത്സവ–
മക്കരെയങ്ങു വിദേഹപുരത്തിൽ
ജാനകിയെന്നൊരു കന്യാമണിയുടെ
പാണിഗ്രഹണം ചെയ്‌വാൻ നമ്മുടെ
രാമസ്വാമിയുമനുജനുമങ്ങൊരു
മാമുനിവരനുമതായെഴുനള്ളി;
ഹരനുടെ വില്ലു കുലച്ചു മുറിച്ചതു
കേട്ടില്ലേ പടനായൻമാരേ?
വില്ലു കുലച്ചു മുറിച്ച മഹാരഥ–
നല്ലാതൊരുവനു വരുവോന്നല്ല
നല്ലാർകുഴൽമണി ജനകാത്മജയുടെ
കല്യാണോത്സവമാശു ലഭിപ്പാൻ;

അച്ഛൻതമ്പുരാൻതൻെറ കൊച്ചു കുമാരൻമാരിൽവച്ചു മൂപ്പീന്നു വിൽ മുറിച്ചു സീതയും മാലവച്ചു വേളിയും വേസ്ഥാ വച്ചു തമ്പുരാൻ താനും ഗ്രഹിച്ചു നന്നായി സന്തോഷിച്ചു, എഴുന്നള്ളത്തുമുറച്ചു എല്ലാ ദിക്കിലുമറിവിച്ചു എല്ലാവരുമൊത്തു തിരിച്ചു എന്നുള്ളതാശു ധരിച്ചുകൊണ്ടാലും നിങ്ങൾ.

പള്ളിക്കെട്ടറിയിക്കണമെന്നാ–
പള്ളിശ്രാമ്പി[1] കൊടുത്തു നൃപാലൻ
ഉള്ളിൽ തള്ളിന കൗതുകമോടും
ചൊല്ലിയയച്ചിതു ദൂതൻമാരെ

സന്തോഷംപൂണ്ടുചെന്നക്കല്യാണകന്യകയെ
ആന്തോളംതന്നിലേററിക്കൊണ്ടിങ്ങു പോന്നീടേണം
ചന്തത്തിലകമ്പടിക്കാരരായുധക്കാരും
ചന്തമോടൊരുമിച്ചു മുമ്പിട്ടു പോയീടേണം.

ദന്തിപ്പട കുതിരപ്പടയെന്നിവ
പന്തി നിരന്നു നടന്നീടേണം;''
ഇങ്ങനെ തങ്ങളിലോരോ വാക്കുക–
ളങ്ങുരചെയ്തഥ നായൻമാരും
ഭംഗിയിലധികമയോദ്ധ്യാപുരിയിൽ
തിങ്ങിന പടയൊടു വന്നു നിറഞ്ഞു;
ദശരഥനരപതി രഥവരമേറി

---

[1] പള്ളിശ്രാമ്പി = കൊട്ടാരമാളിക. (ഇവിടെ കൊട്ടാരമാളികയിൽനിന്നുള്ള കല്പനയെന്നർത്ഥം.)

ദശദിക്കുകളിൽ നിറഞ്ഞു കവിഞ്ഞൊരു—
പുരുഷാരങ്ങളുമംഗനമാരും
പരിവാരങ്ങളുമന്തണവരരും
ഭരതൻ ശത്രുഘ്‌നനുമനുഗമനം
പരിചൊടു ചെയ്വാനായി മുതിർന്നു;
കോസലപതിയുടെ പത്‌നികളാകിയ
കൗസല്യാ കൈകേയി സുമിത്രയു—
മാശു നിരന്തരമാന്ദോളങ്ങളി—
ലധിരോഹിച്ചു ഗമിച്ചുതുടങ്ങി;
അനവധി വിപ്രസമൂഹത്തോടും
കനിവേറീടിന ഗൗതമമുനിയും
മനുകുലവരനുടെ മുമ്പിൽ നടന്നു
വേളിക്കാർത്തു വിളിച്ചു വരുമ്പോൾ
പടലി[1]പടിപ്പുര കയ്യാലകളും
മതിലുകൾ കുത്തിയിടിച്ചു തകർത്തും
അതിനൊരു ദൂഷണമില്ല തരിമ്പും
തെങ്ങു കവുങ്ങും മാവും പ്ലാവും
എങ്ങും മടികൂടാതെ നശിപ്പി—
ച്ചങ്ങു കടന്നു പുരത്തിൽ നിറഞ്ഞിതു
തിങ്ങിന ബഹു പുരുഷാരമസംഖ്യം;
ജനകമഹീപതിയെതിരേല്‌പാനഥ
കനകത്തളികകൾ വെള്ളിത്തളികകൾ
മണിദീപങ്ങളുമവിലരി പൂക്കുല
മണമിയലും കുസുമങ്ങളുമിങ്ങനെ
മംഗല്യങ്ങളെടുത്തുംകൊണ്ടുട—
നംഗനമാരെ നിയോഗിച്ചവരുടെ
കുരവകളെത്ര മനോഹരമതിനൊരു
കുറവു വരാതെ നിരപ്പു തുടങ്ങി;
നിറമൊടു രണ്ടു പുറത്തും പെരുകിന
നിറപറ വച്ചഥ കനകപ്പൊടികൾ—
നിറച്ചു ചൊരിഞ്ഞു; വിളക്കുകൾ തൂക്കി;
തറകളിൽ മീതേ പട്ടു വിതാനി—
ച്ചറകളിലുരുതരമതിരമണീയം
അരിനൂറുകൾകൊണ്ടങ്ങണിയിച്ചു;
അങ്കണസീമനി കുലവാഴകളും
കുങ്കുമകളഭം കസ്‌തൂരികളും—
കൊണ്ടു തളിച്ചു മനോഹരമാകിന
പങ്കജമാലകൾ മാലതി പിച്ചക
കുറുമൊഴി മല്ലിക കേതകി ചെമ്പക

---

[1] പടലി=ചെടിപ്പടർപ്പുകൾ.

നറുമലരല്ലികൾ നെല്ലിൻകതിരും
എല്ലാമനവധി സമ്പാദിച്ചു
വല്ലാതുള്ളൊരു വേളിമഹോത്സവം
സീരദ്ധ്വജനരപാലനുമങ്ങു
കുശദ്ധ്വജ[1]നൃപനും കൂടെച്ചെന്നു
ദശരഥനൃപനൊടു കുശലപ്രശ്നവു–
മുരചെയ്തഴകൊടു മണിപീഠത്തിലിരുത്തി വണങ്ങി
പ്രണയിനിമാരാം കൗസല്യാദികൾ
രാജസ്ത്രീകളെയെല്ലാം തന്നുടെ
രാജസ്ത്രീഭവനങ്ങളിലാക്കി
സ്നാനാശനമുടനെല്ലാപ്പരിഷയു–
മാനന്ദേന കഴിപ്പിച്ചുടനേ
നായൻമാരുടെ സദ്യ കഴിപ്പാൻ
കാര്യസ്ഥൻമാരധികാരികളും
കാര്യസ്ഥൻമാരങ്ങു ശ്രമിച്ചു;
പന്തൽ നിറഞ്ഞു കൊട്ടിൽ നിറഞ്ഞു
നെടുമ്പുര കെട്ടിയതൊക്കെ നിറഞ്ഞു
പന്തി നിരക്കെയിരുന്നൊരുശേഷം
ഒരുപന്തിക്കില വച്ചുതുടങ്ങി
കുറിയരി വെളുവെളെയുള്ളൊരു ചോറും
കറി നാലും പപ്പടവും പഴവും
ഇഞ്ചിപ്പച്ചടി നാരങ്ങാക്കറി
ചെഞ്ചീരക്കറി ചേനക്കറിയും
കന്നുംതൈരും കാച്ചിയ മോരും
ഒന്നും കുറകൂടാതെ വിളമ്പി
'മതി മതിയോ'യെന്നാർത്തുവിളിച്ചഥ
ഘോഷിച്ചുടനേ സദ്യ കഴിച്ചു;
അത്താഴത്തിനു നായൻമാർക്കു പു–
റത്തൊരു കൊട്ടിലില വയ്ക്കേണം
മററൊരുകൂട്ടം കറികൂടാതെ
കൊററിനു മോടി വരുത്തിക്കൂടാ;
കാട്ടിലുമുണ്ടതു കടലിലുമുണ്ടു
കായലിലുണ്ടു കുളത്തിലുമുണ്ടു
കറിവെപ്പാനുണ്ടൊരുവകസാധന–
മറിയപ്പോകാതവനുമിതറിയാ;
കൂട്ടും നൽക്കറി കൂട്ടാഞ്ഞാലൊരു
കൂട്ടക്കാർക്കു കണക്കിനു കൂടാ!
കുക്കുടമെന്നൊരു സാധനമുണ്ടതു

---

[1] കുശദ്ധ്വജൻ=ജനകമഹാരാജാവിന്റെ സഹോദരന്റെ പേർ.

ദുർഘടമില്ല വരുത്തിക്കൂട്ടാൻ;
പന്നിത്തടിയനെ വെട്ടിക്കൊന്നി—
ട്ടതുകൊണ്ടൊരു കറി വെപ്പാനുണ്ട്
ഇത്തിരി വിഷമം നായാട്ടിന്നു സ—
മർത്ഥൻമാർക്കേയതു സാധിപ്പൂ;
നായാട്ടിന്നൊരു പത്തു സഹസ്രം
നായൻമാരെ നിയോഗിച്ചു നൃപൻ
ആയവർ ചെന്നിഹ പന്നികൾ മാനുക—
ളാവക വളരെ വരുത്തീടേണം
കറിവെപ്പാനായ് നായൻമാരില—
ടുക്കളവെപ്പാൻ തടവില്ലാത്തവർ
അക്കരെയുള്ളവരിക്കരെയുള്ളവ—
രൊക്കെയടുക്കള പുക്കു പതുക്കെ
ചട്ടുകവും പല കലവും കുടവും
കുട്ടകവും തവി ചട്ടുകമീവിധ—
മെല്ലാം പരിചൊടു വട്ടംകൂട്ടി;
കറിയും ചോറും വച്ചുവിളമ്പി
ഭക്ഷണമാശു കഴിപ്പിച്ചവരും
പട്ടും മുണ്ടും വാങ്ങിക്കൊണ്ടാർ;
ഇങ്ങനെയൊരുദിശി കോലാഹലമിഹ
എങ്ങനെ ഞാനതു വർണ്ണിക്കേണ്ടു;
ഗണിതക്കാരൊരു ദിക്കിൽ ഗണിതം
പരിചിൽ 'ഗണേശഗണായ നമസ്തേ!'
എന്നു ഗണിച്ചു വേളിമുഹൂർത്തം
അമ്പൊടു കല്പിച്ചാശു വസിച്ചു;

സീരദ്ധ്വജനുമപ്പോൾ മകളെക്കൊടുപ്പാൻ വേണ്ടും
സകല സംഭാരങ്ങളെ സമ്പാദിച്ചങ്ങുടനെ
ജനകന്റെ പുരോഹിതൻ ശതാനന്ദമാമുനിയും
മനുനാഥപുരോഹിതവര്യൻ വസിഷ്ഠൻതാനും
വൈവാഹക്രിയയെല്ലാം വാദംകൂടാതെചെയ്തു;
വൈദേഹൻ പുത്രി സീതേ വിരവോടു ദാനം ചെയ്തു;
എണക്കോടിപ്പുടവയും ഉടുത്തു കോപ്പുകളിട്ടു
മണപ്പാടൻമുണ്ടുകൊണ്ടു പുതച്ചു ശരീരം മൂടി—
ശരവും കണ്ണാടിയും താൻ കരത്തിലെടുത്തുംകൊണ്ടു
വരവുതുടങ്ങി വേളിമണിപ്പന്തൽ പുക്കു പിന്നെ—

ശ്രീരാമനുമഥ ദശരഥനൃപനെ
പരിചൊടു വീണുവണങ്ങി പദാന്തേ

വിശ്വാമിത്രമുനീന്ദ്രനെയും ബഹു
വിശ്വാസേന നമസ്കൃതിചെയ്തു

കുലഗുരുവായ വസിഷ്ഠമഹാമുനി–
തിലകനെ നലമൊടു നമനംചെയ്തു

ഗൗതമകാശ്യപനാരദമുനിവര–
വര്യൻമാരെ വണങ്ങിത്തന്നുടെ

മാതൃജനത്തെയുമൃഷിപത്നികളെയു–
മാദരവോടു നമിച്ചെഴുന്നേററു

ദാനമുഹൂർത്താദികളും ചെയ്തു
ആനന്ദേന വിവാഹോചിതമാം

നാനാകർമ്മവിശേഷമശേഷം
ഊനംകൂടാതമ്പൊടുചെയ്തു;

നാളീകാക്ഷി വിദേഹാത്മജയുടെ
വേളികഴിച്ചു രഘൂത്തമവീരൻ
മേളിതമാം വിധി ഹോമാദികളും
മേളമിയന്നു കഴിഞ്ഞ ദശായാം

വിപ്രൻമാർക്കു പ്രതിഗ്രഹമവിടെ
ക്ഷിപ്രം ചെയ്തൂ ദശരഥനൃവരൻ;
ഇരുകൈകൊണ്ടും വാരിക്കോരി
തെരുതെരെയങ്ങു കൊടുത്തുതുടങ്ങി;

കുറിമുണ്ടു വിരിച്ചായതിലാക്കി
കുറകൂടാതതു കെട്ടിപ്പേറി
പിറകേ പിറകേ പുനരപി പുനരപി
തിക്കിയിടഞ്ഞു തടഞ്ഞു കുടഞ്ഞു

തിരക്കിത്തിക്കിനടന്നു ഗമിച്ചു
ധരണി സുരോത്തമരെന്നേ വേണ്ടു.
ധാർമ്മികനാകിയ ജനകൻ പിന്നെ
ഊർമ്മിളയെന്നൊരു മകളുണ്ടവളെ
തൽക്ഷണമേവ മഹീപതി ജനകൻ
ലക്ഷ്മണനെക്കൊണ്ടഥ വേൾപ്പിച്ചു:
ഇളമയതായ കുശദ്ധ്വജനൃപതി–
ക്കിരുവർ കുമാരികളുണ്ടതിലഗ്രജ
മാണ്ഡവിയെന്നുള്ളവളെബ്ഭരതനു
മന്നവവീരൻ ദാനംചെയ്തു.

അവളുടെയനുജത്തി ശ്രുതകീർത്തി
അവളെശ്ശത്രുഘ്നനുമഥ നല്കി;
നാലു കുമാരികമാരെയുമങ്ങനെ

നാലു കുമാരൻമാരവർ വേട്ടു;
നാലു വിവാഹോത്സവമതികുതുകം
നാല്വരുമങ്ങു കഴിച്ചു തദാനീം;
മിഥിലാപുരമതിൽനിന്നു മഹീപതി
ദശരഥകൗസല്യാദിയുമുടനെ
ഋഷിവരനായ വസിഷ്ഠൻതാനും
ദേവിയരുന്ധതി ജാനകിയോടും
തേരതിലേറീ യാത്രതുടങ്ങീ.

സീതാസ്വയംവരം ഓട്ടൻതുള്ളൽ
സമാപ്തം

രാവണോദ്ഭവം

പണ്ടു നിശാചരവംശേ വിപുലേ
രണ്ടു നിശാചരരുണ്ടായ്‌വന്നു
കൊണ്ടാടീടിന ഹേതിപ്രഭൃതിക–
ളിണ്ടൽകലർന്നു വളർന്നൊരുകാലം
കുണ്ഠേതരനാം ഹേതിക്കൊരു മക–
നുണ്ടായ്‌വന്നിതു വിദ്യുൽക്കേശൻ
കണ്ടാലധികഭയങ്കരനവനെ–
ക്കൊണ്ടു ജഗത്തിനുമിണ്ടൽ തുടങ്ങി.
കാലസഹോദരിമകനാമവനഥ[1]
സാലകടംകടയെന്നൊരു രാക്ഷസി
ചാലേ വല്ലഭയായിട്ടവളൊടു
ലീലകളാടി വളർന്നതുകാലം
ബാലനുമുണ്ടായവനെയുപേക്ഷി–
ച്ചാലസരാമവരങ്ങു നടന്നു.
കാലാന്തകനുടെ കൃപകൊണ്ടുടനെ
ബാലനു യൗവനമുണ്ടായ്‌വന്നു
ശീലഗുണാകരനായ സുകേശൻ
ലീലാപരനായ് വാഴുംകാലം
ദക്ഷമഹാമുനിതന്നുടെ മകളെ[2]
രാക്ഷസരാജനു ദാനം ചെയ്തു
തൽക്ഷണമവനും വേട്ടാനതിശുഭ–
ലക്ഷണയാകിയ ദക്ഷാത്മജയെ;
യൗവനശാലികളായിട്ടവനഥ

---

[1] ''കാലസഹോദരിമകളാമവളഥ
സാലകടങ്കടയെന്നൊരു രാക്ഷസി''—
എന്നിങ്ങനെ മുദ്രിതപുസ്തകങ്ങളിൽ അപപാഠം. ഉത്തരരാമായണത്തിൽ രാക്ഷസൻമാരുടെ വംശപാരമ്പര്യം പറഞ്ഞിരിക്കുന്നതനുസരിച്ച്, ഹേതി, പ്രഹേതി എന്നീ രണ്ടു രാക്ഷസസഹോദരൻമാരിൽ മൂത്തവനായ ഹേതിക്കു കാലന്റെ സഹോദരിയിലുണ്ടായ പുത്രൻ വിദ്യുൽകേശൻ. വിദ്യുൽകേശൻ സന്ധ്യയുടെ പുത്രിയായ സാലകടങ്കടയെ വിവാഹം കഴിച്ചു. അവർക്കു സുകേശൻ എന്ന പുത്രൻ ജനിച്ചു. അതുകൊണ്ടു ''കാലസഹോദരിമകനാമവനഥ'' എന്ന പാഠമാണു ശരി.

[2] സുകേശൻ ലീലാപരനായ് വാഴുന്ന കാലത്തു ദക്ഷമഹാമുനി തന്റെ മകളെ അവനു ദാനം ചെയ്തെന്നും, ദക്ഷാത്മജയിൽ അവനു മാല്യവാൻ, മാലി, സുമാലി എന്നു മൂന്നു മക്കളുണ്ടായിയെന്നും നമ്പിയാർ പറയുന്നതിനുള്ള അവലംബം ഏതു പുരാണകഥയെന്നു മനസ്സിലാകുന്നില്ല. ഉത്തരരാമായണത്തിൽ പറയുന്നത്:
ഗന്ധർവ്വപ്രവരനാം ഗ്രാമണിയതുകാലം
തന്നുടെ വേദവതിയാകിയ തനൂജയെ
ധന്യനാം സുകേശനു കൊടുത്താൻ മടിയാതെ
ചാല്യൻമാരല്ലാതെകണ്ടുണ്ടായി സുകേശനു
മാല്യവാൻ, സുമാലിയും, മാലിയുമെന്നു മൂവർ''—എന്നാണ്.

മൂവരു മക്കളുമുണ്ടായ്‌വന്നു
മാല്യവദാഖ്യൻ പ്രഥമതനൂജൻ
മാലി സുമാലികളനുജൻമാരും
സ്രഷ്ടാവിനെയവരവിടെ വരുത്തി
തുഷ്ടൻമാരൊരു പുരമുളവാക്കി
പുഷ്ടി പെരുത്തൊരു ലങ്കാപുരമതു
വിഷ്ടപസീമനി വിശ്രുതമായി:
തുഷ്ടൻമാരവർ മൂവരുമവിടെ—
പ്പുഷ്ടാനന്ദം മരുവുംകാലം
നർമ്മദയെന്നൊരു ഗന്ധർവ്വിയുടെ
ശർമ്മദമാരാം കന്യകമാരെ
ധർമ്മത്തോടു വിവാഹംചെയ്തു
ദുർമ്മദരാമവർ മൂവരുമുടനേ
ഗർവ്വോദ്ധതരാം മക്കളനേകം
മൂവർക്കും പുനരുണ്ടായ്‌വന്നു;
പുഷ്പോൽക്കടയും കൈകസിയും ബല[1]
കുംഭീനസിയും നാലു കുമാരികൾ
ദർപ്പോൽക്കടനായുള്ള സുമാലി—
യ്ക്കപ്പോളുണ്ടായെന്നേ വേണ്ടു;
രാക്ഷസരവരതി രൂക്ഷതയോടേ
തൽക്ഷണമിന്ദ്രപുരത്തിലടുത്തുട—
നക്ഷതമാകിന വൃക്ഷാദികളുടെ
പ്രക്ഷേപണരണദക്ഷിതയോടേ
യക്ഷജനത്തെയടിച്ചുമിടിച്ചും
യാക്ഷിക[2]മൊക്കെയെടുത്തു മുടിച്ചും

---

1. ''പുഷ്പോൽക്കടയും കൈകസിയും കില
കുംഭീനസിയും മൂന്നു കുമാരികൾ
ദർപ്പോൽക്കടനായുള്ള സുമാലി—
യ്ക്കപ്പോളുണ്ടായെന്നേവേണ്ടു''—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠം അബദ്ധജടിലമാണ്. സുമാലിക്കു പുഷ്പോൽക്കട, കൈകസി, ബല, കുംഭീനസി എന്നു നാലു പുത്രിമാരാണുണ്ടായത്.'' 'ബലി'യെ മനസ്സിലാകാതിരുന്നതുകൊണ്ട് മുദ്രിത പുസ്തകങ്ങളിൽ അത് പാദപൂരണത്തിനുള്ള 'കില' ശബ്ദമാക്കി മാററി. അതോടുകൂടി 'നാലു കുമാരികൾ' എന്നതു 'മൂന്നു കുമാരികൾ' എന്നു പരിഷ്കരിക്കയുംചെയ്തു. അങ്ങനെ സർവ്വാബദ്ധമായി.

''കന്യകമാരും നാൽവരുണ്ടായി സുമാലിക്കും
മന്നവ! ചൊല്ലീടുവനവർകളുടെ പേരും
....
ബലയും പുഷ്പോല്ക്കട, കൈകസി, കുംഭീനസി'' (ഉത്തരരാമായണം.)

2. യാക്ഷികം=യക്ഷൻമാരെ സംബന്ധിച്ച (അവരുടെ നിക്ഷേപങ്ങൾ.)

തൽക്ഷണമുദയാമമരാവതിയെ–
ത്തൽക്ഷണമഞ്ഞു നശിപ്പിക്കുമ്പോൾ
പക്ഷിവരാസനനായ മുകുന്ദൻ
സാക്ഷാലവിടെയെഴുന്നള്ളിപ്പുന–
രക്ഷയമാകിന ചക്രംകൊണ്ടു
രാക്ഷസരെക്കൊലചെയ്തുതുടങ്ങി;
ശക്രപുരത്തിൽ കരുമന കാട്ടും
വിക്രമിയാകിയ മാലിയുടേ ഗള–
ചക്ര[1]വുമുടനേ ചക്രംകൊണ്ടു*
ചക്രായുധനും ഝടിതി മുറിച്ചു
മാലിനിശാചരവീരനുമപ്പോൾ
കാലപുരത്തിനകത്തു കടന്നു
ഭീതൻമാരാം മാറ്റലരെല്ലാം
പാതാളംപുക്കവിടെയൊളിച്ചു,
അക്കാലത്തു പുലസ്ത്യാത്മജനാ–
മർക്കസമാനമഹാമതിയാകിന
വിശ്രവസ്സുതനാം ദ്രവിണേശൻ
വൈശ്രവണൻതാനീശ്വരകൃപയാൽ
വിശ്രുതമാകിന ലങ്കാനഗരം
വിശ്രുതനായി വസിച്ചൂ സുചിരം;
വിശ്വോൽക്കർഷമഹാനിധിയാകിന
വൈശ്രവണന്റെ വിശേഷം കേട്ടതി–
ശോകത്തോടു സുമാലിയുമപ്പോൾ
കൈകസിയാം മകളോടു പറഞ്ഞു:
‘‘ഇന്നു പുലസ്ത്യാത്മജനാം മുനിയെ–
ച്ചെന്നു ഭജിക്കണമെന്നാലുടനേ
നന്നായിട്ടൊരു നന്ദനനുണ്ടാ–
മെന്നതു കേട്ടവളനുമതിയോടും
അമ്മുനിവരനെച്ചെന്നു ഭജിച്ചാ–
ളംബുജമുഖിയാം കൈകസിയുടനേ
ഉണ്ടായീ സുതനക്കാലം ദശ–
കണ്ഠൻ വിംശതിബാഹുസമേതൻ;
പണ്ടൊരു പുരുഷനുമവനെപ്പോലെ
കണ്ടില്ലഖിലജഗത്ത്രയവാടേ;
നീണ്ടു വളഞ്ഞതിഭീഷണമാകിന
ദന്തങ്ങളുമൊരു പന്തിനിരക്കെ

---

[1] ഗളചക്രം=ഗളതലം

* ‘വിക്രമിയാകിയ മാലിയുടേ ഗള–
മക്രമമുടനേ ചക്രംകൊണ്ടു’—എന്നു മുദ്രിതപുസ്തകങ്ങളിൽ പാഠം.

ചന്തം തടവിന പംക്തിമുഖങ്ങളു—
മെന്തൊരു വിസ്മയമോർക്കുന്തോറും!
വട്ടംചേർന്നു കലങ്ങിമറിഞ്ഞതി—
നിഷ്ഠുരമാകിന കണ്ണുകളിരുപതു—
മെട്ടു ദിഗന്തരവാസിജനത്തിനു
ഞെട്ടൽ കൊടുപ്പാൻ പുഷ്ടതപോരും

ചെമ്പിച്ചീടിന തലമുടി കണ്ടാൽ
വമ്പൻമാർക്കും ഭീതി മുഴുക്കും
തുംഗത പെരുകുമൊരഞ്ജനഗിരിയുടെ
ശൃംഗംതന്നൊടു പടപൊരുതീടും
അംഗത്തോടുംകൂടി നിശാചര—
പുംഗവനുടനേ വന്നുപിറന്നാൻ;

ജംഭവൈരിയുടെ വാഹനമാകും
കുംഭിരാജനുടെ ഡംഭമടക്കാൻ
ജൃംഭമാണഭുജവിക്രമനാകിന
കുംഭകർണ്ണനുളവായി തദാനീം;
അന്ധകാരപടലത്തിനു ചെമ്മേ
ബന്ധുവാകിയ കളേബരമോടേ
സിന്ധുരായുത മഹാബലരാക്ഷസി
ഹന്ത! ശൂർപ്പണഖ വന്നു പിറന്നാൾ:
വിഷ്ണുപാദസരസീരുഹസേവന—
മിഷ്ടമാകിന വിഭീഷണനാമം
വിഷ്ടപത്രിതയഭൂഷണരത്നം
പുഷ്ടമോദമുളവായി കുമാരൻ.

തരുണൻമാരാം തനയൻമാരൊടു—
മൊരുമിച്ചനവധി കൗതുകമോടേ
തരുണീമണിയാൾ കൈകസിയുടനേ
ചിരതരമവിടെ വസിച്ചു സുഖിച്ചു.
ഒരുനാളവളഥ ദശകന്ധരനെ—
പ്പരിചൊടു മടിയിലെടുത്തു കിടത്തി
തലമുടി വടിവൊടു തടവിയുറക്കി—
പ്പലതരസുഖമൊടു മരുവും കാലം
എട്ടു ദിഗന്തം പൊട്ടും പടി ചില
തട്ടും വിളിയും കൊട്ടും വെടിയും
പട്ടും പുടവകൾ പട്ടുറുമാലും
കെട്ടിയുടുത്തൊരു കൂട്ടം പരിഷകൾ
ചട്ടററീടിന വട്ടപ്പരിചകൾ
ഒട്ടു തുടയ്ക്കുടനിട്ടും പരിചൊടു

വട്ടത്തിൽ ചിലർ വട്ടംപാഞ്ഞും
വാട്ടമകന്നു പിടിച്ചുകളിച്ചും
വെള്ളക്കുട തഴ വെള്ളക്കൊടിയും
വെള്ളക്കുതിരകൾ വെള്ളാനകളും
പള്ളിത്തണ്ടിന്നുള്ളിൽ പരിചൊടു
തുള്ളിച്ചാടിന വെള്ളച്ചമരികൾ
പള്ളിക്കട്ടിലു പള്ളിവിരിപ്പും
പള്ളിക്കിണ്ടികൾ പള്ളിത്തുകിലും
പള്ളിപ്പടഹം പല്ലക്കും പല-
വെള്ളത്തോള്[1]വുമുള്ളതശേഷം
പൊന്നുംകുടമണി പൊന്നും പരിചകൾ
മിന്നും പലവക പൊന്നും കൊടിമര-
മെന്നും വിലസിന പൊന്നും വാളും
പൊന്നും ചുരികകൾ പൊന്നുടവാളും
തപ്പും തകിലുകളൊപ്പമടിച്ചുട-
നൊപ്പം പെരുകിന കോപ്പും പലവക
കൊമ്പും കുഴലുകളമ്പിളിവളയം
അൻപോടംബുധി കമ്പം തേടിന
കൊമ്പൻ കരികളുമമ്പതു ലക്ഷം
വമ്പട മുമ്പിലകമ്പടികൂടിന
വമ്പൻമാരവരമ്പതു വെള്ളം!
ജൃംഭിച്ചീടിന കുംഭികളനവധി
എതിരില്ലാതൊരു കുതിരകളെന്നിവ
പടുതരമിളകിന പടകളൊടിട ചേർ-
ന്നുടനുടനതി കടുഘോഷത്തോടേ
പടഹമടിപ്പിച്ചവിടെപ്പരിചൊടു
പടുവാം ധനപതി വരവു തുടങ്ങീ.

വിശ്രവസ്സെന്ന മുനി വിശ്രമിച്ചരുളുന്നോ-
രാശ്രമംതന്നിൽ ചെന്നു വൈശ്രവണനുമപ്പോൾ
വിശ്വാസത്തോടു വന്ദിച്ചാശ്വാസം പൂണ്ടു മെല്ലെ
വിശ്രുതനായ താപസേശ്വരനരുളാലെ
വിശ്വവിജയിയായ വൈശ്രവണനും പോയാൻ
കൈകസിയതു കണ്ടു ശോകങ്ങൾ സഹിയാഞ്ഞു
വൈകാതെ മാർവ്വിടത്തിൽ കൈകളും ചേർത്തുകൊണ്ടു
ദുഃഖത്തോടിടകൂടി രോദനംചെയ്തീടുമ്പോൾ
തിണ്ണം പൊഴിഞ്ഞീടുന്ന കണ്ണുനീരുടനുടൻ
മാറാതെ രാവണൻെറ മാർവ്വത്തു വീണനേരം
പെട്ടെന്നു മടിയീന്നു ഞെട്ടിയുണർന്നിരുന്നോ-

---

1. വെള്ളം=ഒരു വലിയ സംഖ്യ.

രട്ടഹാസങ്ങളോടേ പൊട്ടിച്ചിരിച്ചുകൊണ്ടു
തന്നുടെ മാതാവിനെ വന്ദിച്ചങ്ങുരചെയ്തു:
''എന്തൊരുമൂലമമ്മേ! സന്താപം തുടരുവാൻ?
നിന്തിരുവടിക്കിപ്പോളന്തശ്ശോകത്തിനുള്ള
ബന്ധമെന്തടിയനോടെന്തരുളിച്ചെയ്യാത്തു?
ചിന്തിതം സാധിപ്പിപ്പാനന്തരമില്ല മമ
അന്തികേ മരുവുന്ന പംക്തികണ്ഠനാമെന്നോ—
ടെന്തു നീ പറയാത്തു ചിന്തയിലുള്ള ഖേദം?
നിൻ താപം തീർത്തീടുവാനെന്തു മേ മടിയമ്മേ!
ചിന്ത കളഞ്ഞു തെളിഞ്ഞെന്തിന മോദമോടേ
സന്താപമൂലമെല്ലാം നിന്തിരുവടി ചൊൽക.''
പംക്തികണ്ഠന്റെ വാക്കു കേട്ടോരുനേരമവൾ
ചെന്തീകണക്കെ ചിന്ത വെന്തുരുകീടുന്നൊരു
സന്താപമടക്കിക്കൊണ്ടീവണ്ണമുരചെയ്താൾ:

''ഉണ്ണീ! നിന്നുടെ പൂർവ്വജനിപ്പോൾ
വിണ്ണോർപതിയോടു സമനായ്വന്നു
കണ്ണുകളിരുപതുകൊണ്ടിഹ പരിചൊടു
കണ്ടാലും നീ ധനപതിവിഭവം;
കൊണ്ടാടീടിന പടയുടെ നടുവെ
തണ്ടിലിരുന്നു ഞെളിഞ്ഞഥ പോന്നു
വണ്ണൻവാഴകണക്കെ തടിച്ചൊരു
പൊണ്ണാ! നീയതു കാണുന്നില്ലേ?
ദണ്ണം മനസി നിനക്കുണ്ടെങ്കിൽ
കണ്ണുകളൊക്കെയടച്ചാലും നീ;
നിന്നുടെ ജനകനുമവനുടെ ജനകനു—
മൊന്നെന്നുള്ളതു ബോധിച്ചാലും!
യക്ഷകുലാമലമകുടമഹാമണി
രാക്ഷസനഗരമടക്കീടുന്നു
ശിക്ഷാരക്ഷകൾ ചെയ്വാനവനതി—
ദക്ഷനതെന്നു ധരിച്ചീടേണം;
രാക്ഷസകുലപതിയായൊരു നീയും
വൃക്ഷംപോലെ വളർന്നീടുന്നു
ഭക്ഷിച്ചനവധി കുക്ഷി നിറപ്പാൻ
ദക്ഷതയുണ്ടു നിനക്കെൻ മകനേ!
ഉരഗംപോലേ നീണ്ടുതടിച്ച—
ങ്ങിരുപതുകൈകളുമെന്തിനു പാഴിൽ?
പരിചൊടിതെല്ലാമിന്നു ഭരിപ്പാൻ
ദുരിതംതന്നെ നിരൂപിച്ചാലും!

പത്തുമുഖങ്ങളുമിരുപതു കരവും
മത്തഗജത്തിന്നൊത്തൊരു തടിയും
ചിത്തത്തിൽ ഭയമുള്ള നിനക്കണി–
യ[1]ത്തിനു മാത്രം ചേരും മൂഢാ!
കാതരനാകിയ നീയിഹ കൊള്ളാം
പാതാളത്തിലിടങ്ങൾ മുടക്കാൻ
നിന്നുടെ ദോഷമിതല്ലെൻ മകനേ!
എന്നുടെ ദുരിതമിതെന്നേ വേണ്ടു;
നന്നായിട്ടൊരു മകനുണ്ടാവാ–
നുന്നതതരമാം സുകൃതം വേണം
രാക്ഷസജാതിയിൽ വന്നു പിറന്നാൽ
രൂക്ഷതവേണമറിഞ്ഞാലും നീ!
നാരായണനുടെ നേരേ നിന്നു
പോരാടുന്നൊരു കൂട്ടമിതത്രേ;
ഇക്കുലജാതൻമാരെപ്പലരും
ധിക്കരിയാതെയിരിക്കണമെങ്കിൽ
വിക്രമമേററം വേണമിതെല്ലാ–
മോർക്കണമെൻമകനുൾത്തെളിവോടേ;
വിക്രമമുള്ള ജനത്തോടൊരുവൻ
നേർക്കയുമില്ലതു ബോധിച്ചാലും!
അർക്കനുദിക്കും നേരമിരുട്ടുക–
ളൊക്കെ ഝടിതിയൊളിക്കുന്നില്ലേ?
വല്ല ജനത്തിനുമൂഷ്മ കുറഞ്ഞാ–
ലില്ലൊരു നേരം സുഖമിഹ ലോകേ;
മന്ദനതാകിന ചന്ദ്രനെ രാഹുവു–
മന്നന്നാശു വിഴുങ്ങീടുന്നു;
പെരികെക്കാലം പണിപെട്ടെന്നാ–
ലൊരുദിനമെത്തും രവിയെ വിഴുങ്ങാൻ
എന്നതുകൊണ്ടിഹ ബലവാൻമാരൊടു
നിന്നു പിണങ്ങുന്നവരു ചുരുക്കം;
ദുഷ്ടതയുള്ള ജനങ്ങടെ മുമ്പിൽ
ധൃഷ്ടതയൊരുവൻ കാട്ടുകയില്ല*
കണ്ടകമുള്ളൊരു വള്ളികൾ കണ്ടാൽ
മണ്ടും നല്ല സമർത്ഥൻമാരും
കണ്ടകമില്ലെന്നാകിലതെല്ലാം
കണ്ടവർ ചെന്നു പിടിച്ചു വലിക്കും

---

[1] അണിയം=അലങ്കാരം.

* 'കഷ്ടതയൊരുവൻ കാട്ടുകയില്ല'—എന്നു ചില മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠത്തിനു ചേർച്ച പോരാ.

കുണ്ഠത[1]കാട്ടരുതൊരു പൊഴുതും ദശ—
കണ്ഠാ! നീയിതു ബോധിച്ചാലും!
കണ്ട വിഷാദം കാട്ടുന്നവനെ—
ക്കണ്ടാൽക്കൂടെപ്പാതകമുണ്ടാം
തൊണ്ടൻ രാവണനെന്നൊരു നാണിയ—
മുണ്ടാമിനി ലോകങ്ങളിലെങ്ങും
ദുഷ്കീർത്തികളിഹ വന്നു ഭവിച്ചാൽ
നീക്കിക്കൊൾവാനെളുതല്ലേതും
നല്ല പരാക്രമമില്ലെന്നാകിൽ
ചൊല്ലാമെൻമകനല്ല ഭവാനും
വല്ലാമക്കളിലില്ലാമക്കളി—
തെല്ലാ ജനവും ചൊല്ലുന്നല്ലോ
മല്ലേറീടിന വില്ലാളികളെ—
ക്കൊല്ലാൻ തക്കൊരു വിരുതുണ്ടാവാൻ
ഉല്ലാസത്തൊടു നല്ല ജനത്തെ—
ക്കല്യാ! നീ ഭജ! കില്ലരുതേതും.
അഗ്രജനാകിയ പുണ്യജനേശ്വര—
നുഗ്രമതാകിന പുണ്യം ചെയ്തു
ശങ്കവെടിഞ്ഞവനതുകൊണ്ടധുനാ
ലങ്കാനഗരേ മരുവീടുന്നു.
പുഷ്പകമെന്നൊരു നല്ല വിമാനം
കെല്പോടൊരുവനവന്നു കൊടുത്തു
അദ്ഭുതമാകിന നമ്മുടെ നഗരേ
ശില്പമൊടവനും വാണീടുന്നു.
ഉത്ഭടതിമിരനിരന്തരമാകിന
സർപ്പകുലത്തിൽ നമുക്കധിവാസം.
ദർപ്പംകൊണ്ടൊരു ഫലമില്ലീശ്വര—
കല്പനയൊരുവനൊഴിച്ചീടാമോ!''
രൂക്ഷമതായിജ്ജനനിയുമീവിധ—
മാക്ഷേപോക്തികളുരചെയ്തപ്പോൾ
അക്ഷയരോഷസമാകുലനാകിയ
രാക്ഷസരാജൻ തൊഴുതുരചെയ്തു?
''ആക്ഷേപാക്ഷരവചനംകൊണ്ടിഹ
പ്രക്ഷോഭിതമിന്നെന്നുടെ ഹൃദയം
ഇക്ഷിതിതന്നിൽ ഭിക്ഷയുമേററതു
ഭക്ഷിച്ചങ്ങനെ കുക്ഷിനിറപ്പാൻ
കാൽക്ഷണനേരം കാംക്ഷിക്കില്ലിനി
യക്ഷേശ്വരനെശ്ശിക്ഷിക്കാതെ.

---

1. കുണ്ഠത = അലസത

വൃക്ഷംപോലെ വളർന്നൊരു ഞാനും
പക്ഷേയിവിടെ നശിച്ചീടട്ടെ!
രാക്ഷസനഗരമടക്കിപ്പലവക
നിക്ഷേപംവച്ചവിടെയിരിക്കും
യക്ഷേശ്വരനെത്തച്ചുപറിച്ച—
ങ്ങക്ഷിതിതന്നിൽ നമുക്കു വസിക്കാം;
ഭിക്ഷാപാത്രം കൈയ്യിലെടുത്തിനി
യക്ഷൻമാരു നടന്നീടേണം
എട്ടുദിഗന്തരപാലൻമാരുടെ
തട്ടിപ്പെന്നൊടു കൂടുകയില്ല
എട്ടു ദിനത്തിനകത്തങ്ങവരെ
ചട്ടി പിടിച്ചു[1]നടത്തിപ്പൻ ഞാൻ
കെട്ടിയിരുന്ന പണങ്ങളശേഷം
പെട്ടികളോടെയടിച്ചുപറിച്ച—
ങ്ങഷ്ടികളാകിന യക്ഷൻമാരവ—
രഷ്ടിക്കില്ലാഞ്ഞങ്ങോരോ ദിശി
പട്ടികളെന്നതുപോലേ പരിചൊടു
പട്ടിണിയിട്ടു നടക്കേയുള്ളു;
ശങ്കവെടിഞ്ഞവരെന്തൊരു കഷ്ടം!
ലങ്കയടക്കി വസിപ്പാറായോ?
എങ്കിലതറിയണമവനെക്കൊണ്ടു
ശിങ്കുകളിപ്പിക്കും ഞാനുടനെ;
നമ്മുടെ പൂർവ്വജനവനെന്നാകിലു—
മിമ്മദമൊട്ടു ശമിപ്പിക്കേണം.
അമ്മുനിവരനെക്കാൺമാനായി—
സ്സമ്മോദത്തൊടു പോകുമ്പോളവ—
നമ്മയെ വന്നു വണങ്ങീടാഞ്ഞതു
നിർമ്മര്യാദമതെന്നേ വേണ്ടൂ.
നമ്മുടെ ജാതിക്കനുചിതമെന്നൊര—
ഹമ്മതികൊണ്ടവനിവിടെ വരാഞ്ഞു.
ജാതികൾകൊണ്ടു നിരൂപിച്ചെന്നാ—
ലേതും കുറവു നമുക്കില്ലിപ്പോൾ
ബ്രഹ്മകുലത്തിൽ ജനനം നമ്മുടെ
ജിഹ്മൻമാരതു ബോധിച്ചാലും
രൂക്ഷമതാകിന കർമ്മംകൊണ്ടു
രാക്ഷസരെന്നു പറഞ്ഞീടുന്നു
ദക്ഷമഹാമുനിതന്നുടെ മകളെ
ദക്ഷിണനായ സുകേശൻ വേട്ടാൻ

---

1. ചട്ടിപിടിപ്പിക്കുക (ശൈലി)=തെണ്ടിക്കുക

മാല്യവദാദികൾ മാലിസുമാലികൾ
ചൊല്ലെഴുമവരുടെ പുത്രരതല്ലോ.
അമ്മേ! നിന്തിരുവടിയുടെ ജനകൻ
നിർമ്മലനായ സുമാലിയുമല്ലേ?
എന്തിനു വളരെയുണർത്തിക്കുന്നു
നിന്തിരുവടിയൊടു പാഴിലിതെല്ലാം
സന്തതകലഹമഹാകുതുകി ദശ—
കന്ധരനെന്നതു ബോധിക്കേണം;
നിന്തിരുവടിയിനി വളരെക്കാലം
സന്താപത്തെ വഹിച്ചീടേണ്ടാ
സിന്ധുരതരബലനാകുമെനിക്കൊരു
ബന്ധു വിശേഷിച്ചാരും വേണ്ടാ
അനുജൻമാരവരിരുവരുമെങ്കൽ
കനിവൊടുകൂടി വസിച്ചാൽ പോരും;
മനുജൻമാരും ദനുജൻമാരും
മുനികളുമഖിലനരേന്ദ്രൻമാരും
കിന്നരചാരണ സിദ്ധൻമാരും
പിന്നെപ്പലവിധമുപദേവകളും
ഇന്ദ്രനുമർക്കനുമമരൻമാരും
ചന്ദ്രനുമാശാപാലൻമാരും
പന്നഗഗണവും പക്ഷിമൃഗാദിയു—
മെന്നെത്തന്നെ വണങ്ങീടേണം;
ഐന്ദ്രം പദമതെനിക്കെന്നോർത്തി—
ട്ടിന്ദ്രനുമേറെ ഞെളിഞ്ഞീടേണ്ടാ
ഇന്നീ മൂന്നു ജഗത്തിലുമോർത്താ—
ലെന്നിൽ മികച്ചവനൊരുവൻ വരുമോ?
മന്നിൽ പലപല മന്നവരുണ്ടവ—
രെന്നെക്കണ്ടാലോടിയൊളിക്കും;
മുന്നിൽ പരിചൊടു നിന്നു പിണങ്ങാ—
നിന്നിയൊരുത്തൻ മതിയാകില്ല.''
ഈവണ്ണം ചില വമ്പുപറഞ്ഞൊരു
രാവണനോടഥ കൈകസി ചൊന്നാൾ:
''ദൈവാനുഗ്രഹമുണ്ടെന്നാലതു
ചെയ്‌വാനുഗ്രതയുണ്ടായീടും
ദേവകളൊക്കെ വിരോധികളെന്നതു
കേവലമുണ്ണികൾ ബോധിക്കേണം
ദേവതമാരിലൊരേടത്തനവധി
സേവകൾകൊണ്ടതു സാധിക്കേണം
ഈവകകൊണ്ടിഹ വിബുധൻമാരുടെ
ഭാവാഹമ്മതി ബോധിക്കേണം

ഭൂവലയത്തിൽ വസിക്കുന്നവരുടെ
നിയമമതൊക്കെ നിരോധിക്കേണം*
നാരായണനെച്ചെന്നു ഭുജിപ്പതു
നേരായ്‌വരികയുമില്ല നമുക്കു
വൈരികളായ ജനത്തിനുമഖിലം
വേരായതു നാരായണനത്രേ.
മാരാന്തകനെച്ചെന്നു ഭജിച്ചാൽ
ചേരുമതെങ്കിലുമുണ്ടൊരു ദോഷം
ക്രൂരതയേറും ഭഗവാനെന്നാ—
ലാരാധിപ്പാനെളുതല്ലേതും;
പിന്നെയുമുണ്ടൊരു വൈഷമ്യം ബത
പന്നഗഭൂഷണസേവയിലവനെ
സേവിക്കുന്ന ജനത്തെത്തന്നെ
കൊൽവാനും മടിയില്ലവനേതും;
ധന്യൻമാരാം ത്രിപുരൻമാർ പ—
ണ്ടുന്നതിവരുവാൻ വളരെക്കാലം
ഗംഗാപതിയാം ഭഗവാൻ തന്നുടെ
ലിംഗം ഝടിതി ധരിച്ചു നടന്നാർ
ഭാസുരജടയും രുദ്രാക്‌ഷങ്ങളു—
മസുരൻമാരവരാശു ധരിച്ചാർ
ശിവനാമങ്ങൾ ജപിക്കതുടങ്ങീ—
ട്ടവധാരിതവിധി[1]പലതും ചെയ്‌തു
ഭുവനംതന്നിലടക്കി നിനച്ചാൽ
ശിവനല്ലാതൊരു ദൈവവുമില്ലെ—
ന്നവരുടെയുള്ളിലുറയ്‌ക്കനിമിത്തം
ഭുവനമവർക്കു വശത്തായ്‌വന്നു;
മാരാന്തകനുടെ ഭക്‌തൻമാരവ—
രീരേഴുലകിലുമൊക്കെ നടന്നാർ
പരമേശൻതാനൊരുനാളവരെ—
പ്പുരിചൊടു ചുട്ടുകരിച്ചാനെന്നൊരു
ശ്രുതിയതുമുലകിൽ നടന്നൂ വാസ്‌തവ—
മതുമെന്നറിവിൻ തനയൻമാരേ!
എന്നതുകൊണ്ടു പുരത്രയഹരനെ—
ച്ചെന്നു ഭുജിപ്പതു വിഷമംതന്നെ;
പങ്കജഭവനെസ്‌സേവിക്കുകിലോ
സങ്കടമൊഴിയുമൊരന്തരമില്ലാ;

---

* 'നിയാമകത്തെ നിരോധിക്കേണം'—മുദ്രിതപുസ്‌തകപാഠം. 'നിയമമതൊക്കെ നിരോധിക്കേണം'—എന്ന പഴയ വായ്‌പാഠം വൃത്തത്തിനു കൂടുതൽ അനുയോജ്യം.

[1] അവധാരിതവിധി = നിശ്‌ചിതവിധി.

തൻകൃപകൊണ്ടു നമുക്കിനിമേലിൽ
ലങ്കാപുരിയിലിരിപ്പാറാകും;
എന്നാലുണ്ണികൾ മൂവരുമധുനാ
ചെന്നൊരു കോട്ടിലുറച്ചീടേണം
സ്രഷ്ടാവിനെ വഴിപോലേ സേവി—
ച്ചിഷ്ടവരങ്ങൾ വരിച്ചീടേണം
അഭ്യുദയങ്ങൾ നമുക്കു ലഭിപ്പാ—
നിത്യുപദേശം കരുതീടേണം
ആത്മോദയമേ* ചിന്തിക്കാവു പ—
രജ്യാനിക്കു തുടങ്ങീടരുത്
പത്മോദ്ഭവനെസ്സേവിച്ചനവധി
പത്മോൽപ്രീതി[1]വരുത്തീടേണം
സൗമ്യാദികളുടെ സൗഖ്യവുമഭിമത—
മാത്മജസുഖവുമുപേക്ഷിക്കേണം.''
ഉചിതമതാകിന ജനനീതന്നുടെ
വചനമിതെല്ലാം കേട്ടു ദശാസ്യൻ
തുടയിലടിച്ചു ചിരിച്ചുംകൊണ്ടു
കടുതരമാകിന വചനം ചൊന്നാൻ:
''ശുദ്ധതകൊണ്ടുടനമ്മ പറഞ്ഞതു
ബുദ്ധിയിലിങ്ങതു പററീലേതും
ഉദ്ധതരാകിയ വിബുധൻമാരൊടു
യുദ്ധം ചെയ്യണമെന്നൊരുപക്ഷം
പാന്ഥൻമാരെ വധിച്ചീടാഞ്ഞാൽ
സൗഖ്യവുമില്ലിഹ സുഖസഞ്ചാരം
പരപീഡകളെക്കരുതീടാഞ്ഞാ—
ലൊരുവനുമുണ്ടോ പരമാനന്ദം?
നമ്മുടെ കുലഗുരുവാകിയ ശുക്രൻ
ധർമ്മവിചാരപരായണനല്ലി?
സമ്മതനായ പരജ്യാനിക്കൊരു
കല്മഷമില്ലതു ബോധിച്ചാലും!
ശത്രുജനത്തോടു പടപൊരുവാനഹ—
മെത്രകൊതിച്ചു വസിച്ചീടുന്നു
മത്തഗജങ്ങടെ മസ്തകതതികളി—
ലെത്തിപ്പരിചൊടു കുത്തിയമർത്തും
ആർത്തുവിളിച്ചും നേർത്തു കടന്നും

---

* ആത്മോദയം=സ്വന്തം അഭിവൃദ്ധി മാത്രം നോക്കുകയെന്ന ബൃഹസ്പതി (ദേവഗുരു) നീതി.

പരജ്യാനി=മററൊരുവനു ദോഷംവരുത്തി, താൻ സുഖിക്കുകയെന്ന ശുക്ര (അസുരഗുരു) നീതി.

[1] പത്മോൽപ്രീതി=പത്മയുടെ ഉത്പ്രീതി (ലക്ഷ്മീ ഭഗവതിയുടെ; ധനദേവതയുടെ) പ്രീതി.

പത്തമ്പതു മരമെത്തിവലിച്ചുട–
നെത്തുംപടി ചില പത്തികളൊരുവക
ചത്തും പടകളുരത്തും ധരണി ത–
ടുത്തും കുഹചന കൊട്ടും വെടികളു–
മൊട്ടങ്ങൊരു ദിശി വെട്ടും മനമതു
പൊട്ടുന്നൊരു ചില ചാക്കും മുറികളു–
മാക്കംപെരുകിന തോക്കും ചവളവു–
മന്തംപെരുകിന കുന്തങ്ങളുമുട–
നന്തകഭടരുടെ ദന്തങ്ങൾക്കൊരു
ബന്ധുത തേടിന ചന്തത്തിൽ പല
ലന്തപ്പരശുകൾ തമ്മിലിടഞ്ഞു ത–
ടഞ്ഞു വരുന്നൊരു പൊടിപടലങ്ങളു–
മുടനിട തിങ്ങിന കടുതരമാം ചില
ചോരപ്പുഴകളിലളവേ കളികളി–
ലിളകിമറിഞ്ഞും കാളികൾ കൂളികൾ
രുധിരശവങ്ങൾ കുടിച്ചു കടിച്ചു ര–
സിച്ചു നടപ്പാനടിയനു വടിവൊടു
രുചിയുണ്ടമ്മേ! മനതാരിങ്കൽ*
എന്തിനു വളരെയുണർത്തിക്കുന്നു
നിന്തിരുവടിയൊടു പാഴിലിതെല്ലാം
സന്തതമവരെയമർപ്പതിനേതുമൊ–
രന്തരമില്ലതു ബോധിച്ചാലും!
എങ്കിൽ പരിചൊടു ഞങ്ങളിദാനീം
പങ്കജഭവനെസ്സേവിപ്പാനായ്
ശങ്കവെടിഞ്ഞു ഗമിച്ചീടുന്നു
സങ്കടമരുതിനി നിൻമനതാരിൽ,
പംക്തിമുഖൻ നിജ സഹജൻമാരും
ലങ്കയിലെന്നു പതുക്കെക്കേൾക്കാം
യക്ഷൻമാരുണ്ടങ്ങൊരു ദിക്കിൽ
ഭിക്ഷയുമേററു നടക്കുന്നെന്നും!''
എന്നു പറഞ്ഞഥ രാവണനുടനെ
തന്നുടെ സഹജൻമാരൊടുകൂടി
ജനനീചരണസരോരുഹനികടേ
കനിവൊടു വീണു വണങ്ങുന്നേരം
പുത്രൻമാരുടെ നല്ല ശിരസ്സുകൾ
പത്തും രണ്ടുമതൊത്തു പതുക്കെ
തൊട്ടകൈകെസി കൈകൊണ്ടുടനേ
പുഷ്ടാനന്ദമനുഗ്രഹമേകി:

---

* 'രുചിയുണ്ടമ്മേ! മനതാരിങ്കൽ'—എന്ന വായ്പാഠം സ്വീകരിച്ചെങ്കിലേ ശീലു പൂർത്തിയാകയുള്ളു. മുദ്രിതപുസ്തകങ്ങളിൽ 'രുചിയുണ്ടമ്മേ' എന്നു പാദം മുറിഞ്ഞു നിൽക്കുകയാണ്.

''നല്ലതു വരികെൻ പുത്രൻമാർക്കെ''—
ന്നുല്ലാസത്തോടു ചൊല്ലുന്നേരം
കനിവൊടു നയനജലംകൊണ്ടവളഥ
തനയൻമാരുടെ മുടികൾ നനച്ചു;
ഒഴുകീടുന്നൊരു നയനജലങ്ങളിൽ
മുഴുകീടും ദശകന്ധരനപ്പോൾ
എഴുന്നേററനുജൻമാരൊടുകൂടി—
ത്തൊഴുതു പതുക്കെ നടന്നു തുടങ്ങി.

തുടർന്ന മോദമോടേ നടന്നാരവരെല്ലാം
പടർന്ന ഗിരിതടം കടന്നു തടിനിയും
ഉടനേ പലതരം തടിനീതടങ്ങളു—
മുടുമകൂടുംപടി കടന്നു നടന്നവർ
വിടപിപടലംകൊണ്ടിടയിലിടകൂടു—
ന്നടവിനടുവിലങ്ങുടനേ വസിക്കയും
പടയിലഭിരുചി തടവും വചനങ്ങ—
ളിടയിൽ പറകയുമുടനേ ഹസിക്കയും
മുമ്പിൽ നടന്നീടുന്ന വമ്പനാം ദശകണ്ഠം—
നിമ്പമായ് പല വാക്കങ്ങമ്പോടു പറകയും
പിമ്പിൽ നടന്നീടുന്ന കുംഭകർണ്ണനതിനെ—
ക്കൊണ്ടാടിസ്തുതിക്കയും കുണ്ഠവാക്കുരയ്ക്കയും
രണ്ടുപേരുടെ പിൻപേ മിണ്ടാതെ വിഭീഷണൻ
തണ്ടാർമാനിനീകാന്തൻ കൊണ്ടൽവർണ്ണനെത്തന്നെ
കണ്ടാവൂ എന്നു ചിന്തിച്ചുണ്ടായ മോദമോടേ
കുണ്ഠത വെടിഞ്ഞു വൈകുണ്ഠങ്കലുറയ്ക്കയും
ഇങ്ങനെയവരെല്ലാം തിങ്ങിന മോദമോടേ
ഭംഗിയിൽ നടക്കുമ്പോളങ്ങുടൻ കാണായ്വന്നു
വൈഗുണ്യം കൂടാതുള്ളോരാകർണ്ണനം മന്ത്രത്താൽ
ലോകർണ്ണം[1] നീക്കിടുന്ന ഗോകർണ്ണമെന്നദേശം.

അർണ്ണവനികടേ വിലസീടും ഗോ—
കർണ്ണമഹാക്ഷേത്രത്തിന്നരികേ
പൂർണ്ണമനോരഥസിദ്ധിക്കവരഥ
നിർണ്ണയമാശു തപസ്സു തുടങ്ങി:
ഉഗ്രമഹാബലവിഗ്രഹനായ ദ—
ശഗ്രീവൻ പുനരഗ്രജനരികുല—
നിഗ്രഹണത്തിനൊരാഗ്രഹപരനിവ—
നുഗ്രതകൊണ്ടു നവഗ്രഹപതിയുടെ

---

[1] ലോകർണ്ണം = ലോകർക്കുള്ള ഋണം; ഋണം = കടം; ഋണചതുഷ്ടയത്തിൽ നാലാമത്തേതായ മാനുഷർണ്ണം (മനുഷ്യർക്കുള്ള കടം). കുററമററ മന്ത്രശ്രവണത്താൽ ലോകർക്കുള്ള കടം തീർക്കാനുതകുന്ന ഗോകർണ്ണം.

വിഗ്രഹശോഭ സമഗ്രമടക്കി
ഉഗ്ര തപോബലദുർഗ്രഹചരിതന—
നുഗ്രഹണാദീലനുപമഗുണനനാം*
പങ്കജഭവനെത്തങ്കലുറപ്പി—
ച്ചംഗജമാകിന പങ്കമകററി[1]
പങ്കജമിഴികടെ കൊങ്കകളിഴുകും
കുങ്കുമപങ്കമൊടങ്കം പൊരുവാൻ
ശങ്കകുറഞ്ഞൊരു തൻകരളാകിന
വൻകരിതന്നുടെ ഹുംകൃതി നിർത്താ—
നങ്കുശമാം വിധിതങ്കഴലിണയെ—
സ്സങ്കടമൊഴിവാൻ വീണുവണങ്ങി.
ഇന്ദ്രാദികസുരസുന്ദരിമാരുടെ
പന്നിക്കരണ[2] മിതെന്നു കൊതിച്ചവ—
നിന്ദ്രിയനികരമമന്ദമടക്കി;
ചന്ദന ഹിമജലകന്ദ കുരണ്ഡക
സാന്ദ്രാധികസുഖസന്ദോഹങ്ങളിൽ
നന്ദിമുഴുത്തു നടന്നവനൊന്നു ഭുജിക്കണമെന്നും.
സൗഖ്യമിതെന്നും ദുഃഖമിതെന്നും
കാമമിതെന്നും പ്രേമമിതെന്നും
ദോഷമിതെന്നും രോഷമിതെന്നും
മധുരമിതെന്നും വിധുരമിതെന്നും
സരസമിതെന്നും വിരസമിതെന്നും
പരിചൊടിതൊക്കെ മറന്നവനുടനേ
പരമാനന്ദപയോധിയിൽ മുഴുകി
പരിതാപങ്ങളകന്നൊരുശേഷം
പരമാത്മാവു മനസ്സിലുദിച്ചു
പരിപാകങ്ങളുമനവധി വന്നു;
പരിശോഭിതമായ് ദേഹവുമപ്പോൾ.
നാലു വശത്തും പരിചൊടു നല്ലൊരു
മേലെരി കൂട്ടിദ്ദഹനമെരിച്ചു
ചാലേ കണ്ണുകളിരുപതുമുദയ—
ബാലാദിത്യൻതങ്കലുറച്ചു
ആഹാരാദികളില്ലവനതിലൊരു
ദേഹാലസ്യവുമില്ലൊരു തെല്ലും
ദേഹാദികളെപ്പരിപാലിപ്പാൻ

---

* 'അനുഗ്രഹണാദീലനുപമഗുണനനാം'—എന്ന പഴയ വായ്പാഠം സ്വീകരിച്ചിരിക്കുന്നു. 'അനുഗ്രഹണാദീലനുഗ്രഹഗുണനനാം'—എന്നു മുദ്രിത പുസ്തകങ്ങളിൽ പാഠം.

[1] അംഗജമാകിനപങ്കം=ശരീരജന്യമായ മാലിന്യം. 'അങ്കണമാകിന പങ്കമകററി'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠം ക്ലിഷ്ടം.

[2] പന്നിക്കരണം=കുത്തിമറിഞ്ഞ (കാമകേളി).

മോഹവുമില്ലവനെത്ര വിചിത്രം!
സോഹം ഭാവം മനസി നിനച്ചാൽ
ദേഹമതെന്നതു പുല്ലോടൊക്കും
ഇപ്പാരിടമതിലുള്ള ജനത്തിനു–
മപ്പാ! വളരെ മനസ്സും മുട്ടി
കല്പാനലനൊടു തുല്യമതായി–
ട്ടിപ്പോളനവധി ചൂടു തുടങ്ങും

എന്നു പറഞ്ഞഥ വാളുമെടുത്തവ–
നൊന്നു പതുക്കെയിളക്കിക്കൊണ്ടു
വാമകരംകൊണ്ടൊരുതല ചുററി–
ത്താമസമററു പിടിച്ചു നിവർത്തി

ചട്ടററീടിന വാറാകൊണ്ടവനഥ
വെട്ടിയറുത്തു കരത്തിലെടുത്തു
നെയ്യിൽ പുനരതു മുക്കിപ്പരിചൊടു
തീയിൽത്തരസാ ഹോമം ചെയ്തു;
കുണ്ഡംതന്നിൽ തീ പിടിപെട്ടു
മുണ്ഡം ചടചടനെന്നു പൊടിഞ്ഞു

പൊട്ടിച്ചിതറിയ തലയോടുകളിൽ
പട്ടോലപ്പടി ലിഖിതം കണ്ടു
ഉത്തമനാകിയ രാമൻകൈയ്യാൽ
മൃത്യു നിനക്കെന്നതു വായിച്ചു
കൊട്ടിക്കരതലമൊന്നു ചിരിച്ചു
കൂട്ടാക്കീലവനതുകൊണ്ടേതും;
പിന്നെയുമവനൊരു വർഷസഹസ്രം
ചെന്നതുനേരമിവണ്ണംതന്നെ

ഒൻപതുതലകളിലൊന്നു മുറിച്ചു
വൻപുപെരുത്തൊരു രാക്ഷസരാജൻ
ഒൻപതു വർഷസഹസ്രം ചെന്നു
ഒൻപതു തലകളുമാഹുതിചെയ്തു
പത്താംവർഷസഹസ്രവുമായി
പൊൽത്താർമകനെക്കണ്ടേതുമില്ലാ

നക്തഞ്ചരവരനിങ്ങനെതന്നെ
ചത്തെന്നാകിൽ വരം നൽകേണ്ടാ
ഇത്തരമോരോ ധൂർത്തുപെരുത്തൊരു
മർത്ത്യൻമാർ ചെന്നേഷണികൂട്ടീ
ശുദ്ധാത്മാവാം നമ്മുടെ മൂപ്പര–
കത്തൊരു കോട്ടിലൊളിച്ചീടുന്നു
ചെണ്ടക്കാരൻ ഞാനെന്നിപ്പോറം

ഉണ്ടൊരു ഭാവമിവർക്കെല്ലാർക്കും
കണ്ടാലറിയുമവർക്കിന്നിവിടെ
കുണ്ഠതയെന്നതു തൊണ്ടൻമാരേ!
വണ്ടാർകുഴലികൾതലമുടി ചുററി—
ക്കണ്ട നിശാചരരെന്നുടെ മുമ്പിൽ
കൊണ്ടെന്നാശു പിരട്ടിയുരുട്ടി
കണ്ഠാഭരണം തച്ചുപറിക്കിണ—
കണ്ടാലറിയാം നമ്മുടെ ഭാവം
വേണ്ടാതുള്ളൊരു കപടം കാട്ടി—
ക്കൊണ്ടാൽ വരുമതിനാവതുമില്ല
ബാലൻമാരെപ്പോലേ നമ്മുടെ
നാലാമച്ഛനുമെന്തിതു തോന്നാൻ*
ഈ ലോകങ്ങൾ തപസ്സാമഗ്നൗ
പാലതുപോലവെ ഹോമിക്കുന്നേൻ
നാലാം ഗളമുഖനിങ്ങെഴുനള്ളി—
ച്ചാലേ വേണ്ട വരം തരവേണം[1]
തോലി പിണയ്ക്കും ഞാനല്ലാഞ്ഞാൽ
ഇത്തരമോരോ വാക്കുപറഞ്ഞവ—
നത്തലകന്നു കൃപാണമെടുത്തു
പത്താം തലമുടി കെട്ടിമുറുക്കീ—
ട്ടാത്താനന്ദം ധ്യാനമുറച്ചു
വെട്ടാനായിത്തുടരുന്നേരം
സ്രഷ്ടാവിനെയും കാണായ്‌വന്നു
ഓടിനടന്നു വിയർത്തു വലഞ്ഞും
തടിയിൽനിന്നു ജലങ്ങൾ പൊഴിഞ്ഞും
കോടീരങ്ങളഴിഞ്ഞതിനുള്ളിൽ
കൂടിയ തുളസിദളങ്ങൾ പൊഴിഞ്ഞും
പാളത്താറു കിഴിഞ്ഞും പരിചൊടു
തോളിലണിഞ്ഞൊരു വസനമുലഞ്ഞും
ദണ്ഡം കുണ്ഡികഭാരവുമെന്നിവ
എന്നല്ലൊരുവക രുദ്രാക്ഷങ്ങളു—
മൊട്ടു കളഞ്ഞും വാരിയെടുത്തും
ചട്ടമതിങ്ങനെ ഭാവിച്ചുടനേ
വെട്ടത്തമ്പൊടു കാണായ്‌വന്നു.

---

* 'നാൻമുഖനച്ഛനുമെന്തിതു തോന്നാൻ'---എന്നൊരു വായ്പാഠവും തുള്ളൽക്കാർ ചൊല്ലിവരുന്നുണ്ട്. രാവണന്റെ അച്ഛന്റെ അച്ഛന്റെ അച്ഛനാണല്ലോ ബ്രഹ്മാവ്. തന്റെ മുൻതലമുറയിലെ നാലാമത്തെ അച്ഛനെ നാലാമച്ഛനെന്നു വിളിക്കയായിരിക്കുമോ? അങ്ങനെയെങ്കിൽ നാലാമച്ഛൻ പ്രയോഗത്തിനു രസികത്വമുണ്ട്.

[1] 'ചാലേ വേണ്ട വരം തന്നില്ലാ'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠം.

‘‘ഉണ്ണീ! സാഹസമരുതരുതിപ്പോൾ
അണ്ഡഘടങ്ങൾ മുറിച്ചീടൊല്ല
എന്തു നിനക്കഭിലാഷമതെന്നാ–
ലന്തരമില്ല തരുന്നേനെന്നും’’
എന്നരുൾചെയ്തങ്ങവനുടെ നികടേ
ചെന്നു പതുക്കെ തൃക്കൈകൊണ്ട്
നന്നായുടലിൽത്തടവുന്നേരം
പോന്നു ഭവിച്ചൂ തലകളുമെല്ലാം;
‘‘നിന്നുടെ തലകൾ മുറിച്ചെന്നാകിൽ
പിന്നെയുമുണ്ടാ’’മെന്നരുൾചെയ്തു
നിന്നീടുന്നൊരു കമലാസനനേ
താണുവണങ്ങീ ദശമുഖനുടനേ;
‘‘ഭുവനകടാഹകരായ നമസ്തേ!
ഭുവനവിധാനകരായ നമസ്തേ!
ജഗതീനാഥപരായ നമസ്തേ!
ജഗതീശോകഹരായ നമസ്തേ!
അമലസരോജഭവായ നമസ്തേ!
കമലവിധേയകരായ നമസ്തേ!
ഗുരുകരുണാകരദേവ നമസ്തേ!
പരപരിതോഷിത ദേവ നമസ്തേ!
ഇത്തരമോരോ സ്തുതിവചനംകൊ–
ണ്ടുത്തമനാകിന സരസിജഭവനെ–
സ്സത്വരമങ്ങു പ്രസാദിപ്പിച്ചു
നക്തഞ്ചരവരവീരനിവണ്ണം;
തുഷ്ടികലർന്നു വിരിഞ്ചനുമപ്പോ–
ളിഷ്ടമറിഞ്ഞുടനരുളിച്ചെയ്തു:
‘‘വിഷ്ടപമഹിതമഹാഗുണരാശേ!
വിഷ്ടപവാസികളൊരുവരുമിന്നതി
നിഷ്ഠുരനായ ഭവാനുടെനേരേ
ധൃഷ്ടത[1]യോടു പിണങ്ങാൻ പോരാ;
ത്രിഭുവനമൊക്കെയടക്കി ജയിപ്പാൻ
പ്രഭുത നിനക്കു ഭവിച്ചീടേണം
അതികടുകോപമൊടെതിരിടുമടവേ
ധൃതിപെടു[2] മമരസുരാസുരനികരം*
മർത്ത്യൻമാരുമമർത്ത്യൻമാരും
ധൂർത്തൻമാരാമുപദേവകളും

---

[1] ധൃഷ്ടത = ധൈര്യം. [2] ധൃതിപെടും = ബദ്ധപ്പെടും.

* ‘ധൃതികെടുമമരസുരാസുരനികരം’—എന്നു തുള്ളൽക്കാർ ഒരു വായ്പാഠം ചൊല്ലിവരുന്നുണ്ട്. ധൃതികെടും = ധൈര്യം ക്ഷയിക്കും.

ശക്തി പെരുത്തൊരു ഭുജഗാദികളും
ഉദ്ധതരാകിന വാനരജാതിയും
ഇവർകളിൽനിന്നു നിനക്കൊരുനാളും
മൃത്യു ഭവിക്കയുമില്ല നിശാചര!
സത്യം ഞാനിത വരമേകുന്നേൻ.''
ഇത്തരമുള്ള പിതാമഹവചനം
സത്വരമവിടെക്കേട്ട ദശായാം
ഉദ്ധതനാകിന രാക്ഷസവീരൻ
ഉത്തരമഞ്ഞു പറഞ്ഞുതുടങ്ങി:
''അഭിമാനത്തെ നടിക്കുമൊരടിയനൊ–
ടഭിമതമല്ല ഭവാനുടെ വചനം
സഭയൻമാരാം മനുജരിൽനിന്നുട–
നഭയമെനിക്കു തരേണ്ടതുമില്ല
കുണ്ഠഗതപ്രാണൻമാരാ[1]മതി–
കുണ്ഠതപെരുകിന മനുജൻമാരേ
കണ്ടേടത്തിഹ കൊലചെയ്‌വാൻ ദശ*–
കണ്ഠനു വരബലമേതും വേണ്ട;
വാനരജാതിയിൽനിന്നും സമ്പ്രതി
ഞാനൊരു പേടിയറിഞ്ഞിട്ടില്ല
മാനുഷവാനരജാതിയിൽനിന്നവ–
മാനമെനിക്കു ഭവിക്കില്ലൊട്ടും;
ഉണ്ടിതു കരുണ ഭവാനെന്നാലിതു
രണ്ടുമൊഴിച്ചേ വരമരുളേണ്ടു;
കണ്ട വരങ്ങളപേക്ഷിപ്പാനൊരു
തൊണ്ടനതല്ലടിയൻ ദശകണ്ഠൻ.''
എന്നതു കേട്ടു തെളിഞ്ഞു വിരിഞ്ചൻ
മന്ദസ്മിതമൊടുമൊന്നരുൾചെയ്തു:
''സാമ്പ്രതമുചിതം നിന്നുടെ വചനം
ഞാൻ പുനരിത്ര വിചാരിച്ചില്ല
നരവരവാനരജാതികളല്ലാ–
തൊരുവരു നിന്നെക്കൊലചെയ്കില്ല,
വരമിതു തന്നേ''ന്നെന്നരുൾചെയ്തു
സരസിജസംഭവനവിടെ മറഞ്ഞു,
കുംഭകർണ്ണന്റെ മുമ്പിലംഭോജ ജൻമാവപ്പോൾ
സംഭാവനംചെയ്വാനായമ്പോടങ്ങെഴുന്നള്ളി

---

1. കുണ്ഠഗതപ്രാണൻമാർ = തളർന്ന ജീവനോടുകൂടിയവർ; ദുർബ്ബലൻമാരെന്നർത്ഥം.

* 'കണ്ടെത്തിയിഹ കൊലചെയ്‌വാൻ'—എന്നു ചില മുദ്രിതപുസ്തകങ്ങളിൽ കാണുന്നു. 'കണ്ടേടത്തിഹ കൊലചെയ്‌വാൻ'—എന്ന പാഠം കൂടുതൽ നന്ന്. കാണുന്നിടത്തുവച്ചു കൊലചെയ്‌വാനെന്നർത്ഥം.

വമ്പനാമവനോടു ഗംഭീരമരുൾചെയ്തു:
‘‘സംഭ്രമം വെടിഞ്ഞാശു കുംഭകർണ്ണ! നീ ചൊല്ക
എന്തൊരു വരമിപ്പോൾ ചിന്തിതമന്തരംഗേ
ഹന്ത! നീ പറഞ്ഞാലുമന്തരമില്ല തരാം;’’
ചെന്താരിൻമകനെയങ്ങന്തികേ കണ്ടനേരം
ചിന്തിച്ചു കുംഭകർണ്ണനേന്തിന മോദമോടേ
‘ചന്തത്തിലൊരു വരമെന്തു ഞാൻ മേടിക്കേണ്ടു
ചിന്തിച്ചില്ലിത്രനാളുമെന്തൊരു കഷ്ടമിദം;
ദേവകളെല്ലാം മമ കേവലം വിരോധിക–
ളേവരും നശിപ്പാനായേവം ഞാൻ പറയുന്നു’
ഈവണ്ണം കുംഭകർണ്ണൻ ഭാവിച്ചതറിഞ്ഞാശു
ദേവകൾ ഭയപ്പെട്ടു സേവിച്ചാർ വാണിതന്നെ;
‘‘ദുഷ്ടരാം നിശാചരർ ശിഷ്ടനാം വിരിഞ്ചനോ–
ടിഷ്ടമായ് യാചിക്കുന്നു കഷ്ടം! ദേവേന്ദ്രപ്പട്ടം
ശിഷ്ടരാം ഞങ്ങളെല്ലാം നഷ്ടരായീടുമിപ്പോൾ
തുഷ്ടിയോടൊരു മാർഗ്ഗം കൂട്ടണം മടിയാതെ.’’
ഭാരതിയതു കേട്ടു പാരാതെയെഴുന്നള്ളി
വീരൻെറ രസനമേൽ ചേരുന്നനേരംതന്നെ
മുന്നമേ നിർദ്ദേവത്വമെന്നെല്ലാമുറപ്പിച്ചു,
ചൊന്നപ്പോൾ ‘‘നിദ്രാവത്വ’’മെന്നത്രേ പുറപ്പെട്ടു;
അന്നേരം വാണീനാഥൻ നന്നായി പ്രസാദിച്ചു
മന്ദഹാസവും തൂകി മന്ദമൊന്നരുൾചെയ്തു:
‘‘ഉണ്ണീ! നീ മടിക്കാതെ കണ്ണിനെയടച്ചാലും
നന്നായിട്ടൊരു ദിക്കിൽ ചെന്നുടനുറങ്ങുക
പന്തീരാണ്ടുറങ്ങുക സന്തോഷത്തോടുംകൂടി
എന്തിനു പാഴിലോരോ ചിന്തകൾ തേടീടുന്നു
മൂന്നുനാഴികനേരം മുക്കാലുംകൂടെക്കൊള്ളാം
സാനന്ദമുണർന്നിരുന്നാലും നീ കുംഭകർണ്ണാ!
ഖിന്നത വെടിഞ്ഞാശു പിന്നെയുമുറങ്ങുക
അന്തരാ ഉണർന്നാകിൽ അന്തകൻവീടു പൂകും.’’
ഇത്തരം വരം നല്കി സത്വരമെഴുന്നള്ളി
ഉത്തമൻ വിഭീഷണൻമുമ്പിലേ കാണായ്വന്നു.

ഗുണഗണനായ വിഭീഷണനോടുട–
നരുളിച്ചെയ്താനംബുജഭവനൻ:
‘‘വരിക വിഭീഷണ! പുരുഗുണരാശേ!
വരമതു വേണ്ടതു തരുവേനുടനേ
കരളിൽ നിനച്ചതു പറകേ വേണ്ടു
തരുവാനിന്നൊരു മടിയില്ലുണ്ണീ!’

അരുളിച്ചെയ്തതു കേട്ടു തെളിഞ്ഞവ–
നാദരവോടറിയിച്ചുതുടങ്ങി:
''അടിയനു വേണ്ടും വരമതു നിന്തിരു–
വടിയൊടു വടിവിലുണർത്തിക്കുന്നു
അടിമലരിണ തുണയായിഹ വരുവാൻ
പടുതരമൊരു കൃപ വിളയാടേണം;
മനസാ വാചാ കർമ്മംകൊണ്ടും
നന്നു പുനരടിയൻ ചെയ്യുമവസ്ഥക–
ളനുദിനമെന്നുടെ കമലാകാന്തൻ
കനിവുണ്ടാവാനരുളീടേണം.
അമലകളായകളേബരമധുരൻ
കമലദളായതലോചനഭഗവാൻ
കമനീയാകൃതിയായ മുകുന്ദൻ
കരുണാകരനാം ഭഗവാനെന്നുടെ
കരളിൽ പരിചൊടു വിലസീടേണം;
ഇന്നു മുരാന്തകഭക്തൻമാരതി–
ലൊന്നായടിയനെയരുളീടേണം.''
എന്നതു കേട്ടു തെളിഞ്ഞു വിരിഞ്ചൻ
മന്ദസ്മിതമൊടുമൊന്നരുൾചെയ്തു:
''നന്നു വിഭീഷണ! നിന്നുടെ ഹൃദയം,
പോന്നുഭവിക്കും തവ രുചിയെല്ലാം
സമ്പ്രതി മുരഹരഭക്തൻമാരിൽ
മുമ്പു നിനക്കെന്നായ് വരവേണം;
സമ്പത്തനവധി മേലിൽ നിനക്കും
സമ്പാദിതമാ''മെന്നരുൾചെയ്തു
അംഭോജാലയനവിടെ മറഞ്ഞു;
സംഭൃതബലനായ് രാവണനപ്പോൾ
ഡംഭു മനസ്സിൽ മുഴുത്തു ചമഞ്ഞു
ഗംഭീരദ്ധ്വനിയവിടെ മുഴക്കി
ജംഭാന്തകനുടെ വാഹനമാകും
കുംഭീശ്വരനുടെ നീണ്ടു തടിച്ചൊരു
തുമ്പിക്കൈയ്യു പിടിച്ചുവലിക്കാം
കൊമ്പുകൾ നാലും ഝടിതിയൊടിക്കാം
അമ്പൊടിവണ്ണം പലതുമെനിക്കൊരു
സംഭ്രമമിനിയൊട്ടും നഹി ചേതസി
ബദ്ധൻ മെല്ലെ നടന്നുതുടങ്ങി;
അപ്പൊഴുതിളമയുറക്കം തൂങ്ങി
തപ്പിത്തപ്പി വരുന്നതു കാണാം

അപ്പാ! പൊണ്ണനു കണ്ണുകൾ കാണാ–
ഞ്ഞപ്പടി നല്ല കുഴപ്പംതന്നെ;
ഒട്ടു നടക്കും വഴികാണാഞ്ഞൊരു–
കോട്ടിലലയ്ക്കും കണ്ണു തുറക്കും
പെട്ടന്നവിടെ മറിഞ്ഞഥ വീണ–
മ്മുട്ടുകൾ പൊട്ടുന്നേരം ഞെട്ടും,
പട്ടിണിയിട്ടു തപംചെയ്തുള്ളൊരു–
ചട്ടമിതെന്നു ദശാസ്യനുറച്ചു;
''യഷ്ടീ! യെന്തൊരു ഗോഷ്ടികൾ നിന്നുടെ
ധൃഷ്ടതയെല്ലാമെവിടെയൊളിച്ചു–
കഷ്ടം! കഷ്ട''മിതിങ്ങനെ തന്നുടെ
ജ്യേഷ്ഠൻററുളപ്പാടതുകേട്ടവ–
നൊട്ടു സമീപേ ചെന്നു വണങ്ങി–
പ്പെട്ട ജളത്വവുമങ്ങറിയിച്ചു;
പൊട്ടിപ്പരിചിനൊടൊന്നു ചിരിച്ചു
അട്ടാസിച്ചു നടന്നു ദശാസ്യൻ;
പൃഷ്ഠേ ചെന്നു വിഭീഷണനപ്പോൾ
പുഷ്ടാനന്ദം തൊഴുതഥ നിന്നു
''എന്തു നിനക്കു ലഭിച്ചതു വര''മെ–
ന്നരുളിച്ചെയ്തതു കേട്ടുരചെയ്തു:
''നാരായണനുടെ പാദസരോജേ
ചേരാനുള്ളൊരു ഭക്തി ലഭിച്ചു
ഈരേഴുലകിനു വേരാമവനൊടു
ചേരാനനവധി ഭാഗ്യം വേണം''
എന്നുടനവിടെക്കേട്ടതുനേര–
ത്തൊന്നു പകർന്നൂ രാവണഭാവം!
''കൊള്ളാമനുജൻമാരിവർ രണ്ടും
കള്ളൻമാരെന്നുള്ളതു വന്നു
ഉള്ളിൽ കപടതയുള്ളവരെക്കൊ–
ണ്ടെള്ളോളം ഫലമുണ്ടായ്വരുമോ?
ദൂഷണമേറെ നിനച്ചീടുന്ന വി–
ഭീഷണ! നീയതിദുഷ്ടൻതന്നെ
വിരവൊടു നിന്നുടെ ജ്യേഷ്ഠനുറങ്ങാൻ
പുരമുറിയൊന്നു ചമച്ചുകൊടുക്കാം
ദൈവതയുള്ള നിനക്കും പിന്നെ*
തേവാരപ്പുര പണിയിച്ചുതരാം
അഷ്ടികഴിപ്പാൻതന്നേയിരുവരു–
മെഷ്ടികളിങ്ങനെ വന്നുണ്ടായീ

---

* 'ദൈവതമുള്ള നിനക്കും പിന്നെ'—'ദേവതയുള്ള നിനക്കും പിന്നെ'—പാഠഭേദങ്ങൾ.

കുണ്ഠിതഭാവമകന്നീടും ദശ—
കണ്ഠനു മററു സഹായം വേണ്ടാ
വേണ്ടതെനിക്കിഹ സാധിപ്പിപ്പാൻ
വേണ്ട നമുക്കിനി മററൊരു ബന്ധു.''
ഇത്തരമോരോ വാക്കു പറഞ്ഞവ—
നാർത്തുവിളിച്ചഥ പാഞ്ഞുതുടങ്ങി.

പ്രഹസ്തൻ വിരൂപാക്ഷൻ ധൂമ്രാക്ഷൻ മഹാപാർശ്വൻ
സുദഗ്ധനെജ്ഞകോപൻ ദുർമ്മുഖൻ വജ്രമുഷ്ടി
മത്തനുമുൻമത്തനും കമ്പ,നകമ്പനനും
സമ്പ്രതി ധൂമ്രകേതു ജൃംഭകൻ കുംഭാണ്ഡനും
താമ്രാക്ഷൻ താമ്രകേതു പിംഗലൻ കപിംഗലൻ
തുംഗനുന്നതൻ മന്ദൻ വജ്രദംഷ്ട്രനും പിന്നെ
രൂക്ഷതപെരുകിന രാക്ഷസപ്രധാനികൾ
തന്നുടെ പടയോടും വന്ദിച്ചുതുടങ്ങിനാർ
രൂക്ഷത പെരുകുന്ന രാക്ഷസരാജൻതന്നെ.

ഇത്തരമോരോ കോട്ടീന്നനവധി
നക്തഞ്ചരവരരോടിയടുത്തു
ചിത്തസുഖത്തൊടു ഝടിതി വണങ്ങി
ചീർത്ത കുതൂഹലമവിടെ നിറഞ്ഞൂ;
കാഴ്ചകളൊരുവക വന്നുതുടങ്ങി
പച്ചക്കുട തഴ പട്ടും പണവും
അച്ചടി കോസടി[1] നല്ല തലേണകൾ
കച്ചകൾ പുടവകൾ മെത്തകൾ മീതെ
ചെമ്പുകളുരുളികൾ കിണ്ടി കിടാരം
ചെമ്പുകുടങ്ങളുമൻപതു കൂട്ടം
കമ്പിളിയൊരുവക നല്ല കരിമ്പട—
മമ്പതു ലക്ഷം കംബളപടലം
വെററക്കെട്ടുമടയ്ക്കാക്കുലയും
കുററമകന്നൊരു പുകലക്കെട്ടും
മററും പലവക നല്ല പദാർത്ഥം
കൊററിന്നൊരുവക വന്നുതുടങ്ങി:
നീണ്ടൊരു വടിയുടെ രണ്ടുവശത്തും
വാഴയ്ക്കാക്കുല കെട്ടിത്തൂക്കി
കണ്ട നിശാചരർ തോളിലെടുത്തും—
കൊണ്ടിഹ വന്നും കണ്ടും തൊഴുതും

---

[1] 'കച്ചടികോസടി'—എന്നു കാണുന്ന പാഠം ശരിയല്ല. 'അച്ചടി' അക്കാലത്തെ ഒരു ശീലത്തരം—'കച്ച ചേല കരിമ്പടം അച്ചടിപ്പുടവ'യെന്നു പഴയ തിരുവാതിരപ്പാട്ട്.

കാച്ചിലു ചേന കിഴങ്ങുകൾ മത്തൻ
മെച്ചമിയന്നൊരു ബൃഹതി[1] ക്കൂട്ടം
അച്ചിങ്ങാ പല ചക്കകൾ കൂശ്മൻ
പച്ചക്കുലകൾ പഴക്കുലയെന്നിവ
കാഴ്ചകൾവച്ചും തൊഴുതുമെടുത്തും
കാഴ്ചക്കാരെത്തള്ളിയൊഴിച്ചും
പട്ടോലക്കാരങ്ങൊരു കൂട്ടം
പാഴിൽ വരും വക ചാർത്തി വരച്ചും
ചെട്ടികളൊരുവക പട്ടാണികളും
ഒട്ടകലത്തീന്നാനകൾ കുതിരകൾ
പെട്ടികൾ പെട്ടകമൊക്കെയെടുപ്പി–
ച്ചവിടെയണഞ്ഞു വണങ്ങീടുന്നു;
കുതിരച്ചേവകരങ്ങൊരുകൂട്ടം
പൊതിരെച്ചെന്നു നിറഞ്ഞുതുടങ്ങി
ചതുരംഗപ്പടയിളകി നടന്നുട–
നതിരേകം പല ഘോഷമുറച്ചു
ഓട്ടൻമാരും പാർശ്വപദൻമാർ
കോട്ടമകന്നൊരു തേരാളികളും
വാട്ടമകന്നൊരു സേനാപതികളു–
മുട്ടിയ വാളും പരിശയുമായി[2]
കൂട്ടി വിളിച്ചൊരു കൂട്ടം രാക്ഷസർ
പാട്ടിൽനടന്നുമകമ്പടികൂടി
എട്ടു ദിഗന്തവുമാശു മുഴങ്ങി
പൊട്ടുമിതെന്നതുപോലേ തോന്നും
ചട്ടമിതെല്ലാം കൂട്ടിപ്പരിചൊടു
ദുഷ്ടൻമാരാം മന്ത്രിഭടൻമാർ
ചാരത്തണവാൻ ഭയമുണ്ടതിനാൽ
ദൂരത്തമ്പൊടു നിന്നു വണങ്ങി
ചെമ്പിച്ചീടിന തലമുടിയോടും
വമ്പിച്ചീടിന ദൃഷ്ടികളോടും
ലംബിച്ചീടിന കുടവയറോടും
ജൃംഭിച്ചീടിന കടുരവമോടും
വമ്പനതായ ദശാസ്യൻതന്നുടെ
മുമ്പിൽ ചെന്നവരാദരവോടും
കുമ്പിട്ടമ്പൊടു നില്ക്കുന്നേരം
സമ്പ്രതി കുതുകമൊടാശു ദശാസ്യൻ
ഗംഭീരം പുനരൊന്നരുൾ ചെയ്തു:
‘‘കുംഭികൾ കുംഭാദികളൊടുമെന്നുടെ

---

[1] ബൃഹതി = വഴുതിനങ്ങ. [2] വാളും പരിചയും കൂട്ടി മുട്ടിച്ചു ശബ്ദമുണ്ടാക്കി.

ലങ്കയടക്കി വസിച്ചീടുന്നൊരു
ശങ്കരസഖിയാമിളബിളതനയൻ
സങ്കടമതുകൊണ്ടെള്ളോളവുമിഹ
നിങ്ങളിലൊരുവനുമുണ്ടായില്ല,

എങ്കിൽ നമുക്കതു സാധിപ്പാനൊരു
ശങ്ക മനസ്സിൽ തോന്നുന്നില്ലാ
പങ്കജഭവനുടെ വരവും ലോക ഭ—
യങ്കരനാകിന നമ്മുടെ ബലവും

മന്ത്രികളാകിന നിങ്ങടെ നല്ലൊരു
മന്ത്രഗുണങ്ങളുമുപദേശുകളും
ഒന്നിച്ചിവിടെയുറച്ചെന്നാൽ പുന—
രൊന്നിനുമില്ല നമുക്കൊരു ദണ്ഡം,''

അപ്പോൾ തൊഴുതു പ്രഹസ്തൻ ചൊന്നാൻ:
''കല്പന പലരും ബോധിച്ചില്ലേ?
കല്പിപ്പാനൊരു പ്രഭുവില്ലാഞ്ഞാൽ
കല്പനകൊണ്ടൊരു ഫലമില്ലേതും

ആന മദിച്ചു വരുന്നേരത്തൊരു
കൂനനിറുമ്പു തടുപ്പാനെളുതോ?
ഞാനെന്നിട്ടു പുറപ്പെടുവാനൊരു
മാനിയിതിൻകീഴുണ്ടായില്ല

അടിയങ്ങളുമിതു വാശ്ശതുമെന്നൊരു
മടികൊണ്ടത്ര കുഴപ്പം വന്നു
പടുവാം നല്ലൊരു നായകനില്ലാ—
ഞ്ഞടികൊണ്ടേതും പൊറുതിയുമില്ലാ:

നാണംകെട്ടു വസിപ്പതിനേക്കാൾ
പ്രാണൻ കളക യശസ്സിനു നല്ലൂ
ആണല്ലാതെ കഴിഞ്ഞൂ തൃക്കാ—
ലാണ നിശാചരവംശമശേഷം;

എന്തിനു വളരെയുണർത്തിക്കുന്നു
നിന്തിരുവടിയുടെ കല്പന കേൾപ്പാ—
നന്തരമില്ലടിയങ്ങൾക്കെന്നതു
ചിന്തയിലായതു ബോധിച്ചരുളുക.''

ഇങ്ങനെയൊരുവക രാക്ഷസവൃന്ദം
ഇംഗിതമാശു പറഞ്ഞുംകൊണ്ടു
തിങ്ങിന പടയും സന്നാഹത്തോ—
ടങ്ങു കടന്നു ദശാനനവീരൻ;

കുന്തം ചുരിക കടുത്തില കർക്കട
ചന്തത്തിൽ പല വില്ലും ശരവും

ചന്തമിയന്നൊരു ശക്തികൾ ചവളം
ചെന്തീക്കനൽ ചിതറും മുസലാദികൾ
ഒക്കെയെടുത്തു തകർത്തു നടന്നു
ഊക്കുപെരുത്തൊരരക്കരശേഷം;
ചെമ്പറ വമ്പറ ചെണ്ട കടുന്തുടി
വമ്പടഹം പല തപ്പും തകിലും
കൊമ്പും കുഴലും താളം കാളം
അമ്പൊടുമേളമിതെത്ര വിചിത്രം;
കുംഭികളങ്ങു മദിച്ചു മരങ്ങടെ
കൊമ്പുകളൊക്കെയടിച്ചു തകർത്തും
ഉടനേ ചെന്നു പടിപ്പുര തള്ളി
നെടുമ്പുര ചെന്നു പിടിച്ചു വലിച്ചും
കുതിരകൾ തന്റെ കൊളമ്പുകൾ തട്ടി
ധരണി പൊടിഞ്ഞൊരു പൊടിപടലംകൊ—
ണ്ടതിഘനരവമൊടുമഖിലദിഗന്തം
കതിരവനുടെ പടുകാന്തി കുറഞ്ഞും
അംഭോനിധിയുടെ തടഭുവി ചെന്നഥ
ജൃംഭിച്ചോരു നിശാചരസംഘം
ശങ്കവെടിഞ്ഞവരംബരമാർഗ്ഗേ
ശങ്കരസഖിയൊടു പൊരുവാനായി
ലങ്കാഗോപുരനികടേ ചെന്നഥ
സംഘോഷിച്ചു വിളിച്ചു പറഞ്ഞാർ:
‘‘ലങ്കാനായകനായ നിശാചര—
നങ്കം പൊരുവാനെഴുന്നള്ളുന്നു;
യക്ഷേശ്വരനും തന്നുടെ പടയും
തൽക്ഷണമിങ്ങു പുറപ്പെട്ടാലും;
യുദ്ധം ചെയ്‌വാനെളുതല്ലെങ്കില—
ബദ്ധം പലവക കാട്ടീടാതെ
വൃദ്ധൻമാരെയുമവരെയുമിവരെയു—
മെത്തിച്ചങ്ങു നടക്കാമുടനേ
ലങ്കയിലിനിയുമിരിക്കാമെന്നൊരു
ശങ്ക മനസ്സിൽ തോന്നീടേണ്ടാ,
ആരാന്റവിടെയിരുന്നാലിങ്ങനെ—
തീരു മൊടുക്കത്തെന്നറിയേണം
പേരായുള്ളവനിവിടെ വരുമ്പോൾ
ചോരൻമാരേപ്പോലെ തിരിക്കാം;
തന്നുടെ കൈയ്യു തലയ്ക്കതു വച്ചാ—
ലൊന്നും വളരെയസഹ്യതയില്ലാ

തന്നിൽ മികച്ചവരോടു പിണങ്ങരു–
തെന്നു മഹാജനമുരചെയ്യുന്നു.''
കശ്മലരാകിയ രാക്ഷസർതന്നുടെ
ദുശ്ശ്രവമാകിന വാക്കുകൾ കേട്ടു
വൈശ്രവണൻ പുനരമളിപിണഞ്ഞി–
ട്ടാശ്രയരഹിതമുഴന്നുതുടങ്ങി;
നിധികൾ കുഴിച്ചു പുഴക്കിയെടുത്തു
വിധിവിഹിതങ്ങളൊഴിക്കരുതാർക്കും
കതകുകളൊക്കെയടച്ചിട്ടൊരു വഴി
വിതതമൊളിച്ചു തിരിച്ചുതുടങ്ങി;
സുന്ദരിമാരഥ മണിമാളികമേൽ
മന്ദമിരുന്നു രസിക്കുന്നേരം
വന്നു ദശാനനനെന്നതു കേട്ടി–
ട്ടൊന്നുവിറച്ചു പറഞ്ഞുതുടങ്ങി:
''മകനെക്കണ്ടില്ലാ മകളെങ്ങൂ
മകളുടെ മകളവളെങ്ങൂ നമ്മുടെ
തോഴികളൊരുവക താഴത്തായി
പോഴികളെന്തിനു പോകുന്നെന്നും
താലി കളഞ്ഞും മാല കളഞ്ഞും
ശീലത്തരമതു പലതും പോയി
സുന്ദരിമാർക്കൊരു ഖേദമടുത്താൽ
നമ്മുടെയാളെക്കാൺമാനില്ലാ;
പടവരവെന്നതു കേൾക്കുന്നേരം
തടമുലയാളെ മറക്കും ഭോഷൻ
ഇടയിൽ കള്ളനു തന്റെ കളത്രം
മടിയീന്നങ്ങു പിരിഞ്ഞാൽ ദണ്ഡം
തടിയനിതിപ്പോളൊക്കെ മറന്നു
പിടിപിടി മണ്ടിത്താനെ തിരിച്ചു
രുദ്രാംഗദനെന്നുണ്ടൊരു വിദ്വാൻ
ഭദ്രം പേശി നടപ്പാൻ കൊള്ളാം
ഇമ്പമൊടൊരുവക കാഴ്ചകൾ കാൺമാൻ
മുമ്പിൽ ചെന്നവനാൽത്തറ കേറും–
വമ്പട വരുമതു കേൾക്കുന്നേരം
അമ്പതു കാതം പിമ്പിൽ കാണാം
അക്കഥ ചിലതു പറഞ്ഞീടിൽ പുന–
രിക്കഥ പറവാൻ നേരം പോരാ;
നിക്ഷേപങ്ങളെടുത്തുംകൊണ്ടിഹ
യക്ഷൻമാരു നടന്നുതുടങ്ങി

രാക്ഷസരിങ്ങു നടന്നുതുടങ്ങി
യക്ഷിണിമാർക്കൊരിളക്കവുമില്ലാ;
രാക്ഷസർ വന്നു പിടിച്ചു പതുക്കെ
ഭക്ഷിച്ചീടുമതോർത്തീടേണം
രക്ഷിപ്പാനുള്ളാളുകൾ പോയി
തൽക്ഷണമങ്ങൊരു കോണിലുറച്ചു
രക്ഷിക്കുന്ന ജനങ്ങളിൽ വേണം
പക്ഷം പെണ്ണിനു പൊളിയല്ലേതും
കണ്ടജനത്തെക്കണ്ടു കൊതിച്ചാൽ
കുണ്ടിൽ ചാടും മാനിനിമാരേ!
തൊണ്ടൻമാരാം കണവൻമാരെ—
ക്കൊണ്ടൊരു നേരം ഫലമില്ലറിവിൻ
കണ്ടിട്ടുള്ളവരെന്നൊരു ഭാവവു—
മുണ്ടാകയുമില്ലെന്നറിയേണം
പണ്ടവനവിടെത്തന്നെയിരുന്നു
കണ്ടാൽമതിയെന്നിട്ടു കിടന്നു
ഇണ്ടൽപിടിച്ചിഹ മണ്ടീടുന്നതു
കണ്ടിട്ടെന്തിവനുള്ളതുമിപ്പോൾ''
ഈവണ്ണം പല ഘോഷം പല ദിശി
രാവണവരവതു കേട്ടതുനേരം
ദേവകളൊക്കെക്കൂടിപ്പലവഴി
ധാവനമാശു തുടങ്ങി തദാനീം;
നിഷ്ഫലവിഭവൻമാരവരെല്ലാം
പുഷ്പകമായ വിമാനത്തിങ്കൽ
തല്പംകൂടെയുപേക്ഷിക്കാതെ
ഏപ്പേർപ്പെട്ടതുമങ്ങു കരേററി
ഇരുമുടി കെട്ടിത്തലയിലെടുത്തി—
ട്ടൊരുവഴി മണ്ടി നടന്നുതുടങ്ങി;
യക്ഷൻമാർ ചിലർ തങ്ങടെ ഭാണ്ഡം
കക്ഷം തന്നിലെടുത്തു നടന്നാർ
ലങ്കാനഗരമുപേക്ഷിച്ചങ്ങനെ
സങ്കടമോടു ധനേശ്വരനുടനേ
ശങ്കരനെച്ചെന്നങ്ങു വണങ്ങി
തൽകൃപകൊണ്ടു ലഭിച്ചൊരു മന്ദിര—
മളകാപുരമെന്നവിടെച്ചെന്ന—
ങ്ങിളകാതങ്ങു സുഖിച്ചു വസിച്ചു;
അളവില്ലാതുള്ളെക്ഷൻമാരും
വളഭി[1] കൾതോറുമിരുന്നു രസിച്ചാർ.

---

1. വളഭി=മട്ടുപ്പാവ്.

ദശാനനൻ പുനരനേകയോജന
വിശാലമന്ദിരമകത്തു പുക്കു
ശശാങ്കനോടുടനിടഞ്ഞു മേവിന
യശോവിശേഷവുമവനു ലഭിച്ചു;
നിശാചരപ്പട കടന്നു മന്ദിര–
മശേഷമമ്പൊടു നിരന്നുനിന്നു
അശോകവാടികളനേകമുണ്ടതി–
ലശോകമോടവർ നടന്നു കണ്ടു
സുശീതമാകിയ ജലം നിറഞ്ഞതി
വിശാലമാം പല സരസ്സു കണ്ടു
അശേഷമപ്പുരിവിഭൂതി ചൊൽവതി–
ന,ശേഷനും ബത പടുത്വമില്ല;
വെളുത്ത താമര കളിച്ചു മേവിന–
കുളുർത്ത വാപികൾ പെരുത്തു കണ്ടു
തളങ്ങളും പല കളങ്ങളും ചില
വിളങ്ങിമേവിന കുളങ്ങളും
കളങ്കമെന്നിയെ തെളിഞ്ഞു ചെമ്പക–
കദംബമംബുജദളങ്ങളും
ഇടങ്ങളും പല മഠങ്ങളും നവ–
തടങ്ങളും ബഹു പടങ്ങളും
പടർന്ന മാലതിപുടങ്ങളും ചില
തടിച്ച കാഞ്ചനഘടങ്ങളും
മരങ്ങളും കൊടിമരങ്ങളും മണി–
പുരങ്ങളും ബഹു ധനങ്ങളും
വരാംഗനാജനപുരങ്ങളും പല
തരങ്ങളായ് പുരവരങ്ങളും
ഫലങ്ങളും വരദലങ്ങളും മൃദു*
മണങ്ങളും ഹിമജലങ്ങളും
നിലങ്ങളും പടനിലങ്ങളും മര–
ഫലങ്ങളും മരുതലങ്ങളും
കരിമ്പു ചെമ്പകമിലഞ്ഞി മഞ്ജുള–
മിരിഞ്ഞ[1] കാഞ്ചന ലവങ്കമങ്കണ–
കുരണ്ഡവർണ്ണവ കുഷീതചന്ദന–
കുരുന്നുമെന്നിവ കുരുത്തു പൂത്തതി–
ലിരുണ്ട വണ്ടുകൾ മുരണ്ടു മൊട്ടുകൾ
കരണ്ടു പൂമ്പൊടി പിരണ്ടു തേറിന
തിരണ്ട നൻമധു മണങ്ങളോടുട–
നിണങ്ങി മേവിന സുമങ്ങളും;

---

* 'ഫലങ്ങളും വനദലങ്ങളും'—പാഠഭേദം.

[1] ഇരിഞ്ഞ = വഴിഞ്ഞൊഴുകുന്ന.

ഉദ്യാനം പല വിദ്യാഭവനം
അഭ്യംഗാലയ മദ്യാലയവും
സദ്യക്കൊട്ടിലു വാദ്യാലയവും
ആടും കൂടുകൾ മാടണിപന്തികൾ
നാടകശാലകൾ പാഠകശാലകൾ
മാടപ്പുരവരമൊത്ത പടിപ്പുര
വാടക്കുഴികളുമെത്ര വിചിത്രം!
മാലകൾ ചോലകൾ മാലപ്പുരയും
ചാലേ വാതിലുമോലപ്പുരയും
വെങ്കളിമാടം പങ്കജവാടം
പെങ്കളിവാടികളങ്കണജാലം
കുങ്കുമവാടികൾ പൂങ്കാവുകളും
വൻകടൽത്തന്നിൽ വിളങ്ങീടുന്നൊരു
വെള്ളക്കുട തഴ വെൺചാമരവും
തുള്ളിച്ചനവധി ഘോഷത്തോടേ
പള്ളിശ്രാമ്പി[1] കരേറിദ്ദശമുഖ-
നുള്ളമഴിഞ്ഞു സുഖിച്ചുവസിച്ചു.

രാവണോദ്ഭവം ഓട്ടൻതുള്ളൽ
സമാപ്തം

---

[1] പള്ളിശ്രാമ്പി—രാജകൊട്ടാരത്തിലെ മണിമാളിക. ,ചിറാമ്പി'യുടെ പാഠാന്തരമാണ് 'ശ്രാമ്പി'. ചിറാമ്പി=മണിമേട.
''കണ്ടാൽ തിരിയാത്തോടാ! കൽക്കെട്ടും ചിറാമ്പികളും''
(തമ്പുരാൻപാട്ട്)

കാർത്തവീര്യാർജുനവിജയം

അക്കാലങ്ങളിലതിഭുജവിക്രമ–
ധിക്കൃതശക്രപരാക്രമനാകിയ*
നക്തഞ്ചരപതി രാവണനെന്നൊരു
ശക്തൻ വന്നു പിറന്നു ധരായാം;
പത്തു മുഖങ്ങളുമിരുപതു കൈകളു–
മത്യുന്നതഗിരി സന്നിഭമാകിയ
ഗാത്രവുമുരുതരഭീഷണമിരുപതു–
നേത്രവുമുൽക്കടദംഷ്ട്രാനികരം
എത്ര ഭയങ്കരമാകൃതി കണ്ടാൽ
മിത്രതനൂജനുമാശു ഭയപ്പെടു–
മത്ര മഹാബലനാകിയ ദശമുഖ–
നത്തൽ വെടിഞ്ഞു തപംചെയ്തുടനെ
പങ്കജഭവനൊടു വരവും വാങ്ങി–
ക്കിങ്കരസംഘസമേതം വിരവൊടു
ലങ്കാനഗരമടക്കിവസിച്ചഥ
ശങ്കാരഹിതം ധനപതിതന്നുടെ
ഹുങ്കാരത്തെയടക്കിജയിച്ചൊര–
ഹങ്കാരങ്ങൾ നിലയ്ക്കാഞ്ഞമ്പൊടു
ശങ്കരഭഗവാൻ വാണരുളുന്ന ഭ–
യങ്കരമാകിയ കൈലാസത്തെ–
ക്കുത്തിയെടുത്തു കരങ്ങളിലാക്കി–
സ്സത്വരമമ്മാനക്കളിയാടി
പത്തിരുപതുകുറി പൊക്കിയെറിഞ്ഞും
ശക്തിപെരുത്ത കരങ്ങളിലേറ്റും,
മുപ്പുരവൈരിക്കതുകൊണ്ടവനൊടൊ–
രപ്രിയമുണ്ടായില്ല വിശേഷി–
ച്ചദ്ഭുതമായൊരു വാളും നല്കി
ക്ഷിപ്രമനുഗ്രഹമേകിയയച്ചു.
പുഷ്പകമായ വിമാനവുമേറി
പുഷ്പശരാരിയെ വന്ദിച്ചുടനേ
ഭൂതലവും പാതാളം സ്വർഗ്ഗം
വീതഭയേന ജയിച്ചു ദശാസ്യൻ

---

* ‘അക്കാലങ്ങളിലധികപരാക്രമ–
ധിക്കൃതശക്രപരാക്രമനാകിന’—എന്നൊരു പാഠം തുള്ളൽക്കാർ ചൊല്ലിവരുന്നുണ്ട്.

സമരാങ്കണമതിലമരാധിപനുടെ
സമരാടോപവുമാശു ശമിപ്പി—
ച്ചമരാംഗനമാരേക്കൊണ്ടഥ വെൺ—
ചാമരവ്യജനം വീശിപ്പിച്ചു;

നന്ദനവിപിനേ കല്പദ്രുമ ഹരി—
ചന്ദന മന്ദാരാദി മരങ്ങടെ
വൃന്ദമശേഷം പിഴുതു പതുക്കെ
സ്യന്ദനമേററിക്കൊണ്ടു തിരിച്ചഥ

കുണ്ഠേതരഭുജവിക്രമനാം ദശ—
കണ്ഠൻതന്നുടെ ലങ്കാനഗരേ—
കൊണ്ടിഹ വന്നുടനുദ്യാനങ്ങളു—
മുണ്ടാക്കിപ്പുനരത്ര വസിച്ചു;

ശാരദനീരദസന്നിഭനാകിയ
നാരദമാമുനി വീണയുമായി
ചാരുദയാനിധി കലഹപ്രീതിവി—
ശാരദനാകിയ ഭഗവാനൊരുനാൾ

ധീരനതാകിയ നക്തഞ്ചരപതി—
വീരനിരിക്കും മണിമാളികമേൽ
ചാരുദയാഘനമോദമൊടങ്ങനെ
പാരാതങ്ങെഴുന്നള്ളി തദാനീം;

ഉന്നതനാകിയ രാവണനപ്പോ—
ളുത്ഥാനംചെയ്താശു വണങ്ങി
ഭക്തിപുരസ്സരമർഗ്ഘ്യാദികൾകൊ—
ണ്ടത്യാദരമാരാധനചെയ്തു
ഭദ്രാസനവും നല്കിയിരുത്തി
ഭദ്രതരം കുശലപ്രശ്നാദികൾ
സമുദാചാരംചെയ്തു പതുക്കെ
സംസൽക്കരണവുമാശു കഴിച്ചു;
''കമലാസനസുതനാകിയ മുനിവര—
വിമലഗുണാലയ നാരദഭഗവൻ!
ഭവദാഗമനംകൊണ്ടു മദീയം
ഭവനം പാവനമായി വിശേഷാൽ;
ഭുവനം മൂന്നിലുമുള്ള ജനാനാ—
മവനംചെയ്യും നിന്തിരുവടിയെ—
കണ്ടതുകൊണ്ടിഹ കളിയല്ലേ ദശ—
കണ്ഠനു മനസി മഹാസന്തോഷം;
കുണ്ഠിതസുകൃതൻമാർക്കു ഭവാനെ—
കണ്ടു രസിപ്പാനെളുതല്ലേതും;

നമ്മുടെ വിക്രമമല്പമതല്ലോര—
ഹമ്മതി ഞാൻ പറകല്ല മുനീന്ദ്ര!
നമ്മെക്കൊണ്ടു ജഗത്ത്രയവാസികൾ
ചെമ്മേ കിമപി പറഞ്ഞീടുന്നു
ധാർമ്മികരാകിയ നിങ്ങൾക്കെന്തിഹ
ധാരണയില്ലതു ബോധിച്ചാലും;
ത്രിഭുവനവാസികളെല്ലാം നമ്മുടെ
വിഭുതത കൊണ്ടുപുകഴ്ത്തുന്നില്ലേ?
''സുഭഗൻ ദശമുഖ'നെന്നൊരു നാണയ—
മഹഹോ! ദിശി ദിശി കേൾക്കുന്നില്ലേ?
മന്നിലിരിക്കും മാനിനിമാർ പുന—
രെന്നെക്കൊണ്ടു പുകഴ്ത്തുന്നില്ലേ?
എന്നെക്കാണാഞ്ഞംഗനമാരഥ
ഖിന്നതപൂണ്ടു വസിക്കുന്നില്ലേ?
നമ്മുടെ ഗുണമിതു മററാരു കൂട്ടർ—
ക്കണ്ടു ലഭിപ്പാനതിവൈഷമ്യം;
ഉള്ളിലസൂയ നിറഞ്ഞു കവിഞ്ഞഥ
തുള്ളിനടക്കും കുസൃതിക്കാരതു
കൊള്ളരുതെന്നു ദുഷിക്കുന്നതുകൊ—
ണ്ടെള്ളോളം ഭയമില്ല നമുക്കു
ഭള്ളുപറഞ്ഞു ഫലിപ്പിക്കയുമ—
ല്ലുള്ളതുതന്നെ കഥിച്ചീടുന്നേൻ;
തീർത്തുരചെയ്യാമിന്നിഹ നമ്മൊടു
നേർത്തുവരുന്നവരൊക്കെ മടങ്ങും;
ധൂർത്തുകൾ നമ്മൊടു കൂടുകയില്ലെ—
ന്നോർത്തു മഹേന്ദ്രനടങ്ങിപ്പാർത്തു,
ജംഭാന്തകനുടെ കുംഭിപ്രവരൻ
കൊമ്പുകൾ നാലുമുയർത്തിക്കൊണ്ടഥ
തുമ്പിക്കരമതിൽ മുസലവുമേന്തി
ജൃംഭിച്ചാശു വരുന്നേരം ഞാൻ
മുമ്പിൽ ചെന്നഥ കൊമ്പുപിടിച്ചു ത—
രിമ്പു വിടാതെ കരിമ്പുകണക്കേ
കൊമ്പുകൾ നാലുമൊരമ്പതു ഖണ്ഡി—
ച്ചമ്പൊടു കുംഭമടിച്ചു പിളർന്ന്
ഇമ്പമകന്നതി കമ്പമിയന്നുട—
നുമ്പർകുലങ്ങളിൽ മുമ്പനതാകിയ
വമ്പൻ മണ്ടി നിലിമ്പപുരത്തിന—
കംപുക്കാനതി സംഭ്രമസരസൻ;

കുംഭമുലച്ചികളാകിയ സുരകുല–
ശംഭളിമാരെ വിളിച്ചുവരുത്തി
സംഭോഗാദി സുഖത്തെ ലഭിച്ചിതു
സരസം ഞാനതു ബോധിച്ചാലും!*
വെള്ളിക്കുന്നു പറിച്ചു കരത്തിൽ
തുള്ളിക്കുന്നൊരു നേരമതിൻമേൽ
പള്ളിയുറങ്ങും പരമേശ്വരനുടെ
പുള്ളിമൃഗാക്ഷി മൃഡാനീദേവി–
ക്കുള്ളിലിരിക്കും കലഹം തീർപ്പാ–
നുള്ളൊരു സംഗതി വന്നതുമൂലം
കൊള്ളാമിവനുടെ തൊഴിലെന്നൊരു തിരു–
വുള്ളം ഭഗവാനെങ്കലുറച്ചു;
ശക്രനുമഗ്നിയുമന്തകവീരന–
രക്കൻ[1] വരുണൻ വായു ധനേശൻ
മുക്കണ്ണരുമിവരെട്ടു വസുക്കളു–
മൊക്കെക്കപ്പമെനിക്കു തരുന്നു;
സർവ്വസുരാംഗനമാരിൽ മികച്ചോ–
രുർവ്വശി മേനക രംഭ തിലോത്തമ
നിത്യവുമിവർ വന്നെന്നുടെ ലങ്കയി–
ലച്ചികളായവർ വേലയെടുപ്പാൻ;
നമ്മുടെ ഭവനം തൂക്ക തളിക്ക പ–
ടിക്കമെടുക്ക പടിപ്പുര മെഴുകുക
മണ്ഡോദരിയുടെ തലമുടിയിൽപ്പുന–
രെണ്ണ കുളുർക്കെത്തേപ്പിപ്പാനും
താളിയുമിഞ്ചയുമുണ്ടാക്കാനും,
ആളികളെപ്പരിപാലിപ്പാനും,
മാളികമേൽ മണിമെത്ത വിരിപ്പാൻ
കേളിഗൃഹങ്ങളടിച്ചു തളിപ്പാൻ
ഇങ്ങനെ വിടുപണിയൊക്കെയെടുപ്പാ–
നിന്ദ്രസുരാംഗനമാരാകുന്നു
അങ്ങനെ നമ്മുടെ കല്പനയായതി–
നെങ്ങുമൊരല്പം കുറവുമതില്ല;
ഇന്ദ്രജിദാഖ്യൻ നമ്മുടെ നന്ദന–
നിന്ദ്രനെ യുദ്ധംചെയ്തു ജയിച്ചു
എന്നല്ലവനെബ്ബന്ധിച്ചുംകൊ–

---

* 'സംഭോഗാദിസുഖത്തെ ലഭിച്ചൊരു
സരസൻ ഞാനതു ബോധിച്ചാലും'—എന്നു പഴയ വായ്പാഠം.

[1] അരക്കൻ = നരൃതി (തെക്കുപടിഞ്ഞാറെ കോണിലുള്ള ദിക്പാലകൻ–നിരൃതി രാക്ഷസൻമാരുടെ പതിയാകയാൽ അരക്കൻ എന്നു വിളിക്കപ്പെട്ടിരിക്കുന്നു.)

ണ്ടെന്നുടെ മുമ്പിൽ കൊണ്ടിഹവന്നു;
'ലങ്കാപുരിയുടെ തോരണമൂലേ
ശൃംഖലകൊണ്ടു തളച്ചേച്ചാലും'!
ഇങ്ങനെ നമ്മുടെ കല്പന കേട്ടവ—
നങ്ങനെ ചെയ്താനുണ്ണി സമർത്ഥൻ;

കണ്ണുകളായിരമുള്ളവനവിടെ—
ക്കണ്ണീർകൊണ്ടൊരു നദിയുണ്ടാക്കി.
വിണ്ണവർനാടു വെടിഞ്ഞുവരുന്നൊരു
പെണ്ണുങ്ങൾക്കു കുളിപ്പാൻ കൊള്ളാം;
ഇക്കഥയും ഭുവനത്രയവാസിക—
ളൊക്കെപ്പരിചൊടു ബോധിക്കുന്നു
ഭുവനതലങ്ങൾ ജയിച്ച വിശേഷം
മാമുനിപുംഗവനറിയുന്നില്ലേ?

പുഷ്ടി പെരുത്തൊരു നരവരവീര—
ശ്രേഷ്ഠൻമാരുടെ നാടും നഗരവു—
മൊക്കെച്ചുട്ടുപൊടിച്ചും പിന്നെ
കിട്ടുന്നവരെയടിച്ചുമുടിച്ചും
ഒട്ടും കൃപയില്ലാത്ത നിശാചര—
ദുഷ്ടൻമാരുടെ കരുമനമൂലം
നഷ്ടമതായി മഹീതല മത്തൊഴിൽ
ചട്ടമിതെന്നു നമുക്കില്ലേതും;

ദുഷ്ടൻമാരാമവരു ദിനംപ്രതി
കഷ്ടമിതോർത്താലദ്ഭുതമല്ലോ
പട്ടിണിയിട്ടു വരുന്ന ജനത്തി—
ന്നഷ്ടികൊടുക്കാത്തവനീശൻമാർ
കെട്ടിസ്വരൂപിക്കുന്നു സുവർണ്ണം
പട്ടും പൊന്നും പണവുമിതെല്ലാം
പെട്ടെന്നാശു പിടിച്ചുപറിപ്പാ—
നൊട്ടും ദൂഷണമില്ല നമുക്ക്;
പട്ടൻമാരൊടു കടവുംകൊണ്ടവ—
രഷ്ടികഴിച്ചു കിടന്നീടുന്നു;
ഗാന്ധാരകപതിതന്നുടെ രാജ്യം
കാന്താരത്തിനു സദൃശമതായി;
സിംഹളഭൂപതിതന്നുടെ നാട്ടിൽ
സിംഹം പുലിയും ചെന്നു നിറഞ്ഞു;
ചേരനരാധിപനങ്ങു വനത്തിൽ
താളും തകരയുമശനമതായീ!
ചോളമഹീശനു കൊററിനു കമ്പ—

ച്ചോളമതല്ലാതില്ലൊരു വസ്തു;
കുരുരാജാക്കൻമാർക്കിഹ ചക്ക-
ക്കുരുവല്ലാതില്ലൊന്നു ഭുജിപ്പാൻ
കാശ്മീരാവനിവല്ലഭനിപ്പോൾ
കൂശ്മം തിന്നു കിടന്നീടുന്നു;
ചാമ്പേയാവനി വല്ലഭനിപ്പോൾ
ചേമ്പുകിഴങ്ങും പഴയരിയായി;
കൊങ്കണരാജൻ തൻ പ്രിയമാരുടെ
കൊങ്കകളോർത്തു മരിപ്പാറായി
കൊങ്കണഭൂപതി പണമുള്ളവരുടെ
അങ്കണദേശേ ശയനംപോടി,
ഭോജനരാധിപതിക്കുമിദാനീം
ഭോജനമെങ്ങും കിടയാതായി
അംഗമഹേശനുമഷ്ടി ലഭിക്കാ-
ഞ്ഞംഗമശേഷം കൃശതമമായി;
കാലിംഗേശനുമേറ്റുനടപ്പാൻ
കാലിനു ശക്തി കുറഞ്ഞുതുടങ്ങി;
കാശിനരേന്ദ്രനുമിക്കാലത്തൊരു
കാശിനു മുതലില്ലാതെ ചമഞ്ഞു
കുന്തളനരപതി കുത്തിക്കവരാൻ
കുന്തവുമേന്തി നടന്നുതുടങ്ങി;
എന്തിനു പലവിധമുരചെയ്യുന്നു
പംക്തിഗളന്റെ പരാക്രമപുഷ്ടികൾ
ചിന്തിച്ചാലവസാനവുമില്ല;
നിന്തിരുവടിയറിയാത്തതുമല്ല;
ഭൂതലവും സ്വർഗ്ഗം പാതാളം
ഭുവനം മൂന്നിലുമിന്നിഹ പാർത്താൽ
രാവണനോടു സമാനപരാക്രമ-
നേവനൊരധിപതിയുള്ളു മുനീന്ദ്ര!
എങ്ങാനൊരു ദിശി മത്സമനൊരുവൻ
തുംഗാഹംകൃതിഭാവത്തോടേ
സംഗരശൂരനതുണ്ടെന്നാല-
ച്ചങ്ങാതിക്കുമനർത്ഥമടുത്തു;
ഉണ്ടെന്നാലതുമരുൾചെയ്യേണം
ചെണ്ടക്കാരൻ മരണത്തിന്നൊരു
രണ്ടോ നാലോ ദിവസം താമസ-
മുണ്ടാമായതിലേറ്റം വേണ്ടാ;
കുണ്ഠതരപ്രാണൻമാരൊടു ദശ-

കണ്ഠനു പൊരുവാനാഗ്രഹമില്ല
കുണ്ഠൻമാരിവരയ്യോ! നമ്മുടെ
രണ്ടടി കൊൾവാനാരും പോരാ;''

ഉരത്താനന്നേരം നാരദ—
''നൊരുത്തൻ നിന്നോടു പോരിനു
സമർത്ഥനില്ലെന്നോ രാവണ!
മരുത്തൻ മന്നവൻ നിന്നുടെ
മദത്തെ ശമിപ്പിച്ചില്ലേ?
തരത്തിൽ ജയിച്ചുവെന്നതു
വരുത്തിപ്പോന്നില്ലേ നീ? അതി—
സമർത്ഥൻ പൗരുഷമിങ്ങനെ
കിമർത്ഥം ഘോഷിക്കുന്നു ബത!
അനർത്ഥം നിന്നുടെ വാക്കുകൾ
സമസ്തം നിന്ദിച്ചു ചൊന്നാൽ;

എങ്കിൽ പറയാം, നിന്നുടെ ഹുംകൃതി—
ലംഘിപ്പതിനിഹ മതിയായുള്ള ഭ—
യങ്കരഭുജബലമുള്ളൊരു പുരുഷൻ*
ലങ്കാധിപതേ! കേട്ടാലും നീ;
ഹേഹയനൃവരൻമാർക്കു വസിപ്പാൻ
മാഹിഷ്മതിയെന്നുണ്ടൊരു നഗരി
കൃതവീര്യാത്മജനർജ്ജുനനെന്നൊരു
മതിമാൻ ഭൂപതിതത്ര ജനിച്ചു:
നീണ്ടു തടിച്ച ഭുജങ്ങളൊരായിര—
മുണ്ടർജ്ജുനനതു ബോധിച്ചാലും
വമ്പനതാകിയ നിൻെറ ഭുജങ്ങളി—
ലൊൻപതു ശതവുമൊരെൺപതുമേറും;
നിന്നെക്കാൾ ഭുജവിക്രമമേറും
നിന്നെക്കാൾ ഭുജശക്തിയുമേറും
പിന്നെയുമുണ്ടു വിശേഷമിതോർത്താൽ!
സജ്ജനദൂഷണമർജ്ജുനനില്ല;
അവനുടെ ജനവും നിന്നുടെ ജനവും
ശിവ ശിവ! വളരെ വിശേഷമതോർത്താൽ:
അവനിയിലുള്ള മനുഷ്യരെയെല്ലാം
അവികലമവനിഹ രക്ഷിക്കുന്നു;
തവ ഭൃത്യൻമാരവനിയിലുള്ള മ—
നുഷ്യരെയെല്ലാം ഭക്ഷിക്കുന്നു;
അക്കൂട്ടം പുനരവനിസുരൻമാർ—

---

* 'ഭയങ്കരഭുജബലമുള്ളവനൊരുവൻ'—എന്നു പഴയ വായ്പാഠം.

ക്കില്ലം വളരെപ്പണിയിക്കുന്നു;
ഇക്കൂട്ടം പുനരന്തരണവരരുടെ
ഇല്ലം ചുട്ടു മുടിച്ചീടുന്നു,
അജ്ജനമിഷ്ടി തുടങ്ങിക്കുന്നു
ഇജ്ജനമിഷ്ടി മുടക്കിക്കുന്നു
അവർ ബഹു ധർമ്മം സാധിക്കുന്നു
ഇവർ ബഹുധർമ്മം ബാധിക്കുന്നു
അർജ്ജുനനും രാവണനും തമ്മിൽ
ആനയുമാടുംപോലെ വിശേഷം;
അജ്ജനമിങ്ങനെ പറയിക്കുന്നു
ലജ്ജ നിനക്കു തരിമ്പുണ്ടെങ്കിൽ
അർജ്ജുനനൃപനെ വധിക്കണമെന്നേ*—
ദുർജ്ജനദൂഷണവാക്കു ശമിപ്പൂ;
നിന്നെ സ്നേഹമെനിക്കുണ്ടതുകൊ—
ണ്ടെന്നോടു വൈരമവർക്കെല്ലാർക്കും;
കേവലമിന്നിഹ ലങ്കാപതിയുടെ
സേവകനായതു നാരദനെന്ന്
ദേവകൾ ഋഷികൾ മനുഷ്യജനങ്ങളു—
മേവരുമെന്നെ ദുഷിച്ചീടുന്നു
ഏഷണികൂട്ടും നാരദനെന്നൊരു
ദൂഷണമുണ്ടു നമുക്കിഹ പണ്ടേ
ഭോഷൻമാരതു പറയും ചെററു വി—
ശേഷജ്ഞൻമാർ പറകയുമില്ല;
അതുകൊണ്ടേതും ഖേദമെനിക്കി—
ല്ലിതുകൊണ്ടധികവിഷാദവുമുണ്ട്
കശ്മലനാകിയ കൃതവീര്യസുതൻ
വിശ്വപ്രഭുവാകുന്ന ഭവാനെ
പുല്ക്കൊടിപോലേ നിന്ദിക്കുന്നതെ—
നിക്കു സഹിക്കുന്നില്ല ദശാസ്യ!
ബാഹുജവംശംതന്നിലധീശൻ
ബാഹുസഹസ്രംകൊണ്ടു പ്രസിദ്ധൻ
ഹേഹയമന്നവനുന്നതവീര്യൻ
ആഹവശൂരൻ അതിഗംഭീരൻ
ഇങ്ങനെ സർവ്വജനങ്ങൾ പുകഴ്ത്തി
ത്തിങ്ങിന ഗർവ്വു മുഴുത്തു ചമഞ്ഞു;
അങ്ങനെയുള്ള മഹാമന്നവനെ
സംഗരസീമനി സപദി ജയിച്ചാൽ

---

* വധിക്കണമെന്നേ = വധിക്കണമെന്നാലേ.
'അർജുനനൃപനെ വധിക്കണമന്നേ'—-പാഠാന്തരം.

തുംഗമതാകിന കീർത്തിവിജൃംഭണ–
മങ്ങു ഭവാനു ലഭിക്കും നിയതം
ഭംഗംവരികയുമില്ല ഭവാനിഹ
സംഗതിയുണ്ടാം ബോധിപ്പാനും,''

നാരദന്റെ ഗിരമമ്പൊടു കേട്ടഥ–
ഘോരഘോരതര ഭാവമിയന്നു
ആരവേണ ഭുവനങ്ങൾ മുഴക്കി
ക്രൂരദൃഷ്ടികൾ തുറിച്ചു മിഴിച്ചഥ
ചന്ദ്രഹാസവുമെടുത്തു കരത്തില–
മന്ദവേഗമെഴുന്നേറ്റു ദശാസ്യൻ
ഇന്ദ്രവൈരി ദശകണ്ഠനുമങ്ങര–
വിന്ദവാസസുതനോടുരചെയ്തു:
''ജംഭവൈരിയുടെ വാഹനമാകിയ
കുംഭിരാജനുടെ കുംഭതടം ദൃഢ–
മിമ്പമോടുടനടിച്ചു പൊടിച്ചൊരു
കുംഭകർണ്ണഗുരു രാവണനെന്നൊരു
വമ്പനിങ്ങു നിവസിക്കയുമങ്ങൊരു
ഡംഭമാനുഷകുലാധമനിങ്ങനെ
ഡംഭുകാട്ടി വിളയാടുകയും ഭുവി
സംഭവിപ്പതിഹ കഷ്ടമഹോ! ബത!

കുന്നിൻമകളുടെ നാഥനിരിക്കും
കുന്നെടുത്തുടനെറിഞ്ഞു പിടിക്കാം
ഇന്ദ്രനാദി സുരവൃന്ദമശേഷം
മന്ദിരേ മമ പിടിച്ചു തളയ്ക്കാം*
ചണ്ഡദണ്ഡമുടനന്തകദണ്ഡം
ദണ്ഡമെന്നിയെ വലിച്ചു മുറിക്കാം
വമ്പനാമമരകുംഭിവരന്റെ
കൊമ്പു നാലുമഥ തല്ലിയൊടിക്കാം;
ഇത്ഥമദ്ഭുതമനേകമെടുപ്പാൻ
ശക്തനായൊരു ദശാനനനിപ്പോൾ
മർത്ത്യമൂഢനിധനത്തിനുമാത്രം
പാത്രമല്ല കൃശനെന്നു വരാമോ?
കണ്ടുകൊൾക മമ വിക്രമമിപ്പോൾ
രണ്ടുപക്ഷമതിനില്ല മുനീന്ദ്ര!
രണ്ടുനാലു ദിവസത്തിനകത്താ–
ത്തണ്ടുതപ്പിയുടെ ഡംഭു ശമിക്കും;

---

* 'മന്ദിരേ മമ പിടിച്ചു തടുക്കാം'—എന്ന മുദ്രിതപുസ്തകപാഠം ക്ലിഷ്ടമാണ്.

അർജ്ജുനന്റെ ഭുജദണ്ഡസഹസ്രം
രജ്ജുകൊണ്ടഥ വരിഞ്ഞു മുറുക്കി
പുഷ്പകക്കൊടിമരത്തൊടു കെട്ടി
ദുഷ്പ്രഭുത്വമുടയോരവനെ ദ്രുത—
മത്ര കൊണ്ടുവരവേണമതിന്നിഹ
ചിത്രയോധി മമ മന്ത്രിവരിഷ്ഠനു—
മത്രമാത്രമമരാരിയുമായൊരു—
മാത്രകൊണ്ടുടനൊരുങ്ങി വരേണം;’’
ഇത്തരം മൊഴി പറഞ്ഞു ദശാസ്യൻ
തത്ര നിന്നു നിജ പുഷ്പകമേറി
ചിത്രയോധിയെ വിളിച്ചു വരുത്തി
ചിത്രമോടുടനെ യാത്ര തുടങ്ങി;
ചന്ദ്രഹാസവുമെടുത്തു പിടിച്ച
ങ്ങിന്ദ്രവൈരി സഹ നാരദനോടും
ചന്തമോടുടനുയർന്നു തിരിച്ചാ—
നന്ധനായ ദശകന്ധരവീരൻ.

സത്വരമമ്പൊടു പുഷ്പകമപ്പോൾ
ഉത്തരദിക്കിനു ധാവതി ചെയ്തു;
ചിത്തംകൊണ്ടു ചിരിച്ചഥ നാരദ—
നിത്ഥം നിന്നു പറഞ്ഞുതുടങ്ങി:
‘‘അർജ്ജുനനൃപനെക്കൊടിമരമൂലേ
രജ്ജുവെടുത്തു വരിഞ്ഞുമുറുക്കി—
ക്കൊണ്ടുവരുന്ന മഹോത്സവഘോഷം
കണ്ടുരസിപ്പാനഹമിഹ മാർഗേ
ഗൂഢമതായി വസിച്ചീടുന്നേൻ;
കൂടെപ്പോന്നിട്ടെന്തൊരു കാര്യം?
മൂഢൻമാരിവരേഷണി കൂട്ടാൻ
കൂടെ നടക്കുന്നെന്നു കഥിക്കും;

ഹേഹയനരവരപുരമതു സുരവര—
ഗേഹസമാനം ഭുവി വിലസിതമാം
മാഹിഷ്മതിയെന്നതിനുടെ പേർ ബഹു
മാഹാത്മ്യം ബഹു മഹനീയം ബഹു
രമണീയം ബഹു കമനീയം ബഹു
കമനീകുലമണിമണിമാടങ്ങളും;
അമലസലിലനവകമലവിമലതര
ശമലഹരണജനപടുതമമിതരുചി;
നർമ്മദയാകിയ തീർത്ഥവിശേഷം
ശർമ്മദമാകിന പുളിനവിശേഷം

ധർമ്മദയാനിധിനൃപതിവിശേഷം
ധർമ്മപരായണ പുരുഷവിശേഷം
രജതവിശേഷം രത്നവിശേഷം;
കമനിവിശേഷം കാന്തിവിശേഷം
സുകൃതിവിശേഷം സൂത്രവിശേഷം
സുമതിവിശേഷം സൂക്തിവിശേഷം

ഇങ്ങനെയുള്ള പുരത്തിലിറങ്ങി
സംഗതിപോലെ സമീഹിതകാര്യം
സാധിച്ചീടുക! സാഹസമരുത്
ബോധിച്ചീടുക ലങ്കാധിപതേ.''
ഇത്തരമരുൾചെയ്തീടിന നാരദ–
നത്ര മറഞ്ഞൊരു ശേഷം ദശമുഖ–
നുത്തരനരവരപത്തനദേശേ
സത്വരമവിടെയിറങ്ങി വിമൂഢൻ
നർമ്മദതന്നുടെ പുളിനംതന്നിൽ
ദുർമ്മദശാലി ദശാനനവീരൻ
ചിത്രയോധിയൊടു കൂടിയതങ്ങനെ
തത്ര നല്ല മണലുള്ള പ്രദേശേ
വസ്ത്രംകൊണ്ടൊരു പാളയമവിടെ–
ച്ചിത്രമതാക്കിത്തീർത്തു ദശാസ്യൻ;
രേവാസലിലേ ചെന്നു കുളിച്ചു
ദേവാരാധനകോപ്പുകൾ കൂട്ടി
ശിവലിംഗത്തെയെടുത്തു നിരത്തി
ശിവപൂജയ്ക്കു തുടങ്ങി പതുക്കെ;
ജലഗന്ധാക്ഷതപുഷ്പാദികളും
ഫലമൂലം പുനരവിലും മലരും
ഗുളവും കദളിപ്പഴവും പങ്കജ–
ദളവും ഗുൽഗുലുധൂപം ദീപം
വെള്ളിവിളക്കുകൾ പൊന്നിൻതളികകൾ
വെള്ളിക്കുടവും മണിതാലങ്ങളിൽ–
വെള്ളരി വെററില പാക്കും വെളുവെളെ–
യുള്ള പളുങ്കിൻമാലകളനവധി
മുല്ലപ്പൂമലർ ചെത്തിപ്പൂവും
വില്വദളങ്ങളെരിക്കിൻപൂവും
ചെമ്പകമലർ ചേമന്തിപ്പൂവും
വെൺതുളസിപ്പൂ തുമ്പപ്പൂവും
മണമിയലും കളഭം കർപ്പൂരം
തണുതണമലയജകുങ്കുമഗന്ധം

ഘണഘണ ഘോഷം മണിയുടെ ഘോഷം
ഗണപതിബിംബം ഫണിപതിബിംബം
ഗുണമിയലുന്ന ഷഡാനനബിംബം
ശങ്കരശങ്കരിമാരുടെ വിഗ്രഹ—
സംഘവുമവിടെ നിരത്തിപ്പരിചൊടു
പുഷ്പാഞ്ജലിയും മന്ത്രജപങ്ങളു—
മീവക പൂജകൾ ചെയ്തു വസിച്ചാ—
നവികലഭക്തൻ നക്തഞ്ചരപതി,
ചിത്രയോധിയെ വിളിച്ചുരചെയ്തു;
''തത്ര ചെന്നു കൃതവീര്യജനാകും
ക്ഷത്രിയാധമനെ വേറെ വിളിച്ചഥ*
വർത്തമാനമറിയിച്ചു വരേണം;
'ഇപ്പടി നിന്നുടെ താന്തോന്നിത്തമ—
തിപ്പൊഴുതിവിടെ നടക്കയുമില്ല;
ചൊൽപ്പൊങ്ങും ദശകണ്ഠമഹേന്ദ്രൻ
കല്പിക്കുന്നതു കേട്ടേ പോവൂ
കപ്പം തരണം നമ്മുടെ നാട്ടിലി—
രിപ്പാനാഗ്രഹമുണ്ടെന്നാകിൽ
മുപ്പറയും പുനരെട്ടൊന്നും പല—
വൈപ്പുകളുണ്ടതു തന്നില്ലെങ്കിൽ
വെക്കം നിന്നുടെ നാടുംനഗരവു—
മൊക്കെപ്പാടെയടക്കും നിന്നുടെ
ധിക്കാരങ്ങളഹങ്കാരങ്ങളു—
മിക്കാലങ്ങളിൽ നമ്മൊടു കൂടാ;
യുദ്ധംചെയ്തു ജയിക്കാമെന്നൊരു
ബുദ്ധി നിനക്കു തരിമ്പുണ്ടെങ്കിൽ
പത്തുശതം കരമുള്ളതിൽ വില്ലുമെ—
ടുത്തു പടയ്ക്കു പുറപ്പെട്ടാലും!'
ഇപ്രകാരമവനോടുരചെയ്തുട—
നല്പബുദ്ധിയുടെ ഭാവമറിഞ്ഞിഹ
സത്വരം വരിക സാധുമതേ! നീ!'
ചിത്രയോധിസചിവൻ സഹസാ ദശ—
വക്ത്രനെത്തൊഴുതുകൊണ്ടു നടന്നു;
തത്ര ഹേഹയനരേന്ദ്രനിരിക്കും
ചിത്രകാഞ്ചനമഹാപുരിപുക്കാൻ;
ധാർമ്മികനാകിയ നരവരനപ്പോൾ
നർമ്മദനദിയുടെ സലിലംതന്നിൽ
പെൺമണിമാരോടൊരുമിച്ചമ്പൊടു

---

* 'ക്ഷത്രിയാധമനെ വേറെ വിളിച്ചെൻ'—എന്നു പഴയ വായ്പാഠം.

വെൺമ കലർന്നു കളിച്ചീടുന്നു:
നാരിമാരുമവരർജ്ജുനനൃപതി–
ക്കായിരമുണ്ടു മഹാസുന്ദരിമാർ
ആയിരമുണ്ടു കരങ്ങളുമതിസുഖ–
മായി രമിപ്പാനതുമനുകൂലം;
മുഴുകിപ്പൊങ്ങും കാമിനിമാരെ–
ത്തഴുകിക്കൊണ്ടു രമിക്കും മുലകളി–
ലിഴുകും കുങ്കുമകളഭം നാടൻ–
പുഴുകും നർമ്മദതന്നിൽ ദ്രുതതര–
മിഴുകും തലമുടി വടിവിലഴിഞ്ഞും
മലർനിര പയസി പൊഴിഞ്ഞതൊഴിഞ്ഞും
ചലമിഴിമാരുടെ തലയും മുലയും
തടഭുവി വാരി വഴിഞ്ഞു കവിഞ്ഞും
കമനികൾ തമ്മിലിടഞ്ഞു തടഞ്ഞും
മുഴുകിത്തത്തി മറിഞ്ഞു വലഞ്ഞും
നീന്തിവലഞ്ഞും തിരയിലുലഞ്ഞും
താലി കളഞ്ഞും തദനു തിരഞ്ഞും
തങ്ങൾ പിരിഞ്ഞും തോണികളിച്ചും
താണു കുളിച്ചും നാണമിളച്ചും
വേണിയഴിഞ്ഞും പാണി കുഴഞ്ഞും
ക്ഷോണീപതിയുടെ പാണിപിടിച്ചഥ
ചലമിഴിമാരുടെ മാർവ്വിലണച്ചും
ജലമൊഴുകീടിന മുലകൾ പുണർന്നും
മുഖചുംബനവും പലപല വിലസിത
കലിത ലളിത കളികളുമതിചതുരം.
അമല കമലമുഖിമാരൊടുകൂടി
ബഹുവിധ മാരമഹോത്സവമാടി*
നരപതിവീരൻ ക്രീഡിച്ചങ്ങനെ
കനിവൊടു പയസി കുളിക്കുന്നേരം
രാത്രിഞ്ചരവരദൂതനതാകിയ
ചിത്രയോധി വിരവോടു തിരഞ്ഞഥ
തത്ര ചെന്നു തടിനീതടഭാഗേ
മുക്തശങ്കമുരചെയ്തുതുടങ്ങി:
''ഈരേഴുലകിനുമീശനതാകിയ
വീരൻ വാരാന്നിധിയുടെ മദ്ധ്യേ
ലങ്കാനഗരേ സ്വൈരമതായി
വാണരുളും ദശകണ്ഠപ്പെരുമാൾ

---

* 'ബഹുവിധ മാരമഹോത്സവഘോഷത്തോടെ' — എന്ന മുദ്രിത പുസ്തകങ്ങളിലെ പാഠം വൃത്തഭംഗമുണ്ടാക്കുന്നു.

ഹേഹയനൃപതേ! നിന്നെക്കാൺമാൻ
മാഹിഷ്മതിയിലെഴുന്നരുളുന്നു;
സാഹസമെന്തിപ്പെണ്ണുങ്ങളുമായ്
മോഹമിയന്നു കളിക്കുന്നെന്തിഹ!*
ഝടിതി ഭവാൻ ചെന്നമ്പൊടു തന്തിരു-
വടിയുടെ ചരണസരോജേ ബഹുധന-
മടിയറയും വച്ചാശു വണങ്ങുക
മുടിയരുതേ തവ നാടും നഗരവു-
മടിയാർ കുടിയാരങ്കം ചുങ്കം
പടയും കുടയും പ്രജകളുമൊന്നും
മുടിയരുതാകിലശങ്കം നിന്നുടെ
മുടിയിൽ തന്തിരുവടിയുടെയടിമലർ-
പൊടിയേററവിടെ വസിച്ചീടുക നീ!
പിടിപാടില്ലാത്തെന്തൊരു കഷ്ടം!
പിടിയാത്തവരൊടു പടവെട്ടിച്ചില
പിടിയാനകളും പിടികുതിരകളു[1]
മുടനേ കിട്ടിയതോർത്തു തിമർത്തിഹ
പടുഭാവത്തെ നടിച്ചീടുന്നൊരു
വിടുഭോഷൻ നീ, ദശമുഖചരിതം
വിരവൊടു ബോധിച്ചില്ലേ നിയതം?
ചടുലവിലോചനമാരുടെ തടമുല
ഉടലിലണച്ചു പുണർന്നുംകൊണ്ടിഹ
നടനംചെയ്യും കാമിജനം മറു-
നാട്ടിലെ വാർത്തകളെന്തറിയുന്നു?
മടുമലർശരനെച്ചുട്ടുപൊടിച്ചൊരു
നിടിലതടത്തോൻ വാണരുളുന്നൊരു
കുലഗിരിവരനെക്കുത്തിയെടുത്തു കു-
ലുക്കിയിളക്കിയെറിഞ്ഞു പിടിച്ചൊരു
കരബലജലനിധിയാകും രാവണ-
നുലകു ജയിച്ച ജഗത്ത്രയമന്നൻ
ശ്രീമദുദാരശ്രീദശകണ്ഠം-
സ്വാമി ഭവാനോടരുളംചെയ്യുന്നു
കല്പനയെന്തെന്നതുമുരചെയ്യാം:
'കപ്പം തരണം കാലംതോറും
വിളവിൽ പാതി നമുക്കു തരേണം
മുളകു സമസ്തവുമേല്പിക്കേണം;

---

* 'മോഹമിയന്നു കളിച്ചീടുന്നു?'—വായ്പാഠം.

[1] പിടിയാനകളും പിടികുതിരകളും=പടയിൽ പിടിച്ചെടുത്ത ആനകളും കുതിരകളും.

തെങ്ങു കവുങ്ങുകൾ മാവും പ്ലാവും
എങ്ങുമെനിക്കിഹ കണ്ടെഴുതേണം;
മാടമ്പികളുടെ പദവികളൊന്നും
കൂടുകയില്ലാ നമ്മുടെ നാട്ടിൽ
വീടൻമാരും വിളവുകൾ നെല്ലുകൾ
വിത്തിലിരട്ടി നമുക്കു തരേണം;
നാട്ടിലിരിക്കും പട്ടൻമാരും
നാലാലൊന്നു നമുക്കു തരേണം;
വീട്ടിലിരിക്കും നായൻമാർ പട—
വില്ലും കുന്തവുമേന്തിച്ചൊല്ലും—
വേലയെടുത്തു പൊറുക്കണമെല്ലാ—
നാളും പാർത്താ ദശമുഖഭവനേ;
കള്ളുകുടിക്കും നായൻമാർക്കടി—
കൊള്ളുംതാനുമതോർത്തീടേണം;
ഉള്ളിൽ കൂറില്ലാത ജനത്തെ—
കൊല്ലിക്കുന്നെജമാനൻമാരൊരു—
കൊള്ളിക്കും വിലപിടിയാതവരെ—
ത്തുള്ളിക്കും ദശകണ്ഠപ്പെരുമാൾ;
ഇങ്ങനെയുള്ള ജളപ്രഭുമന്ത്രിക—
ളെങ്ങും ചേരുകയില്ലതുകൊണ്ട്
ഹേഹയനൃപതേ! നിന്നുടെ മന്ത്രിക—
ളാഹവശൂരൻമാരായുള്ളവ—
രെല്ലാമുടനേ ലങ്കാപുരിയിൽ—
ച്ചെല്ലാനരുളിച്ചെയ്തു; ദശാസ്യനു
നെല്ലും പണവും പൊന്നും പാത്രവു—
മുള്ളതശേഷവുമങ്ങു കൊടുത്താൽ
തെല്ലും ദുർഘടമില്ല നിനക്കത്;
വല്ല നൃപൻമാർക്കിക്കാലങ്ങളിൽ[1]
വല്ലാതുള്ളൊരു ശഠത തുടർന്നാൽ
വല്ലന്തിയുമിഹ വന്നു ഭവിക്കും;
നല്ലൊരു പെരുവഴി ഞാനിഹ നിന്നൊടു—
ചൊല്ലുന്നതു നീ മാനിക്കാഞ്ഞാൽ
പെട്ടെന്നിവിടെക്കാണാമനവധി
ദുഷ്ടൻമാർ ദശകണ്ഠഭടൻമാർ
വട്ടക്കണ്ണും ചെമ്പൻതലയും
വായിൽ നിറഞ്ഞുവളഞ്ഞൊരു പല്ലും
അഞ്ജനശൈലംപോലെ ശരീരവു—
മതിതീവ്രം നഖമുഖവും കണ്ടാൽ

---

[1] വല്ലനൃപൻമാർ=ബലവാൻമാരായ രാജാക്കൻമാർ. 'നല്ല നരൻമാർക്ക്' എന്നു മുദ്രിതപുസ്തകങ്ങളിൽ അപപാഠം.

മർത്ത്യൻമാരുമമർത്ത്യൻമാരും
മൃത്യുഭയത്തെ പ്രാപിച്ചീടും;
യൂപാക്ഷൻ മകരാക്ഷൻ പിന്നെ വി—
രൂപാക്ഷൻ ധൂമ്രാക്ഷൻ ദുർമ്മുഖ—
നതികായൻ പ്രതികായൻ പ്രഹരൻ
വരദൻ പിന്നെ നികുംഭൻ നിരദൻ

കുംഭൻ കുംഭോദരനും പുനരഥ
വമ്പു പെരുത്ത മഹാപാർശ്വകനുമ—
കമ്പനു മീവക രാക്ഷസവൃന്ദം
വന്നുകരേറി മനുഷ്യരെയെല്ലാം
കൊന്നും തിന്നും ചോര കുടിച്ചും
സുന്ദരിമാരുടെ തലമുടി പിടിപെ—
ട്ടൊന്നൊഴിയാതവർ കൊണ്ടുതിരിച്ചും
അമ്പലമൊക്കെത്തീണ്ടിത്തൊട്ടും

നമ്പൂരാരുടെ ഭവനം ചുട്ടും
എമ്പ്രാന്തിരിയെത്താഢിച്ചും പുന—
രമ്പലവാസികളെക്കൊലചെയ്തും
കലശലു പലതും കൂട്ടും നിന്നുടെ
കുലനാശത്തെ വരുത്തും നൃപതേ!
ഇങ്ങനെ വളരെയനർത്ഥം വരുമതു
നിങ്ങൾ നിനച്ചാലൊഴികയുമില്ല;
അത്തൊഴിലൊന്നും കൂടാതിവിടെ
സ്വസ്ഥതയോടു വസിക്കണമെങ്കിൽ
ചൊൽപ്പൊങ്ങും ദശകണ്ഠമഹേന്ദ്രനു
കപ്പം തരണം കാലംതോറും,
കല്പന കേട്ടു വസിച്ചെന്നാൽ പുന—
രല്പമൊരല്ലൽ ഭവിക്കയുമില്ല''

ഇത്ഥം ഘോഷിച്ചു ചിത്രയോധി പറയുന്നൊര—
ബദ്ധവചനമതു കേട്ടു ഹേഹയനൃപൻ
പെട്ടെന്നു കൈകളെല്ലാം കൊട്ടിച്ചിരിച്ചുകൊണ്ടു
മട്ടോലുംമൊഴിമാരെക്കെട്ടിത്തഴുകിക്കൊണ്ടും
ഉത്തരമൊന്നുമുരിയാടാതെ വാരിധിയിൽ
സത്വരമങ്ങിറങ്ങി ക്രീഢതുടങ്ങി മെല്ലെ;
മുങ്ങുമങ്ങൊരു ദിക്കിൽ പൊങ്ങുമങ്ങൊരു ദിക്കിൽ
മാനിനിയെ വിളിക്കും ആഴത്തിലങ്ങൊളിക്കും
മെല്ലെ മെല്ലെക്കുളിക്കും ഓളത്തിൽ ചെന്നു ചാടും
മേളത്തിലാട്ടമാടും സുന്ദരിമാരെത്തേടും
ക്രീഢകളൊന്നു മൂക്കും വാരിയിലങ്ങു നോക്കും

മുഞ്ഞിയും മഗ്നമാക്കും വെററില നല്ല പാക്കും
നുകർന്നു കളിവാക്കും പറഞ്ഞങ്ങു തമ്മിൽ നോക്കും
തിരയതിൽ ചാടി നീന്തും നെററിമേൽ കുറിച്ചാന്തും;
തഴുകി കാമഭ്രാന്തുപിടിച്ചപോലങ്ങു കാന്താ–
നാരീജനങ്ങളോടു വാരിയിൽ ക്രീഡകളും;
നേരംപോക്കല്ലാതൊരു നേരമിളക്കമില്ല;

ചിത്രയോധി പുനരിത്തൊഴിലെല്ലാം
തത്രനിന്നു ബത കണ്ടു കയർത്തും–
കൊണ്ടു പോന്നു ദശകണ്ഠനിരിക്കും
പാളയത്തിലഥ പുക്കു വണങ്ങി;
വർത്തമാനമറിയിച്ചൊരു നേരം
ക്രുദ്ധനാകിയ ദശാനനവീരൻ

ഭാഷകൊണ്ടു ശിവപൂജനമദ്ധ്യേ–
ഭാഷണം വലിയ ദൂഷണമിങ്ങനെ
ചിത്രയോധിയൊടു സംസ്കൃതമായി–
ട്ടത്രമാത്രമരുൾചെയ്തു ദശാസ്യൻ;
''അർജ്ജുനസ്യ മയി കിം ബഹുമാനം
നാസ്തി തസ്യ ബഹുകഷ്ടമിദാനീം
ദുർജ്ജനസ്യ ഗുണദോഷവിചാരം
ദുർല്ലഭം ജഗതി കിം കഥനീയം!

ശാസനം മമ നിശമ്യ ദുരാത്മാ
ഹാസമേവ കൃതവാനവിവേകീ
അസ്തു തസ്യ ഭവനാദി സമസ്തം
വസ്തുനാശമുപയാസ്യതി നൂനം

പാകശാസനമുഖന്തദമന്ദം
നാകവാസി നിഖിലാസുരവൃന്ദം
യേന ഹസ്തവിദിതം സ ദശാസ്യോ
മാനുഷാദപി ച കിന്നു ബിഭേതി?
താം സമർപ്യ പരമേശ്വരപൂജാം
തൽസമീപമുപഗമ്യ ച ശീഘ്രം
ചന്ദ്രഹാസഭുജഗാമിഷമേനം
കല്പയാമി നഹി സംശയമദ്യ''

ഇങ്ങനെ സംസ്കൃതവാക്കു പറഞ്ഞും
തിങ്ങിന ഭക്ത്യാ പൂജകൾ ചെയ്തും
കണ്ണുമടച്ചു ജപിച്ചു വസിക്കും
പൊണ്ണനിരിക്കും പടുകുഴിതന്നിൽ
വെള്ളം വന്നു കടന്നു തുടങ്ങി
വെള്ളപ്പട്ടു നനഞ്ഞു തുടങ്ങി;

വെള്ളിവിളക്കുകൾ പൊന്നിൻതളികക—
ളുള്ളതശേഷവുമൊഴുകി പതുക്കെ
മുങ്ങി സമസ്തം ശിവലിംഗാദികൾ
പൊങ്ങിയൊലിച്ചിതു പുഷ്പാദികളും
കെട്ടു വിളക്കുക ളവിലും മലരും
കൊട്ടത്തേങ്ങാ കദളിപ്പഴവും
പെട്ടെന്നിട്ടു നിറച്ചൊരു വെള്ളി—
ത്തട്ടുകൾ മുഴുകീ പെട്ടികളൊഴുകി,
ആറു നിറഞ്ഞു ജലങ്ങൾ കവിഞ്ഞു
കാറും മഴയും കാൺമാനില്ല;
ആററിലെ വെള്ളം പൊങ്ങിവരുന്നൊരു—
കാററുമതില്ലതിനെന്തൊരു ബന്ധം
ഏററം[1] വന്നാലിത്ര വരാമോ?
ഊററമൊഴുക്കും നിലയില്ലാതായ്;
തള്ളിവരുന്നൊരു വെള്ളത്തിരയിൽ
തുള്ളിയലഞ്ഞു വലഞ്ഞു ദശാസ്യൻ;
വെള്ളവുമൊട്ടു കുടിച്ചു തടിച്ചു
പള്ളയുമൻപൊടു വീർത്തുതുടങ്ങീ;
ഇരുപതു കൈകൊണ്ടൊത്തു തുഴഞ്ഞു
കരപററാഞ്ഞു കരങ്ങൾ കുഴഞ്ഞു;
ഇരുപതു തണ്ടുകൾ വച്ചുമുറുക്കിയ—
പെരിയൊരു വഞ്ചികണക്കേ രാവണ—
നൊരുവണ്ണം കര പററിക്കയറി—
ത്തെരുതെരെ മണ്ടി ദൂരെച്ചെന്നഥ
നോക്കുന്നേരം കാണായ്‌വന്നു
നരപതി കൃതവീര്യാത്മജവീരൻ
തിറവിയ ബാഹു സഹസ്രംകൊണ്ടൊരു
ചിറയും കെട്ടിയുറപ്പിച്ചങ്ങനെ
കുത്തിയൊലിച്ചു വരും ജലമങ്ങു ത—
ടുത്തുംകൊണ്ടാ നദിയുടെ മദ്ധ്യേ
മട്ടോലുംമൊഴിമാരെത്തന്നുടെ
അരികിൽ നിറുത്തിക്കൊണ്ടു കളിച്ചും
സ്വസ്ഥതയിൽ ചില വാക്കു പറഞ്ഞു കൃ—
താർത്ഥത പൂണ്ടഥ മരുവീടുന്നു;
ഇടവും വലവുമൊരഞ്ഞൂറഞ്ഞൂ—
റിടതിങ്ങീടിന കൈകളശേഷം
തടികൾകണക്കെ നിരത്തിക്കൊണ്ടഥ
നടുവിൽത്താനൊരു കുററികണക്കെ

---

[1] ഏററം = വേലിയേററം.

തടവുവരുത്തിത്തത്ര വസിക്കും
പടുമതിയാകിയ പാർത്ഥിവവരനെ
തടമുലകൊണ്ടഥ മടവാർമണിമാർ
വടിവൊടവൻമുൻപിടചേർന്നങ്ങനെ
ദൃഢതരമാലിംഗനവും ചെയ്തു
ചടുലവിലാസേ മരുവീടുന്നു;
ഇത്തൊഴിൽ കണ്ടു കയർത്തു ദശാസ്യൻ
ഇത്ഥം നിന്നു പറഞ്ഞു തുടങ്ങി:
''നോക്കെട മൂഢാ! നിന്നുടെ വികൃതിക—
ളാർക്കു സഹിക്കു! മെനിക്കിതു കണ്ടാൽ—
ഖഡ്ഗമെടുത്തു കരങ്ങളശേഷം
ഖണ്ഡിക്കാതെയിരിപ്പാൻ മേലാ;

ചിറ കെട്ടീടിന പാണികൾ വെട്ടി
കറുകറനെന്നു മുറിക്കുന്നേരം
ചിറകററീടിന ശൈലംപോലിഹ
മറിയും നീയെട! മാനുഷകീടാ!
പിറകിലിരിക്കും പെൺകൂട്ടത്തിനു
വിറകിനു കൊള്ളാം നിൻെറ കരങ്ങൾ!

ഉള്ളംതന്നിൽ കള്ളം ബഹുവിധ—
മുള്ളൊരു നീ ദശകണ്ഠനെയിങ്ങനെ
വെള്ളംതന്നിൽ ചാടിച്ചതു ഞാ—
നുള്ളംതന്നിൽ മറന്നീടുവനോ?
പോടാ! നിന്നുടെ വികൃതികൾ നമ്മൊടു
കൂടാ കേളെട മാനുഷകീടാ!
നിന്നുടെ നാടായുള്ളതശേഷം
വലിയൊരു കാടായ്‌വരുമതിമൂഢാ!
വാട കിടങ്ങുകളങ്ങാടികളും
മേടകൾ നാടകശാലകളെന്നിവ
ദൃഢതരമിടിപൊടിയാക്കി മുടിപ്പാൻ
പടുത നമുക്കുണ്ടർജ്ജുന കീടാ!
മത്തഗജങ്ങടെ മദജലമിയലിന—
മസ്തകഭാരമടിച്ചു പിളർന്നതിൽ
മുത്തുകളുള്ളതു കുത്തിയെടുത്തൊരു
മാല ചമച്ചങ്ങതിശയമായ ക—
ളത്രമതാകിയ മണ്ഡോദരിയുടെ
കുത്തുമുലത്തടയിടയിലണച്ചൊരു
നക്തഞ്ചരപതിതിലകൻ ഞാനതി—
ശക്തൻ സാധുവിരക്തൻ ഭുജബല—

യുക്തൻ വിധുരവിയുക്തൻ[1] സംഗര—
ശക്തൻ നിന്നുടെ പത്തുശതം കര—
മുള്ളതശേഷവുമൊത്തുതകർത്തലി—
വില്ലാതങ്ങു മുടിച്ചീടുന്നതു
കണ്ടു വിരഞ്ഞു കരഞ്ഞു പിരിഞ്ഞിഹ
മണ്ടും നിൻ മഹിഷികളെല്ലാം ദശ—
കണ്ഠനു ചേതസി കനിവെന്നുള്ളതു
പണ്ടേയില്ലതു ബോധിച്ചാലും;
തന്നെപ്പോലും കനിവില്ലാതൊരു
സന്നദ്ധൻ ഞാൻ വളരെക്കാലം
നിന്നു തപംചെയ്തിട്ടും നാൻമുഖ—
നെന്നുടെ മുമ്പിൽ വരാഞ്ഞതുമൂലം
അമ്പൊടു ഖഡ്ഗമെടുത്തു ശിരസ്സുക—
ളൊമ്പതുമുടനേ ഖണ്ഡിച്ചീടിന
വമ്പൻ ധീരതയുള്ള ജനങ്ങളിൽ—
മുമ്പൻ ഞാന, തിധൂർത്ത! മദാൽ നീ
കിം പുനരെന്നൊടു കാട്ടുമെനിക്കു ത—
രിമ്പു ഭയം നഹിയെന്നതുമറിക;
പലപല മീശക്കൊമ്പൻമാരെ—
ക്കൊന്നൊരു യാതുകുലാധീശൻ ഞാൻ;
ഹേഹയ മാനുഷകീടാ! നമ്മൊടു
നേരേ നിന്നിഹ പോരാടീടുക
ദൂരേ മാനിനമാരുടെ നടുവിൽ
പ്രിയമിയലുന്നതു കണ്ടെന്നാകിൽ
ഭീരുജനങ്ങളിൽ മൂത്തവനെന്നൊരു
പേരു നിനക്കുണ്ടെന്നതുതോന്നും.
ഓരായിരമിക്കൈകൾ നിനക്കൊരു
മാരായുധമായ്ത്തീർന്നുചമഞ്ഞു
നാരിജനത്തെപ്പുണരാൻ; മറ്റൊരു
പോരിനുമാത്രം പോരാതാനും
പേരാൽത്തന്നുടെ വേരുകണക്കെ
പെരുതെങ്കിലുമൊരു ഫലമില്ലേതും.''
ചെവിക്കസഹ്യത പെരുകിന വാക്കുകൾ
ശ്രവിച്ചു ഭൂപതി വിരവൊടു കൈകളി—
ലെടുത്തു വില്ലും കണകളുമനവധി
തൊടുത്തു ചെന്നിഹ നിശിചരവരനെ—
ത്തടുത്തുകൊണ്ടൊരു ഗിരമുരചെയ്തു:
''കടുത്തവാക്കുകൾ മതി മതി ഭുവനം

---

[1] 'മധുവിലയുക്തൻ..'—എന്നു മുദ്രിതപുസ്തകങ്ങളിൽ അബദ്ധ പാഠം.

കെടുത്ത നിന്നുടെ കരതലവിരുതുകൾ
അടക്കി വയ്ക്കുന്നുണ്ടതിനൊരു ശര–
മുടക്കി വിരവിനൊടയച്ചു നിന്നുടൽ
മുടക്കി മൂഢനെ മുഹുരപി മുഹുരപി
മടക്കി മണ്ടിക്കുന്നതുമുണ്ടിഹ
പടയ്ക്കുവന്നൊരു ബഹുത്വമമ്പൊടു
കെടുത്തു മൂഢനെ എടുത്തു വടികൊ–
ണ്ടടിച്ചു പല്ലുകൾ പൊഴിച്ചു ഞാനും
പിടിച്ചു കെട്ടിയിരുപതു കൈകളു–
മൊടിച്ചയയ്ക്കണമെന്നൊരു പക്ഷം;
ഒരിക്കൽ നിന്നുടെയിരുപതു മീശകൾ
കരിച്ചയയ്ക്കണമെന്നു വിചാരി–
ച്ചിരിക്കവേ നീ വന്നിഹ ചാടിയ–
തെനിക്കു നല്ലൊരു കൗതുകമധികം;
മദിക്കകൊണ്ടും പലപല ചപലത
കഥിക്കകൊണ്ടും സുരകുലമേറെ–
ച്ചതിക്കകൊണ്ടും കുലതരുണികളെ–
പ്പിടിക്കകൊണ്ടും കള്ളുകൾ വളരെ–
ക്കുടിക്കകൊണ്ടും ഭള്ളുകൾ പലവക
നടിക്കകൊണ്ടും നാടുകളഖിലം
മുടിക്കകൊണ്ടും നതാംഗിമാരെ
പ്പിടിക്കകൊണ്ടും വന്നൊരു പാതകം
അപവാദത്തിനു മൂലമതിങ്ങനെ
വിപദേ വന്നു ഭവിച്ചതുമിപ്പോൾ
ഝടിതി നിന്നുടെ; തടിയടിച്ചു–
പൊടി പൊടിച്ചു മുടിയിഴച്ചു
പടയിലുടയ പടുത പലതു
ഝടിതി തുടങ്ങുക സപദി മടങ്ങുക!
കരുതിനിന്നു പൊരുതുകൊൾക രാവണ!
പെരുതു നിന്റെ വിരുതു സജ്ജനാനാം
ബലചരിതമൊക്കെ ദുരിതമാക്കിയൊരു ബഹു
ദുരിതരാശിഭരിതനായ കാരണം
ഇത്ഥമിന്നു വന്നുകൂടി സംഗതി
രൂക്ഷഹൃദയ! രാക്ഷസാധമ! തവ''
തൽക്ഷണത്തിലിത്ഥമോതി രോഷമോ–
ടർജ്ജുനൻ രണത്തിനായ് തുടർന്നിതു

ചമ്പതാളം

നൃപതികുലനാഥനും നിരൃതികുലനാഥനും
സപദി ബത തങ്ങളിൽ സമരമിടകൂടിനാർ

പഞ്ചശതപാണികളിലഞ്ചിതമതാകുമൊരു
പഞ്ചശതചാപശരസഞ്ചയമെടുത്തൊരുവ–
നഞ്ചുമുടനഞ്ചുമൊരു പാണികളിൽ വില്ലുകളു–
മമ്പുകളുമമ്പൊടു ധരിച്ചപരനും മുദാ
സംഗരവിധങ്ങളവർ തങ്ങളിലഭംഗതര–
മങ്ങവർ തുടങ്ങിയിടരോടതി ഗഭീരം
ഘോരശരമാരികളുതിർത്തഥ തിമിർത്തു ബത–
പോരതു തുടങ്ങി നിശിചാരിനൃപവീരൻ
പലപൊഴുതുമവർ കരുതി കുറവതു വരരുതിവിടെ
നിരവധിക നിശിതശരമരിവരനിലരിശമൊടു
വിട്ടു പടവെട്ടുവതിനൊട്ടു ഞെട്ടലതുമില്ല
വടിവിനൊടുമവരുടയ ഝടഝടതയിങ്ങനെ
ഝടിതി ഗുരുവിപ്ലവമതുടനുടനുയർന്നു;
തുരുതുരെ വരുന്ന ബഹുശരനിര കലർന്നു നിശി–
ചരരധികവരനധിക ശകലിതനതായി;
അഗ്ന്യസ്ത്രവും വരുണാസ്ത്രവും ശക്രാസ്ത്രം
ലഘുതരം പ്രത്യസ്ത്രത്ര്യക്ഷാസ്ത്രമീവിധം
പലവകയിലവരുടയ കലശലതു പറവതിനു
ഫണിപതിയുമതിനു മതിയല്ലെന്നതും ദൃഢം;
ക്ഷിതിപതിയുമഥ രജനിചരപതിയുമങ്ങനെ
തങ്ങളിൽ സംഗരം ചെയ്തോരനന്തരം
വീര്യം പെരുത്ത കൃതവീര്യാത്മജന്റെ ഭുജ*
ദണ്ഡപ്രയുക്തശരഷണ്ഡങ്ങൾകൊണ്ടു ദശ–
കണ്ഠന്റെ വീര്യമതു കുണ്ഠത്വമാർന്നു യുധി
കണ്ടിച്ചു വില്ലുമതുമിണ്ടൽക്കു മൂലമായ്
മണ്ടിത്തിരിപ്പതിനു മാർഗ്ഗത്തെ നോക്കിയതു
കണ്ടിട്ടു നില്ക്കുന്ന കാർത്തവീര്യാർജ്ജുനൻ
ഝടിതി ദശമുഖനുടയ മുടികൾ പിടിപെട്ടുട–
നങ്ങോട്ടുമിങ്ങോട്ടുമുന്തിയും തള്ളിയും
ഝടഝടിതിയുടനടിയുമിടികളും കൊണ്ടുടൻ
ചാകാതെ ചത്തു തരംകെട്ടു രാവണൻ;
ചപലമതിയവനുടയ പുഷ്പകവിമാനവും
ചന്ദ്രഹാസാദിയും കൈക്കലാക്കി നൃപൻ;
കരചരണമുപചരണമിരുപതു കരങ്ങളും
ചങ്ങലകൊണ്ടു ബന്ധിച്ചു ലങ്കേശനെ
കരചരണചലചലനരഹിതമിഹ കൊണ്ടുപോ–
യ്ക്കാരാഗൃഹംതന്നിലിട്ടു പൂട്ടീടിനാൻ;

---

* 'വീര്യം പെരുത്ത കൃതവീര്യാത്മജന്റെ ഭുജ'—എന്ന പഴയ വായ്പാഠം സ്വീകരിച്ചിരിക്കുന്നു. 'കൃതവീര്യാത്മജന്റെ ബാഹു'—എന്ന മുദ്രിത പാഠത്തിനു വൃത്തശുദ്ധി പോരാ.

പത്തുമുഖങ്ങളിൽനിന്നു പുറപ്പെടു—
മത്യുന്നതതരമുറവിളിഘോഷം
പത്തു ദിഗന്തരമൊക്കെ മുഴങ്ങീ
പാതാള സ്വർഗ്ഗങ്ങളിലെത്തി;
''എന്തൊരുമുറവിളിയായിതു കൂവേ!''
''പംക്തിഗളൻെറ കരച്ചിലുപോലും!''
''എന്തൊരു സങ്കടമങ്ങവനിപ്പോഠം?''
''ബന്ധനമാശു ലഭിച്ചിതുപോലും!''*
''മററുള്ളവരെക്കെട്ടിയടിച്ചു പി—
ടിച്ചുപറിച്ചു വലയ്ക്കുന്നവനെ
കെട്ടിയടിപ്പാനേതൊരു വമ്പൻ
നാട്ടിലിദാനീമുണ്ടായ്‌വന്നു?''
''കേട്ടില്ലേ താനർജ്ജുനനെന്നൊരു
കേളി പെരുത്ത ധരിത്രീപാലൻ
അദ്ദേഹം താനാശരവരനാ—
മിദ്ദേഹത്തെബ്ബന്ധിച്ചതുപോൽ!''
''ബന്ധിപ്പാനൊരു ബന്ധം വേണമ—
തെന്തെന്നേതുമറിഞ്ഞോ ഹേ താൻ?''
''എന്തെന്നേതുമറിഞ്ഞീലവനുടെ
താന്തോന്നിത്തമതെന്നേ വേണ്ടൂ''
''താന്തോന്നിത്തമതർജ്ജുനനോ ദശ—
കന്ധരനോ അതു ബോധിച്ചോ താൻ?''
''ബോധിപ്പാനെന്തൊരു വൈഷമ്യം!
ചോദിച്ചറിയണമെന്നില്ലല്ലോ;
സുരകുലനാരീപീഡകഠം ചെയ്തും
കുലതരുണികളെച്ചെന്നു പിടിച്ചും
പല മുനിമാരെക്കെട്ടിയടിച്ചും
വലരിപുഭവനമിടിച്ചു പൊടിച്ചും
വലനം ചെയ്യും നക്തഞ്ചരവര—
ഖലനിതു വന്നു ഭവിച്ചിതിദാനീം
ബലവാനാകിയ കൃതവീര്യജനൊടു
കലഹിപ്പാനായ്ച്ചെന്നൊരു ശേഷം
പാരാതവനും ഇവനെക്കെട്ടി—
ക്കാരാഗൃഹമതിലാക്കിയടച്ചാൻ;
അങ്ങനെയനുഭവമേറെ നടിച്ചാ—
ലിങ്ങനെയനുഭവമുടനേ കൂടും;''
''കൊലചെയ്യാത്തതുമെന്തേ കൂവേ?''
''കൊല ചെയ്താൽ മതിയാമോ ഭോഷാ!

---

* 'ബന്ധനമാശു ഭവിച്ചിതുപോലും'—എന്നു വായ്പാഠം.

പലനാളിങ്ങനെ പട്ടിണിയിട്ടും
പലരും കണ്ടുടനാനകളിച്ചും
വലയിൽപ്പെട്ട കുരങ്ങുകണക്കേ
വലയണമെന്നേ മതിയാവുള്ളൂ;
കൊലചെയ്താൽ പുനരന്തകനവനെ
വലയ്ക്കുന്നതിഹ നമുക്കറിയാമോ?''
''അതു നേരാണിഹ നമ്മെക്കാളും
അതികാരുണ്യം പെരുതു തനിക്ക്;''
രാവണമുറവിളി കേട്ടിട്ടിങ്ങനെ
രാവും പകലും ഘോഷിക്കുന്നു;
ദേവകളെത്ര പ്രസാദിക്കുന്നു
ദേവസ്ത്രീകൾക്കതിലും മോദം;
ഓജസ്സും തേജസ്സും പലനാ–
ളായുസ്സും ശ്രേയസ്സും വരുവതി–
നന്തണവരരും മുനിവരരും ദിശി
സന്തതവും ഹേഹയനൃപവരനെ–
പ്പാരമനുഗ്രഹമേകി നടന്നു
പാരിലതിശ്രമമേറിയിരുന്നഥ
ഭീതികലർന്ന ജഗത്ത്രയവാസികൾ
ഭീതിവെടിഞ്ഞുവസിച്ചീടുന്നു

ദേഹം മെലിഞ്ഞു പാരം കാരാഗൃഹംതന്നുള്ളിൽ
ദാഹം വിശപ്പുകൊണ്ടും മോഹം വളർന്നു തത്ര
സ്നേഹം തരിമ്പുമുള്ള ദേഹങ്ങളാരുമില്ല
ആഹന്ത കഷ്ടം! ദശകണ്ഠന്റെ വർത്തമാനം
സ്നാനവുമില്ല മദ്യപാനവുമില്ല പാരം
നാണവും പൂണ്ടു ദേഹക്ഷീണവുമകപ്പെട്ടു
കൂറില്ലാത്തവരോടു ചോറുമേടിച്ചുതിന്നു
കീറത്തുണിയുടുത്തു ചേറുമണിഞ്ഞങ്ങനെ
ആറുമാസം കഴിഞ്ഞിട്ടാരുമൊരുത്തൻ കുററം
തീരുവാൻ ശ്രമിക്കുന്നില്ലേറുന്നു സന്താപങ്ങൾ;
പിണ്ഡമുരുട്ടിയോരോ കിണ്ണത്തിൽ വച്ചുകൊണ്ടു
പെണ്ണുങ്ങൾ വന്നുനിന്നീവണ്ണം പറഞ്ഞീടുന്നു:
''ലങ്കാധിപതേ! നിന്റെ കാൽമേൽ കിടക്കും നല്ല
ശൃംഖല കിലുങ്ങാതെ ചിങ്കുകളിച്ചെന്നാകിൽ
പാക്കു വെററില നല്ല തൂക്കുപുകയിലയും
പാർക്കാതെ തരുന്നുണ്ടു ഭോഷ്ക്കല്ല പംക്തികണ്ഠ!
പത്തു മുഖങ്ങൾകൊണ്ടു പത്തു പദങ്ങൾ പാടി
തിത്തിത്തൈ എന്നു ചാടി നൃത്തംവയ്ക്ക രാവണ!

മത്തഗജങ്ങളുടെ മസ്തകം തകർക്കുന്ന
ഹസ്തങ്ങളെങ്ങു നിന്റെ നക്തഞ്ചരാധിനാഥാ?
ഏണമിഴിമാരുടെ പാണി പിടിച്ചിഴയ്ക്കും
പാണികൾകൊണ്ടു നമ്മെ താണുതൊഴുതുകൊണ്ട്
കേണുകിടന്നിടാതെ വാണു നീയെങ്കിൽ നല്ല
ചോറും കറിയും പുളിഞ്ചാറും കാച്ചിയ മോരും
ആറുന്നതിനുമുമ്പേ കൂറുള്ള ഞാൻ തരുവൻ;
മണ്ഡോദരിയെന്നൊരു പെണ്ണു നിനക്കുണ്ടെന്നു
മന്നിടംതന്നിൽ ബഹു പെണ്ണുങ്ങൾ ചൊല്ലിക്കേട്ടു
സന്ദേഹമൊന്നുണ്ടതു നിന്നോടു ചോദിക്കുന്നു
ഒന്നേയവൾക്കു മുഖമുള്ളെന്നു കേട്ടു ഞങ്ങൾ
ഒന്നല്ല മുഖം നിനക്കഞ്ചുമഞ്ചുമുണ്ടല്ലോ
എന്നാലെങ്ങനെയവൾ നിന്നോടു രമിക്കുന്നു!
പത്തു പുരുഷൻമാരോടൊത്തു വിനോദിക്കുന്ന
ധൂളിപ്പെണ്ണുങ്ങളുടെ കേൾവിയവൾക്കു വന്നു''
''പോടീ! മഹാരാജേന്ദ്രനോടീ വിശേഷം ചെന്നു
ചോദിച്ചിട്ടെന്താവശ്യം?'' ചോദിച്ചാലെന്തുചേതം?
ഓരോ ദിവസം മുഖമോരോന്നു ചുംബിച്ചുകൊ–
ണ്ടാരോമൽ ക്രീഡിക്കുന്നതാരോടു കേൾപ്പിക്കുന്നു?''

ഇത്ഥം വന്നൊരുകൂട്ടം സ്ത്രീകള–
ബദ്ധം പറയുന്നതു കേട്ടപ്പോൾ
നാണംപൂണ്ടു കിടന്നു ദശാസ്യൻ
പ്രാണൻ പോകാഞ്ഞതു തൽ ഭാഗ്യം.
എത്രയും പരസമത്വമിളച്ചു
തത്ര വാണു ദിവസങ്ങൾ കഴിച്ചു
ചിത്രയോധി ദശകന്ധരനോടഥ
യാത്രചൊല്ലിയവനങ്ങു ഗമിച്ചു;
തത്ര ചെന്നഥ പുലസ്ത്യനിരിക്കും
ആശ്രമത്തിലരികത്തിലണഞ്ഞു
തൃക്കഴൽക്കലഥ വണങ്ങിയവൻ പുന–
രിക്കഥ കിമപി പറഞ്ഞറിയിച്ചു:
''ഏവമെന്തു വരുവാനവകാശം?''
''രാവണന്റെ ചരിതം ബഹു കഷ്ടം;
ആവതെന്തു ശിവശങ്കര! പാർത്താൽ
ദൈവകല്പിതമതാർക്കറിയാവൂ!
ചീർത്ത വൈരമൊടു ചെന്നു ദശാസ്യൻ
കാർത്തവീര്യനൊടു നേർത്തു പിണങ്ങി
ആർത്തിപൂണ്ടു സമരാർത്തി ലഭിച്ചതു

പാർത്തിടാതെയിഹ ബന്ധിതനായി
ബന്ധുവാരുമില്ലാഞ്ഞതുകൊണ്ടവൻ
ഹന്ത! കേണു മരുവുന്നിതു താപാൽ
അന്തരംഗമതിലാധി മുഴുത്തു
സന്തതം ബത വിശന്നുവലഞ്ഞു
പാണികാലുകളുമമ്പൊടു കെട്ടി
ക്ഷോണിതന്നിലിളകാതെ കിടന്നു
പ്രാണനാശമവനാശു കൊതിച്ചു
വാണിടുന്നു ബലമോടുമിദാനീം;
അഞ്ചുമാസമിതുപോലെ കഴിഞ്ഞിതു
വഞ്ചനാവചനമല്ല മുനീന്ദ്ര!
നെഞ്ചകത്തിലടിയന്നൊരുപായം
കിഞ്ചനാസ്തിയിഹ നിൻകൃപയെന്യേ;
മാമുനീശ്വര ഭവാൻ വിരവോടേ
മാനവേന്ദ്രനൊടു ചെന്നറിയിച്ചാൽ
സ്വാമിതന്നെ വിടുവാൻ കല്പിക്കും
താമസിക്കരുതെഴുന്നരുളേണം.''

ഇത്തരമുള്ളൊരു വചനം കേട്ടു പു–
ലസ്ത്യമുനീന്ദ്രനുമപ്പോളധികം
പൗത്രസ്നേഹവശാൽ വിവശനതായ്
ചിത്തംതന്നിൽ വിഷാദംപൂണ്ടു:
''എത്രയുമാപത്തല്ലോ നമ്മുടെ
പൗത്രനു സംഗതിവന്നതു ശിവശിവ!
ഹേഹയനരപതി വാസംചെയ്യും
ഗേഹേ വിരവൊടു ഞാനും പോരാം;
ധീരതയേറും മന്നവനെന്നെ
ശാത പറഞ്ഞു മടക്കിയയയ്ക്കും,
വാശ്ശതുമവനൊടു ക്ലേശിക്കാം പുന–
രീശ്വരകല്പിതമാർക്കറിയാവൂ;''
എന്നരുൾചെയ്തു കുടയുമെടുത്തു ന–
ടന്നുതുടങ്ങി പുലസ്ത്യമുനീന്ദ്രൻ
മന്ത്രീശ്വരനൊടുകൂടി നടന്നു
മാഹിഷ്മതിപുരിതന്നിൽ ചെന്നു;
കൃതവീര്യജനെക്കണ്ടാനപ്പോൾ
കൃതവീര്യാത്മജനാശു വണങ്ങി
അർഘ്യാദികളും ചെയ്തു മഹീപതി
സരസമുവാച: മുനീന്ദ്ര! നമസ്തേ!
എന്തൊരു സംഗതിയാഗമനത്തിന്?

ഹന്ത ഭവാനരുൾചെയ്തീടേണം,
നിന്തിരുവടി മമ കുലബലധനസുഖ—
സന്തതിപുഷ്ടി വരുത്തീടേണം;
നിന്തിരുവടിയൊന്നരുളിച്ചെയ്താ—
ലെന്തെങ്കിലുമതു സാധിക്കുന്നേൻ;''
ഇത്ഥം നരവരഗീരുകൾ കേട്ടതി
നുത്തരമരുളിച്ചെയ്തു മുനീന്ദ്രൻ:
''സാധുമതേ! തവ ഭൂതികൾ കാൺമാൻ
സിദ്ധാന്തിച്ചിഹ വന്നിതു ഞാനും
സിദ്ധൻമാരൊടുകൂടി വസിപ്പാ—
നെത്രയുമാഗ്രഹമുണ്ടു നമുക്ക്;
ഉദ്ധതഗതിയാം നമ്മുടെ പൗത്രന—
ബദ്ധമതല്ലാതില്ലൊരുനാളും,
മൃത്യുഞ്ജയനുടെ വാസഗിരീന്ദ്രം
കുത്തിയെടുത്തവനെന്തരുതാത്തു?
അത്ര പെരുത്ത ദുരാചാരത്തെ നി—
വൃത്തിവരുത്താനിത്തൊഴിൽ കൊള്ളാം!
എന്നാലവനെയഴിച്ചുവിടേണം
നന്നായ്‌വരുമിതുകൊണ്ടു നിനക്ക്
ചെമ്മേ നിൻകൃപകൊണ്ടിതു ചെയ്താൽ
നൻമ നിനക്കിനി മേൻമേലുണ്ടാം,''
മാമുനിവചനം കേട്ടു നരേന്ദ്രൻ
മനസി ഹിതംപൂണ്ടിദമരുൾചെയ്തു;
''ഇപ്പോൾതന്നെയഴിച്ചു വിടുന്നേ—
നപ്രിയമതുകൊണ്ടുണ്ടാകേണ്ട;''
അപ്പോൾ വന്നൊരു കിങ്കരഭടനെ*—
ക്കല്പിച്ചമ്പൊടയച്ചു നരേന്ദ്രൻ;
കിങ്കരനുടനേ ചെന്നതുനേരം
ലങ്കാപതിയുടെ കൈകാൽകളിലെ
ശൃംഖല വിരവൊടഴിച്ചു പതുക്കെ
തൻ കരയുഗളംകൊണ്ടു തലോടി
വെളിയിൽകൊണ്ടന്നർജ്ജുനനികടേ
തെളിവിൽ നിറുത്തി, വണങ്ങിയിരുന്നു
നാണംപൂണ്ടു മുഖാവലി താഴ്ത്തി
ക്ഷീണം പൂണ്ടു വസിക്കുന്നവനൊടു
നരപതിയരുളിച്ചെയ്തിതു: ''നിന്നൊടു
പരിഭവമൊക്കെത്തീർന്നു നമുക്ക്;
ലങ്കാധിപതേ! പോയാലും നീ

'അപ്പോൾവന്നൊരു കിങ്കരനവനെ'—പഴയ വായ്പാഠം.

ശങ്കരസേവയൊടിങ്ങിനി മേലില*—
ഹങ്കരിയാതെയിരിക്കിൽ കൊള്ളാം;''
എന്നു പറഞ്ഞു കൊടുത്തിതു പുഷ്പക—
മെന്നുള്ളൊരു രമണീയവിമാനം;
ഉന്നതഗുണഗണമിയലിന വാളും
സന്നതനാം ദശകണ്ഠനു നല്കി;
കുണ്ഠിതമൊക്കെത്തീർന്നു നൃപൻ ദശ—
കണ്ഠനെ വിരവിലയച്ചു വസിച്ചു;
കിങ്കരസംഘവുമവനൊടുസഹിതം
ലങ്കാനഗരേ ചെന്നു വസിച്ചു;
തുംഗസുഖേന പുലസ്ത്യമുനീന്ദ്രനു—
മങ്ങു ഗമിച്ചു സുഖിച്ചു വസിച്ചു:
കൃതവീര്യാത്മജനാകിയ നരപതി—
പുംഗവനും ബഹുമംഗലമതുലം.

കാർത്തവീര്യാർജ്ജുനവിജയം ഓട്ടൻതുള്ളൽ
സമാപ്തം

---

* 'ശങ്കരസേവ വെടിഞ്ഞിനിമേലിൽ'—എന്നു മുദ്രിതപുസ്തകങ്ങളിൽ അബദ്ധപാഠം.

ബാലിവിജയം

രാത്രിഞ്ചരകുലപുംഗവനാം ദശ—
വക്ത്രൻതന്നുടെ ലങ്കാനഗരേ
മിത്രജനങ്ങളുമവരുടെ നല്ല ക—
ളത്രങ്ങളുമായതിസുഖമോടേ
തത്ര പരാക്രമി പംക്തിമുഖൻ ശത—
പത്രോദ്ഭവനൊടു വരവും വാങ്ങി
ശത്രുഭയംപുനരകലെ വെടിഞ്ഞു വി—
ചിത്രം വാണരുളീടും കാലം
സത്വരമൊരുനാൾ തന്നുടെ മക്കളിൽ
മൂത്ത കുമാരനെയന്തികസീമനി
ചേർത്തു പുണർന്നു ദശാനനവനുടെ
ഗാത്രമശേഷം മുഹുരപി മുഹുരപി
പേർത്തു തലോടി കരാവലികൊണ്ടഥ
ചിത്തസുഖേന പറഞ്ഞുതുടങ്ങി:
''പുത്ര! സമർത്ഥ! ഭവാനെൻ വാക്കുക—
ളത്യാദരമിതു കേൾക്കണമധുനാ
കീർത്തി പെരുത്തൊരു നിന്നുടെ കരബല—
പൂർത്തി തടുപ്പതിനൊരുവനുമില്ല
തീർത്തുരചെയ്യാമിന്നിഹ നമ്മൊടു
നേർത്തു വരുന്നവരൊക്കെ മടങ്ങും;
ഓർത്താലെത്ര വിചിത്രം നമ്മുടെ
പൃഥ്വീപതികടെ വാർത്തകളവരവർ
തീർത്തുള്ളൊരു ഭവനങ്ങളിൽ നിന്നഥ
യാത്രയിറക്കിയയച്ചിതു ഞാനും
പാർത്തലമതിലിനിയെങ്ങുമൊരേടം
പാർത്താലൊരു സുഖമില്ല നമുക്കെ—
ന്നാർത്തൻമാരായടവികൾതോറും
തീർത്ഥവുമാടി നടന്നീടുന്നു;
മത്തഗജങ്ങടെ കുത്തുകൾ കൊണ്ടും
മത്തയിലക്കറി ചേനത്തണ്ടും
കുത്തിയെടുത്ത കിഴങ്ങുകൾകൊണ്ടും
നിത്യതയങ്ങു കഴിച്ചു നടക്കും
പാർത്ഥിവഹതകൻമാരവരവനിയി—
ലാർത്തിപിടിച്ചിഹ വന്നെന്നാകിൽ
പാർത്തിരിയാതപമൃത്യു ലഭിച്ച—
ക്കാർത്താന്തികദിശമാശു ഗമിക്കും:

എന്നതുകൊണ്ടിഹ നമ്മുടെ നേരേ
നിന്നു പിണങ്ങുന്നവരു ചുരുക്കം;
ഇന്ദ്രാദികളെക്കൂടെ ജയിക്കണ—
മെന്നൊരു മോഹമെനിക്കുണ്ടുള്ളിൽ
വന്നാലും നീയെന്നുടെ നന്ദന—
നിന്നതു സാധിച്ചീടുക വേണം;
എന്നാലെൻമകനൊരു തിരുനൽപ്പേ—
രിന്നു വിശേഷിച്ചുണ്ടായീടും;
വൃന്ദാരകപതിതന്നെ ജയിച്ചാ—
മന്ദാരാദിമരങ്ങളശേഷം
ഒന്നൊഴിയാതെ പറിച്ചീ ലങ്കാ—
മന്ദിരമെന്നതിലുളവാക്കേണം
നന്ദനവനമിന്നവനിതലേ മമ
നന്ദനനാക്കിയതെന്നു വരേണം
എന്നതിനിന്നു വിളംബനമരുതയി
മന്ദേതരഗുണമന്ദിര സുമതേ!
പണ്ടൊരുനാളഥ നാരായണനെ—
ക്കൊണ്ടിഹ നമ്മുടെ വംശോദ്ഭവനാം
കുണ്ഠേതരനാം മാലിനിശാചര—
കണ്ഠം ഝടിതി മുറിപ്പിച്ചീടിനൊ—
രണ്ടർകുലേശനെ നാകാൽ തച്ചഥ
മണ്ടിച്ചീടണമത്രയുമല്ലതി—
കുണ്ഠനെയങ്ങു പിടിച്ചഥ കെട്ടി—
ക്കൊണ്ടിഹ പോരണമിപ്പുരിതന്നിൽ;
തുംഗപരാക്രമനായ ഭവാനൊടു
സംഗരസീമനി നിന്നമർചെയ്‌വാ—
നെങ്ങും സുരവരനാളാകില്ലാ
സംഗതിയുണ്ടാം ബന്ധിപ്പാനും.
മംഗലമേലും നമ്മുടെ നാട്ടിൽ
ചങ്ങലകൊണ്ടിഹ പൂട്ടി മുറുക്കി
തുംഗമതായൊരു തൂണും ചോട്ടില—
നങ്ങാതങ്ങു കിടത്തണമവനെ.''
ഇങ്ങനെയുള്ള പിതാവിൻവചനം
തിങ്ങിന മോദാൽ കേട്ടു പതുക്കെ
ഭംഗികലർന്നു പിതാവിനെയങ്ങു വ—
ണങ്ങിക്കൊണ്ടവനിദമുരചെയ്തു:

''പംക്തികണ്ഠ! ഹേ ജനക! ഭവാൻ പുന—
രെന്തിനിത്രവളരെപ്പറയുന്നു

ചിന്തിതങ്ങളഖിലങ്ങളുമേതുമൊ—
രന്തരം വിനാ സാധിച്ചീടാം;
എന്തു ദണ്ഡമിന്നമരാധിപനുടെ
ബന്ധനത്തിനു നമുക്കു നിനച്ചാൽ
സിന്ധുരേന്ദ്രബലനാകുമെനിക്കൊരു
ബന്ധുപോലുമിന്നാരും വേണ്ടാ;
സന്തതം തവ പദാംബുജയുഗളം
ചിന്തചെയ്തുടൻ നിന്തിരുവടിയെ
ചന്തമോടു സേവിച്ചിടുമടിയനു
ചിന്തിതം സഫലമെന്നു ധരിക്ക.
വൃത്രവൈരിയെ ജയിച്ചഥ ബന്ധി—
ച്ചത്ര നമ്മുടെയ പത്തനസീമനി
ചേർത്തുകൊണ്ടഹോ ഞാനിന്നവനുടെ
ഗാത്രമമ്പൊടു വരിഞ്ഞു മുറുക്കി—
ട്ടത്ര ബാലകൻമാർക്കു കളിപ്പാൻ
പാത്രമാക്കിയൊരു പാവകണക്കേ
കുത്രചിൽ പുരേ സുരപരിവൃഢനെ
ചിത്രമാകിയൊരു തൂണൊടു കൂട്ടി—
ച്ചീർത്ത കോപമൊടു ചേർത്തീലെന്നാ—
ലെത്രയും ബഹു പരാക്രമിയാം ദശ—
വക്ത്രരാക്ഷസകുലേന്ദ്ര! ഭവാനുടെ
പുത്രനല്ലടിയനെന്നു വരേണം.
ശത്രുകൃന്തനസമർത്ഥനതാമെൻ
ശക്തിയിന്നിഹ തടുപ്പതിനൊരുവൻ
പാർത്തലത്തിലുമമർത്ത്യപുരത്തിലു—
മോർത്തു കാൺകിലിഹ നാസ്തി പിതാവേ!
തത്ര ചെന്നു മടിയാതടിയൻ ശത—
പത്രനേത്രനുടെ സോദരനാകിന
ഗോത്രവൈരി[1] യെക്കൊണ്ടിഹ വന്നുട—
നത്ര വച്ചു തൊഴുവൻ തവ മുമ്പിൽ.''

ഏവം പറഞ്ഞ മേഘനാദന്റെ വാക്കു കേട്ടു
ഭാവം തെളിഞ്ഞു ദശഗ്രീവനുമുരചെയ്തു:
''ഉണ്ണീ! നിൻ വാക്കു കേട്ടു നന്നായ് പ്രസാദിച്ചു ഞാൻ
വന്നാലുമന്തികേയെൻ നന്ദനാ മേഘനാദാ!
രാക്ഷസരെന്നാകിലോ രൂക്ഷത വേണമേറ്റം
ദക്ഷനാം ഭവാങ്കൽ സുഭിക്ഷം രൂക്ഷതാഭാവം
ഇക്ഷണം പോകനാമിന്നിപ്പുരിതന്നിൽനിന്നു
ശിക്ഷിപ്പാനോരായിരമക്ഷികളുള്ളവനെ.''

---

[1] ഗോത്രവൈരി = ദേവേന്ദ്രൻ.

ഇത്ഥം പറഞ്ഞുകൊണ്ടു നക്തഞ്ചരാധിനാഥൻ
സത്വരം പുറപ്പെട്ടു പുത്രനും താനുമായി
സുത്രാമാവി[1] രിക്കുന്ന പത്തനമതിൽ ചെന്നു
വൃത്രവൈരിയോടായിട്ടിത്തരമുരചെയ്തു:

‘ ‘രേരേ! ചപല! വലാരേ! നീ മമ
നേരേ നിന്നിഹ പൊരുതുക സമരേ
വീരൻമാർക്കെജമാനൻ നീയിഹ
പോരെന്നുള്ളതുമകലെ വെടിഞ്ഞീ
നാരീമണികടെ നടുവിൽ സതതം
മാരക്രീഡാതത്പരനായി
ക്രീഡിക്കുന്നൊരു നിന്നുടെ മുടിയിൽ
താഡിക്കും പുനരത്രയുമല്ലഹ—
മോടിക്കും പുനരിവിടേന്നയി തവ
മോടിക്കും കുറവാശു ഭവിക്കും;
താടിക്കാരെത്തച്ചിഹ പമ്പിരി—
പാടിക്കു[2]ന്നൊരു നമ്മുടെ നാമം
കൂടിക്കേൾക്കുന്നൊരു സമയേ ബത
പേടിക്കാതിന്നൊരുവരുമില്ല;
ശക്രനതാകിന നീ പണ്ടൊരുനാൾ
ചക്രായുധനെക്കൊണ്ടിഹ നമ്മുടെ
വിക്രമിയാകിന മാലിയെ വിരവിൽ
ചക്രംകൊണ്ടു വധിപ്പിച്ചില്ലേ?
ഓർക്കെട രണ്ടു നിശാചരരന്നു മ—
ദോൽക്കടധൈര്യപയോധികളായി—
ട്ടക്കാലം നിജ പാതാളത്തിൽ
പുക്കു സുഖിച്ചു മദിച്ചു വസിച്ചു;
തത്ര സുമാലി നിശാചരപുംഗവ—
പുത്രിയതാകിയ കൈകസിതന്നുടെ
പുത്രനഹം ദശവക്ത്രൻ നിന്നുടെ
ശത്രുവതെന്നു ധരിച്ചീടേണം;
മൃത്യുഞ്ജയനുടെ പത്തനമാകുമൊ—
രത്യുന്നതഗിരി കുത്തിയിളക്കിന
പത്തിരുപതു കരമുണ്ടു നമുക്കിഹ
ചിത്തേ നീയിതു കരുതുക കുമതേ!
ഈവക വിക്രമമുള്ള നമുക്കീ
ദേവകളും പുല്ലും ശരിയല്ലോ
പാകനിഷൂദന! നിന്നുടെ മദമതു—

---

1. സുത്രാമാവ്=ദേവേന്ദ്രൻ. 2. പമ്പിരിപാടിക്ക(ശൈലി) = കഷ്ടപ്പെടുത്തുക.

പാകം വരുവാനുണ്ടുപദേശം*
നാകാധിപനാം നിന്നെസ്സമരേ
ശോകാകുലനാക്കീടുവനിപ്പോൾ
ലോകം മൂന്നിലുമുള്ള ജനങ്ങളി—
ലേകൻപോലും നമ്മൊടു നേർത്താൽ
ചാകാതേകണ്ടൊരുവൻപോലും
പോകുന്നില്ലതു ബോധിച്ചാലും
വൈകാതേകണ്ടെന്നൊടു പോരിനു—
വന്നാലും നീ രിപുകുലകീടാ!''

ഇത്ഥം ഘോഷിക്കുന്നൊരബദ്ധവചനങ്ങടെ
സിദ്ധാന്തമറിഞ്ഞുടൻ വൃദ്ധശ്രവസ്സന്നേരം
ബുദ്ധിയിലുറച്ചു 'ദുർബുദ്ധി രാവണനുടെ
ബുദ്ധിയിലഹങ്കാരം വർദ്ധിക്കകൊണ്ടഖില—
സ്പർദ്ധിയായ്ത്തീർന്നു പരമാർത്ഥിയാമെന്നോടിപ്പോൾ
യുദ്ധസന്നദ്ധനായ്വന്നുദ്ധതം വിളിക്കുന്നു;
അസ്തുവെങ്കിലും ചില വസ്തു നോക്കണ'മെന്നും
ചിത്തത്തിലുറച്ചു തൻ മത്തേഭഗളമേറി
അസ്ത്രശസ്ത്രാദികൾ സമസ്തം കരസ്ഥമാക്കീ—
ട്ടാർത്തിങ്ങു വരുന്നൊരമർത്ത്യവൃന്ദത്തോടൊത്തു
യാത്രതുടങ്ങീ തത്ര ഗോത്രാരിദേവൻ ദശ—
വക്ത്രന്റെ മുന്നിൽ ചെന്നിട്ടിത്ഥമരുളിച്ചെയ്തു:

''രാക്ഷസകീട! നിനക്കിന്നു സഹ—
സ്രാക്ഷൻതന്നെ ജയിക്കാമെന്നൊരു
പക്ഷമതുണ്ടെന്നാകിലതൊന്നു പ—
രീക്ഷിച്ചീടാമിപ്പോൾതന്നെ;
ആക്ഷേപാദികൾകൊണ്ടു നിനക്കപ—
രോക്ഷേ[1] കിം ഫലമിന്നിഹ നമ്മുടെ
ദക്ഷതയെല്ലാമറിയാമിനിയുമൊ—
രക്ഷരമുചെയ്തെന്നാലുടനെ;
മോക്ഷാപേക്ഷികളായ ജനത്തെ
ഭക്ഷിച്ചും കൊണ്ടടവികൾനീളെ
കുക്ഷി നിറച്ചു നടക്കും നിന്നുടെ
രൂക്ഷതയെല്ലാം മതി മതി കുമതേ!
യക്ഷാധിപനെ ജയിക്കുകകൊണ്ടും
ത്ര്യക്ഷാചലമതിളക്കുകകൊണ്ടും
ദക്ഷൻ ഞാനെന്നുള്ളൊരു തണ്ടുകൾ

---

* 'പാകം വരുവാനുണ്ടൊരുപായം'—പഴയ പതിപ്പ് വായ്പാഠം.

[1] അപരോക്ഷേ = പ്രത്യക്ഷത്തിൽ.

പക്ഷേയിവിടെക്കളയുന്നുണ്ട്;
രാക്ഷസരിൽ ചിലരിക്ഷണമനവധി
കക്ഷ്യ കടന്നുടനിക്ഷിതിതന്നിൽ
ദക്ഷതയോടും വന്നാലവരെ–
ശ്ശിക്ഷിപ്പതിനൊരുപേക്ഷയുമില്ലാ.''

ഇത്ഥം പറഞ്ഞു തത്ര യുദ്ധം തുടങ്ങീ വൃത്ര–
ശത്രുവും രാവണനുമെത്രയും മഹാഘോരം
കൂർത്തുമൂർത്തുള്ള ശരം കോർത്തു മൂർത്തികളെല്ലാം
വീർത്തു വിയർത്തു തമ്മിൽ നേർത്തു പിന്നെയുമവർ
ആർത്തുവിളിച്ചു പാരം ധൂർത്തുള്ള പംക്തികണ്ഠൻ
പത്തുകൈകളിൽ വില്ലുമെടുത്തു ശരങ്ങൾ വാരി–
ത്തൊടുത്തു സംഗരമൊന്നു കടുത്തു സത്വരമോടി–
യടുത്തു സൂത്രങ്ങൾ നോക്കിക്കൊടുത്തു സുത്രാമാവിന്നു.
പടുത്വം വർദ്ധിച്ചു പാരം വരുത്തം[1] തങ്ങളിലുള്ള
വിരുദ്ധം[2] പിന്നെയും പാരം മുഴുത്തു ചമഞ്ഞു തത്ര.

ഇതി സമരം കണ്ടു രസിച്ചൂ
പഥി രുധിരം കുത്തിയൊലിച്ചൂ
വിധിതനയൻ തത്ര വസിച്ചൂ
ഹൃദി കുതുകംപൂണ്ടു ചിരിച്ചൂ

കുംഭതാളം

യുധിസാഹസമോടഥ പലതരമവനുടെ
അടികളും—പുനരിടകളും—ചില തള്ളുകൾ കിള്ളുകളും
കുലഗിരികളുമൊന്നു കുലുങ്ങി
ജലനിധികളുമൊന്നു കലങ്ങി
പലപലവിധമങ്ങുതുടങ്ങി
ഖലമതിയുടെ ഗർവ്വുമടങ്ങി

കുംഭതാളം

കലഹിച്ചു പറഞ്ഞിതു രാവണനോടഥ
വലഹരൻ—ഭുജബലധരൻ—പരിചോടഥ ദേവവരൻ;
അരുതരുതെട! ചതിവുകളൊന്നും
പെരുതിതു മമ വിരുതുകളെന്നും
കരുതരുതിതി തവ ഹൃദിയെന്നും
പൊരുതീടുക രണഭുവി നിന്നും

---

[1] വരുത്തം=പ്രയാസം; ഉപദ്രവം. [2] വിരുദ്ധം = വിരോധം.

കുംഭതാളം

ഇനി നൻമ നിനക്കു വരുന്നതു നമ്മുടെ
സമ്മതേ—അതി ദുർമ്മതേ—മതികുണ്ഠിതമെന്തിഹ തേ;
പല വാക്കുകളിത്ഥമുരത്തു
നലമോടഥ വജ്രമെടുത്തു
വലശാസനനെത്തിയടുത്തു
കുലഹാനി നിനക്കുമടുത്തു

കുംഭതാളം

തല പത്തു പറത്തിടുമത്തലകന്നു
നഭസ്ഥലേ—അതി നിസ്തുലേ—യുധിനില്ക്കുക
പാർത്തകലേ;

ശതമഖഗിരമിങ്ങനെ കേട്ടു
ദശമുഖനഥ നാണംകെട്ടു
ദശമുഖതതിയതു കുമ്പിട്ടു
നിശിചരനഥ നെടുവീർപ്പിട്ടു

കുംഭതാളം

അശുഭാത്മകനാകിയ ദശമുഖമുഖതതി
വാടിയും—പുനരാടിയും—സുതനെബ്ബത തേടുകയും;

ഇങ്ങനെയുള്ളൊരു രാവണനരിയൊടു
സംഗരസീമനി ബുദ്ധി മടങ്ങി
തിങ്ങിന സങ്കടമോടവനേററം
മങ്ങിന മുഖമായ് മരുവുന്നേരം
മേഘനാദനതു കണ്ടു കയർത്തു
മേഘവാഹനനൊടെത്തിയടുത്തു
ലാഘവേന ബ്രഹ്മാസ്ത്രമെടുത്തു
വേഗമോടു പുനരങ്ങു തൊടുത്തു
ഏകനായി മദമൊന്നു കടുത്തു
നാകനാഥനെച്ചെന്നു തടുത്തു
പാകവൈരിതൻ ബുദ്ധി മടുത്തു
പാകമാവതിനു കാലമടുത്തു;
രാക്ഷസനവനതിരൂക്ഷപരാക്രമി
തൽക്ഷണമിന്ദ്രനെ വക്ഷസി താഡി—
ച്ചക്ഷതവീരനരക്ഷണമതുകൊ—
ണ്ടക്ഷിതിതന്നിൽ പ്രക്ഷേപിച്ചു;
അക്ഷകുമാരനു മുമ്പു പിറന്നൊരു
ദക്ഷൻ രക്ഷോനായകപുത്രൻ
ശക്രനെയങ്ങു പിടിച്ചുംകൊണ്ടരി—

ചക്രങ്ങളെ വിരവോടു ജയിച്ചാ–
വക്രാത്മാവാം രാവണിതാൻ ദശ–
വക്ത്രൻതന്നുടെ മുൻപിൽ ചെന്നു;
വിക്രമമുള്ള കുമാരനെയും ശത–
വിക്രമനാകിന ശക്രനെയും ക–
ണ്ടെത്രയുമാനന്ദിച്ചു ചിരിച്ച–
പ്പുത്രനെ മാർവ്വിലണച്ചു പുണർന്നു;
മൂർദ്ധാവിങ്കൽ തൊട്ടു മുഹുർമ്മുഹു–
രാത്താനന്ദമനുഗ്രഹമേകി;
''വത്സ! ജയിക്ക ജയിക്ക ഭവാൻ ബഹു–
വത്സരമൻപൊടു ജീവിച്ചീടുക
മത്സരമുള്ള ജനത്തെയമർപ്പാൻ
തൽസമനില്ലൊരു ദിക്കിലുമധുനാ;
മൽസഹജൻമാരെന്തിനു കൊള്ളാം
നിസ്സാരൻമാരിരുവരുമവരുടെ
ദുസ്സാമർത്ഥ്യത്തൊഴിലുകൾ കണ്ടാൽ
ഭസ്മമതാക്കണമെന്നേ തോന്നൂ;
മൽസാഹായ്യം ചെയ്യണമെന്നാൽ
മൽസുതനല്ലാതൊരുവനുമില്ലെ–
ന്നുത്സംഗേ മരുവീടുക നീ ബഹു–
വത്സലനായിതു നിങ്കലിദാനീം
ഇന്ദ്രനെ യുദ്ധംചെയ്തു ജയിച്ചൊരു
നന്ദനനൊന്നിഹ ബോധിക്കേണം
ഇന്നിവനുടെ കപടത്തൊഴിലോർത്താ–
ലൊന്നും മനസി പൊറുക്കയുമില്ല;
മുന്നം ദേവൻമാരാമിവരും
പിന്നെദ്ദനുജൻമാരും കൂടി
പന്നഗവരനാം വാസുകിവീരൻ–
തന്നെപ്പരിചൊടു പാശമതാക്കി
മന്ദരമായ മഹാപർവ്വതമൊരു
മന്ഥാനവുമാക്കിക്കൊണ്ടങ്ങവർ
ചെന്താർമാനിനികാന്തനിരിക്കും
സിന്ധു കടന്നു കടഞ്ഞൊരു സമയേ
ബന്ധുരമായ്ച്ചില വസ്തുവവററി–
ന്നന്തർഭാഗേനിന്നു ജനിച്ചു;
സന്തതകാന്തിയതേന്തിയെഴുന്നൊരു
അന്തിമകൈരവബാന്ധവബിംബം
ചന്തമിയന്നൊരു സിന്ധുരവരനും

കാന്തനതാമൊരു സൈന്ധവവരനും[1]
ബന്ധൂകാധരി ലക്ഷ്മിയുമങ്ങഥ
ചിന്തിതദായിനി സുരഭിയുമങ്ങനെ
ദിവ്യങ്ങളതായുള്ളവയധികം
ദ്രവ്യങ്ങളുമങ്ങതിലുളവായി;
സവ്യാജം പുനരാവക വളരെ
ദിവ്യനതാമിവനങ്ങു ലഭിച്ചു;
പൊണ്ണൻമാരാം ദനുജൻമാർക്കൊരു
പൊന്നും പണവുമതൊന്നും നാസ്തി
വിണ്ണവരെക്കാളധികം ദേഹം
ദണ്ഡിച്ചെന്നൊരു ഫലമുളവായി
ചണ്ഡൻമാരായെന്നതുകൊണ്ടൊരു
മണ്ണും കിട്ടിയതില്ലെന്നല്ലവർ
കണ്ണും നട്ടുടനങ്ങു തിരിച്ചാ—
രർണ്ണോനിധിയുടെ തീരേനിന്ന്:
സ്വർണ്ണം വിളയും കല്പകവൃക്ഷമി—
വണ്ണം പലതും ദനുജൻമാരെ—
ക്കണ്ണെഴുതിച്ചു കരസ്ഥമതാക്കിന
കണ്ണച്ചാരിവനെത്ര കഠോരൻ!
എന്നതിലൊന്നുമതിക്കൂട്ടത്തിനു
തന്നില്ലന്നവനിത്തിരിപോലും;
സുന്ദരിമണിയാമിന്ദിരയെപ്പുന—
രിന്ദ്രാവരജനു ദാനംചെയ്തു
ഇന്നിഹ നമ്മുടെ പരദൈവതമാ—
കുന്നൊരു ഭഗവാനന്നതിലൊന്നും
ഇന്ദ്രൻ ദാനം ചെയ്തിട്ടില്ലെ—
ന്നല്ലൊരു കഠിനം ചെയ്തതു കഷ്ടം!
പന്നഗവരനുടെ ഘോരവിഷത്തെ
പന്നഗധരനെ ഭക്ഷിപ്പിച്ചു;
എന്നിവയൊക്കെ വിചാരിക്കുമ്പോ—
ളിന്ദ്രൻതന്നെക്കൊലചെയ്യേണം.
പെണ്ണുങ്ങൾക്കെജമാനനതാമീ—
വിണ്ണവവരനുടെ കപടത്തൊഴിലുകൾ
മണ്ഡോദരിയുടെ നന്ദനനാമെ—
ൻറുണ്ണിയിതൊന്നുമറിഞ്ഞിട്ടില്ല,
അപ്പാലാഴിയിൽനിന്നു ജനിച്ചതി—
ശില്പമതാകിന കല്പകവൃക്ഷമ—
തിപ്പുരിയീന്നുടനിപ്പോളിങ്ങു

---

[1] സൈന്ധവവരൻ=ശ്രേഷ്ഠനായ കുതിര; ഉച്ചൈശ്രവാവ്=(ദേവേന്ദ്രന്റെ കുതിര) സൈന്ധവം=കുതിര (സിന്ധുദേശത്തു ജനിച്ചത്).

പറിപ്പാനിന്നു വികല്പം വേണ്ടാ.
കെല്പേറുന്നൊരു നമ്മുടെ ചേതസി—
താത്പര്യം കുറെയുണ്ടെന്നറിക
സ്വർപ്പതിതന്റെ പുരത്തിനകത്തുട—
നുഴപ്പുക്കൊക്കെ മുടിയ്ക്കണമധുനാ.''

ചമ്പതാളം

ഇതിവിവിധ മൊഴികൾനിജ സുതനൊടുരചെയ്തുകൊ—
ണ്ടിന്ദ്രാലയത്തിന്നകത്തു കേറീടിനാൻ
മതിതളിരിലധികമൊരു മദമുടയ രാവണൻ
മത്തമാതംഗത്തിനൊത്തുള്ള ശക്തിമാൻ
അമരവരനമരുമൊരു പുരിയുടെ വിശേഷങ്ങ—
ളാകവേ കണ്ടുകണ്ടത്യന്തകോപനൻ,
തടിയനഥ ഝടിതിയൊരു തടിയെടുത്താകവേ
തട്ടിത്തകർത്തു തുടങ്ങീ സുരാലയം
പൊടിപടലമതിനുടയ നടുവിലിടകൂടിയും
പൊട്ടും മരങ്ങടെ ശബ്ദങ്ങളിങ്ങനെ
നെടിയ കൊടിമരവുമിഹ തവിടുപൊടിയാക്കിയ—
ന്നേരത്തു നേരിട്ടു വന്നിതൈരാവതം
വമ്പനുടെ കൊമ്പു പുനരമ്പൊടു പിടിച്ചു പ—
ത്തമ്പതുചുഴററി യെറിഞ്ഞു ദൂരത്തവൻ
ജംഭരിപുകുംഭിവരഡംഭുകൾ ശമിച്ചു നാ—
ല്ക്കൊമ്പനും ദൂരെപ്പതിച്ചു കേണീടിനാൻ
നഗരിയതു സരഭസമൊടവനഥ നശിപ്പിച്ചു
നന്ദനോദ്യാനമണഞ്ഞു ദശാനനൻ.
കനകധനമനുദിനവുമനവധി ജനിക്കുന്ന
കല്പവൃക്ഷാദിയും കൈക്കലാക്കീടിനാൻ
അവനുടയ തൊഴിലുകളിതമരവരർ കണ്ടൊന്നു—
മാവതില്ലെന്നങ്ങൊഴിച്ചു പാർത്തീടിനാർ.
അശുഭമതി ദശമുഖനു മനസി നിജ മോഹങ്ങ—
ളാകവേ സാധിച്ചു മോദിച്ചു മേവിനാൻ.

നക്തഞ്ചരപതി രാവണനങ്ങതി
ശക്തനതാം നിജ നന്ദനനോടും
സുത്രാമാവിനെ ബന്ധിച്ചുംകൊ—
ണ്ടത്ര വിചിത്രം യാത്ര തുടങ്ങീ.
സത്രാസൻമാരാ[1] യമരൻമാ—
രാർത്തു വിളിച്ചു കരഞ്ഞു തുടങ്ങീ
രാത്രിഞ്ചരപതിതാനും തന്നുടെ

---

1. സത്രാസൻമാർ = ഭയത്തോടുകൂടിയവർ. ത്രാസം = ഭയം.

പുത്രനുമൊത്തു രസിച്ചു തുടങ്ങീ
ഗോത്രാരാതിയുമാശരവരനുടെ
തേർത്തടമദ്ധ്യേ ബദ്ധനതായ് നിജ–
നേത്രങ്ങളിൽനിന്നശ്രുജലങ്ങളെ
വാർത്തുംകൊണ്ടവിടത്തിലിരുന്നു.
വിസ്തൃതമായ നഭസ്ഥലമാർഗ്ഗം
തത്ര കടന്നു നടന്നിതു തേരും
എത്രയുമധികം വേഗത്തോടേ
പൃഥ്വീചക്രംതന്നിലിറങ്ങി
ലങ്കാനായകനങ്ങുടനേററമ–
ഹങ്കാരത്തൊടു പുത്രസമേതൻ
സംക്രന്ദനനെക്കെട്ടിക്കൊണ്ടഥ
ലങ്കാപുരിയിൽ ചെന്നു കടന്നു.
''ശങ്കാരഹിതം സുരപതിതന്നെ
തങ്കക്കൊടിമരമൂലത്തിങ്കൽ
ശൃംഖലകൊണ്ടു തളച്ചേക്കാ''നായ്
കിങ്കരവരരെ വിളിച്ചുരചെയ്തു.
ഭൃത്യൻമാരവരിങ്ങനെയാ പൗ–
ലസ്ത്യൻതന്നുടെ കല്പനയതുകേ–
ട്ടുദ്യോഗിച്ചു പുറപ്പെട്ടാരഥ
സദ്യോ ബഹുതര മദമത്തൻമാർ.
വിദ്യുൻമാലാബാണാസനനാ–
മദ്ദേഹത്തെ ബന്ധിപ്പാനതി
ഹൃദ്യമതായൊരു ചങ്ങലയും കൊ–
ണ്ടത്യാടോപമടുത്തു പിടിച്ചു
വാനവവരനെച്ചങ്ങലവച്ചൊരു
വാനരവരനെപ്പോലെ ചമച്ചു.
മാനികളാമവരങ്ങു തിരിച്ചു ദ–
ശാനനനോടും ചെന്നറിയിച്ചു.
മാനസതാരിൽ പ്രീതികലർന്നഭി–
മാനിയതാം ദശകണ്ഠൻതന്നുടെ
മാനിനിയോടും മക്കളുമായ്പ്പര–
മാനന്ദിച്ചുടനവിടെ വസിച്ചു.

ഓർത്താൽ വിചിത്രമയ്യോ! ഗോത്രാരിദേവനുടെ
വാർത്താവിശേഷമതിമാത്രം കഠിനംതന്നെ.
ഗാത്രങ്ങളെല്ലാം മലമൂത്രങ്ങളുംകൊണ്ടണിഞ്ഞു
ധാത്രിയിൽ കിടന്നഹോരാത്രങ്ങളും കഴിക്കുന്നു!
രാത്രിഞ്ചരൻമാരുടെ ചീർത്ത വൈരങ്ങളും തീർപ്പാൻ

പാത്രമായ്ത്തീർന്നു ദേവഗോത്രാധിരാജൻതാനും
സ്നാനവുമില്ല ജലപാനവുമില്ല കഷ്ടം!
മേനിയും മെലിഞ്ഞതി ദീനനായിതു യാതു-
ധാനൻമാർ ചെയ്തീടുന്ന നാനാവിധങ്ങൾകൊണ്ടു
വാനവകുലപതിതാനും മനസ്സുമുട്ടി;
ആശരൻമാരിൽ ചില മീശക്കാരങ്ങു വന്നി-
ക്കീശായമാന[1]നോടു പേശിത്തുടങ്ങി മന്ദം:
''ദേവാധിരാജാ! നിൻെറ സേവൻമാരിന്നു ഞങ്ങൾ
കേവലം നിന്നെക്കാൺമാനേവം വന്നിതെന്നോർക്ക
കേട്ടാലുമെടോ! നിൻെറ ദൃഷ്ടികൾ സർവാംഗമി-
കൂട്ടത്തിലൊരുത്തനോ കൂട്ടക്കാർക്കൊക്കെയുണ്ടോ!
കഷ്ടമിങ്ങനെയുള്ള ഗോഷ്ടികൾ ഞങ്ങളുടെ
നാട്ടിന്നകത്തു മുന്നം കേട്ടുകണ്ടറിവില്ല;
ഒട്ടും കുറവുമില്ല കിട്ടേണമീ വസ്തുക്കൾ
വിഷ്ടപാധിപന്നു വിശിഷ്ടവസ്തുക്കൾ ചേരും;
വിഷ്ടരശ്രവസ്സാം[2] നിൻറിഷ്ടനെങ്ങെടായിപ്പോൾ?
പെട്ടെന്നു നിന്നുടെയീ ചട്ടങ്ങൾ ഗ്രഹിച്ചീലേ?
എത്ര നാളായി മലമൂത്രാദികളിൽത്തന്നെ
മൂത്രപ്പുഴുക്കൾപോലിദ്ധാത്രിയിൽ കിടക്കുന്നു?
ചിത്തത്തിൽ സ്നേഹമുള്ളൊരുത്തനെങ്കിലുമിന്നു
മിത്രമായിട്ടില്ലേ നിൻ ഗോത്രത്തിലൊരേടത്തും?
ശക്രനാം നിനക്കിന്നു വിക്രമികളായ്ച്ചില
മക്കളുണ്ടെന്നു ഞങ്ങൾ കേൾക്കുന്നു പണ്ടേതന്നെ;
അക്കൂട്ടരിലൊരുവനിക്കോട്ടം തീർത്തീടുവാ-
നിക്കൂട്ടത്തോടു വന്നു നേർക്കട്ടെ മടിയാതെ;
എന്തഹോ കഷ്ടമജ്ജയന്തനും വന്നില്ലല്ലോ
തന്തയാം നിന്നുടെയ താന്തോന്നിത്തത്തിനിനി
ബന്ധനമുചിതമെന്നന്തരമവർക്കുള്ളിൽ
ചിന്തിച്ചു കേഴുന്നു നീയെന്തിന്നു പാഴിൽത്തന്നെ
ഉച്ചയ്ക്കുമുഷസ്സിന്നുമിച്ഛയ്ക്കു ചേരുംവണ്ണം
വച്ചു ചോറും കറിയും കാച്യ പാലിവയെല്ലാം
നിച്ചലും മുടങ്ങാതെ മെച്ചത്തിൽ കൊടുത്തേററം
സ്വച്ഛമാം മെത്തമേൽ വിരിച്ചു കിടത്തിത്തൻെറ
കൊച്ചിനെച്ചൊല്ലിപ്പാരം ദുഃഖിച്ചു പോരുന്ന ത-
ൻറച്ഛനെക്കൂറില്ലാത്ത കൊച്ചുകിടാങ്ങളായാൽ
വച്ചേക്കരുതു പിന്നെത്തച്ചു കൊല്ലണമിപ്പോൾ
ഇച്ചാപല്യങ്ങളൊന്നുമിക്കൂട്ടങ്ങളിൽക്കാണാ;

---

1. കീശായമാനൻ = കുരങ്ങിനു തുല്യനായവൻ (കെട്ടിയിടപ്പെട്ട്).
2. വിഷ്ടരശ്രവസ്സ് = വിഷ്ണു. (സർവ്വത്ര വ്യാപിക്കുന്ന കീർത്തിയുളളവൻ.)

കണ്ഠൻ നിന്നോടു ദശകണ്ഠൻ മടങ്ങിയതു
കണ്ടു രാവണിയേററം ശുണ്ഠിച്ചു വന്നു നിൻെറ
തണ്ടുതപ്പിത്തമെല്ലാം കൊണ്ടുവയ്പിച്ചു പേടി—
ത്തൊണ്ടനാം നിന്നെ കെട്ടിക്കൊണ്ടിങ്ങു പോന്നു വന്നി—
ക്കണ്ട ജനങ്ങളെല്ലാം കണ്ടുനില്ക്കേ ചങ്ങല—
കൊണ്ടുബന്ധിച്ചതും നീ കണ്ടില്ലേ ദേവരാജാ!
മക്കളെന്നാകിലവരിക്കണക്കിരിക്കേണം
പോക്കണക്കേടു നിൻെറ പോക്കുവാൻ തക്കപോലെ
വിക്രമശാലിയായിരിക്കുന്ന പുത്രൻ നിന—
ക്കിക്കാലം പൊക്കംതന്നെ ദുഷ്കാലം നീക്കാവതോ?
രാക്ഷസർക്കുദ്ഭവിച്ചാൽ രൂക്ഷതയുണ്ടാമേററം
അക്ഷീണബലത്തോടും ദക്ഷനായ്ത്തീരുമവൻ
ലക്ഷം സുതൻമാർ സഹസ്രാക്ഷാ നിനക്കെന്നാലും
രക്ഷോവരൻമാരോടു കാൽക്ഷണം നില്ക്കയില്ല;
എന്നതുകൊണ്ടു തവ നന്നായ്വരുവാൻ വഴി—
യൊന്നു ഞാനുരചെയ്യാമെന്നങ്ങു ബോധിച്ചാലും;
ഇന്നതു മററാരോടും ചെന്നു പ്രസംഗിക്കേണ്ട
എന്നാലതിന്നു വിഘ്നം വന്നുപോമറിഞ്ഞാലും;
ഇന്ദ്രനാം നിൻെറ നല്ല സുന്ദരിമാരെയെല്ലാ—
മൊന്നൊഴിയാതെകണ്ടീ മന്ദിരേ വരുത്തുക
എന്നാൽ നിനക്കു നല്ല സുന്ദരൻമാരായ്ച്ചില—
നന്ദനൻമാരുണ്ടാകുമെന്നേ പറവാനുള്ളു;
ആയതിൽ ചിലരിന്നീ മായാവികളെ വെന്നു—
പായേന നിന്നെക്കൊണ്ടുപോയീടും ബോധിച്ചാലും
അല്ലാതൊരുവനിന്നീ വല്ലാത്ത കൂട്ടങ്ങളെ
വെല്ലുവതിന്നു പോരുകില്ലെന്നറിഞ്ഞാലും നീ;
മുള്ളുകുത്തിയാൽ മററു മുള്ളുകൊണ്ടെടുക്കേണം
രാക്ഷസരെജ്ജയിപ്പാൻ രാക്ഷസൻമാരേ നല്ലൂ.''
ഇങ്ങനെയവരുടെ തിങ്ങിന പരിഹാസ—
മങ്ങനെ കേട്ടു കേട്ടു മങ്ങിന മനസ്സോടേ
ദാനവാരിയാം ഭഗവാനേ സ്മരിച്ചു ചിത്തേ
ദാനവാരികൾപതിതാനും വാണിതു തത്ര.
അക്കാലം നാരദൻതാനക്കഥയെല്ലാം ചെന്നു
വെക്കമെങ്ങറിയിച്ചാനക്കമലാസനനെ:
ശക്രൻെറ വർത്തമാനമൊക്കെ ഗ്രഹിച്ചു ബ്രഹ്മാ—
വാക്കമോടോടിച്ചെന്നരക്കൻെറ മന്ദിരത്തിൽ
തൽക്കാലോചിതമായ സൽക്കാരം ചെയ്തു നില്ക്കും
വിക്രമമേറും ദശവക്ത്രനോടരുൾചെയ്തു:

‘‘നക്തഞ്ചരകുലപുംഗവ രാവണ!
യുക്തം നിന്നുടെ തൊഴിലുകളെല്ലാം
ശക്തൻ ദശമുഖനെന്നു വരുത്താ—
നിത്തൊഴിലോ തവ പാർത്താലുചിതം!

എത്രയുമുത്തമനാകും നമ്മുടെ
സുത്രാമാവിനെ ബന്ധിച്ചിങ്ങനെ
അത്ര കിടത്തീടുന്നതു പാർത്താൽ
ചിത്രമതെന്നേ പറവാനുള്ളു;

പണ്ടും പല പല രാക്ഷസരിവരൊടു
ശണ്ഠം തുടങ്ങി മടങ്ങീ ദേവകൾ
മണ്ടുന്നേരത്തായതു രണഭുവി
കണ്ടുംകൊണ്ടിവരിങ്ങിഹ പോരും

ഉണ്ടായിട്ടില്ലന്നും ഈവക
വേണ്ടാസനകർമ്മങ്ങളിലൊന്നും;
ഉണ്ടിതിനിഹമമ ചിലതൊഴിലുകൾദശ—
കണ്ഠാ! നീയിതു ബോധിച്ചാലും;

ചെണ്ടക്കാരൻ ഞാനിഹ നിന്നെ—
ക്കൊണ്ടാടീടുകകൊണ്ടല്ലേ നീ
കണ്ടവരോടൊക്കെച്ചെന്നിങ്ങനെ
ശുണ്ഠി കടിച്ചു നടന്നീടുന്നു?

വേണ്ടാ നിന്നുടെ വികൃതികളേററം
ചെണ്ടത്തം പിണയും തവ മൂഢാ!
വിഷ്ടപനായകനായീടുന്നൊരു
സ്രഷ്ടാവഹമെന്നറിക നിശാചര!

ഒട്ടും മടിയാതമരാധിപനെ
പ്പെട്ടെന്നമ്പൊടു ബന്ധമഴിച്ചു—
വിട്ടീടണമതുകൊണ്ടു നിനക്കും
പുഷ്ടി ഭവിക്കും ലങ്കാധിപതേ!

ഇത്തരമുള്ള പിതാമഹവചനം
ചിത്തഭയത്തൊടു കേട്ടു നിതാന്തം
കാൽത്തളിരിണയതിൽ വീണു വണങ്ങീ—
ട്ടുത്തരമിത്ഥമുരച്ചു ദശാസ്യൻ:
‘‘നിന്തിരുവടിയുടെ കല്പനയെന്നാ—
ലെന്തു നമുക്കിഹ ചെയ്യരുതാത്തു
ചെന്തീക്കനലതിൽ വെന്തു മരിപ്പാ—
നന്തരമില്ല ഭവാനരുൾചെയ്താൽ;

എന്തിനു പഴുതേ കലഹിക്കുന്നു
ഹന്ത ഭവാനീ സുരനായകനുടെ

ബന്ധനകർമ്മമിതിന്നെൻമകനുടെ
താന്തോന്നിത്തമിതെന്നറിയേണം
നിച്ചലുമിവനുടെ തൊഴിലുകളീവക
ദുശ്ശീലത്തിനൊരവധിയുമില്ലാ
കൊച്ചു കിടാങ്ങടെ വികൃതികളെല്ലാ—
മച്ഛൻകുററമതെന്നും ചൊല്ലും
വാശ്ശതുമസ്തു നമുക്കൊരു നന്ദന—
നീശ്വര കൃപകൊണ്ടുളവായല്ലോ
വിശ്വപ്രഭുവാകുന്ന ഭവാനുടെ
ഐശ്വര്യം മമ ജീവിതമെല്ലാം
അരികളൊടമർചെയ്തവരുടെ ബന്ധന—
മരുതെന്നിന്നു ഭവാനരുൾചെയ്തതു
പരമാർത്ഥമതെന്നാകിലുമിപ്പോൾ
കരളിലതടിയനു പററീലേതും.
എങ്കിലുമടിയൻ മടി കൂടാതെ
പങ്കജഭവ! തവ ശാസനമൂലം
ശങ്ക വെടിഞ്ഞീ സുരനായകനെ
ശൃംഖല വിരവിലഴിച്ചു വിടുന്നേൻ;
ശത്രുക്കളിൽനിന്നപമാനാദിക—
ളത്ര വരാതെയിരിപ്പാനിന്നതി
ചിത്രമതായൊരു വരമിഹ നമ്മുടെ
പുത്രനു നല്കീടുക നലമോടെ;''
രാവണനിങ്ങനെ ചൊല്ലിത്തരസാ
രാവണിയേയും തത്ര വിളിച്ചൂ
ദേവാധിപനെബന്ധമഴിച്ചൂ
പോവാനങ്ങിഹ യാത്രയയച്ചു;
സ്രഷ്ടാവിൻെറ പദാബ്ജേ വീണഥ
സാഷ്ടാംഗേന നമസ്കൃതിചെയ്തു;
തുഷ്ടനതായി വിരിഞ്ചനുമപ്പോൾ
തൊട്ടു ശിരസ്സിലനുഗ്രഹമേകി.

രാവണിതന്നെ വിളിച്ചേവമരുളി നാഥൻ:
''രാവണനന്ദനാ! നിൻ ഭാവങ്ങളെല്ലാം ചൊൽക:
താവക വിക്രമം കണ്ടാവോളം പ്രസാദിച്ചേൻ
കേവലം വരമൊന്നു ഭാവിച്ചിട്ടുണ്ടുതാനും
ആയതു മേടിച്ചാലുമാമോദമോടു ഭവാൻ
ഹോമമുണ്ടൊരുവിധമാമെങ്കിൽ ചെയ്തുകൊൾക:
എന്നതു മുടങ്ങാതെയിന്നു സാധിച്ചെന്നാകിൽ
പിന്നെശത്രുക്കളൊരും നിന്നെക്കാൺകയുമില്ല;
ചന്തമോടിന്നു ഹോമം സാധിക്കുംമുമ്പേയൊരു

അന്തരായം വരികിലന്തകൻവീടു പൂകും;
ഇന്ദ്രനെജയിക്കകൊണ്ടിന്ദ്രജ്ജിത്തെന്നു നാമ—
മൊന്നു വിശേഷിച്ചിന്നു തന്നേനെന്നറിഞ്ഞാലും.''
എന്നെല്ലാമരുൾ ചെയ്തു നന്നായനുഗ്രഹിച്ചു
ഇന്ദ്രജിത്തിനെ ഏററം നന്ദിച്ചു വിധാതാവും
പംക്തികണ്ഠനെയും നിതാന്തമനുഗ്രഹിച്ചു
സന്തോഷത്തോടു ബ്രഹ്മാവന്തർദ്ധാനവും ചെയ്തു.
ലങ്കാനായകനേററം ഹുംകാരത്തോടുംകൂടി
ശങ്കാരഹിതം തന്റെ ലങ്കയിൽ സ്വൈരം വാണു,
പാകവൈരിതാൻ നാകലോകത്തിൽച്ചെന്നു പര—
മാകുലമാനസനായാഹന്ത വാഴുന്നേരം
നാരദമുനിവരൻ നീരദവാഹനന്റെ
ചാരത്തു കടന്നുചെന്നോരോന്നിവണ്ണം ചൊന്നാൻ:

പദം. അഠാണ—മുറിയടന്ത

ചരണങ്ങൾ

1. ''ഉമ്പർകുലാധിപ! വമ്പ സഖേ! ശൃണു
ജംഭരിപോ! മഘവൻ! ഭവാ—
നംഭോജസംഭവനന്ദനനാകുമെൻ
സംഭാഷണങ്ങളെല്ലാം.

2. ഇങ്ങനെ സംഗതി വന്നതുകൊണ്ടുട—
നിങ്ങു വിഷാദിക്കേണ്ട—നിങ്ങൾ—
തങ്ങളിലുള്ളൊരു ശക്തിഭേദങ്ങള—
തെങ്ങാനും പോയീടുമോ?

3. ബ്രഹ്മവരബലംകൊണ്ടു ഭവാനെയാ
ജിഹ്മൻ[1] പിടിച്ചു കെട്ടി—യെന്നു
സമ്മതമെല്ലാർക്കുമെന്നു ധരിച്ചാലും—
മംബുദവാഹന! നീ;

4. എങ്കിലുമുണ്ടൊരുപായമവനുടെ
ഹുംകൃതി പോക്കീടുവാ—നെങ്ക—
ലങ്കുരിച്ചീടുന്നു ലങ്കേശനെക്കൊണ്ടു
ശിങ്കുകളിപ്പിച്ചീടാം.

5. അണ്ടർകുലേശ്വര! നിന്നുടെ പുത്രനാ—
യുണ്ടൊരു വാനരത്താൻ—ചെന്നു
കണ്ടാൽ കൃതാന്തനുമിണ്ടലകപ്പെട്ടു
മണ്ടീടുമിന്നവനെ;

6. കുണ്ഠേതരബലനാകിന ബാലിയെ—
ക്കൊണ്ടു കഴിക്കാം കാര്യം—ദശ—

---

[1] ജിഹ്മൻ = ദുഷ്ടൻ; ചതിയൻ.

കണ്ഠനെ ലാംഗുലംകൊണ്ടു ബന്ധിപ്പിച്ചു
കണ്ടു രസിക്കുന്നുണ്ട്.

7. ഇണ്ടലോടെ ദശകണ്ഠനൊരു പന്തീ–
രാണ്ടു കിടന്നീടേണം—തത്ര
ചെണ്ട പിണയ്ക്കുവാൻ നമ്മെക്കണക്കെയി–
ക്കണ്ടതിലാരുമില്ലാ.''

ഏവം മുനിവാക്കുകൾ കേട്ടഥ–
വാഴും വലശാസനനും നിജ–
ഭാവങ്ങൾ പറഞ്ഞു തെളിഞ്ഞഥ
ദേവമുനീശ്വരനൊടു കുതുകാൽ:
''കരുണാമയ വരുണനികേതന
കരുണാകരചരണനിഷേവണ–
കരണോദ്യതമുനിവര! നീയിഹ
ശരണം മമ പുനരിതുസമയേ;
അതി ദുർമ്മതി രാവണനനവധി
ചതിവെന്നൊടു ചെയ്തിതു രണഭുവി
മതിയായതുമില്ല ജയിപ്പതി–
നിതി കലയ മഹാഗുണരാശേ!
അതു കണ്ടു കയർത്തഥ രാവണി
ചതികൊണ്ടു ജയിച്ചവനെന്നെയു–
മതിവേഗംകൊണ്ടു തിരിച്ചവർ
പുരിയതിലൊരു ദിശി ബന്ധിച്ചൂ.

ദുഷ്ടൻമാരുടെ പുരിയതിലേററം
കഷ്ടപ്പെട്ടുടനവരുടെ തല്ലും
കൊട്ടും കൊണ്ടുടനങ്ങനെ വലയിൽ–
പെട്ട കുരങ്ങുകണക്കെ വസിച്ചു;
വട്ടമതെല്ലാമങ്ങു ഗ്രഹിച്ചാ–
സ്രഷ്ടാവവിടെയെഴുന്നള്ളിപ്പല–
വട്ടം രാവണനോടു പറഞ്ഞതി–
രുഷ്ടതനായി വിരിഞ്ചനുമപ്പോൾ
പെട്ടെന്നെന്നെയഴിച്ചുവിടാനായ്
വട്ടംകൂട്ടിയടുത്തു ദശാസ്യൻ
കെട്ടിമുറുക്കിപ്പൂട്ടിയ ചങ്ങല
വെട്ടിയറുത്തുകളഞ്ഞവനമ്പൊടു
മുഷ്ടിചുരുട്ടിക്കൊണ്ടു തലയ്ക്കൊരു
കൊട്ടും തന്നവനെന്നെയയച്ചു;
കഷ്ടം! കള്ളൻമാരുടെ തൊഴിലുക–
ളൊട്ടല്ലെന്നങ്ങറിക മുനീന്ദ്രാ

വാട്ടമകന്നു ഭവാനിന്നക്കപി—
കൂട്ടങ്ങൾക്കെജമാനനതാമെ—
ൻറിഷ്ടകുമാരൻ ബാലിയൊടവനുടെ
ചേഷ്ടിതമൊക്കെയുമുരചെയ്യേണം;
കൂട്ടണമവനെക്കൊണ്ടിഹ ചില പണി
കോട്ടം ദശമുഖനങ്ങു വരേണം
നിഷ്ഠുരതരനാം രാവണനവിടെ—
ക്കെട്ടുപിണഞ്ഞു കിടന്നീടേണം
പെട്ടെന്നായതുകൊണ്ടിഹ നമ്മുടെ
വാട്ടം തീരുമതെന്നറിയേണം;
ഒട്ടും താമസിയാതേകണ്ടു പു—
റപ്പെട്ടാലുമതിന്നു മുനീന്ദ്രാ!''

ദേവാധിരാജനുടെ ഭാവങ്ങളെല്ലാം കേട്ടു
ദേവമുനി ''ഞാനിതാ പായുന്നു'' എന്നും ചൊല്ലി
തോഷം കലർന്നോരോരോ ഭാഷണംചെയ്തു പോകും
വേഷം വിചാരിച്ചാൽ വിശേഷമെന്നതേ വേണ്ടു!
കാഷായവസ്ത്രധാരി ശേഷൻെറ ഭക്തിശാലി
ഏഷണിക്കെത്ര നല്ല ശേഷിയായ് നടക്കുന്നു!
നാരദമുനിവരൻ വീരൻ ബാലിയെക്കണ്ടു
സാരമങ്ങറിയിച്ചു പാരാതെ പുറപ്പെട്ടു
വീണാപാണിയാം മുനി കാണിനേരംകൊണ്ടങ്ങു
ചേണാർന്ന ലങ്കാപുരേ ചെന്നു കേറിനാൻ മെല്ലെ;
നക്തഞ്ചരേന്ദ്രനപ്പോൾ ഭക്തി നടിച്ചു പാരം
ഭക്തനാം മുനിതന്നെസ്സത്ക്കരിച്ചിരുത്തിനാൻ
ധിക്കാരമേറും ദശവക്ത്രൻ മാമുനിയോടു
തക്കത്തിലുരചെയ്തു തത്ക്കാലോചിതമെല്ലാം:

''നാരദമുനിവര! നിന്തിരുവടി താ—
നേതൊരു ദിശിനിന്നിപ്പോൾ വരുന്നു?
ആദരവോടരുൾചെയ്തീടുക ഭവ—
ദാഗമനത്തിനുമെന്തൊരു മൂലം?
വൃത്രാരിയുടെ ചരിത്രവിചിത്രം
ശ്രോത്രഗതങ്ങളതല്ലേ സുമതേ!
എത്ര സമർത്ഥനതാകും നമ്മുടെ
പുത്രൻ രിപുകുലമർദ്ദനശീലൻ
വാസ്തോഷ്പതി[1] യെസ്സമരം തന്നി—
ലമർത്തഥ ബന്ധിച്ചാത്തരുഷാ പുരി—
ചേർത്തു കിടത്തിയിതെന്നിങ്ങനെ ചില

---

[1] വാസ്തോഷ്പതി=ദേവേന്ദ്രൻ.

വാർത്തകൾ നീളെ നടക്കുന്നില്ലേ?
പങ്കേരുഹഭവനായ വിരിഞ്ചൻ
ലങ്കാപുരിയിൽ വന്നിഹ നമ്മൊടു
സങ്കടമേകിയ കാരണമവനെ
ശൃംഖലയീന്നിഹ മോചിച്ചിതു ഞാൻ;
ലങ്കാനായകനാകും നമ്മേ—
ശ്ശങ്കിക്കാതിന്നൊരുവൻപോലുമ—
ഹങ്കാരങ്ങൾ തുടങ്ങീട്ടുണ്ടുട—
നെങ്കിൽ നമുക്കതു കേൾക്കണമിപ്പോൾ:
ത്രിഭുവനവാസികളെല്ലാം നമ്മുടെ
പ്രഭുതകൾ കേട്ടഥ വാഴ്ത്തുന്നില്ലേ?
വിമതജനങ്ങളതെങ്ങാനും മമ
സമത നടിച്ചു നടക്കുന്നുണ്ടോ?
തണ്ടാർശരനെപ്പണ്ടൊരുനാൾ ശിതി—
കണ്ഠൻ ചുട്ടുകരിച്ചൊരുശേഷം
രണ്ടാം കാമൻതന്നുടെ ജനി ദശ—
കണ്ഠനിതെന്നു ധരിച്ചീടേണം:
കണ്ടാലഴകേറുന്നൊരു നമ്മുടെ
തൊണ്ടി തൊഴുന്നൊരു ചുണ്ടും മുഖവും
കണ്ടാലാഗ്രഹമുണ്ടാവാത്തൊരു
വണ്ടാർകുഴലികളുണ്ടോ ഭുവനേ?
ചഞ്ചലമിഴിമാരെന്നെ നിനച്ചവർ
പഞ്ചശരാർത്തികൾ പൂണ്ടു മയങ്ങി
പഞ്ചതവരുമാറായിക്കിമപി ച
ചാഞ്ചല്യത്തൊടു മേവുന്നില്ലേ?
ഈരേഴുലകിലുമിന്നു നിനച്ചാ—
ലീ രാവണനെക്കൊണ്ടു ദുഷിപ്പവ—
രാരാനും പുനരുണ്ടെന്നാലതു
നേരോടു പറഞ്ഞീടുക ഭഗവൻ!''
പംക്തിഗളന്റെ വചസ്സുകൾ കേട്ടതി—
സന്തോഷേണ പറഞ്ഞു മുനീന്ദ്രൻ:
''ഹന്ത ഭവാനുടെ കരബലവിരുതുകൾ
ചിന്തിച്ചാൽ ബഹു വിസ്മയമല്ലോ!
സിന്ധുരബല നിൻ സൂനു സുരേന്ദ്രനെ
ബന്ധിക്കുന്നതു കണ്ടു സുരൻമാ—
രന്ധൻമാരവരോടിയൊളിച്ചൊരു—
ദന്ത[1] മിതിന്നാരറിയാതുള്ളു!
രാവണനെന്നതു കേൾക്കുന്നേരം

---

1. ഉദന്തം=വാർത്ത.

ദേവകളൊക്കെ വിറച്ചീടുന്നു
കേവലമിഹ ഞാൻ ഭദ്രം പറക[1]—
ല്ലേവർക്കും ഭയമുണ്ടിഹ നിന്നെ:
എങ്കിലുമുണ്ടൊരു വാർത്തകളിപ്പോൾ
ലങ്കാധിപതേ! നിന്നൊടുണർത്താൻ
ശങ്കയുമുണ്ടതു പറവതിനും ശിവ
ശങ്കര! യെന്നതു മാത്രം പറയാം[2].
വാനവർവരനുടെ മകനായിട്ടൊരു
വാനരനുണ്ടീ ഭുവനതലത്തിൽ
നാനാജനവും മാനിക്കുന്ന ഭ—
വാനെക്കൊണ്ടു ദുഷിച്ചീടുന്നു.
ആശരവരനാം നിന്നെക്കൊണ്ടൊരു—
കീശൻ വളരെ ഹസിച്ചീടുന്നു
നാശമവന്നു വരുത്തീടാഞ്ഞാൽ
മോശം നിന്നുടെ കാര്യമശേഷം;
കല്യനവൻ പറയും മൊഴി നിന്നൊടു
ചൊല്ലുവതിന്നു ഭയം കുറെയുണ്ട്
'പുല്ലുമെനിക്കു ദശാസ്യനുമൊക്കു' മി—
തെല്ലാമവനുമുരച്ചീടുന്നു!
നല്ലൊരു വടികൊണ്ടവനെത്തല്ലി—
പ്പല്ലുകളൊക്കെയുതിർത്തുടനവനുടെ
എല്ലുകളുള്ളതിടിച്ചുനുറുക്കി—
കൊല്ലാക്കൊലചെയ്തവനുടെയരയിൽ
നല്ലൊരു വള്ളി വലിച്ചു മുറുക്കീ—
ട്ടെല്ലായിടവും കൊണ്ടുനടക്കണ—
മല്ലാതേകണ്ടവനുടെ ഗർവ്വുക—
ളെല്ലാമിന്നു ശമിക്കുകയില്ലാ;
ഇക്കഥ പലരും കേൾക്കുംമുൻപേ
വെക്കം ചെന്നു പിടിച്ചു നമുക്കാ—
മർക്കടകീടനെ നമ്മുടെ ലങ്കയി—
ലാക്കണമതിനു ഗമിക്കണമധുനാ;
മൂക്കു തുളച്ചൊരു ചരടും കോർത്ത—
ക്കാൽക്കുമരയ്ക്കും ചങ്ങലയിട്ടൊരു
മുക്കിൽ പെരിയൊരു കുററി തറച്ചു
തലയ്ക്കണമെന്നേ മതിയാവുള്ളു;
ഇക്കണ്ട കിടാങ്ങൾക്കു കളിപ്പാ—
നക്കപികൊള്ളാമെന്നു ധരിക്ക;

---

1. ഭദ്രം പറയുക (ശൈലി) = ഭംഗിവാക്കു പറയുക; മുഖസ്തുതി പറയുക.
2. ശിവശങ്കര! പറയുക (ശൈലി) = അദ്ഭുതം കൂറുക.

ഇക്ഷണമതിനു പുറപ്പെട്ടീടുക
രാക്ഷസകുലമൗലേ! മടിയാതെ.''
സുരോത്തമൻമുനിയുരത്ത വാക്കുകൾ
പെരുത്ത കോപമൊടതോർത്തു സർവ്വം
കരുത്തനാശരകുലോത്തമൻ മുനി—
യൊടുത്തരം പുനരുരത്തിതേവം:
''കടക്കണം ബത പൊടുക്കനെന്നഥ
നടക്കണം ചപലമർക്കടത്തിനോ—
ടടുക്കണം മദമടക്കണം പുന—
രൊടുക്കണം സകലമർക്കടങ്ങളെ;
കരുത്തനെന്നുടെ തരത്തിലിന്നുട—
നൊരുത്തനൻപിനൊടെതിർക്കിലന്തക—
പുരത്തിലവനുടെ യിരുത്തമെന്നതു
വരുത്തുമിന്നതി സമർത്ഥനാം ഞാൻ;
വെറുത്തു നമ്മളെ മറുത്തു സമ്പ്രതി
കറുത്ത വാക്കുകളുരത്തവൻ തല—
യറുത്തു തീയതിൽ വറുത്തവന്നുടെ
പെരുത്ത ഗർവ്വവുമമർത്തിടും ഞാൻ
ഇത്ഥം ബാഹുപരാക്രമമുള്ളൊരു
നക്തഞ്ചരനാമെന്നെ ദുഷിക്കുമ—
ശക്തനതാകും വാനരവരനോ—
ടുത്തരമിന്നിഹ ചോദിക്കേണം;
കൊണ്ടാ തേരും കുതിരയുമാശര—
കുണ്ഠൻമാരേ! ഝടിതി കടപ്പിൻ
വേണ്ടും പടയുടെ കോപ്പുമെടുത്തഥ
മണ്ടിനടപ്പിൻ മടികൂടാതെ;
അണ്ടർകുലേശ്വരനന്ദനനായി—
ട്ടുണ്ടൊരു വാനരനവനൊരു ദിശിയീ ദശ—
കണ്ഠൻതന്നെക്കൂട്ടാക്കാതെ
തണ്ടുകളോരോന്നുരചെയ്യുന്നു!
ശണ്ഠതുടങ്ങണമവനൊടു വാനര—
കണ്ടകനെക്കൊല ചെയ്യണമിപ്പോൾ
വെക്കം രാക്ഷസരൊക്കെ നടപ്പിൻ
തക്കം നോക്കീട്ടവനൊടടുപ്പിൻ
മർക്കടവരനെത്തല്ലിക്കൊന്നു തി—
രിക്കണമിതിനു ഗമിക്കണമധുനാ!''
ഇത്തരമുരചെയ്തത്തലകന്നു ക—
രത്തിലെടുത്തു പിടിച്ചു കൃപാണം

ഉത്ഥാനംചെയ്യുമ്പോളവനോ—
ടിത്ഥം കിമപി പറഞ്ഞു മുനീന്ദ്രൻ:
‘‘എന്തൊരു വിധമിതു പംക്തിമുഖാ! തവ—
ഭ്രാന്തുപിടിച്ചവനെന്നകണക്കെ
സ്വാന്തേ തങ്ങടെ കരബലമൊന്നും
ചിന്തിക്കാതെ പറഞ്ഞീടുന്നു?

ഉൽക്കടവീര്യനതെങ്കിലുമിന്നൊരു
മർക്കടകീടനെയങ്ങു ജയിപ്പാൻ
രാക്ഷസരൊക്കെ നടക്കണമെന്നതി—
രൂക്ഷതയോടു പറഞ്ഞതുമുചിതം!
ആയുധപാണികളായിട്ടൊരു പതി—
നായിരമാളുകളോടിടചേർന്നു
പോയീടുന്നതു കൊള്ളാം! പുനരുട—
നായോധനമൊരു വാനരനോട്!

ഈവകയൊന്നും പറയരുതേ മമ
രാവണ! ചേരുകയില്ല ഭവാനും
സേവൻമാരാം ഞങ്ങൾക്കും പുന—
രേവം വാക്കുകളുചിതവുമല്ലാ;

വില്ലും വേണ്ടാ ശരവും വേണ്ടാ
വില്ലാളികളിവരാരും വേണ്ടാ
നല്ല പരാക്രമമുള്ള ഭവാനൊരു
പുല്ലും സമ്പ്രതി ബാലിയുമൊക്കും;
കീശനൊടേല്പാനായുധമായതു
പാശമതെന്നു ധരിച്ചീടേണം
കാശിനുപോലും വിലപിടിയാത്തവ—
രാശു ധരിക്ക വലീമുഖരെല്ലാം;
തായം നോക്കിച്ചെന്നങ്ങവനുടെ
കായമതിങ്ങു പിടിക്കണമതിനൊരു—
പായമതുണ്ടാമതിനു നിനക്കു സ—
ഹായം ഞാനും കൂടെപ്പോരാം;
അല്ലാതേകണ്ടവനുടെ നേരെ—
യെല്ലാമൊരുമിച്ചങ്ങനെ ചെന്നാൽ
ഭല്ലൂകച്ചാരങ്ങതു കണ്ടാൽ
പല്ലുമിളിച്ചൊരു ഭാവം കാട്ടി—
ത്തെല്ലും താമസിയാതെ ധാവതി—
ചെയ്യും സംശയമില്ലതിനേതും;
ചൊല്ലാം പിന്നെ മനോരാജ്യങ്ങള—
തെല്ലാമിന്നിഹ പൊക്കംതന്നെ.’’

മർമ്മതാളം

ഇത്തരമുരചെയ്തൊരു മുനിയുടെ യുക്തികരം കേട്ടു ദശാസ്യൻ
സത്വരമൊരു തേർത്തടമതിലുടനാത്തസുഖത്തൊടു കേറി
നാരദമുനിവീരനുമതുപൊഴുതാശരവരനൊടുകൂടി
തേരതിലുടനങ്ങു കടന്നു കരേറിയിരുന്നിതമന്ദം
രാവണനഥ ദേവമുനീശ്വരസേവകനാഹവശൂരൻ
ഭാവനമതു ചെയ്തിതു; സരഭ*സമവനതി ധീരനുദാരൻ
അടവികരം ചില വിടപികളുടനഥ കടലു കടന്നു നടന്നു
കടുതരബലമുടയൊരു കപിവരനികടമണഞ്ഞു പതുക്കെ
ദക്ഷിണജലനിധിയുടെ തടഭുവി രൂക്ഷതയോടു നിതാന്തം
തൽക്ഷണകൃതതർപ്പണനവനെ നിരീക്ഷ്യ നിശാചരവീരൻ†
വലുതായൊരു കുലഗിരിയെന്നിതി നിജഹൃദി കരുതിയ സമയേ
കലഹകുതുകി നാരദനവനൊടു നലമൊടു വചനമുരത്തു:
"കണ്ടാലും നീ ബാലിയെ വിരവൊടു
വേണ്ടാ മനസി ഭയം ദശകണ്ഠാ!
നീണ്ടു തടിച്ചു വളർന്നൊരു വാലും
കണ്ടാലധികഭയങ്കരമുഖവും
കണ്ടതുകൊണ്ടൊരു സാരവുമില്ലാ
തൊണ്ടനവൻ കരുതീടുക നമ്മെ—
ക്കണ്ടാൽ വാലും പൊക്കിക്കൊണ്ടഥ
മണ്ടും രണ്ടതിനില്ലിഹ പക്ഷം;
ഉണ്ടൊരുപായമതിന്നിഹ പിമ്പേ—
മിണ്ടാതേ ചെന്നരികിൽ കരമതു—
കൊണ്ടു പിടിക്കണമെന്നാലായതി—
നിണ്ടലകപ്പെടുമുടനേതന്നെ
എന്തിനു താമസമതിനിഹ പഴുതേ
ചിന്തിക്കേണ്ട ഭവാനൊരു തെല്ലും."
ചന്തമൊടിങ്ങനെ ചൊല്ലും മുനിയൊടു
പംക്തിമുഖൻതാനിദമുരചെയ്തു:
'അക്കപിവരനവനെങ്ങെൻ നാരദ!
ഭോഷ്ക്കു പറഞ്ഞു ഫലിപ്പിക്കുന്നോൻ;
ഇക്കാണുന്നൊരു പർവതമതിനുടെ
തെക്കുവശത്തോ ബാലി വസിപ്പൂ?''
ചൊല്ക്കൊള്ളും ദശകണ്ഠൻ പറയും

---

* 'ധാവനമതു ചെയ്തിതു സരഭസേ'—എന്നൊരു പാഠഭേദം ചൊല്ലിവരുന്നുണ്ട്.

† 'തൽക്ഷണകൃതതർപ്പണവരനെ നിരീക്ഷ്യ നിശാചരവീരൻ'—പാഠാന്തരം.

വാക്കുകളിങ്ങനെ കേട്ടു മുനീന്ദ്രൻ
ഉൾക്കാമ്പിങ്കൽ പുഞ്ചിരിതൂകി—
യരക്കൻതന്നോടു പിന്നെയുമോതി:
“‘പർവതമല്ലയിതയ്യോ! നമ്മുടെ
ഗർവ്വിതഹൃദയൻ ബാലിയതല്ലോ
ശർവ്വതപോധന! നീയിന്നവനെ—
പ്പർവ്വതസമനായ്ക്കാണുകയത്രേ;
മുമ്പേതന്നെ പറഞ്ഞില്ലേ ഞാൻ
ജൃംഭിതകായൻ ബാലിയതെന്നും
സംഭ്രമമേതും വേണ്ട മനസ്സിൽ
സമ്പ്രതി ചെന്നു പിടിച്ചേച്ചാലും;*
അൻപോടിങ്ങിനെ കണ്ടാലവനതി—
ഗംഭീരനതെന്നിങ്ങനെ തോന്നും
വമ്പേറുന്ന ഭവാനെക്കണ്ടാൽ
കമ്പമിയന്നൊരു കൊമ്പേലേറും;
സാമ്പ്രതമതുകൊണ്ടങ്ങവനറിയു—
മ്മുമ്പേ ചെന്നാ വാലു കടന്നിഹ
പിമ്പേ ചെന്നു പിടിച്ചോണ്ടാലും
ഞാൻ പുനരത്ര വസിച്ചീടുന്നേൻ;”
ഉമ്പർ മുനീശ്വരവാക്കുകൾ കേട്ടവ—
നുമ്പർകുലേശൻതന്റെ മകന്റെ
ജൃംഭിച്ചുള്ള ശരീരം വഴിയേ
സംഭാവനമതു ചെയ്തൊരു സമയേ
ചെമ്പിച്ചീടിന താടിയുമവനുടെ
ചെമ്പുകിടാരംപോൽ നയനങ്ങളും
അമ്പിളിപോലെ വളഞ്ഞൊരു പല്ലും
വമ്പിച്ചീടിന നാസാകുഹരം
പാതാളോപമമായൊരു വായും
ചേതോഭയമുളവാകും മുഖവും
നീണ്ടുതടിച്ചു വളർന്ന കരാംഘ്രികൾ—
രണ്ടും നെടുതായുള്ളൊരു വാലും
കണ്ടു വിരണ്ടതിഭീതനതാം ദശ—
കണ്ഠൻ മാമുനിയോടരുൾചെയ്തു:
“ഇപ്പോൾ തരമല്ലിനിത്തർപ്പണം കഴിയട്ടേ
സ്വല്പം താമസിച്ചേ പിടിപ്പാൻ തരമാവുള്ളു;
മൽപുരേ ചെന്നു പോരാനല്പം സമയമുണ്ടെ—
ന്നുൾപ്പൂവിലുറച്ചാലും കെല്പേറും മഹാമുനേ!
മറ്റൊന്നുമുണ്ടായിട്ടല്ലേറ്റം ഞാൻ പറയുന്നു
തെറ്റെന്നെന്റുണ്ണികളെ മുറ്റും കാൺമതിനത്രേ;

* ‘സംപ്രതി ചെന്നു പിടിച്ചോണ്ടാലും.’—പാഠാന്തരം.

അക്ഷനെക്കാണാതൊരു കാൽക്ഷണം പൊറുക്കുവാൻ
ദക്ഷനല്ലഹമെന്നും ശിക്ഷയോടറിഞ്ഞാലും
പക്ഷേ ചെന്നൊരുനോക്കെന്റെകക്ഷനെക്കണ്ടുംവച്ചു
തൽക്ഷണം പോന്നേക്കാം ഞാനൃക്ഷനെ ബന്ധിച്ചേക്കാം,
ആടലില്ലെനിക്കിന്നീ മൂഢനെ ജയിപ്പാനെ-
ന്നോടു പിന്നെ മററാരും കൂടെ വേണമെന്നില്ല.''
തൊണ്ടനാകുന്ന ദശകണ്ഠന്റെ വാക്കു കേട്ടു
ചെണ്ടക്കാരനാം മുനി വീണ്ടുമരുളിച്ചെയ്തു:

''അദ്ഭുതവിക്രമ! നിന്നുടെ വാക്കുക-
ളദ്ഭുതമെന്നേ പറവാനുള്ളു!
അർഭകനെക്കണ്ടേച്ചു വരാനൊരു
താത്പര്യം പുനരിപ്പോളുചിതം!
കെല്പേറുന്ന ഭവാനിവയൊന്നും
കല്പിക്കുന്നതു യോഗ്യതയല്ലാ;
ഉൾപ്പൂവിൽ ഭയമുണ്ടെന്നാളുകൾ
ജല്പിക്കും ചിലരിങ്ങനെയായാൽ;
അച്ഛൻതന്നുടെ വരവും നോക്കി
കൊച്ചുകിടാങ്ങളിരിക്കുന്നേരം
തുച്ഛപദാർത്ഥമതെങ്കിലുമിന്നൊരു
കാഴ്ചയവർക്കു കൊടുക്കണമിപ്പോൾ:
അല്ലാതേകണ്ടവരുടെ മുമ്പിൽ
ചെല്ലാനൊരു സുഖമില്ല നിനച്ചാൽ
നല്ല പദാർത്ഥമതിന്നിവനിപ്പോൾ
നല്ലൊരു സമയം ചെന്നു പിടിപ്പാൻ
വല്ലാതേ ശങ്കിച്ചുംകൊണ്ടിഹ
നില്ലാതേ ചെന്നങ്ങു പിടിപ്പാൻ
ചൊല്ലേറുന്ന ഭവാന്റെ മനസ്സിൽ
കില്ലു വരാനിതിലെന്തൊരു മൂലം?''

പ്രൗഢനാം നാരദന്റെ ചാടുമൊഴികൾ കേട്ടു
മൂഢമതിയാമവൻ രൂഢമദനായ്ത്തീർന്നു;
പ്രൗഢബലൻ ബാലീടെ പാടവമോർത്തീടാതെ
ചാടിച്ചെന്നക്കപീന്ദ്രനോടങ്ങടുത്തു മെല്ലെ;
കൂടെക്കൂടവേ മുനിയോടു കടാക്ഷിക്കയും
ഓടിച്ചെന്നടുക്കയും പേടിച്ചിങ്ങൊഴിക്കയും
ഇങ്ങനെ പലവട്ടമോങ്ങിയുമുടനിങ്ങു-
വാങ്ങിയുമുള്ളിൽ ഭയം വിങ്ങിയുമത്ര കണ്ടാൻ;
ചങ്ങാതിയാകും മുനി തിങ്ങിന രസംപൂണ്ടു
ഭംഗിയിൽ പറയുന്നു ''ലാംഗുലം പിടി''യെന്നും;

തൊണ്ടൻരാവണനൊന്നും മിണ്ടാതടുത്തു പിമ്പേ
നീണ്ടുതടിച്ച വാൽ കരംകൊണ്ടു പിടിച്ചുപോയ്

ഒരു കൈകൊണ്ടാ വാനരവരനുടെ
പെരിയൊരു വാലു പിടിച്ചൊരുസമയേ
ഹരിയൊരു സംശയമെന്യേ കരമതു
വരിയുന്നൂ നിജ വാലതുകൊണ്ട്;
അതുനേരം ദശകന്ധരനവനൊരു
ചതിവുപിണഞ്ഞൊരു ഭാവത്തോടേ
ചതുരൻ മുനിയുടെ മുഖമതു നോക്കി–
ഗ്ഗതിയിനിയെന്തെന്നിതി കാട്ടുന്നു;
''ഇനി മററേക്കൈകൊണ്ടു പിടി''പ്പാൻ
മുനി തെററന്നു വിളിച്ചുപറഞ്ഞു:
നിനവേററം കുറയുന്നൊരു രാവണ–
മനമേററം പുനരൊന്നു തെളിഞ്ഞു;
രണ്ടാമത്തെക്കൈക്കൊണ്ടഥ ദശ–
കണ്ഠൻ വാലു പിടിച്ചൊരു സമയേ
രണ്ടു കരങ്ങളുമൊരുമിച്ചഥ വാൽ–
കൊണ്ടു മുറുക്കിവരിഞ്ഞിതു ബാലി;
'രണ്ടു കരം പണയത്തിലതായതു
കണ്ടില്ലേയിന്നെന്റെ മുനീന്ദ്രാ!
ചെണ്ട പിണപ്പാൻതന്നേ നമ്മെ–
ക്കൊണ്ടിഹ പോന്നു ഭവാനിവിടേയ്ക്ക്''
ഇണ്ടലൊടിങ്ങനെ രാവണഭാവം
കണ്ടു രസിച്ചു മുനീശ്വരനൂചേ:
''നീണ്ടുതടിച്ചൊരു കൈകളതിരുപതു
കൊണ്ടും തെരുതെരെയങ്ങു പിടിക്ക;''
നാരദമുനിയുടെ വാക്കുകൾ കേട്ടതി
നീരസികൻ[1] നിശിചാരികുലേന്ദ്രൻ
ഇരുപതു കൈകൾകൊണ്ടും പരിചൊടു
തെരുതെരെ വാലു പിടിച്ചൊരു സമയേ
രാത്രിഞ്ചരനുടെ ഗാത്രമശേഷം
കോർത്തുവലിച്ചു വരിഞ്ഞിതു വാലാൽ;
തീർത്ഥസ്നാനം ചെയ്യിപ്പിച്ചു കൃ–
താർത്ഥനതായിതു ബാലിയുമപ്പോൾ,
ചിത്താനന്ദംപൂണ്ടു മുനീശ്വര–
നിത്ഥം നിന്നു വിളിച്ചുപറഞ്ഞു:
''ഭോ! ഭോ! രാവണ ലങ്കാധിപതേ!
പോകുന്നേനഹമമ്പൊടു നൃപതേ!

---

[1] നീരസികൻ=നീരസം തോന്നിക്കുന്നവൻ; ദുർമ്മുഖൻ

ശോകമതേതും വേണ്ട ഭവാനു വി–
വേകമൊരല്പം വേണംതാനും;
വൈകാതിഹ ഞാൻ ചെന്നു ഭവാനുടെ
നാകാധിപനെ ജയിച്ച കുമാരനൊ–
ടാകെച്ചെന്നിവ കണ്ടു പറഞ്ഞതി–
വേഗം കൂട്ടിക്കൊണ്ടു വരുന്നേൻ.''
എന്നിങ്ങനെ പരിഹാസമതായോ–
രോന്നു പറഞ്ഞു നടന്നു മുനീന്ദ്രൻ
നക്തഞ്ചരവരനക്കപിതന്നുടെ
സക്ഥി[1]യതിങ്കൽ ബദ്ധനതായി;
ബുദ്ധിക്ഷയവും പൂണ്ടു കിടന്നവ–
നത്തൽ മുഴുത്തു കരച്ചിൽ തുടങ്ങി:

പദം. ദ്വിജാവന്തി—ചായ്പ്

ചരണങ്ങൾ

1. ''പാഹി പാഹി പരമേശാ! ദേഹി ദേഹി ദയാമെങ്കൽ
സാഹസങ്ങൾകൊണ്ടു വന്ന സങ്കടം തീർക്ക
2. ഇന്ദുചൂടും ഭഗവാനേ! ഇന്നു ഞാനീക്കുരങ്ങിന്റെ
പിന്നിൽ വന്നകപ്പെട്ടുപോയെന്നതേ വേണ്ടൂ
3. ഇന്നി ഞാനെത്ര നാളിഹ ഖിന്നനായിക്കിടക്കേണ്ടു
ധന്യശീല! പ്രസാദിക്ക കിന്നരപൂജ്യാ!
4. ഉപ്പുവെള്ളം കുടിച്ചിട്ടും വീർപ്പു തെല്ലും പോവാഞ്ഞിട്ടും
അല്പമല്ലെന്നുടെ ഖേദം മുപ്പുരാരാതേ!
5. ധിക്കാരമേറ്റമെന്നാലതൊക്കെയും നീ ചോദിക്കാതെ
മർക്കടനെക്കൊണ്ടെന്തിനു മർദ്ദിപ്പിക്കുന്നു;
6. നിന്തിരുവടിയല്ലാതെ പംക്തികണ്ഠനാരുമൊരു
ബന്ധുവില്ലെന്നറിഞ്ഞാലും ബന്ധുരമൂർത്തേ!''

ഇങ്ങനെ നിശിചരപുംഗവനവനുടെ
അംഗമതും പ്രത്യംഗംപോലുമ–
നങ്ങാൻ മേലാഞ്ഞംഗജരിപുവിനെ–
യങ്ങുവിളിച്ചു കരഞ്ഞതുകൊണ്ടും
എങ്ങുമൊരല്പം ദുഃഖത്തിന്നൊരു
ഭംഗം വരികയുമുണ്ടായില്ല;
തുംഗമതായ ശരീരം വന്നിഹ
വീങ്ങുന്നിതു ദിവസംപ്രതിയധികം
ഊക്കേറുന്നൊരു ബാലിയുമവനെ–

---

[1] സക്ഥി=പുറന്തുട.

തൂക്കിക്കൊണ്ടഥ വാലധിതന്നിൽ
തക്കം നോക്കീട്ടക്കടലീന്നു പൊ–
ടുക്കെന്നെമ്പൊടു ചാടിയ സമയേ
പൊണ്ണൻ രാവണനവനുടെ പിമ്പൊരു
ഭാണ്ഡം തൂക്കിയതെന്നകണക്കേ
കണ്ണുകളൊക്കെ മിഴിച്ചു തുറിച്ചതി
ദണ്ഡം പൂണ്ടഥ കൂടെച്ചാടി;
പശ്ചിമജലനിധിതീരേ ചെന്നു വ–
സിച്ചിതു ബാലിയുമുടനേതന്നെ
നിശ്ചലഹൃദയൻ തർപ്പണമവിടെയു–
മിച്ഛയൊടങ്ങു തുടങ്ങി പതുക്കെ
പുച്ഛം കൂടെക്കൂടെ ജലത്തിൽ ന–
നച്ചുംകൊണ്ടു കളിച്ചു രസിച്ചും
മൊച്ച[1]യ്ക്കെല്ലാമധിപതിയാമവ–
നിച്ഛയ്ക്കൊത്തതുപോലെ നിതാന്തം
നാലു സമുദ്രങ്ങളിലുമിവണ്ണം
കോലാഹലമായ് തർപ്പണമനവധി–
കാലം ബാലി ദശാസ്യനെ വിരവൊടു
വാലേൽക്കെട്ടിക്കൊണ്ടു കഴിച്ചു;
ഉപ്പുജലങ്ങൾ കുടികുടിച്ചു വി–
ശപ്പും ദാഹവുമറിവാൻ മേലാ–
ഞ്ഞെപ്പൊഴുമവനൊരു പൊറുതിയുമില്ലാ–
ഞ്ഞപ്പടി നല്ല കുഴപ്പംതന്നെ;
അക്കാലത്താ ലങ്കാപുരിയിൽ
ചൊൽക്കൊണ്ടീടിന ശക്രജിദാഖ്യൻ
നിഷ്കണ്ടകരായുള്ള നിശാചരർ
നില്ക്കും സഭയിലിരുന്നുംകൊണ്ട–
ങ്ങച്ഛൻതന്നുടെ വാർത്തകളറിവാ–
നിച്ഛിച്ചൊരുവനെ ഇങ്ങു വിളിച്ചു;
പുച്ഛമതഞ്ചുമടക്കിക്കൊണ്ടവ–
നോച്ഛാനിച്ചു പുരോഭുവി ചെന്നു;
രാവണിയവനോടുരചെയ്തിതു: ‘‘മമ
സേവക! നീയിഹി വരിക സമീപേ;
രാവണവാർത്തകളറിയാഞ്ഞിട്ടിഹ
രാവും പകലുമതൊരു സുഖമില്ലാ;
നാരദമുനിയൊരുനാളിഹ വന്നു
നാഥനിരിക്കുന്നൊരു ദിശി ചെന്നു
സാരമതായ് ചില കഥകൾ പറഞ്ഞു

---

1. മൊച്ച = കുരങ്ങ്

സാദരമച്ഛനുമൊന്നു ഞെളിഞ്ഞു;

ഇരുവരുമൊത്തു പുറപ്പെട്ടു ഒരു–
ഹരിയെ ജയിപ്പാനെന്നും കേട്ടു
പെരികെക്കാലമതായിട്ടും ബത
തിരിയെ വരുന്നതു കാണുന്നില്ല;

നാരദമുനിയുടെ കപടത്തൊഴിലിനു
നേരറിയാതെ പുറപ്പെട്ടെന്നാ–
ലാരെങ്കിലുമൊരു ചെണ്ടപിണയ്ക്കും
പോരാഞ്ഞവനിഹ നാരദനല്ലേ?

കണ്ണിൽക്കണ്ട ജനങ്ങളെയെല്ലാ–
മെണ്ണിക്കൊണ്ടു ചതിച്ചു നടക്കും
ഖണ്ഡിച്ചുരചെയ്യാമിവയൊന്നും
വിണ്ണിലൊരുത്തരുമറിയാതില്ല;

മുന്നമിവൻതാൻ ഹേഹയനൃപനൊടു
ചെന്നങ്ങൊരുവിധമേഷണികൂട്ടി–
പ്പോന്നിഹ നമ്മുടെ താതനിരിക്കും
മന്ദിരസീമനി വന്നു പതുക്കെ

ഒന്നുമറിഞ്ഞീടാത്തൊരു താതനെ
അന്ധിപ്പിച്ചഥ കൊണ്ടുതിരിച്ചു;
മന്നവവരനൊടു സന്നാഹത്തിനു
പിന്നെത്താതനുമാരംഭിച്ചു;

ആയോധനമതിലച്ഛനെ മന്നന–
നായുധപാണിയതാക്കി ജയിച്ചാ–
ക്കാരാഗൃഹമതിലാക്കിയവൻ ബഹു–
കാലം തത്ര കിടന്നിതു ജനകൻ;

ബന്ധനമാശു ഭവിപ്പിച്ചൂ പുന–
രന്നു പിതാവിനെ മടികൂടാതെ
അന്നിക്കണ്ട ജനങ്ങളതില്ലാ–
ഞ്ഞങ്ങനെയച്ഛനു വന്നു ഭവിച്ചു;

അങ്ങനെയുള്ളൊരു സംഗതിയിനിയുമി–
യുണ്ണിയിരിക്കെ വരുന്നതുമല്ലാ;
എന്നാലും കരുതീടുകവേണം
എന്നാലൊന്നുമസാദ്ധ്യവുമല്ല.

വാനരവരനായീടുമവന്നുടെ
വാലു പിടിച്ചുടനവനെക്കെട്ടി–
ക്കോലാഹലമായാർത്തു വിളിച്ചിഹ
കൊണ്ടുവരാനായ് പോയിതു താതൻ,
അമ്പിനൊടിന്നു ഭവാൻ ചെന്നവിടെ

ബന്ധനമാശു കഴിഞ്ഞോ എന്നും
എന്തൊരു താമസമങ്ങതിനെന്നു മു—
ദന്തമതൊക്കെയറിഞ്ഞു വരേണം;
ചാലേ ചെന്നു വരാനായ് വളരെ—
ക്കാലവിളംബം വന്നാൽ നിന്നെ—
ക്കാലപുരത്തിനയപ്പാനച്ഛൻ—
കാലാണേതും സംശയമില്ലാ.’’

ഉണ്ണിത്തമ്പുരാനിത്ഥം ഖണ്ഡിച്ചു കല്പിച്ചൊരു
ദണ്ഡത്തെക്കേട്ടപ്പൊണ്ണൻ തിണ്ണെന്നു നടകൊണ്ടാൻ
പ്രാണഭയംകൊണ്ടവൻ കാണിയും വൈകീടാതെ
പാണികൾ വീശിക്കൊണ്ടു പാഞ്ഞു നടക്കുന്നേരം
തെക്കേ സമുദ്രത്തിന്റെ വക്കത്തങ്ങൊരു ദിക്കിൽ
വിക്രമമേറും ബാലിമർക്കടം വസിക്കുന്നു;
അക്കപിവീരൻതന്നെ നോക്കുമ്പോളവനുടെ
പിന്നിലമ്മാറു കണ്ടു തന്നുടെ തമ്പുരാനെ
വാലുകൊണ്ടരചന്റെ കോലങ്ങളെല്ലാം ചുററി
കാലും കൈയ്യുമനക്കാൻ മേലാതെ വലയുന്നു;
വീണാധരനുമില്ല കാണാനരികത്തെങ്ങും
ചേണാർന്ന രാവണന്റെ നാണക്കേടെന്തു ചൊല്ലൂ;
ഊണുമുറക്കമിവ കാണിയുമില്ലാ കഷ്ടം!
ഘ്രാണഭക്ഷണമെത്ര വേണമെന്നാലും കിട്ടും;
രാവണവർത്തമാനമേവമറിഞ്ഞുംകൊണ്ടു
രാവണിതന്റെ ദൂതൻ രാത്രിഞ്ചരൻ നടന്നു
ഇമ്പമോടവനുണ്ണിത്തമ്പുരാൻതന്റെ തിരു—
മുമ്പിലാമ്മാറു ചെന്നു കുമ്പിട്ടു കൂപ്പി നിന്നാൻ;
ദൂതനെക്കണ്ടധികം പ്രീതനാം മേഘനാദൻ
യാതുധാനനോടാശു ചോദിച്ചു വൃത്താന്തങ്ങൾ:

‘‘രാവണനെങ്ങു നിശാചരവീരാ!’’
‘‘രാവണനങ്ങു പയോനിധിതീരെ’’
‘‘ആയവിടെപ്പുനരെന്തു വിശേഷം?’’
‘‘ആയവിടെബ്ബത നല്ല വിശേഷം’’
‘‘ബന്ധനമാശു കഴിഞ്ഞോ ദൂതാ!’’
‘‘ബന്ധനമാശു കഴിഞ്ഞേ നാഥാ!’’
‘‘എന്തൊരു താമസമിനിയവിടത്തിൽ?’’
‘‘എന്തെന്നേതുമറിഞ്ഞില്ലടിയൻ’’
‘‘അന്തികസീമനി നാരദനുണ്ടോ?’’
‘‘അന്തികസീമനി നാരദനില്ലാ’’
‘‘പന്തിയതല്ലെന്നാകിൽ കാര്യം!’’

''പന്തിയതല്ലെന്നടിയനുമുണ്ട്''
''പരമാർത്ഥം നീ ബോധിച്ചില്ല്യോ?''
''പരമാർത്ഥം ബോധിച്ചേനടിയൻ''
''എന്നാലായതു കേൾക്കണമിപ്പോൾ''
''എന്നാലടിയനുണർത്തിച്ചീടാം'':
''അന്തകതുല്യനതായിട്ടൊരു വന-
ജന്തുവവൻ നിജ വാലതുകൊണ്ടു
പംക്തിമുഖപ്പെരുമാളെ പൃഷ്ഠേ
ബന്ധിച്ചുംകൊണ്ടംഗമശേഷം
വാരാന്നിധിയുടെ തീരേ ദൂരെ-
പ്പാരാതടിയനുമങ്ങനെ കണ്ടു
പാരം ഭീതി കലർന്നു മനസ്സി-
ന്നാരാലടിയനുമോടിപ്പോന്നു;

വട്ടക്കണ്ണും വലിയൊരു മുഖവും
ഒട്ടു വളഞ്ഞൊരു ദംഷ്ട്രാദികളും
ചട്ടററീടിന പെരിയൊരു മൂക്കും
നിഷ്ഠുരതരമായുള്ളൊരു നോക്കും
പെട്ടെന്നിങ്ങനെ കാണുന്നേരം
വിഷ്ടപവാസികളെല്ലാം ഞെട്ടും;

ഒട്ടല്ലവനുടെ വിക്രമമോർത്താ-
ലൊട്ടേയടിയനുണർത്തിച്ചൊള്ളു
ദുഷ്ടനവൻ ബഹു പുഷ്ടമദൻ നിജ-
പൃഷ്ഠംതന്നിൽ കെട്ടി മുറുക്കി-
പ്പെട്ടു കിടക്കും നമ്മുടെ മൂപ്പരെ-
യൊട്ടുമവന്നൊരു കരുണയുമില്ലാ;
കെട്ടു പിണഞ്ഞു കിടന്നാൽ വീർപ്പു-
മ്മുട്ടു മതിന്നും സംശയമില്ലാ;
ഒട്ടുദിനങ്ങൾ കഴിഞ്ഞാലച്ഛനെ-
വിട്ടു ഗമിക്കും പ്രാണനുമുടനെ;
വട്ടം പന്തിയതല്ല പിതാവിനു-
കോട്ടം വരുവാൻ കാലമടുത്തു.''

നിശിചരഭടനുടെ വചനമിദം
നിജഹൃദി കരുതിന സമയമതിൽ
ദശമുഖസുതനിദമരുളി ഗിരം
ദശദിശി മുഴങ്ങുമാറധികതരം:
ശതമഖസുതനുടെ ചതിവതിലും
ശതഗുണമധികമെൻ ചതുരതകൾ
സുരപതി പിതൃപതി ജലപതിയും

ധനപതിയനവധി ജനതതിയും
വിധിയുമാജ്ജലനിധിമകൾപതിയും
രതിപതിയെക്കരിച്ച പശുപതിയും
ഇങ്ങനെയുള്ളവരൊക്കെയുമിന്നാ–
ച്ചങ്ങാതിക്കു സഹായമതെന്നാ–
ലിങ്ങതുകൊണ്ടൊരു വാട്ടവുമില്ല വി–
ധങ്ങളിലേതും കോട്ടവുമില്ലാ;
സംഗതികൂടാതെന്നുടെ ജനകനു
ഭംഗമതിന്നിടകൂടുകിലവനെ–
സ്സംഗരസീമനി കൊല്ലുവതിന്നു പ്ര–
സംഗം[1]സംശയമില്ല നമുക്കും;
പേടി പെരുത്തു വനങ്ങളിലെല്ലാ–
മോടിച്ചാടി നടക്കുന്ന മര–
ഞ്ചാടിയവന്നുടെ നേരേകൊണ്ട–
ച്ചാടിപ്പിച്ചതു നാരദനത്രേ;
താടിക്കാരൻ നമ്മോടിന്നിഹ
മേടിക്കും ചില സമ്മാനങ്ങൾ
മോടിപെരുത്തൊരു വീണയുമായി–
പ്പാടിപ്പലപല ദിക്കും കുസൃതികൾ
തേടിക്കൊണ്ടു നടക്കുമവന്നുടെ–
താടി കരിച്ചു വിടുന്നൊണ്ടുടനെ.''
ഇത്ഥം പലപല വാക്കു പറഞ്ഞവ–
നാത്ത രുഷാ ശരചാപമെടുത്തു
തേർത്തടസീമനി ചെന്നു കരേറി
ചീർത്തമദത്തൊടു യാത്രയുമായി:
ബദ്ധപ്പെട്ടു മയാസുരനപ്പോ–
ളെത്തിയടുത്തു തടുത്തിതു തേരും
പൗത്രൻ[2]തന്നുടെ പാണി പിടിച്ചു നി–
ലത്തേക്കിങ്ങു പതുക്കെയിറക്കി;
''ഉണ്ണീ! സാഹസമരുതരുതെ''ന്നീ
വണ്ണമൊരോന്നു പറഞ്ഞുതുടങ്ങീ:
''വിണ്ണിലൊരുത്തനുമിന്നു നിനച്ചാൽ
നിർണ്ണയമവനൊടു നില്ക്കുകയില്ലാ
കേവലമവനൊരു വാനരനെന്നും
രാവണി! നീ കരുതീടുകവേണ്ടാ!
രാവണനവനൊടു പോരിനു പോരാ

[1] പ്രസംഗം=താത്പര്യപൂർവമായ ഒരുക്കം.
[2] മയന്റെ മകളാണ് രാവണന്റെ ഭാര്യ മണ്ഡോദരി. അതുകൊണ്ടാണ് രാവണന്റെ പുത്രൻ മേഘനാദൻ മയന്റെ പൗത്രനാകുന്നത്.

ഏവമവന്റെ പരാക്രമമെല്ലാം;
പണ്ടൊരുനാളാ സുരവരപുരിയിൽ
കണ്ടു രസിപ്പാനിന്ദ്രൻ തന്നുടെ
വണ്ടാർകുഴലികളാം തരുണികളെ—
ക്കൊണ്ടൊരു നാടകമാടിപ്പിച്ചു;
ആയതമിഴിമാർക്കല്ലാതൊരുവർ—
ക്കായതു കാൺമാൻ കല്പനയില്ലാ
ഞായമതൊക്കെയറിഞ്ഞൊരു കാശ്യപി[1]
ആയതു കാണണമെന്നുമുറച്ചു
മായമിയന്നൊരു മാനിനിതന്നുടെ
കായവുമഞ്ഞു ധരിച്ചു നടന്നാ—
ദേവാലയമതിലങ്ങു കടന്നു
ദേവസ്ത്രീകടെ നടനം കാൺമാൻ
അരുണൻ തരുണീവടിവു ചമഞ്ഞാ
വിരുണൻ മുന്നിൽക്കണ്ടതു നേരം*
അലർശരശരമേററമരാധിപനുടെ
അലസതയൊന്നും പറവാൻ മേലാ;
ചലമിഴിയാളെക്കണ്ടൊരു വലഹര—
നിലമലമിക്കൂത്തെന്നു വിലക്കി
തരുണീമണിയുടെ വടിവു ചമഞ്ഞോ—
രരുണനെയരികിൽ വിളിച്ചു സുരേന്ദ്രൻ
മഞ്ജുളഭാഷിണിയോടൊരുമിച്ചഥ
കഞ്ജശരോത്സവനാടകമാടി
മഞ്ജുളനായൊരു ബാലനുമവിടെ
സംജാതനതായ്ത്തീർന്നു തദാനീം;
കല്യനതായ കുമാരനെയിന്ദ്രന—
ഹല്യയ്ക്കായിക്കൊണ്ടു കൊടുത്തു;
ഗൗതമമുനിയുടെ പത്നിയുമവനെ—
ക്കൗതുകമോടു വളർക്കുംകാലം
ഗൗതമനൊരുനാളങ്ങവനെ നിജ
ചേതസി കോപംപൂണ്ടു ശപിച്ചു;
മുനിയുടെ ശാപം കാരണമവനൊരു
വനമൃഗമായിത്തീർന്നിതു ബാലി
കിഷ്കിന്ധാപുരിതന്നിലനേകം
മുഷ്കേറുന്നൊരു മർക്കടവരരതി—
ലൊക്കെയ്ക്കും യജമാനനതായി—
ശ്ശക്രസുതൻ മരുവീടുംകാലം

---

1. കാശ്യപി=അരുണൻ.

* 'വിരുതൻ മുന്നിൽ കണ്ടതുനേരം'—പാഠഭേദം. 'വിരുണൻ മുന്നിൽ' എന്ന പാഠം കൂടുതൽ സ്വീകാര്യം. വിരുണൻ=കൊതിയൻ.

വിക്രമമേറും നമ്മുടെ നന്ദന—
നക്രമശാലിയതാകിന ദുന്ദുഭി[1]
ദിക്കുകളൊക്കെ ജയിച്ചു നടന്നൊരു
ധിക്കാരങ്ങളടക്കരുതാഞ്ഞവൻ
അക്കപിവരനെച്ചെന്നുവിളിച്ചാ—
നൂക്കേറുന്നൊരു ദാനവവീരൻ;
മർക്കടവരനവനുൽക്കടകോപാൽ
വെക്കമെടുത്തങ്ങവനുടലമ്പൊടു
ഞെക്കിക്കൊന്നുകളഞ്ഞതിവീരൻ
വെക്കം ബാലി തിരിച്ചുനടന്നു;
ശക്രസുതന്റെ പരാക്രമമെല്ലാ—
മോർക്കുന്നേരം വേർക്കും ദേഹം;
വിണ്ണവർ പണ്ടമൃതത്തിനു വാഞ്ഛരി—
ച്ചർണ്ണവമഥനം ചെയ്‌വാനായി
പൊണ്ണൻ വാസുകി പാശമതായി
തിണ്ണം രണ്ടു വശത്തും നിന്നാ
മന്ദരപർവതമെന്നതുകൊണ്ടൊരു
മത്തും തീർത്തു പിടിച്ചു വലിപ്പാൻ;
അങ്ങൊരു തലയതു ദൈത്യൻമാരും
ഇങ്ങൊരു തലയതമർത്ത്യൻമാരും*
രണ്ടുവശം നിന്നങ്ങു പിടിച്ചു വ—
ലിച്ചുടനങ്ങു വലിച്ചു വലിച്ചവ—
രിണ്ടൽ മുഴുത്തവരെല്ലാം പരിചൊടു
കുണ്ഠിതഹൃദയൻമാരായ് നിന്നു;
കുണ്ഠേതരബലനാകിന ബാലി
രണ്ടു കരംകൊണ്ടങ്ങു പിടിച്ചൊരു
രണ്ടുവലിച്ചു തിരിച്ചവനമ്പൊടു
കുണ്ഠതതീർന്നിഹ നിന്നൊരു സമയേ
പമ്പരമെന്നകണക്കേ പർവത—
മമ്പോടങ്ങു തിരിഞ്ഞ തിരിച്ചിലൊ—
രമ്പതുനാഴികനേരം നിന്നു;
അംഭസ്സൊന്നു കലങ്ങി മറിഞ്ഞുട—
നംഭോനിധിതടമങ്ങു കവിഞ്ഞു
ജംഭാരാതിപ്രഭൃതികളായതു
സംഭാവനവും ചെയ്തു തെളിഞ്ഞു;
അടിയിലടിഞ്ഞു കിടന്നവരെല്ലാ—
മുടനുടനങ്ങനെ വന്നിഹ പൊങ്ങി

---

[1] ഹേമയെന്ന അപ്സരസ്സിൽ മയനു ജനിച്ച അസുരനാണ് ദുന്ദുഭി.

* 'ഇങ്ങൊരു വാലതമർത്ത്യൻമാരും'—വായ്പാഠം.

തടിയന്റൂക്കു ശമിക്കാഞ്ഞിട്ട—
ക്കടകോൽ മുഹുരപി നിന്നു തിരിഞ്ഞു
പാശമതാകിന വാസുകി വലിയൊരു
കീശൻതന്നുടെ കരമർദ്ദനമതി—
ലാശു തളർന്നു മലർന്നവനങ്ങൊരു
കാശിനു കൊള്ളരുതാതെ ചമഞ്ഞു
ഘോരവിഷത്തെ ഛർദ്ദിച്ചു ബഹു—
ചോരയുമതിനൊടുകൂടിത്തന്നെ
നാരായണനും പരമേശ്വരനും
നാൻമുഖനും നിജ നാനാജനവും
വാനരവരനുടെ വിരുതുകൾ കണ്ടുട—
നാനന്ദിച്ചു രസിച്ചു നിതാന്തം;
ദുഗ്ദ്ധാംഭോധിയിൽനിന്നു ജനിച്ചൊരു
ദുഗ്ദ്ധാപാംഗിയതാകിയ താരയെ
ദുഗ്ദ്ധാംഭോധിശയൻ മടിയാതെവി—
ദഗ്ദ്ധൻ ബാലിക്കഞ്ഞു കൊടുത്തു;
അത്ര മഹാബലനാകിന ബാലിയൊ—
ടത്ര ഭവാൻ ചെന്നേറ്റീടൊല്ലാ
ശത്രുതയെല്ലാം നിങ്കലഹോ ദശ—
വക്ത്രൻതന്നിലതല്ലറിയേണം;
വൃത്രാന്തകനെബ്ബന്ധിച്ചൊരു പക—
യെത്രയുമണ്ടവനുള്ളിലിദാനീം
പൗത്ര! നിനക്കിന്നിവനൊടെതിർപ്പാൻ
മാത്രം ശക്തിയുമുളവായില്ല;
വിണ്ണവവരനെ ജയിക്കുകകൊണ്ടാ—
പ്പൊണ്ണൻ കണ്ണിനു നിന്നെക്കണ്ടാൽ
ദണ്ഡധരന്റെ പുരത്തിലയയ്ക്കും
നിർണ്ണയമതിനൊരു സംശയമില്ലാ;
ഉണ്ണീ! നീയ്യിന്നെന്തിനു പഴുതേ
ദണ്ഡിപ്പതിനു തുനിഞ്ഞീടുന്നു?
കണ്ണില്ലാത്തൊരു പൊണ്ണൻ കാഴ്ചകൾ
കാണാനിച്ഛിക്കുന്നതുപോലെ;
കതിപയദിവസം ചെല്ലുന്നേരം
മതിയിലൊരാർദ്രത ബാലിക്കുണ്ടാം
അതിനിടയിൽ ചില ഗോഷ്ടി തുടർന്നാ—
ലപജയമുണ്ടതുമോർത്തീടേണം;
ശിതിഗള്[1]സേവകനാം തവ ജനകനു—
മതുവരെയും പുനരവിടെത്തന്നെ

---

1. ശിതിഗളൻ = ശിവൻ

ചതിവു പിണഞ്ഞു കിടന്നീടട്ടെ
ഗതികേടിനു പുനരെന്തിഹ ചെയ്യാം!''
ഇങ്ങനെ പല പല യുക്തികൾകൊണ്ടു തു–
ടങ്ങിയ യാത്രയുമവിടെ മുടക്കി
അങ്ങു മയൻ നടകൊണ്ടൊരു ശേഷമ–
ടങ്ങിയിരുന്നാൻ രാവണിതാനും.

അക്കാലം കിഷ്കിന്ധയിൽ മുഷ്കരൻമാരായുള്ള
മർക്കടത്താൻമാർ പലരുൽക്കടരവത്തോടേ
ശക്രസുതനാം ബാലി മർക്കടാധിപൻ പോയ–
തക്കത്തിലവരൊക്കത്തക്ക[1]യിരുന്നുംകൊണ്ട്
കുട്ടിക്കുരങ്ങുകടെ കൂട്ടത്തെ വിളിച്ചിങ്ങു
ചാട്ടം പഠിപ്പിക്കുന്നൂ ഓട്ടം പഠിപ്പിക്കുന്നൂ:
''ചാട്ടത്തിൽ പിഴച്ചെന്നാൽ കൂട്ടത്തിലാരും പിന്നെ
കൂട്ടുകയില്ലവനെ നാട്ടോടെയറിഞ്ഞാലും;
പെട്ടെന്നീ ജാതികൾക്കു ചട്ടങ്ങളേവമല്ലോ
കുട്ടികളാകും നിങ്ങൾ കേട്ടുകൊള്ളുവിനെല്ലാം;
ചട്ടററ ഭാവം പല കാട്ടേണം പല്ലിളിച്ചു,
കൂട്ടേണം കടി ചില ചേട്ടക്കൂട്ടങ്ങളെയും
വേട്ടയ്ക്കു വരും ചില പട്ടികളുമായ് പല–
രാട്ടിയടുക്കുന്നേരം കാട്ടിടെയൊളിക്കേണം;
വാട്ടമകന്നു മരക്കൂട്ടത്തിൽ ചാടുന്നേരം
പൊട്ടിച്ചാടിയാലൊരു കോട്ടം ഭവിക്കരുത്;
ഇങ്ങനെ പല പല സംഗതിയുള്ളതെല്ലാം
നിങ്ങളറിഞ്ഞു നല്ല ഭംഗിയിൽ പഠിക്കേണം''
വൃദ്ധക്കുരങ്ങച്ചൻമാരിത്ഥം കുട്ടികൾക്കോരോ
ബുദ്ധി പറഞ്ഞു സഭാമദ്ധ്യേ വസിക്കുന്നേരം

ചൊല്പൊങ്ങുന്നൊരു ബാലിയുമതുനാൾ
തർപ്പണമങ്ങുകഴിച്ചു പതുക്കെ
കിഷ്കിന്ധാപുരഗോപുരസീമനി
പുക്കുടനങ്ങു കടന്നൊരു സമയേ
ചൊൽക്കൊള്ളുന്നൊരു മർക്കടവരരുടെ
തിക്കും മുഷ്ക്കും ധിക്കാരങ്ങളു–
മൊക്കെയൊഴിച്ചു തെരിക്കെന്നവരവർ–
ദിക്കിനുപററി വസിച്ചുതുടങ്ങീ;
ദിക്കുകളൊക്കെ ജയിക്കും വിക്രമി
ശക്രസുതൻ ദശവക്ത്രനെ വാലിൽ–
തൂക്കിക്കൊണ്ടുടനക്കപിവീരരി–

---

[1] ഒക്കത്തക്ക (ശൈലി) = ഒരുമിച്ചുകൂടി.
'ഒക്കത്തക്കവേ ഞങ്ങൾ വിദ്യാഭ്യാസവുംചെയ്തു—(ഭാരതം കിളിപ്പാട്ട്.)

രിക്കും സഭയിൽ ചെന്നു കടന്നു;
ബദ്ധാനന്ദം പൂണ്ടവരപ്പോ—
ളുത്ഥാനം ചെയ്താശു വണങ്ങി
ഉദ്ധതബലനാം ബാലി വസിച്ചാൻ
മദ്ധ്യേ സഭമൊരു മണിപീഠത്തിൽ;
ഋക്ഷേശ്വരനുടെ പൃഷ്ഠംതന്നിൽ
രാക്ഷസരാജൻതന്നെക്കണ്ടതി—
രൂക്ഷൻമാരായീടുന്നൊരു പിം—
ഗാക്ഷൻമാരവർ തമ്മിലുരത്തു:
''നോക്കെടെ! മൂത്തകുരങ്ങച്ചൻെറ
കാൽക്കിടയിൽ പുനരെന്തൊരു വസ്തു?
മർക്കടവരരേ! കാണുവിനിതു പുന—
രക്കടലീന്നു കിടച്ചതുപോലും!
അംഭോനിധിയുടെ നടുവിൽ പല പല
ഗംഭീരൻമാരുണ്ടൊരു കൂട്ടം
വമ്പിച്ചീടിന വായ പൊളിച്ചുട—
നംഭസ്സിങ്കൽ പാഞ്ഞുനടക്കും
അങ്ങനെയുള്ളൊരു ജലജന്തുക്കളി—
ലഞ്ഞൊരുവൻ പുനരിവനെന്നറിക;
ഭംഗികലർന്നൊരു തർപ്പണസമയേ
ലാംഗൂലത്തിനു വന്നു കടിച്ചു
ചങ്ങാതികളേ! വരുവിനിവന്നു മു—
ഖങ്ങളനേകം കാൺമാനുണ്ട്!
നിങ്ങളതേതുമറിഞ്ഞീടാതെ പ—
റഞ്ഞീടരുതേ പൊളിവചനങ്ങൾ
സിന്ധുവിലുള്ളൊരു ജന്തുവതല്ലിവ—
നെന്തിനു പഴുതേ ചിന്തിക്കുന്നു
സിന്ധുരബലനാം നമ്മുടെ ബാലി—
യ്ക്കന്ധം വരുവാനെന്തൊരു ബന്ധം?
വ്യാധിവിശേഷമതെന്നു മനസ്സിൽ
ബോധിച്ചീടുക നിങ്ങളിദാനീം
സാധുജനത്തെ ബാധിച്ചീടും
വ്യാധിയതഖിലവിരോധിയതല്ലേ?
പത്തു മുഖങ്ങളതുള്ളൊരു പരുവിതു
വീർത്തുവരുന്നിതു ലാംഗൂലാഗ്രേ
തീർത്തരചെയ്യാമിന്നിപ്പരുവിനു
പത്തിരുപതു കണ്ണും പുനരുണ്ട്''
ഈവക ചിലതു പറഞ്ഞിതൊരുത്തൻ
''രാവണനിവനെ''ന്നപരനൊരുത്തൻ

കേവലമിങ്ങനെ കപികടെ ഹൃദയേ
ഭാവം പലതായങ്ങതു സമയേ
കുട്ടികളായ കുരങ്ങൻമാർ പലർ
കൂട്ടംകൂടിയടുത്തു പതുക്കെ

നിഷ്ഠുരതരനാം ബാലി വസിക്കും
പുഷ്ടി പെരുത്തൊരു വിഷ്ടരമതിനുടെ
പൃഷ്ഠേ ചെന്നു മറഞ്ഞഥ നിന്നൊരു
കൂട്ടം ഗോഷ്ടികളങ്ങുതുടങ്ങി;

പെട്ടെന്നായതു കണ്ടു ദശാസ്യനു—
മേട്ടത്തങ്ങളുമാശു തുടങ്ങീ
പല്ലുമിളിച്ചും തെല്ലു കടിച്ചും
പുല്ലു വലിച്ചു മുഖങ്ങളിലിട്ടും
കൊല്ലുവനെന്നൊരു ചൊല്ലുമിടയ്ക്കിടെ
നല്ലൊരു വടിയാൽ തല്ലു കൊടുത്തും
കില്ലു കളഞ്ഞൊരു കല്ലു വലിച്ചുട—
നെല്ലുകൾ പൊടിയുമ്മാറുടനിട്ടും

എല്ലാമിന്നിഹ ചൊല്ലാനരുത—
ബ്ഭല്ലൂകങ്ങടെ വല്ലായ്മകളും;
ചിലപാനക്കാരല്ല കുരങ്ങ—
ച്ചിലപാനങ്ങളതെന്നറിയേണം
നല്ലാനത്തലവൻമാരോടും
ചെല്ലാനേതും കൂസലുമില്ല;
ധിക്കാരികളവരൂക്കേറുന്ന ദ—
ശഗ്രീവന്റെ സമീപേ ചെന്ന—
ങ്ങീർക്കിലി കൈയ്യിലെടുത്തങ്ങവനുടെ
മൂക്കിലുമങ്ങു കടത്തീടുന്നു
നിഷ്ക്കണ്ടകരുടെ മുഷ്ക്കുകൾകൊണ്ടു പൊ—
റുക്കരുതാഞ്ഞൊരരക്കൻ രാവണ—
നക്കാലം തല പൊക്കാനും പുന—
രൂക്കില്ലാതെ വലഞ്ഞു ചമഞ്ഞു;
ഉപ്പുജലത്തിൽ നനച്ചൊരു വേദന—
യല്പവുമങ്ങു പൊറുക്കരുതാഞ്ഞു
ചൊല്പൊങ്ങും ദശകണ്ഠപ്പെരുമാ—
ളപ്പോളാശു കരച്ചിൽ തുടങ്ങി;
രാവണമുറവിളി കേട്ടൊരുനേരം
ഭാവമതൊന്നു പകർന്നു കപീന്ദ്രൻ
രാവണബന്ധമഴിച്ചു കളഞ്ഞുട—
നേവം പുനരവനോടുരചെയ്തു:

''എത്രയുമുത്തമനാം മമ ജനകൻ
സുത്രാമാവാമദ്ദേഹത്തെ
യുദ്ധം തന്നിലമർത്തു ജയിച്ച സ–
മർത്ഥൻതന്റെ പിതാവോ നീയിഹ!
കൈലാസാചലമമ്പൊടിളക്കി–
ക്കൈയ്യിലെടുത്തൊരു വീരനതോ നീ?
എട്ടു ദിഗന്തരപാലൻമാരും
വിഷ്ടപവാസികളൊക്കെയുമിന്നതി–
ധൃഷ്ടതയുള്ള ഭവാനുടെ ശബ്ദം
കേട്ടാൽ ഞെട്ടുമതെന്നും കേട്ടു;
തുംഗപരാക്രമനായ ഭവാനീ–
പിംഗാക്ഷനതാമെന്നുടെ പൃഷ്ഠേ
ലാംഗൂലത്തിലകപ്പെടുവാനൊരു
സംഗതിയെന്തെന്നുരചെയ്താലും!
എങ്ങും മനസി വിഷാദം വേണ്ടാ
ഭംഗം വരികയുമില്ല ഭവാനും;
എത്രദിനങ്ങൾ കഴിഞ്ഞൂ നീ പുന–
രത്ര ഗമിച്ചിട്ടെന്നുടെ പൃഷ്ഠേ?
എത്ര മഹാകഷ്ടം! ഞാൻ നിന്നുടെ
വാർത്തകൾ മുന്നമറിഞ്ഞില്ലല്ലോ!
ശത്രുതയൊന്നും കരുതരുതയി ദശ–
വക്ത്ര! ഭവാന്റെ മനസ്സിലിദാനീം;
രാത്രിഞ്ചരവരനായ നിനക്കിതു
മാത്രം വരുവാനെന്തൊരു മൂലം!''
ഇത്ഥം ബാലി പറഞ്ഞതു കേട്ടതി
ശുദ്ധൻ രാവണനെത്ര വിനീതൻ
ബുദ്ധിക്ഷയവും പൂണ്ടു പതുക്കെ നി
ബദ്ധാഞ്ജലിയായ് നിന്നുരചെയ്തു:

വാനരകുലവീരാ! വാനവേശ്വരസൂനോ!
ദീനനാമെന്നെ ഭവാൻ മാനിച്ചയച്ചീടണം;
ഏതും ഗ്രഹിയാതെ ഞാൻ ചെയ്തോരപരാധങ്ങൾ
ചേതസി നിനയ്ക്കൊല്ല ചേതോഹരാകൃതേ നീ!
സാധുവായുള്ള ഞാനസാധുവാം നാരദന്റെ
സാരപ്രയോഗംകൊണ്ടു പാരാതെ പോന്നു വന്നു
ധീരനാകുന്ന ഭവാനാരെന്നറിഞ്ഞിടാതെ
ചാരത്തടുത്തുവന്ന നേരത്തേവം പിണഞ്ഞു;
കാലത്തുച്ചയ്ക്കും സായംകാലത്തും മുടങ്ങാതെ
നാലു സമുദ്രേയൊരുപോലെ തർപ്പിപ്പാനായി

ബാലിയാകുന്ന ഭവാൻ ചാലേ നടക്കുന്നേരം
വാലേൽക്കിടന്നു ഞാനും താലോലം കളിക്കുന്നു;
തർപ്പണത്തിങ്കൽ ഞാനിങ്ങുപ്പുവെള്ളത്തിൽ ചാടു—
മപ്പുറത്തതിലൊന്നുമല്പം ബോധിക്കയില്ല
അപ്പോൾ ദേഹത്തിൽ വന്നു കപ്പും ജലജന്തുക്ക—
ളപ്രാണസങ്കടങ്ങളിപ്പോളാരറിയുന്നു?
ആറുകളെല്ലാം മാറിമാറിക്കുടിച്ചുകൊണ്ട—
ഞ്ചാറു വാസരമല്ല ഏറിയ നാളിങ്ങനെ
ചോറുചെല്ലുന്ന ദിക്കിൽ ചേറു ചെന്നടിക്കയും
നാറുന്ന ജന്തുക്കൾ മേലേറിക്കൂത്താടുകയും
ഏറെക്കടുത്ത ചില പാറമേൽത്തട്ടിത്തല—
കീറിപ്പൊളിഞ്ഞു പാരം നീറുന്ന നേരത്തുപ്പു—
വെള്ളത്തിൽത്തട്ടിത്തിരതള്ളിത്തത്തുന്ന നേര—
ത്തുള്ള ലോകങ്ങളെല്ലാമുള്ളത്തിൽ കാണാറാകും;
കള്ളം പറകയല്ലെന്റുള്ളം തകർന്നീടുന്നു
വെള്ളം കുടിച്ചു പാരം പള്ളയും വലുതായി
മേളത്തിലങ്ങു കൊട്ടും താളത്തിൽ തുള്ളിക്കൊണ്ടി—
ന്നാളെത്ര ഞാൻ കഴിച്ചെന്നാളല്ല ചൊല്ലുവാനും;*
അത്ര വന്നതെല്ലാമബദ്ധം പിണഞ്ഞു മമ
ബുദ്ധിമോശത്താൽ വന്നതത്രയും ക്ഷമിക്കേണം''
ഈവണ്ണം രാവണന്റെ ആവലാതികൾ കേട്ടു
ബാലിയാം വാനരേന്ദ്രൻ ചാലവേയുരചെയ്തു:

''കേൾക്ക! സഖേ ദശകണ്ഠ! ഭവാനുടെ
ധിക്കാരങ്ങൾ കുറച്ചീടേണം
ശക്രാദികളൊടു വക്കാണത്തിനു
പൊയ്ക്കൊള്ളരുതു ഭവാനിനി മേലാൽ
ചൊല്ക്കൊള്ളുന്നൊരു നിന്നുടെ വാക്കുകൾ
കൈക്കൊള്ളുന്നതുമുണ്ടഹമധുനാ
പൊയ്ക്കൊള്ളുക നീ നിന്നുടെ ഭവനേ
നോക്കിനടക്കണമൊക്കെയുമിനിമേൽ;
കാലം ദേശമവസ്ഥകൾ മൂന്നിവ
കാലേതന്നെയറിഞ്ഞീടേണം
ബാലകവൃദ്ധന്മാരുമതിന്നൊരു—
പോലെയതിന്നൊരു ഭേദവുമില്ല;
ഭൂലോകങ്ങളിലുള്ള ജനങ്ങടെ
ശീലഗുണങ്ങളറിഞ്ഞീടേണം;

---

* 'മേളത്തിലങ്ങു കൊട്ടും താളത്തിൽ തുള്ളിക്കൊണ്ടി--
ത്രനാളും ഞാൻ കഴിച്ചതിനാളല്ല ചൊല്ലുവാനും,—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠം വൃത്തഭംഗംകൊണ്ടു ദുഷ്ടം.

നാലുജനങ്ങടെ നടുവിൽചെന്നാൽ
നാനാവിധമതു കാട്ടരുതവിടെ
കാര്യാകാര്യവിവേകം വേണം
മര്യാദകളുടെയറിവും വേണം
ശൗര്യം വേണം ചതുരത വേണം
വീര്യം വേണം വിബുധത വേണം

അല്ലാതുള്ള ജനങ്ങൾക്കെല്ലാം
വല്ലാതുള്ളതു വന്നുഭവിക്കും;
കല്യനതാം നിന്നോടിവരാരും
തുല്യൻമാരല്ലെന്നതു നിയതം;
സുന്ദരിമണിയാകുന്നൊരു കൈകസി–
നന്ദന! നമ്മുടെ മനതാരിങ്കൽ
സന്ദേഹം പുനരൊന്നുണ്ടായതു
നിന്നോടിന്നിഹ ചോദിക്കുന്നു;

അനുഭവരസികൻമാരൊടുരച്ചേ
ഗുണഗണദോഷമറിഞ്ഞീടാവൂ
വനമൃഗവരനാമെന്നുടെ പൃഷ്ഠ–
ത്തനുദിനവാസമസഹ്യതയാമോ?

കണ്ണിൽക്കണ്ടവയെല്ലാം കൊണ്ടിഹ
ദണ്ഡിച്ചിങ്ങു ചെലുത്താറില്ല;
കണ്ണൻപഴവും തൈരും ചോറും
വെണ്ണയുമീവകയെണ്ണങ്ങളിലേ
വിണ്ണവവരനുടെ മകനാമിന്നീ–
ഉണ്ണിയെനിക്കഭിലാഷമതുള്ളു;
പിന്നെപ്പിന്നിലിരിപ്പാനെന്തൊരു–
ദണ്ഡം? മണ്ഡോദരികമിതാവേ!
മർക്കടജാതികളിന്നു നിനച്ചാൽ
ദുർഘടജാതികളൊക്കെത്തന്നെ
മൽക്കടകാദിപ്രഹരംകൊണ്ടവ–
രുൽക്കടഗർവ്വമടക്കീടുന്നു;

പുൽക്കടപോലെയവർക്കു സമസ്തവു–
മക്കടുകോപികളിക്കൂട്ടങ്ങടെ
ഉൽക്കർഷങ്ങളതെല്ലാമിന്നി–
ച്ചൊൽക്കൊള്ളുന്നൊരു വാലിനതത്രേ.
ഇങ്ങനെയുള്ള പ്ലവംഗമപുംഗവ–
ലാംഗൂലത്തിലണഞ്ഞു കിടപ്പാൻ
സംഗതി വന്നതുകൊണ്ടു ഭവാനൊരു
ഭംഗിക്കേടു ഭവിക്കയുമില്ലാ;

ബാലിയതാം നമ്മോടു നിനക്കിഹ
തോലി പിണഞ്ഞതുകൊണ്ടു മനസ്സിനു
മാലിന്യം കരുതീടുക വേണ്ട സു–
മാലിനിശാചരപുത്രീതനയാ!''

വാസവാത്മജ പരിഹാസവാക്കുകളേവ–
മാസകലം കേട്ടുകൊണ്ടാ സഭാമദ്ധ്യത്തിങ്കൽ
ഹാസഭാവവും പൂണ്ടങ്ങാസിക്കും കപികളെ
ദാസഭാവേന നിജ നാസയും വായും പൊത്തി
ലജ്ജിച്ചു പംക്തികണ്ഠൻ മജ്ജിച്ചു കണ്ണുനീററിൽ
വർജ്ജിച്ചു വൈരമെല്ലാം നിർജ്ജരാരിപ്രവീരൻ
ശക്രസുതനാകുന്ന മർക്കടാധിപൻമുമ്പിൽ
വക്രാത്മാവായി നിജ വക്ത്രവും താഴ്ത്തിച്ചൊന്നാൻ:

''ബാലിമഹാബലശാലി ഭവാനൊടു
തോലി പിണഞ്ഞതിനാലിഹ ചെററു–
മലൗകികമില്ല സുശീല ഭവാനനു–
വേലമിനിക്കനുകൂലം വേണം:
കാലാരാതി വസിച്ചരുളുന്നൊരു
കൈലാസത്തെയിളക്കിയ നമ്മുടെ
ശീലമതൊക്കെയറിഞ്ഞ ഭവാനുടെ
കാലുപിടിച്ചു പറഞ്ഞേക്കാം ഞാൻ
ബാലതകൊണ്ടീ നാനാവിധമിനി–
മേലാലൊന്നും വരികയുമില്ലാ
നാളെയൊരിക്കലിതിന്നഹമൊന്നിനു–
മാളല്ലായതുകൊണ്ടു ഭവാനും
കോളല്ലാതെ തുടങ്ങീടരുതൊരു–
നാളും ചിലതിനി എന്നുടെ നേരേ
എന്നതിനിന്നൊരു സഖ്യം തങ്ങളി–
ലന്യോന്യം കരണീയമിദാനീം
എന്നൊരപേക്ഷയെനിക്കുണ്ടായതി–
നിന്നു ഭവാനൊരു കൃപയരുളേണം.''
രാക്ഷസരാജനപേക്ഷിച്ചതു കേ–
ട്ടക്ഷണമൃക്ഷേശ്വരനാം ബാലി
രക്ഷോവരനുടെ പാണിപിടിച്ചതി–
ദക്ഷൻ തൽക്ഷണമിദമുരചെയ്തു:
''അക്ഷയവീരനതായ ഭവൽപ്രതി–
പക്ഷം ഞാനിഹ നില്ക്കയുമില്ലതു
ശിക്ഷയൊടങ്ങു ധരിക്ക മനസ്സിനു

വിക്ഷേപണ[1]മതു വേണ്ടൊരു തെല്ലും;
ആക്ഷേപാദികളും ഭവദീയ പ—
രോക്ഷം ഞാനിഹ ചെയ്കയുമില്ലാ;
അക്ഷപിതാവേ[2] ഞാനുരചെയ്തതു
സൂക്ഷ്മമതെന്നു ധരിച്ചാലും നീ.''
ഇങ്ങനെ വാനരപുംഗവനാശര—
പുംഗവനോടഥ സമയം ചെയ്തു:
''അങ്ങു ദശാനന! പോക ഭവാനിനി—
യങ്ങു പുരത്തിനു മങ്ങീടാതെ.''
വൃത്രാരാതിതനൂജൻ കപികുല—
ഗോത്രമതിന്നു ശിരോമണിരത്നം
രാത്രിഞ്ചരവരനാം രാവണനെ
യാത്രയയച്ചു ജഗത്ത്രയവീരൻ;
മിത്രാത്മജനാമവരജനോടും
മിത്രകളത്രസുതൻമാരോടും
കീർത്തി പെരുത്തൊരു തന്നുടെ പുരിയതി—
ലെത്രയുമാനന്ദിച്ചു വസിച്ചു.

ബാലിവിജയം ഓട്ടൻതുള്ളൽ
സമാപ്തം

---

1. വിക്ഷേപണം = വിഭ്രമം. 2. അക്ഷപിതാവ് = അക്ഷകുമാരന്റെ ആച്ഛൻ (രാവണൻ).

കുറിപ്പ്: ബാലിവിജയത്തിൽ ദേവേന്ദ്രനാമം നിരവധി പ്രാവശ്യം പറയേണ്ടിവന്നപ്പോൾ ആവർത്തനവിരസതയൊഴിവാക്കുന്നതിനും സന്ദർഭാനുസാരം ഗാനരീതിക്കു ചേർന്ന ഉക്തിവൈചിത്ര്യം ഉളവാക്കുന്നതിനും നമ്പിയാർ പ്രയോഗിച്ചിരിക്കുന്ന ഇന്ദ്രന്റെ പര്യായപദങ്ങൾ: ഗോത്രവൈരി; വൃത്രവൈരി; വൃത്രശത്രു; വൃത്രാന്തകൻ; വൃത്രാരാതി; വൃദ്ധശ്രവസ്സ്; സുത്രാമാവ്; വലാരി; വലഹരൻ; വലശാസനൻ; ഉമ്പർകുലാധിപൻ; ഉമ്പർകുലേശൻ: അണ്ടർകുലേശൻ; ശക്രൻ; നാകനാഥൻ; മേഘവാഹനൻ; പാകവൈരി; വിണ്ണവവരൻ; ജംഭരിപു; സംക്രന്ദനൻ; സുരപതി; ദേവഗോത്രാധിരാജൻ; വാനവകുലപതി; വിഷ്ടപാധിപൻ; നീരദവാഹനൻ; അംബുദവാഹനൻ; വാസ്തോഷ്പതി; വാസവൻ; സുരേന്ദ്രൻ; ശതമഖൻ; മഘവാവ്; വിദ്യുൻമാലാബാണാസനൻ; പാകനിഷൂദനൻ; ദാനവാരികൾപതി; കണ്ണച്ചാര് (സഹസ്രാക്ഷൻ).

പ്രദോഷമാഹാത്മ്യം

അണിമതിശകലവുമംബരനദിയും
ഫണിപതിഫണഗണമണികളുമണിയും
ഗുണഗണനിധിയാം പരമേശ്വരനും
പ്രണയിനി ഭഗവതി പരമേശ്വരിയും
ഗണപതിഭഗവാനറുമുഖനും ബഹു–
ഗണപരിപാലിത ഹരിഹരസുതനും
പണിയുന്നവരുടെ പാപമൊഴിപ്പാൻ
പണികൂടാതെ കടാക്ഷിച്ചരുളിന–
ഫണിപതിശയനനനന്തപുരേശനു–
മണുമതിയാകുമൊരടിയനു വടിവൊടു
തുണചെയ്തരുളുക സുഖമേ പദതളി–
രിണ പണിയുന്നേനഹമിഹ സതതം.
ധരണീസുരവരമകുടമഹാമണി
കരണീയങ്ങളിലമലമഹാപതി
തരണിസമാനൻ ദുരിതമഹാർണ്ണവ–
തരണത്തിന്നൊരു തരണീഭൂതൻ
കരുണാഗുണഗണ വരുണാലയനാം
ഗുരുനാഥൻ മമ വരമരുളേണം.
അരുണാംബുജരുചി തന്തിരുവടിയുടെ
ചരണയുഗം മമ ശരണം ശരണം.
ധാത്രിയിലഴകിന കിള്ളിക്കുറിശ്ശി–
ക്ഷേത്രംതന്നിൽ വിളങ്ങിന ദേവൻ
നേത്രം മൂന്നുള്ളൊരു പരദൈവം
ഗാത്രം പാതി പരിഗ്രഹമാക്കി
ഗോത്രം നല്ലൊരു വില്ലുമതാക്കി
ഗോത്രാധിപനെ വാഹനമാക്കി
ഗോത്രാപാലനശീലൻ മൻമതി–
പാത്രംതന്നിൽ വിളങ്ങീടേണം.
മാത്തൂരാലയവാസിനി ഭഗവതി
മനസിജരിപു നിജ നന്ദിനി സുന്ദരി
കാത്തരുളീടുക കളരിനിവാസിനി
കളഭമനോഹരഗാമിനി കാമിനി.
വഞ്ചിമഹീപതി വരകുലശേഖര–
നഞ്ചിതവിമലമഹാഗുണസഞ്ചയ–
സഞ്ചിതനാകിന സകലജനേശനു–

ദഞ്ചിതധനജനകുലബലശാലി
പഞ്ചശരോപമ മധുരശരീരന—
ചഞ്ചലമാനസനമരസമാനൻ
കിഞ്ചന കനിവരുളീടുകിലടിയനു
നെഞ്ചിനു വെളിവു വിശേഷിച്ചുളവാം.
പഞ്ചായുധരിപുതൻ തിരുനാമം
പഞ്ചാക്ഷരമയമഖിലശിവങ്കര—
മഞ്ചാതനിശമുരുക്കഴിയുന്നവ—
നഞ്ചുമൊരാറും രുദ്രൻമാരുടെ
തിരുവുടലുടെ സാരൂപ്യമുടൻ വരു—
മുരുതരദുരിതവിനാശനമൂലം.
ഹര! ശിവങ്കര! ഗിരിജാവല്ലഭ!
പുരഹര! പുഷ്പശരാന്തക! ശംഭോ!
ശരണം ഭവ![1] ഭവഭവശമലം[2] പരി—
ഹരണം ചെയ്തരുളീടിന ഭഗവാൻ
തരണം വരമുടനടിയനു വിരവൊടു
വരണം സർവ്വസമീഹിതമർത്ഥം.
ചരണം സ്മരണംചെയ്യും മനുജനു
മരണഭയം നഹി യമഭയവും നഹി
കരണവിശുദ്ധി ഭവിച്ചു ഭവാംബുധി—
തരണം തരസാ സംഗതികൂടും.
പ്രശമമിയന്നു പ്രദോഷം നോറ്റാൽ
പ്രശമിതമാകുമശേഷം ദുരിതം
ശശധരശേഖരനാകിയ ഭഗവാ—
നശുഭമശേഷമൊഴിച്ചരുളീടും;
അശനത്തിനു വകയില്ലാത്തവനതി—
ഭൃശതര ധനധാന്യാദികളുണ്ടാം
വിശദമതാകിന കീർത്തിയുമുണ്ടാം
കൃശദേഹത്തിനു പുഷ്ടിയുമുണ്ടാം.
ദാരിദ്ര്യങ്ങളശേഷം നീങ്ങി—
പ്പാരിൽ ദ്രവ്യപ്രഭുവായ് വരുവാൻ
മുറ്റുമൊരാഗ്രഹമുണ്ടെന്നാകിൽ
ചെറ്റും മടികൂടാതെ പ്രദോഷം
നോറ്റുതുടങ്ങുക മനുജൻമാർക്കതി—
ലേറ്റം മറ്റൊരു ധർമ്മവുമില്ല.
വിനയമിയന്നു വിദർഭമഹീപതി—
തനയൻതന്നുടെ ചരിതം കേട്ടാൽ

---

1. ഭവൻ=ശിവൻ (സകലത്തിന്റെയും ഉദ്ഭവസ്ഥാനമായവൻ).
2. ഭവം = സംസാരത്തിൽനിന്നുദ്ഭവിച്ച. ശമലം = പാപം.

മനുജൻമാർക്കു പ്രദോഷം നോല്പാൻ
മനസി കുതൂഹലമുണ്ടാം നിയതം,
കുണ്ഡിനമെന്നു പ്രസിദ്ധമതാം ഭൂ–
മണ്ഡനമാകിയ നഗരംതന്നിൽ
വിണ്ണവർപതിയൊടു തുല്യനതാമൊരു
പുണ്യമഹാമതി നൃപനുണ്ടായി;
ചണ്ഡത പെരുകിന വിമതൻമാരുടെ
ഖണ്ഡനവിധികളിലധികവിദഗ്ധൻ;
മണ്ഡലമവനംചെയ്‌വതിനവനാ–
ഖണ്ഡലനേക്കാൾ കൗശലമേറും;
നാടുകൾതോറും നായൻമാരുടെ
വീടുകൾ കണ്ടാലറിയാം നൃപനുടെ
കേടുകൾകൂടാതുള്ളൊരു സമ്പൽ–
പ്രൗഢികളെല്ലാമധികമനോജ്ഞം;
നാടകമല്ലിതു നരപതിതന്നുടെ
നാടകമെല്ലാം ബഹു ധനധാന്യം
മാടുകൾ മഹിഷികൾ കാളകളും പുന–
രാടുകളെന്നിവയങ്ങു തളപ്പാൻ
കൂടുകൾ പോരാഞ്ഞൊരുവക വളരെ–
ക്കാടുകൾ മേഞ്ഞു നടന്നീടുന്നു.
ആടകളനവധി യുവതിജനത്തിനു–
മാടകളണിയാത്തവരതിതുച്ഛം;
പീടിക മാളിക മണിമാടവുമ–
ങ്ങാടികൾ തെരുവുകൾ പെരുവഴിതോറും
മോടികലർന്നൊരു വേശ്യാസ്ത്രീകടെ
വീടുകളമരപുരത്തിനു സദൃശം;
നാടകമാടുക നടിമാരൊരുദിശി
പാടുക ചാടുക ചന്തംപെരുകിന
ചാടുകൾ[1] കൊണ്ടു പുകഴ്ത്തുക നൃപനെ
കോടുകളെല്ലാം ശ്രീഭഗവതി വിള–
യാടുകകൊണ്ടൊരു കുണ്ഠത വന്നിട–
കൂടുകയില്ലിതുകാരണമർത്ഥം–
നേടുകയും ചെലവിടുകയുമതിനൊരു
കേടുകളെങ്ങും കാൺമാനില്ല;
കടമില്ലൊരുവനുമതുകാരണമൊരു
തടവില്ലവിടെ വസിച്ചു സുഖിപ്പാൻ;
കടകാദികളാം കോപ്പുകൾ പട്ടും
പുടവയുമെന്നിവ വയ്പാനറകളി–

---

1. ചാടുകൾ=ചാടുവാക്കുകൾ; മുഖസ്തുതി.

ലിടമില്ലാഞ്ഞു വിഷാദിക്കുന്നൊരു
മടവാർമണികളുമവരൊടു ചേർന്നഥ
നടമാടുന്നൊരു പുരുഷൻമാരുമൊ—
രടവുകളിതുപോലെങ്ങാനുണ്ടോ!
ദേവബ്രാഹ്മണവിശ്വാസം പുന—
രേവം മററൊരു നാട്ടിലുമില്ല;
ദേവസ്വത്തെ ഹരിപ്പാൻ തന്നുടെ
ജീവനതുള്ളന്നാഗ്രഹമില്ല;
ശൈവഹരിക്ഷേത്രങ്ങളിലെല്ലാം
നൈവേദ്യത്തിനു പാൽപായസവും
ശീവലിപൂജ വിളക്കും മാലയു—
മീവക സകലം സമ്പാദിച്ചു;
വെൺമകലർന്ന മഹാക്ഷേത്രം ബഹു—
വെൺമാടമതാക്കിപ്പണിയിച്ചു;
ഉൺമാൻ വകയില്ലാത്ത ജനത്തിനു
ധർമ്മക്കഞ്ഞി കൊടുത്തുതുടങ്ങി;
നാട്ടിൽ പലപല ദിക്കിൽ പെരുവഴി—
യൂട്ടുതുടങ്ങി മുടങ്ങീടാതെ;
കെട്ടും ചുമടുമെടുത്തു വരുന്നൊരു
പട്ടൻമാർക്കു വിശേഷിച്ചൻപൊടു
മൃഷ്ടാശനവും പച്ചടി കിച്ചടി
കൂട്ടാനുള്ള വിധങ്ങളനേകം
നറുനൈ ദധിയും പാലും പഴവും
കറി നാലും നാരങ്ങാക്കറിയും.

ചെറിയ പപ്പടം വലിയ പപ്പടം
കുറിയ ചോറുമക്കറിയുമദ്ഭുതം!
നിറയെയുണ്ടുകൊണ്ടമലവെങ്കളി—
ത്തറയിലേറിയപ്പഥികഭൂസുര—
പ്പരിഷയൊക്കവേ പെരിയ വേനലും
വരിഷകാലവും കുളിരുകാലവും
പുരുഷകാരമപ്പുരിയിലെപ്പൊഴു—
മുരുസുഖം വസിച്ചരുളുമന്വഹം;

ശോഭാസമുദയപൂർണ്ണസുവർണ്ണ തു—
ലാഭാരാദി മഹാദാനങ്ങളു—
മറുപതു ലക്ഷം ഗോദാനങ്ങളു—
മനവരതം ബഹു ഭൂദാനങ്ങളു—
മനവധി മണി കനകാഭരണാദികം
ഘനതരദാനവിശേഷമശേഷം

കനിവൊടു ചെയ്തു വിദർഭമഹീപതി
ഘനമൊടു വാണിതു കുണ്ഡിനനഗരേ;
പത്തുമൊരെട്ടും കന്യകമാരെ
പ്പാണിഗ്രഹണംചെയ്തു നരേന്ദ്രൻ
ഉത്തമമാരാമവരൊടുകൂടി—
ത്തത്ര സുഖിച്ചു രസിച്ചു വസിച്ചു
സന്തതിയുണ്ടായില്ലതുകാരണ—
മന്തസ്താപം കിമപി തുടങ്ങി;
സന്തതമോരോ സത്കർമ്മങ്ങളു—
മന്തണരെക്കൊണ്ടാരംഭിച്ചു,
അപ്പവു, മടയും, കദളിപ്പഴവും,
പാൽപായസവും മല,രവിൽ, തേനും,
നെയ്പായസവും ഗുളവുമിളന്നീ—
രല്പേതരമാമാജ്യാഹുതിയും,
നെൽപ്പൊരി, തേങ്ങാ, നല്ല കരിമ്പും,
വെള്ളം, വെള്ളരി, വെററില, പാക്കും,
വല്ലഭമേറിന ഗണപതിഹോമമി—
തെല്ലാം കൂട്ടിക്കൊണ്ടു തുടങ്ങി;
മന്ത്രജപം, ബഹു മുറജപമൊരു ദിശി,
തന്ത്രവിധം, ബഹു പുഷ്പാഞ്ജലിയും,
ഭഗവതിസേവയുമെന്നിവ സർവ്വം
ഭഗവൽപ്രീതിക്കനുഗുണമായി
പലവിധമങ്ങു തുടങ്ങിയ സമയേ
ഫലമപി കിഞ്ചന കാൺമാറായി;
ചലമിഴിമാർ പതിനെട്ടുള്ളതിലൊരു
കുലമഹിഷിക്കഥ ഗർഭവുമുണ്ടായ്
മുലയിണകണ്ണു കറുത്തു ശരീരവു—
മലസത പൂണ്ടു വിളർത്തു വിളങ്ങി;
അരുവയർ വീർത്തുതുടങ്ങി ഭുജിപ്പാ—
നരുചിയുമങ്ങു തളർച്ചയുമധികം
നരപതിവരനുടെ മാനസതാരിൽ
പരിചൊടു മോദവുമാശു വളർന്നു;
അമ്പൊടു ഗർഭിണിയാകിയ മഹിഷി—
ക്കൊമ്പതു മാസവുമങ്ങു തികഞ്ഞു.
ഇമ്പവുമന്നു വിദർഭമഹീപതി—
വമ്പനുമാശു വളർന്നു തുടങ്ങി.

അക്കാലം സാല്വനെന്നു ചൊൽക്കൊണ്ട ശത്രുഭൂപൻ
വക്കാണത്തിന്നു വട്ടമൊക്കവെ കൂട്ടിക്കൊണ്ടു

തക്കത്തിൽ പടകൂട്ടിച്ചിക്കെന്നു പുറപ്പെട്ടു
ഇക്കാലം വിദർഭന്റെ ദിക്കുകളെല്ലാമിങ്ങ—
ടക്കേണമെന്നുറച്ചു തെക്കുള്ള പുരുഷാര—
മൊക്കെയും വരുത്തിക്കൊണ്ടൊന്നിച്ചു പുറപ്പെട്ടു;
എട്ടു ദിക്കുകളെല്ലാം പൊട്ടുമാറുള്ളൊരിടി—
വെട്ടുന്നതുപോലെ പടക്കൊട്ടും മുഴക്കിക്കൊണ്ടു
ഒട്ടും ഭയം കൂടാതെ പെട്ടെന്നു നായൻമാർക്കു
പട്ടും മുടുകും നല്കി പെട്ടെന്നു തെളിയിച്ചു.
ചട്ടയും തൊപ്പികളും കെട്ടി മുറുക്കിക്കൊണ്ടു
ചട്ടററ വില്ലുമമ്പും വട്ടപ്പരിശ വാളും
പട്ടസമെന്നീവണ്ണം വട്ടങ്ങളെല്ലാം കൂട്ടി
പട്ടണംതന്നിൽനിന്നു പാരാതെ നടകൊണ്ടു;
നാടും നഗരങ്ങളും വീടും കുടികരം പുഴ
തോടും വലിയ മലമൂടും കടന്നു പല——
കാടുമതിക്രമിച്ചു ചാടും മൃഗങ്ങളിട—
കൂടും പെരിയ ചില മാടും[1] പിന്നിട്ടു ചെന്നു
കുണ്ഡിനപുരത്തിന്റെ കൂടുവഴി[2] യടുക്കെ
കുന്നും കിടങ്ങും കോരിച്ചെന്നു പാളയമിട്ടു;
സാലവൻ സമരഭുവി മല്ലൻ സകലബല—
കല്യൻ കഠിനതര വില്ലൻ വിജയനോടു—
തുല്യൻ വിഗതഭയശല്യൻ വിമലതര—
കുല്യൻ[3] കുപിതമതി കില്ലും വെടിഞ്ഞു പട—
വില്ലും കുലച്ചു തടവില്ലെന്നുറച്ചു വെക്കം
ചെല്ലുന്നതുണ്ടരിയെക്കൊല്ലുന്നതുണ്ടു മമ,
തെല്ലും വിവാദമതിനില്ലെന്നു കരുതിക്കൊ—
ണ്ടുല്ലാസത്തോടേ മൊഴി ചൊല്ലാനണഞ്ഞു ചെന്നു.

കോപമിയന്നഥ കുണ്ഡിനപുരിയുടെ
ഗോപുരനികടേ ചെന്നഥ പററി
ചാപമെടുത്തു കുലച്ചു പിടിച്ചതി—
ചാപലവാക്കു പറഞ്ഞുതുടങ്ങി:
''വാടാ! വിമത വിദർഭമഹീപതി—
ഖേടാ നിന്നുടെ വികൃതികരം നമ്മൊടു
കൂടാ കുപുരുഷ! പോരിലൊരല്പം
വാടാത്തവനഹമെന്നു ധരിക്കണ—
മാടലിനിക്കിഹ നഹി നഹി, നിന്നുടെ

---

[1] മാട് = കുന്ന്. [2] കൂടുവഴി = ചെന്നുകൂടുന്ന വഴി (അപ്രോച്ച് റോഡ്)
[3] കുല്യൻ = നല്ല കുലത്തിലുണ്ടായവൻ. 'വിമലതരകല്യൻ' എന്ന് ചില പതിപ്പിൽ അപപാഠം.

വാട, കിടങ്ങുക,ളാനപ്പന്തികൾ
ഘോടകഭവനം, നാടകഭവനം
ചേടകഭവനം, പേടകഭവനം,
നടഭടവീടുകളെന്നിവ സകലവു*—
മിടിപൊടിയാക്കി മുടിപ്പതിനിന്നൊരു
തടവു നമുക്കില്ല,ടവുകളനവധി
പടവുകൾ, വഞ്ചികൾ വള്ളമിതുള്ളവർ
കടവിലടുത്തു കലമ്പിപ്പൊടുപൊടെ
വെടി തുടരുമ്പോളുള്ളിലിരിക്കും
മടുമലർമിഴിമാർ മററുള്ളവരും
കിടുകിടെ നിന്നു വിറയ്ക്കേയുള്ളു;
കടലുകൾ നാലിനകത്തുള്ളവനി—
ക്കുടയവനാകിന സാലപനിരിക്കെ
കുടയുമെടുത്തു പിടിപ്പിച്ചങ്ങനെ
നടനംചെയ്ക നിനക്കെളുതാമോ?
ഇടയില്ലാത്തൊരു മൂഢൻ നമ്മോടു
പടയിൽ തോററു മടങ്ങുന്നേരം
കുടയും തഴയുമെടുത്തൊരു മലയുടെ
മടയിൽ പോടുക താനേ വന്നു
പടയണിനടുവിലൊരടവു പിടിപ്പാൻ
പടുത തരിമ്പുമതില്ലാത്തവനുടെ
തടികൊണ്ടൊരു ഫലമില്ല, തനിച്ചൊരു
തടിയൻ തിന്നു മുടിപ്പാൻ കൊള്ളാം;
പിടിയാത്തവരുടെ ഹുംകൃതി കണ്ടാ—
ലടിയാത്തവർ വിടുഭോഷൻമാരൊരു—
തടിയൊടിയോളവുമടികൂട്ടാനൊരു
മടിയരുതൊരുവനുമെന്നറിയേണം.

കേട്ടില്ലയോ നീ മറുനാട്ടിൽ ദുഷ്പ്രഭുക്കൻമാർ
കാട്ടിയൊരപരാധം കേട്ടു ഞാൻ സഹിക്കാഞ്ഞു
നാട്ടിൽ നിന്നവരെയങ്ങാട്ടിക്കളഞ്ഞു, നമ്മുടെ
പാട്ടിലാക്കി രാജ്യങ്ങൾ, കാട്ടിലുമങ്ങു മല—
മൂട്ടിലും മരത്തിന്റെ ചോട്ടിലും, നീചരുടെ
വീട്ടിലും പലപല കോട്ടിലും നടന്നോരോ
ഗോഷ്ടി കാട്ടുന്ന വൈരിക്കൂട്ടക്കാരങ്ങുമിങ്ങു—
മാട്ടക്കാരെന്നപോലെ ചേട്ടക്കാരുഴലുന്നു;
കാററും മഴയും മഞ്ഞുമേററുകൊണ്ടേകാദശി—
നോററുള്ളവരെപ്പോലെ ഏററു നടപ്പാൻ മേലാ

---

* 'നടപടവീടുകളെന്നിവ സകലവു'—പാഠാന്തരം.

മററുള്ള മാലോകരും മാററിക്കണ്ടേൻമാർ[1]ക്കൊരു
വററും കൊടുക്കയില്ല, മുററുമിവർകൾക്കെങ്ങും
കൊററും കിടയാ, പിന്നെ മററുള്ള സംസാരങ്ങൾ
ചെററും നിരൂപിക്കേണ്ടാ, പററുന്നില്ലൊരേടത്തും
ഓർക്കുമ്പോൾ നമ്മോടെത്തി നേർക്കുന്ന വൈരികളി–
ലാർക്കും വിരുതു കെട്ടിപ്പാർക്കുന്ന ജനമില്ല;
തോക്കുമെടുത്തു പട കേൾക്കുന്ന നേരംതന്നെ
തോല്ക്കുന്നവരേയുള്ളു നോക്കുന്ന ദിക്കിലെങ്ങും;
തെക്കും വടക്കും സഞ്ചരിക്കും പഥികരോടു
കേൾക്കുമ്പോ[2] ളറിയാമിനിക്കുള്ള പ്രബന്ധങ്ങൾ
കാട്ടുകോഴികൾക്കെന്തു സംക്രാന്തിയെന്നപോലെ
നാട്ടുപിള്ളേർക്കു നമ്മുടെ നാണയം ഗ്രഹിക്കാമൊ?

എന്തിനനേകം മൊഴി പറയുന്നിതു
ദന്തിരഥാദി ധനങ്ങളശേഷവും
ഇപ്പൊഴുതെങ്കൽ കൈയ്യാളിച്ചിഹ
കപ്പം തന്നു പൊറുക്കാമെങ്കിൽ
ഇപ്പട വന്നതു മാററിയയയ്ക്കാ–
മിപ്പൊഴുതൊരു കുറി നികൃതി സഹിക്കാം;
അല്ലെന്നാകിലനർത്ഥമനേകം
സാല്വമഹീപതി സപദി വരുത്തും;
വില്ലൻമാരിൽ വിദഗ്ദ്ധൻ ഞാൻ തട–
വില്ലെങ്ങും തവ നാടു മുടിപ്പാൻ.''
ഇത്ഥം മൊഴികൾ വിളിച്ചുപറഞ്ഞാ–
നുദ്ധതനാകിന സാല്വനരേന്ദ്രൻ
ക്രുദ്ധനതായ വിദർഭമഹീപതി
യുദ്ധംചെയ്‌വതിനാശു മുതിർന്നു.
വമ്പേറീടിന നായൻമാരഥ
തമ്പേറടി വടിവോടു തുടങ്ങി;
അൻപതു നൂറു സഹസ്രം ഭടജന–
മൻപൊടു കുണ്ഡിനപുരിയിൽ നിറഞ്ഞു
വൻപടഹങ്ങളടിച്ചു മുഴക്കി
സമ്പ്രതി ചടുചട പടരവഘോഷം
കുന്തം, ചവളം, വില്ലും, ശരവും,
ലന്തത്തോക്കുകൾ, ചക്രം, ശൂലം,
ചന്തം പെരുകിന വാളു, കടുത്തില,
തന്നത്തടി, വടി, തോമരജാലം.

---

[1] മാററിക്കണ്ടേൻമാർ = ശത്രുപ്പരിഷകൾ.

[2] പഥികരോടു കേൾക്കുമ്പോൾ = പഥികരോടു ചോദിച്ചാൽ: 'ചോദിക്കുക'യെന്ന അർത്ഥത്തിൽ തെക്കൻ തിരുവിതാംകൂറിലുള്ള പ്രയോഗമാണു 'കേൾക്കുക'

ഇത്തരമായുധനികരമശേഷം
സത്വരമങ്ങു കരത്തിലെടുത്തഥ
ഉത്തരഗോപുരവാതിൽ തുറന്നു പു-
റത്തു പുറപ്പെട്ടാർത്തുവിളിച്ചു;
അണിവെടിവച്ചു പടയ്ക്കു തുടർന്നിതു
പണികൂടാതേ ഭടജനമുടനെ
സാല്വനരേന്ദ്ര, വിദർഭമഹീപതി
സൈന്യഭടൻമാർ തങ്ങളിലേറഥ
ജന്യമഹോത്സവമതികോലാഹല-
മവികലകലശലു കൂടിയ സമയേ

പടമല്ലനൊരുത്തനടുത്തു
പടവില്ലു കരത്തിലെടുത്തു
പടുകോപമവന്നു കടുത്തു
പരിചോടുടനമ്പു തൊടുത്തു
അഥ പത്തു ബാണമൊത്തു വിട്ടു
മറുതല ചത്തുവീണു യുദ്ധഭൂമിനടുവിലുടൻ;
ഒരു വീരനു കണ്ണു കലങ്ങി
തെരുതെരെ വെടി വച്ചുതുടങ്ങി
അരിഭടജനമൊന്നു മടങ്ങി*
പരിചൊടു കരമൊന്നു മുടങ്ങി
അവനിഴഞ്ഞു കുഴഞ്ഞു വലഞ്ഞു-
മുലഞ്ഞുമൊരുതരമിഹ പോന്നു.
അതു കണ്ടൊരു നായർ ചൊടിച്ചു
പുതുകള്ളുമെടുത്തു കുടിച്ചു
പ്രതിനായരെ ചെന്നു പിടിച്ചു
ചതിയാലഥ മൂക്കു കടിച്ചു
മുടി പിടിച്ചുമിടിച്ചുമടിച്ചുമൊടിച്ചു-
മൊരു കലശലുകൂട്ടി ചിലർ;
ചിലർ വിരവൊടു വെട്ടിമരിച്ചു
ചിലരവശതപൂണ്ടു തിരിച്ചു
ചിലരതു ബത കണ്ടു ചിരിച്ചു
ചിലരണികളിലങ്ങു ചരിച്ചു
പല വിധത്തിലടുത്തു കടുത്തു
തകർത്തുതിമിർത്തും രണഘോഷം

നരവരനാകിയ സാല്വനുമൻപൊടു
ശരവരമാരി ചൊരിഞ്ഞു ചൊരിഞ്ഞഥ

---

* 'അരിഭടജനമതിലൊന്നു മടങ്ങി'—എന്നു മുദ്രിതപുസ്തകങ്ങളിലെ പാഠത്തിനു വൃത്തഭംഗം.

തെരുതെരെ നിജ ഭടപടലമശേഷം
പരിമഥനം ചെയ്യുന്നതു കണ്ടുടൻ
അരിശമിയന്നു വിദർഭമഹീശ്വര—
നരിശമനത്തെ വരുത്തുവനെന്നതി—
കരുതിയുറച്ചു രഥത്തേലേറി
പരിചൊടു നേർത്തു ശരങ്ങളുതിർത്തു;
''സാല്വകുലാധമ! കുടിലാ! നിന്നുടെ
സാഹസമെത്ര വിചിത്രമിതോർത്താൽ!
നിർമ്മര്യാദമൊരുത്തൻ വന്നിഹ
നമ്മുടെ രാജ്യമൊതുക്കുവതിന്നായ്
ദുർമ്മാർഗങ്ങൾ തുടങ്ങിയതെന്തൊരു
ദുരഹങ്കാരമഹോ! ബത മൂഢാ!
ധർമ്മമിതെന്നുമധർമ്മമിതെന്നും
നിൻമനതാരിൽ വിചാരം നാസ്തി;
അന്യജനങ്ങടെ നാട്ടിൽ ബഹുധന—
ധാന്യസമൃദ്ധികൾ കാണുന്നേരം
തന്നുടെ കരളിൽ മുഴുക്കുമസൂയയി—
തിന്നിഹ കാരണമെന്നേ വേണ്ടൂ;

തന്നെക്കാൾ വലുതായിട്ടൊരുവൻ
മന്നിലിരിക്കരുതെന്നൊരു ഭാവം
നിന്നുടെ മനമതിലതിശയമോടേ
വന്നുഭവിക്കനിമിത്തം നമ്മൊടു
ജന്യത്തിന്നു മുതിർന്നു ഭവാനിഹ
തന്നെത്താനറിയാത്തൊരു ദുഷ്ടൻ;

അന്യമഹാജനമിതു കേൾക്കുമ്പോൾ
നിന്നെക്കൊണ്ടു ദുഷിക്കുമശേഷം;
എന്നതുകൊണ്ടു നമുക്കൊരു ചേതം
വന്നുഭവിപ്പാനില്ലെട സാല്വാ!
വന്നതു വന്നു, ഭവാനെ വണങ്ങി—
ത്തന്നുടെ നാട്ടിലിരിപ്പാനാഗ്രഹ—
മെന്നുള്ളിൽ പുനരെള്ളോളവുമിഹ
തോന്നുന്നില്ല, ധരിച്ചീടുക നീ;

അമർചെയ്യുമ്പോളധുനാ നിന്നൊടു
സമമായ് നില്പാനെളുതല്ലെങ്കിൽ
സമരേ വെട്ടിമരിച്ചു തിരിച്ചുട—
നമരേശന്റെ പുരത്തിലിരിക്കാം;''
ഇത്ഥമുരത്തു വിദർഭനരേന്ദ്രൻ
യുദ്ധവിധങ്ങൾ തുടങ്ങി മഹാരഥ—

നുദ്ധതനാകിയ സാല്വനുമാശു ര–
ണത്തിനണഞ്ഞു ശരങ്ങളുതിർത്തു;
സർപ്പം ദൈവതമാകിന ബാണം[1]
സപദി തൊടുത്തഥ സാല്വനരേന്ദ്രൻ
അപ്പോൾത്തന്നെ ഗരുഡാസ്ത്രത്തെ
ക്ഷിപ്രമയച്ചു വിദർഭനരേന്ദ്രൻ
പവമാനാസ്ത്രമയച്ചിതു സാല്വൻ
പർവ്വതബാണമയച്ചു വിദർഭൻ
ആഗ്നേയാസ്ത്രമയച്ചിതു സാല്വൻ
അംഭോദാസ്ത്രമയച്ചു വിദർഭൻ
പുഷ്പശരാസ്ത്രമയച്ചിതു സാല്വൻ
പുരഹരബാണമയച്ചു വിദർഭൻ
ആസുരമസ്ത്രമയച്ചിതു സാല്വൻ
അജിതശരം മോചിച്ചു വിദർഭൻ
രാക്ഷസമസ്ത്രമയച്ചിതു സാല്വൻ
രാഘവബാണമയച്ചു വിദർഭൻ
തിമിരാസ്ത്രങ്ങളയച്ചിതു സാല്വൻ
മിഹിരാസ്ത്രങ്ങളയച്ചു വിദർഭൻ
കരിശരമാശു തൊടുത്തിതു സാല്വൻ
ഹരിശരമുഗ്രമയച്ചു വിദർഭൻ
ഇത്തരമസ്ത്രപ്രത്യസ്ത്രങ്ങളു–
തിർത്തു തിമിർത്തൊരു സമരംതന്നിൽ
കുണ്ഡിനനൃപനുടെ വില്ലും തേരും
ഖണ്ഡിതവാനഥ സാല്വനരേന്ദ്രൻ;
ചണ്ഡശരംകൊണ്ടവനീപതിയുടെ
മുണ്ഡവുമാശു മുറിച്ചു തദാനീം
പ്രാണവിനാശമടുത്തവനിന്നതു–
വേണം കാരണമെന്നില്ലേതും
ബാണം തന്നുടെ ബലമല്ലെന്നറി–
യേണം സർവ്വജനങ്ങളുമിപ്പോൾ;
ധീരപ്രകൃതി വിദർഭനരേന്ദ്രൻ
വീര്യസ്വർഗ്ഗവുമാശു ലഭിച്ചു;
സ്വൈരമതായിസ്സുരതരുണീമണി–
മാരൊടുകൂടി രമിച്ചു വസിച്ചു.

സമരത്തിൽ ജയിച്ചോരു സാല്വനും പടകളും
സഹസാ പുരത്തിൽ കേറി സർവ്വമപഹരിച്ചു:
കനകപ്പൊടിയും, നല്ല കാഞ്ചനകുംഭങ്ങളും
കനത്ത പൊൻപാത്രങ്ങളും കാതുള്ള വാർപ്പുകളും

---

1. നാഗാസ്ത്രം.

മഹരൂപിരാശിചക്രം*, മാറേററും തങ്കങ്ങളും
മഹനീയരത്നങ്ങളും, മാല, കടകങ്ങളും,
പട്ടും, പുടവകളും, പെട്ടി, പെട്ടകങ്ങളും
കട്ടിലും, മെത്തകളും, കുട്ടകം, ചട്ടുകങ്ങൾ
രജതസ്വർണ്ണാദിയാകും രാജദ്രവ്യങ്ങളെല്ലാം
രഭസേന കൈക്കലാക്കി രാജേന്ദ്രകിങ്കരൻമാർ;
കൊള്ളയുമിട്ടു കൊട്ടിഗ്ഘോഷിച്ചു കുണ്ഡിനത്തി-
ലുള്ള പദാർത്ഥമെല്ലാമൂനംകൂടാതെതന്നെ
കണ്ടെഴുതിച്ചുംകൊണ്ടു കാരിയക്കാരൻമാർക്കും
കണ്ടങ്ങൾ പറമ്പുകൾ കരക്കാർക്കും കൈയ്യാളിച്ചു;
മടിക്കാതെ സാലഭൂപൻ മാളികമീതിലേറി
മടവാർമണികളോടേ മാനിച്ചു വിനോദിച്ചു
വിദർഭഭൂപാലനായി വിരവോടേ തത്ര വാണു
വിദഗ്ധൻമാർക്കെന്തു പിന്നെ വിഷമം സുഖിച്ചിരിപ്പാൻ

മൃതനായുള്ള വിദർഭാധിപനുടെ
പതിനെട്ടംഗനമാരവരെല്ലാം
കലശലുകൂടിയ സമയേ ശിവ ശിവ!
പലവഴിയോടിക്കാടുകരേറി
അതിലൊരു ഗർഭിണിയാകിയ സുന്ദരി
പതിയുടെ മരണം കേട്ടു കരഞ്ഞൊരു
ഗതിയില്ലാഞ്ഞു വനത്തിൽ പുക്കുട-
നതിപരവശയായ് മെല്ലെ നടന്നാൾ;
പത്തുതികഞ്ഞിതു ഗർഭമവൾക്കു വി-
പത്തുമതിങ്ങനെ സംഗതി വന്നു;
തത്ര വനത്തിലവൾക്കു നടപ്പതി-
നെത്ര മഹാപണി ശിവശിവ! കഷ്ടം!
പേററിനടുത്തൊരു നോവു തുടങ്ങി
ഏററുനടപ്പാനരുതാതായി
മുററുമുടുത്തൊരു തുണിയല്ലാതെ
മററൊരു വസ്ത്രവുമില്ല കരത്തിൽ;
കാട്ടിൽക്കൂടെ നടന്നു നടന്നൊരു
തോട്ടിന്നരികേ ചെന്നവൾ പററി;
പെട്ടെന്നവിടെപ്പെററൊരു പുരുഷ-
ക്കുട്ടി പിറന്നു നിലത്തു പതിച്ചു;
പിള്ള പിറന്നതുനേരം ജനനി-
ക്കുള്ളമെരിഞ്ഞൊരു ദാഹംമൂലം
വെള്ളം തെല്ലു കുടിക്കണമെന്നവ-
ളുള്ളംതന്നിലുറച്ചു പതുക്കെ

---

* മഹരൂപിരാശിചക്രം: അക്കാലത്തു പ്രചരിച്ചിരുന്ന ഒരു നാണയം.

തോട്ടിലിറങ്ങി ജലപാനത്തിനു
പാട്ടിലിരുന്നു തുടർന്നൊരുനേരം
പോട്ടിലൊളിച്ചു കിടക്കും മുതല-
ക്കൂട്ടങ്ങളിലൊരു പൊണ്ണൻമുതല

തണ്ണീരങ്ങു കുടിച്ചുതുടങ്ങിയ
പെണ്ണിനെ വന്നു പിടിച്ചു വിഴുങ്ങി
പൊണ്ണത്തടിയനു തടിയും വയറും
വണ്ണംവച്ചു തിരിച്ചു ഗമിച്ചു;
കണ്ണിണ ചിമ്മിക്കൈയ്യും കാലും
മണ്ണിലിഴച്ചു കരഞ്ഞു കിടക്കും
ഉണ്ണി വിശന്നു തളർന്നു വിരഞ്ഞഥ
ദണ്ഡിക്കുന്നതു ദൈവാധീനം;
അന്നേരം പുനരതുവഴി പോവാൻ
വന്നിതു കാചന ഭൂസുരപത്നി:

തന്നുടെ പിള്ളയെയെളിയിലെടുത്തു ന-
ടന്നു പതുക്കെ വരുന്നൊരു വഴിയിൽ
കാലു കുടഞ്ഞു കരഞ്ഞു കിടക്കും
ബാലനെയവിടെക്കണ്ടൊരുനേരം

ആരുടെ കുഞ്ഞിതു! ശിവശിവ! ശിവനേ!
കാരണമെന്തിതു വന്നു ഭവിപ്പാൻ?
ആരുമൊരാശ്രയമില്ലിവനയ്യോ!
പാരം കഠിനമിതെന്തൊരു കഷ്ടം!
പിള്ളയെയിങ്ങനെ പെററു വെടിഞ്ഞൊരു
തള്ളയ്ക്കെന്തൊരു ഭ്രാന്തുപിടിച്ചോ?
പള്ളയിലേതും നാസ്തി, മുലപ്പാൽ
തുള്ളി കുടിച്ചതുമില്ല കുമാരൻ;
ഇപ്പോൾത്തന്നെ പിറന്നിഹ വീണു വി-
കല്പമതിന്നു തരിമ്പില്ലിവനുടെ
പൊക്കിൾക്കൊടിയും വീണില്ലിവനെ യെ-
ടുക്കരുതോവാനെന്തിഹ ദോഷം?
മുലകുടിയെന്നതിൽ മുമ്പേ കുഞ്ഞിനു
കുലസംബന്ധമതില്ലതു നൂനം
പലരും കേട്ടാലിതിനൊരു കുററം
പറകയുമില്ലെന്നെന്നുടെ പക്ഷം;
വിപ്രകുടുംബിനി തന്നുടെ മകനെ
ക്ഷിപ്രം താഴെയിറക്കിയിരുത്തി
കുഞ്ഞിനെ വെക്കമെടുത്തു കുളിപ്പി-
ച്ചാദരവോടേ മുലയും നല്കി

തത്ര വസിക്കുന്നേരം വന്നാ—
നെത്രയുമുത്തമനൊരു സന്ന്യാസി;
അരുളിച്ചെയ്തിതു ദിവ്യയതീശ്വര—
ന ''രുവയർമണിയാമന്തണഭാര്യേ!
നരപതിനന്ദനനേഷ കുമാരൻ
സുരനൊടു സദൃശനിവൻ സുകുമാരൻ*
സുതനെപ്പെററൊരു സമയംതന്നെ
മുതല പിടിച്ചു മരിച്ചിതു ജനനി
അതുലം ഗുണഗണമിവനെ വളർത്താ—
ലതുകൊണ്ടേതും ദോഷവുമില്ല;
ധാത്രീസുരനുടെ താഴേ നില്ക്കും
ക്ഷത്രിയനത്രേ ഭേദമതുള്ളു;
ധാത്രീഭാവം പൂണ്ടു വളർക്ക
ധാത്രീപതിസുതനെക്കനിവോടേ;''
എന്നരുൾചെയ്തു ഗമിച്ചു യതീശൻ
നന്ദികലർന്നഥ ഭൂസുരപത്നി
തന്നുടെ മകനെ വലത്തേയെളിയിൽ
മന്നവസുതനെ യിടത്തേയെളിയിൽ
ഇങ്ങനെ സരസമെടുത്തുംകൊണ്ടവ—
ളങ്ങു നടന്നൊരു ദേശം പററി;
തന്നുടെ മകനെപ്പെററതിലുടനെ
തന്നുടെ ഭർത്താവാശു മരിച്ചു
എന്നതുമൂലമിരന്നുംകൊണ്ടു ന—
ടന്നു ദിനങ്ങൾ കഴിച്ചീടുന്നു;
ആണ്ടു തികഞ്ഞു മഹീസുരപുത്രനു
വേണ്ടുംക്രിയകൾ കഴിഞ്ഞതുമില്ല
രണ്ടു സുതൻമാരെയുമവൾ നീളെ—
ക്കൊണ്ടുനടന്നുമിരന്നു ഭുജിച്ചും
രണ്ടു വയസ്സും മൂന്നു വയസ്സും
രണ്ടു കുമാരൻമാർക്കുമതായി
മണ്ടിനടന്നു തുടങ്ങി പതുക്കെ
കുണ്ഠിതമമ്മയ്ക്കൊട്ടു കുറഞ്ഞു.

ഏകദാ മുദാ ചെന്നു തദാനീ—
മേകചക്രയെന്നുള്ളൊരു ദേശേ
ആകുലം വെടിഞ്ഞന്നമിരപ്പാ—
നാകവേ നടന്നന്തണപത്നി
ഇമ്പമോടു ബഹു ഭൂസുരരുള്ളോ—
രമ്പലത്തിലഥ ചെന്നുകരേറി

---

* 'സുരസുസദൃശനിവൻ സുകുമാരൻ'—പാഠാന്തരം.

അമ്പലാസികൾ പറഞ്ഞു ശിശുക്കൾ—
ക്കെമ്പറാന്തിരികൾ ചോറു കൊടുത്തു
കുന്നിൽമാതിനൊടുകൂടി വസിക്കും
ചന്ദ്രശേഖരനെ വന്ദനചെയ്തു
മന്ദിരത്തിനഥ മൂന്നു വലം വ—
ച്ചന്നൊരന്തണഗൃഹത്തിലിരുന്നു;
പിറ്റെനാളുഷസി ചെന്നു കുളിച്ചു
മറ്റൊരില്ലമഥ പുക്കു വസിച്ചു
കൊറ്റുമന്നവിടെനിന്നു ലഭിച്ചു
മുറ്റുമിങ്ങനെ ദിനങ്ങൾ കഴിച്ചു.
ബ്രാഹ്മണദേശം തന്നിലിവണ്ണം
ബ്രാഹ്മണിയും നിജതനയൻമാരും
ഭിക്ഷയുമേറ്റു ഭുജിച്ചു സുഖിച്ചോരു—
പക്ഷ[1] മതങ്ങു കഴിഞ്ഞൊരുശേഷം
പാണ്ഡിത്യാദി ഗുണങ്ങളിണങ്ങിന
ശാണ്ഡില്യാഖ്യനൊരവനിസുരേന്ദ്രൻ
ജ്യോതിശ്ശാസ്ത്രമശേഷമറിഞ്ഞോൻ
ജാതിശ്രേഷ്ഠതയുള്ളൊരു വിദ്വാൻ
പണ്ടു, കഴിഞ്ഞതു, മുപരി വരുന്നതു—
മുണ്ടുമനസ്സിലൊരീഷലുമില്ല,
രണ്ടു ശിശുക്കടെ ജാതകമൊക്കെ—
ക്കണ്ടു വരുത്തിയറിഞ്ഞു സമസ്തം;
രാവിലൊരുന്നാൾ ശിവനെത്തൊഴുവാൻ
കോവിലിൽ വന്നൊരു വിപ്രാംഗനയെ
ദേവഗൃഹത്തിലകത്തു വിളിച്ചുട—
നേവം കിമപി പറഞ്ഞുതുടങ്ങി:
‘‘നിന്നുടെ പരമാർത്ഥങ്ങളശേഷവു—
മെന്നുടെ ബുദ്ധിയിലുണ്ടിഹ ഭദ്രേ!
ധന്യനതാകിന നരപതിസുതനും
നിന്നുടെ മകനും പിന്നെ നിനക്കും
ബഹുദാരിദ്ര്യം തീരണമെങ്കിൽ
ബഹുമാനിക്കണമെന്നുടെ വചനം;
അഞ്ചു വയസ്സു വിദർഭകുമാരനു—
മാറു വയസ്സിഹ നിന്നുടെ മകനും
എന്നൊരു ദിവസം തികയുന്നോ പുന—
രന്നുതുടങ്ങിശ്ശിവപൂജാർത്ഥം
തിങ്ങളിൽ രണ്ടു പ്രദോഷം വരുമതു
നിങ്ങടെ മക്കളെ നോല്പിക്കേണം

---

[1] പക്ഷം=പതിനഞ്ചു ദിവസം.

സന്തതിലാഭം ധനലാഭം പുന—
രന്ത്യേ കാലേ ശിവസാരൂപ്യം.
എന്തൊരു വസ്തു നിനച്ചൊരു മാനുഷ—
നെന്തെങ്കിലുമതു സാധിച്ചീടും;
കനിവൊടു തത്ര കറുത്ത പ്രദോഷം[1]
ശനിയാഴ്ചയുമൊരുമിച്ചു വരുന്നാൾ
അനുപമഫലമിദമന്നു തുടങ്ങാൻ
മനുജനു സംഗതി വരുമെന്നാകിൽ;
അതുമല്ലെന്നാൽ വൃശ്ചികമാസം
മുതലായിട്ടു തുടങ്ങിക്കൊൾവിൻ
അതിനുടെ നിയമവുമുരചെയ്യാമഹം;
അതിശയഭക്തിവിശുദ്ധത വേണം
മതികല ചൂടും ശിവനെത്തന്നുടെ—
മതിതളിർതന്നിലുറപ്പിക്കേണം
മതിമുഖിമാരുടെ കഥയെന്നുള്ളതു—
മതിദൂരത്തു വെടിഞ്ഞീടേണം
അദ്ദിവസം പുനരഞ്ചുവെളുപ്പി—
ന്നകമേ സുഖമെഴുനേററു കുളിച്ചഥ
വെള്ളപ്പുടവയുടുത്തു ശരീരേ
വെള്ളംകൂട്ടി വിശുദ്ധി വരുത്തിയ—
വെള്ളച്ചാരമെടുത്തു മഹേശ്വര—
നുള്ളൊരു പഞ്ചാക്ഷരമന്ത്രത്തെ
ഭക്തിപുരസ്സരമാകുംവണ്ണം
മുക്തിഫലപ്രദമാവർത്തിച്ചഥ
നിടിലംതൊട്ടഥ സന്ധികൾതോറും
വടിവൊടു കുറിയിട്ടാദരവോടേ
രുദ്രാക്ഷങ്ങൾ ശിരസ്സിൽ കണ്ഠേ
വക്ഷസി കർണ്ണേ കരയുഗളേപി ച
ശിക്ഷയിലങ്ങു ധരിച്ചു തനിച്ചു ശി—
വക്ഷേത്രേ മരുവീടുകവേണം;
പ്രവരബ്രാഹ്മണജാതിക്കൻപൊടു
ശിവപൂജനവിധി വിധിയാംവണ്ണം
സന്ധ്യയടുത്താൽ മൂന്നര നാഴിക—
മുൻപേ ചെന്നു കുളിച്ചുവരേണം
സന്ധ്യാനടനുടെ തിരുനാമങ്ങള—
വന്ധ്യഫലങ്ങൾ ജപിച്ചീടേണം;
ഹോമം, തർപ്പണ,മഭിഷേകം, ശിവ—
നാമംകൊണ്ടഥ പുഷ്പാഞ്ജലിയും

---

1. കറുത്ത പ്രദോഷം = കറുത്തപക്ഷത്തിലുള്ള പ്രദോഷം.

പാലും തേനും നെയ്യു കരിക്കും
നാലുവിധങ്ങളിലഭിഷേകം ശുചി–
വില്വദലംകൊണ്ടർച്ചനമതു പുന–
രെല്ലാ വസ്തുവിലധികവിശേഷം;
അപ്പവു, മടയും, പാൽപ്പായസവും,
ശില്പമതാകിന ഗുളപായസവും
വെള്ളരി, വെററില, മലര,വിൽ, തേങ്ങാ
വെളുവെളയുള്ള നിവേദ്യവുമീവക
സംഗതിവന്നതുകൊണ്ടിഹ നൈവേ–
ദ്യം വിധിപോലേ ചെയ്തീടേണം;
വിപ്രൻമാരെക്കാൽകഴുകിച്ചു ഭു–
ജിപ്പിക്കേണം സംഗതിപോലെ
ശക്തിക്കൊത്തൊരു ദക്ഷിണ വേണം
ഭക്തിക്കൊത്തതുപോലെ ഫലിക്കും;
ആരണഭോജനശേഷംകൊണ്ടഥ
പാരണചെയ്തു സമർപ്പിക്കേണം
വൈദികവിധിയില്ലാത്ത മനുഷ്യനു
വേദിയരെക്കൊണ്ടതു ചെയ്യിക്കാം;
പ്രാതഃസ്നാനം ഭസ്മാലേപം
ജാതികരം നാലിനുമില്ലൊരു ഭേദം
ശിവനാമോച്ചാരണവും പിന്നെ
ശിവഭവനേഷു പ്രദക്ഷിണമെന്നിവ
രുദ്രാർച്ചനമുപവാസവ്രതമിഹ
ശൂദ്രാദികളുടെ ധർമ്മമിതുചിതം
രുദ്രാക്ഷം പുനരാമെന്നും ചില–
രരുതെന്നും പുനരുരചെയ്യുന്നു;
രുദ്രാക്ഷാവലിധാരണമെന്നതു
ശൂദ്രൻമാർക്കൊരു ദൂഷണമല്ല
രുദ്രപ്രീതിയവർക്കു ഭവിപ്പാൻ
ഭദ്രമിതെന്നു മഹാജനപക്ഷം;
ഉണ്ണരുതാരുമുറങ്ങരുതദ്ദിന–
മെണ്ണയുമംഗേ തേയ്ക്കരുതിങ്ങിഹ
പെണ്ണുങ്ങടെ കഥ ചൊല്ലരുതാരുമി–
വണ്ണമിരുന്നു പ്രദോഷം നോററാൽ
ഇഹലോകങ്ങളിലൈശ്വര്യാദികരം
ബഹുലാഭം ഫലമെല്ലാവർക്കും
പരലോകേ ശിവസാരൂപ്യാമൃത–
പരമാനന്ദം ഫലമതി ഭദ്രം.

പ്രമോദമുടയൊരു പരമശിവൻ
പ്രദോഷനടവരനഖിലനവൻ
പ്രമോഹനിരസനനിപുണനവൻ
പ്രസാദമരുളുക മയി ഭഗവൻ!
ഗിരിമകൾവരനുടെ പടുനടനം
പരിചൊടു പല പല രസചടുലം
സുര നര മുനിവര പരിമിളിതം
സുരുചിരകരമിദമതിലളിതം
തുടിയുടെ ചടചട രടിതങ്ങളും
മുടിയിലമരധുനീ തിരകളിയും
കടക മകുടഫണി ചലനങ്ങളും
കടിതടകരിതുകിൽ ചലനങ്ങളും
പുരിജടമുടിതന്നിലരവങ്ങളും
പരിചിലിളകിയൊരു സുരവങ്ങളും
കരിമുഖനുടെ ഗളരണിതങ്ങളും
പരിജനതതി നുതിഭണിതങ്ങളും
ഹിമഗിരിയുടെ മകൾ പാടുകയും
സുമധുരമരവങ്ങളാടുകയും
പ്രമഥനികര[1] മഥ ചാടുകയും
പ്രമദ[2] മധികമിടകൂടുകയും;
സരസിജഭവനുടെ വേദങ്ങളും
സകലമുനികളുടെ വാദങ്ങളും
സരസമരവപുടനാദങ്ങളും
ചരണചലന ബഹു ഭേദങ്ങളും;
ഇത്തരമുത്തരമുത്തമനൃത്തമ—
തെത്രവിചിത്രചരിത്രപവിത്രമ—
മിത്രപുരത്രയവൈരി ജഗത്ത്രയ
ശുഭകരമത്ര ഹി സമയേ ഫണിഗണ—
ഫണമണി ഘണഘണ വിരണിതമനുഗുണ—
ഗുണഗണ പരിണതമിഹ നടനം
കുരുതേ ഗുരു ശുഭപരിഘടനം
പരമാലാതകപരിതരണം.*
സരസം സന്തതമിഹ ശരണം.

ഇങ്ങനെയുള്ള പ്രദോഷമഹാത്മ്യമ—
തെങ്ങനെ ഞാനിഹ വർണ്ണിക്കേണ്ടു

---

1. പ്രമഥനികരം=ശിവപാർഷദൻമാർ; ഭൂതഗണങ്ങൾ. 2. പ്രമദം=സന്തോഷം. * 'പരമാലാതകപരിഹരണം'—പാഠാന്തരം.

നിങ്ങളതിന്റെ ഗണങ്ങളറിഞ്ഞുതു–
ടങ്ങുക സുഖമുപവാസമുദാരം;
ധർമ്മവിശ്രുതവിദർഭകുമാരൻ
'ധർമ്മഗുപ്ത' നിതി പേരിവനുചിതം
നിൻമകന്നഥ 'ശുചിവ്രത'നെന്നും
നിർമ്മലാംഗി! കരുതീടു സുശീലേ!
ഏകചക്രയിലൊരന്തണഗേഹേ
ശോകഹീനമഥവാണു യഥേഷ്ടം
സുപ്രദോഷമഥ നോററു ശിവന്റെ
സുപ്രസാദമചിരേണ ലഭിപ്പിൻ.''

ബ്രാഹമണശ്രേഷ്ഠൻതന്റെ വാക്കുകൾ കേട്ടനേരം
ബ്രാഹ്മണിക്കുള്ളിൽ ബഹു സന്തോഷമുളവായി
ബ്രാഹ്മണൻമാരെയെല്ലാം വന്ദിച്ചു പോന്നങ്ങൊരു
ബ്രാഹ്മണഭവനത്തെ പ്രാപിച്ചു വാസംചെയ്തു;
ഭിക്ഷയുമേററു താനും മക്കളുമൊരുനേരം
ഭക്ഷിച്ചുംകൊണ്ടു രണ്ടുമൂന്നു സംവത്സരങ്ങൾ
ശിക്ഷയിലവിടത്തിൽ വാണിതു മനക്കാമ്പിൽ
ത്ര്യക്ഷനെ വഴിപോലെ ചിന്തിച്ചൂ ഭക്തിയോടേ;
ശാണ്ഡില്യബ്രാഹ്മണന്റെ ശാസനമനുഷ്ഠിപ്പാൻ
ഉണ്ണികൾക്കിരുവർക്കുമൂനമെന്നിയേ കാലം–
സംഭൂതമെന്നറിഞ്ഞു സാധു പ്രദോഷംതന്നിൽ
ശംഭുസേവനമങ്ങാരംഭിച്ചു വിപ്രപത്നി;
മക്കളെപ്പുലർകാലേ കൊണ്ടുപോയ് കുളിപ്പിച്ചു
ചിക്കെന്നു താനുംകൂടെ സ്നാനവുംചെയ്തു വന്നു
ചൊൽക്കൊണ്ട ശിവക്ഷേത്രേ മൂവരുംകൂടിച്ചെന്നു
മുക്കണ്ണൻ തിരുമുമ്പിൽ കൂപ്പി, വെള്ളച്ചാരവും–
വെള്ളവുംകൂട്ടിത്തേച്ചു വെള്ളവസ്ത്രവും ധരി–
ച്ചുള്ളത്തിൽ ഭക്തിയോടെ ഉണ്ണിക്കുമാരൻമാരും
ഉഷയെന്നു പേരായുള്ളൊരുന്നിദ്രബ്രാഹ്മണിയും
ഉചിതം പ്രദോഷം നോററു പഞ്ചാക്ഷരംമന്ത്രത്തെ
പരിചിൽ ജപിച്ചുംകൊണ്ടു പരിതാപനാശനനാം
പഞ്ചായുധാന്തകന്റെ പാദയുഗം സ്മരിച്ചും
കൂവളത്തില ചെത്തിക്കുസുമങ്ങൾ കൊണ്ടുവന്നു
മൂവരും പുഷ്പാഞ്ജലി മുടങ്ങാതെ ചെയ്തുംകൊണ്ടു
ശാണ്ഡില്യപത്രം[1] നല്ലൂ ശശിചൂഡൻ പ്രസാദിപ്പാൻ
ശാണ്ഡില്യബ്രാഹ്മണൻതാനരുൾചെയ്തു നമ്മോടെന്നു
ചിന്തിച്ചു കൂവളത്തിന്നിലകൊണ്ടു മാല കെട്ടി

---

[1] ശാണ്ഡില്യപത്രം=കൂവളത്തില.

അന്തിക്കു ശിവബിംബേ അണിയിച്ചു കൂപ്പിക്കൊണ്ടു വെൺതിങ്കൾമൗലിക്ഷേത്രേ വെളിയിൽ പ്രദക്ഷിണവും അന്തിയാവോളം വച്ചുമലസാതെ സേവചെയ്തു.

കാററും കുളിരും പനിയും കനമൊടു–
പാററുംമഴ പുതുമാരികളെല്ലാ–
മേററുംകൊണ്ടവരഞ്ചുവെളുപ്പി–
ന്നേററു പുറപ്പെട്ടുണ്ണികളിരുവരു–
മാററിൽ ചെന്നു കുളിച്ചൊരു ദിനവും
മാററിത്തം പിണയാതെ പ്രദോഷം
നോററുംകൊണ്ടൊരു സംവത്സരമതി–
ലേറം മാസവുമൊന്നു കഴിഞ്ഞു;
ഒരു ദിനമാശു ശുചിവ്രതനാകും
ധരണിസുരേന്ദ്രകുമാരൻ താനേ
വിരവൊടു പുഴയിൽ സ്നാനംചെയ്തഥ
കരമേലേറി വസിക്കുന്നേരം
പെരുകിന കാററും മഴയും മിന്നലു–
മുരുതരമിടിയുമിയന്നൊരു സമയേ
തിരകളടിച്ചു പിളർന്നൊരു കരമേ–
ലൊരു വിവരം ബത കാണാറായി;
പെട്ടെന്നിളകിയുരുണ്ടു വരുന്നൊരു
കുട്ടകമരികിലണഞ്ഞു പതിച്ചു;
ഒട്ടല്ലിരുപറ മുപ്പറ കനക–
ക്കട്ടകളിട്ടു നിറച്ചൊരു പാത്രം!
എട്ടു വെളുപ്പിനു മുൻപോടധികമി–
രുട്ടും മഴയും പുഴയുമിതൊന്നും
കൂട്ടാക്കാതെ കുമാരൻ വിരവൊടു
കുട്ടകമതു പുനരുന്തിത്തള്ളിയു–
യുരുട്ടിക്കൊണ്ടു തിരിച്ചൊരു
കാട്ടിൽക്കൂടെക്കഥമപി ചെന്നൊരു
കോട്ടിലൊളിച്ചഥ വച്ചു കുളിച്ചു;
പിറേറന്നാളൊരുനേരം തന്നുടെ
പെററമ്മയ്ക്കു വിളിച്ചഥ കാട്ടി;
തെററന്നമ്മയുമമ്മകനുടെ മുടി–
തൊട്ടുടനധികമനുഗ്രഹമേകി;
കുണ്ഡിനനൃപതികുമാരകനാം മ–
ററുണ്ണിയെ വിരവിൽ വിളിച്ചഥ ജനനി
കണ്ണീർപ്പൊഴിയും[1] ജലമതിൽ മുഴുകി–

---

1. 'തണ്ണീർപ്പൊഴിയും'—എന്ന പാഠം ശരിയല്ല. കണ്ണീർപ്പൊഴിയും ജലമതിൽ=സന്തോഷാശ്രുക്കൾ പൊഴിഞ്ഞു കലർന്ന ജലത്തിൽ.

ക്കനിവോടവരോടിദമുരചെയ്തു:*
''വിധികാരുണ്യംകൊണ്ടു നമുക്കൊരു
നിധികുംഭം ബത സപദി ലഭിച്ചു
അധികം ധനമതിലധികം കനകമി–
തധിഗതമായിതു നമ്മുടെ ഭാഗ്യം.
ഗണിതക്കാരൻ ബ്രാഹ്മണവരനുടെ
ഭണിതം നലമൊടു ഫലിതമിദാനീം
ഫണിപതിഭൂഷണസേവയിൽ വന്നൊരു
ഗുണമിതു ഹന്ത കുമാരൻമാരെ!
അർദ്ധമൊരുത്തനു മററവനും പുന–
രർദ്ധമതിങ്ങനെ വീതിക്കേണം
അർത്ഥംമൂലം കലഹമിതെന്നൊര–
നർത്ഥം വന്നു ഭവിപ്പാനെളുതാം.
ഒരു തള്ളയ്ക്കു പിറന്നവരെങ്കിലു–
മൊരു കള്ളപ്പണമെന്നതുമൂലം
വിരസതപൂണ്ടവർ ജ്യേഷ്ഠനുമനുജനു–
മിരുവരുമെന്തൊരു കലശലുകൂട്ടും!
യഷ്ടികൾ തമ്മിൽ പൂശന കൂട്ടി
ചട്ടികലങ്ങൾ പകുക്കുന്നയ്യോ!
കുട്ടികൾ നിങ്ങൾക്കെവ്വണ്ണം വരു–
മെന്നിട്ടിതു പറകല്ല ധരിപ്പിൻ.
പണമെന്നുള്ളതു കൈയ്യിൽ വരുമ്പോൾ
ഗുണമെന്നുള്ളതു ദൂരത്താകും
പണവും ഗുണവും കൂടിയിരിപ്പാൻ
പണിയെന്നുള്ളതു ബോധിക്കേണം.
പണയം മേടിക്കാതൊരു കാശും
പണവുമൊരുത്തനു നല്കരുതാരും.
ഋണവുംവന്നു മുഴുത്തെന്നാകിൽ
തൃണവും പുരുഷനുമില്ലൊരു ഭേദം.
പട്ടൻമാരൊടു വസ്ത്രമെടുത്താൽ
പൊട്ടൻമാരിഹ തോല്ക്കേയുള്ളു
എട്ടുപണം മുതലുള്ളതിനവർ പതി–
നെട്ടുപണം വിലവച്ചു കൊടുക്കും.
അവരൊടു ചെന്നു കടംകൊണ്ടെങ്കിൽ
ഭവനംകൂടെ നശിപ്പാററാകും.
പത്തിനു കാലു കൊടുക്കണമപ്പോൾ
പത്തിനു രണ്ടര പലിശയുമായി.
വീട്ടുവതിന്നു തരം കൂട്ടാഞ്ഞാൽ

---

* 'കനിവോടവരൊടുമിദമുരചെയ്തു'—പാഠാന്തരം.

വീട്ടിൽ കേറി പാടുകിടക്കും;
നിങ്ങൾക്കങ്ങനെ കെടുകാര്യം വരു–
മെന്നതു നിരുപിച്ചല്ല പറഞ്ഞു
അംഗനമാരുടെ സംസാരത്തിനു
സംഗതി ചേരണമെന്നില്ലല്ലോ.''

അമ്മതൻ മൊഴികൾ കേട്ടു കുമാരൻ
ധർമ്മഗുപ്തനുരചെയ്തിതു മന്ദം:
''ഞാനുമെന്നുടയ ചേട്ടനുമേക–
പ്രാണനെന്നതു ധരിച്ചരുളേണം
രണ്ടു ഗാത്രമതുമാത്രമിദാനീം
ഉണ്ടു ഭേദമതുകൊണ്ടു കിമമ്മേ?
അഗ്രജൻെറ ധനമിങ്ങുമധീനം
വ്യഗ്രമില്ലതിനു ചേതസി കിഞ്ചിൽ
പാതി പാതി വിഭജിച്ചതുകൊണ്ടി–
ങ്ങേതുമില്ല ഫലമെന്നറിയേണം;
രണ്ടുപേരുമടിയങ്ങളിഹ ശ്രീ
കണ്ഠസേവ സമമേവ തുടങ്ങീ
ശങ്കരൻെറ മനതാരിലിദാനീം
എങ്കലില്ല കനിവെന്നു വരാമോ?
എങ്കിലസ്തു ഗുരുവിപ്രനിയോഗം
ലംഘിയാതെ ശിവമേവ ഭജേഹം;
ഇപ്രദോഷദിവസങ്ങളിലെല്ലാ–
മിപ്രകാരമിനിയും പല കാലം
ഊണുറക്കവുമിളച്ചു നിതാന്തം
സ്ഥാണുദേവചരണാബ്ജമുപാസേ.''

ഇത്ഥം നൂറുമൊരിരുപത്താറും
പത്തുമൊരെട്ടും മാസം മുഴുവൻ
തത്ര വസിച്ചു പ്രദോഷം നോററു
ക്ഷത്രിയസുതനും ബ്രാഹ്മണസുതനും.
താരുണ്യവുമൊരു ലാവണ്യവുമതി–
കാരുണ്യവുമധരാരുണ്യവുമൊരു
ചാതുര്യവുമൊരു മാധുര്യവുമൊരു
വൈദുഷ്യവുമൊരു വൈദഗ്ദ്ധ്യവുമൊരു
സൗഭാഗ്യവുമൊരു സൗശീല്യവുമൊരു
സൗന്ദര്യവുമൊരു സൗഗുണ്യവുമിതി
സർവ്വഗുണങ്ങളവർക്കു തെളിഞ്ഞിതു
ഭവ്യത പെരുകിന രാജകുമാരനു
യൗവനസമുദയസമയേ നല്ലൊരു
ദിവ്യവധൂപാണിഗ്രഹണത്തിനു

സംഗതികൂട്ടണമെന്നു തദാ പുന—
രംഗജവൈരിക്കുള്ളിലുറച്ചു;
അങ്ങനെ ഭഗവൽപ്രേരണകൊണ്ടവ—
രങ്ങൊരു വനഭുവി ചെന്നു കളിപ്പാൻ
ഉഷസി കുളിച്ചഥ ശിവനെത്തൊഴുതുട—
നുഷയൊടു യാത്ര പറഞ്ഞു നടന്നു;
വിമലവസന്തവിഭൂഷിതമാകിന—
വിപിനേ ചെന്നു വസിച്ചു രസിച്ചു.

പുതുമലർകുലമൊക്കെ വിരിഞ്ഞു
മധുരസമയമാരി ചൊരിഞ്ഞു
മധുകരനികരങ്ങൾ വിരഞ്ഞു
മണമുടയ സുമങ്ങൾ തിരഞ്ഞു
മൃദുമദകളമിളദളിഗളതല കളകള—
മിളകിന കിളികളുമവിടെ നിറഞ്ഞു;
നറു കുരവകവല്ലികൾ പൂത്തു
കുറുമൊഴികളാശു തെഴുത്തു*
ചെറുതരദലപുഷ്പമിതർത്തു
നറുമലർമണമൊന്നു മുതിർത്തു
വനതടമതിലുടയൊരു പടുതരുപടലികളുടെ
മടുമലർകുലമുടമ പെരുത്തു;
മല കാടുകളൊന്നു പകർന്നു
കലമാനുകളോടിനടന്നു
പുലി പന്നികളൊന്നു നിവർന്നു
കലികാലവിലാസമുയർന്നു
മദമിയലും മുയലും മയിലും കുയിലും
മലകളിലൊരു കളി വെളിവിലിയന്നു;

കുളിർമതിയുമുദിച്ചു വിളങ്ങി
കളമൊഴികടെ കേളി തുടങ്ങി
തള വളകളുമാശു കിലുങ്ങി
തടമുലകളുമൊന്നു കുലുങ്ങി
ചിലർ കളിച്ചു പുളച്ചു വിളിച്ചു
തെളിച്ചുമൊളിച്ചുമധികരസം;

കുന്ദ കുരണ്ഡക ചൂതമശോകം
കുന്തള കരവക മരുവക നാകം
ചന്ദന തിന്ദുക[1] വൃന്ദവുമെന്നിവ
സുന്ദരതരുവരനികരമശേഷം

---

* 'കുറുമൊഴികളുമാശു തളിർത്തു'—പാഠാന്തരം.

[1] തിന്ദുകം=പനച്ചി.

ചന്ദനശിശിരസമീരണകലിത—
സ്പന്ദനഘനതര പരിമളമിളിതം
സുന്ദരിമാരും പുരുഷൻമാരും
കുന്ദശരന്റെ ശരങ്ങൾ തറച്ചും
മന്ദവിലാസവിശേഷമുറച്ചും
നന്ദിതകലഹരസങ്ങൾ മറച്ചും
നന്ദികലർന്നു നമിച്ചു രമിച്ചു
ലസിച്ചു രസിച്ചു ഹസിച്ചു വസിച്ചു.
തണ്ടാർമണമതു തെണ്ടി പ്പലദിശി—
മണ്ടിപ്പുതുമധുവുണ്ടു മുരണ്ടു വി—
രണ്ടു പറക്കും വണ്ടുകളുടെ മൃദു—
കണ്ഠതടസ്ഫുട കളകളഘോഷം—
കൊണ്ടു മുഴങ്ങിന കോലാഹലമതു—
കൊണ്ടു മനോജ്ഞവസന്താരംഭേ
‘‘ദ്രമിളാ’ ഹ്വയ ഗന്ധർവ്വാധിപനുടെ
മകളാ‘മംശുമതീ’തി കുമാരി
കമലാമലമുഖി സഖികളുമായി
ബകുളാദിക കുസുമങ്ങളിറുപ്പാൻ
തരളാപാംഗി കളിച്ചു ചിരിച്ചു
വിരളാ[1] രാമവനങ്ങളിലഭിരുചി
തരളാമോദഭരേണ നടന്നിതു
സരളാമൃതരുചി രുചിരശരീരാ.
ആളികുലങ്ങളെ ലാളിച്ചും പല —
കേളിവിധങ്ങളിൽ മേളിച്ചും വന—
പാളികൾ കണ്ടു വിനോദിച്ചും തര—
ളാളിരവങ്ങളിൽ മോദിച്ചും കുസു—
മങ്ങടെ പേരുകൾ ചോദിച്ചും ചില—
സംഗതികൊണ്ടവർ വാദിച്ചും മലർ—
ചൂടുകയും ചിലർ പാടുകയും ചില—
രാടുകയും ചിലരോടുകയും ചിലർ
ചാടുകയും മലർ തേടുകയും നട—
മാടുകയും മരുവീടുകയും ചിലർ

ചന്തമോടു പന്തുമാടുമൊരുവക—
ചിന്തു പാടുമെന്തു കേടവർക്കിഹ.

സന്തതമിങ്ങനെ സരസവനങ്ങളി—
ലന്തികസീമനി കളിയാടുന്നൊരു
പന്തണിമുലയാളാകിന നല്ലൊരു

---

1. വിരള = ഇടവിട്ടിടവിട്ടു സ്ഥിതിചെയ്യുന്ന.

ഗന്ധർവ്വാധിപകന്യകതന്നുടെ
ബന്ധുരമാകിന രൂപവുമൊരു മദ–
സിന്ധുരമന്ഥരഗമന[1]വുമഭിനവ–
ബന്ധൂകാരുണമധരവു മിന്ദു സു–
ബന്ധൂഭൂതമുഖാംബുജ ഭംഗിയു–
മിങ്ങനെ കണ്ടൊരു നൃപതികുമാരൻ
തിങ്ങിന കൗതുകമുള്ളിലുറച്ചുട–
നംഗജശരശതമേററു മനസ്സു മ–
യങ്ങി ദ്വിജസുതനോടരുൾചെയ്തു:
‘‘കണ്ടാലുമഗ്രേ നല്ലൊരു വണ്ടാർകുഴലിമണി
കണ്ടാലാനന്ദം കണ്ണിനു തണ്ടാർവിശിഖസ്ത്രീയുടെ
രണ്ടാം ജനനമിതു, കൊണ്ടാടി പ്രസാദിച്ചു–
കൊണ്ടാലും ഭൂമിദേവാ! പണ്ടെങ്കിലിവളെപ്പോ–
ലുണ്ടായീലൊരു പെണ്ണും വേണ്ടാ സന്ദേഹമേതും;
കണ്ടിവാർകുഴലിയെ കണ്ടില്ലായെങ്കിലെൻെറ
രണ്ടു നയനങ്ങളെക്കൊണ്ടില്ല ഫലമേതും.
തൊണ്ടിപ്പഴത്തെത്തല്ലി മണ്ടിപ്പാൻ വിരുതുള്ള
ചുണ്ടിൻെറ ചുകപ്പു നീ കണ്ടില്ലയോ കുമാരാ!
മല്ലീവിശിഖനുടെ വില്ലിൻ വിലാസത്തേയും
തല്ലിയോടിക്കുന്നൊരു ചില്ലീയുഗവും നല്ല–
മുല്ലപ്പൂമൊട്ടിനുള്ളോരുല്ലാസം കലർന്നൊരു
പല്ലും നിനച്ചാലെന്നെക്കൊല്ലുമിക്കാമദേവൻ;
പങ്കജമൊട്ടിനോടങ്ങങ്കം പിടിപ്പാനൊരു–
ശങ്കകൂടാതുള്ളൊരു കൊങ്കയുഗവും കാൺക;
ലോകാഭിരാമവദനാകാരം കാണുന്നേരം
രാകാചന്ദ്രങ്കലുമൊരാകാംക്ഷയില്ലാതാകും;
കല്ലോലത്തിൻെറ നല ഹല്ലോഹലത്തെച്ചെന്നു
വെല്ലും കടാക്ഷമിഴിത്തെല്ലും കണ്ടാലുമിന്നു
തെല്ലും മടികൂടാതെ ചെല്ലുന്നതുണ്ടു ഞാനും
ചൊല്ലുന്നതുണ്ടു മോഹമെല്ലാമിപ്പെണ്ണിനോടു
കല്യാണം കഴിഞ്ഞില്ലാ കല്യാണിക്കെങ്കിൽ തട–
വില്ലാ നമുക്കിവളേ വല്ലഭയാക്കീടുവാൻ.’’
അവികലമിക്കഥ കേട്ടൊരു നേരം
ചെവിയും പൊത്തി ദ്വിജനുരചെയ്തു:
‘‘ശിവശിവ! കഷ്ടമിതെന്തൊരു മോഹം?
തവ ഹൃദി സംപ്രതി കഥയ! സഖേ! മേ;
ശിവഭജനത്തിനു ഭംഗം വരുവതി–
നവകാശം വരുമിത്തൊഴിൽമൂലം;

---

[1] മന്ഥരഗമനം = അലസഗമനം.

സുവിശദഹൃദയ! നിനക്കെന്തിപ്പോൾ
അവിനയമിങ്ങനെ വരുവാൻ ബന്ധം?

ചഞ്ചലലോചനമാരുടെ കള്ള—
പ്പുഞ്ചിരി കണ്ടു കൊതിക്കും നിന്നുടെ
നെഞ്ചിലൊരെരിപൊരി വളരുന്നേരം
വഞ്ചിതനായ്‌വരുമെന്നനുജാ! നീ;
പണമുള്ളവനേ പെണ്ണിനു വേണ്ടൂ
ഗുണമുള്ളവനിലൊരാദരവില്ല:
പണവുംകൊണ്ടിഹ ചെല്ലാത്തവനും
തൃണവുമവൾക്കൊരു ഭേദവുമില്ല;
ധനവാനെങ്കിലകത്തുകരേററി—
പ്പനിനീർകൊണ്ടവൾ കാൽകഴുകിക്കും;
കനിവൊടു വെററ തെറുത്തു കൊടുക്കും.
കനമൊടു മെത്ത കരേററിയിരുത്തും;
ധനമെപ്പേരും വാങ്ങീട്ടവനെ
കനമില്ലാത്തൊരു പഞ്ഞികണക്കെ
മനസാ വാചാ നോക്കുകയില്ലവൾ
മനമൊരു കല്ലുകണക്കു കഠോരം;
ചതിയായുള്ള പണങ്ങൾ പിടുങ്ങി
പതിയെന്നുള്ളൊരു കൃപകൂടാതെ
കൊതിയനെയങ്ങു പുറത്തു കിടത്തും
കൊതുകിനു തിൻമാൻ വകയുണ്ടാക്കും;
എഴുപതു നൂറു വയസ്സായുള്ളൊരു
കിഴവനു കൈയ്യിൽ പണമുണ്ടെങ്കിൽ
അഴകിയ സുന്ദരനായിട്ടവളെ
തഴുകിപ്പോരാൻ തടവില്ലേതും;
വടിയും കുത്തി നരച്ചു ജരച്ചു
കൊരച്ചു വരുന്നൊരു കിഴവച്ചാരുടെ
മടിയിൽ പണമുണ്ടെന്നാലായവൾ
മടിയാതവനെക്കെട്ടിപ്പുണരും;
ചെലവിടുവാൻ തടവില്ലാത്തവനുടെ
കുലമെന്തെന്നു വിചാരവുമില്ല
ചലമിഴിമാരുടെ ശീലമിതിങ്ങനെ
പലരും ചൊല്ലിക്കേട്ടറിയുന്നു.

കുരുടനെങ്കിലും ജരനെങ്കിലും
നരയനെങ്കിലും ജരയനെങ്കിലും
കുടിയനെങ്കിലും കുടിലനെങ്കിലും.
മുടിയനെങ്കിലും തടിയനെങ്കിലും

കള്ളനെങ്കിലും കാടനെങ്കിലും
മുള്ളനെങ്കിലും മൂഢനെങ്കിലും
കുട്ടിയെങ്കിലും കുഷ്ഠിയെങ്കിലും
യഷ്ടിയെങ്കിലും വിഡ്ഢിയെങ്കിലും
വിരസനെങ്കിലും സരസനെങ്കിലും
വികൃതിയെങ്കിലും വിരുതനെങ്കിലും
വിമുഖനെങ്കിലും സുമുഖനെങ്കിലും
വിമതനെങ്കിലും സുമതനെങ്കിലും
ചാരനെങ്കിലും ചപലനെങ്കിലും
ക്രൂരനെങ്കിലും കുപിതനെങ്കിലും

രണ്ടുനാലു പണമുണ്ടവന്റെ കുറി—
മുണ്ടിലെന്നതവർ കണ്ടുപോകിലിഹ
മണ്ടി വന്നവനു വേണ്ടുമാഗ്രഹ—
മറിഞ്ഞു ചെയ്‌വതിനു സംശയമില്ല

ഗണികാജാതിക്കൊരുവനിലൊരു കൃപ—
കണികാൺമാനില്ലെന്നുടെ സഹജ!
ഗുണിയാകിന നീ തരുണീമണികളി—
ലണയാഞ്ഞെങ്കിലതെങ്ങടെ ഭാഗ്യം.
തുണിയും കിട്ടണ മഷ്ടി ലഭിക്കണ—
മണിയും മണിഭൂഷണവും കിട്ടണ—
മിങ്ങനെയുള്ള ദുരാഗ്രഹമല്ലാ—
തംഗനമാർക്കൊരു നേരവുമില്ല;
കളമൊഴിയെന്നും കാമിനിയെന്നും
കളഭമനോഹരഗാമിനിയെന്നും
സുവദനയെന്നും സുന്ദരിയെന്നും
കുവലയ വിപുലവിലോചനയെന്നും
വരതനുവെന്നും വല്ലഭയെന്നും
വരകരികുംഭ പയോധരയെന്നും
മതിമുഖിയെന്നും മാനിനിയെന്നും
മധുരാമൃതസദൃശാധരിയെന്നും
വസ്തുവിചാരമതില്ലാപ്പരിഷക—
ളിസ്തുതിചെയ്തു വസിച്ചീടുന്നു;
മൂത്രം മലവും ചലവുമതിന്നൊരു
പാത്രം പരമിഹ സുന്ദരിമാരുടെ
ഗാത്രം, ശിവശിവ! ചിന്തിച്ചാലതു
മാത്ര, മിനിക്കൊരു കൗതുകമില്ല;
നേത്രങ്ങളിലെപ്പീളയുമവരുടെ
വക്ത്രങ്ങളിലെ ദുർഗന്ധങ്ങളു—

മത്രയുമല്ല വിയർത്തു ശരീരമ—
തെത്രയുമങ്ങനെ വിളുവിളെ വഷൾ വഷൾ
കക്ഷങ്ങളിൽനിന്നൊഴുകും ജലമൊരു
ലക്ഷത്തിൽ പരമീച്ചകളാർത്തും
പക്ഷമിതൊക്കെ നിനക്കെന്നാകിലൊ—
രക്ഷരമുരിയാടുകയില്ലിനി ഞാൻ;
അത്ര നടന്നുമിരന്നും ഗതിയൊരു*
വസ്ത്രംപോലുമുടുപ്പാനില്ലാ—
തത്ര ദരിദ്രതയുള്ളവനിന്നു ക—
ളത്രം വച്ചുപുലർത്താൻ മോഹം!
ചാത്തു വെലിക്കരിയില്ലാത്തവനി†
ച്ചാത്തത്തിനുമതിമോഹം പാരം;
താനുണ്ണാത്തൊരു തേവർ വരത്തേ—
ദാനംചെയ്‌വാനെളുതായ്‌വരുമോ?
ഞാനിങ്ങനെ ചില ശഠത പറഞ്ഞതു
മാനിച്ചെങ്കിലതങ്ങനെ കൊള്ളാം;
മാനിനിമാരിൽ വലഞ്ഞൊരു പുരുഷനു
ഹാനികൾ പലവക വന്നുഭവിക്കും.
മാനക്ഷയവും ദ്രവ്യക്ഷയവും
സ്ഥാനക്ഷയവും ദേഹക്ഷയവും
ധർമ്മക്ഷയവും കർമ്മക്ഷയവും
ധൈര്യക്ഷയവും കാര്യക്ഷയവും
തർക്കവ്യാകരണാദി പഠിച്ചതു—
മൊക്കെ മറന്നു മലർന്നു കിടക്കും;
കൈക്കൽ പണമില്ലാതെ വരുമ്പോൾ
കടവും വന്നഥ തലയിൽക്കേറും;
പൊക്കം[1] പിന്നെ സ്ത്രീജനസംഗം
പൊക്കണമൊന്നിഹ തോളിലുമേറും
ചെക്കനുമില്ലൊരു പട്ടരുമില്ലവ—
നൊക്കത്തെക്ക[2] നടക്കുമകീർത്തി;
ദുഃഖം ദുഷ്പ്രഭുസേവ തുടങ്ങി—
പ്പക്കം തിന്നു കിടക്കാം പക്ഷേ;
പണ്ടൊരു ഭൂസുരനില്ലത്തുള്ളൊരു
പണ്ടമശേഷം വിററു മുടിച്ചും
കണ്ടജനത്തൊടിരന്നു ലഭിച്ചൊരു
മുണ്ടുമുടുത്തൊരു കുടയും ചൂടി
പെരുവഴിയൂട്ടിൽ ചെന്നു സ്ഥലം വ—

---

* 'അത്ര നടന്നുമിരന്നും പഴയൊരു'—(പഴയ വായ്പാഠം)

† 'ശാത്തുബലിക്കരിയില്ലാത്ത'—പാഠാന്തരം

[1] പൊക്കം = നഷ്ടം. [2] ഒക്കത്തെക്ക = പരക്കെ.

ച്ചൊരുനേരത്തവനഷ്ടി കഴിക്കും.
കടയിൽച്ചെന്നു പുകേലയിരന്നൊരു
കുടയിൽ തിരുകിക്കൊണ്ടു നടക്കും
ഇടയിലൊരിക്കൽ പരദേവതയുടെ
നടയിൽച്ചെന്നു വണങ്ങിപ്പോരും;
ശിവശർമ്മാവെന്നവനുടെ നാമം
ശിവപൂജയ്ക്കു മുടക്കവുമില്ല;
ഇരുപത്തഞ്ചു വയസ്സുമതായി-
പ്പരിചൊടു വേദവുമൊക്കെ മുഖസ്ഥം;
''ധനമുണ്ടാവാനെന്തൊരു കർമ്മം
മനസാ വാചാ ചെയ്യേണ്ടതു ഞാൻ''
എന്നൊരു കണിയാനോടൊരു ദിവസം
ചെന്നു പതുക്കെ ക്ലേശിച്ചപ്പോൾ
ജാതകമൊക്കെ വരുത്തിക്കണിയാൻ
പാതകമൊഴിവാൻ പ്രശ്നംവച്ചു;
'ദ്രവ്യമിതൊക്കെ നശിപ്പാനിന്നൊരു
ചൊവ്വാദോഷം കാൺമാനുണ്ട്.
കണ്ടൻകാവിൽ ഭഗവതി നിങ്ങടെ
പണ്ടേയുള്ളൊരു പരദൈവതമതു-
കൊണ്ടു വിചാരിച്ചപ്പോളടിയൻ
കണ്ടു വിരോധമതവിടെത്തന്നെ;
അവിടെച്ചെന്നഥ തിങ്ങൾ ഭജിച്ചാൽ
അനവധി ധനമുണ്ടായ്‌വരുമുടനെ;'
എന്നതു കേട്ടഥ കണ്ടൻകാവിൽ
ചെന്നു ഭജിച്ചു മഹീസുരനങ്ങൊരു
തിങ്ങൾ മുടങ്ങാതർച്ചനചെയ്തു ഗു-
ണങ്ങൾ പണങ്ങളുമുണ്ടായ്‌വരുവാൻ;
മുപ്പത്തൊന്നാം ദിവസം രാത്രിയി-
ലദ്ഭുതമാകിന സ്വപ്നം കണ്ടു
കെല്പൊടു വന്നൊരു സുന്ദരി താനൊരു
ചെപ്പും നല്ല ചെരിപ്പും നല്കി
ഇച്ഛിക്കുന്ന പദാർത്ഥമശേഷവു-
മച്ചെപ്പിൽ പുനരുണ്ടാമുടനെ
നിരുപമമായ ചെരുപ്പുകൾ പോട്ടാൽ
നിരുപിക്കുന്നൊരു ദിക്കിൽ ചെല്ലും
ചെപ്പുമെടുത്തു ചെരിപ്പുമെടുത്തവ-
നപ്പോൾത്തന്നെ നടന്നു പതുക്കെ
തൃക്കോവിൽ ചെന്നപ്പോളൊരു വഴി-

പോക്കൻ ബ്രാഹ്മണനവിടേയ്ക്കെത്തി;
ശിവശർമ്മാവഥ ചോദിച്ചിതു: ‘തവ
ഭവനം കുത്ര ധരിത്രീദേവാ?’
‘നമ്മുടെ ഭവനം കാശീയ്ക്കപ്പുറ—
മംബരനദിയുടെ തെക്കേക്കരമേൽ;’
‘കണ്ടാൽ നല്ലൊരു വേശ്യാസ്ത്രീജന—
മുണ്ടോ വിപ്രാ! തന്നുടെ ദിക്കിൽ?’
‘ഉണ്ണിയുണിച്ചിരിയെന്നൊരു പെണ്ണു—
ണ്ടുലകിലവൾക്കെതിരില്ലൊരു പെണ്ണും;
തലമുടി കാതും കണ്ണും മുഖവും
മുലയിണ തുടയിണ കൊടിനടുവെന്നിവ—
സകലവുമെത്ര മനോഹരമവളുടെ
ശകലവുമില്ലിഹ ദമയന്തിക്കും,’
‘തത്ര ഗമിച്ചുടനവളെ നമുക്കു ക—
ളത്രമതാക്കാൻ സംഗതി വരുമോ?’
‘സംഗതി വരുമറുതിങ്ങൾ[1] നടന്നാ—
ലങ്ങവൾ വീട്ടിന്നരികേ ചെല്ലാം.’
‘അങ്ങനെയല്ലിന്നന്തിക്കവിടെ—
ച്ചെന്നങ്ങവളെക്കണ്ടേ പോകൂ;’
‘ഭ്രാന്തു തനിക്കു കുറഞ്ഞോന്നുണ്ടോ?’
‘ഭ്രാന്തല്ലിതു പരമാർത്ഥംതന്നെ;
അത്താഴത്തിനു തന്നുടെയില്ല—
ത്തെത്താനതിനൊരു സംശയമില്ല.
എന്നുടെ മെതിയടി രണ്ടുണ്ടായതി—
ലൊന്നു തനിക്കും മററതെനിക്കും
കാലേലിട്ടു നിരൂപിച്ചെന്നാൽ
ചാലേ കാശിക്കപ്പുറമെത്താം;’
എന്നു പറഞ്ഞു ചെരിപ്പും കെട്ടി
ചെപ്പുമെടുത്തഥ ശിവശർമ്മാവും
പെരുവഴിപോക്കദ്വിജനുംകൂടി—
ത്തരസാ കാശിക്കപ്പുറമെത്തി;
അദ്വിജവരനുടെ ഇല്ലം പുക്കുട—
നത്താഴം വഴിപോലെ ഭുജിച്ചവ—
രുണ്ണിയുണിച്ചിരി തന്നുടെ വീട്ടിൽ
തിണ്ണപ്പുറമതിലേറി വസിച്ചു:
വാർത്ത പറഞ്ഞുടനവളൊടുകൂടി—
ച്ചേർത്തു മുദാ ശിവശർമ്മദ്വിജനെ
നല്ല സമർത്ഥൻ പഥികദ്വിജനൊരു

---

[1] അറുതിങ്ങൾ=ആറുമാസം.

തെല്ലും മടിയില്ലീവക ചെയ്‌വാൻ.
ചെപ്പു ചെരിപ്പുമൊളിച്ചഥവെച്ചുട—
നെപ്പൊളുമവളൊടുകൂടി വസിച്ചു;
കോപ്പുകൾ തീർത്തു കൊടുത്തിതു പലവക—
വാർപ്പുകൾ ചെമ്പുകളുരുളികൾ കിണ്ടിക—
ളനവധി സമ്പത്തവളുടെ വീട്ടിൽ
ധനപതി വിപ്രൻ സമ്പാദിച്ചു;

അവളുടെ തള്ളക്കിഴവിയൊരുന്നാ—
ളവളൊടു വേറെ വിളിച്ചു പറഞ്ഞു:
'മകളേ! നിന്നുടെ വിപ്രൻമൂലം
മററുള്ളാളുകളൊക്കെ മറന്നു
പാരം കഷ്ടമൊരാപത്തിലുമുപ—
കാരം ചെയ്‌വാനൊരുവരുമില്ല;
അതിധനവാനിവനെങ്കിലുമേകൻ
മതിയാമോ തവ വീടു പുലർത്താൻ?
തോടും പുഴയും മഴയും വന്നിട—
കൂടുകകൊണ്ടിക്കടൽ നിറയുന്നു
എന്ന കണക്കിനു പലരും പലവക
തന്നതുകൊണ്ടേ വീടുതടിപ്പൂ;
നിങ്ങടെ നമ്പൂരിക്കു പണം വര—
വെങ്ങനെയെന്നതു ക്ലേശിച്ചോ നീ?
ചാത്തം മാസം ശാന്തി പ്രതിഗ്രഹ—
മിത്യാദികളിൽ നടക്കയുമില്ല,
എങ്ങാനും പലിശപ്പണമതുമി—
ച്ചെങ്ങാതിക്കിഹ വരുവാനില്ല,
വെററില പുകയില വളരെക്കാണാം
കൊററിനുമെങ്ങും കുറവുമതില്ല,
പത്തും നൂറും വിപ്രൻമാർക്കിഹ
നിത്യം ചോറു കൊടുത്തീടുന്നു;
മധുരക്കറിയും പാൽപ്പായസവും
മതിയാവോളം കോരിച്ചൊരിയും,
ഇങ്ങനെ നിത്യം ചെലവിടുവാൻ വക—
യെങ്ങനെയങ്ങേന്നുണ്ടാകുന്നു?

ഏതാനും ചില വിദ്യകളുണ്ടതു—
നീതാനേതുമതറിയുന്നില്ല:
എന്നാലെൻമകളദ്ദേഹത്തൊടു
നന്നായ്‌ക്ലേശിച്ചറിയിക്കേണം.'

എന്നുള്ള മാതാവിൻെറ നിർബന്ധംകൊണ്ടൊരുനാൾ
ചോദിച്ചറിഞ്ഞു മെല്ലെ മേടിച്ചു കൈയ്ക്കലാക്കി
ചെപ്പും ചെരിപ്പും തൻെറ പെട്ടിയിലിട്ടു പൂട്ടി
വിപ്രന്നു ചെലവിന്നുമില്ലാതെയാക്കിപ്പിന്നെ
തന്നുടെ വീട്ടിൽനിന്നു തല്ലിപ്പുറത്തിറക്കി
ഉണ്ണിയുണിച്ചിരിയും തള്ളയുമൊരുമിച്ചു
കണ്ണിൽ കാണാത്ത ദിക്കിലാട്ടിക്കളഞ്ഞു ദൂരെ
പട്ടിണിയിട്ടുംകൊണ്ടു പാരം പരവശനായ്
പട്ടിയെപ്പോലെ വിപ്രൻ പാഞ്ഞു നടന്നീടുന്നു.

ഇങ്ങനെ കനിവില്ലാത്തൊരു ജാതിക—
ളംഗനമാരെന്നോർത്തീടേണം
എങ്ങനെയെങ്കിലുമർത്ഥമശേഷം
തങ്ങടെ കൈയ്ക്കലെതാക്കും സഹജാ!’’
ഇത്തരമുള്ള ശുചിവ്രതവാക്കിനൊ—
രുത്തരവചനവുമുരിയാടാതെ
സത്വരമൻപൊടു രാജകുമാരൻ
ചിത്തരസേന നടന്നു തിരിച്ചു.
ധന്യത പെരുകിന ഗന്ധർവാധിപ—
കന്യകതന്നുടെ മുന്നിൽച്ചെന്നഥ
നിന്നൊരു സുന്ദരവരനെക്കനിവൊടു
തന്നരികേ ബത കണ്ടൊരുനേരം
കൗതുകവിസ്മയകാമപ്രേമര—
സാതുരമാനസയായ കുമാരി
കനിവൊടു തരസാ ചോദ്യംചെയ്തു:
‘‘കനകസമാന മനോഹര കാന്താ!
നളകൂബരനോ നളഭൂവരനോ?
നളിനായുധനോ? നാരായണനോ?
അശ്വിനിമക്കളിലൊരുവൻതാനോ?
വിശ്വമനോഹര! വദ ഹി ഭവാൻ മേ!
ഗാത്രമിദം തവ കാൺകനിമിത്തം
നേത്രയുഗം മമ സഫലമിദാനീം;
കോത്ര ഭവാനെന്നറിവാൻ ഞാനൊരു
പാത്രമതാമോ പരമിഹ ലോകേ?’’
എന്നതു കേട്ടുരചെയ്തു കുമാരൻ:
‘‘എന്നുടെ നഗരം കുണ്ഡിനനഗരം;
വൈദേഹീവല്ലഭനു സമാനൻ
വൈദർഭൻ നൃപനെന്നുടെ താതൻ
സാല്വമഹീപതി മൂഢൻ വന്നഥ

സമരേ താതനെ ഹനനം ചെയ്തു
മുതലുള്ളതുമവനൊക്കെ ഹരിച്ചു
മുതല പിടിച്ചെൻറമ്മ മരിച്ചു;
ഉഷയെന്നുള്ളൊരു ഭൂസുരപത്നി
ഉടനേ നമ്മെയെടുത്തു വളർത്തി;
ഉഷയുടെ സുതനൊരു വിപ്രകുമാരൻ
വിഷയനിരാകരനെന്നുടെ ജ്യേഷ്ഠൻ;

ധർമ്മഗുപ്തനെന്നെന്നുടെ നാമം
കർമ്മശക്തിയാലിങ്ങനെതന്നെ
ഏകചക്രയാം ബ്രാഹ്മണദേശേ
ഏക ഭൂസുരഗൃഹേ മരുവുന്നു;
ഭിക്ഷയേററു ദിവസങ്ങൾ കഴിച്ചും
ദക്ഷവൈരിചരണങ്ങൾ ഭജിച്ചും
അക്ഷയേണ മരുവുന്നിതു ദൈവം
രക്ഷയുണ്ടിഹ സമസ്ത ജനാനാം.

ഞാനും ജ്യേഷ്ഠനുമിന്നു വിഭാതേ
കാനനഭൂതികൾ കാൺമാനായി
വനഭുവി വന്നു വസിക്കുന്നേരം
വരതനു നിന്നെക്കണ്ടിതു ഞങ്ങൾ;

മതിമുഖി! നിന്നുടെ വദനാംബുജമിദ—
മതിരമണീയം കാൺകനിമിത്തം
മതികമലേ മമ കൗതുകമധികം
ചതിവാക്കല്ലിതു ചഞ്ചലനയനേ!

എന്നതു കാരണമിഹ ഞാൻ വന്നതു—
മെന്നു ധരിച്ചീടുക നീ സുന്ദരി.
ഇന്നു നമുക്കിഹ സുദിനം നിൻമുഖ—
മിന്ദുസമാനം കണ്ടതുമൂലം;
ഇന്ദിരയോ നീ! സതിയോ! രതിയോ!
ഇന്ദ്രകുടുംബിനിയാകിയ ശചിയോ?
നിന്നുടെ പേരും വാർത്തകളെല്ലാ—
മെന്നൊടു ചൊല്ക മനോഹരശീലേ!
പങ്കജനവദളനയനേ പരിചൊടു—
നിങ്കനിവെങ്കലിയന്നീടേണം
പങ്കജശരശതമേററു നമുക്കതി—
സങ്കടമെന്നേ പറവാനുള്ളു.''
എന്നുരചെയ്തതു കേട്ടു കുമാരി:
''എന്നുടെ താതൻ ഗന്ധർവ്വേന്ദ്രൻ
ദ്രമിളാഖ്യൻ പരമേശ്വരഭക്തൻ

സുമതി സുശീലൻ സുരപതിതുല്യൻ
'അംശുമതീ'തി നമുക്കിഹ നാമം
കിംശുകപുഷ്പസമാധര! സുമതേ!
വംശശുദ്ധി നിനക്കുമെനിക്കും
സംശയമില്ല സമാനമതല്ലോ;
സകല ഗുണോന്നതനെന്നുടെ താതൻ
സപദി ഭവാനേക്കണ്ടെന്നാകിൽ
സഫലം നിന്നഭിലാഷം നമ്മുടെ—
സർവ്വമനോരഥമപി സാധിക്കും;
പാർവ്വണചന്ദ്രമനോഹരവക്ത്രാ!
ലാളിക്കും മമ ജനകൻ നമ്മുടെ
വേളിക്കും വഴിയുണ്ടായ്‌വരുമേ
മേളിക്കും നാമിരുവരുമതു ഭുവി
കേളിക്കും തരമായ്‌വരുമെന്നാൽ
നാളെക്കഴികെ വിവാഹേ വേണ്ടു—
ന്നാളെക്കൊണ്ടുവരുന്നുണ്ടിഹ ഞാൻ
നാളേക്കും ഗുണമിങ്ങനെ വന്നാൽ
നീളേക്കും ഗുണമങ്ങതുതന്നെ;
മുററും നമ്മുടെ വാഞ്ഛിതമിപ്പോഠ
പററും ചേതസി താതനുമുടനെ
ചെററും സംശയമതിനിനി വേണ്ടാ
മറേറന്നാളിഹ വരിക സുശീലാ!''
എന്നു പറഞ്ഞവഠ തന്നുടെ ഗളമതിൽ
നിന്നൊരു ഹാരമെടുത്തു കുമാരൻ—
തന്നുടെ ഗളഭുവി ചേർത്തു ഗമിച്ചിതു
കന്യകയും സഖിമാരും തരസാ.

ചമ്പതാളം

രമണിമണി വചനമിതി സദയമഥ കേട്ടുടൻ
രാഗം വളർന്നോരു രാജവീരൻ തദാ
കുതുകമൊടു കുസുമശരസദൃശനതി സുന്ദരൻ
കൂടലർകാലനാം ഭൂപാലബാലകൻ;
അടവിതടമചലതടമഴകൊടു കടന്നവൻ
ആരണൻമാരുടെ ആലയം പ്രാപിച്ചു;
ജനനിയുടെ നികടഭുവി നിമിഷമഥ ചെന്നുടൻ
നീതിമാനായവൻ കൂപ്പി നിന്നീടിനാൻ:*
''വരികരികിൽ മമ തനയ! വരിക തവ മംഗലം
വൈകുവാനെന്തു നീയിങ്ങു വന്നീടുവാൻ?

അധികമൊരു കുതുകമിഹ തവ മനസിയുണ്ടെന്ന്
ആനനകാന്തികൊണ്ടിങ്ങറിഞ്ഞീടിനേൻ,
പറക രിപുമഥന! തവ പരമസുഖകാരണം
പാർത്ഥനു നേരായ പാർത്ഥിവനന്ദനാ!''
ഇതി ജനനിവചനമഥ സദയമഥ കേട്ടവൻ
ഈശഭക്തോത്തമനാശു ചൊല്ലീടിനാൻ:
''പരമശിവഭജനമതു പരിചൊടഥ ചെയ്തു ഞാൻ
പാരാതെ കാനനേ ചെന്നു നില്ക്കും വിധൗ
ഗഗനചരികുലമഖിലമണിയുമൊരു മാനിനി
ഗന്ധർവ്വകന്യക തത്ര വന്നീടിനാൾ
കളകളഭകളഗമന കളമൃദുസുഭാഷിണി
കാനനേയെന്നെയും കണ്ടു കാമിച്ചവൾ
മമതയൊടു മധുരതരവചനമപി ചൊന്നവൾ
മാലയിട്ടീടിനാൾ മന്ദമന്ദം തദാ.
'ഉഷസി മമ ജനകനൊടുമിവിടെ വരുമീ ഞാനു—
മൂനമില്ലെ'ന്നു പറഞ്ഞു മറഞ്ഞവൾ;
സുരതരുണിജനമണിയുമണിമകുടമാലിക
സുന്ദരിയെന്നുടെ കാന്തയായ് വന്നിഹ'
ജയ ജനനി! തവ കരുണ പരിണതി ഭവിക്കയാൽ
ജൻമം സഫലമായ്വന്നിതു സാമ്പ്രതം.'
കനിവിനൊടു തനയനുടെ വചനമിവ കേൾക്കയാൽ
കൗതുകംപൂണ്ടുരചെയ്തു വിപ്രാംഗന:
''പരമമൃതരസസദൃശ വചനമിതു കേൾക്കയാൽ
പാരം തണുത്തു മേ കർണ്ണങ്ങളിങ്ങനെ
നിരവധിക രുചിരുചിര കനകമണി തങ്ങളിൽ
നീതിയിൽ ചേർന്നപോൽ നിങ്ങളും ചേർന്നിതു.
ഭവഭജന ഫലമഖില മഴകൊടു ധരിക്ക നീ
ഭാവം തെളിഞ്ഞു സുഖേന വസിക്ക നീ.''

ചായ്പുതാളം

തനിക്കുള്ളോരഭിലാഷമിനിക്കാലം വൈകിടാതേ—
ലഭിക്കുമെന്നോർത്തു ചിത്തം കുളുർത്തു രാജകുമാരൻ
തരത്തിലീ വർത്തമാനമുണർത്തിച്ചു മോദിപ്പിച്ചു
രസിച്ചു ജ്യേഷ്ഠനും താനും വസിച്ചു വിപ്രാലയത്തിൽ.
തളത്തിലിരുന്നു തന്റെ ഗളത്തിൽ വിളങ്ങീടുന്ന
വെളുത്ത മുത്തുമാലയെ വളർത്ത മാതാവേക്കാട്ടി,
'പറഞ്ഞോരവസ്ഥയ്ക്കൊരു കുറഞ്ഞൊന്നു നീക്കമില്ലെ—
ന്നറിഞ്ഞോ മാതാ'വെന്നുള്ള പരിജ്ഞാനമുളവാക്കി
ഗന്ധർവ്വകന്യകയും ബന്ധുസ്ത്രീകളും കൂടി
ഗന്ധർവ്വരാജാവിന്റെ ഗേഹത്തിലങ്ങു ചെന്നു.

വന്ദിച്ചു താതനോടുമൊന്നിച്ചിരുന്നു ഗൂഢം
നന്ദിച്ചുധർമ്മഗുപ്തഭൂപന്റെ വർത്തമാനം
ഗാഢകൗതുകത്തോടേ താതനെ ഗ്രഹിപ്പിച്ചു
രൂഢമോദമിയന്ന ഗന്ധർവ്വരാജൻ തന്റെ–
ബന്ധുജനത്തെയെല്ലാമന്തികേ വരുത്തിക്കൊ–
ണ്ടന്തമില്ലാതുള്ളൊരു പൊന്നും പണവും പട്ടും
ചന്തമേറുന്ന ദിവ്യരത്നങ്ങൾ ഭൂഷണങ്ങൾ
ദന്തികൾ കുതിരകൾ തേരുകൾ കാലാളുകൾ
അന്ദോളം പല്ലക്കുകളിത്യാദി പദാർത്ഥങ്ങ–
ളൊക്കവേ സ്വരൂപിച്ചു കെട്ടിച്ചുമപ്പിച്ചുംകൊ–
ണ്ടക്കാട്ടിൽ വന്നു യോഗം കൂട്ടിപ്പാർത്തൊരുനേരം
വിപ്രകുമാരനോടുമൊന്നിച്ചു ധർമ്മഗുപ്തൻ
തൽപ്രദേശത്തു വന്നു നോക്കുന്നനേരം ബഹു–
ദിവ്യൻമാരുടെ യോഗം ദിവ്യസ്ത്രീകടെ യോഗം
ദ്രവ്യസമ്പത്തു കണ്ടു വന്ദിച്ചു മോദത്തോടേ.

ദ്രമിളനതാകിന ഗന്ധർവ്വാധിപ–
നമിതകുതൂഹലമോദത്തോടേ
നൃപതിസുതന്റെ കരാംബുജയുഗളം
സപദി പിടിച്ചു പുണർന്നരുൾചെയ്തു:
ആമോദാദരമവനുടെ വാക്കുകൾ*
കാമോദരിരാഗത്തിലുദിച്ചു:

പദം. കാമോദരി—ചെമ്പട

പല്ലവി

കേൾക്ക സഖേ! കേവലം മേ വചനം
കേളീഗുണവസതേ!

അനുപല്ലവി

ആക്കമിയന്നൊരു നിന്നുടെ വാർത്തകൾ
അഖിലവുമെൻമകൾ ചൊല്ലിക്കേട്ടു (കേൾക്ക സഖേ!)

ചരണങ്ങൾ

1. ഇന്നലെ ഞാൻ മമ പരദൈവതമാം
ഇന്ദുചൂഡനുടെ പദതളിർ തൊഴുവാൻ
ചെന്നിതു കൈലാസാചലസീമനി
ചേതസി പെരുകിന ഭാവനയോടേ (കേൾക്ക സഖേ!)

2. ചരണസരോജസമീപേ ചെന്നഥ
പരിചൊടു വന്ദനചെയ്തതുനേരം

---

* 'ആമോദാകുലമവനുടെ വാക്കുകൾ'—എന്ന ശ്രീരാമവിലാസപ്പതിപ്പ് പാഠഭേദം സ്വീകാര്യമല്ല.

പുരഹരഭഗവാനെന്നൊടു ഗൂഢം
സരസതരം ഗിരമരുളിച്ചെയ്തു: (കേൾക്ക സഖേ!)

3. 'ദ്രമിള സഖേ! ശൃണു സാധുവിശേഷം
സുമഹിതനാകിന ഭൂസുരസുതനും
വിമലസ്വരൂപി വിദർഭാത്മജനും
മമ പദഭജനം ചെയ്തീടുന്നു (കേൾക്ക സഖേ!)

4. വിധി പിഴയാതെ പ്രദോഷം നോററവ—
രനവധികാലം ബാലൻമാരവർ
മതികമലേ മമ മോദമിദാനീ—
മതിശയതരമുളവാക്കീ നിയതം (കേൾക്ക സഖേ!)

5. വിപ്രകുമാരനു ധനമുണ്ടാവാൻ
ക്ഷിപ്രം ഞാനൊരു നിധിയും നല്കി
മൽപ്രിയനാകിന രാജകുമാരനു
സുപ്രിയമാശു വരുത്തീടേണം (കേൾക്ക സഖേ!)

6. ദ്രമിളാ! നിന്നുടെ മകളായുള്ളൊരു
കമലായതമിഴി കന്യാമണിയെ
മമ ഹിതനാകിന രാജകുമാരനു
മമത കലർന്നു കൊടുത്തീടേണം (കേൾക്ക സഖേ!)

7. ധന്യതപെരുകിന നൃപസുതനും തവ
കന്യകയാകുമൊരംശുമതിയും
അന്യോന്യം ബത കണ്ടു മനോരഥ—
മഖിലവുമാശു പറഞ്ഞു പിരിഞ്ഞു (കേൾക്ക സഖേ!)

8. കാണി വിളംബനമരുതിനി മകളുടെ
പാണിഗ്രഹണമഹോത്സവമധുനാ
വേണമ'തിങ്ങനെ ഭഗവാനെന്നൊടു
വേറെ വിളിച്ചരുൾചെയ്തു കുമാരാ! (കേൾക്ക സഖേ!)

9. ബാലാ! വരികമലാ! യുവതീജന—
ലീലാരസിക! സുശീലാ! നിന്നെ—
ക്കണ്ടതിതോഷമെനിക്കുണ്ടായീ
മിണ്ടാതെന്ത്യേ നില്ക്കുന്നതു നീ!'' (കേൾക്ക സഖേ!)

''കേളീരസികയാകും നാളീകമുഖിയുടെ
വേളികഴിച്ചവളെ ലാളിച്ചു കൊണ്ടുപോക
കേളീമൊഴികൾ ശുകപാളീമൊഴിയെ ഞാനു—
മാളീജനങ്ങളോടേ മേളിച്ചങ്ങയച്ചീടാം.''
ഏവം പറഞ്ഞു നിജ ഭാവം തെളിഞ്ഞു ശംഭു—
സേവപ്രിയനാമുപദേവപ്രധാനി വീരൻ
അംശുമതിയെ വിളിച്ചാശു വരുത്തിത്തുഹി—

നാംശുമുഖനാം കുണ്ഡിനേശനു ദാനംചെയ്തു;
ഗന്ധർവ്വകന്യകേടെ വേളിക്കു പിന്നെ മററു–
ബന്ധുക്കളാരും വേണ്ടാ സന്ധി പറക വേണ്ട
കാന്തനാകുംപുരുഷൻ താൻതന്നെ ചെന്നവിടെ
കാന്തമായുള്ളോരു കരാന്തം പിടിച്ചാൽ പോരും;
ഗാന്ധർവ്വവേളിക്കൊരു മന്ത്രവും വേണ്ടാ പിന്നെ
തന്ത്രവും വേണ്ടാ പാണിയന്ത്രണമൊന്നേ വേണ്ടൂ;
കാമിക്കകൊണ്ടുള്ള കല്യാണം, അരിയും വേണ്ടാ
കറിയും ചോറുമുണ്ടാക്കി കരക്കാർക്കും മററുള്ളോർക്കും
നിറയോളം കൊടുത്തങ്ങു മതിയാക്കുകയും വേണ്ടാ
ഇലയും പോളയും വാഴക്കുലയും വിറകും വേണ്ടാ
വലിത പരിപ്പുകാററരണ്ണാവിമാരും വേണ്ടാ
മടപ്പള്ളിതന്നിൽ കേറിക്കലമ്പി ശണ്ഠയിടുന്ന
മടപ്പള്ളിക്കാരു ചന്ത്രക്കാരൻമാരും വേണ്ടാ
കഴുത്തിൽ ഭസ്മവും കാതിൽക്കടുക്കനും പോട്ടുകൊണ്ട–
ങ്ങെഴുത്തിന്നു വന്നു പാർക്കും പിള്ളമാരാരും വേണ്ടാ
വരുന്ന നമ്പൂരിമാർക്കു പ്രതിഗ്രഹം ചെയ്കവേണ്ടാ
പരദേശിപ്പട്ടൻമാർക്കു പണവും കൊടുക്കവേണ്ടാ
മുലയും തലമുടിയുമുലയും കുണ്ഡലങ്ങളും
അണിഞ്ഞു പെണ്ണുങ്ങൾ വന്നു കുനിഞ്ഞു നില്ക്കയുംവേണ്ടാ
കണിയാർക്കു രണ്ടു പണം കണികാൺമാൻ കൊടുക്കേണ്ടാ
മണികാരൻ[1] മാർക്കു കാഴ്ചപ്പണവും കൊടുക്കവേണ്ടാ.

ഇങ്ങനെയുള്ളൊരു കല്യാണച്ചെല–
വെങ്ങും ഗാന്ധർവ്വത്തിനു വേണ്ടാ
മംഗലമാകിന മാലാബന്ധന–
മങ്ങവൾ ചെയ്തതു കണ്ടപ്പോഴേ
ഉന്നതനാകിന ഗന്ധർവ്വേശൻ
തന്നുടെ മകളുടെ പാണി പിടിച്ചഥ
സുന്ദരനാകിന രാജകുമാരനു
സുരുചിരമൻപൊടു ദാനംചെയ്തു;
പൊന്നും പണവും പട്ടുകൾ പുടവകൾ
മിന്നും മണിമയമകുടം കടകം
പൊന്നരഞ്ഞാണം തരിവള പിരിവള
പൊന്നും കുടർമണി തുടർമണി തോൾവള
വീരസുശൃംഖല വിരൽമോതിരവും
ഹാരശതങ്ങൾ പതക്കമെനേകം

---

[1] മണികാരൻ=രത്നവ്യാപാരി; ഇവിടെ തട്ടാൻ എന്നർത്ഥം. താലി തീർത്തവനു കാഴ്ചപ്പണം കൊടുക്കുകയെന്ന ആചാരം പണ്ടത്തെ കെട്ടുകല്യാണത്തിനുണ്ടായിരുന്നു.

ചാരുമഹാമണി കുണ്ഡലമങ്ങനെ
ചേരും ബഹുവിധ ഭൂഷണമേകി;
തേരുകളാനകൾ കുതിരകൾ സേനകൾ
ഓരോകൂട്ടം നൂറുസഹസ്രം
നിറമേറീടിന രത്നസമൂഹം
പറയിലളന്നു ചൊരിഞ്ഞുതുടങ്ങി;
മാലകളനവധി ശീലകളനവധി
ബാലകഭൂപനു ദാനംചെയ്തു;
ഗന്ധർവ്വാസ്ത്രം ഗജവദനമസ്ത്രം
സൈന്ധവമസ്ത്രം മാരുതമസ്ത്രം
വാരിധരാസ്ത്രം വലമഥനാസ്ത്രം
മാരഹരാസ്ത്രം മാധവമസ്ത്രം
മുൽഗര ശൂല ശരാസി ശരാസന
മുസല മുസൃണ്ഠികൾ പട്ടസചക്രം
ദിവ്യമതാകുമസംഖ്യമസംഖ്യം
ദ്രവ്യ[1]മശേഷം ദാനംചെയ്തു.
സന്തോഷാംബുധി ഗന്ധർവ്വാധിപ—
നന്ദോളത്തിൽ സുതയേയേററി
പന്തണിമുലമാർ സഖിമാരായിര—
മന്തികഭാഗേ കൂട്ടി നടത്തി
കനകമണിഞ്ഞ മഹാഗജകണ്ഠേ
കനിവൊടു നൃപനേക്കേററിയിരുത്തി
കുടതഴ ചാമരമനവധി പൊന്നും
കൊടികളുയർന്നൊരു വെൺകൊററക്കുട—
കിടുപിടി പടഹം തുടി താളം ചില
കടുപിടയുള്ളൊരു തപ്പും തകിലും
കൊമ്പു കുറുങ്കുഴൽ നാദസ്വരവും
കൊടുതാകിന ചില ചെണ്ടകൾ തിമിലകൾ
കാളം ചേങ്കില കൈമണി പലവക
മേളക്കാർ വന്നവിടെ നിരന്നു;
ചണ്ഡത പെരുകിന സാല്വമഹീപതി
കുണ്ഡിന നഗരമടക്കിയിരിപ്പതു—
വെട്ടിയൊഴിച്ചവിടത്തിലുടൻ ബഹു—
പുഷ്ടി വരുത്തിബ്ഭവനമടിച്ചു ത—
ളിച്ചുടനെന്നുടെ നന്ദിനിയെക്കുടി—
വച്ചു സുഖിച്ചു വസിക്ക കുമാരാ!
സച്ചരിതാമൃത മമ സുത സാധു ഗ—
മിച്ചീടുക നീ ഭവതു ച ഭദ്രം!''

---

[1] ദ്രവ്യം = വസ്തു; സമ്പത്ത്.

ഇത്ഥം ദ്രമിളമഹാഗന്ധർവ്വൻ
തത്ത്വം ഗിരമുരചെയ്തു പതുക്കെ
പുത്രനെ യാത്രയുമാക്കിത്തരസാ
തത്ര മറഞ്ഞിതു മഹിതചരിത്രൻ.

ആനപ്പടകളോടും സേനാഭടൻമാരോടും
നാനാവൃന്ദങ്ങളോടുംകൂടി മേളിച്ചു നല്ല
മോടികലർന്നു വനവാടി കടന്നു മേളം—
കൂടി നടന്നുചെന്നു ശക്രാനുഭാവനേക—
ചക്രദേശത്തു മേവും വിപ്രാത്മജൻെറ പാദേ
വീണു നമസ്കരിച്ചു മാതാവിനേയും ചെന്നു—
ജാതമോദേന വീണു വന്ദിച്ചു വഴിപോലെ
സീതാവല്ലഭനോടു തുല്യൻ നൃപതിപുത്രൻ
സന്തോഷവാരിധിയിൽ നീന്തുന്ന മാതാവിനെ
ഗന്ധർവ്വകന്യകയും ചെന്നു നമസ്കരിച്ചു.
''വൈദർഭരാജ്യംതന്നിൽ ചെന്നുകൊണ്ടടിയങ്ങൾ
വൈരിയെ ജയിച്ചങ്ങു വൈകാതെ വരുന്നുണ്ട്
അത്രനാളുമെൻമാതാവത്ര വസിക്കേ വേണ്ടൂ
തത്ര വിരോധം തീർന്നാലത്ര ഗമിച്ചുകൊള്ളാം[1]''

ഇങ്ങനെ യാത്രപറഞ്ഞു കുമാരൻ
തിങ്ങിന പുരുഷാരത്തോടുകൂടെ
ഭംഗിയിലങ്ങു നടന്നുതുടങ്ങി
ഭംഗമടുത്തിതു സാല്വനുമപ്പോൾ;
അഗ്രജനാകിയ ഭൂസുരസുതനേയു—
മഗ്രേ സപദി നടത്തിക്കൊണ്ടഥ
ഉഗ്രത പെരുകിന ഗന്ധർവാദി സ—
മഗ്രബലേന സമേതനുദാരൻ;
കൊട്ടും കുഴൽവിളി കോലാഹലമിട—
മൊട്ടും കുറവു വരാതെ ദിഗന്തര—
മെട്ടും ഝടിതി മുഴക്കിക്കൊണ്ടണി—
യിട്ടും പൊടുപൊടെ വെടിയുംവച്ചഥ
കാടു കടന്നു വിദർഭ മഹീപതി—
നാടുപുകണ്ണു വിളിച്ചുപറഞ്ഞു:
''മാടുകളാടുകൾ വിപ്രൻമാരും
മാടണിമുലമാർ ബാലൻമാരും
മററൊരു ദിക്കിനു മാറിക്കൊൾവിൻ
മററന്നാളിഹ വന്നു പൊറുക്കാം;
പടയിൽ വരുന്ന ഭടൻമാരിൽ ചില—

---

1. 'തത്രവിരോധം തീർത്താലത്രാഗമിച്ചുകൊള്ളാം'—എന്നു പഴയ വായ്പാഠം.

രിടയില്ലാതെയുമുണ്ടാമായവർ
ഝടിതി കടന്നു കലമ്പിക്കലശലി—
ലടിയോ പിടിയോ ഒന്നു പിണയ്ക്കും;
അരുതരുതെന്നു വിലക്കാനുള്ളോ—
രെജമാനൻമാരറിയുംമുമ്പേ
തെരുതെരെ ബഹു പുരുഷാരമടുത്തുട—
നുരുതരമാപത്തുളവാക്കീടും;
പിന്നെ നിനച്ചാൽ ഫലമില്ലീവക
മുന്നേതന്നേ കരുതീടേണം
ന്യായംനോക്കി നടപ്പാൻ നമ്മുടെ
നായൻമാരു പഠിച്ചിട്ടില്ല;
നായും നായരുമൊക്കു, 'മിനിക്കൊര—
പായം വരു'മെന്നുള്ള വിചാരം
രണ്ടുവിധത്തിനുമില്ല തരിമ്പതു
മിണ്ടുകിലായവർ ശുണ്ഠികടിക്കും
കണ്ട ഗൃഹത്തിൽ കലവും തവിയും
കണ്ടെന്നാലവർ കേറിയെടുക്കും;
അന്തർജനമെന്നുള്ളൊരു ശങ്കയു—
മന്തണരെന്നൊരു ബഹുമാനവുമി—
ജ്ജന്തുക്കൾക്കു തരിമ്പില്ലവരുടെ
ബന്ധുക്കൾക്കുമതങ്ങനെതന്നെ;
ഭള്ളു നടിച്ചു നടക്കുന്നവനും
കള്ളു കുടിച്ചാൽ മറ്റൊരു മാർഗ്ഗം
മുള്ളു പറഞ്ഞു കയർക്കും ചിലരൊടു*
കൊള്ളും പ്രഹരവുമങ്ങനെയുള്ളു;
കൊള്ളയിടാനും വീടുകളൊക്കെ—
ക്കൊള്ളികൾവച്ചു ദഹിപ്പിക്കാനും
ഉള്ളതു കുത്തിക്കവരാനും പുന—
രെള്ളോളം മടിയൊരുവനുമില്ല;
അവരുടെ യജമാനൻമാർക്കും പുന—
രവരെയമർപ്പാൻ ഭാവവുമില്ല;
കവരുന്നതിലൊരു പാതി കൊടുത്താ—
ലവരുമതിന്നു സഹായംതന്നെ;
എന്നതുകാരണമിന്നും നാളെയു—
മെന്നുടെ നാട്ടിൽ പാർക്കരുതാരും;
പെണ്ണും പിള്ളകൾ ഗോബ്രാഹ്മണരും
കണ്ണും ചെവിയുമതില്ലാത്തവരും
ഉണ്ണികളും ചില മുടവൻമാരും

---

* 'മുള്ളുപറഞ്ഞു പലർക്കും ചിലരൊടു'—പാഠഭേദം.

ദണ്ഡംകൊണ്ടു കിടക്കുന്നവരും
പടയെന്നുള്ളതു കേൾക്കുന്നേരം
തുടതുള്ളുന്ന മിടുക്കൻമാരും
അമ്പലവാസികളെമ്പ്രാന്തിരിമാ—
രായുധമില്ലാത്തൊരു നായൻമാർ
അങ്ങനെയുള്ളവരെല്ലാം വിരവിനൊ—
ടങ്ങൊരുനാട്ടിനു മാറിക്കൊൾവിൻ;
തങ്ങടെ കോപ്പുകൾ പാത്രങ്ങളുമിവ
തങ്ങടെ കൈയ്ക്കലിരിക്കേ വേണ്ടൂ:
നമ്മുടെ വീട്ടിൽ കിണ്ടികൾ നാലും
നാല്പതുനാഴിച്ചെമ്പും പോയി
നമ്മുടെയില്ലത്താത്തേമ്മാരുടെ
ചിററും[1] ചെറുതാലികളും പോയി
ഇല്ലത്തൻപതു ഗ്രന്ഥം പോയി
നെല്ലു കിടന്നതശേഷം പോയി
എന്നുടെ വീട്ടിലൊരോട്ടക്കിണ്ടിയു—
മൊന്നര വയ്ക്കും കലവും പോയി;
അയ്യോ! നമ്മുടെ കന്നുകളോടും
പയ്യൊരു പത്തുമതൊക്കെപ്പോയി;
അപ്പം വിററും ശർക്കര വിററും
അപ്പനൊരല്പം മുതലുണ്ടാക്കിയ—
തിപ്പോൾ നമ്മുടെ നിർഭാഗ്യതകൊ—
ണ്ടെപ്പേരും പടതന്നിൽ നശിച്ചു;
ചിരുതപ്പെണ്ണവൾ മിന്നും മുടുകും
കരുതിപ്പോകാഞ്ഞിട്ടു കളഞ്ഞു!
ഇളയച്ചിക്കുള്ളാഭരണത്തെ—
ക്കളയിച്ചതുമപ്പട്ടരുതന്നെ:
കോതപ്പെണ്ണിനു കാതില പോയി
നീലിപ്പെണ്ണിനു താലികൾ പോയി
ചക്കിപ്പെണ്ണിനു ചരടും മിന്നു മ—
ലക്കിയ തോരൻമുണ്ടും പോയി
ഇട്ടിപ്പെണ്ണിനു കട്ടിലു പോയി
നെട്ടിപ്പെണ്ണിനു പെട്ടികൾ പോയി
കണ്ടച്ചാരുടെ മുണ്ടും പോയി
ചെണ്ടക്കാരുടെ ചെണ്ടകൾ പോയി
കേളച്ചാരുടെ വാളും പോയി
കാളൻനായുടെ ചങ്ങല പോയി
ചിരികണ്ടച്ചാർ പടയിൽ ചാടി—

---

[1] ചിററ്=കാതിലിടുന്ന ഒരുതരം ആഭരണം.

ച്ചുരിക കളഞ്ഞേച്ചോടിപ്പോന്നു.

കോന്തിച്ചേട്ടനു കുന്തം പോയി
കോന്തിക്കവനുടെ കൊടുവാൾ പോയി
ചേമ്പു കിളച്ചു നടുമ്പോൾ നമ്മുടെ
ചങ്ങാതിക്കൊരു തൂമ്പാ പോയി:
എന്നെല്ലാം ചില ദൂഷണവാക്കുകൾ
പിന്നെക്കേൾക്കാം പട പിരിയുമ്പോൾ:

പണവും പൊന്നും പാത്രവുമോരോ
പണയങ്ങളുമണിയാഭരണങ്ങളു–
മൊന്നും പാഴിൽ കളയരുതൊക്കെയു–
മിന്നൊരുദിക്കിനു മാററിക്കൊൾവിൻ–''
ഇങ്ങനെയങ്ങു വിളിച്ചു പറഞ്ഞഥ
തിങ്ങിന ബന്ധുപ്പടയും പെരുകിന
ഗന്ധർവ്വപ്പട തേരും കുതിരകൾ
ദന്തിപ്പടകളുമങ്ങു കരേറി
കുണ്ഡിനപുരിയുടെ ഗോപുരസീമനി
കുപിതനതാകിന രാജകുമാരൻ
ചണ്ഡശരാസമെടുത്തു കുലച്ചതി
ഖണ്ഡനചതുരൻ പുനരുരചെയ്തു:
''നമ്മുടെ ജനകനെ വെട്ടിക്കൊന്നിഹ
നമ്മുടെ നഗരമടക്കിയിരിക്കും
ദുർമ്മതിയാകിയ സാല്വാ! നിങ്കല–
ഹമ്മതിയുള്ളതു കാണണമിപ്പോൾ.

തന്നെത്താനറിയാത്തൊരു നിന്നുടെ
തടി പുനരടിമുടി പൊടിയാക്കാതിഹ
വിടുമോ ഞാനിഹ! തടിയാ മുടിയാ
വിടുഭോഷാ! നീയെന്തിനു കൊള്ളാം?
ദുഃസ്ഥിതി നന്നിതു പരരാജ്യങ്ങൾ ക–
രസ്ഥമതാക്കാനുള്ളൊരു മോഹം
അർത്ഥമടങ്ങുകയില്ല നിനക്കൊര–
നർത്ഥം വന്നിഹ തലയിൽ കേറി;
വ്യർത്ഥം നിന്നുടെ വിക്രമവിരുതുക–
ളർത്ഥിതമാക്കുവനഹമിഹ മൂഢാ!
അത്ര വസിക്കും വിപ്രകുലം തവ
പുത്രകളത്ര സമൂഹം പിന്നെ
ഛത്രം ചാമരമഖിലം ദുഷ്ട–
ക്ഷത്രിയനിന്നു നശിക്കുമശേഷം;
കൊമ്പൻകരിയുടെ ദിക്കു പിടിപ്പാ–

നൻപതു കുറുനരികൂടെച്ചെന്നു ക–
ലമ്പിയടുത്താലെളുതാമോ ശിവ!
ശംഭിണ്ഡൻമാരുടെ ദുർമ്മോഹം!
കേസരിവരനുടെ ഗിരികുഹരത്തിൽ
കേവലമൊരു മുതുവാനരമൂഢൻ
കേറിയിരിക്കാൻ മോഹിക്കുന്നതു
കേട്ടവരാരു ചിരിക്കാതുള്ളു,
പോടാ! നമ്മുടെ പുരിയിലിരിപ്പാൻ
കൂടാ തവ, പട പൊരുതീടുവതിനു
വാടാ! നരകുലഖേടാ! നരപതി–
മൂഢാ! നമ്മുടെ നാടായുള്ളതി–
ലീടാർന്നിഹമരുവീടാ'മിതു മമ
വീടായ്‌വരു'മിതി കരുതിയ ഭോഷ!*
കാടായ്‌വരുമിനി വാസത്തിനു ബത
വേടാദികളൊടുകൂടിത്തന്നെ''
മർമ്മത്തെ ഭേദിക്കുന്ന ധർമ്മഗുപ്തന്റെ വാക്യം
ധർമ്മത്തെ മോചിക്കാത്ത കർമ്മത്തിന്നനുകൂലം
കേട്ടപ്പോൾ ഭയപ്പെട്ടു സാല്വനും കൂട്ടക്കാരും
''കൂട്ടാക്കാതിങ്ങിരുന്നാൽ കോട്ടം വരികേയുള്ളു
ഗന്ധർവ്വൻമാരും മററു ബന്ധുരാജാക്കൻമാരും
സിന്ധുരവൃന്ദങ്ങളും സിന്ധുജവൃന്ദങ്ങളും
ഒക്കവേകൂടെ വന്നു വിക്രമിക്കുന്നനേരം
ഇക്കൂട്ടം നാമെല്ലാരും തോല്ക്കുമെന്നതേ വരൂ;
ഊററക്കാരായുള്ളോരു മാററാരോടെത്തിപ്പട–
യേററു മനസ്സും മുട്ടി തോററു മടങ്ങുന്നേരം
മാററിക്കണ്ടൻമാരെന്നു മാലോകർ വാലെടുക്കും
മാററിക്കൊൾകയേ നല്ലൂ നമ്മുടെ വൃന്ദമെല്ലാം.
ചെന്നു കെടുകയേക്കാൾ നിന്നു കെടുക നല്ലൂ
എന്നുള്ള ചൊല്ലിനിപ്പോളെങ്ങുമേ നീക്കമില്ല
തന്നേക്കാൾവലിയോനെതാണു സേവിച്ചിടാഞ്ഞാൽ
പിന്നെത്താനൂർദ്ധ്വമായി പിന്നോക്കം പോകേയുള്ളു
അന്യന്റെ രാജ്യം കിട്ടാനാഗ്രഹിക്കുന്നവന്നു
തന്നുടെ രാജ്യംകൂടെത്തന്നെ ലഭിക്കാതാകും;''
ഈവണ്ണം വിചാരിച്ചു സാല്വനും കൂട്ടക്കാരും
സേവിക്കതന്നെ നല്ലൂ എന്നങ്ങു നിശ്ചയിച്ചു
വെള്ളക്കൊടിയുംകൊണ്ടു വേഗേന പുറപ്പെട്ടു
വെള്ളക്കുടയും താഴ്ത്തി വേഷം പകർന്നപോലെ
പട്ടും പണവും പൊന്നും കെട്ടിയെടുപ്പിച്ചും കൊ–

---

* 'വീടായ് വരുമതു കരുതിയ ഭോഷാ'—മുദ്രിതപുസ്തകങ്ങളിൽ അപപാഠം.

ണ്ടാട്ടും താമസിക്കാതെ കൊട്ടും കുഴലും മാററി
കാരിയക്കാരൻമാരും കാര്യസ്ഥൻമാരുംകൂടി
വൈരിയെക്കാൺമാനായി വൈകാതെ തത്ര ചെന്നു;
വൈദർഭമന്നവന്റെ വൈരസ്യം പോക്കീടുവാൻ
വൈദഗ്ദ്ധ്യമുള്ള സാല്വൻ വന്ദിച്ചു വഴിപോലെ.

‘‘വന്ദിക്കരുതരുതയ്യോ! ശിവശിവ!
വളരെ വയസ്സേറുന്ന ഭവാനിഹ
നിന്ദിക്കാതെയിരുന്നാലതു മതി
നിഖിലം പിഴകളുമിങ്ങു പൊറുക്കാം;’’
എന്നു പറഞ്ഞു വിദർഭകുമാരൻ
ചെന്നു പിടിച്ചു പുണർന്നു പതുക്കെ
തന്നുടെയരികിലിരുത്തിക്കഥകളു–
മൊന്നൊഴിയാതെ പറഞ്ഞറിയിച്ചു;
സന്തോഷിച്ചഥ സാല്വനരേന്ദ്രൻ
സകല ദ്രവ്യവുമങ്ങു കൊടുത്തു:
മന്ത്രികളോടുംകൂടിത്തന്നുടെ
മന്ദിരഗമനത്തിന്നു മുതിർന്നു;
ആയതു സർവ്വം വാങ്ങി വിദർഭൻ
അദ്ദേഹത്തിനുതന്നെ കൊടുത്തു
പിന്നെ വിശേഷിച്ചനവധി പട്ടും
പൊന്നും പണവും മണിഭൂഷണവും
സമ്മാനിച്ചിതു സാല്വനൃപന്നും
സാല്വൻതന്നുടെ കാര്യക്കാർക്കും;
സമ്മോദിച്ചഥ സാല്വമഹീപതി
സമയംചെയ്തു ‘‘സഖേ! പുനരിഹ നാം
തമ്മിൽക്കലഹിക്കരുതൊരുനാളും
ജൻമികരം നാമിരുവരുമുള്ള’’ന്നിതി
യാത്ര പറഞ്ഞു നടന്നു മഹീപതി–
ഗോത്രമഹത്തരനാകിന സാല്വൻ
പല്ലക്കുംമുകളേറിക്കൊണ്ടഥ
പടയും കുടയും ഘോഷത്തോടേ
നല്ല മുഹൂർത്തേ തൻ പുരിപുക്കുട–
നുല്ലാസേന സുഖിച്ചു വസിച്ചു.
കുണ്ഡിനനഗരം പുക്കിതു ഗുണഗണ–
മണ്ഡിതനാകിന രാജകുമാരൻ
കുണ്ഡലമകുടാദികളുമണിഞ്ഞഥ
മണ്ഡപമേറി വസിച്ചു മഹീശൻ;
ഗന്ധർവ്വാധിപമകളുടെ ദിവ്യസു–

ഗന്ധമനോഹര ചാരുശരീരം
ഹന്ത പുണർന്നു രമിച്ചു രസിച്ചുട–
നന്തഃപുരമതിൽ വാണു സുഖിച്ചു.
സുപ്രിയഹിതനായുള്ള ശുചിവ്രത–
വിപ്രനൊരില്ലം തീർത്തുകൊടുത്തഥ
നെല്ലും പണവും ഭണ്ഡാരങ്ങളു–
മെല്ലാമനവധി ദാനംചെയ്തു;
കനിവൊടു ഭൂസുരദേശേ മേവും
ജനനിയെ വേഗാലിങ്ങു വരുത്തി
പുനരപി പുനരപി തൊഴുതു വണങ്ങി
ഘനതരഭക്തിവിശേഷത്തോടേ
അനഘമതാകിന കനകഗൃഹത്തിൽ
കനിവിലിരുത്തിപ്പരിപാലിച്ചു;
പ്രിയസുതനായ ശുചിവ്രതനുള്ളിൽ–
പ്രിയമായുള്ളതു ദാനംചെയ്തു;
നിയമമിയന്നു പ്രദോഷദിനങ്ങളി–
ലുപവാസത്തിനു ഭംഗവുമില്ല.
''പുരഹര! ശങ്കര! ശങ്കരി! ശിവനെ!
ഹര! ഹര! ശശധരശേഖര! ശംഭോ!
ഗിരിജാവല്ലഭ! ഗിരിശ! മഹേശ്വര!''
''പരിപാലയ മാം പരിപാലയമാം!''
ഇങ്ങനെ ശിവനുടെ പാദസരോജേ
തിങ്ങിന ഭക്ത്യാ വന്ദനചെയ്തു
മംഗലശാലി വിദർഭമഹീപതി
മങ്ങാതവിടെ വസിച്ചു സുഖിച്ചു.
ഈദൃശമായ പ്രദോഷമഹത്ത്വം
സാദരമേവ കഥിക്കുന്നവരും
മോദമിയന്നിതു കേൾക്കുന്നവരും
വേദമയാകൃതി പരമേശ്വരനുടെ
പാദസരോജേ ചെന്നു സുഖിച്ചൊരു–
ഭേദം കൂടാതവിടെ വസിക്കും;
വേദിയകുലപതി മമ ഗുരുവരനുടെ
പാദസരോജം ശരണം ശരണം.

പ്രദോഷമാഹാത്മ്യം ഓട്ടൻതുള്ളൽ
സമാപ്തം.

ഹിഡിംബവധം

കരകാണാതൊരു കടലിനു സമമാം
നരകവിനാശനപാണ്ഡവചരിതം
പരിചൊടു സജ്ജനസഭയിലിറങ്ങി—
പ്പറവതിനായിഹ ഭാവിക്കുന്നേൻ;
ഹസ്തിരഥാദി സമൃദ്ധത പെരുകും
ഹസ്തിനപുരമതിലതിമതിസുഖമൊടു
നിസ്തുലധൃതി[1]ധൃതരാഷ്ട്രമഹീപതി
നിസ്തുലഭൂപതി വാഴുംകാലം
ദുര്യോധനനും ദുശ്ശാസനനും
ദുർഭാഷണനും ദുശ്ശേഷണനും
ദുർമ്മേധാവും ദുർമ്മൂതനനും
ദുശ്ശീലനനും ദുർന്നീലനനും
ധൃഷ്ടതയാ ധൃതരാഷ്ട്രസുതൻമാ—
രെട്ടുജനങ്ങളുമനുജൻമാരും
അന്ധനതാകിന ജനകൻതന്നുടെ—
യന്തികസീമനി ചെന്നു വണങ്ങി
പന്തിനിരക്കെയിരുന്നു പതുക്കെ—
ച്ചിന്തിതമങ്ങു പറഞ്ഞുതുടങ്ങി:
‘‘അച്ഛനു ഞങ്ങളിലുള്ളൊരു കനിവതു
തുച്ഛമതാവാനെന്തവകാശം?
കുന്തീസുതരെക്കൂറുണ്ടാവാ—
നെന്തൊരുബന്ധമതും കേൾക്കേണം;
വണ്ണൻവാഴകണക്കെ വളർന്നൊരു
പൊണ്ണത്തടിയനതാകിന ഭീമൻ
ഉണ്ണികളാകിന ഞങ്ങളെ വളരെ—
ദണ്ഡിപ്പിക്കുന്നിതു മമ താതാ!
കണ്ണറിയാത്ത പിതാവിനിതൊന്നും
കണ്ടറിവാനും വശമില്ലല്ലോ
പൊണ്ണൻ ഭീമനു പത്തുപറച്ചോ—
റുണ്ണണമെന്നാലതു മതിയല്ലാ
ഉണ്ണികളാകിന നമ്മെക്കണ്ടാൽ
കണ്ണുതുറന്നൊരു ഭാവം കാട്ടും;
അതു കാണുമ്പോൾ ഞങ്ങൾ ഭയപ്പെ—
ട്ടതുവഴി മണ്ടിയൊളിക്കേയുള്ളു;

---

1. ധൃതി=മനസ്സുറപ്പ്.

ചെമ്പിൽച്ചോറു കടത്തീടുമ്പോൾ
മുമ്പിൽക്കൊണ്ടില വയ്ക്കും ഭീമൻ
വമ്പുള്ളവനച്ചെമ്പീന്നിങ്ങു വി–
ളമ്പിയ ചോർ മതിയല്ലെന്നാകിൽ
ചെമ്പുപിടിച്ചങ്ങിലയിൽ മറിപ്പാൻ
ചങ്ങാതിക്കൊരു സംശയമില്ലാ;
ചക്കപ്പഴമാരാൻ കൊണ്ടുവന്നാ–
ലൊക്കെ മുറിച്ചു ചെലുത്തും ഭീമൻ;
ഇക്കണ്ടുണ്ണികൾ ഞങ്ങൾക്കായതു–
പൊക്ക മൊരിത്തിരി കിട്ടുകയില്ലാ;
പക്ക[1]ച്ചോറും കാളൻകറിയും
ചക്കച്ചെകണിയുമെന്നിവയല്ലാ–
തിക്കുഞ്ഞുങ്ങൾക്കൊരു സുഖഭോജന–
മിക്കാലങ്ങളിലില്ലിഹ താതാ!
എന്തിനു വളരെ കൃത്തിക്കുന്നു
കുന്തീസുതരും ഞങ്ങളുമിവിടെ
സന്ധിച്ചിനി മരുവീടുകയെന്നതു
ചിന്തിച്ചാലെളുതല്ലിനിമേലിൽ;
അവരിലൊരപ്രിയമരുളിച്ചെയ്‌വാ–
നച്ഛനുമമ്മയ്ക്കും വശമല്ലാ
ഭവതു നമുക്കെന്തിതുകൊണ്ടിപ്പോ–
ളിവിടെ നിവാസമുപേക്ഷിക്കുന്നേൻ;
അടിയനുമനുജൻമാരും കർണ്ണനു–
മടിയാരിൽച്ചില നായൻമാരും
മടിയാതിന്നിനി മറ്റൊരു ദിക്കിനു
വിടകൊൾകെന്നു മനസ്സിലുറച്ചു;
കുത്തി വെളുത്തൊരു കുറിയരിവച്ചു
കുന്തീതനയൻമാർക്കു വിളമ്പും
കണ്ണൻപഴവും കറി പലതും പുതു–
വെണ്ണയുമൻപൊടു പാലും ദധിയും
പൊണ്ണൻ ഭീമനുമനുജൻമാർക്കും
കണ്ണുമടച്ചു ജപിക്കും ജ്യേഷ്ഠനും
ഇക്കൂട്ടത്തിനു കല്ലും നെല്ലുമി–
രിക്കും കറ്റരി വച്ചു വിളമ്പും
ചട്ടമിവണ്ണമടുക്കളെവയ്ക്കും
പട്ടൻമാർക്കതു മാറുകയില്ലാ;
തടിയൻ ഭീമൻ വടികൊണ്ടടിയനെ–
യടികൂട്ടുന്നതിൽ മുന്നേതന്നെ

---

[1] പക്കം = രാജസേവകൻമാർക്കു സർവ്വാണിയൂട്ടുകൊടുക്കുന്ന സ്ഥലം.

തടിയുംകൊണ്ടൊരു ദിക്കിനു മണ്ടി
ഝടിതി ഗമിപ്പാൻ കൂടുകിലുചിതം;
കാട്ടിൽ പെററുവളർന്നൊരു കൂട്ടം
കാട്ടീടുന്നൊരു ധിക്കാരം മമ
കണ്ടും കേട്ടും വളരെ മുഷിഞ്ഞും—
കൊണ്ടുവസിപ്പാനരുതിനി മേലിൽ;
പാർത്ഥൻമാരോടൊരുമിച്ചിവിടെ—
പ്പാർത്തീടുകയിനിയെളുതല്ലേതും
തീർത്തുരചെയ്യാമിജ്ജനമെല്ലാം
തീർത്ഥവുമാടി നടക്കേയുള്ളു;
മറുതല വന്നിഹ തലയിൽ കേറി—
പ്പൊറുതി കെടുക്കുന്നതു കണ്ടിങ്ങനെ
വെറുതേ പാടുപെടുന്നതിനേക്കാൾ
മറുനാട്ടിന്നു ഗമിക്കുക നല്ലൂ;
അറുപതുമിന്നൊരു നാല്പതുമൊരുവക
ചെറുകുഞ്ഞുങ്ങളൊരേഷണികുസൃതിക—
ളറിയാത്തവരൊടു വൈരികളൊരുവക
മറിമായങ്ങൾ തുടങ്ങിക്കൊണ്ടാൽ
ആയതു നിർത്താനടിയങ്ങൾക്കൊരു
നാഥനുമില്ലെജമാനനുമില്ലാ;
കോയിക്കൽ പുനരുള്ളവരവരുടെ
സ്ഥായിക്കാര[1]ല്ലാതില്ലാരും
ആർക്കും വേണ്ടാതിങ്ങനെയിവിടെ—
പ്പാർക്കുന്നെന്തിനു ഞങ്ങളിദാനീം?
ഓർക്കുന്നേരമൊരിക്കൽ നമുക്കും
ചാക്കുണ്ടെന്നതു നിശ്ചയമല്ലോ;
ഒട്ടും കൃപയില്ലാത്ത ജനങ്ങടെ
കൊട്ടുംകൊണ്ടു കിടക്കേക്കൊയിൽ*
കെട്ടും ചുമടുമെടുത്തു നടന്നാൽ
കിട്ടും മുതൽകൊണ്ടഷ്ടി കഴിക്കാം;
പട്ടണമൊക്കെ നിരപ്പെ നടന്നാൽ
കൊട്ടണ[2]മെങ്കിലുമഷ്ടികഴിക്കാം;
പട്ടൻമാരും ചുമടുചുമക്കുമ—
തൊട്ടും ദൂഷണമില്ല നമുക്കും.
ചതിപെട്ടാൽ പുനരെന്തരുതാത്തു
ഗതികെട്ടാൽ പുലി പുല്ലും തിന്നും;

---

[1] സ്ഥായിക്കാർ=സ്നേഹിതർ.
* 'കൊട്ടുംകൊണ്ടുകിടക്കേക്കാട്ടിൽ' =പാഠാന്തരം.
[2] കൊട്ടണം=ഉണക്കില്ലാത്ത മുഴുത്ത ചീത്ത അരിയുടെ ചോറ്.

കാറ്റിൻമകനും സഹജൻമാരും
ഊറ്റക്കാരെന്നാകിലുമൊരു പട—
യേറ്റെന്നാകിൽ മടങ്ങുമവർക്കതി—
ലേറ്റം വിരുതു വിശേഷിച്ചില്ലാ;
എങ്കിൽനമുക്കൊരു ചക്രംപോലും
എങ്ങുമൊരുത്തരു തരികയുമില്ലാ;
അങ്കപ്പണമങ്ങടിയറയും[1] ചില
ചുങ്കപ്പണവും പാട്ടപ്പണവും
മുപ്പറയും പുനരെട്ടെന്നും ചില—
വയ്പും രുചിയുമൊടെപ്പേർപ്പെട്ടൊരു
ചപ്പും ചിപ്പും പാണ്ഡുസുതൻമാർ—
ക്കൊപ്പിക്കുന്നു ജനങ്ങളശേഷം;
പ്രാണസമൻ മമ കർണ്ണൻതന്നുടെ
പാണിതലത്തിലെടുത്തൊരു വില്ലും
ബാണവുമിന്നു വൃഥാഫലമല്ലോ;
കാണാതഖിലമടങ്ങുകിലെന്നാൽ
കേടുകൾ പലതും സംപ്രതി വന്നിട—
കൂടും, ദൃഢമിഹ പടതുടരുമ്പോൾ
കൂടുനശിച്ചൊരു പക്ഷികൾപോലെ
കാടു കരേറും പുരവാസികളും.
പോരു പറഞ്ഞാലിതു ചേരുന്ന വട്ടമല്ലാ
പോരുള്ള കൂട്ടമെന്നു തീരും പലരും കേട്ടാൽ
നേരു പറഞ്ഞാലതു നേരംപോക്കെന്നിരിക്കു—
മാരും നമുക്കൊരുപകാരം ചെയ്കയുമില്ലാ;
നൂറു തനയൻമാരിൽ കൂറുമൊരുത്തർക്കില്ലാ
ചോറും കറിയുംകൂടി നേരേ ലഭിക്കുന്നില്ലാ
ചേറു പിരണ്ടു നാറിക്കീറത്തുണിയും ചുറ്റി—
ച്ചോറുമ്മാനങ്ങു ചെന്നു കേറുമ്പോൾ വയ്പൻമാരും
ചീറും, കനത്ത കട്ടച്ചോറും പുളിച്ച പുളി—
ഞ്ചാറും വിളമ്പുമവർക്കേറും ദുർമ്മുഖത്തോടേ;
ആരും കാണാതെ നല്ല തൈരും പുളിശ്ശേരിയും
വാരിക്കോരിയെടുത്തങ്ങോരോ തരങ്ങളവ
കൂട്ടി പരിപ്പുകാരൻ കൂട്ടരുംകൂടി നന്നാ—
യഷ്ടികഴിച്ചുകൊണ്ടുമിഷ്ടംപോലനുദിനം
കുട്ടിപ്പട്ടൻമാർ ചോറുകട്ടങ്ങു കൊണ്ടുചെന്നു
കെട്ടിയ പെണ്ണുങ്ങൾക്കുരുട്ടിക്കൊടുക്കുമവ—
രൊട്ടിങ്ങു കാണുമോരോ ഗോഷ്ടികൾകണ്ടാൽ ഞങ്ങൾ—
ക്കൊട്ടും സഹിക്കയില്ലാ കഷ്ടമിക്കോയിക്കലെ

---

1. അടിയറ = പദവി കിട്ടാൻ ആളുകൾ രാജാവിനു സമർപ്പിക്കുന്ന കാഴ്ചദ്രവ്യം.

ചട്ടവും വട്ടങ്ങളുമൊട്ടും ചിതമല്ലെന്നു
തിട്ടമായ്ക്കണ്ടിതെല്ലാം പെട്ടെന്നുറച്ചു ഞങ്ങൾ
കുന്തീസുതൻമാരോടു സന്ധി തരമല്ലെന്നു
ചിന്തിച്ചു മാറാപ്പെല്ലാം ബന്ധിച്ചു പുറപ്പെട്ടു
നിന്തിരുവടിയുടെയന്തികേ വന്നു കൂപ്പി;
അന്തിക്കു മുമ്പേ യാത്ര കല്പിച്ചയച്ചീടേണം.''

ഇത്തരമുള്ളൊരു ദുര്യോധനനുടെ—
യത്തൽ മുഴുത്തൊരു വാക്കുകൾ കേട്ടു
വൃദ്ധനതാകിന ധൃതരാഷ്ട്രൻ പുന—
രുത്തരമിത്തരമരുളിച്ചെയ്തു:
''ഉണ്ണീ! വരിക സുയോധന! നിങ്ങളി—
വണ്ണം വാശിപിടിച്ചു പറഞ്ഞി—
ക്കണ്ണില്ലാത്തൊരു നമ്മെക്കൊണ്ടിഹ
ദണ്ഡിപ്പിക്കുന്നെന്തിനു പാഴിൽ?
നിങ്ങളുമയ്വരു പാർത്ഥൻമാരും
തങ്ങളിലേതും രസമില്ലെങ്കിൽ
പാർത്തലമതിലിനി മറ്റൊരു ദിക്കിൽ
പാർത്ഥൻമാർക്കൊരു ഭവനം തീർത്തു
പാർപ്പിച്ചീടുകവേണമിതെന്നൊരു
താത്പര്യം പുനരുണ്ടതുമാത്രം;
നമ്മുടെയിളയമ്മയ്ക്കു പിറന്നൊരു
നൻമകനല്ലോ പാണ്ഡുതനൂജൻ
അവരും നമ്മുടെ മക്കളിതല്ലോ
അവരെ നമുക്കു വെടിഞ്ഞീടാമോ?
ധർമ്മേശ്വരനുടെ സുതനായുള്ളൊരു
ധർമ്മജനും നാലനുജൻമാരും
നർമ്മമൊടങ്ങു വസിപ്പാനൊരിടം
നലമൊടു തീർത്തു കൊടുക്കണമുണ്ണീ!
വളരെദ്ദൂരത്തരുതൊരു കാതം—
വഴിയകലത്തിഹ നല്ലൊരു ദിക്കിൽ
വളരെത്തെങ്ങു കവുങ്ങും പ്ലാവും
കൊടിയും വാഴകളെന്നിവ പലതും
ഉളവാക്കിക്കൊണ്ടൊരു പുരമങ്ങനെ—
യളവേ ഹസ്തിനപുരിയൊടു തുല്യം
തെളിവൊടു തീർത്തു കൊടുക്കാമെങ്കിൽ
പൊളിയല്ലവരെയിറക്കിയയയ്ക്കാം.''

അന്ധൻനൃപതിതന്റെ യരുളപ്പാടതു കേട്ടു
സന്തുഷ്ടൻ ദുര്യോധനൻ സപദി സന്തോഷംപൂണ്ടു;

അമ്മാവനോടു ചെന്നീയവസ്ഥകൾ ബോധിപ്പിച്ചു
അമ്മാവൻ ശകുനിയുമതുകൊള്ളാമെന്നുറച്ചു;
‘‘ഉണ്ണീ! മരുമകനേ ഉരഗധ്വജാ! വരിക
കണ്ണില്ലാത്തച്ഛനോടു കപടം ഗ്രഹിപ്പിക്കല്ലേ;
പാണ്ഡുതനയൻമാരെ പരിചൊടു വഞ്ചിക്കേണം
പാണ്ഡിത്യമുണ്ടെനിക്കു പരൻമാരെ ചതിപ്പാനും.
വാരണാവതമെന്ന വലിയൊരു ദേശമുണ്ട്
പാരം ദൂരത്തുമല്ല പാരമടുത്തുമല്ല;
പാരാതദ്ദിക്കിലില്ലം പണിയിച്ചുകൊടുക്കേണം
സാരമൊന്നുണ്ടുതാനും സപദി നീ ബോധിച്ചാലും;
കർണ്ണനും ഞാനും നീയുമെന്യേ മറ്റൊരുവരും
ബോധിക്കരുതിക്കപെടസംസാരമൊന്നുംതന്നെ
ആശാരിപ്പണിക്കൻമാരവരെല്ലാമെങ്ങുപോയി*
ആശയ്ക്കു തക്കപോലെ അവരില്ലം തീർത്തിടേണം.’’
ഇത്ഥം പറഞ്ഞാശാരിപ്പണിക്കൻമാരിലേക്കേറ്റം
ചിത്രപ്പണിക്കാരൻമാർ ചിലരുണ്ടു വിശ്വസിപ്പാൻ
പാരാതേ മൂത്താശാരിപ്പണിക്കനെ വേറേ വിളി—
ച്ചാരോമലുരചെയ്തു അതിദുഷ്ടൻ ശകുനിയും
‘‘പണിക്കു വിരുതുള്ളൊരു പണിക്കനിങ്ങു വന്നാലും
നിനക്കു ശില്പശാസ്ത്രത്തിൽ കണക്കും കൈയ്യുമുണ്ടല്ലോ;
കുരുക്കൾക്കു മൂപ്പായുള്ള കുരുശ്രേഷ്ഠൻ കല്പിക്കുന്നു
അരക്കുകൊണ്ടില്ലമൊന്നു തെരിക്കെന്നു തീർത്തിടേണം
കരക്കാരും മറ്റു ചില തരക്കാരും ബോധിക്കേണ്ടാ
പരക്കെ ബോധിച്ചെന്നാകിൽ തരക്കേടു വന്നുകൂടും;
ചുരുക്കിപ്പറയാമില്ലമിരിക്കേണ്ടും പ്രകാരങ്ങൾ;
അരക്കും പഞ്ഞിയുമുള്ളിൽ നിരക്കെ നിറച്ചുവച്ചു
പുറത്തു വെങ്കളിയിട്ടു നിരപ്പിൽ ചിത്രമെഴുതി
കറുത്ത വെടിമരുന്നു അകത്തു ചൊരിഞ്ഞതിന്റെ
പുറത്തുഭാഗത്തു ഭിത്തി മറച്ചു മാളികക്കൂട്ടം
തിറത്തിൽ പണിതു നല്ല നിറത്തിൽ ചായവുമിട്ടു
പെട്ടെന്നു പതിനെട്ടുകെട്ടും പണിത്തൂണുകൾ
തട്ടും മതിലുകളും ചട്ടറ്റ പുരത്തിന്റെ
ചട്ടങ്ങളെല്ലാം കൂട്ടിക്കെട്ടിച്ചമച്ചീവണ്ണം
എട്ടു ദിനത്തിൻമുമ്പേ പുഷ്ടിവരുത്തീടേണം.’’

ശഠനായുള്ളശ്ശകുനി പറഞ്ഞൊരു
കഠിനം കപടത്തൊഴിലതു കേട്ട്:
‘‘അടിയങ്ങൾക്കൊരു കുറ്റമതിപ്പോ—

---

* ‘ബോധിക്കരുതീപ്പടുസംസാരമൊന്നുംതന്നെ’—പാഠഭേദം.
‘ആശാരിപ്പണിക്കൻമാരെല്ലാരുമെങ്ങുപോയി’—വായ്പാഠഭേദം.

ളിടകൂടാതെ തുണച്ചരുളേണം;
ഉടനേ ഗൂഢമരക്കില്ലം പണി—
തുടരാ''മെന്നു പണിക്കൻമാരും
അടിമലർ തൊഴുതു നടന്നദ്‌ദിക്കിൽ
ഝടിതി തുടങ്ങി പ്രയത്‌നവുമുടനേ,
ശൗര്യവിധത്തിനു വിരുതു പെരുത്തൊരു
കാര്യക്കാരിലൊരുത്തൻ വേണം
ആരുള്ളന്നു തിരഞ്ഞിതു ശകുനി!
''അടിയനിതെന്നു'' പുരോചനനപ്പോൾ;
''അതു കൊള്ളാം മതി വീരപുരോചന!
ജതുഗൃഹമമ്പൊടു തീർപ്പിച്ചാലും;''
എന്നതു കേട്ടു പുരോചനനവിടെ—
ച്ചെന്നു ശ്രമിച്ചുതുടങ്ങി പ്രയത്‌നം;
ഉന്നതമാകിന ജതുഭവനം പണി—
യുന്ന പണിക്കൻമാർക്കിഹ ചെലവിനു
നെല്ലും പണവും പുകയില വെററില
തെല്ലും മടികൂടാതെ കൊടുത്തും
ചെല്ലും ചെലവുകളെഴുതിച്ചാർത്തിയ—
തെല്ലാം ശകുനിയെ വന്നറിയിച്ചും
നല്ല സമർത്‌ഥനരക്കില്ലം പണി
നലമൊടു സാധിച്ചിങ്ങനെ സരസം.
ഇട്ടൂ വിരവൊടു ശില്‌പികളിൽ പുന—
രിട്ടൂ വിരുതും മൂത്തപണിക്കനു
പട്ടും മുണ്ടും പണവും വളയും
ഒട്ടും മടികൂടാതെ കൊടുത്തു;
ദുര്യോധനനതുനേരം കുരുകുല—
വര്യനതാകിന ധൃതരാഷ്‌ട്രന്നുടെ
ചേവടിയുഗളം ചെന്നു വണങ്ങി—
സ്‌സാദരമേവം ഗിരമുരചെയ്‌തു:

''വാരണാവതേ വലിയൊരു മന്‌ദിരം
ആരണാവലി സഞ്ചിതമഞ്ചിതം
അഞ്ചു പാണ്‌ഡവൻമാർക്കു വസിപ്പാ—
നഞ്‌ജസാ വിഭോ! തീർത്തു മനോഹര—
മെത്ര വിസ്‌മയമതീ മണിഗൃഹം*
അത്രമാത്രമല്ലനവധി ജനതതി
തത്ര പാർപ്പതിന്നതുമതി ശിവ ശിവ!
ചിത്രമെത്രയും ചിതമതു ഹിതമത്‌.''

---

* 'എത്ര വിസ്‌മയമണീമണിഗൃഹം'—പാഠഭേദം.

ഇത്ഥം മകനുടെ വാക്കുകൾ കേട്ടതി
ശുദ്ധൻ കപടമറിഞ്ഞില്ലേതും;
വൃദ്ധൻ നരപതി ധർമ്മാത്മജനെ—
ത്തത്ര വരുത്തിയിരുത്തിച്ചൊന്നാൻ:
‘‘ധർമ്മജ! ഭീമ! ധനഞ്ജയ! നകുല!
മൻമകനേ സഹദേവ! സുശീലാ!
നൻമൊഴി കേൾക്കണമുണ്ണികളൈവരു—
മെൻമക്കൾക്കു ശുഭം വരുമെന്നാൽ;
നമ്മുടെ മക്കളിൽ മൂത്തവനുള്ളില—
ഹമ്മതി പാരമടക്കവുമില്ലാ
നമ്മെബ്ബഹുമാനവുമില്ലാത്തതു
നമ്മുടെ ജാതകമെന്നേ വേണ്ടൂ;
നിങ്ങൾക്കുള്ളിൽ വിവേകവുമുണ്ടതി
മംഗലമീശ്വരഭക്തിയുമുണ്ട്
ജ്ഞാനവുമുണ്ടതുകാരണമിപ്പോൾ
ഞാനെന്നുള്ളൊരഹമ്മതിയില്ലാ;
മക്കളൊരഞ്ചെട്ടുണ്ടു നമുക്കവ—
രൊക്കെ മഹാ മൂഢൻമാർതന്നെ
അവരും നിങ്ങളുമൊരുമിച്ചിനി മേ—
ലിവിടെ വസിച്ചാൽ ഗുണമാകില്ലാ;
അക്കരെയമ്പലമൊന്നില്ലാഞ്ഞാൽ[1]
മക്കടെ കലശലു മാറുകയില്ലാ;
എന്നതു കാരണമിപ്പോഴങ്ങൊരു
മന്ദിരമാശു ചമച്ചിതു ഞാനും;
അവിടത്തിൽ ചിലർ ചെന്നു വസിച്ചേ
ഭവനത്തിന്നൊരു ഭൂതി ഭവിപ്പൂ;
ഇവരിൽ ചിലരെയയച്ചാലായവ—
രവതാളങ്ങൾ പിണയ്ക്കും പലതും;
ധർമ്മജ നീയും സഹജൻമാരും
അമ്മയുമപ്പുരതന്നിൽച്ചെന്ന്
നൻമയിലവിടെ പ്പാലുംകാച്ചി—
ച്ചെമ്മേ സുഖമായ് വാണീടേണം;
ചെലവിനു നെല്ലും പണവും അരിയും
ഇല കുല മോരും നെയ്യുമിതെല്ലാം
നിലകാതുകളും ചെമ്പുകളുരുളികൾ
വലിയ കിടാരം വാർപ്പു വിളക്കുകൾ
ചട്ടുകവും പല കുട്ടകവും ചില
പെട്ടികളും പല കട്ടിലുമെല്ലാം

---

1. അക്കരെയമ്പലമൊന്നില്ലാഞ്ഞാൽ = മറുവീടില്ലാഞ്ഞാൽ. അക്കരെയമ്പലം പററുക (ശൈലി) = മറുവീടുകെട്ടിപ്പാർക്കുക.

ഇഷ്ടംപോലിന്നിവിടേനിന്നും
കെട്ടിയെടുപ്പിച്ചങ്ങു ഗമിക്കാം;
അഷ്ടികഴിച്ചു വസിപ്പാനും പുന–
രിഷ്ടികൾ ചെയ്‌വതിനും സുഖമവിടം
കണ്ടവർ വന്നു പറഞ്ഞതു കേട്ടതു–
കൊണ്ടിഹ ഞാനും ഘോഷിക്കുന്നു;
കണ്ടറിവാനിക്കിഴവച്ചാർക്കൊരു
കണ്ണും ദിക്കുമതില്ലെൻമകനേ''![1]

താതന്റെ വാക്കു കേട്ടു സഹനം കൈക്കൊണ്ടു ധീരൻ
താണു വണങ്ങിക്കൊണ്ടു താനുമനുജൻമാരും
മാതാവും മററും ചില മമതയുള്ളാളുകളും
ഏതാനും നായൻമാരുമൊരുമിച്ചു പുറപ്പെട്ടു;
വമ്പൻ പുരോചനനും വഴികാട്ടാനായിക്കൂടെ
മുമ്പിൽ നടന്നു മൂഢനുചിതനെന്നും നടിച്ചു
അഞ്ചു നാഴികകൊണ്ടങ്ങരക്കില്ലം തന്നിൽ ചെന്നു
അഞ്ചാതെ കണ്ടുകണ്ടങ്ങകം പുക്കു ജനനിയും
സഞ്ചാരം ചെയ്തു മെല്ലെ സരസൻമാരഞ്ചു പേരും
അഞ്ചാതെ ചെന്നു മണിമാളികമുകളേറി–
പ്പള്ളിമാടങ്ങൾ തന്നിൽ പരിചോടെ കാണായോരോ–
പള്ളിമെത്തമേലേറിപ്പരമാനന്ദം ശയിച്ചു;
കള്ളപ്രയോഗമെന്നു കരുതി മാനസംതന്നിൽ
കൊള്ളാമിങ്ങെന്തു ചേതം; കുറഞ്ഞോന്നു ചെല്ലുന്നേരം
ഉള്ളവണ്ണം ഞങ്ങളോടുരചെയ്യും വിദുരരെ–
ന്നുള്ളോരുറപ്പുകൊണ്ടങ്ങുടമയോടൊത്തു വാണു.
ഉള്ളിൽ കപടമേറുമുരഗധ്വജന്റെ ഭൃത്യൻ
കൊള്ളിവച്ചീടുമതുമറിയാതിരിക്കയില്ല;

ജനകനതാകിന വിദുരരുമപ്പോൾ
ഖനകനെ വിരവിലയച്ചിതു ഗൂഢം
ഖനകൻ ചെന്നു യുധിഷ്ഠിരനോടു
കനിവൊടു കർണ്ണേ കിമപി കഥിച്ചു;
''ദുര്യോധനനുടെ കപടമിതെല്ലാം
അയ്യോ! ശിവ ശിവ! ബോധിച്ചാലും;
കഷ്ടമിതൊക്കെയരക്കും പഞ്ഞിയു–
മിട്ടുനിറച്ചോരു പുരമിതു സർവ്വം;
കള്ളനതായ പുരോചനനിവിടെ–
ക്കൊള്ളി കൊളുത്താൻ വരുമൊരു ദിവസം;

---

[1] കണ്ണും ദിക്കുമില്ല (ശൈലി)=കാഴ്ചയോ ദിക്കുബോധമോ ഇല്ല. 'കണ്ണും ദിക്കുമില്ലാത്തവൻ'—(സംഭാഷണശൈലി). 'കണ്ണുപതിക്കുമതില്ലെൻമകനേ!'—എന്നു ചില പതിപ്പുകളിൽ പാഠം പരിഷ്കരിച്ചത് അബദ്ധം.

അതു ബത കരുതിപ്പാർത്തീടേണം
ഇതു ജതുഗൃഹമെന്നോർത്തീടേണം
ഇതു ബത ജനകൻ വിദുരരു നിങ്ങടെ
ഹിതമുരചെയ്‌വാനെന്നെയയച്ചു;
പതിനെട്ടും പുനരെട്ടും തൂണുകൾ
മതിലിനകത്തിഹ കാണുന്നീലേ?
അതിലൊരു തൂണടിയൻപണിചെയ്തു
അതിലൊരു വിസ്മയമുണ്ടതു കേൾപ്പിൻ:
തൂണു പിടിച്ചു തിരിച്ചാലായതു
താണങ്ങിളകിപ്പോരും നിയതം
കാണാമപ്പോളൊരു ഗുഹപെരുവഴി
തൂണിനു കീഴതി വിസ്തൃതമായി,
കൊള്ളിക്കാരൻ വരുമളവതിനുടെ—
യുള്ളിലിറങ്ങിപ്പോയ്ക്കൊണ്ടാലും.
ഉള്ളിലിരിക്കേയാവുയിതെല്ലാം
ഉപദേശം മമ ധർമ്മതനൂജാ?
നമ്മുടെ തൂണിന്നടയാളം ഞാ—
നുണ്ടാക്കിപ്പണിചെയ്തിഹ വച്ചു
വേണ്ടാ മനസി വിഷാദമൊരാപ—
ത്തുണ്ടാകാതെ ഗമിക്കാമുടനെ.''

ഇങ്ങനെ ഖനകൻ വന്നു പറഞ്ഞു
അങ്ങു തിരിച്ചു പുനരതിവേഗാൽ
ഇംഗിതവേദികൾ പാണ്ഡുസുതൻമാ—
രിങ്ങുമിരുന്നു സുഖിച്ചു വസിച്ചു.
അക്കാലത്തൊരു കാട്ടാളസ്ത്രീ
അവിടെയിരിപ്പാൻചെന്നു കരേറി.
മക്കളെവൾക്കുണ്ടഞ്ചുസുതൻമാ—
രൊക്കത്തക്ക നടന്നീടുന്നു.
ലാക്ഷാഭവനംതന്നിലിരിക്കും
സാക്ഷാൽ പരമേശ്വരനൊടു തുല്യൻ
ധർമ്മതനൂജനുമനുജൻമാരും
തൻമാതാവാം കുന്തീദേവിയും
ധർമ്മംചെയ്യും അവരെന്നുള്ളതു
ചെമ്മേ കേട്ടൊരു കാട്ടാളസ്ത്രീ
അന്തിയടുത്തൊരു സമയേ വിരവൊടു
കുന്തി വസിച്ചരുളും പുരമുറിയുടെ
അന്തികസീമനി ചെന്നു പതുക്കെ
തന്തിരുവടിയൊടു ഭിക്ഷയിരന്നാൾ.

പദം: മോഹനം—ചായ്പ്

പല്ലവി

''ഭിക്ഷാം ദേഹി ശുഭേ! നമുക്കിഹ
ഭിക്ഷാംദേഹി ശുഭേ!

ചരണങ്ങൾ

1. ഭക്ഷിപ്പാനേതും വകയില്ലാഞ്ഞിങ്ങനെ
ഭിക്ഷയുമേററു വിഷണ്ണതയോടേ
ഇക്ഷിതിതന്നിൽ നടന്നു കഴിക്കുന്നു
കുക്ഷിപൊരിഞ്ഞു ദിനംപ്രതി ഞങ്ങൾ (ഭിക്ഷാംദേഹി)
2. ഐവർ ശിശുക്കളെ ഞാൻ പൊറിപ്പിപ്പാ—
നയ്യമിരന്നു[1]കഴിക്കുന്നഹസ്സ്
ദൈവത്തിനേതും കനിവില്ലാഞ്ഞാലെന്തു
ചെയ്യേണ്ടു ഞാനെന്നറിഞ്ഞീല ദേവീ! (ഭിക്ഷാം ദേഹി)
3. നാലഞ്ചു ബാലൻമാർക്കും മുതുക്കിക്കു—
മാലംബനമാരുമില്ലല്ലോ ദേവി!
കാലനുകൂടെ വെടിഞ്ഞാനൊരെൺപത്തു—
ന്നാലും കഴിഞ്ഞുള്ള കാട്ടാളനാരി ഞാൻ (ഭിക്ഷാം ദേഹി)
4. പാഴിൽ കളഞ്ഞീടുന്ന പഴംകഞ്ഞി
ശേഷിച്ചിരിപ്പതുണ്ടോ?
ആഴക്കു മൂഴക്കരികിട്ടിയാൽ ഞങ്ങൾ—
ക്കായിരംപൊൻകിട്ടുംപോലെ പ്രസാദം (ഭിക്ഷാം ദേഹി)
5. എച്ചിലിലകളെല്ലാമെടുക്കുന്ന
അച്ചിമാരെങ്ങു പോയി
പിച്ചയ്ക്കു വന്ന കിഴവിക്കൊരു വററു
വച്ചേക്കരുതാഞ്ഞോ നിങ്ങൾക്കു പിന്നെ:''
(ഭിക്ഷാം ദേഹി)

ഇങ്ങനെ വന്നു പറഞ്ഞൊരു കാട്ടാ—
ളാംഗനയോടരുൾചെയ്തിതു കുന്തി:
നിങ്ങടെ സങ്കടമുടനേ തീർപ്പാ—
നിങ്ങൊരു[2]ശാത തരിമ്പില്ലറിവിൻ
ബ്രാഹ്മണസദ്യ കഴിഞ്ഞാലുടനെ
ബ്രാഹ്മണശേഷം ചോറും കറിയും
നിങ്ങൾക്കൻപൊടു നിറയെത്തരുവാൻ
നിങ്ങളെയൊരുവനെ ഭരമേല്പിക്കാം;
ശനിയും ബുധനും തേപ്പാനെണ്ണയു—
മിനിയും വേണ്ടതു തരുവാൻ ചൊല്ലാം;

---

[1] അയ്യമിരന്ന് = യാചിച്ച്. [2] ശാത = വിസമ്മതം; തർക്കം.

തുണിയും മുണ്ടും തരുവാൻ നമ്മുടെ
മണിയൻ പട്ടരെ വേസ്ഥ വരുത്താം;
ചന്തമിയന്നൊരു പൂ കെട്ടിപ്പാൻ
ചന്ത്രക്കാരനെ ഏല്പിച്ചീടാം
വനചരവൃദ്ധേ നീയും ഞാനും
പുനരൊരുപോലേ സംഗതിവന്നു;
അഞ്ചു സുതൻമാരുണ്ടു നമുക്കും
നെഞ്ചിൽ നിനച്ചാലദ്ഭുതമത്രേ!
ജാതകമെന്നതിനിക്കും കഷ്ടം!
പാതകദോഷം മേലിൽ വരുത്താ–
നിപ്പുരമിവിടെത്തീർത്തു ചമച്ചു
സ്വല്പം ദിനമുണ്ടിഹ മരുവുന്നു;
ഇങ്ങനെ ഞങ്ങടെ വാസവുമിപ്പോ–
ളെങ്ങനെ മേലാലനുഭവമെന്നും
ഇങ്ങറിയാവതുമല്ലവയൊന്നും
സംഗതിപോലേ വന്നു ഭവിക്കും.''

ഏവം പറഞ്ഞു കുന്തീദേവി കുമാരൻമാരും
ഭാവം തെളിഞ്ഞു തത്ര മേവുന്ന കാലത്തിങ്കൽ
ഓരോ രജനികളിലോരോ പാണ്ഡുസുതൻമാ–
രാരോമലുറങ്ങാതെ നേരംപുലർത്തീടുന്നു.
അക്കാലമങ്ങു ബഹു ധിക്കാരി ദുര്യോധനൻ
വെക്കം പുരോചനന്റെ കൈയ്ക്കു പിടിച്ചിരുത്തി
സത്ക്കാരംപൂണ്ടു ചൊന്നാനുൾക്കാമ്പിൽ മോഹമെല്ലാം:
'നില്ക്കാതെ പോകെടോ താനക്കാര്യം സാധിപ്പാനായ്
രാക്കൂററിലങ്ങു ചെന്നനങ്ങാതെ നിന്നു കൊള്ളി–
വയ്ക്കാമരക്കില്ലമെരിക്കാമുടനേതന്നെ;
വാടാതരക്കില്ലത്തെപ്പാടേ ദഹിപ്പിച്ചങ്ങു
വാടാ പുരോചന നീ പോടാ താമസിക്കാതെ
ഒട്ടും മടിക്കാതില്ലം ചുട്ടുകരിച്ചു വന്നാൽ
കിട്ടും നിനക്കു നല്ല പട്ടും വളയുമതു
പെട്ടെന്നു സാധിക്കാതെ പൊട്ടാ! നീ വന്നുവെങ്കിൽ
പട്ടല്ല കിട്ടുന്നൊരു വെട്ടെന്നറിഞ്ഞുകൊൾക.''

ഉള്ളിലുറച്ചുപുരോചനനപ്പോൾ
കൊള്ളിയെരിച്ചു പിടിച്ചു കരത്തിൽ
കള്ളനൊളിച്ചു തിരിച്ചാനവിടെ–
ക്കാലനുമവനുടെ പുറകെ കൂടി;
ജതുഭവനത്തിൽ ചെന്നു കരേറി–
ക്കതകിനു നികടേ നിന്നു പതുക്കെ

ചെവി പാർത്തപ്പോളവരുടെ ശബ്ദം
അവികലമവിടെക്കേൾപ്പാനുണ്ട്;
ഒരു മയമിവിടെപ്പാർക്കണമെന്നു
കരുതിക്കോലിറയത്തു കരേറി
കുറിമുണ്ടവിടെ വിരിച്ചു ശയിച്ചു
കുസൃതിക്കാരനുറക്കവുമായി;
രാത്രിയിലങ്ങു കരുത്തു പെരുത്ത
മരുത്തിൻ മകനജ്ജതുഭവനത്തെ
കാത്തു നിതാന്തമുറക്കമിളച്ചിഹ
പാർത്തീടുന്നു പരാക്രമശാലി;
'ഒണ്ടു പുറത്തൊരു കൂർക്കം കേൾപ്പാൻ
കണ്ടകരാരാൻ വന്നിട്ടുണ്ടോ?'
ഇങ്ങനെ ശങ്കിച്ചുടനേ ഭീമൻ
ചങ്ങലവട്ടക കൈയ്യിലെടുത്തു:
കതകു തുറന്നു പുറത്തുമിറങ്ങി—
ച്ചതിയനുറങ്ങും ദിക്കിൽ ചെന്നു:
'നോക്കെടെ! കള്ളൻ കൊള്ളിയെരിച്ചു—
തലയ്ക്കുംവച്ചു കിടക്കുന്നോ? യിതു—
കൊള്ളാം നല്ലൊരു തൊഴിലെ'ന്നോർത്ത—
ക്കൊള്ളി പിടിച്ചുപറിച്ചങ്ങവനുടെ—
വായിൽ തിരുകിയുറക്കമുണർത്തി—
ക്കാൽകൊണ്ടൊന്നു കണക്കിനു തന്നേ—
മുഞ്ഞിക്കിട്ടു തൊഴിച്ചതുനേരം
പഞ്ഞികണക്കേ മുഞ്ഞിയരഞ്ഞു.
പാശം കെട്ടി വലിച്ചഥ തന്നുടെ
ദേശം നോക്കി നടന്നു കൃതാന്തൻ;
ഭീമനുമങ്ങഥയുള്ളിൽ ജനിച്ചൊരു
ഭീമമതാകിന കോപമടക്കി
ധർമ്മാത്മജനെയുമനുജൻമാരെയു—
മമ്മയുമാശു കുലുക്കിയുണർത്തി
കൊള്ളിക്കാരൻ വന്ന വിശേഷം
ഉള്ളിലവർക്കു ധരിപ്പിച്ചേവം:
'തരമില്ലിവിടെ നമുക്കിനി വാസം
തരസാ പോകെ'ന്നുള്ളിലുറച്ചു;
ഖനകൻ പണ്ടു പറഞ്ഞറിയിച്ചൊരു
കനകസ്തംഭമിളക്കിയെടുത്തു
തരസാ കണ്ടൊരു ഗുഹയിലിറങ്ങി—
സ്സഹജൻമാരെയുമഗ്രജനേയും

കൈക്കു പിടിച്ചു പതുക്കെജ്ജനനിയെ—
യഗ്ഗുഹതന്നിലിറക്കിയയച്ചു;
കൊള്ളിയെടുത്തജ്ജതുഭവനത്തെ
കോലാഹലമൊടു ചുട്ടുകരിച്ചു
തള്ളക്കാട്ടാളത്തിയുമവളുടെ
തനയൻമാരും കൂടെ ദഹിച്ചു;
കൊള്ളാമവളുടെ കർമ്മമതിങ്ങനെ—
യുള്ളൂവെന്നു നിനച്ചഥ ഭീമൻ
ഗദയുമെടുത്തഗ്ഗുഹയിലിറങ്ങി—
ഗമനം ചെയ്താനവരുടെ പിറകെ;
ഗംഗാതീരത്തോളമതുള്ളൊരു
തുംഗമമാർഗമതുള്ളിൽക്കൂടെ*
ഗംഗ കടന്നു നടന്നു പതുക്കെ
തുംഗമഹാഗിരിവിപിനം പുക്കാർ.

പിറേറന്നാൾ ദുര്യോധനൻ മററുള്ളനുജൻമാരും
കൊററു കഴിച്ചു പാക്കും വെററിലപോട്ടുംകൊണ്ടു
മററുള്ളവരുമായിച്ചുററുമിരുന്നുകൊണ്ടു
വൃത്താന്തം ഗൂഢമായങ്ങൊത്തു വിചാരംപൂണ്ടു;
കൊള്ളിക്കാരനിക്കാര്യം കൊള്ളിക്കാതിങ്ങു വന്നാൽ
കൊല്ലേണമവനെയെന്നെല്ലാരും നിശ്ചയിച്ചു;
''കള്ളൻ വരാഞ്ഞതെന്തു? കള്ളുകുടിച്ചെങ്ങാനും
കണ്ണു മയങ്ങി വീണു മണ്ണു കപ്പുകയല്ലീ!
കർണ്ണാ! വരിക ചെന്നു കണ്ടിങ്ങുപോരാം നമ്മുടെ
ബന്ധുക്കൾ പാണ്ഡവൻമാർ വെന്തു കരിഞ്ഞു ചത്തു†
വെണ്ണീറണിഞ്ഞു കിടക്കുന്നതും കണ്ടു പോരാം.
കാണാമവിടെച്ചെന്നാൽ കാണി താമസം വേണ്ടാ,''
ഇത്ഥം പറഞ്ഞവിടേക്കെത്തി നൂററുവരെല്ലാം
കത്തീടുന്നോരരക്കില്ലത്തിന്നരികിൽ ചെന്നു;
ചത്തു കറുത്തുടൽ കരിഞ്ഞു കിടക്കുമഞ്ചു
കാട്ടാളപ്പിള്ളരേയും കാട്ടാളത്തള്ളയേയും
കണ്ടു സുയോധനനും കർണ്ണനും മററുള്ളോരും:
''രണ്ടുപക്ഷമതില്ലാ കണ്ടാലും പാണ്ഡവൻമാർ
അഞ്ചുപേരും മാതാവുമംഗം കരിഞ്ഞു ചത്തു
മൂഢൻ പുരോചനനും കൂടെ ചത്താനോ ഭോഷൻ!
കുന്തിക്കും മക്കൾക്കുമെന്തിങ്ങനെ കർമ്മമായി
ചെന്തീയിൽ വീണു ഗാത്രം വെന്തീടുവാനുമിപ്പോൾ!
ചിന്തിച്ചിട്ടവകാശമെന്തെന്നറിഞ്ഞി''ല്ലിത്ഥം

---

* 'ദുർഗ്ഗമമാർഗ്ഗമതുള്ളിൽക്കൂടെ'—പാഠഭേദം
† 'വർണ്ണക്കാർ പാണ്ഡവൻമാർ' ... ഇങ്ങനെ ഒരു പഴയ വായ്പാഠം.

ചന്തത്തിലുരചെയ്തു സന്തോഷവും മറച്ചു
ദന്തിപുരത്തിൽ ചെന്ന് അന്തിക്കു സ്നാനംചെയ്തു:
'ഇല്ലം ദഹിച്ചുപോലുമെങ്കിലപ്പാണ്ഡവൻമാ—
രെല്ലാമതിൽക്കിടന്നു വല്ലാതെ ദഹിച്ചുപോ—
യെ'ന്നുള്ള വർത്തമാനം ചെന്നു പിതാവിനോടു
കേൾപ്പിച്ചു ദുഃഖഭാരം ഭാവിച്ചു* കള്ളക്കാട്ടി—
ക്കേണു പുലയുംകൊണ്ടു വാണു കുരുക്കളെല്ലാം
ആണത്തം നടിച്ചവരോണം പോലെല്ലാനാളും.

കൗന്തേയേന്ദ്രനുമനുജൻമാരും
കാന്താരത്തിലകംപുക്കധികം—
ശാന്തതപെരുകിന മാതാവിനെ നിജ—
സ്കന്ധം തന്നിലെടുത്തഥ ഭീമൻ
നേരം പാതിരയായൊരു സമയേ
പാരമിരുട്ടും വന്നിടകൂടി;
മാരുതി ഭീമൻ മാതാവിനെയൊരു
ചാരുശിലാതലസീമനി കൊണ്ടേ—
സ്സാദരമങ്ങു കിടത്തിയുറക്കി—
സ്സോദരരേയും പൂർവ്വജനേയും
ഒരുദിശി സാധു[2]ശയിപ്പിച്ചവരെ—
ക്കരുതിക്കാത്തു വസിച്ചു സമീപേ;
മറുതലർ ചെയ്തോരപരാധത്തെ
മനസ്സിൽ നിനച്ചു കറുത്തൊരു ഭാവാൽ
കണ്ണു ചുവന്നു കലങ്ങി കരത്തിൽ
ദണ്ഡമെടുത്തു കൃതാന്തനു തുല്യൻ!
'തൊണ്ണൂററഞ്ചുമൊരഞ്ചും ദുഷ്ടരി—
വണ്ണം വണ്ണൻവാഴകണക്കെ
വന്നുപിറന്നതുമൂലം നാടുക—
ളൊന്നൊഴിയാതെ നശിപ്പാറായി
ഇന്നിവർ കാട്ടിയ ഗോഷ്ടികളോർത്താ—
ലെന്നുമടങ്ങാതുള്ളൊരു വൈരം
എന്നുടെയുള്ളിൽ വളർന്നീടുന്നു
ഇന്നഥ പോകണമായതു തീർപ്പാൻ;
ചെന്നുടനവരെക്കൂട്ടത്തോടേ
ഒന്നൊഴിയാതേ കൊട്ടിക്കൊലവാൻ
നല്ലൊരുസമയ മടങ്ങരുതേതും
ഇല്ലൊരു സംശയമൊക്കെ ഹനിപ്പാ—

---

1. ദന്തിപുരം=ഹസ്തിനപുരം.

* 'കേൾപ്പിച്ചു ദുഃഖഭാവം ഭാവിച്ചു'—മുദ്രിതപുസ്തകങ്ങളിൽ ക്ലിഷ്ട പാഠം.

2. സാധു=വേണ്ടപോലെ; വഴിപോലെ.

പദം. ആനന്ദഭൈരവി—ചെമ്പട

പല്ലവി

വന്നാലും വാമലോചനാ! വൈകാതെ വീരാ!
വന്നാലും വാമലോചനാ!

അനുപല്ലവി

വന്ദനീയാകാരാ! നിന്നെ വന്ദനംചെയ്തീടുന്നേൻ ഞാൻ
മന്ദമന്ദം മാമക ഗേഹേ, വൈകാതെ വീരാ!
(വന്നാലും വാമ...)

ചരണങ്ങൾ

1. മൻമഥശരങ്ങളേററു മാനസമുരുകുന്നു മേ
നൻമ മേലിൽ വന്നുകൂടുമേ—നാഥാ! നീയെൻെറ—
ജൻമം, പാഴിലാക്കീടൊല്ലാ (വന്നാലും വാമ...)
2. ചാലവേ കിടന്നുറങ്ങും നാലുപേർ പുരുഷൻമാരും
നീലവേണിമൗലി ദേവിയും—ആരെന്നു ചൊൽക
ശീലഗംഭീരാകൃതേ ഭവാൻ (വന്നാലും വാമ...)
3. ശീഘ്രമേ സുശീല! പാകഭേദിയോ മുകുന്ദനോ? നീ
വ്യാഘ്രചർമ്മധാരിദേവനോ—മനസിജനോ?
അശ്വിനീദേവനോ ചൊന്നാലും (വന്നാലും വാമ...)

ലളിത പറഞ്ഞൊരു വാക്കുകളിങ്ങനെ
തെളിവൊടു കേട്ടു വൃകോദരവീരൻ
കളമൃദുപുഞ്ചിരി തൂകിപ്പരിചൊടു
കളമൊഴിയാളൊടു ഗിരമുരചെയ്തു:

പദം. നാട്ടക്കുറിഞ്ഞി—മുറിയടന്ത

പല്ലവി

‘‘കേട്ടുകൊൾക നീ! കേളി വിലാസിനി!
കേവലമെൻ വചനം

അനുപല്ലവി

കേട്ടാലെത്ര ലഘുത്വമിക്കൂട്ടങ്ങൾ
കാട്ടിൽ വന്നു വസിപ്പതിൻ കാരണം (കേട്ടുകൊൾക)

ചരണങ്ങൾ

1. ഭീമസേനൻ ഞാനിദ്ദേഹമാകട്ടെ
സോമവംശാധിനാഥൻ യുധിഷ്ഠിരൻ
മാമകയനുജൻമാരിവർ പാർത്ഥൻ
കോമളാംഗൻ നകുലൻ സഹദേവൻ (കേട്ടുകൊൾക)
2. അന്തികേ കാൺക ഞങ്ങടെ മാതാവാം
കുന്തീദേവി ശയിക്കുന്നു പാറമേൽ
എന്തിവണ്ണം ഭവിപ്പതിൻ കാരണം
ദന്തിഗാമിനി ചിന്തിച്ചു കാൺക നീ (കേട്ടുകൊൾക)

3. പട്ടുമെത്തയും പട്ടുതലേണയും
പുഷ്ടിയോടേ വിരിച്ചു ശയിക്കുന്ന
മട്ടോലുംമൊഴി മാതാവും ജ്യേഷ്ഠനും
വട്ടപ്പാറമേലേറി ശയിക്കുന്നു. (കേട്ടുകൊൾക).

4. ശത്രുവായുള്ള മൂഢൻ സുയോധനൻ
ചിത്രമായൊരരക്കില്ലമുണ്ടാക്കി
തത്ര ഞങ്ങളെ പാർപ്പിച്ചു തൽപുരേ
രാത്രിയിൽ കൊള്ളിവച്ചു ദഹിപ്പിച്ചു (കേട്ടുകൊൾക).

5. ദുഷ്ടക്കൂട്ടത്തെച്ചെന്നിഗ്ഗദകൊണ്ടു
കൊട്ടിക്കൊല്ലുവാനൊട്ടും മടിക്കാതെ
വട്ടംകൂട്ടിപ്പുറപ്പെട്ടു ഞാനപ്പോൾ
ജ്യേഷ്ഠൻ സമ്മതിച്ചില്ലിതു സാഹസം (കേട്ടുകൊൾക).

''ആയതുകൊണ്ടു സഹിച്ചു വസിച്ചേ—
നായതകമലവിലോചനയാളേ!
നീയുരചെയ്തതിനും പുനരല്പം
ഞായക്കേടു വരാനുണ്ടറിക;
ജ്യേഷ്ഠനു വേളി കഴിഞ്ഞില്ലതു ബത
കോട്ടമിനിക്കതു ബോധിച്ചാലും
ജ്യേഷ്ഠനിരിക്കെസ്സഹജനൊരുത്തിയെ
വേട്ടാലവളെക്കൊള്ളരുതല്ലോ;
പന്തണിമുലയാളാകിയ നിന്നുടെ
ചന്തമിയന്ന ശരീരം കണ്ടു
ചിന്തയിലാശ നമുക്കുണ്ടല്ലോ
എന്തിഹ ചെയ്യാമിന്നു നിനച്ചാൽ!
എന്തിഹ നിന്നുടെ പേരെന്നുള്ളതു—
മേതു കുലേ തവ ജനനമിതെന്നും
എന്തിഹ വരുവാൻ കാരണമെന്നും
ബന്ധുരരൂപിണിയേ! പറയേണം;''
''എന്നുടെ പേരതു പിന്നെ ഹിഡിംബി
എന്നുടെ സോദരനുണ്ടു ഹിഡിംബൻ
മനുജൻമാരെക്കൊന്നും തിന്നും
അനുദിനമിഷ്ടം പെരുകിന ദുഷ്ടൻ
മനുജസുഗന്ധംകാരണമിപ്പോൾ
അനുജയതാകിയ നമ്മെയയച്ചാൻ;
മർത്ത്യൻമാരിഹ വന്നിട്ടുണ്ടെ—
ന്നത്യന്തം ബഹു കൗതുകമോടും
ചെല്ലടി സോദരി! അവരെച്ചെന്നു
തല്ലിക്കൊന്നു മനോഹരമാംസം

കൊണ്ടിഹ വരികെന്നിങ്ങനെ നമ്മൊടു
കണ്ടകദുർമ്മതി യാത്രയുമാക്കി;
ഏണാങ്കാനന! നിന്നുടെ രൂപം
കാണാമെന്നതികൗതുകമോടും
ലളിതാവേഷം പൂണ്ടിതു ഞാനും
പൊളിയല്ലിങ്ങനെ മമ പരമാർത്ഥം.
എന്നുടെ വരവതു കാണാഞ്ഞാലവ—
നൊന്നു കലമ്പും കശ്മലമൂഢൻ
രൂക്ഷത പെരുകിന രാക്ഷസദുർമ്മതി
കൽക്ഷണമിവിടെത്താമസിയാതെ
മണ്ടി വരും മമ വൃത്തമതറിവാൻ
ശുണ്ഠികടിച്ചതിക്രൗര്യത്തോടേ
അഗ്രജനിങ്ങു വരുമ്പോളവനുടെ
നിഗ്രഹമങ്ങു ഭവാൻ ചെയ്യേണമ—
നുഗ്രഹമായ്‌വരുമഖിലജനത്തിനു—
മുഗ്രനിശാചരനിധനംചെയ്താൽ

ചമ്പതാളം

ഇതിബത പറഞ്ഞുകൊണ്ടാശരപ്പെൺകിടാ—
വതിരതിരസംകലർന്നത്ര മേവും വിധൗ
കടുകുപിതചിത്തനാകും ഹിഡിംബാസുരൻ
കഠിനമലറി ദ്രുതം കാടു തല്ലിത്തകർ—
ത്തുടനൊരു മരാമരം കൈയ്യിലേന്തിശ്ശഠൻ
ഝടിതി പവനാത്മജൻതന്നുടെ മുമ്പിൽ വ—
ന്നതിപരുഷരോഷവാനിത്ഥമങ്ങൂചിവാൻ:
''എടിയെടി! ഹിഡിംബി! നീയെന്തു ഭാവിച്ചെടീ?
തടിയൊടിയുമാറു ഞാൻ തല്ലി ദന്തങ്ങളെ
ഝടിതി പൊടിയാക്കുവൻ കില്ലു തെല്ലില്ലെടീ!
കണവനിവനെന്നു നീ കാമിച്ച മർത്ത്യനെ
ക്ഷണതരമടിച്ചു ഞാൻ കൊന്നു തിന്നീടുവൻ.
കളികളിടകൂട്ടുവാൻ കാടു വാഴുന്ന ഞാ—
നിവിടെ മരുവും വിധൗ കൂടുമോ കുത്സിതം?
മമ ഭഗിനിയാം നിനക്കീവിധം തോന്നുവാൻ
കിമപി ബത കാരണം കശ്മലത്തീ ശഠേ!

ചായ്പുതാളം

വാടാതെ പോരിന്നു വാടാ! മനുഷ്യാ!
കൂടാ ശഠാ! നിൻെറ രൂഢാഭിമാനം
കൂടാതെ പൊയ്ക്കൊള്ളു മൂഢാ! ധരിക്ക
പോടാ! ശഠായെൻെറ വീടായി മേവും
കാടായ ദേശത്തു കൂടാ നിവാസം

ചമ്പതാളം

കിടി കരടി കരികളുടെ നടുവിലിഹ വാസം
കരവിഭവമുടയ പടുരജനി ചരനോടും
പൊരുവതിനു വരുമരികളഖിലമപി വാടും
വിരവിനൊടു പൊരുവതിനു വരികയിഹ നേരേ;
മർത്ത്യനെക്കൊല്ലുവാൻ വാടുമോയിന്നു ഞാൻ?
തീർത്തീടുവൻ നിന്റഹംഭാവമൊക്കെയും
കെട്ടിക്കൊലചെയ്‌തു നിന്നെ ഞാൻ തിന്നുവൻ
കാട്ടുകോഴിക്കു സംക്രാന്തിയുണ്ടോ നരാ?''

ഏവം ഹിഡിംബന്റെ വാക്കുകൾ കേട്ടതി
കോപേന നിന്നു പറഞ്ഞിതു ഭീമനും:
''പല്ലും കടിച്ചും ചൊടിച്ചും പറഞ്ഞാൽ
തെല്ലും ഭയം നമുക്കില്ലെന്നറികെടോ!
ആഹന്ത വായിങ്ങു, കാലന്റെ വീട്ടിന്നു
പോ ഹന്ത നീയും മടിക്കാതെ മൂഢാ!
അണ്‌ഡജവരദ്‌ധ്വജനിനിക്കിഹ സഹായം
നിർണ്ണയമതിന്നുടയ കാരണവും കേൾക്ക:
ജംഭാരിതന്നുടയ കുംഭിപ്രവീരൻ
കൊമ്പങ്ങുയർത്തിപ്പിടിച്ചെന്റെ നേരേ;
ഝടിതി മമ ബലമുടയ കരതലയുഗത്താൽ
അടികളുടനിടികളുടനടവുകൾ തുടർന്നു;
തടിയനുടെ തടി തദനു കിടുകിടെ വിറച്ചും,
ഉടലുമഥ നടുവുമുടനുടനഥ മുറിച്ചും
തുമ്പിക്കരം വാലുമൻപോടു പൊക്കിയെൻ
മുമ്പീന്നു മണ്ടിത്തിരിച്ചങ്ങു മാറി;
വമ്പിന്നു മുമ്പുള്ള നമ്മേ ജയിപ്പാ—
നുമ്പർക്കുപോലും ബലം പോര മൂഢാ!

രേരേ! രാക്‌ഷസ! നമ്മുടെ നേരേ
വന്നീടുക, പോരേശുന്നേരം
ഹുംകൃതി തീരും സംശയമില്ലാ

കുന്തം കണക്കേ കൂർത്ത ദന്തം പിടിച്ചൊടിച്ച—
ങ്ങന്തം വരുത്തുമിന്നിക്കുന്തീകുമാരകൻ ഞാൻ''
ഏവം പറഞ്ഞു മുഖഭാവം പകർത്തിക്കൊണ്ടു
കോപിതൻ ഭീമസേനൻ വേഗമടുത്തു നേരെ.
മരുത്തിന്റെ പുത്രനാശു രണത്തിന്നു തുടർന്നപ്പോൾ
കരുത്തൻ രാക്‌ഷസൻ വൃക്‌ഷം തരത്തിൽ പിടിച്ചടർത്തു
കടുത്ത ഭീമനോടെത്തിക്കൊടുത്തു താഡനമപ്പോൾ
ചൊടിച്ചു ഭീമനും ചാടിക്കൊടുത്തൊന്നു ഗദകൊണ്ട്‌;

മുഷ്ടികരം കൊണ്ടുടനടികളുമിടികളു–
മൊട്ടുനേരമൊരു കലശലുഘോഷം;
ദുഷ്ടനാകിന നിശാചരാധമനെ
മുഷ്ടികൊണ്ടുടനടിച്ചു ഹനിച്ചു;
സത്വരമധമനിശാചരനങ്ങു
കരുത്തു പെരുത്തൊരു മാമലപോലെ
ചത്തുമറിഞ്ഞഥ വീണൊരു സമയേ
പൃത്ഥ്വീമണ്ഡലമൊന്നു കുലുങ്ങി;
ലക്ഷം നായ്ക്കളെടുത്തു കടിച്ചു
ഭക്ഷണഘോഷവുമങ്ങു തുടങ്ങി;
സംഗതിവന്നു സദാഗതിസുതനു
മംഗലമതുകൊണ്ടഖിലജനാനാം
തിങ്ങിന മോദമിയന്നു സുഖിച്ചു.

ഹിഡിംബവധം ഓട്ടൻതുള്ളൽ
സമാപ്തം

ബകവധം

അർക്കനുദിച്ചൊരു സമയേ കുന്തിയു–
റക്കമുണർന്നഥ പുത്രൻമാരും
നോക്കുന്നേരത്തരികേ നല്ലൊരു
മയ്ക്കണ്ണാളെക്കണ്ടതിമോദാൽ;
''എന്തു നിനക്കിഹ പേരെന്നുള്ളതു–
മേതു കുലേ തവ ജനനമിതെന്നും
എന്തു മനോരഥമുള്ളതശേഷം
സന്തോഷേണ പറഞ്ഞാലും നീ;''
കുന്തീദേവി പറഞ്ഞതു കേട്ടു
സന്താപത്തെ വെടിഞ്ഞിതു സുന്ദരി
തന്നുടെ കുലവും തന്നുടെ പേരും
തന്നുടെയുള്ളിൽ മനോരഥമെല്ലാം
ഉള്ളതശേഷവുമങ്ങറിയിച്ചു
ഉള്ളിൽക്കനിവൊടു ലളിതാരൂപിണി.
''പുത്രി ഹിഡിംബി! നിനക്കിഹ നമ്മുടെ
പുത്രനെ വരണം ചെയ്‌വാനാഗ്രഹ–
മെന്നു പറഞ്ഞതിനിന്നിഹ കിഞ്ചന
തടവുണ്ടായതു ബോധിച്ചാലും;
നമ്മുടെ വല്ല്യുണ്ണിക്കു വിവാഹം
സംഗതിവന്നീലായതുമൂലം
രണ്ടാമ്മകനു വിവാഹത്തിനു വിധി–
യുണ്ടായില്ലതു ബോധിച്ചാലും;
രണ്ടോ നാലോ മാസത്തിനക–
ത്തുണ്ടായ്‌വരുമഗ്രജനുടെ വേളി
എന്നാലുടനേ നിന്നുടെ വാഞ്ഛിത–
മങ്ങു ലഭിക്കും അംബുജനയനേ!
പോന്നാലും നീ നമ്മൊടുകൂടി ന–
ടന്നാലായതു മംഗലമധികം.''
എന്നു പറഞ്ഞവൾ കൈക്കു പിടിച്ചു പു–
ണർന്നുടനങ്ങു നടന്നു തുടങ്ങീ;
മകളെപ്പോലേ ലാളനവും ചെ–
യ്തകളങ്കാമലഹൃദയാ കുന്തീ
ശാലിഹോത്രിയെന്നുള്ള മഹാവ്രത–
ശാലി വാഴുമദ്ദിക്കിനു ചെന്നു;
ഭിക്ഷയേററു നടമാടിന സമയേ

ഭിക്ഷുവാകിന പരാശരസുതമുനി
തൽക്ഷണം വെളിയിൽ വന്നു വിളങ്ങി
ഭിക്ഷനല്കിയരുൾചെയ്തു സമോദം:
''ശോകമെന്നതു വൃഥാ ഫലമല്ലോ
പാകശാസനസമാന നരേന്ദ്രാ!
ഏകചക്രയെന്നുണ്ടൊരു ഗ്രാമ മ—
നേക ഭൂസുരഗൃഹങ്ങളുമുണ്ട്
തത്ര ചെന്നു ബത ഭിക്ഷയുമേററു പ—
വിത്രവൃത്തി സുഖമോടു കഴിപ്പിൻ
ശത്രു ചെയ്ത ചതിതന്നെ ഭവാൻമാർ—
ക്കെത്രയും ഗുണമതായ് വരുമല്ലോ;
ഭീമസേനനു ഹിഡിംബിയെ വേൾപ്പാൻ
താമസേ കിമപി ദോഷവുമില്ലാ
നാമവും കമലപാലികയെന്ന—
ക്കാമിനിക്കു പരികല്പിതമല്ലോ''
ജാതതാപസകുലേശ്വരനിത്ഥം*
ജാതമോദമരുൾചെയ്തു മറഞ്ഞു
ഭീമനും കമലപാലികതന്നുടെ
കാമമൻപിനൊടു ചെയ്തതിമോദാൽ;

ചക്രായുധപ്രിയൻമാരാകും പാർത്ഥൻമാരേക—
ചക്രാഖ്യദേശത്തെ പ്രവേശിച്ചോരനന്തരം
കുന്തീപുത്രൻമാർ വിപ്രവേഷം ധരിച്ചുകൊണ്ടു
സന്തോഷത്തോടെയവർ ഭിക്ഷയുമേററുകൊണ്ടു
നല്ലോരു ലൗകികമതുള്ളോരു ഭൂസുരൻെറ
ഇല്ലത്തു വാസംചെയ്തു ചെല്ലുന്ന കാലത്തിങ്കൽ;

തത്ര സമീപത്തുള്ളൊരു ഭൂസുര—
സത്തമനുടെ ഭവനത്തിലൊരുന്നാൾ
എത്രയുമേററം വാച്ചൊരു നിലവിളി
രാത്രിയിലവിടെക്കേട്ടുതുടങ്ങി;
എന്തീവണ്ണമൊരന്തണവരനും
അന്തർജ്ജനവും ദാസികളും ബഹു
സന്താപിച്ചു കരഞ്ഞീടുന്നൊരു
ബന്ധമതെന്തെന്നുണ്ടായില്ലാ;
കുന്തീദേവി തിരഞ്ഞു തിരഞ്ഞഥ†
സന്ധ്യാസമയേ ചെന്നു കരേറി
അന്തഃപുരമതിലാശു കടന്നി—

---

* 'വ്യാസതാപസകുലേശ്വരനിത്ഥം'—എന്നു പഴയ വായ്പാഠം.

† 'കുന്തീദേവി തിരഞ്ഞു വിരഞ്ഞഥ'—എന്നു പഴയ വായ്പാഠം.

ട്ടന്തികസീമനി ചെല്ലുന്നേരം*
മുണ്ടു വിരിച്ചു ശയിക്കും ദ്വിജനെ—
ക്കണ്ടുടനരികേ ചെന്നിതു കുന്തി
അന്തസ്താപം പൂണ്ടു പതുക്കെ
ചോദ്യംചെയ്തിതു കുന്തീദേവി:
‘‘എന്തീവണ്ണമൊരന്തണവരനും
അന്തർജ്ജനവും വൃഷളീജനവും
അന്തിക്കിങ്ങനെ മുറയിടുവാനൊരു
ബന്ധമതെന്നോടു കേൾപ്പിക്കേണം;
ഉണ്ണി ക്ഷയിച്ചതുകൊണ്ടോ കന്യാ**
പ്പെണ്ണിനപായം വന്നതുകൊണ്ടോ
കള്ളൻ വന്നു കടന്നു ഗൃഹേ മുത—
ലുള്ളതശേഷം കട്ടതുകൊണ്ടോ
ഉള്ളിലിവണ്ണമൊരാധി ഭവിപ്പാ—
നുള്ളൊരു മൂലമതരുൾചെയ്യേണം.†’’
കുന്തീദേവി പറഞ്ഞതുമിങ്ങനെ
അന്തണവരനും കേട്ടൊരു നേരം
സന്തതമങ്ങറിയിച്ചു തുടങ്ങീ
സന്താപോദയകാരണമെല്ലാം: ±
‘‘ബകനെന്നുണ്ടൊരു രാക്ഷസനവനുടെ
മകനാകാനും മതിയല്ലന്തകൻ.ϕ
അച്ചതിയൻ ബഹുമർത്ത്യരെ വന്നു പി—
ടിച്ചിഹ മുഞ്ഞി കടിച്ചും ഞങ്ങടെ
ഇല്ലങ്ങളിൽ വന്നല്ലൽ പിണച്ചും
നെല്ലും പണവും കട്ടുകവർന്നും
തെല്ലും കൃപയില്ലംഗനമാരേ—
ക്കൊല്ലുന്നതിനൊരു സംഖ്യയുമില്ലാ;
വല്ലായ്മകളിവ ചെയ്കനിമിത്തം
എല്ലാവരുമായൊത്തൊരു ദിവസം
വ്യസനത്തോടേ ഞങ്ങളശേഷം
സമയം ചെയ്തു കൊടുത്താർ ശഠന്;
വേദം ചൊല്ലും ബ്രാഹ്മണൻ ബകനുടെ

---

* ‘ട്ടന്തികസീമിനി നോക്കുന്നേരം’—എന്നു പഴയ വായ്പാഠം.

** ‘ഉണ്ണിമരിച്ചതുകൊണ്ടോ...’—പാഠാന്തരം.

† ‘ഉടനേ മൂലമതരുൾചെയ്യേണം’—മുദ്രിതപുസ്തകങ്ങളിലെ പാഠം.

≠ തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു. ‘രോദനകാരണസങ്കടമെല്ലാം’—മുദ്രിതപുസ്തകങ്ങളിലെ പാഠം.

ϕ പഴയ വായ്പാഠം സ്വീകരിച്ചു. ‘മകനാകാനും മടിയില്ലന്തകൻ’—എന്നു മുദ്രിതപുസ്തകങ്ങളിൽ ക്ലിഷ്ടപാഠം.

പാദം ചെന്നു പിടിച്ചു പറഞ്ഞു
‘വേദിയർ ഞങ്ങൾ ബകാസുര നിന്നെ—
സാദരമിന്നു നമസ്കൃതി ചെയ്യാം
ഓരോ ദിവസവുമോരോഭൂസുര—
നോദനദാനം ചെയ്തീടുന്നേൻ;
പത്തു പിടിച്ച പറയ്ക്കങ്ങിരുപ—
ത്തഞ്ചുപറച്ചോറുണ്ടാക്കീടാം
അതിനിഹ ചേരും ചാരുരസാള—
ക്കറിയങ്ങൊരുവിധമുണ്ടാക്കീടാം
വെള്ളമൊഴിക്കാതങ്ങു കലക്കീ—
ട്ടുള്ളൊരു തൈരു തിളച്ചു കുറുക്കി
ശർക്കരമുളകും ചേർത്തതിനിടയിൽ
ചുക്കും ജീരകമിടചേർത്തങ്ങനെ
വയ്ക്കുന്നോരെരിപുളിമധുരക്കറി
മിക്കതുമങ്ങു രസാളക്കറിയും
അന്നമതൊക്കെച്ചാട്ടേലേററി—
ക്കന്നുകൾ നാലും പൂട്ടിക്കെട്ടി
കൊണ്ടുവരാമിനി ദിവസംതോറും
രണ്ടുവിധം വാക്കില്ല നമുക്ക്;
ഇങ്ങനെ ഞങ്ങടെ സങ്കടമെല്ലാ—
മങ്ങറിയിച്ചിതു ദൈവനിയോഗാൽ;
ഇല്ലക്കാരെച്ചാർത്തി ബ്രാഹ്മണ—
രെല്ലാംകൂടിസമയംചെയ്തു
വച്ചു പിരിഞ്ഞതിനിദ്ദിനമങ്ങു ല—
ഭിച്ചു മഹാസുരനശനം ചെയ്‌വാൻ
വാശ്ശതുമിങ്ങനെ വച്ചുകൊടുക്കാ—
മീശ്വരകല്പിതമല്ലോ സകലം;
അന്നം നല്കുന്നവനേക്കൂടി
ത്തിന്നുന്നതു ബഹുസങ്കടമയ്യോ!
ഞങ്ങടെ ജാതകഫലമീവണ്ണം
നാൻമുഖനൊന്നു വരച്ച വരയ്ക്കു
നീക്കം വരുമോ ജനനീ! ആയതു
മായ്ക്കാമെന്നാലാകുകയില്ല.

പദം. ദ്വിജാവന്തി—ചായ്പ്പ്

ചരണങ്ങൾ

1. ധരണീദേവി! കേട്ടാലും നീ ദുരിതമയ്യോ! ദുര്യോഗമേ
മരണഭീതികൊണ്ടല്ല ഞാനുരചെയ്തീടുന്നു

2. മമ ഗൃഹത്തിൽ ഞാനുമെൻെറ മഹിഷിയും മാത്രമേയുള്ളു
മമ വിനാശം വന്നുപോയാൽ വംശമേ പോയി

3. സന്തതിയില്ലാഞ്ഞു ലോകേ സന്താപംകൊണ്ടോരോ കർമ്മം
അന്തണർ കഴിച്ചീടുന്നു കുന്തീദേവി! കേട്ടാലും നീ

4. ഇപ്പോൾ നമ്മുടെ ഭാര്യയ്ക്കു ഗർഭമെട്ടു മാസമായി
അർഭകനുണ്ടാമെന്നൊരു ശങ്ക തോന്നുന്നു

5. മകനുണ്ടായിക്കാണുവോളം ബകനുണ്ടോപാർത്തിരിക്കുന്നു?
ശകടത്തിൻെറ ശബ്ദം പാർത്തങ്ങിരിക്കുന്നു മൂഢൻ

6. അംബികേ! ഞാനെന്തുവേണ്ടു ജൻമദോഷംകൊണ്ടോരോരോ
കർമ്മദോഷം വന്നുപോയാൽ കരഞ്ഞാൽ മാറുമോ!''

അന്തണവരനുടെ സന്താപമെല്ലാം കേട്ടു
ചിന്താവിഷാദത്തോടേ കുന്തീദേവിയും ചൊന്നാൾ:
''വേദിയശ്രേഷ്ഠാ! ഭവാൻ ഖേദിക്കേവേണ്ട ചെററും
ഖേദിക്കുന്നെന്തേ പാഴിൽ മോദിച്ചു വാണുകൊൾക;
നാലഞ്ചു മക്കളിനിക്കുണ്ടിപ്പോളതിലൊരു
ബാലനേത്തരുന്നുണ്ടു കാലനു കാഴ്ചവെപ്പാൻ;
പത്തുമാസം ചുമന്നു പെററു വളർത്ത ഫലം
മുററും വരേണമെങ്കിൽ മററുള്ള ജനങ്ങൾക്കു
കുററം വരാതെകണ്ടു കുറവുകൾ തീർത്തേ തീരു
മക്കളുണ്ടായിവന്നാൽ മാതാക്കൾക്കല്ലോ സുഖം.''

''അയ്യോ! ശിവ ശിവ! ജനനീ! നീയിതു
ചെയ്യണമെന്നല്ലുരചെയ്യുന്നതു
ശിവ ശിവ! നിന്നുടെ മക്കളിലൊരുവനെ
ബകനിഹ തിൻമാൻ നല്കണമെന്ന്
അഭിരുചിയെന്നുടെ മനസ്സിലിദാനീം
നഹി നഹി മഹിതഗുണാലയഭൂഷണി;
അച്ഛൻതന്നാണിങ്ങനെയൊരുവക—
യിച്ഛിച്ചല്ലാ ഞാൻ പറയുന്നത്
അങ്ങോൻ ജനനിക്കങ്ങോൻ പിന്നെ
അന്യമൊരാശ്രയമില്ലിഹ ഭുവനേ
ഇങ്ങു സുതൻമാർ നാലഞ്ചുണ്ടവർ—
തങ്ങൾക്കീശ്വരഭക്തിയുമുണ്ട്
ഇങ്ങനെയുള്ളേടത്തുതകാഞ്ഞാ—
ലെങ്ങുമവർക്കൊരു സുഖമാവില്ലാ
മക്കളിലൊരുവനു തെല്ലു കരുത്തു—

ണ്ടവനെയയയ്ക്കാമെന്നൊരു പക്ഷം;
അവനെയയച്ചാലവനിഹ പിന്നെ
ബകനെക്കൊലചെയ്‌വാനും പോരും
അല്ലെന്നാകിലവന്നുടെ മേനി—
ക്കല്ലൽ വരാതെ തിരിച്ചിഹ പോരും;
എരിപുളിമധുരക്കറിയും ചോറും
പരിചൊടു വച്ചു ചമയ്ക്കേ വേണ്ടു;
ഇരുപത്തഞ്ചുപറച്ചോർ വയ്പാ—
നിരുവരുകൂടാതങ്ങളുതാമോ?
ചെമ്പു പിടിച്ചിഹ വയ്പാൻ നമ്മുടെ
നമ്പൂര്യച്ഛൻ താനേ മതിയോ!
അന്തർജ്ജനവും ഞാനുംകൂടി
സന്ധിച്ചിങ്ങനെ സാധിപ്പിക്കാം.''
അന്തണവരരും സന്തോഷിച്ചു
കുന്തീദേവിയെ യാത്രയുമാക്കി;
അച്യുതഭഗവാൻതന്നുടെ സാക്ഷാ—
ലച്ഛൻപെങ്ങളതാകിയ കുന്തി
വിടുതിയിലുടനെ ചെന്നഥ സുതനേ
ഝടിതി വിളിച്ചുപറഞ്ഞിതു ഗൂഢം:

''ഉണ്ണീ! വരിക ഭീമാ! ഭൂമിസുരേന്ദ്രൻതന്റെ
കണ്ണുനീർ കണ്ടിനിക്കു കരച്ചിൽ മാറുന്നില്ലയ്യോ!
ക്ഷീണത്വം പെരുത്തൊരു ക്ഷിതിസുരനവനുടെ
പ്രാണനെ രക്ഷിക്കേണം പവനനന്ദനാ! കേൾ നീ!
അഞ്ചേക്കൂററില്ലത്തൊരു അവനീസുരനേയുള്ളു
അഞ്ചോന്റെ ജനനിയുമന്തർജ്ജനവുമുണ്ട്
അദ്ദേഹം വേണമിന്ന് അരക്കന്നു ചോർ കൊടുപ്പാൻ
ബന്ധുക്കളൊരുമില്ലാ ബകനു ചോർ കൊണ്ടുപോവാൻ
അന്തണനതുകൊണ്ടു വിവശനായ് മേവീടുന്നു;
സന്താപമതു കണ്ടു സഹിയാഞ്ഞു ഞാനും ചൊന്നേൻ
കുന്തിയാകുമെനിക്കു കുഞ്ഞുങ്ങൾ നാലഞ്ചുണ്ട്
ആയതിലൊരുത്തനെ അയയ്ക്കുന്നുണ്ടിപ്പോൾത്തന്നെ
ആയവനരക്കന് അന്നവും കൊണ്ടുപോകും
ഊഴിസുരേശനൊരു കാരുണ്യം ചെയ്തുവെങ്കിൽ
പാഴിലാകയുമില്ലാ പരിചിലനുഗ്രഹിക്കും
എങ്ങനേ വേണ്ടു ഭീമാ എളുതാമോ നിനക്കത്?''

അമ്മ പറഞ്ഞതിനുത്തരമൊന്നു
ചിരിച്ചു പറഞ്ഞു വൃകോദരവീരൻ:
അമ്മേ! നിങ്ങൾ പറഞ്ഞതിനർത്ഥം
ചെമ്മേ ഞാനറിയുന്നിതു നൂനം;
ഐവർ സുതൻമാരുള്ളതിലിവനൊരു
ദൈവതയില്ലാതുള്ള മനുഷ്യൻ
തിൻമാനല്ലാതൊന്നിനു കൊള്ളരു—
തിമ്മാപാപിയെ ബകനു ഭുജിപ്പാൻ
സമ്മാനിച്ചാലിന്നിതു കൊള്ളാം
നമ്മൾക്കൊരു കെടുകാര്യവുമില്ല
മററുള്ളനുജൻമാർക്കും ജ്യേഷ്ഠനും
കൊററിനു പിന്നെയലമ്പലുമില്ലാ.
കുററവുമല്ലിതു മാതാവിനു താൻ
പെററ കുമാരൻമാരിലൊടുക്കം
പെററവനിൽക്കനിവേറും, ജനകനു
മൂത്തവനിൽക്കനിവെന്നു പ്രസിദ്ധം;
നടുവിൽ പെററു പിറന്നൊരു പൊണ്ണ—
ത്തടിയനെയിപ്പോളാർക്കും വേണ്ടാ;
അടിയനു കാലപുരത്തിനു പോവാൻ
മടികൊണ്ടല്ലാ ഉരചെയ്യുന്നത്*
പെററുവളർത്തൊരു മാതാവിങ്ങനെ
മുററും നമ്മെയുപേക്ഷിക്കുമ്പോൾ
മററുള്ളനുജൻമാർക്കും ജ്യേഷ്ഠനും
മുററും കൃപയുണ്ടെന്നറിയേണം;
മലവും മൂത്രവുമുററി വളർത്തൊരു
മാതാവിന്നുടെ കല്പന കേൾപ്പാൻ
മടിയുണ്ടോയിനി വിരവൊടു ചെന്നാ
ബകനുടെ വായിൽ പുക്കു വസിക്കാം;
വലുതായിട്ടൊരു സർപ്പം വന്നഥ
പുരമുറിതന്നിലകത്തു കടന്നു
പെരുവഴിപോക്കനുമവിടേക്കെത്തി;
തരമിതു കൊള്ളാമിവനെക്കേററി
പാമ്പിനെയങ്ങു പിടിപ്പിക്കേണം
പാമ്പതു ചത്തെന്നാലും കൊള്ളാം
പാന്ഥൻ ചത്തെന്നാലും കൊള്ളാം
പാപം പെരുവഴിപോക്കനിരിക്കും;

---

* 'മടികൊണ്ടല്ലാ വിടകൊള്ളുന്നത്'—തുള്ളൽക്കാരുടെ പാഠം.

ഇങ്ങനെയുള്ളൊരു കൗശലമിപ്പോൾ
നിങ്ങളുമങ്ങു വിചാരിക്കുന്നു;''
കുന്തീദേവി പറഞ്ഞിതു: ''മകനേ!
എന്തീവക പരിഹാസമിദാനീം
എന്നുള്ളത്തിലുറപ്പുണ്ടായതു—
മെന്നുണ്ണിക്കറിവാനെളുതായോ?
ഉദ്ധതനായ ഹിഡിംബാസുരനെ
യുദ്ധംചെയ്തുടനവനെ ജയിച്ചൊരു
വീരാ! നീയിബ്ബകനെ വധിപ്പാൻ
പോരാത്തവനോ പവനതനൂജാ!
വിപ്രദ്രോഹിയതാകിയ ബകനെ
ക്ഷിപ്രം ചെന്നു വധിച്ചിനി മേലിൽ
വിപ്രൻമാരെപ്പരിപാലിച്ചാ—
ലല്പവുമല്ല നമുക്കും സുകൃതം.''

ചമ്പതാളം

തദനു നിജ ജനനിയുടെ വചനമതു കേട്ടുടൻ
താണുതൊഴുതു പറഞ്ഞു വൃകോദരൻ:
''കളിവചനമിതു ജനനി! കനിവൊടു പൊറുക്കണം
കാര്യബോധം നമുക്കില്ലായ്കയല്ലെടോ!
കനിവിനൊടു ബകനുടയ വധമതു കഴിച്ചു ഞാൻ
വിപ്രദേശത്തിന്റെ രക്ഷവരുത്തുവൻ.''
ഇതി തൊഴുതു പവനസുതനഴകിനൊടുകൂടവേ
ഇല്ലത്തു ചെന്നു കേറിപ്പറഞ്ഞീടിനാൻ;
''അതിചപല ദുരിതമതിയാകും ബകനു ഞാൻ
അന്നവുംകൊണ്ടു പോവാനിഹ വന്നുതേ
അതിനിവിടെയുചിതതര ധവളരുചിയന്നവും
നാലഞ്ചു കുംഭം നിറച്ചു രസാളവും
പോത്തു നാലും നല്ല ചാടും കണക്കിനേ
കൊണ്ടുവന്നീടുവിനന്തണശ്രേഷ്ഠരേ!''
വിരവിനൊടു പവനസുതഭാഷിതം കേട്ടുടൻ
ആരണശ്രേഷ്ഠനും കോപ്പുകൂട്ടീടിനാൻ.

അന്നമതൊക്കെച്ചാടതിലേററി—
ക്കന്നുകൾ നാലും പൂട്ടിക്കെട്ടി
അന്തണവരനൊടു യാത്രയുമുടനേ
ആദരവോടു പറഞ്ഞു തിരിച്ചു.

കാടും മലകളുടെ മൂടും കടന്നുചെന്നു
ചാടും കരടികളെ ഓടിച്ചു വിരവോടേ
പേടി കൂടാതെ തല്ലി മണ്ടിച്ചു ഭീമസേനൻ

വൻപുള്ള ഭീമസേനൻ കൊമ്പൻകൊലയാനേടെ
കൊമ്പു പിടിച്ചൊടിച്ചു കമ്പം വരുത്തുകയും
എന്തൊരു ഘോഷമിന്നങ്ങന്തികേ കേൾക്കാകുന്നു
ചിന്തിച്ചു ബകാസുരൻ ചന്തത്തിൽ വസിക്കുമ്പോൾ
അടിച്ചും ആനകൾവാലു പിടിച്ചും ആടോപമോടു
ചൊടിച്ചും ബകൻെറ ദിക്കിൽ ഗമിച്ചു; അങ്ങതുനേരം.

മർമ്മതാളം

ധർമ്മാത്മജസഹജൻ ചാടുമുരുട്ടി നടന്നതിവേഗാൽ
കാററിൻമകനുടെ വരവായതുകണ്ടു മൃഗങ്ങളുമെല്ലാം
തെറെറന്നു ഭയപ്പെട്ടോടിയൊളിച്ചിതു കാടുകൾതോറും
ആനത്തലവൻമാർതങ്ങടെ വാലു പിടിച്ചു മറിച്ചും
ആനകളുടെ കൊമ്പു പിടിച്ചുമടിച്ചുപൊടിച്ചു തകർത്തും
ഒട്ടല്ല മൃഗങ്ങളെയെല്ലാം കുത്തിക്കൊന്നു പുളച്ചും
കലശലുമതിഘോരതരമതങ്ങു തുടർന്നഥ കാടു കടന്നു.

കാരികതാളം

ദാരുണതരനാകിന മാരുതി ഭീമൻ
കാടു കടന്നൂ ബകനോടുമണഞ്ഞൂ
ഘോരനതാമവനുടെ ചാരെ കടന്നു
ഭീമനുടയ ഗർവ്വുകളേറെമുതിർന്നു;
ചെന്നുകടന്നഥ ചാടുമുറപ്പി—
ച്ചന്നമെടുത്തു ഭുജിച്ചു തുടങ്ങി;
ഓരോ പിണ്ഡമുരുട്ടിയുമുണ്ടും
ഒന്നിടയിട്ടങ്ങസുരനെ നോക്കി
ഭുക്തികഴിച്ചഥ ഭുജവുമുയർത്തി—
ശ്ശത്രുനിശാചര മാടിവിളിച്ചും
‘‘വാടാ! സകലനിശാചരമൂഢാ!
പോടാ! നിന്നുടെ ചോറും കറിയും
മൂഢാ! ഞാനിതു ഭക്ഷിക്കുന്നു
കോടാഹംകൃതി ഭീമൻ ധീമൻ;
കോളല്ലാത്ത നിനക്കു ചമച്ച ര—
സാളക്കറി പുനരെന്തിനുകൊള്ളാം
ചോളച്ചോററിനു ചേനത്തൊലി കറി
നീളക്കേളി പഴഞ്ചൊല്ലിങ്ങനെ
നിച്ചിരിയാ നീ നമ്മുടെയിലയിൽ
എച്ചിലെടുപ്പാൻ വാടായിപ്പോൾ
അച്ചികൾ വേണ്ടും വേലയെടുത്താ—
ലെച്ചിച്ചോറൊരു തെല്ലു ഭുജിക്കാം

ആണല്ലാത്തവനന്തണവരനുടെ
കാണം മുതലുകൾ തിന്നു മുടിച്ചു
പെണ്ണുങ്ങളെയും ബ്രാഹ്മണരേയുമി–
വണ്ണം വന്നും കൊന്നും തിന്നും
പൊണ്ണത്തടിയൻ മനുജൻമാരെ–
ക്കൊന്നു തിമിർത്തു നടക്കും നിന്നുടെ–
യുള്ളിലഹമ്മതിയുള്ളതു കളവാൻ
കൊള്ളാമേയിസ്സമയവുമിപ്പോൾ;’’
ഭീമദ്വിജനുടെ വാക്കുകൾ കേട്ടതി–
രോഷത്തോടു പറഞ്ഞിതു ബകനും:
‘‘അന്നമെനിക്കല്ലേ കൊണ്ടന്നതു
പൊണ്ണാ! വാരിത്തിന്നാതേ നീ;
അന്നന്നിങ്ങനെ പലപല മറുതല
എന്നൊടു വന്നിഹ നേർപ്പോരുണ്ട്;
എന്നതിലൊരുവരുമെന്നുടെ മുമ്പിൽ
നിന്നു പിണങ്ങീടുന്നവരില്ലാ;
ഇക്ഷിതിതലമതിൽ നമ്മേക്കാളൊരു
മുഷ്കരനുണ്ടായ് വന്നതു കൊള്ളാം!
അന്നത്തേയും തിന്നുമുടിക്കും
നിന്നെയെടുത്തു വിഴുങ്ങുന്നേരം
എന്നുടെയുള്ളിൽ വിശപ്പും തീരും
നിന്നുടെ വിക്രമവിരുതും തീരും;’’
എരിപുളി മധുരക്കറിയും കൂട്ടി–
പ്പരിചിനൊടങ്ങു ഭുജിച്ചിതു ഭീമൻ;
ഉണ്ടീലെന്നൊരു കോപത്തോടേ
പണ്ടേതിലുമൊന്നേറ്റമടുത്തു
വൃക്ഷം പിഴുതു പിടിച്ചിഹ ബകനും
തൽക്ഷണമെത്തിയടിച്ചുതുടങ്ങി;
ഘോരത പെരുകിന യുദ്ധംചെയ്തി–
ട്ടാറുദിനങ്ങൾ കഴിഞ്ഞിതുപോലും!
ഭീമദ്വിജനുമടുത്തുപിടിച്ചതി–
രോഷത്തോടെയടിച്ചിതു ബകനെ
മാമലപോലെ മറിച്ചുടനവനെ
ഭൂമിയിലൻപോടിട്ടു നൃപേന്ദ്രൻ;
ബകനുടെ ശവമതു നായും നരിയും
തരസാ വന്നു ഭുജിച്ചുതുടങ്ങി;
ഗ്രാമജനങ്ങൾ പറഞ്ഞിതു: ‘‘നമ്മുടെ
ഭീമബ്രാഹ്മണനെങ്ങാനുണ്ടോ?’’
‘‘ഭീമബ്രാഹ്മണനെന്നുള്ളാളുടെ

നാമംമാത്രം ഭുവി ശേഷിച്ചു;''
അപ്പോൾ വന്നൊരു വിപ്രൻ ചൊന്നാൻ:
''അപ്പോയാളു തിരിച്ചുവരുന്നു;''
''എന്നാലായാൾ ബകനുടെ മുമ്പിൽ
ചെന്നില്ലെന്നു തെളിച്ചും ചൊല്ലാം;''
''എന്നല്ലായാൾ ബകനെത്തല്ലി–
ക്കൊന്നെന്നും ചിലർ ചൊല്ലുന്നുണ്ട്:''
എന്നു പറഞ്ഞവർ മേവുന്നേരം
വന്നിതു ഭീമദ്വിജനവിടപ്പോൾ;
ഗ്രാമജനങ്ങൾ പ്രസാദിച്ചവനെ
നലമൊടു ഗാഢാശ്ലേഷംചെയ്തു;
അൻപും ബഹുമാനവുമുൾക്കൊണ്ട്*
തമ്പികളും പരമാനന്ദിച്ചു
''നന്മ നിനക്കിഹ മേൻമേൽ വരു''മെ–
ന്നമ്മയുമഗ്രജനും വരമേകി*
മോദം വന്നു മഹാബ്രാഹ്മണരനു†
വാദവുമേകി സുഖിച്ചു വസിച്ചു.

ബകവധം ഓട്ടൻതുള്ളൽ
സമാപ്തം

---

* 'അൻപും....വരമേകി' * എന്നീ നാലു വരികൾകൂടി പഴയ വായ്പാഠത്തിൽ ഉള്ളത് ഇവിടെ ചേർത്തിരിക്കുന്നു. കഥയുടെ സാധുസമാപ്തിക്ക് അവ ഉതകുന്നതിനാൽ സ്വീകാര്യം.

† 'ഏവംചെന്നുമഹാബ്രാഹ്മണരനു' — മുദ്രിതപുസ്തകങ്ങളിലെ പാഠം.

നിവാതകവചവധം

മഹിതമഹാഗുണരാശി ധനഞ്ജയ—
നഹിതനിഷൂദനനിരതനുദാരൻ
അഹിവരഭൂഷണനോടു തപോബല—
ബഹുമതികൊണ്ടുടനസ്ത്രം വാങ്ങി
സഹിതമനോരഥനവനിഹ ചിലനാൾ
തുഹിനമഹാഗിരിതന്നിൽ വസിച്ചു.
അക്കാലത്തമരാധിപനൊരുനാ—
ളിക്കഥ സർവമറിഞ്ഞു തദാനീം
ഉൾക്കമലത്തിൽ വളർന്നൊരു മോദമ—
ടക്കാനാളല്ലാതെ ചമഞ്ഞു.
മക്കടെ വീര്യപരാക്രമമെല്ലാം
കേൾക്കുന്തോറും ജനകനു ചിത്തേ
നില്ക്കാതുളവാം കൗതുകമെന്നു പ—
രക്കെസ്സമ്മതമെന്തായാലും;
വിക്രമജലനിധിയാകിന വിജയനെ—
യിക്കാലം പുനരിവിടെ വരുത്തി
ഇക്കൺമിഴികൾക്കാനന്ദത്തിനു
തക്കൊരു ഭാജനമാക്കാം പിന്നെ
ഊക്കേറുന്ന നിശാചരഭടരുടെ
മുഷ്ക്കു ശമിപ്പിച്ചീടാമതിനു പ—
രാക്രമമെന്നതു കുറവില്ലവന—
ച്ചക്രായുധസഖിയാകനിമിത്തം;
ചേതസി ചിന്തിച്ചുടനേവം പുരു—
ഹൂതൻതന്നുടെ സാരഥിയാകും
മാതലിതന്നെ വരുത്തിത്തരസാ
പ്രീതിമുഴുത്തിദമരുളിച്ചെയ്തു:
‘‘പശുപതിതന്നെസ്സേവിച്ചൻപൊടു
പാശുപതാസ്ത്രം വാങ്ങിപ്പരിചിനൊ—
ടാശുഗനന്ദനസോദരനർജ്ജുന—
നാശു വസിച്ചീടുന്നിതു നിയതം;
ആശയമതിലിന്നവനെക്കാൺമാ—
നാശ നമുക്കു വളർന്നീടുന്നു;
ആശുതരം നീ വിജയനിരിക്കും
ദേശം നോക്കി നടന്നീടേണം;

തത്ര ചെന്നു ദ്രുതമിന്നു ഭവാൻ മൽ—
പുത്രനാകുമവനോടു മദീയം
വർത്തമാനമുരചെയ്കിലവൻ പുന—
രത്ര പോരുമുടനെന്നതു നൂനം;
പാർത്ഥിവോത്തമകുലാലങ്കരണൻ
പാർത്ഥനെന്നു ഭുവനങ്ങളിലെല്ലാം
കീർത്തി ഹന്ത വളരുന്നു പരൻമാ—
ക്കാർത്തിയും ബത വളർന്നുതുടങ്ങി.
പാർത്തലത്തിലിവനോടു സമാനൻ
പാർത്തു കാൺകിലിന്നൊരുവനുമില്ല
ഇത്ത്രിലോകപതിയായീടുന്നൊരു
ദൈത്യവൈരി പുരുഷോത്തമനോടു സ—
ഖിത്വമുണ്ടവനിതെന്നു ജഗത്തിലൊ—
രുത്തരും ബത ധരിക്കാതില്ലാ.
ഇത്തരം ബലപരാക്രമനായ മ—
രുത്തനൂജസഹജൻതാനിന്നു ക—
രത്തിൽ വില്ലൊടു ശരങ്ങളുമേന്തിയു—
രത്തു വന്നു സമരത്തിലടുത്തൊരു—
മാത്രകൊണ്ടു ധൂർത്തരാം രിപുക്കടെ
ചീർത്തു വീർത്ത ഗാത്രമാശു നല്ലൊരു
കൂർത്തു മൂർത്ത ശസ്ത്രസഞ്ചയേന നി—
കൃത്തമാക്കി യാത്ര ചെയ്‌വതിന്നൊ—
രത്തലില്ല പാർത്ഥനെന്നു നിന്നുടെ
ചിത്തതാരിലോർത്തുകൊൾക സാദരം.
ഇത്തരം ബഹുപരാക്രമനാകിന—
പുത്രനെസ്സപദി കാൺമാൻ മോഹം
ചിത്തതാരിൽ വളരുന്നതിനാൽ നീ
തത്ര പോയി വരണം ബഹു ശീഘ്രം.
വീരനാകുമവനേക്കൊണ്ടിന്നിഹ
കാര്യമുണ്ടു പലതും സാധിപ്പാൻ
പോരുമിന്നതിനു വേണ്ടുവോളം ബല—
വീര്യവും മമ കുമാരകനുണ്ട്.
സാരഥേ! കിമപി താമസിയാതെ
തേരിലേറി നടകൊൾക സമോദം.''

ഇന്ദ്രന്റെ കല്പനകളീവണ്ണം കേട്ടു സൂതൻ
സാന്ദ്രാനന്ദം വണങ്ങി സ്യന്ദനംതന്നിൽ കേറി
മന്ദേതരം നടന്നു സ്വർല്ലോകം തന്നിൽനിന്നു
ഉല്ലാസമോടു ഗിരിവല്ലഭൻതന്റെ പാർശ്വേ

ചെല്ലുമ്പോൾ പലവിധമെല്ലാമവിടെക്കണ്ടു.
സിദ്ധൻമാരോടു ചില വിദ്യാധരൻമാർ സുര–
സാദ്ധ്യൻമാരുമമർത്ത്യമുഗ്ദ്ധാക്ഷിമാരും പല–
ഗന്ധർവൻമാരും ദൈത്യബന്ധൂകാധരിമാരും
സന്തോഷമോടുമൊരേടത്തു വസിച്ചീടുന്നു.
യക്ഷൻമാരോടും ചില ദക്ഷൻമാർ മുനിമാരും
അക്ഷികളുമടച്ചങ്ങക്ഷമാല പിടിച്ചു
ദക്ഷവൈരിയെ ധ്യാനിച്ചക്ഷീണഭക്തിയോടും
തൽക്ഷണം മേവുന്നതും കണ്ടാനങ്ങൊരു ദിക്കിൽ.

വീണാലാപിനികടെ വീണാപ്രയോഗത്തിലും
വാണീഗുണങ്ങളിലും പ്രീണിച്ചുകൊണ്ടും ചിലർ
വാണീടുന്നതും തത്ര കണ്ടാനങ്ങൊരു ദിക്കിൽ;
കാന്തൻമാരോടു കലഹിച്ചു ഗമിച്ചീടുന്ന
പൂന്തേൻമൊഴിമാരെത്തിരഞ്ഞുടൻ വല്ലഭൻമാർ
കാന്താരംതന്നിലുടനന്നു കണ്ടറിയാഞ്ഞു
സന്താപമായി വന്നുകൂടി സംഭ്രമമൂലം
സ്വർണ്ണപ്രദേശങ്ങളിൽ ചെന്നു തിരയുമപ്പോൾ
സ്വർണ്ണവർണ്ണത്തിൽ കാണാമുള്ളവരശേഷവും
വെള്ളികൊണ്ടുള്ള ദിക്കിൽ ചെന്നു തിരയുമപ്പോൾ
വെള്ളവർണ്ണത്തിലവിടേയും പലരേക്കാണാം
നീലക്കല്ലുള്ള ദിക്കിൽ ചാലേ തിരയുമപ്പോൾ
നീലവർണ്ണത്തിലവിടേയും പലരേക്കാണാം
സാക്ഷാൽ തന്നുടെ ഭാര്യേ കണ്ടറിയാഞ്ഞങ്ങേററം
സൂക്ഷിച്ചു കാന്തൻമാർ നടന്നീടുന്നൊരു ദിക്കിൽ;

കാട്ടാളൻമാർ കറുത്ത ചട്ടകളുമുടലി–
ലിട്ടു മുറുക്കിത്തൻെറ കൂട്ടങ്ങളോടുമങ്ങു
വെട്ടിച്ചിരിച്ചുമിടിവെട്ടുംകണക്കെ പരം
കാട്ടിൽവന്നുടനൊരു കോട്ടിൽ വലകൾ നന്നായ്
കെട്ടിയുറപ്പിച്ചു നായ്ക്കൂട്ടങ്ങളോടുമങ്ങു
വേട്ടയ്ക്കിറങ്ങുന്നതും കണ്ടാനങ്ങൊരു ദിക്കിൽ;

ആടും മയിലുകളും പാടും കുയിലുകളും
ഓടും മാൻ പിടകളും പേടിമുഴുത്തു തൻെറ
നാടും വെടിഞ്ഞു ശീഘ്രമോടുന്നങ്ങൊരു ദിക്കിൽ
മത്തഗജങ്ങളുടെ മസ്തകതലങ്ങളിൽ
ശക്തിപെരുത്തീടുന്ന ഹസ്തങ്ങൾ കൊണ്ടടിച്ചു
ഭസ്മമാക്കിയുടനേ മെത്തിയൊഴുകും ചോര
കുത്തിക്കുടിച്ചുദരപൂർത്തിവരുത്തിപ്പിന്നെ
കൂർത്തുള്ള നഖംകൊണ്ടു കുത്തിപ്പിളർന്നതിലെ

മുത്തുകൾ കൈവിരലിലിട്ടു കളിച്ചു സിംഹ—
സത്തമൻമാർ വനം തകർത്തു നടക്കുന്നേരം
ചോരകൊണ്ടുല്ലസിക്കും ചുവടു തിരിഞ്ഞുടനേ
വേടൻമാരായതിനേ താഡനം ചെയ്‌വാനായി
കാടും തകർത്തു വഴി തേടി നടന്നീടുമ്പോൾ
മഞ്ഞുകൾകൊണ്ടു രക്തം മാഞ്ഞു വഴികളുമ—
റിഞ്ഞുകൂടാഞ്ഞവർ കരിഞ്ഞ മുഖങ്ങളോടു—
മഞ്ജസാ നില്ക്കുമ്പോൾ തെളിഞ്ഞു കാണായി തത്ര
മാർഗങ്ങൾതോറും മൃഗസത്തമൻമാരുടയ
കൈത്തലങ്ങളിൽനിന്നു മുക്തങ്ങളായുള്ളോരു
മുത്തുമണികൾ കണ്ടു ചിത്തം തെളിഞ്ഞുടനേ
എത്തി വേടൻമാർ ചെന്നടുത്തു കണകളും പ്ര—
യോഗിപ്പതുമവിടെക്കണ്ടോനങ്ങൊരു ദിക്കിൽ

പലവിധമിങ്ങനെ പർവതസീമനി
വലരിപുസൂതൻ കണ്ടുടനേററം
കലിതകുതൂഹലമാശു നടന്നിതു
നലമൊടു വിജയനിരിക്കും ദിക്കിൽ;
'തേരു വഹിച്ചുകൊണ്ടിഹ നമ്മുടെ
നേരേയിങ്ങു വരുന്നൊരു വീരൻ
ആരെന്നേതുമറിഞ്ഞില്ലവനൊരു
വീരശിഖാമണിയെന്നതു നൂനം
കരുണാവാരിധി കൃഷ്ണൻ താനേ
കരുണമുഴുത്തിഹ വന്നീടുകയോ!
അരുണൻ താനേ വിരികയൊ കാൺമാൻ
വരുണനു വഴി തപ്പീടുകയല്ലീ?'
കരളിൽ ശങ്കിച്ചങ്ങനെ പാർത്ഥൻ
തരസാ തത്ര വസിപ്പതുനേരം
സുരപതിസൂതനുമരികിലണഞ്ഞു
പെരുകിന കൗതുകമോടു പറഞ്ഞു:

''ഭൂമിപാലകമൗലിമണേ! ശൃണു
ഭീമസേന സഹജാ! ഗുണരാശേ!
ധീമതാംവര ധനഞ്ജയ! നിന്നുടെ
ഭീമമായ ഭുജവൈഭവമതിനാൽ
കാമവൈരി പരിതുഷ്ടനതായ്‌രണ—
ഭൂമിതന്നിൽനിന്നാദരവോടേ
കാമിതങ്ങൾ ബത നല്കിയതും സുര—
ധാമസീമനി മഹേന്ദ്രൻതന്നുടെ
കാമിനീമണികൾ കീർത്തിക്കുന്നു

രാമണീയകഗുണാകരസിന്ധോ!
പണ്ടു ഭൂപതിജനങ്ങളശേഷം
കണ്ടു നില്ക്കവേ ദൃഢതരമാം വിൽ–
കൊണ്ടു പഞ്ചവിശിഖങ്ങൾ തൊടുത്തുട–
നിണ്ടലെന്നിയേ നഭസി ചലത്വം–
പൂണ്ടു നില്ക്കുമൊരു ലാക്കു മുറിച്ചാ–
ക്കൊണ്ടൽവേണിയെ ഹരിച്ചൊരു വീര!

പദം. ബലഹരി—മുറിയടന്ത

പല്ലവി

ദേവാധിപനന്ദനാ! കേൾക്ക നീ
കേവലമെൻ വചനം

അനുപല്ലവി

ദേവദേവൻതന്റെ ഭക്തശിരോമണേ!
ദേവകീ സൂനുസഖേ! സാമോദം (ദേവാധിപനന്ദനാ!)

ചരണങ്ങൾ

1. ഇന്ദ്രനുമിന്ദ്രാണീദേവിക്കും നിൻ മുഖ–
ചന്ദ്രനെക്കാൺമാൻ മോഹം നിതാന്തം
ഇന്ദുകുലമണിദീപമേ! മാനസേ
നന്നായ്‌വളർന്നീടുന്നൂ നിയതം (ദേവാധിപനന്ദനാ!)
2. കൈതവമല്ലിതു കേൾക്ക ഭവാൻതന്നെക്കാൺ–
മതിനായി മുദാ ഭൃശം തവ
താതന്റെ സന്ദേശംകൊണ്ടിങ്ങു വന്നു ഞാൻ
മാതലി എന്നറിക മഹാത്മൻ! (ദേവാധിപനന്ദനാ!)
3. തേരിൽ കരയേറീട്ടെന്നൊടുകൂടവേ
പോരണമിന്നു വിഭോ വിജയാ! നീ
ചാരുതരമോരോ വസ്തുവിശേഷങ്ങൾ
സ്വൈരമായ്ക്കാണാമല്ലോ സുരാലയേ
(ദേവാധിപനന്ദനാ!)

മാതലിതന്നുടെ വാക്കുകളിങ്ങനെ
മതികുലതിലകൻ കേട്ടൊരുനേരം
മതിയിൽ വളർന്നൊരു കൗതുകമോടേ
ഇതി പുനരങ്ങു പറഞ്ഞു തുടങ്ങി:
‘‘ജനകൻതന്റെ നിയോഗംകൊണ്ടിഹ–
കനിവൊടു നിന്നെക്കണ്ടതുമൂലം
അനവധി സുഖമിന്നിപ്പോൾ മാമക–
മനതാരിങ്കൽ വളർന്നീടുന്നു;
വരിക സഖേ! നീ തേരിൽക്കേറുക
സുരലോകത്തിനു പോയീടുക നാം

പെരുവഴിതന്നിൽ കുശലപ്രശ്നവു–
മുരചെയ്തുംകൊണ്ടാശു ഗമിക്കാം;
അച്ഛൻതന്നെക്കാൺമാൻ പല നാ–
ളിച്ഛിച്ചിങ്ങനെ മേവുന്നൂ ഞാൻ
തുച്ഛം സംശയമില്ലിഹ കണ്ടാ–
ലിച്ഛിക്കുന്ന വരങ്ങൾ ലഭിക്കും;''
ഇങ്ങനെ ചൊന്നഥ മാതലിയോടും
തിങ്ങിന സുഖമൊടു തേരിൽക്കേറി
മംഗലരൂപൻ പാർത്ഥനുമൊന്നി–
ച്ചങ്ങു തിരിച്ചൂ പുനരതിവേഗം.

ചമ്പതാളം

സുരവരനുസൂതനും സുരവരകുമാരനും
ത്വരിതഗതിയോടവർ തേരും വഹിച്ചുടൻ
സുരനദി കടന്നുടൻ സ്വർഗം പ്രവേശിച്ചു
സുരവരപദാന്തികേ ചെന്നു നിന്നീടിനാർ;
സുരവരനുമതുപൊഴുതു സുരഗണസമേതനായ്
സ്വൈരം സഭാന്തരേ മേവും ദശാന്തരേ
വിരവിനൊടു വിജയനഥ സവിധഭുവി ചെന്നുടൻ
വീണു നമസ്കരിച്ചീവണ്ണമോതിനാൻ:
''ജനക ജയ! ജഗദധിപ! ജയ! ജയ! നമോസ്തുതേ
ജംഭനിഷൂദന! നിൻപാദ ദർശനാൽ
ജനനഫലമടിയനിഹ കരതലസമാഗതം
ജാതമോദേന മാം കാത്തുകൊള്ളേണമേ;
ഗുരുജനകൃപാമൃതംകൊണ്ടതന്നേ നൃണാം
വരുമഖിലമിതി വിബുധവാക്കു കേൾക്കുന്നു ഞാൻ
കരുണയൊടുമടിയനെയനുഗ്രഹിക്കേണമേ
കാരുണ്യമൂർത്തേ! നമസ്തേ! നമോസ്തുതേ!''

ഇത്ഥം ഭക്തിമുഴുത്തുടനേ പല
കീർത്തനമമ്പൊടു ചെയ്തു ജയന്തനൊ–
ടൊത്തു സമീപേ മേവും വിജയനി–
ലത്യന്തം കൃപപൂണ്ടു മഹേന്ദ്രൻ
സത്വരമരികിലണച്ചു പുണർന്നു
പുത്രസ്നേഹവശംഗതനായി
അർദ്ധാസനവും നല്കിയിരുത്തി–
ബ്ബദ്ധാമോദമിതരുളിച്ചെയ്തു:
''ഉണ്ണീ കേൾക്ക ധനഞ്ജയ! മകനേ!
പൂർണ്ണായുസ്സു നിനക്കു ലഭിക്കും
ചണ്ഡരിപുക്കളെ വെൽവാനുള്ളൊരു

പാണ്ഡിത്യവുമുളവായ്‌വരുമല്ലോ;
കണ്ണിൽ പരിചൊടു നിന്നെക്കാൺമാൻ
കൗതുകമോടു വസിക്കുന്നേൻ ഞാൻ
കണ്ണായിരമുള്ളതുകൊണ്ടിന്നിഹ
പൂർണ്ണാനന്ദമെനിക്കു ഭവിച്ചു;
ധർമ്മതനൂജനു സുഖമോ? തനയ!''
''ധർമ്മതനൂജനു സൗഖ്യംതന്നെ;''
''ധർമ്മവുമൻപൊടു ചെയ്തീടുന്നോ?''
''ധർമ്മവുമൻപൊടു ചെയ്തീടുന്നു;''
'അമ്മയ്ക്കും സുഖമല്ലീ തനയാ?''
''അമ്മയ്ക്കും സുഖമെന്നേ വേണ്ടു;''
''ഭീമനുമനുജൻമാർക്കും സുഖമോ?''
''ഭീമനുമനുജൻമാർക്കും സൗഖ്യം;''
''കൃഷ്ണയുമൻപൊടു മരുവീടുന്നോ?''
''കൃഷ്ണയുമൻപൊടു മരുവീടുന്നു;''
''കൃഷ്ണനെയുണ്ടോ സേവിക്കുന്നു?''
''കൃഷ്ണനെ ഞങ്ങളു സേവിക്കുന്നു;''
''ഭൃത്യൻമാരും നിങ്ങളൊടനുദിന-
മൊത്തു സുഖേന വസിച്ചീടുന്നോ?''
''ഭൃത്യൻമാരും ഞങ്ങളൊടനുദിന-
മൊത്തു സുഖേന വസിച്ചീടുന്നു;''
''കുരുടച്ചാരുടെ മക്കളു കാട്ടിയ
കുസൃതികൾകൊണ്ടിഹ നിങ്ങളശേഷം
കാട്ടിൽ വസിച്ചീടുന്നെന്നുള്ളതു
കേട്ടിതു ഞാനക്കഥകളശേഷം;
കള്ളച്ചൂതുകളിട്ടു കളിച്ചുട-
നുള്ളതശേഷം കൈക്കലതാക്കി
തള്ളി വനത്തിലയച്ചുടനേററവു-
മുള്ളിലഹമ്മതിയോടും പലവക
ഭള്ളു പറഞ്ഞു ഞെളിഞ്ഞു വസിക്കും
കള്ളൻമാരുടെ നാടും നഗരവു-
മുള്ളതശേഷം നാശം വരുവാ-
നുള്ളൊരു കാലമടുത്തു കുമാരാ!
ചെന്താർമാനിനികണവൻതൻപദ-
ചെന്താരടിയിണയുണ്ടു സഹായം
ചിന്തയിലായതുറപ്പിച്ചങ്ങനെ
സന്തതമൻപൊടു സേവിച്ചെന്നാൽ
ചിന്തിതമഖിലം സാധിക്കും പുന-

രന്ത്യേ മോക്ഷവുമാശു ലഭിക്കും;
ഭൂഭാരങ്ങളൊഴിപ്പാനല്ലോ
ഭൂമിയിലവതാരംചെയ്തിങ്ങനെ
ഭൂപാലാകൃതിപൂണ്ടൊരു ദേവൻ
ഗോപാലാഹ്വയനെന്നറിയേണം;
ഇക്കഥ രാപ്പകലെല്ലാനേരവു–
മുൾക്കമലത്തിൽ വിചാരിച്ചെന്നാൽ
ദുഃഖമശേഷമൊഴിഞ്ഞു സുഖേന വ–
സിക്കാമരികടെ മുഷ്ക്കും സകലമ–
ടക്കാമവരൊടെതിർക്കാമവരെ മു–
ടിക്കാമഘവുമൊഴിക്കാമവനി ഭ–
രിക്കാമവശത തീർക്കാമതിനൊരു
നാരായണനുടെ കല്പനയെന്യേ
പാരിലൊരാശ്രയമില്ലെന്നുള്ളതു
നേരെ കരുതിക്കൊള്ളണമേ ഹൃദി
സാരമിതെന്നു ധരിച്ചീടേണം;
നിന്നുടെ സുകൃതവിശേഷംകൊണ്ടുട–
നിന്നിഹ പുത്ര! സമാഗതനായി
ധന്യമതേ! മറ്റൊരുവനുമിന്നിതു
വന്നു ലഭിപ്പതിനും ബഹു വിഷമം;
ഇവിടെ വരാനായുള്ളൊരു മോഹാൽ
ഭുവി പലരുണ്ടു തപം ചെയ്യുന്നു
അവിരതമുള്ളിൽ ഭക്തിയൊടും ചിലർ
ശിവരാമസ്തുതി ചെയ്തീടുന്നു
ഹരിനാമങ്ങൾ ജപിച്ചീടുന്നു
ഹരിപദപൂജകൾ ചെയ്തീടുന്നു
ഒരുവക യോഗം സാധിക്കുന്നു
പരിചൊടു യാഗം ചെയ്തീടുന്നു
ഇങ്ങനെ പലതും ചെയ്തെന്നാലും
ഇങ്ങു വരുന്നവർ ദുർല്ലഭമത്രേ!
മംഗലകർമ്മവിപാകംകൊണ്ടേ
സംഗതിപോലേ വന്നു ഭവിക്കൂ;
നിന്നെക്കാൺമാതിനാശ മുഴുത്തുട–
നിന്ദ്രാണിയുമഥ മരുവീടുന്നു
എന്നതുകൊണ്ടിനി വൈകാതവളെ–
ച്ചെന്നിഹ കണ്ടു വരേണമിദാനീം;
തുംഗപരാക്രമരാശേ! നിന്നുടെ–
യിംഗിതമഖിലം സാധിച്ചീടും;

മംഗലമസ്തു നിനക്കു നിതാന്തം
സംഗരഭുവി ജയവും വരുമല്ലോ''
താതൻതന്നുടെ കല്പനയിങ്ങനെ
തരസാ കേട്ടു ധനഞ്ജയനുടനെ
താണുവണങ്ങിക്കൊണ്ടു നടന്നു
താനും തത്ര ജയന്തനുമായി–
സ്സാമോദംപൂണ്ടിരുവരുമായി
തമ്മിൽ കൈയ്യും കോർത്തു പിടിച്ചുട–
നമ്മ വസിച്ചീടുന്നൊരു മണിമയ–
ഹർമ്യംതന്നിൽ ചെന്നു കരേറി;
അന്തഃപുരമതിലാശു കടന്നുട–
നന്തികസീമനി ചെല്ലുന്നേരം
കുന്തീസുതനെക്കണ്ടഥ ശചിയും
സന്തോഷാശ്രുകണങ്ങൾ പൊഴിച്ചു
പന്തിടയും പോർമുലകളിൽനിന്നഥ
ചിന്തി മുലപ്പാലും ദേവിക്ക്;
കനിവൊടു പാർത്ഥനമപ്പോൾ തന്നുടെ
ജനനിയെ വിരവിലടുത്തു വണങ്ങി
അനുമതികൈക്കൊണ്ടരികേ നിന്നവ–
നനുനയമേവമുണർത്തിച്ചു മുദാ:

പദം. മോഹനം—മുറിയടന്ത

പല്ലവി

''ധന്യേ പുലോമജേ! ദേവി! സുര–
മാന്യേ! ജനനീ! തൊഴുന്നേൻ

അനുപല്ലവി

ധന്യനായ്വന്നു ഞാൻ നിന്നെക്കാണുകമൂലം
ഇന്ദുബിംബസമാനനേ! സുര–
സുന്ദരീജനവന്ദിതേ! ശൃണു (ധന്യേ പുലോമജേ!)

ചരണം

പാർത്ഥനഹം ഗുണശീലേ! തവ പുത്രനെന്നു കരുതേണം
ആർത്തികളെല്ലാമൊഴിഞ്ഞു നമുക്കു മേൽ
സ്വസ്തി വരുവതിനിന്നു നിൻപദ–
മത്തലെന്നിയേ കുമ്പിടുന്നേൻ'' (ധന്യേ പുലോമജേ!)

പദം. നാട്ടക്കുറിഞ്ഞി—ചായ്പ്

പല്ലവി

''വീരാ ധനഞ്ജയാ! കേൾക്ക സുകു–
മാര! ഗുണാർണ്ണവവീരാ!

അനുപല്ലവി

പോരിൽ ജയിച്ചു പുരദ്വേഷിയോടും നീ
ശരവുമതിശുഭവരവുമൻപൊടു
വിരവിലങ്ങു ലഭിച്ചു മേവിന (വീരാ)

ചരണങ്ങൾ

1. നിന്നുടെ കീർത്തി വളർന്നു ലോകം
മൂന്നും നന്നായി വെളുത്തുചമഞ്ഞു
ഇന്ദുവിനുള്ള കളങ്കങ്ങളും മാഞ്ഞു
ഇന്ദുചൂഡനറിഞ്ഞിടാഞ്ഞു വിരഞ്ഞു
തന്നുടെ മന്ദിരേ ഖലു (വീരാ)

2. എത്രനാളുണ്ടു ഞാൻ നിന്നെക്കാൺമാൻ മോഹി–
ച്ചത്ര വസിക്കുന്നു ബാലാ!
ആർത്തികളെല്ലാമൊഴിഞ്ഞു നിനക്കു മേൽ
സ്വസ്തി വരിക സമസ്ത പദവിയു–
മെത്തുമെന്നതുമോർത്തുകൊൾക നീ'' (വീരാ)

ഇത്തരമശ്ശചിവാക്കുകൾകേട്ടു*സ–
മർത്ഥനതാകിന പാർത്ഥനുമുടനേ
യാത്രയുമറിയിച്ചുംകൊണ്ടധികം
ചിത്തസുഖേന തിരിച്ചുനടന്നു;
ഉന്നതമാകിന മണിമഞ്ചാഗ്രേ
നിന്നു പതുക്കെത്താഴെയിറങ്ങി
നന്ദി കലർന്നു നടന്നവിടെപ്പല
ശൃംഗാടക[1]മതിലാശു വിളങ്ങി;
ഇന്ദ്രസുരാംഗനമാരതുനേരം
ഇന്ദ്രാത്മജനെക്കാൺമാനൻപൊടു
വന്നുതുടങ്ങീ; സുന്ദരിമാർ ചില–
രുന്നതദിക്കിൽ കേറി നിരന്നു;
വിജയൻതന്നുടെ ചരിതമിതപ്പോൾ
വിരവൊടു നീളെക്കേട്ടുതുടങ്ങി
കേട്ടവർ കേട്ടവർ വരവുതുടങ്ങി
കൂട്ടംവിട്ടു നടന്നുതുടങ്ങി
മട്ടോലുംമൊഴിമാർ ചിലർ തങ്ങടെ
കെട്ടിയ വല്ലഭനോടു പിരിഞ്ഞു
ചേഷ്ടിതമെല്ലാമാശു മറന്നു
പെട്ടെന്നങ്ങു തിരിച്ചു നടന്നു.

---

* ശചി = ഇന്ദ്രാണി. 'ഇത്തരമുർവ്വശിവാക്കുകൾ കേട്ടു'—എന്നു മുദ്രിതപുസ്തകങ്ങളിൽ അബദ്ധപാഠം.

[1] ശൃംഗാടകം = നാല്ക്കവലവഴി.

‘കാഴ്ചകൾ കാൺമാൻ പോകുന്നെ’ന്നുട–
നുച്ചത്തിൽ ചില വാക്കു പറഞ്ഞു
‘വേഴ്ചയിലൊത്തു ഗമിക്കാ’മെന്നും
കാച്ചിയ പുടവയെടുത്തില്ലേ’ന്നും
‘അപ്പാട്ടെപ്പെണ്ണെങ്ങെ’ന്നും പുന–
‘രിപ്പോൾതന്നേയവൾ പോയെ’ന്നും
‘അമ്പടി! വൈഭവമുള്ളവൾ നമ്മെ വി–
ളിപ്പാ–നെന്തൊരു ദണ്ഡ’മിതെന്നും
കുന്തീസുതനേക്കാൺമാനുള്ളൊരു
സന്തോഷം ഹൃദി വളരുകമൂലം
പൂന്തേൻമൊഴിമാരെല്ലാമപ്പോൾ
ചിന്തകലർന്നു നടന്നുതുടങ്ങി;
ഒററക്കണ്ണെഴുതിക്കൊണ്ടൊരുവൾ
തെററന്നങ്ങു തിരിച്ചു നടന്നു
ഒററക്കാതിൽ തോടയുമിട്ടു
മററൊരു പെണ്ണു വരുന്നതു കണ്ടാൽ
ഇക്കൂട്ടങ്ങടെ വികൃതികളോർത്തു
ചിരിപ്പാനുള്ളൊരു കാലം വന്നു;
‘‘അക്കൂററുള്ളൊരു വേശ്യപ്പെണ്ണു കു–
റിക്കൂട്ടെന്നു നിനച്ചൊരടപ്പൻ
വെക്കമെടുത്തു തുറന്നവൾ ചുണ്ണാ–
മ്പൊക്കെ കുത്തിയണിഞ്ഞു മുഖത്ത്;
മററൊരു പെണ്ണിനു ജളതപിണഞ്ഞതു
കററക്കുഴൽമണി! കേട്ടില്ലേ നീ
യാത്രയൊരുങ്ങിച്ചെന്നവൾ നല്ലൊരു
വസ്ത്രമിതെന്നു നിനച്ചു കരിമ്പട–
മെത്തിയെടുത്തതുടുത്തുംകൊണ്ടു
തെററന്നങ്ങു തിരിച്ചു നടന്നു.
പരിഹാസത്തിനു വട്ടം കൂട്ടി–
പ്പലരും കണ്ടു ചിരിച്ചു തുടങ്ങി
ഫലമില്ലായതുകൊണ്ടവളപ്പോൾ
അതിലൊന്നും ബോധിച്ചതുമില്ല;’’
എന്നതു കേട്ടു പറഞ്ഞൊരു തരുണി:
‘‘യിന്നതിവിസ്മയമങ്ങേക്കൂറേറ
സുന്ദരി കാട്ടിയ ഗോഷ്ടി നിനച്ചാ–
ലെന്നും ചിരിയാമെന്നേവേണ്ടൂ;
കാഴ്ചകൾ കാൺമാൻ പോകുന്നൂ ചിലർ
വേശ്യകളായതു കേട്ടു ഭ്രമിച്ചു!

കാച്ചിയ പുടവയെടുത്തുംകൊണ്ടു
പച്ചപ്പുഴുവുമെടുത്തഥ വച്ചു
ചന്തമിയന്നൊരു കുറി കൂട്ടാനായ്
ചന്ദനമില്ലാഞ്ഞുടനേതന്നേ
ചന്ദനമുട്ടിയെടുത്തുംകൊണ്ടവൾ
ചാണ തിരഞ്ഞു നടക്കുന്നേരം
തലയിൽ രോമവുമില്ല കഷണ്ടിയു–
മളവേ വന്നു പിടിച്ചൊരു വിദ്വാൻ
ജലദോഷം കൊണ്ടവളുടെ കണവനു–
മലസതപൂണ്ടു കിടക്കുന്നേരം
തപ്പിച്ചെന്നവളരികേ ജവമൊടു
ചാണയിതെന്നു നിനച്ചായാളുടെ
തലയിൽ കൊണ്ടഥ വെള്ളമൊഴിച്ചു
ചന്ദനമമ്പൊടുരച്ചു തുടങ്ങി
തല നൊന്തപ്പോളായവനവളുടെ
തലമുടി ചുററിപ്പിടിപെട്ടുടനേ
കലഹിച്ചഞ്ചാർ പോട്ടാനവനുടെ
ജലദോഷവുമതിനാലെ ശമിച്ചു;''
അതു കേട്ടിട്ടു പറഞ്ഞൊരു തരുണി,
''ഇതുമൊട്ടിന്നു ചുരുക്കീടേണം
മതികെട്ടങ്ങനെ ചിലർ കാട്ടുന്നൊരു
കഥ പെട്ടെന്നു പറഞ്ഞുംകൊണ്ടു
അതു കേട്ടിങ്ങു ഗമിച്ചാൽ പോരാ
ദ്രുതമങ്ങോട്ടു ഗമിച്ചീടുക നാം.''

ഏവം പറഞ്ഞു പല ദേവനിതംബിനിമാർ
ഭാവം തെളിഞ്ഞു തത്ര പോവാൻ തുനിഞ്ഞു മെല്ലെ
സന്തോഷമോടുമവർ കുന്തീകുമാരൻ തന്റെ
അന്തികേ ചെന്നു രണ്ടു പന്തി നിരന്നുനിന്നു;
തണ്ടാർശരന്നു നാണമുണ്ടാമവന്റെ രൂപം
കണ്ടാലതി മോഹനം കണ്ടു സുരാംഗനമാർ
തണ്ടാർശരാർത്തിപൂണ്ടുംകൊണ്ടു മദം കലർന്നു
കൊണ്ടാടിപ്പലവിധമുണ്ടായി കാമരസം
ഉദ്യോഗമോടു ചില ഹൃദ്യാംഗിമാരും ചില
ഉദ്യാനംതന്നിൽ ചെന്നു മദ്യവിധം തുടങ്ങി

കളിച്ചും തമ്മിലന്യോന്യം വിളിച്ചും സന്തോഷാർണ്ണവേ
കുളിച്ചും ദാരുക്കൾ പററി ഒളിച്ചും നന്ദനം തന്നിൽ
കടന്നും മദനരസം കലർന്നും ശൃംഗാരലീല
തുടങ്ങി പലവിധത്തിൽ:

ഒരു കാമിനി മെല്ലെയടുത്തു
തരുപുഷ്പഗണങ്ങളിറുത്തു
ഒരുവൾക്കതു പാതി കൊടുത്തു
ഒരു പെണ്ണതു കണ്ടു വെറുത്തു

ലക്ഷ്മിതാളം

ഒരു കാമിനി പൂമലർ ചിന്തുന്നു ചിതറുന്നു
ചിന്തയിലധികം സ്മരാർത്തി വളരുന്നു
അരുണാധരിമാർ പലർകൂടി
സുരപാദപപൂമലർ ചൂടി
പരിമോഹനമവരുടെ മോടി
പരിതോഷമിദം ബഹു പാടി

ലക്ഷ്മിതാളം

മദവാരണമഞ്ജുളഗാമിനിമാർ ഭാമിനിമാർ
കാമവിനോദം കലർന്നു കളിയാടി
പലരാഗവിധം ബഹു പാടി
കളി പുഞ്ചിരി കിഞ്ചന തേടി
ലളിതം ചില നാടകമാടി
സുരസുന്ദരിമാരുടെ മോടി

കുംഭതാളം

ചിലർ വീടിക സുഖമൊടു പോടിയും രുചി തേടിയും
മലർവാടിയിലധികരസം
മലർബാണനുമൊന്നു കയർത്തു
കുലവില്ലും കൈയ്യിലെടുത്തു
മലർസായകമാശു തൊടുത്തു
ചലമിഴിമാർക്കിട്ടു കൊടുത്തു

കുംഭതാളം

ചിലർ മങ്ങിമയങ്ങിയനംഗശരാബ്ധിയിൽ മുങ്ങിയും
ബത പൊങ്ങിയുമതിവിവശം
ഒരു പെണ്ണിനു വസ്ത്രമഴിഞ്ഞു
ഒരു പെണ്ണൊരു കോണിൽ മറഞ്ഞു
ഒരുവൾക്കങ്ങരിശമൊഴിഞ്ഞു
ഒരു പെണ്ണതു കണ്ടു പറഞ്ഞു

കുംഭതാളം

പരിഹാസവിധം ദൃഢമറികയും ബത മറികയും
മറിമാൻമിഴിസംഹതികൾ.
ഇങ്ങനെ പലവിധമംഗനമാരുട—
നംഗജശരപരിതാപംപൂണ്ടുട—

നങ്ങു കളിച്ചു വസിക്കും മദ്ധ്യേ
അംഗനമാർമണിയാളാമുർവശി
തിങ്ങിന മദനവികാരംകൊണ്ടവശം
മങ്ങിന മുഖമൊടു പാർത്ഥൻതന്നുടെ
അംഗഗുണങ്ങളം നിനച്ചു നിനച്ചുട-
നിങ്ങനെ സഖിയൊടു ചൊന്നാൾ മന്ദം:
''കണ്ടാലും നീയർജ്ജുനനിവന-
ത്തണ്ടാർശരനെക്കാളതിസുഭഗൻ
വണ്ടാർകുഴലികളനുദിനമിവനെ
കൊണ്ടാടുന്നതികൗതുകമോടേ;
പണ്ടു മനോഭവനുടെ ദേഹം ശിതി-
കണ്ഠൻ തത്രദഹിപ്പിച്ചതിനാൽ
തണ്ടാർസായകനെക്കാളതിശയ-
മുണ്ടായിട്ടൊരു നരപതിവരനിവ-
നുണ്ടായ്‌വരണമതിങ്ങനെ ഹൃദയം
കൊണ്ടു വിചാരിച്ചങ്ങനെ വിധി പുന-
രുണ്ടാക്കിത്തീർത്തിവനേ നിയതം.

പദം. ശങ്കരാഭരണം—ചായ്പ്പ്

പല്ലവി

മാനിനീമൗലേ! വരഗുണശാലിനി! നീ ബാലേ!

അനുപല്ലവി

മാനവവരനാകുമർജ്ജുനനുടെ രൂപം
മാനസകുതുകേന മധുരരസമയി കണ്ടിതോ നീ
(മാനിനീമൗലേ!)

ചരണങ്ങൾ

1. കൊണ്ടൽനിരയ്ക്കും തമസ്സിനുമിണ്ടൽ വളർക്കും
നീണ്ടു ചുരുണ്ടോരവൻെറ തലമുടി
കണ്ടാൽ നിനക്കുള്ളിൽ—കമലശരപരിതാപമുണ്ടാം
(മാനിനിമൗലേ!)

2. മന്നിടംതന്നിൽ വസിക്കുന്ന മന്നവൻമാരിൽ
മാന്യനാമിവനോടു ശരിയല്ലിന്നൊരു നൃപൻ
അന്യദിക്കുകളിലും—ഒരുവനവനിഹ നഹി മനോജ്ഞേ!
(മാനിനീമൗലേ!)

3. വില്ലാളിവീരൻ ധനഞ്ജയൻ ചൊല്ലേറും ശൂരൻ
മുല്ലബാണനുമുള്ളിലല്ലൽ നല്കുമിവൻെറ
നല്ലോരു സൗന്ദര്യം—പറവതിനു പണി ഫണിവരന്നും
(മാനിനീമൗലേ!)

4. പാഞ്ചാലിതൻെറ ഭാഗ്യോദയം പരിചൊടു കാൺക
പഞ്ചാരപ്പൊടിയേക്കാൾ മധുരം പാണ്ഡവാധരം
അഞ്ചാതെ നുകർന്നവ—ളതിസുഖത്തൊടു മരുവിടുന്നു
(മാനിനീമൗലേ!)

കാമോദരി—ചെമ്പട

5. കമലദലായതനയനനിവൻ
കനിവു പെരുത്തൊരു വീരനിവൻ
അമലചരിതനിവനമൃതസരസനിവൻ
അമരകുലാധിപതനയനിവൻ (മാനിനീമൗലേ!)

6. ഇവനൊടുകൂടി രമിപ്പാനും
അവിരളമാശു സുഖിപ്പാനും
അധികതരസുകൃതമതു പരഭൃതമൊഴി
മമ സഖി! പാർക്കിൽ വളർന്നീടുന്നു (മാനിനീമൗലേ!)

7. അംഗനമാർക്കൊരു കാന്തനിവൻ
അരിവരനിചയകൃതാന്തനിവൻ
അമലബലസഹിതനധികസുഭഗനിവൻ
അമൃതകിരണസമവദനനിവൻ (മാനിനീമൗലേ!)

8. തൊണ്ടിപ്പഴമൊടു ശണ്ഠപിടിച്ചുട—
നിണ്ടൽ വളർക്കും ചുണ്ടുകളും
മല്ലികതൻ മുകുളത്തിനു നിയത—
മല്ലൽ വളർക്കും പല്ലുകളും
മല്ലീശരകുലവില്ലിൻ ചതുരത
തല്ലിയൊടിക്കും ചില്ലികളും
മല്ലായുധശരതുല്യമതാകിന
കല്യകടാക്ഷവുമിവ പലതും
ഉള്ളിൽ നിനയ്ക്കുംതോറും വലിയൊരു
കൊള്ളിയെരിക്കുംപോലേ മാമക—
മുള്ളമശേഷമെരിഞ്ഞീടുന്നു
കള്ളം പറവാനറിവാൻമേലാ (മാനിനീമൗലേ!)

9. വിധുമുഖനാകിന വിജയൻതന്നുടെ
മധുരാധരരസപാനം ചെയ്തിഹ
വിധുരതതീർത്തു വസിപ്പാനുള്ളൊരു
വിധിയുണ്ടായ്‌വരുമോ മമ ബാലേ! (മാനിനീമൗലേ!)
ഇത്തരമുർവശിതന്നുടെ വാക്കുക—
ളുത്തരുണീമണി കേട്ടൊരുനേരം

* തുടർന്നുള്ള ചരണങ്ങൾ കാമോദരി ചെമ്പടയിൽ പാടി ഓരോ ചരണത്തിൻേറയും അവസാനം ശങ്കരാഭരണംചായ്പിൽ പല്ലവി പാടി കലാശിക്കണം.

സത്വരമരികിലണഞ്ഞു കനിഞ്ഞവ–
ളുത്തരമഞ്ജു പറഞ്ഞുതുടങ്ങി:
''ഉത്തമശീലേ! ഉർവ്വശി! നിന്നുടെ
ചിത്തവിഷാദമുപേക്ഷിച്ചാലും
ഉത്തമനാകിന പാർത്ഥൻതന്നൊടു–
മൊത്തു രമിപ്പാനുള്ളൊരു സംഗതി
അത്ര വരുത്താം സർവ്വനതാംഗീ–
സത്തമയാളേ! ഖേദം വേണ്ടാ;
നിന്നുടെ പരിതാപങ്ങളശേഷം
ചെന്നവനോടു പറഞ്ഞറിയിച്ചാൽ
നിന്നെക്കാളധികം ചില വികൃതികൾ
ചങ്ങാതിക്കും വന്നു ഭവിക്കും;
പന്തണിമുലമാർമൗലിമണേ! തവ
ചന്തമിയന്ന ശരീരം കണ്ടാൽ
ചെന്താർസായകശരമാകുന്നൊരു
ചെന്തീനടുവിലുഴന്നീടാതെ
പൂന്തേൻമൊഴി! ഭുവനങ്ങളിലെങ്ങും
ചിന്തിച്ചാലൊരു പുരുഷനുമില്ല;
ഈശ്വരഭക്തിയുറച്ചു മഹാഗിരി–
പാർശ്വേ ചെന്നു തപം ചെയ്തുടനേ
നിശ്ചലഹൃദയൻമാരായ് മേവിന
വിശ്വാമിത്ര പരാശരമുനിമാർ
വിശ്വവിമോഹിനി! നിന്നെക്കണ്ടാൽ
ഈശ്വരഭക്തിയുമവിടെ നിറുത്തും;
വിശ്വാസേന തളർന്നീടും, തവ
വിശ്വാസവുമവർ മോഹിച്ചീടും;''
എന്നതു കേട്ടു പറഞ്ഞാളുർവ്വശി!
''നന്നയി തോഴീ! നിന്നുടെ വചനം
മന്നവവരനായീടും പാർത്ഥൻ
ദൈന്യതയറിയുന്നവനല്ലെന്നൊരു
സന്ദേഹം ഹൃദി വളരുന്നായതു
നിന്നോടിന്നുരചെയ്തീടാം കേൾ;
ഇന്ദ്രനിദേശംകൊണ്ടന്നൊരുനാ–
ളിന്ദ്രപുരാംഗനമാർ പലർ കൂടി–
ച്ചെന്നു ഹിമാചലമൂലേ മൻമഥ–
സുന്ദരനാകുമവന്റെ സമീപേ;
അന്നവിടെപ്പല സുന്ദരിമാരവർ
ശൃംഗാരത്തിൻ മോടികൾ കൂട്ടി,
നാടകമാടി നവരസമാടി
നാകനിതംബിനിമാർ ചിലർ പാടി

നലമൊടുകൂടിച്ചിലരവിടാടി
നളിനവിലോചനമാർ ചിലർ പാടീ;
എന്തിനിതഖിലം പറയുന്നവരുടെ
പന്തികളൊന്നും ഫലമായില്ലാ
കുന്തീസുതനതുകൊണ്ടുമൊരല്പം
ചിന്തയിലുണ്ടായില്ല കുലുക്കം;
എന്നതുകൊണ്ടു പറഞ്ഞിതു ഞാനും
മന്നവവീരനു കൃപയില്ലേതും
തന്നെക്കാമിച്ചീടാത്തവനെ—
ത്താനങ്ങോട്ടു പറഞ്ഞു ഭ്രമിച്ചാൽ
മാനക്കേടു ഭവിക്കയിതെന്യേ
മാനിനി മറെറാരു ഫലമില്ലേതും;
തരമിതു കൊള്ളാം സമയമിതെന്നതു
കരുതി മനോഭവനരികിലണഞ്ഞു
ശരനിര ചൊരിയുന്നംബുജനയനേ!
ഉരുതരതാപവുമുളവാക്കുന്നു.”
എന്നതു കേട്ടപ്പെൺകൊടി ചൊന്നാൾ:
“ഇന്നു നിനക്കു വിഷാദം വേണ്ടാ;
നിന്നെ ബ്ഭ്രമിയാതിന്നൊരു പുരുഷൻ
മന്നിലുമപി സ്വർഗത്തിലുമില്ലാ;
കാററും വെയിലും മഴയും മഞ്ഞും
ഏററു തളർന്നുടനേററി[1] കുറഞ്ഞും
കാററും വെള്ളവുമിലകളുമെന്നിവ
കൊററുകഴിച്ചും കോട്ടിൽ വസിച്ചും
ചുററും വള്ളികൾ ചുററിപ്പുനരപി
പുററും വന്നുടൽ മുററിപ്പരിചിനൊ—
ടേററം ഭക്തിയുറച്ചു വസിക്കും
ഊററക്കാർക്കും നിന്നിൽ ഭ്രമമുട—
നററംകൂടാതുളവായ്‌വന്നാൽ
മററുള്ളോർക്കതിനെന്തൊരു കുററം?
വിജയനിരിക്കും ദിക്കു തിരഞ്ഞാ
വിജയനെ നീ ചെന്നമ്പൊടു സരസിജ—
നയനേ! നിൻ ചരിതങ്ങൾ ധരിപ്പി—
ച്ചവനേക്കൂട്ടിക്കൊണ്ടിഹ നിൻ മണി—
ഭവനേ പോരിക വൈകീടാതെ;
മന്നവവീരനിരുന്നരുളുന്നൊരു
മന്ദിരസീമനി ചെന്നങ്ങതിയായ്
മന്ദസ്മിതരുചി തൂവുന്നേരം
സുന്ദരി തവ വശനായ് വരുമല്ലോ.”

---

[1] ഏററി = എഴുന്നേററു നില്ക്കാനുള്ള ശക്തി.

ഇങ്ങനെ സഖിയുടെ വചനം കേട്ടവ—
ളങ്ങനെയെന്നമ്മനസ്സിലുറച്ചു
മംഗലരൂപിണിയുർവ്വശിയുടനെ
ഭംഗികലർന്നൊരു മോടികൾ കൂട്ടി
ഗുണമിയലും കുസുമങ്ങളുമമ്പൊടു
മണമേറുന്ന ജവാതുകൾ പുഴുവും
മണമേറും കസ്തൂരികൾ കളഭം
ക്ഷണനേരംകൊണ്ടുടലിലണിഞ്ഞു
കണവനിരിക്കും ദിക്കു തിരഞ്ഞു
ക്ഷണമങ്ങോട്ടു തിരിച്ചു നടന്നു.

പദം. കുമ്മി

ഖണ്ഡങ്ങൾ

1. കുന്തിതന്റെ കുമാരകന്റെ
അന്തികേ ചെന്നു മന്ദമവൾ
ചിന്തുമാനനകാന്തികൊണ്ടവൾ
മന്ദംമന്ദം കളിതുടങ്ങി.

2. അന്തരംഗമിളക്കുമാറു
മന്ദസ്മിതമതും തൂകി മെല്ലെ
കുന്ദബാണരസം കലർന്നവൾ
സുന്ദരാംഗി മതിമറന്നു.

3. നിർജ്ജരാധിപനന്ദനനാ—
മർജ്ജുനൻതന്നെക്കണ്ടനേരം
ലജ്ജയെല്ലാമുപേക്ഷിച്ചാ—
നിർജ്ജരനാരി ചൊന്നാളേവം:

പദം. ആനന്ദഭൈരവി—ചെമ്പട

പല്ലവി

‘‘പാഹി മാം പങ്കജേക്ഷണ! പാണ്ഡവവീര!
പാഹി മാം പങ്കജേക്ഷണ!

അനുപല്ലവി

മോഹനീയാകാരാ! നിന്റെ ദേഹകാന്തി കണ്ടമൂലം
മോഹമുള്ളിൽ വളരുന്നു ഹേ! ബാഹുജമൗലേ!
(പാഹി മാം)

ചരണങ്ങൾ

1. മാരന്റെ ശരങ്ങളേററു മാനസമുരുകീടുന്നു
മാനനീയഗുണവാരിധേ! മഞ്ജുളകീർത്തേ!
മാലകററീടേണമേ! വിഭോ! മാനുഷാധീശ! (പാഹി മാം)

2. ആർത്തപാലനംകൊണ്ടല്ലോ പാർത്ഥിവശിഖാമണേ! നിൻ
കീർത്തികൾ ജഗത്ത്രയങ്ങളിൽ പൂന്തേൻവാണികൾ
കീർത്തിക്കുന്നു സന്തതം മുദാ—ഓർത്താൽ വിചിത്രം
(പാഹി മാം)

3. കുന്‌ദബാണലീല ചെയ്‌വാൻ—വന്നാലും നീ
വൈകീടാതെ
കുന്നേലും മുലകൾ മാർവിടം—തന്നിലണച്ചു
നന്നായ്‌ പുണർന്നീടുവാനഹോ—സന്‌ദേഹമെന്തേ!
(പാഹി മാം)
4. മുല്ലവിശിഖൻെറ കുല—വില്ലിനെ വെന്നീടുന്ന നിൻ–
ചില്ലികൾകൊണ്ടെന്നെ നീ സഖേ! തല്ലീടാതിപ്പോൾ
നല്ലോരധരാമൃതം നുകർ—നല്ലൽ കളക.'' (പാഹി മാം)

ഉർവശിയുടെ വചനങ്ങളിവണ്ണം
ദുർവിനയം ബത കേട്ടൊരുനേരം
ഉർവീപാലശിരോമണി പാർത്‌ഥൻ
പൊട്ടിവളർന്നൊരു കോപമടക്കി
പുഷ്‌ടനിതംബിനിയോടരുൾചെയ്‌തു:
''ചേരാതുള്ളൊരു വാക്കുകളിങ്ങനെ
നേരേ നിന്നൊരു ലജ്‌ജയതെന്യേ
ആരെന്നുള്ളതറിഞ്ഞുരചെയ്‌തു
പാരം ദുസ്‌സഹമെന്നേ വേണ്ടു!
കഷ്‌ടം കഷ്‌ടം! ചില ജനമിത്തൊഴിൽ
കേട്ടെന്നാകിൽ പരിഹാസത്തിനു
വട്ടംകൂട്ടിവസിച്ചീടുന്നതി–
നൊട്ടും സംശയമില്ലിഹ നൂനം.
മട്ടോലുംമൊഴി! അന്യജനങ്ങളി–
ലൊട്ടും മോഹം തോന്നീടരുതേ!
അംബുജനാളമൊഴിഞ്ഞിഹ ശൈവല–
മന്നത്തരുണികൾ മോഹിക്കുന്നോ?
ആനത്തലവനെയെന്യേ കരിണികൾ
മാനിനെയുണ്ടോ കാമിക്കുന്നു?
അംബുജമധുരസമുണ്ണും വണ്ടുകൾ
നിംബരസത്തിനു വാഞ്‌ഛരിക്കുന്നോ?
മനുജൻമാരിൽ മനോരസമേററം
മനസി നിനക്കു വളർന്നുടനിങ്ങനെ
മനസിജവേദന നമ്മൊടു ചൊന്നതു–
മനുചിതമെന്നു ധരിച്ചീടേണം;
നാരായണനെന്നിങ്ങനെ നല്ലൊരു
പേരായുള്ളൊരു മാമുനി തന്നുടെ
ഊരുവിൽനിന്നുളവായൊരു നിന്നുടെ
ചാരുത കണ്ടതി കൗതുകമോടേ
സരസിജനയനേ! നിന്നെപ്പരിചൊടു
സുരനായകനു കൊടുത്തു മുനീന്‌ദ്രൻ;
സുരപതിതന്നുടെ തനയൻ ഞാനെ–

ന്നൊരു കഥ നീയുമറിഞ്ഞീടേണം;
ചേരാതുള്ള വിധങ്ങൾ തുടർന്നാൽ
തീരാതുള്ളൊരു കുററം വരുമെ–
ന്നോരാതുള്ളിലുറച്ചിഹ നീയും
മാരാതുരയായീടരുതേതും;
എന്നതിലും പുനരുണ്ടു വിശേഷം
ഇന്നതുമങ്ങു ധരിച്ചീടേണം;
എന്നുടെ വംശേ പണ്ടു പുരൂരവ–
സ്സെന്നൊരു ഭൂപതിവരനുണ്ടായി
ഉന്നതബാഹുപരാക്രമി പലനാൾ
മന്നിടമഖിലം കാത്തു വസിച്ചു;
അക്കാലം നിജ ബാഹുപരാക്രമ–
ധിക്കൃതശക്രപരാക്രമിയായൊരു
നക്തഞ്ചരപതി നിങ്ങളെയെല്ലാം
തക്കത്തിൽ പുനരാശു പിടിച്ചു;
വക്രാത്മാവാമവനൊടു കിഞ്ചന–
വക്കാണിപ്പാനെളുതല്ലാഞ്ഞു
ശക്രൻ തേരും നല്കിസ്സൂതനെ
വെക്കം മന്നിലയച്ച ദശായാം
അന്നു ബുധാത്മജനാകിന ഭൂപതി
വന്നിഹ ദൈത്യജനങ്ങളെയെല്ലാം
വെന്നു ജയിച്ചതുകൊണ്ടു സുരാണാം
നന്ദിവളർത്തീ മന്നവവീരൻ;
പിന്നെപ്പരിചൊടു നിന്നെ വിവാഹവു–
മന്നു കഴിച്ചേനെന്നിഹ കേട്ടു;
സമ്മതമിതു ബത സകലജനാനാം
അംബുജനയനേ! സത്യമിതെല്ലാം;
കല്മഷരഹിതം നീ യെന്നമ്മയു–
മുൺമയിലന്തരമില്ല നിനച്ചാൽ;*
ഗുരുതൻ പത്നിയിലാശ മുഴുത്താൽ
വരുമപ്പോഴതിദോഷമിതെന്ന–
ങ്ങൊരു താത്പര്യമറിഞ്ഞീടേണം
പരതല്പത്തിനുമാഗ്രഹമില്ലാ;''
സ്വർല്ലോകാധിപതനയൻതന്നുടെ
സല്ലാപങ്ങളിവണ്ണം കേട്ടു
സ്വർല്ലോകാംഗനമാർമണി പിന്നെയു–
മല്ലൽമുഴുത്തു പറഞ്ഞുതുടങ്ങി:

---

*'മിന്നുനിനയ്ക്കിലൊരന്തവുമില്ലാ'—എന്നു പഴയ വായ്പാഠം.

പദം. സൗരാഷ്ട്രം—മുറിയടന്ത

ചരണങ്ങൾ

1. ''എന്തുതന്നെ വരികിലും നീയിപ്പോൾ
ബന്ധുരാംഗ! വെടിഞ്ഞീടരുതേതും
ഹന്ത ദേഹവും പാരം തളരുന്നു
ചിന്തിതം മമ നല്കണം നീയിപ്പോൾ

2. പഞ്ചസായകബാണങ്ങളാകുന്ന
വഞ്ചെന്തീയിലുഴന്നീടുമെന്നെ നീ
ചഞ്ചലങ്ങൾ വെടിഞ്ഞിഹ പാലയ
പഞ്ചബാണമനോഹരമൂർത്തേ!

3. കാണിപോലുമൊരു സുഖമില്ലാതായ്
ഊണിനും രുചിയില്ലെനിക്കേതുമേ
ഏണലാഞ്ഛനബിംബാനന! നിന്നെ—
ക്കാണാതെങ്ങനെ വാഴുന്നു ഞാൻ സദാ;

4. മാരബാണാർത്തി നിന്നിൽ വരായ്‌വതിൻ
കാരണമെന്തെന്നെന്നോടു ചൊൽക നീ
കാമവൈരിയെപ്പോരിൽ ജയിച്ചൊരു
ഭീമവിക്രമി നീയായതുകൊണ്ടോ?

5. കാമദേവജനകനും നീയുമായ്
പ്രേമമുണ്ടാകകൊണ്ടോ പറക നീ
വല്ലതെന്നാലുമുള്ളിൽ വളരുന്നോ—
രല്ലലെല്ലാം കളഞ്ഞെന്നെ രക്ഷിക്ക;''

എന്നതു കേട്ടരുൾചെയ്തു ധനഞ്ജയ—
''നിന്നിതുമാത്രം കൂടുകയില്ലാ;
അമ്മ നമുക്കെന്നാകിലുമിങ്ങനെ
ധർമ്മവിരോധമിതരുളിച്ചെയ്താൽ
സമ്മതമില്ല നമുക്കെന്നുള്ളതു
നിൻമനതാരിലുറച്ചീടേണം;
കഷ്ടം! കഷ്ടം! കഠിനം നിന്നുടെ
ദുഷ്ടതയെല്ലുതല്ലൊട്ടും നമ്മുടെ
ജ്യേഷ്ഠനതായ യുധിഷ്ഠിരനും ബത
ശിഷ്ടജനങ്ങൾ കനിഷ്ഠൻമാരും
മട്ടോലുംമൊഴി! നിഷ്ഠുരമിത്തൊഴിൽ
കേട്ടെന്നാലുടനൊട്ടും സഹിയാ;
നേരല്ലാത്ത വിധങ്ങളിതൊന്നും
ചേരുകയില്ലാ നമ്മുടെ നേരേ
പെരുതായുള്ളൊരു പാപങ്ങൾക്കിഹ
പെരുവഴികൂട്ടുകയില്ലതു നിയതം;''

എന്നതു കേട്ടുടനുർവശിയും പുന-
രുന്നതകോപത്തോടു പറഞ്ഞാൾ:
''നേരല്ലാത്ത വിധങ്ങളിതൊന്നും
ചേരുകയില്ലെന്നിങ്ങനെ നമ്മുടെ
നേരേ നിന്നു പറഞ്ഞൊരു ഭൂപതി-
വീരൻ നീ യതു ബോധിച്ചീ ഞാൻ
കാര്യം പറയുന്നേരത്തുള്ളിൽ
കാലുഷ്യം ബത തോന്നുമിദാനീം;
പാഞ്ചാലാത്‌മജയെന്നൊരു പെണ്ണിൽ
വാഞ്‌ഛമുഴുത്തതുകാരണമല്ലീ?
പഞ്ചശരായുധവിവശൻമാരായ്
അഞ്ചുജനങ്ങളു നിങ്ങളുമൊരുമി-
ച്ചഞ്ചാതവളേ വേളികഴിച്ചതു
കിഞ്ചന ഞാനും കേട്ടിതു വിജയാ!
അഞ്ചാതഞ്ചെന്നാലുമവൾക്കൊരു
ചാഞ്ചല്യവുമതിനില്ലിഹ തെല്ലും;
ഒരുനാൾ ജ്യേഷ്‌ഠനൊടൊത്തു ശയിക്കും
മറുനാളനുജനൊടൊത്തു രമിക്കും
ചേട്ട[1] നിനക്കു കളത്രമതിങ്ങനെ
കേട്ടാൽ ചേരാതുള്ള വിധത്തിൽ
ഗോഷ്‌ടികൾ പലതും കാട്ടുന്നതിനൊരു
കോട്ടം നിങ്ങൾക്കില്ല തരിമ്പും;
അക്കഥയവിടെയിരിക്കട്ടേ പുന-
രാർക്കറിയാവൂ നിങ്ങടെ ശാസ്‌ത്രം!
ഒക്കെയറിഞ്ഞൊരു നിങ്ങടെ ജനനി
മയ്‌ക്കണ്ണാളാം കുന്തിയുമൊരുനാൾ
അർക്കനൊടൊത്തു രമിച്ചിതു പിന്നെ
അർക്കാത്‌മജനെയുമാശു പുണർന്നു
അച്‌ഛനൊടും മകനോടും കൂടി-
പ്പിച്ചകബാണമഹോത്‌സവമാടി
ഇച്ചരിതത്തിലതല്ലോ നിങ്ങൾ ജ-
നിച്ചതുമോർത്താലദ്‌ഭുതമത്രേ!
പാണ്‌ഡുനരേന്‌ദ്രനിരിക്കത്തന്നെ
പാണ്‌ഡവ! നിന്നുടെ മാതൃജനം ചില
പൊണ്ണൻമാരാം ജാരൻമാരൊടു
പൂർണ്ണസുഖേന രമിച്ചതു കഷ്‌ടം!
ചണ്‌ഡപരാക്രമശാലികളാകിന
ഉണ്ണികൾ നിങ്ങളുമുളവായ്‌വന്നു

---

[1] ചേട്ട=മൂതേവി; വൃത്തികെട്ടവൾ.

''പാണ്ഡുസുതൻമാർ ഞങ്ങളിതെന്നൊരു
കർണ്ണാനന്ദം ചൊല്ലുകയത്രേ!
കുണ്ഠൻമാരായുള്ളൊരു നിങ്ങടെ
ചെണ്ടക്കാര്യ[1] മതല്ലോ! പാഴിൽ
ഇത്തൊഴിലാരുമറിഞ്ഞിട്ടില്ലെ—
ന്നുൾത്താരിങ്കൽ നിനച്ചഥ, നമ്മൊടു
ധൂർത്തു പറഞ്ഞിഹ ബോധിപ്പിച്ചതു
ധൂർത്തമതേ! ബഹു ചിത്രം ചിത്രം!
വല്ലതെങ്കിലുമെനിക്കു വളർന്നോ—
രല്ലൽ ഞാനുമുരചെയ്തതുനേരം
തെല്ലുപോലുമൊരു കൃപയില്ലാതെ
കല്ലുപോലിഹ വസിച്ചതു ചിതമോ?
കണ്ടിവാർകുഴലിമാരോടിങ്ങനെ
ഇണ്ടൽതീർന്നു പറയുന്നതിനാൽ നീ
കണ്ടുകൊൾക ഫലമിന്നു ഭവാനൊരു
ഷണ്ഡനായി വരുമെന്നതു നൂനം''
കോപമോടുമുടനുർവശിയിങ്ങനെ
ശാപമേകി നടകൊണ്ടൊരുശേഷം
താപമോടുമധികം പുനരർജ്ജുന—
ഭൂപനാശു വിലപിച്ചുതുടങ്ങി:

പദം. ദ്വിജാവന്തി—ചായ്പ്

ചരണങ്ങൾ

1. ''ദേവാ! ദേവാ! ദീനബന്ധോ! ദേവകീനന്ദനാ! ശൗരേ!
ദൈവമേ! ഞാനെന്തു ചെയ്‌വൂ കൈവല്യമൂർത്തേ!
2. മന്നവനഗ്രജൻ ധർമ്മനന്ദനൻതന്നെയും പിന്നെ
അന്യരേയുമെങ്ങനെ ഞാൻ ചെന്നു കാണുന്നു
3. പാണ്ഡവനർജ്ജുനനാണുംപെണ്ണുമല്ലാതെയായെന്നു
കർണ്ണനും മററുള്ളവരും പരിഹസിച്ചീടും
4. പാരിലുള്ള വൈരികളെ പോരിലാശു സംഹരിപ്പാൻ
പാർവതീശൻ തന്നൊരസ്ത്രം പാഴിലായല്ലോ!
5. പുണ്ഡരീകവിലോചനാ! ഷണ്ഡനാമെനിക്കു പാർത്താൽ
ഗാണ്ഡീവംകൊണ്ടെന്തു ഫലമണ്ഡജവാഹാ!
6. പരിതാപവാരിധിതന്നിൽ പരിചോടുഴലുന്നൊരെന്നെ ''
കരുണാസിന്ധോ! ഗോപിനാഥാ! പരിപാലിക്കേണം.

ഇത്തരമധികവിലാപം പൂണ്ടഥ
ചിത്തവിഷാദത്തോടു വസിക്കും

---

1. ചെണ്ടക്കാര്യം (ശൈലി) = കൊട്ടിഘോഷിച്ചറിയിക്കുന്ന കാര്യം.

പാർത്ഥിവവരനുടെ ചരിതം കേട്ടു സു–
രോത്തമപുരജനമങ്ങിടകൂടി
തമ്മിൽ ചിലരു പറഞ്ഞുതുടങ്ങി:
‘‘ദുർമ്മരിയാദമിതെന്തൊരു കഷ്ടം!
സന്താപങ്ങളിവണ്ണം വരുവാ–
നെന്തൊരു കാരണമെന്നതു കേട്ടോ?’’
‘‘എന്തെന്നേതുമറിഞ്ഞില്ലിതു ബത
ചിന്തിച്ചാൽ ബഹു കഠിനം കഠിനം!’’
‘‘കുന്തീദേവിക്കേതാനും ചില
സന്താപങ്ങൾ ഭവിച്ചതുകൊണ്ടോ
ഭൂമിയിൽനിന്നിഹ വന്നവരാരാൻ
ധർമ്മതനൂജനു സുഖമില്ലെന്നൊരു
കല്മഷമുരചെയ്തീടുകകൊണ്ടോ
ഭീമനു സുഖമല്ലാഴികകൊണ്ടോ
വേളികഴിച്ചതിലേതാനും ചില
താളക്കേടു പിണഞ്ഞതുകൊണ്ടോ
രോദനകാരണമെന്തെന്നുള്ളതു
ചോദിച്ചറിവാനെന്തൊരുപായം?’’
ഇങ്ങനെ ചിലരു പറഞ്ഞുംകൊണ്ടുട–
നങ്ങു കടന്നു നടന്നു തുടങ്ങി;
ദേവൻമാർ ചിലർ തങ്ങളിലപ്പോ–
ളേവം നിന്നു പറഞ്ഞു തുടങ്ങി:
‘‘കുന്തീസുതനിതു വന്നുഭവിപ്പാ–
നെന്തൊരു കാരണമെന്നതു കേട്ടോ?’’
‘‘കുന്തീസുതനിതു വന്നുഭവിപ്പാ–
നുണ്ടൊരു കാരണമെന്നതു കേട്ടു;’’
‘‘എന്നാലായതുമുരചെയ്യരുതോ?’’
‘‘എന്നാലായതുമുരചെയ്തീടാം;’’
‘‘അതിനെന്തൊരു വൈഷമ്യമിദാനീം?’’
‘‘അതിനുണ്ടൊരു വൈഷമ്യമസാരം;’’
‘‘ആയതുമെന്നെക്കേൾപ്പിക്കരുതോ?’’
‘‘ആയതു തന്നെക്കേൾപ്പിച്ചീടാം;
‘‘നമ്മുടെ യജമാനന്റെ കളത്രം
പെൺമണിയാളാമുർവശിയിപ്പോൾ
തൻമകനാകിന പാണ്ഡവനേക്ക–
ണ്ടമ്മാത്രം ഹൃദി കൌതുകമുളവായ്;’’
‘‘മകനിൽ കൌതുകമുളവായ്‌വരുമതു–
സകല ജനത്തിനുമതിനെന്തിപ്പോൾ?’’

''അതുപോലല്ലിതിനൊണ്ടൊരു വിഷമം;''
''അതിനേക്കാളിതിനെന്തൊരു വിഷമം?''
''ഉത്തമനാകിന പാർത്ഥൻതന്നുടെ
ഗാത്രം പുണരണമെന്നൊരു മോഹം;''
''പുത്രനെയേററം കനിവുണ്ടായാൽ
ഗാത്രം പുണരാമതിനെന്തിപ്പോൾ?''
''അങ്ങനെയല്ലാ ശുദ്ധാത്മാവേ!
എങ്ങനെ തന്നൊടു കേൾപ്പിക്കേണ്ടു?''
''എങ്ങനെ താനതു കേട്ടെന്നാൽ പുന-
രങ്ങനെ നമ്മൊടു കേൾപ്പിക്കേണം;''
''മല്ലാക്ഷീമണിയുർവശിതന്നുടെ
വല്ലഭനാകണമർജ്ജുനനെന്നൊരു
സല്ലാപം ചെയ്തായതു വിജയനു
തെല്ലും സമ്മതമായതുമില്ലാ;''
''അയ്യോ! ശിവ ശിവ! കഷ്ടം! കഷ്ടം!
ദുര്യോഗം ബത കേൾക്കരുതേതും!''
''ഉർവശി പിന്നങ്ങെന്തുരചെയ്തു?''
''ഉർവശിയും നിജ കോപത്തോടേ
'അർണ്ണോജായതലോചനമാരൊടു
ഖണ്ഡിച്ചിങ്ങനെ ചൊന്നതിനാണും-
പെണ്ണുമതല്ലാതാക ഭവാനെ-
ന്നി'ങ്ങവൾ ശാപവുമേകിനടന്നാൾ;''
''നാരായണ! ശിവ! നാട്ടിനുകൂടെ-
പ്പോരാഴികവരുമെന്നേ വേണ്ടൂ;''
''നാരികളെന്നു പറഞ്ഞാൽത്തന്നെ
നേരില്ലാത്തൊരു കൂട്ടമിതല്ലോ?
ആരെന്നാലുമവർക്കു മനസ്സിൽ വി-
ചാരവുമില്ലൊരു ഭേദവുമില്ലാ
ഇട്ട കരത്തിനു കടികൂട്ടുന്നതി-
നൊട്ടും സംശയമില്ലിഹ നൂനം.''
ഇത്തരമോരോ ജനമുരചെയ്യും
വാർത്തകൾ കേട്ടു മഹേന്ദ്രനുമർജ്ജുന-
വൃത്താന്തങ്ങളറിഞ്ഞു തദാനീം
തത്ര സമാഗതനായിത്തരസാ
അത്തൽമുഴുത്തു വസിച്ചീടുന്നൊരു
പുത്രനെയമ്പൊടു കണ്ടൊരുനേരം
വിസ്തൃതമാകിന തന്നുടെ മാറിൽ
ചേർത്തു മുഹുർമുഹുരാശു പുണർന്നു

അത്തൽ കളഞ്ഞു സുരാധിപനുടനേ
ഇത്തരമങ്ങു പറഞ്ഞുതുടങ്ങി:

‘‘രോദിച്ചീടരുതുണ്ണീ! മേദിനീപാലാ! ഭവാൻ
ഖേദം കളഞ്ഞു ചിത്തേ മോദിച്ചു വാണുകൊൾക
ആനന്ദമൂർത്തി കൃഷ്ണൻ അനുകൂലമാകമൂലം
ആപത്തുകളിലൊന്നും അനുഭവിക്കയുമില്ലാ
കുരുക്കൾ പണ്ടോരോകൂട്ടം കുസൃതികൾചെയ്തില്ലയോ?
അരക്കില്ലം തന്നിലാക്കി അടച്ചു തീയും കൊളുത്തി
മരിക്കുന്ന വിഷം നല്കി മടിയാതെ കശ്മലൻമാർ
പെരുകും ഗംഗാജലത്തിൽ പരിചോടെ ബന്ധിച്ചിട്ടു
ഫലിക്കുമെന്നു കല്പിച്ചു പലകൂട്ടം ചെയ്തതൊന്നും
ഫലിയാഞ്ഞതു മുകുന്ദൻ പരമബന്ധുവാകയാൽ;
ഇതൊക്കെയും വിചാരിച്ചാൽ നിനക്കുള്ളിലെന്തിനിപ്പോൾ
മനഃക്ലേശമേതും വേണ്ടാ മഹിതഗുണാംബുരാശേ!
ഉർവശിയുടെശാപമുപകാരമായി വരും
ഉർവീരമണ വീരാ ഉചിതമിതു കേട്ടാലും:
വിജ്ഞാനികൾ നിങ്ങൾക്കു വനവാസം കഴിഞ്ഞെന്നാൽ
അജ്ഞാതവാസംതന്നിൽ അനുഭവിക്കയും ചെയ്യും!’’
ഏവമരുൾചെയ്തിതു ദേവനായകൻതാനും;
കുന്തീസുതനുമപ്പോൾ ഭാവം തെളിഞ്ഞുടനെ
ദേവനായകൻതന്റെ ചേവടിത്തളിർ കൂപ്പി
സാവധാനമൊന്നിച്ചു മേവുന്ന കാലത്തിങ്കൽ
ദിവ്യാസ്ത്രങ്ങളുമിന്ദ്രൻ സവ്യസാചിക്കു നല്കി
വരുണാസ്ത്രമിന്ദ്രാസ്ത്രവും കൈവല്യബ്രഹ്മാസ്ത്രവും
വൈഷ്ണവമാഗ്നേയമെന്നിത്യാദികളായുള്ളൊ—
രസ്ത്രങ്ങൾ വഴിപോലെ പുത്രനുപദേശിച്ചു
ചിത്രസേനനെന്നുള്ള ഗന്ധർവനോടും പിന്നെ
നൃത്തഗീതവാദ്യങ്ങളത്യന്തം പഠിപ്പിച്ചു,
പാർത്ഥസന്ദേശംകൊണ്ടു സൂത്രാമാവങ്ങു ധർമ്മ—
പുത്രാദികൾ വസിക്കും വൃത്താന്തം ബോധിപ്പാനായ്
രോമേശനെന്നു പേരാം മാമുനിവരനേയും
ഭൂമിയിൽ നിയോഗിച്ചു സാമോദമിന്ദ്രൻ പിന്നെ
വീരൻ വിജയനോടും വീര്യമായത്ര വാണു.

അങ്ങനെ വാഴുംകാലം സുരവര—
പുംഗവനായ മഹേന്ദ്രനൊരുന്നാൾ
സംഗരധീരനതാകും വിജയനെ—
യങ്ങുവിളിച്ചു വരുത്തി സമീപേ
തുംഗപരാക്രമിയാകിന വിജയനൊ—

ടിംഗിതമേവമിതരുളിച്ചെയ്തു:
''കുന്തീതനയ! ധനഞ്ജയ! മകനേ!
ചിന്തതെളിഞ്ഞിതു കേൾക്കണമുണ്ണീ!
ചിന്തയിലുണ്ടൊരു താത്പര്യം പുന-
രെന്തെന്നുള്ളതുമുരചെയ്തീടാം;
ശിക്ഷയിൽ നമ്മോടു ദിവ്യാസ്ത്രങ്ങൾ പ-
ഠിച്ചതിനിന്നു കുമാരക! നീയും
ദക്ഷിണ ചെയ്യണമെന്നു നമുക്കൊരു
പക്ഷവുമുണ്ടതു സാധിക്കേണം;
പട്ടും വളയും മുണ്ടും ചന്ദന-
മുട്ടികളെന്നിവ പൊന്നും പണവും
വെള്ളിത്തട്ടം പൊന്നുംവട്ടക
പട്ടുകിടക്കാ ചങ്ങലവട്ടക
മങ്ങലി കിണ്ടികൾ കോളാമ്പികളും
മുടുവുകൾ പെട്ടികൾ പട്ടുറുമാലുകൾ
പിടിമൊന്തകളിവയൊന്നുംതന്നെ
കിട്ടണമെന്നൊരു മോഹവുമില്ലാ;
ഇപ്പോഴഭിരുചിയെന്തെന്നാലതു-
മിപ്പോൾതന്നെ സാധിച്ചീടും
കല്പതരുക്കളിൽനിന്നുളവാകുമ-
നല്പധനങ്ങൾ നമുക്കതുമൂലം
സമ്പത്തുകളിവയൊന്നുംതന്നെ
സമ്പാദിക്കണമെന്നതുമില്ലാ.

ഇന്നൊരുകൂട്ടംമാത്രംകൊണ്ടൊരു
ദൈന്യതയുണ്ടതു സാധിക്കേണം;
നിന്നാലായതു സാധിച്ചീടും
നന്ദന! ഫൽഗുന! വിക്രമജലധേ!''

കൗന്തേയനുമുടനങ്ങറിയിച്ചു:
''ചിന്തിതമെന്തെന്നരുൾചെയ്യേണം
നിന്തിരുവടിയുടെ കൃപയുണ്ടായാ-
ലെന്തെങ്കിലുമതു സാധിച്ചീടാ-
മന്തരമില്ലിതിനടിയനിദാനീം
ചിന്തിതമെന്തെന്നരുൾചെയ്താലും.''
എന്നതു കേട്ടു മഹേന്ദ്രനുമുടനേ
നന്ദികലർന്നിദമരുളിച്ചെയ്തു:

''നിവാതകവചനതെന്നൊരു ദുഷ്ടൻ
നിശാചരാധിപനുണ്ടിഹ സവിധേ!
നിവാര്യനല്ലവനതിബലസഹിതൻ

നിതാന്തദൂഷണകരനായ്‌വന്നു;
നിശാന്തസുന്ദരിമാരെയുമവനിഹ
നിരാകുലം മുനിതരുണികളേയും
നിശാചരാധമനാശു ഹരിച്ചു
നികാരണം[1] ചെയ്തീടുന്നവനിഹ;
നിശാന്തമഖില[2] മടിച്ചു തകർത്തു
നിശാവിനാശം ചെയ്തിടുമവനെ
നിശാത[3] മാകിന ശരജാലത്താൽ
നിഷൂദനംചെയ്തമരജനാനാം
നിശാന്ത സുഖ[4]മരുളീടണമതിനിഹ
നിതാന്തമാഗ്രഹമുണ്ടു നമുക്കും;
തടിച്ച വാരിധിനിറത്തൊടൊക്കും
പെരുത്ത മാമലപോലെ തടിച്ചതി
കരുത്തനാകുന്നവനിഹ നമ്മുടെ
പുരത്തിലിങ്ങു കടന്നാൽ കോപാൽ
അനർത്ഥമോരോവക ചെയ്തീടും;
അമർത്ത്യവൈരിക്കുള്ളൊരു ഡംഭുക-
ളമർത്തിവയ്പാനോർക്കിലിദാനീം
അമർത്ത്യരാലിന്നാവതുമല്ലാ.

തടിച്ച രാക്ഷസക്കൂട്ടം ചൊടിച്ചും കല്പവൃക്ഷങ്ങളൊടിച്ചും കല്പനാശക്തി നടിച്ചും മാമുനിമാരെയടിച്ചും മാർഗത്തിലെത്തിച്ചരിച്ചും മദ്യവുമേററം കുടിച്ചും മാമുനിമാരെ പിടിച്ചും ദൂഷണം ചൊല്ലിച്ചിരിച്ചും ദേവവൃന്ദത്തെയടിച്ചും യാഗശാലകളഴിച്ചും യോഗിവൃന്ദത്തെപ്പഴിച്ചും കുണ്ഡങ്ങൾ കുത്തിയിടിച്ചും കുഞ്ഞിനെച്ചെന്നു പിടിച്ചും ഹേമപാത്രങ്ങളുടച്ചും ഹോമപാത്രങ്ങൾ പൊടിച്ചും വിത്തമെപ്പേരും മുടിച്ചും വിക്രമത്തോടേ തിരിച്ചും വാടകൾ കുത്തിയിടിച്ചും വീടുകൾ ചുട്ടുകരിച്ചും ഇങ്ങനെ ലോകം മുടിച്ചീടുന്നു നിത്യവും.

വാരിധിതന്നിൽ വസിച്ചീടുന്നൊരു
വൈരിയെ നിധനംചെയ്വാനിപ്പോൾ
സാരഥിയോടും വൈകാതേ മമ
തേരിൽ കേറിപ്പോകണമുണ്ണീ!
ഇങ്ങനെ വികൃതികൾകാട്ടുന്നവനെ
സംഗരസീമനി സപദി വധിച്ചാൽ
മംഗലമതുകൊണ്ടഖിലജനാനാ-

---

[1] നികാരണം = ഉപദ്രവം.
[2] നിശാന്തം = വീട്.
[3] നിശാത = മൂർച്ചകൂട്ടിയ.
[4] നിശാന്തസുഖം = അന്തഃപുരസുഖം.

മങ്ങു ഭവിച്ചീടും ദൃഢമുടനെ''
വൃത്രവൈരിയുടെ ശാസനമിങ്ങനെ
പാർത്ഥിവൻ ബത നിശമ്യ തദാനീം
ശക്തർ ചെയ്ത ചതിയുള്ളിൽ നിനച്ച—
ങ്ങെത്രയും ഹൃദി പെരുത്തൊരു കോപാൽ
ശസ്ത്രജാലവുമെടുത്തു തൊടുത്തുട—
നത്യുദാരഭുജവിക്രമി പാർത്ഥൻ
തത്ര മേവിന സുരാധിപനോടും
സത്വരം തൊഴുതു യാത്രയുണർത്തി;
വൃത്രവൈരിയതുകണ്ടു പ്രസാദി—
ച്ചത്ര തന്നുടെ കിരീടമെടുത്തു
പുത്രനൻപൊടു കൊടുത്തതിമോദാൽ
ഹസ്തപങ്കജമുയർത്തിക്കൊണ്ട്
''അസ്തു തേ ഗുണമനല്പഗുണാലയ!
സ്വസ്തി തേ വരിക വിക്രമജലധേ!''
ഇത്ഥമങ്ങുടനനുഗ്രഹമേകി
യാത്രയാക്കി സഹസാരഥിയോടും.

ചമ്പതാളം

തുഹിനകരകുലതിലകനവനിപതിയർജ്ജുനൻ
തുംഗപരാക്രമവാരിധി പാണ്ഡവൻ
സപദി നിജ ജനകനുടെരഥവരമമർന്നുടൻ
സാരഥിയോടും തിരിച്ചു ജിതശ്രമം
പരിചിനൊടു സുരനദി കടന്നു ചെന്നങ്ങനെ
വാരാന്നിധിതന്റെ തീരം പ്രവേശിച്ചു.
അരിവരനിലധികതര മതിശമൊടുമർജ്ജുനൻ
ആരാഞ്ഞു ശംഖം വിളിച്ചു ചൊല്ലീടിനാൻ:
''വരിക പടപൊരുവതിനു നിശിചരകുലാധമ!
വീരനെന്നാകിൽ നീ വൈകാതെ സന്നിധൗ
അമരവരപുരിയിലതിവിരവിനൊടു വന്നുടൻ
അന്നന്നനർത്ഥങ്ങൾ ചെയ്യുന്ന ദുർമ്മതേ!
നിശിചരരിലധികജള! നിശിതശരമെയ്തു ഞാൻ
നിഗ്രഹിച്ചീടുവൻ നിന്നെയും സാമ്പ്രതം.''
ഇത്ഥം വിജയന്റെ ദുർഭാഷണം കേട്ടു
ക്രുദ്ധനായേററം നിവാതകവചനും
അബ്ധിയിൽനിന്നങ്ങു ദാനവൻമാരൊടും
സാർദ്ധം പുറപ്പെട്ടുവന്നതിഭീഷണൻ;
കല്പാന്തമേഘനാദത്തിനനല്പം വി—
കല്പമങ്ങുദ്ഭവിക്കുംപടി കശ്മലൻ
ഉത്പന്നരോഷേണ സിംഹനാദംചെയ്തു

മുപ്പാരുമൊന്നു നടുങ്ങി ഭയങ്കരം
വൃത്തം കലർന്നുള്ള ചെമ്പുകിടാരത്തി–
നൊത്തുള്ള നേത്രങ്ങൾ രണ്ടും തുടുതുടെ–
ക്കത്തുന്ന തീക്കനൽക്കട്ടപോലേ ചുവ–
ന്നത്യന്തവേഗേന വന്നെതിർത്തഞ്ജസാ
യുദ്ധത്തിനെത്തി വിളിക്കും വിജയനോ–
ടുദ്ധതനായിപ്പറഞ്ഞീടിനാൻ ശഠൻ!
‘‘ആരെടാ നമ്മൊടു പോർചെയ്‌വതിന്നായി
നേരിടാമെന്നുള്ളിലോർത്തു വന്നിങ്ങനെ
പാരമധിക്ഷേപവാക്കുകൾ ചൊന്നതു
ചേരുമാറില്ലെന്നു ബോധിക്ക മാനസേ*
പാണ്ഡവൻ ഞാനെന്നു വർണ്ണിച്ച നിന്റെ
പൊണ്ണത്തമെല്ലാം നശിച്ചീടുമപ്പോൾ
ചണ്ഡരിപുകീട! കരദണ്ഡമതിലുണ്ടാം
ശൗണ്ഡതരബാണശതഷണ്ഡമതുകൊണ്ടു
മുണ്ഡമതുമിന്നു തവ ഖണ്ഡതരമാകും’’
കുന്തീസുതനുമുരത്താനീവണ്ണം! ‘‘നിൻ–
ചിന്ത നിർമ്മൂലം നിശാചരാ! പോടാ!

കുരുനൃപതിവരനൊടടൽ പൊരുതുവതിനോർക്കും
അരികളുടെ കുലമഖിലമിടിപൊടി തകർക്കും
കരുതുകടൽപൊരുകിലിഹ പടയൊടു നിനക്കും
അരനിമിഷമിടെയമരപുരിയതു ഗമിക്കാം.’’
ഇത്ഥം പറഞ്ഞു തമ്മിലടുത്തും കോപവും പാരം കടുത്തും
അസ്ത്രജാലങ്ങൾ ചൊരിഞ്ഞും അത്തൽകൂടാതെയൊഴിഞ്ഞും
അമ്പുകൾകൊണ്ടു മുറിഞ്ഞും വമ്പുകൾ തമ്മിൽ പറഞ്ഞും
ദൈത്യേന്ദ്രൻ പാരം കടുത്തും പാർത്ഥനെ വന്നു തടുത്തും
തമ്മിലന്യോന്യം കൊടുത്തും തായത്തിലെത്തിയടുത്തും
മാർവിടം കുത്തിപ്പൊടിച്ചും പാരാതെ കോപം മുഴുത്തും

കലഹവിധങ്ങളൊന്നു പകർന്നീടുന്നു
കലശലു ദിശി ദിശി വളർന്നീടുന്നു
രജനിചരനു മദം കുറഞ്ഞീടുന്നു
രണഭുവി വിജയനുമണഞ്ഞീടുന്നു
കരതലവിരുതൊന്നു കടുത്തീടുന്നു;
സംഗരമധികഭയങ്കരമായി–
ട്ടങ്ങു മുതിർന്നു തുടർന്നൊരു സമയേ

---

* ഇവിടെത്തുടങ്ങി അവസാനംവരെയുള്ള ഭാഗം പഴയ വായ്പാഠങ്ങളുമായി ഒത്തുനോക്കി ഉചിതസംസ്കരണത്തോടുകൂടി ചേർത്തിരിക്കുന്നു.

തുംഗനിശാചരവീരനെയർജ്ജുന—
നങ്ങു വധിച്ചു മറിച്ചവിടിട്ടു;
മംഗലമതുകൊണ്ടഖിലജനാനാ—
മങ്ങു സമാഗതമായി വിശേഷാൽ.
ഇന്ദ്രനുമധികം പ്രീതി കലർന്നു
നന്ദനനൻപൊടനുഗ്രഹമേകി:
''ജീവ ചിരം നീ ജിഷ്ണുകുമാരക!
ഭവതു മുഹുർമുഹുരതി കുശലം തേ''
ദേവകളവനുടെ തലയിൽ തൊട്ടു
കേവലമാശീർവാദവുമേകി
ചുററുംനിന്നുടനുപദേവകളും
കുററമകന്നു പുകഴ്ത്തി തദാനീം.

പദം. ആനന്ദഭൈരവി—ചെമ്പട

പല്ലവി

കല്യാണംദിശിദിശി കല്യാണം

അനുപല്ലവി

കല്യാണമൂർത്തിതൻ പദപല്ലവം സേവചെയ്താലും
അല്ലൽ തീർന്നു മല്ലവൈരികീർത്തികാം
സല്ലപിച്ചുമുല്ലസിച്ചു വാഴുക (കല്യാണം)

ചരണങ്ങൾ

1. ഇതുമൂലം—ദൈവമനുകൂലം
അതിബലബലവീര്യവുമതുലകുലപൂരവും
അതുലകീർത്തി വിമലപൂർത്തിയെന്നിവ
സകലമാശു സഫലമാക നൃപവര! (കല്യാണം)

2. മാനവവിരനർജ്ജുനൻ ദാനവരെക്കൊന്നു
ദീനത കളഞ്ഞു സുഖമോടു
ദാനവാരിമാനിനീ! ബഹുമാനമോടു
ഗാനമാശു തുടരുക (കല്യാണം)

3. പരിതോഷം—ജഗതീപരിതോഷം
പുരുഹൂതനന്ദനാ! പൂരുവംശജാതവീര!
പരിചിനോടു ഭുവനവീരരണിമണേ!
വിരവിനോടു വിജയശാലിയാക നീ (കല്യാണം)
കല്യാണം സുഖമേററവനങ്ങനെ
ഉല്ലാസേന കുറഞ്ഞൊരുദിവസം
സ്വർല്ലോകാധിപനോടും സുഖമൊടു
സ്വർല്ലോകത്തിൽ വസിച്ചു സുഖിച്ചു.

നിവാതകവചവധം ഓട്ടൻതുള്ളൽ
സമാപ്തം

ഭാഗം രണ്ട്

ശീതങ്കൻതുള്ളൽ

കല്യാണസൗഗന്ധികം

കുലഗിരിസമനായ കൊലയാനത്തലവന്റെ
കുലമെല്ലാമൊരുമ്പാടേ കൊലചെയ്തോരുമാകാന്തൻ[1]
കുലുങ്ങാതെ കരിവേഷം കലർന്നാശു വിരവോടേ
മലമകൾ പിടിയായി മലമൂട്ടിലെഴുന്നള്ളി
മലർബാണം തറച്ചാശു മലതന്റെ തടംതന്നിൽ
മലനാരിയൊടു ചേർന്നു പലകാലം രമിക്കുമ്പോൾ*
ഉലകിന്റെ ശുഭകർമ്മഫലമാശു വരുത്തുവാൻ
അലസാതെ പിറന്നാശു ബാലനായിട്ടിരിക്കുന്ന†
പരദൈവം ഗണനാഥൻ കലവിയോടടിയന്റെ
കലുഷത്തെക്കളഞ്ഞാശു പലനേരം തുണയ്ക്കേണം:
കലയേഹം നമസ്കാരം; കലയേഹം നമസ്കാരം.
കളവാണി സരസ്വതി തെളിവോടേ മനക്കാമ്പിൽ
വിളയാടിക്കളിക്കേണം കളങ്കങ്ങളകറേറണം;
കളികൾക്കുള്ളൊരുവിഘ്നം കളഞ്ഞെന്നെ തുണയ്ക്കേണം
തകഴിയിൽ മരുവുന്ന ഹരിഹരസുതനയ്യൻ
അകതാരിൽ പരിതാപമകലുവാൻ തുണയ്ക്കേണം‡

---

[1] കുലഗിരിസമനായ... കൊലചെയ്തോരുമാകാന്തൻ=ഉമാകാന്തൻ (ശിവൻ) ഗയൻ എന്നു പേരുള്ള അസുരനെ നിഗ്രഹിച്ച വൃത്താന്തം ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. അസുരൻ കുലപർവ്വതത്തിനു തുല്യനായ കൊലയാനയുടെ രൂപമെടുത്ത് മഹർഷിമാരെ ഉപദ്രവിക്കയും ശിവൻ പ്രത്യക്ഷപ്പെട്ടു ഗജരൂപം ധരിച്ചു അസുരനെ കൊന്ന് അവന്റെ തോലുരിച്ചു പുതയ്ക്കുകയും ചെയ്തു. അന്നുമുതല്ക്കാണ് ശിവനു കൃത്തിവാസസ്സ് എന്നു പേരുണ്ടായത്.

* 'മദനാരിയെഴുന്നള്ളിപ്പലനേരം രമിക്കുമ്പോൾ'
'മലനാരിയെഴുന്നള്ളിപ്പലനേരം രമിക്കുമ്പോൾ'—എന്നിങ്ങനെ പാഠാന്തരങ്ങൾ.

† 'അലസാതെ പിറന്നാശുബലനായിട്ടിരിക്കുന്ന'—പാഠാന്തരം; ആശുബലൻ—വേഗത്തിൽ ബലവാനായവൻ എന്നർത്ഥം പറയാം. ഉണ്ണിഗ്ഗണപതിയെന്ന അർത്ഥം വരുന്ന 'ബാലനായിട്ടിരിക്കുന്ന'—എന്ന പാഠമാണ് സ്വീകാര്യം.

‡ കളരിപാരമ്പര്യമുള്ള തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു.
'ഹരിഹരസുതനയ്യൻതിരുവടി അടിയന്റെ
മനതാരിൽ പരിഭവമകലുവാൻ തുണയ്ക്കേണം.'

വാനോർനദീപുരേ[1] വാണരുളീടുന്ന
ദീനാനുകമ്പിയാം കൃഷ്ണൻതിരുവടി
ദീനം കളഞ്ഞെന്നെ രക്ഷിച്ചുകൊള്ളണ–
മാനന്ദമുള്ളിൽ വളരെ വളർത്തണം;
ചെമ്പകനാട്ടിന്നലങ്കാരഭൂതനാം
തമ്പുരാൻ ദേവനാരായണസ്വാമിയും[2]
കമ്പം കളഞ്ഞെന്നെ രക്ഷിച്ചുകൊള്ളണം
കുമ്പിടുന്നേനിന്നു തൻപദാംഭോരുഹം.
നന്ദികാരണ്യമാം മന്ദിരേ[3] വാഴുന്ന
മന്ദാരദാരുവാം ബാലരവിയുടെ
നന്ദി വരുത്തുന്ന കണ്ടങ്കരിക്കാവി–
ലിന്ദുചൂഡപ്രിയേ! വന്ദേ ഭഗവതീ!
മന്ദേതരം മമ മന്ദത തീർത്തുടൻ
വന്നിസ്സഭതന്നിലൊന്നു വിലസണം.
കിള്ളിക്കുറിശ്ശിയെന്നുള്ള പുരംതന്നി–
ലുള്ള പരദൈവമുള്ളിന്നു നമ്മുടെ
കള്ളങ്ങളാകവേ തള്ളിപ്പുറത്താക്കി.

എന്നാണു മുദ്രിതപുസ്തകങ്ങളിലെ പാഠം. തകഴിയിൽ ശാസ്താവിനെയാണു നമ്പിയാർ സ്മരിക്കുന്നത്. അമ്പലപ്പുഴ താമസിക്കുന്ന കാലത്തെഴുതിയ തുള്ളലുകൾ മിക്കവയിലും 'തകഴി'യെന്ന ദേശനാമം ചേർത്തുതന്നെയാണ് തന്റെ ഇഷ്ടമൂർത്തിയെ നമ്പിയാർ സ്മരിച്ചിട്ടുള്ളത്.

'തകഴിയിൽ വാണരുളും നിലവയ്യാ' (കിരാതം—ഓട്ടൻ)
''തകഴീലയ്യനമ്പോടെന്നകതാരിൽ വിളങ്ങേണം''
(പുളിന്ദീമോക്ഷം—പറയൻ)
''തകഴിയിൽ കുടികൊള്ളുമീശ്വരനടിയനാശ്രയമെപ്പൊഴും''
(ത്രിപുരദഹനം—പറയൻ)

ഇത്യാദി ഭാഗങ്ങൾ കാണുക. ആ നിലയ്ക്കു നമ്പിയാരുടെ ആദ്യത്തെ തുള്ളലെന്നു വിശ്വസിച്ചുപോരുന്ന കല്യാണസൗഗന്ധികത്തിൽ,

''തകഴിയിൽ മരുവുന്ന ഹരിഹരസുതനയ്യൻ''

എന്നു ദേശനാമം ചേർത്തുതന്നെ ശാസ്താവിനെ സ്മരിക്കാനാണു ന്യായം.

1. വാനോർനദീപുരം = അമ്പലപ്പുഴ. അമ്പലപ്പുഴയെന്ന ശബ്ദത്തെ അംബരപ്പുഴയാക്കി, വാനോർ നദീപുരം എന്ന പര്യായം നിർമ്മിച്ചിരിക്കുന്നു.

2. ചെമ്പകനാട്ടിന്നലങ്കാരഭൂതനാം . സ്വാമി = ചെമ്പകശ്ശേരിരാജ്യം വാണരുളുന്ന ദേവനാരായണൻ. ദേവനാരായണൻ എന്നതു ചെമ്പകശ്ശേരി രാജാക്കൻമാരുടെ മാറാപ്പേരായിരുന്നു.

3. നന്ദികാരണ്യമാം മന്ദിരം = നന്തിക്കാട്ടുവീട്. ഈ വീട് തകഴിപ്പകുതിയിൽ കണ്ടങ്കരി മുറിയിലാണ്. കുട്ടനാട്ടിലെ കണ്ടങ്കരിക്കരയിൽ നമ്പിയാർ സ്മരിക്കുന്ന നന്തിക്കാട്ടുഭവനം ഇപ്പോഴുമുണ്ട്. ബാലരവി = ഉണ്ണിരവി. നന്തിക്കാട്ടുവീട്ടിലെ ഉണ്ണിരവിക്കുറുപ്പ് നമ്പിയാരുടെ ഗുരുവും രക്ഷാധികാരിയുമായിരുന്നു. ''ഉണ്ണിരവിയെന്നു പേരായ പൂരുഷൻ, പുണ്യപൂരാകരൻ നമ്മുടെ ദേശികൻ'' ''നന്ദികാടനിവാസിയാം ഗുരുബാലരവി'' ''ആചാര്യോത്തമൻ ബാലരവിയെന്നു പുകഴ്ന്നോരു ശ്രീചാരുസ്വരൂപൻ'' എന്നിങ്ങനെ പലയിടത്തും സ്മരിച്ചിരിക്കുന്നു.

വെള്ളത്തിരപോലെ തള്ളിപ്പരക്കുന്ന
വെള്ളസ്സരസ്വതീ[1] വള്ളിദീർഘങ്ങളും
പുള്ളി വിസർഗ്ഗമെന്നുള്ള വകകൾക്കൊ–
രെള്ളോളമിങ്ങൊരു കള്ളം വരാതെക–
ണ്ടുള്ളിൽ സദാ തിരുവുള്ളം ഭവിക്കണം;
തുള്ളൽക്കളങ്ങളിൽ പള്ളികൊള്ളേണമേ.*
ഭാഷയായിട്ടു ചമയ്ക്കുന്ന വാക്കുകൾ
ദോഷമകന്നു വരുത്തുവാൻ ദുർഘടം,
ശേഷമുള്ളാളുകൾ കേട്ടു നമ്മെക്കൊണ്ടു
ദൂഷണം കെട്ടിച്ചമയ്ക്കാനടുക്കയാൽ,
ഭോഷനായുള്ളോരെനിക്കു കനക്കവേ
ദൂഷണമെന്നു മനസ്സിലുറയ്ക്കുന്നു.
ഏറെത്തുടങ്ങിയാലൊന്നും ഫലം വരാ–
വാറില്ല വാക്കിനെന്നെല്ലാം വരുമിനി–
ക്കൂറുള്ളവർക്കും മുഷിച്ചിൽ തുടങ്ങുമി–
പ്പോറത്തമേറെപ്പറഞ്ഞു തുടങ്ങിയാൽ;
ആദരാലെങ്കിലും കോരി വിളമ്പിയാൽ
സ്വാദില്ലയെന്നു വരുമിനി നിർണ്ണയം;
പഞ്ചസാരപ്പൊടിയേററം ചെലുത്തിയാൽ
നെഞ്ചകത്തങ്ങു രുചിയും കുറഞ്ഞുപോം:
ചൊല്ലുന്ന കേൾക്കുമിപ്പാമ്പെന്നുറച്ചിട്ടു
പല്ലുതൊട്ടെണ്ണുവാനിച്ഛ തുടങ്ങൊലാ;
നെല്ലും പണങ്ങളുമുണ്ടെന്നുറച്ചിട്ടു
കല്ലിലും പുല്ലിലും തൂകിത്തുടങ്ങൊലാ;
നല്ലൊരു ബുദ്ധിമാൻമാരിക്കഥാസാര–
മെല്ലാമറിഞ്ഞു നിറഞ്ഞ സഭതന്നി–
ലുല്ലാസമോടേ പ്രയോഗിച്ചു കാണുകിൽ
കല്യാണമല്ലോ കവികൾക്കു സന്തതം;

---

1. വെള്ളസ്സരസ്വതി = ശുഭ്രവർണ്ണയായ സരസ്വതി; ഇവിടെ പരിശുദ്ധമായ വാക്കെന്നർത്ഥം.

* ''കിള്ളിക്കുറിശ്ശിയെന്നുള്ള പുരംതന്നിൽ'' എന്നുതുടങ്ങി "തുള്ളൽക്കളങ്ങളിൽ പള്ളികൊള്ളേണമേ'' എന്നുവരെയുള്ള ശീലുകൾക്ക് തുള്ളല്ക്കാരുടെ വായ്പാഠമനുസരിച്ചു താഴെ ചേർത്തിരിക്കുന്നവിധം പാഠഭേദം കാണുന്നു.

'കിള്ളിക്കുറിശ്ശിയെന്നുള്ള പുരംതന്നി–
ലുള്ള പരദൈവമുള്ളിന്നു നമ്മുടെ
കള്ളങ്ങളാകവേ തള്ളിപ്പുറത്താക്കി,
വെള്ളത്തിരപോലെ തള്ളിപ്പരക്കണം
വെള്ളസ്സരസ്വതീ; വള്ളി ദീർഘങ്ങളും
പുള്ളി വിസർഗ്ഗമെന്നുള്ള വിധങ്ങൾക്കൊ–
രെള്ളോളമിന്നൊരു കള്ളംവരാതെക–
ണ്ടുള്ളിൽ സദാ തിരുവുള്ളം ഭവിക്കണം.'

അംഭോജനാളത്തിലുൻമീലിതം പൊരു[1]—
ളൻപതു പത്തു രണ്ടിൽ പെരുക്കീട്ടുരു—
പഞ്ചാക്ഷരത്തടി ശാഖാ ലതാ പുഷ്പ—
സഞ്ചയന്തന്നിൽ മറഞ്ഞു നികരുന്ന
സന്താനവേദപ്പൊരുളുകൾ വച്ചിട്ട്,
താമരസാക്ഷന്റെ മെത്തേടെ താഴത്തു[2]
താങ്ങിക്കിടക്കുന്നവനെച്ചുമക്കുന്ന
വമ്പന്റെ കൊമ്പന്റെ കൊമ്പൊന്നൊടിച്ചോന്റെ
ചേട്ടനെപ്പേടിച്ചു നാട്ടീന്നു പോയോന്റെ
ചാട്ടിന്റെ കൂട്ടിന്റെ കോട്ടം തിമിർത്തവ—
ന്നുണ്ണിക്കഴുത്തറുത്തോരു പുരുഷനെ—
ന്നുള്ളിൽത്തെളിവോടു വന്നു തുണയ്ക്കണം.
കല്യാണശീലനാം കാർമുകിൽവർണ്ണനെ—
ക്കല്യാത്മഭാവേന വന്ദിച്ചുകൊണ്ടു ഞാൻ
കല്യാണസൗഗന്ധികാഖ്യം കഥാഭാഗ—
മുല്ലാസകാരണം ഭാരതസത്തമം
ചൊല്ലേറുമിക്കഥാലേശം ചുരുക്കി ഞാൻ
ചൊല്ലാൻ തുടങ്ങുന്നു ദേശികാനുഗ്രഹാൽ;
കല്ഹാരപുഷ്പം ഹരിച്ചോരു ഭീമന്റെ

---

[1] മനുഷ്യന്റെ സൂക്ഷ്മശരീരത്തിലുള്ള ഷട്ചക്രങ്ങൾക്കു മുകളിൽ ആയിരം ഇതളുള്ള താമരയിൽ ശിവൻ പാർവ്വതിയോടൊന്നിച്ചു സ്ഥിതിചെയ്യുന്നതായിപ്പറയുന്ന യോഗസിദ്ധാന്തം ഇവിടെ സൂചിതം. പഞ്ചാക്ഷരം=നമഃശിവായ എന്ന മന്ത്രം. ആയിരം ഇതളുള്ള താമരപ്പൂവിൽ സ്ഥിതിചെയ്യുന്നവരും മഹത്തായ പഞ്ചാക്ഷര മന്ത്രത്തിൽ മറഞ്ഞു നിറഞ്ഞിരിക്കുന്നവരും, വേദപ്പൊരുളുമായ പാർവ്വതീപരമേശ്വരൻമാരെ (മനസ്സിൽ) വച്ചിട്ട് (മനസ്സിൽ വച്ചുകൊണ്ട്).

[2] താമരസാക്ഷന്റെ മെത്തേടെ (അനന്തന്റെ) താഴത്തു താങ്ങിക്കിടക്കുന്നവനെ (ആദികൂർമ്മത്തെ) ചുമക്കുന്ന വമ്പന്റെ (പാലാഴിയുടെ) കൊമ്പന്റെ (പാലാഴിമഥനത്തിൽ പൊങ്ങിവന്ന ഐരാവതത്തിന്റെ) കൊമ്പൊന്നൊടിച്ചോന്റെ (കുംഭകർണ്ണന്റെ) ജ്യേഷ്ഠനെപ്പേടിച്ചു നാട്ടീന്നു പോയോന്റെ (രാവണനെപ്പേടിച്ചു ലങ്കവിട്ടുപോയ വൈശ്രവണന്റെ) ചാട്ടിന്റെ കൂട്ടിന്റെ കോട്ടം തിമിർപ്പവന്റെ (പുഷ്പകവിമാനത്തിനു കോട്ടം വരുത്തിയ രാവണന്റെ) ഉണ്ണിക്കഴുത്തറുത്ത പുരുഷൻ (പുത്രനായ അക്ഷകുമാരനെ ഹനിച്ച ഹനുമാൻ). ശിവനെ മനസ്സിൽ ധ്യാനിച്ചുകൊണ്ടിരിക്കത്തന്നെ ഹനുമാനും തുണയ്ക്കണമെന്നു പ്രാർത്ഥിക്കുകയായിരിക്കുമോ? ഈ പ്രഹേളികയ്ക്ക് അക്ലിഷ്ടമായ അർത്ഥകല്പന പ്രയാസം.

‘സന്താനവേദപ്പൊരുളുകൾ വേരിട്ട’—എന്നാണു പഴയ പാഠമെന്നു ചില തുള്ളൽക്കാർ പറയുന്നു അങ്ങനെയായാൽ സന്താനവേദപ്പൊരുളുകൾ വേരിട്ടവനും, ഉണ്ണിക്കഴുത്തറുത്തവനുമായ പുരുഷൻ (ഹനുമാൻ) എന്നന്വയിക്കാം. സന്താനവേദപ്പൊരുളുകൾ = ശിവനും പാർവ്വതിയും. അവർ വേരിട്ട = അവർ ബീജാവാപം ചെയ്ത. ശിവനും പാർവ്വതിയും വാനരരൂപം ധരിച്ചു വിഹരിച്ചപ്പോൾ പാർവ്വതിക്കുണ്ടായ ഗർഭത്തെ വായുവിനെ ഏല്പിച്ച്, വായു അത് അഞ്ജനയുടെ ഗർഭത്തിൽ രഞ്ജി

കല്യാണവിക്രമം വർണ്ണിച്ചു ചൊല്ലുവാൻ
തെല്ലും മതിയാകയില്ല ഞാനെങ്കിലും
വല്ലതും കിഞ്ചിൽ കഥിക്കെന്നേതേ വരൂ;
‘നല്ല വിദ്വാൻമാർ പറഞ്ഞു ഫലിപ്പിച്ചു
നല്ലൊരു കീർത്തി ലഭിച്ച കഥാമൃതം
കില്ലു കൂടാതെ കഥിപ്പാൻ തുടർന്നവൻ
നല്ല ഭോഷച്ചാരതിനില്ല സംശയ’—
മെന്നു പറഞ്ഞു പരിഹസിക്കുന്നവ—
രൊന്നു ബോധിക്കണമിന്നു മാലോകരേ!
മുന്നം ഭഗീരഥൻ പാരം പണിപ്പെട്ടു
മന്ദാകിനീജലം കൊണ്ടുവന്നാദരാൽ
മന്നിടംതന്നിൽ പരത്തി മഹാരഥൻ
തന്നുടെ മുമ്പിൽ മരിച്ച പിതൃക്കളെ
ഒന്നൊഴിയാതവൻ തർപ്പിച്ചു തർപ്പിച്ചു
ധന്യരെ സ്വർഗത്തിലാക്കിപോലും നൃപൻ;
അജ്ജലംതന്നിൽ മററുള്ള മഹാജനം
മജ്ജനം ചെയ്യുന്നു തർപ്പണം ചെയ്യുന്നു
ഗർജ്ജനം ചെയ്യുന്നപോലെ മഹീതലേ
ദുർജ്ജനം നമ്മെപ്പരിഹസിച്ചെങ്കിലും
അർജ്ജുനാഗ്രേഭവൻതന്റെ പരാക്രമം
വർജ്ജിച്ചു മറെറാന്നു വർണ്ണിക്കയില്ല ഞാൻ.
എങ്കിലോ പണ്ടു യുധിഷ്ഠിരൻ ഭീമനും
മങ്കമാർമൗലിയാം പാഞ്ചാലപുത്രിയും
മാദ്രീസുതൻമാരിരുവരുമവ്വണ്ണ—
മദ്രീവനാന്തേ നടക്കും ദശാന്തരേ,
ഗന്ധവാഹത്താൽ സമാഹൃതമായ സൗ—
ഗന്ധികം കണ്ടുടൻ കൗതുകാൽ പാർഷതി
ഗന്ധവാഹാത്മജൻതന്നോടു ചൊല്ലിനാ൦
ഗന്ധദ്വിപപ്രൗഢമന്ദസഞ്ചാരിണി!
‘‘കണ്ടാലുമാശ്ചര്യപുഷ്പമെൻ വല്ലഭ!
കണ്ടാൽ മനോഹരം കാഞ്ചനാഭം ശുഭം;
പണ്ടു ഞാനീവണ്ണമുള്ളൊരു വസ്തുവെ—
ക്കണ്ടറിയുന്നീല കാന്ത! ധരിക്കെടോ;
തണ്ടാർമധുരസം തെണ്ടിപ്പറക്കുന്ന
വണ്ടുകളെല്ലാം മുരണ്ടു കുതൂഹലം—
പൂണ്ടു, വനങ്ങളിൽ പണ്ടുള്ള പുഷ്പങ്ങ൦—
കൊണ്ടുള്ളനുഭവം തെണ്ടുന്നതല്ലെന്നു

പ്പിച്ച്, അങ്ങനെ അഞ്ജനാപുത്രനായിട്ടാണല്ലോ ഹനുമാന്റെ ജനനം. ‘ശ്രീമഹാദേവന്റെ ബീജേന ജാതനാം ശ്രീഹനൂമാൻ’—എന്നിങ്ങനെ കഥയിൽ ഹനുമാനെ കവി അവതരിപ്പിക്കുന്നതും ശ്രദ്ധേയം,

കണ്ടുടൻ വൃന്ദവുംകൊണ്ടു[1]പുറപ്പെട്ടു
മണ്ടിവരുന്നതും കണ്ടീലയോ ഭവാൻ!
കണ്ടിവാർകേശിമാർക്കുണ്ടാം ദുരാഗ്രഹം—
കൊണ്ടല്ല ഞാനിതുകൊണ്ടു പറയുന്നു
രണ്ടു ഭാവം നിനക്കുണ്ടാകവേണ്ടെടോ!
രണ്ടുനാലെങ്കിലും കൊണ്ടുവന്നീടണം,
ഉണ്ടു കനിവെങ്കിൽ വേണ്ടുവോളം; മതി—
കുണ്ഠിതം കൂടാതെ മണ്ടിഗമിച്ചിതു—
കൊണ്ടുവരാൻ നിനക്കുണ്ടു പരാക്രമം.
കണ്ട ശൈലങ്ങളും കണ്ട വൃക്ഷങ്ങളും
കണ്ടകക്കൂട്ടവും കണ്ടാലതു ഗദ—
കൊണ്ടു തകർത്തു തിമിർത്തു ഗമിപ്പതിൽ
വേണ്ടും ബലം നിനക്കുണ്ടെന്നു നിർണ്ണയം.
പണ്ടെടോ നിൻകരംകൊണ്ടു ഹിഡിംബന്റെ
കണ്ഠം പിടിച്ചാശു കണ്ടിച്ചെറിഞ്ഞതും
ശുണ്ഠിച്ചു വന്നൊരു കിർമ്മീരനെബ്ഭവാൻ
മണ്ടിച്ചുവെന്നല്ല രണ്ടായ്പിളർന്നതും
കുണ്ഠത്വമെന്യേ ബകനെ വധിച്ചതും
കണ്ടു കേട്ടുള്ളിലുറപ്പുണ്ടെനിക്കെടോ!
ഉത്തരാശാമുഖംതന്നിൽനിന്നെത്രയും
ഉത്തമമായൊരു സൗരഭ്യമിങ്ങനെ
സത്വരം വന്നതു സൂക്ഷിച്ചറിക കേൾ
സത്ത്വവാനല്ലോ സമീരസൂനോ ഭവാൻ;
ഇത്തരം പുഷ്പങ്ങളെങ്ങാനുമുണ്ടെന്നു
ചിത്തരംഗത്തിലെനിക്കുണ്ടു നിശ്ചയം;
തത്ര ചെന്നാശു ഹരിക്ക ഭവാനെങ്കി—
ലത്രനിന്നാശു ഗമിച്ചാലുമാദരാൽ;
എത്രയും മോഹം നമുക്കിങ്ങതിന്നു നീ
പാത്രമെന്നുള്ളതും സന്ദേഹമില്ലെടോ!
'പെണ്ണിന്റെചൊൽ കേട്ടു ചാടിപ്പുറപ്പെട്ടു
പൊണ്ണൻ മഹാഭോഷനയ്യോ! മഹാജളൻ!
ഖണ്ഡിച്ചുരപ്പാൻ വശതയില്ലായ്കയാൽ
ദണ്ഡിക്കുമാറായി വന്നു വൃഥാഫലം'
ഇത്യാദി നമ്മെ ദുഷിക്കും മഹാലോക—
രത്യാഗ്രഹംമൂലമെന്നു ശങ്കിച്ചു നീ
ചിത്തേ വിഷാദിച്ചു നില്ക്കേണ്ട വല്ലഭ!
പത്ഥ്യമല്ലെങ്കിൽ പറഞ്ഞതുമില്ല ഞാൻ.
ധർമ്മാടവീവാസിയാകുന്ന രാഘവൻ
തൻമാനിനീവാക്കു കേട്ടു മോഹിക്കയാൽ

---

1. വൃന്ദവുംകൊണ്ടു=കൂട്ടംകൂടി.

പൊൻമാനിനെപ്പിടിപ്പാനായ് പുറപ്പെട്ടു
തൻമായകൊണ്ടുഴന്നോടി വാഴും വിധൗ
വൈദേഹിയെക്കട്ടുകൊണ്ടുപോയീടിനാൻ
വൈദേഹികവ്യാജസന്ന്യാസി രാവണൻ;
വാമാക്ഷിവാക്യം പ്രമാണിക്കകാരണം
രാമാദികൾക്കുമബദ്ധം പിണഞ്ഞുപോൽ
എന്നതുകൊണ്ടു പറഞ്ഞിതു വല്ലഭ!
എന്നുടെ ചൊൽകേട്ടബദ്ധം ഭവിക്കൊലാ
തന്നുടെ ബുദ്ധ്യാ വിചാരിച്ചുറച്ചതു
നന്നെങ്കിലിങ്ങനെ വേണമെന്നാഗ്രഹം.’’

ദ്രുപദനന്ദിനി തന്റെ വചനമിങ്ങനെ കേട്ടു
നൃപതി മാരുതി ഭീമൻ ചിരിച്ചുകൊണ്ടുരചെയ്തു:
‘‘ചപലസ്ത്രീകളെപ്പോലെ കഥിക്കുന്നെന്തെടോ ബാലേ!
സഫലം നിന്നുടെ കാര്യം സപദി സംഭവിച്ചീടും
ശുകവാണീമണേ! നിന്റെ ഹിതമെന്തെങ്കിലും ചെയ്‌വാൻ
സുകരം മാരുതിക്കിന്നു ധരിക്ക നീ മഹാഭാഗേ!
ധരണീ സ്വർഗ പാതാളപ്രദേശങ്ങൾ മുഴുവൻ ഞാൻ
തിരഞ്ഞു കാഞ്ചനപുഷ്പം വിരഞ്ഞു കൊണ്ടുപോരുമ്പോൾ
സുരൻമാർ ദാനവൻമാരും നരൻമാർ പന്നഗൻമാരും
ചരൻമാർ ചാരണൻമാരും പരൻമാർ പാർത്ഥിവൻമാരും
കടുക്കും കോപമോടെന്നെത്തടുക്കുംനേരമേ പാഞ്ഞ–
ങ്ങടുക്കും ഞാൻ ഗദ കൈയ്യിലെടുക്കും സംഗരേ നല്ല
മിടുക്കും വീര്യശൗര്യങ്ങൾ നടിക്കും കശ്മലൻമാർക്കി–
ട്ടിടിക്കും കൈകളും കാലുമൊടിക്കുംദേഹമെപ്പേരും
പൊടിക്കും ഭൂമിയിലുള്ള പൊടിക്കും പാത്രമാക്കും ഞാൻ
ഇടിക്കും മുഷ്ടികൾകൊണ്ടു പിടിക്കും മർദനംചെയ്യു–
മടിക്കും താഡനംചെയ്യും മുടിക്കും വൈരിവൃന്ദത്തെ
കടിക്കും പാമ്പിനെപ്പോലെ കടക്കും മന്ദിരന്തന്നിൽ
കിടക്കും വിത്തവും വാരിക്കൊടുക്കും വിക്രമമെല്ലാം
അടക്കും സ്ഥാനമാനങ്ങൾ മടക്കമെന്നിയേ വിശ്വ–
മടക്കും ഭീമസേനൻ ഞാൻ നടക്കുമിങ്ങനെ ചെററു
മടക്കം മാരുതിക്കില്ല മടവാർമാലികേ ബാലേ!
വടക്കു ദിക്കിനെ നോക്കി നടക്കും പർവതമാശു
കടക്കും നമ്മുടെ മാർഗം മുടക്കും വൈരികളെല്ലാം
കടക്കും കാലഗേഹത്തിൽ കിടക്കും കുംഭിപാകത്തിൽ;
പൊടുക്കെന്നാശു നിൻകാര്യം ലഭിച്ചു പോരുവൻ ഭീമൻ.’’

ഇത്ഥം പറഞ്ഞു ഗദയും വഹിച്ചുകൊ–
ണ്ടുത്ഥാനവുംചെയ്തു ഗന്ധവാഹാത്മജൻ

ഉത്തരാശാമുഖം നോക്കിപ്പുറപ്പെട്ടു
സത്വരാഹങ്കാരഗംഭീരപൂരുഷൻ.
അഗ്രഭാഗേ രണ്ടു പന്തി നിരക്കവേ
അഗ്രഹാരം കണ്ടു കൗതുകംപൂണ്ടുടൻ
നിഗ്രഹാനുഗ്രഹാധികൃതപ്രൗഢരാം
വിപ്രലോകാഗ്രേസരസന്മാരെ വന്ദിച്ചു
വിഗ്രഹശക്തനാം വീരൻ വൃകോദരൻ
വ്യഗ്രതാഹീനം നടന്നു തുടങ്ങിനാൻ
ഉഗ്രമാം കാനനംതന്നിലകംപുക്കു
ദുർഗ്രഹക്രൂരധീരാകാരപൂരുഷൻ
നക്ഷത്രമാർഗത്തിലെത്തിക്കിളർന്നോരു
വൃക്ഷങ്ങൾ കണ്ടുടൻ വിസ്മയിച്ചീടിനാൻ
ലക്ഷകോട്യർബുദം[1] ധൂളീ പരാർദ്ധവും
ലക്ഷീകരിക്കയില്ലെണ്ണിത്തുടങ്ങിയാൽ;
താലം തമാലവും നക്തമാലങ്ങളും
സാലം രസാലവും ഹിന്താലജാലവും
അർജ്ജുനം കേസരം നീലം പലാശവും
സർജ്ജകം ഖർജ്ജുരം കാരസ്കരങ്ങളും
ചൂതം പനസവും ശിംബികാ ചമ്പകം
മാതുലുഗങ്ങളും മാകന്ദവൃന്ദവും
പുന്നാഗനാഗപ്രിയാളദ്രുമങ്ങളും
പിന്നെബ്ബകുളങ്ങൾ പൂപ്പാതിരികളും
അശ്വത്ഥജാലം കപിത്ഥദ്രുമങ്ങളും
ശശ്വത്തണലുള്ള പേരാൽസമൂഹവും
ഈട്ടിയും തേക്കും തിലകദ്രുമങ്ങളും
ചോട്ടിൽ പതിക്കും ചുഴലിവൃക്ഷങ്ങളും
അത്തിയുമിത്തിയും പിന്നെപ്പരുത്തിയും
പൂത്തെലഞ്ഞീ കൃതമാലജാലങ്ങളും
മന്ദാര കുന്ദ കുരണ്ഡ ഷണ്ഡങ്ങളും
കന്ദരാളങ്ങളും കാട്ടുപുഷ്പങ്ങളും
തിന്ത്രിണീവൃക്ഷങ്ങൾ വംശദ്രുമങ്ങളും
ലന്തവൃക്ഷങ്ങളും ജംബൂകദംബവും
ജംബീരവൃക്ഷവും ശിഗ്രുദ്രുമങ്ങളും
തുംബീലതകളും താംബൂലിക്കൂട്ടവും
ഗുഞ്ജാനികുഞ്ജവും മല്ലികാവല്ലിയും
മുഞ്ഞവല്ലീകളും മാലതീജാലവും
ഇപ്രകാരം പുഷ്പവല്ലീതൃണങ്ങളാൽ
തൽപ്രദേശം മഹാ ഘോരം വനാന്തരം

---

[1] അർബുദം=പത്തുകോടി. 'ധൂളി' 'പരാർദ്ധം' = ഇതൊക്കെ വലിയ സംഖ്യകളുടെ പേരുകൾ.

ക്‌ഷിപ്രം പ്രവേശിച്ചു ഭീമസേനൻ മുദാ
തൽപ്രദേശം കണ്ടു സന്തുഷ്‌ടമാനസൻ
എട്ടു ദിഗന്തങ്ങൾ പൊട്ടുമാറുച്ചത്തി–
ലട്ടഹാസോദ്‌ഭടം പൊട്ടിച്ചിരിക്കയും
പെട്ടെന്നു മാനത്തു മുട്ടും മരാമര–
ക്കൂട്ടങ്ങളിൽ ഗദാഘട്ടനം ചെയ്‌കയും,
ചട്ടറ്റ വൃക്‌ഷങ്ങൾ പൊട്ടിത്തകർന്നാശു
മുട്ടിപ്പതിക്കുന്ന കോലാഹലങ്ങളും
ഒട്ടല്ല തങ്ങളിൽ കെട്ടി ദ്രുമശ്രേണി
കെട്ടിപ്പിണഞ്ഞാശു പൊട്ടുന്ന ഘോഷങ്ങൾ
കേട്ടു പാരം ഭയപ്പെട്ടു മൃഗങ്ങളും
തെറ്റെന്നു മണ്ടിഗമിക്കും പ്രകാരവും
പെട്ടെന്നൊരു മരം പൊട്ടിപ്പിളർന്നാശു
മറ്റൊരു വൃക്‌ഷേ പതിക്കുന്ന നേരത്തു
മറ്റതും ഖണ്‌ഡിച്ചുമറ്റതിൻമേൽ വീണു
മറ്റതും മറ്റതും മറ്റതും ഭസ്‌മമായ്‌;
മുറ്റും മരങ്ങളിൽ ചുറ്റുന്ന വള്ളികൾ
ചുറ്റും ഗദാഘാതമേറ്റുടൻ മൂലങ്ങ–
ളറ്റു മരങ്ങളിൽ ചുറ്റും വെടിഞ്ഞാശു
ചുറ്റും തകർന്നാശു മുറ്റും പതിക്കയും
ഈറ്റപ്പുലികളും സിംഹഗജങ്ങളും
ചേറ്റിൽ കിടക്കുന്ന പന്നിത്തടിയനും
ഏറ്റു പുറപ്പെട്ടു പാഞ്ഞടുക്കുംവിധൗ
കാറ്റിൻമകൻ ഗദാചക്രം തിരിക്കുന്ന
കാറ്റു മാത്രം മെയ്യിലേറ്റൊരു നേരത്തു
പാറ്റകൾപോലെ പലായനംചെയ്‌കയും
അത്യുന്നതം ഗന്‌ധമാദനപർവതം
അത്യന്തവിസ്‌താരമത്യദ്‌ഭുതം പരം
ഉത്തുംഗശൃംഗങ്ങൾ നക്‌ഷത്രമാർഗത്തി–
ലെത്തുന്നതൊട്ടല്ല പത്തുനൂറായിരം;
കത്തുന്ന തീക്കനൽജ്വാലാകലാപത്തി–
നൊത്തുള്ള രത്‌നപ്രകാശങ്ങളങ്ങനെ
കുത്തിയൊഴുകുന്ന പൂഞ്ചോലവാരിയിൽ
തത്തിക്കളിക്കുന്ന മത്‌സ്യ നക്രങ്ങളും
പാതാളരന്‌ധ്രത്തിനൊക്കും ഗുഹകളിൽ
ചേതസി മോദാൽ കളിച്ചു വസിക്കുന്ന
വേതാളപാളിയും കാളിയും കൂളിയും
ഭൂതാളി പൂതനാജാലങ്ങളും ക്വചിൽ;

പ്രേതാശരബ്രഹ്മരക്ഷോഗണങ്ങളും
ഏതാനുമല്ലൊരു ലക്ഷവും കോടിയും
വാതവേഗങ്ങളാം മാനും കലകളും
മതംഗയൂഥവും സിംഹഗണങ്ങളും
വള്ളിപ്പുലികൾ വരിയൻപുലികളും
പുള്ളിപ്പുലികൾ കരിമ്പുലിക്കൂട്ടവും
വള്ളിക്കുടിലകത്തുള്ളിൽ കടന്നങ്ങു
തുള്ളിക്കളിക്കുന്ന പുള്ളിമാൻപേടയ്ക്കു
കൊള്ളിക്കുമാറുള്ള ബാണം പ്രയോഗിച്ചു
കൊല്ലുന്ന കാട്ടാളജാതിയെക്കാൺകയാൽ
ഉള്ളിൽ ഭയംപൂണ്ടു മണ്ടും മൃഗങ്ങളെ
തായത്തിലെത്തിപ്പിടിച്ചു കടുക്കെന്നു
വായിലാക്കിക്കൊണ്ടു പാഞ്ഞുപോകും കടു–
വായും പുലികളും ചെന്നു വലകളിൽ
ചാടിക്കിടന്നുഴന്നീടുന്ന നേരത്തു
പാടേ മുടിപ്പാനൊരുമ്പെട്ടുറച്ചുടൻ
ഓടിവന്നീടുന്ന വേടൻ കണകൊണ്ടു
പാടനംചെയ്തു വധിക്കും പ്രകാരവും
പേടിച്ചൊളിക്കുന്ന ചെമ്പുലിക്കൂട്ടങ്ങ–
ളോടേ കലമ്പുവാനായ് വന്നടുത്തിടും
എട്ടടിമാനിനെപ്പെട്ടെന്നു കുന്തത്തി–
ലിട്ടു കളിപ്പിച്ച കാട്ടാളരാജന്റെ
ചട്ടററ വിക്രമംകൊണ്ടു പുകഴ്ത്തുന്ന
കാട്ടാളരാജനും കൂട്ടരുമൊക്കെവേ
വേട്ടയ്ക്കു കോപ്പുകൾ കൂട്ടിപ്പുറപ്പെട്ടു
കാട്ടിൽപ്പരന്നതും കണ്ടു വൃകോദരൻ.
ചെമ്പിച്ച താടിയും മീശയും കേശവും
വമ്പിച്ച കൈകളിൽ വില്ലും ശരങ്ങളും
ചെമ്പരത്തിപ്പൂകണക്കെ നേത്രങ്ങളു–
മമ്പിളിപോലെ വളഞ്ഞുള്ള പല്ലുകൾ
അഞ്ജനപർവതംപോലെ ശരീരവും
ഗുഞ്ജാഫലംകൊണ്ടു കോർത്തുള്ള മാലകൾ
കുഞ്ജരൻമാരുടെ കുംഭതടങ്ങളെ–
ബ്ഭഞ്ജനംചെയ്തങ്ങതിൽപെട്ട മുത്തുകൾ
അഞ്ജസാ കുത്തിത്തുളച്ചു കോർത്തങ്ങനെ
സഞ്ജാതമായുള്ള മാലാകലാപവും
മഞ്ഞക്കുറികളും മായൂരപിഞ്ഛവും
മഞ്ചാടിമാലയും മാറിൽ പലതരം

ഉച്ചത്തിലുള്ളൊരു കണ്ഠനാദങ്ങളും
മെച്ചത്തിലുള്ളൊരു വീര്യഭാവങ്ങളും
കച്ചകെട്ടിച്ചില തൊങ്ങലും വാലുമി—
ട്ടത്യന്തഘോഷമാം വേഷം ഭയങ്കരം
കുണ്ഠേതരം നല്ല നായാട്ടുനായ്ക്കടെ
കണ്ഠേ ഘണാഘണസംഘോഷശൃംഖല—
കൊണ്ടു മുറുക്കിപ്പിടിച്ചു പിൻഭാഗത്തു
മണ്ടിച്ചുകൊണ്ടു നടക്കുന്നിതു ചിലർ;
ബഭാ കുരയ്ക്കുന്ന വമ്പനും നല്ല ക—
റുമ്പൻ വെളുമ്പനും മുണ്ടനും നീളനും
ചാത്തനും കുഞ്ഞനും പാണ്ടൻ വറണ്ടനും
ചാടി മൂക്കത്തു കടിക്കുന്ന വെള്ളുവും
കുക്കുടത്തെപ്പിടിച്ചീടുന്ന കള്ളനും
ദുഷ്കരം മുഷ്കരനാം മുറിവാലനും
ഒക്കെ ഞെട്ടിച്ചുടൻ ‘ബബ്ബഭൗ’ എന്നൊരു
ശബ്ദമക്കാടകത്തൊക്കെ പരന്നു തേ;
വാട്ടം വെടിഞ്ഞു നായാട്ടിന്നടുക്കുന്ന
കാട്ടാളർ തമ്മിൽ വിളിച്ചു പറകയും
‘‘കാട്ടിടെച്ചാടിയതോട്ടൂടെ ഓടിവാ!
കൂട്ടു വില്ലമ്പുകൾ നോക്കെടാ പന്നിയെ,’’
‘‘ഹാഹഹാ! ഞാനെയ്ത പന്നി’’യെന്നും ചിലർ
‘‘പൂപുപൂ! നീയല്ല ഞാനെയ്ത’’താണെന്നും
‘‘ഹാഹഹാ ഹൂഹുഹൂ’’ എന്നുടൻ തങ്ങളിൽ
ഭീമമായോരു കലശലെന്നേ വേണ്ടു.
ഭീമൻ വലിയ ഗദയുമെടുത്തുടൻ
ഭീമപരാക്രമി കാനനാന്തേ മുദാ
‘‘പന്നിത്തടിയനെൻ കൺമുമ്പിൽ വന്നെങ്കി—
ലന്നേരമെന്റെ മിടുക്കു കാണാമെടോ!
ഒന്നിച്ചൊരമ്പതു പന്നിത്തടിയരെ—
ക്കൊന്നീടുവാൻ മടിയില്ലാ നമുക്കെടോ!
വേട്ടയ്ക്കു നല്ല മിടുക്കുള്ള നമ്മുടെ
ചേട്ടന്റെ വക്കാണമിക്കാലമൂർദ്ധ്വമായ്
കേട്ടീലയോ നിങ്ങളിന്നെന്റെ ചങ്ങാതി!
കെട്ടിയ പെണ്ണിനെച്ചെന്നവൻ തൊട്ടുപോൽ!
കൂട്ടത്തിലുള്ളവർകൂടി നിരൂപിച്ചു
ചേട്ടനെത്തല്ലിപ്പുറത്തിറക്കീടിനാർ,
ചാട്ടം പിഴച്ച കുരങ്ങനെപ്പോലവൻ
കൂട്ടം പിരിഞ്ഞങ്ങു പോയെന്നറഞ്ഞീല;

എന്തെങ്കിലും കാട്ടുജന്തുക്കളെക്കൊന്നു
തന്തയ്ക്കു തിൻമാൻ കൊടുക്കുന്ന നമ്മുടെ
കുന്തം മുറിഞ്ഞുപോയെന്നതു കാരണ—
മെന്തിനി വേണ്ടുവന്നറിഞ്ഞീലിണങ്ങരേ!
മാനിനെക്കൊല്ലുവാൻപോലുമൊരായുധം
ഞാനിനിക്കണ്ടീല കള്ളമല്ലേതുമേ;
മാനിച്ചു നിങ്ങൾ വേട്ടയ്ക്കു പോകുന്നതും
ഞാനിങ്ങനെ കണ്ടിരിക്കുമാറായിതു;''
''കൈകളും വീശിപ്പുറപ്പെടുന്നെന്തു താൻ:
അയ്യോ! ചുമടെടുപ്പാനല്ല പോകുന്നു;
മെയ്യോടു നേരിട്ടടുക്കുന്ന വൻപുലി
കൈയോങ്ങിയാലങ്ങു മാറുമോ വേടരേ!
നോക്കെടാ വേടരേ! നീയുമെന്തിങ്ങനെ
തോക്കെടാതെ പുറപ്പെട്ടു നായാട്ടിനു?''
''തോക്കും പണയത്തിലാക്കിയാനമ്മാവ—
നോർക്കുമ്പൊളീവകയ്ക്കാർക്കുമില്ലായുധം
കള്ളും കറുപ്പും കൊതിച്ചവൻ തൻകൈയി—
ലുള്ളതെല്ലാം വകയാക്കിപ്പതുക്കവേ
ഭള്ളും പറഞ്ഞു നടന്നെപ്പോഴും കടം—
കൊള്ളുന്നുപോലെന്തുചെയ്യാമിണങ്ങരേ!
തള്ളയ്ക്കുമങ്ങിവൻ പിള്ളയ്ക്കുമങ്ങിവൻ
പള്ളയ്ക്കുരിക്കഞ്ഞിപോലുമില്ലാതെയായ്
കായ്കനി തിന്നു വെള്ളം കുടിച്ചങ്ങനെ
ചാകാതെകണ്ടു പൊറുക്കുന്നു ഞങ്ങളും;
ആകാത്തനാളിൽപിറന്ന നാം കാശിക്കു
പോകാത്തതല്ലയോ കഷ്ടമെൻ വേടരേ?''
മറ്റൊരു വേടൻ പറഞ്ഞാ''നതു തന്റെ
കുറ്റമല്ലേതുമേ കേട്ടുകൊണ്ടീടുക
കൊറ്റിനില്ലാത്തവൻ കോപ്പു മോഹിക്കുമോ?
വറ്റിനില്ലാത്തവൻ പാൽ കുടിച്ചീടുമോ?
വീട്ടിലുണ്ടെങ്കിൽ വിരുന്നുചോറും കിട്ടു—
മൂട്ടിലും കിട്ടാ ദരിദ്രനെന്നാകിലോ;
കാട്ടിൽ കിടന്നു പൊറുക്കുന്ന നമ്മളും
വീട്ടിലിരന്നു നടക്കുന്നതേ ഗുണം;
നെല്ലും പണങ്ങളും നല്ല ഗൃഹങ്ങളും
തെല്ലും കുറവില്ല നാടു വാണീടിനാൽ
കല്ലും മരങ്ങളും പുല്ലും പുഴുക്കളു—
മല്ലാതെയില്ലെടോ! കാടു വാണീടിനാൽ

കൊല്ലും മൃഗങ്ങടെ വായിൽപിറന്ന നാ—
മെല്ലാവരും വളരുന്നതു വിസ്മയം!
ചൊല്ലുന്നതപ്പൊഴേ കേൾക്കാത്ത ഭൃത്യരെ—
ത്തല്ലുന്ന കാരിയക്കാരനെപ്പേടിച്ചു
കല്ലു പേറിത്തലക്കുത്തും പിടിപെട്ടു
ചെല്ലുന്ന നേരത്തു കാട്ടാളമന്നവൻ
നല്ലൊരുവാക്കു പറകയില്ലെന്നല്ല
വല്ലാത്ത വല്ലായ്മയുണ്ടാക്കുമപ്പൊഴെ
കൊള്ളിവാക്കല്ലാതെ ചൊൽകയുമില്ലവൻ
കൊള്ളാമിതിൽപരമുണ്ടൊരു സങ്കടം
ഉള്ളിയും മഞ്ഞളും പൂശിച്ചമഞ്ഞങ്ങു
വള്ളിക്കുടിലകത്തുള്ളിൽക്കിടക്കുന്ന
കാട്ടാളനാരി കല്പിക്കുന്ന കല്പന
കേട്ടെന്നിയേ ചോറു കിട്ടാ നമുക്കെടോ!
ചേട്ടകൾക്കൊട്ടും വെടിപ്പില്ലവരുടെ
കൂട്ടത്തിലൊന്നില്ല നന്നെന്നു ചൊല്ലുവാൻ
കാട്ടാളനാരിയെക്കണ്ടാൽ കുളിക്കണം
കേട്ടാൽ കലമ്പുമേ വേടർക്കുതമ്പുരാൻ;
വേട്ടാളുടെ ശീലമായവർക്കും വരും
വേട്ടാളനെപ്പോലെ തൻനിറമാക്കുവാൻ
കാട്ടാളരെപ്പോലെ മററാരുമില്ലെന്നു
കേട്ടാളുകൾക്കൊക്കെ ബോധംവരും ദൃഢം;
അച്ചിക്കു ദാസ്യപ്രവൃത്തി ചെയ്യുന്നവൻ
കൊച്ചീക്കു പോയങ്ങു തൊപ്പിയിട്ടീടണം
ഉച്ചയ്ക്കുമന്തിക്കുമത്രമാത്രം കഞ്ഞി
വെച്ചുകുടിച്ചു പൊറുത്തു കൊള്ളാമിനി
പച്ചമാംസം തന്നെ തിന്നുവളർന്നവൻ
മെച്ചമേറും പുളിശ്ശേരി കൊതിക്കുമോ?
പച്ചടിച്ചാറും പരിപ്പും പണിപ്പെട്ടു
വച്ചുചമച്ചൊരു ചക്കപ്രഥമനും
പഞ്ചസാരപ്പൊടി പാലും ഗുളങ്ങളും
പഞ്ചാമൃതം നല്ല ശർക്കരപ്പായസം
ഇഞ്ചിനാരങ്ങാക്കറികളുമെന്നിവ
കിഞ്ചിൽ കൊതിക്കുമോ മാംസം ഭുജിപ്പവൻ
മാസത്തിലെത്തി പ്രഥമൻ കുടിക്കുന്ന
ഭൂസുരൻമാരെജ്ജയിക്കുമൊരുവക
മാംസത്തിലാഗ്രഹമുള്ള പരിഷയ്ക്കു
മാസത്തിലന്നമില്ലെങ്കിലും കിം ഫലം?

പന്നിയിറച്ചിക്കു തുല്യമായിട്ടു മ—
റ്റൊന്നില്ല മാംസത്തിലെന്നു ബോധിക്കണം
എന്നിങ്ങനെ പരാധീനം പറഞ്ഞങ്ങു
നിന്നീടിനാലങ്ങു ചെണ്ടകൊട്ടും സഖേ!
ഒന്നിച്ചു നായാട്ടിനായിപ്പുറപ്പെട്ടു
ചെന്നങ്ങു കാട്ടിൽ കരേറിക്കണെകൊണ്ടു
പന്നിത്തടിയരെക്കൊന്നു കുറകുക—
ളൊന്നും കുറയാതെകൊണ്ടുവന്നു കണ്ടിച്ചു
നന്നായി വെച്ചു ഭുജിച്ചുകൊണ്ടീടുവാൻ
വന്നാലുപേക്ഷിക്ക നന്നല്ലിണങ്ങരേ!''
എന്നിങ്ങനേ വാക്കു ഘോഷിച്ചു കാനനേ
ചെന്നു നിറഞ്ഞിതു കാട്ടാളവൃന്ദവും
ഇത്തരം വേടരും നായാട്ടുവൃന്ദവു—
മെത്തി നിറഞ്ഞൊരു ഘോഷം വനാന്തരേ.

മർമ്മതാളം*

കുംഭികളുടെ കുംഭതടങ്ങളിലമ്പുകളമ്പതുലക്ഷം
ജൃംഭിതമഥ വനചരരനവധിയമ്പൊടു ഭീമസമക്ഷം
മാരികളൊടു സദൃശമെടുത്തു തകർത്തു തിമിർത്തുതുടങ്ങീ
മാരുതനുടെ സുതനതുകണ്ടു രസിച്ചു ഹസിച്ചുതുടങ്ങീ
ആനകൾ മറിമാനുകളൊരുവക പന്നികളെന്നിവയെല്ലാം
കാനനഭുവി കരടികുലം ബഹു മഹിഷൻമാരുടെ പടലം
മാനസഭയമധികമിയന്നു ഭ്രമിച്ചു നടന്നുതുടങ്ങി
മാനമൊടേ സിംഹം കടുവാ കല പുലികുലബലമഖിലം
വലയിൽ ചില ചാടി വലഞ്ഞഥ പലവക പുലി പന്നികളും
തലയിൽ ചിലർ തച്ചുതറച്ചു വിറച്ചു തിരിച്ചുതുടങ്ങി
കലഹിച്ചഥ ഝടിതിയടുത്തു കടിച്ചു പൊളിച്ചുതുടങ്ങി
കലമാനുകൾ പിടകളെ വേർപെട്ടോടിയൊളിച്ചുതുടങ്ങി
പോത്തുകൾ വന്നൊരുവക വനഭുവി കൂർത്തൊരു
കൊമ്പിൻമീതേ—
കോർത്തുടനേ ഝടിതി നടന്നതു പാർത്തു ഭയപ്പെട്ടൊരുവൻ
വീർത്തു വിയർത്തോടിച്ചെന്നൊരു കുണ്ടുകിണററിൽച്ചാടി
ചീർത്തു, മരിക്കാതെ മരിച്ചു തനിച്ച പെരുത്തൊരു ഭോഷൻ
വടുവായൊരു നായർ പതുക്കെപ്പെടയിലൊളിച്ചഥ ചെന്ന്
കടുവായിൻ വായിൽ പുക്കതു കണ്ടൊരു കുന്തക്കാരൻ
കടുതാകിന കോപംപൂണ്ടഥ മീശ ഞെറുമ്പിച്ചുടനേ
വിടുഭോഷൻ പാഞ്ഞുതിരിച്ചിതു തന്നുടെ ഭവനം നോക്കി

---

* മർമ്മ, കാരിക, താളങ്ങളിൽ കാണുന്ന കാവ്യഭാഗങ്ങൾ മുദ്രിതപുസ്തകങ്ങളിലെല്ലാം താളഭംഗംകൊണ്ട് അതീവ ക്ലിഷ്ടങ്ങളാണ്. തുള്ളൽക്കാരുടെ പഴയ വായ്പാഠവുമായി ഒത്തുനോക്കി താളാനുസാരേണ ഉചിതസംസ്കരണത്തോടുകൂടി ചേർത്തിരിക്കുന്നു.

വരിയൻപുലി വലയിൽ പെട്ടഥ വലയുന്നതു കണ്ടുടനേ
പരിചൊടു നിജ പെൺപുലിചെന്നു കടിച്ചുപൊളിച്ചിതു
വലയും
വലകെട്ടിപ്പാർക്കുന്നവനുടെ തലയുംകൊണ്ടതിവേഗം
മലയുടെ ഗുഹതന്നിൽ പുക്കിതു പെൺപുലി
വൻപുലിയോടും

കാരികതാളം

ഇടിരവമിടയും ചടചട വെടിയും
അടവിയിലിടതിങ്ങിന കിടുകിട നടയും

മർമ്മതാളം

പടുതരവടികൊണ്ടുടനടവുകളിടചേർന്നൊരു തടവടിവും[1]
തടകളിൽ മൃഗക്കൂട്ടങ്ങടെ പല ചാട്ടവുമോട്ടവുമെല്ലാം
കേട്ടാൽ പൊറുക്കരുതാതൊരുവകകൂട്ടംതൻ വിളയാട്ടം
ഉലകുകളെട്ടും പടുതരമിഹ ഞെട്ടും പടഹമിരട്ടും

കാരികതാളം

ഇത്തരമതി ഭീഷണമാകിന ഘോഷം
സത്വരമതു കണ്ടു രസിച്ചതിതോഷാൽ
ഉദ്ധതമതിയാകിന മാരുതപുത്രൻ
ഉത്തമഗിരി കേറിനടന്നു പവിത്രൻ.*
കല്ലും മരങ്ങളും തല്ലിത്തകർത്തുകൊ-
ണ്ടുല്ലാസമോടങ്ങു ചെല്ലുന്നനേരത്തു

---

1. നായാട്ടിൽ മൃഗങ്ങൾ ഓടിരക്ഷപ്പെടാതെ കാടു വളച്ചു വടികൾ കൊണ്ടു 'തട'കെട്ടുന്നതാണ് ഇവിടെ പ്രസ്താവം.

* ഇവിടെ യാതൊരു സാംഗത്യവുമില്ലാത്ത താഴെ ചേർത്തിരിക്കുന്ന പതിന്നാലുവരി കവിത മുദ്രിതപുസ്തകങ്ങളിലെല്ലാം സ്ഥലം പിടിച്ചിരിക്കുന്നു. ഭീമസേനന്റെ വിക്രമയാത്രയുടെ ചടുലഗതിക്കിടയിൽ രസവിച്ഛിത്തി വരുത്തുന്ന ഈ വരികൾ പ്രക്ഷിപ്തമെന്നു കരുതണം.

'കായാംപൂമലർക്കുള്ളിലായാസം വളർക്കുന്ന
കായാകാർമുകിൽവർണ്ണ! മായാമാനുഷ കൃഷ്ണ!
പായാസ്ത്വമനിശം പാൽപായസപ്രിയ, ഗോപാ
ജായാപുത്രമിത്രങ്ങളായ സാഗരം നോക്കി
പായാതെ മനക്കാമ്പേ പോയാലും മുദാ ഗംഗാ-
തോയത്തിൽ കുളിച്ചാലും മായകൾ കുറച്ചാലും
കായാദികളിൽ സ്നേഹിച്ചായാസം വരുത്താതെ
തോയജനയനന്റെ കായത്തെ സ്മരിച്ചാലും
ആമെങ്കിൽ മുകുന്ദന്റെ നാമങ്ങൾ ജപിച്ചാലും
നാമെന്നുള്ളൊരു ഭാവം മാമകം യോഗ്യമല്ലേ
കാമിനീമണിമാരെക്കാമിച്ചു വലയാതെ
സ്വാമിതൻ പാദാംഭോജം സാമോദം ഭജിച്ചാലും
ഭീമന്റെ കഥാശേഷം ശ്രീമൻ! കേട്ടുകൊണ്ടാലും
ധീമാൻമാർക്കതുമൂലം ക്ഷേമം സംഭവിച്ചീടും'

വല്ലീഗൃഹങ്ങളിൽ സല്ലീലയാടുന്ന
നല്ലോരു ഗന്ധർവ്വമല്ലാക്ഷിമാരുടെ
സല്ലാപസാരസ്യഹല്ലോഹലങ്ങളാൽ
കല്ലോലവിഭ്രമം വെല്ലുന്ന കൺമുന-
ത്തെല്ലിന്റെ ഭംഗിയും ചില്ലിവില്ലാട്ടവും

മല്ലായുധൻതഴയ്ക്കല്ലൽ നല്കുന്ന ധ-
മ്മില്ലവും ചന്ദ്രനെ വെല്ലും മുഖാബ്ജവും
മല്ലികാമൊട്ടിനെത്തല്ലിയോടിക്കുന്ന
പല്ലിന്റെ ശോഭയും നല്ലോരധരവും

ജംഭാരിതന്നുടെ കുംഭിപ്രവരന്റെ
കുംഭത്തടത്തിന്റെ ഡംഭം കുറയ്ക്കുന്ന
സംഭോഗനല്ക്കുചകുംഭങ്ങളെക്കൊണ്ടു
സംഭാവനംചെയ്തു ഗംഭീരനായുള്ള
ജംഭാരിപുത്രന്റെ മുമ്പിൽ പിറന്നവൻ
വൻപൻ വൃകോദരൻ കുമ്പിട്ടു നോക്കിനാൻ;
പന്തണിക്കൊങ്കമാർ പന്തിനിരക്കവേ
പന്തടിക്കുന്നതും ചിന്തു പാടുന്നതും
അന്തികേ കണ്ടൊരു കുന്തീകുമാരകൻ
സന്തുഷ്ടനായ്നിന്നു തെല്ലുനേരം മുദാ;

പന്നഗസ്ത്രീകളുമപ്സരസ്ത്രീകളും
പിന്നെസ്സുരസ്ത്രീസമൂഹവും കുത്രചിൽ
വിദ്യാധരികളുമന്യത്ര കുത്രചിൽ
സിദ്ധനാരീകളും ചാരണസ്ത്രീകളും
വീണാപ്രയോഗങ്ങൾ വേണുനാദങ്ങളും
ചേണാർന്ന ഗീതനാദങ്ങളും കുത്രചിൽ
ചെമ്പട തോടി വരാടികളിത്തര-
മമ്പോടനേകം പ്രയോഗങ്ങളിങ്ങനെ
പാട്ടും കളികളും പർവ്വതാന്തേ മുദാ
കേട്ടും വിലോകനംചെയ്തും ഗമിക്കുന്ന
ഭീമസേനൻ ഗന്ധമാദനാധിത്യകാ
ഭൂമിതന്നിൽ തദാ നോക്കും ദശാന്തരേ
ശ്യാമളം നല്ല കദളീമഹാവനം
കോമളശ്രീപൂർണ്ണമാശു കണ്ടീടിനാൻ;
രാമദാസൻ മഹാവീരൻ കപീശ്വരൻ
ശ്രീമഹാദേവന്റെ ബീജേന ജാതനാം
ശ്രീഹനൂമാൻ മുദാ വാണരുളീടുന്ന
ശ്രീമഹാപുണ്യപ്രദേശം മനോഹരം
പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ

മെച്ചത്തിൽ നന്നായ്പഴുത്തപഴങ്ങളും
ഉച്ചത്തിലങ്ങനെ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോർത്തുള്ള
മാലകൾകൊണ്ടു വിതാനിച്ച ദിക്കെന്നു
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നില്ക്കുന്നു വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ
ബാലാനിലൻ വന്നു തട്ടുന്ന നേരത്തു
കോലാഹലം നൃത്തമാടും ദലങ്ങളും
ആലോകനംചെയ്തു വിസ്മയിച്ചീടിനാൻ
കാലാത്മജാനുജൻ വീരൻ വൃകോദരൻ;
താഴത്തു ഭാഗത്തു വീണുകിടക്കുന്ന
വാഴപ്പഴംകൊണ്ടു മൂടി മഹീതലം
പാഴറ്റ പട്ടു വിരിച്ച കണക്കിനെ
വാഴയ്ക്കു ചുറ്റും പ്രകാശമുണ്ടെപ്പൊഴും;
വാവലും കാക്കയും പച്ചക്കിളികളും
പ്രാവും പരുന്തും പറന്നു നടക്കുന്ന
പക്ഷികൾ വന്നിപ്പഴുത്ത പഴങ്ങളെ
ഭക്ഷിക്കുമാറില്ല പേടികൊണ്ടാരുമേ;
രക്ഷിച്ചുപോരുന്നതാരീ വനമെന്നു
സൂക്ഷിച്ചുനോക്കിത്തുടങ്ങീ വൃകോദരൻ

അതു കണ്ടു ഹനൂമാനുമതുലം പ്രീതികൈക്കൊണ്ടു
മതിമാൻ മാരുതി തന്റെ മതികൊണ്ടു നിരൂപിച്ചു
'മതിമുഖീമണിതന്റെ മതിമോദം വരുത്തുവാൻ*
അതിവീരനിവൻ ഭീമനതിവേഗം ഗമിക്കുന്നു;
മനുജൻതാനിവനെന്റെയനുജൻ മാരുതപുത്രൻ
ദനുജൻമാർക്കൊരു കാലൻ മനുജാതൻ ക്ഷിതിതന്നിൽ
മരുത്തിന്നു പിറന്നോരു കരുത്തുള്ള സഹജന്റെ
കരത്തിന്റെ ബലമിന്നു തരത്തിലിങ്ങറിയേണം;
അടുത്താശു ഗമിക്കാതെ തടുത്തു നിർത്തുവാൻ കിഞ്ചിൽ
പടുത്വത്തെ ശമിപ്പിച്ചാൽ കൊടുക്കാം മാർഗവുംപിന്നെ'
മനംകൊണ്ടിങ്ങനെ ചിന്തിച്ചനങ്ങാതങ്ങൊരു മൂത്ത—
കുരങ്ങന്റെ വടിവായിച്ചമഞ്ഞു; കൈകളും കാലും
കുഴഞ്ഞു വാലുമക്കാലും മെലിഞ്ഞ കൈകളെക്കൊണ്ടു
ചൊറിഞ്ഞു രോമമെപ്പേരും കൊഴിഞ്ഞു മേനിയും ചുക്കി—
ച്ചുളിഞ്ഞു കണ്ണിനു കാഴ്ച കുറഞ്ഞു പീളയും വന്നു
നിറഞ്ഞു താൻ വഴിയിൽച്ചെന്നുറച്ചു നേത്രവും ചിമ്മി—
ശയിച്ചു മൂന്നു ലോകങ്ങൾ ജയിച്ചുള്ള മഹാവീരൻ.

---

* 'മതിമുഖീമണിതന്റെ മതിമോദം വളർത്തുവാൻ'—പാഠാന്തരം.

തുമ്പിക്കരംകൊണ്ടു മുമ്പിൽപലപല
വമ്പിച്ച വൻമരക്കൊമ്പു പിടിച്ചൊടി—
ച്ചമ്പോടടുക്കുന്ന വമ്പൻകൊലയാന—
ക്കൊമ്പന്റെ കൂർത്തുള്ള കൊമ്പു രണ്ടും പിടി—
ച്ചമ്പതു ചുറ്റു കളിമ്പംകലർന്നാശു
മുമ്പിൽ കളിപ്പിച്ച വമ്പൻ വൃകോദരൻ
കാടും തകർത്തുകൊണ്ടോടും മൃഗങ്ങളെ—
ച്ചാടിക്കടിച്ചിഴച്ചോടിയടുക്കുന്ന
കണ്ഠീരവങ്ങടെ കണ്ഠേ കണകൊണ്ടു
കുണ്ഠേതരം കോർത്തു മണ്ടിച്ചുമങ്ങനെ
കെല്പോടു നല്ല കദളീവനം തന്നി—
ലുൾപ്പുക്കു വേഗം നടന്നുതുടങ്ങിനാൻ;*
ഉദ്ധതനാകുന്ന ഭീമസേനൻതന്റെ
പദ്ധതിതന്നിൽ മുടക്കിക്കിടക്കുന്ന
വൃദ്ധനായോരു ബലീമുഖനെക്കണ്ടു
ക്രുദ്ധനായിപ്പറഞ്ഞീടിനാനഞ്ജസാ:
‘‘നോക്കെടാ! നമ്മുടെ മാർഗ്ഗേ കിടക്കുന്ന
മർക്കടാ! നീയങ്ങു മാറിക്കിടാ ശഠാ!
ദുർഘടസ്ഥാനത്തുവന്നു ശയിപ്പാൻ നി—
നക്കെടാ! തോന്നുവാനെന്തെടാ! സംഗതി?
നാട്ടിൽപ്രഭുക്കളെക്കണ്ടാലറിയാത്ത
കാട്ടിൽക്കിടക്കുന്ന മൂളിക്കുരങ്ങു നീ,
ഒട്ടും വകതിരിവില്ലാത്ത വല്ലാത്ത
കൂട്ടത്തിൽവന്നു പിറന്നു വളർന്നു നീ,
ചാട്ടത്തിൽനിന്നു പിഴച്ചുപോയോ നിന്റെ
കൂട്ടത്തിൽ മറ്റാരുമില്ലാത്തതെന്തെടോ?
പെട്ടെന്നെഴുന്നേറ്റു പോകായ്കിലാപത്തു
പെട്ടീടുമെന്നു ധരിക്ക നീ വാനരാ![1]
ഇത്തരം ഭീമന്റെ ദുർഭാഷണം കേട്ടു
വൃദ്ധൻ ചിരിച്ചു പറഞ്ഞു പതുക്കവേ:
‘‘ഏറ്റം കയർത്തു പറയുന്നതെന്തു നീ,
ഏറ്റു മാറാനെനിക്കേതുമെളുതല്ല;
മറ്റൊരു മാർഗമായ് പൊയ്ക്കൊള്ളണേ ഭവാൻ†
കുറ്റമല്ലിക്കുരങ്ങച്ചനെക്കാണെടോ!
കണ്ണും തിരിയാ ശരീരം വിറയ്ക്കുന്നു
ദണ്ഡം പലതുണ്ടു പൊയ്യല്ല കണ്ടുകൊൾ
കൈയിനും കാലിനും ശക്തിയില്ലാതെയായ്

---

* ‘ഉൾപ്പുക്കു വേഗം നടന്നു ചെന്നങ്ങനെ’—പാഠാന്തരം.
† ‘മറ്റൊരു മാർഗ്ഗേണ പൊയ്ക്കൊള്ളണേ ഭവാൻ’—പാഠാന്തരം

മെയ്യും തളരുന്നു പൊയ്യല്ല മാനുഷ!
അയ്യോ! പരമാർത്ഥമേതും ഗ്രഹിയാതെ
നീയെന്തു ശാഠ്യം തുടങ്ങുന്നു പൂരുഷാ!
പാരം വലഞ്ഞു കിടക്കുന്നവർകളോ—
ടാരുമീവണ്ണം കലമ്പുമാറില്ലെടോ!
നേർവഴി വിട്ടു രണ്ടു ചുവടങ്ങോട്ടു*
മാറിയാലെന്തു വൈഷമ്യം നിനക്കെടോ!''
മാരുതിവൃദ്ധന്റെ വാക്കുകൾ കേട്ടുടൻ
മാരുതി ഭീമൻ കയർത്തു ചൊല്ലീടിനാൻ:
''ആരെന്നറിഞ്ഞു പറഞ്ഞു നീ വാനരാ!
പാരം മുഴുക്കുന്നു ധിക്കാരസാഹസം;
പൂരുവംശത്തിൽ പിറന്നു വളർന്നൊരു
പൂരുഷശ്രേഷ്ഠൻ വൃകോദരനെന്നൊരു
വീരനെക്കേട്ടറിവില്ലേ നിനക്കെടോ?
ധീരനാമദ്ദേഹമിദ്ദേഹമോർക്ക നീ
നേരായ മാർഗം വെടിഞ്ഞു നടക്കയി—
ല്ലാരോടുമിജ്ജനം തോല്ക്കയുമില്ലെടോ!
മാറിനില്ലെന്നു പറയുന്ന മൂഢന്റെ
മാറിൽപ്പതിക്കും ഗദാഗ്രമെന്നോർക്കണം;
ഏറെപ്പറയാതെഴുന്നേറ്റു ദൂരത്തു
മാറിക്കിടക്ക നീ മർക്കടപ്രാകൃത!
സജ്ജനാചാരം പിടിപെടാതുള്ളൊരു
ദുർജ്ജനം നമ്മെ ദുഷിപ്പാനൊരുമ്പെട്ടു
ലജ്ജകൂടാതെ വഴിമുടക്കീടിനാ—
ലർജ്ജുനജ്യേഷ്ഠൻ സഹിക്കയില്ലേതുമേ;
ധർമ്മപ്രകാശം ഗ്രഹിക്കാത്ത നിന്നോടു
ധർമ്മം പറവാൻ നമുക്കെന്തു സംഗതി?
ധർമ്മപുത്രാനുജൻ ധർമ്മം വെടിഞ്ഞൊരു
കർമ്മങ്ങൾ ചെയ്കയില്ലെന്നു ബോധിക്കണം.''
എന്നുള്ള വാക്കുകൾ കേട്ടു ചിരിച്ചുകൊ—
ണ്ടൊന്നരുൾ ചെയ്തു ഹനൂമാനുമിങ്ങനെ;
''നന്നെടോ! ഭീമ! നയജ്ഞൻ ഭവാനെന്നു
ചൊന്ന വാക്കെല്ലാം കണക്കിനു കൂടുമോ?
ധർമ്മജൻ മുമ്പായ ധാർമ്മികന്മാർ നിങ്ങൾ
ധർമ്മമല്ലാതൊന്നും ചെയ്യുകയില്ലയോ?
പാഞ്ചാലിയെന്നൊരു പെണ്ണിനെക്കണ്ടിട്ടു
പഞ്ചബാണാർത്തി പിടിപെട്ടഹോ! നിങ്ങ—
ളഞ്ചുപേരും ചെന്നു കൈക്കു പിടിച്ചുകൊ—

---

* 'നേർവ്വഴിവിട്ടിട്ടു രണ്ടു ചോടങ്ങോട്ടു'—പാഠാന്തരം.

ണ്ടഞ്ചാതെ വേളി കഴിച്ചെന്നു കേട്ടു ഞാൻ;
അഞ്ചെങ്കിലഞ്ചും കണക്കെന്നവൾക്കൊരു
ചാഞ്ചല്യവുമില്ല തെല്ലുപോലും നിങ്ങ—
ളഞ്ചുജനത്തെയും കൺമുനത്തല്ലിനാൽ
വഞ്ചിപ്പതിന്നവൾ പോരും വൃകോദര!
നാലഞ്ചു ഭർത്താവൊരുത്തിക്കുതാനതു
നാലുജാതിക്കും വിധിച്ചതല്ലോർക്കണം;
നാലുപേർ കേട്ടാൽ നിരക്കാത്ത വസ്‌തുവീ—
വാലുള്ള വാനരൻമാർക്കും ചിതംവരാ;
ചേട്ടത്തിയാമൊട്ടനുജത്തിയാമൊട്ടു
ചേട്ടകൾ തന്റെ കളത്രമൊന്നിങ്ങനെ
കാട്ടുന്ന ഗോഷ്‌ടികൾ കേട്ടാൽ ചിരിയാകു—
മൊട്ടും ഗുണമില്ല കുന്തീകുമാരക!
നേരായ മാർഗം വെടിഞ്ഞു നടക്കാത്ത
വീരൻ വൃകോദരൻ ഞാനെന്നു നമ്മുടെ
നേരേയണഞ്ഞു പറവാൻ മടിയില്ല
നാരായണ! ശിവ! മററെന്തു ചൊൽവതു!
തോററീടുമാറില്ല ഞങ്ങളെന്നിങ്ങനെ
കാററിൻമകൻ നീ പറഞ്ഞതും വിസ്‌മയം
നൂററുപേർ നിങ്ങടെ നാടും നഗരവും
കൂററുകാരേയുമടക്കി വച്ചീലയോ?'*
കാററും മഴ മഞ്ഞുമേററുകൊണ്ടെപ്പൊഴും
കാട്ടിൽ കിടക്കുന്ന കൂട്ടമല്ലേ നിങ്ങൾ?
കാട്ടിക്കിടക്കുന്ന[1] ദുർമ്മാർഗശക്‌തിയാൽ
വീട്ടിൽ കിടപ്പാൻ വിധിയില്ല നിങ്ങൾക്ക്‌
നാട്ടിൽനിന്നാശു സുയോധനമന്നന—
ങ്ങാട്ടിക്കളഞ്ഞതില്‌പിന്നെയൊരിക്കലും
നാട്ടിൽ കടപ്പാൻ കഴിയുന്നതുമില്ല†
കാട്ടിൽ സുഖമെങ്കിലായതും കോളല്ല;
കല്ലിലും പുല്ലിലും കാലേത്തറയ്‌ക്കുന്ന
മുള്ളിലും വള്ളികൾക്കുള്ളിലും കുണ്ടിലും
തള്ളിയലച്ചു നടക്കുന്ന നിങ്ങടെ
ഭള്ളുകൾക്കേതും കുറവില്ലനന്നെടോ!
കള്ളത്തരം ചൂതുകൊണ്ടു ദുര്യോധനൻ
തള്ളിപ്പുറത്താക്കി നിങ്ങളെ തൽക്‌ഷണം
ഉള്ളിൽ ഭയംപൂണ്ടു മണ്ടുന്ന നിങ്ങളെ—
ത്തുള്ളിപ്പതിന്നൊരു പെണ്ണും പുറപ്പെട്ടു;

---

* 'കൂററുകാരേയും പിടിച്ചടക്കീലയോ'—വായ്‌പാഠം.

[1] കാട്ടിക്കിടക്കുന്ന = കാട്ടിക്കൂട്ടിയ.

† 'നാട്ടിൽ കടപ്പാൻ കഴിവന്നതുമില്ല'—വായ്‌പാഠം.

കണ്ട വസ്തുക്കളിൽ കാംക്ഷയുണ്ടായവൾ
കൊണ്ടുവാ കൊണ്ടുവായെന്നു കല്പിക്കയും
ശണ്ഠകൂടീടുമെന്നോർത്തു ഭയപ്പെട്ടു
മണ്ടിത്തുടങ്ങും മടങ്ങാതെ നിങ്ങളും
കണ്ടനേരംതന്നെ നിന്റെ പരമാർത്ഥ—
മുണ്ടായ്നമുക്കെന്നറിക വൃകോദരാ!''*
ദുർഭാഷണം കേട്ടു കോപിച്ചു ഭീമനും:
''സത്ഭാവമെല്ലാം മതി മതി വാനര!
കാഞ്ഞിരക്കായ്കളും തിന്നു മരങ്ങളിൽ
പാഞ്ഞു നടക്കും മരഞ്ചാടിമൂഢനെ
ഭഞ്ജനംചെയ്‌വാൻ മടിക്കുന്നു ഞാൻ മുററു—
മഞ്ജനാപുത്രന്റെ ജാതിയെന്നോർക്കയാൽ,
ഭീമസേനന്റെ പരാക്രമമൊന്നുമീ
ധൂമകേതു കുരങ്ങച്ചാർ ഗ്രഹിച്ചീല;
രക്ഷസ്സുകൾക്കു വരനാം ഹിഡിംബന്റെ
വക്ഷസ്സു തല്ലിപ്പിളർന്നീ വൃകോദരൻ;
രൂക്ഷതപൂണ്ട ബകനാമരക്കനെ
കാൽക്ഷണം കാലനൂർ കാട്ടിക്കൊടുത്തതും
കൊമ്പൻകൊലയാന തുമ്പിക്കരംകൊണ്ടു
വമ്പിച്ച സാലം പിളർന്നകണക്കിനെ
ഡംഭിച്ചു വന്ന ജരാസന്ധമന്നന്റെ
ജൃംഭിച്ച വിഗ്രഹം രണ്ടായ്പിളർന്നതും
കിർമ്മീരനായ നിശാചരവീരന്റെ
മർമ്മങ്ങൾതോറും ഗദകൊണ്ടടിച്ചുടൻ
നിർമ്മൂലനം ചെയ്തു, താപസന്മാരുടെ
ധർമ്മസംരക്ഷണം ചെയ്തീ വൃകോദരൻ;
ഇത്ഥം പരാക്രമപ്രൗഢനാമെന്നോടു
സിദ്ധമല്ലാതൊരു വൃദ്ധപ്ലവംഗമൻ
നിർമ്മരിയാദം ദുഷിച്ചു പറകയോ!
ദുർമ്മുഖ! പോടാ! ബലിമുഖ! ദുർമ്മതേ!''
അഞ്ജനാപുത്രനരുൾചെയ്തിതന്നേരം:
''ഭഞ്ജനംചെയ്‌വാൻ മടിക്കേണ്ട നീ സഖേ!
രാക്ഷസന്മാരെക്കൊലചെയ്ത നിന്നുടെ
രൂക്ഷസന്നാഹങ്ങളന്നെങ്ങു പോയെടോ?
ദുശ്ശാസനൻ പണ്ടു ദുര്യോധനോക്തമാം
ദുശ്ശാസനംകൊണ്ടു മണ്ടിവന്നങ്ങനെ
അഞ്ചുപേർ നിങ്ങളും കണ്ടുനില്ക്കെത്തന്നെ

---

* 'കണ്ടനേരംതന്നെ നിന്റെ പരാക്രമ—
മുണ്ടായ് നമുക്കെന്നറിക വൃകോദരാ'—മുദ്രിതപുസ്തകങ്ങളിലെ പാഠം.

പാഞ്ചാലിയെച്ചെന്നടിച്ചു തലമുടി
ചുററിപ്പിടിച്ചു വലിച്ചിഴച്ചങ്ങനെ
മററും മഹാജനം നോക്കിനില്ക്കുംവിധൗ
മുററത്തു കൊണ്ടുവന്നു താഡിച്ചു താഡിച്ചു
തെററെന്നുടുത്ത പുടവ വലിച്ചഴി–
ച്ചററമില്ലാതുള്ളപരാധവും ചെയ്തു;
കണ്ണും മിഴിച്ചങ്ങു കണ്ടുനിന്നീടിന
പൊണ്ണത്തടിയനാം നിന്റെ പരാക്രമം
കാശിക്കു പോയോ കഥിക്ക വൃകോദര!
കാശിനുപോലും വിലപിടിയാത്ത നീ
തന്നുടെ മുന്നിലിട്ടന്യനാം പൂരുഷൻ
തന്നുടെ പെണ്ണിന്റെ വസ്ത്രം തൊടുന്നേര–
മൊന്നുമനങ്ങാതെ നില്ക്കയോ വേണ്ടത്?
ചെന്നങ്ങവനെ പ്രഹരിക്കയോ ഗുണം?

മിടുക്കും ശൗര്യവുമെല്ലാമൊടുക്കം നാസ്തിയാം നിന്റെ
കടുപ്പം കാട്ടിലെങ്ങാനും കിടക്കും വാനരത്തോടു
കടക്കണ്ണും ചുവത്തിക്കൊണ്ടടുക്കും വിക്രമീ! പല്ലും
കടിക്കും വല്ലികരം തല്ലിയൊടിക്കും പർവതം തല്ലി–
പ്പൊടിക്കും പാദപങ്ങരംക്കിട്ടിടിക്കും വല്ലതും ചൊല്ലി–
ച്ചൊടിക്കുന്നെന്തിനു ഭീമാ?
നടപ്പാൻ ശക്തിയില്ലാഞ്ഞു കിടപ്പായി നമുക്കിപ്പോരം
ചടപ്പാം വാലിതങ്ങോട്ടെക്കെടുപ്പാൻ സാദ്ധ്യമല്ലേതും
പൊടുക്കെന്നു ഭവാൻ ചാടിക്കടന്നാലും നടന്നാലും
മടിക്കുന്നെന്തിനു ഭീമാ! മുടക്കുന്നില്ല ഞാൻ മാർഗം,''
പറഞ്ഞു ഭീമനും ''നീയിപ്പറഞ്ഞ വാക്കുകളെല്ലാം
കുറഞ്ഞോരു കരുത്തുള്ളോർ പറഞ്ഞെങ്കിലറിയിക്കാം
മുതുക്കൻമാർ പലവട്ടമധിക്ഷേപങ്ങരം ചെയ്താലും
വധിപ്പാനുംചിതംപോരാ വധിച്ചാലും ചിതംപോരാ;
കരുത്തൻ മറെറാരുത്തൻ വന്നുരത്തെങ്കിൽ കരത്തെക്കൊ–
ണ്ടടിച്ചു കൈപിടിച്ചു കാട്ടിലേക്കാക്കിഗമിക്കും ഞാൻ*
അതുമെല്ലാമിരിക്കട്ടെ ഫലമില്ലാ മരിക്കാറായ്ക്കിടക്കുന്ന
മരഞ്ചാടികിഴവനെ
മരുത്തിന്റെ മകൻ വന്നു മരിപ്പിച്ചെന്നതു കേട്ടാൽ
ചിരിക്കും സജ്ജനമെന്നു ധരിക്ക മർക്കടത്താനെ!
കടന്നുപോകയോ പിന്നെക്കടുപ്പമായ്വരുമെന്റെ
ഗുരുവാമഞ്ജനാപുത്രൻ കരുത്തേറും കപിശ്രേഷ്ഠൻ
ജനിച്ചോരു കുലംതന്നിൽ ജനിച്ചോരു കുരങ്ങച്ച!
നിനച്ചാൽ നിന്നെ ലംഘിച്ചാലെനിക്കു പാപമുണ്ടാകും.''

---

* 'അടിച്ചു കാലൊടിച്ചു കാട്ടിലേക്കാക്കി ഗമിക്കും ഞാൻ'—വായ്പാഠം.

അതു കേട്ടു ഹനുമാനുമുരചെയ്തു കനിവോടേ:
''മതിയിൽ ശങ്കയുണ്ടങ്കിലതു ചെയ്യേണമെന്നില്ല;
വഴിതന്നിൽക്കിടക്കുന്ന വാലെടുത്തു മാററിവച്ചു
വഴിപോലെ കടന്നാശു ഗമിക്ക ഭീമസേന! നീ!
കരംകൊണ്ടു വാനരത്തെത്തൊടുക നിന്ദിതമെങ്കിൽ
കരംതന്നിലിരിക്കുന്ന ഗദകൊണ്ടു മടിയാതെ
നെടുക്കം വാലെടുത്താശു പൊടുക്കെന്നു ദൂരെ നീക്കി
നടക്ക നീ മിടുക്ക! വേർപെടുക്ക ദുർഘടമെല്ലാം.''
പറഞ്ഞു പാണ്ഡവനപ്പോൾ കുറഞ്ഞോന്നു നിരൂപിച്ചു
''മറിച്ചു നീക്കുമന്നേരം മുറിഞ്ഞുപോകയില്ലല്ലീ?''
''മുറിയുന്നെന്തെടോ നിൻെറ ഗദയോ നമ്മുടെ വാലോ?
അറിയാഞ്ഞിട്ടു ചോദിച്ചേനരിശമുണ്ടാക വേണ്ടാ.''
''കടുത്ത പർവതം തല്ലിപ്പൊടിച്ചു ഭസ്മമാക്കുന്ന
കടുത്ത മൽഗദാദണ്ഡം തടുത്ത വൈരികളില്ല;
കൊഴിഞ്ഞു രോമവുമൊട്ടു പൊഴിഞ്ഞു ഭൂമിയിൽ വീണു
ഇഴഞ്ഞു മേവിന നിൻെറ കിഴിഞ്ഞ വാലിനു ഭംഗം
ഭവിക്കുമെന്നതുകൊണ്ടു മടിക്കുന്നു മഹാഭോഷാ!
ചെവിക്കു പുത്തരിയായിട്ടുരയ്ക്കുന്ന ചില വസ്തു–
ശ്രവിക്കുമ്പോളെനിക്കുള്ളിൽ ജ്വലിക്കും കോപമാം വഹ്നി
ദഹിക്കും നിന്നുടെ ദേഹം സഹിക്കാമോ നിനക്കിപ്പോൾ?''

ഇത്ഥം പറഞ്ഞതിക്രുദ്ധനാം പാണ്ഡവൻ
നക്തഞ്ചരാരാതിദാസൻെറ പുച്ഛാഗ്രം
ഉത്തുംഗമാകും ഗദകൊണ്ടു പൊക്കുവാ–
നത്യന്തവേഗേന ചെന്നെടുത്തീടിനാൻ;
ദീർഘംപെരുത്തൊരു പുച്ഛം ഗദകൊണ്ടു
പൊക്കുവാനായി പ്രയത്നം തുടങ്ങിനാൻ;
രണ്ടു കരങ്ങളെക്കൊണ്ടു പിടിച്ചുടൻ
രണ്ടുമൂന്നട്ടഹാസം മുഴക്കി ഗദ–
കൊണ്ടുടൻ തിക്കിക്കുലുക്കിപ്പലവിധം–
കൊണ്ടുമിളക്കം തരിമ്പില്ല വാലിനു
നീണ്ടുതടിച്ചോരു പുച്ഛാഗ്രഭാഗത്തു
രണ്ടു രോമംപോലുമെങ്ങുമിളകീല;
വേണ്ടും പ്രയോഗങ്ങളെല്ലാം പ്രയോഗിച്ചു
വേണ്ടുവോളം നാണവുംകെട്ടു മാറിനാൻ
ഇക്കുരങ്ങച്ചൻെറ പുച്ഛം ഗദകൊണ്ടു
പൊക്കുവാൻ മേലാ നമുക്കെന്നു വന്നല്ലോ
ദിക്കുകളെല്ലാം ജയിച്ചുള്ള ഭീമൻെറ
വിക്രമമിപ്പോൾ ഫലിക്കാത്തതെന്തഹോ!

തെററന്നൊരുത്തന്റെ മായാപ്രയോഗമോ
മുററും ഫലിക്കാത്തതെന്തുവാൻ മദ്ബലം?
കാററിൻമകനൊരു മർക്കടത്താനോടു
തോററുപോയെന്നതു കേൾക്കുന്നനേരത്തു
നൂററുവർ നമ്മെപ്പരിഹസിച്ചീടുമേ
കൂററുകാർ പിന്നെപ്പരിഹസിക്കും ദൃഢം*
മുററുമെനിക്കിനിജ്ജീവിച്ചിരുപ്പതി—
നൊട്ടും കൊതിയില്ല വല്ലതെന്നാകിലും
മുഷ്ടികൾകൊണ്ടു മുതുക്കൻ കുരങ്ങന്റെ
നഷ്ടി വരുത്തും കരുത്തുള്ള പാണ്ഡവൻ;
പെട്ടെന്നു ജീവൻ കളവാൻ മടിയില്ല
കഷ്ടമിബ്ഭീമനിളപ്പെട്ടിരിക്കുമോ!'
ഇത്തരം ചിന്തിച്ചു കോപിച്ചുറച്ചുടൻ
സത്വരം പാഞ്ഞങ്ങടുത്തു വൃകോദരൻ:
''നോക്കെടാ മർക്കടാ! മായാപ്രയോഗങ്ങ—
ളുൽക്കടാടോപം തുടങ്ങുന്ന നിന്നുടെ
മുഷ്ക്കുകളെല്ലാം ശമിക്കും ഭ്രമിക്കാതെ
മുഷ്ക്കര! ദ്വന്ദ്വയുദ്ധം തുടങ്ങീടിനാൽ;
ഇക്കണ്ട നമ്മെത്തടുത്തുനിർത്താമെന്നു
ധിക്കാരമല്ലയോ വാടാ ബലീമുഖാ!
വക്കാണമേശുന്നനേരം ധൃതിപ്പെട്ടു
വെക്കം മരക്കൊമ്പു പററുമാററായ നിൻ
ഗൂഢപ്രയോഗങ്ങൾ നമ്മോടുകൂടുമോ?
മൂഢത്വമങ്ങു നീ വച്ചേക്ക വാനര!
കൂടപ്രയോഗം തുടങ്ങുംവിധൌ നിന്റെ†
കൂടപ്രയോഗം ഫലിക്കാതെയായ്‌വരും;
കണ്ടു പഠിച്ചതും കേട്ടു പഠിച്ചതും
കൊണ്ടു ഫലിപ്പിപ്പനെന്നു ചിന്തിച്ചു നീ.
തണ്ടുതപ്പിക്കൊണ്ടു നേർത്തുവന്നാലിങ്ങു
കണ്ടുകൊള്ളാമിന്നു വൈദഗ്ദ്ധ്യമൊക്കവേ;
പണ്ടൊരുനാളും പ്രയോഗങ്ങളിങ്ങനെ

---

* നൂററവർ നമ്മെപ്പരിഹസിച്ചീടുമേ
കൂററുകാർ പിന്നെപ്പരിത്യജിക്കും ദൃഢം—തുള്ളൽക്കാരുടെ വായ്പാഠം.

† കൂടെപ്രയോഗം തുടങ്ങുംവിധൌ നിന്റെ
കൂടപ്രയോഗം ഫലിക്കാതെയായ്‌വരും—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠം ശരിയല്ല. രണ്ടും കൂടപ്രയോഗമാണ്.

ഭീമസേനൻ കൂടപ്രയോഗം (കൗടല്യന്റെ അർത്ഥശാസ്ത്രത്തിലെ അദ്ധ്യക്ഷ പ്രചാരത്തിൽ പത്ത്യദ്ധ്യക്ഷൻ അറിഞ്ഞിരിക്കേണ്ട കൂടയുദ്ധത്തിലെ അഥവാ കപടയുദ്ധത്തിലെ പ്രയോഗങ്ങൾ) തുടങ്ങുമ്പോൾ ഹനുമാന്റെ കൂടപ്രയോഗം (ചതിപ്രയോഗം) ഫലിക്കയില്ലെന്നർത്ഥം.

കണ്ടറിവില്ലെന്നു തോന്നിപ്പനിന്നു ഞാൻ;
കണ്ടാലറിവാൻ സമർത്ഥനല്ലെങ്കിൽ നീ
കൊണ്ടാലറിയുമതിനില്ല സംശയം
വേണ്ടാസനം നീ തുടങ്ങുകകാരണം
വേണ്ടിവന്നൂ ചില ദുർഭാഷണങ്ങളും;
മന്ത്രസേവാബലംകൊണ്ടോ നിനക്കെന്റെ
മാർഗ്ഗം തടുക്കുവാൻ ശക്തിയുണ്ടായതും?
മന്ത്രവും തന്ത്രവും മററുള്ള വിദ്യയും
മാരുതപുത്രനോടേതും ഫലം വരാ;
കൂനൻ മദിക്കുകിൽ ഗോപുരം കുത്തുമോ?
വാനരൻമാരെന്തു കാട്ടുന്നു നമ്മോട്?
വാനര! നില്ലെന്നടുക്കുന്ന നേരത്തു
വാലുമുയർത്തിപ്പറക്കും കുരങ്ങുകൾ;''
ഇത്തരം ഭീമന്റെ ദുർഭാഷണം കേട്ടു
വൃദ്ധൻ ചിരിച്ചു പറഞ്ഞു പതുക്കവേ:
''മർക്കടനെന്നു നീ ധിക്കരിക്കേണ്ടെടോ!
മർക്കടൻമാരിലും മുഷ്ക്കരൻമാരുണ്ട്
പണ്ടൊരു മർക്കടത്താനല്ലയോ പംക്തി-
കണ്ഠനെന്നുണ്ടായ നക്തഞ്ചരേന്ദ്രനെ
വാലുകൊണ്ടാശു വരിഞ്ഞുകെട്ടിക്കൊണ്ടു
നാലു സമുദ്രങ്ങൾ ചാടിക്കടന്നതും;
മററൊരുദേഹം മഹാവാരിരാശിയെ
സത്വരം ചാടിക്കടന്നുചെന്നഞ്ജസാ
ശങ്കകൂടാതെ നിശാചരവീരന്റെ
ലങ്കയിൽപുക്കു ഭയങ്കരൻമാരായ
കിങ്കരൻമാരെപ്പലരെ വധിച്ചതും
തൻകേളികാനനം തല്ലിത്തകർത്തതും
ഹുംകാരമോടു രണത്തിന്നടുത്തൊരു
ലങ്കേശപുത്രന്റെ കണ്ഠം മുറിച്ചതും
പങ്കേരുഹാക്ഷിയാം വൈദേഹിതന്നുടെ
സംക്ലേശമെല്ലാം പറഞ്ഞു കളഞ്ഞതും
യുദ്ധത്തിനെത്തിയ നക്തഞ്ചരേന്ദ്രന്റെ
തേർത്തട്ടിലാമ്മാറു ചാടിക്കരേറീട്ടു
ചണ്ഡമായുള്ളൊരു പാണിതലംകൊണ്ടു
ഗണ്ഡസ്ഥലങ്ങളിൽ താഡനംചെയ്തതും;
മാനമുള്ളാളുകൾ നമ്മുടെ ജാതിയിൽ
ഞാനറിയുന്നോർ പലരുണ്ടു പാണ്ഡവ!
മർക്കടൻ മർക്കടനെന്നു നീയിങ്ങനെ

ധിക്കരിക്കാതെ ഗമിക്ക നല്ലൂ സഖേ!''
എന്നതു കേട്ടു പറഞ്ഞു വൃകോദര—
''നെന്നുടെ സ്വാമി ഗുരുനാഥനഗ്രജൻ
ശ്രീരാമദാസൻ പവനാത്മജനത്രേ
ശ്രീഹനുമാൻ മഹാ വീര്യപരാക്രമൻ;
അദ്ദേഹമെങ്ങ്, ഭവാനെങ്ങു, ഹാ ഹന്ത!
ദുർദ്ദേഹവൃദ്ധപ്ലവംഗ! മതി മതി;
പക്ഷീന്ദ്രനുണ്ടു ഗരുഡനെന്നോർത്തിട്ടു
മക്ഷികക്കൂട്ടം മദിക്കുംകണക്കിനെ
ശ്രീരാമദാസന്റെ വംശേ ജനിക്കയാൽ
പാരം നിനക്കുമഹംഭാവമിങ്ങനെ.''

മർമ്മതാളം

ഉദ്ധതമതി നരപതിതന്നുടെ വാക്കുകളിങ്ങനെ കേട്ടു
ബുദ്ധിയിലതി കനിവുകലർന്നൂ കുതുകമിയന്നൂ ഹനുമാൻ
വർദ്ധിതതരധവളഹിമാചലസന്നിഭ തുംഗശരീരൻ
നെടുതാകിന കൊടിമരമെന്നകണക്കു തടിച്ചൊരു വാലും
തുടുതുട നയനങ്ങളുമമ്പൊടു ചെമ്പുകിടാരംപോലെ
കുടിലാകൃതി ശശികലപോലെ വിളങ്ങിന ദന്തകദംബം
ചടുലസ്ഫുടസടകളുമിടകലരുന്ന ഭയങ്കര മുഖവും
പരിഘത്തൊടു പടപൊരുതീടിന പൃഥുതരകരദണ്ഡയുഗം
ഖരതരനഖനികരനികായവുമുല്ക്കടകണ്ഠമകുണ്ഠം
ഗിരിവരസമമാകിന മാർവിടമുരുതരമുദരമുദാരം
ഉരുതരകടിതടമഥ തുടകളുമുടമയിലതി ഗംഭീരം
ലങ്കാപുരഗോപുരമതിലു തകർത്തൊരു ജംഘായുഗളം
കിങ്കരകുലമിടിപൊടിയാക്കിന പടുതരമടിമലർവടിവും
ശങ്കര! ശിവ! ഭുവനഭയങ്കരമാകിന വിപുലശരീരം
ശശധരനിഭധവളമതിങ്ങനെ വിരവൊടു കാട്ടീ ഹനുമാൻ;
ഉല്ക്കടകടുദീർഘനിനാദവുമദ്ഭുതകിലുകിലരവവും
മർക്കടകുലമകുടമഹാമണിതന്നുടെ തടിയുടെ വടിവും
കർക്കശതരകരചരണാദികൾ ഭീഷണവേഷവിശേഷം
മുഷ്കരമതു മൂന്നു ജഗത്തിലുമുത്തമമെത്ര വിചിത്രം!
അംബരതലമൊക്കെ നിറഞ്ഞുകവിഞ്ഞു വിളങ്ങിനരൂപം
അംബുധിയുടെ ലംഘനസമയസമുദ്ധൃതമെന്നതുപോലെ
വെൺമയിലൊരു വിന്ധ്യമഹാചലശിഖരമമർന്നകണക്കെ
കൺമിഴികളിലമ്പൊടു കണ്ടു വിരണ്ടു വൃകോദരവീരൻ:
''എന്തൊരു മറിമായമിതിങ്ങനെ സംഗതി വന്നതിദാനീം
എന്തിനി ഞാനിഹ ചെയ്യേണ്ടതുമെന്തൊരു വിസ്മയമേവം''
ചിന്തയിലുടനിങ്ങനെ തിങ്ങിന തീവ്രതരം ഭയമോടേ
കുന്തിസുതൻ വിരവൊടു പരവശഭാവമിയന്നു തദാനീം;

ലക്ഷണമതു കേട്ടു ധരിച്ചതു തെളിവൊടു കണ്ടദശായാം
തൽക്ഷണമുളവായിതു ചേതസി 'മൽഗുരു ഹനുമാൻതന്നെ'
ലക്ഷ്മണപൂർവജനുടെ ഭക്തശിരോമണി മാരുതിവീരൻ
രാക്ഷസകുലശലഭഹുതാശനനെന്നതറിഞ്ഞഥ ഭീമൻ
''ജയ ജയ! ജയ ജനകസുതാപതിദൂതമഹാഗുണരാശേ!
ജയ ജയ! ജയ! ജാനകിമാനസസരസിജസവിതൃമഹാത്മൻ:
ജയ ജയ! ജലരാശിവിലംഘന! ജയ ജയ ജഗതീബന്ധോ!
ജയ ജയ ഹനുമന്നി''തി നുതിയൊടെ വീണുവണങ്ങി
പാദാന്തേ

പഞ്ചാരിതാളം

''വാനരകുലവീര! വരമരുളുക ധീര!
വാരിധിഗംഭീര! വരഗുണഗണസാര!
നിശിചരകുലകാല! നിസ്സൃതമരണവിലോല!
നിരുപമ കുലശീല!
താഡിത ദശവദന! തരുനിരകൃതസദന!
പാടലസുമവദന! പരിഹൃതരിപുദഹന!
നിന്തിരുവടിയുടെ പദയുഗചെന്തളിരതികരുണം[1]
ചന്തയിലിഹ വിളയാടുക ചിതമൊടു തവ ചരണം.''
ഇത്ഥം വണങ്ങിസ്തുതിക്കുന്ന ഭീമന്റെ
ഹസ്തങ്ങൾ രണ്ടും പിടിച്ചു കപീശ്വരൻ,
നക്തഞ്ചാരാസ്ത്രങ്ങളേറ്റു വടുക്കെട്ടി—
വിസ്താരമായുള്ള തന്നുടെ മാറത്തു—
ചേർത്തു പുണർന്നുകൊണ്ടാപാദമസ്തകം
പേർത്തു പേർത്താശു തലോടിക്കരംകൊണ്ടു
മൂർദ്ധാവുതൊട്ടങ്ങനുഗ്രഹിച്ചീടിനാൻ
മാർത്താണ്ഡശിഷ്യനാം മർക്കടാധീശ്വരൻ;
''ഭീമസേന! മഹാവീര! ധരിക്ക നീ
രാമഭദ്രസ്വാമിതന്നെയും സേവിച്ചു
താമസം കൂടാതെ പോയാലുടൻ നിന്റെ
കാമസംപ്രാപ്തിക്കു ബാധയില്ലേതുമേ;
രാമായണം കഥ കേട്ടുകൊൾക ഭവാൻ
ആമോദമോടേ ചുരുക്കിപ്പറഞ്ഞിടാം
സാമോദമായിതു കേട്ടുകൊണ്ടീടുക
ക്ഷേമോദയം രാമനാഥലീലാമൃതം:
മാർത്താണ്ഡവംശേ ദശരഥൻതന്നുടെ
പുത്രനായ് വന്നു പിറന്നു നാരായണൻ
ഉത്തരകോസലത്തിങ്കലയോദ്ധ്യയെ—
ന്നുത്തമശ്രീരാജധാനിയിൽ മേവിന

---

[1] തുള്ളൽക്കാരുടെ വായ്പാഠംനോക്കി താളാനുസാരേണ ഉചിതസംസ്കരണത്തോടേ ചേർത്തിരിക്കുന്നു.

കൗസല്യതന്നുടെ പുത്രൻ രഘൂത്തമൻ
കൈകേയിതന്നുടെ പുത്രൻ ഭരതനും
തത്ര പിന്നെസ്സുമിത്രാത്മജൻ ലക്ഷ്മണൻ
ശത്രുഘ്നനും നാൽവരിങ്ങനെ ജാതരായ്
അത്രാന്തരേ വിരവോടു വിശ്വാമിത്ര—
സത്രം മുടക്കുന്ന ദുഷ്ടരെക്കൊല്ലുവാൻ
വില്ലും ശരവുമെടുത്തു പുറപ്പെട്ടു
തെല്ലും മടിയാതെ താനുമനുജനും
കാടകംപുക്കോരു നേരത്തു വന്നോരു
താടകയെക്കൊലചെയ്തു രഘൂത്തമൻ
സിദ്ധാശ്രമം പുക്കു നില്ക്കുംവിധൗ തത്ര
ബദ്ധാവലേപം മഖം മുടക്കീടുവാൻ
വന്ന സുബാഹുപ്രമുഖവൃന്ദങ്ങളെ—
ക്കൊന്നുടൻ യാഗവും രക്ഷിച്ചു രാഘവൻ
ചെന്നങ്ങഹല്യയ്ക്കു മോക്ഷം കൊടുത്തുടൻ
പിന്നെജ്ജനകന്റെ മന്ദിരം പ്രാപിച്ചു
ത്രൈയംബകംപള്ളിവില്ലങ്ങു തന്നുടെ
കൈയലെടുത്തു കുലച്ചു മുറിച്ചുടൻ
സീതാവിവാഹവും ചെയ്തു മുദാ തന്റെ
സോദരൻമാരും വിവാഹം കഴിച്ചിതു;
മാർഗത്തെ വന്നു തടുത്തു കടുത്തോരു
ഭാർഗവരാമനെ ക്ഷിപ്രം ജയിച്ചുടൻ
സങ്കേതമന്ദിരം പുക്കുടൻ സീതയാ—
സാകം വസിച്ചു സുഖിച്ചു രഘൂത്തമൻ;
ഭവ്യനായുള്ള ദശരഥപുത്രനു
യൗവനേ രാജ്യാഭിഷേകവും ഭാവിച്ചു
ദൈവബലേന മുടക്കിനാൾ കൈകേയി
കൈവല്യശീലൻ പുറപ്പെട്ടു കാനനം—
പ്രാപിച്ചു, സൗമിത്രി സീതാ സമേതനായ്
ഭൂപാലനന്ദനൻ ഭൂപൻ മഹാരഥൻ,

ധരിച്ചു വല്ക്കലം പിന്നെപ്പിരിച്ചു ചെഞ്ചിടാഭാരം
തിരിച്ചു മൂവരും ഗംഗ തരിച്ചു ചിത്രകൂടത്തിൽ
വസിച്ചു കാന്തികൾകൊണ്ടുല്ലസിച്ചു മൂവരുമപ്പോൾ
ഗ്രഹിച്ചു ദേവലോകത്തെഗമിച്ചു താതനെന്നിത്ഥം
വചിച്ചു തല്പദാംഭോജേ പതിച്ചോരു ഭരതനെ
തനിച്ചു പാദുകം നല്കിയയച്ചിട്ടത്രിയെച്ചെന്നു
നമിച്ചു ദണ്ഡകാരണ്യേ വസിച്ചു രാഘവൻ തത്ര
മദിച്ചോരു വിരാധനെ വധിച്ചു മാമുനിമാരെ
സ്തുതിച്ചു തീർത്ഥവുമാടി നടന്നു ഘോരകാന്തരേ—

കടന്നു ചെന്നഗസ്ത്യന്റെ ഗൃഹത്തിലങ്ങകംപുക്കു;
ഉടനേ വന്ദനംചെയ്തു പരിചോടേ മുദാ ഗോദാ–
വരിതീരേ വസിക്കുമ്പോൾ വരിപ്പാനാഗ്രഹത്തോടേ
വരുന്ന ശൂർപ്പണഖേടെ മുലയും മൂക്കുമൂക്കോടേ
കരവാൾകൊണ്ടുടനാശു ദലനംചെയ്തു സൗമിത്രി
കരഞ്ഞു ശൂർപ്പണഖ പോയ് ഖരൻതന്നോടറിയിച്ചു:
ഖരനും ദൂഷണൻതാനും കരുത്തുള്ള ത്രിശിരാവും
പരന്ന വൻപടയുമായ് വരുന്നനേരമേ രാമൻ
കടുത്ത സായകം ചാലേ തൊടുത്തു രാഘവൻ വേഗാൽ
അടുത്തു രാക്ഷസൻമാരെക്കൊടുത്തു കാലനൂർക്കാക്കി;
അതു കേട്ടു ദശഗ്രീവനതിലേറ്റം കയർത്താശു
ചതിപ്പാനായ് പുറപ്പെട്ടു മുനിവേഷമവൻ പൂണ്ടു.

അമ്മാമനാകുന്ന മാരീചനെച്ചെന്നു
പൊൻമാൻവടിവാക്കി വിട്ടു ദശാനനൻ;
സമ്മോഹമുണ്ടാക്കി രാമന്റെ പത്നിക്കു
തൻമായകൊണ്ടാശു വേറാക്കി വേഗേന
മട്ടോൽമൊഴിയായ സീതയെത്തൽക്ഷണം
കട്ടു രഥത്തിൽ കരേറിഗമിക്കുന്ന
ദുഷ്ടനെച്ചെന്നു തടുത്ത ജടായുവെ
വെട്ടി വധിച്ചുകളഞ്ഞു ദശാനനൻ
ചട്ടറ്റ ലങ്കാപുരത്തെ പ്രവേശിച്ചു
കഷ്ടമദ്ദേവിയെ തത്ര വച്ചീടിനാൻ.

മാരീചമാനിനെക്കൊന്നോരു രാഘവൻ
തൻ പ്രാണദേവിയെക്കാണാഞ്ഞു ഖിന്നനായ്
തമ്പിയോടൊന്നിച്ചു തേടി നടകൊണ്ടു
വമ്പിച്ച കാനനേ വന്നു ചരിച്ചോരു
വൻപനാം ഗൃദ്ധ്രനെ സംസ്കരിച്ചീടിനാൻ
കമ്പം വെടിഞ്ഞു കബന്ധനേയും കൊന്നു
സമ്പന്നമോദം ശബരിക്കു മോക്ഷവും
സംഭാവനംചെയ്തു താനുമനുജനും
പമ്പ കടന്നു നടന്നു വരുംവിധൗ
വ്യഗ്രതകൂടാതെ ഞാൻ ചെന്നു വന്ദിച്ച
നുഗ്രഹം വാങ്ങി മഹാഗിരിതന്നുടെ
അഗ്രേ വളരെബ്ഭയപ്പെട്ടിരിക്കുന്ന
സുഗ്രീവനോടൊത്തു സഖ്യവും ചെയ്യിച്ചു
ഉഗ്രങ്ങളായുള്ള സാലങ്ങളും മുറി–
ച്ചുഗ്രനാം ബാലിയെബ്ബാണേന രാഘവൻ
നിഗ്രഹിച്ചമ്പോടു രാജ്യപ്രഭുത്വവും

സുഗ്രീവനാക്കിക്കൊടുത്തു വാഴിച്ചിതു.

ദിക്കുകൾ നാലിലും ജാനകീദേവിയെ
ചിക്കെന്നു തേടുവാനായിപ്പുറപ്പെട്ട
മർക്കടൻമാരുടെ കൂട്ടമങ്ങായതിൽ
തെക്കോട്ടു തേടുവാൻ ഞാനും പുറപ്പെട്ടു;

അക്കടൽ ചാടിക്കടന്നു തെരിക്കെന്ന—
രക്കൻെറ ലങ്കാപുരത്തെയും പ്രാപിച്ചു
മയ്ക്കണ്ണിമാർമണിയാളെയും കണ്ടു ഞാൻ
തൃക്കാഴ്ചവച്ചിതു രാമാംഗുലീയകം

ചൊൽക്കൊണ്ട രാമദേവൻെറ കൃപകൊണ്ടി—
തൊക്കെയും സാധിച്ചു ഞാനും വൃകോദര!

മേടിച്ചു ചൂഡാമണി ഒടിച്ചു കല്പകവൃക്ഷം
മുടിച്ചു കാനനമെല്ലാം ചൊടിച്ചു രാക്ഷസൻമാർക്കി—
ട്ടടിച്ചു മേഘനാദൻതാൻ പിടിച്ചു മൽക്കരം കെട്ടി—
പ്പിടിച്ചു രാവണൻമുമ്പിൽ ഗമിച്ചു രാക്ഷസൻ കണ്ടു
ചിരിച്ചു നമ്മുടെ വാലും കരിച്ചു വൈരികളും വ—
ന്നടുത്തു ഞാനുമപ്പോൾ വാലെടുത്തു മാളികയ്ക്കു തീ—
കൊടുത്തു സംഭ്രമമൊന്നു കടുത്തു സംപ്രഹാരത്തി—
ന്നടുത്തുവന്നവർക്കുള്ളം കടുത്തു ദുഷ്ടരെ നാണം—
കെടുത്തു ലങ്കയും ചുട്ടുകരിച്ചു ഭസ്മമാക്കിക്കൊ—
ണ്ടമർത്ത്യവൈരിവൃന്ദത്തെയമർത്തിവച്ചു ഞാൻ പോന്നു
സമസ്തമങ്ങറിയിച്ചു പോരിനായി പുറപ്പെട്ടു
പാരാതെ കപിശ്രേഷ്ഠൻമാരോടുമൊരുമിച്ചു
വീരപുംഗവൻ രാമൻ വാരിധിതടേ ചെന്നു
ഭൂരിസേനയും താനും പാരാതെ പടവീടുമാദരാലുറപ്പിച്ചു;
അന്നേരം വിഭീഷണൻ ചെന്നു രാമനെക്കണ്ടു
വന്ദിച്ചു കപികളോടൊന്നിച്ചു വസിപ്പിച്ചു
ഏതുമേ മടിയാതെ സേതുബന്ധനംചെയ്തു
യാതുക്കൾക്കൊരു ധൂമകേതുവായതും പിന്നെ
സാധുക്കൾക്കൊരു മുക്തിഹേതുവായതും രാമ—
സേതുവെന്നതിനിപ്പോളേതും സംശയമില്ല;
ലംഘിച്ചു സമുദ്രത്തെ ലങ്കയിലകംപുക്കു
ശങ്കിച്ചു വരുന്നോരു ലങ്കാവാസികളെല്ലാം
രൂക്ഷത പെരുകുന്ന രാക്ഷസഭടൻമാരും
തെല്ലും താമസിയാതെ വില്ലും കുന്തവും വാളും
കല്ലും വൃക്ഷവും കൂർത്ത പല്ലുമെന്നിവകൊണ്ട്
തല്ലും തങ്ങളിലോരോ മല്ലും തള്ളലും വെട്ടും
കൊല്ലുന്നുണ്ടു ഞാനെന്നു ചൊല്ലും ശണ്ഠയുമേററം

കുത്തുകൊണ്ടോരോകൂട്ടം ചത്തു ഘോരമായുള്ള
യുദ്ധമിങ്ങനെ കൂട്ടി വൃദ്ധൻമാരതിൽ ചിലർ
ഉത്തമരതിൽ ചിലരൂർദ്ധ്വമായതു നേരം
ധൂമ്രാക്ഷൻ മകരാക്ഷൻ യൂപാക്ഷൻ പൃഥുകായൻ
താമ്രാക്ഷൻ വിരൂപാക്ഷൻ ശോണിതാക്ഷനും പിന്നെ

കുംഭൻ നികുംഭനകമ്പനെന്നുള്ളൊരു
വമ്പടമുമ്പാം നിലിമ്പാരിവൃന്ദവും
കുംഭനാദൻ മേഘനാദനുമെന്നുള്ള
കുംഭീന്ദ്രവിക്രമൻമാരായ വൈരികൾ
സംപ്രഹാരാന്തേ മദിച്ചു ദിവംപുക്കു
സംഭ്രമത്തോടേ പുറപ്പെട്ടു രാവണൻ
രാവണകണ്ഠങ്ങൾ പത്തും കണകൊണ്ടു
രാഘവൻ കണ്ടിച്ചു കണ്ടിച്ചു പിന്നെയും
കുണ്ഠതയെന്നിയേ വന്നടുക്കും ദശ—
കണ്ഠനെ ബ്രഹ്മാസ്ത്രമാകുന്ന സായകം
കൊണ്ടു വധിച്ചു പതിപ്പിച്ചു ഭൂമിയിൽ;
കണ്ടു സ്തുതിച്ചു വണങ്ങി സുരൻമാരും
അണ്ടർകോൻതാനും സുരസ്ത്രീകളും വന്നു
വേണ്ടുംവിധം പ്രശസ്തം പ്രശംസിച്ചിതു
ഇങ്ങനെ സാധിച്ചു സഖ്യങ്ങളൊക്കെയും
തിങ്ങിന മോദേന രാമഭദ്രസ്വാമി
ലങ്കാധിരാജൻ വിഭീഷണൻതാനെന്നു
പങ്കേരുഹാക്ഷനും കല്പിച്ചു, സീതയെ
വഹ്നിപ്രവേശന ശുദ്ധയാക്കിക്കൊണ്ടു
ധന്യമാം പുഷ്പകമേറിപ്പുറപ്പെട്ടു
തന്നുടെ സാകേതമന്ദിരം പ്രാപിച്ചു
പട്ടാഭിഷേകവും സാധിച്ചു മന്നിടം
തുഷ്ടിയിൽ രക്ഷിച്ചു വാഴുന്ന കാലത്തു
ലോകാപവാദേന സീതയെക്കാനനേ
ശോകേന സന്ത്യജ്യ ലോകാധിനായകൻ
വിശ്വമെല്ലാം വെളുപ്പിച്ചു കീർത്ത്യാ പരം
വിശ്വവീരൻ മമ സ്വാമി രഘൂത്തമൻ
അശ്വമേധമഖം ചെയ്യും ദശാന്തരേ,
വൈദേഹി പെററുതേ രണ്ടു ശിശുക്കളെ
സാദരമന്നു തദ്ബാലരോടൊന്നിച്ചു
വാല്മീകിമാമുനിശ്രേഷ്ഠനും വന്നുടൻ
രാമായണകഥ കേൾപ്പിച്ചു മാമുനി,
ഗീരിനാൽ രാമനെ വന്ദിച്ചനന്തരം

വണ്ടാർകുഴൽമണി വൈദേഹി വഹ്നിയിൽ
രണ്ടാമതും പ്രവേശിപ്പാൻ നിയോഗിച്ചു;
കൊണ്ടാടിയീലവൾ, ഭൂമി പിളർന്നാശു
തണ്ടാരിൽമാതുതാൻ പാലാഴി പുക്കിതു;
അന്തകൻതാനതുനേരമയോദ്ധ്യയിൽ
അന്തണവേഷം ധരിച്ചു വന്നാദരാൽ
മന്ത്രിച്ചു പോയതുനേരത്തു സൗമിത്രി
യന്ത്രിച്ചു[1] മണ്ടി വൈകുണ്ഠം പ്രവേശിച്ചു;
വെക്കം ഭരതനും ശത്രുഘ്നനും ശംഖ—
ചക്രങ്ങളായിച്ചമഞ്ഞോരനന്തരം
നമ്മോടു യാത്രയുംചൊല്ലി രഘൂത്തമൻ
നിർമ്മായ വിഷ്ണുസ്വരൂപം ധരിച്ചുടൻ
പാലാഴിപുക്കു ഫണീന്ദ്രതല്പേ മുദാ
ത്രൈലോക്യനാഥൻ വസിപ്പൂ വൃകോദര!
ഞാനും വിഭീഷണൻ ജാംബവാൻതാനുമീ
മൂന്നുപേരിങ്ങനെ ശേഷിച്ചു ഭൂമിയിൽ;
മററുള്ള വാനരൻമാരുമയോദ്ധ്യയിൽ
പെററു വളർന്നൊരു നാനാജനങ്ങളും
തെററെന്നു ദേഹം വെടിഞ്ഞു ദേവാലയം
പററിസുഖിച്ചു വസിക്കുന്നു സാദരം.
ഇക്കഥാകർണ്ണനം ചെയ്യും ജനങ്ങൾക്കു
ദുഃഖങ്ങളെല്ലാമകന്നുപോമത്രയ—
ല്ലുൾക്കാമ്പിലും ജ്ഞാനമുണ്ടാം വൃകോദര!
നീക്കമില്ലേതുമേ മാതൃഗർഭേ ചെന്നു
പുക്കും പിറന്നും വളർന്നും മരിക്കുമീ—
ദുഷ്കർമ്മയോഗവും വേർപെടും സംസാര—
മാർഗങ്ങളും വിടുമാനന്ദസുന്ദര—
സ്വർഗം ഗമിക്കും, രഘുപ്രവീരൻതന്റെ
സത്ക്കഥാസംവാദമുള്ളവണ്ണംതന്നെ
കേൾക്കുന്നവർക്കു, ധരിക്ക വൃകോദര!
പൊയ്ക്കൊൾക നീയിനി ഭീമസേന! ഭവാൻ
മയ്ക്കണ്ണിയാളുടെ മോദം വരുത്തുക
ചൊൽക്കൊണ്ട കല്യാണസൗഗന്ധികങ്ങളെ
കൈക്കലാക്കിക്കൊണ്ടു പോകെടോ പാണ്ഡവ!
അക്കുസുമങ്ങളും വിത്തേശരാജന്റെ
പുഷ്കരണിതന്നിൽ നില്ക്കുന്നു നീ ചെന്നു
തക്കത്തിലൊക്കെ ഹരിക്കുന്ന നേരത്തു
വക്കാണമേശുവാൻ വന്നടുക്കും ചില

---

[1] യന്ത്രിച്ച് = സൂത്രത്തിൽ; ഉപായത്തിൽ.

മൂർഖരായുള്ളൊരു കാവൽക്കാരരക്കര—
ക്കർക്കശൻ ക്രോധവശൻ മഹാ കണ്ടകൻ
വെക്കമെടുത്തു തടുക്കുന്നനേരത്തു
മുഷ്കരമായ ഗദകൊണ്ടു താഡിച്ചു
ശീഘ്രമങ്ങോടിച്ചുകൊൾക വൃകോദര!
വ്യാഘ്രം വരുമ്പോൾ കുറുനരിക്കൂട്ടങ്ങ—
ളൊക്കവെ പേടിച്ചു മണ്ടുന്നതുപോലെ
വിക്രമമുള്ള നീ കാര്യം ലഭിക്കെടോ;''
ഇത്ഥം പറഞ്ഞു മറഞ്ഞു ഹനുമാനു—
മെത്രയും മോദിച്ചു കുന്തീകുമാരനും
തത്രനിന്നാശു ഗമിച്ചു ദിവ്യസ്ഥലേ
വിത്തേശവാപിയിൽ ചെന്നിറങ്ങീടിനാൻ.

കല്ലോലജാലം കളിക്കുന്ന കണ്ടു,
കമലമണിനിറമുടയ കമലമതു കണ്ടു,
കല്യാണിമാരും കുളിക്കുന്ന കണ്ടു,
പൊലിമയൊടു ചടുലജല വടിവുമതു കണ്ടു
അന്നങ്ങളങ്ങു പറക്കുന്ന കണ്ടു,
അനവരതമവരുടയ നടനമതു കണ്ടു,
ചക്രവാകങ്ങടെ വിക്രമം കണ്ടു
ചടുലമലർമിഴികളുടെകളിവിരുതു കണ്ടു,
മത്സ്യങ്ങളോടി നടക്കുന്ന കണ്ടു,
മണമിയലുമണികുസുമ നിരകളതു കണ്ടു,
മത്തഭൃംഗോദ്യൽ പ്രയാണങ്ങൾ കണ്ടു
മലർ മധുരതരുനിരകളഥ സപദി കണ്ടു,
സൽസംഗശൃംഗാരഭാവങ്ങൾ കണ്ടു,
സരസതരസരസിരുഹ നികരമതു കണ്ടു,
ചക്രവാകങ്ങടെ ചാപലം കണ്ടു,
ചടുലതരുണികളുടയ സരസരതി കണ്ടു;
നക്രങ്ങൾ, കേറിക്കിടക്കുന്ന കണ്ടു,
നടുവിലതിചടുല മതിവടിവുമഥ കണ്ടു,
വക്രങ്ങളായുള്ള തീരങ്ങൾ കണ്ടു,
വലിയ ജലതിരനിരകൾ വിരവിനൊടു കണ്ടു,
ഗന്ധദ്വിപം വന്നിറങ്ങുന്ന കണ്ടു,
ഗളഗളിത വരരണിതകളപൊലിമ കണ്ടു,
ഗന്ധർവിമാർ വന്നു നീന്തുന്ന കണ്ടു,
ഗഗനചരകുലമഖിലമുപരി ബത കണ്ടു,
കല്ഹാരപുഷ്പം നിരന്നങ്ങു കണ്ടു,
പുളിനഭുവി നളിനികടെ തെളിവുമഥ കണ്ടു

ഐരാവതം വന്നിറങ്ങുന്ന കണ്ടു
അവനുടയ വിഹരണവുമിഹ സപദി കണ്ടു,
മാരാരികൂററൻ മദിക്കുന്ന കണ്ടു
മദനനുടെ കൊടിയുടയ മകരമതു കണ്ടു,
ആദിദേവൻെറ തുരഗങ്ങൾ കണ്ടു
അരികിലുടനവരുടയ നടനമതു കണ്ടു,
ഇങ്ങനെ സൗഗന്ധികപ്പൊയ്ക കണ്ടു,
ഇരുപുറവുമഥ രജനിചരവസതി കണ്ടു,
ഇംഗിതം ചേരുന്ന പുഷ്പങ്ങൾ കണ്ടു,
ഇതു സകലമിഹ സുലഭമിതി മനസി കണ്ടു

ചാടി മെല്ലവേ പുഷ്പവാടിയിൽ ഭീമസേനൻ
മോടിയിൽ മുടിതന്നിൽ ചൂടി നല്ലൊരു പുഷ്പം
പേടിപൂണ്ടു നക്രങ്ങളോടി ദൂരവേ മാറി
താടിമീശയും മേനിമൂടി രോമവുംകൊണ്ടു,
പാടി വാരിജം തന്നിലാടീടുമരയന്നം
വാടീടാത്ത പുഷ്പങ്ങൾ തേടീടും ചക്രവാകം
കോടിസാരസങ്ങളിൽകൂടിയെത്രയുമുള്ളിൽ
പേടികാരണം തദാ സാരസങ്ങളിൽനിന്നു
സാരസങ്ങളുമെല്ലാം ദൂരത്തു പറന്നങ്ങു
തീരത്തു വസിക്കുന്നു;
സാരസ്യമുടയോരു വീരൻ ഭീമസേനൻതാൻ
ചാരുത്വമിയലുംകല്ഹാരത്തെക്കരംകൊണ്ടു
കണ്ടിച്ചു മുതലയെ മണ്ടിച്ചു വരുന്നതും
കണ്ടപ്പോളരക്കരും ശുണ്ഠിച്ചു പുറപ്പെട്ടു,
ശണ്ഠയ്ക്കായൊരുമ്പെട്ടു കുണ്ഠൻമാർ പലർകൂടി
ച്ചെണ്ടക്കാർക്കഭിമാനംകൊണ്ടാപത്തിടകൂടീ:

''കല്ഹാരപുഷ്പങ്ങൾ കട്ടുപറിക്കുന്ന
കള്ളാ! നിനക്കടികൊള്ളുമെന്നിങ്ങനെ
കൊള്ളാമഹംഭാവമെന്തെടാ കശ്മലാ!
വെള്ളത്തിൽനിന്നങ്ങു കേറി നിന്നീടുക;
കല്യാണസൗഗന്ധികം വന്നു മോഷ്ടിച്ചു
മെല്ലെത്തിരിച്ചങ്ങു കൊണ്ടുപോവാൻ നിന-
ക്കില്ലെടാ സാമർത്ഥ്യമല്ലോ മഹാജള!
നില്ലെടാ നിൻെറ വിനാശം വരും ദൃഢം
ഞങ്ങടെ തമ്പുരാനായ ധനേശ്വരൻ
ഞങ്ങളെക്കാവലക്കു കല്പിച്ചിരിക്കുന്നു;
എങ്ങാനുമീവക പുഷ്പം ലഭിക്കുമോ?
ചങ്ങാതി മോഹിച്ചതെല്ലാം വൃഥാഫലം

കല്പവൃക്ഷങ്ങടെ പുഷ്പങ്ങളെക്കാളു–
മദ്ഭുതമാകുന്ന കല്ഹാരപുഷ്പങ്ങൾ
കെല്പൊടു കൊണ്ടുവന്നുണ്ടാക്കി തമ്പുരാൻ
എപ്പോഴുമങ്ങിതല്ലാതില്ല ചിന്തിതം;
ഒമ്പതുകൂട്ടം നിധി വച്ചിരിക്കുന്ന
തമ്പുരാനിപ്പോളതിലും വിശേഷിച്ചു
പൊൻപൂവിലേറെയുണ്ടെന്നു ധരിക്ക നീ
വമ്പു തുടർന്നാൽ കണക്കല്ല പൂരുഷ!
തമ്പുരാനിപ്പോളുടുപ്പാൻ കൊടുക്കുന്ന
പെമ്പിറന്നോർ പത്തുനൂറിൽ കുറവില്ല,
പൊൻപൂവു ചൂടാനവർക്കു കൊടുക്കണെ–
മമ്പതുമമ്പതും നിത്യം ചെലവുണ്ട്.
അമ്മമാർക്കൊക്കെയും വെവ്വേറെ വെവ്വേറെ
ചെമ്മേ പകുത്തു കൊടുക്കുന്ന ഞങ്ങൾക്കു
തിൻമാൻ പുകയില വെററില പാക്കെന്നെ–
തമ്മമാർ തന്നു പുലർത്തുന്നതെന്നറി;
കുററം വരുത്തിപ്പുറത്തിറക്കീടുവാൻ
മററുള്ള മന്ത്രികൾ നോക്കുന്നതുകൊണ്ടു
ചെററും ഫലിക്കയില്ലമ്മമാർ ഞങ്ങൾക്കു
കൊററിനും തേപ്പാനുമെല്ലാം തരുമല്ലോ.
മോഷണം തെല്ലുണ്ടിവർക്കെന്നു ഞങ്ങടെ
ദൂഷണക്കാർ ചെന്നു മൂപ്പിലെ കേൾപ്പിച്ചാൽ
ഏഷണിക്കാരും പലരുണ്ടവരുടെ
ഭീഷണികൊണ്ടു ഭയമില്ല ഞങ്ങൾക്ക്;
പെൺപിറന്നോർ ചെന്നുണർത്തിച്ചതൊന്നുമി–
ത്തമ്പുരാൻ കേൾക്കാതിരിക്കില്ല നിശ്ചയം
പൊൻപൂവു കാക്കുന്ന ഞങ്ങളെ വച്ചേച്ചു
പെൺപിറന്നോർക്കന്യ സംസാരമില്ലെടോ:
കാരിയക്കാരുണ്ടു മേനോക്കിയച്ചനു––
ണ്ടാരിയപ്പട്ടരച്ചൻമാർ പലരുണ്ട്
കോയിമ്മമാരുണ്ടടുക്കളെക്കാരുണ്ട്
നായൻമാരായുള്ളകമ്പടിക്കാരുണ്ടു
ലന്തക്കുഴൽക്കാർ പതിനെട്ടു പുള്ളിയു*
ണ്ടന്തമില്ലിപ്പോളളകാപുരിതന്നി–
ലന്തണൻമാരും പ്രഭുക്കളും ഭൃത്യരും
ചന്തമേറീടും പണിക്കരെച്ചൻമാരും
എന്തിനനേകം പറഞ്ഞിട്ടു കാരിയം
ചിന്തിച്ചു കണ്ടാലിതിന്നൊത്ത രാജ്യമി–

---

* പുള്ളി = സൈന്യവിഭാഗം; ‘പുള്ളിപ്പട്ടാളം’ എന്നു പറഞ്ഞുവന്നിരുന്നു.

ന്നന്തികംതന്നിലും ദൂരത്തുമില്ലെന്നു
സന്തതം ചൊല്ലുന്നു സർവ്വജനങ്ങളും;
ഈവണ്ണമുള്ള കുബേരന്റെ നാട്ടിനു
നീ വന്നു കേറിക്കവർന്നുതുടങ്ങിയാ—
ലീവന്ന ഞങ്ങളിലേകനുള്ളന്നു നീ
ഭാവിച്ചതൊന്നും നടക്കയില്ലേതുമേ.

ഇക്കണ്ട ഞങ്ങൾക്കെജമാനനേകനു—
ണ്ടുൾക്കാമ്പിലായാൾക്കു തെല്ലും ഭയമില്ല,
ചൊല്ക്കൊണ്ട രാക്ഷസൻ ക്രോധവശനെന്നു
ദിക്കുകളൊക്കെ ജയിച്ചൊരു പൂരുഷൻ;
ക്രോധവശനെന്നു പേരു കേട്ടാൽത്തന്നെ
ബോധംവരും നിനക്കായാടെ വിക്രമം,
വമ്പനാമങ്ങോർ കയർത്തുവരുന്നതിൻ
മുമ്പേ തെരിക്കനെപ്പൊയ്ക്കൊൾക നീ ശഠ!
പൊൻപൂ പറിക്കുന്ന നിന്നെപ്പിടിപെട്ടു
ചെമ്പുകിടാരത്തിലിട്ടു വറുക്കാതേ
തമ്പുരാൻതൃക്കാലിണയാണ ഭോഷ്ക്കല്ല
ഡംഭു കാട്ടാതെ നടക്ക നീ ദുർമ്മതേ!
ശംഭുസഖന്റെ സരസ്സിലെ പുഷ്പം ത—
രിമ്പുപോലും കൊണ്ടുപോവാൻ കഴിവരാ.''
ഇത്തരം ഘോഷിച്ചു ചെന്നടുത്തീടുന്ന
നക്തഞ്ചരൻമാരെയൊക്കെ ഗദകൊണ്ടു
താഡിച്ചു താഡിച്ചു മണ്ടിച്ചു മണ്ടിച്ചു
താമസിയാതെ കയർത്തു വൃകോദരൻ;
തല്ലുകൊണ്ടീടിന കിങ്കരൻമാരുടെ
കണ്ണുപോയി ചിലർ കാലുപോയി ചിലർ
എല്ലൊടിഞ്ഞു ചിലർ പല്ലുപോയെന്നല്ല
വല്ലാതെ ദേഹം വളഞ്ഞുപോയി ചിലർ
ഒക്കവേ ചെന്നങ്ങു ക്രോധവശൻതന്റെ
കാല്ക്കൽ പതിച്ചു പറഞ്ഞുതുടങ്ങിനാർ:
''വക്കാണമേറുന്ന പൊണ്ണത്തടിയനാം
ധിക്കാരി മാനുഷൻ പോന്നുവന്നിങ്ങനെ
ചൊല്ക്കൊണ്ട കല്യാണസൗഗന്ധികക്കൂട്ട—
മൊക്കെപ്പറിച്ചു കരസ്ഥമാക്കിക്കൊണ്ടു
നില്ക്കുന്ന നേരത്തു ഞങ്ങൾ വിരോധിച്ചു
മുഷ്ക്കുള്ളവനിഹ തെല്ലും ഭയമില്ല;
എന്നല്ല ഞങ്ങളെത്തല്ലിയോടിച്ചവൻ
പിന്നെയും പുഷ്പം പറിക്കുന്നു കശ്മലൻ

ദണ്ഡുമെടുത്തങ്ങുയർത്തിപ്പിടിച്ചുടൻ
കണ്ണും ചുവത്തിക്കയർത്തു വരുന്നൊരു
കാലനെപ്പോലെ കറുത്തുള്ളവൻതന്നെ
കാലനും കൂടെത്തടുപ്പാൻ വശമല്ല;
കാവല്ക്കു കല്പിച്ച കിങ്കരൻമാർ ഞങ്ങൾ
ധാവനംചെയ്തുപോയെന്നതേ തന്നല്ല
മൂക്കു മുറിഞ്ഞിതു മുഞ്ഞി ചതഞ്ഞിതു
കാൽക്കു മുടക്കം ചിലർക്കു വന്നൂ പിന്നെ,
നാക്കു മുറിഞ്ഞുപോയ് വാക്കു പുറപ്പെടാ
ചാക്കുമാത്രം പുനരാർക്കും ലഭിച്ചീല,
നോക്കുന്ന ദിക്കിലപ്പൊണ്ണൻ ഗദയുമായ്
പാർക്കുന്നു കൊൽവാൻ വരുന്നെന്നു തോന്നുന്നു;
രാക്ഷസാധീശ്വര! രാജരാജൻതന്റെ
രൂക്ഷനായുള്ളൊരു ഭൃത്യൻ മഹാബലൻ
കാൽക്ഷണം വൈകാതെ ചെന്നപ്പുരുഷനെ
കാലനൂർക്കാക്കുവാനെന്തേ മടിക്കുന്നു?''
എന്നുള്ള കിങ്കരൻമാരുടെ വാക്കു കേ-
ട്ടൊന്നു കയർത്തു പുറപ്പെട്ടു തൽക്ഷണം
വാളും പരിചയും കൈയിലാക്കിക്കൊണ്ടു
ചീളെന്നു ചെന്നു തടുത്തു നിശാചരൻ;
''നില്ലെടാ മൂഢ! നിനക്കിന്നു നമ്മുടെ
കല്ഹാരപുഷ്പം കവർന്നതുകാരണം
വല്ലാത്തഹംഭാവമെല്ലാം ശമിപ്പതി-
നുള്ളൊരു സംഗതി വന്നുകൂടീ ജള!
വിക്രമിയാകുന്ന ക്രോധവശൻ പണ്ടു
ശക്രനെച്ചെന്നു ജയിച്ചു പലകുറി
ദിക്കുംഭികുംഭങ്ങൾ തല്ലിത്തകർത്തൊരു
ദിക്കുകൾ പത്തും ജയിച്ചു വിളങ്ങുന്ന
നക്തഞ്ചരേന്ദ്രനെപ്പേടികൂടാതെ നീ
മത്തനായ് വന്നിങ്ങധികസൗഗന്ധികം
കട്ടുകൊണ്ടോടുവാൻ ഭാവിക്കയാലിന്നു
വെട്ടുകൊണ്ടന്തകൻവീടു പുക്കീടുമേ.
അഷ്ടലോകാധിപൻമാരിൽവച്ചേത്രയും
ശ്രേഷ്ഠനാം വിത്തേശനാഥന്റെ പുഷ്പങ്ങൾ
കിട്ടുമോ മൂഢ! നിനക്കെടാ ദുർമ്മതേ!
കിട്ടും തലയ്ക്കിട്ടു വെട്ടുമെന്നോർക്ക നീ;
മററുള്ള ദിക്കിൽ നടന്നു ഫലിപ്പിച്ചു
മററുള്ള വിദ്യകളെല്ലാം പ്രയോഗിച്ചു
തെററെന്നു കിട്ടും വിരുതു കെട്ടിക്കൊണ്ടു

മുററും നടക്കുന്ന കൂട്ടങ്ങളൊക്കെയും
ഇദ്ദിക്കിൽ വന്നു മടങ്ങാതെയാരുമി—
ല്ലിത്രനാളും കണ്ടുപോരുന്നതിങ്ങനെ;
ഇന്നു വിരുതഴിപ്പിക്കുന്നതുണ്ടു ഞാൻ
എന്നോടെതിർപ്പാൻ മതിയാകയില്ല നീ
പെട്ടെന്നു നിന്നെ ജയിച്ചീല ഞാനാകി—
ലിട്ടതല്ലെന്റെപേരച്ഛനാണ നിന്റെ
മസ്തകം വെട്ടിപ്പിളർക്കുന്നതുണ്ടു ഞാൻ
ഹന്ത സന്നാഹപ്രതിജ്ഞ ചെയ്യുന്നു ഞാൻ
മൺകുടം മങ്ങലി ചട്ടി കലങ്ങളും
മൺകൊണ്ടു കൊട്ടിയുണ്ടാക്കും കുശവൻ താൻ
പങ്കജസംഭവബ്രഹ്മാവു താനെന്നു
സങ്കല്പമുള്ളോർ മുഴക്കുന്നു സാമ്പ്രതം;
സൃഷ്ടിക്കു ചേർന്നുള്ളതിന്നു വിരിഞ്ചനു
പുഷ്ടിക്കു ചേരും പ്രവൃത്തിയെന്നിങ്ങനെ
അഷ്ടിക്കുവേണ്ടിക്കലം കൊട്ടി വില്ക്കുന്ന
ചേട്ടയ്ക്കഹംഭാവമയ്യോ! ശിവ! ശിവ!
എന്നതുപോലെ ജനങ്ങളെല്ലാം സമ—
മെന്നു നിനക്കുള്ളിലുണ്ടാമഹംഭാവം
ഇക്കാലമായതു പൊക്കം പിടിപ്പിപ്പ—[1]
നീക്കണ്ട രാത്രിഞ്ചരേന്ദ്രൻ മഹാബലൻ
അർക്കനെക്കണ്ടൊരു മിന്നാമിനുങ്ങുപോ—
ലക്കണക്കായ്‌വരും നിന്റെ പരാക്രമം.

അളകാമന്ദിരംതന്നിലിളകാതെയിരിക്കുന്ന
ഇളിബിളിസുതൻതന്റെ കളികുളികുളംതന്നിൽ
കിളിർത്തുണ്ടായൊരു പുഷ്പമൊളിച്ചുകൊണ്ടുപോവാനായ്
പുളച്ചു വന്നൊരു നിന്റെ തിളപ്പു പൊങ്ങി വിങ്ങുന്നു
വെളിച്ചെണ്ണക്കിടാരത്തിൽ വലിച്ചിട്ടു വറുക്കാതെ
നിലച്ചീടില്ലെനിക്കുള്ളിൽ ജ്വലിച്ചീടുന്നൊരു കോപം
കുലച്ചു വില്ലതു നന്നായ്ത്തൊടുത്തു ബാണമെയ്യുമ്പോൾ
മലച്ചുവീണു നീയങ്ങു മരിച്ചുപോമതല്ലെങ്കിൽ
പിടിപ്പിൻ മുഷ്ടികൾകൊണ്ടു കൊടുപ്പിൻ നിങ്ങളങ്ങോട്ടു
നടപ്പിൻ മന്ദനെക്കെട്ടിയെടുപ്പിൻ മന്ദിരേ ചെന്നു
കടപ്പിൻ ചോരനെക്കൊന്നു മുടിപ്പിൻ മന്നനോടിത്ഥം
വചിച്ചു കാഴ്ചയായ്‌വച്ചു വണങ്ങിപ്പോരുവിൻ നിങ്ങൾ.''

---

1. പൊക്കം പിടിപ്പിപ്പൻ = നശിപ്പിക്കും, ഇല്ലാതെയാക്കും. നിന്റെ അഹംഭാവം രാത്രിഞ്ചരേന്ദ്രനായ ഞാൻ ഇല്ലാതെയാക്കുമെന്നർത്ഥം.

‘ഇക്കാലമായതു പോക്കും, പിടിപ്പിപ്പൻ’—എന്നു ചില മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠം,

ഇത്തരം ദുർവാക്കുരയ്ക്കുന്ന ദുഷ്ടരോ—
ടുത്തരം സത്വരം ചൊന്നാൻ വൃകോദരൻ:
''മത്തരാം നിങ്ങടെ വംശം മുടിച്ചു ഞാ—
നുത്തരാശാവരനായ കുബേരൻെറ
പത്തനം കുത്തിക്കുഴിച്ചങ്ങതിൽപ്പെട്ട
വിത്തങ്ങളെല്ലാം കരസ്ഥമാക്കീടുവൻ.
പത്തിലൊന്നു കുറവുള്ള നിക്ഷേപങ്ങ[1]
ളൊത്തവണ്ണം ചെന്നു വേഗേന ഭൂതലം
കുത്തിക്കുഴിച്ചങ്ങെടുത്തു ഞാനാശു പോ—
യെത്തുന്നതുണ്ടു മൽ പത്തനേ സത്വരം;
പോടാ! കരാള! നിശാചര! നീ ശഠ!
മൂഢാ! രണത്തിനു വാടാ തൃണസമ!
കൂടപ്രയോഗം തുടങ്ങുന്ന നേരത്തു
നാടും തകർത്തുടനോടും ജള! നിൻെറ—
നാടു വെടിഞ്ഞങ്ങു പാടുപെടും കാല—
നോടുള്ള സംഗമം കൂടാതെ പോകയിൽ;

തന്നെത്താനറിയാതെ തന്നെക്കാൾ ബലമുള്ള
ധന്യൻമാരൊടു ചെന്നു സന്നാഹം തുടർന്നെന്നാൽ
പിന്നെത്താനറിയാറാമെന്നു നീ ധരിച്ചാലും
മന്നിലും സുരലോകംതന്നിലും പുകഴ്ന്നൊരു
മന്നവൻ വൃകോദരൻ ഞാനെന്നു ധരിച്ചാലും
ഇന്നുള്ള വിരുതൻമാരൊന്നും നമ്മുടെ നേരെ
നിന്നു സംഗരം ചെയ്കയില്ല ശങ്കയില്ലേതും
അയ്യോ! രാക്ഷസാധമ! നീയോ നമ്മോടു യുദ്ധം—
ചെയ്യാമെന്നൊരു ബാണമെയ്യാനായ് പുറപ്പെട്ടു;
അയ്യോ! ഭോഷരേ! നിങ്ങളയ്യായിരവും കോടി
ലക്ഷവും സ്വരൂപിച്ചിട്ടെക്ഷൻമാർക്കരചൻെറ
പക്ഷമായ് പുറപ്പെട്ടു തൽക്ഷണം വരുന്നാകി—
ലിക്ഷണമടിച്ചു ഞാൻ തൽക്ഷണം മുടിച്ചീടും,
പക്ഷികൾക്കൊരുപോലെ ഭക്ഷിപ്പാൻ വകയാക്കും;''

ഇത്ഥം പറഞ്ഞു ഗദകൊണ്ടു വേഗേന
യുദ്ധം തുടങ്ങി മടങ്ങാതെ പാണ്ഡവൻ
നക്തഞ്ചരൻമാരുത്യന്തകോപേന
യുക്തമായ് ഘോരപ്രയോഗം തുടങ്ങിനാർ;
രൂക്ഷമാംവണ്ണം കയർത്തു വരുന്നൊരു
യക്ഷലക്ഷത്തെയും തൽക്ഷണം മാരുതി

---

[1] പത്തിലൊന്നു കുറവുള്ള നിക്ഷേപങ്ങൾ=പുരാണങ്ങളിൽ പറയുന്ന നവനിധികൾ.

ക്ഷിപ്രം ഗദകൊണ്ടു താഡിച്ചു മണ്ടിച്ചു
പുഷ്പങ്ങളെല്ലാമറുത്തു സ്വരൂപിച്ചു
കെട്ടിത്തലയിലെടുത്തു പുറപ്പെട്ടു
പെട്ടെന്നു ചെന്നു കപീന്ദ്രനെ വന്ദിച്ചു;
ഗന്ധവാഹാത്മജൻ മോദേന സാദരം
ഗന്ധമാദനാരണ്യേന പോയ് ചെന്നുടൻ
തത്ര വടിവൊടു വായുസുതൻ ധർമ്മ–
പുത്രരേയും ഭാര്യതന്നെയും കണ്ടുടൻ
സന്തുഷ്ടനായ്നിന്നു വന്ദിച്ചു ജ്യേഷ്ഠനെ;
ചന്തമേറും നല്ല പുഷ്പങ്ങളൊക്കവേ
ദ്രൗപദിതന്നുടെ കൈയ്യിൽ കൊടുത്തിതു
ഭൂപതിനന്ദനൻ ഭൂപൻ മഹാരഥൻ.
ഇങ്ങനെ കല്യാണസൗഗന്ധികാർപ്പണം
മംഗളം! ചാരുകല്യാണം! ശുഭം! ശുഭം!

കല്യാണസൗഗന്ധികം ശീതങ്കൻതുള്ളൽ
സമാപ്തം

സുന്ദോപസുന്ദോപാഖ്യാനം

ഹരിശ്രീവല്ലഭൻ ദേവൻ ഹരിൽപദാധിപൻമാരും
ഹരിദശ്വൻ വിരിഞ്ചനും ഹരിണാങ്കൻ ഗുരു ശുക്രൻ
ഹരിഹയനമരൻമാർ ഹരിഹരതനയനും
ഹരിപാദതടിനിയും, അരികിൽ മേവിനകാലം,
ഗിരീശൻ ശ്രീമഹാദേവൻ കരിരാജാകൃതി പൂണ്ടു
ഗിരിജാദേവിതാനപ്പോൾ കരിണീവേഷവും പൂണ്ടു
ഗിരിരാജാടവിതന്നിലിരുപേരുമൊരുമിച്ചു
പരിചോടദ്ഭുതക്രീഡാപരിതോഷം തുടർന്നാശു
പരിരംഭാദിയായുള്ള സുരതത്തിന്നൊരുമ്പെട്ടു
മരുവും നല്ലൊരുനേരം തരസാ സംഭവിച്ചോരു
കരിമുഖൻ ഭഗവാന്റെ തിരുവുടലെത്ര ചിത്രം!
തരത്തിൽ പീനമാം തുമ്പിക്കരത്തിൻ ഭംഗിയും ദേഹ—
ക്കരുത്തും മാനസപ്രീതി വരുത്തും ഭാവവും കേളി—
ഭരത്തിൽ പ്രേമവും മേഘസ്വനത്തിന്നൊത്തൊരു കണ്ഠ—
സ്വരത്തിന്റെ ഗുരുത്വവും ധരത്തിന്നുന്നതിഭംഗം
വരുത്തും തുംഗമാമംഗസ്ഥിരത്വപ്രൗഢിയും പിന്നെ
പെരുത്ത ഭക്തിമാൻമാർക്കു വരത്തെ നല്കുവാനേററം
ഗുരുത്വമുള്ളൊരു ലീലാപരത്വമെന്നിവയെല്ലാം
ഒരിക്കലും ത്യജിക്കാതങ്ങിരിക്കുന്ന കരിമുഖൻ
ചിരകാലം മനക്കാമ്പിലിരിക്കേണം തുണയ്ക്കേണം,
ഇരിക്കുന്ന ജനങ്ങൾക്കു നിരക്കുന്ന കവി ചൊൽവാൻ
ഗുരുക്കൻമാർ തുണയ്ക്കേണം അവർക്കേററം വണങ്ങുന്നേൻ.
കവിമാതും മുനികളും കവികളും കനിവോടേ
കവിതാരീതികൾ ചെയ്വാനവിരതം തുണയ്ക്കേണം.

മാത്തൂരമർന്നീടുമംബ! ഭഗവതീ!
കാത്തുകൊള്ളേണമേ കാരുണ്യശാലിനി!
മത്തഗജത്തിന്റെ മസ്തകഡംബരം
കുത്തിക്കവെർന്നൊരു കുത്തുമുലകളും
ചിത്താഭിരാമമാം നൃത്തപ്രയോഗത്തി—
ലുത്താളകോലാഹലത്തോടു കൂടുന്ന
കൃത്തി[1] സ്വനങ്ങളോടൊത്തൊരു താളത്തി—
ലുത്തുംഗമേളം വരുത്തി പെരുത്തൊരു
തത്തൽ പദാഘാതവൃത്തിപ്രപഞ്ചത്തി—
ലെത്തും മഹാധൂളി മേളിച്ച കുന്തളം

---

[1] കൃത്തി = ആനത്തോലു പൊതിഞ്ഞ ഒരുതരം ഗംഭീരവാദ്യം.

ചിത്തത്തിലോർത്തു ഞാനത്യാദരം വീണു
ഭക്ത്യാ വണങ്ങുന്ന മാത്തൂരധീശ്വരീ!
വാനോർനദീപുരേ വാണരുളീടുന്ന
ദാനവാരാതിയാം ദാമോദരൻ കൃഷ്ണൻ
ആനന്ദദായകൻ ഗോപികാനായകൻ
നാനാഗുണാകരൻ നാരായണൻ പരൻ
മാധവൻ ഗോവിന്ദനിന്ദിരാവല്ലഭൻ
രാധികാകാമുകൻ രാമാനുജൻ പാർത്ഥ—
സൂതൻ സുരാധീശവന്ദിതൻ സുന്ദരൻ
ചേതോഹരൻ മമ ചേതസി ഭാസതാം.
ചെമ്പകനാടണി വമ്പനാകും മമ
തമ്പുരാൻ ദേവനാരായണസ്വാമിയും
ഇമ്പമോടിജ്ജനത്തെത്തുണയ്ക്കേണമേ!
തൻപദാംഭോരുഹം കുമ്പിടുന്നേനഹം.
ദിക്കു പത്തും പുകഴ്ന്നോരു ദ്രോണംപള്ളി
നല്ക്കുലഭൂഷണൻ മദ്ഗുരുനായകൻ
വിക്രമവാരിധിവീരൻ വിശേഷജ്ഞ—
നിക്കഥാരംഭേ കടാക്ഷം തരേണമേ!
ചണ്ഡികാദേവിയെസ്സേവിച്ചു മേവിടു—
മുണ്ണീരവിയെന്നു പേരായ പൂരുഷൻ
പുണ്യപൂരാകരൻ നമ്മുടെ ദേശികൻ
കണ്ണിണകൊണ്ടൊന്നനുഗ്രഹിക്കേണമേ!
മണ്ണിലും വിണ്ണിലും മേവുന്ന ദൈവങ്ങ—
ളെണ്ണമില്ലേതും ഗണിക്കുന്നനേരത്തു
അർണ്ണവംപോലെ പരന്നോരവർകളെ
വർണ്ണനംചെയ്‌വാനെളുതല്ലനന്തനും
വന്ദനം മാത്രമതൊന്നു ചെയ്തീടിനാൽ*
വന്നീടുമല്ലോ പുരുഷാർത്ഥമൊക്കെയും
മന്ദനായുള്ള ഞാൻ മാഹാത്മ്യമേറുന്ന
വന്ദനീയന്മാരിരിക്കും സഭാന്തരേ
വന്നൊരു സൽക്കഥ ചൊല്ലുന്നതുണ്ടെന്നു
തോന്നിപ്പുറപ്പെട്ടതെന്നുടെ സാഹസം;
ചിന്തിച്ചു കാണുകിൽ സാഹസമല്ലേതും
സന്തോഷമുൾക്കൊണ്ടു സജ്ജനംതന്നുടെ
അന്തികേ സേവിച്ചുനില്ക്കും ജളൻപോലും
അന്ധത തീർന്നു സമർത്ഥനായീടുന്നു;
കർപ്പൂരധൂളിയിൽ മേളിച്ചു കൂട്ടിനാൽ
കല്പൊടിക്കും നല്ല സൗരഭ്യമുണ്ടാകും;

---

* 'വന്ദനംമാത്രം ഞാനൊന്നു ചെയ്തീടിനാൽ'—മുദ്രിതപുസ്തകപാഠം.

ഇപ്പരമാർത്ഥം വിചാരിച്ചുറയ്ക്കയോ—
ലല്പം കുലുക്കം നമുക്കില്ല മാനസേ.
ഗാനനൃത്തംകൊണ്ടു സർവജനങ്ങൾക്കു—
മാനന്ദമുള്ളത്തിലുണ്ടാക്കുവാൻ പണി,
വേഷങ്ങൾ കണ്ടു രസിക്കും ചില ജനം
ഘോഷങ്ങൾ കണ്ടു രസിക്കും ചില ജനം
ദോഷം പറഞ്ഞു ചിരിക്കും ചില ജനം
ദൂഷണം കെട്ടിച്ചമയ്ക്കും ചില ജനം
ഏഷണികൂട്ടിത്തുടങ്ങും ചില ജനം
ഭീഷണവാക്കുമുരയ്ക്കും ചില ജനം
ഭാഷണം നീളെ നടത്തും ചില ജനം
കുററംപറഞ്ഞു പരിഹസിക്കുന്നവർ—
ക്കററമില്ലേതും വിചാരിച്ചു കാണുമ്പോൾ
നാനാപ്രകാരമായുള്ളൂ ജനത്തിൻെറ
മാനസമെന്നു ധരിക്കേണമേവരും;
കൂട്ടം കലമ്പി ദുഷിച്ചു നടക്കുന്ന
കൂട്ടത്തെയൊട്ടുമേ കൂട്ടാക്കയില്ല ഞാൻ;
എട്ടുനാലക്ഷരം കൂട്ടിപ്പലതരം
പാട്ടും കളികളും ഗദ്യവും പദ്യവും
കെട്ടിച്ചമച്ചതു രംഗങ്ങളിൽ ചെന്നു
ഞെട്ടാതെ കാട്ടിപ്പറഞ്ഞു ഫലിപ്പിപ്പ—
തൊട്ടും നിനച്ചാലെളുതല്ല നല്ലൊരു
പട്ടാങ്ങു ചേരും പ്രയോഗങ്ങളോരോന്നു
കേട്ടു രസിച്ചു വസിച്ചുകൊൾകെന്നിയേ
പെട്ടെന്നു മററൊന്നുമെന്നും ചിതംവരാ.

ഗുരുകൻമാരുടെ സ്നേഹം ഭവിക്കുന്നാകിലിപ്പോൾ ഞാൻ
ചുരുക്കത്തിലൊരു ഭാഗമുരയ്ക്കുന്നുണ്ടിതുനേരം
അരയ്ക്കാൽനാഴികനേരം സ്മരിക്കാം കൃഷ്ണനെയെന്നാൽ
തരിക്കാമർണ്ണവംപോലെ പരക്കും ദുഷ്കൃതമെല്ലാം
ഗതിക്കും നല്ലതു ലോകസ്ഥിതിക്കും നല്ലതു നല്ല—
മതിക്കും ശുദ്ധിയുണ്ടാകും രതിക്കും പാത്രമായീടും
അതിക്രൂരം നരകത്തിൽ പതിക്കുമ്പോൾ മുകുന്ദനെ
സ്തുതിക്കും മാനുഷൻമാർക്കങ്ങുദിക്കും സാരബോധങ്ങൾ.
ശമിക്കും പാപമപ്പോഴേ ഗമിക്കും വിഷ്ണുലോകത്തെ
നമിക്കും സൽക്കഥ കേട്ടു രമിക്കും മാനസമപ്പോൾ
ഉറയ്ക്കും കൗതുകം ചിത്തേ നിറയ്ക്കും ഭക്തിയന്നേരം
മറയ്ക്കും മുന്നിലെ ക്ലേശം തുറക്കും ജ്ഞാനമാം ദൃഷ്ടി

തനിച്ച ഭാരതംതന്നിൽ ജനിച്ച പാണ്ഡവൻമാരെ
നിനച്ചാലപ്പൊഴേ പാപം നശിച്ചീടും നരൻമാരേ!

പഞ്ചാസ്ത്രതുല്യരാം പാണ്ഡവൻമാരുടൻ
പാഞ്ചാലിതന്നുടെ പാണിഗ്രഹം ചെയ്തു
വാഞ്ഛാനുകൂലമാം ലീലാവിശേഷേണ
ചാഞ്ചല്യഹീനം സുഖിച്ചു വാണീടിനാർ.
വാസവശ്രീലരാം[1] കുന്തീസുതൻമാർക്കു
വാസവപ്രസ്ഥമെന്നുള്ളൊരു മന്ദിരം
വാസുദേവന്റെ കൃപയാൽ ലഭിക്കയാൽ
വാസസൗഖ്യം പരം സംഭവിച്ചൂ സദാ.
ഭാസുരൻമാരായ താപസശ്രേഷ്ഠരും
ഭൂസുരൻമാരും മഹായോഗിവൃന്ദവും
ഹാസകൻമാരായ നർമ്മബന്ധുക്കളും
ദാസജനങ്ങളും ദായാദവർഗ്ഗവും
നാനാസുഖങ്ങൾക്കു വേണ്ടും പദാർത്ഥവും
സേനാപതികളും മന്ത്രിപ്രവീരരും
ആനപ്പടകൾ കുതിരപ്പടകളും
യാനരത്നങ്ങളും കാലാൾപ്പടകളും
നാനാഗൃഹങ്ങളിൽ കേളിയാടുന്നൊരു
നാരീജനങ്ങളും നല്ല പുരുഷരും
പാടിക്കളിക്കുന്ന ദേവദാസികളും
മോടിത്തരങ്ങളും ശൃംഗാരഭംഗിയും
പാടിയും തോടിയും പന്തുവരാടിയും
പാടിക്കുഴൽവിളിക്കുന്ന ജനങ്ങളും
പാടീരപങ്കമിഴുകിക്കുസുമങ്ങൾ—
ചൂടിത്തലമുടികെട്ടി ക്കുറിയിട്ടു
നാടൻപുഴുകും തിലകങ്ങളും ചേർത്തു
തേടിശ്ശിമാരുടെ വീടും കുടികളും
തേടിപ്പലതരം രാജമാർഗ്ഗങ്ങളി—
ലോടിനടക്കും വിടൻമാരുമിത്തരം
പ്രൗഢിയേറീടുന്ന ഭൂപാലമന്ദിരേ
രൂഢമോദം വാണു കുന്തീകുമാരരും.
ആകാശമാർഗ്ഗത്തു കേൾക്കായിതക്കാല—
മേകദാ നല്ലൊരു നാമസങ്കീർത്തനം
ശ്രീരാമ! ഗോവിന്ദ! വിഷ്ണോ! രമാനാഥ!
നാരായണാനന്ദ! ഗോപാലകേശവ!

---

1. വാസവശ്രീലർ=വാസവശ്രീലൻമാർ. ദേവനു തുല്യമായ ശ്രീയുള്ളവർ. 'വാസവശ്രീകരാം'—എന്നു മുദ്രിതപുസ്തകപാഠം. തുള്ളൽക്കാരുടെ പഴയതായോട് അനുസരിച്ചുള്ള പാഠം 'വാസവശ്രീലാം' എന്നാണ്.

വാരിജലോചന! ശൗരേ ജനാർദന!
വാരിജനാഭ! വരദ! മുരാന്തക!

പീതാംബുരാച്യുത! ചക്രപാണേ! ഹരേ!
സീതാപതേ! വിഭോ! കൃഷ്ണ! വൃഷ്ണീശ്വര!

രാധാപതേ! മധുസൂദന! മാധവ!
സാധാരണാത്മൻ: നമസ്തേ നമോസ്തു തേ;’’

പാണിപങ്കേരുഹംതന്നിൽ വിളങ്ങുന്ന
വീണയിലിങ്ങനെ ഘോഷിച്ചുകൊണ്ടുടൻ
കാണായി താപസശ്രേഷ്ഠനാം നാരദൻ
ക്ഷോണീതലത്തിലിറങ്ങി വരുന്നതും;

ധർമ്മാത്മജൻ ചെന്നു വന്ദിച്ചു മെല്ലവേ
സമ്മാനപൂർവം മഹാരത്നമണ്ഡപേ
ധർമ്മം പിഴയ്ക്കാതെ പൂജിച്ചു സേവിച്ചു
ശർമ്മം വരുത്തിയിരുത്തി രത്നാസനേ;

പഞ്ചപുച്ഛരങ്ങളടക്കി വിനീതനായ്
ചഞ്ചലം കൂടാതെ മന്നവൻ ചൊല്ലിനാൻ:
‘‘അഞ്ചിതശ്രീമഹാപുണ്യരാശേ! മുനേ!
കിഞ്ചന ത്വം മമ വാക്കു കേട്ടീടണം,

നിന്തിരുവുള്ളിലീവണ്ണമുണ്ടായ്വരാ—
നെന്തൊരു പുണ്യം വിശേഷിച്ചു ചെയ്തു ഞാൻ
ഹന്ത! മേ സാമ്പ്രതം നാടും നഗരവും
അന്തരമെന്നിയേ ശുദ്ധമായീ ദൃഢം;
ചൊൽക്കൊണ്ട മാമുനിശ്രേഷ്ഠ! ഭവാനുടെ
തൃക്കാലിണപ്പൊടിസംഗമുണ്ടാകുന്ന
ദിക്കിന്നൊരിക്കലുമില്ലനർത്ഥാദികൾ
മേല്ക്കുമേലുണ്ടാമനേകസമ്പത്തുകൾ;
നാരായണപ്രീതിപാത്രമാകും ഭവാൻ
പാരാതെകണ്ടിങ്ങെഴുന്നരുളീടുവാൻ
കാരണമെന്തെന്നരുൾചെയ്തു കേൾക്കണം
പാരമുണ്ടാഗ്രഹം നാരദമാമുനേ!’’

ഇത്തരം ധർമ്മജൻ ചോദിച്ച വാക്കുകൾ—
ക്കുത്തരമിത്ഥമരുൾചെയ്തു നാരദൻ!
‘‘ഉത്തമക്ഷോണീശ! കേട്ടുകൊണ്ടാലുമെൻ—
ചിത്തത്തിലുള്ളോരഭിപ്രായമാദരാൽ;
പാഞ്ചാലിപുത്രിയെ പ്രേമമോടേ നിങ്ങ—
ളഞ്ചുപേരുംകൂടെ ലാളിച്ചു മേളിച്ചു
കിഞ്ചനകാലം വസിക്കുന്ന കാലത്തു
കിഞ്ചന വൈരം പരസ്പരം ജാതമാം;

പഞ്ചായുധനെന്നു പേരായ വീരന്റെ
വഞ്ചനാകൗതുകം ചിന്തിച്ചുകൊള്ളുവാൻ
ചഞ്ചലാപാംഗങ്ങളാകുന്ന ബാണങ്ങൾ
നെഞ്ചിൽ തറച്ചാലൊഴിച്ചുകൊൾവാൻ പണി;

തേഞ്ചോരിവായ്മലർ പുഞ്ചിരിക്കൊഞ്ചലും
പഞ്ചസാരപ്പൊടി വെല്ലുന്ന വാണിയും
സഞ്ചാരഭംഗിയും സാരസ്യരീതിയും
ചഞ്ചലാലോകവും ചാരുഭാവങ്ങളും

കിഞ്ചിൽ സ്മരിക്കുന്നനേരം മനോഭവൻ
നെഞ്ചിൽക്കരേറി സ്ഥലംപിടിക്കും ശഠൻ;
അഞ്ചാറു നാഴികയ്ക്കുള്ളിൽ പുരുഷന്റെ
നെഞ്ചുറപ്പൊന്നു മറിച്ചുവയ്ക്കും ദൃഢം;

കണ്ണിണകൊണ്ടു കടുകുവറുക്കുന്ന
പെണ്ണിനെക്കണ്ടാലടങ്ങുമോ പൂരുഷൻ!
വിണ്ണിലെ രാജാവഹല്യയെക്കണ്ടിട്ടു
ദണ്ണിച്ചതിന്നും ദുഷിക്കുന്നു സജ്ജനം;

അണ്ണന്റെ പെണ്ണെന്നനുജൻ നിനയ്ക്കുമോ?
അണ്ണൻ സഹജന്റെ പെണ്ണെന്നു വയ്ക്കുമോ?
കണ്ണിന്റെ പിമ്പേ മനസ്സും ശരീരവും
പെണ്ണിന്റെ നേരേ തിരിക്കും ധരിക്കടോ;

തന്നുടെ കാന്തയോടൊന്നിച്ചു മററൊരു
സുന്ദരൻ മേവുന്നതു കണ്ടു നില്ക്കുമോ?
അന്നേരമേ ചെന്നു താഡനം കൂട്ടുവാ—
നിന്നുള്ള ലോകർക്കു സന്ദേഹമില്ലെടോ;

രണ്ടു പുരുഷർക്കു കാന്തയായിട്ടൊരു
വണ്ടാർകുഴലിയാളുണ്ടാകിലപ്പൊളേ
രണ്ടുപേരും തമ്മിലിഷ്ടമില്ലെന്നല്ല
ശണ്ഠയും തല്ലും പിടിയും ഭവിക്കുമേ;

ശുണ്ഠികടിപ്പാനിതുവച്ചു മററൊന്നു
കണ്ടീല ഞാനെങ്ങുമൊന്നും യുധിഷ്ഠിര!
ശണ്ഠയ്ക്കു തമ്മിൽ തുടങ്ങുന്ന നേരത്തു
രണ്ടു പക്ഷക്കാരുമുണ്ടാമസംശയം;

ഏഷണിക്കാരനെന്നെന്നെപ്പറയുന്നു
ശേഷമുള്ളാളുകളെന്നുവരികിലും
ഏഷണികൂട്ടുവാനല്ലിങ്ങു വന്നത—
ദ്ദോഷം പറഞ്ഞു കളയുവാൻ വന്നു ഞാൻ;

രണ്ടുപേർ തമ്മിൽ കയർക്കുന്നതു കാൺമാ—
നുണ്ടു നമുക്കു മനക്കാമ്പിലാഗ്രഹം

വേണ്ടാത്ത മത്സരം വേഗം വളർത്തുവാൻ
വേണ്ടും വിധത്തിലിങ്ങുണ്ടൊരു കൗശലം;

ഇല്ലാത്ത വസ്തുക്കൾ വച്ചു വിവാദിച്ചു
വല്ലാത്ത കോപം മുഴുത്തു ചമഞ്ഞുടൻ

പല്ലും കടിച്ചങ്ങു ചുണ്ടും വിറപ്പിച്ചു
കല്ലും തടിയുമെടുത്തു പിടിച്ചാശു

മല്ലും നടിച്ചു തടിച്ചവർ തങ്ങളിൽ
തല്ലുന്ന കണ്ടാലെനിക്കെന്റെ പാണ്ഡവ!

നല്ലൊരു കല്യാണമെന്നേ പറയാവൂ
മല്ലാരിപാദങ്ങളാണ പൊളിയല്ല;

ആനകൾതങ്ങളിൽ പാഞ്ഞടുത്തങ്ങനെ
കാനനം കുത്തിത്തകർത്തു തിമിർത്തുകൊ—
ണ്ടാനനം കുത്തിപ്പിളർക്കുന്നതു കാൺകി—
ലാനന്ദമല്ലാതെനിക്കൊന്നുമില്ലെടോ!
കൂററനും കൂററനും തമ്മിൽപ്പിണങ്ങുന്ന—
തേററം മഹോത്സവംതന്നെ നമുക്കെടോ!
കുക്കുടം തമ്മിൽ കയർക്കുന്നതുമിന്നു
മിക്കതും കണ്ടാലുപേക്ഷിക്ക സങ്കടം;
അച്ചിമാർ തങ്ങളിൽ കൊഞ്ഞനം കാട്ടുന്ന—
തച്ഛനാണെത്രയും കണ്ടാൽ മനോഹരം;
പുച്ചൂലുകൊണ്ടു തലയ്ക്കിട്ടടിക്കയും
കൊച്ചിനെക്കൊണ്ടു തടുക്കയും വിസ്മയം!
ഇന്നതെന്നില്ല കലഹങ്ങൾ കാണുവാൻ
പിന്നെയും പിന്നെയുമുണ്ടെനിക്കാഗ്രഹം;
എന്നതു കാരണം നാരദൻ നാരദ—
നെന്ന പേരേഷണിക്കാർക്കുമകപ്പെട്ടു;
ഇങ്ങനെ നമ്മുടെ ശീലമെന്നാകിലും
നിങ്ങളോടങ്ങനെയല്ലെന്റെ മാനസം
തങ്ങളിൽ സ്നേഹത്തിനന്തരം കൂടാതെ
നിങ്ങളിരിക്കണമെന്നു ചൊല്ലുന്നു ഞാൻ;
പേടമാൻകണ്ണിമാരോടു കൂടുംവിധൗ
മൂഢഭാവം ബുധൻമാർക്കുമുണ്ടായ്‌വരും
ഏടലർബാണന്റെ ബാണം തറയ്ക്കുമ്പൊ—
ളാടലുണ്ടാം വിചാരങ്ങളും നാസ്തിയാം;
ചേട്ടനെക്കൂട്ടാക്കുകില്ല സഹോദരൻ
ചേട്ടകളായുള്ള നാരിമാർകാരണം
പണ്ഡിതൻമാരും പരാക്രമിമാരുമ—
പ്പെണ്ണിനെക്കാണുമ്പൊളൊന്നുപകർന്നുപോം;

പാണ്ഡവൻമാരേ! ഭവാൻമാർക്കു കന്ദർപ്പ—
താണ്ഡവം വർദ്ധിക്കുമിങ്ങനെ മേവിനാൽ;
സ്നേഹമുണ്ടല്ലോ പരസ്പരം ഞങ്ങൾക്കു
മോഹമുണ്ടാകയില്ലെന്നു ഭ്രമിക്കേണ്ട
ഊഹം കണക്കല്ലിതിനു ഞാൻ നല്ലൊരു—
ദാഹരണത്തെ കഥിക്കാം പുരാതനം.
സുന്ദോപസുന്ദൻമാർക്കാപത്തു വന്നതു—
മിന്നു പറഞ്ഞറിയിക്കാം യുധിഷ്ഠിര!
എന്നാൽ ഭവാനും ഭവത്സോദരൻമാർക്കു—
മന്യബന്ധുക്കൾക്കുമുണ്ടാം പ്രബോധനം.''

സുന്ദനെന്നുമുപസുന്ദനെന്നും രണ്ടു
സുന്ദരൻമാരസുരൻമാരുളവായി;
സുന്ദരിമാരുടെ നേത്രചകോരിമാർ—
ക്കിന്ദുക്കളായി വളർന്നാരിവരും;
കുംഭനികുംഭാസുരാത്മജൻമാരവർ
കുംഭീന്ദ്രഗാമികൾ ജംഭാരിവൈരികൾ
അംഭോജബാണൻെറ ഡംഭം ശമിപ്പിച്ചു
ജൃംഭിച്ചിരിക്കുന്ന ഗംഭീരകാന്തികൾ;
ദംഭോളിപാണിതൻ കുംഭീന്ദ്രവീരൻെറ
കുംഭസ്ഥലീതടസംഭേദശാലികൾ;
രംഭാപരീരംഭസംഭോഗസംരംഭ—
സംഭാവനാ ദംഭശുംഭദ്വിലാസികൾ
രംഭോരുമാരുടെ ചിത്തം കവരുന്ന
കുംഭീലകൻമാർ[1] മന്ദാഭിമാനികൾ;
ചെമ്പകപ്പൂമ്പൊടിക്കിമ്പം പുലമ്പുന്ന
ചെമ്പൊന്നു കുമ്പിടും സമ്പന്നരൂപികൾ;
കൊമ്പൻ കൊലയാന വമ്പൻ വരുന്നേര—
മമ്പോടണഞ്ഞവൻ മുമ്പിൽക്കളിച്ചുടൻ
തുമ്പിക്കരം പിടിച്ചമ്പതു ചുററിക്ക—
ളിമ്പം[2] തുടരുന്ന വമ്പർ കുമാരകർ;*
ശങ്കരൻ കോപിച്ചു നല്ലൊരു വിഗ്രഹം
ചെങ്കനൽക്കണ്ണിൽ ദഹിപ്പിക്കകാരണം
പങ്കജബാണൻെറ ചിത്തത്തിലുള്ളൊരു
സങ്കടമെല്ലാം കളഞ്ഞീടിനാരവർ;
അന്നു ശരീരം ദഹിച്ചതുമില്ലെങ്കിൽ

---

[1] കുംഭീലകൻമാർ = കള്ളൻമാർ. [2] കളിമ്പം = വിനോദം, കുട്ടിക്കളി.

* 'തുമ്പിക്കരം പിടിച്ചമ്പതു ചുററീട്ടു—
മിമ്പം തുടരുന്ന വമ്പർ കുമാരകർ'—മുദ്രിതപുസ്തകപാഠം.

ഇന്നു ഞാൻ നാണിച്ചിരിക്കേണ്ടിവന്നിടും
എന്നു നിനച്ചു തന്നംഗം ദഹിച്ചതു
നന്നുനന്നെന്നുതാനംഗജൻ ബോധിച്ചു;

വിശ്വത്തിലെത്രയും സുന്ദരൻമാരാകു—
മശ്വിനീദേവകൾ തോററുപോയീ തദാ
വിശ്വാസമന്യോന്യമൈത്രയും വിസ്മയം
വിശ്വലോകങ്ങളിലിങ്ങനെ ദുർല്ലഭം;

തമ്മിൽപ്പിരിഞ്ഞങ്ങരക്ഷണം വാഴുക
സമ്മതമില്ലിരുപേർക്കും; ദിവാനിശം
തങ്ങളിൽ കൈകളും കോർത്തുപിടിച്ചവ—
രങ്ങുമിങ്ങും നടന്നീടും ദിനേ ദിനേ;

കൂടെ നടക്കയും കൂടെക്കിടക്കയും
കൂടെക്കളിക്കയും കൂടെക്കുളിക്കയും
കൂടെബ്ഭുജിക്കയും കൂടെബ്ഭജിക്കയും
കൂടെ രസിക്കയും കൂടെ ഹസിക്കയും

രണ്ടമ്മ പെററുള്ള മക്കളെന്നുള്ളതു
കണ്ടാലൊരുത്തർക്കുമുണ്ടാകയില്ലപോൽ!
വേണ്ടുന്ന വിദ്യകളെല്ലാം പഠിച്ചവർ
കൊണ്ടാടിവാണാരനേകം ദിനങ്ങളിൽ;

ചിന്തിച്ചു സുന്ദൻ പറഞ്ഞുതുടങ്ങിനാ—
നെന്തൊന്നു നാമിനിച്ചെയ്യേണ്ടു സോദര?
എന്തൊന്നു ചെയ്താലൊരിക്കലുമായുസ്സി—
നന്തരംകൂടാതിരിപ്പു നമുക്കെടോ?

ശത്രുക്കൾ നേരേവരുന്നതു മാററുവാ—
നിത്രമാത്രം ബലം പോരാ സഹോദരാ!
വൃത്രാരിതാൻ വന്നു കാല്ക്കൽ പതിക്കേണ—
മത്രോളമുണ്ടു മനസ്സിൽ കിടക്കുന്നു.

ഇക്കൂട്ടമേതും മതിയാകയില്ലെന്നു
ധിക്കരിക്കുന്നൂ രിപുക്കളെന്നോർക്ക നീ;
ഇക്കാലമൊന്നു പരീക്ഷിച്ചു നോക്കണ—
മിക്കണ്ടതെല്ലാം കണക്കെന്നറിക നീ,

ദേശങ്ങളോരോന്നു തല്ലിത്തകർത്തുടൻ
നാശം തുടങ്ങുന്ന നമ്മളിരുവരും
മീശ വിറപ്പിച്ചടുക്കുന്ന നേരത്തു
കാശിക്കു പോമിഹ നമ്മുടെ വൈരികൾ;

ഈശത്വമിങ്ങു ലഭിക്കേണമെങ്കിൽ നാം
ആശു തപസ്സു തുടങ്ങേണമാസ്ഥയാ;
ക്ലേശങ്ങൾകൂടാതെ കാര്യം ലഭിക്കുമോ?

കാശഴിയാതെ കുറിക്കൂട്ടു കിട്ടുമോ?
ഒന്നുകിൽ പ്രാണൻ കളയണമല്ലെങ്കി—
ലിന്നു വരുത്താവതെല്ലാം വരുത്തണം
ഒന്നോർത്തുപോകേണ്ട, കല്പിച്ചുകൂട്ടിയാ—
ലെന്നോളമുത്ക്കർഷമിന്നാർക്കുമില്ലെടോ;
ശങ്കരനെന്നോടു നേർത്തുവന്നീടുകിൽ
ശിങ്കുകളിപ്പിപ്പനച്ഛനാണിന്നു ഞാൻ;
പങ്കജയോനിയെച്ചെന്നു തപം ചെയ്തു
സങ്കടം തീരും വരത്തെ വരിക്കണം:
എങ്കിൽ നാം പോകെന്നുരചെയ്തിരുവരും
ശങ്കവെടിഞ്ഞു നടന്നുതുടങ്ങിനാർ
വൻകാടകംപുക്കു വെക്കം കുളിച്ചുവ—
ന്നങ്കുരിതാശം തപം തുടങ്ങീടിനാർ.

മർമ്മതാളം

നല്ലൊരു വിപിനത്തിലകത്തു കടന്നു കഠോരമതൻമാർ
കല്ലുകൾ പല പുല്ലുകളെന്നിവ നീക്കി നിരപ്പുവരുത്തി
വല്ലഭതരുവല്ലികൾ കൊണ്ടൊരു ശാലയുമാശു ചമച്ചു
കല്യത പെരുകീടിന ധീരതയോടു തപസ്സു തുടങ്ങി
സുന്ദനുമുപസുന്ദനുമനുദിനമതിഘനമഭിമതമോടേ
സുന്ദരതനു നിന്ദിത മനസിജഗുണഗണനിപുണതമൻമാർ
വന്ദനമഭിനന്ദനമുടനുടനുടലും വടിവു വെടിഞ്ഞു
ചന്ദനപുഴുവെന്നിവ സുഖരസമഖിലവുമകലെ മറന്നു
''പങ്കജഭവ! പരമനിരഞ്ജന! ജയ ജയ പരതരകീർത്തേ!
സങ്കടഹര! സരസിജലോചന! പരിചൊടു വിതര വരം മേ
നിങ്കഴലിണ നിരുപമമെങ്ങടെ മനമതിലതിവിലസേണം
കിങ്കരനഹമവരജനും മമ പരിഹര ഗുരുദുരിതം മേ''
ഇങ്ങനെ പല നുതിവചനങ്ങളുമനവധി ഭക്തിഗുണൻമാർ
തിങ്ങിന ഘനവിനയഭയത്തൊടു പടുതരസാരമുരത്താർ
അംഗനയുടെ കുടിലകടാക്ഷവുമധരവുമവയവ ലീലാ—
ഭംഗിയുമിവ മനസി മറന്നവരവിരത നിയമമിയന്നു
നാലുവശവുമഗ്നിയെരിച്ചുടനതിനുടെ നടുവിൽ വസിച്ചു
മേലിലുമഥ കതിരവനുടെ ഗുരുതേജസി ദൃഷ്ടിയുറച്ചു
മേലെരികളിലനലകണങ്ങളുമവരുടെ വപുഷി പിടിച്ചു
കാലിണ കരയുഗളമിവററിനിളക്കമൊരിക്കലുമില്ല
ആതപവും വാത ഹിമങ്ങളുമവികല ജലധാരകളും
ഭീതികരം ഭൂതരവം ഘനവനമൃഗഗണഭീഷണിയും
ധൂതമഹാദാരുശതങ്ങടെ ചടചടപടഘോഷമതും

ഏതുമറിഞ്ഞീല സമാധിയിലതിശയ യതിനിയമൻമാർ[1]
ഘോരതപംകൊണ്ടു ചരാചരഭുവനവുമവശമതായി
പാരിടവും ഭൂരിമഹാഗിരിനികരവുമൊന്നു കുലുങ്ങീ
പാരമിയന്നീടിന പടുതരപൊടിപടലവുമിടകലരും
മാരുതനും ദഹനനുമിളകിന ദിശി ദിശി ചൂടുതുടങ്ങീ
അത്രയുമല്ലേ ബഹുചിത്രമിതെല്ലാമെത്രയുമൂററം ഭയ[2]—
മത്ര വളർന്നൂ സുരജനമെല്ലാമതിപരവശമായീ.

കാരികതാളം

‘‘പരഗതിയെന്തെന്നുനിരൂപണമേറി
എരിപൊരിസഞ്ചാരവുമൊരുവക തേടീ
ഹര ഹര! ശിവ ശങ്കര! പരിഹര താപം
ഇവരുടെ തപസാഖിലഭുവനമശേഷം
അതി ബഹുഭയസങ്കട’’മിതി ജനമൂചേ.
ഈവണ്ണം നിന്നു തപംചെയ്തു മേവുന്ന
ദേവാരിനന്ദനൻമാരുടെ മാനസ
ഭാവമിളക്കിച്ചമയ്ക്കണമെന്നോർത്തു
ദേവേന്ദ്രനംഗനമാരെ നിയോഗിച്ചു;
ഉർവ്വശീ മേനക രംഭാദികൾ ചെന്നു
സർവ്വവിലാസങ്ങൾ ഭാവിച്ചതൊന്നുമേ
ഗർവ്വിതൻമാരുടെ നേരേ ഫലിച്ചീല
നിർവേദമോടേ മടങ്ങീ സുരസ്ത്രീകൾ.
ആയതു കണ്ടു മഹേന്ദ്രനുമന്നേരം
മായകൾകൊണ്ടൊരരക്കനെ നിർമ്മിച്ചു
വായും പിളർന്നുടൻ മായാനിശാചരൻ
മായപ്രയോഗത്തിനാശു പുറപ്പെട്ടു
വിന്ധ്യാവനത്തെത്തകർത്തു തിമിർത്തവ—
നന്തരംകൂടാതെ ദാനവൻമാരുടെ
അന്തികേ ചെന്നുടൻ പൊട്ടിച്ചിരിച്ചുകൊ—
ണ്ടെന്തെടാ! മൂഢാ! തപം ചെയ്യുന്നിങ്ങനെ
ശൂലംകൊണ്ടാശു കൊലചെയ്തു നിന്നെ ഞാൻ
കാലൻെറ വീട്ടിന്നു യാത്രയാക്കുന്നുണ്ട്;
ആലോകനംചെയ്ക നീയെന്നുരചെയ്തു
ശൂലമുയർത്തിപ്പിടിച്ചു നിന്നീടിനാൻ;
മുന്നിലരക്കനെച്ചിക്കെന്നു കണ്ടിട്ടു

---

[1] ‘ഏതുമറിഞ്ഞീല സമാധിയിലതിശയിത നിയമൻമാർ’—എന്ന മുദ്രിത പുസ്തകപാഠം, ക്ലിഷ്ടം—താളഭംഗവും.

[2] ‘മെത്രയുമൂററം’—എന്നവസാനിക്കുന്നിടത്തെ അടിയുടെയും ‘മത്ര വളർന്നൂ’—എന്നാരംഭിക്കുന്ന അടിയുടെയും ഇടംകൊണ്ട് ‘ഭയ’ശബ്ദം ചൊല്ലി ‘‘ഭയമത്ര വളർന്നൂ’’എന്നു ചേർത്തെടുക്കണം. അല്ലെങ്കിൽ താളം തെററും.

സുന്ദോപസുന്ദൻമാരേതുമിളകീല;
എന്നതു കണ്ടു നിശാചരനപ്പൊഴേ
സുന്ദോപസുന്ദഗൃഹത്തിലകംപുക്കു
സുന്ദരിമാരെയും മാതാക്കൻമാരെയും
ചെന്നു പിടിച്ചു വലിച്ചിങ്ങു കൊണ്ടന്നു
ദാനവൻമാരുടെ മുന്നിലിട്ടോരോരോ
മാനക്കേടാശു വരുത്തിത്തുടങ്ങിനാൻ.
ആട വലിക്കയും താഡനം ചെയ്കയും
കൂടെപ്പിടിച്ചങ്ങു ബന്ധനം ചെയ്കയും
''അയ്യയ്യോ! മക്കളേ! രാത്രിഞ്ചരൻ വന്നു
ചെയ്യുന്ന വിക്രമം കണ്ടീലയോ നിങ്ങൾ?
പൊയ്യല്ല ഞങ്ങളെത്തല്ലുന്നു കൊല്ലുന്നു,
നിയെന്തനങ്ങാത്തു സുന്ദ! ഉപസുന്ദ!''
മാതാക്കൻമാരുടെ സങ്കടമീവണ്ണം
ജാതമായുള്ളതു കണ്ടൊരു നേരത്തു
ഏതും മനസ്സിലനക്കമുണ്ടായീല
വീതരാഗൻമാർക്കു ദാനവൻമാർക്കഹോ![1]
മായാനിശാചരൻ മാനഭംഗത്തൊടു
പോയോരനന്തരം പിന്നെയും വാസവൻ,
ആയാസമോരോന്നനേകം പ്രയോഗിച്ചു
ആയതുമെല്ലാം വൃഥാഫലമായിപോൽ.
ഏവം ഹിരണ്യാക്ഷവംശജൻമാരുടെ
ദാവാഗ്നിപോലെ ജ്വലിക്കും തപംകൊണ്ടു
കേവലം ധൂമായമാനം ജഗത്ത്രയം
ജീവജന്തുക്കൾക്കു താപം മുഴുക്കയാൽ
ദേവാധിരാജനും ലോകാധിപൻമാരു–
മാവലാതിക്കു പുറപ്പെട്ടു തൽക്ഷണം
ധാവനം ചെയ്തു വിരിഞ്ചനെ പ്രാപിച്ചു
സേവിച്ചു വാർത്തകളെല്ലാമറിയിച്ചു;
സത്യലോകത്തിങ്കൽനിന്നു വിരിഞ്ചനും,
സത്വരം താഴത്തിറങ്ങി പ്രസാദിച്ചു
ദൈത്യകുമാരകൻമാരുടെ മുന്നിലായ്
പ്രത്യക്ഷനായിട്ടരുൾചെയ്തു സാദരം:
''സന്തുഷ്ടനായി ഞാൻ സുന്ദോപസുന്ദരേ!
എന്തു വരം വേണ്ടു ചൊല്ലുവിൻ ചൊല്ലുവിൻ
ചിത്താനുകൂലം വരം തരുന്നുണ്ടു ഞാൻ

---

[1] വീതരാഗൻമാർക്കു 'ദാനവൻമാർക്കഹോ'—വിശേഷണവിശേഷ്യങ്ങൾക്കു വിഭക്തിപ്പൊരുത്തം ചെയ്തുകൊണ്ടുള്ള പ്രയോഗമാണിത്. ഈ രീതി നമ്പിയാർ പലയിടത്തും അവലംബിച്ചിട്ടുണ്ട്.

സന്താപഹീനം വരിച്ചുകൊൾവിൻ മുദാ''
സുന്ദനന്നേരമുരചെയ്തു മെല്ലവേ:
''ഇന്ദ്രത്വമിന്നു വരം തരേണം ഭവാൻ;''
എന്നതു കേട്ടു വിധാതാവരുൾചെയ്തു:
''സുന്ദ! തരമല്ല നിന്റെ ദുരാഗ്രഹം;
ഇന്ദ്രത്വമാർക്കും കൊടുക്കുമാറില്ല ഞാ-
നിന്നതിന്നായിട്ടപേക്ഷിക്കയും വേണ്ട;
ഇന്ദ്രത്വമെന്യെ മററുള്ളതെന്തെങ്കിലും
തന്നീടുവാനിങ്ങു സന്ദേഹമില്ലെടോ!''
അപ്പോളുരചെയ്തു കെല്പോടിരുവരും
മുല്പാടപേക്ഷിച്ചതൂർദ്ധ്വമാക്കിബ്ഭവാ-
നല്പം വരം തന്നയയ്ക്കാൻ തുടങ്ങേണ്ട,
ദുഷ്പ്രാഭവം ഞങ്ങളോടു നടിക്കേണ്ട;
ഈരേഴുലോകങ്ങളൊക്കെജ്ജയിപ്പതി-
ന്നാരോമലുത്സാഹ[1]മുണ്ടു ഞങ്ങൾക്കെടോ,
ആരാലുമാപത്തു വാരാതിരിപ്പതി-
ന്നാരാധനം ചെയ്തു വീരാ! ഭവാനെയും
പാരാതെ വേണ്ടും വരം തരേണം ഭവാൻ
നേരായ മാർഗം പറഞ്ഞിതു ഞങ്ങളും;
അന്യോന്യബന്ധുത്വസന്തുഷ്ടരാം ഞങ്ങ-
ളന്യോന്യമല്ലാതെ, മറെറാരു ഭൂതരും
കൊന്നീടരുതെന്നുതന്നേ മനോരഥം
തന്നാലുമീവണ്ണമാമെങ്കിലോ വരം;
ആയതു നല്കുവാൻ ദണ്ഡമെന്നാലങ്ങു
പോയാലുമാരു ചൊല്ലീട്ടു വന്നൂ ഭവാൻ?
ആയിരംവത്സരംകൂടെത്തപംചെയ്തു
കായനാശം വരുത്തുന്നുണ്ടു ഞങ്ങളും
കുണ്ഠിതംകൂടാതിരിക്കുന്ന ഞങ്ങളെ-
ച്ചെണ്ടകൊട്ടിപ്പാൻ ഭവാനെളുതല്ലെടോ
തണ്ടു തപ്പിപ്പാൻ തുടങ്ങേണ്ട ഞങ്ങൾക്കു
വേണ്ടും വരം തരാമെങ്കിൽ തുടങ്ങുക.''
എന്നുള്ള വാക്കുകൾ കേട്ടു പ്രസാദിച്ചു
മന്ദം ചിരിച്ചരുൾചെയ്തു വിരിഞ്ചനും:
''ഉണ്ണികളേ! വരം വേണ്ടുന്നതു തരാം,
ദണ്ണമില്ലേതും മടിയും നമുക്കില്ല,
മണ്ണിലും വിണ്ണിലും മററുള്ള ദിക്കിലു-
മെണ്ണമില്ലാതെ വസിക്കും ജനങ്ങളാൽ
എന്നും ഭവാൻമാർക്കു നാശം ഭവിക്കയി-

---

[1] ആരോമലുത്സാഹം = അരുമയായ (പ്രിയംകരമായ) ഉത്സാഹം.

ല്ലന്യോന്യമല്ലാതെയില്ലാ മരണവും;
എന്നാൽ ഞാൻ പോകുന്നു’’വെന്നങ്ങരുൾചെയ്തു
നന്നായ്തെളിഞ്ഞു മറഞ്ഞു വിരിഞ്ചനും.

അതുനേരം അസുരൻമാരതുലസമ്മതമോടേ
മതിതന്നിൽ കരുതിയ ഹിതമെല്ലാം ലഭിക്കയാൽ
അതിയായി പ്രസാദിച്ചു മതിയാക്കി തപസ്സെല്ലാം
ദ്രുതമങ്ങു പുരംപുക്കു കൃതകൃത്യത്വവും വന്നു
ജടയും വല്ക്കലങ്ങളും വെടിഞ്ഞു സ്നാനവും ചെയ്തു
വടിവോടാഭരണങ്ങളുടലിൽ ഭംഗിയോടിട്ടു
തുടർമണികടകങ്ങൾ ചടുലകുണ്ഡലങ്ങളും
തുടുതുടെ വിളങ്ങുന്ന പടുതര കിരീടങ്ങൾ
ഉടമയോടണിഞ്ഞുകൊണ്ടുടനേ ഭക്ഷണത്തിന്നു
തുടങ്ങിനാരിരുവരും തുടർന്ന കൗതുകത്തോടേ
കറികൾ നാലതു വേണം കുറഞ്ഞോന്നാജ്യവും[1] വേണം
നിറയേ മാംസവും വേണം ചെറിയ മത്സ്യവും വേണം
കുറിയ പന്നിയെക്കൊന്നു കറിയും കോപ്പുകൾ വേണം
ചെറിയ തണ്ഡുലം വച്ചു നിറയെ ഭക്ഷണം വേണം
പറയാമിങ്ങനെ നിത്യം പദവീ ദാനവൻമാർക്കും;
മുഴുക്കെച്ചന്ദനം നാടൻപുഴുകു കുങ്കുമച്ചാറു—
മിഴുക്കി സുന്ദരിമാരെത്തഴുകിച്ചുംബനംചെയ്തും
അഴകിൽ സമ്മദാംഭോധൗ മുഴുകിപ്പൂർണ്ണമോദാശ്രു
ഒഴുകി സുന്ദരമേനി കഴുകി ക്രീഡനംചെയ്തും
തരത്തിൽ കാമിനിമാരെ വരുത്തിസ്സാദരം തന്റെ
പുരത്തിൽ പൂമണിതല്പേയിരുത്തിക്കൊണ്ടിരുവരും
വസിച്ചും പാട്ടുകൾ പാടി രസിച്ചും കൗതുകംകൊണ്ടു
ഹസിച്ചും കേളികൾകൊണ്ടാശ്വസിച്ചും
പങ്കജബാണനുണർന്നും
കൊങ്കകൾ മെല്ലെപ്പുണർന്നും മൻമഥക്രീഡ വളർന്നും
സുന്ദരദേഹം തളർന്നും മേവിന കാലം;
ഒരു നാളങ്ങിരുവരും കരംകോർത്തു പിടിച്ചുകൊ—
ണ്ടിരുന്നു കാരിയക്കാരെ വരുത്തിച്ചൊല്ലിനാരേവം:
‘‘നമുക്കു ദിക്കുകളെല്ലാം ജയിക്കേണമിന്നുതന്നെ
ക്ഷമിച്ചാലെത്രനാളേക്കു ക്ഷമിക്കും ദാനവൻമാരെ!
നടപ്പിൻ ദേവലോകത്തു കടപ്പിൻ ദേവരാജാവെ—
ത്തടുപ്പിൻ ഭീഷണഭാവം നടിപ്പിൻ സുന്ദരിമാരെ—
പ്പിടിപ്പിൻ മദ്യമാംസങ്ങൾ കൊടുപ്പിൻ വിദ്യകളോരോ—
ന്നെടുപ്പിൻ കല്പവൃക്ഷങ്ങളൊടിപ്പിൻ, മന്ദിരം തല്ലി—
പ്പൊടിപ്പിൻ, കിങ്കരൻമാർക്കിട്ടടിപ്പിൻ, വാടകളെല്ലാ—

---

[1] കുറഞ്ഞോന്ന് + ആജ്യം = കുറച്ചു നെയ്യ്.

മിടിപ്പിൻ, നന്ദനാരാമം മുടിപ്പിൻ, കുന്തവും വില്ലുമെടുപ്പിൻ. കൂർത്തൊരുബാണംതൊടുപ്പിൻ, സന്തതം പാഞ്ഞങ്ങടുപ്പിൻ, മാംസഖണ്ഡങ്ങൾ കടിപ്പിൻ, വേഗമോടങ്ങു ഗമിപ്പിൻ, സ്ത്രീകളെക്കണ്ടു ഭ്രമിപ്പിൻ, മെല്ലവേ ചെന്നു രമിപ്പിൻ, കൊണ്ടുപോരാനും ശ്രമിപ്പിൻ, കൂടുകില്ലെങ്കിൽ ക്ഷമിപ്പിൻ, നല്ലൊരു ദിക്കിലിരിപ്പിൻ, ഗൂഢമാംവണ്ണം ചരിപ്പിൻ, രത്നവും പൊന്നും ഹരിപ്പിൻ, പത്നിയെക്കൂടെ ഭരിപ്പിൻ, നിഷ്ഠുരം പൊട്ടിച്ചിരിപ്പിൻ, വല്ലഭം ഘോഷിച്ചിരിപ്പിൻ കിങ്കരൻമാരേ!

അത്രയുമല്ല പുരുഷകാരം[1] ചെന്നു
ധാത്രീതലത്തിലുപദ്രവിച്ചീടണം,
ധാത്രീപതിയുടെ നാടും നഗരവും
കുത്തിത്തകർത്തു വിപത്തു വരുത്തണം
പൊന്നും പണവും പിടിച്ചുപറിക്കണം
മന്നവൻമാരെപ്പിടിച്ചു ബന്ധിക്കണം
തന്വംഗിമാരെയുംകൊണ്ടിങ്ങു പോരണം
പിന്നെ രസാതലംകൂടിജ്ജയിക്കണം
പന്നഗൻമാരെപ്പരിഭവിച്ചീടണം
പന്നഗിമാരെപ്പരിഗ്രഹിച്ചീടണം
മുന്നം നിരൂപിച്ച മോഹങ്ങളൊക്കവേ
ഇന്നു നമുക്കുടൻ സാധിച്ചു പോരണം''
സുന്ദോപസുന്ദൻമാരിങ്ങനെ ഘോഷിച്ചു
സന്നാഹംകൂട്ടിത്തുടങ്ങി പതുക്കവേ
അന്നേരം വന്നു നിറഞ്ഞു മഹാസുര—
വൃന്ദങ്ങളൊക്കെ സമുദ്രംകണക്കിനെ
ഓരോ കരക്കാർക്കുമോരോ യജമാനൻ
വീരൻ മഹാരണശൂരൻ മഹാബലൻ
പെട്ടകം പെട്ടിയും വാളും പരിചയും
കുട്ടകം കൊട്ടയും കട്ടിലും മെത്തയും
കെട്ടിയെടുപ്പിച്ചുരുട്ടി നടത്തിച്ചു
വട്ടംതികഞ്ഞു വരുന്നു സചിവൻമാർ
സേനാപതികളും മേനോക്കിയച്ചനും
നാനാഭടൻമാരും സേനാസമൂഹവും
ആന കുതിരകൾ പീനരഥങ്ങളും
ദാനവൻമാരുടെ കൂട്ടം പലവിധം
വില്ലും ശരങ്ങളും തോക്കും തിരകളും
നല്ല കടുത്തില കുന്തം ചവളവും

---

[1] പുരുഷകാരം=ധൃഷ്ടമായ പൗരുഷം—എല്ലാ നിയമങ്ങളെയും ലംഘിക്കുന്ന പൗരുഷത്തോടുകൂടി എന്നർത്ഥം.

''ബലീ പുരുഷകാരോ ഹി
ദൈവമപ്യതിവർത്തതേ.'' എന്നു പ്രയോഗമുണ്ട്.

ഈട്ടിയും ശൂലവും വേലും മുസലവും
ചാട്ടുകുന്തങ്ങളും കർക്കടെ മുദ്ഗരം
പത്തി കൃപാണവും കത്തി ചുരികയും
ഇത്തരം ആയുധജാലം വഹിച്ചുകൊ—
ണ്ടെത്തിത്തുടങ്ങി ഭടൻമാരനവധി;
സുന്ദോപസുന്ദൻമാരാശു പടകളോ—
ടൊന്നിച്ചു യാത്രപുറപ്പെട്ടു ചെന്നുടൻ
ഇന്ദ്രന്റെ മന്ദിരംതന്നിലകംപുക്കു
ഇന്ദ്രനെയാട്ടിപ്പുറത്തിറക്കീടിനാർ.
മററുള്ള ദേവകളെല്ലാം ഭയപ്പെട്ടു
തെററെന്നു മണ്ടിപ്പലവഴി ചെന്നുടൻ
മുററുംവനങ്ങളിലങ്ങു ഗുഹകളിൽ
പററിയൊളിച്ചു വസിച്ചു ശിവ! ശിവ!
ഇന്ദ്രനിരിക്കുമൊരാസ്ഥാനമണ്ഡപ—
ന്തന്നിൽ വസിച്ചിതു സുന്ദോപസുന്ദരും;
സുന്ദരിമാരെ വരുത്തിപ്പലതരം
നന്ദിച്ചുകൊണ്ടു രമിച്ചുതുടങ്ങിനാർ.
പിന്നെപ്പുറപ്പെട്ടു വെക്കമിരുവരും
മന്നിടംതന്നിലിറങ്ങിപ്പലതരം
മന്നവൻമാരുടെ നാടു മുടിപ്പതി—
നുന്നതിയോടേ നടന്നു തുടങ്ങിനാർ
അമ്പലംതന്നിലകത്തു കടക്കയും
ചെമ്പുപലക പൊളിച്ചു കളകയും
നമ്പൂരിമാരെപ്പിടിപ്പാനടുക്കയും
അമ്പലവാസികളോടു കയർക്കയും
ഇല്ലങ്ങളോരോന്നു കുത്തിത്തകർക്കയും
ഇല്ലാത്തപരാധം ചൊല്ലിനടക്കയും
ചെല്ലവും നെല്ലും പിടിച്ചുപറിക്കയും
ചെല്ലരുതാതുള്ള ദിക്കിൽ നടക്കയും
വീടുകളിൽചെന്നുകൂടിപ്പുരുഷരെ
താഡിച്ചുകൊണ്ടുടനോടിക്കുന്നേരത്തു
പേടമാൻകണ്ണിമാർ പേടിച്ചുപോകുമ്പോൾ
ഓടിയണഞ്ഞവർ മാടിവിളിക്കയും;
''വാടീ സുലോചനേ! വീടിക നല്കുവാൻ
ചേടീജനങ്ങളെക്കൂടെ വരുത്തുക.
വാടീമലർമാല ചൂടി മനോഹരം
മോടികൾകൂടീട്ടു മട്ടലർസായക—
നാടകമാടണ''മെന്നുടനോരോരോ

മൂഢത ചേരും മൊഴികളുരയ്ക്കയും;
ഇങ്ങനെ ലോകങ്ങളെല്ലാം ജയിച്ചവർ
തിങ്ങിന മോദാൽ സുരാലയം പ്രാപിച്ചു
തങ്ങളിലുള്ളൊരു വിശ്വാസത്തിന്നൊരു
ഭംഗംവരാതെ വസിച്ചാരിരുവരും.
‘‘നമ്മുടെ ശത്രുക്കളെല്ലാവരും കൂടി
നമ്മുടെ നാണയമില്ലാതെയാക്കുവാൻ
വെൺമയിലോരോരോ ഗോഷ്ടികൾ കാട്ടിയ
സമ്മോഹമേതും ഫലിച്ചീല സോദര!
ഇന്ദ്രൻ തപസ്സു മുടക്കുവാനാശയാ
സുന്ദരിമാരെ നിയോഗിച്ചു ദുർമ്മതി
പിന്നെ നിശാചരൻമാരെ നിയോഗിച്ചാ—
നൊന്നും കണക്കിനു കൂടിയതില്ലഹോ!
എന്നല്ലതുകൊണ്ടനർത്ഥമിതൊക്കെയും
വന്നുഭവിച്ചു തനിക്കും ജനത്തിനും;
എന്നെച്ചതിപ്പാൻ തുടങ്ങുന്ന ഭോഷൻമാർ
തന്നേ തരംകെടുമെന്നു ധരിക്ക നീ.’’
എന്നെല്ലാമോരോ ജളത്വം പറഞ്ഞുടൻ
സുന്ദോപസുന്ദൻമാർ വാണു സുരാലയേ;
സന്ധ്യാസമയമടുക്കുന്ന നേരത്തു
വിന്ധ്യവനത്തിലിറങ്ങിയിരുവരും
പന്തണിക്കൊങ്കമാരോടുമൊരുമിച്ചു
സന്തോഷംപൂണ്ടു രജനി കഴിക്കയും
പന്തുകൾ ചൂതു പകിട കളിക്കയും
ചിന്തുകൾ പാടിച്ചതുരംഗം വയ്ക്കയും
സന്തതമേവം ദനുജപ്രധാനികൾ
ചിന്ത തെളിഞ്ഞു വസിക്കുന്ന കാലത്തു
ശക്രൻ മുതലായ ദേവകളൊക്കെവേ
വെക്കം പുറപ്പെട്ടു സത്യലോകം പുക്കു
ദുഷ്കാലവൃത്താന്തമെല്ലാം വിരിഞ്ചനോ—
ടക്കാലമൊന്നൊഴിയാതെ ധരിപ്പിച്ചു:
‘‘ഞങ്ങളെസ്സന്താപമെല്ലാം ഗ്രഹിച്ചിട്ട—
നങ്ങാതിരിക്കയോ പങ്കജസംഭവ!
അങ്ങോട്ടു സേവിച്ചു കാര്യം ലഭിച്ചൊരു
ചങ്ങാതി നന്നായമർത്തുന്നു ഞങ്ങളെ;
ഇഷ്ടികളെല്ലാം മുടക്കുകകാരണം
അഷ്ടിക്കു മുട്ടിച്ചമഞ്ഞിതു ഞങ്ങൾക്കു
നഷ്ടിപിടിച്ചു ജഗത്ത്രയത്തിങ്കലും

ദുഷ്ടരെക്കൊണ്ടു മനസ്സുമുട്ടീ വിഭോ!
യഷ്ടിത്വമുള്ളൊരു നമ്മുടെ കൂട്ടത്തെ
ഇഷ്ടമല്ലാർക്കുമെന്നായീ മഹാമതേ!
കഷ്ടമാ സുന്ദോപസുന്ദരെപ്പേടിച്ചു
വിഷ്ടപം വിട്ടു നടക്കുന്നു ഞങ്ങളും
മുററും ഭവാന്റെ തിരുമനസ്സല്ലാതെ
മററൊന്നുമാശ്രയമില്ലിജ്ജനങ്ങൾക്കു
കൊററിന്നുപോലും വകയില്ല ഞങ്ങൾക്കു
കൂററാരുമെത്രയും തുച്ഛം ജഗൽപ്പതേ!
ഇജ്ജനത്തോടു പിണങ്ങുവാനായുള്ള
ദുർജനംതന്നെ മുഴുത്തു ജഗത്ത്രയേ;
സജ്ജനം പാരം കുറഞ്ഞു ശഠൻമാർക്കു
ലജ്ജയുമില്ലിന്നു ഗോഷ്ടികൾ കാട്ടുവാൻ;
ആണുങ്ങളെന്നുള്ള പേരിന്നു ചേരുന്ന
നാണം പരാക്രമം ശൗര്യവും വീര്യവും
വേണം നമുക്കെന്ന ഭാവമുണ്ടെങ്കിലീ—
പ്രാണൻ കളവാൻ മടിക്കരുതേവനും;
വാണീപതേ! ഞങ്ങളെത്രയും ഭീരുക്കൾ
ഏണാക്ഷിമാരെക്കണക്കു വസിക്കുന്നു
വാണീടുവാനൊരു ദേശവുമില്ലാഞ്ഞു
കേണീടുമാറായി മറെറന്തു ചിന്തിതം;
നാട്ടീന്നു മാറിപ്പുറത്തു നടക്കുന്ന
കൂട്ടത്തെയാർക്കും ബഹുമാനവുമില്ല
ചാട്ടംപിഴച്ച കുരങ്ങന്റെ കൂട്ടിനി
കൂട്ടംപിരിഞ്ഞു നടക്കേ തരം വരൂ,
കേട്ടാലുമിജ്ജനമെന്തൊന്നു ചെയ്യേണ്ടു?
നാട്ടാർക്കു ദാസ്യപ്രവൃത്തികൾ ചെയ്കയോ?
ആട്ടം പഠിച്ചു പലേടം നടക്കയോ?
ചാട്ടം പഠിക്കയോ ചാവേററു ചാകയോ?
പട്ടിണിയിട്ടു പരവശരാകയാൽ
പട്ടണം തോറുമിരന്നുനടക്കയോ?
പെട്ടെന്നു രാജസേവയ്ക്കു പുറപ്പെട്ടു
കൊട്ടണച്ചോറും കടിച്ചു കിടക്കയോ?
എന്തിന്നിതെല്ലാം വളരെപ്പറയുന്നു
നിന്തിരുവുള്ളമുണ്ടെങ്കിൽ സുഖംവരും
സന്താപകോപങ്ങൾകൊണ്ടു പറഞ്ഞെന്നു
ചിന്തിച്ചു സർവം ക്ഷമിക്ക നമോസ്തു തേ''

ഇന്ദ്രാദിഭാഷിതം കേട്ടു വിരിഞ്ചനും
മന്ദം ചിരിച്ചരുൾചെയ്തു പതുക്കവേ:
''ഒന്നും ധരിക്കാതിരിക്കയല്ലിന്നു ഞാ–
നൊന്നിന്നുമാകാ പരിഭ്രമം വാസവാ!

എന്നുള്ളകൊണ്ടിത്രനാളും ക്ഷമിച്ചു ഞാ–
നെന്നാലിനിച്ചില യത്നം തുടങ്ങണം.

അശ്വിനീദേവകൾ ചെന്നു തെരിക്കനെ
വിശ്വകർമ്മാവിനെ ഇങ്ങു വരുത്തണം;
ഈശ്വരാനുഗ്രഹമുണ്ടെങ്കിലിന്നുടൻ.
വാശ്ശതുമുണ്ടാമുപദേശമദ്ഭുതം.''

എന്നു പറഞ്ഞങ്ങിരിക്കുന്നനേരത്തു
വന്നു മഹാത്മാവു വിശ്വകർമ്മാവുടൻ;
വന്ദിച്ചുനില്ക്കുന്ന വിശ്വകർമ്മാവൊടു
നന്ദിച്ചുകൊണ്ടരുൾചെയ്തു പിതാമഹൻ:
''ഇന്നൊരു നാരിയെ സൃഷ്ടിക്കണം ഭവാ–
നിന്ദിരാദേവിയെക്കാളും വിശേഷമായ്
സുന്ദരിയായി ഭവിക്കണമിന്നവൾ
സുന്ദോപസുന്ദ പ്രവിധ്വംസകാരിണി;''
''നിന്നുടെ കാരുണ്യമുണ്ടെങ്കിലിന്നു ഞാ–
നൊന്നു പരീക്ഷിപ്പ''നെന്നങ്ങുണർത്തിച്ചു
വിശ്വത്തിലുള്ള പദാർത്ഥസാരങ്ങളെ
വിശ്വകർമ്മാവു വരുത്തിത്തുടങ്ങിനാൻ;

കൊണ്ടാടി നല്ലൊരു തണ്ടാർമധുരസം
തെണ്ടിനടക്കുന്ന വണ്ടിന്റെ സാരവും,
എല്ലാ ജനങ്ങൾക്കുമല്ലൽ കൊടുക്കുന്ന
മുല്ലവിശിഖന്റെ വില്ലിന്റെ സാരവും
തള്ളിയലയ്ക്കുന്ന വെള്ളത്തിരകളിൽ
തുള്ളിക്കളിക്കുന്ന മീനിന്റെ സാരവും,

ഉല്ലാസമോടേ വികാസം കലരുന്ന
നല്ല തിലകുസുമത്തിന്റെ സാരവും,
കണ്ടാൽ നയനങ്ങൾ രണ്ടിനുമാനന്ദ–
മുണ്ടാകും തൊണ്ടിപ്പഴത്തിന്റെ സാരവും,
അർണ്ണവമേഴുമിളക്കിമറിക്കുന്ന
പൂർണ്ണനിശാകരൻതന്നുടെ സാരവും,
ചാലേ ചകോരങ്ങളാസ്വദിച്ചീടുന്ന
ബാലക്കുളുർവെണ്ണിലാവിന്റെ സാരവും
തുംബുരു നാരദവീണയിൽ മേവുന്ന
തംബുരു വീണാസ്വരത്തിന്റെ സാരവും,

പങ്കജലോചനൻതന്നുടെ പാണിയിൽ
അങ്കിതമാകിയ ശംഖിന്റെ സാരവും,
മട്ടലർബാണന്റെ മൊട്ടമ്പു കുമ്പിടും
ചട്ടറ്റ താമരമൊട്ടിന്റെ സാരവും,
ദൈത്യാരിവീരനാം ദേവൻ ജനാർദ്ദനൻ
മെത്തീടു[1] മാലിലതന്നുടെ സാരവും,
ഉദ്ധതനാകുന്ന മത്തഗജത്തിന്റെ
ഉത്തുംഗമസ്തകംതന്നുടെ സാരവും,
ഇമ്പംകലർന്നൊരു വമ്പൻ കൊലയാന—
ക്കൊമ്പന്റെ തുമ്പിക്കരത്തിന്റെ സാരവും,
ദർപ്പംകലർന്നൊരു പുഷ്പായുധൻതന്റെ
ശില്പം തകും[2] മണിച്ചെപ്പിന്റെ സാരവും,
ചന്തംമുഴുത്തോരു പൂന്തേൻ പൊഴിക്കുന്ന
ചെന്താമരപ്പൂവിതളിന്റെ സാരവും
ചെമ്പകപ്പൂമലർതന്നുടെ സാരവും,
മാൺപെഴും മറ്റു പലതിന്റെ സാരവും,
എള്ളോളമെള്ളോളമെല്ലാമെടുത്തുടൻ,
കള്ളംകളഞ്ഞൊരു പാത്രേ സ്വരൂപിച്ചു
നല്ലോരമൃതിൽ കഴുകിപ്പതുക്കവേ
മല്ലികപ്പൂരസം മെല്ലെത്തളിച്ചതിൽ
ചൊല്ലേറുമംഗനാരൂപസൃഷ്ടിക്രമം
കല്യാണശീലൻ തുടങ്ങീ സുരാശാരി.
അർണ്ണോജസംഭവൻ തന്നുടെ മൂക്കത്തു
കണ്ണാടി വച്ചങ്ങു സൂക്ഷിച്ചിരിക്കയും
തന്നുടെ ചിത്തത്തിനൊക്കാത്തതൊക്കെയും
പിന്നെയും പിന്നെയും മാറിപ്പണീക്കയും
കൗശലമോരോന്നു ചൊല്ലിക്കൊടുക്കയും
സംശയംകൂടാതെ നന്നായ് സ്തുതിക്കയും;
ഇങ്ങനെ വിശ്വകർമ്മാവും വിരിഞ്ചനും
തങ്ങടെ കൗശലമെല്ലാമെടുത്തുകൊ—
ണ്ടംഗനാരത്നം വഴിപോലെ നിർമ്മിച്ചു
ഭംഗിയോടങ്ങു വസിപ്പിച്ചു മെല്ലവേ;
പിന്നെച്ചതുർമ്മുഖൻ വെള്ളം ജപിച്ചുകൊ—
ണ്ടൊന്നു തളിച്ചൊരു നേരത്തു കാമിനി
കണ്ണു രണ്ടും തുറന്നാലോകനം ചെയ്തു
വിണ്ണവർനാഥനെയൊന്നു കടാക്ഷിച്ചു
ബ്രഹ്മാവിനെയും മുനികളെയും മുദാ
ചെമ്മേ വണങ്ങി നാണിച്ചു നിന്നീടിനാൾ;

---

[1] മെത്തീടും = ചേർന്നിരിക്കുന്ന. [2] തകും = ചേരുന്ന.

വിണ്ണവർനാട്ടിലെപ്പെണ്ണുങ്ങളൊക്കവേ
തിണ്ണം വിളങ്ങുന്ന പെണ്ണിനെക്കണ്ടുടൻ,
കണ്ണും മിഴിച്ചങ്ങു നിന്നു കുറഞ്ഞൊന്നു
മണ്ണുകൊണ്ടുള്ളൊരു പാവകണക്കിനെ,
തമ്മിൽ പതുക്കെപ്പറയുന്നു നാരിമാർ:
‘‘നമ്മുടെ നാണിയം നാസ്‌തിയാക്കിയവൾ;
എന്തിന്നു ജീവിച്ചിരിക്കുന്നു മേനകേ!
എന്തോഴിമാരേ! ഇളപ്പെട്ടു നാമെടോ;
ഉർവ്വശീ! നീയെന്തു ജീവിച്ചിരിക്കുന്നു?
സർവ്വജനങ്ങൾ പരിഹസിച്ചീടുമേ;
രംഭേ! വരിക നീ കമ്പം വെടിഞ്ഞുടൻ
സ്‌തംഭംകണക്കിനെ നിന്നുപോയെന്തു നീ
ആയിരം കണ്ണുള്ള രാജാവിനെത്തന്നെ
ആയവൾ കണ്ണിണകൊണ്ടു മയക്കുന്നു;
ഇയ്യാടെ ഭാവവും സൂക്‌ഷിച്ചു കാൺക നീ
പൊയ്യല്ല പാരം പകർന്നു നിസ്‌സംശയം;
നമ്മളെല്ലാവരുമെന്തൊന്നു ചെയ്യേണ്ടു
ജൻമലാഭം വൃഥാതന്നെ നമുക്കെടോ!
മെച്ചമേറീടുന്ന പൊന്നിന്റെ മുന്നില–
പ്പിച്ചളയ്‌ക്കുണ്ടോ പ്രകാശം ഭവിക്കുന്നു?
അംബരസ്‌ത്രീകടെ നാണം കെടുപ്പതി–
ന്നംബുജസംഭവൻ പെണ്ണിനെ സൃഷ്‌ടിച്ചു
എൺമണിയോളം ജഗത്‌സാരമാദായ
പെൺമണിയാളെച്ചമച്ചു വസിക്കുന്ന
ബ്രഹ്‌മദേവന്റെ കളത്രത്തിനും ചെറ്റു
ദുർമ്മുഖമുണ്ടാമതിനില്ല സംശയം.’’
ഇങ്ങനെയോരോന്നുരചെയ്‌തു നാരിമാർ
തങ്ങളിൽ തങ്ങളിൽ നോക്കിത്തലതാഴ്‌ത്തി
മങ്ങിന ഭാവവും ഖേദവും നാണവും
തിങ്ങിന ഭംഗവുംപൂണ്ടു മേവീടിനാർ;
നാരീമണിക്കു തിലോത്തമയെന്നൊരു
പേരും വിളിച്ചരുൾചെയ്‌തു വിരിഞ്ചനും:
‘‘ബാലേ! വധൂമൗലിമാലേ! തിലോത്തമേ,
ബാലേ! സുഫാലേ! തരുണീകുലോത്തമേ!
ത്രൈലോക്യപാലനം ചെയ്‌തീടുവാൻ ചാരു–
ശീലേ! വിരവൊടു നിന്നെ ഞാനുണ്ടാക്കി;
സുന്‌ദോപസുന്‌ദരാം സുന്‌ദരൻമാരെ നീ
ചെന്നു വശീകരിക്കേണം കൃശോദരീ!

നിന്നുടെ വൈഭവംകൊണ്ടവർ തങ്ങളിൽ—
ത്തന്നേ വധിക്കുമാറാക്കണം നീയെടോ!
എന്നാൽ ജഗൽപരിപാലനം സാധിച്ചു
നന്നായ്‌വരിക നീ നാരീശിരോമണേ!''
''കല്പന കേൾപ്പാൻ മടിയില്ലടിയനെ''—
ന്നുല്പലലോചനതാനുമുരചെയ്തു
തത്പദാംഭോജം വണങ്ങിപ്പതുക്കവേ,
ഷട്പദവേണി നടന്നു തുടങ്ങിനാൾ.

കാരികതാളം

പരിമളമിളകീടിന പുരികുഴലഴകും
പരിചലദളകാവലി കുരവകമലരും
പരിണതശശിമണ്ഡലസുലളിതമുഖവും
സരസിജദളകോമളമിഴികളുമുചിതം
ഇളകിന കുനുചില്ലികളുപചിതകുതുകം
പുളകിതമൃദുഗന്ധവുമതിരുചിഭരവും
തരളിതമണികുണ്ഡലയുഗമതിലളിതം
പരിലസദരുണാധരമധുരവുമധികം
തരിവള കടകാഞ്ചിതകരതലയുഗളം
വിരലുകളണിമോതിരമണിഗണരുചിയും
വെളുവെളെ വിളയാടിന നഖമണിതതിയും
കളികളിലിളകും പടുകടകവുമതുലം.

പഞ്ചാരിതാളം

പടുതരഗിരിശിഖരത്തൊടു പലകുറി പടപൊരുതും
തടമുലകടെ നടുവിൽ പല മടുമലരിടകലരും
വടിവൊടു മണിഗണമാലകളിടസരി[1] ഘനകനകം
തുടുതുടെ വിലസിന വിദ്രുമമണികളുമണിമിടിലും[2]
അതികൃശമുദരതലം പുനരതിഘന ജഘനതലം[3]
ചിതമൊടു പല മണികാഞ്ചികളതിശയമധികതരം
മൃദുതരവസനദുകൂലവുമഭിനവമമലതരം
മദജലകരിവരകോമളഗുരുതരതുടയിണയും
ചരണവുമരുണസരോരുഹസുലളിതമതിസരസം
ഗുരുതര കളകള നൂപുരമതിമൃദു വിരലുകളും
പടുതരമടിമുടി ശോഭകളവയവമിവ സകലം
വടിവൊടു പറവതിനിങ്ങൊരു പടുതയുമിഹ കുറയും

---

1. ഇടസരി = ഇടമണി (പുളിങ്ങാ). 2. മിടില്‌ = ചെറിയ കായ്മാല.
3. 'അതികൃശമുദരതലം പുനരഘനജഘനതലം'—എന്ന മുദ്രിത പുസ്തകപാഠം അബദ്ധം.

കാരികതാളം

വിരവൊടു തരുണി തിലോത്തമ കമലമുഖീ
സുരവരപുരമതിലമ്പൊടു സരസതരം
സുരകുലരിപുവിനെ നോക്കി നടന്നു തദാ
വരതനു പുനരപി വിന്ധ്യനിലടവിതടേ
ദിതിസുതപതികടെ ലീലകൾ കാൺമതിനായ്
അതിഘനകുതുകമിയന്നൊരു സുരവനിത
മതിതളിർ തെളിവൊടു കിഞ്ചന സമയമുടൻ
ലതയുടെ തണലിലിരുന്നിതു ചതുരതരം
അവരിരുവരുമതി സുന്ദരയുവതികളും
നവ നവരസ മധുപാനവു മഭിനയവും
കുവലയദളമിഴിമാരുടെ നടനമതും
ശിവശിവമദമൊടു കണ്ടുടനിഹ മരുവി.

എടുക്കും വിദ്യകൾക്കെല്ലാം മിടുക്കുള്ള തരുണികൾ
ഉടുക്കും മദ്ദളവുമായടുക്കുമ്പോളസുരൻമാർ
കൊടുക്കും കങ്കണം കൈക്കുപിടിക്കും മദ്യവും ചെറ്റു–
കൊടുക്കും തങ്ങളുമൊട്ടു കുടിക്കും താളവും പിന്നെ–
പ്പിടിക്കും താണ്ഡവം താനേ നടിക്കും കിഞ്ചനനേരം
നടക്കും പാറമേലേറിക്കിടക്കും കാമിനിമാരേ–
വിളിക്കും കൗതുകംപൂണ്ടു കളിക്കും കാനനംപുക്ക–
ങ്ങൊളിക്കും കണ്ടുപോകുമ്പോളിളിക്കുമിങ്ങനെ ഘോഷം;

അതുനേരം തിലോത്തമ പതുക്കെപ്പുഞ്ചിരിയോടേ
ദനുജൻമാരുടെ മുമ്പിലതിമോദം പ്രകാശിച്ചു;
ചതുരസുന്ദരിയാകും മതിമുഖിയുടെ രൂപം
ദിതിജൻമാരുടൻ കണ്ടു കുതുകം വിസ്മയം പ്രേമം
മതിമോഹം മഹാനന്ദം മതിയായിട്ടിവയെല്ലാ–
മുദിച്ചു മാനസംതന്നിലകച്ചൂടങ്ങിരുവർക്കും
നുകച്ചു സങ്കടമിന്നു സഹിച്ചുകൂടുകില്ലെന്നു
നിനച്ചു ദാനവൻമാരും പകച്ചുനിന്നവളോടു
''വരിക വല്ലഭേ!''യെന്നു സരസമായുരചെയ്തു;
വിരുതൻ സുന്ദനന്നേരമരികിൽ ചെന്നവളുടെ
തരസാ ദക്ഷിണമായ കരപത്മം പിടിച്ചങ്ങു
പരിചോടു പുണരുവാൻ വിരവോടു തുടങ്ങുമ്പോൾ
അനുജനാമുപസുന്ദൻ കനിവോടങ്ങടുത്തു ചെ–
ന്നനുരാഗാലവളുടെ ഇടത്തെക്കൈപിടിച്ചാശു
ഘനമോദം പുണരുവാനവനും മോദമുണ്ടായി.
സരസം സുന്ദരൻ സുന്ദനുരചെയ്തു വിരവോടേ:
''അരുതു സോദരാ! ബാലാ! ദുരിതം സംഭവിച്ചീടും

ഗുരുവിൻെറ കളത്രത്തെ സ്പർശിച്ചീടുക കഷ്ടം!
കരംവിട്ടു തിരിച്ചാലും തരമില്ലാ നിനക്കേതും;''
കനിവോടങ്ങുപസുന്ദനതുനേരമുരചെയ്തു:
''അനുജൻെറ കളത്രത്തെ ഗുരുവിന്നു കൊതിക്കാമോ?
വനിതാപാണിപത്മത്തെ വെടിഞ്ഞാലും വിരവോടേ
അനുരാഗം തുടരേണ്ടാ ഇവളിലഗ്രജാ! നീയും;''
പറഞ്ഞു പിന്നെയും സുന്ദൻ: ''പരിഹാസം ചിതമല്ല
പറഞ്ഞ വാക്കു നീ കേൾക്ക സഹജ! നീ സഹിച്ചാലും;
പടയും രാജ്യവും വെള്ളക്കുടയും ദ്രവ്യവുമെല്ലാം
മടിയാതെ നിനക്കിന്നു തരുന്നു ഞാനുപസുന്ദ!
ചടുലലോചനയാകുമിവൾ മാത്രം മതി മമ
വിടുക പാണിപത്മത്തെത്തൊടുക യോഗ്യമല്ലേതും;''
''അടിയനെന്നുടെ ചേട്ടാ! പടയും പൗരുഷം വേണ്ടാ
മടവാർമൗലിയാകുന്ന മഹിഷി മാത്രമേ വേണ്ടൂ
കുടയും ചാമരത്തണ്ടുമടിയത്തിന്നടങ്ങുമോ?
ശഠതകൾ പറയാതെ നടന്നാലും മടിയാതെ;''

അപ്പോളുരചെയ്തു സുന്ദൻ മഹാസുരൻ:
''ദുഷ്പ്രഭാവം നീ തുടങ്ങേണ്ട സോദര!
സൽഭാവമെന്നോടു കാട്ടാതിരിക്ക നീ,
മൽഭാര്യയെക്കണ്ടു കാമിക്കരുതെടോ,
സുന്ദൻെറ ഭാര്യയെക്കാംക്ഷിച്ചുപോലുപ—
സുന്ദനെന്നിങ്ങനെ കേട്ടാൽ മഹാജനം
നിന്ദിക്കുമെന്നെയും നിന്നെയും സോദര!
നന്നല്ല നിന്നുടെ ശീലവും ഭാവവും''
എന്നതു കേട്ടുപസുന്ദനും ചൊല്ലിനാൻ:
''എന്നുടെ ഭാര്യയെ കൈക്കലാക്കീടുവാൻ
ഇന്നു ഞാൻ സമ്മതിക്കീലേതുമഗ്രജാ!
വന്നതെല്ലാം വന്നു കല്പിച്ചുകൂട്ടി ഞാൻ;
സുഗ്രീവനുള്ളൊരു താരയെപ്പണ്ടു പ—
രിഗ്രഹിച്ചീടിനാൻ ബാലി ബലീമുഖൻ
നിഗ്രഹത്തിന്നതു കാരണമെന്നപോ—
ലഗ്രജാ! നീയും തുടങ്ങാതിരിക്കണം;''
ഇത്ഥം സഹജൻെറ വാക്കു കേട്ടഗ്രജൻ
ചിത്തം കലങ്ങിപ്പറഞ്ഞു തുടങ്ങിനാൻ:
''ദുസ്തർക്കമെന്നോടു നേരിട്ടു ചൊല്ലിനാൽ
മസ്തകം തല്ലിപ്പിളർക്കുന്നതുണ്ടു ഞാൻ,
ധിക്കാരമിക്കാലമിക്കണ്ട ചണ്ടികൾ—
ക്കുൾക്കാമ്പിലൊക്കെപ്പെരക്കുന്നു സന്തതം;

ഇക്കാമബാണങ്ങളേല്ക്കുന്ന യഷ്ടികൾ
മുഷ്ക്കോടുരയ്ക്കുന്ന വാക്കെത്ര നിന്ദിതം!
ചേട്ടനെന്നുള്ളൊരു വിശ്വാസമില്ലാത്ത
ചേട്ടകൾക്കുണ്ടോ ഗുരുത്വം? ഗുരുക്കളെ—
ക്കൂട്ടാക്കുകില്ലെങ്കി ലേതുംതിരിയാത്ത
കൂട്ടത്തെയപ്പോഴേ നിഗ്രഹിച്ചീടണം;

ലാളിക്കകാരണമിപ്പോളിവനെന്റെ
തോളിൽക്കരേറിത്തലയ്ക്കിട്ടു ഞൊട്ടുന്നു;
ചോറിട്ട പാണിയിൽ കേറിക്കടിക്കുന്ന
കൂററ പട്ടിയെപ്പോലെ തുടങ്ങുന്നു;

കള്ളു കുടിച്ചു മദിക്കുന്ന കള്ളന്റെ
ചെള്ളയ്ക്കു രണ്ടു ചിമുക്കുന്നതുണ്ടു ഞാൻ;
തള്ളയെപ്പോലും ബഹുമാനമില്ലാത്ത
പിള്ളയെക്കണ്ടാൽ മെതിക്കണമപ്പോഴേ;''

ശണ്ഠകളിത്തരം കേട്ടോരു നേരത്തു
കുണ്ഠിതംകൂടാതെ ചൊന്നാനനുജനും:
''ശുണ്ഠികടിച്ചാൽ ഫലമില്ലെടോ കംബു—
കണ്ഠിയെക്കൊണ്ടു ഞാൻ പോയീടുമഗ്രജ!

ഈരേഴുലകിലുമീവണ്ണമുള്ളൊരു
നാരിയെ ഞാൻ പണ്ടു കണ്ടീല നിർണ്ണയം;
നേരേ ലഭിച്ചോരിവളെയുപേക്ഷിച്ചു
ദൂരേ വസിക്കുന്ന ഭോഷനല്ലേഷ ഞാൻ,
തന്നുടെ ഭാര്യയെച്ചൊല്ലീട്ടു മാനുഷൻ
തന്നുടെ പ്രാണൻ കളവാൻ മടിക്കുമോ?
പൊന്നും പണവും ചെലവഴിച്ചാലുമി—
ത്തന്വംഗിയാളെ ലഭിച്ചീടുവാൻ പണി;

ചൊൽക്കൊണ്ട പെണ്ണിന്റെ മൂലം ഭവാനിന്നു
വക്കാണമേല്ക്കാൻ തുടങ്ങുന്നതാകിലും
ഇക്കോമളാംഗിയെക്കൈവിടുന്നീല ഞാൻ
ധിക്കാരമെന്നാകിലാവട്ടെ വാശ്ശതും;

ചൊല്ലിന്നു ചൊല്ലുണ്ട്, മല്ലിന്നു മല്ലുണ്ട്,
തല്ലിന്നു തല്ലുണ്ട്, കല്ലിന്നു കല്ലുണ്ട്,
വില്ലിന്നു വില്ലുണ്ട്, വാളിന്നു വാളുണ്ട്,
വല്ലാതെ വന്നു കയർക്കേണ്ട താനെടോ!
ഉഗ്രഭാവത്തെ നടിച്ചു കൊണ്ടോരോ ദു—
രാഗ്രഹം കൈക്കൊണ്ടു വക്കാണമേശിനാൽ
അഗ്രജൻ താനെന്നു വെക്കില്ല ഞാനെടോ!
നിഗ്രഹം ചെയ്യാനുമില്ലിങ്ങു സംശയം!''
എന്നതു കേട്ടുരചെയ്തിതു സുന്ദനും:

‘‘നിന്നുടെ മുഷ്ക്കുകളെന്നോടു കൂടുമോ!
എന്നുടെ ഭാര്യയെ തൊട്ടൊരു നിൻകരം
ഛിന്നമാക്കുന്നുണ്ടു കണ്ടുകൊൾക ശഠാ!
തന്നുടെ ചേട്ടനോടിന്നതേ ചൊല്ലാവു—
വെന്നതങ്ങില്ലാത്ത കള്ളക്കുഴിയന്റെ
കണ്ഠം മുറിപ്പാൻ മടിക്കുന്നതില്ല ഞാ—
നുണ്ടോ വിചാരത്തിനിപ്പോളവകാശം!’’
അന്യോന്യമിങ്ങനെ സുന്ദോപസുന്ദൻമാർ
നന്നായ്ക്കയർത്തു പറയുന്ന നേരത്തു
കൊണ്ടൽവേണീമണിയാകും തിലോത്തമ
രണ്ടുപേരേയും കടാക്ഷിച്ചു മേവിനാൾ;
നിന്നുടെ ഭാര്യ ഞാനെന്നുള്ള ഭാവങ്ങൾ
നന്നായി രണ്ടുപേരോടും നടിക്കയും,
പുഞ്ചിരിക്കൊഞ്ചലും ചില്ലിവില്ലാട്ടവും
ചഞ്ചൽക്കടാക്ഷവും ചാരുഭാവങ്ങളും
പഞ്ചായുധച്ചൂടു വർദ്ധിപ്പതിനുള്ള
തഞ്ചങ്ങളും നല്ല സല്ലാപഭംഗിയും,
എല്ലാം പ്രകാശിച്ചു നില്ക്കുന്നവളോടു
ചൊല്ലിനാരിങ്ങനെ സുന്ദോപസുന്ദരും:
‘‘പെൺകൊടിയാളേ! ഭയപ്പെടുന്നെന്തിന്?
സങ്കടംതീർത്തു ഞാൻ കാത്തുകൊള്ളുന്നുണ്ട്;
നിൻകടാക്ഷങ്ങൾക്കു പാത്രമായുള്ള ഞാൻ
നിൻകണവൻ മഹാസുന്ദരപൂരുഷൻ
ദുഷ്ടത കാട്ടുമിപ്പാഴന്റെ മസ്തകം
മുഷ്ടികൊണ്ടാശു മുറിക്കുന്നതുണ്ടു ഞാൻ;
തുഷ്ടി നിനക്കു വരുത്തുവൻ ഞാൻ പ്രിയേ!
തുഷ്ടനാമെന്നെ നീ മാലയിട്ടീടുക;’’
രണ്ടുപേരും പറഞ്ഞീടുന്ന വാക്കിനെ
കൊണ്ടാടി മെല്ലവേ നിന്നു തിലോത്തമ;
ചുണ്ടും വിറപ്പിച്ചു കണ്ണും ചുവപ്പിച്ചു
രണ്ടുപേരും ഗദ കൈയ്യിലാക്കീടിനാർ;
ഓരോ കരങ്ങൾകൊണ്ടപ്പോളിരുവരും
നാരീമണിയുടെ കൈക്കു പിടിക്കയും
മറ്റേക്കരങ്ങളിലിങ്ങു ഗദകളും
ചുറ്റിപ്പിടിച്ചുകൊണ്ടോങ്ങിത്തുടങ്ങിനാർ:
‘‘നോക്കെടാ മൂഢാ, തലയ്ക്കിട്ടടിച്ചു ഞാൻ
വെക്കം യമപുരേ നിന്നെ വാഴിപ്പനെ’’—
ന്നുൽക്കടാടോപം പറഞ്ഞു ഗദകൊണ്ടു
തൽക്ഷണം തമ്മിലടിച്ചിതിരുവരും;

മർമ്മതാളം

നിഷ്ഠുരഗദകൊണ്ടടികൊണ്ടൊരു കണ്ടകമസ്തകയുഗളം
പൊട്ടീതപ്പൊഴുതു കുലാചലശിഖരവുമൊന്നു വിറച്ചൂ*
കട്ടകളിടപെട്ടൊരു ചോരകൾ തുടുതുടെയുടനധികതരം
കെട്ടിയ ചിറ പൊട്ടിയപോലതുമുടലുകൾ മുഴുവനൊലിച്ചു
രണ്ടു മലകൾ തമ്മിലിടഞ്ഞുടനവിടെ മറിഞ്ഞതുപോലെ
രണ്ടു ദനുജകണ്ടകരമ്പൊടു ധരണിയിലാശു പതിച്ചു
ചത്തശവമിതെത്ര ഭയങ്കരമവയവമിടിപൊടിയായി
കൃത്തകരികളത്തൽ പിണഞ്ഞിഹ വനമതിലോടിനടന്നൂ
സുന്ദനുമുപസുന്ദനുമിങ്ങനെ മരണമിയന്നതുനേരം
ഇന്ദ്രനുമഥ ചന്ദ്രനുമഗ്നിയുമന്തകനമരൻമാരും
കിന്നരവരകിമ്പുരുഷാദിയുമമ്പൊടു ദേവൻമാരും
പന്നഗമൃഗയക്ഷചരാചരമഖിലവുമതിമുദമാർന്നു
സുന്ദരമുഖിയായ തിലോത്തമ സുരവരകാര്യമശേഷം
തന്നുടെ ചടുലേക്ഷണവീക്ഷണചടുലതകൊണ്ടു വരുത്തി
മന്ദഗമനമധുരതയോടവൾ ചെന്നിതു വിധിയുടെ മുന്നിൽ
വന്ദനമഭിനന്ദനമെന്നിവ പരിചൊടു ചൊല്ലി വസിച്ചു.

കാരികതാളം

ചഞ്ചലമിഴിയോടു വിരിഞ്ചനുമപ്പോൾ,
പുഞ്ചിരി കലരുംപടി കിഞ്ചിദവാദീൽ:
''ഉത്തമഗുണശാലി തിലോത്തമയേ! നീ.
സത്വരമിഹ ചെയ്തതു ചിത്രമശേഷം;
വിഷ്ടപപരിപാലനമിഷ്ടമിദം മേ
ദുഷ്ടരെയുടനേ കൊലചെയ്തതു സുകൃതം;
രഥകരിതുരഗാദികൾ പടയൊടടുത്താൽ
അതിവിഷമമതായൊരു രിപുജനനാശം
പടുതരമിളകീടിന കൺമുനയാലേ
ദൃഢതരമിഹ സംഗതി ഭവതി വരുത്തീ;
സുഖമൊടു മരുവീടുക സുന്ദരീ! നീതാൻ
സുമധുരസരസേ! ബത സൂര്യസമീപേ,
സുരമുനിമനുജാദിക പാലനശീലേ;
സുരവരപുരസീമനി വാഴുക ഭദ്രേ!''
വാരിജസംഭവൻതൻെറ ഗിരം കേട്ടു
വാരിജലോചനയാകും തിലോത്തമ
വാരിജബന്ധുലോകത്തെ പ്രവേശിച്ചു
വാരിജാസ്ത്രക്രീഡയാടി വാണീടിനാൾ.

സുന്ദോപസുന്ദോപാഖ്യാനം ശീതങ്കൻ തുള്ളൽ
സമാപ്തം

---

[*] 'പൊട്ടീതപ്പൊഴുതെട്ടു....വിറച്ചു'—എന്ന മുദ്രിതപാഠത്തിനു താളഭംഗം.

ഗണപതിപ്രാതൽ

സഭതന്നിൽ വിളങ്ങുന്ന സരസൻമാരടിയത്തി–
ന്നഭയം തന്നരുളേണമതിനായി വണങ്ങുന്നേൻ;
അഭിരാമമൊരു കഥ പറവാനെൻ മനതാരിൽ
അഭിലാഷമുണ്ടു പാരമതുകൊണ്ടു തുടങ്ങുന്നേൻ.
പ്രണതവത്സലനായ ഗണപതിഭഗവാനും
പ്രണയമോടടിയനു തുണയായിബ്ഭവിക്കേണം
ഗുണദോഷമറിയുന്ന ബുധൻമാരിക്കഥ തൻെറ
ഗുണദോഷം വിചാരിപ്പാനൊരുമ്പെട്ടു വസിക്കേണം;
പരബോധം വരുത്തുവാനെളുതല്ലെന്നു വന്നാലും*
ഉരിയാടാതിരിപ്പാൻഞാൻ പഠിച്ചില്ല കാണിപോലും;
ഒരുവരുമിളകാതങ്ങൊരു കോണിലിരുന്നേച്ചാൽ
പരിഹാസം നടത്തുന്ന നരൻമാർക്കു വകയില്ല
പരിചോടെൻ ഗുരുനാഥൻ അരുൾചെയ്ത വചനങ്ങൾ
കരളിലുണ്ടെനിക്കേതും കുറവുമില്ലതുകൊണ്ട്;

കുററം പറഞ്ഞു ചിരിക്കുന്നവരോടു
ചുററ[1]ത്തിനാളുകളേററമുണ്ടായ്‌വരും
മററും പലരതു കേൾക്കുന്ന നേരത്തു
മുററും ഗുണദോഷമെല്ലാം വെളിപ്പെടും
ഏററം കവിതയിലൂടു[2] ഉളളവർക്കതു
പററും മനതാരിലെന്നാലതും മതി;
ഈററനോവിൻെറ പരമാർത്ഥമൊക്കെയും
പെററ പെണ്ണുങ്ങൾക്കു തന്നേയറിയാവൂ;
കാട്ടുകോഴിക്കെന്തു സംക്രന്തിയെന്നതും
കൂട്ടം കവിപ്രൗഢരൊക്കെ ധരിച്ചിടും;
ആടിന്നറിയുമോ അങ്ങാടിവാണിഭം?
കൂട്ടാക്കയില്ല ഞാൻ ദുഷ്ക്കവിഭോഷരേ!
ഇഷ്ടമില്ലാത്തവരാരൊരു ദൂഷണം
കെട്ടിച്ചമച്ചതു കേട്ടാൽ നമുക്കൊരു
ഞെട്ടലില്ലേതും മനസ്സിനെന്നുളളതീ
ശിഷ്ടം ജനങ്ങൾ ധരിച്ചുകൊളേളണമേ†
ദോഷവും നല്ല ഗുണങ്ങളുമുണ്ടെങ്കിൽ

---

* 'പരബോധംവരുത്തുവാനെളുതല്ലെന്നിരുന്നാലും'—പാഠാന്തരം.

[1] ചുററം=അടുപ്പം; വേഴ്ച. [2] ഊട് = സൂക്ഷ്മമായ അറിവ്.

† 'ശിഷ്ടജനങ്ങൾ ധരിച്ചുകൊളേളണമേ'—പാഠാന്തരം.

ദോഷംവെടിഞ്ഞു ഗുണത്തെ ഗ്രഹിക്കണം
ശേഷമുള്ളാളുകളെല്ലാമതിനിങ്ങു
ശേഷിയായ്ത്തന്നേ ഭവിക്കേണമെപ്പൊഴും;
പാലും ജലവും കലർന്നു വച്ചീടിനാൽ
പാലേ കുടിപ്പൂ അരയന്നജാതികൾ;
ദുഷ്ടെന്നിയേ മററതൊന്നും ഗ്രഹിക്കില്ല
പൊട്ടക്കുളത്തിൽ കളിച്ചീടുമട്ടകൾ;
ദുഷ്ടജനത്തിൻെറ ശീലമവ്വണ്ണമെ—
ന്നൊട്ടു പലരും പറഞ്ഞുകേൾപ്പില്ലയോ?
ഏവം പറഞ്ഞാലൊടുക്കമില്ലേതുമേ
കേവലം കാലംകഴിച്ചുവെന്നേ വരൂ;
സേവിച്ചു മേവുന്നവർക്കുവേണ്ടിത്തൻെറ
ജീവനെപ്പോലും കൊടുപ്പാൻ മടിക്കാത്ത
ദേവനാരായണസ്വാമി മഹീതലേ
ജീവിച്ചു മേവുന്ന കാലം ജനങ്ങൾക്കു
ദേവലോകാവാസസൗഖ്യം ലഭിക്കുമ—
ക്കേവലാനന്ദം സതതം ഭവിക്കുന്നു;
ചെമ്പകനാട്ടിന്നലങ്കാര രത്നമാം
ചെമ്പകപ്പൂവൊത്ത തമ്പുരാൻതന്നുടെ
ചെമ്പൊൽപ്രഭ ചേരുമോമൽ തിരുവുടൽ
കുമ്പിടുന്നേനിന്നു കമ്പങ്ങൾ തീരുവാൻ;
പണ്ടങ്ങൊരു ദിനം വിത്തേശ്വരൻ നീല—
കണ്ഠനു കാഴ്ചയായ് വച്ച വാഴക്കുല
മണ്ടിവന്നാശു ഗണേശനെടുത്തതു
തൊണ്ടോടുകൂടിബ്ഭുജിച്ചതുമാദരാൽ
കണ്ടുനില്ക്കുന്ന ധനേശനവൻ ശിതി—
കണ്ഠനെത്താണു തൊഴുതുണർത്തീടിനാൻ:
''കാലാന്തക! ഭവൽകാരുണ്യമല്ലാതൊ—
രാലംബനം നമുക്കില്ലെന്നറിക നീ!
ഒന്നുണ്ടെനിക്കു മനക്കാമ്പിലാഗ്രഹം
ചന്ദ്രചൂഡാ വിഭോ! കേട്ടരുളേണമേ!
പ്രാലേയപർവതപുത്രിയോടൊന്നിച്ചു
ബാലകൻമാരെയുംകൊണ്ടൊരു വാസരം
കാലത്തുതന്നെയെഴുന്നള്ളി നമ്മുടെ
ആലയംതന്നിൽ ഭുജിച്ചു പോന്നീടണം;
എന്നാലതുകൊണ്ടെനിക്കു മേൻമേൽ ഗുണം
വന്നീടുമല്ലോ മഹാദേവ! ശങ്കര!''
എന്നതു കേട്ടു മഹേശൻ കുറഞ്ഞൊന്നു

മന്ദസ്മിതംപൂണ്ടു ചൊന്നാൻ ധനേശ്വരം:
''നിന്നുടെയുള്ളിലെ ഭക്തിയും സ്നേഹവു–
മെന്നെക്കുറിച്ചേററമുണ്ടെന്നറിഞ്ഞു ഞാൻ
എന്നതുകൊണ്ടു നമുക്കു സന്തോഷവും
നിന്നിൽ പ്രതിദിനമേററം ധനപതേ!''
എന്നതു കേട്ടു ധനേശ്വരൻ പിന്നെയും
പന്നഗഭൂഷണനോടറിയിച്ചിതു:

''ഭക്തികൊണ്ടീശ്വരൻ പ്രീതനായെങ്കിലും
ഭുക്തിക്കു നല്ല വസ്തുക്കൾ നല്കും ജനം
എന്നതുകൊണ്ടങ്ങെഴുന്നള്ളി നമ്മുടെ
മന്ദിരം ശുദ്ധമാക്കേണം വിഭോ! ഭവാൻ.''
ഇങ്ങനെ ചൊന്നതു കേട്ടു ലോകേശ്വര–
''നങ്ങനെതന്നെ''യെന്നും പറഞ്ഞീടിനാൻ;
യാത്രയും ചൊല്ലിത്തൊഴുതു ഗണേശ്വര–
മൂർത്തിയെ നോക്കിച്ചിരിച്ചു പോന്നീടിനാൻ;
ആലയംതന്നിലകത്തു വന്നോരൊന്നു
കാലേ വരുത്തിത്തുടങ്ങി പൗലസ്ത്യനും;
തുമ്പക്കുസുമത്തിനൊത്തൊരു തണ്ഡുലം
സംഭരിച്ചീടിനാനേററം ധനേശ്വരൻ
സദ്യയ്ക്കു വേണ്ടുന്ന വസ്തുക്കളൊക്കെയു–
മുദ്യോഗമുള്ള ജനങ്ങൾ വരുത്തിനാർ;

നീളെ നെടുമ്പുര കെട്ടി ശ്രമിപ്പതി–
നാളുകളേയും ക്ഷണിച്ചുവരുത്തിനാൻ;
ചോററിന്നുവേണ്ടും കറിസാധനങ്ങളു–
മേററം പലതരം തത്ര വരുത്തിനാൻ;
വിത്തം വളരെക്കരത്തിലുള്ളാളുകൾ–
ക്കൊത്തതിൻവണ്ണം വരും കാര്യമൊക്കെയും;
വെപ്പു തുടങ്ങിച്ചു പിന്നെ മഹീശ്വരൻ
കല്പിച്ചു വേണ്ടുന്ന കാര്യങ്ങളൊക്കെയും.

''വെട്ടുവഴികളടിച്ചു തളിച്ചതിൽ
പട്ടുകൾ നീളെ വിരിച്ചുകൊണ്ടീടണം
നാലുനിറമുള്ള പട്ടുകൾ കൊണ്ടുവന്നു
മേലേ വിതാനം, ചുരുക്കരുതൊട്ടുമേ!
മുത്തും പവിഴവും ചേർത്ത മാലാഗണം
പത്തുനൂറുതരം തോരണം തൂക്കണം;
രണ്ടുപുറത്തും നിറപറ ദീപവും
രണ്ടുലക്ഷം കുലവാഴയും വെക്കണം
പൊന്നണിഞ്ഞാനക്കഴുത്തിൽ പെരുമ്പറ

പിന്നെയും വേണ്ട വാദ്യം വരുത്തീടണം
മിന്നുന്ന പൊന്നിൻതളികയിൽ നൂൽത്തിരി—
തന്നെ നനച്ചു കൊളുത്തിപ്പിടിക്കണം
മങ്കമാർവേണമതിന്നവർ നല്ലൊരു
തങ്കപ്പതക്കമണിഞ്ഞു വന്നീടണം
കങ്കണം കൈവിരൽ കൽവച്ച മോതിരം
കൊങ്കദ്വയങ്ങളിൽ മുത്തുരത്നാവലി
കുങ്കുമം നല്ല മലയജംതന്നുടെ
പങ്കവും നന്നായണിഞ്ഞെതിരേല്ക്കണം;
ശങ്കരീശങ്കരൻമാരേയകമ്പടി—
ക്കാലവട്ടങ്ങളും വെഞ്ചാമരങ്ങളും
കാലമൊട്ടും കളയാതെ വരുത്തണം;
ബാലമട്ടോൽമൊഴിമാർക്കു വാണീടുവാൻ
നാലുകെട്ടിന്നിയും നാലഞ്ചു തീർക്കണം;
നന്ദിമുമ്പായ ഗണങ്ങൾക്കിരിക്കുവാൻ
മന്ദിരം ഭംഗിയായൊന്നു നിർമ്മിക്കണം
എന്നുതന്നെയല്ല വേണ്ടുന്നതൊക്കെയും
ഒന്നൊഴിയാതെ വരുത്തിവച്ചീടണം.''
ഇങ്ങറിയിപ്പാൻ ഗമിച്ചു ധനാധിപൻ:
''തമ്പുരാനേ! ഹരേ! നിൻകൃപകൊണ്ടു ഞാൻ
സംപ്രതി വേണ്ടുന്ന കോപ്പുകൂട്ടീ വിഭോ!
വെക്കമെവിടേക്കെഴുന്നള്ളി നമ്മുടെ
സത്കാരമേററു തുണച്ചരുളേണമേ!''
കാളകണ്ഠനതു കേട്ടോരനന്തരം
കാളപ്പുറത്തു കരേറിപ്പതുക്കവേ
പേടവിലോലവിലോചന പാർവതി
കൂടവേ കാളമുകളിൽ കരേറിനാൾ;
സ്കന്ദൻ ഗണേശ്വരൻ നന്ദി മുമ്പായുള്ള
വൃന്ദങ്ങളൊന്നൊഴിയാതെ പുറപ്പെട്ടു;
പട്ടു വിരിച്ച വഴിയിൽ ചവുട്ടാതെ
പെട്ടെന്നു കാള നടന്നുതുടങ്ങിനാൻ;
നല്ലോരു പട്ടു വിരിച്ച സ്ഥലങ്ങളി—
ലെല്ലാം ചവുട്ടി നടന്നു വിനായകൻ;
എന്നതുകൊണ്ടു ധനാധിനാഥൻ പുന—
രൊന്നുമേ മിണ്ടാതെ നിന്നാനരക്ഷണം;
കാളപ്പുറത്തൂന്നിറങ്ങി മഹേശ്വരൻ
മാളികതന്നിലിരുന്നു മൃഡാനിയും

''മുപ്പതുനാഴികകൊണ്ടു വരുത്തിയ
കോപ്പുകൾ കണ്ടാൽ വിചിത്രമല്ലോ സഖേ!
കൈയ്യിൽ പണമുള്ളവൻ നിനച്ചീടുന്ന
കാര്യം വരുത്താൻ പ്രയാസമുണ്ടാകുമോ?
എല്ലാമൊരുക്കിയെന്നാകിലും താമസം
തെല്ലുണ്ടതുകൊണ്ടു ബാലകൻമാരുടെ
ഭക്ഷണം വേഗം കഴിപ്പിച്ചു നമ്മുടെ
ഭക്ഷണത്തിന്നും ശ്രമിച്ചുകൊണ്ടാൽ മതി.''
എന്നതു കേട്ടു വിളിച്ചു ഗണേശനെ
സ്കന്ദനേയും വിളിച്ചങ്ങിരുത്തീടിനാൻ;
നല്ലയിലക്കെട്ടെടുത്തതിലോരോന്നു
നല്ലവണ്ണം തുടച്ചാശുവച്ചാദരാൽ
പൊന്നുകൊണ്ടുള്ളോരു കോരികതന്നില-
ങ്ങന്നം നിറച്ചതു കണ്ടു വിനായകൻ
ചട്ടുകം ചോറുമിലയുടെ കെട്ടുമാ-
ക്കോരികയും ഭുജിച്ചാദരാലങ്ങുടൻ
യക്ഷാധിനാഥനോടേവം പറഞ്ഞിതു;
''ഭക്ഷണത്തിന്നിലവച്ചു വിളമ്പുക;''
രണ്ടാമതുമൊരുകെട്ടില വച്ചതും
കൊണ്ടുവന്ന ചോറും ഭുജിച്ചുടൻ പിന്നെയും
''കൊണ്ടുവാ പത്രവും ചോറുള്ള പാത്രവും
ഉണ്ടു വിശപ്പതു തെല്ലു തീർന്നാൽ മതി;
അച്ഛനോടൊന്നിച്ചു പിന്നെ ഞാൻ സദ്യയി-
ലിച്ഛരിച്ചവണ്ണം ഭുജിച്ചുകൊള്ളാം സുഖം;
പിന്നെയും പിന്നെയുമേവം പറഞ്ഞുകൊ-
ണ്ടന്നം വളരെ ഭുജിച്ചോരനന്തരം
ചോറുവിളമ്പി വിളമ്പി വലഞ്ഞവർ
മാറിപ്പതുക്കെയൊളിച്ചുതുടങ്ങിനാർ;
''നല്ലവണ്ണം നമുക്കന്നം വിളമ്പുവാ-
നില്ല മനസ്സു ധനാധിനാഥന്നഹോ
ഏറെപ്പണം കെട്ടിവെക്കും ജനങ്ങൾക്കു
ചോറുകൊടുപ്പാൻ മുഷിച്ചിലുണ്ടായ് വരും
എന്നാലടുക്കളതന്നിൽക്കടന്നു ഞാ-
നൊന്നൊഴിയാതെ ഭുജിക്കുന്നതുണ്ടിനി!''

ചമ്പതാളം

മനതളിരിലിതി കരുതി മദനരിപുനന്ദനൻ
മന്ദം മഹാനസം[1]പുക്കു നോക്കുംവിധൗ

---

1. മഹാനസം=അടുക്കള.

അതിധവളരുചികലരുമധികതരമന്നവു—
മദ്ഭുതമായോരെരിശ്ശേരിവച്ചതും
അമൃതിനൊടു സദൃശമഥ പല പല ചരക്കില—
ങ്ങഞ്ചാറുകൂട്ടം പ്രഥമനും കണ്ടിതു;
പരമഗുണഗണമുടയസിത[1] യൊടിടചേർന്നൊരു
പാല്പ്പായസം നല്ലതന്തികേ കാൺകയാൽ
ഇതിലധികമധുരമിനിയപരമൊരു വസ്തുവി—
ങ്ങില്ലെന്നുറച്ചതു ഭക്ഷിച്ചനന്തരം
നലമൊടതിനരികിലഥ വളരെ മധുരക്കറി
നാലെട്ടു വാർപ്പിൽക്കിടന്നതും പാത്രവും
അഴകിനൊടു സവിധഭുവിയരി കഴുകി വച്ചതും
അന്നവും പിന്നെക്കറി പലതുള്ളതും
ഇല പലക വിറകു കടുമുളകുമുപദംശവും
എണ്ണയും നെയ്യും വെളിച്ചെണ്ണ തേങ്ങയും
അതികഠിനമരനിമിഷമതിനിടയിലമ്മിയും
അമ്മിക്കുഴവിയുരലും ചിരവയും
അടപലക കയറുകളുമധികമരിവട്ടിയും
അദ്ഭുതമായുള്ള പപ്പടക്കൂട്ടവും
വടിവിനൊടു ഗജവദനനഴകൊടു ഭുജിച്ചുടൻ
വന്നു കലവറതന്നിൽ കടന്നുടൻ
രസകദളി കദളികളുമഴകൊടതി പൂവനും
രണ്ടുനാലായിരം നേന്ത്രക്കുലകളും
കനിവിനൊടു കരിവദനനതികുതുകമോടുടൻ
കണ്ണൻ കുറുങ്കാളി വണ്ണൻപഴങ്ങളും
ഇവ പലതുമവിടെയഥ ഭരണികളിലേററവും
സൂക്ഷിച്ചിരുന്നോരു തേനും ഗുളങ്ങളും
അതിമധുരമുടയ സിത ഘൃതവുമഥ കണ്ടുട—
നാനന്ദമോടു ഭുജിച്ചാനശേഷവും
പുനരപിച ഭരണി കുടമനവധി കലങ്ങളും
കണ്ടു കറിക്കുള്ള കോപ്പു ശേഷിച്ചതും
അതു സകലമപിച കരിവദനനഥ തിന്നുട—
നാനമുഖവൻ പുറത്തിറങ്ങീടിനാൻ;
അതുസമയമരികിലഥ ധനദനെ വിളിച്ചുകൊ—
ണ്ടാഭാഷണംകൊണ്ടു ചൊല്ലിനാനിങ്ങനെ:
''അയി കുടില! ധനദ! മമ തരിക പുനരന്നവു—
മല്പമെന്നാകിലും കൂട്ടുവാനുള്ളതും
പെരിയ പരവശത മമ കളവതിനു ചോറു നീ
പ്രാതല്ക്കുമാത്രമെന്നാകിലും നല്കണം

---

[1] സിത = പഞ്ചസാര.

അശനമതിലൊരുവനിലുമഴകിനൊടു വച്ചുകൊ—
ണ്ടൊന്നും കൊടുക്കാതയയ്ക്കുക യോഗ്യമോ?
അതിലധികമധികധനമുടയ ധനദാ! ഭവാ—
നാമന്ത്രണംചെയ്തു കൊണ്ടുപോന്നിങ്ങനെ
ബദരിഫലമതിനു സമമൊരു കബളമെങ്കിലും
ബാലനായീടും നമുക്കു തരാഞ്ഞതു
ഉചിതമിതി തവ മനസി കരുതിടുക വേണ്ടതി—
ന്നൂണും മുടക്കിയയയ്ക്കുക നിന്ദിതം
അയിധനദ പുരുഷനിഹ പെരിയ ധനമുണ്ടെങ്കിൽ
ആയവൻ ചെയ്തതു നല്ല നേരായ്‌വരും
ഹൃദയമതിലിതു കരുതി മദമധികമുള്ള തേ
ഹൃദ്യമീ ബാലനാമെന്നെച്ചതിച്ചതും!''
വചനമിദമതിപരുഷമനവധി പറഞ്ഞുടൻ
വായും പിളർന്നോടിയെത്തി വിഘ്നേശ്വരൻ;
അതുസമയമധികഭയമുടയ നിധിനായകൻ
ആധിയുംപൂണ്ടങ്ങുമിങ്ങുമോടീടിനാൻ:
''അടിയനിഹ കരുതിയതു സകലവുമൊടുങ്ങിയി—
ങ്ങാവോളമിന്നിയും വേണ്ടതുണ്ടാക്കുവൻ;''
അതിനു പുനരൊരു വചനമവനൊടുരചെയ്യാതെ
ആർത്തനായ് പിന്നാലെ മണ്ടി ഓടിക്കയാൽ
'കരിവദനകലഹമതു കളവതിനു നമ്മുടെ
കാലാരിപാദം പിടിക്ക നല്ലൂ ജവാൽ'
ഇതി മനസി ബത കരുതി സപദി നരനായകൻ*
ഇന്ദുചൂഡാന്തികേ ചെന്നു വീണേറ്റവും
വിനയമൊടു വിമലതര നുതിവചനമോതിനാൻ:
''വിശ്വാധിനാഥാ! നമസ്തേ യമാന്തകാ!
അടിയനിഹ പിഴ പലതുമധികമിഹ ചെയ്കിലും
ആശ്രയം മറ്റാരുമില്ലെനിക്കീശ്വരാ!
ജനനിയുടെ ജഠരമതിലമരുമൊരു ബാലകൻ
ജാതനാംമുമ്പേ ചവിട്ടിയെന്നോർക്കയാൽ
മനതളിരിലതിനു ബത കലഹ, മൊരുനാളുമാ
മാതാവിനുണ്ടാകയില്ലെന്നു നിർണ്ണയം;
അടിമലരിലടിമപെടുമടിയനുടെ സങ്കടം
അഷ്ടമൂർത്തേ! ഭവാൻ നീക്കി രക്ഷിക്കണം
തവ ചരണയുഗളമതു ശരണമണയും ക്ഷണേ
താപം ശമിക്കുമെന്നല്ലോ ബുധമതം
കുസുമശരതനുദഹന! ദിവസകരബിംബവും

---

* 'ഇതി മനസിബത കരുതി സപദി നരവാഹനൻ'—പാഠാന്തരം. നരൻ എന്ന യക്ഷൻ വാഹനമായിട്ടുള്ളവൻ (കുബേരൻ).

കൂരിരുട്ടും കൂടിയൊന്നിച്ചിരിക്കുമോ?
കരലസിതകനകമൃഗ! കലവറയിലുള്ളതും
കാലാന്തക! കറിവച്ചതുമന്നവും
ചെരവ തവി വിറകുരുളികരക[1]മിതി പാത്രവും*
ചെമ്പും ചരക്കും[2] നെടുമ്പുരയുള്ളതും
പരമശിവ പരിചിനൊടു ഗജമുഖനശേഷവും
പാരാതെ ഭക്ഷിച്ചൊടുക്കി പുരാന്തക!
പുരമഥന! പുനരധികമരിശമൊടടുത്തുടൻ
പുഷ്കരം[3]കൊണ്ടു പിടിക്കുന്നു ഹന്ത മാം;
ജിതശമന തവ മനസി ബഹുകരുണകൊണ്ടു ഞാൻ
ജീവിച്ചിനിച്ചിലകാലമിരിക്കണം.''
അമൃതകരശകലധരനുതികളിതി ചെയ്തുട–
നഞ്ജലികൂപ്പി നമസ്കരിച്ചാദരാൽ
അചലവരമകളുടയ ചരണകമലങ്ങളും
അത്യന്തഭക്ത്യാ വണങ്ങി നിന്നീടിനാൻ;
അതുപൊഴുതു ശിവനുമഥ ശിവയുമരുളീടിനാർ:
''ആധി നിനക്കിനി വേണ്ട ധനേശ്വര!
പല കുറവു പലദിവസമധികമിഹ ചെയ്കിലും
പാദം പിടിച്ചാൽ ക്ഷമിക്കും മഹത്തുകൾ
ഇതിനു തവ പിഴ കിമപിയൊരു വഴി നിനയ്ക്കിലു–
മില്ലെന്നു നിശ്ചയമുണ്ടു ഞങ്ങൾക്കഹോ!
കരിവദന! വിരവിനൊടു വരിക മമ സന്നിധൗ
കഷ്ടം! കണക്കല്ല നിന്നുടെ ചേഷ്ടിതം
അയി തനയ! ധനദനിഹ മമത പെരുകീട്ടുട–
നഷ്ടിക്കു നമ്മെ ക്ഷണിച്ചുവരുത്തിയാൽ
ഉചിതമതു മൃദുവചനമവരൊടുരചെയ്തുകൊ–
ണ്ടൂണിന്നു തന്ന ചോറുണ്ടു പോന്നീടണം;
അപരനിഹ തരുമശനമമൃതിനു സമാനമെ–
ന്നാശ്വസിച്ചീടണമെന്നേ ഗുണം വരൂ.
അതിദുരിതഫലമതിനു പരിചൊടു ധരിക്ക നീ
അന്നദാതാവിനെ നിന്ദചെയ്യുന്നത്;
ഇതി സപദി കരുതി ഹൃദി ധനദനെ വിളിച്ചു നീ
ഇച്ഛരിച്ചതെല്ലാം കൊടുത്തുകൊണ്ടീടണം;''
സകലജനപരമഗുരു പരമശിവനിങ്ങനെ
സാധുവാംവണ്ണം പറഞ്ഞതു കേൾക്കയാൽ;

---

[1] കരകം=ജലപാത്രം (കിണ്ടി).

* 'ചെരക ശിവ വിറകുരുളികരകമിവ പാത്രവും'—മുദ്രിതപുസ്തകങ്ങളിൽ അപപാഠം.

[2] ചരക്ക് = വാർപ്പ്. [3] പുഷ്കരം=തുമ്പിക്കൈയുടെ അഗ്രം.

''അയി ധനദ! നഹി കിമപി പരിഭവമൊരിക്കലു—
മാധിയുണ്ടാകുകവേണ്ടാ ഹൃദന്തരേ;''
അതിമൃദുലവചനമതു ഗണപതി പറഞ്ഞുട—
നാശാധിനാഥനെച്ചേർത്തു വക്ഷസ്ഥലേ!
''സകലപതി ശിവനുമഥ പരിചരണഭൃത്യരും
സ്കന്ദനും ഞാനും മൃഡാനിയാം ദേവിയും
സരസമിഹ തവ മനസി കരുതിയതിലപ്പുറം
സാധുവാംവണ്ണം ഭുജിച്ചു സന്തുഷ്ടരായ്;
ചതുരതയൊടതു സകലമറിവതിനു ദിവ്യമാം
ചക്ഷുസ്സുകൊണ്ടു വിലോകനംചെയ്ക നീ;''
സകലജന നതചരണനഴകൊടു ഗണേശ്വരൻ
സാദരം ചൊന്നതു കേട്ടു ധനേശ്വരൻ
ഹൃദയതലമതിലമരുമമലതരദൃക്കിനാ—
ലീക്ഷിച്ച നേരമറിഞ്ഞു സമസ്തവും;
അതു പൊഴുതു ഹൃദി കുതുകമധികമുളവാകയാ—
ലാനമുഖനെത്തൊഴുതു നിന്നൂ ചിരം;
അതുസമയമചലമകൾഗിരിശനുമുരയ്ക്കയൊ—
ലന്നവും സ്വാദുള്ളതും നീക്കിയൊക്കെയും
വടിവിനൊടു കരിവദനവദനകമലാന്തരാൽ
വീണുവണങ്ങി സമസ്തവസ്തുക്കളും;
പുരമഥനനതുപൊഴുതു നിധിപതിയൊടിങ്ങനെ
പുഞ്ചിരിതൂകിയരുൾചെയ്തു സാദരം
''ഇഭവദനമുഖഗളിതമിതു തവ സമസ്തവു—
മീക്ഷണംചെയ്തു കണക്കുനോക്കിദ്രുതം
പരിചിനൊടു ഭരണികളുമഖിലമിഹ പാത്രവും
പണ്ടിരുന്നേടത്തു വയ്പിച്ചുകൊള്ളുക;
അമരകുലമഖിലമിഹ ഹവിരനലനാവുകൊ—
ണ്ടാസ്വദിക്കുന്നതുപോലെ[1]യെല്ലാവരും
തവ സകല വിഭവമിഹ ഗണപതിമുഖംകൊണ്ടു
താത്പര്യമോടേ ഭുജിച്ചു സന്തുഷ്ടരായ്,
തവ ഭവതു ശുഭമിനിയുമഖിലധനവൃദ്ധിയും
താമസമില്ലിനിപ്പോകുന്നു ഞാനെടോ!
ഇനിയുമിഹ വിരവിനൊടു പറക തവ വേണ്ടതെ''—
ന്നീശ്വരൻ ചൊന്നതു കേട്ടവൻ ചൊല്ലിനാൻ:

---

1. അമരകുല .. ....ഹവിരനലനാവുകൊണ്ടാസ്വദിക്കുന്നതുപോലെ = ദേവൻമാർ ഹവിസ്സ് (ഹോമിക്കുന്ന, അന്നം) അഗ്നിയുടെ നാവുകൊണ്ടാസ്വദിക്കുന്നതുപോലെ. യാഗാദിക്രിയകളിൽ ദേവൻമാരെ ഉദ്ദേശിച്ചുള്ള ഹവിർഭാഗം അഗ്നിയിൽ ഹോമിക്കണമെന്നും അഗ്നി അതിനെ അവർക്കെത്തിച്ചുകൊടുക്കുമെന്നും സങ്കല്പം. ('ഹവിർവ്വാഹിയാം വീതിഹോത്രൻ'—ശാകുന്തളം.)

‘‘പരിചിനൊടു ജടമുടിയിലണിമതിയണിഞ്ഞതും
പാമ്പും പലതരം തുമ്പയും ചാമ്പലും
സരസതരമൊഴുകുമൊരു സുരതടിനിതന്നുടെ
സാരമായുള്ളോരു കാന്തിപ്രവാഹവും
നിടിലതട നയനമതുമപരനയനങ്ങളും
നീടുറ്റ നല്ലോരു നാസികാഭംഗിയും*
ദലിത മണിപവിഴമതിലധികരക്താഭമാം
ദന്തവാസസ്സി[1]ന്റെ സൗഭാഗ്യമുള്ളതും
മുകുരമതിലതി ധവളനിറമുടയ ദന്തവും
മൂല്യമറ്റുള്ളോരു കുണ്ഡലദ്വന്ദ്വവും:
പരശുവരമഭയമൃഗമിവ പലതുമുള്ളൊരു
പാണിപത്മങ്ങളും നീലമാം കണ്ഠവും
മടിയിൽ മലമകളു പുനരഴകൊടു വസിപ്പതും
മത്തദ്വിപത്തിന്റെ ചർമ്മമുടുത്തതും
തുടയിണയുമടിമലരുമടിയനു ഹൃദന്തരേ
തോന്നേണമെന്നും മഹാദേവ ശങ്കരാ!’’
തൊഴുതു പുനരിതു പറയുമിളിബിളികുമാര[2]നോ—
ടീശ്വരൻ പിന്നെയും ചൊല്ലിനാനിങ്ങനെ:
‘‘ഇതു സതതമഥ ഭവതി ഭവതു!’’ ഭവനിങ്ങനെ
ഇച്ഛരിച്ചതേകി മറഞ്ഞു, ഭവാനിയും;
തദനു പുനരിഭവദനപദയുഗളപത്മവും
താരകാരാതിപദാംഭോരുഹങ്ങളും
അതിവിനയമൊടു തൊഴുത ധനപതിയൊടാദരാ—
‘ലസ്തു തേ മംഗള’മെന്നവർ ചൊല്ലിനാർ;
പുനരവരുമെരുതു[3]മഥ പരിജനമശേഷവും
പുണ്യജനേശ്വരൻ കാൺകെ മറഞ്ഞിതു.

ഗണപതിപ്രാതൽ ശീതങ്കൻതുള്ളൽ
സമാപ്തം

---

* ‘നിടിലതരനയനമതുമപരനയനങ്ങളും
നെറ്റിത്തടം നല്ല നാസികാഭംഗിയും’—എന്നു മുദ്രിത പുസ്തകങ്ങളിൽ അപപാഠം.

[1] ദന്തവാസസ്സ്=ചുണ്ട്. [2] ഇളിബിളി കുമാരൻ=കുബേരൻ (ഇളിബിളി—കുബേരന്റെ അമ്മയുടെ പേർ.) [3] എരുത്=കാള (ഇവിടെ നന്ദികേശ്വരൻ എന്നർത്ഥം.)

ധ്രുവചരിതം

ഇമ്പംകലർന്നുള്ള വിഷ്ണുഭക്തൻമാരിൽ
മുമ്പനായുള്ള ധ്രുവൻെറ ചരിതത്തെ
വൻപിച്ച വിദ്വജ്ജനങ്ങളെല്ലാവരും
അമ്പോടു കേട്ടിന്നനുഗ്രഹിക്കേണമേ!
എത്രയും ധന്യനായുള്ള മനുവിൻെറ
പുത്രനായിട്ടൊരു മന്നവനുണ്ടായി
ഉത്താനപാദനെന്നിങ്ങനെ ദിക്കുകൾ
പത്തും പുകഴ്ന്നോരു നാമമുടയവൻ.
ചീർത്തോരു കാരുണ്യമൂർത്തിയാം മന്നവൻ
പാർത്തലംതന്നിലെ മർത്ത്യജനങ്ങളെ
ആർത്തി ശമിപ്പിച്ചു കീർത്തി വർദ്ധിപ്പിച്ചു
പാർത്തലംതന്നിലക്കീർത്തി നടത്തിച്ചു
ധൂർത്തരെയെല്ലാമമർത്തുവാനീശ്വര—
വാർത്തകളെപ്പോഴുമോർത്തു ധനങ്ങളെ
പേർത്തു സമ്പാദിച്ചു നേർത്തു വരുന്നോരു
പാർത്ഥിവരാദിയാം ശത്രുജനങ്ങളെ
കൂർത്ത ശരംകൊണ്ടു മൂർത്തി തകർത്തുട—
നാർത്തി പിടിപ്പിച്ചു പാർത്തലേയോടിച്ചു,
കാൽത്തളിർ കൂപ്പുന്ന പാർത്ഥിവൻമാരിൽ നി
ന്നർത്ഥങ്ങൾ മേടിച്ചനർത്ഥം ശമിപ്പിച്ചു
അർത്ഥിജനത്തിനുമർത്ഥം കൊടുത്തുട—
നാർത്തിയും തീർത്തു കൃതാർത്ഥത കല്പിച്ചു
മാർത്താണ്ഡതുല്യനാം മാർത്താണ്ഡപുത്രജൻ
ധാത്രീവരോത്തമൻ ധാത്രീപരിത്രാണ—
മെത്രയും ചിത്രമായത്ര ചെയ്താൻ നല്ല
ക്ഷേത്രം പണിയിച്ചു പാത്രങ്ങൾ തീർപ്പിച്ചു
വട്ടത്തിലോരോ കുളങ്ങൾ കുഴിപ്പിച്ചു
വെട്ടിപ്പിടിപ്പിച്ചു നാട്ടുവഴികളിൽ
നാട്ടുകല്ലിട്ടു നടക്കാവു വയ്പിച്ചു
കാട്ടിലോരോ വഴി വെട്ടിത്തെളിപ്പിച്ചു
ഊട്ടുവാനോരോരോ കൊട്ടിലും കല്പിച്ചു
കൂട്ടുവാനുള്ളതുമൊട്ടും കുറയാതെ
ഊട്ടിൽ പതിനെട്ടുകൂട്ടം കറികളും
നാട്ടിലിരിക്കുന്ന പട്ടൻമാർക്കും പിന്നെ
മുട്ടാതെ നിത്യവുമൂട്ടതും കല്പിച്ചു
പട്ടണംതോറുമങ്ങാടികൾ കെട്ടിച്ചു

ചെട്ടിത്തെരുവുകൾ പട്ടാണിവീടുകൾ
മുട്ടിപ്പുരകളും തട്ടാക്കുടികളും
നാട്ടിൽ പതിനെട്ടുകെട്ടുള്ള വീടുക-
ളൊട്ടല്ലവനൊരു കോടി പണിയിച്ചു
ചട്ടങ്ങളിങ്ങനെ കൂട്ടി ക്ഷിതിതലേ
ദുഷ്ടരെ ശിക്ഷിച്ചു ശിഷ്ടരെപ്പാലിച്ചു
പുഷ്ടിയക്കാലത്തു പുഷ്ടമായുണ്ടായി
നിഷ്ഠയേറും ദ്വിജശ്രേഷ്ഠരെക്കൊണ്ടുടൻ
ഇഷ്ടിയും ചെയ്യിച്ചു ധർമ്മത്തിനൊത്തൊരു
കർമ്മങ്ങളാകവേ നിർമ്മിച്ചു ഭൂതലേ
ശർമ്മം വരുത്തുന്നു നിർമ്മലൻ ഭൂപതി.
ധർമ്മസചിവൻമാരോടങ്ങൊരുമിച്ചു[*]
ധർമ്മസിംഹാസനേ വാണരുളീടിനാൻ[†]
മേനോക്കിയച്ചനും സേനാപതികളും
മാനമേറീടുന്ന മന്ത്രിപ്രവരനും
ദീനമകന്നുള്ള നാനാജനങ്ങളും
ഹാനികൂടാതെ സുഖിച്ചു വാണീടിനാർ.
അച്ചിങ്ങ പീച്ചിങ്ങ പാവയ്ക്ക കോവയ്ക്ക
കാച്ചിലെന്നിത്തരം കെട്ടിയെടുപ്പിച്ചു
കാഴ്ചവച്ചൻപോടു തൃക്കാൽ വണങ്ങുന്നു
വീഴ്ചയെന്യേ ലോകവാസികളൊക്കെയും
മന്നവൻതന്നുടെ മന്ദിരം തന്നുള്ളിൽ
കുന്നിച്ചുകൂടുന്നു പൊന്നും പണങ്ങളും
മന്നിൽ വിളയുന്ന ധാന്യരത്നങ്ങളും
ഉന്നതമാകിനോരാനപ്പടകളും
മന്നിൽപ്പരക്കും കുതിരപ്പടകളും
മിന്നും മിടിലും മിടുകുമണിയുന്ന
കന്നൽമിഴികളുമന്യജനങ്ങളും
ചേണാർന്ന ലക്ഷ്മീനിവാസങ്ങളിങ്ങനെ[‡]
കാണുന്നതേതും സഹിയാഞ്ഞു വിത്തേശ-
നൂണില്ലുറക്കമില്ലെന്നല്ല മെല്ലവേ
നാണിച്ചു കേണങ്ങൊളിച്ചു വാണീടുന്നു;
മാണിക്യസൗധംമുകളേറി മേവുന്നൊ-
രേണാക്ഷിമാരുടെ വക്ത്രങ്ങൾ കാൺകയാൽ
ഏണാങ്കനൊട്ടൊട്ടൊളിച്ചു നടക്കുന്നു,
കാണാതെ ജൻമം കഴിക്കേണമെന്നോർത്തു
താണു മേഘങ്ങളിൽ നൂണു നടക്കുന്നു.

---

[*] 'നർമ്മസചിവൻമാരോടങ്ങൊരുമിച്ചു'—പാഠാന്തരം.

[†] 'ധർമ്മാസനത്തേലിരുന്നരുളീടിനാൻ'—പാഠാന്തരം.

[‡] 'ചേണാർന്ന ലക്ഷ്മീവിലാസങ്ങളിങ്ങനെ'—പാഠാന്തരം.

കാണിനേരമൊരിടത്തു കാണുന്നീല;
ഉത്താനപാദന്റെ പത്തനംതന്നില—
ങ്ങുത്തമസ്ത്രീകടെ നൃത്തപ്രയോഗവും
മദ്ദളക്കാരുടെ ഒത്തും കലാശവും
കൂത്തിനിണങ്ങുന്ന തിത്തിപ്രയോഗവും
വൃത്തിക്കു ചേരും പ്രവൃത്തിപ്രസംഗവും
മംഗലമാകും മൃദംഗശബ്ദങ്ങളും
തുംഗങ്ങളായുള്ള രംഗങ്ങളിൽ പുന—
രംഗനമാരുടെ സംഗീതഭംഗിയും
ശൃംഗവരങ്ങളിൽ ശൃംഗാരലീലയും,
തുംഗഹർമ്മ്യങ്ങളിലംഗജക്രീഡയും
കാളം കടുന്തുടി ചേങ്കിലയും നല്ല
മേളം തകിലും മുരശും കലാവിദ്യ
പാഠകൻമാരുടെ പാഠകം നാടകം
ഖേടകൻമാരുടെ ചാടുകുടംപൂജ[1]
വിദ്വജ്ജനത്തിന്റെ ഗദ്യങ്ങൾ പദ്യങ്ങൾ
സദ്യോ വരുന്നോരു സദ്യോഗസമ്പത്തു
സദ്യോഗൃഹങ്ങളിലുദ്യാനലീലക—
ളുദ്യോഗമോടുടൻ പദ്യാദി ലേഖനം
മദ്യാലയങ്ങളിൽ മദ്യപാനോത്സവം
സദ്യഗൃഹങ്ങളിൽ വാദ്യപ്രയോഗവും
ഗ്രന്ഥികളോരോരോ ദിക്കീന്നു വന്നുടൻ
സന്തതം മന്നവൻ മുന്നിലിരുന്നോരോ
ഗ്രന്ഥങ്ങൾ നോക്കി വായിച്ചു പൊരുൾ പറ—
ഞ്ഞന്തരംകൂടാതെ കാലം കഴിക്കയും;
മാലതീമാധവം ശാകുന്തളം പിന്നെ
ബാലരാമായണം കർപ്പൂരമഞ്ജരി
മാളവികാഗ്നിയും മിത്രാംബുരാശിയും
മേളം കലർന്നൊരു മുദ്രികാരാക്ഷസം
മല്ലികാമാരുതം നല്ല ധനഞ്ജയം
കല്യാണസൗഗന്ധികം പ്രിയദർശിക
വേണീസംഹാരം പ്രബോധചന്ദ്രോദയം
ഭാണം പ്രഹസനം പിന്നെ രത്നാവലി
ഉത്തരരാമചരിതം നളോദയം
ഇത്തരം നാടകംകൂടെ വായിക്കയും
മാഘം കിരാതാർജ്ജുനീയവും ഭട്ടിയും
മേഘസന്ദേശം രഘുവംശവും പിന്നെ,

---

[1] കാളിപൂജയോടനുബന്ധിച്ചുള്ള ഒരു വിനോദം.

ചൊൽക്കൊണ്ട നൈഷധം നീലകണ്ഠോദയം
സത്കൃതമാം ബാലഭാരതമെന്നിവ
കാവ്യങ്ങളും ചില വായിച്ചുകൊൾകയും
കാവ്യപ്രകാശം വിചാരിച്ചിരിക്കയും,
കൗർമ്മം പുരാണവും വിഷ്ണുപുരാണവും
വാല്മീകിരാമായണം മഹാഭാരതം
അദ്ധ്യാത്മരാമായണം ഹരിവംശവും
ശുദ്ധമാം ശ്രീഭാഗവതം വിശേഷിച്ചു
സ്കാന്ദം പുരാണവും വായുപുരാണവു–
മെന്നുതുടങ്ങി പുരാണം പഠിക്കയും
പ്രക്രിയാകൗമുദീ സിദ്ധാന്തകൗമുദീ
പ്രക്രിയാമഞ്ജരീ കാശികാവൃത്തിയും
പ്രക്രിയാസാരവും നല്ല മനോരമാ
പ്രക്രിയാസർവസ്വവും പദമഞ്ജരി
ധാതുവൃത്തി ശബ്ദകൗസ്തുഭഭൂഷണം
ധാതുപാഠം നല്ല ശുദ്ധാശ്രവൃത്തിയും
ദുർഘടവൃത്തിയും വൃത്തിരത്നം പിന്നെ
ദുർഘടമായുള്ള വാക്യപദീയവും
ധർമ്മവൃത്ത്യാദിയാം വ്യാകരണങ്ങളെ
ധർമ്മിയാം മന്നവൻ വായിച്ചുകേൾക്കയും;
ഇത്ഥം സുഖിച്ചു രസിച്ചങ്ങു വാണീടു–
മുത്താനുപാദനു രണ്ടുണ്ടു ഭാര്യമാർ;
ഉത്തമശീലയായുള്ള സുനീതിയും
ചിത്താഭിരാമയായുള്ള സുരുചിയും
രണ്ടുപേരോടുമൊരുമിച്ചു ഭൂപതി
തണ്ടാർശരോത്സവമാടി വാണീടിനാൻ.
കണ്ടാലധികം മനോജ്ഞമാരായുള്ള
കൊണ്ടൽക്കുഴൽമണിമാരെപ്പിരിഞ്ഞങ്ങു
കാണിനേരംപോലുമുത്താനപാദനു
വാണീടുവാനെളുതല്ലാതെയും വന്നു.
കാണാതിരിക്കയും പ്രാണൻ ത്യജിക്കയും
ക്ഷോണീപതിക്കതു രണ്ടും സമംതന്നെ
ഊണുമുറക്കവും വേണമെന്നില്ലിഹ
നാണമെന്നുള്ളതും താണു പതുക്കവേ
ഏണാക്ഷിമാരാമിവരോടൊരുമിച്ചു
കോണിലൊരു മണിമച്ചിലിരിക്കയും
രണ്ടുപേരെയും മടിയിൽ കിടത്തീട്ടു
കൊണ്ടൽക്കുറുനിര ചിക്കി വിടുർക്കയും

കൊണ്ടാടിയോരോരോ മാല ചൂടിക്കയും
തണ്ടാർശരങ്ങളെക്കൊണ്ടു മോഹിക്കയും
ഇങ്ങനെ നാലഞ്ചു മാസം കഴിഞ്ഞപ്പോ—
ളംഗനമാരിരുവർക്കും കനക്കവേ
തങ്ങളിൽ സൗഭാഗ്യമത്സരം വർദ്ധിച്ചു
മങ്ങിത്തുടങ്ങി വിനോദങ്ങളൊക്കെയും;
ചിക്കെന്നനുജത്തിയായ സുരുചിയെ
നോക്കുന്ന നേരത്തു ചീറുമജ്ജ്യേഷ്ഠത്തി;
ജ്യേഷ്ഠത്തിയെപ്പിന്നെ നോക്കിയെന്നാകിലോ
പെട്ടന്നനുജത്തിതാനും കയർത്തിടും;
രണ്ടു പെണ്ണുങ്ങളെക്കൂടിവേട്ടാലുള്ള
ചെണ്ടത്തമിങ്ങനെ കണ്ടാലുമേവരും
രണ്ടു കളത്രത്തെയുണ്ടാക്കിവെക്കുന്ന
തണ്ടുതപ്പിക്കു സുഖമില്ലൊരിക്കലും
രണ്ടുപേർക്കും മനക്കാമ്പിലാ ഭോഷനെ
കണ്ടുകൂടാതെയാമില്ലൊരു സംശയം.
രണ്ടായിരം പണം കിട്ടുമെന്നാകിലും
രണ്ടു വിവാഹമെളുതല്ല നിർണ്ണയം,
രണ്ടാമവളാം സുരുചിതൻ പാട്ടിലാ—
യണ്ടർകോൻ തുല്യനാം ഭൂപതിചിത്തവും
തുഷ്ടിയോടായവൾ ചൊല്ലുന്നതേ നൃപൻ
കൂട്ടാക്കയുള്ളെന്നു കണ്ടു സുനീതിയും,
ഒട്ടേറെയുണ്ടായൊരിണ്ടൽ ശമിപ്പിച്ചു
കേട്ടീല കണ്ടീല ഞാനെന്നടങ്ങിനാൾ;
അക്കാലമുണ്ടായി ഗർഭമിരുവർക്കു—
മർക്കപുത്രാത്മജൻ[1] നന്നായ് പ്രസാദിച്ചു.
വെക്കം പ്രസവിച്ചിരുവർക്കുമോരോരോ
പുത്രരുമുണ്ടായിതെത്രയുമദ്ഭുതം;
മൂത്തവളായ സുനീതിതൻ നന്ദന—
നുത്താനപാദൻ ധ്രുവനെന്നുപേരിട്ടു
മറ്റവൾ പെറ്റ സുതനുത്തമനെന്നു—
മേറ്റം പ്രസിദ്ധമായ്വന്നു ജഗത്ത്രയേ
കുറ്റമകന്നുള്ളകറ്റക്കുഴലിമാ—
രറ്റമില്ലാതുള്ള സന്തോഷമോടുടൻ
ആറ്റുനോറ്റുണ്ടായ ബാലകൻമാരെയും
തെറ്റെന്നു നന്നായ് വളർത്തുതുടങ്ങിനാർ;
അപ്പോളടുക്കളക്കാരൻ മനോജ്ഞന—

---

[1] അർക്കപുത്രാത്മജൻ=ഇവിടെ ഉത്താനപാദനെന്നർത്ഥം. അർക്കന്റെ (സൂര്യന്റെ) പുത്രൻ—വൈവസ്വതമനു. മനുവിന്റെ ആത്മജൻ—ഉത്താനപാദൻ.

ങ്ങപ്പവും വാർത്തങ്ങു രണ്ടു കുഞ്ഞുങ്ങൾക്കു–
മൊപ്പം പകുത്തങ്ങു വച്ചോരു നേരത്തു
കെല്പോടനുജത്തി ചെന്നെടുത്താകവേ
അപ്പം ചെലുത്തിനാൾ താനും മകനുമാ–
യല്പവും മറേറക്കുമാരനു നല്കാതെ
അപ്പത്തിലേതാനുമല്പമായ് ശേഷിക്കി–
ലപ്പാടെടുത്തങ്ങു കുപ്പയിലാക്കിടും
'വത്സനും പാലും പഴം പഞ്ചസാരയും
മത്സുതൻമാർക്കിരുവർക്കും കൊടുക്ക നീ
മത്സരമേതും തരമല്ല വല്ലഭേ!
കുത്സിതം കാട്ടാതിരിക്കേണമെ'ന്നിദം
ഉത്സാഹമോടരുൾചെയ്യും നരേന്ദ്രനെ
ഭത്സിക്കയും ചെയ്യുമേററം സുരുചിയും.
ഉത്സുകനാകുമൊരുത്താനപാദന്നു
വാത്സല്യമുണ്ടാകകൊണ്ടങ്ങവളുടെ
ദുസ്സ്വഭാവം ശമിപ്പിപ്പാനെളുതല്ല
തത്സ്വരൂപാമൃതംതന്നിൽ രമിക്കയാൽ,
വത്സരം മൂന്നു തികഞ്ഞില്ല കുഞ്ഞിനു
മത്സരം പാരം സുരുചി തുടങ്ങുന്നു
ചിത്സ്വരൂപൻ മുകുന്ദൻ ചിരം നമ്മുടെ
വത്സനെപ്പാലിച്ചുകൊള്ളേണമെപ്പൊഴും
മുററും രമാകാന്തനെന്യേ നമുക്കൊരു
കൂററാരു[1] മില്ലെന്നുറച്ചു സുനീതിയും
അററമില്ലാതുള്ള ഭക്തി കൈക്കൊണ്ടവൾ
പോററിയെത്തന്നെ ഭജിച്ചു തുടങ്ങിനാൾ.
വേറേ വിളിച്ചു സുരുചി തൻപുത്രനു
ചോറു കൊടുപ്പാൻ തുടങ്ങുന്ന നേരത്തു
കൂറ,റിയാത്ത കുമാരൻ ധ്രുവൻതാനു–
മേറെ പ്രസാദിച്ചു മണ്ടിവന്നീടിനാൻ.
ദുഷ്ടയായുള്ളവളപ്പോഴെഴുന്നേററു
കഷ്ടം! കതകടച്ചങ്ങിരുന്നീടിനാൾ
പെട്ടെന്നു ബാലകൻ നിന്നു കരയുന്ന
കേട്ടാലവൾക്കൊരു കോട്ടമില്ലേതുമേ
മററവൾ ചെന്നങ്ങെടുത്തു കരച്ചിലും
മാററി മുലയുംകൊടുത്തുതുടങ്ങിനാൾ;
''ചെററും കുമാരക! നിന്നുടെ താതൻെറ
കുററമല്ലേതുമിതെന്നു ബോധിക്ക നീ
കൂററുകാരില്ലാതെ തീർന്നൊരു നമ്മളെ

---

[1] കൂററാര് = ബന്ധുക്കൾ.

പോററുവാനീശ്വരൻതന്നെ കുമാരകാ!
മാററിത്തമുള്ളോരു നീയുമിന്നെൻെറ വ—
യററിൽ പിറന്നു, പറഞ്ഞാൽ ഫലമില്ല;
മററൊരേടത്തു പിറന്നു നീയെങ്കിലി—
ന്നേററം സുഖിച്ചു വളരാൻ കുറവില്ല
മററൊരുത്തൻെറ മകനായ്പിറന്നെങ്കിൽ
മുററുമീ ദുഃഖങ്ങളൊന്നും വരത്തില്ലാ.
കൊററിനില്ലെങ്കിലും കൂറുള്ളവരോടു
ചീററം തുടങ്ങിയാൽ വാഴില്ല പെണ്ണിന്
പെററാവു ഞാനെന്നു പാരം കൊതിക്കുന്ന
കററക്കുഴലിമാരേററമുണ്ടിന്നാട്ടിൽ,
പെററ പിള്ളയ്ക്കൊരു സങ്കടംകൂടാതെ
പോററുമിന്നേററം ദരിദ്രനെന്നാകിലും.
ഏററം കയർക്കും സുരുചിതന്നോടു ഞാൻ
തോററുകൊണ്ടത്രേ ദിവസം കഴിക്കുന്നു
നീററിൽ കിടക്കുന്ന നക്രംകണക്കിനു
ചീററിയടുക്കുന്നു നിന്നോടുമെന്നോടും
അററമില്ലോരോന്നു ചിന്തിച്ചു കാണുമ്പോൾ
മുററും വിഷാദം വളരുന്നു മാനസേ;
കുററം വരുത്തിപ്പുറത്തിറക്കും മുമ്പേ
മററൊരു ദിക്കിന്നു മാറുകേ വേണ്ടു നാം*
പട്ടിണിയിട്ടു കിടന്നുവെന്നാലുമി—
ന്നാട്ടിലിരുന്നു പൊറുപ്പാനെളുതല്ല;
പട്ടണംതോറുമിരന്നുകൊള്ളാമതിൽ
കിട്ടുന്നതുകൊണ്ടഹസ്സു കഴിച്ചിടാം
മുട്ടുന്നനേരത്തു ദൈവം തുണയാകു—
മൊട്ടുമതിനൊരു സന്ദേഹവുമില്ല;
മററവളെപ്പോലെയെന്നെയും മന്നവൻ
വേട്ടുവെന്നെല്ലാം പറഞ്ഞാൽ ഫലമില്ല
പെട്ടെന്നൊരുത്തിതൻ ഭാഗ്യവിശേഷങ്ങൾ
കിട്ടുമോ മററൊരുത്തർക്കുമതുപോലെ
കട്ടിലു കണ്ടു പനിച്ചാൽ കണക്കല്ലേ
കിട്ടുമെന്നാകിലേ മോഹം തുടങ്ങാവൂ;
ഒട്ടും കനിവില്ല കാന്തനെന്നാലവർ
കാട്ടുന്നതൊക്കെയും ഗോഷ്ടിയെന്നേ വരു;
സ്രഷ്ടാവു നിൻെറ ശിരസ്സിൽ വരച്ചതി—
ന്നൊട്ടും പിഴ വരികില്ലെടോ ബാലക!
മുട്ടാതെ നീയും മുകുന്ദനെസ്സേവിച്ചു

---

* 'മററൊരു ദിക്കിന്നു മാറുകേയാമിനി'—പാഠാന്തരം.

തുഷ്ടി വരുത്തുവാനായിത്തുടങ്ങുക;
വിഷ്ടപവാസികൾക്കെല്ലാമവൻതന്നെ
തുഷ്ടിയും പുഷ്ടിയുമഷ്ടിയും നല്കുന്നു
ഇഷ്ടിചെയ്താലുടൻ പുഷ്ടിയുണ്ടാകുന്നു
ഇഷ്ടജനത്തെ വിശിഷ്ടമാക്കീടുന്നു
കഷ്ടകാലം നമുക്കാശു നീങ്ങീടുവാൻ
നിഷ്ഠുരമാകും തപസ്സു ചെയ്തീടുക.''
ശുദ്ധനാം ബാലനോടേവമുരചെയ്തു
ചിത്തഖേദം ശമിപ്പിച്ചാൾ സുനീതിയും
ഉത്താനപാദന്റെ വല്ലഭമാരുടെ
വൃത്താന്തമിങ്ങനെ കേട്ടവർ കേട്ടവർ
പത്തനംതോറുമിരുന്നു പറഞ്ഞു കൊ-
ണ്ടാത്തകോലാഹലം നാട്ടിൽ പരത്തിനാർ;
അമ്പലംതോറും ബലിക്കപ്പുരകളി-
ലൻപോടു കൊററുകഴിച്ചു വന്നാകവേ
നംപൂതിരികളുമെമ്പ്രാന്തിരികളു-
മമ്പലവാസികളല്ലാതെയും ചിലർ
ഇമ്പം കലർന്നു മുറുക്കിയങ്ങിക്കഥാ-
രംഭം തുടങ്ങിനാരിങ്ങനെ തങ്ങളിൽ;
''കേട്ടില്ലയോ നിങ്ങളുത്താനപാദന്റെ
വീട്ടിലെക്കോലാഹലങ്ങളിതൊന്നുമേ
ജ്യേഷ്ഠത്തിയുമനുജത്തിയും തങ്ങളിൽ
ചട്ടി കലങ്ങളുംകൂടെപ്പകുത്തുപോൽ:
മുട്ടിച്ചമഞ്ഞുപോലുത്താനപാദനി-
ജ്ജ്യേഷ്ഠകൾക്കൊട്ടുമടക്കമില്ലായ്കയാൽ
ഒട്ടുമീസ്ത്രീകളെ വിശ്വസിപ്പാൻ മേലാ
ദുഷ്ടതയേറുമവർക്കെന്നു നിശ്ചയം;
കേട്ടുകൊൾവിൻ നിങ്ങൾ പണ്ടൊരു ചെട്ടിക്കു
പെട്ടോരനർത്ഥമൊരുത്തി നിമിത്തമായ്
അക്കഥ കേൾക്കണമെങ്കിലതൊട്ടു ചു-
രുക്കിപ്പറഞ്ഞറിയിക്കാം മടിക്കാതെ;

പടിഞ്ഞാറേക്കടൽതന്റെ തടംതന്നിൽ വിളങ്ങുന്ന
കനകപട്ടണമെന്നു പ്രസിദ്ധമാം നഗരത്തിൽ
അനവധി ധനംകൊണ്ടു ധനദനെജ്ജയിച്ചീടും
ധനവാനായൊരു ചെട്ടി കനിവോടേ വസിക്കുമ്പോൾ
തനിക്കൊത്ത സുഖമെല്ലാമനുഭവിച്ചിരിക്കുമ്പോൾ
മനക്കാമ്പിലൊരു വേളി കഴിക്കേണമെന്നുറച്ചു
വസുഭൂതിയെന്നു പേരാം മണിഹാരച്ചെട്ടി തന്റെ

വസുലക്ഷ്മിയെന്നു പേരാം മകളേയും വേട്ടുകൊണ്ടാൻ;
ഭുവനത്തിലൊരുപെണ്ണുമവൾക്കപ്പോളെതിരില്ല
നവമായ യൗവനവും വന്നു മെല്ലെയകംപുക്കു;
ഇരുണ്ടഗ്രം ചുരുണ്ടുള്ള തലമുടിയടിയോളം
വടിവൊടേ മാറുതിങ്ങി മുലകളും വന്നുപൊങ്ങി
തുടുതുടെ വിലസുന്ന ചൊടികളും നല്ല പല്ലും
ചടുലമാം കടാക്ഷവുമിടയിൽ മന്ദഹാസവും
കടകം കാഞ്ചിയും മാല വിളങ്ങും കുണ്ഡലം താലി
തരിവളയിവയെല്ലാം സരസമങ്ങണിഞ്ഞാശു
തരമായ തരുണിയെപ്പരിചോടു ലഭിക്കയാൽ
പരിതോഷാന്വിതനായിപ്പുരമുറിയകംപുക്കു
പരിമളമിളകിന പനിനീരു കുറിക്കൂട്ടും
സരസമാം കുസുമങ്ങളിവയെല്ലാമണിഞ്ഞാശു
കരിവരനടയാളാം തരുണിയോടൊരുമിച്ചു
പരവശതരനായി ധനദത്തനെന്ന ചെട്ടി
സുരതത്തിനൊരുമ്പെട്ടു ചിരകാലമവളുമാ—
യൊരുനേരം തരുണിയെപ്പിരിയാതങ്ങൊരുമിച്ചു
പരമസുന്ദരിയായ വസുലക്ഷ്മിയോടുകൂടി
സരസനാം ധനദത്തൻ രസിച്ചു വാണിരിക്കുമ്പോൾ

നാട്ടിന്നധിപതിയായുള്ള രാജാവു
കേട്ടു ധനദത്തവൃത്താന്തമൊക്കവേ:
'ചെട്ടിച്ചിതന്നുടെ പാട്ടിലായ് നമ്മുടെ
ചെട്ടി ധനദത്തനെന്നുവന്നാലിനി
കപ്പലോട്ടത്തിനിന്നാരുമില്ലെന്നല്ല
വട്ടം ചിതമല്ല വാണിഭം നാസ്തിയാം
അങ്ങാടി പാടേ മുടങ്ങിക്കിടന്നുപോ—
മങ്ങവനിപ്പോളുപേക്ഷ തുടങ്ങിയാൽ
ചുങ്കങ്ങളില്ലാതെയായാൽ നമുക്കതു
സങ്കടമായിച്ചമയും പതുക്കവേ
എങ്കിലവനെ വരുത്തുവിനെ'ന്നങ്ങു
കിങ്കരൻമാരെപ്പറഞ്ഞയച്ചീടിനാൻ;
കിങ്കരൻമാരതു കേട്ടു നൃപാജ്ഞയെ
ശങ്ക വെടിഞ്ഞു പറഞ്ഞാരവനോടു
കാമപരവശനായ ധനദത്ത—
നായതു കേട്ടു വിഷാദേന ചിന്തിച്ചു:
'കാമിനിമാരിൽ മണിയാകുമെന്നുടെ
ഭാമിനിയോടു വിയോഗമെളുതല്ല,
നാമിനിക്കപ്പൽകരേറിത്തിരിക്കുമ്പോൾ

താമരലോചനയ്ക്കാരും തുണയില്ല
താമസവും പുനരൊട്ടേറെയുണ്ടാകും
ഭൂമീപതിക്കിപ്പോളെന്തിതു തോന്നുവാൻ?
എന്നിവ ചിന്തിച്ചു ഖിന്നൻ ധനദത്തൻ
വന്നോരകമ്പടിക്കാരോടു കൂടവേ
ചെന്നു തിരുമുമ്പിൽ വന്ദനവും ചെയ്തു
നിന്നതുനേരത്തരുൾചെയ്തു മന്നവൻ:
'അങ്ങാടിവാണിഭമെല്ലാം മതിയാക്കി
ചങ്ങാതിയെന്നിപ്പോളെല്ലാരും ചൊല്ലുന്നു
എങ്ങാനുമുള്ളൊരു പെണ്ണിനെക്കൊണ്ടന്ന—
നങ്ങാതിരുന്നാൽ മതിയോ ധനദത്താ!
കല്പന കേൾക്കുമെന്നുണ്ടെങ്കിലിപ്പൊഴേ
കപ്പലോട്ടത്തിനു കോപ്പു കൂട്ടീടുക
കെല്പോടു വേണ്ടും ചരക്കു കേറ്റീടുക
ഇപ്പോളടങ്ങൊലാ ചെട്ടീ ധനദത്ത!
ഭോഷങ്കളിച്ചിരുന്നാലതുകൊണ്ടു
ദൂഷണമായിച്ചമയും പതുക്കവേ
യോഷാമണിയായ ചെട്ടിച്ചികാരണം
ശേഷിയില്ലാതെ ഭവിക്കൊലാ നീ വൃഥാ;'
ഇത്തരം മന്നവൻതന്നുടെ കല്പന—
യ്ക്കുത്തരമില്ലെന്നുറച്ചു ധനദത്തൻ
സത്വരം കോപ്പുകൾ കൂട്ടിപ്പുറപ്പെട്ടു
പത്തനംപുക്കു തൻ ഭാമിനിതന്നോടു
യാത്രയും ചൊല്ലിക്കരഞ്ഞുവിരഞ്ഞേറ്റ—
മാർത്തനായ്ക്കണ്ണുനീർ വാർത്തുവാർത്തങ്ങനെ
പേർത്തും പുണർന്നു തിരിച്ചാൻ പണിപ്പെട്ടു—
മോർത്തും കളത്രത്തെ പേർത്തും വഴിതന്നിൽ
പാർത്തും നയനാംബു വാർത്തും തുണികൊണ്ടു
തൂത്തും മനക്കാമ്പു കൂർത്തും മനോധൈര്യം
നേർത്തും പരിതാപം ചീർത്തും അവളുടെ
പേർത്തും മുഖം പിന്നെപ്പാർത്തും വിലാസങ്ങൾ
ധൂർത്തനാം കാമന്റെ കൂർത്ത ശരംകൊണ്ടു
കൂർത്തും പൊടിതന്നിലാർത്തും നടകൊണ്ടാൻ*
ഇങ്ങനെ കപ്പൽ കരേറി ധനദത്തൻ
തിങ്ങിന ശോകമോടക്കടൽമാർഗമേ
അങ്ങോരു ദിക്കിന്നു പറ്റീട്ടു മെല്ലവേ
ചങ്ങാതിമാരുമായ് ചേർന്നു വാണീടിനാൻ;

---

* 'മൂർത്തി പൊടിഞ്ഞതീവാർത്തൻ നടകൊണ്ടാൻ'—എന്നു തുള്ളൽക്കാർക്കൊരു വായ്പാഠമുള്ളതിനു കൂടുതൽ ചേർച്ച കാണുന്നു.

മാടണിക്കൊങ്കയാളായ വസുലക്ഷ്മി
മാടം കരേറിത്തനിക്കുള്ള തോഴിമാ—
രോടുമൊരുമിച്ചു കൂടിപ്പതുക്കവേ
ആടിക്കളിച്ചു സുഖിച്ചു വാഴുന്നനാൾ
ചോടുമെടുത്തൊരുകൂട്ടം ഭടജനം
ഓടിനടക്കുന്ന മോടികൾ കണ്ടവൾ
വാടാതെ ചേടിയോടിങ്ങനെ ചൊല്ലിനാൾ:
'കണ്ടച്ചനെന്നൊരു നായരങ്ങാടിയിൽ
മണ്ടിനടക്കുന്നു കണ്ടാലുമിന്നെടീ!
കണ്ടാലഴകുള്ള കണ്ടച്ചനെക്കണ്ടു
മണ്ടും നിതാന്തമത്തണ്ടാർശരൻതാനും;
കൊണ്ടാടി നീ ചെന്നു കൂട്ടിച്ചു മെല്ലവേ
കൊണ്ടു പോന്നാലും മടിക്കാതെ ഗൂഢമായ്;'
എന്നതു കേട്ടൊരു തോഴി പുറപ്പെട്ടു
ചെന്നങ്ങവൻ ചെവിതന്നിലറിയിച്ചു:
'സുന്ദരിയായുള്ള ചെട്ടിച്ചിതന്നുടെ
മന്ദിരംതന്നിൽ വരണ'മെന്നിങ്ങനെ;
ചേടനാം കണ്ടച്ചനപ്പോളുരചെയ്തു:
'കൂടുകയില്ലിങ്ങു നേരമില്ലിന്നെടീ:
ചോറെനിക്കില്ലാഞ്ഞു ചോടെടുക്കുന്നു ഞാൻ
പോടീ പകിടി* കളൊന്നും തുടങ്ങേണ്ട'
'കൂടാതെ പോകയില്ലിന്നു ഞാനെ'ന്നവൾ
'കൂടെ ഞാൻ പോരികില്ലെ'ന്നു കണ്ടച്ചനും
കൂടിയാട്ടം കുറേയുണ്ടായി തങ്ങളിൽ
കൂടിത്തിരിച്ചു കൊതിയനെന്നേ വേണ്ടു;
മാടം കരേറിയപ്പെണ്ണിനെക്കണ്ടപ്പോ—
ളാടൽ പിടിപെട്ടു കണ്ടച്ചനായർക്ക്
മേനി കിടുകിടിനെന്നു വിറയ്ക്കുന്നു
മേനികേടായുള്ള ഭാവം നടിക്കുന്നു
മാനിയാം കാമന്റെ ബാണം തറയ്ക്കുന്നു
മാനിനിതന്നിൽ മനക്കാമ്പുറയ്ക്കുന്നു
പണ്ടിങ്ങനെയുള്ള തണ്ടാർമിഴികളെ
കണ്ടച്ചനാമവൻ കണ്ടിട്ടുമില്ലഹോ!
തൊണ്ടിപ്പഴമൊത്ത ചുണ്ടു രണ്ടും കണ്ടു
കൊണ്ടാടി മിണ്ടാതെ നില്ക്കുന്ന നേരത്തു
ധൃഷ്ടതയേറും വസുലക്ഷ്മിയാമവൾ
യഷ്ടിയെപ്പാട്ടിൽ പിടിച്ചങ്ങിരുത്തിനാൾ.
തൊട്ട നേരത്തവൻ ഞെട്ടിത്തുടങ്ങിനാൻ

---

* പകിടി = വഞ്ചന.

ചെട്ടിച്ചിയൊട്ടുമേ കൂട്ടാക്കിയുമില്ല,
എണ്ണയെടുത്തവൾ തേപ്പിച്ചിതന്നേര—
മെണ്ണ വഴിഞ്ഞവൻ കണ്ണു കലിക്കുന്നു
എണ്ണയെന്നുള്ളതു കേട്ടിട്ടുമില്ലാത്ത
പൊണ്ണൻ കുളിപ്പാനൊളിച്ചു മണ്ടീടിനാൻ;
വെക്കം കുളിച്ചു വരുമ്പോളിങ്ങായവൾ
പാൽക്കഞ്ഞിവച്ചു വിളമ്പീട്ടു പാർക്കുന്നു
പാൽക്കഞ്ഞിയെല്ലാം വിരുണന്നിരുന്നാശു
മൂക്കോളമങ്ങു ചെലുത്തിത്തുടങ്ങിനാൻ;
ഇങ്ങനെ വേണ്ടുന്നതെല്ലാമനുഭവി—
ച്ചങ്ങവനും സുഖമോടു വാണീടിനാൻ;
രണ്ടുമാസം കഴിഞ്ഞപ്പോളുടൻ നല്ല
തണ്ടുതപ്പീടുന്ന ചെട്ടിയും കപ്പലും
വേണ്ടുന്ന പൊന്നും പണവുമെടുപ്പിച്ചു
കൊണ്ടുവന്നു ധനദത്തനാം കണ്ടകൻ;*
കണ്ടച്ചനപ്പോഴൊഴിച്ചു മണ്ടീടിനാൻ
തണ്ടാർമിഴിക്കങ്ങു കുണ്ഠിതവുമായി!
കണ്ടാവുയെന്നോർത്തു വന്നൊരു ചെട്ടിയെ
കണ്ടപ്പോളിണ്ടലുണ്ടായിതു പെണ്ണിനു
വേണ്ടാതെയുള്ള ചിരിയും കളികളും
കണ്ടാലറിയാത്ത മൂഢനോടൊന്നിച്ചു
രണ്ടുനാലെട്ടു ദിവസം കഴിഞ്ഞന്നു
കണ്ടച്ചനേയും വരുത്തിത്തുടങ്ങിനാൾ
കണ്ടജനങ്ങൾ പറഞ്ഞുതുടങ്ങിയ—
ത്തണ്ടാർമിഴിയുടെ ധൂളിത്തമൊക്കെയും;
'കട്ടു നടക്കുന്ന കണ്ടച്ചനായരെ
കിട്ടിയതിൽ പിന്നെ നമ്മുടെ ചെട്ടിച്ചി
കെട്ടിയ ചെട്ടിയെക്കൊട്ടിപ്പുറത്താക്കി
ദുഷ്ടത്തിയായുള്ള ചെട്ടിച്ചിപ്പെണ്ണിനു
ചെട്ടിയാരെന്നതും കേട്ടുകൂടാതെയായ്
കഷ്ട'മെന്നിങ്ങനെ മാലോകർ ചൊല്ലുന്ന
കേട്ടീലയെന്നവൾ വച്ചിരുന്നീടിനാൾ;
അക്കാലമങ്ങൊരു നാളിൽ പതുക്കവേ
അർക്കൻ മറഞ്ഞോരു നേരത്തു കണ്ടച്ചൻ
ഉൾക്കൊണ്ടു ചെട്ടിയുറങ്ങുന്നതും പാർത്തു
തക്കത്തിലങ്ങൊരു കാട്ടിലിരുന്നതും;
അപ്പോളവിടെയുണ്ടെത്രയും ദുഷ്ടനായ്
കപ്പാൻ നടക്കുന്നപോലൊരു മാനുഷൻ

---

* 'കൊണ്ടുവന്നു ധനദത്തനാം വർത്തകൻ'—പാഠാന്തരം.

അപ്പരമാർത്‌ഥം നൃപതി ബോധിച്ചാശു
കല്‌പിച്ചു കിങ്കരൻമാരോടു കൊല്ലുവാൻ;
കിങ്കരൻമാരതു കേട്ടു തിരഞ്ഞങ്ങു
ശങ്കകൂടാതെ വനത്തിലകംപുക്കു;
കണ്ടച്ചനായരുണ്ടപ്പോളൊരേടത്തു
മിണ്ടാതെ കണ്ടിതു ചിന്തിച്ചിരിക്കുന്നു
കൊള്ളാമിതുതന്നെ കള്ളനെന്നോർത്തവർ
വള്ളികൾകൊണ്ടങ്ങവനെയും കെട്ടിനാർ;
ചിക്കെന്നു തച്ചുകൊന്നുച്ചത്തിലാർത്തുടൻ
പൊക്കത്തിലുള്ള മരത്തിന്റെ കൊമ്പത്തു
തൂക്കിയക്കിങ്കരൻമാരും നടകൊണ്ടാർ;
അന്നേരമച്ചെട്ടി നന്നായുറങ്ങുമ്പോൾ
വന്നാൾ വസുലക്‌ഷ്‌മി കണ്ടനെപ്പുല്‌കുവാൻ
അങ്ങവനപ്പോൾ മരത്തിന്റെ കൊമ്പത്തു
തൂങ്ങിക്കിടക്കുന്ന കണ്ടവൾ ദുഃഖിച്ചു
പററിപ്പിടിച്ചു മരക്കൊമ്പിലേറീട്ടു
തെറെറന്നു കെട്ടഴിച്ചങ്ങിറക്കീട്ടുടൻ
കെട്ടിപ്പിടിച്ചു കരഞ്ഞുകൊണ്ടശ്‌ശവം
കെട്ടിപ്പുണർന്നു കിടക്കുന്ന നേരത്തു
വേതാളമെന്നൊരു ദേവത വന്നുടൻ
പ്രേതത്തിനുള്ളിൽ മനുഷ്യനായ് തുള്ളിനാൻ;
പുക്കൊരു വേതാളമപ്പൊഴപ്പെണ്ണിന്റെ
മൂക്കും കടിച്ചങ്ങു ചാടിത്തിരിച്ചുടൻ
ഒക്കെയും കണ്ടു മിണ്ടാതെ നില്‌ക്കുന്നൊരു
ധിക്കാരിയാം കള്ളനേതുമിളകീല;
ആരുമറിയാതെ കെട്ടിയ ചെട്ടിതൻ
ചാരത്തു ചെന്നവൾ ചോരയും തൂകിനാൾ
ദുഷ്‌ടനാം ചെട്ടിയെൻ മൂക്കു കടിച്ചെന്നു
കഷ്‌ടമയ്യോ! ചെന്നു വാവിട്ടലറിനാൾ
ചെട്ടിയും ഞെട്ടിയുണർന്നിരുന്നീടിനാൻ
കഷ്‌ടമിതെന്തൊരു വിസ്‌മയമിങ്ങനെ!
കേട്ടവർ കേട്ടവരോടിവന്നെന്തൊരു
കഷ്‌ടമെന്നിങ്ങനെ ചെട്ടിയെക്കെട്ടിനാർ;
കെട്ടിയ കെട്ടിയോനാകുമിച്ചെട്ടിക്കു
കെട്ടിയ പെണ്ണിന്റെ മൂക്കു കടിക്കാമോ?
വെട്ടം തുടങ്ങിയനേരത്തു കോയിക്കൽ
നാട്ടിലുള്ളാളുകളൊക്കെ സ്വരൂപിച്ചു
കൂട്ടംതുടങ്ങി ‘യച്ചെട്ടിയെ വെട്ടണം

കെട്ടിയ പെണ്ണിന്റെ മൂക്കു കടിച്ചില്ലേ?
പീടിക കുത്തിക്കവർന്നീടവേണമേ'
കൂടിയ ലോകരും രാജാവുമിങ്ങനെ
കൂടി വിചാരിച്ചിരിക്കുന്ന നേരത്തു
കൂടി പുരുഷാരം പിന്നെയും പിന്നെയും.

മർമ്മതാളം

കാടുകൾ മറുനാടുകൾ വീടുകൾ വാടകൾ കോടുകളെല്ലാം
നാടകമിതു നല്ലൊരു വിസ്മയമിങ്ങനെ കേട്ടൊരുനേരം
പാടേജനമിളകിനടന്നു നടന്നു നിറഞ്ഞുതുടങ്ങി
ശൗര്യമതികൾ നായൻമാരുടെ മീശ വിറച്ചുതുടങ്ങി*
കാര്യമിതൊക്കെയുമിവിടെ വരുത്തണമെന്നുമുറച്ചുതുടങ്ങി
നാരികളുടെ മൂക്കു കടിക്കും ഭോഷൻമാരുടെ നേരേ
ആരുമിളക്കാഞ്ഞാലെന്തിനിമേലിൽ വരാത്തതു പാർത്താൽ
എത്രയുമൊരു കലിയുഗകാലമിതിങ്ങനെ നിന്ദ മുഴുത്തി-
ട്ടിത്ര ചപലതയാകിന ഗോഷ്ടികൾ കാട്ടുക ചിതമെന്നാമോ
ഇത്ര രസം നാരികൾതന്നുടെ മൂക്കിന്നുണ്ടോ കഷ്ടം!
ഇത്രയുമല്ലിനിമേലിൽ തമ്മിൽ കൊന്നിഹ തിന്നുതുടങ്ങും
അച്ചികളിനി യാതൊരു പുരുഷൻമാരൊടിണങ്ങുകയില്ല
കച്ചകൾ പുടവാദികൾ വേണ്ടതു കൊണ്ടു കൊടുത്തെന്നാലും
ഇച്ചതി പടകാട്ടും കൂട്ടമിതെന്നവർ കരുതിക്കൊള്ളും
നിച്ചരിയച്ചെട്ടി പിണച്ചൊരു ദൂഷണമെളുതല്ലേതും
നമ്മുടെ ധനദത്തച്ചെട്ടിക്കിങ്ങനെ മൂക്കു കടിപ്പാൻ
ദുർമ്മദമൊടു ബുദ്ധിപകർച്ച ഭവിപ്പതിനെന്തവകാശം?
പെൺമണി വസുലക്ഷ്മിനിമിത്തമനേകമനർത്ഥമടുത്തു
സ്വമ്മു[1] കളഞ്ഞൊക്കെ നശിപ്പതിനുള്ളൊരു പെരുവഴികൂടി;
അങ്ങനെവരുമിങ്ങനെ പലരും പലവിധമങ്ങറിയിച്ചാർ
ഇഞ്ഞൊരു പിഴയില്ലെന്നും ധനദത്തനുമങ്ങുരചെയ്തു.

കാരികതാളം

അച്ചികളതുകൊണ്ടു പറഞ്ഞുതുടങ്ങി:†
'ഇച്ചതിവുകൾ കേൾക്കണമംഗനമാരേ!
ഇങ്ങനെ ചില പാപികൾ ചെയ്തുതുടർന്നാൽ
ഇങ്ങു പൊറുതിക്കൊരു വകയില്ലാതെയുമാം
പെണ്ണിനു പല ദൂഷണമുണ്ടെന്നാലും

---

* 'ശൗര്യമതേറിന നായൻമാരുടെ മീശ വിറച്ചു തുടങ്ങി'—മുദ്രിതപുസ്തകപാഠത്തിനു താളപ്പിഴ.

[1] സ്വമ്മ്=സ്വത്ത്.

† 'അച്ചികളായതുകൊണ്ടു പറഞ്ഞുതുടങ്ങി'—മുദ്രിതപുസ്തകപാഠത്തിനു താളപ്പിഴ.

പൊണ്ണനവളുടെ മൂക്കു കടിച്ചീടാമോ?
ഇഷ്ടമതില്ലാത്തവൾ വേണ്ടയൊഴിക്കാം*
ദുഷ്ടത കാട്ടീടരുതെന്നറിയരുതോ
നമ്മുടെ നായർക്കുടനീവകയില്ലാ
നമ്മൊടു കോപിച്ചു കലങ്ങളുടയ്ക്കും
പുരമുറിയതിലുരിയാടാതെ കിടക്കും
വിരവിലിനിക്കിട്ടൊന്നങ്ങു കിടയ്ക്കും
കൊച്ചിനെ വന്നാശു പിടിച്ചുപറിക്കും
കച്ചകൾ പുടവാദികൾ ചുട്ടുകരിക്കും
അല്ലാതങ്ങവനതു തോന്നുകയില്ല
വല്ലാതൊരു ദുരിതമതിങ്ങനെ വരുമോ?
മല്ലാക്ഷികളിങ്ങനെ പലരുംകൂടി—
ച്ചൊല്ലുന്നൊരു ഘോഷവുമങ്ങൊരുദിക്കിൽ
അന്തണരതുകേട്ടു പറഞ്ഞുതുടങ്ങി
സന്തതമതു പാടി നടന്നുതുടങ്ങി.
ഇങ്ങനെയെല്ലാ പ്രജകളും രാജാവു—
മങ്ങുവിചാരിച്ചു നില്ക്കുന്നതുനേരം
ഉണ്ടായ വൃത്താന്തമൊക്കെയുമക്കള്ളൻ
വന്നു പതുക്കവേ നന്നായുണർത്തിച്ചു:
'കള്ളമില്ലേതുമേ നമ്മുടെ ചെട്ടിക്കു
കള്ളമെല്ലാം വസുലക്ഷ്മിക്കിരിക്കുന്നു;
ഉള്ള വൃത്താന്തങ്ങളെല്ലാമടിയന്റെ
ഉള്ളിലുണ്ടാരുമറിയായ്കയും വേണ്ടാ;
തമ്പുരാൻതന്നുടെ ഭൃത്യജനങ്ങളിൽ
മുമ്പരായുള്ളൊരകമ്പടിക്കാർ വന്നു
കൊന്നാരടിയനെന്നോർത്തുകൊണ്ടിന്നലെ
മന്ദനായുള്ളൊരു കണ്ടച്ചനായരെ—
ക്കൊന്നു മരംതന്നിലേററിത്തിരിച്ചിങ്ങു
പോന്നു ഭടൻമാർ കുറഞ്ഞൊന്നു ചെന്നപ്പോൾ
മന്ദമവിടെയീയ്യാളുടെ ഭാര്യയും
വന്നു മരംതന്നിലേറിയപ്രേതത്തെ
ഖിന്നതയോടെയിറക്കിവച്ചൻപൊടു
നന്നായ് പുണർന്നു ഖേദിക്കുന്ന നേരത്തു
വേതാളമെന്നുള്ള ദേവത വന്നുടൻ
പ്രേതത്തിനുള്ളിൽ കടന്നു തുള്ളുംവിധൗ
കെട്ടിപ്പിടിച്ചു കരഞ്ഞു ചുംബിച്ചിത—
ച്ചെട്ടിച്ചിയത്യന്ത സന്താപമോടുടൻ

---

* 'ഇഷ്ടമില്ലാഞ്ഞാലവളെ വേണ്ടായെന്നുമൊഴിക്കാം'—മുദ്രിതപുസ്തകപാഠത്തിനു താളപ്പിഴ.

പുക്കൊരു വേതാളമപ്പോളവളുടെ
മൂക്കു കടിച്ചു പരമാർത്ഥമിങ്ങനെ
കണ്ടു ഞാനേററം സമീപത്തൊരേടത്തു
മിണ്ടാതെ പേടിച്ചൊളിച്ചിരുന്നീടിനേൻ;
നോക്കിയെന്നാകിലോ കാണാമവൻവായിൽ
മൂക്കിരിക്കുന്നതു ഭോഷ്ക്കല്ലിതൊന്നുമേ:'
ഇത്തരം കള്ളൻെറ വാക്കു കേട്ടപ്പൊഴ—
ച്ചത്ത ശവത്തെയും കൊണ്ടന്നു നോക്കിനാർ:
ചുണ്ടു രണ്ടും വിടർത്തങ്ങു നോക്കുംവിധൗ
കണ്ടു വസുലക്ഷ്മി തന്നുടെ മൂക്കതിൽ;
ഉത്തമനാകും മഹീപതിവീരനും
ചെട്ടിക്കു വേണ്ടതു നല്കി വിട്ടീടിനാൻ
ദുഷ്ടത്തിയായുള്ള ചെട്ടിച്ചിപ്പെണ്ണിനെ
തച്ചുപൊട്ടിച്ചങ്ങു നാടുംകടത്തിനാൻ.
ഇങ്ങനെയുണ്ടായി പണ്ടൊരവസ്ഥയെ—
ന്നങ്ങൊരു കേളിയുണ്ടായൊരുകാരണം
അംഗനമാർക്കതിദുഷ്ടതയെത്രയു—
മെങ്ങുമൊരേടത്തു വിശ്വസിപ്പാൻ മേലാ;''
ഉത്താനപാദൻെറ വൃത്താന്തമിങ്ങനെ
പത്തനംതോറും പറഞ്ഞു മേവും വിധൗ
ഉത്താനപാദനാം ഭൂപാലനും തൻെറ
ചിത്തത്തിനൊത്ത സുരുചിയാം ഭാര്യയും
ഉത്തമനെന്നു പേരായുള്ള പുത്രനും
സത്തുക്കളായുള്ള വിപ്രേശ്വരൻമാരും
ഒത്തു സുഖിച്ചു ഹിതാഹിതം ചിന്തിച്ചു
മുത്തുരത്നക്കുട ചുററും വിളങ്ങീടു—
മാസ്ഥാനമണ്ഡപംതന്നിലൊരുദിനം
സ്വസ്ഥതയോടേ വസിക്കുന്നനേരത്തു
ചെന്നാനവിടെ ധ്രുവനെന്നു പേരായ
നന്ദനൻ താനേ കളിച്ചു ചിരിച്ചുടൻ
മന്നവൻതൻെറ മടിയിൽ കരയേറി
മന്ദമാമോദമോടങ്ങിരുന്നീടിനാൻ;
തണ്ടാർമിഴിയാം സുരുചിയപ്പോളതു—
കണ്ടു കയർത്തു പറഞ്ഞു തുടങ്ങിനാൾ:
''വേണ്ടാ കുമാരക! തായാട്ടു കാട്ടിയാൽ
കൊണ്ടുപോമെന്നുടെ തല്ലെന്നറിക നീ
കണ്ട കുഞ്ഞുങ്ങൾക്കു വന്നു കരേറുവാ—
നുണ്ടാക്കിവച്ചോരു മൺകോലമല്ലെടോ!

പണ്ടാരമായുള്ള സിംഹാസനങ്ങളിൽ
പണ്ടാരുമേ വന്നു കേറുമാറില്ലപോൽ;
ചെണ്ടകൊട്ടിപ്പാൻ വിരുതുള്ളവർചൊല്ലു—
കൊണ്ടല്ലയോ വന്നുകേറി നീ ബാലക!
കണ്ടാൽ പറവാൻ മടിയില്ലിനിക്കതി—
ന്നിണ്ടലുണ്ടായാൽ തരിമ്പും ഫലമില്ല;
വേണ്ടാത്ത കാട്ടുന്ന കള്ളക്കുഴിയനെ
കൊണ്ടുപോയ് വാടപ്പുറം കടത്തീടുവാൻ*
പണ്ടാരമാം മുതൽ തിന്നു മുടിക്കുന്ന
ചണ്ടികൾക്കൊട്ടു മിടുക്കുംമില്ലാതെയായ്;
ആണുങ്ങളുണ്ടെങ്കിലിപ്പോൾ മടിക്കാതെ
പ്രാണൻകളഞ്ഞിട്ടുമിക്കുഞ്ഞുതന്നുടെ
നാണംകെടുത്തയപ്പാനിങ്ങൊരുത്തനെ—
ക്കാണേണ്ടിരുന്നു തിരുമുമ്പിലഞ്ജസാ.
ഊട്ടുപുരയിലങ്ങൂട്ടടുക്കും വിധൗ
ഒട്ടല്ലകമ്പടിക്കാരുടെ സംഭ്രമം
കൂട്ടുവാൻ പോരാഞ്ഞു ഗർവിച്ചു നമ്മുടെ
പട്ടരെദൂഷണംചൊല്ലുന്നു യഷ്ടികൾ.†
അഷ്ടിയെന്നല്ലാതെ മറ്റൊരു സംസാര—
മിഷ്ടമില്ലാതെയായ് കഷ്ടമിതെത്രയും.
നാട്ടിലുണ്ടാകുന്നനർത്ഥങ്ങളൊന്നുമേ
കേട്ടാലതുകൊണ്ടു കോട്ടമില്ലാതെയായ്
എന്തൊരു കഷ്ടമീബാലനെത്താഡിച്ചു
ചന്തംകെടുപ്പാനൊരുത്തനും കെല്പില്ല;
താന്തോന്നിയായിത്തുടങ്ങുന്നവനോടി—
തെന്തെന്നു ചോദിപ്പാൻ രാജാവുമാളല്ല;
മാനിനിയായുള്ള ഞാനിനിപ്പാരാതെ
ഹീനനാം ബാലനെ ശിക്ഷിക്കയുംചെയ്യും
ആനുകൂല്യം നൃപനില്ലെങ്കിലും മമ
മാനഭംഗം സഹിക്കെന്നു വരികില്ല;
മന്നവൻതന്റെ മടിയിൽ മടിക്കാതെ
വന്നു കരേറുവാനെന്തെടാ സംഗതി?

---

* കൊണ്ടുപോയ് വാടപ്പുറം കടത്തീടുവാൻ'—എന്ന ആദ്യപ്രസാധനത്തിലെ പാഠം ശരി. വാട = കോട്ട.

'കൊണ്ടുപോയ് നാടപ്പുറം കടത്തീടുവാൻ'—പരിഷ്കരിച്ച പതിപ്പുകളിൽ അപപാഠം. കോട്ടയ്ക്കകത്ത്, കോട്ടയ്ക്കു വെളിയിൽ എന്ന അർത്ഥത്തിൽ വാടയ്ക്കകമെന്നും വാടപ്പുറമെന്നും കുട്ടനാട്ടിലെ സാധാരണജനങ്ങൾ സംഭാഷണത്തിൽ ഉപയോഗിക്കുന്നുണ്ട്.

† 'പട്ടരെദ്ദൂഷണം ചൊല്ലുന്നു ജ്യേഷ്ഠകൾ'—മുദ്രിതപുസ്തകപാഠം. യഷ്ടികൾ = ഭോഷന്മാർ. 'യഷ്ടി' നമ്പിയാർ ധാരാളം പ്രയോഗിച്ചിട്ടുള്ള ശബ്ദമാണ്.

നിന്നുടെ തള്ളയും നീയും വരുന്നാകി–
ലിന്നുതന്നെ പുറത്താട്ടിയിറക്കുവൻ
ദുർഭഗതന്റെ വയറ്റിൽ പിറന്നുള്ളോ–
രർഭകനാകിയ നിന്നുടെയോരോരോ
സൽഭാവ[1]മിങ്ങനെ കാൺകയാലെന്നുള്ളി–
ലുദ്ഭവിച്ചീടുന്നു കോപമെന്നോർക്ക നീ.
അച്ഛനെത്തന്നെയും കൂട്ടാക്കയില്ല ഞാൻ
കൊച്ചു കുമാരനെന്നോർക്കയുമില്ല, നീ
അച്ഛൻമടിയിൽനിന്നങ്ങിറങ്ങീടായ്കി–
ലച്ഛനാണിന്നു ഞാൻ തച്ചിറക്കീടുവൻ;’’
ഇത്തരമോരോ ദുഷിവാക്കുരച്ചുടൻ
ക്രുദ്ധയായുള്ള സുരുചിയെഴുന്നേറ്റു
സത്വരം ബാലനെത്താഡിച്ചിറക്കിനാ–
ളുത്തരം ചൊൽവാൻ നൃപനുമെളുതല്ല;
അത്തൊഴിൽ കണ്ടൊരുനേരം പതുക്കവേ
സത്തുക്കളെല്ലാം വിഷാദിച്ചു മാറിനാർ;
ഉത്താനപാദനുമന്നേരമുള്ളത്തി–
ലത്തൽമുഴുത്തു വിയർത്തിതു ദേഹവും
ചിത്തേ വെറുത്താൽ ഫലമെന്തവളില–
ങ്ങത്യന്തമായുള്ള കാംക്ഷയിരിക്കവേ;
അന്നേരമേറ്റം വിഷണ്ണനാകും ധ്രുവൻ
ഖിന്നതയോടേ കരഞ്ഞു വിരഞ്ഞുപോയ്
തന്നുടെ പെറ്റ മാതാവാം സുനീതിതൻ
മുന്നിലാ ബാലകൻ വീണു കേണീടിനാൻ;
‘‘എന്നുണ്ണിയെന്തിനു വീണു കേണീടുന്നു
എന്നോടവസ്ഥകളെല്ലാം പറക നീ
നിന്നുള്ളിലീവണ്ണമുണ്ടായ ശോകത്തി–
നിന്നെന്തു ബന്ധം വിരവോടുരചെയ്ക
കണ്ണുനീരയ്യോ! പൊഴിക്കുന്നതെന്തു നീ?
മണ്ണിൽവീണിങ്ങനെ കേഴുന്നതെന്തഹോ!
ഉണ്ണീ മകനേ! വിഷാദം കളക നീ
ദണ്ണമെന്തെന്നതുമെന്നോടു കേൾപ്പിക്ക;’’
ഈവണ്ണമമ്മതൻ വാക്കുകൾ കേട്ടവ–
നീവാർത്തയെല്ലാമറിയിച്ചു മെല്ലവേ:

‘‘ജനകന്റെ മടിയിൽ ചെന്നിരിപ്പാൻ ഞാൻ തുടർന്നപ്പോൾ
ജനനിയാം സുരുചി വന്നതിരേകം കോപമോടേ

---

[1] സൽഭാവം=അഹംഭാവം.

മനുജർക്കു സഹിയാത്ത വചനങ്ങളുരചെയ്തു
കനിവില്ലായ്കകൊണ്ടെന്നെ മടിയിൽനിന്നിറക്കിച്ചു
മടിയിങ്കൽ കരേറുവാനവടെ പുത്രനേയാവൂ;*
മിടുക്കില്ലാത്തെനിക്കിപ്പോളരുതുപോലെന്നുവന്നു;
ഉടയവരെനിക്കില്ല നൃപനെന്റെ താതനല്ല
പിടിപാടു നമുക്കില്ലാതായിവന്നൂ ഇതുകാലം
മടികൂടാതെനിക്കിട്ടൊന്നടിച്ചാളങ്ങിളയമ്മ
പിടിച്ചങ്ങു പുറംതള്ളി വരുത്തി കുററവും പിന്നെ
കടക്കണ്ണും ചുവത്തീട്ടു പറഞ്ഞ വാക്കുകൾ കേട്ടാൽ
നടുങ്ങിപ്പോമകതാരിൽ കനിവുള്ള ജനമെല്ലാം;
ജനകനിത്തൊഴിൽ കണ്ടിട്ടേതുമൊന്നും പറഞ്ഞില്ല.
ജനകനുമതുതന്നെ പക്ഷമെന്ന വേസ്ഥ[1]വന്നു;
ജനത്തിന്നും ധനത്തിന്നും കാട്ടിനും നാട്ടിനും പിന്നെ
ഗൃഹത്തിന്നും ബന്ധമില്ലാ നമുക്കെന്നു വന്നുകൂടി
ഇവയെല്ലാം പറഞ്ഞിട്ടു നമുക്കെന്തു ഫലമിപ്പോൾ
ഭുവനത്തിലിരുന്നിട്ടു പൊറുപ്പാനുമെളുതല്ല;''
സുതനുടെ വചനങ്ങൾ കേട്ടനേരം സുനീതിയും
സുതനോടങ്ങുരചെയ്തു പരിതാപം ശമിപ്പിപ്പാൻ:
''മകനേ! നിന്നോടു മുന്നം പറഞ്ഞില്ലേ ഞാനുമെല്ലാം
പകയുള്ള ജനത്തോടു കൂടിവാണാൽ സുഖമില്ല
വകയില്ലാതിരിക്കുന്നു ദൂഷണങ്ങളുളവാക്കാൻ
പകൽ പോരാ പറവാനിന്നിവരുടെ കൈതവങ്ങൾ;
സകലനാഥനാം വിഷ്ണുഭഗവാനെപ്പരിചോടേ
അകതാരിലുറപ്പിച്ചുകൊൾക ബാല! മടിക്കാതെ
അകലുഷമായ നല്ല വനം തേടിഗമിച്ചാലും
അകലും നിന്നുടെ ശോകം സുഖവും മേലിലുണ്ടാകും;''
ജനനിതന്നുടെ വാക്കു കനിവോടേ കേട്ടനേരം
മനക്കാമ്പു കുളുർത്താശു പുറപ്പെട്ടു ധ്രുവൻതാനും
ഘനമായ വനം പുക്കു നടന്നാനന്തരംഗത്തിൽ
ദനുജനാശനൻതന്റെ ചരിതങ്ങളുരചെയ്തു
മനസാ കർമ്മണാ വാചാ നിനച്ചു വന്ദനംചെയ്തു
കനിവോടേ തിരുനാമമുരചെയ്തു നടക്കുമ്പോൾ
മുനികളും ബഹുമാനിച്ചനുസരിച്ചടുക്കുന്നു
കനികളും ഫലമൂലമെന്നിതെല്ലാം കൊടുക്കുന്നു;
വിനയമാദിയായുള്ള ഗുണം കണ്ടു വിസ്മയം പൂ–
ണ്ടനവധിമോദമോടേ ധ്രുവൻതന്നെ സ്തുതിക്കുന്നു;

---

* 'മടിതന്നിൽ കരേറുവാനവടെ പുത്രനേയാവൂ' പാഠാന്തരം.
1. വേസ്ഥ = അവസ്ഥ.

ഭവനത്തെ വെടിഞ്ഞാശു ധ്രുവനത്തൽ നിനയാതെ*
ഭുവനത്തിൽ വസിക്കുന്നോർക്കവനത്തെ വരുത്തുന്നോ—
രവനെത്തന്നെ ചിന്തിച്ചിട്ടാവനത്തിൽ നടന്നോരോ
ദിവസത്തെക്കഴിക്കുന്നു സുവനത്തിൽ ചരിക്കുന്നു
മരത്തിന്റെ നിഴൽതോറും തരംനോക്കീട്ടിരിക്കുന്നു
കരിമ്പാറപ്പുറമേറിച്ചരിഞ്ഞാശു കിടക്കുന്നു
തരിമ്പും പേടികൂടാതെ രാപ്പകലും കഴിക്കുന്നു
വെളുക്കുമ്പോളെഴുന്നേററു തെളിഞ്ഞുള്ള നദിതന്നിൽ
കുളിച്ചുംകൊണ്ടവനൊട്ടുമിളയ്ക്കാതെ നടക്കുന്നു
മലകടെ ഗുഹകളിൽ പുലികടെ രവം കേട്ടാൽ
കുലുക്കമില്ലകതാരിലലയ്ക്കാതെ നടക്കുന്നു.
അതുകാലമൊരുനാളിലതുലമായൊരുകാന്തി
മതിതന്റെ പ്രഭപോലെ വിതതമംബരംതന്നിൽ
അതിയായി വിളങ്ങുന്നതരചനന്ദനൻ കണ്ടു.

'ശാരദചന്ദ്രനുദിച്ചു പൊങ്ങുന്നിതോ?
ക്ഷീരാബ്ധിതാനേയുയർന്നു കാണുന്നിതോ?
ഐരാവതം വന്നിറങ്ങിത്തുടർന്നിതോ?
ഹാരങ്ങൾ കോരിച്ചൊരിഞ്ഞു തുടങ്ങിതോ?
ചാരു ഗംഗാജലം താനേ വരുന്നിതോ?
താരങ്ങളെല്ലാം പൊഴിഞ്ഞു കാണുന്നിതോ?
വീരനാം ബാലനീവണ്ണം നിരൂപിച്ചു
ദൂരവേ മേല്പോട്ടു നോക്കിനില്ക്കും വിധൗ
ചാരത്തു കാണായി വീണയും കൈക്കൊണ്ടു
നാരദമാമുനി മെല്ലെ വരുന്നത്!
''ശ്രീരാമഗോവിന്ദ! ഗോപാല! വൈകുണ്ഠ!
നാരായണ! കൃഷ്ണ! വിഷ്ണോമുരാന്തക!
കാരുണ്യവാരിധേ! ശൗരേ! ജനാർദ്ദന!
ക്ഷീരാബ്ധിശായിൻ! ഹൃഷീകേശ! കേശവ!
സീതാപതേ! സത്യഭാമാപതേ! ഹരേ!
പീതാംബരാനന്ദ ലക്ഷ്മീപതേ! വിഭോ!
രാധാപതേ! മധവാംഭോജലോചന!
സാധാരണശ്രീദ ശ്രീമൻ! നമോസ്തു തേ!
ഇത്തരം നല്ല തിരുനാമമെപ്പൊഴും
ഭക്തിയോടേ വീണകൊണ്ടു ഘോഷിക്കയും

---

* 'ഭവനത്തെ വെടിഞ്ഞാശു ധ്രുവനത്തൽ നിനയാതെ'—എന്ന തുള്ളൽക്കാരുടെ വായ്പാഠം സ്വീകാര്യം. ''ഭവനത്തെ വെടിഞ്ഞാശു ഭവനത്തെ നിനയാതെ'' ''ഭവനത്തെ വെടിഞ്ഞാശു ഭുവനത്തെ നിനയാതെ''—എന്നിങ്ങനെയെല്ലാം മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠങ്ങൾ.

ചിത്തം തെളിഞ്ഞങ്ങു മൂന്നുലോകത്തിലും
നിത്യം നടന്നു ദിവസം കഴിക്കയും
അമ്മുനിപുംഗവൻ കണ്ടജനങ്ങളെ
തമ്മിൽപ്പിണക്കിച്ചമച്ചു രസിക്കയും
കണ്ടീല കേട്ടീലയെന്നു നടിക്കയും
കണ്ടവരെക്കൊണ്ടു ചെണ്ട കൊട്ടിക്കയും
കൺമുന കാട്ടിക്കലഹമുണ്ടാക്കയും
നൻമയിലേഷണികൂട്ടി നടക്കയും
യുദ്ധമുള്ളേടം തിരഞ്ഞു നടക്കയും
ക്രുദ്ധിപ്പതിന്നുപായങ്ങൾ നിനയ്ക്കയും
ബുദ്ധിമുട്ടുമ്പോൾ പ്രസാദിച്ചു നല്ലൊരു
ശുദ്ധമാർഗം നരൻമാർക്കു കൊടുക്കയും
ഇങ്ങനെ കാലം കഴിക്കുന്ന നാരദൻ
തിങ്ങിന മോദമോടങ്ങെഴുന്നള്ളിനാൻ;
ധന്യനായോരു ധ്രുവനെന്ന ബാലന്റെ
മുന്നിൽനിന്നേവമരുളിത്തുടങ്ങിനാൻ:
''എന്തെടോ! ബാലക! ഘോരമായുള്ളൊരു
കാന്താരമണ്ഡലംതന്നിൽ നടക്കുന്നു?*
ബന്ധുക്കളാരും നിനക്കില്ലയോ ഹന്ത!
സന്താപകാരണം ചൊല്ലുക മെല്ലവേ;
ദന്തി ശാർദ്ദൂലങ്ങളന്തികേ കാൺകയാ—
ലന്തരംഗേ ഭയമില്ലയോ ചൊല്ലു നീ?
നിൻ താതനാരെടോ! നിൻ തായുമാരെടോ?
സന്തോഷമോടതും ചൊല്ലുക മെല്ലവേ;
കുന്നു മലകളും കാടും കുഴികളും
കൊന്നു തിന്നീടും മൃഗങ്ങൾ സർപ്പങ്ങളും
കുന്നിച്ചു കൂടുന്ന കാടുകൾ പണ്ടു നീ
വന്നു കണ്ടിട്ടുമില്ലല്ലോ കുമാരക!''†
എന്നതു കേട്ടൊരുനേരം ധ്രുവൻ മെല്ലെ
വന്ദിച്ചു മാമുനിതന്നോടുണർത്തിച്ചു:
''ഉത്താനപാദന്റെ പുത്രനാകുന്ന ഞാ—
നുത്തമകീർത്തേ! ധ്രുവനെന്നു നാമവും
ഉത്തമയാകും സുനീതിയെൻ മാതാവു
സത്യമെല്ലാമുണർത്തിക്കാം മഹാമുനേ!
നിത്യം സുരുചിമാതാവിന്നടിയന്റെ
വൃത്തികൾ ചേർച്ചയല്ലെന്നു വരികയാൽ
ഉത്താനപാദനാമച്ഛനു സങ്കടം

---

* 'കാന്താരമണ്ഡലേ താനേ നടക്കുന്നു'—പാഠാന്തരം.

† 'കണ്ടറിഞ്ഞിട്ടുമില്ലല്ലോ കുമാരക!'—പാഠാന്തരം.

ചിത്തത്തിലുണ്ടാകരുതെന്നു കല്പിച്ചു
നാടും നഗരവുമെല്ലാമുപേക്ഷിച്ചു
കാടു വാഴുന്നു ഞാനിങ്ങനെ സംഗതി
കൈടഭവൈരിതൻ കാരുണ്യമുണ്ടെങ്കി–
ലാടലില്ലേതുമേ കാടും നഗരമാം.''
ഇത്തരം ബാലന്റെ വാക്കുകൾ കേട്ടതി–
നുത്തരം നാരദൻ സാരമരുൾ ചെയ്തു:
''സത്വരം നാരായണന്റെ പാദാംബുജം
ചിത്തേയുറപ്പിച്ചുകൊൾക നീ ബാലക!
അത്തൽ നീങ്ങീടുവാനിത്ര നന്നായിട്ടു
വസ്തു മറെറാന്നില്ലതിന്നു ബോധിക്ക നീ!
ലോകനാഥൻ പരൻ ലോകൈകകാരണൻ
ലോകരക്ഷയ്ക്കവൻ ദീക്ഷിച്ചിരിക്കുന്നു;
ആകുലൻമാരുടെ ശോകമകററുവൻ
ആകവേ മാധവൻതന്റെ ചരിത്രങ്ങൾ;
മീനായ്പ്പിറന്നു ഹയഗ്രീവനാകിന
ദാനവപ്രൗഢനെപ്പണ്ടു വധിച്ചതും
താനൊരു കൂർമ്മരൂപത്തെദ്ധരിച്ചുടൻ
താണൊരു മന്ദരം പൊക്കിയെടുത്തതും
ഘോരനായുള്ള ഹിരണ്യാക്ഷനെപ്പുരാ–
വാരാഹരൂപേണ ചെന്നുടൻ കൊന്നതും
വീരനായുള്ള ഹിരണ്യകശിപുവെ
നാരസിംഹാകൃതിപൂണ്ടു പിളർന്നതും
വാമനനായി മഹാബലിതന്നോടു
ഭൂമിയെല്ലാമേയളന്നു മേടിച്ചതും
മിത്രവംശേ രാമചന്ദ്രനായിപ്പുരാ
രാത്രിഞ്ചരേന്ദ്രന്റെ കണ്ഠം മുറിച്ചതും
വൃഷ്ണിവംശേ ബലഭദ്രനാകുന്നതും
കൃഷ്ണനാകുന്നതും ഖഡ്ഗിയാകുന്നതും
മന്വന്തരങ്ങളിലിങ്ങനെ രൂപങ്ങൾ
പിന്നെയും പിന്നെയും നിർവഹിക്കുന്നതും
സന്ന്യാസിമാർക്കു മോക്ഷം കൊടുക്കുന്നതും
ധന്യജനങ്ങൾക്കു പുഷ്ടി നല്കുന്നതും
ശത്രുകുലങ്ങളെ സംഹരിക്കുന്നതും
ഇത്രിലോകങ്ങളെക്കാത്തുകൊള്ളുന്നതും
സത്രാശനൻമാർക്കു നായകനായതും
സത്രങ്ങടെ ഫലദായകനായതും
സ്ഥാവരമായതും ജംഗമമായതും

കേവലം വിഷ്ണുതാനെന്നു ബോധിക്ക നീ;
ഈവണ്ണമുള്ളത്തിലോർത്തുകൊണ്ടാലിനി
ഈവക ദുഃഖങ്ങളുണ്ടാകയില്ലെടോ!
ഈരേഴുലകെന്നു പേരായ ദാരുവിൻ
നാരായവേരായ നാരായണസ്വാമി
ആരായ ദേവനെന്നോരായ്കമൂലമി—
പ്പാരായ വങ്കടൽപേരായ ദുഃഖത്തി—
ലോരായിരക്കോടി പോരാ മനുഷ്യരു—
മോരോ വിധങ്ങളിൽ വീണു ദുഃഖിക്കുന്നു;
മാനുഷൻമാരുടെ മോഹങ്ങളോരോന്നേ
ഞാനുരചെയ്യുന്നു കേൾക്ക നീ ബാലക:
കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്കു
ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല!
കിട്ടിയതൊന്നും മതിയല്ല പിന്നെയും
കിട്ടിയാലും മതിയല്ല ദുരാഗ്രഹം;
രണ്ടു പണം കിട്ടുമെന്നു കേട്ടാലവർ
മണ്ടും പതിനെട്ടു കാതമെന്നാകിലും
കിട്ടിയാലപ്പൊഴേ കണ്ട പെണ്ണുങ്ങൾക്കു
കൊണ്ടുപോയിക്കൊടുപ്പാനും മടിയില്ല;
ഭോജനത്തിന്നും പ്രഥന[1]ത്തിനും പിന്നെ
രാജസേവയ്ക്കും ദുരാഗ്രഹം ലോകർക്കു
രാജാവിനെച്ചെന്നു സേവിച്ചു നില്ക്കയും
വ്യാജംപറഞ്ഞു പലരെച്ചതിക്കയും
കൈക്കൂലി മെല്ലെപ്പിടുങ്ങുവാനല്ലാതെ
ഇക്കാരിയക്കാരൻമാർക്കില്ല വാഞ്ഛിതം;
മൂക്കിൽ വിരൽതള്ളി നില്ക്കുന്നവരെയും
നോക്കുവാൻ പോലുമവസരമില്ലപോൽ!
എത്രയും ദുഃഖമാം രാജസേവാദിക—
ളെത്ര ജനമുണ്ടതിന്നു തുനിയുന്നു!
ശ്ലോകങ്ങളുണ്ടാക്കിയാലിന്നു നമ്മുടെ
ശോകങ്ങൾ തീരുമെന്നെല്ലാം നിരൂപിച്ചു
ശ്ലോകം ചമയ്ക്കും പദങ്ങളും നിർമ്മിക്കു—
മേകൻ ദുരാഗ്രഹംകൊണ്ടതു ചെയ്യുന്നു;
പട്ടു കിട്ടുമ്പൊഴും സന്തോഷമില്ലവ—
നൊട്ടു പണംകൂടെ മുമ്പേ നിനയ്ക്കയാൽ
വീരവാളിപ്പട്ടു കിട്ടിയെന്നാകിലും
പോരാ തരിവള കിട്ടുവാനാഗ്രഹം
പാരിലോരോ ജനം ദ്രവ്യമുണ്ടാക്കുവാൻ

---

[1] പ്രഥനം = യുദ്ധം

ഓരോരോ വിദ്യകൾ കാട്ടുന്നു സന്തതം;
ആട്ടം പഠിക്കുന്നു ചാട്ടം പഠിക്കുന്നു
കൊട്ടു പഠിക്കുന്നു പാട്ടു സാധിക്കുന്നു;
മുട്ടാതെ കച്ചകെട്ടുന്നു ചിലർ നിന്നു
വെട്ടും തടയും വടിയും പയററുന്നു;
വായനകൊണ്ടേ ഫലിപ്പൂവിക്കാലമെ—
ന്നായതിന്നും ചിലരുഷ്ണംപിടിക്കുന്നു
ആയതിവേണമെന്നാൽ പണം കിട്ടുമെ—
ന്നായുധവിദ്യയ്ക്കൊരുവൻ തുനിയുന്നു
വിദ്യകൾ മററുള്ളതെല്ലാം വൃഥാതന്നെ
വൈദ്യം പഠിക്കണം ദ്രവ്യമുണ്ടാക്കുവാൻ
കാരസ്കരഘൃതം ഗുദ്ഗുലു തിക്തകം
ചേരുന്ന നെയ്കളുമെണ്ണ പൊടികളും
സാരമായുള്ള ഗുളികയും കൊണ്ടുചെ—
ന്നോരോവിധം പണം കൈക്കലാക്കീടുന്നു;
മന്ത്രവാദം പഠിക്കുന്നു ചിലർ പിന്നെ
മന്ത്രങ്ങളോരോന്നെഴുതിക്കൊടുക്കുന്നു
മന്ത്രികളോടുമരചരോടും ചെന്നു
മന്ത്രിച്ചു പട്ടും വളയും പിടുങ്ങുന്നു
ജ്യോതിഷശാസ്ത്രം പഠിച്ചവർ മിക്കതും
പാതിരാജ്യം കൈക്കലാക്കാൻ തടവില്ല*
ജാതകം നോക്കീട്ടവർ പറഞ്ഞീടുന്ന
കൈതവം കേട്ടാൽ കൊടുക്കും പല വസ്തു;
ജ്യോതിഷക്കാരനും മന്ത്രവാദിക്കുമ—
ച്ചാതുര്യമേറുന്ന വൈദ്യനും വേശ്യയ്ക്കും
ഏതും മടിക്കാതെ വേണ്ടതു നല്കുവാൻ
ഭൂതലവാസികൾക്കില്ലൊരു സംശയം;
മററുള്ള വിദ്യകളെല്ലാം പണിപ്പെട്ടു
പററിച്ചുകൊണ്ടു നടക്കുന്ന ഭോഷർക്കു
കൊററുമാത്രം പോലുമെങ്ങും കഴിവരാ
മററുള്ളതോ പിന്നെ ഒട്ടും നിനയ്ക്കേണ്ട;
നീററിലെപ്പോളയ്ക്കു തുല്യമാം ജീവനെ—
പ്പോററുവാനെത്ര ദുഃഖിക്കുന്നു മാനുഷർ!
അററമില്ലോരോന്നു ചിന്തിച്ചു കാണുമ്പോൾ
മുററും ദുരാഗ്രഹമെന്നേ പറയാവൂ;
കാണുന്നതൊന്നും പരമാർത്ഥമല്ലെന്നു
കാണിനേരം ബോധമില്ല മനുഷ്യർക്കു;

---

* ജ്യോതിഷശാസ്ത്രം പഠിച്ചവനാഗ്രഹം.
പാതിരാജ്യം കൈക്കലാക്കാൻ തടവെന്യേ'—വായ്പാഠം.

ഊണുമുറക്കവുംകൊണ്ടു ദിവസങ്ങൾ
പോണതുമാർക്കും മനക്കാമ്പിലില്ലെടോ!
ഓണത്തിനില്ലത്തു വേണ്ടും പദാർത്ഥങ്ങൾ
കാണാഞ്ഞൊരുത്തനുഴന്നുനടക്കുന്നു;

ഓണപ്പുടവത്തരങ്ങളെടുപ്പതി—
ന്നോണച്ചരക്കു വന്നില്ലെന്നൊരുവിധം;
പ്രാണനോടുംകൂടി വാഴുന്നു ഞാനെങ്കി—
ലേണമിഴിയാൾക്കു വേണ്ടതു നല്കുവൻ

ആടലില്ലേതും വിഷുവിന്നകംപുറം
വീടു പണിയിക്കുമെന്നങ്ങൊരുവിധം;
കേടു തീർത്താൽമതി മാളിക രണ്ടിനു—
മോടിറക്കാൻ പണമില്ലെന്നൊരുവിധം;

കണ്ടേടമൂട്ടുള്ള ദിക്കിൽ കുടിയിരു—
ന്നുണ്ടുകൊള്ളാമെന്നൊരുത്തന്റെ വാഞ്ഛിതം
കെട്ടും ചുമടുമെടുത്തു നടന്നിട്ടു
വീട്ടിലുള്ളോരെപ്പൊറുപ്പിക്കയും ചിലർ;

കിട്ടുന്നതെല്ലാം കളത്രത്തിനേകീട്ടു
പട്ടിണിതന്നെ കിടക്കുന്നിതുചിലർ;
പട്ടും പണങ്ങളും കെട്ടിവച്ചുംകൊണ്ടു
നാട്ടിലുള്ളൂട്ടുകൾ തേടുന്നിതു ചിലർ;

പട്ടരോടേററം കടംകൊൾകകാരണാൽ
പട്ടരെക്കണ്ടാലൊളിക്കുന്നിതു ചിലർ;
മായാസ്വരൂപിയാം നാരായണൻതന്റെ
മായാസമുദ്രത്തിൽ മുങ്ങിയും പൊങ്ങിയും

പ്രായേണ സർവജനങ്ങളും ദുഃഖിക്കു—
മായവസ്ഥാന്തരം ചിന്തിക്ക ബാലക!

നാനാജനങ്ങൾ ജനിച്ചും മരിച്ചും
നാനാവിധങ്ങൾ നിനച്ചും സുഖിച്ചും

ഓരോരോ ദിക്കിൽ ചരിച്ചും ചിരിച്ചും
ഓരോരോ ഭാവം നടിച്ചും തടിച്ചും
മദ്യമാംസാദി കുടിച്ചും കടിച്ചും
ഉദ്യോഗമോടേ മുടിച്ചും മദിച്ചും
സാധുജനത്തോടടുത്തും കടുത്തും
സാധനമോരോന്നെടുത്തും കൊടുത്തും
സംസാരദുഃഖം സഹിച്ചും വഹിച്ചും
കംസാരിനാമം ത്യജിച്ചും ഹസിച്ചും
സൽസ്വഭാവങ്ങൾ കുറച്ചും മറച്ചും
ദുഃസ്വഭാവങ്ങൾ നിറച്ചും വിറച്ചും

സുന്ദരിമാരെത്തിരഞ്ഞു വിരഞ്ഞും
മന്ദതയോടേ കരഞ്ഞും പറഞ്ഞും
കുണ്ഠിതമെല്ലാം കളഞ്ഞും തെളിഞ്ഞും
തണ്ടാർശരത്താൽ വലഞ്ഞും പിണഞ്ഞും
ഗർവാഭിമാനം തിളച്ചും പുളച്ചും
സർവദാ ചെന്നു കളിച്ചും ചിരിച്ചും
ദിഗന്തേ നടന്നും ഗൃഹത്തിൽ കടന്നും
സുഖിച്ചു കിടന്നും സുഖത്തോടിരുന്നും
ജഗത്തിൽപരന്നും പിണക്കം വളർന്നും
മനോരുചി തീർന്നും ഹിതൻമാരിതെന്നും
സുതൻമാരിതെന്നും സുമന്ത്രങ്ങളെന്നും
ചരിത്രങ്ങളെന്നും വിചിത്രങ്ങളെന്നും
സാരങ്ങളെന്നും വിസാരങ്ങളെന്നും
വിനോദങ്ങളെന്നും മനസ്സിൽ നിനയ്ക്കയാൽ
കാണുന്നതൊന്നും പരമാർത്ഥമല്ലെന്നു
കാണിനേരം ബോധമില്ലാ മനുഷ്യർക്ക്;
വേണു വീണാദികൾകൊണ്ടു പലനേര—
മൂണുറക്കംകൊണ്ടുമുൾപ്പിണക്കംകൊണ്ടു—*
മേണാക്ഷിമാരുടെ കേളീരസംകൊണ്ടും
ആയസ്സു പോകുന്നതാർക്കും നിനവില്ല;
കായം നശിക്കുമെന്നുള്ളതുമോർക്കില്ല
കായാംപൂവർണ്ണനെച്ചിന്തിക്കയുമില്ല
മായാബ്ധിതന്നിൽ മുഴുകിക്കിടക്കയാൽ
ദേഹം മുടങ്ങിക്കിടക്കുന്ന ഭോഷനും
മോഹത്തിനേതും കുറവില്ല ബാലക!
ദേഹമെന്നും തന്റെ ദേഹിയെന്നും പല
സാഹസം ചിന്തിച്ചുതന്നെ നടക്കയും
ജ്ഞാനം മനസ്സിലുറയ്ക്കുന്ന നേരത്തു
ഞാനെന്ന ഭാവം നശിക്കും കുമാരക!
ആനന്ദമുണ്ടാം മനക്കാമ്പിലേറവും
ഞാനെങ്കിലിപ്പോൾ ഗമിക്കുന്നിതു ശിശോ!’’
ഇപ്രകാരം മുനി നാരദനും നല്ല
സൽപ്രകാരം പറഞ്ഞാശു ബോധിപ്പിച്ചു
അഭ്രമാർഗത്തിങ്കലൂടേ പുറപ്പെട്ടി—
തുൾപ്രമോദം കലർന്നാശു കുമാരകൻ
സത്യസ്വരൂപനിൽ ചിത്തമുറപ്പിച്ചു
ശുദ്ധമായുള്ള വനപ്രദേശത്തിങ്ക—

---

* ‘ഊണുറക്കംകൊണ്ടുമുൾപ്പിണക്കംകൊണ്ടും’—എന്ന വായ്പാഠം സ്വീകരിച്ചിരിക്കുന്നു.
‘ഊണുറക്കംകൊണ്ടും തൻപിണക്കംകൊണ്ടും’—മുദ്രിതപുസ്തകപാഠം.

ലുത്തമയാകും യമുനാതടേ നിന്നു
സത്വരമങ്ങു തപസ്സുചെയ്യും വിധൗ
വീണാധരനായ നാരദമാമുനി
ക്ഷീണനാമുത്താനപാദനെ പ്രാപിച്ചു
വാണീവിശേഷങ്ങൾകൊണ്ടങ്ങവനുടെ
പ്രാണനെ രക്ഷിച്ചെഴുന്നരുളീടിനാൻ.

മോദമോടക്കാലമങ്ങു ധ്രുവൻതാനു–
മാദിമാസം കഴിവോളമൊരുപോലെ
സാദരം മുമ്മൂന്നു വാസരംകൂടുമ്പോ–
ളേതാനുമോരോ ഫലങ്ങൾ ഭുജിക്കയും
രണ്ടായ മാസത്തിലാറാറു വാസരേ
കുണ്ഠത കൈവിട്ടു പത്രം ഭുജിക്കയും
മൂന്നായ മാസത്തിലൊമ്പതാം വാസരേ
നന്നായ് കുറച്ചു ജലപാനമാക്കിനാൻ
നാലാമതാം മാസി പന്തിരണ്ടാം ദിനേ
ബാലാനിലൻമാത്രമാഹാരമാക്കിനാൻ
അഞ്ചാമതായുള്ള മാസത്തിലബ്ബാല–
നഞ്ചാതെ സർവം പരിത്യജിച്ചീടിനാൻ
പഞ്ചാത്മകമായ ദേഹത്തിലും വായു–
സഞ്ചാരമെല്ലാമടക്കി വാണീടിനാൻ;
ഏകപാദം ഭൂമിതന്നിലുറപ്പിച്ചു
ലോകമീരേഴും മനസ്സിലാവാഹിച്ചു
ലോകനാഥൻ വിഷ്ണുതാനെന്നു കല്പിച്ചു
ശോകമോഹാദികളെല്ലാമുപേക്ഷിച്ചു
കാമവും ക്രോധവും രാഗവും ദ്വേഷവും
സാദവും സ്വേദവും ദാഹമോഹാദിയും
രോഗാവരോഗവും വേർപെടുത്തീടിനാൻ
ഘോരമായുള്ളൊരു നിഷ്ഠയുറച്ചപ്പോ–
ളീരേഴുലോകവുമൊന്നു ഭയപ്പെട്ടു;
മാരുതസഞ്ചാരമെല്ലാമടങ്ങുക–
കാരണം ദാരുണമായ ദശാന്തരേ
കൊത്തിച്ചമച്ച മരപ്പാവകൾപോലെ
മർത്ത്യജനങ്ങൾക്കിളക്കമില്ലാതെയായ്;
പത്തനംതോറുമിരിക്കും ജനങ്ങടെ
വൃത്താന്തമെത്രയും ചിത്രമായ് വന്നിതു;
നിത്യകർമ്മങ്ങളുമെങ്ങുമില്ലാതെയായ്
ധാത്രീതലത്തിലെ വാർത്തകളദ്ഭുതം!
ഉണ്ടിരിക്കുന്നവൻ വായും തുറന്നങ്ങു
മിണ്ടാതിരുന്നാനുരുളയും കൈക്കൊണ്ടു;

കണ്ടിരിക്കുന്നവൻ കണ്ണും തുറന്നൊരു
തണ്ടികപ്പാവയെപ്പോലിരുന്നീടുന്നു
മുണ്ടുടുക്കുന്നവൻ രണ്ടുകരംകൊണ്ടു
മുണ്ടും ഞൊറിഞ്ഞു പിടിച്ചുനിന്നീടുന്നു
തണ്ടെടുത്തുംകൊണ്ടു മണ്ടുന്നവനൊരു
കുണ്ടിൽ മറിഞ്ഞു കിടന്നാൻ തടിപോലെ
മുങ്ങിക്കിടക്കുന്നു വെള്ളത്തിലും ചിലർ
പൊങ്ങുന്നതിൻമുമ്പു വായു ശമിക്കയാൽ
എണ്ണ തേയ്ക്കുന്നവരപ്പാടിരിക്കുന്നു
കണ്ണെഴുതുന്നവരങ്ങനെ പാർക്കുന്നു
കഞ്ഞി കോരിക്കുടിപ്പാൻ തുടങ്ങുന്നവൻ
മുഞ്ഞിയും താഴ്ത്തീട്ടനങ്ങാതിരിക്കുന്നു
പാട്ടുപാടുന്നവർ കൈയും ചെവിക്കൽ വ—
ച്ചൊട്ടു വായുംപിളർന്നങ്ങനെ നില്ക്കുന്നു
മദ്ദളം കൊട്ടുന്ന വിദ്വാൻ കഴുത്തിലാ—
മദ്ദളമിട്ടുകൊണ്ടങ്ങനെ നില്ക്കുന്നു
പററു വിളിക്കും[1] കുഴൽക്കാരനന്നേരം
തെറെറന്നു കാലും കവച്ചു നിന്നീടുന്നു
എത്രയും വിസ്മയം സർവജനങ്ങളും
ചിത്രമെഴുതിയപോലെ കാണായ്വന്നു,
ധാത്രീതലത്തിലെ ധർമ്മവും കർമ്മവും
ധാത്രീപതികടെ ദാനവും മാനവും
വിപ്രജനത്തിൻെറ വേദവും ജ്ഞാനവും
ക്ഷിപ്രം നശിച്ചിതു കീർത്തിയും പൂർത്തിയും
വേശ്യാജനത്തിൻെറ കേളിയും മേളവും
വൈശ്യജനത്തിൻെറ നാണിഭം വാണിഭം
ശൂദ്രജനത്തിൻെറ വീര്യവും ശൗര്യവും
ശൂന്യമായക്കാലമെന്നേ പറയാവൂ.
ഇഷ്ടിയില്ലാഞ്ഞിട്ടു ദേവകൾക്കൊക്കെയും
തുഷ്ടിയില്ലാതെയായ് അഷ്ടിയില്ലാതെയായ്
പുഷ്ടിയില്ലാതെയായ് വൃഷ്ടിയില്ലാതെയായ്
കഷ്ടമിതെല്ലാം പറഞ്ഞാലൊടുങ്ങുമോ?

മർമ്മതാളം

ഇന്ദ്രനുമഥ ചന്ദ്രനുമർക്കനുമഗ്നിയുമമരൻമാരും
മന്ദനുമരവിന്ദജനിന്ദുജനർക്കജനസുരൻമാരും
ശുക്രനു മതിവിക്രമമേറിന കാലനുമരുണൻ വരുണൻ
ശക്രനുടേ പടകളുമിടവകമന്ത്രികളോതിക്കോനും

---

[1] പററുവിളി = പഞ്ചവാദ്യത്തിൽ വളഞ്ഞകുഴൽക്കാർ മേളത്തിനോടു പററിച്ചേർന്നു കുഴലൂതുന്നത്.

അഷ്ടകരികളഷ്ടവസുക്കളുമഷ്ടഫണീന്ദ്രൻമാരും
സപ്തമുനികൾ സപ്തമരുത്തുകൾ സപ്തഗുരുക്കൻമാരും
യക്ഷമുനികൾ കിന്നരചാരണസാദ്ധ്യ[1] വിദഗ്ധൻമാരും
വൃദ്ധമുനികളിത്തരമനവധി വാനവവൃന്ദം കൂടി
മുരഹരനുടെ ചരണസരോരുഹമുടനേ നമനം ചെയ്‌വാൻ
തെരുതെരെയൊരു പരിഷകളവരവര, വിരതമവശതയോടേ
അഹമഹമിതു പറയണമുടനിതു പറയണമറിയിക്കേണം
ബഹുഭയമിതു കുറയണമിഹ ദൃഢമെന്നു പലർക്കും ബോധം*
പാൽക്കടലുടെ തടഭുവി പടുതര ചടചട ഘോഷത്തോടേ
വാക്കുകളിവ പലതരമുരചെയ്തമരകളാശു നിറഞ്ഞു!
''ജയ ജയ! പുരുഷോത്തമ! മാധവ കേശവ! വാമനശൗരേ!
ജയ ജയ! ജഗദീശ്വര! വിശ്രുത വിശ്വമഹാഗുണസിന്ധോ!
ജയ ജയ! നരപാലനലോലവിശാലസുശീല നമസ്തേ!''
ഇതി ബഹുതരനുതിവചനങ്ങളനേകമുരത്തു സുരൻമാർ
ദിതിസുതരിപുചരണയുഗത്തെ വണങ്ങി വണങ്ങി നിതാന്തം;
അതിതരമതിപരവശഭാവമൊടങ്ങവർ നിന്ന ദശായാം
കുതുകമൊടുടനഖിലചരാചരനാഥനുണർന്നരുൾ ചെയ്തു:

കാരികതാളം

''മതി മതി മതിഖേദമമർത്ത്യൻമാരേ!
ഗതി പുനരതിനുണ്ടിഹ കണ്ടിതു ഞാനും
പരിചിനൊടിഹ നിങ്ങടെ ദുഃഖമിതെല്ലാം
ചിരതരമതിദുസ്സഹമെന്നറിയേണം.
ധ്രുവനുടെ നിയമാഗ്നിയെരിഞ്ഞു തുടങ്ങി
ധ്രുവമവനതിമാനുഷനെന്നറിയേണം.
ശിവശിവ! ശിശുവെങ്കിലുമെത്ര സമർത്ഥൻ
നവനവമൊരു ഭക്തിയുമെത്ര വിചിത്രം!
കുവലയദളലോചനനദ്ഭുതശീലൻ
അവനഹമുടനിന്നു വരങ്ങൾ കൊടുക്കാം.
പരിണതഗുണശാലികൾ നിങ്ങൾ ഗമിപ്പിൻ!''
മുരഹരവചനങ്ങൾ നിശമ്യ തദാനീം
സുരകുലമുടനാർത്തി ശമിച്ചു ഗമിച്ചു
പരിചിനൊടും നിജ മന്ദിരമെത്തി രമിച്ചു
ഉരുതരമതികൗതുകമോടു വസിച്ചു
മായാസ്വരൂപിയാം നാരായണൻ ജഗ—
ന്നായകൻതന്നുടേ വാഹനമാകിയോ—
രായതപത്രമുള്ളോരു ഗരുഡന്റെ†

---

[1] സാദ്ധ്യൻമാർ=ഉപദേവൻമാരിൽ ഒരു വർഗ്ഗം.

* 'ബഹുഭയമിതു കുറയണമിഹ ദൃഢമെന്നു പലർക്കും മോഹം'—പാഠാന്തരം.

† 'ആയിരം പത്രമുള്ളോരു ഗരുഡന്റെ'—മുദ്രിതപുസ്തകപാഠം.

കായംതടവിക്കരംകൊണ്ടു മെല്ലവേ
കണ്ഠത്തിലാമ്മാറു കേറി ക്രമേണ വൈ—
കുണ്ഠലോകത്തിങ്കൽനിന്നു പുറപ്പെട്ടു;
രണ്ടുഭാഗത്തും നിറഞ്ഞു മുനികളും
കണ്ടുകൊണ്ടെത്തുന്നു ഭക്തജനങ്ങളും
തംബുരുതൻമേൽ തിരുനാമമോതുന്ന
തുംബുരുനാരദരെന്നുള്ള ദിവ്യരും
അംബുജവാസിയും വാണിയും ക്ഷോണിയും*
അംബരചാരികൾതന്നുടെ കൂട്ടവും
ത്ര്യംബകൻതാനും ഗിരീന്ദ്രതനൂജയും
തമ്മിലലങ്കാരമായിപ്പുറപ്പെട്ടു.
മന്നവബാലകൻ കണ്ണുമടച്ചങ്ങു
നിന്നു തപസ്സുചെയ്തീടും പ്രദേശത്തു
ചെന്നു മധുകാനനാന്തേ മുരാന്തകൻ
നന്നായ് പ്രസാദിച്ചു നിന്നരുളീടിനാൻ;
പാഞ്ചജന്യധ്വനി കേട്ടു ധ്രുവൻ മുദാ
കിഞ്ചന നേത്രം തുറന്നു നോക്കും വിധൗ
നെഞ്ചിൽ നിനച്ചവണ്ണം കാൺകകൊണ്ടു രോ—
മാഞ്ചഹർഷാശ്രുക്കൾ പൂണ്ടു നിന്നീടിനാൻ;
ആറുമാസം തപം ചെയ്തോരു ബാലങ്ക†
ലേറിയ കൗതുകത്തോടു മുരാരിക്കു
കൂറുളവായി പ്രസാദിച്ച വൃത്താന്ത—
മീരേഴുലകിലും പാടുന്നു സജ്ജനം;
അപ്പോൾ ധ്രുവനാം നരേന്ദ്രകുമാരകൻ
തൽപാദപങ്കജേ വീണു കൂപ്പീടിനാൻ;
തൽപരമാർത്ഥമറിഞ്ഞു പുകഴ്ത്തുവാൻ
കെല്പു കുറകയാലാനന്ദമഗ്നനാ—
യുൾപ്പൂവിലാകുലംതേടി നില്ക്കുന്നതും
ചിൽപുമാൻ ബോധിച്ചു മന്ദസ്മിതം തൂകി
തത്പാണിപത്മേ വിളങ്ങുന്ന ശംഖുകൊ—
ണ്ടപ്പോളവന്റെ കപോലസ്ഥലങ്ങളിൽ
ആദരവോടൊന്നു തൊട്ടോരുനേരത്തു
മോദം കലർന്നോരു ബാലകൻ ദേവേന്ദ്ര—

---

* 'അംബുജാവാസനും വാണിയും ക്ഷോണിയും'—വായ്പാഠം.

† തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചിരിക്കുന്നു.
''ആറുമാസം തപം ചെയ്തോരു ബാലകൻ
ഏറിയ കൗതുകത്തോടു മുരാരിയെ
കൂറുളവായി പ്രസാദിച്ച വൃത്താന്ത—
മീരേഴുലകിലും പാടുന്നു സജ്ജനം''—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്ന പാഠം ദുഷ്ടം.

സോദരനായ മുകുന്ദനെ വന്ദിച്ചു
വേദാർത്ഥസാരം സ്തുതിച്ചു തുടങ്ങിനാൻ:
‘‘വന്ദേ ജഗത്പതേ! വന്ദേ വിയൽപതേ!
വന്ദേ ഹരിൽപതേ! വന്ദേ മരുൽപതേ!
വന്ദേ രമാപതേ: വന്ദേ ദയാനിധേ!
വന്ദേ! മഹാപതേ! വന്ദേ ഗുണനിധേ!
സൃഷ്ടികർത്താവായി വാഴുന്നതും ഭവാൻ
പുഷ്ടികർത്താവായി വാഴുന്നതും ഭവാൻ
ഇഷ്ടഫലത്തെ വരുത്തുന്നതും ഭവാ—
നിഷ്ടദാതാവെന്നു കേൾക്കുന്നതും ഭവാൻ
തുഷ്ടിഫലത്തെ വരുത്തുന്നതും ഭവാൻ
വിഷ്ടപാലംബനനാകുന്നതും ഭവാൻ
മായകൾകൊണ്ടു വലയ്ക്കുന്നതും ഭവാ—
നായതുപിന്നെയൊഴിക്കുന്നതും ഭവാ—
നായതമായുള്ള ധാത്രീതലം ഭവാൻ
വൃക്ഷങ്ങളായി വസിക്കുന്നതും ഭവാൻ
പക്ഷികളായിപ്പറക്കുന്നതും ഭവാൻ
പുല്ലുകളായിക്കിളുർക്കുന്നതും ഭവാൻ
കല്ലുകളായിക്കിടക്കുന്നതും ഭവാൻ
നല്ല കർമ്മങ്ങൾ തുടങ്ങുന്നതും ഭവാൻ
വല്ലാതെയാക്കിച്ചമയ്ക്കുന്നതും ഭവാൻ
ഇല്ലങ്ങളെപ്പൊറുപ്പിക്കുന്നതും ഭവാൻ
ചെല്ലങ്ങളെല്ലാം നിറയ്ക്കുന്നതും ഭവാൻ
അഷ്ടിക്കു വേണ്ടതു നല്കുന്നതും ഭവാൻ
പട്ടിണിതന്നെ കിടത്തുന്നതും ഭവാൻ
മുട്ടിപ്പതിന്നു തുടങ്ങുന്നതും ഭവാൻ
മുട്ടുന്ന നേരത്തു നല്കുന്നതും ഭവാൻ
വെട്ടത്തു കാണാതിരിക്കുന്നതും ഭവാൻ
ചട്ടററ സർവേശനാകുന്നതും ഭവാൻ
ഓടുന്നതും ഭവാനാടുന്നതും ഭവാൻ
ചാടുന്നതും ചാട്ടമാകുന്നതും ഭവാൻ
വിശ്വത്തിലുള്ള പദാർത്ഥസാധ്യങ്ങളിൽ*
വിശ്വനാഥ! ഭവാനെന്നു ഞാനെപ്പൊഴും
വിശ്വസിച്ചീടുന്നു വിശ്വാസവാരിധേ:
വിശ്വൈകബന്ധോ! നമസ്തേ! നമോസ്തു തേ!’’
സ്തോത്രങ്ങളിങ്ങനെ കേട്ടു പ്രസാദിച്ചു
പത്രീശവാഹനൻതാനുമുരചെയ്തു:
‘‘ധാത്രീശനന്ദന! ഖേദം കളക നീ

---

* ‘വിശ്വത്തിലുള്ള പദാർത്ഥസാരങ്ങളെ’—വായ്പാഠം

ധാത്രീതലം നിനക്കെല്ലാമധീനമാം!
വിക്രമമേററം ലഭിക്കും നിനക്കെടോ
ചക്രവർത്തിത്വവും വന്നുകൂടും ദൃഢം
ശുക്രബൃഹസ്പതിമാരോടൊരുമിച്ചു
ശക്രലോകേ വസിപ്പാനും കഴിവരും
മുപ്പതിനായിരം ദിവ്യസംവത്സരം
കെല്പോടു രാജ്യവും വാണു സുഖിക്ക നീ;
അപ്പുറം ദേവലോകത്തിലതെത്രയു–
മദ്ഭുതമാം പദം കിട്ടും നിനക്കെടോ!
പുല്ലുമീഭൂമിയുമുള്ളോരു നാളിലും
ചൊല്ലാർന്ന ദിക്കിലിരിക്കുമെന്നല്ലെടോ
എല്ലാ പ്രപഞ്ചം നശിക്കുന്ന കാലത്തു–
മില്ലാ വിനാശം നിനക്കുമദ്ദിക്കിനും
ധാത്രിയിൽ വാഴുന്ന കാലം തവാനുജ–
നുത്തമൻ നായാട്ടിനായിപ്പുറപ്പെടും
എത്തിപ്പിടിപെട്ടു യക്ഷപ്രധാനികൾ
കുത്തിക്കൊലചെയ്യുമെന്നു ബോധിക്ക നീ;
പെട്ടെന്നു പുത്രവിയോഗം സഹിയാഞ്ഞു
കാട്ടുതീയിൽ വീണു ചാവും സുരുചിയും!
ചട്ടങ്ങളിങ്ങനെയെല്ലാമരുൾചെയ്തു
തൊട്ടു തലോടി ധ്രുവനെ വഴിപോലെ
വേണ്ടും വരങ്ങളും നല്കിപ്പതുക്കവേ
തണ്ടാരിൽമാനിനീകാന്തൻ മറഞ്ഞപ്പോൾ
ഇണ്ടലകന്നു സുനീതികുമാരകൻ
കുണ്ഠേതരംപുരം പുക്കു വാണീടിനാൻ.*

ധ്രുവചരിതം ശീതങ്കൻതുള്ളൽ

സമാപ്തം

---

* ‘കുണ്ഠേതരം പുരി നോക്കി നടകൊണ്ടു’—വായ്പാഠം.

നൃഗമോക്ഷം

ഏണാങ്കചൂഡന്റെ ബന്ധുവായുള്ളൊരു
ബാണാസുരേന്ദ്രനെപ്പോരിൽ ജയിച്ചുടൻ
ബാണന്റെ പുത്രിയായുള്ളോരുഷയുടെ
പാണിഗ്രഹമനിരുദ്ധനെക്കൊണ്ടുടൻ
ഉല്ലാസമോടേ കഴിപ്പിച്ചു ഗോവിന്ദ—
നെല്ലാ ജനങ്ങൾക്കുമാനന്ദകാരണം;
മല്ലാക്ഷിമാരോടുകൂടി കൃതാർത്ഥനാം
മല്ലാരിദേവൻ വസിച്ചരുളീടിനാൻ.
മയ്ക്കണ്ണിമാർ പതിനാറായിരത്തെട്ടു—
മൊക്കെപ്പതുപ്പത്തു പെറ്റു വളർത്തൊരു
മക്കളെസ്സർവദാ ലാളിച്ചു മേളിച്ചു—
മക്കടൽവർണ്ണൻ രസിച്ചു വസിച്ചിതു.
നൂറായിരംപിമ്പറുപതിനായിരം
വേറായി നാല്പതും പിന്നൊരു നാല്പതും
നാരായണൻതന്റെ നന്ദനന്മാർ വേദ—
പാരായണാദി വിദ്യാവിശേഷങ്ങളാൽ
ഈരേഴുലോകപ്രസിദ്ധരായീടിനാ—
രീരേഴുമമ്പതും പിന്നെക്കലാവിദ്യ
ഒന്നൊഴിയാതെകണ്ടഭ്യസിച്ചീടിനാ—
രെന്നുവേണ്ടാ മഹാഭാഗ്യവാന്മാരവർ
പത്തുനൂറുണ്ണികൾ കൂടിക്കളിപ്പതി—
നൊത്തു പുറപ്പെട്ടു കാടുപുക്കീടിനാർ;
ലന്തപ്പഴം നല്ല മാമ്പഴം തേമ്പഴം
ചന്തത്തിൽ നില്ക്കുന്ന ഞാവൽപ്പഴങ്ങളും
ചക്കപ്പഴങ്ങളുമാഞ്ഞിൽപ്പഴങ്ങളു—
മൊക്കെത്തിരഞ്ഞു വിരഞ്ഞു നടക്കയും
പൊക്കത്തിലുള്ള മരങ്ങളേറിച്ചിലർ
തക്കത്തിലൊക്കെക്കുലുക്കി വീഴിക്കയും
കാട്ടിൽനില്ക്കും മഹാ ചൂതവൃക്ഷത്തിന്റെ
ചോട്ടിൽ പൊഴിയുന്ന ചൂതപക്വങ്ങളെ—
ത്തെണ്ടിപ്പലവഴി മണ്ടിത്തിരിക്കയും
കുണ്ടിൽപ്പതിക്കയും ശുണ്ഠികടിക്കയും
മുണ്ടിൽ പെറുക്കി സ്വരൂപിച്ചു മാമ്പഴം
കണ്ടിച്ചു തമ്മിൽപ്പകുത്തു കൊടുക്കയും
കണ്ടിരിക്കുന്നവനണ്ടികൊണ്ടേറുകൾ—
കൊണ്ടു പൊറുക്കാഞ്ഞു ശണ്ഠയിട്ടും തടി—

കൊണ്ടുടൻ തങ്ങളിൽ താഡനംചെയ്കയും
കണ്ടകം കാൽകളിൽ കൊണ്ടുകേറിക്കിട—
ന്നിണ്ടൽപെടുന്നതു കണ്ടു ചിരിക്കയും
അണ്ടി ചപ്പിച്ചിലരങ്ങുമിങ്ങും വനേ
മണ്ടിക്കിതച്ചും മറിഞ്ഞുവീണും ചിലർ
നാലഞ്ചു മാമ്പഴം മുണ്ടിൽപ്പൊതിഞ്ഞൊരു
ബാലൻ പതുക്കെപ്പടലിലൊളിച്ചു വ—
ച്ചങ്ങൊരുദിക്കിൽ പഴം പെറുക്കീടുവാ—
നങ്ങോട്ടു മണ്ടിത്തിരിച്ചോരനന്തരം
കണ്ടങ്ങു നില്ക്കുന്ന മറെറാരു ബാലകൻ
മുണ്ടോടുകൂടവേ മാമ്പഴം മോഷ്ടിച്ചു
കൊണ്ടുപോന്നൊക്കവേ പൂളിബ്ഭുജിച്ചുടൻ
മുണ്ടിലങ്ങണ്ടി നിറച്ചു പൊതിഞ്ഞതു—
മുന്നമിരുന്ന പടലിലൊളിച്ചു വ—
ച്ചന്യദിക്കിന്നു തിരിച്ചു മണ്ടീടിനാൻ;
അപ്പോഠം നടേത്തവൻ[1] വന്നു തൻ മുണ്ടെടു—
ത്തപ്പാടു കൊണ്ടന്നു കെട്ടഴിച്ചീടിനാൻ,
മുണ്ടിന്നകത്തൊരു മാമ്പഴമില്ല പ—
ത്തണ്ടിയല്ലാതെ മറെറാന്നുമേ കാണാഞ്ഞു
ശുണ്ഠികടിച്ചു ശകാരം തുടങ്ങിനാൻ!
''ചണ്ടികളാരെൻെറ മാമ്പഴം കട്ടതു?
ചെണ്ടകൊട്ടിച്ചൊരു കള്ളൻെറ മുഞ്ഞിക്കു
രണ്ടു തൊഴിക്കാതടങ്ങുകില്ലിന്നു ഞാൻ
രണ്ടില്ല പക്ഷമീ ദുഷ്ടനെക്കൊണ്ടു ഞാ—
നണ്ടിചപ്പിക്കുന്നതുണ്ടു കണ്ടീടുവിൻ
അച്ഛനാണമ്മയാണെന്നെച്ചതിച്ചൊരു
കൊച്ചിനെത്തല്ലിപ്പതംവരുത്തീടുവൻ;''
''മോഷണം ചെയ്തവനാരെന്നറിയാതെ
ദൂഷണം ചൊല്ലുന്നതെന്തുതാനിങ്ങനെ?''
''ഇക്കണ്ട കശ്മലക്കുഞ്ഞുങ്ങളല്ലാതെ
തസ്കരർ മററാരുമല്ലെന്നു നിർണ്ണയം;''
''കട്ടില്ല ഞാനെന്നു കൈവിരൽ മുക്കു[2]വാ—
നൊട്ടും മടി നമുക്കില്ലെ''ന്നൊരു ശിശു;
''അങ്ങനെ ചൊന്നാൽ കണക്കല്ലെ വെള്ളത്തിൽ
മുങ്ങിവന്നെല്ലാരുമാണയിട്ടീടുവിൻ;''
''ഉള്ളത്തിലേതും വികല്പമില്ലാത്തവൻ

---

[1] നടേത്തവൻ = മുമ്പേത്തവൻ.

[2] കൈവിരൽ മുക്കുക = സത്യം തെളിയിക്കാൻ തിളപ്പിച്ച നെയ്യിൽ കൈ മുക്കുക. (മുൻകാലത്തു ശുചീന്ദ്രം ക്ഷേത്രത്തിൽ നടന്നുവന്ന സത്യ പരീക്ഷ).

വെള്ളത്തിൽ മുങ്ങുന്നതെന്തിനെ''ന്നും ചിലർ;
''തുമ്പു മടങ്ങുവാ[1] നീ ബാലവൃന്ദങ്ങൾ
വമ്പു പിടിക്കേണ[2] ''മെന്നങ്ങതിൽ ചിലർ;
''ഇച്ചെയ്ത മോഷണം ഞങ്ങളല്ലെന്നു ചെ–
ന്നച്ഛന്റെ തൃക്കാൽ പിടിച്ചു ചൊല്ലീടുവിൻ;''
''അണ്ടികൾ കൊണ്ടുചെന്നച്ഛനെക്കാട്ടുന്ന–
തുണ്ടു ഞാനപ്പോളറിയാമവസ്ഥകൾ
നിങ്ങളെത്താതൻ നിരക്കെപ്പിടിച്ചങ്ങു
ചങ്ങലക്കീഴാക്കുമെന്നറിഞ്ഞീടുവിൻ;
തങ്ങൾക്കു മാമ്പഴം തേടിപ്പെറുക്കുവാൻ
സംഗതികൂടാതെ സത്ഭാവമാർന്നഹോ
ചെങ്ങാതി കൊണ്ടന്ന മാമ്പഴം മോഷ്ടിച്ച–
നങ്ങാതെ തിന്നു മുടിക്കുന്ന മൂഢരേ!
നിങ്ങളെക്കുററം വരുത്തിപ്പുരത്തിൽ നി–
ന്നങ്ങിറക്കീടുന്നതുണ്ടു ഞാൻ കുണ്ഠരേ!''
''നില്ലെടാ! സത്ഭാവമേറും നിനക്കിട്ടു
തല്ലിടാനേതും കുറവില്ല ഞങ്ങൾക്കു
വല്ലാത്ത വാക്കു പറയുന്ന പാഴനെ
കൊല്ലാതെ കൊല്ലണമെന്നുണ്ടു ശാസ്ത്രവും.
ബാലനെന്നാകിലുമീവണ്ണമുള്ള ദു–
ശ്ശീലങ്ങൾ കാട്ടിപ്പറഞ്ഞുതുടങ്ങിയാൽ
തൈലവും തേപ്പിച്ചു കല്ലും ചുമപ്പിച്ചു
വെയ്ലത്തു നിർത്തിത്തടുക്ക[3] വേണം ദൃഢം;''
''ഉഗ്രപ്രതാപേന ലോകപ്രസിദ്ധനാ–
മുഗ്രസേനക്ഷോണിപാലന്റെ രാജ്യത്തിൽ
അഗ്രജൻമാരോടനുജൻ കലഹിച്ചു–
മഗ്രജൻ തമ്പിമാരോടു കലഹിച്ചും
അക്കണെക്കുള്ളോരു ധിക്കാരമിക്കാല–
മിക്കണ്ട നമ്മൾക്കു സംഭവിച്ചീടിനാൽ
വല്ലാത്ത കൂട്ടമീ യാദവൻമാരെന്ന–
തെല്ലാ ജനങ്ങളും ദൂഷണം ഘോഷിക്കും,
അല്ലാതിതിന്നൊരു കാര്യം വരുവതി–
നില്ല നമുക്കെന്നെറിവിൻ ശിശുക്കളേ!
നമ്മുടെ കൂട്ടത്തിലുള്ള പരിഷകൾ
തമ്മിൽ പിണങ്ങിത്തുടങ്ങുന്ന നേരത്തു

---

1. തുമ്പു മടങ്ങുവാൻ = (മോഷ്ടിച്ചെന്ന) വാദം പരാജയപ്പെടാൻ.
2. വമ്പു പിടിക്കണം = ഊററത്തോടെ ആണയിട്ടു തയ്യാറാകണം. ''കൈവിരൽ മുക്കാനുള്ള വമ്പുണ്ടാക്കികൊണ്ട്''—പഞ്ചതന്ത്രം.
3. തടുക്ക=തടഞ്ഞു നിർത്തുക.

മർമ്മങ്ങൾ നോക്കുന്ന ശത്രുക്കൾ വന്നിങ്ങു
ചെമ്മേ തലയിൽ കരേറീടുമൊക്കവേ;
ചേട്ടനെപ്പാട്ടിലാക്കിക്കൊണ്ടനുജനെ
കൂട്ടത്തിൽനിന്നു പുറത്തിറക്കും ചിലർ;
ചേട്ടനെക്കൊല്ലിപ്പതിന്നങ്ങനുജനെ
പാട്ടിലാക്കിക്കൊണ്ടു വന്നു കേറും ചിലർ;
മൂപ്പിലെസ്സേവിച്ചു നില്ക്കും ജനങ്ങളെ
തോല്പിക്കുമിപ്പോളിളമയും കൂട്ടരും
അങ്ങനെയുള്ളൊരു കാലങ്ങളിൽ നമു–
ക്കെങ്ങനെ നാട്ടിൽ പൊറുക്കേണ്ടു ബാലരേ!
തങ്ങളിൽ തങ്ങളിൽ താഡനം കൂട്ടുവാൻ
നിങ്ങൾക്കൊരു മടിയില്ലെന്നുവന്നൊരു
സംഗതിക്കിപ്പോളനർത്ഥങ്ങൾ മേല്പോട്ടു
തിങ്ങളിൽ[1] തിങ്ങളിലേറിയേറീടുമേ;
എന്നതുകൊണ്ടു പറഞ്ഞു കലഹിക്ക
നന്നല്ല നമ്മുടെ കൂട്ടത്തിലിങ്ങനെ
ലക്ഷ്മീസഹനായ നമ്മുടെ താതന്നു
ലക്ഷത്തറുപതിനായിരമെൺപതും
മക്കളുണ്ടായവർ തമ്മിൽ കലഹിച്ചു
വക്കാണമേല്ക്കുന്ന നേരമിദ്ദിക്കുകൾ
തെക്കും വടക്കും കിഴക്കും പടിഞ്ഞാറു–
മൊക്കെപ്പടനിലമായ്വരും നിശ്ചയം;
ഇക്കണ്ട യാദവൻമാർക്കും പ്രഭുക്കൾക്കു–
മിക്കാലമെത്രയും ദുഷ്ക്കാലമായ്വരും
അക്കണക്കാകുമ്പൊളുഗ്രനാമഗ്രജൻ
വിക്രമമേറും ബലഭദ്രരാമനി–
പ്രക്രമം കണ്ടു സഹിക്കാഞ്ഞു കോപിച്ചു
കണ്ണും ചുവപ്പിച്ചു ദണ്ഡും കലപ്പയും
തിണ്ണം കരത്തിലെടുത്തു പുറപ്പെട്ടു
മദ്യപാനംകൊണ്ടു മത്തനായുള്ളത്തി–
ലുദ്യോഗമേററം കിളർന്നു വളർന്നുടൻ
മക്കളെന്നുള്ള മമത്വം നിനയ്ക്കാതെ
വെക്കം തലയ്ക്കിട്ടു തല്ലിത്തകർത്തുകൊ–
ണ്ടൊക്കവേ സംഹരിച്ചീടും ശിശുക്കളേ!
നൽക്കുലദ്ധ്വംസം വരുത്തീടരുതെടോ!
മത്സരം കൂടാതിരുന്നാലുമന്യോന്യ–
വത്സലത്വം പൂണ്ടു വത്സരാണാം ശതം;
ചിത്സ്വരൂപാനന്ദമൂർത്തിയാം താതൻെറ
സൽസ്വരൂപം നിരൂപിച്ചു വന്ദിച്ചുകൊ–

---

[1] തിങ്ങൾ (തിങ്കൾ)=മാസം. തിങ്ങളിൽ തിങ്ങളിൽ=മാസംതോറും.

ണ്ടാരുമാരും പിണങ്ങാതെ യഥാസുഖം
ദ്വാരകാമന്ദിരം പ്രാപിച്ചുകൊൾകെടോ!
പോരും മദിച്ചതും മാമ്പഴം തിന്നതും
ചേരുന്നതെന്യേ തുടങ്ങാതടങ്ങുവിൻ.''*

മർമ്മതാളം

ഇത്തരമതിലറിവുള്ളവർ ചിലർ വന്നു പറഞ്ഞൊരുനേരം
ഉത്തരമുരചെയ്തു ശിശുക്കളുമുത്തമമിദമതിധീരം
സത്വരതരമടവിതടങ്ങളിലവിരളകളകളഘോഷം
ചിത്തകമലമതിസുഖരസമൊടു ചിരമുരുതരപരിതോഷം
കലകളുമഥ പുലികളുമാനകൾ പന്നികൾ ചെന്നായ്ക്കൂട്ടം
മലകളിലിഹ മഹിഷസമൂഹവുമനവധി വനമൃഗജാലം
പലവക ചിലമയിലുകൾകുയിലുകൾ മുയലുകളെന്നിവ സകലം
നലമൊടു വിളയാടുക പാടുക ചാടുക പാടവമോടേ
സംഭൃതബലമുടയൊരു കേസരി സരഭസമോടിയടുത്തു
കുംഭികളുടെ കുംഭതടങ്ങളിടിച്ചുപൊടിച്ചു തകർത്തും
ജൃംഭിതകടുകണ്ഠരവത്തൊടുമുടനഥ ചോര കുടിച്ചും
സംഭ്രമമൊടു സകല മൃഗങ്ങടെ സംഘമതൊക്കെ മുടിച്ചും
ഇങ്ങനെ ബഹുകലശലിയന്നൊരു കാടുകൾ കണ്ടു രസിച്ചും
തിങ്ങിന വനവല്ലിഗൃഹത്തിലകത്തു കടന്നു വസിച്ചും
തങ്ങളിലതിഹിതമൊടു പലപല വാക്കുപറഞ്ഞു ഹസിച്ചും
ഭംഗി പെരിയ ഹരിസുതരമ്പൊടു വനഭുവി വടിവിൽ നടന്നു
രണ്ടു ഹരികുമാരൻമാരഥ കുഹചന ചെന്നൊരു സമയേ
കണ്ടു പെരിയ കൂപവുമവിടെക്കണ്ടിതു കൗതുകമോടേ
കണ്ടകശതമുള്ളൊരു വള്ളികൾ പുല്ലുകളെന്നിവയാലേ
കണ്ടറിവതിനതി വൈഷമ്യമതെങ്കിലുമായവർ കണ്ടു
കണ്ടറിവതിനതി കുതുകേന കുനിഞ്ഞഥ നോക്കുന്നേരം
കുണ്ഠിതമൊടു കുണ്ടിലരണ്ടു വിരണ്ടു വിശന്നു തളർന്നും
മണ്ടി നടന്നൊട്ടു കിടന്നുമുരുണ്ടുപിരണ്ടു വരണ്ടും
രണ്ടുകരവുമാശു കുഴഞ്ഞുമിഴഞ്ഞുമൊരാകൃതികണ്ടു;
''എന്തൊരു മുതുജന്തുവിതിങ്ങനെ വന്നു കിണററിൽ ചാടി!
എന്തിതിനു ഭുജിപ്പതിനിതിലിഹ തുള്ളി ജലം പുനരില്ലാ
ഹന്ത!വലിയൊരോന്തുകണക്കിനെ തോന്നുമൊരാകൃതി കണ്ടാൽ
അന്തരമിഹനഹിനഹിശിവശിവ! ജന്തുവിനെന്തൊരു ശരണം!

കാരികതാളം

ഇതിനുടെ ദുരിതം ബത വിധിയുടെ ചരിതം
ഗതി പുനരിവനെന്തിഹ ഗതമിവനഖിലം
പാപമിതെന്തിങ്ങനെ കൂപനിപാതം

---

* 'ചേരുന്നതെന്യേ തുടങ്ങാതിരിക്കുവിൻ'—പാഠാന്തരം.

താപസകൃതമാകിന ശാപമിതോവാൻ!
ആപദി പതിതം പരിതാപവുമധികം
കൂപമതിൽ പരവശമെന്തൊരു കഷ്ടം!
മാററിയെ വിരവൊടു കരകേററി വിടുന്നതു ബഹു–
നേററി[1] നമുക്കിതിനിഹ സംഗതിവരുമോ?
നൂറെറട്ടേകാദശി നോററവനുടെ ഫലമതി–
ലേററം ഫലമിതിനെക്കേററിയയച്ചാൽ;
നന്ദജതനയൻമാരനവധിജനമുള്ളതി–
നൊന്നിനുമൊരു കൃപയില്ലെന്നുവരാമോ?
‘തിന്നു മുടിപ്പതിനൊരു വൃന്ദമിതയ്യോ! ഭുവി–
വന്നുപിറന്നാരതി മന്ദജളൻമാർ;’
എന്നൊരു പരിഹാസവുമിന്നിഹ വരുമായതിൽ–
നിന്നൊരു നയഹാനി നമുക്കുടനുളവാം
മന്ദത പെരുകീടിന നന്ദതനയസന്തതി
നിന്ദയ്ക്കൊരു ഭാജനമെന്നേക്കു മഹോ!
നമ്മുടെ കൂട്ടത്തിനഹമ്മതിയുണ്ടെന്നതു
സമ്മതമിപ്പോളതി ദുർമ്മദമൂലം
ധർമ്മമതെന്തെന്നുമധർമ്മമതെന്തെന്നുമൊ–
രിരുവകയില്ലാത്തവനെ[2]ന്തിനു കൊള്ളാം*
പട്ടിണിയിട്ടങ്ങനെ പൊട്ട കിണററിൽ ബത
പെട്ടു വലഞ്ഞീടുകൊരോന്തിനെ വെക്കം
കെട്ടിക്കരകേററുകിലൊട്ടല്ലിഹ നമ്മുടെ
കൂട്ടത്തിനു ഗുണമതു ചേട്ടനറിഞ്ഞോ!’’
ഇത്തരമുരചെയ്തുടനുത്തമപുരുഷാത്മജ–
സത്തുകളവരൊക്കെയുമെത്തി നിരന്നു
സത്വരമവരോന്തിനെയിങ്ങു കരേററുവതി–
ന്നൊത്തു പ്രയത്നവുമുടനത്ര തുടങ്ങീ.

രണ്ടുനാലുണ്ണികൾകൂടിപ്പതുക്കവേ
മുണ്ടുകൾ കൊണ്ടുവന്നേച്ചു കെട്ടിക്കരം–
കൊണ്ടു പിടിച്ചങ്ങു കുണ്ടുകൂപംതന്നി–
ലിണ്ടൽപൂണ്ടേററം വിരണ്ടീടുമോന്തിനെ
കുണ്ടിൽനിന്നാശു കരേററുവാനാഗ്രഹം–
കൊണ്ടു വളരെ പ്രയത്നങ്ങൾ ചെയ്തതു–
കൊണ്ടും ഫലിക്കാഞ്ഞു കുഞ്ഞുങ്ങളൊക്കവേ
കുണ്ഠിതം പൂണ്ടങ്ങു മാറത്തടിച്ചു വൈ–

---

[1] നേററി = നേരായ കർമ്മം.
[2] ഇരുവകയില്ലാത്തവൻ (ശൈലി) = (ധർമ്മാധർമ്മങ്ങൾ എന്ന) രണ്ടിനെ വകതിരിച്ചറിയാത്തവൻ.
* ‘ഇടവലതില്ലാത്തവനെന്തിനുകൊള്ളാം’—പാഠാന്തരം.

കുണ്ഠനാമച്ഛനെച്ചെന്നു തൊഴുതു നി–
ന്നുണ്ടായ വാർത്തകളെല്ലാമുണർത്തിച്ചു:
''രണ്ടായിരം കുമാരൻമാരടിയങ്ങൾ
പണ്ടാരുമിങ്ങനെ ചെല്ലാത്ത വല്ലാത്ത
കണ്ടകക്കാട്ടിലകംപുക്ക നേരത്തു
കണ്ടൊരു വിസ്മയം കേട്ടരുളീടേണം;
ഇണ്ടൽപൂണ്ടേററം വിശന്നു തളർന്നൊരു
കുണ്ടുകൂപത്തിൽ കിടന്നങ്ങുഴലുന്ന–
തുണ്ടൊരു ജന്തുതാനെന്തുചെയ്യാമഹോ!
കണ്ടാലൊരോന്തെന്നു തോന്നുന്നു ഞങ്ങളാ–
പ്പണ്ടത്തെയിങ്ങു കരേററുവാനാഗ്രഹം–
കൊണ്ടത്ര ദണ്ഡിച്ചു പൊണ്ണത്തടിയൻെറ
കണ്ഠത്തിലേല്പിച്ച പാശം കടിച്ചങ്ങു
കണ്ടിച്ചു മണ്ടിത്തിരിച്ചു മഹാശഠൻ;
കേട്ടുപോയെന്നാകിലന്നങ്ങൊരേടത്തു–
മൂട്ടിലും വീട്ടിലും ചോർ കിട്ടുകില്ലഹോ!
കാട്ടിലെങ്ങാനുമപ്പൊട്ടക്കിണററിൻെറ
ചോട്ടിൽക്കിടക്കും വരട്ടോന്തിനെച്ചെന്നു
കെട്ടിക്കരേററുവാൻ മുട്ടിച്ചു ദണ്ഡിച്ച
കുട്ടികൾക്കും വന്നുതട്ടി മാററിത്തവും;
പട്ടിണിയിട്ടുകൊണ്ടൊട്ടുനേരം പണി–
പ്പെട്ടതും പാഴിലായൊട്ടല്ല സങ്കടം
കഷ്ടമിക്കൂട്ടത്തിനൊട്ടും വരേണ്ടത–
ല്ലിഷ്ടം ലഭിക്കാതെ പെട്ടെന്നു പോന്നതും''
''ദുഷ്ടകർമ്മങ്ങളെ പൂർവജൻമങ്ങളിൽ
പെട്ടെന്നു ചെയ്കകൊണ്ടിജ്ജൻമമിങ്ങനെ
പൊട്ടക്കിണററിൽ പതിച്ചു മഹാപാപി
കഷ്ടമല്ലെന്നു വരുത്തിവയ്ക്കാമിദം;
കട്ടും കവർന്നും മഹാ നീചജാതിയെ–
ത്തൊട്ടും തുടർന്നും നടന്നോരു ദുർഭഗൻ
കഷ്ടിച്ചു കൃത്യംകഴിക്കും കുടുംബികൾ–
ക്കഷ്ടി മുടക്കിപ്പിടിച്ചു ബന്ധിക്കയും
പുഷ്ടിയേറീടുന്ന രാജ്യങ്ങളൊക്കവേ
നഷ്ടി പിടിപ്പിച്ചു നാടു മുടിക്കയും
താന്തോന്നിയായി നടന്നോരു ജീവനി–
ന്നോന്തായി വന്നു കിണററിൽ പതിച്ചതും
എന്തോന്നു ചെയ്യാം നമുക്കിന്നു മൂഢൻെറ
സന്താപമോർത്താലൊഴിക്കാവതല്ലഹോ!

താൻചെയ്ത സത്ക്കർമ്മദുഷ്ക്കർമ്മമൊക്കവേ
താൻതാനനുഭവിക്കെന്നേ വരൂ ദൃഢം
കാന്താരകൂപേ കിടന്നു കാലാന്തരേ
ശാന്താഘനാ[1] യെങ്കിലീശ്വരാനുഗ്രഹാൽ
ശാന്തനായിത്തിരിച്ചിങ്ങു പോരാമുടൻ;''
ഇപ്രകാരമരുൾചെയ്തു മുകിൽവർണ്ണ—
നപ്രദേശത്തേക്കെഴുന്നള്ളി മെല്ലവേ.
അപ്പൊഴുതങ്ങു നൃഗക്ഷോണിപാലൻെറ
വിപ്രശാപാഗ്നി ശമിപ്പാനടുക്കയാൽ
ശ്രീപത്മനാഭനും മക്കളും കൂടവേ
കൂപത്തിനന്തികേ ചെന്നോരനന്തരം
കണ്ടാലുമച്ഛനെന്നീവണ്ണമുണ്ണികൾ
കാണിച്ചു പാണികൾകൊണ്ടു പതുക്കവെ;
ചിത്ക്കാതലായുള്ള വാസുദേവൻ വലം
തൃക്കൈ കീഴ്പോട്ടങ്ങു നീട്ടി വിളിച്ചിതു;
പൊക്കത്തിലാമ്മാറു ചാടിവീണീടിനാ—
നക്കൃകലാസവും തൃക്കൈ തൊടുംവിധൗ
ഓന്തുരൂപം വെടിഞ്ഞെത്രയും നല്ലൊരു
കാന്തിപ്രഭാവപ്രകാശം വിളങ്ങുന്ന
രാജസ്വരൂപം ധരിച്ചുനിന്നീടിനാ—
നാജാനുബാഹു ക്ഷ്മാവല്ലഭൻ നൃഗൻ,
പത്തരമാററുള്ള തങ്കത്തിനൊക്കുന്ന
തത്തദംഗങ്ങൾക്കു ചേരുന്ന കോപ്പുകൾ
പൊന്നുംകിരീടം കടകം തരിവള
മിന്നും മണിശ്രേണി സൽ കുണ്ഡലങ്ങളും
വീരവാളിപ്പട്ടുടുത്തു കടീതടേ—
ചേരുന്ന പൊന്നരഞ്ഞാണങ്ങളങ്ങനെ
ഹാരങ്ങൾ മാർവിടംതന്നിൽ പതക്കവും
സാരങ്ങളാകും പവിഴദാമങ്ങളും
യത്നങ്ങൾ കൂടാതെ സംഭവിക്കും ദിവ്യ—
രത്നങ്ങൾകൊണ്ടുള്ള മാലാശതങ്ങളും
മാണിക്യവൈഡൂര്യവജ്രാദിയോഗേന
പാണിക്കു ചേരുന്ന ഭൂഷാവിശേഷവും
വിപ്രശാപത്തിൻെറ മോക്ഷം ലഭിക്കയാ—
ലിപ്രകാരം പ്രകാശിച്ചു ഭൂപാലകൻ;
അച്യുതസ്വാമിയെച്ചെന്നു പ്രദക്ഷിണം—
വച്ചു വണങ്ങി സ്തുതിച്ചു തുടങ്ങിനാൻ;

---

[1] ശാന്താഘൻ=അഘ (പാപ) ത്തിനു ശാന്തി വന്നവൻ; പാപശാന്തി വന്നവൻ.

കാനക്കുറിഞ്ഞിരാഗത്തോടിടചേർത്തു
ഗാനംതുടങ്ങി മടങ്ങാതെ മന്നവൻ!

കാനക്കുറിഞ്ഞി—ചായ്പ്*

ആനന്ദമൂർത്തേ! കൃപാവാരിധേ! വിഭോ!
ഗോപാലഗോവിന്ദ ശൗരേ! നമോസ്തുതേ!
ഈരേഴുലകെന്നു പേരാം മരത്തിന്റെ
നാരായവേരായ നാരായണാ! ഹരേ!
പേരായിരം തനിക്കുള്ളോരു നീ പണ്ടു
പേരാലിലയിൽ ശയിച്ചീലയോ? ചിരം
പാരായവൻകടൽപേരായ സംസാര—
കാരാഗൃഹത്തിൽ കിടക്കും മനുഷ്യരെ
പാരാതെ ബന്ധനം വേർപെടുക്കും ഭവാ—
നാരാധനം മാത്രമൊന്നു ചെയ്തീടിനാൽ
നേരായവണ്ണം ഭവൽസ്വരൂപം കനി—
ഞ്ഞോരായ്കകൊണ്ടുള്ള പോരായ്കകാരണം
ഘോരമാം ദുഃഖമുണ്ടാകുന്നു ഞങ്ങൾക്കു
സാരമാം ഭക്തിവിശ്വാസമില്ലായ്കയാൽ; (ആനന്ദമൂർത്തേ!)
പണ്ടു ഹയഗ്രീവനെന്നൊരു ദൈത്യേന്ദ്ര—
നുണ്ടായിപോലും മഹാപാപി കശ്മലൻ
വണ്ടുകണക്കെ കറുത്തൊരു വിഗ്രഹം
കണ്ടു പേടിച്ചു വിറയ്ക്കുന്നു ദേവകൾ
വിണ്ണവർനാടും പിടിച്ചടക്കി നല്ല
പെണ്ണുങ്ങളേയും കരസ്ഥമാക്കിശ്ശഠൻ
പുണ്ഡരീകോദ്ഭവൻ വാണരുളീടുന്ന
പുണ്യസ്ഥലത്തേക്കു ചെന്നാനൊരുദിനം
കണ്ണുമടച്ചു വസിക്കും വിരിഞ്ചനെ—
ക്കണ്ടൊരു കണ്ടകൻ മിണ്ടാതെ ചെന്നുടൻ
നാലു മുഖങ്ങളിൽ നിന്നു പതുക്കവേ
നാലുവേദങ്ങളും മോഷ്ടിച്ചു മണ്ടിനാൻ
ദീനാനുകമ്പി ഭവാനതുകാരണം
മീനായ്പിറന്നങ്ങവന്റെ കളേബരം
ഭേദിച്ചു നിഗ്രഹംചെയ്തു വിരിഞ്ചനും
വേദങ്ങൾകൊണ്ടുപോന്നാശു നല്കീലയോ?
(ആനന്ദമൂർത്തേ!)

---

* 'ആനന്ദമൂർത്തേ!......നമോസ്തുതേ!'—എന്ന ഈരടി കാനക്കുറിഞ്ഞിരാഗം ചായ്പുതാളത്തിൽ പല്ലവി പാടുകയും, സ്തുതിപ്പിലെ തുടർന്നുള്ള ശീലുകൾ മുറപോലെ ശീതങ്കനിൽ തുള്ളുകയും അതിനിടയ്ക്കു സന്ദർഭോചിതം പല്ലവി പാടി കലാശിച്ചുകൊണ്ടിരിക്കുകയും വേണം. ''കുനക്കുറിഞ്ഞിരാഗത്തോടിടചേർത്തു ഗാനം തുടങ്ങി''—എന്നിങ്ങനെ ഇതിന്റെ രംഗപ്രയോഗരീതി നമ്പിയാർതന്നെ നിർദ്ദേശിച്ചിരിക്കുന്നതു ശ്രദ്ധിക്കുക.

വാസുദേവാ! ഭവാൻ പാലാഴിയിൽ പണ്ടു
വാസുകിയെപ്പാശമാക്കി ബന്ധിച്ചുടൻ
മന്ദരപർവതം മന്ഥമാക്കിക്കൊണ്ടു
മന്ദേതരം ദേവദൈത്യവർഗങ്ങളെ
രണ്ടുവശത്താക്കി നിർത്തി ഗിരീന്ദ്രനെ–
ക്കൊണ്ടു സമുദ്രം കലക്കിച്ച നേരത്തു
താണു ഗമിച്ചോരു മന്ദരം താങ്ങുവാൻ
താനൊരു കൂർമ്മസ്വരൂപം ധരിച്ചാശു
കർക്കശമാകിന പൃഷ്ഠാസ്ഥികൊണ്ടദ്രി
പൊക്കിനിർത്തീലയോ ചക്രപാണേ! ഭവാൻ!
(ആനന്ദമൂർത്തേ!)

ധാത്രിയെക്കട്ടൊരു ദുഷ്ടാസുരേന്ദ്രനെ
പോത്രിയായ്ചെന്നു വധിച്ചീലയോ ഭവാൻ!
സ്വർല്ലോകഭൂലോകപാതാളലോകങ്ങ–
ളെല്ലാം മുടിക്കും ഹിരണ്യകശിപുവെ
സംഹരിച്ചീടുവാൻ ഘോരഘോരം നര–
സിംഹാകൃതി പൂണ്ടു വൈകുണ്ഠനാം ഭവാൻ
സിംഹനാദംകൊണ്ടു വിശ്വം മുഴക്കിച്ചു
രംഹസാ ദുഷ്ടനെ ചെന്നു പിടിപെട്ടു
താഡിച്ചു തൻമടിതന്നിൽ പതിപ്പിച്ചു
പേടിച്ചു പാരം വിറയ്ക്കുന്ന മൂഢന്റെ
മാർവിടം കുത്തിപ്പിളർന്നു കടുംചോര
കോരിക്കുടിച്ചു മദിച്ചീലയോ ഭവാൻ! (ആനന്ദമൂർത്തേ!)

ഉണ്ണിയായ്ച്ചെന്നു മഹാബലിതന്നോടു
മണ്ണിൽ കുറഞ്ഞൊന്നിരന്നു മേടിച്ചുടൻ
അപ്പാടു നിന്നു വളർന്നു ജഗത്ത്രയം
അപ്പാ! സമസ്തം ഹരിച്ചീലയോ ഭവാൻ!
പിന്നെപ്പരശുരാമാഖ്യനായ്‌വന്നുടൻ
മന്നിൽ പിറന്നു വളർന്നു പതുക്കവേ
കാർത്തവീര്യാർജ്ജുനനാദിയായുള്ളൊരു
പാർത്ഥിവൻമാരെക്കുഠാരമാമഗ്നിയിൽ
മൂവേഴുവട്ടമായ് ചുട്ടെരിച്ചീലയോ
സർവേശനായുള്ള വാസുദേവാ ഭവാൻ! (ആനന്ദമൂർത്തേ!)

സൂര്യവംശത്തിങ്കൽ വന്നു പിറന്നഥ
ശ്രീരാമഭദ്രനാമപ്രമേയൻ ഭവാൻ
ഭാര്യാപഹാരിയായീടുന്ന രാവണ–
വീര്യവാനെക്കൊലചെയ്തീലയോഭവാൻ! (ആനന്ദമൂർത്തേ!)

ഇത്തരമുള്ള പരമാർത്ഥമൊക്കവേ
ചിത്തരംഗത്തിൽ പ്രകാശിച്ചു മേ വിഭോ!

സത്വരം നമ്മുടെ വിപ്രശാപത്തിന്റെ
വിസ്‌തരം കേട്ടരുളേണം ദയാനിധേ!
എത്രയും പണ്ടുപണ്ടുണ്ടായ വൃത്താന്ത–
മത്രമാത്രം ചുരുക്കിക്കഥിക്കാമഹം:
മന്നിടംതന്നിൽ നൃഗനെന്നു പേരായ
മന്നവൻ ഞാൻ പുരാ നാടു വാണീടിനേൻ
ധർമ്മശാസ്‌ത്രങ്ങളിൽ ചൊല്ലിക്കിടക്കുന്ന
ധർമ്മങ്ങളൊക്കവേ ചെയ്‌തു ഞാനാദരാൽ
ശർമ്മം മനുഷ്യർക്കു സംഭവിപ്പാനുള്ള
കർമ്മങ്ങളെല്ലാം മുടങ്ങാതെ ചെയ്‌തു ഞാൻ
ഗോദാനഭൂദാനവസ്‌ത്രദാനങ്ങളും
മോദാനുകൂലമായന്നദാനങ്ങളും
സ്വർണ്ണവും വെള്ളിയും രാശിയും ചക്രവും
വർണ്ണാനുരൂപം[1] വളരെക്കൊടുത്തു ഞാൻ
നാട്ടിൽ പല പല കോട്ടിൽ കിടക്കുന്ന
കാട്ടുമുക്കാൽവട്ട[2] മൊക്കെപ്പണിയിച്ചു
അയ്യഞ്ചു പൂജയും പാൽപ്പായസങ്ങളും
നെയ്യും നിറച്ചുള്ള ദീപവും മാലയും
തിങ്ങളിലയ്യഞ്ചു ഘോഷിച്ചു സദ്യയും
ചിങ്ങമാസത്തിൽ തിരുവോണപൂജയും
കുംഭമാസത്തിൽ കൊടിയേററുമീവണ്ണ–
മമ്പലംതോറും തുടങ്ങിച്ചു ഞാൻ പുരാ
ഉച്ചയ്‌ക്കുമന്തിക്കുമെത്തും ദ്വിജൻമാർക്കു
വച്ചുവിളമ്പുവാനണ്ണാവിമാരെയും
കല്‌പിച്ചു നല്ല ഭരിപ്പുകാരൻമാരെ
ഒപ്പിച്ചുകൊള്ളേണമൂട്ടുള്ളവിടത്തിൽ
ഇച്‌ഛയ്‌ക്കു ചേരും കറി നാലുമങ്ങനെ
പച്ചടിച്ചാറും പരിപ്പുമങ്ങോലോല–
നുപ്പേരി താളകം കൂട്ടുകറികളും
വേപ്പിലക്കട്ടിയും മാങ്ങ നാരങ്ങയും
ഉപ്പും മുളകും കണക്കിനു ചേർക്കാതെ
കൈയ്‌പുണ്യമില്ലാത്ത വിപ്രരെക്കൊണ്ടു മ–
ടപ്പള്ളി വയ്‌പിക്കരുതെന്നു കല്‌പന
കല്‌പിച്ചുവച്ചങ്ങുകൊണ്ടേനടിയനും
അർദ്‌ധരാത്രിക്കു വരുന്നവർക്കത്താഴ–
മൂർദ്‌ധ്വമാക്കീടരുതെന്നുമുറപ്പിച്ചു

---

[1] വർണ്ണാനുരൂപം = ജാതിമുറയനുസരിച്ച്‌.

[2] കാട്ടുമുക്കാൽവട്ടം = ജീർണ്ണിച്ചു കാടു കേറി കിടക്കുന്ന ക്‌ഷേത്രം. മുക്കാൽവട്ടം = ക്‌ഷേത്രം.

നിർദ്ധനൻമാരുടെ വീടും കുടുംബവും
വർദ്ധനചെയ്തങ്ങു നാടു രക്ഷിച്ചു ഞാൻ
വസ്ത്രമില്ലാത്തോർക്കു വസ്ത്രം കൊടുക്കയും
ഛത്രമില്ലാത്തോർക്കു ഛത്രം കൊടുക്കയും
ശാസ്ത്രമില്ലാത്തോർക്കു ശാസ്ത്രമുണ്ടാക്കുവാൻ
ശാസ്ത്രിപട്ടൻമാർ പലരെ വരുത്തി ഞാൻ

അഗ്രഹാരങ്ങളും തീർത്തു കൊടുത്തവർ—
ക്കാഗ്രഹമെല്ലാമറിഞ്ഞു നല്കീടിനേൻ

നാട്ടിലിരുന്നു പൊറുക്കും പ്രജകളെ
പാട്ടിലാക്കിക്കൊണ്ടു പാലനം ചെയ്കയാൽ
വീട്ടിൽ പരാധീനമാർക്കുമില്ലാ കടം—
വീട്ടിച്ചുകൊള്ളുന്നു വിത്തം കൊടുത്തു ഞാൻ

വിത്തുകൂലിക്കു വകയില്ലയെങ്കിൽ കൊ—
ടുത്തു വാഴിക്കുമാക്കണ്ടങ്ങളൊക്കവേ
വിത്തിരട്ടിപ്പാട്ടം നെല്ലുമളപ്പിക്കു—
മിത്തരം നമ്മുടെ രാജ്യരക്ഷാവിധം;

ചുങ്കപ്പണം വേണ്ട മുപ്പറയും വേണ്ട
കിങ്കരൻമാർക്കൊരു കാശും കൊടുക്കേണ്ട
മങ്കമാർവീട്ടിൽ ഭടൻമാരകംപുക്കു
ശങ്കകൂടാതെ ശകാരിച്ചുവെങ്കിലോ

ആരോഹണത്തേലവരെക്കരേററുവാ—
നാരോടുമൊന്നും വിചാരിക്കയില്ല ഞാൻ

നെല്ലും പണവും സ്വരൂപിച്ചുവച്ചുകൊ—
ണ്ടില്ലത്തിരിക്കുന്ന വിപ്രൻ വഴിപോക്കർ—
മെല്ലെന്നുവന്നുകേറുമ്പോൾ തരിമ്പു ചോ—
റില്ലെന്നു ചൊല്ലുകില്ലെന്നല്ല നല്ലൊരു—
സല്ലാപമോടേ സമസ്തസമ്മാനങ്ങ—
ളെല്ലാമനുഷ്ഠിക്കുമക്കാലമിങ്ങനെ
നെല്ലും വിലയുണ്ടു കൊള്ളുന്നവർക്കൊരു
തെല്ലും കെടുകാര്യമില്ലെന്നു നിർണ്ണയം
നെല്ലു വില കുറച്ചങ്ങു വിററീടിനാൽ
കൊല്ലുമിത്തമ്പുരാനെന്നുള്ള ഭീതികൊ—
ണ്ടെല്ലാജനങ്ങളും നേർവഴിയല്ലാത്ത
വല്ലാത്ത മാർഗം തുടങ്ങുമാറില്ലഹോ!
കണ്ടാലഴകുള്ള പെണ്ണുങ്ങളെച്ചെന്നു
കണ്ടാൽ കൊതിക്കുന്ന കശ്മലൻമാർ ചില—
രുണ്ടായ് വരുമതുകൊണ്ടൊരു വൈഷമ്യ—
മുണ്ടാകയില്ലെന്നു കണ്ടുകൊൾക ഭവാൻ

വേണ്ടാസനം മനക്കാമ്പിലുണ്ടെങ്കിലും
മിണ്ടാനെളുതല്ലവരോടൊരിക്കലും
രണ്ടു കരത്തിലും വാളും പരിചയും
കൊണ്ടുനടക്കുന്ന കിങ്കരൻമാർകളെ—
ക്കണ്ടു ഭയപ്പെട്ടു മുണ്ടിൻെറ സംസാര[1]—
മുണ്ടാകയില്ലതുകൊണ്ടും മഹാസുഖം.
പത്തുമാറും മഹാദാനങ്ങൾ ചെയ്തു ഞാൻ
സത്തുക്കൾക്കേററം പ്രസാദം വരുത്തിനേൻ
ക്ഷേത്രങ്ങൾ വെൺമാടമാക്കിപ്പണിയിച്ചു
പാത്രങ്ങൾ വേണ്ടുംവിധങ്ങളിലുണ്ടാക്കി
സത്രം തുടങ്ങിച്ചു സർവഭൂമണ്ഡലേ
സത്രാശനൻമാർക്കു യാഗങ്ങൾ ചെയ്തു ഞാൻ
ദുർജനത്തെ ദൂരെയാട്ടിക്കളഞ്ഞു ഞാൻ
സജ്ജനത്തെസ്സമീപത്തു വരുത്തി ഞാൻ
ഇജ്ജനം ചെയ്ത കാര്യങ്ങൾക്കു കാർത്തവീ—
ര്യാർജ്ജുനൻപോലും ശരിയല്ല മാധവ!
അങ്ങനെ നാം പണ്ടു നാടുവാഴുന്ന നാ—
ളെങ്ങുമൊരുത്തർക്കുമല്ലലില്ലേതുമേ
കള്ളുകുടിക്കുന്ന കശ്മലൻമാരില്ല
ഭള്ളു നടിക്കും ഭടക്കൂട്ടവുമില്ല
കട്ടുമുടിക്കുന്ന കശ്മലൻമാരില്ല
ദുഷ്ടരെപ്പോററുന്ന ദുർമ്മുഖൻമാരില്ല
തള്ളയ്ക്കു തിമ്മാൻ കൊടുക്കാതെ തന്നുടെ
പള്ളയ്ക്കു പുഷ്ടി വരുത്തുന്നവരില്ല
ഉള്ളത്തിലുൻമേഷമില്ലാത്തവരില്ല
വെള്ളത്തിൽ മൂത്രം പൊഴിക്കുന്നവരില്ല
കള്ളനെന്നുള്ളൊരു നാമങ്ങളുമില്ല
മുള്ളനെന്നുള്ളൊരു സംസാരവുമില്ല
തൂക്കുപുകയില പാക്കും നിനച്ചു തൻ—
തോക്കും പണയത്തിലാക്കുന്നവരില്ല
ആർക്കും സഹിക്കാത്ത വാക്കും പലവിധം
ഭോഷ്ക്കും പറഞ്ഞു നടക്കുന്നവരില്ല
ഓർക്കുന്നനേരം വെറുക്കുന്ന ദുഷ്കൃതി
തീർക്കുന്ന ദുഷ്കവിവൃന്ദങ്ങളുമില്ല
നേർക്കുന്ന വൈരിയോടേല്ക്കുന്നനേരത്തു
തോല്ക്കുന്ന തൊണ്ടപ്രഭുക്കളുമന്നില്ല
നാക്കിന്നു നല്ലതു താൻതന്നെ ഭക്ഷിച്ചു—

---

[1] മുണ്ടിൻെറ സംസാരം=പുടവകൊടയുടെ സംസാരം (സംബന്ധം തുടങ്ങുന്നതിനെപ്പററി വർത്തമാനം.)

പാർക്കും മഹാപാപിമാനുഷൻമാരില്ല
ഗോക്കളെ വിററു ലഭിക്കും പണത്തിന്നു
ശാക്കളെക്കൊണ്ടു വളർക്കുന്നവരില്ല
തക്രവും പാലും വിലകുറച്ചങ്ങനെ
വിക്രയംചെയ്യും നിരീശ്വരൻമാരില്ല
വക്രം പറഞ്ഞു ചതിച്ചുകൊണ്ടഞ്ചാറു
ചക്രമെന്നാകിലും വാങ്ങുന്നവരില്ല
നാരിയെച്ചൊല്ലി സമസ്‌തം മുടിക്കുന്ന
കാരിയക്കാരെന്നു പേരുള്ളവരില്ല
വൈരിയെപ്പേടിച്ചൊളിച്ചു നടക്കുന്ന
ഭീരുക്കളാകും ഭടൻമാരുമന്നില്ല
വിപ്രരെക്കണ്ടാലെഴുന്നേററു നില്‌ക്കാത്ത
ദുഷ്‌പ്രഭുക്കൻമാരൊരേടത്തുമന്നില്ല*
കെട്ടിത്തലയ്‌ക്കൽ പണംവച്ചുകൊണ്ടുതാ—
നഷ്‌ടിക്കിരന്നു നടക്കുന്നവരില്ല
മററുമുള്ളോർക്കൊരു വററും കൊടുക്കാതെ
കൊററും കഴിച്ചു തിരിക്കുന്നവരില്ല
പെററു വളർത്ത മാതാവിൻെറ കോപ്പുകൾ
വിററു കളത്രം പുലർത്തുന്നവരില്ല
അച്ചിയെച്ചെന്നു തരംകെടുത്തീടുന്ന
നിച്ചിരിയൻമാരുമാരുമില്ലക്കാലം
അച്ച്യുതശ്രീപാദപത്‌മേ മനസ്‌സുറ—
പ്പിച്ചു ഭജിക്കാത്ത നീരസൻമാരില്ല
ഇപ്രകാരേണ ഞാൻ നാടു രക്‌ഷിച്ചുകൊ—
ണ്ടുൾപ്രമോദേന വാണീടുന്ന കാലത്തു
വിപ്രശാപത്തിനു സംഗതി വന്നുപോ—
യപ്രസംഗത്തെപ്പറയുന്നതുണ്ടു ഞാൻ.
ഉത്തമബ്രാഹ്‌മണൻമാരെ ക്‌ഷണിച്ചു മൽ—
പത്തനംതന്നിൽ വരുത്തിദ്‌ദിനേ ദിനേ
ഭക്‌ത്യാ പദാംബുജക്‌ഷാളനം ചെയ്‌തു ഞാൻ
ഭക്‌ത്യാ മനഃപ്രീതിയുണ്ടാക്കി മെല്ലവേ
പത്തുസഹസ്രം പശുക്കളെക്കൊണ്ടന്നു
പത്തരമാററുള്ള കാഞ്ചനംകൊണ്ടുടൻ
കൊമ്പുകൾ രണ്ടും കുളമ്പു നാലും പൊതി—
ഞ്ഞിമ്പമോടേ പശുദാനം തുടങ്ങിനേൻ
അമ്പതും നൂറും പശുക്കളെ പ്രത്യേക—
മൻപോടു മേടിച്ചനുഗ്രഹിച്ചാദരാൽ
സമ്പന്നമോദം നിജാഗ്രഹാരങ്ങളെ

---

* 'ദുഷ്‌പ്രഭുക്കൻമാരൊരുത്തരുമില്ല'—പാഠാന്തരം.

സംപ്രാപ്യ മേവുന്ന ഭൂസുരൻമാരവർ
നിത്യവുമിത്ഥം മുടങ്ങാതെ ഗോദാന—
കൃത്യം വഴിപോലെ ചെയ്തുപോരും വിധൗ
ഏകദ്വിജേന്ദ്രന്നു ദത്തയായ പശു
വേഗേന പോന്നിങ്ങു നമ്മുടെ മന്ദിരേ
മററുള്ള ഗോക്കളിൽ കൂടിനിന്നീടിനാൾ
മുററും ഗ്രഹിച്ചീല ഞാനുമെൻ ഭൃത്യരും
പിറേറന്നാൾ ഞാനാപ്പശുവിനെക്കൊണ്ടന്നു
മറെറാരു വിപ്രനു സത്കരിച്ചീടിനേൻ
അന്നേരമോടിക്കിതച്ചു കോപിച്ചു വ—
ന്നെന്നോടുരചെയ്തു മറേറ മഹീസുരൻ:
‘നമ്മുടെ ഗോവിനെ മറെറാരു വിപ്രന്നു
സമ്മാനമായിക്കൊടുത്തതു നന്നെടോ!
നിർമ്മരിയാദങ്ങൾ കാട്ടുന്ന നിന്നുടെ
ധർമ്മങ്ങളെത്രയും വിസ്മയം വിസ്മയം!
ഒന്നിനെത്തന്നെ പലർക്കു കൊടുക്കുമാ—
റെന്നുള്ള സംസാരമിന്നു കല്പിച്ചു നീ
നന്നു നന്നയ്യോ! സഹസ്രം പശുദ്ദാന—
മൊന്നിനെക്കൊണ്ടു നീ സാധിക്ക മിക്കതും
ആർക്കു വേണ്ടീട്ടു നീ ഗോദാനമെന്നുള്ള
മാർഗ്ഗം തുടങ്ങീ മഹാലുബ്ധനിങ്ങനെ?
ദത്താപഹാരമെന്നുള്ളൊരു പാപത്തി—
ന്നുത്തരമില്ലെന്നറിഞ്ഞുകൊൾക ഭവാൻ
ചിത്താർജവം നിനക്കില്ലായ്കകൊണ്ടു നീ
ചത്താൽ നരകാന്ധകൂപേ പതിച്ചുപോം;’
ഇത്തരം നമ്മെശ്ശകാരിച്ച വിപ്രനോ—
ടുത്തരം ചൊല്ലുവാനില്ലായ്കകൊണ്ടു ഞാൻ
അന്നു പശുവിനെ മേടിച്ച വിപ്രനെ
ച്ചെന്നു വണങ്ങി പറഞ്ഞേനൊരക്ഷരം;
‘ഈ വന്ന വിപ്രന്നു മുന്നം കൊടുത്തൊരു
ഗോ വന്നു കൂട്ടിലകപ്പെട്ടുപോകയാൽ
സംഭ്രമംകൊണ്ടു ഞാനാ ഗോവിനെത്തന്നെ
സംപ്രദാനംചെയ്തു വിപ്രാ! തനിക്കഹോ!
ആ പശൂനെബ്ഭവാനിങ്ങോട്ടു തന്നാലു—
മാവശ്യമുള്ള പണം തരുന്നുണ്ടു ഞാൻ
ഒന്നിനുവേണ്ടി സഹസ്രംപശുക്കളെ
പൊന്നണിയിച്ചു തരുന്നുണ്ടു ഭൂസുരാ!’
എന്നതു കേട്ടാദ്വിജനുമുരചെയ്തു:

‘തന്നതങ്ങോട്ടു തരികയില്ലേഷ ഞാൻ
ബ്രഹ്മസ്വഗോവിനെപ്പിന്നെക്കൊതിക്കുന്ന
ജിഹ്മസ്വഭാവം ചിതമല്ല മന്നവാ!
ആയതിന്നായിരം ഗോദാനമെങ്കില–
ങ്ങായാൾക്കുതന്നെ കൊടുത്തുകൊൾക ഭവാൻ
ഇങ്ങോട്ടു തന്നോരു ഗോധനത്തെത്തിരി–
ച്ചങ്ങോട്ടു മേടിക്ക സാധിക്കയില്ലെടോ!’
ഇങ്ങനെ ഖണ്ഡിച്ചുരച്ചോരു വിപ്രനോ–
ടെങ്ങനെ ഗോവിനെ മേടിക്ക വേണ്ടു ഞാൻ;
ഖേദേന പിന്നെയും മറ്റേ ദ്വിജേന്ദ്രന്റെ
പാദേ വണങ്ങി പറഞ്ഞേനഹം വിഭോ:
“അങ്ങേപ്പശുവെന്നറിയാതെകണ്ടു ഞാ–
നങ്ങേനു ദാനവും ചെയ്തുപോയേഹോ!
ഒന്നുപറഞ്ഞാലുമദ്ദേഹമപ്പശു
തന്നുടെ കൈയ്ക്കേന്നെയയ്ക്കയില്ലാ ദൃഢം
ദുർമ്മുഖം കാട്ടുന്ന ദുർന്നിലക്കാരനെ–
സ്സമ്മതിപ്പിപ്പാനെളുതല്ല ഭൂസുരാ!
കാട്ടിൽ കിടക്കും കടുവായിനെച്ചെന്നു
കാൽപിടിച്ചെന്നാൽ കടിക്കാതിരിക്കുമോ?
കാച്ചിത്തിളപ്പിച്ച പാലിൽ കഴുകിയാൽ
കാഞ്ഞിരക്കായിന്റെ കയ്പു ശമിക്കുമോ?
പോത്തുകൾ വെട്ടുവാൻ പാഞ്ഞടുക്കുന്നേര–
മോത്തുകേൾപ്പിച്ചാലൊഴിഞ്ഞുമാറീടുമോ?
അങ്ങുന്നൊഴികഴിവുണ്ടാക്കവേണമെ–
ന്നങ്ങോട്ടു ഞാനപേക്ഷിക്കുന്നു ഭൂസുരാ!
വാശിയുള്ളന്തണന്നേകിയ ഗോവിനെ
ക്ലേശിക്കവേണ്ടാ ഭവാനും മഹാമതേ!
ആശയ്ക്കു ചേരുന്നപോലെ പകരമ–
ങ്ങായിരം ഗോക്കളെക്കൂടെത്തരാമഹം
ആയതുകൊണ്ടങ്ങെഴുന്നള്ളുക ഭവാ–
നായതിന്നഞ്ജലി കൂപ്പിത്തൊഴുന്നു ഞാൻ;”
താണുതാണിങ്ങനെ യാചിക്കുമെന്നോടു
താഴ്ചകൂടാതങ്ങുരചെയ്തു ഭൂസുരൻ
‘നമ്മുടെ ഗോവേ നമുക്കു വേണ്ടൂ മഹാ–
ദുർമ്മതേ! നിന്നുടെ ധാർഷ്ട്യം വൃഥാ ഫലം
ലക്ഷം പകരം പശു തരാമെന്നു നിൻ
പക്ഷമെന്നാലും നമുക്കു വേണ്ടാ ശഠാ!
യാഗത്തിനൊന്നുരണ്ടാടു വേണ്ടുന്നതി–

നായിരം ഗർദ്ദഭംകൊണ്ടു ചെയ്യാവതോ?
വേഗേന നമ്മുടെ ഗോവിനെത്തന്നാലു!
മാവേശമൊന്നും തുടങ്ങേണ്ടെടോ നൃഗാ—
പൊന്നുകൊണ്ടെന്നുടെ ദേഹത്തെ മൂടുവാൻ
പോരും ഭവാനതിനില്ലൊരു സംശയം
എന്നുവരികിലുമിങ്ങാശയില്ലേതു—
മെന്നുടെ ഗോവിനെക്കിട്ടിയെന്നാൽ മതി;
പത്തുലക്ഷം പശുദ്ദാനങ്ങൾ ചെയ്കിലും
പത്തുനൂറമ്പലം ചെമ്പിടീച്ചെങ്കിലും
പത്തായിരം കുളം കെട്ടിപ്പടുക്കിലും
പന്ഥാവുതോറും നടക്കാവു വെപ്പിച്ചു
സത്രങ്ങൾ നീളെത്തുടങ്ങിച്ചുവെങ്കിലും
ഛത്രവസ്ത്രാദി ദാനങ്ങൾ ചെയ്തെങ്കിലും
വിപ്രനോടപ്രിയം ചെയ്യുന്ന പൂരുഷൻ
ക്ഷിപ്രം നശിക്കുമെന്നോർത്തുകൊൾക ഭവാൻ;
ശുദ്ധിയില്ലാതുള്ള ബുദ്ധിയിൽ കാംക്ഷിക്കു—
മൃദ്ധി[1] നിനക്കിന്നു സിദ്ധിക്കയില്ലെടോ!
വർദ്ധിക്കവേണം ധനമെങ്കിലുള്ളതി—
ലർദ്ധിച്ചു ദാനധർമ്മങ്ങൾ ചെയ്തീടണം
ക്രുദ്ധിക്കവേണ്ട നീ ശുദ്ധദ്വിജൻമാർക്കു
ബുദ്ധിക്ഷയംവരുന്നേരം കുലത്തിന്റെ
വൃദ്ധിക്കു ഭംഗംവരുത്തുമെന്നല്ലിനി
സിദ്ധിക്കടുക്കുന്ന നേരം കൃതാന്തന്റെ
ഭൃത്യപ്പരിഷകൾ വന്നു പിടിപെട്ടു
മൃത്യുപാശംകൊണ്ടു കണ്ഠത്തിൽ ബന്ധിച്ചു
കത്തുന്ന തീയിലും കല്ലിലും മുള്ളിലും
കൂർത്തുള്ള പാറപ്പുറത്തുമിഴിച്ചങ്ങു
മുൾത്തടികൊണ്ടങ്ങടിച്ചു തകർത്തു തൻ
പത്തനേ കൊണ്ടുചെന്നേത്രയും ഘോരമാം
ഖഡ്ഗശൂലങ്ങളെക്കൊണ്ടു കണ്ടിക്കയും
മുദ്ഗരംകൊണ്ടു ശിരസ്സിലടിക്കയും
ചെമ്പുകിടാരത്തിലിട്ടു വറുക്കയും
വമ്പുള്ള ദന്തിയെക്കൊണ്ടു കുത്തിക്കയും
കുണ്ടുകിണറ്റിൽ പിടിച്ചു മറിക്കയും
വണ്ടും കൃമികളും തേളും തവളയും
ഞണ്ടും നിറഞ്ഞുള്ള ദുർഗസ്ഥലങ്ങളിൽ
കൊണ്ടുചെന്നങ്ങോട്ടുമിങ്ങോട്ടുമോടിച്ചു
രണ്ടുഭാഗേ നിന്നു വജ്രബാണങ്ങളെ—

---

[1] ഋദ്ധി = സമ്പത്ത്; ഐശ്വര്യം.

ക്കൊണ്ടു പ്രഹരിച്ചു ദേഹം തകർക്കയും
ഭിന്നമാമംഗമമൃതു തളിച്ചാശു
പിന്നെയും ജീവനുണ്ടാക്കിച്ചമച്ചുടൻ
പിന്നെയും പിന്നെയും ദുഃഖങ്ങളീവണ്ണ—
മൊന്നൊഴിയാതെ വരുത്തും കരുത്തുള്ള
കിങ്കരൻമാരതു ചിന്തിച്ചു സർവദാ
ശങ്കരസ്വാമിയെസ്സേവിച്ചുകൊള്ളാതെ
ഹുംകൃതിക്കാരനായുള്ളിൽ കനത്തോര—
ഹംകൃതി വർദ്ധിച്ചുപോയാലൊടുക്കത്തു
സങ്കടം വന്നുഭവിക്കുമന്നേരമീ
കങ്കണം കുണ്ഡലം കൈവിരൽ മോതിരം
തങ്കപ്പതക്കം തരിവള കാഞ്ചിയും
കുങ്കുമം ചന്ദനം കസ്തൂരിയും നല്ല
മങ്കമാരോടുള്ള ശൃംഗാരലീലയും
കൊങ്ക പുണരുവാനുള്ളൊരു മോഹവും
എന്നുള്ള വസ്തുക്കളൊന്നും ഭവിക്കയി—
ല്ലെന്നു ധരിക്ക നീ ഭൂപാലകശ്മലാ!
എന്തിന്നനേകം പറഞ്ഞിട്ടു കാരിയം
വെൺതിങ്കൾചൂഡനെ ഭക്തിയില്ലാത്ത നീ
അന്തണശ്രേഷ്ഠനാമെന്റെ പശുവിനെ
അന്യവിപ്രന്നു പിടിച്ചു കൊടുക്കയാ—
ലന്തരംഗത്തിൽ കപടമുള്ളൊരു നീ
അന്ധകൂപത്തിൽ പതിച്ചുപോക ചിരം
താന്തോന്നിയായിത്തുടർന്നോരു കാരണം
ഓന്തായ്പിറന്നു കിണററിൽ കിടക്ക നീ
പത്തുനാറായിരം വത്സരം ഘോരമാ—
പത്തുമനുഭവിച്ചന്ധകൂപാന്തരേ
അത്തൽപിണഞ്ഞു വലഞ്ഞു കിടക്കുമ്പോ—
ളെത്തുമവിടത്തിലേകദാ ഗോവിന്ദൻ
ഉത്തമപൂരുഷൻതന്റെ കരസ്പർശ—
മെത്തുമന്നേരത്തു ശാപമോക്ഷം വരും,'
ഇത്ഥം ശപിച്ചു ഗമിച്ചു മഹീസുരൻ
ചിത്തം വിറച്ചു കുതിച്ചു കിണററിൽ ഞാൻ
വാശ്ശതെന്നാകിലും വല്ലന്തി തീരുവാ—
നീശ്വരാനുഗ്രഹമുണ്ടാകകാരണാൽ
ശാശ്വതബ്രഹ്മസ്വരൂപി ഭവാൻ നമു—
ക്കാശ്വാസമിപ്പോൾ വരുത്തിയല്ലോ വിഭോ!
മൽപാപമെല്ലാമൊഴിച്ചുകൊണ്ടെന്നെ നീ

സത്പാത്രമാക്കിച്ചമച്ചോരു കാരണം
തത്പാദപങ്കജേ ചേരുവാൻ കാരുണ്യ—
മെപ്പോഴുമുണ്ടാകവേണം രമാപതേ!''

മർമ്മതാളം

പെരുകി നബഹുഗുണഗണമുടയൊരു സുമതി നൃഗനരപാലൻ
തെരുതെരെ മുരഹരനുടെ തിരുവടി വടിവിൽ വണങ്ങി വണങ്ങി
പരിചൊടു നിജ പരവശചരിതമിതൊക്കെയുമങ്ങറിയിച്ചു
പരിണതി ശുഭമനുഭവമനുപമമതിസുഖമാശു ലഭിച്ചു
നരവരനുടെ കരകമലങ്ങളും പിടിച്ചു പുണർന്നു മുകുന്ദൻ
പല വചനവുമരുളിമൃദുസ്മിതരവിരുചിനിന്ദിതകുന്ദൻ
സുരനരമുനിവിനത പദാംബുജനഖിലജഗത്തരുകന്ദൻ
നിരുപമനിജചരിതമഹാനിധി ഗുണഗണനന്ദിതനന്ദൻ!
''നിജ പുരമതിലതിസുഖമോടു രസിച്ചു വസിക്ക നരേന്ദ്രാ!
ദ്വിജവരരുടെ ഹിതമപി പൂരയ രുചിരതരാനനചന്ദ്ര!
ഭുജബലകുലധനജനസന്തതി സുകലവിശേഷമശേഷം
പ്രജകളുടയ രഞ്ജനമതിലിഹ ഭവതു മഹാപരിതോഷം
പടുരസമൊടു മടുമലർമിഴികടെ ചടുലകടാക്ഷവിലാസം
തടമുലതടമൂടുപടക്കൊടി തുടയിണ ചടുമൊഴി ഹാസം
തുടുതുടെ മൃദുചൊടിയുടെ വടിവുകളടിമലരുടയ വികാസം
കുടിലതയൊടു തലമുടി നിടിലവുമുടലുരുഗുണഗണവാസം
കളികളിലുടനവിരളമിളകിന തളവളകളകളഘോഷം
ഒളിമിഴികളുമളി കിളി കുയിൽമൊഴി ലളിതമനോഹരവേഷം
കുളുർമതിയുടെ വെളുവെളെ വിലസുമൊരവികലരുചി പരിവേഷം
തെളിവൊടു മനമിളകുമനഘരുചിയനവധി ജനപരിതോഷം
ചതിപെരുകിന ചലമിഴിമണികളിലതിരതിഹിതമതിലേറും
മതിഗുണഗണമുടയൊരു പൂരുഷനൊരുവകവികൃതികളുണ്ടാം
രതിപതിയുടെ ശരനിര വിരവൊടു കരളിലതേല്ക്കുന്നേരം
അതിപരവശമെരിപൊരി പെരുകിന ചരിതവുമിടകൂടീടും
ചൂതു പകിട ചതുരംഗാദികളൊരുവക മൂഢവിനോദം
വാതു പറക പണയവുമതികടുശഠതയുമിടകൂടുമഹോ
കൈതവമതിലധികതരം വരുമാതുരഭാവവുമുണ്ടാം
ഭൂതലപതിമാർക്കതുമനുചിതമെന്നു ധരിക്ക നരേന്ദ്രാ!
വിരവൊടു നിജ പുരവരമാശു ഗമിച്ചു രമിച്ചു വസിക്ക
നരവരനൃഗ! മൃഗരിപു വിക്രമ! ശക്രസമാനസമൃദ്ധേ
പെരികിനശുഭമവിടെ വരും തവ പേശലഗുണഗണരാശേ!
നിരുപമതമ ഭക്തിഗുണേന വിമുക്തിയുമുപരി സുഭദ്ര!''

ശമിച്ചു ശാപവും ഭൂപൻ നമിച്ചു കൃഷ്ണനെ, ഗേഹേ
ഗമിച്ചു സാദരം തത്ര രമിച്ചു വാണൊരുനേരം
ഒളിച്ചു കാനനേ നിന്നഥ കളിച്ചും കൗതുകാലൻപൊടു
പുളച്ചും മേവിന മക്കളെ വിളിച്ചു തന്നരികത്തിഹ
വരുത്തി മാധവൻ തന്നുടെ പുരത്തിൽ പോവതിന്നൻപൊടു
നടന്നു കാടുകൾ തോടുകൾ കടന്നു ദ്വാരക പുക്കഥ
വസിച്ചു വാസുദേവനു ബഹുരസിച്ചു മക്കളോടിക്കഥ
പറഞ്ഞു: ‘‘ധർമ്മസാരം പുനരറിഞ്ഞു സഞ്ചരിക്കുന്നവർ
കുറഞ്ഞു കുത്സിതൻമാരിഹ നിറഞ്ഞു സത്യമെന്നുള്ളതു
മറഞ്ഞു മാർഗ്ഗമെന്നുള്ളതുമറിഞ്ഞു മക്കളെ മൻമത–
മറിഞ്ഞുകൊൾകെടോ തത്ത്വമറിഞ്ഞീ ഭൂപന്റെ സത്ക്കഥ
ശ്രവിക്കും മാനുഷൻമാർക്കനുഭവിക്കും സർവസമ്പത്തിതു
ചെവിക്കും സൗഖ്യമെന്നൻപൊടു ഭവിക്കും ഭദ്രവാക്കല്ലിതു:
ഹരിക്കും ബ്രഹ്മനും ശർവനുമിരിക്കും മൻമഹത്ത്വാദികൾ
ധരിക്കും ബ്രാഹ്മണൻമാരിഹ ചരിക്കും ദിക്കിനെപ്പോലും
സ്മരിക്കും സജ്ജനങ്ങൾക്കുപകരിക്കും സർവസമ്പത്തുകൾ
മരിക്കുംനേരമായാളുകൾ തിരിക്കും ദേവലോകത്തിൽ;
ഒരിക്കൽ ബ്രാഹ്മണദ്രവ്യം ഹരിക്കും ദുഷ്പ്രഭുക്കൻമാ–
രതിക്രൂരം നരകത്തിൽ പതിക്കുമെന്നറിഞ്ഞാലും;
കടുക്കെന്നന്തണദ്രവ്യമടക്കും ദുർജ്ജനത്തെപ്പാ–
ഞ്ഞടുക്കും കാലദൂതൻമാരെടുക്കും പാശവും ദണ്ഡും
കുടുക്കുംതാഡനം നന്നായ്ക്കൊടുക്കും കാൽ കരം തല്ലി
മുടക്കും മൂഢരെച്ചെന്നു പിടിക്കും മുഞ്ഞിയും മൂക്കും
കടിക്കും കായവും തല്ലിപ്പൊടിക്കും മുഷ്ടികൾകൊണ്ട–
ങ്ങിടിക്കും സിംഹനാദംകൊണ്ടിടിക്കുള്ളോരഹംഭാവം
മുടക്കുമെത്രയും പാരം ചൊടിക്കും പല്ലിനും പിന്നെ–
ച്ചൊടിക്കും ഭംഗമുണ്ടാകും മിടുക്കും വീര്യവുമൊന്നും
നടക്കില്ലന്തകൻ വന്നു കടക്കുന്നേരമെല്ലാർക്കും
മടക്കംവന്നുപോ മാരുമടക്കൊല്ലന്തണദ്രവ്യം
പൊടുക്കെന്നന്തണൻമാർക്കു കടക്കണ്ണു ചുവക്കുമ്പോ–
ളൊടുക്കം വന്നുപോമേററംമിടുക്കുള്ള ഭവാൻമാർക്കും.

കോപം കലർന്നോരു ഭൂമീസുരേന്ദ്രന്റെ
ശാപം ലഭിച്ചോരു ഭൂപാലകൻ നൃഗൻ
പാപം മഹാകുണ്ഡുകൂപം പ്രവേശിച്ചു
താപത്തെ നല്കീടുമാപത്തനുഭവം
പ്രാപിച്ച വൃത്താന്തമിക്കണ്ട പിള്ളമാ–
രുള്ളവണ്ണം ഗ്രഹിച്ചീലയോ ചൊല്ലുവിൻ;
ഉള്ളത്തിലാർക്കും കപടമരുതെന്റെ

പിള്ളമാരൊക്കെ ഗ്രഹിക്കേണമിക്കഥ;
തള്ളലും തായാട്ടുമേറുന്ന നിങ്ങടെ
തുള്ളലിക്കാലം ഫലിക്കയില്ലേതുമേ
തള്ളമാരെക്കൊണ്ടു കണ്ണീർ കുടിപ്പിച്ചു—
കൊള്ളാതിരിക്കേണമെൻപിള്ളമാരഹോ!
കള്ളത്തൊഴിലുള്ള കൂട്ടമീ നിങ്ങളെ—
ന്നെള്ളോളവും ശങ്കയില്ലിങ്ങു ബാലരേ!
ഉള്ളത്തിലെ ഭയംകൊണ്ടത്ര ഞാനിന്നു
മുള്ളു പറയുന്നതെന്നു ബോധിക്കണം;
പത്തുനൂറാളുകളല്ലെന്റെ പിള്ളമാ—
രൊത്തു കണ്ടാലൊരു ലക്ഷത്തിലപ്പുറം
കൈയ്യും കണക്കും കരുത്തും ഗുരുത്വവും
മെയ്യിന്റെ പുഷ്ടിയും ബുദ്ധികൗശല്യവും
നെയ്കൂട്ടുവാനിവർക്കൊക്കവേ വെവ്വേറെ
പയ്യിനെക്കൊണ്ടു കൊടുത്തിട്ടുമുണ്ടു ഞാൻ;
ചേട്ടന്റെ സേവയുണ്ടായതുമൂലമി
ച്ചേട്ടകൾക്കാരെയും ശങ്കയില്ലൊട്ടുമേ;
മൂപ്പിലെക്കല്പന കൂടാതൊരേടത്തു
പാർപ്പിക്കപോലും നമുക്കു വയ്യാ ദൃഢം;
ഒന്നുമാത്രം പറഞ്ഞേക്കാമൊരേടത്തു
ചെന്നു കലശലുണ്ടാക്കാതിരിക്കണം;
ബ്രഹ്മസ്വമാരും കരസ്ഥമാക്കീടൊലാ
ധർമ്മസ്വരൂപം നിരൂപിച്ചുകൊൾകെടോ!
ധർമ്മങ്ങൾകൊണ്ടേ ജയംവരൂ നിർണ്ണയം
ധർമ്മത്തിനൊക്കവേ വേദം പ്രമാണവും;
വേദങ്ങൾ നാലിന്നുമാധാരമായതോ
വേദിയൻമാർതന്നെയെന്നതു നിശ്ചയം
എന്നതുകാരണം വേദിയൻമാർകളെ
വന്ദിച്ചുതന്നെ വസിക്കേണമേവരും
വിപ്രനോടപ്രിയം ചെയ്യുന്ന മാനുഷൻ
ക്ഷിപ്രം നശിക്കുമെന്നോർത്തുകൊള്ളേണമേ!
ഇപ്രകാരം നൃഗക്ഷമാപതിക്കുള്ളൊരു
വിപ്രശാപത്തിന്നു സംഗതിവന്നതും;
ദേവേന്ദ്രനായതും ദേവകളായതും
ദേവാരിവൈരിയാം ദേവേശനായതും
മുക്കണ്ണനായതും നാൻമുഖനായതും
അർക്കചന്ദ്രാദി ഗ്രഹങ്ങളായുള്ളതും
ഒക്കവേ ഭൂസുരശ്രേഷ്ഠനെന്നുള്ളതെൻ

മക്കളേ! നിങ്ങൾ ധരിക്കേണമാദരാൽ;
കാരിയക്കാരെങ്ങു പോയി വരികെടോ
നാരിയെക്കാമിച്ചു നാട്ടിൽ നടക്കാതെ
കാരിയംകൊണ്ടത്രമാത്രം വിചാരിച്ചു
നേരായ മാർഗ്ഗത്തിലാക്കേണമൊക്കവേ;
കാലത്തെഴുന്നേററു നോക്കുന്ന നേരത്തു
താലത്തിലന്നം കണികണ്ടില്ലെന്നാകിൽ
ബാലത്തരുണിയെത്തല്ലിപ്പുറത്താക്കി
വെയ്‌ലത്തു നിർത്തിത്തടുക്കുന്ന വമ്പൻെറ
ശൗര്യപ്രതാപങ്ങളന്നേരമദ്ഭുതം
കാര്യത്തിനെത്തുന്ന നേരം മടക്കവും;
ആരേപ്പുലർത്തുവാനിക്കൂട്ടമിങ്ങനെ
കാരിയക്കാരെന്നു പേരായ് നടക്കുന്നു
ചെക്കനും പട്ടരും പെട്ടകം പെട്ടിയും
പക്കലുള്ളൊരു വെള്ളിപ്പിടിക്കത്തിയും
ഒക്കവേ കെട്ടിപ്പുറപ്പെടുംനേരത്തു
ശക്രനെക്കാളും പ്രഭുത്വം തനിക്കെന്നു
മയ്ക്കണ്ണിമാരെ ഫലിപ്പിപ്പതിന്നു താ—
നക്കണക്കങ്ങു നടക്കുന്ന നേരത്തു
വക്കാണമേശുവാൻ വൈരികൾ വന്നൊരു
ദിക്കിൽക്കടന്നു വെടിതുടങ്ങും വിധൗ
അക്കാരിയക്കാരനെങ്ങെന്നറിഞ്ഞീല
തെക്കോട്ടു പോയോ വടക്കോട്ടു പോയോ?
ചെക്കനേയും വേണ്ട പട്ടരേയും വേണ്ട
മക്കളേയും വേണ്ട മററാരെയും വേണ്ട
ജീവനെക്കിട്ടിയാൽ പോരുമെന്നിങ്ങനെ
ധാവനംചെയ്യുന്ന മന്ത്രിക്കു മന്നവൻ
അഷ്ടിക്കു വേണ്ടുന്ന ചോറും കറികളും
പട്ടിക്കുരുട്ടിക്കൊടുത്തെങ്കിലുത്തമം;
തള്ളയ്ക്കു നേരേ വരുന്നൊരു വഹ്നിയെ—
പ്പിള്ളയെക്കൊണ്ടു തടുക്കുമന്നേരമെ—
ന്നുള്ള പഴഞ്ചൊല്ലു പാഴിലായീടുമോ?
കൊള്ളാമിതെല്ലാമനർത്ഥം വരുത്തുവാൻ
എല്ലാവരും പോരുമായതു തീർപ്പതി—
ന്നുല്ലാസമെന്നുള്ളതാർക്കും നഹി നഹി
ഇപ്പോളധികാരിയായിട്ടൊരുത്തനെ
കല്പിച്ചൊരേടത്തു വിട്ടുവെന്നാലവൻ
അക്കരെക്കാരെപ്പിഴപ്പിച്ചു രാശിയും

ചക്രവും നെല്ലും കരസ്ഥമാക്കിക്കൊണ്ടു
പൊക്കം പിടിപ്പിച്ചയയ്ക്കും പ്രജകളെ—
പ്പൊക്കണം കെട്ടിക്കുമേവനെന്നാകിലും;
രണ്ടു പണം കൈയ്യിലുള്ള പുരുഷനെ—
ക്കൊണ്ടു പലതരം ശിങ്കു കളിപ്പിക്കും
ഉണ്ടായതൊക്കെപ്പിടുങ്ങുമെന്നല്ലൊരു
രണ്ടായിരത്തിന്നു സാധനം വാങ്ങുമ്പോൾ
കണ്ടങ്ങളൊക്കവേ കണ്ടെഴുതിക്കൊണ്ടു
പണ്ടാരമാക്കി കൃഷിയും തുടങ്ങിച്ചു
പണ്ടാരുമോർക്കാത്ത പാട്ടമര്യാദയു—
മുണ്ടാക്കി നെല്ലളപ്പിച്ചു സ്വരൂപിച്ചു
തമ്പുരാൻമാർക്കൊരു കാശു കൊടുക്കാതെ
തൻ പുരം തന്നിലങ്ങാക്കിപ്പത്തുക്കവെ
വിററു പിരിച്ചുകൊണ്ടച്ചിവീട്ടിൽ ചെന്നു
പററുമച്ചങ്ങാതി മങ്ങാതവൾക്കങ്ങു
കൊററിനും കോപ്പിനുമൊക്കെച്ചെലവിട്ടു
മുററും മുതലുള്ളതെല്ലാം മുടിച്ചുടൻ
മററുള്ള മാലോകരോടിരന്നങ്ങനെ
കൊററും തിരഞ്ഞു നടക്കുമാറായ്‌വരും;
കുററങ്ങൾ നോക്കിപ്പറഞ്ഞുതുടങ്ങിയാ—
ലററമില്ലേതും മതി മതി ദൂഷണം
ഇപ്പറഞ്ഞീടുന്ന ദോഷങ്ങളൊന്നുമ—
കപ്പെടാതേകണ്ടിരിക്കേണമെങ്കിലോ
വിപ്രവര്യൻമാരിലത്യന്തഭക്തിയും
വിശ്വാസവും ബഹുമാനവും ദാനവും,
അപ്രിയം ചെയ്യാതിരിക്കയും നല്ലൊരു
സുപ്രിയമെന്തെന്നറിഞ്ഞു സേവിക്കയും
ഇപ്രകാരം ഗുണം ചെയ്തുകൊണ്ടാൽ നമു—
ക്കപ്രമേയൻ മഹാവിഷ്ണു വിശ്വേശ്വരൻ
ക്ഷിപ്രം പ്രസാദിക്കുമെന്നാൽ വരേണ്ടുന്ന—
തെപ്പേരുമാശു ലഭിക്കും ശുഭം ശുഭം.
ആപത്തുകൂടാതിരിക്കേണമെങ്കിലോ
ശ്രീപത്മനാഭനെസ്സേവിച്ചുകൊള്ളുവിൻ;
ശ്രീകാന്തനും നല്ല ഭൂമിദേവൻമാരു—
മേകസ്വരൂപമെന്നോർത്തുകൊണ്ടീടുവിൻ;
വിഷ്ണുസന്ദർശനം കൂടാതെപോയനാൾ
വിപ്രസന്ദർശനം ചെയ്തുകൊണ്ടാൽ മതി;
ബ്രാഹ്മണൻ ദൈവതം മൂന്നു ജാതിക്കുമാ—

ബ്രാഹ്മണർക്കും മഹാബ്രാഹ്മണൻ ദൈവതം;
ബ്രാഹ്മണാരാധനംകൊണ്ടേ ശുഭം വരു
ബ്രാഹ്മണക്ഷത്ര്യാദി നാലു വർഗത്തിനും;
ബ്രഹ്മനും വിഷ്ണുവും ശ്രീമഹാദേവനും
ബ്രാഹ്മണൻമാരിൽ വസിച്ചരുളീടുന്നു
ബ്രാഹ്മണൻമാരുടെ വന്ദനമായവർ
മൂന്നുപേർക്കും പ്രിയമാണെന്നു സമ്മതം
നന്ദനൻമാരെ! ധരിച്ചാലുമിങ്ങനെ.''
നന്ദഗോപാത്മജൻ നാരായണൻ പരൻ
നന്നായരുൾചെയ്തു തന്നുടെ ദ്വാരകാ—
മന്ദിരംതന്നിൽ വസിച്ചരുളീടിനാൻ
നന്ദനൻമാരോടുകൂടി നാരായണൻ.

നൃഗമോക്ഷം ശീതങ്കൻതുള്ളൽ
സമാപ്തം

പൗണ്ഡ്രകവധം

മാത്തൂരാലയംതന്നിൽ മരുവും മംഗലാകാരേ!
കാത്തുകൊൾക നീ കേളീകളരീവാസിനീ കാളീ!
ഓത്തുനാലിവ[1] നിന്നെ ഒരുപോലെ പുകഴ്ത്തുന്നു
ഓർത്തുകണ്ടറിവാനുമൊരുവൻ ശക്തനല്ലേതും
കൂത്തും പാട്ടുമെന്നുള്ള കുതുകക്രീഡനങ്ങളിൽ
കുത്തും ദൂഷണഘോഷം കുടിലൻമാർ തുടങ്ങുമ്പോൾ
കൂടെ ദൂഷണംചൊൽവാൻ കുറവിങ്ങു വരുന്നേരം
മൂഢൻമാർ പരിഹാസമുടനേ കെട്ടിയുണ്ടാക്കും;
വാടാതെ പ്രയോഗിപ്പാൻ സഹസാ വന്നതുകൊള്ളാം!
പ്രൗഢൻമാരുടെ മുന്നിൽ പ്രകടിപ്പാനൊരു പണി
മൂഢൻമാർ മതിയാമോ മുഷിഞ്ഞുപോമതുകേട്ടാൽ;
ഗാഢസ്നേഹമുള്ളോരു ഗുരുവിന്റെ കൃപകൊണ്ടേ
മൂഢത്വമൊഴിഞ്ഞീടു മുനിമാർക്കെങ്കിലും നൂനം
തന്നുടെ ഗുരുക്കൻമാർ തനിക്കു ദൈവതമെന്നു
തന്നെത്താനറിയുന്ന തന്നൂമാൻമാർ ധരിക്കുന്നു;
ധന്യൻമാരവരെന്നു ധരിക്കേണമതല്ലാതോർ[2]
നിന്ദ്യൻമാരവരെന്നുള്ളതിനു സംശയമില്ല.
മറ്റുള്ള ജനങ്ങൾക്കു മനതാരിലനുരാഗം
പറ്റുന്ന പ്രബന്ധങ്ങൾ പരിചോടേ പ്രയോഗിച്ചാൽ
ചെറ്റും ദൂഷണമില്ല ചതുരൻമാർ പ്രസാദിക്കും
തോറ്റുകൊൾകയില്ലെങ്ങും തെളിവോടേ വിനോദിക്കും;
കൊറ്റും കിട്ടുമെല്ലാടം കൊതിയുള്ള ജനങ്ങൾക്കു
മുറ്റും മുക്തിയും നല്കും മുകിൽവർണ്ണൻ മുരാരാതി
തെറ്റെന്നു മുകുന്ദന്റെ തെളിവേറും കഥാശേഷം
മറ്റൊന്നും നിനയ്ക്കാതെ മനസാ കേട്ടുകൊണ്ടാലും.

പങ്കജാക്ഷൻ പതിനാറായിരത്തെട്ടു
മങ്കമാർ മൗലിമാണിക്യരത്നങ്ങടെ
കുങ്കുമാലേപനംകൊണ്ടു മനോജ്ഞമാം
കൊങ്കകൾ മാർവിലണച്ചു പുണർന്നു തൻ
വെങ്കളിമാടങ്ങൾതോറും മഹാനന്ദ—
സംകുലക്രീഡാവിശേഷണ സന്തതം
തൻകഴൽപങ്കജം സേവിപ്പവരുടെ
സങ്കടം തീർത്തു സുഖിച്ചു മേവും വിധൗ

---

[1] ഓത്തുനാലിവ=നാലുവേദങ്ങൾ; ഓത്ത്=വേദം.
[2] അതല്ലാതോർ=ഗുരുക്കൻമാർ ദൈവതമെന്നു ധരിക്കാത്തോർ.

ഹുംകൃതിക്കാരൻ മഹാപാപി പൗണ്ഡ്രകൻ
ശങ്കകൂടാതെ മുരാരാതിദേവനോ-
ടങ്കം പൊരുതുവാനാഗ്രഹംകൊണ്ടൊരു
കിങ്കരനെപ്പറഞ്ഞങ്ങു വിട്ടീടിനാൻ.
വൻകടൽതന്നുടെ മദ്ധ്യേ വിളങ്ങും വി-
ശങ്കടമാകുമാദ്വാരകാമന്ദിരേ
പങ്കജലോചനൻ വാണരുളും ഗൃഹേ
ശങ്കാവിഹീനം കടന്നു ചെന്നീടിനാൻ
കിങ്കരൻ താനവൻ, ദാനവാരാതി ത-
ന്നംഘ്രിപത്മദ്വയം വന്ദിച്ചുനിന്നുടൻ
തങ്കലേ പ്രാഭവത്തോടേ മുകുന്ദനോ-
ടെ‘‘ങ്കിലോ കേട്ടാലു’’ മെന്നുണർത്തീടിനാൻ:
‘‘പാരിൽ പ്രസിദ്ധനാം പൗണ്ഡ്രകാഖ്യൻ നൃപൻ
പോരിൽ പരാക്രമി വീരചൂഡാമണി
ഭൂരിപ്രതാപവാൻ ഭൂലോകവാസവൻ
വൈരിലോകാരണ്യ ഘോരദാവാനലൻ
വിത്തസമ്പത്തിനാൽ വിത്തേശസന്നിഭൻ
ചീർത്ത ഗാംഭീര്യേണ രത്നാകരോപമൻ
മൂർത്തിസൗന്ദര്യേണ തണ്ടാർശരോപമൻ
കീർത്തികൊണ്ടർജ്ജുനശ്രീരാമസന്നിഭൻ
പാർത്തലം തന്നിലെപ്പാർത്ഥിവന്മാർ വന്നു
പോർത്തലംതന്നിലണഞ്ഞു പിണങ്ങുവാൻ
നേർത്തുകൊണ്ടാർത്തു തകർത്തുവരും വിധൗ
കൂർത്തുമൂർത്തുള്ള ബാണങ്ങൾകൊണ്ടംഗങ്ങൾ
കോർത്തു ധരിത്രിയിലിട്ടുരുട്ടിപ്പൊടി-
ച്ചാർത്തുകൾകൊണ്ടണിയിച്ചു മാലേയങ്ങൾ*
ചേർത്തു കൃതാന്തന്റെ മന്ദിരത്തിൽ ചെന്നു
പാർത്തുകൊൾവാനയയ്ക്കുന്നു പലകുറി;
ഇക്കാലമിക്ഷിതിപാലന്റെ വൈരികൾ
ദുഷ്കാലമെന്നുറച്ചങ്ങു മാറി ത്തല-
പൊക്കാതെകൊണ്ടൊളിച്ചങ്ങുമിങ്ങും നട-
ന്നുൾക്കാമ്പിലാർത്തിപിടിച്ചു മുതലുള്ള-
തൊക്കവേ വിററു തന്നഷ്ടിക്കു നാസ്തിയാ-
യെഷ്ടിക്കു തുല്യരായ് വഡ്ഢിക്കുവേണ്ടീട്ടു
വിഡ്ഢിത്തമോരോന്നു കാട്ടി ഫലിക്കാഞ്ഞു
വട്ടിയും കൊട്ടയും ചട്ടി കലങ്ങളും
കെട്ടിച്ചുമന്നങ്ങു കാട്ടിൽ നടക്കുന്നു;
കാട്ടിയ ഗോഷ്ടികളെല്ലാമബദ്ധമി-

---

* ‘ചാർത്തുകൾകൊണ്ടണിയിച്ചു ചമയങ്ങൾ’—പാഠാന്തരം.

പ്പാട്ടിൽക്കിടന്നു തിരിഞ്ഞു നൽപ്രാണനി—
ക്കൂട്ടിലിങ്ങുള്ളനാൾ നമ്മുടെ പണ്ടുള്ള
വീട്ടിൽ കിടപ്പാൻ തരം വരത്തില്ലെന്നു
തങ്ങളിൽ തങ്ങളിൽ മന്ത്രിക്കയും ചിലർ
തങ്ങളിൽത്തങ്ങളിൽ ചത്തുമറികയും
ഇങ്ങനെ ശത്രുരാജാക്കളെ നാട്ടിൽ നി—
ന്നങ്ങൊരു ദിക്കിലേക്കാട്ടിക്കളഞ്ഞൊരു
രാജരാജാധിരാജാധിരാജൻ മഹാ—
രാജൻ മമ സ്വാമി പൗണ്ഡ്രകക്ഷോണിപൻ
വീതസന്ദേഹമിസ്സന്ദേശവാക്യങ്ങ—
ളോതുന്നു കേട്ടുകൊണ്ടാലും മഹാമതേ!
''ആഴികളേഴുമകപ്പെട്ടു കാണാകു—
മൂഴികൾക്കൊക്കവേ നായകൻ പൗണ്ഡ്രകൻ;
പാഴിൽ പ്രഭുവെന്നു ഭാവിച്ചിരിക്കാതെ
കോഴ കൊണ്ടന്നു നമുക്കു തന്നീടുകിൽ
ആഴിക്കു മദ്ധ്യത്തിലത്രമാത്രം ദിക്കിൽ
വാഴുന്ന നിന്നോടു ചോദ്യമില്ലിങ്ങെടോ!
ഭോഷത്വമൊന്നും തുടങ്ങാതെ മാളിക—
ത്താഴത്തു മുണ്ടും വിരിച്ചു ശയിക്കയും
ആയുധംകൊണ്ടങ്ങകമ്പടികൂടുന്ന
നായരെക്കൊണ്ടു നടക്കാതിരിക്കയും
ആയുധക്കോപ്പുകളേതാനുമുണ്ടെങ്കി—
ലായതെല്ലാം കൊടുത്തിങ്ങോട്ടയയ്ക്കയും
കുത്തുവിളക്കും കുടയും കുതിരയും
കത്തും മണിദീപയഷ്ടിയും പുഷ്ടിയും
ഇത്യാദി രാജചിഹ്നങ്ങളെക്കൈവെടി—
ഞ്ഞത്യാദരം നമ്മെ വന്നു സേവിക്കയും
ഇക്കണ്ട കിങ്കരന്മാരെക്കണക്കിനെ
പക്കത്തിലഷ്ടി കഴിച്ചങ്ങു പാർക്കയും
മയ്ക്കണ്ണിമാർ പതിനാറായിരത്തെട്ടിൽ
വർക്കത്തു[1] തെല്ലുള്ള പെണ്ണുങ്ങളെത്തിര—
ഞ്ഞൊക്കവേ നമ്മുടെ ശാസന കേൾപ്പതി—
നല്പം വികല്പമില്ലെങ്കിൽ കനക്കവേ
കപ്പവും തന്നു പൊറുക്കാം നിനക്കിനി
കപ്പലും, പാറു, പീലിപ്പുമിത്യാദികൾ[2]

---

[1] വർക്കത്ത് = ശ്രീത്വം. [2] കപ്പലും, പാറു, പീലിപ്പുമിത്യാദികൾ— പാറ് = ഒരുമാതിരി കടൽത്തോണി. പീലിപ്പ് = പീലിവാകയെന്ന മരം കൊണ്ടു കടലിൽപ്പോകാനുപയോഗിക്കുന്ന പൊങ്ങുതടി. ഇപ്പോൾ ചാളത്തടിയെന്നു പറയുന്നു.

കെല്പോടു മണ്ടും മരക്കലക്കൂട്ടങ്ങ—
ളെപ്പേരുമിങ്ങുള്ള പണ്ടാര[1]മായ്‌വരും;
മുപ്പറ വിത്തുപാടെന്നുള്ളതും നമു—
ക്കൊപ്പിച്ചളന്നു ബോധിപ്പിക്കയും വേണം
ഇപ്രകാരം താനടങ്ങിയൊതുങ്ങിയ—
ങ്ങപ്രിയം ചെയ്യാതിരുന്നുകൊണ്ടെങ്കിൽ നീ
മൽപ്രസാദത്തിനു പാത്രമാമല്ലെങ്കി—
ലപ്പാടെടുത്തു മറിക്കുമീ പൗണ്ഡ്രകൻ;
പൊയ്യല്ല; കൃഷ്ണാ! മഹാമൂഢനായുള്ള
നീയല്ല വാസുദേവൻ മഹീമണ്ഡലേ
വാസവപ്രൗഢസമ്പന്നനാം പൗണ്ഡ്രകൻ
വാസുദേവൻ മഹാവിഷ്ണുസ്വരൂപവാൻ
കങ്കണാലംകൃതം നാലു ബാഹുക്കളും
ശംഖചക്രം ഗദാ പത്മചിഹ്നങ്ങളും
ശ്രീവാസമായുള്ള വക്ഷഃസ്ഥലേ മമ
ശ്രീവത്സകൗസ്തുഭം വന്യമാലാഗണം
ഊർദ്ധ്വപുണ്ഡ്രം മകരാകൃതികുണ്ഡലം
ഊർദ്ധ്വഭാഗേ നല്ല പൊന്നുംകിരീടവും
പീതാംബരം രത്നകാഞ്ചീകലാപവും
ശീതാംശുഭാസ്കരാകാരനേത്രങ്ങളും
ലക്ഷ്മിയും ഭൂമിയും പാർശ്വഭാഗങ്ങളിൽ
പക്ഷീന്ദ്രനും ഫണിരാജനനന്തനും;
വെള്ളിശൈലംപോൽ വെളുത്തോരനന്തനാം
പള്ളിമെത്തയ്ക്കു മുകളിൽ നീയെപ്പൊഴും
പള്ളികൊള്ളുന്നു തൽ പാർശ്വഭാഗങ്ങളിൽ
പുള്ളിമാൻകണ്ണിമാർ ഭൂമിയും ലക്ഷ്മിയും,
മുന്നമേ പൗണ്ഡ്രകശ്രീവാസുദേവന്റെ
ചിഹ്നങ്ങളൊക്കവേ കണ്ടു മോഹിച്ചു നീ
സന്നാഹമീവണ്ണമാക്കിച്ചമച്ചതും
നന്നുനന്നെത്രയും കള്ളത്തൊഴിലുകൾ
നമ്മോടു കൂടുകില്ലെന്നു ബോധിക്ക നീ;
നിർമ്മരിയാദപ്രയോഗങ്ങളിങ്ങനെ
ശങ്കകൂടാതെ നീ തങ്കലുണ്ടാക്കിയ
ശംഖചക്രാദിയാം ചിഹ്നങ്ങളൊക്കവേ
എങ്കഴൽപങ്കജേ കൊണ്ടന്നുവച്ചുകൊ—
ണ്ടെന്നെ പ്രദക്ഷിണംവച്ചു വണങ്ങുകിൽ
ഇക്കാലമെങ്ങാനിരുന്നു പൊറുതിക്കു
മുക്കാലരിക്കു വകയെഴുതിത്തരാം.

---

[1] പണ്ടാരം=രാജാവിനെ സംബന്ധിച്ച.

ഇക്കാരിയക്കാർക്കിതും സമ്മതമല്ല
പൊക്കായയയ്ക്കണ[1]മെന്നിവർക്കാഗ്രഹം;
ശാക്കളെക്കെട്ടിഭരിക്കയെന്നാകിലും
ഗോക്കളെ മേച്ചു ചരിക്കയെന്നാകിലും
കാക്കയൊട്ടീടുവാനെങ്കിലുമൊന്നുങ്ക—
ലാക്കേണമെന്നുണ്ടു നമ്മുടെ മാനസേ;
കാട്ടിൽ പശുക്കളെ മേച്ചു നടക്കുന്ന
കൂട്ടത്തിലേക്കു പ്രധാനിയായുള്ള നീ
കാട്ടിക്കിടക്കുന്ന ഗോഷ്ടിത്തരങ്ങളെ—
ക്കേട്ടാൽ ചിരിക്കാതിരിക്കാവതല്ലെടോ!
വെണ്ണയും പാലും കവർന്നു ഭക്ഷിക്കയും
പെണ്ണുങ്ങളോടടികൊണ്ടു കിടക്കയും
സമ്മാനമേകുവാനങ്ങുവരുത്തിയോ—
രമ്മാവനെ പിടിപെട്ടു വധിക്കയും
നിർമ്മരിയാദങ്ങളിങ്ങനെ ചെയ്തൊരു
ദുർമ്മതിയാകുന്ന നിന്നെ പ്രഹരിച്ചു
നമ്മുടെ നാട്ടിൽനിന്നാട്ടിക്കളയാതെ
നൻമ വരികയില്ലെന്നുണ്ടൊരു മതം;
പൗരുഷംകൊണ്ടു പരക്കെപ്പുകഴ്ന്നൊരു
പൗണ്ഡ്രകവാസുദേവൻ ഞാൻ മഹാരഥൻ
വീരനാമെന്നോടു നേർത്തു നില്പാനിഹ
പാരിടംതന്നിലൊരുത്തരുമില്ലെന്നു
വിണ്ണവർനാട്ടിലെപ്പെണ്ണുങ്ങളുംകൂടെ
വർണ്ണിച്ചു നമ്മെ ഭ്രമിച്ചു വാണീടുന്നു;
ഖണ്ഡിച്ചുതന്നെ കഥിക്കാം വൃഥാ വന്നു
ദണ്ഡിച്ചു തോററു മടങ്ങിത്തിരിക്കാതെ
നമ്മുടെ കാൽപിടിച്ചാശ്രയിച്ചീടുവിൻ;
നമ്മോടു മത്സരിച്ചീടുന്ന മൂഢരേ!
ബാണങ്ങൾകൊണ്ടു പരാക്രമിപ്പാൻ പാരി—
ലാണുങ്ങളാരാനുമുണ്ടെങ്കിലിന്നു തൽ
പ്രാണങ്ങളിൽ കൊതിയെല്ലാം വെടിഞ്ഞൊരു
ക്ഷീണങ്ങൾ കൂടാതെ വന്നടുത്തീടുവിൻ;
ബാണൻെറ ബാഹുക്കളെയ്തുമുറിച്ചൊരു
ബാണങ്ങളുംകൊണ്ടു വാടാ ശഠാ! നിന്നെ
നാണം കെടുത്തങ്ങയച്ചില്ലയെങ്കിൽ ഞാ—
നാണായ് നടക്കുന്നതില്ല ഗോപാലകാ!
പ്രാണാഭിലാഷമുണ്ടെങ്കിൽ മടിക്കരു—
തേണാക്ഷിമാർ പതിനാറായിരത്തെട്ടും

---

1. പൊക്കായയയ്ക്കണം = ഊർധ്വമാക്കിവിടണം (ഒന്നും തരാതെ വിടണം.)

ചേണാർന്ന പൊന്നും പണങ്ങളും നിൻ പുരേ
കാണായ വസ്തുക്കളൊക്കവേ കൊണ്ടന്നു
ചൊല്ക്കൊണ്ട പൗണ്ഡ്രകവാസുദേവൻതന്റെ
തൃക്കാല്ക്കൽവച്ചു വലംവച്ചു വന്ദിച്ചി–
ളക്കാതെ നില്ക്കാം നിനക്കെങ്കിലിക്കാല–
മൊക്കെ ക്ഷമിക്കാം നമുക്കെ,ന്നു നിന്നോടു
കെല്പുപറവാൻ മഹാരാജനെന്നോടു
കല്പിച്ചയച്ചിതു വൻപനാം പൗണ്ഡ്രകൻ;
സന്ദേശവാക്കുകൾക്കുത്തരം ചിന്തിച്ചു
സന്ദേഹമെന്യേ പറക ഭവാൻതന്നെ;
എന്നാലതും ചെന്നുണർത്തിച്ചുകൊള്ളുവ–
നെന്നാലതല്ലാതെ മറ്റെന്തു സാദ്ധ്യവും?''
ഇത്തരം ദൂതൻ പറയുന്ന വാക്കുകൾ–
ക്കുത്തരം ഞാൻ ഞാൻ പറഞ്ഞീടവേണമെ–
ന്നുദ്ധതൻമാരായ വൃഷ്ണിവീരൻമാരു–
മത്യന്തരുഷ്ടരാം മന്ത്രീശ്വരൻമാരു–
മൊക്കവേ വന്നു ദൂതന്റെ ചുഴലവും
തിക്കിക്കടന്നങ്ങു നിന്നോരനന്തരം
തൃക്കാൽ വണങ്ങുന്ന സാത്യകിവീരനെ
തൃക്കണ്ണുകൊണ്ടു കടാക്ഷിച്ചു മാധവൻ;
ചിക്കെന്നു താണു തൊഴുതു മുകുന്ദനെ–
ത്തക്കത്തിൽ നിന്നു പറഞ്ഞിതു സാത്യകി:
''ധിക്കാരമേറുന്ന ദൂതാ! വരിക നീ
സത്ക്കാരയോഗ്യം കഥിക്കുന്നു സാത്യകി;
ചൊല്ക്കൊണ്ട പൗണ്ഡ്രകൻ കല്പിച്ച വാക്കിന്നു
നീക്കം വരുത്തുവാനാർക്കുള്ളു പൗരുഷം?
കപ്പവുകൊണ്ടു വരുന്നുണ്ടു ഞാൻ നിന–
ക്കപ്പവും തിൻമാൻ തരുന്നുണ്ടു ഞാനെടോ!
അപ്പൗണ്ഡ്രകൻതന്റെ മസ്തകം ഖണ്ഡിച്ചു
കെല്പോടു കല്ലേലടിച്ചു പൊടിച്ചതി–
ന്നുള്ളിൽ കിടക്കും തലച്ചോറെടുത്തൊരു
വെള്ളിക്കിടാരത്തിലിട്ടു വറുത്തുകൊ–
ണ്ടപ്പമാക്കിത്തീർത്തു നിങ്ങളെത്തീറ്റുവാ–
നല്പം വികല്പം നമുക്കില്ല കിങ്കരാ!
പരായതൊക്കവേ പാലനംചെയ്യുന്ന
നാരായണസ്വാമിദേവന്റെ വിഗ്രഹം
വാരാകരാമലശ്യാമളം കോമളം
പേരായിരത്തിന്നുമാശ്രയം ശാശ്വതം

ശ്രീവാസമന്ദിരം ശ്രീവത്സശോഭിതം
ശ്രീവത്സകൗസ്തുഭ ശ്രീവന്യമാലികം
ശ്രീപാഞ്ചജന്യാബ്ജ കൗമോദകീ[1] ചക്ര–
ചാപാദിലാഞ്ഛിതശ്രീപാണിപങ്കജം
ശ്രീപാദപങ്കജം കൂപ്പും ജനത്തിന്റെ
പാപാന്ധകാരസംഹാരമായുള്ളൊരു
രൂപാമൃതത്തെപ്പരിഹസിപ്പാൻ മര–
പ്പാവയെപ്പോലെ കരങ്ങൾ നാലുണ്ടാക്കി
വേഷവുംകെട്ടിച്ചമഞ്ഞങ്ങു തുള്ളുന്ന
മോഷണക്കാരനാം ഭോഷന്റെ ദുർവാദ–
ഘോഷങ്ങളൊക്കവേ ദൂഷണമെന്നല്ല
ശേഷമുള്ളോർക്കു പരിഹാസമായ്വരും
പട്ടിണിപെട്ടങ്ങുമിങ്ങും നടക്കുന്ന
പട്ടിക്കു താടിയും മീശയും ദംഷ്ട്രയും
കെട്ടിച്ചമയിച്ചു കേസരി മേവുന്ന
കാട്ടിൽ ഗിരിമുകളേററിയിരുത്തിയാൽ
ചേട്ടയ്ക്കു കണ്ഠത്തിൽനിന്നു കണ്ഠീരവ–
ശ്രേഷ്ഠന്റെ ഘോരനാദം വരുത്താവതോ?
വേഷത്തിനൊത്തൊരു ശബ്ദം പുറപ്പെടാ–
‘‘ബൗബൗ’യിതെന്നൊരു ശബ്ദം പുറപ്പെടും;
മത്തമാതംഗപ്രവീരന്റെ മസ്തകം
കുത്തിപ്പിളർന്നു കിളർന്നു ചാടീടുന്ന
രക്തം കുടിച്ചു തടിച്ചു തകർത്തുകൊ–
ണ്ടുത്തുംഗകോപം കലർന്ന സിംഹത്തിന്റെ
കണ്ഠത്തിൽനിന്നു മുഴങ്ങിപ്പുറപ്പെടും
കുണ്ഠവിഹീനമാം നാദംകണക്കിനെ
ശബ്ദം പുറപ്പെടീച്ചീടുമോ ചൊൽക നീ
എച്ചിലും ചപ്പിക്കിടക്കുന്ന പട്ടിതാൻ;
നിച്ചിരിയപ്പട്ടി പുച്ഛരവും തററുകൊ–
ണ്ടോടു,മപ്പട്ടിതന്നൊച്ച കേട്ടാലൊന്നു
പേടിച്ച പട്ടിക്കു മാററിത്തമേ വരൂ;
പുള്ളിപ്പുലികൾ വരിയൻപുലികളും
പൂച്ചക്കിടാങ്ങളും കണ്ടാലൊരുവിധം
എന്നാൽ പുലികളോടങ്കം പൊരുതേണ–
മെന്നുള്ള മോഹമിപ്പൂച്ചയ്ക്കു ചേരുമോ?
കൊക്കും ചിറകും നമുക്കുമുണ്ടല്ലോ പ–
റക്കുന്ന കൂട്ടത്തിൽ ഞാനും ഗരുഡനോ–
ടൊക്കുമെന്നുള്ളൊരു മോഹം നിനച്ചുടൻ

1. കൗമോദകി=വിഷ്ണുവിന്റെ ഗദ.

കാക്ക മെല്ലെച്ചെന്നു മറ്റൊരു കാകനെ—
ത്തക്കത്തിലങ്ങു വിളിച്ചു ചോദിച്ചിതു
'ചൊല്ക്കൊണ്ട താർക്ഷ്യനു നമ്മളെക്കാളേറ്റ—
മുൽക്കർഷമുണ്ടെന്നു കേൾക്കുന്നതെന്തെടോ?
ഭോഷ്ക്കെന്നുതന്നെ നമുക്കു തോന്നീടുന്നു'
'ഭോഷ്ക്കല്ലെടോ മഹാവമ്പൻ പതത്രീശ—
നാർക്കുമവനെ ജയിച്ചുകൂടാ സഖേ!
സ്വർഗലോകത്തു പറന്നു ചെന്നു ദേവ—
വർഗത്തെയൊക്കെ ജയിച്ചു മഹാബലൻ
ശക്രന്റെ മന്ദിരേ ചെന്നങ്ങമൃതിനെ
കൈയ്ക്കലാക്കിക്കൊണ്ടു പോന്നുപോലും പുരാ'
എന്തെടോ കൂവ്വാ; പഴങ്കഞ്ഞിയേക്കാട്ടി—
ലെന്തുവിശേഷമമൃതിന്നു ചൊൽകെടോ!
വമ്പനാം കാരിയക്കാരന്റെ വീട്ടി—
ലകംപുക്കടുക്കളതന്നിൽ കരേറി ഞാൻ
അച്ചിമാരെല്ലാമൊളിച്ചങ്ങു നായർക്കു
വച്ചിരിക്കും പഴങ്കഞ്ഞിയും വറ്റുമേ
ഒച്ചകൂടാതെ ഞാൻ കൊക്കിലാക്കിക്കൊണ്ടു
മെച്ചത്തിൽ മാറിപ്പറന്നിങ്ങു പോരുവൻ;
അച്ചിമാരെച്ചിലുംകൊണ്ടു വരുന്നേര—
മുച്ചത്തിൽനിന്നു പറന്നുചെന്നങ്ങനെ
നിച്ചലും നിച്ചലുമെച്ചിലും കൊത്തിബ്ഭു—
ജിച്ചുകൊണ്ടച്ചിമാരെച്ചതിക്കുന്നു ഞാൻ;
വിണ്ണവർനാഥനെപ്പോരിൽ ജയിച്ചീടു—
മണ്ഡജാധീശനെക്കാട്ടിൽ സമർത്ഥരീ—
പ്പെണ്ണുങ്ങളെച്ചതികൂട്ടീടുവാനൊരു
ദണ്ഡമില്ലാത്തൊരു കാകൻ മഹാരഥൻ;'
അക്കണെക്കായ്വന്നു സംസാരമിക്കണ്ട—
ധികാരികൾക്കൊരു വാലും തലയുമി—
ല്ലിന്നതേ വന്നു സമക്ഷത്തു ചൊല്ലാവു
എന്നൊരു തെല്ലും വിചാരമില്ലാതായി;
അർക്കനുദിക്കുന്ന നേരത്തെഴുന്നേറ്റു
ചക്കയെന്നായിരം മന്ത്രം ജപിച്ചങ്ങു
ചൊൽക്കൊണ്ട കാര്യത്തിനായി പുറപ്പെട്ടു
തക്കത്തിലിപ്പുരംപുക്കു നീ നിന്നുടെ—
മാറ്റിത്തമോർത്താലിതിങ്ങനെ സംഗതി
മാറ്റിവയ്പാനിനി സാധിക്കയില്ലെടോ!
മാറ്റലർമന്നനാം പൗണ്ഡ്രകൻതന്നുടെ

കൂററുകാരൻ മഹാ മൂഢനായുള്ള നീ
നൂറെറട്ടുകൂട്ടം വിധം പറഞ്ഞെങ്കിലും
തോററു മടങ്ങിഗമിക്കേ ഫലം വരൂ;
ഒട്ടുമേ താമസം കൂടാതെ ചെന്നു നീ
ദുഷ്ടനാം പൗണ്ഡ്രകൻതന്നോടു കേൾപ്പിക്ക
എട്ടുനാൾക്കിപ്പുറം കപ്പം തരാനുള്ള
വട്ടവുംകൂട്ടി വരുന്നുണ്ടു വൃഷ്ണികൾ;
വട്ടങ്ങളെന്തെന്നു വാളും കടുത്തില
വട്ടപ്പരിശകൾ കുന്തം ചവളവും
ചട്ടയും തൊപ്പിയും ചാപ ശരങ്ങളും
പട്ടസം തോമരം ഭിണ്ഡിപാലങ്ങളും
അന്തമില്ലാതുള്ള ലന്തക്കുഴലുകൾ
ചന്തമേറീടുന്ന ചാട്ടുകുന്തങ്ങളും
ദന്തിപ്പടകൾ കുതിരപ്പടകളും
പന്തിനിരക്കുന്ന കാലാൾപ്പടകളും
അന്ധകൻമാർ വൃഷ്ണിയാദവൻമാർ വീര—
കുന്തിഭോജൻമാർ കുരുകുലമുഖ്യരും
സിന്ധുപ്രമാണം, പുരുഷരിൽ മുമ്പുള്ള
സാത്യകിവീരൻ സമർത്ഥൻ മഹാരഥൻ
അർജ്ജുനൻതന്നുടെ ശിഷ്യനാകുന്ന ഞാൻ
ദുർജ്ജനധ്വംസനം ചെയ്‌വാൻ വിശാരദൻ
ധൂർത്തുപെരുത്തൊരു പൗണ്ഡ്രകപ്പാഴനെ
പോർത്തലംതന്നിലടുത്തു തടുത്തുടൻ
കൂർത്തുമൂർത്തുള്ള ശരംകൊണ്ടവനുടെ
മൂർത്തി തകർത്തു വധിച്ചു പതിപ്പിച്ചു
കീർത്തിയുംകൊണ്ടിങ്ങു പോരുന്നതുണ്ടു ഞാൻ
പാർത്തിരിയാതെ പറഞ്ഞാലുമിങ്ങനെ;
കപ്പം കൊതിച്ചങ്ങിരിക്കുന്നവൻ പൊടി—
കപ്പുന്നതും കണ്ടുകൊൾക നീ കിങ്കര!
ഇത്ഥം പറഞ്ഞയയ്ക്കുന്ന മൊഴിക്കു വി—
കല്പം തരിമ്പില്ല ഗോവിന്ദനാണ മേ.''

മർമ്മതാളം

സാത്യകിയുടെ വചനമതിങ്ങനെ കേട്ടഥ പൗണ്ഡ്രകദൂതൻ
സാദ്ധ്വസരസമുള്ളിലുദിച്ചു വിയർത്തു ശരീരമശേഷം
യാത്രയുമഥ ചൊല്ലി നടന്നു തുടർന്നു കടന്നു സമുദ്രം
രാത്രിയുമൊരു പകലുംകൊണ്ടവനരചപുരത്തിലണഞ്ഞു
പാർത്ഥിവനുടെ പദതളിർചെന്നു വണങ്ങി വിശേഷമശേഷം
പാർത്ഥനുടയ ശിഷ്യനുരത്തതുമവികലമങ്ങറിയിച്ചു

വാർത്തകളതികഠിനമതമ്പൊടു കേട്ടഥ പൗണ്ഡ്രകഭൂപൻ
ചീർത്ത കലഹകലുഷതപൂണ്ടു കയർത്തു പറഞ്ഞുതുടങ്ങി:
''അന്ധകയദുവൃഷ്ണിസമൂഹമശേഷമതൊന്നൊഴിയാതെ
അന്തകപുരിപുക്കു വസിപ്പതിന്നിഹ സംഗതികൂടി
അന്ധത പെരുകീടിന കൃഷ്ണനുമവനുടെ മക്കളുമെല്ലാം
ബന്ധനഭവനത്തിനകത്തു കടന്നു കിടന്നുഴലേണം
പ്രതിഭടനുടെ പടകളുമുടനുടനിടിപൊടിയാക്കണമിപ്പോൾ
അതിപടുതരശരവരനികരമുതിർത്തു തിമിർത്തു രണാന്തേ
ചതിപടകളുമൊരുവക തുടരണമതിനൊരു മടി പുനരില്ലാ
കതിരവനിഹ തിമിരമൊഴിപ്പതിനെന്തൊരു ദണ്ഡമിദാനീം
കോട്ടകളിഹ ചുഴലവുമമ്പൊടു മാട്ടിയുറപ്പിക്കേണം
കോട്ടമരുതു കിമപി നമുക്കിഹ കൊത്തളമനവധി വേണം
വാട്ടമതിനു മമ ഹൃദി നഹി നഹി വാട കിടങ്ങുകൾ വേണം
ചേട്ടകളുടെ വരവിനുമുന്നമിതൊക്കെയൊരുക്കീടേണം
കാശിനൃപനുമവനുടെ പടകളുമഖിലമൊരുങ്ങി വരേണം
രാശികലിയനനവധി ചക്രമെടുത്തു ചൊരിഞ്ഞീടേണം
കാശു പണവുമരി നെല്ലെണ്ണയുമിഹ ബഹു കരുതീടേണം
ക്ലേശമരുതു ചെലവിടുവതിനിഹ കേശവനോടു പിണങ്ങാൻ
വെടിവയ്പതിനുണ്ടമരുന്നുകളൊരുവക തീക്കല്ലുകളും
ഝടിതി വരുത്തി സ്വരുപിക്കണമൊരുദിശി കുന്നുകണക്കെ
പടവെട്ടും നായന്മാർക്കിഹ പുകയില കള്ളു കറുപ്പും
കൊടുതാകിന കഞ്ചാവെന്നിവ വളരെ വരുത്തീടേണം
ചട്ടികളും കലവും കുടവും വട്ടികളും കൊട്ടകളും
പട്ടികളും കുട്ടികളും ബഹു പാളയമതിലധികതരം
ചെട്ടികളും കോമട്ടികളും കൊങ്ങിണി പട്ടന്മാരും
കൊട്ടിലുമിഹ കെട്ടിപ്പരിചൊടു വാണിഭമപി തുടരേണം
ശത്രുകുലഭയങ്കരമാകിന ഭീരങ്കിത്തോക്കുകളും
കൊത്തളമതിലേറ്റി മരുന്നുനിറച്ചുടനുണ്ടകളിട്ടും
പത്തനഭുവി ചുഴലവുമമ്പൊടു വച്ചു നിരത്തീടേണം
പത്തിരുപതു മുപ്പതുമാളുകൾ കാത്തിഹ പാർത്തീടേണം
കൂടലർകുലമവനിനിരന്നു വരുന്നൊരുനേരം
കൂട്ടണമിഹപൊടുപൊടെ വെടികളുമിടിയുടെകലശലു
പോലെ
വാടകളുടെ നികടതടത്തിൽ വന്നവർ പറ്റുന്നേരം
മേടകളുടെ മുകളിലിരുന്നും ചില വെടിവച്ചീടേണം
ആനകളുടെ മസ്തകമമ്പുകൾകൊണ്ടു പിളർന്നീടേണം
സേനകളുടെ തടി പുനരടിമുടി വെട്ടി നുറുക്കീടേണം
ആനക പടഹാദികളനവധി കൊട്ടി മുഴക്കീടേണം
പാനകമധുമാംസം കുടിച്ചു കടിച്ചഥ പട തുടരേണം;''

കാരികതാളം

ഇതി ബഹുവചനം പുനരതിമദരചനം
ക്ഷിതിതലപതി പൗണ്ഡ്രകനതിശയകുപിതൻ
പലവിധമുരചെയ്തൊരു ഫലമതു വരുവാൻ
നലമൊടു ബഹുമന്ത്രികളവിടെ മുതിർന്നു
പലപല ദിശി പലപല പാളയമിട്ടു
മലകടെ നടുവേ ചില വാടകൾ കെട്ടി
ജലമയമൊരു പന്തി കിടങ്ങു കുഴിച്ചു
നിലകളിലരികേ പല കുന്നു ചമച്ചു
മല്ലു നടിച്ചൂ ചിലർ മണ്ടിനടന്നൂ
പല്ലു കടിച്ചൂ ചിലർ പാഞ്ഞുതുടങ്ങീ
വില്ലു കുലച്ചങ്ങനെ തെല്ലു വലിച്ചും
നല്ല ശരം കൈയ്യിലെടുത്തു തൊടുത്തും
ഖഡ്ഗമെടുത്തൊന്നു പിടിച്ചു കളിച്ചും
മുദ്ഗരശൂലായുധവർഗ്ഗമെടുത്തും
ചട്ടയുമിട്ടായതു കെട്ടിമുറുക്കിപ്പല-
ചട്ടമൊരുക്കിപ്പലരവിടെ നിറഞ്ഞു
കൊട്ടുമുഴക്കിപ്പടവെട്ടുവതിന്നുള്ളൊരു-
വട്ടവുമിട്ടങ്ങണിയിട്ടു നിരന്നു-
പുരുഷകാരമനവധി പരിഷകൾകൂടീ
പരുഷകോപമുടയൊരു നരവരനഗരേ
പരിചിനോടു പല ദിശി പരിശ വാളുമവർ-
കരുതി വന്നു ബഹുവിധമിവിടെയുറച്ചു.
കാരൂശമന്നവൻതന്നുടെ കല്പന-
യ്ക്കാരുമൊരുത്തൻ മറുത്തുനിന്നീടുമോ?
തേരും കുതിരകളാനപ്പടകളും
ചേരുന്ന വട്ടങ്ങൾ കൂട്ടിപ്പടജ്ജനം
പോരിന്നു വെക്കം മുതിർന്നു നിന്നീടിനാർ
പാരിൽപ്പരക്കും പുരുഷകാരങ്ങളും
വൈരിപ്പട വരും ദിക്കു നോക്കിക്കൊണ്ടു
വാരിധിതുല്യം നിരന്നുനിന്നു മുദാ.

രണ്ടാം കളം

ദ്വാരകാമന്ദിരേ വാണരുളീടുന്ന
വീരചൂഡാമണി ശ്രീവാസുദേവനും
ധീരഗംഭീരമാമന്ധകക്കൂട്ടവും
നീരന്ധ്രമാംവിധം വൃഷ്ണിവൃന്ദങ്ങളും
കാരിയക്കാരരും മേനോക്കിയച്ചനും
ഭൂരിസേനാഭടൻമാരും പ്രഭുക്കളും
ഭേരിയും കൊട്ടിപ്പടയ്ക്കു പുറപ്പെട്ടു

വാരിധി വേഗേന ലംഘിച്ചനന്തരം
നാടും നഗരവും നാനാ ദിഗന്തവും
കാടും മലകളും തോടും പുഴകളും
വീടും വിലംഘിച്ചു പൗണ്ഡ്രകൻതാൻ മരു—
വീടും കരൂശരാജ്യത്തെ പ്രവേശിച്ചു;
കോട്ടയ്ക്കു ചുററും പുരുഷകാരം* ചെന്നു
കോട്ടംവരാതെ വളഞ്ഞങ്ങുറപ്പിച്ചു
പാളയമിട്ടു വടക്കോട്ടു കൊട്ടിച്ചു[1]
നീളെക്കടന്നങ്ങു കൊള്ളയിട്ടീടിനാർ;
വർത്തുളം കെട്ടിപ്പടുത്തു പൊക്കീടുന്ന
കൊത്തളം തല്ലിത്തകർത്തങ്ങകംപുക്കു
കൽത്തളംതന്നിൽ കിടന്നങ്ങുറങ്ങുന്ന
മദ്ദളക്കാരനെച്ചെന്നു തൊഴിക്കയും
ചിത്രാലയങ്ങളും സത്രാലയങ്ങളും
മിത്രാലയങ്ങളും ഛത്രാലയങ്ങളും
വിദ്യാലയങ്ങളും മദ്യാലയങ്ങളും
സദ്യാലയങ്ങളങ്ങുദ്യാനവാടിയും
ഗോത്രാലയങ്ങളും പാത്രാലയങ്ങളും
ക്ഷേത്രാലയങ്ങളും വേത്രാലയങ്ങളും
നാടകാഗാരവും ചേടികാരംഗങ്ങൾ
ഘോടകാഗാരവും ഹാടകാഗാരവും
വേശ്യാലയങ്ങളും വെങ്കളിമാടവും
വൈശ്യാലയങ്ങളും വൈദ്യാലയങ്ങളും
മണിയറകളണിയറകൾ പണിയറകൾ തുണിയറകൾ
വിട്ടുവിട്ടു നടവിട്ടു പടവിട്ടു പടവിട്ടു
കെട്ടു പതിനെട്ടു പല തട്ടു ചില കൊട്ടിലുകൾ
കട്ടിലും മെത്തയും മററും പലവിധം
ചുട്ടും പൊടിച്ചും കരിച്ചും പൊടിച്ചുമ—
ങ്ങൊട്ടും മടിക്കാതെ സർവ്വം നശിപ്പിച്ചു
പട്ടണം പാടേ മുടിച്ചുതുടങ്ങിനാർ,
പെട്ടന്നു യാദവൻമാരും ഭടൻമാരു—
മൊട്ടല്ല കോലാഹലം മഹാസംഗരേ;
വെള്ളത്തിരപോലെ തുള്ളിക്കളിച്ചങ്ങു
തള്ളിക്കരേറുന്ന വെള്ളക്കുതിരകൾ
കൊള്ളയിട്ടീടുന്ന പുള്ളിക്കിടയ്ക്കിടെ—
ത്തള്ളിക്കടന്നങ്ങു തുള്ളിത്തകർക്കയും
പള്ളിമാടങ്ങളിൽ കൊള്ളിവയ്ക്കുന്നേര—
മുള്ളിൽക്കടന്നങ്ങു പുള്ളിമാൻകണ്ണിമാർ

---

* പുരുഷകാരം=ഇവിടെ ആൾക്കൂട്ടം എന്നു ലാക്ഷണികാർത്ഥം സ്വീകരിക്കണം.

[1] വടക്കോട്ടു കൊട്ടിച്ചു=വടക്കോട്ടു പട പുറപ്പെടുവിച്ചു.

തുള്ളിപ്പിടച്ചും വിറച്ചുമാക്കണ്ണുനീർ—
ത്തുള്ളികൊണ്ടംഗം നനച്ചു മനക്കാമ്പി—
ലുള്ളൊരു സങ്കടം സംവദിച്ചീടുവാ—
നുള്ള പടുത്വം നമുക്കില്ല ദൈവമേ!
വെള്ളപ്പളുങ്കുകൊണ്ടുള്ള പുരങ്ങളും
വെള്ളിപ്പുരങ്ങളും പൊന്നുമ്പുരങ്ങളും
കൊള്ളിക്കിരയാക്കി നില്പാനൊരേടവും
കൊള്ളിക്കരുതാതെ വന്നുകൂടീ തദാ.
ഇപ്രകാരം പുരംതന്നിൽ കടന്നുള്ള
വിപ്രകാരങ്ങളെക്കണ്ടു സഹിയാഞ്ഞു
ക്ഷിപ്രം പുറപ്പെട്ടു പൗണ്ഡ്രകക്ഷ്മാപാല—
നപ്രമേയപ്പടക്കൂട്ടവും കോട്ടകൾ—
ക്കപ്പുറം ചാടിപ്പടതുടങ്ങീടിനാ—
രത്യന്തമാഘോഷഘോഷകോലാഹലം;
അടുത്തു സേനകൾ തമ്മിൽ കടുത്തു കോപവും മാർഗ്ഗം
തടുത്തു നിന്നുടൻ വില്ലുമെടുത്തു ബാണജാലത്തെ
തൊടുത്തു കൂസൽകൂടാതെ കടുത്തു സംപ്രഹാരങ്ങൾ;
പിടിച്ചും ചിലർ കടിച്ചും ചിലർ പൊടിച്ചും ചിലരടിച്ചും തടി—
പൊടിച്ചും ഭുവി പിടിച്ചും പൊടിതുടച്ചും ചിലർ മരിച്ചും ചിലർ
തിരിച്ചും ചിലർ തരിച്ചും പരിഹരിച്ചും ചിലർ കളിച്ചും ചില—
രൊളിച്ചും ചിലർ വിളിച്ചും ചിലർ തെളിച്ചും ചിലർ— മതിച്ചും ചിലർ
വധിച്ചും ചിലർ വിധിച്ചും ചിലർ മദിച്ചും ചിലർ നദിച്ചും ചിലർ
വദിച്ചും ഭയമുദിച്ചും മതി മുദിച്ചും മൊഴി പറഞ്ഞും ചില—
രുറഞ്ഞും ഉശിർ കുറഞ്ഞും ബത മറിഞ്ഞും ചിലർ മറഞ്ഞും ചിലർ;
ഇത്ഥം മുഴുത്തൊരു യുദ്ധപ്രപഞ്ചത്തി—
ലെത്തും പടജ്ജനം ചത്തും മറിഞ്ഞുമ—
ങ്ങുത്തുംഗഘോഷം പെരുത്തും മനസ്സിൽ ക—
രുത്തുള്ള വീരൻ കയർത്തും കണകൊണ്ടു—
തിർത്തും കനക്കെത്തിമർത്തും കടന്നങ്ങെ—
തിർത്തും തകർത്തും തിമർത്തും ബഹുവിധം
വില്ലും മുറിഞ്ഞുപോയെല്ലും തകർന്നുപോ—
യ്പല്ലും തകർന്നുപോയ്ത്തല്ലും തലയ്ക്കിട്ടു
തെല്ലും പിഴയ്ക്കാതെ കല്ലും മരങ്ങളും
പുല്ലും തകർന്നങ്ങു ചെല്ലും മിടുക്കരെ—

കൊല്ലുന്ന മല്ലന്റെ വില്ലും പിടിച്ചോടി–
ച്ചുല്ലാസമോടേ മദിക്കുന്നിതു ചിലർ;
കാരൂശരാജനും കാശിരാജേന്ദ്രനും
തേരുമ്മേലേറിപ്പുറപ്പെട്ടു വേഗേന
ഘോരബാണങ്ങൾ തൊടുത്തു പ്രയോഗിച്ചു
വീരവാദങ്ങൾ പറഞ്ഞുതുടങ്ങിനാർ:
''ആരെടാ! പൗണ്ഡ്രകപ്രൗഢനാമെന്നോടു
നേരിടാമെന്നു മോഹിക്കുന്ന ദുർമ്മതേ!
പാരിടംതന്നിലീപൗണ്ഡ്രകാധീശനെ–
പ്പോരിൽ ജയിപ്പതിന്നാരുമില്ലാ ദൃഢം;
മോരും ദധി പുതുവെണ്ണയും ക്ഷീരവും
ചോരണംചെയ്യുന്ന ഗോപാലബാലന്റെ
മാരണത്തിന്നുള്ള കാലയോഗത്തിന്റെ
കാരണം നമ്മുടെ നാട്ടിൽ വന്നിങ്ങനെ
വാരണംചെയ്തു നീ വാരണപ്പന്തിയും
തോരണം ഗോപുരമെല്ലാം നശിപ്പിച്ചു;
തീരണം നിന്നുടെ സംസാരമിക്കാല–
മീ രണംതന്നിലിളപ്പെടും നീ ശഠാ!
വാസുദേവൻ ഭവാനല്ലെടോ കേശവ!
വാസുദേവൻ കരൂശാധിപൻ പൗണ്ഡ്രകൻ
വാസുദേവാകാര ചിഹ്നങ്ങൾ പൗണ്ഡ്രക–
വാസുദേവാംഗേഷു കണ്ടുകൊൾക ഭവാൻ!
ശംഖ ചക്രം ഗദാ ശാർങ്ഗവും നാന്ദകം[1]
പങ്കജം വക്ഷസി ശ്രീവത്സകൗസ്തുഭം
അണ്ഡജാകാരമായുള്ളോരു കുണ്ഡലം
അണ്ഡജാധീശനായുള്ളോരു വാഹനം
പെണ്ണുങ്ങൾ രണ്ടുണ്ടു ലക്ഷ്മിയും ഭൂമിയും
എണ്ണങ്ങളെല്ലാമെനിക്കുണ്ടു മാധവാ!
അച്യുതാ! നീയെന്റെ കോപ്പുകളാകവേ
വച്ചു കെട്ടിച്ചമഞ്ഞിങ്ങനെ നമ്മോടു
മെച്ചം പിടിച്ചു പിണങ്ങുവാൻ വന്നോരു
പിച്ചകളിത്തൊഴിലൊച്ചപ്പെടാ ദൃഢം;
കച്ചിൽകൊണ്ടുണ്ടാക്കി നെല്ലു കാത്തീടുവാൻ
വച്ചിരിക്കുന്നോരു കോലംകണക്കിനേ
വച്ചുകെട്ടിച്ചമഞ്ഞിങ്ങനെ തുള്ളുന്ന
കൊച്ചുഗോപാലന്റെ ദുർമ്മോഹമദ്ഭുതം!
അച്ചിമാരെ ഫലിപ്പിക്കാമിതുകൊണ്ടു
ചിത്സ്വരൂപൻ ഭവാനല്ലെന്നു നിർണ്ണയം;

---

[1] നാന്ദകം = വിഷ്ണുവിന്റെ വാൾ.

മച്ചിഹ്നമൊക്കവേ മല്പാദപങ്കജേ
വച്ചു കുമ്പിട്ടുപോയിക്കൊൾക യാദവാ!''
ഇത്തരം ദുർവാക്കുരത്തോരു ഭൂപനോ-
ടുത്തരം സാത്യകിവീരൻ പറഞ്ഞിതു:
''സർവാധിനാഥനാം ശ്രീവാസുദേവനെ-
ദുർവാക്കുരയ്ക്കുന്ന ദുർബുദ്ധിമൂഢന്റെ
ഗർവാഭിമാനം ശമിപ്പിപ്പതിന്നു ഞാൻ
സർവാത്മനാ പോരുമെന്നു ബോധിക്ക നീ!
ആട്ടത്തിലീശ്വരൻമാരുടെ വേഷവും
കെട്ടിപ്പുറപ്പെട്ട പിള്ളരെപ്പോലെയീ-
യഷ്ടിത്വമോടേ മരംകൊണ്ടു കൈ വച്ചു-
കെട്ടിക്കിരീടവും പോട്ടുകൊണ്ടിങ്ങനെ
ഒട്ടും മടിക്കാതെ നേരിട്ടു വന്നു തേർ-
ത്തട്ടുമ്മലേറിക്കളിക്കുന്ന ദുർഭഗാ!
കിട്ടും തലയ്ക്കിട്ടു തല്ലെന്നതല്ലിന്നു
വെട്ടും തരുന്നുണ്ടു കണ്ടുകൊൾക ശഠാ!
കണ്ടെത്തിയെന്നാകിലിപ്പൊഴേ നിന്നുടെ
കണ്ഠത്തിലമ്പു തറച്ചു മറിച്ചൊരു
കണ്ടത്തിലിട്ടു പിരട്ടുന്നതുണ്ടെന്നു
കണ്ടത്രേ ഞാനിന്നു വന്നു കേറിയിനി-
ക്കണ്ടുകൊണ്ടാലും പ്രയോഗങ്ങളെന്നോടു
കൊണ്ടുകൊണ്ടാലും പ്രഹരങ്ങളൊക്കവേ
പണ്ടുപണ്ടുള്ളോരു വൈരങ്ങളൊക്കെയും
രണ്ടു ക്ഷണംകൊണ്ടു പോക്കുന്നതുണ്ടു ഞാൻ;
തണ്ടുതപ്പിത്തരം കാട്ടുന്ന നിങ്ങളെ-
ക്കൊണ്ടു കപ്പിക്കുന്നതുണ്ടു ഞാൻ ഭൂരേണു;
കൊണ്ടുവന്നിട്ടുമുണ്ടങ്ങു കപ്പം തരാൻ
വേണ്ടുന്ന വസ്തുക്കളൊക്കെക്കനെക്കവേ
തണ്ടുമപ്പാശവുംകൊണ്ടങ്ങു കാലനാർ
കണ്ടച്ചനും വന്നു പാർക്കുന്നു ഗോപുരേ;
മിണ്ടാതെ തോക്കിന്നകത്തിരിക്കുന്ന ര-
ണ്ടുണ്ടപ്പഴങ്ങളെത്തിൻമാൻ തരുന്നുണ്ടു;
പണ്ടങ്ങു കംസന്റെ കണ്ഠം മുറിച്ചൊരു
പണ്ടാരവുമുണ്ടു കൊണ്ടുവന്നിട്ടു ഞാൻ
കുന്തം കടുത്തില ചക്രങ്ങൾ ശൂലങ്ങ-
ളന്തമില്ലായുധക്കൂട്ടങ്ങളെന്നതിൽ
എന്തോന്നുകൊണ്ടങ്ങു കപ്പം തരേണ്ടു ഞാ-
നെന്തെങ്കിലും തരാമായുധത്താണ മേ;

കപ്പം കൊതിക്കുന്ന കശ്മലൻ നീ മണ്ണു–
കപ്പുന്നതും കണ്ടുകൊള്ളേണമെല്ലാരും
ചൊൽപ്പൊങ്ങുമീശ്വരൻമാരെദ്ദുഷിക്കുന്ന
ദുഷ്പ്രഭോ! ദുർമ്മുഖാ! മൂഢാ! ദുരാശയാ!
അന്തരംകൂടാതെ നിന്നെപ്പിടിച്ചു ഞാ–
നന്തകൻവീട്ടിൽ പുലിക്കൂട്ടിലാക്കുവൻ
ചന്തവും നിന്റെ ചമയങ്ങളും കണ്ടു
സന്തുഷ്ടനായ്‌വരും ധർമ്മരാജാവുടൻ;''
ഇത്ഥം പറഞ്ഞാശു വില്ലും കുലച്ചുടൻ
യുദ്ധം തുടങ്ങി മടങ്ങാതെ സാത്യകി;
ക്രുദ്ധനാം പൗണ്ഡ്രകൻതാനും തനിച്ചൊരു
വൃദ്ധനായുള്ളൊരു കാശീനരേന്ദ്രനും
രണ്ടു മഹാരഥൻമാരും ശരങ്ങളെ–
ക്കൊണ്ടുടൻ സാത്യകിവീരന്റെ വിഗ്രഹേ
വർഷംതുടർന്നോരു നേരം മുരാരിക്കു
കർഷംമുഴുത്തു കലങ്ങി തൃക്കണ്ണുകൾ;
ഉച്ചണ്ഡമാർത്താണ്ഡമണ്ഡലത്തേക്കാളു–
മുച്ചപ്രകാശപ്രഭാവങ്ങളുള്ളൊരു
തൃച്ചക്രമമ്പോടു വന്നു മുകുന്ദന്റെ
തൃക്കൈയ്യിലാമ്മാറു കാണായി തൽക്ഷണം;
വക്രനാം പൗണ്ഡ്രകാഖ്യന്റെ ഗളാന്തരേ
ചക്രം പ്രയോഗിച്ചു ചക്രായുധൻ ക്രുധാ;
ചക്രപ്രഹാരേണ ഭിന്നനാം പൗണ്ഡ്രകൻ
ശക്രലോകത്തെഗമിച്ചു യഥാസുഖം.
വാസുദേവൻ ഞാനിതെന്നു ഭാവിച്ചൊരു
വാസനാശക്തിപ്രഭാവം നിമിത്തമായ്
ഭാസുരശ്രീവിഷ്ണുലോകം പ്രവേശിച്ചു
വാസം ലഭിച്ചു സുഖിച്ചു മേവീടിനാൻ.
മോഹം നിമിത്തമെന്നാകിലും മാനസേ
സോഹം മുകുന്ദൻ മുകുന്ദനെന്നിങ്ങനെ
വിഷ്ണുസ്വരൂപം സ്മരിക്കയാൽ പൗണ്ഡ്രകൻ
വിഷ്ണുസായൂജ്യം ലഭിച്ചു മനോഹരം;
കെല്പോടു വൈരം മുഴുക്കക്കൊണ്ടെങ്കിലു–
മെപ്പോഴുമീശ്വരധ്യാനം മുടങ്ങാതെ–
യുൾപ്പൂവിലുണ്ടെങ്കിലെല്ലാജ്ജനങ്ങളും
ചിൽപ്പുരുഷാന്തികം പ്രാപിക്കുമുത്തമം.
കാശിരാജാവിന്റെ മസ്തകം ഖണ്ഡിച്ചു
കാശിരാജ്യത്തേക്കെറിഞ്ഞു സുദർശനം;
കേശവദ്വേഷിയാം പൗണ്ഡ്രകക്ഷ്മാപന്റെ

ദേശവും നാടും നഗരങ്ങളൊക്കവേ
നാശം വരുത്തി പ്രകാശമാക്കിപ്പരി—
ക്ലേശങ്ങളെല്ലാമൊഴിച്ചു ലോകങ്ങൾക്ക—
ധീശനായുള്ളോരു വാസുദേവൻതന്റെ
ദേശം പ്രവേശിച്ചു വൃഷ്ണിവീരൻമാരു—
മാശയംതന്നിൽ പ്രമോദപ്രപഞ്ച പ്ര—
കാശം പുകഴ്ന്നുകൊണ്ടാനന്ദസന്ദോഹ—
മാശു സംഭൂതമാംവണ്ണം സുഖിച്ചു ലോ—
കേശനോടൊന്നിച്ചു വാണു ശുഭം ശുഭം!

കാശീമന്നവൻതന്റെ കാമിനിമാരതുനേരം
കാശീമന്ദിരംതന്നിൽ കളിയാടി നടക്കുമ്പോൾ
കാശീമന്നവന്തന്റെ കനത്ത മസ്തകം വന്നാ—
കാശേ നിന്നുടൻ വീണു കാമിനിമാരുടെ മുമ്പിൽ;
ഹേമകുണ്ഡലംകൊണ്ടു വിളങ്ങുന്ന മുഖാംഭോജം
ഭൂമീമണ്ഡലേ വന്നു പതിച്ചീടുന്നതു കണ്ടു
കാമിനീജനങ്ങൾക്കു കരളിൽ ഭീതി ശങ്കാദി—
കാതര്യമുളവായി കളിയെല്ലാമുപേക്ഷിച്ചു;
കാന്തിഗൗരവംകൊണ്ടും കാമനീയകംകൊണ്ടും
കാന്തന്റെ മുഖമെന്നു കരളിൽ നിശ്ചയം വന്നു
അന്ധാളിച്ചുഴലുന്നോരലസാപാംഗിമാരെല്ലാ—
മന്ധാരിനിറത്തോടെയഴൽപൂണ്ടു കരയന്നു!

‘‘ഹാ ഹാ! മഹാരാജ രാജീവലോചനാ!
ഹാ ഹാ! മഹീലോകസന്താപമോചനാ!
ഹാ ഹാ! മഹീപാലലോകൈകസുന്ദരാ!
ഹാ ഹാ! മഹാവീര കാശീപുരന്ദരാ!
ഞങ്ങളെയെല്ലാമുപേക്ഷിച്ചഹോ ഭവാ—
നെങ്ങു പോയീടിനാനേകാന്തവല്ലഭാ!
സംഗതി കൂടാതെ സംസാരമോചനം
സംഭവിപ്പാനെന്തു ബന്ധം മഹാമതേ!
അംഗനമാരായ ഞങ്ങളെക്കൈവെടി—
ഞ്ഞങ്ങൊരു ദിക്കിൽ ഗമിച്ചതു കാരണം
മംഗലാകാരാ! ഭവാന്റെ വിനാശവും
മംഗല്യഹാനി ഞങ്ങൾക്കും കനക്കവേ
ഇങ്ങനെ വന്നു ഭവിച്ചുപോവാനെന്തു
സംഗതി ഹാഹന്ത! ഹാഹന്ത! ദൈവമേ!
രാകാശശാങ്കനെക്കാളും മനോജ്ഞമാ—
മേകാന്തസുന്ദരം നിന്റെ മുഖാംബുജം
ആകാശമാർഗ്ഗേണ വന്നു ഭൂമണ്ഡലേ
ആപതിച്ചീടുവാനെന്തുമൂലം വിഭോ?

ആഴിക്കുമൂഴിക്കുമീശനാക്കിക്കൊണ്ടു
വാഴിക്കുമീശ്വരൻ നിന്റെ കളേബരം
പാഴിൽ കളയിച്ചതെന്തിനയ്യോ! മനം
കേഴിക്കുമാറാക്കി ഞങ്ങളെക്കൊണ്ടു നീ
പൂഴിക്കുമീതിലീവണ്ണം മുഖാംബുജം
വീഴിക്കുമെന്നുള്ളതയ്യോ! കിനാവിലും
കീഴിൽ കഴിഞ്ഞനാളോർത്തില്ല ഞങ്ങളി–
ത്തോഴികുലത്താണ ഭോഷ്ക്കല്ലെ ദൈവമേ!''
തണ്ടാർശരാകാരനായുള്ള കാന്തന്റെ
കണ്ഠാന്തഭിന്നമാമാനനാം ഭോരുഹം
കണ്ടാധിപൂണ്ടൊരു വണ്ടാർകുഴലിമാർ
കണ്ഠാര രാഗേണ[1]കേണാരൊരുവിധം!

ദുഃഖകണ്ഠാരം—ചായ്പ്

''പണ്ടാർക്കുമീവണ്ണമുള്ളോരവസാന–
മുണ്ടായറിവില്ല തോഴിമാരേ! ഹന്ത!
കണ്ടാലുമയ്യോ! മുഖങ്ങൾ നാലുള്ളോന്റെ
വേണ്ടാസനം മഹാദൂഷണം ദൂഷണം!
പാതകംചെയ്തു പിറന്നോരു നമ്മുടെ
ജാതകത്തിന്റെ മഹാദോഷമിങ്ങനെ
ജാതമായീടുവാൻ ബന്ധം നമുക്കെടോ!
കാതരാക്ഷീമണിമാരേ! വരികെടോ!
എന്തിന്നു ജീവിച്ചിരിക്കുന്നു നാമിനി–
ച്ചെന്തീയെരിച്ചതിൽച്ചാടി മരിക്കയോ
ദന്തീന്ദ്രനെക്കൊണ്ടു കുത്തിച്ചു ചാകയോ
ചിന്തിച്ചു ചൊല്ലുവിൻ നല്ലാർമണികളേ!
ആണുങ്ങളായിപ്പിറന്നു നാമെങ്കിലീ–
പ്രാണങ്ങളെ ത്യജിപ്പാനെന്തു ദർഘടം
ബാണചാപങ്ങളുംകൊണ്ടങ്ങു ശത്രുക്കൾ
വാണിരിക്കും ദിക്കിലെത്തി പ്രയോഗിച്ചു
തന്നുടെ ജീവനെക്കൈവെടിഞ്ഞീടുവാ–
നൊന്നുകൊണ്ടും പരാധീനമില്ലേതുമേ;
പെണ്ണുങ്ങളോർത്താലസാധ്യമക്കാര്യമീ–
വണ്ണം കരഞ്ഞിട്ടിരിക്കയേയുള്ളു നാം;
വേശ്യമാരെപ്പോലെ ജീവിക്ക നന്നല്ല
വാശ്ശതെന്നാലും ശരീരം ത്യജിക്കണം
ഈശ്വരാനുഗ്രഹമില്ലാത്ത നമ്മളെ–
ക്കശ്മലൻ കാലനും കൈവെടിഞ്ഞാനഹോ!''

---

[1] കണ്ഠാരരാഗേണ = ദുഃഖകണ്ഠാരരാഗത്തിൽ. വിലാപഭാഗം ഈ രാഗത്തിൽ പാടിത്തുള്ളണമെന്നു കവിനിർദ്ദേശം.

ഭൂമിയിൽ വീണങ്ങുരുണ്ടു കരയുന്ന
കാമിനിമാരുടെ ശബ്ദങ്ങളിങ്ങനെ
ആകർണ്ണനംചെയ്തു കാശീശനന്ദനൻ
വേഗേന വന്നു കുമാരൻ സുദക്ഷിണൻ
അച്ഛന്റെ മസ്തകം കണ്ടു വിഷാദിച്ചു
മൂർച്ഛിച്ചുവീണു വിഷാദിച്ചെഴുന്നേറ്റു
കോപം കലർന്നു പകർന്നു ശരീരവും
ചാപം കരത്തിലെടുത്തു കുലച്ചുടൻ;
‘‘അച്ഛനാണമ്മയാണായുധത്താണ ഞാ–
നിച്ചതിചെയ്തൊരു കൂടലർപാഴന്റെ
കണ്ഠം ശരംകൊണ്ടു കണ്ടിച്ചു മസ്തകം
കണ്ടത്തിലിട്ടു ഞാൻ പന്തടിച്ചീടുവൻ
കണ്ടുകൊണ്ടാലും ജനനിമാരൊക്കവേ
കുണ്ഠിതമെല്ലാം വെടിഞ്ഞു പാർത്തീടുവിൻ
രണ്ടരനാഴികയ്ക്കുള്ളിലാക്കള്ളന്റെ
കണ്ഠം മുറിച്ചിങ്ങു കൊണ്ടുപോന്നീടുവൻ.
ആണിന്നുതന്നേ പിറന്നുള്ള ഞാനെന്റെ
പ്രാണനിക്കൂട്ടിൽക്കിടക്കുന്ന കാലത്ത്
ഇക്കണ്ട വൈരികൾക്കാർക്കുമാർക്കും തല–
പൊക്കുവാൻ യോഗംവരുത്തുന്നതല്ല ഞാൻ;
വംശപ്രകൃഷ്ടത്വമേറും സുദക്ഷിണൻ
സംശയംകൂടാതെ താതഹന്താവിന്റെ
വംശംമുടിക്കാതടങ്ങുമോ ലോകപാ–
ലാംശമല്ലോ മഹാക്ഷത്രിയൻമാർ ദൃഢം;’’
ഇത്ഥം പറഞ്ഞങ്ങു നില്ക്കുന്ന നേരത്തു
സത്വരം പേടിച്ചു മണ്ടി വരുന്നൊരു
ചെക്കനും പട്ടരും കാരിയക്കാരന്റെ
മക്കളും മറ്റുള്ളകമ്പടിക്കൂട്ടവും
ഒക്കവേ വന്നങ്ങു വന്ദിച്ചുണർത്തിച്ചു
തത്ക്കഥാവൃത്താന്തമുണ്ടായതിങ്ങനെ!
കേശവൻ പൗണ്ഡ്രകക്ഷ്മാപനെക്കൊന്നതും
കാശിരാജാവിന്റെ കണ്ഠം മുറിച്ചതും
കാരൂശരാജ്യങ്ങളെല്ലാം നശിച്ചതും
ഭീരുക്കളൊക്കവേ മണ്ടിത്തിരിച്ചതും
വാരിജലോചനൻ കൃഷ്ണൻ ജയിച്ചുടൻ
ദ്വാരകാമന്ദിരംതന്നിൽ ഗമിച്ചതും
പാരാതിതൊക്കവേ കേട്ടു സുദക്ഷിണൻ
പാരം വിയർത്തു വിചാരിച്ചു മാനസേ;

'കൂടലർപാഴരെ സംഹരിച്ചീടുവാൻ
കൂടപത്രംചെയ്കതന്നേ ചിതംവരൂ
ഗൂഢമായുള്ള പ്രയോഗങ്ങൾകൊണ്ടു ഞാൻ
മൂഢരെക്കൊന്നു മുടിച്ചീടുവൻ ദൃഢം;
ദുർമ്മന്ത്രവാദങ്ങൾ ചെയ്വാൻ വിരുതുള്ള
കർമ്മിദ്വിജന്മാരെയെല്ലാം വരുത്തി ഞാൻ
കർമ്മങ്ങൾ ചെയ്യിച്ചു കാലാരിദേവനു
ശർമ്മം വരുത്തി പ്രസാദം ലഭിച്ചുടൻ
നിർമ്മരിയാദങ്ങൾ ചെയ്ത ശത്രുക്കടെ
നിർമ്മൂലനാശം വരുത്തുന്നതുണ്ടു ഞാൻ'
ഇത്ഥം വിചാരിച്ചുറച്ചു സുദക്ഷിണൻ
മൃത്യുഞ്ജയാരാധനത്തിന്നു വേണ്ടുന്ന
തത്തൽ പദാർത്ഥങ്ങളെല്ലാം സ്വരൂപിച്ചു
ധാത്രീസുരേശ്വരന്മാരെ വരുത്തിനാൻ!
''ആഭിജാത്യാദിഗുണങ്ങൾകൊണ്ടേത്രയും
ശോഭിതന്മാരായ ഭൂസുരന്മാർ നിങ്ങൾ
ആഭിചാരക്രിയകൊണ്ടു മഹേശ്വര—
നാഭിമുഖ്യം വഴിപോലെ വരുത്തണം;
സംഹാരരുദ്രൻ പ്രസാദിച്ചുടൻ വൈരി—
സംഹാരമമ്പോടു ചെയ്തീടുവാനൊരു
സംഹാരദേവതാരൂപത്തെ വൈകാതെ
സംഭവിപ്പിപ്പാൻ പ്രയത്നം തുടങ്ങുവിൻ;
നമ്മുടെ കാര്യം വരുത്തുന്ന വിപ്രനു
നമ്മുടെ രാജ്യത്തിലർദ്ധം തരുന്നുണ്ടു
മന്മതമീവണ്ണമാകുന്നു നിങ്ങൾക്കു
സമ്മതമെങ്കിൽ ക്രിയ തുടങ്ങീടുവിൻ;''
കാശീശപുത്രന്റെ വാക്കു കേട്ടപ്പൊഴേ
''ശീ! ശീ! മഹാകഷ്ട''മെന്നങ്ങതിൽ ചിലർ
''രാശിപ്പണം കിട്ടുമെന്നാലതിങ്കലും
ക്ലേശിക്കയെന്നേ വരൂ''യെന്നതിൽ ചിലർ
''രാജ്യാർദ്ധലാഭം കൊതിക്കുന്ന താനിന്നൊ—
രാജ്യാഹുതിക്കു തുടങ്ങുന്നതൊട്ടുമേ
യോഗ്യമല്ലെന്തെടോ ദുർമ്മന്ത്രവാദിക്കു
പൂജ്യത്വമില്ലാതെപോ''മെന്നതിൽ ചിലർ
''നല്ലതെന്നാകിലും തീയ്യതെന്നാകിലും
വല്ലതും ചെയ്യാം പണംകിട്ടുമെന്നാകിൽ
ഇല്ലത്തു പാരം പരാധീനമഷ്ടിക്കു
നെല്ലെത്തുമഞ്ചാറു മാസത്തിലിപ്പുറം

ക്ഷേത്രങ്ങളിൽ ചെന്നു ശാന്തിചെയ്താലത്ര—
മാത്രം ലഭിക്കുമിക്കാലമതിന്നു ഞാൻ
പാത്രമല്ലാതെയായ് വാതം പിടിപെട്ടു
ഗാത്രം മുടങ്ങിക്കിടപ്പായ്‌വരും ക്രമാൽ
മൂത്രകൃച്ഛ്രത്തിന്റെ ദണ്ഡവും തെല്ലുണ്ടു
മൂത്ത നമ്പൂരിക്കുമൊട്ടും സുഖമില്ല
നേത്രരോഗംകൊണ്ടിളയ നമ്പൂരിക്കു
രാത്രി പകലും തിരിച്ചറിവാൻ മേലാ

കാശിരാജ്യം പാതി കിട്ടുമെന്നാകിൽ ഞാൻ
വാശി പിടിക്കാതെ വാശ്ശതെന്നാകിലും
ക്ലേശിക്കയെന്നങ്ങുറച്ചു തനിക്കതി—
ന്നാശയില്ലെങ്കിൽ ഗമിച്ചുകൊൾക ഭവാൻ''

''ദുർമ്മന്ത്രവാദങ്ങൾ ചെയ്താൽ തനിക്കുള്ള
കർമ്മങ്ങളൊക്കവേ ഭംഗംവരും ദൃഢം
ധർമ്മം പിഴയ്ക്കുന്ന ധാത്രീസുരൻമാർക്കു
ശർമ്മമില്ലെന്നല്ല സർവം നശിച്ചുപോം;

അർദ്ധരാജ്യം തരാമെന്നു പറഞ്ഞതു—
മൂർദ്ധമാക്കും മഹാലുബ്ധൻ സുദക്ഷിണൻ
തോണി കടന്നാൽ തുഴകൊണ്ടു പിന്നെ യ—
ന്നാണിയമുള്ളതു താനറിഞ്ഞീലയോ?

കാര്യം ലഭിച്ചാലൊടുക്കം തനിക്കൊരു
കാശുപോലും തരാ കാശിരാജാത്മജൻ''
''എന്നെപ്പറഞ്ഞവൻ വഞ്ചിച്ചുവെന്നാകി—
ലെന്നുടെ മന്ത്രവാദത്തിന്റെ ശക്തിയാൽ
സംശയംകൂടാതെ കാശീശപുത്രന്റെ
വംശമെപ്പേരുമേ ഭസ്മമാക്കീടുവൻ''

''കൂടപത്രംകൊണ്ടു കാര്യങ്ങൾ തീർക്കുന്ന
മൂഢന്റെ വംശം മുടിഞ്ഞുപോം നിശ്ചയം
തങ്ങൾ ചെയ്യിക്കുന്ന ദുർമ്മന്ത്രവാദങ്ങൾ
തങ്ങൾക്കുതന്നെ വിനാശമൂലം ധ്രുവം''

ഇത്ഥം പരസ്പരം മന്ത്രിച്ചു നില്ക്കുന്ന
പൃഥ്വീസുരേശ്വരൻമാരോടു പിന്നെയും,
സാമദാനങ്ങളെക്കൊണ്ടു സുദക്ഷിണൻ
താമസിക്കാതങ്ങനുസരിപ്പിച്ചിതേ;

ഭൂമിദേവൻമാർ കുളിച്ചുവന്നാദരാൽ
ഭൂമിയിൽ കുണ്ഡം കുഴിച്ചു തീയിട്ടുടൻ
ഹോമം തുടങ്ങീ ജപംതുടങ്ങീ രുദ്ര—
നാമമന്ത്രാഹുതികർമ്മം തുടങ്ങിനാർ;

ചണ്ഡമായുള്ളോരു മന്ത്രപ്രഭാവേന
കുണ്ഡത്തിൽനിന്നു പുറപ്പെട്ടു വേഗേന
മൃത്യുഞ്ജയൻതന്റെ ഭൃത്യനായുള്ളൊരു
കൃത്യാഗ്നി ദേവതാമൂർത്തി ഭൂതേശ്വരൻ;
ചെമ്പിച്ച കേശവും താടിയും മീശയും
വമ്പിച്ച വക്ത്രവും വക്രദന്തങ്ങളും
ചെമ്പരത്തിക്കുസുമംപോലെ കണ്ണുകൾ
ചെഞ്ചിടാഭാരവും ഘോരനാദങ്ങളും
കാട്ടുതീപററി ജ്വലിക്കും മഹാദ്രിയെ—
ക്കാട്ടിൽ കിളർന്നൊരു ദേഹവിസ്താരവും
താലങ്ങൾപോലെ നെടുത്ത കരങ്ങളിൽ
ശൂലങ്ങൾ ചക്രങ്ങൾ ഭിണ്ഡിപാലങ്ങളും
നാലുഭാഗങ്ങളിൽ ഭൂതജാലങ്ങളും
നാനാപ്രകാരേണ കാളിയും കൂളിയും
തീക്ഷ്ണമാം വട്ടത്തുറുക്കണ്ണിൽനിന്നാശു
തീക്കനൽക്കട്ടകൾ പൊട്ടിത്തെറിക്കയും
രൂക്ഷമാമുച്ചത്തിലട്ടഹാസങ്ങളും
രൂപമീവണ്ണം പ്രകാശിച്ചു വഹ്നിയിൽ
അത്യന്തഭീഷണാകാരനായുള്ളൊരു
കൃത്യാമഹാനലൻ ഭൂതവൃന്ദങ്ങളും
ഘോരനാദങ്ങൾ മുഴക്കിപ്പുറപ്പെട്ടു
ദ്വാരകാമന്ദിരംതന്നിൽ പ്രവേശിച്ചു;
പെട്ടെന്നു ഗോപുരപ്രാസാദസൗധങ്ങൾ
ചുട്ടെരിച്ചാർത്തു തകർത്തു തിമിർത്തുടൻ
പൊട്ടിച്ചിരിക്കയും വേഗേന സാലങ്ങൾ
വെട്ടിപ്പിളർക്കയും കണ്ടു ഭയപ്പെട്ടു
ദ്വാരകാവാസികൾ ചെന്നു മുകുന്ദനെ—
പ്പാരാതെ വന്ദിച്ചുണർത്തിച്ചു വാർത്തകൾ;
ചൂതും പൊരുതിക്കളിക്കുന്ന ഗോവിന്ദ—
നേതും കുലുങ്ങാതെ മന്ദസ്മിതം തൂകി
തൃക്കാൽ വണങ്ങിസമീപത്തു നില്ക്കുന്ന
ചക്രത്തെയൊന്നു തൃക്കൺപാർത്തു മാധവൻ;
അർക്കായുതപ്രഭാജാലം ജയിച്ചൊരു
തല്ക്കാലതേജോവിശേഷപ്രകാശേന
ചക്രായുധശ്രേഷ്ഠനംഭോജനേത്രന്റെ
തൃക്കാൽ വണങ്ങിപ്പുറപ്പെട്ടു തൽക്ഷണം
കത്തിജ്വലിക്കുന്ന കൃത്യാഗ്നിമൂർത്തിയോ—
ടെത്തിപ്പിടിപ്പാനടുത്തോരു നേരത്തു

കുണ്ഠിതംപൂണ്ടു വിരണ്ടു പുറകോട്ടു
മണ്ടിത്തിരിച്ചിതു കൃത്യാമഹാനലൻ;
പേടിച്ചു മണ്ടുന്ന കൃത്യയെ തത്ര നി—
ന്നോടിച്ചു പിമ്പേ നടകൊണ്ടു ചക്രവും;
കൃത്യാമഹാഗ്നിയും ഭൂതവൃന്ദങ്ങളും
ഭീത്യാ പലായനംചെയ്തു കാശീശന്റെ
പത്തനം നാടുമങ്ങാടിയും വാടിയും
കൊത്തളം കോട്ടയും കൊട്ടിലും മേടയും
തൽക്ഷണം ചുട്ടെരിച്ചക്ഷീണകോപാൽ സു—
ദക്ഷിണൻതന്നെയും ഭസ്മമാക്കീടിനാൻ;
തൽക്ഷണംകൊണ്ടങ്ങു സർവം ദഹിപ്പിച്ചു
ത്രീക്ഷണസ്വാമിയെച്ചെന്നു കൂപ്പീടിനാർ.
ഉത്തമന്മാരിലീ ദുർമ്മന്ത്രവാദപ്ര—
വൃത്തികളൊന്നും ഭവിക്കയില്ലെന്നല്ല
തങ്ങൾക്കുതന്നെ വിനാശം ഭവിക്കുമെ—
ന്നിങ്ങനെ കണ്ടു ഗ്രഹിക്കേണമേവരും.
സുപ്രഭാവം മഹാചക്രം സുദർശനം
തൽപ്രദേശേനിന്നു വെക്കം നടകൊണ്ടു
സ്വപ്രഭു മാധവൻ വാണരുളീടുന്ന
സുപ്രദേശത്തെ പ്രവേശിച്ചു സാദരം
അപ്രമേയന്റെ പാദാരവിന്ദങ്ങളെ
ക്ഷിപ്രം വണങ്ങി സുഖേന മേവീടിനാൻ.
വിപ്രപ്രിയൻ വിഭു ശ്രീവാസുദേവനും
തൽപ്രജാവർഗ്ഗവും ദ്വാരകാമന്ദിരേ
തൽപ്രിയാവൃന്ദവും തൽപുത്രവൃന്ദവും
സൽപ്രസാദോജ്ജ്വലം വാണു യഥാസുഖം.
അപ്രകാരം വാഴുമീശ്വരൻ ഞങ്ങൾക്കു
സുപ്രസാദം വരുത്തേണം സുമംഗലം.

പൗണ്ഡ്രകവധം ശീതങ്കൻതുള്ളൽ
സമാപ്തം

കൃഷ്ണലീല

ശ്രീമഹാദേവനും പാർവതീദേവിയും
ശ്രീമദാനന്ദസ്വരൂപൻ മുകുന്ദനും
ശ്രീമഹാഭാരതിയും ഗണനാഥനും
ശ്രീമഹീദേവനാം മദ് ഗുരുനാഥനും
സോമസൂര്യാദിഗ്രഹാഗ്രേസരൻമാരു–
മാമയധ്വംസി ധന്വന്തരിമൂർത്തിയും
സാമവേദാദി വേദങ്ങൾ മൂന്നും[1]ഘന–
ശ്യാമളാകാരനാം വേട്ടയ്ക്കൊരുമകൻ
കാമദാതാ ഭൂതനാഥനും നമ്മുടെ
കാമാനുകൂലം തുണച്ചരുളേണമേ.
വെള്ളിശൈലോദരംപോലെ വിശുദ്ധമ–
ങ്ങുള്ളത്തിലീശനെച്ചിന്തചെയ്തീടുകിൽ
വെള്ളത്തിരപോലെ സാധു സാഹിത്യമെ–
ന്നുള്ള സമ്പത്തുടൻ വന്നുദിക്കും ദൃഢം;
കള്ളത്തൊഴിലും കനത്തോരസൂയയും
ഭള്ളും മനക്കാമ്പിലുള്ള ജന്തുക്കളെ
കൊള്ളിക്കരുതൊരേടത്തുമെന്നല്ലൊരു–
കൊള്ളിക്കുപോലും[2]ബഹുമാനമില്ലഹോ!
കണ്ടതും കേട്ടതും കട്ടുകൊണ്ടന്നു താ–
നുണ്ടാക്കിയോരു പ്രബന്ധമെന്നിങ്ങനെ,
കണ്ടദിക്കിൽ ചെന്നുചേരുന്ന ദുഷ്കവി–
കണ്ടകൻമാരെ സമക്ഷത്തൊരേടത്തു
കണ്ടുപോയെങ്കിൽ കുളിച്ചു പുണ്യാഹാദി–
കൊണ്ടു തന്നംഗം വിശുദ്ധമാക്കീടണം
രണ്ടു മൂന്നക്ഷരജ്ഞാനമുള്ളോർക്കിതു–
കണ്ടു സഹിക്കയില്ലെങ്കിലുമെന്തൊന്നു–
വേണ്ടൂ നിരൂപിച്ചു കണ്ടാൽ കവിത്വങ്ങൾ–
കൊണ്ടു സത്കീർത്തിയുണ്ടാക്കാൻ മഹാപണി;

കവിചൊല്ലി ഫലിപ്പിപ്പാനെളുതല്ലെങ്കിലും നമ്മെ–
ക്കവിയുന്ന കവിതക്കാർ കവികെട്ടിച്ചമച്ചർത്ഥം

---

1. വേദങ്ങൾ മൂന്നും—ത്രയീവിദ്യ'—എന്ന പേരിലറിയപ്പെടുന്ന ഋക്, യജുസ്സ്, സാമം എന്നീ മൂന്നു സംഹിതകൾ. ആദ്യം ഈ മൂന്നു വേദങ്ങൾ മാത്രമേ പ്രമാണമായി സ്വീകരിക്കപ്പെട്ടിരുന്നുള്ളു. അഥർവ്വസംഹിത വേദങ്ങളുടെ കൂട്ടത്തിൽ പിന്നീടു ചേർക്കപ്പെട്ടതാണ്.
2. കൊള്ളിക്കുപോലും = വിറകുകൊള്ളിയോളംപോലും. (പുകഞ്ഞ കൊള്ളി പുറത്ത്—ശൈലി).

ചെവികൊണ്ടു വഴിപോലെ ശ്രവിക്കുമ്പോളിവനുള്ളിൽ
കവിയല്ല 'വി'കാരത്തിൽ 'പി'കാരം വന്നുകൂടീടും;
അവിവേകമെന്നുതീരും ഇവൻകൂടെ പ്രയോഗിച്ചാൽ
രവിയോടൊക്കുമോ മിന്നാമിനുങ്ങെന്നുള്ള ജന്തുക്കൾ?
ഭുവി വന്നു ജനിക്കുന്ന ജനങ്ങൾക്കൊക്കെയും മോദം
ഭവിപ്പാനുള്ള വസ്തുക്കൾ പലതുണ്ടെങ്കിലും നല്ല-
കവിതാചാതുര്യമുള്ള കവിവാണീപ്രയോഗത്തെ
ശ്രവിക്കുന്ന സുഖംപോലെ ചെവിക്കു പിന്നെയെന്തുള്ളു?
കുറവും കുററവും നോക്കിപ്പറവാനുണ്ടൊരുകൂട്ടം
തുറുകണ്ണും മിഴിച്ചങ്ങു മറുഭാഗേ വസിക്കുന്നു;
മറിവും മായവുമെല്ലാം മറച്ചുവച്ചുകൊണ്ടെല്ലാ-
മറിയുന്ന ജനമെന്നു പുറമേ ഭാവവും കാട്ടി
തറമേലേറിനിന്നേററം നിറമേറും സഭതന്നിൽ
ഇറങ്ങിസത്ക്കഥ ചൊല്ലിത്തുടങ്ങും പൂരുഷൻതൻെറ
കുറവററ ഗുണം കണ്ടു നിറഞ്ഞുള്ളിലസൂയകൊ-
ണ്ടുറഞ്ഞു ചാടിയോരോന്നു പറഞ്ഞു ഭത്സനംചെയ്തു;
കുറഞ്ഞോരു വിശേഷത്തെ അറിഞ്ഞോരു ജനംകുററം
പറഞ്ഞെങ്കിലതുകൊണ്ടു തരിമ്പും കുണ്ഠിതമില്ല;
അറിയാത്ത മഹാമൂഢൻ തെറിവാക്കു പറയുമ്പോൾ
എറിഞ്ഞു കാലൊടിക്കുമെന്നറിഞ്ഞുകൊൾവിനെല്ലാരും;
അനന്തനൽപുരംതന്നിൽ അനന്താഭാർഗ്ഗവീകാന്തൻ
അനന്തേ പള്ളികൊള്ളുന്നോരനന്തൻ ശ്രീപത്മനാഭൻ
അനന്തബ്രഹ്മതത്ത്വത്തിൽ അനന്തഭൂതനാമെൻെറ
ഘനന്താദൃങ്മഹാപാപേ ഘനംതള്ളിത്തുണയ്ക്കേണം;
തിരുവട്ടാക്ഷരങ്ങൾക്കു[1]പൊരുളാമെന്നുടെ പോററി
തിരുവട്ടാറു വാണീടും ആദികേശവ പാഹി മാം
ഹരിതൊട്ടൻപതുമൊന്നും അക്ഷരാർത്ഥക്കടലിൻെറ
കരപററാഞ്ഞുഴലുന്നൂ കവികുലമശേഷമേ!
കരുണാവാരിരാശേ! നിൻ ചരണാംഭോരുഹേ വന്നു
ശരണം ചൊല്ലിയെന്നാകിൽ സാരവേദികളായ്‌വരും;
ഓണാട്ടുകരനാട്ടിലിയലുമീശ്വരൻമാരും
വേണാട്ടുകരനാട്ടിലിയലുമീശ്വരൻമാരും
ചേണാർന്നീടിന ദക്ഷിണോത്തരബിംബരീനാട്ടിൽ[2]
കാണാകുന്നൊരു ദേവാധീശൻമാർകളും പിന്നെ,

---

[1] തിരുവട്ടാക്ഷരം (തിരു + അട്ടാക്ഷരം) അഷ്ടാക്ഷരം–അഷ്ടാക്ഷരത്തിൻെറ തദ്ഭവം. അഷ്ടാക്ഷരം—'ഓം നമോ നാരായണായ എന്ന അഷ്ടാക്ഷരി (മന്ത്രം).

[2] ദക്ഷിണോത്തരബിംബരീനാടു=തെക്കുംകൂർ. വടക്കുംകൂർ രാജ്യങ്ങൾ.

അമ്പലപ്പുഴെ വാഴുമരവിന്ദാക്ഷനുമെന്റെ
വമ്പിച്ച പരബ്രഹ്മസ്വരൂപികൾ വഴിപോലെ
സമ്പന്നപ്രകാശത്തെ വരിച്ചു വഞ്ചിരാജന്റെ
സമ്പത്തിന്നനുകൂലം പ്രകാശിച്ചു വിളങ്ങുന്നു;
പാർത്താലദ്ഭുതം! ബാലമാർത്താണ്ഡക്ഷിതീന്ദ്രന്റെ
വാർത്താവൈഭവമെല്ലാമോർത്താലന്തമില്ലേതും
മാർത്താണ്ഡപ്രതാപൻ ശ്രീമാർത്താണ്ഡാവനീചന്ദ്രൻ
മാത്തൂരംബികേ! നമ്മെക്കാത്തുകൊൾക നീ മായേ!

ക്ഷോണീതലേ ശുചീന്ദ്രാഖ്യ പുണ്യസ്ഥലേ
വാണരുളീടുന്ന ദേവൻ കൃപാനിധി
സ്ഥാണുനാഥസ്വാമി! നമ്മുടെ ഭാരതി
താണുപോകാതെ നീ കാത്തീടവേണമേ!
കഷ്ടം! കലിയുഗം വന്നു മൂർച്ഛിക്കയാൽ
ദുഷ്ടദുർജ്ജന്തുക്കളേറീ മഹീതലേ
ഇഷ്ടിലോപംകൊണ്ടു പുഷ്ടിലോപം വന്നു
തുഷ്ടിയില്ലെന്നല്ല നഷ്ടി പിടിപെട്ടു
കഷ്ടിപിഷ്ട്യാ നമുക്കഷ്ടിയെന്നാകയാൽ
തുഷ്ടിയില്ലാതെയൊരെഷ്ടിയായ്‌വന്നിതു,
മുട്ടീ വ്രതങ്ങളും; ചട്ടീകലങ്ങളും
കെട്ടിപ്പുറപ്പെട്ടു ചെട്ടിച്ചിമാർ ചിലർ
ചട്ടിത്തലച്ചിമാർ അഷ്ടിക്കു ദേഹീതി
നാട്ടിലോരോതരം കൂട്ടമിട്ടങ്ങനെ
കഷ്ടമയ്യോ ചോറു കിട്ടുമെന്നോർത്തിട്ടു
നഷ്ടദാരിദ്ര്യമീ കഷ്ടകർമ്മത്തിന്നു
പെട്ടെന്നു കാരണമായതിനും പിന്നെ
ദുഷ്ടനായുള്ള കലിയുടെ ജൃംഭണം;
സ്വർണ്ണങ്ങളെന്നൊരു ജാതിയും സൃഷ്ടിച്ചു
പെണ്ണുങ്ങളെന്നൊരു ജാതിയും സൃഷ്ടിച്ചു
കർണ്ണങ്ങളും കണ്ണുമെട്ടുള്ള ദേഹ[1]മീ—
വണ്ണമനർത്ഥങ്ങൾ രണ്ടു നിർമ്മിക്കയാൽ
എന്തുന്ന സംസാരവാരിധിയിൽ ചാടി
നീന്തുന്ന മർത്ത്യന്നു കേറാൻ തരം വരാ.
ഭ്രാന്തോ നിനക്കെന്നു ചോദ്യാനുകൂലമാം
താന്തോന്നിഭാവമീ രണ്ടുകൊണ്ടും വരും;
സ്വർണ്ണത്തിലാഗ്രഹംകൊണ്ടുള്ളനർത്ഥങ്ങൾ
വർണ്ണിച്ചു ബോധം വരുത്തുന്നതുണ്ടു ഞാൻ;
അർണ്ണവത്തിൽ കപ്പലോടിച്ചൊരോതരം
വർണ്ണത്തിലുള്ളവർ വാണിഭം ചെയ്യുന്നു;

---

1. കർണ്ണങ്ങളും കണ്ണുമെട്ടുള്ളദേഹം=നാൻമുഖൻ (ബ്രഹ്മാവ്).

രെട്ടുകൊണ്ടേററം കനത്തൊരിരുമുടി—
ക്കെട്ടും തലയിൽ ചുമന്നു പുറപ്പെട്ടു
തെറെറന്നു മണ്ടുന്നു സൂകരം[1] നാലഞ്ചു
കിട്ടുമെന്നാഗ്രഹംകൊണ്ടങ്ങൊരോതരം;
രാജകാര്യങ്ങളെ ക്ലേശിക്കയെന്നൊരു
വ്യാജം നടിച്ചു സമസ്തസാധുക്കളെ.
തേജോവധംചെയ്തു വിത്തമാർജിച്ചുകൊ—
ണ്ടാജീവനാന്തംപൊറുക്കുന്നിതു ചിലർ
ചുങ്കസ്ഥലങ്ങളിൽ ചെന്നു പഥികരെ—
ക്കിങ്കരൻമാർകളെക്കൊണ്ടു മറിപ്പിച്ചു
സങ്കടപ്പെട്ടു കിട്ടുന്ന പണംകൊണ്ടു
മങ്കമാർവീടു പുലർത്തുന്നിതു ചിലർ;
ചെക്കനെക്കൊണ്ടു തൻ സഞ്ചിയെടുപ്പിച്ചു
ചിക്കനെച്ചെന്നു ചികിത്സയും കല്പിച്ചു
കല്ക്കത്തിനും കഷായത്തിനും കാനനേ
നില്ക്കുന്ന വേരുകളെല്ലാം പറിപ്പിച്ചു
തക്കത്തിലെണ്ണയും നെയ്യും പൊടികളും
മിക്കവാറുംതൻെറ പുസ്തകത്തിൽകണ്ട—
തൊക്കെ പ്രയോഗിച്ചു പട്ടും പണങ്ങളും
കൈക്കലാക്കിക്കൊണ്ടു പോകുന്നിതു ചിലർ.
ആട്ടങ്ങളാടി നടക്കുന്നിതു ചില—
കൂട്ടം ജനം ധനം മോഹിക്കകാരണം
പാട്ടുകാരും ചില മദ്ദളക്കാരരും
കൂട്ടുകാരും കുടക്കാരും പ്രധാനിയും
പെട്ടിയെടുക്കുമുരത്ത ജനങ്ങളും
കുട്ടിപ്പരദേശിമാരും ശിശുക്കളും
കൊട്ടുതപ്പും കുഴൽക്കാരും തംബുരു
ഘട്ടിവാദ്യം പല വില്ലും വടികളും
ചെപ്പുകരം ചാണയും ചുട്ടിച്ചെരട്ടയും
ചപ്പുചിപ്പും കെട്ടിയേററിപ്പുറപ്പെട്ടു
മുപ്പതും നാല്പതുമാളുകളൊന്നിച്ചു
അല്പം ധനമുള്ളവൻെറ പുരംപുക്കു
കെട്ടുമിറക്കി യജമാനനേതെന്നു
കേട്ടറിഞ്ഞങ്ങു കരേറിപ്പുരം പുക്കു
നാട്യം പറഞ്ഞങ്ങിളക്കി കളിക്കാറ—
രൂട്ടുപുരയിൽ സ്ഥലംവയ്ക്കുമാകവേ;

---

[1] സൂകരം=തിരുവിതാംകൂറിലെ ഒരു പഴയ നാണയമാണ് 'വരാഹൻ'. 'വരാഹ'ത്തിൻെറ പര്യായമായ സൂകരപദംകൊണ്ട് ആ നാണയത്തെ സൂചിപ്പിച്ചിരിക്കുന്നു.

പെട്ടി വരുന്നതു കണ്ടാൽ ചില ജനം
കൊട്ടിക്കതകങ്ങടച്ചുവെന്നും വരും
അഷ്ടിമാത്രം കൊടുത്തങ്ങയയ്ക്കും ചിലർ
കഷ്ടിച്ചു കേളി കൊട്ടിച്ചുവെന്നും വരും;

ആട്ടങ്ങളിൽ കൃഷ്ണനാട്ടം ശുഭം രാമ—
നാട്ടം തുടങ്ങിയാൽ കോട്ടംവരും ദൃഢം;
ചുട്ടിയുംകുത്തിദ്ദശഗ്രീവവേഷവും
കെട്ടിപ്പുറപ്പെട്ടു പൊട്ടിച്ചിരിക്കയും

കൊട്ടിക്കലാശം ചവിട്ടിച്ചരിക്കയും
ചട്ടിച്ച മുഞ്ഞി വിയർത്തങ്ങൊലിക്കയും
കെട്ടിച്ചമഞ്ഞു ജടായു പുറപ്പെട്ടു
വട്ടത്തിലോടിപ്പറന്നു കളിക്കയും

യുദ്ധപ്പദങ്ങളും തങ്ങളിൽ ഘോഷിച്ചു
യുദ്ധംപിടിച്ചു വലഞ്ഞു പലവിധം
എത്രയും പാരം ബലക്ഷയം വന്നുടൻ
ഛത്രമെടുക്കും വെളിച്ചം തുടങ്ങിയാൽ;

വിത്തത്തിലാഗ്രഹം വന്നു പതുക്കവേ
ചിത്തത്തിലുൾപ്പുക്കു ദുഃഖങ്ങളിങ്ങനെ
തത്തൽപ്രകാരം വരുത്തുന്നതൊക്കെയും
തത്ത്വം വിചാരിക്കിലീശ്വരന്റെ കളി;

മാനിനിമാരിൽ ഭ്രമിക്കും പുരുഷനു
മാനക്ഷയം വന്നു കാണുന്നതില്ലയോ?
ദീനതാഭാവവുമർത്ഥനാശങ്ങളും
സ്ഥാനവിനാശവും പ്രാണാവസാനവും

കാമാർത്തികൊണ്ടു ഭവിക്കുന്ന ദോഷങ്ങൾ
കാൺമാനുമ ണ്ടഹോ! കേൾപ്പാനുമുണ്ടഹോ!
അന്തഃപുരങ്ങളിൽ ഗൂഢം വസിക്കുന്നൊ—
രന്തർജനങ്ങളെക്കണ്ടു കാമിച്ചു ചെ—
ന്നന്തിനേരങ്ങളിൽ ദോഷപ്പെടുത്തുകൊ—
ണ്ടന്തകൻവീട്ടിൽ വിരുന്നിന്നു യാത്രയും
പ്രേമാതിരേകമയോഗ്യസ്ഥലങ്ങളിൽ
കാമാർത്തികൊണ്ടു ഭവിക്കുന്ന പൂരുഷൻ
ശ്രീമാനതെങ്കിലുമാരോഹണോപരി
ശ്രീമാധവായ നമോയെന്നടിപെടും
ശ്രീരാമകൃഷ്ണാ ഹരേ! പത്മനാഭേശ!
നാരായണാനന്ദ നാളീകലോചനാ!
കാരുണ്യമൂർത്തേ! കടാക്ഷിച്ചരുളേണ—
മാരംഭമൻപോടു പൂർണ്ണമായീടുവാൻ;

സാരമായുള്ള കഥാഭാഗമൊന്നു ഞാൻ
പാരാതെ ചൊല്ലിപ്പരബ്രഹ്മരൂപിയെ
സ്വൈരമാംവണ്ണം മനസ്സിലാക്കീടുവാ–
നാരോമലാഗ്രഹിക്കുന്നു മാലോകരേ!

അക്കാലം ദേവകന്റെ മകളായ ദേവകിയെ
ചൊല്ക്കൊണ്ട വസുദേവൻ വേട്ടുകൊണ്ടാനൊരു ദിനം
ഊക്കേറും കംസനുമായ് തേരിലേറിഗമിക്കുമ്പോൾ
കേൾക്കായിതൊരു വാക്യമാകാശമതിൽനിന്നു:
''കേട്ടാലും ഭോജരാജൻ! ദേവകിക്കു പിറക്കുന്നൊ–
രെട്ടാമൻ സുതൻ നിന്നെപ്പെട്ടെന്നു കൊലചെയ്യും
ഒട്ടേറെ വിചാരിച്ചോ''യെന്നുള്ള വചനത്തെ
കേട്ടപ്പോൾ കുപിതനായ് കംസനും ഭഗിനീടെ
ചട്ടറ്റ തലമുടി പിടിപെട്ടു വലിച്ചങ്ങു
വെട്ടാനായ് തുടർന്നപ്പോൾ വസുദേവർ വചനത്താൽ
ഒട്ടുള്ളിൽ പരിപാകമവനുണ്ടായതുമൂലം
വിട്ടേച്ചു ഗമിച്ചങ്ങു വിരവോടേ പുരംപുക്കു;
ദേവകിക്കങ്ങതുകാലം പിറന്നോരു സുതൻമാരെ
കേവലം പോയാറുപേരെ കംസനപ്പോൾ കൊലചെയ്തു;
അവൾക്കേഴാമതും ഗർഭം ധരിച്ചപ്പോൾ മുകുന്ദന്റെ
നിയോഗത്താലുടൻ മായാഭഗവതിയെഴുന്നള്ളി
എടുത്തങ്ങു രോഹിണിക്കു മകനായിജ്ജനിപ്പിച്ചു
പൊടുക്കെന്നങ്ങെശോദയ്ക്കു മകളായി താൻ പിറന്നാൾ;

. . .   .*

വിശാലാക്ഷനരുളാലേ വസുദേവനതുനേരം
യശോദേടെ സമീപത്തു കിടത്തിനാൻ മുകുന്ദനെ
യശോദേടെ മകളേയും നിശയിങ്കലെടുത്തങ്ങു
കൃശോദരി ദേവകീടെ സമീപത്തും കിടത്തിനാൻ;
കടുക്കെന്നു കംസനപ്പോൾ എടുത്തൊരു ശിലതൻമേൽ
അടിപ്പാനായ് തുടർന്നപ്പോളവൾ ചാടിദിവംപുക്കാൾ:

''അമ്പാടിതന്നിൽ പിറന്നു വളരുന്നു
വൻപനാം നിന്നെക്കൊലചെയ്‌വതിന്നിഹ
കമ്പമകന്നൊരു ബാലകനെന്നതു–
മൻപോടു ചിന്തിക്ക കംസ! ജളമതേ!''
ഇത്തരമൊന്നരുൾചെയ്തു ഭഗവതി
സത്വരമങ്ങു മറഞ്ഞോരനന്തരം
ചിത്തത്തിലത്തൽ പെരുത്തൊരു കംസനും

---

* ദേവകി ശ്രീകൃഷ്ണനെ പ്രസവിച്ച വിവരം പ്രതിപാദിക്കുന്ന ഒന്നോ രണ്ടോ ഈരടികൾ ഇവിടെ വിട്ടുപോയിരിക്കുന്നു. മുദ്രിതഗ്രന്ഥങ്ങളിലോ തുള്ളൽക്കാരുടെ വായ്പാഠത്തിലോ കാണുന്നില്ല.

പത്തനംതന്നിലകംപുക്കു തന്നുടെ
ചിത്തത്തിനൊത്തൊരു മന്ത്രിജനങ്ങളെ
എത്തിച്ചു കാര്യവിചാരം തുടങ്ങിനാൻ:
''എല്ലാവരും നിങ്ങൾ മെല്ലെ വിചാരിച്ചു
നല്ലൊരു മാർഗ്ഗങ്ങൾ ചൊല്ലേണമെന്നോടു
വല്ലാതെ വന്നൊരു ശല്യം മനക്കാമ്പി-
ലുല്ലാസമേറുന്നതെല്ലാം കുറയ്ക്കുന്നു
ചൊല്ലേറുമെന്നെയും കൊൽവാൻ പിറന്നുപോൽ
മല്ലിന്നു നല്ല വിരുതനാം ബാലകൻ!
ചൊല്ക്കൊണ്ട കന്യകതന്നുടെ വാക്കുക-
ളൊക്കെ ഭവാൻമാർ ധരിക്കേണമാദരാൽ
ഗോക്കളെ മേച്ചു നടക്കുന്ന കൂട്ടത്തി-
നൊക്കവേ ധിക്കാരമേറീടുമാറായി
ഗോകുലംതന്നിൽ വളരുന്നുപോലവൻ
ലോകത്തിനൊക്കെയുമീശ്വരൻപോലവൻ
ഇക്കണ്ട നമ്മൾക്കൊരന്തകൻപോലവൻ
ചൊൽക്കൊണ്ട ദേവകൾക്കാശ്രയംപോലവൻ
അന്തണർക്കൊക്കെയും ബന്ധുവാകുന്നുപോൽ
അന്തമില്ലാത്ത ബലമുണ്ടവന്നുപോൽ
എന്തെന്നുമേതെന്നുമില്ലാത്ത ജന്തുക്കൾ
അന്തികെ ചെന്നങ്ങവനെത്തൊഴുന്നുപോൽ
എന്തിനിക്കംസനെന്നെല്ലാജനങ്ങളും
സന്തതം നമ്മെ ദുഷിച്ചു നില്ക്കുന്നുപോൽ
പന്തണിക്കൊങ്കമാരൊക്കെയക്കുഞ്ഞിനെ-
ച്ചിന്തിച്ചു സന്തോഷമോടിരിക്കുന്നുപോൽ;
തന്തയാരെന്നതും തള്ളയാരെന്നതും
എന്തു പേരെന്നതും കേട്ടതുമില്ല ഞാൻ
ചിന്തിക്കയാലിന്നു സന്താപമെന്നുള്ളി-
ലന്തമില്ലാതോളമേന്തിച്ചമകയാൽ
അന്തകൻതന്നെജ്ജയിപ്പാൻ വിരുതുള്ള
മന്ത്രികളല്ലോ ഭവാൻമാരുമൊക്കവേ
ബന്ധുക്കളാകുന്ന നിങ്ങൾ നിനച്ചുകൊ-
ണ്ടന്ധത്വമേറുന്ന കുഞ്ഞിനെച്ചെന്നെടു-
ത്തന്തകൻവീട്ടിൽ വിരുന്നയച്ചെന്നുടെ
ചിന്തയിൽ സന്തോഷമേററം വരുത്തുവിൻ;''
ഇത്തരം കംസനരുൾചെയ്തതിന്നുട-
നുത്തരമായിട്ടൊരുത്തനുണർത്തിച്ചു:

''തിരുമനമതിലിന്നു പരിതാപമരുതേതും
അരികളെക്കൊലചെയ്‌വാനടിയങ്ങൾ മതിയാകും,

തിരുവുള്ളം തെളിവോടൊന്നരുൾചെയ്താലതു പോരും
വിരുതുള്ളോരസുരൻമാർ പലരിങ്ങു വിലസുമ്പോൾ
ഉലകിങ്കലെവനിന്നു കലഹിപ്പാൻ തുനിയുന്നു?
ചില ശങ്ക തുടങ്ങേണ്ടാ കുലുങ്ങാതേ വസിച്ചാലും;
അടിയങ്ങൾ മടിക്കാതെ പടക്കോപ്പുമിളക്കിക്കൊ—
ണ്ടടുക്കുമ്പോൾ നടുങ്ങേണം കടുക്കെന്നീയുലകെല്ലാം;
സമരത്തിന്നടുക്കുമ്പോളമരൻമാർ പറന്നീടും
കമലസംഭവൻതാനും കമലത്തിലൊളിച്ചീടും;
സുരപതിപുരങ്ങളിൽ മരുവുന്ന ജനങ്ങളെ—
ത്തരസാചെന്നമർത്താനിന്നടിയൻതാനൊന്നുപോരും''
കടുക്കെന്നിങ്ങനെയൊരു മിടുക്കനെങ്ങുരത്തപ്പോൾ
കടന്നു മററൊരുവൻതാൻ നൃപനോടങ്ങുണർത്തിച്ചു:
''അടിയനും തുടങ്ങുന്നു തിരുമനസ്സറിയിപ്പാൻ
വടിവോടേ തിരുവുള്ളം തെളിഞ്ഞങ്ങു ധരിച്ചാലും
പലരുണ്ടെന്നതു വന്നാൽ പല വാക്കും പറഞ്ഞേക്കും
ഫലമേതുമതുകൊണ്ടു വരത്തില്ലെന്നറിഞ്ഞാലും;
പല വാക്കില്ലടിയനെന്നിതു ബോധിച്ചരുളേണം
കലഹത്തിൻ കരുത്തെല്ലാം ഫലംകൊണ്ടങ്ങറിയിക്കാം;
തനിച്ചോരിന്ദ്രനെപ്പോലും പിടിച്ചിങ്ങു വരുത്തീടാം
കനക്കേടു വരുത്തീടും ധനം നന്നായ് ലഭിച്ചീടാം
ദനുജേശൻ നിരൃതിക്കുമനുവാദം വരുത്തീടാം
വരുണനെ വരുത്തീടാം മരുത്തിനെത്തടുത്തീടാം
തിറ[1]വാങ്ങി ധനദനെപ്പരിചോടങ്ങിരപ്പിക്കാം
പരമേശൻതിരുവടിയിരന്നല്ലേ നടക്കുന്നു
ഒരു കാശുമവങ്കേന്നു ലഭിക്കില്ല നമുക്കിപ്പോൾ
അലങ്കാരമവനെല്ലാമെലിമ്പും ചാമ്പലും പാമ്പും
തലയോടും മേലുമെല്ലാം നല്ല വെള്ളച്ചാരമായി
മലങ്കാട്ടിൽ നടക്കുന്നു മലയേറിക്കിടക്കുന്നു
ബലംകെട്ട മുതുകാളയതുകൊണ്ടു ഫലമില്ലാ
വിലകാണാച്ചരക്കിങ്ങു വരുത്തീടുന്നതും പാഴിൽ;
രവിതന്റെ കിരണങ്ങൾ തണുപ്പിച്ചു ചമച്ചീടാം
അടിയൻ പേടിയെന്നുള്ളതറിഞ്ഞിട്ടില്ലൊരിക്കലും;
വമ്പനാകും ഭവാനുടെ ശത്രുവായിട്ടൊരു ബാലൻ
അമ്പാടിയതുതന്നിൽ ജനിച്ചതു നിനച്ചിട്ട്
കമ്പവും ഭവിക്കേണ്ട തിരുമനതാരിലൊട്ടും
അൻപോടേ തിരഞ്ഞീടാം അറിഞ്ഞാശു ഹനിച്ചീടാം;
കൈതവം പെരുത്തോരു കുഞ്ഞിനെക്കൊലചെയ്വാൻ
പൂതനയ്ക്കൊരുകൂട്ടം വിരുതുണ്ടെന്നറിഞ്ഞാലും!

1, തിറ=കപ്പം.

ചേതസി തെളിവോടെയവളെയങ്ങയച്ചാലും!
ഏതും സംഭ്രമം വേണ്ടാ സാധിക്കും കാര്യമെല്ലാം.''
ഇത്തരമവരുടെ വാക്കു കേട്ടോരനന്തരം
ചിത്തതാർ തെളിവോടേ ഭോജരാജനുരചെയ്തു:
''ചിത്തത്തിൽ കിളുർത്താശു തളിർത്തു പൂത്തു കാച്ചീടും
അത്തൽപാദപം നിങ്ങൾ പിഴുതങ്ങു കളകയാൽ
എത്രയും സുഖമായി നമുക്കെന്നു ധരിച്ചാലും
ശത്രുവിനെക്കൊലചെയ്‌വാൻ വിരുതേറും പൂതനയെ
യാത്രയാക്കാം മടിക്കാതെ ഗോകുലത്തെക്കുറിച്ചിപ്പോൾ;
അന്തിയും വന്നടുത്തല്ലോ ചിന്തയെല്ലാം മതിയാക്കാം
മന്ത്രിവീരൻമാരുമെല്ലാം പിരിഞ്ഞാലും മടിക്കാതെ
ചിന്തയെല്ലാമിനിശ്‌ശേഷം കുറിനാളിൽ കഴിച്ചീടാം
ചിന്തിതം പൂതനേത്തന്നെ വരുത്തേണം മടിയാതെ.''
ഇത്ഥമെല്ലാമരുൾചെയ്തു കംസനന്തഃപുരം പുക്കു
ബദ്ധമോദം കാന്തമാരോടൊത്തു ലീലയ്ക്കൊരുമ്പെട്ടു.
മന്ത്രികളുമതുനേരം മന്ത്രശാലയിൽനിന്നിറങ്ങി
ചന്തമോടേ തങ്ങൾതങ്ങടെ വീടുകളിലകംപുക്കു;
കനലിൽ ചുട്ടെടുത്തോരു കനകച്ചേങ്ങലപോലെ
ദിനകരനുടെ ബിംബം തുടുതുടെ നിറം തേടി
ചരമപർവതത്തിൻെറ മുകളിലങ്ങെഴുന്നള്ളി
പരിചോടസ്തമിപ്പാനുമടുത്തു കാണായിവന്നു
വിരിഞ്ഞ താമരപ്പൂക്കൾ പിരിഞ്ഞങ്ങനെ കൂമ്പുന്നു
വിരഞ്ഞു ചക്രവാകങ്ങൾ കരഞ്ഞങ്ങനെ നടക്കുന്നു
നിറഞ്ഞാശു വിളക്കുകൾ എരിഞ്ഞങ്ങനെ വിളങ്ങുന്നു
തരുണിമാർ വീടുതോറും തരംനോക്കീട്ടൊരുകൂട്ടം
തരുണൻമാർ നടക്കുന്നു തരമല്ലെന്നൊഴിക്കുന്നു
തനിച്ച വേശ്യമാരെല്ലാം കുറിച്ച നായരെത്തന്നെ
നിനച്ചുംകൊണ്ടകച്ചൂടും തികച്ചങ്ങനെ വസിക്കുന്നു
കുളുർമുലത്തടങ്ങളിൽ കളഭങ്ങൾ തഴുകുന്നു
ഒളിവീടൻ വീടുതോറും ഒളിച്ചോടി നടക്കുന്നു,
കുസുമങ്ങളറുക്കുന്നു കുറുനിര നറുക്കുന്നു
കുറിക്കൂട്ടുമരയ്ക്കുന്നു കാററു തട്ടി വെറുക്കുന്നു
പെട്ടകങ്ങൾ തുറക്കുന്നു വെട്ടടയ്ക്കാ മുറിക്കുന്നു
കുട്ടികളെ ഉറക്കുന്നു പാട്ടിൽവന്നങ്ങുറയ്ക്കുന്നു
കാമുകൻമാർ നടക്കുന്നു കാമനെന്നു നടിക്കുന്നു
കാമിനിമാർപടിക്കൽ പോയ്ക്കാവലായിക്കിടക്കുന്നു
മണിമച്ചിൽ കടക്കുന്നു പണഞ്ചെന്നങ്ങെടുക്കുന്നു
പിണക്കത്തെ നടിക്കുന്ന പെണ്ണിനായിക്കൊടുക്കുന്നു

പടിക്കൽചെന്നൊരു ധൂളി നടക്കുന്ന ഭടൻമാരെ
കടക്കണ്ണിൻമുനകൊണ്ടു കടക്കാമെന്നുരയ്ക്കുന്നു
''ഇനിക്കെന്റെ പട്ടരച്ചാ! മെനക്കേടില്ലൊരിക്കലും
തനിച്ച നായരെൻവീട്ടിൽ പിരിയാതെയിരിക്കുന്നു
കനക്കേടു വരുമിന്നക്കഴുവേറിയറിഞ്ഞെന്നാൽ
മനസ്സില്ലായ്കയുമല്ലേ''ന്നൊരു ധൂളി പറയുന്നു
നടക്കാവിൽ പകൽ കണ്ട പെണ്ണുതന്റെ വീടു തേടി
പടിതോറും നടക്കുന്നു വിളിച്ചുംകൊണ്ടൊരു ഭോഷൻ!
പണം മേടിച്ചവളുടെ വീടു കാണാഞ്ഞൊരു പച്ച—
പ്പരദേശി ചൂട്ടെരിച്ചു പരിതാപാൽ നടക്കുന്നു;
കുറിച്ച നായരെത്താഞ്ഞു വെറുത്തുംകൊണ്ടൊരു നാരി
പുറത്തോട്ടങ്ങിടെയിടെ മറഞ്ഞുനിന്നു നോക്കുന്നു.

രാത്രിയിലുള്ള വിശേഷങ്ങൾ ചൊല്ലുവാൻ
പാത്രമാകുന്നീല പാർത്തുകണ്ടാലതും*
നേത്രമൊരായിരം നല്കീലെനിക്കതി
ധൂർത്തനായുള്ള ശതപത്രസംഭവൻ;
വെട്ടമടുത്തപ്പോളെട്ടു ദിഗന്തങ്ങൾ
ഏറ്റം തെളിഞ്ഞങ്ങു പെട്ടെന്നു കാണായി
ചട്ടറ്റ താമരമൊട്ടു വിരിഞ്ഞതിൽ
പെട്ടൊരു വണ്ടുകളോട്ടം തുടങ്ങിനാർ;
ഓട്ടുവിളക്കുകൾ കെട്ടുതുടങ്ങിനാർ
മുട്ടാതെ ശംഖൊലി കേട്ടുതുടങ്ങിനാർ
നാട്ടുവഴികളിൽ കെട്ടുമെടുത്തൊരു—
കൂട്ടം ജനങ്ങൾ നടന്നുതുടങ്ങിനാർ
ചെട്ടികളങ്ങാടി കൊട്ടിത്തുറക്കുന്നു
പെട്ടികൾ പട്ടുകൾ പെട്ടെന്നെടുക്കുന്നു
ദുഷ്ടനാം കംസനും പെട്ടെന്നെഴുന്നേറ്റു
ഇഷ്ടജനങ്ങളോടൊത്തു വിചാരിച്ചു
പോതകൻമാർക്കൊരു യാതനാദേഹമാം
പൂതനേത്തന്നെ വിളിച്ചൊന്നരുൾചെയ്തു:
''പൂതനേ! നീയും മടിക്കാതെ ചെന്നുടൻ
ഭീതിയുണ്ടാക്കുവാൻ ഹേതുവാകുന്നൊരു
പോതകംതന്റെ പുരത്തിലകംപുക്കു
കൈതവംകൊണ്ടു വധിച്ചു വരികെടോ!''
എന്നരുൾചെയ്തോരുനേരത്തു പൂതന—
നന്നായ്ത്തെളിഞ്ഞു തൊഴുതു പുറപ്പെട്ടു;

---

* 'പാത്രമാകുന്നീല പാർത്തുകണ്ടാൽ ശത—
പത്രജനായ വിരിഞ്ചൻ മഹാജളൻ
നേത്രമൊരായിരം നല്കീല്ലെനിക്കഹോ' —വായ്പാഠം.

ചെന്നവളാമ്പാടിതന്നിലകംപുക്കു
സുന്ദരീവേഷം ചമഞ്ഞു നിന്നീടിനാൾ;
അച്ചിമാരന്നേരമൊക്കെപ്പുറപ്പെട്ടു;
കൊച്ചിനെക്കാൺമാൻ നടന്നുതുടങ്ങിനാർ
നിച്ചിരിയിച്ചിരിനേററിയുണ്ണാച്ചിയും
താച്ചിയും നേച്ചിയുമിട്ടിച്ചിയച്ചിയും
കുഞ്ഞിയും കുഞ്ഞോണ്ണും കുഞ്ഞുമാണിക്യവും
കുഞ്ഞുമാതേവിയും കുഞ്ഞുകല്യാണിയും
നാണിയും നീലിയും താലുവും മാലുവും
മാധവി ലക്ഷ്മിയും കാളിയുണ്ണൂലിയും
എന്നുതുടങ്ങിയുള്ളച്ചിമാരൊക്കെയും
നന്ദാലയംപുക്കു വന്നോരനന്തരം*
സുന്ദരനാകും യശോദാകുമാരനെ—
ച്ചെന്നുടൻ മേടിച്ചു കൊഞ്ചിത്തുടങ്ങിനാർ;
പുഞ്ചിരികൊഞ്ചലു തഞ്ചും തിരുമുഖം
തേഞ്ചോരിവായ്മലരും ചാരുഹാസവും
ചഞ്ചലമായി വിലസും തിരുമിഴി—
ത്തഞ്ചവുമഞ്ചിതമായൊരു ഭാവവും
കായാംപൂതന്നുടെ കാന്തി കലരുന്ന
കായവും മായമില്ലാത്ത വിലാസവും
ആയിരം കാമദേവൻമാരുടെ കാന്തി
ആയതെല്ലാമുരുക്കൂട്ടുന്ന ശോഭയും
ചെന്തളിരൊത്തൊരു പാണി പാദങ്ങളും
ചന്തത്തിൽ വന്നു പരന്നോരു കൂന്തലും
സന്തോഷമോടങ്ങു കണ്ടോരു നാരിമാർ
ഹന്ത! ഹന്താനന്ദവാരിയിൽ മുങ്ങിനാർ;
തൃക്കാലു രണ്ടും കുടഞ്ഞു കരയുന്ന[1]
മയ്ക്കാർമുകിൽവർണ്ണനെക്കണ്ടു ഗോപിമാർ
തൃക്കൈകൾ രണ്ടും പിടിച്ചെടുത്തപ്പൊഴേ†
വെക്കം മുലയും കൊടുത്തുതുടങ്ങിനാർ:
‘‘ഉണ്ണീ മകനേ കരഞ്ഞീടരുതെടോ
കണ്ണുനീരയ്യോ! പൊഴിക്കുന്നതെന്തിന്?
അമ്മിഞ്ഞി നന്നായ്ക്കുടിച്ചുകൊൾക നിന്റെ
അമ്മയാകുന്നു ഞാനെന്നറിഞ്ഞീടു നീ;

---

* തുള്ളൽക്കാരുടെ വായ്പാഠം സ്വീകരിച്ചു. ‘നന്നായകംപുക്കു നിന്നോരനന്തരം’—മുദ്രിതപുസ്തകപാഠം.

[1] കുടഞ്ഞുകളിക്കുന്ന—എന്ന മുദ്രിതപുസ്തകപാഠം ശരിയല്ല. കുഞ്ഞിനെ എടുത്ത ഗോപിമാർ ‘‘ഉണ്ണീ മകനേ കരഞ്ഞീടരു’’തെന്നാണു തുടർന്നു പറയുന്നത്.

† ‘തൃക്കൈകൾ രണ്ടും പിടിച്ചു പതുക്കവേ’—മുദ്രിതപുസ്തകങ്ങളിലെ പാഠം;

ഇങ്ങു വന്നീടു നീ ഇങ്ങു വന്നീടു നീ
ഞങ്ങളെക്കൂടെയനുഗ്രഹിക്കേണമേ!''
ഇങ്ങനെയോരോരോ ഗോപാലനാരിമാർ
തിങ്ങിന മോദേന മേടിച്ചു മേടിച്ചു
മംഗലരൂപനാം ഗോപാലബാലനെ-
ബ്ഭംഗിയോടങ്ങു ലാളിക്കും ദശാന്തരേ
പൂതന നല്ലൊരു സുന്ദരീവേഷമായ്
കൈതവക്കുഞ്ഞിനെച്ചെന്നു മേടിച്ചവൾ
അംഭോജമൊട്ടിനെ ഞെട്ടിക്കുമക്കുച-
കുംഭം പതുക്കവേ ബാലനു നല്കിനാൾ.
അംഭോജലോചനനപ്പോളവനുടെ
ഡിംഭകമായുള്ള ഭാവം[1]കളഞ്ഞവൾ
ജംഭാരിമന്ദിരംതന്നിലുളവായ
രംഭാദികളോടുകൂടിച്ചമഞ്ഞുള്ള
സംഭോഗമൊക്കെയനുഭവിക്കേണമെ-
ന്നമ്പോടിതൊക്കെ മനസ്സിലുറച്ചവൾ-
തൻ പാലു മെല്ലെക്കുടിച്ചു തുടങ്ങിനാൻ
തൻപ്രാണനേയും വലിച്ചു തുടങ്ങിനാൻ;
ബന്ധുരമായുള്ള വേഷം വെടിഞ്ഞവൾ
അന്ധകാരത്തിനോടൊത്ത ശരീരമായ്
സന്ധുക്കളേററം തളർന്നുവരികയാൽ
അന്ധതപൂണ്ടങ്ങലറിത്തുടങ്ങിനാൾ:
''ഹാ ഹാ! കുമാരക! മോചിക്ക മോചിക്ക;
മോഹനീയാകൃതേ! ചൂചുകം മോചിക്ക
ദേഹം തളരുന്നു മോഹം വളരുന്നു
മേചകവർണ്ണാ! നീ ചൂചുകം മോചിക്ക*''
ഭീതിയാലിത്തരം വാവിട്ടലറുന്ന
പൂതനതന്നുടെ ജീവിതമൊക്കെയും
ഏതും മടിക്കാതെ ഗോപാലബാലകൻ
വീതശങ്കം കുടിച്ചീടിനാനന്നേരം
നീരദംപോലെ കറുത്തു തടിച്ചതി-
ക്രൂരയായുള്ള നിശാചരിതന്നുടെ
ഘോരഘോരങ്ങളാമാർത്തസ്വരങ്ങളാൽ
പാരിടമൊക്കെക്കുലുങ്ങിച്ചമഞ്ഞുതേ;
സർവേശ്വരൻെറ കൃപകൊണ്ടു പൂതന
നിര്യാണവും വന്നു വാനോർപുരിപുക്കു

---

1. ഡിംഭകമായുള്ള ഭാവം=ശിശുഭാവം. ഡിംഭൻ =ശിശു.

* 'ദേഹം തളരുന്നു...മോചിക്ക'—എന്ന ഈരടി തുള്ളൽക്കാരുടെ വായ്പാഠമനുസരിച്ചുള്ളതാണ്. സന്ദർഭസാധുത്വം പരിഗണിച്ചു സ്വീകരിച്ചു.

ഉർവശീ മേനക രംഭാദിയൊന്നിച്ചു
നിർവ്യാജമോദം സുഖിച്ചു വാണീടിനാൾ;
പർവതംപോലെ കനത്ത ശരീരവു-
മുർവീതലത്തിൽ മറിഞ്ഞോരനന്തരം
സർവജനങ്ങളുമോരോരോ ദിക്കീന്നു
കാർവർണ്ണനെത്തിരഞ്ഞാശു വരുംവിധൗ
ചാലവേ പൂതനതന്നുടെ മാർവത്തു
കാലും കുടഞ്ഞു ചിരിച്ചു കളിക്കുന്ന
ബാലനെക്കണ്ടു മൂക്കത്തു കൈയ്യുംവച്ചു
നാലുഭാഗത്തും നിറഞ്ഞു നിന്നീടിനാർ;
വന്നു യശോദയും ചെന്നു കുമാരനെ
മന്ദമെടുത്തു മുലയും കൊടുത്തവൾ
നന്ദനോടൊന്നിച്ചു നന്ദാലയംതന്നിൽ
നന്നായ്ത്തെളിഞ്ഞു സുഖിച്ചു വാണീടിനാൾ;
പൂതനതന്നുടെ ദേഹം ദഹിപ്പിച്ചു
പൂതമാക്കീടിനാൻ നന്ദനും മന്ദിരം
ജാതമോദം വസിച്ചീടുന്ന നാളൊരു
ദൂതനെക്കംസനയച്ചാനൊരു ദിനം:
കൂടലർ കീടകനാകാശമാർഗ്ഗേണ
ചാടിവന്നാനവൻ ബാലനെക്കൊല്ലുവാൻ
ചാടായി വന്നവൻ ബാലന്റെ മേനിമേൽ
ചാടാൻ തുനിഞ്ഞങ്ങുരുണ്ടടുത്തീടിനാൻ
ചാടായതേയുള്ളു ചാടായിവന്നില്ല
ചോടുകൊണ്ടക്കുഞ്ഞു തട്ടിത്തകർക്കയാൽ
ചാടൊരു നൂറായ്ത്തകർന്നോരനന്തരം
പേടികലർന്നൊരു കംസഭൂപാലനും
തെറ്റെന്നു ബാലന്റെയറ്റം വരുത്തുവാൻ
മറ്റൊരസുരനെ യാത്രയാക്കീടിനാൻ;
കാറ്റായി വന്നൊരു മാറ്റലർകീടകൻ
ചുറ്റും ചുഴലിയായ് വീശും ദശാന്തരേ
അറ്റമില്ലാതെ കൊടുങ്കാറ്റടിക്കയും
കറ്റക്കുഴലിമാർ പേടിച്ചു മാറിയും
ചുറ്റും മരങ്ങളും പൊട്ടിവീണീടുന്നു
മുറ്റും പൊടിഞ്ഞു പൊടിക്കൂട്ടമംബരേ
പറ്റിപ്പറന്നങ്ങുയർന്നു കാണായ്‌വന്നു;
മുറ്റും ചവറ്റില ചുറ്റിപ്പറക്കയും
മുറ്റും മരങ്ങളും ചോട്ടിൽ പതിക്കയും
ഏറ്റം ചടചടാഘോഷമുറയ്ക്കയും
മുറ്റത്തുനിന്നങ്ങു ധൂളി പറക്കയും
കുറ്റം വിലോചനങ്ങൾക്കു ഭവിക്കയും

കററവാർവേണിമാർചിത്തം വിറയ്ക്കയും
കാററിനെക്കണ്ടു കുമാരൻ രസിക്കയും
കാററിൻനടുവിലൊരൂററനാം ദാനവൻ
തെററെന്നു കുഞ്ഞിനെച്ചെന്നെടുത്തപ്പൊഴേ
മാററലർകീടനുയർന്നുതുടങ്ങിനാ–
നററംവരാനുള്ള കാലമടുക്കയാൽ;

കുഞ്ജരാകാരന്റെ കണ്ഠത്തിലാക്കുഞ്ഞു
കുഞ്ഞുകൈകൊണ്ടു മുറുക്കിത്തുടങ്ങിനാൻ
കഞ്ജനാഭന്റെ കനം പൊറുക്കായ്കയാൽ
അഞ്ജനസന്നിഭദേഹൻ നിശാചരൻ

കൊല്ലാനൊരുമ്പെട്ടമർത്തിപ്പിടിച്ചൊരു
മല്ലാരിതന്നുടെ ശല്യം മുഴുക്കയാൽ
തിണ്ണം തൊഴിച്ചങ്ങു കണ്ണും തുറിച്ചങ്ങു
പൊണ്ണൻ മലപോലെ വീണാൻ മഹീതലേ.

പാറപ്പുറത്തങ്ങു ചത്തു വീണീടുന്ന
പോരദ്ദനുജന്റെ മാറത്തു ബാലനും
കാറൊത്ത കുന്നിൻമുകളിൽ വിളങ്ങുന്ന
കായാമ്പുതൻമലർപോലെ വിളങ്ങുമ്പോൾ
അമ്മയും ബാലനെച്ചെന്നങ്ങെടുത്തുടൻ
നൻമ വരുവാൻ തിരുനാമമോതിനാൾ.

ദുർഗ്ഗയെസ്സേവിച്ചിരിക്കുന്ന കാലത്തു
ഗർഗ്ഗനാം മാമുനിതാനുമെഴുന്നള്ളി
അർഗ്ഗളബാഹുവാം രോഹിണീപുത്രനു
നിർഗ്ഗതസംശയം രാമനെന്നോതിനാൻ;
പിന്നെ യശോദാകുമാരനു കൃഷ്ണനെ–
ന്നുള്ളോരു നാമം വിളിച്ചെഴുന്നള്ളിനാൻ;

കോമളൻമാരായ രാമനും കൃഷ്ണനും
പ്രേമാതിരേകമേവർക്കുമുണ്ടാംപടി
ആമോദമോടേ വളർന്നുതുടങ്ങിനാർ
സീമയില്ലാതോളം ലീലയും തേടിനാർ
നന്ദജൗ സുന്ദരൗ സുന്ദരീനന്ദനൗ
മന്ദചരസരൗ മണ്ഡിതമന്ദിരൗ
സന്ദിതശേഖരൗ സാന്ദ്രലീലാപരൗ
ഗോനാഥഭാസ്വരൗ ഗോധൂളിധൂസരൗ
ഗോപാലമേളിതൗ ഗോപികാലാളിതൗ
നീലകേശാഞ്ചിതൗ കാർവർണ്ണശോഭിതൗ
ആച്ചിമാർ ചെന്നെടുത്തിച്ചരയോടപ്പൊഴേ
പിച്ചനിർത്തിച്ചില പിച്ച കളിപ്പിച്ചു

അച്ഛനുമമ്മയും വന്നു ചിരിപ്പിച്ചു;
ഇച്ഛയ്ക്കു ചേരുന്ന പിച്ചക്കിളികളും.[1]
പച്ചവാഴപ്പോളകൊണ്ടു ചമച്ചങ്ങു
അച്ചിമാർകൊണ്ടന്നു മെല്ലെക്കൊടുക്കയും
കാച്ചിയ പാലും പഴവും ഗുളങ്ങളും
പാച്ചോറുമെല്ലാമവർക്കു കൊടുക്കയും
നിച്ചലുമിങ്ങനെ രോഹിണീപുത്രനും
അച്യുതൻതാനും കളിച്ചു മേവീടിനാർ;
വെണ്ണയും പാലുമിരിക്കുന്ന ദിക്കിലാ—
ക്കണ്ണന്റെ കണ്ണുകൾ ചേർത്തുതുടങ്ങിനാൻ;
ഒട്ടുവെളുക്കുമ്പൊളമ്മയും ബാലനെ
തെറ്റന്നു കാലും മുഖവും കഴുകിച്ചു
തെറ്റന്നു ഭസ്മക്കുറിയുമണിയിച്ചു
കാലേച്ചിലമ്പുകൾ ചാലേയുറപ്പിച്ചു
നാലഞ്ചുവട്ടം തഴുകിക്കനിവോടേ
പീലിത്തിരുമുടിതന്നിലും ചുംബിച്ചു
ചാലേ വരുന്നൊരു ചെങ്ങാതിമാരോടു
താലോലിച്ചങ്ങു കളിപ്പാനയയ്ക്കയും
അഞ്ചാറുനാഴിക ചെല്ലുന്ന നേരത്തു
പഞ്ചാരകൂട്ടിക്കലർന്നോരു ചോറുമായ്
ചഞ്ചലനേത്രനെക്കാണാഞ്ഞു മാതാവു
കൊഞ്ചിവിളിച്ചങ്ങു നീളെ നടക്കയും;
പിന്നെയുമുണ്ണികൾ ചങ്ങാതിമാരോടു—
മൊന്നിച്ചു മുറ്റത്തിരുന്നു കളിക്കയും
കണ്ണഞ്ചിരട്ടയിൽ പൂഴി നിറച്ചിട്ടു
കണ്ണും തുളച്ചങ്ങുയർത്തിപ്പിടിക്കയും
മണ്ണു പൊഴിയുന്ന കണ്ടു രസിക്കയും
മണ്ണിൽ കരംകൊണ്ടു നീളെ വരയ്ക്കയും
കൊച്ചുകരംരണ്ടു കുത്തിപ്പൊടിതന്നിൽ
പൂച്ചക്കരണം മറിഞ്ഞു കളിക്കയും
മെച്ചത്തിൽനല്ലൊരു പൂഴിച്ചോറുണ്ടാക്കി
കൊച്ചുകൾക്കെല്ലാം വിളമ്പിക്കൊടുക്കയും
ആ ച്ചെളി മേളിച്ചു മേനി വിയർക്കയും
കച്ചകൊണ്ടച്ചിമാർ ചെന്നിട്ടു തൂക്കയും
മച്ചിലൊളിച്ചു ചിലരങ്ങു പാർക്കയും
മെച്ചം തിരഞ്ഞുകണ്ടുച്ചത്തിലാർക്കയും;
താച്ചനും കൊച്ചനും കൊച്ചിട്ടി കേളനും
കോന്നനും ചേന്നനും കുഞ്ഞുനാരാണനും

---

[1] പിച്ചക്കിളികൾ = കളിക്കാനുള്ള കിളിപ്പാവകൾ.

രാമനും താമനും കേളനും കേലനും
കോരനും കോരിയും കോന്തനും കോന്തിയും
ചുണ്ടനും കണ്ടനും പങ്ങനും കൊങ്ങനും
ഇട്ടി ഉണ്ണ്യാമനും ഇട്ടുണ്ണി രാമനും
ചാത്തനും ചാത്തുവും ശങ്കരൻ ശംകുവും
ഈച്ചരൻ പൂച്ചരൻ കാക്കരൻ ശേഖരൻ
ചാകരൻ ചേകരൻ ചാരനുമെന്നിവർ
മുപ്പത്തുരണ്ടു കിടാങ്ങളോടൊന്നിച്ചു
കെല്പോടു മെല്ലെക്കളിപ്പതിന്നന്തികേ
കെല്പോടവരോടൊരുമിച്ചു രാമനും
കൃഷ്ണനും ചെമ്മേ സുഖിച്ചു മേവീടിനാർ;
വെണ്ണയും പാലുമിരിക്കുമുറികളിൽ[1]
ഉണ്ണിയോട്ടക്കണ്ണുമിട്ടുനോക്കുന്നിതു
പാലും നവനീതമെല്ലാമിരിക്കുന്നൊ–
രാലയംതന്നിലകത്തെഴുന്നള്ളിയും
നാലുഭാഗത്തും മറഞ്ഞങ്ങുനോക്കിയും
മേലാഞ്ഞു താനേ പുറത്തെഴുന്നള്ളിയും;
അമ്മകുളിപ്പാൻ ഗമിച്ചോരനന്തരം
ചിൻമയൻ ചെന്നൊരകത്തുപുക്കീടിനാൻ;
കിങ്കിണിജാലം കിലുങ്ങുന്ന ശങ്കിച്ചു
തൻ കരംകൊണ്ടവ പൊത്തിപ്പതുക്കവേ;
കൈത്തലം കൊണ്ടുറിയെത്തായ്കകാരണം
ചിത്തത്തിൽ നല്ലൊരുപായം നിനച്ചുടൻ
മത്തുങ്കണകൊണ്ടു പാൽ നിറഞ്ഞീടുന്ന
പുത്തൻകുടത്തിനിട്ടൊന്നു കുത്തീടിനാൻ;
തിണ്ണം പൊഴിയുന്ന കാച്ച്യ പാലൊക്കെയും
കിണ്ണത്തിലാക്കിക്കുടിച്ചു തുടങ്ങിനാൻ;
പെണ്ണുങ്ങളോടിവരുന്നതു കണ്ടിട്ടാ–
ക്കണ്ണനും പിന്നിലൊളിച്ചു നിന്നീടിനാൻ[2]
''ഉണ്ണിയിതെന്തെ''ന്നുരയ്ക്കുന്നവരോടു
കണ്ണൻ മുഖം താഴ്ത്തിനിന്നു ചൊല്ലീടിനാൻ;
''പൂച്ച വന്നിക്കുടം തട്ടിയുടച്ചതി–
ൻെറാച്ച കേട്ടിട്ടു ഞാനിപ്പൊഠം വന്നേയുള്ളു
നിങ്ങഠംക്കു സൂക്ഷ്മമില്ലാഞ്ഞാൽ വരുന്നതി–

---

1. വെണ്ണയും പാലുമിരിക്കും+ഉറികളിൽ 'വെണ്ണയും പാലുമിരിക്കു മ്മുറികളിൽ'—എന്നു മുദ്രിതപുസ്തകങ്ങളിൽ അബദ്ധപാഠം.
2. 'പെണ്ണുങ്ങളോടിവരുന്നതു കണ്ടിട്ടാ–
കണ്ണനും പിന്നാലൊളിച്ചു നിന്നീടിനാൻ'—എന്നു മുദ്രിതപുസ്തകങ്ങളിൽ അബദ്ധപാഠം.

ന്നിങ്ങേതുമാവതില്ലെന്നു ധരിച്ചാലും!
ഇത്ര പൊക്കത്തിലിന്നീയുറി തൂക്കിയാൽ
ഇപ്രകാരമിനിമേലിലുമുണ്ടാകും
ഉത്തരത്തിൽനിന്നു പൂച്ച ചാടുന്നതു
നിർത്തീടുവാൻമേല പൊക്കമേറീടിനാൽ;''

കള്ളങ്ങളിങ്ങനെയോരോന്നുരചെയ്തു
മെല്ലെച്ചിരിച്ചു തിരിച്ചു മുകുന്ദനും
മല്ലമിഴിമാരെ വഞ്ചിപ്പതിന്നായി
കല്യാണരൂപൻ മുതിർന്നുതുടങ്ങിനാൻ;

എല്ലാരുമോരോരോ കോട്ടിന്നു പോയപ്പോൾ
മെല്ലെക്കടന്നാനൊരാലയംതന്നിലും
മറ്റൊരു ബാലന്റെ തോളിൽ കരയേറി
തെറ്റെന്നെടുത്തുടൻ വെണ്ണ ഭുജിക്കുമ്പോൾ
ചെന്നങ്ങടിയിൽ നിന്നീടുന്ന ബാലന്
ഒട്ടും കൊടാഞ്ഞവനിട്ടേച്ചു മണ്ടിനാൻ;

ചാടുവാൻ മേലാഞ്ഞു കണ്ണനുറി പിടി–
ച്ചാടിയുഴന്നുനിന്നീടുന്ന ബാലകൻ
കേഴുന്ന കേട്ടിട്ടു ബാലനെച്ചെന്നുടൻ
ചാലേ പിടിച്ചങ്ങിറക്കിനിർത്തീടിനാൾ
''ശിക്യം പിടിച്ചുനിന്നാടീടുവാനിന്നു
ശക്യമായെങ്ങനെ വന്നു കുമാരകാ?''

ഏവം യശോദ പറഞ്ഞതു കേട്ടപ്പോൾ
ബാലൻ മുഖം താഴ്ത്തിനിന്നു ചൊല്ലീടിനാൻ:
''അമ്മേ! ഉറിയിലെന്തെന്നു നോക്കീടുവാൻ
ചെമ്മേ പിടിച്ചങ്ങുയർന്നുനിന്നേനഹം
ഇമ്മായമൊന്നു മറിഞ്ഞതുമില്ല ഞാൻ
നിൻമുലയാണ പൊളിയല്ല ചൊല്ലുന്നു;

പാലിൽ കൊതിയെനിക്കില്ലെന്നറിക നീ
പാലെന്നു ചൊല്ലുന്നതെന്തെന്നറിഞ്ഞില്ല
ബാലതകൊണ്ടു ഞാൻ കണ്ടുനിന്നേയുള്ളു
പാലിന്നു കയ്പോ പുളിയോ മധുരമോ?

എന്തെന്നു ഞാനറിഞ്ഞിട്ടില്ലൊരിക്കലും
പാലുപാലെന്നതു കേൾക്കാമതെന്തെന്നു
നോക്കാൻ കരയേറി ഞാനെന്നറിക നീ.
കൊള്ളരുതീക്കുടംതന്നിലെപ്പാലിന്നു
കള്ളം പറകയല്ലമ്മ ബോധിക്കണം
ഉള്ളിലുണ്ടൊന്നു വെളുത്തുരുണ്ടങ്ങനെ
തള്ളിനടക്കുന്നതെന്തെന്നറിഞ്ഞില്ല

നന്നായടച്ചതു വയ്ക്കായ്കകാരണം
വന്നിതെന്നത്രേ നമുക്കു തോന്നീടുന്നു;''
എന്നുള്ള ബാലന്റെ വാക്കു കേട്ടമ്മയും
നന്നായ് ചിരിച്ചു മുലകൊടുത്തീടിനാൾ;
ആച്ചിമാർവീട്ടിലൊളിച്ചെഴുന്നള്ളിയും
നിച്ചലും വെണ്ണയും പാലും കവർന്നിട്ടു
പൂച്ചയ്ക്കു നല്കിയും പിള്ളേർക്കു നല്കിയും
ഇച്ഛയാവോളം കുടിച്ചു നടക്കയും
നല്ല കലങ്ങൾ കുടങ്ങളുടയ്ക്കയും
മെല്ലവേ കിണ്ടിയെടുത്തങ്ങൊളിക്കയും
വല്ലവിമാരോടുരയ്ക്കരുതാതുള്ള
വല്ലായ്മ കാട്ടിത്തുടങ്ങി നന്ദാത്മജൻ;
ഗോപിജനങ്ങളും ഗോപാലബാലന്റെ
രൂപവും ശീലവും ലീലാകടാക്ഷവും
മന്ദഹാസങ്ങളും ശൃംഗാരഭംഗിയും
മഞ്ജുളമാകുന്ന സല്ലാപലീലയും
അങ്കണംതന്നിൽ കളിക്കും കളികളും
കങ്കണജാലം കിലുങ്ങും കരം വീശി
ശങ്ക വെടിഞ്ഞു നടക്കും പ്രകാരവും
കണ്ടു രസിക്കകൊണ്ടപ്രിയമൊന്നുമേ*
മിണ്ടാൻ വശമില്ലാഞ്ഞൊന്നുഴന്നീടുന്നു;
ബാലന്റെ ചാപല്യമെല്ലാം ദിനംപ്രതി
ചാലവേയേറിയേറീട്ടു ഭവിച്ചിതേ;
പോവതു പോയിട്ടു പിന്നെ വിചാരിക്കി-
ലേവനുമില്ലാ ഫലമെന്നറിയണം.
ദേവകിപ്പൈതൽതൻ കാടടക്കീടുവാൻ[1]
ദേവിയായുള്ളോരെശോദയെ പ്രാപിച്ചു
ഗോപാലനാട്ടിലുള്ളാച്ചിമാരൊക്കെയും
ആവലാതിപ്രകാരം പറഞ്ഞീടിനാർ?
''സ്വാമിനിയേതുമറിയായ്കതന്നെയോ?
കാമിനിമാരുടെ സങ്കടമൊക്കെയും;
പുത്രന്റെ ശീലങ്ങളെത്രയും കഷ്ടമെ-
ന്നത്രേ പരക്കെപ്പറയുന്നു സജ്ജനം;
ഇത്രപോയ്മൂർച്ഛിച്ചുതീരുവാൻ നിങ്ങളും
മിത്രങ്ങളുംകൂടി ലാളിക്കകാരണം;
ലാളിക്ക നന്നല്ല കുമാരന്മാർക്കെന്നൊരു

---

* 'കണ്ടു രസിച്ചുകൊണ്ടപ്രിയമൊന്നുമേ'-- പാഠാന്തരം.

[1] കാടടക്കീടുവാൻ=കാടുകാട്ടുന്നത് (കുസൃതികാണിക്കുന്നത്) അടക്കിനിർത്താൻ.

കേളിയുണ്ടായതും ഞങ്ങൾ ചൊല്ലേണമോ?
തല്ലുകൊണ്ടങ്ങു വളരുന്ന ബാലകർ
നല്ലുവെണ്ണെല്ലാജനങ്ങളും ചൊല്ലുന്നു;
വല്ലാത്ത മക്കളിലില്ലാത്ത മക്കളി–
ന്നെല്ലാം പരക്കവെ ചൊല്ലുന്നതില്ലയോ?
തായാട്ടു പാരം പെരുത്തുള്ള കുഞ്ഞുങ്ങ–
ളായർകുലങ്ങളിലേറെയുണ്ടെങ്കിലും
ഈയുണ്ണിയെപ്പോലെ മറ്റൊരു ബാലനെ*
മായയുണ്ടായിട്ടു ഞങ്ങൾ കണ്ടിട്ടില്ല.
പെണ്ണുങ്ങളെല്ലാരും വെവ്വേറെ വെവ്വേറെ
വെണ്ണയും പാലും കൊടുക്കുന്നു നിത്യവും
അന്നേരമൊക്കെപ്പിണച്ചും കളഞ്ഞവൻ
പിന്നെക്കൊതിയൻ ചതിപ്പാനൊരുമ്പെടും.
എങ്ങുമൊരേടത്തു വയ്പാനെളുതല്ല
മങ്ങലി, തൂതാ, കലങ്ങൾ, കുടങ്ങളും.
ചങ്ങാതിമാരൊരു കൂട്ടമിവനുണ്ട്
അങ്ങനെതന്നെയവരും തുടങ്ങുന്നു
നല്ലവട്ടം കൂട്ടിയെൻറഗോപാലികേ!
എല്ലാരും നാട്ടീന്നു പോകാൻ കഴിവന്നു.
ഗോരസം വിറ്റു നടക്കും ജനങ്ങൾക്കു
നീരസമായിച്ചമഞ്ഞീ പ്രവൃത്തികൾ.
പാട്ടനെൽ കിട്ടാനുമില്ലാജനങ്ങൾക്കു
കൂട്ടുചെങ്ങാത്തവും കൂലിച്ചേവ[1]മില്ല
കെട്ടിയിരിക്കും മുതലുമില്ലൊട്ടുമേ
ചെട്ടികളെപ്പോലെ കച്ചോടവുമില്ല
എങ്ങും പ്രതിഗ്രഹംപോലും ലഭിക്കയി–
ല്ലംഗനമാർക്കതു ഞങ്ങൾ ചൊല്ലേണമോ?
ശാന്തി വന്നീല തപസ്സു ചെയ്തീടുവാൻ
ശാന്തിചെയ്‌വാനുമേ ഞങ്ങൾക്കെളുതല്ല.
എന്തിജ്ജനങ്ങൾക്കു മേലിൽപൊറുതിയെ–
ന്നെല്ലാം വിചാരിച്ചു ചൊല്ലുക മെല്ലവെ.
മോരു വില്ക്കെന്നിയേ മറ്റൊന്നു ഞങ്ങൾക്കു

---

* തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു.
"തായാട്ടു പാരം പെരുത്തുള്ള കുഞ്ഞുങ്ങൾ
ഈ നാട്ടിലൊട്ടേറെയുണ്ടെന്നിരിക്കിലും
ഈയുണ്ണിയെപ്പോലെ മറ്റൊരു ബാലനെ
ചൊൽക്കൊണ്ട ഗോപികേ! ഞങ്ങൾ കണ്ടിട്ടില്ല"—മുദ്രിതപുസ്തകങ്ങളിലെ പാഠം.

[1] കൂലിച്ചേവം=കൂലിച്ചേവുകം (സൈനികവൃത്തി). വിളിക്കുമ്പോൾ യുദ്ധംചെയ്യാൻ ചെല്ലേണ്ടതിലേയ്ക്കു വിരുത്തിയായി വസ്തുവകകൾ അനുഭവിക്കുക.

ചേരുവോന്നല്ലെന്നതിന്നല്ലറിയുന്നു.
മാരുതൻപോലും കടക്കാത്ത മന്ദിരേ
ഗോരസം വച്ചാലുമിപ്പോൾ ഫലമില്ല
ആരുമറിയാതെ വന്നു നിൻ നന്ദനൻ
ചോരണം ചെയ്യുന്നു നിത്യവും നിത്യവും;''
അന്നേരമങ്ങൊരു ഗോപി ചൊല്ലീടിനാൾ:
''അന്യായമല്ലാതെ നിൻമകനില്ലെടോ!
അച്ഛനുവേണ്ടീട്ടിരുന്നാഴിപ്പാലു ഞാൻ
കാച്ചിയൊരു കിണ്ടിലാക്കിപ്പതുക്കവേ
പച്ചിലകൊണ്ടതിൻ വാകെട്ടി വീട്ടിലെ
മച്ചിലും വച്ചടച്ചിങ്ങു പോന്നീടിനേൻ
കൊച്ചു വന്നെല്ലാം പിണച്ചു[1]കൊണ്ടായതിൽ*
പച്ചവെള്ളം നിറച്ചങ്ങു പോയീടിനാൻ;
അച്ഛനത്താഴം കഴിഞ്ഞു വന്നൊക്കെയും
നിച്ചലത്തെപ്പോലെ[2]നന്നായ് ചെലുത്തിനാൻ,
'പച്ചവെള്ളം ചുവച്ചീടുന്നതെന്തെടീ?
കാച്ചാതെവച്ചു നീയെന്നെച്ചതിച്ചിതോ?'
പെട്ടെന്നിവണ്ണം കയർത്തച്ഛനാക്കിണ്ടി
വെട്ടത്തു കൊണ്ടന്നു കെട്ടഴിച്ചീടിനാൻ;
'കള്ളിയായുള്ള നീ വെള്ളം കുടിപ്പിച്ചോ?
കൊള്ളാമെടീ നിന്റെ കള്ളങ്ങ'ളിങ്ങനെ—
യുള്ളൊരു ഘോഷമുണ്ടാക്കിച്ചമച്ചതി—
ക്കള്ളനാണെ''ന്നങ്ങൊരുത്തി ചൊല്ലീടിനാൾ.
അപ്പോൾ കടന്നൊരു ഗോപി ചൊല്ലീടിനാൾ:
''ഇപ്പടിയെന്തെല്ലാം ചെയ്യുന്നു നിൻമകൻ
അപ്പാട്ടെ വീട്ടിലെക്കാളക്കിടാവിനെ
കട്ടവൻ നമ്മുടെ വീട്ടിലും കെട്ടിനാൻ;
അപ്പാട്ടെ അച്ചിമാർ കാളയെക്കാണാഞ്ഞു
കെല്പോടു നീളെത്തിരഞ്ഞു വരുന്നേരം
അപ്പൊഴുതെന്നുടെ വീട്ടിലക്കാളയെ
നില്പതു കണ്ടവർ നന്നായ്കലമ്പിനാർ;
'വീട്ടുകാർ തങ്ങളിൽ കട്ടുതുടങ്ങിയാൽ
മേല്പോട്ടു നാട്ടിൽ പൊറുക്കുന്നതെങ്ങനെ:
ദുഷ്ടത തോന്നിയതെന്തിജ്ജനങ്ങൾക്കു
നഷ്ടിപിടിപ്പാനടുക്കയോ കാരണം
അഷ്ടിക്കു മുട്ടിയാൽ വന്നിരന്നീടുവിൻ

---

[1] പിണച്ചു=പററിച്ചു (കുടിച്ചു).

* 'കൊച്ചു വന്നെല്ലാം കുടിച്ചുകൊണ്ടായതിൽ'—പാഠാന്തരം.

[2] നിച്ചലത്തെപ്പോലെ = പതിവുപോലെ.

കട്ടുതുടർന്നാൽ തരമല്ലൊരുവനും'
ഇത്തരമൊന്നു കയർത്തു പറഞ്ഞതി–
നുത്തരമായിട്ടു ഞാനുമുരചെയ്തു:
'എന്തിനു നിങ്ങളീവണ്ണം പറയുന്നു?
ചിന്തിച്ചതുകൂടെയില്ല ഞാനിക്കഥ
കട്ടില്ല ഞാനെന്നു പട്ടാംഗചേരുവാൻ
മുട്ടോളം മുക്കിത്തെളിവാൻ[1] കുറവില്ലാ
കോയിക്കലോർത്താൽ കുറവില്ലെനിക്കെടോ!
കോപിക്കിലേതും ഫലമില്ലറിയണം
തോല്പിപ്പതിന്നുമെളുതല്ല നിങ്ങൾക്കു
തോല്പിടിയുണ്ടെനിക്കെന്നു ബോധിക്കണം'
ഇങ്ങനെ തമ്മിൽ തടുത്തും പിടിച്ചുടൻ
ഞങ്ങളെല്ലാരുമുഴലുന്നനേരത്തു
അഞ്ചാറു പിള്ളേരുമായിട്ടു നിൻമകൻ
അഞ്ചാതെ വന്നങ്ങു നിന്നു ചൊല്ലീടിനാൻ;
'ആച്ചിമാർ തങ്ങളിൽ തച്ചുപിണങ്ങേണ്ട
അച്ഛനാണിച്ചതി ഞാനാണു ചെയ്തത്
കാളയ്ക്കുടയവർ കാളയെക്കൊണ്ടിനി
ചീളെന്നു പോയാലു' മെന്നരുൾചെയ്തിതു.
പുഞ്ചിരിക്കൊഞ്ചലും തൂകിനിന്നീടിനാൻ
പഞ്ചബാണോപമനാകിന നിൻമകൻ;
വഞ്ചനമെല്ലാമടക്കുന്നു ഞങ്ങളും
കിഞ്ചന ദ്വേഷവും തഞ്ചുന്നതില്ലെടോ!
ചേതങ്ങളിങ്ങനെ വന്നാലുമെന്നുടെ
ചേതസ്സിലില്ലൊരു കോപമൊരിക്കലും;''
മററൊരു ഗോപി ചെന്നപ്പോൾ മുകുന്ദന്റെ
കുററങ്ങളോരോന്നു ചൊല്ലിത്തുടങ്ങിനാൾ:
''കോലം കണക്കിനെ ശീലമെന്നിങ്ങനെ
മാലോകർ ചൊല്ലുന്നതെല്ലാം പൊളിയത്രെ;
കാലിക്കിടാവിനെക്കാലത്തു ചെന്നിവൻ
ചാലവേ വിട്ടു കുടിപ്പിക്കകാരണം
പാലു കറപ്പാൻ കുറഞ്ഞുകാണുന്നു ഗോ–
പാലികമാരതും കണ്ടു പൊറുക്കുന്നു;
കൂട്ടിൽക്കിടക്കും പശുക്കളെയൊക്കെയും
കൂടുതുറന്നിവൻ കാടുപുക്കീടുന്നു;
കാടു കാട്ടുംവിധം വെവ്വേറെ ചൊല്ലുവാൻ
പാടവംപോരാ നമുക്കെന്നറിഞ്ഞാലും!

---

1. മുട്ടോളം മുക്കിത്തെളിവാൻ = തിളച്ച നെയ്യിൽ കൈമുട്ടുവരെ മുക്കി സത്യം തെളിയിക്കാൻ.

ഇന്നലെക്കൊണ്ടു കൊണ്ടന്നൊരു മങ്ങലി—
നന്നായ്ക്കരിച്ചതിൽ പാലു കാച്ചീടുവാൻ
കൊള്ളാമിതെന്നോർത്തടുപ്പത്തു വച്ചതിൽ
വെള്ളം നിറച്ചിങ്ങു പോന്നിരുന്നീടിനേൻ;
കള്ളം പെരുത്തൊരു നിൻമകൻ വന്നതിൻ
പള്ളയ്ക്കു കൊള്ളികൊണ്ടൊന്നു തുളച്ചതിൽ
തുള്ളിയിളച്ചങ്ങു പോന്നിരുന്നീടിനാൻ
വെള്ളം പൊഴിയുന്ന കണ്ടതേയുള്ളു ഞാൻ
കള്ളം പറകയല്ലെന്റെ ഗോപാലികേ!
കോടക്കാർവർണ്ണന്റെ കാടുകളൊക്കെയും
ചേടീജനത്തോടു കൂടിനടക്കുന്നു!
'പാടകം ചൂടകം താടകമെന്നിവ*
പാടേയെടുത്തിങ്ങു കൂടെയോടിക്കുന്നു;
ചാടു തകർത്തൊരു നമ്മുടെ കുഞ്ഞിന്റെ
നാടകം പാരം കടുത്തെന്നതേ വേണ്ടൂ;''
ഈവണ്ണമുള്ളൊരു നാരീജനത്തിന്റെ
ആവലാതിപ്രകാരം കേട്ടെശോദയും
കേവലമൊന്നു ചിരിച്ചു പതുക്കവേ
ഭാവം തെളിഞ്ഞു പറഞ്ഞുതുടങ്ങിനാൾ:
''പെണ്ണുങ്ങളെല്ലാരുമൊന്നു ബോധിക്കണം
കണ്ണന്റെ ശീലം കപടമെന്നാകിലും
ഉണ്ണിയെ ശിക്ഷിപ്പതിന്നു ഞാനാളല്ല
തിണ്ണം തിരണ്ടൊരു മോദം മുഴുക്കയാൽ;
മണ്ണുകുടങ്ങളുടഞ്ഞതിനൊക്കെയും
തിണ്ണം വില തരാം മേടിച്ചുകൊള്ളുവിൻ;''
എന്നു പറഞ്ഞവൾ നാരിമാർക്കൊക്കെയും
പൊന്നും പണവും പുടവയും നല്കിനാൾ;
നന്നായ്ത്തെളിഞ്ഞവർ നന്ദകുമാരനെ
നന്ദിച്ചു വന്ദിച്ചു വീടുകളിൽ പുക്കാർ
കണ്ണനൊരുദിനം പൂഴിച്ചോറാടുമ്പോൾ
മണ്ണു ഭുജിച്ചെന്നു കേട്ടങ്ങെശോദയും
കണ്ണും ചുവപ്പിച്ചു കോപിച്ചു ചൊല്ലിനാൾ:
''ഉണ്ണീ! ചിതം ചിതം ദുസ്സഹം നിൻ തൊഴിൽ
വെണ്ണ ഭുജിച്ചാലും പാലു കുടിച്ചാലും
കണ്ണൻപഴത്തെയും ചോറും ഭുജിച്ചാലും

---

* 'പാടകം, ചൂടകം, താടകമെന്നിവ'—എന്ന വായ്പാഠം സ്വീകരിച്ചിരിക്കുന്നു. പാടകം = കാൽച്ചിലമ്പ്. ചൂടകം = തലമുടിയിൽ അണിയുന്ന ആഭരണം. താടകം = കാതില. ഈവക ആഭരണങ്ങൾ എടുത്തുകൊണ്ടുപോകുകയും അവ തിരികെ മേടിക്കാൻ പെണ്ണുങ്ങൾ കൂടെയോടുന്നതുമാണ് ഇവിടത്തെ ചിത്രം.

ഉണ്ണീ വയറു നിറയായ്കകൊണ്ടു നീ
മണ്ണു ഭുജിക്കുന്നു കഷ്ടമിതെത്രയും!
വാ തുറന്നീടു നീയേതും മടിക്കാതെ
കൈതവമെന്നോടു കൂടാ കുമാരകാ!''
മാതാവിവണ്ണം കയർത്തു പറഞ്ഞപ്പോൾ
പോതകൻ വായും തുറന്നു നിന്നീടിനാൻ;
അപ്പോഴൊരദ്ഭുതം കണ്ടതു വാഴ്ത്തുവാൻ
സർപ്പാധിരാജനും കെല്പില്ല നിർണ്ണയം;
ചൂഴവേ കണ്ണന്റെ വായിലാ മാതാവു
പൂഴി നോക്കാനായ് തുനിഞ്ഞൊരുനേരത്തു
ഊഴീതലമൊക്കെ വെവ്വേറെ കാണായി
ആഴികളേഴും നിരന്നങ്ങു കാണായി
ഇന്ദ്രനെക്കാണായി ചന്ദ്രനെക്കാണായി
വൃന്ദാരകൻമാരെയൊന്നിച്ചു കാണായി
മന്ദാകിനീതടം മന്ദാരവാടിയും
മന്ദവാത്യാ ഹരിചന്ദനവൃക്ഷവും
ഉർവശീമുമ്പായ നാരീജനങ്ങളും
ഗർവിതൻമാരായ ദാനവവീരരും
സർവോപദേവകൾ സർവ മുനികളും
സർവേശ്വരനായ വിഷ്ണുവും ബ്രഹ്മനും
ശർവനും വിഘ്നനും പാർവതീദേവിയും
പോററിതൻ കൂററനും ഭൂതവൃന്ദങ്ങളും
അററമില്ലാതൊരു പാതാളരന്ധ്രവും
മററും പലവിധം തെററെന്നു കാണായി
യാദവൻമാരെയും കംസനെത്തന്നെയും
തന്നെയും തന്നുടെ ചങ്ങാതിമാരെയും
മണ്ണു തിന്നീടുന്ന കണ്ണനെത്തന്നെയും
ചണ്ഡമാം ഭൂതവേതാളവൃന്ദത്തെയും
തിണ്ണം നിറഞ്ഞങ്ങു കണ്ടു പേടിച്ചവൾ
കണ്ണുമടച്ചു തിരുനാമമോതിനാൾ:
''ഉണ്ണീ! പൊടുക്കനേ വാ മുറുക്കീടു നീ;
വിണ്ണവർനാഥനേ! വാ മുറുക്കീടു നീ
കാരുണ്യവാരിധേ! വാ മുറുക്കീടു നീ
ചാരുനീലാപതേ! വാ മുറുക്കീടു നീ;''
അമ്മേടെ സങ്കടം കേട്ടോരു നേരത്തു
കല്മഷനാശനൻ വാ മ റുക്കീടിനാൻ
അമ്മിഞ്ഞ തന്നാലുമെന്നു ചൊല്ലിക്കരെ—
ഞ്ഞമ്മമടിതന്നിൽ ചെന്നു മേവീടിനാൻ*

---

* 'അമ്മമടിതന്നിൽ ചെന്നു കേറീടിനാൻ'—പാഠാന്തരം.

മാതാവൊരുദിനം തൈർ കടഞ്ഞീടുവാൻ
വീതാന്യകാര്യം തുനിഞ്ഞോരു നേരത്തു
പീതാംബരൻ ചെന്നു തായാട്ടുകാട്ടുമ്പൊ–
ളേതും മടിക്കാതെ വാരണം ചെയ്കയാൽ
ഡിംഭൻ കയർത്തൊരു കോലുമെടുത്തിട്ടു
കുംഭത്തിനിട്ടൊന്നു പൊട്ടിച്ചനേരത്തു
ഗംഭീരകോപേന മാതാവെഴുന്നേറ്റു
സംഭ്രമത്തോടങ്ങു പാഞ്ഞടുത്തീടിനാൾ:
''നില്ലെടാ! പൈതലേ! പായുന്നതെന്തിന്നു?
നല്ലതിനല്ല നീയിന്നു തുടങ്ങുന്നു;
വല്ലാത്ത കാടുകൾ കാട്ടിത്തുടങ്ങിയാൽ
തല്ലുവാനേതും മടിയില്ലറിക നീ*
എന്നുപറഞ്ഞവൾ ചെന്നു പിടിപെട്ടു
ഖിന്നതയോടേ കരഞ്ഞു നിന്നീടുന്ന
ബാലനെക്കോലുകൊണ്ടോങ്ങുന്ന നേരത്തു
കോലൊരു നൂറു കീറായി വീണീടിനാൻ;
സംശയംകൂടാതെ പാശമെടുത്തിട്ടു
കേശവൻമേനിക്കു ചേർത്തൊരു നേരത്തു
പാശത്തിനൊട്ടുമേ നീളമില്ലാഞ്ഞിട്ടു
പാശഖണ്ഡങ്ങളെയേച്ചുടൻ ബാലനെ
ആശു കെട്ടീടുവാനായിത്തുനിഞ്ഞിട്ടും
പാശമെത്തായ്കയാൽ ഖേദിച്ചു ഗോപികാ
ആശയസന്താപമൊട്ടു വളർന്നിട്ടു
ക്ലേശിപ്പതു മതിയാക്കേണമെന്നുള്ള
കേശവലീലയിൽപെട്ടു മോഹിച്ചിട്ടു
തെറ്റെന്നുരലുതന്നോടു കെട്ടീടിനാൾ
വിഷ്ടപാധീശനെത്തെറ്റെന്നെശോദയും;

ഉരഗശായിയാം കൃഷ്ണനുരലാശു വലിച്ചുംകൊ–
ണ്ടരികത്തു മരുവും രണ്ടുരുതരങ്ങളായുള്ള
മരുതുകളിടയിൽ ചെന്നിരുപാടുമമർത്തപ്പോൾ
തെരുതെരെ മുറിഞ്ഞങ്ങു മരുതുകൾ നിലംവീണു
പരിചോടേ തകർത്തപ്പോളിരുപേരു പുരുഷൻമാ–
രരികത്തീന്നെഴുന്നേറ്റു പരിചോടേ കരംകൂപ്പി
മുരവൈരിചരണാന്തേ ചിരംവീണു നമിക്കയും
തിരുനാമമുരചെയ്തു പരിതോഷം ലഭിക്കയും
പുരതശ്ശോഭിതരൂപപരമാർത്ഥം നിനയ്ക്കയും

---

* 'വല്ലാത്ത കാടുകൾ....മടിയില്ലറിക നീ'—എന്ന ഈരടി മുദ്രിതപുസ്തകങ്ങളിലില്ല. തുള്ളൽക്കാരുടെ വായ്പാഠമനുസരിച്ചുള്ളതാണ്. സന്ദർഭസാധുത്വം പരിഗണിച്ചു സ്വീകരിച്ചു.

''മനുജത നടിച്ചോരു ദനുജനാശന ദേവാ!
മനതാരിൽ കനിവോടീ ജനത്തേ നീ തുണയ്ക്കേണം
ധനദന്റെ തനയൻമാർ അടിയങ്ങളിരുപേരും
മുനിശാപബലംകൊണ്ടു മരങ്ങളായ് ചമഞ്ഞുപോയ്
ഇരുപേരിലൊരുവനു നളകൂബരനെന്നു പേർ
മണിഗ്രീവനപരനുമനുഗ്രഹം ലഭിച്ചിപ്പോൾ
ഉദഗ്രശാപവാക്കിന്റെ ഉഗ്രത ശമിക്കയാൽ
പരിചോടിജ്ജനങ്ങളെ ജനകന്റെ സമീപത്തേ–
ക്കനുവദിച്ചയയ്ക്കേണം ദനുജനാശനാ ദേവാ!''
ഇതി ബഹു മുകുന്ദനെ സ്തുതിചെയ്തു വിരവോടേ
വിധിചേരുംപടി പോയീ നിധിപതിസുതൻമാരും;
അതുകാല നന്ദഗോപനഥ ബന്ധുക്കളുമായി
അതികൗതൂഹലത്തോടേ സുഖിച്ചു വാഴുന്ന നാളിൽ.

കൃഷ്ണലീല ശീതങ്കൻതുള്ളൽ
സമാപ്തം

കാളിയമർദ്ദനം

പെണ്ണുങ്ങളൊക്കവേ കണ്ടങ്ങു നില്ക്കവേ
കണ്ണൻ ജനനിതൻ മുന്നിലെഴുന്നള്ളി,
കണ്ണീന്നു തിണ്ണം പൊഴിഞ്ഞുവീണീടുന്ന
കണ്ണുനീരോടെയരുളിത്തുടങ്ങിനാൻ:
''മേലിലെനിക്കിനി കാലിക്കിടാങ്ങളെ
പാലിക്കയെന്നതെളുതാകയില്ലമ്മേ!''
ബാലന്റെ വാക്കുകളീവണ്ണം കേട്ടപ്പോൾ
നീലക്കുഴലാളും മെല്ലവേ ചോദിച്ചു:
''ഉണ്ണീ! നിനക്കെന്തു സങ്കടമെന്നതു–
മെന്നോടു ചൊല്ലുകയേതും മടിയാതെ;''
എന്നതു കേട്ടു ചിരിച്ചരുളീടിനാൻ
നന്ദകുമാരകനമ്മയോടീവണ്ണം:
''കന്നിനെ മേച്ചു വനത്തിൽ നടക്കുമ്പോ–
ളൊന്നൊഴിയാതെയിപ്പെണ്ണുങ്ങളൊക്കവേ
വന്നുടനെന്നുടെ ചുറ്റും നിറഞ്ഞുടൻ
നിന്നോരോ വാക്കുകളെല്ലാമുരയ്ക്കുന്നു
എന്നതുമല്ലമ്മേ! മെല്ലെയിപ്പെണ്ണുങ്ങ–
ളെന്നെപ്പിടിച്ചുടൻ കൈകൊണ്ടമർത്തുന്നു;
നന്നക്കനത്ത മുലകളാൽ മാർവിടം–
തന്നിലണച്ചുപിടിച്ചു മുറുക്കുന്നു;
ഇത്തരമെന്നെപ്പിടിച്ചമർത്തുന്നതി–
നുത്തരം ചോദിപ്പതിന്നു ഞാൻ പോരുമോ?
എന്നതുകൊണ്ടു ഞാനിന്നും[1] വനങ്ങളിൽ
കന്നുമേപ്പാനായ് ഗമിക്കില്ലനിശ്ചയം''
കോടക്കാർവർണ്ണന്റെ വാക്കുകൾ കേട്ടങ്ങു
പേടിച്ചു തങ്ങളിൽ നോക്കിത്തുടങ്ങിനാർ;
കോമളശീലൻ മുകുന്ദനൊരുദിനം
രാമനെക്കൂടാതെ ചെങ്ങാതിമാരുമായ്
താമസമെന്നിയേ ഗോക്കളേയും മേച്ചു
താമരക്കണ്ണൻ വനത്തിലെഴുന്നള്ളി;
കാളിന്ദിതന്നുടെ തീരത്തു ചെന്നങ്ങു
കേളിയുമാടി നടക്കുന്ന നേരത്തു
മേളംകലർന്ന ശിശുക്കളും ഗോക്കളും
കാളിന്ദിതന്നിലിറങ്ങിത്തുടങ്ങിനാർ;
കാളിയനെന്ന മഹോരഗംതന്നുടെ

1. ഇന്നും = ഇനിയും.

കാളെന്നു കത്തുന്ന ഘോരവിഷത്തൂടെ
ചീളെന്നുയർന്നു തടത്തേലടിച്ചീടു—
മോളങ്ങൾ തള്ളി മറിഞ്ഞു വരുന്നേരം
നീളെപ്പരന്നിടും കാററുകളോടിട—
മേളിച്ച ധൂളികൾ മേനികളിൽ തട്ടി
കാളിന്ദിതീരത്തു മോഹിച്ചുവീണതു
കളാംബുദാഭൻ മുകുന്ദനു കാണായി;
പിന്നെയുമോരോന്നു സൂക്ഷിക്കുമപ്പോഴേ
മുന്നിലനേകം വിശേഷങ്ങൾ കാണായി;
തീരത്തു നില്ക്കും മരങ്ങൾ നിരക്കവേ
വേരോളമൊക്കെക്കരിഞ്ഞങ്ങു കാണായി;
ദൂരത്തുനിന്നുടൻ ദാഹിച്ചണയുന്ന
ഘോരമൃഗങ്ങൾ മരിച്ചങ്ങു കാണായി;
പക്ഷികളംബരമാർഗേ പറക്കുമ്പോൾ
പക്ഷം കരിഞ്ഞു മരിക്കുന്ന കാണായി;
വൃക്ഷങ്ങളിൽ പിടിപെട്ടൊരു പാവകൻ
തൽക്ഷണം നിന്നങ്ങു കത്തുന്ന കാണായി;
ദാഹിച്ചുവന്നൊരു ദേഹികളൊക്കവേ
മോഹിച്ചു വീഴുന്ന സാഹസം കാണായി;
ദേഹികുലങ്ങടെ ദേഹം തളർന്നപ്പോൾ
ഹാഹാ! മഹീതലേ വീഴുന്ന കാണായി;
കുംഭിവരൻമാരുമമ്പോടു വന്നുടൻ
തുമ്പിക്കരങ്ങളങ്ങംഭസ്സിലാക്കുമ്പോൾ
സംഭ്രമത്തോടേ മറിഞ്ഞുവീണങ്ങനെ
ഗംഭീരനാദം മുഴക്കുന്ന കേൾക്കായി;

തിരകളിൽ കളിക്കുന്ന പരൽമീനങ്ങളുമെല്ലാം
തെരുതെരെ മരിച്ചങ്ങു കരതന്നിലണയുന്നു;
പരിചോടേ മുതലകൾ പരിതാപം സഹിയാഞ്ഞു
കരയേറി ധരണിയിൽ പലതരമുരുകുന്നു
പെരുവഴി നടക്കുന്ന പുരുഷൻമാരൊരുമിച്ചു
സരസമാം ജലംതന്നിലിറങ്ങി കൗതുകത്തോടേ
കരംകൊണ്ടു വിരവിനോടടുത്തങ്ങു കുടിക്കുമ്പോൾ
തിരിഞ്ഞങ്ങു ജലംതന്നിൽ പതിക്കുന്നു മരിക്കുന്നു
ഉരഗപുംഗവൻതന്റെ ഗരളത്തിൻ വിളയാട്ടം
തരമെല്ലാം കുറഞ്ഞൊന്നു കുറയ്ക്കേണമൊരിക്കാലെ[1]
ധരണിയിൽ മരുവുന്ന നരൻമാർക്കും പശുക്കൾക്കും
പരിതാപം വരുത്തുന്ന കരുത്തനാമുരഗത്തെ
പരിചോടങ്ങമർത്തേണം മദമെല്ലാം കുറയ്ക്കേണം

---

[1] ഒരിക്കാലെ=ഒരിക്കൽ.

ഉരത്ത പാമ്പിനെക്കൊൽവാൻ പെരുത്തോരുവടിവേണം.
ദനുജനാശനനിത്ഥം മനതാരിൽ നിരൂപിച്ചു
കനിവോടു കടാക്ഷംകൊണ്ടനുഗ്രഹിച്ചതുനേരം
മനുജന്മാർ പശുക്കളും ശിശുക്കളും മൃഗങ്ങളും
കനത്ത സംഭ്രമം തീർത്തങ്ങൊരിക്കാലങ്ങെഴുന്നേറ്റു;
തടംതന്നിൽ മരുവുന്ന കടമ്പിന്റെ മുകളേറി
കടൽപോലെ മറിയുന്ന തടിനീവാരിയിൽ ചാടി
കടൽവർണ്ണൻ മടിയാതെ കിടന്നങ്ങു കളിക്കയും
ചെടിനെന്നു ജലംതന്നിൽ പൊടുപൊടെയടിക്കയും
പടുരോഷം തുടിക്കയും തിരതള്ളിക്കടെക്കയും
ശഠനാകും കാളിയനെത്തിരഞ്ഞങ്ങു നടക്കയും
വിരവിനോടടുക്കയും വിരുതുകൾ നടിക്കയും
തെരുതെരെത്തിരതള്ളിക്കരതന്നിലടിക്കയും
ഝടഝടരവംകൊണ്ടു കരയെല്ലാമിടികയും
വിടപികൾ മറിഞ്ഞാശു തടിനിയിൽ പതിക്കയും
തടമെല്ലാമിടിയുന്നു മലകളുമടരുന്നു
കടൽ നാലും കലങ്ങുന്നു കടൽവർണ്ണൻ തെളിയുന്നു
ജലകണം പെരുകുന്നു ജലജങ്ങൾ വിടരുന്നു
നിലമെല്ലാം തകരുന്നു ജലമെല്ലാം നികരുന്നു

കാളാഹിരാജനാം കാളിയൻ നല്ലൊരു
കേളിക്കിരിക്കുമ്പോളുൽക്കടമായൊരു
ഘോഷങ്ങൾ കേട്ടോരോ ദിക്കീന്നു ദിക്കീന്നു*
തോഷാന്തരംകൊണ്ടു ചിക്കെന്നു ചിക്കെന്നു
കണ്ണു കലങ്ങി മറിഞ്ഞൊട്ടുദിക്കിലാ
കൺമിഴിച്ചാമ്മാറു നോക്കിത്തുടങ്ങിനാൻ:
''ഇക്കണ്ട ജന്തുക്കളൊക്കെബ്ഭയപ്പെട്ടു
വെക്കം നടന്നു ഗമിക്കുന്നതെന്തുവാൻ?
അർക്കപ്രഭയെജ്ജയിക്കുന്ന കാന്തിക—
ളക്കരെയൊക്കെ ജ്വലിക്കുന്നതെന്തുവാൻ?
ഇക്കടൽപോലെയിരിക്കുന്ന കാളിന്ദി—
യൊക്കെക്കലങ്ങിയലയ്ക്കുന്നതെന്തുവാൻ?
വിക്രമമേറുന്ന നക്രങ്ങളിങ്ങനെ
പൊക്കത്തിൽ ചാടി നടക്കുന്നതെന്തുവാൻ?
പെട്ടെന്നു കാളിയനിത്തരം ചിന്തിച്ചു—
മെട്ടു ദിഗന്തരം പൊട്ടുമാറങ്ങിനെ
പൊട്ടിച്ചിരിക്കയും തട്ടിവിളിക്കയും

---

* തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു.
'ഘോഷങ്ങൾ കണ്ടോരോ ദിക്കീന്നു ദിക്കീന്നു
കേട്ടോരനന്തരം ചിക്കെന്നു പിക്കെന്നു'—മുദ്രിതപുസ്തകങ്ങളിലെ പാഠം.

ദൃഷ്ടി ചുവക്കയും ഞെട്ടി വിറയ്ക്കയും
വട്ടംതികഞ്ഞൊരുകൂട്ടമിരിക്കുന്ന
മട്ടോൽമൊഴിമാർക്കു തുഷ്ടി വരുത്തുവാൻ
ഒട്ടും ചുരുക്കാതെ തട്ടിപ്പുവാക്കുക–
ളൊട്ടേറെയങ്ങു പറഞ്ഞുതുടങ്ങിനാൻ:
''അംഭസ്സിൽ വാഴുന്ന കുംഭീനസേന്ദ്രന്റെ[1]
ഗംഭീരമായുള്ള ജൃംഭാവിശേഷങ്ങൾ
അംഭോധിരാജനും സംഭ്രമം നല്കുന്നു
സംഭിന്നനാകുന്ന ജംഭാരിതന്നുടെ
കുംഭിപ്രധാനനും കുമ്പിട്ടു മേവുന്നു
ശംഭുവാം ദേവനുമംഭോജരാജനും
സംഭാവനംചെയ്തു സംഭവിപ്പിക്കുന്ന
വമ്പുകൊണ്ടിജ്ജനം ജൃംഭിച്ചിരിക്കുന്നു;
ഡിംഭജനങ്ങളുമമ്പോടുവന്നെന്റെ
മുമ്പിൽക്കളിക്കുമാറായിച്ചമഞ്ഞിതോ?
ആരിന്നു നമ്മുടെ നേരേയടുത്തുകൊ–
ണ്ടോരോ വിരുതുകൾ കാട്ടുന്നതിങ്ങനെ?
ഘോരമാമെന്റെ വിഷജ്വാല തട്ടുമ്പോ–
ളീരേഴുലോകവും ഭസ്മമായീടണം;
മുക്കണ്ണനീശന്റെ തൃക്കണ്ണിൽനിന്നങ്ങു
വെക്കം ജ്വലിക്കുന്ന തീക്കനൽക്കൂട്ടങ്ങൾ,
ഇക്കണ്ട ലോകങ്ങളൊക്കെദ്ദഹിപ്പതി–
നൂക്കോടുകൂടെപ്പരക്കെപ്പുറപ്പെട്ടു
തെക്കും വടക്കും കിഴക്കും പടിഞ്ഞാറു–
മൊക്കെ പിടിപെട്ടു പൊക്കത്തിൽനിന്നങ്ങു
ചിക്കെന്നു തട്ടിത്തകർക്കുന്ന ഘോഷത്തൊ–
ടൊക്കും നിനയ്ക്കുമ്പൊളിക്കാളിയൻതന്റെ
ഊക്കുള്ള വൻവിഷത്തീക്കനൽക്കട്ടക–
ളാർക്കും സഹിപ്പാനരുതെന്നതൊക്കവേ
ഓർക്കാതെ വന്നിങ്ങു നേർക്കുന്നതെന്തെടാ?
നോക്കെടൊ! നിന്നെ ഞാനാക്കംകെടുത്തിന്നു
വെക്കം കടിച്ചുടലൊക്കെപ്പിടിപെട്ടു
അർക്കാത്മജൻതന്റെ തൃക്കാല്ക്കലൊമ്മാറു
തൃക്കാഴ്ചവച്ചിങ്ങു ചിക്കെന്നു പോരുവൻ;
വെള്ളത്തിൽനിന്നൊരു കള്ളനെന്തിങ്ങനെ
തള്ളികടെന്നങ്ങു തുള്ളിത്തുടങ്ങിനാൽ
വെള്ളക്കുട പിടിച്ചുള്ളം തെളിഞ്ഞുടൻ
വെള്ളക്കയങ്ങളിൽ പള്ളികൊള്ളുന്ന നാം,

---

[1] കുംഭീനസേന്ദ്രൻ = സർപ്പശ്രേഷ്ഠൻ.

തൊള്ള പൊളിച്ചങ്ങിളക്കാതിരിക്കുമോ?
തള്ളിക്കടുംവിഷത്തുള്ളിശരമാരി–
കൊള്ളുന്നനേരത്തു തുള്ളലുംപോയ് നിന്റെ
തള്ളലും തീരുമേ കള്ളവും മാറുമേ;
ആയിരമുള്ള ഫണങ്ങളിലൊന്നുകൊ–
ണ്ടായിരംകോടി ജനത്തെ ഹനിപ്പതി–
നായരനാഴിക വേണ്ടായെനിക്കയ്യോ!
ഞായമല്ലെന്നിട്ടടങ്ങുന്നു ഞാനെടാ!
തായാട്ടു വന്നിങ്ങു കാട്ടിത്തുടങ്ങിയാ–
ലായോധനത്തിനു കോപ്പിടും കാളിയൻ;
മായം വെടിഞ്ഞങ്ങടുക്കുന്നനേരത്തു
നായീച്ചകൊണ്ടു ഫലം വരത്തില്ലെടോ!
പോയാലുമങ്ങു നീ; കാളിന്ദിതന്നിലി–
ത്തോയത്തിൽ വന്നു കളിച്ചാലിളപ്പെടും;
കായം മുടക്കിച്ചമപ്പതിനുള്ളൊരു
തായം[1]നമുക്കേറ്റമുണ്ടെന്നറിക നീ;
വൃദ്ധനെന്നാകിലും ക്രുദ്ധനെന്നാകിലും
മത്തനെന്നാലും കരുത്തനെന്നാകിലും
യുദ്ധത്തിനെത്തുമ്പൊളിദ്ധനെന്നാകിലും
ബുദ്ധനെന്നാകിലും സാദ്ധ്യനെന്നാകിലും
വിത്തേശനാകിലും പൃഥ്വീശനാകിലും
സർവേശനായ പരമേശനാകിലും
അക്ഷപദത്തിലടുത്ത ജനങ്ങളെ
ഭക്ഷിപ്പതിനിന്നു സന്ദേഹമില്ലെടോ!
അർണ്ണവംപോലെയലയ്ക്കും ജലങ്ങളിൽ
തിണ്ണം പൊഴിക്കുന്ന പൊണ്ണത്തടിയനെ
കണ്ണുകൾകൊണ്ടു ഞാൻ നോക്കുന്നനേരത്തു
വെണ്ണുനീറാമതിനില്ല കില്ലേതുമേ;
കണ്ണുകളായിരമുണ്ടെന്നു ചിന്തിച്ചു
വിണ്ണവർനാഥനുമൊട്ടും ഞെളിയേണ്ട
കണ്ണു രണ്ടായിരം നീണ്ട ഫണങ്ങളിൽ
കണ്ഠം ഭയങ്കരമുണ്ടിങ്ങറിക നീ;
എങ്ങും വിഷജ്വാലകൊണ്ടു ജഗത്ത്രയ–
മിങ്ങു ദഹിപ്പതിനേതും പണിയില്ല;''
ഇങ്ങനെയോരോ ജളത്വം പറഞ്ഞവ–
നംഗനമാരെ ഫലിപ്പിച്ചനന്തരം
ഉച്ചണ്ഡമാം ഫണമണ്ഡലമൊക്കവേ
ഉച്ചത്തിലങ്ങുയർത്തിപ്പിടിച്ചങ്ങനെ

---

1. തായം = അടവ്.

കൊച്ചുഗോവിന്ദനെപ്പാഞ്ഞടുത്തീടിനാൻ
മെച്ചത്തിലോടുന്ന വഞ്ചികണക്കിനെ;
കുന്തങ്ങളാംപോലെ കഠിനങ്ങളായുള്ള
ദന്തങ്ങളന്തരംകൂടാതെ തങ്ങളിൽ
സന്തതം തട്ടിയിടയുന്ന നേരത്തു
ചെന്തീക്കനൽക്കട്ട പൊട്ടിത്തെറിക്കയും
പന്തി നിരത്തിപ്പിടിച്ച ഫണമണി–
കാന്തിപടലങ്ങളൊക്കെ ജ്വലിക്കയും
ഏന്തിക്കളിക്കും വിഷപ്രഭാവങ്ങളും
ചിന്തി വല്ലാതെ ജലത്തിൽ വസിക്കയും
കോപാൽ ചിരിക്കയും കോട്ടം കൊടുക്കയും
ഗോപാലബാലനെച്ചെന്നു തടുക്കയും
മൂഢതതേടുന്ന കാളിയൻതന്നുടെ
രൂഢാപലാപമാം കർമ്മങ്ങളൊക്കവേ
ഗാഢാഭിമാനിയാം കൃഷ്ണൻതിരുവടി
പ്രൗഢതയോടേ സഹിച്ചു നിന്നീടിനാൻ;

ഉരഗേശനതുനേരത്തുരംകൊണ്ടങ്ങടുത്താശു
ഹരിതന്റെ തിരുമേനി തെരുതെരെപ്പിടിപെട്ടു
അടിതൊട്ടു മുടിയോളം തിരുവുടൽ കെട്ടുപെട്ടു
പുഷ്ടകോപാൽ ഞെരുക്കിക്കൊണ്ടട്ടഹാസം മുഴക്കിനാൻ[1]:
''ശഠനായ വടുവേ നീയടക്കംകൂടാതെ വന്നു
മിടുക്കു കാട്ടുകമൂലം മുടക്കംവന്നതിനിപ്പോൾ,
കടക്കാമോ നിനക്കെന്റെ തടിനീമന്ദിരംതന്നിൽ
അടക്കമെന്നി ദുർമ്മോഹം തുടങ്ങാതെയടങ്ങിക്കോ;
കടുകോപം കാട്ടാവുന്ന കടുംപാമ്പിൻ പടുത്വങ്ങളാം
ഒടുക്കമില്ലൊരിക്കലും വടിവോടേ ധരിച്ചാലും;
പെരുത്ത കാളിയൻ വീരനിരിക്കുന്ന പുരംതന്നിൽ
ഒരുവനും വരുമാറില്ലറിക നീയെടാ ഭോഷാ!
ഉരഗനാഥനാമെന്റെ ഗരളാഗ്നി സഹിപ്പാനും
നരൻമാർക്കും സുരൻമാർക്കുമെളുതല്ലെന്നറിഞ്ഞാലും
തനിക്കുള്ള ബലംമുമ്പിൽ നിനയ്ക്കേണം മനക്കാമ്പിൽ
തനിക്കൊത്ത ജനത്തോടേ പിണക്കത്തിന്നടുക്കാവൂ
തനിക്കാവുന്നവരോടുമെതിരിട്ടാലതിരേകം
കനക്കേടു ഭവിച്ചീടും പരിഹാസം തുടങ്ങീടും;''
ഇതി ബഹു പരുഷമായ്പലതരമുരയ്ക്കയും
ചതുരസുന്ദരമായ തിരുവുടൽ കടിക്കയും
അതിമോഹബലത്താലേ പരമാർത്ഥം നിനച്ചീല

---

[1] ‘പുഷ്ടകോപാൽ മുഴക്കിക്കൊണ്ടട്ടഹാസം മുഴക്കിനാൻ’—എന്നു മുദ്രിതപുസ്തകങ്ങളിൽ അപപാഠം.

വിധിബലമൊഴിക്കാമോ ഭുവനത്തിലൊരുവനും!
അതുകാലം ഗോകുലത്തിലിരിക്കുന്ന നന്ദഗോപൻ
സുതനെക്കാണായ്കകൊണ്ടു പരിതാപം മുഴുക്കയാൽ
ചിതമല്ല ശകുനങ്ങൾ പലവിധം കാൺകകൊണ്ടും
ഹിതൻമാരെ വിളിച്ചങ്ങു വിലാപിച്ചു പറയുന്നു:
''വനംതന്നിൽ ഗമിച്ചോരു തനയനെക്കണ്ടില്ലല്ലോ
ദിനമൊന്നു കഴിഞ്ഞതു നിനയ്ക്കാതെയിരിക്കാമോ:
ദിനകരനസ്തമിപ്പാനടുക്കുമ്പോൾ നടേയെല്ലാ—
ദിനംതോറും പശുക്കളെ തെളിച്ചിങ്ങു വരുമല്ലോ;
അശനത്തിൻ വകയൊന്നും വനത്തിലില്ലതുമൂലം
വിശന്നങ്ങു തളർന്നൊരു ദിശിചെന്നു കിടക്കയോ?
വിശപ്പൊട്ടും പൊറുത്തൂടാശിശുക്കൾക്കെന്നെറിഞ്ഞാലും
ഭൃശം ഖേദം നമുക്കുള്ളിൽ വളരുന്നു നിനച്ചാലും;
നടപ്പാനങ്ങരുതാഞ്ഞിട്ടടവിയിൽ കിടക്കയോ?
കടുവാ വന്നിടകൂടി കടിച്ചങ്ങു ഹനിച്ചിതോ?
കടുത്ത കണ്ടകം കാലിൽ കൊണ്ടുകേറിക്കിടക്കയോ?
നെടുത്ത പാമ്പുകൾ വന്നു കടിച്ചങ്ങു വലിക്കയോ?
ചില ശങ്ക വളരുന്നു മനതാരിലെനിക്കിപ്പോൾ
ഫലം കൂടാതിരുന്നിങ്ങു വിലാപിക്കുന്നതും പാഴിൽ!
പലർകൂടിത്തിരയേണം മടിയാതെ ശിശുക്കളെ
പലവഴി തിരയേണ''മെന്നു നന്ദൻ പറഞ്ഞപ്പോൾ
തെരുതെരെപ്പുറപ്പെട്ടു ജനനിയും സഖിമാരും
പരജനമഖിലവും ജനകനും ബലൻതാനും
തിരഞ്ഞങ്ങു യമുനേടെ തടന്തന്നിലടുത്തപ്പോൾ
പരിചോടേ മുകുന്ദനെജ്ജലംതന്നിൽ പലർ കണ്ടു
ഉരഗേശൻ പിടിപെട്ടു വരിഞ്ഞങ്ങു കിടക്കുന്നു;
ഹരിയെന്നു നിരൂപിച്ചു കരകയും തൊഴിക്കയും
ധരണീമണ്ഡലംതന്നിൽ വീണുരുണ്ടു കിടക്കയും
തിരതന്നിൽ ചെന്നു ചാടാനൊരുമ്പെട്ടങ്ങടുക്കയും
''മുരവൈരി തുണയ്ക്കേണം പുരവൈരിതുണയ്ക്കേണം
ഹരിപ്രിയ തുണയ്ക്കേണം ഗണപതി തുണയ്ക്കേണം
നരൻമാരുംതുണയ്ക്കേണം ഗുരുക്കൻമാർതുണയ്ക്കേണം''
വിരവോടങ്ങൊരുമിച്ചു കരംകൂപ്പിത്തൊഴുകയും
മരിപ്പാനായ്ത്തുടങ്ങുന്ന പുരവാസിജനങ്ങളെ
പരിചോടേ ബലഭദ്രനെഴുന്നള്ളിത്തടുക്കയും
പരഗുരുവുപദേശമിവയെല്ലാം പലവിധം
ഹരികണ്ടു കരുണയും മനതാരിൽ നിറകയാൽ
ഉടലൊന്നു കുടഞ്ഞപ്പോളുരഗവും കെട്ടഴിഞ്ഞു

വടിവോടേ ജലംതന്നിൽ കിടന്നാനപ്പടുഭോഷൻ;
വടിവോടങ്ങെഴുന്നേററു വാസുദേവൻതിരുവടി
ഫണിതൻെറ ഫണങ്ങളിലടിമലർ കുടിവച്ചു
തുടങ്ങിനാനതുനേരം പടുതയോടൊരു നൃത്തം
ചെടുചെടെ ഫണങ്ങളിലടികൊണ്ടങ്ങടിക്കുന്നു;

ചമ്പ ചെമ്പട പഞ്ചകാരിക കുണ്ടനാച്ചി,യടന്തയും
കുംഭ,കാരിക ലക്ഷ്മി, രൂപക മർമ്മതാളവു,മേകവും[1]
താളമീവക കാലുകൊണ്ടു ചവിട്ടിനിന്നു നടിക്കയും
മേളമോടിടകൂടി നല്ലൊരു ഭാവവും മൃദുഹാസവും;
ഇന്ദളം പുനരിന്ദിശാ,ന്തരി പാടി നാട്ടയുമാ,ർത്തനും
വീരതർക്ക മുഖാരി ഗൗരി കാനക്കുറിഞ്ഞിയുമിങ്ങനെ[2]
ഇത്തരം പല രാഗമാലകൾ ഗീതവും ബഹു ഗായകൻ
സത്വരം മുരളീമുഖേന വിളിച്ചു നിന്നു കളിക്കയും

നറുംപീലി കലരുന്ന തിരുമുടിയഴിയുന്നു
കുറുനിര വിറയ്ക്കുന്നു നറുമലർ കൊഴിയുന്നു
കവിളിണ വിളങ്ങുന്നു കടകങ്ങൾ കിലുങ്ങുന്നു
ഉടയാട കിഴിയുന്നു ഉടഞാണുമഴിയുന്നു
തുട രണ്ടുമിളകുന്നു വനമാല തളരുന്നു
ഘനമോദം വളരുന്നു ചിലമ്പുകൾ വിലസുന്നു;
ഒരുകൂട്ടം സുരസ്ത്രീകളൊരുമിച്ചു പുറപ്പെട്ടു
സുരപുരം നിറഞ്ഞങ്ങു പരിചോടേ വരുന്നേരം
സരസമാം വചനങ്ങളുരചെയ്തു വസിക്കുന്നു
തരുണിമാരുടെ നാമം തമ്മിലങ്ങു വിളിക്കുന്നു;
''ചിത്രലേഖേ! വരികെടോ! ചിത്രമാം താണ്ഡവം
കാൺമാൻ
പത്രലേഖേ! നടന്നാലും! ചിത്രമദ്ധ്യാസിതമല്ലോ
വൃത്രവൈരിപുരങ്ങളിൽ സത്രമേറുന്നതിൻമുമ്പേ

---

1. താളങ്ങളുടെ പേരുകൾ വിവരിക്കുന്ന ഈ ഭാഗം മുദ്രിതപുസ്തകങ്ങളിൽ പാഠം ശുദ്ധമല്ല. ഇവിടെ ഉചിതസംസ്കരണത്തോടുകൂടി ചേർത്തിരിക്കുന്നു.
താളങ്ങളുടെ പേരുകൾ: (1) ചമ്പ, (2) ചെമ്പട, (3) പഞ്ചകാരിക, (4) കുണ്ടനാച്ചി, (5) അടന്ത, (6) കുംഭം, (7) കാരിക, (8) ലക്ഷ്മി, (9) രൂപകം, (10) മർമ്മം, (11) ഏകം.
2. രാഗങ്ങളുടെ പേരുകൾ വിവരിക്കുന്ന ഈ ഭാഗം മുദ്രിതപുസ്തകങ്ങളിൽ അപപാഠജടിലം. ഇവിടെ ഉചിതസംസ്കരണത്തോടുകൂടി ചേർത്തിരിക്കുന്നു.
രാഗങ്ങളുടെ പേരുകൾ: (1) ഇന്ദളം, (2) ഇന്ദിശ, (3) അന്തരി, (4) പാടി, (5) നാട്ട, (6) ആർത്തൻ, (7) വീരതർക്കൻ, (8) മുഖാരി, (9) ഗൗരി, (10) കാനക്കുറിഞ്ഞി. ചാക്യാൻമാർ കൂടിയാട്ടത്തിൽ ശ്ലോകംചൊല്ലാൻ ഉപയോഗിച്ചുവന്ന കേരളത്തിലെ ചില പഴയ രാഗങ്ങളിൽപ്പെട്ടതാണ് 'അന്തരി', 'ആർത്തൻ', 'വീരതർക്കൻ' എന്നിവ.

തത്ര ചെന്നങ്ങുറയ്ക്കേണം നേത്രമോദം വരുത്തേണം;
ഉർവശിക്കും മേനകയ്ക്കും ഗർവു പാരം മനക്കാമ്പിൽ
പർവതാരിക്കനുരാഗം സർവദാ ഞങ്ങളിലത്രേ
സർവനാരികളെപ്പോലെ നിർവിശങ്കം കണ്ട കാഴ്ച–
യ്ക്കുർവി നോക്കിപ്പുറപ്പെട്ടാൽ തരമല്ലെന്നൊരു ഭാവം;
തിലോത്തമയ്ക്കൊരുനേരം കലഹം തീരുമാറുണ്ടോ?
പല നാരികളെക്കണ്ടാൽ തലനോവും തുടങ്ങീടും
വലയങ്ങൾ ചമച്ചാലും തലമുടി വിടിർത്താലും
മുലകളിൽ പലതരം മലയജമണിഞ്ഞാലും
വലയങ്ങൾ ചില പൊന്നുംചിലമ്പുകൾ ധരിച്ചാലും
ഒരിക്കലും നെഞ്ചരങ്ങിലലംഭാവം വരുന്നില്ല;
കളകണ്ഠി! കളിയല്ലാ കളഭങ്ങളണിഞ്ഞാലും
കളഞ്ഞാലും കളിയെല്ലാം കളി കാൺമാൻ നടന്നാലും;
കളമൊഴികളെ! നിങ്ങൾ വിളയാട്ടം തുടങ്ങൊല്ലാ
ലളിതനാം മുകുന്ദന്റെ കളിയിങ്ങു കഴിഞ്ഞീടും;
കാമസേനയ്ക്കൊരുനേരം കാമുകൻമാർ തരംപോരാ
താമസിപ്പാനരുതെന്ന്യേ ഹേതുവെന്നും വന്നുകൂടി
താമരക്കണ്ണനെയിപ്പോൾ കാൺമതിന്നും വിധിയില്ല
വാമഭാവം മനതാരിൽ കാമിനിക്കു ജനിക്കയാൽ;
രംഗവല്ലീ! ഇങ്ങു വാ! നീ ഭംഗിനോക്കി നടക്കാതെ
ഭംഗമേതും വരികില്ല ഞങ്ങളോടു കൂടിനിന്നാൽ
അംഗമൊട്ടു ചിതം നിന്റെ പിംഗലാക്ഷി! നടന്നാലും
മംഗലാംഗൻ മുകുന്ദനുമംഗജാർത്തി വരുത്തേണം.''

വിണ്ണിൽ മേവീടുന്ന പെണ്ണുങ്ങളൊക്കവേ
തിണ്ണം വിളങ്ങുന്ന കണ്ണനെക്കാൺകയാൽ
കണ്ണിനാനന്ദം മുഴുത്തു മുകുന്ദനെ
വർണ്ണിച്ചു തമ്മിൽ പറഞ്ഞു തുടങ്ങിനാർ:
''രംഭേ! ധരിക്ക ധരിത്രീതലത്തിങ്ക–
ലംഭോരുഹത്തിന്റെ ഭാഗ്യമൊട്ടല്ലെടോ
അംഭോജബാണനെപ്പോലും ജയിച്ചീടു–
മംഭോജനേത്രനോടൊന്നിച്ചുനല്ലോരു
സംഭോഗമാടുവാൻ സംഗതിവന്നിതേ
രംഭോരുമാരാകുമമ്പാടിതന്നിലു–
ള്ളംഭോജനേത്രമാർതൻ ഭാഗ്യവും തഥാ
അംഭോജകോമളമായ തിരുമുഖ–
മമ്പോടു കണ്ടുകണ്ടങ്ങു രസിക്കയും
രംഭാദളംപോലെ ശീതളമാം ദേഹ–
മിമ്പംകലർന്നു പുണർന്നു രമിക്കയും;
വമ്പനാം നമ്മുടെ തമ്പുരാനായുള്ള
ജംഭാരിദേവനുപോലുമൊരുദിനം

കുമ്പിട്ടുപോരുവാൻ കിട്ടാതിരിക്കുന്ന
തൻ പാദപത്മങ്ങളാം രണ്ടും കനക്കവേ
കമ്പം വെടിഞ്ഞു തടവുന്നു നിത്യവും;
കുംഭികുംഭത്തിന്നു ഡംഭടക്കും കുച—
കുംഭങ്ങളിൽ ചേർപ്പതിന്നും കഴിവരും;
അംഭോജയോനിക്കു കൂറില്ല നമ്മളിൽ
അമ്പാടിതന്നിലല്ലല്ലീ ജനിപ്പിച്ചു
ഉമ്പർകോൻനാട്ടിൽ ജനിച്ചതുകൊണ്ടിങ്ങു
സാമ്പ്രതമെന്തു നമുക്കു ഫലമെടോ?
അമ്പിളി ചൂടുന്ന തമ്പുരാൻ നല്ലോരു
ചെമ്പകബാണനെച്ചുട്ടെരിച്ചീലയോ?
ഇപ്പോളതെത്രയും നന്നെന്നു തോന്നുന്നു
അപ്രിയമൊന്നും നമുക്കില്ല മേനകേ!
അപ്പടി ചെയ്തില്ലയെങ്കിലാ മൻമഥൻ
ഇപ്പോളിളപ്പെട്ടിരിക്കേണ്ടിവന്നേനെ;
അംബുജനേത്രനാം ഗോപാലബാലന്റെ
ബിംബാധരാമൃതം നന്നായ് നുകർന്നുടൻ
ചുംബിച്ചു മോദേന മേവുന്ന ഗോപ നി—
തംബിനിമാരെത്തൊഴേണം തിലോത്തമേ!
പാലാഴിമങ്കതൻ കൊങ്ക പുണരുന്ന
ബാലഗോപാലന്റെ മന്ദഹാസങ്ങളും
ആലോലമാം വനമാലാവിലാസവും
ഹേലാനുകൂലം മുരളീനിനാദവും
ബാലാർക്കശോഭമാമംബരാഡംബരം
കോലുന്ന ഖേലനം തന്നുടെ ഭംഗിയും
കണ്ടുകണ്ടേറ്റം മനം കുലുങ്ങീടുന്നു,
തണ്ടാർശരന്റെ ശരങ്ങളാം തറയ്ക്കയാൽ;''
ഇണ്ടൽ പെരുകും സുരാംഗനാവൃന്ദത്തി—
നുണ്ടായ സംഭ്രമം കണ്ടാൽ മനോഹരം
തുംഗമാം കാളിയൻതന്റെ ഫണമണി—
രംഗം മുകളേറി നാടകമാടുന്ന
മംഗലരൂപനാമിന്ദിരാകാന്തന്റെ
ശൃംഗാരലീലകളാം ചൊല്ലവല്ലേതുമേ;
നിർദ്ദയമിങ്ങനെ ദേവൻ ജനാർദ്ദനൻ
ദുർഗമനായൊരു കാളിയാധീശനെ
മർദ്ദനം ചെയ്യുന്നനേരത്തവൻ വിഷം
ഛർദ്ദിച്ചു മോഹിച്ചു വീണൂ മഹീതലേ;
ഭർത്താവുതന്റെ ഫണങ്ങളിലിങ്ങനെ

നൃത്തമാടീടുന്ന കൃഷ്ണനെക്കണ്ടേററ—
മാർത്തി തേടീടുന്ന നാഗീജനങ്ങളും
പാർത്തറിഞ്ഞാശു വണങ്ങിത്തുടങ്ങിനാർ:
‘‘ചീർത്ത ദയാനിധേ! കാത്തരുളേണമേ!
കീർത്തി പെരുത്തൊരു മൂർത്തിയല്ലോ ഭവാൻ
ധൂർത്തരോടെന്നിയേ ധൂർത്തു കാട്ടീടൊല്ല
ഭർത്താവിനെ ഭവാനോർത്തുകൊള്ളേണമേ!
അമ്പൊടെൻ നാഥനു കീർത്തി നല്കേണമേ
പൂർത്തിദോഷത്തിനാൽ കീർത്തി നേർത്തീടുമേ!
സന്താപഹാരിണം സന്താനകാരിണം
ചിന്താനിവാരിണം സിന്ധുരദാരിണം
ദേവോപകാരിണം ദേവാരിവൈരിണം
ദേഹാനുകാരിണം ദേഹിസംസാരിണം
വനജാലചാരിണം വനമാല്യഭാരിണം
മനുജാനുകാരിണം ദനുജാപകാരിണം
ജനതാപഹാരിണം ജനമോദകാരിണം
ഘനദോഷഹാരിണം ഘടന്തം രടന്തം
സ്ഫുരന്തം ഭവന്തം ദൃഢന്തം മുനീനാ—
മനന്താം ഗരന്താപഗാന്തേ ചരന്തം
ദുരന്തം വരന്തം ഹൃദന്തേ രമന്തം ഭജാമോ ഭവന്തം.

ഇന്ദിരാനായക! വന്ദേ! സുന്ദരീവല്ലഭ! വന്ദേ!
തുന്ദിലാഡംബര വന്ദേ! ചന്ദ്രബിംബാനന വന്ദേ!
അപരാധമൊരുനേരം നിരൂപിച്ചില്ലടിയങ്ങൾ
അപകാരമതുമില്ലാ കൃപാസിന്ധോ നിനച്ചാലും
യാഗമൊന്നും മുടക്കീല, നാഗരാജനൊരുനാളും
രാഗമൂലം സതിമാരെക്കൊതിച്ചെങ്ങും നടന്നീല
ഗുണമുള്ള പരിഷയ്ക്കു തുണയ്ക്കാതെയിരുന്നീലാ
ഭുവനത്തിലൊരു ദോഷം ഭുജംഗേശൻ നിനച്ചീല
ഭുവനനായക! നിയിന്നിവനെക്കാത്തുകൊള്ളേണം
ഭവാനല്ലാതൊരു ഗതിയില്ല ഞങ്ങൾക്കൊരുനേരം;’’
സ്തുതികേട്ടു തെളിഞ്ഞാശു മുകുന്ദനുമതുനേരം
മതിയിനി നൃത്തമെന്നു മതിതന്നിലുറപ്പിച്ചു
അതിമോദം കാളിയന്റെ ഫണത്തിൽനിന്നിറങ്ങിക്കൊ—
ണ്ടതിദീനം നാഗരാജം കൃപയോടേ കടാക്ഷിച്ചു.
അതുനേരം ദീനമെല്ലാം ശമിച്ചാശു നാഗരാജൻ
നുതിചെയ്തു പലവട്ടമെഴുന്നേററു നിന്നനേരം
കരംകൊണ്ടു വിരവിങ്കലുരഗന്റെ ശരീരത്തെ
ഹരിതന്നെ തടവിക്കൊണ്ടവനോടങ്ങരുൾ ചെയ്തു!

''ഉരഗനായക! കേൾക്ക വിരവോടു ഗിരം, നിൻെറ—
ഗരളംകൊണ്ടൊരുവനും പൊറുതിയില്ലറിഞ്ഞാലും
പ്രാണികൾക്കു പ്രാണനല്ലോ ജലമെന്നു ധരിച്ചാലും
പ്രാണനാശം വരുത്തുന്നു കഷ്ടമെന്നേ പറയാവൂ!
പലതരം പറഞ്ഞിട്ടും ഫലമില്ല കാളിയാ! ഹേ!
ജലത്തെ നീയുപേക്ഷിച്ചു ഗമിച്ചാലും മടിക്കാതെ;''
അരുളപ്പാടതു കേട്ടു കാളിയനും ഭാര്യമാരും
അതുലമാം പട്ടു പൊന്നും തരിവള നാഗരത്നം
കടിസൂത്രം തുടർമണി കുട തഴ ആലവട്ടം
കടകങ്ങൾ നൂപുരങ്ങളെന്നുവേണ്ടാ പലവിധം
ഹരിക്കായി കൊടുത്താശു തിരിച്ചാരംബുധിമദ്ധ്യേ
പരിചോടേ രമണകംപുക്കു വാണാർ സുഖമോടെ.
പരിചോടേ കരതന്നിലെഴുന്നള്ളി ഭഗവാനും
പരിഖേദം കളഞ്ഞാശു തഴുകിനാൻ ജനകനും;
ഉരുതരമോദമോടേ ജനനിയും ബലൻതാനും
പരമാത്മാവെന്നു പുല്കി പുരവാസിജനങ്ങളും.

സന്ധ്യയും വന്നണ്ടടുത്തോരു നേരത്തു
സന്തോഷമോടേ മഹീസുരൻമാരുടൻ
കാളിന്ദിതന്നിൽ കുളിച്ചും കളിച്ചും
പുളച്ചും മുളച്ചുള്ള കൗതുകത്തോടങ്ങു
സന്ധ്യാവിധികൾ കഴിച്ചുതുടങ്ങിനാർ
ചെന്താമരാക്ഷനെച്ചിന്തിച്ചു ചിന്തിച്ചു
നന്നായ്ചരിഞ്ഞങ്ങുറങ്ങിത്തുടങ്ങിനാർ;
നന്ദനും വൃന്ദവും ചെന്നോരടവിയിൽ
അന്നേരമങ്ങൊരു കാട്ടുതീയങ്ങനെ
കാട്ടിലൊരുവിധം പാട്ടിലുറങ്ങുന്ന
കാട്ടുമൃഗങ്ങടെ കൂട്ടങ്ങളൊക്കവേ
ഞെട്ടിയുണർന്നുടനോട്ടം തുടങ്ങുന്നു
കഷ്ടം! ചിലതതിൽ പെട്ടുമരിക്കുന്നു;
മുട്ടകളിട്ടങ്ങു പെട്ടെന്നു നല്ലൊരു
പോട്ടിൽ കിടക്കുന്ന കാട്ടുമൂർഖപ്പട
ചുട്ടൊരുനേരത്തു കുട്ടികളെച്ചിലർ
കെട്ടിപ്പിടിച്ചങ്ങു കാട്ടിൽ നടക്കുമ്പോൾ
കാട്ടുതീ വന്നുടനാട്ടിപ്പിടിപെട്ടു
മുട്ടകളൊട്ടങ്ങു പൊട്ടിത്തെറിക്കയും
പെട്ടെന്നു തീയ്യിലും പെട്ടു വലകയും
ഒട്ടൊട്ടൊഴിഞ്ഞാശു വട്ടം നടക്കയും,

മർമ്മതാളം

സത്വരതരമത്തമതംഗജകടതടപുടമദശബ്ദം
ഉദ്ധത പരിണദ്ധ മഹാനലകടുതരചടചടബഹളം
ജൃംഭിതമതിസംഭൃത ചക്രകലശരഭകരഭയുഗശല്യം
കമ്പിതകപിമുഖ്യമൃഗാദികദഗ്ദ്ധദഹന കുരുകുരിതം
ഇങ്ങനെ വനപാവകനമ്പൊടു കാടുകളിടകൂടിയുടൻ
തിങ്ങിന വിപിനേ പിടിപെട്ടൂ പൊട്ടിയ വിടപീനിരയും.
തങ്ങളിലങ്ങുമുലഞ്ഞുമലഞ്ഞഥ ഝടിതി ദഹിച്ചൊരു നേരം
മന്ദമഥ വൃന്ദവുമൊക്കെയുണർന്നു ഭയത്തൊടുകൂടെ
പുരുഷോത്തമനോടു വിളിച്ചു കരഞ്ഞു പറഞ്ഞുതുടങ്ങി:
''ചിൻമയ! ഭയമുണ്ടു ദവേ ഭവസുരവരവന്ദിത നാഥാ!
നന്ദതനയ സുന്ദരലോചന പാലയ! പാലയ! ശൗരേ!
വൃന്ദമഖിലമാശു ദഹിപ്പതിനഗ്നി തിമർത്തു വരുന്നു
എന്തൊരുവിധം വേണ്ടുവതെന്നിഹ ചിന്തയബന്ധുരമൂർത്തേ!
സന്തതസുഖഭജനപരായണ കിന്തവ വശമല്ലാത്തു?''
ഇത്തരമഥ ഭീതികലർന്നൊരു ഗോപകസംഘമശേഷം
സത്വരമവനത്തിനുണർന്നു വനത്തിലിരുന്നു മുകുന്ദൻ
കത്തിയെഴും പാവകനെപ്പുനരെത്തിയെടുത്തു വിഴുങ്ങി
മിത്രസുഖത്തോടും രാത്രി രമിച്ചു വസിച്ചു ഗമിച്ചു.

കാട്ടുതീയൊക്കെശ്ശമിച്ചോരനന്തരം
കൂട്ടമിളകിപ്പുറപ്പെട്ടു ചെന്നുടൻ
ഗോഷ്ഠമകത്തു കടന്നിട്ടുഭൂസുര—
ഗോഷ്ഠരോടൊത്തു സുഖിച്ചു മേവീടിനാൻ.
ശ്രീവാസുദേവനും ശ്രീബലഭദ്രനും
ശ്രീനന്ദഗോപരും ഗോപീജനങ്ങളും
ശ്രേയസ്സിനോടേ വസിച്ചിതതുകൊണ്ടു
ഭൂയോപി ലോകേ ഭവിച്ചിതു മംഗലം.

കാളിയമർദ്ദനം ശീതങ്കൻതുള്ളൽ
സമാപ്തം

ഹരിണീസ്വയംവരം

ശ്രീമഹാദേവനും പാർവതീദേവിയും
ശ്രീമദാനന്ദസ്വരൂപൻ മുകുന്ദനും
ശ്രീമഹീദേവിമാരും ഗണാധീശനും
ശ്രീമഹീദേവനാമെൻ ഗുരുനാഥനും
സോമസൂര്യാദിഗ്രഹാഗ്രേസരസൻമാരു–
മാമയദ്ധ്വംസി ധന്വന്തരിമൂർത്തിയും
സീമഹീനോദയശ്രീരാമചന്ദ്രനും
കാമപാലാനുജൻ[1] ഗോപാലബാലനും
സാമവേദാദിയാം മൂന്നു വേദങ്ങളും
ശ്യാമളാകാരനാം വേട്ടയ്ക്കൊരുമകൻ
കാമദാതാ ഭൂതനാഥനും നമ്മുടെ
കാമാനുരൂപം തുണച്ചരുളേണമേ!
വെള്ളിശൈലോദരംപോലെ വിശുദ്ധമാ–
മുള്ളിൽ കൃപാമൃതം സംഭരിച്ചീടുന്ന
കിള്ളിക്കുറിശ്ശിവാണീടും മഹേശന്റെ
പള്ളിത്തിരുമേനിയോർത്തു വന്ദാമഹേ!
പ്രാണിഹിതപ്രദേ! കാമരൂപേ! കള–
വാണീമണികുലശ്രേണി ശിരോമണേ!
പാരിൽ പടാർകുളം[2] വാണരുളീടുന്ന
പാർവതീദേവി! നമസ്തേ നമോസ്തു തേ!
അല്പേതരപ്രാഭവത്തോടു ഭോഗീന്ദ്ര–
തല്പേ മുദാ പള്ളികൊണ്ടരുളീടുന്ന
ശ്രീമത്തിരുവനന്താലയാധീശ്വര!
ശ്രീപത്മനാഭ! നമസ്തേ നമോസ്തു തേ!
വഞ്ചിക്ഷമാപാല ബാലമാർത്താണ്ഡനാ–
മഞ്ചിതശ്രീ കുലശേഖരാജ്ഞാകരൻ
ആർത്താവനോദാരശീലനാമയ്യപ്പ–
മാർത്താണ്ഡമന്ത്രി നിജ സ്വാമിശാസനാൽ
ബാലലീലാവിനോദാരംഭമമ്പോടു
കാലാനുകൂലം പ്രസംഗിക്കകാരണാൽ
കാലാരിദേവൻ പടാർതടാകാധിപൻ
ലീലാനടൻ കടാക്ഷിച്ചരുളേണമേ!

---

1. കാമപാലാനുജൻ = കാമപാലന്റെ (ബലഭദ്രന്റെ) അനുജൻ, ശ്രീകൃഷ്ണൻ.
2. പടാർകുളം = പടനായർകളങ്ങര.

കവിചൊല്ലി ഫലിപ്പിപ്പാനെളുതല്ലേതുമേ ഭക്തി
കവിയുന്ന കവിതക്കാർ കവികെട്ടിച്ചമച്ചർത്ഥം
ചെവികൊണ്ടു വഴിപോലെ ശ്രവിക്കുമ്പോളവനൊട്ടും
കവിയല്ല 'വി'കാരത്തിൽ 'പി'കാരം വന്നുകൂടീടും;
അവിവേകമെന്നുതീരുമിവൻകൂടെ പ്രയോഗിച്ചാൽ
രവിയോടൊക്കുമോ മിന്നാമിനുങ്ങെന്നുള്ള ജന്തുക്കൾ!
ഭുവിവന്നു ജനിക്കുന്ന ജനങ്ങൾക്കൊക്കവേ മോദം
ഭവിപ്പാനുള്ള വസ്തുക്കൾ പലതുണ്ടാകിലും നല്ല
കവിതാചാതുരിയുള്ള കവിവാണീവിശേഷത്തെ
ശ്രവിക്കുന്ന സുഖംപോലെ ചെവിക്കു പിന്നെയൊന്നില്ല*
കുറവും കുററവും നോക്കിപ്പറവാനുണ്ടൊരു കൂട്ടം
തുറുകണ്ണും മിഴിച്ചങ്ങു മറുഭാഗേ വസിക്കുന്നു
മറിവും മായവുമെല്ലാം മറച്ചുവച്ചുകൊണ്ടെല്ലാ—
മറിവുള്ള ജനമെന്നു പുറമേ ഭാവവും കാട്ടി
തറമേലേറിനിന്നേററം നിറമേറും സഭതന്നി—
ലിറങ്ങി സത്ക്കഥ ചൊല്ലിത്തുടങ്ങും പൂരുഷൻതന്റെ
കുറവററ ഗുണം കണ്ടു നിറഞ്ഞുള്ളിലസൂയകൊ—
ണ്ടുറഞ്ഞു ചാടിയോരോന്നു പറഞ്ഞു ഭത്സനംചെയ്യും;
കുറഞ്ഞോരു വിശേഷത്തെയറിഞ്ഞുള്ള ജനം കുററം
പറഞ്ഞെങ്കിലതുകൊണ്ടു തരിമ്പും സങ്കടമില്ല;
അറിയാത്ത മഹാമൂഢൻ തെറിവാക്കു പറയുമ്പോ—
ളെറിഞ്ഞു കാലൊടിക്കുമെന്നറിഞ്ഞുകൊൾവിനെല്ലാരും;
തനിക്കുള്ള ഗുണങ്ങളെത്തനിയേ വർണ്ണനംചെയ്യും
തനിച്ച സത്ക്കവി മന്നിൽ ജനിച്ചാലാവതില്ലേതും!
നിനച്ചാലജ്ജനത്തോടു മനച്ചേർച്ച വരികയി—
ല്ലനിച്ഛ കാട്ടിയാൽപോലുമവൻ ബോധിക്കയുമില്ല!
കുരയ്ക്കും പട്ടികളുണ്ടോ കടിക്കുന്നു നിജസ്തോത്ര—
മുരയ്ക്കുന്നോരുടെ വിദ്യക്കിരിക്കും ദൂഷണമെല്ലാം
ഗുരുക്കൻമാരുടെ പാദമൊരിക്കലും മറക്കാതെ—
യിരിക്കുന്ന ജനമൊന്നു ചുരുക്കിച്ചൊല്ലിയെന്നാലും
പെരുക്കി സംഗ്രഹിക്കും കണ്ടിരിക്കും സജ്ജനമെല്ലാം
പരക്കെസ്സമ്മതിച്ചെന്നാൽ തരക്കേടുമിവനില്ല.
അനന്തനൽപുരം തന്നിൽ അനന്താമാധവൻ ദേവൻ
അനന്തേ പള്ളികൊള്ളുന്നോരനന്തൻ ശ്രീപത്മനാഭൻ
അനന്ത ബ്രഹ്മതത്ത്വത്തിലനന്തഭൂതനാമെന്റെ
ഘനന്താദൃങ്മഹാപാപേ ഘനംതള്ളിത്തുണയ്ക്കേണം;
തിരുവട്ടാക്ഷരമൂർത്തി ഭഗവാനാദികേശവൻ
തിരുവട്ടാററു വാഴുന്ന പരബ്രഹ്മം പ്രസാദിക്ക;

* 'ശ്രവിക്കുന്ന സുഖംപോലെ ചെവിക്കുപിന്നെയെന്തുള്ളു'—പാഠാന്തരം.

ക്ഷോണീതലേ ശുചീന്ദ്രാഖ്യാ പുണ്യസ്ഥലേ
വാണരുളീടുന്ന ദേവൻ ദയാനിധി
സ്ഥാണുനാഥസ്വാമി നമ്മുടെ ഭാരതി
താണുപോകാതെ നികത്തീടവേണമേ!
വെക്കം പ്രസാദിച്ചരുളും മഹാവിഷ്ണു
തെക്കൻ പെരുമാളുമന്യദൈവങ്ങളും
ദുഷ്ക്കർമ്മദുഷ്ക്കീർത്തിദുര്യോഗദുർബോധ—
ദുഃഖങ്ങളെല്ലാമൊഴിച്ചരുളേണമേ!
കന്യാകുമാരീപുരാധീശ്വരീ ശൈല—
കന്യാഭഗവതീ! കാരുണ്യശാലിനീ!
അന്യാതിശായിമാഹാത്മ്യങ്ങളുള്ളൊരു
ധന്യാനുഭാവേ! നമസ്തേ നമോസ്തു തേ!
കഷ്ടം കലിയുഗം വന്നു മൂർച്ഛിക്കയാൽ
ദുഷ്ടദുർജന്തുക്കളേറീ മഹീതലേ;
ഇഷ്ടിലോപംകൊണ്ടു വൃഷ്ടിലോപംവന്നു
പുഷ്ടിയില്ലെന്നല്ല നഷ്ടി പിടിപെട്ടു;
കഷ്ടിപിഷ്ട്യാ നമുക്കഷ്ടിയെന്നാകയാൽ
തുഷ്ടിയില്ലാതൊരു യഷ്ടിയായ്‌വന്നിതു
മുട്ടീ വ്രതങ്ങളുമിഷ്ടധർമ്മങ്ങളും;
ചട്ടികലങ്ങളും കെട്ടിപ്പുറത്തിട്ടു
കുട്ടിക്കിടാങ്ങളെ തട്ടിയെടുത്തങ്ങു
പട്ടിണിയിട്ടുടൻ പട്ടികണക്കിനെ
ചെട്ടിച്ചിമാർ പല ചട്ടിത്തലച്ചിമാ—
രഷ്ടിക്കു ദേശിയായ് നാട്ടിലോരോതരം
വീട്ടിലോരോതരം കാട്ടിലോരോതരം
കൂട്ടമിട്ടങ്ങനെ ഊട്ടുള്ള ദിക്കുകൾ
കേട്ടു പുറപ്പെട്ടു നാട്ടുവഴികളിൽ
പാട്ടുപാടും ചിലരാട്ടമാടും ചില—
രോട്ടമോടുംചിലർ ചാട്ടമെന്നിങ്ങനെ
വാട്ടമെന്യേ ചോറു കിട്ടുമെന്നോർത്തഹോ
നഷ്ടദാരിദ്ര്യമീക്കഷ്ടകർമ്മത്തിനും
ദുഷ്ടകർമ്മത്തിനും പെട്ടെന്നു കാരണം
ദുഷ്ടനായുള്ള കലിയുടെ ജൃംഭണം;
സ്വർണ്ണങ്ങളെന്നൊരു ജാതിയെ സൃഷ്ടിച്ചു
പെണ്ണുങ്ങളെന്നൊരു ജാതിയും സൃഷ്ടിച്ചു
കർണ്ണങ്ങളും കണ്ണുമെട്ടുള്ള ദേഹമീ—
വണ്ണമനർത്ഥങ്ങൾ രണ്ടു നിർമ്മിക്കയാൽ
ഏന്തുന്ന സംസാരവാരിധിവെള്ളത്തിൽ

നീന്തുന്ന മർത്ത്യന്നു കേറാൻ തരംവരാ!
ഭ്രാന്തോ തനിക്കെന്നു ചോദ്യാനുകൂലമാം
താന്തോന്നിഭാവമീ രണ്ടുകൊണ്ടും വരും;
സ്വർണ്ണത്തിലാഗ്രഹംകൊണ്ടുള്ളനർത്ഥങ്ങൾ
വർണ്ണിച്ചു ബോധംവരുത്തുന്നതുണ്ടു ഞാൻ;
അർണ്ണവത്തിൽ കപ്പലോടിച്ചോരോവിധം
വർണ്ണത്തിലുള്ളവർ വാണിഭം ചെയ്യുന്നു;
ഒട്ടുകൊണ്ടേറ്റം കനത്തോരിരുമുടി–
ക്കെട്ടും തലയിൽ ചുമന്നുകൊണ്ടെപ്പൊഴും
പെട്ടെന്നു മണ്ടുന്നു സൂകരം[1]നാലഞ്ചു
കിട്ടുമെന്നാഗ്രഹം കൊണ്ടങ്ങൊരു വിധം;
രാജ്യകാര്യങ്ങളെ ക്ലേശിക്കയെന്നൊരു
വ്യാജം നടിച്ചു സമസ്തസാധുക്കളെ
തേജോവധംചെയ്തു വിത്തമാർജ്ജിച്ചുകൊ–
ണ്ടാജീവനാന്തം ഭ്രമിക്കുന്നിതു ചിലർ;
ചുങ്കസ്ഥലങ്ങളിൽ ചെന്നു പഥികരെ
കിങ്കരന്മാർകളെക്കൊണ്ടങ്ങടിപ്പിച്ചു
സങ്കടപ്പെട്ടു കിട്ടുന്ന പണംകൊണ്ടു
മങ്കമാർവീടു പുലർത്തുന്നിതു ചിലർ;
നാട്ടിലെങ്ങാനും പ്രതിഗ്രഹമുണ്ടെന്നു
കേട്ടു കുടയുമെടുത്തു പുറപ്പെട്ടു
കാട്ടുവഴികളിൽ മണ്ടിമണ്ടിപ്പരം
കോട്ടിൽപ്പലേടം നടക്കുന്നിതു ചിലർ;
അച്ചടി[2]കോസടി കച്ച കരിമ്പടം
നിച്ചളം[3]വച്ചവനായും പലവിധം
നിച്ചലും വാണിഭം വച്ചുവിറ്റങ്ങനെ
മെച്ചത്തിലർത്ഥമുണ്ടാക്കുന്നിതു ചിലർ;
ജ്യോതിഷക്കാരനായ് ചെന്നു ധനികന്റെ
ജാതകമെല്ലാം വരുത്തി വിചാരിച്ചു
കൈതവം നന്നായ് പറഞ്ഞു ഫലിപ്പിച്ചു
കൈമടക്കുംകൊണ്ടു പോകുന്നിതു ചിലർ;
ചെക്കനെക്കൊണ്ടുടൻ സഞ്ചിയെടുപ്പിച്ചു
ചിക്കനെച്ചെന്നു ചികിത്സയും കല്പിച്ചു
കല്ക്കത്തിനും കഷായത്തിനും കാനനേ
നില്ക്കുന്ന വേരുകളൊക്കെപ്പറിപ്പിച്ചു
തക്കത്തിലെണ്ണയും നെയ്യും പൊടികളും

---

1. സൂകരം = വരാഹൻ എന്ന നാണയം. 2. അച്ചടി = ഒരുതരം തുണി.
3. നിച്ചളം = ഒരിനം പട്ടുശീല.

മിക്കവാറും തന്റെ പുസ്തകത്തിൽ കണ്ട—
തൊക്കെ പ്രയോഗിച്ചു പട്ടും പണങ്ങളും
കൈക്കലാക്കിക്കൊണ്ടു മണ്ടുന്നിതു ചിലർ;
ജ്യോതിഷക്കാരനും മന്ത്രവാദിക്കുമി—
ച്ചാതുര്യമേറുന്ന വൈദ്യനും വേശ്യയ്ക്കു—
മേതും മടിക്കാതെ വേണ്ടതു നല്കുവാൻ
ഭൂതലവാസികൾക്കില്ലൊരു സംശയം;
മറ്റുള്ള ശാസ്ത്രങ്ങളെല്ലാം പണിപ്പെട്ടു
പറ്റിച്ചുകൊണ്ടു നടക്കുന്ന ഭോഷനു
കൊറ്റുമാത്രംപോലുമെങ്ങും കഴിവരാ
മറ്റുള്ളതോ പിന്നെയെന്തു പറയേണ്ടു!
പാഠകൻമാരെന്നു ഭാവിച്ചരങ്ങത്തു
വാടാതെ നിന്നുടൻ ജല്പിച്ചു ജല്പിച്ചു
മൂഢരേ ബോധം വരുത്തിക്കരസ്ഥമാ—*
ക്കീടുന്നു വിത്തം വിദഗ്ദ്ധരായുള്ളവർ;
ചെപ്പടിക്കാരനങ്ങില്ലിക്കൽ നൊട്ടിയും
ചെപ്പു നിരത്തിക്കരത്തിലെപ്പന്തുകൾ
കെല്പിനോടങ്ങോട്ടുമിങ്ങോട്ടുമിട്ടൊളി—
ച്ചല്പനേരംകൊണ്ടു കൈയ്ക്കലാക്കും ധനം;
സമ്പത്തു മോഹിച്ചു പൊക്കത്തിലുള്ളൊരു
കമ്പത്തിലേറിക്കളിക്കുന്നിതു ചിലർ;
അമ്പോടു ഞാണുമ്മേലേറി നടന്നുകൊ—
ണ്ടമ്പതു ചാടി മറിയുന്നിതു ചിലർ;
ആട്ടങ്ങളാടി നടക്കുന്നിതു പല—
കൂട്ടം ജനം ധനം മോഹിക്കകാരണാൽ;
പാട്ടുകാരും പല മദ്ദളക്കാരരും
കൂട്ടുകാരും കുടക്കാരൻപ്രധാനിയും
പെട്ടിയെടുക്കുമുരത്ത ജനങ്ങളും
കുട്ടിപ്പരദേശിമാരും ശിശുക്കളും
കൊട്ടു തപ്പും കുഴൽക്കാരനും തംബുരു
ഘട്ടിവാദ്യം ചില വില്ലും വടികളും
ചെപ്പുകൾ ചാണയും ചുട്ടിച്ചിരട്ടയും
ശപ്പുശിപ്പും കെട്ടിയേറ്റിപ്പുറപ്പെട്ടു
മുപ്പതും നാല്പതുമാളുകളൊന്നിച്ചു—
മല്പം ധനമുള്ളവന്റെ പുരംപുക്കു
കെട്ടുമിറക്കി യജമാനനേതെന്നു
കേട്ടറിഞ്ഞങ്ങു കരേറിയകംപുക്കു

---

* 'മൂഢരേ ബോധം കെടുത്തിക്കരസ്ഥമാ—
ക്കീടുന്നു വിത്തം വിദഗ്ദ്ധരായുള്ളവർ'—എന്നു വായ്പാഠം.

ധാർഷ്ട്യം[1]പറഞ്ഞങ്ങിളക്കി കളിക്കാരു—
മൂട്ടുപുരയിൽ സ്ഥലംവയ്ക്കുമൊക്കവേ;
പെട്ടി വരുന്നതു കണ്ടാൽ ചില ജനം
കൊട്ടിക്കതെകങ്ങടച്ചിതെന്നും വരും
അഷ്ടിമാത്രം കൊടുത്തങ്ങയയ്ക്കും ചിലർ
കഷ്ടിച്ചു കേളികൊട്ടിച്ചിതെന്നും വരും;
ആട്ടങ്ങളിൽ കൃഷ്ണനാട്ടം ശുഭം രാമ—
നാട്ടം തുടങ്ങിയാൽ കോട്ടം വരും ദൃഢം;
ചുട്ടിയുംകുത്തി ദശഗ്രീവവേഷവും
കെട്ടിപ്പുറപ്പെട്ടു പൊട്ടിച്ചിരിച്ചങ്ങു
കൊട്ടിക്കലാശംചവിട്ടിത്തകർത്തുടൻ
ചട്ടിച്ച മുഞ്ഞി വിയർത്തു വലകയും
കെട്ടിച്ചമഞ്ഞു ജടായു പുറപ്പെട്ടു
വട്ടത്തിലോടിപ്പറന്നു കളിക്കയും
''ഇന്നു നീ സീതയെക്കൈവിടു രാവണാ!
പിന്നെ ഞാൻ കൊല്ലുകയില്ലെടോ ചൊല്ലിടാം.''
ഇത്ഥം പദങ്ങളിൽ തങ്ങളിൽ ഘോഷിച്ചു
യുദ്ധംതുടങ്ങി പിടിച്ചുംപറിച്ചുമ—
ങ്ങെത്രയും പാരം ബലക്ഷയംവന്നുടൻ
ഛത്രമെടുക്കും വെളിച്ചം തുടങ്ങിയാൽ;
വിത്തത്തിലാഗ്രഹംവന്നു കനക്കവേ
ചിത്തത്തിലുൾപ്പുക്കു ദുഃഖങ്ങളിങ്ങനെ
തത്തൽപ്രകാരം വരുത്തുന്നതൊക്കവേ
തത്ത്വം വിചാരിക്കിലീശ്വരന്റെ കളി;
മാനിനിമാരിൽ ഭ്രമിക്കും പുരുഷനും
മാനക്ഷയംവന്നു കാണുന്നതില്ലയോ!
ദീനതാഭാവവുമർത്ഥനാശങ്ങളും
സ്ഥാനവിഭ്രംശവും പ്രാണാവസാനവും
കാമാർത്തികൊണ്ടു ഭവിക്കുന്ന ദോഷങ്ങൾ
കാൺമാനുമുണ്ടഹോ! കേൾപ്പാനുമുണ്ടിഹ!
അന്തഃപുരങ്ങളിൽ ഗൂഢം വസിച്ചീടു—
മന്തർജനങ്ങളെക്കണ്ടു കാമിച്ചു ചെ—
ന്നന്തിനേരങ്ങളിൽ ദോഷപ്പെടുത്തുകൊ—
ണ്ടന്തകൻവീട്ടിൽ വിരുന്നിനു യാത്രയും
പ്രേമാതിരേകമയോഗ്യസ്ഥലങ്ങളിൽ
കാമാർത്തിമൂലം ഭവിക്കുന്ന പൂരുഷൻ
ശ്രീമാനതെങ്കിലുമാരോഹണോപരി
ശ്രീമാധവായ നമോ, യെന്നടിപെടും;

---

1. ധാർഷ്ട്യം=വലിപ്പം നടിക്കുക.

ശ്രീരാമകൃഷ്ണ! ഹരേ പത്മനാഭേശ!
നാരായണാനന്ദ! നാളീകലോചന!
കാരുണ്യമൂർത്ത്യേ! കടാക്ഷിച്ചരുളണ-
മാരംഭമമ്പോടു പൂർണ്ണമായീടുവാൻ;
സാരമായുള്ള കഥാഭാഗമൊന്നു ഞാൻ
പാരാതെ ചൊല്ലി പരബ്രഹ്മരൂപിയെ
സ്വൈരമാംവണ്ണം മനസ്സിലാക്കീടുവാ-
നാരോമലാഗ്രഹിക്കുന്നു മാലോകരേ!
ഇന്ദ്രൻ മഹാ സുന്ദരാംഗൻ പ്രതാപവാ-
നിന്ദ്രാണിയോടുമൊരുമിച്ചു തന്നുടെ
മന്ദിരംതന്നിൽ സുധർമ്മാസഭാന്തരേ
സുന്ദരീസന്ദോഹസംബന്ധബന്ധുരേ
മന്ദാകിനീതടംതന്നിൽ വിളങ്ങുന്ന
നന്ദനപൂങ്കാവിൽനിന്നു വരുന്നൊരു
മന്ദാരമാകന്ദകുന്ദവൃന്ദങ്ങളിൽ
ഇന്ദിന്ദിരങ്ങളാൽ നന്ദിതമാകും മ-
രന്ദബിന്ദുസ്യന്ദിസൗരഭ്യമുൾക്കൊണ്ട്
ഇന്ദിന്ദിരങ്ങടെ ഝംകാരസംഗീത-
മന്ദവാതങ്ങളുമേററുകൊണ്ടാനന്ദ-
സാന്ദ്രമാംവണ്ണം സുഖിച്ചു മേവീടിനാൻ;
കേളീവിധങ്ങളിൽ ചാതുര്യമേറുന്ന
നാളീകലോചനമാരുമവരുടെ
ആളീജനങ്ങളും വന്നു സഭാന്തരേ
കേളിതുടങ്ങണമെന്നു പതുക്കവേ
ലാളിച്ചുകൊണ്ടരുൾചെയ്തു പുരന്ദരൻ
മേളിച്ചുകൂടി സുരാംഗനാവൃന്ദവും;
കേളികളുണ്ടെന്നു കേട്ടുടൻ ഗീർവാണ-
പാളികൾ വന്നുതുടങ്ങീ കുതൂഹലാൽ;
ഗന്ധർവസിദ്ധവിദ്യാധരശ്രേണയും
ഗന്ധവാഹാഗ്നിവിത്തേശനും പാശിയും
അർക്കചന്ദ്രൻമാരുമാശ്വിനേയൻമാരു-
മഷ്ടവസുക്കളുമന്യവർഗ്ഗങ്ങളും
ഒക്കവേ ചെന്നങ്ങു കേളിരംഗസ്ഥലേ
ദിക്കു നാലും നിറഞ്ഞത്ര വാണീടിനാർ;
നൃത്തം തുടങ്ങുവാൻ ഭാവിച്ച നേരത്തു
സുസ്ത്രീജനങ്ങൾക്കു നാടകാചാര്യനാം
ചിത്രസേനൻ വന്നു കല്പന കേൾപ്പിച്ചു!
‘‘ചിത്രലേഖേ! ശൃണു! രംഭേ! തിലോത്തമേ!

ലക്ഷ്മീസ്വയംവരമെന്നുള്ള നാടകം
ലക്ഷണങ്ങൾക്കൊരു നീക്കമുണ്ടാകാതെ
തൽക്ഷണം നിങ്ങൾ നടിക്കണമായതു
വീക്ഷണം ചെയ്‌വാൻ നമുക്കുണ്ടു കൗതുകം;
താളം കുഴപ്പാത്ത പാട്ടുകാരും നല്ല
മേളം കുഴപ്പാത്ത മദ്ദളക്കാരരും
നീളം പെരുത്തുള്ള കാലങ്ങളിൽ വേണു-
നാളങ്ങളിൽനിന്നു നല്ല നാദങ്ങളും
എല്ലാമൊരുമിച്ചുകൂടി മേളിച്ചെങ്കിൽ
എല്ലാ ജനങ്ങൾക്കുമുണ്ടാം കുതൂഹലം;
അല്ലാതെ മേളം കലമ്പിത്തുടങ്ങിയാൽ
വല്ലാതെവന്നു ഭവിച്ചുപോമിന്നെടോ!
കാലും കരങ്ങളും കണ്ണും പുരികവും
നാലും പരസ്പരം ചേർന്നു വന്നീടുകിൽ
പാലും മധു ഗുളം പഞ്ചസാരപ്പൊടി
നാലും കലർന്നപോലുണ്ടു മാധുര്യവും;
നാട്യങ്ങൾ കാട്ടുന്നതിന്നും വിശേഷിച്ചൊ-
രാട്ടമുണ്ടെങ്കിലേ കണ്ടാൽ സുഖം വരു*
അങ്ങുമിങ്ങും നോക്കി വല്ലതും കാട്ടിയാ-
ലംഗനമാരെന്നുവയ്ക്കുകില്ലേഷ ഞാൻ
തെല്ലും മടിക്കാതെ വെള്ളിത്തടികൊണ്ടു
തല്ലും തലയ്ക്കിട്ടുതന്നെ മടിക്കാതെ
ചൊല്ലു കേളാതെ നടക്കും പരിഷയ്ക്കു
തല്ലുകൊള്ളുന്നതിന്നാവതില്ലേതുമേ;
വാടീ തിലോത്തമേ! നിന്റെ മുഖമൊന്നു
വാടീടുവാനെന്തു കാരണം ചൊൽകെടോ!
ആടിപ്പരിചയമില്ലാത്ത നാടകം
ആടിഫലിപ്പിക്ക വൈഷമ്യമെന്നതോ?
പോടീ നിനക്കെന്തു വൈഷമ്യമാരെയും
പേടി നിനക്കു തരിമ്പില്ല നിർണ്ണയം;
മോടികൂട്ടിക്കൊണ്ടു ചെന്നങ്ങരങ്ങത്തു
കേറിയാൽ നിന്നെജ്ജയിപ്പതിന്നാരെടോ!
സുന്ദോപസുന്ദരെത്തങ്ങളിൽ തല്ലിച്ചു-
കൊന്നോരു മന്ദസ്മിതവും കടാക്ഷവും
ഇന്നും പുകഴ്ത്തുന്നു മാലോകരായതി-
ലൊന്നിലർദ്ധംകൊണ്ടിവിടെ ജയം വരും;

---

* നാട്യത്തോടുകൂടി ആട്ടവും (നൃത്തവും) ഉണ്ടെങ്കിലേ (നാട്യവും നൃത്തവും ചേർന്ന നൃത്യകലയായെങ്കിലേ) എന്നു സാരം. ''നാട്യങ്ങൾ കാട്ടുന്നതിന്നും വിശേഷിച്ചു ഭംഗിയുണ്ടെങ്കിലേ കണ്ടാൽ സുഖംവരു''--എന്നു മുദ്രിത പുസ്തകപാഠം.

നാരായണോരുപ്രദേശേ പിറന്നൊരു
നാരീശിരോമണേ! വന്നാലുമുർവശീ!
ഓരായിരക്കോടി ദേവിമാരെപ്പണ്ടു
പാരാതെ നാണംകെടുത്തയച്ചോരു നീ
പോരാത്ത പെണ്ണല്ല വിണ്ണോർക്കധീശ്വര—
നോരായിരംകണ്ണിലൊന്നുരണ്ടെങ്കിലും
പാരാതെ മററുള്ള ദേവിമാരിൽ ചെന്നു
ചേരുവാൻ നീയയയ്ക്കില്ലെന്നു നിർണ്ണയം;
പൂരുവംശേന്ദ്രൻ പുരൂരവാമന്നവൻ
പൂരുഷാഗ്രേസരൻ നിന്നുടെ വല്ലഭൻ
നിൻ കൂത്തു കാൺമതിന്നാഗ്രഹംകൊണ്ടിന്നു
പെൺകൂത്തു കാൺമാൻ പുറപ്പെടും നിർണ്ണയം;
പാലാഴിമങ്കേടെ വേഷം ചമഞ്ഞു നീ
ലീലാകടാക്ഷങ്ങൾകൊണ്ടും മനോജ്ഞമാം
ആലാപവിഭ്രമംകൊണ്ടും പതുക്കവേ
നീലാളിവർണ്ണന്റെ ചിത്തം കുളുർപ്പിച്ചു
മാലയിട്ടീടണമുർവശീ ബാലികേ!
കാലാഴി കെട്ടി,ക്കടകം പതക്കവും
മാലാകലാപവുമെല്ലാമണിഞ്ഞു നീ
കാലും കലാശവും കൺമിഴിപ്രൗഢിയും
കാലോചിതം നല്ല ചില്ലിവില്ലാട്ടവും
കോലാഹലങ്ങൾ തുടങ്ങും ദശാന്തരേ
കാലാരിദേവനും നമ്മുടെ നാഥനും
നാലാനനൻതാനുമാലോകനംചെയ്തു
നാലുഭാഗങ്ങളിൽ നിന്നു കൂത്താടുമേ!
കാലം കളയാതെ കഞ്ജാക്ഷിമാർ നിങ്ങൾ
മാലോകർ വന്നു നിറഞ്ഞ സഭാന്തരേ
മാലൊട്ടു കൂടാതെ നൃത്തം തുടങ്ങുവിൻ''

മർമ്മതാളം

ഇത്തരമഥ ഗുരുവരശാസന കേട്ടുടനാദരവോടും
സത്വരതരമമരവധൂജനമൻപൊടു സംഭൃതമോദം
കൊത്തുവള തരിവള പിരിവള കാഞ്ചനകാഞ്ചികലാപം
മുത്തുപവിഴഗളമണിമാലക,ളരമണി വിരൽമോതിരവും[1]
കുത്തുമുലയിലവിരളമിളകിന സുരതരുകുസുമകലാപം
കുറുനിരകളിലുരുതരപരിമളകോമളദാമസമൂഹം
തത്തദനർഘകനകമണിമയമണ്ഡലകുണ്ഡലമിത്ഥം
തരുണികളുടെ തടമുലതലമതിലമലമുലപ്പടബന്ധം

---

1. 'മുത്തു പവിഴമണിമാലകളരമണിവിരൽമോതിരവും'—എന്ന മുദ്രിതപാഠത്തിനു താളഭംഗം. ഗളമണിമാല, അരമണി, വിരൽമോതിരം എന്നിങ്ങനെ സ്ഥാനികാഭരണങ്ങളെയാണു വിവരിക്കുന്നത്.

ഇങ്ങനെ ചില ഭംഗിവരുത്തി വിളങ്ങിന മംഗലവേഷം;
തിങ്ങിന സുരചാരണകിന്നരമനസി മഹാപരിതോഷം
അംഗനമാരഴകൊടണഞ്ഞു സുമംഗളകളകളഘോഷം
തുംഗകനകരംഗമനോജ്ഞതരംഗിതകാന്തിവിശേഷം
തിത്തി കുഴലിടയ്ക്ക, യുടുക്കുമൊടൊത്തുമടക്കമെടുക്കും
ഒത്തിന മൃദുമദ്ദള മുരുതരമുരളികൾ മുഖവീണകളും
തത്തിമിത, ദ്ധിമിതക, തകധിമി, കിടധണ, തകതിങ്ങിണത്തോം
തത്തളാങ്ക, തകത, ത്തിങ്ങിണ, തിങ്ങിണ, തതിങ്ങിണത്തോം തോം
ഇപ്രകാരമിളകിന കളികളിലവിരളകളകളഘോഷം
സൽപ്രമോദമമരവധൂജനപടുതരനടനവിലാസം
അപ്രമേയ രസമനുപമമതിലതിശയമതിലുമനേകം
തൽപ്രഭേദമറിവതിനതിപണി ഫണപതിമതി പറവതിനു
പാടി മലയ പന്തുവരാടി മുഖാരി വരാടി സുരുട്ടി*
തോടി നാട്ട മലഹരി ബലഹരി മോഹനമാഹരിരാഗം
ഭൈരവി കാമോദരി മാളവി കല്യാണിയുമന്തരിയും
സാരംഗം വേകട ധനാശി കന്നടമഥ ഘണ്ടാരം
ഇന്ദിശ മല്ലാരിയുമിന്ദളമാർത്തൻ നീലാംബരിയും,
എന്നിവ പല രാഗം പരിചൊടു പാടിയുമാടിയുമധികം
നിന്നിഹ ചില കരണംചാടിയുമാടിയുമാടലകന്നും
സുന്ദരമുഖിമാരുടെ നാടകനടനമിതെത്ര മനോജ്ഞം!
കളരവമൃദുമുരളിവിളിച്ചു കളിച്ചു കളിച്ചുപുളച്ചും
തളവളകളുമിളകിന കളികളിലുള്ളൊരു തള്ളലുദിച്ചും
കുളുർമുലകളുമനിശമിടഞ്ഞുതടഞ്ഞുമുലഞ്ഞുമലഞ്ഞും
കുളുർമതിയൊടുപടപൊരുതുന്ന മുഖങ്ങൾ വിയർത്തു തളർന്നും
സുരതരുവരകുസുമസമൂഹസുഗന്ധമനന്തമുയർന്നും
കരിമുകിൽനിറമുടയൊരു തലമുടി വടിവിലഴിഞ്ഞു കിഴിഞ്ഞും

---

* രാഗങ്ങളുടെ പേരുകൾ വിവരിക്കുന്ന ഈ ഭാഗം മുദ്രിതപുസ്തകങ്ങളിൽ പാഠം ശുദ്ധമല്ല. ഇവിടെ സമുചിതസംസ്ക്കരണത്തോടുകൂടി ചേർത്തിരിക്കുന്നു.

രാഗങ്ങളുടെ പേരുകൾ: (1) പാടി, (2) മലയം (മലയമാരുതം), (3) പന്തുവരാടി, (4) മുഖാരി, (5) വരാടി, (6) സുരുട്ടി, (7) തോടി, (8) നാട്ട, (9) മലഹരി, (10) ബലഹരി, (11) മോഹനം, (12) ആഹരി, (13) ഭൈരവി, (14) കാമോദരി, (15) മാളവി, (16) കല്യാണി, (17) അന്തരി, (18) സാരംഗം, (19) വേകട, (20) ധനാശി, (21) കന്നട, (22) ഘണ്ടാരം, (23) ഇന്ദിശ, (24) മല്ലാരി, (25) ഇന്ദളം. (26) ആർത്തൻ, (27) നീലാംബരി. ചാക്യാൻമാർ കൂടിയാട്ടത്തിൽ ശ്ലോകംചൊല്ലാൻ ഉപയോഗിച്ചുവന്ന കേരളത്തിലെ ചില പഴയ രാഗങ്ങളിൽപ്പെട്ടതാണ് 'അന്തരി' 'ആർത്തൻ' എന്നിവ.

പുരികുഴൽമണിനടുവിലണിഞ്ഞ സുമങ്ങളുമഞ്ഞു
പൊഴിഞ്ഞും
പരിചൊടു ചടുചടരവമൊടുമിഹ പദതലപാതമിയന്നും;
''അംബരചരതരുണികുലോത്തമസുമുഖി തിലോത്തമ–
യെങ്ങു്?
ശംബരരിപുശരവരസന്നിഭതുംഗമപാംഗവിലാസ–
ഡംബരഹരമമരജനങ്ങടെ ചലമിഴിവിലസണമിപ്പോൾ.
കിം ബത തവ കിമപി വിളംബനമംബുജകോമളനയനേ!
ജംഭശമനകരിവരകുംഭസമാനബൃഹൽകുചകുംഭേ!
സംഭൃതരസമുടയവളേ! നളകൂബരദൃഢപരിരംഭേ!
സംഭ്രമമരുതിഹ തവ കളികളിലമരനിതംബിനി രംഭേ!
സംപ്രതി മമ സവിധേ വരിക വരോരുവിരാജിതരംഭേ
നിർമ്മലാംഗി! നിന്നുടെ വിരുതുകളിന്നു ഫലിക്കണമെങ്കിൽ
മർമ്മതാളമിങ്ങനെ വിരവൊടു നിന്നു പ്രയോഗിച്ചാലും
മർമ്മസാരമറിയും പരിഷകളിന്നിഹ ബഹുമാനിക്കും
ദുർമ്മദേന ചിലരു ദുഷിക്കുമതെന്തിനു ചിന്തിക്കുന്നു?''

കാരികതാളം

നാരികളെല്ലാമിഹ നാടകമാടും
ശാരികപോലെ കളവാണികളോടും
തംബുരുവീണാ മുഖവീണകളോടും
ശംബരവൈരിപ്രിയശാരികളോടേ[1]
കരതലവലയാവലികളകളമോടേ
തരളിത ഘനകുന്തളപരിമളമോടേ
വിചലിത മണികുണ്ഡലവിലസിതമോടേ
വികസിതകുസുമങ്ങടെ സുരഭിതയോടേ
കുചഭരപരികമ്പനഘനരസമോടേ
കചഭര ദൃഢബന്ധന വിഘടനമോടേ
അവിരതമിളകീടിന കാഞ്ചികളോടേ
അവിരളപുളകാവലിലാഞ്ഛനമോടേ
പടുതര പദതാഡനകേളികളോടേ
തടമുലയിളകുന്ന നിജാളികളോടേ
തുടുതുടെയധരപ്രഭയുടെ വടിവോടേ
കുടിലത കുനുചില്ലികളുടെ കളിയോടേ
ചഞ്ചലനയനാഞ്ചലവിലസിതമോടേ
സഞ്ചിതരസമോഹനവിഹസിതമോടേ
കുഞ്ചിതകുരളാവലി വിചലിതമോടേ
വഞ്ചിതജനമാനസവരഗുണമോടേ
സുരകുലരമണീജനതാണ്ഡവമേവം
സുരുചിരമദനോദയമഞ്ജുളഭാവം

---

[1] കാമദേവനു പ്രിയംകരമായ 'ശാരി'നൃത്തങ്ങളോടെ.

പരിചൊടു ബത കണ്ടഥ ദേവസമൂഹം
പെരുകിന രതിപൂണ്ടിതു പരിധൃതമോഹം
ലഘു ലഘു ലഘു ഗുരുയുത കാരികതാളം;
ലഘുതരമിതുമാത്ര പഞ്ചകയുക്തം

പഞ്ചാരിതാളം

മദ്ദളതാളമിടയ്ക്കകളൊത്തുടനൊത്തുകിൽ ഞാൻ
വിദ്യകളൊക്കെയുമിന്നിഹ വിരവിലെടുത്തീടാം
ചോടുകൾവച്ചു പദങ്ങളുമാടുക പാടുക നീ
ചാടുക ചാരുവിധങ്ങളിലോടുക ചാരുതരം
നാടകപാടവമുള്ളൊരു നാകനിതംബിനിമാർ
വാടുകയില്ലൊരു തെല്ലുമൊരേടവുമില്ല ദൃഢം
കൂത്തിനു കൂസലുമുള്ളവർ കുറയും പറയുമ്പോൾ
മേത്തരമെന്നൊരു ദൂഷണമോർക്കുമസാരൻമാർ;
നേർത്തുവരുന്ന ജനങ്ങളെ ധൂർത്തു നിലപ്പതിനും
പേർത്തു വിധങ്ങളനേകമെടുപ്പതിനുണ്ടറിവിൻ
ജംഭനയങ്ങു വിധിച്ചൊരു വമ്പനു മുമ്പിലഹോ!
ഡംഭു പറഞ്ഞതു മതിമതി രംഭേ! വരികരികേ
സംഭ്രമരഹിതമൊരഭിനയമമ്പൊടു കാട്ടുക നീ

കുണ്ടനാച്ചിതാളം

കുണ്ടനാച്ചിതാളമകുണ്ഠമായ മേളവുമിങ്ങനെ
രണ്ടു കൂട്ടവുമൊത്തു വരേണം
കണ്ടവർക്കു കൗതുകമുണ്ടുതാനുമെത്രയുമായതു—
കൊണ്ടു നല്ല കീർത്തിയുമുണ്ടാം
ചെണ്ടകൊട്ടുമീവകകണ്ടതാളമൊക്കെയെടുത്തിഹ
കൊണ്ടുവന്നു കൂട്ടിയടുത്താൽ
പണ്ടു കണ്ടറിഞ്ഞതുകൊണ്ടു പോരുമെന്നു മതം പുന—
രുണ്ടതിൽ ചിലർക്കതുകൊള്ളാം.
പന്തിരണ്ടു മാത്രയിതിന്നു പണ്ടു കല്പിതമിങ്ങനെ
യെന്നിവണ്ണമുള്ളൊരു താളം
മന്നിലുള്ളവർക്കിതുതന്നിലുള്ള പാടവമേറുമ—
തെന്നു തേറു മാനിനിമാരേ!
സദ്രുതാ ലഘുദ്വയീ സദ്രുതാ ലഘുത്രയീ പിമ്പഥ
സദ്രുതാ ലഘുദ്വയീ പിന്നെ
സദ്രുതംപ്ലുതം പുനരിത്തരം സ്വരൂപമതാകിന
വസ്തുതാനിതെന്നറിയേണം.

കുംഭതാളം

കുംഭതാളമിതുമഭിമതം ജനബഹുമതം കുച—
കുംഭനതാംഗികളേ! തിത്താ

ജംഭവൈരിയുടെ യുവതിമാ—രിഹ ഭവതിമാ—രിതി—
ലിമ്പമിയന്നിടുവിൻ
രംഭയുമവളുടെ സഖികളും—മതിമുഖികളും—ഗത—
സംഭ്രമമിന്നുടനേ
സംഭൃതരസമൊടു കളികളും—കുഴൽവിളികളുമിഹ
സംപ്രതി ചെയ്തു ശുഭം
ലഘു ലഘു ലഘു ലഘു ലഘുക്കളും—ദ്രുതയുഗളവും
ലഘു മൂന്നു ദ്രുതദ്വയവും
ലഘു ഗുരു ഗുരു ലഘു ലഘുക്കളും—ലഘു ലഘുവതും
ലഘു മൂന്നുമശബ്ദമിദം.

ലക്ഷ്മിതാളം

ലക്ഷ്മിയുടെ ലഘുലക്ഷണവുമിഹ
ലക്ഷിതമായ്‌വരുമതിന്നു മുതിരുന്നു
ലക്ഷണമേറിന തരുണികളേയിതു
ശിക്ഷയിലധുനാ പിടിച്ചു കളിതുടരാം
മററെല്ലാമതിലലളിതമഹോയിതു
പററുക വിഷമം നമുക്കു നടനവിധൗ
കുററം വന്നുടനിടകൂടാമിതു
തെററുകിലുടനേ ചിരിക്കുമഖിലജനം
രണ്ടു ലഘു ഗുരു രണ്ടു ദ്രുതം ലഘു
ഗുരുവും ലഘുവും ലഘുദ്രുതദ്വന്ദ്വം
സലഘുദ്രുത ലഘു മൂന്നു ദ്രുതം ലഘു
രണ്ടതിനഗ്രേ ലഘുത്രയാശബ്ദം
ഇരുപതു മാത്രകളിതിനുണ്ടാമതു
പരിചൊടു മതിമാൻ ധരിച്ചുകൊള്ളേണം
സുരനാരീജനനടനമിദം അതി—
സരസം സുരസംഘസഭയിലഭിജ്ഞാതം.
ദുർമ്മദനെന്നൊരു ഗന്ധർവനേകദാ
ദുർമ്മദത്തോടേ നടക്കും ദശാന്തരേ
ഉർവശീദേവിയെക്കണ്ടു കാമിക്കയാൽ
ദുർവശീഭൂതചേതോവൃത്തിയാമവൻ
ഗർവശീലൻ മഹാമൂഢൻ മഹാജളൻ
നിർവിശങ്കം ചെന്നു ചോദിച്ചൊരുദിനം;
ക്രുദ്ധിച്ചു ധിക്കരിച്ചാശു പോയാളവൾ
ബുദ്ധിക്ഷയം പൂണ്ടു മാറി മഹാശഠൻ;
സിദ്ധിക്കുമെന്നുള്ള മോഹേന മാനസേ
വർദ്ധിച്ച കാമേന പിന്നെയും പിന്നെയും
മൂർദ്ധാവുകൊണ്ടു വണങ്ങി യാചിച്ചിട്ടു—
മൂർദ്ധ്വമാക്കീട്ടയച്ചീടിനാളുർവശി;

ധൂർത്തനു പിന്നെയും മോഹം നിലച്ചീല
കൂർത്ത മാരാശുഗം മെയ്യിൽ തറയ്ക്കയാൽ
കൂത്തു കാൺമാനവൻ ചെന്നങ്ങവളുടെ
കുത്തുമുലകളും വക്ത്രാരവിന്ദവും
പാർത്തുകണ്ടാനന്ദമുൾക്കൊണ്ടു മേവിനാൻ
കൂത്തുങ്കലേതുമിടയില്ല ഭോഷന്ന്;
നൃത്തകോലാഹലമെല്ലാം പതുക്കവേ
നിർത്തിയന്നേരം പിരിഞ്ഞു മഹാജനം;
സൗമ്യന്റെ പുത്രൻ പുരൂരവമന്നനും
സൗമ്യസ്വഭാവയാമുർവശീദേവിയും
തങ്ങളിൽ ദൃഷ്ടികൊണ്ടുദ്യാനവാടിയിൽ
സംഗമസ്ഥാനം കുറിച്ചു പിരിഞ്ഞിതു;
പെൺമണിയാളുടെ വക്ത്രാംബുജേ തന്റെ
കൺമണി രണ്ടുമുറപ്പിച്ചു നില്ക്കുന്ന
ദുർമ്മദൻ ബോധിച്ചു സങ്കേതകല്പന
മർമ്മം ഗ്രഹിപ്പാനവനുണ്ടു ബുദ്ധിയും;
എങ്കിലിന്നുർവശിപ്പെൺകിടാവിന്നുള്ള—
ഹംഭാവമിന്നു ഞാൻ മാറ്റിവച്ചീടുവൻ;
സങ്കേതവാടിയിൽ ഞാൻ ചെന്നകംപുക്കു
പങ്കേരുഹാക്ഷിയെച്ചെണ്ടകൊട്ടിച്ചുടൻ
പാരം കൊതിച്ചുള്ള കാമിനീസംഗമം
പാരാതെ സാധിച്ചു പോരുന്നതുണ്ടു ഞാൻ;
ദുർമ്മദൻ ചിത്തത്തിലിത്ഥമുറച്ചുകൊ—
ണ്ടുൻമദയെന്നൊരു വിദ്യാധരിയോടു
ചെമ്മേ വിജനേ വിളിച്ചു പറഞ്ഞിതു:
''മൻമൊഴി കേൾക്കെടോ മാനിനീരത്നമേ!
മൻമഥാവേശം സഹിക്കാവതല്ലെടോ!
മൻമനോമോഹസംപൂർത്തി വരുത്തുക!
എത്രനാളുണ്ടു ഞാനൂണുമുറക്കവും
ഗാത്രസംസ്കാരമാം സ്നാനവും പാനവും
എല്ലാമുപേക്ഷിച്ചു പാർക്കുന്നു ഹാഹന്ത!
കൊല്ലാനൊരുമ്പെട്ടു നില്ക്കുന്നു മൻമഥൻ.
മല്ലാക്ഷിമാർമണേ! നീയെന്റെ മാനസേ
വല്ലാത്ത ശല്യമൊഴിച്ചു രക്ഷിക്കണേ.''
മങ്കമാർമൗലിയാമുൻമദതാനുമീ
സങ്കടം കേട്ടു വിചാരിച്ചു മാനസേ:
'എങ്കലുള്ളാഗ്രഹംകൊണ്ടു പറകയോ
ശങ്കയുണ്ടെല്ലാമറിയാം പതുക്കവേ;'
ഇങ്ങനെ ചിന്തിച്ചു ചൊല്ലിനാളുൻമദാ!

''അങ്ങനെ മോഹം തനിക്കെങ്കിലായതി–
നിങ്ങൊരു സംശയമില്ലങ്ങു രാത്രിയി–
ലങ്ങു വന്നാലുമാരും ഗ്രഹിക്കാതെടോ!''
സല്ലാപമിങ്ങനെ കേട്ടു ഗന്ധർവനും
വല്ലാത്ത ഭാവം നടിച്ചു ചൊല്ലീടിനാൻ:
''കല്യാണി! നമ്മുടെ ചിത്തത്തിലുള്ളൊരു
ശല്യമൊഴിഞ്ഞാലതിനുമല്ലെന്നില്ല;
മയ്ക്കണ്ണിയാളാകുമുർവശി നമ്മളെ
ധിക്കരിച്ചീടുന്നു തിങ്കൾബിംബാനനേ!
ചിക്കെന്നവളെപ്പരിഗ്രഹിച്ചാശു ത–
ന്നുൾക്കാമ്പിലെ ഗർവു പോക്കണമിന്നെടോ!
നന്ദനാരാമേ നരേന്ദ്രൻ ബുധാത്മജൻ
ചന്ദനപ്പൂങ്കാവിൽ വന്നീടുമിന്നെടോ!
മുന്നമേ ചെന്നങ്ങു കാത്തീടുമുർവശി–
യെന്നുള്ള സാരം ഗ്രഹിച്ചു ഞാനുൻമദേ!
ഉർവശീവേഷം ധരിച്ചു നീയങ്ങു ചെ–
ന്നുർവീശനെപ്പുൽകി താമസിപ്പിച്ചുടൻ
യത്രകുത്രാപി ഭൂപാലനോടൊന്നിച്ചു
ചിത്തസംഭോഗേന കാലം കഴിക്ക നീ;
അത്രാന്തരേ ഞാൻ പുരൂരവസ്സിൻ വേഷാൽ
തത്ര ചെന്നുർവശീസംപ്രയോഗോത്സവം
സാധിച്ചുകൊണ്ടിങ്ങു പോരുന്നതുണ്ടിന്നു;
ബോധിക്കരുതിതു മററാരുമുൻമദേ!
ഉർവശീസംഗം നമുക്കു ലഭിച്ചിടു–
മുർവീശസംഗം നിനക്കും ലഭിച്ചിടും;
ഈവണ്ണമുള്ളൊരു കൗശലം ലോകത്തി–
ലേവന്നു തോന്നുമീ ദുർമ്മദനെന്നിയേ?''

പാദമട്ട്—മുറിയടന്തതാളം*

ഖണ്ഡങ്ങരം

1 ദുർമ്മദനിത്ഥം പറഞ്ഞും ഹൃദി
സമ്മോദമേററം നിറഞ്ഞു, ഇദ–
മുൻമദ കേട്ടു തെളിഞ്ഞു പുറപ്പെട്ടു തൻമതമെല്ലാമറിഞ്ഞു;

---

* ആണ്ടിപ്പാട്ടുമട്ട്. തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ഉത്സവക്കാലത്തു പ്രകടിപ്പിച്ചുപോന്ന നാടൻ കലാരൂപങ്ങളിലൊന്നായ ആണ്ടിയാട്ടത്തിൻെറ പാട്ടാണ് ആണ്ടിപ്പാട്ട്. നമ്പിയാർ തിരുവനന്തപുരത്തു താമസിക്കുന്ന കാലത്തു നിർമ്മിച്ച സഭാപ്രവേശം പറയൻ തുള്ളലിൽ.

''പാണ്ടിമേളമുരുട്ടുചെണ്ട കുറുംകുഴൽ ഇടിതാളവും
ആണ്ടിയാട്ടവുമായുധക്കളി പാഠകം പല ചാട്ടവും''

എന്നിങ്ങനെ അക്കാലത്തെ ക്ഷേത്രകലകളെ വർണ്ണിക്കുന്നകൂട്ടത്തിൽ ആണ്ടിയാട്ടത്തെക്കുറിച്ചും പ്രസ്താവിക്കുന്നു.

2 തന്നുടെ വേഷം മറച്ചു, അവ–
ളുർവശീവേഷം ധരിച്ചു, അതി–
സുന്ദരമോടിയും കൂട്ടിനടന്നു കളിച്ചു ചിരിച്ചുതിരിച്ചു
3 കുത്തുമുലകളിൽ ചേരും, നല്ല
കസ്തൂരിചന്ദനച്ചാറും പല
വസ്തു പരിമളഭംഗി വിളങ്ങിനശൃംഗാരമോടികളേറും
4 വേഷം വിശേഷമിയന്നു, പരി–
തോഷവുമാശു വളർന്നു; സവി–
ശേഷവിലാസവിലോലവിലോകനകേളികളോടേ നടന്നു
5 നന്ദനപ്പൂങ്കാവിൽ ചെന്നു, ഹരി–
ചന്ദനവാടിയിൽ നിന്നു, ബുധ–
നന്ദനനാകിയ സുന്ദരമന്നനെ തന്നുള്ളിലോർത്തു സുഖിച്ചു
6 മല്ലികാവാടിയിൽ ചെന്നു, തത്ര
നല്ല ശിലമേലിരുന്നു, അവ–
ളുല്ലാസത്തോടെ പദങ്ങളുംപാടി രസിച്ചു കളിച്ചു വസിച്ചു
7 ഇന്ദിരരാഗവും പാടി നല്ല
കുന്ദകുസുമത്താൽ ചൂടി, സുഖ–
മിന്ദിരാദേവിയെപ്പോലെ മനോഹരസുന്ദരമാകിനമോടി
8 പന്തുവരാടി വരാടി, അതിൽ
ചിന്തും പദങ്ങളും പാടി, ഉള്ളിൽ
ചെന്താർശരൻെറ ശരങ്ങളെക്കൊണ്ടുള്ള സന്താപം പൂണ്ടുടൽ വാടി
9 അന്നേരം വന്നു നരേന്ദ്രൻ, അങ്ങു
മന്ദിരംതന്നിൽ മഹേന്ദ്രൻ, സുര–
സുന്ദരിമാരുടെ മാനസമാകുന്ന കൈരവങ്ങൾക്കൊരു ചന്ദ്രൻ
10 കങ്കേളിബാണൻെറ ബാണം, കൊണ്ടു
സങ്കടംപൂണ്ടതി ക്ഷീണാ, ലത്ര
സങ്കേതഭൂമീതലം നോക്കിപ്പോയുടൻ സന്താനവാടിയിൽ ചെന്നു.
11 സംഗതികൂടാതെ ദൂരെ, ഒരു
സംഗീതമന്നേരം കേട്ടു, അവൻ
സങ്കേതമാർഗം പിഴച്ചോ നമുക്കെന്നു ശങ്കിച്ചവിടേക്കു ചെന്നു
12 ഉർവശീവേഷം ചമഞ്ഞു, മേവു–
മുൻമദയെ തത്ര കണ്ടു, ഇവ–
ളുർവശിതാനെന്നു ചിന്തിച്ചു മന്നവനന്തികസീമനിചെന്നു
13 ഉൻമദ ചെന്നു വണങ്ങി, നല്ല
സമ്മോദത്തോടങ്ങിണങ്ങി, ''നാഥാ!

നിൻമുഖപങ്കജം കാണാഞ്ഞു കേണു ഞാൻ
നിന്നെത്തിരഞ്ഞിങ്ങു വന്നേൻ
14 എന്തിത്ര താമസമയ്യോ! നിൻമെയ്
ചിന്തിച്ചു ചിന്തിച്ചു ഞാനും, അത്ര
സന്ധിക്കയില്ലെന്നുറച്ചു പുറപ്പെട്ടു സങ്കേതദേശത്തെവിട്ടു
15 പത്തുനൂറായിരക്കോടി സ്ത്രീക-
ളെത്തുന്ന മാർഗ്ഗത്തിൽക്കൂടി ഭവാ-
നുത്തുംഗപീനസ്തനിമാരെക്കണ്ടു കൊതിച്ചങ്ങു
താമസിച്ചായോ?
16 പെൺമണിമാർ നിന്നെക്കണ്ടു, നല്ല
കൺമണിപ്പാശങ്ങൾകൊണ്ടു, നിന്നെ
വെൺമയോടാശു വരിഞ്ഞങ്ങു ബന്ധിച്ചു-
കൊണ്ടങ്ങു പോകയില്ലല്ലീ?
17 മറ്റുള്ള മാനിനിമാരോ,ടെന്റെ
കുറ്റംപറഞ്ഞു ചിരിച്ചു,കൊണ്ടു
തെറ്റെന്നു നേരം കഴിഞ്ഞതറിഞ്ഞീല കുറ്റമല്ലേതും
മഹീശാ!
18 എങ്കിലുമെന്നുടെ മോഹങ്ങൾക്കു
നിങ്കൽ കുറവില്ല കാന്താ, അങ്ങു
സങ്കേതഭൂമിയിലോളം നടപ്പാനെനിക്കു ക്ഷമയില്ല
തെല്ലും;
19 മല്ലികാമണ്ഡപംതന്നിൽ, ഇന്നു
മെല്ലെന്നു ചെന്നകംപുക്കു, നല്ല
മുല്ലക്കണയും കരിമ്പുവില്ലും കരപല്ലവംതന്നിലൊതുക്കും
20 കന്ദർപ്പൻതന്റെ നിയോഗം, പുന-
രൊന്നൊഴിയാതിനി വേഗം, ബുധ-
നന്ദന! നാമിനി യാമിനിതന്നിലനുഷ്ഠിക്കവേണ
മിദാനീം;''
21 കൈതവപ്പെൺമണിതന്റെ, ബഹു
കൈതവസല്ലാപം കേട്ടു, നിജ-
ചേതസി നേരെന്നുറച്ചു മഹീപതി കൗതുകമോടേ പതുക്കെ
22 കള്ളപ്പെണ്ണാളെപ്പുണർന്നു, തന്റെ
ഉള്ളത്തിൽ കാമനുണർന്നു, നല്ല
വെള്ളപ്പുടവ വിരിച്ചു ശയിച്ചുകൊണ്ടുള്ള
വിനോദങ്ങളെല്ലാം
23 സാധിച്ചു സൗമ്യതനൂജൻ,[1] ഏതും
ബോധിച്ചീലന്നേരം വ്യാജം, കന്ദർ-
പ്പാധി പിടിപെട്ടുഴലും പുരുഷനു ബോധവിവേക
മുണ്ടാമോ?

---

[1] സൗമ്യതനൂജൻ=സൗമ്യന്റെ (ബുധന്റെ) തനൂജൻ (പുത്രൻ) പുരൂരവസ്സ്. സൗമ്യൻ=സോമപുത്രൻ (ബുധൻ).

24 മൻമഥസന്താപത്തോടേ, ചിര—
മൂൻമദതാനുമന്നേരം, ഹൃദി
സമ്മോദംപൂണ്ടു രമിച്ചു തനിക്കതു
സ്വപ്നത്തിൽപ്പോലുമസാദ്ധ്യം
25 രൗഹിണേയാത്മജൻ[1] തന്റെ, അതി—
മോഹനമായ ശരീരം, പാരം
മോഹിച്ചു പോർമുല മാർവിലണച്ചു പുണർന്നു
പുണർന്നു സുഖിച്ചു.

ദുർമ്മദന്താനും പുരൂരവാമന്നന്റെ
രമ്യമായുള്ളോരു വേഷം ധരിച്ചുടൻ
ദുർമ്മതി ചെന്നങ്ങു സങ്കേതമണ്ഡപേ
മൻമഥാവേശം സഹിച്ചു മേവീടിനാൻ;
ഒട്ടങ്ങുചെന്നു കിടക്കും ക്ഷമിക്കാഞ്ഞു
പെട്ടെന്നെഴുന്നേററിരിക്കും, മദനന്റെ—
മൊട്ടമ്പുകൊണ്ടു സഹിക്കാഞ്ഞു മണ്ഡപേ
വട്ടത്തിലോടിനടക്കും മഹാജള്ളൻ
പെട്ടെന്നിറങ്ങും ഭയപ്പെട്ടു മാറുമ—
ങ്ങൊട്ടല്ല സങ്കടം സങ്കേതഭൂമിയിൽ
കൂട്ടിന്നകത്തായ മൊച്ചക്കുരങ്ങിന്റെ—
കൂട്ടഹോ! ഗോഷ്ടികൾ കാട്ടും പലതരം;
മട്ടോൽമൊഴിതൻ വഴി നോക്കുവാൻ വെക്ക—
മൊട്ടേടമങ്ങു ചെന്നിങ്ങോട്ടു മാറിയും.
പൊട്ടനെപ്പോലെ കിടന്നുഴന്നീടുന്ന
ദുഷ്ടന്റെ ചട്ടങ്ങൾ കണ്ടാൽ ചിരിവരും;*
കാണായി മെല്ലവേ പൗർണ്ണമാസിതന്നി—
ലേണാങ്കബിംബമുദിക്കുംകണക്കിനെ
ശോണാധരിതൻ മുഖാംഭോജമൻപോടു
ചേണാർന്ന മന്ദസ്മിതാമൃതോല്ലാസിതം
മാലതീബാണന്റെ നീലത്തഴപോലെ
നീലമേഘാവലിപോലെ നിറംകോലു—
മാലോലകുന്തളം ചന്തമോടേ കണ—
ങ്കാലോളമങ്ങു കവിഞ്ഞു വീണീടുന്നു
നീലാളകംകൊണ്ടു ശോഭിച്ചിരിക്കുന്ന
ഫാലാന്തരേ നല്ല ചാന്തും കുറികളും

---

[1] രൗഹിണേയാത്മജൻ = രൗഹിണേയന്റെ (ബുധന്റെ) ആത്മജൻ (പുത്രൻ) പുരൂരവസ്സ്. ബൃഹസ്പതിയുടെ ഭാര്യയായ താരയിൽ ചന്ദ്രനുണ്ടായ പുത്രനാണ് ബുധൻ. ചന്ദ്രന്റെ ഇഷ്ടപത്നിയായ രോഹിണി ബുധനെ പുത്രനിർവ്വിശേഷം വളർത്തുകയാൽ ബുധന് രൗഹിണേയൻ എന്നും പേരുണ്ടായി. ബുധന് ഇളയിൽ ജനിച്ച പുത്രനാണ് ചന്ദ്രവംശരാജാക്കൻമാരിൽ ഒന്നാമനായ പുരൂരവസ്സ്.

* 'ദുഷ്ടന്റെ ചേഷ്ടകൾ കണ്ടാൽ ചിരി വരും.'—വായ്പാഠം.

ബാലേന്ദുമദ്ധ്യേ കളങ്കരേഖാബിന്ദു—
പോലെ വിളങ്ങുന്ന കസ്തൂരിലാഞ്ഛനം
മല്ലീശരൻതന്റെ വില്ലിനെ വെല്ലുന്ന
ചില്ലീയുഗത്തിന്റെ നല്ല വില്ലാട്ടവും
നല്ല കരിംകൂവളപ്പൂവിനുള്ളത്തി—
നല്ലൽ പെടുക്കുന്ന സല്ലോചനങ്ങടെ
കല്ലോലഹല്ലോഹലങ്ങൾപോലുള്ളൊരു
കല്ല്യാവിലാസങ്ങളെല്ലാം മനോഹരം
വല്ലഭമേറും തിലകുസുമത്തിനെ
തല്ലിയോടിക്കുന്ന നാസികാഭംഗിയും
ഉല്ലസൽകുണ്ഡലം കർണ്ണപാശദ്വയം
മല്ലായുധൻതന്റെ തൂണീരസന്നിഭം
പല്ലവംപോലെയും വിദ്രുമംപോലെയും
നല്ല തൊണ്ടിപ്പഴംപോലെയുമേററമ—
ങ്ങുല്ലാസമേറുന്ന ബിംബാധരം നല്ല—
മുല്ലമൊട്ടിന്നിടർ ചൊല്ലുന്ന പല്ലുകൾ
കല്ല്യമായുള്ളൊരു ചന്ദ്രപ്രഭാജാല—
തുല്യമായുള്ളൊരു മന്ദസ്മിതോദയം
ഫുല്ലപത്മത്തിനും പൂർണ്ണചന്ദ്രന്നുമ—
ങ്ങല്ലൽ വളർക്കും മുഖത്തിന്റെ ശോഭയും
ശംഖിനു തന്നുടെ ഭംഗി പോയെന്നുള്ള
ശങ്കാവിഷാദം വരുത്തും ഗളാന്തരേ
തങ്കപ്പതക്കങ്ങൾ മുത്തും പവിഴവും
സംഘടിച്ചീടും കരാംഭോജയുഗ്മവും
മത്തഗജത്തിന്റെ മസ്തകഡംബരം
കുത്തിക്കവർന്നങ്ങു സംഹരിച്ചീടുന്ന
ഉത്തുംഗമാം കുചകുംഭദ്വയത്തിനും
വിസ്തൃതമാം ജഘനസ്ഥലത്തിന്റെയും
മദ്ധ്യസ്ഥമായൊരുദരം കൃശം പരം
അസ്തി വാ നാസ്തി വാ സന്ദേഹഗോചരം:
ചീർത്തു ഭൃശപ്രകാശം കടീഭാഗവും
ചിത്താഭിരാമം ദുകൂലസംവേഷ്ടനം
അഞ്ചിതാനേകരത്നപ്രഭാമണ്ഡലീ—
സഞ്ചിതം കാഞ്ചനകാഞ്ചീകലാപവും
പഞ്ചബാണന്നു വസിപ്പതിന്നായുള്ള
മഞ്ചമായുള്ളൊരു കാഞ്ചീപദത്തിനു—
ദഞ്ചൽപ്രകാശം മണിസ്തംഭവിഭ്രമം
തഞ്ചും സുചാരുവാമൂരുകാണ്ഡദ്വയം

രംഭായുഗത്തിന്റെ ഡംഭാതിരേകത്തി–
നന്പോടു ഭംഗം വരുത്തുമേ നിർണ്ണയം
കേതകീമൊട്ടിനു ഖേദമുണ്ടാക്കുവാൻ
ചാതുര്യമേറും കണങ്കാൽവിലാസവും
ആനമ്രപത്മാഭിരാമം പദദ്വന്ദ്വ–
മാനന്ദശോഭം നഖേന്ദുസന്ദോഹവും
ആപാദചൂഡം മനോജ്ഞമായുള്ളൊരു
രൂപാമൃതം മുദാ വർണ്ണിച്ചു ചൊല്ലുവാൻ
ശ്രീപത്മനാഭന്റെ പള്ളിമെത്തയ്ക്കുമി–
ന്നാവതല്ലെന്നു ചൊല്ലുന്നു മഹാജനം;
തണ്ടാർകുലങ്ങളിലുണ്ടാം മധുഗുണം
തെണ്ടിപ്പറന്നങ്ങു മണ്ടിനടക്കുന്ന
വണ്ടിന്റെ വൃന്ദങ്ങൾ വണ്ടാർകുഴലിതൻ
കൊണ്ടൽക്കുറുനിര കണ്ടു മലർമണം
കൊണ്ടും മുരണ്ടുമീരണ്ടുഭാഗേ ചെന്നു–
കൊണ്ടു നിറയുന്ന കണ്ടാൽ മനോഹരം;
രണ്ടു കരങ്ങളും വീശി മുദാ നട–
കൊണ്ടു പതുക്കവേ ചെന്നുകൊണ്ടുർവശി
കണ്ടകനാകുന്ന ദുർമ്മദൻ കൈതവം–
കൊണ്ടു പുരൂരവസ്സായി വസിക്കുന്ന
കണ്ടു നിജപ്രിയനെന്നു കല്പിച്ചവൾ
കണ്ഠേ കരങ്ങളെ കെട്ടിപ്പിടിച്ചുടൻ
രണ്ടു കുചങ്ങളും കള്ളന്റെ മാർവത്തു
കൊണ്ടുപോയ്ച്ചേർത്തു പുണർന്നുനിന്നീടിനാൾ;
പണ്ടേ വളരെക്കൊതിച്ചു ലഭിക്കാതെ–
കണ്ടു കിടക്കുന്ന കാമങ്ങളൊക്കെയും
തണ്ടുതപ്പിക്കു ലഭിക്കക്കൊണ്ടങ്ങുള്ളി–
ലുണ്ടായ സന്തോഷമെന്തു ചൊല്ലാവതും
തൊണ്ടിപ്പഴത്തിനങ്ങിണ്ടൽ വളർക്കുന്ന
ചുണ്ടിന്റെ ശോഭകൾ കണ്ടു വിശേഷിച്ചു–
മുണ്ടാമനംഗാർത്തികൊണ്ടു മനക്കാമ്പി–
ലിണ്ടലും പാരമങ്ങുണ്ടാകയാലവൻ
കംബുകണ്ഠീമണിതന്നുടെ കമ്രമാം
ബിംബാധരേ മുദാ ചുംബനംചെയ്കയും
താംബൂലപൂഗങ്ങൾ ചർവണം ചെയ്കയും
ജാംബൂനദാ[1] ഭമാമംഗം പുണർന്നവൾ–
താൻ മൂലമുണ്ടായ മോഹങ്ങളൊക്കവേ
താമസംകൂടാതെ സാധിച്ചു ദുർമ്മദൻ;

---

[1] ജാംബൂനദം = സ്വർണ്ണം.

ദുർമ്മദംകൊണ്ടൊരു ഹാസമുണ്ടായ്‌വന്നു;
ഉർവശിതൻ പരിഹാസമെന്നോർത്തവൾ,
''എന്തുമൂലം ചിരിപ്പാനെന്നു ചോദിച്ചു;''
''ഏതുമല്ലെ''ന്നങ്ങവനുമുരചെയ്തു;
''ഹേതുകൂടാതെ ചിരിക്കുമോ? നമ്മോടു
കൈതവമെന്തിനു ചൊല്ലുന്നു വല്ലഭ!
ഏതാനുമിന്നു കുറവൊന്നു വന്നെങ്കി—
ലേതും മടിക്കാതുരയ്ക്കേണമായതും
ചേതസി വച്ചു ചിരിക്കയോ വേണ്ടതു
ചാതുര്യമേറുന്ന രാജചൂഡാമണേ!
കുററങ്ങൾ വന്നുപോമെന്നാലുമായതു
കൂറുള്ളവർ പൊറുത്തീടുമെന്നേ വരൂ;
ചെററുമ്മനസ്സിൽവച്ചങ്ങുമിങ്ങും ചെന്നു
മററുള്ളവർകളെ കേൾപ്പിച്ചു കേൾപ്പിച്ചു
തെററെന്നു നീളെപ്പരത്തിച്ചമയ്ക്കുന്ന—
തുററവർക്കെല്ലാമടുത്തതോ മന്നവ!''
കററക്കുഴൽ മണിയാളാകുമുർവശി—
ക്കററമില്ലാതുള്ള താപവും കോപവും,
പററി മനക്കാമ്പിലായതുകാരണ—
മേററു പുറപ്പെട്ടു മിണ്ടാതെകണ്ടവൾ
മുററത്തിറങ്ങി നടന്നു ഗമിച്ചിതു
ചെററും ചതി പററിയെന്നതോർക്കാതവൾ;
തക്കത്തിലായതുനേരത്തു ദുർമ്മദൻ
പൊക്കത്തിലുള്ളൊരു മണ്ഡപേ നിന്നുടൻ
ചിക്കെന്നു ചാടിത്തിരിച്ചു മണ്ടിപ്പുരം—
പുക്കൊളിച്ചങ്ങു കിടന്നുറങ്ങീടിനാൻ;
മൈക്കണ്ണിമാർമണിതാനും വിചാരിച്ചു:
'മത്കാന്തനെന്നിൽ കനിവു കുറഞ്ഞിതോ?
ഉൾക്കാമ്പിലങ്ങേനു കോപമുണ്ടായ്‌വരാൻ
തക്കൊരു കുററം നമുക്കില്ല നിർണ്ണയം;
മുന്നമീ ക്ഷോണീന്ദ്രനിങ്ങനെയല്ല ഞാ—
നൊന്നുചൊല്ലികലഹിച്ചു മാറീടുകിൽ
പിന്നാലെ വന്നു കരഞ്ഞു പറഞ്ഞുകൊ—
ണ്ടെന്നുടെ കാല്ക്കൽ നമസ്കരിച്ചീടുവോൻ;
അന്നേരമേററം പ്രസാദിച്ചു ഞാനും പു—
ണർന്നീടുമാറുണ്ടു വേണ്ടുംവിധങ്ങളിൽ;
ഇന്നെന്തു കാരണം പിമ്പേ വരാഞ്ഞതും
മന്നവൻ മറെറാരു ദേഹമായ് വന്നിതോ?

എന്നെപ്പിരിഞ്ഞരനാഴികപോലുമീ
മന്നവാധീശനിരിപ്പാനെളുതല്ല;
എന്നുടെ കോപഭാവങ്ങൾ കാണുംവിധൗ
നിന്നു വിറച്ചു വിയർത്തു വീർത്തങ്ങനെ
ഖിന്നഭാവത്തോടനുസരിക്കും കനി–
ഞ്ഞന്യഭാവം വെടിഞ്ഞെൻപദേ കുമ്പിടും
കന്ദർപ്പതാപം സഹിക്കാഞ്ഞു മാനസേ
മന്ദഭാവം പൂണ്ടു നില്ക്കും മദന്തികേ;
മുന്നമീവണ്ണമേ കണ്ടുപോരൂ നൃപൻ
തന്നുള്ളിലാശ കുറഞ്ഞിതോ ദൈവമേ!''
ഇത്യാദി ചിന്തിച്ചു നില്ക്കുന്നനേരത്തു
വിദ്യാധരിയെയും കാണായ് വരുന്നതും
വിദ്യോതമാനനാം ദുർമ്മദൻതന്നെയും
സദ്യോ വിലോകനം ചെയ്തുതാനുർവശി
കിഞ്ചനനേരം വിചാരിച്ചുരച്ചിതു:
'വഞ്ചനചെയ്തു മഹാശഠൻ ദുർമ്മദൻ!
ലാഞ്ഛനം കണ്ടാലറിയാമവൻതൻെറ
വാഞ്ഛിതം സാധിച്ചു ചാടി മണ്ടീടിനാൻ;
അഞ്ചിതാകാരനാമെന്നുടെ കാന്തനെ
വഞ്ചിച്ചു ദുഷ്ടയാമുൻമദാദേവിയും;'
ഇത്തരം ചിന്തിച്ചു നില്ക്കുന്ന ദേവിയെ–
സ്സത്വരം പ്രാപിച്ചു ചോദിച്ചു മന്നവൻ:
''ചിത്തരംഗേ നിനക്കെന്തൊരു സന്താപ–
മുത്തരംഗാപാംഗഭംഗമനോഹരേ!
എന്നെപ്പിരിഞ്ഞിങ്ങു വേഗേന പോരുവാ–
നെന്തൊരു കാരണം ചൊല്ക നീയുർവശീ?''
എന്നതു കേട്ടുരചെയ്തു ശാതോദരി:
''മന്നവാ! നമ്മെച്ചതിച്ചാനൊരു ജളൻ
ദുർമ്മദനെന്നൊരു ഗന്ധർവദുർഭഗൻ
നിർമ്മലാത്മൻ നിൻെറ വേഷം ചമഞ്ഞവൻ
നമ്മെച്ചതിച്ചു നിരൂപിച്ച കാര്യവും
ചെമ്മേ ലഭിച്ചു തിരിച്ചു വിലക്ഷണം;
ഉൻമദയെന്നൊരു വിദ്യാധരാംഗന
നമ്മുടെ വേഷം ചമഞ്ഞു ഭവാനെയും
ചെണ്ടകൊട്ടിച്ചു ഗമിച്ചുവെന്നാലിന്നു
രണ്ടുപേരേയും ശപിച്ചു ഞാനിന്നൊരു
കുണ്ടിലാക്കുന്നതും കണ്ടുകൊൾക ഭവാൻ
രണ്ടുപക്ഷം നമുക്കില്ല മഹീപതേ!

രൂക്ഷതയേറുന്ന ദുർമ്മദൻ ഭൂമിയിൽ
രാക്ഷസനായ് പിറന്നീടേണമിപ്പൊഴേ,
കാൽക്ഷണംകൊണ്ടിവൻ താഴത്തു വീഴുന്ന—
തീക്ഷണം ചെയ്താലുമിന്ദുപുത്രാത്മജ!
ഉൻമദപ്പെൺകിടാവിന്നു ധരിത്രിയിൽ
ജൻമദുഃഖം ഭവിച്ചീടേണമഞ്ജസാ
കർമ്മദോഷത്താൽ വരുന്ന രോഗങ്ങൾക്കു
ചെമ്മേ കഷായം കുടിച്ചാൽ ഫലിക്കുമോ?
എത്രയും ദുർബുദ്ധിയാമിവൾ ധാത്രിയിൽ
ക്ഷത്രിയപുത്രിയായ് വന്നു പിറക്കണം
അത്രയല്ലേകനെ കാംക്ഷിച്ചിരിക്കുമ്പോൾ
തത്ര വന്നന്യൻ കരസ്ഥമാക്കീടണം;''
ഇത്ഥം ശപിച്ചെന്നു കേട്ടങ്ങിരുവരും
തത്ര ചെന്നങ്ങുടനുൻമദാ ദുർമ്മദൗ
താപമോടുർവശീപാദേ നമിച്ചുടൻ
ശാപമോക്ഷത്തെക്കനിഞ്ഞപേക്ഷിച്ചിതു;
കോപം കളഞ്ഞു തെളിഞ്ഞുകൊണ്ടാദരാൽ
ശാപമോക്ഷം കൊടുത്തീടിനാളുർവശി;
''ഉൻമദേ; കേളെടോ! നിന്നുടെ പുത്രനായ്
ദുർമ്മദൻ വന്നു ജനിക്കും കനക്കവേ
നർമ്മദാതീരേ ധരാധീശമന്ദിരേ
നിൻമകൻ വെട്ടിമരിക്കും രണാങ്കണേ
നിന്നുടെ ഭർത്താവുമപ്രകാരംതന്നെ
ജന്യാങ്കണേ മരിച്ചീടുമെന്നോർക്ക നീ
അന്നു നീയഗ്നിപ്രവേശവും ചെയ്തിങ്ങു
പോന്നുകൊണ്ടാലും ജവേന വിദ്യാധരീ!
തന്നുടെ വീര്യേന വെട്ടിമരിച്ചൊരു
നിന്നുടെ പുത്രനീ ദുർമ്മദൻതാനുടൻ
ചാരുവീരസ്വർഗലാഭേന തമ്പദേ
ചേരുവാനെന്തു സന്ദേഹം കൃശോദരീ!
രണ്ടുപേരും നടന്നാലു''മെന്നിങ്ങനെ
രണ്ടുപേർക്കും ശാപമോക്ഷം കൊടുത്തുടൻ
കൊണ്ടൽവേണീമണി കാന്തനോടൊന്നിച്ചു—
കൊണ്ടിന്ദ്രലോകേ സുഖിച്ചു വാണീടിനാൾ,

രണ്ടാം കളം

വേഗമങ്ങു ധരണിയിൽ പതിച്ചാളുൻമദാദേവി
വേഗവാനെന്നു പേരാകും വിദേഹക്ഷോണിപാലന്റെ
ഭാര്യതന്റെ ജഠരത്തിൽ പ്രവേശിച്ചാളതുനേരം
വീര്യമേറും വിദേഹേന്ദ്രൻ പ്രസാദിച്ചു വഴിപോലെ
ഗർഭരക്ഷാപ്രകാരങ്ങളൊക്കവേ ചെയ്തിതു നല്ലോ–
രർഭകനുദ്ഭവിക്കേണമെന്നു മോഹിച്ചിരിക്കുന്നു;
വിപ്രവർഗങ്ങളെക്കൊണ്ടു ജപം ഹോമം നമസ്കാരം
ക്ഷിപ്രമങ്ങു തുടങ്ങിച്ചു വിത്തദാനം പശുദ്ദാനം
ഇപ്രകാരം പലവസ്തു മുടങ്ങാതെ തുടങ്ങിച്ചു
തൽപ്രദേശങ്ങളിലൊക്കെക്കൊട്ടിലും കെട്ടിയുണ്ടാക്കി
സപ്രമോദമിന്നുതന്നെ സദ്യ നീളെത്തുടങ്ങേണം
വിപ്രമോദംകൊണ്ടുവേണം സുപ്രജാസംഭവം മേലിൽ;
കെല്പിനോടങ്ങമാത്യൻമാർ നാട്ടിലുള്ള ജനത്തോടു
കല്പനാഗൗരവത്തോടേ പറഞ്ഞങ്ങു ധരിപ്പിച്ചു
ഊട്ടിനുള്ള പദാർത്ഥങ്ങളൂനമെന്യേ വരുത്തേണം
വീട്ടിലങ്ങു വിനോദിച്ചുകൊണ്ടിരുന്നാൽ തരമല്ല
നാട്ടിലുള്ള കുമ്പളങ്ങാ ചേന വാഴക്കയുമോരോ
കൂട്ടമെല്ലാഞ്ചെന്നു തണ്ടി[1] ക്കൊണ്ടു മണ്ടിവന്നിടേണം[2]
കൂട്ടിലിട്ട കിളിപോലെ കശപിശ കലമ്പുന്ന
കൂട്ടമോരോ തടിയൻമാർ മടിയൻമാരെങ്ങുപോയി?
ചേട്ടകൾക്കു നാണമില്ല തടികൊണ്ടു താഡനങ്ങൾ
കൂട്ടിയല്ലാതിവരിങ്ങു പാട്ടിലാവാനെളുതല്ല;
തമ്പുരാന്റെ ചോറു തിന്നു മുടിപ്പാനെന്നിയേ മീശ–
ക്കൊമ്പരാകുമിവരെക്കൊണ്ടൊരുവസ്തു ഫലമില്ല;
ചെമ്പിലന്നം നിറച്ചങ്ങു കൊണ്ടുചെല്ലുന്നതു കണ്ടാൽ
മുമ്പിൽവന്നു സ്ഥലംവച്ചു കാൽകവച്ചു നിന്നുകൊള്ളും;
വമ്പു പാരം പട്ടരോടെ വച്ചതെല്ലാം വിളമ്പാഞ്ഞാൽ
തമ്പുരാൻതാനെന്ന ഭാവം ഭക്ഷണത്തിന്നിരിക്കുമ്പോൾ;
നമ്പിമാർ നമ്പൂരിമാർ പട്ടേരിമാരെന്നിവർ വന്നാൽ
മുമ്പിൽവച്ച കാലെടുത്തു പിമ്പിൽ വെപ്പാൻമടി പാരം;
വമ്പടയ്ക്കു പുറപ്പെട്ടു കോട്ടവാതിലടുക്കുമ്പോൾ
പിമ്പിലെങ്ങാനൊരുദിക്കിൽ കിടക്കുമീ മിടുക്കൻമാർ;
ചേമ്പു തിന്നു പൊറുക്കുന്ന കൂട്ടമെല്ലാം തൂമ്പ വച്ചി–
ങ്ങാമ്പടിക്കാരെന്ന പേരുകിട്ടി വീടുമുപേക്ഷിച്ചു;
പെമ്പിറന്നോരങ്ങു കഞ്ഞികുടിക്കാതെ കിടക്കുന്നു

---

[1] തണ്ടി = കരമായി പിരിച്ച്. തണ്ടുക = കരം പിരിക്കുക (പഴയകാലത്തെ പ്രയോഗം).

[2] 'കൂട്ടമെല്ലാഞ്ചെന്നു തെണ്ടിക്കൊണ്ടു മണ്ടിവന്നിടേണം'—എന്നു മുദ്രിതപുസ്തകങ്ങളിൽ അപപാഠം.

താമ്പിറന്നതെങ്ങുനിന്നെന്നാർക്കുമന്വേഷണം നാസ്തി;
കള്ളു തെണ്ടി നടപ്പാനേ കാലമുള്ളു തന്റെ കൈയ്യി–
ലുള്ളതെല്ലാം വകയാക്കി കൈകുടഞ്ഞു പുറപ്പെട്ടു
കള്ളമെന്നുള്ളതിനേതും കുറവില്ലാ തനിക്കുള്ള
പിള്ളയെക്കൂടവേ വിററുതിന്നില്ലായ്കിലതും കൊള്ളാം!
തള്ളമാരെപ്പൊറുപ്പിക്കാതുള്ള കള്ളക്കശ്മലന്റെ
ഭള്ളു കണ്ടാലൊന്നു രണ്ടു തൊഴിപ്പാനാരുമില്ലല്ലോ!
അച്ചിവീട്ടിലിരുന്നോരോ വീരവാദം പറഞ്ഞുകൊ–
ണ്ടച്ചിമാരെ ഫലിപ്പിക്കും നമുക്കുള്ള സമർത്ഥന്മാർ
മൂർച്ചയുള്ള വാളെടുത്തൊരുത്തനെതിർത്തുവന്നെങ്കിൽ*
പൂച്ചയെക്കണ്ടെലിപോലെ വിറച്ചെങ്ങാനൊളിച്ചീടും
ഇടയ്ക്കു വന്നവരാരും പടയ്ക്കു നല്ലവരല്ല
പടയ്ക്കുവന്നവരാരും ഇടയ്ക്കും നല്ലവരല്ല;
‘ഇടയ്ക്കുമ്പയ്ക്കു നടപ്പുള്ള ഭടന്മാർ ശാന്മാർ, തൻ
തടിക്കുമാതങ്കമോടേ കിടക്കുന്നാകിലീരാജ്യം
പൊടുക്കെന്നു പുഷ്ടിവയ്ക്കും; ഉടുക്കാനും ഭുജിപ്പാനും
കൊടുപ്പാനും മടിയില്ല; കൊടുക്കും കടുക്കൻ വിററു
മുടിക്കും, കള്ളുകുടിക്കും, പിടിക്കുമടിക്കും തമ്മിൽ
തടുക്കും; മിടുക്കന്മാരെപ്പടയ്ക്കങ്ങു കൊണ്ടുചെന്നാൽ
അനർത്ഥമിജ്ജനങ്ങൾക്കു, വടക്കും, തെക്കുമിക്കൂട്ടം
പിടിക്കാതങ്ങനെ തീരും, കടുക്കെന്നെടുക്കും വൈരി
പടയ്ക്കങ്ങടുക്കുന്നേരംമടുക്കും, മുടക്കംവന്ന–
ങ്ങൊടുക്കന്നെടുക്കും വെക്കം, തടിച്ചുള്ള ഭടന്മാരും.[1]

---

* ‘മൂർച്ചയുള്ള വാളെടുത്തങ്ങൊരുത്തനിന്നെതിർത്തെങ്കിൽ’–വായ്പാഠം.

1. ‘ഇടയ്ക്കു വന്നവരാരും...... തടിച്ചുള്ള ഭടന്മാരും’—എന്നിത്രയും ശീലുകൾ മുദ്രിതപുസ്തകങ്ങളിൽ അപപാഠജടിലമാണ്. തുള്ളൽക്കാരുടെ പഴയ വായ്പാഠവുമായി ഒത്തുനോക്കി സാമാന്യം സ്വീകാര്യമായ പാഠം ഇവിടെ ചേർത്തിരിക്കുന്നു.

പടയെല്ലാം തീരുമ്പോൾ ചേമ്പുതിന്നു കിടക്കുന്ന കൂട്ടമെല്ലാം അകമ്പടിക്കാരെന്ന പേരുകിട്ടി വീടുപേക്ഷിച്ചു രാജസേവയ്ക്കടുത്തുകൂടുമെന്നു പറഞ്ഞിട്ട് അങ്ങനെ ഇടയ്ക്കു വന്നുകേറുന്ന മിടുക്കന്മാരെ അധിക്ഷേപിക്കുന്നതാണു സന്ദർഭം.

യുദ്ധകാലത്തു പടപൊരുതാതെ, യുദ്ധമെല്ലാം കഴിയുമ്പോൾ ഇടയ്ക്കു വന്നുകേറുന്നവരാരും പടയ്ക്കു നല്ലവരല്ല. പടയ്ക്കു വന്നവരെല്ലാവരും പടയ്ക്കിടയിൽ നല്ലവരാണെന്നുമില്ല. ഇടയ്ക്കുമ്പയ്ക്കു നടപ്പുള്ള ഭടന്മാർ (പട കഴിയുമ്പോൾ ഉമ്പയ്ക്കു നടക്കുന്ന ഭടന്മാർ=ഉമ്പോവിളിക്കുമ്പോൾ ഉരുളയ്ക്കു വരുന്ന പട്ടികളെപ്പോലെയുള്ളവർ എന്നർത്ഥം. ‘‘ഉമ്പകേട്ടു വരുന്നവന് ഉരുളയിലേ നോട്ടമുള്ളു’’—ശൈലി.) ശാന്മാരാണ്. അവരുടെ തടിക്കു രോഗംബാധിച്ചു കിടപ്പാകാമെങ്കിൽ ഈ രാജ്യം നന്നാകും. ഉടുക്കാനും ഉണ്ണാനും കൊടുക്കാൻ മടികൊണ്ടല്ല ഇതു പറയുന്നത്. കൊടുത്താൽ കടുക്കൻപോലും വിററുമുടിച്ചു കള്ളുകുടിച്ചു തമ്മിലടിക്കും. ഇങ്ങനെയുള്ള സമർത്ഥന്മാരെ പടയ്ക്കു കൊണ്ടുപോയാൽ അനർത്ഥമാണ്. വടക്കും തെക്കും യുദ്ധം ചെയ്തു

തടിച്ചുള്ള തടികണ്ടാൽ ചിതക്കാരനെന്നു തോന്നും
നടിച്ചുള്ള മിടുക്കുണ്ടോ നടക്കുന്നു നമുക്കെല്ലാം;
എന്തു കാര്യം ശകാരിച്ചാലപ്രിയമെന്നതേ തീരൂ
ജന്തുധർമ്മമുപേക്ഷിപ്പാനാർക്കുമാർക്കും വശമല്ല;
ബന്ധുവെന്നും ശത്രുവെന്നും വിചാരിക്കാത്തവരോടും
ബന്ധുരമായുരചെയ്താലെന്തു കാര്യം വരാനുള്ളു?
സന്തതിയില്ലായ്കകൊണ്ടു തമ്പുരാനും പ്രജകൾക്കും
സന്തതമുള്ളഴലെല്ലാമന്തമില്ലെന്നറിഞ്ഞാലും;
അന്തരങ്ങളതുമൂലം വന്നുപോമെന്നിരിക്കുമ്പോ–
ളെന്തുകൊണ്ടെന്നറിഞ്ഞീല പൂർവപുണ്യങ്ങളെക്കൊണ്ടോ
അന്തണൻമാരുടെ നല്ല ദേവസേവാബലംകൊണ്ടോ
മന്ത്രി പൗരജനത്തിൻെറ മനസ്സിൻെറ നേരുകൊണ്ടോ
തമ്പുരാൻെറ പരദൈവങ്ങളിലുള്ള ഭക്തികൊണ്ടോ
തമ്പുരാട്ടി തിരുവയർവാണുവെന്നുള്ളതും കേട്ടു;
അമ്പിനോടേ ശുഭമായിട്ടുള്ളതെല്ലാം തുടങ്ങേണം
അമ്പലത്തിൽ നെയ്‌വിളക്കുംമാലയും പൂജയും പിന്നെ
ശർക്കരെപ്പായസം നല്ല പഞ്ചസാരപ്പായസവും
നിഷ്കരിഷിച്ചലസാതെ വച്ചുനേദിക്കയും വേണം;
ഉച്ചയാകുന്നതിനു മുമ്പേ നൻമയോടേ കറി നാലും
വച്ചുകൊണ്ടു നമസ്കാരം ബ്രാഹ്മണരെ ഭുജിപ്പിച്ചു
മെച്ചമോടേ വെററില പാക്കും പണവും ദക്ഷിണചെ–
യ്തെച്ചിലേറി മുടിസ്നാനം ഗർഭിണിക്കു ലഭിക്കേണം,*
നിച്ചലുമിങ്ങനെ കോയിക്കലും സദ്യ തുടങ്ങേണം;
പച്ചടിയും പരിപ്പുഞ്ചാറെന്നിതെല്ലാം ചമയ്ക്കേണം
പച്ചമാങ്ങാക്കറിയിഞ്ചിപ്പച്ചടി വേപ്പിലക്കട്ടി
കിച്ചടി നല്ലെരിശ്ശേരി പുളിശ്ശേരി പ്രഥമനും
ശർക്കരുപ്പേരിയുഞ്ചക്കപ്രഥമനും വിശേഷിച്ചു
ശർക്കരതേമ്പഴം നെയ്യും പപ്പടം പഞ്ചസാരയും
ചുക്കുമിട്ടു മോരു കാച്ചി ജീരകവും പൊടിച്ചിട്ടു
വെക്കമെങ്ങു കൊണ്ടുചെന്നു വിളമ്പേണം മടിക്കാതെ;
ഇക്കണെക്കു ഭരിപ്പാനും പരിപ്പുകാർ പലർവേണം

പിടിച്ചെടുക്കാൻ കഴിയാതാകും. ശത്രു പടയ്ക്കു വരുമ്പോൾ ഇക്കൂട്ടർ മടുക്കും. അങ്ങനെ മുടക്കം വരും. ഒടുക്കം പടയെല്ലാം തീരുമ്പോൾ ഈ തടിയൻമാർ സേവയ്ക്കു വന്നടുക്കും—എന്നിങ്ങനെ സാരം.

* 'എച്ചിലേറി മുടിസ്നാനം ഗർഭിണിക്കു ലഭിക്കേണം'—വായ്പാഠം സ്വീകരിച്ചു. ബ്രാഹ്മണർ ഊണുകഴിച്ച് എഴുന്നേല്ക്കുന്നതിനുമുമ്പ് പന്തിയിൽ കയറി ദക്ഷിണചെയ്തു നമസ്കരിക്കണമെന്നായിരിക്കണം ഇവിടെപ്പറയുന്നത്. ഇലയുടെ മുമ്പിലിരുത്തിത്തന്നെ ബ്രാഹ്മണനു ദക്ഷിണചെയ്ത് എച്ചിലിലയുടെ മുമ്പിൽ നമസ്കരിക്കുന്നതിനെയാകണം 'എച്ചിലേറി മുടിസ്നാനം' എന്നു പരിഹാസരൂപത്തിൽ പറയുന്നത്. 'എച്ചിലേറി മടിസ്നാനം'—എന്നു മുദ്രിതപാഠം.

തൈക്കണക്കു പിഴയ്ക്കാത്ത പിള്ളമാർ നിന്നെഴുതേണം
ഒക്കവേ നമ്മുടെ ചന്ത്രക്കാരനിന്നു ശ്രമിച്ചെന്നാൽ
നീക്കമൊന്നും വരാനില്ല നീളെയെത്താൻ തടവില്ല;
അങ്ങുമിങ്ങും നടക്കുന്ന മടപ്പള്ളിക്കാരരെല്ലാ—
മിങ്ങുതന്നെ വിളിച്ചാക്കി ചാർത്തിവെപ്പിക്കയും വേണം
തങ്ങളിൽ ശണ്ഠയുമിട്ടു വെപ്പുകേറി കുഴപ്പിച്ചാൽ
പൊങ്ങു[1]മെന്നല്ലിനി നാട്ടിൽനിന്നുതന്നെ പുറത്താക്കും
കഞ്ഞിവേണ്ടുന്നവർക്കെല്ലാം കഞ്ഞിവച്ചു വിളമ്പേണം
മുഞ്ഞിവീർപ്പിച്ചുകൊണ്ടങ്ങു ദുർമ്മുഖം കാട്ടരുതാരും
കൊട്ടിലിലിലങ്ങിലവച്ചാലൊട്ടുമേ താമസിക്കാതെ
കൊണ്ടുചെന്നു വിളമ്പേണം കാരിയക്കാർ മടിക്കാതെ
ഉണ്ടിരിക്കുന്നവർക്കേതും മുഷിച്ചിൽ സംഭവിക്കാതെ
വേണ്ടതെല്ലാം വേണ്ടുവോളം കോരിവാരിക്കൊടുക്കേണം;
മുണ്ടു വന്നു പിടിച്ചാലുമൊഴിച്ചുപോരികേ വേണ്ടു
ശണ്ഠയിട്ടു കലമ്പാതെ വിളമ്പിപ്പോന്നുകൊള്ളേണം
കണ്ടുനിന്നു പ്രയോഗിച്ചാലാവലാതി വരാനില്ല
കണ്ടകൻമാരൊരുകൂട്ടമേഷണിക്കാരുമുണ്ടാകും;
രണ്ടുകൂട്ടക്കാരർ തമ്മിൽ താഡനങ്ങൾ തുടർന്നാലും
കണ്ടീലെന്നായുടൻ മാറിക്കൊൾകനല്ലൂ നമുക്കെല്ലാം
രണ്ടുപക്ഷത്തിലും ചെന്നു കടികൂടിത്തുടങ്ങുമ്പോൾ
കണ്ടുനില്ക്കുന്നവർകൂടെക്കടെന്നു ഗോഷ്ടികൾ കാട്ടും;
അത്ര പോയി മുഴുക്കുമ്പോൾ സത്രമെല്ലാം കുഴപ്പാകും
ശത്രുമന്നൻമാർക്കു നല്ലോരുത്സവമായ് വരുമെന്നാൽ;
എത്രപാരം പണിപ്പെട്ടു വട്ടമെല്ലാമുളവാക്കി
സത്രമങ്ങു തുടങ്ങുന്നു തത്ര ദോഷം വരുത്താമോ?
അത്രമാത്രം പറഞ്ഞേക്കാമറിവുള്ള ജനമെല്ലാ—
മത്ര വന്നു ശ്രമിച്ചീടുമതിന്നു ശാസന വേണ്ടാ;
ചൊല്ലിയാലും വടികൊണ്ടു തല്ലിയാലും പിടിച്ചങ്ങു
തള്ളിയാലുഞ്ചൊടിച്ചങ്ങു തുള്ളിയാലുമനങ്ങാത്ത
കള്ളനെക്കൊണ്ടൊരു വേലയെടുപ്പിപ്പാനെളുതല്ല
വള്ളമേററിക്കടലിലങ്ങുന്തി വിട്ടീടുവാൻ തോന്നും.

മന്ത്രികളേവമിരുന്നു പറഞ്ഞു
മാലോകർ വന്നു പുരത്തിൽ നിറഞ്ഞു
അന്തണൻമാരും വളരെ വരുന്നു
ആകുന്നവണ്ണം ജപങ്ങൾ തുടർന്നു
പൊന്നും പണവും നിരത്തിത്തുടങ്ങി
പോരാത്തതെല്ലാം വരുത്തിത്തുടങ്ങി
അന്നദാനത്തിന്റെ വട്ടങ്ങൾകൂട്ടി

---

[1] പൊങ്ങും = (സ്ഥാനത്തുനിന്നു) നീങ്ങും. പൊക്കുക = നീക്കിക്കളയുക.

ആഗന്തുകൻമാരും വന്നിടകൂടി
ചോറുംകറികളും വെച്ചുചമച്ചു
ചോമാതിരിമാരും വന്നു ശ്രമിച്ചു
ഭട്ടതിരിമാരും നമ്പൂതിരിമാരും
പട്ടൻമാരും തുളുനമ്പിമാരും
ഊട്ടുപുരയിൽ സ്ഥലംവച്ചിരുന്നു
നാട്ടുപട്ടൻമാർ പുറത്തുമിരുന്നു;
നീളെയിലവെച്ചു ചോറും നിരന്നു
നീക്കം വരാതങ്ങു സദ്യ കഴിഞ്ഞു
വെററില പാക്കും പണങ്ങളും നല്കി
വേണ്ടുന്ന പട്ടും പുടകയും നല്കി
നിത്യവുമിങ്ങനെ ചട്ടങ്ങളെല്ലാ—
മെത്രയും വിസ്മയമെന്നതു ചൊല്ലാം;
പത്തുമാസങ്ങൾ തികഞ്ഞു നൃപൻെറ
പത്നിക്കുമപ്പോൾ പ്രസവമടുത്തു
ഇഷ്ടജനങ്ങളൊടൊന്നിച്ചു മെല്ലെ
ഈററില്ലംതന്നിലകത്തു കടന്നു
അച്ചിമാർ വന്നു നിറഞ്ഞു തുടങ്ങി
മച്ചിമാരങ്ങു മറഞ്ഞു തുടങ്ങി
വൃദ്ധൻമാർ വന്നു കലമ്പിത്തുടങ്ങി
ബദ്ധപ്പെട്ടോരോന്നുരത്തു തുടങ്ങി
നെല്ലുമരിയുംനിറപറവയ്പാൻ
തെല്ലുമെൻ മക്കളേ! താമസിക്കേണ്ടാ
ഈററുനോവങ്ങു വരുന്നോരു നേരം
ഏററു നില്ക്കേണം മകളേ! പതുക്കെ
കാററുകൊള്ളാതങ്ങിരുന്നാലുംപിള്ളേ!
പേററിനടുത്തെന്നു തോന്നുന്നു കണ്ടാൽ
താണു വയറൊന്നിടിഞ്ഞങ്ങുകൂടി
താമസമില്ലിനിത്താഴെക്കിടക്കാം
അയ്യോ ചരിഞ്ഞു കിടക്കൊലാ പിള്ളേ!
കൈയ്യൊന്നു കുത്തിത്തലപൊക്കിക്കൊൾക
കാലു രണ്ടുംചെററു നീട്ടിക്കൊണ്ടാലും
കാലമായില്ല കുറയ ക്ഷമിപ്പിൻ
കുത്തിയിരുന്നു പ്രസവിച്ചുവെന്നാൽ
കുഞ്ഞിൻെറ മുഞ്ഞി നിലംകുത്തിപ്പോമേ
പിമ്പിലിരുന്നു മുതുകുപിടിപ്പാൻ
പെമ്പിറന്നോരാരുമില്ലേ കണക്കിൽ
എന്തൊരു കഷ്ടമിപ്പെണ്ണുങ്ങൾക്കിപ്പോൾ
എന്തെന്നുമേതെന്നുമില്ലൊരു വസ്തു
വേദനയങ്ങു തുടങ്ങുന്നനേരം

വേഗേന ചെന്നു പുറം തിരുമ്മേണം
മേല്‌പോട്ടു ശ്വാസമയയ്‌ക്കരുതിപ്പോൾ
മെല്ലവേ കീഴ്‌പോട്ടമർത്തുകൊണ്ടാലും
കുമ്പിട്ടിരുന്നാലപായമുണ്ടയ്യോ!
തമ്പുരാട്ടിക്കും ചെറുപ്പമിതല്ലോ
അച്ചിമാരെന്തോന്നനങ്ങാത്തതിപ്പോൾ
പച്ചില കൊണ്ടന്നു താഴെപ്പിടിപ്പിൻ
പിള്ളത്തല ചെററു കണ്ടു തുടങ്ങി
പിന്നോട്ടു മാറിയിരിക്കെന്റെ പിള്ളേ!

പ്രസഭമിങ്ങനെ നാരീജനത്തിന്റെ രവംകൊണ്ടു
പ്രസവമന്‌ദിരമങ്ങു മുഴങ്ങുന്നു പുഴങ്ങുന്നു[1],
പ്രസവകാലവും വന്നു ഗുണമുള്ള സമയത്തിൽ
പ്രസവിച്ചു രാജപത്‌നി പ്രയാസമെന്നിയേതന്നെ;
പുത്രനല്ല പിറന്നതു പുത്രിയെന്നിങ്ങനെ കേട്ടു
തത്ര മേവും തരുണിമാർ പറഞ്ഞങ്ങു മഹാരാജൻ
പുത്രിയെന്നാലതുതന്നെ വേണ്ടതിപ്പോളിനിമേലിൽ
പുത്രനുണ്ടാമിവൾക്കിപ്പോൾ ചെറുപ്പമല്ലയോ ചൊൽവിൻ
എത്രയും പ്രീതിയുണ്ടായി നമുക്കെന്നു വേഗവാന്റെ
ചിത്തമേററം പ്രകാശിച്ചു പെട്ടകങ്ങൾ തുറന്നാശു
വന്നു കേൾപ്പിച്ചവർക്കെല്ലാംപൊന്നുകൊണ്ടു വരിഷിച്ചു
മന്നിലുള്ള മഹീദേവൻമാർക്കു പട്ടും പുടകയും
പൊന്നുകൊണ്ടുള്ളലങ്കാരം പിന്നെയുംപിന്നെയും നല്‌കി
പൊന്നണിഞ്ഞ ഗോസഹസ്രം പ്രദാനഞ്ചെയ്‌തിതുഭൂപൻ
ജാതകർമ്മാദിയായുള്ള കർമ്മമെല്ലാമനുഷ്‌ഠിച്ചു
ജാതകത്തെ ഗണിതക്കാരോടു ചെമ്മേ വിചാരിച്ചു
ഏതുമില്ല ദോഷമെന്നങ്ങേവരും ചൊല്ലിനാരപ്പോൾ
പ്രീതിപൂണ്ടു വേഗവാനും വസിച്ചു കൗതുകത്തോടേ;
ഹരിണവർണ്ണമുള്ളൊരു മകൾക്കു മന്നവനപ്പോൾ
ഹരിണിയെന്നു പേരിട്ടു വിരവിലാദരവോടേ
ക്രമത്താലാറുമാസത്തിൽ ചോറുമങ്ങു കൊടുത്തേററം
സമർത്‌ഥസ്‌ത്രീകളെക്കൊണ്ടു വളർത്തു കോപ്പുകളെല്ലാം
ചമച്ചു മോതിരമ്മിഞ്ചി[2]യരഞ്ഞാണം കാൽച്ചിലമ്പും
രമിച്ചു മന്നവൻതന്റെ പുത്രിതന്റെ ഗുണംകൊണ്ടു
സമത്തിലുള്ളൊരു ബാലപ്പെൺകിടാങ്ങളോടുകൂടി
സമസ്‌ത ക്രീഡയുമാടി ക്രമത്താലെ വളരുന്നു;
തരുണൻമാരുടെ ചിത്തം കവർന്നു കൈക്കലാക്കുവാൻ
ഗുരുവൈദഗ്‌ധ്യമുള്ളൊരു യൗവനം വന്നകം പുക്കു;

---

[1] പുഴങ്ങുക=മാററൊലിക്കൊള്ളുക. [2] മിഞ്ചി=കാൽവിരലിൽ അണിയുന്ന മോതിരം.

ചരണപാണിപദ്മങ്ങളധരവുമിവയെല്ലാം
അരുണകോമളമായി വിരിഞ്ഞു മാറിടം തിങ്ങി
ചുരുങ്ങി മദ്ധ്യമന്നേരം കനത്തു ശ്രോണിബിംബവും
കുരുത്തു കൊങ്കകൾ മാറിൽത്താമരമൊട്ടുകൾപോലെ
ഉരുണ്ടു കൈകളും കാലും നയനങ്ങളിടമ്പെട്ടു[1]
വരേണ്ടുന്ന ഗുണമെല്ലാം വന്നുചേർന്നു വഴിപോലെ.

അക്കാലമങ്ങു ഹിരണ്യപുരംതന്നി—
ലൂക്കോടു മേവുന്ന ദീർഘജംഘാഖ്യനാം
നക്തഞ്ചരാധിപൻതന്നുടെ പുത്രനായ്—
വെക്കം ജനിച്ചിതു ദുർമ്മദൻ ദുർമ്മതി;
തുംഗഘോരാകാരനായുള്ള പുത്രനു
പിംഗാക്ഷനെന്നു പേരിട്ടു നിശാചരൻ
അംഗങ്ങളെല്ലാമൊരഞ്ജനക്കുന്നിന്റെ
ശൃംഗങ്ങൾപോലെ കറുത്തിരുണ്ടങ്ങനെ
ചെമ്പിച്ച കേശങ്ങൾ വമ്പിച്ച മസ്തകം
ചെമ്പരത്തിക്കുസുമങ്ങൾപോൽ കണ്ണുകൾ
അമ്പിളിപോലെ വളഞ്ഞുള്ള ദംഷ്ട്രങ്ങ—
ളമ്പാർന്ന താലങ്ങൾപോലെ കരങ്ങളും
കൊമ്പൻകൊലയാന വമ്പന്റെകൂർത്തുള്ള
കൊമ്പുകൾ രണ്ടും പിടിച്ചു പൊക്കിക്കൊണ്ടൊ—
രമ്പതു ചുററിയെറിഞ്ഞുംപിടിച്ചും ക—
ളിമ്പം[2]തുടങ്ങീ ചെറുപ്പത്തിലേ ശഠൻ;
ഉമ്പർകുലത്തിനും മർത്ത്യവൃന്ദത്തിനും
കമ്പം മനക്കാമ്പിലേററം വളർന്നിതു
സമ്പത്തശേഷം നശിപ്പിപ്പതിന്നൊരു
ചെമ്പൻ പുറപ്പെട്ടു പിംഗാക്ഷരാക്ഷസൻ
ദീർഘജംഘാഖ്യനാമച്ഛനെ പ്രാപിച്ചു
ദീർഘനമസ്കൃതിചെയ്തു പിംഗാക്ഷനും
മൂർഖതയോടേ പറഞ്ഞു തുടങ്ങിനാൻ:
"കേൾക്ക മേ വാക്കുകൾ താത! മഹാമതേ!
ഭക്ഷണമല്ലാതെ മറെറന്തു കുക്ഷിക്കു
രക്ഷണം ജീവജന്തുക്കൾക്കു ഭൂതലേ
ലക്ഷണം നോക്കി പുറപ്പെട്ടു ഞാനിനി
തൽക്ഷണം മന്നിലും മററുള്ള ദിക്കിലും
രാക്ഷസൻമാരോടുകൂടെ പ്രവേശിച്ചു
രൂക്ഷകർമ്മങ്ങൾ തുടങ്ങാതടങ്ങുമോ?

---

[1] ഇടമ്പെട്ടു=വികസിച്ചു. [2] കളിമ്പം=കുട്ടിക്കളി.

കാൽക്ഷണം കൊണ്ടു മനുഷ്യരെക്കൊല്ലുന്ന—
തീക്ഷണം ചെയ്യേണമെങ്കിൽ പുറപ്പെടാം
മാനുഷൻമാരുടെ മാംസവും ചോരയും
ഞാനുഷയ്ക്കുമ്പോൾ[1] കണികാട്ടുവാനിങ്ങു
മാനിച്ചു കൊണ്ടുവരുന്നുണ്ടു താതനി—
സ്ഥാനത്തിരുന്നാലുമമ്മയോടേ സമം;
താടിയും നീട്ടിത്തപംചെയ്തിരിക്കുന്ന
താപസൻമാരെപ്പിടിച്ചു നിർത്തിക്കൊണ്ടു
താഡിച്ചു താഡിച്ചു കൊല്ലുന്ന നേരത്തു
പേടിച്ചു പേടിച്ചു മണ്ടുന്ന താപസ—
പ്പേടമാൻകണ്ണിമാരേയും പിടിപെട്ടു
കണ്ടാലവർക്കൊട്ടു ജൻമിത്വമുണ്ടെങ്കിൽ
വേണ്ടാ നമുക്കെന്നുപേക്ഷിക്കയില്ല ഞാൻ
മിണ്ടാതെ നില്ലെന്നു ചൊല്ലിപ്പിടിച്ചിങ്ങു
കൊണ്ടുവരുന്നുണ്ടു കണ്ടുകൊൾക ഭവാൻ;
കുണ്ഠത്വമേറുന്ന മർത്ത്യപ്പുഴുക്കളെ
കണ്ടെത്തുമെങ്കിൽ കരസ്ഥമാക്കിക്കൊണ്ടു
കണ്ഠത്തിൽ നല്ല പാശംകൊണ്ടു ബന്ധിച്ചു
കണ്ടത്തിലിട്ടിഴയ്ക്കുന്നതുമുണ്ടു ഞാൻ;
'പണ്ടുപണ്ടേ നമുക്കുള്ള കൃത്യങ്ങളെ
കണ്ടു ഗ്രഹിച്ചിതോ താനെന്നു നമ്മൊടു,
കണ്ടുനില്ക്കും കാലകിങ്കരൻമാർ കരം—
കൊണ്ടു തൊഴുതു ചോദിക്കുമാറാക്കുവൻ;
വേണ്ടുംവിധങ്ങളിലുണ്ടു പ്രയോഗങ്ങൾ
കണ്ടു ഗ്രഹിച്ചങ്ങു കൊണ്ടുപോവാൻ രുചി—
പൂണ്ടു പല ജനമുണ്ടു നടക്കുന്നു
തണ്ടുതപ്പിത്തരംകൊണ്ടു ഫലമില്ല;
മണ്ടിയൊളിക്കുന്ന കണ്ടിവാർകേശിയെ
തെണ്ടിപ്പിടിപെട്ടുകൊണ്ടിങ്ങുപോന്നു ഞാൻ
ചണ്ടിത്തമോരോന്നു മിണ്ടിത്തുടങ്ങിയാ—
ലണ്ടി ചപ്പിക്കുന്നതുണ്ടിന്നു നിർണ്ണയം;
രണ്ടു കുചങ്ങളെക്കൊണ്ടു പുണരുവാ—
നുണ്ടു മനസ്സെങ്കിലിണ്ടൽ വരുത്താതെ
രണ്ടുനേരന്നിറെയുണ്ടു വാണീടുവാൻ
വേണ്ടുന്നതൊക്കവേ കൊണ്ടന്നു നല്കുവൻ;
ശൃംഗാരലീലകൾ പിംഗാക്ഷനില്ലെന്നു
ചെങ്ങാതിമാരായ നിങ്ങൾ ശങ്കിക്കേണ്ട
എങ്ങാനൊരേടത്തനങ്ങാതിരിക്കും കു—

---

[1] ഉഷയ്ക്കുമ്പോൾ=നേരം വെളുക്കുമ്പോൾ.

രങ്ഗാക്ഷിമാരെന്റെ ശൃംഗാരമോടിയും
സംഗീതസാഹിത്യഭംഗിവിധങ്ങളും
മങ്ങാതെ കണ്ടെങ്കിലംഗീകരിപ്പതി–
ന്നെങ്ങും തടവില്ലനംഗന്നുപോലുമീ–
ഭംഗി വരത്തില്ല ഭംഗിവാക്കല്ലെടോ!''
ഇത്ഥം പറഞ്ഞു നിശാചരന്മാരൊടു–
മൊത്തു പുറപ്പെട്ടു പിംഗാക്ഷരാക്ഷസൻ
ഉദ്ധതാഡംബരം മന്നിലും വിണ്ണിലും
ബദ്ധരോഷോദ്ഭടം സഞ്ചരിച്ചീടിനാൻ;
വൃദ്ധബാലാദിയാം മർത്ത്യവൃന്ദത്തിന്റെ
മൂർത്തി പിടിച്ചു കടിച്ചു പിളർന്നുടൻ
കൂർത്ത ദന്തങ്ങളിൽ കോർത്തുകൊണ്ടങ്ങനെ
പാർത്തലംനീളവേ പാഞ്ഞുനടക്കയും
താർത്തേൻമൊഴികളെത്തേടിപ്പിടിച്ചു കാ–
മാർത്തത വന്നടിച്ചാത്തമോദം മഹാ–
ധൂർത്തനാമാശരൻചേർത്തു പുണർന്നും ത–
ന്നാർത്തിയെല്ലാമാശു തീർത്തു വിടുകയും
തീർത്ഥസ്ഥലങ്ങളിൽ മൂത്രം പൊഴിക്കയും
തീർത്ഥകന്മാരെപ്പിടിച്ചു ഭക്ഷിക്കയും
പാർത്ഥിവന്മാരുടെ പത്തനം കുത്തിത്ത–
കർത്തു തിമർത്തുടൻ തീവെച്ചെരിക്കയും
സത്രങ്ങളിൽച്ചെന്നു സത്രം വിരോധിച്ചു—
തത്ര മേവും ബഹു ശ്രോത്രിയന്മാരെയും
ശാസ്ത്രിജനത്തെയും സാത്വികരായുള്ള
ധാത്രീസുരേശ്വരന്മാരെയും നിഗ്രഹി–
ച്ചാർത്തുവിളിച്ചു കളിച്ചു പുളച്ചുകൊ–
ണ്ടാത്തകോലാഹലം സഞ്ചരിച്ചീടുന്ന
രാത്രിഞ്ചരേന്ദ്രന്റെ ദുഷ്ടകർമ്മംകൊണ്ടു
ധാത്രീതലങ്ങളിൽ ധർമ്മവും കർമ്മവും
നഷ്ടമായെന്നല്ല നല്ല പെണ്ണുങ്ങളും
ശിഷ്ടജനങ്ങളും നെല്ലും ധനങ്ങളും
തുഷ്ടിയും പുഷ്ടിയുമഷ്ടിയുമിഷ്ടിയും
വൃഷ്ടിയും കൃഷ്ടിയും നഷ്ടമായ്‌വന്നിതു
നഷ്ടി പിടിപെട്ടു നാനാജനങ്ങളും
കാട്ടിലും വീട്ടിലുംനിന്നു പുറപ്പെട്ടു
കാട്ടിലും കോട്ടിലുമോരോതരം മല–
മൂട്ടിലും തോട്ടിലുംപുക്കൊളിച്ചീടിനാർ;
ശക്രന്റെ നാട്ടിലും ചെന്നു നക്തഞ്ചരൻ

വിക്രമമോരോന്നു കാട്ടിത്തുടങ്ങിനാൻ;
നിഷ്ക്കുടം[1]പുക്കുടൻ ദുർഘടൻ ദുർമ്മുഖൻ
മർക്കടംപോലെ മുടിച്ചുതുടങ്ങിനാൻ;
ഇക്കണക്കുള്ളൊരു ദുഃഖത്തിനൊക്കവേ
മയ്ക്കണ്ണിയാളാകുമുർവശിതന്നുടെ
ഉൽക്കടമായുള്ള ശാപംനിമിത്തമെ—
ന്നിക്കഥകൊണ്ടു ദുഷിക്കുന്നു ദേവകരം;
പിന്നെയും പോന്നിങ്ങു പിംഗാക്ഷരാക്ഷസൻ
മന്നിടംതന്നിൽ നടക്കും ദശാന്തരേ
ഉന്നതമാകും വിദേഹരാജാവിൻെറ
മന്ദിരംതന്നിലും ചെന്നു പുക്കീടിനാൻ.
അന്നേരമങ്ങു ഹരിണീകുമാരിയും
തന്നുടെ ചെങ്ങാതിമാരുമൊരുമിച്ചു
ചന്ദനപ്പൂങ്കാവുതന്നിൽ കളിക്കുന്നു
മന്ദവാതങ്ങളുമേററു സുഖിക്കുന്നു
പന്തുകളാടുന്നു പുഷ്പങ്ങരം ചൂടുന്നു
ചിന്തുകരം പാടുന്നു മേളങ്ങരം കൂടുന്നു
ചന്തമോടിങ്ങനെ മേവും ഹരിണിതൻ
കാന്തിവിശേഷങ്ങരം കണ്ടു നിശാചരൻ
ചെന്താർശരൻെറ ശരങ്ങളേററന്തികേ
സന്താപമുരംക്കൊണ്ടൊളിച്ചു നിന്നാനവൻ;
'പന്തണിക്കൊങ്കമാർമൗലിയിവരം മമ
കാന്തയായ് വന്നെങ്കിലെത്ര മഹോത്സവം!
ചിന്തിച്ച സംഭോഗമെല്ലാമെനിക്കിന്നു
സന്ധിക്കുമാറുള്ള സംഗതി വന്നിതു
എന്തിനു താമസിക്കുന്നു ഞാൻ ചെന്നുകൊ—
ണ്ടന്തികേ നിന്നു പറഞ്ഞു ബോധിപ്പിച്ചു
സമ്മതത്തോടേ ലഭിക്കയോ വേണ്ടതു?
നിർമ്മരിയാദം പിടിക്കയോ വേണ്ടതു?
സമ്മതമെങ്കിലതുതന്നെയെന്നിയേ
സമ്മതമില്ലെങ്കിലാശു ഹരിക്കയും
മൻമനോമോഹം ലഭിക്കാതെപോയെങ്കിൽ
മൻമഥൻ നമ്മെത്തരംകെടുക്കും ശഠൻ;'
ഇത്തരം ചിന്തിച്ചു നക്തഞ്ചരാധമൻ
സത്വരം ചെന്നു പറഞ്ഞുതുടങ്ങിനാൻ:
''ഉത്തമസ്ത്രീമണേ! കന്യകാരത്നമേ!
നക്തഞ്ചരേന്ദ്രനാമെന്നെ നീ കാൺകെടോ!

---

1. നിഷ്ക്കുടം=പൂങ്കാവ്.

എത്രയും സുന്ദരൻ ഞാനെന്നറിക നീ
നേത്രാംബുജങ്ങൾ മിഴിച്ചു നോക്കീടുക
രാത്രിഞ്ചരൻമാർക്കെജമാനനേഷ ഞാൻ
ധാത്രിയും പാതാളദേവലോകങ്ങളും
ഇത്രിലോകങ്ങളെല്ലാം ജയിച്ചീടുന്ന
ശക്തിമാനാമെന്റെ ഭാര്യയായ് വാഴ്ക നീ!
സക്തിയുള്ളൊരു പിംഗാക്ഷനാമെങ്കൽ വി–
രക്തികാട്ടീടൊലാ കഞ്ജായതേക്ഷണേ!’’
സംഗാഗ്രഹംകൊണ്ടിവണ്ണം പറയുന്ന
പിംഗാക്ഷനെക്കണ്ടു പേടിച്ചു കന്യയും
ചെങ്ങാതിമാരും ഭയന്നു വിയർത്തീടു–
മംഗം തളർന്നു കരഞ്ഞു വിരഞ്ഞഹോ!
തിങ്ങിന സങ്കടംപൂണ്ടങ്ങെഴുന്നേററു
മങ്ങിന ഭാവേന പോവാൻ തുടർന്നപ്പോ–
‘‘ളിങ്ങു വാടീ! മഹാഭോഷിയായുള്ള നീ
എങ്ങു പോവാൻ തുടങ്ങുന്നു മമ പ്രിയേ!’’
എന്നു പറഞ്ഞു കരത്തിലെടുത്താശു
കന്യയെക്കൊണ്ടു തിരിച്ചിതു മേല്പോട്ട്;
ആകാശമാർഗ്ഗത്തുയർന്നു നിശാചരൻ
ഹാകാരമോടേ കരഞ്ഞിതു കന്യക:
‘‘അയ്യോ! ജനക! ജനനീ! സഖികളേ!
അയ്യോ! ശിവശിവ! ദേവി! വിശ്വംഭരേ!
അയ്യോ! ഗൃഹോദ്യാനദേവതാവർഗ്ഗമേ!
അയ്യോ! മഹാമഹീദേവവൃന്ദങ്ങളേ!
അയ്യോ! ഗുരുവരൻമാരേ! നമുക്കിന്നു
ദുര്യോഗമിങ്ങനെ വന്നകപ്പെട്ടിതോ!
അയ്യോ! മഹാഘോരരാക്ഷസൻതന്നുടെ
കൈയ്യിലായ്വന്നു ഞാനിന്നു മാലോകരേ!’’
ഏവം വിളിച്ചു കരയുന്ന കന്യയെ–
ദേവമാർഗേണകൊണ്ടങ്ങു മണ്ടി ദ്രുതം
കേവലം നല്ലൊരു കാട്ടിൻനടുവിലെ
ഭൂവലയത്തിലിറക്കിപ്പതുക്കവേ
ഏററം മിനുപ്പുള്ള പാറമേലമ്പോടു
കേററിയിരുത്തിക്കനിവോടു രാക്ഷസൻ;
മാററിത്തമുള്ളവൻ കന്യകാരോദനം
മാററിവയ്പാൻ പ്രയത്നം തുടങ്ങീടിനാൻ;
അക്കാലമങ്ങയോദ്ധ്യാപുരം വാഴുന്ന
ചൊല്ക്കൊണ്ട മന്നരിൽ മന്നൻ മഹാരഥൻ

ശക്തൻ വസുമനസ്സെന്നു പേരായവൻ
മുക്തസന്ദേഹൻ മുകുന്ദസേവാപരൻ
വിത്തസമ്പത്തിനാൽ വിത്തേശസന്നിഭൻ
നിത്യധർമ്മംകൊണ്ടു ധർമ്മരാജോപമൻ
തത്ത്വബോധത്താൽ ബൃഹസ്പതിക്കൊത്തവൻ
സത്ത്വഗുണംകൊണ്ടു വിഷ്ണുതുല്യോദയൻ
ശാസ്ത്രവിജ്ഞാനേന ശംഭുതുല്യൻ നല്ല
ശസ്ത്രാസ്ത്രവിദ്യയാ ഭാർഗ്ഗവൻതാനവൻ
ഗാത്രസൗന്ദര്യേണ കാമദേവോപമൻ
ഗോത്രശുദ്ധ്യാ പരമേഷ്ഠി[1]ക്കു സന്നിഭൻ
വീര്യവും വിദ്യാവിവേകവും ശൗര്യവും
കാര്യബോധങ്ങളും ധൈര്യഗാംഭീര്യവും
വൈര്യപായം വരുത്തീടുവാനെത്രയും
ക്രൗര്യവും കീർത്തിയുമോർത്താൽ മഹീതലേ
സൂര്യവംശത്തിൽ ജനിച്ചതിന്നേതുമേ
പോരായ്കയില്ലെന്നു ചൊല്ലുന്നു സജ്ജനം;
മന്ത്രജ്ഞനാകും മഹീശനു ചേരുന്ന
മന്ത്രീശ്വരൻമാരുമാരും കുറവില്ല
ബന്ധുക്കളും നല്ല സേനാപതികളും
സിന്ധുപ്രമാണം പുരുഷകാരങ്ങളും[2]
പൂജ്യത്വമേറും ദ്വിജൻമാരുമുള്ളൊരു
രാജ്യത്തിനേതുമനർത്ഥമില്ലെങ്ങുമേ;
ആജ്യവുമന്നവും തങ്ങളിലുള്ളൊരു
യോജ്യംകണക്കെ നൃപനും പ്രജകൾക്കും
ചേർച്ചയുണ്ടെന്നാകിൽ നാട്ടിലൊരേടവും
ചോർച്ചയുണ്ടാകയില്ലെന്നതു നിർണ്ണയം;
ചാർച്ചയുള്ളാളുകൾ വന്നു കലമ്പുന്ന
തോർച്ച[3]യുണ്ടാകിലേ രാജ്യശുഭംവരൂ;
പെണ്ണുങ്ങളോടു വിചാരിച്ചു കാര്യങ്ങൾ
നിർണ്ണയിച്ചീടും പ്രഭുക്കളേക്കാൾ പച്ച–
മണ്ണുകൊണ്ടുള്ള കുടത്തിന്നുറപ്പേറു–
മെന്നു ചൊല്ലുന്നു മഹത്ത്വമേറുന്നവർ;
കാര്യാധികാരിയെക്കണ്ടാൽ നമുക്കിന്നു
കാര്യങ്ങൾ സാധിക്ക വൈഷമ്യമായ്‌വരും
നാണിയെക്കണ്ടാലെളുപ്പമാമെന്നൊരു
നാണിയം നാട്ടിൽ നടത്താതിരിക്കണം.

---

[1] പരമേഷ്ഠി = ബ്രഹ്മാവ്. [2] കടലിനു തുല്യം പുരുഷാരം = വളരെ വർദ്ധിച്ച ജനസമ്പത്ത് എന്നു സാരം. [3] ഓർച്ച = ഓർമ്മ; വിചാരം.

നാട്ടിന്നധീശനാകുമ്പോഴം നടേതന്നെ
പാട്ടിലാക്കേണം വിചാരമുള്ളോർകളെ
നാട്ടിലെ വാർത്തകളെല്ലാമവരോടു
കേട്ടു ഗുണദോഷമെല്ലാം വിചാരിച്ചു
പട്ടാങ്ങു ചേരുന്നപോലെ നടത്തുവാ—
നഷ്ടാംഗയോഗിക്കുപോലുമെളുതല്ല
കേട്ടതും കണ്ടതും കാട്ടിത്തുടങ്ങിയാൽ
കാട്ടുകോവില്ക്കെന്തു സംക്രാന്തിയെന്നപോൽ
നാട്ടുകാരാരും യജമാനനെച്ചെററു
കൂട്ടാക്കുകില്ലെന്നു വന്നുപോകും ക്രമാൽ;
കൂട്ടങ്ങളീവകയൊന്നും വസൂമന—
ശ്രേഷ്ഠഭൂപാലൻെറ നാട്ടിലില്ലെങ്ങുമേ;
വേട്ടയ്ക്കു വേണ്ടുന്ന വട്ടങ്ങളൊക്കവേ
കൂട്ടിപ്പുറപ്പെട്ടു ഭൂപാലപുംഗവൻ;
നാട്ടിൽ നായൻമാരശേഷം വിളികൊണ്ടു
വീട്ടിൽനിന്നൊക്കെപ്പുറപ്പാടൊരുങ്ങുന്നു:
''കാക്കരച്ചാരെങ്ങുപോയി തനിക്കുള്ള
തോക്കും നമുക്കു തരാമോ തനിക്കെടോ?''
''തോക്കു ഞാനങ്ങൊരു കൊങ്ങിണിച്ചെട്ടിക്കു
തൂക്കുപുകയിലയ്ക്കായിട്ടു വിററുപോയ്;''
''എന്തിനുപാഴിൽ കുരളപറയുന്നു
കോന്തിപ്പണിക്കരെച്ചന്നു കൊടുത്തൊരു
കുന്തം പകരമായ് മേടിച്ചു താനതു
ചന്തമില്ലെന്നിട്ടു വച്ചിരിക്കുന്നുപോൽ;
തമ്പുരാൻ കല്പിച്ചു വൈകാതെ വേട്ടയ്ക്കു
വമ്പരായുള്ളവർ വന്നീടണമെന്നു;
വമ്പിനിക്കുണ്ടെന്നു തമ്പുരാൻ ബോധിച്ചു
വമ്പുലിയെപ്പണ്ടു കുത്തിപ്പിളർക്കയാൽ
ഒന്നിച്ചുതാൻപണ്ടു വേട്ടയ്ക്കുപോയന്നു,
പന്നിയെക്കണ്ടു പടലിലൊളിച്ചു താൻ
അന്നു പിടിച്ച കഴലപ്പനി തനി—
ക്കിന്നും പൊറുത്തീല മിണ്ടാതിരിക്കെടോ!''
''പാർത്താലുമിന്നു ഞാൻ പന്നിത്തടിയനെ
കൂർത്തുള്ള കുന്തത്തിനഗ്രേ മുനകൊണ്ടു
കോർത്തു കളിപ്പിച്ചതില്ലെങ്കിലെൻെറ പേർ
കോത്തച്ചനെന്നങ്ങു ചൊല്ലാമിണങ്ങരേ!
ലന്തക്കുഴലൊന്നു കിട്ടിയതെങ്കിലോ
തന്തപ്പുലിയെ വെടിവച്ചു കൊല്ലുവാ—

നന്തരമില്ലെന്റെ വില്ലും കണകളും
വെന്തുപോയീ വീടു പണ്ടു ദഹിച്ചന്നു;
കാട്ടുജന്തുക്കളെക്കൊല്ലുവാൻ നല്ലൊരു
ചാട്ടുകുന്തം പണ്ടുകൊണ്ടു ഞാനായതും
ചേട്ടനൊരു കുറി വേട്ടയ്ക്കു കൊണ്ടുപോ–
യ്ക്കാട്ടിൽ കളഞ്ഞേച്ചു വീട്ടിൽ വന്നാനവൻ
ആയുധംകൂടാതെ താനെന്തെടോ കാട്ടിൽ
നായാട്ടിനായി പുറപ്പെട്ടു നായരേ?''
‘‘വായും പിളർന്നു കടുവാ വരുന്നേര–
മായുധമുണ്ടെങ്കിലോടുവാൻ ദുർഘടം,
വീട്ടിലിരുന്നു പൊറുപ്പാനിനിക്കടം–
വീട്ടിയല്ലാതെ ചിതംവരത്തില്ലെടോ!
പട്ടരച്ചൻ വന്നു പാടുപാർക്കും പണം–
കിട്ടാതെ പോകയില്ലദ്ദേഹമിന്നു ഞാൻ–
വേട്ടയ്ക്കു പോവാനൊരുങ്ങുന്ന നേരത്തു
പട്ടരച്ചൻ മരിപ്പാൻ വരുമപ്പൊഴേ!

എട്ടുരാശിപ്പണമിപ്പോളിരട്ടിച്ചു
മുട്ടിച്ചു പാർക്കുന്നതും കുററമല്ലെടോ;
‘‘കല്പന വന്നതു കേട്ടീലയോ നിങ്ങൾ
കല്പനക്കാരൻ കലമ്പിത്തുടങ്ങിയാൽ
നില്പാനൊരേടത്തു സംശയിക്കില്ലെടോ!
സദ്ഭാവമാരും തുടങ്ങേണ്ടിണങ്ങരേ!
‘‘നായ്ക്കളെയെല്ലാം വിളിച്ചുവരുത്തുവിൻ
നായാട്ടിനങ്ങു നടപ്പിൻ മടിക്കാതെ''
‘‘കേളനെന്നുള്ള നായെങ്ങു തനിക്കുള്ള
കാളനെന്നുള്ള നായെങ്ങെടാ നമ്മുടെ
വാലുമുണ്ടന്നായ്ക്കു കാലു മുടക്കമായ്
നാലുമാസമുണ്ടനങ്ങാതെ പാർക്കുന്നു!''
‘‘വട്ടച്ചെവിയനെക്കൊണ്ടു പുറപ്പെട്ടു
വേട്ടയ്ക്കിറങ്ങുന്ന നേരം തനിക്കുള്ള
കുട്ടിപ്പുലിയനെക്കെട്ടഴിച്ചെങ്കില–
പ്പട്ടികൾ തമ്മിൽ കടി തുടങ്ങീടുമേ''
‘‘വട്ടക്കണ്ണനുങ്കണ്ടഞ്ചാത്തനും കരുമനും
കുട്ടിപ്പാണ്ടനും പിന്നെ കുറുമോന്തപ്പട്ടിതാനും
കൊട്ടുകാലനും വാലുമുറിയനും വെള്ളുനായും
കുട്ടിത്തൊമ്മനും കൂടിക്കുരച്ചുകൊണ്ടടുക്കുമ്പോ–
ളെട്ടുദിക്കിലുമങ്ങു ജനമെല്ലാം നടുങ്ങിപ്പോ–
മൊട്ടും സംശയം വേണ്ടാ നടന്നാലും ഭടന്മാരെ!''

നായാട്ടിന്നൊരുമ്പെട്ടു നടകൊണ്ടു പലകൂട്ടം
നായൻമാരൊരുമിച്ചു പറകൊട്ടിപ്പുറപ്പെട്ടു
നായും കൂട്ടവും നല്ല വലക്കെട്ടും വടിക്കോലും
ആയുധങ്ങളും കൈയ്യിലിളക്കിക്കൊണ്ടവർ ചെന്നു
കോയിക്കൽക്കകംപുക്കു തമ്പുരാനു മുഖം കാട്ടി
സ്ഥായിക്കാരിവരെന്നു തിരുവുള്ളം വഴിപോലെ
പോയിക്കാനനം തന്നിൽ വല കെട്ടിയുറപ്പിച്ചു
നായാടിപ്പരിഷകൾ നടേതന്നെ പലകൂട്ടം;
ഭൂമിപാലനു മുന്നം വരുണൻതാൻ കൊടുത്തോരു
ജീമൂതാഖ്യമാം ദിവ്യക്കുതിരയുണ്ടതിരേകം
വേഗമേറുമശ്വത്തിൻ മുതുകേറി മഹീപാലൻ
വേഗേന വനംപുക്കു വേട്ടയാടിസ്സഞ്ചരിച്ചു!
പന്നികൾ കരടികൾ പുലികളും കടുവായും
ചെന്നായും കലകളും വലകളിലകപ്പെട്ടു
മാനുകൾ മഹിഷങ്ങൾ ശരഭങ്ങൾ തരക്ഷുക്കൾ
ആനകളനവധി മഹാസിംഹങ്ങളും പിന്നെ
വള്ളിക്കേഴകൾ വള്ളിപ്പുലി പുള്ളിപ്പുലികളും
തുള്ളിച്ചാടിയോടുന്ന മുയലുകൾ മയിലുകൾ;
മുള്ളമ്പന്നികൾ കള്ളക്കുറുനരി ചെറുപന്നി
വെള്ളപ്പന്നികൾ നീലക്കുരങ്ങുകളിവയെല്ലാം
വള്ളിക്കെട്ടുകൾ കാടും പടലും പുല്ലുകൾ കല്ലും
തള്ളിക്കൊണ്ടങ്ങുമിങ്ങും ഭയപ്പെട്ടു മണ്ടുമപ്പോൾ
പള്ളിവിൽക്കുലയേററി നരപതി ശരമെയ്തു—
കൊള്ളിച്ചു മൃഗങ്ങളെത്തുള്ളിച്ചു കടുഞ്ചോര—
ത്തുള്ളികൾ വിപിനത്തിനുള്ളിലൊക്കവേ ചേർത്ത
ചുള്ളിക്കാട്ടിലും മുള്ളുവള്ളിക്കോട്ടിലും തേടി
കണ്ടെത്തും മൃഗത്തിന്റെ കണ്ഠത്തിൽ കണകൊണ്ടു
കണ്ടിച്ചും കളിക്കുന്നു വില്ലൻമാരൊരുകൂട്ടം;
മല്ലൻമാർ പല ദിക്കിൽ ചെല്ലുന്ന മൃഗങ്ങളെ
കൊല്ലുന്നു പിടിക്കുന്നു ചന്തക്കാരൊരുവക
കുന്തക്കാരൊരു ദിക്കിൽ ചത്ത പന്നിയെച്ചെന്നു
കുത്തിക്കോർത്തെടുക്കുന്നു മലകളിലൊളിക്കുന്നു
കല പുലി കരി കിടി പല പല കരടികൾ
വലകളിലകപ്പെട്ടു വലയുന്നുണ്ടൊരു ദിക്കി—
ലലയുന്നുണ്ടൊരു ദിക്കിൽക്കലശെലിങ്ങനെ കാട്ടിൽ
പലവിധമിയലുന്നു വലപൊട്ടിച്ചോടിടുന്നു;
താടിക്കാരനായിട്ടങ്ങൊരുത്തൻ പന്നിയെക്കണ്ടു
പേടിച്ചു പടലിൽ പുക്കൊളിച്ചുകൊണ്ടിരിക്കുമ്പോൾ

മോടിക്കാരനായിട്ടങ്ങൊരുത്തൻ ചെന്നു സൂക്ഷിച്ചു
താടി കണ്ടുടൻ നീലക്കുരങ്ങെന്നു നിരൂപിച്ചു
മുഖത്തങ്ങു കുഴൽചേർത്തു വെടിവച്ചു കൊന്നു ചെന്നു–
നോക്കുമ്പോളെന്റെ ചേട്ടൻ പെട്ടുവെന്നു മുറയിട്ടാൻ;
പൊക്കത്തിൽ കേറിനിന്നു കടുവായെ വെടിവെപ്പാൻ
തക്കത്തിലുറപ്പിച്ചു പാർത്തിരുന്നാനൊരു വീരൻ;

പൊക്കത്തിലൊന്നു ചാടിക്കടുവാ വന്നടുത്തപ്പോൾ
ചിക്കെന്നു ഭയപ്പെട്ടു വിറച്ചു ബോധവും കെട്ടു
കാട്ടുപോത്തിനെക്കണ്ടു വിരണ്ടുംകൊണ്ടു മണ്ടുന്ന
കാട്ടാളനൊരു പൊണ്ണൻ വലയിൽ ചെന്നകപ്പെട്ടു;

കാട്ടുപന്നിയെന്നോർത്തു മറ്റൊരുത്തൻ ചെന്നു കുത്തി–
ക്കോർത്തുപാത്തുകണ്ടപ്പോൾ ചെണ്ടകൊട്ടിയെന്നായി;
തടിച്ച പന്നികൾ പാഞ്ഞങ്ങടുക്കും പട്ടികൾ ചാടി–
ക്കടിക്കുമൊത്തു വീണങ്ങു കിടക്കും പന്നിയെക്കെട്ടി–
യെടുക്കും മറ്റൊരു കൂട്ടം മുടക്കും തങ്ങളിൽത്തന്നെ
തടുക്കും ശണ്ഠയുമിട്ടു നടക്കും തങ്ങടെ നല്ല
മിടുക്കും വീര്യവുമേറ്റം നടിക്കും കള്ളുമങ്ങൊട്ടു
കുടിക്കും കാട്ടിൽ വീണങ്ങു പിടിക്കും മാംസവും നന്നായ്
കിടയ്ക്കുമായതുകൊണ്ടു കടുക്കും കോപമന്നേര–
മടിക്കും തമ്മിലീവണ്ണം ഭടൻമാർക്കുള്ള ചട്ടങ്ങൾ.

ഇപ്രകാരം പള്ളിവേട്ടയാടിക്കൊണ്ടു
തൽപ്രദേശങ്ങളിൽ സഞ്ചരിച്ചീടുന്ന
വിപ്രദേവപ്രിയൻ വീരൻ മഹീപതി
വിപ്രലാപം തത്ര കേട്ടു വനാന്തരേ

ക്ഷിപ്രം കുതിരമേലേറി നടക്കുന്ന
സുപ്രതാപൻ നൃപൻ ചെന്നു നോക്കുംവിധൗ
അപ്രമേയാകാരശോഭാമൃതങ്ങൾ കൊ–
ണ്ടപ്രദേശത്തെ പ്രകാശമാക്കീടുന്ന

കന്യകാരത്നത്തെ വീക്ഷണംചെയ്തിതു
ഖിന്നതപൂണ്ടു കരഞ്ഞുകൊണ്ടങ്ങനെ.
പിന്നെക്കറുത്തിരുണ്ടഞ്ജനക്കുന്നോടു
സന്നിഭനാകുന്ന നക്തഞ്ചരനെയും;
ധന്യാനുഭാവൻ നരേന്ദ്രനരുൾചെയ്തു:
"കന്യാശിരോമണേ! ഖേദിക്ക വേണ്ട നീ
ഇന്നു ഞാനീ ദുരാചാരനാം ദുഷ്ടനെ
കൊന്നുടൻ നിന്നെ രക്ഷിക്കുന്നതുണ്ടെടോ!
സൗരഭ്യമേറുന്ന മുല്ലമാലാഗുണം
ക്രൂരനായുള്ള പുലിക്കു വേണ്ടുന്നതോ:

ആരെടാ മൂഢാ! നിശാചര! നില്ലെടാ!
പാരിടമെല്ലാംമുടിക്കുന്ന നിന്നുടെ
അന്ത്യകാലം വന്നടുക്കയാലീവണ്ണ—
മന്ധകാരം നിനക്കുള്ളിൽ നിറഞ്ഞിതു;
അന്തകൻതന്നുടെ വീട്ടിലേക്കുള്ളൊരു
പന്ഥാവു നോക്കിപ്പുറപ്പെട്ടു നീ ശഠാ!
ചാരത്തിൽ മൂടിക്കിടക്കുന്ന തീക്കട്ട
വാരിക്കരത്തിലെടുത്തുകൊണ്ടിങ്ങനെ
ദൂരത്തുനിന്നുവന്നിക്കാലമെന്നുടെ
ചാരത്തു നിന്നു നീ ഭസ്മമാകും ദൃഢം;''
പെട്ടെന്നു ഭൂപാലവാക്യങ്ങൾ കേട്ടുടൻ
പൊട്ടിച്ചിരിച്ചുരചെയ്തു പിംഗാക്ഷനും:
''വിഡ്ഢിത്തമോരോന്നുരയ്ക്കാതെ നില്ലെടാ!
വഡ്ഢിക്കു രണ്ടടി കൂട്ടുന്നതുണ്ടു ഞാൻ;
രക്ഷിപ്പതിന്നായി വന്നോരു നിന്നെ ഞാൻ
ഭക്ഷിപ്പതിന്നായൊരുമ്പെട്ടു മാനുഷാ!
ഇക്ഷിതിപാലനെ തിന്നു നമുക്കിന്നു
കുക്ഷിപൂർത്തിക്കുള്ള യോഗമുണ്ടായഹോ!
പെണ്ണിനെക്കണ്ടു കൊതിക്കൈകൊണ്ടിങ്ങനെ
പൊണ്ണൻ ജളത്വം പറഞ്ഞു പലവിധം
മണ്ണുന്തുരന്നു കിണറ്റിൽക്കിടക്കുന്ന
മണ്ഡൂകമെന്തോന്നു കണ്ടറിയുന്നതും!
മണ്ണിലും വിണ്ണിലും മറ്റൊരേടത്തുമീ
പെണ്ണിനോടൊക്കുന്ന പെണ്ണുങ്ങളില്ലെന്നു
ഖണ്ഡിച്ചുതന്നെ കഥിക്കാം വൃഥാ നിന്നു
ദണ്ഡിച്ചുകൊള്ളാതെ പൊയ്ക്കൊൾകനല്ലു നീ;
കന്യയെപ്പാലിപ്പതിന്നു മോഹിച്ചു നീ
കാലനൂർ പൂവാൻ തുടങ്ങുന്നതദ്ഭുതം
തന്നുടെ ശക്തിയറിയാതെ നമ്മോടു
വന്നു കയർത്തു പറഞ്ഞതും വിസ്മയം!
നില്ലെടാ! നിന്നെ കൃതാന്തനു നല്കുവാൻ
വില്ലെടാതെ തന്നെ സാധിക്കുമിന്നെടാ!
പല്ലിടതന്നിൽ പിടിച്ചമർത്തിച്ചോര
തെല്ലിടാതെ കുടിച്ചീടുന്നതുണ്ടു ഞാൻ.

മർമ്മതാളം

മാനുഷകുലകീടക! നിന്നുടെ മദഭരമിതു മതിമതി കേൾ
ഞാനൊരു പശുവല്ലെട നിന്നുടെ കടുമൊഴി കേട്ടു സഹിപ്പാൻ
മാനമുടയ നിശിചരകുലപതിതന്നുടെ നന്ദനനാകും
മാനുഷകുലഭക്ഷണദക്ഷിണപിംഗാക്ഷാശരവീരൻ;''

''കുണ്ഠതപെരുകീടിന കുടിലനിശാചര നില്ലെട മൂഢാ!
വണ്ടണികുഴൽമണിയെ വലിച്ചുപിടിച്ചു വലച്ചതുമൂലം
കണ്ടക! തവ കണ്ഠവിലുണ്ഠനമിന്നിഹ വന്നുഭവിച്ചു
കണ്ട കപട വികടകഠോരത കൊണ്ടിതു സംഗതിവന്നു
കുംഭിനികര കുംഭതടത്തിലടിച്ചു കടിച്ചു പിളർക്കും
ജൃംഭിതബലമുടയൊരു സിംഹമടുത്തു കടുത്തുവരുമ്പോൾ
മുമ്പിലധിക ചപലതപെരുകിന കുറുനരി മറുതലയാമോ?''
''വമ്പുകളിതു മതിമതി മാനുഷഭീഷണി നമ്മൊടു കൂടാ''
''നിശിചരകുലകീടക! നിന്നുടെ വികൃതശരീരമതിപ്പോൾ
നിശിത ശിലീമുഖമുഖമേറ്റു മുറിഞ്ഞു മറിഞ്ഞു പതിക്കും
ദിശി ദിശി മരുവുന്ന ജനങ്ങടെ സങ്കടമിന്നു ശമിക്കും
ശശിമുഖിയുടെ ഹരണമിദം ബഹുഗുണഫലമെന്നതു വന്നു'
ഇത്തരമധമോത്തരവാക്കുകൾ തമ്മിലുരത്തു കയർത്തും
യുദ്ധരസമിയന്നു മുതിർന്നുമടിച്ചു പിടിച്ചുമറിച്ചും
സത്വരതരമടവിതടങ്ങളിലുല്ക്കടപടുരവഘോഷം
തത്ര കിമപി സമയമജായത സംഗരമധികവിശേഷം;
മന്നവകുലമകുടശിഖാമണി വില്ലു കുലച്ചു വലിച്ചു
വഹ്നിശകലകലിതമതാകിന ബാണമെടുത്തു തൊടുത്തു
ഉന്നതഗിരി കഠിനനിശാചരവക്ഷസി വിരവൊടു വിട്ടു
ഭിന്നഘനകളേബരനാമവനവനിയിൽ വീണടിപെട്ടു;
അടവിതടവിടപികളഖിലമൊടിഞ്ഞു പൊടിഞ്ഞു തകർന്നു
ചടചടകടുരടിതവുമുടനുടനവിടെ നിറഞ്ഞു കവിഞ്ഞു
പൊടിപടലികളുടമയിലുപരി കിളിർന്നു വളർന്നു പരന്നു
വടിവൊടു പല കലശലുമുലകതിലമ്പൊടു സംഭൃതമപ്പോൾ
നിശിചരവധമിങ്ങനെചെയ്തൊരു ഭൂതലപാലനശീലൻ
ശശിമുഖിയുടെസവിധേചെന്നു കനിഞ്ഞുപറഞ്ഞു പതുക്കെ:
''കൃശതനു! നനു ഭീതികളഞ്ഞു തെളിഞ്ഞുവസിക്ക
സുശീലേ!
വശഗതനഹമഹിമകരാന്വയജാതമഹീപതിപുത്രൻ
തവ പുനരിദമെന്തൊരു കാരണമിങ്ങനെ സംഗതിവന്നു?
കുവലയദളനയനേ! നിന്നുടെ കുലമേതെന്നതു ചൊൽക
അവികലഗുണശാലിനി നിന്നുടെ താതനുമമ്മയുമെങ്ങ്?
സുവിശദമതു ചൊല്ലുക മമ ഹൃദി കൗതുകമുണ്ടതു
കേൾപ്പാൻ;''

കാരികതാളം

''നിരുപമനൃപതേ! മമ നിശമയ വചനം
നരവരനയനാമൃതസരസശരീര!
വിമലയശോരാശി വിദേഹനരേന്ദ്രൻ
മമ ജനകൻ കേവലമവനിമഹേന്ദ്രൻ;
മമ പുരി മലർവാടിയിലാളികളോടേ

സമമതി മതിമോഹനകേളികളോടേ
കിമപി സുഖിച്ചങ്ങനെ മേവിനനേരം
കുമതി നിശാചരനിവനുരുതരഘോരം
ഖലമതി ചതിയാൽ മമ മുന്നിലടുത്തു
തലമുടി ബതപിടിപെട്ടുടനെയെടുത്തു
കുലമലയൊടു സന്നിഭനാകിന പാപി;
പല പല കടുവാക്കു പറഞ്ഞിതു കോപി,
വനതലഭുവികൊണ്ടിഹ വന്നു ദുരാശൻ
നന്നു, തവ ശരമേറ്റു മരിച്ചു നിരാശൻ
അനുപമകരുണാമൃതസാഗരസുമതേ!
മനുകുലമണിഭൂഷണ! സുന്ദര! നൃപതേ!
താവകകൃപകൊണ്ടിഹ ജീവിതലാഭം,
കേവലമധുനാ മമ വന്നു സുശോഭം
പാവനചരിതൗഘ ഭവാൻമമ ശരണം
ജീവിതസമ! വിരവൊടു വരനായ്‌വരണം;

പുരംതന്നിൽ മരുവുന്ന ജനകനും ജനനിയും
നരൻമാർ നാരിമാരെന്നെത്തിരയുന്നു കരയുന്നു
വിരവൊടജ്ജനത്തിന്റെ പരിതാപം ശമിപ്പിപ്പാൻ
പുരിതന്നിലെന്നെയങ്ങു കൊണ്ടുചെന്നു വഴിപോലെ
തരസാ സങ്കടം തീർത്തു പുനരെന്റെ വിവാഹത്തെ
പരിചോടേ ഭവാൻതന്നെ ചെയ്തുകൊൾക മഹീപാലാ!
പരമാനന്ദമെന്നാലെൻ ജനകനും ജനനിക്കും
പുരവാസിജനങ്ങൾക്കും നമുക്കും സംഭവിച്ചീടും;''
നരപാലനുരചെയ്തു: ''നളിനലോചനേ! ബാലേ!
സരസം നിന്നുടെ ഭാവമനുകൂലമിദമെങ്കിൽ
വരനായി വരേണം ഞാനെന്നുതന്നെ മമ മോഹം
സുരനാരീസമേ! നിങ്കലനുരാഗമധികം മേ!
വരുണൻ തന്നൊരു ദിവ്യതുരഗമുണ്ടെനിക്കിപ്പോൾ
വരവാണീമണേ! നിന്നെ പുരിതന്നിൽക്കൊണ്ടുചെന്നു
വിരവോടേ വസിപ്പിച്ചു വരുമിങ്ങു സുഖമോടേ;
തുരഗമേറുക ബാലേ! തരസാ കോമളശീലേ!
വരുമല്ലോ ശുഭേ! നിന്റെ സ്വയംവരം മഹാഘോഷം;
വരുന്നുണ്ടന്നു ഞാനങ്ങു വളരെത്താമസമില്ല
ഹരിണീ നീ നരേന്ദ്രൻമാർ കണ്ടിരിക്കെക്കനിവോടേ
വരണം ചെയ്കവേണമ്മാമന്നു നീയിന്നു പോയാലും;''
സരസം ഭൂമിപാലന്റെ ഗിരംകേട്ടു പ്രസാദിച്ചു
ഹരിണി വാജിമേലേറി വസിച്ചു യാത്രയും ചൊല്ലി,
തുരഗം ധാവതിചെയ്തു വിദേഹന്റെ പുരന്തന്നിൽ
ത്വരിതം ചെന്നുനിന്നപ്പോളിറങ്ങി കന്യകതാനും;

തിരിഞ്ഞുപോന്നിതു വേഗാൽ തുരഗം ഭൂപതിതന്റെ
അരികിൽ വന്നു നിന്നപ്പോൾ കരേറി മന്നവൻതാനും
വിരവോടങ്ങയോദ്ധ്യാമന്ദിരന്തന്നിലകമ്പുക്കു
വസിച്ചു സ്വൈരമാംവണ്ണം വസുമനോമഹീപാലൻ.

അന്നേരമങ്ങു വിദേഹന്റെ മന്ദിരേ
കന്യയെക്കാണാഞ്ഞു കേണുഴന്നീടുന്ന
മന്നവൻ വേഗവാൻ മാതാവുമപ്പുരി—
തന്നിലുള്ളാബാലവൃദ്ധം ജനങ്ങളും
കണ്ണുനീർ വാർത്തും കരഞ്ഞും കരംകൊണ്ടു
തിണ്ണമുരസ്സിലടിച്ചു വിലാപിച്ചു
മണ്ണിൽക്കിടന്നങ്ങുരുണ്ടുമ്പിരണ്ടു ''മീ—
വണ്ണമാർക്കുമൊരു ദുഃഖംനടേയൊരു
പെണ്ണിന്നുമാണിന്നുമുണ്ടായറിവില്ല;
പുണ്യമില്ലാതൊരു കൂട്ടത്തെയിങ്ങനെ
പുണ്ഡരീകോദ്ഭവൻ തീർത്തതെന്തീശ്വരാ!
എണ്ണമില്ലാത്ത ഗുണങ്ങളോടേയൊരു
പെണ്ണിനെത്തീർത്തു പണിപ്പെട്ടു ഞങ്ങടെ
കണ്ണിനു കാട്ടിക്കവർന്നുകൊണ്ടാലെത്ര
ദണ്ഡം ജനങ്ങൾക്കു ഹാഹന്ത! ദൈവമേ!
ചണ്ഡസ്വഭാവമെന്തിങ്ങനെ കാട്ടുന്നു;''
കൂട്ടമോടേ മുറയിട്ടുകൊണ്ടിങ്ങനെ
കാട്ടിലും നാട്ടിലും വീട്ടിലും പോട്ടിലും
കോട്ടിലും മാമലമൂട്ടിലും മാട്ടിലും
കാട്ടിലെല്ലാടവും കുണ്ടുകിണററിലും
പിന്നെക്കളത്തിൽ കുളത്തിൽ തളത്തിലും
ചെന്നു തിരഞ്ഞടങ്ങിപ്പാർക്കുമന്തരേ
‘കന്യക വന്നിഹ ഗോപുരദ്വാരേണ
മന്ദിരന്തന്നിൽ കടന്നു’വെന്നിങ്ങനെ
ചെന്നു കാവല്ക്കാരറിയിച്ചനേരത്തു
തന്നുടെ മെയ്യിലണിഞ്ഞുള്ള കോപ്പുക—
ളൊന്നൊഴിയാതെ കാവല്ക്കാർക്കു നല്കിനാൻ;
മന്നവൻ കന്യയെച്ചെന്നെടുത്താദരാൽ
തന്നുടെ പള്ളിമാടം കരേററിക്കൊണ്ടു
തന്നുടെ ഭാര്യയും താനും സഖികളും
പിന്നെയും പിന്നെയും ഗാഢം പുണർന്നുടൻ
കണ്ണുനീർകൊണ്ടു കുളിപ്പിച്ചു കന്യയെ,
രണ്ടരനാഴികനേരമൊരക്ഷരം
മിണ്ടുവാൻമേലാഞ്ഞു കണ്ണുനീരും വാർത്തു

കണ്ടിവാർകേശിയെക്കണ്ടിരുന്നൂ നൃപൻ;
മുണ്ടുകൊണ്ടാനനം തോർത്തിപ്പതുക്കവേ
ചുണ്ടനക്കിപ്പറവാനായ് തുടർന്നതു
കണ്ടു ഹരിണി വിരവിനോടേ തനി-
ക്കുണ്ടായ വൃത്താന്തമെല്ലാമറിയിച്ചു
കൊണ്ടാടി വിസ്മയംപൂണ്ടു നരേന്ദ്രനും;

‘ലോകങ്ങൾ മൂന്നിലും വിശ്രുതനായുള്ള
സാകേതമന്നവൻതൻെറ കൃപകൊണ്ടു
രാകാശശിമുഖിയാകുമെൻ പുത്രിയെ-
ച്ചാകാതെ കിട്ടി നമുക്കെന്നു’ വേഗവാൻ

ചിത്തേ നിനച്ചു ‘വസുമനസ്സാ’കുന്ന
പൃഥ്വീപതിക്കെൻെറ പുത്രിയേ നല്കണം;
പൃഥ്വീതലങ്ങളിലെല്ലാമറിയിച്ചു
പാർത്ഥിവൻമാരെ വരുത്തി സ്വയംവരം
പാർത്തിരിയാതിങ്ങു ഘോഷിക്കയും വേണ-
മാർത്തി ശമിപ്പിച്ചവന്നു കൊടുക്കയും;

പ്രത്യക്ഷമിങ്ങു വരുത്തിക്കൊടുത്താകി-
ലത്യന്തമന്യഭൂപൻമാർ കയർത്തു പോ-
മൊക്കവേ വന്നാൽ, നമുക്കൊരു കുററം ഭ-
വിക്കയില്ലാരും ദുഷിക്കയുമില്ലിനി
മക്കൾക്കു ചേർന്നോനെ മാലയിട്ടാലതു
മാതാപിതാക്കൾക്കു കുററമായീടുമോ?

കൊച്ചുപെണ്ണിന്നു തെളിഞ്ഞവനേ മാല
വച്ചുപോരുന്നതു കണ്ടാൽ ബഹുജനം
അച്ഛൻെറ നിച്ചിരിയത്തമിതെന്നു ദു-
ഷിച്ചു പറഞ്ഞാലബദ്ധമെന്നേ വരൂ;

‘പെണ്ണിൻെറ കണ്ണിൽ പൊരുത്തമില്ലാതുള്ള
മണ്ണുകൊണ്ടെന്നെച്ചമച്ചതെന്തീശ്വരൻ’
എന്നു വിധിയെ ദുഷിക്കയല്ലാതെ പി-
ന്നൊന്നും ചിതംവരാ മററുള്ളവർക്കിനി;

ഒന്നേ നമുക്കൊരു പെണ്ണുള്ളു രജാക്ക-
ളൊന്നു രണ്ടല്ലൊരു നൂറുനൂറായിരം
എന്നാലിവളെ മുറിച്ചു പകുക്കയോ
എന്തുവേണ്ടുന്നു ഞാനേതുമറിഞ്ഞീല;
വാശ്ശതും കാണാമതുനേര മെല്ലാർക്കു-
മീശ്വരനല്ലോ പ്രമാണമാകുന്നതും
വിശ്വാധിനാഥനാം ശ്രീപദ്മനാഭനെ
വിശ്വസിക്കുന്നവർക്കെന്തഹോ സങ്കടം?

ഇത്രമാത്രം വിചാരിച്ചു മഹീപതി
പത്രമെഴുതിപ്പല പല ദിക്കിലും
ധാത്രീപതികൾക്കു ദൂതവൃന്ദങ്ങളെ
ധാത്രീതലന്തന്നിലോടിച്ചു വേഗവാൻ:
‘‘വൃശ്ചികമാസമിരുപതാം തീയതി
നിശ്ചിതമായി ഹരിണീസ്വയംവരം
ഇച്ഛയുള്ള ജനമെല്ലാമിവിടത്തി–
ലിച്ചൊന്ന തീയതിക്കെത്തേണ’’മിങ്ങനെ
വാചകം പ്രത്യേകമാലേഖനംചെയ്തു
വാചികൻമാരെപ്പറഞ്ഞയച്ചീടിനാൻ.
യാചകൻമാരായ് വരുന്ന ജനങ്ങൾക്കു
രോചകമായുള്ള ഭോജനം നല്കുവാൻ
നാല്പതുമെമ്പതും വാസരം സദ്യയ്ക്കു
കോപ്പുകൾ കൂട്ടുവാൻ കല്പിച്ചു മന്നവൻ;
തൽപുരമെല്ലാമലങ്കരിച്ചീടുവാൻ
താത്പര്യമേറുന്ന മന്ത്രീശ്വരൻമാരെ
എല്ലാം വരുത്തി വിചാരിച്ചു നീളവേ
ചൊല്ലാൻ മനോവേഗമുള്ള നായൻമാരെ
നില്ലാതെകണ്ടു നിയോഗിച്ചനന്തരം
കല്യാണഘോഷം പുകഴ്ന്നു മഹീതലേ;
അംഗരാജാവും കലിംഗഭൂപാലനും
വംഗരാജൻതാനവന്തിഭൂപാലനും
കർണ്ണാടഭൂപതി കാശ്മീരഭൂമിപൻ
ശാർണ്ണാധിരാജൻ നിഷധപുരേശ്വരൻ
കേകയൻ കോസലൻ സൗവീരമന്നവൻ
സാകേതഭൂപൻ വസുമനോനായകൻ
കുന്തിഭൂപാലനുമാരട്ടരചനും
കുന്തിഭോജൻ കുരുപാഞ്ചാലമാഗധൻ
സിന്ധുഭൂപാലനുമാന്ധ്രഭൂപാലനും
സിന്ധുഷേണാധിപൻ ചേദിഭൂവല്ലഭൻ
സൗരാഷ്ട്രമന്നവൻ കുന്ദൻ കളിന്ദനും
ശൂരസേനാധിപൻ സിംഹളാധീശ്വരൻ
മാദ്രൻ മഹാരാഷ്ട്രമന്നവൻ പാണ്ഡ്യനും
ഭാദ്രകേദാരൻ വിദർഭരാജേന്ദ്രനും
ആനർത്തരാജൻ ത്രിഗർത്തൻ പുളിന്ദനും
ഗോനർദ്ദരാജനും കാശിരാജേന്ദ്രനും
മാത്സ്യനും ഗാന്ധാരരാജനും പുണ്ഡ്രനും
മാത്സര്യശാലിയാം ഹേഹയാധീശനും

മാളവക്‌ഷോണീമഹേശനും ഗൗളനും
കാരൂശനാഥനും കാമരൂപേശനും
കാംബോജരാജനും ബാൽഹീകമന്നനും
കന്യകുബ്‌ജേശനും കാശ്‌മീരരാജനും
അന്യരാജ്യങ്ങളിലുള്ള രാജാക്കളും
കന്യാഗുണങ്ങളെക്കേട്ടു കാമാർത്തി പൂ—
ണ്ടന്യകാര്യങ്ങളേയെല്ലാമുപേക്‌ഷിച്ചു
തന്നുടെ തന്നുടെ സമ്പത്തിനൊത്തൊരു
സന്നാഹമൊക്കവേ കൂട്ടിപ്പുറപ്പെട്ടു;
വമ്പുള്ളകമ്പടിക്കാരും കുടതഴ
കൊമ്പു കുഴൽവിളി മേളവാദ്യങ്ങളും
കൊമ്പൻഗജങ്ങളും തേരുമശ്വങ്ങളു—
മമ്പതിനായിരം കാലാൾപ്പടകളും
പെട്ടകം പെട്ടികൾ വെള്ളിപ്പടിക്കവും
കുട്ടകം ചട്ടുകം ചെമ്പുകിടാരവും
പട്ടരും ചെക്കനും പള്ളിക്കിടക്കയും
പട്ടുമേൽക്കെട്ടിയും പട്ടുപധാനവും
കട്ടിലും പല്ലക്കുമാലവട്ടങ്ങളും
കെട്ടിയെടുക്കും ഭടൻമാർപലവിധം;
ചെട്ടി കോമട്ടി പള്ളിച്ചിവിയാൻമാരും
നട്ടുവൻപാടുവോൻ, ദാസീജനം, ദീപ—
യഷ്‌ടി പിടിക്കും പുരുഷവൃന്‌ദങ്ങളും
പുഷ്‌ടിവരുത്തി പല പ്രകാരങ്ങളിൽ
തുഷ്‌ടി കലർന്നു നടന്നും പലവഴി
വിഷ്‌ടപവാസിക്‌ഷിതീശ്വരൻമാർ തദാ
ദിക്കുകൾ നാലിലുംനിന്നു വരുന്ന പേ—
രൊക്കവേ വൈദേഹരാജേന്‌ദ്രമന്‌ദിരേ
തെക്കും വടക്കും കിഴക്കും പടിഞ്ഞാറു—
മിക്കണ്ട ഗോപുരം നാലിലുമുൾപ്പുക്കു
തിക്കിത്തിരക്കിത്തടഞ്ഞു പിടഞ്ഞു ക—
ടക്കുന്നനേരം മിടുക്കും നടിച്ചങ്ങ—
ടക്കമില്ലാതെ നടക്കും നൃപൻമാർക്കു
മിക്കവൊറും ചെന്നു തിക്കുന്നവർക്കും ക—
ടുക്കൻ തകർന്നും പതക്കം പറിഞ്ഞും പ—
തക്കേടു വന്നും ചിതക്കേടു വന്നും ത—
രക്കേടു വന്നും പരക്കെത്തളർന്നും പ—
തുക്കെക്കെടന്നങ്ങകംപുക്കനെന്തരം
പൊക്കത്തിലുള്ളൊരു മഞ്ചങ്ങളിൽ ചെന്നു

ചിക്കെന്നു കേറിത്തനിക്കുള്ള പൌരുഷ—
മൊക്കവേ കാട്ടിപ്പരാക്രമം ഭാവിച്ചി—
രിക്കുന്ന കണ്ടു ചിരിക്കുന്നിതു ചിലർ;
ചഞ്ചലംകൂടാതെ മന്നവന്മാർ മണി—
മഞ്ചകംതോറും നിരന്നങ്ങിരിക്കുന്നു;
ചഞ്ചലാക്‌ഷീമണിയാകും ഹരിണിയെ
നെഞ്ചിലോർത്തംഗം വിയർത്തു തളരുന്നു
പഞ്ചബാണാതങ്കമേറ്റം വളരുന്നു
ചഞ്ചലത്കുണ്‌ഡലാലങ്കാരശൃംഗാര—
മഞ്ചിതാഭോഗം വിളങ്ങുന്ന ഭൂപാല—
സഞ്ചയമെല്ലാമുദഞ്ചത്കുതൂഹലം.
അന്തണന്മാരുടെ വൃന്‌ദങ്ങളെല്ലാ—
മന്തരംകൂടാതെ വന്നുതുടങ്ങി;
അന്തർജ്‌ജനത്തോടു യാത്രയും ചൊല്ലി
കുടയും കുറിമുണ്ടുമെല്ലാമെടുത്തു
കക്‌ഷത്തിലോരോ കരിമ്പടക്കെട്ടും
വക്‌ഷസി കെട്ടി മുഷിഞ്ഞുള്ള പട്ടും
ലക്‌ഷത്തിലേറ്റം ജനങ്ങളൊരുമിച്ചു
തൽക്‌ഷണം തിക്കിത്തിരക്കി വരുന്നു;
തങ്ങളിൽ തങ്ങളിലോരോ വിശേഷം
സംഗതി വിട്ടു പറഞ്ഞു ചിരിച്ചും
അങ്ങുന്നുമിങ്ങുന്നും വന്നിടകൂടി
തിങ്ങിപ്പുഴങ്ങി നടന്നു വരുന്നു;
‘‘താനിപ്പോളെങ്ങുന്നു പോന്നുവരുന്നു:’’
‘‘ഞാനെന്റെയില്ലത്തുനിന്നു വരുന്നു;’’
‘‘തന്നുടെ ചേട്ടന്റെ വേളിക്കുവന്നു
ഞാനന്നു കണ്ടേപ്പിന്നിപ്പോഴാം കാണുന്നു’’
‘‘കേട്ടില്ലയോ താനില്ലത്തെ ഘോഷം;’’
‘‘കേട്ടില്ല ഞാനിപ്പോളുള്ള വിശേഷം;’’
‘‘ചേട്ടനൊരച്ചിയെ കൂട്ടിച്ചുകൊണ്ടന്നു
കെട്ടിന്നകത്തെപ്പുരയിലിരുത്തി,
ചേട്ടത്തി വന്നു കലമ്പിത്തുടങ്ങി
ചേട്ടയ്‌ക്കു ചോറു കൊടുക്കില്ലെന്നായി;
ചേട്ടൻ കയർത്തങ്ങടുക്കളയിൽ ചെന്നു
ചട്ടികലങ്ങളും തല്ലിത്തകർത്തു;
അന്നേരം ചേട്ടത്തി കോപിച്ചുവന്നു
അച്ചീടെ മുഞ്ഞിക്കു രണ്ടു തൊഴിച്ചു
ചെന്നങ്ങു ചേട്ടനും ചേട്ടത്തിയും തമ്മിൽ

താഡനംകൂട്ടികയെർത്തു പറഞ്ഞു;
ചക്കിപ്പെണ്ണേയും വിളിച്ചു വരുത്തിച്ചെ—
റുക്കന്റെ തോളിൽ മാറാപ്പുമങ്ങേന്തി
വെക്കം കുടയുമെടുത്തെന്റെ ചേട്ടത്തി
തക്കോൾ പിറന്നില്ലം നോക്കിത്തിരിച്ചു;’’
‘‘നമ്മുടെയില്ലത്തു പാർക്കുന്ന ചെക്കൻ
നമ്മോടു ചെയ്തതു താനുണ്ടോ കേട്ടു
നമ്മുടെ മൂസ്സതറിയാതെയക്കള്ളൻ
നെല്ലിട്ട പത്തായം ചെന്നു തുറന്നു
അഞ്ചുപറ നെല്ലളന്നിങ്ങെടുത്തു
അച്ചിക്കും മക്കൾക്കുമുമ്മാൻ കൊടുത്തു
അഞ്ചാറുമാസം കഴിഞ്ഞപ്പോളഗ്രജൻ
ബോധിച്ചു ചെന്നങ്ങവനെത്തടുത്തു
അന്നത്തെ രാത്രിയൊളിച്ചങ്ങു മാറി
ചെന്നു പുലർകാലേ കോയിക്കലേറി
എന്നല്ല കോയിമ്മസ്ഥാനം പിടിച്ചവൻ
നമ്മുടെ കണ്ടങ്ങളെല്ലാം വിലക്കി
അപ്പൊഴെ ചേട്ടനും കോയിക്കൽ ചെന്നു
കേൾപ്പിച്ചു കാരിയക്കാരോടവസ്ഥ;
‘മുപ്പതിറ്റാണ്ടത്തെ മുപ്പറ നില്ക്കുന്ന—
തിപ്പോഴളന്നാൽ വില കൊടുത്തേക്കാം’
ഇങ്ങനെ കേട്ടങ്ങു ചേട്ടനും മേലിൽ
എങ്ങനെ നമ്മൾ പൊറുക്കേണ്ടു കഷ്ടം!
ഇങ്ങനെയുള്ള കപടങ്ങൾ നമ്മുടെ
രാജാവു ബോധിച്ചിട്ടല്ലയിതൊന്നും;’’
‘‘മംഗലശ്ശേരി മകനിട്ടിവാസു
ചെങ്ങലശ്ശേരി മകനോടുംകൂടി
എങ്ങാനിരുന്നു ചതുരംഗം വച്ചവർ
തങ്ങളിൽ താഡിച്ചു പൂണൂലു പൊട്ടിച്ചു
അപ്ഫൻ കിഴവനുമേറ്റുചെന്നങ്ങ്
ബബ്ഭുബ്ഭുയെന്നു ശകാരം തുടങ്ങി
അപ്പോളിരുവരുമൊന്നിച്ചിട്ടപ്ഫന്റെ
മൊട്ടക്കഷണ്ടിയിലബ്ഭളംപോട്ടി;’’
‘‘കാരിയക്കാരൻ നമ്പൂതിരിയച്ചൻ
വാരിയപ്പെണ്ണിന്നുടുപ്പാൻ കൊടുത്തു,
കാരിയക്കാരന്റെ മുഷ്ക്കുകൊണ്ടന്തിക്കു
വാരിയത്തേക്കാരും ചെല്ലാതെയായി
ഉണ്ണിനമ്പൂതിരിമാരിലൊരുത്തൻ

പെണ്ണിനെ സേവിച്ചു കൂടി പതുക്കെ
പൊണ്ണബ്രാഹ്മണനങ്ങില്ലത്തു പോയപ്പോ–
ളുണ്ണിബ്രാഹ്മണനങ്ങുള്ളിൽ കടന്നു;
അപ്പോളെജമാനൻ വന്നുകരേറി,

കെല്പോടു വാതില്ക്കൽ തട്ടിവിളിച്ചു
അപ്പെണ്ണുമന്നേരമുണ്ണിനമ്പൂരിയെ
കാല്പെട്ടിതന്നിലുമിട്ടങ്ങു പൂട്ടി

ഏതും മടിക്കാതവളദ്ദേഹത്തെ
വാതിൽ തുറന്നങ്ങകത്തു കരേററി
ഊതിക്കെടുത്ത വിളക്കു കൊളുത്തിവെ–
ച്ചാദരവോടേ വിനോദം തുടങ്ങി;

വെററില മെല്ലെത്തെറുത്തു കൊടുത്തു
വെട്ടിയടയ്ക്കായും കൈയ്യിൽ കൊടുത്തു
‘പെട്ടി തുറന്നൊരു വസ്ത്രമെടുക്കേണ–
മെങ്ങെടീ താക്കോലെ’ന്നദ്ദേഹം ചൊല്ലി;

‘‘പെട്ടിക്കകത്തെന്റെ നമ്പൂരിയച്ചാ!
കുട്ടിച്ചാത്തൻ വന്നു കൂടിക്കൊണ്ടല്ലോ!
മുട്ടി നമുക്കെല്ലാമങ്ങൂട്ടെ വീട്ടിലെ
മൂപ്പന്റെ ദുർമ്മന്ത്രവാദമിതെല്ലാം;

കൊണ്ടിപ്പറമ്പിൽ കണിയാരെച്ചെന്നു–
കൊണ്ടിങ്ങുവന്നു വിചാരിച്ചു ഞങ്ങൾ
‘വേണ്ടാസനംകൊണ്ടൊരു ദേഹം വിട്ടൊരു
കുട്ടിച്ചാത്തൻമാർ പലരുണ്ടു കാൺമാൻ

പെട്ടകമുണ്ടെങ്കിലായതിൽ കാണാം
പെട്ടിയിൽ കാണാം കുടങ്ങളിൽ കാണാം
പെട്ടി തുറന്നങ്ങു നോക്കുന്ന നേരം
കുട്ടിദ്വിജന്റെ വടിവായിക്കാണാം’

ഇങ്ങനെ പ്രശ്നം പറഞ്ഞു കണിയാൻ
എങ്ങനെയെന്നു നമുക്കറിവില്ല
നിങ്ങൾ നിനച്ചാലൊഴിക്കായ്‌വതല്ലായ്‌കി–
ലെങ്ങുമൊഴിയാത്തതെന്നേ വരാവൂ’’

വാരിയപ്പെണ്ണിന്റെ കള്ളപ്രയോഗം
നേരെന്നു ബോധിച്ചു നമ്പൂരിയച്ചൻ:
‘പാരാതെ പെട്ടി തുറക്ക പെണ്ണേയിതു
നേരോ പൊളിയോയെന്നെല്ലാം ഗ്രഹിക്കാം’
‘എങ്കിൽ കുറെയങ്ങു മാറിക്കൊണ്ടാലും
ശങ്കിച്ചെനിക്കു തുറപ്പാനും മേലാ,
പെൺകൊതിയാ! വാടോ! കുട്ടിച്ചാത്താ നമ്മെ

സങ്കടംകൂടാതെ രക്ഷിക്കണം നീ'
ഇത്ഥം പറഞ്ഞവൾ പെട്ടി തുറന്നു;
ബദ്ധപ്പെട്ടേററു യജമാനനപ്പോ
ളുള്ളിലിരിക്കുന്നൊരുണ്ണിയാം ബ്രാഹ്മണൻ
തള്ളിപ്പുറത്തു പുറപ്പെട്ടു മണ്ടി;
'നമ്പൂരിയച്ഛ,നാ ദേവതേക്കണ്ടോ?'
'നാമങ്ങു നോക്കീല പേടീടെമൂലം,
നമ്പൂരിക്കുട്ടിയെപ്പോലെയിരിക്കുന്നു
നാമതു കണ്ടു'വെന്നദ്ദേഹം ചൊല്ലി
'വാശ്ശതും നമ്മെ കടിക്കാതെ പോയാ—
നീശ്വരാനുഗ്രഹമെന്നതേ വേണ്ടു;
വിശ്വസിച്ചെങ്ങനെ നിന്നുടെ വീട്ടിൽ
വരേണ്ടുന്നു ഞാനെന്നു ഭീയുണ്ടെനിക്കും;'
'രണ്ടുമാസത്തേക്കെഴുന്നെള്ളീടേണ്ടാ
രണ്ടിലൊന്നാകുകിൽ മുമ്പേ ഗ്രഹിക്കാം
രണ്ടു നാലെട്ടു ദിവസമിക്കുട്ടിയും
ഞാനുമായൊന്നു പരീക്ഷിക്കവേണം
കുട്ടിച്ചാത്തൻമാരൊഴിഞ്ഞെങ്കിൽ പിന്നെ
കൂസൽകൂടാതിങ്ങെഴുന്നള്ളിക്കൊള്ളാം
കുട്ടിക്കു വിട്ടുപോകാൻ മനസ്സില്ലെങ്കിൽ
കുററമല്ലിങ്ങനെ നമ്മുടെ കർമ്മം'
ഇങ്ങനെ പെണ്ണിൻെറ വാക്കുകൾ കേട്ടു
മങ്ങിന ഭാവവുംപൂണ്ടെജമാനൻ
അങ്ങു നടന്നിതു വാലിയക്കാരനും
സഞ്ചിയും മോടിയുമൊക്കവേ കൂട്ടി;
വാരിയപ്പെണ്ണുമബ്ബാലദ്വിജനും
സ്വൈരമാംവണ്ണം സുഖിച്ചിരിക്കുന്നു;
പാരിലശേഷമപ്പെണ്ണിനെക്കൊണ്ടു
പരിഹാസമല്ലാതെ കേൾപ്പാനുമില്ല
കുട്ടിച്ചാത്തൻ ചെണ്ടകൊട്ടിച്ച ഭോഷാ!
പെട്ടി തുറന്നു ഭയപ്പെട്ട ഭോഷാ!
വിഡ്ഢിത്തം കാട്ടി നടക്കുന്ന വിദ്വാനെ—
യൊട്ടുകൊണ്ടങ്ങൊരു ഘോഷമെന്നീവണ്ണം!
അക്കഥയങ്ങനെ നില്ക്കട്ടെയിപ്പോൾ
ഇക്കണ്ട രാജാക്കളൊക്കവേകൂടെ
തിക്കിത്തിരക്കിത്തരങ്കെട്ടരമന
പുക്കു വസിക്കുന്നതെന്തിനു പാഴിൽ?
കന്യകതാനവളൊന്നേയങ്ങുള്ളു

മന്നവൻമാർക്കൊരു സംഖ്യയുമില്ല;
പെണ്ണിന്റെ ദേഹത്തിലുള്ളോരു രോമങ്ങ-
ളോരോന്നിവർക്കു പകുപ്പാനുമില്ല;
കെട്ടിക്കിടക്കും ശവത്തിന്റെ ചുററും
പട്ടികൾ വന്നു നിറഞ്ഞങ്ങു നിന്നാൽ
ഒട്ടുമൊരുത്തൻ ഭുജിക്കില്ല തങ്ങളിൽ
കെട്ടിക്കുരച്ചും കടിച്ചും കിടക്കും;
എന്ന കണക്കിന്നെ രാജാക്കളെല്ലാം
വന്നു കലമ്പിച്ചുഴലവേ കൂടി
പെണ്ണിനെയങ്ങോട്ടുമിങ്ങോട്ടുമിട്ടു
പിടിച്ചു വലിച്ചു വലപ്പാനേ പോരൂ;
കിട്ടുമെനിക്കെനിക്കെന്നുള്ള മോഹം
ഒട്ടും കുറയാതെ രാജസമൂഹം
വട്ടങ്ങളൊക്കവേ കൂട്ടിപ്പുറപ്പെട്ടു
പെട്ടെന്നു തട്ടിൻമേലേറിയിരുന്നു
തപ്പും തകിലും മുരശും മുഴക്കി
തൽ പുരഭാഗങ്ങളൊക്കെപ്പുഴക്കി
കോപ്പും വിരിപ്പും പുതപ്പും ചെരിപ്പുമീ-
ശ്ശപ്പുചിപ്പും കെട്ടിക്കൊണ്ടുവരുന്നു
ഊർദ്ധ്വമായിട്ടങ്ങു പോകുന്ന കാൺമാൻ
പാർത്തൊരു ദിക്കിൽ നില്ക്കേണം നമുക്കും;
ആർത്തുവിളിച്ചു പരിഹാസം കൂട്ടണം
ധൂർത്തു പറകല്ല ഭൂസുരൻമാരേ!''
''നാട്ടിൽപ്രഭുക്കളെക്കൊണ്ടു ദുഷിച്ചാൽ
നാട്ടിൽപൊറുക്കുമോ നമ്പൂരിമാരേ!
കൂട്ടിൽക്കിടക്കും പശുക്കളെക്കൂടെയ-
ങ്ങാട്ടിത്തെളിച്ചുകൊണ്ടാശു ഗമിക്കും;
വെട്ടുന്ന വാളിന്നു നെയ്യിട്ടുകൊണ്ടോ-
ലൊട്ടുമനർത്ഥം ഭവിപ്പാനുമില്ല;
ഇഷ്ടം പറഞ്ഞു നടക്കും ജനങ്ങൾക്കു
പട്ടും വളകളും കിട്ടുമെന്നോർപ്പിൻ;
അന്തണൻമാർക്കു പ്രതിഗ്രഹമല്ലാ-
തെന്തൊരു കാര്യം വരേണ്ടതുമിപ്പോൾ?
പന്തിനിരന്നങ്ങിരുന്നു ഭുജിക്കയു-
മന്തിക്കൊരേടത്തു പാളയം പോടാം
അമ്പിനോടങ്ങു പണം വയ്ക്കുന്നേരം
മുമ്പിൽ കടന്നു കരം കാട്ടിക്കൊള്ളാം
തമ്പികളുമണ്ണനും കിട്ടും പണമൊക്കെ

തമ്മിലൊരുമിച്ചു കൂട്ടിയുംകൊള്ളാം
രണ്ടാമതും ചെന്നു കൈകാട്ടിയെന്നാ—
ലുണ്ടാമനർത്ഥമതോർത്തീടവേണം
ശുണ്ഠികടിച്ചിട്ടുമാര്യപ്പട്ടൻമാർ
മണ്ടിവന്നാശു മുടിക്കു പിടിക്കും;
ആറുള്ളതിലൊന്നു ഭംഗംവരാതെ
മാറിക്കൊണ്ടില്ലത്തു പററിക്കൊണ്ടെന്നാൽ
ആറുമാസത്തിന്നകത്തൊരു ദിക്കിലു—
മാറു തെണ്ടിക്കൊണ്ടു മണ്ടീടവേണ്ടാ;’’
‘‘പെണ്ണുങ്ങളെക്കാൺമാൻ സംഗതിയുണ്ടോ?’’
‘‘എണ്ണമില്ലാതോളം കാണാമവിടെ;’’
‘‘എണ്ണുംപടി നായർ കൊണ്ടുവരുന്നോരു
പെണ്ണുങ്ങളോടൊന്നുരിയാടീടാമോ?’’
‘‘ദൂരത്തുനിന്നങ്ങു കണ്ടു സുഖിക്കാം
ചാരത്തുചെന്നാൽ കയർക്കുമേ മുള്ളൻമാർ;’’
‘‘ക്രൂരത്വമേറെത്തുടങ്ങും ശാൻമാരെ
ദൂരത്തുനിന്നു കലശലുകൂട്ടാം;’’
‘‘ആനകളിപ്പാൻ തുടങ്ങുന്നു നിങ്ങൾ
ഞാനതറിഞ്ഞീല വേദിയൻമാരേ?
മാനിനിമാരെഭ്രമംകൊണ്ടവരെക്ക—
ണ്ടാനന്ദിപ്പാനല്ല നിങ്ങൾക്കു ഭാവം;’’
‘‘കാഴ്ചയ്ക്കു വന്നീടുമംഗനമാരിൽ
പൂച്ചക്കണ്ണിമാരുമേതാനുമുണ്ടാം
ചാർച്ചയുണ്ടെങ്കിലും ചേർച്ചയുണ്ടെങ്കിലും
വാലെടുപ്പാനിങ്ങു സന്ദേഹമില്ല;’’
‘‘ഷൾക്കണ്ണിമാരെ താനെങ്ങാനും കണ്ടോ?’’
‘‘ഷൾക്കണ്ണിമാരെന്നാലാ,രായതിപ്പോൾ?’’
‘‘ഭോഷ്കല്ലെടോ കാതില്ലാത്ത പെണ്ണുങ്ങളെ
ഷൾക്കണ്ണിമാരെന്നു ചൊല്ലുമാറുണ്ടഹോ;’’
‘‘വ്യാകരണത്തെ പഠിക്കാതെ തൻെറ
വാക്കിൻെറ സിദ്ധാന്തമുണ്ടാകയില്ല,’’
‘‘ലോകതയുണ്ടെങ്കിലാർക്കും വിശേഷിച്ചു
വ്യാകരണത്തെ ഗ്രഹിക്കേണ്ടതില്ല;’’
ഇപ്രകാരം പല വാദങ്ങളോടേ
വിപ്രവരൻമാരും വന്നു തികഞ്ഞു;
സൽപ്രഭുക്കൂട്ടമിടപ്രഭുക്കൂട്ടവും
അപ്രദേശത്തു നിറഞ്ഞു ചമഞ്ഞു

പലദിക്കും വിതാനിച്ചു പഴുക്കാത്തൂണുകൾ നാട്ടി
കുലവാഴാവിധം തേങ്ങാക്കുലകളുമങ്ങു തൂക്കി;

മലരും വെള്ളരി പൊന്നും വിളക്കും താലവും ഗ്രന്ഥം
കലരും മുത്തുരത്നങ്ങൾ പവിഴം പുഷ്യരത്നങ്ങൾ
പല രത്നങ്ങളെക്കോരി നിറച്ചങ്ങു പറ വച്ചു
കുലനാരീകുലം നന്നായണിഞ്ഞു കോപ്പുകൾ കൂട്ടി;
കളഭം കുങ്കുമച്ചാറും ചന്ദനം നല്ല കസ്തൂരി
കുളുർവാടാക്കുസുമങ്ങളകിലും ഗുൽഗുലുധൂപം;
കളവാണീജനത്തിന്റെ കുരവാഘോഷവും പാട്ടും
കളിയും കൂത്തുമോരോരോ ഘോഷമുണ്ടങ്ങൊരു ദിക്കിൽ;
തളത്തിൽ പട്ടുകൾകൊണ്ടു വിതാനിച്ചു മണിദീപം
കൊളുത്തി നീളവേ തൂക്കി കുരുത്തോലകൊണ്ടണിഞ്ഞു
വെളുത്ത പൂക്കുല മാല വെള്ളികുംഭം മണികുംഭം
കുളുർത്ത ചന്ദനാലേപമിപ്രകാരമലങ്കാരം
വരുന്നു വാണിഭക്കാരും വളരെസ്സാധനത്തോടേ
പരന്നു വാണിഭംവച്ചു; പട്ടുചേല മണപ്പാടൻ,
കുറിമുണ്ടു,മ്പൊടക സോമനും കച്ചക്കവെണിയും
ഉറുമാലും തലപ്പാവും നിറമുള്ളച്ചടിക്കൂട്ടം
കറുത്ത പട്ടുകൾ ചോപ്പും നിച്ചളം പച്ചപാലാവും
കറുത്ത ചേലകൾ നൂലും നല്ല പീതാംബരപ്പട്ടും
വില്ലൂസുംചകലാസും വിലയേറുഞ്ചുരുളുകൾ[1]
കൊല്ലപ്പട്ടുകൾ നല്ല ദമാസ്ക്കങ്കോസടി മെത്ത[2]
കുപ്പായങ്ങളും കുന്തിപ്പാലകത്തു നീതിയനും
പുല്പാലും[3] പനിനീരും പുഴുകും പൂമലർമാല
എപ്പേർപ്പെട്ടതുമെന്നേ പറയാവൂ കുറയാതെ
സ്വല്പമല്ലീവകയൊന്നുമെന്നുമാത്രമുരചെയ്യാം;
യാത്രനമ്പൂരിമാർ കൊട്ടിക്കളിച്ചുങ്കൊണ്ടകംപുക്കു
പാത്രമെല്ലാമടുപ്പത്തു കരേററി വെള്ളവും കോരി
രാത്രിതന്നിലുറങ്ങാതെയരിവച്ചും കറിവച്ചും
ധാത്രിതന്നിലുള്ള ജാതിക്കൊക്കവേ ഭക്ഷണം നല്കി
മാത്രമല്ലാ മഹാഘോഷം മന്നിടംതന്നിലീവണ്ണം
മറെറാരു ദിക്കിലും കണ്ടുകേട്ടുമാർക്കുമറിവില്ല;
കാച്ചുമുണ്ടും പുടവയുമുടുത്തു മോടികൾ കൂട്ടി
കാഴ്ചകാൺമാൻ പുറപ്പെട്ടു വരുന്നുണ്ടു പലകൂട്ടം
താഴ്ചകൂടാതൊരുകൂട്ടം ഭടൻമാരും വിടൻമാരും
ചാർച്ചയും ചേർച്ചയുമുള്ളോരച്ചിമാരും ചേടിമാരും
മച്ചിമാർക്കും നല്ല സൗഖ്യം വല്ല ദിക്കിൽ ചെന്നു നില്ക്കാം

1. വിലയേറുഞ്ചുരുളുകൾ=വിലയുള്ളതും ചുരുട്ടിവച്ചിരിക്കുന്നതുമായ പട്ടുകൾ.
2. കൊല്ലപ്പട്ടുകൾ നല്ല ദമാസ്ക്കങ്കോസടി=ദമാസ്കൻകോസടി—ദമാസ്കസ്സിൽ (സിറിയ)നിന്നു കൊല്ലത്തു വന്നിറങ്ങിയിട്ടുള്ള കോസടികൾ.
3. പുല്പാല്=പുൽത്തൈലം.

കൊച്ചിനെക്കൊണ്ടുപോകെന്നുള്ളാവലാതിയൊന്നുമില്ല;
അച്ഛനെന്നു പേരുമില്ല സ്ത്രീകടെ വല്ലഭൻമാർക്കും
പച്ചതന്നെ പറഞ്ഞേക്കാമ്പെണ്ണുമാണുമൊരുപോലെ;
ചക്കിയച്ചിക്കുടുപ്പാനില്ലെത്രകഷ്ടമവർക്കുള്ള
ചക്കരവായനെക്കാൺമാനില്ലൊരാവശ്യമുള്ളപ്പോൾ
അക്കരെനിന്നൊരു നായരൊളിച്ചു സഞ്ചരിക്കുന്നു—
ണ്ടക്കുരങ്ങച്ചനുമിപ്പോളെങ്ങുപോയെന്നറിഞ്ഞീല;
നീലിയച്ചി കലമ്പിക്കൊണ്ടിരിക്കുന്നു തൻകഴുത്തിൽ
താലിവച്ച പുരുഷന്റെ ശീലമേതുന്തരമല്ല
നാലുപേർ കൂടുന്ന ദിക്കിൽ കൊണ്ടുപോവാനവൻ പോരാ
വാലിയക്കാരനെന്നുള്ള പേരവന്നു മാറിയില്ല
കാലു രണ്ടും പെരുക്കാലക്കൈയ്യുരണ്ടും പെരുക്കൈയ്യ്
നാലുകൊണ്ടുമവൻ നമ്മെ കൊണ്ടുപോയാൽ തരമില്ല
വാലെടുത്തു നശിപ്പിക്കും ബാലവിപ്രൻമാരതിന്റെ—
മൂലമെങ്ങും സമക്ഷത്തു സഞ്ചരിപ്പാനെളുതല്ല;”
“ഇട്ടിളയച്ചിയുംതന്റെ കൂട്ടുകാരും പുറപ്പെട്ടു
ഇടയിൽ ചെന്നു പാർക്കുന്നു നമ്മുടെ താമസംകൊണ്ടു
പട്ടരച്ചൻ വരാതെ ഞാനെങ്ങനെയങ്ങു പേകേണ്ടു
പെട്ടകത്തിന്റെ താക്കോലും പട്ടരച്ചൻ കൊണ്ടുപോയി
വെറ്റിലയുംപാക്കുമെല്ലാം പെട്ടകത്തിലിരിക്കുന്നു
മറ്റു കോപ്പൊന്നുമില്ലായ്കിലതുകൊണ്ടു വേണ്ടതില്ല
വെറ്റതിന്നാതൊരുനേരം പാർത്തുകൂടാ നമുക്കെല്ലാം
കൊറ്റൊരിക്കലുപേക്ഷിക്കാമങ്ങനെ നമ്മുടെ ശീലം”
മറ്റൊരുത്തി പറയുന്നു: “നമ്മുടെ വീട്ടിലെച്ചട്ടം
മറ്റൊരേടത്തിപ്രകാരം കാൺകയില്ലെന്നതേ വേണ്ടു
പെറ്റപിള്ളയ്ക്കൊരുവറ്റു കൊടുപ്പാമ്പോലുമെൻ വീട്ടിൽ—
പെട്ടവർക്കു വകയില്ലാതാക്കിവച്ചു ഒരു ദേഹം
പണ്ടൊരമ്മാവനുണ്ടായെന്നങ്ങു ചൊല്ലിക്കേട്ടു ഞാനും
കണ്ടർമേനോനെന്നു പേരുങ്കൊടുത്തു തമ്പുരാനപ്പോൾ
രണ്ടുപുള്ളി*ക്കെജമാനസ്ഥാനവും മാനവും കിട്ടി
കണ്ടസാധുക്കളെദ്രോഹിച്ചർത്ഥമേറെക്കൈക്കലാക്കി
കണ്ടർമേനോനെന്നു നീളെക്കേളി പൊങ്ങിയതുമല്ല
കണ്ടവർക്കും കേട്ടവർക്കും പേടി പാരമതുകാലം
കണ്ടപെണ്ണുങ്ങളെയെല്ലാമങ്ങുമിങ്ങുമാളയച്ചു
കൊണ്ടുപോന്നു നശിപ്പിക്കുമങ്ങനെ ശീലമായാടെ;
കണ്ടകൻമാർക്കൊരു മുമ്പൻ, കാമദേവനെന്നു ഭാവം
വേണ്ടുവോളം ദ്രവ്യമുണ്ടു കൊടുപ്പാനുംമടിയില്ല
രണ്ടുമൂന്നു ദിവസങ്ങൾ കൂടിനില്ക്കുന്ന പെണ്ണിന്നു

---

* രണ്ടുപുള്ളി=രണ്ടു സൈന്യവിഭാഗം (പുള്ളിപ്പട്ടാളം).

കണ്ടുകൂടാതാമതിന്നുമാത്രമുണ്ടു ദുഃസ്വഭാവം;
ചെട്ടികൾക്കു മുമ്പനാകും രാമനാഥച്ചെട്ടി വമ്പൻ
കെട്ടിയ പെണ്ണിനെ,യെങ്ങാനൊരേടത്തുവച്ചു കണ്ടു;
കിട്ടിയെങ്കിൽ ചിതമെന്നു നിരൂപിച്ചു കൊതിച്ചിങ്ങു
വീട്ടിൽ വന്നു തന്റെ കുട്ടിപ്പട്ടരോടെ ചൊല്ലിവിട്ടു;
പട്ടരച്ചനങ്ങു ചെന്നുനിന്നു ചെട്ടിച്ചിയെ വേറെ
ദൃഷ്ടികൊണ്ടു വിളിച്ചിങ്ങു വരുത്തിക്കൊണ്ടു മന്ത്രിച്ചു;
കേട്ടനേരമവൾ പാരം കയർത്തു വീട്ടിലേക്കോടി
പട്ടരച്ചനൂർദ്ധ്വമായി നമ്മുടെ വീട്ടിലും പോന്നു;
സമ്മതമല്ലവൾക്കെന്നു പട്ടർ ചെന്നു ധരിപ്പിച്ചു
ദുർമ്മദംകൊണ്ടതിരേകം കലമ്പി കണ്ടർമേനോനും;
നമ്മുടെ ചോറുതിന്നുന്നോർക്കൊരുത്തർക്കുമുശിരില്ല
നിർമ്മരിയാദനായുള്ള രാമനാഥച്ചെട്ടിയിപ്പോൾ
കപ്പലോട്ടത്തിലുണ്ടാകും ചുങ്കമൊന്നും തരുന്നില്ല
കല്പന ചെന്നു കേൾപ്പിച്ചാലവനേതും കോട്ടമില്ല
എട്ടുപത്തുജനഞ്ചെന്നു തടുത്തിങ്ങു കൊണ്ടുവന്നു
പട്ടിണിയായ്ക്കിടത്തേണം, കിട്ടിയല്ലാതയയ്ക്കേണ്ട;
ദുഷ്ടരായുള്ള നായന്മാരതുകേട്ടു പുറപ്പെട്ടു
ചെട്ടിവീട്ടിൽ ചെന്നുകേറി ചെട്ടിയേയും കയർകൊണ്ടു
കെട്ടി വെക്കം നടത്തിക്കൊണ്ടിങ്ങുവന്നു പുരയ്ക്കുള്ളിൽ
പട്ടിയെപ്പോൽ പിടിച്ചിട്ടു വിലങ്ങിലാക്കിയ ശേഷം
ചെട്ടിയെക്കെട്ടിയെന്നങ്ങു കേട്ടു ചെട്ടിച്ചിയുമപ്പോൾ
യഷ്ടിയെ ചെണ്ടകൊട്ടിക്കുന്നുണ്ടു ഞാനെന്നങ്ങുവച്ചു
'നമ്മുടെമൂലമക്കള്ളൻ ചെട്ടിയാരെത്തടുക്കുന്നു
ദുർമ്മതിയെച്ചതിച്ചാലിങ്ങേതുമേ ദോഷമില്ലിപ്പോൾ;'
എന്നു കല്പിച്ചവൾ തന്റെ ദാസിയോടങ്ങുരചെയ്തു:
'ഇന്നുതന്നെ കണ്ടർമേനോനിവിടത്തിൽ വരാൻ ചൊല്ക:
എത്രനാളുണ്ടു ഞാൻ തന്നെ കാംക്ഷപൂണ്ടു മരുവുന്നു
അത്ര വന്ന പട്ടരച്ചൻ കുരള വന്നറിയിച്ചു
നിങ്ങളല്ലാതിജ്ജനങ്ങൾക്കാരുമാധാരമില്ലല്ലോ
നിങ്ങൾ ചൊന്നാലതു കേൾപ്പാനിങ്ങു തെല്ലും കുറവില്ല;
വീട്ടിലെകന്നിമേലുള്ള പുരമുറിയൊഴിച്ചു ഞാൻ
വിശ്വസിച്ചിങ്ങു പാർക്കുന്നു കണ്ടർമേനോൻ ഗ്രഹിക്കേണം;
അർദ്ധരാത്രികളിവിടത്തിലാരുമാരും ഗ്രഹിക്കാതെ
മെത്തയേറിച്ചരിഞ്ഞാലും ഞാനുമപ്പോൾ വരുന്നുണ്ട്;
ചെട്ടിയാരെക്കെട്ടഴിച്ചു, ചുങ്കമെല്ലാം പോക്കുചെയ്തു;
നീട്ടെഴുതിയൊപ്പുമിട്ടു കൊടുത്തേച്ചിങ്ങു പോന്നാലും;
ഇപ്രകാരം ചെന്നു ഗൂഢം കണ്ടർമേനോനൊടു ചൊല്ലീ—

ട്ടപ്പൊഴേയിങ്ങു പോന്നാലു'മെന്നവൾ ദാസിയെ വിട്ടു;
മണ്ടിയോടിച്ചെന്നു ദാസി വർത്തമാനം ഗ്രഹിപ്പിച്ചു
കണ്ടർമേനോൻ പ്രസാദിച്ചു ചെട്ടിയെക്കെട്ടഴിച്ചിട്ടു
പത്തു സംവത്‌സരമുള്ള ചുങ്കമൊക്കെപ്പോക്കിയെന്നു
പത്രികയുമൊപ്പുകുത്തിക്കൊടുത്തു യാത്രയുമാക്കി;
അന്തിനേരമവനർദ്‌ധക്‌ഷൗരവുംചെയ്‌തുകൊണ്ടേറ്റം
ചന്തമോടേ പുറപ്പെട്ടു തനിയേ പാതിരനേരം
മെല്ലെ മെല്ലെ വഴി തപ്പി ചെട്ടിവീട്ടിൽ ചെന്നു മുന്നം—
ചൊല്ലിയോരു പുരയ്‌ക്കുള്ളിൽ കരേറി മെത്തമേലേറി
കുറിമുണ്ടും പുതച്ചങ്ങു കിടന്നു കാലുകൾ നീട്ടി
കുറയക്കണ്ണടച്ചുംകൊണ്ടുറക്കവുമിടകൂടി;

കാട്ടിൽ നടന്നങ്ങു കായും കനികളും
പൊട്ടിച്ചു തിന്നു വയറും നിറച്ചുടൻ
കാട്ടുനീലക്കുരങ്ങച്ചൻ പുറപ്പെട്ടു
കട്ടിലുറങ്ങുവാൻ വന്നുകേറീടിനാൻ;
കട്ടിൻമേലേയേറി കണ്ടർമേനോക്കിയെ
തൊട്ടു നോക്കിക്കുറിമുണ്ടും വലിച്ചിതു;
പെട്ടെന്നുണർന്നു കുരങ്ങനെ കൈകൊണ്ടു
കെട്ടിപ്പുണർന്നു പറഞ്ഞു പതുക്കവെ:
'ചെട്ടിച്ചി, നിന്നെ ഞാൻ കെട്ടിപ്പുണരുവാ—
നൊട്ടുനാളുണ്ടു മോഹിക്കുന്നു സുന്‌ദരീ!
ഒട്ടുമുപേക്‌ഷകൂടാതെന്റെ മോഹങ്ങ—
ളൊട്ടൊഴിയാതെ സാധിപ്പിച്ചുകൊൾകെടോ!''
മൂർഖനായുള്ളവനിപ്രകാരം പറ—
ഞ്ഞൂക്കുള്ള മർക്കടത്തെ പിടിപെട്ടുടൻ
മൂക്കുയർത്തിച്ചുംബനത്തിന്നൊരുമ്പെട്ടു
മൂക്കു കടിച്ചുമുറിച്ചിതു വാനരൻ;
'അയ്യോ! കൃശോദരീ മൂക്കു കണ്ടിച്ചിതോ
നീയെന്തിവണ്ണം തുടങ്ങുന്നിതോമലേ!'
ഇങ്ങനെ ചൊല്ലുന്ന കണ്ടർമേനോക്കിയെ
തിങ്ങിന കോപേന നീലക്കുരങ്ങനും
മാന്തിക്കടിച്ചുമടിച്ചും മുഖത്തു നി—
ന്നേന്തിവരും കടുംചോര കുടിക്കയും
കണ്ടർമേനോനടി കൊണ്ടും കടി കൊണ്ടു—
മിണ്ടലോടെയൊരുവണ്ണം പുറഞ്ചാടി
മണ്ടിത്തിരിച്ചങ്ങു വീട്ടിലകംപുക്കു
മുണ്ടുകൊണ്ടാനനം തൂത്തു പുരമുറി—
പുക്കു കതകുമടച്ചു കിടന്നപ്പോ—

ളർക്കനുദിച്ചുടൻ വെയ്ലും പുറപ്പെട്ടു;
ഇക്കഥ നീളവേ കേട്ടു പരിഹാസ—
മൊക്കെപ്പരന്നതു തമ്പുരാൻ കേട്ടുടൻ
അപ്പൊഴേ വന്നിരുന്നൂറു ജനങ്ങളെ
കല്പിച്ചയച്ചങ്ങവനുടെ വീട്ടിലെ

ഉപ്പുചിരട്ടപോലുമിളയ്ക്കാതെ ക—
ണ്ടെപ്പേരുമങ്ങു കവർന്നുടൻ കള്ളനെ
താഡിച്ചു നാടുംകടത്തി വിട്ടീടിനാർ
താമസംകൂടാതെ കിങ്കരൻമാരവർ;

അന്നുതൊട്ടുണ്ടായ ദാരിദ്ര്യദുഃഖങ്ങ—
ളിന്നും ശമിച്ചീല വീട്ടി''ലെന്നിങ്ങനെ
അച്ചിമാരോരോ വിശേഷം പറഞ്ഞങ്ങു
കാഴ്ച കാൺമാൻ ചെന്നുനിന്നു നിരക്കവേ.

വൈദേഹരാജൻെറ ശാസനം കൈക്കൊണ്ടു
വൈകാതെ കന്യാമണിയെച്ചമയിപ്പോർ
വൈകല്യംകൂടാതെ സുന്ദരിമാർ ചെന്നു
വൈദഗ്ധ്യമേറും സഖിമാർ വഴിപോലെ

മംഗളസ്നാനം കഴിപ്പിച്ചു കന്യയെ
ഭംഗിയിൽ നല്ലോരിണപ്പട്ടുടുപ്പിച്ചു
അംഗദം മാല കടകം കടിസൂത്ര—
മംഗങ്ങൾതോറുമണിയിച്ചു മെല്ലവേ

കണ്ണുമെഴുതിത്തിലകക്കുറിയിട്ടു
കർണ്ണങ്ങളിൽ മണികുണ്ഡലവും ചേർത്തു
വർണ്ണപ്രകാരപ്രകാശങ്ങളേറുന്ന
സ്വർണ്ണാലങ്കാരങ്ങൾകൊണ്ടു ശരീരത്തെ

പൂർണ്ണമതാക്കിപ്പുതുമലർ ചൂടിച്ചു
പൂർണ്ണേന്ദുബിംബമുഖിയാം ഹരിണിയെ
തൂർണ്ണമങ്ങന്ദോളമേററിപ്പുറപ്പെട്ടു
പൂർണ്ണപ്രമോദം പുരന്ധ്രീസമൂഹങ്ങൾ

സൗരഭ്യമുള്ളോരിരിപ്പക്കുസുമങ്ങൾ
ചേരും കറുകയോടൊന്നിച്ചു ബന്ധിച്ചു
ചാരുതയേറുന്ന മാലാകലാപവും
പാരാതെ കൈയ്യിൽ കൊടുത്തു കുമാരിക്ക്;

രണ്ടു ഭാഗേ മണിമഞ്ചങ്ങളിലേറി—
ക്കൊണ്ടു വസിക്കുന്ന രാജാക്കളൊക്കവേ
വണ്ടാർകുഴലിമണിതൻ വരവങ്ങു
കണ്ടു മദനപരവശഭാവങ്ങൾ
പൂണ്ടു പലർക്കും പലവിധം ഗോഷ്ടിക—

ളുണ്ടായതൊക്കവേ വർണ്ണിച്ചു ചൊല്ലുവാൻ
വേണ്ടും വചോഭംഗി പോരാ നമുക്കെന്നു
കണ്ടുകൊള്ളേണം മഹാജനമൊക്കവേ;
കണ്ണുംമിഴിച്ചൊരു മന്നവൻ കന്യക—
പ്പെണ്ണിന്റെ രൂപസൗന്‌ദര്യങ്ങൾ കണ്ടുടൻ
കണ്ണാടിനോക്കി കഴുത്തിളക്കിക്കൊണ്ടു
കുണ്‌ഡലം തൊട്ടു ചിതംവരുത്തീടിനാൻ.
പെണ്ണിന്റെ രൂപം മനസ്‌സിലാക്കിക്കൊണ്ടു
കണ്ണുമടച്ചുടൻ ധ്യാനമുറപ്പിച്ചു
മണ്ണുകൊണ്ടുള്ളൊരു പാവകണക്കിനെ
മഞ്ചേ വസിക്കുന്നു മറ്റൊരു മന്നവൻ
മഞ്ചത്തിൽനിന്നെഴുന്നേറ്റൊരു മന്നവൻ
തഞ്ചത്തിൽ നിന്നു തരുണീമണിയുടെ
പുഞ്ചിരിതഞ്ചും മുഖാംബുജം കണ്ടുകൊ—
ണ്ടഞ്ചാറു കൂപ്പി തൊഴുതു തുടങ്ങിനാൻ;
മറ്റൊരു മന്നവൻ വെറ്റതിന്നുംവിധൗ
കറ്റക്കുഴലിയെക്കണ്ടുകണ്ടങ്ങനെ
വെറ്റയെന്നോർത്തങ്ങു വെള്ളക്കരിമ്പടം
തെറ്റെന്നു കീറിത്തെറുത്തു തിന്നീടിനാൻ;
കാതരാക്‌ഷീമുഖം കണ്ടൊരു മന്നവൻ
കൗതുകംകൊണ്ടു മനംമറന്നങ്ങനെ
ഏതും മടിക്കാതെഴുന്നേറ്റു നിന്നുടൻ
കാതുംപിടിച്ചുകൊണ്ടേത്തമിട്ടീടിനാൻ;
പെണ്ണിന്റെ കേശാദിപാദങ്ങളിൽ തന്റെ
കണ്ണങ്ങുറപ്പിച്ചിരിക്കുന്ന മറ്റൊരു
പൊണ്ണൻ പുഴുവെന്നു കല്‌പിച്ചു മെല്ലവേ
ചുണ്ണാമ്പുകൊണ്ടു മുഖം മിനുക്കീടിനാൻ,
ബാലികാമൗലിക്കു തന്നുടെ കൈയ്യൂക്കു
ചാലവേ കാട്ടുവാൻ കൈയ്യും വിറപ്പിച്ച്
ആലവട്ടം വീശുവാനായി നില്‌ക്കുന്ന
വാലിയക്കാരനെത്താഡനം കൂട്ടിനാൻ;
മട്ടോൽമൊഴിയുടെ മാറിടത്തിൽ പത്‌മ—
മൊട്ടുപോലുള്ള കുചങ്ങളെക്കണ്ടുടൻ
പെട്ടെന്നു തന്നുടെ മാറിടം കൈകൊണ്ടു
തൊട്ടുതിരുമ്മിത്തുടർന്നാനൊരു നൃപൻ;
കാമാർത്തിപൂണ്ടൊരു മന്നവൻ കന്യയെ
കാൺമാൻ തിരിഞ്ഞിരുന്നീടുന്ന നേരത്തു
ആമോദത്തോടങ്ങു ഭൃത്യൻ കൊടുത്തൊരു

പൂമാല പൊട്ടിച്ചു വായിലാക്കീടിനാൻ;
മാലയും കൈയ്യിലെടുത്തു വരുന്നൊരു
മാനിനീമൌലിയെക്കണ്ടൊരു ഭൂപതി
നീലത്തലമുടി കെട്ടിക്കഴുത്തങ്ങു
നീട്ടിക്കുറവുകൾ തീർത്തു പാർത്തീടിനാൻ;
കണ്ടിവാർകേശിയെക്കാൺമാനെഴുന്നേററു
രണ്ടുനാൽ ചോടങ്ങു മുല്പാടു വച്ചുടൻ
മണ്ടിവന്നാലുമിങ്ങോട്ടെന്നു കൈകൊണ്ടു
മാടിവിളിക്കുന്നു മറെറാരു മന്നവൻ;
വമ്പനൊരു നൃപൻ മദ്ദളം കൊട്ടുവാൻ
മുമ്പു തനിക്കെന്നവൾക്കു കാട്ടീടുവാൻ
മുമ്പിൽ മേവും മുതുക്കന്റെ കഷണ്ടിയിൽ
മുപ്പത്തിരണ്ടു കലാശങ്ങൾ കൊട്ടിനാൻ;
കല്യാണിയെക്കണ്ടു കാമാന്ധനായൊരു
വില്ലാളിവീരനായുള്ളൊരു മന്നവൻ
വില്ലിന്റെ ഞാണെന്നു കല്പിച്ചു വിപ്രന്റെ
നല്ലൊരു പൂണൂൽ വലിച്ചെടുത്തീടിനാൻ;
വിദ്യയുണ്ടിങ്ങെന്നു ഭാവിച്ചുകൊണ്ടൊരു
വിദ്വാൻ വിദേഹേന്ദ്രപുത്രി കേട്ടീടുവാൻ
ഉദ്യോഗവാനൊരു പുസ്തകം കൈക്കൊണ്ടു
പദ്യങ്ങൾ ചൊല്ലിപ്പൊരുൾ പറഞ്ഞീടിനാൻ;
ചാതുര്യമേറുന്ന വൈദേഹിതന്നുടെ
ചേതസ്സിളക്കുവാൻ മോഹിച്ചൊരു നൃപൻ
കാതു പിടിച്ചു തല കുലുക്കിക്കൊണ്ടു
ഗീതങ്ങളോരോന്നു പാടിത്തുടങ്ങിനാൻ;
ബാലവൈദേഹി വന്നിങ്ങു തൻ കണ്ഠത്തിൽ
മാല വയ്ക്കുന്നേരമങ്ങോട്ടു നല്കുവാൻ
നാലഞ്ചു കങ്കണം കൈയ്യിൽപ്പിടിച്ചുകൊ–
ണ്ടാലോകനംചെയ്തു നിന്നാനൊരു നൃപൻ;
പെണ്ണിന്റെ മന്ദസ്മിതവും വിലാസവും
കണ്ണിന്റെ ഭംഗിയും കണ്ടങ്ങൊരു നൃപൻ
എണ്ണിപ്രയോഗിക്കുമംഗജാസ്ത്രംകൊണ്ടു
ദണ്ഡിച്ചു കണ്ണുനീർവാർത്തിരുന്നീടിനാൻ;
പുള്ളിമാൻകണ്ണിയെക്കണ്ടുകൊണ്ടാനന്ദ–
മുള്ളിൽ പെരുക്കയാൽ ഭ്രാന്തുപിടിപെട്ടു
പള്ളിമഞ്ചത്തിൻ മുകളിൽനിന്നേററങ്ങു
തുള്ളിത്തുടങ്ങിനാനേകഭൂപാലകൻ.
ഇത്തരം ഗോഷ്ടികളോരോന്നു കാട്ടുന്ന

പൃഥ്വീശ്വരൻമാരിരിക്കുന്ന വീഥിയിൽ
ധാത്രീശപുത്രിയെക്കൊണ്ടുചെന്നാദരാൽ
ധാത്രീജനങ്ങൾ പറഞ്ഞുതുടങ്ങിനാർ:

‘‘അംഗഭൂപാലനെക്കാൺക നീ കന്യകേ!
അംഗജൻ പണ്ടു ദഹിച്ചോരനന്തരം
അംഗനമാരെ വലപ്പാൻ പിതാമഹൻ
ഇങ്ങനെയീസ്സ്വരൂപത്തെ നിർമ്മിച്ചുപോൽ!

കണ്ടാൽ മനോജ്ഞനാമിക്ഷിതിപാലന്റെ
കണ്ഠത്തിൽ മാലയിട്ടാലും മനോഹരേ!’’
വണ്ടാർകുഴലി കേട്ടീലെന്നു ഭാവിച്ചു
മിണ്ടാതെയങ്ങു നടന്നുതുടങ്ങിനാൾ;

‘‘കോസലാധീശനാം കോമളാകാരനെ—
ക്കൂസൽകൂടാതെ വരിക്ക നീ ബാലികേ!
ദാസനെപ്പോലെ പരിചരിച്ചീടുവാൻ
വാസനയുള്ളൊരു മന്നവൻതാനിവൻ’’
‘‘ദാസനെ ഞാൻ വരിക്കില്ലെന്ന’’വൾ പരി—
ഹാസം പറഞ്ഞു ഹരിണീ നടന്നിതു;
‘‘ഭാസുരാകാരനാം ഭദ്രാധിനാഥനെ
ഭാവം തെളിഞ്ഞു നീ മാലയിട്ടീടുക’’
ഭദ്രകാധീശ്വരൻ കൊള്ളാമിതില്പരം
ഭദ്രമായിട്ടാരുമില്ലെങ്കിലെന്നവൾ
ഭാവഭേദംകൊണ്ടറിയിച്ചു മെല്ലവേ
സാവധാനം തത്രനിന്നു ഗമിച്ചിതു;
‘‘ആലിംഗനത്തിനു വാഞ്ഛിച്ചിരിക്കുന്ന
കാലിംഗരാജനെ കൈക്കലാക്കീടുക
നാലഞ്ചു മന്നരെപ്പിന്നിട്ടുപോന്നു നീ
കാലം വൃഥാ കളഞ്ഞീടുന്നതെന്തെടോ?
കുന്തളാധീശനെ കാംക്ഷയില്ലാതുള്ള
പന്തണികൊങ്കമാരില്ലെടോ കന്യകേ!
‘പന്തണിക്കൊങ്കമാർകൂട്ടത്തിലെന്നെ നീ
സന്ധിക്കവേണമെന്നില്ലെ’ന്നവൾമതം;
‘‘കാമപാലേശനിൽ കാമമില്ലെങ്കിൽ നീ
കാമനെപ്പോലും കൊതിക്കയില്ലോമലേ!’’
‘‘കാമിനിമാരെത്തരംകെടുത്തീടുന്ന
കാമനെ കാംക്ഷിക്ക യോഗ്യമല്ലെന്ന’’വൾ;
‘ലോകേ മനോജ്ഞൻ വസുമനസ്സെന്നുള്ള
സാകേതഭൂപനെ കണ്ടാലണഞ്ഞു ഞാൻ
ആകാംക്ഷയോടേ വരിക്കുന്നതുണ്ടെ’ന്നു

രാകാശശിമുഖി ഭാവിച്ചിരിക്കുന്നു;
കല്പവൃക്ഷത്തെക്കൊതിക്കുന്ന ഭൃംഗിക്കു
കാഞ്ഞിരവൃക്ഷത്തിലാശയുണ്ടാകുമോ?
അപ്രകാരം ഹരിണിക്കു മന്നൻമാരി—
ലല്പമെന്നാലും രുചിയില്ല നിർണ്ണയ—
മെന്നുള്ള തത്ത്വം ഗ്രഹിച്ചോരത്തോഴിമാർ
മന്നവൻമാരുടെ വംശവീര്യാദികൾ
കന്യയെ കേൾപ്പിച്ചതില്ലെങ്കിലായതിൽ
വന്നുപോം ദൂഷണമെന്നതുകാരണം
സർവരാജാക്കടെ രൂപസൗന്ദര്യവും
സർവസമ്പത്തും കുലത്തിന്റെ ശുദ്ധിയും
സർവം പറഞ്ഞു വിദേഹേന്ദ്രപുത്രിയെ
സാധുവാംവണ്ണം ഗ്രഹിപ്പിച്ചു സാദരം
മന്നവൻമാരുടെ മുന്നിലശേഷമേ
കന്യയെക്കൊണ്ടുനടന്നു സഖീജനം
ഉന്നതിഭംഗം വരാതെ പറഞ്ഞുകൊ—
ണ്ടുന്നിദ്രമോദാലമർന്നു വിലസുന്നു.

ഹേഹയാധീശ്വരൻ ഭദ്രശ്രേണ്യനെന്നുള്ള ഭൂപാലൻ
മോഹനീയാംഗിയാകുന്ന കന്യയെക്കണ്ടൊരു നേരം
മോഹമേററം മനക്കാമ്പിൽ വളർന്നു സംശയം വിട്ടു
സാഹസം ചെയ്‌വതിനായിപ്പുറപ്പെട്ടു മഹാവീരൻ;
'ബാഹുജൻമാരിവരെല്ലാം മിഴിച്ചു നില്ക്കവേതന്നെ
ബാഹുവീര്യംകൊണ്ടിവളെപ്പിടിച്ചുകൊണ്ടു പോരുന്നേൻ
ആഹവത്തിന്നൊരുമ്പെട്ടു ഭൂമിപൻമാർ വരുന്നെങ്കിൽ
ദേഹഭംഗമവർക്കിന്നു ഭവിക്കും സംശയം വേണ്ട;'
ചഞ്ചലമെന്നിയേ ചിന്തിച്ചുറച്ചു ചാപവുമേന്തി
മഞ്ചഭാഗേനിന്നു ചാടിച്ചെന്നുനിന്നു വിരവോടേ
ചഞ്ചലാക്ഷീമണിതന്റെ ചാരുപാണി പിടിച്ചാശു
''വഞ്ചനമല്ലെടോ ബാലേ! വരികെ''ന്നങ്ങുരചെയ്തു
തേർത്തടത്തിൽ കരയേററി താനുമങ്ങുകരേറിക്കൊ—
ണ്ടാത്തവേഗം നടകൊണ്ടു ബന്ധുസേനാജനത്തോടേ;
പാർത്ഥിവൻമാരതു കണ്ടു കയർത്തു വില്ലെടുത്തുംകൊ—
ണ്ടാർത്തു തിക്കിത്തിരക്കിക്കൊണ്ടടുത്താരൊക്കവേകൂടെ
''നടപ്പിൻ വീരരേ! ചാപമെടുപ്പിൻ നല്ല ബാണങ്ങൾ
തൊടുപ്പിൻ കള്ളനെച്ചെന്നു തടുപ്പിൻ താഡനം നന്നായ്
കൊടുപ്പിൻ വാഹനം തല്ലിപ്പൊടിപ്പിൻ വൈരിയെക്കൊന്നു
മുടിപ്പിൻ കന്യയെച്ചെന്നു പിടിപ്പിൻ സംഗരേ വെട്ടി
മരിപ്പിൻ പേടിയുള്ളോരിങ്ങിരിപ്പിൻ പെണ്ണിനെക്കൊണ്ടു

തിരിപ്പിൻ സാധനംപാടേ ഹരിപ്പിൻ മന്നവൻമീശ
കരിപ്പിൻ മന്ദിരത്തെച്ചുട്ടെരിപ്പിൻ നാടശേഷം സം–
ഹരിപ്പിൻ നാണിയത്തെ സംഭരിപ്പിൻ സംഭ്രമം വേണ്ട;
കരുത്തുണ്ടെന്നു ഭാവിച്ചിട്ടൊരുത്തൻ സംശയംകൂടാ–
തൊരുത്തിയെപ്പിടിച്ചങ്ങു കരസ്ഥമാക്കി മണ്ടുമ്പോൾ
കരത്തിലായുധമുള്ളോനൊരുത്തൻ ചെന്നു നേരിട്ടു
തരത്തിൽ തല്ലിയോടിപ്പാൻ ഗുരുത്വമാർക്കുമില്ലയോ?
ഉരത്ത പാമ്പിനു നേരെ പെരുത്ത വടിയെന്നുള്ള
സമർത്ഥൻമാരുടെ വാക്കു കിമർത്ഥമാചരിക്കാത്തു?
അനർത്ഥത്തിന്നൊരുത്തനിജ്ജനത്തെ ധിക്കരിച്ചു സ്ത്രീ–
ജനത്തെക്കൊണ്ടുപോകുമ്പോൾ കനത്തേയും കളഞ്ഞുംകൊ–
ണ്ടനങ്ങാതങ്ങിരിക്കുന്ന ജനത്തെയെന്തിനു കൊള്ളാ–
മിനിത്തെല്ലും മടിക്കാതെയടുത്തെല്ലാമടക്കേണം;''
ഭദ്രശ്രേണ്യനുമപ്പോൾ തിരിഞ്ഞുനിന്നു സംഹാര–
രുദ്രനെന്നതുപോലെ രുഷിതനായുരചെയ്തു:
''ക്ഷുദ്രക്ഷത്രിയൻമാരേ! രണഭീരുക്കളേ! നിങ്ങൾ
ഭദ്രവാക്കുകൾ ഘോഷിച്ചതുകൊണ്ടു ഫലമില്ല;
ഭദ്രൻ മാഗധൻ മാളൻ ചോളനും നിങ്ങളെല്ലാരും
ഭദ്രാംഗി ഹരിണിയെക്കൊതിച്ചു വന്നിരിക്കുമ്പോൾ
ഭദ്രശ്രേണ്യനാകും ഞാൻ ഭയമെന്യേ ഹരിണിയെ
സദ്രംഗമതിൽനിന്നു പിടിച്ചങ്ങു കൊണ്ടുപോന്നു;
യുദ്ധത്തിലുടൻ നമ്മെ ശരമെയ്തു ജയിച്ചാശു
മുഗ്ധാംഗീമണിയാളെക്കൊണ്ടുപോവാൻ മനസ്സെങ്കിൽ
വർദ്ധിച്ച പടയോടെ വന്നു ശസ്ത്രം പ്രയോഗിപ്പിൻ
ക്രുദ്ധിച്ചു ശകാരിച്ചു വൃഥാ കാലം കളയേണ്ട;
ശൗര്യമുള്ളരചൻമാർക്കടെങ്ങും കന്യകാരത്നം
കാര്യമെങ്കിലും കൊള്ളാമകാര്യമെങ്കിലും കൊള്ളാം
നേരെന്നും നെറിയെന്നും നിരൂപിക്കില്ല വീരൻമാർ
ആരെന്നാകിലും വന്നാൽ വധിപ്പാനും തടവില്ല;
ബാലപ്പെണ്ണിനെക്കണ്ടു കൊതിച്ചുംകൊണ്ടൊരുകൂട്ടം
മാലാബന്ധനത്തിനു കഴുത്തും പൊക്കി മൂഢൻമാർ
നാലുഭാഗമേ വന്നു മഞ്ചമേറിവഴിപോലെ
കാലുമ്മേൽ കാലുമേററി ഇരിക്കും ദുർഭഗൻമാർക്കു
മാററിത്തം വഴിപോലെ കൈക്കലൊയെന്നതേയുള്ള
മറെറാന്നും ലഭിച്ചീല പെണ്ണിനെ ഞാൻ കൊണ്ടുപോന്നു;
ഊററക്കാർക്കഭിമാനം തരിമ്പുണ്ടെന്നാകിൽ യുദ്ധ–
മേററുകൊള്ളുവിനേതും മടിച്ചു താമസിക്കേണ്ട;
തോററുമണ്ടുവാൻ മോഹമുള്ള രാജാക്കളും തൻെറ

കൂററുകാരരും കൂടെയടുത്താലും തടുത്താലും
നീററിലെ മുതല വായ് പിളർന്നുകൊണ്ടടുക്കുമ്പോൾ
ആററിലുള്ള ഭേകങ്ങളൊക്കെ വന്നാൽ തടുക്കാമോ?
കാട്ടിൽ വമ്പുലി ചാടിക്കടിപ്പാനായ് വരുന്നേരം
ക്രോഷ്ടാക്കളൊരു ലക്ഷം കൂടിനിന്നു പിണങ്ങുമോ?
നാട്ടിലെ പ്രജകളെ നശിപ്പിക്കെന്നിയേ നിങ്ങൾ
കാട്ടുന്നതൊരു വസ്തു നടക്കയില്ലറിഞ്ഞാലും
ഗോഷ്ടിക്കു പുറപ്പെട്ടു ചില വസ്തു പ്രയോഗിച്ചാൽ
മോഷ്ടിക്കും ജനത്തെപ്പോലവസാനം വന്നുകൂടും
ശ്രേഷ്ഠത്വം നിരൂപിച്ചു തന്നത്താനറിയാത്ത
ചേട്ടക്കാരരെ ഭദ്രശ്രേണ്യന്നു ഭയമില്ല;
കൂട്ടക്കാരരെയെല്ലാം കൂട്ടിക്കൊണ്ടുവന്നാലും
കോട്ടക്കാരനെക്കൂടെ കൂട്ടാക്കിച്ചമച്ചാലും
കോട്ടമൊന്നുകൊണ്ടുമില്ലിങ്ങെന്നു ധരിക്കേണം
കൂട്ടാക്കുകയുമില്ല നിങ്ങളെജ്ജളൻമാരേ!
ആട്ടക്കാരരോരോരോ വേഷങ്ങൾ ചമഞ്ഞോരോ
പാട്ടുംപാടി നിന്നോരോ ഭാവങ്ങൾ നടിക്കുമ്പോൾ
കാഴ്ചക്കാർക്കതുകൊണ്ടു ഭയമുണ്ടോ അതുപോലെ
താഴ്ചയില്ലിനിക്കേതും നിങ്ങടെ ഭള്ളുകൾ കണ്ടാൽ;
മൂർച്ചയുള്ളമ്പു വന്നു ശരീരത്തിൽ തറയ്ക്കുമ്പോൾ
ചാർച്ചയുള്ളവൻ കൂടെപ്പാർക്കയില്ലെന്നറിഞ്ഞാലും;
കേട്ടു കൗതുകംപൂണ്ടു കന്യകയെ വന്നു വെക്കം
വേട്ടുകൊണ്ടങ്ങുപോവാനാഗ്രഹിച്ചു വന്ന നിങ്ങൾ
വെട്ടുകൊണ്ടന്തകന്റെ പുരത്തിങ്കൽ ഗമിപ്പാനോ
വേഗേന നമ്മെ വന്നു നിരോധിപ്പാൻ തുടങ്ങുന്നു?''

ഇത്തരമോരോന്നുരചെയ്തു മന്നവൻ
സത്വരം വില്ലുമെടുത്തു കുലച്ചുടൻ
കൂർത്തുമൂർത്തുള്ള ശരങ്ങൾ തൊടുത്താശു
നേർത്തുവരുന്ന നരേന്ദ്രവൃന്ദത്തിന്റെ
മൂർദ്ധാവുതോറും പ്രയോഗം തുടങ്ങിനാൻ;
കീർത്തിയുള്ളോരു ഭദ്രശ്രേണ്യഭൂപതി
പാർത്തിരിയാതെ ശരവർഷഘോഷങ്ങൾ
പാർത്ഥിവൻമാരും തുടങ്ങി നിരക്കവേ;
ഹേഹയാധീശന്റെ ബന്ധുരാജാക്കളും
വാഹനക്കൂട്ടവും സേനാസമൂഹവും
ആഹവമാശു തുടങ്ങി, മടങ്ങാതെ
ബാഹുവീര്യങ്ങളെക്കാട്ടിത്തുടർന്നിതു;
വാളും പരിചയും വില്ലും ശരങ്ങളും

നീളംപെരുത്ത ചവളങ്ങളും ഭിണ്ഡി—
പാലങ്ങളും കത്തിവാളും കടുത്തില
ശൂലങ്ങളും മുസലങ്ങളും മുൾത്തടി
വേലും ചുരികയും കുന്തങ്ങളും നീട്ടു—
കോലും പരിഘം മുസൃണ്ഠി ചക്രങ്ങളും
ഈട്ടിയും തോട്ടിയും ചാട്ടുകുന്തങ്ങളും
ചാട്ടുകോലൊററവാളൂരുഖഡ്ഗങ്ങളും

ലന്തക്കുഴലും പറങ്കിക്കുഴൽകളും
ചന്തത്തിലുള്ള കുറുംകുഴൽ തോക്കുകൾ

കർക്കട കല്ലും കവണിയുമായുധ—
മൊക്കവേകൊണ്ടും തുടങ്ങി മഹാരണം;

പെട്ടെന്നു ദിക്കുകളെട്ടുമൊരുപോലെ
ഞെട്ടുംവിധങ്ങളിൽ കൊട്ടും കുഴൽവിളി

ചട്ടയും തൊപ്പിയുമിട്ടു വഴിപോലെ
കെട്ടിയുറപ്പിച്ചു വെട്ടത്തിറങ്ങി നി—
ന്നൊട്ടും മടിക്കാതെ വെട്ടും പരിചയ്ക്കു
മട്ടും മുനകളും തട്ടും വിളികളും
നീട്ടും കളികളും കൂട്ടുന്നതിൽ ചില
വെട്ടും മുറിഞ്ഞതുമിട്ടുംകളഞ്ഞങ്ങു
കൂട്ടത്തിലുൾപ്പുക്കു കോട്ടം വരാതൊരു
കൂട്ടം കലമ്പുന്നു വാട്ടംഭവിച്ചുകൊ—
ണ്ടോട്ടം ചിലരുടെ ചാട്ടം കബന്ധങ്ങ—
ളാട്ടം കരുമന കാട്ടും ഭടജനം
വെട്ടുകൾകൊണ്ടങ്ങു പട്ടുകിടക്കുന്ന—
തിട്ടുചവിട്ടിയുരുട്ടിക്കളിക്കുന്ന
കാളിയും കൂളിയും വേതാളപാളിയും
മേളിച്ചുകൊണ്ടുള്ള കേളിയും നല്ലൊരു
വഞ്ചോലപോലങ്ങു കുത്തിയൊഴുകുന്ന
ചെഞ്ചോരയിൽ ചാടി മുങ്ങിയും പൊങ്ങിയും
ചാഞ്ചാടിയാടിയും പാടിയും തങ്ങടെ
വാഞ്ഛാനുകൂലം കുടിക്കുന്നു ചോരയും;

കങ്കം കുറുനരി കാക്കകൾ ശ്വാക്കടെ—
സംഘങ്ങടെ ബഹു കോലാഹലങ്ങളും,
സംഘത്തിൽ വെട്ടി മരിക്കും നൃവരരെ—
ശ്ശങ്കകൂടാതെ വരിപ്പാൻ വരും ദിവ്യ—
മങ്കമാർതന്നുടെ മെയ്യിലണിഞ്ഞൊരു
കങ്കണം മാല തരിവള മോതിരം
തങ്കപ്പതക്കങ്ങളംഗദം കുണ്ഡലം

തമ്മിൽത്തടഞ്ഞിട്ടിടഞ്ഞു പൊട്ടിത്തെറി–
ച്ചങ്ങുമിങ്ങും പതിക്കുന്നുണ്ടൊരുവിധം;
തങ്ങളിൽ തങ്ങളിൽത്തിക്കിത്തിരക്കി വ–
ന്നംഗനമാരുടെ സന്നാഹമങ്ങനെ
സംഗരാഡംബരമെത്രയും വിസ്മയം!
കൊമ്പുമുയർത്തിത്തകർത്തടുത്തീടുന്ന
കൊമ്പൻ കൊലയാനവമ്പൻ മനുഷ്യരെ
തുമ്പിക്കരംകൊണ്ടെടുത്തുയർത്തിപ്പിടി–
ച്ചൻപോടു മേല്പോട്ടെറിഞ്ഞോരനന്തരം
ചന്തത്തിലാശു കീഴ്പോട്ടു വീണിട്ടു വൻ–
കുന്തത്തിനഗ്രേ മലർന്നു പതിച്ചിതു;
അന്തരംകൂടാതവൻെറ ഗളംതന്നി–
ലന്തകൻ കൊണ്ടന്നു പാശവും ബന്ധിച്ചു;
അപ്സരസ്ത്രീ വന്നു മാലയും ബന്ധിച്ചു
അല്പം കലശലുണ്ടായ്‌വന്നു തങ്ങളിൽ;
''നില്ലെടി! നീയെന്തു മാലയിട്ടെ''ന്നവൻ
''നില്ലെടാ! നീയെന്തു പാശമിട്ടെ''ന്നവൾ
''യുദ്ധേ മരിച്ചാൽ നമുക്കടങ്ങീടേണം''
''വീരൻ മരിച്ചേ നിനക്കു വരിക്കാവൂ''
''വീരനല്ലോയിവൻ നല്ലൊരു മാനുഷൻ''
''പൊട്ടീ! നിനക്കെന്തു ബോധമിക്കശ്മലൻ
പൃഷ്ഠത്തു കുന്തം തറച്ചു ചത്തീലയോ?''
''മേല്പോട്ടു ദൃഷ്ടിയായിട്ടു മരിച്ചവൻ
മേലുലകത്തേക്കു പോമെന്നറിക നീ''
''മേല്പോട്ടു ദൃഷ്ടി നിർത്താതെ മരിക്കയി–
ല്ലിപ്പാരിലുള്ള നരൻമാരിലേകനും
യുദ്ധമെന്നേതും പറയേണ്ട നീയിനി
ചത്തോരെയൊക്കവേ മാലയിട്ടീടുക''
''അങ്ങനെ മോഹം നമുക്കില്ല കിങ്കരാ!
സംഗരേ ചത്തവൻ ഞങ്ങൾക്കടങ്ങണം''
''അന്തകൻ വന്നു തൊടാതെയൊരുത്തനു–
മന്തം വരാറില്ല നീയെന്തറിഞ്ഞെടീ?
കുന്തത്തിൽ വീണു മുറിഞ്ഞെങ്കിലുമെൻെറ
ദന്തത്തിൽ വീഴാതെ പോകയില്ലാരുമേ''
ഇപ്രകാരം ചില വാദമൊരുദിക്കി–
ലപ്രബന്ധങ്ങൾ പറഞ്ഞാലൊടുങ്ങുമോ?
അപ്രമേയം മഹായുദ്ധകോലാഹലം

തൽപ്രദേശേ വിജൃംഭിച്ചോരനന്തരം
ഹേഹയാധീശൻെറ ബാണങ്ങളേററുടൻ
ദേഹം മുറിഞ്ഞു മരിച്ചു ബഹുവിധം
ആഹവേ ജീവൻ നശിക്കാത്ത രാജാക്ക—
ളാഹാരവംപൂണ്ടു മണ്ടിത്തുടങ്ങിനാർ;
വില്ലും കളഞ്ഞു തിരിച്ചാനൊരു നൃപൻ:
പല്ലും കളഞ്ഞു പറഞ്ഞാനൊരു നൃപൻ!
‘‘തെല്ലും ശരീരം മുറിഞ്ഞീല’’; മററുള്ള—
തെല്ലാമുപേക്ഷിച്ചു പോയാനൊരു നൃപൻ!
കാലിന്നു മാത്രം മുടക്കമൊരുത്തന്ന്
കണ്ണൊന്നു ഭിന്നമായ് മറെറാരു മന്നന്ന്
പാലുകുടിച്ചു തടിച്ച ദേഹത്തിന്നു
കാലു വിറച്ചു, മണ്ടീടുവാൻ സങ്കടം;
മേലുള്ള കോപ്പു പോയെന്നല്ലഹോ പൂണു—
നൂലും കളഞ്ഞു ഗമിച്ചാനൊരു നൃപൻ;
കൗപീനവും മുണ്ടുമെല്ലാമുപേക്ഷിച്ചു
കൗമാരഭാവേന മണ്ടീടിനാർ ചിലർ;
‘‘തേരും കുതിരയും സൂതനും പോയതിൽ
തെല്ലും നമുക്കില്ല സങ്കടം മാനസേ
പാരിൽ പരന്നോരു വീരനെന്നിങ്ങനെ
പേരുള്ളതൂർദ്ധ്വമായ്പോയതു സങ്കടം;
ഓടിത്തളർന്നങ്ങു ചെല്ലുന്ന നേരത്തു
പേടിച്ചു പോന്നെന്നു ശങ്കിച്ചു നമ്മുടെ
പേടമാൻകണ്ണിക്കു കാംക്ഷ കുറഞ്ഞുപോ—
യീടുമാവോ അതു മാത്രം ഭയം മമ
കങ്കണം പോയതും കാതില പോയതും
സങ്കടമില്ലിനി തീർത്തുകൊള്ളാമുടൻ
മങ്കമാർക്കുള്ളിലുണ്ടാകുന്ന നിന്ദകൾ
മാററിവെപ്പാൻ മരുന്നങ്ങു കണ്ടീല ഞാൻ*;
പെണ്ണിനെ മോഹിച്ചു പോകകൊണ്ടിങ്ങുള്ള
പെണ്ണിനും നമ്മെ വേണ്ടാതെയായ്വന്നിതു;
കൈയ്ക്കലിരിക്കുന്നതങ്ങു കളഞ്ഞു പ—
റക്കുന്ന വസ്തു പിടിപ്പാൻ തുടങ്ങിയാൽ
രണ്ടും കളഞ്ഞെന്നുതന്നെ ഫലംവരും
പണ്ടുള്ള ചൊല്ലിനു പാഴ്വരുത്താവതോ?
വേളികഴിഞ്ഞെഴുന്നെള്ളുന്നു തമ്പുരാൻ
വെക്കം നിറപറ വെക്കണമെന്നിനി
ഇഷ്ടജനങ്ങളും വാദ്ധ്യായവിപ്രനും

---

* ‘മാററിവെപ്പാനും മരുന്നു കണ്ടീല ഞാൻ’—പാഠാന്തരം.

അഷ്ടമംഗല്യവും മററുള്ളതൊക്കെയും
വട്ടങ്ങൾകൂട്ടിപ്പടിപ്പുരദ്വാരത്തിൽ
വന്നു പാർക്കുന്ന നേരത്തിങ്ങുടുത്തൊരു
മുണ്ടുമാത്രംപോലുമില്ലാത്ത നമ്മളെ—
ക്കണ്ടു മനംകൊണ്ടു വാലെടുക്കുന്നതു—
കൊണ്ടു വിചാരിച്ചുകണ്ടാൽ നമുക്കുള്ള
കുണ്ഠിതംപോലെ മഹീതലേ മററാർക്കു—
മുണ്ടായ്‌വരുന്നതല്ലെന്നിങ്ങു നിർണ്ണയം:''
''കണ്ടാലുമെന്നുടെ മാററിത്തമിങ്ങനെ
രണ്ടാംവിവാഹത്തിനാഗ്രഹിച്ചപ്പൊഴേ
ചെണ്ടകൊട്ടിപ്പറഞ്ഞാൽ ഫലമെന്തിനി?
പെണ്ണിനെയിങ്ങു ലഭിച്ചതില്ലെന്നല്ല
കണ്ണിണയിലൊന്നു പോയെൻറിണങ്ങരേ!
ഉണ്ണാത്ത പാഴനെ ഊട്ടുവാൻ മേലെന്നി—
വണ്ണം പറയുന്നതൊക്കാതിരിക്കുമോ?
പല്ലക്കുമേറി ഞാനങ്ങോട്ടു ചെന്നിതു
പല്ലൊക്കെയങ്ങു കളഞ്ഞിങ്ങു പോന്നു ഞാൻ
ഉള്ളത്തിലേറെ ദുരാഗ്രഹമുണ്ടാകി—
ലുള്ളതുംകൂടെ നശിക്കെന്നതേ വരൂ;''
''പൊക്കത്തിലാനക്കഴുത്തിലേറിക്കൊണ്ടു
പൗരുഷത്തോടങ്ങു ചെന്നു ഞാനിങ്ങോട്ടു
പൊക്കമൊയ്ത്തന്നെ തിരിച്ചു പോന്നേനൊരു
തർക്കത്തിലൂനം നമുക്കു വന്നീലെടോ;
കന്യയെക്കാമിച്ചു കൈയിലുള്ളർത്ഥങ്ങ—
ളൊന്നൊഴിയാതെ കളഞ്ഞേച്ചു പോന്നു ഞാൻ;
കന്യയ്ക്കുമില്ല നമുക്കുമില്ലാതെപോ—
യെന്നതുമെൻെറ കണിദോഷമല്ലയോ?''
ദൈന്യങ്ങളേവം പറഞ്ഞു മഹീപാല—
സൈന്യങ്ങളൊക്കവേ തോററു മണ്ടിപ്പോന്നു
തന്നുടെ തന്നുടെ ഗേഹങ്ങളുൾപ്പുക്കു
ഖിന്നതപൂണ്ടു വസിച്ചോരനന്തരം
സാകേതമന്നൻ വസുമനസ്സെന്നുള്ള
ലോകൈകവീരൻ കയർത്തു പുറപ്പെട്ടു
സാകം പടയോടു സന്നാഹസംഭാര—
മാകവേ കൂട്ടിപ്പടഹമടിപ്പിച്ചു
തേരിൽ കരേറിദ്ധനുർബാണതൂണീര—
വാരവാണാ[1]ദി കൈക്കൊണ്ടെടുത്തീടിനാൻ;
കോപേന പാഞ്ഞു ചെന്നാശു ഭദ്രശ്രേണ്യ—

---

[1] വാരവാണം = പടച്ചട്ട.

ഭൂപാലവീരനെപ്പോർവിളിച്ചീടിനാൻ:
''നില്ലുനില്ലെങ്ങു നീ പോകുന്നു ദുർമ്മതേ?
കൊല്ലാതെ നിന്നെ ത്യജിക്കയില്ലേഷ ഞാൻ
ഉല്ലാസമേറും വസുമനസ്സെന്നുള്ള
വില്ലാളിവീരനെക്കേട്ടറിവില്ലയോ?

നമ്മെ വരിപ്പാൻ വരുന്നൊരു കന്യയെ
നിർമ്മരിയാദംപിടിച്ചു വലിച്ചു നീ
ചെമ്മേ ഗമിപ്പതിനെന്തു ബന്ധം ശഠ!
നിൻമേനി തല്ലിത്തകർക്കുന്നതുണ്ടു ഞാൻ;

ആർക്കാനുമുള്ളോരു പെണ്ണിനെ സ്വാധീന-
മാക്കാൻ കൊതിച്ചോരു മൂർഖാ! മമ ക്രൗര്യ-
മോർക്കാതെ വന്നോരു നിന്നെശ്ശരംകൊണ്ടു
കോർക്കാതെ ഞാനിന്നു യാത്രയാകീടുമോ?

നാകേ പടയ്ക്കു വരും ദൈത്യവൃന്ദങ്ങ-
ളാകെ ഭയപ്പെട്ടു മണ്ടിയൊളിക്കുമി-
സ്സാകേതരാജന്റെ പേരു കേൾക്കുന്നേര-
മാകുലപ്പെട്ടുപോമേവനെന്നാകിലും;

അപ്രകാരം വീര്യമുള്ളൊരു നമ്മെ നീ-
യിപ്രകാരം ഹന്ത ധിക്കരിച്ചീടിനാൽ
അപ്രിയം സംഭവിച്ചീടും നിനക്കെടോ!
ദുഷ്പ്രഭുത്വം കാട്ടിനിന്നാലിളപ്പെടും;

കന്യകാരത്നത്തെ വൈകാതെകൊണ്ടുവ-
ന്നെന്നുടെ മുമ്പിൽവച്ചാശു വണങ്ങുകിൽ
പിന്നെ ഞാൻ നിന്നെക്കൊലചെയ്കയില്ലതു-
തന്നെ നിനക്കിന്നു നല്ലൂ നരാധമാ!

അല്ലെങ്കിൽ നിന്നെയും നിന്നുടെ സൈന്യങ്ങ-
ളെല്ലാമൊരുമിച്ചു ഭസ്മമാക്കീടുവൻ;
വല്ലതെന്നാലും ഹരിണിക്കു ഞാനിന്നു
വല്ലഭനായ്‌വരാനില്ലൊരു സംശയം.''

എന്നുള്ള ദുർവാക്കു കേട്ടു ഭദ്രശ്രേണ്യ-
മന്നവൻതാനും തിരിഞ്ഞു നിന്നീടിനാൻ:
''ആമെങ്കിൽ വാടാ! വസുമനസ്സേ! നിന്റെ
നാമമാത്രം ശിഷ്ടമാക്കുന്നതുണ്ടു ഞാൻ;
കാമഭ്രമംകൊണ്ടു ശണ്ഠയിട്ടീടുന്ന
കാമിനീദാസനെക്കൂട്ടാക്കുമോ വയം?
കണ്ഠത്തിൽ മാലയേല്ക്കാതെകൊണ്ടുണ്ടായ
കുണ്ഠിതം വേണ്ടാ നിനക്കിന്നു മന്നവാ!
അണ്ടർകോൻനാട്ടിലെപ്പെണ്ണുങ്ങൾ വന്നു നിൻ

കണ്ഠത്തിൽ മാല വയ്പാനടുത്തു സഖേ!
ചെണ്ടത്തമേറുന്ന നിന്നെ ഞാനിങ്ങനെ
കണ്ടെത്തുവാനെത്ര മോഹിച്ചിരിക്കുന്നു?
രണ്ടസ്ത്രമങ്ങോട്ടു യാത്രയാക്കാമങ്ങു
കൊണ്ടുപോയന്തകൻവീട്ടിലാക്കീടുവാൻ;''

ഇത്രമാത്രമുരചെയ്തുടൻ ഹേഹയ—
ക്ഷത്രിയാധീശ്വരൻ പാഞ്ഞടുത്തീടിനാൻ;
യുദ്ധം തുടർന്നാനയോദ്ധ്യാധിരാജനും
ക്രുദ്ധനാം മാഹിഷ്മതിപുരിനാഥനും
ബദ്ധവേഗം ശരശ്രേണിവർഷംകൊണ്ടു
രുദ്ധമാക്കീടിനാൻ ദിക്ചക്രമൊക്കവേ;

മാരുതാസ്ത്രം പാവകാസ്ത്രം കുബേരാസ്ത്ര—
വാരുണാസ്ത്രങ്ങളും വൈവസ്വതാസ്ത്രവും
പർവതാസ്ത്രം ഗരുഡാസ്ത്രം മഹേന്ദ്രാസ്ത്ര—
പൂർവദേവാസ്ത്രങ്ങൾ ഗാന്ധർവമസ്ത്രവും

ദിവ്യാസ്ത്രജാലങ്ങളേവംപ്രകാരത്തി—
ലവ്യാജഘോരം പ്രയോഗം തുടങ്ങിനാർ;
ക്രവ്യാദവൃന്ദങ്ങൾ ചോരപ്പുഴകളിൽ
വെവ്വേറെ ചാടിക്കളിച്ചും കുളിച്ചുമ—
ങ്ങക്ഷീണഭാവേന ചോരയും മാംസവും
ഭക്ഷിച്ചു ഭക്ഷിച്ചു കുക്ഷി പൂരിക്കയും;

യക്ഷിയും കുക്ഷിയും കാളിയും കൂളിയും
രക്ഷപിശാചവേതാളാദി ലക്ഷങ്ങൾ
തൽക്ഷണം തങ്ങടെ കൂത്തിന്നു നല്ല വി—
ചക്ഷണത്വംപൂണ്ടു തുള്ളലിന്നുള്ളൊരു
ലക്ഷണകുംഭകതാളം പിഴയ്ക്കും വി—
ലക്ഷണക്കൂട്ടത്തിനില്ലൊരു നാണവും;

ഭക്ഷണം മോഹിച്ചു തുള്ളും പരിഷയ്ക്കു
ശിക്ഷയിൽവേണമെന്നില്ലങ്ങൊരുവിധം

ചാടിത്തകർക്കയും വാടികളിക്കയും
ചോടിൽ പിഴയ്ക്കയും താഡിച്ചിഴയ്ക്കയും
ചോര കുടിക്കയും മാംസം കടിക്കയും
പാരം തടിക്കയും വീര്യം നടിക്കയും

തമ്മിൽ പിടിക്കയും തല്ലിപ്പിടിക്കയും
ചെമ്മേ നടിക്കയും ചേർന്നു കിടക്കയും
മുട്ടിച്ചരിക്കയും വെട്ടിച്ചിരിക്കയും
അഷ്ടികിരിക്കയും കെട്ടിത്തിരിക്കയും
ചട്ടങ്ങളിങ്ങനെ മാംസം ഭുജിക്കുന്ന

കൂട്ടങ്ങൾ വന്നു നിറഞ്ഞു രണാങ്കണേ;
വെട്ടുകൊണ്ടങ്ങു മുറിഞ്ഞുകിടക്കുന്ന
മൊട്ടത്തലകൊണ്ടു പന്തടിച്ചീടുന്നു
പൊട്ടിക്കിടക്കുന്ന ചട്ടയും തൊപ്പിയു–
മിട്ടൊരുകൂട്ടം പിടിച്ചു കളിക്കുന്നു;
കട്ടിച്ച ചോരയും മാംസവും തങ്ങളിൽ
തട്ടിപ്പറിക്കുന്നു കെട്ടിമറിക്കുന്നു;
ഇത്തരം ഭീഷണമായുള്ള സംഗരം
തത്ര ഭവിച്ചു ഭദ്രശ്രേണ്യമന്നന്റെ
ശസ്ത്രാസ്ത്രവർഷം സഹിക്കാഞ്ഞു സൈന്യങ്ങൾ
ചത്തുശേഷിച്ചവർ മണ്ടിത്തുടങ്ങിനാർ;
ബാണങ്ങൾകൊണ്ടു മുറിഞ്ഞു വസുമന–
ക്ഷോണീശനും തോററുമാറി പണിപ്പെട്ടു
പ്രാണങ്ങളെക്കളയാതെ മഹീപതി
നാണവുംപൂണ്ടു മണ്ടിപ്പുരം പുക്കിതു
ചാകാതെയുള്ള പടയോടുമൊന്നിച്ചു
സാങ്കേതമന്ദിരേ ചെന്നിരുന്നീടിനാൻ;
ആകാംക്ഷിതം ലഭിച്ചില്ലെന്നതുമല്ല
ലോകാപവാദം ലഭിച്ചു മേവീടിനാൻ;
കന്യയുംകൊണ്ടു ഭദ്രശ്രേണ്യമന്നവൻ
പിന്നെയുമങ്ങു ഗമിക്കും ദശാന്തരേ
പിന്നാലെ വന്നു ദിവോദാസനെന്നുള്ള
മന്നൻ മഹാരഥൻ കാശിരാജ്യാധിപൻ
പണ്ടേ മനക്കാമ്പിലുള്ളോരു വൈരേണ
കുണ്ഠേതരം പടകൂട്ടിപ്പുറപ്പെട്ടു
വണ്ടാർകുഴലിയെക്കൊണ്ടു ഗമിക്കുന്ന
കണ്ടുസഹിക്കാഞ്ഞു പാഞ്ഞടുത്തീടിനാൻ
''ഹേഹയ! നില്ലെടാ! നീയിന്നു ചെയ്തൊരു
സാഹസം പാരമായ്പ്പോയെടാ! പെണ്ണിനെ
മോഹമുണ്ടെങ്കിൽ നടേതന്നെ വന്നു വി–
ദേഹനോടെന്തേയപേക്ഷിച്ചുകൊള്ളാഞ്ഞു!
ഇക്കണ്ട ഭൂപാലവൃന്ദങ്ങളൊക്കവേ
നോക്കിയിരിക്കവേ വന്നു ഹരിണിയെ
കൈക്കലാക്കിക്കൊണ്ടു മണ്ടിത്തിരിച്ചതു
ധിക്കാരമല്ലയോ കാട്ടുന്നു നീ ശഠ!
ഇക്കാലമിഗ്ഗോഷ്ടി കാട്ടുന്നതും കണ്ട–
നങ്ങാതിരിക്കുമോ വിശ്വത്തിലൊക്കവേ
ചൊല്ക്കൊണ്ട രാജരാജൻമാരൊരുത്തർക്കു

ചൊൽക്കീഴമർന്നു വസിക്കുമോ ദുർമ്മുഖാ!
വക്കാണമേശുന്ന നേരത്തു നീയെങ്ങു
നില്ക്കുന്നു മൂഢാ! തനിക്കുതാൻപോരുന്ന
ചക്രവർത്തീശ്വരൻമാരായ ഞങ്ങടെ
വിക്രമാടോപം സഹിക്കുമോ നീയെടോ!

മുഷ്ക്കുള്ള സിംഹങ്ങൾ വായും പിളർന്നങ്ങ–
ടുക്കുന്നനേരം കുറുനരിഭോഷൻെറ
ധിക്കാരഭാവം ഫലിക്കുമോ ദുർമ്മോഹ–
മോർക്കുംവിധൗ ചിരിക്കാതിരിക്കാവതോ!

മർമ്മതാളം

ഇത്തരമുരചെയ്തു മഹാമതി കാശിമഹീശനശങ്കം
സത്വരമഥ വില്ലു വലിച്ചു കുലച്ചു പിടിച്ചു കഠോരം
ഉദ്ധതശരമാരിയുതിർത്തു മുതിർത്തു മെതിർത്തു തിമിർത്തും
യുദ്ധകലഹവിലസിതകലശൽ തുടങ്ങിയടുത്തൊരുനേരം
ഹേഹയകുലകമലദിവാകരനാകിയ ഭദ്രശ്രേണ്യൻ
സാഹസമൊടു ഝടിതി തിരിഞ്ഞഥ നിന്നു പറഞ്ഞുതുടങ്ങി:
''ബാഹുജകുലകീടക! കൂടുകയില്ലെട! നിന്നുടെ ധാർഷ്ട്യം
ബാഹുവിരുതു പെരുതു നമുക്കതുകരുതിപ്പൊരുതിക്കൊൾക
കാശിപുരദുരീശ! നിനക്കു ദുരാശ പരാഭവമിപ്പോ–
ളേശുവതിനു ഹന്ത! മദിച്ചു നമിച്ചു വദിച്ചതശേഷം
ആശയമതിലരിശമതരിശമനത്തിനു ബലമില്ലാഞ്ഞാൽ
നാശകരമതാശു തനിക്കു ഭവിക്കുമതത്രേയുള്ളു
പടയും കുടയും പടുതുടി പടഹാരവ ഘടഘടഘോഷം
കൊടിയും പൊടിയും ക്ഷിതിതടമിടിയുംപടി നടനത്തോടേ
തടിയൻ മുടിയൻ പലകൂട്ടം വികൃതികൾ കാട്ടിക്കൊണ്ടാൽ
തടിയും മുടിയും തവ വടിവൊടു പൊടിയാമുടനിഹകുമതേ!
മൂഢ! ദിവോദാസ! നരാധമ! നില്ലെട നിന്നുടെ മോഹം
രൂഢമഹോ ചേതസി വിഫലമതഖിലം ശിഥിലം പൃഥുലം
മാടണിമുലയാളാമിവളെക്കണ്ടു കൊതിക്കനിമിത്തം
പാടുകൾ പലപെട്ടുടനങ്ങു മടങ്ങിയടങ്ങിക്കൊൾക
ഇങ്ങനെ പല വാക്കു പറഞ്ഞവർ തങ്ങളിൽ നേർത്തു കടുത്തു
തിങ്ങിന മദശാലികളിരുവരുമമ്പൊടു ചാപമെടുത്തു
തുംഗതരശരാവലി തുരുതുരെ വിരവിലുതിർത്തുതുടങ്ങി
സംഗരമതികഠിനമതെങ്ങനെ ശിവശിവ! വർണ്ണിക്കുന്നു!
ഉൽക്കടതരശരനികരം ബത ദിക്കുകളൊക്കെ മറച്ചു
തൽക്കരുമന കണ്ടവരുടെയുടൽ കിടുകിടെ നിന്നു വിറച്ചു
വിക്രമമുടയവരുടെയമ്പുകളടിമുടി ഝടിതി തറച്ചു

പൊക്കമുടയ കൊടിമരമിരുവരുമരിശമൊടെയ്തു മുറിച്ചു;
പെട്ടന്നഥ കാശിമഹീപതി ഹേഹയഭൂപതിതന്റെ
ചട്ടററ ശരാസനമാശു മുറിച്ചു മറിച്ചൊരുനേരം
മറെറാരു പടവില്ലുമെടുത്തു കുലച്ചുടനമ്പു തൊടുത്തു
മററവനുടെ വില്ലു മുറിച്ചിതു വിരവൊടു ഭദ്രശ്രേണ്യൻ
അവനുമപര ചാപമെടുത്തു കുലച്ചുവലിച്ചു പിടിച്ചു
അവികലശരമാരി ചൊരിഞ്ഞുതുടങ്ങി മടങ്ങീലേതും
അവയവമതിലനവധിശരതതിവിരവിലുതിർത്തു സമർത്ഥൻ
നവനവവിധമവരുടെ സമരമതമരമനോഹരതുല്യം
പത്തു ശരമെടുത്തു തൊടുത്തു വലിച്ചഥ ഭദ്രശ്രേണ്യൻ
സത്വരമക്കാശിനൃപന്റെ രഥത്തെ മുറിച്ചു തകർത്തു;
മറെറാരു രഥമേറിയടുത്തു ദിവോദാസനുമന്നേരം
മററവനുടെ തേരു മുറിച്ചാനിരുപതു വിശിഖംകൊണ്ടു
ഭദ്രശ്രേണ്യക്ഷിതിപതിയുടെ കുതിരകൾ നാലുമൊരിക്കൽ
ഭദ്രതരം നാലു ശരംകൊണ്ടു മുറിച്ചു ദിവോദാസൻ
സദ്രഥമപി മൂന്നുശരംകൊണ്ടതിദൃഢമിടിപൊടിയാക്കി
ക്ഷുദ്രനതാം സൂതനെയും ശരമെയ്തു വധിച്ചിതു വൻപൻ
സാരഥിയും തേരും കുതിരയുമാശു നശിച്ചൊരുശേഷം
സരഭസമൊരു കുന്തമെടുത്തു പിടിച്ചിതു ഭദ്രശ്രേണ്യൻ
വാരണഗളമേറിയടുത്തു കടുത്തൊരു കോപത്തോടേ
വരുവതു ബത കണ്ടു വിരണ്ടഥ മണ്ടി പടജ്ജനമെല്ലാം;
ദന്തിഗളം തന്നിലിരുന്നു കൃതാന്തസമൻ നരപാലൻ
കുന്തമെറിഞ്ഞരിയുടെ മാറു പിളർന്നു കിളർന്നിതു വീര്യം;
ഹന്ത! തളർന്നുടനേ മോഹംതീർന്നു ദിവോദാസനൃപൻ
ദന്തിവരനെ വിരവിൽ വധിച്ചിതു ശിതതര ശരനികരത്താൽ
ഭൂമിതലേ നിപതിതനാകിന ഹേഹയമന്നവനപ്പോൾ
ഭൂരിവിളങ്ങുന്നൊരു വാളും പരിചയുമുടനേന്തി ദൃഢം;
ഘോരതരം വെട്ടിമുറിച്ചു തുരംഗമമൊക്കെയുമുടനേ
സാരഥിയുടെ തല കണ്ടിച്ചു വധിച്ചു മദിച്ചു കരേറി
വാരാണസിപുരപതി വിരവൊടു ഘോരശരങ്ങളുതിർത്തു
പാരിലഥ ഹേഹയനൃപനുടെ മർമ്മണി ദമമദശാലി
പാരമഹോ! വേദനകൊണ്ടു തളർന്നു പതിച്ചു നരേന്ദ്രൻ
പാരിടമതിൽ വീണഥ ബോധം കെട്ടുകിടന്നൊരുശേഷം
വിഗ്രഹമതിൽ വിവശത്വപൂണ്ടു പതിക്കുമരാതിജനത്തെ
നിഗ്രഹമതുചെയ്ക മഹീപതിമാരുടെ ധർമ്മമതല്ല
ഉഗ്രത ഭൃശമുള്ള ജനത്തിനുമീശ്വരകല്പനയാലേ
വ്യഗ്രത വരുമിങ്ങനെയുള്ള ജനത്തെ ഹനിക്കരുതാരും.

കാരികതാളം

ഇത്ഥം മനതാരിങ്കലുറച്ചു തദാ
സത്വരമഥ കാശിനരേന്ദ്രനുദാരൻ
തന്നുടെ പടയോടൊരുമിച്ചു തിരിച്ചു
തന്നുടെ പുരിപുക്കു സുഖിച്ചു വസിച്ചു.
ഹേഹയനൃപനാകിന ഭദ്രശ്രേണ്യൻ
മോഹവുമഥ തീർന്നു പതുക്കെ നടന്നു
മോഹനതനുവാകിയ കന്യകയോടേ
ഗേഹവരമണഞ്ഞു ഗുണാംബുധി വീരൻ;
പാടും മുറിയുള്ളവരൊക്കെയെടുത്തു
വീടും കുടിയുള്ളതിലാക്കി നരേന്ദ്രൻ
ചൂടും പുകയും പല വീടുകൾതോറും
കേടുള്ള ജനത്തിനുവൈദ്യം ചെയ്തു
അസ്ത്രാദികൾകൊണ്ടു മുറിഞ്ഞ ഭടാനാം
വസ്ത്രാദികളാശു കൊടുത്തു നികത്തി
ശാസ്ത്രാദികൾകൊണ്ടു വിനോദത്തോടേ
ഗോത്രാപതി വാണിതു ഭദ്രശ്രേണ്യൻ;
ഹരിണീപരിണീതിമഹോത്സവഘോഷം
കരണീയമിതെന്നുമുതിർന്നു നരേന്ദ്രൻ
തരുണീതരുണാദിജനത്തെ വരുത്തി—
ദ്ധരണീസുരവൃന്ദവുമത്ര നിറഞ്ഞു:

തരുണിമാർമണിമാലാഭരണഭൂതയാകുന്ന
ഹരിണീകന്യകതന്റെ പരിണീതിക്രിയാരംഭം
പരിചോടേ തുടങ്ങി തൻ പുരിതന്നിലലങ്കാരം
പരിതോ നിർമ്മിതമാക്കി പരിതോഷേണ ഭൂപാലൻ;
മണിരംഗസ്ഥലം വേറെ പണിയിച്ചു കനകംകൊ—
ണ്ടണിയിച്ചു ദുകൂലംകൊണ്ടണിമുററം വിതാനിച്ചു
മണമേറും കുസുമങ്ങൾ ഗുണമേറും കുരുത്തോല
മണിദീപങ്ങളും തൂക്കിയണിഞ്ഞു മണ്ഡപമെല്ലാം
കുളുർത്ത ചന്ദനച്ചാറും വെളുത്ത തണ്ഡുലച്ചാറും
തളത്തിലൊക്കവേ മെല്ലെത്തളിച്ചു, രത്നദീപങ്ങൾ—
കൊളുത്തിവച്ചുടൻ നല്ല കുലസ്ത്രീകൾ കുമാരിയെ
കുളിപ്പിച്ചു കുറി നന്നായ് തൊടിയിച്ചു ശിഖതന്നിൽ
കുരുക്കുത്തിക്കുസുമവും ദശപുഷ്പങ്ങളും ചൂടി—
ച്ചിണപ്പട്ടുമുടുപ്പിച്ചീവിധമെല്ലാമണിയിച്ചു;
കുരവയിട്ടുകൊണ്ടേതും കുറയാതെ കൊണ്ടുവന്നു
നരവരനെയുമങ്ങു മണിരംഗസ്ഥലംതന്നിൽ

ചന്തത്തിൽ വിവാഹത്തിൻ വിധിയെല്ലാമനുഷ്ഠിച്ചു
ധരണീദേവവൃന്ദങ്ങൾ വന്നു ഹോമാദികൾ ചെയ്തു
വരുന്ന ഭൂസുരൻമാർക്കു പ്രതിഗ്രഹം വഴിപോലെ
കരം നന്നായ് നിറച്ചങ്ങു കനകം ദാനവുംചെയ്തു
മണി പൊന്നും രജതവും പണവും പട്ടുവസ്ത്രങ്ങൾ
മടിക്കാതെ കോരിവാരിക്കൊടുത്തു ഹേഹയാധീശൻ;
ഗണിതക്കാർ വിധിച്ചോരു മുഹൂർത്തമങ്ങടുത്തപ്പോൾ
മണിരംഗസ്ഥലംതന്നിൽ പല ഹോമങ്ങളും ചെയ്തോ–
രുപാദ്ധ്യായദ്വിജൻമാരാലുപദിഷ്ടങ്ങളായുള്ള
വിധിയെല്ലാമനുഷ്ഠിച്ചു വിവാഹകർമ്മവും ചെയ്തു.

ഹരിണീസ്വയംവരം ശീതങ്കൻതുള്ളൽ
സമാപ്തം

ബാല്യുദ്ഭവം

എങ്കിലോ പണ്ടൊരുകാലം പുരന്ദരൻ
മങ്കമാരോടുമിടകലർന്നംബര*
പ്പൂങ്കാവിലാമ്മാറെഴുന്നരുളിഗ്ഗത—
ശങ്കമോരോരോ വിനോദം തുടങ്ങിനാൻ;
തങ്കങ്ങൾകൊണ്ടു ചമച്ചോരു മന്ദിരേ
പെൺകൊടിയാളാം ശചീദേവിതന്നെയും
അങ്കത്തിലാമ്മാറിരുത്തിക്കനക്കവേ
വെങ്കളിത്തട്ടിലിരുന്നരുളീടിനാൻ;
ചന്ദനവാടിയിൽനിന്നു വരുന്നൊരു—
മന്ദവാതങ്ങളുമേററുകൊണ്ടങ്ങനെ
മന്ദാകിനീകനകാബ്ജവൃന്ദങ്ങടെ
മന്ദേതരമാം പരിമളം ചേരുമാ—
നന്ദാമൃതങ്ങളെസ്സേവിച്ചു മേവീടു—
മിന്ദിന്ദിരങ്ങടെ ഝംകാരസംഗീത—
സുന്ദരമായുള്ള നന്ദനാരാമത്തി—
ലിന്ദ്രനും വൃന്ദവും വന്നു നിറകയാൽ
സുന്ദരിമാർക്കും വിശേഷിച്ചു മാനസാ—
നന്ദം കലർന്നിരുന്നേരം കനക്കവേ;
ഇന്ദ്രനന്നേരം കളിച്ചുചിരിച്ചുടൻ
സുന്ദരിമാരെ വിളിച്ചൊന്നരുൾചെയ്തു:
‘‘ഉർവശീ മേനകേ! രംഭേ! തിലോത്തമേ!
നിർവഹിച്ചീടണമിന്നൊരു നാടകം
ലക്ഷ്മീസ്വയംവരമെന്നുള്ള നാടകം
ലക്ഷണങ്ങൾക്കൊരു നീക്കമുണ്ടാകാതെ
തൽക്ഷണം നിങ്ങൾ നടിക്കേണമായതു—
വീക്ഷണംചെയ്‌വാൻ നമുക്കുണ്ടുകൗതുകം;
സർവരസങ്ങളും സർവ താളങ്ങളും
സർവ മേളങ്ങളും സർവഗീതങ്ങളും
സർവ വേഷങ്ങളും സർവ ഘോഷങ്ങളും
സ്വർവധൂമാരുടെ വിദ്യകളൊക്കെയും
നിർവിശങ്കം പ്രയോഗിച്ചിന്നു കാണണം;

---

* തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു. അംബരപ്പൂങ്കാവ്= ദേവലോകത്തെ ഉദ്യാനം (നന്ദനവനം).
‘മങ്കമാരോടുമിടകലർന്നുമ്മര—
പ്പൂങ്കാവിലാമ്മാറെഴുന്നരുളീ’—എന്നാണ് മുദ്രിത പുസ്തകങ്ങളിലെ പാഠം.

വിണ്ണവർനാട്ടിലെപ്പെണ്ണുങ്ങളേ! നിങ്ങൾ
വർണ്ണങ്ങളും ചില പാടിക്കളിക്കണം
വർണ്ണങ്ങളൊന്നല്ല രണ്ടല്ല മൂന്നല്ല
നിർണ്ണയം നിങ്ങൾക്കു വേണ്ടുവോളം വശം
വിണ്ണവർനാട്ടിലെപ്പെണ്ണുങ്ങളെണ്ണിയാ—
ലെണ്ണമില്ലെന്നു ജനങ്ങൾ പറയുന്നു;

എണ്ണത്തിനൊത്തൊരു വണ്ണവും വേണമി—
പ്പൊണ്ണത്തമാരും തുടങ്ങരുതിന്നഹോ!
ആണുങ്ങളിങ്ങു നില്ക്കുന്നതു കാൺകയാൽ
നാണമുണ്ടായ്‌വരും നാരിമാർക്കേററവും
ആണുങ്ങളെല്ലാരുമങ്ങു മാറീടുവിൻ
വേണമെന്നില്ലാ നമുക്കിന്നൊരുത്തരും;

പെണ്ണുങ്ങളും ഞാനുമല്ലാതെയിന്നൊരു
വർണ്ണങ്ങളിന്നു കൂത്താഗ്രഹിച്ചീടേണ്ട;
നല്ല കാവൽക്കാരു നാലു വാതുക്കലും
ചൊല്ലുന്ന കേൾപ്പാനൊരുമ്പെട്ടു നില്ക്കണം.

നല്ലവരെങ്കിലും വന്നുകേറും വിധൗ
നില്ലെന്നു ചൊല്ലിപ്പുറത്തിറക്കീടണം;
മല്ലാക്ഷിമാർ വരുന്നേരം മടിയാതെ
മെല്ലെക്കതകു തുറന്നു കേററീടണം.

മന്ത്രിമാരും പുറത്തോട്ടിറങ്ങീടുവിൻ
മന്ത്രസന്നാഹമല്ലിപ്പോൾ തുടങ്ങുന്നു;
പന്തണിക്കൊങ്കമാർ നാണിച്ചു നൃത്തത്തി—
നന്തരമുണ്ടാമതുകൊണ്ടു ചൊല്ലുന്നു;

വാലിയക്കാരും, പുറത്തിറങ്ങീടുവിൻ
കാലു ഞെക്കീടുവാൻ പെണ്ണുങ്ങളാകട്ടെ
വെററിലക്കാരനും പോയാലുമിന്നൊരു
കുററം നിനക്കതുകൊണ്ടു വരത്തില
കററക്കുഴലിമാർ വേണ്ടുന്നതുണ്ടിന്നു
മററു വേണ്ടുന്നതിനെല്ലാമവർതന്നെ;''
ഇത്തരം കല്പന കേട്ടോരുനേരത്തു
സത്വരം മാറിനാർ ദേവകളൊക്കെയും;
ഉത്തമസ്ത്രീകൾ കതകുമടച്ചുടൻ
കൂത്തിന്നു വേണ്ടും ചമയം തുടങ്ങിനാർ;
വേഷങ്ങളോരോന്നു കെട്ടിത്തുടങ്ങിനാർ
ഭൂഷണമോരോന്നണിഞ്ഞു തുടങ്ങിനാർ
യോഷാമണികടെ കോലാഹലംകൊണ്ടു
തോഷം നിറഞ്ഞു വഴിഞ്ഞു സുരേന്ദ്രനും;

പാലാഴിമാതിൻെറ വേഷം ചമയുവാൻ
കാലാഴി കെട്ടിത്തുടങ്ങിയോരംഗന
ചേല ഞെറിഞ്ഞങ്ങുടുത്തു പലതരം
മാലാഗണങ്ങളണിഞ്ഞു മുലപ്പടം
ചാലേമുറുക്കിത്തലമുടിബന്ധിച്ചു
മാലതീമാലയും നാലഞ്ചു ചുററിനാൾ;
താലിയണിഞ്ഞുടൻ നീലാഞ്ജനംകൊണ്ടു
വാലിട്ടു കണ്ണുമെഴുതിത്തിലകവും
ചാലേ ചമച്ചങ്ങു മൂക്കും തുളച്ചതിൽ
കോലാഹലം നല്ല മൂക്കുത്തിയും പോട്ടു
നീലക്കമലവും കൈയ്യിൽ പിടിച്ചുകൊ–
ണ്ടാലോലമായുള്ള ശീലത്തരംകൊണ്ടു
മേലേ വിളങ്ങിന പൂപ്പന്തലും തീർത്തു[1]
നാലുഭാഗത്തും സഖികടെ കൈകളിൽ
ആലവട്ടങ്ങൾ പിടിപ്പിച്ചു മെല്ലവേ
പാലാഴിമാതിൻ പുറപ്പാടു കൂട്ടിനാൾ;
മദ്ദളക്കാരത്തി മെല്ലെപ്പുറപ്പെട്ടു
മദ്ദളം മുട്ടി സ്വരം തെളിച്ചീടിനാൾ;
വസ്ത്രം നനച്ചങ്ങിടന്തല താഴ്കി വെ–
ച്ചോത്തും കലാശവും ഘോഷം തുടങ്ങിനാൾ,[2]
കേളിത്തലയ്ക്കലെപ്പാക്കരങ്ങളാൽ[3]
താളം പിടിച്ചുടൻ കൊട്ടിത്തുടങ്ങിനാൾ,
മേളത്തിനൊക്കുന്ന ചേങ്ങലയുമില–
ത്താളവും തിത്തിയും തംബുരു വീണയും
ബാലത്തരുണിമാർ നാനാവിനോദവും
ലീലയ്ക്കു ചേരുംപ്രകാരം തുടങ്ങിനാർ;
നല്ലൊരെഴുത്തൻപുതപ്പു കൊണ്ടന്നവർ
മെല്ലെ മറ പിടിച്ചങ്ങു പുറപ്പെട്ടു
ആട്ടം തുടങ്ങുമ്പൊളദ്ദിക്കിൽ വേണ്ടുന്ന
നാട്ടയും പാടിക്കലാശം തുടങ്ങിനാർ.
തോടിയും മാളവിയെല്ലാം പ്രയോഗിച്ചു

---

[1] തിരപ്പുറപ്പാടിനു ചുവന്ന പട്ടുതുണികൊണ്ടു മേക്കട്ടി പിടിക്കുന്നതിനെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്.

[2] 'ഇടന്തല താഴ്ത്തിവച്ചൂത്തും കലാശവും'—മുദ്രിതപുസ്തകങ്ങളിൽ അപപാഠം. മദ്ദളത്തിൻെറയും മൃദംഗത്തിൻെറയും ഇടന്തലയ്ക്കൽ നിന്നാണ് 'ധോം' 'ധോം' എന്ന നാദം പുറപ്പെടുവിക്കുന്നത്. ഈ വാദനത്തിനാണ് ഒത്തുകയെന്നു പറയുക.

[3] കേളിത്തലയ്ക്കൽ = വലന്തലയ്ക്കൽ. പാക്കരങ്ങൾ = പാക്കൈകൾ (താളത്തിൻെറ മേളകർത്തൃകങ്ങളായ അടിസ്ഥാന എണ്ണങ്ങൾ.)

'കേളീകരങ്ങളായ്പ്പാടേ കരങ്ങളാൽ'—എന്നു മുദ്രിതപുസ്തകങ്ങളിൽ അപപാഠം.

ചോടുകളോരോന്നു മെല്ലെച്ചവിട്ടിനാൾ;
നല്ല കവിതകൾ ചൊല്ലിച്ചവിട്ടി നി—
ന്നുല്ലാസമോടേ കളിച്ചുതുടങ്ങിനാൾ;
ചൊല്ലും പദങ്ങൾക്കഭിനയംകൊണ്ടുമ—
ങ്ങെല്ലാ രസങ്ങളും ഭാവിച്ചു മേവിനാൾ
മുഷ്ടി കടകവും മുദ്ര പതാകയും
തുഷ്ടികലർന്നോരഭിനയമിങ്ങനെ
ഒട്ടും പിഴയാതെ കാട്ടുന്നതിനൊത്തു
കൊട്ടും കുഴലും മുഴക്കുന്ന ശംഖുകൾ
തട്ടുമ്മേലോരോ ചവിട്ടും കലാശവും
പാട്ടും പദങ്ങളും കാട്ടും രസങ്ങളും
മീട്ടുന്ന വീണയും കൂട്ടുന്ന പാണിയും
നീട്ടുന്ന വാണിയും കൊട്ടും വികാരവും
കാട്ടുന്ന വിദ്യകൾ കണ്ടാൽ മനോഹരം
തോടി കല്യാണി മുഖാരി കാമോദരി
പാടി വരാടിയും പന്തുവരാടിയു—
മാനന്ദഭൈരവി ശങ്കരാഭരണവു—
മാഹരി നീലകാമോദരി ഭൈരവി
മോഹനമായ പുന്നാഗവരാളിയും
മാളവി ഭൂപാള നാഗവരാളിയും
കേളിയേറുന്ന ധനാശി ബലഹരി
കേദാരഗൗഡം വസന്തരാമഗ്രിയും
കേദാരപന്തു ദേശാക്ഷി മലഹരി
നാഥനാമക്രിയ നാട്ട സുരുട്ടിയും
മോദമെരിക്കിലക്കാമോദരി പിന്നെ
കണ്ഠാരവും യമുനാഹ്വയാകല്യാണി
ദേവഗാന്ധാരവും കാനക്കുറിഞ്ഞിയും
കൂശാതെ ഇന്ദളമിന്ദിശ മോഹനം
ശ്രീകണ്ഠം ശ്രീരാഗമിന്ദു സൗരാഷ്ട്രവും
സുന്ദരീരാഗവും ഗൗഢഗൗരങ്ങളും
പ്രൗഢതയോടുടൻ പാടുന്നു നാരിമാർ.
‘‘ഏകതാളം പിടിച്ചിന്ദിശ പാടീട്ട—
ങ്ങുർവശി! നാടകം നിർവഹിച്ചീടണം
രൂപതാളം പിടിച്ചമ്പിൽ മലഹരി
പാടുക കാമിനി രംഭേ! മടിയാതെ
ചെമ്പടതാളം പിടിച്ചിത്തിരി പാടി—
യമ്പിനോടാടീടുക നീ തിലോത്തമേ!
അംഗജരൂപീയടന്ത പിടിച്ചു നീ—
യാനന്ദഭൈരവി പാടിയാടീടുക

കാരികതാളം പിടിച്ചു നവരസ—
ഗീരുകൾ പാടണമിന്ദുമുഖിമാരേ!
ചമ്പതാളം പിടിച്ചിത്തിരി പാടീട്ടു
പഞ്ചപദത്തിൽ ചുവടും ചവിട്ടണം
മർമ്മതാളത്തിൽ കവിതകൾ കെട്ടണം*
കുംഭതാളത്തിലെന്നാകിലുമാമെടോ;''
ഇത്തരം കല്പന കേട്ടോരു നേരത്തു
സത്വരമപ്രകാരമൊരുമ്പെട്ടിതു
ഇന്ദ്രന്റെ വല്ലഭമാർകൾ മടിക്കാതെ
ഇന്ദ്രപുരത്തിൽ തുടങ്ങിനാർ നാടകം;
രംഗത്തിരുന്നങ്ങു ഭംഗിക്കിണങ്ങുന്ന
ശൃംഗാരലീലയോടംഗനമാരുടെ
ശൃംഗാരനാടകമംഗനമാർക്കു മൃ—
ദംഗപ്രയോഗവും തുംഗം വിളങ്ങുന്നു;
ഉച്ചമാം സുസ്വരം സജ്ജമാക്കിക്കൊണ്ടു
മെച്ചത്തിലങ്ങൊരു ദിക്കിലിരുന്നവർ,
പാർവതീകാന്തന്റെ വേഷം ചമഞ്ഞുകൊ—
ണ്ടുർവശി ഭിക്ഷാടനത്തെ നടിക്കുന്നു;
കാമദേവൻതന്റെ വേഷം ചമഞ്ഞൊരു
കാമിനി തട്ടിൽ കരേറിക്കളിക്കുന്നു;
മാലതീ ചൂതവും നല്ലോരശോകവും
നീലോല്പലമരവിന്ദങ്ങളിങ്ങനെ
നാലുമോരോന്നും കുസുമബാണങ്ങളെ
ചാലേ കരത്തിൽ ധരിച്ചു ചരിക്കുന്നു
കണ്ടാൽ മനോഹരമായ കരിമ്പിന്റെ
തണ്ടുകൊണ്ടുണ്ടായ നല്ലൊരു ചാപവും
വണ്ടുകൊണ്ടുള്ളൊരു ഞാണുമേററിത്തരം
തണ്ടാർശരൻതന്റെ കേളീവിലാസവും
സേനകളായുള്ള മാനിനീവൃന്ദവും
സേനാപതിയായ രാകാശശാങ്കനും
സ്യന്ദനമാകുന്ന മന്ദപവനനും

---

* 'മർമ്മതാളത്തിൽ കവിതകൾ കെട്ടണം'—എന്നതാണു ശുദ്ധപാഠം. 'വർണ്ണ്യതാളത്തിൽ'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠം. താളനൃത്തങ്ങൾ വിവരിക്കുന്ന ഈ ഭാഗം മുദ്രിതപുസ്തകങ്ങളിൽ പാഠം ശുദ്ധമല്ല. ഉചിതസംസ്കരണത്തോടുകൂടി ഇവിടെ ചേർത്തിരിക്കുന്നു.

ഏകം, രൂപം, ചെമ്പട, അടന്ത, കാരിക, ചമ്പ, പഞ്ചാരി, മർമ്മം, കുംഭം എന്നീ താളങ്ങളിലുള്ള നൃത്തഭേദങ്ങളാണ് ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത്. ഈ താളങ്ങളെല്ലാം സന്ദർഭാനുസാരേണ നമ്പിയാർ പ്രയോഗിച്ചിട്ടുമുണ്ട്. അക്കാലത്തു കേരളത്തിൽ പ്രചാരത്തിലിരുന്ന നാടൻനൃത്തവിശേഷങ്ങളിൽ പ്രയോഗിച്ചിരുന്ന താളങ്ങളാണിവ.

മന്ദം പുറപ്പെട്ടു വന്നു വിലസുന്നു;
വൃന്ദാരകാധിപനായ പുരന്ദരൻ
മന്ദഹാസംപൂണ്ടു മന്ദമരുൾചെയ്തു:
''അംഗനമാർ കേൾക്ക നിങ്ങൾ മടിക്കാതെ
ഇന്ദിശ പാടിപ്പദങ്ങൾ ചൊല്ലീടുവിൻ!
ശാരീരമേറുന്ന പെണ്ണുങ്ങൾ പാടണം
സാരി[1] ക്കു ചേരുന്ന മേളം വരുത്തണം
സാരമാം വിദ്യകളൊക്കെ പ്രയോഗിച്ചു
പാരാതെ നമ്മുടെ മോദം വരുത്തണം;
പദ്യങ്ങൾ ചൊല്ലിപ്പൊരുൾ പറഞ്ഞീടുവാ–
നുദ്യോഗമില്ലാത്തതെന്തെടോ മേനകേ!
വിദ്വൽജനത്തിന്റെ മുമ്പിൽ പ്രയോഗിക്കിൽ
വിദ്യകൾക്കേറ്റം തെളിവുമുണ്ടായ്‌വരും;
പന്തണിക്കൊങ്കയാളായ തിലോത്തമേ!
പന്തടിച്ചീടുക പങ്കജലോചനേ!
ചിത്തം തെളിഞ്ഞു വിചിത്രമോടേ നല്ല
ചിന്തു പാടീട്ടു ചുവടും ചവുട്ടുക;
ആളിമാരേ! വന്നു താളംപിടിക്കെടോ!
കേളിക്കു ചേരുന്ന മേളം വരുത്തെടോ!
മിണ്ടാതെകണ്ടങ്ങിരുന്നാൽ കണക്കല്ലേ
താളം പിടിക്കെടോ! നേരം കളയാതെ
രംഭേ! വരികെടോ! രംഗത്തു നിന്നു നീ
ഗംഭീരമാകും മൃദംഗം മുഴക്കെടോ!''
ദംഭോളിപാണിയാം ദേവേന്ദ്രനിങ്ങനെ
സംഭാവനംചെയ്തു മേവും ദശാന്തരേ
സൂര്യന്റെ തേർത്തടംതന്നിൽ വിളങ്ങുന്ന
സാരഥിയായോരരുണൻ മഹാബലൻ
വീര്യമേറുന്ന ഗരുഡന്റെ പൂർവജൻ
സൂര്യനെത്താണു തൊഴുതൊന്നുണർത്തിച്ചു!
''സ്വാമിൻ! ദിവാകര! കേട്ടാലുമെന്നുടെ
കാമിതമിന്നതു സാധിക്കുമോ വിഭോ!
കാമിയാമിന്ദ്രന്റെ വല്ലഭമാരുടെ
ആമോദമേകുന്ന കൂത്തും വിലാസവും
സാമോദമിപ്പോളമരാവതീപുരേ
താമസം വിട്ടു തുടങ്ങുന്നു നിർണ്ണയം;
കൊട്ടുണ്ടു കേൾക്കുന്നു പാട്ടുണ്ടു കേൾക്കുന്നു
പെട്ടെന്നു കാൽച്ചിലമ്പൊച്ചയും കേൾക്കുന്നു
ചട്ടറ്റ ഘോഷങ്ങൾ കേൾക്കയിലാഗ്രഹം

---

[1] സാരി = 'സാരി'യെന്ന നൃത്തവിശേഷം.

ഒട്ടല്ലടിയനു കൂത്തു പാർത്തീടുവാൻ;
ഇന്നു ഭഗവാനു സമ്മതമെങ്കിലോ
എന്നെ വിരവോടു യാത്രയാക്കേണമേ!''
എന്നതു കേട്ടു ദിനേശനരുൾചെയ്തു:
''നന്നല്ലതെന്നിനിക്കിന്നു തോന്നീടുന്നു;
പെണ്ണുങ്ങടെ നല്ല വേഷവും കണ്ടു നീ
കണ്ണും മിഴിച്ചങ്ങു നിന്നുപോയാലഹോ!
ദണ്ഡമായ്ത്തീരുമെനിക്കെന്നറിഞ്ഞു നീ
തിണ്ണെന്നു വേഗം വരികെടോ സാരഥേ!
എന്നാൽ മടിക്കാതെ പോകെടോ വൈകാതെ
ചെന്നു കണ്ടാലും പ്രയോഗങ്ങളൊക്കവേ''
മാർത്താണ്ഡശാസനം കേട്ടോരരുണനും
കാൽത്തളിർ കൂപ്പിപ്പുറപ്പെട്ടു മെല്ലവേ
വൃത്രാരിമന്ദിരം പുക്കു പതുക്കവേ
നൃത്തശാലയ്ക്കങ്ങടുക്കുന്ന നേരത്തു
കാത്തു നില്ക്കുന്നോർ തടുത്തു ചൊല്ലീടിനാർ:
''കൂത്തു കാണാനിന്നു കൂടാ നിനക്കെടോ!
ധൂർത്തുകളൊന്നും ഫലം വരത്തില്ലെന്നു
തീർത്തുരചെയ്യാം നടന്നാലുമങ്ങു നീ;
'ആണുങ്ങളാരാൻ വരുന്നതാകിൽ തിരു-
വാണയിട്ടാശു പുറത്തിറക്കീടുവിൻ
കാണരുതാരെന്നു'മാകുന്നു കല്പന
കാണിനേരം വൃഥാ നില്ക്കേണ്ട താനെടോ!
പെണ്ണുങ്ങളെക്കൊണ്ടുവന്നു താനെങ്കിലോ
പെണ്ണുങ്ങൾ താണ്ഡവം കാണാതെ പോകേണ്ട
പെണ്ണുങ്ങൾ വന്നാലകത്തു കരേറുവാൻ
ദണ്ഡമില്ലെന്നതും കല്പിച്ചു തമ്പുരാൻ
ശങ്കിക്കവേണ്ടെടോ സ്വാമിയെ കൂപ്പുവാൻ
പെൺകൂത്തു നിർത്തിയാലുണ്ടാമവസരം.
മങ്കമാരായിജ്ജനിച്ചെങ്കിലീവക
സങ്കടം വേണ്ടതു ചൊന്നാൽ ഫലമില്ല;''
കിങ്കരൻമാരുടെ വാക്കു കേട്ടപ്പൊഴേ
പങ്കജബാന്ധവൻതന്നുടെ സാരഥി
അങ്കണംതന്നിൽനിന്നങ്ങു മാറിപ്പോന്നു
മങ്കയാൾവേഷം ചമഞ്ഞുനിന്നീടിനാൾ;
കാർകൊണ്ടിരുണ്ടു ചുരുണ്ടു പരന്നൊരു
വാർകുന്തളം കെട്ടഴിഞ്ഞു കിഴിഞ്ഞു പൊൽ-
ത്താമരജാലം വഴിഞ്ഞു പൊഴിയുന്ന

കോമളരൂപിയെക്കണ്ടാൽ മനോഹരം!
ഉല്ലാസമോടങ്ങു വില്ലാട്ടമാടുന്ന
ചില്ലീയുഗത്തിന്റെ തല്ലിൻവിലാസവും
എല്ലാമുടൻ കണ്ടു വില്ലാളിവീരനാം
മല്ലീശരൻതന്റെ വില്ലിന്റെ സൗഭാഗ്യ-
മില്ലാതെയായെന്നു ചൊല്ലിപ്പതുക്കവേ
വില്ലങ്ങൊരുകോണിലെല്ലാമൊളിച്ചുവ-
ച്ചല്ലൽ സഹിയാഞ്ഞു ചൊല്ലേറുംമംഗജൻ
വല്ലാത ഭാവങ്ങളെല്ലാം പ്രകാശിച്ചു
നില്ലെന്നു ഭാവിച്ചു സല്ലാപലീലക-
ളില്ലാതെ മേവുന്നു കില്ലില്ല നിശ്ചയം;

നെററിത്തടത്തിലെച്ചാന്തും തൊടുകുറി
ചുററും നനഞ്ഞതിലേററം വിയർത്തഥ
മുററും പൊടിയുടെ ധൂളികളേററതിൽ
പററി വിളങ്ങുന്നതേററം മനോഹരം;

കർണ്ണദ്വയത്തിലെ സ്വർണ്ണപ്രഭകൊണ്ടു
പൂർണ്ണമായിപ്പല വർണ്ണം കലർന്നൊരു
കുണ്ഡലമണ്ഡലം തിണ്ണെന്നു ശോഭിച്ച
ഗണ്ഡസ്ഥലങ്ങളെ വർണ്ണിക്ക ദുർഘടം;

തൊണ്ടിപ്പഴത്തിനങ്ങിണ്ടൽ പെടുക്കുന്ന
ചുണ്ടു രണ്ടും മൃദു കണ്ടാൽ മനോഹരം;
തേഞ്ചോരിവായ്മലർ പുഞ്ചിരിക്കൊഞ്ചലും
പഞ്ചബാണൻതന്റെ പഞ്ചബാണങ്ങളെ
അഞ്ചിക്കുമാറുള്ള ചഞ്ചൽക്കടാക്ഷവും
പഞ്ചസാരപ്പൊടി പഞ്ചാമൃതരസം
വഞ്ചിച്ചുമേവുന്ന മഞ്ജുസല്ലാപവും

ചന്ദ്രബിംബത്തിനു ചന്തം കുറയ്ക്കുന്ന
സുന്ദരമായുള്ള വക്ത്രാരവിന്ദവും
ചട്ടററ താമരമൊട്ടിന്റെ ഭംഗിയെ
കട്ടുകവർന്നൊരു വട്ടമുലകളും
താലിയും മാലയും നൂലും മണികളും
ചാലേയണിഞ്ഞൊരു കണ്ഠപ്രദേശവും
പൊന്നുംതരിവള മിന്നും കരങ്ങളിൽ
പൊൻമോതിരങ്ങളും പൊന്നരഞ്ഞാണവും
വിസ്താരമായുള്ള മാറിടംതന്നിൽനി-
ന്നൊത്തവണ്ണം തമ്മിലങ്ങോട്ടുമിങ്ങോട്ടും
അസ്തശങ്കം തിങ്ങിവിങ്ങി വിളങ്ങുന്ന
കുത്തുമുലകടെ ചോരത്തിളപ്പുകൊ-

ണ്ടത്രയും വർദ്ധിച്ച യുദ്ധം സഹിയാഞ്ഞു
മദ്ധ്യപ്രദേശം മെലിഞ്ഞുലഞ്ഞങ്ങനെ
സത്വരം പൊട്ടുമാറേറ്റം ഭയപ്പെട്ടു
നിത്യവും തൂണങ്ങു താങ്ങി നിന്നീടുന്നു;

പൊൻമയമായുള്ള വസ്ത്രം ഞെറിഞ്ഞുടു—
ത്തുന്നതമാകും ജഘനപ്രദേശവും
കുംഭിപ്രവരന്റെ തുമ്പിക്കരത്തിനെ
കുമ്പിടീക്കുന്ന തുടകളുമങ്ങനെ

അന്നക്കിടാങ്ങൾക്കു ഖിന്നത നല്കുന്ന
കന്നൽമിഴിയുടെ ചന്തനടകളും
പൊന്നിൻനിറം തേടുമംഗപ്രഭകളും
നന്നെന്നുതന്നേ പറവാനെളുതാവൂ;

മാർത്താണ്ഡസാരഥിയായോരരുണന്റെ
ധൂർത്തുകളോർത്താലിതെത്രയുമദ്ഭുതം!
ഉത്തമസ്ത്രീകടെ വേഷം ധരിച്ചവൻ
കൂത്തു കാൺമാനായ് പുറപ്പെട്ടു മെല്ലവേ;
മങ്കയാംതന്റെ വരവു കണ്ടപ്പൊഴേ
കിങ്കരർ വാതിൽ തുറന്നു നിന്നീടിനാർ;
ശങ്കകൂടാതെ കരേറിയകംപുക്കു
പങ്കജലോചനതാനും പതുക്കവേ;
ആയവൾ ചെന്നങ്ങടുത്തു കേറുംവിധൗ
ആയരങ്ങേറ്റം പ്രകാശിച്ചു കാൺകയാൽ
ആയിരം കണ്ണുള്ള ദേഹം പരവശ—
നായരനാഴികനേരം വിഷണ്ണനായ്
മാരൻ തൊടുത്തെയ്ത മാരശരംകൊണ്ടു
മാൽപെട്ടിതിന്ദ്രൻ പരവശനായിതു;
മറ്റുള്ള കാഴ്ചകളെല്ലാമുപേക്ഷിച്ചു
മുറ്റും മഹേന്ദ്രന്റെ കണ്ണുകളൊക്കെയും
തെറ്റന്നവടെ ശരീരത്തിലഞ്ജസാ
പറ്റി,പ്പലതരംകാംക്ഷ വർദ്ധിക്കയാൽ
കേശാദിപാദവും പാദാദികേശവും
വേശ്യാംഗനാമണിയാളെക്കടാക്ഷിച്ചു;
കാലദേശാവസ്ഥ മൂന്നും മറന്നുടൻ
ആശാബലംകൊണ്ടു പാരം പരവശ—
നായി നാലഞ്ചു ഘടിക കഴിഞ്ഞൊരു
നേരം പണിപ്പെട്ടു ലീലാവിശേഷങ്ങൾ
ദൂരവേ കണ്ടുകണ്ടങ്ങിരുന്നീടിനാൻ;
കോലാഹലങ്ങളിലൊന്നും മനസ്സില്ല

ഹാലാഹലംപോലെ ചിത്തം ദഹിക്കയാൽ:
''നൃത്തം പതുക്കവേ നിർത്താവതല്ലയോ
മററുനാൾ ശേഷം കഴിച്ചുകൊള്ളാമെടോ!
ഇത്രനേരം നിന്നു ദണ്ഡിക്കകൊരണം
ഗാത്രം തളരുന്നു സുന്ദരിമാരുടെ;
നിങ്ങളെല്ലാവരും പോയാലുമങ്ങെടോ!
സംഗതിയുണ്ടെങ്കിൽ നാളെയാമൊക്കവേ;
ഇന്നു തലക്കുത്തു പാരം മുഴുക്കുന്നു
രംഗത്തിരിപ്പാനെളുതല്ലെനിക്കൊട്ടും;
ഇങ്ങൊരു ദിക്കിൽ ശയിക്കയേയുള്ളു ഞാ''—
നിങ്ങനെ ഭോഷ്ക്കു പറഞ്ഞു സുരേന്ദ്രനും
മംഗലസ്ത്രീകളെ യാത്രയാക്കീടിനാൻ
അംഗജൻ നേരിട്ടു ബാണം തൊടുക്കയാൽ;
മാറിത്തിരിപ്പാൻ തുടങ്ങുന്നരുണനെ
വേറേവിളിച്ചങ്ങരികത്തു നിർത്തീട്ടു
കാറൊളി മിന്നും തലമുടി ചിക്കി നി—
ന്നേറെ പ്രസാദിച്ചു ചൊല്ലിനാനിന്ദ്രനും:
''നാരീശിരോമണിമാലികേ ബാലികേ!
ആരോമലേ ഗജഗാമിനീ! കാമിനീ!
ആരു നീയെന്നു പറകെടോ വൈകാതെ
ചേരുവാനാഗ്രഹം പാരം നമുക്കെടോ!
കല്യാണിയാകുന്ന കാമിനീ നിന്നുടെ
നല്ലൊരു പൂമേനി കാൺകയാലംഗജൻ
വില്ലുവലിച്ചു കുലയേററി മെല്ലവേ
കൊല്ലുവാനായി വരുന്നോരു നേരത്തു
മെല്ലെ വന്നെന്നെപ്പുണർന്നുകൊണ്ടെന്നുടെ
വല്ലാതെ വർദ്ധിച്ചൊരല്ലൽ കളകെടോ!
അർണ്ണോജലോചനേ! നിൻമുഖം കാണുവാൻ
കണ്ണുകൾ പോരായിനിയും നമുക്കെടോ!
നിർണ്ണയം നിന്നെ ലഭിച്ചെങ്കിൽ മററുള്ള
പെണ്ണുങ്ങളൊന്നും നമുക്കിന്നു വേണ്ടെടോ!
സുന്ദരീ! നീയെന്നരികിൽ വരികെടോ!
വന്നിരുന്നാലും മടിയിൽ മടിക്കൊലാ;
നിന്നുടെ പോർമുലക്കുംഭങ്ങൾതന്നാണ
നിന്നുള്ളിലാഗ്രഹമുള്ളതു നല്കുവൻ;
ഇല്ലവും ചെല്ലവും പാടേ തരുന്നതി—
നിങ്ങൊരു സംശയമില്ലെന്നറിഞ്ഞാലും;
വല്ലതും നീ പറഞ്ഞീടിലതും തരാം

വില്ലുതന്നാണ പൊളിയല്ല ചൊല്ലുന്നു;
മല്ലാക്ഷി ബാലികേ! നിന്നെപ്പുണരുവാ–
നല്ലാതെയാഗ്രഹമില്ലാതെയായിതു;
ദുർല്ലഭമായുള്ള വസ്തു ലഭിപ്പതി–
നെല്ലാജനങ്ങൾക്കുമാഗ്രഹമില്ലയോ?''
ഇത്തരം കാമപരവശനായുള്ള
വൃത്രാരിതന്നുടെ വാക്കുകേട്ടപ്പൊഴേ
ചിത്തത്തിലേററം വിഷാദം കലർന്നതി–*
നുത്തരം ചൊല്ലിനാ നാദിത്യസാരഥി:
''അയ്യോ! സുരേശ്വരാ! ചൊല്ലരുതിങ്ങനെ
പൊയ്യല്ല ഞാനൊരു നാരീമണിയല്ല;
സൂര്യൻെറ സൂതനരുണൻ കൃപാനിധേ!
കാര്യമല്ലാതെ പറയുമാറില്ല ഞാൻ;
'നാരിമാരല്ലാതെ കാണുമാറില്ലപോൽ
സാരമാമപ്സരസ്ത്രീകടെ താണ്ഡവം'
ദ്വാരപാലൻമാർ പറഞ്ഞിങ്ങു കേട്ടു ഞാൻ;
നാരിവേഷംപൂണ്ടു കണ്ടുകൊണ്ടേനഹോ!''
കാശ്യപിതന്നുടെ വാക്കു കേട്ടപ്പൊഴേ
വിശ്വസിച്ചിന്ദ്രനും മോദാലരുൾചെയ്തു;
''വാശ്ശതെന്നാകിലും വേണ്ടതില്ലിങ്ങെടോ
വേശ്യയായ്‌വന്നാൽ നമുക്കു സാധിക്കണം
ഈശ്വരാനുഗ്രഹംകൊണ്ടു നമുക്കിപ്പോ–
ളാശ്വാസവും മനക്കാമ്പിൽ ഭവിച്ചിതു;
കശ്മലൻമാരുടെ കാന്തയെന്നുള്ളൊരു
ദുശ്ശങ്കയുണ്ടായതെല്ലാമകന്നുപോയ്;''
ഏവം പറഞ്ഞു പതുക്കെക്കരാംബുജം
ദേവേന്ദ്രനേവം പിടിച്ചു തഴുകിനാൻ
കേവലം ശൃംഗാരലീലാദശാന്തരേ
ദേവേന്ദ്രബീജം പകർന്നിതെന്നേ വേണ്ടു;
ഗർഭമുണ്ടായി ഗരുഡാഗ്രജന്നുടൻ
അർഭകനേയും പ്രസവിച്ചു കാശ്യപി;
അദ്ഭുതസുന്ദരനായ കുമാരനെ
കെല്പോടു കണ്ടങ്ങുണർത്തിച്ചരുണനും;
''എങ്ങനെ വേണ്ടു ഞാനെന്നരുൾചെയ്താലു–
മിങ്ങനെയെല്ലാം ഭവിച്ചു സുരേശ്വര!''
എന്നതു കേട്ടു മഹേന്ദ്രനരുൾചെയ്തു:
''നിന്നുടെ രൂപം പ്രകാശമാക്കീടുക

---

* 'ചിത്തത്തിലേററം പ്രസാദം കലർന്നതിനുത്തരം...'—എന്നു മുദ്രിത പുസ്തകങ്ങളിൽ അബദ്ധപാഠം.

എന്നുടെ പുത്രനെക്കൊണ്ടുചെന്നാശു നീ
ധന്യയായുള്ളോരഹല്യയ്ക്കു നല്കുക;
ഗൗതമപത്നിയാം താപസിയെന്നുടെ
ദാരകൻതന്നെ വളർത്തുകൊള്ളും ദൃഢം.''

എന്നതു കേട്ടങ്ങരുണൻ പതുക്കവേ
സുന്ദരീവേഷം വെടിഞ്ഞു കുമാരനെ
ചെന്നങ്ങെടുത്തുടൻ വേഗേന ഗൗതമൻ-
തന്നുടെ മന്ദിരം പ്രാപിച്ചു ചൊല്ലിനാൻ;
''കല്യേ! വിതുല്യേ! വിശല്യേയഹല്യേ! സു-
കല്യാണി! നീയെൻെറ വാക്കു കേട്ടീടണം;
മല്ലാരിപൂർവജൻതൻെറ മകനെ നീ
ഉല്ലാസമോടേ വളർത്തു രക്ഷിക്കണം;
നിന്നുടെ പുത്രനെപ്പോലെ വഴിപോലെ
ധന്യനാമിന്ദ്രസുതനെ വളർത്തുക;''
എന്നതു കേട്ടങ്ങഹല്യയും ചൊല്ലിനാൾ:
''തന്നാലുമിങ്ങു നീ ദേവേന്ദ്രപുത്രനെ;
പോയാലുമങ്ങു നീ പക്ഷീന്ദ്രപൂർവജാ!
മായാവിഹീനം വളർത്തുന്നതുണ്ടു ഞാൻ;
ആയാസമില്ലെനിക്കേതും മനക്കാമ്പി-
ലായതു ചിന്തിച്ചു സന്താപവും വേണ്ടാ;''

എന്നു പറഞ്ഞു കുമാരനെ മേടിച്ചു
നന്ദികലർന്നു വസിച്ചാളഹല്യയും
നന്നായ് പ്രസാദിച്ചരുണനും സത്വരം
ചെന്നു ദിനേശനെത്താണുവണങ്ങിനാൻ;

അന്നേരമാദിത്യദേവൻ മഹാപ്രഭൻ
നന്നായ് കയർത്തുകൊണ്ടിത്ഥമരുൾചെയ്തു:
''നന്നുനന്നെത്രയും നിന്നുടെ വൃത്തികൾ
നിന്ദകൊണ്ടല്ലയോ നേരം കളഞ്ഞു നീ

എന്നോടു ചൊല്ലിയ നേരം വരായ്വതി-
നെന്തൊരു കാരണം ചൊൽകെടോ സാരഥേ!
മറെറാരു വേലയും കാര്യമില്ലെങ്കിലും
മുററും നമുക്കു നീ തേരാളിയല്ലയോ?
കുററംപറഞ്ഞു ഞാനെന്നു തോന്നീടേണ്ട
മുററുമേ നീ താൻ വിചാരിച്ചുകാൺകെടോ!
ധൂളിമാരായുള്ള വിണ്ണവസ്ത്രീകടെ
കേളിയുംകണ്ടങ്ങിളിച്ചു കരംകൊണ്ടു
താളംപിടിച്ചു രസിച്ചുനിന്നീടുവാ-
നാലു ഞാനെന്നു നിനക്കു മതമെങ്കിൽ

നാളെത്തുടങ്ങിക്കളിപ്പാൻ നടന്നാലു–
മാളിങ്ങു വേറെയൊരുത്തനുണ്ടായ്‌വരും;
ആളല്ല നീയെന്റെ തേർ നടത്തീടുവാൻ
കോളല്ല താന്തോന്നിയായിത്തുടങ്ങിയാൽ;
ആട്ടം പഠിപ്പതിന്നാഗ്രഹമെങ്കിലോ
കൂട്ടംപിരിയാതെ നീളെ നടന്നാലും
കൊട്ടിനുമാളല്ല പാട്ടിനുമാളല്ല.
പെട്ടി ചുമന്നു നടന്നാലുമങ്ങു നീ;
മുപ്പതുനാഴികകൊണ്ടങ്ങു പററണ–
മല്പമൊരേടത്തു താമസിപ്പാൻമേലാ
അപ്പരാധീനങ്ങളെല്ലാമറിഞ്ഞുകൊ–
ണ്ടിപ്രകാരം നിന്റെ സ്വസ്ഥത ചേരുമോ?
കൂത്തു കാൺമാനുള്ള മോഹം പെരുക്കയാൽ
കൂർത്തുപോയ് നിന്നുടെ ധിക്കാരമിക്കാല–
മോർത്തുകാണുമ്പോൾ നിനക്കെന്റെ സാരഥേ
ധൂർത്തുപാരം പെരുതെന്നു തോന്നീടുന്നു.''
ഇത്ഥം ദിനേശനരുൾചെയ്ത നേരത്തു
ബദ്ധാഞ്ജലിയോടുണർത്തിച്ചരുണനും:
''സ്വാമിൻ പ്രസാദിച്ചു കേട്ടരുളേണമേ!
താമസത്തിന്നുള്ള കാരണമൊക്കെയും;
കാമിനിമാരുടെ കൂത്തു കണ്ടീടുവാൻ
ഭാമിനിമാർക്കേയെളുതാവുയെന്നിതി
കിങ്കരർ ചൊന്നതു കേട്ടങ്ങടിയനും
മങ്കയാൾവേഷം ചമഞ്ഞു ചെന്നീടിനേൻ;

അടിയൻ നല്ലൊരു നാരീവടിവായിട്ടകംപുക്കു
നടിമാരപ്സരസ്ത്രീകൾ നടിക്കും നാടകത്തിന്റെ

ആട്ടവും ഭംഗിയും സൂക്ഷിച്ചറിഞ്ഞു ഞാൻ വസിക്കുമ്പോ–
ളുടനേ താണ്ഡവം നിർത്തി നാരിമാരൊക്കെയും മാറി;
അടിയനെയരികത്തു വിളിച്ചു തമ്പുരാനിന്ദ്രൻ
തനിക്കുതാൻ പോന്നവന്റെ മനക്കാമ്പിലൊരു മോഹം
കനക്കെ സംഭവിച്ചിതെന്നെനിക്കും തോന്നിയന്നേരം;
കുറഞ്ഞൊന്നു മടിക്കാതെ പറഞ്ഞു വാസവൻ മോഹം
ഉറച്ചോരംഗജതാപം മറച്ചുകൂടുകയില്ലെ–
ന്നുറച്ചു കൈപിടിപെട്ടു; പറഞ്ഞു ഞാനതുനേരം;
'തരുണിയല്ല ഞാൻ നാഥാ! തരണിതന്നുടെ സൂത–
നരുണനായതു ഞാനെ'ന്നറിയിച്ചേനതും പിന്നെ
പരമാർത്ഥം പറഞ്ഞിട്ടും ഫലിച്ചില്ല പിടിച്ചെന്നെ
പരിതോഷിച്ചഭിലാഷം പരിചോടേ ലഭിച്ചാശു
നിറമേറുന്നൊരു പുത്രനുളവായെന്നതേവേണ്ടു;

പുത്രനെക്കൊണ്ടുപോയ് ഗൗതമപത്നിക്കു
തത്ര വളർപ്പാൻ കൊടുത്തു പോന്നേനഹം
ഇത്രതന്നേയുള്ളു വൃത്താന്തമൊക്കെയു–
മിത്ര കോപിക്കരുതെന്റെ ദിനേശ്വര!
ധൂർത്തല്ലിതൊന്നും പരമാർത്ഥമെത്രയും
മാർത്താണ്ഡദേവാ! നമസ്തേ നമോസ്തു തേ!''
ഏവമരുണനുണർത്തിച്ചതു കേട്ടു
ദേവൻ ദിവാകരൻ മോദിച്ചരുൾചെയ്തു:
''കാശ്യപപുത്രനായുള്ളോരു നീ നല്ല
വേശ്യയായ്‌വന്നു മഹേന്ദ്രനും തങ്ങളിൽ
ചേർച്ചയുണ്ടായൊരു പുത്രനുണ്ടാകയാൽ
ആശ്ചര്യസൗഭാഗ്യസൗന്ദര്യമേറിയ
മംഗലവേഷം നമുക്കിന്നു കാണുവാൻ
സംഗതികൂട്ടുവാനൊട്ടും മടിക്കേണ്ട;
സംഗമം വേണമെന്നില്ലെടോ സാരഥേ!
ശൃംഗാരഭാവരസങ്ങൾ കണ്ടാൽ മതി.''
എന്നതു കേട്ടങ്ങരുണനുണർത്തിച്ചു;
''നന്നല്ലതെന്നങ്ങിനിക്കു തോന്നീടുന്നു,
അംഗനാവേഷം ചമഞ്ഞു കാണുന്നേര–
മങ്ങുന്നുമേററം പരവശനായ്‌വരും;
ഇന്ദ്രനെപ്പോലെ ഭവാനും തുടങ്ങേണ്ട
കന്ദർപ്പനേതുമേ നേരില്ല നിർണ്ണയം.''
മാർത്താണ്ഡനപ്പോളരുണനോടോതിനാൻ:
''ധൂർത്തുകളേതും തരമല്ല സാരഥേ!
ഓർത്തുകൊൾക ഭവാൻ, പെണ്ണുങ്ങളെക്കണ്ടോ–
ലാർത്തി നമുക്കു ഭവിക്കുമാറില്ലെടോ!
നെഞ്ചിൽ കളവുള്ള മല്ലാക്ഷിമാരുടെ
പുഞ്ചിരികൊഞ്ചലും കള്ളക്കടാക്ഷവും
പഞ്ചാര വെല്ലുന്ന വാക്കും വിലാസവും
സഞ്ചാരമോടിയും സാരസ്യധാടിയും
ഇത്തരം നാട്യങ്ങളേറുന്നോർ നമ്മുടെ
ചിത്തമിളക്കുവാനാർക്കുമെളുതല്ല;
സുന്ദരീവേഷം ചമഞ്ഞു വരികെടോ!
നന്നെങ്കിലും കുലുങ്ങീടുകയില്ല ഞാൻ.''
''അല്പനായുള്ളോരടിയനു നിങ്ങടെ
കല്പന കേൾക്കാതിരിക്കാവതോ വിഭോ!
ഉല്പലാക്ഷീവേഷഭംഗി പരം കാട്ടി
യൊപ്പിക്ക പാരം പരാധീനമെങ്കിലും

ഉല്പലബന്ധുവാം നമ്മുടെ സ്വാമിക്കൊ–
രപ്രിയംകൂടാതിരിക്കണമെന്നുള്ള
താത്പര്യമുണ്ടാകകൊണ്ടൊരു പെൺകോല–
മിപ്പോൾ നടിക്കാം മടിക്കാതെകണ്ടു ഞാൻ''

മർമ്മതാളം

ഇത്തരമുരചെയ്തുടനുത്തമചിത്തകുതൂഹലനരുണൻ
സത്വരമതി സരസമനോഹരഗുണഗണമോഹനകരണൻ
മത്തമൃദുലചതുരചകോരവിലോചനതന്നുടെ വേഷം
തത്തദുചിതവിലസിതമാശു ധരിച്ചൂ ബഹു പരിതോഷാൽ
കരിമുകിലൊടു പടപൊരുതീടിന പുരികുഴലഴകിലഴിഞ്ഞും
പരിചിൽച്ചിലമണിമയകുണ്ഡലമണ്ഡനരുചികൾ പൊഴിഞ്ഞും
വെളുവെളെ വിളയാടിന ബന്ധസുബന്ധുരകാന്തിനിതാന്തം
പുളകിതഘനകുചകലശങ്ങളുമുന്നതമാകിന കാന്ത്യാ
വിനതാസുതനാകിയ കാശ്യപി മാനിനിതന്നുടെ വടിവായ്
വിരവോടുടനതിമൃദുരൂപം കണ്ടു വിരണ്ടു ദിനേശൻ
മനതാരതിലതി കുതുകേന കനിഞ്ഞു തുനിഞ്ഞു പറഞ്ഞു:
''സുന്ദരമുഖി! വരികരികേ മമ സുലളിതകോമളശീലേ!
ചന്ദനകളഭങ്ങളണിഞ്ഞു വിളങ്ങിന കുളുർമുലയുഗളം
നമ്മുടെ ഹൃദി വിരവൊടു ചേർത്തു പുണർന്നെന്നേ[1] മതിയാവൂ
മന്മഥശരപരവശമഖിലമകറ്റുക കാമിനിമൗലേ!
അന്നപ്പിടനടയാളാകിയ നിന്നൊടുകൂടി രമിപ്പാൻ
നമ്മുടെ മനതാരിലഹോ ബഹു കൗതുകമംബുജനയനേ!
ക്ഷണസമയവിളംബമതിന്നു സഹിപ്പാനെളുതല്ലോർത്താൽ
ഗുണമുടയൊരു തരുണിശിരോമണി തരിക തവാധരബിംബം
പണമനവധി പട്ടും പുടവകൾ പലവകകോപ്പുകളെല്ലാം
പ്രണയിനി തവ തരുവതിനിന്നൊരു സംശയമില്ല സുശീലേ!''
മനതളിരതിലഴൽ പെരുകീടിന ദിനപതി ദീനതയോടേ
അനുപമഗുണമുടയ വിലാസിനിമണിയുടെ പാണി പിടിച്ചു
'ഞാനിഹ തവ കിങ്കരനെ'ന്നുമുറച്ചു ഭ്രമിച്ചു വിറച്ചു
മാനിനിയവൾ നിന്നളവത്ര രസിച്ചു ചിരിച്ചു മദിച്ചു
മാനസചരനാകിയ ദേവനു മന്മഥതാപമുയർന്നു
മാനസഹരയായിടുമവളെയണച്ചു പിടിച്ചു പുണർന്നു

കാരികതാളം

പുത്രനുമപ്പോളഥ വന്നുജനിച്ചു
പത്രിപതിപൂർവജനേവമുണർത്തി;
''നലമൊടു തവ നന്ദനനംബുജനാഥാ!

---

1. പുണർന്നെന്നേ = പുണർന്നെങ്കിലേ.

മുലകുടി പുനരില്ലതിനെന്തൊരുപായം?
ഉലകിടമതിലാർക്കു സമർപ്പിക്കാവൂ?''
''ഗൗതമമുനിതന്നുടെ ഭാമിനിയാകും
കാതരമിഴിയാൾക്കു കൊടുത്തീടുക നീ.''
വാസരപതിതന്നുടെ വാക്കുകൾ കേട്ടു
ഭാസുരപദമാശു വണങ്ങി നടന്നു.
മിത്രന്റെ പുത്രനെക്കൊണ്ടുചെന്നാദരാ—
ലെത്രയും മോദാലഹല്യയ്ക്കു നല്കിനാൻ;
സുത്രാമപുത്രനും സൂര്യന്റെ പുത്രനും
തത്ര സുഖേന വളർന്നു ദിനേദിനേ
പാലും പഴം ഗുളം പഞ്ചസാര മധു
നാലുകൂട്ടങ്ങൾ കൊടുക്കാനവൾക്കില്ല;
ചോലവെള്ളത്തിൽ കുളിപ്പിച്ചു മെല്ലവേ
ചാലേ വരിനെല്ലു കൊണ്ടുവന്നാദരാൽ
ബാലകൻമാർക്കങ്ങവിൽമലരപ്പവും
നാലഞ്ചുകൂട്ടമൊരുക്കിക്കൊടുക്കുന്നു;
കായം പതുക്കെപ്പതുക്കെ വളർന്നൊരു—
കാലമൊരുനാളഹല്യയാം താപസി
രണ്ടു കുമാരരേയുംകൊണ്ടുചെന്നവൾ
കുണ്ഠതവിട്ടു കുളിപ്പിച്ചു മെല്ലവേ
രണ്ടെളിതന്നിൽ വച്ചിങ്ങു വരുന്നതു
കണ്ടൊരു മാമുനിശ്രേഷ്ഠനാം ഗൗതമൻ
കണ്ണും ചുവപ്പിച്ചു കോപിച്ചരുൾചെയ്തു:
''രണ്ടെളിതന്നിലും പിള്ളയേപ്പേറുന്ന
ശണ്ഠിതമെത്രയും കഷ്ടമെൻ താപസീ!
മർക്കടത്തിന്റെ സ്വഭാവങ്ങൾ കാട്ടിയാൽ
ദുർഘടമായ്‌വരും കുഞ്ഞുങ്ങളോർക്കണം;
വെക്കമിക്കുഞ്ഞുങ്ങൾ രണ്ടുപേരും തവ
മർക്കടമായ്‌പോക''യെന്നു ശപിച്ചിതു;
ഇങ്ങനെ ഗൗതമൻതന്നുടെ ശാപമേ—
റങ്ങനെ വാനരരായീ കിടാങ്ങളും;
അങ്ങോട്ടു ചാടിയുമിങ്ങോട്ടു ചാടിയും
അംഗനമാരോടു പല്ലിളിച്ചങ്ങനെ
ഗോഷ്ടികൾ കാട്ടി മരക്കൊമ്പിലേറിയും
കാഷ്ടിക്കയും വാലു പൊക്കി നടക്കയും
കാഞ്ഞിരക്കായും കടിച്ചുതിന്നങ്ങനെ
പാഞ്ഞു നടക്കുന്നു കൊച്ചുകുരങ്ങുകൾ;
തങ്ങളിൽ കേറിക്കടിച്ചും പിടിച്ചുമാ—

സംഗതി കണ്ടിട്ടഹല്യയ്ക്കു കുണ്ഠിതം;
'ശക്രന്റെ പുത്രനും മിത്രന്റെ പുത്രനും
മർക്കടക്കുഞ്ഞുങ്ങളായിച്ചമകയാൽ
ദുഃഖം നമുക്കു സഹിക്കാവത'ല്ലെന്നു
മയ്ക്കണ്ണി താപസി കേണുതുടങ്ങിനാൾ.
അക്കഥാവൃത്താന്തമങ്ങു ദേവാദികൾ
ഒക്കവേ കേട്ടു കുമാരൻ പറഞ്ഞങ്ങു
ചിത്രസേനാഖ്യനാം ഗന്ധർവവീരനെ
തത്ര വിളിച്ചരുൾചെയ്തു പുരന്ദരൻ:
''ധാത്രിയിൽ ഗൗതമൻ തന്റെ തപോവനേ
രാത്രിയിലാരുമറിയാതെ ചെന്നു നീ
തത്ര വസിക്കുന്ന മൽ പുത്രനും പിന്നെ
മിത്രന്റെ പുത്രനും മർക്കടക്കുഞ്ഞുങ്ങൾ
രണ്ടു പേരേയും പതുക്കവേ കൂട്ടിച്ചു
കൊണ്ടുപോന്നിദ്ദിക്കിലാക്കീടണം ഭവാൻ;''
അണ്ടർകോനിത്ഥമരുൾചെയ്ത വാക്കിനെ
കുണ്ഠിതം കൂടാതെ കേട്ടു ഗന്ധർവനും
മണ്ടിത്തിരിച്ചങ്ങു ചെന്നു ശിശുക്കളെ—
ക്കണ്ടു പറഞ്ഞു പിടിച്ചു കരങ്ങൾകൊ—
ണ്ടിന്ദ്രന്റെ തൃക്കാൽക്കൽ വച്ചു വണങ്ങിനാൻ;
കണ്ടു പ്രസാദിച്ചു ശക്രനും പാണികൾ—
കൊണ്ടു ശിശുക്കളെത്തൊട്ടു തലോടിനാൻ!
രണ്ടുപേർക്കും കല്പവൃക്ഷഫലങ്ങളെ—
ക്കൊണ്ടുചെന്നാശു കൊടുത്തു ദേവാദികൾ;

''ചന്ദനവൃക്ഷങ്ങളേറിനടപ്പിൻ
മന്ദാകിനീജലംതന്നിൽ കുളിപ്പിൻ
വാലിന്റെ ഭംഗിവിശേഷംവരുത്തുന്ന
ബാലീ! മകനെ! വരികെന്നരികിൽ
ബാലിയെന്നുള്ളൊരു പേരും ലഭിക്കും
മേലിൽ പരാക്രമം പാരം ഭവിക്കും
നിന്നോടെതിർത്തു പിണങ്ങുന്നവൻതന്റെ,
ഉൻമൂലനാശം വരുത്തുവാൻ നീ പോരും.
യുദ്ധത്തിലെത്തിപ്പിണങ്ങുന്നവൻ തന്റെ
അർദ്ധപ്രതാപം നിനക്കു ലഭിക്കും;
ആദിത്യജനായ നിന്നുടെ തമ്പിക്കു
സുഗ്രീവനെന്നുള്ള പേരും ലഭിക്കും;
വിഗ്രഹംതന്നിലിരിക്കുന്നവരെ
നിഗ്രഹിപ്പാനുഗ്രവീരൻമാർ നിങ്ങൾ

ആഗ്രഹമൊക്കെ ലഭിക്കണം നിങ്ങൾക്കു
വ്യഗ്രതയോടേ വസിക്കണം നിങ്ങളും;’’

ഗുണം കണ്ടു പ്രസാദിച്ചു പറഞ്ഞോരിന്ദ്രനെത്താണു
വണങ്ങി ബാലിസുഗ്രീവൻമാരുമാശു വഴിപോലെ
കളിച്ചു കാനനംതന്നിലൊളിച്ചു ക്രീഡയാ കോപം
നടിച്ചു തൽഫലമെല്ലാം കടിച്ചുതിന്നുമദ്ദിക്കിൽ
കളിച്ചു ബാലിസുഗ്രീവർ പുളച്ചു മേവിനകാലം

ഋക്ഷാദിവാനരൻമാർക്കു രാജാവാകു—
മൃക്ഷരജസ്സെന്നു പേരാം കപീശ്വരൻ
ഋശ്യമൂകാചലേ കിഷ്കിന്ധയാം പുരേ
വിശ്രമിച്ചു മഹാവൃദ്ധൻ മഹാബലൻ;
മന്നനു വൃദ്ധനായുള്ളോരു ജാംബവാ—
നന്യോന്യബന്ധുവാം മന്ത്രിപ്രവരരും;
കിഷ്കിന്ധതന്നിലിരുന്നു കപിരാജ്യം
ഒക്കവേ പാലിച്ചുകൊണ്ടു മേവും വിധൗ
തെങ്ങും പിലാവുമടയ്ക്കാമരങ്ങളു—
മെങ്ങും നിറഞ്ഞോരു ചൂതവൃക്ഷങ്ങളും
ചമ്പാ കരിമ്പും കരിമ്പനക്കൂട്ടവും
കമ്പവും ചോളവും നെല്ലുമെള്ളും നല്ല
ചേമ്പും കിഴങ്ങുകൾ കാച്ചിലും കുമ്പളം
വെള്ളരിക്കായ്കളും നല്ല ബൃഹതിയും
അച്ചിങ്ങ പീച്ചിങ്ങ പാവയ്ക്ക കോവയ്ക്ക
കത്തിരിക്കായ്കളും നേന്ത്രവാഴയ്ക്കയും
കണ്ണനും കാളിയും പൂവൻ കദളിയും
വണ്ണനും വാഴപ്പഴങ്ങൾ പലവിധം
ചെത്തി ചേമന്തിയും പിച്ചകം ചെമ്പകം
മല്ലികാ കൈത കുറുമൊഴിക്കൂട്ടവും
സിന്ദുവാരങ്ങളിവറ്റിൻ കുസുമവും
ചന്ദനവൃക്ഷങ്ങൾ പൂത്തെലഞ്ഞിദ്രുമം
കൂപം കുളങ്ങളും തോടും പുഴകളും
ദിവ്യദ്രുമങ്ങളരശുവൃക്ഷങ്ങളും
ഇങ്ങനെയുള്ള പദാർത്ഥങ്ങളൊക്കെയും
തിങ്ങി വിളങ്ങുന്നു കിഷ്കിന്ധയിൽ തദാ.
അങ്ങനെയുള്ള പുരത്തിൻ വിഭൂതിക—
ളെങ്ങനെ വർണ്ണനംചെയ്യുന്നു ദൈവമേ!
മർക്കടശ്രേഷ്ഠനാമൃക്ഷരജസ്സിനു
മക്കളില്ലായ്കയാലുൾക്കാമ്പിലെത്രയും
ദുഃഖം പെരുക്കയാൽ ജാംബവനെ വിളി—

ച്ചക്കഥകൊണ്ടു വിചാരം തുടങ്ങിനാൻ:
‘‘മന്ത്രീശ്വര! നമുക്കെന്തൊന്നു വേണ്ടതു
സന്തതിയില്ലായ്കകൊണ്ടഹോ സങ്കടം
നമ്മുടെ പത്നി പ്രസവിക്കയില്ലെന്നു
നാരിമാരൊക്കെപ്പറയുന്നു സന്തതം;
രണ്ടാമതൊന്നു വിവാഹം കഴിച്ചെങ്കി-
ലുണ്ടാമൊരുണ്ണിയെന്നാഗ്രഹമണ്ടു മേ
അന്ത്യമടുത്ത നരനു വിശേഷിച്ചു
പെണ്ണിനെ സ്നേഹമതുള്ളോർ തരികില്ല
കണ്ണിലെ രോമവുംകൂടെ നരച്ചോരു
പൊണ്ണക്കുരങ്ങച്ചനെ കാൺകിലപ്പൊഴേ
പെണ്ണുങ്ങളൊക്കവേയോടിയൊളിക്കുമീ-
വണ്ണം നിരൂപിച്ചടങ്ങി വാഴുന്നു ഞാൻ;
ആവതില്ലോർത്താൽ വിവാഹമെന്നുള്ളൊരു
ഭാവം നമുക്കു ചിതംവരാ നിർണയം;
മർക്കടക്കുഞ്ഞുങ്ങൾ രണ്ടുപേരുണ്ടുപോൽ
മക്കളായിട്ടു ശക്രന്നും ദിനേശനും
ഉൽക്കർഷമേറെയുള്ളോരു ശിശുക്കളെ-
ന്നിക്കുഴിയൻമാർ പറഞ്ഞു കേട്ടേനഹം;
ഉത്തമനാകുന്ന മർക്കടക്കുഞ്ഞിനെ
ദത്തുവെക്കാമിതെന്നെന്റെ മനോരഥം
സത്തുക്കൾക്കുമതു സമ്മതമായ്‌വരും
സത്വരമായതു സാധിക്കിലുത്തമം;
വിണ്ണവർനാട്ടിലെ ഈശ്വരനായിരം
കണ്ണുള്ള തമ്പുരാൻതന്റെ സമീപത്തു
വെക്കം ഗമിക്ക നമുക്കെന്തു വൈഷമ്യം
അക്കതിരർക്കനും നമ്മുടെ സ്വാമികൾ;’’
ലക്ഷണമേറും മുഹൂർത്തം വിചാരിച്ചു
തൽക്ഷണം യാത്രപുറപ്പെട്ടു ചെന്നുടൻ
ഇന്ദ്രലോകം പ്രവേശിച്ചിതു വീര്യവാൻ
ഇന്ദ്രനെത്താണുതൊഴുതൊന്നുണർത്തിച്ചു:
‘‘ദേവതാപുംഗവാധീശ! ഭവാനെന്റെ
ഭാവസമ്മോദം വരുത്തുമാറാകണം’’
ഇത്തരം കേട്ടരുൾചെയ്തു ശക്രൻ ‘‘നിങ്ങൾ
വൃദ്ധശ്രവസ്സാകുമെന്നുടെ മന്ദിരേ
സത്വരം വന്നതിൻ കാരണമെന്തെന്നു
സത്യം കഥിക്കെ’’ന്നരുൾചെയ്തു വാസവൻ;
വന്ദിച്ചുകൊണ്ടൊന്നുണർത്തിച്ചു വാനരൻ:

''വന്നതിൻ മൂലം കഥിക്കുന്നതുണ്ടു ഞാൻ;
ഏഷ ഞാൻ കുററംപിഴച്ചു[1] പോയാലെൻെറ
ശേഷക്രിയയ്ക്കാരുമില്ലാതെയായ്‌വരും
ശേഷമീ വാനരൻമാരും നിരാധാര—
രേഷണിക്കാരും പലതുണ്ടതിൽത്തന്നെ
തെല്ലും വിചാരമില്ലാത്ത കൂട്ടം ഞങ്ങൾ
നെല്ലും പണവുമിടയിട്ടു തങ്ങളിൽ
തല്ലും പിടിയും തുടങ്ങും കലശലാം
കൊല്ലും പരസ്പരം വൈരമുണ്ടാകയാൽ;''
ഏവമുരചെയ്ത ഋക്ഷരജസ്സൊടു
സാവധാനമരുൾചെയ്തു പുരന്ദരൻ;
''എന്തു ഞാൻ വേണ്ടുന്നതെന്നാലതിന്നെന്നു
ശങ്കാരഹിതം പറഞ്ഞുകൊൾകായതും;''
എന്നതു കേട്ടു പറഞ്ഞു കപീന്ദ്രനു—
''മിന്ദ്രാ! ഭവൽസകാശത്തിൽ വളരുന്ന
നിന്നുടെ പുത്രനെ സൂര്യപുത്രേണ നീ
തന്നീടുകാശു കിരീടാവകാശിയായ്;''

ജരകീശാധിപൻതൻെറ ഗിരം കേട്ടു വിരവോടേ
ഹരിശ്രേഷ്ഠൻ പ്രസാദിച്ചങ്ങരുൾചെയ്തഞ്ചിതഹാസാൽ:
''ഹരിശ്രേഷ്ഠ! ഭവാനെൻെറ പുരംതന്നിലുടൻ വന്നു
പരമാർത്ഥങ്ങളെയെല്ലാം പരിചോടേ പറഞ്ഞല്ലോ:
തരുന്നുണ്ടു സുതൻമാരെത്തരസാ കൊണ്ടുപോയാലും
പുരിയിൽകൊണ്ടുചെന്നാശു പരിചോടേ വളർത്താലും
കപിവംശങ്ങളെയെല്ലാം പരിപാലിപ്പതിനേററം
കരുത്തുള്ള കുമാരൻമാരിവരെന്നു ധരിച്ചാലും;
മരുത്തും വഹ്നിയുംപോലെ മഹത്ത്വം സംഭവിച്ചീടും
വരുത്തുമിക്കുമാരൻമാർ വളരെ പ്രാഭവം മേലിൽ
തിമർത്തുവന്നെതിർക്കുന്ന രിപുതൻെറ പരാക്രമ—
മമർത്തുവയ്ക്കുമീ ബാലി ക്രമത്താലെന്നറിഞ്ഞാലും;''
അമർത്ത്യാധീശരനിത്ഥമരുൾചെയ്തു സുതൻമാരെ
വരുത്തി വാനരേന്ദ്രന്നു കൊടുത്തു രണ്ടുപേരേയും;
സുവർണ്ണത്താമരപ്പൂകൊണ്ടുളവാക്കീടിന മാല
സുതനായുള്ള ബാലിക്കു കൊടുത്തു യാത്രയുമാക്കി:
ഇവണ്ണം ബാലിസുഗ്രീവൻമാരെ മേടിച്ചുകൊണ്ടാശു
വണങ്ങി വാനരൻതാനും നടന്നു കൗതുകത്തോടേ;
പുരിയിൽ കൊണ്ടുചെന്നാശു വളർക്കുമ്പോൾ ക്രമത്താലേ;

[1] കുററംപിഴയ്ക്കുക (ആചാരവാക്ക്) = മരിക്കുക.

കാലക്രമത്താൽ മഹാവൃന്ദപുംഗവൻ
കാലപുരത്തിൽ ഗമിച്ചോരനന്തരം
ബാലിക്കു മൂപ്പു ലഭിച്ചു കിഷ്കിന്ധയിൽ
പ്രാപിച്ചു രാജ്യാഭിഷേകവുമക്കാലം;
നാലു മന്ത്രീശ്വരൻമാരുണ്ടു കൂടവേ
നീലൻ സുഷേണനും വീരൻ വിവിദനും
വൃദ്ധനായുള്ളൊരു ജാംബവാനും തഥാ
നീലനു സേനാധിപത്യം വിശേഷിച്ചു
നീട്ടുംകൊടുത്തു നടത്തി കപീശ്വരൻ;
പാലാഴിമർദ്ദനാരംഭമെന്നുള്ളൊരു
കോലാഹലം മുദാ കേട്ടോരുനേരത്തു
ബാലിയും തമ്പി സുഗ്രീവൻ സുഷേണനും
വീരൻ വിവിദനും ജാംബവാനും തദാ
നാലുലക്ഷം കപിക്കൂട്ടവുമൊന്നിച്ചു
വാലുമുയർത്തിക്കുതിച്ചു ചാടിച്ചെന്നു
പാലാഴിപറ്റിക്കരേറി നിന്നൊക്കവേ
പാലാഴിമർദ്ദനം കണ്ടു മേവീടിനാർ;
മുപ്പത്തുമുക്കോടി ദേവകളുമറു—
പത്താറുകോടി നിശാചരൻമാരുമായ്
കെല്പോടു മന്ദരം മത്തതാക്കീടിനാൻ*
സർപ്പാധിരാജനെപ്പാശമാക്കിക്കൊണ്ടു
വാലും തലയും പിടിച്ചു വലിക്കയും
കാലും തലയും തളർന്നങ്ങിരിക്കയും;
പാലാഴിതന്നിലെക്കോലാഹലം കണ്ടു
ബാലിക്കൊരുത്സാഹമുണ്ടാകയാലുടൻ
ഏറ്റം തളർന്നൊരു ദേവാസുരൻമാരെ
മാറ്റിനിർത്തിക്കൊണ്ടു താൻതന്നെ പാമ്പിന്റെ
വാലും തലയുമായ് കൂട്ടിപ്പിടിച്ചുകൊ—
ണ്ടാലോലഘോഷങ്ങളാശു തുടങ്ങിനാൻ;
വമ്പനാം ബാലി വലിക്കുന്നനേരത്തു
പമ്പരംപോലെ തിരിയുന്നു മന്ദരം;
ഉമ്പരിൽ മുമ്പനാമിന്ദ്രതനയന്റെ
വമ്പിന്റെ സംഭ്രമം കണ്ടു പ്രസാദിച്ചു:
മക്കളുണ്ടായാലീവണ്ണം വരേണമെ—
ന്നുൾക്കാമ്പിലോർത്തു മഹേന്ദ്രൻ പ്രമോദിച്ചു
മക്കളെന്നാലൊക്കെ മക്കളല്ലേതുമേ
തക്കത്തിൽ വന്നു തന്റെച്ഛന്റെയിച്ഛയ്ക്കു
തക്കവണ്ണം വേല ചെയ്യുന്നവൻ സുതൻ;

---

* 'മന്ദരം പർവ്വതമാക്കിനാൻ'—എന്നു മുദ്രിതപുസ്തകങ്ങളിൽ പാഠം അബദ്ധം.

ഇക്കുമാരൻ ബാലി വാനരാധീശ്വരൻ
ദിക്കുകളൊക്കെജ്ജയിക്കും കനക്കവേ;
കിഷ്കിന്ധതന്നിൽ സുഖിച്ചു വസിക്കണ-
മിക്കാലമെന്നങ്ങനുഗ്രഹിച്ചീടിനാൻ;
ആരോമലംബുധിതന്നിലതുനേര-
മോരോ പദാർത്ഥങ്ങൾ വന്നുപൊങ്ങിത്തദാ
ഐരാവതം പിന്നെ വെള്ളക്കുതിരയും
പാരിജാതങ്ങളും കാമധേനുക്കളും
വാരുണീദേവിയും ദേവസമൂഹവും
വാരണഗാമിനിപാലാഴിമങ്കയും
താരകനായകൻ ചന്ദ്രനും വന്നങ്ങു
പാരാതെ പൊങ്ങിത്തുടങ്ങി തദന്തരേ
താരയെന്നിങ്ങനെ പേരായൊരു നല്ല
സാരയാം കന്യകാരത്നം പതുക്കവേ
പാൽക്കടൽതന്നിൽനിന്നുണ്ടായനേരത്തു
പാർക്കാതെ ചെന്നുടൻ ബാലി മഹാബലൻ
പാണിപിടിച്ചു കരേററിക്കുമാരിയെ
പാണിഗ്രഹംചെയ്തു തത്ര വാണീടിനാൻ.

ബാല്യുദ്ഭവം ശീതങ്കൻതുള്ളൽ
സമാപ്തം

ഹനുമദുദ്ഭവം

കല്യാണശീലനാം കാലാരിദേവനും
കല്യാണിയായുള്ള പാർവതീദേവിയും
നല്ലോരു നാഗരാജാവും[1]പിടിയുമായ്
നല്ലോരു കാനനം തന്നിലകംപുക്ക്
ഉല്ലാസമോടേ കളിച്ചു ബഹുവിധം
മുല്ലായുധപ്പോർ തുടർന്നോരനന്തരം
കല്യമാം മാതംഗരാജാനനത്തോടു
തുല്യമാമാനനത്തോടും പിറന്നോരു
ഫുല്ലാരവിന്ദായതാക്ഷൻ ഗണാധീശ-
നെല്ലാജനങ്ങൾക്കുമാരംഭവിഘ്നങ്ങ-
ളില്ലാതെയാക്കുന്ന ദേവൻ ദയാശീല-
നല്ലാതൊരാധാരമില്ലെനിക്കെപ്പൊഴും.
വെല്ലവും പാലും പഴം പഞ്ചസാരയും
നല്ലോരു മാതൾനാരങ്ങാ മധു ഗുള-
മെല്ലാം തിരുക്കാഴ്ചവച്ചുകൊണ്ടിന്നു ഞാൻ
ചൊല്ലാൻ തുടങ്ങുന്നു വൈകാതൊരു കഥ.
ചൊല്ലും പ്രബന്ധത്തിനെങ്ങും തടവുകൾ
തെല്ലും വരായ്‌വാനനുഗ്രഹിക്കേണമേ!
സല്ലോകസംസാരസന്താപഹാരിയാ-
യുള്ളോരു കാരുണ്യമൂർത്തേ! നമോസ്തു തേ!
കന്ദേന്ദുഗൗരപ്രകാശേ! സരസ്വതീ!
വന്ദേഹമിന്ദീവരാക്ഷി! തേ പാദാര-
വിന്ദേ വിശേഷേണ വിദ്യാവിനോദേഷു
മന്ദനാകുന്നു ഞാനെങ്കിലുമിന്നൊരു
സന്ദേഹമില്ല നിൻ കാരുണ്യപീയൂഷ
സന്ദോഹമെങ്കൽ പതിക്കും ദശാന്തരേ
മന്ദേതരപ്രസാദപ്രബന്ധാവലി
സന്ദർഭകർമ്മപ്രഗല്ഭനാകും ധ്രുവം.
ഉള്ളിൽ കൃപാശാലി മദ്ഗുരുനാഥനും
കിള്ളിക്കുറിശ്ശി മഹേശ്വരസ്വാമിയും
തുള്ളൽക്കവിപ്രബന്ധങ്ങളെച്ചൊല്ലുവാ-
നുള്ളോരു വൈദഗ്ധ്യമേകീടവേണമേ!
നിത്യം പടാർകുളം വാണരുളീടുന്ന
മൃത്യുഞ്ജയസ്വാമിദേവനും വിഷ്ണുവും

---

[1] നാഗരാജാവ് = ആനത്തലവൻ. നാഗം = ആന.

അത്യന്തഭക്ത്യാ ഭജിക്കുന്ന നമ്മുടെ
വൃത്തിക്കു ശുദ്ധിയുണ്ടാക്കീടവേണമേ!
നിത്യൻ നിരാമയൻ കെല്പോടു സർപ്പേന്ദ്ര-
മെത്തമേൽ പള്ളികൊണ്ടീടും തിരുവന-
ന്താലയേ ശ്രീപദ്മനാഭനും നമ്മുടെ
പാലനംചെയ്തരുളേണമേ സന്തതം
ബാലമാർത്താണ്ഡവർമ്മേന്ദ്ര വീരക്ഷമാ-
പാലചൂഡാമണിപ്രേരണംകാരണം
ലീലാരസജ്ഞനാമയ്യപ്പമാർത്താണ്ഡ-
ബാലമന്ത്രിപ്രവീരന്റെ നിദേശാനു-
കൂലമായുള്ള വിനോദപ്രമേയമി-
ക്കാലങ്ങളിൽ പ്രകാശിക്കേണമീശ്വര!
ശൈലേന്ദ്രകന്യകേ! കന്യാകുമാരിയാ-
മാലയേ വാണരുളും പരദേവതേ!
ബാലേന്ദുശേഖര! സ്ഥാണോ! ശുചീന്ദ്രാഖ്യ-
കൈലാസവാസിൻ! നമസ്തേ നമോസ്തു തേ!
വില്ലാളിവീരനാം ശ്രീരാമചന്ദ്രന്റെ
വല്ലഭയായുള്ള വൈദേഹിയെപ്പണ്ടു
വല്ലാതെ വഞ്ചനചെയ്തങ്ങു കൊണ്ടുചെ-
ന്നല്ലൽപെടുത്തോരു നക്തഞ്ചരേന്ദ്രന്റെ
പത്തനമാകവേ ചുട്ടുപൊട്ടിച്ചോരു
ശക്തനായുള്ളൊരു ശ്രീഹനുമാൻതന്റെ
ഭക്തനായുള്ള ഞാൻ തജ്ജന്മവൃത്താന്ത-
തത്ത്വം കുറഞ്ഞൊന്നറിഞ്ഞപോലേ മഹാ-
സത്തുക്കളേറും സഭാന്തരേ ചൊല്ലുവാൻ
അത്തൽകൂടാതെ തുടങ്ങുന്നു സാമ്പ്രതം;
ചിത്തപ്രസാദേന സർവഭൂമീസുര-
സത്തമൻമാരിങ്ങനുഗ്രഹിക്കേണമേ!*

കലികാലങ്ങളിലുള്ള കാണികൾക്കു കഥ കേട്ടാൽ
ഫലിതമുള്ളതേ നല്ലൂ പലർക്കുമങ്ങനെതന്നെ;
വലിപ്പമുള്ളവർകൾക്കും വയസ്സുചെന്നവർക്കും നൽ-
ക്കുലത്തിലുള്ളവർകൾക്കും നാരിമാർക്കും ശിശുക്കൾക്കും
ചിരിപ്പാൻ സംഗതിയുള്ള കവികൾ ചൊല്ലിയെങ്കിൽ കേ-
ട്ടിരിപ്പാനാഗ്രഹമുണ്ടാ,മെന്നിയേ സൽക്കഥ കേട്ടാൽ
ചിരിപ്പാനെന്തൊരു മാർഗ്ഗമെന്നു നോക്കുന്നവരേറും;
മരിപ്പാനൊട്ടടുത്താലും മാധവന്റെ പദാംഭോജം
സ്മരിപ്പാൻ ഭാവമില്ലാർക്കുമെന്തൊരു നിർമ്മരിയാദം;

---

* 'ചിത്തപ്രസാദേന സർവ്വഭൂമീസുപർ-
വ്വോത്തമൻമാരിങ്ങനുഗ്രഹിക്കേണമേ!'—പാഠാന്തരം.

മരപ്പാവകണക്കിന്നെ ചരടിട്ടു വലിക്കുമ്പോൾ
നിരപ്പോടേ കാലിളക്കും കൈയ്യിളക്കും മെയ്യിളക്കും
ചരിപ്പാനും ശയിപ്പാനുമിരിപ്പാനും ശക്‌തി തോന്നും
ചരടങ്ങു വീഴുന്നേരം ചത്തുവീഴുന്നതും കാണാം
ചരിതങ്ങളിവയെല്ലാമീശ്വരന്റെ കളിയത്രേ!
ഒരു വിദ്യ പ്രയോഗിച്ചാലതിന്റെ സാരമെന്തെന്നു
ധരിക്കാത്ത ജനംവന്നു വസിക്കുന്ന ദിക്കിൽനിന്നു
സരസംവിദ്യ കാട്ടുന്ന പുരുഷനെത്രയും ഭോഷൻ
കുരുടന്റെ മുമ്പിൽനിന്നു കൂത്തു കാട്ടുന്നതുപോലെ;
പരമാർത്‌ഥമറിയുന്ന പരിഷകളിരിക്കുന്ന
പരിഷത്തിൽ പ്രയോഗിച്ചേ കവിതയ്‌ക്കു ഫലമുള്ളു;
വിളവില്ലാത്ത കണ്ടത്തിൽ വിത്തു വാരി വിതയ്‌ക്കുന്ന
ജളൻമാർക്കു കെടുകാര്യമെന്നിയേ മററൊന്നുമില്ല;
വളരെ ക്ലേശവുംചെയ്‌തു പഠിക്കുന്ന വിദ്യ പാഴിൽ
കളയുന്നെന്തിനീ മൂഢൻമാരുടെ ദിക്കിലെത്തീട്ടു
തലകുത്തി മറിഞ്ഞാലും ഫലമില്ലെന്നറിഞ്ഞാലും
തലക്കുത്തു പിടിക്കെന്യേ തനിക്കൊന്നും ലഭിക്കില്ല;
ധനമേറും പ്രഭുക്കൻമാരുടെ സേവ മുഴുത്താലും
തനിക്കു ദ്രവ്യമുണ്ടാവാൻ കർമ്മമുണ്ടെങ്കിലേ കിട്ടൂ
ധനദന്റെ കുലംതന്നിൽ സഖിത്വംപൂണ്ടിരിക്കുന്ന
മനസിജാന്തകസ്വാമി ഭിക്‌ഷയേററു നടക്കുന്നു
ഉടുപ്പാൻ വസ്‌ത്രമില്ലാഞ്ഞു പുലിത്തോൽകൊണ്ടുടുക്കുന്നു
കുടിപ്പാൻ പാലു കിട്ടാഞ്ഞു വിഷംതന്നെ കുടിക്കുന്നു
അലങ്കാരങ്ങളില്ലാഞ്ഞങ്ങസ്‌ഥിമാല ധരിക്കുന്നു
ചിലമ്പും കാഞ്ചിയുമെല്ലാം പാമ്പിനെക്കൊണ്ടുളവാക്കി
കളഭം കുങ്കുമം കസ്‌തൂരിയുമെങ്ങും ലഭിയാഞ്ഞു
പൊളിയല്ല വെളുത്തചാരവും പൂശിനടക്കുന്നു
മതിക്കു ചേർന്നൊരു നല്ല വാഹനത്തെ ലഭിയാഞ്ഞു
മുതുക്കൻകാളമേലേറിപ്പതുക്കെസ്‌സഞ്ചരിക്കുന്നു
തനിക്കു ഭക്‌ഷണത്തിന്നു വകയില്ലാഞ്ഞിരിക്കുന്നു
തനിക്കുതാൻപോന്നവർക്കും ഭവിക്കും ജാതകദോഷം;
ഇരക്കുന്ന ജനങ്ങൾക്കു വേണ്ടതൊക്കെക്കൊടുപ്പാനാ-
യിരക്കുന്നു പുരവൈരി ഭഗവാൻ ശ്രീമഹാദേവൻ;
ഇരപ്പാളിപ്പരിഷയ്‌ക്കു സമനായ്‌ സഞ്ചരിക്കുന്നു
മറിമായങ്ങളാർക്കാനുമറിയാമോ വിചാരിച്ചാൽ?
ധനമുള്ള ജനത്തിന്റെ സേവകൊണ്ടു ഫലമില്ല
ജനനരാശിയിലുള്ള ഫലമൊന്നേ തനിക്കുള്ളു;
ധനവാനായ്‌വരുവാനും ദരിദ്രനായ്‌ വരുവനും

ഘനമാം പൂർവകർമ്മത്തിൻ പരിണാമമതുതന്നെ
തന്നൂമാൻമാ[1]ർക്കൊരുൽക്കർഷം വരുവാൻ മോഹമെങ്കിൽ ശ്രീ–
ഹനൂമാനെ മനക്കാമ്പിലുറപ്പിച്ചു ഭജിച്ചാലും;
മനുവംശാധിപശ്രീമദ്രാമഭദ്രസ്വാമിതന്റെ
മനോമോദാമൃതത്തിന്നു പാത്രമാം വാനരശ്രേഷ്ഠൻ
ഹനൂമാനഞ്ജനാസൂനു വായുപുത്രൻ മഹാവീരൻ
തന്നൂമാൻ[1] ധൈര്യഗാംഭീര്യസ്ഥൈര്യശൗര്യാദിസർവസ്വൻ
അനൂന[2]ബ്രഹ്മരൂപന്റെ ജൻമവൃത്താന്തമാശ്ചര്യം
മനോജ്ഞം പാപസംഹാരം പറഞ്ഞീടാം കുറേനേരം.

എങ്കിലോ പണ്ടു പരബ്രഹ്മരൂപിയാം
തിങ്കൾക്കലാമൗലി ദേവൻ മഹേശ്വരൻ
മങ്കമാർമൗലിയാം ദേവിയെത്തന്നുടെ
അങ്കസ്ഥലേ വസിപ്പിച്ചു രസിപ്പിച്ചു
സംകുലാനന്ദം സമീപസ്ഥരാകുന്ന
സംക്രന്ദനാദിയാം വാനവൻമാരുടെ*
സംഘങ്ങളേയും മുനീശ്വരൻമാരെയും
പങ്കജോദ്ഭൂതനാം ദേവനേയും ദൃശാ
സംഭാവനം ചെയ്തുകൊണ്ടു യഥാക്രമം
സംപൂർണ്ണമോദം വസിച്ചരുളീടിനാൻ;
അംഭോജബാണാരി, വൈരിസംഘാതസം–
രംഭോദയദ്ധ്വംസലീലാപരായണൻ
കുംഭീനസാധിപൻ വാസുകി തക്ഷകൻ
കുംഭീന്ദ്രവക്ത്രനും താരകാരാതിയും
കുംഭോദരൻ ഭൃംഗി സിംഹോദരൻ നന്ദി
കുംഭാണ്ഡ കൂശ്മാണ്ഡ കുണ്ഡോദരാദിയും
ഭൂതാധിനായകൻ വേട്ടയ്ക്കൊരുമകൻ
ഭൂതജാലങ്ങൾ മററുള്ള വൃന്ദങ്ങളും
വേതാളപാളിയും കാളിയും കൂളിയും
ഏതാനുമല്ലൊരു പത്തുനൂറായിരം
കൈലാസശൈലം നിറഞ്ഞു വഴിഞ്ഞൊരു
കോലാഹലങ്ങളുമെത്ര മനോഹരം!
ഹാലാഹലങ്ങളെ സംഭരിച്ചീടുന്ന
കാലാരിദേവന്റെ നാനാപ്രകാരമാം
ലീലാചരിത്രങ്ങൾ പാടുന്ന ഗന്ധർവ–
ബാലാംഗനാജനത്തിന്റെ കളികളും:

---

1. തന്നൂമാൻ = ദരിദ്രൻ. 2. അനൂന = കുറവില്ലാത്ത.

* 'സംക്രന്ദനാദിയാം വാനരൻമാരുടെ'—എന്നു ചില മുദ്രിതപുസ്തകങ്ങളിൽ അബദ്ധപാഠം. അച്ചടിപ്രമാദമായിരിക്കാം.

നാലാനനൻതന്റെ വേദഘോഷങ്ങളും
ശാലാശതങ്ങളിൽ ഗാനനൃത്തങ്ങളും
കായാംപൂവർണ്ണസ്വരൂപനാകും വിഷ്ണു–
മായാകുമാരൻ[1] വളർത്തു രക്ഷിക്കുന്ന
നായാട്ടുനായ്ക്കടെ കൂട്ടം കുരച്ചാശു
വായും പിളർന്നു വരുന്നതു കണ്ടുടൻ
പേടിച്ചു മണ്ടുന്ന ഭൃംഗീരടി ചെന്നു
ചാടി മറിഞ്ഞങ്ങു വീഴുന്ന കാൺകയാൽ
പെട്ടെന്നു ഭൂതങ്ങളങ്ങുമിങ്ങും കരം–
കൊട്ടിച്ചിരിക്കുന്ന ഘോഷമൊരു ദിശി;
പുററുകൾ കുത്തിത്തകർത്തു പൊടിച്ചാശു
കൂററന്റെ കൂർത്തുള്ള കൊമ്പിൻമുനകളിൽ
ചുററിക്കരേറുന്ന വമ്പിച്ച പാമ്പിന്റെ
ഫൂൽക്കാരശബ്ദങ്ങൾ കേൾക്കായൊരു ദിശി;
വേലായുധൻതന്റെ വാഹനമായുള്ള
മയിലങ്ങൊരുദിശി വന്നു പതുക്കവേ
പീലി പരത്തി നിന്നാടുന്ന കൂത്തുക–
ളാലോകനംചെയ്തു നില്ക്കുന്നിതു ചിലർ;
ഏവം മനോജ്ഞമാം കൈലാസപർവതേ
ദേവഗന്ധർവാദി വൃന്ദങ്ങളൊക്കെയും
സേവാർത്ഥമായിട്ടു ചുററും നിറഞ്ഞങ്ങു–
മേവും ദശാന്തരേ ദേവൻ മഹേശ്വരൻ
കുന്നിൻമകളുടെ നല്ലോരു പോർമുല–
ക്കുന്നുകൾ രണ്ടുമണച്ചു പുണരുവാൻ
ഒന്നു മുതിർന്നു ചുഴലവും ദേവകൾ
കണ്ണുംമിഴിച്ചങ്ങു നില്ക്കുന്നതു കണ്ടു
സാദ്ധ്യമല്ലായ്കയാലെങ്ങനെ വേണ്ടുവെ–
ന്നുൾത്താരിലോർത്തുടൻ നിശ്ചയിച്ചാദരാൽ
തൃകൺമുനകൊണ്ടറിയിച്ചു ദേവിയോ–
ടുൾക്കാമ്പിലുള്ള മനോരഥം ഗൂഢമായ്;
മയ്ക്കണ്ണിയാളോടൊരുമിച്ചു ശങ്കരൻ
തക്കത്തിലാശു മറഞ്ഞരുളീടിനാൻ;
വാനരവേഷം ധരിച്ചു മഹേശ്വരൻ
വാനരീവേഷം ധരിച്ചു മഹേശ്വരി
കാനനേ നില്ക്കുന്ന വൃക്ഷമുകളേറി
മാനിനിയോടും രമിച്ചുവാണു ശിവൻ.
ഇന്ദ്രാദി ദേവഗന്ധർവാദി വൃന്ദങ്ങൾ
ചന്ദ്രാർദ്ധ ചൂഡനെക്കാണാഞ്ഞുഴന്നങ്ങു

---

[1] വിഷ്ണുമായാകുമാരൻ – ശാസ്താവ്,

മന്ദരംതോറുമാ കന്ദരംതോറുമ–
ങ്ങുന്നതപ്രൗഢശൃംഗങ്ങൾതോറും നട–
ന്നന്വേഷണംചെയ്തു കണ്ടുകിട്ടായ്കയാൽ
ഖിന്നതപൂണ്ടു വിചാരിച്ചു, മാരുതൻ–
തന്നെപ്പറഞ്ഞയച്ചീടിനാർ തേടുവാൻ:
''തന്നെക്കണക്കെ മററാർക്കുമില്ലുദ്യമം
ചെന്നു തിരഞ്ഞു ഗ്രഹിച്ചു വരികെടോ!
മന്നിലും വിണ്ണിലും മററുള്ള ദിക്കിലും''
എന്നതുകേട്ടു പുറപ്പെട്ടു മാരുതൻ
കുന്നുകൾ കാടുകൾ നാടുകൾ തോടുക–
ളൊക്കവേ വീശി നടന്നങ്ങൊരു വനം
പുക്കു മരങ്ങളിളക്കിത്തുടങ്ങിനാൻ;
പൊക്കത്തിൽ നില്ക്കുമൊരു മരത്തിൽ ചെന്നി–
ളക്കുവാനായി പ്രയത്നങ്ങൾ ചെയ്തവൻ
പൊക്കമൊയ്[1] നിന്നതേയുള്ളു തരിമ്പു കു–
ലുക്കമില്ല മരക്കൊമ്പുകൾക്കെന്നല്ല
നില്ക്കുന്ന പത്രങ്ങൾപോലും കുറഞ്ഞൊര–
നക്കം തുടർന്നതില്ലെന്തൊരു വിസ്മയം!
ദുർഘടമെന്തെന്നു നോക്കുംവിധൗ രണ്ടു
മർക്കടത്താൻമാരിരിക്കുന്നതു കണ്ടു
തർക്കിച്ചു[2] നിശ്ചയിച്ചീടിനാൻ മാരുതൻ!
''മർക്കടൻമാരല്ലിവരെന്നു നിർണ്ണയം;
മുക്കണ്ണദേവനും പാർവതീദേവിയും
മർക്കടാകാരേണ വാണരുളീടുന്നു;''
ഉൾക്കാമ്പിലിത്ഥമുറച്ചങ്ങു ചെന്നുടൻ
തൃക്കാൽവണങ്ങിത്തൊഴുതു നിന്നീടിനാൻ:
മൃത്യുഞ്ജയനതുനേരം തെരിക്കനേ
പ്രത്യക്ഷനായിട്ടരുൾചെയ്തു മെല്ലവേ:
''മർക്കടപ്പെണ്ണേ! നിജസ്വരൂപത്തെദ്ധ–
രിക്ക നീ നമ്മെ ഗ്രഹിച്ചുപോയ്! മാരുതൻ;''
നാണിച്ചുനിന്നങ്ങരുൾചെയ്തു പാർവതി:
''നാഥാ! നമുക്കൊരു വൈഷമ്യമുണ്ടിഹ
ഗർഭമുണ്ടായിച്ചമഞ്ഞു പിറന്നീടു–
മർഭകൻ മർക്കടത്താനായ്‌വരും ദൃഢം;''
''മർക്കടത്താനെങ്കിലെന്തുവേണ്ടൂ നിൻെറ
മക്കളിലേകൻ കുരങ്ങായ് വരട്ടെടോ!''
ഇത്തരം ദേവൻ ചിരിച്ചരുൾചെയ്തതി–

---

[1] പൊക്കമൊയ് = ഊർദ്ധ്വമായ് (കഴിവില്ലാത്തവനായി).

[2] തർക്കിച്ച് = യുക്തിബലംകൊണ്ടു പര്യാലോചിച്ച്.

ന്നുത്തരം ദേവിയും കോപിച്ചരുളിനാൾ:
‘‘വാനരത്തെ പ്രസവിക്കില്ല ഞാനെന്റെ
മാനക്ഷയം വരുത്തുന്നതെന്തേ ഭവാൻ;
ആനത്തലവനെപ്പെററു ഞാൻ പിന്നെയ-
ങ്ങാറു മുഖമുള്ളവനെ പ്രസവിച്ചു
വാനരത്തെയിന്നു പെററാൽ ചിതം വന്നി-
താനകളിപ്പാൻ[1] വഴിവീണു ലോകർക്ക്;
കുന്നിൻമകളുടെ കുഞ്ഞുങ്ങളുള്ളതി-
ലൊന്നില്ല ഗോഷ്ടികൂടാതെയെന്നിങ്ങനെ
ഇങ്ങുമാത്രംതന്നെയല്ല നാണക്കേടു
നിങ്ങൾക്കുമുണ്ടാമതോർക്കുന്നതില്ലയോ?’’
എന്നതു കേട്ടങ്ങരുൾചെയ്തു ശങ്കര-
‘‘നെന്നാൽ മരുത്തിന്റെ കൈക്കൽ കൊടുക്ക നീ!
ഗർഭത്തിൽനിന്നുടനാകർഷണംചെയ്തു
കെല്പോടു കൊണ്ടുപോയാലും പ്രഭഞ്ജന!
അർഭകനെക്കൊണ്ടു ചെന്നൊരു പെണ്ണിന്റെ
ഗർഭത്തിലാക്കിജ്ജനിപ്പിച്ചുകൊൾക നീ;
ഉദ്ഭവിക്കും നിന്റെ പുത്രനായെത്രയും-
മദ്ഭുതാനേകപ്രഭാവനാം വിഗ്രഹൻ
ചാരു തീവ്രപ്രതാപോൽകൃഷ്ടനാമവൻ
മാരുതിയെന്നു പ്രസിദ്ധനാകും ധ്രുവം;
വാരിധി ലംഘനംചെയ്തു നിശാചരൻ-
മാരുടെ നിഗ്രഹംചെയ്യും പലതരം;
മിത്രന്റെ വംശേ ദശരഥൻതന്നുടെ
പുത്രനായിജ്ജനിക്കും മധുസൂദനൻ
ശ്രീരാമനെന്നു പേരാകുമവൻതന്റെ
ഭാര്യയായുള്ളൊരു ജാനകീദേവിയെ
ചോരണംചെയ്യും ദശഗ്രീവനായതു
കാരണം നിശ്ശേഷ രക്ഷസ്സമൂഹത്തെ
മാരണം ചെയ്യിപ്പതിന്നും സഹായമായ്
മാരുതിവീരൻ പ്രയത്നങ്ങൾ ചെയ്തിടും;
ശങ്കാവിഹീനം സമുദ്രസംലംഘനം
കങ്കേളികാനനത്തിന്റെ വിഭഞ്ജനം
ലങ്കാപുരീദാഹമത്രതന്നേയല്ല--
ഹങ്കാരമേറുന്ന ലങ്കാധിനാഥനെ
ഗണ്ഡസ്ഥലങ്ങളിരുപതിലും ക്രമാൽ
ചണ്ഡമാകും കരാഗ്രംകൊണ്ടു താഡനം
എന്നു വേണ്ടാ സുരൻമാർക്കുമസാദ്ധ്യമാ-

---

[1] ആനകളിക്കുക (ശൈലി)=പരിഹസിക്കുക.

കുന്ന കാര്യങ്ങളെച്ചെയ്യും ബഹുവിധം;
എന്നതുകൊണ്ടു പറഞ്ഞു നിനക്കൊരു
നന്ദനനുണ്ടാം ജഗത്ത്രയവിശ്രുതൻ;''
ചന്ദ്രാവതംസന്റെ ശാസനം കേട്ടുടൻ
വന്ദനം ചെയ്തു പവനൻ മുദാ ഗിരി—
നന്ദിനിതന്നുടെ ഗർഭം പ്രവേശിച്ചു
മന്ദം മഹാദേവവീര്യമാം ബാലനെ
ആകർഷണംചെയ്തുകൊണ്ടു നടന്നിതേ
ലോകമാതാവും പ്രസാദിച്ചു തൽക്ഷണം
കാലാരിദേവനോടൊന്നിച്ചു മെല്ലവേ
കൈലാസപർവതേ വാണരുളീ മുദാ.
മാരുതനന്നാശു കേസരിതന്നുടെ
ഭാര്യയാമഞ്ജനാദേവിയെ പ്രാപിച്ചു;
അഞ്ജനാഗർഭത്തിലദ്രീശപുത്രനെ
രഞ്ജനംചെയ്തിങ്ങു പോന്നോരനന്തരം
അഞ്ജനാദേവിക്കു ഗർഭമുണ്ടായ്‌വന്നി—
തഞ്ജസാ പെററു കുമാരനുണ്ടായിതു;
അപ്പൊഴേതന്നെ മകനെയുപേക്ഷിച്ചു
മേല്പോട്ടുയർന്നു തിരിച്ചു ജനനിയും;
അപ്സരസ്ത്രീയാമവൾക്കൊരു ശാപമ—
കപ്പെട്ടുപോകയാൽ വാനരസ്ത്രീയായി
തത്ര മേവുന്നിതു താൻ പെററ പുത്രന്റെ
വക്ത്രാവലോകേന ശാപമൊഴിഞ്ഞിതു;
അഞ്ജനതന്നുടെ രൂപം വെടിഞ്ഞവ—
ളങ്ങു നടന്നുടൻ പോയോരനന്തരം
പുത്രനന്നേരം മുലകുടിയില്ലാഞ്ഞു
വക്ത്രം പിളർന്നു കരഞ്ഞു തുടങ്ങിനാൻ:
എത്രയും പാരം വിഷണ്ണനായങ്ങനെ
തത്ര വസിച്ചിതു കേസരി വാനരൻ:
തൊണ്ടിപ്പഴംപോലെ ശോഭിക്കുമർക്കനെ—
ക്കണ്ടു പുലർകാലേ മാരുതിബാലകൻ
മൂത്തു പഴുത്ത പഴമെന്നു ചിത്തത്തി—
ലോർത്തു കുതിച്ചങ്ങു ചാടീ കുമാരകൻ!
അന്നേരമർക്കബിംബം ഗ്രസിച്ചീടുവാൻ
വന്നോരു രാഹുവെക്കണ്ടൊരു മാരുതി
ഇപ്പഴത്തേക്കാൾ പെരുതിപ്പഴമെന്നു
കല്പിച്ചു രാഹുവേ നേരിട്ടു ചാടിനാൻ:
മർക്കടത്തെക്കണ്ടു പേടിച്ചു രാഹുവും

ശക്രന്റെ പേർവിളിച്ചാക്രന്ദനംചെയ്തു;
ശക്രനുമൈരാവതത്തിൻ ഗളമേറി
വെക്കം പുറപ്പെട്ടു വജ്രവുമായുടൻ
പൊണ്ണനാമൈരാവതത്തെ വിഴുങ്ങുവാ-
നുണ്ണിക്കുരങ്ങു കുതിച്ചു ചാടീടിനാൻ!
വിണ്ണോരധീശ്വരൻ വജ്രം പ്രയോഗിച്ചു
ഖണ്ഡനം ചെയ്തു വധിച്ചു കുമാരനെ;
ഗണ്ഡഭാഗേ വജ്രമേറ്റു മരിച്ചങ്ങു
മന്നിൽ പതിച്ചോരു പുത്രനെക്കണ്ടുടൻ
താപവും കോപവും വർദ്ധിച്ചു മാരുതൻ
താമസംകൂടാതെ പുത്രനെച്ചെന്നെടു-
ത്തഞ്ജസാ പാതാളലോകത്തിലങ്ങു ചെ-
ന്നഞ്ജനാപുത്രനെത്തൻമടിതന്നിൽ കി-
ടത്തിപ്പതുക്കെത്തലോടിത്തലോടി ജ-
ഗത്തിൽ നടക്കുന്ന വായുക്കളൊക്കവേ
ആകർഷണംചെയ്തു തന്നുള്ളിലാക്കിവെ-
ച്ചേകാന്തഭാവേന തത്ര വാണീടിനാൻ;
ധാത്രിയിലുള്ളൊരു ജന്തുക്കളൊകവേ
ചിത്രമെഴുതിയപോലെ ചമഞ്ഞിതു;
നില്ക്കുന്ന ജന്തുക്കളപ്പാടെ നിന്നു കി-
ടക്കുന്ന ജന്തുക്കളപ്രകാരംതന്നെ
ഉണ്ടിരിക്കുന്നവൻ കൈയ്യിലുരുളയും
വച്ചങ്ങു വായുംപിളർന്നു വാണീടുന്നു;
കണ്ടിരിക്കുന്നവൻ കണ്ണും തുറന്നൊരു
കല്പാവപോലെയനങ്ങാതിരിക്കുന്നു;
മുങ്ങുന്ന ചങ്ങാതി മുങ്ങിക്കിടക്കുന്നു
തെങ്ങു കേറുന്നവൻ തെങ്ങേലിരിക്കുന്നു
ഊക്കുന്ന ഭൂസുരൻ കൈകളിൽ വെള്ളവു-
മാക്കിപ്പിടിച്ചങ്ങനങ്ങാതെ നില്ക്കുന്നു,
നാരിയെക്കെട്ടിപ്പുണരും പുരുഷനും
നാരിയും കെട്ടിപ്പിണഞ്ഞങ്ങിരിക്കുന്നു
യാഗാദികർമ്മങ്ങൾ നിത്യകർമ്മങ്ങളും
യോഗം തപോവ്രതനിഷ്ഠാവ്രതങ്ങളും
വേഗേന സർവം നശിച്ചതുകാരണാ-
ലാകുലപ്പെട്ടു മഹേന്ദ്രാദി ദേവകൾ
സത്യലോകേ ചെന്നു വൃത്താന്തമൊക്കെയും
സത്യമാംവണ്ണം വിരിഞ്ചനെക്കേൾപ്പിച്ചു
സത്വരം ബ്രഹ്മനും ദേവവൃന്ദങ്ങളും
തത്രനിന്നാശു പുറപ്പെട്ടു ചെന്നുടൻ
പാതാളലോകം പ്രവേശിച്ചനന്തരം

വാതാത്മജാകൃതി കണ്ടു പിതാമഹൻ
ഒട്ടും മടിക്കാതെ നാലു കരംകൊണ്ടു
തൊട്ടു തലോടിത്തുടർന്നോരനന്തരം
കണ്ണും തുറന്നെഴുന്നേററു വാതാത്മജൻ
പുണ്ഡരീകോദ്ഭവനെത്തൊഴുതീടിനാൻ;
വായുഭഗവാൻ പ്രസാദിച്ചു ലോകത്തിൽ
വായുസഞ്ചാരം തുടങ്ങിച്ചു സാദരം:
ഭാരതീകാന്തനരുൾചെയ്തു പിന്നെയും:
''മാരുതിയാകും മഹാവീരബാലക!
ശത്രുശസ്ത്രാസ്ത്രങ്ങളൊന്നുമേ നിന്നുടെ
ഗാത്രത്തിലേല്ക്കയില്ലെന്നു ധരിക്ക നീ!
അത്രയല്ലായുരന്തം നിനക്കില്ല സർ—
വത്രകാലങ്ങളിൽ ജീവിച്ചിരിക്ക നീ!
ദംഭോളികൊണ്ടഹോ നിന്റെ ഹനുസ്ഥാന—
സംഭേദമുണ്ടാകകൊണ്ടു ജഗത്ത്രയേ
ശ്രീഹനുമാനെന്നു പേരും പ്രസിദ്ധമാം
ബാഹുവീര്യംകൊണ്ടു വിശ്വം ജയിക്ക നീ!''
ഏവം പറഞ്ഞു മറഞ്ഞു വിധാതാവും
ദേവാദിവൃന്ദം മുനീന്ദ്രവൃന്ദങ്ങളും.
താതനെ വന്ദിച്ചനുഗ്രഹവും വാങ്ങി
ഭൂതവീര്യാംബുധി ശ്രീഹനുമാൻ മുദാ
ഭൂതലം നോക്കിഗ്ഗമിച്ചരുളീടിനാൻ
ഭൂതേശവീര്യജൻ വീരൻ സുമംഗലം.

ഹനുമദുദ്ഭവം ശീതങ്കൻതുള്ളൽ
സമാപ്തം

ഭാഗം മൂന്ന്

പറയൻതുള്ളൽ

ത്രിപുരദഹനം

പ്രണതവത്‌സലൻ ദേവൻ പ്രണവപാവനാകാരൻ
പ്രണയപേശലൻ ലോകപ്രണയദായകൻ വീരൻ
ത്രിണയനാത്‌മജൻ ധീരൻ തൃണീഭൂതാരിസംഘാതൻ
ഗണനാഹീനമാമോരോ ഗുണങ്ങൾക്കാശ്രയഭൂതൻ
ഗണപതിഭഗവാൻ മേ തുണയായിബ്‌ഭവിക്കേണം
ക്‌ഷണനേരം; മടിക്കാതെ വണങ്ങുന്നേൻ വടിവോടേ.
തണുത്ത കണ്ണിണകൊണ്ടു തണുപ്പിച്ചീടണമെന്നെ
വണങ്ങുന്ന ജനങ്ങളിലിണങ്ങും ദേവതമാരും
മണമുള്ള മലർതന്നിലണയും വണ്ടുകൾപോലെ.
പിണങ്ങുന്ന ജനങ്ങൾക്കു തുണചെയ്‌വാനാരുമില്ല
തണലില്ലാത്ത വൃക്‌ഷത്തെഗ്‌ഗണിക്കുമോ പഥികൻമാർ?
ഗുണമില്ലാത്തവരെക്കൊണ്ടിണങ്ങർക്കും ഫലമില്ലാ
പണമില്ലാത്തവൻ വേണ്ടാ ഗണികമാർക്കൊരുനാളും
രണഭീരുക്കളെ വേണ്ടാ തനിച്ച മന്നവൻമാർക്കും.
പ്രാണികൾക്കു മനക്കാമ്പിൽ പ്രീണനങ്ങൾ വരുത്തുന്ന
വാണിഭംഗീവിലാസങ്ങൾ വേണമെങ്കിൽ ബുധൻമാരെ!
ഊണുറക്കം നിനയ്‌ക്കാതെ കാണിനേരമിളയ്‌ക്കാതെ
ഏണശാബമിഴിയാളാം വാണിതന്റെ ചരണാന്തേ
പാണി രണ്ടും കൂപ്പി മെല്ലെത്താണുവീണു വണങ്ങേണം
വാണിതന്റെ കൃപയാലിക്‌ഷോണിചക്രം ജയിച്ചീടാം.
ക്‌ഷീണഭാവമൊരുനേരം കാണുകില്ലെന്നറിഞ്ഞാലും!
വാണിമാതാവിനെത്താണുവണങ്ങുവാൻ മടിക്കുന്ന
പ്രാണികൾക്കു സമക്‌ഷത്തു നാണക്കേടു ഭവിച്ചീടും
കോണിലെങ്ങാനൊരേടത്തു തൂണുപോലെയിരിക്കാതെ
വാണികൊണ്ടു ഫലിപ്പിച്ചീടണമെല്ലാ ജനങ്ങളും
നാണിയത്തിന്നിതുതന്നെ വേണമെന്നേ മതിയാവൂ;
ഭോഷനായ ഞാനുമിപ്പോൾ ഭാഷതന്നെ ചമയ്‌ക്കുന്നു
ശേഷമുള്ള ജനത്തിന്നു ഭാഷണത്തിന്നൊരു മാർഗ്‌ഗം
ഏഷണിക്കാരിതുകൊണ്ടു ദൂഷണങ്ങൾ പറഞ്ഞാലും
ശേഷശായീകൃപയാലേ ഭൂഷണമായ്‌ വരുമത്രേ.

അമ്പലപ്പുഴമേവുമംബുജലോചനൻ കരുണാകരൻ
ഇമ്പമോടടിയന്റെ മാനസകമ്പമമ്പൊടകറ്റണം
വമ്പനായ കിരീടിതന്നുടെ തേരിലേറി നടന്നവൻ
വമ്പടയ്ക്കിടകൂടിയേറ്റൊരു നൂറ്റുപേരെ മുടിച്ചവൻ
കുമ്പിടുന്ന നമുക്കു വാക്കിനു ജൃംഭണങ്ങൾ വരുത്തണം;
ചെമ്പകശ്ശെരിനാടു വാണരുളീടുമെന്നുടെ തമ്പുരാൻ
ചെമ്പകാവലി കോമാളാകൃതിയായ ദേവനാരായണൻ;
സാമ്പ്രതം തുണയായ്‌വരേണമെനിക്കു നല്ക്കുലഭൂഷണൻ!
സകലഗുണഗണനിലയനാകിയ ഭൂതനാഥനനാമയൻ
തകഴിയിൽ കുടികൊള്ളുമീശ്വരനടിയനാശ്രയമെപ്പൊഴും
വികടരിപുഭടപടയിലുടനുടനേറ്റു വെട്ടിയമർത്തുവാൻ
പ്രകടപടുബലമുടയ ഹരിഹരതനയനിന്നു തുണയ്ക്ക മാം;
ധരണിസുരവരമകുടമണി മമ ധാർമ്മികൻ ഗുരുനാഥനും
പരിചിലടിയനു പടുത വരുവതിനേറ്റമൊന്നുതുണ–
യ്ക്കണം;
പരമഗുരുവരചരണസരസിജസേവകൊണ്ടു സമസ്തവും
നരനു വിരവൊടു വരുമതൊരുസുരദാരുചാരു ലഭിക്കണം;
നന്ദികാടവിനായകൻ ഗുരു ബാലരവി പരദൈവതം
നന്ദിനല്കണമിന്നു മേ തിരുകണ്ടകാപുരിഭഗവതി;
കള്ളർകോട്ടമരുന്ന ശങ്കരനുള്ളിൽവന്നു വിളങ്ങണം
വെള്ളിമാമലവാസി കിള്ളിക്കുറിശ്ശിവാണ മഹേശനും.

കാലത്തിൻ പകർച്ചകൾ മനുജർക്കു നിനവല്ലാ
കാലത്തേ ഉണരുവാൻ മടി പാരം ബുധൻമാർക്കും
കാലൻ വന്നണയുമെന്നൊരു പേടിയതുമില്ലാ
കാലാരിചരിത്രങ്ങൾ നിനപ്പാനും മനസ്സില്ലാ
ബാലൻമാർ തരുണൻമാർ വൃദ്ധൻമാരിവരെല്ലാം
ബാലസ്ത്രീജനങ്ങളിൽ കൊതികൊണ്ടു വലയുന്നു
നീലക്കാർകുഴലിമാർ വീടുതോറും നടന്നോരോ
ലീലയ്ക്കു തുനിയുന്നു തനിച്ച ഭൂസുരൻമാരും
വെയ്ലെന്നും മഴയെന്നും രാവെന്നും പകലെന്നും
വാലേതു തലയേതെന്നറിയാത്ത പുരുഷൻമാർ
കോലുന്ന പരിഹാസം പറഞ്ഞിട്ടും ചിരിച്ചിട്ടും
കാലങ്ങൾ വൃഥാതന്നെ കഴിക്കുന്നു മരിക്കുന്നു;
ബ്രഹ്മസ്വം മുടിപ്പാനും ദേവസ്വം മുടിപ്പാനും
ജിഹ്മൻമാർക്കൊരുനാളും മടിയില്ലാ മനക്കാമ്പിൽ
ബ്രഹ്മാവു ശിരസ്സിങ്കൽ വരച്ചതു നിരസിപ്പാൻ
ബ്രഹ്മാണ്ഡകടാഹത്തിലൊരുത്തനുമെളുതല്ലാ
ബ്രാഹ്മണവരൻമാരെ പരിചോടു വണങ്ങേണം
ബ്രാഹ്മണർ നമുക്കെല്ലാമീശരെന്നങ്ങിരിക്കേണം

ബ്രാഹ്മണ്യമായ ജൻമം ജനിപ്പാനുമെളുതല്ലാ
ബ്രാഹ്മണ്യമായ കർമ്മം നടത്താനും പണിതന്നെ;
ചണ്ഡാളൻ പറഞ്ഞാലും നല്ലതെങ്കിൽ ഗ്രഹിക്കേണം
ചണ്ഡീശകടാക്ഷങ്ങളവനിലും ഭവിച്ചീടും;
ഒട്ടേറെയറിവുള്ള പട്ടേരി പറഞ്ഞാലും
പട്ടാങ്ങിനൊത്തില്ലെന്നാൽ നിരൂപിച്ചേ നടക്കാവൂ;
കാവ്യങ്ങൾ പുരാണങ്ങൾ നാടകങ്ങളിവയെല്ലാം
ദ്രവ്യംകിട്ടുമെന്നാകിൽ പഠിക്കുന്നു ചിലരിപ്പോൾ;
ദ്രവ്യത്തിങ്കലല്ലാതെയൊരുനേരം മനസ്സില്ലാ
ഭവ്യൻമാർക്കതു പിന്നെ മതിയെന്നും വരത്തില്ലാ
‘ദൂരെ നില്ക്കും പറയനീ സാരമെല്ലാം പറയാമോ?
ധാരണയ്ക്കു കുറവില്ലാതാരണൻമാരുടെ മുമ്പിൽ
ആരണഞ്ഞു പിണങ്ങുന്നു’വെന്നുമാരും കരുതേണ്ടാ
ഭാരതിതൻവിലാസങ്ങളാർക്കുമേതും ഭേദമില്ലാ;
പാരിടത്തിൽ നിരൂപിച്ചാൽ നേരുതന്നെയുരചെയ്യാം
സാരബോധം കലികാലേ നീചജാതിക്കേറുമത്രേ!
കാലകാലൻഭഗവാന്റെ ചരിതങ്ങളുരചെയ്‌വാൻ
ആളു ഞാനെന്നൊരു ഭാവമടിയത്തിന്നുണ്ടുതാനും;
കാളതന്റെ തോളിലേറിക്കളിക്കും പാർവതീകാന്തൻ
താളമൊന്നും പിഴയ്ക്കാതെ കാത്തുകൊള്ളുന്നു മാമെങ്കിൽ
മേളമോടു പറഞ്ഞീടാം ത്രിപുരദാഹമെന്നേറ്റം
കേളിയുള്ള കഥാരത്നം കേട്ടുകൊൾവിൻ ബുധൻമാരേ!
താരകനാമസുരന്റെ തനയൻമാർ മൂവരുണ്ടായ്
താരകാക്ഷൻ കമലാക്ഷൻ വീരനായ വിദ്യുൻമാലി
താരകേശചൂഡനായ ഭഗവാന്റെ മകനായ
താരകാരിയവരുടെ താതനെക്കൊന്നൊരുശേഷം
നാരദന്റെ കബളം[1]കൊണ്ടവർക്കുള്ളിലൊരിക്കലും
മാരഹന്താവുടെനേരെ വൈരമേതും ഭവിച്ചില്ല;
വൈരമെല്ലാം സുരൻമാരിൽ മുഴുക്കുന്നു ദിനന്തോറും
ഗൗരിതന്റെ രമണങ്കൽ ഭക്തിയും ചെന്നുറയ്ക്കുന്നു
ദാരുണൻമാരവർ പിന്നെ ഘോരകർമ്മങ്ങൾ ചെയ്‌വാനും
വൈരികളാം സുരൻമാരെപ്പോരിലാശു ജയിപ്പാനും
ഭൂരിഗർവം നടിപ്പാനും ശൂരഭാവം നടിപ്പാനും
വീര്യമുണ്ടാക്കുവാനുള്ള പ്രയത്നത്തിന്നൊരുമ്പെട്ടു
കൂരിരുട്ടിൻ നിറമോടേ നേരിടുന്ന ശരീരങ്ങൾ
ക്രൂരദംഷ്ട്രങ്ങളും കണ്ടാൽ പാരമുള്ളിൽ ഭീതിയുണ്ടാം;
ചെമ്പരത്തിക്കുസുമത്തെക്കുമ്പിടീക്കും നയനങ്ങൾ
കമ്പമെല്ലാം ജനങ്ങൾക്കുമൻപിനോടേ വരുത്തുന്ന

---

[1] കബളം=വ്യാജം; ചതി. ‘കബളമരുതൊരുവരോടും’—ശിവപുരാണം.

വമ്പരാം ദാനവരുടെ മുമ്പിൽ നിന്നു പിണങ്ങുന്ന
കൊമ്പനാനത്തലവൻമാർ കൊമ്പുകുത്തി വണങ്ങേണം
അഷ്ടലോകാധിപൻമാരും ഞെട്ടുമാറങ്ങതിക്രൂരം
അട്ടഹാസം മുഴക്കിക്കൊണ്ടെട്ടുദിക്കും നടക്കുന്നു;
വിഷ്ടപത്തെ മുടിപ്പാനും വട്ടമിട്ടു പുറപ്പെട്ടു
ഇഷ്ടമാകും വരമെല്ലാം കിട്ടണമെന്നുറപ്പിച്ചു
ദുഷ്ടതയ്ക്കു വിരുതെങ്കിൽ കിട്ടണം; പട്ടണംതോറും
തട്ടണം നമ്മുടെ ശക്തി മുട്ടണം ദേവകൾക്കെല്ലാം.
പൊട്ടണം ഗാത്രവും ഭേരി കൊട്ടണം നാടുകൾതോറും
നാട്ടണം തോരണം കാട്ടിക്കൂട്ടണം വിക്രമമെല്ലാം
എങ്കിലിങ്ങു തരത്തിലുള്ളവരത്തെയിങ്ങു വരിക്കണം
ശങ്കയില്ല ജഗത്തു പാടേ മുടിപ്പതിന്നു ചരിക്കണം
പങ്കജാലയനെബ്ഭജിച്ചു വരേണ്ടതൊക്കെ വരിക്കണം
പങ്കമാശു കളഞ്ഞു നമ്മുടെ സങ്കടങ്ങളകററണം;
ഇത്തരം നിജ ചിത്തതാരിലുറച്ചുകൊണ്ടസുരത്രയം
സത്വരം വിപിനാന്തരത്തിലകത്തു പുക്കവരുൽക്കടം
സത്വഭാവമിയന്നു നിന്നു തപം തുടങ്ങി ദിവാനിശം;
നല്ല നല്ല തടാകവാരി തിരഞ്ഞു ചെന്നു കുളിക്കയും
അല്ലലെന്നിയെ ഗോപിചന്ദനമെന്നിതൊക്കെ ധരിക്കയും
കള്ളമെന്നിയെ നല്ല മന്ത്രവരങ്ങളങ്ങു ജപിക്കയും
അമരവരപുരമമരുവതിനൊരു വിരുതു കരുതി വസിക്കയും
സമരമുരുതരമുപരിവരുമിതി പെരുതു മമത നിനയ്ക്കയും
പരുഷതരമൊടു മഖവുമനവധിവരിഷമാശു കഴിക്കയും;
നാലുഭാഗങ്ങളിൽ നല്ല മേലെരിയുമെരിയിച്ചു
കാലമേതും കളയാതെ ദാനവൻമാരതുകാലം
നാലുവക്ത്രമുടയോന്റെ ലീല പാടി സ്തുതിചെയ്തു;
പാലുതേനെന്നിവയെല്ലാംകൊണ്ടു നല്ലാഹുതി ചെയ്തു
വെയ്ലുതട്ടിശ്ശരീരങ്ങൾ കോലുപോലെ മെലിഞ്ഞാശു
തോലു ചുക്കിച്ചുളിഞ്ഞിട്ടും ഭാവമേതും പകർന്നില്ല.
ഏവമൊട്ടങ്ങൊരു കാലും ഭൂതലത്തിലുറപ്പിച്ചു
മീലിതാക്ഷിദ്വയൻമാരായ് നിന്നു നൂറായിരം വർഷം
ചുററുമോരോ വള്ളികൂടിച്ചുററിനിന്നു പടരുന്നു
പുററു വന്നു ചുഴലവും പററിച്ചുററി നിറയുന്നു
താടികളിൽ ചില മാടപ്രാവു വന്നു കൂടു കെട്ടി
മുട്ടയിട്ടു പലകാലം കൂടിയാടിക്കളിക്കുന്നു
വേടുപോലെ വളർന്നോരു ജടതന്നിലരവങ്ങൾ
ഓടിവന്നു പലകൂടിക്കെട്ടുപെട്ടു കിടക്കുന്നു
പേടിയാമന്തകൻതന്റെ കിങ്കരൻമാരെന്നപോലെ
കൂടിയോരോ ദനുജൻമാരിങ്ങനെ കാനനംതോറും
ചണ്ഡവാതാതപംകൊണ്ടു വിണ്ണവർക്കും മുനികൾക്കും

ദണ്ഡമേററം ഭവിക്കയാൽ പുണ്ഡരീകോദ്ഭവനപ്പോൾ
ദണ്ഡവും മാലയും തോലും കുണ്ഡികാ പുസ്തകം
പിന്നെ
മണ്ണുകൊണ്ടു ചമച്ചോരു പിണ്ഡവും പെട്ടിയും കെട്ടി
തിണ്ണമെല്ലാമെടുത്തുംകൊണ്ടണ്ഡജത്തിൻ മുകളേറി
ചണ്ഡവേഗമെഴുന്നള്ളി, കണ്ണടച്ചുവസിക്കുന്ന—
പൊണ്ണരോടങ്ങരുൾചെയ്തു പണ്ഡിതനാം വിധാതാവും:
''ഉണ്ണികളേ! മടിയാതെ കണ്ണു മെല്ലെതുറന്നാലും
നിർണ്ണയം ഞാനഭിലാഷം പൂർണ്ണമങ്ങു തരുന്നുണ്ട്
വേണ്ടതെല്ലാം പറഞ്ഞാലും വേണ്ട ഖേദമിനിമേലിൽ
കുണ്ഠഭാവം കളഞ്ഞെന്നെക്കണ്ടുകൊൾവിൻ പുരോഭാഗേ.''
ഇത്ഥമുള്ള വിരിഞ്ചൻെറ അരുളപ്പാടതു കേട്ടു
ബദ്ധമോദമസുരൻമാർ നയനങ്ങൾ തുറന്നാശു
ഭക്തിയോടങ്ങെഴുന്നേററു മൂന്നുപേരും കരംകൂപ്പി
പത്തുനൂറു നമസ്കാരം ചെയ്തുകൊണ്ടങ്ങുണർത്തിച്ചു:
''പങ്കജസംഭവ! പോററീ! നിൻ കൃപകൊണ്ടടിയങ്ങൾ
ശങ്കരൻെറ ഭക്തരായി ശങ്കവിട്ടുനടക്കേണം;
വിശ്വമെല്ലാമടിയങ്ങൾക്കൊത്തവണ്ണം വരുത്തേണം
വിശ്വനാഥൻമാരിദാനീമടിയങ്ങളായ് വരേണം
ഞങ്ങളോടെതിരിടുന്ന ജനമെല്ലാം മടങ്ങേണം
ഞങ്ങളെക്കൊല്ലുവാനാരും മതിയല്ലെന്നിരിക്കേണം
ഭംഗിവാക്കൊന്നരുൾചെയ്താൽ കൂടുകില്ലെന്നറിഞ്ഞാലും
ഞങ്ങളൊട്ടും ഭോഷ്കരല്ല ചെണ്ടകൊട്ടിക്കയും വേണ്ട;
എന്തിനായിട്ടിവിടേക്കു വന്നു ചാടിയതിൽപ്പിന്നെ
ചിന്തകൊണ്ടും കണക്കില്ല കിട്ടിയല്ലാതയയ്ക്കില്ല
രണ്ടു മൂന്നു വിധം വേണം വരമെന്നേ മതിയാവൂ;
ഭവനങ്ങൾ മൂന്നുവേണം വേണ്ടതെല്ലാമതിൽ വേണം
ഭുവനം മൂന്നിലും താനേ നടക്കേണമതു കൂടെ
ഭവനായ ഭഗവാങ്കൽ ഭക്തി ഞങ്ങൾക്കുറയ്ക്കേണം;
ആയിരം വത്സരം ഞങ്ങൾ വേർപിരിഞ്ഞു നടക്കേണം
ആയതങ്ങു കഴിയുമ്പോൾ കൂടിയെത്തുമൊരു ദിക്കിൽ
മുപ്പത്തുനാഴികകൊണ്ടങ്ങെട്ടുകൂറിട്ടു[1]കണ്ടെന്നാൽ
അല്പകാലമൊരു ദിക്കിൽ കൂടിവാഴും മൂന്നുപേരും
അപ്പോഴങ്ങൊരസ്ത്രംകൊണ്ടൊരുത്തൻ മൂന്നുപേരെയും
ഒപ്പമങ്ങു വധിച്ചെന്നാലന്നു ചാവാൻ മടിയില്ല;
പിന്നെയും വേർപെടും ഞങ്ങളായിരം വത്സരക്കാലം
പിന്നെയും കൂടുമവ്വണ്ണം വരംകൊണ്ടതു വരുത്തേണം;

---

[1] എട്ടു കൂറിടുക=എട്ടായി പങ്കിടുക; (മുപ്പതിൻെറ എട്ടിലൊന്ന്; മൂന്നേമുക്കാൽ നാഴിക).

ആമെങ്കിൽ വരമിന്നു വിരവോടിങ്ങു തന്നാലും
അല്ലെങ്കിലിളയ്ക്കാതെ തെരിക്കെന്നു നടന്നാലും;
വല്ലാതെ വരുമെന്നുള്ളതു കൂടെക്കരുതേണം;''
എന്നെല്ലാമവരുടെ വാക്കു കേട്ടു വിരിഞ്ചനു–
മുന്നിച്ച കോപമുള്ളിലടക്കിനിന്നരുൾചെയ്തു:
''തന്നേക്കാമുണ്ണികളേ! നിങ്ങളുടെയഭിപ്രായം;
ആശാരിപ്പണിക്കന്ന,മ്മയൻതന്നെ വരുത്തീട്ട–
ങ്ങാശയ്ക്കു തക്കപോലെ പുരം മൂന്നു പണിയിപ്പിൻ
നാശങ്ങളണയാത്ത പുരങ്ങളിലിരുന്നുംകൊ–
ണ്ടാശാന്തങ്ങളിലെല്ലാം നടന്നാലും ഭടൻമാരേ!
നിങ്ങൾക്കു മനതാരിലുള്ളവണ്ണം ഭവിക്കട്ടെ!
നിങ്ങൾക്കു ത്രിപുരൻമാരെന്നു പേരും ഭവിക്കട്ടെ!''
ഇങ്ങനെ വരം നല്കി വിരിഞ്ചനും സുരൻമാരും
തിങ്ങിന മുനിമാരും ഗമിച്ചാരംബരം നോക്കി:
താരകനാമസുരൻെറ മക്കളായ ത്രിപുരൻമാർ
സാരമായ ശിവഭക്തി മുഴുത്തു മാനസതാരിൽ
ചാരുവായ ജടാഭാരം ധരിച്ചു തുമ്പയും ചൂടി
ചാരമെല്ലാമടിതൊട്ടു മുടിയോളം പൂശി നന്നായ്
ചേരുമാറു പുലിത്തോലുമുടുത്തു കൗതുകത്തോടേ
ഭൂരിരുദ്രാക്ഷജാലങ്ങളണിഞ്ഞു കണ്ഠദേശത്തിൽ
ഹരനുടെ തിരുനാമം ജപിച്ചു മൂവരുംകൂടെ:

''ഹരശങ്കര! ശങ്കര! പാഹി വിഭോ!
തരുണേന്ദുകലാധര പാഹി വിഭോ!
ഗിരിജാപ്രിയവല്ലഭ! പാഹി വിഭോ!
ഹരശങ്കര! ശങ്കര! പാഹി വിഭോ!''

ഇപ്രകാരം തിരുനാമമുരചെയ്തു നടക്കുന്ന
മുപ്പുരൻമാർ മയൻതന്നെ സ്മരിച്ചാരാദരവോടേ
ശില്പിമാരിൽ മികവേറും മയനാശു പോന്നുവന്നു;
അപ്രമേയം മയൻതൻെറ കൗശലം മന്ദിരം തീർപ്പാൻ
അരം വേണ്ടാ വാളുവേണ്ടാ വാച്ചിവേണ്ടാ ഉളി വേണ്ടാ
തരംനോക്കീട്ടൊരുദിക്കിൽ മഴുകൊണ്ടൊന്നു കുത്തുമ്പോൾ
പുരം താനേ ജനിച്ചീടും തനിച്ച പർവതംപോലെ:
''തമ്പുരാൻമാരടിയനെച്ചിന്തചെയ്‌വാനെന്തുമൂലം
വമ്പിയന്ന ഭവാൻമാരൊന്നരുളിച്ചെയ്തു കേൾക്കേണം
കല്പന കേൾപ്പതിനേതും മടിയില്ലാ അടിയന്ന്''
ഇപ്രകാരമുണർത്തിച്ചാനസുരാശാരിയുമപ്പോൾ
എന്നതു കേട്ടൊരുനേരം താരകാക്ഷനരുൾചെയ്തു:
''ഇന്നുതന്നെ ഭവനങ്ങൾ മൂന്നുപേർക്കും ചമച്ചാലും

പൊന്നുകൊണ്ടും വെള്ളികൊണ്ടും ഇരുമ്പുകൊണ്ടുമോരോന്നു-
മുന്നതമായിരിക്കേണം വിസ്തൃതമായിരിക്കേണം
പിന്നെ വേണ്ടുന്ന വസ്തുക്കളതിൽത്തന്നെ ജനിക്കേണം
നന്നുനന്നെന്നൊരുപോലെ കേളി നീളെപ്പരക്കേണം;''
വെൺമചേരും വചനങ്ങൾ കേട്ടനേരം മയൻതാനും
വെൺമഴുകൊണ്ടുടൻ മൂന്നു വെട്ടിനാൻ ഭൂതലംതന്നിൽ;
വെൺമണിമാളികോദ്യാനം പ്രൗഢവാപീതടങ്ങളും
പ്രൗഢിയോടേ പുരം മൂന്നും വിളങ്ങിക്കാണായിവന്നു.
മാടവും മണിമാടവും പതിനെട്ടുകെട്ടു നിരക്കവേ
നാടശാലകൾ കോടിഹാടക വാടകൂടഗൃഹങ്ങളും
ഘോടകാലയജാലവും പല ചേടകാലയ വീടുകൾ
കുങ്കുമാലയമങ്കണങ്ങളുമങ്കവെങ്കളിമാടവും
തങ്കശാലകളങ്കശാലകളങ്കുശാങ്കിതമണ്ഡപം
കിങ്കരാലയ ചുങ്കശാലകൾ മങ്കമാരുടെ വീടുകൾ
കോട്ട മാളിക ചെട്ടിപട്ടണമൂട്ടുകെട്ടുകൾ തട്ടുകൾ
സിന്ദുവാരവുമെന്നുവേണ്ട മരങ്ങളെത്ര തരങ്ങളിൽ
ചെമ്പകങ്ങളിരിമ്പകങ്ങൾ കരിമ്പു രംഭ കരിമ്പന
ചെമ്പരത്തി പരത്തി പാതിരി അത്തി ഇത്തി വടങ്ങളും
മുല്ല മല്ലിക ചെങ്കുറിഞ്ഞി കരിംകുറിഞ്ഞി കുറിഞ്ഞിയും;
ദാനവാധിപസേനകൾക്കൊരു ഹാനിയില്ലൊരു നേരവും
മാനിനീജനമോടുകൂടെ മനോഹരം മണിമന്ദിരേ
മീനകേതനകേളിയാടി സുഖിച്ചുകൊണ്ടു ദിവാനിശം
പീനപൗരുഷമങ്ങുമിങ്ങുമിരുന്നു ലീല തുടങ്ങിനാർ
മദ്യകുംഭമെടുക്കൽവച്ചു കുടിച്ചുകൊണ്ടു രസിക്കയും
ഗദ്യപദ്യമുരയ്ക്കയും പല വിദ്യ കണ്ടു രസിക്കയും
നല്ല പാട്ടുകളങ്ങു പാടിയൊടുക്കമെങ്ങു പിഴയ്ക്കയും
പകിട പലതരമാടിയും പല പ്രകടരസമിടകൂടിയും
രസികജനമിടകൂടിയും മൃദുഹസിതപുതുമലർ ചൂടിയും
ഇത്തരം പല ഘോഷഭീഷണഭൂഷണം ബഹു ഭാഷണം
ചിത്തമോഹനമാം പുരത്രയമത്ര തീർത്തു മയാസുരൻ;
എത്രയും കുതുകം കലർന്നൊരു താരകാക്ഷനുമക്ഷണം
തത്ര നിന്നഥ തമ്പിമാരൊടുകൂടവേ ഗിരമോതിനാൻ:
''ശില്പമെത്രയുമിപ്പുരത്രയമല്പമല്ലൊരു കൗശലം
കല്പകത്തണലിൽ പിറന്ന ദിവസ്പതിക്കുമിതെത്തുമോ!
ശില്പിമാരിലൊരുത്തനും പുനരിപ്രകാരമൊരാലയം
തീർപ്പതിന്നെളുതല്ല കില്ലതിനില്ല നല്ല ഗുണാംബുധേ!
എങ്കിലിന്നു ഗമിക്ക നീ മയ! ശങ്കയില്ല നമുക്കഹോ!!
നിങ്കലെപ്പോഴുമുണ്ടെനിക്കു പ്രസാദമെന്നു ധരിക്ക നീ

ശങ്കരൻകൃപകൊണ്ടു വേണ്ടതുമൊക്കെ വന്നു തികഞ്ഞു തേ
എങ്കിലീ ഭുവനം, തകർത്തു തിമിർത്തു വാഴുവനിന്നു ഞാൻ!
പാകശാസനനെപ്പിടിച്ചു കൊടിത്തടത്തിൽ മുറുക്കണം
ലോകപാലകരൊക്കെ വന്നു പടിക്കലിങ്ങു കിടക്കണം
ലോകമൊന്നു മറിച്ചുവെക്കണമേകശാസനമാക്കണം
വാദമില്ല നമുക്കു ചേതസി വിക്രമങ്ങൾ നടത്തണം
പട്ടണം ചില ചുട്ടെരിക്കണമൊട്ടു വെട്ടിമുടിക്കണം
തൊട്ടതൊക്കെ മുടിക്കണം പടകൂട്ടി വെക്കമെടുക്കണം
നീക്കമില്ലിനി യക്ഷരാജനൊടിക്ഷണം പടവെട്ടണം
വെക്കമെങ്ങളകാപുരത്തിലിരിപ്പുമമ്പൊടു പൊക്കണം[1]
പൊക്കണ[2]ങ്ങളണിഞ്ഞുകൊണ്ടവനിന്നിരന്നു നടക്കണം
മരണഭയമുടനിയലുമമരകളമരുവാൻ പണിചെയ്യണം
കരുണ നഹി നഹി കരളിലൊരുകടുകോളമെങ്കിലുമിന്നഹോ!
ചന്ദ്രബിംബമെടുത്തെനിക്കൊരു ചാണയാക്കിയരയ്ക്കണം
സാന്ദ്രശീതളകോമളം പനിനീരുമുണ്ടതിലെപ്പൊഴും
സൂര്യബിംബമെടുത്തെനിക്കൊരു ചൂണ്ടലാക്കി വളയ്ക്കണം
താരകാവലികൊണ്ടെനിക്കൊരു ഹാരമാല ചമയ്ക്കണം
താരകാക്ഷനടങ്ങുകില്ല നിനച്ചതൊക്കെ വരുത്തണം
ഉരഗപതികളുമമരപതികളുമനിശമെന്നെ വണങ്ങണം
പരിചിലവരുടെ ധനവുമനവധി ജനവുമനവധി തീരണം
ജംഭശാസനനും തനിച്ച നിലിമ്പവൃന്ദമശേഷവും
ഡംഭുകാട്ടി ഞെളിഞ്ഞിരിപ്പതുമിന്നെനിക്കിഹ കാണണം
രംഭ മേനക ചിത്രലേഖയുമത്ര വന്നു വണങ്ങണം
ശംഭുദേവപദാംബുജദ്വയമുണ്ടെനിക്കവലംബനം;’’
വമ്പനായ താരകാക്ഷനിത്ഥമോരോന്നുരചെയ്തു
പൊൻപുരത്തിലകംപുക്കു പള്ളിമാടംമുകളേറി
അങ്ങുമിങ്ങും നടക്കുന്നോരസുരൻമാരതുനേരം
തങ്ങൾ തങ്ങൾ പടയോടേ വന്നുപററി നിറയുന്നു;
ഒററവാളും പരിചയും പത്തിവാളും കോപ്പുവാളും
അററമില്ലാത്തായുധങ്ങൾ കരങ്ങളിലെടുത്തുംകൊ—
ണ്ടുററവരാമസുരൻമാർ വന്നു ചുററും നിറയുന്നു
മററുമോരോ പദാർത്ഥങ്ങൾ കാഴ്ചവച്ചു വണങ്ങുന്നു
ചുററുമെല്ലാം നിറഞ്ഞങ്ങു തിങ്ങി നില്ക്കുന്നു ഭൃത്യൻമാർ;
ഉള്ളിൽ പേടിയും തേടി ചില മന്ത്രിപ്രവരൻമാർ
പള്ളിശ്രാമ്പിമേലേറി തിരുമുമ്പിൽ ചെന്നു നിന്നു
പള്ളിക്കട്ടിലിൻ താഴെ നിന്നു മൂക്കിൽ വിരൽ തള്ളി

---

[1] പൊക്കണം = നഷ്ടമാക്കണം. പൊക്കമൊക്കുക (ശൈലി). ‘അമ്പൊടു പോക്കണം’—പാഠാന്തരം.

[2] പൊക്കണം = ഭാണ്ഡം. പൊക്കണംകെട്ടിക്ക (ശൈലി) = തെണ്ടിക്കുക.

ഭള്ളു കാട്ടിക്കൊണ്ടു കാര്യമുണർത്തിച്ചു വസിക്കുന്നു;
ചൊല്ലുന്ന നൃപതിക്കു തല്ലുന്ന സചിവന്മാർ
തല്ലുന്ന നൃപതിക്കു കൊല്ലുന്ന സചിവന്മാർ
കൊല്ലുന്ന നൃപതിക്കു തിന്നുന്ന സചിവന്മാ–
രെല്ലാമിങ്ങനെതന്നെ ചൊല്ലുന്നു മതിമാന്മാർ;
ക്രൂരനാമസുരന്റെ കാര്യക്കാരവരേറ്റം
ക്രൂരന്മാർ പല മീശക്കൊമ്പന്മാരൊരുപോലെ
ദൂരവേ പഞ്ചപുച്ഛമടക്കിക്കൊണ്ടു ചെന്നിട്ട–
ങ്ങീരേഴു ഭുവനത്തെ മുടിപ്പാനാഗ്രഹത്തോടേ
ഒരുത്തൻ ചെന്നൊരു കാര്യം ധരിപ്പിപ്പാൻ തുടങ്ങുമ്പോൾ
കരുത്തുള്ള യജമാന്മാർ വിരുദ്ധമായുരചെയ്യും
കരത്തിൽ നാലെടുത്തങ്ങു കൊടുത്താൽ കാര്യമൊട്ടെല്ലാം
വരുത്തും ശീലമവ്വണ്ണം വിരവോടു ധരിച്ചാലും
സുരന്മാരിൽ പണ്ടുപണ്ടേ തുടങ്ങി മാനസതാരിൽ
അടങ്ങുന്നില്ലിതുനേരമൊടുങ്ങാതുള്ളൊരു വൈരം
കടുകോപം കലർന്നൊരു താരകാക്ഷനതുനേരം
കടക്കണ്ണും ചുവത്തിക്കൊണ്ടരുൾചെയ്താനിപ്രകാരം:
“കാര്യബോധം തികഞ്ഞുള്ള കാര്യക്കാർ പലരുണ്ടു
കാര്യമൊന്നങ്ങുരചെയ്‌വാൻ തുടങ്ങുന്നൂ ഞാനുമിപ്പോൾ
വീര്യമേറും മുകുന്ദന്റെ ശക്തികൊണ്ടിജ്ജനമെല്ലാം
നാരിമാരെന്നതുപോലെ ഭയപ്പെട്ടു വസിക്കുന്നു
നാണമെന്നും ശൗര്യമെന്നും ബോധമെന്നും വീര്യമെന്നും
വേണമെന്നിജ്ജനങ്ങളിലൊരുത്തർക്കും മനസ്സില്ല
പ്രാണനീ കൂട്ടിലുള്ളപ്പോൾ താണിരിപ്പാനെളുതല്ല
ആണിനത്രേ പിറന്നൊള്ളു ഞങ്ങളെന്നു ധരിച്ചാലും
ആനനം നാലുള്ളവന്റെ ഭക്തികൊണ്ടീ ജഗത്തെല്ലാം
ഞാനൊരുത്തൻ ജയിച്ചീടാമത്ര ചാകില്ലറിഞ്ഞാലും
സർവദേവാധിപത്യത്തെ നിർവഹിച്ചു മരുവുന്ന
പർവതാരിക്കൊരുകൂട്ടം ഗർവു പാരം മനക്കാമ്പിൽ
സ്വർവധൂമാരൊടുകൂടി സർവകാലം രമിക്കുന്ന
ദുർവിചാരപ്പെരുമാളിന്നുർവിതന്നിൽ പതിക്കേണം
വേണ്ട വേണ്ടാ എന്നു വച്ചിട്ടൊക്കെയും ഞാൻ ക്ഷമിക്കുന്നു
വേണ്ടതല്ലെന്നറിയാഞ്ഞിട്ടല്ല മന്ത്രീശ്വരന്മാരേ!
അച്ഛനുള്ളന്നിവരുടെ പിച്ചയേതും ഫലിച്ചില്ലാ
പൂച്ചയെക്കണ്ടെലിപോലെ വിറച്ചുകൊണ്ടിരുന്നല്ലോ!
അച്ഛനേയുമിവർതന്നെ തച്ചുകൊല്ലിച്ചതും പിന്നെ
അച്ചതിവു നിനയ്ക്കുമ്പോളുച്ചകോപം ജ്വലിക്കുന്ന*
പങ്കജബാണനെപ്പണ്ടു ശങ്കരന്റെ കനൽക്കണ്ണിൽ

---

* ‘അച്ചതിവു നിനയ്ക്കുമ്പോൾ വാച്ചകോപം ജ്വലിക്കുന്നു’—പാഠാന്തരം.

ശങ്കകൂടാതെ ചാടിച്ചാർ ഹുംകൃതിക്കാർ പലർകൂടി
സന്ന്യസിച്ച ഭഗവാനെക്കൊണ്ടു വേളി കഴിപ്പിച്ചു
മുന്നിലേ കൈതവം പാരം കണ്ടതും കേട്ടതുമില്ല
എന്നുവേണ്ടാ ശചീകാന്തനൊത്തവണ്ണം കാര്യമെല്ലാം
അന്നു വെട്ടും വാളിനു നെയ്യിട്ടിരുന്നു ലോകമെല്ലാം.
ദന്ദശൂകാധിപനായ വാസുകിയെക്കയറാക്കി
മന്ദരപർവതത്തേയും മത്തുമാക്കീട്ടന്നൊരുന്നാൾ
പാല്ക്കടലിൻ നടുവിലിട്ടാക്കമോടേ വലിച്ചപ്പോൾ
വെക്കമോരോ പദാർത്ഥങ്ങളതിങ്കൽനിന്നുദ്ഭവിച്ചു;
കല്പവൃക്ഷങ്ങളുണ്ടായി നല്ല പെണ്ണുങ്ങളുണ്ടായി
ശില്പമോടേ നാലുകൊമ്പുള്ളാനയും വന്നാശു പൊങ്ങി
ഇത്തരം നല്ല വസ്തുക്കൾ വാനവൻമാർ കൈക്കലാക്കി
അത്രമാത്രമൊന്നുപോലുമിജ്ജനത്തിന്നു തന്നില്ല
ശങ്കരന്നുമതിലൊന്നും കൊടുത്തില്ലെന്നതേയല്ല
ശങ്കവിട്ടു ഭഗവാനെക്കാളകൂടം കുടിപ്പിച്ചു
ആറു ചൂടും ഭഗവാങ്കൽ കൂറുമില്ലാ ദേവകൾക്ക്
നൂറുകൂട്ടം പറഞ്ഞീടാമിപ്രകാരം കൈതവങ്ങൾ
അത്ര പൊന്നും പണങ്ങളും ഛത്രവും ചാമരങ്ങളും
വൃത്രവൈരിപുരംതന്നിൽ മെത്തയേറിക്കിടക്കുന്നു
പത്തനങ്ങൾക്കിടംപോരാഞ്ഞങ്ങുമിങ്ങുമിരിക്കുന്നു
തത്ര തത്ര നടന്നോരോന്നിരക്കുന്ന കപാലിക്ക—
ങ്ങത്രമാത്രം കൊടുപ്പാനും മനസ്സില്ല ശഠൻമാർക്ക്
നേത്രമേറുന്ന രാജാവിന്നതിന്നേതും കൂട്ടമില്ല;
അസ്ഥിമാലയെടുത്തീശൻ മുത്തുമാലയണിയുന്നു
വസ്ത്രമില്ലാഞ്ഞുടൻ നല്ല പുലിത്തോലങ്ങുടുക്കുന്നു
ചെമ്പകപ്പൂമലരില്ലാഞ്ഞമ്പിളിത്തെല്ലു ചൂടുന്നു
ചന്ദനമില്ലതുമൂലം വെണ്ണുനീർകൊണ്ടണിയുന്നു
മേളമേററം കലർന്നോരു വാഹനമില്ലതുകൊണ്ടു
കാളകണ്ഠൻ ഭഗവാനും കാളയേറി നടക്കുന്നു
ആളുമില്ല വാളുമില്ല കാമവൈരിക്കതുമൂലം
കാളിയേയും കൂളിയേയും തുണകൊണ്ടു നടക്കുന്നു
ഇപ്രകാരമിരിക്കുന്ന സുപ്രകാശസ്വരൂപിക്ക—
ങ്ങപ്രിയത്തെ വരുത്തുന്ന ദുഷ്പ്രഭുക്കൾക്കിന്നുതന്നെ
നിഷ്പ്രകാശം വരുത്തേണം ക്ഷിപ്രമെന്നു ധരിച്ചാലും
തൽപ്രകാരംകൊണ്ടു ലോകർക്കപ്രിയങ്ങൾ ഭവിച്ചാലും
പൊൻപുരത്തിലിരിക്കുന്ന ഞാനുമെന്റെ ഭടൻമാരും
ഉമ്പർകോന്റെ നാടു പാടേ മുടിപ്പാനും തുടങ്ങുന്നു
തമ്പിയായ കമലാക്ഷൻ വെള്ളിഗേഹേ വസിച്ചുംകൊ—
ണ്ടിമ്പമോടബ്ഭൂമിതന്നിൽ ചില നാശം വരുത്തേണം

ഇരുമ്പുമന്ദിരേ വിദ്യുന്മാലിതാനും പാലുകാച്ചി
തരിമ്പും പേടികൂടാതെ ചെന്നു പാതാളലോകത്തെ
പെരുമ്പാമ്പന്മാരെയെല്ലാമൊരുമ്പെട്ടു കരംകൊണ്ടു
കരിമ്പിൻതണ്ടെന്നപോലെ പിടിച്ചൊക്കെപ്പിഴിയേണം''

ഇത്തരമങ്ങുരചെയ്തൊരുദാനവ–
സത്തമനെത്തിയ ഭൃത്യജനത്തൊടു–
മൊത്തു തകർത്തു തിമിർത്തു പുറപ്പെട്ടു
സത്വരമൊത്തു കളിച്ചു പുളച്ചഥ
ചെണ്ട പെരുമ്പറ കാളം കടുംതുടി
മദ്ദളമെന്നിവ വാദ്യരവങ്ങളാൽ,
അണ്ഡകടാഹം മുഴക്കിപ്പതുക്കവേ
ബ്രഹ്മാണ്ഡഭാണ്ഡം മുഴങ്ങിത്തുടങ്ങി
ശൈലങ്ങളേഴും കുലുങ്ങിത്തുടങ്ങീ
പാലാഴികൂടെക്കലങ്ങിത്തുടങ്ങി
മാലോകർചിത്തം വിറച്ചു പതുക്കെ
മാലോടുകൂടെ മയങ്ങിത്തുടങ്ങി.

ഇത്തരം പല ഘോഷമാർന്നൊരു ദൈത്യസേനകളോടുടൻ
ഒത്തുകൂടിന താരകാക്ഷമഹാസുരൻ ബഹു പൗരുഷൻ
തമ്പിമാരൊടു യാത്രചൊല്ലിയനുഗ്രഹിച്ചു പതുക്കവേ
ഉമ്പർകോനുടെ നാടു നോക്കി നടന്നു കാഞ്ചനകോട്ടയിൽ;
വാനമൊക്കെ നിറഞ്ഞു തിങ്ങിന ദാനവപ്പടയോടുടൻ
താരകാക്ഷപടജ്ജനങ്ങളുടൻ കടന്നു സുരാലയേ
ഘോരകർമ്മമനേകമങ്ങു തുടങ്ങിയോരു ദശാന്തരേ
പാരമുള്ളിലിയന്നു പേടികലർന്ന ദേവകളേവരും
സ്വൈരമങ്ങു വസിക്കുമിന്ദ്രനൊടിപ്രകാരമുണർത്തിനാൻ:
''ഉമ്പർകോനേ! തമ്പുരാനേ! മുടിഞ്ഞു നമ്മുടെ രാജ്യം
പൊമ്പുരക്കാരനെക്കണ്ടു ഭയപ്പെട്ടു ഞങ്ങളെല്ലാം
ദുഷ്ടർ വന്നു നിരക്കുന്നു കഷ്ടമോരോന്നുരയ്ക്കുന്നു
ദിഷ്ടരേ[1]യും തടുക്കുന്നു നിഷ്ഠയെല്ലാം പരത്തുന്നു
നന്ദനത്തിൽ കടക്കുന്നു ചന്ദനങ്ങൾ ഒടിക്കുന്നു
കന്ദരങ്ങളടയ്ക്കുന്നു കാനനങ്ങൾ തകർക്കുന്നു
കളിത്തട്ടിൽക്കരെയേറി ഞെളിഞ്ഞങ്ങു വസിക്കുന്നു
കളിക്കും കാമിനിമാരോടൊളിച്ചുകൊണ്ടടുക്കുന്നു
അഭ്രമുവല്ലഭൻ[2]തന്റെ ശുഭ്രദന്തേ പിടിക്കുന്നു
വിത്തമെല്ലാം മടിക്കാതെ കുത്തിവാരിക്കവരുന്നു
പത്തുലക്ഷം ദനുജന്മാർ പത്തനങ്ങൾ വളയുന്നു

1. ദിഷ്ടർ=നിയുക്തന്മാർ; ആജ്ഞാകരന്മാർ. 2. അഭ്രമുവല്ലഭൻ= ഐരാവതം.

കാൽത്തളിരിൽ വീണു വന്ദിക്കുന്നവരിൽത്തെളിയുന്നു
ഗാത്രമെല്ലാം പൊടിക്കുന്നു ക്ഷേത്രതീർത്ഥങ്ങളിലെല്ലാം
മൂത്രമഞ്ഞു പൊഴിക്കുന്നു എത്രയും കശ്മലൻമാര്;
തമ്പുരാനേ! അടിയങ്ങൾക്കെന്തു ദണ്ഡം മനക്കാമ്പിൽ
ഇമ്പമോടിജ്ജനങ്ങളെ ജയിപ്പാനെത്രയും വേഗാൽ
വമ്പർ വന്നങ്ങടുക്കുമ്പോൾ തടുക്കാൻ ശക്തിയില്ലാഞ്ഞാൽ
ചെമ്പിലെച്ചോറു തിന്നുന്ന ഞങ്ങളെക്കൊണ്ടെന്തു കാര്യം?''
ഇത്ഥമോരോ വീരവാദം പറഞ്ഞുകൊണ്ടതുനേരം
ബദ്ധരോഷം സുരൻമാരുമസുരപുംഗവൻമാരും
യുദ്ധഘോഷം മുതിർന്നാരങ്ങെത്രയും ഘോരമാംവണ്ണം
പടകളിരുപുറമാശുകൂടി പടഹഝടഝടഘോഷമാടി
പടുതതേടി പലരുകൂടി ശരമതേറ്റു വിരണ്ടുലഞ്ഞു
വില്ലെടുത്തു പിടിക്കയും തടവില്ലുതമ്മിലടിക്കയും
ചിലരഴികയും ചിലർ തെഴുകയും[1] ചിലരഴുകയും
ചിലർ തൊഴുകയും;
പോരിന്റെ പൊലിമകളോരോന്നേയുരചെയ്‌വാൻ
പോരാ നേരവും പിന്നെ തീരായേവനും ചൊന്നാൽ
പാരാതെ സുരൻമാരങ്ങോരോ ദിക്കിലേക്കോടി
താരകാക്ഷനും യുദ്ധം ചെയ്യുന്ന ദിശയിങ്കൽ
തേരീന്നങ്ങുടൻ ചാടി ദൂരത്തിന്ദ്രനും പോയി
പാരം ഭീതനാം ജംഭവൈരിക്കും സുരൻമാർക്കും
ഭീരുക്കളെന്നുതന്നെ പേരും വീണിതക്കാലം;
ചേരുന്ന സുഖമെല്ലാമാരോമൽക്കനിവോടേ
സ്വൈരമേ വരുത്തിക്കൊണ്ടാരോടും കുറയാതെ
വീരനാകും താരകാക്ഷൻ ചാരുവേഷത്തോടു വാണു;
നേരംപോക്കിനു നല്ല നാരിമാരുടെ കൂത്തും
ശാരികമൊഴികളും ചാരുവാം വിലാസവും
സാരസ്യങ്ങളും മേളിച്ചോരോ കേളിയുമാടി
വീരസ്വർഗവും കിട്ടി ധീരൻ വാണതുകാലം;
വെള്ളിക്കോട്ടയിലുള്ള കമലാക്ഷനവനിയി–
ലുള്ള മാനുഷരുടെ നാടുകളും വീടുകളും
കൊള്ളിവച്ചങ്ങെരിക്കുന്നു നീളെസ്സഞ്ചരിക്കുന്നു
കള്ളംകൊണ്ടൊരുനേരമെള്ളോളം ഭയമില്ല
കള്ളൻമാരൊരുകൂട്ടം ഭൃത്യൻമാരവർ പിന്നെ
കള്ളിന്നും കറുപ്പിന്നും തിരഞ്ഞങ്ങു നടക്കുന്നു
തള്ളിക്കൊണ്ടലയ്ക്കുന്നു ഭള്ളേറെ നടിക്കുന്നു
മുള്ളേറെപ്പറയുന്നു പിള്ളേരെപ്പിടിക്കുന്നു
കള്ളൻമാരുടെ വീട്ടിൽ പടവില്ലും നല്ല ബാണം

---

1. തെഴുക=തെഴുകുത്തുക. ഒരഭ്യാസം.

തല്ലും ഘോരമാം ദൃഷ്ടിത്തെല്ലും കൈകളിലോരോ
കല്ലും കണ്ടു പേടിച്ചു കൊല്ലും നമ്മളെ വന്നു
തല്ലും നമ്മളെയെല്ലാം തെല്ലും സംശയമില്ല
മെല്ലേ ഗാത്രവുംകൊണ്ടു വല്ലദിക്കിനും പോകെ–
ന്നെല്ലാ മാനുഷൻമാരും ചൊല്ലി ധാവതി ചെയ്താർ;
വായെല്ലാം പിളർന്നുംകൊണ്ടസുരൻമാരടുക്കുമ്പോൾ
നായൻമാർ തെരുതെരെ പായുന്നു വനന്തോറും
പായും കട്ടിലും വീടും പോയെന്നാകിലുംതന്റെ
കായം കിട്ടുമെന്നത്രേ നായൻമാർ നിനയ്ക്കുന്നു;
''ചുമരുണ്ടെങ്കിലേ നല്ല ചിത്രമുള്ളു ധരിച്ചാലും
ചോറുണ്ടെങ്കിലേ നല്ല കറികൊണ്ടു കണക്കുള്ളു
അയ്യോ! കഷ്ടമിക്കൂട്ടം വന്നടുക്കുംനേരമെന്റെ
കൈയ്യിൽ വാളുമില്ലാഞ്ഞു തടുപ്പാനാളുമില്ലാഞ്ഞു
പൊയ്യൊന്നേ ഇനിക്കള്ളെകൈയ്യെരോടു കണക്കുള്ളു;
പൈകുത്തുമ്പൊളപ്പഞ്ചാക്ഷരംകൊണ്ടു കണക്കുണ്ടോ?
ആട്ടക്കാരുടെ കൂട്ടം നാടുവിട്ടു നടന്നീടും
കണ്ടമെല്ലാമത്രമാത്രം കൊടുത്താലിയ്യിടത്തന്നെ
രണ്ടുപേർക്കും ചെലവിന്നു വേണ്ട നെല്ലും വിളയുന്നു
ചെണ്ടകൊട്ടി നമുക്കിപ്പോളസുരൻമാർ വിളവെല്ലാം
കൊണ്ടുപോകുന്നതു കണ്ടുകൊണ്ടിരിപ്പാറായിവന്നു
ഉണ്ട ചോറും മറന്നല്ലോ കുണ്ടിലായിച്ചമഞ്ഞല്ലോ
കണ്ടുകൊൾവിൻ കാലദോഷം തൊണ്ടനെന്നു പേരു വന്നു;
നാശം കാൺകെടോ! രണ്ടു കാശിന്നും മുതലില്ല
കാശിക്കു തിരിപ്പാനും ദേശങ്ങളറിവില്ല;''
ഇങ്ങനെയൊരുകൂട്ടം മനുജൻമാർ പറഞ്ഞിട്ടു
മങ്ങിന മുഖത്തോടും വനംതോറും നടക്കുമ്പോൾ
എത്രയും പേടിയുണ്ടാകും ചോരയും മാംസഖണ്ഡവും
ഓരോരു പ്രദേശത്തു പാരമഞ്ഞു നിറകയാൽ
ഘോരമാം പിശാചുക്കൾ ഭൂതവേതാളവൃന്ദങ്ങൾ
ആരാഞ്ഞു പുറപ്പെട്ടു നീളെസ്സഞ്ചരിക്കുമ്പോൾ
ഓരോ വാക്കുകൾ തമ്മിൽ പ്രാകൃതമായുരചെയ്താർ;
യോളശോളയധോളണീ കാളിയേളമഹോളയേ
മണ്ഡളേ ബഹളങ്കളേ കുളബളിതകളികികുഹളെ വളയെ
ഘോളണാവളിയോഷണം ജളമേളനം കളയാവഹേ
ശുണ്ഡഖണ്ഡണംകിളിതണ്ണ്യലാക്കിള താണ്ഡവം
ഘണ്ണ്യയം പുനരണ്ണ്യയം ഝണരെണ്ണ്യയും ഝണയുംപ്രതീ
ചണ്ണ്യയം പണവഞ്ചളൈണ മമഞ്ചളൈ മണമഞ്ചളൈ
പിഞ്ഛശൈ മണകഞ്ചുളേണ മഞ്ചിതോഹമഗഞ്ചിതേ

തന്തളെ സതണന്തളെ വളവഞ്ചതോണിയ പിഞ്ഛളേ
പ്രാകൃതംപറയുന്ന കൂട്ടമനേകമിങ്ങനെ തീർന്നിതേ
ലോകവാസിജനത്തിനത്തൽ വരുത്തിനാരവരെത്രയും
നാട്ടിലും മലമൂട്ടിലും ചില വലിയ മലയുടെ ഗുഹയിലും
ചെന്നുറച്ചു വിറച്ചു മനുജരൊളിച്ചുകൊണ്ടു നടക്കയും
വന്നു ദാനവരെന്നു കേട്ടുടനവിടെനിന്നു തിരിക്കയും
എന്നുവേണ്ട മഹീതലങ്ങളിലമളി ശിവശിവ പറവതോ!

താരകാക്ഷസഹോദരൻ കമലാക്ഷനെന്ന മഹാസുരൻ
ഘോരമാം പടയോടുകൂടെ മദിച്ചുകൊണ്ടു നടക്കയും
പാരിലുള്ള പുരങ്ങളും നഗരങ്ങളും വിഭവങ്ങളും
സാരമായ മരം തടിച്ചവടം തടാകവുമിവകളും
സർവമാശു നശിക്കുമാറു പരാക്രമങ്ങൾ തുടങ്ങിയും
സർവസുന്ദരിമാർ വിളങ്ങിന വീടു തേടി നടക്കയും

സരസതരിവള കടകപിരിവള താലിമാല പറിക്കയും
കുണ്ഠരാമവരംഗനാജനകണ്ഠസൂത്രമറുക്കയും
തൊണ്ടിവായ്മലർകണ്ടുകണ്ടവർ വെറ്റ്ലയൊന്നുതെറുക്കയും
കൊണ്ടുചെന്നു കൊടുപ്പതിന്നു കൊതിച്ചുമെല്ലെയടുക്കയും
മണ്ടുമക്കുലനാരിമാരെക്കണ്ടുകണ്ടു രസിക്കയും

അവനിപതികടെ ഭവനമഖിലവുമവനുമവനുടെ കൂട്ടവും
തവിടുപൊടിമയമവിടെയും പുനരവനരഹിതമതാക്കിയും
അമ്പലത്തിനകത്തു ചെന്നു ബലിത്തിടമ്പു പറിക്കയും
കൊമ്പനാനകളെപ്പിടിച്ചഥ കൊമ്പു രണ്ടുമൊടിക്കയും
''ഓത്തുചൊല്ലുകിലുണ്ടുകുറ്റമതോർത്തുകൊള്ളുക വിപ്രരേ!
കൂത്തുപാട്ടുകളാട്ടമെന്നിവ കാട്ടുകിൽ പഴിയിപ്പൊഴേ
കൂർത്തുമൂർത്ത ശരങ്ങൾകൊണ്ടഥ കുത്തുവാൻ കുറവില്ലഹോ
കുടകൾ തഴകൾ പിടിക്കയും പടഹമുരജമടിക്കയും

ഇപ്പറഞ്ഞതിലൊന്നുമിന്നിഹ ഇപ്രഭുക്കൾ തുടങ്ങൊലാ
കല്പനയ്ക്കനുകൂലമായിട്ടിപ്പൊൾ നിങ്ങൾ നടക്കണം
നാട്ടിനും നഗരത്തിനും ബത കാട്ടിനും കനകത്തിനും
നായകൻ കമലാക്ഷനായകനായ കാലമൊരുത്തനും
തായമാട്ടു തുടങ്ങൊലാ ഇതു പോയകാലമതല്ലെടോ!
തമ്പുരാനുടെ കാൽത്തളിർക്കിഹ കുമ്പിടേണമിതേവരും
വമ്പുകൊണ്ടിഹ നില്ക്കുമേവനും മുമ്പിൽ വന്നിഹ നില്ക്കണം

നമ്മുടാൾക്കു പണത്തിനാഗ്രഹമേറെയുണ്ടതു നിശ്ചയം;
പടികൽ പാറ പൊന്നെങ്കിൽ പാതി തേവർക്കെന്നപോലെ
തുടങ്ങും നമ്മളോടിന്നു യജമാനൻമാരുമെല്ലാം
പടയ്ക്കു വേണമിക്കൂട്ടം കൊടുക്കുന്നേരമൊട്ടെല്ലാം
മടിക്കുന്താനുമെന്നാലും മിടുക്കുണ്ടെങ്കിലേതാനും—

കിടയ്ക്കും ഭോഷനെന്നാകിലുടുക്കും വസ്ത്രവുംകൂടെ
പിടുങ്ങും മന്ത്രിവീരൻമാർ കടക്കേണം നാടുതോറും
കൈക്കലേതാനുമുണ്ടെങ്കിൽ തക്കവണ്ണം ശ്രമിക്കേണം
കൈക്കലില്ലാത്തവൻതന്നെയാർക്കുമില്ല ബഹുമാനം;''
നാടുവിട്ടു നടപ്പാനായ് തുടങ്ങുമ്പോളൊരുകൂട്ടം
വീടുതോറും മഠംതോറുമിരുന്നോരോന്നുരയ്ക്കുന്നു:
''ഇന്നലെ രാത്രിയിലങ്ങസുരൻമാർ ചെന്നൊരു വീട്ടിൽ
കൊന്നുപോയീച്ചരച്ചാരെത്തിന്നുപോലശ്ശവമെല്ലാം
എന്നപോലെജ്ജനം തിൻമാൻ നന്നുപോലെന്നു കേൾക്കുന്നു
അവനിപ്പോളേകദേശം വയസ്സെഴുപത്തിനാലായ്
കാഴ്ചയില്ലാ കണ്ണിനൊട്ടും ചെവി രണ്ടും കേട്ടുകൂടാ
കാഴ്ച കാണാനുള്ള മോഹം കിഴവച്ചാർക്കെത്ര പാരം
കൊച്ചുപെണ്ണുങ്ങളെക്കാണാമെന്നുമുണ്ടങ്ങഭിപ്രായം
പല്ലു പോയിട്ടെത്രനാളായാർക്കുമില്ല പരമാർത്ഥം
കല്ലുകൊണ്ടു ചതച്ചാലും വൈററ്ലതിൻമാനെളുതല്ല
കൊല്ലുവാനിന്നസുരൻമാർ വന്നുവെന്നങ്ങറിയാതെ
മെല്ലെ വന്നു പുറപ്പെട്ടാല''ങ്ങൊരുത്തൻ പറയുന്നു:
''ചങ്കരച്ചാരുടെ വീട്ടിൽ കിങ്കരൻമാർ വന്നുകേറി
മങ്കമാരെപ്പിടിച്ചങ്ങു കൊണ്ടുപോവാൻ തുനിഞ്ഞപ്പോൾ
ചങ്കരച്ചാരെഴുന്നേററു തൊങ്കൽവാളും പരിചയും
തൻകരത്തിലെടുത്തുംകൊണ്ടങ്കണത്തിൽ ചാടിനിന്നു
മുററുംനിന്നങ്ങൊരുപോലെ പറെറത്താണു കളിച്ചപ്പോൾ
അററമില്ലാതസുരൻമാർ തോററു മണ്ടിക്കാടു പുക്കു;
തിടുക്കംവന്നടുക്കുമ്പോൾ മിടുക്കൻ നമ്മുടെ ജ്യേഷ്ഠൻ
പൊടുക്കെന്നു പുറപ്പെട്ടങ്ങടുക്കളയ്ക്കകം പുക്കു
കിടപ്പെല്ലാമവനിപ്പോളടുപ്പിലെന്നതും കേട്ടു;''
കൂട്ടമോടേ മനുജൻമാർ കെട്ടുകെട്ടിപ്പുറപ്പെട്ടു
കുട്ടികളെപ്പിടിച്ചങ്ങു പെട്ടകത്തിനകത്താക്കി
ഒട്ടുകൊണ്ടു പൊതിഞ്ഞൊരു പട്ടരച്ചൻ പുറപ്പെട്ടു
''പട്ടരച്ചാ! തനിക്കുള്ള കെട്ടിലെന്തെ''ന്നുരയ്ക്കുമ്പോൾ
''കെട്ടിലെന്നാ കച്ചകിച്ചൈ ഉനക്കെന്നാ മലയാളി?
കിട്ട വാരും നാടശേഷം കെട്ടുപോച്ചേ എന്ന ചെയ്‌വായ്
ഇന്ത ദുഷ്ടൻ അസുരൻ വന്തെട്ടുനാളാച്ചുതേ അയ്യോ!
ശത്തുപോനാലെന്ന കാര്യം ചെററുദൂരം വഴി വന്തേൻ
വയസ്സൻപട്ടരെക്കൊന്നാൽ ചോദ്യമെന്നങ്ങറിയാമൽ
ഇടയിൽവന്തകപ്പെട്ടേൻ ഗ്രഹചാരങ്കളിനാലേ''
ഇങ്ങനെയെങ്ങൊരുദിക്കിൽ ഒരു ഘോഷമതുനേര—
മെങ്ങനെ ഞാനിവയെല്ലാമുള്ളവണ്ണം പറയേണ്ടു;

സൂര്യവംശത്തിലും പിന്നെ സോമവംശത്തിലുമുള്ള
ഭൂമിപാലൻമാരശേഷം പടയ്ക്കഞ്ഞു പുറപ്പെട്ടു
കുന്തിഭോജൻ കാശിരാജൻ സിന്ധുരാജൻ സിംഹളേശൻ
ദന്തിവ്യോമൻ വീരവർമ്മൻ വിന്ധ്യപാലൻ വീരപാലൻ
ധീരരാജൻ മഹാമല്ലൻ നല്ല വല്ലാളഭൂപാലൻ
വല്ലഭേന്ദ്രൻ വീരചന്ദ്രൻ പിന്നെ വീരപ്പനായ്ക്കൻ താൻ;
മുന്നിലഞ്ഞു വിളങ്ങുന്ന മന്നവൻമാർ പടകൂടി—
ച്ചെന്നണഞ്ഞു പിണങ്ങുന്നു വെള്ളിഗേഹക്കാരനോട്
പടയും വെടിയും നടയും ഇടയും ചില വെട്ടുകളും
ചില നീട്ടുകളും പലതട്ടുകൾ നല്ല ചവിട്ടുകൾ
ക്ഷോണീപാലപ്രവരൻമാരസുരാധീശ്വരൻതന്റെ
ബാണവുമേററമായേററു പട തോററു വില്ലുമററു
ശോണിതങ്ങളണിഞ്ഞങ്ങു ചത്തു ശേഷിച്ചവർപിന്നെ
നാണവുംകെട്ടൊരുപോലെ താണുവീണു വണങ്ങിനാർ;
പ്രാണഹാനി വരുത്താതെ പോണമെന്നുമവർക്കില്ല
വേണ്ടതെല്ലാം കൊടുത്തോരോകോണിലാമ്മാറൊളിച്ചൊക്കെ
വാണുകൊണ്ടാരതുകാലം മനുജൻമാരൊരുകൂട്ടം;
ഓണമില്ലാ വിഷുവില്ലാ വേലിയില്ലാ വിളവില്ല
വാണുകൂടാ വസ്തുവൊന്നും വാണിഭവും നാസ്തിയായി
അന്തണർക്കു ജപമില്ല യാഗമില്ല ഹോമമില്ല
ഹന്ത കഷ്ടം! തപസ്സില്ല സ്നാനപാനങ്ങളുമില്ല
എന്തിനിത്ര പറയുന്നു വേണ്ടതെല്ലാമസ്തമിച്ചു
സങ്കടം മന്നവൻമാർക്കു ചുങ്കമൊന്നും നടന്നൂടാ
മങ്കമാരൊട്ടുനന്നായിക്കണ്ടുവെങ്കിലസുരന്റെ
കിങ്കരൻമാർ വന്നു കേറിപ്പിടിച്ചങ്ങു കൊണ്ടുപോകും
കാര്യക്കാരനു രണ്ടു കാശു കിട്ടാനെളുതല്ല
നാരിയെ വെച്ചിരിപ്പാനും വൈരിയെക്കൊണ്ടെളുതല്ല
കാര്യസ്ഥൻമാർക്കു പിന്നെ കാര്യക്ലേശവും വേണ്ടാ
കോയിക്കലെഴുതേണ്ടാ വായിക്കുന്നതും പക്ഷേ
വായിക്കാൻ മടിച്ചങ്ങു കോയിക്കൽ നടന്നേച്ചാൽ
സ്ഥായിക്കാർ തരമില്ലാഞ്ഞോതിക്കദ്വിജൻമാരും
സേവിക്കുന്നതുപോലെ സേവിക്കാം നൃപൻമാരെ
അകമ്പടി നടത്തേണം അടിയനെന്നുരയ്ക്കേണം
അകപ്പെട്ടാലിളയ്ക്കൊല്ല വല്ലതെന്നാകിലും ചെയ്വാൻ
ഈവണ്ണം വന്നുകൂടി ഭുവനങ്ങളതുകാലം
കേവലം വന്നസുരന്റെ ദുഷ്ടകർമ്മം മുടക്കിയാൽ
നാട്ടിലെങ്ങുമൊരേടത്തും കോട്ടകളങ്കവുമെല്ലാം
കോട്ടക്കാരനൊപ്പിച്ചേ പൊറുപ്പിപ്പൂ എന്നു വന്നു

പാട്ടനെല്ലങ്ങളക്കേണം മുഷ്ക്കു പാരം തുടങ്ങീടും
പാട്ടോല കൊടുക്കേണം തിങ്ങളിൽ തിങ്ങളിൽ ചെന്നു
കാഴ്ചവച്ചു കണ്ടുകൊണ്ടാൽ തങ്ങടേടം പൊറുപ്പിക്കാം
സകല ദിക്കുകളെല്ലാം കമലാക്ഷനൊത്തവണ്ണം
സകല ഭൂതലമെല്ലാം പാട്ടിലായെന്നതേ വേണ്ടൂ
ഇരുമ്പുമന്ദിരക്കാരൻ വിദ്യുൻമാലിയുമപ്പോ–
ളൊരുമ്പെട്ടു പുറപ്പെട്ടു പാതാളമകംപുക്കു
ഉരഗപുംഗവൻമാരെജ്ജയിച്ചു കോഴയും വാങ്ങി
പരമപൗരുഷത്തോടേ സുഖിച്ചാരെന്നതേ വേണ്ടു.

രണ്ടാംകളം

ത്രിപുരൻമാരുടെ ദുഷ്ടചരിതങ്ങൾ സഹിയാഞ്ഞു
ത്രിദശൻമാരൊടുകൂടെ പുറപ്പെട്ടു ദേവരാജൻ
വിരിഞ്ചനും സുരൻമാരും സിദ്ധവിദ്യാധരൻമാരും
തരം ചേർന്നു സുരസ്ത്രീകളെന്നുവേണ്ടാ ഖേചരൻമാർ
ഒരുമ്പെട്ടു വിരവോടേ പായസാംഭോനിധിതീരേ
നിരന്നങ്ങു മുകുന്ദനെ സ്തുതിചെയ്താരതുകാലം:
‘‘കമലലോചന ജയ ഹരേ!
ഖലവിനാശന! ജയ ഹരേ!
ഗരുഡവാഹന ജയ ഹരേ!
ഘനമനോഹര ജയ ഹരേ!
ങ ഞ ണ ലിപിമയജയ ഹരേ!
ചലിതകുണ്ഡല ജയ ഹരേ!
ഛലിതരിപുകുല ജയ ഹരേ!
ജലദവിഗ്രഹ ജയ ഹരേ!
ഝടിതി പാലയ ജയ ഹരേ!
ഞജണമുഖമയ! ജയ ഹരേ!
ടലനവിരഹിത ജയ ഹരേ!
ഠനതഖഗരഥ ജയ ഹരേ!
ഡമരദൂരഗ ജയ ഹരേ!
ഢവരഗാചല ജയ ഹരേ!
ണളിനസമമുഖ ജയ ഹരേ!
തരുണഗുണഗണ ജയ ഹരേ!
ഥതതിവിമഥന ജയ ഹരേ!
ദനുജസുതഹര ജയ ഹരേ!
ധരണിപാലക ജയ ഹരേ!
നമിതരിപുകല ജയ ഹരേ!
പരമപൂരുഷ ജയ ഹരേ!
ഫലിതസുചരിത ജയ ഹരേ!
ബഹളരുചിഭര ജയ ഹരേ!

ഭജനപരിചിത ജയ ഹരേ!
മരണഭവഹര ജയ ഹരേ!
യജനപരിചിത ജയ ഹരേ!
രജനിചരഹര ജയ ഹരേ!
ലളിതഹരസുത ജയ ഹരേ!
വരദ മുരഹര ജയ ഹരേ!
ശരണമയിഭവ ജയ ഹരേ!
ഷഡൃതുപാലക ജയ ഹരേ!
സകലമലഹര ജയ ഹരേ!
ഹവനഫലകര ജയ ഹരേ!
ളടഹകടിതട ജയ ഹരേ!
ക്ഷപിതരിപുഭട ജയ ഹരേ!

ശേഷതല്പം മുകളേറിപ്പള്ളികൊള്ളും ഭഗവാനി–
ഗ്ഘോഷമെല്ലാം കേട്ടനേരത്തുണർന്നു കൗതുകത്തോടേ
തോഷമുള്ളിൽ നിറഞ്ഞേററം കരുണാശാലിയാം ദേവൻ
തോഷലേശമകന്നൊരു ദേവകളോടരുൾചെയ്തു:
''സ്വൈരമല്ലീ സുരൻമാരേ! മുനിമാർക്കും ഭവാൻമാർക്കും
വൈരമേറുന്നസുരൻമാർ ദൂരവേ വാഴുവോരല്ലീ?
വീരനായ വാസവന്റെ കരത്തിൽ വജ്രമെപ്പോഴും
ഘോരമായി വിലസുമ്പോൾ ഭയത്തിന്നെന്തവകാശം?
ശുക്രശിഷ്യാദികളുടെ വിക്രമങ്ങളൊരിക്കലും
ശക്രലോകങ്ങളിലെല്ലാം ഫലം ചെയ്‌വാനെളുതല്ല
വിക്രമങ്ങൾക്കനുകൂലൻ വ്യാഴമല്ലോ ഗുരുഭൂതൻ
വക്രസംസാരങ്ങളൊന്നും നിങ്ങടെ നാട്ടിലില്ലല്ലോ
ഇന്നു നിങ്ങൾ പലർകൂടി വന്നതിൻ കാരണമെല്ലാ–
മൊന്നൊഴിയാതുരചെയ്‌വിൻ സുന്ദരീവല്ലഭൻമാരേ!''
എന്നിതെല്ലാമരുളപ്പാടങ്ങു കേട്ടു മുനിമാരും
വന്ദനം ചെയ്തുകൊണ്ടേവമുണർത്തിച്ചു വാർത്തയെല്ലാം:
''ദേവ ദേവ ഹരേ മുകുന്ദ ജഗന്നിവാസ നമോസ്തുതേ!
ദേവവൈരികൾ വന്നു നമ്മുടെ നാടശേഷമടക്കിനാർ
ഏവനും ബത ശക്തിയില്ല തടുപ്പതിന്നതുകാരണം
കേവലം കരുണാനിധേ! ശരണം ഭവാൻ ശരണം ഭവാൻ!
താരകാസുരമക്കളാകിയ മൂന്നുപേരമരാരിമാർ
നേരുകേടുകൾ കാട്ടുവാൻ വിരുതോടുകൂടി നടക്കയും
പാരിടത്തിലുമംബരത്തിലുമങ്ങു സർപ്പഗൃഹത്തിലും
പാരമുണ്ടമളിത്തരങ്ങൾ മനസ്സു മുട്ടി മഹാമതേ!
കോട്ട കൊണ്ടുനടന്നു ഞങ്ങടെ നാടകം വകയാക്കിയേ
ചേട്ടകൾക്കൊരു കോട്ടമില്ലൊരു കൂട്ടമിങ്ങനെ തീർന്നുതേ
ജ്യേഷ്ഠനാകിയ താരകാക്ഷനമർത്ത്യലോകമടക്കിനാൻ
നാട്ടുകണ്ടകസോദരൻ കമലാക്ഷനൂഴി മുടിക്കയും

രണ്ടുപേരുടെ തമ്പിയാകിയ തണ്ടുതപ്പി മഹാശാൻ
കണ്ടതൊക്കെ മുടിപ്പതിന്നരവങ്ങൾ നാട്ടിൽ[1] നടക്കയും
പണ്ടു ഞങ്ങളിവണ്ണമുള്ളൊരു സങ്കടങ്ങളൊരിക്കലും
കൊണ്ടൽവർണ്ണ! സഹിച്ചുവെന്നൊരു കേട്ടുകേളിയുമില്ലഹോ!
ദുർജനത്തെ നിവർത്തിവച്ചു വരംകൊടുത്തു പുലർത്തുവാ-
നിജ്ജനത്തിലൊരുത്തനുണ്ടതു കുററമല്ലിതു വന്നുപോം;
ഇജ്ജഗത്തു നശിക്കുമങ്ങു കൊടുത്തിലെങ്കിലതോർക്കയാൽ
ഇജ്ജളർക്കു വരം കൊടുത്തു തരംകെടുത്തു ജഗത്ത്രയം
അപ്പുരത്രയമപ്പൊഴെത്രയുമപ്രിയത്തെ വരുത്തുവാൻ
ചെപ്പടിച്ചുപൊടിക്കിലോ ചില ചെപ്പടിക്കു തരം കെടും
അല്പമില്ലൊരു കെല്പുമിപ്പരിഷയ്ക്കു
ചിൽപുരുഷോത്തമ!
ദക്ഷവൈരി ഭഗവാനും പക്ഷപാതം തുടങ്ങുന്നു
ശിക്ഷ വന്നു പുരൻമാർക്കു രക്ഷ വന്നു വഴിപോലെ
ത്ര്യക്ഷണന്റെ സേവകൻമാർ കാൽക്ഷണം
പോലിളയ്ക്കാതെ
രൂക്ഷകർമ്മം ചെയ്തതെല്ലാമീക്ഷണംചെയ്കയേ വേണ്ടു;
രക്ഷചെയ്യേണ്ടവർതന്നെ ഭക്ഷണത്തിന്നൊരുമ്പെട്ടാൽ
കുക്ഷിമാത്രം പൊറുപ്പിപ്പാൻ ഭിക്ഷകൊണ്ടുമെളുതല്ല
യക്ഷികൾക്കുമക്ഷികൾക്കും പക്ഷികൾക്കും
കുക്ഷികൾക്കും
ത്ര്യക്ഷനല്ലോ രക്ഷശിക്ഷാപ്രക്രിയകൾക്കേകനാഥൻ
ഇക്ഷുചാപാന്തകൻതന്നെ പക്ഷപാതം തുടങ്ങുമ്പോൾ
രൂക്ഷതയ്ക്കുമിങ്ങു രണ്ടുപക്ഷമില്ലാ പുരൻമാർക്കു
കഷ്ടമിന്നീ യജമാനൻമാരുമെല്ലാം പല ലക്ഷം
ദുഷ്ടതയ്ക്കു തുടങ്ങുമ്പോളിഷ്ടമാകും ചിലർകൂടെ
അഷ്ടി നന്നായ് കഴിച്ചുകൊണ്ടേഷണിക്കു നടക്കുന്ന
യഷ്ടികളുമതിൽത്തന്നെ പലരുണ്ടെന്നറിഞ്ഞാലും!
ഇഷ്ടമില്ലാത്തവരെക്കൊണ്ടെത്രകൂട്ടം ദൂഷണങ്ങൾ
ഇഷ്ടസേവൻമാരുതന്നെ നിന്നു കെട്ടിച്ചമയ്ക്കുന്നു
കഷ്ടകാലം നമുക്കെല്ലാമെന്നുമാത്രം പറഞ്ഞേക്കാ-
മിഷ്ടമെല്ലാം പറഞ്ഞുംകൊണ്ടരികിൽ വന്നവരെല്ലാം
ഇഷ്ടബന്ധുക്കളെന്നത്രേ ദേവരാജാവിനു ഭാവം:
ദുഷ്ടരുമുണ്ടതിൽത്തന്നെ ശിഷ്ടരുമുണ്ടതിൽത്തന്നെ
സ്പഷ്ടമായിട്ടറിയാഞ്ഞാൽ നഷ്ടമായി ഭവിച്ചേക്കും
വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടെന്നപോലെ
മേളമേറും പ്രഭുക്കൻമാരെന്ന ഭാവം ചിലർക്കുണ്ട്
വാളുവെട്ടും പടപ്പോരും ശൌര്യവുമാളടിയാരും

---

[1] അരവങ്ങൾനാട്ടിൽ=പാമ്പുകളുടെ നാട്ടിൽ; പാതാളത്തിൽ. അരവം = പാമ്പ്.

കേളി മന്നിലിവയെല്ലാമുള്ളവരെത്രയും തുച്ഛരം
കേളികേട്ട പുരുഷങ്കലസൂയകൊണ്ടൊരുകൂട്ടം
താളമൊന്നു പിഴപ്പിപ്പാൻ തരംനോക്കി നടക്കുന്നു;
എനിക്കത്രേ രാജ്യമെന്നും എനിക്കത്രേ രാജ്യമെന്നും
നിനച്ചേറ്റം ഞെളിയുന്നു തനിച്ച ബുദ്ധിമാൻമാരും
തനിക്കിത്ര ബലമുണ്ടെന്നൊരിക്കലും നിനയ്ക്കാതെ
മെനക്കെട്ടങ്ങിരിക്കുമ്പോൾ കനക്കേടും ഭവിച്ചേക്കും;
ഉറക്കത്തിൽ പണിക്കത്തമൊരുത്തർക്കും വരത്തില്ല
കരുത്തില്ലാക്കുരുത്തിന്നു കരുത്തെന്നും വരത്തില്ല[1]
കരുത്തൻ ഞാനെന്നുതന്നെ വരുത്തേണമെന്നുവന്നാൽ
ഗുരുത്വംവേണമല്ലാഞ്ഞാലൊരുത്തനുമെളുതല്ല
ജഗത്തിന്നും നഗത്തിന്നും മൃഗത്തിന്നും ഖഗത്തിന്നും
സുഖത്തിന്നും മഖത്തിന്നും ഇടത്തിന്നും വലത്തിന്നും
മരത്തിന്നും തരത്തിന്നും ശിവത്തിന്നും ജപത്തിന്നും
ഇരുമ്പിന്നും തുരുമ്പിന്നും വരമ്പിന്നും ഞരമ്പിന്നും
ജഗത്തിലുള്ള വസ്തുക്കൾക്കൊക്കവേ കാരണഭൂതൻ
സമസ്തം നിന്തിരുവടി എന്നു ഞങ്ങളറിയുന്നു;
സ്ഥാവരം ജംഗമം വിഷ്ണുദേവ നാരായണസ്വാമി
കേവലാത്മസ്വരൂപ! നീ ദേവകൾക്കു തുണയ്ക്കേണം
നാടു പാടേ നശിക്കുമ്പോൾ ചൂടുതട്ടും മനക്കാമ്പിൽ
ഓടിവന്നിപ്രദേശത്തു പാടു പാർക്കും ഞങ്ങളെല്ലാം
കൂടെവന്നു ഭവാനിപ്പോൾ കൂടലരെക്കൊലചെയ്യും,
കേടുതീരുമ്പൊളിക്കൂട്ടം നാടുവാഴും വഴിപോലെ;
ഓടുമപ്പോളസുരൻമാരോടുമപ്പോളടിയങ്ങൾ
നാടുമപ്പോൾ ധരിച്ചീടും കൈടഭാരേ! ധരിച്ചാലും;
കൂടവേ കൂടവേ കണ്ടാൽക്കൂടെ ഞങ്ങൾക്കൊരിക്കലും
പ്രൗഢതയ്ക്കും കുറവില്ല മൂഢതയ്ക്കും കുറവില്ല
ഒന്നു കണ്ടാലറിയാത്ത കൂട്ടമായിത്തീർന്നു ഞങ്ങൾ
വന്നുകണ്ടാലാവലാതിയുണർത്തിപ്പാൻ ശക്തിയില്ലാ
എന്നുവേണ്ടാ മിടുക്കൻമാരെന്നു ഭാവം ചിലർക്കുണ്ട്
നിന്നുകൊണ്ടങ്ങുരചെയ്‌വാനെന്നിയേ കൊളള്ളരുതാരും:
നാട്ടിലെങ്ങുമനർത്ഥങ്ങളൊട്ടുമില്ലാത്തകാലത്തി–
ക്കൂട്ടമെത്ര സമർത്ഥൻമാർ വലുപ്പമങ്ങനേതന്നെ;
പെട്ടകം കുട്ടകം കുട്ടിപ്പട്ടരും വാലിയക്കാരും
പെട്ടിയും കട്ടിലും വട്ടംകൂട്ടിന പൊന്നുറവാളും

---

[1] കരുത്തില്ലാക്കുരുത്തിന്ന് = കരുത്തില്ലാത്ത മുളയ്ക്ക്. കുരുത്ത് = മുള; നാമ്പ്. കരുത്തെന്നും വരത്തില്ല = കരുത്ത് ഒരുനാളും വരില്ല. എന്നും = ഒരുനാളും, 'കരുത്തില്ലാകരുത്തനേ കരുത്തെന്നും വരത്തില്ല'; കരുത്തില്ലാകുരുത്താനേ കരുത്തെന്നും വരത്തില്ല'—എന്നിങ്ങനെ മുദ്രിത പുസ്തകങ്ങളിൽ അപപാഠങ്ങൾ.

വഞ്ചിയും സഞ്ചിയും വെള്ളിക്കാഞ്ചിയും കാഞ്ചനക്കോപ്പും
പഞ്ചവും തഞ്ചവും കിഞ്ചിൽ പുഞ്ചിരിക്കൊഞ്ചലും കണ്ടാൽ
അഞ്ചുമാറുള്ള ഭാവങ്ങ[1]ളഞ്ചുമാറുള്ള പൊൻമാല[2]
അഞ്ചുമാറും കളത്രങ്ങൾ നെഞ്ചിലേറും വിനോദങ്ങൾ
ഇക്കണെക്കു പറഞ്ഞെന്നാലിക്കഥയ്ക്കില്ലവസാനം;
നീക്കണമെന്നിവയെല്ലാമൊക്കെയും ബോധമുണ്ടല്ലോ
അക്കവിക്കു ശിഷ്യരായിദ്ദിക്കരിക്കു തുല്യരായി
കർക്കശൻമാരസുരൻമാർ ധിക്കരിക്കും മഹാകഷ്ടം!
തമ്പുരാനേ അടിയങ്ങൾ സംഭരിച്ച മുതലെല്ലാം
പൊൻപുരക്കാരനും കൂട്ടം വമ്പുകൊണ്ടു കൈക്കലാക്കി
ഉമ്പർനാട്ടിലുള്ളതെല്ലാമുമ്പർനാട്ടിലസ്തമിച്ചു
കുംഭകോണേ കൃതം പാപം കുംഭകോണേ വിനശ്യതി;
ഇത്രമാത്രമുണർത്തിക്കാമിതിൽ പിന്നെ തിരുവുള്ളം
വൃത്രശത്രുപുരംതന്നിൽ ഭവിച്ചെന്നാൽ കിട്ടുമല്ലോ
എത്രതന്നെ പറയാവൂ ദേവകൾക്കെന്നു തോന്നേണ്ട;
ശത്രു ചെയ്തൊരപരാധം സഹിക്കാഞ്ഞിട്ടുരയ്ക്കുന്നു
ഊററവും വന്നകപ്പെട്ടാൽ കൂററുകാർക്കുമെളുതല്ലാ
ഊററുപാമ്പിൻ വിഷമെല്ലാം പാററകൾക്കു സഹിക്കാമോ?
നീററിലുള്ള മുതലകൾ ചീററിവന്നങ്ങടുക്കുമ്പോൾ
മാററിയാകും തവളയ്ക്കങ്ങേററുപോവാനെളുതാമോ?
മറെറാരുത്തൻ ഗതിയില്ലാപ്പരിഷയ്ക്കെന്നറിഞ്ഞാലും
കൂററനേറും പോററിതന്നെ മാററലർക്കു കൂററുകാരൻ;
തോററുപോയാല്ക്കേറെറുവാനും പററുവാനും തെററുവാനു—
മററമില്ലാവിധം ചൊന്നാൽ ചുററുമെന്നേ പറയാവൂ
ചെററു വാട്ടം വരുത്താതെ ഉററവരെത്തുണയ്ക്കേണം
കുററമുണ്ടെങ്കിലുമിന്നു പൊറുപ്പിക്കേണമേ പോററീ!''
ദേവകളിത്തരമെല്ലാമാവലാതിപ്രകാരങ്ങൾ
ദേവനോടങ്ങുണർത്തിച്ചു കേവലം നിന്നൊരുശേഷം
സേവകൻമാരുടെ പീഡാഭാവമെല്ലാം കാൺകമൂലം
ഭാവമൊന്നു പകർന്നേവം ദേവദേവനരുൾചെയ്തു:
''ഞാനൊരുത്തൻ നിരൂപിച്ചാലിതിന്നു പോംവഴിയില്ല
ദാനവൻമാരുടെ ബന്ധു പാർവതീവല്ലഭനല്ലോ;
ദീനഭാവം കളഞ്ഞാലുമുപായങ്ങളുണ്ടുതാനും
ഹാനി നിങ്ങൾക്കൊരുനാളും ഞാനിരിക്കെബ്ഭവിച്ചീടാ;
പോകെടോ നാം മടിയാതെ പാർവതീകാന്തനെക്കാൺമാൻ
ശോകമെല്ലാം നശിപ്പിക്കും ലോകനാഥൻ ചന്ദ്രചൂഡൻ
ആകുലപ്പെട്ടവർക്കെല്ലാമേകബന്ധു ദയാസിന്ധു

1. അഞ്ചുമാറുള്ള ഭാവങ്ങൾ = (കണ്ടാൽ) ലജ്ജിച്ചുപോകുന്ന ഭാവങ്ങൾ.
2. അഞ്ചുമാറുള്ള പൊൻമാല = അഞ്ചു മാറു നീളമുള്ള പൊൻമാല.

ലോകസൃഷ്ടിസ്ഥിതിദ്ധ്വംസക്രിയകൾക്കും ഹേതുഭൂതൻ;
പരമപുരുഷനിവണ്ണമൊന്നരുൾചെയ്തു ദേവകളോടുടൻ
ഗരുഡഗളമതിലേറിയേറിന മുനിജനങ്ങളുമമരരും
പരിചൊടിളകിന പടകളിടവക ഝടിതിയാത്രതുടങ്ങിനാർ
രജനികരകല ചൂടുമീശ്വരനമരുമചലകുലോത്തമം
രജതഗിരിവരമമ്പൊടേയവർ കണ്ടു കണ്ടു നടക്കയും
രജനിചരകുലശലഭജാലമഹാനലൻ കരുണാകരൻ
രജനിപരിണതിവേളയിങ്കലടുത്തുചെന്നു മഹാതടേ
ഇന്ദിരാപതിയാകുമീശ്വരനിന്ദ്രനോടു പതുക്കവേ
മന്ദഹാസരസംകലർന്നരുൾചെയ്തശേഷജനത്തൊടും:
‘‘ഇന്നു നിങ്ങളശേഷരും പുനരിന്ദുചൂഡനെയാദരാൽ
വന്ദനം പരിചോടു ചെയ്തു തപസ്സുചെയ്യണമേവരും
നാരദൻ മുനിപുംഗവൻ പുനരിങ്ങു പോരിക, പോക നാം
സാരമായൊരു കാര്യമുണ്ടിഹ നാമതിന്നു തുടങ്ങുക;’’
വാരിജാക്ഷനിവണ്ണമൊന്നരുൾചെയ്തു ദേവകളോടുടൻ
നാരദന്റെ കരം പിടിച്ചു ചിരിച്ചുകൊണ്ടു തിരിച്ചുതേ;
ബുദ്ധികൗശലശീലനാം പുരുഷോത്തമൻ ഗരുഡധ്വജൻ
ബുദ്ധതാപസവേഷമാശു ധരിച്ചു ബദ്ധകുതൂഹലാൽ
ശുദ്ധമാകുമൊരാൽത്തറപ്പുറമേറി വാണരുളീടിനാൻ;
വൃദ്ധനെത്ര വയസ്സുചെന്നു നരച്ചു കണ്ണിമകൂടവേ
ക്ഷീരസാഗരവാരിപോലെ വെളുത്തു നീണ്ടൊരു താടിയും
ചാരുവാം കാഷായവസ്ത്രവുമുത്തരീയവുമങ്ങനെ
ഭൂരിപിംഗജടാകലാപവുമങ്ങു യോഗപടങ്ങളും
ചേരുമീവക മൂത്തബൗദ്ധനിതെന്നു കണ്ടവർ ചൊല്ലിനാർ
ബന്ധുവാകിയ നാരദൻ മുനിശിഷ്യനെന്നു നടിച്ചുടൻ
ഗ്രന്ഥമൊന്നു കരത്തിലാക്കിയഴിച്ചുനോക്കിയിരിക്കയും
എന്തിനിങ്ങനെ വായനയ്ക്കു നടപ്പുമില്ല നിനക്കെടോ!
ചിന്തയില്ല പഠിപ്പിലെങ്കിലടിക്കുമെന്നൊരു ഭാവവും
വീണയങ്ങരികത്തുവച്ചു പഠിത്തമൊട്ടു നടിക്കയും
കാണിനേരമിളയ്ക്കിലഗ്ഗുരു താഡനങ്ങൾ കൊടുക്കയും
ഇങ്ങനേയൊരു ശിഷ്യനും ഗുരുവും പെരുത്തൊരു കൈതവാ-
ലങ്ങു വാണു പുരത്രയും സ്വരുപിക്കുമാൽത്തറമണ്ഡപേ;
മൂന്നുലോകമുടൻ മുടിച്ചുനടക്കുമപ്പുരദൈത്യരും
മൂന്നുപേരുമൊരായിരം വരിഷം തികഞ്ഞ ദശാന്തരേ
പോന്നു വന്നു ജവേന ബോധിമരത്തറയ്ക്കലൊരിക്കലേ
നിന്നുകൊണ്ടഥ തമ്മിൽ നോക്കി ഹസിച്ചുകൊണ്ടവർ ചൊല്ലിനാർ:
‘‘നോക്കെടാ ഒരു മൂപ്പരിന്നിഹ വന്നുകൂടിയതാരെടാ?
നീക്കമില്ലൊരുശാസ്ത്രിയായതു പിന്നെ നല്ലൊരു ശിഷ്യനും

ബൗദ്ധനെന്നിഹ തോന്നുമാകൃതി കാണുകിൽ പുനരെത്രയും
വൃദ്ധനത്ര നടന്നുവന്നതുമോർക്കിലെത്രയുമദ്ഭുതം''
ഇത്ഥമങ്ങു പറഞ്ഞുകൊണ്ടരികത്തു ചെന്നു പുരത്രയം
വൃദ്ധതാപസബൗദ്ധനോടുരചെയ്തു കൈതവകോവിദം:
''ഗ്രന്ഥിയായ ഭവാനുടേ കുലമേതെടോ ഗൃഹമേതെടോ?
ബന്ധമെന്തിഹ വന്നിരിപ്പതിനെന്തു പേരു നിനക്കെടോ?
ഗ്രന്ഥമെന്തു പുരാണമോ? അഥ കാവ്യമോ? ബത
ശാസ്ത്രമോ?
സിന്ധുപോലെ പെരുത്ത വിദ്യയിലേതിലിങ്ങു പരിശ്രമം''
താരകാത്മജ വാക്കുകേട്ടു മുകുന്ദനൊന്നരുളീടിനാൻ:
''വീരരാകിയ നിങ്ങൾ മൂവരുമത്ര വന്നു വസിക്കെടോ!
സാരമാകിയ ബൗദ്ധശാസ്ത്രമിതെത്രയും പുനരുത്തമം
നേരുതന്നെ നിനയ്ക്കിലിന്നിതുകൊണ്ടുവേണമശേഷവും
സാരബുദ്ധി തരിമ്പുമില്ലിഹ നിങ്ങൾ മൂന്നു ജനത്തിനും
ആരു ചൊല്ലിയതിപ്രകാരമൊരാഢ്യമുദ്ര തുടങ്ങുവാൻ?
ചാരമിങ്ങനെ നല്ല മേനിയിലാശു പൂശിയതെന്തെടോ?
ചേരുമെന്നു പറഞ്ഞതാരിഹ നീരസങ്ങൾ തുടങ്ങൊലോ
പുസ്തകങ്ങളിലൊന്നിലും പുനരിത്തരം വിധിയില്ലെടോ!
വസ്തുബോധവുമില്ല നിങ്ങടെ നാട്ടിലെങ്ങുമിതെന്തെടോ?
വിസ്തരിച്ചു പറഞ്ഞുകേൾക്കണമെങ്കിലിന്നു മഹോത്സവം
പുസ്തകങ്ങളിലുള്ളതൊക്കെ മനസ്സിലുണ്ടു നമുക്കെടോ!
കാമവും പുനരർത്ഥവും പുരുഷാർത്ഥമിങ്ങനെ രണ്ടെടോ!
ഭൂമി വെള്ളവുമഗ്നി വായുവുമെന്നു നാലിഹ ഭൂതവും
മോക്ഷമെന്നൊരു വസ്തുവില്ലതിനാരു സാക്ഷിയ
തോർക്കണം
കാൽക്ഷണം കളയാതെ നല്ല സുഖങ്ങളൊക്കെ വരുത്തണം
ഭള്ളു കാട്ടി ഞെളിഞ്ഞിരുന്നു തപസ്സുചെയ്തു വിശന്നു
താ—
നുള്ളകാലമൊടുക്കുവാൻ വിടുഭോഷനെന്നിയെ തോന്നുമോ?
പുള്ളിമാൻമിഴിയോടുകൂടി രസിക്കണം പ്രകടിക്കണം
കള്ളുമൊട്ടു കുടിക്കണം സുഖമുള്ള ദിക്കിലിരിക്കണം
വെള്ളവെറ്റില ജാതിപത്രിക പാക്കു തൂക്കു പുകേലയും
ഉള്ളനാളിലിളയ്ക്കൊലാ ചിതമല്ലിതെന്നു നിനയ്ക്കൊലാ
കുങ്കുമം പനിനീരു ചന്ദനമങ്കണാദി വിഹാരവും
മങ്കമാരുടെ കൊങ്കരണ്ടുമതിങ്കൽ വേണമൊരാഗ്രഹം
ശങ്ക വേണ്ട മനക്കുരുന്നിലൊരിക്കലും പുരവീരരേ!
ശങ്കരപ്രിയമെന്നു ചൊല്ലി നിനച്ചു ശിങ്കുകളിക്കൊലാ!
എങ്കിലൊന്നു ധരിക്കണം ശിവനെന്നൊരീശ്വരനില്ലെടോ!
എങ്കൽനിന്നു ധരിച്ചുകൊൾക സമസ്തശാസ്ത്രവുമിപ്പൊഴേ
അമ്പിളിക്കല ചൂടുവോൻ മലരമ്പനെക്കൊലചെയ്തവൻ

തുമ്പമാലയണിഞ്ഞവൻ പല പാമ്പുകൊണ്ടു ചമഞ്ഞവൻ
ഇത്തരം പലരും പറഞ്ഞതു ഭോഷ്കുതന്നെയിതിന്നു ഞാ–
നുത്തരം പറയുന്നനേരമൊരുത്തനങ്ങുരിയാടുമോ?''
മാധവന്റെ വചനങ്ങൾ കേട്ടനേരം ത്രിപുരൻമാർ
ക്രോധമോടേ കണ്ണുരുട്ടി മിഴിച്ചുനിന്നുരചെയ്തു:
''സാധുവായ ഭഗവാനെ ദുഷിക്കുന്നെന്തെടാ മൂഢാ!
ബോധിവൃക്ഷത്തറമേൽനിന്നിറങ്ങിപ്പോക വൈകാതെ
വൃദ്ധനായ ബൗദ്ധനേതും ശുദ്ധിയില്ല ബുദ്ധിയില്ല
മുഗ്ധചന്ദ്രചൂഡനെക്കൊണ്ടബദ്ധങ്ങൾ പറഞ്ഞെന്നാൽ
ഭക്തരായ ഞങ്ങൾ കേട്ടാൽ ക്ഷമിക്കില്ലെന്നറിഞ്ഞാലും
ഭുക്തിമുക്തിപ്രദൻ സാക്ഷാൽ ജഗന്നാഥൻ മഹാദേവൻ
ശങ്കരൻ പാർവതീകാന്തൻ കാമവൈരി കാലകാലൻ
തിങ്കൾമൗലി കാളകണ്ഠൻ ഞങ്ങടെ തമ്പുരാനല്ലോ!
ദോഷവാക്കു പറഞ്ഞെന്നാൽ നാക്കു കണ്ടിച്ചുപോമിപ്പോൾ
ഭോഷനായ മൂത്തബൗദ്ധ! നടക്ക ശിഷ്യനും താനും
ദോഷവാക്കു പറഞ്ഞാലും നിനച്ചാലും ശ്രവിച്ചാലും
ദോഷമുണ്ടെന്നറിക നീ മൂഢനേതും ബോധമില്ല
പത്തുനൂറു വയസ്സായിട്ടൊരു വസ്തു തിരിയാത്ത
മൂത്തമാപ്പിളയ്ക്കു ചാകാൻ മനസ്സില്ലാതെത്രകഷ്ടം!
കൃത്തിവാസസ്സിനെക്കൊണ്ടു ദുഷിച്ചെന്നാലിന്നുതന്നെ
മൃത്യു നിങ്ങൾക്കിരുവർക്കുമടുത്തു സംശയമില്ല.''
ഇപ്രകാരം കയർക്കുന്ന പുരൻമാരോടരുൾചെയ്തു
സുപ്രസന്നാനനൻ ദേവൻ മുകുന്ദൻ മന്ദമീവണ്ണം:
''മുപ്പുരൻമാർക്കിതു കേട്ടാലെന്തു ബന്ധം മനക്കാമ്പിൽ
അപ്രിയം സംഭവിപ്പാനെന്തതു ചൊല്ലാം പരമാർത്ഥം
ഗാത്രവും ഗോത്രവും പിന്നെ നേത്രവും ജിഹ്വയും ഘ്രാണം
പാർത്തു കണ്ടാലിവയഞ്ചുമിന്ദ്രിയങ്ങളറിഞ്ഞാലും
അഞ്ചുകൊണ്ടും ശിവനുണ്ടെന്നറിവാനിന്നെളുതല്ല;
പഞ്ചഭൂതാത്മകമായ ദേഹവും ദേഹിയുമില്ല;
കുതിരയ്ക്കു രണ്ടു കൊമ്പുണ്ടെന്നൊരുത്തൻ പറഞ്ഞെന്നാൽ
അതുതന്നെ വിശ്വസിച്ചാൽ കണക്കുണ്ടോ പുരൻമാരേ!
മതികൊണ്ടു വിചാരിച്ചു ത്യജിച്ചാലും മോഹമെല്ലാം;
ചത്തവന്റെ പ്രസാദത്തെ വരുത്താമെന്നു ചൊല്ലീട്ടു
ചാത്തമൂട്ടുന്നതും പിന്നെ പാഴിലെന്നു ധരിച്ചാലും
കൊറ്റൊരുത്തൻ വഴിപോലെ കഴിച്ചെന്നാലതുകൊണ്ടു
മറ്റൊരു മാനുഷൻതന്റെ വിശപ്പു തീരുമാറുണ്ടോ?
കാറ്റുതട്ടി വിളക്കങ്ങു കെട്ടുപോയാലതിൽപ്പിന്നെ
ആറ്റലോടേ വെളിച്ചെണ്ണ പകർന്നാൽ കത്തുമാറുണ്ടോ?
ജീവനോടേ വസിക്കുന്ന കാലമെല്ലാം ഭവിച്ചീടും

കേവലം മാനുഷൻമാർക്കു ദുഷ്കൃതവും സുകൃതവും
ജീവനാശം വന്നുപോയാലൊരുവസ്തു പിന്നെയില്ലാ
ദേവലോകപ്രാപ്തിയെന്നു പറവതു ഭോഷ്ക്കുതന്നെ
പത്തുകോടിപ്പണം തേടിപ്പത്തനങ്ങൾ പണിയിച്ചു*
മുത്തുമാല കടകങ്ങളൊത്തവണ്ണമണിഞ്ഞുംകൊ-
ണ്ടുത്തമസ്ത്രീകടെ വീട്ടിൽ ചിത്തമോദം കലർന്നാശു
മെത്തകേറി ശയിക്കുന്ന സത്തുക്കൾക്കു പുണ്യപൂരം;
പട്ടിപോലെ വിശന്നോരോ കോട്ടിലെല്ലാം നടന്നല്പം
കിട്ടിയ തണ്ഡുലംകൊണ്ടു വീട്ടിൽവന്നങ്ങൊരുനേരം
പൊട്ടിയൊരു കലംതന്നിലിട്ടു വെള്ളം പകർന്നേവം
ഒട്ടു വെന്താൽ വാങ്ങിവച്ചു ചുട്ടകഞ്ഞി കുടിച്ചിട്ടു
കുട്ടികൾക്കും കൊടുത്തേതും കൂട്ടുവാനില്ലായ്കമൂലം
പട്ടിണിപ്രായമായുള്ള കഷ്ടകർമ്മമനുഭവി-
ച്ചൊട്ടുകാലം ദുരിതത്തിൽപാട്ടിലാകും മനുജൻെറ
സ്പഷ്ടമായിട്ടിഹലോകചേഷ്ടിതങ്ങൾ കണ്ടുകൊൾവിൻ;
അത്രയുമല്ലിനിച്ചൊല്ലാം ചിത്രമായ വിശേഷങ്ങൾ
മാത്രമൈശ്വര്യമുണ്ടെന്നാൽ ധാത്രിയിലീശ്വരൻതന്നെ
സൂര്യനെന്നിയേ മററു ദൈവമില്ല നമുക്കിപ്പോൾ;
കാര്യം ഞാൻ പറയുന്നേൻ നേരുകേടെന്നു തോന്നേണ്ടാ
ആര്യസ്വാമിയായുള്ള ചാർവാകഭഗവാൻെറ
സാരമാം മതംതന്നെ മതമെന്നു ധരിച്ചാലും†
കാണുന്ന വസ്തുവെല്ലാം പരമാർത്ഥം ജഗത്തിങ്കൽ
കാണാത്ത വസ്തുവെല്ലാം ഭോഷ്ക്കുതന്നെ പുരൻമാരേ!
വേണം സ്വർഗമെന്നെല്ലാം നിരൂപിച്ചു തപം ചെയ്താ-
ലൂണും നാസ്തിയാമല്ലാതൊരു വസ്തു വരത്തില്ലാ;
നോററുംകൊണ്ടൊരുകൂട്ടം താപസൻമാർ വനംതോറും
കാററുംകൊണ്ടിരിക്കുന്നു കൊററിനില്ലായ്കകൊണ്ടത്രേ
മാററികൾക്കിന്നിതല്ലാതെ ചെററു മുററും ഫലമില്ലാ
കൂററുകാരുമവർക്കില്ല ദുരിതം കണ്ടുകൊണ്ടാലും;
മോഹങ്ങൾ തുടങ്ങാതെ ദേഹങ്ങൾ ഭരിക്കേണം
ദേഹങ്ങൾ നശിക്കുമ്പോൾ ദേഹിക്കുംകൂടെ നാശം
ആഹാരം കഴിച്ചുംകൊ'ണ്ടാഹാ'യെന്നിരിക്കേണം
സ്നേഹിക്കും ജനങ്ങളിൽ സ്നേഹവും ഭവിക്കേണം;
ശിവനെന്നും വിഷ്ണുവെന്നുമിവ ചിന്തിച്ചിരുന്നെന്നാൽ
അവരെക്കൊണ്ടൊരു കാര്യം ഭുവനവാസികൾക്കില്ല
കൈയ്യിൽപ്പുണ്ണിനു പിന്നെ കണ്ണാടികൂടെ വേണോ?

---

* ഈ വരി തുള്ളൽക്കാരുടെ പഴയ വായ്പാഠത്തിൽനിന്നു കിട്ടിയതാണ്. മുദ്രിതപ്പതിപ്പുകളിൽ ഒന്നിലും കാണുന്നില്ല.

† 'സാരമാം മതംതന്നെ ഹിതമെന്നു ധരിച്ചാലും'—വായ്പാഠഭേദം.

കൈയ്യിൽ ഗ്രന്ഥമുണ്ടല്ലോ പഠിപ്പിക്കാം വേണമെങ്കിൽ
അയ്യോ! നിങ്ങടെ ജൻമം പാഴിലായെന്നതേ വേണ്ടു
പൊയ്യല്ലേ പറയുന്നു ശാസ്ത്രബോധം ചെററുമില്ല.''
ഈവണ്ണം പലവാക്കു കേട്ടപ്പോൾ പുരൻമാർക്കു
ദൈവമില്ലെന്നു കിഞ്ചിൽ ബോധംവന്നുദ്ഭവിച്ചു
ദേവൻെറ കപടങ്ങളേവം മാനസതാരിൽ
മൂവർക്കും ദൃഢമായ ഭാവത്തെ മറിക്കുന്നു
നീചൻമാരതുനേരമെഴുന്നേററു വഴിപോലെ
ആചാരംചെയ്തു നിന്നു ത്രിപുരൻമാർ ഭക്തിയോടേ:
''ശാസ്ത്രങ്ങളടിയങ്ങൾക്കത്രമാത്രം ഗ്രഹിക്കേണം
ശാസ്ത്രിയാം ഭവാൻതന്നെ ഗുരുഭൂതനിനിമേലിൽ;''
താരകൻെറ തനയൻമാരിപ്രകാരമുണർത്തിച്ചു
ദൂരെനിന്നു കരം കൂപ്പി ശിഷ്യഭാവം നടിച്ചപ്പോൾ
നാരദൻെറ കരത്തീന്നാ ഗ്രന്ഥമമ്പോടു മേടിച്ചു
താരകാക്ഷനുടെ കൈയ്യിൽ കൊടുത്തു ബുദ്ധയോഗീന്ദ്രൻ
പുരൻമാർക്കും മനക്കാമ്പിൽ ബോധമുണ്ടാകുവാനുള്ള
പരീക്ഷയ്ക്കായതുനേരമരുൾചെയ്തു പദ്മനാഭൻ:
''പുരൻമാരേ! കണ്ടുകൊൾവിൻ! നമ്മുടെ ശാസ്ത്രമാഹാത്മ്യം
പരമാർത്ഥം കണ്ടതെല്ലാം,മസത്യം കാണാത്തതെല്ലാം;
ഇല്ലെന്നു ഞാൻ പറഞ്ഞാലില്ലെന്നുവരുംതാനും*
ഉണ്ടെന്നു ഞാൻ പറഞ്ഞാലുണ്ടെന്നു വരുംതാനും
കണ്ടാലു''മെന്നരുളി തണ്ടാർമാനിനീകാന്തൻ
കിണ്ടിതന്നിലെ വെള്ളംകൊണ്ടങ്ങു തളിച്ചപ്പോൾ
പണ്ടേയുള്ളരയാലും ഭസ്മമായിച്ചമഞ്ഞുതേ;
''ഉണ്ടെ''ന്നങ്ങരുൾചെയ്തു പിന്നെ വെള്ളം തളിച്ചപ്പോൾ†
കണ്ടു വൻമരമായോരരയാലും വന്നു പൊങ്ങി;
നീചരാകും ത്രിപുരൻമാർക്കുറച്ചു സത്യമെന്നെല്ലാം
സാരമായ ബൗദ്ധശാസ്ത്രം പഠിപ്പാനങ്ങൊരുമ്പെട്ടു
നാരദമാമുനിശ്രേഷ്ഠനേഷണിക്കും പുറപ്പെട്ടു
സ്വൈരമോടേ വീണ തോളിൽ ധരിച്ചു പൊൻപുരം പുക്കാൻ.
കോട്ടമാളികമേലിരുന്നൊരുകൂട്ടമസുരവധൂജനം
പാട്ടുപാടി രസിക്കുമത്തൊഴിൽ കേട്ടു മുനിവരനാദരാൽ
കൂട്ടി വീണ പതുക്കെയെങ്ങനെ മീട്ടി മലഹരി തോടിയും
കൂട്ടിവായനയും തുടങ്ങിയടുത്തുചെന്നരുളീടിനാൻ:
''ധർമ്മപത്നികളായ നിങ്ങടെ കർമ്മദോഷമിതെന്തുവാൻ
നർമ്മമൊക്കെവെടിഞ്ഞു നല്ലൊരു ധർമ്മബുദ്ധിതുടങ്ങിയോ?

---

* 'ഇല്ലെന്നു ഞാൻ പറഞ്ഞാലില്ലെന്നുവരും പിന്നെ'—എന്നു വായ്പാഠാന്തരം.

† 'കിണ്ടിതന്നിലെ വെള്ളം പകർന്നങ്ങുതളിച്ചപ്പോൾ'—വായ്പാഠാന്തരം.

കൺമുനകണകൊണ്ടു കാമികളിണ്ടൽപൂണ്ടു വിരണ്ടുടൻ
വെൺമയോടുലയേണമേവരുമെങ്കിലില്ലൊരു സംശയം
നല്ല നല്ല ജനങ്ങളോടിടകൂടി വാണു രസിക്കണം
മുല്ലബാണരണത്തിനേറ്റമിളച്ചു രാത്രി കഴിക്കണം
പല്ലുതേച്ചൊരു വെറ്റ്ല തിങ്കയുമെന്നിതൊക്കെ മറന്നിതോ?
മല്ലലോചനമാർക്കു വേണ്ടതിലൊന്നുമാഗ്രഹമില്ലയോ?
സരസനായൊരു പുരുഷനെപ്പുനരരികിൽ മെല്ലെ വിളിച്ചുടൻ
സരസചൂതുകൾ പൊരുതു നല്ലൊരു വിരുതുചേർന്നു കളിക്കയും
സരസിജാക്ഷികൾ ചരിതമിങ്ങനെ കരുതുവാൻ കൊതിയില്ലയോ?
ദുരിതമെന്തിതു പറകെടോ! പരപുരുഷസംഗമമരുതിതോ?
താരകാക്ഷനതെത്ര കണ്ടകനാരുചേരുമവന്നഹോ!
നീരസൻ വികൃതൻ വിലക്ഷണനേതുമേ തിരിയാത്തവൻ
സരസിജാക്ഷികളായ നിങ്ങടെ കാലദോഷമിതെന്തുവാൻ?
ചേരുമോ ഒരു മർക്കടത്തിനു താലിമാലകൾ ചാർത്തിയാൽ
മാടണിക്കുളിർകൊങ്കമാരൊടുകൂടിയാനൊരു ദുർഭഗൻ
മാടുകൂടുകൾ തേടി മേവിന കൂറ്റനെന്നകണക്കിനെ
മോടിയുള്ളവനോടു കൂടുകിലെത്ര സൗഖ്യമതോർക്കെടോ?
മൂഢഭാവമകന്നു നമ്മുടെ വാക്കു കേൾക്കിലിനിശ്ശുഭം
ജലദകുലരുചികലരുമതിഘനമസൃണതലമുടിപൊലിമയും
തിലകവിലസിതമലസമിഴികളുമചലസമതരമുലകളും
ലളിതകളരുചി കലരുമതിമൃദുഹാസവും തനുഭാസ്സതും
പുഞ്ചിരിപ്പുതുമപ്രപഞ്ചവുമഞ്ചിതാമലഭാവവും
പഞ്ചബാണനുമഞ്ചുമാറൊരു വഞ്ചനാമയതഞ്ചവും
ചഞ്ചലാക്ഷികളായ നിങ്ങടെ രൂപമിങ്ങനെ കാൺകയാൽ
നെഞ്ചകം പൊടിയുന്നു ഞങ്ങടെ പഞ്ചപാതകമീവിധം;
പൂങ്കാവിലൊരു മൂർഖപ്പാമ്പുകേറിക്കുടിപുക്കു
കാൺക ഞങ്ങടെയെല്ലാം കർമ്മദോഷം നാരിമാരേ!
കൈതപ്പൂമലരൊന്നങ്ങറുപ്പാനുമെളുതല്ലാ
കൈതന്നിൽക്കൊണ്ടുകേറും കണ്ടകങ്ങളതുനേരം
മുല്ലപ്പൂമാലകെട്ടിപ്പനിനീരും തളിച്ചാശു
കൊല്ലുന്നഗജത്തിന്റെ കൊമ്പുതന്നിലണിയിച്ചു
മല്ലലോചനമാരേ! നിങ്ങളെക്കൊണ്ടുപകാര—
മില്ല മറ്റൊരുത്തർക്കുമെന്നുവന്നാൽ കണക്കല്ലെ
നല്ല സുന്ദരൻമാരോടൊന്നിച്ചു രഹസ്സിങ്ക—
ലുല്ലാസം വരുംവണ്ണം നല്ലവണ്ണം രമിക്കേണം;''
നല്ല കൗശലത്തോടേ നാരദന്റെ വചനങ്ങ—
ളെല്ലാം കേട്ടതുനേരം കാര്യമെന്നങ്ങു ബോധിച്ചു
തെല്ലും സംശയംകൂടാതസുരനാരിമാരെല്ലാം

മല്ലൻമാരൊടുകൂടെ രഹസ്യത്തിന്നൊരുമ്പെട്ടു;
എല്ലാമിങ്ങനെയാക്കിച്ചമച്ചു നാരദൻ പിന്നെ
മെല്ലെ വീണയുമായി വെള്ളിഗേഹപുരം പുക്കു
വെള്ളിക്കോട്ടയിലുള്ള നാരിമാർക്കുമതുപോലെ
കള്ളങ്ങൾ പഠിപ്പിച്ചങ്ങിരുമ്പുമന്ദിരംപുക്കു
വിദ്യുൻമാലിയെന്നുള്ള വിദ്വാന്റെ ഭാര്യമാരെ
അദ്ദിക്കിലുള്ളവർകൾക്കൊത്തവണ്ണമാക്കിവച്ചു;
മുപ്പുരൻമാരതുനേരം ബൗദ്ധശാസ്ത്രങ്ങളെയെല്ലാം
അല്പകാലംകൊണ്ടശേഷം പഠിച്ചു ദക്ഷിണ ചെയ്തു;
കെല്പിനോടേ 'ശിവനില്ലാ ശിവനില്ലേ'ന്നൊരുപോലെ
എപ്പൊഴും നിന്നുരചെയ്തു ശിവലിംഗമുപേക്ഷിച്ചു
നല്ല രുദ്രാക്ഷവും പിന്നെക്കല്ലുകൊണ്ടു പൊടിച്ചാശു
വല്ലഭൻമാർ പുലിത്തോലും കീറി ദൂരത്തുപേക്ഷിച്ചു;
ഉത്തമാംഗേ വിളങ്ങുന്ന ജടാഭാരങ്ങളെയെല്ലാം
കത്തിയമ്പുകൊണ്ടശേഷം ചിരച്ചു ദുഷ്ടരന്നേരം
മേനിതന്നിലണിഞ്ഞോരു ചാരമെല്ലാം തൂത്തുവാരി
സ്നാനവും ചെയ്തൊരുപോലെ മൂന്നുപേരും വന്നിരുന്നു
മാനമേറും ദനുജൻമാർ മോടികൂട്ടി വഴിപോലെ
മാനിനിമാരോടുകൂടി കോട്ട പുക്കു സമർത്ഥൻമാർ;
കച്ചമുണ്ടു ഞെറിഞ്ഞുടുത്തു ചേർച്ചയുണ്ടതിനെന്നുരത്തു
പച്ച മുക്കിന കച്ചകൊണ്ടതിമെച്ചമാകിന കോപ്പെടുത്തു;
കൂട്ടുകുറികളരച്ചണിഞ്ഞു നാട്ടുപുഴുവുമെടുത്തണിഞ്ഞു
പട്ടുപുടവകളോടു പലവക കെട്ടിയങ്ങൊരുവിധമണിഞ്ഞു;
ചന്ദ്രകാവി വളച്ചുകെട്ടി ചന്ദ്രകാന്തികളേറ്റു തട്ടി
ചന്ദനം പുനരിന്ദുചൂർണ്ണ[1]വുമെന്നു വേണ്ടവിധങ്ങൾകൂട്ടി
മല്ലികാമലർമാല ചൂടി നല്ല നല്ല സുഖങ്ങൾ തേടി
മല്ലികാശരമല്ലനൻപൊടു വില്ലുമായിയടുത്തുകൂടി;
മങ്കമാരെ വിളിച്ചിരുത്തി ശങ്കവിട്ടു സുഖംനടത്തി
പങ്കജത്തിനൊടങ്കമേകിന കൊങ്ക മാറിലണച്ചുനിർത്തി;
ശീധു[2]പാനരസം തുടങ്ങി ചൂതബാണരണം തുടങ്ങി
ഗീതഗാനവിനോദനങ്ങളുമാദരേണ ചിരം തുടങ്ങി;
വീണവായനയും തുടങ്ങി വേണുവാദനവും തുടങ്ങി
നാണമങ്ങൊരു കോണിലകളവാണിമാർക്കു പതുക്കെ മണ്ടി;
തമ്പിമാരുടെ ഭാര്യമാരിലപേക്ഷ ജ്യേഷ്ഠനു പുൽകുവാൻ
തമ്പിമാർക്കുടനഗ്രജന്റെ പരിഗ്രഹങ്ങളിലാഗ്രഹം
ഭാര്യമാർക്കവർമൂന്നുപേരിലുമല്ല വാഞ്ഛ കിടപ്പതു
വീര്യമേറിന മന്ത്രിമാരൊടു ചേരുവാൻ പുനരാഗ്രഹം

---

1. ഇന്ദുചൂർണ്ണം=കർപ്പൂരപ്പൊടി. 2. ശീധു=ഒരുതരം മദ്യം.

മന്ത്രിമാരുടെ ഭാര്യമാർക്കരചങ്കലെത്രയുമാഗ്രഹം
ഹന്ത! കഷ്ടമതൊക്കെയൊന്നു മറിഞ്ഞുതീർന്ന ദശാന്തരേ
നല്ല നാരികൾ വന്നുവെങ്കിലെനിക്കെനിക്കു ലഭിക്കണം
മുല്ലമാല സുഗന്ധപുഷ്പമെനിക്കെനിക്കു ധരിക്കണം
നല്ല മദ്യനിഷേവണങ്ങളെനിക്കെനിക്കു തുടങ്ങണം
നല്ല വസ്തുവുമാഗ്രഹിച്ചതെനിക്കെനിക്കു വരുത്തണം.
ഈവിധങ്ങൾ നടിച്ചുംകൊണ്ടസുരൻമാർ മൂന്നുപേരും
ശൈവനാമം മറന്നാശു മദിച്ചാരെന്നതേ വേണ്ടു
ദേവദേവൻ പദ്മനാഭൻ മറഞ്ഞു മെല്ലവേ ചെന്നു
ദേവവൃന്ദങ്ങളിൽ കൂടി തപംചെയ്തു വാണരുളി
ഏഷണിക്കാരനായുള്ള മുനിശ്രേഷ്ഠൻ പുറപ്പെട്ടു
ഭീഷണികളിവയെല്ലാം ശംഭുതന്നോടറിയിപ്പാൻ
ഭോഷരായ ത്രിപുരൻമാർക്കടുത്തു നാശമെന്നോർത്തു
തോഷമോടങ്ങു കൈലാസപർവതത്തിൻ മുകളേറി
തുമ്പയും ചാമ്പലും പാമ്പും അമ്പിളി ഗംഗയും ചൂടും
തമ്പുരാന്റെ പുരംതന്നിലിമ്പമോടേ ചെന്നുകേറി;
നിന്നനേരം ചന്ദ്രചൂഡൻ മന്ദമൊന്നങ്ങരുൾചെയ്തു:
വന്നിതോ താപസശ്രേഷ്ഠൻ നന്നു വന്നിങ്ങിരുന്നാലും
ഇന്നെനിക്കു വിനോദങ്ങളൊന്നുമില്ലാഞ്ഞിരിക്കുന്നു
വന്ന കാര്യം പറഞ്ഞാലും നിന്നു കാലും കുഴയേണ്ടാ
എന്നുടെ മുമ്പിലാമ്മാറങ്ങിരുന്നാലും വഴിപോലെ
നിന്നുടെ വാക്കുകൾ കേൾപ്പാൻ പാർവതിക്കാഗ്രഹം പാരം
ഒന്നു നമ്മോടറിയിപ്പാൻ വന്നുവെന്നിങ്ങു തോന്നുന്നു
ഒന്നുകൂടാതൊരിക്കലും കാണുമാറില്ലെടോ! തന്നെ;''
എന്നിതെല്ലാമരുളപ്പാടങ്ങു കേട്ടു മുനിശ്രേഷ്ഠൻ
വന്ദനംചെയ്തുകൊണ്ടേവമുണർത്തിച്ചു വാർത്തയെല്ലാം:
''ചന്ദ്രചൂഡാ! ഭഗവാനേ! വന്ന കാര്യമുണർത്തിക്കാം
ചന്ദനമെന്നോർത്ത വൃക്ഷം കാഞ്ഞിരമായ് വന്നിതിപ്പോൾ
മാലയെന്നു നിനച്ചേവം വിശ്വസിച്ച വസ്തുവെല്ലാം*
കാലസർപ്പങ്ങളുമായി കാലദോഷത്തിന്റെ മൂലം
ഇത്രനാളും ഭക്തരായി നടന്നോരു ത്രിപുരൻമാർ
'എത്രതന്നെ ഭഗവാനെ ദുഷിക്കുന്നു കശ്മലൻമാർ
അക്ഷസൂത്രം ശിവലിംഗം വ്യാഘ്രചർമ്മമിവയെല്ലാം
രക്ഷയും തൽക്ഷണം ദൂരത്തുപേക്ഷിച്ചു കശ്മലൻമാർ
ശിവനെന്നുള്ള നാമത്തെക്കേട്ടുകൂടാതൊരിക്കലും
ശിവനില്ലാ ശിവനില്ലെന്നോത്തുപോലെ ജപിക്കുന്നു
ഒരുകൂട്ടം ബൗദ്ധശാസ്ത്രമുളവാക്കി വഴിപോലെ
ഗുരുവായിട്ടൊരു വിദ്വാൻ താനിരുന്നു പഠിപ്പിച്ചു

---

* 'മാലയെന്നു നിനച്ചേററം വിശ്വസിച്ച വസ്തുവെല്ലാം'—വായ്പാഠാന്തരം.

പരമാർത്ഥമിവയെല്ലാമുറച്ചു കാമലീലയ്ക്ക—
ങ്ങൊരുമ്പെട്ട ത്രിപുരൻമാർ മറന്നു നിൻ ചരിതങ്ങൾ
ദുഷ്ടതയ്ക്കു വിരുതുള്ള ത്രിപുരൻമാരുടെ കൂട്ടം
കഷ്ടമെന്നേ പറയാവൂ കാലകാല ഭഗവാനേ!''
നാരദൻെറ വചനങ്ങൾ കേട്ടനേരം ഘോരഘോരം
മാരഹന്താവുടെ ഭാവം പകർന്നു കാണായിവന്നു
വികടനിടിലതടത്തിലേററം ഭ്രുകുടി വടിവിലുയർന്നുവന്നു
ചടുലമുടലുമുടൻ വളർന്നു ഝടിതി നയനമുടൻ ചുവന്നു
ഝടിതി സുരനദിതന്നിലേന്തും തിരകളിളകിമറിഞ്ഞുലഞ്ഞു
കടകഭുജഗമുണർന്നിരുന്നു കഠിനവിഷനികരം ചൊരിഞ്ഞു
തുടകളിടയുമുടൻ കുലുങ്ങി തുടയിൽ ഗിരിമകളും നടുങ്ങി
അന്തകാന്തകനാകുമീശ്വരനന്ധകാസുരനാശനൻ
അന്ധരാമസുരത്രയത്തെയെരിച്ചു ഭസ്മമതാക്കുവാൻ
ചിന്തതന്നിലുറച്ചുകൊണ്ടു കഠോരമായ കുഠാരവും
ചന്തമേറിന ശൂലവും കരതാരിലാക്കി മഹേശ്വരൻ
ഇന്ദുമൗലി ഭുജംഗഭൂഷണനെത്രയും ബഹുതേജസാ*
....[1]

ശങ്കരൻെറ രൂപഭേദപ്രൗഢി കണ്ടു ഭൂതവൃന്ദം
സംഭ്രമിച്ചു സർവരുമങ്ങൊത്തുകൂടിയതുനേരം
ഭൃംഗിരടി തുംഗകേതു ഭൃംഗിയും ഭൃംഗനും പിന്നെ
കൂശ്മവർണ്ണൻ ലോകകർണ്ണൻ ജംബുകീടൻ വ്യാഘ്രകേശി
വീരനാകും വീരഭദ്രൻ ധീരസിംഹോദരൻതാനും;
അരിതാരമരച്ചാശു മുഖത്തു തേച്ചൊരുകൂട്ടം
അരികൊണ്ടും കരികൊണ്ടും വരച്ചുംകൊണ്ടൊരു കൂട്ടം
മരത്തിൻെറ തോലുകൊണ്ടങ്ങുടുത്തുംകൊണ്ടൊരു കൂട്ടം
നൂറും മഞ്ഞളും കൂട്ടിയണിഞ്ഞുംകൊണ്ടൊരു കൂട്ടം
ആറുമമ്പതുംകൂടെ കെട്ടുപെട്ടങ്ങൊരു കൂട്ടം.
ഇത്തരം പല വേഷമങ്ങു ചമഞ്ഞു ഭൂതഗണങ്ങളും
സത്വരം പല വാക്കു തമ്മിലുരത്തുകൊണ്ടു രസിക്കയും
''ഏതൊരുത്തനൊടിന്നു നമ്മുടെ തമ്പുരാൻ പടകൂട്ടുവാൻ
ചേതസാ കരുതിക്കയർത്തെഴുന്നേററ കാരണമെന്തെടോ?''†

---

* ഇന്ദുമൗലി ഭുജംഗഭൂഷണൻ'—എന്ന വായ്പാഠം കൂടുതൽ സ്വീകാര്യം.

'സിന്ധുമൗലി ഭുജംഗഭൂഷണനെത്രയും ബഹു തേജസാ'—എന്നു മുദ്രിതപുസ്തകങ്ങളിൽ പാഠം.

[1] ഇവിടെ ഒരുവരി വിട്ടുപോയിട്ടുണ്ടെന്നു വ്യക്തം. മുദ്രിത പുസ്തകങ്ങളിലോ തുള്ളൽക്കാരുടെ പഴയ വായ്പാഠത്തിലോ കണ്ടുകിട്ടുന്നില്ല.

† പഴയ വായ്പാഠം സ്വീകരിച്ചു. ചേതസാ കലഹിപ്പതിന്നെഴുന്നേററ കാരണമെന്തെടോ'— മുദ്രിതപുസ്തകങ്ങളിലെ പാഠം.

‘‘കേട്ടു ഞാനുമതിന്റെ സംഗതി കൂട്ടരാമസുരത്രയം
പാട്ടുപാടി ജഗത്ത്രയേ ശിവനില്ലയെന്നു നടന്നുപോൽ
നാട്ടുപാഴരെയിന്നുതന്നെയടിച്ചുകൊല്ലണമൊക്കവേ
കൂട്ടുകാരുടെ കൂട്ടവും പലകൂട്ടമങ്ങു നശിക്കണം
ഞാനൊരുത്തനടുത്തുചെന്നു പിടിച്ചുകെട്ടി വരിഞ്ഞഹോ
മാനഹാനി വരുത്തിയിങ്ങു വരുത്തുവൻ പുരവീരരെ;’’
‘‘താനതിന്നു പുറപ്പെടേണ്ട തനിക്കതിന്നെളുതല്ലെടോ!
ദാനവത്രയമത്രദുർബ്ബലമല്ല കില്ലതിനില്ലെടോ
ഇന്നു മറ്റൊരു ശത്രു വന്നു പിണങ്ങുമോ ശിവനോടഹോ:
‘‘ഇന്ദുശേഖരനോടു കേറിയെതിർത്തതേതൊരു
ജേഷ്ഠിയാൻ?’’
‘‘ഇന്നു നമ്മുടെ നാരദൻമുനി വന്നനേരമറിഞ്ഞുതേ
ഇന്നു നല്ലൊരു യുദ്ധമങ്ങിതിനിന്നു വന്നു ഭവിക്കുമോ?’’
കാളികൂളികളിത്തരം പല വാക്കു തമ്മിലുരത്തുടൻ
മേളമേറിന വെള്ളിമാമല തള്ളിയുന്തി നടക്കയും
ഭദ്രകാളി കളിച്ചുകൊണ്ടുടനദ്രിതന്നിൽ നടക്കയും
രൗദ്രകോപമടുത്തുചെന്നഥ രുദ്രനോടിടകൂടിയും
കച്ചകെട്ടി മുറുക്കി നല്ലൊരു വാലുമിട്ടൊരു സുന്ദരൻ
മെച്ചമേറിന ഭൂതനാഥനുമശ്വമേറി നടക്കയും
മൂഷികന്റെ ഗളത്തിലേറിന വിഘ്നരാജനുമങ്ങനെ
വേഷഘോഷണതോഷഭീഷണഭാഷണത്തൊടടുക്കയും.
ഇത്ഥമോരോ മഹാഘോഷത്തോടുകൂടെ പുറപ്പെട്ടു
കൃത്തിവാസോ മഹാദേവൻ ചീർത്തകോപം സഹിയാഞ്ഞു
വെട്ടിവെട്ടിച്ചിരിക്കുമ്പോളെട്ടുദിക്കും നടുങ്ങുന്നു
തട്ടിമുട്ടിത്തകർക്കുന്നു ഭൂതജാലങ്ങളന്നേരം*
കാലുകൊണ്ടു മഹാരുദ്രൻ നാലുഭാഗേ ചവിട്ടുമ്പോൾ
ശൈലമെല്ലാം വിറയ്ക്കുന്നു നാലുപാടും നടുങ്ങുന്നു
ശൈലഭാഗേ തപംചെയ്യും വാനവൻമാർ വെളിച്ചത്തു
ചാലവേയങ്ങെഴുന്നള്ളിപ്രകാശിച്ചു നിന്നരുളി:
‘‘ദേവകളും മുനിമാരും മുകുന്ദനുമിന്നിവിടെ
സേവചെയ്‌വാനവകാശം പറഞ്ഞാലും വഴിപോലെ;’’
ശങ്കരന്റെയരുളപ്പാടതു കേട്ടു ദേവകളും
തിങ്കൾമൗലി ചന്ദ്രചൂഡൻതന്നെ നോക്കി
സ്തുതിചെയ്താർ:
‘‘ശങ്കരാ! ശിവശങ്കരായ നിരഞ്ജനായ നമോസ്തുതേ!
പങ്കജായുധഭഞ്ജനായ നിരഞ്ജനായ നമോസ്തുതേ!
ചന്ദ്രചൂഡ നമോസ്തുതേ ഹര ഗൗരീനാഥ നമോസ്തുതേ!
ബാലചന്ദ്രവിഭൂഷണാ! ഹര നീലകണ്ഠ! നമോസ്തുതേ!
ഫാലലോലവിലോലനീരജലോചനായ നമോസ്തുതേ!

---

* ‘തട്ടിമുട്ടിയലയ്ക്കുന്നു സർപ്പജാലങ്ങളന്നേരം’—വായ്പാഠാന്തരം.

ലോകനാഥ നമോസ്തുതേ! നിഖിലേശ കാമവിനാശന!
കാലകാല നമോസ്തുതേ! കരുണാനിധേ! ശരണംഭവാൻ.
അടിയങ്ങടെ നാടുകൾ വീടുകളും
മുടിയുന്നിതു പോറ്റി ധരിക്കണമേ
പടുപാഴരനേകമൊരായിരവും
പടനായകരും പടുദാനവരും
ഉടനേ പുരദാനവകണ്ടകരും
വടിവോടു മുടിച്ചു ജഗത്തഖിലം;
അവരോടു പടയ്ക്കിഹ നേരിടുവാൻ
ഭുവനത്തിലൊരുത്തനുമില്ല ദൃഢം
അവനത്തിനൊരുത്തരുമില്ല; ഭവാൻ*
ഇവയൊക്കെയറിഞ്ഞു തുണയ്ക്കണമേ
മറിമാൻമഴുശൂലകടുന്തുടിയും
മണിവട്ടക മാല കപാലമതും
ജടയിൽ കുടികൊണ്ടിടുമാപഗയും
തുടയിൽ ഗിരിതന്നുടെ കന്യകയും
നടനങ്ങളുമെന്നിവ നിൻ ചരിതം
അടിയങ്ങടെ ചേതസി തോന്നണമേ
പട തോറ്റു മടങ്ങി ജഗത്തഖിലം
തടവില്ലൊരുദിക്കസുരർക്കുമഹോ!
മുക്കണ്ണ ഭഗവാനേ! മൂർഖൻമാരസുരൻമാ—
രൊക്കെത്തക്കവേ മൂന്നേമുക്കാൽ നാഴികകൊണ്ടും
ചിക്കെന്നു വധിച്ചെന്നാലക്കാലം മരിക്കെന്നു
തൃക്കൈയ്യാൽ വരമേകിപ്പാർക്കുന്നു വിരിഞ്ചനും;
ഇക്കാലമതിന്നുള്ള തക്കവുമുളവായി
ധിക്കാരികളായുള്ള മൂർഖൻമാരസുരരെ
തീക്കണ്ണിലെരിപ്പാനായ് തിരുവുള്ളം ഭവിക്കേണം.''
ഇത്ഥമോരോ സ്തുതിവാക്യം കേട്ടു കേട്ടു പ്രസാദിച്ചു
കൃത്തിവാസാ മഹാദേവൻ സത്വരമൊന്നരുൾ ചെയ്തു:
''ദുഷ്ടരാകുമസുരരെയിപ്പൊഴേ ഞാൻ ഹനിച്ചീടാം
ഒട്ടുമേ നിങ്ങടെയുള്ളിലാധിയും വ്യാധിയും വേണ്ടാ;''
ഗർവാദി നശിച്ചോരു ഗീർവാണപ്രധാനൻമാർ
നിർവാദമുരചെയ്തു സർവരും വണങ്ങുമ്പോൾ
പാർവതീപതി ദേവൻ ഗർവമോടരുൾചെയ്തു:
''പൂർവദേവകളുടെ ദുർവീര്യം ശമിപ്പിപ്പാൻ
വില്ലുംബാണവും നാസ്തി വിദഗ്ദ്ധൻസൂതനും നാസ്തി
ഇല്ലല്ലോ കുതിരകൾ നല്ലൊരു രഥമില്ലാ.

---

* പഴയ വായ്പാഠം സ്വീകരിച്ചു. 'അവനത്തിലൊരിത്തിരിയില്ല ഭവാൻ'—മുദ്രിതപുസ്തകങ്ങളിൽ അപപാഠം.

എല്ലാമിങ്ങുളവാക്കാനെല്ലാരും ശ്രമിക്കേണം
അല്ലാതെ പുരൻമാരെക്കൊല്ലാനിങ്ങെളുതല്ലാ;''
ഇത്ഥമൊന്നരുൾചെയ്തു ഭഗവാൻ ശ്രീമഹാദേവൻ
വൃത്രവൈരിപ്രമുഖൻമാരതുകേട്ടങ്ങുളവാക്കി;
ആയതൊന്നും ബലമില്ലാഞ്ഞംബുജബാണവൈരിയും
മേരുശൈലാധിപൻതന്നെ മൂലമോടേ പിഴുതാശു
താലവൃക്ഷക്കഴപോലെ നിവർത്തി നിർത്തിനാൻ പിന്നെ
ചാലവേ തന്നിടംകൈയ്യിലാക്കിനാൻ ശ്രീമഹാദേവൻ
ഭാസുരമാം കരംതന്നിൽ കടകമായ്ക്കിടക്കുന്ന
വാസുകിയോടരുൾചെയ്തു ഭഗവാൻ ശ്രീമഹാദേവൻ:
''താരകന്റെ സുതൻമാരാം പുരൻമാരെക്കൊലചെയ്‌വാൻ
മേരുശൈലം ചാപമാക്കി കുലപ്പാനായ്ത്തുടങ്ങുന്നു
വീരനായ വാസുകേ! നീ ചാരു ഞാണായ്ച്ചമഞ്ഞാലും
ഭൂരിദീർഘം കലർന്നോരു ശരീരത്തെദ്ധരിച്ചാലും''
ശങ്കരന്റെ അരുളപ്പാടതു കേട്ടു സർപ്പരാജൻ
കങ്കണത്വം വെടിഞ്ഞാശു വളർന്നു കാണായിവന്നു
തങ്കശൈലാധിപന്റെ ശിരസ്സിങ്കൽ കെട്ടുപെട്ടു
വൻകയറായ് നീണ്ടു നീണ്ടു നൂറുനൂറായിരക്കാതം;
ഭൂമിദേവി രഥമായി വിരിഞ്ചൻ സാരഥിയായി
സോമനും സൂര്യനും രണ്ടു വണ്ടി[1]യായിച്ചേർന്നുകൂടി
നാലു വേദങ്ങളും നാലു കുതിരകളായ്ച്ചമഞ്ഞു
മൂലമന്ത്രസ്വരൂപമാം പ്രണവം ചമ്മട്ടിയായി
ശരമായി വിഷ്ണുദേവൻ തൂവലായി വായുദേവൻ
ശരത്തിന്നു ശയിപ്പാനങ്ങനന്തൻ തൂണിയുമായി*
സർപ്പജാലം പലകൂടി ചട്ടയായി തൊപ്പിയായി
കെല്പിനോടേ പടക്കൊട്ടും കൊട്ടിനാൻ നന്ദികേശ്വരൻ.
    മേരുശൈലം വളച്ചുപിടിച്ചു
    മാരവൈരി വലിച്ചു കുലച്ചു
    അമ്പെടുത്തു തൊടുത്തു നിറച്ചു
    അമ്പിളിക്കല നിന്നു വിറച്ചു
    കമ്പമേറ്റം ജഗത്തിന്നുദിച്ചു
    ചെമ്പകബാണവൈരി മദിച്ചു
ആറലച്ചു കൂറിളച്ചു ആഹവത്തിന്നു മോഹമുറച്ചു;

---

[1] വണ്ടി = (വണ്ടുന്നത്) ഉരുൾ: ചക്രം. ചന്ദ്രനും സൂര്യനും രഥത്തിന്റെ രണ്ടു വണ്ടി (ചക്രം)യായി.

'ഹേഷാരവങ്ങളും തേർവണ്ടിനാദവും ഘോഷിച്ചു കേൾക്കയാൽ'—എന്നു നളചരിതം കിളിപ്പാട്ടിൽ ഇതേ അർത്ഥത്തിൽ നമ്പിയാർ പ്രയോഗിച്ചിരിക്കുന്നു.

* മുദ്രിതപുസ്തകങ്ങളിൽ ഈ ഭാഗത്ത് 'തരത്തിൽ മൂവരെക്കൊണ്ടു ശരം തീർത്തു ശംഭുദേവൻ'—എന്നിങ്ങനെ സന്ദർഭത്തിനു നിരക്കാത്ത ഒരു വരികൂടിക്കാണുന്നത് പ്രക്ഷിപ്തമാണ്.

കാളകണ്ഠശരീരം വളർന്നു
കാളികൂളികളേററമിയന്നു
ആൽത്തറയ്ക്കലടുത്തുചെന്നപ്പോൾ
ചീർത്തവേദന ദാനവൻമാർക്കും;
ആരിതെന്നു വിചാരം തുടങ്ങി,
താരകാക്ഷനും ഭീതിതുടങ്ങി
കാമവൈരി കാലവൈരി
താമസംവിട്ടടൽ തേടി;
ശ്രീപതിബാണമുഖത്തിങ്കൽനിന്ന്
ദാവാനലജ്വാല കത്തിത്തുടങ്ങി
ശ്രീപരമേശ്വരൻതൻ ത്രിനേത്രത്തീന്നു
ഘോരമായ് ധൂമമെഴുന്നുതുടങ്ങി
ശുക്രമുനിതൻെറ ശിഷ്യരായുള്ളോരു
മുപ്പുരൻമാരും നശിച്ചാരക്കാലം.
ശംഭോ! മഹാദേവ! ശംഭോ! മഹാദേവ!
ശംഭോ! മഹാദേവ! ശങ്കര! ശംഭോ!

ത്രിപുരദഹനം പറയൻതുള്ളൽ
സമാപ്തം

പാഞ്ചാലീസ്വയംവരം

ഭീമസേനസഹോദരൻ ഗുണശീലശാലി ധനഞ്ജയൻ
ഭൂമിപാലമഹാപ്രധാനികളൊക്കെ നോക്കിയിരിക്കവേ
ഭീമമാകിന വില്ലെടുത്തു കുലച്ചു ലാക്കു മുറിച്ചുടൻ
ഭൂമിപാലകരെജ്ജയിച്ചഥ ഭീമസേനസഹായവാൻ
ധീമതാംവരനായ ധർമ്മതനൂജനെ പ്രണമിച്ചുടൻ
കാമിനീകുലരത്നമാം ദ്രുപദാത്മജാപതിയായവൻ
ധാമമായ കുലാലവീട്ടിലകത്തു പുക്കു യഥാസുഖം
കോമളാകൃതി സുന്ദരൻ നകുലൻ തദാ സഹദേവനും
അമ്മയാകിയ കുന്തിദേവിയുമന്തിനേരമൊരാലയേ
ധർമ്മജാദികൾ ഭിക്ഷയേററു ശരീരപൂർത്തി കഴിച്ചുടൻ
ചിൻമയൻ മുകിൽവർണ്ണനമ്പൊടു തത്ര വന്നഥ രാമനും
നൻമ മേലിൽ വരുംപ്രകാരമശേഷമങ്ങരുൾചെയ്തുടൻ
ദ്വാരകാപുരി നോക്കിയങ്ങു ഗമിച്ചശേഷമശേഷമേ
വീരരയ്വരുമമ്മയും ദ്രുപദന്റെ പുത്രിയുമായുടൻ
സ്വൈരമമ്പൊടു കുംഭകാരഗൃഹത്തിലാത്തകുതൂഹലാൽ
ചാരു സത്കഥയും കഥിച്ചു രസിച്ചു വാണ ദശാന്തരേ
ധൃഷ്ടത്വം പെരുകീടും ധൃഷ്ടദ്യുമ്നനന്നേരം
പെട്ടെന്നക്കുലാലന്റെ വീട്ടിൽ ചെന്നിടം പാർത്തു
കഷ്ടം! പാണ്ഡുപുത്രൻമാരിഷ്ടൻമാരിവരെന്നു
ചട്ടററ ചരിതങ്ങൾ കേട്ടു നിശ്ചയംപൂണ്ടു
തുഷ്ടനായ് പുരംപുക്കു ശിഷ്ടനാം ജനകനോ—
ടിഷ്ടമങ്ങറിയിച്ചു പുഷ്ടകൗതുകത്തോടേ
ഒട്ടും താമസിക്കാതെ കൂട്ടിക്കൊണ്ടുപോരുവാൻ
വിട്ടു താനുപാധ്യായശ്രേഷ്ഠനേയും കനിവോടേ
ഓതിക്കോനതുനേരം ആ ദിക്കിലെഴുന്നള്ളി
ചോദിച്ചു പരമാർത്ഥം ബോധിച്ചു വഴിപോലെ
മോദിച്ചു പുരാണങ്ങൾ വാദിച്ചു വസിക്കുമ്പോൾ
ആനകൾ കുതിരകൾ സേനകൾ സചിവൻമാർ
നാനാരാജചിഹ്നങ്ങൾ നാനാ മാനുഷൻമാരും
മാനിച്ചു കുലാലന്റെ സ്ഥാനത്തെ പ്രവേശിച്ചു

പാഞ്ചാലീസ്വയംവരം: കഥാരംഭംകൊണ്ട് ഇതു പാഞ്ചാലീസ്വയംവരകഥയുടെ അവസാനഭാഗമാണെന്നു വ്യക്തം. ബ്രാഹ്മണവേഷം ധരിച്ച പാണ്ഡവൻമാർ പാഞ്ചാലരാജധാനിയിൽച്ചെന്ന്, അർജ്ജുനൻ ലാക്കു ഖണ്ഡിച്ചു പാഞ്ചാലിയെ വരിക്കുന്ന ഭാഗം ഒരു പക്ഷേ, ഒന്നാംകളമായിട്ടുണ്ടായിരുന്നിരിക്കണം. ഈ ഭാഗം രണ്ടാംകളമായിരുന്നിരിക്കാം.

മാനവവരൻമാരെ യാനത്തിൽ കരേററിക്കൊ—
ണ്ടാനന്ദം കലർന്നാശു യാനംചെയ്തിതു മെല്ലെ,
പാർത്ഥിവൻമാരിരിക്കുന്ന പള്ളിശ്രാമ്പിമേൽ ചെന്നു
പാർത്ഥൻമാർ കരയേറി കൃതാർത്ഥൻമാരിവരെല്ലാം
പാർത്തലാധിപനാകും പാർഷതനരേന്ദ്രന്റെ
കാൽത്തളിർ പണിഞ്ഞാശു പാർത്താനാദരവോടേ;
കുന്തീനന്ദനൻമാരെക്കണ്ടു ഭൂപതി പാരം
സന്തോഷിച്ചവരോടു ചോദിച്ചു കനിവോടേ:
“പഞ്ചസായകൻ താനങ്ങഞ്ചുവിഗ്രഹത്തോടേ
സഞ്ചരിക്കയോ നിങ്ങളഞ്ചുപേരുമാരെന്നു
നെഞ്ചിൽ സംശയംപാരമഞ്ചാതെ പരമാർത്ഥം
എഞ്ചാരുകുമാരൻമാരെന്നോടു പറഞ്ഞാലും;
വാഞ്ഛിക്കുന്നതുപോലെ വന്നുകൂടുവാനുള്ള
ലാഞ്ഛനം പലതുണ്ടു കാണുന്നു വഴിപോലെ
കുന്തീനന്ദനൻമാരങ്ങരക്കില്ലത്തിലുൾപ്പുക്കു
വെന്തുപോയെന്നുകേട്ടു വിഷാദിച്ചു വസിക്കുന്നു
അന്തണനൊരുവനീക്കോദണ്ഡം കുലച്ചാശു
യന്ത്രത്തെ മുറിച്ചതു ചിന്തിച്ചാൽ ചിതംപോരാ
എന്തെന്നു പരമാർത്ഥം തോന്നുന്നില്ലെനിക്കേതും
ചിന്തയിലൊരുവഴിയുറയ്ക്കുന്നില്ലിനിക്കോർത്താൽ!”
ദ്രുപദന്റെ ഗിരം കേട്ടു പറഞ്ഞു ധർമ്മജനപ്പോൾ:
“നൃപതേ! നീ പരമാർത്ഥം ഗ്രഹിച്ചാലും വഴിപോലെ;
പനിമതികുലംതന്നിൽ ജനിച്ച പാണ്ഡുഭൂപന്റെ
തനയൻമാരടിയങ്ങൾ അവനീവല്ലഭ! സത്യം.
അനുജൻ ഫൽഗുനൻ വില്ലു കുലച്ചു ലാക്കു ഖണ്ഡിച്ചു
കനിവോടേ ഗളംതന്നിലുടനേ മാലയുമേററു;
കുരുക്കൾ ഞങ്ങളെക്കൊൽവാനരക്കില്ലം പണിചെയ്തു
തരക്കേടു വരുത്തുന്നുണ്ടൊരിക്കലെന്നരുൾചെയ്തു
ഗുരുക്കൻമാരുടെയുള്ളിലിരിക്കുന്ന കൃപകൊണ്ടു
തരക്കേടു വരാതിങ്ങു തെരിക്കെന്നു പോന്നു ഞങ്ങൾ
മരിച്ചു ഞങ്ങളെന്നോർത്തങ്ങിരിക്കുന്നു രസിക്കുന്നു
ചിരിക്കുന്നു കളിക്കുന്നു കുരുക്കൾ നൂററുപേരിപ്പോൾ;
ഒരിക്കൽ സംഗതിയുണ്ടെന്നിരിക്കിലാ ശഠൻമാരെ
അമർക്കാമെന്നനുജൻമാരനങ്ങാതെ വസിക്കുന്നു;
കടുത്ത കോപമുൾക്കാമ്പിലമർത്താമെന്നിനിക്കോർത്താ—
ലടുത്താലും ക്ഷമിക്കയില്ലടുത്ത സോദരൻ ഭീമൻ
പൊടുക്കെന്നു ഗദ കൈയ്യിലെടുക്കും നൂററുപേരെ ഞാ—
നൊടുക്കുന്നുണ്ടെന്നു ചൊല്ലി നടക്കും ഭീമനന്നേരം

പിടിക്കും കൈക്കു ഞാനുണ്ണി! മുടിക്കൊല്ലെന്നുരചെയ്യും
തടുക്കു, മായതുകണ്ടാക്കടക്കണ്ണും ചുവത്തിക്കൊ—
ണ്ടടുക്കും, ജ്യേഷ്ഠനീവണ്ണംമുടക്കുമ്പോളവിവേകം
അടങ്ങുന്നില്ലെന്നുവച്ചു തുടങ്ങുന്നു, പണിപ്പെട്ടു
മടങ്ങുന്നു മഹാവീരനടക്കമുള്ളിലില്ലേതും;
ഇപ്രകാരം പറഞ്ഞിട്ടുമിപ്പോഴേതും ഫലമില്ലാ
വിപ്രവേഷം ധരിച്ചുംകൊണ്ടിപ്രകാരം നടന്നീടും.
ഇപ്രദേശത്തിനു വന്നിട്ടിപ്രകാരമനുഷ്ഠിച്ചു
വിപ്രനെന്നു നടിപ്പത്രേ വിപ്രനല്ലാ ശരാസത്തെ
ക്ഷിപ്രമങ്ങു കുലച്ചതും സൂക്ഷ്മലക്ഷ്യംമുറിച്ചതും.!''
ഇപ്രകാരം ധർമ്മജന്റെ സുപ്രലാപം കേട്ടനേരം
സപ്രസാദാലരുൾചെയ്തിതപ്രമേയ മഹീപാലൻ:
''എന്തൊരു വിസ്മയമെന്റെ ധർമ്മസൂനോ! ധരിച്ചാലും.
അന്തരംഗപ്രകാരത്തിലന്തമില്ലാ നിനയ്ക്കുമ്പോൾ
അർജ്ജുനന്നു കൊടുപ്പാനായാഗ്രഹിച്ചു തപംചെയ്തി—
ട്ടിജ്ജനത്തിന്നൊരു പുത്രി ദൈവയോഗാലുളവായി
ദുർജനങ്ങളൊരുപോലെ പാണ്ഡവൻമാർ ദഹിച്ചെന്നു
ഗർജ്ജനംചെയ്തതു കേട്ടു കുണ്ഠിതംപൂണ്ടിരിക്കുന്നു
ജൻമലാഭം പാഴിലെന്നു നിശ്ചയിച്ചു തപംചെയ്തു
കർമ്മശേഷം നശിക്കാതെ മരിപ്പാനുമെളുതല്ല;
അല്ലലേതും സഹിയാഞ്ഞിട്ടന്നു ജീവൻ കളഞ്ഞെങ്കിൽ
നല്ല ചെണ്ടക്കാരെന്നെന്നുമിന്നുതന്നെ വന്നുകൂടും;
വല്ലതെന്നാകിലും ഭാഗ്യമുണ്ടെനിക്കു വഴിപോലെ
നല്ലവണ്ണം നിരൂപിച്ചാൽ കാര്യമെല്ലാം ലഭിച്ചീടും;
എങ്കിൽ നീയർജ്ജുനാ! ചെന്നു കുളിച്ചുപോരിക വേഗം
ശങ്കിയാതെൻമകളുടെ വേളിയങ്ങു കഴിച്ചാലും;''
ഇത്ഥമപ്പോൾ ദ്രുപദന്റെ വാക്കു കേട്ടു യുധിഷ്ഠിരൻ
ബുദ്ധിശാലി വിരവോടെ ഉത്തരമൊന്നുരചെയ്തു:
''ജ്യേഷ്ഠനാമെന്നുടെ വേളി കഴിയാതെയനുജൻമാർ
വേട്ടുകൊൾവാൻ വിധിയുണ്ടോ വിചാരിച്ചീടുക രാജൻ!''
എന്നതുകേട്ടുരചെയ്തു യജ്ഞസേനൻ മഹാപ്രാജ്ഞൻ:
''നന്നു നന്നു നമുക്കേറ്റം പ്രസാദമതെന്നെയായാൽ;
ഇന്നു പാഞ്ചാലിയെ ക്ഷിപ്രം വേട്ടുകൊൾക ഭവാൻതന്നെ
ചെന്നു വേഗം കുളിച്ചാലും നന്നു നേരമിതുതന്നെ;''
ധർമ്മജൻ ചൊല്ലിനാനപ്പോളി''മ്മതം സമ്മതമിങ്ങും
ധർമ്മമോർത്താലതുതന്നെ ധർമ്മമെന്നാലിതുമിപ്പോൾ
ചഞ്ചലാക്ഷീമണിയാളെ ക്കൈക്കൊണ്ടീടുവതുടൻ ഞങ്ങ—
ളഞ്ചുപേർക്കുമനുരാഗമൊന്നുപോലെ വളരുന്നു;
അഞ്ചുപേരും ക്രമത്താലേ വിവാഹം ചെയ്യുമാറെന്നു
നെഞ്ചകത്തു വിചാരിച്ചു നിശ്ചയിച്ചീടിനേൻ ഞങ്ങൾ;''

ഭൂപന്റെ ഗിരം കേട്ടു ഭൂപാലൻ ദ്രുപദൻതാൻ
വാപൊത്തിച്ചിരിച്ചുകൊണ്ടുള്ളത്തിൽ വിചാരിച്ചു;
'ആപത്തു വലിച്ചിട്ടു തനിക്കാംപോന്നവർക്കിക്ഷു–
ചാപത്തെക്കുലകൂട്ടി നടക്കുന്ന മഹാപാപി;
താപത്തിന്നൊരുമാർഗ്ഗമിവർക്കിപ്പോൾ വന്നുകൂടി
പാപത്തെ നടത്തുവാൻ നമുക്കിന്നു ഭാവമില്ലാ,
ശോഭിക്കില്ലിതെന്നപ്പോളുരചെയ്തു ഭീമസേനൻ
കോപിക്കാമതുകൊണ്ടു മനക്കാമ്പിലിനിക്കിപ്പോൾ
ധർമ്മത്തെയനുഷ്ഠിച്ച യുധിഷ്ഠിരൻതാനുമിപ്പോൾ
ദുർമ്മര്യാദമീവണ്ണം പറവാനെന്തഹോ മൂലം:
മർമ്മത്തിലൊരു ബാണം പ്രയോഗിച്ചു കാമദേവൻ
കർമ്മത്തെയൊഴിപ്പാനും ബുദ്ധിമാനുമെളുതല്ലാ;'
ഇത്തരം താൻ വിചാരിച്ചു ധർമ്മജനോടുരചെയ്തു:
''ഉത്തരമൊന്നു തോന്നുന്നില്ലിനിക്കിപ്പോളുരചെയ്‌വാൻ
ബുദ്ധിമാനാം ഭവാൻതന്റെ ബുദ്ധികൊണ്ടു വിചാരിക്ക
ശുദ്ധമാർഗ്ഗമല്ലിതൊന്നും നമ്മുടെ പക്ഷമാകുന്ന
ധർമ്മശാസ്ത്രം നീതിശാസ്ത്രം ശസ്ത്രശാസ്ത്രം കാമശാസ്ത്രം
കർമ്മശാസ്ത്രം മന്ത്രശാസ്ത്രം മോക്ഷശാസ്ത്രം ബൌദ്ധശാസ്ത്രം
നാലുവേദം പതിനെട്ടുപുരാണങ്ങളിതിഹാസം
നാലുജാതിക്കനുഷ്ഠേയപ്രതിഷ്ഠാവിശ്രുതഗ്രന്ഥം
ഇങ്ങനെയുള്ളതിലൊന്നും വിധിക്കാത്ത വിവാഹം ഞാൻ
എങ്ങനേ സമ്മതിക്കേണ്ടു സങ്കടമെന്നുരചെയ്യാം;
ഒരുത്തന്നു പല ഭാര്യാക്കളുണ്ടായാലതുകൊണ്ടി–
ട്ടൊരുത്തൻ ദൂഷണം ചൊല്ലീടുമാറില്ലെന്നറിഞ്ഞാലും
ഒരുത്തിക്കു പല ഭർത്താക്കളെന്നുള്ളതിത്രനാളും
ഒരിടത്താകിലോ ഞാനും ഗ്രഹിച്ചിട്ടില്ലവനീശാ!
ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ ശൂദ്രനീ നാലുജാതിക്കും
ബ്രാഹ്മണൻമാർ വിധിക്കേണം ധർമ്മകർമ്മാദികളെല്ലാം
ധർമ്മസാരജ്ഞനായുള്ള ഭവാൻതന്നെ പറഞ്ഞാലും
ധർമ്മമല്ലാത്തതു ചെയ്‌വാൻ നമുക്കും സമ്മതമല്ലാ;
വേശ്യമാർക്കുള്ള ധൂളിത്വം മൻമകൾക്കും ചേർച്ചയില്ല
വാശ്ശതെന്നാകിലുമിപ്പോളിപ്രസംഗം തുടങ്ങൊല്ല;
ശാസ്ത്രസിദ്ധമെങ്കിലിന്നു ലോകസിദ്ധമുപേക്ഷിക്കാം
ലോകസിദ്ധമെങ്കിലിന്നു ശാസ്ത്രസിദ്ധമുപേക്ഷിക്കാം
ലോകസിദ്ധമതുമല്ല ശാസ്ത്രസിദ്ധമതുമല്ല
ഓർത്തുകണ്ടാലീവിവാഹം കണ്ടതും കേട്ടതുമല്ല;
വമ്പൻമാരനാചാരം ചെയ്തെന്നാലതുതന്നെ

സമ്പന്നം വഴിവീഴും മററുള്ളജനങ്ങൾക്കും
കൊമ്പൻ പോയതുതന്നെ മോഴയ്ക്കും വഴിയാകും
സമ്പത്തില്ലയെന്നല്ല ആപത്തേ ഭവിച്ചീടൂ.
നീക്കമില്ലതിമോഹം ചക്രത്തെ ചുമക്കുമെ[1]—
ന്നിക്കണ്ടജനം പണ്ടേ ചൊല്ലുന്നില്ലയോ രാജൻ!
ഉൾക്കാമ്പിലുളവായോരിക്കണ്ട വികാരങ്ങൾ
ഒക്കെയും ക്ഷമിക്കേണമിക്കാലം ബുധൻമാരേ!''
ധാർമ്മികവരനായ ധർമ്മജനരുൾചെയ്തു:
''ധർമ്മത്തെ വെടിഞ്ഞുള്ള ദുർമ്മാർഗ്ഗം നമുക്കില്ല
നമ്മുടെ മനതാരിൽ തോന്നിയതിതുതന്നെ
ധർമ്മമായ്വരും മേലിലെന്നതിൽ പരമെൻെറ
അമ്മയുമരുൾചെയ്തു ചെമ്മേ താനറിയാതെ
എൻമക്കളെഞ്ചുപേരും അനുഭവിക്കണമെന്നു
വൻമാർഗ്ഗമതുംപിന്നെ ദൈവകല്പിതമല്ലോ
സമ്മോദിച്ചരുൾചെയ്തു സന്ദേഹം നമുക്കില്ല.''
ഇങ്ങനേയവർതങ്ങളിൽ പറയുന്ന വാക്കുകളൊക്കെയു—
മങ്ങുമിങ്ങുമിരുന്നു കേട്ടൊരു ഘോഷമായി പുരങ്ങളിൽ
അംഗജൻെറ ശരങ്ങളഞ്ചിനുമഞ്ചുലാക്കു നിരക്കവേ
ഭംഗിചേർന്നകണക്കെ വന്നിടകൂടി പാണ്ഡവരൈവരും
അഞ്ചു പത്തു വെളുപ്പിനേററു കുളിച്ചു ഭസ്മവുമിട്ടുടൻ
നെഞ്ചുറപ്പൊടു യോഗപട്ടവുമിട്ടിരുന്നു ജപിക്കയും
ചഞ്ചലാക്ഷികളെക്കുറിച്ചകതാരിലുള്ളൊരു നിന്ദയും
ചഞ്ചലത്തെ വെടിഞ്ഞു വേദപുരാണമന്ത്രജപങ്ങളും
ഇത്തരംപല ഭള്ളുകാട്ടിയിരുന്ന ധർമ്മതനൂജനെ
തിത്തൈയെന്നുടനേ പിടിച്ചു മറിച്ചു നമ്മുടെ മൻമഥൻ
ബുദ്ധിയുള്ളവനെങ്കിലും കുലശുദ്ധിയുള്ളവനെങ്കിലും
ശക്തിയുള്ളവനെങ്കിലും ഹരിഭക്തിയുള്ളവനെങ്കിലും
ധൈര്യമുള്ളവനെങ്കിലും ബഹുവീര്യമുള്ളവനെങ്കിലും
ശാന്തയുള്ളവനെങ്കിലും ബഹുദൃഢതയുള്ളവനെങ്കിലും
ഭാരമുള്ളവനെങ്കിലും ഗുണമേറെയുള്ളവനെങ്കിലും
മത്തകാശിനിമാർ കളിച്ചു രസിച്ചു കൺമുനകൊണ്ടുടൻ
ചിത്തമൊന്നു മയക്കുമപ്പൊഴുതെത്രയും ജളനായ്വരും;
മത്തനാകുമശക്തനാകുമഭക്തനാകുമയുക്തനാകുമ—
ബദ്ധനാകുമശുദ്ധനാകും വികൃതി പലതുമുടൻ തുടങ്ങും;
സുകൃതിജനമുടനേ മടങ്ങും, ചടുലകുസുമശരം തറയ്ക്കും
ചതിയുമുടനുടനങ്കുരിക്കും, ഗതി കുറയ്ക്കും ചതി നിറയ്ക്കും
സകലധനവുമവൻമുടിക്കും, തരുണിയുടെവദനം സ്മരിക്കും

---

[1] ചക്രം ചുമക്കുക (ശൈലി)=വിഷമത്തിലാകുക.

പരിഹസിക്കും പരിചയിക്കും പലതുമാശു ഭവാൻ ധരിക്കും;
ഇതെല്ലാം ബോധമുള്ളോരു ഹിതജ്ഞൻ ധർമ്മജനിപ്പോൾ
ചിതമല്ലാത്തൊരു മാർഗ്ഗേ അതിമോഹം തുടങ്ങൊല്ല;
ഇതുകൊണ്ടും കഴിഞ്ഞില്ല വിധങ്ങളിന്നിയുമുണ്ട്
ഇതിലേററം പ്രയോഗിക്കാമതു നാളെ ശ്രമിച്ചീടാം;
രവിയുമസ്തമിപ്പാറായതുകൊണ്ടിക്കഥയിപ്പോ-
ളിവിടെ നിർത്തുവാനുള്ള സംഗതിയുണ്ടറിഞ്ഞാലും.
ശ്രവിക്കേണം കഥാശേഷം നമുക്കെങ്കിലടുത്തനാൾ
ഇവിടത്തിലടുക്കേണം ഗമിക്ക നാമിതുനേരം
പ്രവിശ്യേദമുരചെയ്തു ദ്രുപദൻ ധർമ്മജനോടും:
''അടുത്തനാൾ പലർകൂടി വിചാരിച്ചിട്ടുരയ്ക്കേണം
പൊടുക്കെന്നു വിവാഹത്തെക്കഴിച്ചാൽ ദൂഷണമുണ്ടാം
അടുക്കുന്ന വിധിയെന്നു പലർകൂടി വിധിച്ചെങ്കിൽ
മടിക്കാതെ മകളെത്താൻ തരുന്നുണ്ടു യുധിഷ്ഠിര!''
അടുത്തു സന്ധ്യയുമിപ്പോളടുത്തനാളിനിശ്ശേഷം
കടുത്ത കൂരിരുട്ടും വന്നടുത്തു നേരമില്ലിപ്പോൾ;
പടുതവമററ മൂഢൻമാർ പറഞ്ഞു ദൂതിമാരോടൊ-
ന്നറിഞ്ഞുപോരണമെന്നു കുറഞ്ഞൊരു മനസ്സോടേ
പിരിഞ്ഞു യാത്രയാകുന്നു വിരിഞ്ഞു കൈരവമപ്പോൾ
വിരഞ്ഞു വണ്ടുകളെല്ലാം നിറഞ്ഞു വാപികൾതോറും
സന്ധ്യാവന്ദനംചെയ്തു രസിച്ചു വേദിയൻമാരോ-
ടടുത്തു മൃഷ്ടമാംവണ്ണമത്താഴം കഴിഞ്ഞോരോ
പത്തനമകംപുക്കു ചിത്തകൗതുകത്തോടേ
മെത്തമേൽ ചെരിഞ്ഞാശു നിദ്രയും തുടങ്ങിനാർ.

പാഞ്ചാലീസ്വയംവരം പറയൻതുള്ളൽ

സമാപ്തം

നാളായണീചരിതം

ശ്രീഗണേശാ! നമസ്കാരം ശ്രീഗുരവേ! നമസ്കാരം
ശ്രീമഹേശാ! നമസ്കാരം, ശ്രീമുകുന്ദാ! നമസ്കാരം
ശ്രീമഹാഭാരതീ! വന്ദേ! ശ്രീമഹാലക്ഷ്മി! ഹേ വന്ദേ
ശ്രീഗിരീന്ദ്രാത്മജേ! വന്ദേ, ശ്രീമഹാഭൈരവീ, വന്ദേ

അമ്പലപ്പുഴ മേവുമംബുജനേത്ര കൃഷ്ണ! നമോസ്തുതേ!
അമലഗുണഗണനിലയ ജയജയ കമലനാഭ! നമോസ്തുതേ!
വമ്പനായ കിരീടിതന്നുടെ സാരഥേ! മധുസൂദനാ!
വരദമുരഹര നരകവിമഥന നരസുരേഡ്യ നമോസ്തുതേ!
തകഴിയിൽ കുടികൊള്ളുമീശ്വര ഹരിഹരാത്മജ! പാഹിമാം!
സകലസുരനരദനുജഭുജഗനിഷേവിതായ! നമോസ്തുതേ!
ശുകപുരേ മരുവുന്ന ശങ്കര! ശൂലമൃഗധര! പാഹിമാം
സുകവിതാഗുണമേശുവാൻ മമ സുകൃതവരമരുളേണമേ
സുകൃതനിധിഗുരു ധരണിസുരകുലമകുടമണി മമ മാനസേ
സുകരതരമുരുകരുണയൊടു വിലസേണമേ! പരദൈവമേ!
പാക്കനാരുടെ വംശമാകിന പാൽക്കടൽക്കു പിറന്ന ഞാൻ
വാക്കിനാരൊടുമിന്നു കിഞ്ചന തോൽക്കയില്ലതു നിശ്ചയം
നീക്കമില്ല പുരാണകഥകൾ കഥിപ്പതിന്നു നമുക്കഹോ
തീക്കനൽക്കകമേ തെഴുത്തതു വെയ്ലു തട്ടുകിൽ വാടുമോ?
തീക്കനൽക്കു മടക്കമില്ല വനങ്ങൾ ഭസ്മമതാക്കുവാൻ;
മറുപുറത്തു വരുന്ന മനുജമഹാവിദഗ്ദ്ധജനങ്ങളും
നിറമിയന്നു ശമിക്കയില്ല സമർത്ഥബുദ്ധികളെങ്കിലും.
കുറവു പറവതിനധികവിരുതു പെരുത്ത ദുർജ്ജനസന്നിധൗ
നിറമൊടൊരു കഥ പറവതിന്നു പണിപാരമെങ്കിലുമേഷ ഞാൻ
ചെറിയ കഥകളിലെളിയകഥ കഥയാമി സാധുജനങ്ങളും.
അറിയുമഖിലവുമടിയനുടെ ഗതിവടിവിലേഷ വണങ്ങിനേൻ.

പിറ്റേന്നാളുദിക്കുമ്പോൾ ദ്രുപദൻ പാണ്ഡവന്മാരും
മറ്റുള്ള നൃപന്മാരും ധരണീനിർജ്ജരന്മാരും
അറ്റമെന്നിയേയുള്ള പൗരന്മാർ സചിവന്മാർ
സേനാനായകന്മാരും വന്നിങ്ങു സഭതന്നിൽ
നാനാജാതികളേവം നിറഞ്ഞു നിന്നൊരുശേഷം
മാനിച്ചു മണിപീഠേ ഇരുത്തി പാർഷദൻതാനും
സാനന്ദം ദ്വിജന്മാരും പറഞ്ഞു നന്ദനന്മാരും
നാനാദിക്കിലേ വർത്താഭേദങ്ങളുരചെയ്തു,
നാനാഭംഗിവാക്കുകൾ പറഞ്ഞുംകൊണ്ടിരിക്കുമ്പോൾ

ആനന്ദസ്വരൂപനാം മാമുനിവരൻ വ്യാസൻ
താനങ്ങു പ്രകാശിച്ചു കാണായി സഭതന്നിൽ
ഒന്നിച്ചു കിടന്നോരു വേദത്തെ വഴിപോലെ
വന്ദിച്ചു മറ നാലായ് വർണ്ണിച്ച മഹാഭാഗൻ
ധന്യൻ ധാർമ്മികൻ വിദ്വാനുന്നിദ്രദയാശീലൻ
സന്ന്യാസവ്രതപാലൻ സാധുക്കൾക്കനുകൂലൻ;

കരുകാരുണമാകിന ചെഞ്ചിടയും
കരുണാർദ്രകടാക്ഷസുധാപുടവും*
കളിപുഞ്ചിരി തഞ്ചിന ഭാവരസം
കലരുന്ന മനോഹരശാന്തരസം
കടിസീമനിപാടലവല്ക്കലവും
വടിവേറിന സജ്ജകനൽഫലവും
ഘനസഞ്ചയസന്നിഭകാന്തികളും
കനിവേറിന മാനസകാന്തികളും
മധുസൂദനമാധവ! കൃഷ്ണ! ഹരേ!
മധുരാനനകോമള രാമ ഹരേ!
രഘുനന്ദന രാമകുമാര ഹരേ!
രഘുവംശജ! പാലയ ലോകപതേ!
മഘവാനുജ മാമവ ചാരുമതേ!
സുഖദായക ഹേ! ഗുണവാരിനിധേ!
ഹരിനാമസഹസ്രമിതെത്ര സുഖം
പരിചോടു ജപിച്ചു ജപിച്ചു മുദാ
പരിചോടു പരാശരനന്ദനനാം
മുനിപുംഗവനത്ര വിളങ്ങിമുദാ.

അർഘ്യപാദ്യങ്ങളെക്കൊണ്ടു സത്ക്കരിച്ചു വഴിപോലെ
അർദ്ധസിംഹാസനം തന്നിലിരുത്തി വ്യാസനെ ഭൂപൻ
ദീർഘദണ്ഡനമസ്കാരംചെയ്തു മെല്ലെന്നെഴുന്നേററു
ദീർഘദർശി തൊഴുതേവമുണർത്തിച്ചാനതുകാലം:
‘‘പൂർവജന്മസുകൃതംകൊണ്ടിങ്ങനെ നിങ്ങളെക്കാൺമാൻ
ഉർവിതന്നിൽ വസിക്കുന്ന നമുക്കും സംഗതി വന്നു
ഭൂത ഭവ്യ വർത്തമാനം മൂന്നു ജൻമത്തിലും സൗഖ്യം
ജാതമായി നമുക്കിപ്പോളേതുമേ സംശയമില്ല!

---

* ‘കരുണാർദ്ര കടാക്ഷസുധാപുടവും’
കരുണാർദ്രകടാക്ഷസുധാപുടയും’—എന്നു രണ്ടു പാഠം തുള്ളൽക്കാരുടെ പഴയ വായ്പാഠത്തിലുണ്ട്.

കടാക്ഷസുധാപുടവും=കടാക്ഷസുധ നിറഞ്ഞ കൺപോളയും, കടാക്ഷസുധാപുടയും=കടാക്ഷമാകുന്ന അമൃതുകൊണ്ടുള്ള തലോടൽ. എന്നിങ്ങനെ രണ്ടിനും അർത്ഥം പറയാം. ‘കടാക്ഷസുധാപുടിയും’—എന്നു മുദ്രിതപുസ്തകങ്ങളിൽ പാഠം.

മറുതലയിനി വന്നു തല കുത്തി മറിഞ്ഞാലും
മതിയാകില്ലടിയത്തെ ജയിപ്പാനെന്നതും വന്നു
വെറുതേ വൈരികളാരും വിപരീതം തുടങ്ങേണ്ട
പൊറുതിക്കണ്ടൊരു കോണിലിരുന്നുകൊൾകയേ നല്ലൂ;
പറഞ്ഞീടാ മൊരുകാര്യംകൊണ്ടു ഞാനും ധർമ്മജനും
കുറഞ്ഞൊന്നു വിവാദിച്ചു രസമില്ലാതിരിക്കുന്നു
അറിവുള്ള പരിഷയ്ക്കും അബദ്ധം വന്നുപോമല്ലോ
മറിവുള്ള ദുർഘടത്തിൽ ചെന്നുചാടുന്ന നേരത്തു
മറിവും മായവുമൊന്നും ഗ്രഹിച്ചിട്ടില്ല ഞാനെന്നു
മറിപ്പാനേഷണിക്കാരുണ്ടൊരുമ്പെട്ടു നടക്കുന്നു;
യുധിഷ്ഠിരൻ പറഞ്ഞു മൻമകളേ ഐവരുംകൂടി
വിധിക്കുതക്കപോലിന്നു വിവാഹത്തെക്കഴിക്കേണം
അതിനു ദോഷമില്ലെന്നു തികച്ചെന്നോടുരചെയ്തു
അതിനു സമ്മതമില്ലെന്നടിയനുമുരചെയ്തു
അടുത്തനാളെന്നുവച്ചു പിരിഞ്ഞുയിന്നലെയെല്ലാം
തടസ്ഥൻമാർ വിധിച്ചാൽ സമ്മതിക്കാമെന്നിങ്ങു പക്ഷം
ഇനിപ്പിന്നെ നമുക്കേതും ഭാരമില്ലാ ഭവാൻ ചൊന്നാൽ
ഇനിക്കും സമ്മതമെന്നാലിവർക്കും സമ്മതംതന്നെ
അനർത്ഥങ്ങളൊഴിച്ചിപ്പോളനുഗ്രഹിച്ചരുളേണം
മുനിശ്രേഷ്ഠാ! ഭവാൻ ശ്രീമാൻ മഹാത്മാവേ നമസ്കാരം.
വേദവ്യാസനുമപ്പോളരുൾചെയ്തു കനിവോടേ:
''ഖേദവ്യാകുലത്വങ്ങൾ കളഞ്ഞാലും മഹീപാലാ!
ആദിവർത്തമാനങ്ങളറിഞ്ഞാൽ ബോധമുണ്ടാകും
ആദരാലിളകാതെ ശ്രവിക്ക നീ പരമാർത്ഥം;
ഷൾക്കർണ്ണം[1] ചിതമല്ല രഹസ്യങ്ങളുരചെയ്വാൻ
ഇക്കണ്ട ജനമാരും ഗ്രഹിക്കാതെ ധരിപ്പിക്കാം
ഗൂഢമായൊരു ദിക്കിൽ ഗമിക്ക നാമിന്നു മെല്ലെ—''
ന്നാടോപാലരുൾചെയ്തു ദ്രുപദന്റെ കൈപിടിച്ചു
രാജധാനിയതിലങ്ങു ഗൂഢമാം പ്രദേശത്തു
രാജാവും മുനിതാനും ചെന്നുപുക്കുടൻ മെല്ലെ
വെക്കമെക്കതകുകളടച്ചുകൊണ്ടുരചെയ്തു:
''കേൾക്ക നിന്റെ മകളുടെ പൂർവജൻമപ്രകാരങ്ങൾ;
ചന്ദ്രബിംബമുഖിയാം നിൻ നന്ദിനിക്കു നടേജൻമം
ഇന്ദ്രസേനയെന്നു നാമം പിന്നെ നാളായണീയെന്നും
രണ്ടു നാമങ്ങളുള്ളൊരു കന്യകയ്ക്കു കണവനായ്
പണ്ടു മൗൽഗല്യനെന്നൊരു മാമുനീന്ദ്രനുളവായി
മംഗലാംഗീമണിയാളാകുന്ന നാളായണിതന്റെ

---

1. ഷൾക്കർണ്ണം=ആറു ചെവി; (മൂന്നാളുകൾ). രഹസ്യം പറയുമ്പോൾ അതു നാലു ചെവിയേ (രണ്ടാളേ) കേൾക്കാവൂ; മൂന്നാമതൊരാൾ അരുതെന്നു സാരം.

അംഗസൗന്ദര്യമോർത്താൽ മററംഗനമാരെതിരില്ല
അംഗജന്റെ രമണിക്കും ഭംഗമുണ്ടായ്‌വരും കണ്ടാൽ
അംഗജാരിപ്രിയ സർവമംഗലയ്ക്കും മങ്ങലുണ്ടാം
ഇന്ദിരാദേവിയും പിന്നെ ഇന്ദ്രഭാര്യ ശചിതാനും
ഇന്ദ്രസേനയ്ക്കെതിരായി ഗണിക്കേണ്ടും ഗുണം പോരാ;
അത്രയെല്ലാം ഗുണമുള്ളോരിന്ദ്രസേനയ്ക്കതുകാലം
എത്രയും കുത്സിതനായ് സംഭവിച്ചോരു ജീവനാഥൻ
നരച്ചു രോമമെപ്പേരും ജരച്ചു തോലുകൾ ചുക്കി–
ച്ചുളിഞ്ഞു കണ്ണുകൾ രണ്ടുമിളിഞ്ഞു മാർവിടം പാരം
കിഴിഞ്ഞു മൂക്കിനോടെത്തിക്കഴിഞ്ഞു താടിയും ചുണ്ടും
കുഴഞ്ഞു കാലുകൾ രണ്ടും തലയിൽ രോമമില്ലെന്ന–
ല്ലളവേ കണ്ണാടി കാണാം വലിയ കുഷ്ഠവും വന്നു–
പിടിച്ചു സന്ധുകൾതോറും പഴുത്തു ഭൂരിദുർഗന്ധം
മുഴുത്തു മൂക്കിലേ ശ്ലേഷ്മം കൊഴുത്തു ചഞ്ചലമായി
കഴുത്തും മുഞ്ഞിയും പിന്നെ കുഴിഞ്ഞു ദേഹവും ചോര–
യണിഞ്ഞു കൈവിരലൊട്ടു മുറിഞ്ഞുവീണുമക്കാലം
അറിഞ്ഞു തൽപ്രകാരങ്ങൾ പറഞ്ഞുകേൾക്ക വൈഷമ്യം;
ചുമയ്ക്കുന്നേരമേ ജീവൻ ഗമിക്കുമെന്നു തോന്നീടും
ക്ഷമിക്കാതെ വടികുത്തിഗ്ഗമിക്കുമപ്പോഴേയങ്ങു
പിടച്ചു വീഴുമന്നേരം പിടിച്ചുനിർത്തുമാ ഭാര്യ;
ചൊടിച്ചു ഭാര്യയെ കൈകൊണ്ടടിച്ചു ശണ്ഠയും കൂട്ടും;
‘പതുക്കെപ്പോണമെന്നില്ലേ നിനക്കേതും മനക്കാമ്പിൽ
മുതുക്കൻ ചത്തുപോയെങ്കിൽ അനർത്ഥം തീർന്നുപോയെന്നു
കൊതിക്കുന്നു മഹാദുഷ്ടേ! ചതിക്കും നീ തരം വന്നാൽ’
അതു കേട്ടാലവൾക്കുള്ളിൽ തരിമ്പും കുണ്ഠിതമില്ല
പതുക്കെ കൈപിടിച്ചാശു കൊണ്ടുപോയി വഴിപോലെ
അനച്ചയുള്ള വെള്ളംകൊണ്ടശേഷം ക്ഷാളനംചെയ്തു
പതിയെപ്പിന്നെയങ്ങിഞ്ചപ്പതകൊണ്ടു വ്രണമെല്ലാം
ചിതമായി ശോധനചെയ്തതിലുള്ള കൃമിയെല്ലാം
കളഞ്ഞാശു കുളിപ്പിച്ചു ഹിതമോടാശ്രമം തന്നി–
ലിരുത്തി ദേവകാര്യത്തിനടുത്ത പുഷ്പഗന്ധാദി
കൊടുത്തു വന്ദനം ചെയ്യും അടുത്തവണ്ണമാ പത്നീ;
വരിനെല്ലു കൊണ്ടുവന്നിട്ടുരലിലിട്ടതു കുത്തി–
യരിയാക്കി വെളുപ്പിച്ചു പരിചിൽ പാകവും ചെയ്തു
ചെറിയ ചൂടോടുകൂടി വിരവോടങ്ങിലതന്നി–
ലുരിമാത്രം വിളമ്പിക്കൊണ്ടരികേ നില്ക്കുമാ ഭാര്യ:
ഒരു കൈ വാരിയുണ്ടിട്ടാ കിഴവച്ചാർ ശകാരിക്കും:
‘‘കരിഞ്ഞിട്ടും പുകഞ്ഞിട്ടും കിടക്കും ചോറെനിക്കായി

കരുതിവച്ചിതോ ദുഷ്ടേ! കരുണയില്ലാത്ത മൂഢേ!
കുരുട്ടുകണ്ണിനു വൈദ്യം പിഴയ്ക്കില്ലെന്നുറച്ചോ നീ?
മരിപ്പാറായ്ക്കിടക്കുന്നോർക്കത്രമാത്രം കൊടുത്തേക്കാം
കല്ലെങ്കിലതും തിന്നും നെല്ലെങ്കിലതും തിന്നും
വല്ലന്തിയൊഴിയട്ടെയെന്നു ഭാവം നിനക്കിപ്പോൾ
കൊല്ലാനാഗ്രഹമെങ്കിൽ വിഷമെന്തേ തരാത്തൂ നീ?
വല്ലാക്കശ്മലത്തീ നീയാർക്കുവേണ്ടീട്ടെടുക്കുന്നു?
കൊള്ളാമിങ്ങനെ ചെയ്താൽ നശിക്കും നീ ധരിച്ചാലും;
ദാഹിച്ചു വരുന്നേരം കഞ്ഞിവച്ചു തരാൻമാത്രം
സ്നേഹിച്ചിട്ടൊരുത്തിയെ വേൾക്കാഞ്ഞിട്ടിതു വന്നു
രോഗങ്ങൾ പിടപെട്ടു കിടക്കുന്ന പുമാനിപ്പോൾ
സൗഭാഗ്യങ്ങളും നിൻെറ വിലാസമൊക്കെയും കാണാം
സത്ഭാവങ്ങളും നിൻെറ അഹംഭാവങ്ങളും കണ്ടാൽ
അപ്പൊഴേ തലയ്ക്കിട്ടു തൊഴിപ്പാനെന്നിയേ തോന്നാ;
വെപ്പെല്ലാം ചിതം വായിൽവെപ്പാനൊന്നു നന്നല്ല
കയ്പ്പുണ്ടാം കറിവച്ചാലുപ്പില്ല മുളകില്ല
കൈപ്പുണ്യം കണികാൺമാൻ നിനക്കില്ലെൻറിന്ദ്രസേനേ!
ശില്പമിയ്യിടമെല്ലാം മുടിപ്പാനിങ്ങനെ തീർന്നു
ഒപ്പിപ്പാൻ ചില വസ്തു പ്രവർത്തിക്കുന്നു നീയിപ്പോൾ
കല്പിച്ചതനുഭവം നീയിങ്ങു നടന്നാലും;
തന്നെത്താനറിയാഞ്ഞാൽ പിന്നെത്താനറിഞ്ഞീടും
എന്നേപ്പോലിനി ദൈവം നിന്നേയും വലച്ചീടും
അന്നേരം നിരൂപിക്കുമന്നത്തേയവസ്ഥകൾ
അന്നേരം വിചാരിച്ചാൽ പിന്നേതും കണക്കില്ല
കാലത്തു തുഴയാഞ്ഞാൽ കടവിൽ ചെന്നടുക്കില്ല
കാലൻ വന്നടുക്കുമ്പോൾ കയർത്തെന്നാൽ ഫലമില്ല
മാമാങ്കമടുക്കുമ്പോൾ കടാക്ഷിച്ചാൽ ഫലമില്ല
ആമെങ്കിൽ നെടുജൻമം ഗുണംചെയ്തു പൊറുക്കേണം.''
കൊള്ളിവാക്കുകളിങ്ങനേ മുനി ചൊന്നതമ്പൊടു കേട്ടുടൻ
ഉള്ളിലാധി മുഴുത്തുടൻ ചെവി പൊത്തി നിന്നിതു സുന്ദരി
കള്ളമില്ല മനസ്സിലൊട്ടുമവൾക്കു നിന്ദയുമില്ലതാ—
നുള്ളനാളിലൊരപ്രിയം പറകില്ല നല്ല പതിവ്രത
ഇഷ്ടമൊക്കെയുമനുസരിക്കുമനിഷ്ടമോതുകയില്ലവൾ
പക്ഷമൊക്കെയുമവൾ കൊടുക്കുമുപേക്ഷകാട്ടുകയില്ലവൾ
രക്ഷയൊക്കെയുമവൾ വരുത്തുമരക്ഷചെയ്കയുമില്ലവൾ
വിരലശേഷമുടൻ പഴുത്തു പുഴുത്തരിച്ച കരത്തിനാൽ
വിരകിവച്ചൊരു ചോറെടുത്തു ഭുജിക്കുമായവളാദരാൽ
അരികിലമ്പൊടു ചേർന്നിരുന്നു കരങ്ങൾകൊണ്ടു തലോടിയും

ചരണയുഗളമെടുത്തു തൻ മടിതന്നിലാക്കി വസിക്കയും
ഇച്ഛയൊക്കെയുമനുസരിച്ചവളീച്ചയാട്ടി വസിക്കയും
അച്ഛനായതുമമ്മയായതുമിവനിതെന്നു നിനയ്ക്കയും
ഉച്ചനേരവുമന്തിനേരവുമതിഥികൾക്കുടനാസ്ഥയായ്
വച്ചു ചോറു കൊടുക്കയും പതിയോടു ചേർന്നു ശയിക്കയും
ഏവമാശു പതിവ്രതാകുലധർമ്മമൻപൊടു ചെയ്തുടൻ
ലൗകികത്തിനു ഭംഗമൊന്നുമകപ്പെടാതെ വസിക്കയും
ആവലാതി പറഞ്ഞു ശുണ്ഠികടിച്ചു ശണ്ഠയിടുന്ന തൻ
ജീവനാഥനൊടപ്രിയം പറയാതെകണ്ടവൾ മേവിനാൾ.
എടുത്താലങ്ങതും കുറ്റം എടുക്കാഞ്ഞാലതും കുറ്റം
കൊടുത്താലങ്ങതും കുറ്റം കൊടുക്കാഞ്ഞാലതും കുറ്റം
വിളിച്ചാലങ്ങതും കുറ്റം വിളിക്കാഞ്ഞാലതും കുറ്റം
ചൊടിച്ചാലങ്ങതും കുറ്റം ചൊടിക്കാഞ്ഞാലതും കുറ്റം
ചോദിച്ചാലതും കുറ്റം ചോദിയാഞ്ഞാലതും കുറ്റം
മോദിച്ചാലതും കുറ്റം മോദിയാഞ്ഞാലതും കുറ്റം
പരിഹസിച്ചാലതും കുറ്റം പരിചരിച്ചാലതും കുറ്റം
ഗുണമുരച്ചാലതും കുറ്റം ഗുണമിളച്ചാലതും കുറ്റം
കുളിച്ചാലങ്ങതും കുറ്റം കുളിക്കാഞ്ഞാലതും കുറ്റം
ഉണ്ടാലങ്ങതും കുറ്റം ഉണ്ണാഞ്ഞാലതും കുറ്റം
കണ്ടാലങ്ങതും കുറ്റം കാണാഞ്ഞാലതും കുറ്റം
കുറ്റമല്ലാതവൾക്കില്ല ചെറ്റുപോലും സുഖമില്ല
ഉറ്റവരുമവൾക്കില്ല മറ്റു സംസാരവുമില്ല
ചെറ്റുനേരം സുഖമില്ല മുറ്റുമുള്ളിൽ തെളിവില്ല
മറ്റയാൾക്കൊരു കനിവില്ല സുന്ദരിക്കൊരു ഖേദമില്ല
നിന്ദയൊട്ടുമവൾക്കില്ല മന്ദഭാവം തരിമ്പില്ല
നന്ദിയില്ലായ്കയുമില്ല വന്ദനയ്ക്കൊരു കുറവുമില്ല
ദുർന്നിലയ്ക്കൊരു ഭാവമില്ല വന്നതുകൊണ്ടല്ലലില്ല
അറപ്പില്ല കുറഞ്ഞൊന്നു വെറുപ്പില്ല മനക്കാമ്പിൽ
നന്നിവൾക്കൊരു ദോഷമില്ല കാമമില്ല കോപമില്ല
ലോഭമില്ല മോഹമില്ല ദീനമില്ല മാനമില്ല,
കള്ളമില്ല കലശലില്ല തള്ളലില്ല താപമില്ല,
തുള്ളലില്ല ദുഃഖമില്ല ഉള്ളഭാവമതുമില്ല,
കറുപ്പില്ല മുഖത്തിന്നു ഉറപ്പില്ലായ്കയുമില്ല
ചലനമില്ല ചപലമില്ല ശകലമാനന്ദവുമില്ല;
കനിവോടിങ്ങനെ നാളായണീതാനും ബഹുകാലം
മുനിമൌൽഗല്യനെ ശുശ്രൂഷണംചെയ്തങ്ങിരിക്കുമ്പോൾ
ഒരുനാളുണ്ടിരിക്കുമ്പോൾ കുഷ്ഠിതന്റെ വിരലൊന്നു
മുറിഞ്ഞു വീണിതു ചോറ്റിലെട്ടുപത്തു കൃമികളും

വിരവോടങ്ങെഴുന്നേററു മുനിതാനുമതുനേരം;
വിരലുമാകൃമികളും എടുത്താശു നിലത്താക്കി;
തരസാ ഭാര്യതാനച്ചോററയ്ക്കാതശേഷമുണ്ടാം;
അതു കണ്ടു പ്രസാദിച്ചു മുനിയും തന്നുടെ രൂപം!
ചിതമോടേ പ്രകാശിപ്പിച്ചിരുന്നാനെത്രയും ചിത്രം!
മതിബിംബത്തിനോടൊക്കും മുഖവും മന്ദഹാസവും
അതിരമ്യശരീരവും അധികമാം സുഗന്ധവും
അതിദീർഘങ്ങളായുള്ള ഭുജം രണ്ടും പ്രകാശിപ്പി-
ച്ചിരുണ്ടഗ്രം ചുരുണ്ടുള്ള തലമുടി വടിവോടേ
ഉരുണ്ടുള്ള കരിവീരകരംപോലെ തുടകളും
പരന്ന മാർവിടം പാരം ചുരുങ്ങുമായിടഭംഗി
കനത്ത നൽ കടി പാദയുഗളത്താമരപ്പൂവും
കനകകാഞ്ചി പൂഞ്ചേല കനക കുണ്ഡലങ്ങളും
അണിഞ്ഞു സുന്ദരനായി മുനിമൗൽഗല്യനന്നേരം
അണഞ്ഞു രാഗവാനായിപ്പുണർന്നു ഭാര്യയെ മെല്ലെ:
''വരിക വല്ലഭേ! നാളായണി! നിൻെറ രമണൻ ഞാൻ
വിരസനല്ലെടോ! ബാലേ! സരസനെന്നറിഞ്ഞാലും
തരുണീ നിന്നനുരാഗം പരീക്ഷിപ്പാനിത്രനാളും
തരസാ വൃദ്ധവേഷത്തെദ്ധരിച്ചേനെന്നറിഞ്ഞാലും;
വരശീലേ! നിൻെറ ശീലം കണ്ടു ഞാനും പ്രസാദിച്ചു
വരമെന്തു നിനക്കു വേണ്ടതു ചൊൽക മടിയാതെ
തരുന്നുണ്ടു വേണ്ടതെല്ലാം തരുണിമാർകുലമൗലേ!
തരസാ നീ പറഞ്ഞാലും തരിമ്പും കുണ്ഠിതം വേണ്ട.''

അതു കേട്ടൊരു സുന്ദരി നാളായണീ
അതികൗതുകരാഗപ്രമോദങ്ങളാൽ
മതിയിങ്കൽ കുളുർത്ത മനക്കാമ്പുമായ്
അതിരേകമണഞ്ഞു പുണർന്നുടനേ*
പതിയോടു പറഞ്ഞു പതിവ്രതയും;
''രതിവല്ലഭതുല്യനതായ ഭവാൻ*
ഹിതമൊന്നു തരേണമെനിക്കധുനാ*
ഇതിലോകസുഖം സുരലോകസുഖം*
ഗതിയുള്ള ഭുജംഗമലോകസുഖം*
ഇതു സർവ്വമെനിക്കു തിരിച്ചറിവാൻ*
അതികൗതുകമുണ്ടിഹ ദേഹി വരം;
അതുകാരണമഞ്ചു ശരീരമതായ്*
ഹിതമോടു ധരിച്ചു രമിക്കുക നീ*

---

* ചിഹ്നം കൊടുത്തിരിക്കുന്ന വരികൾ മുദ്രിത പതിപ്പുകളിലൊന്നിലുമില്ല. തുള്ളൽക്കാരുടെ പഴയ വായ്പാഠത്തിൽനിന്നു കിട്ടിയതാണ്. കഥയുടെ സുഗ്രഹത്വത്തിനും അവിച്ഛിന്നതയ്ക്കും ഈ വരികൾ സഹായിക്കുന്നതിനാൽ സ്വീകരിച്ചിരിക്കുന്നു.

പഞ്ചബാണശരങ്ങളേററു മനം മയങ്ങുകകാരണാൽ
ചഞ്ചലാക്ഷി പറഞ്ഞ വാക്കുകൾ കേട്ടു മാമുനിപുംഗവൻ
അഞ്ചു രൂപമുടൻ ധരിച്ചിതു പഞ്ചസായകസന്നിഭൻ
സഞ്ചരിച്ചുതുടങ്ങിനാനവളോടുകൂടി ദിവാനിശം;
അഞ്ചിതാമല ഹാസഭാവ വിലാസഭാമിനിയാമവൾ*
അഞ്ചുപേരൊടുമൊന്നുപോലെ രമിച്ചുകൊണ്ടു രസിക്കയും*
അമരവരനുടെ നഗരമതിലുടനവരുമവരുടെ ഭാര്യയും
വിരവൊടൊരുദിനമനഘസുഖമൊടു സപദി ചെന്നിഹ
ലീലയാ*
അമരപതി പുനരവരെ വിരവൊടു സത്കരിച്ചു വരിച്ചുടൻ
അമരപുരിവിധുകിരണപരിണതമന്ദിരത്തിലിരുത്തിനാൻ
കല്പപാദപകുസുമമാലകൾ ചൂടിയും മോടിയും കൂട്ടീ–
ട്ടല്പമല്ലൊരു മഹിമ ബലഹരി പാടിയും ആടിയും പിന്നെ
ഉല്പലാക്ഷിയൊടൊത്തു മാമുനി മദനകേളിയിൽ
മുഴുകിയും
ശില്പമാകിന പകിട ചൂതുകളാടിയും തേടിയും വാണു;
അഞ്ചിതാംഗീമണിയാളും അഞ്ചുപേർ വല്ലഭൻമാരും
പഞ്ചബാണാതുരൻമാരായ് സഞ്ചരിച്ചാരിന്ദ്രലോകേ
അപ്സരസ്ത്രീകളും വന്നു തത്സ്വരൂപാമൃതം കണ്ടു
മത്സരം പൂണ്ടുരചെയ്തു തങ്ങളിൽത്തങ്ങളിൽ നോക്കി:
''ധാത്രിതന്നിൽ പാർത്തുകണ്ടാലിത്ര നല്ല സ്ത്രീകളുണ്ടെ–
ന്നിത്രനാളും ഞാൻ ഗ്രഹിച്ചിട്ടില്ലെടോ! സുന്ദരിമാരേ!
എന്തിനായിട്ടിവരെല്ലാം വന്നു ചാടിയിവിടത്തിൽ
ചന്തമുള്ള കളത്രത്തെ നമ്മെയൊക്കെക്കൊട്ടുവാനോ?
അഞ്ചുപേർ വന്നതിലേവൻ ഇവളുടെ കാന്തനെന്നുണ്ടോ!''
''അഞ്ചുപേരുമിവളുടെ വല്ലഭൻമാരെന്നു കേട്ടു''
''അഞ്ചിലേറെപ്പുരുഷൻമാരില്ലയോ ഭൂമിയിലെങ്ങും?
അഞ്ചുമാത്രം പോരുമെന്നീ നാരി വെപ്പാനെന്തു മൂലം?''
''സഞ്ചരിപ്പാൻ സുഖമില്ല പലരെക്കൊണ്ടുപോന്നെന്നാൽ
നെഞ്ചിലേവം കരുതി നാലഞ്ചുപേരെക്കൊണ്ടുപോന്നു''
''പാരിലുള്ള നാരിമാർക്കങ്ങൊക്കെയുണ്ടോ ദുരാചാരം?''*
''ആരറിഞ്ഞു തനിക്കെന്തീ ക്ലേശമെല്ലാം പാഴിലിപ്പോൾ*
പരിഹാസം പറഞ്ഞെന്നാൽ കുററമുണ്ടെന്നറിഞ്ഞാലും*
പുരമുറിയൊഴിച്ചങ്ങു കൊടുത്തു തമ്പുരാനിന്ദ്രൻ
തിരുവുള്ളം വഴിപോലെയുണ്ടവരിൽ തമ്പുരാനും
നിരൂപിക്കാതുരചെയ്താലനർത്ഥങ്ങൾ ഭവിച്ചേക്കും

---

* ചിഹ്നം കൊടുത്തിരിക്കുന്ന വരികൾ മുദ്രിതപതിപ്പുകളിലൊന്നിലുമില്ല. തുള്ളൽക്കാരുടെ പഴയ വായ്പാഠത്തിൽനിന്നു കിട്ടിയതാണ്. സന്ദർഭസാധുത്വം പരിഗണിച്ചു സ്വീകരിച്ചു.

മനുഷ്യസ്ത്രീകളിൽ പണ്ടേ കനിവേറും നമ്മുടാൾക്കു
നിനക്കുണ്ടോ പരമാർത്ഥം നിനക്കെന്തൊരു ബോധമിപ്പോൾ
അഹല്യാകാമുകനിപ്പോൾ അവർക്കും അത്രമാത്രം പോൽ
സഹായിക്കാമെന്നു മോഹം കുറഞ്ഞോന്നുണ്ടറിഞ്ഞാലും;’’
‘‘അഹോ കഷ്ടമൊരു ധൂളി നമ്മുടെ നാട്ടിലും വന്നി–
ട്ടഹോരാത്രമിരുന്നോരോ ഗോഷ്ടി കാട്ടാനൊരുമ്പെട്ടു
ഒരുത്തന്റെ മടിതന്നിൽ കിടക്കുമായവളപ്പോൾ
ഒരുത്തൻ ചെന്നവളുടെ തലമുടി വേർപെടുക്കും
ഒരുത്തൻ കാലടി ഞെക്കും ഒരുത്തൻ കൈ തിരുമ്മീടും
ഒരുത്തൻ വെറ്റില മെല്ലെത്തെറുത്തങ്ങു കൊടുത്തീടും
ഗുരുഭൂതരെന്ന ഭാവം ജളൻമാരാമിവരഞ്ചും
ഒരു വസ്തു തിരിയാത്ത കശ്മലൻമാരിവരല്ലോ;’’
‘‘സുരൻമാരെന്തനക്കാത്തു തരത്തിൽ വാളെടുത്തങ്ങു
മുറിക്കേണം തെറിക്കെന്നു കനക്കേടു വരുത്തേണം
എനിക്കത്രേ യജമാനസ്ഥാനമെങ്കിലിതിൻമുമ്പേ
കനക്കേടീ ജളൻമാർക്കു വരുത്താൻ സംശയമില്ല
പിടരിക്കു പിടിച്ചുന്തിപ്പുറത്തോട്ടേക്കിറക്കുവാൻ
മടിയില്ല നമുക്കേതും അടിയും കൂട്ടുമോരോന്നു
തടിയൻമാരിവരഞ്ചും വിടുധൂളിയിവൾതാനും
മുടിപ്പാനിപ്രദേശത്തു വന്നുചാടി ധരിച്ചാലും;’’
‘‘അരഭ്രാന്തിന്നു മഴുഭ്രാന്തെന്നുണ്ടു പണ്ടേ പറയുന്നു
അരപ്രാണനുള്ളവർക്കു സഹിക്കാവോന്നല്ലിതൊന്നും
ഇരിക്കുന്ന ജനമെല്ലാം ചിരിക്കും നമ്മൾ ഘോഷിച്ചാൽ
പരക്കേ ബോധമുണ്ടായാൽ ശമിക്കുമെന്നുവച്ചാലും.’’
ഈവണ്ണം സുരസ്ത്രീകൾ പരമാർത്ഥമറിയാതെ
ഭാവങ്ങൾ പലവട്ടം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ
ആകാംക്ഷയ്ക്കനുകൂലം അഞ്ചുപേരും തരുണിയും
ആകാശഗംഗതന്നിലിറങ്ങി ക്രീഡചെയ്യുമ്പോൾ
മുങ്ങുമങ്ങൊരുദിക്കിൽ പൊങ്ങും നല്ല വെള്ളത്തി–
ലെങ്ങും ഖേലനംചെയ്യും കൂപ്പു[1]കളേറിച്ചാടും
പാട്ടുമോരോന്നേ പാടും സ്വർണ്ണപത്മങ്ങൾ ചൂടും
തീരഭാഗത്തങ്ങോടും മജ്ജനവും ചെയ്തീടും
കാമിനിമണിയോടും കൂടവേ കളിയാടും
ഇങ്ങനെ മോദമോടു സുഖിച്ചു മേവിനകാലം:
യക്ഷനായി മാമുനീന്ദ്രൻ യക്ഷിയായി കാമിനിയും
കിന്നരനായി ഭർത്താവു കിന്നരിയായിതു ഭാര്യ
ചാരണനായ് മുനിശ്രേഷ്ഠൻ ചാരിണിയായ് മുനിപത്നി
അശ്വമുഖനായി കാന്തൻ അശ്വമുഖിയായി കാന്താ

---

1. കൂപ്പ് = കുളക്കടവിൽ കെട്ടിയിരിക്കുന്ന ഒഴുകുനട.

മുനി വിദ്യാധരനായി ജായ വിദ്യാധരിയായി
നന്ദനവനംതന്നിൽ ചന്ദനവനംതന്നിൽ
ഇന്ദുമണ്ഡലംതന്നിൽ ഇന്ദ്രമണ്ഡലംതന്നിൽ
ഒന്നിച്ചു പലകാലം നന്ദിച്ചു രമിച്ചാശു
മന്നിടമതിൽത്തന്നെ പിന്നെയും വന്നിറങ്ങി
മുന്നേപ്പോലാശ്രമത്തിൽ വന്നു മേവിനാരപ്പോൾ
ആഢ്യബ്രാഹ്മണനായിച്ചമഞ്ഞു മാമുനിശ്രേഷ്ഠൻ
മൗഢ്യമെന്നിയേ അന്തർജ്ജനമായാളിന്ദ്രസേനാ
ബ്രാഹ്മണൻ പുലർകാലേ കുളിച്ചു ഭസ്മവുമിട്ടു
ബ്രാഹ്മണിയോടു മെല്ലെ സംസ്കൃതമായുരചെയ്തു:
''ഹേ ഹേ! ദേവകാര്യസ്യ ജലം നാസ്തി സുമം നാസ്തി
ഗേഹംപ്രോക്ഷിതംനാസ്തി ദാസീ കുത്ര ഹേ കഷ്ടം!
ദീപം കുത്രകുത്രേദം പാവനസദ്ധവിർ നാസ്തി
കോപം ജാതമസ്മാകം കൃത്വാ ഭക്ഷണം ഗത്വാ
ക്ഷേത്രേ തത്ര ഗന്ധർവേ പാത്രം താണ്ഡുലം കുത്ര?''
ഈവണ്ണമൊരു ഘോഷം ഗൃഹസ്ഥബ്രാഹ്മണനായി-
ട്ടാ മാർഗ്ഗങ്ങളിലുള്ള സുഖത്തേയും ലഭിപ്പിച്ചു;
കേരളത്തിൽനിന്നു വാങ്ങിപ്പരദേശത്തേക്കു പോന്നി-
ട്ടാ രസങ്ങൾ നടിക്കേണമെന്നു നാളായണി ചൊന്നാൾ;
ധീരനായ മുനിതാനും ഭാര്യയുമായ് പുറപ്പെട്ടു
സ്വൈരമായ് പാണ്ടിയിൽ ചെന്നൊരു പട്ടരായി നടകൊണ്ടു?
''മാനിയെങ്കേ വാറും സാപ്പാടെങ്കെയാനാൽ കിടയാതോ?
നാങ്കൾ രണ്ടുപേർക്കു ശാതം കൊണ്ടുവാരും ശീഘ്രമയ്യാ!
ശുത്തുബാതൈ റംഭമയ്യാ! ശെത്തെയാവതു കൊടാവിട്ടാൽ
ശത്തുപോമേ നാങ്കളിപ്പോതുത്തരം ശൊല്ലാത്തതെന്നാ?''
''ശാപ്പാട്ടിക്കിറുമയ്യാ! ശാറും ശാതവും താറേൻ.''
ഇങ്ങനേ തമിഴുവാക്കു പറഞ്ഞു മാമുനിശ്രേഷ്ഠൻ
തിങ്ങിന മോദമോടു തെലുങ്കുരാജ്യവും പുക്കു
മൗൽഗല്യൻ തെലുങ്കുബ്രാഹ്മണനായിച്ചമഞ്ഞപ്പോൾ
മാനിനി തെലുങ്കുബ്രാഹ്മണിയായി നടകൊണ്ടാൾ
മാനിച്ചു ഗൃഹസ്ഥന്റെ പുരംപുക്കങ്ങിരുവരും
മാനസം തെളിഞ്ഞാശു തെലുങ്കുബ്രാഹ്മണൻ ചൊന്നാൻ:
''ഇല്ലിസ്നാനം അടിബാഹു ഹല്ലിഹുള്ളാ ഹുദമമുണ്ടോ?
സ്നാനമാടിപവന്ദനേവൊ''
പിന്നെ മെല്ലെപ്പുറപ്പെട്ടു കൊങ്കണരാജ്യവും പുക്കു
കൊങ്കണച്ചിയോടുകൂടി കൊങ്കണന്റെ ഗൃഹം പുക്കു
കൊങ്കണിയുമവർ തമ്മിൽ കൂടിയങ്ങു ഒരുദിനം
കൊങ്കണഭാഷയിൽത്തന്നെ പറയുന്നു പല വാക്കു:

‘‘ഹുംബുദ ദേകഞ്ചി ബാണാഹമുക്കു ജാത്താകളാനാ
മൊതിരു മൊതിനാ കതഗോ അമുക്കുഗാമാ അമിച്ചു ഗാമാ
ഉപാദി കൊച്ചതങ്ങാദി എമങ്ങു ഗോരണ്ടുവാച
തിങ്ങരൂമിങ്ങമൂനയോഹന്ത ഹമുക്കുതീവല്ലി.’’
പിന്നെ മെല്ലെപ്പുറപ്പെട്ടു ലാടദേശേ വസിക്കുമ്പോൾ
ലാടജാതികൾ പലർകൂടി ലാടഭാഷ പറയുന്നു:
‘‘ദുന്നുന്നൂകഹര്യഹം ഹന്നനോഹം ശിജാത്യാഹം
ഹത്യഹായി താപിജായി ഹമുക്കു ഭോജന കക്കുജാണോ
ഹമാരോതും ജാതരേണോ;’’

മുനി ക്ഷത്രിയനായപ്പോൾ കാമിനീ ക്ഷത്രിയായ് വന്നു
മാമുനി ശൂദ്രനായപ്പോൾ കാമിനിയച്ചിയായ് വന്നു
മുനിയും കള്ളു നന്നായിക്കുടിച്ച ഭാവവും മെല്ലെ
നടിച്ചു കാമിനിമുന്നിൽ പിടിച്ചു വീണുരുണ്ടപ്പോൾ
അടുത്തു അച്ചിയും കൈക്കു പിടിച്ചാളൊന്നുരുണ്ടൊന്നു–
കിടച്ചു നായരുമപ്പോൾ മടിക്കാതെ ഉലക്കയും–
വലിച്ചുകൊണ്ടുചെന്നങ്ങു, കൊടുത്തു താഡനം നന്നായ്
കടുത്തു മററു മാലോകർ ‘‘നടക്കു നായരേ! തന്റെ–
കിടക്കാരോടു ചെന്നു ചേർന്നടിക്ക പെണ്ണിനോടല്ലീ–
മിടുക്കെല്ലാം തുടങ്ങേണ്ടു പുലിക്കൂട്ടിൽ വലിച്ചിട്ടു
വലയ്ക്കും തമ്പുരാൻ കേട്ടാൽ കൊലയ്ക്കും കില്ലതിനില്ല
നിലയ്ക്കു നിന്നീലെന്നാകിൽ തടിച്ച നായരേ തന്നെ–
പ്പിടിച്ചുകെട്ടുവാനായി ചൊടിച്ചുകൊണ്ടിവിടത്തിൽ–
കിടക്കുന്നാളുകൾ പോരും പിടിച്ചുകൊണ്ടുചെന്നാശു
കടത്തുന്നുണ്ടു ഞാൻ കൂവാ.’’

ഇങ്ങനേയുമൊരു കൂട്ടം ഘോഷമുണ്ടാക്കിനാരപ്പോൾ
തിങ്ങിന മോദമോടങ്ങു സുഖിച്ചു മേവിനകാലം
ചെമ്പുകൊട്ടിക്കുലംതന്നിൽ ചെന്നുകൂടി മുനിശ്രേഷ്ഠൻ
ചന്തമോടേ മുനിപത്നി ചെമ്പുകൊട്ടിച്ചിയായ് വന്നു
ആശാരിയായ് മുനിശ്രേഷ്ഠൻ ആശാരിച്ചിയായ് പത്നി
മൂശാരിയായ് മുനി മൂശാരിച്ചിയായ് വന്നു പത്നീ
പരിചോടേ താപസേന്ദ്രൻ പരിചക്കൊല്ലനായപ്പോൾ
പരിതോഷിച്ചിന്ദ്രസേന പരിചക്കൊല്ലത്തിയായി
പെട്ടെന്നു താപസേന്ദ്രൻ തട്ടാനായ് ചമഞ്ഞപ്പോൾ
മട്ടോലും മൊഴിയാളൊരു തട്ടാത്തിയായ് ചമഞ്ഞു
ചൊല്ലേറും താപസേന്ദ്രൻ കൊല്ലനായിച്ചമഞ്ഞപ്പോൾ
നല്ലാരിൽമണിയാളൊരു കൊല്ലത്തിയായ് ചമഞ്ഞു
കിരാതനായ് മുനിശ്രേഷ്ഠൻ കിരാതയായ് മുനിപത്നി
കണിയാരക്കുറുപ്പായിച്ചമഞ്ഞു മാമുനിശ്രേഷ്ഠൻ

കണിയാരക്കുറുപ്പത്തിയായി നാളായണീതാനും;
ജളത്വം കൈവെടിഞ്ഞോരോ ജളൂകമത്സ്യങ്ങളായി*
ജലത്തിൽ ഞണ്ടു നീർക്കോലി മുതലാം കച്ഛപങ്ങളും
കടൽപന്നി കടലാന കടൽമാനും കടൽസ്രാവും
കടൽപ്പോത്തും കടുവായും കടമാനും കാട്ടുപോത്തും
കടലൂഴികളിലുള്ള ജീവജന്തുസ്വരൂപത്തെ
പൊടുക്കെന്നു ധരിച്ചാശു രമിച്ചാരാദരവോടേ;
എന്നുവേണ്ടാ സമസ്തമീവിധക്രീഡാദിയിലൊക്കെ
ചേർന്നു ക്രീഡയാടിയപ്പോൾ വന്നു തൃപ്തി മാമുനിക്ക്;
ഒടുക്കത്തിനിന്ദ്രസേനയ്ക്കു തൃപ്തിയും വന്നതുമില്ല
കടുക്കെന്നു മദനമാൽ കടുത്തു കാമിനിയാളും
താപംപൂണ്ടടുത്താശു തടുത്താളാദരവോടേ
കോപം പൂണ്ടരുൾചെയ്തു ദിവ്യനായ മുനിശ്രേഷ്ഠൻ:
''കാമത്തിനൊരുനാളും തൃപ്തിയില്ലാത്ത നീ പോയി
ഭൂമിയിൽ പിറന്നാലും ദ്രുപദന്റെ പുത്രിയായി
കാമിനീ നിനക്കഞ്ചു വല്ലഭൻമാരുണ്ടാകും
കാമത്തെ വേണ്ടുവോളം അനുഭവിച്ചു നടന്നാലും
കോളല്ലെന്റിനിന്ദ്രസേനേ! നിന്റെ ധൂളിത്വമോർത്തെന്നാൽ
ആളല്ല ഞാനുമിപ്പോൾ വല്ലഭേ! നീ നടന്നാലും
ചോളച്ചോറ്റിനു കറി നാരകത്തിന്റില വേണം
ധൂളിത്വമുള്ളവർക്കു വിടൻമാരേ ചേർച്ചയുള്ളു.
പാലും കച്ചുപോം പെണ്ണേ! പിന്നെയും പിന്നെയും ചെന്നാൽ
നാലിന്നും ഗുണം പോരാ കൊതിയേറെ പ്രകാശിച്ചാൽ
കാമമേറെപ്പിടിപെട്ടാൽ വേശ്യതാനും കുരങ്ങാകും
അദ്ധ്യൂഢാശ കണക്കല്ലോ വല്ലതും നല്ലതേ നല്ലൂ
ഊർദ്ധ്വമാകും പദംതന്നെ നിനക്കും സംഗതിയിപ്പോൾ
ഊർദ്ധ്വമാം സംഗതിക്കിപ്പോൾ തപംചെയ്തു തത്ര വാഴ്ക.
ഏവം മാമുനി നാളായണിയേയും ശപിച്ചേച്ചു
കേവലമൊരുമ്പെട്ടു തപസ്സിന്നായതുനേരം
അത്യന്തശുദ്ധിയുള്ള കാനനത്തിലകംപുക്കു
കൃത്യങ്ങൾ മുടങ്ങാതെ തപംചെയ്തു തത്ര വാണു.

നാളായണീചരിതം പറയൻതുള്ളൽ
സമാപ്തം

---

* 'ജളത്വം കൈവെടിഞ്ഞോരോ ജളൂകമത്സ്യങ്ങൾ തിന്നു'—എന്നു മുദ്രിതപുസ്തകങ്ങളിൽ അബദ്ധപാഠം. ജളൂകമത്സ്യങ്ങൾ തുടങ്ങി, കടുവായും കാട്ടുപോത്തും വരെ, കടലുഴികളിലുള്ള ജീവജന്തു സ്വരൂപത്തെ ധരിക്കുകയാണു ചെയ്തത്.

പഞ്ചേന്ദ്രോപാഖ്യാനം

ഹരിഹരൻ വിരിഞ്ചനും ഹരിഹരതനയനും*
ഹരിഹയനറുമുഖൻ ഹരിണാങ്കൻ ദിനകരൻ
ഹരിണാമീശ്വരൻമാരും ഹരിപ്രിയാദേവിതാനും
ഹരിശ്രീയക്ഷരങ്ങളും ഹരിക്കേണം മമ താപം
അമരപതികളുമരുണനും ശമന ധനപതിവരുണനും
അമരമുനികളുമമരതരുണികൾ അചലനന്ദിനി ദേവിയും
അവനിസുരകുലമഖിലവും അവനിപതിതതി സകലവും
അവനിതലമലമഖിലമനുജരുമവരുടേ പരദൈവവും
സകല കപികുലപതികളും സകല സകരുണമതികളും
സകലഫണിപതി സകല ഖഗപതി സകല മൃഗഖഗപതികളും
അമരപുരനദി യമുനയും ശമലഹരജലസരയുവും
സകല നദികളുമചലപതികളുമഖിലമവർ തുണചെയ്ക മേ.
മാധുര്യഗുണങ്ങളുമക്ഷരവ്യക്തിയും വേണം
സാധുത്വം പദങ്ങൾക്കും സതതം സംഭവിക്കേണം
ബോധിപ്പിപ്പതിനുള്ള കുശലത്വമതും വേണം
ബോധമുള്ളവർക്കുള്ളിൽ ബഹുമാനം വരുത്തേണം
ഹാസത്തിന്നൊരു മാർഗ്ഗം ചില ദിക്കിലതും വേണം
പ്രാസത്തിന്നൊരേടത്തും കുറവില്ലാതിരിക്കേണം
വാസനയ്ക്കൊത്തപോലെ വചനപ്രക്രമം വേണം
സംസർഗ്ഗഗുണംകൊണ്ടു സകലം സിദ്ധമാക്കേണം
ഇച്ചൊന്ന ഗുണമെല്ലാം വഴിപോലെ വരുത്തിക്കൊ—
ണ്ടുച്ചത്തിൽ പ്രയോഗിച്ചാൽ ഫലിക്കും സംശയം വേണ്ടാ.
മെച്ചത്തിലൊരു കഥ പറവാനാഗ്രഹമെങ്കിൽ
ഇച്ഛയ്ക്കു ചേർന്നപോലെ താളവും മേളവും വേണം
കഥയിൽ സംഗതി ചേർത്തു കഥിക്കുമ്പോളതിൽക്കൂടി
കഥിക്കേണ്ടിവരും കുത്തുകവികളും ചില ദിക്കിൽ
അതുകൊണ്ടു ഭവാൻമാർക്കു വൈരമാർക്കും ഭവിക്കൊല്ലാ
ഹിതജ്ഞൻമാരറിഞ്ഞെല്ലാം സഹിക്കേണം വണങ്ങുന്നേൻ!

---

*. പഞ്ചേന്ദ്രോപാഖ്യാനത്തിന്റെ പ്രാരംഭത്തിൽ കവി ചെയ്യുന്ന ഇഷ്ടദേവതാപ്രാർത്ഥന, തന്റെ കവികർമ്മത്തെക്കുറിച്ചു കവി പ്രകടിപ്പിക്കുന്ന സ്വാഭിപ്രായങ്ങൾ, എന്നിവ ഉൾക്കൊള്ളുന്ന ആദ്യത്തെ 44 വരികൾ (''ഹരിഹരൻ വിരിഞ്ചനും ഹരിഹരതനയനും....'' എന്നു തുടങ്ങി ''തോററുപോമങ്ങനെ ചെയ്താലെത്രയും ഘോരമെന്നാലും''—എന്നുവരെ) നിലവിലുള്ള മുദ്രിത സമാഹാരങ്ങളിലെല്ലാം സ്ഥാനംതെററി ഇതേ കഥയുടെ രണ്ടാംകളത്തിന്റെ പ്രാരംഭത്തിലാണ് അച്ചടിച്ചു ചേർത്തിട്ടുള്ളത്. ആദ്യപ്രസാധനത്തിൽ അനവധാനതകൊണ്ടു വന്ന പ്രമാദം പിന്നീടുണ്ടായ എല്ലാ പതിപ്പുകളിലും ആവർത്തിച്ചുകാണുന്നു.

മനസ്സിൽ ദ്വേഷമുള്ളോർക്കു ഹിതംതന്നെ പറഞ്ഞാലും
കനക്കെക്കോപമുണ്ടാകുമതിന്നു നീക്കുപോക്കില്ല
കടിക്കും പാമ്പിനു പാലു കൊടുത്തെന്നാലവൻ പിന്നെ
മുടിക്കും കൈവിരൽക്കിട്ടു കടിച്ചു കൊല്ലുമപ്പോഴേ
ഒരുത്തർക്കും ലഘുത്വത്തെ വരുത്തുവാൻ മോഹമില്ല
ഒരുത്തന്നു പ്രിയമായി പറവാനും ഭാവമില്ല
ഒരുത്തന്നു തനിക്കൊത്തോരല്ലൽ വന്നു ഭവിച്ചാലും
ഗുരുത്വമുണ്ടെന്നുവന്നാൽ ഫലിക്കും വാക്കുകളെല്ലാം;
ധിക്കരിച്ചു പറവാനായടുക്കുന്ന ജനത്തോടു
കർക്കശമായ് ചില വാക്കു പറവാനും കുറവില്ല
അർക്കനെങ്ങുജ്ജ്വലിക്കുമ്പോൾ സൂര്യകാന്തങ്ങളുമേറും
അക്കണക്കു തുടങ്ങുമ്പോളടങ്ങിപ്പാർക്കയില്ലാരും;
ഈറ്റുപാമ്പു കടിപ്പാനായ് ചീറ്റിവന്നങ്ങടുക്കുമ്പോൾ
ഏറ്റുനിന്നു നല്ലവാക്കു പറഞ്ഞാൽ പറ്റുകില്ലേതും
ഊറ്റമാം മന്ത്രവും ചൊല്ലിത്തടുക്കേണം മടിക്കാതെ
തോറ്റുപോമങ്ങനെ ചെയ്താലെത്രയും ഘോരമെന്നാലും
നിനയ്ക്കുന്ന രസമെല്ലാം എനിക്കിന്നു പ്രയോഗിക്കാം
മനക്കാമ്പിലസൂയകൊണ്ടനക്കാതെ വസിക്കുന്ന
ജനത്തെപ്പേടിയില്ലേതും നമുക്കെന്നു ധരിക്കേണം;
കനക്കെക്കൗതുകത്തോടേ കഥ കേൾപ്പാനിരിക്കുന്ന
തനിക്കാംപോന്നവർ വന്നു വസിക്കും രംഗദേശത്തു
മിനക്കേടെന്നിയേ നിന്നു കഥിക്കുന്ന വിദഗ്ധൻമാർ
എനിക്കു ദേശികൻമാരാമവർക്കു ഞാൻ വണങ്ങുന്നേൻ;
പറഞ്ഞതിന്നുടെ ശേഷം പറവാൻ ഞാൻ തുടങ്ങുന്നു
കുറഞ്ഞൊന്നു കടാക്ഷിച്ചീടുവിൻ നിങ്ങൾ ബുധൻമാരേ!
അറിഞ്ഞവണ്ണമിന്നെല്ലാം പറഞ്ഞേക്കാമിതിനിന്നു
മുറിഞ്ഞുപോകാതവണ്ണം ഗുരുക്കൻമാർ തുണയ്ക്കേണം.
*എങ്കിലിന്നു കഥാശേഷം കേട്ടുകൊൾവിൻ ബുധൻമാരേ!
സങ്കടം തീരുവാനിന്നു സത്ക്കഥാകർണ്ണനം നല്ലൂ
പങ്കജാക്ഷപ്രിയൻമാരാം പാണ്ഡവൻമാരുടെ വാർത്ത
പങ്കഹീനം മനക്കാമ്പിൽ പ്രീതിമൂലം സദാനന്ദം*

---

* 'എങ്കിലിന്നു കഥാശേഷം....പ്രീതിമൂലം സദാനന്ദം*'—എന്നിങ്ങനെ കഥാവസ്തുനിർദ്ദേശാത്മകമായ കാവ്യമുഖത്തെക്കുറിക്കുന്ന ഈ നാലു വരികൾ നിലവിലുള്ള മുദ്രിതസമാഹാരങ്ങളിൽ സ്ഥാനംതെറ്റി ഇതേ കഥയുടെ രണ്ടാം കളത്തിൽ ചേർത്തിരിക്കുകയാണ്. നാളായണീചരിതത്തിൽ കഥ പറഞ്ഞു നിർത്തിയിടത്തുനിന്നു കഥ തുടരുകയാണിവിടെ. അഞ്ചിന്ദ്രൻമാർ ഭൂമിയിൽ പാണ്ഡവൻമാരായും നാളായണി, പാഞ്ചാലിയായും ജനിക്കുന്നതിനു കാരണമായ കഥയാണിതിലെ മുഖ്യപ്രതിപാദ്യമെന്നതിനാൽ പഞ്ചേന്ദ്രോപാഖ്യാനമെന്നു കഥയ്ക്കു പേരുകൊടുത്തു. പാഞ്ചാലീപരിണയമാണ് രണ്ടാംകളത്തിലെ പ്രതിപാദ്യം.

താപസപ്രവരൻ കൊടുത്തൊരു ശാപവാക്കുകൾ കേട്ടുടൻ
താപസങ്കടഖിന്നയാകിയ താപസപ്രിയവല്ലഭാ!
താപശാന്തി വരുത്തി നല്ല വരം ലഭിപ്പതിനാദരാൽ
പാർവതീപതിയെക്കുറിച്ചു തപസ്സുചെയ്തുതുടങ്ങിനാൾ
ധ്യാനവും ജപതർപ്പണങ്ങളുമർച്ചനം ചില ഹോമവും
ഗാനവും ചില നൃത്തവും പല കീർത്തനസ്തുതിഘോഷവും
സ്നാനമൻപൊടു മൂന്നു സന്ധ്യകൾതോറുമെത്രയുമാസ്ഥയാ
പാനഭോജനവും വെടിഞ്ഞു മനസ്സുറപ്പു വരുത്തിനാൾ;
ഭക്തിഭാവമുറച്ചു മന്ത്രജപം തുടങ്ങി മനോഹരി
ശക്തിപൂജ വിധിച്ചവണ്ണമിരുന്നുകൊണ്ടു തുടങ്ങിനാൾ
ശക്തിവല്ലഭനായ ശങ്കരനാശു തുഷ്ടി വരുത്തുവാൻ
ശക്തിപൂജയൊഴിഞ്ഞു മറ്റൊരു സേവയില്ലറികേവരും;
ചെമ്പരത്തി ചുവന്ന താമര ചെത്തിയെന്നിവ പുഷ്പവും
സംഭരിച്ചു വരുത്തി മദ്യവുമാസ്ഥയാ മധുമാംസവും
'ഉമ്പരിൽ പരനാകുമെന്നുടെ തമ്പുരാൻ പുരനാശനൻ
അമ്പിളിക്കല ചൂടുമീശ്വരനിമ്പമൻപൊടു നല്കുവോൻ'
ഇത്ഥമുള്ളിലുറച്ചു താപസി താപ സംഗതിനീങ്ങുവാൻ
അർദ്ധചന്ദ്രകലാകലാപനുമദ്രിരാജകുമാരിയും
ശക്തിപൂജ പരിഗ്രഹിച്ചരുളേണമെന്നു മനസ്സിനും
ശക്തിയുള്ളൊരു ഭക്തിവന്നിതു സക്തിയുക്തിവിമുക്തിയും
''പരമശിവ ശിവശങ്കരാ! പരിചൊടഖില ശിവങ്കരാ!
സങ്കടം സംഘടിക്കായ്വാൻ നിൻകടാക്ഷങ്ങളാവശ്യം
ഉരഗമണിഗണകുണ്ഡലാ! ചരണനതസുരമണ്ഡലാ!
കുണ്ഡലീമണ്ഡലീഭൂഷാ! ഖണ്ഡിതാഖണ്ഡലാടോപാ
ത്രിപുരദനുസുതഘാതകാ! സപദി പരിഹൃതപാതകാ!
കാതരാമാതുരാമെന്നെ ജാതു ഹേ പാതു ഹേ ശംഭോ!
സകലകലനവിചക്ഷണാ! വികടവിഷമയഭക്ഷണാ!
തൽക്ഷണം രക്ഷണംചെയ്വാനിക്ഷണം ദീക്ഷണംചെയ്തേൻ;''
ഇപ്രകാരം ഭഗവാനെ സ്തുതിച്ചു വന്ദനംചെയ്തു
സുപ്രകാരം തപംചെയ്താളിന്ദ്രസേനാ ചിരകാലം
സുപ്രസാദം കലർന്നാശു ഭഗവാൻ പാർവതീകാന്തൻ
തൽപ്രദേശത്തു വന്നങ്ങു സുപ്രകാശിച്ചരുൾചെയ്തു:
''അന്തമെന്യേ പ്രസാദിച്ചേനിന്ദ്രസേനേ! നിനക്കിപ്പോൾ
എന്തുവേണ്ടൂ വരമെന്നു പറഞ്ഞാലും മടിക്കാതെ
അന്തരമില്ലപേക്ഷിച്ചാലാകവേ ഞാൻ തരുന്നുണ്ട്
അന്തരംഗം പ്രസാദിച്ചാലന്തരായം നമുക്കില്ല.''
അന്തകാരിഭഗവാന്റെ അരുളപ്പാടതു കേട്ടു

ബന്ധുരാംഗി വഴിപോലെ വണങ്ങിച്ചൊല്ലിനാളപ്പോൾ:
''ചിന്തയിലുള്ള മോഹം ഞാനുണർത്തിക്കാം ജഗന്നാഥാ!
നിന്തിരുപ്പാദമല്ലാതെ മറ്റെനിക്കു ഗതിയില്ലാ;
വല്ലഭൻ വല്ലഭൻ വേണം വല്ലഭൻ വല്ലഭൻ വേണം
വല്ലഭൻവേണ''മെന്നിത്ഥം ചൊല്ലിനാൾ വല്ലഭത്തോടേ,
പഞ്ചബാണാരിയുമപ്പോൾ പുഞ്ചിരിപൂണ്ടരുൾചെയ്തു:
''അഞ്ചു ഭർത്താക്കളുണ്ടാകും ചഞ്ചലാക്ഷീ! നിനക്കിപ്പോൾ
അഞ്ചുപേരും പ്രസിദ്ധന്മാരഞ്ചിതാകാരശീലന്മാർ
പഞ്ചബാണോപമന്മാരാമഞ്ചുഭൂപാലരത്നങ്ങൾ;''
''അഞ്ചു ഭർത്താക്കളുണ്ടാവാൻ വാഞ്ഛയില്ലെൻ ഭഗവാനേ!
വഞ്ചനമായ്‌വരും പോറ്റീ! വരമല്ലിങ്ങനെയായാൽ
നെഞ്ചിലിപ്പോളഭിലാഷം നല്ല ഭർത്താവൊരുത്തൻതാൻ
നിഞ്ചരണം ഭജിപ്പാനും അതുമൂലം മഹാദേവ!
ഒരുത്തിക്കു നാഥനായിട്ടൊരുത്തൻമാത്രമേ നല്ലൂ
പരസ്ത്രീയല്ലടിയനെന്നറിഞ്ഞല്ലോയിരിക്കുന്നു;
മരിച്ചു വല്ലഭൻ പുത്രൻ ജനിച്ചീലെന്നുവന്നാൽ മ–
റ്റൊരുത്തൻ പുത്രനുണ്ടാക്കാൻ മാത്രമാമെന്നതേയുള്ളു;
ഒരുത്തിക്കും വിധിയില്ല നാലുപേരഞ്ചുപേരെത്താൻ–
വരുത്തീടും കുലസ്ത്രീകക്കുലത്തിൽ ഭ്രഷ്ടുവന്നീടും;
അതുകൊണ്ടിന്നടിയനെച്ചതിപ്പാൻതന്നെ നോക്കുന്നു
അതിയായിക്കൃപയുള്ള ഭവാനുമെൻതമ്പുരാനേ!''
അതു കേട്ടു മന്ദഹാസംപൂണ്ടു ദേവനരുൾചെയ്തു:
''മതിമുഖീ! കലഹിച്ചു കഥിക്കൊല്ലാ മഹാഭാഗേ!
നെഞ്ചിലുള്ളാഗ്രഹംകൊണ്ടു വല്ലഭൻ വല്ലഭനെന്നു
അഞ്ചെടുപ്പും പറഞ്ഞു നീ ഇനിയോർത്താൽ ഫലമില്ല;
അഞ്ചു ഭർത്താക്കളുണ്ടാകും നിനക്കെന്നു മുനിതാനും
കിഞ്ചന ക്രോധേന നിന്നോടുരചെയ്തീലയോ ബാലേ!
പാത്രക്കാരരഞ്ചായാൽ കുലസ്ത്രീകൾക്കടുക്കുന്ന
പാതിവ്രത്യമില്ലാതെയാം നിനക്കെന്നു ഭയം വേണ്ടാ
പാതിവ്രത്യഭംഗവും വരികയില്ലെടോ ബാലേ!
ജാതിശ്രേഷ്ഠതയ്ക്കേതും കുറവുമുണ്ടാകയില്ലാ
ആദിസംഗമത്തിങ്കൽ ഐവർക്കും നവോഢയായ്
മോദിപ്പാനവകാശം വരുമെന്റെ വരംകൊണ്ട്
മേദിനീശ വരന്മാരോടൊരുമിച്ചു രമിച്ചുടൻ
വേദാന്തജ്ഞരെപ്പോലെ മോക്ഷവും ലഭിച്ചീടും;
ഒന്നു ചെയ്കവേണം നീ ഇന്നു നൈമിശാരണ്യം–
തന്നിലുണ്ടൊരു യാഗം എന്നു കേട്ടിതു ഞാനും
ഇന്ദ്രനും സുരന്മാരും വന്നീടുമവിടത്തിൽ
എന്നാൽ നീയവിടത്തിൽ ചെന്നാലും വിരവോടേ
മന്ദാകിനിയിൽ ചെന്നുനിന്നുകൊണ്ടതിയായി–

ട്ടിന്ദ്രന്റെ മനക്കാമ്പൊന്നിളക്കി മെല്ലവേയിങ്ങു
കൊണ്ടുപോരിക നിന്നെക്കണ്ടാലിന്ദ്രനു മോഹ—
മുണ്ടാകുമറിക നീ വണ്ടാർപൂങ്കുഴലാളേ!
ചെണ്ടത്തം പിണയ്ക്കുന്ന ചെങ്ങാതിക്കൊരു പന്തി[1]
കണ്ട പെണ്ണിനെയെല്ലാം കാംക്ഷയുണ്ടൊരുപോലെ;''
തണ്ടാർബാണവൈരിതന്നരുളപ്പാടതു കേട്ടു
തണ്ടാരിൽമിഴിയാളും തൊഴുതങ്ങു പുറപ്പെട്ടു
പെട്ടെന്നു നടന്നങ്ങു ഗംഗാതീരവും പുക്കു
മുട്ടോളം ജലംതന്നിലിറങ്ങി നിന്നതുനേരം
മുട്ടാതെ ജലംതന്നിൽ പതിക്കും കണ്ണുനീരെല്ലാം
ചട്ടറ്റ കനകത്താമരപ്പൂവായ് ഭവിക്കുന്നു
ഇന്ദ്രനുമങ്ങതു കണ്ടു വിസ്മയംപൂണ്ടരികത്തു
ചെന്നുനിന്നങ്ങരുൾചെയ്താനിന്ദ്രസേനയോടേവം:
''ആരു നീയെടോ ബാലേ! ചാരുലോചനേ! ചൊൽക
ആരുടെ കുമാരി നീ പേരുമെന്തതും ചൊൽക
വാരിയിൽ വന്നുനിന്നു കരയുന്നതെന്തിനിപ്പോൾ
ആരെക്കാൺമതിനിപ്പോളഭിലാഷം നിനക്കുള്ളിൽ?
നേരു ചൊൽകെടോ നിങ്കൽ പാരമുണ്ടനുരാഗം
വാരണനടയാളേ വരിക വാരിജനേത്രേ!
ഈരേഴുലകിൽ നിന്നെപ്പോലെ സുന്ദരിയാകും
നാരിമാരെ ഞാൻ കണ്ടില്ലെങ്ങുമെൻ മംഗലാംഗീ!
മാരന്റെ ശരമേറ്റു പാരം സങ്കടം ബാലേ!
പാരാതെ പരമാർത്ഥം പറഞ്ഞെന്നെ സുഖിപ്പിക്ക.''
എന്നതുകേട്ടുരചെയ്താളിന്ദ്രസേന കനിവോടേ:
''എന്നുടെ വാർത്തകളെല്ലാമുരചെയ്യാം വഴിപോലെ;
ഭാഗ്യവാനാം ഭവാനാരെന്നരുൾചെയ്യേണമേ മുന്നം
യോഗ്യമോർത്താലതുതന്നെ മുഖ്യമെന്നു വന്നുകൂടും
ആഗ്രഹമെൻ മനക്കാമ്പിൽ ഏറ്റമിപ്പോളുളവായ് നിൻ—
വിഗ്രഹശ്രീവിശേഷത്തെക്കാൺകയാലെന്നറിഞ്ഞാലും;''
ഇന്ദ്രനപ്പോളരുൾചെയ്തു: ''കേട്ടുകൊൾക പരമാർത്ഥം
ഇന്ദ്രനെന്നൊരുവനെ കേട്ടറിയുന്നീലയോ നീ
ഇന്ദ്രനിന്ദ്രനെന്നു ലോകപ്രസിദ്ധൻ ഞാൻ മഹാവീരൻ
ചന്ദ്രബിംബാനനേ! നമ്മെ ഗ്രഹിക്കാതങ്ങാരുമില്ല
ധാത്രിയിൽ ഞാൻ വരുവാനും കാരണമുണ്ടതും ചൊല്ലാം
നേത്രരമ്യാംഗിയാം നിന്നോടെന്തിനു ഞാൻ മറയ്ക്കുന്നു;
മിത്രപുത്രൻ ധർമ്മരാജൻ സത്രമൊന്നു സമാരംഭി—
ച്ചെത്രനാളുണ്ടവൻ ദീക്ഷിച്ചത്രതന്നെ വസിക്കുന്നു
ധാത്രിവാസീജനങ്ങൾക്കു മരണവും നാസ്തിയായി

---

1. ഒരു പന്തികണ്ട പെണ്ണിനെ = ഒരു പ്രാവശ്യംകണ്ട പെണ്ണിനെ

പാർത്തുകണ്ടാലെത്ര കഷ്ടം! കാലനേതും കൂട്ടമില്ലാ;
സത്രശാലയ്ക്കകംപുക്കു യാഗവുംചെയ്തിരിക്കുന്നു
പത്തുനൂറായിരം വർഷമിപ്രകാരം ധർമ്മരാജൻ;
വൃദ്ധൻമാരൊരുകൂട്ടം നിറഞ്ഞു ഭൂതലംതന്നിൽ
ചത്തുകൊൾവതിനേതും കഴിവില്ലാ കാലനില്ലാ
മുത്തച്ഛൻ മുതുക്കന്റെ മുത്തച്ഛനിരിക്കുന്നു
മുത്തച്ഛനവനുള്ള മുത്തച്ഛൻ മരിച്ചീലാ
അഞ്ഞൂറു വയസ്സുള്ളോരപ്പൂപ്പൻമാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നു അപ്പൂപ്പൻ അവർക്കുണ്ട്
കഞ്ഞിക്കു വകയില്ല വീടുകളിലൊരേടത്തും
കുഞ്ഞുങ്ങൾക്കെട്ടുപത്തു പറ അരികൊണ്ടു പോരാ
പത്തുനൂറു പറ വെച്ചാൽ മുതുക്കൻമാർക്കതുകൊണ്ട—
ങ്ങത്രമാത്രം രണ്ടു വററു വിളമ്പുമ്പോളെത്തുമെല്ലാം
പത്തുകോടിജനമുണ്ടു പല്ലുപോയിട്ടൊരു വീട്ടിൽ
കുത്തിവെച്ച പാവപോലെ തിങ്ങിവിങ്ങിക്കിടക്കുന്നു
കണ്ണിലെപ്പോളകൾകൂടി നരച്ചുള്ള നരൻമാർക്ക—
ങ്ങെണ്ണമില്ലീവണ്ണമുള്ള പെണ്ണുങ്ങൾക്കുമില്ലയെണ്ണം;
കണ്ണു കാണാത്തവർ പിന്നെ കാതു കേളാത്തവർ പിന്നെ
കിണ്ണനേക്കാൾ മിനുപ്പുള്ള കഷണ്ടിക്കാരേറെയുണ്ട്
അസ്ഥിയല്ലാതൊരു വസ്തു ശരീരത്തിലവർക്കില്ല
ദുഃസ്ഥിതിക്കും കുറവില്ല ദുർന്നിലയ്ക്കും കുറവില്ല
പത്തുനാൾ ഭക്ഷിയാഞ്ഞാലും ചത്തുപോമെന്നതുമില്ല
പത്തനങ്ങൾക്കിടംപോരാഞ്ഞെത്ര ദുഃഖം മനുഷ്യർക്ക്;
ഉന്നതത്തിൽ കിടക്കുന്നോരുരുണ്ടു പാറമേൽ വീഴും
ഭിന്നമാകുമതുനേരം മസ്തകം ഹസ്തവും കാലും
ഒന്നുരണ്ടല്ലൊരുലക്ഷം മുതുക്കൻമാർ പതിക്കുന്നു
ഒന്നുകൊണ്ടും പ്രാണനാശം വരുന്നീലിന്നൊരുത്തർക്കും
ഉള്ളതിൽ സങ്കടമോർത്താൽ നാടുവാഴിപ്രഭുക്കൾക്കു
കള്ളനെക്കൊല്ലുവാൻ മേലാ വെട്ടിയാൽ ചാകയില്ലേതും
ഉള്ള വസ്തുക്കളെപ്പേരും കട്ടുതിൻമാനൊരുകൂട്ടം
തള്ളലോടേ നടക്കുന്നു തെല്ലു പേടിയവർക്കില്ല
രാജധാനിക്കകം പുക്കു രാജഭണ്ഡാരവും കട്ടു
വ്യാജമെന്യേ പകൽകൂടെ തസ്കരൻമാർ നടക്കുന്നു
രാജശിക്ഷ കുറഞ്ഞപ്പോൾ അമ്പലത്തിൽ പൂജ മുട്ടി
പൂജകൊണ്ടു പുറംമാറിത്തിരിച്ചുയെമ്പിറാൻമാരും
മന്ത്രികൾക്കു തമ്പുരാനെപ്പേടിയില്ല തൃണത്തോളം
മന്ത്രികളെ പ്രജകൾക്കും ശങ്കയില്ല മനക്കാമ്പിൽ
അന്തമില്ലാ ദുരാചാരം മുഴുത്തു ഭൂമിയിലെല്ലാം

അന്തകൻെറ യാഗമിപ്പോളനർത്ഥത്തിനൊക്കെമൂലം
അന്തണർക്കു യാഗമില്ലാ കർമ്മമില്ലാ ധർമ്മമില്ലാ
ശാന്തിചെയ്‌വാൻ ക്ഷേത്രമില്ലാ ശാന്തരായിട്ടാരുമില്ലാ
എന്തു പിന്നെ നിനയ്ക്കുന്നാ ഹുംകൃതിക്കാർക്കൊത്തവണ്ണം
ജന്തുധർമ്മത്തിനും പിന്നെ വേസ്ഥയില്ലെന്നായിവന്നു;
ഉത്തമസ്ത്രീകടെ പാതിവ്രത്യമെല്ലാമസ്തമിച്ചു
ഒത്തവണ്ണം പുരുഷൻമാർ സഞ്ചരിപ്പാനൊരുമ്പെട്ടു
ചത്തുപോമെന്നൊരു ഭീതി ദുർജ്ജനങ്ങൾക്കില്ലയെന്നാ—
ലിത്തരം കാട്ടുവാനാരും മടിക്കില്ലെന്നറിഞ്ഞാലും
ഉടുപ്പാനും കുടിപ്പാനും കൊടുക്കുന്ന പുരുഷൻമാ—
രടുക്കാൻ സമ്മതിക്കാതായ് ചമഞ്ഞു വേശ്യമാരിപ്പോൾ
കൊടുക്കുന്ന പുരുഷൻമാരടുക്കുമ്പോൾ മിടുക്കൻമാർ
കൊടുക്കും താഡനം പാരം കടുക്കുന്നു ദുരാചാരം
കലികാലത്തിലെക്കാളും കഷ്ടകാലമായിവന്നു
ഉലകിൽ കാലനില്ലാഞ്ഞു വലഞ്ഞു സർവജന്തുക്കൾ;
കുലദോഷം വരുത്തുന്നോർ കൊലചെയ്താൽ മരിക്കാഞ്ഞാൽ
കുലഹാനി വരുമെന്നു കലനംചെയ്ക നീ ബാലേ!
പെററു പെററു വളരുന്ന ജീവജന്തുക്കൾക്കു പാർത്താൽ
അററമില്ലാ പാരിടത്തിലൊരുദിക്കുമൊഴിവില്ല
മററു മാംസം ഭുജിക്കുന്ന ജനങ്ങൾക്കുമിതുകാലം
കൊററുപോലും നാസ്തിയായി മരിപ്പാനുമെളുതല്ല
മെച്ചമോടേ പുലി പന്നി സിംഹവും തങ്ങളിൽത്തന്നെ
പച്ചമാംസം കടിച്ചാശു ഭുജിക്കുന്നു സർവകാലം
കൊച്ചു മത്സ്യങ്ങളെപ്പാടേ വിഴുങ്ങും ഘോരമത്സ്യങ്ങൾ
സ്വച്ഛമായ് മററൊരു ദ്വാരത്തൂടെ പോരുമവയെല്ലാം
ദുഷ്ടജന്തുക്കളെക്കൊണ്ടു നിറഞ്ഞു ഭൂതലമെല്ലാം
അഷ്ടിമാത്രംപോലുമാരും കൊടുപ്പാനില്ലെന്നുവന്നു
പട്ടിണിക്കു വഴിവീണു വഴിപോക്കർക്കെത്ര കഷ്ടം!
പട്ടണത്തിലെങ്ങുമിപ്പോൾ പണവും കാശുമില്ലാതായ്
ഊട്ടുതെണ്ടിനടന്നഷ്ടികഴിക്കും ബ്രാഹ്മണർക്കിപ്പോൾ
ഊട്ടിലെങ്ങും ചോറു കിട്ടാ പുരുഷാരത്തിൻെറമൂലം
ആട്ടമാടി നടക്കുന്നോരാട്ടമെല്ലാമുപേക്ഷിച്ചു
കൂട്ടമൊക്കെപ്പിരിഞ്ഞോരോ കോട്ടിലയ്യമിരക്കുന്നു
പാട്ടുകാർക്കു വിശന്നിട്ടു സ്വരവും ബർഭരമായി
നാട്ടിലെങ്ങുമൊരുകാശും ലഭിപ്പാനും വകയില്ലാ
പാട്ടു കേട്ടാലാർക്കു സൗഖ്യം പട്ടിണിയായ് കിടക്കുമ്പോൾ
ഊട്ടുകേട്ടാൽ തലപൊക്കുമതു കേൾപ്പാനെങ്ങുമില്ലാ;
ചേട്ടനെന്നും തമ്പിയെന്നും തങ്ങളിലുള്ളനുരാഗം

ചേട്ടകൾക്കു നാസ്‌തിയായി കൂട്ടമേറിച്ചമകയാൽ
ചേട്ടനെന്നാലൊന്നുരണ്ടല്ലൻപതും നൂറുമഞ്ഞൂറും
കൂട്ടമായിപ്പുലകൊൾവാനെന്തുബന്‌ധം ചാക്കുമില്ല;
നാടുവാഴിക്കങ്കമില്ലാ കപ്പമില്ലാ ചുങ്കമില്ലാ
കാടുവാഴിക്കിപ്പോൾ നല്ല വല്ലതും തിന്നു പാർത്തീടാം.
മോടികൂട്ടി നടക്കുന്ന പുരുഷൻമാർ നാസ്‌തിയായി
തേടിവെച്ച പണം വിററുതിന്നശേഷം വകയായി
കാരിയക്കാരനായ്‌പണ്ടു കോലകത്തു മാളികമേൽ
നാരിയെക്കൊണ്ടുപോയ്‌ വച്ചു സുഖിച്ചു വാണവനിപ്പോൾ
ആരിയച്ചെട്ടിയെച്ചെന്നു കാൽപിടിച്ചു കിടക്കുന്നു
കാരിയം രണ്ടു പറെറങ്ങാൻ കിടച്ചെങ്കിലതുതന്നെ
പാരിലുള്ള വർത്തമാനം കഷ്‌ടമെന്നേ പറയാവൂ
നീരസങ്ങൾ വിസ്‌തരിച്ചിട്ടെന്തുകാര്യം നമുക്കിപ്പോൾ
കവടിക്കാരനായുള്ള ഗണിതക്കാരനുമിപ്പോൾ
കപടങ്ങൾ പറഞ്ഞൊന്നും ഫലിപ്പിപ്പാൻ വകയില്ല
ഗണിതഗ്രന്‌ഥവും കെട്ടിത്തലയ്‌ക്കുംവച്ചൊരുദിക്കിൽ
കണിശൻമാർ വിശന്നങ്ങു ശയിക്കുന്നു പലർകൂടി
ഗുണദോഷം വിചാരിച്ചു പറഞ്ഞാലെങ്കിലുംനാലു–
പണം കിട്ടാൻ തടവില്ല പണ്ടതിപ്പോളൂർദ്‌ധ്വമായി
ഗുണമെന്തു ദോഷമെന്തു മരണമില്ലൊരുനാളും
ഗണിതംകൊണ്ടൊരുവസ്‌തു ഗ്രഹിപ്പാനില്ലെന്നു വന്നു
ചികിത്‌സിപ്പാനെങ്ങുമാർക്കും രോഗമില്ലാ ശരീരത്തി–
ന്നാകുമെല്ലാം; അന്തകന്റെ സചിവൻമാരവർ പിന്നെ
യാഗമങ്ങു ശ്രമിക്കുന്നു നടപ്പാൻ കല്‌പനയില്ല;
യോഗഗ്രന്‌ഥവും നല്ലോരഷ്‌ടാംഗഹൃദയവും
ആകക്കൂടവേയങ്ങു കെട്ടിവച്ചു വൈദ്യരെല്ലാം
രോഗംകൊണ്ടുഴലുന്ന ജനത്തിന്റെ ഗൃഹത്തിൽച്ചെ–
ന്നാകണ്‌ഠം ഭുജിപ്പാനും കൊതിക്കേണ്ട വൈദ്യരാരും
അസനവില്വാദി ഭൃംഗാമലകാദിയെണ്ണ കാച്ചി
വ്യസനംചെയ്‌തൊരുകാശും കൈക്കലൊക്കാനിനിക്കൂടാ
രസികൻമാരെന്ന ഭാവം നടിച്ചു സഞ്ചിയുമായി–
ട്ടസുരൻമാരെന്നപോലെ രോഗിവീട്ടിൽ ചെന്നുകൂടി
ഗുളികയും കഷായവും കൊടുത്തു ചാകടുക്കുമ്പോൾ
കളവു വല്ലതും ചൊല്ലിത്തിരിക്കും വൈദ്യനിക്കാലം–
തരംകെട്ടു തനിക്കു ഭക്‌ഷണത്തിന്നു വകയില്ലാ–
ഞ്ഞിരന്നുണ്ടു നടക്കുന്നു വിരുന്നുണ്ണാനെങ്ങുമില്ലാ;
'ഘനചന്‌ദനശുണ്‌ഠ്യംബു പർപ്പടോശീരസാധിതം'
മനസ്‌സിലുണ്ടിവയെല്ലാം പ്രയോഗിപ്പാനെങ്ങുമില്ലാ
യമനും വൈദ്യനുംതമ്മിൽ പ്രാണവിശ്വാസമെന്നാലും

യമനെക്കൂടാതെ കൊൽവാൻ വൈദ്യനേതുമെളുതല്ലാ*
അനർത്ഥം മന്ത്രവാദിക്കും കനക്കെസംഭവിക്കുന്നു
സമർത്ഥനെങ്ങുമേ ചെന്നാലൊരർത്ഥം കിട്ടുകയില്ലാ
യക്ഷിപീഡാ കുക്ഷിപീഡാ ദേവതാപീഡയും ബ്രഹ്മ-
രക്ഷദ്രോഹവുമില്ല കാലനില്ലാതുള്ളനാട്ടിൽ
സാക്ഷിയായിട്ടിവർക്കെല്ലാമീശ്വരനന്തകനല്ലോ
ദീക്ഷിതനായതുനേരമിവയെല്ലാമടങ്ങിപ്പോയ്;
മനിഷ്യം തുള്ളുവാനുള്ള മനുഷ്യർക്കുമിതുകാലം
മനസ്സുമുട്ടതിയായിട്ടകപ്പെട്ടു വിശപ്പൊട്ടും
സഹിക്കാത്ത വെളിച്ചപ്പാടൊളിച്ചപ്പാ! ശയിക്കുന്നു
വഹിയാ വാളെടുപ്പാനും തുള്ളലേതും ഫലിക്കാതായ്
തിടുക്കങ്ങളിവ ചൊന്നാലൊടുക്കമില്ലെടോ ബാലേ!
കിടക്കുന്നു പലകൂട്ടം പറവാനിന്നിയും മേലിൽ
മുടക്കങ്ങൾ പലതുണ്ടു നമുക്കു യാഗമില്ലാഞ്ഞി–
ട്ടൊടുക്കം ഞാൻ പുറപ്പെട്ടു പദ്മജന്മാവിനെക്കാൺമാൻ
അവസ്ഥകളറിയിച്ചിട്ടവന്റെ കല്പനപോല
അവിടത്തിലന്തകനെക്കാൺമതിന്നാശു ഞാൻ വന്നു
അന്തകന്റെ ശാസനത്താലനർത്ഥം നീങ്ങുവാനുള്ള
ബന്ധമിപ്പോളുളവാക്കി മനുഷ്യ[1]ത്തേ യാത്രയാക്കി
നമ്മുടെ നാട്ടിനു പോവാൻ പുറപ്പെട്ടോരുനേരത്തു
പെൺമണിമാലികേ! നിന്നെ കാൺമതിന്നിങ്ങനേ ബന്ധം;
ചൊല്ലെടോ നിന്നുടെ പേരും നില്ലെടോ! നമ്മുടെ മുമ്പിൽ
ഇല്ലെടോ ധൈര്യവും കള്ളമല്ലെടോ! കൗതുകം പാരം
പല്ലവത്തെക്കാൾ മൃദുത്വമുള്ള നിൻമെയ് അണച്ചൊന്നു
മെല്ലവേ പുല്കുവാൻ മോഹം പാരമെൻ നാരിമാർമൗലേ!
കുറഞ്ഞൊന്നിങ്ങു പോന്നാലും പറയാമൊക്കവേ ഞാനും
കുറഞ്ഞൊന്നങ്ങിനിക്കുള്ളിൽ നിറഞ്ഞു കൗതുകമേവം;''
പറഞ്ഞു കൺമുനത്തെല്കൊണ്ടെറിഞ്ഞു കാംക്ഷിതമേതും
മറിഞ്ഞുപോകാതവണ്ണം അറിഞ്ഞു ഭാവവും മെല്ലെ
പുറംമാറിപ്പുറംമാറിത്തിരിച്ചാളിന്ദ്രസേനതാൻ
''പറഞ്ഞാലും പറഞ്ഞാലു''മെന്നു ചൊല്ലി സഹസ്രാക്ഷൻ
''പറഞ്ഞീടാം പറഞ്ഞീടാം'' എന്നു നാളായണിതാനും
പറഞ്ഞുകൊണ്ടണ്ടർകോനെച്ചെണ്ടകൊട്ടിപ്പതിനായി
കുറഞ്ഞൊന്നല്ലെട്ടുപത്തു കാതമങ്ങു കൊണ്ടുപോയാൾ
അറിഞ്ഞീലത്തൊഴിലൊന്നും കാമിയാം ദേവരാജാവും.
അതുപൊഴുതു പുനരചലതനയയുമഖിലപതി
പുരവൈരിയും

---

* 'യമനെക്കൂടാതെ കൊൽവാൻ വൈദ്യനേകനെളുതല്ല'—പാഠാന്തരം.

[1] മനുഷ്യം=രാജകിങ്കരൻ. (അനർത്ഥം നീക്കാനുള്ള അന്തകശാസനത്തെ നടപ്പാക്കാനുള്ള കിങ്കരനെ യാത്രയാക്കിയെന്നു സാരം.)

അതുലസുഖമൊടു തുഹിനഗിരിയുടെ നികടസീമനി
മേവിനാർ
അതിനു സുന്ദരപുരുഷവേഷമുടൻ വഹിച്ചു മഹേശ്വരൻ
അതിനുചിതമൊരു വേശ്യകാമിനിയായ്ചമഞ്ഞിതുഗൗരിയും
പകിടയും പടവുംവരുത്തി നിരത്തിവെച്ചു കളിക്കയും
പകിടിവാക്കു പറഞ്ഞുകൊണ്ടു രസിക്കയും പ്രഹസിക്കയും
പാക്കു വെററില പോട്ടുകൊണ്ടു പദങ്ങൾ പാടി രസിക്കയും*
തൂക്കുപുകയില തിന്നു മേനി വിയർത്തു വിശറിയെടുക്കയും
രണ്ടു കാതു നിറച്ചു നല്ല കടുക്കനും മണിമാലയും
രണ്ടു കൈകൾ നിറച്ചു നൻമണി കങ്കണം വലയങ്ങളും
നല്ല മുണ്ടു വിളുമ്പുകെട്ടിയെടുത്തുടുത്തരഞാണവും
നല്ല മോടി വരുത്തി വാണിതു മുല്ലബാണവിനാശനൻ
കാതില വിരൽമോതിരം മണിതാലിമാല പതക്കവും
ജാതി കേതകി മുല്ലമാലയുമിത്തരങ്ങളണിഞ്ഞുടൻ
ചൂതു പൊരുതുതുടങ്ങിനാളഥ ശൈലരാജകുമാരിയും
ചൂതസായകവൈരിയും പുനരതിനുതന്നെ തുടങ്ങിനാൻ.
''പന്തിരണ്ടു കളിച്ചു നിന്നുടെ ചൂതു വെട്ടുവനിന്നു ഞാൻ
ഹന്ത തൊപ്പി നിനക്കു കിട്ടുമതിന്നു സംശയമില്ലഹോ''
''എട്ടെറിഞ്ഞുടനിന്നു പെട്ടയെടുപ്പ്''നെന്നു പറഞ്ഞവൾ
എട്ടുതന്നെയെറിഞ്ഞു പെട്ടയെടുപ്പതിന്നു തുടങ്ങിനാൾ
മട്ടലർകണവൈരിയൊന്നു കയർത്തപോലരുളീടിനാൻ;
''ഒട്ടുമെന്നൊടു കൂടുകില്ലതടുക്കെറിഞ്ഞു തുടങ്ങിയാൽ
എടുത്തു നീയുരുട്ടേണം മടുത്തൂകും മൊഴിയാളെ
അടുക്കുകൊണ്ടു കാട്ടുന്ന മിടുക്കേതും തരമല്ലാ;''
''ഒടുക്കം തോല്പതിന്നായങ്ങടുക്കുമ്പോൾ ഭവാൻ മണ്ടും
ഒടുക്കമിങ്ങനെയേററം ശഠത്വ''മെന്നുമ ചൊന്നാൾ.
ഏവമോരോ രസത്തോടേ ദേവനും ദേവിയും കൂടി
സാവധാനം ചൂതുകൊണ്ടു വിനോദിച്ചു രസിക്കുമ്പോൾ
ദേവരാജൻ സമീപത്തു ചെന്നു നോക്കിക്കണ്ടനേരം
ഭാവമൊന്നു പകർന്നേററം കയർത്തുകൊണ്ടുരചെയ്താൻ!
''ആരെടാ നമ്മുടെ മുമ്പിൽ ഞെളിഞ്ഞുംകൊണ്ടിരിക്കുന്നു?
ചാരുശൃംഗാരിയായ് തൻെറ കളത്രത്തെ ഫലിപ്പിപ്പാൻ
ദൂരെമാറിക്കൊണ്ടീലാകിൽ കൊണ്ടുപോം താഡനം മൂഢാ!
പാരമേറും മദം പച്ചക്കാമദേവനെന്നു ഭാവം
എന്നുടെ ആഗമം കണ്ടാലെഴുനേല്ക്കാതിരിക്കുന്ന
നിന്നുടെ ദുർമ്മദമിന്നു ശമിപ്പിപ്പൻ വഴിപോലെ
നന്നെടാ! നിൻെറ ധിക്കാരം നാടുവാഴിക്കുമേറാത്ത
ദുർന്നിലക്കാരനാം നിൻെറ കുലനാശം വരുമിപ്പോൾ

---

* 'പാക്കു വെററില പോട്ടുകൊണ്ടു പദങ്ങൾ പാടി വസിക്കയും'—പാഠാന്തരം.

ഏഴുരണ്ടു ഭുവനങ്ങൾക്കീശനാമെന്നെ നീ കണ്ടി–
ട്ടെഴുന്നേൽക്കാത്തതു നിന്റെ സാഹസമെന്നറിഞ്ഞാലും
പാഴിലോരോ മനോരാജ്യം തുടങ്ങാതങ്ങടങ്ങിക്കോ
ഭോഷനെന്നുപേർവിളിപ്പിക്കാതെ പൊയ്ക്കൊൾക നീ മൂഢാ!
കോഴിക്കും ചിറകുണ്ടു ഗരുഡനും ചിറകുണ്ടു
ഘോഷിച്ചു പറക്കാനായ്ക്കോഴിക്കും കൊതിയുണ്ട്
ആഴിക്കും മീതിലങ്ങു പറക്കും പന്നഗവൈരി
കോഴിക്കങ്ങൊരു ദണ്ഡു പറക്കാനെത്രയും ദണ്ഡം
എന്നോടു സമം നില്പാനിന്നു നീ തുടങ്ങേണ്ട
എന്നല്ല പരിഹാസത്തിന്നു നീ തുടങ്ങുന്നു
നന്നായി പ്രഹരംകൊണ്ടുടലെല്ലാം മുടങ്ങുമ്പോ*–
ളന്നേരം നിരൂപിച്ചാൽ ഫലമില്ലെന്നറിഞ്ഞാലും!
തന്നത്താനറിയാത്ത മഹാപാപിക്കുഴിയൻ നീ
എന്നെക്കാൾ വലുതെന്നു നടിക്കുമ്പോളടിക്കേണം
ഉന്നതപ്രദേശത്തു കേറിയങ്ങു വസിക്കുന്ന
നിന്നെക്കൊണ്ടിന്നു ഞാനും കളിയഞ്ചും കളിപ്പിപ്പൻ
ജംഭനേയും കൊലചെയ്തു വൃത്രനേയും കൊലചെയ്തു
വൻപനാം പാകനെപ്പാകംവരുത്തി നിഗ്രഹിച്ചോരു
ഉമ്പർകോൻ ഞാൻ വരുന്നേരം സംഭ്രമിക്കാതിരിക്കുന്ന
ഡംഭനാം പൂരുഷാ! നിന്റെ ഡംഭുപാരം കടുക്കുന്നു
ശംഭുദേവൻപോലുമെന്നെബഹുമാനിച്ചിരിക്കുന്നു
ശംഭളിക്കു മകനായ നിനക്കുണ്ടോ പരമാർത്ഥം?
കുംഭിരാജൻ ഞാനിതെന്നു കുഴിയാനയ്ക്കുള്ള ഭാവം
കുംഭിരാജൻ വരുന്നേരം കുണ്ഠമാമെന്നറിഞ്ഞാലും
നല്ലവട്ടം കൂട്ടിനിന്റെ വല്ലഭയും നീയുമിപ്പോൾ
കല്ലുപോലെയുറപ്പോടേ കല്ലുകേറിയിരിക്കുന്നു
തെല്ലില്ലാ ബഹുമാനം വല്ലതും വന്നതു വന്നു
തല്ലുകൊള്ളുന്നനേരം നിൻ പല്ലു മുപ്പത്തിരണ്ടും പോം
ഇക്കണക്കു ധിക്കരിക്കും മർക്കടാ! നോക്കെടാ! നിന്നെ
പൊക്കണം കെട്ടിക്കു[1] മിന്നിശ്ശക്രനെന്നു ധരിക്ക നീ
പൊക്കമുള്ളദിക്കിൽനിന്നും പോക്കുവാൻ ഞാൻ വരുമിപ്പോൾ
ഇക്കണക്കു ചെയ്തീലെന്നാലിട്ടതല്ല പേരെനിക്കു
ഇത്രനാളുമൊരേടത്തു തോറ്റുമാറീട്ടറിവില്ലാ
വൃത്രവൈരിക്കതുമാത്രം സഹിപ്പാനിന്നെളുതല്ല
എത്രകൂട്ടം ശത്രുവന്നു നേർത്തു നമ്മോടു യുദ്ധമായ്
അത്രപോയീലിന്നു നിന്നോടേറ്റു തോറ്റാൽ ചിത്രംതന്നെ!

* 'നന്നായിട്ടടികൊണ്ടങ്ങുടലെല്ലാം പൊടിയുമ്പോൾ'—പാഠാന്തരം.

[1] പൊക്കണം കെട്ടിക്കുക (ശൈലി) = തെണ്ടിക്കുക. പൊക്കണം = സഞ്ചി, ഭാണ്ഡം.

അത്രമാത്രം വെട്ടമുള്ളയഷ്ടി മിന്നാമിനുങ്ങിപ്പോൾ
മിത്രനേക്കാൾ വലുതെന്നു നടിച്ചാൽ കൂടുമോ മൂഢാ?
പെണ്ണിനെത്താൻ ഭ്രമിപ്പിപ്പാൻ പൊണ്ണനെത്ര പണിചെയ്തു
കണ്ണെഴുത്തും കുറികളും കുണ്ഡലം തോൾവളകളും
വിണ്ണവർനാട്ടിലെ നാഥൻ ഞാൻ വരുമ്പോളെഴുന്നേററാൽ
പെണ്ണിനുള്ളിൽ നിന്ദയുണ്ടാമെന്നു നിന്നുള്ളിലുണ്ടിപ്പോൾ
ഇത്ഥമോരോ ദുഷിവാക്കു കേട്ടു ദേവൻ കാലകാലൻ
ബദ്ധഹാസം മറിഞ്ഞൊന്നു കടാക്ഷിച്ചു ലീലയോടേ:
ജംഭവൈരിയതുനേരം ഹന്ത നിർജ്ജീവനായ് നിന്നു
സ്തംഭദണ്ഡമതുപോലെ വജ്രവും ഭൂതലേ വീണു
അക്ഷലീലാവിധം നിർത്തി ദക്ഷവൈരി ഭഗവാനും
തൽക്ഷണം തന്നുടെ രൂപം പ്രകാശിപ്പിച്ചരുൾ ചെയ്തു:
''എങ്ങു പോയി നന്ദികേശൻ എങ്ങു പോയ് കുംഭോദരനും
എങ്ങുപോയി ഭൃംഗിരടി! ഭൃംഗിയുമെങ്ങെടോ നിങ്ങൾ?
ഇങ്ങനെ വാസവൻ നമ്മെ ദുഷിവാക്കു പറയുമ്പോൾ
എങ്ങുമാരും ഗ്രഹിക്കായ്‌വാനെന്തു ബന്ധം ജളൻമാരെ!
പിടിച്ചുകെട്ടുവിൻ നിങ്ങളടിച്ചു പൽ പൊടിപ്പിൻ വ-
ന്നടുപ്പിൻ വാളെടുപ്പിൻ കിം മടിക്കുന്നു? പിടിച്ചങ്ങു
പൊടുക്കെന്നു ഗുഹയിലിട്ടടപ്പിനിക്കുടിലന്റെ
മിടുക്കും മാനവുമെല്ലാമൊടുക്കേണം തടുക്കേണം
അടക്കമില്ലായ്കകൊണ്ടു പണ്ടുപണ്ടേ ഗുഹതന്നിൽ
കിടക്കുന്നുണ്ടിവനേപ്പോൽ നാലു ദേവാധിരാജൻമാർ*
നടക്കാമഗ്ഗുഹതന്നിൽ കടക്കാം വാസവാ! നിന്റെ
കിടക്കാരോടുമൊന്നിച്ചു കിടക്കാമായിരം വർഷം;''
അരുളപ്പാടതു കേട്ടു സമർത്ഥൻമാരൊരുകൂട്ടം
വിരവോടു തത്ര വന്നു നിറഞ്ഞു ഭൂതവൃന്ദങ്ങൾ;
കറുത്തിട്ടങ്ങൊരു കൂട്ടം, വെളുത്തിട്ടങ്ങൊരു കൂട്ടം
കടുത്തിട്ടങ്ങൊരുകൂട്ടം, നെടുത്തിട്ടങ്ങൊരുകൂട്ടം
തടിച്ചിട്ടങ്ങൊരുകൂട്ടം, മെലിഞ്ഞിട്ടങ്ങൊരുകൂട്ടം
ജടിച്ചിട്ടങ്ങൊരുകൂട്ടം, ജരച്ചിട്ടങ്ങൊരുകൂട്ടം
നരച്ചിട്ടങ്ങൊരുകൂട്ടം, കുരച്ചിട്ടങ്ങൊരുകൂട്ടം
മുരച്ചിട്ടങ്ങൊരുകൂട്ടം, വരച്ചിട്ടങ്ങൊരുകൂട്ടം
ചിരിച്ചും കളിച്ചും കൂട്ടം ഭരിച്ചും ഗമിച്ചും കോപം
തിരിച്ചും ചരിച്ചും കാടു ഞെരിച്ചും പൊടിച്ചും ചാടി-
ത്തകർത്തും തിമിർത്തും തമ്മിലടിച്ചും പിടിച്ചും പാരം-
ചൊടിച്ചും തടിച്ചും മാടി വിളിച്ചും പുളച്ചും കാട്ടി-
ലൊളിച്ചും കളിച്ചും മേനി വിറച്ചും മറച്ചും ഗർവ-
മുറച്ചും നിറച്ചും പിന്നെ മദിച്ചും വാക്കു വദിച്ചും

---

* 'കിടക്കുന്നുണ്ടവനിപ്പോൾ നാലു ദേവാധി രാജൻമാർ'—എന്നു മുദ്രിതപുസ്തകങ്ങളിൽ അപപാഠം.

രമിച്ചും പാരം രസിച്ചും ഗ്രഹിച്ചും നദിച്ചും വന്നാർ;
''ആയിരം കണ്ണുള്ള വിദ്വാനെങ്ങെടാ നോക്കെടാ! നിന്നെ
ആയിരം കാതമിക്കാട്ടിലിട്ടിഴപ്പാൻ തുടങ്ങുന്നു
ആയതിന്നു വേണ്ടിവന്നു തമ്പുരാനെക്കൊണ്ടു തന്റെ
വായിലെങ്ങുമടങ്ങാത്ത വാക്കുരപ്പാനാരു ചൊല്ലി?
ശങ്കരനെ ദുഷിച്ചുള്ള വാക്കു കേട്ടാലൊരുനാളും
കിങ്കരൻമാരടങ്ങിപ്പാർക്കയില്ലെന്നു ധരിച്ചാലും
ശങ്കരനെ ദുഷിച്ചോരു നാക്കറുത്തു പഴുപ്പിച്ചു
വെങ്കിടാരംതന്നിലിട്ടു വറുത്താലും മതിയല്ലാ
പുരൻമാരെക്കനൽക്കണ്ണിൽ ചുട്ടുപൊട്ടിച്ച ദേഹത്തെ
പരിഹസിച്ചുരചെയ്‌വാനാർക്കു തോന്നും നിനക്കെന്ന്യേ?
അരയ്‌ക്കാൽ നാഴികനേരം സ്‌മരിക്കുന്ന ജനങ്ങൾക്ക—
ങ്ങൊരിക്കലും ക്‌ഷയിക്കാത്ത വരം നല്‌കുന്ന ദേവന്റെ
തിരുപ്പാദങ്ങളിൽ വീണു വണങ്ങീലെന്നല്ല മൂഢൻ
മരിച്ചാലും മറക്കാത്ത തെറിവാക്കു പറഞ്ഞല്ലോ
കുറഞ്ഞൊന്നു ബോധമുള്ളോർക്കീവിധം വാക്കുകളൊക്കെ
പറകെന്നല്ലൊരു നേരം നിരൂപിപ്പാൻകൂടെ മേലാ
മറിഞ്ഞുപോയ്‌ മനം നിന്റെ പറഞ്ഞിട്ടെന്തിനിക്കാര്യം?
കുറഞ്ഞൊന്നു മടിക്കാതെ ഗുഹതന്നിൽ കിടന്നാലും;
നാലു ചങ്ങാതിമാരുണ്ടു കിടക്കുന്നു ഗുഹതന്നിൽ
കാലവൈരി ദേവനോടു പിഴയ്‌ക്കകൊരണത്താലേ
നാലുപേർക്കും തുണയായിട്ടിന്നു നീയുമതിൽത്തന്നെ
നാലുനൂറായിരം വർഷം കിടന്നാലും നടന്നാലും;''
ഇത്രമാത്രം പറഞ്ഞാശു കൈക്കു ചെന്നു പിടിപെട്ടു
വൃത്രജംഭാരിയെക്കൊണ്ടു തിരിച്ചു ഭൂതവീരൻമാർ.
എത്രയും പേടിയാകുന്ന ഗുഹ ചെന്നു തുറന്നപ്പോൾ
തത്ര കാൺമാറായി നാലു വാസവൻമാർ കിടക്കുന്നു
രണ്ടു കാല്‌ക്കും രണ്ടു കൈയ്‌ക്കും തുടലിട്ടു പൂട്ടി മെല്ലെ
രണ്ടു തോളിൽ തടിയേറ്റി തടിയെല്ലാം കൃശമായി
രണ്ടു കണ്ണും കുണ്ടിലായി കണ്ണുനീറ്റിൽ കുളിച്ചേറ്റം
ദണ്‌ഡമോടേ കിടക്കുന്നു നാലു ദേവാധിരാജൻമാർ
സ്‌നാനമില്ലാ പാനമില്ലാ ദീനമല്ലാതേതുമില്ലാ
മാനഭംഗംകൊണ്ടു താനേ തലയും താണുപോയല്ലോ
ജ്‌ഞാനമില്ലായ്‌കകൊണ്ടല്ലോ നമുക്കീ സങ്കടംവന്നു
താനൊഴിച്ചാലൊഴിക്കാവോന്നല്ലിതെന്നു നിനയ്‌ക്കുന്നു;
ശങ്കരന്റെ കിങ്കരൻമാരെട്ടുപേരങ്ങകം പുക്കു
ശൃംഖലാബന്‌ധനമെല്ലാം വേർപെടുത്തു നാൽവരേയും
ശങ്കരന്റെ തിരുമുമ്പിൽ കൊണ്ടുചെന്നു തൊഴീപ്പിച്ചു

ശങ്കകൂടാതുരചെയ്തു പുത്തനാമിന്ദ്രനോടപ്പോൾ:
''കടക്കാമിഗ്ഗുഹതന്നിൽ കിടക്കാമങ്ങൊരു കോണിൽ
മടിക്കാതെ തുടലിട്ടു പൂട്ടുവാനും തുടങ്ങുന്നു
ഒടുക്കം വന്ന നീയങ്ങു ഗുഹപുക്കു ശയിക്കാതെ
കിടക്കാർക്കും ശയിപ്പാനും ചേർച്ചയില്ലെന്നറിഞ്ഞാലും
അതുകൊണ്ടു നാൽവരേയും ഇനിപ്പിന്നെ വരുത്തീടാം
ഹിതംപോലെ അയ്വരേയും വിധിപോലെ കിടത്തീടാം;''
അതു കേട്ടു ഭയപ്പെട്ടു വിറച്ചു വീണുരുണ്ടാശു
അതിയായി മുറയിട്ടു കരഞ്ഞു പുത്തനാമിന്ദ്രൻ;
ആയിരം കണ്ണുകളിൽനിന്നൊഴുകുന്ന കണ്ണുനീർകൊ—
ണ്ടായതുനേരമുണ്ടായി നല്ലൊരാറും സമീപത്ത്
ആയതശ്വാസവും വിട്ടു പറഞ്ഞു ദേവനോടപ്പോൾ:
''ആയവണ്ണം വണങ്ങുന്നേനെന്നെ വഞ്ചിക്കൊലാ സ്വാമിൻ!
പരമാർത്ഥമറിയാതെ പറഞ്ഞുപോയപരാധം
പരിചോടേ സഹിക്കേണം പരമേശ ഭഗവാനേ!
ഒരു മർത്ത്യനെന്നുമാത്രം നിരൂപിച്ചിട്ടുരചെയ്തേൻ
ഒരുനാളുമിപ്രകാരം പിണഞ്ഞിട്ടില്ലടിയന്
ഒരു പിട്ടു പൊറുക്കേണം കരുണാവാരിധേ! പോററീ!
സുരലോകമുപേക്ഷിച്ചു തിരുമുമ്പിലകമ്പടി—
ക്കൊരുമ്പെട്ടു നടന്നോളാം തരിമ്പും സങ്കടമില്ലാ
ഒരുനാളുമെളുതല്ലിഗ്ഗുഹതന്നിലധിവാസം;
അന്തകനല്ലടിയനൊരന്ധകനുമല്ല പോററീ!
എന്തിവണ്ണം കയർക്കുന്നു? കാലനല്ലാ കാമനല്ലാ
നിന്തിരുപ്പാദമല്ലാതെ മററൊരാധാരമില്ലാത്ത
ജന്തുവെന്നുവച്ചു നമ്മെപ്പൊറുപ്പിക്കേണമേ സ്വാമിൻ!
മററൊരു കൂററുകാരില്ല മററൊരുത്തൻ ഗതിയില്ല
മററൊരു നാട്ടിനു മാററിത്തിരിപ്പാനുമെങ്ങുമില്ല
മുററുമെന്നിങ്ങനെ കുററം വന്നുപോയാലടിയൻെറ
കുററമെല്ലാം തീർപ്പതിന്നു മററൊരുത്തൻ നമുക്കില്ല;
കാരിയക്കാരനു രണ്ടുകാശു കൈക്കൂലിയോർത്തിട്ടു
കാരിയംതീർത്തു പോരുവാനടിയനും ഭാവമില്ല
ആരു വന്നു വലച്ചാലും തിരുമുമ്പിൽത്തന്നെ വന്നു
കാരിയങ്ങളുണർത്തിക്കേയിത്രനാളും നമുക്കുള്ളു:
തിരുമുമ്പിൽ വന്നുകേറാനിത്രനാളും തടവില്ലാ
തിരുവുള്ളക്കാരനെന്നും പേർ വിളിച്ചു കിടക്കുന്നു
അകമ്പടിക്കാരനെന്നെത്തടുത്തിട്ടില്ലിത്രനാളും
അഹംഭാവംപറയുന്നു എന്നു തോന്നും ചിലർക്കെല്ലാം
അഹങ്കാരംകൊണ്ടു ദോഷം ചിലകാലം വന്നുപോകും

അഹംതന്നെ തിരുമുമ്പിൽ വന്നുവീഴുമതുനേരം
ക്‌ഷമിക്കും തമ്പുരാനെല്ലാമബദ്‌ധം കാട്ടിയെന്നാലും
രമിക്കുമ്പോൾ തീരുമെന്റെ കുററമെല്ലാമിത്രനാളും
ഉമയ്‌ക്കു നാഥനാം ദേവ! ക്‌ഷമിക്കെ''ന്നങ്ങുണർത്തിച്ചു
നമിച്ചു മാനവുമാശു നശിച്ചു നിന്നിതു ശക്രൻ;
കരുണാശീലനാം ദേവനരുൾചെയ്‌തു ചന്‌ദ്രചൂഡൻ:
''വരിക വാസവൻമാരേ! ഭയമെല്ലാമുപേക്‌ഷിപ്പിൻ
അഞ്ചുപേർ നിങ്ങളും ചെന്നു ഭൂമിതന്നിൽ ജനിക്കേണം
ചഞ്ചലാക്‌ഷീമണിയാളാമിവൾക്കു വല്ലഭൻമാരായ്
ചഞ്ചലമേതുമേ വേണ്ടാ പാണ്‌ഡുതന്റെ ഭാര്യമാരി–
ലഞ്ചുപേരും ജനിച്ചാലും ഗമിച്ചാലുമിന്നുതന്നെ;''
എന്നതു കേട്ടുണർത്തിച്ചാരപ്പൊഴേ പൂർവശക്രൻമാർ:
''ഇന്‌ദുചൂഡാ! ഭഗവാനേ! ഞങ്ങളും കല്‌പന കേൾക്കാം
ഒന്നുവേണം ബീജകർത്താക്കളായിട്ടു സുരൻമാരെ–
ത്തന്നെ കല്‌പിക്കണമെന്നതത്രമാത്രമാവലാതി;''
''ധർമ്മനും മാരുതൻതാനുമശ്വിനീദേവകൾതാനും
ജൻമകർത്താക്കളാം നിങ്ങൾക്കെ''ന്നു രുദ്രനരുൾചെയ്‌തു;
അഹല്യാകാമുകനിന്‌ദ്രനുണർത്തിച്ചാനതുനേരം:
''അഹമെന്റെ ശക്‌തികൊണ്ടു ജനിപ്പിക്കാമിന്നുതന്നെ
മഹത്ത്വംകൊണ്ടടിയന്റെ പുത്രനുൽക്കർഷമുണ്ടാവാൻ
മഹാദേവ! നിൻകടാക്‌ഷം വിശേഷിച്ചോന്നരുളേണം;''
അതു കേട്ടു ചന്‌ദ്രചൂഡൻ പ്രസാദിച്ചോന്നരുൾചെയ്‌തു:
''അതിനുമുണ്ടുപായങ്ങളെങ്കിൽ നാം പോക വൈകാതെ;''
എന്നരുൾചെയ്‌തുടൻ ചെന്നു പാൽക്കടലിൽ പള്ളികൊള്ളും
ഇന്‌ദിരാനാഥനെക്കണ്ടു കാര്യമെല്ലാം ധരിപ്പിച്ചു;
നരനാരായണൻമാരിൽ നരനെ നാകനാഥന്നു
വിരവോടേ പുത്രനാക്കിജ്‌ജനിപ്പിച്ചുകൊണ്ടുപോന്നു.
''ധരണിയിൽ ജനിച്ചാശു ധരണീഭാരവും തീർത്തു
വരുവിൻ വാസവൻമാരേ! തരുവൻ മോക്‌ഷവും പിന്നെ;''
എന്നു കല്‌പിച്ചയച്ചാശു പിന്നെ നാളായണിയേയും
നിന്നുടെ പുത്രിയായിട്ടു; മറഞ്ഞു പാർവതീകാന്തൻ.
എന്നതുകൊണ്ടുരചെയ്‌തു ധർമ്മജന്റെ കുററമല്ലാ
മുന്നമുള്ള ജൻമവൃത്തമിവണ്ണം ചൊല്ലുവാൻമൂലം;
അഞ്ചു ശക്രൻമാരുതന്നെ പാണ്‌ഡവൻമാരഞ്ചുപേരും
അഞ്ചുപേർക്കും പ്രിയയാവാനിന്‌ദ്രസേനാ! നിൻമകളും;
അഞ്ചുപേർക്കുംകൂടി നിന്റെ കന്യകയെക്കൊടുത്താലും
ചഞ്ചലം വേർപെടുത്താലും വീരപാഞ്ചാലഭൂപാല!
വേദവ്യാസനീവണ്ണമരുൾചെയ്‌തു വഴിപോലെ

മേദിനീപതിക്കായി ദിവ്യദൃഷ്ടി കൊടുത്തപ്പോൾ
സാദരമവൻ കണ്ടു സർവവൃത്താന്തമെപ്പേരും
മോദിച്ചു മുനീന്ദ്രന്റെ കാല്ക്കൽ വീണു വണങ്ങിക്കൊ–
''ണ്ടെല്ലാമിങ്ങനെതന്നെ സംശയമൊക്കവേ തീർന്നു
നല്ലൊരു സുഖം വന്നു, നമ്മുടെ നന്ദിനിതന്റെ
കല്യാണമിന്നുതന്നെ കഴിക്കുന്നെ''ന്നുണർത്തിച്ചു;
കല്യൻ വ്യാസനുമപ്പോൾ മറഞ്ഞു മംഗലം സിദ്ധം.

രണ്ടാം കളം

പാഞ്ചാലമഹീപാലൻ പരിചോടേ പ്രസാദിച്ചു
പാഞ്ചാലീവിവാഹത്തെക്കഴിപ്പിപ്പാനൊരുമ്പെട്ടു
പഞ്ചപാണ്ഡവന്മാരെ വിളിച്ചുകൊണ്ടുരചെയ്തു:
വാഞ്ഛാഭംഗമില്ലേതും വരുവിൻ പാണ്ഡവന്മാരേ!
ചാഞ്ചല്യം മനതാരിലുള്ളതെല്ലാമസ്തമിച്ചു
പാഞ്ചാലിയുടെ പാണിഗ്രഹമിന്നു കഴിച്ചാലും
അഞ്ചുപേരും ക്രമത്താലേ വേട്ടുകൊൾവിൻ വഴിപോലെ
അഞ്ചാതെ സുഖിച്ചെന്റെ ഗൃഹംതന്നിൽ വസിച്ചാലും
സൂക്ഷ്മബുദ്ധി നമുക്കില്ലാഞ്ഞുരചെയ്ത വാക്യമെല്ലാം
സൂക്ഷ്മബുദ്ധേ! യുധിഷ്ഠിരാ! പൊറുത്തുകൊൾകെടോ വീരാ!
സാക്ഷിയാകും മുനി വേദവ്യാസനെല്ലാമരുൾചെയ്തു
പാക്ഷികമല്ലീവിവാഹം പരിചിൽ ചേർച്ചയുണ്ടിപ്പോൾ;
ധർമ്മമാർഗ്ഗം പിഴയ്ക്കില്ല ധർമ്മസൂനോ! ഭവാനിന്നീ
മർമ്മമെല്ലാം വിചാരിക്കാതുരചെയ്തതെത്ര കഷ്ടം!
നിർമ്മലജ്ഞാനമില്ലാഞ്ഞിട്ടിങ്ങനെ സംഗതിവന്നു
നിൻമതത്തിന്നനുകൂലം ദൈവമെന്നേ വരൂവീടെ[1]''
ഇപ്രകാരമുരചെയ്തു ദ്രുപദമന്നവനപ്പോൾ
ക്ഷിപ്രമോരോ പദാർത്ഥങ്ങൾ വരുത്തിസംഭരിപ്പാനായ്
സുപ്രിയന്മാരായ മന്ത്രിവരന്മാരെ നിയോഗിച്ചു;
കല്പന കേട്ടവരെല്ലാമൊരുമ്പെട്ടു വഴിപോലെ
നാട്ടിലെല്ലാമറിയിച്ചു പുരുഷാരം വന്നുകൂടി
കൊട്ടിലും കെട്ടിയുണ്ടാക്കിക്കോട്ടയെല്ലാമുറപ്പിച്ചു
കട്ടിലും കോരിക പന്തിപ്പലക ചട്ടുകം ചട്ട–
വട്ടമെല്ലാം വഴിപോലെ കൂട്ടി വാട്ടങ്ങൾ കൂടാതെ
പല ദിക്കിൽനിന്നു വാഴക്കുലക്കെട്ടു കെട്ടിവന്നു
ഇലക്കെട്ടുമൊരുദിക്കിൽ മലപോലെ കുന്നുകൂട്ടി
കലം ചട്ടി ചരാതുകൾ കരകം മംഗലീ കുംഭം
കലവറയ്ക്കകം വന്നു നിറഞ്ഞു വട്ടിയും കൊട്ട
പലതുമിങ്ങനെയോരോ പദാർത്ഥങ്ങൾ സംഭരിച്ചു

---

[1] വരൂവീടെ=വരൂ+ഇവിടെ.

പല ചന്ത്രക്കാറരൂഴക്കാററും വന്നകംപുക്കു
വലിയ തോണികൾ വള്ളം വഞ്ചികളെന്നിവയെല്ലാം
ജലസ്ഥലങ്ങളിലെല്ലാം നിറഞ്ഞു മാനുഷൻമാരും
പല ദിക്കിൽനിന്നു മാടമ്പികൾ മന്ത്രിവരൻമാരും
കുറവററു തിരുമുൽക്കാഴ്ച വെപ്പാൻ വന്നടുക്കുന്നു
നിറമുള്ള പട്ടുചേല ചകലാസെന്നിവകൊണ്ടു
പുറമെല്ലാം വിതാനിച്ചു തനിച്ച തോരണം നാട്ടി
നിറപറ മലരവിൽ വിളക്കും ചെപ്പു കണ്ണാടി
നിരത്തി രത്നകുംഭങ്ങൾ കനകങ്ങൾ രജതങ്ങൾ
വിളങ്ങീ നീളവേ രത്നവിളക്കും പന്തിയായ് വച്ചു
തളങ്ങളിലരിച്ചാന്തുകൊണ്ടണിഞ്ഞു പുഷ്പമിട്ടു
തളവളയണിഞ്ഞുള്ള തരുണിമാർ പുരംപുക്കു
കളകളഘോഷമോടേ കളിമേളമൊരുദിക്കിൽ;
പന്തണിക്കൊങ്കമാർ വന്നു പന്തലിൽ പന്തിയായ് നിന്നു
ചന്തമോടേ മണിദീപം താലവും പാണിയിലാക്കി
ചിന്തയിൽ കൗതുകത്തോടേ ചിന്തുകൾ പാടിയും പിന്നെ
കുന്തിയെച്ചെന്നു വന്ദിച്ചും കൂടിനാരൂഢസന്തോഷം.
ചെണ്ട മദ്ദള ഭേരി ദുന്ദുഭി ഢക്കുടുക്കുമിടയ്ക്കയും
രണ്ടു പന്തി നിരക്കെ നിന്നു മുഴക്കിനാർ ചിലരുദ്ധതം
തപ്പു തകിലുകൾ തിമില കിടുപിടി തൊപ്പിമദ്ദള മേളവും
കെല്പു പെരുകിന കുഴലു കൊമ്പുകൾ തുടികൾ
കടുതരകാളവും
എട്ടു ദിക്കു മുഴങ്ങുമാറഥ ഝടിതിപൊടുപൊടെ വെടികളും
തട്ടുകേറി മറിഞ്ഞു ചടുചടമോടുമൊരുവക കളികളും
ആട്ടമൊരു ദിശി ചാട്ടമൊരു ദിശി പാട്ടുമൊരു ദിശി പലരസം
ഓട്ടമൊരു ദിശി കൂട്ടമൊരു ദിശി വെട്ടുതടവുകളൊരുവിധം
എന്നുവേണ്ട സമസ്തഘോഷവുമഖിലജനപരിതോഷവും
മാന്യഭൂഷവിശേഷമായ് ചില കന്യമാരുടെ വേഷവും
ഇത്തരം ബഹു പുരുഷകാരവിഹാരചാരുമനോഹരം
സത്വരം ദ്രുപദാധിരാജപുരത്തിലൻപൊടുജ്ജൃംഭിതം.
മംഗലസ്ത്രീകളും വന്നു കന്യകയെക്കുളിപ്പിച്ചു
ഭംഗിയോടേ തലമുടി വിടുർത്താശു തിരുകിച്ചു
മംഗലാർത്ഥം ദശപുഷ്പം കചംതന്നിലിടചേർത്തു
തുംഗമാകും മുലക്കുന്നിൽ ചന്ദനച്ചാറിഴുകിച്ചു
കുണ്ഡലം താലിയും മാല കങ്കണമെന്നിവയെല്ലാം
മണ്ഡനങ്ങളണിയിച്ചു കണ്ണുരണ്ടുമെഴുതിച്ചു
ഗണ്ഡഭാഗങ്ങളിൽ പത്തിക്കീററുമെല്ലാമുളവാക്കി
വർണ്ണഭേദങ്ങളിൽച്ചാന്തും കുറികളും ചിതമാക്കി
പിന്നെ നല്ലോരിണപ്പട്ടുചേലകൊണ്ടങ്ങുടുപ്പിച്ചു

പൊന്നരഞ്ഞാണവും പിന്നെക്കാൽച്ചിലമ്പുമിടുവിച്ചു
വീരവാളിപ്പട്ടുകൊണ്ടു പുതപ്പിച്ചങ്ങടിയോളം
''വീരഭാര്യേ നടന്നാലു''മെന്നു ചൊല്ലിപ്പുറപ്പെട്ടു
വായ്ക്കുരവയിട്ടുകൊണ്ടു കൊണ്ടുചെന്നു വിവാഹത്തി–
ന്നാക്കമോടേ ചമച്ചോരു മണിരത്നസ്ഥലംതന്നിൽ
പാണ്ഡവൻമാരതുനേരം കുളിച്ചു കോപ്പുകളിട്ടു
പാണ്ഡുരാജാവിനെച്ചിത്തേ നിനച്ചു നിന്നു കുമ്പിട്ടു
പാണ്ഡുരമാമിടപ്പട്ടങ്ങുടുത്താരൈവരും നല്ല
പാണ്ഡുഹാരം കുണ്ഡലങ്ങൾ കങ്കണം കാഞ്ചിയുമിട്ടു
മാമുനിശ്രേഷ്ഠനാം ധൗമ്യൻ ഹോമമാദിക്രിയചെയ്തു
ഏമമോടേ തുടർന്നോരോ ദാനധർമ്മങ്ങൾ ചെയ്യിച്ചു
ഹേമവും വെള്ളിയും പട്ടും രത്നവും വസ്ത്രവുമെല്ലാം
ഭൂമിദേവൻമാർക്കു ദാനം തുടങ്ങീ പാണ്ഡുപുത്രൻമാർ;
''കടക്കാം ബ്രാഹ്മണരെ''ന്നു കാര്യക്കാർ പറഞ്ഞപ്പോൾ
കുടക്കാരും വടിക്കാരും വന്നുകേറി പത്തുലക്ഷം:
''കൊടുക്കാമെ''ന്നുപാദ്ധ്യായൻ ''പണം മേടിച്ചവരെല്ലാം
കടക്കാമെ''ന്നു കോയിമ്മസ്ഥാനമുള്ള സേവകൻമാർ
പടിക്കൽക്കാവലുംവച്ചു പ്രതിഗ്രഹിച്ചവർ പിന്നെ
കടക്കാൻ സമ്മതിക്കാതെ തടുക്കാം പിന്നെയും വന്നാൽ
മിടുക്കൻമാരൊരുകൂട്ടം തസ്കരിപ്പാൻ നടന്നീടു–
മടക്കമില്ലാത്തവരെത്തടുക്കാൻ സംശയം വേണ്ടാ;
വരുന്ന ഭൂസുരൻമാരോ''ടിരിക്കാമെ''ന്നുരചെയ്തു
കരം നന്നായ് നിറച്ചങ്ങു വാരിവാരിക്കൊടുക്കുന്നു
കരങ്ങളിലടങ്ങാഞ്ഞു കുറിമുണ്ടു വിരിച്ചുകൊ–
ണ്ടരി മേടിക്കുന്നപോലെ പണം മേടിച്ചു കെട്ടുന്നു
ഇരുമുടിചുമടാക്കിശ്ശിരസ്സിൽവെച്ചടുത്തുകൊ–
ണ്ടോരുപോലെ വടികുത്തിത്തിരിച്ചാരെത്രയും മോദാൽ;
കനംകൊണ്ടു ശിരസ്സെല്ലാം കുനിഞ്ഞുപോയതുനേരം
കനകത്തെക്കരംകൊണ്ടു വഴിനീളെ വിതയ്ക്കയും
അനങ്ങാതെ മെല്ലെമെല്ലെച്ചോടുവച്ചു നടക്കയും
ജനങ്ങൾക്കുള്ള സന്തോഷം പറഞ്ഞാലില്ലവസാനം;
പ്രതിഗ്രഹം കഴിഞ്ഞാശു വേളിലഗ്നമടുത്തപ്പോൾ
അതിനുള്ള ക്രിയയെല്ലാം വിധിച്ചവണ്ണമേ ചെയ്തു
ക്ഷിതിപൻധർമ്മജൻ പാണിഗ്രഹണം മുൻപിനാൽചെയ്തു
ഹിതമോടേ ഭീമസേനൻ വിവാഹംചെയ്തിതു പിന്നെ
സഹസാ ഫൽഗുനൻ പിന്നെ നകുലനും ക്രിയചെയ്തു
സഹദേവനൊടുക്കമിക്രമത്താൽ വേട്ടിതെല്ലാരും.
മഹാഘോഷം കൃഷ്ണതന്റെ വിവാഹപ്രക്രമം കണ്ടു

മഹാലോകം വിസ്മയിച്ചു പ്രശംസിച്ചു വഴിപോലെ
അപ്പോഴങ്ങൊരുദിക്കിൽ എണ്ണയും താളിയുമെല്ലാം
തപ്പാതെ തട്ടുമിട്ടു വട്ടമെല്ലാം കൂട്ടിയങ്ങു
തേപ്പാനായൊരുമ്പെട്ടു വരുന്ന ബ്രാഹ്മണർക്കെല്ലാം
താത്പര്യത്തോടുകൂടെ കൊടുക്കുന്നു, ചിലരെണ്ണ–
ത്തട്ടിന്റെ താഴെഭാഗേ ചെന്നുനിന്നു തല കാട്ടി
പട്ടൻമാരെണ്ണതേച്ചുതുടങ്ങി സംഭ്രമത്തോടേ
മുടിക്കു തേയ്ക്കയും കിണ്ടിപിടിക്കും വായിലങ്ങാക്കി
കുടിക്കും പിന്നെയും പോരാ വടിക്കും തൊണ്ണയിലാക്കി
കുടിക്കും തങ്ങളിൽ ''നോക്കിനടക്കുന്ന മീശക്കാരാ!
കൊടുക്കു എണ്ണ''യെന്നോരോ മിടുക്കും ഘോഷിച്ചുകൊണ്ട്
അടുക്കും ഭൂസുരൻമാർക്കങ്ങടക്കമില്ലത്രപാരം;
''എണ്ണയോ എണ്ണയോ'' എന്നങ്ങൊരു ഘോഷമൊരുദിക്കിൽ
കണ്ണിലും മൂക്കിലുമെണ്ണ കാതിലുംകൂടൊഴിക്കേണം
എണ്ണതേച്ചു വഴിനീളെയൊലിപ്പിച്ചു നടക്കുന്നോർ–
ക്കെണ്ണമില്ല മണ്ണിലെല്ലാം ചെളികെട്ടി എണ്ണകൊണ്ടു
''താളി കൊണ്ടാ ഇഞ്ചകൊണ്ടാ പുളിഞ്ചിക്കാ കൊണ്ടുവാറും
വേളിസത്രം കുഴപ്പല്ലേ''ന്നൊരു കോലാഹലത്തോടേ
ആളുകളങ്ങനവധി കുളിച്ചു കൊട്ടിലിൽപുക്കു
മേളമോടേ സ്ഥലംവച്ചു കലമ്പുന്നങ്ങൊരു ദിക്കിൽ
''ഇല പോടാൻ കാലമാച്ചു സ്ഥലമെങ്ങും കിടച്ചില്ലെ
മലയാളീ! രണ്ടുപേർക്കു തലം താറും കിട്ട വാറും''
''സ്ഥലംകൊണ്ടു പിണങ്ങണ്ടാ തലക്കൂത്തു പിടിക്കെന്യേ
ഫലമില്ല കലഹിച്ചാ,ലിരിപ്പിൻ പന്തികൾതോറും
ഇലക്കെട്ടുകാരൻ വന്നു തലയ്ക്കിട്ടു ശോട്ടു കിട്ടും;''
''നിലയ്ക്കട്ടെ സത്ര''മെന്നു വിലക്കുന്നുണ്ടൊരു കൂട്ടം
ഇല വയ്പാനൊരുമ്പെട്ടു പലരുമായതുനേരം;
മലരിന്നുള്ളുപോലുള്ള ചോറെടുത്തു പുറപ്പെട്ടു
കുറിക്കൂട്ടും പനിനീരുമെടുക്കുന്നു ചിലരപ്പോൾ
കുറയ്ക്കാതെ മുഴുച്ചായമിട്ടുകൊണ്ടു ഭൂസുരൻമാർ
പരക്കെപ്പന്തികൾ തോറുമിരുന്നു നല്ലില വയ്പി–
ച്ചൊരുപോലെ ചോറു നന്നായ് വിളമ്പിച്ചു രുചിയോടേ;
നല്ല ചോറും നല്ല നെയ്യും നല്ല നേന്ത്രപ്പഴക്കായും
നല്ല വണ്ണൻപഴം കണ്ണൻപഴം കാളിപ്പഴം നല്ല
പഞ്ചസാരഗുളം തേനും പപ്പടങ്ങൾ പല കൂട്ടം
ഇഞ്ചി മാങ്ങാ നല്ല നാരങ്ങാക്കറി വേപ്പിലക്കട്ടി
പരിപ്പും പച്ചടിച്ചാറും കരിമ്പിൻനീർ നല്ല പാലും
തരിമ്പും സംശയമെന്യേ വിളമ്പുന്നു വേണ്ടുവോളം

വറുത്തുപ്പേരികൾ നല്ല ശർക്കരോപ്പേരിയും നല്ല
ചെറു തുമ്പപ്പൂവിനൊക്കും വെളുത്തുപ്പും വിളമ്പുന്നു
എരിശ്ശേരി നാലുകൂട്ടം പ്രഥമനഞ്ചുകൂട്ടം
പുളിശ്ശേരി രണ്ടുകൂട്ടം തൈരുമോരുമെന്നു വേണ്ടാ
പപ്പടം പപ്പടമെന്നും പഴമെന്നും ഗുളമെന്നും
പച്ചടി പച്ചടിയെന്നും പരിപ്പെന്നുമൊരുഘോഷം
അല്പമല്ല ഭുജിക്കുന്നു കഴുത്തോളം പൂർണ്ണമായി—
ട്ടപ്പുറത്തു കവിഞ്ഞാലും തൃപ്തിയില്ല ചിലർക്കെല്ലാം.
മുപ്പതുകോരികചക്കപ്രഥമൻ താൻ കുടിച്ചിട്ടും
മുപ്പറപ്പപ്പടം തിന്നാൻ ചിലർക്കേതും കുറവില്ല
രണ്ടു വല്ലം നിറച്ചുള്ള പപ്പടത്തെപ്പൊടിച്ചിട്ടു
രണ്ടുകൊട്ടപ്പഴം കൂടെത്തൊലിച്ചിട്ടങ്ങമർത്തീട്ട്
അഷ്ടഗന്ധംപോലെയാക്കിയൊട്ടുശേഷിച്ചോട്ടു തിന്നും
പട്ടരുണ്ണുന്നതു കണ്ടാൽ ഗോഷ്ടിയല്ലാതൊന്നുമില്ല
പഴം പാടേ വിഴുങ്ങുന്ന പരദേശിപ്പരിഷയ്ക്കു
പഴക്കുല കൊടുക്കുന്നു പന്തിതോറുമൊരുപോലെ
കഴിഞ്ഞു സദ്യയുമെല്ലാമെഴുന്നേററു യാത്രയാക്കി
കിഴവൻമാരിഴഞ്ഞങ്ങു വടികുത്തിപ്പുറപ്പെട്ടു
ചെറുപ്പക്കാരുമന്നേരം നടപ്പാനെത്രയും ദണ്ഡം
ഉറുപ്പക്കെട്ടതുപോലെയുദരം പൊട്ടുമാറായി
നല്ല സത്രം നല്ല സത്രം നാട്ടിലെങ്ങുമിതുപോലെ
നല്ല വേളിസ്സത്രമെങ്ങും കഴിഞ്ഞിട്ടില്ലെന്നു ചൊല്ലാം
അന്നദാനത്തിനു പാർത്താൽ നമ്മുടെ തമ്പുരാനെപ്പോൽ
പിന്നെയാരും മന്നിലില്ലെന്നൊരുപോലെ പ്രശംസിച്ചു
പൊന്നുകെട്ടിച്ചുമന്നുംകൊണ്ടന്തണൻമാർ മന്ദമന്ദം
നന്നുനന്നെന്നു ഘോഷിച്ചു തിരിച്ചു വന്ന ദിക്കിന്ന്;
പഞ്ചപാണ്ഡവൻമാരും പാഞ്ചാലീവിവാഹത്തെ
അഞ്ചാതെ നിർവഹിച്ചു പാഞ്ചാലപുരംതന്നിൽ
പഞ്ചാസ്ത്രവിലാസങ്ങൾ വാഞ്ഛയ്ക്കു ചേർന്നപോലെ
പഞ്ചാസ്യപ്രതിമൻമാർ നെഞ്ചിൽ കൗതുകത്തോടേ
വേണ്ടുന്നതനുഭവിച്ചാനന്ദം കലർന്നാശു
വേണ്ടുന്ന ജനത്തോടുകൂടി മേവിനകാലം
കൊണ്ടാടി പ്രസാദിച്ചു പോകുന്ന വഴിപോക്ക—
രുണ്ടായ വിശേഷങ്ങൾ പ്രശംസിക്കുന്നതു കേട്ടു
ഹസ്തിനപുരംതന്നിലിരിക്കുന്ന സുയോധനൻ
ദുഃസ്ഥിതിശനാകും ശകുനി കർണ്ണനുംകൂടി
സ്വസ്ഥമായ് വരുന്നോരു വഴിപോക്ക ദ്വിജൻമാരോ—
ടിത്ഥമങ്ങുരചെയ്തു: ‘‘നിന്നാലും ദ്വിജൻമാരേ!

നിങ്ങളെല്ലാവരുംകൂടി എങ്ങുനിന്നു വരുന്നിപ്പോൾ?''
''ഞങ്ങളെല്ലാവരുംകൂടി ദ്രുപദമന്ദിരംതന്നിൽ
അങ്ങുചെന്നു പ്രതിഗ്രഹം വാങ്ങി മെല്ലെ വരുന്നിപ്പോൾ''
''ഇപ്പൊളെന്തൊരവകാശം പ്രതിഗ്രഹത്തിന്നവിടെ?''
''ശില്പമായിട്ടൊരു വേളിഘോഷമുണ്ടായവിടത്തിൽ''
''വില്ലെടുത്തു കുലച്ചൊരു വിപ്രനില്ലത്തു പോകാതെ
നല്ല ധൂർത്തനവിടെപ്പാർത്തു കല്യാണം കഴിച്ചാനോ?''
''വില്ലെടുത്തു കുലച്ചോന്റെ ഇല്ലമെല്ലാം വെന്തുപോയി''
''ചൊല്ലുവിനെങ്കിലില്ലപ്പേരെന്തുപോലും ബ്രാഹ്മണരേ?''
''അരക്കില്ലമെന്നു കേട്ടു പരമാർത്ഥമില്ലതാനും''
''നിരക്കില്ലിങ്ങനെ ചൊന്നാൽ നേരുതന്നെ പറഞ്ഞാലും
''നേരു ചൊല്ലാം വില്ലെടുത്തു കുലച്ചു ലാക്കു ഖണ്ഡിച്ച
വീരനാരെന്നറിഞ്ഞോ നീ ആയവനർജ്ജുനനല്ലോ
ദുർജ്ജനങ്ങൾ പറയുന്നു പാണ്ഡവൻമാർ മരിച്ചെന്ന്
അർജ്ജുനൻതാൻ മരിച്ചീലെന്നാകിലോ നമ്മുടെ ഭാഗ്യം;
പാണ്ഡവൻമാരൈവരേയുമിന്നലെക്കണ്ടിതു ഞങ്ങൾ
പാണ്ഡവൻമാർക്കൊരു കേടില്ലത്രസൗഖ്യമവർക്കിപ്പോൾ
ഈശ്വരാനുഗ്രഹമെന്നേ പറയാവൂ'' ''നില്ക്കതെന്നാൽ
വാശ്ശതും രണ്ടു ചേട്ടൻമാരിരിക്കെ ഫൽഗുനൻ വേട്ടോ?''
''വേട്ടുവല്ലോ ധർമ്മപുത്രൻ ഭീമനും പാർത്ഥനും വേട്ടു
കേട്ടതില്ലേ മാദ്രിതന്റെ മക്കളും സൗഖ്യമായ് വേട്ടു''
''അവരുടെ വിവാഹത്തിന്നഞ്ചു പെണ്ണുങ്ങളുണ്ടായോ?''
''അഞ്ചുപേരും ക്രമത്താലേ വേട്ടിതു കൃഷ്ണയെത്തന്നെ''
''എന്തഹോ പാണ്ഡവൻമാർക്കും പാർഷതനും പ്രജകൾക്കും
ഭ്രാന്തുതന്നെ പിടിച്ചെന്നു നമുക്കു നിശ്ചയംവന്നു''
''ധാർമ്മികൻമാരവർക്കുണ്ടോ ധർമ്മമാർഗ്ഗം പിഴയ്ക്കുന്നു?''
''ധാർമ്മികൻമാർക്കിതുമാത്രം ചെണ്ടകൊട്ടിത്തരംതന്നെ,''
''ശാസ്ത്രമുണ്ടായ്വരുമല്ലാതവരുണ്ടോ തുടങ്ങുന്നു?''
''ശാസ്ത്രമുണ്ടെങ്കിലുമിന്നു ലൗകികമേ ചെയ്തുകൂടു
ശാസ്ത്രിപ്പട്ടർക്കഹങ്കാരം രാത്രികാലേയെന്നപോലെ
ശാസ്ത്രികൾക്കും കാമബാണം തടുപ്പാനിന്നു കെല്പില്ല''
''ധർമ്മജൻതാനബദ്ധത്തിൽ ചാടുകില്ലെന്നറിഞ്ഞാലും''
''ധർമ്മജൻ ധർമ്മജനെന്നു നിങ്ങളൊക്കെ സ്തുതിക്കുന്നു
ധർമ്മജന്റെ മനസ്സാരും ഗ്രഹിച്ചിട്ടില്ലെത്ര കഷ്ടം!
നിർമ്മലനല്ലസൂയാദിയെത്രപാരമവനുള്ളിൽ
കണ്ടതു കാണ്ടേതുമില്ല നല്ലൊരു മാമ്പഴംപോലെ
അണ്ടിയോടങ്ങടുക്കുമ്പോൾ പുളിക്കുമെന്നു ബോധിപ്പിൻ''
''രണ്ടു കൂട്ടക്കാരു നിങ്ങൾ തങ്ങളിൽ ചേർച്ചയില്ലാതെ
ശണ്ഠയിട്ടാൽ നമുക്കിപ്പോളെന്തു ചേതം നരൻമാരേ!
ഞങ്ങളും ഞങ്ങടെ ഇല്ലത്തേക്കു പോകുന്നു വൈകാതെ;''

ഇങ്ങനെയങ്ങുരചെയ്തു നടന്നു ഭൂസുരൻമാരും.
അംഗരാജൻ ശകുനിയും തത്ര ദുര്യോധനൻതാനും
അങ്ങു ചെന്നു പുരംപുക്കു വിചാരിച്ചു പലർകൂടി;
മാതുലൻ ചൊല്ലിനാനപ്പോ‘‘ളേതുമേ സംശയം വേണ്ടാ
ഹേതു കൊള്ളാമിതുതന്നെ പട കൂട്ടേണമിക്കാലം
സോമവംശേ പിറന്നുള്ള മന്നവൻമാരൊരുത്തർക്കു
നാമറിഞ്ഞിട്ടില്ലിവണ്ണം വിവാഹത്തിൻ ദുരാചാരം;
കാമിനിയെക്കണ്ടു കാമിച്ചൈവർകൂടിച്ചെന്നു വേട്ടാൽ
നാമറിഞ്ഞില്ലതിനിന്നു ശിക്ഷചെയ്തേ മതിയാവൂ;
ദ്രുപദന്റെ പുരം പാടേ കൊള്ളിവച്ചങ്ങെരിക്കേണം
ദ്രുപദനെപ്പിടിച്ചങ്ങു പുലിക്കൂട്ടിൽ കിടത്തേണം
അപരാധം കാട്ടിയോരു പാണ്ഡവൻമാരൈവരേയും
കൃപ കൂടാതിന്നുതന്നെ കൊലചെയ്തിങ്ങുപോരേണം;
വിഷവൃക്ഷം മുളയ്ക്കുമ്പോൾ പിഴുതങ്ങു കളയാഞ്ഞാൽ
വിഷമമായ്‌വരും മൂത്താൽ മഴുകൊണ്ടുമെളുതല്ല
പാണ്ഡവൻമാരുടെ പ്രാണബന്ധുവായ കൃഷ്ണനിപ്പോൾ
പാണ്ഡവൻമാർ മരിച്ചെന്നു നിരൂപിച്ചങ്ങിരിക്കുന്നു
മരിച്ചില്ലെന്നങ്ങു കേട്ടാൽ വന്നുചാടുമതിൻമുമ്പേ
തെരിക്കെന്നു ചെന്നു കൊന്നു പോരുവാനിന്നുഴറേണം
മറുഭാഗത്തൊരു ബന്ധു വഴിപോലെയാരുമില്ല
ചെറുപ്പക്കാരൊരുകൂട്ടമുണ്ടതേതും ഫലമില്ല
ഉറപ്പില്ല നിലക്കൂറ്റിലുറപ്പിക്കാൻ തുടങ്ങുന്ന
കുറുപ്പിന്നു നില തെറ്റുമെന്നു ബോധിച്ചുകൊള്ളേണം
ഇനിക്കുള്ള പ്രയോഗങ്ങളവർക്കില്ലെന്നറിഞ്ഞാലും
അവർക്കുള്ള പ്രയോഗങ്ങളെനിക്കുമില്ലതു വേണ്ട
ഇനിക്കണ്ടാലറിഞ്ഞീടാമവരെച്ചെണ്ടകൊട്ടിപ്പാ—
നെനിക്കുണ്ടു കൗശലങ്ങൾ വേണ്ടുവോളം കിടക്കുന്നു
പിമ്പടയില്ലാത്തവനെജ്ജയിപ്പാനെന്തു വൈഷമ്യം?
കുമ്പിടീക്കാമിന്നുതന്നെ ഭീമനെ നമ്മുടെ കാല്ക്കൽ
കമ്പമില്ല നമുക്കെല്ലാം കണ്ടുകൊൾക ക്രമത്താലെ
കൊമ്പു താളമേളമോടേ പടയ്ക്കാശു തുടർന്നാലും;’’
കർണ്ണനുമങ്ങനെതന്നെ പറഞ്ഞപ്പോൾ സൗമദത്തി
നിർണ്ണയിച്ചൊന്നുരചെയ്തു: ‘‘ദുർവിധങ്ങൾ തുടങ്ങേണ്ടാ
കണ്ണടച്ചങ്ങിരുട്ടാക്കി നടന്നാൽ മറ്റു ലോകർക്കു
കണ്ണുകാണാതാകയില്ല താൻ മറിഞ്ഞു കുണ്ടിൽ വീഴും
പാണ്ഡവൻമാരുടെ തത്ത്വം ഗ്രഹിച്ചീല കൃഷ്ണനെന്ന്
പൊണ്ണനിപ്പോളുരചെയ്താലാർക്കു ബോധംവരും കഷ്ടം!
മന്നിലും വിണ്ണിലും പിന്നെപ്പന്നഗാവാസദേശത്തും
പൂർണ്ണനാമീശ്വരൻ കൃഷ്ണനെന്തഹോ ബോധമില്ലാത്തു?
പൂച്ചതൻ പാൽകുടിപോലെ മറ്റുമാരും ഗ്രഹിച്ചീലെ—

ന്നൊച്ചകൊണ്ടിട്ടെന്തുകാര്യം നിങ്ങൾമാത്രം ഗ്രഹിച്ചീല.
ചാർച്ചക്കാരൊരുകൂട്ടം ചെവി തിന്നിട്ടത്ര പാരം
താഴ്ചയ്ക്കുമവകാശം വരുന്നു ഇജ്ജനത്തിന്ന്
അടങ്ങിപ്പാർത്തുകൊണ്ടാലും പട കൂട്ടിക്കൊണ്ടുചെന്നു
മടങ്ങിപ്പോരുമെല്ലാരും പറഞ്ഞീലെന്നതു വേണ്ടാ
തുടങ്ങീട്ടു നശിക്കൊല്ലാ തുടങ്ങായ്കതന്നെ നല്ലൂ
മടങ്ങുന്നവസ്ഥ കണ്ടങ്ങടങ്ങുന്നോർക്കില്ലനർത്ഥം
അർജ്ജുനന്റെ ശരമേറ്റു ശരീരത്തിലൊരുപോലെ
ഝർഝരങ്ങളായി നാണംകെട്ടു മണ്ടിപ്പോരുവാനോ
ഇജ്ജനങ്ങൾ തുടങ്ങുന്നു ലജ്ജയില്ലാത്തൊരു കൂട്ടം
സജ്ജനങ്ങൾക്കിതുകൊണ്ടു വാലെടുപ്പാൻ വകയായി
ഭീമസേനൻ ഗദയുമായ് പാഞ്ഞടുക്കുന്നേരമോടി-
ത്താമസിക്കാതിങ്ങു വന്നു പറ്റുമെല്ലാവരുംകൂടി
സോമവംശത്തിനു മേലിൽ തുണയിപ്പോൾ നിങ്ങൾതമ്മിൽ
പ്രേമമോടേയിരിക്കേണമെങ്കിലാർക്കും ദുഃഖമില്ല;''
ഇത്തരം സാരനാം ഭൂരിശ്രവസ്സിന്റെ വാക്കു കേട്ടി-
ട്ടുത്തരമൊന്നുരിയാടീലുദ്ധതന്മാരവരാരും
സത്വരം യുദ്ധസന്നാഹംകൂട്ടി മെല്ലെപ്പുറപ്പെട്ടു
മത്തരാം നൂറ്റുവർ കർണ്ണൻ ശകുനിയെന്നിവരെല്ലാം.
ആന കുതിര രഥങ്ങളും ബഹു സേന പടുപടഹങ്ങളും
മാനമുടയ സുയോധനാദികളരിശമൊടു നടകൊണ്ടുടൻ
കാനനങ്ങൾ തകർത്തുകൊണ്ടു തിമിർത്തുകൊണ്ടു പടജ്ജനം
മാനമൊക്കെ മുഴക്കി നാടു മുഴക്കി ദിക്കു കുലുക്കിനാർ
ദ്രുപദനൃപനുടെ നഗരസീമനി ചെന്നു പറ്റി വളഞ്ഞുടൻ
സപദി ഘടഘടപടഹകടുരവഘോഷമാശു തുടങ്ങിനാർ
മതിലു കുത്തിയിടിച്ചു വാട കിടങ്ങു തൂർത്തുതുടങ്ങിനാർ
അതിലുമതിശയമുടയ ഭടജനമെത്തി നേർത്തുതുടങ്ങിനാർ
ഝടിതി പരിശ തുടയ്ക്കടിച്ചു പൊടിച്ചു പാർത്തു
തുടങ്ങിനാർ:
''ബാഹുവിക്രമമുള്ള പുരുഷനൊരുത്തനെങ്കിലുമഞ്ജസാ
ആഹവത്തിനു വരിക വിരവൊടു വിരുതു വിരതി
വരുത്തുവാൻ
കൂർത്തുമൂർത്ത ശരങ്ങളേറ്റു കൃതാന്തവീട്ടിനു ചെല്ലുവിൻ
ആർത്തിയുള്ളവരാശു വന്നിഹ നേർത്തുകൊള്ളുക മൂഢരേ!
കീർത്തി കിട്ടുവതിന്നു നല്ലൊരു സമയമിതു സമരാങ്കണേ
മൂർത്തി പാരമുടൻ വെടിഞ്ഞു സുരാലയത്തിനു ചെല്ലുവിൻ
പാർത്തലത്തെവെടിഞ്ഞു സപദിവരുന്ന വീരരെപ്പുൽകുവാൻ
പാർത്തിരുന്നരുളുന്നു പല പല സരസസുരതരുണീജനം
ചഞ്ചലാക്ഷികൾ നല്ലതില്ലിഹ പാരിലെന്നതു കാരണാൽ
അഞ്ചു പത്തു ജനങ്ങൾ കൂടിയൊരുത്തിയെ പ്രിയയാക്കിനാർ

വെട്ടുകൊണ്ടു മരിച്ചു വിണ്ണവർവീടുപുക്കു തെരിക്കനേ
വേട്ടുകൊള്ളുവിനെത്രവേണ്ടു കളത്രമത്ര കരസ്ഥമാം.
ദ്രുപദനരവര! വരിക വിരവൊടു പൊരുക കുരുവരരോടു നീ
കപടചരിതമതരുതു കരുതുക പൊരുതു പെരുതു നിനക്കെടോ
പടുതതടവിന പടകളിടിപൊടി മുടിയുമുടനുടനിന്നെടോ
പടയിലടവുകളുടയ ഭടജനപടലമുടലു മുടക്കവേ.''
ഇത്ഥമോരോന്നുരചെയ്തു ധാർത്തരാഷ്ട്രാദികളെല്ലാം
യുദ്ധസന്നാഹവും കൂട്ടിത്തത്ര വന്നു നിറഞ്ഞപ്പോൾ
ക്രുദ്ധനാം പാർഷതൻതൻെറ പുത്രകൻമാരേഴുപേരും
ബദ്ധരോഷം പുറപ്പെട്ടു യുദ്ധകോലാഹലത്തോടേ
ധൃഷ്ടദ്യുമ്നനും പിന്നെ ശിഖണ്ഡിയും സുമിത്രനും
ധൃഷ്ടൻ ചിത്രകേതു പിന്നെ പ്രിയദർശനൻതാനും
ആറാമൻ സുകേതുവുമേഴാമൻ ധ്വജസേനൻ
മാറാതെ പിണങ്ങുന്ന ചതുരംഗപ്പടകളും
മററുള്ളായുധമെല്ലാമെടുത്തുംകൊണ്ടടുത്താശു
വെട്ടുകുത്തും നീട്ടുമാട്ടും തട്ടുമുട്ടും തമ്മിലേററു
എട്ടുദിക്കും പൊട്ടുമാറക്കൊട്ടിനൊട്ടും വാട്ടമില്ല
വട്ടമിട്ടു വമ്പടയ്ക്കു കൂട്ടമെല്ലാം കൂട്ടി മെല്ലെ
ഒട്ടുനേരം വിട്ടുപോകാതിട്ടുമാട്ടും പുഷ്ടിയോടേ
മുറിഞ്ഞിട്ടും ചിലർ ചത്തു മറിഞ്ഞിട്ടും ദുഷിവാക്കു
പറഞ്ഞിട്ടും ഭയമെല്ലാം കുറഞ്ഞിട്ടും ഭടൻമാര—
ങ്ങുറഞ്ഞിട്ടും കല്ലുപൊട്ടിച്ചെറിഞ്ഞിട്ടും പുരുഷാരം
നിറഞ്ഞിട്ടുമൊരുദിക്കിന്നടുത്തിട്ടും വില്ലുമമ്പു—
മെടുത്തിട്ടും നല്ല ബാണം തൊടുത്തിട്ടും പത്തിവാള—
ങ്ങെടുത്തിട്ടും മാററലരെത്തടുത്തിട്ടും ചാടിയൊട്ടു
കൊടുത്തിട്ടും കോപമേററം കടുത്തിട്ടും തങ്ങളിൽ പാ—
ഞ്ഞടുത്തിട്ടും ചിലർ ചാവാനടുത്തിട്ടും കൾകുടിപ്പാൻ
കൊടുത്തിട്ടും ശവംകെട്ടിയെടുത്തിട്ടും ചിലരെപ്പ—
ള്ളെടുത്തിട്ടും ചിലർ രൗദ്രാൽ തിരിച്ചിട്ടും പലർകൂടി—
ച്ചിരിച്ചിട്ടും വെട്ടുകൊണ്ടു മരിച്ചിട്ടും സുരസ്ത്രീകൾ
വരിച്ചിട്ടുമെന്നുവേണ്ടാ തരത്തിലെന്തൊരു ഘോഷം!
യുദ്ധമേററം മുതിർന്നപ്പോൾ പാണ്ഡവൻമാർ വില്ലുമായി
ബദ്ധകോപം പുറപ്പെട്ടു യുദ്ധഭൂമി ചെന്നുപററി
പത്തുലക്ഷം ശരജാലമൊത്തുതൂകിത്തുടർന്നപ്പോൾ
ഹസ്തികളും പത്തികളും ചത്തൊടുങ്ങീ; തുലോം ദിക്കിൽ
കാററത്തു പറക്കുന്ന പാററകൾകൂട്ടമെന്നപോൽ
നൂററുപേരതുനേരം തോററുപോയ് പുറംമാറി;
ഊററമാം ഗദയുമായ് കാററിൻെറ മകനപ്പോ—
ളീററപ്പാമ്പതുപോലെ മാററിപ്പാഞ്ഞടുത്തപ്പോൾ

ഏററം സംഭ്രമത്തോടേ മാററികൾ യുദ്ധമെല്ലാം
മാററിദ്ധാവതിചെയ്തു മാററലർ ഭയപ്പെട്ടു
കൂററാരെ നിനയ്ക്കാതെ കൂട്ടത്തിൽ പിരിഞ്ഞോരോ
കാട്ടിൽപുക്കൊളിക്കുന്നു കാട്ടിയതൊക്കെയബദ്ധം.
ഭീമസേനൻ മരമൊന്നു പിഴുതു പാണിയിലാക്കി
ഭൂമിചക്രം കുലുങ്ങുമാറോടിയെത്തീട്ടുരചെയ്തു:
‘‘സോമവംശം മുടിക്കുന്ന മുടിമന്ന സുയോധന!
ധൂമകേതോ! നാഗകേതോ! നില്ലെടാ നില്ലെടാ മൂഢാ!
അരക്കുകോട്ടതന്നുള്ളിൽ കിടന്നു വെന്തു വെണ്ണീറായ്
ഇരിക്കും ഭീമനെക്കാൺമാനാഗ്രഹിച്ചു വരികയോ!
കുരുക്കൾ നിങ്ങളെയെല്ലാമൊരിക്കൽ കാണണമെന്ന്
നമുക്കുമാഗ്രഹമുണ്ടായതിപ്പോൾ സംഗതിവന്നു
നടിച്ചു വന്നൊരു നിന്നെയടിച്ചു പൽ പൊഴിക്കാതെ
തടിച്ച ഭീമസേനൻ ഞാൻ വിടുകയില്ലറിഞ്ഞാലും
കിടന്നു ഞാനുറങ്ങുമ്പോൾ പിടിച്ചുകെട്ടി നീയെന്നെ
എടുത്തു ഗംഗയിലിട്ടതിപ്പൊഴും ഞാൻ മറന്നില്ല
അടുത്തു നിന്നുടെ നാശം കടുത്തു പട്ടിണിതന്നെ
കിടത്തുന്നുണ്ടു ഞാനിപ്പോളടുത്തു പോർ തുടർന്നാലും
എത്രകൂട്ടമപരാധം ചെയ്തു നിങ്ങൾ ഞങ്ങളോടു
അത്ര വന്നു നേർത്തതിപ്പോൾ നന്നുനന്നു ശഠൻമാരേ!
അത്രമാത്രമപമാനം വരുത്തീട്ടങ്ങയയ്ക്കേണം
അത്രതന്നേയിന്നു ഭാവിച്ചിട്ടുവൊള്ളു ഭീമസേനൻ;
പലദിക്കിൽവച്ചു നേർപ്പാനിനിയും സംഗതിയുണ്ടാം
കലഹിപ്പാനൊരുമ്പെട്ടാൽ കൂസലേതും നമുക്കില്ല
നിലവിട്ടുവന്നു കേറി കലമ്പുവാനാഗ്രഹിച്ചാൽ
തലയ്ക്കിട്ടു ഞൊട്ടുകിട്ടും കരുതിക്കൊള്ളുവിൻ നിങ്ങൾ
പത്തുനാളായില്ലൊരിക്കൽ തോററു മണ്ടി നിങ്ങളെല്ലാം
ചത്തുപോവാനാഗ്രഹിച്ചോ പിന്നെയും പോന്നു വന്നിപ്പോൾ
പത്തു നൂറു തടിയൻമാരിങ്ങനെ തോററു മണ്ടുന്നു
ശക്തിയില്ലാത്തൊരുകൂട്ടം ജളൻമാരിങ്ങനെ തീർന്നു
യഷ്ടികൾക്കില്ലൊരു ബോധം തങ്ങളാരെന്നതുമില്ല
ദുഷ്ടതയ്ക്കു തുടങ്ങുമ്പോളിത്ര പോന്നിട്ടാരുമില്ല
അഷ്ടി നന്നായ് ചെല്ലുമല്ലാതൊരുവസ്തു ഫലമില്ല
കഷ്ടമെൻ കൌരവൻമാരേ! കശ്മലത്വം വരാ മേലിൽ
അരക്കില്ലക്കാരു ഞങ്ങളഞ്ചുപേരും മരിച്ചെന്നി—
ട്ടനങ്ങാതെയിരിക്കുന്നു കുരുടൻ നിങ്ങടെ താതൻ
ഇരിക്കും ദിക്കിലോളം ഞാൻ പറപ്പിക്കുന്നുണ്ടു നിങ്ങൾ—
ക്കൊരിക്കലും സുഖിപ്പാൻ ഞാനയയ്ക്കുന്നില്ലിനിമേലിൽ.’’

പഞ്ചേന്ദ്രോപാഖ്യാനം പറയൻതുള്ളൽ
സമാപ്തം

കീചകവധം

മദനവൈരിദേവന്റെമകനായ മദേഭശ്രീ—
വദന! വാരിസംജാതഭവനാരാധിതപാദ!
സദനന്താഭയരമ്യസദന! വിഘ്നഭൂമീഭൃത്!
ഛദനാന്തപവേദേവ! കദനം തീർത്തരുളേണം;
കമനീസഞ്ചയമാലാകമനീയതരമദ്ധ്യ—
രമണീയമണിയായ രമണീ ഭാരതീദേവീ!
സുമനസ്സിദ്ധഗന്ധർവശ്രമണമുഖ്യസംസ്തോത്ര—
ശ്രവണസാരസംപൂജ്യശ്രവണാ സത്യകപുത്രി
രസനായാം മദീയായാം രസനാഭേദലോലോദ്യൽ—
ഭ്രമണീഭൂതലോകേശപ്രമനസ്ക്കാരയത്രീ സാ
നടനം ചെയ്യണം വാക്യഘടനം സാധുവാകേണം
ഉടനേ സാധുസാരസ്യം കവനേ സംസ്ഫുരിക്കേണം;
കരുത്തൻ കാമനെച്ചുട്ടുകരിച്ച തീമിഴിയുള്ള
പുരദ്വിട്ടായ ദേവൻ മാലസത്ത്വിട്ടാർത്തഹോ കിള്ളി—
ക്കുറിശ്ശിമംഗലംതന്നിൽ വസിക്കുന്ന പരദൈവം
പുരസ്താലുരംപയോജത്തിൽ വസിക്കാറാകണം നിത്യം.
കരുണാസാരപീയൂഷസ്ഫുരണശീതരമ്യാന്തഃ
കരണൻ നിർജ്ജരലോകതരുണാ സന്നിഭോദാരൻ
ധരണീനിർജ്ജരനാമെൻ ഗുരുനാഥനുടെ ചാരു—
ചരണത്താരിണയെന്നും ശരണമായ് ഗ്രഹിക്കുന്നേൻ.
വിജയസാരഥിയമ്പലപ്പുഴെ വികചസാരസലോചനൻ*
വ്രജകുലാമലബാലികാകുചകലശകുംകുമപാവനൻ
നിജപദാശ്രിതബദ്ധകർമ്മകനിഗളഹാരി സനാതനൻ
സജലജലദസമാഭനാശ്രയമടിയനിന്ദുസമാനനൻ.
പാക്കനൊരു പിറന്ന ജാതിയിലുദ്ഭവിച്ചവനേഷ ഞാൻ
വാക്കിനങ്ങനെ തോല്ക്കയില്ലൊരു നീക്കമില്ലതു നിർണ്ണയം
പാൽക്കടൽത്തിര തള്ളിയേറിവരുന്നപോലെ പദങ്ങളെൻ
നാക്കിലങ്ങനെ നൃത്തമാണൊരു ഭോഷ്കുചൊല്ലുകയല്ല ഞാൻ
പേക്കൃതിക്കു തുടങ്ങിയിശ്ശി വളച്ചുകെട്ടി മഹാശയൻ—
മാർക്കു കയ്പുമകക്കുരുന്നിൽ വെറുപ്പുമുൽക്കടമേകിടും
പോക്കടെഞ്ഞ കനത്ത ദുഷ്കവികീടകങ്ങളെ വല്ലെടം
നോക്കിയാൽ ഗതികേടുതന്നെ കുളിച്ചു ശുദ്ധിവരുത്തണം
വ്രീളവിട്ടിഹ മുക്കിൽമൂലയിലങ്ങുമിങ്ങുമിരുന്നുകൊ—
ണ്ടാളിടുന്നൊരസൂയയാ ചിലർ പാഴനെന്നു പഴിക്കിലും

---

* ‘വിജയസാരഥിയമ്പലപ്പുഴെ വിലസുമംബുജലോചനൻ’—വായ്പാഠാന്തരം.

കോളതെന്തു നമുക്കു നമ്മുടെ നേരെ വന്നൊരു പൂരുഷൻ
ശൂളു പാടുകയില്ല കില്ലതിനില്ലിനിക്കൊരു തെല്ലുമേ
ഹന്ത! വലിയ സദസ്സിൽ വന്നൊരു മേനി ചൊല്ലുകയല്ല ഞാൻ
അന്ധരിന്നു ഹസിക്കിലെന്തിവനെൻെറമേലതു പററുമോ?
ചന്തമോടൊരു സത്ക്കഥാകഥനത്തിനിന്നൊരനുഗ്രഹം
ചിന്തിടുന്ന രസത്തൊടേകണമിജ്ജനത്തിനു സജ്ജനം
വേദസാരമറിഞ്ഞ വേദിയരൊക്കെ വന്നു നിറഞ്ഞുടൻ
മോദമാർന്നടിയൻെറ പഴമൊഴികൾക്കു ചെവിയരുളീടിനാൻ
ഖേദമുണ്ടു മനസ്സിലിഹ പിഴവന്നുപോയിടുമെന്നു മേ
ആദരാലിവിടഖിലദൈവതമാശ്രയം പരമാശ്രയം.
ഭാഷയായ്പറവാനുമടിയനു സംസ്കൃതത്തിനുമൊന്നുപോൽ
ദോഷഹീനപടുത്വമല്പമുദിപ്പതുണ്ടിവിടിന്നതിൽ
ശേഷിയില്ല ഭടജ്ജനങ്ങൾ ധരിച്ചിടാ കടുസംസ്കൃതം
ഭാഷയായ് പറയാമതിൽ ചില ദൂഷണം വരുമെങ്കിലും.
പൂതരൂപമിയന്ന മൂർത്തി പുരന്ദരാദിഭിരർച്ചിതൻ
ഭൂതപതി വടിവോടു തകഴിയിൽ വാണിടും മമ തമ്പുരാൻ
ജാതിനിന്ദ്യനതാകുമടിയനു സന്തതം തുണയാകയാൽ
ഏതുമില്ലൊരു മന്ദഭാവമമന്ദമിക്കഥയോതുവാൻ.
ഭാരതംകഥ ചൊല്ലിടുന്നതു പാപഹരമിതി സമ്മതം
നീരസം വരികില്ല കേട്ടിടുവോർക്കുമെന്നു സതാം മതം
ധീരനായ വൃകോദരന്നുടെ വീര്യസംഭൃതമേദുരം
സാരമായ കഥാരസശ്രവണാദിസംചയസാരസം
കേട്ടുകൊള്ളുവിനെങ്കിലോ കടുകുടിലമതി ദുരിയോധനൻ
വാട്ടമററഥ കർണ്ണസൗബലമന്ത്രഗ്നയശോധനൻ
രാഷ്ട്രപാലനശീലനേ ഖലു വിഗതദീർഘവിലോകനൻ
കൂട്ടുകാരുടെ കോമരക്കളിയന്ത്രസന്നിഭചേതനൻ
സാധുവാകിയ ധർമ്മപുത്രനെയാളയച്ചുവരുത്തിപോൽ
ചൂതിനായഥ ശകുനിതന്നൊടു വഞ്ചനങ്ങൾ കലർത്തിപോൽ
ഭൂതലാധിപനാകുമന്ധനുമല്പമറിവതിലുണ്ടുപോൽ
ഭൂധരാവഹചേതസാപിയനല്പമറിവതിലുണ്ടുപോൽ
സാധനങ്ങളടക്കിപോൽ സമഹാധനങ്ങളടക്കിപോൽ
മേദിനീതലവും ചതിച്ചു പറിച്ചു ഹന്ത! മടക്കിപോൽ
ഖേദമാർന്നിതുകൊണ്ടു പാണ്ഡവരൈവരും പ്രിയകാന്തയും
ദ്വാദശാബ്ദമലഞ്ഞു കാട്ടിനകത്തുതന്നെ കഴിച്ചുപോൽ
ഈവണ്ണം വനംതന്നിലായ്വന്ന നിമിത്തത്താൽ
കോപം നില്ക്കരുതാതെ ചമഞ്ഞു ഭീമനുൾക്കാമ്പിൽ;
ഭ്രൂവല്ലി രണ്ടുമൊന്നു വളഞ്ഞു കോടിയംഭോജ
പ്പൂവഞ്ചും മിഴി ചോന്നു കലങ്ങി കൈ ഞെരിച്ചോങ്ങി

ഭാവം മാറി വല്ലാതെ ഗദയുമായി കുരുക്ഷേത്രം
പൂവാനായ് പലവട്ടം തുടങ്ങീ യാത്രയൊരുങ്ങീ;
പാവപ്പെട്ട വിപ്രൻമാർ നടുങ്ങീ ധർമ്മപുത്രൻെറ
കാൽവട്ടപ്രദേശത്തിലൊതുങ്ങിയെന്നതേ വേണ്ടു;
ഈ വട്ടം കണക്കല്ലെന്നടങ്ങി വാഴണം സത്യ-
ഭീ വിട്ടു പ്രയോഗത്തിൽ മടങ്ങീടും, ശരിയല്ല
പോർവട്ടത്തിനു മൂലം ഭവിക്കുമെന്നു രാജാവും
പോർവട്ടസ്തനിയായ പത്നിയും സോദരൻമാരും
സാവധാനമോരോന്നു പറഞ്ഞോരമ്പതിലേറെ
പ്രാവശ്യം സമാധാനം വരുത്തീട്ടുണ്ടറിഞ്ഞാലും;
വേഷംമാറിയോരാണ്ടു വസിപ്പാനായതുകാലം
ശേഷം ബ്രാഹ്മണരെ യാത്രയുമാക്കിദ്ധരാപാലൻ
രോഷംപൂണ്ടു നില്ക്കുന്ന സോദരനു രഹസ്യസ-
ന്തോഷവാർത്തകൾ ദീർഘദൃഷ്ടിയാലേ ധരിപ്പിച്ചു
യോഷാരത്നമോടും സോദരൻമാരോടുമിന്ദു-
ഭൂഷാരത്നമായുള്ള ധർമ്മജൻമാവതുകാലം
ആർഷാനുഗ്രഹവാക്യമനുസൃത്യ വടിവോടേ
കാഷായാംബരംപൂണ്ടു സന്ന്യാസിവടിവാണ്ടു
ശസ്ത്രങ്ങൾ ശമീവൃക്ഷകോടരത്തിൽ വച്ചു പാണ്ഡു-
പുത്രൻമാരുമാരോമൽത്തയ്യലാൾ ഭാമിനിതാനും
ചിത്രം ചിത്രമോരോരോ വേഷമോടും വിരാടഭൂ-
വൃത്രാരിയുടെ രാജധാനിയിൽച്ചെന്നകംപുക്കു;
ശങ്കവിട്ടഥ സന്ന്യസിച്ചു കളങ്കമററ മഹാമതി
കങ്കനെന്നൊരു നാമധേയമുപന്യസിച്ചു യുധിഷ്ഠിരൻ
പങ്കിലേതരചിത്തവൃത്തി വിരാടഭൂവലയേന്ദ്രനും
ശങ്കിയാതഥ സത്കരിച്ചു നമസ്കരിച്ചു വണങ്ങിനാൻ;
കുശലമൊഴികളുമഖിലമഴകൊടു തങ്ങളിൽ പറയും വിധൗ
കുശലമെന്നുകനിഞ്ഞു യോഗിപറഞ്ഞു തൃപ്തിയടഞ്ഞിതേ
വിശദതരമതി പവനസുതനൊരു പാചകാകൃതി പൂണ്ടുടൻ
വിശയ[1]മെന്നിയെ വിപുലകരബലവലലനെന്നറിയിച്ചിതു:
‘‘ചോറുമങ്ങനെ കറികളും വഴിപോലെ വച്ചു ചമയ്ക്കുവാൻ
ഏറുമേ മമ രുചിരരുചിഭരമുരുതരം നരവര! പരം
കൂറുകൂടിന നൂറു കറിയൊടു ചോറുവച്ചു വിളമ്പുവാൻ
നൂറു നൊടിയിടയിടയിലടിയനു ലഘുതരം നരപാലകാ!
മുട്ടമൊക്കെയെറഞ്ഞു കീറി മറിപ്പതിന്നു മടുപ്പിനി-
ക്കൊട്ടുമില്ലിഹ ചട്ടുകത്തിനു കട്ടിയുണ്ടു കരത്തിനും
കുട്ടകങ്ങൾ കിടാരമിവ നിറയിട്ട ജലമൊടു താങ്ങുവാൻ
പുഷ്ടിയുണ്ടു നമുക്കു നൃപ! തവ കരുണയതിനരുളേണമേ!’’

[1] വിശയം = സംശയം.

പവനനന്ദനവചനനന്ദനപാവനാശയനാകയാൽ
നൃപനുമലിവൊടു പാകശാലയിലവനൊരനുമതി നല്കിനാൻ
പാട്ടുമാട്ടവുമൊത്ത നൃത്തവുമൊത്തുചേർന്നു വിളങ്ങിടും
ചേഷ്ടകീവടിവാർന്നു പാർത്ഥിവരത്നമാകിയ
 പാർത്ഥനും
കൂത്തുകാരി ബൃഹന്നളേതി കടന്നുകൂടി; സുധർമ്മയിൽ
കൂത്തുകാരിയതാകുമുർവശിശാപമങ്ങുപകാരമായ്;
ആശ്വിനേയരുമശ്വഗോകുലപാലരാകിയ ബാലരായ്
ക്ലേശമാർന്നു വസിച്ചിതുത്തരസേവ[1]പൂണ്ടു നിരന്തരം;
ദ്രുപദനന്ദിനി നലമൊടുരുതരസുപദവേദിനിയും തഥാ
നൃവരനിലയനമേറിനാളൊരു ദാസിതന്നുടെ വേഷമായ്
സപദി സരസിജവദനയാകിയ രാജ്ഞിയോടു സഹാവസൽ
സ്വപതിപഞ്ചകനിയതിയുടെ ഹതവിതതിയോർത്തു–
 ശുചൈവ സാ
മുറ്റമൊക്കെയടിച്ചു തൂത്തുതളിച്ചു ഭംഗിവരുത്തണം
മുറ്റുമനവധി വെങ്കലങ്ങൾ തുടച്ചു വെൺമ തിളക്കണം
മറ്റു ദാസികളോടു ചേർന്നു പുറത്തളത്തിലിരിക്കണം
കുറ്റമശ്ശനികൾക്കു വരുവതിലൊട്ടു താൻ പിഴയേല്ക്കണം
ഏഴരയ്ക്കെഴുനേറ്റു വെള്ളമനത്തിയെണ്ണയെടുക്കണം
കോഴവിട്ടഥ താളികൂട്ടി മെതുക്കിയിഞ്ച പതയ്ക്കണം
കേഴുമാനൃപബാലരെങ്കിലെഴീറ്റു പോയിയുറക്കണം
നാഴികയ്ക്കൊരു നാലു കല്പന രാജ്ഞിചൊൽവതു
 കേൾക്കണം
മഞ്ഞുമൂതണകാറ്റുമേറ്റു വെളിക്കുതന്നെ കിടക്കണം
കുഞ്ഞു കരകിലെഴീറ്റു തൊട്ടിലു മന്ദമാട്ടിയടക്കണം
മഞ്ജുളാധരി ദന്തശോധനസാധനങ്ങളൊരുക്കണം
രഞ്ജനായ രഹസ്സിൽ മാരുതനന്ദനം പ്രവദിക്കണം
ഉത്തര[2]യ്ക്കു കുറിക്കുവേണ്ടതരച്ചു കൊണ്ടുകൊടുക്കണം
ഉദ്ധരിപ്പൊരു മത്സരോക്തികൾ കേട്ടു കേട്ടു സഹിക്കണം
നൃത്തവേളയിൽ മദ്ദളം ചിലപോതിലെത്തി വദിക്കണം
മുഗ്ധഗാത്രി വിയർത്തുവാങ്ങിയടങ്ങിയാലഥ വീശണം
കഞ്ഞിവാർന്നുവരും തുരപ്പു ശരിപ്പെടുത്തി മിനുക്കണം
മുഞ്ഞി വീർത്തു മുഷിഞ്ഞു പട്ടരുരച്ചിടുന്നതു കേൾക്കണം
അഞ്ജസാ കറിവയ്പു കോപ്പു നുറുക്കുവാനിടകൂടണം.
കുഞ്ഞു മുള്ളുക നുള്ളുകെന്ന വിധങ്ങളാശു സഹിക്കണം
ശുപ്പുവയ്യർ വെറുത്തുപെയ്തിടുമട്ടഹാസവുമേല്ക്കണം
വയ്പുകൗശലമുണ്ടായാൾക്കതിലുണ്ടു മെച്ചമതോർക്കണം
കുപ്രധാനതപൂണ്ട സേവകരിൽ പ്രദർശിതദുർഗുണം

---

[1] ഉത്തരസേവ = ഉത്തരന്റെ സേവാവൃത്തി; വിരാടരാജാവിന്റെ പുത്രന്റെ പേരാണ് ഉത്തരൻ. [2] ഉത്തര = വിരാടരാജാവിന്റെ മകളുടെ പേര്.

നിഷ്പ്രയാസമുതിർത്തിടുന്നതെതിർത്തിടാതെ സഹിക്കണം
സുപ്പരായരൊരുത്തനുണ്ടവനുണ്ടു കുമ്പ നിറയ്ക്കണം
മറ്റു ദാസികളോടു വാർത്ത പറഞ്ഞു ചൊല്ലിയിരിക്കണം
അപ്രകാരമസഹ്യദുർവിധലക്ഷണങ്ങൾ സഹിക്കണം*
സുപ്രസന്നനിശാകരാനനതന്റെ ഭാഗ്യവിലക്ഷണം
ഇപ്രകാരമുദിച്ച കർമ്മരഹസ്യമെത്ര വിചക്ഷണം
ദുഷ്പ്രഭു ദുര്യോധനന്നുടെ പുണ്യലേശമിതോർക്കണം;
ധരണീന്ദ്രാത്മജയാകും തരുണീരത്നമീവണ്ണം
ശരണം മാത്സ്യഭൂപന്റെ ശരണേ ഭർത്തൃഭിസ്സാകം
വരണംചെയ്തു ദുഃഖാബ്ധി തരണം ചെയ്‌വതിന്നെന്തേ
കരണീയങ്ങളെന്നന്തഃകരണം വാടി വാഴുമ്പോൾ
ധരണീപാലകസ്യാലനവലേപൈക ദുഷ്പാത്രം
തരുണൻ സൈന്യനാഥൻ കീചകനെന്നുണ്ടൊരു നീചൻ
സ്മരണീയഭുജദണ്ഡപ്രചണ്ഡവിക്രമോപേതൻ
കരണീയമിന്നതെന്നു കരുതാത്ത മഹാഭോഷൻ
കമനീയാംഗിയാം പാഞ്ചാലിയുടെ രൂപസൗന്ദര്യ-
സ്പൃഹണീയവിലാസങ്ങൾ വിളങ്ങിക്കാണുകയാലേ
സഹനീയതരമല്ലാതുയർന്നു മാനസചക്ര-
ഭ്രമണീയമനോജാർത്തിക്ഷപണീഭൂതദുർവൃത്തി;
മഴക്കാലത്തുകൊണ്ടൽപോടിരുണ്ട കൊണ്ടലും കാമൻ
തഴക്കുത്തെന്നിവയെക്കാൾ തഴച്ചു നീണ്ട വാർകേശം
കഴല്ക്കെത്തുംപടി കാളിന്ദിയിലെ കൊച്ചു കല്ലോല-
നിഴൽ കൂത്താട്ടമെന്നോണമടിക്കുന്നു ചുരുണ്ടേറി-
ക്കിടക്കുന്ന കിടപ്പും കൊമ്പനാനശ്രേഷ്ഠനെപ്പോലെ
നടക്കുന്ന നടപ്പിന്റെ വെടിപ്പും ചെഞ്ചൊടിപ്പൂവും
തുടുത്തുന്തിക്കനത്തുള്ള മുലക്കുന്നുത്തരീയത്തി-
ന്നടിക്കാകില്ലയെന്നോണം കവിഞ്ഞു കുത്തിണ കുത്തും
മടുത്തൂമഞ്ജുവായുള്ള മൊഴിയും മാനസധൈര്യം
തടുത്താലും വകവയ്ക്കാതഴിയും നീണ്ട മിഴിയും
തുടക്കാമ്പും മഹത്തായ നിതംബമെന്നിവ കണ്ടും
നടക്കാനും സഹിപ്പാനും വഹിയാഞ്ഞു കീചകൻതാൻ
മനക്കാമ്പിൽ കടന്നുകേറിയ കാമവികാരത്തെ
കനക്കെസ്സങ്കടത്തോടേ കഥിച്ചാനേകദാ മൂഢൻ:
‘‘മനസ്സിൽ ചെറ്റു സന്തോഷം ജനിക്കേണമിനി വേഗം
നിനക്കെന്നോടു സൈരന്ധ്രീ! സഹിക്കാവല്ലെടോ ബാലേ!
മനക്കാമ്പു കവരും നിന്റെ ശൃംഗാരവിലാസത്താൽ
മരിക്കാറാക്കിയെന്നെക്കാമദേവൻ കാമിനീമൗലേ!

---

* തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു. ‘അപ്രകാരവുമുള്ള ദുർവ്വിധ ലക്ഷണങ്ങൾ സഹിക്കണം’—മുദ്രിതപുസ്തകപാഠം.

മദിച്ചു തങ്ങളിൽത്തന്നെ പിണങ്ങിത്തിങ്ങി നില്ക്കുന്ന
മഹത്താം പോർമുലത്തൊത്തൊന്നണയ്ക്കാതാവതില്ലേതും
പരസ്ത്രീസംഗമം നന്നല്ലൊരുകാലത്തുമെന്നുള്ളിൽ
ധരിക്കാതല്ലയെന്നാലും സഹിക്കാവല്ലെടോ ബാലേ!
തെരിക്കെന്നു സുധതന്നേ ചുരത്തും നിന്റെ ചുണ്ടിന്റെ
പരപ്പും കുങ്കുമംതോററ ചുവപ്പും കണ്ടിടുംതോറും
മരിക്കാറാമിനിക്കൊന്നു ലഭിക്കാറാക്കുവാനേകി
കരിക്കാറാക്കുമെൻ പ്രാണനേക്കാൾ പ്രേയസീ ബാലേ!
മനസ്താപത്തിനാൽ സൈന്യം ഭരിപ്പാനും പടക്കോപ്പു
ഗണിക്കാനും ചില നാളായെനിക്കു കൗതുകമില്ല
മിനക്കെട്ടങ്ങിരുന്നാലും മനത്തട്ടു പിളർക്കും പൂ-
മുനയ്ക്കൊട്ടും മൃദുത്വം കാമനച്ചട്ടായ് കൊടുപ്പീല;
നിനക്കു പാതിവ്രത്യധ്വംസനത്തിൽ ശങ്കയുണ്ടെങ്കിൽ
കനക്കേടും തരക്കേടും ജനിക്കാനില്ലിതിനിപ്പോൾ
നിനയ്ക്ക തൻ ഗുരുപത്നീമണച്ചു പുല്കി ചന്ദ്രൻ കാ-
മിനിക്കു ദൂഷണമെന്തു ഭവിച്ചു ജാരനായോനും?
മുനിക്കൂട്ടത്തിൽ മുമ്പുള്ള മനസ്വീ കൗശികൻ മുന്നം
തനിക്കു ചേർന്നപോലെ മേനകയ്ക്കു കാന്തനായില്ലേ?
വനത്തിൽ താമസിച്ച മാമുനിയാം ഗാലവന്റെ ഭാ-
മിനിക്കു ലോമഗന്ധർവപ്രവരൻ ചേർന്നുപോയില്ലേ?
മനസ്സിൽ ജാതനായ കാമന ശ്രീകൃഷ്ണപുത്രൻ ക-
ല്പനയ്ക്കു നീതികേടെങ്ങും ഭവിക്കില്ല മഹാഭാഗേ!
പതിയായെന്നെ നീയിന്നു വരിച്ചാലും! രമിച്ചാലും!
സതിയായ്ത്തന്നെ നീയെന്നും വസിച്ചാലും സുഖിച്ചാലും!
പതിമാരായ ഗന്ധർവരെതിർത്താലും കയർത്താലും
മതി ഞാനെന്നു നിശ്ശങ്കം ധരിച്ചാലും വരിച്ചാലും:''
മദനപരവശഹൃദയനാകിയ കീചകന്റെ മനോരഥം
കദനതരളിതമാനസത്തൊടിവണ്ണമങ്ങനെ കേൾക്കയാൽ
വദനസരസിജകോമളാഭ കുറഞ്ഞു മാലിനി പിന്തിരി-
ഞ്ഞതനുകോപമിയന്നു കാതുകൾ പൊത്തിയുത്തരമോതിനാൾ:
''കുടിലമാനസ! നീ പറഞ്ഞൊരു വാക്യശല്യമിതേല്ക്കയാൽ
ത്രുടിതമായിതു കർണ്ണയുഗ്മ ഹൃദന്തരങ്ങൾ നിരന്തരം
സ്ഫുടിതമാകിയ മാരശൂര വികാരചാരുവികാര സം-
ഘടിതബുദ്ധി നിഷിദ്ധമൈത്രയുമത്ര മൃത്യു വരുത്തുമേ;
സകലകുലബലവിഭവമനവധി ധനവുമനുദിനമീവിധം
വികലമതികളിൽ നില്ക്കയില്ല നിനക്കു നല്ലതിനല്ലിതും
നിഖിലമത്ര നശിച്ചു ബുദ്ധി പകച്ചുവീണു മരിച്ചുപോയ്
സകല ദുർവിധ നരകമതിലചിരേണതന്നെ പതിച്ചുപോം

സതികളവികടമകമലർക്കുടമതിലമുഴ്ത്തിയഹർന്നിശം
വിധിവദർച്ചനചെയ്തു കാത്തിടുമമലപതിവ്രതവഹ്നിയാൽ
അധിഗരവരവരോർക്കതിൽ പുനരതിരുവിട്ടു തൊടുന്ന ദുർ–
മ്മതിയെ ഭസ്മമതാക്കുമവനൊരു ഗതി വരില്ല പരത്തിലും
പതികൾ പുനരപരോക്ഷ സുരുചിരഗതികൾ
ഗുഹ്യകരഞ്ചുപേർ
അധികതരബലപതികളുണ്ടു നമുക്കു നയഗുണശാലികൾ
ഇതിഹ പുനരതിലൊരുവനറിയുകിലധികമിനിയൊരു
മാത്രയി–
ക്ഷിതിയിൽ നിന്നെയിരുത്തുകില്ല വികല്പമില്ല ജളപ്രഭോ!
പണ്ടു സീതയെയാഗ്രഹിച്ചു നശിച്ചു രാവണരാക്ഷസൻ
കണ്ടവർക്കുമതെത്രപേർക്കു വിനാശകാരണമായിപോൽ
രണ്ടുകുറി നിജ ലങ്ക ചുട്ടുകളഞ്ഞു തലകളെറിഞ്ഞുട–
ച്ചിണ്ടൽചേർത്തവർ പത്നിയെപ്പിടിപെട്ടുകെട്ടിയിഴച്ചുപോൽ
ഇന്ദ്രജിത്തുതുടങ്ങിയുള്ളൊരു പുത്രരും നിജ പൗത്രരും
സൈന്യനായകർ മന്ത്രിമാരുമനേകബന്ധുജനങ്ങളും
ഒന്നുമൊന്നുമറിഞ്ഞിടാതെ കിടന്നുറങ്ങിന തമ്പിയും
ചെന്നു കാലവശത്തിലായ് നിജ മൂലകുലവുമൊടുങ്ങിപോൽ
കണ്ടു കണ്ടു സഹിച്ചിരുന്നു മനസ്സുഴന്നു ദശാനനൻ
കണ്ടവർക്കൊരു നിന്ദനത്തിനു പാത്രമായൊരുപോതുമേ
കണ്ടിവാർകുഴലാളെയും ലഭിയാതെ രാഘവസായകം
കൊണ്ടു ചത്തു മലർന്നുപോയതു കേട്ടുകേളിയുമില്ലയോ?
അണ്ടർകോനുമഹല്യയിൽ കൊതിപൂണ്ടു ചെന്നതു മൂലമായ്
തണ്ടുതപ്പിവലഞ്ഞതും ചെവികൊണ്ടു കേട്ടറിവില്ലയോ?
കാമകോമരമായ നിന്നുടെ വാമമായ മനോരഥം
തൂമവിട്ടു കഥിച്ചതിങ്ങു സഹിച്ചു നിന്നെയയച്ചിടാം
ശ്രീമതീ മമ സ്വാമിനീസഹജത്വമുണ്ടു ഭവാനതും
കാമഘോരപിശാചകിങ്കര! ചിന്തയാമി നിരന്തരം;''
ഇത്തരം പലതും പറഞ്ഞു തിരിഞ്ഞുപോയൊരു മിലിനീം
മത്തനാമവനുററുനോക്കി മനസ്സലിഞ്ഞു കുഴഞ്ഞുടൻ
സജ്വരം പരതന്ത്രനായഥ ദർപ്പകേണ നിയന്ത്രിതൻ
സത്വരം നടകൊണ്ടു പത്തനമെത്തി മെത്ത കരേറിനാൻ:
മുണ്ടെടുത്തു വലിച്ചുമൂടി വിറച്ചു നൊന്തു പനിച്ചുടൻ
രണ്ടുമൂന്നുദിനം കിടന്നു വിശന്നു നന്നെ മെലിഞ്ഞവൻ
കണ്ടവൈദ്യരടുത്തുകൂടിയകത്തുകേറി മുറയ്ക്കുടൻ
കണ്ടകാരി പറിച്ചുവാരി പചിച്ചു വച്ചുതുടങ്ങിനാർ;
രാജപത്നിയുമീയവസ്ഥകൾ കേട്ടറിഞ്ഞവിടെത്തിനാൾ
വ്യാജഹീനമടുത്തുചെന്നു കനിഞ്ഞൊരോന്നു കഥിക്കവേ
പൂജനീയമഹാസനത്തിലിരുത്തിയാത്മസഹോദരീം
പൂജചെയ്തു മനംമറന്നു വണങ്ങി വീണു പറഞ്ഞവൻ:

‘‘കഷ്ടമൊട്ടുദിനങ്ങളായിയെനിക്കു മാനസസൗഖ്യമി–
ങ്ങൊട്ടുമില്ലതുതന്നെയിങ്ങനെ രോഗമായ് നൃപവല്ലഭേ!
മട്ടു മാറി മനസ്സു നീറിയെരിഞ്ഞുകേറിയ വഹ്നിയാൽ
ചുട്ടുനീറി വപുസ്സു കേറിയടച്ചുമൂടി വസിച്ചു ഞാൻ
വിട്ടുതന്നെ പറഞ്ഞിടാൻ മടിയായിടുന്നിതിലെങ്കിലും
പട്ടുപോംവിധമെത്തിടും പൊഴുതെന്തു മററു നിനയ്ക്കുവാൻ
നിൻെറ ദാസിയതായ മാലിനിമൂലമെന്നിൽ മനോഭവൻ
തൻെറ ശല്യമുരയ്ക്കുവാൻ പണി പാരമുണ്ടു ഗുണാലയേ!
പങ്കജാക്ഷിയെ നിൻെറ കല്പനകൊണ്ടു മദ്വശയാക്കുവാ–
നങ്കുരിക്കണമേ കൃപാലവമത്ര കോൾക്ക ശുഭാത്മികേ!
പങ്കജേഷു പരാഭവത്തിരമാല തള്ളിയടിച്ചിടും
സങ്കടക്കടലിൽ പതിച്ചു മരിച്ചിടാതിവനെ ക്ഷണാൽ
നിൻകൃപാംകുരമായ തോണിയിലേററിയങ്ങു കരയ്ക്കുചേർ–
ത്തെങ്കിലേ ഗതിയുള്ളെനിക്കുമയേ! നിനക്കുമതോർക്കണം!’’
സജ്വരം നിജസങ്കടങ്ങളശേഷമിങ്ങനെ കീചകൻ
ലജ്ജവിട്ടു പറഞ്ഞു വീണു കരഞ്ഞിടുന്നതു കാൺകയാൽ
അദ്ഭുതാംഗി സുദേഷ്ണ യാത്രപറഞ്ഞു പോയ് നിജ ഭ്രാതൃദുർ–
വൃത്തിയോർത്തു മനസ്സിടിഞ്ഞു മുഖം കരിഞ്ഞു നിനച്ചിതേ:
‘ധർമ്മനിഷ്ഠവെടിഞ്ഞ വൃത്തി പറഞ്ഞിടുന്നതുമെങ്ങനെ?
നിർമ്മലാംഗിയുടാശയത്തെയറിഞ്ഞിടുന്നതുമെങ്ങനെ?
ഇമ്മഹാകുടിലൻെറയിച്ഛ നിരാകരിപ്പതുമെങ്ങനെ?
കർമ്മമേ മമ കഷ്ടമൊന്നു കുഴഞ്ഞു ഞാനിവിടിങ്ങനെ;
കീചകൻെറയടുക്കലേക്കിവൾതന്നെ വിട്ടുകൊടുക്കണം
വ്യാജമായ വചസ്സുചൊല്ലിയിവൾക്കു തുഷ്ടി വരുത്തണം
രാജകീയനിലയ്ക്കതെത്ര നിഷിദ്ധമെങ്കിലുമെന്തു മ–
ററാചരിപ്പതിനിപ്പൊഴുള്ളതു നല്ലതെ'ന്നു നിനച്ചുടൻ
വ്യാജവേഷമെടുത്ത ഭൂവരപുത്രിയാം നിജ ദാസിയെ
രാജഭാര്യയുമേകദാ സവിധേ വിളിച്ചുവരുത്തിനാൾ!
നല്ലവാക്കു പറഞ്ഞു തുഷ്ടി വരുത്തി ബുദ്ധി നിരത്തിവ–
ച്ചുള്ളിണക്കിയനന്തകോമളകാന്തമായ കളേബരം
മെല്ലെമെല്ലവെ നോക്കിയുരുബഹുമാനമോടഥ പുഞ്ചിരി–
ച്ചല്ലൽവിട്ടവൾ ശാന്തവാക്കുകൾകൊണ്ടുരച്ചുതുടങ്ങിനാൾ:
‘‘നമ്മളിങ്ങനെ നിത്യവും പുനരൊന്നുചേർന്നു വസിക്കയാൽ
നിർമ്മലേ! പരിതുഷ്ടിയതിനൊരു പുഷ്ടികേടുവരില്ലയോ?
ചന്ദ്രനും നിജ പത്നിയാകിയ രാത്രിയോടിട വിട്ടു പോ–
കുന്നതവരുടെ രാഗശക്തി ബലപ്പെടുന്നതിനല്ലയോ?
മന്ദമാ മകരന്ദമുണ്ടു സുഖിക്കുവാൻ വരിവണ്ടു ചേർ–
ന്നൊന്നിനൊന്നുപിണങ്ങിയാശു മുരണ്ടു മണ്ടിയുഷസ്സിലേ

അംബുജങ്ങൾ വിടർന്നിടുന്നതിലാശവയ്പതവററയാ—
യംബുജങ്ങളെ വിട്ടു രാത്രി കഴിക്കകൊരണമല്ലയോ?
ആകയാലിഹ ഞാനുമൊന്നു പറഞ്ഞിടുന്നു മനോഹരേ!
പോകണം ചെറുതെന്നെവിട്ടുടനിന്നു തെല്ലൊരു കാര്യമായ്
ശോകഹീനമഹോ! മദീയ സഹോദരാലയമോളമെൻ—
നാഗഗാമിനി കാണുവാനുമതെത്ര നൻമണിമന്ദിരം!
നന്നായുയർന്നുള്ള ഗോപുരമുണ്ടതു
പൊന്നാണു കണ്ണിന്നമൃതുപോലെ
മിന്നുന്ന രത്നജാലത്താൽ വിളങ്ങുന്നു
നിന്നാണെ പൊയ്യല്ല ചാരുശീലേ!
പച്ചരത്നങ്ങൾ പതിച്ച തളങ്ങളും
മച്ചും മണിയറ ഭിത്തികളും
ഉച്ചത്തിലുള്ള മതിൽക്കെട്ടുതന്നിൽ പ—
തിച്ച പവിഴങ്ങൾ മുത്തുകളും
ഏഴു നിലയുള്ള മേടകളുമതിൻ—
ചൂഴവും പൂത്തുള്ള വാടികളും
താഴാതെ നിർമ്മലവാരി വിളങ്ങും നീ—
രാഴി സ്വച്ഛങ്ങളാം കച്ഛങ്ങളും
എന്നല്ല സർവേന്ദ്രിയാഹ്ലാദദായകം—
തന്നെയപ്പത്തനം ചിത്തരമ്യം
കർണ്ണാന്തലോചനേ! കാണേണ്ടതാണവി—
ടിന്നാശു നീയൊന്നു പോകവേണം;
മധുരസുരുചിരമധുവുമന്നവുമഖിലമഴകൊടു വാങ്ങി നീ
വിധുരതാരഹിതം മുദാ വരികധരസുന്ദരബിംബകേ!
മുദിരനിരയൊളമുയരമെഴുമുരുതരമതാകിയ പുരവരം
കുധരപീവരകുചധരേ! സഹജാതനുടെ മണിമന്ദിരം
നയനമോഹനനായ കീചകഭവനമഹിമകളൊക്കെയും
നയനകുതുകമതടയുമടവതു കമനിമാർമണി കാണണം
അയനമതുമതിദീർഘമല്ല ഗതാഗതാധികജനപരം
അയനയുഗളവിധാതൃഹിതകര ദിതിജകരമഭയങ്കരം*
അവനുമധികസുശീലനാണയി പോകപോയ്‌വരികെ''ന്നുടൻ
നൃപനുടേ മഹിഷീ സുദേഷ്ണ കൊടുത്തു മൈരേയഭാജനം
കമനിമാർമണിയായ കൃഷ്ണയുമാധിയോടതു വാങ്ങിനാൾ
വിമനസാപി വിശിഷ്ടശീലവിധിക്കു ചേർന്നതിനെന്നുടൻ
സരണിതന്നിലിറങ്ങിയങ്ങു മറിഞ്ഞുവീണു കരഞ്ഞല—
ച്ചരുണസോദരവാഹമഭയമിരന്നു കേണുതുടങ്ങിനാൾ:

---

* അയനയുഗളവിധാതാവിന്റെ (ഉത്തരദക്ഷിണായനങ്ങൾ സൃഷ്ടിക്കുന്നവന്റെ—സൂര്യന്റെ) ഹിതകരനായ ദിതിജന്റെ (രാക്ഷസന്റെ) കരം (കൈയ്) അഭയങ്കരം (അഭയത്തെ ചെയ്യുന്നത്). തുടർന്നു വരുന്ന ഭാഗത്തു കീചകനിൽനിന്നു പാഞ്ചാലിയെ രക്ഷിക്കുന്നത് ഈ രാക്ഷസനാണ്.

‘‘പാഹി പാഹി ജഗന്നിവാസ! സുകുന്ദഹാസമുകുന്ദഹാസിത
മേഘവർണ്ണ സുപർണ്ണവാഹ മഹാർണ്ണവാധിവസാംബുജേക്ഷണ!
പാഹി പാഹി രമാപതേ! പരമാപദാം പരമാപുരഗതിയി—
ലാശു പാലയ കീചകാലയസങ്കടാലയ മാം കൃപാല!’’
ഈവണ്ണം തൊഴുതുവീണിരന്നു പാർഷതി മെല്ലെ
കാർവർണ്ണങ്കലേ ചിത്താംബുജവും ചേർത്തുറപ്പിച്ചു
പോകുമ്പോൾ വലംകണ്ണു തുടിച്ചു ദുർന്നിമിത്തങ്ങൾ
ആകുണ്ഠാത്മനാ കണ്ടും വിഷമിച്ചു വിഷമിച്ചു
നീർകൊണ്ട ഘനംപോലെ നിറമുററ കുഴലേററം
പാർകൊണ്ട പൊടികൊണ്ടു പുരണ്ട ദേഹവുമെല്ലാം
വാർതിങ്കളതിൽനിന്നു സുധ വാരും വിധം കണ്ണു—
നീർ രണ്ടുവഴിയായിട്ടൊഴിയാതങ്ങൊഴുകിപ്പോയ്
പോർകൊങ്കത്തടത്തിങ്കൽ പതിയുന്ന പരിതാപ—
മാർ കണ്ടാകിലും കണ്ണു നിറഞ്ഞു മണ്ണു കപ്പീടും
അരുവയറണിമുടിമണി സൈരന്ധ്രിയുമേവം
പെരുവഴിയതിലേകാകിനിയായ് സങ്കടപ്പെട്ടു
പരിചോടേ ഗമിച്ചു കീചകന്റെ പത്തനത്തിന്റെ
പടിവാതിലതിൽച്ചെന്നു പിടിച്ചുനിന്നു ചിന്തിച്ചു:
‘മദനപരവശഹൃദയതാമനുദിവസമങ്ങു നൃപാലയ
സ്വജനപരിഷദി തുനിയുമതിജളനധമനാകിയ കീചകൻ
സ്വജനമതിലൊരു ശരണമെന്നിയെ വിജനമതിലിഹ കാൺകിലോ
കദനമേകുമതീവ ദുർവിധവചനമോതുമസംശയം
അതിനുമനുമതി നല്കിടായ്കിലടുത്തുവന്നു പിടിച്ചുകൊൾ—
വതിനുമവനിഹ മുതിരുമത്ര വിചാരഹീനനുമാണവൻ’
പലതുമീവിധമോർത്തു പരവശയായി നിന്ന നിതംബിനീം
മലർശരാതുരനായ കീചകനാശു കണ്ടൊരു നോക്കവൻ
പുലരുമളവഥ മലരുമതുലിതപരിമളാഞ്ചിതമായിടും
മലരിനുടെ മധുമധുരമോഹിതമധുപനെന്നതുപോലെയും
വലിയ തപമൊടു വലയുമവനഥ ചിന്തിതാമലമൂർത്തിതാൻ
തെളിവൊടുടനെഴുന്നരുളി മുമ്പിലണഞ്ഞുകണ്ടതുപോലെയും
നിയതമുരുതരനിസ്വനിങ്ങനെ ചെറുതു ധനമതിനാശയോ—
ടമരുമളവു നിധിക്കുടം നികടേ ലഭിച്ചതുപോലെയും
കലിതമദമലവാഹിതകടതടഭിത്തിചേർന്നൊരു ഹസ്തിതാൻ
അലിവൊടകലവെ ചെറുതു കരിണിയെയാശു കണ്ടതുപോലെയും
വളരുമംഗജതാപമാർന്നധികാശപൂണ്ടു വിരണ്ടുടൻ

പുളകിതാംഗസമസ്തനായുടനോടിയെത്തി മഹാശഠൻ;
മദ്യഭാജനവും വെടിഞ്ഞു സുമദ്ധ്യമാമണിതാനഹോ!
ഉദ്യമം തരമല്ലയെന്നു നിനച്ചു പാഞ്ഞു മടങ്ങിനാൾ;
മത്തനാമവനുത്തമാകുലരത്നമാകിയ കൃഷ്ണതന്നുടെ
മുഗ്ദ്ധകാന്തിവിലാസകാന്തികളാന്തി വാർന്നൊഴുകുന്നതിൻ–
മദ്ധ്യഭാഗമതിൽ പതിച്ചു മനംമറന്നു മറിഞ്ഞു നീന്തിയ–
ടുത്തിടുന്ന കണക്കിലോടിയടുപ്പതിന്നു തുനിഞ്ഞിതു.
മരണവേദനപൂണ്ടുഴന്നു കരഞ്ഞു കാട്ടിടയോടിടും
ഹരിണിതന്നുടെ പുറകെ വമ്പുലി പാഞ്ഞടുപ്പതുപോലവൻ
തരുണിമാർമണിതന്നൊടേറ്റമടുത്തു കൂന്തൽ പിടിക്കയാൽ
തരണിദേവമുപാശ്രയിച്ചു ജപിച്ചു ഭൂവരപുത്രിയും.
''ദേഹി മേ ശരണം ജഗത്ത്രിതയേശ ശാശ്വത! പാലയ
ദേഹഭാസ്വര! ദേവ ഭാസ്കര! ദേവദേവ കൃപാലയ!
പാഹി പങ്കജലോകബാന്ധവ! പങ്കജേക്ഷണ! പാലയ
വാഹസാപ്തക സർവസാക്ഷിക സാധുപാലയ പാലയ!''
ലോകത്തെയുളവാക്കിപ്പാലിച്ചു നശിപ്പിക്കും
ശ്രീഖദ്യോതദേവന്റെ കരുണാകന്ദളത്താലേ
ആവിർഭൂതനായപ്പോളടുത്ത രാക്ഷസേന്ദ്രന്റെ
ഭാവം കണ്ടു പേടിച്ചമ്പരന്നു കീചകവീരൻ
സാവജ്ഞം തടിപോലെ മിഴിച്ചു നില്ക്കുന്ന ദൈന്യ–
ഭാവം കണ്ടല്പമൊന്നു ഹസിച്ചു രക്ഷസാം നാഥൻ
കോപം പൂണ്ടു പൂഞ്ചായൽ പിടിച്ച കൈയ്യയപ്പിച്ചു
പാപന്റെ കരം കൂട്ടിപ്പിടിച്ചങ്ങു പതിപ്പിച്ചു
നാലഞ്ചു പിടരിക്കു പൂജിച്ചു കാൽപിടിച്ചു
നാലുദിക്കിലും വട്ടമിഴച്ചു മണ്ണുകപ്പിച്ചു
ദൂരത്തു വടിപോലെയെടുത്തെറ്റിക്കളഞ്ഞിട്ട–
ച്ചാരിത്രവതിതന്റെ നയനാംബുക്കൾ മാർജ്ജിച്ചു
നേരിട്ടായവൾ ചൊന്ന നുതിവാക്യങ്ങൾ നന്ദിച്ചു
ചാരുസ്മേരമോടാശീർവദിച്ചു യാത്രയാക്കിച്ചു
സൂരപ്രാഭവഭൂതൻ മറഞ്ഞു മാത്സ്യരാജേന്ദ്രാ–
ഗാരത്തിൽ കടന്നു മാലിനി പാരം വിഷാദിച്ചു
നാടൊക്കെ വർത്തമാനം പരന്നു കീചകൻ നാണ–
ക്കേടൊക്കെയനുഭവിച്ചിരുന്നു ഹന്ത ദുഃഖിച്ചു;
അതിരുവിട്ടൊരു കോപതാപവിഷാദസാദമിയന്നുടൻ
കതിരവൻ കടലിൽ കുളിച്ചൊരു പത്തുനാഴിക ചെല്ലവേ
മുദിരസുന്ദരവേണി മാരുതപുത്രവക്ഷസി വീണുടൻ
വിധുരയായിടറിക്കരഞ്ഞു പറഞ്ഞു സങ്കടമീവിധം:
''ചതുരചാരുമതേ! വിഭോ! വരദുരിതമെന്തുരചെയ്‌വു ഞാൻ
പതിതചതുരത കരുതിയരിയുടെ വിരുതിനാശ തുടർന്നിതേ
മദിരയുടെയുരുമധുരതരവരലഹരിയാലതിമത്തനായ്

മധുരസുരുചിരവേഷഭാവമിയന്നിടും കുടിലാശയൻ
സദുരുഗുണനിധിയായ ഭൂമിപസ്യാലനാകിയ കീചകൻ
മതിരതം പ്രതി ചേർത്തു മാം പ്രതി മദനപരവശമാനസൻ
ഇലിയ പല പരദാസിമാരെയയച്ചിതെന്നെയിണക്കുവാൻ
വലിയെക്കേറിഞെളിഞ്ഞുനിന്നു പറഞ്ഞു
                                                    പിന്നെയിണക്കുവാൻ
വലിയ സങ്കടമതിലുമുരുതരമിന്നു ഞാൻ മധുവിന്നു ത—
ന്നിലയമതിലിഹ രാജ്ഞിതന്നുടെയാജ്ഞയാലെ ഗമിക്കവേ
അസമശരപരിഭൂതഹൃദയമൊടശനിപോലെയണഞ്ഞവൻ
വിഷമനിലയമൊടോടി വാടി വിയർത്തു കേണുഴലുന്ന മാം
ഹതമഹാവിധിയാലെ തലമുടി തൊട്ടു വന്നു പിടിക്കയാൽ
കതമമാശ്രയമെന്നു സൂര്യമുപാശ്രയിച്ചു ഭജിച്ചു ഞാൻ
അഖിലസാക്ഷിയയച്ച രാക്ഷസനവനെ നേർത്തു മടക്കിയാ—
നകലുഷാത്മകകരുണയാലൊരുമട്ടു ഞാനിഹ വാങ്ങിനേൻ
പകലുമല്ലിലുമീ ഖലാശയബാധകൊണ്ടു വലഞ്ഞു ഞാൻ
വികലതരമിതു വിഗതതാമസമാശു തീർത്തുതരേണമേ!''
വിവിധമിങ്ങനെ കേണു ചൊല്ലിയ പത്നിയോടു വൃകോദരൻ:
''പ്രിയതമേ! ഒരു മാസമിന്നുമടങ്ങി വാഴുക വേണമേ
നിയതമഗ്രജ സത്യലംഘനമിടയിലാകരുതെന്നു മൽ—
പ്രിയത മതിഗുണശാലിനീ! കരുതീടു നീ കമലേക്ഷണേ!
ദുരിതമതിദുരിയോധനന്നുടെ വിരുതുമുല്ക്കടദർപ്പവും
വരിതമാമുരു വഞ്ചനങ്ങടെ ഫലവുമല്പജളത്വവും
ചരിതസുചരിതയായ നിൻ മുടി തൊട്ട സഹജ ഖലത്വവും
സരഭസം ശകലിപ്പതിന്നിനിയില്ല താമസമോമലേ!
സമയനിയമഗുണസ്ഥിതൻ ശമനാത്മജൻ നരപാലകന്നുടെ
സമയമുണ്ടിതു ലംഘനീയവുമല്ലയെന്നു ധരിക്ക നീ
സമയമുണ്ടിതിനൊക്കെ മേലിലടങ്ങുകെ''ന്നു പറഞ്ഞ
                                                    കാന്തനൊ—
ടമലയാകിയ രാജപുത്രി പറഞ്ഞു പിന്നെയുമാദരാൽ:
''മൽകാന്ത! കീചകൻെറ ദുരാചാരം സഹിച്ചിന്നു—
മിക്കാലമെനിക്കു താമസിക്കാനാവതല്ലല്ലോ
തത്കാലമൊരു ദിക്കിലൊഴിഞ്ഞു താമസിച്ചാലും
ധിക്കാരിയിവനെക്കൊന്നൊഴിച്ചിങ്ങു വസിച്ചാലും
സത്കാരമാനനാം മാത്സ്യനോടീ വർത്തമാനങ്ങൾ
തത്കാര്യക്കാരനോടു പറഞ്ഞങ്ങു പറേച്ചാലും
ഇക്കാര്യത്തിനു നാളെക്കഴിവുണ്ടാക്കണമല്ലാ—
തിക്കൂററിലിനിക്കു താമസിക്കാൻ സമ്മതമില്ലാ;
മയ്ക്കാർവേണിമാർ ചൊല്ലും പരിഹാസങ്ങളുമെന്നു—
മക്കാമപ്പിശാചിൻെറയിളകിയാട്ടവും പിന്നെ
കൈക്കാണം കൊതിച്ച ദാസിമാരെല്ലാമടുത്തെന്നും

സത്ക്കാരത്തോടു ചൊല്ലും ഗുണദോഷങ്ങളുമെല്ലാം
നിനച്ചാലും കണ്ടു കേട്ടു കഴിച്ചുകൂട്ടുവാനെന്റെ
മുജ്ജൻമകൃതപാപപരിപാകമിദമെന്നോ?''
ഉൾക്കൊണ്ട പരിതാപമേവമെല്ലാമറിയിച്ചു
നിർബന്ധിച്ചു മാറത്തു വീണു കേണ സതിതന്റെ
അശ്രുക്കൾ തുടച്ചു കൈപിടിച്ചു ചൊല്ലിനാൻ ഭീമൻ:
''സശ്രദ്ധമിനിയെങ്കിലൊന്നു നീ ചെയ്യണം ബാലേ!
ഊറ്റൻതാനവനെന്നല്ലവനീനായകപത്നി—
ക്കേറ്റം വത്സലനായ സഹജനെന്നതുകൊണ്ടും
മാറ്റിത്ഥം വരുത്താതെ ചതിച്ചുകൊൾകിലേ നമ്മെ—
പ്പോറ്റും ഭൂമിപനെ ധിക്കരിക്കാതെ കഴിക്കാവൂ
നൂറ്റഞ്ചു കനിഷ്ഠസോദരൻമാരുണ്ടവനേറ്റ—
മൂറ്റക്കാരയുതവാരണശക്തനവൻതാനും
ഏറ്റു പോരിനു വന്നാലടിച്ചു ചാറെടുത്തങ്ങു
കാറ്റത്തു പറപ്പിക്കും കാറ്റിന്റെ മകൻ നൂനം.
സേവിച്ചു ദിനവൃത്തി കഴിച്ച സേവകനിപ്പോൾ
കോപിച്ചു രാജബന്ധുജനത്തെ നിഗ്രഹിച്ചെന്നു
ലോകർക്കു പഴിക്കാറായ് വരുമെന്നല്ല രാജാവും
ശോകിക്കും കുരുക്കളിക്കഥകൊണ്ടു വിചാരിക്കും
വീതസംശയം കർണ്ണാദികൾ കൂടിപ്പറഞ്ഞൊത്ത—
ജ്ഞാതവേഷവുമൊക്കെ വെളിവാകാനിടയാകും
നാഗഗാമിനിയാളേ! നമുക്കിപ്പോളതിനാലി—
യാഗസ്സിൽ പ്രതികാരം രഹസ്യത്തിൽ കഴിക്കേണം
ഭോഗലോലുപനായ കീചകന്റെ മനോഭാവ—
മാകെ സമ്മതിച്ചൊന്നു പറഞ്ഞുവയ്ക്കണം നീയും
രാജസ്ത്രീജനം കൂത്തു നടത്തും നാടകശാല
രാജീവേഷു കേളിക്കു കുറിച്ചുകൊള്ളുക നാളെ
രാജാന്തഃപുരവാസീജനംപോലും ധരിക്കാതെ
രാജീവേക്ഷണേ! കാര്യം സകലം സാദ്ധ്യമാക്കീടാം.''
ഏവമമ്പൊടു തമ്മിലൊത്തുപറഞ്ഞു പാവനയായിടും
ദേവിമാർകുലമൗലിമാലയെ യാത്രയാക്കി മഹാശയൻ
കോപതാപവിലാപഭാവവിചാരസാഗരമഗ്നയായ്
രാവുശേഷവുമാശു പാണ്ഡവവീരപത്നി നയിച്ചുതേ.
സാവധാനമെഴീറ്റു തൻ പ്രിയതോഴിമാരൊടുമൊത്തുടൻ
ഭാവസമ്മതമാർന്നു വിടുപണികൾക്കൊരുങ്ങിയിറങ്ങിനാൾ;
രാക്ഷസേശ്വരമുഷ്ടിപാതമതേല്ക്കകൊണ്ടുമഹാബ്ജലോ—
ലാക്ഷിമാർമണിയാഗ്രഹത്തെ നിരാകരിക്കുകമൂലവും
ശ്ലാഘ്യതയ്ക്കൊരു കേടു പറ്റി വിഷാദമോടഥ കീചകൻ
രാജ്ഞിതൻ സവിധം ഗമിച്ചു പറഞ്ഞിരുന്ന ദശാന്തരേ
മാലകന്നഥ മാല കോർത്തു വസിച്ച മാലിനിതന്നുടെ

ലോലഭാവവിലാസചേഷ്ടകൾ കണ്ടു കൗതുകമാനസൻ
മാലതീശരജാലകീലസമാഹതൻ ബത കീചകൻ
നാലുകെട്ടിനകത്തു കേറിയടുത്തുകൂടിയുരച്ചവൻ
ബാലികാകുലമൗലിമാലിനിതാനുമങ്ങനുകൂലമാ-
യാലപിച്ചു വിളിച്ചിരുത്തിയുരുപ്രസന്നമുഖത്തൊടും
പാലുകൊണ്ടഭിഷേകമങ്ങനെ ചെയ്തിടുംപടി സത്ക്കരി-
ച്ചാളുമാറിയലും കടാക്ഷവിമോക്ഷണേന മയക്കിനാൾ.
ഉറപ്പിച്ചു ഭീമസേനൻ പറഞ്ഞവണ്ണമേ താനും
ധരിപ്പിച്ചു കീചകനെച്ചിരിപ്പിച്ചു കളിച്ചൊത്തു
വെറുപ്പിച്ചീടാതെ കാര്യം പറഞ്ഞു കൈപിടിച്ചാശു
കുറുപ്പത്തിൽ കൂത്തരങ്ങു കുറിച്ചു കാര്യസിദ്ധിക്കായ്:
‘‘വടക്കുവാതിലിന്നാണി തിരുക്കില്ലർദ്ധരാത്രിക്കൊ-
ട്ടടുക്കാതിങ്ങു വന്നെങ്കിൽ തരക്കേടു വരുംതാനും
തിടുക്കത്തിൽ കതകിട്ടു പിടിച്ചൊച്ചപ്പെടുത്തുമ്പോൾ
തടിക്കാരായ കാവൽക്കാരുഴന്നു പാഞ്ഞു പററീടും
അടിയും കുത്തുമായൊക്കെ ഭവിച്ചു നാട്ടുകാർ കേട്ടാൽ
വെടിയാറാകുമെന്നെ മൽപതിമാരും ധരിക്കുമ്പോൾ
അതിനൊന്നും വഴികൂട്ടാതിരിക്കുമെങ്കിലോ തെല്ലു-
മിതിനിന്നു വിപരീതം നമുക്കില്ലെന്നറിഞ്ഞാലും;
പതിനൊന്നു മാസമായിട്ടവിടുന്നെന്നൊടീവണ്ണം
മദനന്റെ സങ്കടത്താലപേക്ഷിക്കനിമിത്തം ഞാൻ
വ്യസനത്തിൽ കൃപ തോന്നി സമ്മതിക്കുന്നുവിക്കാര്യം
പിശുനൻമാരറിഞ്ഞെങ്കിൽ പിശകു സംഭവിച്ചീടും;’’
കളിച്ചു പുഞ്ചിരിതൂകി മുഖത്തു നോക്കിനിന്നേവം
വിളിച്ചു ഗൂഢമായൊക്കെപ്പാർഷതി ചൊല്ലിയ നേരം
വെളിക്കുമുള്ളിലും ധാരമുറിയാതെയമൃതേററു
കുളിച്ചു കുമ്പയും വീർത്തകണക്കേ കീചകൻതാനും
പരമാനന്ദവാനായൊന്നിളകിച്ചാടിനിന്നേവം
പറഞ്ഞു: ‘‘പാവനാകാരേ! പറഞ്ഞവണ്ണമാകട്ടെ
വരും ഞാൻ നാടകശാലത്തളത്തിൽ നാട്ടുകാരെല്ലാ-
മുറങ്ങിക്കൂടിയാൽ രാവിൻ ശാന്തനിശ്ശബ്ദവേലായാം;’’
മതിമോദത്തൊടീവണ്ണം പറഞ്ഞു കീചകവീരൻ
മതിനേരാംമുഖം നോക്കിയിരുന്നു, പിന്നെപ്പിരിഞ്ഞു
മധുവാണിയുടെ മഞ്ജുമധുരസ്മേരവും കൊങ്ക-
ത്തടമാനന്ദമേകുന്ന വടിവും വാരിജക്കൈയ്യും
നെടിയ കണ്ണുകൾ വില്ലോടിടയും ചില്ലിയാകുന്ന
കൊടിയാടിക്കവേ കൊള്ളുന്നടിയും നീല മുടിയും
വടിവോടേ മനക്കാമ്പിൽ നിനച്ചാനന്ദവാരാശി-
നടുവിൽ ചാടി നീന്തിത്താൻ കുളിച്ചു പത്തനംപുക്കു

ക്ഷൗരകർമ്മം കഴിച്ചെണ്ണയെടുത്തു പിള്ളരെക്കൊണ്ടു
ഗൗരവത്തോടിരുന്നെങ്ങും തേച്ചു തേച്ചു പിടിപ്പിച്ചു
ഗൗരവർണ്ണം കലർന്നുള്ളോരിഞ്ച കീറിപ്പതപ്പിച്ചു
സൗരഭമുള്ള വസ്തുക്കളിട്ടു വെന്ത ജലംകൊണ്ടു
തേച്ചു ഭംഗിവരുത്തീട്ടു കുളിച്ചു പോന്നു സൗരഭ്യം
വാച്ചിടും പൂച്ചുവസ്തുക്കൾ തേച്ചു നെററിക്കു പൊട്ടിട്ടു
ചേർച്ചകൂടുന്ന വെൺപട്ടുവസ്ത്രവുംപൂണ്ടൊരുങ്ങിപ്പോയ്
ഷഡ്രസോപേതമായൂണുകഴിച്ചു വെററില പോടി
വാററിയ മദ്യവും ചെററു കുടിച്ചു മത്തനായ് കൊച്ചു-
കാററുമേററു കാമദീപ്തി വരുത്തി തൃപ്തിയും തേടി
ഭൂഷണങ്ങളും ചാർത്തിയിറങ്ങി കൂരിരുട്ടിൽ താൻ
യോഷമാർമൗലിയെയോർത്തു നടന്നുപോയിടുംനേരം
മൂഷികഭക്ഷണം ചെയ്യും പൂച്ചയെക്കാലിനാൽ തട്ടി
മൂഷികരക്തവും ചെററു പുരണ്ടു ചഞ്ചലപ്പെട്ടു
ദോഷമായ ശകുനത്തെശ്ശകലം ഗണ്യമാക്കാതെ
ശേഷമുള്ള വഴി തപ്പി നടന്നു കൂത്തരങ്ങെത്തി
ശേഷമുള്ള കഥയൊന്നു വിസ്തരിച്ചു പറയുമ്പോൾ
ദൂഷണം വന്നിടുമെന്ന ശങ്കകൊണ്ടു ചുരുക്കുന്നു;
കാമിനിയാൾ കുറിച്ചോരു നിലത്തു കീചകനോടു
കാമലീലയ്ക്കൊരുങ്ങിപ്പോയ് ഭീമസേനൻ കിടക്കുന്നു
കോമളാംഗിമണിയത്രേ കിടക്കുന്നെന്നുറച്ചേററം
പ്രേമസമ്മോദമൊടൂക്കൻ നീചനാം കീചകൻതാനും
താമസിക്കാതടുത്തു കൈയ്യയച്ചു നോക്കിയ നേരം
രോമസമ്മിശ്രമാം പാറക്കരിങ്കല്ലെന്നതുപോലെ
ഭീമമാമംഗകാഠിന്യപ്രഭാവങ്ങളണുപോലും
കാമവേഗം പൊറുപ്പാനാവതല്ലാഞ്ഞോർത്തതില്ലൊട്ടും
രോമവല്ലി പടർന്നു കേറിയ മുലത്തടം കാണാ-
താമയം പൂണ്ടവനുമാരോമലാൾതൻെറ മാറത്തു
പിടിച്ചു നോക്കിയനേരം രോമശല്യങ്ങളാലൊന്നു
പിടിച്ചു കൈത്തലം മെല്ലെ വലിച്ചു സങ്കടപ്പെട്ടു;
കുടിച്ചു ബുദ്ധിയുംകെട്ടു കിടന്ന മൂഢനെയെത്തി-
പ്പിടിച്ചു ഭീമസേനൻതാനണച്ചു മാറതിൽ ചേർത്തു
കൊടുത്തു മുഷ്ടികൾകൊണ്ടു തടിച്ച വിഗ്രഹം കുത്തി-
പ്പിടിച്ചനേരമേയൊന്നു പിടച്ചു കണ്ണും തുറിച്ചു
മുടിച്ചീടുന്നതിനുള്ളിലുറച്ചു താഡനംചെയ്തു
പൊടിച്ചു കീചകദേഹം വമിച്ചു രക്തവുമപ്പോൾ
മരിച്ചുപോയവനെന്നു ധരിച്ചു ഭീമനും തന്നെ-
ക്കുറിച്ചു ശങ്ക തോന്നായ്വാൻ തറച്ചു തൻ നഖം താഴ്ത്തി
മുറയ്ക്കു വന്നുപോകുന്ന മാലിനീവല്ലഭൻമാരാം

കരുത്തേറുന്ന ഗന്ധർവരടിച്ചു നിഗ്രഹിച്ചെന്നു
വരുത്താമെന്നുറച്ചങ്ങു ഗമിച്ചു തന്നിടം പുക്കു.
അപരദിനമുഷസ്സിങ്കലിക്കഥ നൃവരനിലയനരക്ഷികൾ
പലരുമങ്ങനെ കണ്ടു കണ്ടു വിരണ്ടു മണ്ടിയുഴന്നുടൻ
നൃവരരാജ്ഞികളോടുഴന്നു പറഞ്ഞു കേട്ടളവെത്രയും
വിവശഭാവമിയന്നു ചഞ്ചലമേറി നീറി മനോംബുജം
രാജഭാമിനിതന്റെ ദുസ്സഹമായ താപമകറ്റുവാൻ
രാജപുംഗവനത്ര സാന്ത്വനമോതി വാണരുളീടവേ
രാജഗേഹമശേഷമങ്ങിളകിച്ചമഞ്ഞിതു ശുഷ്കമാം വന–
രാജിയിൽ പിടിപെട്ട വഹ്നികണക്കു വാർത്ത പരന്നിതേ;
കീചകന്റെ കനിഷ്ഠരുണ്ടൊരു നൂറുമഞ്ചുമഹോ മഹാ–
നീചവൃത്തികൾ വൃത്തമൊക്കെയറിഞ്ഞു വേഗമണഞ്ഞുടൻ
രാജവല്ലഭതന്റെ ദാസിയതായ മാലിനിതന്നുടെ
വ്യാജവൃത്തികളാണിതിന്നു നിദാനമെന്നു കയർത്തുടൻ
കോപഭാരഭരേണ വന്നു പിടിച്ചിറക്കുവതിന്നു തൽ
ഭൂപനന്ദിനിയായ പാർഷതിയോടു ശുണ്ഠികടിക്കയാൽ
കോപമോടു കൃതാന്തതുല്യമടുത്തു മാരുതനന്ദനൻ
പാപരെക്കൊലചെയ്തു തത്ര ഭയങ്കരാകൃതി നിന്നിതു;
‘‘രാജസേവകധർമ്മമോർക്കിലനാഥയാമൊരു നാരിയെ
രാജഗേഹമതിങ്കൽവച്ചപരാധമെന്നി ഹനിക്കുവാൻ
നീചരാരു തുടങ്ങിലും ബത കണ്ടുനില്പതു ചേരുമോ?
പാചകാദികൾപോലുമാവതു ചെയ്തിടേണമതിന്നിദം.’’
പവനനന്ദനനേവം പറഞ്ഞു നിന്നതുനേരം
പവനവീജനംപോലുമടങ്ങീതെന്നതേ വേണ്ടു
നൃപനും രാജ്ഞിയും തന്റെ പരിവാരങ്ങളുമെല്ലാ–
മവനെക്കണ്ടു പേടിച്ചു വിറച്ചാരാലിലപോലെ
കമനീയരത്നമായ മാലിനിയെ നോക്കുവാൻപോലും
വിമനീഭൂതരായ്വന്നു രാജ്യവാസിജനമെല്ലാം.
കമനീയത്വമുള്ള നാരികളെ മറ്റു കണ്ടാലും
‘കമ’യെന്നക്ഷരം മിണ്ടാൻ കരുത്തില്ലന്നൊരുത്തനും
ക്രമമീവണ്ണമങ്ങാക്കിപ്പിന്നെയും പാണ്ഡുപുത്രന്മാർ
സമയം വന്നിടാഞ്ഞൊട്ടു വസിച്ചു മാത്സ്യരാജ്യത്തിൽ.

കീചകവധം പറയൻതുള്ളൽ

സമാപ്തം

പുളിന്ദീമോക്ഷം

ഹരിണാങ്കാഭരണന്റെ ചരണാംഭോരുഹം രണ്ടും
ശരണമിങ്ങിതുതന്നെ വരണമെന്നനുവേലം
വരണംചെയ്യുമെൻ ജൻമമരണമെന്നൊരു സിന്ധു
തരണംചെയ്വതിനിപ്പോൾ തരണമേ വരം ചാരു—
കരുണാവാരികൾക്കൊരു വരുണാവാസമാം ദേവൻ
തരുണാങ്കോപമൻ ദിവ്യതരുണാസന്നിഭൻ ശംഭു
പരിണാമേ സുഖത്തിന്റെ പരിണാഹം വരുത്തുന്ന
പരദൈവം പരബ്രഹ്മം പരിചോടേ തുണയ്ക്കേണം.
വിരവിലമ്പലപ്പുഴെ വിളങ്ങും പാർത്ഥസൂതശ്രീ—
മുരവൈരി മുകിൽവർണ്ണൻ ഹരിനാരായണൻ കൃഷ്ണൻ
വിരുതനാഗതം വിഘ്നം തരസാ ദൂരവേ നീക്കി
പരിപാലിച്ചരുളേണം പരമാനന്ദദൻ ദേവൻ
സകല ക്ഷോണിയിലേററം മികവോടേ വിളങ്ങുന്ന
തകഴീലയ്യനമ്പോടെന്നകതാരിൽ വിളങ്ങേണം.
സുകവിത്വം സഭതന്നിൽ പ്രകടിപ്പാൻ മനക്കാമ്പിൽ
വികളങ്കപ്രകാശത്തെ വിരവോടേ വരുത്തേണം.
ധരണീമണ്ഡലേ കിള്ളിക്കുറിശ്ശി ശ്രീമഹാദേവൻ
വരമൊന്നു വിരവോടേ തരസാ തന്നരുളേണം.

ധരണിസുരകുലമകുടമണിഗുണജലധി മമ ഗുരുനായകൻ
ചരണസരസിജശരണനതജനതരുണതരശുഭദായകൻ
പരിചിലടിയനു പടുത വരുവതിനുചിതവരമുതകേണമേ!
വിനകളൊഴിവതിനനഘതരമൊരു മനസി ശിവമരുളേണമേ!
നല്ല ചൊല്ലുകൾ ചൊല്ലുവാൻ വശമില്ല തെല്ലുമതെങ്കിലും
വല്ലതും ചില കഷ്ടിപിഷ്ടി വലിച്ചുകെട്ടി വിടുന്നവൻ
നല്ല ഭോഷനവന്റെ ചൊല്ലുകൾ കേട്ടിരുന്നു രസിച്ചവൻ
കല്ലു നെല്ലു കലർന്ന ചോററിനു കുററമായവനോർക്കുമോ?
വാശ്ശതെങ്കിലുമൊന്നു വന്നു സഭാസ്ഥലങ്ങളിലോതിനാ—
ലീശ്വരസ്തുതിയായ്വരേണമതെങ്കിലേ ശുഭമായ്വരൂ;
ഈശ്വരൻ പരമേശ്വരൻ പരദൈവമുണ്ടു നമുക്കഹോ
വിശ്വസിച്ചു ഭജിച്ചുകൊണ്ടു വസിച്ചുകൊള്ളുവിനേവരും;
വേഗമീശ്വരനോടു ചേർന്നു വസിപ്പതിന്നു മനുഷ്യരേ!
യാഗവും പല യോഗവും പല മന്ത്രവും ചില തന്ത്രവും
ആഗമങ്ങളുപാസനങ്ങളുമാസനങ്ങളുമൊന്നുമേ
രാഗസാഗരവാസികൾക്കു ഫലിക്കയില്ല ധരിക്കണം.
ഭക്തവത്സലനായ ശിവനുടെ ചരണതാമരസങ്ങളിൽ

ഭക്തിയുള്ള ജനത്തിനേ ഭുവി മുക്തിലാഭമുടൻ വരൂ;
ഭക്തിസൗഖ്യമുടൻ ലഭിച്ചിഹ മുക്തി വരുവതിനീശ്വര–
ഭക്തിതന്നെ മഹൗഷധം പുനരന്യമില്ലുപദേശവും.
ഇപ്രപഞ്ചമശേഷമീശ്വരമായകൊണ്ടു ചരാചരം
ഇപ്രകാരമനേകസാധനമുള്ളതല്ലിദമൊന്നുമേ
ക്ഷിപ്രമൊക്കെ നശിക്കുമപ്രളയം വരുന്ന ദശാന്തരേ
അപ്രമേയനനന്തനവ്യയനേകനായ്‌വരുമീശ്വരൻ;
മലകളും നഹി നിലകളും നഹി കനികളും നഹി മുനികളും
ധനികളും നഹി മനുജരും നഹി ദനുജരും നഹി ദൈവമേ!
വെള്ളമെന്നിയെമന്നിൽ മറ്റൊരു വസ്തുവില്ലിഹകാണുവാൻ
ഉള്ള ദിക്കുകളൊക്കവേ ജലരൂപമായ്‌വരുമന്നഹോ!
ആലിലയ്ക്കകമേ ശയിക്കുമൊരുണ്ണിമാത്രമതെന്നിയേ
മേലിലുംബത കീഴിലും നഹി വിസ്മയം ബഹുവിസ്മയം
കാലവൈരി ശിവന്റെ ലീലകളാരുവാനറിയുന്നവൻ?

നീലകണ്ഠ! ഗിരീശ! ശങ്കര! ചന്ദ്രചൂഡ! നമോസ്തുതേ!
‘ആരെടാ, നീ പശുമാംസം വച്ചുതിന്നും പറയനോ
സാരമാകുന്ന വേദാന്തപ്പൊരുൾ വന്നു പറയുന്നു;
ദൂരെമാറിഗ്ഗമിക്കേണ്ടും നീചജാതിക്കറിയാമോ
മാരവൈരി ഭഗവാന്റെ മഹത്ത്വമേറുന്ന തത്ത്വം!
നീരസങ്ങൾ പറയാതെ നീങ്ങി നീ നില്ലെടാ മൂഢാ!
നീ രസിച്ചു ചൊന്നതൊന്നും സജ്ജനങ്ങൾ സഹിക്കില്ല;
ആരുചൊല്ലാലത്ര വന്നു കേറിനിന്നു കേവലം നീ
പോരുമീവണ്ണമീ ദുസ്സാമർത്ഥ്യധിക്കാരമിക്കാലം;’
ഇപ്രകാരം സഭാമദ്ധ്യംതന്നിൽ വന്നു വസിക്കുന്ന
വിപ്രവിദ്വജ്ജനം നമ്മെക്കുറിച്ചു ശണ്ഠയിട്ടാലും
അപ്രിയം തെല്ലുമില്ലിപ്പോളിജ്ജനങ്ങൾക്കുള്ളവണ്ണം
സപ്രദേശം ഗ്രഹിക്കുന്നോർക്കത്ര കോപം വരുന്നില്ല;
വിപ്രനെന്നും ക്ഷത്ര്യനെന്നും വൈശ്യനെന്നും ശൂദ്രനെന്നും
ഇപ്രപഞ്ചേ നാലു വർണ്ണം നാലുവക്ത്രനുളവാക്കി;
തൽപ്പുറത്തു ബൗദ്ധനെന്നും പാണനെന്നും പറയനെന്നും
കല്പിതം ജാതിഭേദത്തിന്നന്തമില്ല നിരൂപിച്ചാൽ;
ഏവമുള്ള ശരീരങ്ങൾക്കൊക്കവേ പാർത്തു കാണുമ്പോൾ
ജീവനായിട്ടൊന്നുതന്നെ ആയതിപ്പോൾ പരബ്രഹ്മം;
നൂലുകൊണ്ടു പിരിച്ചോരു ചരട്ടിൽ പൊൻമണി കോർത്തു
മാലയാക്കി ധനികൻമാർ ധരിക്കുന്നു ഗളംതന്നിൽ
മുത്തുകൊണ്ടും മാല കോർക്കും പവിഴംകൊണ്ടുമുണ്ടാക്കും
പുത്തിലഞ്ഞിക്കുരുകൊണ്ടും കുന്നികൊണ്ടും ദരിദ്രൻമാർ
എന്നിവണ്ണം സുവർണ്ണാദിക്കൊക്കവേ താൻ ചരടായി–

ട്ടൊന്നുതന്നെ പൊന്നിനുമക്കുന്നിമഞ്ചാടിമാലയ്ക്കും;
എന്നപോലെ സർവജാതിപ്രഭുത്വം ഭൗതികം ദേഹം
ഒന്നുകൊണ്ടു കോർത്തുകെട്ടിക്കളിപ്പിക്കുന്നിതു ദൈവം;
എന്നതു മൂലമാത്മാവിന്നാർക്കുമാർക്കും ഭേദമില്ല
ഒന്നുതന്നെ ചരടുള്ളിൽ ഭൂസുരന്നും പറയന്നും
ജ്ഞാനമെന്നുള്ളതുതന്നെ സാരമെന്നു ധരിക്കേണം
ജ്ഞാനമില്ലാത്ത വിപ്രന്നും ബൗദ്ധനും ഭേദമില്ലേതും
ജ്ഞാനിയാകും പറയന്നും ബ്രഹ്മവാദിദ്വിജൻമാർക്കും
സ്ഥാനമൊന്നായ്‌വരും ചത്തു പരലോകം പ്രവേശിച്ചാൽ
ശ്രീകണ്ഠൻ ഭഗവാനും വൈകുണ്ഠൻ ഭഗവാനും
ലോകത്തെ സൃഷ്ടിക്കും ലോകേശൻ ഭഗവാനും
ഏകബ്രഹ്മമെന്നുള്ള പരമാർത്ഥം ഗ്രഹിക്കുന്ന
ലോകർക്കു മനക്കാമ്പിൽ പാകമെത്രയുമുണ്ടാം;
പാക്കനാർകുലംതന്നിൽ പിറന്നുള്ളോരടിയന്റെ
വാക്കിനെ ശ്രവിക്കേണം വൈകാതെ ബുധൻമാരെ!

ജനിച്ചു പണ്ടൊരു വേടൻ വനത്തിൽ പാണ്ഡ്യകാഖ്യൻപോൽ
തനിച്ച ശക്തിയാൽ ധീരൻ മൃഗങ്ങൾക്കൊക്കവേ കാലൻ;
ഭുജത്തിൽ ചാപവുമേന്തി ഹരിവ്യാഘ്രമൃഗത്തേയും
ഗജത്തേയും കൊലചെയ്തു വനത്തിൽ സഞ്ചരിക്കുമ്പോൾ
ഒരു കാട്ടിലൊരു കോട്ടിൽ ശിവക്ഷേത്രമവൻ കണ്ടു
തുരുമ്പിക്കൂടവുംവീണു തകർന്നു വാതിലും നാസ്തി
മത്തഹസ്തികുലം വന്നു ഭിത്തി കുത്തിത്തകർക്കുമ്പോൾ
ഉത്തരം പട്ടിക തൂണും സത്വരം വീണുടൻ പൊട്ടി
കാററുവെയ്‌ലും മഴ മഞ്ഞുമേററുകൊണ്ടു കിടക്കുന്നു
പോററിതന്റെ ശിവലിംഗം പോററുവാനാരുമേ നാസ്തി
പൂജകൂടാതൊരുദിക്കിൽ വീണുരുണ്ടു കിടക്കുന്നു
തേജസാ സൂര്യസങ്കാശം ജ്വലിക്കുന്നു ശിവലിംഗം
ഭക്തിയോടേ ശിവലിംഗം ചെന്നെടുത്തു മഹാവേടൻ
ശക്തിമാൻ പിന്നെയും കാട്ടിൽ സഞ്ചരിച്ചീടിനനേരം
തത്ര വന്നു നൃപൻ പാഞ്ചാലാത്മജൻ സുന്ദരാകാരൻ
ശത്രുദന്തിക്കൊരു സിംഹം സിംഹകേതുവെന്നു പേരും;
സേനയോടുമൊരുമിച്ചു വേട്ടയാടി വനംതോറും
മാനവേന്ദ്രൻ മഹാവീരൻ സഞ്ചരിച്ചാൻ സിംഹകേതു;

പലകൂട്ടം ഭടൻമാരടുത്തുടനെ
വലകെട്ടിയുറപ്പിച്ചു കാനനത്തിൽ
ചില മാനും കലകളും കഴുകുകളും
പല ഘോഷംതുടങ്ങി മുടങ്ങീടാതെ
പടവില്ലു വലിച്ചു കുലച്ചു നൃപൻ

തടവില്ല ശരങ്ങളുതിർത്തുടനേ
കടമാനിൻ കണ്ഠങ്ങളാം കണ്ടിക്കയും
കടുവായിൻ വായിൽ കണ കൊള്ളിച്ചും
കടുപോലെ നുറുക്കിപ്പതിപ്പിക്കയും;
''കേളച്ചാരേ! തൻെറ വീട്ടിൽ കിടക്കുന്ന
കാളന്നായങ്ങു കടന്നു കൂവാ?''
കാളന്നായ് ചത്തതു കേട്ടില്ലേ ചേട്ടാ!
കാലുമുടങ്ങിക്കിടന്നവൻ മുമ്പേ;''
''നാലഞ്ചു തിങ്ങളായ് നായെന്നു കേട്ടിട്ട്''
''വെള്ളുവും പുള്ളിക്കരിമ്പനും ചെമ്പനും
തുള്ളിക്കളിച്ചു പുളച്ചുവരുന്നൊരു
തള്ളപ്പുലി ചെന്നു നായ്ക്കളെയൊക്കെയും
തൊള്ളയിലാക്കി വിഴുങ്ങിത്തിരിച്ചു;''
''കേട്ടോ താനെന്നുടെ വീട്ടിലെ മൂപ്പരാം
ചേട്ടനെന്നോടു കയർത്തതെടോ?''
''ചേട്ടൻ കലമ്പുവാനെന്തൊരു സംഗതി?''
''കേട്ടാലുമെങ്കിലോ ഗംഗാദ്രിപ്പട്ടർക്കു
ചേട്ടത്തിയുമായി വിശ്വാസമുണ്ടെന്നു
ചേട്ടക്കാരൻ പറഞ്ഞോടൻ പറഞ്ഞതു
കേട്ടപ്പോൾ തന്നെ പുറപ്പെട്ടു ഞാനുമാ—
ചേട്ടനും പട്ടരച്ചൻെറ പിടരിക്കു
ചെന്നു പിടിപ്പാൻ തുടങ്ങുമപ്പോൾ
പട്ടരച്ചൻചാടിയോടിത്തിരിച്ചു
കേട്ടവരൊക്കെ കൈകൊട്ടിച്ചിരിച്ചു
ചേട്ടനതിൽപിന്നെ നമ്മെ തിരുവാണ—
യിട്ടങ്ങു വീട്ടീന്നിറക്കിപ്പുറത്താക്കി
പെട്ടെന്നു നമ്മുടെ തോക്കുമക്കുന്തവും
തട്ടിപ്പറിച്ചെന്നും വിററെന്നും കേട്ടു ഞാൻ;''
വില്ലു വലിച്ചു കുലച്ചാനൊരുത്തൻ
പല്ലു കടിച്ചു ചൊടിച്ചാനൊരുത്തൻ
പന്നിയെപ്പാഞ്ഞങ്ങടുത്താനൊരുത്തൻ
ചെന്നായെച്ചെന്നു തടുത്താനൊരുത്തൻ
വെട്ടുന്ന പോത്തോടടുത്താനൊരുത്തൻ
വെട്ടൊന്നുകൊണ്ടു മരിച്ചാനൊരുത്തൻ
പെട്ടെന്നു പന്നിയെ വെട്ടിയോടിച്ചോരു
പൊട്ടക്കിണററിൽ പതിച്ചാനൊരുത്തൻ
ചന്തം പെരിയ ശബരീമൃഗങ്ങളെ
കുന്തത്തിലമ്പൊടു കോർത്തൊരു ഭോഷനെ

കൊമ്പിൻമേൽ കോർത്തൊരു കുംഭിപ്രവീരന്റെ
തുമ്പിക്കൈ വെട്ടി മുറിച്ചാനൊരുത്തൻ
വള്ളിക്കുടിലിൽ പതുങ്ങിയിരുന്നൊരു
തള്ളപ്പുലിക്കിട്ടു വച്ച വെടിയൊന്നു
കള്ളുകുടിച്ചു കിടക്കും മുതുക്കന്റെ
പള്ളയ്ക്കു കൊണ്ടു മരിച്ചാൻ മുതുക്കൻ;
താടി വെളുത്തൊരു ഭിക്ഷക്കാരൻ നായർ
താനേ പടലിലൊളിച്ചിരിക്കുന്നേരം
താടി വെളുക്കനെക്കണ്ടൊരുത്തൻ മരം—
ചാടിക്കുരങ്ങനെന്നോർത്തു വെടിവച്ചു
ചെന്നങ്ങുനോക്കുമ്പോള‘‘യ്യോയെന്റമ്മാവ—
നെന്നുടെ കൈയ്യാലറുതിക്കവകാശം
വന്നുപോയെ’’ന്നു പറഞ്ഞു ശവത്തെയും
ചെന്നെടുത്തങ്ങു തിരിച്ചാനൊരുത്തൻ.

കറുത്ത താടിയും മെയ്യിൽ നിറച്ചു രോമവുമങ്ങു
കറുപ്പുമുണ്ടുടുത്തുംകൊണ്ടൊരുത്തൻ വേട്ടയാടുമ്പോൾ
വമ്പനാം പുലിയൊന്നു ചാടിവന്നതു കണ്ടു
വിരണ്ടു കാനനേ മണ്ടിത്തിരിച്ചു മേനിയും പാരം
വിയർത്തു തൻ വലയ്ക്കുള്ളിൽ പതിച്ചപ്പോളൊരു വേടൻ
കരടിയെന്നവനോർത്തു ശരമൊന്നു പ്രയോഗിച്ചു
തലയ്ക്കിട്ടമ്പുകൊണ്ടങ്ങു വലക്കെട്ടിൽ ചത്തുവീണു
വിളിച്ചിട്ടും തെളിച്ചിട്ടും കളിച്ചിട്ടും കയർത്തിട്ടും
തിമിർത്തിട്ടും മഹാകോലാഹലം നായാട്ടഹോരാത്രം
മുടങ്ങാതെ പടക്കൂട്ടങ്ങളും കാട്ടിൽ നടക്കുന്ന
വിധം കണ്ടു പൊടുക്കെന്നു പ്രസാദിച്ചു മഹാവേടൻ;
ശിവലിംഗം കരംതന്നിൽ എടുത്തുംകൊണ്ടതുനേരം
നൃപൻതന്റെ സമീപത്തു ചെന്നു വന്ദിച്ചുരചെയ്തു:
‘‘തമ്പുരാനേ! നമസ്കാരം സിംഹകേതോ! നമസ്കാരം!
ഇമ്പമോടേ തിരുവുള്ളം തെളിഞ്ഞെന്നെത്തുണയ്ക്കേണം
ദിവ്യമായ ശിവലിംഗം കാനനത്തിലിന്നു കിട്ടി
ദിവ്യസാരമതുകൊണ്ടു നല്ലതോ തീയതോ മേലിൽ?
നല്ലതെങ്കിൽ ഭജിക്കേണം തീയതെങ്കിൽ ത്യജിക്കേണം
ഇല്ല രണ്ടെങ്കിലും ഖേദം, മോദമോടേ കഥിക്കേണം;
നീചജാതിക്കടുത്തോരു പൂജയുണ്ടായ്‌വരുമെന്നാൽ
നീചനാമെന്നുടെ ഭാഗ്യം യോഗ്യമെങ്കിൽ ഭജിക്കേണം
മന്ത്രമൊന്നും ജപിക്കാതെ മാനസദ്ധ്യാനവും പിന്നെ
തന്ത്രവും യോഗ്യമെന്നാകിൽ തത്പ്രകാരം ഗ്രഹിക്കേണം;’’
ശബരന്റെ ഗിരം കേട്ടു തെളിഞ്ഞു മന്നവൻ ചൊന്നാൻ:

‘‘പ്രബലക്രൂരനീചൻമാർക്കൊരു മാർഗ്ഗം വിധിയുണ്ടു
വനത്തിൽ പാറമേൽ വച്ചു ശിവലിംഗം വഴിപോലെ
മനസ്സിൽ ഭക്തിയുംചേർത്തു ചോലവെള്ളംകൊണ്ടുവന്നു
കുളിപ്പിച്ചീടുകവേണം തന്നുടെ വസ്ത്രവും പല്ലും
വെളുപ്പിച്ചീടുകവേണം വിശുദ്ധി പാരമാവശ്യം
ശവം ചുട്ടോരു ഭസ്മംകൊണ്ടംഗലേപങ്ങളും ചെയ്ക
ശിവപ്രീതി വരുത്തുവാൻ ചുടലബ്ഭസ്മമേ നല്ലൂ
ഫലമൂലം വരിച്ചോറും ചാമയും മാംസവും കൂട്ടി—
ക്കലർന്നാശു നിവേദിക്ക നീചജാതിക്കിതു പൂജ;
ശഷ്പമെന്നാകിലും നല്ല പുഷ്പമെന്നാകിലും കൊണ്ട—
ന്നെപ്പൊഴുമർച്ചന ചെയ്തുകൊൾക നീ ചണ്ഡക വേടാ!
ഇത്ഥമാരാധനംചെയ്താലിന്ദുചൂഡൻ പ്രസാദിക്കും
ഭക്തിതന്നെ വിശേഷിച്ചു മുക്തിമൂലം ധരിച്ചാലും;
ശൈവപൂജ കഴിയാതെ ഭോജനം ചെയ്കൊലാ വേടാ!
ദൈവകാരുണ്യമുണ്ടാവാൻ നിഷ്ഠതന്നെ വരം കാര്യം.’’
ഭൂമിപന്റെ ഗിരം കേട്ടു തെളിഞ്ഞു വേടനന്നേരം
താമസിക്കാതവൻ കാട്ടിൽ ചെന്നിരുന്നു വഴിപോലെ
ഭക്തിയോടേ ശിവലിംഗം പാറതന്നിൽ പ്രതിഷ്ഠിച്ചു
മുക്തിമാർഗ്ഗം പിഴയാതെ പൂജചെയ്‌വാനൊരുമ്പെട്ടു
ചുടലബ്ഭസ്മവും തെണ്ടിക്കൊണ്ടുവന്നു വശത്താക്കി
കൊട്ടിലും കെട്ടിയുണ്ടാക്കിക്കുളിച്ചു ഭസ്മവും തേച്ചു*
ഒലിക്കും ചോലവെള്ളംകൊണ്ടഭിഷേകങ്ങളും ചെയ്തു
ജ്വലിക്കും വഹ്നിയിൽ ചുട്ട മാംസവും കന്ദവും കൂട്ടി
പുലിത്തോലിട്ടിരുന്നുംകൊണ്ടാശുപുഷ്പാഞ്ജലിചെയ്തു
ഫലത്തെക്കൊണ്ടുവന്നാശു കുഴിച്ചിട്ടു പഴുപ്പിച്ചു
ദിനന്തോറും മനക്കാമ്പിലനംഗദ്വേഷിയെച്ചിന്തി—
ച്ചനങ്ങാതെ മുടങ്ങാതേ തുടങ്ങീ പൂജനം വേടൻ.
അവന്റെ ഭാര്യയാകുന്ന പുളിന്ദീതാനുമവ്വണ്ണം
ശിവന്റെ പാദമുൾക്കാമ്പിൽ സ്മരിച്ചു മേവിനകാലം
നിത്യവും ചണ്ഡകവേടൻ ശൈവപൂജ കഴിയുമ്പോൾ
സത്വരം ഭാര്യയെക്കൂടെ വിളിക്കും വന്ദനംചെയ്‌വാൻ
ചുടലബ്ഭസ്മവും പൂവും തീർത്ഥവും തന്നുടെ ഭാര്യ—
യ്ക്കുടനേ നല്കുമീവണ്ണം പത്തുമാസം തപംചെയ്തു
ഒരുനാളിൽ ശവഭസ്മമൊടുങ്ങിപ്പോകയാൽ വേടൻ
തിരഞ്ഞു കാനനംതോറും നടന്നു കുണ്ഠിതത്തോടേ
ഉരചെയ്തു മഹാശുദ്ധൻ: ‘‘പുളിന്ദീ! ഞാനെന്തുവേണ്ടൂ?
ഒരുദിക്കിൽ തിരഞ്ഞിട്ടും ലഭിച്ചില്ലാ ശവഭസ്മം;
അതുകൂടാതരുതെന്നു മഹീപാലനരുൾചെയ്തു

---

* ‘കുടിലും കെട്ടിയുണ്ടാക്കിക്കുളിച്ചു...’—പാഠാന്തരം.

ഗതിയെന്തു നമുക്കിപ്പോൾ മുടങ്ങി നമ്മുടെ കൃത്യം;''
അതു കേട്ടു തെളിവോടു പുളിന്ദിതാനരുൾചെയ്തു:
''അതുകൊണ്ടു വിഷാദിച്ചീടൊലാ കാന്താ മഹാത്മാവേ!
ഭവനത്തെദ്ദഹിപ്പിച്ചിട്ടതിലെന്റെ ശരീരത്തെ
ശിവപൂജാർത്ഥമായ്ക്കൂട്ടാനുപേക്ഷിക്കുന്നു ഞാൻദേഹം;'
ശബരൻ ചൊല്ലിനാനപ്പോ,''ളതു നന്നല്ലെടോ ബാലേ!
കബരീഭാരവും നിന്റെ മുഖവും പുഞ്ചിരിതൂകും
നിബരീസാളിലാലിത്യം കലരുന്ന കടാക്ഷവും
സരസം സുപ്രകാശവും സവിലാസഗമനവും
കരപാദങ്ങടെ ഭംഗി കമനീയാകൃതിഭംഗി
ഇവയെല്ലാം നിരൂപിച്ചിട്ടെനിക്കോ നിൻ വിയോഗത്തെ
ശിവനാണ പൊളിയല്ലാ സഹിച്ചുകൂടുകയില്ല;
നിന്നംഗം പിരിഞ്ഞു ഞാനിരിക്കുന്നെന്തിനു ബാലേ!
തന്വംഗീ! തവാരംഭമിതുമാത്രം ചിതമല്ലാ
അങ്ങു പോയിരുന്നാലും പുളിന്ദീ! പൂർവരാഗത്തെ
മങ്ങാതെ പരിപാലിച്ചീടണം നീ ചിരകാലം;
*പൂർണ്ണമാം യൗവ്വനത്തോടേ വസിക്ക നീ മരിക്കൊല്ലാ
പൂർണ്ണചന്ദ്രാനനേ! പുത്രൻ നമുക്കു സംഭവിച്ചില്ല.
കാമലീലാവിലാസത്തിൽ തൃപ്തിയും വന്നതുമില്ല
കാമിനി! നിൻ ശരീരത്തെ ത്യജിക്കൊല്ല മഹാഭാഗേ*''
ഇത്തരം പറയുന്ന ചണ്ഡകവേടനോടു പതുക്കവേ
ഉത്തരം മൊഴി ചൊല്ലിനാളഥ പുണ്യശീല പുളിന്ദിയും:
''ചിത്തതാരിൽ വിചാരമുള്ള ജനത്തിനിത്തനുതന്നുടെ
തത്ത്വമെങ്ങനെയെന്നറിഞ്ഞിടുവാൻ പ്രയത്നമിതല്ലയോ?
മർത്ത്യദേഹമിതെത്ര കഷ്ടമശുദ്ധികൾക്കൊരിരിപ്പിടം
മൂത്രവും മലവും നിറഞ്ഞൊരു പാത്രമാത്രമിതല്ലയോ?
നേത്രമെന്നതളിഞ്ഞു പീള നിറഞ്ഞു വാരി പൊഴിഞ്ഞുപോം
ശ്രോത്രമെന്നതിലും മലം വരുമോർത്തുകാൺക മഹാമതേ!
ഗാത്രമൊക്കെ വിയർത്തു വെള്ളമലിച്ചൊലിച്ചൊരു നാറ്റവും
വക്ത്രമെന്നൊരു പോടുമുണ്ടതുമെത്രതന്നെ ജുഗുപ്സിതം!
ഉദരമെന്നതിനുള്ളിലനവധി വിരകളനവധി കൃമികളും
രുധിരവും പുനരുള്ളിലിളകിന ഗുളുഗുളെച്ചില ശബ്ദവും
മണ്ണുകൊണ്ടൊരുപിണ്ഡമിങ്ങനെ പെണ്ണിനുംപുനരാണിനും
പുണ്ണു വന്നു പുഴുക്കുമൊരു മുറിവേറ്റുവെങ്കിലതപ്പൊഴേ;

---

* 'പൂർണ്ണമാം.........മഹാഭാഗേ!*' മുദ്രിത പുസ്തകങ്ങളിൽ വിട്ടുപോയിരിക്കുന്ന ഈ നാലു വരികൾ തുള്ളൽക്കാരുടെ തായേടുപകർപ്പുകൾ വഴിയുള്ള വായ്പാഠത്തിൽനിന്നു കിട്ടിയതാണ്. തുടർന്നുള്ള പുളിന്ദീവാക്യത്തിലടങ്ങിയ തത്ത്വപ്രതിപാദനത്തിനു പരഭാഗശോഭ നല്കുവാനുപകരിക്കുന്ന ഈ വരികൾ മൂലപാഠത്തിലുള്ളതും ആദ്യപ്രസാധനത്തിൽ എങ്ങനെയോ വിട്ടുപോയതുമെന്നു കരുതണം.

കണ്ണുരണ്ടുമടച്ചിരുന്നു നിനച്ചുകാണുകിലന്നഹോ!
പെണ്ണിനുള്ള ശരീരവികൃതികളെണ്ണിയെണ്ണിയറിഞ്ഞിടാം;
മൂക്കിൽനിന്നു വരുന്ന ശ്ലേഷ്മമിതാർക്കു നല്ലതു ചൊല്ലണം
നാക്കിൽനിന്നു വരും ജലത്തിനു നീക്കമില്ലൊരുനേരവും
കാക്കരിച്ചവൾ തുപ്പുമക്ഷണത്തിനുള്ളൊരു നാറ്റവും
ഓർക്കിലാരുമടുക്കയില്ല കൊടുക്കയില്ലൊരു വീശവും
പല്ലുതേക്കുന്നേരമയ്യോ! പരവശം പരിഹാസവാക്കുക–
ളില്ലെടോ ജലവും കൊഴുത്തു കഴുത്തിലോളമൊലിക്കയും
വല്ലഭൻ ബത കണ്ടുവെങ്കിലൊളിച്ചു മണ്ടുമസംശയം;
മുല രണ്ടും കിഴുപ്പോട്ടങ്ങുലയുമ്പോളവൾക്കുള്ള
വില പാരമിടിഞ്ഞുപോം നിലച്ചീടുമഹംഭാവം
മലരമ്പനവളോടു യാത്രചൊല്ലിപ്പോമകന്നു
തല കുമ്പിട്ടിരിക്കെന്യേ തരുണിക്കില്ലൊരാധാരം;
മുലയും മുഞ്ഞിയും കാതും തലയും കണ്ടു കാമിച്ചു
വലയും കാമുകൻതന്റെ നിലയും നിഷ്ഠയും കൂടാ–
തുലയും യൗവനം വന്നു തലയിൽക്കേറുമന്നേരം
പലരും ചെന്നവളോടു തല കാട്ടുന്നതും പോയി
കുഴവിപോൽ മുല വീണു കിഴവിയായ് വരുന്നേരം
അഴകില്ലെന്നല്ല കണ്ടാലഴലുണ്ടാം നരൻമാർക്ക്
തഴുകിപ്പണ്ടിരിക്കുന്നോൻ പിഴുകിപ്പോമൊരു കാശു
കൊടുക്കില്ലെന്നല്ലവൻ വാലെടുക്കും കൊഞ്ഞനം കാട്ടും
അടുക്കുമ്പോൾ പിഴുനാറ്റം പറയുമ്പോൾ വായ്നാറ്റം
ഒടുക്കം പട്ടിണിതന്നെ കിടക്കുമപ്പഴന്തള്ള;
എന്നതുകൊണ്ടുരചെയ്തു എന്നുടെ വല്ലഭയിപ്പോൾ
എന്നുടെ യൗവനം പോകുംമുന്നമെന്റെ ശരീരത്തെ
വഹ്നിതന്നിലെരിച്ചാശു പന്നഗഭൂഷണപ്രീതി–
ക്കിന്നു ഞാൻ പാത്രമാകുന്നേൻ ഖിന്നഭാവം നിനയ്ക്കേണ്ട;
ശരീരംകൊണ്ടുപകാരമൊരിക്കൽ സംഭവിച്ചീടും
പരിരംഭം നിരൂപിച്ചു പാഴിലാക്കീടൊലാ ജൻമം
ജാരം മൂഢതാപാത്രം മൂത്രകുംഭം മലാധാരം
ദുരിതം വ്യാധിസങ്കേതം മാംസപിണ്ഡം മഹാഭാസം
പരൻമാർക്കങ്ങുപകാരം വരുമ്പോൾ താൻ ത്യജിക്കേണം
അധമജാതിയിൽ വന്നു പിറക്കകൊണ്ടൊരു പുണ്യ–
വിധമൊന്നു വിശേഷിച്ചു നമുക്കില്ലെന്നറിഞ്ഞാലും;
നമുക്കു കൃത്യമെന്തുള്ളു? ദാനമുണ്ടോ, യാഗമുണ്ടോ?
ഗമിക്കും ദിക്കിനുകൂടെപ്പോരുവാൻ നേരുവാക്കുണ്ടോ?
ഹോമമുണ്ടോ, ജപമുണ്ടോ, നാമസങ്കീർത്തനമുണ്ടോ?
രാമനാമം ശിവനാമം ഇവ ചിന്തിക്കുമാറുണ്ടോ?
ഗുരുക്കൾക്കും പിതൃക്കൾക്കും ഗതിവന്നീടുവാൻ തന്റെ
സുതന്റെ സൽക്രിയവേണമതുമില്ല നമുക്കിപ്പോൾ

എന്തുകൊണ്ടു ഗതിയുള്ളു ജന്തുഹിംസാരതൻമാർക്കു
ചിന്തിയാതെ കഴിക്കൊല്ലാ വിഗ്രഹം ഞാൻ ത്യജിക്കുന്നേൻ;''
ഇത്ഥമോരോന്നുരചെയ്തു പുളിന്ദീ പൂർണ്ണസന്തോഷാൽ
സത്വരം തന്നുടെ വീടു കൊള്ളിവച്ചു പിടിപ്പിച്ചു
വഹ്നിയേയും വേടനേയും മൂന്നുവട്ടം വലംവച്ചു
ജഹ്നുജമൗലിയെച്ചിത്തേ സ്മരിച്ചു ചാടിനാൾ തീയിൽ;
പുളിന്ദിതന്നുടെ ദേഹം ദഹിച്ചു ഭസ്മമായപ്പോൾ
പുളിന്ദൻ സ്നാനവുംചെയ്തുശൈവപൂജയ്ക്കൊരുമ്പെട്ടു
ശവഭസ്മമെടുത്താശു ശിവലിംഗേ വിലേപിച്ചു
ഭുവനേശൻ പ്രസാദിപ്പാനടുക്കും പൂജയും ചെയ്തു
വിളിച്ചു ഭാര്യയെ പൂജാവസാനേ തന്നിലഭ്യാസാൽ
കുളിച്ചു ഭാര്യയും വന്നു വണങ്ങി നിന്നിതു മുമ്പിൽ
കനത്ത സംഭ്രമത്തോടേ പറഞ്ഞു വേടനന്നേരം?
''മനസ്സിൽ ഭ്രാന്തിയോ! മായാമോഹമോ, സ്വപ്നമോ ബാലേ!
സമക്ഷേ ദഗ്ധമാം നിന്റെ നല്ല ദേഹം നടേപ്പോലെ
നമുക്കു കാൺമതിന്നിപ്പോളെന്തൊരു കാരണം കാന്തേ?
കരിഞ്ഞു ഭസ്മമായോരു ദേഹവും പുത്തനായ്ത്തീർന്നു
പിരിഞ്ഞു കാണിനേരം ഞാനിരുന്നില്ലെന്തൊരാശ്ചര്യം!''
അതു കേട്ടു തെളിവോടേ പുളിന്ദിതാനുരചെയ്തു:
''അതുലം വിസ്മയം കാന്താ! നമുക്കില്ല പരമാർത്ഥം;
വഹ്നിയിൽ ചാടിയ നേരം ചൂടെനിക്കു ഭവിച്ചില്ല
പിന്നെയൊന്നും പരമാർത്ഥമെനിക്കില്ല മനക്കാമ്പിൽ
ഉറങ്ങീട്ടങ്ങുണർന്നോരു ഭാവമിപ്പോളെനിക്കുള്ളിൽ
കുറഞ്ഞൊന്നുണ്ടതേയുള്ളു പറഞ്ഞാലാർക്കു വിശ്വാസം?
ശിവലിംഗാർച്ചനത്തിന്റെ ഫലംതന്നെ നമുക്കിപ്പോൾ
ഇവണ്ണം സംഗതിവന്നു; നമസ്തേ! പാർവതീനാഥ!''
ഇത്ഥമോരോന്നുരചെയ്തു വേടനും ഭാര്യയുംകൂടെ
ബുദ്ധിയിൽ ഭക്തിവിശ്വാസം മുഴുത്തു മേവിനകാലം
നാലുപേരിന്ദുചൂഡന്റെ സേവകൻമാർ വിമാനത്തിൽ
ചാലവേ ചാരുവേഷൻമാർ വന്നിറങ്ങി ഭൂമിതന്നിൽ*
ദമ്പതിമാരുടെ പാണി പിടിച്ചാശു വിമാനത്തിൽ
ഇമ്പമോടേ കരയേറ്റീട്ടംബരാന്തേ നടകൊണ്ടാർ.
കിങ്കരൻമാരുടെ പാണി തൊട്ട നേരത്തിരുവർക്കും
ശങ്കരീശങ്കരൻമാരെപ്പോലെ ശോഭിച്ചിതു ദേഹം
പാർവതീവല്ലഭൻതന്റെ പാദമൂലേ പ്രവേശിച്ചു
സർവകാലം ഭാര്യയോടു സുഖിച്ചു വാണിതു വേടൻ.

പുളിന്ദീമോക്ഷം പറയൻതുള്ളൽ
സമാപ്തം

---

* 'ചാലവേ ചാരുരൂപൻമാർ വന്നിറങ്ങി ഭൂമിതന്നിൽ'—പാഠാന്തരം.

സഭാപ്രവേശം

നമസ്തേ വിഘ്നരാജാവേ! നമസ്തേ വിശ്രുതാത്മാവേ!
നമസ്തേ വിശ്വധാതാവേ! നമസ്തേ വൈരിജേതാവേ!
നമസ്തേ പാർവതീനാഥ! നമസ്തേ ജാനകീനാഥ!
നമസ്തേ ഭാരതീനാഥ! നമസ്തേ ഭാർഗ്ഗവീനാഥ!
നരലോകോത്തമൻ ധാത്രീസുരലോകാധിപനെൻെറ
ഗുരുനാഥൻ ഗുണാംഭോധി കരുണാശീതളസ്വാന്തൻ
പരിചോടെൻ മനക്കാമ്പിൽ പരിശോഭിച്ചരുളേണം
പരമാനന്ദമൂർത്തേ! തേ പാദപത്മേ വണങ്ങുന്നേൻ.
കുറവില്ലാത്തൊരു കിള്ളിക്കുറിശ്ശി ശ്രീമഹാദേവൻ
കുറവെന്യേ മനോരംഗേ തിറമോടേ വിളങ്ങേണം.
അറിഞ്ഞോരു കഥാഭാഗം കുറഞ്ഞോന്നിസ്സഭതന്നിൽ
പറഞ്ഞുപോരുവാനായ് ഞാനുറഞ്ഞു വന്നിഹ കേറി
നിറഞ്ഞുള്ളന്തണൻമാർ വന്നിരിക്കുന്ന സമക്ഷത്തു
പറഞ്ഞുകൊൾകയും പാരം വിഷമമെന്നതേ വേണ്ടു;
പറയൻെറ കുലംതന്നിൽ പിറന്നുള്ളോരടിയങ്ങൾ
പറയുന്ന പരമാർത്ഥമറിയുന്ന ജനം തുച്ഛം;
പറയി പെററുളനാം പാക്കനോരെന്നു പുകഴ്ന്നോരു
പറയപ്രൗഢനെക്കേട്ടാലറിയാതാരുമില്ലിപ്പോൾ;
മറകൾ നാലിലുമുള്ള മതമെല്ലാമവന്നുള്ളിൽ
മറകൂടാതിയലുന്നു, മറവിയും തരിമ്പില്ല;
കുറുപ്പത്തിലൊരു മാർഗ്ഗമുറപ്പിച്ചു മനക്കാമ്പിൽ*
ചെറുപ്പത്തിൽ പഠിച്ചതു നിരപ്പോടേ പറഞ്ഞീടാം
അറപ്പുവിട്ടടിയങ്ങളറിയിക്കുന്നതു കേട്ടാൽ
ചെറുപ്പക്കാർക്കൊരുപന്തി വെറുപ്പുണ്ടായ്‌വരുമെന്നാൽ
കറുത്ത ഭാവവുംപൂണ്ടു മറുത്തുവന്നുടൻ നമ്മെ—

---

* കുറുപ്പത്തിൽ: നന്തിക്കാട്ട് ഉണ്ണിരവിക്കുറുപ്പിനോടു തനിക്കുള്ള ശിഷ്യത്വമാണ് നമ്പ്യാർ ഇവിടെ സൂചിപ്പിക്കുന്നത്. അക്ഷരവിദ്യയ്ക്കും ആയുധവിദ്യയ്ക്കും കളരി സ്ഥാപിച്ചിരുന്ന കുറുപ്പൻമാരുടെ ഗൃഹത്തെ 'കുറുപ്പത്ത്' എന്നു പറഞ്ഞുവന്നു. പിഷാരത്ത്, വാരിയത്ത്, മാരാത്ത് എന്നെല്ലാം പറയുന്നതുപോലെ. നമ്പ്യാർ ചെറുപ്പകാലത്ത് അക്ഷരവിദ്യ അഭ്യസിച്ചതു നന്തിക്കാട്ടുകുറുപ്പത്തുവച്ചായിരുന്നുവെന്ന് ഇതുകൊണ്ട് ഊഹിക്കേണ്ടിയിരിക്കുന്നു. തുടർന്നുവരുന്ന ഭാഗത്ത്,

'ആചാര്യോത്തമൻ ബാലരവിയെന്നു പുകഴ്ന്നോരു
ശ്രീചാരു സ്വരൂപൻെറ ചരണാംഭോരുഹം രണ്ടും
ആചാരോചിതം കൂപ്പിക്കവിചൊൽവാൻ തുടങ്ങുന്നേൻ'—എന്ന നമസ്കൃതിയും കാണുക. കുറുപ്പത്തിൽ എന്നതിനു കുറുക്കെ (എളുപ്പത്തിൽ) എന്നു ചില പണ്ഡിതൻമാർ അർത്ഥം പറഞ്ഞിരിക്കുന്നതു ശരിയായി കാര്യം ഗ്രഹിക്കാതെയാവണം.

പ്പുറത്തു മാററുവാൻ ചാടിപ്പുറപ്പെട്ടെങ്കിലും ഞങ്ങൾ
തരിമ്പു മാറുകയില്ലെന്നറിഞ്ഞുകൊൾകെടോ മുററും
തരംപോലെ പ്രയോഗിക്കാനൊരുമ്പെട്ടു പുറപ്പെട്ടു
കരിമ്പുവില്ലനെച്ചുട്ടുകരിച്ചോരീശ്വരൻ നല്ലോ—
രിരുമ്പുംകട്ടപോലുള്ളിലുറച്ചു വാണരുളുന്നു;
പരിപൂർണ്ണ പരബ്രഹ്മസ്വരൂപം പാവനാകാരം
ചിരം പാലിച്ചരുളേണം ചിൻമയാത്മൻ! നമസ്കാരം.

തിരുവനന്തപുരേ വിളങ്ങിന പത്മനാഭ! നമോസ്തുതേ
തരുണജലധരനികരതുലിതകളേബരായ! നമോസ്തുതേ
അരുണപങ്കജകോമളായതലോചനായ! നമോസ്തുതേ
ചരണസരസിജയുഗളനിപതിതനിഖിലദേവ നമോസ്തുതേ
ഉന്നതോരുകിരീടകുണ്ഡലമണ്ഡനായ നമോസ്തുതേ
ഉരഗവരമയശയന! ജയ ജയ നളിനനാഭ! നമോസ്തുതേ!
ഇന്ദിരാമണിമന്ദിരാമലസുന്ദരാംഗ നമോസ്തുതേ
ഇരവുപകലഹമജിത! തവ തനു ചിന്തയാമി നമോസ്തുതേ;
വഞ്ചിരാജകുലോത്തമൻ കുലശേഖരപ്പെരുമാളഹോ
വടിവിലടിയനു വിനകളൊഴിവതിനാശ്രയം പരമാശ്രയം
സഞ്ചിതാഖിലധർമ്മകർമ്മസുനിർമ്മലാദ്ഭുതപൗരുഷൻ
സകലരിപുകുലശലഭദഹന മഹാനുഭാവസുപൂരുഷൻ
വിക്രമാതിശയങ്ങൾകൊണ്ടരിനൃപതിരാജ്യമശേഷമാ—
യാക്രമിച്ചുടനാകവേ പരിപാലനേന മഹോത്സവം
ശക്രലോകസമാനമാക്കി വരുത്തി വാണരുളീടിനാൻ;
അർക്കതുല്യഭുജപ്രതാപനശേഷഗുണനിധി പാതു മാം.
പാക്കനാരുടെ വംശലേശമതിൽ പിറന്നവനേഷ ഞാൻ
വാക്കിനാരൊടുമെത്തി നേർത്തു മടങ്ങി മാറുകയില്ലെടോ!
തീക്കനല്ക്കു മടക്കമില്ല വനങ്ങൾ ഭസ്മമതാക്കുവാൻ
നീക്കമില്ല നിരപ്പിലുള്ള കവിപ്രബന്ധമതോതുവാൻ
മറുവശത്തു വരുന്നവന്റെ മനസ്സിലുള്ളൊരു തള്ളലും
മറിവുമവനുടെ നെറിവുമൊരുവിധമറിവുമൊരുവകതുള്ളലും
പറയനോടു ഫലിക്കയില്ലിതു പറകയല്ലറിയാമുടൻ
കുറവു വരുവതിനെന്തുസംഗതി ഗുരുജനങ്ങളിരിക്കവേ;
സത്കവിപ്രവരൻ ചമച്ച കവിപ്രബന്ധനിബന്ധനം
തസ്കരിച്ചു വലിച്ചുകെട്ടിയ കഷ്ടി പിഷ്ടികവിത്തരം
ദുഷ്കവിക്കൊരു നാണമില്ലതു ചൊല്ലുവാനിഹ വല്ലതും
ശുഷ്കബുദ്ധികളെന്തറിഞ്ഞു പറഞ്ഞതൊക്കെ വൃഥാഫലം;
മധുരമാകിന പഞ്ചതാരയിൽ വേപ്പിലപ്പൊടി കൂട്ടിയാൽ
വിധുരമായ് വരുമാരുമങ്ങു ഭുജിക്കയില്ലതു നിർണ്ണയം
കൈത, കുറുമൊഴി, മുല്ല, മാലതിമാലതന്നിലിടയ്ക്കിടെ

കൂവളക്കുസുമങ്ങൾ ചേർത്ത കണക്കിനേ കവി കെട്ടിയാൽ
നല്ല പരിമളമുള്ളതൊക്കെ മറിച്ചു ദുഷ്ടമതായ്‌വരും
തെല്ലു സംശയമില്ല ദുഷ്കവിവാക്കു കേൾക്കരുതാരുമേ
സജ്ജനത്തിനു സംസ്കൃതക്കവി കേൾക്ക കൗതുകമെങ്കിലും
ദുർജ്ജനത്തിനതിങ്കലൊരു രസമേശുകില്ലതുകാരണം
ഭടജനങ്ങടെ സഭയിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതം വരൂ
കടുപടെപ്പടുകഠിനസംസ്കൃത വികടകടുകവി കേറിയാൽ
ഭടജനങ്ങൾ ധരിക്കയില്ല തിരിക്കുമൊക്കെയുമേററുടൻ
ഭാഷയേറിവരുന്ന നല്ല മണിപ്രവാളമതെങ്കിലോ
ദൂഷണം വരുവാനുമില്ല വിശേഷഭൂഷണമായ്‌വരും;
വേഷസംഗതിയോടു ചേർന്നൊരു ഭാഷ വേണമതെങ്കിലേ
ശേഷമുള്ള ജനത്തിനും പരിതോഷമെന്നു വരൂ ദൃഢം.
ഘോരമാകിന ദുരിതജലധി കടന്നു മറുകര പററുവാൻ
ഭാരതം കഥ സാരമെന്നു ധരിച്ചുകൊൾക മഹാജനം
വീരനായ സുയോധനന്റെ സഭാപ്രവേശവിഡംബനം
കാരണേന ഭവിച്ച വാർത്ത ചുരുക്കി ഞാനിഹ ചൊല്ലുവൻ,

മാത്തൂരംബികേ നിൻമെയ് പാർത്തു ഞാൻ വണങ്ങുന്നേൻ
ആർത്തികളൊഴിച്ചെന്നെ കാത്തീടേണമേ ദേവി!
ക്ഷോണീമണ്ഡലംതന്നിലൊക്കവേ പുകഴ്ന്നോരു
ക്ഷോണീവാനവൻ വീരൻ ദ്രോണമ്പള്ളിയാചാര്യൻ
ക്ഷീണമെന്നിയേ കാത്തിടേണമിപ്പരിഷയ്ക്കു
പ്രാണപഞ്ചകത്തിന്റെ ത്രാണത്തിന്നനുകൂലൻ;
ആചാര്യോത്തമൻ ബാലരവിയെന്നു പുകഴ്ന്നോരു
ശ്രീചാരുസ്വരൂപന്റെ ചരണാംഭോരുഹം രണ്ടും
ആചാരോചിതം കൂപ്പിക്കവിചൊൽവാൻ തുടങ്ങുന്നേൻ
വാചാ വർണ്ണനംചെയ്‌വാൻ വശമില്ലെങ്കിലുമെന്റെ
ദേശികേശ്വരൻതന്റെ ദയകൊണ്ടു കുറഞ്ഞൊന്നു
ക്ലേശിച്ചാലൊരു മാർഗ്ഗം വരുമെന്നാഗ്രഹംമൂലം
കേവലപ്രിയൻമാരാം പാണ്ഡവൻമാരുടെ വൃത്തം
കേവലമൊരു ഭാഗം കഥിക്കുന്നു ബുധൻമാരേ!
സോമവംശാംബുധിചന്ദ്രൻ ധർമ്മരാജൻ മഹാരാജൻ
ഭീമസേനാർജ്ജുനൻമാരും, ആശ്വിനേയാത്മജൻമാരും
കാമിനിമാർമണി പാഞ്ചാലിയും, പിന്നെ സുഭദ്രയും
ശ്രീമതിയാകിന കുന്തീദേവിയും തൽ സഖിമാരും
വാസവപ്രസ്ഥമെന്നുള്ള വാസഗേഹേ വഴിപോലെ
വാസസൗഖ്യോദയത്തോടേ രമിച്ചു മേവിനകാലം
വാസവന്റെ പുത്രനായോരർജ്ജുനൻ വാണിരിക്കുന്ന

വാസഗേഹേ വന്നു കൂപ്പി മയനാം ദാനവശ്രേഷ്ഠൻ.
''സ്വാഗതം! ദാനവാശാരിപ്പണിക്കൻ നമ്മുടെ മുമ്പിൽ
ആഗമിച്ചീടുവാനെന്തു കാരണം കൗശലക്കാരാ!
വേഗമോടിങ്ങനെ നിന്നെക്കണ്ടുകൊൾവാനെനിക്കിപ്പോൾ
യോഗമുണ്ടായതുമെന്റെ ഭാഗധേയോദയംതന്നെ;''

ഇപ്രകാരം ഫൽഗുനന്റെ വാക്കു കേട്ടു പ്രസാദിച്ചു
ശില്പിവീരൻ മയൻ മെല്ലെച്ചൊല്ലിനാനാദരവോടേ:
''അപ്രമേയപ്രഭാവശ്രീമന്ദിര! സുന്ദരാകാര!
തൽ പ്രസാദംകൊണ്ടുജീവിച്ചീടിനേനേഷ ഞാൻ പാർത്ഥ!

ഖാണ്ഡവം കാനനം പാടേ ചുട്ടെരിച്ചില്ലയോ മുന്നം
പാണ്ഡവാ! ഫൽഗുനാ! നീയും പങ്കജാക്ഷൻ ഭഗവാനും
ഗാണ്ഡിവം ചാപവും തേരും ലഭിച്ചു നീ വാസവന്റെ
താണ്ഡവാഡംബരാടോപം ശമിപ്പിച്ചില്ലയോ വീരാ!

ചക്രവുംകൊണ്ടുടൻ നമ്മെക്കൊല്ലുവാനായണഞ്ഞോരു
ചക്രപാണി ഭഗവാന്റെ തൃക്കഴല്ക്കു വണങ്ങിത്തൻ
പ്രക്രമത്തെശ്ശമിപ്പിച്ചു തൽക്കനിവുമുളവാക്കി
ശീഘ്രമെന്നെക്കാത്തുരക്ഷിച്ചില്ലയോ നീ മഹാത്മാവേ!

അന്നു ചെയ്തോരുപകാരത്തിന്നു ഞാൻ പ്രത്യുപകാരം
ഒന്ന് ചെയ്‌വാൻ മതിയാമെന്നുള്ള ഭാവം നമുക്കില്ല
ആന വിററു പണമുണ്ടാക്കുന്നവരെത്തെളിയിപ്പാൻ
ചേന വിററു പൊറുക്കുന്ന ചങ്ങാതി മതിയാമോ?

പൊന്നു വാരിക്കൊടുക്കുന്ന ധനികൻമാർക്കൊരു കാക്ക—
പ്പൊന്നുമാത്രം കാഴ്ചവച്ചു പ്രസാദത്തെ വരുത്താമോ?
പ്രാണദാനം ചെയ്തവന്നു പകരമൊന്നുപകാരം
വേണമെന്നു നിരൂപിച്ചാലിങ്ങു സാധിക്കുമോ പാർത്ഥാ?

കാണമൊന്നു കൊതിച്ചിട്ടല്ലുത്തമൻമാരഹോ ദീന—
ത്രാണമെന്നുള്ള ധർമ്മത്തെത്താനറിഞ്ഞാചരിക്കുന്നു;
ഇക്ഷിതിമണ്ഡലേ മേവുന്നോരു വേഴാമ്പലെന്നുള്ള
പക്ഷികൾക്കു വഴിപോലെ മാരികോരിച്ചൊരിഞ്ഞാശു
കുക്ഷിപൂർത്തി വരുത്തീടുന്നില്ലയോ വാരിവാഹങ്ങൾ?
രക്ഷചെയ്യും ജനത്തിന്റെ ലക്ഷണമങ്ങനേയുള്ളു;
സജ്ജനങ്ങൾക്കുപകാരമൊന്നു ചെയ്‌വാൻ നിരൂപിച്ചാ—
ലിജ്ജനങ്ങൾക്കതു സാധിച്ചീടുവാൻ ശക്തിയില്ലല്ലോ;
ദുർജ്ജനങ്ങൾക്കുപകാരം ദൂഷണത്തിന്നൊരു മാർഗ്ഗം
അർജ്ജുനാ! കേൾ ഭവാനെല്ലാമറിഞ്ഞോരു ദേഹമല്ലോ;
പാമ്പിനു പാൽ കൊടുത്തോനെപ്പാഞ്ഞുവന്നു കടികൂട്ടും
ചേമ്പിനു നെയ്യൊഴിച്ചാകിൽ ചൊറിഞ്ഞു കൂട്ടുവാൻ മേലാ
ഇഷ്ടമാടിക്കനിഞ്ഞു ചോറിട്ട കൈക്കു കടിക്കുന്ന

പട്ടികൾക്കു കൊടുക്കുന്ന യഷ്ടികൾക്കു നമസ്കാരം!
കൂട്ടിലാക്കിപ്പലനാളും പട്ടിണിയായ്ക്കിടക്കുന്ന
കാട്ടുപുള്ളിക്കടുവായെപ്പാട്ടിലാക്കാനിര കൊണ്ടു
നീട്ടിയൊരു കൈക്കു കേറിക്കടിക്കുമങ്ങനേയുള്ളു
കൂട്ടമൊന്നുമൊരുനാളും വിശ്വസിപ്പാൻ പാത്രമല്ല;
കാട്ടിലുള്ള കടുവായെക്കാട്ടിലേററം കശ്മലൻമാർ
നാട്ടിലുള്ള നരൻമാരും നാലു മൂന്നല്ലൊരു ലക്ഷം;
വീട്ടിലുള്ള മുതലെല്ലാം വിററുതിന്നു കടംകൊണ്ടു
വീട്ടുവാനും വകയില്ലാഞ്ഞൊളിച്ചു കാനനം പുക്കു
വാട്ടമററു പുറപ്പെട്ടു രാത്രിയിൽ മെല്ലവേ ചെന്നു
നാട്ടകത്തു നടന്നോരോ രാജഭണ്ഡാരവും മററും
കട്ടുകൊണ്ടു തിരിക്കുന്നു കണ്ടറിഞ്ഞ ജനത്തോടു
വെട്ടുകൊണ്ടു മരിക്കുന്നു തസ്കരൻമാർ ഇവ്യവസ്ഥ
കണ്ടുനില്ക്കുന്നവൻതന്നെ കള്ളനായിപ്പുറപ്പെട്ടു
കണ്ടദിക്കിൽ ചെന്നു കപ്പാനായവന്നു ഭയമില്ല
കണ്ടകൻമാർക്കൊരു നാണം കണികാൺമാൻപോലുമില്ല
കണ്ടുകൊൾകർജ്ജുനാ! കാലത്തിൻെറയോരോ വിശേഷങ്ങൾ.

കണ്ടാലുമറിയാത്ത കള്ളൻമാർ തലയ്ക്കിട്ടു
കൊണ്ടാലുമറികയില്ലുണ്ടാകുമബദ്ധങ്ങൾ
രക്ഷിപ്പാനധികാരിയായുള്ള യജമാനൻ
ഭക്ഷിപ്പാൻ പുറപ്പെട്ടാലക്കാലം പ്രജകൾക്ക്
ഉണ്മാനുമുടുപ്പാനും തേപ്പാനും വകയില്ലാ—
ഞ്ഞെങ്ങാനും പുറപ്പെട്ടു പൊയ്ക്കൊൾകെന്നതേയുള്ളു;
പണ്ടങ്ങു കിഴവൻമാർ കൊണ്ടങ്ങു കൃഷിചെയ്യും
കണ്ടങ്ങൾ പ്രഭുക്കൻമാർ കണ്ടങ്ങെഴുതിക്കൊണ്ടാൽ
ഉണ്ടങ്ങു പൊറുക്കുന്നോരുണ്ടാമോ വിചാരിച്ചു—
കണ്ടാലും കുരുക്കൾക്കു വേണ്ടുന്ന തൊഴിലല്ലാ
കർണ്ണനും ശകുനിയും കാര്യക്കാരവർ ചെന്നു
കർണ്ണത്തിലുപദേശം ചെയ്യുന്ന വിധമെല്ലാം
വർണ്ണിച്ചു വസിക്കുന്നു വൈരിയാം സുയോധനൻ
കണ്ണില്ലാ ജനകന്നു കാര്യക്ലേശവുമില്ല
ഉണ്ണികൾ പറയുന്നതൊക്കെയും പരമാർത്ഥം
ഉണ്ണൊല്ലാ പിതാവെന്നു ചൊന്നെങ്കിലതും കേൾക്കും;
തൊണ്ണൂറുമൊരുപത്തും മക്കൾക്കുമനക്കാമ്പിൽ
തോന്നുന്ന തൊഴിലെല്ലാം തോപ്പനാർക്കുമനുവാദം
കണ്ണുംദിക്കുമില്ലാത്ത കിഴവച്ചാരുടെ വായിൽ
മണ്ണു ചേർക്കുമിക്കൂട്ടമെന്നു നമ്മുടെ പക്ഷം;
എണ്ണങ്ങൾ വളരെയുണ്ടാകുമ്പോളവർക്കെല്ലാം

പെണ്ണുങ്ങളഞ്ചുമെട്ടും പ്രത്യേകമുണ്ടുപോലും!
അണ്ണന്റെ കളത്രമേതനുജന്റെ കളത്രമേ—
തെന്നുള്ള വിഭാഗങ്ങളവിടെക്കാൺകയില്ലിപ്പോൾ
എണ്ണയ്ക്കുമുടുപ്പാനുമുൺമാനുമവർക്കെല്ലാ—
മെന്നേക്കും മുടങ്ങാതെ ചെലവിട്ടു മുടിക്കുന്ന
പൊണ്ണൻമാരുടെ നാടും നഗരവും നശിക്കുമീ—
വണ്ണം ധ്വംസനംചെയ്താലെന്നു ബോധമില്ലാർക്കും;
നാടുവാഴികളെണ്ണമേറുമ്പോളവർ തന്റെ
നാടു പാഴിലാക്കീടുമന്യോന്യം കലഹിക്കും,
'ഞാനത്രേ യജമാനൻ' 'ഞാനത്രേ യജമാനൻ'
'താനത്ര ഞെളിയാതങ്ങടങ്ങിപ്പാർത്തുകൊണ്ടാലും
'ചേട്ടനെക്കാൾ നമുക്കത്രേ ശ്രേഷ്ഠഭാവ'മെന്നൊരുത്തൻ
ചേട്ടകൾക്കു ഗുരുത്വമെന്നുള്ളതീ നൂററുവർക്കില്ലാ;
നൂററു കുഞ്ഞുങ്ങളെത്തീററി വളർത്തോരച്ഛനെപ്പോലും
കൂററു തെല്ലുമവർക്കില്ലാ കുററമുണ്ടാക്കുകേയുള്ളു
ചോറു കാലത്തു കിട്ടാഞ്ഞാലച്ഛനോടുമമ്മയോടും
ചീറുമെന്നല്ലപരാധം നൂറുകൂട്ടമുളവാക്കും
അക്ഷരജ്ഞാനവുമില്ലാ ആയുധാഭ്യാസവുമില്ലാ
രക്ഷശിക്ഷാദികളില്ലാ രാജ്യസംസാരവുമില്ലാ
വീര്യമില്ലാ വിദ്യയില്ലാ കാര്യമില്ലാ ബോധമില്ലാ
ഭക്തിയില്ലാ ശൗര്യമില്ലാ ശക്തിയില്ലാ ധൈര്യമില്ലാ
ധർമ്മമില്ലാ സത്യമില്ലാ സാരമില്ലാ കൃത്യമില്ലാ
കീർത്തിയില്ലാ തത്ത്വമില്ലാ താഴ്ചയില്ലാ സത്വമില്ലാ
സാരമില്ലാ നേരുമില്ലാ നെറിയില്ലാ ചേരുകില്ലാ
പേരുകേട്ടാലതുംപാരം കഷ്ടമെന്നേ പറയാവൂ;
ദുർമ്മുഖൻ, ദൂഷണൻ, ദുശ്ശാസനൻ, ദുശ്ശേശ്വരൻ പിന്നെ
ദുർമ്മദൻ, ദുർദ്ദമൻ, ദുർമ്മർഷണൻ, ദുർധർഷണൻ, താനും
ദുർമ്മതി, ദുർഗ്ഗതി, ദുർമ്മേധാവ, ഹോ നല്ല ദുർബുദ്ധി,
ദുശ്ശൻ, ദുർഭഗൻ, ദുര്യോധനൻതന്റെ സഹോദരൻമാർ;
ദുശ്ശള എന്നൊരു പെണ്ണുണ്ടിവർക്കു പെങ്ങളായിട്ടു
വിശ്വസിപ്പാനൊരമ്മാവൻതാനുമുണ്ടു മഹാപാപി;
അശ്ശകുനി കുസൃതിക്കു നല്ല പാത്രമജ്ജനത്തെ
ദുശ്ശകുനമെന്നപോലെ ദൂരവേ സന്ത്യജിക്കേണം.

എന്തിനിത്ര പറഞ്ഞു ദാനവനെന്തു സംഗതിയെന്നു നീ
ചിന്തിയാത്തവനല്ല നിങ്ങടെ ബന്ധു ഞാനസുരൻ, മയൻ
കുന്തിതന്നുടെ മക്കളിൽ കനിവുണ്ടെനിക്കതുകാരണാ—
ലന്തികേ തവ വന്നു വൈരികളെദ്ദുഷിക്കയുമല്ലെടോ!
ദന്തിമന്ദിരവാസിയായ സുയോധനാദികളോടഹോ

സന്ധിചേർന്നു വസിപ്പതിന്നു കൊതിക്കവേണ്ട ധനഞ്ജയ!
ദന്തി, രഥ, തുരഗാദി പടയുടെ വടിവു കൂട്ടി വസിക്കണം
ബന്ധമെന്നിയെ ഝടിതി ചതിപട കൂട്ടുമരികൾ ധരിക്ക നീ!
കോട്ട, വാട, കിടങ്ങു, കൊത്തളമിത്തരങ്ങളുറയ്ക്കണം
കോട്ടമരുതൊരു ദിക്കിലും കരുതീട്ടുതന്നെ വസിക്കണം
ധാർത്തരാഷ്ട്രനസൂയകൊണ്ടൊരു പൊറുതിയില്ലൊരു—
നേരവും
ധാത്രിയൊക്കെയടക്കി വാഴ്‌വതിനെത്രതന്നെ ദുരാഗ്രഹം
അത്ര നിങ്ങടെ രാജധാനിവിഭൂതികേൾക്കനിമിത്തമാ—
യെത്രതന്നെയസൂയ നിങ്ങടെ വൈരികൾക്കു ധനഞ്ജയാ!
വർത്തമാനമതറിവതിന്നതിഗൂഢചാരജനങ്ങളെ
യാത്രയാക്കി വിടുന്നു പല കുറി ഖലകുലോത്തമനാമവൻ;
ശത്രുഭടജനമത്രവരുമവരെച്ചതിപ്പതിനിന്നു ഞാൻ
ചിത്രതരമൊരു ഭവനമുടനുളവാക്കുവാനിഹ വന്നതും
സ്വർണ്ണരത്നസഭാപ്രവേശവിശേഷമൊന്നിഹ തീർത്തു ഞാൻ
കർണ്ണവൈരിയതാം നിനക്കു തരുന്നതുണ്ടു കപിദ്ധ്വജ!
കണ്ടുകൊൾക രിപുക്കളിസ്സഭതന്നിൽ വന്നു കരേറുകിൽ
ചെണ്ടകൊട്ടി മറിഞ്ഞുവീണിഹ പല്ലുപോമതു നിശ്ചയം
കുണ്ടിലൻപൊടു വീണുരുണ്ടു വിരണ്ടുഴന്ന രിപുക്കളെ—
ക്കണ്ടിരുന്നു ചിരിപ്പതിന്നു തരം വരുത്തുവനേഷ ഞാൻ.''
ഇപ്രകാരം മയൻതന്റെ മതം കേട്ടു മഹാവീരൻ*
വിപ്രദേവപ്രിയൻ പാർത്ഥൻ വിസ്മയംപൂണ്ടുരചെയ്തു:
''തൽപ്രകാരം സഭ തീർപ്പാൻ ഭാവമുണ്ടു നിനക്കെങ്കിൽ
മൽപ്രസാദം വഴിപോലെ സംഭവിക്കും മഹാത്മാവേ!
അഗ്രജന്റെ തിരുവുള്ളമറിഞ്ഞു ഞാനുരചെയ്യാം
അത്രനേരമൊരുദിക്കിൽ പാർത്തുകൊൾക മയാവീരാ!''
ഇത്രമാത്രമുരചെയ്തു ധർമ്മജൻ വാണിരിക്കുന്ന
പത്തനത്തിലകംപുക്കു പാണികൂപ്പി ഗുഡാകേശൻ
വർത്തമാനമുണർത്തിച്ചു കല്പനയുമുളവാക്കി
വർദ്ധകിയെ വിളിച്ചേവം പറഞ്ഞു ഫൽഗുനൻ മെല്ലെ:
''ശില്പിവീര! മയ! നിന്റെ കൗശലത്തിനൊത്തപോലെ
ശില്പമായിട്ടൊരു ചാരു സഭാസ്ഥാനം ചമച്ചാലും
തൽപുരം തീർപ്പതിന്നുള്ള സാധനങ്ങൾ വേണ്ടതെല്ലാ—
മല്പവും താമസിക്കാതെ കോപ്പുകൂട്ടിത്തരാമിപ്പോൾ;''
എന്നതു കേട്ടുരചെയ്തു ദാനവാശാരിയും മോദാൽ!
''ഒന്നുമിന്നു വിശേഷിച്ചു കോപ്പുകൂട്ടേണ്ടതുമില്ലാ;
കല്ലു വേണ്ടാ മരം വേണ്ടാ കല്ലുളി വാച്ചിയും വേണ്ടാ
നെല്ലു വേണ്ടാ പണം വേണ്ടാ തെല്ലുപോലും വ്യയം വേണ്ട
രണ്ടുനാലു ദിവസത്തെ ഭക്ഷണം മാത്രമേ വേണ്ടൂ

---

* 'ഇപ്രകാരം മയൻതന്റെ മതം കേട്ടു പ്രസാദിച്ചു'—പാഠാന്തരം.

കണ്ടുകൊള്ളാമടിയന്റെ കൗശലങ്ങളിന്നുതന്നെ
അണ്ടർകോൻനാട്ടിലാശാരിപ്പണിക്കു വിശ്വകർമ്മാവെ—
ന്നുണ്ടൊരു കൗശലക്കാരൻ നല്ല ചിത്രപ്പണിക്കാരൻ
മുന്നമങ്ങോരിവിടത്തിലിന്ദ്രപ്രസ്ഥമെന്നുള്ള
മന്ദിരത്തെയിപ്രകാരം മന്ദമെന്യേ പണിചെയ്തു
മന്നിലും വിണ്ണിലും പാർത്താലിപ്പുരത്തിന്നെതിരാകും
മന്ദിരം മന്നവൻമാർക്കില്ലെന്നു ലോകത്രയഖ്യാതം
അങ്ങനെയുള്ളൊരു രാജധാനിതന്നിലടിയങ്ങൾ
എങ്ങനെ തമ്പുരാൻമാർക്കു പള്ളിമാടം പണിയേണ്ടു?
വാശ്ശതെന്നാകിലുമൊന്നു തീർത്തു കാട്ടാൻ കുറവില്ല
ഈശ്വരാനുഗ്രഹംപോലെ സംഭവിക്കുമതേ വേണ്ടൂ.’’

സാദരമേവം പറഞ്ഞു മയൻ ഗുരു—
പാദസരോജങ്ങളോർത്തുടനേ,
വേദിയൻമാരെ വണങ്ങി മുദാ നാലു—
വേദങ്ങളേയും നമസ്കരിച്ചു.
കോടാലി കൈയ്യിലെടുത്തു മെല്ലെയൊട്ടും
കോടാതെ തഞ്ചത്തിൽ താണുനിന്നു*
വാടാതെ കോടാലികൊണ്ടൊരു താമസം—
കൂടാതെ വെട്ടീ മഹീതലത്തിൽ,
തെല്ലു പിറകോട്ടു മാറിനിന്നു പത്തു
കല്ലു ജപിച്ചങ്ങെറിഞ്ഞളവേ
മെല്ലെന്നു ഭൂമി പിളർന്നു പുറപ്പെട്ടു
നല്ലൊരു പൊൻമണിമൗലികുംഭം
ഉത്തുംഗഗോപുരശൃംഗങ്ങളും നിന്നു
കത്തുന്ന തീക്കനലെന്നപോലെ
പത്തരമാററുള്ള തങ്കപ്രകാശത്തെ
കുത്തിക്കവർന്ന നിറം കലരും
പത്തനപംക്തി നിരക്കെപ്പുറപ്പെട്ടു
പത്തു ദികൊക്കെ പ്രകാശത്തോടേ;
മുത്തും പവിഴം മരതകം മാണിക്യ—
മൊത്തു വിളങ്ങും മതിലുകളും
അച്ഛസ്ഫടികപ്രദേശങ്ങളും പിന്നെ
സ്വച്ഛങ്ങളാകും തടാകങ്ങളും
പച്ചക്കല്ലൊത്ത നിലത്തൊഴുകും നദീ—
കച്ഛത്തിലുത്തമവൃക്ഷങ്ങളും,
ഉച്ചത്തിലുള്ളൊരെഴുനിലമാടങ്ങൾ,
മെച്ചത്തിൽ മാളിക വീഥികളും,

---

* ‘കോടാലി കൈയ്യിലെടുത്തു മയനൊട്ടും
കോടാതെ തഞ്ചത്തിൽ താണുനിന്നു’—പാഠാന്തം

മച്ചും മറകളും മാടപ്പുരകളും
മററും പലപല ഗേഹങ്ങളും,
കൊട്ടിലും, കട്ടിലും, മേക്കട്ടി മെത്തകൾ
തട്ടും പതിനെട്ടു കെട്ടുകളും,
പട്ടുകൾകൊണ്ടു വിതാനങ്ങളും മണി-
കോട്ടത്തളങ്ങൾ പുറത്തളവും
നാടകശാലകൾ വാട കിടങ്ങുകൾ
ചേടകചേടികൾ വീടുകളും
ഘോടകശാലകൾ, ഹാടകശാലകൾ
പാഠകശാലാവിശേഷങ്ങളും
അട്ടങ്ങളും മണിഘട്ടങ്ങളും, പല-
ചട്ടങ്ങളിങ്ങനെ ഭംഗിയോടേ
പെട്ടെന്നു വന്നു പ്രകാശിച്ചു വിസ്മയ-
മൊട്ടല്ല പിട്ടല്ലിതൊന്നുമഹോ!
വെള്ളപ്പളുങ്കു പതിച്ചുള്ള തോടുകൾ
വെള്ളം നിറഞ്ഞങ്ങു നില്ക്കുന്നേരം
ഉള്ളിലെ സ്വച്ഛതകൊണ്ടപ്രദേശത്തു
വെള്ളമില്ലെന്നു ഭ്രമിച്ചുപോകും,
വെള്ളമില്ലാത്ത പ്രദേശങ്ങളിൽ പിന്നെ
വെള്ളം വളരെയുണ്ടെന്നു തോന്നും,
ഉള്ളം ഭ്രമിപ്പിപ്പാനുള്ളവിധം പുന-
രുള്ളതശേഷമവിടെക്കാണാം;
കള്ളം മനക്കാമ്പിലുള്ള ജനത്തിന്റെ
തള്ളലും തുള്ളലും നിർത്തീടുവാൻ
കള്ളപ്രയോഗങ്ങളിങ്ങനെ നിർമ്മിച്ചു;
കള്ളനേ കള്ളമറിഞ്ഞുകൂടൂ.
ദ്വാരമില്ലാത്തോരു ഭിത്തികളിൽപ്പിന്നെ
ദ്വാരമുണ്ടെന്നും ഭ്രമിച്ചുപോകും
സാരമില്ലാത്ത ജനങ്ങൾ വന്നാലിഹ
പാരമുഴന്നു വലഞ്ഞുപോകും.
പിന്നെക്കതകുള്ള ദിക്കിൽക്കതകുക-
ളില്ലെന്നു ബോധിച്ചു മാറിപ്പോകും
അന്യത്ര വാതിലെന്നോർത്തങ്ങവിടത്തിൽ
ചെന്നു തലതല്ലി വാങ്ങിപ്പോരും;
കുണ്ടുള്ള ദിക്കുകൾ കണ്ടറിയത്തില്ല,
കുന്നുള്ള ദിക്കുമവ്വണ്ണംതന്നെ;
പണ്ടുള്ളതൊക്കെ മറിച്ചു കല്പിച്ചതു
കണ്ടുനടക്കേണമെല്ലാവരും

തണ്ടുതപ്പിത്തരം കാട്ടുന്ന കൂട്ടത്തെ–
ക്കൊണ്ടു തരംകെടുത്തീടുമപ്പോൾ
കണ്ടകൻമാരെയും കശ്മലൻമാരെയും
ചെണ്ടകൊട്ടിപ്പാനിവണ്ണമാക്കി
കണ്ടവർക്കൊത്തോണം വന്നു കരേറുവാൻ
പണ്ടത്തെപ്പോലെയെളുതല്ലിപ്പോൾ
സ്ഥായിക്കാരൻമാരെക്കൂടാതൊരുത്തർക്കും
കോയിക്കൽ ചെന്നു കരേറിക്കൂടാ
ഓതിക്കനമ്പൂരിമാരെങ്കിലുമഞ്ഞു
ബോധിക്കാതുള്ളിൽ കടപ്പാൻ മേലാ
നോക്കുന്ന ദിക്കിലെ വാതുക്കൽ വാതുക്കൽ
തോക്കുംപിടിച്ചുള്ള കാവൽക്കാരും
പാർക്കുന്നതുണ്ടതുകൊണ്ടിസ്സഭതന്നി–
ലാർക്കും കരേറുക സാദ്ധ്യമല്ല;
സർവാധികാരിയക്കാരനെപ്പോലും ത–
ടുപ്പാനവർക്കൊരു ശങ്കയില്ല,
ഗർവാഭിമാനങ്ങളൊന്നും ഫലിക്കയി–
ല്ലുർവീശശാങ്കന്റെ മന്ദിരത്തിൽ.
വിസ്താരമുള്ള സഭതന്നിൽ കേറുവാ–
നുത്തരം കൂടാതെളുതല്ലിപ്പോൾ
മൂർദ്ധാഭിഷിക്തരായുള്ള നൃപൻമാരു–
മൂർദ്ധരായ്പ്പോകുമിവിടെ വന്നാൽ;
ധർമ്മങ്ങൾകൊണ്ടു ജഗത്തു ജയിച്ചോരു
ധർമ്മാത്മജന്നു വസിച്ചരുൾവാൻ
ശർമ്മാനുകൂലം ചമച്ചു സഭ വിശ്വ–
കർമ്മാവിനേക്കാൾ വിദഗ്ദ്ധൻ മയൻ;
സൻമാനുഷൻമാർവരിഷ്ഠൻ യുധിഷ്ഠിരൻ
സമ്മോദമോടേ മയാസുരന്ന്
സമ്മാനമോരോന്നു പട്ടും വളകളും
സമ്പൂർണ്ണമാം ദിവ്യരത്നങ്ങളും
കങ്കണം, മാല, കടകം, പതക്കവും
തങ്കപ്പണി മണികുണ്ഡലങ്ങൾ,
കങ്കണം കാഞ്ചി കടിസൂത്രമുത്തമം
കൈവിരൽമോതിരം ചാരുഹാരം,
മംഗലാലങ്കാരസാരമാകും വീര–
ചങ്ങലരത്നങ്ങൾ രണ്ടു കൈയ്ക്കും
ഇങ്ങനെയൊക്കെ കൊടുത്തു തെളിയിച്ചു
ഭംഗിയോടഞ്ജസാ യാത്രയാക്കി.

ഭീമനും, പാർത്ഥനും, താനും നകുലനും,
കോമളാകാരൻ സഹദേവനും,
കാമിനീ ദ്രൗപദി, കുന്തി, സുഭദ്രയും
കൗതുകത്തോടേ സഭാപ്രവേശം
നല്ലൊരു നേരത്തു പാലു കാച്ചിക്കൊണ്ടു
മെല്ലന്നകംപുക്കു വാണീടിനാർ.
ദാനം പ്രതിഗ്രഹം സർവാണിയെന്നുള്ള
നാനാപ്രകാരേണ ധർമ്മങ്ങളും
ആനന്ദസത്ക്കാരമന്നദാനങ്ങളും
അമ്പോടു ചെയ്തു സുഖിച്ചു വാണു.
ശ്രീകൊണ്ടു വിളങ്ങുന്ന ശ്രീകൃഷ്ണൻ ഭഗവാനും
ശ്രീരാമൻ ഭഗവാനും വീരൻ സാത്യകിതാനും
യാദവാധിപൻമാരുമേതാനും പ്രജകളും
മോദാലസ്സഭ കാൺമാൻ മോഹിച്ചു തദാ വന്നു,
പഞ്ചപാണ്ഡവൻമാരും പാഞ്ചാലി സുഭദ്രയും
വാഞ്ഛരാപൂർവകം ചെന്നു വന്ദിച്ചു വഴിപോലെ
പഞ്ചാസ്ത്രോപമൻമാരാം രാമകേശവൻമാരെ
മഞ്ചാഗ്രേ വസിപ്പിച്ചു മാനിച്ചു മഹാരാജൻ,
പാദക്ഷാളനംചെയ്തു പൂജിച്ചു വിധിയോടേ
പാദാംബു മഹാതീർത്ഥം മൂർദ്ധാവിലേററുകൊണ്ടു
നാലഞ്ചു പ്രദക്ഷിണംവച്ചു വന്ദനംചെയ്തു
ലീലാമാനുഷൻമാരോടേവം ധർമ്മജൻ ചൊന്നാൻ:
‘‘കൃഷ്ണ! രാമ! മുകുന്ദ മാധവ! വാസുദേവ!
നമോസ്തുതേ,
വൃഷ്ണിവീര! വിരിഞ്ചവാസവവന്ദനീയ! നമോസ്തുതേ,
ജിഷ്ണുതന്നുടെ ബന്ധുവാകിനവിഷ്ണുദേവ! ഭവാനഹോ
ധൃഷ്ണു സർവസഹിഷ്ണു വിശ്വചരിഷ്ണു ഭൂഷ്ണു
ജഗന്നിധേ;
ഇഷ്ടികൊണ്ടതിതുഷ്ടനാകിന വിഷ്ടപാധിപനേ ഭവാൻ
വൃഷ്ടികൊണ്ടിഹ പുഷ്ടിനല്കുമതിഷ്ടഹേതു
നമുക്കഹോ
സൃഷ്ടികാരണമിഷ്ടപൂരണ, മഷ്ടമൂർത്തി നിഷേവിതൻ
ശിഷ്ടപാലന! ദുഷ്ടനാശന! പുഷ്ടപൗരുഷനേഷ നീ
മാരസമസുകുമാര! പശുപകുമാര! യദുകുലവീര!
വിമലഗഭീര! മധുരശരീര! മഹിതസുധീര! മരതകസാര!
ഘനരുചിപൂര! വിഗതവികാര! വിശദവിചാര! വിമലനികാര!
നിരസനശൂര! നിജപരിവാര! മിളിതവിഹാര! തരളിതഹാര!
വരവനമാല! തുലിതതമാല! പരമനുകൂല! കനകദുകൂല!
കലിഹരശീല! കലിതസുലീല! ജലധരനീല,
പശുകുലപാല! വിശദകപോല! വിപുലസുചേല!

സുഖിതകുചേല! യദുനരപാല! പരമവിശാല!
ഗുണഗണശീല! സുചരിതജാല! ജയജയ!''

ഇപ്രകാരമനേകകീർത്തനമാശു ചെയ്തു യുധിഷ്ഠിരൻ
ക്ഷിപ്രമംബുജനേത്രനെത്തൊഴുതത്ര നിന്ന ദശാന്തരേ
പ്രാകൃതക്കവി ചൊല്ലുവാൻ വിരുതുള്ളൊരന്തണപുംഗവൻ
ലോകനാഥനെ വന്നു കൂപ്പി വണങ്ങിനിന്നു പുകഴ്ത്തിനാൻ:

''പദുമണാഹ ണമോ ണമോ, തുഹപങ്കയക്ഖ ണമോ ണമോ
ജതുകുമാള, തമാളണീളശളീള വീള ണമോ ണമോ
മശിണഘുശിണ ശിഹണ്ഡമണ്ഡണ വിണതണാഹ
ണമോ ണമോ
കണകകഞ്ചണ വശണചഞ്ചളണയണതുജ്ഝ ണമോ ണമോ
ഇളിയകളയകളീയ ഘണമണി വളയണിളയ ണമോ ണമോ
തുളിയ ജളധളവിണയ, പണിഹിയകണയഭൂസ! ണമോ ണമോ
അളിയമാണുശ, ശളശമാണ, ഗളീയദോശ, ണമോ ണമോ
മിളിയശുമബള ബഹുളശുന്ദളളൂവമികുന്ദ! ണമോ ണമോ
പളയഗുണഗണണിളയ, ജിയമഹിവളയ, കഹിണ
ണമോ ണമോ
നിളയ വിളഹിയ കളയമയിളയമള്ളുണചളണ ണമോ ണമോ
മളയജാഞ്ജിദതളുണിജണ പളിളംഭളോള ണമോ ണമോ
ചളണണി പഡണ വിളയമപഹള മഹമഹോശ ണമോ ണമോ
കുന്ദശുന്ദള മന്ദഹാശ! മികുന്ദ! ശോളി ണമോ ണമോ
ചന്ദവയണ! പുളന്ദളാദിശുളച്ചിയംഘി ണമോ ണമോ
ണന്ദണന്ദണ ചന്ദണാമള ശീയശീള ണമോ ണമോ
വന്ദണിജ്ജകളിന്ദജായഡകേളിളോള ണമോ ണമോ''

ഹസ്തിനപുരം തന്നിലതുകാലം വഴി പോക്കർ
അത്താഴത്തിനു വന്നു കൊട്ടിൽ കേറി സ്ഥലംവച്ചു
പട്ടൻമാർ പരിപ്പുകാർ മടപ്പള്ളിദ്വിജൻമാരും.
വട്ടങ്ങൾ തെളിയിച്ചു വെളിവിലങ്ങിലവച്ചു
മൃഷ്ടഭോജനം നല്ല കറിയും ഭൂസുരൻമാർക്ക-
ങ്ങിഷ്ടത്തിനൊത്തപോലെ വിളമ്പി ഭുക്തി ചെയ്യിച്ചു
അഷ്ടിയും കഴിച്ചുകൊണ്ടലസാതെ വഴിപോക്കർ
കൊട്ടിലിൽ തളംകേറി ഇരുന്നു വെററിലതിന്നു
രെട്ടും കമ്പിളിയെല്ലാം വിരിച്ചു പാളയംപോട്ടു
പാട്ടുംപാടിയോരോന്നേ പറഞ്ഞങ്ങു ശയിക്കുമ്പോൾ
പാന്ഥൻമാരുടെ പാട്ടും പരിഹാസങ്ങളും കേട്ടു
താൻതന്നെ പുറപ്പെട്ടു ധൃതരാഷ്ട്രാത്മജശ്രേഷ്ഠൻ
അമ്മാവൻ ശകുനിയും സഖിയാം കർണ്ണനുംകൂടി
തൻമാർഗ്ഗേ പുറപ്പെട്ടു തരസാ മൂവരുംകൂടി

ഗൂഢമായൊരു ദിക്കിലിരുന്നുകൊണ്ടിര പാർക്കും
മൂഢാത്മാക്കളെപ്പോലെ ശ്രവിച്ചു പാന്ഥസംസാരം*
തങ്ങളിൽ പഥികൻമാർ പറയുന്നു പല വാക്യം
‘‘എങ്ങുന്നു വരുന്ന താൻ വഴിപോക്കദ്വിജാ! ചൊൽക?’’
‘‘ഇന്ദ്രപ്രസ്ഥമെന്നുള്ള നഗരംതന്നിൽനിന്നിപ്പോൾ
ഇന്നത്തെ പ്രാതലൂണും കഴിച്ചിങ്ങു വരുന്നു ഞാൻ;’’
‘‘ധർമ്മനന്ദനൻതാനും സഹജൻമാരുമെല്ലാരും
സമ്മോദിച്ചവിടത്തിൽ വസിക്കുന്നില്ലയോ വിപ്രാ?’’
‘‘ധർമ്മത്തിനൊരുനാളും കുറവില്ലാത്തവർക്കുണ്ടോ
സമ്മോദത്തിനു ഹാനിവരുന്നു ജീവനുള്ളപ്പോൾ;’’
‘‘ഊട്ടുണ്ടോ വഴിപോലെ വഴിപോക്കർക്കവിടത്തിൽ?’’
‘‘ഊട്ടിന്റെ വിധമെല്ലാമുരപ്പാൻ നേരമില്ലിപ്പോൾ.
ഊട്ടുകോലാഹലമെല്ലാം കേട്ടുവെങ്കിൽ ഭവാൻ തന്റെ
കെട്ടു മാറാപ്പുകൾ തോളിലിട്ടുകൊണ്ടു പുറപ്പെട്ടു
കൊട്ടിലേറി സ്ഥലംവയ്പാൻ ഒട്ടുമേ താമസിക്കില്ല
പട്ടരച്ചാ! പരമാർത്ഥം കേട്ടുകൊൾക മഹാത്മാവേ!
കുറുതായുള്ളരിച്ചോറും നറുനെയ്യും മലയാള—
ക്കറി നാലും നല്ല പാലും വറുത്തുപ്പേരിയോലോലൻ,
ചെറുനാരങ്ങ, മാങ്ങയും ചെറുപകചങ്ങളും കണ്ണൻ—
പഴം, വണ്ണൻപഴം, കാളിപ്പഴം, നേന്ത്രപ്പഴം, ചിങ്ങൻ—
പഴം, കദളിപ്പഴം, പൂവൻപഴം! ചക്കപ്പഴം പിന്നെ
പരിപ്പും പച്ചടിച്ചാറും കരിമ്പിൻനീർഗുളം തേനും
വലിയപപ്പടം, ചെറിയപപ്പടം, പഞ്ചസാരയും
വേപ്പിലക്കട്ടി ഇഞ്ചിത്തൈരഞ്ചുകൂട്ടം പൊടിത്തൂവൽ
താളകം താവളം പിന്നെത്താളുകൊണ്ടു പുളിശ്ശേരി
നല്ല തൈരും നല്ല മോരും നല്ല സംഭാരവും, ഞാനി—
ച്ചൊല്ലിയതൊന്നുമേ ഭോഷ്കല്ലച്ഛനാണ പരമാർത്ഥം;
അത്താഴത്തിനു നല്ല കാളനും കാച്ചിയ മോരും
കത്തിരിക്കാക്കറിയതും, കണ്ണിമാങ്ങായുണക്കിഞ്ചി
മത്തൻകൊണ്ടൊരുകൂട്ടം തോർന്നെരിശ്ശേരിയും നല്ല
മത്തൻകുമ്പളങ്ങാകൊണ്ടൊരുകൂട്ടം പുളിമുളകും
അത്താഴം കഴിയുമ്പോളടയ്ക്കാ വെറ്റില നൂറും
അത്യാവശ്യമുള്ളോർക്കു പുകയിലകൂടെയുണ്ട്;
നിത്യമിങ്ങനെ ചട്ടം നീക്കമില്ലങ്ങൊരുനാളും,†
സത്യം ധർമ്മരാജന്റെ ധർമ്മമത്രേ ധർമ്മമിപ്പോൾ
ആറുമാസമൊരാണ്ടങ്ങവിടത്തിൽ പാർത്തുകൊണ്ടാൽ

---

* ‘ഗൂഢമായൊരു ദിക്കിലിരുന്നുകൊണ്ടിര പാർക്കും
ഗോമായുക്കളെപ്പോലെ ശ്രവിച്ചു പാന്ഥസംസാരം’—എന്നാണു തുള്ളൽക്കാരുടെ വായ്പാഠം. നമ്പ്യാരുടെ പരിഹാസമുദ്ര പതിഞ്ഞ പാഠം ഇതാണ്.

† ‘നിത്യമിങ്ങനെ വട്ടം നീക്കമില്ലങ്ങൊരുനാളും’—വായ്പാഠം.

ചോറുമെണ്ണയും കിട്ടുമുടുപ്പാൻ വസ്ത്രവും കിട്ടും
ഞായറാഴ്ച വാവുരണ്ടുമൊരിക്കലൂണുള്ളവർക്കു
വേറായിട്ടൊരു ദിക്കിൽ പലഹാരത്തിന്റെ വട്ടം
അടയുമപ്പവും, ദോശ, വടയുമിഡ്ഡലി ചീടാ
കടിയൻമാരിടിക്കുന്നോരവിലും ശർക്കര തേങ്ങാ,
മുറുക്കും തേൻകുഴലു നൽ പരിപ്പും തേങ്ങയും നെയ്യിൽ–
വറുത്തുള്ളോരൊറോട്ടിയും[1] മലരും പഞ്ചതാരയും,
കുറുക്കി ക്ഷീരവും തേനും പാനകം ഞാനിതു സർവം–
ചുരുക്കിച്ചൊല്ലിനേനിപ്പോൾ വിസ്തരിപ്പാൻ നേരമില്ല;
ഉറക്കം വന്നീലയെങ്കിൽ ഇനിയും ഞാനുരചെയ്യാം
മറക്കാതെ മനക്കാമ്പിൽ കിടക്കുന്നു നമുക്കെല്ലാം.
ചെറുപ്പക്കാർക്കൊരുകൂട്ടം മോഹമുണ്ടെങ്കിലോ നല്ല
ചെറുക്കിമാരവിടെയുണ്ടവർക്കേതും മടിയില്ല.
അടയ്ക്കാ വെററില മാത്രം കൊടുത്താലാഗ്രഹമൊക്കെ–
ക്കിടയ്ക്കാമത്തൊഴിലിന്നും കിടക്കാരു ചിലരുണ്ടാം;
വെളുക്കുമ്പോൾ പുരം തൂത്തുതളിക്കുന്നച്ചിമാർ വന്നു
വിളിക്കുമ്പോളെഴുന്നേററു കുളിക്കുന്നു ചിലരെല്ലാം
ഇളിച്ചുകൊണ്ടൊരുകൂട്ടം കളിച്ചു കാമിനിമാരെ
വിളിച്ചുകൊണ്ടു ചെന്നൊട്ടും വെളിച്ചമില്ലാത്ത ദിക്കി–
ലൊളിച്ചുള്ള മനോരാജ്യം തെളിച്ചു പോരുമകാര്യ–
ങ്ങളിൽച്ചാടിക്കനംകെട്ടു ഗമിച്ചുകൊൾകയുമുണ്ട്;
നേരംപോക്കിനു വേണ്ട ആരംഭം പലതുണ്ട്
ഓരോ ദിക്കിലോരോരോ ഘോഷങ്ങളതും കാണാം;

പന്തുമാടുക, ചിന്തുപാടുക, പകിടകളി, ചതുരംഗവും
പന്തണിക്കുളിർകൊങ്കമാരുടെ പടുതതടവിന നടനവും
ചന്തമേറിന ചാക്കിയാരുടെ കൂത്തുമൊരുവക മേളവും
കുന്തമേറുകൾ തപ്പുകൊട്ടുകൾ ചെപ്പടിക്കളികലശലും
പാണ്ടിമേളമുരുട്ടുചെണ്ട കറുംകുഴൽ ഇടിതാളവും
ആണ്ടിയാട്ടവുമായുധക്കളി പാഠകം പല ചാട്ടവും
തിത്തി മദ്ദളവേണു വീണകൾതിമില തകിൽമുഖവീണയും
കുത്തിവച്ചൊരു പാവകളികളുമഖിലദിശിബഹുവിസ്മയം
ഇത്തരം ബഹുഘോഷമെപ്പൊഴുമവനിപതിയുടെ മന്ദിരേ
ചിത്തരംഗസുഖത്തിനുള്ളൊരു സരണി പലവിധമുണ്ടെടോ!
ഇപ്പറഞ്ഞതിലേററമിപ്പൊഴൊരദ്ഭുതം പുനരദ്ഭുതം!
ശില്പശാസ്ത്രവിദഗ്ദ്ധനായ മയാസുരൻ ബഹു
ബുദ്ധിമാൻ

---

1. ഒറോട്ടി=പഴയകാലത്തു കേരളീയഗൃഹങ്ങളിൽ ഉണ്ടാക്കിപ്പോന്ന ഒരു പ്രധാനപ്പെട്ട പലഹാരമാണ് 'ഒറോട്ടി'. 'നെയ്യിൽ വറുക്കും റൊട്ടിയും'—എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠം.

അപ്പുരത്തിലിറങ്ങിവന്നു വിചിത്രമായ സഭാസ്ഥലം
ശില്പമായ് പണിചെയ്തു നല്കി യുധിഷ്ഠിരന്നതി–
വിസ്മയം!
മുന്നമർജ്ജുനനവനു വന്നൊരു സങ്കടത്തെയൊഴിച്ചുപോൽ
എന്നതിന്നിഹ പകരമുപകൃതി ചെയ്‌വതിന്നിതു ചെയ്തു
പോൽ
മന്നിടങ്ങളിലൊന്നിലും പുനരിപ്രകാരമൊരാലയം
പിന്നെ മറ്റൊരു ദിക്കിലില്ല തരിമ്പു സംശയമില്ലെടോ!
അമരവരനുടെ നഗരമാമമരാവതിക്കു നിറം കെടും
അമരുമതിനുടെ ഡമരമിതു ബത കണ്ടുവെങ്കിലസംശയം
അമലമണിഗണ കനകഘനതരരുചിരരുചിഭരശോഭനം
കമലയുടെ കുലഭവനമതു ബത ജയതി ശിവശിവ ശങ്കര!
സ്ഥായിയില്ല വിരിഞ്ചദേവനു നമ്മളിൽ പൊളിയല്ലെടോ!
ആയിരം നയനം നമുക്കു തരാഞ്ഞതെന്തു മഹാശാൻ
ആയതിന്ദ്രനു കൊണ്ടുചെന്നു കൊടുത്തതിന്നു വൃഥാഫലം
ആയവൻ പുനരത്രവന്നിതു കാൺകയില്ലതിനീരസൻ
രണ്ടുകണ്ണുകൾകൊണ്ടു കണ്ടതുകൊണ്ടെനിക്കൊരുതൃപ്തിയി-
ല്ലണ്ടർകോനൊടു ചെന്നിരന്നതു കൈക്കലൊക്കുക കൂടുമോ?
രണ്ടു വാക്കു നമുക്കു നഹി നഹി, പണ്ടുമിപ്പൊഴുമേഷ ഞാൻ
കണ്ടുകേട്ടറിയുന്നതില്ലിതുപോലെ മറ്റൊരുമന്ദിരം.
ഹസ്തിനംപുരമെത്ര വിസ്മയമെന്നു ഭാവമിവർക്കഹോ
വസ്തുബോധവിശേഷമില്ല സുയോധനാദികൾ നൂറ്റിനും
ഹസ്തിയും പുനരാടുമൊക്കുമിതെങ്കിലതുമിതുമൊരു–
വിധം’;
‘‘വിസ്തരിച്ചതു പോരുമിവരിതു കേട്ടുവെങ്കിലബദ്ധമാം;’
‘‘എന്തബദ്ധമിനിക്കൊരിത്തിരി പേടിയില്ലിവരെസ്സഖേ!
അന്തണർക്കൊരു ദിക്കിലും തടവില്ല വല്ലതുമോതുവാൻ;’’
‘‘എന്തുനിശ്ചയമിപ്പൊഴുള്ള പ്രഭുക്കടേ തൊഴിലൊരുവിധം
ചിന്തയിൽ കനിവില്ലവർക്കതു കരുതി നില്ക്കണമേവനും;’’
‘‘എങ്കിലസ്തു സുയോധനൻ മമ വസ്തു വന്നു
വിലക്കുമോ?’’
‘‘ശങ്കിയാത്ത ജനത്തിനല്ലൽ വരുത്തുവാൻ തടവില്ലെടോ!’’
‘‘എന്റെ ദിക്കിലവന്റെ ശക്തി നടക്കയില്ല മഹീസുരാ!’’
‘‘ഏതുമാർക്കുമറിഞ്ഞുകൂട മറിഞ്ഞുകാലമതോർക്കണം.’’

ഇത്ഥമോരോ വിശേഷങ്ങൾ പറഞ്ഞു പാന്ഥവിപ്രൻമാർ
അർദ്ധരാത്രി കഴിഞ്ഞപ്പോളുറക്കം വന്നു ബാധിച്ചു
ഒട്ടു കൂർക്കം വലിച്ചുകൊണ്ടുരിയാട്ടങ്ങളും മാറി–
ക്കെട്ടുഭാണ്ഡം തലയ്ക്കും വച്ചുറങ്ങി യൊക്കവേകൂടെ;
മറഞ്ഞു കേട്ടിരിക്കുന്ന ധൃതരാഷ്ട്രാത്മജനുള്ളിൽ
നിറഞ്ഞു കോപവുമിത്ഥം പറഞ്ഞു മാതുലനോടേ:

‘‘അറിഞ്ഞോ മാതുലാ! നമ്മെ ദുഷിക്കും ദുഷ്ടപാന്ഥൻമാർ
പറഞ്ഞോരക്ഷരമെല്ലാമബദ്ധം ശുദ്ധമേ ഭോഷ്ക്
കറിയും ചോറുമാശ്ചര്യം കളിയും കൊട്ടുമാശ്ചര്യം
അറയും മച്ചുമാശ്ചര്യം പറയും വാക്കുമാശ്ചര്യം
ഒരു വസ്തു വഷളായിട്ടില്ലപോലപ്പുരംതന്നിൽ
ഒരു കൂട്ടം ദുരാത്മാക്കൾക്കിന്നതേ നല്ലുവെന്നില്ല!*
കൂറുകൊണ്ടു പറയുന്ന വാക്കിനെന്തുത്തരം വേണ്ടു?
ചോറുകൊണ്ടു സ്തുതിക്കുന്ന ചോഴിയബ്രാഹ്മണൻമാരെ
വാറുകൊണ്ടു തല്ലുകൂട്ടാനൊട്ടുമേ യോഗ്യമല്ലല്ലോ,
ഏറുകൊണ്ടു മണ്ടുമിപ്പോൾ മറ്റൊരുത്തൻ പറഞ്ഞെങ്കിൽ
ചോറുതിൻമാനിവിടത്തിൽ കൂറു കുന്തീസുതൻമാരിൽ;
നൂറുകൂട്ടമപരാധം നമുക്കും സോദരൻമാർക്കും
പോറകൾക്കങ്ങൊരു വാലും തലയുമില്ലതുകൊണ്ടി—
ങ്ങീറവന്നാലെന്തുചെയ്യാം അടങ്ങിപ്പാർക്കയേയുള്ളു;’’
പറഞ്ഞു മാതുലൻ: ‘‘ഉണ്ണീ! കുറഞ്ഞോന്നു ക്ഷമിച്ചാലും
മറഞ്ഞു കേട്ട വൃത്താന്തമറിഞ്ഞില്ലെന്നു വയ്ക്കേണം
തനിക്കാംപോന്നവർക്കെല്ലാം മനക്കാമ്പിൽ സ്ഥിരം വേണം
അനക്കാതിങ്ങിരുന്നുംകൊണ്ടിനിക്കാര്യം വിചാരിക്കാം
മിനക്കേടു സഹിക്കാഞ്ഞാൽ കനക്കേടു ഭവിച്ചേക്കും
നിനക്കേതുമിതുകൊണ്ടു മനഃക്ലേശം വരാനില്ല;
എനിക്കത്രേ രിപുപ്രൗഢി നിനയ്ക്കുമ്പോൾ സഹിക്കാത്തു
പതുക്കെപ്പാണ്ഡവൻമാരെച്ചതിക്കുന്നുണ്ടു ഞാനുണ്ണീ!
കൊതിക്കും വസ്തു സാധിപ്പാനതിക്ലേശം നമുക്കില്ല
എതിരിട്ടു വരുന്നോരെച്ചതികൂട്ടും ശകുനിക്കി—
ക്ഷിതിതന്നിലൊരു മാറ്റാരെതിരില്ലെന്നറിഞ്ഞാലും
പ്രതിമല്ലക്ഷിതിപാലക്ഷതിനോക്കി സ്ഥിതിചെയ്യു—
ന്നതിനിങ്ങു നതി[1]യില്ല, മതിതന്നിലതിനുള്ള
ഗതിയുണ്ടു ചതിയുണ്ടു മതിമാൻ ഞാൻ മതിയാകും
അതിരേകം കൊതിയുമുണ്ടതിനൊത്ത വിധിയുമു—
ണ്ടതിൽക്കൂടെ സ്ഥിതിചെയ്താൽ മതി ഭൂമീപതിവീരാ!
പതിനെട്ടുവിധം മായാപ്രയോഗങ്ങളുണ്ടെനിക്കു
ഉറക്കം വന്നുവെങ്കിൽ പോയ് ഉറങ്ങിക്കൊൾക നീയുണ്ണീ!
നിറക്കേടു വരികില്ലെന്നുറച്ചുകൊൾക നീ വീരാ!
ഉറക്കത്തിൽ പണിക്കത്തം തനിക്കുമില്ലെനിക്കുമി—
ല്ലറക്കൊട്ടിലകം പുക്കാൽ നമ്മളെല്ലാമൊരുപോലെ’’

---

* തുള്ളൽക്കാരുടെ പഴയ വായ്പാഠം സ്വീകരിച്ചു. ഇന്നതിന്നതാണു നല്ലതെന്ന് തിരിച്ചറിവില്ലാത്തവരാണ് ഈ വിപ്രൻമാരെന്നു ദുര്യോധനൻ കോപിച്ചു പറയുകയാണ്.
‘ഒരുകൂട്ടം ദുരാത്മാക്കൾക്കിന്നതേ നൽകുവെന്നില്ല’—എന്നു മുദ്രിതപുസ്തകങ്ങളിൽ അപപാഠം. 1. നതി=താഴ്ച; കുറവ്.

ഇപ്രകാരമുരചെയ്തു ശകുനി കർണ്ണനും കൂടെ
സ്വപ്രവേശം പ്രവേശിച്ചു ശയിച്ചു നിദ്രയും പൂണ്ടു
ദുഷ്പ്രഭുത്വം പെരുത്ത ദുര്യോധനൻ തൻപുരംപുക്കു
സുപ്രകാശം തല്പമേറിശയിച്ചു സമ്മദത്തോടേ
അന്തണൻമാർ പറഞ്ഞോരസഭാസ്ഥാനപ്രഭാവത്തെ
ചിന്തചെയ്തങ്ങസൂയകൊണ്ടുറക്കവും വരുന്നില്ല;

വെട്ടമഞ്ഞു തുടർന്നപ്പോൾ എഴുന്നേററു പുറത്തു വ–
ന്നിഷ്ടബന്ധുക്കളെയെല്ലാം വിളിച്ചങ്ങു വിചാരിച്ചു:
‘‘ദുർമ്മുഖ! ദൂഷണ! ദുശ്ശാസന! ദുശ്ശേശ്വര! വാടാ,
ധർമ്മജന്റെ പുരംതന്നിലുണ്ടുപോലദ്ഭുതം കിഞ്ചിൽ
വെൺമഴുകൊണ്ടവനിയിൽ വെട്ടിപോൽ ദാനവാശാരി
വെൺമചേരും സഭാസ്ഥാനം തീർന്നുപോലപ്പൊഴേതന്നെ
കർണ്ണനെങ്ങു! വരിക നീ നമ്മുടെ മാതുലനെങ്ങു?
വർണ്ണിതമാകുമാസ്ഥാനം ചെന്നുകണ്ടു വരേണ്ടയോ?

ഭോഷ്കുതന്നെ വഴിപോക്കർ പറഞ്ഞതന്നെന്നുടെ പക്ഷം
വാക്കുകൊണ്ടു ഫലിപ്പിപ്പാനന്തണൻമാർക്കാരുമൊക്കാ
വല്ലതെന്നാകിലുമിന്ദ്രപ്രസ്ഥമാം പത്തനംതന്നിൽ
വല്ലഭത്വം നടിച്ച വൻമക്കളെക്കണ്ടുപോരേണം
ധർമ്മജൻ നമ്മുടെ ജ്യേഷ്ഠൻ ഭീമസേനാദികൾ നാലും
നമ്മുടെ സോദരൻമാരുമങ്ങനെ ചാർച്ചയുണ്ടല്ലോ;

അജ്ജനത്തോടിങ്ങു വൈരം ഇജ്ജനത്തോടങ്ങു വൈരം
സജ്ജനങ്ങൾക്കൊരുപോലെ ബോധമീ വർത്തമാനങ്ങൾ
അർജ്ജുനനഗ്രജനാകും ഭീമസേനൻ മഹാദുഷ്ടൻ
ലജ്ജകൂടാതവൻ നമ്മെ വാലെടുക്കും തത്ര ചെന്നാൽ.’’

‘‘പൊണ്ണനാം ഭീമനെത്തെല്ലും ഭീതിയില്ലാ നമുക്കുള്ളിൽ
അണ്ണനെന്തിന്നുകൂസുന്നു;’’ എന്നു ദുശ്ശാസനൻചൊന്നാൻ;
കർണ്ണനുമങ്ങനെ പക്ഷം ശകുനിക്കുമതു പക്ഷം
നിർണ്ണയിച്ചു പുറപ്പാടു കൂട്ടി ദുര്യോധനനപ്പോൾ;

താതനോടു യാത്രചൊൽവാനൊരുമ്പെട്ടു നൂററുപേരും
ജാതമോദം ശകുനിയും കർണ്ണനുമാദരവോടേ;
ജനകന്നും കണ്ണു കാണാ, ജനനിക്കും കണ്ണു കാണാ,
തനയൻമാരരികത്തു ചെന്നു കൂപ്പിച്ചുമച്ചപ്പോൾ
‘‘ചുമയ്ക്കുന്നാരെടാ’’യെന്നു ധൃതരാഷ്ട്രഗിരം കേട്ടു
‘‘ചുമയ്ക്കുന്നതടിയങ്ങ’’ളെന്നവരുമുണർത്തിച്ചു,
‘‘ഉണ്ണികൾക്കെന്തൊരുദ്യോഗം!’’എന്നു താതൻ, ‘‘അടിയങ്ങൾ
കണ്ണു രണ്ടും സഫലമാക്കീടുവാനായ് തുടങ്ങുന്നു’’
‘‘മക്കളേ! നിങ്ങടെ വാക്കിനർത്ഥമുണ്ടായീലെ’’ന്നച്ഛൻ
‘‘മിക്കവൊറുമുണർത്തിക്കാമർത്ഥമുണ്ടായീലെന്നാകിൽ;

ധർമ്മജന്റെ പുരംതന്നിലുണ്ടുപോലുമൊരാശ്ചര്യം
രമ്യമാകും സഭാസ്ഥാനം തീർത്തുപോൽ ദാനവാശാരി
അദ്ധ്വഗൻമാർ പറഞ്ഞേവം കേട്ടു ഞങ്ങളതു കാൺമാൻ
അത്രനിന്നു പുറപ്പെട്ടു ജനകൻ സമ്മതിക്കേണം
അതു കാണാത്തവരുടെ കണ്ണു രണ്ടും പാഴിലെന്നു
പഥികൻമാർ പറയുന്നു പാർത്തുകണ്ടാലറിഞ്ഞീടാം;''
''എങ്കിലെൻ മക്കളേ ചെന്നുകണ്ടു വേഗേന പോന്നാലും
ശങ്കവേണം മനക്കാമ്പിൽ ശത്രുരാജ്യത്തു ചെല്ലുമ്പോൾ
ഇജ്ജനത്തെ അവർക്കാർക്കുമിഷ്ടമില്ലെന്നറിഞ്ഞാലും
അർജ്ജുനൻ ഭീമനുംകൂടെച്ചതികൂട്ടുന്നതോർക്കണം
അത്രയുമല്ലതിനേക്കാളുണ്ടൊരു ദുർഘടമിപ്പോൾ
എത്രയും ബന്ധുവായിട്ടുണ്ടേഷണിക്കാരനങ്ങേകൻ
ശത്രുപക്ഷക്കാരിൽ മുമ്പൻ ശാഠ്യമോരോന്നുളവാക്കും
അത്ര നമ്മെച്ചതിപ്പാനല്ലാതെ മറ്റു തൊഴിലില്ല
താനല്ലെന്നു ഭാവിക്കും തരംനോക്കി പ്രയോഗിക്കും
സ്ഥാനത്തങ്ങൊരേടത്തും തന്റെ വേഷം കാട്ടുകില്ല;
മാനത്തു പറക്കുന്ന പരുന്തുപക്ഷിയെപ്പോലെ
മീനത്തെ കൊക്കിലാക്കിക്കൊണ്ടു പോയേ അറിഞ്ഞീടൂ
കപ്പാനും മടിയില്ല കാമിനിമാർകളെപ്പാട്ടിൽ
വയ്പാനും മടിയില്ല വധിപ്പാനും മടിയില്ല
നമ്മെച്ചെണ്ടകൊട്ടിപ്പാൻ തരംനോക്കിനടക്കുന്നു
നൻമയ്ക്കു നിരൂപിച്ചിട്ടബദ്ധം വന്നുപോകൊല്ലാ
വെട്ടത്തു കാണുകില്ല പിറകേനിന്നൊരു വെടി
പൊട്ടിക്കുന്നതേ കേൾക്കൂ ചത്തുവീഴുന്നതേ കാണൂ
അങ്ങനെയുള്ളൊരുദേഹമങ്ങിരുന്നു പ്രയോഗിക്കു—
മെങ്ങനെയെന്നറിയാതെ ഇജ്ജനത്തെച്ചതികൂട്ടും;
എന്നുടെ മക്കളേ! നിങ്ങളായവന്റെ കപടത്തിൽ
ചെന്നുചാടി വലയാതെ പോന്നുകൊൾവിൻ വിരവോടേ;
സജ്ജനങ്ങളിരിക്കുന്ന ദിക്കിലേ സഞ്ചരിക്കാവൂ
ദുർജ്ജനങ്ങളോടു ചേർന്നാൽ ദൂഷണം സംഭവിച്ചീടും
ഓട്ടുപാത്രങ്ങളിൽ നല്ല പുളിച്ച തൈരൊഴിച്ചെന്നാൽ
കൂട്ടുവാൻ കൊള്ളരുതെന്നു കേട്ടു കണ്ടീടുന്നതല്ലോ
കാട്ടുമൂർഖപ്പാമ്പിനെക്കൈകൊണ്ടു മെല്ലെത്തലോടിത്തൻ
പാട്ടിലാക്കാമെന്ന മോഹം മാനുഷൻമാർക്കുളവാമോ?
അജ്ജനങ്ങൾക്കിജ്ജനത്തോടുള്ള വൈരം പോകയില്ല
ഇജ്ജനങ്ങൾക്കജ്ജനത്തോടുള്ള വൈരവുമപ്രകാരം
രണ്ടുകൂട്ടക്കാരുമായിച്ചേരുവാനുള്ള ദുർമ്മോഹം—
കൊണ്ടു പാഴിൽ പ്രയത്നങ്ങൾ ചെയ്തു ഞാൻ മക്കളേ

കേൾപ്പിൻ

എലിയും പൂച്ചയും തമ്മിൽ കീരിയും സർപ്പവും തമ്മിൽ
പുലിയും ഗോക്കളും തമ്മിൽ കാക്കയും മൂങ്ങയും തമ്മിൽ
ഒരുനാൾ ചേർച്ചയുണ്ടാമോ എന്നപോലെ കണ്ടുകൊൾവിൻ
കുരുക്കൾ പാണ്ഡവൻമാരും തങ്ങളിലുള്ള വൈഷമ്യം;
ഉമ്മരത്തെപ്പല്ലുകൊണ്ടു ചിരിക്കും നമ്മളെക്കണ്ടാൽ
ഉള്ളിലെപ്പല്ലുകൾകൊണ്ടിട്ടുരുമ്മും പാണ്ഡുപുത്രൻമാർ
തുഷ്ടികൂടാതഹോ തൂക്കക്കൊരുടെ നൽചിരിപോലെ
സ്പഷ്ടമായിക്കണ്ടുപോരാനുണ്ണികൾക്കു മോഹമെങ്കിൽ
ഒട്ടുമേ താമസിക്കാതെ ഗമിപ്പിൻ മക്കളേ! നിങ്ങൾ
എട്ടുനാളിലകമിങ്ങു വരേണം ബാലകൻമാരേ!''

അന്ധനരവരവചനമിങ്ങനെ കേട്ടു സപദി സുയോധനൻ
അന്ധമതിശഠശകുനി കർണ്ണസമാകുലൻ സുമഹാധനൻ
ഹന്ത സുഖമിതി മനസി ഘനകുതുകേന സംഭൃതസാധനൻ
ചന്തമൊടുനടകൊണ്ടു വിരവൊടു സകലരിപുകുലബോധനൻ
തമ്പിമാർ പുനരമ്പതും പുനരൊമ്പതും ബത നാല്പതും
മുമ്പിലമ്പിലകമ്പടിക്കുടനമ്പുവില്ലുമെടുത്തുടൻ
കുംഭിതുരഗരഥാദി പടകളുമുടമയൊടു പടഘോഷവും
കൊമ്പുകുഴൽ തുടി പടഹ ഘടഘടരടിതകടുപരിഘോഷവും
ഇടികളൊടു പടതുടരുമൊരുവക വെടികളുടെ നിനദങ്ങളും.
കൊടികൾ കുട തഴ ചടുലചാമരമാലവട്ടശതങ്ങളും
പൊടികളിളകിമറിഞ്ഞു ദിശിദിശി ഝടിതി നടനവിധങ്ങളും
നടികളുടെ മൃദുനടനമുടനഥ വിടഭടാദി വിലാസവും
സരസമവരുടെ മോടിയും സുഖമോടിയും ചിലർ പാടിയും
വിരസമൊരുവക പാടിയും നരകോടിയും ഇടകൂടിയും
സപദി മലഹരി പാടിയും ചിലർ പാടിയും ചിലരാടിയും
സകല മലർവനവാടിയും ചിലർ തേടിയും മലർ ചൂടിയും
ഫലിതമൊരുവക പറകയും ചിലരുറകയും ചിലർ മറകയും
പലരുമിഹ ഭുവി നിറകയും ചിലർ വിറകയും രസമറികയും
കലശലൊരുദിശി മറികയും തനു മുറികയും പുനരറികയും
ചലനവിധമിതു കുറകയും നഹി വരികയും ചിലരറികയും

വിളിച്ചുംതെളിച്ചും കനിവൊടുകളിച്ചും പുളച്ചും നലമൊടു
നടിച്ചും വദിച്ചും പലരസമുദിച്ചും മദിച്ചും പരിചൊടു
ചരിച്ചും ചിരിച്ചും പലവഴി തിരിച്ചും ഭരിച്ചും ചുമടുകൾ
നടന്നും കടന്നും ചിലരഥ മുടന്നും കിടന്നും വനമപി
തകർത്തും തിമർത്തും പുതുമകളുതിർത്തും മുതിർത്തും മധു
ബത

കുടിച്ചും ചൊടിച്ചും തങ്ങളിലടിച്ചും പിടിച്ചും ഭള്ളുകൾ
നടിച്ചും കടിച്ചും തടതലമിടിച്ചും പൊടിച്ചും വടിതടി
എടുത്തും കടുത്തും ഖലകുലമടുത്തും തടുത്തും ചിലരിഹ

പെടുത്തും കറുത്തും മുഖമതു ചെറുത്തും പൊറുത്തും
കടുമൊഴി
ഉരത്തുംപെരുത്തും പല തൊഴിൽ വരുത്തും നിരത്തും
ശിവശിവ!
ഈവണ്ണമവിടത്തിലീവന്ന പുരുഷാരം
ആകുന്ന പടക്കോപ്പുമാകവേ ചരതിച്ചു
നാഗമന്ദിരംതന്നിൽ ആഗമിച്ചഴകോടേ
നാഗകേതുവെച്ചെന്നു വേഗേന കൈവണങ്ങി
''ആയുധമെടുത്തും കൊണ്ടായിരത്തിരുനൂറു
നായൻമാരകമ്പടിയായി മുന്നിൽ നടക്കേണം
അമ്പതു ചവളക്കാരമ്പതു മറക്കാരും
പിമ്പേ സഞ്ചരിക്കേണം അത്രമാത്രമേ വേണ്ടൂ
ബാലപ്പിള്ളരും വേണ്ടാ വൃദ്ധൻമാർകളും വേണ്ടാ
കാലിന്നു മുടന്തുള്ള കാര്യക്കാരരും വേണ്ടാ
കാലത്തു പഴങ്കഞ്ഞി കുടിക്കാതെ നടപ്പാനും
മേലാത്ത ഭടൻമാരും യജമാനൻമാരും വേണ്ടാ
ബാലപ്പെൺകൊടിമാരെ കാണുമ്പോളിളിക്കുന്ന
കോലങ്ങളൊരുപത്തി ജളൻമാരാരുമേ വേണ്ടാ
മാലക്കണ്ണുള്ളവരും മടിയൻമാർ മുടിയൻമാർ
മാലോകർ ദുഷിക്കും കൾകുടിയൻമാർ തടിയൻമാർ
നാലിന്നുമുതകാത്ത നാടൻമാർ ശുനകന്റെ—
വാലിന്നും വിലകാണാത്താണുങ്ങളിഹ വേണ്ടാ
പള്ളയ്ക്കു പൊറുപ്പാനായിരന്നുണ്ടു നടന്നു തൻ
തള്ളയ്ക്കുമൊരുവററു കൊടുക്കാത്തോരിരപ്പാളി—
പ്പിള്ളർക്കു പിറന്നുള്ള ഭടൻമാരെക്കൊണ്ടുപോയാൽ
തൊള്ളയ്ക്കു തെല്ലു വെള്ളം കുടിപ്പാൻകൂടവേ കൂടാ;
മാററിക്കണ്ടനെക്കൂട്ടുകൊണ്ടങ്ങു നടക്കുന്ന
പോററിക്കുമനർത്ഥങ്ങൾ വരുമെന്നു ധരിക്കേണം
മാററിപ്പേർ പറഞ്ഞെന്നാൽ മലവെള്ളം പൊങ്ങിനില്പോ—
രാററിൽ മുങ്ങിയാൽപ്പോലും ജലപാനം കൂടുകില്ലാ
തന്നെക്കാൾ വലിയോരെത്തരിമ്പും ശങ്കയില്ലാത്ത
കന്നങ്ങൾ മറുനാട്ടിൽ ചെന്നു പോരാൻ ചിതം പോരാ
പെണ്ണുങ്ങൾ പറയുന്ന മൊഴി കേട്ടു നടക്കുന്നോ—
രെണ്ണങ്ങൾ പലരുണ്ടാമവരാരുമിങ്ങു വേണ്ടാ
വിപ്രൻമാർ വരുന്നേരം വഴിമാറിക്കൊടുക്കാത്ത
ദുഷ്പ്രഭുക്കളും വേണ്ടാ ദുരഹങ്കാരികൾ വേണ്ടാ
സ്വാമികല്പന കേൾപ്പാൻ മടിക്കുന്ന മഹാപാപി
ഭൂമിയിലൊരേടത്തും പൊറുപ്പാനുത്തമനല്ല
തമ്പുരാന്റെ മടപ്പള്ളിച്ചെമ്പിലെച്ചോറു ഭക്ഷിപ്പാൻ
മുമ്പിൽ വന്നു സ്ഥലം വയ്ക്കുമാമ്പടിക്കാരൊരുകൂട്ടം

വമ്പട വന്നടുക്കുമ്പോൾ പിമ്പിലെങ്ങാനൊളിക്കുന്ന
വമ്പരെല്ലാമങ്ങു വീട്ടിൽ പാർത്തുകൊൾകേ വേണ്ടുവിപ്പോൾ
കേട്ടു കേട്ടു വന്നുകൂടും മാനുഷൻമാരൊരുലക്‌ഷം
നാട്ടുപട്ടൻമാരുമെല്ലാമെന്തിനിപ്പോൾ പോന്നുവന്നു?
ഊട്ടിലുൺമാൻ കൂട്ടുകൂടിപ്പോകയല്ലീ പ്രഭുത്വത്തെ
കാട്ടിയൊപ്പിക്കണം വൈരിജനങ്ങൾക്കെന്നതുമല്ല;
നാട്ടിലുള്ള മുതുക്കൻമാർ പിള്ളരും പിള്ളമാരോരോ–
കോട്ടിൽനിന്നു പുറപ്പെട്ടു വന്നു യോഗംതികയുന്നു
കാട്ടിലുള്ള ഫലമൂലം ചുട്ടുതിന്നു കിടക്കുന്ന
ചേട്ടകൾക്കഷ്‌ടിയെന്നല്ലാതെപ്പൊഴും ചിന്തയുമില്ലാ
നരയൻമാരൊരുകൂട്ടം ജരയൻമാരൊരുകൂട്ടം
കുരയൻമാരൊരുകൂട്ടം കുരുടൻമാരൊരുകൂട്ടം
കറുമ്പൻമാർ വെളുമ്പൻമാർ കഷണ്ടിക്കാർ കിഴവൻമാ–
രൊരുമ്പെട്ടു പുറപ്പെട്ടു തരിമ്പും താമസിയാതെ
പെരുക്കാലുള്ളവരെല്ലാമനങ്ങാതെ തൻെറ വീട്ടി–
ലിരിക്കാതെ മെല്ലെ മെല്ലെ നടന്നിങ്ങു വന്നുകൂടി
ഒരിക്കലുമൊരേടത്തും നടക്കാതെ കിടക്കുന്ന
കരക്കാരൊന്നൊഴിയാതെ പരക്കെ വന്നിടകൂടി
ഇരപ്പാളിപ്പരിഷയ്‌ക്കങ്ങൊരുനേരം തെല്ലു ചോറും
നിരപ്പോടേ കൊടുത്തങ്ങു പിരിപ്പാനിപ്പുരം തന്നിൽ
പരിപ്പുകാരനും ചന്ത്രക്കാരനും ചന്തമോടേ കാ–
ത്തിരിപ്പൂ മാററവരൊക്കെത്തിരിപ്പൂ തങ്ങടേ വീട്ടിൽ;
കുറുപ്പൻമാർ പണിക്കൻമാർ കണക്കപ്പിള്ളമാർ പിന്നെ
ചെറുപ്പക്കാർ വലിപ്പക്കാരിജ്‌ജനങ്ങളിപ്പുരത്തിൽ
ഉറപ്പിച്ചു വസിച്ചാലുമച്‌ഛനേയുമമ്മയേയും
വെറുപ്പിച്ചീടൊലാ വല്ലാത്തേഷണിവാക്കുകൾകൊണ്ടു
കുറുപ്പത്തിലൊരുയോഗം കൂട്ടി ഞാനും തമ്പിമാരും
പുറപ്പെട്ടു പാണ്‌ഡവൻമാരിരിക്കും ദിക്കിലേക്കിപ്പോൾ
പറകൊട്ടും കൊമ്പു കാളം താളവും മേളവും വേണ്ടാ
നിറക്കേടില്ലതില്ലാഞ്ഞാൽ ഇജ്‌ജനങ്ങൾക്കൊരേടത്തും
അറിഞ്ഞാലും നിങ്ങളാടാച്ചാക്കിയാർക്കേ കോപ്പു വേണ്ടൂ
കുറഞ്ഞോന്നു താഴ്‌ചയില്ലാ നമുക്കു മേളമില്ലാഞ്ഞാൽ
പറഞ്ഞാൽ കഷ്‌ടമെന്നാലും പറയാം തമ്പുരാൻമാരും
കുറഞ്ഞോന്നല്ലഹോ ഞങ്ങൾ നൂറുപേരുണ്ടൊരുപോലെ
ഒരു യുദ്‌ധത്തിനു വേണ്ടുംനൃപൻമാർ ഞങ്ങൾതാൻ പോരും
കുരുരാജാധിപൻതൻെറ ഭാഗ്യമെന്നേ പറയാവൂ
ഒരുദിക്കിൽ ചെന്നു പോരാനൊരു വൈഷമ്യമില്ലിപ്പോൾ
ഒരേടത്തുമവമാനമിജ്‌ജനങ്ങൾക്കില്ലതാനും

പെട്ടകം പെട്ടിയും കെട്ടിച്ചുമപ്പാൻ പിള്ളരും കുട്ടി—
പ്പട്ടരും വെററിലസഞ്ചിക്കാരനും കാരിയക്കാരും
എട്ടുപത്തു കുടക്കാരുമഞ്ചുപത്തു വരിയോല—
ക്കെട്ടെടുക്കും ഭടൻമാരുമായിരം നായരും വേണം;''
ഇപ്രകാരമുരചെയ്തു ധാർത്തരാഷ്ട്രാഗ്രജവീരൻ
ക്ഷിപ്രമങ്ങു പുറപ്പെട്ടു സാദരം സോദരൻമാരും
തൽപ്രകാരം ശകുനിയും കർണ്ണനും കാരിയക്കാരും
സപ്രമോദം ഭടൻമാരും സർവവൃന്ദങ്ങളും പിമ്പേ
വമ്പനായുള്ളൊരു നല്ല കൊമ്പനാനത്തലവന്റെ
കൊമ്പു രണ്ടും മസ്തകവും പൊൻപടംകൊണ്ടണിയിച്ചു
തൻപുറത്തു മദം മൂത്ത തമ്പുരാനും കരയേറി
തമ്പിരാജാക്കളും തൊണ്ണൂററാൻപതാനപ്പുറമേറി
മുമ്പിലാശു നടകൊണ്ടു മൂത്തരാജാവനുജൻമാർ
പിമ്പിലമ്മാവനും പിന്നെ കർണ്ണനും രണ്ടു ഭാഗത്തും
വമ്പിയന്ന യജമാനൻമാരുമൊക്കെപ്പുറപ്പെട്ടു
ജൃംഭിതഘോഷമാംവണ്ണം ഗമിച്ചാരാദരവോടേ

വീടും കുടികളും നാടും നഗരവും
തോടും പുഴകളും കാടും മലകളും
കടന്നു നടന്നു വാപീതടവുമിടവും നല്ല
ജലവും സ്ഥലവും വൃക്ഷത്തണലും മണവും പൂവിൻ—
മണവും ഗുണവും കണ്ടു കുരുക്കൾ തരുക്കൾമൂലേ
പരന്നങ്ങിരുന്നനേരം തുടങ്ങി ഭടൻമാർ നായാ—
ട്ടടങ്ങീ മടങ്ങീടാതെ കലയും പുലിയുമുള്ള
മലയിൽ വലയും കെട്ടി തടുത്തും കടുത്തും വില്ലു—
മെടുത്തും തൊടുത്തും ബാണമടക്കി മുടക്കിനിന്നും
തടിയും വടിയുമേന്തി വെടിയും പൊടിയുമാർത്തു
കിടിയും കരിയും പോത്തും നരിയും ഹരിയും ചാടി—
ക്കടിച്ചും പിടിച്ചും വെട്ടിമുറിച്ചും മരിച്ചും തള്ളി—
പ്പിടിച്ചും കടിച്ചും മാംസം പിളർന്നും കിളർന്നും മോദം
വളർന്നും തളർന്നും കൂട്ടം കലമ്പിക്കലമ്പിത്തമ്മിൽ
കയർത്തും വിയർത്തും മേനിവിളിച്ചും തെളിച്ചും പന്നി—
ക്കുറകും പുറവും കണ്ടിച്ചെടുത്തും കൊടുത്തും ചുട്ടു
ഭുജിച്ചും ത്യജിച്ചും കള്ളുകുടിച്ചും ചൊടിച്ചുംതൊഴിൽ;

നായാട്ടും മതിയാക്കി നായൻമാരിഹ പോന്നു
നായാടികളും മാറിപ്പോയാരൊക്കവേ കൂടേ
ഇന്ദ്രപ്രസ്ഥമെന്നുള്ള മന്ദിരസ്ഥലത്തിന്റെ
അന്തികപ്രദേശത്തങ്ങടുത്തു ധാർത്തരാഷ്ട്രൻമാർ
ദന്തികന്ധരംതന്നിൽനിന്നിറങ്ങി നൂററുപേരും
രത്നങ്ങൾകൊണ്ടു കെട്ടിപ്പടുത്തോരാൽത്തറ കേറി

രാജനന്ദനൻമാരും കർണ്ണൻ മാതുലൻതാനും
പെട്ടെന്നു കാററുമേററു സുഖിച്ചുമേവിന നേരം
പെട്ടകം തുറന്നാലുമെന്നു രാജാവരുൾചെയ്തു
പെട്ടിപെട്ടകമെല്ലാം തുറന്നു പൊൻമണിക്കോപ്പും
പട്ടും പട്ടുറുമാലും ചേലയും പച്ചപാലാവും
എന്നുള്ള പദാർത്ഥങ്ങളെടുത്തുകൊണ്ടലങ്കാര–
മൊന്നുമേ കുറയാതെ ചമയത്തിന്നൊരുമ്പെട്ടു.

ചന്ദനം പനിനീരു കുങ്കുമകളഭലളിതജവാതുവും
ചന്തമേറിന പുഴുകുമഴകൊടിഴുക്കി മെയ്യിലശേഷമേ
കുന്ദകുറുമൊഴി മല്ലികാമലർമാലകൊണ്ടു ശിരോരുഹേ
മന്ദമമ്പിലണിഞ്ഞു സുന്ദരസുഭഗരൂപി സുയോധനൻ
സ്വർണ്ണമണിമയമകുടകടകകിരീടഭൂഷണഭൂഷിതൻ
കർണ്ണയുഗമതിലധികവിലസിതകുണ്ഡലങ്ങളണിഞ്ഞുടൻ
മുത്തുമാലപതക്കമുരുതരമുരസി ചേർത്തു മനോഹരം
പത്തു കൈവിരലും നിറച്ചഥ മോതിരങ്ങൾ നിരന്തരം
എട്ടുരണ്ടു മുഴത്തിലുള്ളൊരു പട്ടുടുത്തരഞ്ഞാണവും
ഇട്ടു പട്ടുറുമാലു കെട്ടിമുറുക്കി നല്ലൊരു തൊങ്ങലും
തട്ടുപുഴുകുമെടുത്തു മുഞ്ഞി മിനുക്കി നൽക്കുറിയിട്ടുടൻ
മുട്ടുകുത്തിയിരുന്നു തലമുടി തൂത്തുകെട്ടി മഹാരഥൻ
ശില്പമോടഥ ചന്ദ്രകാവി വളച്ചുകെട്ടി വിശിഷ്ടമാം
ദർപ്പണത്തെയെടുത്തു പല്ലുമിളിച്ചു നോക്കി രസിക്കയും
ഇപ്രകാരമണിഞ്ഞു കൂത്തിനു ചാക്കിയാരണിയുന്നപോൽ
'ഇപ്രകാരമതൊക്കെ വൈരികൾ കാണണം മമ പൗരുഷം'
എന്നുറച്ചു ജളപ്രഭുത്വവിധങ്ങളഖിലമെടുത്തഹോ
മന്നവൻ നിജ വേഷഭൂഷണഭംഗിയൊക്കെ വരുത്തിനാൻ,
ഉന്നതം കുട ചാമരം തഴ കൊടികളിടകലരുംവിധം
പന്നഗധ്വജനാശു പാണ്ഡവനഗരനികടമവാപ്തവാൻ.

ധാർത്തരാഷ്ട്രനുരചെയ്തു സോദരൻമാരോടു മെല്ലെ?
''ധൂർത്തരാഷ്ട്രം പ്രവേശിച്ചു നമ്മളെന്നു ഗ്രഹിക്കേണം
കീർത്തിഭംഗം വരാതെകണ്ടിപ്രദേശങ്ങളെയെല്ലാം
പാർത്തുകണ്ടുംകൊണ്ടു വെക്കമെങ്ങുതന്നെ ഗമിക്കേണം
അബദ്ധങ്ങളൊന്നു കാട്ടാതിരിക്കേണമനുജൻമാർ
അവസ്ഥാനങ്ങളിൽ ചെന്നു ചാടിയാൽ ദൂഷണമുണ്ടാം
അവസ്ഥാദേശകാലങ്ങളറിഞ്ഞേ സഞ്ചരിക്കാവൂ
സുബദ്ധം നമ്മൾ ചെയ്താലുമബദ്ധമാക്കുമക്കൂട്ടം
പരൻമാർ പാണ്ഡുപുത്രൻമാർ പരിഹാസത്തിനു വട്ടം
പരിചിൽ കൂട്ടുമെന്നേററം കരുതിക്കൊണ്ടു ചെല്ലേണം;
എനിക്കേതുമബദ്ധങ്ങൾ വരികയില്ലൊരേടത്തും

കനക്കേടും വരത്തില്ലെന്നനുജൻമാർ ധരിക്കേണം
അനക്കാതെന്നുടെ പിമ്പേ നടന്നു പോന്നുകൊള്ളേണം
അനർത്ഥമാർക്കുമില്ലെന്നാലപമാനം വരാനില്ലാ.''

ഇത്ഥം പറഞ്ഞു സുയോധനവീരൻ
ചിത്തം തെളിഞ്ഞു നടന്നു തുടങ്ങി,
ചിത്രപ്പുരത്തിലകത്തു കടന്നു,
ചിത്രപ്പണികളും കണ്ടു നടന്നു,
പാണ്ഡവൻമാരുമദ്രൗപദിതാനും
മണ്ഡപംതന്നിൽക്കരേറിപ്പതുക്കെ
മാധവനേയും ബലഭദ്രനേയും
മാനിച്ചു വന്ദിച്ചവിടെ വസിച്ചു;
ദുര്യോധനനും സഹോദരൻമാരും
ദൂരത്തുനിന്നു വരുന്നതു കണ്ടു
ധർമ്മതനൂജന്റെ മാനസംതന്നിൽ
സമ്മോദമേറ്റം വളർന്നു കിളർന്നു,
സമ്മാനത്തിന്നുള്ള വട്ടങ്ങൾ കൂട്ടി
സന്തോഷമോടേ വസിക്കുന്ന നേരം
ദിവ്യസഭതന്നിൽ വന്നു കരേറി
ഭവ്യനായുള്ള സുയോധനഭൂപൻ
വെള്ളസ്ഫടികസ്ഥലങ്ങളിലെല്ലാം
വെള്ളമുണ്ടെന്നൊരു ശങ്ക തുടങ്ങി
ഉള്ളിൽ വിളങ്ങുന്ന രത്നങ്ങൾ കണ്ടാൽ
തള്ളിയലയ്ക്കുന്ന നീരെന്നു തോന്നും;
നീരുള്ള ദിക്കെന്നുറച്ചു പതുക്കെ
നീന്തുവാനുള്ളൊരു വട്ടങ്ങൾ കൂട്ടി
വീരാളിപ്പട്ടു ചെരച്ചു കയറ്റി
വീരൻ പതുക്കെപ്പദംകൊണ്ടു തപ്പി;
പിമ്പിൽ നടക്കുന്ന തമ്പിമാരെല്ലാം
മുമ്പിൽ നടക്കുന്ന ചേട്ടനെപ്പോലെ
ചന്തത്തിലുള്ളൊരു പട്ടുമുയർത്തി
കുന്തിച്ചു കുന്തിച്ചു യാത്ര തുടങ്ങി
അപ്രദേശങ്ങൾ പതുക്കെക്കടന്നു
അഗ്രഭാഗത്തിങ്കൽ ചെന്നൊരുനേരം
പച്ചനിറമുള്ള രത്നങ്ങളാലേ
മെച്ചത്തിൽ കെട്ടിപ്പടുത്തു വിളങ്ങും
നീരാഴമുള്ളൊരു നീരാഴിതന്റെ
തീരത്തു ചെന്നു കരേറി നരേന്ദ്രൻ;
ജലമേന്തി നില്ക്കുന്നൊരാറ്റിന്റെ മദ്ധ്യേ

ജലമില്ലെന്നുള്ളത്തിലോർത്തു പതുക്കെ
നലമോടു പൊണ്ണൻ കുതിച്ചങ്ങു ചാടി
നിലവിട്ടു വെള്ളത്തിൽ വീണാശു മുങ്ങി
പുഴുകും കളഭവും ചാന്തും കുറിയും
കഴുകിജ്‌ജലത്തിൽ കിടന്നങ്ങുഴച്ചു
മുഴുകിയും പൊങ്ങിയുമങ്ങൊരുദിക്കിൽ
ഒഴുകിത്തിരിഞ്ഞു തനിച്ചൊരു വീരൻ.
വെള്ളം കുടിച്ചും കിതച്ചും പതച്ചും
ഉള്ളം ചൊടിച്ചുമുരുണ്ടും പിരണ്ടും
തള്ളിയലച്ചും വിറച്ചും വിയച്ചും
തള്ളിപ്പിടിച്ചും മറിഞ്ഞും തിരിഞ്ഞും
പാരം വലഞ്ഞു പതുക്കെപ്പതുക്കെ
തീരമണഞ്ഞൊരു ദിക്കിൽ കരേറി;
കണ്ടു വസിക്കും വൃകോദരനപ്പോൾ
രണ്ടു കരങ്ങളും കൊട്ടിച്ചിരിച്ചു:
''പണ്ടു നീ നമ്മെക്കയർകൊണ്ടു കെട്ടി–
ക്കൊണ്ടു കയത്തിൽ പിടിച്ചു മറിച്ചു
അങ്ങനെ ചെയ്‌തൊരു ദുര്യോധന! നീ
ഇങ്ങനെ വെള്ളത്തിൽ മുങ്ങീടവേണം;
തങ്ങൾ ചെയ്‌തീടും ദുരാചാരമെല്ലാം
തങ്ങൾക്കുതന്നേ ഭവിച്ചീടുമല്ലോ
ശൃംഗാരമോടിയും കൂട്ടിക്കൊണ്ടയ്യോ!
ചങ്ങാതി വന്നെന്റെ നീരാഴിതന്നിൽ
മുങ്ങാനവകാശം വന്നതു കൊള്ളാം!
എങ്ങുനിന്നിപ്പോളിവിടേക്കു വന്നു?
നിങ്ങടെ രാജ്യത്തിൽ വെള്ളം കുടിപ്പാ–
നെങ്ങുമൊരേടത്തുമില്ലായ്‌കകൊണ്ടോ?
ഞങ്ങടെ നാട്ടിലെത്തോട്ടിലെ വെള്ളം
അങ്ങുള്ള വെള്ളത്തെക്കാൾ ഗുണമെന്നോ?''

ഇത്‌ഥമോരോ പരിഹാസം പറഞ്ഞു ഭീമസേനൻതാൻ
ഹസ്‌തസംഘട്ടനത്തോടേ ഹസിച്ചങ്ങു രസിക്കുന്നു;
മാനിനിമാർ മണിയാളാം ദ്രൗപദിയും കരംകൊണ്ട–
ങ്ങാനനത്തെ മറച്ചാശു മന്‌ദഹാസം ചെയ്‌തു മെല്ലേ.
നാണവും കോപവും പാരം വൈരവും മാനസംതന്നിൽ
ക്‌ഷീണവും ദൈന്യവും പൂണ്ടു നാഗകേതു മഹാരാജൻ
പ്രാണനാശത്തിനെക്കാളും സങ്കടമിപ്പരിഹാസം
പ്രാണികൾക്കു സഹിക്കാവൊന്നല്ല ഹാ! ഹാ! മഹാകഷ്‌ടം!
കെട്ടിഞാത്തിയുടുത്തോരു പട്ടുമെല്ലാമിട്ടു മുക്കി

മുട്ടുകുത്തി മുഖം താഴ്ത്തിത്തോട്ടിൽനിന്നു കരകേറി
'കൂട്ടമോടേ വസിക്കുന്നോരനുജൻമാർക്കു തൻ മുഞ്ഞി
കാട്ടുവാനുമെളുതല്ലാ, ലജ്ജകൊണ്ടുമാധികൊണ്ടും'
ഇപ്രകാരം വിഷാദിച്ചു ധാർത്തരാഷ്ട്രൻ തമ്പിമാരും
ക്ഷിപ്രമങ്ങു ഗമിപ്പാനായൊരുമ്പെട്ടു പുറപ്പെട്ടു;
തൽപ്രകാരമറിഞ്ഞോരു ധർമ്മപുത്രൻ വിരവോടേ
തൽപ്രദേശത്തേക്കു ചെന്നു നല്ല പട്ടുംകൊണ്ടു മെല്ലെ:
''അയ്യോ! കഷ്ടമേ! നിങ്ങൾക്കീവണ്ണമിതുകാലം
ദുര്യോഗം സംഭവിപ്പാനൊട്ടും സംഗതി പോരാ;
അങ്ങുന്നീ ഭവനത്തിലിന്നിപ്പോൾ വരുമെന്നു
ഞങ്ങൾക്കു നിനവില്ലാ, ഭാഗ്യമെന്നതേ വേണ്ടൂ
വല്ലാത്തോരബദ്ധത്തിൽ ചാടിപ്പോയതുകൊണ്ടു
തെല്ലും കുണ്ഠിതം വേണ്ടാ കുരുരാജാത്മജ വീര!
പട്ടുകൊണ്ടങ്ങുടനീറൻ പകർന്നാലും വിരവോടേ
ഒട്ടും സംശയം വേണ്ടാ ദുകൂലം ഞാൻ തരാമിപ്പോൾ
ഇങ്ങുള്ള ധനമെന്നും അങ്ങുള്ള ധനമെന്നും
എങ്ങും ഭേദമില്ലല്ലോ ഭംഗിക്കു പറകല്ല;
അങ്ങേ അച്ഛനുമെന്റെ താതനും പിതാവേകൻ
അങ്ങനേയുള്ള സമ്പത്തു രണ്ടുപേർക്കും സമമല്ലോ.''

ഇത്ഥമുള്ള യുധിഷ്ഠിരന്റെ വിശുദ്ധവാക്കുകൾ കേട്ടുടൻ
ക്രുദ്ധഭാവരസം മറച്ചുപറഞ്ഞു പന്നഗകേതനൻ:
''പട്ടു കെട്ടുകയിൽ തരിമ്പുമൊരാശയില്ല നമുക്കെടോ!
വെട്ടുകൊണ്ടു മരിച്ചിലെങ്കിലതീശ്വരന്റെയനുഗ്രഹം
മുട്ടു തീർത്തുവിടേണമെന്നു ഭവാന്റെ മനസി മനോരഥം
മുട്ടുകൊണ്ടു മുറിഞ്ഞു ചാകരുതെന്നെനിക്കു മനോരഥം
സത്കരിപ്പതിനായ് വരുന്ന ഭവാന്റെ തമ്പി വൃകോദരൻ
ധിക്കരിച്ചു ചിരിച്ചതെന്നു മറക്കുമേഷ സുയോധനൻ?
ഇക്കണക്കു പിരിഞ്ഞതെന്നുടെ ഭാഗ്യമെന്നിഹ ഞങ്ങളെ—
ച്ചക്കതീറ്റിവിടേണമെന്നു കൊതിച്ചിരുന്നു സഹോദരൻ
ശക്രസുതനൊടു രണ്ടു വാക്കു പറഞ്ഞുപോരണമെന്നഹോ
അർക്കസുതനൊരു മോഹമുള്ളതു സാധിയാത്തതുകുണ്ഠിതം
ഒക്കെയും പുനരുപരി കഴി വരുമർക്കനന്ദനനന്ദന!
വെക്കമെങ്ങു ഗമിക്ക ഞങ്ങളുമങ്ങു പോവതിനൊട്ടുമേ
കാലതാമസമില്ല, യാത്രപറഞ്ഞു ഞങ്ങൾ മഹാമതേ!
ചാലവേ മമ ഹസ്തിപത്തനമെത്തിയെന്നു ധരിക്ക നീ
കാലവാതവലാന്തകാശ്വികുമാരരാകിന നിങ്ങളും
ലീലയാ നിജ മന്ദിരത്തിൽ വസിച്ചുകൊൾക യഥാസുഖം;''

നിറഞ്ഞ മത്സരമെല്ലാം മറച്ചുകൊണ്ടിപ്രകാരം
പറഞ്ഞു കൗരവനുള്ളിലുറഞ്ഞ കോപവും പൂണ്ടു
നിറക്കേടും തരക്കേടും ചിതക്കേടും പതക്കേടും
കനക്കേടും മനക്കേടും മതക്കേടും മദക്കേടും
കുറഞ്ഞോന്നല്ലഹോ കഷ്ടം! കുരുക്കൾക്കിങ്ങനേ മുന്നം
ഒരിക്കാലമൊരേടത്തുമകപ്പെട്ടിട്ടറിവില്ലാ;
കറുത്തു വക്ത്രവും ചിത്തം വെറുത്തു ദുഷ്പ്രഭുത്വവും—
കറുത്തു, കുണ്ഠിതമൊട്ടു പൊറുത്തുകൂടുകയില്ലാ
വളർന്നു നാണവുമംഗം തളർന്നു വൈരവുമേററം—
കിളർന്നു മാനസമൊന്നു പിളർന്നുപോയതുപോലെ
പകർന്നു വെററയും പാക്കും നുകർന്നു പല്ലുകൾ ചുണ്ടും
ചുകന്നുകാൺകയിലാർക്കുമകന്നു മോടികളെല്ലാം
നടന്നു കാനനമെല്ലാം കടന്നു ഹസ്തിനഗേഹ—
മടുത്തുചെന്നകംപുക്കു കടുത്തുള്ളോരവമാനം
ക്ഷമിച്ചു താതനെച്ചെന്നു നമിച്ചു തൻപുരംതന്നിൽ
ഗമിച്ചു ഭാര്യമാരോടേ രമിച്ചു കൗരവശ്രേഷ്ഠൻ.
പറവാൻ ബുദ്ധിയില്ലാത്ത പറയൻ ഞാനിത്രമാത്ര—
മറിഞ്ഞോരു കഥാലേശം പറഞ്ഞാനെന്നതേ വേണ്ടൂ
ഗുരുക്കൻമാരടിയന്റെ കുറവുകൾ പൊറുക്കേണം
നിരക്കുന്ന ഗുണമിങ്ങു തെരിക്കെന്നു വരുത്തേണം;
ഇരിക്കുന്ന സഭാവാസീജനമെല്ലാം പ്രസാദിച്ചു
തരക്കേടുവരാതെന്നെത്തുണയ്ക്കേണം നമസ്കാരം!
പരബ്രഹ്മസ്വരൂപശ്രീപരമേശൻ മഹാദേവൻ
പരമാർത്ഥം പരം ദൈവം പരമാനന്ദസന്ദോഹം
പരമാത്മാ വരമിന്നു പരിചോടിങ്ങരുളേണം
പരിതോഷം വരുത്തേണം പരമെന്നെ നികത്തേണം
അമരസേവിതേ! മാത്തൂരമരും ശ്രീമഹാഭദ്രേ!
മമ തായേ! മഹാമായേ! മമതാവാരിധേ! ദേവി!
നമസ്തേ ലോകമാതാവേ! നമസ്തേ നായികേ! നാഥേ!
നമസ്തേ മൽകലൊധാരേ! നമസ്തേ മംഗളാകാരേ!

സഭാപ്രവേശം പറയൻതുള്ളൽ

സമാപ്തം

കുംഭകർണ്ണവധം

കരിവേഷം ധരിച്ചോരു കരിരാജാരിയാം ദേവൻ
കരിണീരൂപിണിയാകും ഗിരിജാദേവിയും താനും
ഗിരിരാജാടവിതന്നിൽ പിരിയാതെ നടന്നോരു
പരിതോഷപ്രകാരങ്ങൾ പരിചോടേ വരുത്തീട്ടും
പരിരംഭാദിയായുള്ള പരമാഭോഗഭോഗത്തേ
പരമാനന്ദമാംവണ്ണം പരമങ്ങു തുടങ്ങുമ്പോൾ
സുരൻമാർക്കും നരൻമാർക്കും പരൻമാർക്കും വരം നല്കും
പരദൈവമൊരുരൂപം പരമാർത്ഥം പരബ്രഹ്മം
വരം നിത്യം ജഗത്തിങ്കൽപ്പരന്നീടും പ്രഭയോടേ
പരിചിൽ വന്നുദിച്ചോരു പരചിൻമൂർത്തിയായുള്ള
കരിമുഖനടിയന്റെ കരളിൽ വന്നുദിക്കേണം
കരംകൂപ്പി വണങ്ങുന്നേൻ ചിരകാലം കനിവോടേ,
സ്മരിക്കും മാനുഷൻമാരിലിരിക്കും പാതകമെല്ലാം
ഹനിക്കും വിഘ്നരാജ! നീ ഹരിക്കും വന്ദ്യനാകുന്നു.
ഗിരിക്കു തുല്യമാകാരം ധരിക്കും നിന്തിരുവടി
ധരിക്കുന്നെങ്കിലീ മന്നിലിരിക്കും ജീവജന്തുക്കൾ
മരിക്കുമ്പോൾ ഭുവനം സംഹരിക്കും രുദ്രനോടേ ചേർ-
ന്നിരിക്കും നീചജൻമാവെന്നിരിക്കുമെങ്കിലും നൂനം.
പരക്കുന്ന സഭതന്നിലിരിക്കും സജ്ജനങ്ങൾക്കു
നിരക്കുന്ന കഥാലേശം ചുരുക്കിച്ചൊല്ലുവാൻ മോഹം
പെരുക്കുന്നുണ്ടതുകൊണ്ടു തരക്കേടു വരുത്താതെ
തുണയ്ക്ക ഭാരതീദേവീ! നിനക്കും ഞാൻ വണങ്ങുന്നേൻ.
ഗുരുക്കൻമാരുടെ പാദമൊരിക്കലും മറക്കാതെ
ചരിക്കുന്ന ജനം കെട്ടിച്ചമയ്ക്കുന്ന കവി കേട്ടു
രസിക്കുമായതുകൂടെ ശ്രവിക്കും നൻമയുണ്ടാവാൻ
ശ്രവിക്കുന്ന ജനങ്ങൾക്കു ചെവിക്കു നല്ലൊരാനന്ദം-
ഭവിക്കും സത്കഥ ചൊല്ലും കവിക്കും കീർത്തിയുണ്ടാകും;
ചിരിക്കുന്ന കഥ കേട്ടാലിരിക്കുമായതല്ലെങ്കിൽ
തിരിക്കുമങ്ങനെ ഭാവിച്ചിരിക്കുന്ന ഭടൻമാരെ
ചിരിക്കാതെ രസിപ്പിക്കാനൊരിക്കലുമെളുതല്ലെ-
ന്നിരിക്കുന്നെങ്കിലമ്മാത്രമുരയ്ക്കാമെന്നതേ വേണ്ടു.

തിരുവനന്തപുരേ വിളങ്ങിന പദ്മനാഭ! നമോസ്തുതേ
സ്ഫുരദനന്തമഹാഭുജംഗമശയന നാഥ! നമോസ്തുതേ
തരുണമേഘസമാനകാന്തകളേബരായ! നമോസ്തുതേ
ചരണസേവിതസകലസുരനരവരദദേവ! നമോസ്തുതേ

അഞ്ചിതാമല വേഷഭൂഷണശോഭിതായ നമോസ്തുതേ
വഞ്ചിഭൂപതി വീരഹീരവിഡംബിതായ നമോസ്തുതേ
വർക്കലൈക്കുടികൊള്ളുമുൽക്കടകാന്തിശാലി ജനാർദ്ദനൻ
അർക്കലക്ഷസമപ്രകാശനനന്തനച്യുതനവ്യയൻ
തർക്കലക്ഷണവേദശാസ്ത്രപുരാണമെന്നിവകൊണ്ടഹോ
തക്കതത്ത്വമറിഞ്ഞുകൊൾക നമുക്കു ദുർഘടമെത്രയും;

തൃപ്പരപ്പു തുടങ്ങിയുള്ള ശിവാലയങ്ങളുമദ്ഭുതം
ഇപ്പരപ്പുകൾ മറ്റൊരേടവുമിക്കണക്കിഹ കാണുമോ?
അപ്രമേയമിദഞ്ച കിഞ്ച ശുചീന്ദ്രമന്ദിരവൈഭവം
അപ്രകാരമൊരേടമില്ലതുമദ്ഭുതത്തിലുമദ്ഭുതം
ബ്രഹ്മവംശജനായ വൃത്രമഹാസുരന്റെ വധത്തിനാൽ
ബ്രഹ്മഹത്യ പിണഞ്ഞു മണ്ടിനടന്നു പണ്ടു മഹേന്ദ്രനും
ബ്രഹ്മലോകസരസ്സിൽ മുങ്ങിയൊളിച്ചു വാണൊരു
കാലവും
ബ്രഹ്മഹത്യ വിടുന്നതില്ല വലഞ്ഞു വാസവനെത്രയും
തൽക്ഷണം പുനരിങ്ങു പോന്നു മഹീതലങ്ങളിലുത്തമം
ദക്ഷിണാപഥ ദീക്ഷിതൻഖലു ദക്ഷവൈരിമഹാസ്ഥലേ
സ്ഥാണുനായകമന്ദിരത്തിലകത്തുചെന്നു കടന്നുടൻ
താണുവീണു നമസ്കരിച്ചു മുഹുഃസ്തുതിച്ച ദശാന്തരേ
കോണിലോടിയൊളിച്ചിതമ്പൊടു ബ്രഹ്മഹത്യയുമപ്പോഴേ
ക്ഷീണകല്മഷനായി കാലവിശുദ്ധിവന്നു മഹേന്ദ്രനും
അന്നുതൊട്ടു ശുചീന്ദ്രമെന്നൊരു നാമധേയമുദിക്കയാൽ
ഇന്നുമക്കഥ മന്നിൽ വിണ്ണിലുമന്യദിക്കിലുമദ്ഭുതം
വന്നുടൻ വിരൽമുക്കി മാനുഷർ ശുദ്ധ്യശുദ്ധിപരീക്ഷണം
ഇന്ദുശേഖരസാക്ഷികം ഖലു എന്നു സജ്ജനസമ്മതം.

തിരുവട്ടാക്ഷരത്തിന്റെ പൊരുളാമാദികേശവൻ
തിരുവട്ടാറു വാഴുന്ന കരുണാശാലിയാം ദേവൻ
ഒരുവട്ടമടിയനെക്കടാക്ഷിച്ചാലതുകൊണ്ടു
വരുമിഷ്ടമഖിലവുമതിനിന്നു വണങ്ങുന്നേൻ.

പാഷണ്ഡൻ മഹാമൂഢൻ പറയൻതാനിവനോരോ
ഭോഷത്വം പറയുന്നു ഭയമെന്യേ സഭയിങ്കൽ
ഭാഷയ്ക്കും വെളിവില്ല ഭടമാർഗ്ഗമിവയെല്ലാം
ഭാഷിച്ചാലതുകൊണ്ടു ഭഗവത്പ്രീതിയുണ്ടാമോ?
പോത്തിന്റെ ശവംതിന്നു പൊറുക്കുന്ന മഹാനീചൻ
ഓത്തിന്റെ പൊരുൾ ചൊൽവാനൊരുമ്പെട്ടാലിരിക്കുമോ?
കൂത്തിന്റെ വിധമെല്ലാം കുഴിയാനയ്ക്കറിയാമോ?
ധൂർത്തിന്റെ ബലംകൊണ്ടു ദുരിതത്തെക്കഥിക്കുമോ?
കീർത്തിക്കു കൊതികൊണ്ടു കിതവന്മാരബദ്ധങ്ങൾ
കീർത്തിക്കുന്നതു കേട്ടാൽ അടിപ്പാനെന്നിയേ തോന്നാ;

ഈവണ്ണം ചിലർക്കപ്പോളവമാനം കലർന്നോരു
ഭാവമെങ്കലുണ്ടെന്നാൽ ഭയമിങ്ങു തരിമ്പില്ല
ദേവബ്രാഹ്മണൻമാരിലതിഭക്തി നമുക്കുണ്ടു
ദൈവമാശ്രയമെല്ലാപ്പരിഷയ്ക്കുമൊരുപോലെ.
പാക്കനാരെന്നൊരു ദിവ്യൻ പറയൻ പണ്ടുളവായി
പാല്ക്കടലിൽ പിറന്നോരു ബാലചന്ദ്രനെന്നപോലെ
വാക്കുകൊണ്ടു പറഞ്ഞങ്ങു വാക്പതിയെജ്ജയിപ്പാനി–
ന്നിക്കുലത്തിൽപ്പിറക്കുന്ന പറക്കൂട്ടം മതിയാകും
നാക്കുകൊണ്ടു പറയുന്ന ജനത്തിൽ ശ്രേഷ്ഠതകൊണ്ടു
നാൻമുഖനിജ്ജനങ്ങൾക്കു പറയനെന്നു പേരിട്ടു
ആർക്കുമില്ലാ പരമാർത്ഥമടിയങ്ങൾ മഹാവിദ്വാൻ–
മാർക്കുതന്നേ പിറന്നുള്ളു മാനുഷൻമാർ ഗ്രഹിച്ചാലും
കവിയും വ്യാഴവുംകൂടി വിചാരിക്കും നയത്തേക്കാൾ
കവിയും നമ്മുടെ നീതിപ്രയോഗങ്ങളതിന്നു നാം
കവിയും വാക്പ്രവാഹത്തെ വരിഷിച്ചു രസിപ്പിപ്പാൻ
കവിയും കെട്ടിയുണ്ടാക്കാമെങ്കിലോ കേട്ടുകൊണ്ടാലും;
ആര്യവംശേ പിറന്നോരു വീര്യശാലി രഘുനാഥൻ
ആര്യശീലൻ മഹാധീരൻ കാര്യവേദി കലാലോലൻ
ശൗര്യസൗന്ദര്യഗാംഭീര്യ ക്രൗര്യസേനാദിസൗഭാഗ്യൻ
ധൈര്യമൗദാര്യമെന്നുള്ളോരാര്യസന്താനസമ്പൂർണ്ണൻ
വാരിധിയിൽ ചിറകെട്ടി വാനരാനീകിനിയോടും
വൈരിയാം രാവണൻതന്റെ മാരണം ചെയ്വതിനായി
ഭൂരിസമ്പന്നയാം ലങ്കാപൂരിൽ വേഗാലകംപുക്കു
ഘോരരാത്രിഞ്ചരൗഘത്തെപ്പോരിലാശു കൊലചെയ്വാൻ
വീരനാം ലക്ഷ്മണനോടും ശൂരനാം സുഗ്രീവനോടും
സാരനാം മാരുതിയോടും വൃദ്ധനാം ജാംബവാനോടും
സാധുലങ്കേശ്വരനോടും ശക്തനാമംഗദനോടും
യുക്തനാമുത്തമശ്ലോകൻ യുദ്ധഭൂമൗ വസിക്കുമ്പോൾ
ദേവലോകം ജയിച്ചോരു രാവണൻതാൻ പോന്നുവന്നു
കേവലം രാഘവനോടു സാവധാനം രണംചെയ്തു;
പത്തു വില്ലു മുറിഞ്ഞുള്ളാപത്തു വന്നു വഴിപോലെ
ചത്തു സൂതൻ കുതിരകൾക്കസ്ത്രമേററു കാലൊടിഞ്ഞു
കൂർത്ത ബാണങ്ങളെക്കൊണ്ടു കോർത്തു ദേഹം വശംകെട്ടു
പാർത്തലത്തിൽനിന്നു മണ്ടി ധൂർത്തനാകും ദശഗ്രീവൻ:
‘‘പാർത്തിരിയാതരക്കൻമാർവാർത്തയെല്ലാമൂർദ്ധ്വമാക്കി
നേർത്തുനിന്നു പിണങ്ങാനും പാത്രമല്ലാതെയായെന്റെ
ഗാത്രമിപ്പോളവമാനമാത്രമെന്നു ഫലം വന്നു.

കുംഭകർണ്ണനുണർന്നുവന്നു രണാങ്കണത്തിലണഞ്ഞുടൻ
സംഭ്രമത്തെ വെടിഞ്ഞു സംഗരമേററുവെങ്കിലശങ്കിതം

വമ്പനാകിന രാമനും നിജ തമ്പിയും കപിവൃന്ദവും
വൻപടയ്ക്കിഹ നില്ക്കയില്ല മടങ്ങിമണ്ടുമസംശയം
കൊമ്പനാന മദിച്ചു കൊമ്പുമുയർത്തി വന്നണയും വിധൗ
മുമ്പിൽ വന്നിഹ നില്ക്കുമോ കുറുനരികളനവധിയെങ്കിലും
കമ്പമില്ല തരിമ്പുമെന്നുടെ തമ്പിയാമവനിപ്പൊഴേ
സംഭ്രമത്തെ വെടിഞ്ഞു സംഗരമേററുവെങ്കിലസംശയം
വമ്പരായ നിശാചരോദ്ഭടപടജനത്തോടു തോററുപോയ്
കൊമ്പുപററുമഹോ കുരങ്ങുകൾ, രാജപുത്രരയോദ്ധ്യയും;
അത്ര വിക്രമിയാകുമെന്നുടെ സഹജനാമവനെപ്പൊഴും
എത്രകഷ്ടമുറക്കമെന്നതു ദോഷമിങ്ങനെ ഘനതരം
മൂത്തുപോയി ഉറക്കമെക്ഷിതുറക്കയില്ലതടയ്ക്കവേ
മൂക്കുകുത്തി മറിഞ്ഞുവീണു മരിച്ചപോലെ കിടക്കയും
എന്നുവരികിലുമിന്നവന്റെ ഉറക്കമുണരുവതിന്നഹോ
ചെന്നു യത്നമുടൻ തുടങ്ങുക രജനിചരകുലവീരരേ!

ധൂമ്രാക്ഷൻ വിരൂപാക്ഷൻ യൂപാക്ഷൻ മകരാക്ഷൻ
താമ്രാക്ഷൻ വിശാലാക്ഷൻ ക്രൂരാക്ഷൻ കുബേരാക്ഷൻ
ഗംഭീരപ്രവരൻമാർ പലരും ചത്തുപോയല്ലോ
വമ്പിച്ച പടതന്നിൽ ചിലരുണ്ടെന്നതേ വേണ്ടു;
തമ്പിതന്നുടെ തമ്പിയാമതി ദുഷ്ടനായ വിഭീഷണൻ
തൻകുലത്തെ വെടിഞ്ഞുപോയവനെത്രയും ബഹു ദൂഷണൻ
ചാട്ടമൊന്നു പിഴച്ചുപോയ കുരങ്ങനെന്ന കണക്കിനേ
കൂട്ടമൊക്കെ വെടിഞ്ഞ ഭോഷനു ദോഷമേ വരു നിശ്ചയം
ശ്രേഷ്ഠരായ ഗുരുക്കളെബഹുമാനിയാതെ നടന്നിടും
ചേട്ടകൾക്കൊരു കോട്ടിലും സുഖമാകയില്ലതു നിശ്ചയം
നാട്ടിൽനിന്നു പുറത്തു മാററിയ നാടുവാഴിയുമങ്ങു വാ–
ലാട്ടിയോടിയ പട്ടിയും ശരിയാർക്കുമാദരവില്ലെടോ!
നാണമില്ല വിഭീഷണന്നു തരിമ്പുമങ്ങു രിപുക്കളെ–
ത്താണുവീണു വണങ്ങിനില്പതിനാർക്കുതോന്നുമിണങ്ങരേ!
സ്ഥാണുവാകിയ ദേവനെന്നുടെ സ്വാമിയെങ്കിലുമേഷ ഞാൻ
താണുവീണു വണങ്ങിയില്ലതുമാത്രമിങ്ങെളുതല്ലെടോ!

കള്ളമല്ലുള്ളവണ്ണംതന്നുള്ളിലേത്തള്ളലും കൂടാ–
തുള്ളൊരു തള്ളലും പിന്നെ ഭള്ളുമായ് പൊള്ളുമോതുന്ന
കള്ളനായുള്ളവൻനമ്മോടുള്ളഴിഞ്ഞുള്ള വൈരത്താൽ
എത്രയും ശത്രുവായുള്ള വൃത്രഹാവത്ര വന്നെങ്കിൽ
അസ്ത്രവും ശസ്ത്രവുംകൊണ്ടു ഗാത്രവും നേത്രവും
ഭഞ്ജി–

ച്ചിത്തരം ചിത്തരംഗത്തിലോർത്തു ഞാൻ പാർത്തു മേവുന്നു;
പാർത്തലേപോർക്കളംതന്നിൽ ധൂർത്തരാം പാർത്ഥിവൻമാരും
ആർത്തുടൻനേർത്തുവന്നെന്നാലൂർദ്ധ്വമാമോർത്തുകൊണ്ടാലും

കീർത്തിയും മൂർത്തിയുംമററും മൂർത്തി ഞാനാർത്തിയുമെല്ലാം
മർത്ത്യരും മർക്കടൻമാരും മൃത്യുവേ നിർത്തുവാനാളോ?
ചെല്ലുവിൻ കൊല്ലുവിൻ തലയ്ക്കിട്ടു തല്ലുവിൻ കുത്തുവിൻ
വൈരിയെ–
വെല്ലുവിൻ കൂട്ടുവിൻ വിരുതുകൾനീട്ടുവിൻ ചാട്ടുകുന്തങ്ങൾ
ഇന്നെനിക്കു കണിദോഷംകൊണ്ടുതന്നെ തോലിവന്നു
എന്നുവച്ചൊന്നുപേക്ഷിപ്പാൻ ഭാവമില്ല നമുക്കിപ്പോൾ
ചെന്നു നാളെപ്പുലർകാലേ രാമനേയും തമ്പിയേയും
കൊന്നു പോരുന്നതുണ്ടേതും കൂസലുമില്ലറിഞ്ഞാലും;
ഇന്നു പിന്നെക്കുംഭകർണ്ണനുണർന്നു സംഗരംതന്നിൽ
ചെന്നു സുഗ്രീവനെത്തല്ലി കൊന്നുവെങ്കിലതുംകൊള്ളാം
എന്നതുകൊണ്ടരുൾചെയ്തു കിങ്കരൻമാർകളേ! നിങ്ങൾ
ഇന്നുതന്നേയുണർത്തേണം സോദരനെ വഴിപോലെ;

എങ്ങുപോയി പരിപ്പുകാരനരക്കനിങ്ങു വരുത്തുവിൻ
അങ്ങടുക്കളെവെക്കുമാളുകളൊക്കെയിങ്ങു വരുത്തുവിൻ
കുംഭകർണ്ണനുറക്കമെങ്ങുണരുന്നനേരമൊരായിരം
കുംഭമൊക്കെ നിറച്ചു ചോരയുമതിനടുത്തൊരു മാംസവും
പന്നി വേണമുരത്തകുക്കുടമെങ്കിലറുപതിനായിരം
പോർക്കുമെൺപതിനായിരം കുറയാതെ വേണമിതൊന്നുമേ
ഭോഷ്കു ഞാൻപറകല്ല സോദരനുദരപൂർത്തിവരുത്തുവാൻ
ഇപ്പറഞ്ഞ പദാർത്ഥമൊന്നുമടുക്കിയില്ല ഭുജിപ്പതി–
നപ്പമവിലട വടകൾ ദോശകളല്പമെന്ന്യ ചമയ്ക്കണം
മർത്ത്യരെക്കൊലചെയ്ത മാംസമെടുത്തു നെയ്യിൽ വറുക്കണം
നിത്യമേവമുറക്കമുണരുകിൽ വിശ്വമൊക്കെ മുടിഞ്ഞുപോം;
വിശ്വവാസിജനത്തിനുള്ളൊരു ഭാഗ്യമിവനെയുറക്കുവാൻ
ഈശ്വരൻ വരമൊന്നു നല്കിയതെന്നു ലോകരെ സമ്മതം;
രണ്ടുതമ്പികളുണ്ടെനിക്കതു രണ്ടുമങ്ങു വൃഥാഫലം
കണ്ടുകൊൾകൊരുദുഷ്ടനരികടെ പാട്ടിലായി വിഭീഷണൻ
തണ്ടുതപ്പിയവന്റെ പൂർവജനുള്ളകാലമതൊക്കെയും
വണ്ടുപോലെ മലർന്നു കൂർക്കവുമിഹ വലിച്ചൊരു നിദ്രയും
എങ്കിലുംബത കുംഭകർണ്ണനെ വിരവിൽ നിദ്രയുണർത്തുവാൻ
കിങ്കരാളി മുതിർന്നു ചെല്ലണമില്ല സംശയമേതുമേ.''

ലങ്കാധിരാജൻതന്റെ അരുളപ്പാടതു കേട്ടു
ശങ്കാഹീനരായുള്ള കിങ്കരൻമാരരക്കൻമാർ
സംഘങ്ങൾ നൂറു പുള്ളിയജമാനൻമാരശേഷം
സംഘോഷിച്ചൊരുപോലെ തൊഴുതാശു പുറപ്പെട്ടു.
‘‘കിങ്കരൻമാരേ! നടപ്പിൻ നടപ്പിൻ!
ലങ്കാഗുഹയിൽ കടപ്പിൻ നടപ്പിൻ

ശങ്കകൂടാതെ ചരിപ്പിൻ തിരിപ്പിൻ
ശങ്കരപാദം സ്മരിപ്പിൻ! ധരിപ്പിൻ
പുള്ളിക്കാരൊക്കെ പുറപ്പെടവേണം
പള്ളിക്കുറുപ്പങ്ങുണർത്തീടവേണം
തുള്ളിക്കളിച്ചു തകർത്തീടവേണം
തുള്ളിയലച്ചു തിമിർത്തീടവേണം
കള്ളത്തം കാട്ടുന്ന കശ്മലൻമാരുടെ
ചെള്ളയ്ക്കു രണ്ടു ചിമിക്കീടവേണം
എങ്ങാനനങ്ങാതൊളിച്ചങ്ങു പോകുന്ന
ചെങ്ങാതിയെപ്പിടികൂടേണമിപ്പോൾ
രാവണത്തമ്പുരാൻ കല്പിച്ച കല്പന-
യ്ക്കാവോളം നമ്മൾ പ്രയത്നങ്ങൾ ചെയ്യണം''
''ചാവോളമിങ്ങനെ വേലയെടുത്തെടു-
ത്താവതില്ലെങ്ങടെ ജാതകദോഷം''
''തമ്പുരാൻതന്നുടെ ചെമ്പിലെച്ചോറു ത-
രിമ്പു തനിക്കു കിടയ്ക്കേണമെങ്കിൽ,
വമ്പു കണക്കല്ലെ ചൊല്ലിയ വേലകൾ
എല്ലാമെടുത്തേ പൊറുക്കത്തുമുള്ളു;''
''പിച്ചയ്ക്കുതെണ്ടിനടക്കാതെ ജൻമം ക-
ഴിച്ചെങ്കിലായതു ഭാഗ്യമിക്കാലം,''
''ചക്രത്തിനിപ്പോളിരുന്നാഴിത്തണ്ഡുലം
വില്ക്കുന്നു കൊങ്ങിണിപ്പട്ടൻമാരെല്ലാം
പക്കത്തിൽ ചെന്നിങ്ങു ഭക്ഷിച്ചുപോരിക
ദുഃഖത്തിൽ ദുഃഖം നമുക്കെന്റെ ചേട്ടാ!
ചക്കച്ചുള രണ്ടുകൂടെത്തരികില്ല-
ടുക്കളെവെക്കുന്ന പട്ടൻമാരും പിന്നെ
കാളകം വെക്കും ചില ദിവസങ്ങളിൽ
കോളല്ലെനിക്കതുമിഷ്ടമല്ലല്ലോ''
''ഊഴിയിലൊക്കെവേ പഞ്ഞം പിടിപെട്ടു
പൂഴിയല്ലാതൊന്നും തിന്നാനുമില്ലെടോ!
പാഴിൽ പണം കളഞ്ഞീടാതെ താൻ രണ്ടു
കോഴിയെത്തിന്നു വിശപ്പങ്ങു തീർത്താലും''
''കോഴിക്കോട്ടങ്ങാടി മുട്ടെത്തിരഞ്ഞിട്ടും
കോഴിയെക്കൊല്ലുവാൻ പാരം ചുരുക്കം''
''ചന്ത്രക്കാരന്റെ മനസ്സുകൊണ്ടിന്നൊരു
നേന്ത്രക്കാ കിട്ടി നമുക്കിന്നു തിൻമാൻ
യന്ത്രക്കാരൻമാർ കലവറയിൽ ചെന്നു
മന്ത്രിച്ചു മറ്റോരെപ്പൊക്കിയയയ്ക്കയും

ഇക്കൃതിയിങ്ങനെയുണ്ടാക്കിത്തീർത്തതു
ശക്രജിത്തിന്നുടെ തോപ്പനാരല്ലോ?''
''എന്തിന്നനേകം പറഞ്ഞിട്ടു കാര്യം
ചിന്തിച്ചതൊന്നും ലഭിക്കയുമില്ലാ.''
ഇത്തരമോരോരോ വാക്കു പറഞ്ഞവർ
സത്വരം വന്നു നിറഞ്ഞു ഗുഹാന്തരേ.

കുംഭകർണ്ണൻകിടന്നങ്ങു കൂർക്കമേററം വലിക്കുന്ന
കുംഭിലയ്ക്കു സമമായ ഗുഹതന്നിൽ ചെന്നുനിന്നു
മുമ്പിലങ്ങു ചെന്നുകേറും കിങ്കരൻമാർ പുറത്തോട്ടു
തുമ്പിപോലെ പറക്കുന്നു മൂക്കിലെ ശ്വാസമേല്ക്കുമ്പോൾ
ഉള്ളിലേക്കു വലിക്കുമ്പോൾ ആയിരം കിങ്കരൻമാരും
ഉള്ളിലാപ്പെട്ടു മുക്കിൻെറ കൂട്ടമോടേയവർ പിന്നെ
തുള്ളിയങ്ങു ദൂരെദൂരെച്ചെന്നുവീണു കാലൊടിഞ്ഞു
പള്ളിനിദ്രയുണർത്തുവാൻ വന്ന രാത്രിഞ്ചരൻമാർക്കു
കണ്ണു പോയി കാൽ മുടങ്ങി കൈ മുടങ്ങി പല്ലു പോയി
പുള്ളി നൂറും വശംകെട്ടുപോയനേരമിരുന്നൂറു
പുള്ളിപിന്നെച്ചെന്നു കേറിത്തരം പാർത്തു ഗുഹപുക്കു
വായു വന്നു മൂക്കിൽനിന്നു പുറത്തോട്ടു വരുംമുമ്പേ
ആയുധക്കാരകംപുക്കു ഗുഹതന്നിൽ ചെന്നുനിന്നു
ആയതമായ് കിടക്കുന്ന തടിച്ച കുംഭകർണ്ണൻെറ
കായമഞ്ഞായിരക്കാതം ദീർഘമേതും കുറവില്ല
അക്കണക്കു മലപോലെ പൊക്കവും നൂറെറട്ടുകാതം
മിക്കവാറുമഞ്ജനാദ്രിക്കൊക്കുമെന്നേ പറയാവൂ:
''ഇക്കിടന്നങ്ങുറങ്ങുന്ന കുംഭകർണ്ണൻതന്നെയിപ്പോൾ
ആർക്കുണർത്താനെളുതാവൂ ദുർഘടത്തിലകപ്പെട്ടു
കല്പനയ്ക്കു കുറവായാൽ മൂപ്പിലേ കോപമുണ്ടാകും
അല്പമെന്നാകിലും യത്നം ചെയ്തുകൊണ്ടേയറിയാവൂ''
ഇപ്രകാരം പറഞ്ഞോരോ കിങ്കരൻമാർ പലർകൂടി
ക്ഷിപ്രമങ്ങു ചെവികൽച്ചെന്നട്ടഹാസങ്ങൾ ഘോഷിച്ചു;
''അട്ടഹാസം കണക്കില്ല മെല്ലെയങ്ങു തിരുമേനി
തൊട്ടുതന്നേ കുലുക്കേണ''മെന്നൊരുത്തനുരചെയ്തു;
എട്ടുപത്തു ഭടൻമാർചെന്നംഗമാശു കുലുക്കാനായ്
ഒട്ടുനേരം പണിചെയ്തു തെല്ലുപോലും കുലുങ്ങീല
ഇരുമ്പുംകട്ടയെ തട്ടിമറിക്കാമെന്നു മോഹിച്ചാൽ
ഉറുമ്പുംകൂട്ടത്തിനുണ്ടോ തരിമ്പും സാദ്ധ്യമാകുന്നു:
തരംകെട്ടോരസുരൻമാരിരുമ്പുമുൾത്തടികൊണ്ടു
തരിമ്പും ശങ്കകൂടാതെ തലയ്ക്കിട്ടങ്ങടിക്കയും,
കടിക്കയും പിടിക്കയും എന്നുവേണ്ടാ പ്രയോഗങ്ങൾ:

ചുട്ടുപഴുപ്പിച്ച കുന്തങ്ങൾകൊണ്ടു
ചുടെചുടെ പൊടുപൊടെ കുത്തുകയിടെയിടെ
കടികളും ഞൊടികളും വെള്ളം തിളപ്പിച്ചു
കുംഭങ്ങൾതന്നിൽ നിറച്ചും മറിച്ചും
മെയ്യിലൊഴിച്ചും പൊഴിച്ചും മാറി
ആനത്തലവരെക്കൊണ്ടാശുവന്നു
അമർത്തും തിമിർത്തും കൊമ്പു–
മൊടിഞ്ഞും ഗജങ്ങളെല്ലാം
പാരം വലഞ്ഞു നിശാചരക്കൂട്ടം
പറഞ്ഞും കരഞ്ഞും പിന്നെ
തിരിഞ്ഞും പിരിഞ്ഞും മാറി;
‘‘കല്‌പന സാധിക്കാതങ്ങു ചെന്നെന്നാൽ
അടിക്കും പിടിക്കും വംശം
മുടിക്കും മടിക്കയില്ലാ’’

ഇത്തരം പല വാക്കുരത്തു അരക്കരൊക്കെ വലഞ്ഞഹോ!
ചത്തപോലെ കിടന്നുറങ്ങുമരക്കർവരനുടെ സഹജനെ
പത്തുനൂറു ജനങ്ങളിങ്ങനെ തല്ലിയും ബത കുത്തിയും
സപ്‌തമുസലമെടുത്തടിച്ചുമിടിച്ചുമനവധി ദണ്‌ഡനം
ചെയ്‌തു ഹന്ത മനസ്‌സുമുട്ടി അലഞ്ഞുലഞ്ഞു വലഞ്ഞഹോ
കൈതവേന തിരിച്ചു ചിലർ, ചിലർ ചെന്നുകേറിയെടുത്തുടൻ
മൂക്കിലൊരു കുഴൽകൊണ്ടുവച്ചതിലുള്ളിലമ്പതു ഭാരമീയ്യമു–
രുക്കിയങ്ങു പകർന്നനേരമുണർന്നപോലൊരു ഭാവമങ്ങനെ
കണ്ടു കിമപി ശരീരപർവതമിളകി ചില ദിശി പുളകമാകിന
കണ്ടകങ്ങളിയന്നു കണ്ണു തുറന്നു കിഞ്ചന ചഞ്ചലം
രണ്ടുകാലുമിളക്കിയൊന്നു വലിഞ്ഞു മൂണഞ്ഞുമിളക്കിനാൽ
എട്ടുദിക്കുകൾ പൊട്ടുമാറുടനട്ടഹാസവുമിട്ടുടൻ
പട്ടുമെത്തയിലേററിരുന്നിതു പംക്‌തികണ്‌ഠസഹോദരൻ
ദൃഷ്‌ടികൊണ്ടഥ നോക്കുമദ്‌ദിശിനിന്നു രാക്‌ഷസരൊക്കവേ
നഷ്‌ടഭാവമിയന്നു മണ്ടിയൊളിച്ചുനിന്നു വിറയ്‌ക്കയും
‘‘കഷ്‌ടമേതൊരു മൂഢനെൻെറയുറക്കമിന്നിതുണർത്തുവാൻ
ദുഷ്‌ടബുദ്‌ധിമുതിർന്നു വന്നവനാരെടാ ശഠകിങ്കരാ!
മുഷ്‌ടികൊണ്ടുഹനിച്ചു നിങ്ങളെ മസ്‌തകംപൊടിയാക്കുവൻ
ഒട്ടുമില്ലൊരു കൂസലിന്നിഹ കുംഭകർണ്ണനു നിശ്‌ചയം.’’
കോപാലിങ്ങനെ ചൊല്ലും കുംഭകർണ്ണനെക്കൂപ്പി
യൂപാക്‌ഷനെന്നു പേരാം രാക്‌ഷസൻ നിന്നുണർത്തിച്ചു:
‘‘ശ്രീപാദങ്ങളിൽ വീണുവണങ്ങുന്നേനഹം സ്വാമിൻ!
ശോഭക്കേടു ചെയ്യൊല്ലാ നീചരാം കിങ്കരൻമാരെ;
കടലിൽ മൺചിറയിട്ടു കടന്നു രാമനും കൂട്ടം

പടലിൽ കാട്ടുതീപോലെ പരന്നു ലങ്കയിലെല്ലാം
ഇടയില്ലാത്തൊരു ധൂളിക്കുരങ്ങൻമാരൊരുകൂട്ടം
അരക്കൻമാരൊടു നേർത്തു കുരങ്ങൻമാരിവിടത്തിൽ
തരക്കേടും മനക്കേടും അവർക്കുമിപ്പരിഷയ്ക്കും
ചിരകാലമകപ്പെട്ടു ചിലരെല്ലാമുടൻപെട്ടു
പ്രഹസ്തൻ വീരധൂമ്രാക്ഷൻ വിരൂപാക്ഷൻ മകരാക്ഷൻ
ഗൃഹസ്ഥൻമാർ കൃതാന്തന്റെ പുരംപുക്കു വസിക്കുന്നു;
വമ്പുള്ളോരമർത്ത്യൻമാർകളെയെല്ലാമമർത്തോരു
തമ്പുരാൻ ദശഗ്രീവൻ താൻതന്നെ പുറപ്പെട്ടു.
വമ്പുള്ള രഘുവീരവരനോടു പടയേററു
അമ്പുകളനവധി അതിരേകം പ്രയോഗിച്ചു;
വില്ലങ്കം പലതു വന്നു വിരവോടേ പുരിപുക്കു
വല്ലാതെ വിഷാദിച്ചു വസിക്കുന്നു മഹാരാജൻ;
മുററുമീയപമാനമിളയ തമ്പുരാനെന്യേ
മററാരും നിരൂപിച്ചാലൊഴിപ്പാൻ സാദ്ധ്യമല്ലെന്നും
തെറെറന്നു തിരുവുള്ളംകൊണ്ടുതന്നെ നിശ്ചയിച്ചു
കല്പിച്ചു ഭടൻമാരെ നിയോഗിച്ചു മഹാരാജൻ!
അല്പം താമസിക്കാതെ രണംതന്നിലണഞ്ഞാശു
കല്പാന്താഗ്നിയെപ്പോലെ ജ്വലിക്കുന്ന പ്രതാപത്താൽ
ക്ഷിപ്രം സംഹരിച്ചാലും രാമനേയും തമ്പിയേയും
വിപ്രൻമാർക്കവരല്ലോ വിശ്വസിച്ചീടുവാൻ പാത്രം;
ഇപ്പോൾ മാനുഷൻമാരാം അവരെ സംഹരിച്ചെന്നാൽ
ഇപ്പാരിൽ നമുക്കേററം പ്രഭുത്വം സംഭവിച്ചീടും.''

യൂപാക്ഷരാക്ഷസൻ വർണ്ണിച്ചു കേട്ടു
ഭൂപാലനന്ദനൻമാരുടെ വീര്യം
ആപത്തു വന്നു ഭവിച്ചാലൊഴിപ്പാൻ
ആർക്കെളുതാമെന്നുറച്ചുരചെയ്തു:
''ആർക്കാനുമുള്ളോരു പെണ്ണിനെത്തൻ പാട്ടി-
ലാക്കാമെന്നോർത്താലബദ്ധമേയുള്ളു;
കേട്ടീലയോ നിങ്ങൾ മൂത്ത കുറുപ്പിന്റെ
കെട്ടിയ പെണ്ണിനെ കാംക്ഷിച്ചമൂലം
പെട്ടെന്നു നാണവുംകെട്ടു വസിക്കുന്ന
യഷ്ടിയാം കുഞ്ഞുരാമന്റെ വിശേഷം!
മുല്ലയ്ക്കൽവീട്ടിലെ മൂത്ത കുറുപ്പച്ചൻ
നല്ലോരു പെണ്ണിനെ കൂട്ടി കൊണ്ടുവന്നു
കുമ്മിണിയെന്നങ്ങവളുടെ പേരും
പെൺമണി കണ്ടെന്നാൽ നല്ല വിശേഷം
നല്ല തലമുടി കാതും മുഖവും

മെല്ലെക്കുരുക്കും മുലകളും ഭദ്രം;
അങ്ങേനവളെപ്പിരിഞ്ഞരനാഴിക
അങ്ങേക്കുററിൽപോലും പോകയുമില്ല.
അങ്ങനേ വാഴുന്ന കാലമവളുടെ
അംഗത്തെക്കണ്ടു ഭ്രമിച്ചു പൊറാഞ്ഞു[1]
ചെങ്ങാതി നമ്മുടെ കുഞ്ഞുരാമൻനായർ
അങ്ങേനൊരേടത്തു പോവതു കണ്ടപ്പോൾ[2]
'പെൺകിടാവേ! നിൻെറ പേരെന്തെ'ന്നിങ്ങനെ
ശങ്കിയാതെകണ്ടു ചോദിച്ചവനും;
'കുമ്മിണിയെന്നെൻെറ പേരെ'ന്നവളും
'കൂടെ നടക്കുന്നതാരെ'ന്നവനും
'മുല്ലയ്ക്കൽ വീട്ടിലെ മൂത്തകുറുപ്പച്ചൻ'
'നില്ലെങ്കിലൊന്നു പറയേണ്ടതുണ്ടല്ലോ
വല്ലകണക്കിലുമെന്നുടെ മോഹമൊ–
രല്ലൽ കൂടാതെ നീ സാധിപ്പിക്കേണം;''
'മെല്ലെപ്പറകെടോ താനിപ്പറഞ്ഞതു
മുല്ലയ്ക്കൽവമ്പൻ ഗ്രഹിച്ചുവെന്നാകിൽ
തെല്ലും മടിക്കാതെ എന്നെയും നിന്നെയും
കൊല്ലും മഹാപാപി കോപിച്ചാലാകാ;'
എന്നു പറഞ്ഞു തിരിച്ചോരു പെണ്ണിൻെറ
പിന്നാലെ കൂടെത്തിരിച്ചാൻ കൊതിയൻ
പിന്നെയും പിന്നെയും ചോദിച്ചു ചോദിച്ചു
പിന്നാലെ പിന്നാലെ പോരുന്നവൻെറ
ഏററമുള്ളാഗ്രഹം ബോധിച്ചു കുമ്മിണി
'എങ്കിലതങ്ങനെ'യെന്നു പറഞ്ഞു
'എന്നു വരേണ്ടു ഞാനെ'ന്നവൻ ചോദിച്ചു
'ഇന്നല്ല നാളെക്കഴിഞ്ഞു വന്നാലും;
നാളെപ്പുലർകാലേ മൂത്തകുറുപ്പച്ചൻ
ആരംക്കൊണ്ടു പാഞ്ഞപ്പടയ്ക്കു പോകുന്നു;
മററന്നാളങ്ങേൻമറുനാട്ടിലായ്‌വരും
മററാരെയും പിന്നെശ്ശങ്കിക്ക വേണ്ടാ;
പത്തുദിവസം കഴിഞ്ഞേ വരത്തുള്ളു
മൂത്തകുറുപ്പച്ചനെന്നതും കേട്ടു;

---

1. 'അംഗത്തെക്കണ്ടു ഭ്രമിച്ചു പറഞ്ഞു'—
2. 'എങ്ങാനൊരേടത്തു പോവതു കണ്ടപ്പോൾ'— എന്നീ മുദ്രിതപുസ്തകപാഠങ്ങൾ അബദ്ധം. മുല്ലയ്ക്കൽ വീട്ടിലെ മൂത്ത കുറുപ്പ് ഒരിടത്തു പോയ തരംനോക്കി കുഞ്ഞുരാമൻനായർ പെണ്ണിനോടു ചോദിക്കുന്നതാണു സന്ദർഭം. അങ്ങേൻ— അങ്ങേർ, എന്നതിലെ പൂജകബഹുവചനപ്രത്യയം നീക്കി 'അങ്ങേൻ' എന്നു നമ്പിയാർ പലയിടത്തും പ്രയോഗിച്ചിട്ടുണ്ട്.

പത്തു ദിവസത്തകത്തു പടവെട്ടി
ചത്തുപോയെങ്കിലനർത്ഥവും തീർന്നു;'
തെല്ലും കുറുപ്പിനെക്കോളില്ലിവൾക്കെന്നു
തെറെറന്നു ബോധിച്ചു കുഞ്ഞുരാമൻനായർ;
കുമ്മിണി ചെന്നങ്ങു വീട്ടിലകംപുക്കു
പൊൻമണി വാങ്ങിക്കഴുത്തേലുമിട്ടു
നല്ല പുടവയുടുത്തു കുറുപ്പിനെ
മെല്ലെ വിളിച്ചു കളിച്ചു രസിച്ചു;
പിറേറന്നാൾ കാലത്തു മൂത്ത കുറുപ്പച്ചൻ
കൊററും കഴിഞ്ഞൊരു വെററിലയും തിന്നു
വാളും പരിചയും പിച്ചണാങ്കത്തിയും
ചീളെന്നെടുത്തുടൻ യാത്രയും ചൊല്ലി
വാളുമിളക്കി നടന്നു കുറുപ്പച്ചൻ
ആളുകൾ മുററും പുറപ്പെട്ടു കൂടെ;
പിറേറന്നാളന്തിക്കു കുഞ്ഞുരാമൻ മെല്ലെ
വെററില പാക്കു പുകയില നൂറും
എല്ലാമെടുത്തൊരു സഞ്ചിക്കകത്താക്കി
മെല്ലെപ്പുറപ്പെട്ടു മോടിയും കൂട്ടി
മുല്ലയ്ക്കൽവീട്ടിലകംപുക്കു മെല്ലവേ
മുല്ലക്കണയേററ സന്താപത്തോടേ
കുമ്മിണിയോടുമൊരുമിച്ചു രാത്രിയിൽ
നല്ലവണ്ണം സുഖിച്ചെന്നേ പറയാവൂ.
അങ്ങനെ പത്തു ദിവസം കഴിഞ്ഞപ്പോൾ
അങ്ങൂന്നു വന്നു കുറുപ്പച്ചൻതാനും
തെക്കേക്കെതകൂടെ കേറി കുറുപ്പു വ-
ടക്കേക്കെതകൂടിറങ്ങി രാമച്ചാരും.

കുറുപ്പച്ചൻ പുരയ്ക്കുള്ളിൽ കടന്നപ്പോളറിഞ്ഞേവം
ചെറുപ്പക്കാരനായുള്ള കുഞ്ഞുരാമൻനടപ്പെല്ലാം
ഉറപ്പിച്ചു മനക്കാമ്പിൽ കുറുപ്പച്ചൻ കാര്യമെല്ലാം
പുറത്തുള്ള ജനമാരും ഗ്രഹിക്കാതെ കുറുപ്പൊരു
കുരുടൻെറ ഭാവമായി കുമ്മിണിയോടുരചെയ്തു:
'വല്ലഭേ! മാനിനീമൗലേ!! കുമ്മിണി നീയെവിടത്തു
മെല്ലെ നീയെൻെറരികിൽ വാ കണ്ണുകാൺമാൻ വശമല്ല
പങ്കജാക്ഷി! വേട്ടയ്ക്കു ഞാൻപോയവാറിങ്ങനെ തീർന്നു
വെൺകുരുടായ് നയനങ്ങൾ കാണരുതായൊരു വസ്തു
നിന്നുടെ ദേഹവും മററുമൊരുവസ്തു കണ്ടുകൂടാ
ഇങ്ങനെ എൻ കാലദോഷം സുന്ദരിമാർമണിമൗലേ!'

ഏവമിങ്ങനെ കുറുപ്പച്ചൻ ചൊന്ന വാക്യം
കേവലം കേട്ടൊരു കുമ്മിണി മോദമോടേ

ദൈവമേയിങ്ങനെ വന്നതെന്നും നണ്ണി
കൺകുരുടായ് വന്നതെന്റെ ഭാഗ്യമോർത്താൽ

ഇന്നിനി ഭോഷനെയൊരു ശങ്ക വേണ്ടായെന്നുറച്ചു
കുമ്മിണിയും പ്രസാദിച്ചു നല്ലവാക്കു പറഞ്ഞവൾ
കുറുപ്പിനെ മെല്ലെയൊരു കോണിലാക്കിയിരുത്തിനാൾ;
മുല്ലബാണാർത്തിപൂണ്ടൊരു കുഞ്ഞുരാമൻ നല്ലവണ്ണം
ഉല്ലസിച്ചു രാത്രിതന്നിൽ കുമ്മിണിയോടൊരുമിച്ചു;
നിത്യവുമങ്ങവൾ മൂത്ത കുറുപ്പിന്റെ വെളിച്ചത്തു
സത്വരമങ്ങൊരുവക കാമലീല തുടങ്ങുമ്പോൾ
കണ്ണുരണ്ടും മിഴിച്ചവൻ മുമ്പിലങ്ങു വസീച്ചിടും
ഒന്നുമേ താനറിഞ്ഞീലാ എന്നൊരു ഭാവവും പൂണ്ടു;
കുറുപ്പച്ചൻ പുരയ്ക്കുള്ളിൽ കുരച്ചുകൊണ്ടിരിക്കയും
അവരുടെ തകർപ്പെല്ലാം കേട്ടവളോടുരയ്ക്കയും:
‘പട്ടി വന്നു പഴങ്കഞ്ഞി കുടിക്കുന്നോ കേട്ടതെന്തു
പട്ടിയെങ്കിലാട്ടിയോടിച്ചടച്ചാലും കതകെല്ലാം
പട്ടിതിന്ന ശേഷമെന്നെത്തീറ്റുവാനും തുടങ്ങുന്നോ?
യഷ്ടി! നിന്റെ വികൃതികൾ കഷ്ടമെന്നേ പറയാവൂ;’
ഉരിയാടാതതുനേരം കുറുപ്പച്ചനിരുന്നുടൻ
ശിവശിവയെന്നു ചൊല്ലി കോണിലങ്ങു വസിക്കുമ്പോൾ
വികൃതികളവർ പിന്നെ അതുതന്നെ പ്രയോഗങ്ങൾ
സുകൃതിയാം കുറുപ്പച്ചൻ അതു കണ്ടങ്ങെഴുന്നേറ്റു
പിടിപെട്ടാൻ കുഞ്ഞുരാമൻതൻ മുടിക്കങ്ങതുനേരം
മറ്റു മാലോകർ കേൾക്കവേ പിടിച്ചഞ്ചാറടിച്ചുടൻ
മുറ്റുമങ്ങു നാസികയും ചെവിയുമങ്ങരിഞ്ഞാശു
കുറ്റമേറ്റം വരുത്തിയങ്ങയച്ചു കുഞ്ഞുരാമനെ;
തരുണിതൻ തുട ചുട്ടു തലമുടി കരിച്ചാശു
അവളുടെ ഭവനത്തേക്കയച്ചു മുല്ലയ്ക്കൽവമ്പൻ.
പലരുമിക്കഥ കേട്ടു പ്രശംസിച്ചു കുറുപ്പിനെ
നലമോടേ വസിച്ചേവം കുറുപ്പച്ചൻ തന്റെ ഗേഹേ.
തനിക്കാവശ്യമില്ലാത്ത പ്രവൃത്തിയെത്തുടങ്ങുന്ന
തനിച്ചവർക്കപമാനം വന്നുകൂടും ധരിച്ചാലും
സീതയെക്കട്ടുകൊണ്ടുവന്നു വച്ചതേതും ഗുണമല്ല
കൈതവം ചെയ്തവന്നുള്ളോരനർത്ഥം നിർത്തുവാൻമേലാ.
‘‘എങ്ങെടാ പുനരെന്റെ സോദരനാകുമുണ്ണി വിഭീഷണൻ?
ഇന്നു നമ്മുടെ മുന്നിലെന്തൊരു കാരണേന വരാഞ്ഞതും
സംഗരത്തിനു ചെന്നു ചാടി അബദ്ധനായി മരിക്കയോ?
സംഗമൊക്കെ വെടിഞ്ഞു വിഷ്ണുപദം സ്മരിച്ചു
വസിക്കയോ?''
‘‘സംഗരത്തിനുമുന്നമേ നിജ ജ്യേഷ്ഠനോടു കയർത്തുപോയ്

അങ്ങു രാമനു മന്ത്രിയായ് മരുവുന്നുപോലുമസംശയം
ലങ്കയിൽ പ്രഭുവാക്കിവച്ചഭിഷേകമമ്പൊടു ചെയ്തുപോൽ
ശങ്കവിട്ടു രഘുപ്രവീരനതെത്രയും ബഹു സാഹസം:''
''സാഹസമല്ല യൂപാക്ഷ! സാധുവാമെന്നുടെ തമ്പി
മാനിയാം ജ്യേഷ്ഠനും ഞാനും മോക്ഷധർമ്മം ലഭിച്ചീടും
രാമഭദ്രപ്രസാദത്താലെന്നുടെ സോദരൻ ലങ്കാ—
രാജഭാവം പ്രവേശിക്കും അങ്ങനെ തീരുമക്കാര്യം;''
സംഭരിച്ച മുതലെല്ലാം ചോരയും ചോറുമെപ്പേരും
സംപ്രദാനന്ദമായ് മെല്ലെ ഭക്ഷണം ചെയ്തുടൻ ചിത്തേ
ശംഭുപാദദ്വയം ചിന്തിച്ചാ വിപത്തിന്നൊരുമ്പെട്ടാൻ;
വെട്ടിവെട്ടിച്ചിരിച്ചങ്ങു തിരിച്ചു മേഘമാർഗ്ഗത്തിൽ
മുട്ടുമാറുന്നതാകാരൻ മൂന്നുലോകമുടനുടൻ
ഞെട്ടുമാറു കണ്ഠനാദാലെട്ടുദിക്കും കുലുക്കിത്തൻ
ജ്യേഷ്ഠനെച്ചെന്നു വന്ദിച്ചു ചേരുമാറങ്ങുരചെയ്തു:
''കേട്ടുകൊൾകഗ്രജാ! വീരാ! കേവലം കുംഭകർണ്ണൻ ഞാൻ
കാട്ടുജാതിക്കുരങ്ങൻമാർകൂട്ടമെല്ലാം വായിലാക്കി
ക്രൂരദന്തങ്ങളെക്കൊണ്ടു കടിച്ചുകൊന്നുടൻ പിന്നെ
ദാശരഥിദ്വയത്തിന്റെ നാശമിന്നു വരുത്തുന്നു—
ണ്ടാശരാധീശ്വരാ! ചെറ്റും ക്ലേശിയാതെ വസിച്ചാലും
ആശയത്തിലിരിക്കുന്ന ആശയെല്ലാം വഴിപോലെ
സംശയമെന്നിയേ രക്ഷോവംശകേതോ! വരിച്ചാലും
ഗീതവും ഗാനവും പാടി പ്രൗഢിയോടേ വസിച്ചാലും
ചൂതുകൊണ്ടു രസിച്ചാലും ചേതമേതും വരാനില്ല
സീതയോടേ വിനോദിപ്പാനുള്ള യോഗം വരുംചാരു—
ശീതളമാളികമീതിലിരുന്നു നീ രമിച്ചാലും
ഇന്നു രാവോ നാളെ രാവോ രാഘവന്റെ കളത്രംതാൻ
വന്നു നിന്റെ മടിതന്നിൽ കേറുമെന്നു ധരിച്ചാലും
പത്തു വക്ത്രങ്ങളെക്കൊണ്ടു പങ്കജാക്ഷീമണിതന്റെ
പത്മരാഗാധരാസ്വാദം ചെയ്തുകൊൾകഗ്രജാ വീരാ!
ചത്തുപോമെന്നൊരു ഭീതി മാനസത്തിലതും വേണ്ടാ
പത്തു ബ്രഹ്മന്നുടെയായുസ്സെത്തുമെന്നഗ്രജന്നഗ്രേ!''
ഇത്ഥമോരോന്നുരചെയ്തു രാവണൻതന്നുടെ ചിത്തേ
ബദ്ധമോദം വളർത്താനങ്ങുദ്ധതൻ കുംഭകർണ്ണൻതാൻ
യുദ്ധഭൂമണ്ഡലം നോക്കി ബദ്ധമോദം നടകൊണ്ടാൻ;

> മാർത്താണ്ഡമണ്ഡലത്തോടങ്ങു മുട്ടുന്ന
> മൂർദ്ധാവുമുച്ചമിയന്നോരു മൂക്കും
> ചുട്ടുപഴുപ്പിച്ച വാർപ്പുകണക്കിനെ
> വട്ടം തികഞ്ഞു തുറിച്ചൊരു കണ്ണും
> ചെമ്പിച്ച താടിയും മീശയും കേശവും
> വമ്പിച്ച വായും വളഞ്ഞുള്ള പല്ലും

എത്രയും പാരം പരാക്രമമാകുന്ന
വക്ത്രവും നീളം പെരുത്തുള്ള നാക്കും
ശൈലംകണക്കെ നെടിയ ശരീരവും
താലങ്ങൾപോലെ ഭുജദണ്ഡു രണ്ടും
സാലത്തെക്കാളും തടിച്ചുനീണ്ടുള്ളൊരു
കാലുകൾ രണ്ടും കണങ്കഴൽ രണ്ടും
കാലന്റെ കിങ്കരൻമാരേക്കാളേറ്റം
കറുത്തു തടിച്ച തടിതൻ വടിവും
നാലായിരംഭാരം ലോഹംകൊണ്ടുള്ളൊരു
ശൂലായുധം കൈയ്യിലേന്തിക്കനക്കവേ
കുംഭീന്ദ്രതുല്യം കുടവയറുമതി-
ഗംഭീരമാകുന്ന കണ്ഠനാദങ്ങളും
കുംഭകർണ്ണന്റെ വരവിങ്ങനെ കണ്ടു
സംഭ്രമിച്ചോടിനാർ മർക്കടക്കൂട്ടവും;
വൃക്ഷങ്ങളേറി മറഞ്ഞങ്ങു നിന്നു
രാക്ഷസരാജൻവരവതും പാർത്തു
വാരിധിയിൽച്ചാടി മുങ്ങിച്ചിലർ, ചിലർ
വാരിക്കുഴികളിൽ പുക്കങ്ങൊളിച്ചു

സുഗ്രീവനൊരു ശൈലം പിഴുതാശു കൊണ്ടുവന്നു
വ്യഗ്രമെന്നിയേ നേരേ എറിഞ്ഞപ്പോൾ കുംഭകർണ്ണൻ
ഉഗ്രമാകും കരംകൊണ്ടു പൊടിയാക്കിപ്പതിപ്പിച്ചു,
''സുഗ്രീവ ശഠ! നിന്നെ നിഗ്രഹിപ്പ''നെന്നു ചൊല്ലി
ഊക്കോടേ മഹാശൂലം പ്രയോഗിച്ചാനതുകണ്ടു
നില്ക്കുന്ന ശ്രീഹനുമാനാശു ചാടിപ്പിടിപെട്ടു
ചിക്കെന്നു മൂട്ടിലിട്ടു പൊടിച്ചങ്ങെറിഞ്ഞിതപ്പോൾ
ഇക്കണ്ട കപിവൃന്ദം ഒക്കവേ വിസ്മയം പൂണ്ടു
പിടിച്ചു സൂര്യപുത്രനെ എടുത്തു പാണിയിലാക്കി-
ത്തിരിച്ചു ലങ്കയിൽ പുക്കു ചരിച്ചു ആയതുനേരം
കരത്തിൽനിന്നു സുഗ്രീവൻ തരത്തിൽ കുംഭകർണ്ണന്റെ
പെരുത്ത നാസിക ചാടികടിച്ചു വേർപെടുത്തങ്ങു
കുതിച്ചു ചാടിനാൻ പിന്നെ മുറിഞ്ഞ മൂക്കിലെച്ചോര
കുറഞ്ഞൊന്നല്ലഹോ കുന്നിൻമുകളിൽനിന്നൊഴുകുന്ന
പുഴപോലെ വഴിപോലെ
രാമഭദ്രപദാംബുജത്തെ വണങ്ങിനിന്നു വിഭീഷണൻ:
''താമസിക്കരുതൊട്ടുമേ രഘുനാഥ നാഥ! മഹാമതേ!
ഭൂമിപാലശിഖാമണേ! ബത കുംഭകർണ്ണമഹാബലം
ക്ഷോണിതന്നിലുഴന്നുവന്നതു കാൺക കാൺക രഘൂത്തമ!
ബാണമേകമുടൻ തൊടുത്തു വലിച്ചുവിടുക തെരിക്കനെ
പ്രാണഹാനി വരുത്തി വാനവർമന്നിടത്തിലയയ്ക്കണം

കുംഭകർണ്ണവധം ജവേന കഴിക്കവേണമിനി പ്രഭോ!
ഇമ്പമോടു വരംകൊടുക്കണമഗ്രജന്നു മഹാമതേ!
ചിരിക്കുന്നെന്തു സുഗ്രീവാ! പരമാർത്ഥം പറയാം ഞാൻ
ദശഗ്രീവൻ തമ്പുരാന്റെ ദുരാചാരംകൊണ്ടു വംശം
നശിക്കും എന്നു ഞാനെത്ര പറഞ്ഞൂ തമ്പുരാനോടു
ശ്രവിച്ചില്ലെന്നതുമല്ലാ എന്റെ നേരേ ശണ്ഠകൂടി
നിശാചരപുരിയിൽനിന്നിറക്കിയങ്ങയച്ചെന്നെ
അനർത്ഥം വന്നടുക്കുമ്പോൾ അബദ്ധം കാട്ടുമെല്ലാരും
അനങ്ങാതങ്ങു പൊയ്ക്കൊൾകെന്നുറച്ചു ഞാനിങ്ങു പോന്നു.
മൂപ്പരാം കുംഭകർണ്ണന്റെ മൂക്കുപോയ മുഖം കണ്ടാൽ
എത്രകഷ്ടമിവൻതന്റെ പെങ്ങളാം ശൂർപ്പണഖയ്ക്കും
ആങ്ങളയ്ക്കുമൊരുപോലെ സംഗതി വന്നതുമോർക്ക
വൈദേഹീവരനോടു വൈരഭാവം കരുതുന്നോൻ
വൈകാതെ നശിക്കുന്നു എന്നു ലോകർ പറയുന്നു;''
ഇപ്രകാരം വിഭീഷണൻ മിത്രജനോടുണർത്തിച്ചു
ക്ഷിപ്രമങ്ങു രഘൂത്തമന്റന്തികേ നിന്നൊരുനേരം;

ശ്രീപതി നാരായണൻ രഘുനായകൻ
ശ്രീനാരദാദിവന്ദ്യൻ ജഗദീശ്വരൻ
ശ്രീസുമിത്രാത്മജനോടു വിൽ കൈക്കൊണ്ടു
ചാരുകോദണ്ഡം കുലയേറ്റി രാക്ഷസർ
നീറുമാറങ്ങു ചെറുഞാണൊലിയിട്ടു
മാരിപോലെ ശസ്ത്രജാലം പ്രയോഗിച്ചു
വാസവവൈരികൾ ദാനവവീരരാം
വീരാഗ്രഗണ്യർ മരിച്ചാരസംഖ്യകം;
പാരിടമൊക്കെത്തകർന്നുപോമെന്നിട്ടു
ഓരോതരം ഖണ്ഡനംചെയ്തു മെല്ലവേ
വാരിയിലാക്കിനാൻ വാരിജലോചനൻ;
വക്ത്രവുമേറ്റം പിളർന്നു നിശാചരൻ
വായിലാമ്മാറു ബാണങ്ങൾ പ്രയോഗിച്ചു
വാനവവൈരിയെ നാണംകെടുത്തിതു;
വൃത്രാരിദൈവതമായ് വിളങ്ങീടുന്നൊ-
രസ്ത്രമെയ്തുത്തമാംഗത്തെ മുറിച്ചുടൻ
കുംഭകർണ്ണന്റെ തടിച്ച ശരീരമ-
ങ്ങംഭോനിധിതന്നിലോട്ടു മറിക്കുമ്പോൾ
ജംഭാരിവൈരികളായുള്ള രാക്ഷസർ
അമ്പോടതിൻകീഴേ വീണു മരിച്ചിതു;
രാമരാമേതി ജപദ്ധ്വനികൊണ്ടുടൻ
ഭൂയോപി ലോകേ ഭവിച്ചിതു മംഗളം.

കുംഭകർണ്ണ വധം പറയൻതുള്ളൽ
സമാപ്തം

ഹരിശ്ചന്ദ്രചരിതം

കല്യാണാംബുധി വീരൻ കല്യാകാരഗംഭീരൻ
കല്യാതങ്കസംഹാരൻ കരിരാജാനനൻ ധീരൻ
ഉല്ലാസം മനക്കാമ്പിലുളവാക്കീടവേണം മേ
നല്ലോരു പരദൈവം നമുക്കു വിഘ്നരാജൻതാൻ
കല്ലോലപ്രകാശത്തെക്കവർന്നീടും കടാക്ഷംകൊ–
ണ്ടെല്ലാനേരവും നമ്മെക്കനിവോടേ തണുപ്പിച്ചു
ഫുല്ലാംഭോരുഹേനിന്നു പൊഴിയും നൻമധുശ്രേണീ–
തുല്യം ഭാരതീസാരം തുടരെസ്സംഭവിപ്പിപ്പാൻ
തെല്ലും തന്ദ്രി കൂടാതെ തെളിവോടേ തുണയ്ക്കേണം
ചൊല്ലുന്ന പ്രബന്ധങ്ങൾക്കൊക്കവേ ഗുണമുണ്ടെ–
ന്നുള്ളോരു മഹാഭാഗ്യമുടനേ മേ വരുത്തേണം.
വല്ലാത്ത കവികെട്ടി വഷളാക്കിച്ചമയ്ക്കുന്ന
വല്ലന്തിശ്ശാൻമാർക്കു വഴിവച്ചു കൊടുക്കൊല്ലാ
വാണീദേവതേ! നാഥേ! വരദേ! ഭാരതീദേവീ!
വാണീടേണമെന്നുള്ളിൽ വഴിപോലെ കനിവോടേ
പാണിപങ്കജംകൂപ്പിപ്പരിചോടേ പണിയുന്നു.
പാണിവാദനാമെൻറെ പരമാനന്ദദാതാവാം
ക്ഷോണീദേവതാചൂഡാമണിയാകും ഗുരുനാഥൻ
കാണിനേരവുമെൻറെ കരൾഭാഗം ത്യജിക്കാതെ
വാണീടുന്നതുമൂലം വചനപ്രൗഢികൾക്കെങ്ങും
താണീടുന്നതുമില്ല തരക്കേടും വരുന്നില്ലാ
കാണികൾക്കനുകൂലം കവിതാരീതിയുമുണ്ടാം.
പ്രാണികൾക്കിഹലോകേ പ്രതിഭാനൽപ്രകാശത്തി–
ന്നാണിയായതു പാർത്താലവനീദേവികൾതന്നെ
ക്ഷോണീദേവവര്യൻമാരനിശം വാണരുളുന്ന
ക്ഷോണീമണ്ഡലേ വീണു വണങ്ങും മാനുഷൻമാർക്കു
വേണീഭൂത സംസാരക്കടലിന്നക്കരെപ്പററാൻ
തോണിയായ്വരും പിന്നെസ്സുരലോകം കരേറുവാൻ–
കോണിയായ്വരും വിപ്രാനുഗ്രഹമെന്നറിഞ്ഞാലും.
ഏണീനേത്രമാരുടെ ജഠരമാം കുഹരത്തിൽ
നൂണീടുന്നൊരു ദുഃഖമിനിക്കൂടാതിരിപ്പാനായ്
ക്ഷോണീവാസികൾക്കാശ തരിമ്പുണ്ടെന്നാകിലിപ്പോൾ
ക്ഷോണീവാനവൻമാരെത്താണുവന്ദിച്ചുകൊള്ളേണം,
'നോക്കെടാ നിന്നുടെ ദുസ്സാമർത്ഥ്യമേതും തരമല്ല
ഗോക്കളെച്ചുട്ടുതിന്നുന്ന നീചജാതി ശ്വപചൻ നീ

ശ്വാക്കളെപ്പോലഹോ നിന്നു കുരയ്ക്കും നിൻമൊഴി കേട്ടാൽ
ആർക്കുമില്ല ബഹുമാനം ദൂരെ മാറിഗ്ഗമിച്ചാലും’
ഇപ്രകാരം കയർത്തെന്നെ ദുഷിക്കും ദുർമ്മുഖൻമാരോ-
ടിപ്രസംഗം പ്രയോഗിച്ചാലബദ്ധക്കാരനാമല്ലോ;
വിപ്രരിൽ ഭക്തിവിശ്വാസമുള്ള സാധുക്കളോടെന്യേ
കുപ്രഭുക്കൂട്ടരോടൊന്നും മിണ്ടരുതെന്നതേ വേണ്ടു.

പാക്കനാരുടെ വിമലകുലമതിലതിശയേന പിറന്ന ഞാൻ
പാക്കു വെററില നല്കുവോർക്കു പരാത്മതത്ത്വവിധങ്ങളെ
വാക്കുകൊണ്ടു പറഞ്ഞു ബോധവിശേഷമാശു വരുത്തുമെൻ
നാക്കുകൊണ്ടുപദിഷ്ടമായതിനേതുമില്ല വികല്പിതം;
നീക്കമില്ലിഹ സജ്ജനങ്ങടെ കാല്ക്കൽ വീണു വണങ്ങുവാൻ
തീക്കനൽപ്പുഴ നീന്തുവാൻ മടിയില്ല നിങ്ങടെ ശാസനാൽ
പാക്കനാരുടെ പാദസേവകനേഷ പറയനഹം മുദാ
പാർക്കുമിദ്ദിശി പശുകുലത്തിനുമന്തണാദി ജനത്തിനും
ആർക്കുമില്ലൊരു സങ്കടം മമ വാക്കു കേൾക്കണമേവനും
മൂർഖരായ ജനത്തിനും പരമാർത്ഥബോധമുടൻ വരും.

മഹാകിള്ളിക്കുറിശ്ശി ശ്രീമഹാദേവപ്രസാദത്താ-
ലഹം കിഞ്ചിൽ കഥാഭാഗം മഹാരംഭേണ ചൊല്ലുന്നേൻ
ഹരിശ്ചന്ദ്രക്ഷിതീശന്റെ ചരിതംതാൻ മഹാചിത്രം
ഹരിശ്രീശങ്കരബ്രഹ്മപ്രസാദത്തിന്നിതു മൂലം
ധരിത്രീവാനവൻമാർക്കും ധരിത്രീപാലകൻമാർക്കും
തനിച്ച വൈശ്യശൂദ്രാദിപ്രജാവർഗ്ഗത്തിനുമെല്ലാം
ഹരിപ്രീതിപ്രഭാവംകൊണ്ടഭിപ്രായം ലഭിക്കേണം
അരിദ്ധ്വംസം ഭവിക്കേണം ഗുരുത്വം സംഭവിക്കേണം
അനന്തനൽപുരംതന്നിലനന്തേ പള്ളികൊള്ളുന്നോ-
രനന്തൻ പത്മനാഭൻതാനനന്തപ്രാഭവത്തോടേ
അനന്താലക്ഷ്മിമാരോടുമനന്താനന്ദസന്ദോഹം
മനന്തന്നിലിയന്നോരു മഹാഭക്താവലിയോടും
സമന്തത്ര വിളങ്ങുന്ന സമസ്തസ്വാമി നാഥന്റെ
സമഗ്രപ്രീതിസത്പാത്രം സമിദ്ധശ്രീസമായുക്തൻ
രാമതുല്യൻ മഹാവഞ്ചി രാമവർമ്മേന്ദ്രഭൂപാലൻ
കാമദൻ കോമളാകാരൻ കാമിനീമാനസേ മാരൻ
യാമിനീശാനനൻ വീരൻ ഭൂമിദേവപ്രിയൻ ധീരൻ
ഭൂരിസേനാപരിവാരൻ ഭൂഭുജാമേകമാധാരൻ
വഞ്ചിമാർത്താണ്ഡവർമ്മശ്രീ ഭാഗിനേയൻ മഹാപുണ്യം
സഞ്ചിതമഞ്ചിതമാക്കിസ്സന്തതം സംജയിക്കുന്നു
സപ്രതാപൻ സദാനന്ദൻ സപ്രകാശൻ മമ സ്വാമി
സപ്രമോദം തിരുവുള്ളം തെളിഞ്ഞു കാത്തുകൊള്ളേണം.

മാത്തൂരംബികേ ദേവീ! മഹിഷഗളതലഖണ്ഡനേ!
കാത്തുകൊൾക മാമാശു കനകമണിഗണമുണ്ഡനേ!
കാളീ! കാമദേ മായേ! കലിതകരിവരകുണ്ഡലേ!
കേളീലമ്പടേ തായേ! വിനതസുരനരമണ്ഡലേ!
പാഹി ശ്രീ മഹാദേവീ! പർമഗുണഗണഭൂഷണേ!
ദേഹി ശ്രീ സമൃദ്ധി മേ ദനുജകുലബലഭീഷണേ!
ആനന്ദപ്രദേ നാഥേ! അമൃതസുമധുരഭാഷണേ!
ആതങ്കം ഹരിക്ക മേ അഹിതമദപരിശോഷണേ!

ചെമ്പട—ചായ്പ് താളക്കെട്ട്

ഖണ്ഡങ്ങൾ

1. പാർത്ഥമഹാരഥസൂതൻ—ഹരി,
പാണ്ഡവവരനുടെ ദൂതൻ—കൃഷ്ണ—
നമ്പലപ്പുഴെ വാഴുമെന്നുടെ തമ്പുരാൻ മധുസൂദനൻ
2. വാരിധരാസിതഗാത്രൻ—കര,—
വാരിജധാരിതതോത്രൻ—നിജ—
വൈരിമണ്ഡലഖണ്ഡനാധികചണ്ഡബാഹു പരാക്രമൻ
3. അംബുജനേത്രനുദാരൻ—ധൃത—
കംബുരതീവഗഭീരൻ—ഗള—
ലംബിതാമലതാരഹാരകദംബശോഭിതവിഗ്രഹൻ
4. ഗോപവധൂജനജാരൻ—നിജ
രൂപപരാജിതമാരൻ—പരി—
ഗോപിതാഖിലഗോപഗോകുലശോഭമാനമനോഹരൻ
5. കാഞ്ചനകാഞ്ചികലാപൻ—ചികു—
രാഞ്ചിതകേകികലാപൻ—സമു—
ദഞ്ചിതാമലചഞ്ചലേക്ഷണവഞ്ചിതാനുഗതാംഗനൻ
6. ദേവനദീപുരവാസീ—വസു—
ദേവസുതൻ മൃദുഹാസീ—നര—
ദേവസേവിതപാവിതാംഘ്രിസരോരുഹൻ പരിപാതു മാം.

ഹരിദശ്വാന്വയേ നല്ലോരയോദ്ധ്യാമന്ദിരംതന്നിൽ
ഹരിശ്ചന്ദ്രാഖ്യാനായുള്ളോരവനീശൻ മഹാവീരൻ
ഹരിഃ ശ്രീ പാദഭക്തൻതാനരിശ്രീഗർവസംഹാരി
ധരിത്രീമണ്ഡലാധീശൻ ധരിത്രീദേവസംസേവി
സത്യവാദീ സദാമോദീ കൃപാശാലീ
നിത്യകർമ്മവ്രതീ ധീമാനത്യുദാരാകൃതി ശ്രീമാൻ
ത്രിശങ്കുക്ഷോണിപാലന്റെ തനൂജൻ തത്ത്വസാരജ്ഞൻ
വിശങ്കം വിക്രമത്തെക്കൊണ്ടശേഷാരാതിസംഹാരി
ഭൃശം കീർത്തിപ്രഭാവത്താൽ പ്രശംസാഭാജനീഭൂതൻ

നൃശംസക്രൂരദുഷ്ടാരി പ്രശാന്ത്യാപാലിതാശേഷൻ
പത്തുമെട്ടും മഹാദ്വീപങ്ങൾക്കു നാഥൻ ഹരിശ്ചന്ദ്രൻ
പത്തുദിക്കും ജയിച്ചോരു പാർത്ഥിവേന്ദ്രൻ മഹാവീരൻ
സത്യസന്ധത്വമെന്നുള്ള സാധുകർമ്മസ്ഥിതിമൂലം
സത്തുകൾക്കൊക്കവേ സൗഖ്യം വരുത്തി ശ്രീഹരിശ്ചന്ദ്രൻ;
സത്യകീർത്ത്യാഖ്യനായുള്ള സചിവശ്രേഷ്ഠനോടൊന്നി-
ച്ചത്യുദാരം ജഗത്ത്രാണംചെയ്തു വാണീടിനകാലം;
കപടമില്ല കലഹമില്ല കലുഷകുമതികളെങ്ങുമില്ലാ
വികടരില്ലാ വിശഠരില്ലാ വികൃതിനികൃതിവിധങ്ങളില്ലാ
കുസൃതിയില്ലാ കുഗതിയില്ലാ കുരളപറവതിനാരുമില്ലാ
കള്ളരില്ലാ തള്ളലില്ലാ കള്ളുകുടിയൻമാരുമില്ലാ
മുള്ളനില്ലാ മൂഢനില്ലാ ഭള്ളുപറയുമസാരനില്ലാ
മുടിയനില്ലാ മുടവനില്ലാ മൂർഖമനുജജനങ്ങളില്ലാ
മടിയനില്ലാ മസൃണനില്ലാ മന്ദബുദ്ധികളാരുമില്ലാ
കുരുടനില്ലാ കുശഠനില്ലാ കുശലവിലയവുമെങ്ങുമില്ലാ
ചതിയനില്ലാ കൊതിയനില്ലാ ചപലഖലമതി കിതവനില്ലാ
അസുഖമില്ലാ അശുഭമില്ലാ അസുരവിജിതരുമാരുമില്ലാ
അധനനില്ലാ അധമനില്ലാ അധികനൊടു കലഹങ്ങളില്ലാ
ആധിയില്ലാ വ്യാധിയില്ലാ അരസവിരസഭയങ്ങളില്ലാ
പുഷ്ടിയും തുഷ്ടിയും പുനരിഹ വൃഷ്ടിയും കൃഷ്ടി-
യും ബഹുഗുണ-
മിഷ്ടിയും വ്യുഷ്ടി[1]യും ശുഭതരമഷ്ടിയും മൃഷ്ടിയും
ദിശിദിശി
സ്നാനവും പാനവും സമുചിതയാനവും ഗാനവുംദ്വിജവര-
ദാനവും മാനവും മഹിതനിദാനവും സ്ഥാനവും നന്നിഹ
പുരജനങ്ങടെ ഭാഷണം ഗതഭൂഷണം മണിഭൂഷണം
അരിഭടാവലിഭീഷണം മദശോഷണം ഹയഹേഷണം
അവനിസുരവരപൂജനം സുഖഭോജനം സുസഭാജനം
അഖിലഗുണഗണഭാജനം നൃസഭാജനം ശുഭയോജനം
അനിശമപി നിജ ഗണ്ഡലംബിതകുണ്ഡലം നരമണ്ഡലം
അനഘമണിമയമണ്ഡനം രിപുദണ്ഡനം മദഖണ്ഡനം
തത്ക്ഷണം രക്ഷണം പ്രതിഭടതക്ഷണം ശിക്ഷണം
ബഹു ശിവ-
ലക്ഷണം ദക്ഷിണം ബഹുരസഭക്ഷണം ഭിക്ഷണം
സമുചിത-
മിത്തരം സത്വരം നരവരചത്വരം ദുസ്തരം സമജനി-
സദ്ധനം പത്തനം ദിനമനുവർദ്ധനം ഗർജ്ജനം ത്രിജഗതി-
ശോഭനം ലോഭനം ധനതതിദോഹനം മോഹനം സുഖമവ-
ഗാഹനം ഗൂഹനം നഹി നഹി സുന്ദരം മന്ദിരം പരിലസ-

---

[1] വ്യുഷ്ടി=ഫലം; വർദ്ധനവ്.

ദിന്ദിരാമന്ദിരം ഗിരി ഇവയുന്നതം മന്നവൻമാരിദമന്വഹം—
വന്ദനം വിദധതി.
ചന്ദ്രമത്യാഖ്യയായുള്ള ഭാര്യതന്നിലുളവായി
ചന്ദ്രബിംബാനനൻ രോഹിതാശ്വനെന്നുള്ളൊരു പുത്രൻ;
ഇന്ദ്രതുല്യൻ ഹരിശ്ചന്ദ്രൻ ഭാര്യയോടും പുത്രനോടും
സാന്ദ്രമോദം സുഖിച്ചങ്ങു മന്ദിരേ വാണൊരുകാലം
ഇന്ദ്രലോകേ സഭതന്നിലിന്ദ്രനും വാനവൻമാരും
ചന്ദ്രനും സൂര്യനുമഷ്ടവസുക്കളാശ്വിനേയൻമാർ
സിദ്ധരും സാദ്ധ്യരും വിദ്യാധരൻമാർ കിന്നരൻമാരും
വൃദ്ധരാം മാമുനിശ്രേഷ്ഠൻമാരുമെല്ലാവരുംകൂടി
സ്വസ്ഥരായിസുഖിച്ചോരോ വർത്തമാനമുരചെയ്തു
സുസ്ഥിരൻമാരഹോ വാദംതുടങ്ങീ ഭംഗിയോടേവം:
''ആരുള്ളു ധരണിയിലധുനാ ധർമ്മകർമ്മങ്ങൾ
ആരോമൽകനിവോടെയനുഷ്ഠിച്ചു വസിക്കുന്നു
വീരൻമാർ വിനീതൻമാർ വിദഗ്ധൻമാർ വിശുദ്ധൻമാർ
സാരൻമാർ സരസൻമാർ സദാരൻമാരുദാരൻമാർ
ധന്യൻമാർ ധനവാൻമാർ ധരിത്രീസാർവഭൗമൻമാർ
അന്യൻമാർക്കുപകാരം ചെയ്യുന്ന പുരുഷൻമാർ
ജന്യത്തിലരികളെജ്ജയിച്ചു കീർത്തിയെന്നുള്ള
ധന്യശ്രീമണിയോടേ രമിക്കും രാജരാജൻമാർ
തന്നത്താനറിയാത്ത ജളൻമാരെ മന്ത്രിയാക്കി—
ത്തന്വംഗീജനത്തോടു തന്റെ കാര്യം വിചാരിച്ചു
തന്നുടെ പ്രജകളോടേഴകോഴകൾ വാങ്ങി
താൻതന്നെ തന്റെ രാജ്യം നശിപ്പിക്കും പ്രഭുക്കൻമാ—
രല്ലാതെ ധരണിയിലാരുമില്ലെന്നു കേൾക്കുന്നു;
വല്ലാതെ വലയ്ക്കുന്നു ദീനരാം മാനുഷൻമാരേ
നെല്ലും വിത്തുമെപ്പേരും കണ്ടെഴുതിപ്പാട്ടിലാക്കി
ചെല്ലുന്ന ചെലവൊക്കെച്ചുരുക്കി ബ്രാഹ്മണർക്കിപ്പോൾ
ഇല്ലത്തെക്കുടുംബത്തിന്നഷ്ടി കഷ്ടിച്ചു കല്പിച്ചാ—
രിന്നത്തെ യജമാനൻമാരുടെ ശീലമീവണ്ണം;
കണ്ടത്തിൽ കൃഷിചെയ്താലുണ്ടാകും വിളവെല്ലാം
കണ്ടെത്തി പിടിപെട്ടു കശ്മലൻമാർ വാരി വാരി—
ക്കൊണ്ടെങ്ങും തിരിക്കും കണ്ടിരിക്കുന്നോരെന്തുചെയ്വൂ?
പണ്ടാരും നടക്കാത്ത കണ്ടങ്ങൾ കൃഷിചെയ്തു
കണ്ടെങ്കിലതുമെല്ലാം പണ്ടാരവകയാക്കി
മണ്ടപത്തുംവാതിൽ കാക്കും മനുഷ്യപ്രൗഢിമാൻമാർക്കു
കൊണ്ടുചെന്നു കൊടുക്കാഞ്ഞാൽ മറിക്കുമസ്സമർത്ഥൻമാർ
നാട്ടിലുള്ള പ്രജകൾക്കു നെല്ലുമില്ലാ പണമില്ലാ
കാട്ടിലുള്ള കായ്കനികൾ തിന്നുതന്നെ പൊറുക്കേണം
ഊട്ടിലെങ്ങും ചോറുകിട്ടാ ഭടൻമാർക്കുമച്ചിമാർക്കും

കൂട്ടിലിട്ട മൃഗംപോലെ പട്ടിണിയായ്ക്കിടക്കുന്നു
ഉമ്മാനുമുടുപ്പാനും തേപ്പാനും വകയില്ല
തിമ്മാൻ വെററപാക്കില്ല പുകയില തരിമ്പില്ലാ
അമ്മാത്രം മുതലുള്ളതന്നന്നു വിററുതിന്നു
അമ്മയ്ക്കുമുടപ്പിറന്നവൾക്കും പട്ടിണിതന്നെ
ധർമ്മമെന്തധർമ്മമെന്തൊരു വസ്തു തിരിയാത്ത
ദുർമ്മന്ത്രിജ്ജലൻമാർക്കു പാട്ടിലായി വിശ്വമെല്ലാം
ശർമ്മത്തിന്നൊരു മാർഗ്ഗം ധരണീമണ്ഡലേ നാസ്തി
കർമ്മത്തിന്നനുകൂലം കാര്യമെന്നേ പറയാവൂ;''
ഇത്തരം ചില സിദ്ധചാരണകിന്നരാദികൾ ചൊല്ലിനാർ
ഉത്തരം ചില ദേവമാമുനിവൃന്ദവും പുനരോതിനാർ:
''മർത്ത്യലോകചരിത്രമത്ര ദുഷിച്ചുരച്ചതശോഭനം
കൃത്യമെന്നുമകൃത്യമെന്നുമറിഞ്ഞു ചൊല്ലണമേവനും;
സത്യസന്ധനൊരധിപനുണ്ടിഹ സാമ്പ്രതം ധരണീതലേ
സത്യലോകനിവാസിയായ ചതുർമ്മുഖന്നു സമൻ നൃപൻ
സൂര്യവംശമതിൽ പിറന്ന ത്രിശങ്കുഭൂപതിനന്ദനൻ
വീര്യശാലി വിവേകശാലി വിശാലകീർത്തി വിശാമ്പതി
ധർമ്മ മർമ്മമറിഞ്ഞ ദൃഢമതി ധർമ്മരാജനു സന്നിഭൻ
കർമ്മശർമ്മസുനിർമ്മലൻ കരുണാപയോധി മഹാബലൻ
ദുർമ്മദാരികുലാന്തകൻ ദുരിതാദി ദോഷവിവർജ്ജിതൻ
നർമ്മവേദിനരാധിനാഥനകല്മഷൻ കലിതവ്രതൻ
ധനദനൊടുസമധനസമൃദ്ധിസമിദ്ധപൗരുഷഭൂഷണൻ
മനസിജോപമതനുമനോഹരനമൃതസമമൃദുഭാഷണൻ
മനുകുലോത്തമനമലസുചരിതനഖിലരിപുകുലഭീഷണൻ
മനുജപുംഗവനംഗനാജനമോഹനൻ ഗതദൂഷണൻ
ബുദ്ധിയും ശുദ്ധിയും ബഹുഫലസിദ്ധിയും
വൃദ്ധിയും ഗുരുജനഭക്തിയും
ഭുക്തിയും ഗുണഗണയുക്തിയും സക്തിയും സുമതിഷു
ഭൂതിയും ഖ്യാതിയും നിരുപമനീതിയും പ്രീതിയുംസുരസമ
രീതിയും ഗീതിയും സമുചിതജാതിയും സ്ഫീതിയും
പുനരഥ
വീര്യവും ശൗര്യവും ശുഭതരകാര്യവും ധൈര്യവും നാല്ലാരു
കൃത്യവും സത്യവും സഗുണമപത്യവും നിത്യവും സുഖമപി
ശാന്തിയും ക്ഷാന്തിയും ഘനതനുകാന്തിയും ക്ലാന്തിരഹിതം
കൃതി
പുഷ്ടിയും തുഷ്ടിയും പ്രതിദിനമിഷ്ടിയും വൃഷ്ടി—
യും ശിവശിവ!''
ഇത്ഥമങ്ങൊരു വാനവൻ പറയുന്ന വാക്കുകൾ കേൾക്കയാൽ
ചിത്തമോദമിയന്നു സപദി വസിഷ്ഠമാമുനിപുംഗവൻ
തത്ര ചാരുസഭാന്തരേ വിബുധേന്ദ്രനോടരുളീടിനാൻ:
''സത്രഭോജി പറഞ്ഞ വാക്കിതു സത്യമേവ സഖേ ഹരേ

ധാത്രിതന്നിലയോദ്ധ്യയെന്നു പുകഴ്ന്നപുരി മമ ശിഷ്യനാം
ധാത്രിപാലവരൻ ത്രിശങ്കുതനൂജനെത്രയുമുത്തമൻ
കേട്ടുകൊൾക കിനാവിലും പൊളിവാക്കു ചൊല്ലുകയില്ലവൻ
കേവലം പരമാർത്ഥവാദി മഹാരഥൻ മമ മന്നവൻ;
സംഭ്രമത്തിൽ കുരളപറയാം സങ്കടത്തിൽ കുരളപറയാം
സംഗരത്തിൽ കുരളപറയാം സംഗമത്തിൽ കുരളപറയാം
അംഗനമാരൊടും ഭോഷ്കു പറയാമിങ്ങനെ ശാസ്ത്രം
തുംഗനാകും മനുരാജാവുരചെയ്തിട്ടുണ്ടുപോലും;
അങ്ങനേയുള്ള ശാസ്ത്രത്തെ ഹരിശ്ചന്ദ്രനൊരുനാളും
ആദരിക്കില്ലെടോ ശക്രാ! അളീകം[1] ചൊല്കയില്ലെങ്ങും
സത്യമേകം മഹാധർമ്മം സത്യമേകം മഹാകർമ്മം
സത്യമേകം തപോദാനം സത്യമേകം സമാചാരം
സത്യസന്ധൻ ഹരിശ്ചന്ദ്രൻ സങ്കടം വന്നുവെന്നാലും
സത്യഭംഗമൊരുനാളും ചെയ്കയില്ലെന്നറിഞ്ഞാലും;''
ഇപ്രകാരം വസിഷ്ഠന്റെ വാക്കുകേട്ടു മുനി വിശ്വാ—
മിത്രനൊന്നു കയർത്തുകൊണ്ടുത്തരമൊന്നുരചെയ്തു:
''മിത്രവംശേ പിറന്നോരു ഹരിശ്ചന്ദ്രൻ ത്രിശങ്കുതൻ
പുത്രനെന്നുള്ളതുമെല്ലാം വസിഷ്ഠാ! ഞാനറിയുന്നു
ഇത്രതന്നെ സ്തുതിക്കേണ്ട ഭോഷ്കുതന്നെ പറയാത്ത
ക്ഷത്രിയന്മാരാരുമില്ല മന്നിടംതന്നിലിക്കാലം
സത്യസന്ധൻ സത്യസന്ധൻ സത്യസന്ധൻ സത്യസന്ധൻ
ഇത്യഹോ നൂറുവട്ടം താൻ പറഞ്ഞാലും ഫലമില്ലാ
കണ്ടുകൊൾക വസിഷ്ഠാ! ഞാൻ
ഹരിശ്ചന്ദ്രക്ഷോണിപനെ—
ക്കൊണ്ടു ഭോഷ്കു പറയിക്കുന്നുണ്ടു സന്ദേഹമില്ലേതും;
പെണ്ണിനോടു ഭോഷ്കു ചൊല്ലാമെന്നു ശാസ്ത്രംപറഞ്ഞല്ലോ
പെണ്ണിനോടല്ലാണിനോടുമായവൻ ഭോഷ്കു ചൊല്ലീടും;
ഹരിശ്ചന്ദ്രപ്രഭുവെക്കൊണ്ടസത്യം ഞാൻ പറയിക്കാം
ധരിച്ചാലുമതിനുള്ള കൗശലങ്ങൾ നമുക്കുണ്ടു;''
തന്റെ പക്ഷമൂർദ്ധ്വമായാൽപന്തയം താൻചൊല്കവേണം
എന്റെ പക്ഷമൂർദ്ധ്വമായാൽ പണയംപിന്നെ ഞാൻ ചൊല്ലാം
''രണ്ടുപക്ഷം നമുക്കില്ല രാജരാജാക്കളെക്കൊണ്ടു
ചെണ്ടകൊട്ടിപ്പതിനുള്ള ചാതുരിയം നമുക്കുണ്ട്;
പണ്ടുഞാൻ ക്ഷത്രിയനല്ലോ പിന്നെഞാൻ ബ്രാഹ്മണനായി
രണ്ടുമാർഗത്തിലുമുള്ള വിധങ്ങളിലങ്ങുണ്ടുതാനും
വിപ്രനേകനൊരു വേശ്യപ്പെണ്ണിനെ ചെണ്ടകൊട്ടിച്ചു
തൽപ്രകാരം കുറഞ്ഞൊന്നു പറഞ്ഞു ഞാനറിയിക്കാം:
മണിമാണിക്കമെന്നൊരു പെൺകൊടിയെ
കണികാണുന്നവർക്കും വളരെ ശുഭം

---

1. അളീകം = അസത്യം

മണികങ്കണം താലിയും മാലകളും
അണിപ്പൊന്നരഞ്ഞാണങ്ങളാമത്താലി
കടകം മിടിലും കടിസൂത്രങ്ങളും
തുടർമാലയും കാതില മോതിരവും
ഉടലിൽ കുളുർകുങ്കുമം ചന്ദനവും
പടുപുഞ്ചിരിക്കൊഞ്ചലും ഭാവങ്ങളും
കടലിൽ തിരപോലെ കടാക്ഷങ്ങളും
ചടുലായതചില്ലിവിലാസങ്ങളും
കുടിലാളകം നല്ല തലമുടിയും
നിടിലത്തിൽ കുറിയും തിലകങ്ങളും
ചൊടിഭംഗിയും നല്ലൊരു പല്ലുകളും
മുടിക്കൂന്തലും കാന്തിവിശേഷങ്ങളും
തുടിപോലുദരം കുചകുംഭങ്ങളും
തുടരണ്ടുമുരണ്ടു മൃദുത്വമൊടേ
അടിത്താരിണ ശോണനഖപ്രഭയും
മടുത്താർശരൻതന്നുടെ പത്നിതന്റെ
പടുപ്രൗഢശരീരപ്രകാശമെല്ലാം
ഉടനൊക്കെപ്പിടിച്ചുപറിച്ചു തന്റെ
ഉടൽതന്നിലിടം ചേർത്തുവെന്നു തോന്നും;
അതിസുന്ദരിയാം മണി മാണിക്കത്തിൽ
കൊതിപൂണ്ടു വലഞ്ഞു മനുഷ്യരെല്ലാം
രതിവല്ലഭൻതന്നുടെ ബാണഗണം
അതിയായിട്ടകതാരിലേററുടനെ
മതിമാൻമാരുമെത്ര വശംകെടുന്നു
മതിയാകയില്ലാർക്കുമവളെക്കണ്ടാൽ
കണക്കപ്പിള്ളമാരുമമാത്യൻമാരും
പണക്കാരൻമാരാം യജമാനൻമാരും
പണം കോരിക്കൊടുത്താലുമായവളോ—
ടണവാനെളുതല്ലൊരുനാളിൽപോലും;
മണമുള്ളൊരു കൈതക്കുസുമത്തിന്റെ
ഗുണം കണ്ടു സുഖിച്ചു വസിക്കേയുള്ളു
അണയുംനേരം കണ്ടകം കൊണ്ടുകേറി
ക്ഷണമംഗം മുടങ്ങിക്കിടപ്പാറാകും;
ചില നമ്പൂരിമാർ തുളുനമ്പിമാരും
പല പട്ടൻമാരും ശാസ്ത്രിപ്പട്ടൻമാരും
മലയാളികളും പരദേശികളും
ചില നമ്പിടിയമ്പലവാസികളും
പലരും മണിമാണിക്കപ്പെൺകൊടിതൻ

മുലയും മുടി മുഞ്ഞിയും കണ്ടുടനേ
നിലയും ബത വിട്ടു ഭ്രമിച്ചു സദാ
വലയുന്നതിനില്ലൊരൊടുക്കമഹോ

മങ്കണനെന്നു പേരാകും മഹീദേവൻ മഹാകാമി
കൊങ്കണത്തിൽനിന്നു പോന്നു കൊടുങ്ങല്ലൂർക്കാവിൽ വന്നു.
ശങ്കരന്റെ തിരുക്കണ്ണിൽ പിറന്ന ഭദ്രകാളിശ്രീ—
ശങ്കരിയെ സേവചെയ്തു മൂന്നു സംവത്സരം വിപ്രൻ;
മന്ത്രസേവ നമസ്കാരം ധ്യാനവും മൗനവും നാനാ
തന്ത്രകർമ്മങ്ങളെക്കൊണ്ടു ദേവിയെത്തൻ വശത്താക്കി;
അന്തണന്റെ മഠംതന്നിലെഴുന്നള്ളി ഭദ്രകാളി
അന്തികേ ചെന്നുടൻ ദേവി മണിചെപ്പുമങ്ങു നല്കി;
'വേണ്ടുവോളം സുവർണ്ണങ്ങളിവറ്റിൽനിന്നുളവാകും
വേണ്ടുമർത്ഥം ചെലവിട്ടു സുഖിച്ചാലും മഹീദേവ!'
ഇപ്രകാരമരുൾചെയ്തു ചെപ്പു നല്കി ഭദ്രകാളി
തത്പ്രദേശം തന്നിൽനിന്നു മറഞ്ഞു മന്ദിരം പുക്കു;
വിപ്രനേറ്റം പ്രസാദിച്ചു വിത്തലാഭം നമുക്കിപ്പോ—
ളിപ്രകാരം ശ്രീകുരുംബാദേവിതന്റെ പ്രസാദത്താൽ
'നല്ല പെണ്ണുങ്ങളീ നാട്ടിലേതു കോട്ടിലുള്ളുവെന്നു
ചൊല്ലെടോ ചങ്കരച്ചാരെ! താനറിഞ്ഞോ തിരഞ്ഞാലും'
'ഉണ്ടു നമ്പൂരിയച്ചാ നല്ലുത്തമ സ്ത്രീ മഹാരത്നം
കണ്ടുകൊൾവാനെളുതല്ലാ കാരിയക്കാരുടെമൂലം
മണിമാണിക്കമെന്നല്ലോ പേരവൾക്കു ധരിച്ചാലും
ഗണികമാരവളെപ്പോൽ മറ്റൊരുത്തിയില്ലപോലും
പണമുണ്ടെങ്കിലിക്കാലം പെണ്ണിനെസ്സമ്മതിപ്പിക്കാം
മണമുണ്ടെങ്കിലേ പുഷ്പേ ഷൾപദങ്ങൾ രമിച്ചീടൂ'
'എങ്കിലാരും ഗ്രഹിക്കാതെ രാത്രിയിൽ ചെന്നു മാണിക്ക—
പ്പെൺകൊടിയെക്കൊണ്ടുവാ നീ ചങ്കരാ! ശങ്കകൂടാതെ
അങ്കണേ കാത്തു നില്ക്കുന്ന കിങ്കരന്മാർക്കു നീയോരോ
കങ്കണത്തെക്കൊടുത്തങ്ങു വീടുതന്നിലകം പുക്കു
മങ്കണബ്രാഹ്മണേന്ദ്രൻ ഞാൻ പത്തുകോടിപ്പണംകൈയിൽ
സംഗ്രഹിച്ചു വസിക്കുന്നു സംഗമേ കൗതുകംമൂലം
ശങ്കവേണ്ടാ വരികെന്നു പറഞ്ഞു വേശ്യയെചെന്നു
ചങ്കരാ! കൊണ്ടുവന്നാലു'മെന്നു വിപ്രൻ മൊഴി കേട്ടു
ചങ്കരച്ചാർ പുറപ്പെട്ടു വേശ്യ തന്റെ വീടു പുക്കു
കിങ്കരന്മാർക്കത്രമാത്രം കൊടുത്തുള്ളിൽ പ്രവേശിച്ചു
മങ്കമാർ മൗലിയെകണ്ടു മങ്കണബ്രാഹ്മണേന്ദ്രന്റെ
സങ്കടങ്ങളറിയിച്ചു സാരമെല്ലാം ഗ്രഹിപ്പിച്ചു
കിങ്കരന്മാരറിയാതെ പെണ്ണിനേയുംകൊണ്ടു വെക്കം
മങ്കണന്റെ മഠംപുക്കു പുരയ്ക്കുള്ളിലാക്കി ഗൂഢം;

മങ്കണദ്വിജനവടെ തടമുല തഴുകി മുഴുകി മഹാരസേ
പങ്കജായുധനാടകാനുഭവം തുടങ്ങി യഥാ സുഖം
കങ്കണാദിവിഭൂഷണം മണിചെപ്പിൽനിന്നു ലഭിച്ചഹോ
സംഖ്യയില്ല സഹസ്രസകോടിയവർക്കു നല്കി മഹീസുരൻ

അതു കേട്ടു ദുരാഗ്രഹം വർദ്ധിക്കയാൽ
മുതുകൂനിക്കിഴവിതൻ മുത്തമ്മയും
ഒരു പല്ലുമവർക്കില്ലാ ഭേ ഭേ ഭേയെ–
ന്നൊരുവാക്കു പറഞ്ഞു മുതുക്കിഴവി:
'മക്കളെ മക്കളേ! നിന്റെ നമ്പൂര്യച്ചൻ
വകയെന്തുകൊണ്ടിപ്പോൾ ചെലവിടുന്നു?
ഒരു മന്ത്രമതോ ഒരു തന്ത്രമതോ
ഒരു യന്ത്രമതോ ഒരസാരമുണ്ട്.
അതു ചോദിച്ചു മേടിച്ചുകൊള്ളണം നീ
അതു കിട്ടിയാലായാളെക്കൈവെടിയാം'
ഇതി മന്തു[1] പറഞ്ഞതു കേട്ടുടനേ
അതികർക്കശയാം മണിമാണിക്യവും
മടികൂടാതെ മങ്കണബ്രാഹ്മണന്റെ
മണിച്ചെപ്പു പതുക്കെക്കരസ്ഥമാക്കി
മുതുമാതാവുതന്റെ കരത്തിൽ നല്കി;
അതു മേടിച്ചു മൂത്ത കിഴവിയപ്പോൾ
പുതുപ്പെട്ടിയിലിട്ടങ്ങു പൂട്ടിവച്ചു
അവൾ മാണിക്യവും പിന്നെ മങ്കണനേ
അവമാനിച്ചു തള്ളിപ്പുറത്തുമാക്കി
കുണ്ഠിതംപൂണ്ടു മഹീസുരനും
ഗതിയില്ലാഞ്ഞിരന്നുനടന്നു കിടന്നു
വിശന്നു തളർന്നു കരഞ്ഞു വിരഞ്ഞു–
മലഞ്ഞുമുലഞ്ഞുമിഴഞ്ഞു കുഴഞ്ഞു
മുഷിഞ്ഞൊരു മുണ്ടുമുടുത്തു കറുത്തു
കറുത്തു വെറുത്തു മെലിഞ്ഞു വലഞ്ഞു, 'കൊ–
ടുങ്ങല്ലൂരമ്മേ! ശരണ'മെന്നിങ്ങനെ
തിങ്ങിന ഭക്ത്യാ വണങ്ങിത്തുടങ്ങി, ഇ–
ണങ്ങിത്തുടങ്ങീ ജപങ്ങൾ തുടങ്ങീ വ്രതങ്ങൾ തുടങ്ങീ

രണ്ടു മന്ത്രം ഗ്രഹിപ്പിച്ചു ഭദ്രകാളി മങ്കണർക്ക്
'രണ്ടിലൊന്നു ജപിച്ചാശു വാരികോരിത്തളിക്കുമ്പോൾ
നല്ല വേശ്യപ്പെണ്ണുതന്നെ കുരങ്ങച്ചിപ്പെൺകിടാവായ്
പല്ലിളിച്ചു മരംചാടിക്കാടുപുക്കു ഗമിച്ചീടും;
അന്യമന്ത്രം ജപിച്ചെന്നാലപ്പൊഴേതാൻ മണിച്ചെപ്പും

---

1. മന്തു=അപരാധം (കഷ്ടമെന്നു കരുതിപ്പോകുന്നത്)

തന്നുടെ കൈക്കൽവന്നീടും' എന്നു ദേവിയരുൾചെയ്തു
മറഞ്ഞു ചണ്ഡികാദേവി മങ്കണന്റെ മനക്കാമ്പിൽ
നിറഞ്ഞു ഹന്ത സന്തോഷം മഠംതന്നിൽ ചെന്നിരുന്നു
കുറഞ്ഞൊരു ദിനമങ്ങു കഴിഞ്ഞപ്പോളൊരു വിപ്രൻ
ഉറഞ്ഞുതുള്ളി മാണിക്കത്തിന്റെ വീട്ടിലങ്ങു ചെന്നു
'കൊടുങ്ങല്ലൂർദേവിതന്റെ മനിഷ്യം ഞാൻ തുള്ളിവന്നു
കൊടുങ്ങല്ലൂർകാവിൽ വന്നു ഭജനം നീ തുടങ്ങേണം
മുടങ്ങാതെ പന്തിരണ്ടുദിവസം നീ ഭജിച്ചെങ്കിൽ
ഉടനേ സന്തതിയുണ്ടാം മണിമാണിക്കമേ! കേൾ നീ'
അതു കേട്ടു പ്രസാദിച്ചു മണിമാണിക്കവും തന്റെ
മുതുമുത്തശ്ശിയുംകൂടെ പുറപ്പെട്ടു തത്ര ചെന്നു
കുളിച്ചു ഭസ്മവുമിട്ടു കാവിൽ വന്നങ്ങകംപുക്കു
തളിച്ചു ശുദ്ധമായുള്ള നടതന്നിൽ ചെന്നുനിന്നു
മങ്കണന്താനതുനേരം ശാന്തിചെയ്യുന്ന വിപ്രന്നു
മന്ത്രമേകമുപദേശിച്ചയച്ചു ഗൂഢമാംവണ്ണം
ധൂർത്തനായുള്ളൊരുയെമ്പ്രാൻ വേശ്യതന്റെ മുടിതന്നിൽ
തീർത്ഥതോയം ജപിച്ചാശു തളിച്ചു പുഷ്പവും നല്കി
കിഴവിതന്നുടെ മുഞ്ഞിതന്നിലും മന്ത്രതീർത്ഥത്തെ
വഴിപോലെ തളിച്ചപ്പോൾ രണ്ടുപേരും കുരങ്ങായി.

കള്ളത്തൊഴിലുള്ള മാണിക്കമെപ്പോൾ
തുള്ളിക്കളിച്ചു മരക്കാവിലേറി
തള്ളക്കുരങ്ങച്ചിതാനും പതുക്കെ
താളം പിഴച്ചങ്ങു തുള്ളിത്തുടങ്ങി,
തെല്ലും മടിക്കാതെ മാണിക്കമെപ്പോൾ
പല്ലുമിളിച്ചു കടാക്ഷം തുടങ്ങീ
ക്ഷോണിദേവാധിപൻ മങ്കണൻതാനും
പാണികൾകൊട്ടിച്ചിരിച്ചുതുടങ്ങീ
മററുള്ള മാലോകരൊക്കെയുംകൂടെ
ചുററും നിറഞ്ഞങ്ങൊരുമിച്ചു നിന്നു
കല്ലും തടിയുമെടുത്തങ്ങെറിഞ്ഞും
പല്ലും ചൊടിയും തകർത്തുതുടങ്ങീ
വല്ലാതെ മൂളിക്കുരങ്ങച്ചി രണ്ടും
നില്ലാതെ ചാടിത്തിരിച്ചങ്ങു മണ്ടി
അപ്പൊഴേ മങ്കണൻ മന്ത്രം ജപിച്ചു
ചെപ്പുമതുനേരം തൻ കൈയ്യിൽ വന്നു
ഇപ്രകാരം പണ്ടു വേശ്യാസ്ത്രീതന്നെ
വിപ്രനൊരുദേഹം ചെണ്ടകൊട്ടിച്ചു.''

വസിഷ്ഠശ്രീമുനിശ്രേഷ്ഠനരുൾചെയ്തു ''ബുധശ്രേണീ
വരിഷ്ഠന്മാർ നലമോടേ നമ്മുടെ വാക്കു കേൾക്കേണം

അതിജ്ഞാനപ്രവൃദ്ധൻമാർ നിങ്ങളെല്ലാവരുമെൻെറ
പ്രതിജ്ഞാമാശു കേൾക്കേണം പ്രകൃഷ്ടപ്രാശ്നികൻമാരേ!
ഹരിശ്ചന്ദ്രനൊരുനാളിൽ കിനാവിലെങ്കിലും കിഞ്ചിൽ
തരിമ്പും ഭോഷ്ക്കുവാക്കൊന്നു പറഞ്ഞെങ്കിലന്നുതന്നേ
ശിഖായജ്ഞോപവീതങ്ങൾ വെടിഞ്ഞു നഗ്നരൂപീ ഞാൻ
ശിരസ്സുംമുണ്ഡനംചെയ്തു വേദമാർഗംവെടിഞ്ഞാശു
തെക്കുനോക്കിക്കപാലത്തിൽ കൾ കുടിക്കുന്നുണ്ടു തെല്ലും—
നീക്കമില്ലെൻ തപസ്സാണ നിശ്ചയിച്ചു കഴിക്കുന്നേൻ.’’
ശിഷ്ടനാകും വസിഷ്ഠൻെറ പ്രതിജ്ഞ കേട്ടു ദിവ്യൻമാർ
‘‘കഷ്ടമയ്യോ! കഠിനമയ്യോ ദുഷ്ടമയ്യോ! ദുരിതമയ്യോ!
നിഷ്ഠുരം നിഷ്ഠുരമെന്തീ വസിഷ്ഠർക്കിങ്ങനെ തോന്നാൻ?
ദുഷ്ടു, ദുഷ്ടു, സുഷ്ഠുവല്ലെ’’ന്നോതിനാർ കേട്ടവരെല്ലാം
തത്ര കാലേ മുനി വിശ്വാമിത്രനേവമരുൾചെയ്തു:
‘‘സത്രഭോക്താക്കളെല്ലാരും കേൾക്കണം നമ്മുടെ വാക്യം;
കൗശികബ്രാഹ്മണേന്ദ്രൻെറ കൗശലം കണ്ടുകൊണ്ടാലും
സംശയമില്ലിവനേക്കൊണ്ടസത്യത്തെക്കഥിപ്പിക്കാം
വാശ്ശതും ഭോഷ്കിവൻചൊല്ലും ഹരിശ്ചന്ദ്രൻ ധരിച്ചാലും
ശാശ്വതബ്രഹ്മചാരി ഞാനീശ്വരൻതാനിതിനിപ്പോൾ
ആയതിന്നു പ്രയത്നം ഞാനായവണ്ണം തുടങ്ങുന്നേൻ
മായകൊണ്ടും മററു കണ്ട ശാഠ്യകർമ്മങ്ങളെക്കൊണ്ടും
ആയതപ്രജ്ഞനെക്കൊണ്ടിന്നസത്യത്തെ കഥിപ്പിപ്പാ—
നായതിഷ്യാമഹേ വീരാ! മഹേന്ദ്രാ! കണ്ടുകൊണ്ടാലും.
ആയതൊന്നും ഫലിച്ചില്ലെന്നാകിലന്നു വസിഷ്ഠൻ താ—
നാചരിപ്പാൻ ചൊന്നമാർഗംതന്നെ ഞാനുമാചരിക്കാം;
പൂണുനൂലും കുടുമ്മയും കളഞ്ഞു ബൗദ്ധനായ്ത്തന്നെ
വാണുകൊള്ളാം മടിക്കാതെ കുടിക്കാം മദ്യവും പിന്നെ,’’
ഇത്തരം കുശികാത്മജൻ മുനിസത്തമൻ പുനരുത്തമൻ
സത്വരം കിമപി പ്രതിജ്ഞ പറഞ്ഞു തത്ര മറഞ്ഞുടൻ*
ഭൂതലേ നിജമാശ്രമംപ്രതി നിർഗ്ഗമിച്ചു നിരാകുലം
ഭൂതഭാവി ഭവൽ പദാർത്ഥവിശേഷവേദിവിശാരദൻ
തത്ക്ഷണഞ്ച വസിഷ്ഠമാമുനിപുംഗവൻ നിജ ശിഷ്യനിൽ
പക്ഷപാതവശേന വേഗമയോദ്ധ്യയാകിന മന്ദിരേ—
തത്ര ചെന്നു ത്രിശങ്കുഭൂപതിപുത്രനോടഥ സാദരം
വൃത്രവൈരിപുരേ ഭവിച്ചൊരു വർത്തമാനമശേഷമേ
നീതിമാനറിയിച്ചു തന്നുടെ ശിഷ്യനോടു മഹാമതി:
‘‘നീയിനി ക്കുശികാത്മജാശ്രമവാടിതന്നിലൊരിക്കലും

---

* ‘സത്വരം പുനരുദ്ധതം നിജ സത്യമേകി മറഞ്ഞുടൻ’—പഴയ വായ്പാഠം.

ചെന്നുവെന്നു വരാതിരിക്കണമധികശഠനവനെപ്പൊഴും
നിന്നെ വഞ്ചനചെയ്വതിന്നു മുതിർന്നഹോ മരുവുന്നുപോൽ
മായമുണ്ടു തപസ്സുമുണ്ട് മനസ്സിലൊരു കനിവില്ലെടോ
ന്യായമെന്നതു നാസ്തി കപടമുപായമെത്രവിധങ്ങളിൽ!
കണ്ടതല്ല വിധങ്ങളങ്ങു കരങ്ങൾകൊണ്ടു തലോടി നിന്നുടെ
കണ്ഠമങ്ങു മുറിക്കുമായതു മാത്രമേയറിയായ്വരൂ;
ചെണ്ടകൊട്ടുമവന്റെ മുമ്പിലണഞ്ഞുവെങ്കിൽ നിനക്കെടോ!
ശണ്ഠയിട്ടു പിരിഞ്ഞു ഞങ്ങളുമണ്ടർകോനുടെ മന്ദിരേ
രണ്ടുനാലുദിനത്തിനുള്ളിലവന്റെ കുസൃതി തുടങ്ങുമെന്നതു
കണ്ടുകൊണ്ടു വസിക്ക നീ കരുതീടവേണമതെപ്പൊഴും
ഇപ്രകാരം വസിഷ്ഠന്റെ ശാസനത്തെബഹുമാനി–
ച്ചപ്രമേയൻ ഹരിശ്ചന്ദ്രൻ ഭൂതലം പാലനംചെയ്തു.
സപ്രതാപൻ പതിനെട്ടു ദ്വീപുകൾക്കൊക്കവേ നാഥൻ
സുപ്രഭാവൻ സുഖിച്ചുകൊണ്ടയോദ്ധ്യാമന്ദിരേ വാണു
സുക്ഷത്രാധിപനാകും ഹരിശ്ചന്ദ്രേന്ദ്രനെക്കാൺമാൻ
നക്ഷത്രാഹ്വയൻ വിശ്വാമിത്രശിഷ്യൻ മഹീദേവൻ
സാകേതം പ്രവേശിച്ചു സരസൻ ബ്രാഹ്മണശ്രേഷ്ഠൻ
ലോകേശോപമൻ മെല്ലെപ്പള്ളിമാടം മുകളേറി
വന്നതു കണ്ടൊരുനേരം ഹരിശ്ചന്ദ്രനെഴുന്നേററു
വന്ദനംചെയ്തു പൂജിച്ചു മണിപീഠേ വസിപ്പിച്ചു
കുശലപ്രശ്നവും ചെയ്തു കുതുകംപൂണ്ടുരചെയ്തു:
‘‘വിശദാത്മൻ നമസ്കാരം വിപ്രദേവാ! നമസ്കാരം
അധികം ശുദ്ധമായിപ്പോളയോദ്ധ്യാമന്ദിരം വിപ്രാ!
അധുനാനിൻപദാംഭോജരേണുസമ്പർക്കണംമൂലം
എന്തൊരു കാരണമിങ്ങോട്ടാഗമിപ്പാനിതുകാലം!
എന്നുടെ ഭാഗ്യമേ വെറും മൂലമെന്നു വന്നുകൂടൂ;
പൂർവപുണ്യങ്ങളേക്കൊണ്ടേ പൂജ്യനെക്കണ്ടുകൊള്ളാവൂ
സർവകാലം ശുഭം മേലിൽ സംഭവിപ്പാനിതുമൂലം
ഗാഥിപുത്രൻ മുനിശ്രേഷ്ഠൻതന്നുടെ ശാസനംകൊണ്ടോ
സാധിതം മേ ഭവൽ പാദാംഭോജസന്ദർശനം ഭദ്രം;’’
ഭൂമിപന്റെ ഗിരം കേട്ടു സാധു നക്ഷത്രനെന്നുള്ള
ഭൂമിദേവനുരചെയ്തുതുടങ്ങി വിസ്തരത്തോടേ:
‘‘കൗശികൻ മാമുനിശ്രേഷ്ഠൻ നിർമ്മലൻ നീതിമാനെന്റെ
ദേശികൻ ദേഹിലോകങ്ങൾക്കൊക്കവേ മിത്രഭൂതൻ താൻ
ഹരിശ്ചന്ദ്രപ്രഭോ! നിന്നോടൊരു കാര്യം വിശേഷിച്ചു
ധരിപ്പിപ്പാനുടൻ കല്പിച്ചയച്ചു ശിഷ്യനാമെന്നെ.
നിന്നുടെ താതനായുള്ള ത്രിശങ്കുമന്നവൻ മുന്നം
ചെന്നു വന്ദിച്ചുരചെയ്തു വസിഷ്ഠമാമുനിയോടേ
ഉടനേ നല്ലൊരു യാഗം ചെയ്വതിന്നാഗ്രഹിക്കുന്നേൻ
ഉടലോടേ മമ സ്വർഗം പ്രവേശിപ്പാനാശയുണ്ടു

യജ്ഞമൊന്നു ചെയ്യിപ്പിച്ചിജ്‌ജനത്തെ ത്രിദിവത്തേ—
ഭജനംചെയ്‌വതിന്നുള്ള വഴി കാട്ടിത്തരേണം മേ
വിഗ്രഹത്തെ ത്യജിക്കാതെ വിബുധൻമാരുടെ ലോകം
സുഗ്രഹമായ്‌വരേണമെന്നാഗ്രഹം മാമുനിശ്രേഷ്‌ഠാ!
ഉഗ്രതേജോനിധേ! നീതാൻ പ്രസാദിച്ചാൽ കാര്യമൊന്നും
ദുർഗ്രഹമല്ലടിയങ്ങൾക്കെന്നതുകൊണ്ടുണർത്തിച്ചേൻ
എന്നതു കേട്ടരുൾചെയ്‌തു വസിഷ്‌ഠമാമുനിശ്രേഷ്‌ഠൻ
നന്നെടോ! നിന്നുടെ മോഹം നമ്മുടെ ശിഷ്യനിക്കാലം
ഭ്രാന്തുതന്നെപിടിപെട്ടോ പാർത്‌ഥിവേന്‌ദ്രാ! നിനക്കിപ്പോൾ?
എന്തൊരുവാഞ്‌ഛിതം പാഴിൽസാദ്‌ധ്യമല്ലാത്ത കാര്യത്തിൽ?
ഇത്രനാളും മഹത്താകും സൂര്യവംശേ പിറന്നോരു
ക്‌ഷത്രിയൻമാരാരുമെന്നോടിങ്ങനേ ചൊന്നവരില്ല
എത്രതന്നെ യജിപ്പിച്ചു നിൻെറ പൂർവൻമാരെ ഞാനും
തത്ര നല്ലശ്വമേധങ്ങൾ വാജപേയം രാജസൂയം
ഹന്ത നിന്നച്‌ഛനും മുത്തച്‌ഛനും നാലാം പിതാവാദി
സ്വാന്തസമ്മോദന സത്രം ചെയ്‌തുടൻ സാധുശുദ്‌ധൻമാർ
അന്ത്യകാലേ ശരീരത്തെ ത്യജിച്ചു സ്വർഗലോകത്തെ
ചന്തമോടേ പ്രവേശിച്ചു സുഖിച്ചല്ലോ വസിക്കുന്നു;
മൂത്രകുംഭം മലസ്‌ഥാനം മാംസപിണ്‌ഡം മനുഷ്യൻെറ
ഗാത്രമത്യന്തദുർഗ്‌ഗന്‌ധശ്ലേഷ്‌മഭൂയം കൃമിക്കിന്നം
ക്‌ഷത്രിയന്നുംബ്രാഹ്‌മണന്നുംവൈശ്യനുംശൂദ്രനും തുല്യം
ചത്തുവീഴും ശവത്തിൻെറ ഗന്‌ധമയ്യോ മഹാ കഷ്‌ടം!
ഇപ്രകാരം ശരീരത്തെക്കൊണ്ടു സ്വർഗം പ്രവേശിപ്പാൻ
ദുഷ്‌പ്രഭോ ദുർമ്മുഖാ മൂഢാ! നിൻ ദുരാശ മഹാദോഷം
ഇപ്പറഞ്ഞ വാക്കു നമ്മോടിനിയും നീ പറഞ്ഞെങ്കിൽ
അപ്പൊഴേ താഡനം കൂട്ടും അല്‌പബുദ്‌ധേ! നടന്നാലും;
ഇത്തരം നിരസിച്ചു ചൊന്ന വസിഷ്‌ഠവാക്കുകൾ കേട്ടുടൻ
ചിത്തരംഗവിഷാദകുണ്‌ഠിത ഭാവനാകിന മന്നവൻ
സത്രപൻ പുനരത്രിശങ്കു വിശങ്കടോല്‌ക്കടവിക്രമൻ
തത്ര നിന്നു തിരിച്ചുപോന്നു പുരത്തിൽനിന്നു പതുക്കവേ
ഛത്രവും പുനരൊന്നെടുത്തു നടന്നു താനൊരുവൻ തദാ
ചിത്രകൂടമഹാചലാടവി പുക്കു തത്ര മഹാരഥൻ
തത്രനിന്നു തപം തുടർന്ന വസിഷ്‌ഠമാമുനി പുത്രരമ്പതു—
മത്രയല്ലൊരു നാല്‌പതും പുനരഞ്ചുമഞ്ചുമതുള്ളിതിൽ
മൂപ്പനായ മഹോദയാഖ്യ മഹാമുനീന്‌ദ്രകുമാരനേ
പ്രാപ്യ വന്‌ദനചെയ്‌തുകൊണ്ടു ത്രിശങ്കുഭൂപതി ചൊല്ലിനാൻ:
‘‘ഗുരുപുത്രാ മഹാത്‌മാവേ! തിരുവുള്ളം തെളിഞ്ഞു ഞാൻ
നിരുപിച്ചോരു കാര്യത്തേ നിരൂഢമാക്കുകവേണം

ഒരു യാഗമടിയത്തെക്കൊണ്ടു ചെയ്യിച്ചരുളേണം
ഒരുനാളും ക്ഷയംകൂടാതിന്ദ്രലോകത്തിലാക്കേണം
ഉടലോടേ മമ സ്വർഗം ഗമിപ്പാനാഗ്രഹം പാരം
ഉടനേ വേണമക്കാര്യം ഗുരുപുത്രാ! നമസ്കാരം!
നൂറ്റുപേർ നിങ്ങളെപ്പോറ്റിവളർത്ത നിങ്ങടേ താതൻ
കൂറ്റുകാരനല്ലിനിക്കെന്നിന്നുമേ നിശ്ചയം വന്നു
കാറ്റുപോലെയടിയത്തെ ശണ്ഠയിട്ടു പറപ്പിച്ചു
തോറ്റുപോന്നേൻ ഗുരുക്കൻമാരോടു മറ്റെന്തു ചെയ്യാവൂ!
മറ്റൊരുത്തനിതുപോലെ മറുത്തു ചൊല്ലിയെന്നാകിൽ
മുറ്റുമദ്ദുഷ്ടനെത്തല്ലിപ്പല്ലെടുപ്പാൻ മടിയില്ലാ
എന്തുചെയ്യാം ഗുരുക്കൻമാരിങ്ങനെ ധിക്കരിച്ചെന്നാൽ
വെന്തുപോകും ഗുരുശാപത്തീയിലെന്നോർത്തു ഞാൻ മാറി;
ബന്ധുവാകും ഭവാനെന്റെ ചിന്തിതത്തെ വരുത്തേണം
ബന്ധുരശ്രീനിധേ! തുഭ്യം നമസ്കാരം നമസ്കാരം!’

ഇത്ഥം മന്നവൻതന്റെ സിദ്ധാന്തം തത്ര കേട്ടു
ക്രുദ്ധിച്ചു ഗുരുപുത്രൻ തമ്പിമാരോടുരചെയ്തു:
‘കേട്ടോ സോദരൻമാരേ! ദുർമ്മോഹം നരേന്ദ്രന്റെ
കൂട്ടാക്കീടരുതാരും കുണ്ഠന്റെ മഹാമോഹം!
ആരിപ്പോളുടലോടേ സ്വർഗത്തെ പ്രവേശിപ്പാൻ!
ആരംഭിച്ചതു പാർത്താലയ്യയ്യോ! മഹാഭോഷൻ
പോടാ ദുർമ്മുഖാ! മൂഢാ! ഭോഷൻമാർകളോടന്യെ
കൂടാ നിന്നുടെ ധാർഷ്ട്യം കുത്സിതപ്രഭോ! നിന്റെ
ചേടൻമാരല്ല ഞങ്ങൾ ചൊല്ലു കേൾപ്പതിന്നിപ്പോൾ
മൂഢൻമാരതുമല്ലാ മൂർഖൻമാരതുമല്ലാ
താതൻതാനരുൾചെയ്ത താത്പര്യം നിരസിപ്പാൻ
താന്തോന്നിക്കുഴിയൻമാരല്ലിന്നൂറുപേർ ഞങ്ങൾ
പറവാൻ യോഗ്യമല്ലാത്ത വചനം താതനെക്കൊണ്ടു
പറയുന്ന ഭവാനിന്നു പറയനായ് ഭവിക്കേണം
പാളത്തൊപ്പിയും പിന്നെക്കഴുത്തിൽത്താടിയും തൂക്കി
കാളത്തോലുപോലുള്ള കറുത്ത വസ്ത്രവും ചുറ്റി
മേളത്തിലൊരുകാലേൽ ചിലമ്പുമിട്ടുകൊണ്ടോരോ
താളത്തിൽ ചോടുവച്ചു ‘തിത്തകത്താ’യെന്നു ചൊല്ലി
കേളിക്കഞ്ഞൊരുമ്പെട്ടു നടക്കുന്ന പറയന്റെ
വേളിപ്പെണ്ണിനുവേണ്ടിത്താളിയും പിഴിഞ്ഞു നീ
കാളിക്കു കണവനായ്ക്കാട്ടിൽ സഞ്ചരിച്ചാലും
മൂളിച്ചാടിയോടുന്ന കുരങ്ങച്ചനെന്നപോലെ;
ചണ്ഡാലാകൃതിപൂണ്ടു ചരിച്ചാലും തിരിച്ചാലും
ചണ്ഡാ! നിൻമുഖം കണ്ടാൽ കുളിച്ചേ ശുദ്ധിയുണ്ടാകൂ’’;

ഇത്ഥം ശപിച്ചു വസിഷ്ഠാത്മജൻമാർ
അത്യന്തകോപേന ഭൂപേന്ദ്രമേനം
ഊർദ്ധ്വം ഗമിപ്പാനുതകുന്ന യാഗം
ഊർദ്ധ്വം നമുക്കെന്നുതന്നല്ല കഷ്ടം!

ചണ്ഡാളനായിച്ചമഞ്ഞീടുമെന്നും
ചണ്ഡദ്വിജൻമാർ ശപിച്ചാരഹോ മാം
അയ്യോ! മഹാപാപമയ്യോ! മഹാതാപ—
മയ്യോ! മഹാകഷ്ടമയ്യോ മഹേശാ!

എന്തിന്നു ജീവിച്ചിരിക്കുന്നു ഞാനും
എന്തൊന്നു ചെയ്താലൊഴിക്കാമനർത്ഥം
ചിന്തിച്ചിവണ്ണം ത്രിശങ്കുക്ഷമാപാല—
നന്തിക്കിരുട്ടത്തു മെല്ലെ തിരിച്ചാൻ

കാട്ടിൽ കടന്നു നടന്നു മരത്തിന്റെ
മൂട്ടിൽ ചരിഞ്ഞു കിടന്നങ്ങുറങ്ങി;
രണ്ടാംദിവസം വെളുക്കുന്ന നേരത്തു
ചണ്ഡാലനായിച്ചമഞ്ഞു നരേന്ദ്രൻ

കീറിപ്പറിച്ചോരു മുണ്ടുമുടുത്തങ്ങു
മാറിത്തിരിച്ചു മഹാരാജരാജൻ.
കാറിന്നു തുല്യം കറുത്തോരു ദേഹം
കാണും നരൻമാരകലെത്തിരിക്കും

കാരുണ്യശാലി കുശികാത്മജൻതാൻ
ഘോരം തപം ചെയ്തിരിക്കുന്നുപോലും
ആരെങ്കിലും ചെന്നു കണ്ടാലവന്റെ
ആതങ്കമെല്ലാമൊഴിക്കുന്നുപോലും
എന്നാലവിടത്തിലെത്തേണമിപ്പോ—
ളെന്നങ്ങുറച്ചു ത്രിശങ്കുക്ഷിതീശൻ
മോദേന ചെന്നക്കുശികാത്മജന്റെ
പാദേ വണങ്ങി സ്തുതിച്ചങ്ങു നിന്നു:
'ആരെടാ! ഹന്ത ചണ്ഡാലനാകുന്ന നീ
പാരാതെ വന്നിങ്ങു തീണ്ടുന്നതെന്തേ?
ദൂരത്തു പോടാ ദുരാചാര മൂഢാ!
ചാരത്തു വന്നാലടിച്ചങ്ങിറക്കും
നാല്പത്തിനാൽ ചോടകലെത്തിരിയേണ്ടു—
മിപ്പാപി ചണ്ഡാലനിങ്ങോട്ടു വന്നെന്റെ—
മുല്പാടു നില്ക്കുന്ന ധിക്കാരമിക്കാല—
മല്പശയാ! ഞാൻ സഹിച്ചീടുമോടാ?'
ഇത്ഥം മുനീന്ദ്രന്റെ വാക്യങ്ങൾ കേട്ടു
ചിത്തം കുലുങ്ങാതെ ചൊന്നാൻ നരേന്ദ്രൻ:

‘‘തീണ്ടുന്ന കൂട്ടത്തിലല്ലുള്ളു ഞാനങ്ങു–
വേണ്ടുന്ന ശിഷ്യൻ ത്രിശങ്കുക്ഷിതീശൻ.’
‘അയ്യോ! ഭവാനെന്തിവണ്ണം ചമഞ്ഞു?’
‘ദുര്യോഗമെന്നേ കഥിപ്പാനുമുള്ളൂ’
‘ചണ്ഡാലനാവാൻ നിനക്കെന്തു ബന്ധം?’
‘ചണ്ഡൻ ഗുരുനാഥനെന്നെശ്ശപിച്ചു,’
‘അയ്യോ! വസിഷ്ഠൻ ശപിച്ചോ ഭവാനെ?’
‘അല്ലല്ല തൽ പുത്രവൃന്ദം ശപിച്ചു.’
‘കുററം ഭവാനെന്തു ചെയ്തു നരേന്ദ്രാ?
‘മുററുമടിയന്റെ ദുർമ്മോഹമേകം.’
‘എന്തോന്നു നീ ചെന്നവരോടുരച്ചു
ബന്ധം കിമർത്ഥം ശപിച്ചീടുവാനും?’

എന്നെക്കൊണ്ടൊരു യാഗം കഴിപ്പിച്ചീടണമെന്നു
ചെന്നു ഞാൻ വസിഷ്ഠനോടിരന്നു മാമുനിശ്രേഷ്ഠാ!
എന്നുടെ ശരീരത്തെ ത്യജിക്കാതെ ദേവലോകേ
ചെന്നു ഞാൻ വസിക്കേണമെന്നു മോഹമുണർത്തിച്ചേൻ;
അന്നേരം ഗുരുനാഥൻ കയർത്തു മൽപുരത്തിങ്കൽ–
നിന്നെന്നെ പുറംതള്ളിയയച്ചുവെന്നതേ വേണ്ടു
പിന്നെ ഞാൻ വസിഷ്ഠന്റെ നന്ദനൻമാർ നൂറുപേരെ–
ച്ചെന്നുകണ്ടിട്ടഭിപ്രായമവരോടുമറിയിച്ചു,
ദുശ്ശാൻമാരവർ നമ്മെ ശപിച്ചു നീചഭാവം മേ
കശ്മലൻമാരാശു നല്കിച്ചതിച്ചാരിങ്ങനേ ബന്ധം;
അങ്ങുന്നു സഹായം ചെയ്തീടവേണം നമുക്കെന്നാ–
ലിങ്ങുള്ളോരഭിലാഷം സിദ്ധമാമെന്നു കല്പിച്ച്
അത്ര വന്നേനഹം വിശ്വാമിത്രയോഗീശ്വരശ്രേഷ്ഠാ!
ഇത്രിലോകേ ഭവാനല്ലാതാശ്രയമില്ലടിയന്ന്;
ഗാത്രമോടേ സുരലോകം ഗമിപ്പാനുള്ള യാഗത്തിൽ
പാത്രമാക്കീട്ടടിയനേ യജിപ്പിക്കേണമേ നാഥാ!’
വിശ്വാമിത്രനുമപ്പോളീവണ്ണമരുൾചെയ്തു:
‘വിശ്വാസം നിനക്കെങ്കലുണ്ടെങ്കിലഹം നിന്റെ
ആശ്വാസം വരുത്തുന്നുണ്ടെന്നുടെ ശരീരത്തോൽ
ഈ ശ്വാസമിരിക്കുമ്പോളെന്തു സാദ്ധ്യമല്ലാത്തു?
വേഗം നീയുടലോടേ സ്വർഗത്തെ പ്രവേശിക്കും
യാഗം ഞാനതിനായിട്ടാരംഭിക്കയും ചെയ്യാം
ഭാഗത്തേ ഭുജിക്കുന്ന ശക്രാദി സുരൻമാരും
ആഗമിപ്പതിനിന്നു ഞാനാഹ്വാനമതും ചെയ്യാം;
എങ്ങൂ നമ്മുടെ നാലു പുത്രൻമാർ സമർത്ഥൻമാർ
ഇങ്ങു വന്നാലുമെന്റെ മക്കളെല്ലാവരുംകൂടി

നാലു ദിക്കിനും ചെന്നു നാനാതാപസൻമാരെ
കാലത്തു ക്ഷണിച്ചിങ്ങു കൊണ്ടുവന്നീടുവിൻ നിങ്ങൾ
അത്രയുമല്ലഗസ്ത്യനും പുലസ്ത്യനും പുലഹനും
മൈത്രേയൻ ഭൃഗു ജാബാലിയും പിന്നെ ഭരദ്വാജൻ
കാശ്യപൻ ക്രതു കണ്വൻ തുംബുരു നാരദൻതാനും
ശാശ്വതബ്രഹ്മവാദി വൈശമ്പായനൻതാനും
വാല്മീകി ശരഭംഗൻ മാതംഗൻ സുതീക്ഷ്ണനും
ധാർമ്മികൻമുനി ശ്രീദുർവാസാവുമിവരെല്ലാം
ത്രിശങ്കുതന്നുടെ യാഗംകഴിപ്പാനാഗമിക്കേണം
വിശങ്കം വിപ്രവര്യൻമാർ വിരവോടൊക്കവേ വേണം
വസിഷ്ഠനേ ക്ഷണിച്ചേക്കാം മക്കളേയും ക്ഷണിച്ചേക്കാം
വരുമെങ്കിൽ വരട്ടേവർ[1] വരില്ലെങ്കിൽ വേണ്ടതാനും'
കൗശികന്റെ നിയോഗത്താൽ നാലുപേരും പുറപ്പെട്ടു
ദേശമെല്ലാം നടന്നാശു ക്ഷണിച്ചു താപസൻമാരെ
ഒക്കവേ ചെന്നു കൂട്ടിച്ചുകൊണ്ടുപോന്നു കുമാരൻമാർ
സത്കരിച്ചു യജനവും തുടങ്ങീ കൗശികാഗാരേ.
'മക്കളേ കിം വസിഷ്ഠനെ ക്ഷണിച്ചോ നിങ്ങളെന്ന'ച്ഛൻ
'അക്കഥ തെല്ലു കേൾപ്പിക്കാ'മെന്നു മക്കളുരചെയ്തു:
'വിസിഷ്ഠർക്കു വരാനൊട്ടും ഭാവമില്ലെന്നത്രതന്നേ
വസിഷ്ഠന്റെ തനൂജൻമാർ കയർത്തു ശണ്ഠയുമിട്ടു
സത്രത്തിന്നെജമാനൻ പറയനല്ലയോ കൊള്ളാം!
ക്ഷത്രബ്രാഹ്മണൻ വിശ്വാമിത്രനല്ലോ യജിപ്പിപ്പാൻ
പശുവേക്കൊന്നുതിന്നുന്ന പറയന്നു നല്ല കാര്യം
പശുമാംസം ഭുജിക്കേണം യജനേ ഭൂസുരൻമാർക്കും
പറയന്റെ യജനത്തിന്നവൻതന്നെ പശുമാംസം
നിറയെഭക്ഷണം ചെയ്യും യാജകൻമാരൂർദ്ധ്വമാകും
വിപ്രധർമ്മം പിടിപാടില്ലൊട്ടുമേ നിങ്ങടെ താത–
ന്നിപ്രകാരം പറയനെ യജിപ്പിപ്പാനവൻ കൊള്ളാം
കാട്ടുകോഴിക്കെന്തു സംക്രാന്തിപ്രകാരം മഹാമൂഢൻ
കാട്ടുമഗ്ഗോഷ്ടികൾ കാൺമാൻ ഞങ്ങളാരും വരുന്നീല
ക്ഷത്രിയത്വമതു പോയി ബ്രാഹ്മണത്വം വന്നതില്ലാ
ചിത്രമയ്യോ! വിധം വിശ്വാമിത്രനാകും മഹാപാപി–
ക്കെത്രകഷ്ടം! ദുഷ്ടദുഷ്ടൻ ദുർമ്മുഖൻ നിന്നുടെ താതൻ
സത്രമെങ്ങു തുടങ്ങിച്ചതെത്രയുമദ്ഭുതംതന്നെ
തത്ര വന്നു പറയനെത്തീണ്ടി നില്പാൻ വസിഷ്ഠന്റെ
പുത്രകൻമാർ വരുമോതാനത്ര ഭോഷൻമാരുമല്ല.'

അതു കേട്ടു കയർത്തോരു വിശ്വാമിത്രൻ
അതികോപം കലർന്നു പകർന്നു ഭാവം

---

[1] വരട്ടേവർ = വരട്ടേ + അവർ.

എങ്കിൽ നോക്കെടാ വസിഷ്ഠം ദുഷ്ടൻമാരേ!
ശങ്കിച്ചീടാതെകണ്ടു ശപിച്ചീടുന്നേൻ
നമ്മെക്കൊണ്ടു ദുഷിക്കുന്ന ദുർജ്ജനങ്ങൾ
ചെമ്മെയൊക്കെ നശിക്കേണമിന്നുതന്നെ
എന്നെക്കൂട്ടാക്കാതുള്ള മഹോദയനും
പിന്നെക്കാട്ടാളൻമാരായിച്ചമഞ്ഞീടേണം
അവർ നൂററുപേരും നല്ല ചണ്ഡാലർ
അവതാളൻമാരൊക്കെപ്പതിച്ചീടേണം'
കുശികാത്മജനിത്ഥം ശപിച്ചുടനേ
കുശ ദർഭ സമിത്തുകൾ വട്ടംകൂട്ടി
ത്രിശങ്കുക്ഷിതിപാലന്റെ യാഗഘോഷം
ഭൃശം തത്ര തുടങ്ങി മുടങ്ങീടാതെ
ഉടലോടെയിവൻ സ്വർഗം പ്രാപിക്കേണം
ഉടനെന്നുമുറച്ചിതു വിശ്വാമിത്രൻ
വഴിപോക്കർക്കു ചോറും കറികൾ നാലും
വഴിപോലെ വച്ചുണ്ടാക്കിപ്പാചകൻമാർ
ഇലവച്ചു വിളമ്പിത്തുടങ്ങീ മുദാ
നലമോടേ ഭുജിച്ചു ഗമിച്ചുകൊൾവിൻ
നല്ല പപ്പടവും നല്ല പക്വങ്ങളും
നല്ല പച്ചടിച്ചാറു പരിപ്പു ഗുളം
നല്ല പഞ്ചാരയും നല്ല പാല്പായസം
നല്ല കിച്ചടി വേപ്പില സംബന്ധിയും
എരിശ്ശേരി പുളിശ്ശേരി ചക്കപ്രഥമ—
നടപ്രഥമൻ പിന്നെപ്പഞ്ചാമൃതം
പരിചോടു കുടിക്കുന്ന ഭൂസുരൻമാർ
പരിതോഷിച്ചു ഘോഷിച്ചു പോകുന്നേരം

പാന്ഥൻമാരൊരുകൂട്ടം പശ്ചാദാഗമിക്കുന്നു
ശാന്തൻമാരവർ ചോദ്യംചെയ്തു മററവരോടേ:
'നിങ്ങളെങ്ങുന്നു ഭക്ഷിച്ചു വരുന്നു ഭൂസുരൻമാരേ?'
'ഞങ്ങൾ വിശ്വാമിത്രസത്രേ സദ്യയുണ്ടു വരുന്നിപ്പോൾ'
'തത്ര ചെന്നു പറയനെത്തൊട്ടുതിന്നോ നിങ്ങളെല്ലാ'
'സത്രമുള്ളേടത്തു ചെന്നു ഭുജിക്കാം ബ്രാഹ്മണൻമാർക്കു'
'കഷ്ടമയ്യോ പറയന്റെ യാഗമെന്നല്ലയോ കേട്ടു'
'കഷ്ടമെന്തു മുനി വിശ്വാമിത്രനല്ലേ യജമാനൻ?'
'അങ്ങനെയല്ലെടോ ചണ്ഡാലന്റെ യാഗമെന്നു കേട്ടു'
എങ്ങനെയെന്നറിഞ്ഞില്ല ഞങ്ങൾ ക്ലേശിച്ചതുമില്ല
അന്തണൻമാരശിക്കുന്ന പന്തലിൽ ചെന്നു ഭക്ഷിച്ചാ—
ലെന്തുദോഷം നമുക്കെന്നുണ്ടന്തണൻമാർ പറയുന്നു?'

'ഇക്കാലം പറയന്റെ യജ്ഞപ്പന്തലിൽച്ചെന്നു
മൂക്കോളം ഭുജിക്കുന്ന ഭൂസുരൻമാർകളെയെല്ലാം
കൈകൊട്ടി പുറന്തള്ളിയയയ്ക്കാഞ്ഞാൽ മഹാകഷ്ടം'
'ഇക്കണ്ട ദുരാചാരം നിന്ദ്യ'മെന്നു ചിലർ ചൊന്നാർ.
മന്ത്രോച്ചാരണംചെയ്തു മഹേന്ദ്രാദി സുരൻമാരെ
മാനിച്ചു സമാഹ്വാനംചെയ്തു ഭക്ത്യാ മുനിശ്രേഷ്ഠൻ.
അരുൾചെയ്തു സുരാധീശൻ അമർത്ത്യാധീശരോടായി:
'വരുവിൻ വാനവൻമാരേ! വചനം മേ ശ്രവിക്കേണം
പറയന്റെ ഹവിർഭാഗം ഭുജിക്കാൻ ചെല്ലരുതാരും
കുറവുണ്ടാം നമുക്കെല്ലാമനാചാരം പ്രവർത്തിച്ചാൽ
ഗുരുവാകും വസിഷ്ഠന്റെ വചനത്തെ നിരസിക്കും
നരപാലാധമൻതന്റെ യജ്ഞമെത്രയും കഷ്ടം!
യജ്ഞത്തിൽ യജമാനൻ പറയനല്ലയോ തത്ര
സുജനങ്ങൾ പോകയില്ലാ പോയിയെങ്കിൽ കുളിക്കേണം
ഇന്ദ്രനിത്ഥം പറഞ്ഞാശു സുരൻമാരെ വിരോധിച്ചു
എന്നതങ്ങു മുനിശ്രേഷ്ഠൻ ഗ്രഹിച്ചു കോപവും പൂണ്ടു
സ്രുവം[1] കൈയ്യിലെടുത്തുംകൊണ്ടരുൾചെയ്തു നൃപനോടേ:
'ധ്രുവം സ്വർഗം ഗമിച്ചാലുമുടലോടെ ത്രിശങ്കോ! നീ
പറയന്റെ വേഷമോടേ മഹേന്ദ്രന്റെ പുരംപുക്കു
കുറയാതെ തത്രവാണു സുഖിച്ചാലും മഹാവീരാ!'

ഇത്ഥം മുനീന്ദ്രനരുൾചെയ്തനേരം
ചിത്തം കുളിർത്തോരു ഭൂപാലവീരൻ
മേല്പോട്ടുയർന്നു ഗമിച്ചുതുടങ്ങി
മേഘമാർഗ്ഗത്തെക്കടന്നു നടന്നു
സ്വർഗപ്രദേശമടുത്തോരു നേരം
ദുർഗ്ഗർവമോടേ തടുത്തു മഹേന്ദ്രൻ:
'പോടാ മഹാമൂഢ ചണ്ഡാലഖേടാ!
കൂടാ ശഠാ! നിന്റെ കുപ്രാഭവങ്ങൾ
നമ്മുടെ രാജ്യത്തിൽ വന്നു കരേറാൻ
ദുർമ്മതേ ഭോഷാ! നിനക്കെന്തു ബന്ധം
താഴത്തു പോടാ മഹാ ദുർമ്മതേ! നിന്റെ
പോഴത്തമൊന്നുമിവിടത്തിലാകാ
കാലുമേലാക്കിത്തല കീഴുമാക്കി
കാലം കളയാതെ താഴത്തു പോടാ!
ചൊല്ലുന്ന കേളായ്കിലിപ്പോൾ തടികൊണ്ടു
തല്ലും തുടങ്ങും മടിക്കില്ല ഞങ്ങൾ
പല്ലും പൊഴിഞ്ഞീടുമെല്ലും തകർന്നീടു–
മല്ലോ നിനക്കിന്നു വല്ലാത്ത കാലം

[1] സ്രുവം=ഹോമത്തിനുപയോഗിക്കുന്ന തവി.

വല്ലന്തി വന്നു ഭവിക്കാതെ പൊയ്ക്കൊൾക–
നല്ലൂ നിനക്കിന്നു നാണംകെടാതെ;
കൗശികൻ[1] കല്പിച്ച കല്പനയൊന്നുമി–
ക്കൗശികൻ[2] നാട്ടിൽ ഫലം ചെയ്കയില്ല
ഇദ്ദിക്കിലേക്കേഷ കൗശികൻ ഞാനെന്നു
വിദ്വാനറിഞ്ഞില്ല നീ നല്ല ഭോഷൻ:
താൻതാനിരിക്കേണ്ട മര്യാദ ലംഘിച്ചു
താന്തോന്നിയായിപ്പുറപ്പെട്ട നീയിന്നു
താന്തന്നെ നാണിച്ചു താണങ്ങു കേണങ്ങു
താഴത്തു വീഴുന്ന കാണുന്നനേരത്തു
മററുള്ള മാലോകരൊക്കെ സ്വരൂപിച്ചു
ചുററും നിറഞ്ഞങ്ങു നിന്നു കരങ്ങളും
കൊട്ടിച്ചിരിക്കുന്ന കാൺമാനഹോ നല്ല
യഷ്ടിക്കു വിഡ്ഢിത്തമിത്ഥം ഭവിച്ചു.’

ഇപ്രകാരം മഹേന്ദ്രന്റെ കല്പന കേട്ടൊരുനേരം
ക്ഷിപ്രമങ്ങു തല കീഴായ്പ്പതിച്ചുപാർത്ഥിവശ്രേഷ്ഠൻ
താണു താണു കീഴ്പോട്ടു വരുന്നേരം കൗശികന്നു–
കാണുമാറാ, യതിരേകംകയർത്തുകൊണ്ടരുൾചെയ്തു:
‘നില്ലു നില്ലങ്ങു നീ ശിഷ്യ! നിന്നെ നിന്ദിച്ചയച്ചോന്റെ
നല്ല രാജ്യം നശിപ്പിക്കുന്നുണ്ടു ഞാൻ കണ്ടുകൊണ്ടാലും
ഇന്ദ്രനെ ഞാൻ പിഴുക്കുന്നുണ്ടിന്നുതന്നെ, ഗഗനത്തിൽ–
ചന്ദ്രസൂര്യാദിയെ വേറേ ചമയ്ക്കുന്നുണ്ടു ഞാനിപ്പോൾ
ഇന്ദ്രനേയും സൃഷ്ടിക്കുന്നുണ്ടഷ്ടദിക്പാലരേയും ഞാൻ
ഇന്ദ്രജാലപ്രയോഗംപോലൊക്കെയൊന്നു മറിക്കുന്നേൻ
സ്വർഗമെന്നും ഭൂമിയെന്നും രണ്ടുമല്ലാതെ ഞാൻ മദ്ധ്യേ–
സ്വർഗതുല്യമൊരു സ്ഥാനം നിനക്കും സംഭവിപ്പിക്കാം
തത്ര മദ്ധ്യേ കുറഞ്ഞൊന്നു നില്ക്ക നീ പാർത്ഥിവാ!
വിശ്വാ–
മിത്രസൃഷ്ടിപ്രകാരത്തെക്കണ്ടുകൊൾകെ’ന്നരുൾചെയ്തു
കൗശികശ്രീമുനിശ്രേഷ്ഠൻ കൗശലക്കാരരിൽ മുമ്പൻ
സംശയമെന്നിയേ സൃഷ്ടിതുടങ്ങി ഭംഗിയോടേവം
സപ്തർഷികളെ മുൻസൃഷ്ടിച്ചു കൗശികൻ പിന്നെ
സപ്തതികോടി നക്ഷത്രക്കൂട്ടവും വേറെയുണ്ടാക്കി
സർഗ്ഗലീലാപരൻ പിന്നെ ത്രിശങ്കുക്ഷോണിപാലന്നു
സ്വർഗമൊന്നങ്ങുളവാക്കിക്കൊടുത്തു തത്ര വാഴിച്ചു;
വർഗമോടേ വാനവൻമാരിന്ദ്രനും ചന്ദ്രനും പേടി–
ച്ചൊക്കവേ വന്നു വിശ്വാമിത്രന്റെ പാദേ പാണി കൂപ്പി

1. കൗശികൻ=വിശ്വാമിത്രൻ. 2. കൗശികൻ=ദേവേന്ദ്രൻ.

താണുവീണു പ്രണമിച്ചു സ്തുതിച്ചപ്പോൾ കോപമൊന്നു
താണു താനേ പ്രസാദിച്ചു താപസേന്ദ്രൻ ഗാഥിപുത്രൻ:
'ജംഭശാസന! കേൾക്കെടോ മതി സംഭ്രമം തവ മാനസേ
ഡംഭമാശു വെടിഞ്ഞു തന്നുടെ ദിക്കിലങ്ങു വസിക്ക നീ
സാമ്പ്രതം മമ സൃഷ്ടമാകിന താരകാദി സമസ്തവും
കുംഭജൻ മുനി മേവുമദ്ദിശി സാധു തിഷ്ഠതു സർവദാ'
ഇത്ഥമുള്ള മുനീന്ദ്രവാക്കുകൾ കേട്ടു തുഷ്ടതരാശയൻ
വൃത്രവൈരി വരംകൊടുത്തു ത്രിശങ്കുവിന്നതികൗതുകാൽ
'ഭൂതലത്രിദിവാന്തരേ തവ വാസമുള്ള മഹാമതേ!
ഭൂതികൊണ്ടു സമൃദ്ധമാം ത്രിദിവംനിനക്കിദമുത്തമം.'
ഏവമങ്ങുരചെയ്തു കൗശികനെ സ്തുതിച്ചു നമിച്ചുടൻ
ദേവനാഥനുമമരവൃന്ദവുമമരപുരമഗമൻ മുദാ.

രണ്ടാം കളം

മാതംഗാനനാ നാഥ! മദനരിപുസുത! മഹിതസുചരിത!
ആതുംഗാകൃതേ! വന്ദേ അടിയനൊരു വരമരുൾ കവിരവൊട്
ആതങ്കങ്ങളെപ്പേരും അകലുവതിനൊരുഗതിയുമുതകുക
ജാതകല്മഷം നീക്കിജ്ജനനമൃതിഭയമഖിലമപനയ
വന്ദേ ഭാരതീദേവീ! വണങ്ങുമടിയനു ഗുണങ്ങൾവരുത്തുക
സന്ദേഹമരുതേതും സമസ്തമപരാധം സഹിക്ക ഭഗവതി!
മന്ദോഹം മമ ദേഹമമത്വമിഹ മാറാൻ മമ ത്വമേവ ഗതി
കുന്ദേന്ദു പ്രഭേ ദേവി! കുലത്തെ നികത്തുക മലത്തെയകററുക
ആനന്ദാംബുധേ! മാത്തൂരമർന്ന ഭഗവതീ! അമന്ദതരമവ
ഊനമെന്നിയേ സാക്ഷാൽ ഉദിച്ച രവിപോലെ ജ്വലിച്ചു വിളങ്ങുന്ന
ഭദ്രേ! നിൻ പദാംഭോജേ ഭജിച്ചീടുന്ന നമ്മെ ത്യജിച്ചീടൊല്ലാ ദേവീ!
ഭദ്രം! ദേഹി മേ നാഥേ! ഭദ്രാംഗി ജയ ജയ! രുദ്രാണീപുത്രി ജയ
ഹരിശ്ചന്ദ്രപ്രഭാവങ്ങൾക്കൊരിക്കലും കുറവില്ലാ
ധരിച്ചാലും ബുധൻമാരേ! ധരിത്രീദ്വീപുകൾക്കെല്ലാം
പരം പ്രീതി വരുത്തുന്ന പരിപ്രൗഢപ്രകാശൻെറ
ചരിത്രം കേട്ടുകൊണ്ടാലും വിചിത്രമിന്നിയും ശേഷം
വിശ്വാമിത്രശിഷ്യൻ നക്ഷത്രവിപ്രനുരചെയ്തു:
''വിശ്വാമിത്രസംഹാരി കൗശികൻ മേ ഗുരുനാഥൻ
ധർമ്മങ്ങൾ പിഴയാതെ ധരിത്രീപാലനം ചെയ്തു
ശർമ്മങ്ങൾ വരുത്തുന്ന ഭവാനോടൊന്നരുൾചെയ്തു
'നിന്നുടെ ജനകനെ യജിപ്പിച്ചങ്ങുടലോടേ
തന്നേ ഞാൻ ത്രിദിവത്തിൽ വസിപ്പിച്ചു വഴിപോലെ

ഇപ്പോഴുമിരിക്കുന്നു ദിവ്യലോകേ തവ താതൻ
എപ്പോഴുമവനേ നീ നിരൂപിച്ചു വണങ്ങേണം;
യാഗത്തെക്കഴിപ്പിച്ച നമുക്കു ദക്ഷിണചെയ്‌വാൻ
യോഗംവന്നതുമില്ല തവ താതനതുകാലം;
താതൻെറ കടംവീട്ടാൻ തനയനല്ലയോ വേണ്ടൂ?
ജാതൻ നീ ഹരിശ്ചന്ദ്രാ! പിതാവേ ശുദ്ധമാക്കേണം;
കടം വർദ്ധിച്ചിരിക്കുമ്പോൾ മരിക്കും മാനുഷൻമാർക്കു
തടവുണ്ടായ്‌വരും സ്വർഗേ വസിപ്പാനെന്നറിഞ്ഞാലും
ഉടനേ നന്ദനൻമാരക്കടം വീട്ടീലയെന്നാകിൽ
ഉടലിൽ വ്യാധിയുംപററി പാപകൂപേ പതിച്ചീടും
അച്ഛൻെറ കടംവീട്ടാനാശയത്തിൽ ഭവാനിപ്പോൾ
ഇച്ഛയുണ്ടെങ്കിലാശു നമുക്കു ദക്ഷിണചെയ്ക.'
ഇത്രമാത്രമരുൾചെയ്തു ഗുരുനാഥൻ മുനിശ്രേഷ്ഠൻ
യാത്രയാക്കി നമ്മെയിപ്പോളർത്ഥമങ്ങു കൊണ്ടുചെല്ലാൻ
ക്ഷത്രിയേന്ദ്രാ! ഹരിശ്ചന്ദ്രാ! കിം തവ ഭാവ''മിത്ഥം താൻ—
ക്ഷത്രവിപ്രനുരചെയ്തു, ഹരിശ്ചന്ദ്രൻതാനുമൂചേ:
''ദ്രവ്യസംഖ്യ പറഞ്ഞെങ്കിലപ്പൊഴേ ദക്ഷിണചെയ്യാം
ദുർവ്യയമില്ലിതു വിപ്രാ! നമുക്കാവശ്യകമല്ലോ
പത്തുലക്ഷം കോടിലക്ഷം വിത്തമെന്നാലതും നല്കാം
എത്രയെന്നാകിലും വിശ്വാമിത്രനു ദക്ഷിണചെയ്യാം;''
എന്നതു കേട്ടു നക്ഷത്രബ്രാഹ്മണനുമുരചെയ്തു:
''നന്നിതു നിന്നുടെ ഭാവം നൻമ മേലിൽ വരും നൂനം;
ദ്രവ്യസംഖ്യ നമുക്കില്ലാ ഞാനൊരിക്കൽ തത്ര ചെന്നു
ദിവ്യയോഗീന്ദ്രനെക്കണ്ടു വണങ്ങി ദ്രവ്യസംഖ്യയും
പത്രികയിലെഴുതിച്ചുകൊണ്ടു വെക്കം വരുന്നുണ്ടെ—
ന്നി''ത്ഥമുക്ത്വാ യാത്രചൊല്ലിഗ്ഗമിച്ചാനാശു നക്ഷത്രൻ.

കുശികസുതനുടെ മുമ്പിലമ്പൊടു ചെന്നു വന്ദന ചെയ്തുടൻ
കുശലമുടയൊരുനൃപതിവരനുടെ വചനമഖിലവുമോതിനാൻ
കുശികസുതനുടനവനിപതിയുടെ നാടു പാടെ നശിപ്പതി—
ന്നശിവമനവധി കലകൾ പുലി കടുവാ സമൂഹവുമഞ്ജസാ
മായകൊണ്ടു ചമയച്ചയച്ചിതു മനുജവരസുരസന്നിധൗ
മാനുഷർക്കുവലഞ്ഞു പലപല കലശലവിടെ ജനിക്കയാൽ
കാട്ടുദന്തികൾ കരടി ഹരി ശരഭങ്ങളും മഹിഷങ്ങളും
കൂട്ടമോടിഹ നാട്ടിൽ വന്നു തകർത്തുകൊണ്ടു നടക്കയും
വാട്ടമററു കിളിച്ച വിളവു ചവുട്ടിയൊക്കെ മുടിക്കയും
നാട്ടിലുള്ള ജനങ്ങളെബ്ബത ഝടിതി ചെന്നു കടിക്കയും
വ്യാഘ്രവും സിംഹവും വന്നു ഗോക്കളെക്കൊന്നു തിന്നുന്നു

ശീഘ്രമെൻ തമ്പുരാനേ! നായാട്ടു കല്പിച്ചരുളേണം
കാട്ടിലുള്ള മൃഗക്കൂട്ടംകാരണമിപ്രജകൾക്കു
വീട്ടിലും പാർത്തുകൂടാതായ് നാട്ടിലും പാർത്തുകൂടാതായ്
വീടുപുക്കു കിടക്കുന്ന മുതുക്കൻമാർ ശിശുക്കൾക്കും
ഓടുവാനുമെളുതല്ലാ ചാടുവാനുമെളുതല്ലാ
പോത്തു വെട്ടാനടുക്കുമ്പോളന്തണൻമാരെന്തുചെയ്‌വൂ
ഓത്തുകളാലൊഴിഞ്ഞങ്ങു മാറുമോ കാട്ടുജന്തുക്കൾ?
മൂത്തമൂളിക്കുരങ്ങച്ചൻമാർക്കുമിപ്പോൾ ബലംവച്ചു
കൂർത്ത ദന്തങ്ങളും വാലും താടിയും മീശയും കണ്ടാൽ
കൊച്ചു വാല്യക്കാരുമിപ്പോളച്ചിമാരും ത്രസിക്കുന്നു
ഒച്ച കേട്ടാലുടൻ ഗർഭം സ്രവിക്കുന്നു നാരിമാർക്കും;

കാട്ടാനക്കൊമ്പൻമാർ നാട്ടിൽക്കരേറി
കോട്ടപ്പടികളിടിച്ചും പൊടിച്ചും
ക്ഷേത്രത്തിനുള്ളിൽ കടന്നും നടന്നും
പാത്രം ചവുട്ടിത്തകർത്തും തിമിർത്തും
നമ്പൂരിമാരെപ്പിടിച്ചും കടിച്ചും
തുമ്പിക്കരംകൊണ്ടടിച്ചുമിടിച്ചും
മുമ്പിൽ വരുന്നോരെക്കുത്തി മുറിച്ചും
കൊമ്പിൻമേൽ കോർത്തും കളിച്ചും പുളച്ചും
തെങ്ങും കമുകും പറിച്ചും മറിച്ചും
അങ്ങാടി പാടേയിളക്കിച്ചമച്ചും
മങ്ങാതെ പാരം മദിച്ചും നദിച്ചും
പന്നിത്തടിയൻമാർ പാഞ്ഞങ്ങടുത്തും
ഒന്നിച്ചുകൂടിച്ചരിച്ചും തിരിച്ചും
തന്തക്കരടികൾ തള്ളിത്തകർത്തും
ദന്തങ്ങൾകൊണ്ടു തറച്ചും മുറിച്ചും
എന്തിന്നനേകം പറയുന്നഹോ! കാട്ടു–
ജന്തുക്കളെക്കൊണ്ടു പാരം വലഞ്ഞു;''
ഇത്ഥം പ്രജകടെ സന്താപമെല്ലാം
അത്യന്തമാർക്കും പൊറുക്കാവതല്ല
എന്നുള്ളതൊക്കെദ്ധരിച്ചു ഹരിശ്ചന്ദ്ര–
നന്നന്നു വന്നോരനർത്ഥങ്ങൾ നീക്കാൻ
നായാട്ടു വേണം നമുക്കെന്നുറച്ചു
നായൻമാരെ സ്വരൂപിച്ചുതുടങ്ങി.

''ധരിച്ചോ നിങ്ങളെല്ലാരും ധർമ്മരാജാവിനോടൊക്കും
ഹരിശ്ചന്ദ്രത്തമ്പുരാന്റെ നാട്ടിലേ നായകൻമാരേ!
മരിച്ച മന്നവൻമാരെ മനതാരിൽ വഴിപോലെ
സ്മരിച്ചാശു വണങ്ങിക്കൊണ്ടയോദ്ധ്യാമന്ദിരേനിന്നു
നാൾകൊണ്ടു പുറപ്പെട്ടു നായാട്ടിന്നൊരുമ്പെട്ടു
നായൻമാർ സ്വരൂപിപ്പാനായ്ക്കൊണ്ടു മഹാരാജൻ

നാൽക്കെട്ടിലെഴുന്നള്ളിപ്പാർക്കുന്നു പുലർകാലേ
ആർക്കും തെല്ലുണർച്ചയില്ലയോ! യെന്തൊരു കഷ്ടം!''
''തോക്കുള്ള ജനംതന്നെ ചുരുക്കം നമ്മുടെ നാട്ടിൽ
പാർക്കുന്ന ഭടൻമാരിൽ പത്തിലൊന്നില്ല വീരൻമാർ
ഓർക്കുമ്പോൾ മഹാകഷ്ടം! പരിപന്ഥിജനം വന്നു
നേർക്കുമ്പോളിവരെല്ലാമെന്തു കാട്ടേണ്ടതന്നേരം
തോല്ക്കും നമ്മളെന്നുള്ള ഭാവവും തരിമ്പില്ലാ
വാക്കുകൊണ്ടു ഘോഷിപ്പാൻ നാക്കിന്നും നാണമില്ലാ
ചാക്കുണ്ടായ്‌വരും യുദ്ധമേല്ക്കുമ്പോളതുകൊണ്ടു
മേല്ക്കും ഹാനിയുണ്ടെന്ന് ആർക്കുമേ നിനവില്ലാ
വില്ലൻമാരിടയ്ക്കിടേയില്ലെന്നാൽ മൃഗങ്ങളേ–
ക്കൊല്ലുവാൻ പണിയെന്നു ചൊല്ലുന്നു ചിലരിപ്പോൾ
നല്ല കുന്തമുണ്ടെങ്കിൽ തെല്ലും കോട്ടമുണ്ടാക–
യില്ലെന്നുമൊരുപക്ഷം മല്ലൻമാർ പറയുന്നു''
''കണ്ടച്ചാരുടെ കൈയ്യിലുണ്ടിപ്പോൾ ഒരു വില്ലും
രണ്ടമ്പുമതുമാത്രംകൊണ്ടങ്ങേൻ പുറപ്പെട്ടു
ചെണ്ടക്കാരനു കാട്ടിൽ ചെല്ലുമ്പോൾ തലക്കുത്തും
ഉണ്ടെന്നു നടിച്ചിങ്ങു മണ്ടിപ്പോരികേയുള്ളു''
''കാളന്നായിനെക്കൊണ്ടു കാട്ടിന്നു പുറപ്പെട്ടു
കേളന്നായരെന്നിപ്പോൾ കേട്ടതും ചിതമല്ലാ;
അപ്പട്ടിക്കൊരു തെല്ലും കെല്പില്ലങ്ങുരുളച്ചോർ
ചപ്പിത്തിന്നുവാനല്ലാതിപ്പോളൊന്നിനും പോരാ''
''പന്നിക്കുട്ടനെച്ചാടിച്ചെന്നങ്ങു കടികൂട്ടാ–
നെന്നും കൂസലില്ലെന്റെ പട്ടിക്കായനവിപ്പോൾ
കാലൊന്നു മുടങ്ങിപ്പോയല്ലെങ്കിൽ മൃഗങ്ങളെ
കാലനൂർക്കയപ്പാനും കാണി സംശയമില്ലാ''
''പുള്ളിച്ചേവകനെന്നുണ്ടൊരു പട്ടി മമ വീട്ടിൽ
തുള്ളിക്കഞ്ഞി കാണാതെ കൺമിഴിക്കില്ലവൻ വമ്പൻ
ഉള്ളിൽ ഭക്ഷണംചെന്നാലുടനേ തെല്ലുറങ്ങേണം
കള്ളപ്പാഴനെക്കൊണ്ടു കാര്യം മറെറാന്നുമില്ല''
''വെള്ളൂപ്പട്ടിയെപ്പിന്നെക്കൊള്ളിക്കാമൊരുദിക്കിൽ
കൊള്ളികൊണ്ടടി മെയ്യിൽ കൊള്ളുമ്പോളെഴുന്നേല്ക്കും
തുള്ളിച്ചെന്നവൻ കാട്ടിൽ ഉള്ളിൽ കേറുമെന്നല്ലാ
വള്ളിക്കെട്ടുകൾതോറും തുള്ളിച്ചാടിയോടുന്ന
മുള്ളൻപന്നികളുടെ പള്ളയ്ക്കു കടികൂട്ടും''
''വീട്ടിലാരാൻ വരുന്നോരെക്കടിക്കും നമ്മുടെ തൊമ്മൻ
കാട്ടിലേക്കു വിളിക്കുമ്പോൾ കാതു കേളാ കഴുതയ്ക്ക്
ചേട്ടനും മക്കളും കഞ്ഞികുടിക്കാനങ്ങിരിക്കുമ്പോൾ

ചേട്ടവാലും ചുഴററിക്കൊണ്ടരികെച്ചെന്നു നിന്നീടും
ചേട്ടനോരോ കബളത്തെക്കൊടുക്കുമായതു തിന്ന–
ഞ്ഞോട്ടു പോയാലന്നു പിന്നെക്കള്ളനെക്കാൺകയുമില്ല''
''ചാരച്ചാരുടെ നായും ചങ്കരച്ചാരുടെ നായും
നേരിട്ടങ്ങവർതമ്മിൽ കടിച്ചു ചത്തുപോൽ രണ്ടും''
''നായർക്കു ബലം നല്ല നായുണ്ടെങ്കിലേയുള്ളു
നായരെന്ന പേരിന്നും നായുതന്നേയൊരു മൂലം
നായാട്ടിന്നൊരു കാട്ടിൽ കടക്കുമ്പോളുടൻ പിമ്പേ
നായല്ലാതൊരു ബന്ധു നമുക്കില്ലെന്നറിഞ്ഞാലും;''

ഇങ്ങനെ തമ്മിൽ പറഞ്ഞും ചിരിച്ചും
തങ്ങടെ തങ്ങടെ കൂട്ടം ഭരിച്ചും
വില്ലും കണയും കരത്തിലെടുത്തും
കല്ലും മരവും ചവുട്ടിത്തകർത്തും
വാളുമെടുത്തു പിടിച്ചു കളിച്ചും
ചീളെന്നു തങ്ങളിൽ മാടിവിളിച്ചും
കള്ളും കറുപ്പും പുകയില കഞ്ചാവെ–
ന്നുള്ള പദാർത്ഥങ്ങളൊക്കെയെടുത്തും
തള്ളിയലച്ചു പതിനായിരത്തെട്ടു
പുള്ളിപ്പടജ്ജനമോരോ കരപ്പുറ–
ത്തുള്ളതശേഷമൊരുമ്പെട്ടയോദ്ധ്യ ത–
ന്നുള്ളിൽ സ്വരൂപിച്ചു വന്നു നിറഞ്ഞു.
വീരൻമാരായിരം സർവാധികാരിയ–
ക്കാരൻമാരായിരം മേനോക്കിയച്ചൻമാർ
നൂറുനൂറായിരം നായൻമാർക്കൊക്കവേ
വേറുവേറായിട്ടെജമാനൻമാരും
പല്ലൊക്കെ വെററില തിന്നു ചുവപ്പിച്ചു
പല്ലക്കുമേറിക്കുടയും പിടിപ്പിച്ചു
പിള്ളരെക്കൊണ്ടു പടിക്കം പിടിപ്പിച്ചു
വെള്ളിയടപ്പവും തോളിലെടുപ്പിച്ചു
പെട്ടകം പെട്ടിയും കെട്ടിച്ചുമപ്പിച്ചു
ഒട്ടകത്തെക്കൊണ്ടു ഭാണ്ഡമെടുപ്പിച്ചു
കട്ടിലും മെത്തയും കട്ടിയാവും നല്ല
പട്ടുതലേണയും പായും ചകലാസു–
മിത്തരം പ്രാഭവത്തോടേ സചിവൻമാർ
പത്തുസഹസ്രമവിടത്തിലെത്തി;
കാരിയക്കാരങ്ങു ചെന്നു മുഖം കാട്ടി–
ക്കാരിയമെല്ലാമറിയിച്ച നേരം
വീര്യവാനാകും ഹരിശ്ചന്ദ്രഭൂപാല–
നാരംഭസാരമരുൾചെയ്തു മെല്ലവേ:

''കാട്ടുപന്നികളാന കല പുലി കരടി ഹരി ശരഭങ്ങളും
നാട്ടിൽവന്നു കരേറി നമ്മുടെ നാടു പാടേ മുടിക്കയാൽ
കോട്ടമനവധി വന്നുവെന്നു ധരിച്ച മന്ത്രിജനത്തിനിന്നൊരു
കൂട്ടമില്ലൊരുകൂട്ടമിങ്ങനെ മന്ത്രിയെന്നൊരു പേരുമിട്ടിഹ
നാട്ടിലുള്ള ജനത്തിനോടു പണം പിടിച്ചുപറിച്ചു തങ്ങടെ—
വീട്ടിലാക്കി വിഭുത്വമൻപൊടു കാട്ടിയാൽ മതിയാവതോ?
വേട്ടയാടുവതിന്നു പരിഷകൾകൂട്ടിവിരവൊടു കാട്ടിലെത്തുക
വേണമെന്നൊരുഭാവമില്ലെജമാനരിൽ പുനരൊരുവനും.

നമുക്കു പലപല പശുക്കളും
നശിച്ചു ശിവശിവ ശിശുക്കളും
അവനിസുരരുടെ പടുക്കളും
അധികഗുണമുള്ള വടുക്കളും
സുജനങ്ങടെ നല്ല മഠങ്ങളും
സുജലനദികടെ തടങ്ങളും
തനിച്ച നരവരപുരങ്ങളും
തണുത്ത തണലുള്ള മരങ്ങളും
കളരികളും നല്ല കളങ്ങളും
വളരെജ്ജലമുള്ള കുളങ്ങളും
പനസതരുക്കടെ ഫലങ്ങളും
കനകതരുവരദലങ്ങളും
നശിക്കുന്നതു നിങ്ങളറിഞ്ഞിട്ടും
നഗരജനം വന്നു പറഞ്ഞിട്ടും
നമുക്കുള്ളനുഭവം കുറഞ്ഞിട്ടും
നശിപ്പിക്കുന്ന കൂട്ടം നിറഞ്ഞിട്ടും

എന്തിപ്പോളനങ്ങാതെ വസിക്കുന്നു ഭവാൻമാരും
ചിന്തിച്ചാൽ മഹാകഷ്ടം! മഹാമന്ത്രീശ്വരൻമാരേ!
നായാട്ടിന്നൊരുമ്പെട്ടു നടന്നാലും മടിക്കാതെ
നായൻമാരെയുമൊക്കെ സ്വരൂപിച്ചു ഗമിച്ചാലും
ചേരുന്ന കുതിരകൾ കൂട്ടിബന്ധിച്ചു വൈകാതെ
തേരുംകൊണ്ടു വന്നാലും നമുക്കു കേറുവാനിപ്പോൾ
രണ്ടുമാസമക്കാട്ടിൽ വാസമുണ്ടാമതിനിപ്പോൾ
വേണ്ടുന്ന പദാർത്ഥങ്ങൾ തേരിലേററിക്കൊൾകവേണം
രണ്ടു ദാസിമാരേയും ഭാര്യയേയും പുത്രനേയും ഞാൻ
കൊണ്ടുപോകയെന്നുള്ളിലുറച്ചല്ലോ പുറപ്പെട്ടു
സത്യകീർത്തേ! സഖേ! വീരാ! സചിവപുംഗവ! നീയും
നിത്യമെന്നെപ്പിരിയാതെ സഞ്ചരിച്ചീടുക വേണം;''
ഇപ്രകാരം ഹരിശ്ചന്ദ്രനരുൾചെയ്തു രഥമേറി
ക്ഷിപ്രമങ്ങു പുറപ്പെട്ടു ഭാര്യയും പുത്രനും പിന്നെ

സത്യകീർത്തി സചിവനും തമ്പുരാന്റെ തേരിലേറി
സത്വരം സാരഥി തേരുംനടത്തി കാനനം നോക്കി;
ആലവട്ടങ്ങളും മുത്തുക്കുടയും ചാമരങ്ങളും
നാലുമെട്ടും ഭടന്മാർ വന്നെടുത്തുംകൊണ്ടഗ്രഭാഗേ
കാളവും താളവും പാണ്ടിമേളവും ചെണ്ടയും തപ്പും
നീളമുള്ള തിമിലയും തകിലും മദ്ദളക്കൂട്ടം
കുഴലും കൊമ്പുമിത്യാദി വാദ്യഘോഷങ്ങളെക്കൊണ്ടു
മുഴങ്ങീ മൂന്നുലകെല്ലാം മൂന്നുകോടിപ്പടയോടേ
ഹരിശ്ചന്ദ്രൻ മൃഗയാർത്ഥമെഴുന്നള്ളി വനംതന്നിൽ
ഹരിദശ്വോപമൻ തത്ര തുടങ്ങീ വിക്രമാടോപം;
ഝടിതി പൊടുപൊടെവെടികളും ചടുലമിളകിനപൊടികളും
ചാട്ടവും വാട്ടവും നഹി പുനരോട്ടവും കൂട്ടവും ബഹു ബഹു
കലകളൊരുവക കരികളും കലഹമുടയൊരു കിരികളും
വ്യാഘ്രവും വ്യാളവും ദിശിദിശി ശീഘ്രമങ്ങാഗമിക്കുന്നിതു
വികടഭടജനനടനവും വിവിധ വിഹരണഘടനവും
വിക്രമം പ്രക്രമം പലവിധവിഭ്രമം ക്ഷിപ്രമങ്ങൊരു ദിശി;
എടുത്തു മന്നവൻ ചാപം കടുത്തു കോപവും ബാണം
തൊടുത്തു കാനനേ പാഞ്ഞങ്ങടുത്തു ദന്തിയൂഥങ്ങൾ
കയർത്തു കാടുകളൊക്കെത്തകർത്തു വന്നുടൻ പാരം
തിമിർത്തു തൻമദമപ്പോളമർത്തു ഭൂമിപാലേന്ദ്രൻ
ശരംകൊണ്ടു പ്രയോഗിച്ചും ശരംകൊണ്ടു പ്രഹരിച്ചും
മരംകൊണ്ടുള്ളടികൊണ്ടും തരംകെട്ടു ഗജക്കൂട്ടം;

സിംഹങ്ങൾ നേരിട്ടടുക്കുന്നനേരം
സംഹാരരുദ്രനെപ്പോലേ നരേന്ദ്രൻ
ചണ്ഡങ്ങളാം ശരഷണ്ഡങ്ങൾകൊണ്ടങ്ങു
ഖണ്ഡിച്ചു ഖണ്ഡിച്ചു കൊന്നു മുറിച്ചു
ശല്യങ്ങളെക്കൊണ്ടു ശല്യസമൂഹം
ഭല്ലങ്ങളാലച്ഛഭല്ലപ്രകാണ്ഡം
ഖഡ്ഗങ്ങളെക്കൊണ്ടു ഖൾഗമൃഗൗഘം
മുദ്ഗരത്തെക്കൊണ്ടു ദന്തികദംബം
കൃന്തനം ചെയ്തുതുടങ്ങീ ഭടന്മാർ
അന്തരമെന്യേ മൃഗയാപ്രകാരങ്ങ—
ളാഘോഷമോടേ തുടർന്നോരുനേരം,

വിശ്വാമിത്രനുമങ്ങു വിചാരിച്ചു ഹരിശ്ചന്ദ്രൻ
വിശ്വാധീശനായല്ലോ വിഹരിക്കുന്നിതു കാട്ടിൽ
വില്ലൂസും ചകലാസും വീരവാളിപ്പട്ടുചേലാ
നല്ലോരച്ചടിപ്പച്ചപ്പട്ടുകൾ പച്ചപാലാവും
എല്ലാമീവിധംകൊണ്ടു പാളയം കെട്ടിയുണ്ടാക്കി

കല്യാണാകൃതി കാട്ടിൽ വസിക്കുന്നുവെന്നു കേട്ടു
ഇന്ദ്രതുല്യൻഹരിശ്ചന്ദ്രൻ ചന്ദ്രതുല്യൻരോഹിതാശ്വൻ
ചന്ദ്രമത്യാഖ്യയാം ഭാര്യ ചന്ദ്രബിംബാനനാ സാദ്ധ്വീ
സത്യകീർത്തി സചിവേന്ദ്രനിങ്ങനെ നാലുപേർ നല്ല
സത്യസന്ധസ്വഭാവൻമാർ സുഖിച്ചു തത്ര മേവുന്നു;
അവനെക്കൊണ്ടസത്യത്തെക്കഥിപ്പിപ്പാൻ പണി പാരം
അവനീശനവനേതും പിഴയും ചെയ്തവനല്ലാ
അബദ്ധംഞാനഹോ കഷ്ടം! പ്രതിജ്ഞചെയ്തുപോയല്ലോ
സുബദ്ധമാക്കുവാനെന്തു വേണ്ടതെന്നുമറിഞ്ഞില്ല
വാശ്ശതെന്നാകിലും മായാപ്രയോഗത്തെ പ്രയോഗിച്ചാ–
ലീശ്വരനങ്ങൊരു മാർഗ്ഗം വരുത്തുമെന്നതേ വേണ്ടൂ.
ഇപ്രകാരമുറച്ചു ചേതസി ഗാഥിജൻ മുനിപുംഗവൻ
ദുഷ്പ്രമേയവിധം തുടങ്ങി നരേന്ദ്രനെച്ചതികൂട്ടുവാൻ
ചിത്രമാകിന കനകമൃഗമഥ മായകൊണ്ടു ചമച്ചുടൻ
യാത്രയാക്കി വനാന്തരേ മരുവുന്ന നൃപനുടെ സന്നിധൗ
അനഘമണിഗണകിരണപരിണത കനകമൃഗമഥ മെല്ലവേ
മനുജവരനുടെ നികടഭുവി ബഹുവിഹൃതി വികൃതി
തുടങ്ങിനാൻ
ജനകസുതയൊടു സഹിതരഘുവരസവിധഭുവി ബത താടകാ–
തനയനുടെ ബഹു കപടവിധമതുപോലെ തത്ര വിളങ്ങിനാൻ*

വെള്ളിക്കുളമ്പുകൾ നാലുമെടുത്തങ്ങു
തുള്ളിക്കളിച്ചു പുളച്ചും പലപല
വള്ളിക്കുടിലുതന്നുള്ളിലൊളിക്കുന്ന
പുള്ളിമൃഗത്തിന്റെ തുള്ളലും തള്ളലും
കണ്ടു ഹരിശ്ചന്ദ്രമന്നവനസ്ത്രങ്ങൾ–
കൊണ്ടു പ്രയോഗിച്ചതൊന്നും മൃഗത്തിനു
കൊണ്ടതുമില്ലവൻ മണ്ടിത്തിരിച്ചു
കണ്ടകക്കാടുകൾ തെണ്ടിച്ചരിച്ചു;
പിൻപേ രഥത്തെ നടത്തീ ഹരിശ്ചന്ദ്ര–
നൻപോടു വെക്കം നടന്നുതുടങ്ങി
ചാരത്തു ചാരത്തു കാണാമൊരുനേരം
ചാരുത്വമുള്ളോരു മായാമൃഗത്തിന്റെ
സാരത്വമെത്ര വിചിത്രം വിചിത്രം!

മണ്ടി മണ്ടി നടന്നു മൃഗമഥ കൗശികാശ്രമസന്നിധൗ
കൊണ്ടുചെന്നു നരേന്ദ്രവൃന്ദമശേഷമതി കപടാകൃതി
കണ്ടതില്ലൊരു ദിക്കിലും പുനരിണ്ടൽപൂണ്ടു നരാധിപൻ
കണ്ടിവാർകുഴലാളൊടിങ്ങനെ മന്ദമൊന്നരുളീടിനാൻ:
‘‘എത്ര വിസ്മയമെത്ര പാവനമെത്രതന്നെ മനോഹരം

---

* ‘തനയനുടെ ബഹുകപടവിധസമചാപലങ്ങൾ തുടങ്ങിനാൻ’—വായ്പാഠാന്തരം.

പത്രപുഷ്പഫലാദി സംഭൃതമത്ര നല്ല തപോവനം
മുല്ല മല്ലിക ചെമ്പരത്തിയുമത്തിയിത്തിവടങ്ങളും
നല്ലകുറുമൊഴി കുരവകം ബഹു ചെങ്കുറിഞ്ഞി കുറിഞ്ഞിയും
ജാതി കേതക ചൂത ചമ്പക കുന്ദ തിന്ദുകവൃന്ദവും
പ്രീതികാരണ ഗുണമിയന്ന മരങ്ങളെത്രതരങ്ങളിൽ
സാല താല തമാലവും കൃതമാലജാല രസാലവും
മൂലഫലദലമലർകുലങ്ങളുമമലകമലജലങ്ങളും
നാലുഭാഗമിരുട്ടടച്ച തരുക്കളുണ്ടു രുരുക്കളുണ്ടു
പശുക്കളുണ്ടു ശിശുക്കളുണ്ടു വിശുദ്ധിയുണ്ടു
സമൃദ്ധിയുണ്ടു
കുളങ്ങളുണ്ടു കളങ്ങളുണ്ടു തളങ്ങളുണ്ടു തലങ്ങളുണ്ടു
ഗുണങ്ങളുള്ള തൃണങ്ങളുണ്ടു മണങ്ങളുള്ള മരങ്ങളുണ്ടു
വനങ്ങളുണ്ടു ജനങ്ങളുണ്ടു ധനങ്ങളുണ്ടു ഘനങ്ങളുണ്ടു
നഗരങ്ങളുണ്ടു മൃഗങ്ങളുണ്ടു മഖങ്ങളുണ്ടു സുഖങ്ങളുണ്ടു
മഠങ്ങളുണ്ടു ഘടങ്ങളുണ്ടു വടങ്ങളുണ്ടു തടങ്ങളുണ്ടു
കടങ്ങളുണ്ടു കുടങ്ങളുണ്ടു പടങ്ങളുണ്ടു പദാർത്ഥമനവധി
സുജനമുണ്ടിഹ കുജനമില്ലിഹ സുകൃതമുണ്ടിഹ
വികൃതമില്ലിഹ
സുമുഖരുണ്ടിഹ വിമുഖരില്ലിഹ സുമതിയുണ്ടിഹ
വിമതിയില്ലിഹ
സദനമുണ്ടിഹ മദനനില്ലിഹ സുദിനമുണ്ടിഹ കുദിനമില്ലിഹ
യാഗമുണ്ടിഹ രാഗമില്ലിഹ യോഗമുണ്ടിഹ രോഗമില്ലിഹ
പാകമുണ്ടിഹ പാപമില്ലിഹ ശാകമുണ്ടിഹ ശോകമില്ലിഹ
വേദമുണ്ടു വിവാദമില്ലിഹ മോദമുണ്ടൊരു ഖേദമില്ലിഹ
ഇഷ്ടിയുണ്ടൊരു നഷ്ടിയില്ലിഹ പുഷ്ടിയുണ്ടതി–
വൃഷ്ടിയില്ലിഹ
തുഷ്ടിയുണ്ടൊരു യഷ്ടിയില്ലിഹ മൃഷ്ടിയുണ്ടൊരു
കഷ്ടിയില്ലിഹ
കീരിയും പാമ്പുമൊന്നിച്ചു ക്രീഡനംചെയ്തു മേവുന്നു
ആനയും സിംഹവുംകൂടിക്കാനനാന്തേ കളിക്കുന്നു
കാക്കയും മൂങ്ങയും ചേർന്നു ഗോക്കളും വ്യാഘ്രവുംചേർന്നു
ആഖുവും പൂച്ചയും ചേർന്നു ആകവേകൂടി മേവുന്നു
ഏതോരു മുനീന്ദ്രന്റെ ആശ്രമമെന്നറിഞ്ഞോ നീ
ചേതോമോഹനേ ബാലേ! മമ ജായേ! മഹാഭാഗേ!’’
പറഞ്ഞു ചന്ദ്രമതി ‘‘മമ ഹൃദി കുറഞ്ഞോരല്ലലിഹസമജനി
അറിഞ്ഞോ വീരവര! തവ മതി മറിഞ്ഞോ മാനധന നരവര!’’
അത്രമാത്രം പറഞ്ഞങ്ങു വസിക്കുമ്പോളൊരു ദേഹം
തത്ര വന്നുക്തവാൻ വിശ്വാമിത്രസിദ്ധാശ്രമമെന്ന്;
അതു കേട്ടു ഹരിശ്ചന്ദ്രനതിരേകം വിഷാദിച്ച–
ങ്ങുരചെയ്തു സുതനോടും മന്ത്രിയോടും ഭാര്യയോടും:

‘‘ചതിപെട്ടു നമുക്കയ്യോ! ഗുരുവാക്യം നിരസിച്ചു
മതിഭ്രാന്ത്യാ വയം വിശ്വാമിത്രസിദ്ധാശ്രമേ വന്നു
‘കൗശികന്റെ സമീപത്തു പോകൊലാ നീ ഹരിശ്ചന്ദ്രാ’
ദേശികനിങ്ങനെ നമ്മോടരുൾചെയ്തു മുനിശ്രേഷ്ഠൻ
സംശയം വിട്ടഹോ നമ്മളിവിടത്തിൽ വന്നുചാടി
വംശനാശം വരുമല്ലോ ഗുരുവാക്യം നിരസിച്ചാൽ;
‘സ്വർണ്ണവർണ്ണം വിളങ്ങുന്ന മാനിനെക്കണ്ടു മോഹിച്ചാ–
നർണ്ണവംപോലെ ഗംഭീരൻ ഹരിശ്ചന്ദ്രൻതാനുമപ്പോൾ
നിർണ്ണയം തന്നുടെ രാജ്യം നശിപ്പിപ്പാൻ പിറന്നോരു
ദുർന്നയക്കാരനീയാളെന്നിപ്രകാരം മഹീലോകേ
സജ്ജനങ്ങൾ ദുഷിച്ചീടുമിജ്ജനത്തെക്കൊണ്ടിദാനീം
ദുർജ്ജനങ്ങൾക്കൊക്കെ നല്ലോരുത്സവമെന്നതേ വേണ്ടു;
ലജ്ജകൊണ്ടു തലപൊക്കി നടപ്പാനെത്രയും ദുഃഖം
ഇജ്ജനങ്ങൾക്കഹോ കഷ്ടം! കഷ്ടമെന്നേ പറയാവൂ
ഗുരുർബ്രഹ്മാ ഗുരുർവിഷ്ണുർഗ്ഗുരുർദ്ദേവോ
മഹാദേവോ
ഗുരുതന്നെ ജഗത്തെല്ലാം ഗുരുവിന്നു നമസ്കാരം!
ഗുരുക്കൻമാരിരിക്കുന്ന ദിക്കുനോക്കി വണങ്ങേണം
ഗുരുക്കൻമാർക്കൊരിക്കലുമപ്രിയത്തെ വരുത്തൊല്ലാ
ഗുരുശാപമിടിത്തീപോലൊക്കവേ ഭസ്മമാക്കീടും
തരുവല്ലിക്കൂട്ടമെല്ലാം കാട്ടുതീയെന്നതുപോലെ;
വരുവാനുള്ളതു വാശ്ശേടത്തു പോയങ്ങിരുന്നാലും
വരുമത്രേയിനി ക്ലേശിച്ചിട്ടുമെന്തു കാര്യമിപ്പോൾ
തേരിലേറിത്തെരിക്കെന്നു നടക്കകൊരണമിങ്ങു
പാരമാലസ്യവുമുണ്ടു നിദ്രയും വന്നു ബാധിച്ചു
ചാരുശീലേ പ്രിയേ! നിന്റെ മടിയിൽ മസ്തകം വച്ചു
തേരുതന്നിൽ ശയിച്ചുംകൊണ്ടുറങ്ങുന്നേനല്പകാലം’’
വീരനിത്ഥമരുൾചെയ്തു ഹരിശ്ചന്ദ്രൻ പ്രിയാങ്കത്തിൽ
സ്വൈരമായിത്തലവച്ചു ശയിച്ചു നിദ്രയുംപൂണ്ടു.

ഉത്സാഹശാലീ മഹാദേവിതന്റെ
ഉത്സംഗഭാഗേ ഉറങ്ങുന്നനേരം
ദുസ്വപ്നമീക്ഷിച്ചു പേടിച്ചുണർന്നു
ദുഃഖിച്ചു ഖേദിച്ചു രോദിച്ചിരുന്നു
‘‘എന്തെന്റെ കാന്തന്റെ സന്താപമയ്യോ!
എന്തോന്നു ചിന്തിച്ചു കേഴുന്നു നാഥാ!
എന്നുള്ള ഭാര്യാഗിരം കേട്ടു ധീമാൻ
ഏവം ബഭാഷേ ഹരിശ്ചന്ദ്രഭൂപൻ:
‘‘വല്ലാത്ത ദുഃസ്വപ്നമാലോകനംചെയ്തു
വല്ലാതെ കേഴുന്നു ഞാനെന്റെ ബാലേ!
ഗാഥിക്കു സംഭൂതനാകും മുനീന്ദ്രൻ

ബാധിക്കുമാറിങ്ങെഴുന്നള്ളി വേഗാൽ
‘ബോധിക്ക നീ നിന്റെ താതന്റെ യാഗം
സാധിച്ചതീക്കൗശികന്റെ പ്രയത്നം
ലക്ഷാധികം കോടി രത്നം സുവർണ്ണം
സക്ഷോണിപാലൻ തരേണം നമുക്ക്
തൽ പുത്രനാകും ഭവാൻ ദക്ഷിണചെയ്തു
സത്പാത്രതുഷ്ടി വരുത്തീടവേണം
എന്നങ്ങു യാചിച്ച താപസശ്രേഷ്ഠന്നു
പൊന്നും പണങ്ങളും ദക്ഷിണചെയ്തേൻ
പിന്നെ ക്രമത്താലയോദ്ധ്യാപുരേനിന്നു
നമ്മെപ്പിഴുക്കിപ്പുറത്തങ്ങിറക്കി
നാടും നഗരവും വീടും കുടികളും
കാടും മലകളും തോടും പുഴകളും
പാടേ പിടിച്ചങ്ങടക്കി സ്വബന്ധുക്ക-
ളോടേ സുഖിച്ചത്ര വാണു മുനീന്ദ്രൻ;
അത്രയുമല്ലെന്നയോദ്ധ്യാപുരം സർവ-
മത്രാന്തരേ വെന്തു ഭസ്മീഭവിച്ചു
കണ്ടുകണ്ടങ്ങിരിക്കുന്ന നേരം പരം
കണ്ടീലയെന്നായി വന്നൂ തദാനീം;
ക്രോഷ്ടാക്കൾ വല്ലാത്ത ശബ്ദം തുടങ്ങി
മോഷ്ടാക്കളോരോന്നു കട്ടും തുടങ്ങി
കൊള്ളിമീൻ ചാടുക ഭൂകമ്പവും ചോര-
ത്തുള്ളി വർഷിക്കയും കണ്ടു കിനാവിൽ
എന്തെന്നറിഞ്ഞീല ദുഷ്കാലമിക്കാല-
മെന്തെങ്കിലും വന്നു സംഭൂതമിപ്പോൾ.’’

ഏവം ദുർവിധം കേട്ട ദേവി കുണ്ഠിതംപൂണ്ടു
ഭാവക്ഷീണതയോടേ ഭാമിനിയുമുരചെയ്തു:
‘‘ഈവണ്ണം കിനാവിങ്കൽ കണ്ടെങ്കിൽ മഹാകഷ്ടം!
ദൈവമെന്തൊരു വസ്തു ഭാവിച്ചെന്നറിഞ്ഞീല
ആപത്തിന്നൊരു മാർഗം ജാതമെന്നു തോന്നുന്നു
താപത്തിന്നിതുമൂലംതന്നെ സംഗതമായി
കോപത്തിന്നനുകൂലം കൗശികമുനീന്ദ്രന്റെ
ശാപത്തിന്നവകാശം വന്നീടുവതിനുള്ള
ലാഞ്ഛനമിദമെന്നു തോന്നുന്നു നമുക്കെല്ലാം;
കാഞ്ചനം കൊടുക്കാഞ്ഞാൽ കയർക്കും കൗശികൻ ക്രൂരൻ
വാശ്ശതെന്നാകിലും സത്കർമ്മങ്ങളാശു തുടങ്ങേണം
ഈശ്വരന്മാർ പ്രസാദിപ്പാനതുകൊണ്ടേ മതിയാവൂ
ശാശ്വതബ്രഹ്മദേവന്മാരന്തണന്മാരവരെക്കൊ-
ണ്ടീശ്വരസേവനം ചെയ്യിപ്പിക്കവേണം മഹാത്മാവേ!

വേദിയൻമാർകളെക്കൊണ്ടു വേദമന്ത്രം ജപിപ്പിക്ക
വേദിമദ്ധ്യേ തീയെരിച്ചു ഹോമകർമ്മങ്ങൾ ചെയ്യിക്ക
രാമനാരായണാനന്തശ്രീമഹാപദ്മനാഭേതി
നാമസംകീർത്തനംചെയ്ക നാമതല്ലാതെന്തുചെയ്വൂ;
ഭൂമിദേവാധിപൻമാർക്കു ഭൂമിദാനം പശുദ്ദാനം
ഭൂരിരത്നസ്വർണ്ണദാനം ഛത്രദാനം വസ്ത്രദാനം
വിപ്രദേവപ്രസാദത്തെസ്സാദരം സംഭവിപ്പിച്ചാൽ
ക്ഷിപ്രമാപത്തുകൾ നീങ്ങിസുപ്രമോദം ഭവിച്ചീടും;
വിക്രമാംഭോനിധേ! നിന്റെ പിറന്ന വാസരംതന്നിൽ
വക്രനംഗാരകൻ ജാതനായതും കഷ്ടമിക്കാലം
ദുഷ്കൃതമൊക്കവേ നീങ്ങാനന്തണൻമാർകളെച്ചെമ്മേ
സത്കരിച്ചു ഭുജിപ്പിച്ചു ദക്ഷിണചെയ്തുകൊള്ളേണം;
വിപ്രജാതിക്കാശയേറും ഭക്ഷണത്തിന്നതുകൊണ്ടേ
തത്പ്രസാദം വരുത്താവൂ തമ്പുരാൻമാരറിയേണം
ഊട്ടു നീളെത്തുടങ്ങേണം ഊണികൾക്കു വഴിപോലെ
കൂട്ടുവാനും കറി നാലും വച്ചു നിത്യം വിളമ്പേണം
പച്ചടിയും പരിപ്പുംചാറീവിധത്തിൽ ചിലർക്കിപ്പോ—
ളിച്ഛയെങ്കിലതും വച്ചുകൊടുക്കേണം മടിക്കാതെ
മടപ്പള്ളിക്കാരുമാരും ദുർമ്മുഖം കാട്ടരുതാർക്കും—
കൊടുപ്പാൻ സംശയം വേണ്ടാ കോരിവാരി വിളമ്പേണം
മടപ്പള്ളിക്കകംപൂവാനർഹതയില്ലാത്ത കൂട്ടം
മിടുക്കും ഭാവിച്ചു വന്നു കടപ്പാനായ്ത്തുടങ്ങുമ്പോൾ
കടകൊള്ളികൊണ്ടെറിഞ്ഞു പുറത്താക്കേണമപ്പൊഴേ
നടക്ക താനെന്നുചൊല്ലിപ്പിടരിക്കു പിടിക്കേണം
കടക്കണ്ണും ചുവത്തിക്കൊണ്ടടുത്തെങ്കിൽ പുലിക്കൂട്ടിൽ
പിടിച്ചങ്ങു കിടത്തേണം കശ്മലൻമാർകളെയെല്ലാം
പരിപ്പുകാരനിക്കാര്യം കലമ്പാതെ നടത്തേണം
ചെരിപ്പുകൊണ്ടടിക്കേണം ചൊല്ലുകേളാത്തവർകളെ
അരിക്കാതെ അരിവച്ചാൽ കൽകടിക്കുമതെല്ലാരും
ധരിച്ചല്ലോ ഇരിക്കുന്നു അതും സൂക്ഷിച്ചുകൊള്ളേണം
എരിശ്ശേരിക്കു വാഴയ്ക്ക ചെരിച്ചങ്ങു നുറുക്കേണം
വരിച്ചാർത്തിങ്ങനെയുണ്ടെന്നൊരുപക്ഷമൊരു ദിക്കിൽ
ചെരിച്ചല്ല നുറുക്കേണ്ടു നേരെയെന്നുണ്ടൊരുപക്ഷം
തിരിച്ചൊന്നും കഥിക്കേണ്ട രണ്ടു മാർഗ്ഗങ്ങളും കൊള്ളാം
ചിരിച്ചുംകൊണ്ടു വയ്പൻമാരങ്ങുമിങ്ങും നോക്കിനിന്നു
എരിശ്ശേരിക്കഷണങ്ങൾ കരിച്ചെങ്കിലവർക്കപ്പോൾ
അരച്ചക്രംപോലുമാർക്കും കൊടുക്കേണ്ടായെന്നുവയ്ക്കാ—
മെരിശ്ശേരി വഷളായാലൂണികൾ ദൂഷണംചൊല്ലും

ഇപ്രകാരം വഴിപോക്കർക്കന്നദാനം തുടങ്ങേണം
വിപ്രദേവൻ പ്രസാദിച്ചാൽ വിശ്വനാഥൻ പ്രസാദിക്കും.
അഞ്ചുനാളിലകം സദ്യ തുടങ്ങാൻ നീട്ടെഴുതിക്കൊ–
ണ്ടഞ്ചലിലങ്ങയയ്ക്കേണമയോദ്ധ്യാമന്ദിരംതന്നിൽ
തത്ര മേവുന്ന സർവാധികാരിയക്കാരവിടത്തിൽ
സത്രഘോഷം തുടങ്ങിപ്പാനാശു കല്പിച്ചയയ്ക്കേണം.
അത്ര കണ്ടോരു ദുഃസ്വപ്നത്തിന്റെ ദോഷം ശമിപ്പിപ്പാ–
നത്രനന്നല്ല മറ്റൊന്നുമെന്നി''വണ്ണമുരചെയ്യും
ഭാര്യതന്റെ മൊഴി കേട്ടു പ്രസാദിച്ചു ഹരിശ്ചന്ദ്രൻ
ധൈര്യശാലിയെഴുന്നേറ്റങ്ങിരുന്നു സംഭൃതാനന്ദം.

ഹരിശ്ചന്ദ്രചരിതം പറയൻതുള്ളൽ
സമാപ്തം

□

പദസൂചി

അകല്മഷൻ—പാപമില്ലാത്തവൻ 1254
അക്ഷതം—അന്യൂനം 70, 654
അക്ഷതം—പൂജയ്ക്കു വയ്ക്കുന്ന നെല്ലും അരിയും 630
അക്ഷതം—മുഴുവനോടെയുള്ള 111.
അക്ഷപദത്തിൽ—കൺമുമ്പാകെ 988
അക്ഷയം—ക്ഷയമില്ലാത്ത; കുറവില്ലാത്ത 592
അക്ഷസൂത്രം—രുദ്രാക്ഷമാല 1133
അഗം—പർവതം 173
അഗജാ—പാർവതി 137
അഗജാരമണൻ—ശിവൻ 137
അഗ്രഹാരം—ബ്രാഹ്മണർ പാർക്കുന്ന ഗ്രാമം (അകരം) 810
അങ്കം—യുദ്ധം 615
അങ്കണം—മുററം 625
അങ്കിതം—അടയാളപ്പെട്ട 108
അചിരാൽ—താമസംകൂടാതെ 92
അച്ചട്ട്—കണിശം 1187
അഞ്ചൽ—ലജ്ജ 555
അടക്കം—ചെണ്ടയിൽ അടക്കിക്കൊട്ടൽ 245
അടനം—സഞ്ചാരം 558
അടവി—കാട് 90
അടൽ—യുദ്ധം 108, 192
അടിയറ—പദവി കിട്ടാൻ ആളുകൾ രാജാവിനു സമർപ്പിക്കുന്ന കാഴ്ചദ്രവ്യം 740
അടിയാൻ—അടിമ 396
അട്ടം—മാളിക 1215
അട്ടാസിച്ചു—അട്ടഹസിച്ചു 611
അണിയം—അലങ്കാരം 596
അണ്ണൻ—ജ്യേഷ്ഠൻ 210, 222
അണ്ടിചപ്പിക്കുക—ചതിക്കുക 1027
അണ്ഡജൻ—പക്ഷി 241, 389
അതനു—അനല്പം; വളരെ 1187
അതിവേലം—ഏററവും; വളരെ 66
അത്താണി—ചുമടുതാങ്ങി 242
അദ്ധ്യൂഢ—അധികം വർദ്ധിച്ച 1156
അദ്ധ്വഗൻ—വഴിപോക്കൻ 1224
അനച്ച—ചൂട് 1148
അനവരതം എപ്പോഴും 74
അനലൻ—അഗ്നി 90
അനീകിനി—സേന 1236
അനുദ്ധതം—അഹങ്കാരമില്ലാത്ത 111
അനുമാനിക്കുക—അനുസരിക്കുക 170
അനുസൂക്തം-ഉത്തമമായ മറുപടി447
അനൂന—കുറവില്ലാത്ത 1096
അന്തരായം—മുടക്കം 663
അന്തരിതം—മറഞ്ഞുപോയ 148
അന്ധം—അബദ്ധം 684
അന്ധിപ്പിക്കുക—വിഭ്രമിപ്പിക്കുക; കബളിപ്പിക്കുക 676
അപന്തി—പന്തികേട്; ക്രമക്കേട് 263
അപൂപം—അപ്പം 354
അപ്പ്—വെള്ളം 70
അപ്പാ!—അദ്ഭുതത്തെക്കുറിക്കുന്ന വ്യാക്ഷേപകം 611
അഭ്രമുവല്ലഭൻ—ഐരാവതം 1115
അമരൻ—ദേവൻ 108
അമർ—യുദ്ധം 174, 392
അമളി—അബദ്ധം 80
അംഭസ്സ്—ജലം 68
അംഭോജാകരം—താമരപ്പൊയ്ക 68
അംബരം—ആകാശം 473
അംബരം—വസ്ത്രം 473
അംബരതടിനി—അമ്പലപ്പുഴ 67, 141
അംബരമാർഗം—ആകാശവീഥി 79
അംബരായണം—ആകാശഗമനം 438
അയനം—വഴി 1190
അയനം—സൂര്യന്റെ തെക്കോട്ടും വടക്കോട്ടുമുള്ള ഗതി 1190
അയ്യം—ഭിക്ഷ 747, 1163
അരക്കൻ—രാക്ഷസൻ 107, 671, 764
അരക്കൻ—നിരൃതി (തെക്കുപടിഞ്ഞാറു ദിക്കിന്റെ പാലകൻ) 623
അരവം—പാമ്പ് 213, 1108
അരുണം—ചുവന്നത് 65
അരുവയർ—സുന്ദരി 455
അർഗ്ഗളബാഹു—ഉറച്ച കൈയോടുകൂടിയവൻ 972
അർഭകൻ—പൈതൽ 421
അലമ്പൽ—കുഴപ്പം 765
അവതാളൻ—അപകടക്കാരൻ; ഭോഷൻ 330, 1267

പദസൂചി: നമ്പിയാരുടെ ജനകീയഭാഷാശൈലീവല്ലഭത്വത്തെ വ്യക്തീകരിക്കാനുപയുക്തങ്ങളായ പദങ്ങളാണ് പ്രാധാന്യേന സൂചിപ്പിക്കുന്നത്.

അവതാളി—ഭോഷൻ 349
അവനിതലം—ഭൂമി 79
അവസ്ഥാനം—തെററായ സ്ഥാനം 1229
അശനി—ഇടിത്തീ 1193
അസാധു—അയോഗ്യൻ 686
അസി—വാൾ 81, 339
അസ്തു—ആകട്ടെ, ഇരിക്കട്ടെ 652, 712, 1221
അഹസ്സ്—നിത്യവൃത്തി 362, 747 886
അളി—വണ്ട് 113
അളികം—നെററി 227, 357
അളീകം—അസത്യം 1255
ആകരം—വിളനിലം 68
ആക്കം—വീറ് 660
ആകുണ്ഠർ—ലജ്ജിച്ചുപോയവർ 569
ആഖണ്ഡലൻ—ദേവേന്ദ്രൻ 693
ആഖു—എലി 1278
ആഗന്തുകൻമാർ—വിരുന്നുകാർ 1024
ആഗസ്സ്—അപരാധം 421, 1194
ആച്ചി—ഗോപസ്ത്രീ 972, 976
ആഞ്ജനേയൻ—ഹനുമാൻ 390
ആട—വസ്ത്രം 562, 693
ആടൽ—ദുഃഖം 96
ആടാച്ചാക്കിയാർ—അഭിനയം അറിഞ്ഞുകൂടാത്ത ചാക്യാർ 1227
ആടോപം—ഗർവം 658
ആണി—ആധാരം; ആശ്രയം 1249
ആനകളിക്കുക—കളിയാക്കുക; പരിഹസിക്കുക 329, 548, 1099
ആപ്പെട്ടു—അകപ്പെട്ടു 1240
ആഭോഗം—പരിപൂർണ്ണാവസ്ഥ 1234
ആമന്ത്രണം—ഭക്ഷണത്തിനു ക്ഷണിക്കുക 876
ആമയഹരർ—വൈദ്യൻമാർ 435
ആമ്പടി—അകമ്പടി 180
ആയതശ്വാസം—ദീർഘശ്വാസം 1170
ആയാസം—ക്ഷീണം 419
ആരണൻ—ബ്രാഹ്മണൻ 707
ആരോമൽ—അരുമയായ; മനോഹരമായ 1092
ആരോഹണം—കഴുമരം 521, 923
ആലാപനം—രാഗം വിസ്തരിക്കുക; സംസാരിക്കുക 65
ആത്മോദയം—തന്റെ അഭിവൃദ്ധി
ആശ—ദിക്ക് 599, 1110
ആശുഗം—അസ്ത്രം 1010
ആസിക്കുക—കുത്തിയിരിക്കുക 639
ആഹവം—യുദ്ധം 397, 627
ആഹുതി—ഹോമം 1108
ആൾക്കാശ്—ആളൊന്നുക്കു കൊടുക്കുന്ന പണം 571
ആററൽ—ശുഷ്കാന്തി 1128
ഇക്ഷു—കരിമ്പ് 111
ഇച്ചിരി—കുറച്ച് 330
ഇഞ്ചിക്കാരൻ—ദ്വേഷ്യക്കാരൻ 306
ഇദ്ധ—വർദ്ധിച്ച 558
ഇദ്ധാടോപം—വർദ്ധിച്ച ഗർവ് 111 558
ഇന്ദിന്ദിരം—വണ്ട് 1073
ഇന്ദീവരം—കരിംകൂവളം 66
ഇന്ദുചൂർണ്ണം—കർപ്പൂരപ്പൊടി 1132
ഇന്ദ്രാവരജൻ—ശ്രീകൃഷ്ണൻ 72
ഇമ്മിണി—അല്പം 95
ഇര—തീററി 280
ഇരവ്—വായ്പ 328
ഇരിഞ്ഞ—വഴിഞ്ഞൊഴുകുന്ന 618
ഇരുടൻ—കള്ളൻ 413
ഇരുമാറ്—രണ്ടു മാറുനീളം 111
ഇല്ലംകൊണ്ടുവരിക—കല്യാണം കഴിച്ചുകൊണ്ടുവരിക 241
ഇഷ്ടി—യാഗം 120, 410, 627
ഇളമ—ഇളയ രാജാവ് 81
ഇളമ—ഇളയവൻ 610
ഇളയുക—പിൻവാങ്ങുക; തോററുപോകുക 239
ഇളയ്ക്കുക—കുറയ്ക്കുക 249
ഇളിബിളതനയൻ—വൈശ്രവണൻ 614
ഈഡ്യൻ—സ്തുത്യർഹൻ 1145
ഈറ—ഈർഷ്യ; കോപം 150, 212, 1222
ഈറയ്ക്കും—കോപിക്കും 502
ഉച്ചയ—കൂട്ടിവച്ച 279
ഉടമ—ഭംഗി 274
ഉത്താളം—ഭയങ്കരം 843
ഉത്തുംഗം—ഉന്നതമായ 72
ഉത്ഭടം—ശക്തിമത്ത് 89, 597
ഉദ്ധതം—അത്യധികമായ 111
ഉദ്ധതം—അഹങ്കാരമുള്ള 828
ഉന്നിച്ച—ഉളവായ 1010
ഉപചിത—വർദ്ധിച്ച 350
ഉപപന്നം—ഉചിതമായ 521
ഉപരി—മേലിൽ 1232

ഉപരി വരുന്നത്—ഭാവിയിൽ വരുന്നത് 705
ഉരഗം—പാമ്പ് 86, 595
ഉരഗദ്ധ്വജൻ—ദുര്യോധനൻ 147
ഉരത്ത—ശക്തനായ 986
ഉരത്തു—ഉരച്ചു; പറഞ്ഞു 626, 668
ഉരത്തു—വീര്യത്തോടുകൂടി 771
ഉരുതരം—വലിയ 109
ഉരുത്തിരിപ്പ്—വേർതിരിച്ചറിയൽ 77
ഉരുത്തിരുങ്ങി—ഞെക്കിഞെരുക്കി 561
ഉഷയ്ക്കുക—നേരംവെളുക്കുക 1027
ഉഷ്ണംപിടിക്കുക—കഠിനമായി പ്രയത്നിക്കുക 903
ഉറുപ്പക്കെട്ട്—വലിയ സഞ്ചിക്കെട്ട് 1176
ഊട്—സൂക്ഷ്മമായ അറിവ് 870
ഊഢം—വർദ്ധിച്ച 287
ഊണികൾ—ഭക്ഷണപ്രിയൻമാർ 1281
ഊർദ്ധ്വം—സ്വർഗം 1264
ഊർദ്ധ്വചാരികൾ—ആകാശത്തു സഞ്ചരിക്കുന്നവർ 175
ഊർദ്ധ്വമാകുക—ഇല്ലാതെയാകുക; പരാജയപ്പെടുക 175, 333
ഊർദ്ധ്വം—വിഫലം; നഷ്ടം 568 569, 734, 813, 855, 922, 956, 1009, 1047, 1051, 1156, 1164 1264
ഊർദ്ധ്വം—മേല്പോട്ട് 1156
ഊഴിയക്കാർ—ഭൃത്യൻമാർ
ഋക്ഷൻ—കരടി; കുരങ്ങൻ 108, 672
ഋക്ഷേശ്വരൻ—വാനരരാജാവ് 684, 689
ഋണം—കടം 603, 711
ഋദ്ധി—ഐശ്വര്യം; സമ്പത്ത് 928
എടം—രാജധാനി 241
എടുപ്പ്—പ്രാവശ്യം, തവണ, 355 398, 1160
എന്നിട്ട്-എന്നിങ്ങനെ വിചാരിച്ച് 109
എപ്പേരും—എല്ലാം; മുഴുവൻ 68, 560, 1162
എപ്പേർപ്പെട്ട—എല്ലാവിധത്തിലുമുള്ള 617, 740, 1049
എററ്—അടി 397
എററുക—അലക്കുക 514
ഏണീ—പെൺമാൻ 65
ഏമം—സന്തോഷം; ഇമ്പം 1174
ഏഷണ—ആഗ്രഹം 142
ഏഴ—പ്രായശ്ചിത്തം

ഏററം—വേലിയേററം 637
ഒക്കത്തക്ക—ഒരുമിച്ചുകൂടി 683, 1136
ഒക്കത്തക്ക—പരക്കെ 718
ഒക്കാ—ഒക്കുകയില്ല 2223
ഒല്ലാത്ത—അരുതാത്ത 138
ഒളി—ശോഭ 115
ഒളിശയനം—സ്ത്രീകളോടു രഹസ്യവേഴ്ച 504
ഒളിശയനക്കാരൻ—ജാരൻ 504
ഓഘം—കൂട്ടം 103
ഓച്ഛരാനിച്ച്--വണക്കത്തോടുകൂടി 675
ഓർച്ച—ഓർമ്മ; വിചാരം 1031
ഓട്ടൻ—ദൂതൻ; ഓട്ടക്കാരൻ 149, 151, 153, 613
ഓണപ്പുടവ—രാജാക്കൻമാരും പ്രഭുക്കൻമാരും തങ്ങളുടെ കീഴിലുള്ളവർക്കു സമ്മാനിക്കുന്ന വസ്ത്രം 146
ഓതിരം—യുദ്ധത്തിലെ ഒരഭ്യാസമുറ 254
ഓത്ത്—വേദം 483, 1118
ഓദനം—ചോറ് 762
കച്ഛപം—ആമ 1156
കടകം—കൈവള 113
കടകം—പർവതത്തിൻെറ മദ്ധ്യപ്രദേശം 203
കടകം—അരയ്ക്കുതാഴെ അടിക്കുന്ന യുദ്ധത്തിലെ ഒരു അഭ്യാസമുറ 254, 688
കടൽവാഴയ്ക്കാ—മത്സ്യം 161
കടി—അരക്കെട്ട് 1151
കടുക്കനെ—വേഗത്തിൽ 77
കണം—ധനത്തിൻെറ ഏററവും ചെറിയ അംശം 193
കണവൻ—ഭർത്താവ് 169
കണിശൻമാർ—കണിയാൻമാർ 1164
കണ്ടകം—മുള്ള് 271
കണ്ടെഴുതിക്കുക—വസ്തുക്കൾ തരം തിരിച്ച് ആദായം തിട്ടപ്പെടുത്തുക 702, 1211, 1253
കള്ളെഴുതിക്കുക—കബളിപ്പിക്കുക 656
കണ്ഠസൂത്രം—താലി 1118
കതിപയ—ഏതാനും ചില 682
കതിരവൻ—സൂര്യൻ 1192
കഥമപി—പണിപ്പെട്ട് 92
കദനം—യുദ്ധം 238, 387, 393

കന്നങ്ങരം—പാപികരം; ദുഷ്ടൻമാർ (കന്നന്തരിവുകാർ) 1226
കന്ദം—കിഴങ്ങ് 74
കന്ദളം—തളിര് 1192
കന്ദുകം—പന്ത് 72
കപാലം—തലയോട് 1260
കപാലി—ശിവൻ 1114
കപോതം—പ്രാവ് 538
കപോതി—പെൺപ്രാവ് 538
കപ്പുക—കടിക്കുക 687
കബരി—കെട്ടിവച്ചതലമുടി 1204
കബളം—വ്യാജം; ചതി 1107
കമഠം—ആമ 86
കമ്പവിളക്ക്—തൂണുവിളക്ക് 242
കമ്പിരി—വിഷം 101
കംബു—ശംഖ് 67
കരക—ആലിപ്പഴം 412
കരകം—ജലപാത്രം 877
കരംബിത—കൂടിക്കലർന്ന 483
കരിതേപ്പിച്ചു—അവമാനിച്ചു 551
കരുകാരുണം—കടുംചുവപ്പാർന്ന 1146
കരുമന—ഉപദ്രവം 109
കരുമന—കാഠിന്യം 188, 392
കരുമന—ദുഷ്ടത 250, 318
കരുമന—കർമ്മം 624
കല—തഴമ്പ് 109
കലനംചെയ്യുക—ഗ്രഹിക്കുക 1163
കലയാമി—ഞാൻ വിചാരിക്കുന്നു 74
കലവി—വിനോദം; ലീല 803
കലാപം—കൂട്ടം 811
കലിമുനി—നാരദൻ 381
കല്യൻ—സമർത്ഥൻ 597
കല്യൻ—ശുഭശീലൻ 1172
കല്യാത്മഭാവം—ഉണർന്ന ആത്മഭാവം 806
കല്മഷം—പാപം 141
കല്ഹാരപുഷ്പം—സൗഗന്ധികപുഷ്പം 806
കവി—കവിത 192, 196, 960, 1236
കവി—ശുക്രമഹർഷി (അസുരഗുരു) 1236
കവിഗുംഫം—കവിതാബന്ധം 68
കശ—ചമ്മട്ടി 67
കശ്മലൻ—ദുഷ്ടൻ 1265
കഷ്ടിപിഷ്ടി—വളരെ പ്രയാസപ്പെട്ട് 961, 999, 1198
കളികളഭം—മദയാന 334
കളിമ്പം—കുട്ടിക്കളി 820, 850, 1026
കഴല—കൂട്ടാൻ വിളമ്പാനുള്ള കുഴിമരവി 124
കാഞ്ചി—അരഞ്ഞാൺ 122
കാഞ്ചീസദന—അരക്കെട്ട് 122
കാട്—കുസൃതി; വികൃതി 97, 128 976, 979, 980
കാടകം—കാടിന്റെ അകം 106
കാണം—ധനം 1210
കാതരൻ—ഭീരു 142
കാമവിസാരി—ഇഷ്ടംപോലെ വിഹരിക്കുന്ന 73
കായം—ശരീരം 171, 518, 669
കായക്കഞ്ഞി—ചൂടുകഞ്ഞി 241
കാര്യക്ലേശം—കാര്യനടത്തിപ്പ് 144
കാര്യപ്പാടുകഴിച്ചു—വല്ലപാടും കാര്യം കഴിച്ചു 552
കിഞ്ചന—കുറഞ്ഞൊന്ന് 81, 847
കിടക്കാർ—തരപ്പടികാർ 1168
കിടി—പന്നി 213
കിതവൻ—ചതിയൻ 1235, 1252
കിരി—പന്നി 412
കില്ല്—സംശയം 121, 202, 451, 672
കീർണ്ണം—ചിതറപ്പെട്ടത് 170
കീലം—അഗ്നിജ്വാല 1195
കീശൻ—വാനരൻ 210, 667, 682
കുഗ്മളം—വിരിയുന്ന മൊട്ട് 534
കുടിലം—വളഞ്ഞത് 90
കുണ്ഠത—അലസത 520, 693
കുണ്ഠത—ദുഷ്ടത 530
കുണ്ഠവാക്ക്—വിഡ്ഢിത്തം 603
കുണ്ഠിതമാക്കുക—നിസ്സാരമാക്കുക; തോല്പിക്കുക 106
കുണ്ഡലം—കർണ്ണാഭരണം 115
കുണ്ഡിക—കമണ്ഡലു 606, 1109
കുധരം—പർവതം 1190
കുന്നിച്ച—വർദ്ധിച്ച 278
കുമ്പ—വയറ് 1186, 1195
കുംഭം—കുടം 96
കുംഭകാരൻ—കുശവൻ 1139
കുംഭജൻ—അഗസ്ത്യൻ 68
കുംഭതടം—ആനയുടെ മസ്തകപ്രദേശം 89
കുംഭി—ആന 89
കുംഭില—നികുംഭില (ലങ്കയിലെ ഒരു ഗുഹ) 1240
കുംഭിവരാനനൻ—ഗണപതി 68
കുംഭീനസം—സർപ്പം 987
കുംഭീലകൻ—കള്ളൻ 850

കുരള—കള്ളം; കളവ് 94, 220, 230, 263, 1032
കുലാലൻ—കുശവൻ 1139
കുല്യൻ—നല്ല കുലത്തിൽ ജനിച്ചവൻ 696
കുഷ്ഠി—കുഷ്ഠരോഗി 1150
കുഴൽ—പുകയിലയിടുന്നതിനുള്ള കുഴൽ 131
കുഴൽ—ചുരുണ്ട തലമുടി 296, 298
കുഴിയൻ—നീചൻ; കള്ളൻ 109, 752, 868, 896, 1263
കുറക്—പന്നിയുടെ തുട 816, 1228
കുറവ്—അവമാനം 169
കുറി—എഴുത്ത് 261
കുറി—തവണ; പ്രാവശ്യം 113, 180, 551, 564, 698
കുറിനാൾ—അടുത്തദിവസം 113, 967
കുറിനാൾ—നിശ്ചിതദിവസം 240
കുറിമുണ്ട്—ചെറിയമുണ്ട്; രണ്ടാം മുണ്ട് (കുറിയോണ്ട്) 563
കുറിവയ്ക്കുക—നിശ്ചയംചെയ്യുക 240
കുറുപ്പത്തിൽ—കളരിയിൽ 1195, 1227
കുററം പിഴയ്ക്കുക—മരിക്കുക 1090
കൂടലർ—ശത്രുക്കൾ 174, 1124
കൂപ്പ്—കുളക്കടവിൽ കെട്ടിയിരിക്കുന്ന ഒഴുകുനട 1153
കൂലം—തീരം 73
കൂശ്മം—കുമ്പളങ്ങ 625
കൂറ—കൊടിക്കൂറ 123
കൂറിടുക—പങ്കിടുക 1109
കൂററൻ—കാള 414
കൂററൻ—ശക്തൻ 414
കൃകലാസം—ഓന്ത് 919
കൃതി—സാമർത്ഥ്യമുള്ള 491
കൃപാണം—വാള് 606
കൃശൻ—അശക്തൻ 628
കൃഷ്ടി—കൃഷി 1028, 1252
കെടുകാര്യം—കാര്യനാശം 712, 765, 923
കെട്ടുകൾ—കെട്ടുപന്തലുകൾ 559
കേസരി—സിംഹം 90
കേളി—അറിയിപ്പ് 349
കേളി—കേഴ്വി; കീർത്തി 372
കേളി—വിനോദം 372
കേൾക്കുക—ചോദിക്കുക 698
കൈക്കാണം—കൈക്കൂലി; കോഴ 168, 254, 522
കൈതവം—കള്ളം; ചതി 96
കൈയ്യാളിക്കുക—കൈയൊഴിച്ചു വിടുക 512, 698
കൊച്ചുകൾ—കുട്ടികൾ 97, 973
കൊച്ചുകൾ—ചെറിയ ഇനം ആഭരണങ്ങൾ 563
കൊട്ടണം—ഉണക്കില്ലാത്ത ചീത്ത അരിയുടെ ചോറ് 739, 860
കൊണ്ട—മുമ്പിൽ ഒരു വശത്തേക്കു കെട്ടിനിറുത്തിയ തലമുടി 115
കൊള്ളി—വിറകുകൊള്ളി 391
കൊററ്—ഭക്ഷണം 143
കോകം—ചക്രവാകപ്പക്ഷി 230
കോടി-കോട്ടമുണ്ടായി; ചുളിഞ്ഞു 113
കോടി—നൂറു ലക്ഷം 123
കോടി—വളഞ്ഞു 123
കോടി—മേല്പുരയുടെ കോണ് 123
കോടി—കോടിവസ്ത്രം 123, 372
കോടീരം—ജട 606
കോട്—ദിക്ക്; മൂല 92, 119, 151, 321
കോട്—സ്ഥലം 123, 152, 693
കോട്—ബുദ്ധിമുട്ട് 123
കോട്ടിലടുത്ത്—ചുററിയടുത്ത് 110
കോദണ്ഡം—വില്ല് 579
കോപ്പ്—ആഭരണം 257, 721, 919
കോപ്പുകൾ—ആടയാഭരണങ്ങൾ 570
കോപ്പുകൂട്ടുക—ഒരുങ്ങുക 889
കോലം—രൂപം; ശരീരം 82, 341, 476, 677, 979
കോലം—പന്നി 476
കോലകോലം—വരാഹമൂർത്തി 476
കോശാകൃതി—മടിശ്ശീലയുടെ ആകൃതി 550
കോള്—ശരി 349
കോളല്ല—തരമല്ല 822
കോഴ—ശങ്ക 540
കോഴ—കൈക്കൂലി 938
കൗശികൻ—വിശ്വാമിത്രൻ 1269
കൗശികൻ—ദേവേന്ദ്രൻ 1269
ക്ലാന്തി—തളർച്ച 148
ക്ലേശം—പ്രയത്നം 210
ക്ലേശിക്കുക—പ്രയത്നിക്കുക 92, 955, 956
ക്ലേശിക്കുക—ചോദിക്കുക 153, 258, 719, 927
ക്ലേശിക്കുക—അന്വേഷിക്കുക 721, 962, 1152, 1267

ക്രോഷ്ടാവ്—കുറുക്കൻ 146
ക്ഷയിക്കുക—മരിക്കുക 761
ക്ഷാളനം—കഴുകൽ 1148
ഖദ്യോതൻ—സൂര്യൻ 1192
ഖനകൻ—തുരങ്കം പണിയുന്നവൻ 746, 749
ഖേചരൻ—ആകാശത്തിൽ സഞ്ചരിക്കുന്നവൻ 170, 1121
ഖേടൻ—നികൃഷ്ടൻ, നീചൻ 170
ഖേടകന്മാർ—ആയുധം ധരിച്ചവർ; ഭടജനങ്ങൾ 882
ഖേലനം—കളി 993, 1153
ഗണരാത്രങ്ങൾ—അനേകം രാത്രികൾ 193
ഗണിക—വേശ്യ 525, 1257
ഗണ്ഡം—കവിൾത്തടം 115
ഗന്ധദ്വിപം—മദയാന 807
ഗരളം—വിഷം 985
ഗഹനം—കാട് 119, 535
ഗളിക്ക—പ്രവഹിക്ക 66
ഗുഡാകേശൻ—അർജ്ജുനൻ 1213
ഗുണം—വില്ലിന്റെ ഞാണ് 534
ഗുണദോഷക്കാരൻ—ഭർത്താവ് 413
ഗുംഫം—രചന; പദബന്ധം 68
ഗുളം—ശർക്കര 484
ഗോ—വാക്ക് 554
ഗോത്രം—പർവതം 217, 691
ഗോത്രാധിരാജൻ—ഹിമവാൻ 217
ഗോപിക്കുക—രക്ഷിക്കുക 1251
ഗോഷ്ഠം—ഗോകുലം 410, 996
ഗോഷ്ഠം—പശുക്കൂട്ടം 996
ഗോഷ്ഠി—സഭ 139
ഗോഷ്ഠി—ബന്ധുജനം 176
ഗ്രന്ഥി—ഗ്രന്ഥകർത്താവ്; ഗ്രന്ഥപാരായണപ്രിയൻ 144, 233, 257, 348, 1127
ഗ്രഹചാരം—ഗ്രഹപ്പിഴമൂലം നേരിടുന്ന ആപത്ത് 1119
ഘട—നിര 167
ഘട—സമൂഹം 265
ഘട്ടം—കടവ് 1215
ഘണ്ടാപഥം—രാജപാത 103
ഘനം—മേഘം
ഘനം—ഇടതിങ്ങിയ
ഘനഘട—മേഘസമൂഹം 441
ഘനതരം—വർദ്ധിച്ച 694
ഘനമൊട്—ബഹുമാനത്തോടുകൂടി
ഘൃണി—രശ്മി 91
ഘോടകം—കുതിര 697
ഘോണാ—മൂക്ക് 224
ഘോണി—പന്നി 224
ഘ്രാണം—നാററം 677
ചക്ക തീററിക്കുക—അപമാനിക്കുക
ചട്ടം—രീതി 130
ചണ്ടി—ദുർബുദ്ധി; ദുശ്ശീലക്കാരൻ 142
ചത്വരം—നടുമുററം 562
ചന്തം—സൗന്ദര്യം 1152
ചന്ദ്രകാവി—ചുവന്ന ഉറുമാൽ 1229
ചന്ദ്രോപലം—ചന്ദ്രകാന്തക്കല്ല് 72
ചരക്ക്—തുണിച്ചരക്ക് 561, 904
ചരക്ക്—കച്ചവടസ്സാമാനങ്ങൾ 889
ചരക്ക്—വാർപ്പ് 875, 877
ചരണം—പാദം 65
ചരതം—അഴക് 98
ചരതിക്കുക—ഒരുക്കുക 1226
ചാക്ക്—മരണം 173, 301, 319, 351, 576, 839, 1164
ചാടുകൾ—പ്രശംസകൾ 693
ചാടുമൊഴി—മോഹനമായ വാക്ക് 672
ചാട്ടക്കാരൻ—ചാടിനടക്കുന്ന പ്രാണി 306
ചാട്ട്—ഏറ് 110
ചാതുർമ്മാസ്യം—നാലു മാസങ്ങളിലായി അനുഷ്ഠിക്കുന്ന ഒരു വ്രതം 104
ചാന്ദ്രായണം—ചന്ദ്രന്റെ ക്ഷയവൃദ്ധിയനുസരിച്ച് ആഹാരം കുറച്ചും കൂട്ടിയും നിർവഹിക്കുന്ന ഒരു വ്രതം 518
ചാരണന്മാർ—ദേവഗായകന്മാർ 65
ചാർത്തുക—ഏട്ടിൽ ചേർത്തു പതിക്കുക 244
ചാരത്ത്—കണക്കെഴുത്ത് 196
ചിക്കെന്ന്—പെട്ടെന്ന് 78
ചിതം—യോഗ്യത 390
ചിമുക്കുക—അടിക്കുക 241, 752 867, 1239
ചില—വില്ല് 107
ചില—ഏതാനും; കുറെ 107
ചിലവ്—ചിലത് 69
ചിലവാനക്കാരനല്ല—ചില്ലറക്കാരനല്ല 685
ചിലവാനങ്ങൾ—കുട്ടികൾ 685
ചീർത്ത—വർദ്ധിച്ച 67

ചീറുക—കയർക്കുക; കോപിക്കുക 884, 1212
ചുങ്കം—തീരുവ 253
ചുററം—അടുപ്പം 870
ചൂടകം—തലമുടിയിലണിയുന്ന ആഭരണം 980
ചെകുതി—തോൽവി 154
ചെണ്ട—ചതി 664, 673, 676
ചെണ്ടക്കാരൻ—മണ്ടൻ, ചതിയൻ, വിഡ്ഢി 271, 625, 661, 672, 1141
ചെണ്ടകൊട്ടുക—ചതിപിണയുക, മണ്ടനാകുക 816, 1018, 1051, 1209, 1213
ചെണ്ടകൊട്ടിക്കുക—ചതിക്കുക 1165, 1178, 1224
ചെമ്പകനാട്—ചെമ്പകശ്ശേരിരാജ്യം 804, 844, 871
ചെരച്ചുകയററുക—മുണ്ടു തെറുത്തു കേററുക 1230
ചേടൻ—ഭൃത്യൻ 1263
ചേട്ട—ദുർബ്ബുദ്ധി 201
ചേതം—നഷ്ടം 979
ചേഷ്ടകി—നർത്തകി 1185
ചൊല്ലി—കുറിച്ച്; വിചാരിച്ച് 109
ഛത്രം—കുട 573
ഛദനം—ആവരണം; മറ 1182
ജതുഗൃഹം—അരക്കില്ലം 746
ജനി—ജനനം 666
ജനനംചെയ്ക—സൃഷ്ടിക്കുക 74
ജൻമാന്തരം—ജൻമാവകാശംവഴിക്കുള്ള നിത്യവൃത്തി 160
ജൻമികരം—മനുഷ്യർ 506
ജന്യം—യുദ്ധം 664
ജംഭാരി—ഇന്ദ്രൻ 67
ജരഠൻ—വൃദ്ധൻ 233
ജലജം—താമര 111
ജലധി—സമുദ്രം 86
ജളത—വിഡ്ഢിത്തം 89
ജാംബൂനദം—സ്വർണ്ണം 129, 1016
ജിഹ്മൻ—ചതിയൻ; ദുഷ്ടൻ 598, 663, 927, 1206
ജീവനം—പ്രാണധാരണം 407
ജീവനപൂർത്തി—നിത്യവൃത്തി നിറവേററൽ 407
ഞെറുമ്പിക്കുക—പിരിച്ചുമുറുക്കുക 821
ഡംബരം—അഹങ്കാരം 118
ഡംഭം—അഹങ്കാരം
ഡിംഭൻ—പൈതൽ 982, 987
തക്രം—മോര് 925
തക്ക—ശരിയായ 1235
തക്കം—തരം; ലാക്ക്; അവസരം 110, 220
തച്ചൻ—തടിയറുക്കുന്നവൻ 547
തഞ്ചം—അടവ് 868, 1131
തടസ്ഥൻമാർ—മദ്ധ്യസ്ഥൻമാർ 1147
തടി—ശരീരം 254, 257, 515, 757, 1247
തടിനി—നദി 86
തണ്ടാർ—താമരപ്പൂ 73
തണ്ടാർമലർശരം—കാമബാണം 73
തണ്ടാർമിഴി—സുന്ദരി 73
തണ്ടുക—കരംപിരിക്കുക 1004
തണ്ടുതപ്പി—ചണ്ടി; അഹമ്മതിക്കാരൻ 569, 628, 660, 753, 884, 950, 1016, 1027, 1123, 1188, 1238
തണ്ടുതപ്പുക—അഹങ്കരിക്കുക 826, 855, 1216
തനിച്ച—വലിയ 87, 127, 998, 1124, 1200
തനിച്ച—ശ്രേഷ്ഠമായ; പ്രശസ്തിയുള്ള 706, 846, 966, 1105, 1106, 1112
തനിച്ച—തനിക്കുതാൻപോന്ന 816, 967, 968
തനിച്ച—ഭംഗിയുള്ള 1173
തന്ദ്രി—തളർച്ച; മടി 1249
തമ്മെ—തന്നെ 192
തമ്പലം—വെററത്തമ്പലം 233
തമ്പി—അനുജൻ 201
തരണം—അക്കരകടക്കൽ 692
തരണി—തോണി 691
തരണി—സൂര്യൻ 219, 463, 691
തരംഗിണി—നദി 66
തരുമൃഗം—മരഞ്ചാടി; കുരങ്ങ് 393
തർക്കിച്ച്—യുക്തിബലംകൊണ്ടു പര്യാലോചിച്ച് 1098
തർപ്പണം—പിതൃപൂജ 807
താടകം—കാതില 980
താമരസം—ചെന്താമര 1198
തായം—ലാക്ക്; സൂത്രം; ഉപായം 82, 669, 812
തായാട്ട്—നിന്ദ; കുസൃതി; വികൃതി 895, 932, 977, 982, 988

താലം—കരിമ്പന 1247
താലോലംകളിക്കുക—ഊഞ്ഞാലാടുക 687
തിഗ്മം—തീക്ഷ്ണം 326
തിങ്ങൾ—മാസം 705, 719, 720
തിങ്ങൾഭജനം—മാസംതോറുമുള്ള ഭജനം 719
തിങ്ങളിൽ തിങ്ങളിൽ—മാസംതോറും 1121
തിമിരം—ഇരുട്ട് 166
തിരുടി—മോഷ്ടിച്ചു 521
തിരുമാടം—തിരുമാടമ്പ്; രാജാക്കൻമാർക്കു പൂണൂലിടുന്ന കർമ്മം 163
തിരുവാളി—ഇരപ്പാളി 264
തിറ—കുപ്പം 966
തിറം—മിടുക്ക് 169
തിറം—കേമം 427
തുടതുള്ളുക—പേടിച്ചുവിറയ്ക്കുക 732
തുംഗം—വലിയ 102
തുംഗം—ഉയർന്ന 66
തുമ്പ്—തെളിവ് 92
തുലിതം—തുല്യം 354
തുഷ്ടി—സന്തോഷം 67
തൂർത്തു—നികത്തി 559
തൃഷ്ണ—ആഗ്രഹം 93
തെരുക്കനെ—വേഗത്തിൽ 77
തെരുക്കെന്ന്—പെട്ടെന്ന് 1110, 1140, 1233
തെഴുക്കുക—മുളയ്ക്കുക 1145
തൊണ്ടൻ—ഭോഷൻ; കൊള്ളരുതാത്തവൻ 83, 608, 617, 672, 673, 924, 1117
തോത്രം—ഗദ 1251
തോത്രൻ—ഗദയോടുകൂടിയവൻ 1251
തോപ്പനാർ—അച്ഛൻ 1211, 1240
തോരണം—വളച്ചുവാതിൽ 624
തോരണം—പടിവാതിലിൽ തൂണുനാട്ടി അതിൻമേൽ കെട്ടുന്ന വിതാനം 1173
ത്രപ—നാണം 119
ത്ര്യക്ഷൻ—ശിവൻ 652, 709
ത്രാണം—രക്ഷ 106
ത്രാസം—ഭയം 119
ദക്ഷത—സാമർത്ഥ്യം 111
ദണ്ഡം—പ്രയാസം; ദുഃഖം; യത്നം 274, 312, 616, 677
ദണ്ഡം—സുഖക്കേട് 548, 732
ദണ്ഡം—വടി 606
ദണ്ഡൻമാർ—കൈയിൽ വടിയുള്ളവർ 331
ദണ്ഡിപ്പിക്കുക—വിഷമിപ്പിക്കുക 741
ദധി—തൈര് 484
ദനുജൻ—അസുരൻ 71
ദർപ്പം—അഹങ്കാരം
ദഹനൻ—അഗ്നി 68
ദാനവൻ—അസുരൻ 66
ദാരകൻ—പുത്രൻ 1082
ദാരങ്ങൾ—ഭാര്യ 378
ദാരിക—കന്യക 305
ദാരുകൻ—ശ്രീകൃഷ്ണന്റെ തേരാളിയുടെ പേർ 311
ദാഹകൻ—ദഹിപ്പിച്ചവൻ 389
ദിക്കറിയാതെ—കാര്യബോധമില്ലാതെ 112
ദിനകരൻ—സൂര്യൻ 73
ദിനമനു—ദിവസംതോറും 73
ദിനേശൻ—സൂര്യൻ 68
ദിവസ്പതി—ദേവേന്ദ്രൻ 1111
ദിഷ്ടർ—ആജ്ഞാകരൻമാർ 1115
ദീക്ഷണം—വ്രതാനുഷ്ഠാനം 1159
ദുകൂലം—പട്ട് 67
ദുശ്ശാസനം—ദുഷ്ടകല്പന 823
ദുഷി—ദുഷിച്ച 168
ദൈവത—സൗഭാഗ്യം 765
ധനഞ്ജയൻ—അർജ്ജുനൻ 441
ധനഞ്ജയൻ—അഗ്നി 441
ധമ്മില്ലം—തലമുടിക്കെട്ട് 818
ധരം—പർവതം 843
ധരണി—ഭൂമി 86
ധരണീസുരൻ—ബ്രാഹ്മണൻ 68
ധാമം—വാസസ്ഥാനം 1139
ധിക്കൃത—ധിക്കരിക്കപ്പെട്ട 111, 620
ധൂമകേതു—ദുർന്നിമിത്തക്കാരൻ 823
ധൂർത്തരാഷ്ട്രം—ധൂർത്തൻമാരുടെ രാജ്യം 1229
ധൂർത്ത്—ചതിവ് 155, 605, 622
ധൂർത്തൻ—ചതിയൻ 151
ധൂർത്തൻ—വിടൻ 1028
ധൂളി—വേശ്യ 366, 644, 968, 1082 1153
ധൂളി—പൊടി 843, 971
ധൃതി—മനസ്സുറപ്പ് 737
ധൃഷ്ടത—ധൈര്യം 104, 611

ധൃഷ്ണു—ധൈര്യമുള്ളവൻ 1217
നഗം—പർവതം 295, 1278
നടത്തി—പ്രചരിപ്പിച്ചു 551
നടിപ്പ്—കേമനെന്ന ഭാവം 107
നടേ—മുമ്പ് 107, 1032
നടേത്തെപ്പോലെ—മുമ്പത്തെപ്പോലെ 185
നതി—കുറവ്; താഴ്ച 1222
നദിക്കുക—ശബ്ദിക്കുക 561
നനു—തീർച്ചയായും 74
നന്ദികാരണ്യമാംമന്ദിരം—നന്തിക്കാട്ടു വീട് 804
നല്ലാർ—സ്ത്രീകൾ 510
നഷ്ടദാരിദ്ര്യം—അധികമായ ദാരിദ്ര്യം 961
നഷ്ടി—നാശം; ഛേതം 175, 333, 859, 918, 961, 978
നാഗം—ആന 1093
നാടകം—നടിപ്പ് 693
നാടകം—നാടിന്റെ അകം 693
നാണയം—പ്രസിദ്ധി 622, 698, 859
നാണിയം—പ്രസിദ്ധി 146, 195, 597, 863, 1058, 1105
നാണിയം—ചൊല്ല് 263, 1031
നാനാവിധം—കൊള്ളരുതാത്ത പ്രവൃത്തി 688, 689
നികൃതി—നീചകർമ്മം 174
നികാമം—ഏററവും; അധികം 95
നിച്ചലും—നിത്യവും 467, 509, 659
നിച്ചിരിയത്തം—ഭോഷത്തം 1040
നിച്ചിരിയൻ—വകയ്ക്കു കൊള്ളാത്തവൻ 767, 893, 925
നിജഭാവം—നിശ്ചയഭാവം 111
നിധനം—വധം 104
നിബിരീസം—ഇടതിങ്ങിയ 1204
നിമ്നഗ—നദി 229
നിരുപണം—വിചാരം 511
നിരൃതികുലം—രാക്ഷസകുലം 640
നിലവിയ—ഭംഗിയായ 562
നിവർത്തീടേണം—സാധിക്കണം 67
നിവാരണം—തടഞ്ഞുനിറുത്തൽ 428
നിഷ്ക്കുടം—പൂങ്കാവ് 1029
നീരന്ധ്രം—ഇടതിങ്ങിയ 946
നീരസികൻ—ദുർമ്മുഖൻ 673
നുകയ്ക്കുക—തികന്നുവരിക 865
നുതി—സ്തുതി 404
നെഞ്ചരങ്ങ്—മനോരംഗം 992
നെടുത്ത—നീളമുള്ള 372
നെടുമംഗല്യം—സ്ത്രീ ഏറിയകാലം ഭർത്താവോടുകൂടി ജീവിച്ചിരിക്കുന്ന അവസ്ഥ 525
നേററി—നേരായ കർമ്മം 917
പക്കം—രാജസേവകൻമാർക്കു ഭക്ഷണംകൊടുക്കുന്ന സ്ഥലം 718, 738, 938
പകിടി—വഞ്ചന 78, 890
പകിടി—നേരമ്പോക്ക് 150, 1166
പക്ഷം—ചിറക് 537
പക്ഷം—ഇഷ്ടം; ചേർച്ച 617, 718, 1149
പക്ഷം—അഭിപ്രായം 652,750,753, 764
പക്ഷം—പതിനഞ്ചുദിവസം 705
പക്ഷിണി—പെൺപക്ഷി 537
പങ്ങച്ചാര്—മായച്ചാര് 540
പങ്കജഭവൻ—ബ്രഹ്മാവ് 74
പഞ്ചത—മരണം 666
പഞ്ചമദശി—വെളുത്തവാവ് 274
പഞ്ചാനനൻ—സിംഹം 90
പടലം—കൂട്ടം 79, 86, 345
പടല്—കുററിക്കാട് 83, 86, 204
പടാർകുളം—പടനായർകുളങ്ങര 997 1093
പടാർതടാകം—പടനായർകുളങ്ങര 997
പടിക്കം—കോളാമ്പി 180, 623, 1042, 1274
പടു—ദുഷിച്ച; കൊള്ളരുതാത്ത 396
പടു—സാമർത്ഥ്യമുള്ള 396
പടുചെലവുകൾ—പാഴ്ച്ചെലവുകൾ 559
പട്ടാങ്ങ്—പരമാർത്ഥം 845, 1032, 1107
പട്ടുപോകുക—മരിക്കുക 1189
പട്ടോല—രാജശാസനമെഴുതിയ ഓല 605
പട്ടോലക്കാർ—കണക്കെഴുത്തുകാർ 613
പണയത്തിലാകുക—അപകടത്തിലാകുക 673
പണ്ടങ്ങൾ—തീററിപ്പണ്ടങ്ങൾ; വയററുപിഴപ്പുകാർ 397
പണ്ടാരം—രാജാവിനെ സംബന്ധിച്ച 396, 896
പണ്ടാരവക—സർക്കാർവക 1253
പതംഗമം—പക്ഷി 389
പത്തി—സൈന്യവിഭാഗം 602, 1180
പഥികൻ—വഴിപോക്കൻ 1224

പന്നഗലോകം—പാതാളം 391
പന്നിക്കരണം—കുത്തിമറിയൽ 604
പന്തി—വരി 223
പന്തി—ഊണുകഴിക്കാനിരിക്കുന്ന ആളുകളുടെ നിര 124
പന്തി—ക്രമപ്പെടുത്തിയ പദ്ധതി 203
പന്തി—ഭംഗി; ശരി 677, 678
പമ്പിരിപാടിക്ക—കഷ്ടപ്പെടുത്തുക 651
പരജ്ഞാനി—പരമാത്മാവിനെപ്പററിയുള്ള ജ്ഞാനത്തോടുകൂടിയവൻ 601
പരൻമാർ—ശത്രുക്കൾ 1229
പരമാർത്ഥംചെയ്യുക—സത്യംചെയ്യുക 255
പരമേഷ്ഠി—ബ്രഹ്മാവ് 1031
പരഭൃതം—കുയിൽ 137
പരാഭവം—അവമാനം 142
പരായണൻ—താത്പര്യമുള്ളവൻ 65
പരിഗ്രഹം—ഭാര്യ 691
പരിണദ്ധ—വിസ്തൃതമായ 996
പരിണാഹം—വിസ്താരം 1198
പരിതഃ—ചുററുപാടും 405
പരിതോഷം—സന്തോഷം 405
പരിപന്ഥി—ശത്രു 101
പരിയപ്പാട്—ദാസ്യവൃത്തി 396
പല—പലതും 117
പവി—വജ്രായുധം; അമ്പ് 1182
പവേ—വജ്രം ആയുധമായിട്ടുള്ളവനേ! 1182
പശുപൻ—ഇടയൻ; ഗോപൻ 66
പശുപവധു—ഗോപസ്ത്രീ 66
പള്ള—പയറ് 95, 307, 637
പള്ളിശ്രാമ്പി—രാജകൊട്ടാരത്തിൽനിന്നുള്ള കല്പന 584
പള്ളിശ്രാമ്പി—രാജകൊട്ടാരത്തിൻെറ മണിമാളിക 619, 1112, 1140
പാടകം—കാൽച്ചിലമ്പ് 980
പാട്ടോല—പാട്ടയോല; പാട്ടച്ചീട്ട് 1121
പാണി—കൈ 579, 644
പാണി—ഒരു വാദ്യം 1074
പാണി—പാണികൊട്ട് 244
പാണിയന്ത്രണം—പാണിഗ്രഹണം 728
പാണിവാദൻ—മിഴാവുകൊട്ടുന്നവൻ; നമ്പിയാർ 1249
പാത്രത—യോഗ്യത 556
പാർത്ഥൻ—അർജ്ജുനൻ 67
പാർത്ഥിവൻ—രാജാവ്
പാദുകം—മെതിയടി; ചെരിപ്പ് 105
പായസാംഭോനിധി—പാൽക്കടൽ 1121
പാരാവതം—മാടപ്രാവ് 537
പാവിതം—ശുദ്ധമാക്കപ്പെട്ട 1251
പാർശ്വപദൻമാർ—സേവിച്ച് അടുത്തുനില്ക്കുന്നവർ 613
പാഷണ്ഡൻ—വൈദികധർമ്മങ്ങൾക്കു വിരുദ്ധമായ ആചാരങ്ങളോടുകൂടിയവൻ 1235
പാഴൻ—കൊള്ളരുതാത്തവൻ; മൂഢൻ 109, 125, 1185
പാഴൻ—ദുഷ്ടൻ 126, 1135
പാറ്—കടൽത്തോണി 938
പിച്ച—നിസ്സാരം; കളി 112
പിച്ച—തട്ടിപ്പ് 1113
പിടയ്ക്കുക—അടിക്കുക 241
പിടരി—പിടലി; കഴുത്ത് 189
പിടിപാട്—അധികാരം 898
പിടുങ്ങുക—പിടിച്ചെടുക്കുക; തട്ടിയെടുക്കുക 226, 716, 1119
പിടുങ്ങി—ഊരിയെടുത്തു 548
പിംഗാക്ഷൻ—വാനരൻ 403, 684 686
പിമ്പട—പിൻബലം 1178
പിശുനൻമാർ—ഏഷണിക്കാർ 1195
പിഴുകുക—തെററിപ്പോകുക 142
പിഴുകുക—നഷ്ടപ്പെടുക 524
പിഴുക്കുക—സ്ഥാനത്തുനിന്നു മാററുക 1269, 1280
പീതം—മഞ്ഞ 67
പീയൂഷം—അമൃത്
പീലിപ്പ്—അമൃത്
പീലിപ്പ്—പൊങ്ങുതടി 938
പുംഗവൻ—കാള 353
പുംഗവൻ—ശ്രേഷ്ഠൻ 389, 541
പുരു—പെരുകിയ; വളരെ 78
പുരുഷകാരം—പുരുഷാരം; ജനസമൂഹം 694
പുഷ്കരം—തുമ്പിക്കൈയുടെ അഗ്രം 877
പുള്ളി—സൈന്യവിഭാഗം 837, 947, 1050
പുഴക്കുക—അടിയോടെ മാന്തിയെടുക്കുക 616
പുഴങ്ങുക—മാറെറാലിക്കൊള്ളുക 1025
പുറവടി—പാദത്തിൻെറ മുകൾത്തലം 501

പൂജകഴിക്കുക—അടിക്കുക 201
പൂതര്—ആളുകൾ 163
പൂർത്തം—സത്ക്കർമ്മം 232
പൂർത്തി—തികവ് 75, 232
പൂർവദേവകൾ—അസുരൻമാർ 1136
പൂശകൻ—പൂച്ച 184, 305
പൃഥ്വി—ഭൂമി 70
പൃഷ്ഠേചെന്നു—പിന്നാലെ ചെന്നു 611
പെരുക്കാല്—മന്തുകാല് 1227
പേശുക—പറയുക 202
പൊക്കണം—നഷ്ടമാക്കണം 1112
പൊക്കണം—മാറാപ്പ് 718, 1112
പൊക്കണംകെട്ടിക്കുക—തെണ്ടിക്കുക 934
പൊക്കം—ഉയരം 975, 1098
പൊക്കം—വിഫലം; നഷ്ടം 518, 718 788, 840, 934, 940, 1063, 1098
പൊക്കി അയയ്ക്കും—കുററക്കാരനാക്കി വിടും 522
പൊടുക്കനെ—പെട്ടെന്ന് 107
പൊടുക്കെന്ന്—പെട്ടെന്ന് 170
പൊതിരെ—വളരെയധികം 313
പൊയ്യ്—പൊയ്ത്ത് (ഒരുതരം ദ്വന്ദ്വയുദ്ധം) 1117
പൊയ്യ്—വ്യാജം 1130
പോക്കണക്കേട്—മാനക്കേട് 660
പോർക്ക്—പന്നി 220
പോട്ടാൻ—അടിച്ചു (പോട്—അടി) 781
പോടുക—ഇടുക 719, 728, 750, 1073
പോതകൻ—ബാലകൻ 968, 981
പോഴത്തം—ഭോഷത്തം 1268
പോറ—ഭോഷൻ; കൊതിയൻ; കൊള്ളരുതാത്തവൻ 150, 212, 972, 1222
പോറത്തം—ഭോഷത്തം 805
പ്രകട—പ്രകാശിച്ച 170
പ്രകൃതി—അവസ്ഥ 94
പ്രക്ഷേപണം—ഏററ് 591
പ്രണത—നമസ്കരിക്കപ്പെട്ട 65
പ്രണിഹിത—ലഭിക്കപ്പെട്ട 192
പ്രതിഗ്രഹം—ദാനം 321, 337
പ്രതിനായർ—എതിരാളിനായർ 699
പ്രതിപക്ഷം—ശത്രുപക്ഷം 689
പ്രതിപാദിക്കുക—ദാനംചെയ്യുക 298
പ്രതിഭടൻ—ശത്രു 302
പ്രതിമുഖം—മുമ്പിൽ; നേർക്ക് 275, 534
പ്രതോളി—പെരുവഴി 331
പ്രധനം—യുദ്ധം 902
പ്രഥിതൻ—കീർത്തിക്കപ്പെട്ടവൻ 219
പ്രബന്ധങ്ങൾ—കീർത്തികഥകൾ 698
പ്രശമം—ശാന്തി 692
പ്രശമിതം—ശമിപ്പിക്കപ്പെട്ടത് 692
പ്രസ്ഥാനം—യാത്ര; പുറപ്പാട് 426
ഫണി—സർപ്പം 71
ബദരിഫലം—പഞ്ഞിക്കുരു 876
ബാലത—അറിവില്ലായ്മ 689
ബാലത—ശിശുത്വം 975
ബാലരവി—ഉണ്ണിരവി 804
ബലീമുഖൻ—വാനരൻ 820
ബൃഹതി—വഴുതിനങ്ങ 533
ഭണിതം—വാക്ക് 711
ഭദ്രംപറക—ഭംഗിവാക്കു പറയുക 667
ഭർഗ്—വ്യാജം 177
ഭല്ലൂകം—കുരങ്ങ് 669, 685
ഭവൻ—ശിവൻ 1109
ഭവ്യൻ—കേമനെന്ന് അഭിമാനിക്കുന്നവൻ 94
ഭവ്യൻമാർ—പൂജ്യൻമാർ 80
ഭാജനം—പാത്രം 102
ഭാരതി—വാഗ്ദേവി (സരസ്വതി) 66
ഭിക്ഷ—സന്യാസിയുടെ ഭക്ഷണം 491, 760
ഭിക്ഷ—യാചന 709
ഭൂഷ്ണു—തന്നത്താനുണ്ടാകുന്ന; സ്വയംഭൂ 1207
മഖം—യാഗം 405
മച്ച്—പുരമുറി 339
മടപ്പള്ളി—രാജകൊട്ടാരത്തിലെ അടുക്കള 572, 728, 922, 1023, 1218, 1226
മണത്തം—സുഗന്ധം 245
മണ്ടപത്തുംവാതിൽ—താലൂക്കുകച്ചേരിയുടെ പണ്ടത്തെപ്പേര് 1253
മണ്ഡനം—അലങ്കാരം, ആഭരണം 73, 259
മണ്ഡലം—സംസ്ഥാനം 693
മതല്ലി—ശ്രേഷ്ഠത 346
മതി—ചന്ദ്രൻ 835
മത്ത്—കടകോൽ 96
മനിഷ്യം—വെളിച്ചപ്പാട് 1165, 1259
മനുഷ്യം—രാജകിങ്കരൻ 1165
മന്തു—അപരാധം 1258
മന്ത്—കടകോൽ 124
മന്ഥം—കടകോൽ 111, 921
മന്ഥാനം—കടകോൽ 645

മന്ദത—മൂഢത 71
മന്ദേതര—വർദ്ധിച്ച 66
മയം—അല്പസമയം 749
മരക്കലം—ചെറിയതരം കപ്പൽ 229, 939
മരുത്ത്—വായു 70
മരുത്തൻ—സൂര്യവംശത്തിലെ ഒരു രാജാവ് 626
മലയജം—ചന്ദനം 630
മല്ല്—ശക്തി 112
മല്ലാട്ടം—പോരാട്ടം 382
മഹാനസം—അടുക്കള 874
മഹാഷ്ടം പറയുക—വെടിപറയുക 85
മഹി—ഭൂമി 68
മറ—വേദം 1207
മറക്കാർ—അംഗരക്ഷകൻമാർ 1226
മറിവ്—വ്യാജം 1147
മറുക്കുക—എതിർക്കുക 117
മറുതല—ശത്രു 209, 739, 1147
മറുതലർ—ശത്രുക്കൾ 192, 751
മാ—മഹാലക്ഷ്മി 446
മാട്—കുന്ന് 165, 696
മാട്—പശു, കാള മുതലായ മൃഗങ്ങൾ 418
മാടം—മാളിക 890
മാട്ടുക—അടിക്കുക 1180
മാതംഗം—ആന 657
മായൂരപിഞ്ഛം—മയിൽപ്പീലി 812
മാരണം—വധം 1236
മാലക്കണ്ണ്—രാത്രിയിൽ ഒട്ടും കാഴ്ചയില്ലാതാകുന്ന ഒരു കണ്ണുരോഗം 1226
മാസം—മരിച്ചവർക്കുവേണ്ടി നടത്തുന്ന പന്ത്രണ്ടാംമാസം അടിയന്തിരം 815
മാററാർ—ശത്രുക്കൾ 155
മാററി—ചതിയൻ 248, 1181
മാററി—ഭോഷൻ 1129
മാററിക്കണ്ടൻമാർ—ശത്രുപ്പ്രതിഷകൾ 698, 1226
മാററിത്തം—ദുഷ്ടത; വിരോധം 1030, 1194
മാററിത്തം—ഭാഗ്യദോഷം 886
മിഞ്ചിന—ശേഷിച്ച; മിച്ചമുള്ള 476
മിത്രം—സ്നേഹിതൻ 72
മിത്രൻ—സൂര്യൻ 72
മുക്കാൽവട്ടം—ക്ഷേത്രം 922
മുട്ടം—കടുപ്പമുള്ള വിറകുതടി 1184
മുണ്ഡം—തല 605, 701
മുദിരം—മേഘം 1190, 1192
മുഷി—മുഷിച്ചിൽ 260
മുള്ള്—ദുർവാക്ക്; കുത്തുവാക്ക് 130, 163, 391, 731, 1116
മുള്ളൻ—ആഭാസൻ; ധിക്കാരി 717, 924, 1252
മുറജപം—തിരുവിതാംകൂർ മഹാരാജാക്കൻമാർ ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ നടത്തുന്ന മതപരമായ ഒരു അടിയന്തിരം 695
മുറിക്കാർ—കരക്കാർ 329
മുറിമൊഞ്ചൻ—മുറിശ്ശുണ്ഠിക്കാരൻ 363
മൂഞ്ഞിളക്കുക—മൂരിനിവരുക 1241
മൃഗയ—നായാട്ട് 1276
മേട്—മലമുകള് 165
മേനി—വിതയ്ക്കുന്ന വിത്തിനു കൂടുതൽ കിട്ടുന്ന വിളവ് 95
മേനി—ശരീരം 253, 890
മേനി—വമ്പ്, പൊങ്ങച്ചം 253, 270, 1183
മേനി—ഭംഗി 890
മേലെരി—ഹോമത്തിനുള്ള വിറക് 405, 604, 852, 1108
മേല്പോട്ട്—മേലിലേക്ക്; ഭാവിയിയിലേക്ക് 978
മയ്യം—മോഹം 370
മൈരേയം—ഒരുതരം മദ്യം 1190
മൊച്ച—കുരങ്ങ് 547, 675
യജനം—യാഗം 231, 1262, 1266
യജിപ്പിക്കുക—യാഗം ചെയ്യിക്കുക 1265
യജ്ഞോപവീതം—പൂണൂൽ
യന്ത്രം—മന്ത്രമെഴുതിയ തകിട് 1258
യന്ത്രി—സൂത്രശാലി 207, 263, 304
യന്ത്രിച്ച്—സൂത്രത്തിൽ 834
യഷ്ടി—ഭോഷൻ; വിഡ്ഢി 84, 120 598, 611, 711, 717, 860, 867, 896, 1051, 1123, 1168, 11810 1211, 1242,
യഷ്ടി—നിസ്സാരൻ 1168
യാജം—ആഹാരം 90
യാതു—രാക്ഷസൻ 832
യാനം—യാത്ര 1140
യാനം—ആന, തേര് മുതലായ വാഹനം 1140
യാമിനി—രാത്രി 197, 549

രജ്ജു—കയർ 629
രടിതം—ശബ്ദം 110, 393
രഭസം—വേഗം 110
രവം—ശബ്ദം 110
രാകാചന്ദ്രൻ—വെളുത്തവാവുന്നാളത്തെ ചന്ദ്രൻ 715
രാവണി—രാവണന്റെ മകൻ (ഇന്ദ്രജിത്ത്) 655, 660, 662
രുഗ്മം—സ്വർണ്ണം 44
രുചി—ശോഭ 66
രുചി—ആഗ്രഹം 170
രുരു—ഒരുതരം മാൻ 1278
രൂഢം—ഉറച്ച 287
ലക്ഷണൻ—ഗുണസമ്പന്നൻ 399
ലക്ഷിതം—അടയാളപ്പെട്ട 116
ലക്ഷ്മി—ശോഭ 71
ലക്ഷ്മി—ഐശ്വര്യം 71
ലക്ഷ്മീ—ലക്ഷ്മീദേവി
ലക്ഷമീവാൻ—ഐശ്വര്യസമൃദ്ധിയോടുകൂടിയവൻ 71
ലഗ്നം—ഉദയരാശി 346
ലഗ്നം—ശുഭമുഹൂർത്തം 1174
ലഘു—വേഗത്തിൽ 108
ലംബിച്ച—തൂങ്ങിക്കിടക്കുന്ന 613
ലാംഗുലം—വാല് 664, 684
ലോകർണ്ണം—ലോകഋണം (ലോകരോടുള്ള കടപ്പാട്) 603
ലോകത—ലോകഗതിയെക്കുറിച്ചുള്ള അറിവ്; സാമൂഹികവീക്ഷണം 301
വർക്കത്ത്—ശ്രീത്വം 563, 938
വക്കാണം—വഴക്ക്; യുദ്ധം 109, 159, 168, 301, 390, 687, 834
വജ്രമനസ്സുകൾ—കഠിനഹൃദയന്മാർ 154
വടു—കുട്ടി 989
വട്ടം—താളവട്ടം 244
വട്ടം—സ്ഥിതിഗതി 678
വട്ടം—ഒരുക്കം 696, 1184
വട്ടം—ആരംഭം 888
വഡ്ഢി—കുടവയറ് 132, 937, 1036
വർണ്ണം—രാഗസ്വരാത്മകാക്ഷരങ്ങൾ ചേർത്തു നിർമ്മിച്ചിട്ടുള്ള ഗാനവിശേഷം 1072
വർണ്ണം—ജാതി 1072
വർണ്ണം—നിറം 1078
വർദ്ധകി—ആശാരി 1213
വപ്രം—കോട്ടമതിൽ 341
വമ്പ്—കെല്പ്; ഊററം 93
വയ്യാവേലി—കാര്യമില്ലാതെ ഉള്ള വഴക്ക് 374
വരിച്ചാർത്ത്—പതിവുരീതി എഴുതിവച്ചിട്ടുള്ള പ്രമാണം 1281
വരുത്തം—പ്രയാസം 653
വലജ—സുന്ദരി 545
വലനംചെയ്യുക—പ്രാപിക്കുക 381
വലയിക്കുക—കഷ്ടപ്പെടുത്തുക 418
വലുസം—കളിവാക്ക് 448
വല്ല—ശക്തിയുള്ള 596, 634
വല്ലന്തി—വല്ലായ്മ; ആപത്ത്; ദോഷം; ഉപദ്രവം 382, 634, 1149, 1249
വല്ലഭം—സാമർത്ഥ്യം 140, 232, 1015 1160
വല്ലഭന്മാർ—സമർത്ഥന്മാർ 1132
വല്ലഭന്മാർ—ഭർത്താക്കന്മാർ 1152
വല്ലവൻ—ഇടയൻ 335
വല്ലവൻ—സമർത്ഥൻ 335
വല്ലവൻ—ശക്തൻ 361
വല്ലവി—ഗോപസ്ത്രീ 76, 97
വശത—സ്വാധീനം 239
വഷൾ—ചീത്ത 718
വസനം—വസ്ത്രം 606
വഹ്നി—തീ 70
വളഭി—മട്ടുപ്പാവ് 125, 617
വളര്—ആനയെ അനുസരിപ്പിക്കാനുള്ള വടി 428
വാചികൻ—ദൂതൻ 1041
വാച്ചി—ഒരുതരം ഉളി 1110, 1213
വാട—കോട്ട 128, 258, 638, 697
വാടക്കുഴി—കിടങ്ങ് 619
വാണി—വാക്ക് 65
വാണീദേവി—സരസ്വതി 65
വാത്—പന്തയം 154, 418
വാനോർനദീപുരം—അമ്പലപ്പുഴ 804 844
വാമം—ദുഷ്ടം 1188
വാരണം—ആന 65, 949
വാരണം—തടസ്സം 65, 949
വാരണവദനൻ—ആനയുടെ മുഖത്തോടുകൂടിയവൻ (ഗണപതി) 65
വാരവാണം—പടച്ചട്ട 1063
വാരിവാഹം—മേഘം 1210
വാലധി—വാല് 675

വാലെടുക്കുക—കളിയാക്കുക, പരിഹസിക്കുക 227, 734, 1048, 1050, 1223
വാശ്ശതും—എന്തെങ്കിലും 329, 867
വാശ്ശതും—വല്ലതെങ്കിലും 352, 1040, 1177, 1198
വാശ്ശതും—വല്ലതും 503, 525, 570, 861
വാശ്ശതും—വല്ലവിധത്തിലും 510, 645, 762, 953
വാശ്ശതെന്നാകിലും—വല്ലതെന്നാകിലും 578, 929, 956, 1081, 1214
വാശ്ശതെന്നാകിലും—എന്തുതന്നെയായാലും 1142
വാശ്ശതുമസ്തു—എന്തെങ്കിലുമാകട്ടെ 662
വാറ്—പിരിമുറുക്കം; സാന്ദ്രത 805
വാറ്—തോൽവാറ്; ചാട്ട 1222
വികചം—വിടർന്ന
വികടം—അഹങ്കാരത്തോടുകൂടി 86
വികട—വിരൂപമായ 232
വികട—വലിയ; സൗന്ദര്യമുള്ള; വിസ്തൃതമായ 91, 198, 380
വികട—വിസ്താരമുള്ള 1134
വികട—ഡംഭമുള്ള 1276
വികട—ഭയങ്കരമായ 1106, 1159
വികല്പിതം—സംശയം 1250
വിക്ഷിപ്ത—എറിയപ്പെട്ട 398
വിക്ഷേപണം—പരിഭ്രമം 690
വിഗ്രഹം—ശരീരം 500, 523, 603, 1161
വിഗ്രഹം—യുദ്ധം 1068, 1087
വിഘ്നൻ—ഗണപതി 981
വിഘ്നഭൂമീഭൃത്—വിഘ്നരാജാവ് (ഗണപതി) 1182
വിട—യാത്രാനുമതി 423
വിടപി—വൃക്ഷം 96
വിടുതി—തത്ക്കാലം ഊണുകഴിച്ചു താമസിക്കുന്ന വീട് 764
വിടുധൂളി—വലിയ വേശ്യ 515, 1153
വിധുരത—ദുഃഖം; പരിഭ്രമം 115
വിധുരം—കയ്പ് 604
വിപദം—വിപത്ത് 290
വിപ്രകാരം—ദുഷ്ടത 948
വിബുധത—വിശേഷബുദ്ധി 688
വിഭൂതി—ഐശ്വര്യം 245
വിംശതി—ഇരുപത് 592
വിമോക്ഷണം—വിമോചിപ്പിക്കൽ; അയയ്ക്കൽ 1195
വിയക്കുക—പരിഭ്രമിക്കുക 1231
വിരതി—അവസാനം 539
വിരയുക—ധൃതിപ്പെടുക 92
വിരുണ്ണൻ—കൊതിയൻ 259, 271, 680, 891
വിരുത്—ബഹുമതി, സമ്മാനം 93
വിരുത്—മിടുക്ക് 98
വിലയം—നാശം 479, 1252
വില്ലങ്കം—പ്രയാസം 566, 570, 1242
വിശങ്കടം—അത്യധികമായ 358, 525
വിശയം—സംശയം 1184
വിശാമ്പതി—രാജാവ് 1254
വിശ്വ—സമസ്ത 115
വിശ്വം—ലോകം 833
വിഷ്ടപം—ലോകം 67, 593
വിസാരി—ഒഴുകുന്ന; പരക്കുന്ന 73
വീടി—വെററിലതെറുത്തത് 387
വീടിക—വെററിലതെറുത്തത് 459, 858
വീശം—അല്പം; നെല്ലിട 210, 305, 370, 1205
വൃന്ദാകരൻമാർ—ദേവൻമാർ 66
വൃഷഭം—കാള 357
വൃഷലൻ—ശൂദ്രൻ 515
വൃഷലി—ദാസി 94, 390
വൃഷ്ടി—മഴ 415
വെള്ളസ്സരസ്വതി—ശുഭവർണ്ണയായ സരസ്വതി (പരിശുദ്ധമായ വാക്ക്) 805
വേണ്ടാസനം—വേണ്ടാത്ത പ്രവൃത്തി; വഷളത്തം 156, 661, 827, 924
വേത്—പേറുകുളിപ്പിക്കാനുള്ള വെള്ളത്തിലിടുന്ന മരുന്നിലകൾ 415
വേസ്ഥ—അവസ്ഥ 898
വേസ്ഥ—വ്യവസ്ഥ 303, 748, 1163
വേർക്കും—വിയർക്കും 681
വൈഗുണ്യം—ഗുണമില്ലായ്മ 603
വൈഗുണ്യംകൂടാതുള്ള—കുററമററ 603
വൈദേഹികൻ—മറെറാരുദേഹത്തെ ധരിച്ചവൻ 809
വ്യജനം—വിശറി 621
വ്യാഴം—ബൃഹസ്പതി (ദേവഗുരു) 1236
വ്രീള—നാണം 442
ശഠത—കാപട്യം 80

ശമലം—പാപം 291, 692
ശർമ്മം—സുഖം 92
ശംഭളി—വേശ്യ 623
ശരജന്മാവ്—സുബ്രഹ്മണ്യൻ 468
ശരണംചൊല്ലുക—അടിപണിയുക; രക്ഷിക്കാൻ പ്രാർത്ഥിക്കുക 104
ശരധി—ആവനാഴി 226
ശരാസം—വില്ല് 733
ശരാസനം—വില്ല് 578
ശർവതപോധനൻ—ശിവസേവ ധനമായയിട്ടുള്ളവൻ (രാവണൻ) 671
ശശാങ്കൻ—ചന്ദ്രൻ 68
ശഷ്പം—പുല്ല് 1203
ശാണ്ഡില്യപത്രം—കൂവളത്തില 709
ശാബം—കുട്ടി 65
ശാരി—'സാരി'യെന്ന നൃത്തവിശേഷം 1007
ശാരിക—പഞ്ചവർണ്ണക്കിളി 1007
ശീക്യം—ഉറി 975
ശിക്ഷ—അഭ്യാസപാടവം 111
ശിക്ഷ—ഔചിത്യം 70
ശിക്ഷയിൽ—വേണ്ടപോലെ 76, 492, 530
ശിക്ഷയോട്—നേരാംവണ്ണം 672, 689
ശിങ്കുകളിപ്പിക്കുക—പാവകളിപ്പിക്കുക; വിഡ്ഢിയാക്കുക 309, 598 643, 663, 852, 932, 1127
ശില്പം—ഭംഗിയിൽ 81
ശില്പമൊട്—സന്തോഷത്തോടുകൂടി 567
ശില്പമണച്ച്—സന്തോഷം നടിച്ച് 98
ശില്പമായ—ശ്രേഷ്ഠമായ 656
ശിവം—ശുഭം 1198
ശീധു—ഒരുതരം മദ്യം 1132
ശുകപുരം—കിള്ളിക്കുറിശ്ശിമംഗലം 140
ശോഭകേട്—ദേഹത്തിനു നാശകരമായ പ്രവൃത്തി 1241
ശ്വപചൻ—പട്ടിയെ വേവിച്ചു തിന്നുന്ന നീചജാതിയിൽപ്പെട്ടവൻ 1249
ശ്ലേഷ്മം—കഫം 1098, 1205
ഷണ്ഡം—കൂട്ടം 173
ഷണ്ഡൻ—നപുംസകൻ 792
സക്ഥി—പുറന്തുട 674
സട—കുഞ്ചിരോമം 90
സത്തമം—ശ്രേഷ്ഠം 806
സത്യകൻ—ബ്രഹ്മാവ് 1182
സത്യകപുത്രി—ബ്രഹ്മാവിന്റെ പുത്രി (സരസ്വതി) 1182
സത്രം—ആഘോഷം 127
സത്രം—അന്നദാനം 487
സത്രം—യാഗം 530, 1266
സത്വകുലം—മൃഗങ്ങളുടെ കൂട്ടം 535
സത്ഭാവം—അഹംഭാവം 867, 914
സന്നതൻ—വണക്കത്തോടുകൂടിയവൻ 647
സമന്ത്രം—മന്ത്രത്തോടുകൂടി 76
സമയം—സത്യം 105, 213, 442, 735, 761, 1193
സമയം—അവസരം 752
സമിത്ത്—ചമത 1267
സമിദ്ധ—വർദ്ധിച്ച 1250
സമീഹിതം—അഭീഷ്ടം 1259
സംഗരം—യുദ്ധം 113
സംഭാരം—സമ്പത്ത്; ഐശ്വര്യം 67
സംഭാവിക്കുക—ബഹുമാനിക്കുക 68
സംഭോഗം—സുഖാനുഭവം 67
സരോജം—താമര 65
സർഗ്ഗം—സൃഷ്ടി 531
സർപ്പകുലം—നാഗലോകം; പാതാളം 597
സർവാണി—പാവങ്ങൾക്കു നല്കുന്ന സദ്യ 1217
സാഗരശോഷണം—കടൽ വററിക്കൽ 104
സാധനം—സാമഗ്രി 70
സാധു—ശ്രേഷ്ഠതയുള്ള 70, 512
സാധു—സജ്ജനം 116, 638
സാധു—വഴിപോലെ 359, 709, 729, 751, 1057
സാധു—യോഗ്യൻ
സാധു—ഗുണവാൻ 1128, 1246
സാന്ദ്രം—ഇടതിങ്ങിയ 71
സാരസം—താമര 836
സാരസം—വണ്ടാരങ്കോഴി 836
സാരി—'സാരി'യെന്ന നൃത്തവിശേഷം
സാലം—വൃക്ഷം 1247
സിദ്ധാന്തിച്ചു—ആലോചിച്ചുറച്ചു 646
സിദ്ധി—അമാനുഷശക്തി 111
സിദ്ധി—മരണം 928
സുകൃതി—നല്ലവൻ 94

സിന്ധുജം—കുതിര 734
സിന്ധുരം—ആന 469, 650, 734
സിന്ധുരദാനവരിപു—ഗജാസുരന്റെ ശത്രു (ശിവൻ) 469
സുപർണ്ണം—ഗരുഡൻ 1190
സുപ്തം—ഉറങ്ങിയ 580
സുരദീർഘിക—ആകാശഗംഗ 444
സൈന്ധവം—കുതിര 656
സോഹം—അതു (ബ്രഹ്മം) ഞാനാകുന്നു 605
സ്ത്രീണൻ—പെൺകൊതിയൻ 552
സ്ഥായിക്കാർ—സ്നേഹമുള്ളവർ 565, 739
സ്യന്ദനം—തേര് 189
സ്രുവം—ഹോമത്തിനുപയോഗിക്കുന്ന തവി 1268
സ്വമ്മ്—സ്വത്ത് 893
ഹരി—സിംഹം 216
ഹരി—വിഷ്ണു 694
ഹരി—കൃഷ്ണൻ 389
ഹരി—ദേവേന്ദ്രൻ 217, 1090
ഹരി—വാനരൻ 113, 673, 676, 1090
ഹരിണവർണ്ണം—വെളുത്ത നിറം 1025
ഹരിദശ്വൻ—സൂര്യൻ 843, 1251
ഹരിദശ്വാന്വയം—സൂര്യവംശം 1251
ഹല്ലോഹലം—ആർത്തിരമ്പി ഇളകിമറിയൽ 715,
ഹാടകം—സ്വർണ്ണം 1111
ഹാലാഹലം—വിഷം 1080, 1096
ഹേമം—സ്വർണ്ണം 1174
ഹേല—വിനോദവിലാസവിശേഷം 993

പര്യയസൂചി*

1. ശിവൻ

അഗജാരമണൻ
അന്തകവൈരി
അംഗജരിപു
അഷ്ടമൂർത്തി
അഹിവരഭൂഷണൻ
ആറുചൂടും ഭഗവാൻ
ഇക്ഷുചാപാന്തകൻ
ഇന്ദുകലാധരൻ
ഇന്ദുശേഖരൻ
ഉമാകാന്തൻ
ഏണാങ്കചൂഡൻ
കഞ്ജശരാശരി
കപാലി
കരലസിതകനകമൃഗൻ
കാമവിനാശനൻ
കാലകാലൻ
കാലാന്തകൻ
കാളകണ്ഠൻ
കുസുമശരതനുദഹനൻ
കൃത്തിവാസസ്സ്
ഖണ്ഡാമൃതകരമണ്ഡനൻ
ഗംഗാപതി
ഗംഗാഭൂഷണൻ
ഗിരിശൻ
ഗിരീശൻ
ഗൗരീനാഥൻ
ഗൗരീരമണൻ
ചന്ദ്രക്കലാധരൻ
ചന്ദ്രചൂഡൻ
ചന്ദ്രശേഖരൻ
ചന്ദ്രാർദ്ധചൂഡൻ
ചന്ദ്രാവതംസൻ
ജഹ്നുമൗലി
താരകേശചൂഡൻ
തിങ്കൾധരൻ
തിങ്കൾമൗലി
ത്ര്യക്ഷൻ
ദക്ഷവൈരി
നീരജശരരിപു
നീരജരിപുധരൻ
നീലകണ്ഠൻ
പഞ്ചായുധരിപു
പന്നഗധരൻ
പന്നഗഭൂഷണൻ
പശുപതി
പാർവതീകാന്തൻ
പുംഗവകേതനൻ
പുരത്രയഹരൻ
പുരനാശനൻ
പുരമഥനൻ
പുരവൈരി
പുഷ്പശരാരി
പുരഹരൻ
ഫണിമതിഭൂഷണൻ
ബാലചന്ദ്രഭൂഷണൻ
ഭർഗ്ഗൻ
ഭവൻ
ഭൂതേശൻ
മദനരിപു
മദനാന്തകൻ

*** താളഗാനരീതിക്കു ചേർന്ന ഉക്തിവൈചിത്ര്യത്തിനുവേണ്ടി നമ്പിയാർ കഥകളിലുടനീളം പര്യായപദങ്ങൾ വാരിവിതറുന്നതിന്റെ മാതൃക കാണിക്കുവാൻവേണ്ടി രണ്ടുദാഹരണങ്ങൾ ചേർത്തിരിക്കുന്നു.**

മൻമഥഹരൻ
മല്ലീശരാന്തകൻ
മഹാദേവൻ
മഹേശൻ
മാരഹന്താവ്
മാരാന്തകൻ
മുക്കണ്ണൻ
മുഗ്ധേന്ദുചൂഡൻ
മുപ്പുരാരാതി
മുപ്പുരവൈരി
മുല്ലശരാരി
മൃത്യുഞ്ജയൻ
രുദ്രൻ
വിത്തേശസഖൻ
വിനായകജനകൻ
ശക്തിവല്ലഭൻ
ശങ്കരൻ
ശംഭു
ശർവൻ
ശശധരശേഖരൻ
ശിതികണ്ഠൻ
ശിതിഗളൻ
ശിവശങ്കരൻ
ശ്രീകണ്ഠൻ
സിന്ധുരദാനവരിപു
സുമശരരിപു
സ്ഥാണു
ഹരൻ

2. ശ്രീകൃഷ്ണൻ

അച്യുതൻ
അർജ്ജുനസഖൻ
അണ്ഡജവരധ്വജൻ
അണ്ഡജവാഹനൻ
അംബുജനാഭൻ
അരുണസോദരവാഹൻ
ആഖണ്ഡലസഹജൻ
ഇന്ദിരാവല്ലഭൻ
ഇന്ദ്രാനുജൻ
ഇന്ദ്രാവരജൻ
കഞ്ജനാഭൻ
കടൽവർണ്ണൻ
കണ്ണൻ
കർണ്ണാരിസഖൻ
കംസാരി
കാമദേവജനകൻ
കാമപാലാനുജൻ
കേശവൻ
കൈടഭമഥനൻ
കൈടഭവൈരി
ഗോപാലൻ
ഗോപീനായകൻ
ഗോവിന്ദൻ
ചെന്താർമാനിനവല്ലഭൻ
ജലനിധിമകൾപതി
തണ്ടാർമാനിനകാന്തൻ
ദമഘോഷസുതാരി
ദാനവരിപു
നന്ദകുമാരൻ
നന്ദഗോപാത്മജൻ
നന്ദതനൂജൻ
നരകമഥനൻ
നരകരിപു
നാരായണൻ
നീലാപതി
പങ്കജനാഭൻ
പത്മപുത്രീജീവനാഥൻ
പത്മനാഭൻ
പത്മാകാന്തൻ
പരമപുരുഷൻ
പാരാവാരസുതാരമണൻ
പീതാംബരൻ
മഘവാനുജൻ
മധുവൈരി
മധുസൂദനൻ
മല്ലാരാതി
മല്ലാരി
മാധവൻ
മുകിൽവർണ്ണൻ
മുകുന്ദൻ
മുരമഥനൻ
മുരാന്തകൻ
മുരാരാതി
മുരാരി
മേഘവർണ്ണൻ
രമാപതി
ലക്ഷ്മീപതി
ലക്ഷ്മീരമണൻ
വലരിപുസഹജൻ
വാസവസഹജൻ
വാസുദേവൻ
വൃത്രാരാതിസഹോദരൻ
വൃത്രാരിസഹജൻ
വൃഷ്ണീശ്വരൻ
ശൗരി
ശ്രീകാന്തൻ
ശ്രീവല്ലഭൻ
സുപർണ്ണവാഹൻ
ഹരി

സാമുഹികാന്തരീക്ഷത്തെ പ്രതിഫലിപ്പിക്കുന്ന ശബ്ദപ്രപഞ്ചം

നാട്ടുരാജാക്കൻമാരുടെ പേരുകൾ*

അങ്കണഭൂപതി
അവന്തിമഹീപതി
അർണ്ണവഭൂപതി
കർണ്ണാടഭൂപതി
അശ്മകഭൂപതി
ആനർത്തരാജൻ
ആന്ധ്രമഹീപതി
ചേദിമഹീപതി
ആരട്ടരചൻ
കന്യാകബ്ജേശൻ
കർണ്ണാടപ്രഭു
മാളവഭൂപതി

* **പേജുകൾ:** 287, 234, 248, 359, 457, 625, 1041, 1042, 1120.

കലിംഗൻ
കളിന്ദൻ
കാഞ്ചനഭൂപതി
കാമരൂപേശൻ
കാമമഹീപതി
കാമപുരപ്രഭു
കാംബോജരാജൻ
കാരൂശനാഥൻ
കാശിമഹീപതി
കാശ്മീരഭൂമിപൻ
കുണ്ഡിനനൃപൻ
കുന്തളനരപതി
കുന്തിഭോജൻ
കുന്തിമഹീപതി
കുന്ദൻ
കുരുകുലഭൂപതി
കൂശ്മനരേന്ദ്രൻ
കേകയഭൂപതി
കേരളൻ
കൊങ്കണഭൂപതി
കോസലഭൂപതി
ഗാന്ധാരരാജൻ
ഗോനർദ്ദരാജൻ
ഗൗളൻ
ചാമ്പേയാവനിവല്ലഭൻ

ചോളൻ
തുംഗൻ
ദന്തിവ്യോമൻ
ദ്രമിളൻ
ധീരരാജൻ
നിഷധമഹീപതി
നേപാളക്ഷിതിപാലൻ
പാഞ്ചാലനൃപൻ
പാണ്ഡ്യമഹീപതി
പുണ്ഡ്രൻ
പുഷ്കരനരപതി
പുളിന്ദൻ
പൂർണ്ണകനരപതി
ബാൽഹീകമന്നവൻ
ഭദ്രപുരേശൻ
ഭദ്രമഹീപതി
ഭാദ്രകേദാരൻ
ഭോജൻ
മഗധമഹീപതി
മങ്കണമന്നവൻ
മഹാമല്ലൻ
മഹാരാഷ്ട്രമന്നവൻ
മഹിഷൻ
മാത്സ്യൻ
മാദ്രൻ

ലാടനരേന്ദ്രൻ
വങ്കണേശൻ
വംഗൻ
വത്സമഹീപതി
വരഗുണൻ
വല്ലഭേന്ദ്രൻ
വല്ലാളഭൂപാലൻ
വസുമനോനായകൻ
വിദർഭരാജേന്ദ്രൻ
വിന്ധ്യനരേന്ദ്രൻ
വീരചന്ദ്രൻ
വീരപാലൻ
വീരപ്പനായ്ക്കൻ
വീരവർമ്മൻ
ശാർങ്ങാധിരാജൻ
ശൂരസേനാധിപൻ
സാകേതഭൂപൻ
സാല്വമഹീപതി
സിന്ധുമഹീപതി
സിന്ധുഷേണാധിപൻ
സിംഹളഭൂപതി
സൗരാഷ്ട്രമന്നവൻ
സൗവീരമന്നവൻ
ഹേഹയാധീശൻ

കഥാപാത്രങ്ങളായ കേരളത്തിലെ ബഹുജനങ്ങളുടെ പേരുകൾ*

അണ്ണൻപട്ടര്
അബ്ബൻ
ആനപിടുങ്കൻമണിയൻ
ഇക്കാളി
ഇച്ചിരിയമ്മ
ഇട്ടി
ഇട്ടിക്കാളി
ഇട്ടിച്ചി
ഇട്ടിച്ചേട്ടൻ
ഇട്ടിവാസുനമ്പൂരി
ഇട്ടിളയച്ചി
ഇട്ടുണ്ണി
ഈച്ചരനായര്
ഉണ്ണാച്ചി
ഉണ്ണാമൻ
കൊച്ചിളയച്ചി
കൊച്ചുപണിക്കർ

ഉണ്ണിഉണിച്ചിരി
ഉണ്ണിക്കിട്ടൻപോററി
ഉണ്ണൂലി
കണ്ടൻ
കണ്ടച്ചാര്
കണ്ടർമേനോൻ
കാക്കരെൻ
കാക്കരെച്ചാര്
കാക്കരെനായര്
കാളിപ്പെണ്ണ്
കിട്ടച്ചാര്
കുഞ്ഞി
കുഞ്ഞിക്കാവ്
കുഞ്ഞിക്കാളി
കുഞ്ഞിപ്പെണ്ണ്
ചാത്തു
ചിരികണ്ടച്ചാര്

കുഞ്ഞുകല്യാണി
കുഞ്ഞുമാണിക്കം
കുഞ്ഞുമാതേവി
കുഞ്ഞുരാമൻ
കുഞ്ഞൂലി
കുഞ്ഞോണ്ണ്
കുട്ട
കുട്ടച്ചാര്
കുട്ടിപ്പെണ്ണ്
കുമരിച്ചേട്ടൻ
കുമ്മിണിഅമ്മ
കേലൻ
കേളൻ
കേളച്ചാര്
കൊങ്ങൻ
മങ്കണൻ
മണിമാണിക്കം

---

* പേജുകൾ 77, 78, 82, 83, 84, 98, 126, 134, 148, 179, 180, 185, 244, 287, 288, 318, 328, 329, 413, 414, 415, 467, 482, 508, 551, 563, 974, 1032, 1044, 1050, 1119, 1185, 1243, 1257.

കൊട്ടാരത്തിൽ
കൊച്ചുപണിക്കർ
കൊണ്ടിപ്പറമ്പിൽ
കൊമരി [കണിയാർ
കോത
കോന്തൻ
കോന്തിച്ചേട്ടൻ
കോന്തിപ്പണിക്കരച്ചൻ
കോപ്പച്ചാര്
കോരച്ചാര്
ഗണപതിപ്പട്ടര്
ഗംഗാദ്രിപ്പട്ടര്
ചക്കച്ചാര്
ചക്കരവായൻ
ചക്കിപ്പെണ്ണ്
ചങ്കരച്ചാര്
ചാകരൻ
ചാത്തൻ
ചാത്തച്ചാര്
ചിരുതപ്പെണ്ണ്
ചുണ്ടൻ
ചേന്നൻനായര്
താച്ചൻനായര്
താച്ചി
താമൻ
താലു
തുപ്പൻനമ്പൂരി
തൊമ്മച്ചാര്
തൊമ്മൻ
ധനദത്തച്ചെട്ടി
നങ്ങേലി
നാണി
നിച്ചിരിയച്ചി
നീലിപ്പെണ്ണ്
നേച്ചി
നേററി
പങ്ങച്ചാര്
പൂച്ചരൻ
മണിയൻപട്ടര്
മണിയൻസ്വാമി
മാക്കോച്ചാര്
മാടച്ചാര്
മാണിക്കം
മാധവി
മാലു
മുല്ലയ്ക്കൽമൂത്തകുറുപ്പ്
രാമച്ചാര്
രാമനാഥച്ചെട്ടി
വസുലക്ഷ്മി
വെങ്കിട്ടരാമൻ
വേലുക്കോരൻ
ശങ്കു
ശുപ്പുഅയ്യർ
ശേഖരൻ
സീതാരാമൻ
സുബ്ബൻ

കഥാപാത്രങ്ങളായ കേരളത്തിലെ നായാട്ടുപട്ടികളുടെ പേരുകൾ[1]

കണ്ടൻചാത്തൻ
കണ്ടൻനായ്
കരുമൻ
കറുമ്പൻനായ്
കാളൻനായ്
കുഞ്ഞൻ
കുട്ടിത്തൊമ്മൻ
കുട്ടിപ്പാണ്ടൻ
കുട്ടിപ്പുലിയൻ
കുറുമോന്തപ്പട്ടി
കുററിച്ചെവിയൻ
കേളൻനായ്
കൊട്ടുകാലൻ
ചാത്തൻനായ്
തൊമ്മൻനായ്
നിച്ചിരിയപ്പട്ടി
നീളൻ
പാണ്ടൻനായ്
പുള്ളിച്ചേവകൻ
മുണ്ടൻ
മുറിവാലൻ
വട്ടക്കണ്ണൻ
വട്ടച്ചെവിയൻ
വറണ്ടൻ
വാലുമുണ്ടൻ
വാലുമുറിയൻ
വീരൻ
വെളുമ്പൻ
വെള്ളു

യുദ്ധത്തിനും നായാട്ടിനും ഉപയോഗിച്ചിരുന്ന ആയുധങ്ങൾ[2]

ഈട്ടി
ഉടവാള്
ഏമതാട
ഒററവാള്
ഓട്ടുളി
കടുത്തില
ചാട്ടുകോൽ
ചാട്ടുളി
ചുരിക
ചൊട്ട
കണ
കത്തി
കത്തിവാള്
കർക്കടെ
കല്ല്
കവണി
പത്തി
പത്രി
പരശു
പരശ്വധം
കുന്തം
കൃപാണം
ഗദ
ചക്രം
ചവളം
ചാട്ടുകുന്തം
മുസലം
മുസൃണി
മുറംത്തടി
ലന്തത്തോക്ക്

---

1. **പേജുകൾ:** 82, 83: 221, 222, 813. 942, 1033, 1273.
2. **പേജുകൾ:** 85, 86, 144, 159, 173, 221, 222, 223: 262, 264, 337, 397, 465, 468, 602, 798, 858, 944, 957, 1060, 1109, 1244.

തന്നത്തടി
തെക്കൻകത്തി
തൊങ്കൽക്കുന്തം
തൊങ്കൽവാള്
തോക്ക്
തോട്ടി
തോമരം
നീട്ടുകോല്
പടവാള്
പട്ടസം
പരിഘം
പരിച
പറങ്കിത്തോക്ക്
പിച്ചുണാംകത്തി
പീരങ്കി
പീലിക്കുന്തം
പോളച്ചുരിക
ഭിണ്ഡിപാലം
മുദ്ഗരം
മുനക്കത്തി
ലന്തപ്പരശു
വട്ടപ്പരിച
വടി
വാള്
വില്ല്
വെൺമഴു
വേല്
ശരം
ശൂലം

സദ്യയുടെ വട്ടങ്ങൾ*

അടപ്രഥമൻ
അവിൽ
ആനച്ചുവടൻപപ്പടം
ആലങ്ങാടൻ ശർക്കര
ഇഞ്ചിത്തൈര്
ഇഞ്ചിപ്പച്ചടി
ഉണക്കിഞ്ചി
ഉപ്പേരി
എരിച്ചകറി
എരിപുളി
എരിശ്ശേരി
ഓലോലക്കറി
കണ്ണൻപഴം
കണ്ണിമാങ്ങ
കത്തരിക്കാക്കറി
കദളിപ്പഴം
കന്നുംതൈര്
കരിമ്പിൻനീര്
കാളൻ
കാളിപ്പഴം
കിച്ചടി
കുറുങ്കാളിപ്പഴം
കൂട്ടുകറി
ചക്കച്ചുളയുപ്പേരി
ചക്കപ്പഴം
ചക്കപ്രഥമൻ
ചിങ്ങൻപഴം
ചീരക്കറി
ചെഞ്ചീരക്കറി
ചെണ്ടമുറിയൻ
ചെറിയപപ്പടം
ചേനക്കറി
ചേനവറുത്തത്
താളകം
തേൻ
തൈര്
തോരൻപരിപ്പുചാറ്
തോർന്നെരിശ്ശേരി
നാരങ്ങാക്കറി
നേന്ത്രപ്പഴം
പച്ചടി
പഞ്ചാമൃതം
പഞ്ചാരപ്പാൽപ്പായസം
പഞ്ചാരപ്പൊടി
പയറുവറുത്തത്
പരിപ്പ്
പഴപ്രഥമൻ
പാനകം
പുളിമുളക്
പുളിയിഞ്ചി
പുളിശ്ശേരി
പൂവൻപഴം
പൊരി
പൊടിത്തുവൽ
മുധുരക്കറി
മലർ
മാങ്ങാക്കറി
മാങ്ങാപ്പച്ചടി
മാങ്ങാപ്പുളിശ്ശേരി
മോര്
രസകദളിപ്പഴം
രസാളക്കറി
വണ്ണൻപഴം
വലിയപപ്പടം
വറുത്തുപ്പേരി
വെളുത്തുപ്പ്
വെല്ലപ്പായസം
വേപ്പിലക്കട്ടി
ശർക്കരപ്പായസം
ശർക്കരുപ്പേരി

വസ്ത്രങ്ങൾ, ശീലത്തരങ്ങൾ[1]

അച്ചടി
ഇണക്കോടിപ്പുടവ
ഇരട്ടിപ്പട്ട്
ഉറുമാൽ
കച്ചക്കവെണി
കച്ചത്തുണി
കൊല്ലപ്പട്ട്
കോട്ടക്കച്ച
കോട്ടാറൻമുറി
ചകലാസ്
ചന്ദ്രകാവി
ചീനപ്പട്ട്
പട്ടാണിത്തുകിൽ
പട്ടുചേല
പാണ്ടിക്കവണി
പീതാംബരപ്പട്ട്
പുടക
പുത്തൻകവണി

---

* പേജുകൾ: 124, 133, 134, 208, 324, 325, 484, 486, 487, 498, 565, 586, 762, 875, 922, 1022, 1176, 2119.

1. പേജുകൾ: 77, 125, 130, 145, 243, 320, 347, 514, 519, 561, 587, 1049, 1132.

കഞ്ഞിപ്പുടവ
കട്ടിക്കവെണ്ണി
കട്ടിപ്പുടവ
കണ്ടാങ്കി
കരിമ്പടം
കറുത്തപട്ട്
കാച്ചിയ പുടവ
കാച്ചിയമുണ്ട്
കുറിമുണ്ട്
കൈക്കോണകം
ചെത്തിപ്പട്ട്
തിച്ചളം
തുപ്പട്ടി
തെക്കൻ പുടവ
തോരക്കോണകം
തോർത്ത്
നാർപ്പട്ട്
നിച്ചളം
പച്ചപാലാവ്
പട്ട്
പൂമുണ്ട്
മഞ്ഞത്തുകിൽ
മണപ്പാടൻമുണ്ട്
വിരിപ്പ്
വില്ലൂസ്
വീരവാളിപ്പട്ട്
വെള്ളപ്പട്ട്
സോമൻ
സോമൻമുറി

ആഭരണങ്ങൾ[1]

അരഞ്ഞാണം
അരമണി
ആമത്താലി
ഇടയ്‌ക്കാത്താലി
ഇടസരി
ഇരട്ടക്കുഴല്
കങ്കണം
കടകം
കടിസൂത്രം
കടുക്കൻ
കൽവച്ച മോതിരം
കഴുത്തില
കാഞ്ചി
കാതില
കാപ്പ്
കാലാഴി
കാശ്‌ത്താലി
കിങ്ങിണി
കുടമണി
കുണ്‌ഡലം
കുരലാരം
കുഴല്
കൈവള
കൊത്തുവള
ഗളമണി
ചിററ്
ചൂടകം ചെറുതാലി
തങ്കപ്പതക്കം
തരിവള
തള
താടകം
തൂക്ക്
തുടർമണി
തുടല്
നൂപുരം
നൂല്
പതക്കം
പവിഴക്കുല
പളുങ്കിൻമാല
പാടകം
പിച്ചളമോതിരം
പിരിവള
പൂത്താലി
പൊന്നരഞ്ഞാണം
പൊൻമണി
പൊൻമണിഹാരം
മഞ്ചാടിമാല
മടക്കാത്താലി
മണികിങ്ങിണി
മണിനൂപരം
മണിമോതിരം
മിടില്
മിന്ന്
മുടുക്
മുത്തുക്കുല
മൂക്കുത്തി
വള
വിരൽമോതിരം

കലാരൂപങ്ങൾ[2]

അമ്മാനയാട്ടം
ആട്ടം
ആണ്ടികളി
ആണ്ടിയാട്ടം
ആയുധവിദ്യ
ഓട്ടൻതുള്ളൽ
കമ്പക്കൂത്ത്
കീർത്തനം
കൂത്താടിയോട്ടം
ചതുരംഗം
ചാക്യാർകൂത്ത്
ചെപ്പടിവിദ്യ
ഞാണിൻമേൽക്കളി
തട്ടിൻമേൽക്കളി
തേവിടിശ്‌ശിയാട്ടം
ദണ്‌ഡിപ്പ്
നാടകം
നൃത്തം
പന്തടിക്കളി
പാട്ട്
പാഠകം
പാണ്ടിമേളം
പാവകളി
പാവക്കൂത്ത്
മോഹിനിയാട്ടം
യാത്രകളി
രാമനാട്ടം

---

1. **പേജുകൾ:** 98, 99, 115, 129, 162, 221, 326, 356, 571, 732, 864, 873, 980, 1005, 1073, 1256.
2. **പേജുകൾ:** 143, 341, 345, 418, 562, 573, 574, 1220.

കൃഷ്ണനാട്ടം
കോലടി
പകിടകളി
ഹരികഥ

രാഗങ്ങളുടെ പേരുകൾ[1]

അന്തരി
ആനന്ദഭൈരവി
ആർത്തൻ
ആഹരി
ഇന്ദളം
ഇന്ദിശ
എരിക്കിലക്കാമോദരി
കണ്ഠാരം
കന്നടം
കല്യാണി
കാനക്കുറിഞ്ഞി
കാമോദരി
കേദാരഗൗഡം
കേദാരപന്ത്
ഗൗരി
ഘണ്ടാരം
തോടി
ദേവഗാന്ധാരം
ദേശാക്ഷി
ധനാശി
നാഗവരാളി
നാട്ട
നാഥനാമക്രിയ
നീലകാമോദരി
നീലാംബരി
പന്തുവരാടി
പാടി
പുന്നാഗവരാളി
ബലഹരി
ഭൈരവി
ഭൂപാളം
മലയമാരുതം
മലഹരി
മല്ലാരി
മാളവി
മുഖാരി
മോഹനം
യമുനകല്യാണി
വരാടി
വസന്തം
വീരതർക്കൻ
വേകട
ശങ്കരാഭരണം
ശ്രീകണ്ഠി
ശ്രീരാഗം
സാരംഗം
സുരുട്ടി
സൗരാഷ്ട്രം

വാദ്യവിശേഷങ്ങൾ[2]

അമ്പിളിവളയം
ആനകം
ഇടയ്ക്ക
ഇടിതാളം
ഉടുക്ക്
കടുന്തുടി
കണ്ഠജാലം
കാളം
തമ്പേറ്
തംബുരു
തമ്മിട്ടം
തിത്തി
തിമില
തുടി
തൊപ്പിമദ്ദളം
ദുന്ദുഭി
കിടുപിടി
കുഴല്
കുറുങ്കുഴല്
കൃത്തി
കൈമണി
കൊമ്പ്
ഘട്ടിവാദ്യം
ചെണ്ട
നാഗസ്വരം
പടഹം
പറ
പൂങ്കുഴൽ
ഭേരി
മഡ്ഡു
മദ്ദളം
ചെമ്പറ
ചേങ്ങല
ഝാർഝരവാദ്യം
ഝല്ലരി
ഡിണ്ഡിമം
ഢക്ക
തകില്
തപ്പ്
മുഖവീണ
മുരശ്
മൃദംഗം
വമ്പറ
വീണ
വേണു
ശൃംഗം

---

1. **പേജുകൾ:** 72, 846, 991, 1006, 1073, 1174.
2. **പേജുകൾ:** 85, 165. 176, 244, 263, 265. 285. 320, 464, 465. 594, 595, 749, 843, 945, 962, 1073, 1173, 1220.

സംഗീതികാനുക്രമണിക

ആദ്യപാദം	രാഗം	താളം	പേജ്
കേട്ടാലും വീരാ! കേട്ടാലും	ആനന്ദഭൈരവി	ചെമ്പട	152
തടിച്ചോരു ഗന്ധർവൻ	ഇന്ദിശ	കുണ്ടനാച്ചി	178
നിരുപമഗുണവസതേ!...	ആനന്ദഭൈരവി	ചെമ്പട	218
ചാരുമൂർത്തേ ഗൗരീനാഥാ:	ദ്വിജാവന്തി	ആദി	226
നമസ്തേ ഗംഗായൈ തുഭ്യം	പുറനീര്	ചെമ്പട	229
കല്യാണശീലേ! ബാഃല!	എരിക്കിലക്കാമോദരി	ചെമ്പട	246
കളഹംസ കാരുണ്യരാശേ!...	ആനന്ദഭൈരവി	ചെമ്പട	250
പൂന്തേൻമൃദുവാണീ!...	മോഹനം	ചായ്പ്	276
വന്ദേഹം ദേവീ! വന്ദേഹം	ആനന്ദഭൈരവി	ചെമ്പട	290
കൊണ്ടാടിയുടൻ കുടമാളൂരമർന്ന...	മോഹനം	ചെമ്പട	295
വേദിയേന്ദ്രാ! കേട്ടാലും മേ....	ദ്വിജാവന്തി	ഏകം	304
വല്ലവിമാരുടെ....	വേകട	മുറിയടന്ത	308
രുക്മിണീ! ശുഭം തവ രുക്മിണീ	മോഹനം	മുറിയടന്ത	312
നാളീകമുഖിതാനും...	പദമട്ട്	ചെമ്പട	327
ദേവ മുകുന്ദ!....	മോഹനം	മുറിയടന്ത	371
ബന്ധൂകാധരിമാർ കൂപ്പും	പദമട്ട്	ഏകം	385
വണ്ടാർകുഴലിമാരെ	മോഹനം	മുറിയടന്ത	386
കടൽവർണ്ണാ! തനയാ! കണ്ണാ!	നാട്ടക്കുറിഞ്ഞി	മുറിയടന്ത	406
പാലയ പാലയ കൃഷ്ണാ!	ഇന്ദിശ	മുറിയടന്ത	416
ഏകസ്വരൂപാ! നമസ്തേ കൃഷ്ണ!	മോഹനം	മുറിയടന്ത	421
നാഥാ ഹരേ! കൃഷ്ണാ!	നീലാംബരി	ചായ്പ്	421
ഹന്ത ഹന്ത മുരാന്തക!...	ദ്വിജാവന്തി	ചായ്പ്	426
ദുഃഖംകൊണ്ടുള്ളതു പോരും	ബലഹരി	മുറിയടന്ത	429
അറിവില്ലാതെ വല്ലതും ഞാൻ...	ദ്വിജാവന്തി	ചായ്പ്	432
ഇന്ദ്രാത്മജാ! ഇതു കേൾക്ക...	ബലഹരി	മുറിയടന്ത	434
ഹന്ത ഹന്ത മരിച്ചു കുമാരകൻ	ദുഃഖകണ്ഠാരം	അടന്ത	436
എന്തയ്യോചെയ്തു ദോഷം ഞാൻ	ആനന്ദഭൈരവി	ചെമ്പട	454
ചിത്രലേഖേ! സഖീ! കേൾക്ക	ദിജാവന്തി	ചായ്പ്	455
ബാലികയാമുഷതന്റെ വാർത്ത	പദമട്ട്	ചായ്പ്	460
ബദ്ധനായുള്ളോരനിരുദ്ധനെ	പദമട്ട്	ചെമ്പട	461
ബാണനടുത്തിതുസാത്യകിതന്നൊടു	ബലഹരി	മുറിയടന്ത	469
നാഥാ മുകുന്ദശൗരേ!...	മോഹനം	മുറിയടന്ത	473
ദേവ ദേവ ദയാനിധേ!	ഭൂപാളം	അടന്ത	476
നാഥാ ദിനേശ! നമോ	മോഹനം	മുറിയടന്ത	483
ആഹാ മുകുന്ദ! മമ....	ദുഃഖകണ്ഠാരം	ചമ്പ	496
പാഹി പാഹി പങ്കജാക്ഷ	ദുഃഖകണ്ഠാരം	മുറിയടന്ത	496
വാരണഗാമിനീ! ഭാമിനീ!	വേകട	മുറിയടന്ത	497
പത്മനാഭ! വാസുദേവ!	ദ്വിജാവന്തി	ചായ്പ്	506
വന്ദേഹം ഭാനോ! വന്ദേഹം	ആനന്ദഭൈരവി	ചെമ്പട	525
കരുണജലരാശിയാം...	ദ്വിജാവന്തി	ചമ്പ	542
നിർജ്ജരനാഥ! സുമതേ	മുഖാരി	ചായ്പ്	544
രാമ രാമ ദയാസിന്ധോ!	ദ്വിജാവന്തി	ചായ്പ്	556
വീരപുംഗവധീരമഹീപാല!	നാട്ടക്കുറിഞ്ഞി	ചായ്പ്	574
ഉമ്പർകുലാധിപ! വമ്പ സഖേ!	അഠാണ	മുറിയടന്ത	663

ആദ്യപാദം	രാഗം	താളം	പേജ്
പാഹി പാഹി പരമേശാ!	ദ്വിജാവന്തി	ചായ്പ്പ്	674
കേൾക്ക സഖേ! കേവലംമേവചനം	കാമോദരി	ചെമ്പട	726
ഭിക്ഷാംദേഹി ശുഭേ!	മോഹനം	ചായ്പ്പ്	747
വന്നാലും വാമലോചനാ!	ആനന്ദഭൈരവി	ചെമ്പട	754
കേട്ടുകൊൾകനീ കേളീവിലാസിനീ!	നാട്ടക്കുറിഞ്ഞി	മുറിയടന്ത	754
ധരണീദേവീ! കേട്ടാലും നീ	ദ്വിജാവന്തി	ചായ്പ്പ്	762
ദേവാധിപനന്ദനാ	ബലഹരി	മുറിയടന്ത	774
ധന്യേ പുലോമജേ ദേവി!	മോഹനം	മുറിയടന്ത	778
വീരാ ധനഞ്ജയ കേൾക്ക	നാട്ടക്കുറിഞ്ഞി	ചായ്പ്പ്	778
മാനിനീമൗലേ! വരഗുണശാലിനി	ശങ്കരാഭരണം	ചായ്പ്പ്	783
കമലദലായതനയനനിവൻ	കാമോദരി	ചെമ്പട	784
പാഹി മാം പങ്കജേക്ഷണ!	ആനന്ദഭൈരവി	ചെമ്പട	787
എന്തുതന്നെവരികിലും നീയിപ്പോൾ	സൗരാഷ്ട്രം	മുറിയടന്ത	790
ദേവോ! ദേവാ! ദീനബന്ധോ!	ദ്വിജാവന്തി	ചായ്പ്പ്	792
കല്യാണം ദിശി ദിശി കല്യാണം	ആനന്ദഭൈരവി	ചെമ്പട	800
ആനന്ദമൂർത്തേ! കൃപാവാരിധേ!	കാനക്കുറിഞ്ഞി	ചായ്പ്പ്	920
പണ്ടാർക്കുമീവണ്ണമുള്ളോരവസാനം	ദുഃഖകണ്ഠാരം	ചായ്പ്പ്	953
ദുർമ്മദനിത്ഥം പറഞ്ഞും	പടമട്ട്	മുറിയടന്ത	1011

താളഗീതാനുക്രമണിക

ആദ്യപാദം	താളം	പേജ്
സകലകപികുലതിലകഭൂപനാം ജാംബവാൻ	ചമ്പ	91
മനുജനെന്നാകിലും ദനുജനെന്നാകിലും	ടി	108
ഗഗനചരമൂഢരേ! ഗന്ധർവകീടരേ!	ടി	188
അഴികയും—മലർ പൊഴികയും	കുംഭം	203
പുലികരടികളും—കുറുനരികളും	ടി	204
പാടുകയും—ചിലരാടുകയും	ടി	204
താളവും—ചില മേളവും	ടി	204
കാട്ടുന്നു—കനിയുന്നു	ലക്ഷ്മി	204
കൊട്ടിന്നും—പാട്ടിന്നും	ടി	205
കണ്ടാലും—കളിയല്ലേ	ലക്ഷ്മി	205
വന്നാലും—വിരവോടേ	ടി	205
അമരവരതനയനുടെ...	ചമ്പ	213
മുനിവരരുമതുപൊഴുതു	ടി	214
ശ്രീകണ്ഠ! ശിതികണ്ഠ	ലക്ഷ്മി	215
പരിഹതസുരരിപുമണ്ഡല! ഫണികുണ്ഡല	കുംഭം	216
മനക്കാമ്പിലുറയ്ക്കുന്നവർക്കെല്ലാം കൊടുക്കും	കുണ്ടനാച്ചി	216
കരബലം തടിക്കും കുരുബലം മുടിക്കും	ചമ്പ	216
വിജയകരം വിപുലതരം	പഞ്ചാരി	216
തവ വര വരബലംകൊണ്ടും	അടന്ത	216
ഭടജനമുടനിളകിന മദമൊടു...	മർമ്മം	262
ഇന്ദുകാനനസ്ഥലേ...	ഏകം	294
യദുവരനിലതികുതുകം	ചമ്പ	307
ഇന്നലെ നിശി ശശിയുടെ ബിംബം	മർമ്മം	315

ആദ്യപാദം	താളം	പേജ്
ഇത്തരമവരുടെ മൊഴികളും	കുംഭം	316
ചിന്തിച്ചു—ചിരകാലം	ലക്ഷ്മി	316
തദനുമധുസൂദനൻ...	ചമ്പ	334
ഉദ്ധവർ കൃതവർമ്മാ സാത്യകി	മർമ്മം	337
തരുണികുലമഖിലമിതി	ചമ്പ	353
ഇത്ഥമൊരു പരിഭവവചനം	മർമ്മം	367
പലപല വിരുതുകൾ പറയുകയും	കുംഭം	367
അരുണനുടെ സഹജനുടെ	ചമ്പ	390
ഗരുഡനുടെ ഭാഷിതം	ടി	397
വിധികൾ തുടങ്ങിയും—ബത വാങ്ങിയും	കുംഭം	409
ഗുണഗണശീലവും—ശുഭശീലവും	ടി	409
അന്നേരം—ഗോപൻമാർ...	ലക്ഷ്മി	411
കുണ്ഠൻമാർ—ക്കവമാനം	ടി	411
വിട്ടാലും—വിന തീർപ്പാൻ...	ടി	411
സംഭൃതബഹുരോഷമിവണ്ണം...	മർമ്മം	411
മഴയുടെയൊരഴിമതികൾ	ചമ്പ	418
അന്നേരം—സുരഭി മുദാ	ലക്ഷ്മി	420
മതിമതി മഹാമതേ	ചമ്പ	439
നരകരിപുനളിനദളലോചനൻ	ടി	463
അംബുധിശയനോത്തമപുരുഷൻ	മർമ്മം	464
ചൊല്ലേറും—മുരവൈരി	ലക്ഷ്മി	472
ഇതി മനസി ചിന്തയാ	ചമ്പ	491
തദനു മുനിപുംഗവൻ	ടി	498
വൃന്ദാരകനാഥൻതന്നുടെ	മർമ്മം	546
ഗീർവാണനാരിമാർ കേട്ടുകൊൾവിൻ	കുമ്മി	549
ജനകനരവരനുടയ	ചമ്പ	562
അടികളും—പുനരിടികളും	കുംഭം	653
വലഹരൻ—ഭുജബലധരൻ	കുംഭം	653
സമ്മതേ—അതിദുർമ്മതേ	ടി	654
നഭസ്ഥലേ—അതി നിസ്തുലേ	ടി	654
വാടിയും—പുനരാടിയും	കുംഭം	654
ഇതി വിവിധമൊഴികൾ...	ചമ്പ	657
ഇത്തരമുരചെയ്തൊരു മുനിയുടെ	മർമ്മം	670
രമണിമണിവചനമിതി	ചമ്പ	724
തനിക്കുള്ളൊരഭിലാഷം	ചായ്പ്	725
ഇതിബതപറഞ്ഞുകൊണ്ടാശരപ്പെൺകിടാവ്...	ചമ്പ	756
വാടാതെ പോരിന്നുവാടാ! മനുഷ്യാ	ചായ്പ്	756
കിടികരടികരികളുടെ നടുവിലിഹ വാസം	ചമ്പ	757
തദനു നിജ ജനനിയുടെ	ടി	766
ധർമ്മാത്മസഹജൻ ചാടുമുരുട്ടി	മർമ്മം	767
ദാരുണതരനാകിന മാരുതി ഭീമൻ	കാരിക	767
സുരവരനു സൂതനും സുരവരകുമാരനും	ചമ്പ	775
ചിന്തുന്നു—ചിതറുന്നു	ലക്ഷ്മി	782
പോടിയും—രുചി തേടിയും	കുംഭം	782
മുങ്ങിയും—ബത പൊങ്ങിയും	ടി	782
ദൃഢമറികയും—ബത മറികയും	ടി	782
കുന്തിതന്റെ കുമാരകന്റെ	കുമ്മി	787

ആദ്യപാദം	താളം	പേജ്
കുംഭികളുടെ കുംഭതടങ്ങളിൽ...	മർമ്മം	816
ഇടിരവമിടയുംപടി	കാരിക	817
പടുതരവടികൊണ്ടുടൻ	മർമ്മം	817
ഇത്തരമതിഭീഷണമാകിന	കാരിക	817
ഉദ്ധതമതിനരപതിതന്നുടെ വാക്കുകൾ...	മർമ്മം	828
വാനരകുലവീര! വരമരുളുക ധീര!	പഞ്ചാരി	829
നല്ലൊരുവിപിനത്തിലകത്തു കടന്നു...	മർമ്മം	852
പരഗതിയെന്തെന്നു നിരൂപണമേറി	കാരിക	853
പരിമളമിളകീടിനപുരികുഴലഴകും	ടി	864
പടുതരഗിരിശിഖരത്തൊടു...	പഞ്ചാരി	864
നിഷ്ഠുരഗദകൊണ്ടടികൊണ്ടൊരു...	മർമ്മം	869
ചഞ്ചലമിഴിയോടു വിരിഞ്ചനുമപ്പോൾ	കാരിക	869
മനതളിരിലിതികരുതി...	ചമ്പ	874
കാടുകൾ മറുനാടുകൾ വീടുകൾ...	മർമ്മം	893
അച്ചികളതുകണ്ടുപറഞ്ഞുതുടങ്ങി	കാരിക	893
ഇന്ദ്രനുമഥചന്ദ്രനുമർക്കനും...	മർമ്മം	907
മതിമതിമതിഖേദമമർത്ത്യൻമാരെ!	കാരിക	908
ഇത്തരമതിലറിവുള്ളവർ ചിലർ...	മർമ്മം	91
ഇതിനുടെ ദുരിതം ബത വിധിയുടെ ചരിതം	കാരിക	91
പെരുകിന ബഹുഗുണഗണമുടയൊരു	മർമ്മം	93
സാത്യകിയുടെ വചനമതിങ്ങനെ...	ടി	
സത്വരതരമത്തമതംഗജ...	ടി	9
ഇത്തരമഥ ഗുരുവരശാസന...	ടി	10
നാരികളെല്ലാമിഹ നാടകമാടും...	കാരിക	100
മദ്ദളതാളമിടയ്ക്കകളൊത്തുടൻ...	പഞ്ചാരി	100
കുണ്ടനാച്ചിതാളമകുണ്ഠമായ മേളവുമിങ്ങനെ	കുണ്ടനാച്ചി	100
കുംഭതാളമിതുമഭിമതം—ജനബഹുമതം	കുംഭം	100
ലക്ഷ്മിയുടെ—ലഘുലക്ഷണവുമിഹ	ലക്ഷ്മി	100
മാനുഷകുലകീടക! നിന്നുടെ	മർമ്മം	100
നിരുപമനൃപതേ മമ നിശമയ വചനം	കാരിക	100
ഇത്തരമുരചെയ്തു മഹാമതി	മർമ്മം	10
ഇത്തരമുരചെയ്തുടനുത്തമചിത്ത...	ടി	10
പുത്രനുമപ്പോളഥ വന്നു ജനിച്ചു	കാരിക	10
പാർത്ഥമഹാരഥസൂതൻ—ഹരി,	ചെമ്പട—	
പാണ്ഡവവരനുടെ ദൂതൻ—കൃഷ്ണ—	ചായ്പ്പ്	
അമ്പലപ്പുഴെ വാഴുമെന്നുടെ തമ്പുരാൻമധുസൂദനൻ	താളക്കെട്ട്	12

□

കേരള സാഹിത്യ
അക്കാദമി

കുഞ്ചൻ നമ്പ്യാരുടെ

തുള്ളൽക്കഥകൾ